ഋഗ്വേദം

നാലാമഷ്ടകം

നാലാമധ്യായം

മണ്ഡലം 6. അനുവാകം 1.

സൂക്തം 1.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

(കാകളി)

അഗ്നേ, മനംകട്ട മുഖ്യനല്ലോ, ഭവാ;—
നിക്രതുവിന്നു ഹോതാവായ്, സുരൂപ, നീ.
ദുർദ്ദമമാം കെല്പെട്ടത്തിതെ,മ്പാട്ടമേ
ശക്തരെയെല്ലാമമർത്താൻ വൃഷാവു നീ. 1

സൂക്തം 1.

1. മനംകട്ട——ദേവകളുടെ മനസ്സ് അപഹരിച്ച; അഗ്നിയിങ്കലാണല്ലോ, ദേവന്മാരുടെ മനസ്സു പററിനില്ക്കുന്നതു്. ക്രതു——കർമ്മം. ഹോതാവ്——ദേവകളെ വിളിയ്ക്കുന്നവൻ. ശക്തർ——പ്രബലരായ ശത്രുക്കൾ.

സ്തുത്യഹോതാവായ് സ്ഥിതിചെയ്തു, വേദിമേ–
ലുദ്യൽസ്പൃഹം മുഖ്യനററയഷ്ടാവു നീ;
വിത്തസമ്പത്തിനാ നിന്നെയറിഞ്ഞനു–
വർത്തിച്ചുപോന്നിതു, ദേവകാമർ നരർ. 2

ഇന്നു, വൻസ്വത്തുമായ് മാർഗ്ഗത്തിലൂടെ പോ–
രുന്ന സുരൂപനാം നിന്നെയഗ്നേ, നരർ
ദ്രവ്യമർപ്പിച്ചു സേവിപ്പൂ, വപാഢ്യനായ്-
സ്സർവദാ കത്തും മഹാനാം സുവർണ്ണനെ. 3

ദേവ, നിൻസ്ഥാനത്തവിസ്സമായ്ച്ചെന്നിട്ടു,
മാൽ വരാത്തന്നം ലഭിച്ചിത,ന്നൈഷികൾ;
ചൊല്ലിനാര,ധ്വരാർഹങ്ങൾ നാമങ്ങളും
കല്യാണമാം ഭവദ്ദർശനത്തിൽ മുദാ. 4

ആളിപ്പൂ, വേദിമേൽ നിന്നെ, നിനക്കതാ–
നാളുകൾതൻ ദ്വിവിധാർത്ഥങ്ങളും നരർ;
സ്തുത്യനാം നീയാണു പാലകൻ, താരക;
മർത്ത്യക്കു തായും തകപ്പനും, നീ സദാ! 5

അഗ്നി ഹോതാവായിരുന്നാൻ, പ്രജകളി–
ലധ്വരാർഹൻ മദനീയനർച്ച്യൻ പ്രിയൻ;

---

2. ഉദ്യൽസ്പൃഹം—പശുപുരോഡാശാദികളിൽ ആഗ്രഹത്തോടേ. വിത്തസമ്പത്ത്—ധനസമൃദ്ധി.

3. മാർഗ്ഗം—വാന്തൂഴിമധ്യം. വപാഢ്യൻ—ഹോമിക്കപ്പെട്ട യോടു കൂടിയവൻ. സുവർണ്ണൻ—നല്ല നിറത്തോടുകൂടിയവൻ; നിന്നെ എന്നതിന്റെ വിശേഷണം.

4. മാൽ വരാത്ത—അന്യരാൽ ഉപദ്രവിക്കപ്പെടാത്ത. നാമങ്ങൾ—വൈശ്വാനരൻ, ജാതവേദസ്സ് മുതലായ പേരുകൾ. കല്യാണം—മംഗളകരം. ഭവദ്ദർശനത്തിൽ മുദാ = അങ്ങയെ കണ്ടതിൽ സന്തോഷത്തോടേ.

5. ആളുകൾ—യജമാനന്മാർ. ദ്വിവിധാർത്ഥങ്ങളും—പശുവും അപശുവുമായ രണ്ടുതരം ദ്രവ്യങ്ങളും. ആളിപ്പൂ—വർദ്ധിപ്പിക്കുന്നു. നരർ—അധ്വര്യുപ്രഭൃതികൾ. താരക—ദുഃഖങ്ങളിൽനിന്നു കേററുന്നവനേ. മർത്ത്യർക്ക—സ്തോതാക്കളായ ഞങ്ങൾക്ക് എന്നു വിവക്ഷ. തകപ്പൻ—അച്ഛൻ.

ഇഷ്ട്യാലയത്തിൽപ്പടർന്നാളുമാ നിങ്കൽ,
മുട്ടുകുത്തിപ്പണിഞ്ഞെത്തുമാറാകി,വർ, 6

ശ്രദ്ധാശയർ ദേവകാമരാമെങ്ങളാ
സ്തുത്യനാം നിന്നൊടർത്ഥിപ്പിതഗ്നേ, സുഖം:
മെത്തിയ തേജസ്സൊടുജ്ജ്വലിയ്ക്കുന്ന നീ–
യെത്തിയ്ക്കു, വിണ്ടലത്തഗ്നേ, പ്രജകളെ! 7

നിത്യം പ്രജകൾക്കു നാഥൻ, പ്രവർഷകൻ,
മർത്ത്യരിൽച്ചെല്ലുവോന,ന്നകാരൻ, കവി,
ശത്രുജിത്ത,ഗ്നി സമുജ്ജ്വലൻ, പാവകൻ,
വിത്തലബ്ധിയ്ക്കു യജിയ്ക്കപ്പെടേണ്ടവൻ! 8

ആർ നിന്നെയഗ്നേ, യജിയ്ക്കും, പുകഴ്ത്തിടും:–
മാർ തേ ചമതയോടേകം, ഹവിസ്സിനെ;
ആർ നമിച്ചാഹുതിയർപ്പിയ്ക്കു;–മപ്പുമാ–
നാകെ നേടും ധനം നിൻപരിപാലനാൽ! 9

ഈ വമ്പനാം നിന്നെ ഞങ്ങളേററം ഭജി–
യ്ക്കാവൂ, ഹവിസ്സാൽ, നമസ്സാൽ,ച്ചമതയാൽ;
ചൊല്ലാവൂ, വേദിയിലഗ്നേ, സ്തവോക്‌ഥങ്ങൾ;
നല്ലൻപു തേ തോന്നുകെങ്ങളിൽശ്ശുക്തിജ: 10

പൃഥ്വ്യംബരങ്ങളിൽപ്പാകിയല്ലോ, മററ–
സ്സത്താരകൻ സ്തവസ്തുത്യനഗ്നേ, ഭവാൻ:
ഉത്തമാന്നങ്ങളും മെത്തിയ വിത്തവു–
മൊത്തു ഞങ്ങൾക്കായ്‌ വിശേഷാൽജ്ജ്വലിയ്ക്കു, നീ! 11

---

6. മദനീയൻ—സോമംകൊണ്ടു മത്തുപിടിപ്പിയ്ക്കപ്പെടേണ്ടവൻ. അർച്ച്യൻ—യജനീയൻ. ഇഷ്ട്യാലയം=യജ്ഞഗൃഹം, യാഗശാല. ഇവർ—ഞങ്ങൾ.

7. പ്രജകളെ—സ്തുതിയ്ക്കുന്ന ഞങ്ങളെ.

8. മർത്ത്യർ—സ്തുതിയ്ക്കുന്ന മനുഷ്യർ. അന്നകാരൻ=അന്നങ്ങളെ ഉല്പാദിപ്പിയ്ക്കുന്നവൻ. കവി—ക്രാന്തദർശി.

9. തേ=അങ്ങയ്ക്കു്. ആകെ നേടും ധനം—എല്ലാസ്സമ്പത്തും നേടും. നിൻ പരിപാലനാൽ—അങ്ങു് രക്ഷിയ്ക്കുകയാൽ.

11. പൃഥ്വ്യംബരങ്ങളിൽ=ഭൂമിയിലും ആകാശത്തും.

അർത്ഥ,മാളൊ,ട്ടേറെ മാടെന്നിവയെ നീ
പുത്രപൌത്രർക്കായ്സ്സദാ വെയ്ക്കുകെങ്ങളിൽ;
തൃപ്തി നല്കും വിശുദ്ധാന്നവും ധാരാള—
മെത്തട്ടെ, ഞങ്ങൾക്കു നല്ല പേരും വസോ! 12

അഗ്നേ, പുരാനേ, ഭവാൻെറ വിചിത്രമാ-
മർത്ഥമേററം ലഭിച്ചാഢ്യനാകാവൂ ഞാൻ:
സ്ഫാരാഭ, നിങ്കലുണ്ടല്ലോ, സ്വഭക്തനു
ഭൂരിവരേണ്യനാമഗ്നേ, ബഹുധനം! 13

നാലാമധ്യായം സമാപ്തം.

അഞ്ചാമധ്യായം

സൂക്തം 2.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ശക്വരിയും ഛന്ദസ്സ്; അഗ്നി ദേവത.
(അന്നനട)

പൊററുപ്പിക്കുമന്നമണയുവോനല്ലോ,
ശരിക്കു കാണും നീ, സുഹൃത്തുപോലഗ്നേ;
അത്തുമൂലമന്നത്തെയും പുഷ്ടിയെയു—
മഭിവർദ്ധിപ്പിപ്പൂ, തിരുവടി വസോ! 1

ഭവാനെത്താനല്ലോ, ഭജിക്കുന്നു മർത്ത്യർ
സവനങ്ങൾകൊണ്ടും, സ്തവനങ്ങൾകൊണ്ടും;

---

12. അർത്ഥം=ധനം. ആൾ—ഭൃത്യാദികൾ. മാട്—പശു മുതലായവ. എങ്ങളിൽ വെയ്ക്കുക—ഞങ്ങൾക്കു തരിക. പേര്=യശസ്സ്.

13. വിചിത്രം=വിവിധം. അർത്ഥം=ധനം. ആഢ്യൻ=ധനികൻ. സ്ഫാരാഭ=ശോഭയേറിയവനേ. സ്വഭക്തനു—തന്നെപ്പരിചരിക്കുന്നവനു കൊടുക്കാൻ.

സൂക്തം 2.

1. അന്നം—ഹവിസ്സോടുകൂടിയ യജമാനഗൃഹമെന്നു നിഷ്കൃഷ്ടാർത്ഥം. ശരിക്കു കാണും—ലോകത്തെയെല്ലാം വഴിപോലെ കാണുന്നു.

ഒരല്ലലും പെടാതണയുന്നു, നിങ്കൽ—
ശ്ശുരിയ്ക്കു കാണ്മോനാം പ്രവർഷകൻ സൂര്യൻ! 2

സുഖകാംക്ഷിയായ മനുഷ്യനങ്ങയെ
മഖത്തിങ്കലെയ്ക്കു വിളിയ്ക്കുന്നനേരം,
ഒരുപോലൻപാർന്നു വളർത്തുന്നു, സ്തുതി—
കരരധ്വരത്തിൻ ധ്വജമായ നിന്നെ! 3

സുദാനനായുദാരനാമവിടെയ്ക്കായ്
ക്രതു ചെയ്തു വാഴ്ത്തും നരൻ പ്രവൃദ്ധനായ്
കടക്കുമേ രിപുക്കളെ,പ്പാപങ്ങളെ—
ക്കണക്കുദ്ദീപ്തനാം ഭവാന്റെ രക്ഷയാൽ! 4

സുവിശുദ്ധാഹുതി ചമതയോടൊപ്പം
ഭവാങ്കലർപ്പിയ്ക്കും, നരനെവനഗ്നേ;
അവനുടെ ഗൃഹം പല ശാഖകളൊ—
ത്തഭിവൃദ്ധിപ്പെടും, ശതായുസ്സുമാകും! 5

പരിജ്വലിയ്ക്കും നിൻ തെളിപുക വാനിൽ
പ്പരന്നു പാവക, മുകിലായ്ത്തീരുന്നു;
പ്രകടതേജസ്സായ് വിളങ്ങുന്നുവല്ലോ,
പകലവൻപോലെ സ്തുതനാകും ഭവാൻ! 6

നരർക്കു കീർത്തിയ്ക്കപ്പെടേണ്ടവൻ; ഞങ്ങൾ—
ക്കരുമപ്പെട്ടവന,തിഥിപോലവേ;

---

2. സവനം=യജ്ഞം. സ്തവനം=സ്തുതി. നിങ്കൽ അണയുന്നു——സൂര്യൻ സായംകാലത്ത് അഗ്നിയിൽ പ്രവേശിയ്ക്കുമെന്നു പ്രസിദ്ധം.

3. ഒരുപോലൻപാർന്നു——സമാനപ്രീതിയോടേ. സ്തുതികരർ——സ്തോതാക്കൾ.

4. ഉദാരൻ—മഹാൻ. ക്രതു=കർമ്മം. രിപുക്കളെപ്പാപങ്ങളെക്കണക്കു കടക്കും——ശത്രുക്കളെയും പാപങ്ങളെയും പിന്നിടും.

5. ശതായുസ്സുമാകും——അവന്റെ ഗൃഹത്തിൽ ജനിച്ചവരെല്ലാം ഒരു നൂററാണ്ടു ജീവിച്ചിരിയ്ക്കും; ആയുശ്ശബ്ദത്തിന്ന് അന്നമെന്ന് അർത്ഥം കല്പിച്ചാൽ, വളരെ അന്നങ്ങളോടുകൂടിയതാകും എന്നും വ്യാഖ്യാനിയ്ക്കാം.

അരമനയിലെക്കിഴവൻപോലാപ്തൻ;
പരിപാലനീയൻ, സുതൻപോലേ ഭവാൻ! 7

മരം കടയുമ്പോൾ വെളിപ്പെടുന്നു, നീ;
ഭരം വഹിക്കുന്നു, കുതിരപോലഗ്നേ;
മരുദ്ഗതി നീയേ ഗൃഹവുമന്നവും;
പിറപ്പിൽത്താനശ്വപ്പടിക്കുതിക്കുന്നു ഞാനോടും! 8

ഉറപ്പേറുമിയന്നവയെയും തിന്നു,-
മൊരു മേയും പശുകണക്കഗ്നേ, ഭവാൻ:
ജരാപേത, കത്തിപ്പടന്ന നിൻ തേജ-
സ്സരണ്യത്തിൽക്കൊയ്ത്തു നടത്തുന്നുണ്ടല്ലോ! 9

ക്രതുപ്രവൃത്തർതൻ ഗൃഹേ ഹോതാവായി-
ക്കൊതികൊൾവോനല്ലോ, തിരുവടിയഗ്നേ:
വിശാംപതേ, ഞങ്ങൾക്കഭിവൃദ്ധി നൽകാ—
നശിച്ചാലും, ഭവാൻ ഹവിസ്സംഗിരസ്സേ! 10

ഹിതദ്യുതേ, രോദഃസ്ഥിതനങ്ങെങ്ങൾതൻ
സ്തുതി ദേവന്മാരോടരുൾക, ഗ്നേ ദേവ.
സ്ഥിരശുഭാവാസം തരികി, സ്തോതാക്കൾ,-
ക്കരാതികളെയും ദുരിതങ്ങളെയും
തരണം ചെയ്യു, ഞങ്ങൾ തവ സംരക്ഷയാൽ—
ത്തരണംചെയ്യു, ഞങ്ങൾ, തരണംചെയ്യു, ഞങ്ങൾ; 11

---

7. അരമനയിലെക്കിഴവൻ—വൃദ്ധനായ രാജാവ്. ആപ്തൻ—ഹിതോപദേഷ്ടാവ്. പരിപാലനീയൻ—ഗാർഹപത്യാഗ്നിയെ കെടാതെ നോക്കണമല്ലോ.

8 മരം—അരണി. ഭരം—ഹവിർവഹനാദി. മരുദ്ഗതി = വായുവിന്നു തുല്യമായ ഗമനത്തോടുകൂടിയവൻ. അശ്വപ്പടിക്ക് = കുതിരപോലെ.

9. ഉറപ്പേറുമിയന്നവയെയും തിന്നും—കനത്ത മരത്തടിയെപ്പോലും ഭഹിപ്പിക്കും. പശു = മാട്. ജരാപേത—ജരയില്ലാത്തവനേ. കൊയ്ത്ത്—ചുട്ടെരിക്കൽ.

10 കൊതി—ഹവിസ്സുണ്ണാൻ. വിശാംപതേ = പ്രജാപാലക. അംഗിരസ്സ്—അംഗിരോഗോത്രജാതൻ.

11. ഹിതദ്യുതേ = മനുഷ്യർക്കനുകൂലമായ തേജസ്സുള്ളവനേ. രോദഃസ്ഥിതൻ = ദ്യാവാപൃഥിവികളിൽ വർത്തിക്കുന്നവൻ. അങ്ങ് = ഭവാൻ. ദേവന്മാരോടരുൾക—ദേവന്മാരെ അറിയിക്കുക. സ്ഥിരശുഭാവാസം = നാശമില്ലാത്ത നല്ല പാർപ്പിടം. ഇസ്തോതാക്കൾ—ഞങ്ങൾ. തരണംചെയ്യു—കടക്കമാറാകട്ടെ.

സൂക്തം 3.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

(കാകളി)

മിത്രാവരുണരൊത്തൊപ്പം തെളിഞ്ഞോരെ—
യസ്താംഘനാക്കി രക്ഷിയ്ക്കുമോ, ദേവ, നീ;
അദ്ദേവകാമൻ മഖോദിതൻ യജ്ഞപൻ
സ്വസ്ഥനായ്, നിന്നുരുജ്യോതിസ്സിലെത്തുമേ! 1

വിത്തസമൃദ്ധനാമഗ്നിയ്ക്കു നൽകിയോൻ
സത്രം നടത്തീ, വ്രതത്താൽ പ്രശാന്തനായ്;
സുപ്രസിദ്ധൻ പിറക്കാതിരിയ്ക്കില്ലവ;—
നപ്പുമാനെത്തൊടാ, പാപവും ദർപ്പവും! 2

സൂരൻെറപോലച്ഛ,മഗ്നിതൻ ദർശനം;
ഘോരമായ്പ്പാളുന്നു, ദീപ്തജ്ജ്വാലകം;
ഇങ്ങല്ലിനേകുന്നു,ക്രൂറിടം ഗോക്കളെ;—
യെങ്ങോ രമിപ്പൂ, നിവാസഭൃത്തൻ വനേ! 3

പൊള്ളിയ്ക്കു, മീയുജ്ജ്വലാംഗൻെറ പോക്കു;വാ—
യ്ക്കുള്ളിലടക്കും, കുതിരകണക്കിവൻ;

സൂക്തം 3.

1. ഒപ്പം തെളിഞ്ഞ്——സമാനപ്രീതിയോടെ. അസ്താംഘനാക്കി——പാപമറുത്ത്. മഖോദിതൻ = യജ്ഞത്തിന്നായി ജനിച്ചവൻ. യജ്ഞപൻ = യാഗപാലകൻ. സ്വസ്ഥനായ്——സുഖേന നീണാൾ ജീവിച്ച്, ഒടുവിൽ. ഉരുജ്യോതിസ്സിലെത്തുമേ——സൂര്യാഖ്യമായ ഭവാൻെറ ജ്യോതിസ്സിൽ ലയിയ്ക്കും, മുക്തിയടയും.

2. അഗ്നിയ്ക്കു ഹവിസ്സു നൽകിയോൻ എല്ലായാഗവും ചെയ്തുകഴിഞ്ഞു; വ്രതങ്ങൾകൊണ്ടുണ്ടാകുന്ന ശാന്തിയും നേടിക്കഴിഞ്ഞു. സുപ്രസിദ്ധൻ——പുകൾപ്പെട്ടന്ന മകൻ. ദർപ്പം = ഗർവ്.

3. സൂരൻെറപോലെ = സൂര്യദർശനംപോലെ. അച്ഛം = നിർമ്മലം, പാപരഹിതം. ദീപ്തജ്ജ്വാലകം = തിളങ്ങുന്ന അവൻെറ (അഗ്നിയുടെ) ജ്വാലകൾ അല്ല്——രാത്രിചാരികളായ രാക്ഷസാദികൾ. ക്രൂറ് = ഒച്ച. രക്ഷസ്സുകൾ രാത്രിയിൽ ഗോക്കളെ പിടിയ്ക്കുമല്ലോ. നിവാസഭൃത്തൻ——എല്ലാവർക്കും ആധാരമായിരിയ്ക്കുന്നവൻ, അഗ്നി. വനേ എങ്ങോ രമിപ്പൂ——കാട്ടിൽ കടന്നാൽ മലമുകളിലോ മറേറാ വിളയാടും.

വെട്ടുമേ, നാക്കിനാൽ വെണ്മഴപോലവേ;
തട്ടാൻകണക്കെയെരിച്ചുരുക്കും, മരം! 4

എയ്യുവോൻപോലേ തൊടുത്തിടും, ജ്വാലക;—
ളെയ്യുവാൻ കത്തികൾപോലണസ്സുമിവൻ;
പൊന്തിപ്പറന്നു പലേതരം പാളൽ പൂ—
ണ്ട,ന്തിയ്ക്കു പക്ഷിപോലേറും, തരുക്കളിൽ! 5

ജ്വാലയുടുക്കുന്നു, ഭാനുമാൻപോ;—ലനു—
ക്കൂലതേജസ്വിവനാർക്കുന്നു, കത്തലാൽ;
അല്ലിൽ,ത്തിളങ്ങുമിദ്ദേവനിറക്കുന്നി,—
തഹ്നിപോലാൾകളെ—യഹ്നിപോലാൾകളെ! 6

ഹേളിപോലംശു വിരിച്ചിരമ്പു,മിവൻ—
ആളിയിരമ്പും, ചെടികളിൽ വർഷകൻ;
ദീപ്തി പൊന്തിച്ചാശു ചെന്നടക്കി,ധനം
ചാർത്തും, സുപത്നികളായ ഭൃദ്യോക്കളിൽ! 7

ഉജ്ജ്വലിയ്ക്കു,മുപേതാശ്വങ്ങൾപോലെയാ—
മർച്ചിദ്യുതികളാൽ വിദ്യുത്തുപോലിവൻ;
തേച്ചിൽ വരുത്തും, മരുദ്ബലംപോലിവൻ;
പാച്ചിൽ പൂണ്ടു,ഷ്ണാംശുപോലേ വിളങ്ങിടും! 8

---

4. കതിരകണക്ക്——കതിരപോലെ തൃണാദികൾ കടിച്ചുതിന്നും. നാക്കിനാൽ——ജ്വാലകൊണ്ടു പൊന്തയും മററും വെട്ടും. തട്ടാൻകണക്കേ——പൊൻപണിക്കാരൻ സ്വർണ്ണവും മററും ഉരുക്കുന്നതുപോലെ.

5. എയ്യുവോൻ——അമ്പെയ്യുന്ന വില്ലാളി. അണസ്സും = മൂർച്ചക്കൂട്ടും. ജ്വാലകളെ ശരങ്ങളാക്കിക്കല്പിച്ചിരിയ്ക്കുന്നു. പക്ഷിപോലെ——അന്തിയ്ക്കു പക്ഷികൾ വൃക്ഷനീഡങ്ങളിൽ ചെന്നുകൂടുമല്ലോ.

6. ഭാനുമാൻ = സൂര്യൻ. ആർക്കുന്നു——ഇരമ്പുന്നു. അല്ലിൽ, അഹ്നിപോലെ ഇറക്കുന്നു——പകൽസ്സമയത്തെന്നപോലെ ആളുകളെ സ്വസ്വകാര്യങ്ങളിൽ വ്യാപരിപ്പിയ്ക്കുന്നു. ആദരത്തിന്നത്രേ, ആവൃത്തി.

7. ഹേളി = സൂര്യൻ. അംശു = രശ്മി. അടക്കി——ശത്രുക്കളെ. ധനം——ശത്രുക്കളുടെ. സുപത്നികൾ——നല്ല ഭർത്താവോടുകൂടിയവർ.

8. ഉപേതാശ്വങ്ങൾപോലെയാം——സ്വയം പൂട്ടിനിന്ന അശ്വങ്ങൾക്കൊത്ത. വിദ്യുത്ത് = മിന്നൽ. മരുദ്ബലംപോലെ——മരുത്തുക്കൾ എല്ലാററിനെയും ചുണ്ടിയ്ക്കുമല്ലോ. ഉഷ്ണാംശു = സൂര്യൻ.

സൂക്തം 4.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

(കാകളി)

ഹോതാവു നീ യജിച്ചല്ലോ, മനുവിന്റെ
മേധത്തിലഗ്നേ, ഹവിസ്സാൽബ്ബലാത്മജ;
അർച്ചിയ്ക്കുക,പ്പടിയ്ക്കുസ്മന്മഖത്തിലി–
ന്നി,ച്ഛുതാവും സമാമർത്ത്യരെയിച്ഛയാ! 1

സർവാന്നവാൻ, ജാതവേദസ്സ്,തിഥി, യേ—
തവ്യയൻ മർത്ത്യരിൽക്കാലത്തുണരുമോ;
ആ വേദ്യനഗ്നി ദിവാകരസുപ്രഭൻ
കൈവരുത്തട്ടേ, നമുക്ക നവ്യാശനം! 2

സ്തോതാക്കരം വാഴ്ത്തുന്നതാരുടെ മേന്മയോ;
ജ്യോതിസ്സുടക്കുന്നു, സൂര്യശുഭ്രനവൻ;
വ്യാപ്തപ്രകാശനപ്പാവകൻ നിർജ്ജരൻ
വാശ്ലേറിയോന്റെയും മുൻസ്വത്തുടസ്സുമേ! 3

സ്തുത്യനല്ലോ, നീ, ബലോത്ഥ: ഗൃഹാന്നങ്ങരം
സദ്യസ്സിരുന്നഗ്നി ജാത്യാ കൊടുക്കുമേ;

സൂക്തം 4.

1. യജിച്ചല്ലോ—ദേവകളെ. മേധം=യാഗം. അസ്മന്മഖത്തിൽ=ഞങ്ങളുടെ യജ്ഞത്തിൽ. ഇച്ഛുതാവും—യജ്ഞകാമന്മാരായ. സമാമർത്ത്യരെ—തനിയ്ക്കു തുല്യരായ അമർത്ത്യരെ, ഇന്ദ്രാദികളെ. ഇച്ഛയാ—യജ്ഞകാമത്താൽ.

2. അവ്യയൻ—മരണമില്ലാത്തവൻ. കാലത്തുണരുമോ—പ്രഭാതത്തിലാണല്ലോ, അഗ്നിയെ ജ്വലിപ്പിയ്ക്കുക. വേദ്യൻ=അറിയപ്പെടേണ്ടവൻ. നവ്യാശനം=സ്തുത്യമായ അന്നം.

3. സൂര്യശുഭ്രൻ=സൂര്യൻപോലെ ദീപ്തൻ. വാശ്ലേറിയോന്റെയും—രാക്ഷസാദികളുടെപോലും. മുൻസ്വത്ത്=പൂർവസമ്പത്ത്.

4. ഗൃഹാന്നങ്ങരം എന്നു തുടങ്ങിയ വാക്യം പരോക്ഷം: സദ്യസ്സ്—യജ്ഞവിഭവങ്ങരം ഭുജിപ്പാൻ. ജാത്യാ—സ്വഭാവേന. കൊടുത്തിടും—യജമാനന്മാൎക്ക്.

നല്ക, ഞങ്ങൾക്കബ്ഭവാനന്നമന്നദ;
വെല്ക, പുരാൻപോലെ;—രിക്ക, സുഖാലയേ! 4

അന്നമുണ്ണോന, വനംശ്രു മിന്നിപ്പവ—
നല്ലിനെത്തള്ളുവോൻ, വായുപോലീശ്വരൻ;
വീഴ്ത്താവൂ, ഞങ്ങൾ നിനക്കു തരാത്തോരെ;
നേർത്ത മാററാരെ ഹയംപോലെ കൊല്ക, നീ! 5

അച്ഛ്യാംശുകൊണ്ടർക്കനെന്നപോലാ, ഭയാ—
ലഗ്നേ, മറയ്ക്കുന്നു, വാനൂഴികളെ നീ;
പൂഷാവുപോലെ പന്ഥാവിൽ നടന്നൊളി
പൂശുമിപ്പൂജ്യനോടിക്കു, മിരുട്ടിനെ! 6

അഗ്നേ, തുലോം സ്തുത്യനായ നിന്നെ സ്തുതി—
ച്ചർച്ചിക്കുമെങ്ങൾതൻ വൻനുതി കേൾക്ക, നീ:
കെല്പിനാൽക്കാററായ ദേവതയാം നിന—
ക്കർപ്പിപ്പിതി, ന്ദ്രന്നുപോലന്നമഗ്രിമർ! 7

അഗ്നേ, ധനം തന്ന, ചോരമാർഗ്ഗേണ നീ—
യക്ലേശമെങ്ങളെപ്പാപം കടത്തണം:
സൂരിദേയം സുഖം നൽക, വാഴ്ത്തിക്കുടൻ;
നൂറാണ്ടു മത്താടുകെങ്ങൾ സുവീരരായ്! 8

വെല്ക—അസുരവൈരികളെ ഒരു രാജാവുപോലെ ജയിച്ചാലും. സുഖാലയേ—നിർബാധമായ ഞങ്ങളുടെ അഗ്നിഗൃഹത്തിൽ.

5. അന്നം—ഹവിസ്സ്. ഈശ്വരൻ—സർവശക്തൻ. ഉത്തരാർദ്ധം പ്രത്യക്ഷം; നിനക്കു തരാത്തോരെ—അങ്ങയ്ക്കു ഹവിസ്സർപ്പിക്കാത്ത ആളുകളെ ഞങ്ങൾ വീഴ്ത്താവൂ, വധിക്കുമാറാകണം. നേർത്ത = എതിർത്ത. ഹയംപോലെ—ഒരുത്തമാശ്വം യുദ്ധത്തിൽ എതിരാളികളെ കൊല്ലുന്നതുപോലെ.

6, ഉത്തരാർദ്ധം പരോക്ഷം: പൂഷാവ് = സൂര്യൻ. പന്ഥാവ്—സ്വമാർഗ്ഗം

7. വൻനുതി = വലിയ സ്തോത്രം. കെല്പിനാൽക്കാററായ—വായുതുല്യബലനായ. ദേവത = ദേവതാത്മാവ്. അഗ്രിമർ = തലവന്മാർ, ഋത്വിക്കുകൾ.

8. അചോരമാർഗ്ഗേണ = കള്ളന്മാരില്ലാത്ത വഴിയിലൂടെ. അക്ലേശം = ക്ലേശരഹിതമാംവണ്ണം, സുഖേന. സൂരിദേയം = സ്തോതാക്കൾക്കു കൊടുക്കേണ്ടതായ. വാഴ്ത്തിക്ക്—വാഴ്ത്തുന്ന എനിക്ക്. ഞങ്ങൾ നല്ല വീരന്മാരോടുകൂടി, നൂറു സംവത്സരം മത്താടുക—ആഹ്ലാദിച്ചു ജീവിച്ചിരിക്കുമാറാകട്ടെ.

സൂക്തം 5.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

(കാകളി)

മംഗളസ്തോത്ര,ഫലദ, ബലോത്ഥനാ-
മങ്ങയെ വാഴ്ത്തി വിളിപ്പൂ, യവിഷ്ഠ, ഞാൻ;
എത്തിയ്ക്കുമല്ലോ, സമസ്തകാമ്യം ധന-
മദ്രോഹി, ഭൂരിവരേണ്യൻ, പ്രമതി നീ! 1

വിത്തങ്ങരം നിങ്കലണയ്ക്കുന്നു, യഷ്ടാക്കരം
വിസ്തീർണ്ണസൈന്യ, ഹോതാവേ, ദിവാനിശം:
നിന്നിലല്ലോ, ധനം പ്രാണികളൊക്കയും
മന്നിൽക്കണക്കെ നിക്ഷേപിച്ചു, പാവക! 2

വർത്തിച്ചു, നീയന്നുമിന്നും പ്രജകളിൽ;
സ്വത്തണപ്പോനമായ്, കർമ്മത്തിനാൽബ്ഭവാൻ:
എന്നതുമൂലമയപ്പൂ, ഭജിപ്പവ-
ന്നെന്നും ധനം വിജ്ഞ, ജാതവേദസ്സു നീ! 3

ഗൂഢമായ്നിന്നു വലയ്ക്കുന്നവനെയും
ക്കുടിവാണെങ്ങളെക്കുത്തുന്നവനെയും

സൂക്തം 5.

1. മംഗളസ്തോത്ര—അങ്ങയെ സ്തുതിയ്ക്കുന്നതു ശുഭകരമാണെന്നർത്ഥം. യവിഷ്ഠ = അതിയുവാവേ. എത്തിയ്ക്കും—സ്തോതാക്കരംക്കു കിട്ടിയ്ക്കും. അദ്രോഹി = അഹിംസാപരൻ. പ്രമതി—പ്രകൃഷ്ടജ്ഞാനൻ.

2. വിത്തങ്ങരം—ഹവിസ്സുകരം. യഷ്ടാക്കരം = യജമാനന്മാർ. വിസ്തീർണ്ണസൈന്യ—പരന്ന സൈന്യങ്ങരം, ജ്വാലകരം ഉള്ളവനേ. പ്രാണികളൊക്കെ ധനം മന്നിൽ നിക്ഷേപിയ്ക്കുന്നതുപോലെ, ദേവകരം നിന്നിലാണ്, ധനം സൂക്ഷിച്ചിരിയ്ക്കുന്നത്. ദേവകരം എന്ന കർത്തൃപദം അധ്യാഹരിയ്ക്കണം.

3. വർത്തിച്ചു—വൈശ്വാനരനായി സ്ഥിതിചെയ്തു. സ്വത്തണപ്പോൻ—യഷ്ടാക്കരംക്ക്.

ഈട്ടററ നിൻവൃഷാർച്ചിസ്സാൽപ്പൊരിയ്ക്ക, നീ
ചൂടാളുമഗ്നേ, മഹസ്വിൻ, ഹിതദ്യുതേ! 4

ആർ നിന്നെയുക്ഥസ്തവങ്ങളാൽസ്സേവിയ്ക്കു,—
മാർ ബലസൂനോ, മഖത്താൽ,ച്ഛമതയാൽ;
മർത്ത്യരിൽവെച്ചുരുജ്ഞാനനായ്ത്തീൎന്ന,വൻ
സ്വത്താൽസ്സുകീർത്തിയാൽശ്ശോഭിയ്ക്കു,മവ്യയ! 5

അബ്ഭവാനഗ്നേ, ദ്രുതം ചെന്നു ചെയ്യിതു:
കെല്ലാലമിത്രരെക്കൊൽക, കെൽപ്പാറ നീ;
സ്തോതാവു നിന്നെയുച്ചത്തിൽ സ്തുതിയ്ക്കുന്ന
ഗാഥ കേരംക്കേണമേ, തേജസ്സു തേച്ച നീ! 6

നേടാവു, ഞങ്ങളീ വരഞ്ഞ നിൻപാലനാൽ:
നേടാവു, സദ്വീരവിത്തമഗ്നേ, ധനിൻ;
നേടാവു, ഭോജ്യങ്ങരം ഭോജ്യൈഷികരം ഞങ്ങരം;
നേടാവു, നിജ്ജര, നിൻസ്ഥിരകീർത്തിയും! 7

സൂക്തം 6.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

(കാകളി)

പുത്തൻക്രതുവുമായ് പ്രാപിപ്പു രക്ഷൈഷി
നത്യർഹനാം ബലപുത്രനെ,ദ്ദിവ്യനെ,

---

4. കത്തുക—ദ്രോഹിയ്ക്കുക. വൃഷാർച്ചിസ്സാൽ—വൃഷാവായ, വൃഷ്ടിജനകമായ തേജസ്സുകൊണ്ട്. പൊരിയ്ക്കു—നശിപ്പിച്ചാലും എന്നർത്ഥം.

6. ഗാഥ—സ്തുതി. തേച്ച—എണ്ണ തേയ്ക്കുന്നതുപോലെ, തേജസ്സു ദേഹത്തിൽ തേച്ചവനായ.

7. സദ്വീരവിത്തം=നല്ല വീരന്മാരോടുകൂടിയ സമ്പത്ത്. ധനിൻ=ധനവാനേ. നല്ല വീര(പുത്ര)ന്മാരെയും, വിത്തവും, അന്നവും, നശിയ്ക്കാത്ത കീർത്തിയും ഭവാൻ ഞങ്ങരംക്ക തരുമാറാകണം.

കാട്ടവെട്ടന്നോനെ,യൂർദ്ധധാവള്യനെ,—
ക്കാന്തയഷ്ടാവിനെ,ക്കൃഷ്ണവർത്മാവിനെ. 1

വെൺനിറംപൂണ്ടന്തരിക്ഷസ്ഥനാമഗ്നി—
യുന്നദന്നിർജ്ജരന്മാരൊത്തിരമ്പിട്ടം;
നന്നായ് വളർന്ന വളരെത്തടിമരം
തിന്ന നടക്കും, യവിഷ്ഠനപ്പാവകൻ! 2

കാറേററു പാടേ പടരുന്ന, ദിവ്യങ്ങളാം
മാററുള്ള നിന്മയൂഖങ്ങളഗ്നേ, ശുചേ:
അദ്ഭുതപ്പോക്കോടനേകത്ര ചെന്നവ
കെല്പാലൊടിച്ച തിന്നുന്നു, വനങ്ങളെ! 3

മുക്താശചുല്യങ്ങളാം നിൻതെളിരശ്മികൾ
പൃഥ്വിയെ മൊട്ടച്ചിയാക്കുന്നു, ദീപ്തിമൻ;
പിന്നീട്ട ചുററിനടന്നവ ചെന്നേറി
മിന്നുന്നു, മന്നിൻെറ തുംഗസ്ഥലങ്ങളിൽ! 4

പേർത്തുപേർത്തോട്ടന്നു, വർഷിതൻനാവു, പൈ—
ച്ചാർത്തിൽപ്പൊരുതോൻെറ വജ്രംകണക്കിനേ;

സൂക്തം 6.

1. വെട്ടന്നോനെ——ചുട്ടെരിയ്ക്കുന്നവനെ. ഊർദ്ധധാവള്യനെ=ധാവള്യം (വെളുപ്പ്) പൂണ്ടവനെ. കാന്തയഷ്ടാവിനെ——കാന്തങ്ങളാം (പ്രിയവസ്തുക്കളാം) കൊണ്ട ദേവകളെ യജിയ്ക്കുന്നവനെ.

2. ഉന്നദന്നിർജ്ജരന്മാരൊത്ത്——ഉച്ചത്തിൽ ശബ്ദിയ്ക്കുന്ന നിർജ്ജരന്മാരോട്ട, മരുത്തുക്കളോട്ടകൂടി.

3. മാററ്——നിറപ്പൊലിമ. അനേകത്ര——ബഹുവസ്തുക്കളിൽ; ലതകളിലും മററും.

4. മുക്താശചുല്യങ്ങളാം——അഴിച്ചുവിട്ട കുതിരകളാംപോലെ അങ്ങിങ്ങു നടക്കുന്നവ. മൊട്ടച്ചിയാക്കുന്നു——ഭൂമിയുടെ ചെടികളും മരങ്ങളുമാകുന്ന തലമുടിയെല്ലാം ദഹിപ്പിയ്ക്കുന്നു. തുംഗസ്ഥലങ്ങളാം=ഉയന്ന പ്രദേശങ്ങളാം, പർവതാദികളാം.

5 വർഷി——വൃഷ്ടിയ്ക്കു കാരണഭൂതനായ അഗ്നി. നാവ്——ജ്വാല: പൈച്ചാർത്തിൽപ്പൊരുതോൻെറ——പണികളാൽ അപഹരിയ്ക്കപ്പെട്ട ഗോവൃന്ദത്തിൽ, അ

ശൂരന്റെ കെട്ടുപോലാണ,ഗ്നിതൻ ജ്വാല;
ഘോരനെരിയ്ക്കുന്നു, ദുർവാരനായ് വനം! 5

പാരിൻവഴിയിൽപ്പരത്തുന്നു, വൻചാട്ടു-
വാറിന്റെ ധർഷകമായ തേജസ്സു നീ;
ദൂരീകരിയ്ക്കു, ഭയങ്ങളാ നീ ബലാൽ-
വൈരിയെക്കൊന്നു, വധിയ്ക്കുക, ഹിംസ്രരെ! 6

മുത്തേകി വാഴ്കുമെങ്ങൾക്കു വെയ്ക്കു, പെരും-
സ്വത്തന്നദം, പുരുവീരം, പ്രകാശകം,
ചിത്രം, സുചിത്രു,മാഹ്ലാദക,മാഹ്ലാദ-
കൃത്തേ, വിചിത്ര, ചിത്രൌജസ്സനബ്ഭവോൻ! 7

സൂക്തം 7.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; വൈശ്വാനരാഗ്നി ദേവത.

വിണ്ണിന്റെ തല, മന്നിന്റെ ഉടമസ്ഥൻ, കവി, സമ്രാട്ട്, ജനങ്ങളുടെ അതിഥി, തിരുവായിലെടുക്കുന്നവൻ—ഇങ്ങനെയുള്ള വൈശ്വാനരാഗ്നിയെ ഋത്വിക്കുകൾ യാഗത്തിന്നുവേണ്ടി ഉല്പാദിപ്പിച്ചു. 1

തിനെ വീണ്ടെടുപ്പാൻ യുദ്ധംചെയ്തവന്റെ, ഇന്ദ്രന്റെ. ശൂരന്റെ കെട്ടുപോലാണ്——ഒരു ശൌര്യവാനാൽ കൃതമായ ബന്ധനംപോലെ അന്യർക്കു ദുസ്സഹമാകുന്നു.

6. പാരിൻവഴിയിൽ——ഭൂമിയുടെ ഗമ്യപ്രദേശങ്ങളിൽ. വൻചാട്ടുവാറ്——ചലിയ്ക്കുന്ന ജ്വാലയെ ചമ്മട്ടിയാക്കിയിരിയ്ക്കുയാണ്. വഴിപോക്കർ ഇരുട്ടത്തു പന്തം വീശുന്നതോർക്കുക. ഹിംസ്രർ=ഹിംസകർ.

7. മുത്തേകി——അങ്ങയ്ക്കു സന്തോഷം വരുമാറ്. അന്നദം=അന്നങ്ങളെ തരുന്നത്. പുരുവീരം=വളരെ വീരന്മാരോടുകൂടിയത്. പ്രകാശകം——വെളിപ്പെടുത്തുന്നത്; ധനംകൊണ്ടാണല്ലോ, മനുഷ്യൻ പൊതുവിൽ അറിയപ്പെടുന്നത്. ചിത്രം=പൂജനീയം. സുചിത്രം=അത്യാശ്ചര്യഭൂതം. ആഹ്ലാദകം=ആഹ്ലാദിപ്പിക്കുന്നത്. ഇങ്ങനെയുള്ള പെരുംസ്വത്തു ഞങ്ങൾക്കു വെയ്ക്കു——ഞങ്ങൾക്കു തരാൻ നീക്കിവെച്ചാലും. ആഹ്ലാദകൃത്തേ=ഹേ ആഹ്ലാദകര. വിചിത്ര=പൂജനീയ. ചിത്രൌജസ്സൻ=വിചിത്രബലൻ.

സൂക്തം 7.

1. ജനങ്ങൾ——യജമാനർ. തിരുവായിലെടുക്കുന്നവൻ——ഹവിസ്സിനെ. ഉല്പാദിപ്പിച്ചു——അരണി കടഞ്ഞു്.

യജ്ഞങ്ങളുടെ മുരട്, ധനങ്ങളുടെ ഈടുവെപ്പ്, ഒരു വലിയ കട്ടകം, യാഗങ്ങളുടെ തേരാളി, അധ്വരത്തിന്റെ കൊടിമരം—ഇങ്ങനെ സംസ്തൂയമാനനായ വൈശ്വാനരനെ സ്തുതികൾ ഉൽപാദിപ്പിച്ചു. 2

അഗ്നേ, അന്നവാൻ അങ്ങയിങ്കൽനിന്നു മേധാവിയായിച്ചമയുന്നു; അങ്ങയിങ്കൽനിന്നു, കീഴമർത്തുന്ന വീരന്മാർ പിറക്കുന്നു. വൈശ്വാനര, തമ്പുരാനേ, അവിടുന്നു സ്പൃഹണീയങ്ങളായ ധനങ്ങൾ ഞങ്ങളിൽ വെച്ചാലും! 3

അമൃത, പിറക്കുമ്പോഴെല്ലാം ഭവാങ്കൽ രശ്മികളെല്ലാം, ഒരു കിടാവിങ്കലെന്നപോലെ വന്നുചേരുന്നു. വൈശ്വാനര, അങ്ങനെ അച്ഛനമ്മമാരുടെ ഇടയിൽ വിളങ്ങുന്ന അങ്ങയ്ക്കായി കർമ്മങ്ങളനുഷ്ഠിച്ചവർ അമൃതത്വമടയുന്നു! 4

അഗ്നേ, വൈശ്വാനര, അങ്ങയുടെ ആ വമ്പിച്ച കർമ്മങ്ങളെ ആരും എതിർക്കില്ല: അങ്ങ് അച്ഛനമ്മമാരുടെ ഇടയിൽ നടന്നു, കതിരവനെ കണ്ടുപിടിച്ചുവല്ലോ! 5

വർഷസൂചകമായ വൈശ്വാനരന്റെ തേജസ്സിനാൽ വാനിന്റെ മുകൾവശങ്ങൾ വിരചിയ്ക്കപ്പെട്ടു; ഭുവനങ്ങളെല്ലാം തന്തിരുവടിയുടെതന്നെ മൂർദ്ധാവിൽ കുടികൊള്ളുന്നു; ശാഖകൾപോലെ സപ്തനദികളും മുളയ്ക്കുന്നു. 6

---

2. കട്ടകം—മഴവെള്ളത്തിന്നു മുററത്തു വെയ്ക്കുന്ന ഒരുതരം പാത്രം; അതു മഴവെള്ളത്തെ എന്നപോലെ, അഗ്നി ആഹുതികളെ ഉൾക്കൊള്ളുന്നു. തേരാളി—നേതാവ്, കൊണ്ടുനടക്കുന്നവൻ.

3. അന്നവാൻ—അങ്ങയ്ക്കു ഹവിസ്സർപ്പിച്ചവൻ മേധാവിയായിച്ചമയുന്നു; അവന്നു വീരപുത്രന്മാർ പിറക്കുന്നു.

4. ഒരു കിടാവിങ്കലെന്നപോലെ—കുട്ടിയെ കാണാൻ ബന്ധുക്കൾ ചെല്ലുന്നതുപോലെ. അച്ഛനമ്മമാർ—ദ്യാവാപൃഥിവികൾ. അമൃതത്വം=ദേവത്വം.

5. കതിരവനെ—രാഹുവിനാൽ മറയ്ക്കപ്പെട്ട സൂര്യനെ.

6. വാനിന്റെ മുകൾവശങ്ങൾ—നക്ഷത്രഗോളങ്ങൾ; അല്ലെങ്കിൽ, ധൂമത്തിന്റെ വികാരമായ മേഘങ്ങൾ. ഭുവനങ്ങൾ=ജലങ്ങൾ. മൂർദ്ധാവിൽ—മേഘമായി പരിണമിച്ച ധൂമത്തിൽ. ഭുവനങ്ങൾ (ലോകങ്ങൾ) വൈശ്വാനരനാകുന്ന പരബ്രഹ്മത്തിന്റെ ഉപരിഭാഗത്തു കുടികൊള്ളുന്നു എന്നും അർത്ഥം കല്പിയ്ക്കാം. ശാഖകൾപോലെ—വൃക്ഷത്തിന്മേൽ കൊമ്പുകൾ മുളയ്ക്കുന്നതുപോലെ. മുളയ്ക്കുന്നു—മഴമൂലം ഉദ്ഭവിയ്ക്കുന്നു.

യാതൊരു സുകർമ്മാവായ കവി ജലങ്ങളെയും, വാനിൻെറ തിളക്കങ്ങളെയും വിരചിച്ചുവോ; യാതൊരുവൻ ഭുവനമെല്ലാം തഴപ്പിച്ചുവോ; ആ വൈശ്വാനരൻ ബാധയെന്നിയേ ഒരു കാവല്ക്കാരനായി, അമൃതം രക്ഷിച്ചുപോരുന്നു! 7

സൂക്തം 8.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അന്നവാനായി വൃഷാവായി വിളങ്ങുന്ന ജാതവേദസ്സിൻെറ ബലം ഞാൻ യജ്ഞത്തിൽ ചിക്കെന്നു വർണ്ണിയ്ക്കാം; വൈശ്വാനരാഗ്നിയെപ്പററി, പരിശുദ്ധവും മനോജ്ഞവുമായ ഒരതിനൂതനസ്തവവും, സോമനീർപോലെ ഇററിററു വീഴും. 1

കർമ്മപാലകനായ വൈശ്വാനരാഗ്നി പരമവ്യോമത്തിൽ പ്രാദുർഭവിച്ചു, കർമ്മങ്ങളെ സംരക്ഷിയ്ക്കുന്നു. അന്തരിക്ഷത്തെയും വിരചിച്ച ആ സുകർമ്മാവു മഹത്ത്വംകൊണ്ടു സ്വർഗ്ഗത്തെ സ്പർശിച്ചു! 2

മിത്രനായ, അദ്ഭുതരൂപനായ വൈശ്വാനരൻ ദ്യാവാപൃഥിവികളെ ഉറപ്പിച്ചു; വെളിച്ചംകൊണ്ട് ഇരുളിനെ കഴിച്ചുമൂടി; വാനൂഴികളെ, രണ്ടു തോലുകളെപ്പോലെ പരത്തി. എല്ലാ വീര്യവുമുണ്ട്, അവിടെയ്ക്ക്! 3

വൈശ്വാനരാഗ്നിയെ അന്തരിക്ഷത്തിൽ മരുത്തുക്കൾ കണ്ടറിഞ്ഞു; പ്രജകൾ പരിപൂജ്യനായ തമ്പുരാനെ സ്തുതിച്ചു. അദ്ദേഹത്തെ ദൂതനായ വായു ദൂരത്തുനിന്ന്—സൂര്യങ്കൽനിന്ന്—ഇങ്ങോട്ടു കൊണ്ടുപോന്നു. 4

---

7. വാനിൻെറ തിളക്കങ്ങൾ—നക്ഷത്രങ്ങൾ. അമൃതം = ജലം.

സൂക്തം 8.

1. ഇററിററുവീഴും—ഞാൻ ഒരു സ്തവവും ചൊല്ലാം.

2. പരമവ്യോമം—ഉൽകൃഷ്ടാകാശം. അന്തരിക്ഷത്തെയും—മൂന്നു ലോകത്തെയും എന്നർത്ഥമെടുക്കണം. മഹത്ത്വംകൊണ്ട്——വൈശ്വാനരൻെറ മഹത്ത്വം (തേജസ്സ്) സ്വർഗ്ഗത്തിലെത്തി.

3. മിത്രൻ—എല്ലാവർക്കും സുഹൃത്ത്.

4. കണ്ടറിഞ്ഞു—വൈദ്യുതാഗ്നി ഇതുതന്നെയാണെന്ന് സൂര്യൻെറ അടുക്കലായിരുന്നു, വൈശ്വാനരൻ.

അഗ്നേ, യജ്ഞാർഹനായ ഭവാനെ കാലേ കാലേ പുത്തമയിൽ സ്തുതിക്കുന്നവക്ക് ധനവും പുകഴപ്പെടുന്ന പുത്രനെയും കല്പിച്ചു നൽകുക; ജരയേശാത്ത തമ്പുരാനേ, അനത്ഥം പുലമ്പുന്നവനെ, ഒരു മരത്തെയെന്നപോലെ, അവിടുന്നു തേജസ്സുകൊണ്ടു, വജ്രംകൊണ്ടെന്നപോലെ വെട്ടി കമിഴ്ത്തിവീഴിച്ചാലും! 5

അഗ്നേ, ഹവിരുക്തരായ ഞങ്ങളിൽ അവിടുന്ന് ഇടിവും മുടിവും വരാത്ത സുവീര്യമായ ധനം നിക്ഷേപിച്ചാലും. അഗ്നേ, വൈശ്വാനര, ഞങ്ങഠം ഭവാന്റെ രക്ഷയാൽ നൂറുമായിരവുമായി അന്നം നേടുമാറാകണം! 6

യജനീയ, മൂന്നിടങ്ങളിലിരിക്കുന്നവനേ, അവിടുന്ന് അഹിംസിതങ്ങളായ സ്വരക്ഷകഠംകൊണ്ടു ഞങ്ങളുടെ സ്തോതാക്കളെ പാലിച്ചാലും; അഗ്നേ, വൈശ്വാനര, സ്തുതിക്കപ്പെടുന്ന നിന്തിരുവടി ഞങ്ങളുടെ ബലം നിലനിത്തുകയും വദ്ധിപ്പിക്കുകയും ചെയ്യാലും! 7

സൂക്തം 9.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ദ്വിപദാവിരാട്ടും ഛന്ദസ്സുകഠം; വൈശ്വാനരാഗ്നി ദേവത.

കറുത്ത രാവും വെളുത്ത പകലും സ്വസ്വപ്രവൃത്തികളോടേ വാനൂഴികളിൽ ചുററുന്നു. വൈശ്വാനരാഗ്നി, ഒരരചൻപോലെ ആവിർഭവിച്ചു തേജസ്സിനാൽ ഇരുട്ടുകളെ അറുതിപ്പെടുത്തുന്നു! 1

ജനപ്രവത്തകർ യാതൊന്നു നെയ്യുണ്ടാക്കുന്നുവോ, ആ നൂലും ഊടും എനിക്കറിഞ്ഞുകൂടാ. ഇവിടെ ആരുള്ളൂ, അങ്ങിരിക്കുന്നവന്റെ ഇങ്ങിരിക്കുന്ന അച്ഛൻ അരുളേണ്ടുന്നവ പറഞ്ഞുതരാൻ? 2

---

5. പുത്തമയിൽ സ്തുതിക്കുന്നവക്ക്–പുതിയ സ്തോത്രം ചൊല്ലുന്ന ഞങ്ങഠക്ക്.

7. മൂന്നിടങ്ങഠ––ത്രിലോകങ്ങളോ, ആഹവനീയാദിസ്ഥാനങ്ങളോ.

സൂക്തം 9.

1. ദിനരാത്രിപ്രവർത്തനം വൈശ്വാനരാഗ്നിയുടെ ആജ്ഞയാലാണെന്ന്.

2. യജ്ഞത്തിന്നു വസ്ത്രത്വം കല്പിച്ചിരിക്കുന്നു: അങ്ങിരിക്കുന്നവന്റെ––സൂര്യന്റെ. ഇങ്ങിരിക്കുന്ന അച്ഛൻ––അഗ്നി. അഗ്നിക്കേ ഇതുപദേശിക്കാൻ ത്രാണിയുള്ളൂ. അഗ്നിയുടെ പുത്രനാണ് സൂര്യൻ എന്നു പ്രമാണാന്തരമുണ്ട്. പ്രപഞ്ചമാകുന്ന വസ്ത്രത്തിന്റെ നിർമ്മാണം ദുർജ്ഞേയമാണെന്നും വ്യാഖ്യാനിക്കാം.

തന്തിരുവടിയ്ക്കേ ഈ നൂലും ഊടും അറിഞ്ഞുകൂട്ടു; അവിടുന്നു, വേണ്ടപ്പോളൊക്കെ അരുളിച്ചെയ്യും, അരുളിച്ചെയ്യേണ്ടുന്നവ: താഴേ സഞ്ചരിയ്ക്കുന്നവനും, മീതേ മറെറാരു രൂപം പൂണ്ടു് ഇതൊക്കെ തൃക്കൺപാർത്തറിയുന്നവനുമാണല്ലോ, അമൃതപാലകനായ തന്തിരുവടി! 3

ഒന്നാമത്തെ ഹോതാവാണിതു്: നോക്കുവിൻ, ഇദ്ദേഹത്തെ. ഈ അമൃതമായ ജ്യോതിസ്സു മർത്ത്യരിൽ വർത്തിയ്ക്കുന്നു. ഈ സുസ്ഥിരനായ സർവവ്യാപി അമർത്ത്യനെങ്കിലും ഉടൽപൂണ്ടു് അവതരിയ്ക്കുന്നു; വളരുകയും ചെയ്യുന്നു! 4

നിശ്ചലമായ മനസ്സിനെക്കാരം വേഗമുള്ള ജ്യോതിസ്സു് ജംഗമങ്ങളുടെ ഉള്ളിൽ ദർശനത്തിന്നായി വെയ്ക്കപ്പെട്ടിരിയ്ക്കുന്നു; ദേവകളെല്ലാം ഒരേമനസ്സോടും ഒരേപ്രജ്ഞയോടുംകൂടി ഏകനായ കർത്താവിനെ വഴിപോലെ പ്രാപിയ്ക്കുകയും ചെയ്യുന്നു. 5

എന്റെ ചെവികളും, കണ്ണുകളും, ഹൃദയത്തിൽ വെയ്ക്കപ്പെട്ടിട്ടുള്ള ഈ ജ്യോതിസ്സും പലമട്ടിൽപ്പായുന്നു; ദൂരഭാവനമായ എന്റെ മനസ്സും പലമട്ടിൽ പെരുമാറുന്നു. ഞാൻ എന്തു പറയേണ്ടു? ഇപ്പോരം എന്തു ചിന്തിയ്ക്കേണ്ടു? 6

അഗ്നേ, ഇരുളിലിരിയ്ക്കുന്ന നിന്തിരുവടിയെ ദേവകളെല്ലാം ഭയംമൂലം നമസ്കരിച്ചുപോരുന്നു. അമർത്ത്യനായ വൈശ്വാനരൻ നമ്മെ രക്ഷകൊണ്ടു കാത്തരുളട്ടെ—നമ്മെ രക്ഷകൊണ്ടു കാത്തരുളട്ടെ! 7

---

3. താഴേ സഞ്ചരിയ്ക്കുന്നവൻ—പാർത്ഥിവാഗ്നിരൂപൻ. മീതേ മറെറാരു രൂപം പൂണ്ടു് – സൂര്യാത്മാവായി. ഇതൊക്കെ—ജഗത്തെല്ലാം.

4. ഒന്നാമത്തെ—മനുഷ്യൻ രണ്ടാമത്തെ ഹോതാവാണ്. ആളുകളോടു പറയുന്നതാണിതു്.

5. ദർശനം – ജ്ഞാനം. ജോതിസ്സിന്നു ബ്രഹ്മചൈതന്യമെന്നും, ദേവകരംക്കു് ഇന്ദ്രിയങ്ങളെന്നും അർത്ഥം കല്പിച്ചു്, ആധ്യാത്മികമായും ഈ ഋക്കു് വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ടു്.

6. ജ്യോതിസ്സു്—ബുദ്ധിതത്ത്വം. വൈശ്വാനരന്റെ ഗുണങ്ങരം കേരംപ്പാനും, രൂപഭംഗികരം കാണാനും, അദ്ദേഹത്തെ അറിയാനും ഞാൻ വെമ്പൽപ്പെടുന്നു. ദൂരഭാവനം—ദൂരസ്ഥവസ്തുവിനെ ഭാവനംചെയ്യുന്നതു്.

7. ഭയംമൂലം—ഇരുളിനെ പേടിച്ചു്. അനന്തരവാക്യം പരോക്ഷം:

സൂക്തം 10.

ഋഷിഛന്ദസ്സുകരം മുമ്പേത്തവ; അഗ്നി ദേവത.

ആറ്റാദിപ്പിയ്ക്കുന്നവനും ദിവ്യനും തീരെ നിർദ്ദോഷനുമായ അഗ്നിയെ നിങ്ങരം നിർബാധമായി നടക്കുന്ന യജ്ഞത്തിൽ മുൻനിർത്തുവിൻ——ഉക്ഥങ്ങരംകൊണ്ടും മുൻനിർത്തുവിൻ: ആ സ്ഫീതരോചിസ്സായ ജാതവേദസ്സു നമ്മുടെ യജ്ഞത്തെ ശോഭനമാക്കുമല്ലോ! 1

ദീപ്തിമൻ, ബഹുസേന, ഹോതാവേ, അഗ്നേ, അവിടുന്ന് അഗ്നികളോടൊപ്പം ഉജ്ജ്വലിച്ചു, മനുഷ്യന്റെ സ്തോത്രം കേട്ടാലും: തെളിനെയ്യുപോലെ സുഖകരമായ ഇതു തന്തിരുവടിയ്ക്കായി മനനശീലർ മമതയെന്നപോലെ വെട്ടപ്പിൽ ചൊല്ലുന്നു! 2

അഗ്നിയ്ക്കു യാതൊരു മേധാവി സ്തുതിച്ചുംകൊണ്ടു നല്കുമോ, അവൻ മനുഷ്യരിൽവെച്ചു പ്രവൃദ്ധാന്നനാകും; അവനെ ചിത്രഭാനു വിചിത്രരക്ഷകരംകൊണ്ടു പൈത്തൊഴുത്തിന്നുടമയാക്കും! 3

യാതൊരു കൃഷ്ണവർത്മാവു പിറപ്പിൽത്തന്നേ, അകലെക്കാണാവുന്ന കാന്തികൊണ്ടു വാനൂഴികളെ നിറച്ചുവോ, ആ പാവകൻ പെരുത്ത രാവിരുട്ടിനെപ്പോലും പ്രഭകൊണ്ടു തട്ടിനീക്കി പ്രകാശിയ്ക്കുന്നു! 4

അഗ്നേ, അവിടുന്നു ഹവിസ്സമ്പന്നരായ ഞങ്ങരംക്ക്, അന്നമേറിയ രക്ഷകളോടേ, പൂജനീയമായ ധനം ചിക്കെന്നു തന്നരുളിയാലും——അർത്ഥംകൊണ്ടും അന്നംകൊണ്ടും നല്ല വീര്യംകൊണ്ടും അന്യരെ കവിച്ചുനിന്നു കീഴമർത്തുന്നവരെയും! 5

സൂക്തം 10.

1. ഋത്വിക്കുകളോട്: സ്ഫീതരോചിസ്സ് = തേജസ്സേറിയവൻ.

2. സേനയ്ക്കു ജ്വാല എന്നർത്ഥം. അഗ്നികരം=സ്വന്തം അവയവങ്ങളായ മററഗ്നികരം. തെളിനെയ്യുപോലെ——അഗ്നിയ്ക്കു തുലോം പ്രിയപ്പെട്ടതാണല്ലോ, നെയ്യ്. ഇതു——സ്തോത്രം. മമത——ദീർഘതമസ്സ് എന്ന ഋഷിയുടെ അമ്മ.

3. നല്കുമോ——ഹവിസ്സ്. ചിത്രഭാനു = അഗ്നി. ഉടമയാക്കും——വളരെ ഗോക്കളെ കൊടുക്കും.

5. അർത്ഥം = ധനം. കീഴമർത്തുന്നവരെയും——ശത്രുക്കളെ കീഴമർത്തുന്ന പുത്രന്മാരെയും. തന്നരുളിയാലും.

അഗ്നേ, അങ്ങയ്ക്കായി ഹവിഷ്മാൻ ഇരുന്നു ഹോമിയ്ക്കുന്ന ഈ യാഗാന്നം, കൊതിപൂണ്ടു ഭവാൻ അകത്താക്കിയാലും; ഭരദ്വാജരുടെ നിരവദ്യമായ സ്തുതിയും അകത്താക്കിയാലും. അവരെ അന്നലബ്ധിയ്ക്കായി രക്ഷിച്ചാലും! 6

അങ്ങ് വിദ്വേഷികളെ ആട്ടിപ്പായിയ്ക്കണം! അന്നം വർദ്ധിപ്പിയ്ക്കണം. ഞങ്ങൾ നല്ല വീരരോടുകൂടി ഒരു നൂറാണ്ടു മത്തടിയ്ക്കട്ടെ! 7

സൂക്തം 11.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, ഹോതാവേ, മികച്ച യഷ്ടാവായ ഭവാൻ ഇപ്പോൾ പ്രാർത്ഥന കൈക്കൊണ്ടു യജ്ഞത്തിൽ ദേവഗണത്തെ യജിച്ചാലും; മിത്രൻ, വരുണൻ, അശ്വികൾ, ദ്യാവാപൃഥിവികൾ എന്നിവരെയും ഞങ്ങളുടെ യാഗത്തിന്നു കൊണ്ടുവന്നാലും! 1

അഗ്നേ, അതീവ സ്തുത്യനും ഞങ്ങളെ ദ്രോഹിയ്ക്കാത്തവനും ദേവനുമായ ഭവാൻ മനുഷ്യരുടെ ഇടയിൽ യാഗത്തിന്നു ഹോതാവാകുന്നു. തിരുമുഖമായ പരിപാവനജ്വാലകൊണ്ടു, വഹ്നിയായ ഭവാൻ സ്വന്തം ദേഹത്തെയും യജിച്ചാലും! 2

അംഗിരസ്സുകളിൽവെച്ചു മികച്ച സ്തോതാവായ മേധാവി യാഗത്തിൽ മത്തുപിടിപ്പിയ്ക്കുന്ന ഛന്ദസ്സു ചൊല്ലുന്നതെപ്പോഴോ; അപ്പോൾ ധന്യയായ സ്തുതി, തിരുവവതാരം പാടുന്ന ദേവയഷ്ടാവിന്നുവേണ്ടി അങ്ങയെ കാമിയ്ക്കുന്നു! 3

---

5. യാഗാന്നം — ഹവിസ്സ്.

7. അന്നം — ഞങ്ങളുടെ.

സൂക്തം 11.

1. പ്രാർത്ഥന — ഞങ്ങളുടെ.

2. ദ്രോഹിയ്ക്കാത്തവൻ — സ്നേഹിയ്ക്കുന്നവൻ എന്നർത്ഥം. തിരുമുഖം — ദേവന്മാരുടെ മുഖം. വഹ്നി — ഹവിർവാഹി. സ്വന്തം ദേഹം — സ്വിഷ്ടകൃത്ത എന്ന സ്വശരീരം.

3. മേധാവി — ഭരദ്വാജൻ, ഞാൻ. ഛന്ദസ്സ് — സ്തോത്രം. തിരുവവതാരം — അങ്ങയുടെ ജനനം. ദേവയഷ്ടാവ് — യജമാനൻ.

പരിണതപ്രജ്ഞൻ ഒളിതിങ്ങി വിളങ്ങുന്നു: യാതൊരു ശോഭ നാന്നനെ, മനുഷ്യനെയെന്നപോലെ, പഞ്ചജനങ്ങൾ ഹവ്യം നൽകി, ഹവിസ്സാടിയ്ക്കുന്നുവോ; അഗ്നേ, ആ നിന്തിരുവടി വിശാലകളായ ദ്യാവാപൃഥിവികളെ യജിച്ചാലും! 4

ഹവിസ്സോടുകൂടി അഗ്നിയുടെ അടുക്കൽ ദർഭ മുറിയ്ക്കുക; നിരവദ്യമായ നൈസ്രുവം കൊണ്ടുവെയ്ക്കുക; ഭൂമിയുടെ സ്ഥാനത്തു വേദിയിൽ ചെല്ലുക––ഇത്രയുമായാൽ, യജ്ഞം (യഷ്ടാവിനോടു), തേജസ്സു സൂര്യനോടെന്നപോലെ ചേരും. 5

ബഹ്വന്നസന, ഹോതാവേ, അഗ്നേ, അങ്ങ് അഗ്നിദേവന്മാരോടൊപ്പം കത്തിജ്ജ്വലിച്ച്, ഞങ്ങൾക്കു സമ്പത്തു തന്നാലും: ബലത്തിന്റെ മകനേ, പുതപ്പിയ്ക്കുന്ന ഞങ്ങൾ പരിപന്ഥിയെ എന്നപോലെ പാപത്തെയും പിന്നിടുമാറാകണം! 6

സൂക്തം 12.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഹോതാവായ, അധ്വരത്തിന്റെ അരചനായ അഗ്നി തപഃക്ലിഷ്ടന്റെ ഗൃഹത്തിൽ, ദ്യാവാപൃഥിവികളെ യജിപ്പാൻ ഇരുന്നരുളുന്നു: ഇതാ, ആ ബലപുത്രനായ സത്യവാൻ, സൂര്യനെന്നപോലെ, ദൂരത്തുനിന്നുതന്നേ വെളിച്ചം പരത്തുന്നു! 1

യജനീയനായ തമ്പുരാനേ, പരിണതപ്രജ്ഞനായ തിരുമേനിയെ ഓരോ സ്തോതാവും ചിക്കെന്നു യജിയ്ക്കുന്നുണ്ടല്ലോ; ആ ത്രിസ്ഥാ

---

4. പരിണതപ്രജ്ഞൻ=ബുദ്ധിയ്ക്കു പരിപാകം വന്നവൻ, അഗ്നി. അവശിഷ്ടം പ്രത്യക്ഷോക്തി: മനുഷ്യൻ––അതിഥി. പഞ്ചജനങ്ങൾ––ഋത്വിക്പ്രഭൃതികൾ. ഹവിസ്സാടിയ്ക്കുക––ഹവിസ്സുകൊണ്ടഭിഷേകംചെയ്യുക.

5. നൈസ്രുവം=ഘൃതം നിറച്ച സ്രുക്ക്.

6. അഗ്നിദേവന്മാർ––മററഗ്നികൾ. പുതപ്പിയ്ക്കുന്ന––അങ്ങയെ ഹവിസ്സുകൊണ്ടു മൂടുന്ന. പരിപന്ഥി=ശത്രു.

സൂക്തം 12.

1. തപഃക്ലിഷ്ടൻ––യജമാനൻ.

നസ്ഥനായ ഭവാൻ മനുഷ്യരുടെ മഹനീയഹവിസ്സുകരം കൊണ്ടു കൊടുപ്പാൻ, കതിരവൻപോലെ വേഗത്തിൽ ഗമിച്ചാലും! 2

ആരുടെ പാളൽ കാട്ടിൽ ത്തുലോം ഒളികൊണ്ടു വിളങ്ങുമോ; ആ തിരുവടി വളർന്നു, സൂര്യൻപോലെ സ്വമാർഗ്ഗത്തിൽ പ്രകാശിയ്ക്കുന്നു. വായുവിന്നൊത്ത ആ അമർത്ത്യൻ വനങ്ങളിൽ പാഞ്ഞുനടന്ന്, അനിവാര്യനായി, സ്വയം വെളിപ്പെടുത്തുന്നു! 3

ആ ജാതവേദസ്സായ അഗ്നിയെപ്പററി, യാഗശാലയിൽ നമ്മുടെ കൂട്ടർ ഒരു യാചകൻേറതുപോലെ സുഖകരമായ സ്തോത്രം പാടുന്നു—മരമുണ്ണാൻ കാട്ടിലണഞ്ഞ്, ഒരു കൂററൻപോലേ പാഞ്ഞുനടക്കുന്ന തന്തിരുവടി യജമാനരാൽ സ്തുതിയ്ക്കപ്പെടുന്നു! 4

വൻകാടിനെ നിഷ്പ്രയാസം ചെത്തിക്കുറച്ചുംകൊണ്ടു സഞ്ചരിയ്ക്കുന്ന തന്തിരുവടിയുടെ രശ്മികരം ഇവിടെ പുകഴ്ത്തപ്പെടുന്നു. ഒരോടുന്ന കള്ളൻപോലെ തടവില്ലാതെ വെക്കം ഇളകിപ്പായുന്ന തന്തിരുവടി മരുനിലം കടന്നു പരിലസിയ്ക്കുന്നു. 5

ഗമനശീലനായ അഗ്നേ, അങ്ങ് ഞങ്ങളെ നിന്ദകരിൽനിന്നു രക്ഷിയ്ക്കുക: എല്ലാ അഗ്നികളോടുംകൂടി വളർന്നു ധനം കിട്ടിയ്ക്കുക; ദുഃഖകാരികളെ ആട്ടിപ്പായിയ്ക്കുക. ഞങ്ങരം നല്ല വീരന്മാരോടുകൂടി ഒരു നൂററാണ്ടു മത്താടുമാറാകട്ടെ! 6

സൂക്തം 13.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

സുഭഗ, അഗ്നേ, സമ്പത്തുകളെല്ലാം ഭവാങ്കൽനിന്നു, വൃക്ഷത്തിന്മേൽനിന്നു കൊമ്പുകരംപോലെ പുറപ്പെടുന്നു; പശുസംഘം,

2. കൊണ്ടുകൊടുക്കാൻ—ദേവന്മാർക്ക്.

3. ആരുടെ—ദാവാഗ്നിരൂപനായ. സ്വമാർഗ്ഗം—അന്തരിക്ഷം.

4. യാചകൻേറതുപോലെ—പ്രായേണ പിച്ചക്കാരുടെ പാട്ടു നന്നായിരിയ്ക്കും. കൂററൻ—വിത്തുകാള.

5. ഇവിടെ—ഈ ലോകത്തിൽ.

പററലർപ്പോരിൽ ബലം, അന്തരിക്ഷത്തിൽനിന്നുള്ള മഴ എന്നി
വയും വെക്കം ഭവാങ്കൽനിന്നുതന്നെ. അങ്ങനെ സ്തുത്യനായി ഭവാൻ
തണ്ണീർ പൊഴിയ്ക്കുന്നു! 1

അഗ്നേ, ഭഗനായ നിന്തിരുവടി ഞങ്ങൾക്കു രത്നം കൊണ്ടുവ
ന്നാലും: ദർശനീയതേജസ്സായ ഭവാൻ, വായുപോലെ വാണരുള
ന്നു. ദേവ, മിത്രനെന്നപോലെ മഹത്തായ ജലവും, വളരെസ്സമ്പ
ത്തും നൽകുന്നവനാണ,വിടുന്ന്! 2

അഗ്നേ, പ്രചേതസ്സേ, യജ്ഞത്തിന്നായിപ്പിറന്നവനേ, ജല
പുത്രനോടു ചേർന്ന അവിടുന്ന് ആരെ ധനത്തിന്നു പ്രേരിപ്പിയ്ക്കു
മോ; അവൻ സജ്ജനപാലകനായി, ശത്രുവിനെ ബലംകൊണ്ടു
ഹനിയ്ക്കും; മേധാവിയായി, പിശുക്കന്റെ കൊററു കീഴടക്കും! 3

ബലപുത്ര, അങ്ങയുടെ തീക്ഷ്ണതയെ യാതൊരുവൻ സ്തോ
ത്രങ്ങൾകൊണ്ടും ഉക്ഥങ്ങൾകൊണ്ടും ഹവിസ്സുകൾകൊണ്ടും വേ
ദിയിലണയ്ക്കുമോ; അഗ്നേ, ദേവ, ആ മനുഷ്യന്ന് എല്ലാദ്ധാന്യവും
വേണ്ടുവോളം കൈവരും; ധനങ്ങളും വന്നുചേരും! 4

അഗ്നേ, ബലപുത്ര, ബലവാനായ അവിടുന്നു വളരെ ഗവ്യാ
ന്നങ്ങൾ പിശുക്കനും മുടിയനുമായ ശത്രുവിന്നു കൊടുത്തിട്ടുണ്ടല്ലോ;
ആ സുവീരാന്വിതങ്ങളായ ശോഭനാന്നങ്ങൾ പുഷ്ടിയ്ക്കായി നേതാ
ക്കൾക്കു തന്നാലും! 5

സൂക്തം 13.

1. ബലം—പററലരോടുള്ള പോരിൽ ജയിപ്പാൻ. പുറപ്പെടുന്നു എന്നതു രണ്ടാം വാക്യത്തിലും ചേർക്കുക. തണ്ണീർ പൊഴിയ്ക്കുന്നു: 'അഗ്നൌ പ്രാസ്താഹുതിസ്സമ്യഗാദിത്യമുപതിഷ്ഠതേ! ആദിത്യാജ്ജായതേ വൃഷ്ടിർവൃഷ്ടേരന്നം തതഃ പ്രജാഃ' മനുസ്മൃതി.

2. ഭഗൻ=ഭജനീയൻ; ഭഗതുല്യൻ.

3. പ്രചേതസ്സ്=പ്രകൃഷ്ടജ്ഞാനൻ; വരുണൻ. ജലപുത്രൻ—വൈദ്യുതാഗ്നി. പിശുക്കൻ—ദേവകർമ്മമനുഷ്ഠിയ്ക്കാത്ത ധനികൻ.

4. തീക്ഷ്ണതയെ വേദിയിലണയ്ക്കുക—ജ്വലിപ്പിയ്ക്കുക എന്നർത്ഥം.

5. ഗവ്യാന്നങ്ങൾ—ക്ഷീരാദികൾ. മുടിയൻ—കർമ്മധാരയം. നേതാക്കൾക്കു—സ്തുതികർമ്മം നടത്തുന്ന ഞങ്ങൾക്കു.

അഗ്നേ, ബലപുത്ര, മഹാനായ നിന്തിരുവടി ഞങ്ങൾക്ക് ഉപദേഷ്ടാവാകണം; പുത്രപൌത്രരെയും അന്നവും ഞങ്ങൾക്കു തരണം; ഞാൻ എല്ലാ സ്തുതികൾകൊണ്ടും പൂർത്തിയടയണം. ഞങ്ങൾ നല്ല വീരരോടുകൂടി ഒരു നൂററാണ്ടു മത്താടുമാറാകട്ടെ! 6

സൂക്തം 14.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകൾ; അഗ്നി ദേവത
(അന്നനട)

നരനെവനഗ്നിസ്സുനുഷ്ഠിച്ചീടുമോ,
പരിചരണവും സ്തുതികർമ്മങ്ങളും,
അവൻ മുമ്പുള്ളവർക്കുപരി ശോഭിയ്ക്കും;
ജവാൽ നേടും, രക്ഷിയ്ക്കുവാനന്നത്തെയും! 1

പരമവിജ്ഞാനയുതന,ഗ്നിതന്നേ;
പെരിയ കത്താവാമൃഷിയുമാണഗ്നി;
ക്രതുവില,മ്പരെ വിളിയ്ക്കുമഗ്നിയെ
സ്തുതിച്ചുപോരുന്നു, യജിപ്പോൻെറയാൾക്കാർ! 2

അരാതിതൻ സമ്പത്തുകളഗ്നേ, വേറു–
പിരിഞ്ഞു മത്സരിച്ചിടുന്നു, രക്ഷയിൽ;
മുടിപ്പോനെക്കൊന്നു, നരർ മഖങ്ങളാൽ
മുതിരുന്നൂ, മഖരഹിതനെ വെൽവാൻ! 3

---

6. പൂർത്തി—അഭീഷ്ടസിദ്ധി.

സൂക്തം 14.

1. സ്തുതികർമ്മങ്ങൾ=സ്തുതിയും കർമ്മവും. രക്ഷിയ്ക്കുവാൻ, കുടുംബം പുലത്താൻ. അന്നത്തെയും നേടും––ശത്രുക്കളിൽനിന്നു പിടിച്ചെടുക്കും.

2. കർത്താവ്––കർമ്മവാൻ. യജിപ്പോൻ=യജമാനൻ. ആൾക്കാർ––ഋത്വിക്കുകൾ.

3. വേറുപിരിഞ്ഞു––അരാതികളിൽനിന്നൊഴിഞ്ഞ്. രക്ഷയിൽ, അങ്ങയെ സ്തുതിയ്ക്കുന്നവരെ രക്ഷിയ്ക്കുക എന്ന വിഷയത്തിൽ മത്സരിച്ചിടുന്നു––'ഞാൻ രക്ഷിയ്ക്കും, ഞാൻ രക്ഷിയ്ക്കും' എന്നിങ്ങനെ സ്പർദ്ധിയ്ക്കുന്നു: ശത്രുസമ്പത്തുകൾ ഭവൽസ്തോതാക്കളിലെത്തിച്ചേരാൻ വെമ്പുന്നു!

തരും കല്പിച്ചഗ്നി, കൃതകർത്തവ്യനാ–
യരിന്ദമനായ്സ്സൽപതിയാം വീരനെ:
അവനെക്കാണുകിൽ,ക്കരുത്തു പേടിച്ചി–
ട്ടരാതികൾ കിടുകിടുത്തിടുമല്ലോ! 4

എവനുടെ ഹവിസ്സനാച്ഛാദിതവും
സവനത്തിൽപ്പരമസാമാന്യവുമാം,
ശരിയ്ക്കുമ്മർത്ത്യനെപ്പഴിക്കാരനിൽനി–
ന്നറിഞ്ഞു രക്ഷിയ്ക്കും, ബലാലഗ്നിദേവൻ! 5

ഹിതദൃതേ, രോദഃസ്ഥിതനങ്ങേങ്ങൾതൻ
സ്തുതി ദേവന്മാരോടരുൾക, ഗ്നേ, ദേവ;
സ്ഥിരശ്രുഭോവാസം തരികി,സ്തോതാക്കൾ;–
ക്കരാതികളെയും ദുരിതങ്ങളെയും
തരണംചെയ്കെ,ങ്ങൾ തവ സംരക്ഷയാൽ––
ത്തരണംചെയ്കെങ്ങൾ, തരണംചെയ്കെ,ങ്ങൾ! 6

സൂക്തം 15.

ആംഗിരസൻ വീതഹവ്യൻ ഋഷി; ജഗതിയും, ശക്വരിയും, അതിശക്വരിയും, അനുഷ്ടുപ്പും, ബൃഹതിയും, ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

സർവപ്രജാപതിയായി അതിഥിയായിരിയ്ക്കുന്ന ഈ ഉഷർബുധനെത്തന്നേ നീ സ്തുതി ചാർത്തിയ്ക്കുക: ആ നിസർഗ്ഗശുദ്ധൻ വാനിൽനിന്നു വല്ലപ്പോഴും വന്നെത്തും; കുഞ്ഞായിട്ട് അനശ്വരവസ്തു നെടുനാൾ ഭുജിയ്ക്കും! 1

മരത്തിൽ വെയ്ക്കപ്പെട്ട യാതൊരു സ്തുത്യനായ ഊർദ്ധ്വരോചിസ്സിനെ ഭൃഗുക്കൾ ഒരു സ്നേഹിതനെയെന്നപോലെ ഇരുത്തിയോ,

---

4. വീരനെ––പുത്രനെ.

5. അനാച്ഛാദിതം––രക്ഷസ്സുകളാലും മററും മറയ്ക്കപ്പെടാത്തത്. പഴിക്കാരൻ=നിന്ദകൻ.

സൂക്തം 15.

1. ഋഷി തന്നോടുതന്നെ പറയുന്നു: ഉഷർബുധൻ=അഗ്നി. കുഞ്ഞ്––അരണികളുടെ. അനശ്വരവസ്തു––ഹവിസ്സ്.

ആ നിന്തിരുവടി വീതഹവ്യങ്കൽ വഴിപോലെ പ്രസാദിച്ചാലും:
അത്ഭുത, അങ്ങയെ നാളിൽ നാളിൽ പുകഴ്ത്തിപ്പൂജിയ്ക്കുന്നുണ്ടല്ലോ. 2

ആ നിസ്സപത്നനായ ഭവാൻ കർമ്മകുശലനെ വളർത്തുന്നു; അകലത്തും അരികത്തുമുള്ള ശത്രുവിനെ പിന്നിടുന്നു. അതിനാൽ ബലപുത്ര, എങ്ങും തഴച്ച—എങ്ങും തഴച്ച—നിന്തിരുവടി മനുഷ്യരിൽ വെച്ചു ഭരദ്വാജനായ വീതഹവ്യന്നു ധനവും ഗൃഹവും കല്പിച്ചുതന്നാലും! 3

ദീപ്തിമാനും, നിങ്ങളുടെ അതിഥിയും, സ്വർഗ്ഗനേതാവും, മനുവിന്റെ ഹോതാവും, ശോഭനയജ്ഞനും, ഒരു പണ്ഡിതനെന്നപോലെ ഉജ്ജ്വലഭാഷണനും, ഹവ്യവാഹനും, സ്വാമിയുമായ അഗ്നിദേവനെ നീ നല്ല സ്തുതികൾ ചാർത്തിയ്ക്കുക: 4

അദ്ദേഹം ഉണർവുണ്ടാക്കുന്ന പാവനപ്രഭകൊണ്ടു, പുലരിവെളിച്ചംകൊണ്ടെന്നപോലെ ഭൂമിയിൽ വിലസുന്നു; യുദ്ധത്തിൽ കൊല്ലുന്ന ഒരുവൻപോലെ, അദ്ദേഹം ഏതശന്നുവേണ്ടി പോരിൽ പെട്ടെന്നുജ്ജ്വലിച്ചു; ദാഹമേറിയവനുമാണ്, ഈ നിർജ്ജരൻ! 5

സ്തുത്യനായ അഗ്നിയെ, അഗ്നിയെ, നിങ്ങളുടെ പ്രിയനായ, പ്രിയനായ അതിഥിയെ, നിങ്ങൾ ചമതകൊണ്ടു പരിചരിയ്ക്കുവിൻ: അമൃതനെ നിങ്ങൾ സ്തുതിച്ചു സേവിയ്ക്കുവിൻ: ദേവകളിൽ ദ്ദേവൻ വേണ്ടതു കൈക്കൊള്ളുമല്ലോ—ദേവകളിൽ ദേവൻ നമ്മുടെ പരിചരണം കൈക്കൊള്ളുമല്ലോ! 6

ചമതകൊണ്ടു വളർത്തപ്പെട്ട അഗ്നിയെ, ശുചിയെ, പാവകനെ, യജ്ഞത്തിൽ മുമ്പനെ, സുസ്ഥിരനെ ഞാൻ പുകഴ്ത്തിപ്പാടുന്നു; മേധാവിയും ഹോതാവും ബഹുവരേണ്യനും അദ്രോഹിയും കവിയുമായ ജാതവേദസ്സിനെ ഞങ്ങൾ സുഖദസ്തോത്രങ്ങൾകൊണ്ടു സേവിയ്ക്കുന്നു. 7

അഗ്നേ, അമൃതനും സമയത്തു സമയത്തു ഹവ്യം വഹിയ്ക്കുന്നവനും രക്ഷകനും സ്തുത്യനുമായ നിന്തിരുവടിയെ ദേവകളും മനുഷ്യരും

---

2. മരം—അരണി. ഇരുത്തി—ഗൃഹത്തിൽ വസിപ്പിച്ചു. വീതഹവ്യൻ—ഞാൻ.

4. തന്നോടുതന്നേ പറയുന്നത്:

5. ദാഹമേറിയവനുമാണ്—സർവഭക്ഷകനാണ്.

6. സ്തോതാക്കളോട്: ദേവകളിൽദ്ദേവൻ—ദേവന്മാരിൽവെച്ചു ശ്രേഷ്ഠനായ ദേവൻ.

ദൂതനാക്കിവെച്ചു; ആ ജാഗരൂകനും വിഭുവുമായ പ്രജാപാലനെ വണങ്ങിസ്സേവിച്ചുംപോന്നു! 8

അഗ്നേ, ഇരുകൂട്ടരെയും ചമയിക്കുന്ന ഭവാൻ ഓരോ യാഗത്തിലും ദേവകളുടെ ദൂതനായി വാനൂഴികളിൽ സഞ്ചരിക്കുന്നു. അങ്ങയ്ക്കായി കർമ്മവും സ്തുതിയും അനുഷ്ഠിക്കുന്നുണ്ടല്ലോ, ഞങ്ങൾ; അതിനാൽ ത്രിസ്ഥാനസ്ഥനായ ഭവാൻ ഞങ്ങൾക്കു സുഖം തന്നരുളിയാലും! 9

നല്ല തിരുവുടലും നല്ല കാഴ്ചയും നല്ല നടത്തവുമുള്ള ആ പരമപണ്ഡിതനെ അറിവില്ലാത്ത ഞങ്ങൾ പരിചരിക്കുമാറാകണം. സർവവിഷയജ്ഞനായ അഗ്നി യജിച്ചരുളട്ടെ; ഹവിസ്സിനെപ്പററി അമർത്ത്യരോടു പറയട്ടെ! 10

അഗ്നേ, ശൂര, യാവനൊരുത്തൻ കവിയായ ഭവാനെ സ്തുതിക്കുകയോ വെട്ടപ്പുറ്റ ഹവിസ്സർപ്പിക്കുകയോ ഉജ്ജ്വലിപ്പിക്കുകയോ ചെയ്യുമോ, അവനെ അങ്ങു് രക്ഷിക്കും; പൂർണ്ണകാമനാക്കും; അവനെത്തന്നേ ബലംകൊണ്ടും ധനംകൊണ്ടും നിറയ്ക്കും! 11

അഗ്നേ, ബലവാനേ, അങ്ങു് ഞങ്ങളെ ഹിംസകങ്കൽനിന്നും അങ്ങുതന്നേ പാപത്തിൽനിന്നും രക്ഷിക്കുണം. നിർദ്ദോഷമായ അന്നം വഴിപോലെ ഭവാങ്കലണയട്ടെ: സ്പൃഹണീയമായ ആയിരംധനം ഞങ്ങളിലും! 12

ഹോതാവും ഗൃഹപതിയും രാജാവുമാണു്, അഗ്നി: സർവഭൂതങ്ങളെയും ആ ജാതവേദസ്സറിയുന്നു; ദേവകളുടെയും മനുഷ്യരുടെയും ഇടയിൽ മികച്ച യഷ്ടാവായ ആ യജ്ഞവാൻ പ്രകർഷേണ യജിച്ചരുളട്ടെ! 13

അഗ്നേ, അധ്വരത്തിൻെറ ഹോതാവേ, പാവനാർച്ചിസ്സേ, ഇപ്പോൾ മനുഷ്യൻെറ കർമ്മം ഭവാൻ ഇച്ഛിച്ചാലും. യഷ്ടാവാണല്ലോ അങ്ങു്; അതിനാൽ യജ്ഞത്തിൽ യജിച്ചാലും. യുവതമ, മഹിമ

---

8. അന്തിമവാക്യം പരോക്ഷം:

9. ഇരുകൂട്ടർ—ദേവകളും മനുഷ്യരും. ചമയിക്കുന്ന—ശോഭിപ്പിക്കുന്ന.

10. പരമപണ്ഡിതനെ—അഗ്നിയെ. യജിച്ചരുളട്ടെ—ദേവന്മാരെ. പറയട്ടെ—'നിങ്ങൾക്കായി ഹവിസ്സൊരുക്കിയിരിക്കുന്നു; വരുവിൻ' എന്നു്.

12. അന്നം—ഹവിസ്സു്. ഞങ്ങളിലും—അണയട്ടെ.

കൊണ്ടു വിഭുവായ ഭവാൻ, ഇപ്പോഠം ഭവാന്നുള്ള ഹവിസ്സുകഠം കൈക്കൊണ്ടാലും! 14

അഗ്നേ, ശരിക്കു വെക്കപ്പെട്ട അന്നങ്ങഠം ഭവാൻ കാണുന്നുണ്ടല്ലോ: ദ്യാവാപൃഥിവികളെ യജിപ്പാൻ അങ്ങയെ വെച്ചിരിക്കുന്നു. മഘവാവേ, അങ്ങു് യുദ്ധത്തിൽ ഞങ്ങളെ രക്ഷിച്ചാലും: ഞങ്ങഠം ദുരിതമെല്ലാം കടക്കമാറാകണം——അങ്ങയുടെ രക്ഷയാൽ കടക്കമാറാകണം, കടക്കമാറാകണം! 15

അഗ്നേ, ശോഭനസേന, അങ്ങു് എല്ലാദ്ദേവകളോടുംകൂടി, ആട്ടിൻരോമംകൊണ്ടു കരവെച്ചതും ഘൃതയുക്തവും പക്ഷിക്കൂടിന്നൊത്തതുമായ സ്വസ്ഥാനത്തു് ഒന്നാമനായി ഇരുന്നു്, അപ്പകനായ യജമാനൻെറ ഹവിസ്സ വഴിപോലെ കൊണ്ടുപോയാലും! 16

ചാടിപ്പോയ യാതൊരഭിജ്ഞനെ ഇരുട്ടിൽനിന്നു കൊണ്ടുപോന്നുവോ, ആ ഈ അഗ്നിയെ കർമ്മികഠം, അഥർവാവെന്നപോലെ കടയുന്നു. 17

അങ്ങു് യജ്ഞത്തിൽ ദേവകാമൻെറ ക്ഷേമത്തിന്നായി പിറന്നാലും: യജ്ഞത്തെ വളർത്തുന്ന അമർത്ത്യരായ ദേവന്മാരെ കൊണ്ടുവന്നാലും; ഹവിസ്സ ദേവന്മാരിലെത്തിച്ചാലും! 18

അഗ്നേ, യജ്ഞപാലക, ഭവാനെ ജനങ്ങളുടെ ഇടയിൽ ഞങ്ങഠം തന്നെയാണു്, ചമതകൊണ്ടു വളർത്തിയതു്. അതിനാൽ ഞങ്ങളുടെ ഗൃഹനാഥത്വം വളരെക്കതിരകളുള്ള വണ്ടിയായിച്ചമയട്ടെ! അങ്ങു് ഞങ്ങളെ കടുംതേജസ്സുകൊണ്ടു വഴിപോലെ അണച്ചാലും! 19

---

14. വിഭു = വ്യാപിച്ചവൻ.

15. അന്നങ്ങഠം——ഹവിസ്സുകഠം. ദ്യാവാപൃഥിവികളെ——തത്രത്യദേവകളെ. വെച്ചിരിക്കുന്നു——യജമാനൻ.

16. കരവെച്ച——വക്കത്തു് കുറിയാട്ടിൻരോമങ്ങഠം നിരത്തിയ. സ്വസ്ഥാനം——ഉത്തരവേദി. കൊണ്ടുപോയാലും——ദേവകളുടെ അടുക്കലേക്കു്.

17. അഗ്നി ഒളിച്ച കഥ മുമ്പുണ്ടു്. അഥർവാവ്——ഒരൃഷി. കടയുന്നു——അരണിമഥനംകൊണ്ടുൽപാദിപ്പിക്കുന്നു.

19. വണ്ടിയായിച്ചമയട്ടെ —— പുത്രപശുധനാദിപൂർണ്ണമായിത്തീരട്ടെ എന്നു സാരം. അണയ്ക്കുക = മൂർച്ചകൂട്ടുക, ഉത്തേജിപ്പിക്കുക.

സൂക്തം 16.

ഭരദ്വാജൻ ഋഷി; വർദ്ധമാനഗായത്രിയും, അനുഷ്ടുപ്പും, ത്രിഷ്ടുപ്പും, ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, എല്ലാ യജ്ഞങ്ങൾക്കും ഹോതാവായി മനുഷ്യരിൽ ദേവകളാൽ വെയ്ക്കപ്പെട്ടവനാണ്, ഭവാൻ. 1

ആ നിന്തിരുവടി ഇമ്പപ്പെടുത്തുന്ന ജ്വാലകൾകൊണ്ടു മഹാന്മാരെ യജിച്ചാലും — ദേവന്മാരെ കൊണ്ടുവന്നു യജിച്ചാലും! 2

വിധാതാവേ, സുകർമ്മാവേ, അഗ്നിദേവ, അവിടെയ്ക്കു നേരേ അറിയാമല്ലോ, യാഗങ്ങളിൽ വൻവഴികളും ചെറുവഴികളും! 3

അഗ്നേ, യജനീയനായ നിന്തിരുവടിയെ ഭരതൻ ഇരുസുഖങ്ങൾക്കായി ഋത്വിക്കുകളോടുകൂടി സ്തുതിച്ചു; യജ്ഞവും ചെയ്തു! 4

നിന്തിരുവടി ഈ ബഹുധനങ്ങൾ, സോമം പിഴിഞ്ഞ ദിവോദാസന്നെന്നപോലെ, ഹവിസ്സർപ്പിയ്ക്കുന്ന ഭരദ്വാജന്നു നല്കിയാലും! 5

അമർത്ത്യനായ ഭവാൻ മേധാവിയുടെ ശോഭനസ്തുതി ശ്രവിച്ചു, ദൂതനായി ദേവകളെ കൊണ്ടുവന്നാലും! 6

അഗ്നേ, ശോഭനധ്യാനരായ മനുഷ്യർ ദേവന്മാരെ ഊട്ടാൻ, ദേവനായ അങ്ങയെ യജ്ഞങ്ങളിൽ സ്തുതിച്ചുപോരുന്നു. 7

ശോഭനദാനനായ ഭവാന്റെ തേജസ്സിനെയും കർമ്മത്തെയും ഞാൻ പൂജിയ്ക്കുന്നു: എല്ലാവരും ലബ്ധകാമരായി സേവിയ്ക്കാറുണ്ടല്ലോ 8

സൂക്തം 16.

2. മഹാന്മാർ — ദേവന്മാർ.

3. മാർഗ്ഗഭ്രഷ്ടനായ യഷ്ടാവിനെ വീണ്ടും മാർഗ്ഗത്തിലാക്കിയാലും എന്നു ഹൃദയം.

4. ഭരതൻ — ദുഷ്ഷന്തപുത്രനായ രാജാവ്. ഇരുസുഖങ്ങൾ — ഇഷ്ടപ്രാപ്തിയും അനിഷ്ടപരിഹാരവും.

5. ഭരദ്വാജന്ന് — എനിയ്ക്ക്.

6. മേധാവിയുടെ — എന്റെ.

8. ലബ്ധകാമരായി — ഭവാങ്കൽനിന്നു് അഭീഷ്ടങ്ങൾ നേടി.

അഗ്നേ, മനുവിനാൽ ഹോതാവാക്കപ്പെട്ടവനും, വായ്ക്കൊള്ളുന്നവനും, വലിയ വിദ്വാനുമാണല്ലോ, അവിടുന്ന്; അങ്ങ് വിണ്ണവരെ യജിച്ചാലും! 9

അഗ്നേ, അമരരേത്തിന്നും ഹവിസ്സു കൊണ്ടുകൊടുപ്പാനും വരിക: സ്തുതിയ്ക്കപ്പെടുന്ന ഭവാൻ ഹോതാവായി ദർഭയിലിരുന്നാലും! 10

അംഗിരസ്സേ, ആ നിന്തിരുവടിയെ ഞങ്ങൾ ചമതകൊണ്ടും നെയ്കൊണ്ടും വളർത്താം; യുവതമ, ഏററവും ഉജ്ജ്വലിച്ചാലും! 11

ദേവ, അഗ്നേ, ആ നിന്തിരുവടി ഞങ്ങൾക്കു പൃഥുലവും പ്രശംസനീയവും നല്ല വീര്യത്തോടുകൂടിയതും മഹത്തുമായ (ധനം) അയച്ചുതന്നാലും! 12

അഗ്നേ, അങ്ങയെ അഥർവാവു വിശ്വത്തെ വഹിയ്ക്കുന്ന ശിരസ്സായ താമരയിലയിൽ കടഞ്ഞുൽപാദിപ്പിച്ചു. 13

ആ വൃത്രഘ്നനും പുരന്ദരനുമായ അങ്ങയെ അഥർവാവിൻെറ പുത്രൻ ദധ്യംഗ് എന്ന ഋഷി ജ്വലിപ്പിച്ചു. 14

ദസ്യുക്കളെ കൊന്നൊടുക്കുന്നവനും യുദ്ധത്തിൽ യുദ്ധത്തിൽ ധനഞ്ജയനുമായ ആ അങ്ങയെത്തന്നേ പാഥ്യനായ വൃഷാവ് സമുജ്ജ്വലിപ്പിച്ചു. 15

അഗ്നേ, വരിക: അങ്ങയ്ക്കായി ഞാൻ ഇങ്ങനെ മററു സ്തുതികളും ചൊല്ലാം. അങ്ങ് സോമം കുടിച്ചു വളർന്നാലും! 16

അങ്ങയുടെ തിരുവുള്ളം ആരിലെങ്കിലും പതിഞ്ഞാൽ, അവന്നു ഭവാൻ മികച്ച ബലം നൽകും; പാർപ്പുമുറപ്പിയ്ക്കും. 17

---

9. വായ്ക്കൊള്ളുന്നവൻ — ഹവിസ്സുകളെ. വായ്— ജ്വാല.

12. പൃഥുലം=വിശാലം.

13. താമരയിലയിലത്രേ, പ്രജാപതി ഭൂമിയെപ്പരത്തിയത്; ഭൂമി സർവജഗദാധാരവുമാണല്ലോ. അതിനാലാണ്, താമരയിലയ്ക്കു വിശ്വാധാരകത്വം.

14. വൃത്രഘ്നൻ=ശത്രുഹന്താവ്. പുരന്ദരൻ—അസുരപുരങ്ങളെ പിളർത്തവൻ. ദധ്യംഗ്—ദധീചൻ (?)

15. ധനഞ്ജയൻ—ശത്രുധനങ്ങളെ കീഴടക്കുന്നവൻ. പാഥ്യനായ വൃഷാവ്—ഒരൃഷി.

16. മററു സ്തുതികൾ—അസുരന്മാരാൽ ഉണ്ടാക്കപ്പെട്ട സ്തുതികൾ.

17. പാർപ്പുമുറപ്പിയ്ക്കും—അവൻെറ അടുക്കൽ.

ഭവാന്റെ തേജഃപൂരം കണ്ണുകളെ അഞ്ചിയ്ക്കരുതേ! ചുരുക്കം പേരെമാത്രം വസിപ്പിയ്ക്കുന്നവനേ, ഭവാൻ (ഞങ്ങളുടെ) പരിചര്യ സ്വീകരിച്ചാലും! 18

ദിവോദാസന്റെ വൈരികളെ വധിച്ച സൽപതിയും ബഹുജ്ഞനും ഭാരതനുമായ അഗ്നി വന്നുചേൎന്നു! 19

മഹത്ത്വംകൊണ്ടു ചുട്ടെരിയ്ക്കുന്നവനും, എതിർക്കപ്പെടാത്തവനും, ദ്രോഹിയ്ക്കപ്പെടാത്തവനുമായ തന്തിരുവടി ഭൂമിയിലെ സമ്പത്തെല്ലാം തന്നരുളട്ടെ! 20

അഗ്നേ, ആ നിന്തിരുവടി പഴതെങ്കിലും തുലോം പുതുതായ, വ്യാപിയായ, തിളങ്ങുന്ന തേജസ്സുകൊണ്ടു് അന്തരിക്ഷത്തിന്നു വീതി കൂട്ടുന്നു! 21

സഖാക്കളേ, ധൎഷകനായ, വിധാതാവായ അഗ്നിയ്ക്കു നിങ്ങൾ സ്തോത്രം പാടുവിൻ; ഹവിസ്സും അർപ്പിയ്ക്കുവിൻ. 22

തന്തിരുവടി ഇരുന്നരുളട്ടെ: മനുഷ്യൻ യാഗംചെയ്യുന്ന കാലത്തോളം, ഹോതാവും ദൂതനും ഹവ്യവാഹനുമാണല്ലോ, ആ ക്രാന്തപ്രജ്ഞൻ! 23

ആ വിശുദ്ധകർമ്മാക്കളായ ഇരുരാജാക്കന്മാരെയും, ആദിത്യരെയും, മരുദ്ഗണത്തെയും, ദ്യാവാപൃഥിവികളെയും, വസോ, ഭവാൻ ഇവിടെ യജിച്ചാലും! 24

അഗ്നേ, ബലത്തിന്റെ മകനേ, അമൃതനായ അങ്ങയുടെ പ്രശംസനീയമായ പ്രകാശം മനുഷ്യന്നു് അന്നം നല്കിപ്പോരുന്നു. 25

---

18. അഞ്ചിയ്ക്കരുതേ——ഞങ്ങൾക്കു ദർശനശക്തി തരിക എന്നു ഹൃദയം. ചുരുക്കംപേരെമാത്രം——മിക്കവൎക്കും ഈ ഭാഗ്യമുണ്ടാകില്ലല്ലോ!

19 ബഹുജ്ഞൻ＝വളരെ വിഷയങ്ങൾ അറിയുന്നവൻ; സർവജ്ഞൻ എന്നൎത്ഥം. ഭാരതൻ——ഹവിർവാഹി.

20. ചുട്ടെരിയ്ക്കുന്നവൻ——മരങ്ങളെയോ, ശത്രുക്കളെയോ.

22. ഋത്വിക്കുകളോടു്:

23. ഇരുന്നരുളട്ടെ——ദർഭയിൽ ഉപവേശിയ്ക്കട്ടെ.

24. ഇരുരാജാക്കന്മാർ——മിത്രനും വരുണനും.

ഇപ്പോൾ അങ്ങയെ പരിചരിയ്ക്കുന്ന ഹവിർദ്ദാതാവായ മനുഷ്യൻ ശ്രേഷ്ഠനും, ശോഭനധനനും, നല്ല സ്തുതി ചൊല്ലുന്നവനുമായി ത്തീരട്ടെ! 26

അഗ്നേ, അങ്ങയുടെ ആളുകൾ അങ്ങയുടെ രക്ഷയാൽ ആയുസ്സു മുഴുവൻ അനുഭവിയ്ക്കും; ചെറുക്കുന്ന ശത്രുക്കളെ കടക്കും—ചെറുക്കുന്ന ശത്രുക്കളെ ഉടയ്ക്കും! 27

അഗ്നി ചൂടേററ ജ്വാലകൊണ്ടു് എല്ലാത്തിന്മന്മാരെയും എരിയ്ക്കട്ടെ; അഗ്നി സമ്പത്തു തരട്ടെ! 28

വഴിപോലെ കാണുന്ന ജാതവേദസ്സേ, നിന്തിരുവടി നല്ല വീരന്മാരോടുകൂടിയ ധനം കൊണ്ടുവന്നാലും; സുകർമ്മാവേ, രക്ഷസ്സുകളെ മുടിച്ചാലും! 29

ജാതവേദസ്സേ, അവിടുന്നു ഞങ്ങളെ പാപത്തിൽനിന്നു പാലിയ്ക്കണം; മന്ത്രമുച്ചരിപ്പിയ്ക്കുന്നവനേ, അവിടുന്നു ഞങ്ങളെ ദ്രോഹിയിൽനിന്നും രക്ഷിയ്ക്കണം! 30

അഗ്നേ, യാതൊരു ദുരുദ്ദേശനായ മനുഷ്യൻ ഞങ്ങളുടെ നേൎക്കു് ആയുധമയയ്ക്കുമോ, അവങ്കൽനിന്നും പാപത്തിൽനിന്നും ഞങ്ങളെ രക്ഷിയ്ക്കണം! 31

ദേവ, യാതൊരു മനുഷ്യൻ ഞങ്ങളെ കൊല്ലാൻ നോക്കുമോ, ആ ദുഷ്ടനെ അങ്ങു്, ജ്വാലകൊണ്ടു ചുട്ടെരിയ്ക്കണം! 32

അഗ്നേ, കീഴമത്ത്ുന്നവനേ, അവിടുന്നു ഭരദ്വാജനു സുവിശാലമായ ഗൃഹവും, വരണീയമായ ധനവും കല്പിച്ചുനല്കുക! 33

സ്തോതാവിന്നു ധനം നല്കുന്നവനും, കത്തിത്തിളങ്ങുന്നവനും, ഹോമിയ്ക്കപ്പെട്ടവനുമായ അഗ്നി ഇരുട്ടുകളെ നശിപ്പിയ്ക്കട്ടെ— 34

അമ്മയുടെ അലസാത്ത ഗർഭത്തിൽ വിളങ്ങുന്നവൻ, അച്ഛനെ പുലത്തുന്നവൻ, യജ്ഞത്തിന്റെ മൂലസ്ഥാനത്തിരിയ്ക്കുന്നവൻ! 35

---

27. ആളുകൾ—സ്തോതാക്കൾ. ആയുസ്സുമുഴുവൻ—നൂറുവയസ്സു്.

28. തിന്മന്മാർ—രാക്ഷസാദികൾ.

30. മന്ത്രമുച്ചരിപ്പിയ്ക്കുന്നവനേ—ശബ്ദമുൽപാദിപ്പിയ്ക്കുന്നതു, പ്രാണികളിലിരിയ്ക്കുന്ന അഗ്നിയത്രേ: 'മനസ്സു ദേഹാഗ്നിയിൽ മുട്ടുന്നു; ആ അഗ്നി വായുവിനെ പ്രേരിപ്പിയ്ക്കുന്നു: വായു നെഞ്ചിൽ സഞ്ചരിച്ചു ശബ്ദം പുറപ്പെടുവിയ്ക്കുന്നു.'

35. അമ്മ—ഭൂമി. അലസാത്ത ഗർഭം—വേദി. അച്ഛൻ—സ്വർഗ്ഗം. പുലത്തുന്നവൻ—ഹവിസ്സു കൊണ്ടുകൊടുത്തു്. മൂലസ്ഥാനം—ഉത്തരവേദി ഈ വിശേഷണങ്ങൾ മുൻഋക്കിലെ അഗ്നിയോടു ചേർക്കണം.

വഴിപോലെ കാണുന്ന ജാതവേദസ്സേ, അഗ്നേ, അവിടുന്നു വിണ്ണിൽ വിളങ്ങുന്ന അന്നവും സന്തതിയും കൊണ്ടുവന്നാലും! 36

അഗ്നേ, ബലോൽപന്ന, അന്നവാന്മാരായ ഞങ്ങൾ രമണീയ ദർശനനായ ഭവാന്റെ അടുക്കലെയ്ക്കു സ്തുതികൾ അയയ്ക്കുന്നു. 37

അഗ്നേ, ഞങ്ങൾ പൊന്നൊളിയോടേ തിളങ്ങുന്ന ഭവാന്റെ ഇരിപ്പിടത്തിൽ, ഒരു തണലിലെന്നപോലെ വന്നുചേരുമാറാകണം! 38

അഗ്നേ, അവിടുന്ന്, അമ്പെയ്യുന്ന ഒരു ബലവാൻപോലെയും, കൊമ്പുകൂർത്ത ഒരു കാളപോലെയും പുരങ്ങൾ ഉടച്ചുവല്ലോ! 39

യാതൊരു ജനിച്ച കുട്ടി, ഒരു വ്യാഘ്രമെന്നപോലെ കൈകളിലെടുക്കപ്പെടുന്നുവോ; ജനങ്ങൾക്കു നല്ല യാഗനിഷ്പാദകനായ ആ അഗ്നിയെ (പരിചരിയ്ക്കുവിൻ). 40

ദേവന്മാരെ ഊട്ടാൻ, നിങ്ങൾ തുലോം സമ്പത്തു കിട്ടിയ്ക്കുന്ന ദേവനെ കൊണ്ടുവരുവിൻ: തന്തിരുവടി സ്വന്തം മൂലസ്ഥാനത്തിരിയ്ക്കട്ടെ! 41

വെളിപ്പെട്ട അതിഥിപോലെ പ്രിയനായ ഗൃഹപതിയെ നിങ്ങൾ സുഖകരനായ ജാതവേദസ്സിങ്കലിരുത്തുവിൻ. 42

---

36. വിണ്ണിൽ വിളങ്ങുന്ന അന്നം——അങ്ങ് ഞങ്ങൾക്കു തരുന്ന അന്നം ഞങ്ങളുടെ ഹവിസ്സായിപ്പരിണമിച്ചു, സ്വർഗ്ഗത്തിൽ ദേവകളെ പ്രാപിയ്ക്കുമെന്നു താൽപര്യം.

37. അന്നവാന്മാർ——ഹവിഷ്മാന്മാർ.

38. തണലിലെന്നപോലെ——വെയിലേററു വലഞ്ഞവർ തണലത്തു ചെന്നുകൂടുന്നതുപോലെ.

39. പുരങ്ങൾ——മൂന്ന് അസുരപുരികൾ. 'രുദ്രൻതന്നെയാണ്, അഗ്നി' എന്ന പ്രമാണത്താലത്രേ, ഇവിടെ അഗ്നിയ്ക്കു ത്രിപുരനാശകത്വം കല്പിച്ചിരിയ്ക്കുന്നത്; രുദ്രന്റെ ബാണം അഗ്ന്യധിഷ്ഠിതമായിരുന്നു എന്നതും ഉപപത്തിയ്ക്കുക്കാം.

40. വ്യാഘ്രമെന്നപോലെ——വ്യാഘ്രാദിഹിംസ്രങ്ങളെ എടുക്കുന്നവർ അപായം പററാതിരിപ്പാൻ വളരെ മനസ്സിരുത്തുമല്ലോ. എടുക്കപ്പെടുന്നു——അധ്വര്യുക്കളാൽ. ഋത്വിക്കുകളോടു പറയുന്നതാണിത്.

41. അധ്വര്യുക്കളോട്: ദേവൻ——അഗ്നി. കൊണ്ടുവരുവിൻ——ആഹവനീയാഗ്നിയോടു ചേർക്കുവിൻ. മൂലസ്ഥാനം——ആഹവനീയസ്ഥാനം.

42. അധ്വര്യുക്കളോട്: ഗൃഹപതി——അഗ്നി. ജാതവേദസ്സ്——ആഹവനീയാഗ്നി.

അഗ്നേ, ദേവ, അങ്ങയെ യാഗത്തിന്ന തികച്ചും കൊണ്ടുപോരുന്ന സുശീലരായ അശ്വങ്ങളെ പൂട്ടിയാലും! 43

നിന്തിരുവടി ഞങ്ങളുടെ അടുക്കലെയ്ക്കു വന്നാലും—അന്നമുണ്ണാനും സോമം കുടിപ്പാനും ദേവന്മാരെ കൊണ്ടുവന്നാലും! 44

അഗ്നേ, ഭാരത, അവിടുന്ന് ഉയരെ ജ്വലിയ്ക്കുക; നിർജ്ജര, തുലോം വിളങ്ങുന്ന ഭവാൻ അച്ഛിന്നമായ തേജസ്സുകൊണ്ടു വെളിച്ചം വീശുക! 45

ഒരു ദേവന്ന് അന്നം നിവേദിയ്ക്കുമ്പോഠം, ആ ഹവിഷ്മാനായ മനുഷ്യൻ അധ്വരത്തിൽ അഗ്നിയെ സ്തുതിയ്ക്കണം—ദ്യാവാപൃഥിവികളുടെ ഹോതാവായ സത്യയഷ്ടാവിനെ കൈതൊഴുതു നമസ്കരിച്ചു പരിചരിയ്ക്കണം. 46

അഗ്നേ, ഞങ്ങഠം മനസ്സുകൊണ്ടു പാകപ്പെടുത്തിയ ഋക്കാകുന്ന ഹവിസ്സ് അവിടെയ്ക്കു കാണിയ്ക്കവെയ്ക്കാം: അത് അവിടെയ്ക്കു യുവവൃഷഭങ്ങളും പൈക്കളുമായിത്തീരട്ടെ! 47

ആർ സമ്പത്തു വീണ്ടെടുത്തുവോ, ബലത്താൽ രക്ഷസ്സുകളെ ഹനിച്ചുവോ; പാപങ്ങളെ തീരെ നശിപ്പിയ്ക്കുന്ന ആ അഗ്രിമനായ അഗ്നിയെ ദേവകഠം ജ്വലിപ്പിച്ചുപോരുന്നു! 48

അഞ്ചാമധ്യായം സമാപ്തം.

ആറാമധ്യായം

സൂക്തം 17.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ത്രിപദാത്രിഷ്ടുപ്പും ഛന്ദസ്സുകഠം; ഇന്ദ്രൻ ദേവത.
(കാകളി)

ഏതിനായ് വീണ്ടു , നതൻ നീ പെരിയ ഗോ—
യൂഥത്തെ;—യസ്സോമമിന്ദ്ര, കുടിയ്ക്കു, നീ:

46. ഹോതാവ് = വിളിയ്ക്കുന്നവൻ. സത്യയഷ്ടാവ്—അഗ്നി.

47. പാകപ്പെടുത്തിയ—പചിച്ച, വെടുപ്പുവരുത്തിയ. യുവവൃഷഭങ്ങളും—അങ്ങയ്ക്കു ഭക്ഷിപ്പാൻ.

48. സമ്പത്ത്—അസുരന്മാരപഹരിച്ച ധനം.

എല്ലാം മറച്ച രിപുവെബ്ബലാൽക്കൊന്നു—
വല്ലോ, ഭവാനുഗ്ര, വജ്രിൻ, പ്രധർഷക! 1

ആർ താരക,നാരൃജീഷവാ,നാർ നുതി
ചെയ്യുവക്കു വൃഷാ,വാർ ശോഭനഹനു,
ആർ ഗോത്രഭിത്താ,ർ സവജ്രൻ ഹരിസ്ഥിത,—
നാ നീ തരികി,ന്ദ്ര, ചിത്രഭോജ്യങ്ങളെ! 2

ഇന്ദ്ര, കുടിയ്ക്കു, മുൻമട്ടിതി;—മ്പപ്പെട്ട—
കി;—ന്നുതി കേറംക്കുക; വാഴ്ത്തുക, വാഴ്ത്തലാൽ;
സൂരനെക്കാട്ടുകി;—ങ്ങന്നം നിറയ്ക്കുക;
വൈരിയെക്കൊല്ലു; വരുത്തുക, ഗോക്കളെ! 3

അന്നവൻ നീ കുടിയ്ക്കിന്ദ്ര: സുദീപ്തനാം
നിന്നെ മുക്കട്ടെ.യീ മത്തിയററും മധു—
ഇമ്പപ്പെടുത്തട്ടെ, വാഴ്ത്തുററ വമ്പനെ,—
സ്സമ്പൂർണ്ണനെ,ക്കീഴമർപ്പോനെ, യാഢ്യനെ! 4

നീയിതിൻമത്തുകൊണ്ടല്ലോ, തമസ്സററു—
ത്തീയുഷസ്സൂര്യരെയിന്ദ്ര, വാഴിച്ചതും,
ചെററുമിടംവിട്ടിളകാത്ത, ഗോക്കളെ—
ച്ചുററുമടച്ച പെരുംകുന്നുടച്ചതും! 5

സൂക്തം 17.

1. ഏതിനായ്——യാതൊന്നു കുടിപ്പാൻ. നുതൻ——അംഗിരസ്സുകളാൽ സ്തുതിയ്ക്കപ്പെട്ടവൻ. ഗോയൂഥത്തെ = ഗോസമൂഹത്തെ വീണ്ടു——വീണ്ടെടുത്തു. രിപു——വൃത്രൻ.

2. താരകൻ——ശത്രുപ്പുഴ കടത്തുന്നവൻ. വൃഷാവ്——അഭീഷ്ടവർഷി ചിത്രഭോജ്യങ്ങൾ = വിവിധാന്നങ്ങൾ.

3. ഇത്——സോമം. ഇന്നുതി——ഞങ്ങളുടെ സ്തുതി. വാഴ്ത്തലാൽ വാഴ്ത്തുക—സ്തുത കൊണ്ടു വർദ്ധിച്ചാലും സൂരനെക്കാട്ടുക——സൂര്യനെ ഞങ്ങൾക്കു കാണുമാറാക്കുക ഗോക്കൾ——അസുരന്മാർ അപഹരിച്ച.

4. അന്നവൻ = ഹേ അന്നയുക്ത. ഉത്തരാർദ്ധത്തിലെ ദ്വിതീയാന്തപദങ്ങളെല്ലാം നിന്നെ എന്നതിൻെറ വിശേഷണങ്ങൾ.

5. ഉഷസ്സൂര്യർ = ഉഷസ്സും സൂര്യനും. വാഴിച്ചതും——സ്വസ്ഥാനത്തു നിർത്തിയതും. ഇടംവിട്ട്——നില്ക്കുന്നേടത്തുനിന്ന്.

നിൻപ്രജ്ഞയാൽ, നിൻക്രിയാകൌശലങ്ങളാൽ
നിർത്തുന്നു, പക്വമാം പാൽ നീയപക്വയിൽ;
കട്ടിക്കതകു തുറന്നു പുറത്തെയ്ക്കു
വിട്ടു, ഗോശ്രേണിയെസ്സാംഗിരസ്സായ നീ! 6

വന്മന്നിതിന്ദ്ര, നിറച്ചു, മഹാൻ ഭവാൻ;
കർമ്മവായ്പാലുറപ്പിച്ചു, വാർവിണ്ണിനെ;
നിർത്തീ, സുരക്കും ജലത്തിനും തായ്ക്കളാ,—
മസ്തോകമാരാം പഴയ ഭൂദ്യോക്കളെ! 7

ഇന്ദ്ര, കരുത്താളുമേകനാമങ്ങയെ
മുൻനിർത്തി, യുദ്ധത്തിനന്നമ്പരേവരും:
നേരിട്ടുവല്ലോ, നിലിമ്പരെദ്ദൈത്യ;—ന-
പ്പോരിങ്കലിന്ദ്രനിലെത്തീ, (മരുത്തുകൾ). 8

വന്നെതിർത്തീടുന്ന വൃത്രനെസ്സർവാന്ന-
നിന്ദ്രനുറങ്ങാൻ നിഹനിച്ചവേളയിൽ
ആ വിണ്ണുലകും കുനിഞ്ഞുപോയ്, നിൻക്രോധ-
ഭാവവും വജ്രവും കണ്ടു പേടിയ്ക്കയാൽ! 9

ത്വഷ്ടാവു തീർത്താൻ, മഹാനാം നിനക്കുഗ്ര,
മൊട്ടു നൂറുള്ളോരു വജ്രമൃജീഷവൻ:
ആയിരംവായ്ത്തലചേരുമതെയ്തല്ലി
നീയരച്ചൂ, കിണഞ്ഞാർത്തേറ്റ വൃത്രനെ! 10

---

6. ക്രിയാകൌശലം = കർമ്മസാമർത്ഥ്യം. അപക്വ——മൂപ്പെത്താത്ത പയ്യ്. കട്ടിക്കതക് = തുലോം ഉറപ്പിയ്ക്കപ്പെട്ടിരുന്ന ഗുഹാദ്വാരം. സാംഗിരസ്സ് = അംഗിരസ്സുകളോടുകൂടിയവൻ.

7. നിറച്ചു——സസ്യാദികൾകൊണ്ടു്. കർമ്മവായ്പ്——വലിയ കർമ്മം. അസ്തോകമാർ = അനല്പകൾ, മഹതികൾ.

8. ദൈത്യൻ——വൃത്രൻ. മരുത്തുകൾ ഇന്ദ്രനിലെത്തി——സഹായിപ്പാൻ; മറ്റു ദേവന്മാർ ഓടിപ്പോവുകയാണു് ചെയ്തതു്.

9. സർവാന്നൻ = എല്ലാ അന്നങ്ങളോടുംകൂടിയവൻ. ഉറങ്ങാൻ——ദീർഗ്ഘനിദ്രയ്ക്കു്. പൂർവാർദ്ധം പരോക്ഷം.

10. തീർത്താൻ = നിർമ്മിച്ചു.

ഇന്ദ്ര, സമപ്രീതരുമ്പരെല്ലാം വള—
ൎത്തുന്ന ഭവാന്നായ്പ്പചിച്ചു, നൂർപോത്തിനെ;
വിഷ്ണുപൂഷാക്കൾ പകൎന്നു, മുപ്പാത്രത്തിൽ
വൃത്രഘ്നമായ മത്തേകുന്ന സോമനീർ! 11

ആറുകൾക്കായ് വിട്ടു, ചുററും മറച്ച വൻ—
നീരത്തെ—വെള്ളപ്പരപ്പിനെ—യിന്ദ്ര, നീ;
താഴ്ത്തീയുണ്ടാക്കി,യവയ്ക്കു വഴികളും;
ചേൎത്തു, കുതിയ്ക്കും ജലങ്ങളെയാഴിയിൽ! 12

ഇമ്മട്ടതൊക്കയും ചെയ്ത സുവീരനെ,—
കമ്രാസ്രുവജ്രനെ,യുഗ്രനെ,യിന്ദ്രനെ—
നിൎജ്ജരനായ് മഹാനായ ബലദനാം
നിന്നെ—രക്ഷയ്ക്കിങ്ങണയ്ക്കു, നവസ്തവം! 13

അബ്ഭവാനിന്ദ്ര, കെല്പന്നംധനംയശ—
സ്സൎപ്പിയ്ക്കു, ധീ വായ്ച ദീപ്തരാമെങ്ങളിൽ;
ഇന്ദ്ര, ഭരദ്വാജനാൎയ്യഭൃത്യാഢ്യനാ—
കി;—ന്ദ്ര, നീ നാളെയും രക്ഷിയ്ക്കു, ഞങ്ങളെ! 14

ചേരുകി,തുകൊണ്ടു ദേവാന്നമെങ്ങളിൽ;
നൂറാണ്ടു മത്താടുകെ,ങ്ങൾ സുവീരരായ്! 15

---

11. വളൎത്തുന്ന——സ്തുതികൊണ്ടു വൎദ്ധിപ്പിയ്ക്കുന്ന. മുപ്പാത്രം——ദ്രോണകലശം, പൂതഭൃത്തു്, ആധവനീയം. വൃത്രഘ്നം——ശത്രുക്കളെ കൊല്ലുന്നതു്; ഇന്ദ്രനു ശത്രുവധശക്തിയുണ്ടാകുന്നതു സോമപാനത്താലാണെന്നൎത്ഥം.

12. മറച്ച——വൃത്രനാൽ മറയ്ക്കപ്പെട്ടിരുന്ന. വൻനീരത്തെ=മഹത്തായ ജലത്തെ. അവ——നദികൾ.

13. സുവീരൻ——നല്ല വീരന്മാരോടു (മരുത്തുക്കളോടു)കൂടിയവൻ. കമ്രാസ്രുവജ്രൻ=കമനീയങ്ങളായ ആയുധങ്ങളോടും വജ്രത്തോടുംകൂടിയവൻ. നവസ്തവം——ഞങ്ങളുടെ പുതിയ സ്തോത്രം.

14 ധീ വായ്ച——മേധാവികളായ. ദീപ്തർ——തേജസ്വികൾ. ഭരദ്വാജൻ——ഞാൻ. ആൎയ്യഭൃത്യാഢ്യനാക——ആൎയ്യരോടും (കൎമ്മികളായ പുത്രന്മാരോടും), ഭൃത്യരോടുംകൂടിയവനാകട്ടെ. നാളെയും——മേലിലും.

15. ഇതു്——ഈ സ്തുതി. ദേവാന്നം——ദേവനാൽ (ഇന്ദ്രനാൽ) ദത്തമായ അന്നം.

സൂക്തം 18.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

കീഴമർത്തുന്ന കരുത്തുള്ള നിഹന്താവും അഹിംസിതനുമായ പുരുഹൂതനുണ്ടല്ലോ; ആ ഇന്ദ്രനെത്തന്നേ നീ സ്തുതിയ്ക്കുക—കീഴമർത്തപ്പെടാത്തവനും കീഴമർത്തുന്നവനും മനുഷ്യർക്കു വൃഷാവുമായ ഉഗ്രനെ ഈ സ്തുതികൾകൊണ്ടു വളർത്തുക. 1

പെരികെപ്പൊടി പൊങ്ങിച്ച് ആർത്തുപൊരുതുന്ന യോദ്ധാവും, ബലവാനും, ദാതാവും, വളരെ വസ്തുക്കൾക്കു സ്നിഗ്ദ്ധത വരുത്തുന്നവനും, ഋജീഷിയുമായ ആ ഏകൻ മനുഷ്യപ്രജകളിൽ ചെല്ലും; ഒപ്പം മത്തടിയ്ക്കും! 2

ആ ഏകനായ ഭവാൻ ദസ്യുക്കളെ അടക്കി; കർമ്മിയ്ക്ക് ആൾക്കാരെ കൊടുത്തു—ഇന്ദ്ര, അങ്ങയ്ക്കുണ്ടോ, ആ വീര്യം? ഇല്ലായിരിയ്ക്കും! അത് അവസരത്തിലവസരത്തിൽ അരുളിച്ചെയ്താലും! 3

ബലവാനേ, വളരെയിടങ്ങളിൽ പിറന്ന, ദ്രോഹിയ്ക്കുന്നവനെ ഹനിയ്ക്കുന്ന, ഉഗ്രനായ, പ്രവൃദ്ധനായ, വശപ്പെടാത്ത, വശത്താക്കേണ്ടുന്നവരെ വധിയ്ക്കുന്ന നിന്തിരുവടിയ്ക്ക് ആ ഉഗ്രവും ഉയർന്നതുമായ ബലം ഉണ്ടെന്നുതന്നെ ഞാൻ വിചാരിയ്ക്കുന്നു! 4

'അങ്ങും ഞങ്ങളും തമ്മിലുള്ള ആ സഖ്യം നീണാൾ നില്ക്കട്ടെ' എന്നരിയാടുന്ന അംഗിരസ്സുകളോടുകൂടി, ദർശനീയ, വീഴാത്തവയെയും വീഴ്ത്തുന്ന ഭവാൻ പൊരുതുന്ന വലനെ വധിച്ചു; അവന്റെ പുരികളും വാതിലുകളുമെല്ലാം പൊളിച്ചു! 5

സൂക്തം 18.

1. തന്നോടുതന്നേ പറയുന്നത്: ഉഗ്രൻ = ഓജസ്വി.

2. സ്നിഗ്ദ്ധത—മഴയാൽ.

3. ദസ്യുക്കൾ—കർമ്മരഹിതർ. ആൾക്കാർ—പുത്രഭൃത്യാദികൾ. ഇന്ദ്രനെ സ്തുതിച്ചിട്ടും കണ്ടുകിട്ടാഞ്ഞതിനാൽ ഋഷി സംശയിച്ചു ചോദിയ്ക്കുന്നു:

4. ഋഷി സ്വയം തീർച്ചപ്പെടുത്തുന്നു: വളരെയിടങ്ങളിൽ പിറന്ന—അനേകയജ്ഞങ്ങളിൽ ആവിർഭവിച്ച. വശപ്പെടാത്ത—ശത്രുക്കൾക്ക്. വശത്താക്കേണ്ടുന്നവർ—ശത്രുക്കൾ.

5. സഖ്യം—സ്തുത്യസ്തോതൃരൂപമായ മൈത്രി.

വമ്പിച്ച പോരിൽ സ്തുതിച്ചു വിളിയ്ക്കപ്പെടേണ്ടവനാകുന്നു, ആ ശ്രേഷ്ഠനല്കുന്ന ഉഗ്രൻ; അങ്ങനെതന്നേ, പുത്രപൌത്രലാഭത്തിന്നും. യുദ്ധങ്ങളിൽ വിശേഷിച്ചും വന്ദനീയനാണു്, ആ വജ്രപാണി! 6

അദ്ദേഹം കമ്പിടുവിയ്ക്കുന്ന അക്ഷയബലംകൊണ്ടു മനുഷ്യജാതിയെ അതിശയിച്ചിരിയ്ക്കുന്നു: നേതൃമുഖ്യനായ അദ്ദേഹം യശസ്സിലും, അദ്ദേഹം സമ്പത്തിലും, അദ്ദേഹം വീര്യത്തിലും ഒരുപോലെ മേന്മയുള്ളവനാകുന്നു! 7

ഇന്ദ്രൻ മോഹാലസ്യപ്പെടില്ല; വെറുതേ വല്ലതും ചെയ്യില്ല. ആ പ്രഖ്യാതനാമാവു പുരികളെ ക്ഷിപ്രം പൊളിപ്പാനും ഉറക്കാനും മായി, ചുമുരി, ധുനി, പിപ്രു, ശംബരൻ, ശുഷ്ണൻ എന്നിവരെ പൊതുക്കി! 8

ഇന്ദ്ര, മെലിയിയ്ക്കുന്ന അതിസ്തുത്യമായ കെല്പുയൎന്നു നിന്തിരുവടി വൈരിവധത്തിന്നു തേരിൽക്കേറുക: വലംതൃക്കയ്യിൽ വജ്രമെടുക്കുക; വളരെസ്സമ്പത്തുള്ളവനേ, നേരിട്ടു മായകളെ കൊന്നൊടുക്കുക! 9

ഇന്ദ്ര, കൊടിയ ഇടിത്തീയ്യിന്നൊത്ത ഭവാൻ, അഗ്നി ഉണക്കക്കാടിനെയെന്നപോലെ, രക്ഷസ്സിനെ ആയുധംകൊണ്ടു ചുട്ടെരിച്ചാലും: ആ ദുദ്ധർഷമായ മഹാവജ്രംകൊണ്ടു ചതയ്ക്കുകയും, അലറുകയും, ദുരിതങ്ങളെ പിളർത്തുകയും ചെയ്യുവനാണല്ലോ, ഭവാൻ! 10

ബഹുവിത്ത, ബലപുത്ര, ഇന്ദ്ര, നിന്തിരുവടി കെല്പേറിയ ഒരായിരം വാഹനങ്ങളിലൂടേ ഇങ്ങോട്ടെഴുന്നള്ളിയാലും: പുരുഹൂത, ഒരസുരനും ആളാകില്ലല്ലോ, അങ്ങയെ പിന്മാററാൻ! 11

ആ വളൎന്നു ധൎഷകനായ ബഹുവിത്തന്റെ മഹിമാവു വിണ്ണിനെയും മന്നിനെയും കവിച്ചിരിയ്ക്കുന്നു: കീഴമൎത്തുന്ന മഹാപ്രജ്ഞനായ അവിടെയ്ക്കു് ഒരു ശത്രുവില്ല, തുല്യനില്ല, ആശ്രയമില്ല! 12

---

6. പുത്രപൌത്രലാഭത്തിന്നും വിളിയ്ക്കപ്പെടേണ്ടവനാകുന്നു.

7. കമ്പിടുവിയ്ക്കുന്ന—എതിരാളികളെ.

8. മോഹാലസ്യപ്പെടില്ല—യുദ്ധത്തിൽ. പുരികൾ—ശത്രുക്കളുടെ. ഉറക്കുക—കൊല്ലുക. ചുമുരിമുതൽ അഞ്ചുപേരും അസുരന്മാരാണു്.

9. മെലിയിയ്ക്കുന്ന—ശത്രുക്കളെ ശോഷിപ്പിയ്ക്കുന്ന. മായകൾ—അസുരന്മാർ എന്നർത്ഥം.

10. ചതയ്ക്കുകയും—ശത്രുക്കളെ.

11. ബലപുത്ര—ഓജസ്സിൽനിന്നു ജനിച്ചവനേ.

12. ആശ്രയമില്ല—താനാണു്, എല്ലാററിന്നും ആശ്രയം.

അവിടുന്ന് അച്ചെയ്തത് ഇന്നും പ്രസിദ്ധമാണ്: കുത്സനെയും ആയുവിനെയും ദിവോദാസനെയും രക്ഷിച്ചുവല്ലോ; ഭൂമിയിൽ പാഞ്ഞലഞ്ഞ ദിവോദാസനെ വജ്രംകൊണ്ടു കരയേററി, അനേകായിരം നല്ലുകയുംചെയ്തു! 13

ദേവ, ഇപ്പോഠം സ്തോതാക്കളെല്ലാം, മേഘത്തെപ്പിളർത്താൻ വേണ്ടി, കവികളിൽവെച്ചു മഹാകവിയായ നിന്തിരുവടിയെ സ്തുതിച്ചുപോരുന്നു: പുകഴ്ത്തപ്പെടുന്ന നിന്തിരുവടി ദുഃഖിതനായ സ്തോതാവിന്നും മകന്നും ധനം കല്പിച്ചുനല്കിയല്ലോ! 14

ഇന്ദ്ര, ഭവാൻെറ ആ ബലത്തെ ദ്യാവാപൃഥിവികളും അമർത്ത്യരായ ദേവകളും അനുസരിച്ചുപോരുന്നു. ബഹുകർമ്മാവേ, ഇനി, ഭവാൻ ചെയ്തിട്ടില്ലാത്തതു കല്പിച്ചു ചെയ്യുക——യജ്ഞങ്ങളിൽ ഒരു പുതിയ സ്തോത്രം ഉളവാക്കുക! 15

സൂക്തം 19.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

ഒരു രാജാവുപോലെ ആളുകളുടെ അഭീഷ്ടം പൂരിപ്പിക്കുന്ന മഹാനായ ഇന്ദ്രൻ വന്നണയട്ടെ: ബലങ്ങളാൽ ഹിംസിക്കപ്പെടാത്ത ആ ഇരുലോകത്തലവൻ നമുക്കുവേണ്ടി വീരകർമ്മത്തിന്നു മുതിരും; തടിച്ചു തഴച്ച തന്തിരുവടിയെ കർമ്മികഠം പരിചരിക്കുന്നു! 1

മഹാൻ, ഗമനശീലൻ, അജരൻ, യുവാവ്, അമർത്തപ്പെടാത്ത ബലംകൊണ്ടു വളൎന്നവൻ—ഇങ്ങനെയുള്ള ഇന്ദ്രനിൽത്തന്നെയാണ്,

---

13. ആയു——പുരൂരവഃപുത്രൻ. അനേകായിരം——ശംബരൻെറ ധനം.

14. മേഘത്തെപ്പിളർത്താൻ——മഴപെയ്യാൻ. ദുഃഖിതൻ——ദാരിദ്ര്യാദികളാൽ.

15. ഇതുവരെ ചെയ്തതൊക്കെ സ്തുതിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

സൂക്തം 19.

1. ഇരുലോകത്തലവൻ——വിണ്ണിൻെറയും മന്നിൻെറയും മേലാഠം. തഴച്ച——ഗുണപ്രവൃദ്ധനായ.

സ്തുതി ദാനാൎത്ഥം ചെല്ലുന്നത്. പിറന്നപ്പോഠംത്തന്നെ തികച്ചും വളൎന്നുവല്ലോ, താൻ! 2

ഇന്ദ്ര, നിന്തിരുവടി തടിച്ച, പണിയെടുക്കുന്ന, വളരെ കൊടുക്കുന്ന ത്തൈക്കൈകഠം, അന്നം തരാൻ ഞങ്ങളുടെ നേൎക്കു നീട്ടിയാലും; ദാനതൽപരനായ അവിടുന്നു യുദ്ധത്തിൽ ഞങ്ങളെ, ഒരിടയൻ മാടിൻകൂട്ടത്തെയെന്നപോലെ മുമ്പോട്ടു തെളിയ്ക്കണം! 3

ശത്രുസൂദനനായി, തന്റെ ശക്തരോടു ചേൎന്നവനായിരിയ്ക്കുന്ന ആ ഇന്ദ്രനായ നിന്തിരുവടിയെ ഇപ്പോഠം ഇവിടെ അന്നകാംക്ഷികളായ ഞങ്ങഠം സ്തുതിച്ചുകൊള്ളുന്നു: പണ്ടേത്തെ സ്തോതാക്കഠം അനിന്ദ്യരും അനവദ്യരും അനുപദ്രവരുമായിത്തീൎന്നുവല്ലോ! 4

കൎമ്മവാനും, സോമംകൊണ്ടു വളൎന്നവനും, വരണീയമായ ശ്രേഷ്ഠധനം നൽകുന്നവനും, ബഹ്വന്നനുമാണല്ലോ, തന്തിരുവടി: തന്തിരുവടിയിൽത്തന്നെയാണ്, വേണ്ടുന്ന സമ്പത്തുകഠം, നദികഠം സമുദ്രത്തിലെന്നപോലെ ചെന്നുചേരുന്നത്! 5

ശൂര, കീഴമൎത്തുന്നവനേ, അവിടുന്നു ഞങ്ങഠംക്കു ബലിഷ്ഠമായ ബലവും, കടുത്ത ഓജിഷ്ഠമായ ഓജസ്സും കൊണ്ടുവരിക; ഹര്യശ്വ, മനുഷ്യൎക്കു വീൎയ്യമുളവാക്കുന്ന വിഭൂതികഠം എവയോ, അവയെല്ലാം തന്നു ഞങ്ങളെ ആഹ്ലാദിപ്പിയ്ക്കുക! 6

ഇന്ദ്ര, പടയെ കീഴമൎത്തുന്ന അഹിംസിതമായ ഒരിമ്പമുണ്ടല്ലോ, അങ്ങയുടെപക്കൽ; പ്രവൃദ്ധമായ അതു ഞങ്ങഠംക്കു കൊണ്ടുവന്നാലും: ഇതൊന്നുകൊണ്ടു, ഞങ്ങഠം ഭവാനാൽ രക്ഷിയ്ക്കപ്പെട്ടു വിജയം നേടി, പുത്രപൌത്രലബ്ധിയ്ക്കായി സ്തുതിയ്ക്കുമാറാകണം! 7

---

2. അമൎത്തപ്പെടാത്ത––ശത്രുക്കളാൽ. ദാനാൎത്ഥം––ധനം കിട്ടാൻ. താൻ ––തന്തിരുവടി.

4. തന്റെ ശക്തർ––മരുത്തുക്കഠം. പണ്ടേത്തെ സ്തോതാക്കഠംക്കു കിട്ടിയ നന്മ ഞങ്ങഠംക്കും കിട്ടട്ടേ എന്നു ധ്വനി.

6. ബലിഷ്ഠം, ഓജിഷ്ഠം എന്നിവയ്ക്കു ത്ധലോം മികച്ച എന്നൎത്ഥം.

7. പടയെ––ശത്രുസേനയെ. ഒരിമ്പം––ലഹരിപിടിച്ച ഒരു വീൎയ്യം. ഇത്––അങ്ങ് കൊണ്ടുവരുന്ന ഇമ്പം.

ഇന്ദ്ര, വർഷകവും ധനരക്ഷകവും പ്രവൃദ്ധവും നല്ല ശേഷിയുള്ളതുമായ ബലം ഞങ്ങൾക്ക കൊണ്ടുവരിക: എന്നാൽ ഞങ്ങൾക്ക ഭവാന്റെ രക്ഷകൾകൊണ്ടു യുദ്ധങ്ങളിൽ ശത്രുക്കളെ ഹനിയ്ക്കാം—ബന്ധുക്കളെയും അബന്ധുക്കളെയും പാട്ടിൽനിൎത്താം! 8

ഇന്ദ്ര, അങ്ങയുടെ വർഷകമായ ബലം പടിഞ്ഞാറുനിന്നോ, വടക്കുനിന്നോ, തെക്കുനിന്നോ, കിഴക്കുനിന്നോ വന്നെത്തട്ടെ—എല്ലാദിക്കിൽനിന്നും ഇങ്ങോട്ടു വരട്ടെ: അവിടുന്നു ഞങ്ങൾക്ക സുഖകരമായ ധനം തരിക! 9

ഇന്ദ്ര, ആൾക്കാരും യശസ്സും ചേൎന്ന ധനവും, തുലോം ത്രാണിയുള്ള രക്ഷയും ഭവാങ്കൽനിന്നു ഞങ്ങൾക്ക കിട്ടുമാറാകണം: തമ്പുരാനേ, ഇരുസമ്പത്തിന്റെയും ഉടമയാണല്ലോ, അവിടുന്ന്; വിപുലവും വിശിഷ്ടവും മഹത്തുമായ രത്നം കല്പിച്ചുതന്നാലും! 10

മരുത്വാനും, വൃഷാവും, തഴച്ചവനും, കൊള്ളാവുന്നവരോടു പൊരുതുന്നവനും, തേജസ്വിയും ശാസിതാവും, ഉലകടക്കിയവനും, ഉഗ്രനും, ബലപ്രദനുമായ ആ ഇന്ദ്രനെ ഞങ്ങൾ ഇവിടെ പുതിയ രക്ഷയ്ക്കായി സ്തുതിയ്ക്കുന്നു. 11

വജ്രിൻ, ഞാൻ യാവചിലരിൽ പെട്ടവനോ, ആ മനുഷ്യരിൽ മീതേ ഗണിയ്ക്കപ്പെടുന്ന ആളെ അങ്ങ് പാട്ടിലാക്കണം: ഇനി, ഭൂമിയിൽ യുദ്ധം വന്നാൽ, ഞങ്ങൾ മകനും ഗോക്കൾക്കും വെള്ളത്തിന്നുംവേണ്ടി അങ്ങയെ വിളിയ്ക്കും! 12

പുരുഹൂത, ഈ സഖ്യംകൊണ്ടു ഞങ്ങൾ അങ്ങയോടൊന്നിച്ച് ഇരുവൈരികളെ വധിച്ചു, ശത്രുവിനെ ശത്രുവിനെ കവിച്ചുനില്ക്കുമാറാകണം; ശൂര, ഞങ്ങൾ ഭവാനാൽ രക്ഷിയ്ക്കപ്പെട്ടു, വമ്പിച്ച സമ്പത്തിനാൽ മത്തടിയ്ക്കുമാറാകണം! 13

---

8. ശേഷി = ത്രാണി. ബലം—സേന. എന്നാൽ—അതു കിട്ടിയാൽ.

10. ഇരുസമ്പത്ത്—ഭൌമ–ദിവ്യസമ്പത്തുകൾ.

11. കൊള്ളാവുന്നവരോട്—മോശക്കാരോടു പൊരുതില്ല.

13. ഇരുവൈരികൾ—ബന്ധുക്കളും അബന്ധുക്കളുമായ ശത്രുക്കൾ. ശത്രുവിനെ ശത്രുവിനെ— ഓരോ ശത്രുവിനെയും.

സൂക്തം 20.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, യാതൊരു ധനം പടകളിൽ പററലരെ, സൂര്യൻ ഭുവനങ്ങളെയെന്നപോലെ, കെൽപുകൊണ്ടു കീഴടക്കുമോ, അതിനെ—കൃഷിനിലങ്ങളുള്ളവനും ആയിരം കെട്ടിവെയ്ക്കുന്നവനുമായ അരിന്ദമനെ—ബലസൂനോ, ഭവാൻ ഞങ്ങൾക്കു തന്നാലും! 1

ഇന്ദ്ര, ഋജീഷിൻ, അങ്ങയ്ക്കു, സൂര്യനെന്നപോലെ, വിപുലമായ യഥാൎത്ഥബലം സ്തോതാക്കളാൽ ഉളവാക്കപ്പെട്ടു: ഇതുകൊണ്ടാണല്ലോ, ഭവാൻ വിഷ്ണുവിനോടൊന്നിച്ചു, ജലങ്ങളെ മറച്ച അഹിയായ വൃത്രനെ വധിച്ചതു്! 2

നിഹന്താവും, ഓജിഷ്ഠനും, ബലവാനെക്കാൾ ബലവാനും, സ്തുതിയ്ക്കപ്പെട്ടവനും, തേജസ്സു തഴച്ചവനുമായ ഇന്ദ്രൻ പുരികളെല്ലാം പിളൎത്തുന്ന(വജ്രം)കൈവന്നതോടെ, സോമത്തേനിന്റെ സ്വാമിയായി! 3

ഇന്ദ്ര, ഈ യുദ്ധത്തിൽ, മേധാവിയായ ഹവിസ്സുമുദ്ധനിൽനിന്നു പണികൾ നൂറുനൂറോടേ പാഞ്ഞുപോയി; അങ്ങു് ശേഷി തികഞ്ഞ ശുഷ്ണന്റെ മായകളെ ആയുധങ്ങൾകൊണ്ടു മുച്ചൂടും മുടിച്ചു; കൊററും ഒരിററു ബാക്കിവെച്ചില്ല! 4

വജ്രമേററതോടേ ശുഷ്ണൻ നടകൊണ്ടു! ആ പെരുംദ്രോഹിയുടെ പടയുമൊക്കെ പായിയ്ക്കപ്പെട്ടു　പിന്നീടു് ഇന്ദ്രൻ സാരഥിയ്ക്കു, സൂര്യനോടെതിപ്പാൻ പോന്ന ഒരു തേർ കല്പിച്ചുകൊടുത്തു. 5

സൂക്തം 20.

1. ധനം—പുത്രൻ.

2. സ്തോതാക്കളാൽ—സ്തുതിയാലത്രേ, ദേവതയ്ക്കു ബലമുണ്ടാകുന്നതു്. അഹി—വൃത്രന്റെ മറെറാരു പേർ; വന്നു ഹനിയ്ക്കുന്നവൻ എന്നു ശബ്ദാർത്ഥം.

3. സോമത്തേൻ—മധുരമായ സോമരസം.

4. ഹവിസ്സുമുദ്ധൻ - കുത്സൻ. പണികൾ—അസുരന്മാർ. നൂറുനൂറോടേ—ശതശതസൈന്യങ്ങളോടുകൂടി. കൊററും—ശുഷ്ണന്റെ സ്വത്തും നിശ്ശേഷം കീഴടക്കി.

5. നടകൊണ്ടു—മരണത്തിലെയ്ക്കു്. സാരഥി—കുത്സൻ: ശുഷ്ണയുദ്ധത്തിൽ ഇന്ദ്രനു കുത്സനായിരുന്നു, സൂതൻ.

പരുന്തും മത്തുണ്ടാക്കുന്ന സോമം തന്തിരുവടിയ്ക്കു കൊണ്ടുവന്നു. അവിടുന്നു മൂടിയനായ നമുചിയുടെ തല ചതച്ച്, ഉറങ്ങുന്ന സപുത്രനായ നമിയെ രക്ഷിച്ചു; അക്ഷയമായ സമ്പത്തും അന്നവും കല്പിച്ചുകൊടുക്കുകയും ചെയ്തു! 6

വജ്രപാണേ, അവിടുന്നു കൊല്ലുന്ന മായകളുള്ള പിപ്രുവിൻെറ ഉറപ്പുററ പുരികൾ ബലത്താൽ പിളർത്തി; ശോഭനദാന, അവൻെറ അധൃഷ്യമായ ധനം ഹവിസ്സർപ്പിച്ച ഋജിശ്വാവിന്നു നല്കുകയുംചെയ്തു! 7

വേണ്ടുന്ന സുഖങ്ങൾ നല്കുന്ന ആ ഇന്ദ്രൻ പെരുംചതിയനായ വേതസുവിനെയും, ദശോണിയെയും, തൂതുജിയെയും, തുഗ്രനെയും, ഇഭനെയും, മകനെ അമ്മയ്ക്കെന്നപോലെ, ദ്യോതനന്ന് എന്നെയ്ക്കുമായി കീഴ്പെടുത്തി! 8

തൃക്കയ്യിൽ വൃത്രഘാതിയായ വജ്രമെടുക്കുന്ന എതിരററ ഇന്ദ്രൻ വൈരികളെ വധിയ്ക്കുന്നു; ഒരു യോദ്ധാവു തേരിലെന്നപോലെ, ഇരു ഹരികളിൽ കേറുന്നു; വാക്കാൽ പൂട്ടപ്പെടുന്ന അവ ആ മഹാനെ വഹിയ്ക്കുന്നു. 9

ഇന്ദ്ര, അങ്ങയുടെ രക്ഷയാൽ ഞങ്ങൾക്കു പുതുതു കിട്ടുമാറാകണം! മനുഷ്യർ ഇങ്ങനെ യജ്ഞംകൊണ്ടു സ്തുതിയ്ക്കുന്നു: വിധ്വംസകരെ വധിച്ചു, പുരുകുത്സന്നു ധനം കൊടുത്ത ഭവാൻ ശരത്ത് എന്നവൻെറ ഏഴു പുരികൾ വജ്രംകൊണ്ടു പിളർത്തിയല്ലോ! 10

ഇന്ദ്ര, ധനേച്ഛയാൽ വളർത്തുന്ന പുരാതനനായ അവിടുന്നു നവവാസ്ത്വനെ നിഹനിച്ചു, കവിപുത്രനായ ഉശനസ്സിൻെറ മകനെ, ആ മഹാനായ അച്ഛന്നു വീണ്ടുകൊടുത്തു! 11

---

6. പരുന്ത്——സുപർണ്ണൻ. നമി——ഒരൃഷി;

7. ഋജിശ്വാവ്——ഒരു രാജാവ്.

8. വേതസു തുടങ്ങി അഞ്ചുപേരും അസുരന്മാർ. ദ്യോതനൻ——ഒരു രാജാവ്.

10. പുതുത്——പുതിയ ധനം. വിധ്വംസകർ——കർമ്മം മുടിയ്ക്കുന്ന ശത്രുക്കൾ. പുരുകുത്സൻ——ഒരു രാജാവ്. ശരത്ത്——ഒരസുരൻ.

11. വളർത്തുന്ന——സ്തോതാക്കളെ. നവവാസ്ത്വൻ——ഒരസുരൻ. മകനെ യുദ്ധത്തിൽ അസുരന്മാർ പിടിച്ചുവെച്ചിരിയ്ക്കുയായിരുന്നു.

ഇന്ദ്ര, വിറപ്പിയ്ക്കുന്ന ഭവാൻ ധുനിയാൽ നിരോധിയ്ക്കപ്പെട്ട ജല ങ്ങളെ, നദികളെപ്പോലെ ഒഴുകാൻ വിട്ടു. ശൂര, അങ്ങ് സമുദ്ര ത്തിന്റെ മറുകരയിൽ ചെന്നു, തുർവശനെയും യദുവിനെയും സുഖേ ന കടത്തി! 12

ഇന്ദ്ര, യുദ്ധത്തിൽ അതെല്ലാം അങ്ങയുടെതന്നെ: അങ്ങ് ധുനിയെയും ചുമുരിയെയും കിടത്തിയുറക്കിയല്ലോ; അങ്ങയ്ക്കായി സോമം പിഴിഞ്ഞ, ചമത കൊണ്ടുവന്ന, ഹവിസ്സു പചിച്ച ദഭീതി ഉജ്ജ്വലിയ്ക്കുയുമായി! 13

സൂക്തം 21.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വീര, വളരെയെണ്ണം വാഞ്ഛിയ്ക്കുന്ന സ്തോതാവിന്റെ ഈ ശ്ലാഘ്യസ്തുതികൾ ആഹ്വാതവ്യനും രഥസ്ഥനും അജരനും അതിനൂ തനനുമായ നിന്തിരുവടിയെ വിളിയ്ക്കുന്നു; പുകഴ്ത്തപ്പെടേണ്ടുന്ന ഒരു വിഭൂതിയായ ധനം ഉപഗമിയ്ക്കുകയും ചെയ്യുന്നു. 1

വിദ്വാനും, സ്തോത്രങ്ങൾകൊണ്ടു വിളിയ്ക്കപ്പെടേണ്ടവനും, യജ്ഞങ്ങൾകൊണ്ടു വളൎന്നവനുമായ ഇന്ദ്രനെത്തന്നേ ഞാൻ പാടി പ്പുകഴ്ത്തുന്നു: വിണ്ണിനെയും മന്നിനെയും വലുപ്പംകൊണ്ടു കവിച്ച താണല്ലോ, ആ പുരുപ്രജ്ഞന്റെ മഹത്ത്വം! 2

തന്തിരുവടിതന്നെയാണല്ലോ, പരത്തപ്പെട്ട വെളിവില്ലാക്കൂ രിരുട്ടിനെ സൂര്യനെക്കൊണ്ടു വെളിവുററതാക്കിച്ചത്! ബലവാ

---

12. വിറപ്പിയ്ക്കുന്ന—ശത്രുക്കളെ. ധുനി—അസുരൻ; അവനെ കൊന്നു ജലനിരോധം നീക്കി.

13. അത്—കൎമ്മം. കിടത്തിയുറക്കുക—കൊല്ലുക. ദഭീതി എന്ന രാജാ വിന്നുവേണ്ടിയത്രേ, ഇന്ദ്രൻ ധുനി–ചുമുരികളെ കൊന്നത്.

സൂക്തം 21.

1. വിഭൂതി—ജഗദ്വിഭവഹേതു. ധനം—ഹവിസ്സ്. ഉപഗമിയ്ക്കുകയും ചെയ്യുന്നു—അങ്ങയെ പ്രാപിയ്ക്കുകയും ചെയ്യുന്നു.

നേ, അമൃതനായ നിന്തിരുവടിയുടെ ഇരിപ്പിടത്തെ യജിപ്പാനിച്ഛി
ക്കുന്ന മനുഷ്യർ ഒരിക്കലും ഹിംസയിൽ ഏർപ്പെടില്ല! 3

അതൊക്കെ ചെയ്ത ഇന്ദ്രൻ ഇപ്പോഠം എവിടെയാണ്? ഏതു
രാജ്യത്ത്, ഏതാളുകളിൽ, സഞ്ചരിക്കുന്നു? ഇന്ദ്ര, എന്തു യജ്ഞ
മാണ്, അങ്ങയ്ക്കു മനസ്സുഖമുണ്ടാക്കുക? എന്തൊരു മന്ത്രത്തെ, ഏതൊ
രു ഹോതാവിനെ അങ്ങ് കൈക്കൊള്ളും? 4

ബഹുകർമ്മാവേ, പണ്ടത്തെപ്പഴമക്കാർ ഇപ്പോളെന്നപോലെ
കർമ്മപ്രാപ്തിയ്ക്ക് അങ്ങയുടെ സഖാക്കളായി വർത്തിച്ചു; അങ്ങനെ
തന്നെ, ഇടക്കാലക്കാരും പുതിയവരും. അതിനാൽ പുരുഹൂത,
ഇന്നേത്തവനായ എൻെറയും (സ്തോത്രം) അങ്ങ് കേട്ടറിയണം! 5

വീര, മന്ത്രങ്ങഠംകൊണ്ടു വിളിക്കപ്പെടേണ്ടവനേ, ഇന്ദ്ര, അർ
വാചീനർ നിന്തിരുവടിയെ സ്തുതിച്ചു, ഭവാൻെറ ആ പഴയ പ്രശ
സ്തകഥകഠം നിബന്ധിച്ചിട്ടുണ്ട്; ഞങ്ങളും, അറിഞ്ഞിട്ടുള്ളവകൊ
ണ്ടു മഹാനായ നിന്തിരുവടിയെ സ്തുതിച്ചുകൊള്ളുന്നു. 6

രാക്ഷസപ്പട ഭവാനെ നേരിട്ടുനില്ക്കുന്നു: ഭവാനും പരന്നു വെ
ളിപ്പെട്ട അതിനെ നേരിട്ട്, ഉറച്ചുനില്ക്കുക; ധർഷക, ഭവാൻെറ ഒരു
പഴയ കീഴ്ത്തോഴനായ വജ്രംകൊണ്ട് അതിനെ തട്ടിനീക്കുക! 7

സ്തോതാക്കളെത്താങ്ങുന്നവനേ, വീര, ഇന്ദ്ര, ഒരു നൂതനൻ
ചൊല്ലാൻതുടങ്ങുന്ന സ്തോത്രം അവിടുന്ന് ഉടൻ കേട്ടരുളണം: യജന
ത്തിൽ ശോഭനാഹ്വാനനായ ഭവാൻ പണ്ടു വളരെക്കാലം പിതാക്ക
ളുടെ ബന്ധുവായിരുന്നുവല്ലോ! 8

വരുണൻ, മിത്രൻ, ഇന്ദ്രൻ, മരുത്തുക്കഠം, പൂഷാവ്, വിഷ്ണു,
ബഹുകർമ്മാവായ അഗ്നി, സവിതാവ്, ഓഷധികഠം, പർവത

---

3. പരത്തപ്പെട്ട—വൃത്രനാൽ. വെളിവുററതാക്കിയത്——ഇരുട്ടകററി, വെ
ളിവുവരുത്തിയത്. ഇരിപ്പിടത്തെ——സ്വർഗ്ഗത്തിലെ ദേവന്മാരെ.

4. ഇന്ദ്ര എന്നു തുടങ്ങി പ്രത്യക്ഷോക്തി:

5. പഴമക്കാർ——അംഗിരഃപ്രഭൃതികഠം. പുതിയവർ——ഇന്നുള്ളവർ.

6. നിബന്ധിച്ചിട്ടുണ്ട്——കഥകളവലംബിച്ചു കാവ്യങ്ങഠം ചമച്ചിട്ടുണ്ട്.

7. കീഴ്ത്തോഴൻ—വശഗനായ ചങ്ങാതി. അതിനെ——രാക്ഷസപ്പടയെ.

8. നൂതനൻ——അധുനാതനനായ ഞാൻ. പിതാക്കഠം——അംഗിരസ്സുകഠം.

ങ്ങരം എന്നിവരെ നീ ഇപ്പോരം നമ്മുടെ തപ്പ്ണത്തിന്നും രക്ഷണ ത്തിന്നുമായി ഇങ്ങോട്ടു നോക്കിയ്ക്കുക! 9

ശക്തിയേറിയവനേ, പ്രയഷ്ടവ്യ, നിന്തിരുവടിയെ ഇതാ, സ്തോതാക്കരം മന്ത്രങ്ങരംകൊണ്ടു സ്തുതിയ്ക്കുന്നു. പുകഴ്ത്തപ്പെടുന്ന ഭവാൻ ഈ ചൊല്ലുന്ന സ്തോത്രവും കേട്ടരുളണം: അമൃത, മററൊരുവനില്ല ല്ലോ, ഭവാനെപ്പോലെ! 10

യജ്ഞത്തിൽ സംബന്ധിയ്ക്കുന്ന അഗ്നിജിഹ്വർ, എവരോ, എ വർ ദസ്യുക്കളെ മുടിപ്പാൻ മനുവിനെ ഉയത്തിനിത്തിയോ; ആ യജ നീയരെല്ലാവരോടുംകൂടി, ബലത്തിൻെറ മകനേ, വിദ്വാനായ ഭവാൻ എൻെറ സ്തോത്രത്തിലെയ്ക്കു ശീഘ്രം വന്നാലും! 11

ഇന്ദ്ര, വഴികരം നിമ്മിച്ച വിപശ്ചിത്തായ ഭവാൻ സുഗമങ്ങ ളിലും ദുഗ്ഗമങ്ങളിലും ഞങ്ങരംക്കു മുൻനടക്കുന്നവനാകണം! വാട്ടം തട്ടാത്ത വലിയ വാഹനങ്ങളുണ്ടല്ലോ, അങ്ങയ്ക്കു്; അവയിലൂടേ ഞങ്ങരംക്കു് അന്നം കൊണ്ടുവന്നാലും! 12

സൂക്തം 22.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ആരൊരാളോ, മനുഷ്യക്കു് ആഹ്വാതവ്യൻ; വൃഷാവും, ബല വാനും, സത്യഭൃതനും ദാതാവും, ബഹുപ്രജ്ഞനും, കീഴമത്തുന്നവ നും, അധിപതിയും ആരോ; ആ ഇന്ദ്രനെ ഞാൻ ഇങ്ങനെ സ്തുതിച്ചു കൊള്ളുന്നു. 1

എതിത്തവരെ അമത്തുന്ന, കടക്കുന്ന, മലകളിൽ മരുവുന്ന, അലംഘ്യശാസനനായ, ബലിഷ്ഠനായ തന്തിരുവടിയെത്തന്നെയാ

---

9. തന്നോടുതന്നേ പറയുന്നു: ഇങ്ങോട്ടു നോക്കിയ്ക്കുക— അഭിമുഖീകരി യ്ക്കുക.

10. ഈ ചൊല്ലുന്ന—എൻെറ.

11. അഗ്നിജിഹ്വർ=അഗ്നിയാകുന്ന നാവോടുകൂടിയവർ. യജനീയർ— ദേവന്മാർ.

12. വിപശ്ചിത്തു്—വിദ്വാൻ. വാഹനങ്ങരം—അശ്വങ്ങരം.

സൂക്തം 22.

1. അധിപതി—ലോകങ്ങളുടെ.

ണല്ലോ, ഞങ്ങളുടെ പൂർവപിതാക്കരം-- മേധാവികളായ ഏഴു നവഗ്വന്മാർ —അന്നമൊരുക്കി സ്തുതിച്ചതു്. 2

ആ ഇന്ദ്രനോടു ഞങ്ങരം വളരെ വീരരോടും ആരംക്കാരോടും വളരെ യശസ്സോടുംകൂടിയ ധനം യാചിയ്ക്കുന്നു: ഹര്യശ്വ, അങ്ങു് അച്ഛിന്നവും അക്ഷീണവും സുഖകരവുമായ അതു ഞങ്ങളെ ആഹ്ലാദിപ്പിയ്ക്കാൻ കൊണ്ടുവന്നാലും! 3

ഇന്ദ്ര, പണ്ടു് അങ്ങയെ സ്തുതിച്ചവർ ഒരു സുഖം നേടിയല്ലോ; അതു ഞങ്ങരംക്കു പറഞ്ഞുതരിക! ദ്ധർഷ, പരന്തപ, പുരുഹൂത, പുരുധന, അസുരഘ്നനായ ഭവാനുള്ള ഭാഗം ഏതാണു്, അന്നം ഏതാണു്? 4

വജ്രമേന്തി തേരിലിരിയ്ക്കുന്ന ആ ഇന്ദ്രനെ, ബഹുഗൃഹീതാവിനെ, ബഹുകർമ്മാവിനെ, ബലപ്രദനെ ആരുടെ കർമ്മയുക്തമായ വർണ്ണനസ്തവം പൂജിയ്ക്കുന്നുവോ; അവൻ അന്നം നേടും, അമിത്രനെ എതിർക്കും! 5

സ്വന്തം ഓജസ്സും നല്ല തേജസ്സുമുള്ള മഹാനേ, ആ മായകൊണ്ടു വളൎന്ന അവനെയും, മുറുകെ ഉറപ്പിയ്ക്കപ്പെട്ട അക്ഷയ(പുരി)കളെയും അങ്ങു് മനോവേഗമുള്ള ധൃഷ്കമായ വജ്രംകൊണ്ടുടച്ചുവല്ലോ! 6

ബലിഷ്ഠനായ ആ പഴയ ഭവാനെ പഴമക്കാർപോലെ, ഞാൻ അതിനൂതനമായ സ്തുതികൊണ്ടു വലുപ്പംവെപ്പിയ്ക്കാൻ നോക്കാം: ആ അപ്രമേയനും ശോഭനവാഹനനുമായ ഇന്ദ്രൻ ഞങ്ങളെ എല്ലാ ദുർഗ്ഗങ്ങളും കടത്തട്ടെ! 7

വൃഷാവേ, അങ്ങു് ദ്രോഹികളുടെ ദിവ്യഭൌമാന്തരിക്ഷവസതികളിൽ തീ വെച്ചാലും—എല്ലാടത്തും അവരെ തേജസ്സുകൊണ്ടു ചുട്ടാലും—ബ്രഹ്മദ്വേഷികരംക്കായി, ഭൂമിയും അന്തരിക്ഷവും കത്തിച്ചാലും! 8

---

2. കടക്കന്ന--ശത്രുക്കളെ പിന്നിടുന്ന. നവഗ്വന്മാർ--അംഗിരസ്സുകരം. അന്നം--ഹവിസ്സു്.

3. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി: അതു--ധനം.

5. അമിത്രൻ=ശത്രു.

6. അവൻ=വൃത്രൻ.

7. രണ്ടാംവാക്യം പരോക്ഷം.

8. ദിവ്യഭൌമാന്തരിക്ഷവസതികരം--ദ്യോവിലും ഭൂവിലും അന്തരിക്ഷത്തിലുമുള്ള പാപ്പിടങ്ങരം. ബ്രഹ്മദ്വേഷികരംക്കായി--ബ്രഹ്മദ്വേഷികളെ ചുട്ടെരിപ്പാൻ.

ജ്വലിയ്ക്കുന്ന കാഴ്ചയുള്ളവനേ, ഇന്ദ്ര, വിണ്ണിലും മന്നിലുമുള്ള ജനങ്ങളുടെ രാജാവാണല്ലോ, നിന്തിരുവടി: ജരയേശാത്തവനേ, വജ്രം വലംകയ്യിലെടുക്കുക; എല്ലാ മായകളെയും അറിയുക! 9

ഇന്ദ്ര, ഞങ്ങൾക്കു പററലരെ പിന്നിടാൻ, അഹിംസിതമായി ഇണങ്ങിച്ചേരുന്ന മഹാക്ഷേമത്തെ കൊണ്ടുവന്നാലും; വജ്രിൻ, ഇതുകൊണ്ടാണല്ലോ, അങ്ങ് കർമ്മരഹിതമായ മനുഷ്യവർഗ്ഗത്തെ കർമ്മയുക്തമാക്കിയതും, വൈരികളെ ശോഭനമാംവണ്ണം വധിച്ചതും! 10

പുരുഹൂത, വിധാതാവേ, പ്രയഷ്ടവ്യ, അവിടുന്നു വിശ്വവരേണ്യങ്ങളായ അശ്വങ്ങളിലൂടേ ഞങ്ങളിൽ വന്നാലും—അസുരനാലോ സുരനാലോ തടയപ്പെടാത്ത അവയിലൂടേ വേഗത്തിൽ എൻെറ അടുക്കലെയ്ക്കു പോന്നാലും! 11

സൂക്തം 23.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, സോമം പിഴിഞ്ഞു മഹത്തായ സ്തോത്രവും ഉക്ഥവും ചൊല്ലുമ്പോളാണല്ലോ, മഘവൻ, ഇന്ദ്ര, നിന്തിരുവടി സംജ്ജനായിട്ട് ഇരുഹരികളെ പൂട്ടി, തൃക്കയ്യിൽ വജ്രവുമെടുത്ത് എഴുന്നള്ളുക! 1

ഇന്ദ്ര, അപ്പോളാണല്ലോ, വിണ്ണിൽ ശൂരസേവ്യമായ യുദ്ധത്തിൽ ചെല്ലേണ്ടിയിരിയ്ക്കു, ഭവാൻ പിഴിഞ്ഞവനെ രക്ഷിയ്ക്കുന്നതും; ഇന്ദ്ര, അപ്പോളാണല്ലോ, ഒരുമ്പെടുന്ന ദസ്യുക്കളെ ഭവാൻ ഭയമെന്നിയേ, ഭയപ്പെടുന്ന കർമ്മകുശലന്നു കീഴ്പ്പെടുത്തുന്നതും! 2

സ്തോതാവിനെ നേർവഴിയ്ക്കു കൊണ്ടുനടക്കുന്ന കരുത്തനായ ഇന്ദ്രൻ സോമനീർ നുകരട്ടെ; പിഴിഞ്ഞ യജ്ഞകുശലന്നു ലോകം കല്പിയ്ക്കട്ടെ; പുകഴ്ത്തുന്ന സ്തോത്രകാരന്നും ധനം നൽകട്ടെ! 3

സോമം കുടിയ്ക്കുന്ന ഗോപ്രദനായ വജ്രപാണി ഇരുഹരികളിലൂടേ ഇത്രയും സവനങ്ങളിൽ എഴുന്നള്ളട്ടെ; മനുഷ്യഹിതനായി

---

10. ഇതു—ക്ഷേമം.

സൂക്തം 23.

2. പിഴിഞ്ഞവൻ—സോമം.

ബഹുവീരാന്വിതനായ പുത്രനെ കല്പിച്ചുനൽകട്ടെ; സ്തോത്രങ്ങൾ
കൊണ്ടു വരുത്തപ്പെടേണ്ടവൻ പാടുന്നവൻെറ സ്തുതി കേട്ടരുളട്ടെ! 4

നമ്മെ പോററിപ്പോരുന്ന പുരാതനനായ ഈ ഇന്ദ്രന്നു വേണ്ടു
ന്നതു യാതൊന്നോ, അതു ഞങ്ങൾ ചെയ്യുന്നു: ഇന്ദ്രന്നായി സോമം
പിഴിഞ്ഞു സ്തുതിയ്ക്കുന്നു; ഉക്'ഥം ചൊല്ലി, വളർച്ച വരുത്തുന്ന
ഹവിസ്സും അർപ്പിയ്ക്കുന്നു. 5

ഇന്ദ്ര, അവിടുന്നു സ്തോത്രങ്ങളെ വർദ്ധകങ്ങളാക്കിയിട്ടുണ്ടല്ലോ;
അപ്രകാരമുള്ളവ ഞങ്ങൾ ആലോചിച്ചു ചൊല്ലിക്കൊള്ളുന്നു—നീർ
നുകരുന്നവനേ, ഞങ്ങൾ സോമം പിഴിഞ്ഞ്, അതീവ സുഖകര
ങ്ങളും രമണീയങ്ങളുമായ സ്തോത്രങ്ങളും ഹവിസ്സുകളും അർപ്പിക്കാം. 6

ഇന്ദ്ര, ആ വിളയാടുന്ന ഭവാൻ ഞങ്ങളുടെ പുരോഡാശം നോ
ക്കുക; തയിരും മററും ചേർത്ത സോമനീർ കുടിയ്ക്കുക; യജമാനൻെറ
ഈ ദർഭയിലിരിയ്ക്കുക; ഭവൽകാമൻെറ ലോകം വലുതാക്കുക! 7

ബലിഷ്ഠ, അങ്ങനെ അവിടുന്നു യഥേഷ്ടം മത്തടിയ്ക്കുക: ഞങ്ങ
ളുടെ ഈ സോമങ്ങളും ഈ സ്തോത്രങ്ങളും പുരുഹൂതനായ ഭവാനെ
പ്രാപിയ്ക്കട്ടെ; ഇന്ദ്ര, ഈ സ്തുതി, രക്ഷയ്ക്കുവേണ്ടി, ഭവാങ്കലണയട്ടെ! 8

സഖാക്കളേ, നിങ്ങൾ സോമം പിഴിഞ്ഞ്, ഈ ദാതാവായ
ഇന്ദ്രനെ വേണ്ടുവോളം നിറയ്ക്കുവിൻ: വളരെക്കൂട്ടം അവിടെയ്ക്കിരിയ്ക്ക
ട്ടേ, നമ്മെപ്പുലർത്താൻ; പിഴിഞ്ഞവനെ രക്ഷിപ്പാൻ ഇന്ദ്രൻ മടി
യ്ക്കില്ല! 9

ഹവിർദ്ധനന്ന് ഒരീശ്വരനായ ഇന്ദ്രനെ, സോമം പിഴിഞ്ഞ
പ്പോൾ, ഭരദ്വാജൻ ഇങ്ങനെ സ്തുതിച്ചു: സ്തോതാവിനെ ഇന്ദ്രൻ നല്ല
വഴിയ്ക്കുയയ്ക്കണം; വിശ്വവരേണ്യങ്ങളായ ധനങ്ങളും നൽകണം! 10

---

4. ഇത്രയും——മൂന്ന്. കല്പിച്ചുനല്കട്ടെ——യജമാനന്ന്. വരുത്തപ്പെടേണ്ട
വൻ——ഇന്ദ്രൻ.

5. ഇന്ദ്രന്നു വേണ്ടുന്നത്——ഇന്ദ്രൻ ഇച്ഛിയ്ക്കുന്ന സ്തോത്രവും മററും.

6. വർദ്ധകങ്ങൾ——തനിയ്ക്കു വളർച്ചവരുത്തുന്നവ.

7. ഭവൽകാമൻെറ——അങ്ങയ്ക്കായി യജ്ഞംചെയ്യുന്നവൻെറ.

8. രക്ഷയ്ക്കുവേണ്ടി——ഞങ്ങളുടെ.

9. സ്തോതാക്കളോട്:

സൂക്തം 24.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സോമയാഗങ്ങളിൽ ഇന്ദ്രന്റെ മത്തും സ്തോത്രവും ഉക്ഥവും വർഷകമായിത്തീരുന്നു: മനുഷ്യർ ഉക്ഥങ്ങൾകൊണ്ടു സ്തുതിയ്ക്കേണ്ടവനാകുന്നു, സോമപാനിയും ഋജീഷവാനുമായ മഘവാവ്; സ്തുതികളുടെ രാജാവാണ്, അക്ഷീണരക്ഷനുമാണ്, ആ സ്വർഗ്ഗസ്ഥൻ! 1

നിഹന്താവും, വീരനും, വിശ്രുതജ്ഞാനനും, മനുഷ്യഹിതനും, നരർക്കു സ്തുത്യനും, സ്തുതി കേൾക്കുന്നവനും, സ്തോതാവിനെ പരക്കെ രക്ഷിയ്ക്കുന്നവനും—സ്തുതികാരനെ താങ്ങുന്നവനും—വസുവുമായ ആ അന്നവാൻ യജ്ഞത്തിൽ സ്തുതിയ്ക്കപ്പെട്ടാൽ അന്നം കല്പിച്ചുതരും! 2

ശൂര, മഹാനായ പുരുഹൂത, അച്ചുതണ്ട് ഇരുചക്രങ്ങളെയെന്നപോലെ, അങ്ങയുടെ മഹിമ വാനൂഴികളെ കവിച്ചുനില്ക്കുന്നു; ഇന്ദ്ര, അങ്ങയുടെ ബഹുരക്ഷകൾ, വൃക്ഷത്തിന്റെ കൊമ്പുകൾപോലെ മുളച്ചുവരുന്നു! 3

ബഹുകർമ്മാവേ, ബുദ്ധിമാനായ ഭവാന്റെ ശക്തികൾ, ഗോക്കളുടെ മാർഗ്ഗങ്ങൾപോലെ പരക്കുന്നവയാകുന്നു; ശോഭനദാനനായ ഇന്ദ്ര, പൈക്കിടാങ്ങളുടെ നെടുംകയറുകൾപോലെ ബന്ധകങ്ങളുമാകുന്നു, ബന്ധിയ്ക്കപ്പെടാത്തവയുമാകുന്നു! 4

സൂക്തം 24.

1 വർഷകം=വൃഷ്ടിജനകം. അക്ഷീണരക്ഷൻ=ഒരിയ്ക്കലും ക്ഷയിയ്ക്കാത്ത രക്ഷകളോടുകൂടിയവൻ.

2. നിഹന്താവ്—ശത്രുക്കളെ ഹനിയ്ക്കുന്നവൻ. വസു—വാസസ്ഥാനം നൽകുന്നവൻ.

4. ശക്തികൾ=കഴിവുകൾ. പരക്കുന്നവയാകുന്നു—മാടുകൾ മേഞ്ഞുമേഞ്ഞ് അകലത്തെയ്ക്കു പോകുമല്ലോ. നീണ്ട ഓരോ കയറിന്മേലും അനേകം പൈക്കുട്ടികളെ കെട്ടും; അതുപോലെ, ഭവാന്റെ ഓരോ ശക്തിയും അനേകശത്രുക്കളെ ബന്ധിയ്ക്കുന്നു. അവയ്ക്കു (ശക്തികൾക്കു) ബന്ധനം (തടവു) വരില്ലതാനും.

ഇന്ദ്രൻ, ഇന്നൊന്നു, നാളെ മറെറാന്നു്, ഇങ്ങനെ നല്ലതും ചീത്തയും പേൎത്തു പേൎത്തു ചെയ്യും. മിത്രൻ, വരുണൻ, പൂഷാവു്, സവിതാവു് എന്നിവരും ഇവിടെ നമുക്കു കാമ്യഫലം കിട്ടിയ്ക്കട്ടെ! 5

ഇന്ദ്ര, ഉക്ഥം, ഹവിസ്സു് എന്നിവകൊണ്ടു് (ആളുകൾ) ഭവാങ്കൽനിന്നു, മലമുകളിൽനിന്നു വെള്ളമെന്നപോലെ, (ഇഷ്ടം) നേടിയിരിയ്ക്കുന്നു. സ്തോത്രവാഹ്യ, ആ ഭവാങ്കൽ അന്നേഷ്ടുക്കൾ ഈ ശോഭനസ്തുതികളാൽ, കുതിരകൾ യുദ്ധത്തിലെന്നപോലെ അണയുന്നു! 6

ഈ ഇന്ദ്രനെ സംവത്സരങ്ങളോ മാസങ്ങളോ കിഴവനാക്കില്ല; ദിവസങ്ങളും മെലിയിയ്ക്കില്ല. തടിച്ചതെങ്കിലും തന്റെ തിരുവുടൽ സ്തോമോക്ഥസ്തുതിമൂലം തടിയ്ക്കട്ടെ! 7

സ്തുതിയ്ക്കപ്പെടുന്ന ഇന്ദ്രൻ ദൃഢഗാത്രന്നോ, സ്ഥിരന്നോ, ഒരു പേടുന്ന ദസ്യുപ്രേരിതന്നോ വണങ്ങില്ല: അവിടെയ്ക്കു മാമലകളും സുഗമങ്ങളാണു്; ആഴത്തിലും നില കിട്ടും! 8

ബലവാനേ, സോമം നുകരുന്നവനേ, അവിടുന്നു് ആഴവും പരപ്പുമുള്ള (മനസ്സാൽ) ഞങ്ങൾക്കു കൊററും കെല്പും തരിക; ഉപദ്രവിയ്ക്കാതെ, അഹസ്സിലും അല്ലിലും രക്ഷിപ്പാൻ ഒരുങ്ങിനില്ക്കുകയും ചെയ്യുക! 9

ഇന്ദ്ര, അങ്ങു് നേതാവിനെ യുദ്ധത്തിൽ രക്ഷിപ്പാൻ വന്നുചേരണം; ഇവിടെയും അകലത്തുമുള്ള ശത്രുവിൽനിന്നു രക്ഷിയ്ക്കണം— ഇദ്ദേഹത്തെ ഭവനത്തിലും വനത്തിലും ശത്രുവിൽനിന്നു രക്ഷിയ്ക്കണം! ഞങ്ങൾ നല്ല വീരന്മാരോടുകൂടി ഒരു നൂററാണ്ടു മത്തടിയ്ക്കുമാറാകട്ടെ! 10

—

5. നല്ലതു്—മഴ പെയ്യിയ്ക്കലും മററും. ചീത്ത—ഇടിത്തീയ്യു വീഴ്ത്തലും മററും. ഇന്ദ്രന്റെ വരുതിയിലുള്ളവരാണല്ലോ, മിത്രാദികൾ.

7. തടിയ്ക്കട്ടെ—വീണ്ടും വളരട്ടെ. ഇന്ദ്രൻ നിത്യതരുണനും പ്രവൃദ്ധനുമാണെന്നു സാരം.

8. സ്ഥിരൻ—യുദ്ധത്തിൽ ഉറച്ചുനില്ക്കുന്നവൻ. ദസ്യുപ്രേരിതൻ=ദസ്യുക്കളാൽ, കർമ്മരഹിതരാൽ പ്രചോദിതൻ.

10. നേതാവു്—കർമ്മി, സ്തോതാവു്.

സൂക്തം 25.

ഋഷിച്ഛന്ദോദേവതകാഃ മുമ്പേത്തവ.

ബലവാനേ, ഇന്ദ്ര, താന്നതും മികച്ചതും ഇടത്തരവുമായ രക്ഷകളുണ്ടല്ലോ, ഭവാങ്കൽ; അവകൊണ്ടു യുദ്ധത്തിൽ ഞങ്ങളെ രക്ഷിച്ചാലും; ഉഗ്ര, മഹാനായ ഭവാൻ ഈ അന്നങ്ങളും ഞങ്ങൾക്കു തരണം! 1

ഇന്ദ്ര, ഇവകൊണ്ടു് ഭവാൻ (ഞങ്ങളുടെ) കൊല്ലുംപടയെ വലസ്സാതെ, അരാതിയുടെ അരിശം അറുത്തുകളയണം; ഇവകൊണ്ടു്, എങ്ങുമുള്ള എതിരാളികളായ വിധ്വംസകരെയെല്ലാം അങ്ങു് കർമ്മിസ്സുവേണ്ടി കൊന്നൊടുക്കണം! 2

ഇന്ദ്ര, ജ്ഞാതികളോ അജ്ഞാതികളോ എതിർത്തുകേറി ദ്രോഹിപ്പാനൊരുമ്പെട്ടാൽ, അവരുടെ ബലം ഭവാൻ അകററണം, വീര്യം കെടുക്കണം, പിന്തിരിപ്പിസ്സണം! 3

രണ്ടു ഭാസുരാംഗന്മാർ പുത്രന്നോ പൌത്രന്നോ ഗോക്കൾക്കോ വെള്ളത്തിന്നോ കൃഷിനിലങ്ങൾക്കോ വേണ്ടി, അട്ടഹസിച്ചും വാദിച്ചും പൊരുതിത്തുടങ്ങിയാൽ, അവരിൽ അശ്ശൂരൻതന്നെയും ശ്ശൂരനെ അടിച്ചിടിച്ചു കൊന്നുകളയും! 4

ഇന്ദ്ര, അങ്ങയോടു് ഒരു ശ്ശൂരനോ, ഒരു ഹന്താവോ, ഒരു ധർഷകനോ, അങ്ങയോടു് ഒരു ക്രോധംപൂണ്ട യോധനോ പൊരുതിയിട്ടില്ല. ഇവരിൽ ആരുമില്ല, അങ്ങയ്ക്കൊത്തവൻ. ജനിച്ചിട്ടുള്ള അക്കൂട്ടരെയെല്ലാം അങ്ങു് കീഴടക്കിയിരിസ്സുന്നു! 5

മഹത്തായ നിരോധത്തിന്നോ, ആൾക്കാരോടുകൂടിയ ഗൃഹത്തിന്നോ ഒരുമ്പെട്ടു പൊരുതുന്ന രണ്ടുപേരിൽവെച്ചു, ധനത്തിന്നു് ഉട

സൂക്തം 25.

1. ഭവാങ്കൽ = അങ്ങയുടെ പക്കൽ.

2. ഇവ — ഞങ്ങളുടെ സ്തുതികൾ. കൊല്ലുംപട — ശത്രുക്കളെ കൊല്ലുന്ന സൈന്യം. വലസ്സാതെ — രക്ഷിച്ചു് എന്നൎത്ഥം. വിധ്വംസകർ — കർമ്മനാശകർ.

3. ജ്ഞാതികൾ = ശേഷക്കാർ.

4. അങ്ങു് അനുഗ്രഹിച്ചാൽ അശ്ശൂരൻപോലും ശ്ശൂരനെ കൊല്ലും.

മസ്ഥനാകുന്നത്, ആരുടെ യജ്ഞത്തിൽ കർമ്മികരം സ്തുതിയ്ക്കുന്നുവോ, അവനത്രേ! 6

ഇന്ദ്ര, അങ്ങയുടെ ആളുകരം വിറച്ചുപോയാൽ, അങ്ങ് ചെന്ന് അവരെ രക്ഷിയ്ക്കണം; ഇന്ദ്ര, ഞങ്ങളെ എത്തിയ്ക്കുന്ന നേതൃമുഖ്യന്മാർ, ഞങ്ങളെ പുരസ്കരിച്ച സ്തോതാക്കരം എന്നിവരെയും! 7

ഇന്ദ്ര, യജനീയ, മഹാനായ അങ്ങയുടെ ഐശ്വര്യത്തിന്നായി അങ്ങയ്ക്കു നൽകപ്പെട്ടിരിയ്ക്കുന്നു—വൃത്രവധത്തിന്നു, യുദ്ധത്തിൽ വീര്യം, ബലം എന്നിതെല്ലാം ദേവന്മാരാൽ സത്യമായി അങ്ങയ്ക്കു നൽകപ്പെട്ടിരിയ്ക്കുന്നു! 8

ഇന്ദ്ര, ഇങ്ങനെ അവിടുന്നു ഞങ്ങളുടെ സേനകളെ യുദ്ധങ്ങളിലിറക്കുക; ദ്രോഹിയ്ക്കുന്ന അസുരരെ കീഴടക്കുക, ഇന്ദ്ര, നിന്തിരുവടിയെ സ്തുതിയ്ക്കുന്ന ഭരദ്വാജർ അന്നവും പാർപ്പിടവും തീർച്ചയായി നേടുമാറാകണം! 9

സൂക്തം 26.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ഇന്ദ്ര, കേരംക്കുക: അങ്ങയെ നീരാടിയ്ക്കുന്ന ഞങ്ങരം മഹത്തായ അന്നത്തിന്നുവേണ്ടി വിളിയ്ക്കുന്നു. ആളുകരം യുദ്ധത്തിൽ ഒത്തുചേർന്നാൽ, അങ്ങ് ഒടുക്കത്തെ ദിവസത്തിൽ ബലവത്തായ രക്ഷ ഞങ്ങരംക്കരുളണം! 1

ഇന്ദ്ര, ഹവിസ്സോടുകൂടിയ വാജിനീപുത്രൻ, കിട്ടേണ്ടുന്ന മഹത്തായ അന്നത്തിന്നുവേണ്ടി അങ്ങയെ സ്തുതിയ്ക്കുന്നു; ഉപദ്രവം വരു

---

6. സ്തുതിയ്ക്കുന്നു—ഇന്ദ്രനെ. പിണങ്ങിയ രണ്ടുപേരിൽ. ഇന്ദ്രസ്തുതിപ്രവൎത്തകൻ ആരോ, ആയാരംക്കാവും, ധനലബ്ധി.

7. വിറച്ചുപോയാൽ—ശത്രുഭയംമൂലം. എത്തിയ്ക്കുന്ന—ഭോഗങ്ങളണയ്ക്കുന്ന. എന്നിവരെയും—രക്ഷിയ്ക്കണം.

9. ഭരദ്വാജർ—ഭരദ്വാജഗോത്രക്കാർ.

സൂക്തം 26.

1. നീരാടിയ്ക്കുന്ന—സോമനീർകൊണ്ടഭിഷേചിയ്ക്കുന്ന.

മ്പോൾ സജ്ജനപാലകനും (ദുർജ്ജന) നാശകനുമായ അങ്ങയെ സ്തുതിയ്ക്കുന്നു; ഗോക്കൾക്കുവേണ്ടി, മുഷ്ടിയുദ്ധം ചെയ്യുമ്പോൾ അങ്ങയെ നോക്കുന്നു! 2

അങ്ങ് ഉശനസ്സിനെ അന്നലാഭത്തിന്നയച്ചു; അങ്ങ് (ഹവിസ്സ്) നല്കിയ കുത്സന്നുവേണ്ടി ശുഷ്ണനെ അരിഞ്ഞു; അങ്ങ് അതിഥിഗ്വന്നു സുഖം വരുത്താൻ 'മർമ്മരഹിത'ന്റെ തല കൊയ്തു! 3

ഇന്ദ്ര, അങ്ങ് ഒരു വമ്പിച്ച പടത്തേർ കൊണ്ടുവന്നു, പത്തുനാൾ പൊരുതിയ വൃഷഭനെ രക്ഷിച്ചു; അങ്ങ് തുഗ്രനെ വേതസുവോടൊപ്പം വധിച്ചു; അങ്ങ് സ്തുതിച്ച തുജിയെ തഴപ്പിച്ചു! 4

ഇന്ദ്ര, നിഹന്താവായ ഭവാൻ അച്ചെയ്തതു സ്തുത്യംതന്നെ: ശൂര, അങ്ങ് നൂറുമായിരവും പേരെ പിളർത്തിയല്ലോ; അങ്ങ് മലമേൽ നിന്നിറങ്ങിയ മുടിയനായ ശംബരനെ വധിച്ചു; അങ്ങ് വിചിത്രരക്ഷകൾകൊണ്ടു ദിവോദാസനെ രക്ഷിച്ചു! 5

ഇന്ദ്ര, അങ്ങ് ശ്രദ്ധകൊണ്ടും സോമംകൊണ്ടും ഇമ്പംപൂണ്ടു, ദഭീതിയ്ക്കുവേണ്ടി ചുമുരുവിനെ ഉറക്കി; അങ്ങ് പിഠീനസ്സിന്നു രജിയെ കൊടുക്കാൻ, ബുദ്ധികൌശലത്താൽ അറുപതിനായിരത്തിനെ ഒപ്പം കൊന്നു! 6

വീരരോടുകൂടിയവനേ, അതിബലവാനേ, ഇന്ദ്ര, മുപ്പാരിന്നുടമയും തടവിലാക്കുന്നവനുമായ ഭവാനാൽ (നല്കപ്പെട്ട) യാതൊന്നിനെ വീരന്മാർ സ്തുതിയ്ക്കുന്നുവോ; ഭവാന്റെ ആ മികച്ച സുഖവും ബലവും ഞാനും സ്തോതാക്കളോടൊന്നിച്ച് അനുഭവിയ്ക്കുമാറാകണം! 7

---

2. വാജിനി—ഭരദ്വാജന്റെ അമ്മ. നോക്കുന്നു—സാഹായ്യത്തിന്ന്.

3. അയച്ചു—ലബ്ധാന്നനാക്കി. അതിഥിഗ്വൻ=ദിവോദാസൻ. മർമ്മരഹിതന്റെ—തന്റെ ദേഹത്തിൽ മർമ്മമില്ലെന്നു, താൻ മരിയ്ക്കില്ലെന്നു, കരുതിപ്പോന്ന ശംബരന്റെ.

4. വൃഷഭൻ—ഒരു രാജാവ്. തുഗ്രനും വേതസുവും—അസുരന്മാർ. തുജി—ഒരു രാജാവ്.

5. നൂറുമായിരവുംപേരെ—ശംബരന്റെ അനുചരന്മാരെ. മുടിയൻ—കർമ്മനാശകൻ.

6. ശ്രദ്ധ—സാദരമനുഷ്ഠിച്ച കർമ്മങ്ങൾ. ദഭീതി—ഒരു രാജാവ്. ഉറക്കി—കൊന്നു. പിഠീനസ്സ്—ഒരു രാജാവ് (?) രജി—ഒരു കന്യകയുടെയോ രാജ്യത്തിന്റെയോ പേർ.

7. തടവിലാക്കുന്നവൻ—ശത്രുക്കളെ. വീരന്മാർ—സ്തോതാക്കൾ.

ഇന്ദ്ര, പൂജനീയ, അങ്ങയുടെ സഖാക്കളായ ഞങ്ങൾക്ക്, ഈ ധനത്തിന്നുള്ള സ്തോത്രത്തിൽ പ്രിയം പെരുകമാറാകണം. പ്രതർദ്ദനൻെറ പുത്രൻ ക്ഷത്രശ്രീ ശത്രുനിഗ്രഹത്തിലും വിത്തസംഗ്രഹത്തിലും മികച്ചവനായിത്തീരട്ടെ! 8

സൂക്തം 27.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ദാനവും ദേവത.

ഇന്ദ്രൻ ഇതിനാൽ മത്തു പൂണ്ടിട്ട് എന്തു ചെയ്തു? ഇതു കുടിച്ചിട്ട് എന്തു ചെയ്തു? ഇതിനോടിണങ്ങിയിട്ട് എന്തു ചെയ്തു? ഇതിൻെറ ഇടത്തിൽ മുമ്പു സ്തുതിച്ചവർക്ക് ഭവാങ്കൽനിന്ന് എന്തു കിട്ടി? ഇന്നേത്തവർക്ക് എന്തു കിട്ടി? 1

ഇന്ദ്രൻ ഇതിനാൽ മത്തു പൂണ്ടിട്ടു നല്ലതു ചെയ്തു; ഇതു കുടിച്ചിട്ടു നല്ലതു ചെയ്തു; ഇതിനോടിണങ്ങിയിട്ടു നല്ലതു ചെയ്തു. ഇതിൻെറ ഇടത്തിൽ മുമ്പു സ്തുതിച്ചവർക്കു ഭവാങ്കൽനിന്നു നല്ലതു കിട്ടി; ഇന്നേത്തവർക്കും നല്ലതു കിട്ടി! 2

മഘവൻ, ഇന്ദ്ര, അങ്ങയുടെ മഹത്ത്വമൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ; മഘവത്ത്വവും അറിഞ്ഞുകൂടാ—അങ്ങയുടെ സ്തുത്യമായ ഏതൊരു ധനവും അറിഞ്ഞുകൂടാ: ആർ കണ്ടു, അങ്ങയുടെ മിടുക്ക്? 3

ഇന്ദ്ര, അങ്ങ് വരശിഖൻെറ പുത്രന്മാരെ വധിച്ചുവല്ലോ, അങ്ങയുടെ ആ വീര്യം (ഞങ്ങൾക്ക്) അറിയാം: അങ്ങ് ആഞ്ഞുവിട്ട വജ്രത്തിൻെറ ശബ്ദത്താൽത്തന്നേ കേമൻ പിളൎന്നുപോയി! 4

---

8. ക്ഷത്രശ്രീ എന്ന രാജാവിൻെറ പുരോഹിതനത്രേ, ഭരദ്വാജൻ.

സൂക്തം 27.

1. ഫലം കിട്ടാൻ വൈകുന്നതിൽ അക്ഷമനായിട്ട് ഋഷി ഇന്ദ്രനെ ആക്ഷേപിയ്ക്കുന്നു: ഇത്—സോമനീർ. ഇതിൻെറ ഇടം—യാഗശാല; ഇതുമുതൽ പ്രത്യക്ഷോക്തി:

2. ഇന്ദ്രൻ ഋഷിയുടെ അഭീഷ്ടം നിറവേററി; തന്മൂലം സന്തുഷ്ടനായ ഋഷി ആക്ഷേപം പിൻവലിയ്ക്കുന്നു:

3. മഘവത്ത്വം = ധനികത്വം.

4. വരശിഖൻ—ഒരസുരൻ. കേമൻ—വരശിഖപുത്രന്മാരിൽവെച്ചു മുന്തിയവൻ.

ഇന്ദ്രൻ ചയമാനസൂനുവായ അഭ്യാവൎത്തിയ്ക്കു (ധനം) നല്കാനാണ്, വരശിഖന്റെ പുത്രന്മാരെ വധിച്ചത്: ഹരിയൂപീയയുടെ കിഴക്കേ വൃചീവാന്മാരെ കൊന്നതോടേ, പടിഞ്ഞാറുകാരൻ പേടിച്ചു പിളൎന്നുപോയി! 5

ഇന്ദ്ര, പുരുഹൂത, കൊററിനുവേണ്ടി കൊല്ലാൻ പാഞ്ഞണഞ്ഞു പാത്രങ്ങളുടച്ചു, ചട്ടയിട്ടിരുന്ന വൃചീവാന്മാർ നൂററിമുപ്പതുപേരും ഒപ്പം യവ്യാവതിയിൽവെച്ചു നിശ്ശൂന്യതയടഞ്ഞു! 6

ആരുടെ തിളങ്ങുന്ന രണ്ടു കുതിരകൾ നല്ല പുല്ലു തേടിത്തിന്നുംകൊണ്ട് അന്തരിക്ഷത്തിൽ മേയുന്നുവോ, അദ്ദേഹം വൃചീവാന്മാരെ ദേവവാതവംശ്യന്നു കീഴ്പ്പെടുത്തിയിട്ടു, സൃഞ്ജയന്നു തുൎവശുവിനെ കൊടുത്തു. 7

അഗ്നേ, ധനവാനും സമ്രാട്ടുമായ ചയമാനപുത്രൻ അഭ്യാവൎത്തി തേരുകളെയും സ്ത്രീകളെയും ഇരുപതു ഗോമിഥുനങ്ങളെയും എനിയ്ക്കു തന്നിരിയ്ക്കുന്നു: നശിപ്പിയ്ക്കാവുന്നതല്ല, പൃഥുവംശ്യന്റെ ദക്ഷിണ! 8

---

5. ചയമാനസൂനു—ചയമാനനെന്ന രാജാവിന്റെ മകൻ. അഭ്യാവൎത്തി—മകനായ രാജാവിന്റെ പേർ. ഹരിയൂപീയ—ഒരു നദിയോ, നഗരിയോ. വൃചീവാന്മാർ—വരശിഖന്റെ ഒരു പൂൎവനായ വൃചീവാന്റെ വംശത്തിൽ ജനിച്ചവർ, വരശിഖപുത്രന്മാർ. പടിഞ്ഞാറുകാരൻ—ഹരിയൂപീയയുടെ പടിഞ്ഞാറു ഭാഗത്തു പാൎത്തിരുന്ന ക്ഷേമൻ.

6. കൊല്ലാൻ—അങ്ങയെ. പാത്രങ്ങൾ—യാഗത്തിന്നുള്ളവ. യവ്യാവതി—ഹരിയൂപീയയുടെ മറെറാരു പേർ. നിശ്ശൂന്യത—മരണം.

7. ദേവവാതവംശ്യൻ—ദേവവാതന്റെ വംശത്തിൽ ജനിച്ച അഭ്യാവൎത്തി. സൃഞ്ജയൻ—ഒരു രാജാവ്. തുൎവശുവിനെ കൊടുത്തു—സഹായിപ്പാൻ.

8. അഭ്യാവൎത്തിയുടെ ദാനശീലത്വം ഋഷി അഗ്നിയെ അറിയിയ്ക്കുന്നു: ഗോമിഥുനങ്ങൾ—പൈക്കളും കാളകളും. പൃഥുവംശ്യന്റെ—പൃഥുവിന്റെ കുലത്തിൽ പിറന്നവനായ അഭ്യാവൎത്തിയുടെ.

സൂക്തം 28.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഗോവും ഇന്ദ്രനും ദേവത.

ഗോക്കൾ വരട്ടെ; ശുഭം തരട്ടെ; തൊഴുത്തിൽ കിടക്കട്ടെ; ന മ്മെ സ്നേഹിയ്ക്കട്ടെ. കിടാങ്ങളോടുകൂടിയ വളരെ നാനാവർണ്ണകൾ ഇവിടെ പുലർകാലത്ത് ഇന്ദ്രന്നായി കറക്കപ്പെടുമാറാകണം! 1

ഇന്ദ്രൻ യജിയ്ക്കുന്നവന്നും സ്തുതിയ്ക്കുന്നവന്നും (ധനം) കല്പിച്ചുകൊടുക്കും—സദാ അരികിൽച്ചെന്നുതന്നേ കൊടുക്കും; അപഹരിയ്ക്കില്ല. അവരുടെ ധനം വീണ്ടും വീണ്ടും വർദ്ധിപ്പിച്ച്, ആ ദേവകാമന്മാരെ അഭേദ്യവും അപ്രാപ്യവുമായ സ്ഥലത്തു പാർപ്പിയ്ക്കും. 2

ആ ഗോക്കൾ പോയ്ക്കളയരുത്; കള്ളൻ ഉപദ്രവിയ്ക്കരുത്; അവയ്ക്കു ശത്രുവിന്റെ ആയുധമേല്ക്കരുത്. അവയെക്കൊണ്ടു ദേവന്മാരെ യജിയ്ക്കുകയും കൊടുക്കുകയും ചെയ്യുന്ന ഉടമസ്ഥൻ നെടുനാൾ അവയോടുകൂടി വസിയ്ക്കട്ടെ! 3

പൊടി പൊന്തിയ്ക്കുന്ന കുതിര ആ ഗോക്കളെ സമീപിയ്ക്കരുത്; വിശസനസംസ്കാരം അവയെ സ്പർശിയ്ക്കരുത്. അവ ആ യജിയ്ക്കുന്ന മനുഷ്യന്റെ വിസ്തൃതമായ അഭയസ്ഥലത്തെയ്ക്കു നടകൊള്ളട്ടെ! 4

ഗോക്കൾതന്നേ ധനം; എനിയ്ക്ക് ഇന്ദ്രൻ ഗോക്കളെ തരട്ടെ! ഗോക്കളാണ്, മുഖ്യമായ സോമത്തിന്റെ ഭക്ഷ്യം. ആളുകളേ, ഈ ഗോക്കളാകുന്നു, ഇന്ദ്രൻ; ആ ഇന്ദ്രനെ ഞാൻ ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ഇച്ഛിയ്ക്കുന്നു. 5

സൂക്തം 28.

1. വരട്ടെ—ഞങ്ങളുടെ ഗൃഹത്തിൽ. നാനാവർണ്ണകൾ—നാനാനിറംപൂണ്ട പൈക്കൾ.

2. ആ ദേവകാമന്മാരെ—യഷ്ടാവിനെയും സ്തോതാവിനെയും.

3. കൊടുക്കുകയും—ഇന്ദ്രന്നായി.

4. കുതിരയെ കണ്ടാൽ ഗോക്കൾ പേടിയ്ക്കും. വിശസനസംസ്കാരം—യാഗത്തിന്നു കൊല്ലാൻ ചെയ്യപ്പെടുന്ന കർമ്മം; പൈക്കളെ വിശസിച്ചുകൂടാ.

5. സോമത്തിന്റെ ഭക്ഷ്യം—സോമനീരിൽ ഗോരസങ്ങൾ ചേർക്കുമല്ലോ.

ഗോക്കളേ, നിങ്ങരം മെലിഞ്ഞവനെയും തടിപ്പിയ്ക്കുവിൻ; ശ്രീയില്ലാത്തവനെയും സുന്ദരനാക്കുവിൻ. മംഗളമായി ശബ്ദി യ്ക്കുന്ന നിങ്ങരം ഗൃഹത്തെ മംഗളമാക്കുവിൻ! നിങ്ങളുടെ മഹത്തായ അന്നമാണ്, സഭകളിൽ വർണ്ണിയ്ക്കപ്പെടുന്നത്. 6

നിങ്ങരം സന്താനവതികളാകുവിൻ; നല്ല പുല്ല തിന്നുവിൻ; നല്ല കുളത്തിലെ തെളിവെള്ളം കുടിയ്ക്കുവിൻ. നിങ്ങളെ കള്ളൻ കൈക്കലാക്കരുത്, പുലിയും മററും പിടിയ്ക്കരുത്; രുദ്രൻെറ ആയുധവും നിങ്ങളിലേല്ക്കരുത്! 7

ഇത് ഈ ഗോക്കളെ തഴപ്പിയ്ക്കട്ടെ—ഇന്ദ്ര, അങ്ങയുടെ വീര്യത്തിന്നു, കാളയുടെ രേതസ്സിനെയും തഴപ്പിയ്ക്കട്ടെ! 8

ആറാമധ്യായം സമാപ്തം.

ഏഴാമധ്യായം.

സൂക്തം 29.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നിങ്ങളുടെ ആളുകരം സഖ്യത്തിന്നായി, വലിയതനുഷ്ഠിച്ചു സ്തുതി ചൊല്ലിക്കൊണ്ട് ഇന്ദ്രങ്കൽ ചെല്ലുന്നു: വലിയതു നല്കുന്നവനാണല്ലോ, വജ്രഹസ്തൻ; ആ രമണീയനായ മഹാനെത്തന്നേ നിങ്ങരം രക്ഷയ്ക്കായി യജിയ്ക്കുവിൻ. 1

---

6. സഭകരം—യാഗപരിഷത്തുകരം. അന്നം—പാലും മററും. വർണ്ണിയ്ക്കപ്പെടുന്നത്—ഉപയോഗിയ്ക്കപ്പെടുന്നതെന്നു സാരം.

7. പ്രത്യക്ഷോക്തിതന്നെ: രുദ്രൻ—കാലസ്വരൂപനായ പരമേശ്വരൻ.

8. ഇത്—ഈ സൂക്തം. രേതസ്സിനെയും—ചിനയുണ്ടാക്കുന്ന കൂററന്റെ രേതസ്സു തഴച്ചാലേ, പൈക്കരം പെറുകയുള്ളൂ; പൈക്കരം പെററാലേ, ക്ഷീരാദിഹവിസ്സുകളാൽ ഇന്ദ്രൻ വീര്യവാനാകയുമുള്ളൂ.

സൂക്തം 29.

1. യജമാനരോട്: വലിയത്—മഹത്തായ കർമ്മം; അടുത്ത വാക്യത്തിലെ വലിയതിന്നു മഹത്തായ ധനം എന്നർത്ഥം.

തൻെറ കയ്യിൽ നിറയെയുണ്ട്, മനുഷ്യക്കു വേണ്ടുന്നവ. തേരാളിയായ താൻ പൊന്നിൻതേരിലിരിയ്ക്കും: കടിഞാണുകൾ തടിച്ച കൈകളിലടക്കും; പൂട്ടപ്പെട്ട യുവാശ്വങ്ങൾ വഴിയിൽ നടക്കും. 2

നേതാവേ, വിഭൂതിയ്ക്കായി, പരിചരണം തൃക്കാല്ക്കൽ അർപ്പിയ്ക്കുന്നു. ബലത്താൽ കീഴമർത്തുന്നവനും വജ്രിയും ദക്ഷിണായുക്തനുമായ ഭവാൻ കാഴ്ചയ്ക്കായി നല്ല വടിവു പൂണ്ടു, സൂര്യൻപോലെ സഞ്ചരിയ്ക്കുന്നു. 3

യാതൊന്നു പിഴിയുമ്പോളാണോ, പുരോഡാശവും മററും പചിയ്ക്കുന്നതും, പൊരിയവിലൊരുക്കുന്നതും, അന്നം ചമയ്ക്കുന്ന നേതാക്കൾ സ്തുതിച്ചുകൊണ്ടും ഉക്ഥം ചൊല്ലിക്കൊണ്ടും ദേവകളെ ഉപഗമിയ്ക്കുന്നതും; ആ സോമം ഇന്ദ്രനോടു തുലോം ചേരുന്നു! 4

അങ്ങയുടെ ബലത്തിൻെറ അററം കണ്ടെത്തിയിട്ടില്ല: അതു മഹത്ത്വംകൊണ്ടു വാനൂഴികളെ ചിക്കെന്നു പേടിപ്പിച്ചു; അതിനെ, സ്തോതാവു വെമ്പലോടേ ഹവിസ്സുകൊണ്ടു യജിച്ചു, വെള്ളത്തിൽ ഗോഗണത്തെയെന്നപോലെ തൃപ്തിപ്പെടുത്തുന്നു! 5

ഇത്രയും മഹാനായ ഇന്ദ്രൻ സുഖാഹ്വാതവ്യനായി ഭവിയ്ക്കട്ടെ: പച്ചയണക്കുടയുള്ള താൻ വന്നാലും വരാഞ്ഞാലും ധനം നൽകും; ഇങ്ങനെയുള്ള നിസ്തുല്യബലൻ വളരെ രക്ഷസ്സുകളെയും ദസ്യുക്കളെയും നിഹനിയ്ക്കട്ടെ! 6

സൂക്തം 30.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്രൻ വീരകർമ്മങ്ങൾക്കായി വളരെ വളരെ വളന്നു; ആ അപീഡ്യനായ ഏകൻ ധനം നല്കുന്നു. തന്തിരുവടി ദ്യോവിനെയും

---

2. വേണ്ടുന്നവ—ധനങ്ങൾ.

3. പ്രത്യക്ഷോക്തി: അർപ്പിയ്ക്കുന്നു—ഭരദ്വാജൻ. ദക്ഷിണായുക്തൻ—ദക്ഷിണയോടു, സ്തോതാക്കൾക്കു കൊടുക്കേണ്ടുന്ന ധനത്തോടു, കൂടിയവൻ.

5. അതു—ബലം. വെള്ളത്തിൽ—വെള്ളത്തിലിറങ്ങിയ ഗോഗണത്തെ ഇടയൻ വെള്ളം കുടിപ്പിയ്ക്കുന്നതുപോലെ.

6. പച്ചയണക്കുട—ഹരിതവർണ്ണങ്ങളായ ഹനുക്കൾ. നല്കും—സ്തോതാക്കൾക്ക്.

ഭുവിനെയും കവിച്ചു: തൻെറ പകുതി മതി, വാനുഴികാം രണ്ടി നോടും കിടനില്ലാൻ! 1

ഞാനിപ്പോഠം തന്തിരുവടിയുടെ തഴച്ച ബലത്തെ സ്തുതിയ്ക്കുന്നു. താൻ ചെയ്യവയെ ആരും തള്ളില്ല: ആ സുകർമ്മാവു സൂര്യനെ നാളിൽ നാളിൽ കാണമാറാക്കി; ഉലകങ്ങഠംക്ക വലുപ്പം കൂട്ടി! 2

ഇന്ദ്ര, നദികഠംക്കായി കല്പിച്ചുചെയ്തത് ഇന്നും അന്നും നിലനില്ക്കുന്നു: അങ്ങ് അവയ്ക്കു വഴി തോണ്ടിയല്ലോ! മലകഠം, ഉണ്ണാനിരിയ്ക്കുന്നവർപോലെ അനങ്ങാതായി! സുകർമ്മാവേ, അങ്ങനെ ഭവാൻ ഭുവനങ്ങളെ ഉറപ്പിച്ചു. 3

ഇന്ദ്ര, വാസ്തവംതന്നെ, അങ്ങയെപ്പോലെയോ മീതെയോ മറെറാരു ദേവനില്ല, മനുഷ്യനില്ല: അങ്ങു വെള്ളം മൂടിക്കിടന്ന മേഘത്തെ പിളർത്തി, ജലങ്ങളെ സമുദ്രത്തിലെയ്ക്കു വിട്ടു! 4

ഇന്ദ്ര, അങ്ങ് മേഘത്തിൻെറ ഉറപ്പുടച്ചു, തടയപ്പെട്ടിരുന്ന ജലങ്ങളെ എങ്ങും ഒഴകിച്ചു; സൂര്യനെയും ആകാശത്തെയും ഉഷസ്സിനെയും ഒപ്പം വെളിപ്പെടുത്തി, ലോകത്തിലെ പ്രജകഠംക്ക പെരുമാളമായി! 5

സൂക്തം 31.

ഭാരദ്വാജൻ സുഹോത്രൻ ഋഷി; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകഠം; ഇന്ദ്രൻ ദേവത.

(കാകളി)

മുഖ്യസമ്പത്തുകഠംക്കേകനാം സ്വാമി നീ;
തൃക്കയ്യിൽ വെച്ചിരിയ്ക്കുന്നു, നീ ലോകരെ;
പുത്രനും, വീരപൌത്രനും, തണ്ണീർക്കമായ്
നൽസ്തവമുണ്ടിന്ദ്ര, ചൊല്ലുന്നു മാനുഷർ! 1

സൂക്തം 30.

1. അപീഡ്യൻ=പീഡിപ്പിയ്ക്കാനശക്യൻ.
3. ഉണ്ണാനിരിയ്ക്കുന്നവർ നിശ്ചലരാകുമല്ലോ.

സൂക്തം 31.

1. മുഖ്യസമ്പത്തുകഠം—ധനങ്ങളിൽവെച്ചു മികച്ച ധനങ്ങഠം. പുത്രനും—പുത്രനും വീരനായ പൌത്രനും തണ്ണീരുമുണ്ടാകാൻ. നൽസ്തവം—അങ്ങയെക്കുറിച്ച്.

അങ്ങയെപ്പേടിച്ചൊഴുകുന്നി,തെമ്പാടു—
മന്തരിക്ഷത്തിൽനിന്നക്ഷോഭ്യതോയവും;
ഇന്ദ്ര, നീ ചെല്ലെ നടുങ്ങുന്നു, വാനൂഴി,
കുന്നുകൾ, കാടു—മുററപ്പുറമൊക്കയും! 2

ശൂരനാം ശുഷ്ണനോടിന്ദ്ര, സകുത്സനായ്—
പ്പോരാടി നീ; രണേ കൊന്നു, കുയവനെ;
സൂരൻെറ തേർവട്ടടരിൽക്കവെന്നു നീ;
ദൂരീകരിച്ചു, ദുരിതകാരികളെ! 3

വിധ്വംസിയാം ശംബരൻെറയൊരുനൂറു
ദുർദ്ധർഷമാം പുരമൊട്ടുക്കുടച്ചു, നീ
സോമകൃത്താം ദിവോദാസനു,മീരിത—
സ്തോമനാകും ഭരദ്വാജനുമപ്പൊഴേ,
സോമനീരാകും വിലയ്ക്കു വാങ്ങപ്പെട്ട
ധീമൻ, ധനം നൽകിയല്ലോ, മതിബലാൽ! 4

സത്യയോധാന്വിതനബ്ഭവാൻ വൻപോരി—
നത്യുഗ്രമാം തേരിലേറുക,രുധന;
ഉത്തമാധ്വാവേ, സരക്ഷനായെങ്കൽ വ—
ന്നെത്തുക; കീർത്തിമൻ, കേൾപ്പിയ്ക്കു, ലോകരെ! 5

സൂക്തം 32.

സുഹോത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(കാകളി)

ഏററെപ്പുകഴ്ത്തപ്പെടേണ്ടുന്ന വിദ്ധത—
കാരിയും, വജ്രിയും, വായ്പുററ കെല്പനം,

---

2. തോയം = ജലം.

3. സകുത്സനായ്—കുത്സനോടുകൂടി. കുയവൻ—ഒരസുരൻ. ദുരിതകാരികൾ—രാക്ഷസാദികൾ.

4. സോമകൃത്ത്—സോമം ഉണ്ടാക്കിവെച്ചവൻ. ഈരിതസ്തോമൻ—സ്തോത്രം ചൊല്ലിയവൻ. മതിബലാൽ—ബുദ്ധിമിടുക്കിനാൽ.

5. സത്യയോധാന്വിതൻ = യഥാർത്ഥഭടരോടുകൂടിയവൻ. ഉത്തമാധ്വാവേ—മികച്ച മാർഗ്ഗമുള്ളവനേ. സരക്ഷൻ = രക്ഷയോടുകൂടിയവൻ. കേൾപ്പിയ്ക്കു ലോകരെ—ഞങ്ങളെ ലോകവിശ്രുതരാക്കിയാലും.

വീരന്നമാമീ മഹാന്ന സുഖപ്രദം
ഭൂരിനവ്യസ്തവം ചൊല്ലുന്നതുണ്ടു ഞാൻ: 1
അദ്രി പിളൎത്തക്കവിസ്തുതൻ വീശിച്ചി,—
തക്കനെക്കൊണ്ടൊളി രണ്ടുതായാരിലും;
ഗോക്കളെത്തൻ കെട്ടമറുത്താൻ, ശുഭധ്യാന—
മാൎഗ്ഗരാം സ്തോതാക്കളെ മേന്മേൽബ്ഭജിസ്കയാൽ. 2
സർവദാ മുട്ടു മടക്കിപ്പുകഴ്ത്തിയ
ഹവ്യദരൊത്തു ഗോക്കൾക്കായ്ജ്ജയിച്ചവൻ
വീഴ്ത്തി, കെല്പുററ പുരങ്ങളെ കവിമിത്ര—
മൈത്രീച്ഛയാൽക്കവിയായപ്പുരുക്രിയൻ. 3
സ്തുത്യഭിഗമ്യ, വൃഷാവേ, പ്രജകളെത്തൻ
മധ്യേ പുകഴ്ത്തുന്നവങ്കൽശ്ശുഭത്തിനായ്,
പുത്തൻബഡബാഗണത്തിലൂടേ വരി—
ക,ത്തമാന്നങ്ങളും വൻകെല്പു മേന്തി നീ! 4
അത്തുരാഷാട്ടിന്ദ്രനദ്യൽബലൻ ഹയ—
യുക്തൻ പൊഴിയ്ക്കുന്നു, നീർ ദക്ഷിണായനേ;
ഇത്ഥം പൊഴിച്ച നീരക്ഷോഭ്യമാമിട—
ത്തെത്തുന്നു, നിത്യം തിരിച്ചുപോരാപ്പടി. 5

സൂക്തം 32.

1. വിദ്രുതകാരി—വേഗത്തിൽ ചെയ്യുന്നവൻ.

2. അദ്രി — ഗോക്കളെ ഒളിപ്പിച്ചിരുന്ന മല. കവിസ്തുതൻ—കവികളാൽ, അംഗിരസ്സുകളാൽ, സ്തുതിയ്ക്കപ്പെട്ട ഇന്ദ്രൻ. രണ്ടുതായാരിലും—ദ്യാവാപൃഥിവികളിൽ ഒളി വീശിച്ചു. സ്തോതാക്കൾ— അംഗിരസ്സുകൾ.

3. മുട്ടു മടക്കി — വണങ്ങി. ഹവ്യദർ—അംഗിരസ്സുകൾ, പുരങ്ങൾ—അസുരരുടെ. കവിമിത്രമൈത്രീച്ഛയാൽ—കവികളായ മിത്രങ്ങളുടെ (അംഗിരസ്സുകളുടെ) മൈത്രിയ്ക്കുവേണ്ടി. പുരുക്രിയൻ—ബഹുകർമ്മാവ്.

4. സ്തുത്യഭിഗമ്യ—സ്തുതികൾകൊണ്ടു പ്രാപ്യനായുള്ളോവേ. പുകഴ്ത്തുന്നവങ്കൽ—സ്തോതാവിന്റെ അടുക്കൽ വരിക. ബഡബ=പെൺകുതിര. ഏന്തി—ഞങ്ങൾക്കു തരാൻ.

5. തുരാഷാട്ട്—ഇന്ദ്രപര്യായം: ഹിംസകരെ അമർത്തുന്നവൻ. ദക്ഷിണായനേ—ദക്ഷിണായനകാലത്തു നീർ പൊഴിയ്ക്കുന്നു, മഴ പെയ്യുന്നു. അക്ഷോഭ്യമാമിടത്ത്—സമുദ്രത്തിൽ. തിരിച്ചുപോരാപ്പടി—തിരിയേപോരലില്ലാതെ.

സൂക്തം 33.

ഭാരദ്വാജൻ ശുനഹോത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(കാകളി)

സ്വശ്വനായ്പ്പോരിൽ നല്ലശ്വത്തെ വീഴ്ത്തണം;
വെച്ചമർത്തണ,മെതിർത്ത ശത്രുക്കളെ;
അത്ര കെല്പുള്ളോനെ നൽകി,ന്ദ്ര, ഞങ്ങൾക്ക
ഭദ്രനെ, ത്യാഗിയെ,സ്സൂരിയെ, വർഷക! 1

അങ്ങയെയല്ലോ പുകഴ്ത്തി വിളിയ്ക്കുന്നു,
സംഗരേ ത്രാണനത്തിന്നിന്ദ്ര, മാനുഷർ:
കൊന്നാൻ, പണികളെ മേധാഢ്യരൊത്തു നീ;
കൊററു നിൻരക്ഷയിൽ നില്ക്കിലേ കൈവരൂ! 2

ശൂര, നീ കൊന്നു, മുടിയ്ക്കുന്ന ശത്രുക്ക,—
ളാര്യരാം ഛാദകരീയിരുക്കൂട്ടരെ;
കാടുകളെപ്പോലറുക്കമേ, ശസ്ത്രങ്ങൾ
ഗാഢമയച്ചിന്ദ്ര, നേതൃനേതാവു നീ! 3

ഏറെയാരം പോകാത്ത പോരിൽപ്പൊരുതേങ്ങൾ
ശൂര, ധനാത്ഥം ഭവാനെ വിളിയ്ക്കുവേ

സൂക്തം 33.

1. സ്വശ്വൻ=നല്ല കുതിരകളോടുകൂടിയവൻ. അശ്വത്തെ—ശത്രുക്കളുടെ കുതിരകളെ. കെല്പുള്ളോനെ—ബലവാനായ പുത്രനെ. ഭദ്രൻ—ശോഭനാശയൻ. ത്യാഗി=ദാതാവ്. അങ്ങയ്ക്കു ഹവിസ്സു നൽകുന്നവൻ. സൂരി—സ്തോതാവ്. വർഷക—ഹേ അഭീഷ്ടവർഷിൻ.

2. സംഗരേ=യുദ്ധത്തിൽ. ത്രാണനം=രക്ഷണം. പണികൾ—ഗോക്കളെ അപഹരിച്ച അസുരന്മാർ. മേധാഢ്യർ—അംഗിരസ്സുകൾ. അങ്ങയാൽ രക്ഷിയ്ക്കപ്പെടാത്തവന്നു് അന്നം കിട്ടില്ല.

3. മുടിയ്ക്കുന്ന (കർമ്മനാശകരായ) ശത്രുക്കൾ, ആര്യ(കർമ്മവാന്മാ)രായ ഛാദകർ(മറച്ചു വിശ്വരൂപനും മററും), ഈ രണ്ടുകൂട്ടരെയും നീ കൊന്നു. അറുക്കമേ—മററു ശത്രുക്കളെയും. നേതൃനേതാവ്=നേതാക്കളിൽവെച്ചു നേതാവ്.

4. ഏറെയാരം പോകാത്ത—മീക്കവെക്കും കുസലുണ്ടാകുമല്ലോ, പോരിലി

സദ്രക്ഷയാൽക്കാക്കകെ,ഞങ്ങളെപ്പൊന്തിച്ചു;
സഖ്യവും കൊൾകിന്ദ്ര, സർവതോഗാമി നീ! 4

ഞങ്ങടെയാകി,ന്നമിന്ദ്ര, നീ പിന്നെയും—
തുംഗനാം നീ സുഖിപ്പിയ്ക്കു, വന്നെങ്ങളെ—
ഇത്ഥം പുകഴ്ത്തുന്ന ഞങ്ങൾ ഗോവൃദ്ധി പൂ—
ണ്ടെത്താവു, മാലറ്റും നിൻസുഖദീപ്തിയിൽ! 5

സൂക്തം 34.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

നിങ്കലേ വന്നെത്തി,യിന്ദ്ര, മുൻഗാഥകൾ;
നിങ്കൽനിന്നുണ്ടായ്‌വരുന്നു, വൻചിന്തകൾ.
അന്നേമിന്നുമൃഷിസ്തോത്രവുമുക്ഥവു—
മിന്ദ്രങ്കലെത്താൻ പൊരുതീ, പരസ്പരം! 1

ഏകൻ മഹാൻ പുരുത്സാഹിതനേവനോ;
യാഗസ്ഥരാൽപ്പുരുഹൂതൻ പുരുസ്തുതൻ;
ആയിന്ദ്രനെപ്പെരുംകെല്പിന്നു, തേരുപോ—
ലായോജനംചെയ്യു വാഴ്ത്തുമാറാക, നാം! 2

റങ്ങാൻ. ധനാർത്ഥം—ശത്രുക്കളുടെ ധനം കീഴടക്കാൻ: പൊന്തിച്ചു—വളർത്തി, ജയിപ്പിച്ചു. സർവതോഗാമി=എല്ലാടത്തും പോകുന്നവൻ.

5. ഇന്നും പിന്നെയും (മേലിലും) നീ ഞങ്ങടെയാക — ഞങ്ങളുടെ സ്വന്തമായായാലും. തുംഗൻ —മഹാൻ. ഗോവൃദ്ധി പൂണ്ട്—വളരെ ഗോക്കളെ നേടി. സുഖദീപ്തി—സുഖപ്രകാശം; ദീപ്തമായ സുഖത്തിൽ എത്താവു!

സൂക്തം 34.

1. മുൻഗാഥകൾ—പൂർവസ്തുതികൾ. വൻചിന്തകൾ—വലിയ ആശയങ്ങൾ. ഋഷിസ്തോത്രം=ഋഷിമാരുടെ സ്തോത്രങ്ങൾ. പരസ്പരം പൊരുതീ—'ഞാൻ മുമ്പേ, ഞാൻ മുമ്പേ' എന്നു തമ്മിൽ മത്സരിച്ചു. ഉത്തരാർദ്ധം പരോക്ഷകഥനമാകുന്നു.

2. പുരുത്സാഹിതൻ=വളരെയാളുകളാൽ ഉത്സാഹിപ്പിയ്ക്കപ്പെട്ടവൻ. പുരുഹൂതൻ=വളരെ വിളിയ്ക്കപ്പെട്ടവൻ. പുരുസ്തുതൻ=വളരെ സ്തുതിയ്ക്കപ്പെട്ടവൻ. ആയോജനംചെയ്യു=പൂട്ടിനിർത്തി.

ഭക്തിയും സ്തോത്രവും നോവിച്ചിടാ, നതി—
സക്തനാമിന്ദ്രനെച്ചെന്നു വളർത്തുമേ:
ഗാഥ പാടുന്നതുണ്ടല്ലോ, ശതം ശതം
സ്തോതൃജനങ്ങ;-ളവന്നതു സൌഖ്യദം! 3

ഇന്ദ്രനുതന്നെയാണി,ന്നു, ജലം കൂട്ടി
നന്നായളന്നതാം സോമവും സ്തോത്രവും;
തന്നെ വളർത്തീ ഹവിസ്സും സ്തവനവും,
തണ്ണീർപ്രവാഹം മരുസ്ഥനെപ്പോലവേ. 4

ഈയിന്ദ്രനെപ്പററിയീ മഹത്താം സ്തവ—
മീയിന്ദ്രനെപ്പററിയിന്നുതി—ചൊല്ലിനാർ,
കുന്നിച്ച യുദ്ധത്തിൽ വിശ്വസഞ്ചാരിയാ—
മിന്ദ്രൻ വളർത്തു രക്ഷിപ്പുവാനായ്ബ്ബുധർ. 5

സൂക്തം 35.

ഭാരദ്വാജൻ നരൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സ്തോത്രങ്ങരം എപ്പോരം പള്ളിത്തേരിൽ ചെന്നെത്തും? ആയിരംപേരെപ്പുലർത്താനുള്ള വക സ്തോതാവിന്നു ഭവാൻ എപ്പോരം തരും? ഇവൻെറ സ്തോത്രത്തെ ഭവാൻ എപ്പോരം ധനത്തിൽ പാർപ്പിയ്ക്കും? ഭവാൻ എപ്പോരം കർമ്മങ്ങളെ അന്നംകൊണ്ടു രമണീയങ്ങളാക്കും? 1

---

3. അന്യരുടെ ഭക്തി(സപര്യ)യും സ്തുതിയും ദാനശക്തിയില്ലാത്തവന്നേ വേദനയുളവാക്കു. നേരേമറിച്ചാണല്ലോ ഇന്ദ്രൻെറ സ്ഥിതി. ഗാഥ—സ്തുതി. അതു—സ്തുതിഗാനം.

4. നന്നായ്—മന്ത്രം ജപിച്ചുകൊണ്ട്. തന്നെ—അദ്ദേഹത്തെ, ഇന്ദ്രനെ. മരുസ്ഥൻ—നിർജ്ജലപ്രദേശസ്ഥിതൻ; ഇവന്നു വെള്ളം കിട്ടിയാൽ വളർച്ച (സംതൃപ്തി) വരുമല്ലോ.

5. ബുധർ=സൂരികരം, സ്തോതാക്കരം.

സൂക്തം 35.

1. പ്രത്യക്ഷോക്തി: സ്തോതാവിന്ന്—എനിയ്ക്ക്. ഇവൻെറ—എൻെറ. ധനത്തിൽ പാർപ്പിയ്ക്കും—ലബ്ധധനമാക്കും. കർമ്മങ്ങരം—അഗ്നിഹോത്രാദികരം.

ഇന്ദ്ര, എന്നായിരിയ്ക്കും, അങ്ങ് ആരംക്കാരെ ആരംക്കാരോടും, വീരന്മാരെ വീരന്മാരോടും ഏററുമുട്ടിയ്ക്കുകയും, പോരിൽ ജയിയ്ക്കുകയും, എതിരാളികളുടെ കറവപ്പൈക്കളെ കീഴടക്കുകയും, ഞങ്ങരംക്കു സാർവത്രികമായ ധനം തരികയും ചെയ്യുക? 2

ഇന്ദ്ര, ബലിഷ്ഠ, എന്നായിരിയ്ക്കും, അങ്ങ് സ്തോതാവിന്നു ബഹുവിധമായ അന്നം ഏർപ്പെടുത്തുക; എന്നായിരിയ്ക്കും അങ്ങ് കർമ്മങ്ങളെയും സ്തുതികളെയും സ്വീകരിയ്ക്കുക? എന്നായിരിയ്ക്കും, അങ്ങ് ഗോപ്രദങ്ങളായ സ്തോത്രങ്ങളിൽ വന്നണയുക? 3

ഇന്ദ്ര, എന്നാൽ അവിടുന്നു സ്തോതാവിന്നു ഗോക്കളെ നല്കുന്ന, അശ്വങ്ങളെക്കൊണ്ടൊറ്റാദിപ്പിയ്ക്കുന്ന, ബലംകൊണ്ടു പുകരംപ്പെട്ട അന്നങ്ങരം ഭരദ്വാജരിൽ വെച്ചാലും——അന്നങ്ങളെയും നല്ല കറവപ്പയ്യിനെയും തഴപ്പിച്ചാലും; സൽപ്രഭകൊണ്ടുദ്ഭാസിപ്പിച്ചാലും! 4

ശക്ര, ആ പുതിയ ദ്രോഹിയെ ഭവാൻ മറെറാരു മട്ടിലാക്കണം! ശൂരനായ, പിളത്തുന്നവനായ ഭവാനെ സ്തുതിയ്ക്കുന്ന ഞാൻ വെൺപാൽ ചുരത്തുന്ന പയ്യിങ്കൽനിന്നകലരുത്. മേധാവിൻ, അവിടുന്ന് ആംഗിരസരെ അന്നം കൊണ്ട് ആനന്ദിപ്പിച്ചാലും! 5

സൂക്തം 36.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

സത്യമായും അങ്ങയുടെ മത്തും, സത്യമായും അങ്ങയുടെ ത്രൈലോക്യസമ്പത്തും വിശ്വജനീനമാകുന്നു; സത്യമായും, അന്നങ്ങരം

---

2. ആരംക്കാരെ ആരംക്കാരോടും——ഞങ്ങളുടെ ആളുകളെ ശത്രുജനങ്ങളോടും. വീരന്മാരെ വീരന്മാരോടും——ഞങ്ങളുടെ പുത്രന്മാരെ ശത്രുപുത്രന്മാരോടും.

3. ഗോപ്രദങ്ങരം——ഗോലബ്ധിയാകുന്ന ഫലമുളവാക്കുന്ന

4. ഭരദ്വാജരിൽ——ഭരദ്വാജപുത്രന്മാരായ ഞങ്ങളിൽ.

5. മറെറാരു മട്ടിലാക്കണം——മരിപ്പിയ്ക്കണം. പിളത്തുന്നവനായ——ശത്രുക്കളെ. പയ്യ്——ഭവദ്ദത്തയായ ധേനു. ആംഗിരസർ——അംഗിരോഗോത്രക്കാരായ ഞങ്ങരം.

പകുക്കുന്നവനാണ്, ഭവാൻ; ദേവകളിൽവെച്ചു ബലവാനാണല്ലോ, അങ്ങ്! 1

തന്തിരുവടിയുടെ ബലത്തെ ആളുകൾ തുലോം പൂജിക്കുന്നു; സത്യമായും, വീരകർമ്മത്തിന്നു മുൻനിർത്തുന്നു; സദാ എതിർക്കുന്നവരെ പിടിച്ചു കൊല്ലുന്ന ആ പ്രധർഷകനു, മുടക്കിയെ മുടിക്കാൻ, കർമ്മവുമനുഷ്ഠിക്കുന്നു! 2

ആ ഇന്ദ്രനെ രക്ഷകളും വീര്യങ്ങളും ബലങ്ങളും പെൺകുതിരകളും ഒന്നിച്ചുനിന്നു സേവിക്കുന്നു; നദികൾ സമുദ്രത്തിലെന്നപോലെ, ഉക്ഥാദിസ്തുതികൾ ആ വിദൂരവ്യാപ്തനിൽ ചെന്നുചേരുന്നു! 3

ഇന്ദ്ര, അങ്ങനെ സ്തുതിക്കപ്പെടുന്ന ഭവാൻ വളരെപ്പേരെ ആറ്റാദിപ്പിക്കുന്ന, പൊറുപ്പിക്കുന്ന ധനം ഇങ്ങു വർഷിച്ചാലും: പ്രാണികൾക്ക് ഒരു നിസ്തുല്യനായ നാഥനാണല്ലോ––ഉലകിന്നൊക്കെ ഒററപ്പെരുമാളാണല്ലോ––നിന്തിരുവടി. 4

അതിനാൽ, വളരെശ്ശത്രുസമ്പത്തുകളെ സൂര്യൻപോലെ കീഴടക്കുന്ന പരിചരണേച്ഛുവായ ഭവാൻ ശ്രോതവ്യം ക്ഷണേന ശ്രവിച്ചാലും; സ്തൂയമാനനായി കാലേ കാലേ ഹവിസ്സുകൊണ്ടേറിയപ്പെടുന്ന ബലവാനായ ഭവാൻ ഞങ്ങളുടെയായിത്തീരുമാറാകണം! 5

സൂക്തം 37.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

പൂട്ടിയ വാജികളിങ്ങണയ്ക്കട്ടെ, കെ–
ല്പേററമുള്ളിന്ദ്ര നിൻ വിശ്വകാമ്യം രഥം:

സൂക്തം 36.

1. മത്ത്––സോമപാനമദം. വിശ്വജനീനം=സർവജനഹിതം. പ്രത്യക്ഷകഥനമാണിത്.

2. പരോക്ഷകഥനം: മുൻനിർത്തുന്നു––ഇന്ദ്രനെ. മുടക്കി––വിഘ്നകാരി.

5. സൂര്യൻപോലെ––സൂര്യൻ ഭുവനങ്ങളെയെന്നപോലെ. പരിചരണേച്ഛു––ഞങ്ങളുടെ പരിചരണമിച്ഛിക്കുന്നവൻ. ശ്രോതവ്യം––കേൾക്കേണ്ടത്, സ്തുതി.

നിന്നെ വിളിയ്ക്കുന്നു, നല്ലനാം സ്തോതാവു;
നിന്നൊടൊത്തൻപാർന്നു വാഴ്ക്കുകെ,ങ്ങളിനി! 1

പച്ചനീരെങ്ങൾതൻ കർമ്മത്തിൽ വന്നണ-
ഞ്ഞച്ഛമായ് നേരേ പൊഴിഞ്ഞു, കുടങ്ങളിൽ:
ഒന്നാസ്വദിയ്ക്കുമാറാകി,ത്തു വിൺവാഴ-
മിന്ദ്രൻ, പുരാതനൻ, സോമമത്തിൻ പുരാൻ! 2

നേരേ പരിതശ്ചരിയ്ക്കും രഥാശ്വങ്ങൾ
തേരിലിരിയ്ക്കുന്ന കെല്പാകുമിന്ദ്രനെ
ഹവ്യത്തിലെയ്ക്കിങ്ങു കൊണ്ടുവരേണമേ:
ദിവ്യമിതിന്നു കാറ്റേററു വററീടൊലാ! 3

ഏതിനാൽപ്പോക്കമോ, തിന്മ നീ വജ്രവൻ;
സ്തോതൃധനങ്ങൾ കൊടുക്കയും ചെയ്യുമോ;
അദ്ദാനമീ ഹവിഷ്മാന്നയയ്ക്കും, ബഹു-
കൃത്യശതൻ ധൃഷ്ണുവിന്ദ്രൻ മഹത്തരൻ! 4

ഇന്ദ്രൻ സുതേജസ്വി നൽകട്ടെ, വൻകരു;—
ത്തിന്ദ്രനഭിജ്ഞൻ വളരട്ടെ, വാഴ്ത്തലാൽ;
ഇന്ദ്രൻ പ്രമാഥി കൊല്ലട്ടേ, മുടക്കിയെ;—
ത്തന്നരുളട്ടേ, തിടുക്കമോടദ്ധനം! 5

സൂക്തം 37.

1. നല്ലൻ=നല്ലവൻ.

2. പച്ചനീർ—പച്ചനിറം പൂണ്ട സോമനീർ. അച്ഛമായ്—വെടിപ്പു വരുത്തപ്പെട്ട്. നേരേ—ചെരിയാതെ; ചെരിഞ്ഞാൽ നിലത്തു വീഴുമല്ലോ. കുടങ്ങളിൽ—ദ്രോണകലശങ്ങളിൽ.

3. നേരേ—വളയാതെ. പരിതശ്ചരിയ്ക്കും—ചുഴലെ നടക്കുന്ന. കെല്പാകും—സർവർക്കും ബലഭൃതനായ. ദിവ്യം—അനശ്വരമെന്നു സാരം. ഇതു—ഹവിസ്സായ സോമനീർ.

4. സ്തോതൃധനങ്ങൾ—സ്തോതാക്കളായ പുത്രന്മാരെയും ധനവും. ഉത്തരാർദ്ധം പരോക്ഷം.

5. വാഴ്ത്തലാൽ—നമ്മുടെ സ്തുതികൾകൊണ്ട്. പ്രമാഥി—ശത്രുമർദ്ദനൻ.

സൂക്തം 38.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.
(കാകളി)

ഞങ്ങരംതൻ സോമമിതുണ്ണുക,ത്വദ്ഭുത;—
നംഗീകരിക്ക, മഹോജ്ജ്വലേന്ദ്രസ്തവം;
ദിവ്യർക്കു ചെയ്യും പ്രശംസ്യമാം യജ്ഞവും
ഹവ്യവും വാങ്ങട്ടെ, ഭവ്യവിശ്രാണനൻ! 1

ഇന്ദ്രന്റെ കർണ്ണങ്ങരം ദൂരത്തുനിന്നുമേ
വന്നെത്തു:—മൊച്ചപരത്തുന്ന, വാഴ്ത്തുവോൻ;
ഈയിന്ദ്രനെക്കൊണ്ടുപോരട്ടെ,യെങ്കലെ—
യ്ക്കീയയയ്ക്കപ്പെട്ടം ദേവഹൂതിസ്തുതി! 2

ഇന്ദ്ര, പുരാതനനിർജ്ജരനാം നിന്നെ—
യുന്നതമായ് സ്തുതിച്ചന്നമർപ്പിപ്പു, ഞാൻ:
ഇന്ദ്രങ്കലല്ലോ, ഹവിസ്സും സ്തവങ്ങളും
ചെന്നുചേരുന്നതും, വൻനുതി വായ്പതും! 3

വാഴ്ത്തിപ്പു, യജ്ഞവും സോമവുമിന്ദ്രനെ;
വാഴ്ത്തിപ്പു, ഹവ്യസ്തവോക്ഥമന്ത്രങ്ങളും;
വാഴ്ത്തിപ്പു, രാവിന്റെ പോക്കിലുഷസ്സുകരം;
വാഴ്ത്തിപ്പു, നാരം, തിങ്ങ,ളാണ്ടുമീയിന്ദ്രനെ! 4

ഇത്ഥം വെളിപ്പെട്ടമർത്താൻ സമഗ്രമായ്
വർദ്ധിക്കുമുഗ്രനാം വമ്പാളുമങ്ങയെ,
യുദ്ധത്തിൽ വിശ്രുതസ്വത്തിനും രക്ഷയ്ക്കു—
മദ്യ ഭജിക്കുാവു, ഞങ്ങരം മഹാമതേ! 5

സൂക്തം 38.

1. ഉണ്ണുക—നുകരട്ടെ. മഹോജ്ജ്വലേന്ദ്രസ്തവം=മഹത്തും ഉജ്ജ്വലവുമായ ഇന്ദ്രസ്തവം. ദിവ്യർ—ദേവകരം. ഭവ്യവിശ്രാണനൻ=ശോഭനദാനൻ.

2. വന്നെത്തും—സ്തോത്രം കേരംപ്പാൻ. ദേവഹൂതിസ്തുതി—ഇന്ദ്രനെ വിളിക്കുലാകുന്ന സ്തുതി. കൊണ്ടുപോരട്ടെ—ഒരു ദൂതിപോലെ എന്നു ധ്വനി.

3. ഉന്നതമായ്=ഉൽക്കൃഷ്ടമാംവണ്ണം. ഉത്തരാർദ്ധം പരോക്ഷോക്തി.

5. അമർത്താൻ—ശത്രുക്കളെ. അദ്യ=ഇപ്പോരം.

സൂക്തം 39.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.
(കാകളി)

ദിവ്യ,മുഗ്രം, ഫലവാഹി, വിപ്രസ്തുതം,
നവ്യം, നിഷേവ്യ,മീ ഞങ്ങരംതൻ സോമനീർ
ദേവ, കുടിയ്ക്കു,മത്തിന്നായ്; സ്തുതിപ്പോന്നു
കൈവരുത്തീടുക, ഗോപ്രധാനാന്നവും! 1

സത്യകർമ്മാക്കളോടൊത്തു നുതനിന്ദ്ര—
നദ്രിപര്യന്തസ്ഥഗോക്കളെ നേടുവാൻ
കുത്തിപ്പൊളിച്ചാൻ, വലന്റെ കട്ടിമല;
യുദ്ധവും ചെയ്താൻ, പണികളോടേററിവൻ! 2

പണ്ടുമ്പരിന്ദ്ര, ദിനധ്വജമാക്കുക-
കൊണ്ടീയൊരിന്ദുവഹോരാത്രികളെയും
പക്ഷമാസാബ്ദങ്ങളേയും വിളങ്ങിപ്പി;—
തച്ഛോദയവുമാക്കുന്നു, പുലരിയെ! 3

പോക്കുന്നു, ദീപ്തനായ് നിന്നിവനല്ലിനെ;-
ച്ചേക്കുന്നു, തേജസ്സുഷസ്സുകരംക്കമിവൻ;
സ്തോത്രയുക്താശ്വമാം സ്വത്തണിത്തേരേറി
യാത്രചെയ്വൂ, നരാഭീഷ്ടപൂർത്തിയ്ക്കിവൻ! 4

സൂക്തം 39.

1. ഉഗ്രം = വീര്യമുള്ളത്. വിപ്രസ്തുതം = മേധാവികളാൽ സ്തുതിയ്ക്കപ്പെട്ടത്. നവ്യം = സ്തുത്യം. ഗോപ്രധാനാന്നം—ഗോരസപ്രധാനമായ അന്നം.

2. സത്യകർമ്മാക്കരം—അംഗിരസ്സുകരം. നുതൻ—അംഗിരസ്സുകളാൽ സ്തുതൻ. പണികരം—വലന്റെ കൂട്ടാളികളായ അസുരന്മാർ.

3. ദിനധ്വജം—ദിവസങ്ങളുടെ അടയാളം. ഇന്ദു—ചന്ദ്രാത്മനാ വർത്തിയ്ക്കുന്ന സോമം. അച്ഛോദയം = നിർമ്മലമായ ഉദയത്തോടുകൂടിയത്; സ്വതേജസ്സുകൊണ്ടു പുലരിയെ (ഉഷസ്സിനെ) പരിശുദ്ധിപ്പെടുത്തുന്നു. സോമംതന്നെ, ചന്ദ്രൻ എന്നാശയം.

4. ദീപ്തനായ്നിന്ന്—സൂര്യാത്മനാ വർത്തിച്ച്. ഇവൻ—ഇന്ദ്രൻ. സ്തോത്രയുക്താശ്വം = സ്തോത്രങ്ങരംകൊണ്ടു കുതിരകളെപ്പൂട്ടിയത്. സ്വത്തണിത്തേര്—സ്തോതാക്കരംക്കു കൊടുക്കാൻ ധനങ്ങരം വെച്ചിട്ടുള്ള രഥം.

ത്വദ്ദാനപാത്രമാം സൂരിയ്ക്കു ബഹുവന്ന-
മെത്തിയ്ക്കു, പൂർവ, പുരാനേ, നുതൻ ഭവാൻ;
അർച്ചകന്നേകുക, നല്ക്കാടു, നീർ, സസ്യ,-
മശ്വങ്ങളും, ഗോക്കൾ,ളാൾക്കാരിവയും ദ്രുതം! 5

സൂക്തം 40.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

നിന്മത്തിനിന്ദ്ര, പിഴിഞ്ഞതു സേവിയ്ക്കു;
നിർത്തി വിടുക, ചങ്ങാതിഹരികളെ;
കൂട്ടത്തിലിങ്ങിരുന്നേററു പാടീടുക;
കൂട്ടുക, വാഴ്ത്തുന്ന യഷ്ടാവിനന്നവും! 1

ഇന്ദ്ര, കുടിയ്ക്കു, പിറപ്പിലേ ജോലിയ്ക്കു-
മിമ്പത്തിനമായ്ക്കുടിച്ചതുദാര, നീ:
പാൽവെള്ളമമ്മിനേതാക്കളീയിന്ദുവെ
പ്രാപിച്ചിരിപ്പു, ഭവാനു കുടിയ്ക്കുവാൻ? 2

അഗ്നി വളർന്നു, പിഴിഞ്ഞു സോമം: കരു-
ത്തൊക്കുമശ്വങ്ങളിങ്ങെത്തിയ്ക്കുക,ങ്ങയെ.
ഇന്ദ്ര, കൊതിച്ചു വിളിയ്ക്കുന്നു, നിന്നെ ഞാൻ—
വന്നാലു,മെങ്ങൾക്കു വൻനല്പിനിന്ദ്ര, നീ! 3

---

5. സൂരി—സ്തോതാവ്. പൂർവ—പുരാതന. അർച്ചകൻ—സ്തോതാവ്. നല്ക്കാട്—രക്ഷകമായ വനം; ചൂതപനസാദിവൃക്ഷത്തോപ്പ്. നീർ—വർഷജലം.

സൂക്തം 40.

1. ചങ്ങാതികളായ ഹരികളെ (രണ്ടശ്വങ്ങളെ) നിർത്തിയിട്ട് അഴിച്ചുവിടുക. കൂട്ടം—ഞങ്ങളുടെ സ്തോത്രസംഘം. ഏററുപാടീടുക—കൊണ്ടാടുക, പ്രശംസിയ്ക്കുക. കൂട്ടുക—ഏർപ്പെടുത്തുക, കൊടുക്കുക.

2. ജോലി—വൃത്രവധാദികർമ്മം. കുടിച്ചത്—സോമം. ഉദാര—മഹാനായുള്ളോവേ. നേതാക്കൾ—അധ്വര്യുക്കൾ. ഇന്ദു=സോമം.

3. വൻനല്പിന്—വലിയ നന്മ ഉളവാക്കാൻ.

വന്നാലു, മന്നൊക്കെ വന്നപോലിന്ദ്ര, നീ
വൻനെഞ്ചിലിച്ഛയാ സോമം കുടിയ്ക്കുവാൻ;
കേൾക്കുകീ, ഞങ്ങൾതൻ സ്തോത്രവും; നിൻതിരു-
മെയ്ക്കഥ യജ്ഞവാനന്നമർപ്പിയ്ക്കുമേ! 4

ദൂരത്തു വിണ്ണിലാം, മററിടത്താം, നിജാ-
ഗാരത്തിലാ——മെങ്ങുനിന്നുമേ സാദരനായ്
വന്നെങ്ങൾതൻ സോമമുൺക, മതി വരാ-
നിന്ദ്ര, മരുദ്യുതൻ സ്തോത്രൈഷി നീ മുദാ! 5

———

സൂക്തം 41.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഇന്ദ്ര, വരികി, ടയാതെ യജ്ഞേ ഭവാ-
ന്നിന്ദു പിഴിഞ്ഞരിച്ചീടിന നീരുകൾ
പൂകുന്നു, തന്നിടം വജ്രവൻ, ഗോക്കൾപോ;-
ലാഗമിച്ചാലും, മഖാർഹരിൽ മുമ്പിൽ നീ! 1

ഇന്ദ്ര, നീ നൽത്തേനജസ്രം കുടിയ്ക്കുന്ന
നിൻനാവിനുണ്ടു, വലുപ്പവും ഭംഗിയും;

---

4. അന്നൊക്കെ——മുമ്പു പലപ്പോഴും. വൻനെഞ്ച് = വിശാലമായ മനസ്സ്. മെയ്ക്ക്——ദേഹപുഷ്ടിയ്ക്ക്. അഥ——സ്തോത്രശ്രവണാനന്തരം. യജ്ഞവാൻ——യജമാനൻ. അന്നം——ഹവിസ്സ്, സോമം.

5. നിജാഗാരം = സ്വഗൃഹം. എങ്ങുനിന്നുമേ——എവിടെനിന്നെങ്കിലും. ഉൺക = ഭുജിച്ചാലും. സ്തോത്രൈഷി = സ്തുതിതൽപരൻ.

സൂക്തം 41.

1. ഇടയാതെ = അരിശപ്പെടാതെ. തന്നിടം——ദ്രോണകലശാദി. ഗോക്കൾപോലെ——ഗോക്കൾ തന്നിടം (തൊഴുത്ത്) പൂകുന്നതുപോലെ. മഖാർഹരിൽ മുമ്പിൽ——മററുമഖാർഹർ (ദേവന്മാർ) വരുന്നതിന്നുമുമ്പ്.

സേവിയ്ക്കിതുകൊണ്ടു; നില്ക്കയായധ്വര്യ;
താവകവജ്രമണയട്ടെ, ഗോവിനായ്! 2

ഇഷ്ടങ്ങൾ പെയ്യുമിന്ദ്രന്നിതാ, സജ്ജമായ്,
വൃഷ്ടാഭിലാഷം വിചിത്രമാം സോമനീർ:
പണ്ടേ ഭവാനടേതാമിബ്ഭവേദന്ന-
മുണ്ടുകൊൾക,യ്ഗ്ര, ഹര്യശ്വ, താങ്ങേ, ഭവാൻ! 3

കേമം, പിഴിയാത്തതെക്കാൾ,പ്പിഴിഞ്ഞൊരി-
സ്സോമ;—മഭിജ്ഞന്നു വായ്പിയ്ക്കുമിമ്പവും;
ഇന്ദ്ര, കടക്കും ഭവാനീ ഹവിസ്സിങ്കൽ
വന്നു നിറച്ചുകൊൾകെ,ല്ലാബ്ബലത്തെയും! 4

നിന്നെ വിളിയ്ക്കുന്നു, ഞങ്ങൾ—വരികിങ്ങു:
നിന്നുടല്ക്കു തികഞ്ഞീടട്ടെ, സോമനീർ;
നീരിതശിച്ചു രസിയ്ക്ക, ശതക്രതോ;
പോരിലും നാട്ടിലും പാലിയ്ക്കുകെ,ങ്ങളെ! 5

സൂക്തം 42.

ഭരദ്വാജൻ ഋഷി; അനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.
('താമരക്കണ്ണൻ'പോലെ)

നേതാവായ് വിശ്വവേത്താവായ്പ്പിമ്പാ-
കാതെത്തും പൂർണ്ണയാത്രനായ്

---

2. **നൽത്തേൻ**—മധുരസോമം. സേവിയ്ക്ക=കടിച്ചാലും. ഇതു—നാവ്. നില്ക്കയായ്—സ്വസ്ഥാനത്തു കാത്തുനിൽക്കുന്നു. അണയട്ടെ—ശത്രുക്കളിൽ ചെല്ലട്ടെ. ഗോവിനായ്—ശത്രുക്കളുടെ ഗോക്കളെ പിടിച്ചടക്കാൻ.

3. വൃഷ്ടാഭിലാഷം=അഭീഷ്ടവർഷി. വിചിത്രം=വിവിധരൂപം, ഉഗ്ര=ബലമേറിയവനേ. താങ്ങേ=സർവാധാരമേ.

4. ഈ സോമം പിഴിയാത്ത മററു സോമത്തെക്കാൾ മികച്ചതാണ്; അഭിജ്ഞന്ന് (വിദ്വാനായ ഭവാന്ന്) ഇമ്പം വായ്പിയ്ക്കുന്നതുമാണ്. കടക്കും—ശത്രുക്കളെ പിന്നിടുന്ന. നിറയ്ക്കുക=പൂർത്തിപ്പെടുത്തുക. സോമപാനം ഭവാന്റെ ബലത്തെ പൂർണ്ണമാക്കും.

5, തികഞ്ഞീടട്ടെ—വേണ്ടുവോളം തൃപ്തി വരുത്തട്ടെ.

പാനലോലുപനായ തന്തിരു—
മേനിയ്ക്കു കൊണ്ടുവെയ്ക്കു, നീ. 1

സോമംകൊണ്ടേററം നീരാസ്വദിയ്ക്കു—
മീ മഹൌജസ്സാമിന്ദ്രങ്കൽ
ചെന്നണയുവിൻ, നേരിട്ടു നിങ്ങ—
ളിന്ദുനീർപ്പാത്രച്ചാർത്തുമായ്. 2

നൽത്തെളിസോമനീരുമായ് നിങ്ങ—
ളദ്ധർഷകങ്കൽച്ചെല്ലുകിൽ,
ബുദ്ധിമാനറിഞ്ഞീടുമേ, സർവ;—
മുദ്ദിഷ്ടമതാതേകുമേ! 3

അദ്ദേഹത്തിന്നുതന്നെയപ്പിയ്ക്കു,—
കധ്വര്യോ, താങ്കൾ സോമനീർ,
ഉദ്യുക്താമിത്രന്മാരുടെയെല്ലാം
കുത്തിൽനിന്നെന്നും രക്ഷിപ്പാൻ! 4

സൂക്തം 43.

ഭരദ്വാജൻ ഋഷി; ഉഷ്ണിക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
('താമരക്കണ്ണൻ' പോലെ)

അന്നേതിൻമത്തിൽശ്ശംബരനെ നീ
കൊന്നുവോ ദിവോദാസന്നായ്;

സൂക്തം 42.

1. അധ്വര്യുവിനോട്: വിശ്വവേത്താവ്=സർവജ്ഞൻ. പിമ്പാകാതെ—എല്ലാവരെക്കാളും മുമ്പേ. എത്തും—യാഗങ്ങളിൽ ചെന്നുചേരുന്ന. പൂർണ്ണയാത്രൻ—ഇടയ്ക്കു നിർത്താതെ യാത്ര മുഴുമിപ്പിയ്ക്കുന്നവൻ. പാനലോലുപൻ—സോമപാനേച്ഛു. തന്തിരുമേനി—ഇന്ദ്രൻ. കൊണ്ടുവെയ്ക്കു—സോമം.

2. അധ്വര്യുക്കളോട്: ഇന്ദുനീർപ്പാത്രച്ചാർത്ത്—സോമനീർ നിറച്ച ചമസാദിപാത്രസമൂഹം.

3. സർവം—നിങ്ങളുടെ അഭിലാഷമെല്ലാം.

4. കുത്ത്—ദ്രോഹം.

അസ്സോമത്തിൻെറ നീരിതാ, നിന–
ക്കാ;—സ്വദിച്ചാലു,മിന്ദ്ര, നീ! 1

ഏതിൻമത്തേകും തീവ്രനീർ നിന്നാൽ
ത്രാതമായ്, മധ്യാന്തങ്ങളിൽ;
അസ്സോമത്തിൻെറ നീരിതാ, നിന–
ക്കാ;—സ്വദിച്ചാലു,മിന്ദ്ര, നീ! 2

നേർക്കേതിൻമത്തിൽശ്ശൈലാന്തർബദ്ധ–
ഗോക്കളെ മോചിപ്പിച്ചു, നീ!
അസ്സോമത്തിൻെറ നീരിതാ, നിന–
ക്കാ;—സ്വദിച്ചാലു,മിന്ദ്ര, നീ! 3

ഏതന്നത്താലോ ഹർഷിച്ചേന്തുന്നു,
നീ ത്തുരാഷാട്ടിൻകെല്പിനെ;
അസ്സോമത്തിൻെറ നീരിതാ, നിന–
ക്കാ;—സ്വദിച്ചാലുമിന്ദ്ര, നീ! 4

സൂക്തം 44.

ബൃഹസ്പതിപുത്രൻ ശംയു ഋഷി; അനുഷ്ടുപ്പും വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ' പോലെ)

യാതൊന്നോ പുരുവിത്തം, വിത്തവൻ,
ജ്യോതിസ്സാലതിഭാസ്വരം;

സൂക്തം 43.

1. ഏതിൻമത്തിൽ—യാതൊന്നു കുടിച്ചു ലഹരി പിടിച്ച്.

2. തീവ്രനീർ—രാവിലത്തെ കടുംനീർ. ത്രാതം=രക്ഷിതം. മധ്യാന്തങ്ങളിൽ—മധ്യാഹ്നസവനത്തിലും, സായംസവനത്തിലും.

3. ശൈലാന്തർബ്ബദ്ധഗോക്കൾ—വലനുണ്ടാക്കിയ പാറക്കെട്ടിന്നുള്ളിൽ കെട്ടപ്പെട്ട അസുരാപഹൃതകളായ ഗോക്കൾ.

4. ത്തുരാഷാട്ടിൻകെല്പ്=ഇന്ദ്രൻേറതായ ബലം; അങ്ങയ്ക്ക് ഇന്ദ്രത്വം കിട്ടിയതു സോമപാനത്താലാണെന്നർത്ഥം.

അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര! 1

യാതൊന്നോ ബഹുസൌഖ്യ, സൌഖ്യദം,
സ്തോതാക്കറംക്കൎത്ഥദായകം;
അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര! 2

യാതൊന്നാൽത്തഴച്ചാ,ത്മീയരക്ഷോ—
പേതനായ്ക്കെല്പൊൽക്കൊല്ലും നീ;
അന്നേശ, പിഴിഞ്ഞിട്ടുണ്ടസ്സോമം,
നിന്നുടെയിമ്പത്തിന്നിന്ദ്ര; 3

നേതാവു, കെല്പിൻപാലക,നതി—
ദാതാവു, സർവധർഷകൻ,
ആകെക്കാണ്മവോ,നൻപുറേറാൻ—നിങ്ങ-
ളായിന്ദ്രനെത്താൻ വാഴ്ത്തുവിൻ! 4

ശത്രുവിത്താപഹാരി യാതൊന്നു
വർദ്ധിയ്ക്കുന്നുവോ, വാഴ്ത്തലാൽ;
അത്തദ്ബലത്തെപ്പൂജിപ്പൂ, ദ്യോവും
പൃത്ഥ്വിയുമായ ദേവിമാർ! 5

ഭാവൽക്കസ്തോത്രത്തിൻെറ മാഹാത്മ്യം
കൈവളൎത്തുവിനി,ന്ദ്രങ്കൽ:
ത്രാണങ്ങറം കൂടിച്ചേൎന്നങ്കുരിപ്പോ—
നാണല്ലോ, ധീമാനിദ്ദേഹം! 6

സൂക്തം 44.

1. പുരുവിത്തം = വളരെദ്ധനത്തോടുകൂടിയത്. വിത്തവൻ = ധനവാനായുള്ളോവേ. ജ്യോതിസ്സ്—യശഃപ്രകാശം. അന്നേശ = അന്നപാലക. ഇമ്പം—മത്ത്.

2 ബഹുസൌഖ്യ = സുഖമേറിയവനേ. അർത്ഥദായകം = ധനപ്രദം.

3. കൊല്ലും.—ശത്രുക്കളെ.

4. ഋത്വിക്കുകളോട്: ആകെക്കാണ്മവോൻ = സർവദ്രഷ്ടാവ്. അൻപുറേറാൻ—ഭക്താനുഗ്രഹപരൻ.

5. തദ്ബലം = ഇന്ദ്രൻെറ ബലം.

6. ഭാവൽക്കസ്തോത്രം = ഭവാന്മാരുടേതായ സ്തോത്രം. ത്രാണങ്ങറം—രക്ഷകറം ഇന്ദ്രങ്കൽ, കൊമ്പുകറം വൃക്ഷത്തിന്മേലെന്നപോലെ മുളച്ചുകൊണ്ടിരിയ്ക്കും.

(കേക)

അറിയും, കുശലനെ;——യാസ്വാദിച്ചിട്ടത്തോഴൻ
കരുതിവെയ്ക്കും, ധനം സ്തോതാക്കൾക്കതിസ്സത്യൻ;
ചീർത്ത പെൺകുതിരച്ചാർത്തോടൊത്തു, സഖാക്കളെ—
ക്കാത്തരുളാനായ് വന്നു, സംരക്ഷിയ്ക്കുയും ചെയ്യും! 7

കർത്താവു നുകരട്ടെ,യധ്വരാധ്വാവിൽ:ത്തന്റെ
റ്റത്തിതിൽച്ചെല്ലാനല്ലോ, കർമ്മികൾ കർമ്മംചെയ്വൂ;
താണുനിർത്തിയ്ക്കും മഹത്താകിയ തിരുവുടൽ
കാണുമാറാകേണമേ, നൂതനക്കമനീയൻ! 8

ചേർക്കുകെ,ഞങ്ങളിൽക്കത്തിയാളുന്ന കരുത്തിനെ;—
പ്പോക്കുക, ജനങ്ങൾതൻ ബഹുവരിപ്പടകളെ;
ഋദ്ധമാമന്നം കല്പിച്ചേകുക, മതിബലാൽ;
വിത്തസിദ്ധിയിലാക്കുകെ,ഞങ്ങളെത്തിരുവടി! 9

അങ്ങയ്ക്കേ തരുന്നവരാകാവൂ, മഘവാവേ,
ഞങ്ങൾ——നിന്തിരുവടി ഹര്യശ്വ വെറുക്കൊല്ലേ:
കണ്ടീലാ, മനുഷ്യരിലൊരു ബന്ധുവെ; മറ്റെ—
ന്തുണ്ടിന്നു? ധനദനെന്നങ്ങയെയല്ലോ, ചൊല്വൂ! 10

വൃഷഭ, വിട്ടേയ്ക്കുരുതെഞങ്ങളെ ദ്രോഹിയ്ക്കു:—ല്ലൽ
വസുമൻ, നിൻസഖ്യത്തിൽ നില്ക്കുമെങ്ങൾക്കേശൊല്ലാ;

---

7. കുശലൻ——കർമ്മസമർത്ഥൻ, യഷ്ടാവ്. ആസ്വാദിച്ചിട്ട്——സോമം നുകർന്നിട്ട്. അത്തോഴൻ——യജമാനനു സഖാവായിത്തീർന്ന ഇന്ദ്രൻ. ചീർത്ത=തടിച്ച. സഖാക്കൾ=സ്തോതാക്കൾ.

8. കർത്താവ്——വിധാതാവായ ഇന്ദ്രൻ. അധ്വരാധ്വാവ്= യജ്ഞമാർഗ്ഗം. തന്റെ——അദ്ദേഹത്തിന്റെ. ഇതിൽ——സോമത്തിൽ. താണുനിർത്തിയ്ക്കും——ശത്രുക്കളെ കുമ്പിടുവിയ്ക്കുന്ന.

9. ജനങ്ങൾതൻ——സ്തോതാക്കളായ ഞങ്ങളുടെ. വിത്തസിദ്ധിയിലാക്കുക——ധനലാഭത്തിലെത്തിയ്ക്കുക.

10. തരുന്നവർ——ഹവിസ്സ്. മറ്റെന്തുണ്ട്——വിശേഷാൽ പറയാനൊന്നുമില്ല. ധനദൻ=ധനം കൊടുക്കുന്നവൻ.

ഇന്ദ്ര, നിൻ പല വിലങ്ങുണ്ടല്ലോ, രിപുക്കളിൽ;–
ക്കൊന്നൊടുക്കുക, പിഴിയാത്തോരെ,ത്തരാത്തോരെ! 11

ഇടിവെട്ടുന്നോൻ പയോദങ്ങളെക്കണെക്കിന്ദ്രൻ
വടിവിൽപ്പൊന്തിയ്ക്കുന്നു, ഗോവാജിധനങ്ങളെ:
അങ്ങുന്നു പണ്ടേ താങ്ങായ് നില്ക്കുന്നു സ്തുതികാര;–
ക്കങ്ങയെ വലയ്ക്കായ്ക, ധനികപ്പിശുക്കന്മാർ! 12

അധ്വര്യോ, പിഴിഞ്ഞതു പെരുമപ്പെട്ടമിന്ദ്ര–
ന്നെത്തിയ്ക്കുകി,തിൻ പുരാനവിടുന്നല്ലോ, വീര:
അദ്ദേഹം പ്രവൃദ്ധനാ,മൃഷിമാർ പാടീടുന്ന
പുത്തനും പഴയതുമാകിയ നുതികളാൽ! 13

അറിവോനിന്ദ്രനിതിൻമത്തിനാലല്ലോ കൊന്നു,
മറച്ചുനിന്ന പല മാററരെയെതിരെന്ന്യേ;
തെല്ലേറെയിനിയ്ക്കുമിസ്സോമമേ ഹോമിച്ചാലും
നല്ലണക്കടയുള്ളാ വീരനു കുടിപ്പാൻ നീ! 14

ഇന്ദ്രനാസ്വദിയ്ക്കട്ടേ, പിഴിഞ്ഞ സോമം; മറ–
യ്ക്കുന്നോനെ വധിയ്ക്കട്ടേ, മത്താർന്നു കുലിശത്താൽ;
മേധത്തിൽ വന്നെത്തട്ടേ, ദൂരത്തുനിന്നായാലും,
ധാതാക്കൾക്കൊരു താങ്ങാം കർമ്മരക്ഷകൻ വസു! 15

---

11. വൃഷഭ—അഭീഷ്ടവർഷിൻ. ദ്രോഹിയ്ക്ക വിട്ടേയ്ക്കരുത്—ഉപദ്രവിപ്പാൻ. വസുമൻ=ധനവാനേ. വിലങ്ങ്=തടവ്. അങ്ങേയ്ക്കു സോമം പിഴിയാത്തവരെയും, ഹവിസ്സർപ്പിയ്ക്കാത്തവരെയും കൊന്നൊടുക്കുക.

12. പൂർവ്വാർദ്ധം പരോക്ഷകഥനം: ഇടിവെട്ടുന്നോൻ—പർജ്ജന്യൻ. പൊന്തിയ്ക്കുന്നു—സ്തോതാക്കൾക്കു കൊടുക്കാൻ. ധനികപ്പിശുക്കന്മാർ—ധനമുണ്ടായിരിയ്ക്കെ, പിശുക്കുമൂലം അങ്ങയെ യജിയ്ക്കാത്തവർ.

13. പ്രവൃദ്ധനാം=വർദ്ധിയ്ക്കും.

14. അധ്വര്യുവിനോടുതന്നെ: അറിവോൻ=വിദ്വാൻ. ഇത്—സോമം. മറച്ചുനിന്ന—ജലാദികളെ. മാററർ—വൃത്രാദിശത്രുക്കൾ. ഇനിയ്ക്കും=മധുരിയ്ക്കുന്ന.

15. മറയ്ക്കുന്നോനെ—മറയ്ക്കുന്ന ശത്രുവിനെ. കുലിശം.=വജ്രം. മേധം=യാഗം. ധാതാക്കൾ—സ്തോത്രകർത്താക്കൾ. വസു—എല്ലാവരെയും വസിപ്പിയ്ക്കുന്നവൻ.

ഇന്ദ്രന്നു കുടിയ്ക്കുവാൻ തക്കതി, പ്പേയദ്രവ്യ;—
മിന്ദ്രനാസ്വാദിയ്ക്കുകീയാരോമലമൃതിനെ;
നന്മനസ്സിന്നായിട്ടു മത്താർന്നതിരുവടി
നമ്മിൽനിന്നകററട്ടേ, ദ്രോഹിയെപ്പാപത്തെയും! 16

നീ തുലച്ചാലു, മിതിൻമത്താർന്ന മഘവാവേ,
ജ്ഞാതിയുമജ്ഞാതിയുമായ ഹിംസ്രാരാതിയെ;
പടയൊത്തെതിർത്തസ്ത്രം നേർക്കു ചാട്ടുന്നോരെയു—
മുടച്ചു പായിയ്ക്കി, ന്ദ്ര; ശൂര, കൊല്ലുകയുംചെയ്യു! 17

മഘവൻ, ഞങ്ങളുടെയിപ്പടകളിലിന്ദ്ര,
സുഗമമാക്കേണമേ, വന്മുതലെങ്ങൾക്കു നീ!
പുത്രപൌത്രന്മാരെയുമുദകത്തെയും നേടാൻ
ശക്തരാക്കുക, വാഴ്ത്തും ഞങ്ങളെബ്ഭവാനിന്ദ്ര! 18

വൃഷ്ടികാരിയാം തേരിൽ സ്വയമേ നന്നായ്പ്പൂട്ട—
പ്പെട്ട, വർഷകക്കുടിഞ്ഞാണിട്ട വൃഷാശ്വങ്ങൾ
ഞങ്ങൾക്കുനേരേ കൊണ്ടുപോരട്ടേ, വൃഷമത്തി—
ന്നങ്ങയെ നില്ക്കാതോട്ടം തരുണർ, ധൃതവജ്രർ! 19

നിന്മരത്തേരിൽച്ചേർന്നു, വർഷക, തണ്ണീർ പാററു—
മംബുധിത്തിരപോലേ മത്താട്ടം വൃഷാശ്വങ്ങൾ:
(കർമ്മികൾ) യുവാവായ വർഷിയാമങ്ങയ്ക്കായി—
ട്ടമ്മിയാൽപ്പിഴിഞ്ഞോരു സോമമുണ്ടൊരുക്കുന്നു! 20

വൃഷഭൻ വിണ്ണിന്നു നീ; മന്നിന്നു വൃഷാവു നീ;
വൃഷഭനാററിന്നു നീ;—യേവർക്കും വൃഷാവു നീ;

---

16. ആരോമലമൃത്——പ്രിയപ്പെട്ട സോമനീർ. നന്മനസ്സ്——അനുഗ്രഹബുദ്ധി.

17. പ്രത്യക്ഷകഥനം: ഹിംസ്രാരാതി = ഹിംസകനായ ശത്രു. അസ്ത്രം = ആയുധം.

18. സുഗമം = സുഖപ്രാപ്യം.

19. ഇന്ദ്രന്റെ രഥം, കുതിരകൾ മുതലായവയും അഭീഷ്ടവർഷികളാണെന്ന്: വൃഷമത്ത്——അഭീഷ്ടവർഷിയായ സോമം കുടിച്ചാലുണ്ടാകുന്ന മത്ത്. ധൃതവജ്രർ——രഥത്തിൽവെയ്ക്കപ്പെട്ട വജ്രാദ്യായുധങ്ങളെ വഹിയ്ക്കുന്നവ.

20. കർമ്മികൾ——അധ്വര്യുക്കൾ

മുന്തിയ വൃഷാവാകമങ്ങയ്ക്കായ് പ്രവർഷക,
പൊന്തുന്നു, തേനിന്നൊപ്പമിനിയ സോമത്തിൻനീർ! 21

ഇന്ദ്രനാം സഖാവൊത്തു പിറന്നു തിളങ്ങുമീ—
യിന്ദു നിശ്ചലനാക്കീ, പണിയെബ്ബലത്താലേ;
ഇതുതാൻ കവന്നല്ലോ, സ്വത്തിനെക്കാക്കുന്നോനാം
പ്രതികൂലൻതൻ ശസ്ത്രൌഘത്തെയും മായയെയും! 22

ഇതുഷസ്സിനെയെല്ലാം ശുഭഭർത്തൃകയാക്കീ;
ഇതു തേജസ്സർപ്പിച്ചു, സൂര്യമണ്ഡലമധ്യേ;
ഇതു വിണ്ണിലെ മൂന്നാമത്തെ രോചനത്തിങ്കൽ
സ്ഥിതർതൻ ഗൂഢാമൃതം മൂന്നുമട്ടിലായ് നേടീ! 23

ഇതുറപ്പിച്ചു, നാനാമട്ടിൽ വാനൂഴികളെ;
യിതു സപ്താശ്വപ്പുള്ളിത്തേരിനെക്കൂട്ടിച്ചേർത്തു;
പകൽദുഗ്ദ്ധത്തെബ്ബുദ്ധ്യാ നിത്തി, പൈക്കളിലിതു;
പത്തുപാത്രത്തിൽപ്പകരുന്നു, നീരിനെസ്സോമം! 24

സൂക്തം 45.

ശംയു ഋഷി; ഗായത്രിയും അതിനിചൃത്തും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രനും ബൃബു എന്ന തക്ഷാവും ദേവത.

യദുതുർവശരെദ്ദൂരദിക്കിൽനിന്നു സുഖേനതാൻ
കൊണ്ടുപോന്നു, യുവാവിന്ദ്രൻ; സഖാവാക, നമുക്കവൻ; 1

---

21. വൃഷഭ—വൃഷശബ്ദങ്ങൾക്ക് അർത്ഥം ഒന്നുതന്നെ; വർഷിയ്ക്കുന്ന. ഇനിയ = മധുരമായ.

22. ഇന്ദു = സോമം. പണി—പണികളെന്ന അസുരന്മാരുടെ തലവനായ വലൻ. നിശ്ചലനാക്കീ—തട്ടുത്തുനിർത്തി. സ്വത്ത്—അപഹരിയ്ക്കപ്പെട്ട ഗോധനം. പ്രതികൂലൻ = അഹിതൻ, വലൻ.

23. ശുഭഭർത്തൃക = ശോഭനനായ ഭർത്താവോടു (സൂര്യനോടു) കൂടിയവൾ. രോചനം—ഒരു ലോകത്തിന്റെ പേർ. സ്ഥിതർ—ദേവകൾ. മൂന്നുമട്ടിലായ്—സവനത്രയരൂപേണ.

24. ഇന്ദ്രന്റെ കർമ്മങ്ങളാണിവയെല്ലാം; ഇവ സോമമദത്താൽ ചെയ്യുവയാകകൊണ്ട് ഇവയുടെ കർത്തൃത്വം സോമത്തിൽ ആരോപിച്ചിരിയ്ക്കുന്നു. സപ്താശ്വൻ = സൂര്യൻ. പത്തുപാത്രങ്ങളിലത്രേ, സോമനീർ പകന്നുവെയ്ക്കുന്നതു്.

ഇന്ദ്രനസ്തോത്രകാരന്നുമന്നം കരുതിവെയ്ക്കുമേ;
ഒരു മന്തകുതിരയെക്കൊണ്ടും മുതലടക്കുമേ! 2

മഹത്ത,വന്റെ നേതൃത്വം; പ്രശസ്തികളനേകകൾ!
ഇടിഞ്ഞുപോകുന്നവയല്ല,ദ്ദേഹത്തിന്റെ രക്ഷകൾ! 3

മന്ത്രാഭിഗമ്യനെപ്പററിച്ചൊൽവിൻ, പാട്ടും മുതിക്കുവിൻ:
മികച്ച വൻബുദ്ധി നമുക്കവനല്ലോ, സഖാക്കളേ! 4

അവിടുന്നാണൊ,രുത്തനും, രണ്ടുപേൎക്കു,മതേവിധം
ഞങ്ങളെപ്പോലെയുള്ളോൎക്കും രക്ഷകൻ വൃത്രസൂദന! 5

പിൻതള്ളിടുന്നു, മാററാരെ;—പ്പൊന്തിപ്പൂ,
വാഴ്ത്തുവോരെ നീ;
സുവീരയുതനെന്നല്ലോ ചൊൽവതാളുകളങ്ങയെ! 6

മന്ത്രഗമ്യനെ, മേലാളെ,സ്സഖാവെ, സ്തവനാഹനെ
കറക്കാൻ, പയ്യിനെപ്പോലേ വിളിക്കുന്നേൻ, പുകഴ്ത്തി ഞാൻ. 7

സൈന്യങ്ങളെക്കീഴമർത്തുമീ വീരനുടെ കയ്യിലാം,
ഇരുസമ്പത്തു മുഴുവനെന്നല്ലോ, ചൊല്ലി നിർഭരം! 8

സൂക്തം 45.

2. അസ്തോത്രകാരന്നും——സ്തുതിക്കാത്തവന്നും. പിന്നെ, സ്തുതിക്കുന്നവൎക്കു കരുതിവെയ്ക്കുമെന്നു പറയാനുണ്ടോ? ഒരു മന്തകുതിര (ഗതിവേഗമില്ലാത്ത അശ്വം) മതി, അവിടെയ്ക്കു മുതൽ (ശത്രുക്കളുടെ സൂക്ഷിപ്പുധനം) അടക്കാൻ!

4. മന്ത്രാഭിഗമ്യൻ = മന്ത്രങ്ങൾകൊണ്ടു പ്രാപ്യൻ, ഇന്ദ്രൻ. ചൊൽവിൻ——ശസ്ത്രങ്ങൾ. പാട്ട്——സ്തോത്രഗീതി. നമുക്കു വലിയ ബുദ്ധി തരുന്നതു് അദ്ദേഹമാണു്.

5. പ്രത്യക്ഷോക്തി: എല്ലാവൎക്കും രക്ഷിതാവ് എന്നർത്ഥം.

6. പിൻതള്ളിടുന്നു——ഞങ്ങളെക്കൊണ്ടു്. പൊന്തിപ്പൂ——ഉയർത്തുന്നു; സമൃദ്ധരാക്കുന്നു. സുവീരയുതൻ——സ്തോതാക്കൾക്കു കൊടുക്കേണ്ടുന്ന നല്ല പുത്രാദികളോടുകൂടിയവൻ.

7. മേലാൾ——തലവൻ. കറക്കാൻ——എന്റെ അഭീഷ്ടങ്ങൾ കൈവരുത്താൻ.

8. സൈന്യങ്ങൾ——ശത്രുസേനകൾ. ഇരുസമ്പത്ത്——ദിവ്യ–ഭൌമസമ്പത്തുകൾ. നിർഭരം——തികച്ചും എന്നർത്ഥം.

ജനങ്ങൾതൻ മായകളു,മുറപ്പുറവപോലുമേ
പൊളിയ്ക്കു, കുനിയാത്തോനേ, വജ്രവൻ, നീ ശചീപതേ! 9

ഇന്ദ്ര, സോമപ, സത്യാത്മൻ, ഭോജ്യങ്ങളുടെ രക്ഷക,
ആ നിന്നെത്താൻ വിളിയ്ക്കുന്നു, ഞങ്ങളന്നം ലഭിയ്ക്കുവാൻ. 10

ആരാഹ്വാതവ്യനായ്, പണ്ടും വൈരിസമ്പത്തിനിപ്പൊഴും;
ആ നിന്നെത്താൻ വിളിയ്ക്കുന്നതൊന്നു കേൾക്കേണമേ,ഭവാൻ! 11

അശ്വങ്ങൾകൊണ്ടശ്വൌഘത്തെ, ശ്ശസ്താന്നത്തെ,ധനത്തെയും
മാററാരിൽനിന്നടക്കാവൂ, ഞങ്ങളിന്ദ്ര, ഭവൽസ്തവാൽ! 12

ഇന്ദ്ര, വീര, നതിപ്രാപ്യ, മാററാരുടെ ധനത്തിനായ്
വളർച്ച പൂണ്ട പോരാടി നേടിയല്ലോ, ജയം ഭവാൻ! 13

ദ്യുലോകം കവിഞ്ഞുള്ളൊന്നല്ലോ, ഭവാൻെറ ഗതിലാഘവം;
അതെടുത്തൊ,രു തേരെങ്ങൾക്കയയ്ക്കു, രിപുസൂദന! 14

അനന്തരം ഞങ്ങളുടെ കീഴമർത്തുന്ന തേരിനാൽ
അടക്കുക, രിപുദ്രവ്യം ജിഷ്ണോ, രഥിതമൻ ഭവാൻ! 15

വിശേഷദർശിയായ് വർഷകർത്താവാമാരൊരുത്തനോ
അധീശനായീ, പ്രജകൾ;—ക്കവനെത്താൻ സ്തുതിയ്ക്കു, നീ! 16

ബന്ധുവും സ്തുതികാരർക്കു സുഖമേകും സഖാവുമായ്
വാണോനല്ലോ, ഭവാനിന്ദ്ര: സുഖിപ്പിയ്ക്കുക, ഞങ്ങളെ! 17

---

9. ജനങ്ങൾ—ശത്രുജനങ്ങൾ. ഉറപ്പുറവ——പുരികൾ. കുനിയാത്തോനേ ——ആരുടെ മുമ്പിലും തലതാഴ്ത്താത്തവനേ.

11. പണ്ടും ഇപ്പോഴും വൈരിസമ്പത്തിന്, ശത്രുക്കളെ ജയിച്ച്, അവരുടെ ധനം കൈക്കലാക്കാൻ, ആരെ വിളിയ്ക്കേണമോ, ആ നിന്നെത്തന്നെ.

12. അശ്വങ്ങൾകൊണ്ട്——ഞങ്ങളുടെ. അശ്വൌഘത്തെ——ശത്രുക്കളുടെ അശ്വഗണത്തെ. ശസ്താന്നം = പ്രശസ്തമായ അന്നം. ഭവൽസ്തവാൽ——അങ്ങയെ സ്തുതിയ്ക്കയാൽ.

14. അതെടുത്ത്——ആ ഗതിലാഘവം (ഗമനവേഗം) ഉപയോഗിച്ച്.

15. രഥിതമൻ——മഹാരഥൻ.

16. സ്തോതാവിനോട്.

17. പ്രത്യക്ഷോക്തി: സ്തുതികാരർക്ക്——സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്.

ഏട്ടകൂ, വജ്രം തൃക്കയ്യിലരക്കരെയരശുവാൻ;
കീഴമർത്തുകയും ചെയ്ക, വജ്രിൻ, നേർക്കമമിത്രരെ! 18

സ്തോതൃചോദകനെ,സ്സമ്പത്തേകുവോനെ,സ്സുഖാവിനെ,
പുരാണനെ വിളിയ്ക്കുന്നേ,നിവൻ മന്ത്രാഭിഗമ്യനെ. 19

ഏകനാമവിടുന്നല്ലോ, പാരിലെ സ്വത്തിനൊക്കയും
പെരുമാറ്റം, നതിസംസേവ്യൻ ഗതിയ്ക്കു തടവററവൻ; 20

അതിനാലശ്വബഡബാഗോയുതാന്നസമൃദ്ധിയാൽ
ധൃഷ്ണ നീയെങ്ങളൊന്തൻ കാമം പൂരിപ്പിയ്ക്കുക, ഗോപതേ! 21

പിഴിഞ്ഞു പാടുവിൻ, നിങ്ങളൊപ്പം, പയ്യിന്നുപോലവേ,
ശക്തൻ ദാതാവു പുരുഹൂതന്നു സൌഖ്യദമാം സ്തവം. 22

ഇസ്തവങ്ങളൊ ചെവിക്കൊണ്ടാൽ, പ്പൊററുപ്പിച്ചരുളോവോനവൻ
ബഹുഗോക്കളെയും കെൽപും നൽകൽ നിർത്താതിരിയ്ക്കുമേ! 23

കുവിത്സൻതൻ പൈത്തൊഴുത്തിലെഴുന്നള്ളി മനീഷയാൽ
തുറന്നരുളിനാനല്ലോ, നമുക്കായ് ദ്ദസ്യുമർദ്ദനൻ! 24

ഭവാങ്കൽ വന്നുചേരുന്നൂ, പേർത്തുപേർത്തിസ്തവോക്തികൾ,
തള്ളപ്പൈക്കൾ കിടാവിങ്കൽപ്പോലെയിന്ദ്ര, ശതക്രതോ! 25

അഭംഗം, നിൻെറ ചങ്ങാതം: ഗോകാമന്നൊരു ഗോവു, നീ;
അശ്വേച്ഛുവിന്നശ്വവുമായ് ച്ചമഞ്ഞീടുന്നു, വീര, നീ! 26

ആ നീയന്നം ഭുജിച്ചിമ്പം കൊണ്ടാലും, വൻധനത്തിനായ്:
പഴിപ്പോന്നു കൊടുക്കൊല്ലേ, പുകഴ്ത്തുന്നവനെബ് ഭവാൻ! 27

---

18. നേർക്കം = എതിർക്കുന്ന.

19. സ്തോതൃചോദകൻ = സ്തോതാക്കളെ പ്രേരിപ്പിയ്ക്കുന്നവൻ. പുരാണൻ = പുരാതനൻ.

21 ബഡബ = പെൺകുതിര. കാമം = അഭീഷ്ടം.

22. സ്തോതാക്കളോട്: പയ്യിന്നുപോലവേ — പയ്യിന്നു പുല്ലെന്നപോലെ, പുരുഹൂതന്നു സുഖപ്രദമായ.

24. കുവിത്സൻ — ഒരു വമ്പിച്ച ജനദ്രോഹി; അവൻെറ ഗോക്കളെയൊക്കെ ഇന്ദ്രൻ സ്തോതാക്കൾക്കു കൊടുത്തു. മനീഷ = ബുദ്ധിശക്തി.

26. അഭംഗം = ഇടിവുപററാത്തത്, സുദൃഢം. ഗോകാമന്നു ഗോവിനെയും അശ്വകാമന്ന് അശ്വത്തെയും കൊടുക്കുന്നു.

27. അന്നം — സോമം. വൻധനത്തിനായ് — ഞങ്ങൾക്കു വലിയ സ്വത്തു തരാൻ. കൊടുക്കൊല്ലേ — വശപ്പെടുത്തരുതേ.

ഇതാ, സ്തവാൎഹ്യ, പിഴിയെപ്പിഴിയെ സ്തോത്രഗീരുകരം
നിങ്കലെത്തുന്നു, കന്നിങ്കൽക്കറവപ്പൈക്കരംപോലവേ! 28
വളരെപ്പേരെ വാട്ടുന്ന (ഭവാനെ) യജനങ്ങളിൽ
ഹവിസ്സാൽബ്ബലവാനാക്കി വാഴ്ത്തുന്നു,പെരുതാളുകരം 29
അണയട്ടെ, ത്തുലോം നിങ്കലെങ്ങരംതൻ ധുര്യമാം സ്തവം:
കല്പിച്ചയയ്ക്കു, വമ്പിച്ച സമ്പത്തിന്നിന്ദ്ര, ഞങ്ങളെ! 30
കുടികൊണ്ടോൻ, പണികരംതന്നയന്ന തലയിൽബ്ബൃബു,
ഗംഗാതീരത്തിലൊരു പുല്ക്കാടുപോലെ തഴപ്പൊടേ. 31
വായുപോലോട്ടമേവൻെറ ഭദ്രസാഹസ്രദാനമോ
യാചിപ്പവന്നുടൻതന്നേ നല്കിപ്പോരുന്നു, കാംക്ഷിതം; 32
അബ്ബൃബുവിനെ വാഴ്ത്തുന്നു നമ്മുടെ നുതികാരരേവരും
പതിവായ്,
ആയിരമെട്ടുക്കവോനെ, ബ്ബുധനെ,പ്പരമായിരം
കൊടുപ്പോനെ. 33

സൂക്തം 46.

ശംയു ഋഷി; ബൃഹസ്പതിയും സതോബൃഹതിയും ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.
(പാന)

ഞങ്ങളന്നാത്ഥമിന്ദ്ര, സത്ത്രാതാവാ-
മങ്ങയെത്തന്നെ വാഴ്ത്തി വിളിയ്ക്കുന്നു;

---

28. സ്തവാൎഹ്യ=സ്തോത്രങ്ങരംകൊണ്ടു പൂജിയ്ക്കപ്പെടേണ്ടവനേ. പിഴിയെ—സോമം. കന്ന്=പൈക്കുട്ടി.

29. വളരെപ്പേരെ—വൈരികളെ. വാട്ടുന്ന—ദുർബലരാക്കുന്ന.

30. ത്തുലോം അണയട്ടെ—ഏററവും ചേരട്ടെ. ധുര്യം=ഒരു കുതിരപോലെ വഹനശക്തിയുള്ളത്. സമ്പത്തിന്ന്—ധനം കിട്ടുന്ന പ്രവൃത്തിയ്ക്ക്.

31. ബൃബു—പണികളുടെ ആശാരിയുടെ പേർ. ഇയ്യാരം ഭരദ്വാജന്നു ഗോധനത്തെ കൊടുക്കുകയുണ്ടായി. അതിനാൽ ഋഷി മൂന്ന്യക്കുകരംകൊണ്ടു ബൃബുവിനെ സ്തുതിയ്ക്കുന്നു. തലയിൽ കുടികൊണ്ടോൻ—ശിരസാ ശ്ലാഘിയ്ക്കപ്പെട്ടുപോന്നു.

32. ഭദ്രസാഹസ്രദാനം=ശുഭകരമായ ആയിരക്കണക്കിലുള്ള ദാനം, അത്യുദാരത.

33. നുതികാരർ=സ്തോത്രകത്താക്കരം. ആയിരമെട്ടുക്കവോനെ—സഹസ്രസ്തോത്രങ്ങരം കൈക്കൊള്ളുന്നവനെ. ബുധൻ=പ്രാജ്ഞൻ. പരം=ഏററവും.

അങ്ങയെശ്ശത്രുബാധയിലന്യരു;-
മങ്ങയെ ഹയം പാഞ്ഞണഞ്ഞേടത്തും! 1

ഇന്നതിയാല,മത്തും മഹാൻ ഭവാ-
നിന്ദ്ര, സംപൂജ്യ, വജ്രാശനിധര,
തന്നരുളുക, തേർവാജിയെ,ഗ്ഗോവിനെ,
വെന്നവന്നു വൻകൊററുപോലെങ്ങൾക്കായ്! 2

ഉന്നതരെ വീഴ്ത്തുന്ന വിദ്രഷ്ടാവാ—
മിന്ദ്രനെത്തന്നെ ഞങ്ങൾ വിളിക്കുന്നു:
ലിംഗമായിരമുള്ള ധനാഢ്യ, നീ
ഞങ്ങളെപ്പോരിൽ വായ്പിക്കു, സൽപതേ! 3

കൂററനൊത്ത കോപത്താൽ വലച്ചാലും,
മാററരെപ്പോരിലൃക്സമരൂപ, നീ;
നിന്നുരക്ഷിക്കു, ഞങ്ങളെ, വന്മുതൽ,
നന്ദനൻ, ജലം, സൂര്യനിവയ്ക്കായി! 4

ഏതിനാൽ നീ സഹനോ, നിറയ്ക്കു,മീ
രോദസി രണ്ടുമാരാധ്യ, വജ്രവൻ,

സൂക്തം 46.

1. സത്ത്രാതാവ്=സജ്ജനപാലകൻ. വാഴ്ത്തുന്നു എന്ന ക്രിയാപദം ഉത്തരാർദ്ധത്തിലെ ഇരുവാക്യങ്ങളിലും ചേർക്കണം. അന്യരും വാഴ്ത്തുന്നു. ഹയം പാഞ്ഞണഞ്ഞേടം—യുദ്ധരംഗം: യുദ്ധത്തിന്നിറങ്ങിയവരും വാഴ്ത്തുന്നു.

2. അമത്തും—ശത്രുക്കളെ അശനി=ഇടിവാൾ. വെന്നവന്നു, പോരിൽ ജയിച്ചവന്നു, വൻകൊററു, വലിയ ഭോഗ്യവിഭവം, അവൻെറ സ്വാമി കൊടുക്കുമല്ലോ; അതുപോലെ.

3. ഉന്നതരെ—വമ്പിച്ച ശത്രുക്കളെ. വിദ്രഷ്ടാവ്—എല്ലാം വിശേഷേണ കാണുന്നവൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: ലിംഗം—ഏതോ ഒരു സ്ത്രീയെ പ്രാപിച്ച ഇന്ദ്രൻ ഭോഗലോലുപതയാൽ സ്വശരീരത്തിൽ സന്ധിതോറും ലിംഗങ്ങളെ സൃഷ്ടിച്ചപോൽ. വായ്പിക്കു—വളർത്തുക; ജയിപ്പിച്ചാലും.

4. കൂററനൊത്ത—ഒരു കാളപോലെ ബലവത്തായ. ഋക്സമരൂപ=ഋക്കുകളിൽ പ്രതിപാദിക്കപ്പെട്ടതുപോലുള്ള രൂപത്തോടുകൂടിയവനേ. സൂര്യൻ=വെളിച്ചം. ഇവയ്ക്കായി—ഇവ ഞങ്ങൾക്കു കിട്ടാൻ.

ഉന്നതൌജോനിദാനമാ ശ്രേഷ്ഠാന്ന–
മിന്ദ്ര, ധാരാളമെത്തിയ്ക്കുകെ,ങ്ങളിൽ! 5

ഉമ്പരിൽ ബ്ബ്ബലി, ശത്രുജിത്തങ്ങയെ–
ത്തമ്പുരാനേ, വിളിയ്ക്കുവോം, രക്ഷയ്ക്കായ്:
നോവിയററുക, രാക്ഷസക്കൊക്കയും;
നീ വസോ, താഴ്ത്തുകെ,ങ്ങടരംതൻ മാററരെ! 6

ഇന്ദ്ര, മർത്ത്യരിലുള്ള കെൽപും, ധന–
വൃന്ദവും, പഞ്ചജാതിതന്നന്നവും,
ഉന്നതമായ പൌരുഷപ്രൌഢിയു–
മൊന്നാഴിയാതെ കൊണ്ടുവരിക, നീ! 7

തൃക്ഷുവിങ്കലും, ദ്രുഹ്യസംജ്ഞങ്കലും,
പൂരുവിങ്കലുമുള്ള കെല്പൊക്കയും
ചേർക്കുകെ,ങ്ങളിൽ നീ മഘവൻ, പട
വായ്ക്കിൽ മാററരെപ്പോരിട്ടടയ്ക്കുവാൻ! 8

മൂന്നിനേയും തടുക്കുന്ന, കെട്ടുറ–
പ്പാർന്ന, മേഞ്ഞതാം മുന്നിലമന്ദിരം
ഇന്ദ്ര, നീ നല്കു്,നിയ്ക്കും സയജ്ഞക്കും;
വന്നുവീഴായ്കി,വരിൽശ്ശിതായുധം! 9

പൈക്കൊതിയാൽ വലയ്ക്കും പരനെയും,
ധീക്കൊടേററിന്ദ്ര, പോരടിപ്പോരെയും

---

5. രോദസി രണ്ടും = ദ്യാവാപൃഥിവികൾ. ഉന്നതൌജോനിദാനം = വലിയ ഓജസ്സിനെ (ബലത്തെ) ഉളവാക്കുന്നത്.

6. ഉമ്പരിൽബ്ബ്ബലി = ദേവന്മാരിൽവെച്ച ബലവാൻ. വിളിയ്ക്കുവോം —ഞങ്ങൾ വിളിയ്ക്കുന്നു. നോവിയററുക—പീഡയുളവാക്കുക, ഹനിയ്ക്കുക. താഴ്ത്തുക—എളുപ്പത്തിൽ ജയിയ്ക്കാവുന്നവരാക്കുക എന്നർത്ഥം.

8. തൃക്ഷുവും ദ്രുഹ്യുവും പൂരുവും രാജാക്കന്മാരാണ്. പട വായ്ക്കിൽ—യുദ്ധം വന്നാൽ.

9. മൂന്ന്—മഞ്ഞ്, വെയിൽ, മഴ. മുന്നിലമന്ദിരം = മൂന്നുനിലയുള്ള ഗൃഹം. സയജ്ഞർ = യഷ്ടാക്കൾ. ശിതായുധം—ശത്രുക്കളുടെ മൂർച്ചയുള്ള ആയുധം.

10. പൈക്കൊതിയാൽ വലയ്ക്കും പരൻ—പൈക്കളെ അപഹരിപ്പാ

നീക്കി നീ തൊട്ടനില്ലേ,ങ്ങരംതന്നുടൽ
കാക്കവാൻ നതിഗ്രാഹിൻ, മഘവാവേ! 10

കൂൎത്തു മൂൎത്ത ചിറകണിത്തീക്കണെ—
ച്ചാൎത്തുവാനിൽപ്പറന്നുതുടങ്ങിയാൽ,
പേൎത്തുയർത്തേണമിന്ദ്ര, നീയെങ്ങളെ;-
ക്കാത്തുരക്ഷിയ്ക്ക, പോരിൽ നാഥനെയും! 11

ശൂരപൂരുഷർ നെഞ്ചവും തന്നച്ഛ—
ന്മാരുടെ പ്രിയസ്ഥാനവും കാട്ടുമ്പോരം,
സ്പഷ്ടമാകാതെ മാറിനമുണ്ണിയ്ക്കും
ചട്ട നല്ല, നീ; പായിയ്ക്ക മാററരെ— 12

മുററിയ മുതലിന്നൊരുങ്ങി, നിര—
പ്പററ മന്നിലും വക്രമാൎഗ്ഗത്തിലും
ഇന്ദ്ര, നീയിരതേടിടും ശ്യേനരെ—
യെന്നപോലേ ഹയങ്ങളെപ്പായിയ്ക്കേ— 13

പേടിയാൽച്ചിനക്കുട്ടി, വാറിട്ടവ
മാടിനായ്ത്തീനിനണ്ഡജർപോലെയും,
താന്ന ദിക്കിലെക്കാറുകരംപോലെയും,
മാന്ദ്യമേശാതെ മണ്ടിത്തിരിയവേ! 14

———

നായി ഉപദ്രവിയ്ക്കുന്ന ശത്രു. ഢീക്കൊട്—കുസലില്ലാതെ എന്നർത്ഥം. നതിഗ്രാഹിൻ=സ്തുതി സ്വീകരിയ്ക്കുന്നവനേ.

11. ചിറകണിത്തീക്കണച്ചാൎത്ത്—ചിറകു വെച്ച, തിയ്യുപോലെ തിളങ്ങുന്ന ശത്രുശരനികരം. ഉയൎത്തേണം—വിജയികളാക്കണം. നാഥൻ—ഞങ്ങളുടെ നേതാവ്.

12. ശൂരന്മാർ സ്വാമിയുടെ വിജയത്തിന്നു ശത്രുപ്രയുക്തങ്ങളായ ആയുധങ്ങരക്ക നെഞ്ഞുകാട്ടുമ്പോരം—പ്രാണാപായം ഗണിയ്ക്കാതെ പൊരുതുമ്പോരം; സ്വപിതാക്കന്മാരുടെ പ്രിയസ്ഥാനവും കാട്ടുമ്പോരം—അച്ഛന്മാർ നേടിയ ശൌര്യയശസ്സും വെളിപ്പെടുത്തുമ്പോരം, അച്ഛന്മാരെപ്പോലെതന്നെ ശത്രുക്കളോടു പൊരുതുമ്പോരം. സ്പഷ്ടമാകാതെ—ശത്രുക്കളറിയാതെ. മാറിനം—ഞങ്ങളുടെ.

13. ഈ ഋക്കിന്റെയും 14–ാമത്തതിന്റെയും അന്വയം മുകളിലെത്തേതിനോടാകുന്നു: മുതലിന്ന്—പ്രതിപക്ഷധനം കീഴടക്കാൻ. ശ്യേനർ=പരുന്തുകരം. ഹയങ്ങളെ—ഞങ്ങളുടെ കുതിരകളെ. പായിയ്ക്കേ ചട്ട നല്ല എന്നന്വയം.

14. പറഞ്ഞതുതന്നെ ഒന്നുകൂടി വിസ്തരിയ്ക്കുന്നു: ചിനക്കുട്ടി—നിലവിളിച്ച്. അവ—അശ്വങ്ങരം. മാടിനായ്—ശത്രുക്കളെ ജയിച്ചു, പശുക്കളെ അപഹരിപ്പാൻ. അണ്ഡജർ=പക്ഷികരം. മണ്ടിത്തിരിയവേ ചട്ട നല്ല.

സൂക്തം 47.

ഭരദ്വാജപുത്രൻ ഗർഗ്ഗൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഗായത്രിയും ദ്വിപദയും ബൃഹതിയും ജഗതിയും ഛന്ദസ്സുകൾ; സോമേന്ദ്രാദികൾ ദേവത.

ഇത് ആസ്വാദ്യമാകുന്നു; ഇതു മധുരമാകുന്നു; ഇതു തീവ്രമാകുന്നു; ഇതു സത്തുള്ളതുമാകുന്നു: ഇതു കുടിച്ച ഇന്ദ്രനെ യുദ്ധത്തിൽ ആരും കീഴമർത്തില്ല! 1

ഇവിടെ ഇതു കുടിച്ചാൽ വലിയ മത്തുണ്ടാകും: ഇതുകൊണ്ടാണല്ലോ, ഇന്ദ്രൻ വൃത്രവധത്തിൽ മദംപൂണ്ടത്; ഇതാണല്ലോ, ശംബരന്റെ പെരുംപടയെയും, തഴച്ച തൊണ്ണൂറ്റൊമ്പതിനെയും ഉടച്ചത്! 2

ഇതു കുടിച്ചാൽ എനിയ്ക്കു വാക്ക പുറപ്പെടും: ഇത് അരുമപ്പെട്ട ബുദ്ധിയെ പ്രകാശിപ്പിയ്ക്കും. ഇതത്രേ, ആറു പെരിയവയെ നിർമ്മിച്ചത്: അവയിലുൾപ്പെടാതെ ഒരുലകുമില്ല! 3

ഇതു ഭൂവിനെ പരത്തി: ഇതു ദ്യോവിനെ ഉറപ്പിച്ചു; ഈ സോമം മികച്ച മൂന്നിൽ അമൃതു വെച്ചിരിയ്ക്കുന്നു; ഇതു വിശാലമായ അന്തരിക്ഷത്തെ താങ്ങുന്നു! 4

ഇതു പാപ്പിടത്തിൽ വെള്ളവീശുന്ന ഉഷസ്സുകളുടെ ഉദിപ്പിൽ, വിചിത്രദർശനമായ വെളിച്ചം കിട്ടിയ്ക്കുന്നു; മരുത്തുക്കളോടുകൂടിയ ഈ വലിയ വർഷകാരി ഒരു വലിയ ഊന്നുകൊണ്ട് ആകാശത്തെ ഉറപ്പിച്ചു! 5

ശൂര, ഇന്ദ്ര, വൃത്രഹന്താവായ ഭവാൻ സമ്പത്സമരത്തിനു, കലശത്തിലെ സോമം ഉശിരുണ്ടാംവണ്ണം കുടിച്ചാലും; മധ്യാഹ്നസവനത്തിൽ വയർ നിറച്ചാലും. ധനനിധിയായ ഭവാൻ ഞങ്ങളിൽ ധനം നിർത്തിയാലും! 6

സൂക്തം 47.

1. ഇതുമുതൽ അഞ്ചൃക്കുകളുടെ ദേവത, സോമമാകുന്നു:
2. ഇവിടെ——ഈ യാഗത്തിൽ. തൊണ്ണൂറ്റൊമ്പത്——പുരികൾ.
3. ആറു പെരിയവ——ദ്യോവ്, ഭൂവ്, പകൽ, രാത്രി, വെള്ളം, സസ്യങ്ങൾ.
4. മൂന്നിൽ——സസ്യങ്ങളിലും, ജലത്തിലും, പൈക്കളിലും.
5. പാപ്പിടം——അന്തരിക്ഷം. വർഷകാരി=മഴ പെയ്യിയ്ക്കുന്നത്.
6. സമ്പത്സമരം——ശത്രുധനമടക്കാൻവേണ്ടിയുള്ള യുദ്ധം.

ഇന്ദ്ര, മുമ്പിൽ നടക്കുന്നവനെന്നപോലെ, അവിടുന്നു ഞങ്ങളെ നോക്കണം; ഞങ്ങൾക്കു ധാരാളം ധനം കിട്ടിയ്ക്കണം; സുഖപ്രാപ്യനാകണം; ഞങ്ങളെ മറുകരയിലെത്തിയ്ക്കണം; നേരേ കൊണ്ടു നടക്കണം; വേണ്ടതു കൊണ്ടുവരണം! 7

ഇന്ദ്ര, വിദ്വാനായ ഭവാൻ ഞങ്ങളെ മഹത്തായ ലോകത്തിലെയ്ക്കു——സുഖകരവും ഭയരഹിതവുമായ ജ്യോതിസ്സിലെയ്ക്കു——നിർബാധം കൊണ്ടുപോയാലും: ഞങ്ങൾ അങ്ങയുടെ ദർശനീയങ്ങളായ തടിച്ചുരുണ്ട തൃക്കൈകളെ രക്ഷകരാക്കി സേവിയ്ക്കുമാറാകണം! 8

ഇന്ദ്ര, ശതധന, അവിടുന്നു ഞങ്ങളെ പരപ്പേറിയ പള്ളിത്തേരിലും, കെല്പേറിയ ഇരുകുതിരകളിലും കേററിയിരുത്തിയാലും; അന്നങ്ങളിൽവെച്ചു തുലോം തഴച്ച അന്നം കൊണ്ടുവന്നാലും; മഘവാവേ, ഞങ്ങളുടെ ധനം മററൊരു പണക്കാരൻ മുടിച്ചുകളയരുത്! 9

ഇന്ദ്ര, നിന്തിരുവടി സുഖിപ്പിച്ചാലും: എനിയ്ക്കു ജീവനൌഷധം തരാനൊരുങ്ങിയാലും; ബുദ്ധി, കത്തിയുടെ വായ്ത്തലപോലെ മൂർച്ചപ്പെടുത്തിയാലും. ഭവൽകാമനായ ഞാൻ ഇങ്ങനെ വല്ലതും പറഞ്ഞേയ്ക്കും; അതു ഭവാൻ സ്വീകരിയ്ക്കണം. എന്നെയും ദേവസമേതനാക്കുക! 10

ഞാൻ ത്രാതാവായ ഇന്ദ്രനെ, ഞാൻ തർപ്പകനായ ഇന്ദ്രനെ, ഞാൻ ഓരോ ഹവനത്തിലും സുഖാഹ്വാതവ്യനും ശൂരനുമായ ഇന്ദ്രനെ, ഞാൻ ശക്രനും പുരുഹൂതനുമായ ഇന്ദ്രനെ വിളിയ്ക്കുന്നു: മഘവാവായ ഇന്ദ്രൻ നമുക്കു സ്വസ്തി നൽകട്ടെ! 11

സുത്രാമാവായ, ധനവാനായ ഇന്ദ്രൻ രക്ഷിച്ചു, നന്നായി സുഖിപ്പിയ്ക്കട്ടെ; വിശ്വവേദസ്സു വിദ്വേഷികളെ ഹനിയ്ക്കട്ടെ; അഭയം തരട്ടെ. നല്ല വീര്യത്തിന്നുടമകളാകണം, നമ്മൾ! 12

---

7. മാർഗ്ഗരക്ഷകൻ മുമ്പിൽ നടക്കും; പിന്നിൽ നടക്കുന്നവരെ രക്ഷിപ്പാൻ കൂടെക്കൂടെ തിരിഞ്ഞുനോക്കുകയും ചെയ്യും. മറുകരയിലെത്തിയ്ക്കണം——ശത്രുക്കളുടെ അപ്പുറത്താക്കണം. വേണ്ടതു——ഭോഗ്യവിഭവം.

9. ശതധന——വളരെദ്ധനമുള്ളവനേ.

10. സുഖിപ്പിച്ചാലും——ഞങ്ങളെ. ദേവസമേതൻ——രക്ഷകരായ ദേവന്മാരോടു ചേർന്നവൻ.

ആ യജനീയന്റെ തിരുവുള്ളത്തിന്നും, ഭദ്രമായ സൌമനസ്യത്തിന്നും വിഷയമാകണം, നമ്മൾ: സുത്രാമാവായ, ധനവാനായ ആ ഇന്ദ്രൻ വിദ്വേഷികളെ നമ്മളിൽനിന്നകലത്തുവെച്ചുതന്നേ മറയത്താട്ടി ചിതറിയ്ക്കട്ടെ! 13

ഇന്ദ്ര, സ്തോതാവിന്റെ ഉക്ഥങ്ങളും സ്തോത്രങ്ങളും, വളരെ ഹവിസ്സും വളരെസ്സോമനീരും ഭവാങ്കലെയ്ക്കു, ജലം നിമ്നസ്ഥലത്തെയ്ക്കെന്നപോലെ പായുന്നു; വജ്രപാണേ, അവിടുന്നു സോമത്തിൽ വെള്ളവും ഗോരസങ്ങളും വഴിപോലെ ചേർക്കുന്നു! 14

തന്തിരുവടിയെ ആർ സ്തുതിയ്ക്കും? ആർ കനിയിയ്ക്കും? ആർ യജിയ്ക്കും? സദാ കയക്കമല്ലോ, മഘവാവ്. താൻ ബുദ്ധികൊണ്ടു, നടക്കുന്നവൻ കാല്കളെയെന്നപോലെ, മുമ്പനെ പിമ്പിലാക്കും, മറിച്ചുമാക്കും! 15

ഇന്ദ്രൻ വീരനാണെന്നു കേട്ടിട്ടുണ്ട്: കരുത്തനെ കരുത്തനെ അമർത്താൻ നോക്കും; ഒന്നാമനെ രണ്ടാമത്തും, മറിച്ചുമാവും, കൊണ്ടുപോവുക; തഴച്ചവരെ തളർത്തും; രണ്ടിന്റെയും രാജാവാണ്. പരിചരിയ്ക്കുന്ന മനുഷ്യരെ തെരുതെരെ വിളിയ്ക്കും! 16

ഇന്ദ്രൻ പ്രധാനരോടു സഖ്യം ചെയ്യില്ല; അവരെ ഉപദ്രവിച്ചുകൊണ്ട്, അപ്രധാനരിൽ ചേരും—പരിചരിയ്ക്കാത്തവരെ തട്ടിനീക്കിക്കൊണ്ടു വളരെസ്സംവത്സരം കഴിയ്ക്കും! 17

---

13. തിരുവുള്ളം—പ്രസാദം; സൌമനസ്യം—അനുഗ്രഹബുദ്ധി. രണ്ടും ഫലത്താണ്ട് ഒന്നുതന്നെ.

14. ചേർക്കുന്നു—ഋത്വിക്കുകളുടെ കർമ്മം ഇന്ദ്രങ്കൽ ആരോപിച്ചിരിയ്ക്കയാണ്.

15. സ്തുതിയ്ക്കും?—സ്തുതിപ്പാൻ ശക്തനാകും. മുമ്പനെ പിമ്പിലാക്കും—പ്രധാനനെ അപ്രധാനനാക്കും; മറിച്ചുമാക്കും—അപ്രധാനനെ പ്രധാനനുമാക്കും. നടക്കുമ്പോൾ, മുന്നിൽ വെച്ച കാൽ പിന്നിലും, പിന്നിൽവെച്ചതു മുന്നിലുമായിക്കൊണ്ടിരിയ്ക്കുമല്ലോ.

16. കരുത്തനെ—ബലവാനായ ശത്രുവിനെ. തഴച്ചവരെ—കഴിവുണ്ടായിരിയ്ക്കെ, യജിയ്ക്കാത്തവരെ. രണ്ടിന്റെയും—ദിവ്യ—ഭൌമസമ്പത്തുകളുടെ. വിളിയ്ക്കും—രക്ഷിയ്ക്കാൻ.

17. പരിചരിയ്ക്കുന്നവരോടേ സഖ്യം കൊള്ളുകയുള്ളു.

പ്രതിരൂപനായ ഇന്ദ്രൻ ഓരോ രൂപം ധരിയ്ക്കുന്നു; തന്റെ ആ രൂപം വെവ്വേറെ കാണാം. താൻ സങ്കല്പംകൊണ്ടു നാനാവടിവെടുത്ത് എഴുന്നള്ളും: ഒരായിരമുണ്ടല്ലോ, തനിയ്ക്കു തേർക്കുതിരകൾ! 18

ആ തേജസ്വി തേരിന്ന് ഇരുഹരികളെപ്പൂട്ടി, ഇവിടെ പലയിടങ്ങളിൽ പരിലസിയ്ക്കുന്നു: സ്തോതാക്കളിരിയ്ക്കെ, സദാ മററാരുള്ള, വിദ്വേഷികളെ വറുക്കാൻ! 19

ദേവന്മാരേ, ഞങ്ങൾ മാട്ടമേയാപ്രദേശത്തു പെട്ടുപോയി; പരന്ന ഭൂമി തട്ടിപ്പറിക്കാരെ തഴുകുന്നു. ബൃഹസ്പതേ, ഭവാൻ ഗോക്കളെത്തിരയാൻ ഉപായവും, ഇന്ദ്ര, ഭവാൻ ഇങ്ങനെയിരിയ്ക്കുന്ന സ്തോതാവിന്നു വഴിയും പറഞ്ഞുതരിക! 20

വൃഷാവു നാൾതോറും സ്വസ്ഥാനത്തുനിന്നുദിച്ചു, ഏകരൂപകളായ കറുമ്പികളെ മറേറപ്പകുതിയ്ക്കുവേണ്ടി പിന്മാററുന്നു. മുടിയ്ക്കുന്ന, മുതല്ക്കൊതിയന്മാരായ വർച്ചി–ശംബരന്മാരെ അദ്ദേഹം ഉദവ്രജത്തിൽ വെച്ചു വധിച്ചു! 21

ഇന്ദ്ര, അങ്ങയുടെ ആരാധകനും പ്രസ്തോകൻ പത്തു പൊന്നുറപ്പകളും പത്തു കുതിരകളെയും തൽക്ഷണം തന്നു! അതിഥിഗ്വനായ

---

18. പ്രതിരൂപൻ—രൂപങ്ങളുടെ പ്രതിനിധി. ഓരോ രൂപം—അഗ്ന്യാദി ദേവതാസ്വരൂപം. പരമാത്മാവു പ്രപഞ്ചാത്മനാ പരിണമിയ്ക്കുന്നു എന്ന അർത്ഥത്തിലും ഈ ഋക്ക് വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്; ആ പക്ഷത്തിൽ, തേർക്കുതിരകൾ, ഇന്ദ്രിയവൃത്തികളാകുന്നു.

19. വറുക്കാൻ—നശിപ്പിയ്ക്കാൻ എന്നർത്ഥം.

20. ഗർഗ്ഗൻ ഒരിയ്ക്കൽ വഴിതെററി ഒരു നിർജ്ജനപ്രദേശത്തു പെട്ടുപോയി. അപ്പോൾ രക്ഷപ്പെടാൻ ദേവന്മാരെ സ്തുതിച്ചു: മാട്ടമേയാത്ത പ്രദേശം—പുല്ലുമില്ലാത്ത മരുഭൂമി. തഴുകുന്നു—തട്ടിപ്പറിക്കാരാണ്, ഇവിടെയുള്ളത്. തിരയാൻ—കാണാതായ പൈക്കളെ തിരഞ്ഞുനടക്കുന്നതിനിടയിലാണ്, ഗർഗ്ഗൻ മരുഭൂമിയിൽ ചെന്നണഞ്ഞത്. ഇങ്ങനെയിരിയ്ക്കുന്ന—കഷ്ടത്തിലകപ്പെട്ട. സ്തോതാവിന്ന്–എനിയ്ക്ക്.

21. ഉദിച്ച്—സൂര്യാത്മനാ പ്രാദുർഭവിച്ച്. കറുമ്പികൾ—രാത്രികൾ. മറേറപ്പകുതി—പകൽ. മുടിയ്ക്കുന്ന—യജ്ഞകർമ്മങ്ങളെ. വർച്ചി—ഒരസുരൻ. ഉദവ്രജം—ഒരു ദേശം.

22. ഇതുമുതൽ നാലൃക്കുകളിൽ ദിവോദാസനെന്ന രാജാവിന്റെ ദാനശീലത്വം സ്തുതിയ്ക്കപ്പെടുന്നു: ആരാധകനും—എനിയ്ക്ക്. പ്രസ്തോകൻ—ദിവോദാസ

ദിവോദാസങ്കൽനിന്നു, തനതായിത്തീന്ന ആ ശംബരധനം ഞങ്ങരം സ്വീകരിച്ചു. 22

പത്തു കുതിരകരം, പത്തുറപ്പകരം, വിലയേറിയ പത്തു വസ്ത്രങ്ങരം, പത്തു സ്വർണ്ണക്കട്ടികരം എന്നിവ ദിവോദാസങ്കൽനിന്ന് എനിയ്ക്കു കിട്ടി. 23

പത്തു കുതിരത്തേരുകരം, നൂറു ഗോക്കരം എന്നിവയെ അശ്വഥൻ അധർവഗോത്രക്കാർക്കും പായുവിന്നും കൊടുത്തു. 24

വിശ്വജനീനമായ വലിയ ധനം കൊടുത്തു, സൃഞ്ജയപുത്രൻ ഭരദ്വാജരെ പൂജിച്ചു. 25

മരമേ, നീ ദൃഢഗാത്രമാകുക; നീ ഞങ്ങളെ സഖാക്കളാക്കി, നല്ല വീരന്മാരോടുംകൂടി വളർത്തുക; മൂരിത്തോൽകൊണ്ടു പൊതിയപ്പെട്ട നീ (ഞങ്ങളെ) ഉറപ്പിയ്ക്കുക. നിങ്കൽ കേറിയവൻ ജേതവ്യരെ ജയിയ്ക്കട്ടെ! 26

ദ്യോവിൽനിന്നും ഭൂവിൽനിന്നും എടുക്കപ്പെട്ട ഓജസ്സും, വൃക്ഷങ്ങളിൽനിന്നു സംഭരിയ്ക്കപ്പെട്ട ബലവും, ജലംപോലെ ജവനവും, മൂരിത്തോൽ ചുററിയതും, ഇന്ദ്രന്റെ വജ്രവുമായ രഥത്തെ ഭവാൻ ഹവിസ്സുകൊണ്ടു യജിച്ചാലും! 27

ന്റെ നാമാന്തരം. പൊന്നുറപ്പകരം—പൊൻനാണ്യം നിറച്ച ഉറപ്പകരം, ഒരുതരം വലിയ സഞ്ചികരം. തൽക്ഷണം—അങ്ങയെക്കുറിച്ചുള്ള സ്തുതി ചൊല്ലിയപ്പോരംതന്നെ. തനതായിത്തീന്ന—ശംബരനെ വധിച്ചു ഭവാൻ അദ്ദേഹത്തിന്നു കൊടുത്തതിനാൽ അദ്ദേഹത്തിന്റേതായിത്തീന്ന.

24. അശ്വഥൻ—ദിവോദാസന്റെ മറെറാരു പേർ. പായു—ഗർഗ്ഗന്റെ ഭ്രാതാവ്.

25. സൃഞ്ജയൻ—ദിവോദാസന്റെ അച്ഛൻ.

26. തേരിൽക്കേറുമ്പോരം ജപിയ്ക്കേണ്ടുന്ന മന്ത്രം: മരമേ—ദാരുനിർമ്മിതമായ രഥമേ. രഥമാണ്, ഇതുമുതൽ മൂന്നൃക്കുകളുടെ ദേവത.

27. വൃക്ഷങ്ങരം ഭൂമിയുടെ സാരഭൂതങ്ങളാണ്; അവ ദ്യോവിലെ ജലം (മഴ)കൊണ്ടു വളരുന്നു. അതിനാലാണ്, ദാരുമയമായ രഥത്തെ വാന്മൊഴികളിൽ നിന്നെടുത്ത ഓജസ്സാക്കിക്കല്പിച്ചിരിയ്ക്കുന്നത്. വജ്രം—വജ്രത്തിന്റെ ഒരംശം; വജ്രത്തിന്റെ ഒരു ഭാഗമത്രേ, രഥം. ഭവാൻ—അധ്വര്യുവിനോടു പറയുന്നതാണിത്.

ഇന്ദ്രന്റെ വജ്രം, മരുത്തുക്കളുടെ മുൻഭാഗം, മിത്രന്റെ ഗർഭം, വരുണന്റെ പൊക്കിൾ—ഇങ്ങനെയുള്ള ഭവാൻ, ദേവ, രഥമേ, ഞങ്ങളുടെ യജ്ഞത്തിൽ വന്നു, ഹവിസ്സു സ്വീകരിച്ചാലും! 28

പടഹമേ, ഭവാൻ മന്നിനെയും വിണ്ണിനെയും ആശ്വസിപ്പിയ്ക്കുക: ചരാചരാത്മകമായ ജഗത്തു ഭവാനെ പലമട്ടിൽ അറിയട്ടെ. ആ ഭവാൻ ഇന്ദ്രനോടും ദേവകളോടുംകൂടി, ശത്രുക്കളെ ദൂരദ്ദൂരത്തെയ്ക്കോടിച്ചാലും! 29

പടഹമേ, ഭവാൻ നിലവിളിപ്പിയ്ക്കുക; ഞങ്ങൾക്കു സൈന്യത്തെയും ബലത്തെയും തരിക; ദുരിതങ്ങളെ തട്ടിനീക്കിക്കൊണ്ടു ശബ്ദിയ്ക്കുക. വിദ്രോഹികളെ ഇവിടെനിന്നു പായിയ്ക്കുക. ഇന്ദ്രന്റെ മുഷ്ടിയാണല്ലോ, ഭവാൻ; (ഞങ്ങളെ) ഉറപ്പിച്ചാലും! 30

ഇന്ദ്ര, അവിടുന്നു് ഇവയെ വീണ്ടെടുക്കുക, ഇവയെ പിന്തിരിപ്പിയ്ക്കുക. അടയാളമായി പടഹം ഒലിമുഴക്കുന്നു: ഞങ്ങളുടെ ആളുകൾ കുതിരപ്പുറത്തു കേറി സഞ്ചരിയ്ക്കുമ്പോൾ, ഞങ്ങളുടെ തേരാളികൾ ജയിയ്ക്കട്ടെ! 31

ഏഴാമധ്യായം സമാപ്തം.

---

28. മുൻഭാഗം—അതിന്നൊത്ത ഗതിവേഗമുള്ളതു്. ഗർഭം—അന്തർവർത്തി: പകലാണല്ലോ, തേർ നടക്കുക; പകലിന്റെ അധിദേവത, മിത്രനാണ്. നാഭി—വരുണന്റേതായ രാത്രിയിൽ, ദേഹമധ്യത്തിൽ പൊക്കിളെന്നപോലെ, നിശ്ചലമായി വർത്തിയ്ക്കുന്നതു്.

29. ഇതുമുതൽ മൂന്നൃക്കുകൾക്കു പെരുമ്പറയാണു്, ദേവത. ആശ്വസിപ്പിയ്ക്കുക—ജയഘോഷംകൊണ്ടു്.

30. നിലവിളിപ്പിയ്ക്കുക—ഞങ്ങളുടെ ശത്രുക്കളെ കരയിച്ചാലും. മുഷ്ടി—മുഷ്ടിപോലെ ശത്രുക്കളെ മർദ്ദിയ്ക്കുന്നതു്.

31. ഇവയെ—ശത്രുക്കളുടെ പക്കൽപ്പെട്ട ഗോക്കളെ. സഞ്ചരിയ്ക്കുമ്പോൾ—ശത്രുക്കളോടു യുദ്ധംചെയ്യുമ്പോൾ.

എട്ടാമധ്യായം

സൂക്തം 48.

ബൃഹസ്പതിപുത്രൻ ശംയു ഋഷി; ബൃഹതീസതോബൃഹതീമഹാസതോ ബൃഹത്യാദികരം ഛന്ദസ്സുകരം; അഗ്നിമരുദാദികരം ദേവത.

(മാകന്ദമഞ്ജരി)

വാഴ്ത്തുവിൻ, വാഴ്ത്തുവിൻ യജ്ഞത്തിൽ യജ്ഞത്തിൽ—
വാഴ്ത്തുമമർത്ത്യനാമീയഗ്നിയെ;
മിത്രംപോലിഷ്ടനാം ജാതവേദസ്സിനെ—
യത്ര പുകഴ്ത്തിടാ,മെങ്ങളമേ 1

നമ്മളെയിച്ഛിപ്പോനല്ലോ, ബലാത്മജൻ;
നല്കുകീ, ഹവ്യവാഹന്നു നാമും.
പോർകളിൽക്കാക്കട്ടേ, വായ്പു വരുത്തട്ടേ;
മൈകരക്കും രക്ഷ ചെയ്യട്ടെ,യവൻ! 2

അർച്ചിസ്സാൽശ്ശോഭിപ്പോനല്ലോ, വൃഷാവായ
നിർജ്ജരനൽക്കൃഷ്ടനങ്ങുന്നഗ്നേ:
അച്ഛിന്നകാന്ത്യാ വിളങ്ങു നീ തന്നാല്വ,—
മുജ്ജ്വലതപത്താൽ വെളിച്ചം ശുചേ! 3

ഉത്തമദേവയഷ്ടാവേ, യജിയ്ക്കു നീ
പ്രത്യഹം: രക്ഷസ്സുവരെയെല്ലാം
ബുദ്ധിയാൽക്കർമ്മത്താലെത്തിയ്ക്കുകി,ങ്ങഗ്നേ;
ഭുക്തികൊടുക്ക; ഭുജിയ്ക്കു; നീയും! 4

സൂക്തം 48.

1. ഇഷ്ടൻ = പ്രിയൻ.

2. വായ്പ് = വളർച്ച, വിജയം.

3. ഉൽക്കൃഷ്ടൻ—ഗുണാധികൻ. ശുചി = അഗ്നി.

4. ഉത്തമദേവയഷ്ടാവ് = മഹാന്മാരായ ദേവന്മാരെ യജിയ്ക്കുന്നവൻ. യജിയ്ക്കു—ആ ദേവന്മാരെ. ബുദ്ധിയാൽക്കർമ്മത്താൽ—ബുദ്ധികൊണ്ടും കർമ്മംകൊണ്ടും. ഭുക്തി—അവർക്കുള്ള ഹവിസ്സ്.

അത്തോയഗർഭത്തെയൂട്ടുന്നു, നിർഭര
മമ്പിനീര,ഭ്രങ്ങളും, കാട്ടുകളും;
നേതാക്കളും കെല്പിൽ മഥിയ്ക്കപ്പിറക്കുന്നു,
മേദിനിതന്നുയർസ്ഥാനത്തവൻ. 5

വാന്നൂഴി രണ്ടും നിറയ്ക്കുന്നു, തേജസ്സാൽ;
വാനിങ്കൽപ്പാറിപ്പൂ, ധൂമമവൻ;
കൂരിരുളും നീക്കി വിളങ്ങുന്നു, രാവുമായ്-
ച്ചേരും വൃഷാവു കറുത്ത രാവിൽ. 6

അഗ്നേ, യുവാഗ്ര്യ, ഭരദ്വാജനിൽദ്ദേവ,
നൽക്കാന്ത്യാ വായ്ച്ച നീ വന്മഹസ്സാൽ
കത്തുകെ,ങ്ങൾക്കു ധനത്തിനായ്പ്പാവക—
കത്തുക, തേജസ്സിന്നായിശ്ശുചേ! 7

അഗ്നേ, യുവാഗ്ര്യ, മനുഷ്യപ്രജാവലി-
യ്ക്കാകെഗ്ഗൃഹേശ്വരനല്ലോ, ഭവാൻ:
നേരേ വളർത്തിപ്പോരുന്നോനെ നീയൊരു
നൂറവനത്താൽ നൂറാണ്ടുകാലം
പാതകം പററാതെ പാലിയ്ക്കവേണമേ,
സ്തോതാക്കന്മാർക്കു നല്കുന്നോരെയും! 8

കിട്ടിയ്ക്കുകെ,ങ്ങൾക്കു രക്ഷയും വിത്തവും
ദ്രഷ്ടവ്യനായ നീയഗ്നേ, വസോ;
ഇദ്ധനത്തിന്റെ നേതാവു നീയെങ്ങൾതൻ
പുത്രർക്കും ചേർക്കുക,റപ്പു വെക്കം! 9

---

5. അത്തോയഗർഭത്തെ——ആ ജലാന്തർവർത്തിയായ അഗ്നിയെ: ബഡബാഗ്നി, വൈദ്യുതാഗ്നി, ദാവാഗ്നി. ഉയർസ്ഥാനത്ത്——ഉയർന്ന (ഉൽക്കൃഷ്ടമായ) സ്ഥാനത്ത്, യജ്ഞസ്ഥലത്ത്.

7. തേജസ്സിന്നായി——ഞങ്ങൾക്കു തേജസ്സുണ്ടാകാൻ. ശംയുവിന്റെ ഭ്രാതാവത്രേ, ഭരദ്വാജൻ.

8. വളർത്തിപ്പോരുന്നോനെ——അങ്ങയെ ജ്വലിപ്പിയ്ക്കുന്ന എന്നെ. നല്കുന്നോരെയും——ധനം കൊടുക്കുന്ന ഉദാരന്മാരെയും പാലിയ്ക്കവേണമേ.

9. ദ്രഷ്ടവ്യൻ=ദർശനീയൻ. ഇദ്ധനം——ലോകത്തിലെ സമ്പത്ത്. ഉറപ്പുചേർക്കുക——ധനം നല്കി.

രക്ഷിയ്ക്കുക, ശ്നേ, സമേതമാം നിർബാധ—
രക്ഷയാൽ നീ പുത്രപൌത്രന്മാരെ;
ദേവകോപത്തെയും മർത്ത്യദ്രോഹത്തെയും
വേർപെടുക്കെ, ങ്ങളിൽനിന്നു ഭവാൻ! 10

നൂതനസ്തോത്രരായ്ച്ചെൽവിൻ, സഖാക്കളേ,
പാൽ തരും പയ്യിന്നടുക്കൽ നിങ്ങൾ;
പൈതലിനോടിടചേർക്കയും ചെയ്യുവിൻ,
ബാധയേശാത്തപടിയ്ക്കുവളെ: 11

തന്നൊളി വീശും ബലിഷ്ഠമരുദ്ഗണ—
ത്തിന്നമർത്ത്യാന്നം കൊടുപ്പോളവൾ;
ശീഘ്രമരുത്സുഖതൽപരയാമവൾ
സൌഖ്യാർത്ഥം തണ്ണീരൊത്താഗമിപ്പോൾ! 12

എല്ലാം ചുരത്തും പയ്യെ, ല്ലാർക്കുമുള്ളന്നം,
രണ്ടും ഭരദ്വാജന്നേകീടുവിൻ! 13

ഐന്ദ്രസൽക്കർമ്മവും, വാരുണപ്രജ്ഞയു,—
മര്യമാവിന്റെ നുത്യർഹതയും,
വിഷ്ണുവിൻ ശ്രീവായ്പും ചേരുമാ മാരുത—
വർഗ്ഗത്തെ വാഴ്ത്തുന്നേൻ, വാങ്ങാനായ് ഞാൻ! 14

---

10. സമേതം—കൂടിച്ചേർന്ന. രക്ഷയാൽ—രക്ഷകൾകൊണ്ട്.

11. അധ്വര്യുക്കളോട്: നൂതനസ്തോത്രരായ്—പുതിയ സ്തോത്രത്തോടേ; സ്തോത്രത്തിന്നിവിടെ വിളി എന്നാണർത്ഥം. പൈതൽ—പശുക്കുട്ടി. മരുത്തുക്കളാണ്, ഇതുമുതൽ അഞ്ച്യൃക്കുകളുടെ ദേവത.

12. അമർത്ത്യാന്നം—മരണരാഹിത്യസാധകമായ അന്നം. അവൾ— പയ്യ്. ശീഘ്രമരുത്സുഖതൽപര = വേഗവാന്മാരായ മരുത്തുക്കളുടെ സുഖത്തിൽ താൽപര്യമുള്ളവൾ. തണ്ണീർ—വർഷജലം.

13. എല്ലാം—സർവകാമങ്ങളും. എല്ലാർക്കുമുള്ളന്നം—എല്ലാവർക്കും തികയുന്ന അന്നം. രണ്ടും—പയ്യിനെയും അന്നത്തെയും. ഭരദ്വാജന്ന്— എന്റെ ഭ്രാതാവിന്ന്. ഏകീടുവിൻ—മരുത്തുക്കളോടു പ്രത്യക്ഷോക്തി.

14. ഇന്ദ്രന്റെ സൽക്കർമ്മവും, വരുണന്റെ പ്രജ്ഞയും, അര്യമാവിന്റെ സ്തുത്യതയും, വിഷ്ണുവിന്റെ ശ്രീമത്ത്വവും മരുത്തുക്കൾക്കുണ്ടെന്ന്. വാങ്ങാൻ —എന്റെ ഹവിസ്സ് അവർ സ്വീകരിപ്പാൻ.

ആരുമെതിർക്കുകില്ലാ;—ത്തിരമ്പും തുലോം;
വാരൊളി വീശും; പുലർത്തിപ്പോരും—
ഇപ്പടിയുള്ള മരുദ്ബലം മർത്ത്യർക്കി—
ന്നൊപ്പം തരിക, നൂറായിരങ്ങളും:
കാട്ടട്ടേ, ഗൂഢസമ്പത്തിനെ; ഞങ്ങൾക്കു
കിട്ടുമാറാക്കട്ടേ, സമ്പത്തിനെ! 15

ഭൂരിശ്രീപൂഷാവേ, വന്നാലു,മെങ്കൽ നീ:
പോരിടാൻ പാഞ്ഞെത്തും പററലരെ
പാരം വലച്ചുരുളേണമേ; നിൻചെവി—
ച്ചാരത്തു നിന്നു പുകഴ്ത്തുന്നേൻ, ഞാൻ! 16

കാകരെപ്പോററും മരത്തെപ്പഴക്കൊല്ലേ;
കൊൽകയുംവേണം, നീ കൊള്ളാത്തോരെ;
പററലർ കേറിപ്പിടിയ്ക്കയും ചെയ്യായ്ക,
പക്ഷിയെപ്പാശം വിരിപ്പോൻപോലെ! 17

സ്വൈരമായ്ക്കിട്ടട്ടേ, നിൻസഖ്യം, തൈർ തിങ്ങും
ചോരാത്ത തൈർത്തോൽത്തുരുത്തിയ്ക്കൊപ്പം! 18

മർത്ത്യരിൽ മീതെയാണല്ലോ, നീ; ദേവന്മാ—
ർക്കൊത്തവൻ, സമ്പത്താൽപ്പൂഷാവേ, നീ;
യുദ്ധത്തിൽ നോക്കുക, കാക്കുക, ഞങ്ങളെ—
യദ്യ, പണ്ടേത്തോരെയെന്നപോലെ! 19

മർത്ത്യനോ ദേവനോ പൂജിച്ചാൽ നല്കേകും
ഭദ്രയാം നിങ്ങൾതൻ സൂനൃതോക്തി

---

15. മർത്ത്യർക്ക്——മനുഷ്യരായ ഞങ്ങൾക്ക്. നൂറായിരങ്ങളും——ധനം.

16. ഇതുമുതൽ നാലൃക്കുകളുടെ ദേവത, പൂഷാവാകുന്നു: ശ്രീ=കാന്തി.

17. കാകരെപ്പോററും മരത്തെ——പുത്രപൌത്രാദികളെയും മററു പലരെയും പുലത്തിപ്പോരുന്ന എന്നെ. കൊള്ളാത്തോർ——അസത്തുക്കൾ. എന്നെ ശത്രുക്കൾ പിടിയ്ക്കയും ചെയ്യരുത്. പാശം (വല) വിരിപ്പോൻ——വേടൻ.

18. തയിർ നിറച്ച തോൽത്തുരുത്തി സദാ പൂഷാവിൻെറ തേരിലുണ്ടായിരിയ്ക്കും; അതിന്നൊത്ത സഖ്യം ഞങ്ങൾക്കും കിട്ടട്ടെ.

19. നോക്കുക——അനുഗ്രഹദൃഷ്ടികൊണ്ട്. അദ്യ=ഇന്ന്.

കൊണ്ടുവരട്ടേ, വരേണ്യത്തെ മൈവിറ-
യുണ്ടാക്കം യാജ്യമരുത്തുക്കളേ! 20

ഏവർതൻ കർമ്മം പൊടുന്നനെച്ചുററുന്നു,
ദ്യോവിനെ,ദ്ദേവനാം സൂര്യൻപോലേ;
കമ്പിടുവിയ്ക്കുന്ന യജ്ഞാർഹമാം ബലം
സംഭരിച്ചോർ, മരുത്തുക്കളവർ.
വൃത്രഘ്നമായി വിളങ്ങുവൊന്ന, ബ്ബലം;
വൃത്രഘ്നമബ്ബലം മേത്തരമേ! 21

ദ്യോവൊരുവട്ടമേ ജാതയായിട്ടുള്ളു;
ഭൂവൊരുവട്ടമേ ജാതയായി;
പൃശ്നിതൻ പാലൊരുവട്ടമത്രേ കറ-
ന്നിട്ടുള്ളു; മറെറാന്നുണ്ടാകില്ലേ,വം! 22

സൂക്തം 49.

ഭരദ്വാജഗോത്രൻ ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ശക്വരിയും ഛന്ദസ്സുകൾ;
വിശ്വേദേവകൾ ദേവത.

(കാകളി)

സദ്വ്രതരെപ്പുതുചൊല്ലാൽ സ്തുതിപ്പു ഞാൻ
സ്വസ്തി കാംക്ഷിയ്ക്കും വരുണമിത്രരെയും:

---

20. ഈ ഋക്കിൻെറയും അടുത്തതിൻെറയും ദേവത, മരുന്മാതാവായ പൃശ്നി യാകുന്നു: സൂനൃതോക്തി––മാധ്യമികയായ പ്രിയസത്യവാക്ക്. വരേണ്യം ––ധനമെന്നർത്ഥം. യാജ്യർ=യജനീയർ.

21. കമ്പിടുവിയ്ക്കുന്ന––ശത്രുക്കളെ. വൃത്രഘ്നം––വൃത്രാദ്യസുരരെ ഹനിച്ചത്. മേത്തരമേ=മികച്ചതുതന്നെ.

22. ഒരുവട്ടം––ഒരു പ്രാവശ്യം. കറന്നിട്ടുള്ളു––പൃശ്നിയുടെ പാൽ രണ്ടാമതു കറക്കപ്പെട്ടില്ല; ആ പാലിൽനിന്നു മരുത്തുക്കൾ ജനിയ്ക്കുക എന്നതും രണ്ടാമതുണ്ടാവില്ല. മരുത്തുക്കൾ നിസ്തുല്യരാണെന്നു സാരം. പൃശ്നിയുടെ പാലിൽനിന്നത്രേ മരുത്തുക്കൾ ജനിച്ചത്.

ഇങ്ങെഴുന്നള്ളട്ടെ, കേട്ടരുളട്ടെ,യാ
മംഗളൌജസ്സർ വരുണമിത്രാഗ്നികരം! 1

യജ്ഞേ നരന്നു നരന്നീഡ്യ,നമ്മിഷൽ–
പ്രജ്ഞൻ, യുവതിദ്വയത്തോടു ചേരുവോൻ,
വാനിൻകിടാ,വിഷ്ടികേതു, കെല്പിൻമകൻ,
പീനാഭനഗ്നിയെപ്പൂജിച്ചിടുന്നു, ഞാൻ 2

സൂരൻെറ രണ്ടു വിഭിന്നപുത്രികളിൽ–
ത്താരാന്വിതയൊന്നി,നാന്വിത മററവരം:
തമ്മിൽപ്പിണങ്ങിപ്പിരിയും പുനാനമാർ
കമ്രസ്തവം ശ്രവിയ്ക്കട്ടേ, പ്രണുതമാർ! 3

വിശ്വവരേണ്യനായ്ത്തേർ നിറയ്ക്കും പുരു–
വിത്തനാം വായുവിൽച്ചെല്ലട്ടെ, വൻനുതി:
സൽക്കരിച്ചാലും,കവിയെ പ്രയഷ്ടവ്യ,
ശുക്രയാനൻ നിയുന്നാഥൻ കവി ഭവാൻ! 4

സൂക്തം 49.

1. സദ്പ്രുതർ––സുകർമ്മാക്കളായ ദേവന്മാർ. പുതുചൊല്ലാൽ––പുത്തൻ സ്തോത്രംകൊണ്ട്. സ്വസ്തി––സ്തോതാക്കരംക്കു ക്ഷേമം. കേട്ടരുളട്ടെ––നമ്മുടെ സ്തുതികരം. മംഗളൌജസ്സർ=ശോഭനബലന്മാർ.

2. നരന്നു നരന്ന്––ഓരോ മനുഷ്യന്നും. യുവതിദ്വയം–ദ്യാവാപൃഥിവികരം. വാനിൻകിടാവ്––ഒന്നാമതു ദ്യോവിൽ ജനിച്ചവൻ. ഇഷ്ടികേതു= യാഗത്തിൻെറ കൊടിമരം.

3. അഹോരാത്രിസ്തുതി: വിഭിന്നപുത്രികരം––കറുത്തും വെളുത്തുമിരിയ്ക്കുന്ന പുത്രികരം, രാപകലുകരം. താരാന്വിത=നക്ഷത്രസമേത. ഒന്ന്–– രാത്രി. ഇനാന്വിത=സൂര്യസമേത. മററവരം––പകൽ. പിരിയും––രാത്രി വരുമ്പോരം പകലും, പകൽ വരുമ്പോരം രാത്രിയും പോകുന്നതിനെ പിണങ്ങിപ്പിരിയലാക്കിയിരിയ്ക്കയാണ്. പുനാനമാർ=പരിപാവനികരം. കമ്രസ്തവം= മനോഹരമായ സ്തോത്രം. പ്രണുതമാർ=സ്തുതിയ്ക്കപ്പെട്ടവർ.

4. വായുസ്തുതി: തേർ നിറയ്ക്കും––സ്തോതാക്കളുടെ രഥത്തെ ധനംകൊണ്ടു നിറയ്ക്കുന്ന. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: കവിയെ സൽക്കരിച്ചാലും––സ്തോതൃകാരന്നു ധനം നല്കിയാലും. ശുക്രയാനൻ=തിളങ്ങുന്ന വാഹനത്തോടുകൂടിയവൻ. നിയുന്നാഥൻ––നിയുത്തുകളെന്ന പെൺകുതിരകളുടെ ഉടമ. കവി–– ക്രാന്തദർശി.

മൂടട്ടെ,യെന്നുടൽ നേതൃനാസത്യർതൻ
പ്രൗഢപ്രഭം, മനംകൊണ്ടു പൂട്ടും രഥം:
ചെൽവതിതിലൂടെയല്ലോ, ഗൃഹേ നിങ്ങ–
ളശ്വിമാരേ, സുതതാതഹിതത്തിനായ്! 5

വൃഷ്ടിദർ നിങ്ങൾ പജ്ജന്യവായുക്കളേ,
കിട്ടിയ്ക്കു, വാനിൽനിന്നാവശ്യമാം ജലം.
സത്യശ്രുവർ വിപ്രർ വിശ്വംഭരർ നിങ്ങൾ
സർവഭൃതപ്രിയനാക്കുവിൻ, സൂരിയെ! 6

ആ വീരപത്നി സരസ്വതി ചിത്രാന്ന
പാവനി കർമ്മം നടത്തട്ടെ, സുന്ദരി;
ഛന്ദോവതി തെളിഞ്ഞേകട്ടെ, വാഴ്ത്തിയ്ക്കു
ചോരാത്ത ദുദ്ധർഷധാമവും ക്ഷേമവും! 7

പൂജ്യനായധ്വാവിനധ്വാവിനീശനാം
പൂഷാവിനെപ്പുകഴ്ത്തട്ടേ, ഫലോത്സുകൻ:
നമ്മൾക്കു നല്കട്ടെ, പൊന്നണിപ്പൈക്കളെ;–
ക്കർമ്മമെല്ലാം നിറവേററട്ടെ, നേർക്കവെൻ! 8

മുന്നേ പകുക്കും പുകഴ്ന്ന വൻദേവനെ,–
യന്നദാതാവിനെ,സ്സദ്ഭുജാപാണിയെ,

---

5. ഈ ഋക്കിന്നു് അശ്വികളാകുന്നു, ദേവത. മൂടട്ടെ—തേജസ്സുകൊണ്ടു്. നേതൃനാസത്യർതൻ=നേതാക്കളായ അശ്വികളുടെ. ഉത്തരാദ്ധം പ്രത്യക്ഷോക്തി: ഗൃഹേ—സ്തോതാവിന്റെ ഗൃഹത്തിൽ; അവിടെ മകന്നും അച്ഛന്നും നന്മ വരുത്താൻ.

6. പൂർവാദ്ധത്തിന്നു പജ്ജന്യവായുക്കൾ ദേവത; ഉത്തരാദ്ധത്തിന്നു മരുത്തുക്കൾ. സത്യശ്രുവർ—യഥാത്ഥസ്തോത്രം കേൾക്കുന്നവർ. വിപ്രർ=മേധാവികൾ. സൂരി—സ്തോതാവ്.

7. സരസ്വതി ദേവത: വീരപത്നി=വീരന്റെ, പ്രജാപതിയുടെ, പത്നി. ചിത്രാന്ന = വിവിധാന്നങ്ങളോടുകൂടിയവൾ. കർമ്മം — നമ്മുടെ യജ്ഞം. ഛന്ദോവതി—ഗായത്ര്യാദിച്ഛന്ദസ്സമേത. വാഴ്ത്തിയ്ക്കു=സ്തോതാവിന്നു. ദുദ്ധർഷധാമം—ശീതവാതാദികൾക്കു് ആക്രമിയ്ക്കാവതല്ലാത്ത ഗൃഹം.

8. പൂഷാവ് ദേവത: അധ്വാവ്=മാഗ്ഗം. അവർ—പൂഷാവ്.

9. ത്വഷ്ടാവ് ദേവത: മുന്നേ പകുക്കും—ഉൽപത്തികാലത്തുതന്നേ ജീവങ്ങളെ പുംസ്ത്രീരൂപേണ വേർതിരിയ്ക്കുന്ന. വൻദേവൻ=മഹാനായ ദേവൻ. സദ്ഭു

ത്വഷ്ടാവിനെ, സ്സുഖാഹ്വാതവ്യനെ യജി–
ച്ചുട്ടെ, ഹോതാവഗ്നി ദീപ്തൻ ഗൃഹേജ്യനെ! 9

പാരു പേററും മഹാരുദ്രനെ വാഴ്ത്തുകി,–
ഗ്ഗീരാലഹസ്സിൽ നീ, രുദ്രനെയല്ലിലും:
മൃഢാംഗനെസ്സുതസുഖനെയജരനെ
സ്തുത്യാ വളർത്താം, കവീരിതരെങ്ങളും! 10

ധീരർ നിങ്ങൾ മരുത്തുക്കളേ, യാജ്യരേ,
സൂരിസ്തുതിക്കു വരുവിൻ, യുവാക്കളേ:
മീതേ പരന്നു വളർന്നംഗിരസ്സുല്യർ
നേതാക്കൾ നിങ്ങൾ തരിശിനും പൃഷ്ടിദർ! 11

വീരബലിഷ്ഠസുശീഘ്രരിലെത്തിക്കു,
ഗോരക്ഷി ഗോക്കളെയാലയിൽപ്പോലെ നീ:
താരകൾ വാനത്തുപോല, വക്ക ഹൃദി
ചേരട്ടെ, ചൊല്ലും കവിതൻ സ്തവോക്തികൾ! 12

മന്നുലകങ്ങളളന്നവല്ലോ, വിഷ്ണു
മർദ്ദിതനായ മനുവിനായ് മൂന്നിനാൽ;
അമ്പ്ഭവാൻ തന്ന ഗൃഹത്തിൽ മത്താടാവു,
കെല്പൊടും സ്വത്തൊടും ഞങ്ങൾ മകനൊടും! 13

ജാപാണി = നല്ല കൈകളോടും കൈപ്പടത്തോടുംകൂടിയവൻ. ഗൃഹേജ്യൻ = ഗൃഹത്തിൽ (ഗൃഹസ്ഥരാൽ) യഷ്ടവ്യൻ.

10. രുദ്രൻ ദേവത: മഹാരുദ്രൻ = മഹാനായ രുദ്രൻ. ഗീര്––സ്തോത്രം. നീ––സ്തോതാവിനോടു പറയുന്നതാണിത്. മൃഢാംഗൻ = സുന്ദരരൂപൻ. കവീരിതർ = കവിയാൽ (രുദ്രനാൽ) പ്രേരിതർ.

11. ധീരർ = ധീമാന്മാർ. സൂരിസ്തുതിക്കു––സ്തോതാവിന്റെ സ്തവം കേൾക്കാൻ. മീതേ––അന്തരിക്ഷത്തിൽ. അംഗിരസ്സുല്യർ––അംഗിരസ്സുകൾപോലെ ശീഘ്രഗാമികൾ. പൃഷ്ടിദർ––മഴകൊണ്ടു സസ്യപുഷ്ടി വരുത്തുന്നവർ.

12. സ്തോതാവിനോട്: വീര–സുശീഘ്ര–ബലിഷ്ഠർ––മരുത്തുക്കൾ. എത്തിക്കു––സ്തുതികളെ. ഹൃദി = ഹൃത്തിങ്കൽ, ഹൃദയത്തിൽ. കവി––മേധാവിയായ സ്തോതാവ്.

13. വിഷ്ണു ദേവത: മന്നുലകങ്ങൾ––ത്രിലോകങ്ങൾ എന്നർത്ഥം. മർദ്ദിതൻ അസുരപീഡിതൻ. മൂന്നിനാൽ––മൂന്നു കാൽവെപ്പുകൊണ്ട്. ഉത്തരാർദ്ധം പ്രത്യക്ഷവചനം: മത്താടാവു––ആറ്റാദിക്കുത്തക്ക ഗൃഹം തരിക എന്നു സാരം.

അർച്ചിതനാമഹിർബുധ്ന്യൻ നമുക്കേകു–
ക, ന്നോദകങ്ങളും സവിതാവുമിന്ദ്രനും;
സദ്ദാനശീലരും ധാന്യങ്ങളൊത്തവ;
വിത്തലബ്ധിയ്ക്കിറക്കട്ടെ, ധീമാൻ ഭഗൻ! 14
പാരാതെ, ഭൂരിവീരാഢ്യമായ്, മർത്ത്യർക്കു
പോരുവൊന്നായ്, മഹായജ്ഞസംരക്ഷിയായ്,
തേരുമിണങ്ങിയ വിത്തവും, വാർദ്ധകം
കേറാത്ത വേശ്മവും ഞങ്ങൾക്കു നൽകുവിൻ:
ശത്ര്വസുരന്മാരെ നേർത്തമർത്താം, മഖോ–
ദ്യുക്തരിൽച്ചെന്നിടാ, മെങ്ങൾക്കിതുകളാൽ! 15

സൂക്തം 50.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബഹുദേവന്മാർ ദേവത.

നിങ്ങളുടെ അദിതിദേവിയെയും വരുണനെയും മിത്രനെയും അഗ്നിയെയും, അരിസൂദനനായ, ശോഭനസുഖനായ അര്യമാവിനെയും, സവിതാവിനെയും, ഭഗനെയും–രക്ഷിതാക്കളായ ദേവന്മാരെയെല്ലാം––ഞാൻ സുഖത്തിന്നുവേണ്ടി, വണങ്ങി സ്തുതിയ്ക്കുന്നു. 1

സുപ്രഭ, സൂര്യ, തേജസ്സു തെളിഞ്ഞ ദക്ഷദൌഹിത്രരായ ദേവന്മാരെ ഭവാൻ ദോഷം ചെയ്യാത്ത നിലയിൽ നിർത്തണം: ഇരുലോകങ്ങളിൽ വെളിപ്പെടുന്നവരും, യജ്ഞങ്ങളിൽ സംബന്ധിയ്ക്കുന്നവരും, സത്യശീലരും, ധനികരും, യഷ്ടവ്യരും അഗ്നിജിഹ്വരുമാണല്ലോ, അവർ! 2

---

14. അനേകർ ദേവത: അർച്ചിതൻ––സ്തുതൻ. സദ്ദാനശീലർ––വിശ്വേദേവന്മാർ. ധാന്യങ്ങളൊത്തവ––ധാന്യസമേതങ്ങളായ അന്നോദകങ്ങൾ ഏകുക, നൽകട്ടെ. ഇറക്കട്ടെ––നമ്മെ പ്രേരിപ്പിയ്ക്കട്ടെ.

15. ദേവന്മാരോട്: പാരാതെ––ഉടനേ നൽകുവിൻ. വാർദ്ധകം കേറാത്ത––പഴക്കം തട്ടാത്ത. മഖോദ്യുക്തർ = യജ്ഞപ്രവൃത്തർ. ഇതുകളാൽ––വിത്തവും വേശ്മ (ഗൃഹ)വുംകൊണ്ട്.

സൂക്തം 50.

1. നിങ്ങളുടെ––അമ്മയായ.

2. ദക്ഷദൌഹിത്രർ = ദക്ഷന്റെ മകളുടെ, അദിതിയുടെ, പുത്രന്മാർ. ഇരുലോകങ്ങളിൽ––സ്വർഗ്ഗത്തിലും ഭൂമിയിലും.

ദ്യാവാപൃഥിവികളേ, നിങ്ങൾ ഞങ്ങൾക്കു കനത്ത കരുത്തുള
വാക്കുവിൻ; രോദസികളേ, സുസുഖകളേ, നിങ്ങൾ ഞങ്ങൾക്കു
വലിയ ഗൃഹം, വളരെദ്ധനമുണ്ടാകുമാറു്, തന്നരുളുവിൻ; ധിഷണ
മാരേ, നിങ്ങൾ ഞങ്ങളെ പാപം പററാതെ പാപ്പിയ്ക്കുവിൻ! 3

ചെറുതോ വലുതോ ആയ യുദ്ധത്തിൽ നില്ക്കുന്ന ഞങ്ങൾ മരു
ദ്ദേവകളെ എപ്പോൾ വിളിയ്ക്കുമോ; അപ്പോൾ, വിളിയ്ക്കപ്പെട്ട ആ
വസുക്കളും അബാധിതരുമായ രുദ്രപുത്രന്മാർ ഞങ്ങളുടെ അടുക്കലെ
യ്ക്കിറങ്ങട്ടെ! 4

രോദസീദേവി യാവചിലരിൽ ചിക്കെന്നു ചെല്ലുമോ, സമൃ
ദ്ധിവരുത്തി പൂജിയ്ക്കുന്ന പൂഷാവും സേവിയ്ക്കുമോ; മരുത്തുക്കളേ, ആ
നിങ്ങൾ ഞങ്ങളുടെ വിളി കേട്ടു് ഇങ്ങോട്ടു വരുമ്പോൾ, ഓരോ
വഴിയിലും ജീവജാലം വിറച്ചുപോകും! 5

സ്തോതാവേ, ആ സ്തോത്രം കൈക്കൊള്ളുന്ന വീരനായ ഇന്ദ്ര
നെ ഭവാൻ ഒരു പുതിയ സ്തവംകൊണ്ടു പൂജിയ്ക്കുക; പുകഴ്ത്തപ്പെട്ടവൻ
സ്തുതി കേൾക്കുകതന്നെ ചെയ്യും; വാഴ്ത്തപ്പെട്ടവൻ വളരെ അന്നവും
തരും! 6

തണ്ണീരുകളേ, മനുഷ്യഹിതകളായ നിങ്ങൾ പുത്രനും പൌത്ര
നും അഹിംസിതമായ അന്നവും സുഖവും ശാന്തിയും തരുവിൻ:
ചരാചരങ്ങളെയെല്ലാം പ്രസവിച്ച നിങ്ങൾ അമ്മമാരിലും കവി
ഞ്ഞ ഭിഷക്കുകളാണല്ലോ! 7

രക്ഷകനായ, സുവർണ്ണപാണിയായ, യഷ്ടവ്യനായ സവിതൃ
ദേവൻ നമ്മുടെ അടുക്കൽ വന്നെത്തട്ടെ: ഉഷസ്സുദിപ്പുപോലെ, ഹ
വിർദ്ദാതാവിന്നു വരണീയങ്ങളെ വെളിപ്പെടുത്തുന്ന ധനവാനാണ
ല്ലോ, അവിടുന്നു്! 8

ബലപുത്ര, അങ്ങു് ഇപ്പോൾ ഞങ്ങളുടെ ഈ യാഗത്തിൽ ദേ
വന്മാരെ കൊണ്ടുവന്നാലും: ഞാൻ എന്നും അങ്ങയുടെ ദാനത്തിൽ വ

---

3. ധിഷണമാർ=ധാരയിത്രികൾ; ദ്യാവാപൃഥിവികളുടെ ഒരു പര്യായം.

5. രോദസി—രുദ്രപത്നി. സമൃദ്ധി വരുത്തി പൂജിയ്ക്കുന്ന—സ്തോതാക്കളെ സമ്പത്സമൃദ്ധരാക്കി മാനിയ്ക്കുന്ന.

7. ഭിഷക്കുകൾ=വൈദ്യന്മാർ.

8. വരണീയങ്ങൾ—ധനങ്ങൾ.

ത്തിസ്സമാറാകണം; അഗ്നേ, അങ്ങയുടെ രക്ഷയാൽ ഞാൻ നല്ല വീരന്മാരോടുകൂടിയവനുമാകണം! 9

മേധാവികളായ നാസത്യരേ, ആ നിങ്ങരം എൻെറ കമ്മസഹിതമായ സ്തോത്രത്തിൽ ശീഘ്രം വന്നെത്തുവിൻ: നേതാക്കളേ, അത്രിയെ കൂരിരുളിൽനിന്നു മോചിപ്പിച്ചപോലെ (ഞങ്ങളെ)യുദ്ധത്തിൽ ദുഃഖത്തിൽനിന്നു കരയേററുവിൻ! 10

ദേവന്മാരേ, ആ നിങ്ങരം ഞങ്ങരംക്കു തേജസ്സും ഓജസ്സും ആരംക്കാരും ചേൎന്ന ബഹുസ്തുത്യമായ ധനം തന്നരുളുവിൽ: ദിവ്യരും ഭൌമരും ഗോജാതരും അന്തരിക്ഷോൽപന്നരുമായ നിങ്ങരം ദാനം കൊണ്ടു സുഖിപ്പിയ്ക്കുകയും ചെയ്യുവിൻ! 11

ആ വഷ്കർ—രുദ്രനും, സരസ്വതിയും, വിഷ്ണുവും, വായുവും, ഋഭുവിഭ്വവാജന്മാരും, ദേവഹിതനായ വിധാതാവും—സമാനപ്രീതിയോടേ നമ്മെ സുഖിപ്പിയ്ക്കട്ടെ; പർജ്ജന്യനും വായുവും നമുക്കു് അന്നം വർദ്ധിപ്പിയ്ക്കട്ടെ! 12

ആ ദേവൻ സവിതാവും, ഭഗനും, സമ്പത്തു നിറയ്ക്കുന്ന സലിലപുത്രനും, ദേവന്മാരോടും തൽപത്നിമാരോടുംകൂടിയ ത്വഷ്ടാവും ദേവന്മാരോടുകൂടിയ ദ്യോവും, സമുദ്രങ്ങളോടുകൂടിയ ഭൂവും സമാനപ്രീതിയോടേ നമ്മെ രക്ഷിയ്ക്കട്ടെ! 13

അഹിർബുധ്നൃനും, അജനായ ഏകപാത്തും, ഭൂമിയും, സമുദ്രവും നമ്മുടെ സ്തോത്രം കേരംക്കട്ടെ: കവികളാൽ ശസ്ത്രം ചൊല്ലപ്പെട്ട, സ്തുതിയ്ക്കപ്പെട്ട, വിളിയ്ക്കപ്പെടുന്ന, മന്ത്രപ്രതിപാദ്യരായ യജ്ഞവർദ്ധകരായ ദേവന്മാരെല്ലാം രക്ഷിയ്ക്കട്ടെ! 14

9　വീരന്മാർ—പുത്രാദികരം.

11. ദിവ്യർ—ആദിത്യർ. ഭൌമർ—വസുക്കരം. ഗോജാതർ—പൃശ്നിപുത്രരായ മരുത്തുക്കരം. അന്തരിക്ഷോൽപന്നർ—രുദ്രന്മാർ. ദാനംകൊണ്ടു—അഭീഷ്ടങ്ങരം തന്നു്.

12. വിധാതാവു്—പ്രജാപതി.

13. സലിലപുത്രൻ—വൈദ്യുതാഗ്നി.

14. അജനായ ഏകപാത്തു്—ഒരു ദേവൻ. കവികരം—ഋഷിമാർ.

ഇങ്ങനെ, എന്റെ പുത്രന്മാരായ ഭരദ്വാജഗോത്രക്കാർ അർച്ച നസാധനങ്ങളായ സ്തോത്രങ്ങൾകൊണ്ടു സ്തുതിച്ചുപോരുന്നു: യജനീയരേ, തൃപ്തിപ്പെട്ട, വസുക്കളായ, അധഷ്ടിതരായ നിങ്ങളെല്ലാവരും, ദേവപത്നിമാരും പുകഴ്ത്തപ്പെടുവിൻ! 15

സൂക്തം 51.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ഉഷ്ണിക്കും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വദേവകൾ ദേവത.

കണ്ണായ, മഹത്തായ, മിത്രവരുണന്മാർക്കു പ്രിയമായ, അബാധിതമായ, സ്വച്ഛമായ, ദർശനീയമായ സൂര്യതേജസ്സ് എമ്പാടും ഉയരുന്നു: ഉദയത്തിൽ ദ്യോവിന്ന് ഒരാഭരണമെന്നപോലെ വിളങ്ങുന്നു. 1

മേധാവിയായ സൂര്യൻ മൂന്നിടങ്ങളെയും, ഈ ദേവന്മാരുടെ നിഗൂഢമായ പിറവിയെയും അറിയുന്നു; മനുഷ്യരിലെ നന്മതിന്മകൾ നോക്കിക്കാണുന്നു; അധിപതിയായിനിന്നു പ്രാപ്തവ്യങ്ങളെ പ്രകാശിപ്പിയ്ക്കുന്നു. 2

മഹത്തായ യജ്ഞത്തെ രക്ഷിയ്ക്കുന്ന നിങ്ങളെ ഞാൻ സ്തുതിയ്ക്കുന്നു—സുജാതരായി അബാധിതകർമ്മാക്കളായി ധനികരായി പരിപാവനരായിരിയ്ക്കുന്ന അദിതിവരുണമിത്രന്മാരെയും അര്യമഭഗന്മാരെയും ഞാൻ നേരിട്ടു വാഴ്ത്തുന്നു. 3

ദ്രോഹികളെത്തട്ടിനീക്കുന്ന, സജ്ജനപാലകരായ, അബാധിതരായ, മഹാരാജന്മാരായ, നല്ല പാർപ്പിടം നല്കുന്നവരായ, യുവാക്കളായ, ശോഭനബലരായ, ഈശ്വരരായ, ദ്യോവിന്റെ നേതാക്കന്മാരായ, (നമ്മുടെ) പരിചരണമിച്ഛിയ്ക്കുന്ന ആദിത്യന്മാരെയും അദിതിയെയും ഞാൻ അഭിഗമിയ്ക്കുന്നു, 4

---

15. പുകഴ്ത്തപ്പെടുവിൻ—എന്റെ (ഋജിശ്വാവിന്റെ) പുത്രന്മാരായ സുഹോത്രാദികളാൽ സ്തുതിയ്ക്കപ്പെടുവിൻ.

സൂക്തം 51.

2. മൂന്നിടങ്ങൾ—ത്രിലോകങ്ങൾ. പ്രാപ്തവ്യങ്ങൾ = ലഭിയ്ക്കേണ്ടുന്നവ.

4. അഭിഗമിയ്ക്കുക—മുമ്പിൽച്ചെല്ലുക.

പിതാവായ ദ്യോവേ, കനിവുററ മാതാവായ ഭൂവേ, ഭ്രാതാവായ അഗ്നേ, വസുക്കളേ, നിങ്ങൾ ഞങ്ങളെ സുഖിപ്പിച്ചാലും; ആദിത്യന്മാരേ, അദിതേ, നിങ്ങളെല്ലാം ഒപ്പം പ്രസാദിച്ചു ഞങ്ങൾക്കു വലിയ ഗൃഹം തന്നാലും! 5

യജനീയരേ, നിങ്ങൾ ഞങ്ങളെ ചെന്നായയ്ക്കോ, പെൺചെന്നായയ്ക്കോ—ഏതൊരു ഹിംസകന്നും—വിട്ടുകൊടുക്കരുതേ: ഞങ്ങളുടെ ശരീരത്തിന്റെ നേതാക്കളാണല്ലോ, നിങ്ങൾ; ബലത്തിന്റെയും വാക്കിന്റെയും നേതാക്കളാണല്ലോ, നിങ്ങൾ! 6

വസുക്കളേ, നിങ്ങളുടെ ഞങ്ങൾക്ക് അന്യർ ചെയ്ത പാപം അനുഭവപ്പെടരുത്; നിങ്ങളെ കോപിപ്പിക്കുന്നതൊന്നും ഞങ്ങൾ ചെയ്തുപോകരുത്. വിശ്വദേവന്മാരേ, വിശ്വേശന്മാരാണല്ലോ, നിങ്ങൾ; ശത്രു താൻതന്നേ സ്വശരീരം നശിപ്പിക്കട്ടെ! 7

നമസ്കാരംതന്നെ ബലവത്തരമാണ്; ഞാൻ നമസ്കാരത്തെ പരിചരിക്കുന്നു. നമസ്കാരമാണ്, വാനൂഴികളെ താങ്ങുന്നതു്. ദേവന്മാൎക്കു നമസ്കാരം! നമസ്കാരം ഇവരെ കീഴടക്കും! ചെയ്തുപോയ പാപവും ഞാൻ നമസ്കാരംകൊണ്ടു നീക്കുന്നു. 8

യജനീയരേ, നിങ്ങളുടെ യജ്ഞത്തിന്റെ നേതാക്കളായ, യജനഗൃഹത്തിലിരിക്കുന്ന, വിശുദ്ധബലരായ അബാധിതരായ, കാഷ്ഠയേറിയ, തലവന്മാരായ, മഹാന്മാരായ ആ നിങ്ങളെ ഞാൻ നേരിട്ടു നമസ്കാരങ്ങൾകൊണ്ടു വണങ്ങുന്നു. 9

മികച്ച തേജസ്സും നല്ല ഓജസ്സുമുള്ളവരും, സത്യകൎമ്മാക്കളും, സ്തോതാക്കൾക്കു യഥാൎത്ഥഭൂതരുമാണല്ലോ, വരുണനും മിത്രനും അഗ്നിയും; അവർ നമ്മുടെ ദുരിതമെല്ലാം മറവിലാക്കട്ടെ! 10

ഇന്ദ്രനും പൃഥിവിയും പൂഷാവും ഭഗനും അദിതിയും പഞ്ചജനങ്ങളും നമ്മുടെ വാസഭൂമിയെ വൎദ്ധിപ്പിക്കട്ടെ; നല്ല സുഖവും നല്ല അ

---

5. ഭ്രാതാവായ——സ്നേഹമുള്ള.

7. നിങ്ങളുടെ——വേദീയരായ.

8. നിങ്ങളുടെ മാഹാത്മ്യം ഇരിക്കട്ടെ: നിങ്ങളെ നമസ്കരിക്കുന്നതുതന്നെ അത്യുൽകൃഷ്ടമാകുന്നു!

9. നിങ്ങളുടെ——നിങ്ങൾക്കായി ചെയ്യപ്പെടുന്ന.

ന്നവും നല്ല നടപ്പും നല്കട്ടെ; നമ്മെ നന്നായി രക്ഷിച്ചു, നന്നായി കാക്കട്ടെ! 11

ദേവന്മാരേ, സ്തുതിയ്ക്കുന്ന ഭാരദ്വാജൻ വേഗത്തിൽ ദിവ്യസ്ഥാനമടയട്ടെ: തിരുവുള്ളം തെളിയണമെന്നപേക്ഷിയ്ക്കുന്നു; ഇരിയ്ക്കുന്ന യജ്ഞാർഹരോടൊന്നിച്ചു യാഗമനുഷ്ഠിച്ചുകൊണ്ടു ദേവഗണത്തെ ധനലബ്ധിയ്ക്കായി വന്ദിയ്ക്കുന്നു. 12

അഗ്നേ, ആ പാപംചെയ്യുന്ന കുടിലനെ—ദുരാശയനായ ദ്രോഹിയെ——അങ്ങ് അതിദൂരത്തെയ്ക്കു തള്ളണം; സജ്ജനപാലക, സുഖം തരിക! 13

സോമമേ, ഞങ്ങളുടെ അമ്മികം സഖ്യമിച്ഛിയ്ക്കുന്നു. കൊടുക്കാത്ത തിന്മനെ ഭവാൻ മുടിയ്ക്കുക: തട്ടിയെടുക്കുന്നവനാണല്ലോ, അവൻ! 14

ശോഭനദാനന്മാരേ, കഴിവുള്ളവരാണല്ലോ തേജസ്വിയന്ന ഇന്ദ്രാദികളായ നിങ്ങൾ: വഴിയിൽ ഞങ്ങളെ കൂടെനിന്നു കാത്തു, സുഖപ്പെടുത്തുവിൻ! 15

യാതൊന്നിലൂടേ നടന്നവൻ വിദ്രോഹികളെയെല്ലാം പോക്കി, ധനം നേടുമോ; ഞങ്ങൾ ആ സുഗമവും അനഘവുമായ മാർഗ്ഗത്തിലെത്തിച്ചേരു! 16

സൂക്തം 52.

ഋജിശ്വാവ് ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ജഗതിയും ഛന്ദസ്സുകൾ; വിശ്വദേവകൾ ദേവത.

അതു ദ്യോവിനോടോ, ഭൂവിനോടോ, യജ്ഞത്തോടോ, ഈ കർമ്മങ്ങളോടോ ചേർന്നതാണെന്നു ഞാൻ സമ്മതിയ്ക്കില്ല: അയാളെ

---

11. പഞ്ചജനങ്ങൾ——ദേവന്മാർ, ഗന്ധർവർ, അപ്സരസ്സുകൾ, മനുഷ്യർ, പിതൃക്കൾ.

12. ഭാരദ്വാജൻ——ഋജിശ്വാവായ ഞാൻ. ഇരിയ്ക്കുന്ന——സത്രോപവിഷ്ടരായ. യജ്ഞാർഹർ——മററു യജമാനന്മാർ.

14. സഖ്യം——ഭവാന്റെ സഖ്യം. കൊടുക്കാത്ത——ദാതൃത്വമില്ലാത്ത. തിന്മൻ——സ്വയം തിന്നുന്നവൻ.

16. അന്യദിക്കിൽനിന്നു തിരിച്ചെത്തിയാൽ ജപിക്കേണ്ടുന്ന മന്ത്രമത്രേ, ഇതു്.

വമ്പിച്ച പർവതങ്ങ൦ ചതസ്സുട്ടെ; അതിയാജനെ യജിപ്പിസ്സുന്ന വൻ അധമനായിത്തീരട്ടെ! 1

മരുത്തുക്കളേ, ഞങ്ങളെക്കാ൦ മീതെയാണെന്നഭിമാനിസ്സുന്ന വൻ ആരോ; ഞങ്ങളുടെ സ്തോത്രത്തെ നിന്ദിപ്പാൻ ആർ മുതിരു മോ; അവനെ തേജസ്സുക൦ വലസ്സുട്ടെ—ആ ബ്രഹ്മദ്വേഷിയെ സൂര്യൻ ദഹിപ്പിസ്സുട്ടെ! 2

സോമമേ, അങ്ങ് കർമ്മരക്ഷകനാണെന്നു പറയുന്നു; ഞങ്ങളെ പഴിക്കാരിൽനിന്നു രക്ഷിസ്സുന്നവനാണെന്നും പറയുന്നു. എന്നാൽ ഞങ്ങ൦ നിന്ദിസ്സപ്പെടുന്നതു കാണുന്നില്ലേ? ബ്രഹ്മദ്വേഷിയുടെ നേർക്കു പൊള്ളിസ്സുന്ന ആയുധം ചാട്ടുക! 3

ഉദിസ്സുന്ന ഉഷസ്സുക൦ എന്നെ രക്ഷിസ്സുട്ടെ; തടിച്ച നദിക൦ എന്നെ രക്ഷിസ്സുട്ടെ; അനക്കമില്ലാത്ത മലക൦ എന്നെ രക്ഷിസ്സുട്ടെ; യജ്ഞത്തിലെ പിതൃക്കളും എന്നെ രക്ഷിസ്സുട്ടെ! 4

ഞങ്ങളുടെ മനസ്സു സദാ നന്നായിരിസ്സുണം; ഞങ്ങ൦ ഉദിസ്സുന്ന സൂര്യനെ കാണുകയുംചെയ്യണം. ഉൽക്കൃഷ്ടധനാധിപതി ഹവിസ്സു ദേവന്മാർക്കു കൊണ്ടുകൊടുപ്പാൻ ശരിസ്സു വന്നിട്ട്, അപ്രകാരം ചെയ്യുരുളട്ടെ ! 5

രക്ഷയോടുകൂടി ഇന്ദ്രനും, സലിലസമൃദ്ധയായ സരസ്വതിയും തൊട്ടടുക്കൽ വന്നണയട്ടെ; പർജ്ജന്യൻ ഓഷധികളോടുകൂടി നമ്മെ

സൂക്തം 52.

1. അതിയാജൻ എന്നൊരു ഋഷി, ഋജിശ്വാവിനെക്കാ൦ മീതെയാകണമെന്നു നിശ്ചയിച്ചു, യാഗം തുടങ്ങി. ആ യാഗത്തെ ഋജിശ്വാവു നിരസിസ്സുന്നു: അതു—അതിയാജന്റെ യജനം. ദ്യോവിനോടോ ഭൂവിനോടോ—ദിവ്യ—ദൈവ ദേവന്മാരോടോ. യജ്ഞത്തോടോ—ഞാനനുഷ്ഠിച്ചിട്ടുള്ള യാഗത്തോടോ. ചേർന്നത്—യുക്തം, സദൃശം. പർവതങ്ങ൦—ഇന്ദ്രനാലയസ്സപ്പെട്ട ഗിരിക൦.

3. പറയുന്നു—പഴമക്കാർ.

4. തടിച്ച—വെള്ളം പരന്ന. പിതൃക്ക൦—പിതൃദേവതക൦.

5. ഉൽകൃഷ്ടധനാധിപതി—അഗ്നി. അപ്രകാരം—മുൻവാക്യങ്ങളിൽ പറയപ്പെട്ടത്.

സുഖിപ്പിയ്ക്കട്ടെ; അഗ്നി, അച്ഛനെന്നപോലെ സുഖസ്തുത്യനും സുഖാഹ്വാതവ്യനുമായിബ്ഭവിയ്ക്കട്ടെ! 6

ദേവന്മാരേ, നിങ്ങളെല്ലാവരും വരുവിൻ: എന്റെ ഈ വിളി കേൾക്കുവിൻ; ഈ ദർഭവിരിപ്പിലിരിയ്ക്കുവിൻ! 7

ദേവന്മാരേ, നിങ്ങളെ ആർ നെയ്യു തൂകിയ ഹവിസ്സുകൊണ്ടു പരിചരിയ്ക്കുമോ; അവങ്കൽ ചെല്ലുമല്ലോ, നിങ്ങളെല്ലാവരും. 8

മരണരഹിതന്റെ മക്കൾ നമ്മുടെ സ്തുതി കേൾക്കട്ടെ; നമുക്കു നല്ല സുഖം തന്നരുളട്ടെ! 9

യജ്ഞം വർദ്ധിപ്പിയ്ക്കുന്ന, സമയങ്ങളിൽ സ്തോത്രം കേൾക്കുന്ന ദേവന്മാരെല്ലാം തയിർ ചേർത്ത ചൂടുപാൽ നുകരട്ടെ! 10

ഇന്ദ്രനും, മരുദ്ഗണവും, ത്വഷ്ടാവും, മിത്രനും, അര്യമാവും നമ്മുടെ സ്തോത്രവും ഈ ഹവിസ്സും ആസ്വദിയ്ക്കട്ടെ! 11

ഹോതാവായ അഗ്നേ, ദേവഗണത്തെ അറിയുന്ന ഭവാൻ ഞങ്ങളുടെ ഈ യജ്ഞം അറിയപ്പെട്ട ക്രമത്തിൽ നടത്തിയാലും! 12

വിശ്വദേവന്മാരേ, നിങ്ങൾ എന്റെ ഈ വിളി കേൾക്കുവിൻ: അന്തരിക്ഷത്തിലും, അന്തികത്തിലും, വാനിലും വസിയ്ക്കുന്ന അഗ്നിജിഹ്വരായ യജനീയർ ഈ ദർഭയിലിരുന്ന് ഇമ്പംകൊള്ളുവിൻ! 13

യജ്ഞാർഹരായ ദേവന്മാരെല്ലാവരും ദ്യാവാപൃഥിവികളും ജലപുത്രനും എന്റെ സ്തോത്രം കേട്ടരുളട്ടെ: നിങ്ങൾക്കു രുചിയ്ക്കാത്തതൊന്നും ഞാൻ ചൊല്ലരുതേ: ഞങ്ങൾ തുലോം അടുത്തു, നിങ്ങളുടെ സുഖങ്ങളിൽത്തന്നേ മത്താടുമാറാകണം! 14

മഹാന്മാരായ, മന്നിലും വിണ്ണിലും അന്തരിക്ഷത്തിലും പിറന്ന, നിശിതജ്ഞാനരായ ദേവന്മാർ നമ്മുടെ പുത്രാദികൾക്ക് എല്ലാ അന്നവും രാപ്പകൽ തന്നരുളട്ടെ! 15

---

6. സരസ്വതി––നദി.

9. മരണരഹിതന്റെ മക്കൾ––പ്രജാപതിയുടെ പുത്രന്മാർ, ദേവന്മാർ.

10. സമയങ്ങളിൽ––യജ്ഞാവസരങ്ങളിൽ.

12. ക്രമത്തിൽ––ഇന്നിന്ന ദേവന്മാർക്ക് ആദ്യമാദ്യം എന്ന മുറയ്ക്ക്.

13. അന്തികം––അന്തരിക്ഷത്തിന്നടുത്ത സ്ഥാനം, ഭൂലോകം.

14. ജലപുത്രൻ––വൈദ്യുതാഗ്നി. നിങ്ങളുടെ––നിങ്ങൾ തന്ന.

അഗ്നിപർജ്ജന്യന്മാരേ, നിങ്ങൾ എന്റെ കർമ്മത്തെ രക്ഷിയ്ക്കുവിൻ; സുഖാഹ്വാതവ്യരേ, ഈ യജ്ഞത്തിൽ ഞങ്ങളുടെ നല്ല സ്തുതി കേൾക്കുവിൻ, ഒരാൾ അന്നം ഉല്പാദിപ്പിയ്ക്കുന്നു: മററാൾ ഗർഭവും. ആ നിങ്ങൾ അന്നവും സന്തതിയും ഞങ്ങൾക്കു തരുവിൻ! 16

വിശ്വദേവന്മാരേ, ഞാൻ ദർഭ വിരിച്ച്, അഗ്നിയെ ജ്വലിപ്പിച്ചു, സൂക്തംകൊണ്ടും വലിയ നമസ്കാരംകൊണ്ടും പരിചരിച്ചുവല്ലോ: യജനീയരേ, നിങ്ങൾ ഇന്നു ഞങ്ങളുടെ ഈ യജ്ഞത്തിൽ ഹവിസ്സുകൊണ്ട് ഇമ്പംകൊള്ളുവിൻ! 17

സൂക്തം 53.

ഭരദ്വാജൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പൂഷാവ് ദേവത. ('ദ്വാരകാമന്ദിരം'പോലെ)

നിന്നെ,യൊരു തേരിനെപ്പോ,—
ലന്നാപ്തിയ്ക്കും കർമ്മത്തിന്നും
പൂട്ടിനിർത്തീടുന്നു, ഞങ്ങൾ
പൂഷാവേ, മാർഗ്ഗാധിപതേ! 1

മർത്ത്യഹിതം ധനം നേടാ—
നെത്തിച്ചാലു,മെങ്ങളെ നീ,
ശുദ്ധദ്രവിണനാം വീര്യ—
മൊത്തൊരു നൽഗ്ഗൃഹസ്ഥന്മാർ! 2

---

16. ഒരാൾ—പർജ്ജന്യൻ; മഴകൊണ്ട് അന്നം ഉല്പാദിപ്പിയ്ക്കുന്നു. മററാൾ—അഗ്നി ഗർഭം ഉൽപാദിപ്പിയ്ക്കുന്നു: പുരുഷനാൽ ഭുജിയ്ക്കപ്പെട്ട അന്നം ജഠരാഗ്നിയാൽ ദഹിപ്പിയ്ക്കപ്പെട്ടു, ശുക്ലമായി പരിണമിച്ചു. സ്ത്രീകളിൽ സംക്രമിച്ചു ഗർഭമായിത്തീരുന്നു.

17. സൂക്തം – സ്തോത്രം.

സൂക്തം 53.

1. പൂട്ടിനിർത്തീടുന്നു—അഭിമുഖീകരിയ്ക്കുന്നു എന്നു സാരം. മാർഗ്ഗം രക്ഷിയ്ക്കുന്ന ദേവതയത്രേ, പൂഷാവ്.

2. നല്ല ഗൃഹസ്ഥന്മാർ കൊണ്ടാക്കപ്പെട്ട ഞങ്ങൾക്ക് അദ്ദേഹം ധനം തരുമെന്ന് ആശയം.

പ്രേരിപ്പിയ്ക്ക, തരാൻ പൂഷൻ,
തീരെക്കൊടാത്തോനെയും നീ:
ഉദ്യദ്ദ്യുതേ, ലുബ്ധൻെറയും
ചിത്തം മയപ്പെടുത്തുക! 3

നോക്കിവെയ്ക്ക, ധനാർജ്ജന-
മാർഗ്ഗം ഭവാൻ ബലവാനേ;
പോക്കുക, വിദ്രോഹികളെ;-
ക്കായ്ക്കട്ടേ, ഞങ്ങൾതൻ യത്നം! 4

ലുബ്ധരുടെ നെഞ്ചം നീളെ-
ച്ചെത്തീടുക, തോലുളിയാൽ;
അങ്ങു കവേ, പിമ്പവരെ
ഞങ്ങൾക്ക കീഴ്പ്പെടുത്തുക! 5

തോലുളിയാൽത്തുരന്നനു-
കൂലം ചെയ്ക, ലുബ്ധനെഞ്ചിൽ;
അങ്ങു പൂഷൻ, പിമ്പവരെ
ഞങ്ങൾക്ക കീഴ്പ്പെടുത്തുക! 6

ചെത്തുകാ, കെ നേർപ്പിയ്ക്കുക,
ലുബ്ധരുടെ നെഞ്ചങ്ങളെ;
അങ്ങു കവേ, പിമ്പവരെ
ഞങ്ങൾക്ക കീഴ്പ്പെടുത്തുക! 7

ആവിർദ്യുതേ, തൃക്കയ്യിലെ-
ച്ചോർ വിളമ്പും തോലുളിയാൽ
ലുബ്ധരുടെയെല്ലാം നെഞ്ചം
ചെത്തി നേർപ്പിയ്ക്കുക, പൂഷൻ 8

---

3. മയപ്പെടുത്തുക—ദാനതൽപരമാക്കുക എന്നർത്ഥം.

4. ഞങ്ങൾ ഏതിലൂടേ പോയാൽ ധനം കിട്ടുമോ, ആ മാർഗ്ഗം നോക്കി വെച്ചാലും. കായ്ക്കട്ടേ—സഫലമാകട്ടെ.

5. ചെത്തീടുക—കാഠിന്യം കുറയ്ക്കാൻ.

6. അനുകൂലം—ഞങ്ങൾക്ക ധനം തരേണമെന്ന അനുകൂലവിചാരം.

7. നേർപ്പിയ്ക്കുക—മൃദുകരിയ്ക്കുക എന്നു സാരം.

8. ആവിർദ്യുതേ—ദീപ്തിമൻ.

ഗോധനോപാസിതം, പശു—
സാധകം, നിൻത്വത്തോലുളി;
ത്വംഗദ്ദൃതേ, യാചിയ്ക്കുന്നു,
ഞങ്ങളതിന്നുടെ സൌഖ്യം! 9

ഗോക്കളെയുമശ്വത്തെയു—
മാറംക്കാരെയുമന്നത്തെയും
കയ്യിലെത്തിയ്ക്കുന്ന കർമ്മം
ചെയ്യുകെ,ഞങ്ങടംക്കുണ്ണുവാൻ നീ! 10

സൂക്തം 54.

ഭരദ്വാജൻ ഋഷി; ഗായത്രി ഛന്ദസ്സ്; പൂഷാവ് ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

ഏവൻ നേരേ ചൊല്ലിത്തരു;—
മേവ,നിതാ, എന്നുരയ്ക്കും;
ആ വിജ്ഞങ്കലണച്ചാലും,
ഹേ പൂഷാവേ, ഞങ്ങളെ നീ! 1

ഏവനിടം ചൊല്ലിത്തരു;—
മേവ,നിതാ, എന്നുമോതും;
ആയവങ്കലണയാവൂ
പൂഷാവിൻെറയൻപാലെങ്ങടം! 2

പൂഷാവിൻെറ ചക്രത്തിന്നു
ദോഷം വരില്ല;—റ കീറാ;

---

9. പൂഷാവിൻെറ കയ്യിൽ ഒരു തോലുളി എപ്പോഴും ഉണ്ടായിരിയ്ക്കും. അതിന്നുടെ——തോലുളിയുടെ പക്കലുള്ള.

10. ഉണ്ണുവാൻ——ഭക്ഷണം കഴിച്ചു ജീവിപ്പാൻ.

സൂക്തം 54.

1. പോയ മുതൽ കിട്ടാൻ ജപിയ്ക്കേണ്ടുന്ന മന്ത്രം: ചൊല്ലിത്തരും——നഷ്ട ധനപ്രാപ്ത്യുപായം. ഇതാ എന്നുരയ്ക്കും——നഷ്ടധനം കാട്ടിത്തരും.

2. ഇടം——നഷ്ടധനമിരിയ്ക്കുന്ന ഗൃഹം. അൻപാൽ=ദയയാൽ.

തീർച്ച,യതിൻ വായ്ത്തലയ്ക്കു
മൂർച്ച കുറയുകയില്ല! 3

പൂഷാവിനെ ഹവ്യംകൊണ്ടു
പൂജിപ്പോന്നദ്ദേഹം തെല്ലും
ആടൽ വരുത്തുകില്ല;—വൻ
നേട്ടം, ധനമൊന്നാമനായ്! 4

മേയ്ക്കട്ടേ, പൂഷാവിങ്ങസ്മൽ-
ഗോക്കളെ:—യശ്വങ്ങളെയും
കാക്കട്ടേ, പൂഷാവു; നമ്മിൽ—
ച്ചേർക്കട്ടേ, പൂഷാവന്നവും! 5

നീർ തുകം യഷ്ടാവിൻെറയും
ഗാഥ ചൊല്ലം ഞങ്ങടെയും
മാട്ടുകളെ രക്ഷിപ്പാനായ്—
ക്കൂടെച്ചെൽക, പൂഷാവേ, നീ! 6

പോയ്പ്പോകൊല്ലാ; കൊലപ്പെടാ—
യ്കാ;—പ്പെടൊല്ലാ, കിണർകളിൽ;
ആടലൊന്നും പററാത്തവ—
യോടുകൂടി വന്നാലും, നീ! 7

കേൾപ്പോൻ, പൂഷാവില്ലായ്മയെ—
ത്തീർപ്പോ, നനശ്വരധനൻ;
അപ്പെരുമാളൊടു സമ്പ—
ത്തഭ്യർത്ഥിച്ചീടുന്നു, ഞങ്ങൾ. 8

പൂഷാവേ, നിന്നുടെ കർമ്മം
പൂണ്ട ഞങ്ങളൊരിയ്ക്കലും

---

3. ചക്രം——ചക്രായുധം. ദോഷം——കേട്.

6. നീർ——സോമം. ഗാഥ——സ്തുതിഗീതി.

7. ആപ്പെടൊല്ലാ——വീണുപോകരുത്. പററാത്തവ——പററാത്ത ഗോക്കൾ. വന്നാലും——വൈകുന്നേരം തിരിച്ചുവരിക.

8. കേൾപ്പോൻ——സ്തോത്രങ്ങൾ കേൾക്കുന്നവൻ. ഇല്ലായ്മയെത്തീർപ്പോൻ = ദാരിദ്ര്യനാശനൻ.

പീഡിതരാകായ്കി;—ഞങ്ങൾ
പാടിപ്പുകഴ്ത്തുന്നു, നിന്നെ! 9

അപ്പുറത്തെയ്യൊന്നു നീട്ട—
കി,പ്പൂഷാവു വലംകരം:
ഞങ്ങളുടെ പോയ മുത—
ലിങ്ങു തിരിച്ചണയട്ടെ! 10

സൂക്തം 55.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

('ഭാരകാമന്ദിരം' പോലെ.)

ഉന്നതാഭ, ധാതൃപുത്ര,
വന്നാലും, നീ:—യൊന്നിച്ചു, നാം;
ഞങ്ങളുടെയധ്വരത്തെ—
ബ്ഭംഗ്യാ നടത്തുക, ഭവാൻ! 1

വമ്പുററ നേതാവായ്, മഹാ—
സമ്പത്തിൻെറ പെരുമാളായ്
മിത്രമായ കപർദ്ദിയോ—
ടൎത്ഥിയ്ക്കുന്നു, ധനം ഞങ്ങൾ. 2

സ്വത്തിൻമഴ, നീയജാശ്വ;
വിത്തത്തിൻെറ കുമ്പാരം, നീ;

---

9. നിന്നുടെ—നിന്നെ ഉദ്ദേശിച്ചുള്ള.

10. അപ്പുറത്തെയ്ക്കു്—അഗമ്യപ്രദേശത്തെയ്ക്കു്; ചോരവ്യാഘ്രാദികളുള്ള സ്ഥലത്തെയ്ക്കു പോകുന്ന ഗോക്കളെ തടയാൻ.

സൂക്തം 55.

1. ധാതൃപുത്ര—പ്രജാപതിസുത. ഒന്നിച്ചു നാം—അങ്ങും സ്തുതിയ്ക്കുന്ന ഞാനും കൂടിച്ചേരുക.

2. കപർദ്ദി—പൂഷാവ്.

വാജ്ത്തുവോന, വാജ്ത്തുവോന
ദീപ്തിമാനേ, സഖാവു, നീ! 3

മേഷാശ്വനായന്നവാനാം
പൂഷാവിനെ സ്തുതിയ്ക്കു, നാം:
പെങ്ങളുടെ ജാരനാണെ–
ന്നിങ്ങു ചൊല്ലാറുണ്ടവനെ! 4

നമ്മറം ചൊല്ലും സ്തവം കേറംക്ക–
ക,ംബാരതൻ സ്വസൃജാരൻ;
എന്നുടെ സഖാവാകട്ടെ,–
യിന്ദ്രനുടെ സഹോദരൻ! 5

ഒത്തുചേൎന്നക്കോലാട്ടുകറം
ത്തേരിലിണെത്തിയ്ക്കട്ടേ,
സേവകരിലെഴുന്നള്ളും
ദേവനായ പൂഷാവിനെ! 6

സൂക്തം 56.

ഭരദ്വാജൻ ഋഷി; ഗായത്രിയും അനുഷ്ടപ്പും ഛന്ദസ്സുകറം; പൂഷാവ് ദേവത.
('ദ്വാരകാമന്ദിരം' പോലെ.)

ആജ്യസിക്തമലർപ്പൊടി–
യാസ്വദിപ്പോനെന്നിങ്ങനെ
ഇപ്പൂഷാവെ സ്തുതിപ്പവ–
ന്നീഡ്യനാകാ, മററു ദേവൻ! 1

---

3. സ്വത്തിൻമഴ—സ്തോതാവിന്നു ധനം വർഷിച്ചുകൊടുക്കുന്നവൻ. അജാശ്വ—ആടുകളാകുന്ന അശ്വ(വാഹന)ങ്ങളോടുകൂടിയവനേ.

4. പെങ്ങറം—ഉഷസ്സ്.

5. അംബാരതൻ—മാതാവായ രാത്രിയുമായി രമിയ്ക്കുന്നവൻ.

6. സേവകരിലെഴുന്നള്ളും—സ്തോതാക്കളുടെ അടുക്കൽ പതിവായി ചെല്ലുന്നു.

സൂക്തം 56.

1. ആജ്യസിക്തം—നെയ്യുകൊണ്ടു നനച്ചത്. മററുദേവൻ ഈഡ്യനാകാ—പൂഷാവിങ്കൽനിന്നുതന്നേ അഭീഷ്ടം കൈവരും.

സത്സംരക്ഷാവിധായക—
നിസ്സഖാവോടൊന്നിച്ചല്ലോ,
ശത്രുവധം നടത്തുന്ന—
ത,ത്ര മഹാരഥനിന്ദ്രൻ! 2

പോരാ, മഹാരഥനാമീ—
ശ്ശൂരനപ്പൊന്മയചക്രം
നേരിട്ടാഞ്ഞുവിട്ടാനല്ലോ,
സ്ഫാരഭാസ്സാം പകലോങ്കൽ! 3

ഇന്നേതിന്നോ ബോധവാനേ,
സുന്ദരാംഗ, ഞങ്ങൾ നിന്നെ
വാഴ്ത്തുവത;—സ്സ്വത്തെങ്ങളിൽ—
ച്ചേർത്താലും, നീ പുരുസ്തുത! 4

ഇഗ്ഗവാന്വേഷകരെയു—
മെങ്ങളുടെ ലാഭത്തിന്നായ്
സാധിപ്പിക്കു: പൂഷാവേ, നീ
ഖ്യാതനല്ലോ, വിദൂരത്തും! 5

തിന്മ ദൂരേ, ധനം ചാരേ—
ഇമ്മട്ടാം നിൻത്രാണം ഞങ്ങൾ
ഇന്നു സർവാപ്തിക്കുഭ്യർത്ഥി—
ക്കുന്നു, നാളെസ്സർവാപ്തിക്കും. 6

———

2. സത്സംരക്ഷാവിധായകൻ—സജ്ജനപാലകൻ; ഇന്ദ്രന്റെ വിശേഷണം. ഇന്ദ്രനും സഹായഭൂതനാണ്, പൂഷാവ്.

3. ഇശ്ശൂരൻ—പൂഷാവ്. സ്ഫാരഭാസ്സാം—ശോഭയേറിയ.

4. ബോധവാൻ = ജ്ഞാനി.

5. ഗവാന്വേഷകർ—ഗോക്കളെ തിരയുന്നവർ. സാധിപ്പിക്കു—സിദ്ധകാര്യരാക്കുക.

6. സർവാപ്തി—സർവഭോഗ്യങ്ങളും കിട്ടാൻ.

സൂക്തം 57.

ഭരദ്വാജൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രനും പൂഷാവും ദേവത.
('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്രൻ, പൂഷാവെന്നിവരെ—
യിന്നും വിളിയ്ക്കുക, നമ്മൾ
അന്യൂനമാം സഖ്യത്തിന്നു—
മന്നലാഭത്തിന്നുമായി. 1

രണ്ടു മരപ്പലകകൾ—
കൊണ്ടു പിഴിയുന്ന സോമം
ആസ്വദിപ്പാൻ വരു,മൊരാ;—
ളന്യൻ മലർപ്പൊടിപ്രിയൻ! 2

ആടൊരാൾക്കു വാഹം; മററാൾ—
ക്കീടേറിയ രണ്ടശ്വങ്ങൾ;
തത്രഭവാനിവയെക്കൊ—
ണ്ടത്രേ, കൊൽവൂ ശത്രുക്കളെ! 3

പാരം വർഷിപ്പവനിന്ദ്രൻ
പായും പെരുവെള്ളങ്ങളെ
പാരിൽപ്പൊഴിയ്ക്കുമ്പോൾത്തുണ—
ക്കാരന,തിൽപ്പൂഷാവത്രേ. 4

ഇന്ദ്രപൂഷാക്കന്മാരുടെ—
യന്നൽത്തിരുമനസ്സിനെ,
സാലത്തിൻെറ വൻകൊമ്പിനെ—
പ്പോലേ പിടിയ്ക്കുന്നു, ഞങ്ങൾ. 5

സൂക്തം 57.

2. ഇന്ദ്രപൂഷാക്കളിൽ ഒരാൾ—ഇന്ദ്രൻ. അന്യൻ—പൂഷാവ്.

3. ഒരാൾക്കു—പൂഷാവിന്ന്. മററാൾക്ക്—ഇന്ദ്രന്ന്. ഈടേറിയ—തടിച്ച എന്നു സാരം. തത്രഭവാൻ = അവിടുന്ന്, ഇന്ദ്രൻ.

4. പായും—ഊക്കിലൊഴുകുന്ന.

5. അന്നന്മനസ്സിനെ—ആ (പ്രസിദ്ധമായ) നന്മനസ്സിനെ, അനുഗ്രഹബുദ്ധിയെ. സാലം = വൃക്ഷം. വൻകൊമ്പ്—ഉറപ്പുള്ള കൊമ്പ്. പിടിയ്ക്കുന്നു—അവലംബിയ്ക്കുന്നു.

ഇന്ദ്രനെപ്പിടിച്ചുവലി—
ച്ചുന്നു, ഞങ്ങരം പൂഷാവെയും
ചേണററ രക്ഷസ്സായ്, കടി—
ഞാണകളെസ്സുതൻപോലേ! 6

സൂക്തം 58.

ഭരദ്വാജൻ ഋഷി; ത്രിഷ്ടപ്പും ജഗതിയും ഛന്ദസ്സുകരം; പൂഷാവ് ദേവത.

(കേക)

നിന്നുടെ വെളുപ്പൊന്നു, നിന്നുടെ കറുപ്പൊന്നു—
ഭിന്നാഹർന്നിശകളെച്ചമപ്പു, സൂര്യാഭൻ നീ:
പൂർണ്ണമാം പ്രജ്ഞാനത്തിൻ പാലകനല്ലോ, ഭവാൻ;
പൂഷാവേ, ധൃതാന്ന, നിൻനൽദ്ദാനമിങ്ങാവട്ടേ! 1

മേഷവാഹനൻ പൂഷാവ, ന്നവദ്ഗൃഹൻ, സ്തോതൃ—
തോഷദൻ ഗോപൻ പാരിലൊട്ടുക്കു നിർത്തപ്പെട്ടോൻ
തോലുളിയെടുത്തഴച്ചുയർത്തി, ലോകത്തിങ്ക—
ലാലോകമരുളിക്കൊണ്ടെഴുന്നള്ളുന്നു ദേവൻ. 2

നിൻപൊന്നുകപ്പലുകരം പൂഷാവേ, നഭസ്സിലു—
മംഭോധിനടുവിലും സഞ്ചരിയ്ക്കുന്നുണ്ടല്ലോ;

---

6. കടിഞ്ഞാണകരം——രശ്മിശേപങ്ങളുടെ.

സൂക്തം 58.

1. ഭിന്നാഹർന്നിശകരം——വ്യത്യാസപ്പെട്ട, വെളുത്തതും കറുത്തതുമായ, പകലും, രാത്രിയും. ധൃതാന്ന——അന്നങ്ങളെ വഹിയ്ക്കുന്നവനേ. ഇങ്ങ്——ഞങ്ങളിൽ. നിന്റെ ദാനത്തിന്നു ഞങ്ങരം പാത്രീഭവിയ്ക്കട്ടെ.

2. അന്നവദ്ഗൃഹൻ=അന്നസഹിതനായ ഗൃഹമുള്ളവൻ. ഗോപൻ=ഗോക്കളെ പാലിയ്ക്കുന്നവൻ. നിർത്തപ്പെട്ടോൻ——പ്രജാപതിയാൽ പോഷകത്വേന സ്ഥാപിതൻ. ആലോകം=നോട്ടം, പ്രകാശം.

3. അവയാൽ—പൊൻകപ്പലുകളിൽ കേറി. ദൂതനായ്—ഒരിയ്ക്കൽ ദേവന്മാരോടുകൂടി അസുരവധത്തിന്നു പോയ സൂര്യൻ, തന്റെ വിയോഗത്തിൽ ഉൽകണ്ഠി

അവയാൽപ്പകലോൻെറ ദൂതനായ്ഗ്ഗമിച്ചു, നീ;
ഹവിസ്സിച്ഛിക്കും നിന്നെസ്സസ്പൃഹർ വശത്താക്കി! 3

സസ്പൃഹർ വശത്താക്കിവെച്ച ദാതാവാമേതു
കെല്പനെയയച്ചിതോ, ദേവകൾ സൂര്യക്കായി;
അപ്പൂഷാവഭിരൂപൻ, വിണ്ണിനും പൃഥിവിക്കും
സദ്ബന്ധുഭൂതൻ, സുഷ്ഠുസഞ്ചാര,നന്നാധീശൻ! 4

സൂക്തം 59.

ഭരദ്വാജൻ ഋഷി; ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത.
('താമരക്കണ്ണൻ'പോലെ)

ഇന്ദ്രാഗ്നികളേ, നിങ്ങൾതൻ വീര്യ—
മൊന്നൊന്നായ്ച്ചൊല്വൻ, യാഗത്തിൽ:
കൊന്നല്ലോ, നിങ്ങൾ ഹിംസ്രാസുരരെ;—
യെന്നാൽ നിങ്ങളോ, ജീവിപ്പൂ! 1

നേർതാൻ, നിങ്ങൾതൻ പ്രാഭവ:—മച്ഛൻ,
സ്തോതവ്യനേകൻ രണ്ടാൾക്കും;
പാർതന്നിരട്ടമക്കളാം നിങ്ങൾ
ഭ്രാതാക്ക,ളഗ്നീന്ദ്രന്മാരേ! 2

തിന്മാൻ രണ്ടശ്വംപോലൊപ്പം നിങ്ങൾ
സമ്മേളിക്കുവിൻ, സോമത്തിൽ:

തയമയിത്തീൻ പതിയെ ആശ്വസിപ്പിക്കാൻ, പൂഷാവിനെയാണ്, ദൂതനാക്കി യയച്ചത്. സസ്പൃഹർ——ശ്രേയസ്സാഗ്രഹിക്കുന്ന സ്തോതാക്കൾ.

4. സൂര്യക്കായി——അശ്വികൾക്കുവേണ്ടി സൂര്യപുത്രിയെ വരിപ്പാൻ. അഭിരൂപൻ=സുന്ദരൻ.

സൂക്തം 59.

1. ജീവിപ്പൂ——അസുരന്മാരിൽനിന്ന് അപായമൊന്നും പററാതെ.

2. സ്തോതവ്യൻ——പ്രജാപതി; രണ്ടുപേരും പ്രജാപതിയുടെപുത്രന്മാരാണ്. പാർതന്നിരട്ടമക്കൾ——പാർ(ഭൂമി)തന്നെയായ അദിതി ഇരട്ടപെററ മക്കൾ.

ഇന്നെങ്ങരം വിളിയ്ക്കുന്നു, രക്ഷയ്ക്കി–
ങ്ങിന്ദ്രാഗ്നിവജ്രിദേവരെ. 3

നേർ വളർപ്പോരേ, വല്ലതും ചൊല്ലും
പാഴ്വാഴ്ത്തിയുടെ സോമനീർ
ഉച്ചകൈസ്തവഗ്രാഹികരം നിങ്ങ-
ളുണ്ണ്ണില്ലി,ന്ദ്രാഗ്നിദേവരേ! 4

ഏതൊരാളറിയുന്നു, നിങ്ങരംതൻ
ചെയ്ത്തിയിന്ദ്രാഗ്നിദേവരേ?
ഏകൻ വിദഗ്ദ്ധാശ്വങ്ങളെപ്പൂട്ടി,–
പ്പോക,മെമ്പാടും തേരൊന്നിൽ! 5

കാലില്ലാത്തുഷസ്സിന്ദ്രാഗ്നികളേ,
കാലുള്ളോരെക്കാരംമുമ്പെത്തും;
നിശ്ശീർഷ നാക്കാൽശ്ശബ്ദിച്ച നട–
ന്നെട്ടുയാമത്തെപ്പിന്നിടും! 6

ഇന്ദ്രാഗ്നികളേ, കൈവില്ല കുല-
യ്ക്കുന്നതുണ്ടല്ലോ, മാനുഷർ:
സംഗരമിതിൽഗ്ഗോമാർഗ്ഗണത്തി–
ലെങ്ങളെ നിങ്ങരം തള്ളൊല്ലേ! 7

വന്നെതിരെത്തന്നെയിട്ടലട്ടുന്നു–
ണ്ടി,ന്ദ്രാഗ്നികളേ, മാററാന്മാർ;

---

3. ഉത്തരാർദ്ധം പരോക്ഷോക്തി: ഇന്ദ്രാഗ്നിവജ്രിദേവർ=ഇന്ദ്രനും അഗ്നിയുമാകുന്ന വജ്രികളായ (സായുധരായ) ദേവന്മാർ.

4. പാഴ്വാഴ്ത്തി = പൊട്ടസ്തോതാവ്. ഉച്ചകൈസ്തവഗ്രാഹികരം=മികച്ച സ്തോത്രം സ്വീകരിയ്ക്കുന്നവർ.

5. ഏകൻ—സൂര്യരൂപനായ ഇന്ദ്രൻ.

6. കാലുള്ളോരെക്കാരംമുമ്പ്—മനുഷ്യാദികരം ആ സമയത്തു് ഉറങ്ങുകയായിരിയ്ക്കുമല്ലോ. നിശ്ശീർഷ—തലയില്ലാത്തവരം. നാക്കാൽ—പ്രാണികളുടെ. എട്ടുയാമം—അറുപതുനാഴിക, ഒരു ദിവസം. ഇതൊക്കെ നിങ്ങളിരുവരും ചെയ്യിയ്ക്കുന്നതാണു്!

7. മാനുഷർ—യോദ്ധാക്കരം. ഗോമാർഗ്ഗണം—ഗോക്കളെ തിരയൽ.

ഇക്കർക്കശരെപ്പായിപ്പിൻ, നിങ്ങ–
ളർക്കങ്കൽനിന്നകററുവിൻ! 8

നിങ്ങളിലല്ലോ, ഇന്ദ്രാഗ്നികളേ,
നിൽക്കുന്നു, വിൺമൺവിത്തങ്ങരം;
ആഠംകളെപ്പോററാൻ പോരുന്ന ധന–
മേകുവിനി,ങ്ങു ഞങ്ങരംക്കായ്! 9

ഇന്ദ്രാഗ്നികളേ, സ്തോത്രവാഹ്യരാ–
മിന്നിങ്ങരം വിളി കേരംപ്പോരേ,
ശസ്ത്രസ്തോത്രങ്ങളെല്ലാം കൈക്കൊണ്ടി–
ങ്ങെത്തുവിൻ, സോമം സേവിപ്പാൻ! 10

സൂക്തം 60.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകരം; ഇന്ദ്രാഗ്നികരം ദേവത.

(കാകളി)

ഒട്ടേറെ വിത്തത്തിനീശരായ്,ക്കെല്പിനാ–
ലിട്ടമർത്തുന്നവരായ,ന്നകാമരായ്,
ധൃഷ്ടരാമിന്ദ്രാഗ്നികളെ ബ്ഭജിപ്പവൻ
വെട്ടു,മമിത്രനെ; നേടും, ബലത്തെയും! 1

അഗ്നീന്ദ്രരേ, നിങ്ങരം പോരാടി, ഗോവൃഷ–
സ്സുർക്കോദകങ്ങളെക്കണ്ടുപിടിയ്ക്കുവാൻ;

---

8. കർക്കശർ = നിർദ്ദയർ, ദ്രോഹികരം. അർക്കങ്കൽനിന്നകററുവിൻ––സൂര്യദർശനരഹിതരാക്കുവിൻ, മരിപ്പിക്കുവിൻ.

9. വിൺമൺവിത്തങ്ങരം––ദിവ്യ–ഭൌമ സമ്പത്തുകരം. ആഠംകളെ––കുടുംബത്തെ. ഇങ്ങു––ഈ യജ്ഞത്തിൽ.

10. സ്തോത്രവാഹ്യർ = സ്തുതികരംകൊണ്ടു വഹനീയർ.

സൂക്തം 60.

1. ഇട്ടമർത്തുന്നവർ––ശത്രുക്കളെ. അന്നകാമർ––ഹവിഃകാംക്ഷികരം. ധൃഷ്ടർ––ധർഷകർ. വെട്ടും––വധിയ്ക്കും.

അഗ്നീന്ദ്രരേ, സാശ്വർ നിങ്ങൾ വിട്ടവിച്ചു,
ദിക്കുഷസ്സൂര്യചിത്രോദകഗോക്കളെ! 2

വൃത്രഘ്നർ നിങ്ങൾ വൃത്രഘ്നബലാന്നങ്ങ-
ളൊത്തിവിടെയ്ക്കു വരുവിൻ,നഗ്നീന്ദ്രരേ-
ഉത്തമാനല്പധനങ്ങളെട്ടുത്തുവ-
ന്നെത്തുവിനെ,ങ്ങളിൽ നിങ്ങളഗ്നീന്ദ്രരേ! 3

ഇമ്മുൻകൃതങ്ങൾ വാഴ്ത്തപ്പെട്ടമഗ്നീന്ദ്രർ-
തമ്മെ വിളിപ്പു ഞാൻ: ദ്രോഹിയ്ക്കുകില്ലവർ! 4

ഞങ്ങൾ വിളിപ്പൂ, രിപുഘ്നരാം കെല്പാള-
മഗ്നീന്ദ്രരെ—ക്കനിക,ിങ്ങവരെങ്ങളിൽ! 5

പോക്ക,മാര്യാർദ്ദനം; പോക്കം, ഖലാർദ്ദനം;
പോക്ക,മിസ്സന്നാഥർ മററരെയൊക്കയും! 6

സൂരികൾ നേർക്കിതാ, വാഴ്ത്തുന്നു, നിങ്ങളെ:
നീരശിപ്പിൻ, സുഖം നൽകുമഗ്നീന്ദ്രരേ! 7

ദത്തവാങ്കൽ, സ്വകാമ്യാശ്വങ്ങളേറി വ-
ന്നെത്തുവിൻ, നേതാക്കൾ നിങ്ങളഗ്നീന്ദ്രരേ- 8

ക്ലിപ്തമിസ്സോമമുണ്ണാന,വ യേറി വ-
ന്നെത്തുവിൻ, നേതാക്കൾ നിങ്ങളഗ്നീന്ദ്രരേ! 9

---

2. ഗോവ്—അസുരാപഹൃതകളായ ഗോക്കൾ. വിട്ടവിച്ചു—അസുരകൃത നിരോധത്തിൽനിന്നു മോചിപ്പിച്ചു. ചിത്രം=പൂജനീയം.

3. വൃത്രഘ്നബലാന്നങ്ങളൊത്ത്—വൃത്രരെ (ശത്രുക്കളെ) കൊല്ലുന്ന ബലത്തോടും, ഞങ്ങൾക്കു തരേണ്ടുന്ന അന്നത്തോടുംകൂടി.

4. ദ്രോഹിയ്ക്കുകില്ല—രക്ഷിയ്ക്കുയേ ചെയ്യു.

5. ഇങ്ങ്—ഈ യുദ്ധത്തിൽ.

6. ആര്യാർദ്ദനം—കർമ്മികൾ ചെയ്യുന്ന ഉപദ്രവം. ഖലാർദ്ദനം—ഖലർ, കർമ്മഹീനർ, ചെയ്യുന്ന ഉപദ്രവം. സന്നാഥർ—സജ്ജന പാലകർ.

7. നീര്—സോമരസം.

8. ദത്തവാൻ—ഹവിർദ്ദാതാവ്. സ്വകാമ്യാശ്വങ്ങൾ—സ്വന്തം സ്പൃഹണീയങ്ങളായ അശ്വങ്ങൾ.

9. ക്ലിപ്തം—കൃതം, പിഴിയപ്പെട്ട. അവ—അശ്വങ്ങൾ.

നാളമാം നാക്കാലരണ്യങ്ങളെ നക്കി
നീളെക്കറുപ്പിയ്ക്കുവോനെ സ്തുതിയ്ക്കു, നീ! 10

ഇന്ദ്രന്നു ഹൃദ്യാന്നമഗ്നിയിലർപ്പിയ്ക്കി–
ല,ന്നരന്നന്നം കിടയ്ക്കും, സുവൃഷ്ടിയാൽ! 11

ഞങ്ങൾക്കു നൽകുവിൻ, ബല്യാന്നവും ദ്രുതാ–
ശ്വങ്ങളെയും വഹനത്തിനഗ്നീന്ദ്രരേ! 12

രണ്ടാൾക്കുമാഹുതിയ്ക്കഗ്നീന്ദ്രരേ––നിങ്ങൾ
രണ്ടാളെയും ഹവിസ്സൊപ്പമൂട്ടീടുവാൻ
രണ്ടാളെയും വിളിയ്ക്കുന്നിത,ന്നൈഷി ഞാൻ:
രണ്ടാളുമന്നധനദരല്ലോ, സമം! 13

ഗോഗണാശ്വധനൌഘത്തൊടൊത്തെങ്ങളി–
ലാഗമിച്ചീടുവിനിന്ദ്രാഗ്നിദേവരേ:
സഖ്യത്തിനായിട്ടു ഞങ്ങൾ വിളിയ്ക്കുന്നു,
സൌഖ്യദരായ സഖാക്കളാം നിങ്ങളെ! 14

ഇന്ദ്രാഗ്നികളേ, മഖിതൻ വിളികേൾക്ക:
വന്നിച്ഛയാ സോമനീർത്തേൻ കുടിയ്ക്കുവിൻ! 15

സൂക്തം 61.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ;
സരസ്വതി ദേവത.

(കേക)

ദത്തഹവ്യനാം വധ്ര്യശ്വന്നിവൾ കടം വീട്ടും
സത്വരനായ ദിവോദാസനെ നൽകിക്കൊണ്ടാൾ;

---

10. കറുപ്പിയ്ക്കുവോനെ––കരിയ്ക്കുന്ന അഗ്നിയെ. സ്തോതാവിനോടു പറയുന്നതാണിത്.

12. ബല്യാന്നം=ബലകരമായ അന്നം. വഹനത്തിനു––നിങ്ങളിൽ ഹവിസ്സെത്തിപ്പാൻ.

13. സമം––ഒരുപോലെ.

15. മഖി––യജമാനൻ.

എത്രയോ തന്നെപ്പോററിപ്പിശ്ശുക്കന്മാരെത്തിന്നാരം—
ഉത്തമങ്ങളാംതാ,നാ നിൻദാനങ്ങരം സരസ്വതി! 1

വളർവീചികരംകൊണ്ടു പർവതച്ചെരിവുകരം
കിളക്കു,മൊരു മൃണാളൈഷിപോലിവരം കെല്പാൽ;
തീരയുഗ്മത്തിൽത്തല്ലുമിസ്സരസ്വതിയെ നാ—
മാരാധിക്കുക, രക്ഷയ്ക്കായ് നതികർമ്മങ്ങളാൽ! 2

ദേവനിന്ദകന്മാരെ നീ സരസ്വതി, കൊന്നു,
മൈ വായ്ച മായാവിയാം ത്വഷ്ടാവിൻ മകനെയും;
മത്ത്യക്കായ് നിലങ്ങരം വീണ്ടെടുത്തു, ധൃതാന്നേ, നീ;-
യത്രയല്ലി,വക്കായിട്ടൊഴുക്കീ, തണ്ണീർകളും! 3

സ്തുതികൃത്സംരക്ഷിണി സാന്നയാം സരസ്വതി
മതിയാവോളം നമുക്കേകട്ടെയന്നം ദേവി! 4

പോരിൽ വിത്താർത്ഥം ദേവി, നിന്നെയിന്ദ്രനെയെന്ന—
പോലെ വാഴ്ത്തുന്നോനെ നീ (കാക്കേണം) സരസ്വതി! 5

സൂക്തം 61.

1. വധ്ര്യശ്വൻ—ഒരു ഋഷി. ഇവരം—സരസ്വതി. കടം——ദേവർഷിപിതൃകടങ്ങളും, ലൌകികമായ ഋണവും. സത്വരൻ——ക്ഷിപ്രകാരി. ദിവോദാസൻ—ദിവോദാസനെന്ന പുത്രൻ. തിന്നാരം——നശിപ്പിച്ചാരം. നാലാംപാദം പ്രത്യക്ഷോക്തി.

2. നദീരൂപയായ സരസ്വതിയെപ്പററി: മൃണാളൈഷിപോലെ = താമരവളയമിച്ഛിക്കുന്നവൻ ചളി കിളക്കുന്നതുപോലെ. കിളക്കും——പിളർത്തും. തീരയുഗ്മത്തിൽത്തല്ലും——ഇരുകരകളിലും അലയടിക്കുന്ന. നതികർമ്മങ്ങളാൽ = സ്തുതികൊണ്ടും കർമ്മംകൊണ്ടും.

3. മൈ വായ്ച——തടിച്ച. ത്വഷ്ടാവിൻ മകൻ——വൃത്രൻ; നിൻെറ സാഹായ്യത്താലാണു്, വൃത്രനെ ഇന്ദ്രൻ കൊന്നതെന്നർത്ഥം. നിലങ്ങരം——അസുരന്മാർ കൈവശപ്പെടുത്തിയ കൃഷിഭൂമികരം. ഇവർ——മർത്ത്യർ.

4. പരോക്ഷകഥനം. സ്തുതികൃത്സംരക്ഷിണി = സ്തുതിക്കുന്നവരെ രക്ഷിക്കുന്നവൾ. സാന്ന = അന്നവതി.

5. പ്രത്യക്ഷോക്തി:

നീ സരസ്വതീദേവി, പാലിയ്ക്ക, പോരിൽക്കെല്ലാൽ;
പൂഷാവുപോലേ കുറിച്ചരുരാകെ,ഞങ്ങൾക്ക ധനം! 6

പൊൽത്തേരിലേറും ശത്രുനാശിനി സരസ്വതി–
യത്യുഗ്ര കാംക്ഷിയ്ക്കട്ടേ, നമ്മുടെ നൽസ്തോത്രത്തെ! 7

അഹതപ്രചാരമായ്,സ്സത്യമായ്,സ്സജലമാ–
യറുതിയില്ലാത്തതാമേതൊരുവൾതൻ ബലം
അവഭാസിയ്ക്കുന്നിതോ, നിതരാമിരമ്പിക്കൊ;– 8

ണ്ടവളും സഹജമാരിതരനദികളും
പകയർകളെയെല്ലാം കടത്തീടട്ടേ നമ്മെ,–
പ്പകലുകളെസ്സഞ്ചരിപ്പുവാം സൂര്യൻപോലെ! 9

പരമപ്രിയ, സപ്തസോദരി സരസ്വതി,
പരിസേവിത നമുക്കീഡ്യയായ്‌വരേണമേ! 10

പാലിയ്ക്ക പഴിപ്പോനിൽനിന്നു, ഉരുഭൂലോകങ്ങൾ–
പോലവേ വാനും നിറച്ചീടുമസ്സരസ്വതി; 11

മുപ്പാരിൽ വാഴ്‌വോ,ളഞ്ചു ജാതിയെ വളർത്തുവോൾ,
സപ്താംഗി പോരിൽപ്പോരിൽ വിളിയ്ക്കപ്പെടേണ്ടവൾ! 12

ഉച്ചൈഃപ്രഭാവയാളീ,യന്യനദികളിൽ–
വെച്ചതിവേഗവതി, വിജ്ഞാത, യശസ്വിനി,

---

6. കുറിച്ചരുരാക––ഇത്രയിത്ര എന്നു രേഖപ്പെടുത്തിവെയ്ക്കുക: തരിക എന്നു സാരം.

7. പരോക്ഷവചനം: അത്യുഗ്ര––ശത്രുക്കൾക്ക ഭയങ്കരി.

8. അഹതപ്രചാരം=തടയപ്പെടാത്ത ഗമനത്തോടുകൂടിയതു്. സജലം––ജലപ്രദമെന്നർത്ഥം. അവഭാസിയ്ക്കുക=ശോഭിയ്ക്കുക

9. സഹജമാർ=സോദരിമാർ. ഇതരനദികൾ––ഗംഗാദ്യകൾ. പകയർകളെയെല്ലാം കടത്തീടട്ടേ––എല്ലാശ്ശത്രുക്കളെടെയും മറുകരയിലെത്തിയ്ക്കട്ടെ.

10. സപ്തസോദരി––ഏഴു ഛന്ദസ്സുകളോ, നദികളോ ആകുന്ന സോദരിമാരോടുകൂടിയവൾ. പരിസേവിത––പുരാതനർഷികളാൽ. ഈഡ്യ=സ്തുത്യ.

11. ഉരുഭൂലോകങ്ങൾ––പരന്ന മന്നലകങ്ങൾ. നിറച്ചീടും––തന്റെ തേജസ്സുകൊണ്ടു നിറയ്ക്കുന്ന.

12. സപ്താംഗി––ഏഴു ഛന്ദസ്സുകളോ നദികളോ ആകുന്ന അവയവങ്ങളോടു കൂടിയവൾ.

തേരുപോലുരുപ്രൌഢി ചേർത്തു സൃഷ്ടിയ്ക്കപ്പെട്ടോരാ,
സൂരികരാ ചാരേ സ്തുതിയ്ക്കേണ്ടവരാ, സരസ്വതി! 13

എത്തിയ്ക്ക, സമ്പത്തെങ്ങൾക്കി;—ടിവു വരുത്തരു-
ത;-ത്തൽ ചേക്കൊല്ലും,ഭസ്സാലെങ്ങൾക്ക സരസ്വതി;
ഞങ്ങൾതൻ പ്രവേശവും സഖ്യവും കൈക്കൊൾക, നീ;
ഞങ്ങൾക്ക വേണ്ടാ, നിങ്കൽനിന്നു പാഴ്വയലൊന്നും! 14

എട്ടാമധ്യായം സമാപ്തം.

നാലാമഷ്ടകം സമാപ്തം.

അഞ്ചാം അഷ്ടകം

ഒന്നാമധ്യായം

സൂക്തം 62.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.
(കാകളി)

മന്നിന്നധീശർ വിൺനേതാക്കൾ ദസ്രരെ
മന്ത്രങ്ങൾ ചൊല്ലി സ്തുതിപ്പാൻ വിളിപ്പൂ, ഞാൻ:
രാവിന്നൊടുവിലകററുമല്ലോ, ക്ഷണാൽ—
ബ്ഭൂവിൽനിന്നുഗ്രതമസ്സിീ നിവാരകർ! 1

തേരുമേറെത്തിളങ്ങിയ്ക്കും, മഖത്തിന്നു
പോരുന്നതിന്നവരച്ഛമാം കാന്തിയാൽ;

---

13. ഉച്ചൈഃപ്രഭാവയാഃ=ഉയന്ന മഹിമാവുള്ളവരാ. വിജ്ഞാത—പലരക്കെ അറിയപ്പെട്ടവരാ. തേരുപോലെ—തേര് ഒരാശാരിയാലെന്നപോലെ, പ്രജാപതിയാൽ സൃഷ്ടിയ്ക്കപ്പെട്ടവരാ. ഉരുപ്രൌഢി—വലിയ മേന്മ, ഗുണാധിക്യം.

14. അംഭസ്സാൽ—വെള്ളപ്പൊക്കംകൊണ്ട്. പ്രവേശം—സമീപിയ്ക്കലെന്നത്ഥം. പാഴ്വയലൊന്നും വേണ്ടാ—നല്ല കൃഷിനിലങ്ങൾ തരണം.

സൂക്തം 62.

1. നിവാരകർ—ശത്രുക്കളെ തടുക്കുന്നവർ.

ഭൂരിവെളിച്ചം പരത്തി, ഹയങ്ങളെ
നീരിന്നുവേണ്ടി മരുക്കാം കടത്തിടും! 2

ഉഗ്രരേ, ഹവ്യപ്രദൻെറ നിസ്വാലയം
പുക്ക ഭവാന്മാരുറക്കു, മമിത്രനെ
ഇത്ഥം സ്തുതിപ്പോരെയെപ്പൊഴും കൊണ്ടുപോം,
ചിത്തവേഗങ്ങളാം കാമ്യഹയങ്ങളാൽ! 3

അശ്വങ്ങളെച്ചേർത്തു, പുഷ്ടിരസങ്ങളൊ—
ത്തസ്സലാമന്നമെടുത്തിരുപേരുമേ
എത്തും, നവസ്തോത്രവാങ്കൽ: യജിയ്ക്കുട്ടെ,
മിത്രം പഴയ ഹോതാവാ യുവാക്കളെ! 4

ശസ്ത്രവും സ്തോത്രവും ഗാഥയും ചൊൽവോർക്കു
ചിത്രദാനരെവർ നൽസ്സൌഖ്യമേകുമോ;
അദ്ദസ്രരെ, പ്പുരുകൃത്യരെ, ശ്രീലരെ—
പ്പുത്തൻസ്തവത്താൽബ് ഭജിപ്പേൻ, പുരാണരെ. 5

നീരജസ്സാകിയ മാർഗ്ഗത്തിലൂടവേ
പാറിപ്പറക്കുന്ന തേർത്തുരംഗങ്ങളാൽ
പാഥോധിയിൽനിന്നു കേററിയല്ലോ, പരി—
പാലിച്ചു നിങ്ങൾ തുഗ്രാത്മജൻ ഭുജ്യുവെ! 6

അദ്രിയടച്ചു, ജയത്തേരിനാൽ നിങ്ങൾ;
വധ്രിമതിതൻ വിളി കേട്ടു, വഷ്കർ;

---

2. നീര്—വർഷജലം.

3. നിസ്വാലയം=നിർദ്ധനമായ ഗൃഹം. ഉറക്കും—മരിപ്പിയ്ക്കും. കൊണ്ടുപോം—സ്വർഗ്ഗത്തിലെയ്ക്കു്.

4. ചേർത്തു—തേരിനു പൂട്ടി. പുഷ്ടിരസങ്ങൾ=പുഷ്ടിയും (പോഷകത്വവും) രസവും. എടുത്തു—നമുക്കു തരാൻ. നവസ്തോത്രവാങ്കൽ=പുതിയ സ്തുതി ചൊല്ലുന്നവൻെറ അടുക്കൽ. പഴയ ഹോതാവ്—അഗ്നി.

5. ഗാഥ—മററു സ്തുതി. ചിത്രദാനർ=വിചിത്രമായ ദാനത്തോടുകൂടിയവർ. പുരുകൃത്യർ=ബഹുകർമ്മാക്കൾ. ശ്രീലർ=ശോഭയേറിയവർ. ഭജിപ്പേൻ—ഞാൻ പരിചരിയ്ക്കുന്നു. പുരാണർ=പുരാതനർ.

6. നീരജസ്സാകിയ മാർഗ്ഗം—പൊടിയില്ലാത്ത അന്തരിക്ഷമാർഗ്ഗങ്ങൾ. തുഗ്രാത്മജൻ=തുഗ്രൻെറ പുത്രനായ.

പാൽ വളർത്തി, ശയുഗോവിന്നു ദാതാക്കളാം:
ഏവം സ്തുതർ നിങ്ങളാം യജ്ഞം ഭരിയ്ക്കുവിൻ: 7

വാന്മഴികളേ, വസുക്കളേ, രുദ്രന്റെ
സൂനുക്കളേ, പ്രത്നരാകുമാദിത്യരേ,
മർത്ത്യരിലുമ്പക്ക് വൻക്രോധ മുണ്ടാകി,—
ലത്തിയ്യുരക്കത്തെലവങ്കൽ വീഴ്ത്തുവിൻ! 8

ഇപ്പാരരചരെക്കാലേ ഭജിപ്പോനെ—
യപ്പൊഴേ തേറും, വരുണനും മിത്രനും:
മെത്തു മരക്കനിൽച്ചാട്ടു, മസ്ത്രമവൻ,
മർത്ത്യന്റെ വിദ്രോഹവാക്കിന്റെ നേക്കുമേ! 9

ഈടാർന്ന വട്ടൊത്തു മിന്നും ഹയത്തേരി—
ലൂടേ, സുതന്നായ് വരിക, നിങ്ങളാം ഗൃഹേ;
മൂടിവെയ്ക്കപ്പെട്ട രോഷത്തോടാളുകളാം—
ക്കാടൽ ചേർപ്പോരുടെ ശീർഷവും കൊയ്യുവിൻ! 10

ഉത്തമം, മധ്യമം, ഹീന,മീ വ്യത്യാസ—
മൊത്ത വാഹങ്ങളിലൊന്നിലിങ്ങെത്തുവിൻ:
കെല്പുററ മാടിൻ തൊഴുത്തും തുറക്കുവിൻ,—
അത്ഭുതവസ്തുക്കളാം ഗായകന്നേകുവിൻ! 11

---

7. അദ്രി—വഴിയിലെ മല. വധ്രിമതിതൻ വിളി—വധ്രിമതി എന്നവളാം പുത്രലബ്ധിയ്ക്കായി വിളിച്ചത്. വഷ്കർ—അഭീഷ്ടവർഷികളാം ശയുഗോഹന്നു—ശയു എന്ന ഋഷിയുടെ പേറു നിലച്ച പയ്യിന്നു്.

8. രുദ്രന്റെ സൂനുക്കളാം—മരുത്തുക്കളാം. പ്രത്നർ=പുരാതനർ. അത്തിയ്യ്—തീപോലെ പൊള്ളിയ്ക്കുന്ന ദേഹകോപം.

9. ഇപ്പാരരചരെ—ലോകത്തിന്റെ രാജാക്കന്മാരായ ഇവരെ, അശ്വികളെ. തേറും=അറിയും. മെത്തും—തടിച്ച, കെല്പേറിയ. അസ്ത്രം=ആയുധം. അവൻ—ഭജിയ്ക്കുന്നവൻ.

10. സുതന്നായ്—പുത്രനെ തരാൻ. ഗൃഹേ—ഞങ്ങളുടെ ഗൃഹത്തിൽ.

11. ഹീന—അധമം. വാഹങ്ങളാം=വാഹനങ്ങളാം. കെല്പുററ മാട്ടിൻതൊഴുത്തും—ഉറപ്പിലടയ്ക്കപ്പെട്ട പശുത്തൊഴുത്തുപോലും. ഗായകന്നു്—സ്തുതികളാം പാടുന്ന എനിയ്ക്കു്.

സൂക്തം 63.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ഏകപദാ ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

യാതൊന്നു നാസത്യരെ ഇങ്ങോട്ടു കൊണ്ടുവന്നിരുന്നുവോ: ആ ഹവിർയ്യുക്തമായ സ്തോത്രം, ഒരു ദൂതനെന്നപോലെ, ആ അഴകററ പുരുഹൂതന്മാരെ ഇപ്പോൾ എവിടെ കണ്ടെത്തും? ഇയ്യാളുടെ സ്തോത്രം ഉലോം പ്രിയമാണല്ലോ, നിങ്ങൾക്കു്. 1

എൻെറ ഈ വിളിയ്ക്കു തികച്ചും വന്നെത്തുവിൻ: സ്തുതിയ്ക്കപ്പെട്ടുന്ന നിങ്ങൾ സോമം കുടിയ്ക്കുവിൻ. ദ്രോഹിയുടെ ആ ഗൃഹം വളയുവിൻ. അകലത്തുള്ളവനോ അയൽപക്കത്തുള്ളവനോ ഉപദ്രവിയ്ക്കരുതു്. 2

നിങ്ങൾക്കു സോമം യഥാവിധി പിഴിയപ്പെട്ടിരിയ്ക്കുന്നു. ഏററവും പതുപ്പുള്ള ദർഭയും വിരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഭവൽകാമൻ കൈക്കൂപ്പി സ്തുതിയ്ക്കുന്നു; നിങ്ങളിലണിഞ്ഞു് അമ്മികൾ എമ്പാടും നീരൊഴുക്കിക്കഴിഞ്ഞു. 3

അഗ്നി നിങ്ങൾക്കായി എഴുന്നേററു ചെല്ലുന്നു; നെയ്യുപസ്തരിച്ച സ്രുക്കു് ധനമെടുക്കുന്നു. നാസത്യരെ വിളിച്ച നേതാവു് വളരെ കർമ്മങ്ങളിൽ ഉദ്യുക്തനായിരിയ്ക്കുന്നു. 4

കൈ തടിച്ചവരേ, സൂര്യപുത്രി ചേരാൻ വേണ്ടി, ബഹുപ്രയാണമായ തേരിൽവന്നു കേറിയല്ലോ. പ്രാജ്ഞരായ നേതാക്കളേ നിങ്ങൾ കൌശലംകൊണ്ടു് ഈ ദേവന്മാരുടെ മുമ്പിൽ നൃത്തം വെപ്പിൻ! 5

സൂക്തം 63.

1. പുരുഹൂതരെ——വളരെയാളുകളാൽ വിളിയ്ക്കപ്പെട്ട അശ്വികളെ. ഇയ്യാളുടെ——ഈ സ്തോതാവിൻെറ. ഒടുവിലെ വാക്യം പ്രത്യക്ഷം.

2. ഉപദ്രവിയ്ക്കരുതു്——ഞങ്ങളെ.

3. പതുപ്പു് = മാർദ്ദവം. നീരു്——സോമരസം.

4. നിങ്ങൾക്കായി——നിങ്ങളെ യജിപ്പാൻ, ചെല്ലുന്നു——ആഹവനീയസമീപത്തെയ്ക്കു്. ധനം——ഹവിസ്സു്. ഒടുവിലെ വാക്യം പരോക്ഷം.

5. ചേരാൻവേണ്ടി——നിങ്ങളോടു്.

നിങ്ങൾ ഈ ദർശനീയമായ സൌന്ദര്യം സൂര്യപുത്രിയുടെ നന്മയ്ക്കു പൂർത്തിപ്പെടുത്തി അശ്വങ്ങൾ ശോഭയ്ക്കുവേണ്ടി നിങ്ങളെ അനുവർത്തിച്ചു. സ്തുത്യർഹരേ, നന്നായി ചൊല്ലപ്പെട്ട സ്തുതി നിങ്ങളിലണഞ്ഞു. 6

നാസത്യരേ, അതിധുരീണങ്ങളായ അശ്വങ്ങൾ നിങ്ങളെ ഹവിസ്സിലേയ്ക്കു കൊണ്ടുവരട്ടെ: നിങ്ങളുടെ മനോജവമായ രഥം തേടേണ്ടവയും കിട്ടേണ്ടവയുമായ വളരെ അന്നങ്ങൾക്കായി അയയ്ക്കാറുണ്ടല്ലോ. 7

കൈതടിച്ചവരേ, നിങ്ങളുടെ പക്കൽ വളരെയുണ്ടല്ലോ, ധനം; വിട്ടുപോകാത്ത ഒരു സ്പൃഹണീയയായ പയ്യിനെ ഞങ്ങൾക്കു തരുവിൻ. ആഹ്ലാദകരേ, സ്തോതാക്കളുണ്ട്, നല്ല സ്തുതിയുണ്ട്, നിങ്ങളുടെ ദാനത്തെ കാംക്ഷിച്ചു വന്ന സോമരസങ്ങളുമുണ്ട്! 8

പുരയങ്കൽ നിന്നു് നേർനടയുള്ള രണ്ടു ഗതിവേഗിനികളും സുമീള്ഹങ്കൽനിന്നും നൂറും, പേരുകങ്കൽനിന്നു പകാന്നങ്ങളും എനിക്കു കിട്ടി; ശാണ്ഡൻ പൊന്നണിഞ്ഞ പ്രശസ്തരൂപങ്ങളെയും, വശഗരും കീഴമർത്തുന്നവരുമായ പത്തു ദർശനീയന്മാരെയും തന്നു! 9

നാസത്യന്മാരേ, നിങ്ങളെ സ്തുതിച്ചുവന്നു നൂറുമായിരവും അശ്വങ്ങളെ പുരുപന്ഥാവു കൊടുത്തുവരുന്നു; വീരന്മാരേ, സ്തുതിയ്ക്കുന്ന ഭരദ്വാജന്നു് വേഗത്തിൽ തരട്ടെ! ബഹുകർമ്മാക്കളെ, രക്ഷസ്സുകൾ വധിയ്ക്കപ്പെടണം! 10

ഞാൻ സൂരികളോടുകൂടി നിങ്ങളുടെ വിശാലമായ സുഖത്തിലെത്തുമാറാകണം. 11

---

6. ചൊല്ലപ്പെട്ട——ഋഷിമാരാൽ.

7. അന്നങ്ങൾ——സോമങ്ങൾ.

8. സ്തോതാക്കളുണ്ട്——നിങ്ങൾ സ്തോതാക്കളുടെ നല്ല സ്തുതി കേട്ടു, സോമനീർ കുടിച്ചു, സ്തോതാക്കൾക്കു് അഭീഷ്ടങ്ങൾ നല്കുവാൻ എന്നു ഭാവം.

9. പുരയൻ——ഒരു രാജാവ്. ഗതിവേഗിനികൾ—പെൺകുതിരകൾ. സുമീള്ഹൻ——മറെറാരു രാജാവ്. നൂറും——നൂറു ഗോക്കളും. പേരുകനും രാജാവു തന്നെ. ശാണ്ഡൻ——രാജാവ്. പ്രശസ്തരൂപങ്ങൾ——അഴകൊത്ത രഥങ്ങളോ; അശ്വങ്ങളോ; കീഴമർത്തുന്നവൻ——ശത്രുക്കളെ. ദർശനീയന്മാർ——സുരൂപരായ ഭടന്മാർ. തന്നു——അശ്വികളെ സ്തുതിച്ച എനിയ്ക്കു്.

10. പുരുപന്ഥാവ്——ഒരു രാജാവ്.

11. സൂരികൾ——വിദ്വാന്മാരായ. പുത്രാദികൾ——നിങ്ങളുടെ. നിങ്ങളുടെ——നിങ്ങൾ തന്ന.

സൂക്തം 64.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത.

(കാകളി)

വെണ്മയിൽ മിന്നമുഷസ്സുകരം പൊങ്ങുന്നു,
വെള്ളത്തിരകളെപ്പോലൊ,ളി വീശുവാൻ!
മാർഗ്ഗങ്ങളെല്ലാം സുഗമങ്ങളാക്കുന്നു;
ചേർക്കയായ്, ശ്ലാഘ്യ മഘോനി സമൃദ്ധിയും! 1

ഭദ്രയായ്ക്കാണായി, വായ്ച്ച ലസിപ്പു നീ:
ശുദ്ധമാം നിൻകതിർ പൊങ്ങുന്നിതംബരേ;
മാറുവെളിപ്പെടുത്തുന്നു, തെളിഞ്ഞൊളി
പാറുന്ന നീയുഷോദേവി, മഹസ്സിനാൽ! 2

നേരേ വഹിയ്ക്കുന്നു, നൽച്ചെങ്കതിരുകൾ
വാരാളുമീ വളരുന്ന സുഭഗയെ;
ശൂരൻ കണക്കടിച്ചോടിപ്പു, നോവിപ്പു,
വൈരിയെ ക്ഷിപ്രയോദ്ധാവുപോലല്ലിനെ! 3

ഗമ്യസന്മാർഗ്ഗം നിനക്കദ്രിദുർഗ്ഗവു;—
മംബരം പിന്നിടും, നീ ദേവി, സുപ്രഭേ;
നന്മതൻ കൊണ്ടുവന്നാലു, മെങ്ങൾക്ക നീ
വിണ്മകളേ, പൃഥുസ്യന്ദനേ, സുന്ദരി! 4

സൂക്തം 64.

1. വെള്ളത്തിരകളെപ്പോലെ പൊങ്ങുന്നു. മഘോനി ഉഷസ്സ്.

2. പ്രത്യക്ഷോക്തി; ഭദ്രേ=മംഗളവതി. അംബരേ=അന്തരിക്ഷത്തിൽ. മാറ്—സ്വന്തം രൂപം.

3. പരോക്ഷോക്തി: വാരാളും—വിശാലയായ. ഉഷസ്സ് അല്ലിനെ (ഇരുട്ടിനെ) ഒരു ശൂരൻപോലെ അടിച്ച് (ആയുധംകൊണ്ടു പ്രഹരിച്ച്) ഓടിയ്ക്കുന്നു; ഒരു ക്ഷിപ്രയോദ്ധാവു (വേഗേന പോരിടുന്നവൻ) വൈരിയെ എന്നപോലെ, ഇരുട്ടിനെ നോവിയ്ക്കുന്നു—നശിപ്പിയ്ക്കുന്നു.

4. പ്രത്യക്ഷോക്തി: അദ്രിദുർഗ്ഗംപോലും നിനക്കു നടക്കാവുന്ന നല്ല വഴിയാണ്. പൃഥുസ്യന്ദനേ=വിശാലമായ തേരുള്ളവളേ.

കൊണ്ടുവരികെ,തിരെന്ന്യേ വൃഷങ്ങളെ–
ക്കൊണ്ടർഹനായ് വഹിപ്പിയ്ക്കും ധനത്തെ നീ:
വിൺനന്ദിനിയാമുഷോദേവി, കാണായി–
വന്നുവല്ലോ, പ്രഥമാഹ്വാനപൂജ്യ നീ! 5

നിന്നുദിപ്പിൽപ്പതംഗങ്ങൾ നികേതത്തിൽ–
നിന്നു പുറപ്പെട്ടു,മന്നൈഷി മർത്ത്യരും:
ദത്തവാനാം സമീപസ്ഥമർത്ത്യന്നുരു–
സ്വത്തുകൊണ്ടുവരാറുണ്ടു,ഷോദേവി, നീ! 6

സൂക്തം 65.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

രാവിൻ തമിസ്രവും താരങ്ങളും മറ–
ച്ചാവിർഭവിയ്ക്കും, സുദീപ്താർക്കനൊത്തെവൾ:
ദ്യോവിന്മകളാമവളുണ്ടിതാ, നമു–
ക്കായ് വന്നുദിച്ചൊളി വീശുന്നു മർത്ത്യരിൽ! 1

ചെങ്കുതിരമണിത്തേരിൽച്ചരിയ്ക്കുന്നു,
വൻക്രതുവപ്പോൾത്തുടങ്ങിച്ചുഷസ്സുകൾ;
ചിത്രമാംവണ്ണം പ്രശോഭിച്ചുകൊണ്ടവ–
രത്തൽപ്പെടുത്തുന്നു,രാവിൻ തമസ്സിനെ! 2

---

5. അർഹനായ്––സ്തോതാവിനെ പ്രീതിപ്പെടുത്താൻ. പ്രഥമാഹ്വാനപൂജ്യ=ഒന്നാമത്തെ ആഹ്വാനത്തിൽ (പ്രാതരനുവാകത്തിൽ) പൂജനീയ.

6. പതംഗങ്ങൾ––പക്ഷികൾ. നികേതം=പാർപ്പിടം. അന്നൈഷിമർത്ത്യരും––ആഹാരം തേടുന്ന (പ്രവൃത്തിയ്ക്കൊരുങ്ങിയ) മനുഷ്യരും. ദത്തവാനാം––ഹവിസ്സുതന്ന.

സൂക്തം 65.

1. തമിസ്രം=ഇരുട്ട്. സുദീപ്താർക്കനൊത്ത്=സുദീപ്തനായ സൂര്യനോടുകൂടി. അവൾ––ഉഷസ്സ്.

2. ചെങ്കുതിരമണിത്തേർ––ലോഹിതാശ്വങ്ങളെ പൂട്ടിയ വിളങ്ങുന്ന തേർ. വൻക്രതുവപ്പോൾ––പ്രഭാതത്തിലാണല്ലോ, മഹത്തായ യാഗം തുടങ്ങുക. അത്തൽപ്പെടുത്തുന്നു––അടിച്ചോടിയ്ക്കുന്നു.

അർപ്പകനാം നരന്നന്നം, രസം, കീർത്തി,
കെല്പിവകൊണ്ടുപോകുന്ന ഭവതിമാർ
തന്നാലു,മന്നാത്ഥവീരരെസ്സേവക–
ന്നിന്നു, മഘോനികളാമുഷസ്സുകളേ! 3

ഇപ്പൊഴേ സേവകന്നി,പ്പൊഴേ വീരനാ–
മർപ്പകന്നി,പ്പൊഴേ വാഴ്ത്തും നരന്നുമേ
സമ്പത്തു നിങ്ങളിലുണ്ടു, ഷസ്സുകളേ;
മുമ്പും സ്തുതിയ്ക്കുന്ന മാദൃശന്നേകുവോർ! 4

ആദൃതൌജസ്സാമുഷസ്സേ, വിടും, പശു–
വ്രാതത്തെയിപ്പൊഴേ നിന്നംഗിരസ്സുകൾ;
ശസ്തസ്തുതിയാലിരുട്ടുമകററുമേ!
സിദ്ധമായ്, നേതാക്കൾ ചെയ്ത ദേവസ്തവം! 5

ആഢ്യേ, പുലരുകെ,ങ്ങൾക്കു മുമ്പേട്ടിൽ നീ
വാഴ്ത്തിബ്ഭജിയ്ക്കും ഭരദ്വാജതുല്യനിൽ
ചേർക്ക, വിൺകുഞ്ഞേ, സുവീരസമ്പത്തു;–രു
ശ്ശ്രാഘ്യമാമന്നവും നൽകുകെ,–ങ്ങൾക്കു നീ: 6

സൂക്തം 66.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

കമ്പിടുവിയ്ക്കുന്നതും സന്തോഷിപ്പിയ്ക്കുന്നതും സഞ്ചരിയ്ക്കുന്നതും ഒരേമട്ടിലുള്ളതുമായ ആ രൂപം വിജ്ഞന്നു ക്ഷിപ്രംവെളിപ്പെടട്ടെ:

---

3. അർപ്പകൻ––ഹവിസ്സർപ്പിയ്ക്കുന്നവൻ. അന്നാത്ഥവീരരെ––അന്നത്തെയും അത്ഥ(ധന)ത്തെയും വീരരെയും; വീരർ––പുത്രപൌത്രാദികൾ. സേവകന്നു്––എനിയ്ക്കു്.

4. വീരൻ––പ്രേരകൻ. മാദൃശന്നേകുവോർ––എന്നെപ്പോലുള്ളവന്നു നിങ്ങൾ നല്കാറുണ്ടു്.

5. ആദൃതൌജസ്സ്=ആദരിക്കപ്പെട്ട ഓജസ്സോടുകൂടിയവൾ. വിടും=മോചിപ്പിയ്ക്കും; നിന്നംഗിരസ്സുകൾ––നിൻെറ പ്രസാദംലഭിച്ച അംഗിരസ്സുകൾ. ശസ്തസ്തുതി=നല്ല സ്തോത്രം. സിദ്ധമായ്––ഫലിച്ചു. നേതാക്കൾ––അംഗിരസ്സുകൾ.

6. ആഢ്യേ=മഘോനി. ഭരദ്വാജതുല്യനിൽ––ഭരദ്വാജനെപ്പോലെയുള്ള എങ്കൽ; ഇതു മറെറാരു ഭരദ്വാജനാണു്. സുവീരസമ്പത്ത്=നല്ല വീരന്മാരോടുകൂടിയ സമ്പത്ത്. ഉരുശ്ശ്രാഘ്യം=ബഹുസ്തുത്യം.

അത്ത മനുഷ്യലോകത്തിൽ മററു വസ്തുക്കളെ കറക്കാൻ തക്കവ
ണ്ണം തഴപ്പിയ്ക്കുന്നു; അന്തരിക്ഷം ഒരിയ്ക്കൽ ശുഭ്രജലം ചുരത്തുന്നു! 1

ഈ മരുത്തുക്കൾ, വളർത്തപ്പെട്ട അഗ്നികൾപോലെ തിളങ്ങും;
രണ്ടും മൂന്നും ഇരട്ടിവലുപ്പം വെയ്ക്കും; പൊടിപററാത്തവയും പൊ
ന്നണിഞ്ഞവയുമാണു്, ഇവരുടെ (തേരുകൾ). സ്വത്തോടും കരു
ത്തോടും കൂടിയത്രേ, ഇവർ പിറന്നതു്! 2

സേക്താവായ രുദ്രന്റെ പുത്രന്മാരാണിവർ, ഇവരെ അന്തരി
ക്ഷമേ താങ്ങൂ. ഈ മഹാന്മാരുടെ അമ്മയായ മഹതി വിദിതയാ
ണല്ലോ; നമ്മയ്ക്കുവേണ്ടിയത്രേ, ആ പൃശ്നി ഗർഭം ധരിച്ചതു്. 3

ഇവർ വാഹനത്തിൽ ആളുകളുടെ അടുക്കലെയ്ക്കു പോകാറില്ല:
ഹൃദയത്തിലിരുന്ന പാപങ്ങൾ നീക്കുന്നു. ഈ ഉജ്ജ്വലന്മാർ ഇഷ്ടാ
നുസാരേണ ചുരത്തും; ശോഭയോടെ പരക്കെ നനയ്ക്കും! 4

ഇവരെ സമീപിച്ചു, പ്രധർഷകമായ മാരുതം ചൊല്ലുന്നവൎക്കു്
അഭീഷ്ടം വേഗത്തിൽ കൈവരും: കട്ടെട്ടുത്തുകടന്നുകളയുന്ന വമ്പ
ന്മാരെവരോ, ആ ഉഗ്രന്മാരെ ഹവിർദ്ദാതാവു് അടക്കിക്കൊള്ളും! 5

ഈ ബലമിയന്ന ധർഷകസൈന്യരായ ഉഗ്രമാർ സുരൂപകളാ
യ ദ്യാവാപൃഥിവികളെ തമ്മിലിണക്കുന്നു. രോദസി ഇവരിൽസ്വ
യം വിളങ്ങുന്നു: ഈ കരുത്തരെ ആരും ഉപദ്രവിയ്ക്കില്ല! 6

സൂക്തം 66.

1. കമ്പിടുവിയ്ക്കുന്നതും—ഉറപ്പേറിയവയെപ്പോലും കനിയിയ്ക്കുന്നതും, രൂപം—മരുത്തുക്കളുടെ. വിജ്ഞൻ—വിധാനായ സ്തോതാവു്. മററു വസ്തുക്കൾ—വൃക്ഷസസ്യാദികൾ. കറക്കാൻ—പൈക്കളിൽനിന്നു പാലെന്നപോലെ, അഭീഷ്ടം കറന്നെടുക്കാൻ. ഒരിയ്ക്കൽ—ആണ്ടിലൊരിയ്ക്കൽ, മഴക്കാലത്തു്. ചുരത്തുന്നു—മരുത്തുക്കളുടെ നിർദ്ദേശത്താൽ.

3. സേക്താവു്—വീര്യസേചനംചെയ്യുവൻ. നമ്മയ്ക്കുവേണ്ടി—മനുഷ്യരുടെ.

4. ഹൃദയത്തിലിരുന്ന—മനുഷ്യരുടെ ഹൃദയത്തിൽ പ്രാണങ്ങളായി വർത്തിച്ചു. ഇഷ്ടാനുസാരേണ—സ്തോതാക്കളുടെ. ചുരത്തും—ജലം വർഷിയ്ക്കും. പരക്കെ—ഭൂമി മുഴുവൻ.

5. മാരുതം—മരുൽസ്തോത്രം, സ്തോത്രം. അടക്കിക്കൊള്ളും—മരുൽപ്രസാദത്താൽ.

6. രോദസി—രുദ്രപത്നി. ഉപദ്രവിയ്ക്കില്ല—ദ്രോഹിപ്പാനാളാകില്ല.

മരുത്തുക്കളേ, നിങ്ങളുടെ പള്ളിത്തേർ, പാപം നീങ്ങുമാറു പ്രാദുർഭവിയ്ക്കട്ടെ: ഇതു സൂതനില്ലാതെയും തെളിയ്ക്കപ്പെടുന്നു; കുതിരയും കടിഞ്ഞാണും വഴിത്തീററയുമില്ലാതെയും, വെള്ളം ഊകി നിറവേററിക്കൊണ്ടു, വാനൂഴിമാർഗ്ഗങ്ങളിൽ നടക്കുന്നു! 7

മരുത്തുക്കളേ, യുദ്ധത്തിൽ ആരെ നിങ്ങൾ രക്ഷിയ്ക്കുമോ അവനെ ആരും വെല്ലുവിളിയ്ക്കില്ല, ദ്രോഹിയ്ക്കില്ല; അവൻ പുത്രന്നോ പൌത്രന്നോ ഗോക്കൾക്കോ വെള്ളത്തിന്നോവേണ്ടി പൊരുതിയാൽ, ഉജ്ജ്വലൻെറയും തൊഴുത്തു തുറന്നുകളയും! 8

അഗ്നേ, വെമ്പൽപൂണ്ടിരമ്പുന്ന കരുത്തായ മരുത്തുക്കൾക്കു നിങ്ങൾ ദർശനീയമായ ഹവിസ്സൊരുക്കുവിൻ: ബലത്താൽ (ശത്രു) ബലത്തെ അമർത്തുന്നവരാണല്ലോ, ഇവർ; ഈ പൂജനീയർ മൂലം ഭൂമി വിറക്കൊള്ളുന്നു! 9

അധ്വരത്തിന്നെന്നപോലെ വിദ്യോതിയ്ക്കുന്നവരും, അഗ്നിരശ്മികൾപോലെ തിളങ്ങുന്നവരും, ശീഘ്രഗമനരും, പൂജനീയരും, വീരന്മാർപോലെ വിറപ്പിയ്ക്കുന്നവരും, ദീപ്തശരീരരും, അധർഷിതരുമാകുന്നു, മരുത്തുക്കൾ! 10

ആ വർദ്ധിയ്ക്കുന്ന ചുരിക മിന്നുന്ന രുദ്രപുത്രന്മാരെ ഞാൻ സ്തുതിച്ചു പരിചരിയ്ക്കുന്നു. ഈ മരുദ്ബലത്തെക്കുറിച്ചു സ്തോതാവുച്ചരിച്ച പരിശുദ്ധസ്തുതികൾ, നീർകൊണ്ടു കാർകൊണ്ടലുകൾപോലെ ഉശിർ പിടിച്ചു മത്സരിയ്ക്കുന്നു! 11

സൂക്തം 67.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

നല്ലവരിലെല്ലാംവെച്ചു മികച്ച മിത്രാവരുണന്മാരേ, ഞാൻ നിങ്ങളെ സ്തുതികൊണ്ടു വളർത്താം: ഈ ഒരേ വടിവിലല്ലാത്ത

---

7. തെളിയ്ക്കപ്പെടുന്നു—സ്തോതാവിനാൽ. വെള്ളം—വർഷജലം. നിറവേററിക്കൊണ്ട്—സ്തോതാക്കളുടെ അഭിലാഷങ്ങളെ.

8. ഉജ്ജ്വലൻെറയും—വീര്യംകൊണ്ടു കത്തുന്ന ശത്രുവിൻെറപോലും. തുറന്നുകളയും—ഗോക്കളെ സ്വന്തമാക്കും.

9. ഒരുക്കുവിൻ—അങ്ങും ഋത്വിക്കുകളും കൂടി. വിറക്കൊള്ളുന്നു—പേടിച്ച്.

11. മത്സരിയ്ക്കുന്നു—ഞാൻ മുമ്പേ, ഞാൻ മുമ്പേ എന്നു സ്പർദ്ധിയ്ക്കുന്നു.

രണ്ടു മുഖ്യയന്താക്കരം ജനങ്ങളെ സ്വന്തം കൈകൊണ്ടു, കടിഞ്ഞാ
ണുകൊണ്ടെന്നപോലെ നിയന്ത്രിയ്ക്കുന്നു! 1

അരുമപ്പെട്ട മിത്രാവരുണന്മാരേ, എന്റെ ഈ സ്തുതി നിങ്ങളെ
മൂടുന്നു; ഹവിസ്സോടേ യജ്ഞത്തിലണയുകയും ചെയ്യുന്നു. ശോഭന
ദാനന്മാരേ, മറവുള്ള അധൃഷ്യമായ ഗൃഹമുണ്ടല്ലോ, നിങ്ങളുടെ
പക്കൽ; അതു ഞങ്ങരംക്കു തരുവിൻ! 2

മിത്രാവരുണന്മാരേ, അതിശോഭനമായി സ്തുതിച്ചു വിളിയ്ക്ക
പ്പെടുന്ന പ്രിയരായ നിങ്ങരം ഇവിടെ വന്നെത്തുവിൻ: യശഃകാമ
രായ ജനങ്ങളോടു, കർമ്മാധികൃതൻ കർമ്മത്തോടെന്നപോലെ ചേരു
ന്നവരാണല്ലോ, മഹത്ത്വമുള്ള നിങ്ങരം! 3

രണ്ടു കുതിരകരംപോലെ ബലിഷ്ഠരും, പരിശുദ്ധസ്തോത്രരും,
സത്യശീലരുമാണിവർ. ഇവരെ അദിതി ഗർഭത്തിൽ വഹിച്ചു—
ജനിച്ചപ്പോരംത്തന്നേ വളരെ വളർന്ന, ശത്രുവായ മനുഷ്യന്നു ഘാതക
രായിത്തീർന്ന ഇവരെ ധരിച്ചു. 4

പ്രീതിപൂണ്ട ദേവന്മാരെല്ലാം നിങ്ങളെ മഹത്ത്വംമൂലം സ്തുതി
ച്ചതിനാലത്രേ, ബലം നേടിയത്; നിങ്ങരം വലിയ വാന്ദൃഴികളെ
യും കീഴടക്കി. അഹിംസിതരും അമൂഢരുമായ ചാരന്മാരുണ്ട്,
നിങ്ങരംക്കു്! 5

നാരംതോറും കെല്പേട്ടുകുന്നവരാണല്ലോ, നിങ്ങരം. നിങ്ങരം
അന്തരിക്ഷത്തിന്റെ മേൽബ്ഭാഗത്തെ തൂണുപോലെ താങ്ങുന്നു:
മേഘം അന്തരിക്ഷത്തിലണയുന്നു; സൂര്യനും മനുഷ്യന്റെ ഹവിസ്സു
ശിച്ചു, ഭൂദ്യോവുകളെ പരത്തുന്നു! 6

നിങ്ങരം തിരുവയർ നിറപ്പാൻ പ്രാജ്ഞനെ താങ്ങുന്നു: സഹ
കർമ്മികരം യാഗശാല നിറയ്ക്കുന്നു. വിശ്വത്തെ പ്രീതിപ്പെടുത്തുന്ന

സൂക്തം 67.

1. രണ്ടാംവാക്യം പരോക്ഷം: കടിഞ്ഞാണുകൊണ്ടെന്നപോലെ—കടി
ഞ്ഞാണുകൊണ്ടു കുതിരകളെ എന്നപോലെ.

4. പരോക്ഷകഥനം: ധരിച്ചു—വയററിൽ.

5. പ്രത്യക്ഷോക്തി: അഹിംസിതർ—ആരാലും ഉപദ്രവിയ്ക്കപ്പെടാത്ത
വർ. അമൂഢർ=വിദ്വാന്മാർ.

6. മേഘം—ഇതൊക്കെ നിങ്ങളുടെ ഏർപ്പാടാലാണ്!

വരേ, നിങ്ങളുടെ ജലത്താൽ, യുവതികൾ പൊടിയമർന്നു, വരാൾച്ച വിട്ടു വളരുന്നു! 7

ആ നിങ്ങളോടു മേധാവി ഇതു നിത്യം നാവുകൊണ്ടു യാചിയ്ക്കുന്നു. നിങ്ങളിലണഞ്ഞവൻ യാഗത്തിൽ നിഷ്കപടനായിത്തീരും; അന്നവാന്മാരേ, നിങ്ങളുടെ ആ മഹത്വം നിലനില്ക്കട്ടെ! നിങ്ങൾ ഹവിർദ്ദാതാവിന്റെ പാപം നശിപ്പിയ്ക്കുവിൻ— 8

മിത്രാവരുണന്മാരേ, യാവചിലർ ഭവൽകൃതങ്ങളായ പ്രിയകർമ്മങ്ങളെ സ്വബുദ്ധിമൂലം തള്ളുന്നുവോ; യാവചില ദേവന്മാരോ മനുഷ്യരോ സ്തോത്രം ചൊല്ലിില്ലയോ; യാവചില കർമ്മികൾ യജ്ഞമനുഷ്ഠിയ്ക്കില്ലയോ; യാവചിലർ പുത്രന്മാരല്ലയോ; അവരെയും! 9

മേധാവികൾ സ്തോത്രമുച്ചരിയ്ക്കുകയും, ചിലർ സ്തുതിച്ചു നിവിത്തുകൾ ചൊല്ലുകയും ചെയ്യുമ്പോൾ, ഞങ്ങൾ നിങ്ങളെപ്പററി യഥാർത്ഥങ്ങളായ ഉക്ഥങ്ങൾ ഉരുവിടും: മഹിമാവുകൊണ്ടു നിങ്ങൾ ദേവകളോടു ചേരില്ല! 10

മിത്രാവരുണന്മാരേ, സ്തോത്രങ്ങൾ പുറപ്പെടുകയും, യജ്ഞത്തിൽ ഋജുഗാമിയും ധർഷകവും വർഷകവുമായ സോമം ഒരുക്കപ്പെടുകയും ചെയ്യുമ്പോൾ, രക്ഷിതാക്കളായ നിങ്ങളെ ഗൃഹത്തിന്നായി ഉപഗമിച്ചവരിൽ നിങ്ങളുടെ (ആ ദാനം) മുറിയാറില്ല, വാസ്തവം! 11

സൂക്തം 68.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രാവരുണന്മാർ ദേവത.

മഹാന്മാരായ ഇന്ദ്രാവരുണന്മാരേ, നിങ്ങൾക്കു ക്ഷിപ്രകാരിയായ സോമം ഇപ്പോൾ ഒന്നിച്ച് ഒരുങ്ങിയിരിയ്ക്കുന്നു: ഇതാണ

---

7. പ്രാജ്ഞനെ—സോമനീരപ്പിയ്ക്കുന്ന യജമാനനെ. നിറയ്ക്കുന്നു—ഹവിസ്സുകൾകൊണ്ട്. യുവതികൾ—ദിക്കുകൾ.

8. ഇതു—ജലം.

9. പുത്രന്മാരല്ലയോ—പുത്രകൃത്യമനുഷ്ഠിയ്ക്കുന്നില്ലയോ—അവരെയും നശിപ്പിയ്ക്കുവിൻ.

10. സ്തുതിച്ചു—അഗ്ന്യാദികളെ. നിവിത്തുകൾ—ഒരുതരം സ്തോത്രങ്ങൾ. ദേവകളോടു ചേരില്ല—അവരെക്കാൾ മഹത്ത്വമേറിയവരാണ്, നിങ്ങൾ!

11. ഗൃഹത്തിന്നായി—ഗൃഹശ്രേയസ്സിനുവേണ്ടി. മുറിയാറില്ല—നിരന്തരമുണ്ടാകും.

ല്ലോ, മനുവിന്നെന്നപോലെ ദർഭ വിരിച്ചവന്ന് അന്നത്തിന്നും മഹത്തായസുഖത്തിന്നുംവേണ്ടി യജിപ്പാൻ നിങ്ങളെ വരുത്തുന്നത്! 1

ശ്രേഷ്ഠന്മാരും, യാഗത്തിൽ ധനം നൽകുന്നവരും, ശൂരരിൽ വെച്ച ബലവാന്മാരും,——അത്യൂർജ്ജിതന്മാരും —— ദാതാക്കളിൽ വെച്ചുമന്തിയവരും, സത്യംകൊണ്ടു ശത്രുക്കളെ ഹനിയ്ക്കുന്നവരും, സമഗ്രസൈന്യരുമാണല്ലോ, നിങ്ങരം! 2

ശ്ലാഘ്യമായ ബലംകൊണ്ടും സുഖംകൊണ്ടും പുകഴ്ത്തപ്പെടുന്ന ആ ഇന്ദ്രാവരുണന്മാരെ നീ സ്തുതിയ്ക്കുക: അവരിലൊരാരം വൃത്രനെ വജ്രംകൊണ്ടു കൊല്ലും; മറേറപ്രാജ്ഞൻ ഉപദ്രവം നീക്കാൻ കരുത്തോടേ ചെല്ലും! 3

മനുഷ്യരിൽ സ്ത്രീകളും പുരുഷന്മാരുമെല്ലാം സ്വയമൊരുങ്ങി സ്തുതിച്ചു വളർത്തുമ്പോരം, ഇന്ദ്രാവരുണന്മാരേ, നിങ്ങരം മഹത്ത്വത്താൽ ഇവർക്കായി കഴിവുകൊള്ളണം; ദ്യോവേ, ഭൂവേ, മഹതികളായ നിങ്ങളും! 4

ഇന്ദ്ര, വരുണ, യാവനൊരുത്തൻ നിങ്ങരംക്കു സ്വയം (ഹവിസ്സു) തരുന്നുവോ അവൻതന്നേ, ശോഭനദാനൻ: അവന്നു വിത്തവും യജ്ഞവും കൈവരും; ആ ദാതാവിങ്കൽ ചെന്നുചേരും, ദ്രോഹികളുടെ അന്നം; ധനവും ധനികരായ ആളുകളും അവന്നുണ്ടായിവരും! 5

ഇന്ദ്രാവരുണദേവന്മാരേ, പുഷ്ടിപ്പെടുന്ന, പുകളേറിയ യാതൊരു ധനം നിങ്ങരം ഹവിർദ്ദാതാവിന്നു നൽകിവരുന്നുവോ; അതു——ദ്രോഹികരം ഉണ്ടാക്കിത്തീർത്ത അകീർത്തിയെ ഉടയ്ക്കുന്ന അതു—ഞങ്ങളിലെത്തുമാറാകണം! 6

സൂക്തം 68.

1. ക്ഷിപ്രകാരി——വേഗത്തിൽ ഫലമുളവാക്കുന്നത്. ഒന്നിച്ച്——ഋത്വിക്കുകളോടുകൂടി. ദർഭ വിരിച്ചവൻ——യജമാനൻ.

3. ഋഷി, തന്നോടുതന്നെ പറയുന്നു: ഒരാരം——ഇന്ദ്രൻ. മറേറപ്രാജ്ഞൻ——വരുണൻ. ഉപദ്രവം——സ്തോതാക്കരംക്കുണ്ടാകുന്ന പീഡ.

4. ഇവർക്കായി——സ്തോതാക്കരംക്കായി. കഴിവുകൊള്ളണം——രക്ഷണശക്തിയെടുക്കണം—നിങ്ങളും—കഴിവുകൊള്ളണം.

5. ദ്രോഹികളുടെ——ജയിയ്ക്കപ്പെട്ട വിദ്വേഷികളുടെ. ആളുകരം——പുത്രന്മാർ

അത്രമാത്രമല്ല, ഇന്ദ്രാവരുണന്മാരേ, നല്ല രക്ഷയോടുകൂടിയ—ദേവന്മാർ കാവൽനിൽക്കുന്ന——ധനം സ്തോതാക്കളായ ഞങ്ങൾക്കുണ്ടാകണം: ഞങ്ങളുടെ ബലം യുദ്ധങ്ങളിൽ കീഴമർത്തിയും, ഹനിച്ചും, യശസ്സിനെ ഉടനടി തട്ടിനീക്കണം! 7

ഇന്ദ്രാവരുണദേവന്മാരേ, സ്തുതിയ്ക്കപ്പെടുന്ന നിങ്ങൾ ഉടനേ ഞങ്ങൾക്കു നല്ല കേൾവിയ്ക്കുവേണ്ടി ധനം തന്നരുളുവിൻ; മഹാന്മാരായ നിങ്ങളുടെ ബലത്തെ ഇപ്രകാരം പാടിപ്പുകഴ്ത്തുന്ന ഞങ്ങൾ, പുഴ തോണികൊണ്ടെന്നപോലെ, പാപം കടക്കുകയും ചെയ്യണം! 8

മഹിമയും മനീഷയുമുള്ള, ജരയില്ലാത്ത യാതൊരു മഹാകർമ്മാവു തേജസ്സിനാൽ വാന്നുഴികളെ ശോഭിപ്പിയ്ക്കുന്നുവോ, ആ വലിയ സമ്രാട്ടായ വരുണദേവന്നു നീ ഒരു സുവിശാലമായ മനോഹരസ്തോത്രം ചൊല്ലുക! 9

നീർ നുകരുന്ന ഇന്ദ്രാവരുണന്മാരേ, ഈ പിഴിഞ്ഞ മദകരമായ സോമം നിങ്ങൾ കുടിയ്ക്കുവിൻ: ധൃതവ്രതരേ, ദേവപാനത്തിന്നും സ്വപാനത്തിന്നുംവേണ്ടി യാഗത്തിന്നു പോരാറുള്ളതാണല്ലോ, നിങ്ങളുടെ തേർ! 10

ഇന്ദ്രാവരുണന്മാരേ, വൃഷാക്കളായ നിങ്ങൾ ഈ അതിമധുരവും വർഷകവുമായ സോമം ഭുജിച്ചാലും: നിങ്ങൾക്കായി പകർന്നുവെച്ചതാണ്, ഈ ഹവിസ്സ്; ഈ ദർഭയിലിരുന്ന് ഇമ്പംകൊള്ളുവിൻ! 11

സൂക്തം 69.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാവിഷ്ണുക്കൾ ദേവത.

ഇന്ദ്രാവിഷ്ണുക്കളേ, നിങ്ങളെ ഞാൻ കർമ്മംകൊണ്ടും ഹവിസ്സുകൊണ്ടും പ്രേരിപ്പിയ്ക്കുന്നു: ഈ കർമ്മത്തിന്റെ അവസാനത്തിൽ നി

---

7. യശസ്സിനെ——ശത്രുക്കളുടെ കീർത്തിയെ.

9. സ്തോതാവിനോട്:

10. നീർ——സോമരസം. ധൃതവ്രതർ——കർമ്മവാന്മാർ.

ങ്ങൾ യജ്ഞത്തിലെഴുന്നള്ളണം; ഞങ്ങളെ നിരുപദ്രവമാർഗ്ഗങ്ങളിലൂടേ മറുകരയിലാക്കി, ധനം തന്നരുളുകയും ചെയ്യണം! 1

ആ ഇന്ദ്രാവിഷ്ണുക്കൾ എല്ലാ സ്തുതികളും ഉൽപാദിപ്പിയ്ക്കണം; രണ്ടു സോമക്കുടങ്ങളുമായിത്തീരണം! സ്തോതാക്കൾ ചൊല്ലുന്ന ശസ്ത്രങ്ങളും, പാടുന്ന സ്തോത്രങ്ങളും നിങ്ങളിലെത്തട്ടെ! 2

ഇന്ദ്രാവിഷ്ണുക്കളേ, മദങ്ങളിൽവെച്ചു മികച്ച മദത്തിന്റെ അധിപതികളായ നിങ്ങൾ ധനങ്ങളുമെടുത്തു സോമത്തിലെയ്ക്കു വരുവിൻ: സ്തോതാക്കൾ ഉക്ഥങ്ങളോടുകൂടി ഉച്ചരിയ്ക്കുന്ന സ്തോത്രങ്ങൾ നിങ്ങളെ തേജസ്സു തേപ്പിയ്ക്കട്ടെ! 3

ഇന്ദ്രാവിഷ്ണുക്കളേ, ദ്രോഹികളെ അമർത്തുന്ന, ഒപ്പം ഇമ്പപ്പെടുന്ന കുതിരകൾ നിങ്ങളെ കൊണ്ടുവരട്ടെ: സ്തോതാക്കളുടെ എല്ലാ സ്തുതികളും നിങ്ങൾ കൈക്കൊള്ളണം; എന്റെ സ്തോത്രങ്ങളും ശസ്ത്രങ്ങളും കേൾക്കുവിൻ! 4

ഇന്ദ്രാവിഷ്ണുക്കളേ, അതു സ്തുത്യംതന്നെ: നിങ്ങൾ സോമത്തിന്റെ മത്തിൽ വാരുററ ചുവടുകൾ വെച്ചു; അന്തരിക്ഷത്തിന്നു വലുപ്പം കൂട്ടി; ഞങ്ങൾക്കു ജീവിപ്പാൻ, ലോകങ്ങളും വിശാലങ്ങളാക്കി! 5

ധൃതാന്നരായ ഇന്ദ്രാവിഷ്ണുക്കളേ, ഹവിസ്സുകൊണ്ടു വളരുന്ന, തെളിസോമം നുകരുന്ന, നമസ്കാരപൂർവം ഹവിസ്സർപ്പിയ്ക്കപ്പെടുന്ന നിങ്ങൾ ഞങ്ങൾക്കു ധനം തന്നാലും: നിങ്ങൾ സമുദ്രമാണ്; സോമകലശമാണ്! 6

സൂക്തം 69.

1. പ്രേരിപ്പിയ്ക്കുന്നു—ഇങ്ങോട്ടു വരാൻ. മറുകരയിലാക്കി—പൂർണ്ണയജ്ഞരാക്കി.

2. അന്തിമവാക്യം പ്രത്യക്ഷോക്തി: സോമക്കുടങ്ങളുമായിത്തീരണം—കുടങ്ങളിൽ സോമനീർ പകർന്നുവെയ്ക്കുന്നതുപോലെ, ഉദരങ്ങളിൽ സോമനീർ നിറയ്ക്കണം.

3. തേപ്പിയ്ക്കട്ടെ—എണ്ണ തേപ്പിയ്ക്കുന്നതുപോലെ.

5. മുപ്പാരളക്കാൻ ചുവടുകൾ വെച്ചതു വിഷ്ണുവാണെങ്കിലും, രണ്ടുപേരുടെയും പ്രയോജനം ഒന്നാകയാൽ, ഇന്ദ്രനെയും ഉൾപ്പെടുത്തിയിരിയ്ക്കുന്നു.

6. തെളിസോമം—സോമനീരിന്റെ തെളിഞ്ഞ മേൽബ്ഭാഗം. സമുദ്രമാണ്—സോമനീർപ്പുഴകൾ നിങ്ങളിൽ ചേർന്നുകൊണ്ടിരിയ്ക്കും. സോമകലശം—രണ്ടാമൃക്കിന്റെ ടിപ്പണി നോക്കുക.

ദർശനീയരായ ഇന്ദ്രാവിഷ്ണുക്കളേ, ഈ മത്തുപിടിപ്പിയ്ക്കുന്ന സോമം നിങ്ങരം കുടിയ്ക്കുവിൻ, തിരുവയർ നിറയ്ക്കുവിൻ: മദകരമായ അന്നം നിങ്ങളിലണയട്ടെ; എന്റെ സ്തോത്രവും വിളിയും കേരംക്കുവിൻ! 7

നിങ്ങളിരുവരും ജയിയ്ക്കുയേ ചെയ്യു, തോല്ക്കാറില്ല—നിങ്ങളിലൊരാളും തോല്ക്കുകയുണ്ടായിട്ടില്ല. വിഷ്ണോ, ഇന്ദ്രനും അങ്ങും യാതൊന്നിന്നായി (അസുരന്മാരോടു) പൊരുതിയോ, ആ ത്രിവിധമായ ആയിരത്തെ കല്പിച്ചളന്നു! 8

സൂക്തം 70.

ഭരദ്വാജൻ ഋഷി; ജഗതി ഛന്ദസ്സ്; ദ്യാവാപൃഥിവികരം ദേവത.

തിളങ്ങുന്നവർ, ജീവജാലത്തിന്നാധാരഭൂതകരം, വിശാലകരം, പ്രഥിതകരം, ജലം പൊഴിയ്ക്കുന്നവർ, സുരൂപകരം, വരുണൻ താങ്ങുകയാൽ ഉറപ്പുററവർ, ജരാരഹിതകരം, രേതസ്സേറിയവർ––ഇങ്ങനെയുള്ളവരാകുന്നു, ദ്യാവാപൃഥിവികരം. 1

വേറിട്ടുനില്ക്കുന്ന, ധാരകളേറിയ, ശുചിവ്രതകളായ ഈ പയസ്വിനികരം ശോഭനകർമ്മാവിന്നു ജലം ചുരത്തുന്നു. ദ്യാവാപൃഥിവി

---

7. അന്നം––സോമരസം.

8. ഒരാളും––വിഷ്ണുവോ, ഇന്ദ്രനോ. ആ ത്രിവിധമായ ആയിരം––അപരിമിതമായ ലോകം, വേദം, വാക്ക്. യുദ്ധത്തിൽ അസുരന്മാരെ ജയിച്ചതിന്നുശേഷം ഇന്ദ്രൻ അവരോടു പറഞ്ഞു.:— ''നമുക്ക ലോകം പങ്കിടാം: വിഷ്ണു മൂന്നടിയളക്കം; അതിൽപ്പെട്ടതു ഞങ്ങരംക്ക്; ബാക്കിയെല്ലാം നിങ്ങരംക്കും.'' അസുരന്മാർ സമ്മതിച്ചു. വിഷ്ണുവാകട്ടേ, ഒന്നാമത്തെ അടികൊണ്ടുതന്നേ ലോകങ്ങരം അളന്നു; രണ്ടും മൂന്നും അടികൊണ്ടു വേദങ്ങരം, വാക്കുകരം എന്നിവയും അളന്നു. (അസുരന്മാർക്ക് ഒന്നുമില്ലാതായി!) ഐതരേയബ്രാഹ്മണത്തിലുള്ളതത്രേ, ഈ ഇതിവൃത്തം. കല്പിച്ചളന്നു––അളന്നു സ്വന്തമാക്കി.

സൂക്തം 70.

1. രേതസ്സേറിയവർ––വളരെ പ്രജകളെ ഉല്പാദിപ്പിയ്ക്കുന്നവർ എന്നർത്ഥം.

2. ധാരകരം––ദ്യോവിൽ വൃഷ്ടിധാര, ഭൂവിൽ രസ(ആവി)ധാര. പയ

കളേ, ഈ ഭുവനത്തിന്റെ റാണിമാരായ നിങ്ങരം ഞങ്ങളിൽ മനു
ഷ്യഹിതമായ രേതസ്സു പകരുവിൻ! 2

ധിഷണകളായ ദ്യാവാപൃഥിവികളേ, നിങ്ങളുടെ സുഖഗമന
ത്തിന്നു യാതൊരു മനുഷ്യൻ (ഹവിസ്സു) നല്കുന്നുവോ, അവൻ സി
ദ്ധകാമനാകും; സന്താനങ്ങളെക്കൊണ്ടു വളരും. കർമ്മത്തിന്നു
മേൽ, നിങ്ങരം പകർന്ന (രേതസ്സുകരം) നാനാവർണ്ണങ്ങളായി
സമാനകർമ്മങ്ങളോടേ ജനിയ്ക്കുന്നു. 3

ഉദകം ചുഴന്നവരും, ഉദകത്തിൽ നില്ക്കുന്നവരും, ഉദകത്തോടു
ചേർന്നവരും, ഉദകത്തെ വർദ്ധിപ്പിയ്ക്കുന്നവരുമാകുന്ന, വിശാല
പ്രഥിതകളായ ദ്യാവാപൃഥിവികരം; യജ്ഞത്തിൽ പുരസ്കരിയ്ക്ക
പ്പെട്ട ഇവരോടുതന്നെയാണ്, പ്രാജ്ഞന്മാർ യജനത്തിന്നായി
സുഖം യാചിയ്ക്കുന്നത്! 4

ജലമുണ്ടാക്കുന്ന, ജലം ചുരത്തുന്ന, ജലം പൊഴിയ്ക്കുന്ന ദ്യാവാ
പൃഥിവികരം—നമുക്കു യജ്ഞവും ധനവും വലിയ യശസ്സും അന്ന
വും നല്ല വീര്യവും നല്കുന്ന ഇരുദേവതകരം—നമ്മളിൽ ജലം പക
രട്ടെ! 5

അച്ഛനും അമ്മയുമായ ദ്യോവും ഭൂവും നമുക്ക് അന്നം തരട്ടെ—
വിശ്വജ്ഞകളായി, വിശിഷ്ടവ്രതകളായി, വിശ്വോൽപാദികക
ളായി വിളയാടുന്ന ദ്യാവാപൃഥിവികരം നമുക്കു വേണ്ടുന്ന ബലവും
ധനവും അയയ്ക്കട്ടെ! 6

സൂക്തം 71.

ഭരദ്വാജൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകരം; സവിതാവ് ദേവത.

ആ സുകർമ്മാവായ ദേവൻ സവിതാവ് ദാനത്തിന്നായി പൊ
ന്നുകൈകരം പൊക്കുന്നു—മഹനീയനും സുയജ്ഞനും ഉലകത്തെ

സ്വിനികരം—നല്ല പയസ്സു(ജലം, പാൽ)ള്ളവർ. രണ്ടാംവാക്യം പ്രത്യക്ഷോ
ക്തി: മനുഷ്യഹിതമായ—പ്രജോൽപാദനശക്തമായ.

3. സമാനകർമ്മങ്ങളോടേ ജനിയ്ക്കുന്നു—ഒരേമട്ടിൽ പ്രാണികളായി പിറ
ക്കുന്നു.

4. സുഖം യാചിയ്ക്കുന്നത്—സുഖാവസരത്തിലേ യാഗം നടക്കുകയുള്ളു
വല്ലോ.

ത്താങ്ങുന്നവനുമായ ആ യുവാവു ജലപൂർണ്ണങ്ങളായ കൈപ്പടങ്ങൾ നീട്ടുന്നു! 1

സവിതൃദേവന്റെ അനുജ്ഞയ്ക്കും ശ്രേഷ്ഠമായ ധനദാനത്തിന്നും നാം പാത്രീഭവിയ്ക്കുക: നിന്തിരുവടിയാണല്ലോ, എല്ലാ ഇരുകാലികളെയും വളരെ നാല്ക്കാലികളെയും നിലനിർത്തുന്നതും, അനുജ്ഞ നല്കുന്നതും! 2

സവിതാവേ, നിന്തിരുവടി അഹിംസിതവും സുഖകരവുമായ തേജസ്സുകൊണ്ടു് ഇപ്പോൾ ഞങ്ങളുടെ ഗൃഹം പരിപാലിച്ചാലും. ഹിതരമ്യഭാഷിയായ ഭവാൻ പുതിയ സുഖം തന്നു രക്ഷിച്ചാലും; അനർത്ഥം നേരുന്നവൻ ഞങ്ങളെ കീഴ്പെടുത്തരുത്! 3

പൊന്നുകൈപ്പടവും, പൊന്നണക്കടയും, മധുരഭാഷണവും ചേർന്ന ദാനതൽപരനായ സവിതൃദേവൻ രാവറുതിതോറും പള്ളിയുണരട്ടെ: ഈ യജനീയനാണല്ലോ, ഹവിർദ്ദാതാവിന്നു വളരെ ധനം കല്പിച്ചയയ്ക്കുന്നത്! 4

യാതൊരുവൻ ഭൂമിയിൽനിന്നു് അന്തരിക്ഷത്തിന്റെ മുകളിലെയ്ക്കു കേറുകയും, യാത്രയിൽ വലൃതിനെയെല്ലാം രമിപ്പിയ്ക്കുകയും ചെയ്യുന്നുവോ; ആ സവിതാവ്, ഒരു വക്കീൽപോലെ, അഴകൊത്ത പൊന്നുതൃക്കൈകൾ പൊക്കട്ടെ! 5

സവിതാവേ, ഭവാൻ ഞങ്ങൾക്കു ധനം ഇന്നും, ധനം നാളെയും, ധനം നിച്ചലും അരുളിയ്ക്കണം: ദേവ, വളരെ പൊറുപ്പുമുതലുണ്ടല്ലോ, അങ്ങയ്ക്കു്; അതിനാൽ, ഞങ്ങൾ ഈ സ്തുതികൊണ്ടു ധനവാന്മാരാകണം! 6

സൂക്തം 71.

3. അനർത്ഥം നേരുന്നവൻ—ശത്രു.

5. വലൃതിനെ—മറവിലുള്ള മഹാവസ്തുവിനെ. രമിപ്പിയ്ക്കുക—പ്രകാശിപ്പിയ്ക്കുക എന്നർത്ഥം. വക്കീൽപോലെ—നമ്മുടെ കാര്യം സംസാരിപ്പാൻ.

സൂക്തം 72.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാസോമന്മാർ ദേവത.

ഇന്ദ്രാസോമന്മാരേ, വല്യതന്നെ, നിങ്ങളുടെ മഹത്ത്വം: നിങ്ങൾ വലിയ മികച്ചവയെ നിർമ്മിച്ചു; നിങ്ങൾ സൂര്യനെയും നിങ്ങൾ വെള്ളവും കിട്ടിച്ചു; എല്ലാത്തമസ്സുകളെയും നിന്ദകരെയും നശിപ്പിച്ചു! 1

ഇന്ദ്രാസോമന്മാരേ, നിങ്ങൾ ഉഷസ്സിനെ പുലർത്തി; സൂര്യനെ തേജസ്സോടേ ഉദിപ്പിച്ചു; ദ്യോവിനെ ഊന്നുകൊണ്ടുറപ്പിച്ചു; അമ്മയായ ഭൂമിയെ വല്യപ്പംവെപ്പിച്ചു! 2

ഇന്ദ്രാസോമന്മാരേ, ജലങ്ങളെ ചൂഴന്നുനിന്ന ദ്രോഹിയായ വൃത്രനെ നിങ്ങൾ വധിച്ചു; അതിൽ ദ്യോവ് നിങ്ങളെ കൊണ്ടാടി. നിങ്ങൾ നദികൾക്കു വെള്ളം അയച്ചു; വളരെസ്സമുദ്രങ്ങൾ നിറച്ചു! 3

ഇന്ദ്രാസോമന്മാരേ, നിങ്ങൾ മൂപ്പെത്താത്ത പൈക്കളുടെ അകിടുകളിൽ കൊഴുത്ത പാൽ വെച്ചു; നാനാവർണ്ണകളായ ധേനുക്കളുടെ കെട്ടുറപ്പില്ലാത്ത വെൺപാൽ അകത്തു നിർത്തിച്ചു! 4

ഇന്ദ്രാസോമന്മാരേ, മറുകരയിലെത്തിയ്ക്കുന്ന സന്തതിയും സമ്പത്തും നിങ്ങൾ ചിക്കെന്നു നീക്കിവെയ്ക്കുന്നു; കരുത്തരേ, നിങ്ങൾ മനുഷ്യഹിതവും പററലർപ്പടയെ അമർത്തുന്നതുമായ ബലം മനുഷ്യരിൽ പരത്തുന്നു! 5

സൂക്തം 73.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബൃഹസ്പതി ദേവത.

ഒന്നാമതു ജനിച്ചവനും, ആംഗിരസനായിത്തീന്നവനും, പാറക്കെട്ടു പൊളിച്ചവനും, സത്യവാനും, ഹവിരൃക്തനും, രണ്ടിടങ്ങളിൽ

സൂക്തം 72.

1. വലിയ മികച്ചവയെ—ഭൂതങ്ങളെ, ലോകങ്ങളെ നിന്ദകർ—അസുരർ.

4. കെട്ടുറപ്പില്ലാത്ത—ആരാലും കെട്ടിനിർത്തപ്പെട്ടതല്ലാത്ത. നിർത്തിച്ചു—നിലത്തുചോർന്നു വീഴാത്തവണ്ണം.

5. നീക്കിവെയ്ക്കുന്നു—ഞങ്ങൾക്കു തരാൻ വേറെ വെയ്ക്കുന്നു.

മുഴക്കെ നടക്കുന്നവനും, തുലോം തിളങ്ങുന്നേടത്തു മേവുന്നവനും, നമ്മുടെ രക്ഷകനും, യാതൊരാളോ; ആ ബൃഹസ്പതി മഴയ്ക്കായി വാനൂഴികളിൽ ഇടി മുഴക്കുന്നു! 1

ഈ ബൃഹസ്പതി, ഉപഗമിയ്ക്കുന്ന യജ്ഞവർത്തികൾക്കു ലോകം ഏർപ്പെടുത്തുന്നു; തമസ്സുകളെ തടുത്തു പോരിൽ ശത്രുക്കളെ ജയിച്ച്—അമിത്രരെ കീഴമർത്ത്—പുരികൾ പിളർത്തുന്നു. 2

ഈ ബൃഹസ്പതിദേവൻ ധനങ്ങളും വലിയ പൈത്തൊഴുത്തുകളും കീഴടക്കി: ബൃഹസ്പതി എതിരില്ലാതെ ജലം നേടാൻവേണ്ടി സ്വർഗ്ഗശത്രുവിനെ മന്ത്രംകൊണ്ടു വധിച്ചുകളയും! 3

സൂക്തം 74.

ഭരദ്വാജൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സോമാരുദ്രന്മാർ ദേവത.

സോമാരുദ്രന്മാരേ, നിങ്ങൾ അസുരന്മാരുടെ കെല്പു കല്പിച്ചുതരുവിൻ: ഓരോ ഗൃഹത്തിലെയും യജ്ഞങ്ങൾ തികച്ചും നിങ്ങളിലണയട്ടെ. നിങ്ങൾ സപ്തരത്നങ്ങളെടുത്തു ഞങ്ങളെ സുഖിപ്പിയ്ക്കുവിൻ—ഇരുകാലികളെയും നാല്ക്കാലികളെയും സുഖിപ്പിയ്ക്കുവിൻ! 1

സോമാരുദ്രന്മാരേ, വിഷൂചീരോഗം ഞങ്ങളുടെ ഗൃഹത്തിൽ കടന്നാൽ, അതിനെ നിങ്ങൾ വേർപെടുത്തണം; അലക്ഷ്മിയെ തിരി

സൂക്തം 73.

1. ആംഗിരസനായിത്തീർന്നവൻ—കെട്ട അംഗാരങ്ങൾ (തീക്കനലുകൾ) വീണ്ടും ജ്വലിപ്പിയ്ക്കപ്പെട്ടപ്പോൾ രണ്ടാമതു ജനിച്ചവൻ. പാറക്കെട്ട്—പണികൾ ഗോക്കളെ ഒളിപ്പിച്ച ശിലോച്ചയം. രണ്ടിടങ്ങളിൽ—സ്വർഗ്ഗത്തിലും, ഭൂമിയിലും. തുലോം തിളങ്ങുന്നേടത്തു—അത്യുജ്ജ്വലമാണ്, തന്റെ വാസസ്ഥാനം.

2. ഉപഗമിയ്ക്കുന്ന=സമീപിയ്ക്കുന്ന. ലോകം—സ്വർഗ്ഗാദി. പുരികൾ—അസുരപുരികൾ.

3. ധനങ്ങളും—പണികളുടെ.

സൂക്തം 74.

1. തരുവിൻ—ഞങ്ങളെ അസുരതുല്യബലരാക്കുവിൻ. സപ്തരത്നങ്ങൾ—ഏഴ് മഹാർഘവസ്തുക്കൾ. (?)

ച്ചോടിയ്ക്കണം. ഞങ്ങൾക്കു ശോഭനമായ അന്നവും യശസ്സും ഉണ്ടായിവരട്ടെ! 2

സോമാരുദ്രന്മാരേ, നിങ്ങൾ ആ മരുന്നുകളെല്ലാം ഞങ്ങളുടെ ദേഹത്തിൽ വെയ്ക്കുവിൻ: ഞങ്ങളുടെ ദേഹത്തിൽ കെട്ടിയിട്ടുള്ള പാപം നിങ്ങൾ ഞങ്ങളിൽനിന്നു് അഴിച്ചുനീക്കുവിൻ! 3

സോമാരുദ്രന്മാരേ, തിളങ്ങുന്ന വില്ലും തീക്ഷ്ണശരവുമുള്ള സത്സുഖപ്രദരായ നിങ്ങൾ ഞങ്ങളെ ഇവിടെ തുലോം സുഖിപ്പിയ്ക്കണം; ഞങ്ങളെ വരുണപാശത്തിൽനിന്നു വിടുത്തണം; ശോഭനസ്തോത്രതൽപരരേ, ഞങ്ങളെ കാത്തുരക്ഷിയ്ക്കണം! 4

സൂക്തം 75.

ഭാരദ്വാജൻ പായു ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; കവചാദിയുദ്ധാംഗങ്ങൾ ദേവത.

(കാകളി)

കാറുപോലായ്വരും, ചട്ടയൊന്നിട്ടിട്ടു
പോരിൻനിലത്തെയ്ക്കു പോകുവോൻതന്നുടൽ:
കായത്തിനു പരിക്കേല്ക്കാതെ വെല്ക നീ;
കാക്കട്ടെ, നിന്നെയച്ചട്ടതൻ പ്രാഭവം! 1

വില്ലാൽപ്പശുക്കളെ വെല്ക, വില്ലാലടർ;
വില്ലാൽ,ത്തിമിർക്കും കുറുമ്പരെ വെല്ക, നാം:
വില്ലു കെടുക്കുമേ, മാററാന്റെ കാംക്ഷയെ;
വില്ലാൽജ്ജയിയ്ക്കാം, നമുക്കു ദിക്കൊക്കെയും! 2

---

2. വിഷൂചീരോഗം—പകർച്ചവ്യാധി.

സൂക്തം 75.

1. യുദ്ധത്തിന്നു പുറപ്പെട്ട രാജാവിനെ പുരോഹിതൻ മന്ത്രം ചൊല്ലി കവചാദികൾ ധരിപ്പിയ്ക്കുന്നു. ഇതു കവചമന്ത്രമാണു്. കാറുപോലായ്വരും—ചട്ട ഇരുമ്പുകൊണ്ടാകയാൽ, കറുക്കും. നീ—രാജാവു്.

2. ധനുർമ്മന്ത്രം: പശുക്കളെ വെല്ക—ശത്രുക്കളുടെ മാടുകളെ കീഴടക്കുക. അടർ—വെല്ക. കുറുമ്പരെ—ഗർവിഷ്ഠരായ ശത്രുക്കളെ. കാംക്ഷ—ജയാശ.

വില്ലിലുടക്കിയ ഞാണിതു കൌതുകം
സല്ലപിപ്പാൻപോലെ കണ്ണമണഞ്ഞിടും:
നല്ലാർകണക്കെ പ്രിയനെപ്പുണന്നൊലി—
ക്കൊള്ളും; പടയിൽ മറുകരസ്ഥാക്കിടും! 3

കൂർ വായ്ച പെൺപോലെ പാർശ്വേ പെരുമാറു—
മീ വിൽത്തലകൾ, തായ് പുത്രനെപ്പോലവേ
ചാരെ നിത്തട്ടേ; മടിസ്ഥാതരികളെ—
പ്പാരമെയ്യട്ടെ; കൊല്ലട്ടെ,യമിത്രരെ! 4

ഒട്ടേറെ മക്കളുള്ളച്ഛൻ, പിറകിലായ്—
ക്കെട്ടിയ ബാണധി ചിച്ചെന്നൊലിയിടും;
യുദ്ധത്തിലെത്തിയാലെസ്സു ജയിച്ചിടു,—
മൊത്തുചേന്നാക്കന്ന സൈന്യത്തെയൊക്കെയും! 5

തേരിൽ വാണിഷ്ടസ്ഥലങ്ങളിൽക്കൊണ്ടുപോം,
സാരഥിവര്യൻ പുരോധൃതാശ്വങ്ങളെ:
ഓർത്തവണ്ണമടക്കുന്നു, പിൻവാറുകൾ;
വാഴ്ത്തുവിന,ക്കയർച്ചാത്തിൻ മഹിമയെ! 6

---

3. ധനർജ്യാമന്ത്രം: കൌതുകം——രസകരമായിട്ടുള്ളതു്. കണ്ണമണഞ്ഞിടും——ആഞ്ഞുവലിയ്ക്കുമ്പോൾ. പ്രിയനെ——ബാണമാകുന്ന വല്ലഭനെ.

4. ധനുഷ്കോടിമന്ത്രം: കൂർ വായ്ച——സ്നേഹമേറിയവൾ ഭർത്തൃസമീപം വിട്ടുപോവില്ലല്ലോ; അതുപോലെ, പാർശ്വേ (ഇരുവശത്തും) പെരുമാറുന്ന. ചാരെ നിത്തട്ടെ——ഈ രാജാവിനെ.

5. നിഷംഗമന്ത്രം: മക്കൾ——ബാണങ്ങൾ; അവയെ രക്ഷിയ്ക്കുന്നതിനാൽ ബാണധി(ആവനാഴി)യെ അച്ഛനാക്കിയിരിയ്ക്കുന്നു. ഒലിയിടും——ബാണങ്ങൾ വലിച്ചെടുക്കുമ്പോൾ, 'ചിച്ച്' എന്ന ശബ്ദം പുറപ്പെടുവിയ്ക്കും. സൈന്യത്തെ——ഈ രാജാവിന്റെ ശത്രുസേനയെ.

6. പൂർവാർദ്ധം സൂതമന്ത്രം: ഉത്തരാർദ്ധം കടിഞാൺമന്ത്രം: പുരോധൃതാശ്വങ്ങളെ——തേരിൻമുമ്പിൽക്കെട്ടിയ കുതിരകളെ പിൻവാറുകൾ——തേരിൻപിന്നിലെയ്ക്കു നീട്ടിക്കെട്ടിയ തോല്ക്കയറുകൾ, ഓർത്തവണ്ണം——സാരഥിയുടെ നിനവിന്നൊത്ത്. അടക്കുന്നു——അശ്വങ്ങളെ നിയന്ത്രിയ്ക്കുന്നു. വാഴ്ത്തുവിൻ——രാജാവിന്റെ ആളുകളേ, നിങ്ങൾ സ്തുതിയ്ക്കുവിൻ.

പാരം പൊടി പറപ്പിയ്ക്കും കുളമ്പൊടേ
തേരും വലിച്ചൂക്കിലോടും കുതിരകൾ
ചീററിച്ചിനയ്ക്കും; മടിയ്ക്കാതെ ഹിംസ്രരാം
മാററരെക്കാലാൽച്ചവുട്ടിമെതിച്ചിടും! 7

തേരിലെ ദ്രവ്യമിവന്നു ഹവിസ്സതാൻ:
പോരായുധംചട്ട വെയ്ക്കുന്നതേതിലോ,
സൌഖ്യദമാകുമത്തേരിനെ പ്രാപിയ്ക്ക,
നാംക്കനാൾ നമ്മൾ തെളിഞ്ഞ മനസ്സുമായ്! 8

പാലകർ നല്ലന്നമുണ്ണുവോര,ന്നദർ,
വേലേന്തിയോര,പായങ്ങൾ കുസാത്തവർ,
ദ്ധൃഷ്ടു,ദചീര്യർ, ചിത്രസൈന്യർ, ഗണ—
മർദ്ദകർ, വമ്പർ, ഗഭീരർ, ശരബലർ! 9

നേർ മുതിർക്കും പിതൃബ്രഹ്മസോമാർഹരും
ക്ഷേമം തരട്ടെ, നിഷ്പാപഭൂദ്യോക്കളും;
പൂഷാവഘം പോക്കി രക്ഷിയ്ക്ക, നമ്മളെ;—
ദ്ദോഷം കഥിപ്പോന്റെ കീഴിലാകായ്ക്ക, നാം! 10

ചേണററ പത്രവും, തേടുന്ന പല്ലുമായ്,
ഞാണിൽത്തൊടുത്തെയ്തുകൊള്ളിയ്ക്കുമമ്പുകൾ,
വേറെയുമൊന്നിച്ചുമാളുകൾ പായുന്ന
പാരിൽ നമുക്കു സുഖം വരുത്തേണമേ! 11

---

7. അശ്വമന്ത്രം:

8. രഥമന്ത്രം: ഇവൻ (രാജാവു) ശത്രുക്കളെ ജയിച്ചു, തേരിൽക്കൊണ്ടു വരുന്ന ധനം ഹവിസ്സതന്നെയാകും——രാജാവ് ആ ധനംകൊണ്ടു യാഗം കഴിയ്ക്കും. പോരായുധംചട്ട——യുദ്ധായുധങ്ങളും ചട്ടകളും.

9. രഥരക്ഷകമന്ത്രം: പാലകർ——തേർക്കാവല്ക്കാർ. നല്ലന്നം——രാജശത്രുക്കളെ തോല്പിച്ചു കൈക്കലാക്കിയ അന്നം. ഉദ്വീര്യർ=വീര്യമുയന്നവർ. ചിത്രസൈന്യർ=ദർശനീയമായ സൈന്യത്തോടുകൂടിയവർ. ഗണമർദ്ദകർ——വൈരിഗണത്തെ മർദ്ദിയ്ക്കുന്നവർ.

10. പിതൃബ്രഹ്മസോമാർഹർ=പിതാക്കളും ബ്രാഹ്മണരും സോമാർഹരും. അഘം=പാപം. ദോഷം കഥിപ്പോന്റെ——പാപം ചുമത്തുന്ന ശത്രുവിന്റെ.

11. ശരമന്ത്രം: പത്രം=ചിറകുകൾ. തേടുന്ന——ശത്രുക്കളെ തിരയുന്ന. പല്ല്——കൂപ്പ് എന്നർത്ഥം. വേറെയും ഒന്നിച്ചും——വേർപിരിഞ്ഞും, കൂടിച്ചേന്നും. ആളുകൾ പായുന്ന പാരിൽ——പോർക്കളത്തിൽ. സുഖം——ജയജന്യമായ സുഖം.

പാടേ വളക്ക്, നീയെങ്ങളെബ്ബാണമേ:
പാറയായ്ത്തീരട്ടെ, ഞങ്ങൾതൻ വിഗ്രഹം!
സോമനുയർത്തിപ്പറയട്ടെ, നമ്മളെ!
ക്ഷേമമുളവാക്കിടട്ടെ, യദിതിയും! 12

യാതൊന്നിനാലടിയ്ക്കുന്നൂ, തുടകളിൽ;
വൈദഗ്ദ്ധ്യശാലികൾ തല്ലുന്നു പിന്നിലും;
ആ നീ തെളിയ്ക്കുക, ചാട്ടവാറേ, ശരി—
യ്ക്കായോധനങ്ങളിലിത്തുരംഗങ്ങളെ! 13

പേർത്തുപേർത്തുള്ള ഞാൺതല്ല തടുക്കുവാൻ
കൈത്തണ്ടമേൽപ്പാമ്പുപോലെ ചുററുന്നതായ്,
ജ്ഞാതവ്യമെല്ലാമറിഞ്ഞതായ്, പ്പൌരുഷോ—
പേതമാം കയ്യുറ കാക്കുന്നു, ധന്വിയെ! 14

കാരിരിമ്പാം മുന, മാൻകൊമ്പിനാൽച്ചമ—
ച്ചോരു തുമ്പേ,വമായ്, നഞ്ഞു തേച്ചുള്ളതായ്,
കാറിൻെറ വീര്യത്തിൽനിന്നു പിറന്നതാം
വാരാളുമമ്പായ ദേവിയ്ക്കിതാ, നതി! 15

പോരിക, പോക, നീ മന്ത്രശിതാസ്ത്രമേ;
കേറുക മാററരിൽ; ശ്ശേഷിയായ്ക്കാരുമേ! 16

അസ്ത്രങ്ങൾ, മൊട്ടക്കിടാങ്ങൾപോലോടിവ—
ന്നെത്തുമിടങ്ങളിലാ ബ്രഹ്മണസ്പതി

---

12. പാറ—ശത്രുക്കൾക്കു പിളർത്താവതല്ലാത്തത്. വിഗ്രഹം = ശരീരം. ഉയർത്തിപ്പറയട്ടെ—പ്രശംസിയ്ക്കട്ടെ.

13. ചമ്മട്ടിമന്ത്രം: തുടകളിൽ—അശ്വങ്ങളുടെ. വൈദഗ്ദ്ധ്യശാലികൾ—വിദഗ്ദ്ധരായ അശ്വഭടന്മാർ.

14. കൈത്തണ്ടയുറയെക്കുറിച്ചുള്ള മന്ത്രം: ഞാൺതല്ല്—വില്ലിൻെറ ഞാൺ വന്നടിയ്ക്കുന്നതു്. ജ്ഞാതവ്യം—യുദ്ധവിദ്യ. ധന്വി = വില്ലാളി.

15. ശരമന്ത്രംതന്നെ: തുമ്പ്—അഗ്രഭാഗം. കാറിൻെറ വീര്യം—പർജ്ജന്യൻെറ രേതസ്സ്, മഴ; അമ്പുണ്ടാക്കുന്ന അമപ്പുല്ല് മഴകൊണ്ടാണല്ലോ, മുളയ്ക്കുന്നത്. വാരാളും—മഹതിയായ. നതി = നമസ്കാരം.

16. പോരിക—കാര്യം സാധിച്ചു തിരിയേവന്നാലും. മന്ത്രശിതാസ്ത്രമേ—മന്ത്രജപംകൊണ്ടു മൂർച്ച വന്ന ശരമേ. ആരുമേ—ശത്രുക്കളിൽ ഒരാൾപോലും.

നമ്മാംക്ക സൌഖ്യം തരട്ടെ,യദിതിയും—
നമ്മാംക്ക സൌഖ്യം തരട്ടെ,യനുദിനം! 17

നിൻമമ്മമെല്ലാം മറയ്ക്കുവൻ, ചട്ടയാൽ;
നിങ്കൽപ്പൊഴിയ്ക്കുക, മൃത്തു സോമൻ പുരാൻ!
നിർഭരസൌഖ്യം വരുണൻ തരട്ടെ, തേ;
നിൻജയത്തെയഭിനന്ദിയ്ക്കു, ദേവകരം! 18

കുറു വെടിഞ്ഞ തന്നാളെയും, നമ്മളെ—
ദൂരത്തുനിന്നു വിദ്രോഹിച്ചവനെയും
മർദ്ദിച്ചരുളട്ടെ, ദേവകളേവരും;
മന്ത്രമാം ചട്ടയുണ്ടെ,ന്നെത്തുണയ്ക്കുവാൻ! 19

ആറാംമണ്ഡലം സമാപ്തം.

ഏഴാം മണ്ഡലം

അനുവാകം 1.

സൂക്തം 1.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകരം; അഗ്നി ദേവത.
(കാകളി)

ദൂരത്തുനിന്നു കാണാവും ഗൃഹേശനായ്
സൈ്വരം ചരിയ്ക്കും പ്രശസ്തനാമഗ്നിയെ
രണ്ടരണികളിൽനിന്നു ജനിപ്പിച്ചു—
കൊണ്ടാർ, മഖോദ്യതർ കൈവിരൽച്ചേഷ്ടയാൽ. 1

17. മൊട്ടക്കിടാങ്ങരം = മുണ്ഡിതശിരസ്സരായ കുട്ടികരം. ഇടങ്ങളിൽ—യുദ്ധരംഗങ്ങളിൽ.

18. നിൻ—രാജാവിന്റെ.

19. തന്നാളെയും—ജ്ഞാതിയെയും.

സൂക്തം 1.

1. മഖോദ്യതർ = യാഗത്തിന്നൊരുങ്ങിയവർ.

എന്നെന്നുമേ ഗൃഹത്തിങ്കലഭ്യർച്ച്യനായ്–
വന്ന സുമംഗളാലോകനാമഗ്നിയെ
ആലയത്തിൽ പ്രതിഷ്ഠിച്ചാർ, വസിഷ്ഠരേ–
താപത്തിൽനിന്നും പരിത്രാണനത്തിനായ്. 2

അന്യൂനമേധിതനാകിയ നീയവി-
ച്ഛിന്നമാം ജ്വാലയോടഗ്നേ, യുവതമ,
മുന്നിലെഞ്ങൾക്കായ്ജ്ജ്വലിച്ചരുളേണമേ:
നിന്നിലണയുന്നു, ഭൂരിഹവിസ്സുകൾ! 3

ഏവരിൽ വാഴ്വൂ, സുജാതരാം നേതാക്ക–
ളാ;–വഹ്ന്യധികപ്രകാശരാമഗ്നികൾ
ഭദ്രാം വീരരെക്കല്പിച്ചനല്ലവോർ
കത്തിപ്പടർന്നു വിളങ്ങുന്നു, നിർഭരം! 4

വിദ്വേഷി വന്നേററു നാശപ്പെടുത്താത്ത
ഭദ്രസമ്പത്തും സുപുത്രപൌത്രരെയും
തന്നരുളേണം, സ്തുതിക്കുന്ന ഞങ്ങൾക്ക,
വെന്നമത്താൻ കഴിവൊക്കമേഗ്നേ, ഭവാൻ! 5

ഇക്കരുത്തങ്കലെത്തുന്നൂ, യുവതിയാം
സ്രുക്ക ഹവിസ്സേന്തി രാവഹസ്സുകളിൽ;
വന്നണയുന്നുണ്ടിവങ്കൽ,ധനം കൊട്ട–
ക്കുന്നതിലുത്സുകയായ തൻദീപ്തിയും! 6

അട്ടഹാസക്കാരെയിട്ടെരിക്കുന്നതാം
തപിട്ടിനാൽ നീയെതിരാളരെയൊക്കയും

---

2. സുമംഗളാലോകൻ = ശുഭദർശനൻ. വസിഷ്ഠൻ—വസിഷ്ഠനും തദ്ഗോത്രക്കാരും.

3. അന്യൂനമേധിതൻ—പ്രകർഷേണ വർദ്ധിതൻ.

4. നേതാക്കൾ—യജ്ഞാനുഷ്ഠായികൾ. വഹ്ന്യധികപ്രകാശർ—ലൌകികാഗ്നികളെക്കാൾ പ്രകാശമുള്ളവർ. അഗ്നികൾ—ആഹവനീയാദികൾ. വീരർ—പുത്രാദികൾ. നിർഭരം = ഏററവും.

5. വെന്നമത്താൻ—എതിരാളികളെ.

6. പരോക്ഷോക്തി: ഇക്കരുത്തൻ—അഗ്നി. യുവതി = ചേരുന്നവൾ; യുവതി എന്നും. കൊട്ടക്കുന്നതിൽ—സ്തോതാക്കൾക്ക".

ചുട്ടുപൊട്ടിയ്ക്കേണ,മഗ്നേ; മനോവ്യഥ
വിട്ടുപോംവണ്ണം മുടിയ്ക്ക, രോഗത്തെയും! 7

തൂവെണ്മ പൂണ്ടു വിളങ്ങുമഗ്നേ, ശരി—
യ്ക്കേവൻ വരേണ്യ, നിൻദീപ്തി വളർത്തുമോ;
പാവക, നീയവനെന്നപോലാവുകി,—
ങ്ങേവം സ്തുതിച്ചുപാടുന്ന ഞങ്ങൾക്കുമേ! 8

അഗ്ര്യരാം മർത്ത്യർ പിതൃഹിതന്മാരെവ—
രഗ്നേ, പലേടം ഭജിച്ചു, നിൻദീപ്തിയെ;
അങ്ങയ്ക്കവരിൽക്കണെക്കിങ്ങു വാഴ്ത്തുന്ന
ഞങ്ങളിലും തിരുവുള്ളമുണ്ടാകണം! 9

ഏവർ പുകഴ്ത്തുന്നു, മേത്തരമെൻ കർമ്മ—
മാ വിക്രമോപേതരായ മർത്ത്യരിവർ
ആയോധനങ്ങളിൽക്കീഴമർത്തട്ടെ, നേ,-
ക്കാസുരമായാപ്രയോഗങ്ങളൊക്കെയും! 10

ശൂന്യഗേഹത്തിലാകൊല്ലെ,ങ്ങൾതന്നിരി—
പ്പ,ന്യഗേഹത്തിലുമഗ്നേ, ഗൃഹഹിത:
ഞങ്ങളപുത്രരവീരർ നിന്നെബ്ഭജി—
ച്ചിങ്ങു പാക്കാവൂ, സസന്താനമാം ഗൃഹേ! 11

അഗ്നി നിത്യം മഖത്തിന്നെങ്ങെഴുന്നള്ളു;-
മഗ്ഗൃഹം, സുപ്രജാഭൃത്യാദിസംയുതം,
ഔരസപുത്രനെക്കൊണ്ടഭിവൃദ്ധമായ്—
ത്തീരുവൊന്നെങ്ങൾക്കു (തന്നരുളേണമേ)! 12

---

7. പ്രത്യക്ഷവചനം: അട്ടഹാസക്കാർ——രക്ഷസ്സുകൾ. തപിട്ടു് = തേജസ്സ്.

8. അവന്നെന്നപോലെയാവുക——അവനെ എന്നപോലെ ഞങ്ങളേയും അനുഗ്രഹിച്ചാലും. ഇങ്ങു്——ഈ യജ്ഞത്തിൽ.

10. ഇവർ——എങ്കൽ സ്നേഹമുള്ളവർ.

11. ശൂന്യഗേഹം——പുത്രനും മററുമില്ലാത്ത ഗൃഹം. അന്യഗേഹത്തിലും—— അന്യഗൃഹത്തിലുമാകൊല്ല. ഗൃഹഹിത = ഗൃഹത്തിന്നു നന്മ വരുത്തുന്നവനേ. പുത്രരും വീരരായ ആൾക്കാരുമില്ലാത്ത ഞങ്ങൾ ഭവദ്ഭജനത്താൽ സസന്താനമായ ഗൃഹത്തിൽ വസിയ്ക്കുന്നവരായിത്തീരണം.

12. അഗ്നി നിത്യം യാഗത്തിന്നു വന്നുചേരുന്നതും മററുമായ ഗൃഹം.

ഒന്നും കൊടാത്ത പാപേച്ഛരുവാം ഹിംസ്രകൽ-
നിന്നെങ്ങളെക്കാത്തരുളുകഗ്നേ, ഭവാൻ;
വല്ലാത്ത രക്ഷസ്സിൽനിന്നുമേ രക്ഷിയ്ക്കു;
വെല്ലാവു, മാററാരെ നിൻതുണകൊണ്ടു ഞാൻ! 13

ആയിരം സ്ഥാനവുമൌർജ്ജിത്യവും ദൃഢ-
മായ കരവുമുള്ളോനാം തനൂഭവൻ
അക്ഷയസ്തോത്രമോടാരിലണയു;-മാ
യഗ്നിതാൻ മീതെയാക,ഗ്ന്യന്തരങ്ങളിൽ! 14

ആരുകാക്കും, വളപ്പ്പോനെയുപദ്രവ-
ക്കാരിൽനിന്നും മഹാപാപത്തിൽനിന്നുമേ;
ആരെപ്പരിചരിച്ചീടും, സുജാതരാം
വീര;—രദ്ദേഹമാണ,ഗ്നിത്തിരുവടി! 15

ധാരിതഹവ്യനായൈശ്വര്യതൽപര-
ന്മാരെ വേണ്ടുംവിധമുജ്ജയിപ്പിയ്ക്കുമോ;
ആരു ഹോതാവായ്ച്ചരിയ്ക്കും, മഖങ്ങളി;-
ലായഗ്നിയാഹൂതൻ, ഭൂരിദേശങ്ങളിൽ! 16

നിത്യകർമ്മങ്ങളാം കഴിച്ചും, വിളിയ്ക്കുവാൻ
യുക്തമാംസ്തോത്രവും ശസ്ത്രവും ചൊല്ലിയും,
എത്രയോ ഹവ്യം ഭവാങ്കൽപ്പൊഴിയ്ക്കാവു,
വിത്തേശരായെങ്ങളഗ്നേ, മഖങ്ങളിൽ! 17

കൊണ്ടാടിടേണ്ടുമീ ഹവ്യങ്ങളമ്പർക്കു
കൊണ്ടുപോയാലുമജസ്രമഗ്നേ ഭവാൻ;

---

13. ഒന്നുംകൊടാത്ത——അറുപിശുക്കനായ.

14. ആയിരം സ്ഥാനം——അനേകമിടങ്ങളാം. ഔർജ്ജിത്യം=ബലം. അഗ്ന്യന്തരങ്ങളിൽ=മററ് (അന്യരുടെ) അഗ്നികളെക്കാളാം. സമർത്ഥനായ പുത്രനുള്ളവൻെറ അഗ്നിയേ അന്യരുടെ അഗ്നികളെ അതിശയിക്കൂ.

15. വളർപ്പോൻ——ഉജ്ജ്വലിപ്പിയ്ക്കുന്നവൻ. വീരർ——സ്തോതാക്കളാം.

16. ധാരിതഹവ്യനായ് = ഹവിസ്സെടുത്ത്. ഹോതാവ്——ദേവന്മാരെ വിളിയ്ക്കുന്നവൻ. ആഹൂതൻ=ഹോമിയ്ക്കപ്പെട്ടവരുന്നു.

17. വിത്തേശരായ്——ധനികന്മാരായിത്തീർന്നിട്ട്.

അഗ്ഗ്നണത്തിങ്കലോരോരുത്തനും കൊതി—
യുറംക്കൊണ്ടിടട്ടെ,യീ നല്ല വസ്തുക്കളിൽ! 18

വിട്ടുകൊടുക്കരുത,ഗ്നേ, ക്ഷയത്തിനോ,
പൊട്ടമുണ്ടിന്നോ, പശിയ്ക്കോ, പിശാചിനോ,
സത്യവൻ, നിസ്സുതത്വത്തിനോ ഞങ്ങളെ:—
ബ്ബുദ്ധിമുട്ടിയ്ക്കൊല്ല, വീട്ടിലും കാട്ടിലും! 19

അഗ്നേ, വെടുപ്പാക്കുക,ന്നമെനിയ്ക്കാശു;
സക്രതുക്കരംക്കമയയ്ക്ക, ദേവ, ഭവാൻ;
ത്വദ്ദാനപാത്രങ്ങളാകി,രുക്കൂട്ടരും;
സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ! 20

ശോഭയോടഗ്നേ, ജ്വലിയ്ക്ക, ബലാത്മജ,
ശോഭനാഹ്വാനൻ മനോജ്ഞരൂപൻ ഭവാൻ;
ചൂടണയ്ക്കാതേ തുണയ്ക്ക, തനൂജനെ;
വാടരുതെ,ങ്ങരം തൻ മർത്ത്യഹിതൻ സുതൻ: 21

ഞങ്ങളെക്കൃച്ഛ്രേണ പോററാൻ കഥിയ്ക്കരു—
തി,ങ്ങ്യുത്വിഗിദ്ധാഗ്നികളോടു തോഴർ നീ;
അഗ്നേ, ബലാത്മജ, ദേവ, തീണ്ടൊല്ല നി—
ന്നുഗ്രഭാവം പ്രമാദത്തിലും ഞങ്ങളെ! 22

അഗ്നേ, സുതേജസ്സു, ഹവ്യമമർത്ത്യനാ—
മങ്ങയ്ക്കുഹോമിച്ച മർത്ത്യൻ ധനാഢ്യനാം!

---

18. അജസ്രം=നിത്യം. അഗ്ഗ്നണം—ദേവഗണം.

19. ഞങ്ങരംക്ക ക്ഷയവും മററും വരുത്തരുത്. പൊട്ടമുണ്ട്—വറുതി എന്നർത്ഥം. നിസ്സുതത്വം=പുത്രനില്ലായ്ക.

20. വെടുപ്പാക്കുക—എനിയ്ക്കു തരാൻ നല്ല അന്നം കരുതുക. സക്രതുക്കരം—യജ്ഞവാന്മാർ. ഇരുകൂട്ടരും—സ്തുതിയ്ക്കുന്നവരും, യജിയ്ക്കുന്നവരും. പാലിപ്പിൻ—അങ്ങും, അങ്ങയുടെ പരിവാരങ്ങളും രക്ഷിപ്പിൻ.

22. ഋത്വിഗിദ്ധാഗ്നികരം=ഋത്വിക്കുകളാൽ ജ്വലിപ്പിയ്ക്കപ്പെട്ട അഗ്നികരം. കൃച്ഛ്രേണ (കഷ്ടിച്ച്) പോററാൻ പറഞ്ഞാൽപ്പോരാ; തികച്ചും പോററാൻ പറയണം. തോഴർ—ഞങ്ങളുടെ സഖാവായ. ഉഗ്രഭാവം—നിഗ്രഹബുദ്ധി.

അർത്ഥിയാം സ്തോതാവു ചോദിച്ചറിഞ്ഞാ,രി–
ലെത്തു,മവൻ ദേവതാവാപ്തവിത്തനാം! 23

ഞങ്ങൾതൻ പ്രൌഢസൽക്കർമ്മമറിഞ്ഞ നീ–
യിങ്ങു പുകഴ്ത്തുവോർക്കെത്തിയ്ക്ക, വന്മുതൽ.
ഞങ്ങളിതിനാൽബ്ബലിഷ്ഠ, മത്താടാവു,
ഭംഗമ,റ്റഗ്നേ, ചിരായുസ്സുവീരരായ്! 24

അഗ്നേ വെട്ടപ്പാക്കുക,ന്നമെനിയ്ക്കാശു;
സക്രതുക്കൾക്കമയയ്ക്ക, ദേവ, ഭവാൻ:
ത്വദ്ദാനപത്രങ്ങളാകി,ദ്രക്കൂട്ടരും;
സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ! 25

ഒന്നാമധ്യായം സമാപ്തം

രണ്ടാമധ്യായം

സൂക്തം 2.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സമിദ്ധാദ്യഗ്നികൾ ദേവത.

അഗ്നേ, അങ്ങ് ഇപ്പോൾ ഞങ്ങളുടെ ചമതയിലിരുന്നാലും:
യജനീയമായ രമണീയധൂമം പ്രസരിപ്പിച്ച്, ഏററവും ഉജ്ജ്വ
ലിച്ചാലും; ചുടുനാളങ്ങൾകൊണ്ട് ആകാശം സ്പർശിച്ചാലും; സൂര്യ
രശ്മികളോടുചേർന്നാലും! 1

സുപ്രജ്ഞരായ, തേജസ്വികളായ, കർമ്മങ്ങളെ നിലനിർത്തുന്ന
വരായ യാവചിലർ രണ്ടുതരം ഹവിസ്സുകളും ആസ്വദിയ്ക്കുമോ; ആ ദേ

---

23. ചോദിച്ചറിഞ്ഞ്—ആരുടെ അടുക്കൽച്ചെന്നാൽ ധനം കിട്ടും എന്ന ന്വേഷിച്ചറിഞ്ഞ്. അവൻ—ആ ഉദാരൻ. ദേവതാവാപ്തവിത്തനാം—ദേവതകളിൽനിന്നു സമ്പത്തു ലഭിച്ചവനായിത്തീരും.

24. ഇതിനാൽ.—ത്വദ്ദത്തമായ വന്മുതലിനാൽ. ഭംഗം = ഇടിവ്. ചിരായുസ്സുവീരരായ്—ദീർഘായുസ്സോടും നല്ല വീരന്മാരോടും (പുത്രാദികളോടും) കൂടി.

സൂക്തം 2.

1. സമിദ്ധാഗ്നിയോട്:

വന്മാരിൽവെച്ച യജ്ഞാർച്ചനീയനായ നരാശംസൻെറ മഹിമാവിനെ ഞങ്ങരം സ്തുതിക്കുന്നു. 2

സ്തുത്യനും, ബലവാനും, സുപ്രജ്ഞനും, വാനൂഴികഠംക്കിടയിൽ ദൂതനും, മനുഷ്യരാലെന്നപോലെ മനുവിനാൽ വളർത്തപ്പെട്ടവനുമായ സത്യഭാഷിയെ നിങ്ങരം യാഗത്തിന്നായി സദാ പൂജിക്കുവിൻ! 3

സപര്യാതൽപരർ കാൽമുട്ടുകഠം മടക്കിനിന്ന്, അഗ്നിയിൽ ദർഭയും ഹവിസ്സും ഹോമിച്ച പരിചരിക്കുവിൻ! 4

രഥമിച്ഛിക്കുന്ന സുകർമ്മാക്കളായ ദേവകാമന്മാർ യാഗശാലയുടെ വാതില്ക്കലെത്തി. തുമ്പുകിഴക്കോട്ടായ (ഇരുസ്രുക്കുകഠം), തള്ളപ്പൈക്കഠം കുട്ടിയെ എന്നപോലെ, (അധ്വര്യുക്കഠം) നൈ പുരട്ടിക്കുന്നു. 5

യുവതികളായി, ദിവ്യകളായി, മഹതികളായി, ദർഭസ്ഥിതകളായി, ധനവതികളായിരിക്കുന്ന അഹോരാത്രികഠം നല്ല കറവപ്പയ്യുപോലെ, നമ്മളിൽ നന്മക്കായി ചേർന്നുനില്ക്കട്ടെ! 6

മേധാവികളായ ജാതവേദസ്സുകളേ, മനുഷ്യരുടെ യാഗങ്ങളിൽ കർമ്മം ചെയ്യുന്ന നിങ്ങളിരുവരെയും ഞാൻ യജനത്തിന്നായി സ്തുതിക്കുന്നു: ആ നിങ്ങഠം സ്തുതിക്കുന്ന ഞങ്ങളുടെ യാഗത്തെ മേല്പോട്ടു കൊണ്ടുപോകുവിൻ; ദേവന്മാരുടെ ധനം നിങ്ങഠംക്കധീനമാണല്ലോ! 7

---

2. രണ്ടുതരം ഹവിസ്സുകഠം——സോമനീരും പുരോഡാശവും. യജ്ഞാർച്ചനീയൻ——യജ്ഞങ്ങഠം (ഹവിസ്സോ, സ്തോത്രമോ) കൊണ്ടു പൂജനീയൻ; നരാശംസൻ——ഒരഗ്നി.

3. മനുഷ്യരാലെന്നപോലെ——ഇപ്പോഠം മനുഷ്യർ ചെയ്യുന്നതുപോലെ, പണ്ടു മനു വളർത്തിയവനും. സത്യഭാഷി——അഗ്നി.

5. നദികഠംപോലെ——നദികഠം വയലിനെ നനയ്ക്കുന്നതുപോലെ.

7. രണ്ടു ദൈവ്യാഗ്നികളെപ്പററി; മേല്പോട്ടു——ദേവന്മാരുടെ അടുക്കലേയ്ക്കു്. നിങ്ങഠംക്കധീനനാണല്ലോ——അതു ഞങ്ങഠംക്കു തരുവിൻ എന്നു ഹൃദയം.

ഭാരതികളോടൊന്നിച്ച ഭാരതിയും, മനുഷ്യദേവന്മാരോടൊന്നിച്ച് ഇളയും, അഗ്നിയും, സാരസ്വതരോടൊന്നിച്ച സരസ്വതിയും ഇങ്ങോട്ടെഴുന്നള്ളട്ടെ; ദേവിമാർ മൂവ്വരും ഈ ദർഭയിൽ ഉപവേശിയ്ക്കട്ടെ. 8

ദേവ, ത്വഷ്ടാവേ, വിളയാടുന്ന ഭവാൻ ആ താരകമായ പോഷകം പകർന്നാലും: എന്നാൽ വീരനും കർമ്മകുശലനും ബലവാനും അമ്മിക്കുഴയെടുക്കുന്നവനുമായ ദേവകാമൻ പിറക്കുമല്ലോ! 9

വനസ്പതേ, ഭവാൻ ദേവകളെ ഇവിടെ വരുത്തുക. അഗ്നിയും പശുവിനെ സംസ്കരിച്ച, ഹവിസ്സു ദേവകൾക്കെത്തിയ്ക്കട്ടെ. ആ സത്യസ്വരൂപനായ ഹോതാവുതന്നെ യജിയ്ക്കട്ടെ: അവിടെയ്ക്കറിയാമല്ലോ ദേവന്മാരുടെ ജനനങ്ങൾ! 10

അഗ്നേ, സമുജ്ജ്വലനായ ഭവാൻ ഇന്ദ്രനോടും സത്വരരായ ദേവന്മാരോടും കൂടി ഒരേതേരിൽ ഇങ്ങോട്ടുവന്നാലും! പുത്രസഹിതയായ അദിതി ഞങ്ങളുടെ ദർഭയിലിരിയ്ക്കട്ടെ! സ്വാഹാ, അമർത്ത്യരായ ദേവന്മാർ ഇമ്പംകൊള്ളട്ടെ! 11

സൂക്തം 3.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

യാതൊരുദേവൻ മനുഷ്യരിൽ എന്നെന്നും കുടികൊള്ളുന്നവനും, പൊള്ളിയ്ക്കുന്ന തേജസ്സുള്ളവനും, അന്നവാനും പാവകനും ആകുന്നുവോ; ആ മികച്ച യഷ്ടാവിനെ—അഗ്നികളോടു സഹിതനായ അഗ്നിയെ നിങ്ങൾ അധ്വരത്തിൽ ദൂതനാക്കുവിൻ! 1

തീററതിന്നു ചിനയ്ക്കുന്ന ഒരുകുതിരപോലെ, അദ്ദേഹം വലിയ തടവുവിട്ടു സ്ഥിതിചെയ്യുമ്പോൾ, അദ്ദേഹത്തിൻെറ ജ്വാല പടരുകയായി; ഉടനേ അങ്ങയുടെ മാർഗ്ഗം കറുത്തിരുളും! 2

---

8. ഇതുമുതൽ 4 ഋക്കുകൾ രണ്ടാമഷ്ടകം എട്ടാമധ്യായത്തിലുണ്ട്. അതിനാൽ ഇവിടെ ടിപ്പണി എഴുതേണ്ടതില്ല.

സൂക്തം 3.

1. ദേവന്മാരോട്: അഗ്നികൾ—മററഗ്നികൾ.

2. സ്ഥിതിചെയ്യുമ്പോൾ—വൃക്ഷങ്ങളിൽ ദാവാഗ്നിയായി വർത്തിയ്ക്കുമ്പോൾ. ഒടുവിലെ വാക്യം പ്രത്യക്ഷസ്തുതി.

അഗ്നേ, പുതുതായി വെളിപ്പെട്ട ഭവാന്റെ തളരാത്ത ജ്വാലകൾ ഉയരുന്നതെപ്പോഴോ, അപ്പോൾ നിറന്നപൃക ആകാശത്തണയും; അഗ്നേ, അവിടുന്നു ദൂതനായി ദേവന്മാരെ പ്രാപിയ്ക്കുകയും ചെയ്യും! 3

അങ്ങയുടെ തേജസ്സു നിലത്തുപടൎന്നിട്ട്, അന്നങ്ങളെ പല്ലുകൾകൊണ്ടു ചിക്കെന്നു കടിച്ചുതിന്നും; അങ്ങയുടെ ജ്വാല, ഒരുങ്ങിയ ഒരു സേനപോലെ നടക്കും. ദൎശനീയ, ഭവാൻ യവമെന്നപോലെ, ജ്വാലകൊണ്ടു ഭക്ഷിയ്ക്കുന്നു! 4

ആ അതിയുവാവായ, അതിഥിയായ അഗ്നിയെത്തന്നേ മനുഷ്യർ ഇരവുപകൽ തൽസ്ഥാനത്ത് ഉജ്ജ്വലിപ്പിച്ച്, അജസ്രകാമിയായ ഒരശ്വത്തെയെന്നപോലെ പരിചരിച്ചുപോരുന്നു; ആഹുതനായ വൃഷാവിന്റെ ജ്വാല തിളങ്ങുകയും ചെയ്യുന്നു! 5

സുതേജസ്സു, പൊന്നുപോലെ അരികത്തു വിളങ്ങുമ്പോൾ, നിന്തിരുവടിയുടെ രൂപം എത്ര ദൎശനീയം! അങ്ങയുടെ ബലം, വാനിൽനിന്ന് ഇടിവാൾപോലെ പുറപ്പെടും. അങ്ങ്, വിചിത്രനായ സൂര്യൻപോലെ പ്രഭ പരത്തുന്നു. 6

അഗ്നിയായ നിന്തിരുവടിയ്ക്കു സ്വാഹാ! ഞങ്ങൾ പാലും നെയ്യും ചേൎന്ന ഹവിസ്സുകൾകൊണ്ടു പരിചരിയ്ക്കുമാറാകണം; അഗ്നേ, അതിന്നു നിന്തിരുവടി എണ്ണമില്ലാത്ത തേജസ്സുകൾകൊണ്ടു, നൂറു പൊന്നിൻ പുരികൾകൊണ്ടെന്നപോലെ ഞങ്ങളെ സംരക്ഷിച്ചാലും! 7

ബലത്തിന്റെ മകനേ, ജാതവേദസ്സേ, ദാതാവായ അവിടെയ്ക്കു് അപ്രധൃഷിതങ്ങളായ ജ്വാലകളുണ്ട്; പ്രജകളെ പാലിയ്ക്കുന്ന അരുളപ്പാടുകളുമുണ്ട്. അവകൊണ്ടു, സ്തുതിയ്ക്കുന്ന പ്രശസ്ത സൂരികളെയും ഞങ്ങളെയും ഭവാൻ സംരക്ഷിയ്ക്കണം! 8

തന്റെ തഴച്ച കാന്തികൊണ്ടു തിളങ്ങുന്ന ശുചി, അണയ്ക്കപ്പെട്ട മഴപോലെ പുറത്തെയ്ക്കുപോന്നാൽ ദേവയജനത്തിന്നുള്ളവനായി:

---

3. നിറന്ന—നിറമിയന്ന.

4. അന്നങ്ങളെ—മരത്തടി മുതലായവയെ. പല്ലുകൾ—ജ്വാലകൾ. ഭക്ഷിയ്ക്കുന്നു—വനത്തെ; യവം തിന്നുന്നതുപോലെ.

5. തൽസ്ഥാനത്ത്—ആഹവനീയസ്ഥാനത്ത്. വൃഷാവ്—അഭീഷ്ടവൎഷിയായ അഗ്നി.

7. നൂറ്—അസംഖ്യങ്ങളായ.

രണ്ടമ്മമാരിൽനിന്ന ജനിച്ചവനാണല്ലോ, കമനീയനും സുകർമ്മാവുമായ ഈ പാവകൻ! 9

അഗ്നേ, അന്നു് ഈ സൌഭാഗ്യങ്ങറം ഞങ്ങറംക്ക തന്നരുളുക. കർമ്മിയായ ശോഭനജ്ഞാനൻ ഞങ്ങറംക്ക ജനിയ്ക്കണം സകലവും ഉണ്ടായിവരട്ടെ, പുകഴ്ത്തുന്നവക്കും പാടുന്നവക്കും. നിങ്ങറം 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 10

സൂക്തം 4.

ഋഷിച്ഛന്ദോദേവതകറം മുമ്പേത്തവ.

ആർ ദേവകളും മനുഷ്യരുമാകുന്ന പ്രജകളുടെയെല്ലാമിടയിൽ അറിഞ്ഞു നടക്കുന്നുവോ, ആ വെൺനിറം പൂണ്ടു വിളങ്ങുന്ന അഗ്നിയ്ക്കു നിങ്ങറം പരിശുദ്ധമായ ഹവിസ്സും സ്തുതിയും ഒരുക്കുവിൻ: 1

അമ്മയിൽനിന്നു് അതിയുവാവായിത്തന്നേ ജനിച്ച ആ മേധാവിയായ അഗ്നി മറുകരയണയ്ക്കുന്നവനാകുന്നു. താൻ തെളിഞ്ഞ പല്ലുകറംകൊണ്ടു കാടുകറം കടിച്ചെടുക്കും; ഒരുപാടന്നങ്ങറം ഉടനടി തിന്നുതീക്കും! 2

ഈ ദേവൻെറ മുഖ്യസ്ഥാനത്തു യാതൊരു ധവളവണ്ണനെ ആളുകറം പ്രതിഷ്ഠിയ്ക്കുന്നുവോ; യാതൊരുവൻ മനുഷ്യരുടെ സ്തുതി കൈക്കൊള്ളുന്നുവോ; ആ അഗ്നി മത്ത്യന്നുവേണ്ടി ദുർദ്ധർഷമാംവണ്ണം ഉജ്ജ്വലിയ്ക്കുന്നു! 3

---

9. ശുചി=അഗ്നി. പുറത്തെയ്ക്കുപോന്നാൽ—മരത്തടികളെ വിട്ടുപോന്നാൽ. രണ്ടമ്മമാർ—രണ്ടരണികറം.

10. ശോഭനജ്ഞാനൻ—നല്ല ജ്ഞാനമുള്ള പുത്രൻ.

സൂക്തം 4.

1. ഋത്വിക്കുകളോടു്,

2. അമ്മ—അരണി. മറുകര—യജ്ഞങ്ങളുടെ. പല്ലുകറം—ജ്വാലകറം. അന്നങ്ങറം—വൃക്ഷാദികറം.

3. ധവളവണ്ണനെ—അഗ്നിയെ.

ഈ ക്രാന്തദർശിയും പ്രകാശകനും അമർത്ത്യനുമായ അഗ്നി ക്രാന്തദർശികളല്ലാത്ത മർത്ത്യരിൽ കുടികൊള്ളുന്നു! ഞങ്ങളുടെ മനസ്സ് എപ്പൊഴും ആരിൽ തെളിഞ്ഞുനില്ക്കേണമോ, ബലവാനേ, ആ നിന്തിരുവടി ഞങ്ങളെ ഇവിടെ കഷ്ടപ്പെടുത്തരുതേ! 4

ദേവകളാൽ നിർദ്ദിഷ്ടമായ സ്ഥാനത്തത്രേ, അഗ്നിയിരിക്കുന്നത്: അമർത്ത്യരെ തുണയ്ക്കുന്നവനാണല്ലോ, താൻ. ഈ വിശ്വംഭരനെ ഓഷധികളും വൃക്ഷങ്ങളും ഭൂമിയും ധരിക്കുന്നു! 5

അഗ്നിയ്ക്കു കഴിവുണ്ടല്ലോ, അന്നം വളരെത്തരാൻ; നല്ല വീര്യം, ധനം എന്നിവ തരാനും കഴിവുണ്ട്. ബലവാനേ, പുത്രനോടുകൂടാതെയാകരുത്, അഴകോടുകൂടാതെയാകരുത്, പരിചരണത്തോടുകൂടാതെയാകരുത്, ഞങ്ങളുടെ ഇരിപ്പ്! 6

കടമില്ലാഞ്ഞാൽ മതിയാവുമല്ലോ, മുതൽ: ഉറച്ച ധനത്തിന്റെ ഉടമകളാകണം, ഞങ്ങൾ! അഗ്നേ, അന്യപ്രജ സ്വസന്താനമാകില്ല; വിഡ്ഢിമാർഗ്ഗത്തിന്നു വീതി കൂട്ടരുതേ! 7

എത്ര സുഖിപ്പിയ്ക്കപ്പെട്ടാലും ഇണങ്ങാത്ത അന്യജാതനെ കൈക്കൊള്ളാൻ മനസ്സിൽ വിചാരിയ്ക്കുയേ വയ്യ: അവൻ സ്വസ്ഥാനത്തേയ്ക്കുതന്നേ തിരിച്ചുപോയ്ക്കളയും. അതിനാൽ, അന്നവാനും കീഴമർത്തുന്നവനുമായ നവീനൻ ഞങ്ങൾക്കു പിറക്കട്ടെ! 8

അഗ്നേ, അങ്ങ് ഞങ്ങളെ ദ്രോഹിയിൽനിന്നും, ബലവാനേ, അങ്ങ് പാപത്തിൽനിന്നും പരിപാലിയ്ക്കണം. നിർദ്ദോഷമായ ഹവിസ്സ് വഴിപോലെ ഭവാങ്കലെത്തട്ടെ; സ്പൃഹണീയമായ ആയിരംധനം ഞങ്ങളിലും! 9

---

5. വിശ്വംഭരൻ—ഉലകെല്ലാം താങ്ങുന്നവൻ.

6. രണ്ടാംവാക്യം പ്രത്യക്ഷോക്തി:

7. മതിയാവും—കാലക്ഷേപത്തിന്ന്. ഉറച്ച—കടച്ചുമതലയില്ലാത്ത. അന്യപ്രജയെ സ്വസന്താനമാക്കലും മററും വിഡ്ഢികളുടെ വഴിയാണ്; അതിന്നു വീതി കൂട്ടിക്കൂടാ. ഞങ്ങളെയും ആ വഴിയിലൂടേ നടത്തരുതേ എന്നർത്ഥം.

8. അന്യപ്രജ സ്വസന്താനമാകില്ല എന്നു മുൻഋക്കിൽ പറഞ്ഞതു വിവരിയ്ക്കുന്നു: സ്വസ്ഥാനം—താൻ ജനിച്ച ഗൃഹം. നവീനൻ— പുതിയ പുത്രൻ.

അഗ്നേ, അങ്ങ് ഈ സൌഭാഗ്യങ്ങൾ ഞങ്ങൾക്കു തന്നരുളുക: കർമ്മിയായ ശോഭനജ്ഞാനൻ ഞങ്ങൾക്കു ജനിക്കണം; സകലവും ഉണ്ടായിവരട്ടേ, പുകഴ്ത്തുന്നവർക്കും പാടുന്നവർക്കും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 10

സൂക്തം 5.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത.

ആർ എല്ലാ അമർത്ത്യരുടെയും ഇരിപ്പിടത്തിൽ, ആ ജാഗരൂകരോടൊപ്പം വളരുന്നുവോ; വാനിലും മന്നിലും നടക്കുന്ന ബലവാനായ ആ വൈശ്വാനരാഗ്നിയെ നിങ്ങൾ സ്തുതിക്കുവിൻ! 1

നദികളെ നയിക്കുന്നവനും ജലങ്ങളെ പൊഴിക്കുന്നവനുമായ യാതൊരഗ്നി ദ്യോവിലും ഭൂവിലുംവെച്ചു പൂജിക്കപ്പെടുന്നുവോ; ആ വൈശ്വാനരൻ ഹവിസ്സുകൊണ്ടു വളർന്നു, മനുഷ്യപ്രജകൾക്കായി പ്രകാശിക്കുന്നു! 2

വൈശ്വാനരാഗ്നേ, അങ്ങ് പൂരുവിന്നുവേണ്ടി പുരികൾ പൊളിച്ചു, കത്തിജ്ജ്വലിക്കുകയുണ്ടായല്ലോ; അന്ന് അങ്ങയെപ്പേടിച്ചു കറുമ്പന്മാർ വേറുപിരിഞ്ഞു, മുതലും വെടിഞ്ഞു, കുതിച്ചുപാഞ്ഞു! 3

വൈശ്വാനരാഗ്നേ, അങ്ങയ്ക്കായുള്ള കർമ്മത്തെ അന്തരിക്ഷവും ഭൂവും ദ്യോവും ആദരിക്കുന്നു: നിത്യതേജസ്സുകൊണ്ടു വിളങ്ങുന്ന ഭവാൻ ശോഭകൊണ്ടു വാനൂഴികൾക്കു വീതി കൂട്ടുന്നു! 4

അഗ്നേ, പ്രജകളുടെ സ്വാമിയും, ധനങ്ങളുടെ നേതാവും, ഉഷസ്സിന്റെയും പകലിന്റെയും കൊടിമരവും, വൈശ്വാനരനുമായ അങ്ങയെ അശ്വങ്ങൾ സ്പൃഹയോടേ സേവിക്കുന്നു; (പാപത്തെ) പറപ്പിക്കുന്ന, നെയ്യോടുകൂടിയ സ്തുതികളും! 5

സൂക്തം 5.

1. സ്തോതാക്കളോട്: ഇരിപ്പിടം—യാഗശാല. ആ ജാഗരൂകർ—ഉണർവു പൂണ്ട അമർത്ത്യന്മാർ.

3. പൂരു—രാജാവ്. പുരികൾ—ശത്രുനഗരികൾ. കറുമ്പന്മാർ—രാക്ഷസർ.

5. നെയ്യ്—ഹവിസ്സ്.

മിത്രങ്ങളെ പൂജിയ്ക്കുന്ന അഗ്നേ, അങ്ങയിലാണു്, ദേവന്മാർ ബലം വെച്ചിരിയ്ക്കുന്നതു്. അവർ അങ്ങയ്ക്കുള്ള കർമ്മത്തിൽ ചേൎന്നവല്ലോ. അങ്ങു കർമ്മവാനെ കനത്ത തേജസ്സുളവാക്കി, കർമ്മഹീനരെ സ്ഥാനത്തുനിന്നോടിച്ചു! 6

ആ ഭവാൻ അത്യുന്നതമായ ആകാശത്തുദിച്ചു, വായുപോലെ ജലം ഉടനടി നുകരുന്നു; ജാതവേദസ്സേ, അങ്ങു് തണ്ണീരുകളെ ഉൽപാദിപ്പിച്ചു്, ഉണ്ണിയ്ക്കു വേണ്ടതു കൊടുപ്പാൽ ഇടിമുഴക്കുന്നു! 7

വൈശ്വാനരാഗ്നേ, വിശ്വവരേണ്യ, ജാതവേദസ്സേ, ഭവാൻ യാതൊന്നുകൊണ്ടു ധനവും, ഹവിർദ്ദാതാവായ മനുഷ്യന്നു വിപുലമായ യശസ്സും നിലനിൎത്തുന്നുവോ, ആ തിളങ്ങുന്ന മഴയെ ഞങ്ങൾക്കയച്ചാലും! 8

അഗ്നേ, ആ അന്നസമൃദ്ധമായ ധനവും, കേൾവിയ്ക്കുതകുന്ന ബലവും ഭവാൻ ഹവിർദ്ധനരായ ഞങ്ങളിൽ ചേൎത്തുവെച്ചാലും; അഗ്നേ, വൈശ്വാനര, അങ്ങു് രുദ്രരോടും ദേവകളോടുംകൂടി, ഞങ്ങൾക്കു മഹത്തായ സുഖം തന്നാലും! 9

സൂക്തം 6.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പിളൎത്തവനെ ഞാൻ വന്ദിയ്ക്കുന്നു: വന്ദിച്ചുകൊണ്ടു, പ്രവൃദ്ധനും ബലവാനും വീര്യവാനും ആളുകൾക്കു സ്തുത്യനുമായ ആ സമ്രാട്ടിന്റെ പ്രശസ്തിയും പ്രവൃത്തിയും, ഇന്ദ്രന്റേതെന്നപോലെ വൎണ്ണിയ്ക്കുന്നു. 1

കവിയും, കൊടിമരവും, ആദരിയ്ക്കുന്നവനെ താങ്ങുന്നവനും, പ്രകാശകനും, സുഖപ്രദനുമായ വാന്തൂഴിപ്പെരുമാളിനെ (ആളുകൾ)

---

7 ഉദിച്ചു്––സൂര്യാത്മനാ. വായുപോലെ––വായു യജ്ഞത്തിൽ ഒന്നാമത്തെ സോമം നുകരുന്നതുപോലെ. ജലം––ഭൂമിയിലെ വെള്ളം. ഉണ്ണിയ്ക്കു––പുത്രൻപോലെ പാലനീയനായ യജമാനന്നു്. ഇടിമുഴക്കുന്നു––വൃഷ്ടിയ്ക്കൊരുങ്ങുന്നു.

സൂക്തം 6.

1. പിളൎത്തവനെ––അസുരപുരികൾ പിളൎത്ത വൈശ്വാനരനെ. പ്രവൃത്തി = കർമ്മം.

പ്രീതിപ്പെടുത്തുന്നു. ആ പുരന്ദരനായ അഗ്നിയുടെ വമ്പിച്ച പൂർവ കർമ്മങ്ങളെ ഞാൻ പുകഴ്ത്തട്ടെ! 2

തൊഴിലും യജ്ഞവുമില്ലാത്ത, തെറി പുലമ്പുന്ന, അവിശ്വാസികളായ, വളർത്താത്ത ഹുണ്ടികക്കാരെ—ആ ദസ്യുക്കളെ—അഗ്നി ആട്ടിപ്പായിച്ചു; മുമ്പനായിനിന്നു യജ്ഞഹീനരെ ഇടിച്ചുതാഴ്ത്തും! 3

യാതൊരു മികച്ച നേതാവ് ഇരുണ്ട തമസ്സിൽ മയങ്ങിയവരെ, ബോധം നല്കി നേരേ നടത്തിയോ; ആ ധനപതിയായ അഗ്നിയെ, തലകുനിയ്ക്കാത്തവനെ, യുദ്ധക്കൊതിയരെ അടക്കിനിർത്തുന്നവനെ ഞാൻ സ്തുതിച്ചുകൊള്ളുന്നു. 4

ആർ തടിച്ചവയെ ആയുധങ്ങൾകൊണ്ടു കുനിയിച്ചുവോ, ആർ സൂര്യപത്നികളായ ഉഷസ്സുകളെ ഉദിപ്പിച്ചുവോ; ആ മഹാനായ അഗ്നി പ്രജകളെ ബലംകൊണ്ടടക്കി, നഹുഷനു കപ്പം കൊടുപ്പിച്ചു! 5

ആളുകളെല്ലാം സുഖത്തിന്നായി, ആരുടെ നന്മനസ്സിനെ പ്രാർത്ഥിച്ചു, ഹവിസ്സുമായി അരികേ നില്ക്കുന്നുവോ: ആ വൈശ്വാനരാഗ്നി അച്ഛനമ്മമാരായ ദ്യാവാപൃഥിവികളുടെ മികച്ച മടിത്തട്ടിൽ ഇരുന്നരുളുന്നു! 6

ദേവനായ വൈശ്വാനരാഗ്നി സൂര്യോദയത്തിൽ അന്തരിക്ഷത്തിലെ ഇരുട്ടു നീക്കുന്നു: അന്തരിക്ഷത്തിൽനിന്നും താഴത്തുനിന്നും നീക്കുന്നു—ദ്യോവിൽനിന്നും ഭുവിൽനിന്നും നീക്കുന്നു! 7

സൂക്തം 7.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കീഴമർത്തുന്നവനും, ഒരു കതിരപോലെ കെല്പനും, അഗ്നിദേവനമായ നിന്തിരുവടിയ്ക്കു ഞാൻ സ്തുതികൾ അയയ്ക്കുകതന്നെ ചെയ്യുന്നു: അഭിജ്ഞനായ നിന്തിരുവടി ഞങ്ങളുടെ യാഗത്തിൽ ദൂതനായാലും!

---

2. കൊടിമരം—ലോകത്തിന്റെ.
3. വളർത്താത്ത—അഗ്നിയെ ജ്വലിപ്പിയ്ക്കാത്ത.
5. തടിച്ചവയെ—അസുരമായകളെ. നഹുഷൻ—ഒരു രാജാവ്.
6. മടിത്തട്ടിൽ—അന്തരിക്ഷത്തിൽ.
7. താഴത്തുനിന്നും—ഭൂമിയിൽനിന്നും.

തന്തിരുവടി സ്വയം വൃക്ഷങ്ങളെ ദഹിപ്പിച്ചവനായി ദേവന്മാരിൽ അറിയപ്പെടുന്നു. 1

അഗ്നേ, ദേവന്മാരോടു സഖ്യംകൊള്ളുന്ന സ്തുത്യനായ ഭവാൻ തേജസ്സിനാൽ ഭൂമിയുടെ ഉന്നതപ്രദേശത്തെ ഒലിപ്പെടുത്തിക്കൊണ്ടു, കാടെല്ലാം കൊതിയോടേ കടിച്ചുതിന്നിട്ട്, സ്വമാർഗ്ഗങ്ങളിലൂടേ വന്നാലും! 2

യജ്ഞം ശരിക്കനുഷ്ഠിക്കപ്പെടുന്നു: ദർഭ വിരിച്ചിരിക്കുന്നു; അഗ്നിയും സ്തുതിയാൽ പ്രസാദിച്ചരുളുന്നു. യുവതമ, അങ്ങ് നല്ല സുഖത്തോടേ പിറന്നപ്പോൾ, ഹോതാവു വിശ്വവരേണ്യകളായ രണ്ടമ്മമാർക്കു ഹോമിപ്പാനും തുടങ്ങി. 3

വിശുദ്ധപ്രജ്ഞരായ മനുഷ്യർ യജ്ഞനേതാവിനെ ഉടനടി ഉല്പാദിപ്പിക്കുന്നു: അവരുടെ ഈ അഗ്നി, പ്രജാപാലകൻ, ആഹ്ലാദകരൻ, മധുരവചനൻ, സത്യവാൻ, പ്രജകളുടെ ഗൃഹത്തിൽ വെക്കപ്പെട്ടിരിക്കുന്നു. 4

ഹവിസ്സു വഹിക്കുന്ന, ഉലകം താങ്ങുന്ന, തലവനായ അഗ്നി വരിക്കപ്പെട്ടാൽ വന്നണഞ്ഞു മനുഷ്യന്റെ സ്ഥാനത്തിരിക്കും: ഈ വിശ്വവരേണ്യനെ ദ്യോവും ഭൂവും വളർത്തുന്നു; ഹോതവു യജിക്കുകയും ചെയ്യുന്നു. 5

യാവചിലമനുഷ്യർ തികഞ്ഞ മന്ത്രം നിർമ്മിച്ചുവോ; യാവചിലർ സ്തോത്രം കേൾപ്പിച്ചു വളർത്തിയോ; യാവചിലർ ഈ സത്യരൂപനെ സമുജ്ജ്വലിപ്പിച്ചുവോ: അവർ—എന്റെ ഈ ആളുകൾ— എല്ലാരെയും അന്നംകൊണ്ടു പുലർത്തുന്നു! 6

അഗ്നേ, ബലപുത്ര, ധനങ്ങളുടെ അധിപതിയായ ഭവാനോടു ഞങ്ങൾ, വസിഷ്ഠർ ഇപ്പോൾ യാചിക്കുന്നു: സ്തോതാക്കൾക്കും ഹ

സൂക്തം 7.

1. വൃക്ഷങ്ങളെ ദഹിപ്പിച്ചവനായി—ദാവാഗ്നിയായി.
2. ഉന്നതപ്രദേശത്തെ—ശൈലാരണ്യത്തെ.
3. ഒടുവിലെ വാക്യം പ്രത്യക്ഷസ്തുതി: രണ്ടമ്മമാർ—ദ്യാവാപൃഥിവികൾ.
4. യജ്ഞനേതാവ്—അഗ്നി.
5. മനുഷ്യന്റെ സ്ഥാനം—ഹോതാവിന്റെ ഇരിപ്പിടം.
6. കേൾപ്പിച്ച്—ഉച്ചരിച്ച്.

വിർദ്ദാതാക്കാംക്കം അങ്ങ് അന്നം കിട്ടിയ്ക്കണം; നിങ്ങരം 'സ്വ
സ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 7

സൂക്തം 8.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

സ്വാമിയായ രാജാവു സ്തുതികളോടേ വളർത്തപ്പെടുന്നു—ആ
രുടെ തിരുമെയ്യിൽ നെയ്യു ഹോമിയ്ക്കപ്പെടുന്നുവോ, ആരെ ഹവി
സ്സമേതരായ ആളുകരം തിക്കിനിന്നു സ്തുതിയ്ക്കുന്നുവോ, ആ അഗ്നി
ഉഷസ്സിന്നു മുമ്പിൽ ഉജ്ജ്വലിപ്പിയ്ക്കപ്പെടുന്നു. 1

ഹോതാവും ആഹ്ലാദകരനും മഹാനുമായ ഈ അഗ്നി മനുഷ്യന്ന്
അതിമഹാനെന്ന് അറിയപ്പെട്ടിരിയ്ക്കുന്നു: ഈ കൃഷ്ണവർത്മാവു
(വാനിൽ) ഒളി വീശുന്നു; ഭൂമിയിലിറങ്ങിയിട്ട് ഓഷധികളാൽ
വളരുന്നു! 2

അഗ്നേ, അങ്ങ് എന്തൊരു ഹവിസ്സുകൊണ്ടു ഞങ്ങളുടെ സ്തുതി
സ്വീകരിയ്ക്കും? സ്തൂയമാനനായ ഭവാൻ എന്തൊരു ഹവിസ്സു കൈ
ക്കൊള്ളും? ശോഭനപ്രദാന, ഭജിയ്ക്കുന്ന ഞങ്ങരം എപ്പോരം ദുസ്തരവും
സമീചീനവുമായ സമ്പത്തിന്റെ ഉടമകളാകും? 3

യഷ്ടാവു ധാരാളം കേട്ടിട്ടുണ്ട്, സൂര്യൻപോലെ വലിയ കാ
ന്തിയോടേ വിളങ്ങുന്ന ഈ അഗ്നിയെ: ഇദ്ദേഹം പൂരുവിനെ പോ
രിൽ അമർത്തി; ദേവന്മാരുടെ അതിഥിയായി കത്തിജ്ജ്വലിച്ചു! 4

അഗ്നേ, വളരെ ഹവിസ്സുകരം ഭവാങ്കൽത്തന്നെ ചേരുന്നു:
ഭവാൻ എല്ലാക്കൂട്ടരോടുംകൂടി പ്രസാദിച്ചാലും! സ്തോത്രം കേട്ടരുളുക;
സുജന്മാവേ, സ്തൂയമാനനായ ഭവാൻ ദേഹം സ്വയം തടിപ്പിയ്ക്കുക! 5

നൂറുമായിരവും ചേർന്ന വിദ്യാകമ്മവാൻ അഗ്നിയ്ക്കായി ഈ
സ്തോത്രം ഉണ്ടാക്കിയിരിയ്ക്കുന്നു: ഉജ്ജ്വലമായ ഇതു സ്തോതാക്കളെയും

സൂക്തം 8.

1. രാജാവ്—അഗ്നി.
3. ദുസ്തരം—ശത്രുക്കാംക്ക് അലംഘ്യം.
4. യഷ്ടാവ്—യജിയ്ക്കുന്ന ഞാൻ. പൂരു—ഒരസുരൻ.
5. കൂട്ടർ—പരിവാരാഗ്നികരം. തടിപ്പിയ്ക്കുക—ഹവിർഭക്ഷതികൊണ്ട്.

കൂററുകാരെയും സുഖിപ്പിയ്ക്കും, രോഗങ്ങളെ തടുക്കും, രക്ഷസ്സുകളെ ഒടുക്കും! 6

അഗ്നേ, ബലപുത്ര, ധനങ്ങളുടെ അധിപതിയായ ഭവാനോടു ഞങ്ങൾ, വസിഷ്ഠർ ഇപ്പോൾ യാചിയ്ക്കുന്നു: സ്തോതാക്കൾക്കും ഹവിർദ്ദാതാക്കൾക്കും അങ്ങ് അന്നം കിട്ടിയ്ക്കണം; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 7

സൂക്തം 9.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ജാരനായി, ആഹ്ലാദകരനായി, അതിപ്രാജ്ഞനായി, ഹോതാവായിരിയ്ക്കുന്ന പാവകൻ ഉഷസ്സിന്റെ മധ്യത്തിൽ പള്ളിയുണരുന്നു: ഇരുതരം പ്രാണികൾക്കും വെളിവും, ദേവന്മാൎക്കു ഹവിസ്സും, സുകൎമ്മാക്കൾക്കു ധനവും കല്പിച്ചുനല്കുന്നു! 1

പണികളുടെ കതകുകൾ തുറന്നു, നമുക്കു പൂജനീയകളായ പയസ്വിനികളെ കൊണ്ടുവന്ന ആ സുകൎമ്മാവ്—ആഹ്ലാദകരനും ദാനതൽപരനുമായ ഹോതാവ്—ആളുകൾക്കു രാവിരുട്ടകററി കാണായിവരുന്നു! 2

മൌഢ്യമില്ലാത്ത പ്രാജ്ഞനും, അദീനനും, ദീപ്തിമാനും, ശോഭനസ്ഥാനനും, മിത്രനും, അതിഥിയും, നമുക്കു നന്മ നല്കുന്നവനുമായ് ചിത്രഭാനു ഉഷസ്സുകൾക്കു മുമ്പിൽ ഉദ്ഭാസിയ്ക്കുന്നു; തണ്ണീരിന്റെ ഗർഭമായിട്ട് ഓഷധികളിൽ ഉൾപ്പുകുന്നു! 3

അങ്ങ് മനുഷ്യയുഗങ്ങളിൽ സ്തോതവ്യനാകുന്നു: ആർ യുദ്ധങ്ങളിലിറങ്ങി സമുജ്ജ്വലിയ്ക്കുന്നുവോ—ശുഭദർശനമായ തേജസ്സുകൊ

---

6. നൂറുമായിരവും ചേൎന്ന—വളരെ വളരെ ഗോക്കൾ അരികത്തുള്ള. വിദ്യാകൎമ്മവാൻ—വിദ്യയും കൎമ്മവുമേറിയ വസിഷ്ഠൻ.

സൂക്തം 9.

1. ജാരൻ—പ്രാണികൾക്കൊക്കെ ക്രമേണ ജര (വാൎദ്ധക്യം) വരുത്തുന്നവൻ. ഇരുതരം പ്രാണികൾ—മനുഷ്യരും തിര്യക്കുകളും.

2. പയസ്വിനികൾ—കറവപ്പൈക്കൾ. ആ സുകൎമ്മാവ്—അഗ്നി.

3. മിത്രൻ=മരണത്തിൽനിന്നു രക്ഷിക്കുന്നവൻ, ചിത്രഭാനു=അഗ്നി.

ണ്ടു വിളങ്ങുന്നുവോ—ആ വളൎത്തപ്പെടുന്ന ജാതവേദസ്സിനെ സ്തുതി
കരം ഉണൎത്തുന്നു. 4

അഗ്നേ, അങ്ങ് ദൂത്യംകൊള്ളുക, ദേവന്മാരുടെ അടുക്കലെയ്ക്കു
പോവുക: കൂട്ടത്തോടേ സ്തുതിയ്ക്കുന്നവരെ വലയ്ക്കരുതേ! സരസ്വതി,
മരുത്തുക്കരം, അശ്വികരം, ജലം എന്നീ ദേവന്മാരെയെല്ലാം, രത്നം
തരുമാറ് യജിയ്ക്കുകയും ചെയ്യുക. 5

അഗ്നേ, അങ്ങയെ വസിഷ്ഠൻ ജ്വലിപ്പിയ്ക്കുന്നു: അങ്ങ് പരു
ഷരോഷിയെ പായിയ്ക്കുക; ഹവിൎദ്ധനനുവേണ്ടി ദേവഗണത്തെ
യജിയ്ക്കുക; ജാതവേദസ്സേ, ബഹുസ്തോത്രങ്ങരംകൊണ്ടു സ്തുതിയ്ക്കുക.
നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 10.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ഹരിയും വൃഷാവുമായ ശുചി, ഉഷസ്സിന്റെ ജാരൻപോലെ
വിപുലമായ തേജസ്സു വഹിയ്ക്കുന്നു—കത്തുന്നു, ജ്വലിയ്ക്കുന്നു; തിള
ങ്ങുന്നു; കൎമ്മങ്ങളെ പ്രേരിപ്പിച്ചുകൊണ്ടു പ്രഭയാൽ പ്രകാശിയ്ക്കുന്നു;
പ്രജകളെ ഉണൎത്തുന്നു! 1

അഗ്നി അഹസ്സിൽ, ഉഷസ്സിന്നുമുമ്പിൽ, സൂര്യൻപോലെ
ശോഭിയ്ക്കുന്നു: യജ്ഞമനുഷ്ഠിയ്ക്കുന്ന ഭക്തന്മാർ സ്തുതിയ്ക്കുകയും ചെയ്യു
ന്നു. ജനനങ്ങളറിയുന്ന, ദൂതനായി ദേവന്മാരുടെ അടുക്കലെയ്ക്കു പോ
കുന്ന, അതിദാതാവായ ദേവൻ പലതരത്തിൽ പായുന്നു! 2

---

4. മനുഷ്യയുഗങ്ങളിൽ—എല്ലാക്കാലത്തും.

5. രത്നം തരുമാറ്—ഞങ്ങരംക്കു മികച്ച സമ്പത്തു തരത്തക്കവണ്ണം.

6. സ്തുതിയ്ക്കുക—ദേവഗണത്തെ.

സൂക്തം 10.

1. ഹരി—ഹവിസ്സുകരം കൊണ്ടുപോകുന്നവൻ. ഉഷസ്സിന്റെ ജാരൻ—
സൂര്യൻ,

2. ജനനങ്ങരം—ദേവകളുടെ ഉല്പത്തികരം. പായുന്നു—ജ്വാലകളുടെ പാള
ലിനെ പാച്ചിലാക്കിയിരിക്കുന്നു.

ദേവകാമങ്ങളായ സ്തുതിവാക്യങ്ങൾ ദ്രവ്യമിരന്നുകൊണ്ടു, ശുഭദർശനനും, സുരൂപനും, സുഷ്ഠുഗമനനും, ഹവ്യവാഹനും, മനുഷ്യരുടെ നാഥനുമായ അഗ്നിയുടെ മുമ്പിലെയ്ക്കു നടകൊള്ളുന്നു! 3

അഗ്നേ, അങ്ങു് ദേവന്മാരോടു ചേൎന്നു് ഇന്ദ്രനെയും, രുദ്രന്മാരോടു ചേൎന്നു മഹാനായ രുദ്രനെയും, ആദിത്യരോടു ചേൎന്നു വിശ്വജനീനയായ അദിതിയെയും, സ്തുത്യരായ അംഗിരസ്സുകളോടു ചേൎന്നു വിശ്വവരേണ്യനായ ബൃഹസ്പതിയെയും ഞങ്ങൾക്കുവേണ്ടി കൊണ്ടുവന്നാലും! 4

ആഹ്ലാദകരനും ആഹ്വാതാവും അതിയുവാവുമായ അഗ്നിയെ ഭക്തജനങ്ങൾ യാഗങ്ങളിൽ സ്തുതിച്ചുപോരുന്നു: ഹവിർദ്ധനന്മാൎക്കു ദേവന്മാരെ യജിപ്പാൻ മടികൂടാതെ ദൂതനായിച്ചമഞ്ഞവനാണല്ലോ, രാത്രിയിൽ പൂജിയ്ക്കപ്പെടുന്ന തന്തിരുവടി! 5

സൂക്തം 11.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അഗ്നേ, യജ്ഞത്തിന്റെ അടയാളമായ മഹാനാണു്, ഭവാൻ: ഭവാനെക്കൂടാതെ അമൎത്ത്യന്മാർ ഇമ്പംകൊള്ളില്ല. അങ്ങു് ദേവകളെല്ലാവരോടുംകൂടി, ഒരേതേരിൽ വന്നെത്തുക; ഇവിടെ മുഖ്യഹോതാവായി ഇരിയ്ക്കുകയുംചെയ്യുക! 1

അഗ്നേ, പ്രകൃഷ്ടഗമനനായ ഭവാനോടു ഹവിസ്സമേതരായ മനുഷ്യർ സദാ ദൂത്യത്തിന്നു പ്രാർത്ഥിക്കുന്നു: അങ്ങു് ദേവകളോടൊന്നിച്ചു് ആരുടെ ദർഭയിലിരിയ്ക്കുമോ, അവന്നു ദിവസങ്ങൾ സുദിനങ്ങളായിത്തീരും! 2

---

3. സ്തുതികൾ അഗ്നിയുടെ അടുക്കലെയ്ക്കു പോകുന്നു.

5. ആഹ്വാതാവു്—ദേവന്മാരെ വിളിയ്ക്കുന്നവൻ. രാത്രിയിൽ—രാത്രിയിലാണു്, അഗ്നിയ്ക്കു് അഗ്നിഹോത്രം.

സൂക്തം 11.

1. അടയാളം—അഗ്നിനിഷ്പാദനമാണല്ലോ, യാഗത്തിൽ പ്രഥമം.

2. സുദിനങ്ങളായിത്തീരും—എല്ലതൊരു ദിവസവും സുദിനമായിരിയ്ക്കും

അഗ്നേ, പകൽ മൂന്നുരു ഭവാങ്കൽ ഹവിസ്സർപ്പിയ്ക്കുന്ന മനുഷ്യ
ന്നുവേണ്ടി (ഋത്വിക്കുകരം) അറിയിയ്ക്കുന്നു: അങ്ങ് ഇവിടെ, മനു
വിന്നെന്നപോലെ ദൂതനായിട്ടു, ദേവന്മാരെ യജിച്ചാലും; ഞങ്ങളെ
പഴിക്കാരനിൽനിന്നു പാലിച്ചാലും! 3

വലിയ യാഗത്തിന്നും, സംസ്കരിയ്ക്കപ്പെട്ട സർവഹവിസ്സി
ന്നും അഗ്നിയത്രേ, അധിപതി: തന്തിരുവടിയുടെ കർമ്മത്തിൽ
ദേവകരം സംബന്ധിയ്ക്കുമല്ലോ; അമർത്ത്യർ ഹവ്യവാഹനമാക്കിയി
രിയ്ക്കുന്നു! 4

അഗ്നേ, അങ്ങ് ഹവിസ്സുണ്ണാൻ ദേവന്മാരെ കൊണ്ടുവരിക:
ഇന്ദ്രാദികരം ഇവിടെ മത്തടിയ്ക്കട്ടെ! അല്ലെങ്കിൽ, ഈ ഹവ്യം സ്വ
ർഗ്ഗത്തിൽ ദേവന്മാർക്കെത്തിയ്ക്കുക. നിങ്ങരം 'സ്വസ്തിയാൽപ്പാലി
പ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 12.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ആർ സ്വസ്ഥാനത്തു വളർത്തപ്പെട്ട് ഉജ്ജ്വലിയ്ക്കുന്നുവോ, വി
ശാലങ്ങളായ വാനൂഴികളുടെഇടയിൽ വർത്തിയ്ക്കുന്ന ആ യുവതമനും
സമ്യഗാഹുതനും സർവതോഗാമിയുമായ ചിത്രഭാനുവിങ്കൽ നാം
വലിയ നമസ്കാരത്തോടേ ചെല്ലുക! 1

മഹത്ത്വംകൊണ്ടു ദുരിതമെല്ലാം നശിപ്പിയ്ക്കുന്ന യാതൊരുവൻ
യാഗശാലയിൽ സ്തുതിയ്ക്കപ്പെടുന്നുവോ, ആ ജാതവേദസ്സായ അഗ്നി
നമ്മെ—പുകഴ്ത്തിപ്പാടുന്ന നമ്മെയും, ഹവിസ്സർപ്പിയ്ക്കുന്ന നമ്മെയും
—പാപത്തിൽനിന്നും തിന്മയിൽനിന്നും പാലിച്ചരുളട്ടെ! 2

---

8. മൂന്നുരു—മൂന്നു സവനങ്ങളിൽ. ഇവിടെ—ഈ യജ്ഞത്തിൽ.

സൂക്തം 12.

1. ഋത്വിക്പ്രഭൃതികളോട്;

2. സ്തുതിയ്ക്കപ്പെടുന്നുവോ—നമ്മളാൽ.

അഗ്നേ, അവിടുന്നു വരുണനാണ്, മിത്രനുമാണ്. അങ്ങയെ വസിഷ്ഠർ സ്തുതികളാൽ വളർത്തുന്നു. ഭവാങ്കലെ ധനങ്ങൾ എളുപ്പത്തിൽ കിട്ടുമാറാകട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 3

സൂക്തം 13.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വൈശ്വാനരാഗ്നി ദേവത

ഉലകിൽ ഒളി വീശുന്ന, കർമ്മങ്ങൾ നടത്തുന്ന, അസുരരെ ഹനിയ്ക്കുന്ന അഗ്നിയ്ക്കു നിങ്ങൾ സ്തോത്രവും കർമ്മവും സംഭരിയ്ക്കുവിൻ; ഞാൻ അഭീഷ്ടപ്രദനായ വൈശ്വാനരനെ പ്രീതിപ്പെടുത്തുവാൻ ഹവിസ്സു ദർഭയിൽ വെയ്ക്കാം. 1

അഗ്നേ, അങ്ങ് ജനിച്ചപ്പോൾത്തന്നെ കത്തുന്ന തേജസ്സുകൊണ്ടു വാനൂഴികൾ നിറച്ചു; വൈശ്വാനര, ജാതവേദസ്സേ, അങ്ങ് മഹത്ത്വത്താൽ ദേവന്മാരെ മാററലരിൽനിന്നു മോചിപ്പിച്ചു! 2

അഗ്നേ, സ്വാമിയായ ഭവാൻ ഉദിച്ചു, ചുററിനടന്ന്, ഇടയൻ മാടുകളെയെന്നപോലെ, ഭുവനങ്ങളെ നോക്കുന്നുണ്ടല്ലോ; വൈശ്വാനര, അപ്പോൾ സ്തുതിയുടെ വഴി കണ്ടുവെച്ചാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

സൂക്തം 14.

വസിഷ്ഠൻ ഋഷി; ബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

ജാതവേദസ്സിനെ ചമതകൊണ്ടും, ദേവനെ ദേവസ്തവങ്ങൾ കൊണ്ടും, ധവളപ്രഭനായ അഗ്നിയെ അന്നവാന്മാരായ നാം ഹവിസ്സുകൾകൊണ്ടും പരിചരിയ്ക്കുക! 1

---

3. കിട്ടുമാറാകട്ടെ—ഞങ്ങൾക്ക്.

സൂക്തം 13.

1. കൂട്ടുകാരോട്:
3. ഉദിച്ച്—സൂര്യരൂപേണ. വഴി—ഫലപ്രാപ്തി എന്നർത്ഥം.

സൂക്തം 14.

1. ദേവൻ—അഗ്നി.

അഗ്നേ, അങ്ങയെ ഞങ്ങൾ ചമതകൊണ്ടു പരിചരിയ്ക്കാം; യജനീയ, അങ്ങയ്ക്കു ഞങ്ങൾ നല്ല സ്തോത്രമർപ്പിയ്ക്കാം; യാഗത്തിന്റെ ഹോതാവേ, ഞങ്ങൾ നെയ്കൊണ്ടും, മംഗളജ്വാലനായ ദേവ, ഞങ്ങൾ ഹവിസ്സുകൊണ്ടും പരിചരിയ്ക്കാം! 2

അഗ്നേ, അങ്ങ് ദേവകളോടൊന്നിച്ചു, ഹവിസ്സു സ്വീകരിപ്പാൻ ഞങ്ങളുടെ യാഗത്തിൽ വന്നാലും: ഞങ്ങൾ ദേവനായ ഭവാനെ പരിചരിയ്ക്കുട്ടെ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

സൂക്തം 15.

വസിഷ്ഠൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ആ വരുത്തപ്പെടേണ്ടുന്ന വൃഷാവിൻ തിരുവായയിൽ
ഉരുകുവിൻ ഹവ്യ:—മഭ്യർണ്ണബന്ധുവല്ലോ, നമുക്കവൻ! 1

പഞ്ചജാതികളെത്തൃക്കൺപാർത്തുകൊണ്ടു ഗൃഹേ ഗൃഹേ
യുവാവെവനിരിയ്ക്കുന്നു, മനീഷി ഭവനാധിപൻ; 2

നമുക്കൊരയൽപക്കസ്വത്താകുമായഗ്നിയെങ്ങുമേ
കാത്തുരക്ഷിയ്ക്കു—പാപത്തിൽനിന്നു പാലിയ്ക്കു, നമ്മളെ! 3

വിണ്ണിൻപരുന്താമഗ്നിയ്ക്കു പുതുതാം സ്തോത്രമൊന്നു ഞാൻ
ഉണ്ടാക്കിനേൻ: നല്കു, നമുക്കവിടുന്നുരുവാം ധനം! 4

യജ്ഞേ കിഴക്കുഭാഗത്തു കത്തുമാരുടെ കാന്തിയോ,
സപുത്രന്റെ ധനംപോലെ കൊതിപ്പിയ്ക്കുന്നു, കണ്ണിനെ; 5

സൂക്തം 15.

1. വൃഷാവിൻ തിരുവായയിൽ——കാമവർഷിയായ അഗ്നിയുടെ ജ്വാലയിൽ. അഭ്യർണ്ണബന്ധു——അരികത്തിരിയ്ക്കുന്ന ബന്ധു.

3. അയൽപക്കസ്വത്ത്——സമീപസ്ഥധനം.

4. വിണ്ണിൻപരുന്ത്——സ്വർഗ്ഗത്തിൽ പരുന്തുപോലെ ശീഘ്രം സഞ്ചരിയ്ക്കുന്നവൻ.

5. സപുത്രന്റെ (മക്കളുള്ളവന്റെ) ധനം സ്പൃഹണീയമാണല്ലോ.

ആ യഷ്ട്യതമനാമഗ്നിയീ നമ്മുടെ വഷട്കൃതി
ഭുജിയ്ക്കട്ടേ; ശ്രവിയ്ക്കട്ടേ, സ്തോത്രവും ഹവ്യവാഹനൻ! 6
ഞങ്ങൾ സംസേവ്യ, ഹുതനാമഗ്നേ, ദേവ, വിശാംപതേ,
ഉജ്ജ്വലിപ്പിച്ചിരുത്താവൂ, സജ്ജനം വാഴ്ത്തുമങ്ങയെ! 7
ജ്വലിയ്ക്ക, രാവും പകലും: ഞങ്ങൾ നിന്നാൽശ്ശുഭാഗ്നികൾ;
സജ്ജനസ്തുതനായ് വാഴുകെ,ങ്ങളിൽക്കൂറിയന്ന നീ! 8
നേട്ടത്തിനായിക്കർമ്മത്താൽ പ്രാജ്ഞർ നേതാക്കളങ്ങയെ
പ്രാപിയ്ക്കുന്നു,ക്ഷതിപെടാത്തായിരം സ്തവനങ്ങളും! 9
വെണ്മ പൂണ്ടു വിളങ്ങുന്നോൻ നിർമ്മലാത്മാവു പാവകൻ
അമർത്ത്യനഗ്നി നത്യർഹനമർത്തട്ടെ,യരക്കരെ! 10
അത്തമ്പുരാനായ ഭവാൻ ബലപുത്ര, വിഭൂതികൾ
കൊണ്ടുവന്നാലു,മെങ്ങൾക്ക; തരട്ടേ, ഭഗനും ധനം! 11
അന്നത്തെയും വീരരെയുമഗ്നേ, (തന്നീടണം), ഭവാൻ;
തരട്ടെ, വിത്തം ദിതിയും, ഭഗൻ, സവിതൃദേവനും! 12
നീയഗ്നേ, ദേവ, പാപത്തിൽനിന്നു പാലിയ്ക്കുകെ,ങ്ങളെ;
അജരൻ നീ കടുംചൂടാലെരിയ്ക്കു, കൊലയാളരെ! 13
ഞങ്ങൾക്കാൾക്കാരെ രക്ഷിപ്പാന,പ്രധർഷിതനാം ഭവാൻ
പരം പരന്ന പെരിയോരിരിമ്പുപുരിയാകണം! 14
അഹിംസ്യ, രാത്രിയെ മറയ്ക്കുന്നോനേ, നീയഹർന്നിശം
പാപത്തിൽനിന്നും പാപങ്കൽനിന്നും പാലിയ്ക്കുകെ,ങ്ങളെ 15

---

6. വഷട്കൃതി = ആഹുതി.

7. വിശാംപതേ = പ്രജാപാലക.

8. നിന്നാൽ = ഭവാനെക്കൊണ്ട്. ശുഭാഗ്നികൾ = നല്ല അഗ്നിയോടുകൂടിയവർ.

9. നേട്ടം—ധനലാഭം. ക്ഷതി = ഹാനി.

10. നിർമ്മലാത്മാവ് = വിശുദ്ധൻ.

11. വിഭൂതികൾ = സമ്പത്തുകൾ.

12. ദിതി—ഒരു ദേവി

13. കൊലയാളർ = ഹിംസകർ.

14. ആൾക്കാരെ—സ്വന്തം ആളുകളെ.

15. രാത്രിയെ മറയ്ക്കുന്നോനേ—തമോനാശന. പാപൻ = ദുഷ്ടൻ, ദ്രോഹി.

സൂക്തം 16.

വസിഷ്ഠൻ ഋഷി: ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

(പാന)

ബോധകൻ, പ്രിയന, വ്യയനേ,വക്കം
ദൂതനീ,ശൻ, സുയജ്ഞൻ, ബലാത്മജൻ—
ഈദൃശനാകുമഗ്നിയെ ഞാൻ നുതി-
ഗാഥയാൽ വിളിക്കുന്നേൻ, ഭവാന്മാർക്കായ്. 1

വിശ്വരക്ഷിതേജസ്സൻ സമാഹൂത-
നശ്ശുഭസ്തേവനോടിനടക്കയാം;
സ്വത്തിൽവെച്ചുജ്ജ്വലിപ്പോരു സമ്പത്താം,
മർത്ത്യജാതിക്കു യാജ്യനസ്സുവ്രതൻ! 2

ആഹൂതികളിലീ വൃഷാവിൻ മഹ-
സ്സാഞ്ഞുയരുന്നു; ദീപ്തമാം ധൂമവും
പൊങ്ങി വാനിലുരുമ്മുന്നു; നേതാക്കൾ
ഭംഗിയിൽജ്ജ്വലിപ്പിപ്പിതീയഗ്നിയെ. 3

ദൂതനാകുന്നു, ഞങ്ങൾ നിന്നെ:—ബ്ബലോ-
ദ്ഭൂത, കൊണ്ടുവരികു,ണിനമ്പരെ;

സൂക്തം 16.

1. ബോധകൻ = ഉണർവുണ്ടാക്കുന്നവൻ. അവ്യയൻ – മരണരഹിതൻ. ഏവക്കം – യജമാനന്മാക്കെല്ലാം. നുതിഗാഥ = സ്തോത്രഗീതി. ഭവാന്മാക്കായ് = നിങ്ങൾക്കുവേണ്ടി.

2. വിശ്വരക്ഷിതേജസ്സൻ—വിശ്വത്തെ രക്ഷിക്കുന്ന തേജസ്സോടുകൂടിയവൻ. സമാഹൂതൻ = വഴിപോലെ ആഹൂതൻ. അശ്ശുഭസ്തേവൻ—ആരെ സ്തുതിക്കുന്നതു മംഗളകരമോ, ആ അഗ്നി. ഓടിനടക്കയാം—യജ്ഞത്തിൽ ദേവകളെ കൊണ്ടുവരാൻ. സ്വത്തിൽവെച്ച്—ധനങ്ങളിൽവെച്ച്, എല്ലാധനങ്ങളെക്കാളും. സമ്പത്താം—സമ്പത്താണ്; മർത്ത്യജാതിക്കു (മനുഷ്യക്ക, യജമാനക്ക) ധനംപോലെ പ്രിയനാണ്. യാജ്യൻ = യജനീയൻ. സുവ്രതൻ = ശോഭനകർമ്മാവ്.

3. ഭംഗിയിൽ—വഴിപോലെ. നേതാക്കൾ—ഋത്വിക്കുകൾ.

മത്ത്യഭോഗ്യങ്ങളൊക്കയും നല്ക, നീ–
യത്ഥികളായ ഞങ്ങറംക്കു കീത്തിമൻ! 4

ധീ മികച്ച നീയഗ്നേ, ഗൃഹാധിപൻ;
ഹോമകൃത്തു,മെങ്ങറംക്കു മഖത്തിൽ നീ;
ലോകസംസേവ്യ, നീതന്നെ പോതാവും;
ത്തുകക, ഹവിസ്സു;–ൺകയുംചെയ്ക നീ! 5

രത്നമേകുക, യാഗകത്താവിന്നു:
രത്നദായകനല്ലോ, സുയജ്ഞ, നീ;
മൂർച്ച കൂട്ടുക,ത്വിക്കുകറംക്കൊക്കെ നീ,
വായ്ച്ച വാഴ്ത്തുന്നവന്നുമസ്മന്മഖേ! 6

പ്രീതിയുണ്ടായ്‌വരട്ടെ,യവിടെയ്ക്കി–
സ്തോതൃവർഗ്ഗത്തിലഗ്നേ, സമാഹ്രുത,
മാനുഷക്കു ഗോവൃന്ദത്തെ നല്കുന്ന
ദാനശീലരാം വിത്തവാന്മാരിലും! 7

ഏവർതൻ ഗൃഹേ നെയ്യു കൈക്കൊണ്ടിള
വാഴ്‌വു, പൂർണ്ണയായ്–ക്കെല്പൊലവരെ നീ
കാക്കണം, ദ്രോഹിനിന്ദകരിൽനിന്നു;
ദീർഘമാം സുഖമെങ്ങറംക്കു നല്കണം! 8

അൻപിയററുന്ന വായയാം ജ്വാലയാ–
ലന്നമേന്തും ബുധാഗ്ര്യൻ ഭവാനഗ്നേ.

---

4. ബലോദ്ഭൃത=ബലപുത്ര. ഊണിന്–ഹവിസ്സുണ്ണാൻ. മത്ത്യഭോഗ്യങ്ങറം–ധനങ്ങറം,

5. ധീ മികച്ച=ഉൽകൃഷ്ടബുദ്ധിയായ. ഹോമകൃത്ത്=ഹോതാവ്. പോതാവ്–ഒരു ഋത്വിക്ക്: ത്തുകക–ദേവന്മാർക്കായി.

6. യാഗകത്താവിന്നു–യഷ്ടാവായ എനിയ്ക്കു്. മൂർച്ച–തീക്ഷ്ണമായ ശ്രദ്ധ. വായ്ച്ച=വളർന്ന്, ഉന്മേഷത്തോടേ. അസ്മന്മഖേ=ഞങ്ങളുടെ യാഗത്തിൽ.

7. മാനുഷർക്കു–ഞങ്ങളുടെ ആളുകറംക്കു്.

8. ഇള–അന്ന(ഹവ്യ)രൂപയായ ദേവി. ദ്രോഹിനിന്ദകർ=ദ്രോഹിയും നിന്ദകനും.

വിത്തമെത്തിച്ചു, ഹവ്യാഢ്യരാമെങ്ങൾ—
ക്ക;—ധ്വരിച്ചു വരുത്തുക,സാഹവും! 9

വായ്ച്ച കീർത്തിയെക്കാംക്ഷിച്ച തക്കതാം
വാജിസംപത്തു നല്കുവോരെബ്ഭവാൻ
കാക്കുക,ഹംസ്സിൽനിന്നു ഢുവതമ,
നേർക്കതിന്നൊത്ത നൂറുപുരികളാൽ! 10

ദേവനാം ദ്രവിണോദസ്സു കാമിപ്പൂ,
ദേയപൂർണ്ണയാം നിങ്ങൾതൻ സ്രുക്കിനെ;
ഇങ്ങെടുത്തു പകരുവിൻ, ഹോമിപ്പിൻ:
നിങ്ങളെദ്ദേവനപ്പൊഴേ താങ്ങുമേ! 11

ആ മനീഷിയാമഗ്നിയെദ്ദേവകൾ
ഹോമവാഹിയും ഹോതാവുമാക്കിനാർ:
ഹവ്യമർപ്പിച്ചു സേവിപ്പവക്കവൻ
ഭവ്യവീര്യവും രത്നവും നല്കുമേ! 12

സൂക്തം 17.

വസിഷ്ഠൻ ഋഷി; ദ്വിപദാത്രിഷ്ടപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നേ, അങ്ങ് നല്ല ചമതകൊണ്ടു സമുജ്ജ്വലിച്ചാലും! ദർഭ
പ്പുല്ലു പരത്തി വിരിച്ചുവിൻ! 1

---

9. അൻപിയററുന്ന—ദേവന്മാരെ സന്തോഷിപ്പിക്കുന്ന. അന്നം—ഹവിസ്സ്. ബുധാഗ്ര്യൻ=മികച്ച വിദ്വാൻ. അധ്വരി=യജ്ഞവാൻ, യജമാനൻ.

10. വാജിസമ്പത്ത്=അശ്വങ്ങളാകുന്ന ധനം. അംഹസ്സ്=പാപം. അതിന്നൊത്തരക്ഷസ്സു മതിയായ.

11. ദേയപൂർണ്ണ—ഹവിസ്സു നിറഞ്ഞ. പകരുവിൻ—സോമരസം പാത്രത്തിലാക്കുവിൻ. ഋത്വിക്കുകളോടു പറയുന്നതാണിത്.

12. ഹോമവാഹി—ഹവ്യവാഹൻ. ഭവ്യവീര്യം=നല്ല വീര്യം.

സൂക്തം 17.

1. രണ്ടാം വാക്യം കൂട്ടുകാരോട്;

കാമിയ്ക്കുന്ന കതകുകളെ തുറക്കുവിൻ. അങ്ങ് കാമിയ്ക്കുന്ന ദേവന്മാരെ ഇവിടെ കൊണ്ടുവന്നാലും! 2

അഗ്നേ, ജാതവേദസ്സേ, ഭവാൻ ചെല്ലുക: ദേവന്മാരെ ഹവിസ്സൂട്ടുക; ശോഭനയജ്ഞരുമാക്കുക! 3

ജാതവേദസ്സ് മരണമില്ലാത്ത ദേവന്മാരെ ശോഭനയജ്ഞരാക്കട്ടെ, യജിയ്ക്കട്ടെ; പ്രീതിപ്പെടുത്തുകയും ചെയ്യട്ടെ! 4

പ്രചേതസ്സേ, ഭവാൻ എല്ലാധനങ്ങളും തരിക: ഞങ്ങളുടെ ആശകൾ ഇന്നു യഥാർത്ഥങ്ങളായിത്തീരട്ടെ! 5

അഗ്നേ, ബലപുത്രനായ അങ്ങയെത്തന്നെയാണല്ലോ, ആ ദേവന്മാർ ഹവ്യവാഹനാക്കിയിരിയ്ക്കുന്നത്! 6

ദേവനായ നിന്തിരുവടിയ്ക്ക് ആ ഞങ്ങൾ ഹവിസ്സർപ്പിയ്ക്കാം: യാചിയ്ക്കുന്ന ഞങ്ങൾക്കു മഹാനായ നിന്തിരുവടി രത്നങ്ങൾ കല്പിച്ചുതരിക! 7

സൂക്തം 18.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

ഇന്ദ്ര, നിന്നെത്താൻ സ്തുതിച്ചല്ലയോ നേടി,
നന്ദ്യങ്ങളൊട്ടുക്കു ഞങ്ങൾതൻ താതരും?
നിങ്കലുണ്ടോ,മൽക്കറവുപയ്യശ്വങ്ങൾ;
നീ ദേവകാമന്നു നൽകും, തുലോം ധനം! 1

ഭൂരിഭാര്യൻ പുരാൻപോലെ നീ ദീപ്തിമാൻ;
ദൂരദർശി മഘവാവേ, മനീഷി നീ

---

2. കാമിയ്ക്കുന്ന—ദേവന്മാർ അകത്തു കടക്കണമെന്നിച്ഛിയ്ക്കുന്ന. ഈ വാക്യം കൂട്ടുകാരോടാണ്; അടുത്ത വാക്യം അഗ്നിയോട്. കാമിയ്ക്കുന്ന—യജ്ഞത്തെ.

7. ആ—പ്രസിദ്ധരായ.

സൂക്തം 18.

1. നന്ദ്യങ്ങൾ—ധനങ്ങൾ.

സ്തോതാവിനേകുക, പൊന്നശ്വഗോക്കളെ;—
ബഹ്വ്ഭൂതിയ്ക്കുണയ്ക്കു, നീ ത്വൽക്കാമരെഞങ്ങളെ! 2

ഇന്ദ്ര, ഭവാങ്കലിണക്കത്തൊടെത്തുന്നു,
നന്ദിയ്ക്കുമിദ്ദേവകാമസ്തവോക്തികൾ:
ഇങ്ങോട്ടണയട്ടെ, നിൻധനത്തിൻ വഴി;
ഞങ്ങൾ സുഖത്തിലെത്താവൂ, ഭവൽസ്തവാൽ! 3

വിട്ടു വസിഷ്ഠൻ സ്തവത്തെ, നൽപ്പുല്ലിലെ-
ഗ്ഗൃഷ്ടിയെപ്പോലേ ഭവാനെക്കറക്കുവാൻ.
എൻനരരൊക്കെ, നീ ഗോപതിയെന്നോതു;—
മിന്ദ്രൻ വരട്ടെ, യീ നമ്മുടെ വാഴ്ത്തലിൽ! 4

ആഴം നികത്തിസ്സുതരമാക്കി, പെരും—
തോയത്തെയും സ്തുത്യനിന്ദ്രൻ സുദാസ്സിനായ്;
ഏററു വലച്ച ശാപാപവാദങ്ങളെ
മാററി, യുചഥൻെറയാർകളിലെയ്ക്കവൻ! 5

ക്രുത്വഭീജ്ഞൻ പുരോഗാമിയാം തുർവശൻ
സ്വത്തിനായ് മത്സ്യം നിരോധിയ്ക്കെ, യോധരും

2 ഒരു രാജാവിന്നു വളരെബ്ഭാര്യമാരെന്നപോലെ, അങ്ങയ്ക്കു വളരെ ദീപ്തി (ജ്വാല)കളുണ്ട്. ഭൂതിയ്ക്ക്—സമ്പത്തു നേടാൻ അണയ്ക്കു = മൂർച്ചകൂട്ടുക.

3. നന്ദിയ്ക്കും = മോദിയ്ക്കുന്ന. ഇങ്ങോട്ട്—ഞങ്ങളുടെ മുമ്പിലെയ്ക്ക്. ഭവൽസ്തവാൽ—ഭവാനെ സ്തുതിയ്ക്കുന്നതിനാൽ.

4. നൽപ്പുല്ലിലെ (ധാരാളം പുല്ലിട്ടിട്ടുള്ള തൊഴുത്തിൽ നിൽക്കുന്ന) ഗൃഷ്ടിയെ (പെററ പയ്യിനെ) കറക്കാൻ പൈക്കുട്ടിയെ വിടുന്നതുപോലെ, യാഗശാലയിൽ മേവുന്ന ഭവാനെക്കറക്കുവാൻ (ഭവാങ്കൽനിന്ന് അഭീഷ്ടം നേടാൻ) വസിഷ്ഠൻ സ്തവത്തെ വിട്ടു. എൻനരർ=എൻെറ ആളുകൾ. ഗോപതി=ഗോക്കളുടെ ഉടമസ്ഥൻ. ഓതും—പറയാറുണ്ട്. നാലാംപാദം പരോക്ഷസ്തുതി: വാഴ്ത്തലിൽ—സ്തോത്രം കേൾപ്പാനെന്നർത്ഥം.

5. സുതരം=സുഖേന കടക്കാവുന്നത്. പെരുംതോയം—ശത്രുക്കൾ കരവെട്ടിപ്പിളർത്ത പരുഷ്ണീനദിയിൽനിന്നുണ്ടായ വെള്ളപ്പൊക്കം. സുദാസ്സ്—രാജാവ്. ശാപാപവാദങ്ങൾ—വിശ്വാമിത്രൻെറ ശാപവും അപവാദവും. ഉചഥൻ—ഒരിന്ദ്രഭക്തൻ. ഇന്ദ്രനെ ബാധിച്ച ബ്രഹ്മഹത്യയെ നദികളിലും മററും പകുത്തി, ഇന്ദ്രൻ പാപമുക്തനായി എന്ന കഥയായിരിയ്ക്കാം, ഇതിൽ സൂചിപ്പിയ്ക്കപ്പെട്ടത്. അവൻ—ഇന്ദ്രൻ.

നന്നായ്ത്തുണച്ചു, ഭൃഗുക്കളും; കേററിനാൻ,
വന്ന രണ്ടാളിൽസ്സഖാവെസ്സഖാവിവൻ! 6

നന്ദി പൂണ്ടാര്യന്റെ ഗോക്കളെദ്ദുഷ്ടരിൽ-
നിന്നടർചെയ്താനയിച്ച ഹന്താവിനെ
വാഴ്ത്തിവരുന്നു, സുമുഖർ പചിപ്പവർ
വായ്ചവർ കൊമ്പു കൈക്കൊണ്ടോർ ശിവങ്കരർ! 7

ദുഷ്ടാശയർ മൂഢർ വെള്ളം കയററുവാൻ
വെട്ടിപ്പിളർത്താർ, തഴച്ച പരുഷ്ണിയെ;
ശിഷ്ടൻ നിലം പൂകി; ചായമാനൻ കവി
വിട്ടു മണ്ടി,പ്പശുപോലേ കിടക്കയായ്! 8

നേരേ പിഴയ്ക്കാതൊഴുകീ, പരുഷ്ണി; പോയ്-
ച്ചേരേണ്ടിടത്തെത്തി, പള്ളിക്കുതിരയും;
ഇന്ദ്രൻ സുദാസ്സിന്നു കീഴ്പെടുത്തീ, ഭുവി
നിന്നു പുലമ്പും സപുത്രരാം മാററരെ! 9

---

6 ക്രതുചികിജ്ഞൻ——യജ്ഞകുശലൻ. പുരോഗാമി=മുമ്പൻ. തുർവശൻ——രാജാവ്. സ്വത്തിനായ്——ധനലാഭത്തിന്ന്. മത്സ്യം——മത്സ്യമെന്ന രാജ്യം. യോധരും ഭൃഗുക്കളും മത്സ്യരാജ്യം വളഞ്ഞ തുർവശനെ തുണച്ചു. ഒടുവിൽ മത്സ്യരാജാവും തുർവശനും രക്ഷയ്ക്ക് ഇന്ദ്രനെ പ്രാപിച്ചു; ആ രണ്ടുപേരിൽ സഖാവിനെ (തുർവശനെ) ഇവൻ (ഇന്ദ്രൻ) കേററിനാൻ——യുദ്ധാപത്തിൽനിന്നു കരയേററി.

7. ആര്യന്റെ——കർമ്മശീലന്റെ. ആനയിച്ച——വീണ്ടുകൊണ്ടുപോന്ന. ഹന്താവിനെ——ദുഷ്ടരെ വധിച്ച ഇന്ദ്രനെ. ഇന്ദ്രൻ യുദ്ധത്തിൽ ശത്രുക്കളെ വധിച്ചാണ്, ഗോക്കളെ ആനയിച്ചത്. വായ്ചവർ——തപഃപ്രവൃദ്ധർ കൊമ്പു കൈക്കൊണ്ടോർ——ചൊറിയാൻ കൃഷ്ണമൃഗക്കൊമ്പു കയ്യിൽ വെച്ച ദീക്ഷിതന്മാർ. ശിവങ്കരർ——യജ്ഞംകൊണ്ടു ലോകത്തിന്നു നന്മയുളവാക്കുന്നവർ.

8. ദുഷ്ടാശയർ——സുദാസ്സിന്റെ ശത്രുക്കൾ. ശിഷ്ടൻ——ഇന്ദ്രപ്രസാദത്താൽ ശ്രേയസ്സു നേടിയ സുദാസ്സ്. നിലം പൂകി——വെള്ളക്കയററത്തിൽ പെട്ടുപോയില്ല. ചായമാനൻ കവി——ചയമാനന്റെ പുത്രനായ കവി, സുദാസ്സിന്റെ വൈരി; കവി എന്നാണ്, അയാളുടെ പേർ. വിട്ടു——പോർക്കളത്തിൽനിന്ന്. പശു——യാഗത്തിൽ വധിയ്ക്കപ്പെട്ട പ്രാണി. കിടക്കയായ്——സുദാസ്സിനാൽ വധിയ്ക്കപ്പെട്ടു.

9. ഇന്ദ്രൻ പരുഷ്ണിയുടെ പിളർത്ത തീരങ്ങൾ കൂട്ടിച്ചേർത്തു. പള്ളിക്കുതിര——സുദാസ്സിന്റെ അശ്വം.

നൽപ്പുല്ലിനായ്ഗ്ഗോപനില്ലാത്ത ഗോക്കൾപോ-
ല,പ്പൃശ്നി വിട്ട മരുത്തുക്കൾ കൂട്ടമായ്
തൻപ്രതിജ്ഞയ്ക്കൊത്തണഞ്ഞൂ, സഖാവിങ്ക;-
ലിമ്പമോടെത്തീ, നിയുത്തുക്കളും ദ്രുതം! 10

രാജാവവൻ യശസ്സിന്നി,രുവൈകർണ്ണ-
രാജ്യത്തിലെയിരുപത്തൊന്നു പേരുമായ്,
സാരൻ ഗൃഹേ ദർഭയെപ്പോലരിയവേ
ശൂരനിന്ദ്രനിവർക്കേകി,യനുജ്ഞയും! 11

അത്രയല്ലിന്ദ്രൻ ശ്രുതനെ,ക്കവഷനെ,
വൃദ്ധനെ, ദ്രുഹ്യുവെ വെള്ളത്തിൽ മുക്കിനാൻ;
ത്വൽക്കാമരപ്പോൾസ്സഖാക്കളുമായ്ത്തീർന്നു,
സഖ്യലബ്ധിയ്ക്കായ്ബ്ഭവാനെ സ്തുതിയ്ക്കയാൽ! 12

അക്കൂട്ടർതന്നുറപ്പുററ പുരങ്ങളും
ചിക്കെന്നുടച്ചാൻ, ബലാലിന്ദ്രനേഴൊടേ;
ആനവൻതൻ ധനം തൃത്സുവിന്നേകിനാൻ;
ആജിയിൽ വെല്ക, മുഷ്കോത്തും നരനെ നാം! 13

10. പൃശ്നി വിട്ട—അമ്മ പറഞ്ഞയച്ച. തൻപ്രതിജ്ഞയ്ക്കൊത്ത്—വേണ്ടപ്പോൾ ഇന്ദ്രനെ സഹായിച്ചുകൊള്ളാമെന്ന തങ്ങളുടെ പ്രതിജ്ഞയനുസരിച്ച്. സഖാവിങ്കൽ (ഇന്ദ്രങ്കൽ) അണഞ്ഞു; നല്ല പുല്ലുള്ളേടത്തു മേയാൻ, ഇടയനില്ലാത്ത മാടുകൾ സ്വച്ഛന്ദം അണയുന്നതുപോലെ. നിയുത്തുക്കൾ—മരുത്തുക്കളുടെ അശ്വങ്ങൾ.

11. രാജാവവൻ—പൊരുതുന്ന സുദാസ്സ്. യശസ്സിന്ന്—കീർത്തി കാംക്ഷിച്ച്. ഇരുവൈകർണ്ണരാജ്യം—പരുഷ്ണിയുടെ ഇരുകരകളിലുള്ള വൈകർണ്ണമെന്ന രണ്ടു രാജ്യം. സാരൻ—കെല്പൻ; യുവാവായ അധ്വര്യു ഗൃഹേ (യാഗശാലയിൽ) ദർഭ അരിയുന്നതുപോലെ, സുദാസ്സ് ശത്രുക്കളെ അരിയവേ. ഇവർക്ക്—മരുത്തുക്കൾക്ക്. അനുജ്ഞയും ഏകി—സുദാസ്സിനെ സഹായിപ്പാനായി പൊരുതിക്കൊൾവാൻ അനുമതികൊടുക്കുകയും ചെയ്തു.

12. ശ്രുതൻ, കവഷൻ, വൃദ്ധൻ, ദ്രുഹ്യു എന്നിവർ സുദാസ്സിന്റെ ശത്രുക്കളാണ്. ഉത്തരാർദ്ധം പ്രത്യക്ഷസ്തുതി:

13. അക്കൂട്ടർ—ശ്രുത–കവഷ–വൃദ്ധ-ദ്രുഹ്യുക്കൾ. ഏഴൊടേ—ഏഴു മതിലുകളോടുകൂടി; മതിലുകളും ഉടച്ചു. ആനവൻ—അനുവിന്റെ പുത്രൻ; അനു ഒരസുരൻ. തൃത്സു—ഒരു രാജാവ്. നാം—ഇപ്രകാരം ഇന്ദ്രനെ സ്തുതിയ്ക്കുന്ന നമ്മൾ മുഷ്കോത്തും നരനെ (വൈരിയെ) ആജിയിൽ (യുദ്ധത്തിൽ) വെല്ലുമാറാകണം!

ആറുമറുപതും ചേരുമറുപത്തി—
യാറായിരംപേരനുദ്രുഹ്യുവീരരും
ഒന്നിച്ചുറങ്ങി, ഗോക്കൾക്കായ്ക്കൃതാർച്ചകൽ
വന്നിട്ടി;—തൊക്കയുമിന്ദ്രൻെറ വീര്യമാം! 14

ദസ്സുഖ്യവും വൻദുരയും നിമിത്തമ—
ത്തൃത്സുക്കളിന്ദ്രനോടേറെറാരുമ്പാടൊടേ,
കീഴ്പോട്ടൊലിയ്ക്കും ജലങ്ങൾപോലോടിനാർ;
കോപ്പൊക്കെ വിട്ടാർ, സുദാസനെതിർക്കയാൽ! 15

കാച്ചിനാ,നിന്ദ്രനെക്കൂസാതൊരുമ്പെട്ട,
കാച്ചുപാൽ മോന്തുന്ന വീരവിദ്രോഹിയെ;
മൂർച്ച കെടുത്തിനാനിന്ദ്രനമിത്രനു;
പാച്ചിലിൻപാതയിൽക്കേറീ, തിരിച്ചവൻ! 16

നിസ്വനെക്കൊണ്ടു ചെയ്യിച്ചു, മഹാദാന;—
മാടിനെക്കൊണ്ടു കൊല്ലിച്ചു, സിംഹാഗ്ര്യനെ;
കോണുകൾ തുശിയാൽച്ഛേത്തിച്ചു, വജ്രവാൻ;
വേണുന്നതൊക്കെസ്സുദാസ്സിന്നു നൽകിനാൻ! 17

---

14. അനുവിൻെറയും ദ്രുഹ്യുവിൻെറയും അറുപത്താറായിരത്തിഅറുപത്താറ് വീരന്മാരും (ഭടന്മാരും) ഗോക്കൾക്കായ് (ഗോഹരണത്തിന്നായി) കൃതാർച്ചകൽ (ഇന്ദ്രനെ പൂജിച്ച സുദാസ്സിൻെറ അടുക്കൽ) വന്നിട്ട് (യുദ്ധത്തിനു വന്നിട്ട്) ഒന്നിച്ചുറങ്ങി—കൊല്ലപ്പെട്ടു.

15. ഇന്ദ്രനാൽ അനുഗ്രഹിയ്ക്കപ്പെട്ട തൃത്സുക്കൾ ദസ്സുഖ്യ(ദുർജ്ജനസമ്പർക്ക)ത്താലും വലിയ ദുരയാലും പിന്നീടൊരിയ്ക്കൽ ഇന്ദ്രനോടു യുദ്ധത്തിനേററു; എന്നിട്ടോ, തോററ് ഒരുമ്പാടൊടേ ഓടി: സുദാസൻ എതിർത്തതിനാൽ കോപ്പൊക്കെ (മുതലെല്ലാം) ത്യജിയ്ക്കുക (സുദാസ്സിന്നു സമർപ്പിയ്ക്കുക)യും ചെയ്തു.

16. വീരവിദ്രോഹി (വീരനായ സുദാസനെ ഉപദ്രവിച്ചിരുന്നവൻ) ഇന്ദ്രനെക്കൂസാതെ (യജ്ഞംചെയ്യാതെ) കാച്ചുപാൽ (കറുക്കിയ പാൽ) സ്വയം മോന്തുന്നവനായിരുന്നു; ഒരുമ്പെട്ട (യുദ്ധോദ്യുക്തനായ) അവനെ ഇന്ദ്രൻ കാച്ചിനാൻ ——കൊന്നുകളഞ്ഞു. അമിത്രനു മൂർച്ച കെടുത്തിനാൻ——ശത്രുവിനെ ചുണകെട്ടവനാക്കി. അവൻ (ശത്രു) തിരിച്ചു പാച്ചിലിൻപാതയിൽ കേറി——പാഞ്ഞുതുടങ്ങി.

17. ഇന്ദ്രൻെറ അത്ഭുതകർമ്മങ്ങൾ: നിസ്വൻ=ദരിദ്രൻ. സിംഹാഗ്ര്യൻ ——സിംഹങ്ങളിൽ വയസ്സുകൊണ്ടു മുമ്പൻ, വൃദ്ധസിംഹം. കോണുകൾ——യൂപത്തിൻെറയും മററും. വേണുന്നതൊക്കെ——സർവഭോഗ്യങ്ങളും.

കീഴ്പ്പെട്ടവല്ലോ, വളരെ പ്രതീപർ തേ;
കീഴിലാക്കുകൊ,തുമ്പെട്ട ഭേദനെയും:
വാഴ്ത്തും ജനങ്ങളെ ദ്രോഹിപ്പതു,ണ്ടവൻ;
വീഴ്ത്തുക,വങ്കൽക്കടുംവജ്രമിന്ദ്ര, നീ! 18

മോദപ്പെട്ടത്തീ, യമുന, തൃത്സുക്കളും
ഭേദനെയിപ്പോരിൽ മർദ്ദിച്ച വജ്രിയെ;
ശിഗ്രുജയക്ഷുപ്രജകരം തദാ തിരു-
മുല്ക്കാഴ്ചവെച്ചാർ, തുരംഗത്തലകളെ! 19

എത്രയെന്നില്ലിന്ദ്ര, തേ പണ്ടുമിന്നുമു-
ള്ളൎത്ഥവുമൻപു,മുഷസ്സുകരംപോലവേ:
മർദ്ദിതനായ്, മന്യമാനജൻ ദേവക;-
നദ്രൌ സ്വയം കൊന്നു, നീ ശംബരനെയും! 20

തൽക്കാമരായ് വാഴ്ത്തിവന്നുവല്ലോ, ഗൃഹം
പൂക്കു പരാശരൻ, ശക്തി, വസിഷ്ഠനും:
രക്ഷിയാം നിൻ നതി വിസ്മരിക്കില്ലിവ;-
രച്ഛദിനങ്ങരം വരുന്നു, സൂരികളിൽ! 21

ദേവവൽപൌത്രൻ സുദാസ്സു പൈജവനൻ
സ്ത്രീവദ്ധ്രം രണ്ടിരുന്നൂറുഗോവൊടും

18. പ്രതീപർ=ശത്രുക്കരം. തേ=അങ്ങയ്ക്കു്. ഭേദൻ—സുദാസ്സിൻെറ ഒരു ശത്രു. വാഴ്ത്തും—ഭവാനെ സ്തുതിക്കുന്ന.

19. യമുന—യമുനാതീരത്തിലെ ആളുകളും. മർദ്ദിച്ച—വധിച്ച. ശിഗ്രുജയക്ഷുപ്രജകരം=ശിഗ്രു, അജം, യക്ഷു എന്നീ പ്രദേശങ്ങളിലെ ജനങ്ങരം തദാ—ഭേദവധാവസരത്തിൽ. തുരംഗത്തലകളെ—യുദ്ധത്തിൽ വധിക്കപ്പെട്ട കുതിരകളുടെ തലകളെ ഇന്ദ്രന്നു തിരുമുല്ക്കാഴ്ചവെച്ചു.

20. തേ (അങ്ങയ്ക്കു) പണ്ടുമിന്നുമുള്ള അർത്ഥവും (ധനവും) അൻപും (അനുഗ്രഹബുദ്ധിയും) എത്രയെന്നില്ല—ഉഷസ്സുകരംപോലെ അസംഖ്യേയങ്ങളാകുന്നു. മന്യമാനജൻ ദേവകൻ മർദ്ദിതനായ്—മന്യമാനൻെറ പുത്രൻ ദേവകൻ (ഒരു ശത്രു) അങ്ങയാൽ വധിക്കപ്പെട്ടു. അദ്രൌ—മലയിൽവെച്ചു്.

21. നിൻനതി=അങ്ങയെ സ്തുതിക്കൽ, യജിക്കൽ. സൂരികളിൽ—ഈ സ്തോതാക്കളിൽ അച്ഛദിനങ്ങരം (സുദിനങ്ങരം) വരുന്നു; ഭവാനെ നിത്യം സ്തുതിക്കുന്നതിനാൽ പരാശരാദികരംക്കു സർവദിവസങ്ങളും സുദിനങ്ങളാകുന്നു.

22. ദേവവൽപൌത്രൻ—ദേവവാൻ എന്ന രാജാവിൻെറ പുത്രൻ, പിജവനൻ; പിജവനൻെറ പുത്രൻ (പൈജവനൻ) സുദാസ്സ്. സ്ത്രീവദ്ധ്രം=സ്ത്രീകളോ

തന്നതഗ്നേ, വലംവെയ്ക്കുവൻ, ഹോതാവു
മന്ദിരംപോലേ, സ്തുതിയ്ക്കുയാൽത്തക്ക ഞാൻ! 22

ആകെ പ്രശസ്തമായ്പ്പൈജവനൻ സുദാ-
സ്സേകിയ നാലു പൊൻകോപ്പണിവാജികൾ,
പഞ്ഞത്തിലുമുജ്ജ്വയാനർ ദൃഢാംഘ്രികൾ
കുഞ്ഞിൻ പുകൾക്കായ് വഹിപ്പൂ, കുഞ്ഞായ മാം! 23

തൻപുകൾ വൻനഭോഭൃക്കളിൽപ്പാകിയ,
മുമ്പന്നു മുമ്പന്നു വെച്ച വദാന്യനെ
പാരേഴമിന്ദ്രനെപ്പോലെ സ്തുതിപ്പതു-
ണ്ടോ;—റുകൾ യുധ്യാമധിയെ വീഴ്ത്തീ, രണേ! 24

നേതൃമരുത്തുക്കളേ, ഇസ്സുദാസ്സിലെ—
ത്താതദിവോദാസനിൽപ്പോലിണങ്ങുവിൻ:
കാക്കുവിൻ, പൈജവനന്റെ ഗേഹം; സദാ
വാഴ്ക്കട്ടെ, വാടാതെയർച്ചേച്ഛുവിൻ ബലം! 25

———

ട്ടകൂടിയ രഥം. വധൂസംയുക്തങ്ങളായ രണ്ടുതേരുകളും, ഇരുന്നൂറുഗോക്കളെയും ഇന്ദ്രനെ സ്തുതിയ്ക്കുയാൽ തക്ക (അർഹനായ) എനിക്കു സുദാസ്സ് തന്നു; അതിനെ (ആ ദാനത്തെ) ഞാൻ, മന്ദിരത്തെ (യജ്ഞഗൃഹത്തെ) ഹോതാവെന്നപോലെ വലംവെയ്ക്കുന്നു. ഇത് ഇവിടെ അഗ്നിയോടു പറഞ്ഞതു്, അഗ്നിയുടെ സർവദേവമുഖ്യത്വം പ്രതിപാദിപ്പാനാണ്: ഇന്ദ്രനാണല്ലോ, ഈ സൂക്തത്തിന്റെ ദേവത.

23. ആകെ പ്രശസ്തമായ്—ശ്രദ്ധ മുതലായ ദാനാംഗങ്ങളുടെ തികവോടേ. പഞ്ഞത്തിലുമുജ്ജ്വയാനർ—തീററ കിട്ടാഞ്ഞാലും (?) നേരേ നടക്കുന്നവ. ദൃഢാംഘ്രികൾ=കാലുകൾക്കുറപ്പുള്ളവ. കുഞ്ഞിൻ—മകന്റെ. കുഞ്ഞായ—മകനെന്നപോലെ പാലനീയനായ. മാം=എന്നെ, വസിഷ്ഠനെ.

24. മുമ്പന്നു മുമ്പന്നു വെച്ച—ശ്രേഷ്ഠന്മാർക്ക് ആദ്യമാദ്യം ധനം നീക്കിവെച്ച, കൊടുത്ത. വദാന്യൻ—ദാനശീലനായ സുദാസ്സ്. യുധ്യാമധിയെ (സുദാസ്സിന്റെ ഒരു ശത്രുവിനെ) രണേ (യുദ്ധത്തിനിടയിൽ) ആറുകൾ (നദികൾ) വീഴ്ത്തി—കൊന്നു.

25. നേതൃമരുത്തുക്കൾ=നേതാക്കളായ മരുത്തുക്കൾ. അത്താതദിവോദാസൻ—സുദാസ്സിന്റെ അച്ഛനായ ദിവോദാസൻ: പിജവനന്റെ മററൊരു പേരാണ്, ദിവോദാസൻ. അർച്ചേച്ഛുവിൻ—പരിചരണകാമനായ സുദാസ്സിന്റെ ബലം വാടാതെ (ക്ഷയിയ്ക്കാതെ) വാഴ്ക്കട്ടെ.

സൂക്തം 19.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി)

കൊമ്പു കുത്ത വൃഷംപോലുഗ്രനേകനായ്—
സ്സംപതിപ്പിയ്ക്കും, സപത്നരെയൊക്കയും;
ലുബ്ധന്റെ ഭൂരിയാം സമ്പത്തടക്കിടും;
വിത്തമേകും, തുലോം നീർ പിഴിവോന്നു നീ! 1

നിയ്യിന്ദ്ര, രക്ഷിച്ചരുളിയല്ലോ, തിരു-
മെയ്യാലുപചരിച്ചാ,ജിയിൽക്കുത്സനെ:
ഇയ്യജ്ജുനീസുതന്നേകാൻ, വഴങ്ങിച്ചു,
നിയ്യോററവും ദാസശുഷ്ണകുയവരെ! 2

സർവഥാ കാത്തുരക്ഷിച്ചു, ധൃഷ്ണോ, ഭവാൻ
ഹവ്യമർപ്പിച്ച സുദാസ്സിനെക്കല്ലിനാൽ;
പോരിൽ നീ പാലിച്ചു, പാടങ്ങൾ നേടുവാൻ
പൌരുകുത്സിത്രസദസ്യുപൂരുക്കളെ! 3

മാനുഷസ്നേഹിൻ, മരുദ്യുക്തനായ് രണേ
മാററരെയൊട്ടല്ല കൊന്നു, ഹര്യശ്വ, നീ;
ദസ്യുചുമുരിധുനികളെ ഹേതിയാൽ-
സ്സുസ്വാപരാക്കീ, ദഭീതിയ്ക്കുവേണ്ടി നീ! 4

സൂക്തം 19.

1. പ്രത്യക്ഷോക്തി; വൃഷംപോലുഗ്രൻ—ഒരു കാളപോലെ ഭയങ്കരനായ നീ. സംപതിപ്പിയ്ക്കും—സ്ഥാനഭ്രഷ്ടരാക്കും. സപത്നർ=ശത്രുക്കൾ. ലുബ്ധന്റെ—അയഷ്ടാവിന്റെ. നീർ—സോമരസം.

2. ഉപചരിച്ച്=ശുശ്രൂഷിച്ച്, സഹായിച്ച്. അജ്ജുനി—കുത്സന്റെ അമ്മയുടെ പേർ. ദാസ—ശുഷ്ണ—കുയവർ—മൂന്നസുരന്മാർ. ഏകാൻ—ധനം കൊടുക്കാൻ.

3. പൌരുകുത്സിത്രസദസ്യുപൂരുക്കളെ—പുരുകുത്സപുത്രനായ ത്രസദസ്യുവിനെയും പൂരുവിനെയും.

4. ഒട്ടല്ല കൊന്നു=വളരെപ്പേരെ വധിച്ചു. ദസ്യു—ചുമുരി—ധുനികൾ—മൂന്നസുരന്മാർ. ഹേതി—വജ്രം. സുസ്വാപരാക്കി=നന്നായുറക്കി, കൊന്നു. ദഭീതി—ഒരു രാജർഷി.

അത്രയാം വജ്രവൻ, നിൻബല:—മെൺപതും
പത്തൊമ്പതും പുരമൊപ്പം (പിളർത്തു) നീ
തത്ര നൂറാമതിൽക്കേറി, വസിയ്ക്കുവാൻ!
വൃത്രനെക്കൊന്നു; നമുചിയെക്കൊന്നു നീ! 5

ഇന്ദ്ര, ബലവൻ, നശിയ്ക്കാ, മഖാന്നങ്ങൾ
തന്ന സുദാസ്സിന്നു നീയേകിയ ധനം;
പൂട്ടാം, വൃഷൻ, തേ വൃഷാശ്വദ്വയത്തെ ഞാൻ;
സ്തോത്രങ്ങൾ നിങ്കലെത്തട്ടേ, ശതക്രതോ! 6

ഇത്ത്വദന്വേഷത്തിലെങ്ങൾ പരദ്രവ്യ—
ഹർത്താക്കളാം കൊലയാളർക്കടങ്ങൊലാ:
നിർബ്ബാധമെങ്ങളെപ്പാലിയ്ക്ക, ഹര്യശ്വ;
നിൻപ്രിയരാകെ,ങ്ങൾ വിജ്ഞരിലൂർജ്ജിത! 7

അങ്ങയെത്തേടി സ്തുതിക്കുമെങ്ങൾ ഗൃഹേ
ചങ്ങാതിമാരായ് പ്രിയരായ്സ്സുഖിയ്ക്കണം!
തുർവശയാദ്വരെപ്പാട്ടിലാക്കേണമേ,
ഭവ്യം സുദാസ്സിന്നിയററുവാനിന്ദ്ര, നീ! 8

നിന്നെത്തിരഞ്ഞു,ക്ഥദക്ഷരെങ്ങളുടൻ—
തന്നെ ചൊല്ലുന്നതുണ്ടു,ക്ഥങ്ങൾ സാമ്പ്രതം;

---

5. നിൻബലം അത്രയാം——അത്ര മികച്ചതാണ്. എൺപതും പത്തൊമ്പതും പുരം——ശംബരൻെറ തൊണ്ണൂററൊമ്പതു പുരികൾ.

6. മഖാന്നങ്ങൾ=യജ്ഞവും ഹവിസ്സും. വൃഷൻ——ഹേ വൃഷാവേ. തേ—അങ്ങയ്ക്കു് ഇങ്ങോട്ടു പോരാൻ. വൃഷാശ്വദ്വയത്തെ——വൃഷാക്കളായ ഹരികളെ ഞാൻ പൂട്ടാം.

7. ഇത്ത്വദന്വേഷത്തിൽ——ഞങ്ങൾ ഇങ്ങനെ സ്തോത്രങ്ങൾകൊണ്ടു് അങ്ങയെ തേടുന്നതിനിടയിൽ. അടങ്ങൊലാ——കീഴ്പ്പെട്ടുപോകരുത്. ഊർജ്ജിത=ബലവാനേ. എങ്ങൾ വിജ്ഞരിൽ (സ്തോതാക്കളിൽവെച്ചു) നിൻപ്രിയരായിത്തീരട്ടെ.

8. ദിവോദാസിന് (ഞങ്ങളുടെ രാജാവായ ദിവോദാസന്നു) ഭവ്യം (നന്മ) ഏകുവാൻ നീ തുർവശൻ, യാദ്വൻ എന്നീ രാജാക്കന്മാരെ വശത്താക്കണം.

ലുബ്ധരെക്കൊണ്ടുമേകിച്ചു ഭവൽസ്തവാൽ;
മിത്രതയ്ക്കെങ്ങളെക്കൈക്കൊള്ളുകി,ന്ദ്ര, നീ! 9

അങ്ങയ്ക്കു ഹവ്യങ്ങളേകുമീ നേതാക്ക—
ളെങ്ങളിൽച്ചേർന്നിരിയ്ക്കുന്നു, നേതൃതമ:
മംഗളം നല്കുകി,വർക്കിന്ദ്ര, പോരിൽ നീ;
ചങ്ങാതിയാക; രക്ഷിയ്ക്കു, ശൂരൻ ഭവാൻ! 10

അദ്യ വാഴ്ത്തപ്പെട്ടും നീ നുതി കേട്ടിന്ദ്ര,
വർദ്ധിയ്ക്കു, രക്ഷയാൽശ്ശൂര, മെയ്യാലുമേ;
എത്തിയ്ക്കുകെ,ങ്ങൾക്കു കൊററും ഗൃഹങ്ങളും;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 11

രണ്ടാമധ്യായം സമാപ്തം.

മൂന്നാമധ്യായം

സൂക്തം 20.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഓജസ്സും തേജസ്സുമിയന്ന ഇന്ദ്രൻ വീര്യത്തിന്നാണ്, ജനിച്ച
ത്. ചെയ്യാൻ നിശ്ചയിച്ചതു മനുഷ്യഹിതൻ ചെയ്യും. യുവാവു
രക്ഷകളോടേ യാഗശാലയിൽ വരും; വമ്പിച്ച പാപത്തിൽനിന്നു
പോലും നമ്മെ രക്ഷിയ്ക്കും! 1

---

9. ഉക്ഥദക്ഷർ—ഉക്ഥം ചൊല്ലുന്നതിൽ നിപുണന്മാരായ. ഞങ്ങൾ ഭവാനെ സ്തുതിച്ചു, ലുബ്ധരെക്കൊണ്ടും ഏകിച്ചു—ധനം കൊടുപ്പിച്ചു; ഭവൽസ്തുതി പ്രഭാവത്താൽ ഞങ്ങൾക്കു ലുബ്ധന്മാരും ധനം തന്നിരിയ്ക്കുന്നു. മിത്രത=സഖ്യം.

10. ചേർന്നിരിയ്ക്കുന്നു—അനുകൂലരായിരിയ്ക്കുന്നു.

11. രക്ഷയാലും മെയ്യാലും വർദ്ധിയ്ക്കു—രക്ഷയെയും ദേഹത്തെയും വളർത്തുക.

സൂക്തം 20.

1. വീര്യം—വീരകർമ്മം. മനുഷ്യഹിതൻ, യുവാവ് എന്നിവ ഇന്ദ്രവിശേഷണങ്ങളാകുന്നു.

ഇന്ദ്രൻ വളൎന്നു വൃത്രനെ കൊന്നു. വീരൻ സ്തോതാവിനെ ഉടൻ രക്ഷയാൽ പാലിച്ചു. സുദാസ്സിന്നു രാജ്യം നൽകി. ഹവിർദ്ദാതാവിന്നു ധനം വീണ്ടും വീണ്ടും കൊടുത്തു. 2

പിന്മാറാതെ പോരാടുന്ന യോദ്ധാവു്, പൊരുതുന്ന ശൂരൻ, പ്രകൃത്യാ വളരെപ്പേരെ കീഴമർത്തുന്നവൻ, കീഴമർത്തപ്പെടാത്ത ബലവാൻ—ഇങ്ങനെയുള്ള ഇന്ദ്രൻ പടകളെ പതറിയ്ക്കും, പകയരെയെല്ലാം കൊല്ലും! 3

ഇന്ദ്ര, ബഹുധന, ഭവാൻ മഹത്ത്വംകൊണ്ടും കരുത്തുകൊണ്ടും വാനൂഴികൾ രണ്ടിനെയും നിറച്ചിരിയ്ക്കുന്നു. ഹരിയുക്തനായ ഇന്ദ്രൻ വജ്രമെയ്തു, യജ്ഞങ്ങളിൽ ഹവിസ്സോടു ചേരുന്നു. 4

വൃഷാവു വൃഷാവിനെ ജനിപ്പിച്ചതു, യുദ്ധത്തിനത്രേ: ഈ മനുഷ്യഹിതനെ മഹിള പ്രസവിച്ചു; മനുഷ്യർക്കു് നേതാവും, ഈശ്വരനും, പരന്തപനും, ഗോക്കളെ തിരയുന്നവനും, ധർഷകനുമാണു്, ഇദ്ദേഹം! 5

ഈ ഇന്ദ്രന്റെ ഘോരമായ ഹൃദയത്തെ ആർ യജ്ഞങ്ങൾകൊണ്ടാരാധിയ്ക്കുമോ, അവന്നു സ്ഥാനഭ്രംശം സംഭവിയ്ക്കില്ല; ക്ഷയവും വരില്ല. പരിചരണമനുഷ്ഠിയ്ക്കുന്നവന്നു് ആ യജ്ഞരക്ഷകൻ യജ്ഞത്തിൽ ആവിർഭവിച്ചു, ധനം കല്പിച്ചുകൊടുക്കും. 6

ഇന്ദ്ര, കാരണവൻ അനന്തരവന്നു യാതൊന്നു കൊടുക്കുമോ; ജ്യേഷ്ഠൻ അനുജങ്കൽനിന്നു യാതൊന്നു നേടുമോ; (മകൻ) യാതൊന്നു കൊണ്ടു ദൂരത്തു ജീവിച്ചിരിയ്ക്കുമോ; പൂജനീയ, ആ പൂജനീയമായ ധനം ഭവാൻ ഞങ്ങൾക്കു കൊണ്ടുവന്നാലും! 7

ഇന്ദ്ര, വജ്രപാണേ, യാതൊരുവൻ അങ്ങയ്ക്കു (ഹവിസ്സു) നല്കുമോ, അവൻ പ്രിയപ്പെട്ട സഖാവായി അങ്ങയുടെ ദാനത്തിന്നു പാത്ര

---

3. പടകളെ—ശത്രുസൈന്യങ്ങളെ.

4. വജ്രമെയ്തു—വജ്രംകൊണ്ടു് വൈരികളെ പായിച്ചു്.

5. വൃഷാവു്—കശ്യപൻ. വൃഷാവിനെ = ഇന്ദ്രനെ. മഹിള—കശ്യപപത്നിയായ അദിതി.

6. ഘോരമായ—ശത്രുക്കളുടെ നേർക്കു്. ആ യജ്ഞരക്ഷകൻ—ഇന്ദ്രൻ.

7. യാതൊന്നുകൊണ്ടു്—അച്ഛങ്കൽനിന്നു യാതൊന്നു നേടി. ആ—മൂന്നുതരത്തിലുള്ള.

മാകും. ഞങ്ങളും അഹിംസകനായ അങ്ങയുടെ ഈ നന്മനസ്സിനാൽ, ധാരാളം അന്നവുമായി, മനുഷ്യരക്ഷകമായ ഗൃഹത്തിൽ മരുവുമാറാകണം! 8

മഘവാവേ, ഇതാ, അങ്ങയ്ക്കായി പിഴിയപ്പെടുന്ന സോമം നിലവിളിയ്ക്കുന്നു; സ്തോതാവും ഒച്ച മുഴക്കുന്നു. ശക്ര, ഒരു ധനേച്ഛു അങ്ങയെ സ്തുതിയ്ക്കുന്ന എങ്കൽ വന്നു കൂടിയിരിയ്ക്കുന്നു; അങ്ങ് വേഗത്തിൽ ഞങ്ങൾക്കു് സമ്പത്തു തരിക! 9

ഇന്ദ്ര, അങ്ങയുടെ ചോറുണ്ണുന്നവരാകണം, ഞങ്ങളും, അങ്ങയ്ക്കു സ്വയം ഹവിസ്സർപ്പിയ്ക്കുന്നവരും; അങ്ങയെ സ്തുതിക്കുന്നവനു ശേഷിയും ഉണ്ടായിവരട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 10

സൂക്തം 21.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഗവ്യം ചേർത്ത തെളിസോമം പിഴിഞ്ഞുകഴിഞ്ഞു: ഇതിൽ പ്രകൃത്യാ സംബന്ധിയ്ക്കുന്നവനാണല്ലോ, ഇന്ദ്രൻ. ഹര്യശ്വ ഞങ്ങൾ അങ്ങയെ യജ്ഞംകൊണ്ടു് ഉണർത്തുന്നു: അങ്ങ് സോമത്തിൻെറ മത്തിൽ ഞങ്ങളുടെ സ്തോത്രം ചെവിക്കൊണ്ടാലും! 1

(യഷ്ടാക്കൾ) യജ്ഞത്തിലെത്തുന്നു; ദർഭ വിരിയ്ക്കുന്നു; യാഗത്തിൽ അമ്മികൾ കനത്ത ശബ്ദം പുറപ്പെടുവിയ്ക്കുന്നു. ദൂരത്തും കേൾക്കുമാറു ശബ്ദിയ്ക്കുന്ന, പുകഴ്ന്ന അമ്മിക്കുഴകൾ നേതാക്കളാൽ ഗൃഹത്തിൽനിന്നു് എടുക്കപ്പെടുന്നു. 2

---

9. ചതയ്ക്കുമ്പോഴത്തെശ്ശബ്ദം, ഇന്ദ്രനെക്കാണാഞ്ഞു സോമം നിലവിളിയ്ക്കുന്നതാണെന്നു് ഉൽപ്രേക്ഷ. ഒച്ച മുഴക്കുന്നു—ഉറക്കെ സ്തോത്രം ചൊല്ലുന്നു.

10. അങ്ങയുടെ—അങ്ങ് തന്ന. സ്തുതിയ്ക്കുന്നവനു്—എനിയ്ക്കു്.

സൂക്തം 21.

1. ഗവ്യം=ഗോരസം. ഹര്യശ്വ എന്നതുമുതൽ പ്രത്യക്ഷസ്തുതി: യജ്ഞം—ഹവിസ്സോ, സ്തോത്രമോ.

ശൂരനായ ഇന്ദ്ര, അങ്ങ് വൃത്രനാൽ ആക്രമിയ്ക്കപ്പെട്ട വളരെ ജലങ്ങളെ ഒഴുകാൻ വിട്ടു; അവിടുന്നുമൂലം നദികൾ, തേരാളികൾ പോലെ നടകൊണ്ടു. ഉലകൊക്കെ പേടിച്ചു വിറച്ചു! 3

ഇന്ദ്രൻ മനുഷ്യർക്കു വേണ്ടതെല്ലാമറിഞ്ഞിട്ട്, ആയുധങ്ങളാൽ ഭയംകരനായി അവരെ വളഞ്ഞു; നേരിട്ടു വിറപ്പിച്ചു; ഇമ്പം പൂണ്ടു മഹിമയോടേ വജ്രമെടുത്തു വധിച്ചു! 4

ഇന്ദ്ര, രക്ഷസ്സുകൾ ഞങ്ങളെ ദ്രോഹിയ്ക്കില്ല; മഹാബല, രാക്ഷസർ ഞങ്ങളെ ആൾക്കാരിൽനിന്നകററില്ല; നെറികെട്ട പ്രാണിയെ തന്തിരുവടി അടക്കിക്കൊള്ളും. ശിശ്നദേവന്മാർ ഞങ്ങളുടെ യാഗം പോക്കിക്കളയരുത്! 5

ഇന്ദ്ര, അങ്ങ് കർമ്മംകൊണ്ടു മന്നിനെ കീഴടക്കിയിരിയ്ക്കുന്നു: അങ്ങയുടെ മഹിമാവു ലോകങ്ങൾക്കു ലഭ്യമല്ല. അങ്ങ് സ്വന്തം ബലംകൊണ്ടാണല്ലോ, വൃത്രനെ കൊന്നത്; യുദ്ധത്തിൽ അങ്ങയെ ഹനിപ്പാൻ ശത്രു ആളായതുമില്ല! 6

അസുരന്മാരുടെപോലും കെല്പും കൊലയും അളവിൽ അങ്ങയുടെ ബലത്തിനൊത്തില്ല! ഇന്ദ്രൻ പൊരുതി ധനം നല്കും; അന്നം കിട്ടാൻ ആളുകൾ ഇന്ദ്രനെ വിളിച്ചുവരുന്നു. 7

ഇന്ദ്ര, സ്തോതാവു രക്ഷയ്ക്കായി, ഈശ്വരനായ നിന്തിരുവടിയെ വിളിച്ചു; ഞങ്ങൾക്കു വളരെസ്സൌഭാഗ്യം നിന്തിരുവടി തരികയും ചെയ്തു. ഒരുനൂറു രക്ഷകളുള്ളവനേ, നിന്തിരുവടിയെപ്പോലുള്ള ഒരുവൻ ദ്രോഹിപ്പാൻ വന്നാൽ, അവനെ തടുക്കുകകൂടിച്ചെയ്താലും! 8

ഇന്ദ്ര, അങ്ങയെ സ്തുതികൊണ്ടു വളർത്തുന്ന ഞങ്ങൾ എന്നും സഖാക്കളാകണം! മഹിമകൊണ്ടു മറുകരയണയ്ക്കുന്നവനേ, അങ്ങയുടെ രക്ഷയാൽ (സ്തോതാക്കൾ) യുദ്ധത്തിൽ ഹിംസകരായ ശത്രുക്കളുടെ എതിർപ്പും കെല്പും കെടുത്തട്ടെ! 9

---

4. അവരെ––അസുരന്മാരെ.

5. നെറികെട്ട എന്നതുമുതൽ പരോക്ഷവചനം: ശിശ്നദേവന്മാർ––വ്യഭിചാരികൾ, ബ്രഹ്മചര്യരഹിതർ.

7. ഇന്ദ്രൻ എന്നതുമുതൽ പരോക്ഷോക്തി:

9. മറുകര––ശത്രുക്കളുടെയോ, പാപങ്ങളുടെയോ.

ഇന്ദ്ര, അങ്ങയുടെ ചോറുണ്ണുന്നവരാകണം, ഞങ്ങളും, അങ്ങെയ്ക്കു സ്വയം ഹവിസ്സർപ്പിക്കുന്നവരും; അങ്ങയെ സ്തുതിക്കുന്നവന്നു ശേഷിയും ഉണ്ടായിവരട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 10

സൂക്തം 22.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(മാകന്ദമഞ്ജരി)

ചേലിൽപ്പിഴിയുവോൻ കൈകൾകൊണ്ടശ്വത്തെ-
പ്പോലേ പിടിച്ചതാമമ്മികഴ
ത്തുകിയ സോമം ഹര്യശ്വ, കുടിക്കുക-
ങ്ങേ:—കട്ടെ,യങ്ങയ്ക്കിതിമ്പമിന്ദ്ര! 1

യാതൊന്ന, വിടെയ്ക്കു ചേർന്നതാം നല്ലൊരു
മാദകം; ഹര്യശ്വ, ഭൂരിവസോ,
യാതൊന്നാൽ മാററാരെക്കൊൽവൂ, നീ;—യസ്സോമ-
നീർ തവ മത്തുണ്ടാക്കട്ടെ,യിന്ദ്ര! 2

അങ്ങയെപ്പററി വസിഷ്ഠൻ വദിക്കുമീ
മംഗളച്ചൊല്ലറിഞ്ഞാലും, ചെമ്മേ;
ഹേ മഘവാവേ, നീയംഗീകരിക്കുക,
മാമകസ്തോത്രങ്ങളധ്വരത്തിൽ! 3

നീർ ത്തുകുമമ്മിതന്നാഹ്വാനം കേൾക്ക നീ;
മേധാവി ചൊല്ലും സ്തവങ്ങളെയും

സൂക്തം 22.

1. അശ്വത്തെപ്പോലേ——കടിഞ്ഞാണുകൾ കൊണ്ടുകുതിരയെയെന്നപോലെ. അങ്ങ് = ഭവാൻ.

2. ചേർന്നതാം = അനുരൂപമായ. മാദകം——മദകരദ്രവ്യം. യാതൊന്നാൽ ——യാതൊന്നു കുടിച്ചിട്ട്.

3. വസിഷ്ഠൻ——ഞാൻ. മംഗളച്ചൊല്ല്——സ്തുതി.

ബോധിപ്പൂ; കൂടെനിന്നാരാക്കാമ്പിൽ വെയ്ക്കയും—
ചെയ്താല്ല,മിപ്പരിചര്യകളെ! 4

നിന്നെപ്പകക്കൽ നിർത്തില്ല, കുറയ്ക്കില്ല,
നിന്നുടെ വീര്യമറിഞ്ഞവൻ ഞാൻ;
എപ്പൊഴും, ഹന്താവാം നിൻ തിരുനാമത്തെ
നല്ലുകളുള്ളോനേ, ചൊല്ലുവൻ, ഞാൻ! 5

ധാരാളം തേ പിഴിയുന്നതുണ്ടോ,ളുകരാം;
സൂരിയുമിന്ദ്ര, ഭവാനെത്തന്നേ
ധാരാളം വാഴ്ത്തുന്നുണ്ടേ;—ങ്ങളിൽനിന്നു നീ
ദൂരത്തു നില്ക്കരുതേറെനേരം! 6

ഇപ്പിഴിയുന്നതൊട്ടുക്കു നിനക്കുതാ;—
നപ്പടി നിന്നെ വളർത്താനായ് ഞാൻ
ചൊല്ലുന്നേൻ, സ്തോത്രവും; ശൂര, നീ മാനുഷ—
ക്കെല്ലാവിധത്തിലുമാഹ്വാതവ്യൻ! 7

സ്തുത്യനായുള്ള ഭവാൻെറ മഹത്ത്വമോ,
വിത്തമോ, താവകവീര്യംതാനോ
ചിക്കെന്നു കൈവരികില്ലൊ,രുത്തനുമി—
ങ്ങുഗ്ര, ദർശിയ്ക്കപ്പെടേണ്ടുമിന്ദ്ര! 8

അന്നുമിന്നും സ്തവം തീർത്ത വിപ്രർഷികരാ—
ക്കെന്നപോലെങ്ങരാക്കും നിൻനൽസ്സഖ്യം
സിദ്ധിയ്ക്കുമാറാക; ഞങ്ങളെയെപ്പൊഴും
'സ്വസ്തിയാൽപ്പാലിപ്പിനി,ന്ദ്ര, നിങ്ങരാ!' 9

———

4. മേധാവി——ധീമാനായ ഞാൻ. ബോധിയ്ക്കു=അറിഞ്ഞാലും.

5. ഹന്താവ്——വൈരിഘ്നൻ.

6 തേ=അങ്ങയ്ക്കായി. സൂരി——സ്തോതാവ്.

7. ആഹ്വാതവ്യൻ=വിളിയ്ക്കപ്പെടേണ്ടവനാകുന്നു.

8. ഉഗ്ര——മഹാബല. ദർശിയ്ക്കപ്പെടേണ്ടും=ദർശനീയനായ.

9. അന്നുമിന്നും——പണ്ടും ഇപ്പോഴും. സ്തവം——വേൽസ്തോത്രം. വിപ്രർഷികരാ=മേധാവികളായ ഋഷിമാർ.

സൂക്തം 23.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(കാകളി)

സ്തോത്രങ്ങളിന്ദ്രന്നയപ്പിന,ന്നം തരാൻ;
പേർത്തു പൂജിയ്ക്കു, വസിഷ്ഠ, നീയും മഖേ:
പാരില്പരന്ന കെല്പുള്ള താൻ കേൾക്കട്ടെ,
ചാരത്തണഞ്ഞു ഞാൻ ചൊല്ലും സ്തവങ്ങളെ! 1
സൂരിയിൽനിന്നിന്ദ്ര, വിണ്ണോർക്കു ബന്ധുവാ-
മാരവം പൊങ്ങി, സസ്യങ്ങൾ തഴയ്ക്കവേ:
തേറുകില്ലല്ലോ, നിജായുസ്സു ലോകർ; നീ
കേറുമപ്പാപം കടത്തുക, ഞങ്ങളെ! 2
പൂട്ടാം, ഹരികളെഗ്ഗോദമാം തേരിൽ ഞാൻ:
സ്തോത്രങ്ങൾ ചെന്നെത്തി, സംസേവ്യമാനനിൽ.
ഇന്നഭോക്തൃക്കളിൽത്തിങ്ങും മഹത്ത്വമാ-
ന്നിന്ദ്രൻ വധിച്ചാനെ,തിരററ മാററരെ! 3
മെത്തി, വെള്ളങ്ങൾ പെറാപ്പൈക്കൾപോലവേ:
ത്വൽസ്തുതികാരികൾക്കിന്ദ്ര, കിട്ടീ, ജലം.
വന്നാലു,മശ്വവാൻ വായുപോലെങ്ങളി:-
ലന്നം സ്വബുദ്ധ്യാ കൊടുക്കുമല്ലോ, ഭവാൻ! 4

സൂക്തം 23.

1. ഒന്നാംപാദം ഋഷികളോടും, രണ്ടാംപാദം തന്നോടും. മഖേ = യജ്ഞത്തിൽ. താൻ——ഇന്ദ്രൻ.

2. അങ്ങ് മഴ പെയ്യിച്ചതിനാൽ സസ്യങ്ങൾ വളർന്നപ്പോൾ, ആളുകൾ യാഗം തുടങ്ങി: സൂരിയിൽ (സ്തോതാവിങ്കൽ)നിന്നു ദേവന്മാർക്കു ബന്ധുവായ (പ്രീതികരമായ) ആരവം (സ്തുതിഘോഷം) പൊങ്ങി. ലോകർ, നിജായുസ്സ് എത്രയുണ്ടെന്നറിയുന്നില്ലല്ലോ; അതിനാൽ, ഞങ്ങളെ കേറുമപ്പാപം (ആയുസ്സിനെ ക്ഷയിപ്പിപ്പാൻ വന്നുകേറുന്ന പാപം) കടത്തുക.

3 ഗോദം = ഗോക്കളെ നല്കുന്ന. തേരിൽ——ഇന്ദ്രരഥത്തിൽ. സംസേവ്യമാനനിൽ——പരിവാരങ്ങളാൽ സേവിയ്ക്കപ്പെടുന്ന (പരിവാരസമേതനായ) ഇന്ദ്രങ്കൽ.

4 മെത്തി = തടിച്ചു തഴച്ചു: പെറാപ്പൈക്കൾ (മച്ചിപ്പൈക്കൾ) തടിയ്ക്കുമല്ലോ. കിട്ടീ——ത്വൽപ്രസാദത്താൽ. അശ്വവാൻ വായു——നിയുത്തുക്കളോടുകൂടിയ വായു.

സോമനീരിന്ദ്ര, ഭവാനു മത്തേകട്ടെ;
ധീമാനു (നല്ല,) ധനാഢ്യനാം കെല്പനെ.
നീയൊരാളല്ലോ, ദയാലു സുരരിൽവെ;—
ച്ചീയധ്വരത്തിൽ മദം കൊൾക, ശൂര, നീ! 5

ഏവമർച്ചിപ്പൂ, വസിഷ്ഠർ നുതികളാ—
ലാ വജ്രഭൃത്താം വൃഷാവിനെ,യിന്ദ്രനെ;
പുത്രഗോവിത്തം തരട്ടേ, സ്തുതനവൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 24.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഇന്ദ്ര, തീർത്തിട്ടുണ്ടിരിപ്പിടം തേ: മരു—
ദ്വൃന്ദത്തൊടും പുരുഹൂത; പൂകുക,തിൽ.
വർദ്ധനവുണ്ടാക്കി രക്ഷിയ്ക്കുകെ;—ങ്ങൾക്ക
വിത്തവും നല്ല; മദിയ്ക്കു, സോമങ്ങളാൽ! 1

ധാമദ്വയപ്രഭോ, കയ്യിലായ്, നിന്മനം:
സോമം പിഴിഞ്ഞു; മഘവൻ, പകർന്നു, തേൻ.
മധ്യസ്വരോച്ചാര്യമാണം, ശുഭാന്ത,മി—
സ്സിദ്ധമാം സ്തോത്രം വിളിപ്പതുണ്ടി,ന്ദ്രനെ. 2

---

5. ധീമാനു—സ്തോതാവിന്നു. കെല്പനെ—ബലവാനായ പുത്രനെ. നല്ല എന്ന പദം അധ്യാഹരിച്ചതാണ്. മദം കൊൾക—സോമപാനത്താൽ.

6. പുത്രഗോവിത്തം=പുത്രന്മാരെയും ഗോക്കളെയും ധനവും.

സൂക്തം 24.

2. ധാമദ്വയം=രണ്ടു സ്ഥാനങ്ങൾ, സ്വർഗ്ഗവും ഭൂമിയും. കയ്യിലായ്—ഞങ്ങൾക്കു കിട്ടിപ്പോയി! പകർന്നു—പാത്രങ്ങളിൽ. മധ്യസ്വരോച്ചാര്യമാണം=മധ്യസ്വരംകൊണ്ട് ഉച്ചരിയ്ക്കപ്പെടുന്നത്. ശുഭാന്തം=നല്ല സമാപ്തിയോടുകൂടിയത്. സിദ്ധം—ഒരുക്കപ്പെട്ടത്. ഉത്തരാർദ്ധം പരോക്ഷം.

വിണ്ണിലോ മന്നിലോ നിന്നൃജീഷിൻ, മധു—
വുണ്ണാൻ വരൂ, ഭവാനീയസ്വദധ്വരേ:
മൽസ്തുതിയിങ്കലെഴ്ത്താനയിയ്ക്കട്ടെ, കെ—
ല്പൊത്ത ഭവാനെത്തുരംഗങ്ങൾ മത്തിനായ്! 3

വന്നാലു,മെങ്ങളിൽ സ്തോത്രം ശ്രവിച്ചുകൊ—
ണ്ടിന്ദ്ര, ഹര്യശ്വ, സമസ്തരക്ഷയൊടും,
വൃദ്ധരൊന്നിച്ചു ഹന്താവു നീയെങ്ങൾക്കു
ശക്തനാം വർഷിയെ നല്കാൻ ശുഭഹനോ! 4

തേർമുന്നിൽ വാജിയെപ്പോലെ,കെല്പേകുമി—
സ്തോമത്തെയുഗ്രനാം ധുര്യനിൽപ്പൂട്ടിനേൻ:
ഇന്ദ്ര, മഹാൻ നിങ്കൽ വിത്താർത്ഥി, വാഷ്ടൂവോ;—
നന്നം, ദിവി ഭാനുപോലാളുകെ,ങ്ങളിൽ; 5

ഇങ്ങനെ സ്വത്താൽ നിറയ്ക്കിന്ദ്ര, ഞങ്ങളെ:-
യങ്ങയ്ക്കു തോന്നാവൂ, വൻകനിവെങ്ങളിൽ;
സദ്വീരമന്നം ഹവിഷ്മാനു നല്കു, നീ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 25.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഓജസ്വിൻ, ഇന്ദ്ര, അരിശത്തോടേ പടകൾ അടുക്കുമ്പോൾ, മനുഷ്യഹിതനും മഹാനുമായ അങ്ങയുടെ തൃക്കയ്യിലെ ആയുധം രക്ഷ

---

3. ഋജീഷിൻ—ഋജീഷം (സോമച്ചണ്ടി) കയ്യിലുള്ളവനേ. മധു—സോമം. മൽസ്തുതി = എന്റെ സ്തുതി.

4. വൃദ്ധർ—മരുത്തുക്കൾ. ഹന്താവ്—വൈരിഘ്നൻ. വർഷിയെ—അഭീഷ്ടവർഷകനായ പുത്രനെ.

5. പൂർവാർദ്ധം പരോക്ഷം: സ്തോമം = സ്തോത്രം. ഉഗ്രൻ = ഓജസ്വി. ധുര്യനിൽ—ലോകത്തെ വഹിയ്ക്കുന്ന ഇന്ദ്രങ്കൽ. വാഷ്ടൂവോൻ (സ്തോതാവു) മഹാനായ നിങ്കൽ വിത്താർത്ഥിയാണ്, ധനം യാചിയ്ക്കുന്നു. ദിവി = ആകാശത്ത്. ഭാനു = സൂര്യൻ. ആളുക = വിളങ്ങുമാറാകട്ടെ.

6. സദ്വീരം = നല്ല വീരന്മാരോടു (പുത്രാദികളോടു) കൂടിയത്.

സ്സായി പറന്നെത്തട്ടെ; അങ്ങയുടെ എങ്ങും നടക്കുന്ന മനസ്സും പോയ്ക്കളയരുതു്! 1

ഇന്ദ്ര, യുദ്ധത്തിൽ ഞങ്ങളെ എതിർത്തു കീഴമർത്തുന്ന ശത്രുക്കളെ അങ്ങു് ചിതറിയ്ക്കണം; പഴിയ്ക്കാൻതുടങ്ങുന്നവന്റെ ആ പുലമ്പൽ അകററിക്കളയണം; ഞങ്ങൾക്കു ധാരാളം ധനവും കൊണ്ടു വരണം! 2

തൊപ്പി വെച്ചവനേ, അങ്ങയുടെ ഒരുനൂറു രക്ഷകളും, ഒരായിരം അഭിലാഷങ്ങളും, ധനവും ശോഭനദാനനായ എനിയ്ക്കു കൈവരട്ടെ! അങ്ങു് ഹിംസകന്റെ ആയുധം തെറിപ്പിച്ചാലും; ഞങ്ങൾക്കു് അന്നവും രത്നവും തന്നാലും! 3

ഇന്ദ്ര, അങ്ങയെപ്പോലുള്ളവന്റെ കർമ്മത്തിലും, ശൂര, അങ്ങയെപ്പോലുള്ള രക്ഷിതാവിന്റെ ദാനത്തിലും നില്ക്കുന്നവനാണല്ലോ, ഞാൻ: ബലവാനേ, തേജസ്വിൻ, ഭവാൻ എന്നെന്നും പാർപ്പിടം തരിക; ഹരിയുക്ത, ബുദ്ധിമുട്ടിയ്ക്കരുതേ! 4

ഈ ഞങ്ങൾ ഹര്യശ്വന്നു സുഖമുളവാക്കി, ഇന്ദ്രങ്കൽ ദേവന്മാർ വെച്ചിട്ടുള്ള ബലം യാചിച്ചു, മറുകരയണഞ്ഞു, കരുത്തു നേടുമാറാകണം: ശൂര, ഭവാൻ ശത്രുക്കളെ സദാ എളുപ്പത്തിൽക്കൊല്ലാവുന്നവരാക്കിയാലും! 5

'ഇങ്ങനെ സ്വത്താൽ നിറയ്ക്കി,ന്ദ്ര, ഞങ്ങളെ:—
യങ്ങയ്ക്കു തോന്നാവു, വൻകനിവെങ്ങളിൽ;
സവീരമന്നം ഹവിഷ്മാന്നു നൽക, നീ;
സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 26.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഘവാവായ ഇന്ദ്രനെ പിഴിയാത്ത സോമം തൃപ്തിപ്പെടുത്തില്ല; പിഴിഞ്ഞതും സ്തോത്രയുക്തമല്ലെങ്കിൽ തൃപ്തിപ്പെടുത്തില്ല. നമ്മു

സൂക്തം. 25

1. പടകൾ—വൈരിസൈന്യങ്ങൾ. പോയ്ക്കളയരുത്—ഞങ്ങളിൽ ത്തന്നേ നിൽക്കണം.

5. പ്രഥമവാക്യം പരോക്ഷം: സുഖമുളവാക്കി—സ്തുതിയാൽ. മറുകര—അപായങ്ങളുടെ.

ടേത് എങ്ങനെയായാൽ തന്തിരുവടി കൈക്കൊള്ളുമോ, എങ്ങനെയായാൽ ഒരു രാജാവുപോലെ കേട്ടരുളുമോ, അങ്ങനെയുള്ള ഒരു
നവീനതരമായ ഉക്ഥം ഞാൻ ചൊല്ലാം. 1

ഉക്ഥം ഉക്ഥം ഉച്ചരിച്ചാലേ സോമം മഘവാവായ ഇന്ദ്രനെ തൃപ്തിപ്പെടുത്തൂ; സ്തോത്രം സ്തോത്രം ഉച്ചരിച്ചാലേ പിഴിഞ്ഞതു തൃപ്തിപ്പെടുത്തൂ. അതിനാൽ തന്തിരുവടിയെ ആളുകൾ ഒരേ ഉത്സാഹത്തോടേ തിക്കിനിന്ന്, അച്ഛനെ പുത്രന്മാരെന്നപോലെ തർപ്പ
ണത്തിന്നായി സ്തുതിച്ചുപോരുന്നു. 2

സോമം പിഴിഞ്ഞു സ്തോത്രകാരന്മാർ ചൊല്ലുന്നവ എവയോ, അവ ഇന്ദ്രൻ ചെയ്തിരിയ്ക്കുന്നു; ഇനിയും വേറെ ചെയ്യും. അദ്ദേഹം ഒററയ്ക്ക് ഒരേ പെരുമാററത്തോടേ, ഭർത്താവു പത്നിമാരെയെന്നപോ
ലെ, എല്ലാപ്പുരികളെയും ചുഴിഞ്ഞു നോക്കും! 3

തമ്മിലുരുമ്മുന്ന വളരെ രക്ഷകൾ ആർക്കുണ്ടോ, ആ ഇന്ദ്രൻ ഇങ്ങനെയുള്ളവനാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു: അദ്ദേഹം തനിയേ ധനങ്ങൾ കൊടുക്കുമെന്നും, മറുകരയണയ്ക്കുമെന്നും കേൾക്കുന്നുണ്ട്;
അരിയ നന്മകൾ നമ്മളിൽ വന്നെത്തട്ടെ! 4

ഇങ്ങനെ വസിഷ്ഠൻ മനുഷ്യരക്ഷയ്ക്കായി, പ്രജകൾക്കു വൃഷാവായ ഇന്ദ്രനെ സവനത്തിൽ പാടി സ്തുതിയ്ക്കുന്നു. നിന്തിരുവടി ഞങ്ങൾക്ക് ഒരായിരം അന്നം അളന്നാലും; നിങ്ങൾ, 'സ്വസ്തിയാൽ
പ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 26.

1. നമ്മുടേതു്—നമ്മുടെ ഉക്ഥം.

2. ഉക്ഥം ഉക്ഥം—ഓരോ ഉക്ഥവും. ആളുകൾ—ഋത്വിക്കുകൾ. തർപ്പണം = തൃപ്തിപ്പെടുത്തൽ.

3. അവ—വൃത്രവധാദികൾ. പുരികൾ—ശത്രുനഗരികൾ. ചുഴിഞ്ഞുനോക്കും—ധനങ്ങളെടുക്കാൻ.

4. തമ്മിലുരുമ്മുന്ന—തിക്കുന്ന. മറുകര—ആപത്തുകളുടെ. അരിയ = പ്രിയപ്പെട്ട.

5. രണ്ടാംവാക്യംമുതൽ പ്രത്യക്ഷം.

സൂക്തം 27.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യുദ്ധനടത്തിപ്പിന്നു വേണ്ടുന്നതനുഷ്ഠിയ്ക്കുമ്പോൾ, നേതാക്കൾ പോരിലെയ്ക്കു് ഇന്ദ്രനെ വിളിയ്ക്കുകയായി; ആ ശൂരനായ നിന്തിരുവടി മനുഷ്യരിൽ സംബന്ധിച്ചും ബലമിച്ഛിച്ചും ഞങ്ങൾക്കു ഗോവൃന്ദത്തെ കിട്ടിച്ചാലും! 1

ഇന്ദ്ര, മഘവാവേ, പുരുഹൂത, ഭവാന്റെ പക്കലുള്ള ബലം സഖാക്കളായ മനുഷ്യർക്കു തന്നാലും; മഘവാവേ, ഉറപ്പുററവയും (പിളർത്തിയ) വിവിക്തപ്രജ്ഞനായ ഭവാൻ ഇപ്പോൾ മറവിലിരിയ്ക്കുന്ന ധനം തുറന്നാലും! 2

ജംഗമങ്ങൾക്കും, മനുഷ്യർക്കും, ഭൂമിയിലെ നാനാദ്രവ്യങ്ങൾക്കും അരചനാണു്, ഇന്ദ്രൻ; അതിനാൽ, ഹവിർദ്ദാതാവിന്നു സമ്പത്തു നല്കിപ്പോരുന്നു. സ്തുതിയ്ക്കപ്പെട്ട തന്തിരുവടി ധനം ഇങ്ങോട്ടു കല്പിച്ചയയ്ക്കട്ടെ! 3

ആരുടെ തികഞ്ഞ വദാന്യത വന്നെത്തി, സഖാക്കളായ മനുഷ്യക്കു വേണ്ടതു ചുരത്തുന്നുവോ; ആ ദാതാവും മഘവാവുമായ ഇന്ദ്രൻ കൂട്ടിവിളിച്ചു നമുക്കു രക്ഷയ്ക്കായി അന്നം ഇപ്പോൾ ഉടനടി ഏർപ്പെടുത്തട്ടെ! 4

ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു നേട്ടത്തിന്നു ധനം ഉടനടി തന്നാലും: അങ്ങയുടെ മനസ്സിനെ ഞങ്ങൾ സ്തുതികൊണ്ടു് ഇങ്ങോട്ടു തിരിയ്ക്കാം. ഗോക്കൾ, അശ്വങ്ങൾ, തേരുകൾ എന്നിവയെ നല്കി, നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 27.

1. രണ്ടാംവാക്യം പ്രത്യക്ഷം.

2. ഉറപ്പുററവയും—അസുരപുരികളുടെ സുദൃഢങ്ങളായ കതകുകൾപോലും. തുറന്നാലും— ഞങ്ങൾക്കു കാട്ടിത്തന്നാലും.

3. പരോക്ഷം:

4. വദാന്യത=ദാനശീലത. സഖാക്കൾ—സ്തോതാക്കൾ. ചുരത്തുന്നുവോ—പയ്യ് പാൽപോലെ. കൂട്ടി—മരുത്തുക്കളെയും ഉൾപ്പെടുത്തി.

സൂക്തം 28.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ഇന്ദ്ര, വിദ്വാനായ ഭവാൻ ഞങ്ങളുടെ സ്തോത്രത്തിൽ വന്നെത്തുക: അങ്ങയുടെ കുതിരകളെ ഇങ്ങോട്ടു പൂട്ടുക. വിശ്വത്തെ പ്രീതിപ്പെടുത്തുന്നവനേ, മനുഷ്യരെല്ലാം അങ്ങയെ വിളിയ്ക്കുന്നുണ്ടാവും; എന്നാലും, ഞങ്ങളുടെ വിളിതന്നേ അങ്ങ് കേരംക്കുക! 1

ഇന്ദ്ര, ബലവാനേ, ഋഷികളുടെ സ്തോത്രത്തെ അങ്ങ് സംരക്ഷിയ്ക്കുമല്ലോ; അങ്ങയുടെ ആ മഹിമാവു സ്തോതാവിങ്കലെത്തട്ടെ. ഓജസ്വിൻ, വജ്രം തൃക്കയ്യിലെടുത്താൽക്കഴിഞ്ഞു, അവിടുന്നു കർമ്മംകൊണ്ടു ഘോരനായി, അനഭിഭൃതനുമായി! 2

ഇന്ദ്ര, ഭവാനെ തുലോം സ്തുതിയ്ക്കുന്ന മനുഷ്യരെ ഭവാൻ കൊണ്ടു നടന്നു, വാന്ദഴികളിൽ വസിപ്പിയ്ക്കും. വലിയ ധനവും ബലവും നല്ലാനാണല്ലോ, ഭവാൻ അവതരിച്ചത്; അതിനാൽ അയഷ്ടാവിനെ യഷ്ടാവ് തുലച്ചുകളയും! 3

ഇന്ദ്ര, ദുർജ്ജനങ്ങരം എതിർത്താൽ, അങ്ങ് ഈ ദിവസങ്ങളിൽ ഞങ്ങരംക്കു തരിക. പാപം പോക്കുന്ന പ്രജ്ഞാവാനായ വരുണൻ ഞങ്ങളിൽ യാതൊരസത്യം കണ്ടെത്തുമോ, അതു രണ്ടായി പ്പൊളിഞ്ഞുപോകട്ടെ! 4

ആർ ഞങ്ങരംക്കു സാധകമായ വലിയ ധനം തന്നരുളിയോ, ആർ സ്തോതാവിൻെറ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെത്തന്നേ ഞങ്ങരം പുകഴ്ത്തുന്നു. നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 5

സൂക്തം 28.

1. ഇങ്ങോട്ടു—ഇവിടെയ്ക്കു പോരാൻ.
2. കർമ്മം—ശത്രുവധാദി. അനഭിഭൃതൻ = അനാക്രാന്തൻ.
3. നല്ലാൻ—യജമാനന്മാക്ക്.
4. തരിക—അവരുടെ ധനം. പൊളിഞ്ഞുപോകട്ടെ—വിട്ടുപോകട്ടെ.
5. സാധകം—കാര്യസിദ്ധികരം.

സൂക്തം 29.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ഇന്ദ്ര, ഇതാ, അങ്ങയ്ക്കായി സോമം പിഴിഞ്ഞിരിയ്ക്കുന്നു: ഹരിയുക്ത, അതിങ്കൽ നിവസിയ്ക്കുന്നവനായ ഭവാൻ വെക്കം വരിക; ഈ നല്ല നീർ വെക്കം നുകരുക. മഘവാവേ, യാചിയ്ക്കപ്പെടുന്ന ഭവാൻ ധനം തന്നരുളുക! 1

പ്രഭോ, വീര, സ്തോത്രകൃതിയെ സ്വീകരിയ്ക്കുന്ന ഭവാൻ അശ്വങ്ങളിലൂടേ ഇങ്ങോട്ടു ശീഘ്രം എഴുന്നള്ളുക: ഈ സവനത്തിൽത്തന്നേ വഴിപോലെ ഇമ്പംകൊള്ളുക; ഞങ്ങളുടെ ഈ സ്തവങ്ങരം അടുത്തു കേരംക്കക! 2

മഘവാവേ, എങ്ങനെ വേണം, അങ്ങയെ സൂക്തം ചാർത്തിയ്ക്കുക? എപ്പോളായിരിയ്ക്കും, ഞങ്ങരം അങ്ങയെ പ്രസാദിപ്പിയ്ക്കുക? അങ്ങയെക്കുറിച്ചുതന്നേയാണ്, ഞാൻ എല്ലാ സ്തോത്രങ്ങളും ഉണ്ടാക്കുന്നത്; ഇന്ദ്ര, അതിനാൽ എന്റെ ഈ സ്തുതികരം അങ്ങ് കേട്ടാലും! 3

മുമ്പു യാവചില ഋഷികളുടെ (സൂക്തം) അവിടുന്നു കേട്ടുവോ, അവർ മനുഷ്യഹിതരായിത്തന്നേ തീൎന്നുവല്ലോ; മഘവാവേ, അതിനാൽ ഞാൻ അങ്ങയെ അത്യന്തം സ്തുതിയ്ക്കുന്നു. ഇന്ദ്ര, അങ്ങ് ഞങ്ങരംക്ക് അച്ഛനെന്നപോലെ ബന്ധുവാണ്! 4

ആർ ഞങ്ങരംക്കു സാധകമായ വലിയ ധനം തന്നരുളിയോ, ആർ സ്തോതാവിന്റെ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെത്തന്നേ ഞങ്ങരം പുകഴ്ത്തുന്നു. നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 30.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ദേവ, ബലവാനേ, ഇന്ദ്ര, അവിടുന്നു ഞങ്ങളിൽ ബലത്തോടേ എഴുന്നള്ളുക: ഈ ധനം വൎദ്ധിപ്പിയ്ക്കുക; നല്ല വജ്രം കൈക്കൊണ്ടു

സൂക്തം 29.

1. അതിങ്കൽ—സവനത്തിൽ.

തമ്പുരാനേ, ശൂര, കനത്ത കരുത്തും, ഹിംസകമായ വീര്യവും കല്പിച്ചു തരിക! 1

ശൂരന്മാർ യുദ്ധത്തിൽ ദേഹരക്ഷയ്ക്കും ആയുർല്ലബ്ധിയ്ക്കും വേണ്ടി, ആഹ്വാതവ്യനായ ഭവാനെ വിളിയ്ക്കുന്നു. അങ്ങാണ്, എല്ലാരിലുംവെച്ചു പടയ്ക്കു തക്കവൻ. അവിടുന്നു വജ്രംകൊണ്ടു വൈരികളെ വഴങ്ങിച്ചാലും! 2

ഇന്ദ്ര, എന്നാണോ, ദിവസം സുദിനമായി പുലരുക; എന്നാണോ, ഭവാൻ യുദ്ധങ്ങളിൽ കൊടി അരികേ പിടിയ്ക്കുക; അന്നു, ബലവാനും ഹോതാവുമായ അഗ്നി സൌഭാഗ്യത്തിന്നായി, ദേവന്മാരെ വിളിച്ചു് ഇവിടെ ഇരിയ്ക്കും. 3

ഇന്ദ്ര, ദേവ, ശൂര, ഭവാന്റെയാണ്, ഞങ്ങളും, ഹവിസ്സു നൽകി സ്തുതിയ്ക്കുന്നവരും. അങ്ങ് സ്തോതാക്കൾക്കു മികച്ച ഗൃഹം നൽകിയാലും: അവർ സുഖമനുഭവിച്ചുകൊണ്ടു കിഴവരാകട്ടെ! 4

ആർ ഞങ്ങൾക്കു സാധകമായ വലിയ ധനം തന്നരുളിയോ, ആർ സ്തോതാവിന്റെ സ്തോത്രകൃതി സംരക്ഷിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെത്തന്നേ ഞങ്ങൾ പുകഴ്ത്തുന്നു. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 31.

വസിഷ്ഠൻ ഋഷി; ഗായത്രിയും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

സോമമുണ്ണും ഹര്യശ്വനാ—
മീ മഘവാവിന്നു തുലോം

സൂക്തം 30.

1. ഈ—ഞങ്ങൾക്കു തരാനുള്ള. ഹിംസകം—വൈരിഘ്നം.

3. കൊടി പിടിയ്ക്കുക—ജയം വെളിപ്പെടുത്തുക എന്നർത്ഥം. സൌഭാഗ്യത്തിന്നായി—ഞങ്ങൾക്കു നല്ല ധനം കിട്ടാൻവേണ്ടി. ഇവിടെ—യജ്ഞത്തിൽ.

മത്തുളവാംവിധം നിങ്ങരം
മിത്രങ്ങളേ, പാടീടുവിൻ. 1

സത്യാത്ഥനാം സുദാനന്നാ—
യുദ്ദീപ്തം മററുള്ളോർപോലേ
ഉക്ഥം ചൊല്ലീടുക, ഭവാ;—
നൊത്തുണ്ടാക്കാം ഞങ്ങളുമേ. 2

ഇന്ദ്ര, കനിഞ്ഞെങ്ങരംക്കന്നം
തന്നാലും, നീ; ശതക്രതോ,
തന്നാലും, നീ ഗോവൃന്ദത്തെ;—
ത്തന്നാലും, നീ സ്വർണ്ണം വസോ! 3

ത്വൽക്കാമരാമെങ്ങളിന്ദ്ര,
തക്കമെട്ടിൽപ്പുകഴ്ത്തുന്നു:
ഉരംക്കൊരംക,ങ്ങിയസ്മൽസ്തുതി
വെക്കം വസോ, വർഷിതാവേ! 4

നിന്ദിയ്ക്കുന്ന വായാടിയാ—
കന്ന ലുബ്ധന്നീ,ശൻ ഭവാൻ,
ഞങ്ങളെക്കീഴ്പ്പെടുത്തരു—
ത;—ങ്ങയിലെത്തുകെ,ൻസ്തോത്രം! 5

ഞങ്ങരംക്കൊരു ചട്ട, ഭവാ—
നെങ്ങും വായ്ചോൻ, മുൻപോരാളി:
വൃത്രഘ്നാതിൻ, നിൻതുണയാ—
ലുത്തരമുരയ്ക്കുവൻ ഞാൻ! 6

സൂക്തം 31.

1. സ്തോതാക്കളോട്:

2. ഒരു സ്തോതാവിനോട്: സത്യാത്ഥൻ=യഥാത്ഥധനൻ. സുദാനന്നായ്—ശോഭനദാനനായ ഇന്ദ്രനെക്കുറിച്ച്. ഉദ്ദീപ്തം=ഉജ്ജ്വലം; ഉക്ഥത്തിന്റെ വിശേഷണം. ഒത്തുണ്ടാക്കാം—ഒപ്പം സ്തോത്രം നിർമ്മിയ്ക്കാം.

6. ചട്ട—കവചംപോലെ ദേഹരക്ഷകൻ. മുൻപോരാളി=മുന്നണിയോദ്ധാവ്. ഉത്തരമുരയ്ക്കുവൻ—ശത്രുക്കളോടു മറുപടി പറയും; പ്രതികാരം ചെയ്യും.

ഉന്നതനുമാണവിടു-
ന്നി:-ന്ദ്ര, ഭവദോജസ്സിനെ
കൊണ്ടാടിപ്പോരുന്നുണ്ടല്ലോ,
കൊററുടയ വാനൂഴികൾ! 7

താദൃശനാകിയ നിന്നെ
സ്തോതാവിൻെറ സരസ്വതി
ഏതിടത്തും കൂടെപ്പോന്നു-
ദ്യോതിനിയായ്ക്കൈക്കൊള്ളട്ടെ! 8

കണ്ണിനിമ്പം കൊടുപ്പോനാം
വിണ്ണിൽ മേവും നിന്നെ നണ്ണി
ഉന്നമിച്ചീടുന്നു, സോമം;
സന്നമിച്ചീടുന്നു, ലോകർ! 9

വെപ്പിൻ, മുതൽ കൂട്ടും മഹാ-
ന്നി;-പ്രാജ്ഞനായ് സ്തവം തീപ്പിൻ:
പൂരകരാം ജനങ്ങളിൽ-
ച്ചേരുകി,ഷ്ടപൂരകൻ നീ! 10

സുവ്യാപ്തനാം മഹാനിന്ദ്ര-
ന്നവ്യവും സ്തോത്രവും പ്രാജ്ഞർ
നിർമ്മിയ്ക്കുന്നു: തള്ളില്ലേതൽ-
ക്കർമ്മങ്ങളെദ്ധീരന്മാരും! 11

---

7. ഉന്നതൻ—മഹാൻ. കൊററുടയ=അന്നവതികളായ.

8. താദൃശൻ—അങ്ങനെയുള്ളവൻ. സരസ്വതി—സ്തുതി. ഉദ്യോതിനി=തേജസ്വിനി.

9. ഉന്നമിച്ചീടുന്നു—പതഞ്ഞുപൊങ്ങുന്നു. സന്നമിച്ചീടുന്നു—പ്രണമിയ്ക്കുന്നു.

10. പൂർവാർദ്ധം കൂട്ടുകാരോട്: മുതൽ കൂട്ടും—ധനം വദ്ധിപ്പിക്കുന്ന. മഹാന്ന്—ഇന്ദ്രന്ന്. വെപ്പിൻ—സോമം പിഴിഞ്ഞുവെയ്ക്കുവിൻ. ഉത്തരാർദ്ധം പ്രത്യക്ഷസ്തുതി: പൂരകർ—ഹവിസ്സു നിറയ്ക്കുന്നവർ.

11. അവ്യം=ഹവ്യം. ഏതൽക്കർമ്മങ്ങൾ=ഇവൻെറ, ഇന്ദ്രൻെറ, കർമ്മങ്ങൾ. ധീരന്മാരും—ധീര(പ്രാജ്ഞ)രായ ദേവന്മാർപോലും.

ദുന്നിവാരക്രോധനാകു-
മിന്ദ്രനാം പുരാങ്കലല്ലോ
ചെന്നെത്തീ, സ്തോത്രങ്ങരം കെല്പി-
ന്നെ;-ന്നതിനാൽക്കുററുകാരെ
ഉത്സാഹിപ്പിച്ചീടുകി, ഹ-
ര്യശ്വനെപ്പുകഴ്ത്താൻ നീയും! 12

സൂക്തം 32.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ദ്വിപദാവിരാട്ടും ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.

(പാന)

ഞങ്ങളിൽനിന്നകലെയാം ദിക്കിൽവെ-
ച്ചങ്ങയെ രസിപ്പിയ്ക്കായ്ക, യഷ്ടാവും,
ദൂരവത്തിയായാലുമസ്മന്മഖേ
ചേരുകി;-ങ്ങുതാനാകിലും കേരംക്ക, നീ! 1

തേനിലീച്ചകരംപോലിതാ, വാഴ്ത്തികരം
ചേന്നിരിപ്പൂ, ഭവാന്നായ്പ്പിഴിഞ്ഞതിൽ:
ഇസ്തുതികാരരിന്ദ്രങ്കൽ വെയ്ക്കുന്നു
വിത്തകാമം, രഥത്തിൽക്കഴൽപോലേ! 2

അച്ഛദാനനാം വജ്രിയെ വാഴ്ത്തുന്നേ-
ന,ച്ഛനെ മകൻപോലേ, ധനേച്ഛു ഞാൻ. 3

---

12. സ്തോതാവിനോട്:

സൂക്തം 32.

1. പ്രത്യക്ഷസ്തുതി: ഭവാൻ മറെറാരു യഷ്ടാവിങ്കൽ പ്രീതനായി അകലത്തെങ്ങാനും വസിയ്ക്കരുതു്. കേരംക്ക—ഞങ്ങളുടെ സ്തുതി.

2. പിഴിഞ്ഞതിൽ—സോമനീരിൽ. വിത്തകാമം = ധനേച്ഛ. കഴൽ = കാൽ. ഉത്തരാർദ്ധം പരോക്ഷസ്തുതിയാണു്.

3. അച്ഛദാനൻ = ശോഭനദാനൻ.

ഇന്ദുനീരിതാ, തൈരും കലർത്തിയ—
തിന്ദ്രന്ന: വജ്രപാണേ, നികേതത്തിൽ
വന്നണകി;ത്തു സേവിച്ചു മത്തടി—
യ്ക്കുന്നതിന്നു ഹരികളിലൂടെ നീ! 4

കേശംക്ക, സമ്പത്തിരക്കുന്ന നമ്മുടെ
വാക്കു തട്ടായ്ക, കേശംവിച്ചെവിയുള്ളോൻ:
നൂറുനൂറുടൻതന്നേ കൊടുക്കാറു—
ണ്ടോ;—രുമേ വിലക്കില്ല തദ്ദാനത്തെ! 5

ആരവിടെയ്ക്കു വൃത്രഘ്ന, ക്ഷേമമായ്
നീരുകശം പിഴിഞ്ഞോടിയണയുമോ;
ഇന്ദ്രനാലെതിരററവനും, നര—
സന്നിഷേവ്യനുമായ്വരു,മാ വീരൻ! 6

സാധ്വരക്കൊരു ചട്ടയാകി,ന്ദ്ര, നീ:
നേർത്തടുത്തോരെയാട്ടുവോനല്ലോ, നീ:
ത്വന്നിഹതൻെറ കോപ്പെങ്ങരം നേടാവൂ;
തന്നരുംക, ഗൃഹവുമഭംഗൻ നീ! 7

സോമപായിയാം വജ്രഭൃത്തിന്ദ്രനു
സോമനീർ സംഭരിപ്പിൻ; പ്രിയം ചെയ്വിൻ;

---

4. ഇന്ദുനീർ—സോമരസം. വജ്രപാണേ എന്നതുമുതൽ പ്രത്യക്ഷോക്തി: നികേതം——യജ്ഞഗൃഹം.

5. പരോക്ഷസ്തുതി: കേശംവിച്ചെവിയുള്ളോൻ——യാചനകേശംക്കലാകുന്ന ചെവിയുള്ള ഇന്ദ്രൻ. ഉടൻതന്നേ——യാചിയ്ക്കപ്പെട്ടാലപ്പോശം. നൂറുനൂറ്——വളരെ വളരെധനം. തദ്ദാനം=അവൻെറ, ഇന്ദ്രൻെറ, ദാനം.

6. ഉത്തരാർദ്ധം പരോക്ഷം. ഇന്ദ്രനാൽ——ഇന്ദ്രൻെറ തുണയാൽ. നരസന്നിഷേവ്യൻ=ആശംക്കാരാൽസ്സേവിയ്ക്കപ്പെടേണ്ടവൻ, പ്രഭു.

7. സാധ്വരർ=യജ്ഞവാന്മാർ. നേർത്തടുത്തോരെ——ചെറുത്തുവന്ന ശത്രുക്കളെ. ആട്ടുവോൻ——പായിയ്ക്കുന്നവൻ. ത്വന്നിഹതൻെറ=അങ്ങയാൽ കൊല്ലപ്പെട്ട ശത്രുവിൻെറ. കോപ്പ്——സ്വത്തു്; ശത്രുവിനെ കൊന്നു്, അവൻെറ മുതൽ ഞങ്ങരംക്കു തരിക. അഭംഗൻ=നാശമേശാത്തവൻ.

തർപ്പണാർത്ഥം പചിയ്ക്കുവിൻ, വേണ്ടതു;
തൽപരിഗ്രഹം സൌഖ്യദാനത്തിനാം! 8

നിർത്തൊലാ മഖം; യത്നിപ്പിൻ; സ്വത്തിനു
ശക്തനാം മഹാന്നിഷ്ടമനുഷ്ഠിപ്പിൻ:
വെല്ലുമഞ്ജസാ, വാഴും, തഴച്ചിടു;—
മില്ല, ചീത്തപ്രവൃത്തിയ്ക്കു ദേവകൾ! 9

ആരുമേ മാററിനിർത്താ, സുദാനൻെറ
തേരൊ,രുത്തൻ പിടിയ്ക്കുയുംചെയ്തിടാ:
ഇന്ദ്രനോ മരുത്തുക്കളോ രക്ഷിയ്ക്കി—
ല,ന്നരൻ പൈത്തൊഴുത്തിന്നധീശനാം! 10

ഇന്ദ്ര, നീയാരെ രക്ഷിയ്ക്കു,മപ്പുമാ—
നുന്നതിയണച്ചന്നങ്ങൾ നേടുമേ:
ശൂര, രക്ഷിയ്ക്കുകെങ്ങൾതൻ തേർകളെ,
സൈ്വരമെങ്ങൾതൻ കൂട്ടരെയും ഭവാൻ! 11

ഇന്ദ്രനു വീതമേറുമല്ലോ, തുലോം
വെന്നവന്നു വിഭൂതികണക്കിനേ.
ആരിൽ വെയ്ക്കുമോ കെല്പിനെ ഹര്യശ്വ—
നാ, മഖവാന്നു വൈരിപീഡ വരാ! 12

---

8. കൂട്ടുകാരോട്: വേണ്ടതു——പുരോഡാശവും മററും. തൽപരിഗ്രഹം—— ഇന്ദ്രൻ ഇവയെ സ്വീകരിക്കുന്നതു, നമുക്കു സുഖം തരാനാകുന്നു.

9. സ്വത്തിനു——ധനലബ്ധിയ്ക്കു്. ശക്തൻ——ധനദാനസമർത്ഥൻ. മഹാന്ന്——ഇന്ദ്രന്ന്. ഇഷ്ടമനുഷ്ഠിച്ച മനുഷ്യൻ അഞ്ജസാ വെല്ലും——ശത്രുക്കളെ. വാഴും——ഗൃഹത്തിൽ സുഖമായി വസിയ്ക്കും. തഴച്ചിടും——സന്താനാദികളാൽ പുഷ്ടിപ്പെടും. ദേവകൾ ചീത്തപ്രവൃത്തിയ്ക്കു വഴങ്ങില്ല; നേരേമറിച്ച്, സൽക്കർമ്മം അവരെ വശീകരിയ്ക്കും.

10. സുദാനൻ——യജമാനൻ.

11. ഉന്നതിയണച്ച്——അങ്ങയെ സ്തോത്രംകൊണ്ടുയർത്തി, ബലവാനാക്കി. കൂട്ടർ——പുത്രാദികൾ.

12. വെന്നവന്നു, പോരിൽ ജയിച്ച ഭടന്നു, വിഭൂതി (ധനം) ഏററെ കൊടുക്കപ്പെടുമല്ലോ; അതുപോലെ, ഇന്ദ്രന്നു യാഗത്തിൽ വീതം (ഹവിർഭാഗം) കൂടുതലുണ്ടു്: എല്ലാസ്സവനങ്ങളിലുമുണ്ടു്, ഇന്ദ്രന്നു സോമപാനം; മധ്യാഹ്നസവനമാകട്ടെ, മുഴുവനും ഇന്ദ്രന്നുള്ളതാണ്. മഖവാൻ——യജമാനൻ.

അധ്വരാർഹരിൽവെച്ച, സുരൂപമാ–
മുത്തമസ്തവം നന്നായ്ച്ചമയ്ക്കുവിൻ:
ഇന്ദ്രന്ന ഹിതനായ്ത്തീർന്ന കർമ്മിയ്ക്കു
വന്നുചേരില്ല, ബന്ധനമൊന്നുമേ! 13

ഇന്ദ്ര, നിന്നെയെമ്പാടും ഭജിപ്പോനെ
വന്നെതിർക്കുവാനേവൻ മഘവാവേ?
ആരഭീഷവനാളിൽത്തവ ഹവി–
സ്സാദരിച്ചേക,മന്നവാനാ,മവൻ! 14

ആർ മഘവാവിനേകും, പ്രിയദ്രവ്യ;–
മാഹവച്ചുണക്കൂട്ടക,വർക്ക നീ.
നിന്നനുഗ്രഹാൽ, സൂരികളൊത്തെങ്ങൾ
പിന്നിടുകേ,ത്തുപാപവും ഹര്യശ്വ! 15

നിൻേറതാ,നിന്ദ്ര, താന്നതരംധനം;
നീയിടത്തരത്തേയും പുലർത്തുന്നു;
മേത്തരത്തിനുമൊട്ടുക്കരചൻ, നീ;
ഗോത്രകൾക്കായ്ത്തടയില്ലൊരാൾ നിന്നെ! 16

നീ വസു നല്കു,മേവർക്കുമെന്നല്ലോ,
കേൾവി: യുദ്ധങ്ങളുണ്ടായ്വരുമ്പൊഴും:
അന്നമങ്ങയോടർത്ഥിപ്പു, രക്ഷയ്ക്കായ്
മന്നിലുള്ളവരെല്ലാം പുരുഹൂത! 17

ദാനശീലനാമിന്ദ്ര, നീയെത്രയ്ക്കോ,
ഞാനുമത്രയ്ക്കധീശനാകേണമേ:

---

13. കൂട്ടുകാരോട്: അധ്വരാർഹരിൽവെച്ച—ദേവകളിൽവെച്ച് ഇന്ദ്രന്ന കൂടുതലായി.

14. വന്നെതിർക്കുവാനേവൻ—ഒരാളും വന്നെതിർക്കില്ല.

15. മഘവാവിന്—മഘവാവായ ഭവാന്ന്. പ്രിയദ്രവ്യം—ഹവിസ്സ്. ആഹവച്ചുണ = യുദ്ധത്തിൽ ഉശിര്. സൂരികൾ—സ്തോതാക്കൾ.

16. ഇടത്തരത്തേയും—ഇടത്തരം ധനത്തെയും. മേത്തരത്തിനും—മേത്തരം ധനത്തിനും. ഗോത്രകൾക്കായ്—പൈക്കളെ അപഹരിപ്പാൻ.

17. വസു=ധനം. ഏവർക്കും—സ്തോതാക്കൾക്കെല്ലാം. യുദ്ധങ്ങളുണ്ടായ് വരുമ്പൊഴും വസു നല്കും.

വാഴ്ത്തുവോനെയേ പോററുകയുള്ള ഞാൻ;
ചീത്തവേലയ്ക്കു ചെററും കൊടുത്തിടാ! 18

'നിച്ചലും നല്ല,മെങ്ങോ കിടക്കന്നൊ—
രർച്ചകജനത്തിന്നും ധനങ്ങറം ഞാൻ.'
ഇല്ല, നീയൊഴിഞ്ഞെങ്ങറംക്ക ദായമൊ;—
ന്നില്ലൊ,രു നൽപ്പിതാവും മഘവാവേ! 19

സത്വരൻ നരനന്നങ്ങറം നേടുമേ,
ബുദ്ധിതൻ മഹത്ത്വത്താൽപ്പുരുഹൂത:
ഗീരിനാലിന്ദ്ര, നിന്നെ വളയ്ക്കുന്നേൻ,
ദാരുനേമിയെത്തച്ചൻകണക്കെ ഞാൻ! 20

ദുസ്തവന്നു കിട്ടില്ലാ, മഘവാവേ;
വിത്തമെത്താ, വിലക്കും നരങ്കലും;
മദ്വിധന്നു നീ സൌത്യനാളിൽത്തരു—
മദ്ധനം സുകർമ്മാവിനേ കൈവരൂ! 21

സർവദർശിയായിജ്ജംഗമേശനായ്
സ്ഥാവരേശനാമങ്ങയെ നിർഭരം
ഇന്ദ്ര, ശൂര, കറക്കാത്ത ധേനുക്ക-
ളെന്നപോലുള്ള ഞങ്ങറം പുകഴ്ത്തുന്നു. 22

---

18. എത്രയ്ക്കോ—എത്ര സമ്പത്തിന്നോ. വാഴ്ത്തുവോനെയേ—അങ്ങയെ സ്തുതിയ്ക്കുന്നവനെമാത്രമേ. ചെററും കൊടുത്തിടാ—ധനം.

19. പൂർവാർദ്ധം ഇന്ദ്രവചനമാണ്; അതു കേട്ടു സന്തോഷിച്ച് ഋഷി പറയുന്നതാണ്, ഉത്തരാർദ്ധം: ദായം—തറവാട്ടുമുതൽ.

20. സത്വരൻ—കർമ്മങ്ങളിൽ വെമ്പൽക്കൊള്ളുന്നവൻ. ഗീരിനാൽ—സ്തുതികൊണ്ട്—വളയ്ക്കുന്നേൻ—വശപ്പെടുത്തുന്നു എന്നു സാരം. തച്ചൻ ദാരുനേമിയെ (മരംകൊണ്ടുണ്ടാക്കുന്ന തേരുരുറംച്ചുററിനെ) വളയ്ക്കുന്നതുപോലെ.

21. ദുസ്തവന്ന്=ചീത്തയായി സ്തുതിയ്ക്കുന്നവന്ന്. കിട്ടില്ലാ—വിത്തം. വിലക്കും—ഇന്ദ്രന്നുള്ള കർമ്മങ്ങളെ തടയുന്ന നരങ്കലും വിത്തം എത്താ; അവന്നും വിത്തം കിട്ടില്ല. മദ്വിധൻ=എന്നെപ്പോലുള്ളവൻ. സൌത്യനാളിൽ=അഭിഷവദിനത്തിൽ.

22. ഈ ജംഗമങ്ങളുടെയും സ്ഥാവരങ്ങളുടെയും ഈശനായ അങ്ങയെ, കറക്കാത്ത ധേനുക്ക (പൈക്കു)ളുടെ അകിടുകറം പാൽകൊണ്ടു നിറഞ്ഞിരിയ്ക്കുമല്ലോ; അതുപോലെ സോമപൂർണ്ണചമസരായ ഞങ്ങറം നിർഭരം (ഏററവും) പുകഴ്ത്തുന്നു.

ത്വദ്വിധൻ പിറന്നിട്ടില്ല, വിണ്ണിൽത്താൻ,
പൃഥിവിയിൽത്താൻ; പിറക്കയുമില്ലിന്ദ്ര;
ഞങ്ങൾ കെല്പിന്നു, ധേനുവിന്നു,ശ്വത്തി—
ന്നങ്ങയെ വിളിക്കുന്നു, മഘവാവേ! 23

ഇന്ദ്ര,കൊണ്ടുവന്നാലു,മതേട്ടനാ-
കുന്ന നീയനുജന്നു മഘവാവേ:
അർത്ഥവാനല്ലി, പണ്ടുതൊട്ടേ ഭവാ?—
നർച്ച്യനുമാണു, യജ്ഞത്തിൽ യജ്ഞത്തിൽ! 24

പോക്കുക, നീയമിത്രരെ;—സ്സുപ്രാപ—
മാക്കുകെങ്ങൾക്കു വിത്തം മഘവാവേ;
പോർക്കളത്തിൽ, സ്സഖാക്കളാമെങ്ങളെ—
ക്കാക്കുകേ, കൈവളക്കയുംചെയ്ക, നീ! 25

ബോധമെങ്ങളിൽച്ചേർക്ക, പുരുഹൂത;
താതനാത്മജർക്കെന്നപോലിന്ദ്ര, നീ
ഏകുകെ,ങ്ങൾക്കു; ഞങ്ങളുയിർക്കൊണ്ടീ
യാഗകർമ്മത്തിലർക്കനെക്കാണാവൂ! 26

വന്നെതിർക്കൊലാ, ഞങ്ങളെ ക്രൂരരാം
ദുർന്നിനവുറ്റ ഗൂഢവിദ്രോഹികൾ;
അങ്ങയെക്കൊണ്ടു ശൂര, വണക്കമൊ—
ന്നെങ്ങൾ വെള്ളക്കയറ്റം കടക്കാവൂ! 27

---

23. ത്വദ്വിധൻ = അങ്ങയെപ്പോലുള്ളവൻ. കെല്പ്, ധേനു, അശ്വം എന്നിവ കിട്ടാൻ.

24. അങ്ങ് ഏട്ടൻ, ഞാൻ അനുജൻ: അതിനാൽ, അതു (ധനം) കൊണ്ടുവന്നാലും. അർത്ഥവാൻ = ധനവാൻ. അർച്ച്യൻ——ഹവിസ്സുകൊണ്ടു പൂജിക്കപ്പെടേണ്ടവൻ.

25. കൈവളക്ക—വിജയിപ്പിക്കുക എന്നു സാരം.

26. ബോധം = അറിവ്. ഏകുക—ധനം തരിക. ഉയിർക്കൊണ്ട്—ദീർഘകാലം ജീവിച്ച്.

27. ദുർന്നിനവ് = ദുരുദ്ദേശം. അങ്ങയെക്കൊണ്ടു—അങ്ങയുടെ തുണയാൽ.

സൂക്തം 33.

വസിഷ്ഠനും വസിഷ്ഠപുത്രന്മാരും ഋഷികം; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
അവർതന്നെ ദേവത.

വെളുത്ത നിറവും വലത്തു കുടുമ്മയുമുള്ള കർമ്മപൂരകന്മാർ എന്നെ സന്തോഷിപ്പിച്ചുവല്ലോ; അതിനാൽ, യജ്ഞത്തിൽനിന്നെഴുന്നേററു ഞാൻ നേതാക്കളോടു പറയുന്നു—വസിഷ്ഠന്മാർ എങ്കൽ നിന്നു് അകലെപ്പോകരുത്. 1

ചമസത്തിലെ സോമനീർ കുടിച്ചിരുന്ന മഹാബലനായ ഇന്ദ്രനെ ദൂരത്തുനിന്നു, പാശദ്യുമ്നങ്കൽനിന്നു കൊണ്ടുപോന്നുവല്ലോ; ഇന്ദ്രനും വായതനെത്തള്ളി, പിഴിഞ്ഞ സോമത്തിന്നു വസിഷ്ഠരെ വരിച്ചു! 2

ഇപ്രകാരംതന്നേ സുദാസ്സ് ഇവരെക്കൊണ്ടു സിന്ധു സുഖേന കടന്നു; ഇപ്രകാരംതന്നേ, ഇവരെക്കൊണ്ടു ഭേദനെ സുഖേന വധിച്ചു. ഇപ്രകാരംതന്നേ, വസിഷ്ഠരേ, നിങ്ങളുടെ സ്തുതിയാൽ ഇന്ദ്രൻ സുദാസ്സിനെ പത്തരചപ്പടയിൽ സുഖേന രക്ഷിച്ചു! 3

നേതാക്കളേ, നിങ്ങളുടെ സ്തുതി പിതാക്കളെ പ്രീതിപ്പെടുത്തിയിരിയ്ക്കുന്നു. ഞാൻ അച്ചുതണ്ടു് ഇളക്കുകയായി; നിങ്ങൾ ക്ഷീണി

സൂക്തം 33.

1. വലത്തു—ശിരസ്സിന്റെ വലത്തുവശത്തത്രേ, വസിഷ്ഠഗോത്രക്കാർ കുടുമ്മ വെയ്ക്കുക. വസിഷ്ഠന്മാർ—വസിഷ്ഠപുത്രന്മാർ.

2. പാശദ്യുമ്നൻ—ഒരു രാജാവു്. വായതൻ=വയതന്റെ പുത്രൻ, പാശദ്യുമ്നൻ. വസിഷ്ഠപുത്രന്മാർ സുദാസ്സെന്ന രാജാവിനെ യജിപ്പിയ്ക്കാൻ തുടങ്ങി; പാശദ്യുമ്നനും അന്നുതന്നേയാണു്, സോമയാഗത്തിലേർപ്പെട്ടതു്. ഇന്ദ്രൻ പാശദ്യുമ്നന്റെ യാഗത്തിൽ സോമം കുടിയ്ക്കുകയായിരുന്നു. അപ്പോൾ വാസിഷ്ഠന്മാർ ഇന്ദ്രനെ മന്ത്രബലംകൊണ്ടു, തട്ടിക്കൊണ്ടുപോന്നു. സുദാസ്സിന്റെ യാഗത്തിലിരുത്തി. പിഴിഞ്ഞ—സുദാസ്സിന്റെ യജ്ഞത്തിൽ പിഴിഞ്ഞ.

3. ഇപ്രകാരംതന്നേ—ഇന്ദ്രനെ പാശദ്യുമ്നങ്കൽനിന്നു വരുത്തിച്ചതുപോലെ. ഇവർ—വസിഷ്ഠപുത്രന്മാർ. ഭേദൻ—സുദാസ്സിന്റെ ഒരു ശത്രു. പത്തരചപ്പട—പത്തു രാജാക്കന്മാരോടുള്ള യുദ്ധം.

ട്ടില്ലല്ലോ? വസിഷ്ഠരേ, നിങ്ങൾ ഋക്കുകളിൽവെച്ച മികച്ച ഒരു ഗാനംകൊണ്ടു് ഇന്ദ്രങ്കൽ ബലമിയററുവിൻ! 4

ദാഹംമൂലം യാചിച്ചു, വൃതരായ വസിഷ്ഠർ പത്തരചപ്പട യിൽ ഇന്ദ്രനെ, സൂര്യനെയെന്നപോലെ പ്രാദുർഭവിപ്പിച്ചു: ഇന്ദ്രൻ വസിഷ്ഠൻെറ സ്തോത്രം കേട്ടരുളി; ഒരു വലിയ രാജ്യം തൃത്സുക്കൾക്കു കൊടുക്കുകയും ചെയ്തു! 5

ഭരതന്മാർ, മുടിക്കോലുകൾപോലെ ചെത്തപ്പെട്ടു ചടച്ചുപോയിരുന്നു. അപ്പോഴെയ്ക്കും വസിഷ്ഠൻ പുരോഹിതനായി. അതോടേ തൃത്സുക്കളുടെ പ്രജകൾ തഴച്ചുതുടങ്ങി. 6

മൂന്നുപേർ ഉലകങ്ങളിൽ ഉദകമുളവാക്കുന്നു: അവർക്കു് ആദിത്യപ്രഭൃതികളായി മൂന്നു ശ്രേഷ്ഠപ്രജകളുണ്ടു്; ആ ഉജ്ജ്വലരായ മൂവ്വർ ഉഷസ്സിനോടു ചേരുന്നു. ഇതൊക്കെ ശരിയ്ക്കറിഞ്ഞവരാണു്, വസിഷ്ഠർ! 7

വസിഷ്ഠരേ, ഈ നിങ്ങളുടെ തേജസ്സു്, സൂര്യൻേറതുപോലെ ഭാസ്വരമാകുന്നു; മഹിമാവു, സമുദ്രത്തിൻേറതുപോലെ അഗാധമാകുന്നു; മന്ത്രഗണം, കാററിൻെറ വേഗമെന്നപോലെ അന്യനു് അനുഗമിക്കാവതല്ലാത്തതാകുന്നു! 8

ഈ വസിഷ്ഠർ അജ്ഞേയമായ സംസാരത്തിൽ, അറിഞ്ഞുകൊണ്ടുതന്നേ പെരുമാറുന്നു: അവർ സർവനിയന്താവിനാൽ നിവൃർത്തപ്പെട്ട വസ്ത്രം നെയ്യുകൊണ്ടു്, അപ്സരസ്സുകളിലണഞ്ഞു! 9

---

4 പിതാക്കൾ——വസിഷ്ഠൻ. അച്ചുതണ്ടിളക്കുകയായി——തൻെറ ആശ്രമത്തിലെയ്ക്കു തേർ നടത്തുകയായി. ഗാനം——സാമം.

5. യാചിച്ചു——മഴയിരന്നു്. വൃതർ——തൃത്സുക്കളെന്ന രാജാക്കന്മാരാൽ വരിയ്ക്കപ്പെട്ടവർ.

6. ഭരതന്മാർ = തൃത്സുക്കൾ. ചെത്തപ്പെട്ടു——ശത്രുക്കളാൽ പീഡിപ്പിയ്ക്കപ്പെട്ടു് എന്നർത്ഥം. മരച്ചില്ല മുറിച്ചു് ഇലകൾ കളഞ്ഞു ചെത്തിയുണ്ടാക്കുന്നതാണല്ലോ, മാടുകളെ തെളിയ്ക്കുന്ന വടിയായ മുടിക്കോൽ.

7. മൂന്നുപേർ——അഗ്നിയും വായുവും സൂര്യനും. ആദിത്യപ്രഭൃതികൾ——ആദിത്യർ, വസുക്കൾ, രുദ്രന്മാർ

9. വസിഷ്ഠർ——വസിഷ്ഠൻ. വസ്ത്രം——ജനനമരണാദി. അപ്സരസ്സുകളിൽ——വസിഷ്ഠൻ പൂർവദേഹം വെടിഞ്ഞു്, ഒരപ്സരസ്ത്രീയുടെ പുത്രനായി എന്നൊരിതിഹാസമുണ്ടു്.

വസിഷ്ഠ, മിന്നലിന്നൊത്ത തേജസ്സിനെ ഭവാൻ ത്യജിച്ചതു മിത്രാവരുണന്മാർ കണ്ടു. ഉടനേ അഗസ്ത്യൻ അങ്ങയെ പൂർവ്വസ്ഥാനത്തുനിന്നു കൊണ്ടുപോന്നു; അതത്രേ, അങ്ങയുടെ ഒരു ജന്മം! 10

വസിഷ്ഠ, മിത്രാവരുണന്മാരുടെ പുത്രനാണു്, ഭവാൻ—ബ്രഹ്മൻ, അവർക്കു ശുക്ലം സ്രവിച്ചപ്പോൾ, ഉർവ്വശിയുടെ മനസ്സിൽനിന്നു ജനിച്ചവനാണു്, ഭവാൻ. ദേവന്മാരുടെ വേദരാശിയോടു ചേർന്ന ഭവാനെ വിശ്വേദേവകൾ താമരയിലെടുത്തു. 11

ആ ഉൽക്കൃഷ്ടജ്ഞാനനായ, രണ്ടിനെയും അറിഞ്ഞ വസിഷ്ഠൻ സഹസ്രദാനനായിത്തീന്നു—പോരാ, സർവ്വദാനനായിത്തീന്നു. അദ്ദേഹം സർവനിയന്താവിനാൽ നിവൃത്തപ്പെട്ട വസ്ത്രം നെയ്യുകൊണ്ടു്, അപ്സരസ്സിൽനിന്നു ജനിച്ചു. 12

സത്രത്തിലിരുന്ന മിത്രാവരുണന്മാർ സ്തുതിക്കപ്പെട്ടുകൊണ്ടു ശുക്ലം ഒരു കടത്തിൽ ഒപ്പം തുളിച്ചു; അതിന്റെ ഉള്ളിൽനിന്നു മാനൻ ഉത്ഥാനംചെയ്തു. വസിഷ്ഠർഷിയും അതിൽനിന്നു ജനിച്ചു എന്നു പറയുന്നു. 13

''തൃത്സുക്കളേ, നിങ്ങളുടെ അടുക്കലെയ്ക്കു വസിഷ്ഠൻ വരുന്നുണ്ടു്: ഇദ്ദേഹത്തെ നിങ്ങൾ മനംതെളിഞ്ഞുപചരിയ്ക്കുവിൻ. അദ്ദേഹം ശസ്ത്രം ചൊല്ലുന്നവനെയും സാമം പാടുന്നവനെയും അമ്മിക്കുഴയെടുത്തവനെയും മുൻനിന്നു ഭരിയ്ക്കും, ഉപദേശിയ്ക്കും!'' 14

സൂക്തം 34.

വസിഷ്ഠൻ ഋഷി; ദ്വിപദാവിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

നമ്മുടെ ഉജ്ജ്വലവും ഉദാരവുമായ സ്തോത്രം, ഒരു വെട്ടപ്പു വരുത്തപ്പെട്ട തേരുപോലെ വേഗത്തിൽ ചെന്നെത്തട്ടെ!

---

10. തേജസ്സിനെ—പൂർവദേഹത്തെ. മിത്രാവരുണന്മാർ കണ്ടു—'വസിഷ്ഠൻ നാമിരുവരിൽനിന്നു ജനിയ്ക്കണ'മെന്നു സങ്കല്പിച്ചു. പുരാണപ്രസിദ്ധം.

12. രണ്ടിനെയും—ദ്യാവാപൃഥിവികളെ.

13. മാനൻ—കൃശഗാത്രൻ, അഗസ്ത്യൻ.

14. തൃത്സുക്കളോടു് ഇന്ദ്രൻ പറയുന്നതു്: അമ്മിക്കുഴ—സോമലത ചതയ്ക്കുവാൻ.

സൂക്തം 34.

1. ചെന്നെത്തട്ടെ—വിശ്വേദേവകളിൽ.

ഒഴുകുന്ന തണ്ണീരുകൾ ഭൂവിന്റെയും ദ്യോവിന്റെയും ഉല്പത്തി യറിയുന്നു; കേൾക്കുകയുംചെയ്യുന്നു. 2

തഴച്ച തണ്ണീരുകളും തന്തിരുവടിയെ സംതൃപ്തനാക്കുന്നു; ഉപദ്ര വങ്ങൾ വന്നാൽ, ഉഗ്രരായ ശൂരന്മാരും സ്തുതിയ്ക്കും! 3

ഈ ഇന്ദ്രന്റെ തേരിന്മുമ്പിൽ കുതിരകളെ കെട്ടുവിൻ: വജ്രി യും കനകഹസ്തനുമാണല്ലോ, അവിടുന്ന്! 4

നിങ്ങൾ യജ്ഞത്തിന്റെ അടുക്കലെയ്ക്കു ചെല്ലുവിൻ: ഒരു യാ ത്രക്കാരൻപോലെ, സ്വയം ആ വഴിയ്ക്കു നടക്കുവിൻ. 5

സ്വയം യുദ്ധങ്ങളിലിറങ്ങുവിൻ; ലോകത്തിന്നുവേണ്ടി, വീ റുററ യജ്ഞത്തെ കൊടിയാക്കുവിൻ! 6

ഇതിന്റെ ബലത്താലാണ്, സൂര്യൻ ഉദിയ്ക്കുന്നതു്; ഇതു, ഭൂമിയെന്നപോലെ ഭൂതങ്ങളുടെ ഭാരം ചുമക്കുന്നു. 7

അഗ്നേ, നിയമയുക്തമായ യജ്ഞംകൊണ്ടു് അഭീഷ്ടം സാധി പ്പാനായി ഞാൻ ദേവന്മാരെ വിളിയ്ക്കുന്നു; കർമ്മവും അനുഷ്ഠിയ്ക്കുന്നു. 8

നിങ്ങൾ ഉജ്ജ്വലമായ കർമ്മം അനുഷ്ഠിപ്പിൻ; ദേവന്മാരെ കേ മമായി സ്തുതിയ്ക്കുവിൻ. 9

ഒരായിരം കണ്ണുള്ള ഓജസ്വിയായ വരുണൻ ഈ നദികളിലെ ജലം നോക്കിക്കൊണ്ടിരിയ്ക്കുന്നു! 10

രാജാക്കന്മാർക്കും രാജാവും, നദികളെ രൂപപ്പെടുത്തുന്നവനുമാ ണ്, തന്തിരുവടി; അധൃഷ്ടിതവും അഖിലവ്യാപിയുമാകുന്നു, തന്റെ ബലം! 11

---

2. ജലത്തെ സ്തുതിയ്ക്കുന്നു: കേൾക്കുക——സ്തോത്രങ്ങളെ.

3. ഇന്ദ്രനെ സ്തുതിയ്ക്കുന്നു: ഉഗ്രർ=ബലിഷ്ഠർ. സ്തുതിയ്ക്കും——ഇന്ദ്രനെ.

4. സ്തോതാക്കളോടു്: കെട്ടുവിൻ——മന്ത്രബലംകൊണ്ടു്. കനകഹസ്തൻ= പൊന്നണിഞ്ഞ കൈകളോടുകൂടിയവൻ.

5. യജ്ഞസ്തുതി: നിങ്ങൾ——ആളുകൾ.

6. വീറുററ——വീര്യവത്തായ. യജ്ഞം ലോകത്തെ രക്ഷിച്ചുകൊള്ളും.

7. ഇതു്——യജ്ഞം. ഭൂതങ്ങൾ=ദേഹികൾ.

8. ദേവസ്തുതി: കർമ്മം——ദേവപരിചരണം.

9. ആളുകളോടു്:

10. വരുണസ്തുതി:

നിങ്ങഠം എല്ലാ പ്രജകളിലുംവെച്ച് ഞങ്ങളെ രക്ഷിയ്ക്കുവിൻ; സ്തവത്തെ നിന്ദിയ്ക്കുന്നവനെ കെടുത്തുവിൻ! 12

ദ്രോഹികളുടെ ദുഃഖകരമായ ആയുധം നീളെ ചിതറിപ്പോക ട്ടെ; ശരീരങ്ങളിലെ പാപം നിങ്ങഠം വേർപെടുത്തുവിൻ! 13

ഹവിസ്സുണ്ണുന്ന അഗ്നി നമസ്കാരങ്ങളാൽ തുലോം പ്രസാദിച്ച് നമ്മെ രക്ഷിയ്ക്കട്ടെ: അദ്ദേഹത്തെക്കുറിച്ച് സ്തോത്രം രചിയ്ക്കപ്പെട്ടി രിയ്ക്കുന്നു. 14

ദേവസമേതനായ ജലപുത്രനെ നിങ്ങഠം സഖാവാക്കുവിൻ: അദ്ദേഹം നമുക്കു സുഖം നല്കട്ടെ! 15

അന്തരിക്ഷത്തിൽ അംഭസ്സുകളിൽ മേവുന്ന പ്രഹർത്താവായ ജലസൂനുവിനെ ഞാൻ ഉക്ഥങ്ങഠംകൊണ്ടു സ്തുതിയ്ക്കുന്നു. 16

അഹിർബുധ്ന്യൻ നമ്മെ ഹിംസകന്നു വിട്ടുകൊടുക്കരുത്; യജ്ഞകാമന്റെ അധ്വരത്തിന്ന് ഇടിവു പററരുത്; 17

നമ്മുടെ ഈ ആളുകഠംക്ക് അവർ അന്നം കിട്ടിയ്ക്കട്ടെ; ധന ത്തിന്നുഴറുന്ന വൈരികഠം തെക്കോട്ടു പായട്ടെ! 18

വമ്പിച്ച സൈന്യമുള്ളവരും ശത്രുവിനെ, സൂര്യൻ ഭുവനത്തെ യെന്നപോലെ ചുടുവിയ്ക്കുന്നത്, ഇവരുടെ ബലത്താലത്രേ! 19

പത്നിമാർ നമ്മളിൽ വന്നെത്തുമ്പോഠം, കൈപ്പുണ്യമുള്ള ത്വ ഷ്ടാവു വീരന്മാരെ തന്നരുളട്ടെ! 20

ത്വഷ്ടാവു നമ്മുടെ സ്തോത്രം സ്വീകരിയ്ക്കട്ടെ; തികഞ്ഞ ബുദ്ധി യുള്ള അദ്ദേഹം നമുക്കു ധനം തരാൻ കനിയട്ടെ! 21

---

12. ദേവന്മാരോട്: കെടുത്തുവിൻ——നശിപ്പിയ്ക്കുവിൻ.

14. അഗ്നിസ്തുതി: രചിയ്ക്കപ്പെട്ടിരിയ്ക്കുന്നു——നാം ഉണ്ടാക്കിയിട്ടുണ്ട്.

15. സ്തോതാക്കളോട്: ജലപുത്രൻ——അഗ്നി. സഖാവാക്കുവിൻ——സ്തുതിച്ച്, വശത്താക്കുവിൻ.

16. പ്രഹർത്താവ്——മേഘങ്ങളെ തല്ലുന്നവൻ; വൈദ്യുതാഗ്നി.

17. അഹിർബുധ്ന്യൻ——അന്തരിക്ഷത്തിലെ ഒരഗ്നി.

18. ദേവസ്തുതി: അവർ——ദേവകഠം. തെക്കോട്ടു പായുക——ചാവുക.

19. പെരിയ പടയുള്ളവർക്കും ഇവരുടെ ——ദേവന്മാരുടെ——തുണ വേണം, ശത്രുക്കളെ പീഡിപ്പിയ്ക്കാൻ.

20. ദേവപത്നികളെയും ത്വഷ്ടാവിനെയും സ്തുതിക്കുന്നു: വീരന്മാർ——പുത്രാദികഠം.

ദാനവതികൾ ആ ധനങ്ങൾ നമുക്കു നല്കട്ടെ; ദ്യാവാപൃഥിവികളും വരുണപത്നിയും ശ്രവിയ്ക്കട്ടെ; നിവാരണികളോടൊപ്പം ശോഭനദാനനായ ത്വഷ്ടാവു നമുക്കു നല്ല പാർപ്പിടം തരട്ടെ: സമ്പത്തും കിട്ടിയ്ക്കട്ടെ! 22

ആ ധനം നമുക്കു പർവതങ്ങളും, അതു നമുക്കു ജലങ്ങളും, അതു നമുക്കു ദാനവതികളും, ഓഷധികളും, ദ്യോവും വനസ്പതികളും, അന്തരിക്ഷവും, ഇരുവാന്നൂഴികളും കല്പിച്ചരുളട്ടെ! 23

ഞങ്ങൾക്കു കുടുംബം പുലർത്താൻ ധനം കൈവരണം; അതിന്നു വിശാലകളായ ദ്യാവാപൃഥിവികളും, തേജസ്സിന്റെ ഇരിപ്പിടമായ ഇന്ദ്രസഖൻ വരുണനും, കീഴമർത്തുന്ന എല്ലാ മരുത്തുക്കളും അനുമതിയരുളട്ടെ! 24

നമ്മുടെ ഈ സ്തോത്രം ഇന്ദ്രനും വരുണനും മിത്രനും അഗ്നിയും അംഭസ്സും ഓഷധികളും വൃക്ഷങ്ങളും ശ്രവിയ്ക്കട്ടെ; നമ്മൾ മരുത്തുക്കളുടെ അടുക്കൽ സുഖിച്ചു പാർക്കുമാറാകണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പോഴുമെങ്ങളെ!' 25

സൂക്തം 35.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

ഇന്ദ്രാഗ്നികൾ രക്ഷകൊണ്ടു നമുക്കു ശാന്തി നല്കട്ടെ; ഹവിസ്സർപ്പിയ്ക്കപ്പെട്ട ഇന്ദ്രാവരുണന്മാർ നമുക്കു ശാന്തി നൽകട്ടെ; ഇന്ദ്രാസോമന്മാർ നമുക്കു നന്മയ്ക്കായി ശാന്തിയും സുഖവും നല്കട്ടെ; ഇന്ദ്രാപൂഷാക്കൾ അന്നലബ്ധിയ്ക്കായി നമുക്കു ശാന്തി നൽകട്ടെ! 1

ഭഗൻ നമുക്കു ശാന്തി നല്കട്ടെ; നരാശംസൻ നമുക്കു ശാന്തി നൽകട്ടെ; ബുദ്ധിപ്പരപ്പു നമുക്കു ശാന്തി നൽകട്ടെ; സമ്പത്തുകൾ ശാന്തി

---

22. ദാനവതികൾ——ഉദാരമാരായ ദേവപത്നിമാർ. ആ——നാമിച്ഛിച്ച. ശ്രവിയ്ക്കട്ടെ——നമ്മുടെ സ്തോത്രം. നിവാരിണികൾ——ഉപദ്രവങ്ങളെ തടുക്കുന്ന ദേവപത്നിമാർ.

23. ദാനവതികൾ——ദേവപത്നിമാർ.

24. കീഴമർത്തുന്ന——ശത്രുക്കളെ.

നല്കട്ടെ: നല്ല യമം ചേൎന്ന സത്യത്തിന്റെ വചനം നമുക്കു ശാന്തി നല്കട്ടെ; ബഹുജന്മാവായ അൎയ്യമാവു നമുക്കു ശാന്തി നല്കട്ടെ! 2

ധാതാവു നമുക്കു ശാന്തി നല്കട്ടെ; വരുണൻ നമുക്കു ശാന്തി നല്കട്ടെ; ഭൂമിയും അന്നങ്ങളും നമുക്കു ശാന്തി നൽകട്ടെ: പെരിയ ദ്യാവാപൃഥിവികൾ നമുക്കു ശാന്തി നൽകട്ടെ; പർവതം നമുക്കു ശാന്തി നൽകട്ടെ; നല്ല ദേവസ്തുതികൾ നമുക്കു ശാന്തി നൽകട്ടെ! 3

ജ്യോതിർമ്മുഖനായ അഗ്നി നമുക്കു ശാന്തി നൽകട്ടെ; മിത്രാവരുണന്മാർ നമുക്കു ശാന്തി നൽകട്ടെ; അശ്വികൾ ശാന്തി നൽകട്ടെ; പുണ്യകൎമ്മാക്കളുടെ പുണ്യകൎമ്മങ്ങൾ നമുക്കു ശാന്തി നൽകട്ടെ; സദാഗതിയായ വായു നമുക്കു ശാന്തി നൽകാൻ വീശട്ടെ! 4

മുമ്പേ വിളിയ്ക്കപ്പെടുന്ന ദ്യാവാപൃഥികൾ നമുക്കു ശാന്തി നൽകട്ടെ; അന്തരിക്ഷം ദർശനത്തിന്നായി നമുക്കു ശാന്തി നൽകട്ടെ: ഓഷധികളും വൃക്ഷങ്ങളും നമുക്കു ശാന്തി നൽകട്ടെ; ജഗൽപതിയായ ജിഷ്ണു നമുക്കു ശാന്തി നൻകട്ടെ! 5

ഇന്ദ്രദേവൻ വസുക്കളോടുകൂടി നമുക്കു ശാന്തി നൽകട്ടെ; ശോഭനസ്തവനായ വരുണൻ ആദിത്യരോടുകൂടി ശാന്തി നൽകട്ടെ: സുഖസ്വരൂപനായ രുദ്രൻ രുദ്രരോടുകൂടി നമുക്കു ശാന്തി നൽകട്ടെ: ത്വഷ്ടാവു ദേവപത്നിമാരോടുകൂടി നമുക്കു ശാന്തി നൽകട്ടെ, ഇവിടെ കേൾക്കുകയും, ചെയ്യട്ടെ! 6

സോമം നമുക്കു ശാന്തി നൽകട്ടെ; സ്തോത്രം നമുക്കു ശാന്തി നൽകട്ടെ; അമ്മികൾ നമുക്കു ശാന്തി നല്കട്ടെ; യജ്ഞങ്ങൾ ശാന്തി നൽകട്ടെ; യൂപങ്ങളുടെ അളവുകൾ നമുക്കു ശാന്തി നൽകട്ടെ; ഓഷധികൾ നമുക്കു ശാന്തി നൽകട്ടെ: വേദി ശാന്തി നൽകട്ടെ! 7

തേജസ്സു പരന്ന സൂര്യൻ നമുക്കു ശാന്തി നൽകാൻ ഉദിയ്ക്കട്ടെ; നാലു പ്രദിക്കുകൾ നമുക്കു ശാന്തി നൽകട്ടെ; സുസ്ഥിരങ്ങളായ പർ

സൂക്തം 35.

2. നരാശംസന്—ഒരഗ്നി. യമം—മനസ്സംയമം. ബഹുജന്മാവ്=പലവുരു ആവിർഭവിയ്ക്കുന്നവൻ.

5. ജിഷ്ണു=ഇന്ദ്രൻ.

6. ഇവിടെ—യജ്ഞത്തിൽ, കേൾക്കുക—നമ്മുടെ സ്തോത്രം.

വതങ്ങളം നമുക്കു ശാന്തി നൽകട്ടെ; നദികളം നമുക്കു ശാന്തി നൽകട്ടെ; ജലങ്ങളും ശാന്തി നൽകട്ടെ! 8

അദിതി കർമ്മങ്ങളോടുകൂടി നമുക്കു ശാന്തി നൽകട്ടെ; ശോഭനസ്തോത്രരായ മരുത്തുക്കളം നമുക്കു ശാന്തി നൽകട്ടെ; വിഷ്ണു നമുക്കു ശാന്തി നൽകട്ടെ; പൂഷാവു നമുക്കു ശാന്തി നൽകട്ടെ; അന്തരിക്ഷം നമുക്കു ശാന്തി നൽകട്ടെ: വായുവും ശാന്തി നൽകട്ടെ; 9

സവിതാവായ ദേവൻ സംരക്ഷിച്ചുകൊണ്ടു, നമുക്കു ശാന്തി നൽകട്ടെ; പുലരുന്ന ഉഷസ്സുകളം നമുക്കു ശാന്തി നൽകട്ടെ; പർജ്ജന്യൻ നമ്മുടെ പ്രജകൾക്കു ശാന്തി നൽകട്ടെ; ശംഭുവായ ക്ഷേത്രപതി നമുക്കു ശാന്തി നൽകട്ടെ! 10

ബഹുസ്തോത്രരായ ദേവന്മാർ നമുക്കു ശാന്തി നൽകട്ടെ; സരസ്വതി സ്തുതികളോടുകൂടി ശാന്തി നല്കട്ടെ; യഷ്ടാക്കളം ശാന്തി നല്കട്ടെ; ദാതാക്കളം ശാന്തി നൽകട്ടെ; ദിവ്യരും ഭൌമരും നമുക്കു ശാന്തി നൽകട്ടെ; അന്തരിക്ഷജരും നമുക്കു ശാന്തി നൽകട്ടെ; 11

സത്യപാലകന്മാർ നമുക്കു ശാന്തി നൽകട്ടെ; അശ്വങ്ങളം നമുക്കു ശാന്തി നൽകട്ടെ; ഗോക്കളും ശാന്തി നൽകട്ടെ! കൈവിരുതുള്ള സുകർമ്മാക്കളായ ഋഭുക്കളം നമുക്കു ശാന്തി നൽകട്ടെ! സ്തുതിക്കപ്പെട്ട പിതൃക്കളം നമുക്കു ശാന്തി നൽകട്ടെ! 12

അജനായ ഏകപാദ്ദേവൻ നമുക്കു ശാന്തി നൽകട്ടെ; അഹിർബുധ്ന്യൻ നമുക്കു ശാന്തി നൽകട്ടെ; സമുദ്രം ശാന്തി നൽകട്ടെ; മറുകരയണയ്ക്കുന്ന അപാംനപാത്ത് നമുക്കു ശാന്തി നൽകട്ടെ! ദേവരക്ഷിതയായ പൃശ്നി നമുക്കു ശാന്തി നൽകട്ടെ! 13

പുതുതായുണ്ടാക്കപ്പെടുന്ന ഈ സ്തോത്രം ആദിത്യരുദ്രവസുക്കൾ സ്വീകരിക്കട്ടെ; ദ്യോവിലും ഭൂവിലും ഗോവിലും ജനിച്ച യജനീയരും നമ്മുടെ (വിളി) കേൾക്കട്ടെ! 14

---

10. ശംഭു = സുഖകരൻ,

12. കൈവിരുത് — ശില്പകൌശലം

13. ഏകപാദ്ദേവൻ = ഏകപാത്ത് എന്ന ദേവൻ. മറുകര — ഉപദ്രവങ്ങളുടെ. അപാംനപാത്ത് — ഒരു ദേവൻ. പൃശ്നി — മരുന്മാതാവ്.

യജനീയരായ ദേവന്മാരിൽവെച്ച യജനീയരും, മനുവിനെ പോലും യഷ്ടവ്യരും, മരണരഹിതരും, സത്യജ്ഞരും എവരോ; അവർ ഇപ്പോഠം നമുക്ക യശസ്വിയെ തന്നരുളട്ടെ! നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 15

മൂന്നാമധ്യായം സമാപ്തം.

നാലാമധ്യായം

സൂക്തം 36.

വസിഷ്ഠൻ ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്: വിശേവദേവകഠം ദേവത.

യജ്ഞസദനത്തിൽനിന്നു സ്തോത്രം ചെന്നണയട്ടെ: സൂര്യൻ രശ്മികഠംകൊണ്ടു വെള്ളം പൊഴിയ്ക്കുന്നു; പൃഥിവി ഉയൎന്ന പ്രദേശങ്ങളോടേ പരന്നുകിടക്കുന്നു; അഗ്നി വിശാലമായ ഭൂഭാഗത്തിൽ ജ്വലിയ്ക്കുന്നു. 1

ബലവാന്മാരായ മിത്രാവരുണന്മാരേ, നിങ്ങഠംക്ക ഞാൻ ഹവിസ്സെന്നപോലെ ഈയൊരു പുതുസ്തോത്രവും വിരചിയ്ക്കാം: നിങ്ങളിലൊരുവൻ, അഹിംസിതനായ പ്രഭു, സ്ഥാനം കല്പിയ്ക്കുന്നു; സ്തുതിയ്ക്കപ്പെടുന്ന മിത്രൻ പ്രാണികളെ പ്രവൎത്തിപ്പിയ്ക്കുന്നു! 2

സഞ്ചരിഷ്ണുവായ വായുവിന്റെ ഗതികഠം എമ്പാടും വിളയാടുന്നു; ചുരത്തുന്ന പൈക്കഠം പുളയ്ക്കുന്നു. മഹാനായ സൂര്യന്റെ മാൎഗ്ഗത്തിൽ പിറക്കുന്ന വൃഷഭൻ അവിടെ മുക്രയിടുന്നു! 3

---

15. യശസ്വിയെ——പുകളേറിയ പുത്രനെ.

സൂക്തം 36.

1. സ്തോത്രം——'സൂര്യൻ' ഇത്യാദി. ചെന്നണയട്ടെ——ദേവകളിൽ. ഭൂഭാഗം——യജ്ഞസ്ഥലം.

2. ഒരുവൻ——വരുണൻ. സ്ഥാനം——ധൎമ്മാധൎമ്മങ്ങഠംക്ക്. പ്രവൎത്തിപ്പിയ്ക്കുന്നു——സ്വസ്വകൎമ്മങ്ങളിൽ.

3. വൃഷഭൻ മുക്രയിടുന്നു——പൎജ്ജന്യൻ ഇടിമുഴക്കുന്നു.

ശൂര, ഇന്ദ്ര, നല്ല നടയുള്ള ധുരീണരായ ഭവാന്റെ ഈ പ്രിയ ഹരികളെ ഇദ്ദേഹം സ്തുതിയാൽ പൂട്ടിയല്ലോ! വിദ്രോഹിയുടെ അരിശം ആർ കെടുത്തുമോ, ആ സുകർമ്മാവായ അര്യമാവിനെ ഞാൻ ഇങ്ങോട്ടു തിരിയിയ്ക്കാം! 4

ഹവിഷ്മാന്മാർ സ്വന്തം യജ്ഞസദനത്തിൽ പെരുമാറിക്കൊണ്ട് ആരുടെ സഖ്യത്തിന്നായി യജിയ്ക്കുന്നുവോ, നേതാക്കളാൽ സ്തൂയമാനനായ ആർ അന്നം കിട്ടിയ്ക്കുമോ; ആ രുദ്രന്ന് ഇതാ, പ്രിയതരമായ നമസ്സ്! 5

ഏഴാമത്തവളായ യാതൊരു സരസ്വതിയാണോ, നദികളുടെ അമ്മ; സ്വന്തം പയസ്സുകൊണ്ടു തടിച്ച യാവചില സുദുഘകൾ അഴകിൽ ഒഴുകുന്നുവോ; ആ തൽപരകളായ യശസ്വിനികൾ ഒപ്പം വന്നണയട്ടെ! 6

ആ വേഗികളായ മരുത്തുക്കൾ തുഷ്ടിപൂണ്ടു നമ്മുടെ കർമ്മത്തെയും മകനെയും രക്ഷിയ്ക്കട്ടെ; ചരിയ്ക്കുന്ന അക്ഷരയും നമ്മെ വിട്ട് (അന്യരെ) തൃക്കൺപാർക്കരുത്. അവർ തക്കതായ നമ്മുടെ ധനം പെരുപ്പിയ്ക്കട്ടെ! 7

നിങ്ങൾ അനന്തയായ ഭൂമിയെയും യജ്ഞാർഹനും വീരനുമായ പൂഷാവിനെയും, നമ്മുടെ ഈ കർമ്മം കാത്തുരക്ഷിയ്ക്കുന്ന ഭഗനെയും, യജ്ഞത്തിൽ ദാനനിരതനും പുരധാരകനുമായ വാജനെയും വിളിയ്ക്കുവിൻ. ८

---

4. ഇദ്ദേഹം——യജമാനൻ. ഇദ്ദേഹത്തിന്റെ യാഗത്തിൽ വരിക എന്നു ഹൃദയം. തിരിയിയ്ക്കാം——സ്തുതികൊണ്ടു വരുത്താം.

5. നമസ്സ് = നമസ്കാരമോ, ഹവിസ്സോ.

6. സുദുഘകൾ——സുഖേന കറക്കാവുന്ന പൈക്കൾപോലുള്ള നദികൾ. പയസ്സിന്നു പാലെന്നും ജലമെന്നും അർത്ഥമെടുക്കാം. തൽപരകൾ——യജ്ഞകാംക്ഷിണികൾ. യശസ്വിനികൾ——സരസ്വതിയും മററു നദികളും.

7. അക്ഷര——വാഗ്ദേവത. അവർ——മരുത്തുക്കളും വാഗ്ദേവതയും.

8. സ്തോതാക്കളോട്: പുരധാരകൻ——പുരികളെ നിലനിത്തുന്നവൻ. വാജൻ——ഋഭുക്കളിൽ മൂന്നാമൻ.

മരുത്തുക്കളേ, ഈ ശ്ലോകം നിങ്ങളിലും, പകർന്നതു കുടിയ്ക്കു ന്ന രക്ഷാസമേതനായ വിഷ്ണുവിങ്കലും ശരിയ്ക്കെത്തട്ടെ; അദ്ദേഹം സ്തോതാവിന്നു സന്താനത്തെയും അന്നവും നൽകട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 9

സൂക്തം 37.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഋഭുക്കളേ, ഋഭുക്ഷാക്കളേ, വഹനശക്തവും സ്തുത്യവും പീഡ യേല്ക്കാത്തതുമായ രഥം നിങ്ങളെ ഇങ്ങോട്ടു കൊണ്ടുവരട്ടെ: ശോഭ നഹനുക്കളേ, നിങ്ങൾ സവനങ്ങളിൽ മത്തിന്നായി, മൂന്നു കൂട്ടിയ മഹാസോമംകൊണ്ടു വയർ നിറയ്ക്കുവിൻ! 1

ഋഭുക്ഷാക്കളേ, സ്വർഗ്ഗം കണ്ട നിങ്ങൾ ഹവിഷ്മാന്മാർക്കായി, പീഡയേല്ക്കാത്ത രത്നം എടുക്കുവിൻ; ബലവാന്മാരായ നിങ്ങൾ യജ്ഞങ്ങളിൽ വഴിപോലെ കുടിയ്ക്കുവിൻ; സ്തുതിയ്ക്കുന്ന ഞങ്ങൾക്കു ധനവും തരുവിൻ! 2

മഘവാവേ, വലുതും ചെറുതുമായ ധനം വീതിച്ചു കൊടുപ്പാൻ വകയുണ്ടല്ലോ, അവിടെയ്ക്കു്: ധനംകൊണ്ടു നിറഞ്ഞതാണു്, തൃ ക്കൈരണ്ടും; അങ്ങയുടെ സൂനൃതോക്തി സമ്പത്തിനെ പിടിച്ചുനി ത്തില്ല! 3

ഇന്ദ്ര, അസാമാന്യയശസ്സുള്ള ഋഭുക്ഷാവായ ഭവാൻ, സാധക മായ അന്നമെന്നപോലെ, സ്തോതാവിന്റെ ഗൃഹത്തിൽ വന്നാലും:

---

9. ശ്ലോകം——സ്തോത്രം. പകർന്നതു——ചമസങ്ങളിൽ പകർന്ന സോമം.

സൂക്തം 37.

1. ഋഭുക്ഷാക്കൾ——വിശാലമായ തേജസ്സിന്നിരിപ്പിടമായിട്ടുള്ളവർ. ശോഭനഹനുക്കൾ=നല്ല അണക്കടയുള്ളവർ. മൂന്നു കൂട്ടിയ——പാലും തയിരും മലർപ്പൊടിയും ചേർത്ത.

2. പീഡ——ചോരാദ്യുപദ്രവം. കുടിയ്ക്കുവിൻ——സോമം.

3. സൂനൃതോക്തി=സത്യവാക്കു്; സ്തോതാക്കൾക്കു ധനം ധാരാളം കൊടുക്കുമെന്ന പ്രതിജ്ഞ. ഈ പ്രതിജ്ഞയനുസരിച്ചു, ഭവാൻ കയ്യഴച്ചുകൊടുക്കുക തന്നെ ചെയ്യുന്നു.

ഹര്യശ്വ, വസിഷ്ഠരായ ഞങ്ങൾ അങ്ങയ്ക്കു (ഹവിസ്സു)നൽകി സ്തുതിയ്ക്കുമാറാകണം! 4

ഇന്ദ്ര, ഹരിഹയ, ഈ സ്തുതികളാൽ പരിവൃതനായ ഭവാൻ ഹവിർദ്ദാതാവിന്നും സമ്പത്തു നല്കും; എന്നായിരിയ്ക്കും ഞങ്ങൾക്കു ധനം തരിക? ഞങ്ങൾ അങ്ങയുടെ തക്ക രക്ഷകൾകൊണ്ടു സേവിയ്ക്കുമാറാകണം! 5

ഇന്ദ്ര, ഭവാൻ എന്നു കേൾക്കും, ഞങ്ങളുടെ സ്തുതി? ചൊല്ലുന്ന ഞങ്ങളെ ഭവാൻ ഇപ്പോൾ പാർപ്പിയ്ക്കുന്നുണ്ടല്ലോ. കെല്പുള്ള പള്ളിക്കുതിര ഇടവിടാതെ സ്തുതിയ്ക്കുന്ന ഞങ്ങളുടെ ഗൃഹത്തിൽ ധനവും നല്ല വീരന്മാരെയും അന്നവും കൊണ്ടുവരട്ടെ! 6

കഴിവുള്ള ഭൂദേവിയും, ശോഭനാന്നങ്ങളായ സംവത്സരങ്ങളും ഇന്ദ്രങ്കൽ അണയുന്നു; മനുഷ്യർ അദ്ദേഹത്തെ സ്വഗൃഹത്തിലിരുത്തില്ല, നല്ല ദഹനശക്തിയുണ്ട്, ആ ത്രിലോകബന്ധുവിന്ന്! 7

സവിതാവേ, സ്തുത്യമായ സമ്പത്തു ഞങ്ങളിലെത്തട്ടെ; പർവതനും ധനം തരട്ടെ. ദിവ്യനായ രക്ഷകൻ ഞങ്ങളെ സദാ കാത്തരുളട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

സൂക്തം 38.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

(കാകളി)

യാതൊരു സേവ്യനിന്നീഡ്യൻ, മനുഷ്യർക്കു;
യാതൊരു ഭൂതിമാൻ രത്നങ്ങളേകിടും;

---

4. ഋഭുക്ഷാവ്=ഋഭുക്കളുടെ സ്വാമി. സാധക—എന്തും സാധിപ്പിയ്ക്കുന്നത്.

6. ചൊല്ലുന്ന—സ്തുതി. വീരന്മാർ=പുത്രന്മാർ.

7. മനുഷ്യർ—സ്തോതാക്കൾ. ഇരുത്തില്ല—യാഗത്തിൽ വരുത്തിക്കൊണ്ടിരിയ്ക്കും. ദഹനശക്തിയുണ്ട്—ഹവിസ്സ് എത്ര ഭുജിച്ചാലും ദഹിയ്ക്കും.

8. പർവതൻ—ഇന്ദ്രന്റെ ഒരു സഖാവ്. രക്ഷകൻ—ഇന്ദ്രൻ.

അദ്ദേവനായ സവിതാവുയർത്തുന്നു,
പൊൽത്തെളിവാർന്നതാം തന്നുടെ കാന്തിയെ! 1

നീ സവിതാവേ, എഴുന്നേല്ക്ക—കേൾക്കി,തു
ഹേ സുവർണ്ണകര, യജ്ഞം നടത്തുവാൻ:
പാരിച്ച കാന്തി പരക്കെ വീശുന്നു നീ;
സൂരികൾക്കേകുന്നു, മർത്ത്യഭോഗ്യങ്ങളെ! 2

ദേവകൾപോലുമെപ്പേരും പുകഴ്ത്തുന്ന
ദേവൻ സവിതാവു കേൾക്കട്ടെ, സൂക്തികൾ:
അന്നമസ്മൽസ്തുതിക്കേകട്ടെ,യാ വന്ദ്യ—
നന്യനരക്ഷയാൽക്കാക്കട്ടെ, സൂരിയെ! 3

ദേവനാമിസ്സവിതാവിനെ വാഴ്ത്തുന്നു,
ദേവിയദിതിയനുജ്ഞ ലഭിക്കുവാൻ;
വൻപെരുമാക്കൾ വരുണാദ്യരും സമ—
മൻപാർന്നു വാഴ്ത്തുന്നു, മിത്രാര്യമാദ്യരും! 4

ദാനസ്ഥരാര്യർ ചേർന്നൊത്തനുഷ്ഠിക്കുന്നു,
വാന്നൂഴിബന്ധുവിന്നായ്പ്പരിചര്യകൾ;
കേൾക്കട്ടെ, നമ്മുടെ ഗീരഹിർബുധ്ന്യനും;
കാക്കട്ടെ, വാഗ്ദേവിയുത്തമഗോക്കളാൽ! 5

സൂക്തം 38.

1. ഭൃതിമാൻ=വളരെസ്സമ്പത്തുള്ളവൻ. ഏകിടും—സ്തോതാക്കൾക്കു കൊടുക്കും. പൊൽത്തെളിവ്—സ്വർണ്ണത്തിന്റെ സ്വച്ഛത.

2. എഴുന്നേല്ക്ക=ഉദ്ഗമിച്ചാലും. ഇതു—ഞങ്ങളുടെ സ്തോത്രം. സൂരികൾ—സ്തോതാക്കൾ.

3. സൂക്തികൾ—സ്തുതികൾ. അസ്മൽസ്തുതിക്ക്—നമ്മുടെ സ്തുതിക്കു പ്രതിഫലമായി. സൂരിയെ—സ്തോതാക്കളെ.

4. സമം=ഒരേമട്ടിൽ. അൻപ്=പ്രീതി.

5. ദാനസ്ഥർ—ദാനശീലർ എന്നർത്ഥം. ആര്യർ—യജമാനർ. വാന്നൂഴിബന്ധു—ദ്യാവാപൃഥിവികളുടെ ബന്ധുവായ സവിതാവ്. ഉത്തമഗോക്കളാൽ—മികച്ച ഗോക്കളെത്തന്ന്,

ദേവൻ സവിതാവിരക്കുന്ന നമ്മരംക്ക
കൈവരുത്തട്ടെ,യാ രത്നം പ്രജാധിപൻ:
പോന്നോൻ വിളിപ്പൂ, ഭഗനെ സ്വരക്ഷയ്ക്കു;
താന്നോൻ ഭഗനോടിരക്കുന്നു, നൽധനം! 6

യാഗേ പുകഴ്ത്തും നമുക്കു സുഖം നൽക,
പോകൽ ചുരുങ്ങും ശുഭാന്നരാം വാജികരം:
തട്ടിപ്പറിപ്പോന,രക്കനിവററിനെ–
ത്തട്ടി,പ്പുരാതനർ പോക്കട്ടെ, രോഗവും! 7

സ്വത്തിനായ്പ്പാലിപ്പിനെ,ങ്ങളെപ്പോർകളിൽ–
സ്സത്യജ്ഞർ മേധാഢ്യർ നിങ്ങരം വാജികളേ;
ഇത്തേൻ കുടിയ്ക്കുവിൻ, മത്താടുവിൻ; സുര–
വർത്മാവിലൂടെ പോയ്ക്കൊരംവിൻ, സുതൃപ്തരായ്! 8

സൂക്തം 39.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകരം ദേവത.

അഗ്നി ഉയർന്നു സ്തോതാവിൻെറ സ്തുതി കേരംക്കട്ടെ: ഉഷസ്സ് നേരേ യജ്ഞത്തിലെത്തുകയായി. രണ്ടു ശ്രദ്ധായുക്തന്മാർ, ഇരു തേരാളികരംപോലെ മാർഗ്ഗമണയുന്നു; പ്രേരിതനായ നമ്മുടെ ഹോതാവു യാഗം നടത്തട്ടെ! 1

---

6. ആ രത്നം—പ്രസിദ്ധമായ തൻെറ രമണീയധനം. പോന്നോൻ—ത്രാണിയുള്ളവനും, താന്നവനും—രണ്ടുകൂട്ടരും—ഭഗനെ, ഭജനീയനായ സവിതാവിനെ ആശ്രയിക്കുന്നു.

7. പോകൽ ചുരുങ്ങും—ഏറെസ്സഞ്ചരിക്കാത്ത. വാജികരം—ഒരുകൂട്ടം ദേവകരം. തട്ടി—അകററി.

8. സ്വത്തിനായ്—ശത്രുധനപ്രാപ്തിയ്ക്കു തക്കവണ്ണം. തേൻ—മധുരസോമം. സുതൃപ്തരായ് (വയർ നിറച്ച്), സുരവർത്മാവിലൂടെ (ദേവകളുടെ വഴികളിലൂടെ) പോയ്ക്കൊരംവിൻ, തിരിയെ.

സൂക്തം 39.

1. രണ്ടു ശ്രദ്ധായുക്തന്മാർ—യജമാനനും പത്നിയും. മാർഗ്ഗം—യജ്ഞപഥം.

ഇവരുടെ നല്ല അന്നത്തോടുകൂടിയ ദർഭ വിരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇപ്പോറം, നിയുത്സഹിതനായ വായുവും പൂഷാവുമാകുന്ന പ്രജാപാലകന്മാർ പ്രജകളുടെ ക്ഷേമത്തിന്നായി, രാത്രിയുടെ ഉഷസ്സിൽനിന്നു, മുൻവിളി കേട്ട് അന്തരിക്ഷത്തിലെത്തിച്ചേർന്നു! 2

വസുധയിലെ വസുക്കറം ഇതിങ്കൽ വിളയാടട്ടെ: വിശാലമായ അന്തരിക്ഷത്തിലെ തേജസ്വികളും പരിചരിയ്ക്കപ്പെടുന്നു. അതിവേഗന്മാരേ, നിങ്ങറം യാത്ര ഇങ്ങോട്ടാക്കുവിൻ: അഭിഗതനായ ഞങ്ങളുടെ ഈ ദൂതൻെറ (വിളി) കേറംക്കുവിൻ! 3

യജ്ഞങ്ങളിൽ യജനീയരും രക്ഷകരുമായ ആ ദേവന്മാരെല്ലാം ഒപ്പം ഇരിപ്പിടത്തിലെത്തിയിരിയ്ക്കുന്നുവല്ലോ: അഗ്നേ, യജ്ഞകാമരായ അവരെയെല്ലാം—ഭഗൻ, അശ്വികറം, ഇന്ദ്രൻ എന്നിവരെയും—ഭവാൻ ശീഘ്രം യജിയ്ക്കുക! 4

അഗ്നേ, ഭവാൻ വിണ്ണിൽനിന്നും മന്നിൽനിന്നും സ്തോതവ്യരെ—മിത്രൻ, വരുണൻ, ഇന്ദ്രൻ, അഗ്നി, അര്യമാവ്, അദിതി, വിഷ്ണു എന്നിവരെ—ഇവർക്കുവേണ്ടി വിളിച്ചുവരുത്തുക; സരസ്വതി, മരുത്തുക്കറം എന്നിവരും ഇമ്പംകൊള്ളട്ടെ! 5

യജ്ഞാർഹർക്കു ഹവിസ്സും സ്തോത്രവും അർപ്പിയ്ക്കപ്പെടുന്നു! മനുഷ്യരുടെ മനോരഥം തടയാതെ (അഗ്നി) വന്നെത്തട്ടെ. നിങ്ങറം അക്ഷയ്യവും സദാ സേവ്യവുമായ ധനം തരുവിൻ. ഞങ്ങറം കൂറുകാരോടെന്നപോലെ ദേവന്മാരോടു ചേരുമാറാകണം. 6

---

2. ഇവർ—യജമാനന്മാർ. നിയുത്സഹിതൻ—നിയുത്തുക്കളോടു, തൻെറ പെൺകുതിരകളോടുകൂടിയവൻ. രാത്രിയുടെ—രാത്രിയുടെ അന്ത്യയാമമായ.

3. വസുധ=ഭൂമി. വസുക്കറം—വസുക്കളെന്ന ദേവന്മാർ. ഇതിങ്കൽ—യജ്ഞത്തിൽ. അന്തരിക്ഷത്തിലെ തേജസ്വികറം—മരുത്തുക്കറം. അതിവേഗന്മാരേ എന്നു തുടങ്ങുന്നവാക്യങ്ങറം വസുക്കളോടും മരുത്തുക്കളോടുമുള്ളവയാകുന്നു. അഭിഗതൻ—നിങ്ങളുടെ മുമ്പിൽ വന്നവൻ. ഈ ദൂതൻ—അഗ്നി.

4. ഇരിപ്പിടത്തിൽ—യാഗശാലയിൽ സ്വസ്വസ്ഥാനങ്ങളിൽ.

5. സ്തോതവ്യർ=സ്തുത്യർ. അഗ്നി—ദേവതാരൂപേണ സ്വർഗ്ഗത്തിൽ വസിയ്ക്കുന്ന അഗ്നി. ഇവർ—യജമാനന്മാർ. ഇമ്പംകൊള്ളട്ടെ—ഞങ്ങളുടെ സ്തോത്രങ്ങറംകൊണ്ടും ഹവിസ്സുകറംകൊണ്ടും.

6. യജ്ഞാർഹർ—ദേവന്മാർ. മൂന്നും നാലും വാക്യങ്ങറം പ്രത്യക്ഷകഥനം: നിങ്ങറം—ദേവന്മാർ.

ഇപ്പോൾ വസിഷ്ഠന്മാർ ദ്യാവാപൃഥിവികളെയും, യജ്ഞസ
മേതരായ വരുണമിത്രാഗ്നികളെയും നേരിട്ടു സ്തുതിച്ചു: ആഹ്ലാദകാ
രികൾ ഞങ്ങൾക്ക് ഉൽക്കൃഷ്ടമായ അന്നം നൽകട്ടെ. നിങ്ങൾ
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 40.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യാഗസ്തുതി വേഗത്തിൽ എത്തട്ടെ: ത്വരിതന്മാർക്കു നാം
സ്തോത്രം ചമയ്ക്കുക. ഇപ്പോൾ സവിതാവായ ദേവൻ യാതൊന്ന
യയ്ക്കുമോ, ആ ശ്രേഷ്ഠധനത്തിൽ നാം പങ്കുകാരാകണം! 1

വായുവും ഭഗനും യാതൊന്നു ചേർത്തരുളുമോ, ആ സ്തോത്ര
സേവിതമായ ധനം നമുക്കു മിത്രനും വരുണനും ദ്യാവാപൃഥിവി
കളും ഇന്ദ്രനും അര്യമാവും നൽകട്ടെ; അദിതിദേവിയും തരട്ടെ! 2

പൃഷദശ്വരായ മരുത്തുക്കളേ, നിങ്ങൾ ആരെ രക്ഷിയ്ക്കുമോ,
ആ മനുഷ്യൻ ഓജസ്വിയായിത്തീരട്ടെ; അവൻ ബലവാനായിത്തീ
രട്ടെ. അവനെ അഗ്നിയും സരസ്വതിയും പ്രവർത്തിപ്പിയ്ക്കും; അ
വൻെറ ധനം ആരും നശിപ്പിയ്ക്കില്ല! 3

ഈ സത്യനേതാവായ വരുണൻ, മിത്രൻ, അര്യമാവ് എന്നീ
രാജാക്കന്മാരും, ശോഭനാഹ്വാനയായ എതിരില്ലാത്ത അദിതിദേ
വിയും കർമ്മം നടത്തിയ്ക്കുന്നു: അവർ നമ്മെ സുഖേന പാപം കട
ത്തട്ടെ! 4

---

7. ആഹ്ലാദകാരികൾ—ആഹ്ലാദിപ്പിയ്ക്കുന്നവരായ ദേവന്മാരെല്ലാം.

സൂക്തം 40.

1. യാഗസ്തുതി—യാഗത്തിൽ ഞങ്ങൾ ചൊല്ലുന്ന സ്തുതി. എത്തട്ടെ—ദേവന്മാരിൽ. ത്വരിതന്മാർ—യജ്ഞത്തിന്നു വരാൻ വെമ്പുന്ന ദേവന്മാർ.

2. ചേർത്തരുളുമോ—നമ്മോടു ചേർക്കുമോ, നമുക്കു കിട്ടിയ്ക്കുമോ.

3. പൃഷദശ്വർ=പുള്ളിമാനാകുന്ന വാഹനത്തോടുകൂടിയവർ.

4. പാപം കടത്തട്ടെ—പുഴ കടത്തുന്നതുപോലെ, പാപത്തിൻെറ മറുകരയണയ്ക്കട്ടെ.

യജ്ഞത്തിൽ ഹവിസ്സുകൾകൊണ്ടു വരുത്തപ്പെടേണ്ടുന്ന ഈ അഭീഷ്ടവർഷിയായ വിഷ്ണുവിൻെറ ശാഖകളത്രേ, ദേവന്മാർ; രുദ്രൻ, തൻെറ സുഖത്തിലും മഹത്ത്വത്തിലും എത്തിയ്ക്കുമല്ലോ. അശ്വികളേ, നിങ്ങൾ അന്നവുമായി ഗൃഹത്തിൽ വരുവിൻ! 5

പ്രഭപൂണ്ട പൂഷാവേ, വാണിമാത്തും ദാനവതികളും യാതൊന്നു തരുമോ, അതിൽ ഭവാൻ മുടക്കമുണ്ടാക്കരുത്. സുഖകരരായ ദേവന്മാർ ഞങ്ങളെ തുലോം രക്ഷിയ്ക്കട്ടെ; ചുററിനടക്കുന്ന വായു മഴ തരട്ടെ! 6

ഇപ്പോൾ വസിഷ്ഠന്മാർ ദ്യാവാപൃഥിവികളെയും, യജ്ഞസമേതരായ വരുണമിത്രാഗ്നികളെയും നേരിട്ടു സ്തുതിച്ചു: ആഹ്ലാദകാരികൾ ഞങ്ങൾക്ക് ഉൽകൃഷ്ടമായ അന്നം നല്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 41.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സ്; അഗ്നീന്ദ്രാദികൾ ദേവത.

ഞങ്ങൾ പുലർകാലത്ത് അഗ്നിയെയും, പുലർകാലത്ത് ഇന്ദ്രനെയും, പുലർകാലത്തു മിത്രാവരുണന്മാരെയും, പുലർകാലത്ത് അശ്വികളെയും വിളിയ്ക്കുന്നു; ഞങ്ങൾ പുലർകാലത്തു ഭഗനെയും പൂഷാവിനെയും ബ്രഹ്മണസ്പതിയെയും, പുലർകാലത്തു സോമനെയും രുദ്രനെയും വിളിയ്ക്കുന്നു. 1

യാതൊരുവനെ സ്തുതിച്ചിട്ടു ദരിദ്രനും, ധനികനായ രാജാവും, 'ഇത്തിരി ധനം!' എന്നരിയാട്ടുമോ; പുലർകാലത്ത്, ആ ജേതാവായ, ഓജസ്വിയായ, ഭാരവാഹിയായ, അദിതിപുത്രനായ ഭഗനെ ഞങ്ങൾ വിളിയ്ക്കുന്നു. 2

ഭഗ, മികച്ചനേതാവായ ഭഗ, സത്യധനനായ ഭഗ, അവിടുന്നു ഞങ്ങൾക്കു തന്ന്, ഈ കർമ്മം സംരക്ഷിച്ചാലും: ഭഗ, ഗവാശ്വങ്ങളെ

---

5. എത്തിയ്ക്കുമല്ലോ—നമ്മെ. അന്തിമവാക്യം പ്രത്യക്ഷോക്തി.

6. ദാനവതികൾ—ദേവപത്നിമാർ.

സൂക്തം 41.

2. ഇത്തിരിധനം—തരിക. ഉരിയാട്ടുമോ—യാചിയ്ക്കുമോ.

ക്കൊണ്ടു ഞങ്ങളെ തഴപ്പിച്ചാലും; ഭഗ, ഞങ്ങരം നേതാക്കന്മാരോ
ടും ആരംക്കാരോടുംകൂടിയവരാകണം! 3

പോരാ, ഇനി ഞങ്ങരം പകലിന്റെ ആദിയിലും മധ്യത്തി
ലും ഭഗവാന്മാരായിബ്ഭവിയ്ക്കണം; ധനവാനേ, സൂര്യോദയത്തിൽ
ഞങ്ങരം ദേവന്മാരുടെ നന്മനസ്സിന്നും വിഷയമാകണം! 4

ദേവന്മാരേ, ഭഗൻതന്നെ ഭഗവാനായരുളട്ടെ: തന്തിരുവടിയെ
ക്കൊണ്ടു ഞങ്ങരം ഭഗവാന്മാരാകണം! ഭഗ, ആ നിന്തിരുവടിയെ
എല്ലാവരും പേർത്തു പേർത്തു വിളിയ്ക്കുന്നു; ഭഗ, ആ നിന്തിരുവടി
ഇവിടെ ഞങ്ങളുടെ മുമ്പിൽ എഴുന്നള്ളുക! 5

സുഗമസ്ഥലത്തെയ്ക്കു ദധിക്രാവിനെന്നപോലെ, ഉഷസ്സുകരം അ
ധ്വരത്തിന്നു വന്നെത്തട്ടെ: അവർ, വേഗികളായ കുതിരകരം
തേരിനെയെന്നപോലെ, ധനം കിട്ടിയ്ക്കുന്ന ഭഗനെ നമ്മുടെ അടു
ക്കലെയ്ക്കു കൊണ്ടുവരട്ടെ! 6

എല്ലാംകൊണ്ടും തഴച്ച, തണ്ണീർ ചുരത്തുന്ന, ശോഭനകളായ
ഉഷസ്സുകരം നമുക്കു നിത്യം അശ്വങ്ങളോടും ഗോക്കളോടും വീരന്മാ
രോടുംകൂടി പുലരുമാറാകട്ടെ; നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പി
നെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 42.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകരം ദേവത.

ബ്രഹ്മാക്കളായ അംഗിരസ്സുകരം എങ്ങും പെരുമാറട്ടെ; പർജ്ജ
ന്യൻ സ്തോത്രത്തിൽ കൌതുകംകൊള്ളട്ടെ; നദികരം വെള്ളം പാ
റ്റിക്കൊണ്ടൊഴുകട്ടെ; ശ്രദ്ധായുക്തരിരുവരും യജ്ഞത്തെ ത്രുപ
പ്പെടുത്തട്ടെ! 1

---

3. തന്ന്——അഭീഷ്ടം. നേതാക്കന്മാർ——കൊണ്ടുനടക്കുന്നവർ, പുത്രാദി
കരം.

4. ഭഗവാന്മാർ=ഭഗവാനോടുകൂടിയവർ.

5. ഭഗവാൻ=ധനവാൻ.

6. ദധിക്രാവ്——അശ്വം. അവർ——ഉഷസ്സുകരം.

7. ഓരോ ഉഷസ്സു പുലരുമ്പോഴും നമുക്കു് അശ്വാദികരം കൈവരട്ടെ.

സൂക്തം 42.

1. സ്തോത്രത്തിൽ——നമ്മുടെ സ്തുതിയിൽ. ശ്രദ്ധായുക്തർ——യജമാനനും
പത്നിയും.

അഗ്നേ, അങ്ങയുടെ ചിരന്തനമായ മാൎഗ്ഗം സുഗമമായിബ്ഭവിയ്ക്കട്ടെ: യാഗശാലയിലെയ്ക്ക വീരനെ വഹിച്ചു വിളങ്ങുന്ന പച്ച-ച്ചെമപ്പുപള്ളിക്കുതിരകളെ അങ്ങ് വഴിപോലെ പൂട്ടുക! ഞാൻ ഇരുന്നു ദേവഗണങ്ങളെ വിളിയ്ക്കുന്നു. 2

നിങ്ങൾക്കുള്ള യജ്ഞത്തെ പ്രണതന്മാർ വഴിപോലെ പൂജിയ്ക്കുന്നു; അരികേ സ്തുതി പാടുന്ന ഹോതാവു മികച്ചവനാണ്; ഭവാൻ ശരിയ്ക്കു യജിച്ചുകൊൾക. പുരുസൈന്യ, അങ്ങ് ദേവന്മാരെ യജ്ഞഭൂമിയിൽ കൊണ്ടുവന്നാലും! 3

സ്തുതിയ്ക്കുന്ന ഹവിഷ്മാന്റെ ഗൃഹത്തിൽ അതിഥിയായി പ്രത്യക്ഷമാംവണ്ണം സുഖേന പള്ളികൊള്ളുന്ന, യാഗശാലയിൽ നിഹിതനായി തുലോം പ്രീതിപ്പെടുന്ന അഗ്നി ഉപാസകന്നു വേണ്ടതു കല്പിച്ചനല്കും! 4

അഗ്നേ അവിടുന്നു ഞങ്ങളുടെ ഈ യജ്ഞത്തിൽ ചേരുക: മരുത്തുക്കളിലും ഇന്ദ്രങ്കലും ഞങ്ങളുടെ ഹവിസ്സെത്തിയ്ക്കുക. രാത്രിയും ഉഷസ്സും ദർഭയിലിരിയ്ക്കട്ടെ. തൽപരരായ മിത്രാവരുണന്മാരെ ഭവാൻ ഇവിടെ യജിച്ചാലും! 5

ഇങ്ങനെ, വസുകാമനായ വസിഷ്ഠൻ ധനം കിട്ടാൻ ബലപുത്രനായ അഗ്നിയെ സ്തുതിച്ചു: തന്തിരുവടി ഞങ്ങൾക്ക് അന്നവും അൎത്ഥവും കെല്പും വളൎത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 43.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യാവചിലരുടെ നിസ്തുലസ്തോത്രങ്ങൾ, വൃക്ഷത്തിന്റെ കൊമ്പുകൾപോലെ ചുററും പടരുന്നുവോ, ആ ദേവകാമന്മാരായ മേധാ

---

2. വീരനെ—വീരനായ അങ്ങയെ. പൂട്ടുക—തേരിനു കെട്ടുക.

3. ദേവന്മാരോട്; പ്രണതന്മാർ—നമസ്കരിച്ച സ്തോതാക്കന്മാർ. ഭവാൻ എന്ന വാക്യം യജമാനനോട്; പുരുസൈന്യ (വളരെ ജ്വാലകളുള്ളവനേ) എന്ന വാക്യം അഗ്നിയോട്.

4. വേണ്ടത്—ധനം.

5. തൽപരർ—യജ്ഞേച്ഛുക്കൾ.

6. വസുകാമൻ=ധനേച്ഛു.

വികഠം യജ്ഞങ്ങളിൽ നമസ്കരിച്ചുകൊണ്ടു നിങ്ങളെയും ദ്യാവാ
പൃഥിവികളെയും അഭിഗമിപ്പാൻ അത്യന്തം സ്തുതിയ്ക്കുന്നു. 1

യജ്ഞം, കുതിച്ചോടുന്ന കുതിരപോലെ ചെന്നെത്തട്ടെ: നി
ങ്ങഠം ഒരേമനസ്സോടേ സ്രുക്കുകഠം പൊക്കിപ്പിടിയ്ക്കുവിൻ; അധ്വ
രത്തിന്നു ദർഭ വഴിപോലെ വിരിയ്ക്കുവിൻ. ദേവകാമങ്ങളായ ജ്വാ
ലകഠം പൊങ്ങനില്ക്കട്ടെ! 2

അമ്മയുടെ അടുക്കൽ കൊച്ചുമക്കളെന്നപോലെ, ദേവന്മാർ ദർ
ഭയുടെ മുകഠംവശത്തിരിയ്ക്കട്ടെ. അഗ്നേ, ജ്വാലയെ എമ്പാടും ജുഹൂ
നനയ്ക്കട്ടെ. അങ്ങ് ഞങ്ങഠംക്കു യുദ്ധത്തിൽ കൊലയാളികളെ
ഉണ്ടാക്കരുതേ! 3

ജലത്തിന്റെ സുദുഘകളായ ധാരകളെ പൊഴിയ്ക്കുന്ന ആ യജ
നീയർ സപര്യ തികച്ചും കൈക്കൊള്ളട്ടെ: ഇന്നു ധനങ്ങളിൽവെ
ച്ചു മികച്ച ധനം വന്നെത്തട്ടെ. നിങ്ങഠം ഒരേ മനസ്സോടേ യജ്ഞ
ത്തിലെഴുന്നള്ളുവിൻ! 4

അഗ്നേ, ഇങ്ങനെ അവിടുന്നു പ്രജകളിൽവെച്ചു ഞങ്ങഠംക്കു
തന്നാലും: ബലവാനേ, ഞങ്ങഠം അങ്ങയോടു പററിച്ചേർന്നു, നി
ത്യസമ്പത്തോടേ നിർബാധരായി ഒപ്പം മത്തടിയ്ക്കുമാറാകണം!
നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 43.

1. ദേവകളോട്: അഭിഗമിയ്ക്കുക=അഭിമുഖമായി പ്രാപിയ്ക്കുക.

2 യജ്ഞം—നമ്മുടെ യാഗം. ചെന്നെത്തട്ടെ—ദേവന്മാരെ പ്രാപിയ്ക്കട്ടെ. നിങ്ങഠം—ഋത്വിക്കുകഠം. നാലാം വാക്യം അഗ്നിയോടുള്ളതാണ്.

3. കൊച്ചുമക്കഠം—വിശേഷേണ രക്ഷണീയരായ കുട്ടികഠം. ജ്വാലയെ—ഭവാന്റെ. ഉണ്ടാക്കരുതേ—കൊലപ്പെടാത്തവണ്ണം ഞങ്ങളെ രക്ഷിയ്ക്കണേ.

4 യജനീയർ—ഇന്ദ്രാദിദേവന്മാർ. സപര്യ—നമ്മുടെ പരിചരണം. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി.

5. ഇങ്ങനെ—ഇപ്രകാരം സ്തുതനായ. പ്രജകളിൽവെച്ചു—കൂടുതൽ. തന്നാലും—ധനം. നിങ്ങഠം—ഈ സൂക്തത്തിൽ പറയപ്പെട്ട ദേവന്മാർ.

സൂക്തം 44.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ദധിക്രാവ് ദേവത.

ഞാൻ നിങ്ങളുടെ രക്ഷയ്ക്കായി ഒന്നാമതു ദധിക്രാവിനെയും, അശ്വികളെയും, ഉഷസ്സിനെയും, ഉജ്ജ്വലിച്ച അഗ്നിയെയും, ഭഗനെയും, ഇന്ദ്രനെയും, വിഷ്ണുവിനെയും, പൂഷാവിനെയും, ബ്രഹ്മണസ്പതിയെയും, ആദിത്യന്മാരെയും, ദ്യാവാപൃഥിവികളെയും, തണ്ണീരുകളെയും, സൂര്യനെയും വിളിക്കുന്നു. 1

നാം ദധിക്രാവിനെ സ്തുതിച്ചുണർത്തി പ്രേരിപ്പിച്ചു, യാഗം തുടങ്ങി, ഇളാദേവിയെ ദർഭയിലിരുത്തി, ശോഭനാഹ്വാനരും മേധാവികളുമായ അശ്വികളെ വിളിക്കുക. 2

ഞാൻ ദധിക്രാവിനെ ഉണർത്തിയിട്ട്, അഗ്നിയെയും ഉഷസ്സിനെയും സൂര്യനെയും വാഗ്ദേവിയെയും, ഊററക്കാരെ നീററുന്ന വരുണൻെറ വലിയ തവിട്ടുനിറക്കുതിരയെയും സ്തുതിക്കാം: അവർ നമ്മളിൽനിന്നു ദുരിതമെല്ലാം വേർപെടുത്തട്ടെ! 3

ഉഷസ്സ്, സൂര്യൻ, ആദിത്യന്മാർ, വസുക്കൾ, അംഗിരസ്സുകൾ എന്നിവരോടിണങ്ങുന്ന, ഗതിവേഗമുള്ള ഒരു മുഖ്യാശ്വമായ ദധിക്രാവ് അറിഞ്ഞുംകൊണ്ടു തേരുകളുടെ മുൻവശത്തു നിൽക്കും! 4

ദധിക്രാവ് യജ്ഞമാർഗ്ഗത്തിൽ നടക്കാൻതുടങ്ങുന്ന നമ്മുടെ വഴി നനയ്ക്കട്ടെ! ദേവന്മാരുടെ ബലമായ അഗ്നി നമ്മുടെ (വിളി) കേൾക്കട്ടെ—അറിവുററ പെരിയോരെല്ലാം കേൾക്കട്ടെ! 5

സൂക്തം 45.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

ജീവജാലത്തെ വിശ്രമിപ്പിക്കുകയും വ്യാപരിപ്പിക്കുകയും ചെയ്യുന്ന, ശോഭനരത്നനായ, അന്തരിക്ഷം നിറയ്ക്കുന്ന ദേവൻ സവിതാ

സൂക്തം 44.

2. ഇള—അന്നരൂപിണി.

3. ഊററക്കാരെ നീററുന്ന—ഗർവിഷ്ഠരായ ശത്രുക്കളെ നശിപ്പിക്കുന്ന. കുതിരയെ സ്തുതിക്കുന്നതു, വരുണനെ കൊണ്ടുവരാനാണ്. അവർ—ദേവന്മാർ.

5. നനയ്ക്കട്ടെ—മഴവെള്ളംകൊണ്ട്. പെരിയോർ—ദേവന്മാർ.

വു മനുഷ്യർക്കു വേണ്ടുന്നതു ധാരാളം തൃക്കയ്യിലെടുത്ത്, അശ്വങ്ങളാൽ വഹിയ്ക്കപ്പെട്ടു വന്നെത്തട്ടെ! 1

ഇദ്ദേഹത്തിന്റെ അഴഞ്ഞ വലിയ പൊന്നുതൃക്കൈകൾ പൊങ്ങി, അന്തരിക്ഷത്തിനു ചുററും എത്തിയിരിയ്ക്കുന്നു; ഇദ്ദേഹത്തിന്റെ ആ മഹിമാവ് ഇന്നു സ്തുതിയ്ക്കപ്പെടുന്നു. സൂര്യനും ഇദ്ദേഹത്തിന്നു കർമ്മേച്ഛയുളവാക്കട്ടെ! 2

ആ സർവാതിശായിതേജസ്സനും ധനപാലനുമായ സവിതൃദേവനത്രേ, നമുക്കു ധനം കല്പിച്ചയയ്ക്കുന്നത്; പ്രഭ പരത്തുന്ന അവിടുന്നു നമുക്കിപ്പോൾ മനുഷ്യഭോഗ്യങ്ങൾ നൽകട്ടെ! 3

ഈ വാക്കുകൾ നല്ല നാക്കും നല്ല കരവും — നിറതൃക്കയ്യും — ഉള്ള സവിതാവിനെ സ്തുതിയ്ക്കുന്നു: അദ്ദേഹം നമുക്കു പൂജനീയവും മഹത്തുമായ അന്നം നൽകട്ടെ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 4

സൂക്തം 46.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; രുദ്രൻ ദേവത.

ഊട്ടററ വില്ലും ഓടുന്ന അമ്പും തീക്ഷ്ണായുധങ്ങളുമുള്ളവനായി, അന്നവാനായി, കീഴമർത്തപ്പെടാത്തവനായി, കീഴമർത്തുന്നവനായി, വിധാതാവായിരിയ്ക്കുന്ന രുദ്രദേവനെക്കുറിച്ച് ഈ സ്തുതികൾ നിങ്ങൾ ചൊല്ലുവിൻ: അവിടുന്നു കേൾക്കട്ടെ! 1

സൂക്തം 45.

1. ശോഭനരത്നൻ = നല്ല രത്ന(രമ്യധന)ങ്ങളോടുകൂടിയവൻ. നിറയ്ക്കുന്ന — തേജസ്സുകൊണ്ട്. വേണ്ടുന്നതു — ധനം. കയ്യിലെടുത്തു — നമുക്കു തരാൻ.

2. അഴഞ്ഞ — മുറുക്കംവിട്ട; ദാനപ്രവൃത്തങ്ങൾ എന്നർത്ഥം.

3. സർവാതിശായി തേജസ്സൻ = എല്ലാററിനെയും കവിച്ച തേജസ്സുള്ളവൻ. മനുഷ്യഭോഗ്യങ്ങൾ — സമ്പത്തുകൾ.

4. നിറതൃക്കയ്യ് — ധനപൂർണ്ണമായ കൈപ്പടം. നിങ്ങൾ — സവിതാവു മുതലായ ദേവന്മാർ.

സൂക്തം 46.

1. സ്തോതാക്കളോട്: കീഴമർത്തപ്പെടാത്തവൻ — ആരാലും. കീഴമർത്തുന്നവൻ — ശത്രുക്കളെ.

ഭൂമിയിലെ ജനങ്ങൾക്ക് ഈശ്വരനെന്നറിയപ്പെടുന്നവനാണ ല്ലോ, അവിടുന്ന്; ദിവ്യർക്കും പെരുമാളെന്നറിയപ്പെടുന്നു. രുദ്ര, നി ന്തിരുവടി സ്തോതാക്കളെ രക്ഷിപ്പാൻ ഞങ്ങളുടെ ഗൃഹത്തിലെഴുന്ന ള്ളിയാലും; ഞങ്ങളുടെ ആളുകളെ അരോഗരുമാക്കിയാലും! 2

അങ്ങയുടെ ഇടിവാൾ അന്തരിക്ഷത്തിൽനിന്നു ഭൂമിയിൽ വീഴ്ത്തപ്പെടാറുണ്ടല്ലോ; അതു ഞങ്ങളിലേല്ക്കരുതു്. മരുൽപിതാ വേ, ഒരായിരം മരുന്നുണ്ട്, അങ്ങയുടെ പക്കൽ; അങ്ങ് ഞങ്ങളുടെ പുത്രപൌത്രരെ വലയ്ക്കരുതേ! 3

രുദ്ര, അങ്ങ് ഞങ്ങളെ ഉപദ്രവിയ്ക്കരുത്, ഉപേക്ഷിയ്ക്കരുതു്: ഞങ്ങൾ അങ്ങയുടെ അരിശത്തിൽ കുടുങ്ങിപ്പോകരുതു്. ഞങ്ങളെ അങ്ങ് ആളുകൾക്കാശംസനീയമായ യാഗത്തിൽ പങ്കുകൊള്ളി യ്ക്കണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 4

സൂക്തം 47.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപ്പുകൾ ദേവത.

അപ്പുകളേ, ദേവകാമന്മാർ മുമ്പേ ഭൂജാതമായ യാതൊരു രസ ത്തെ നിങ്ങളുടേതായ ഇന്ദ്രപാനമാക്കിയോ; നിങ്ങളുടെ പരിശുദ്ധ വും പാപരഹിതവും മഴവെള്ളത്തെപ്പാററുന്നതും മധുരവുമായ അതി നെ ഞങ്ങൾ ഇപ്പോൾ സേവിയ്ക്കുമാറാകണം! 1

അപ്പുകളേ, നിങ്ങളുടെ ആ അതിമധുരമായ രസത്തെ ശീ ഘ്രഗമനനായ അപാംനപാത്ത് രക്ഷിയ്ക്കട്ടെ! ഇന്ദ്രൻ ദേവകളോടു

---

2. രുദ്ര എന്നതുമുതൽ പ്രത്യക്ഷോക്തി.

3. വലയ്ക്കരുതേ—ആരോഗ്യവാന്മാരാക്കണമെന്നർത്ഥം.

4. നിങ്ങൾ—രുദ്രാദിദേവന്മാർ.

സൂക്തം 47.

1. അപ്പുകൾ— ജലദേവതമാർ. ദേവകാമന്മാർ—യഷ്ടാക്കൾ. രസം— സോമം. ഇന്ദ്രപാനം = ഇന്ദ്രന്നു കുടിപ്പാനുള്ളതു്.

കൂടി യാതൊന്നിൽ മത്തുകൊള്ളുന്നുവോ, നിങ്ങളുടേതായ അത്
ഇന്നു ദേവകാമന്മാരായ ഞങ്ങൾക്കു കിട്ടുമാറാകണം! 2

വിശുദ്ധബഹുത്രൂപകളായ, അന്നംകൊണ്ടു് ഇമ്പപ്പെടുത്തുന്ന
അബ്ദേവിമാർ ദേവന്മാരുടെ ഇരിപ്പിടത്തിലും ചെല്ലുന്നു; അവർ
ഇന്ദ്രനുള്ള കർമ്മങ്ങൾ ഉല്പാദിപ്പിയ്ക്കുന്നു. നിങ്ങൾ അപ്പുകൾക്കു നെയ്യു
പസ്തരിച്ച ഹവ്യം ഹോമിയ്ക്കുവിൻ 3

ഇവയെ സൂര്യൻ രശ്മികൾകൊണ്ടു പരത്തുന്നു; ഇന്ദ്രൻ ഇവയ്ക്കു
പോകാൻ വഴി തോണ്ടി. അങ്ങനെയുള്ള തണ്ണീരുകളേ, നിങ്ങൾ
ഞങ്ങൾക്കു ധനം തരുവിൻ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 4

സൂക്തം 48.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഋഭുക്കൾ ദേവത.

ഋഭുവിഭ്വാജന്മാരേ, നേതാക്കളേ, ധനവാന്മാരേ, നിങ്ങൾ
ഞങ്ങളുടെ സോമനീർകൊണ്ടു് ഇമ്പംകൊള്ളുവിൻ: ഇപ്പോൾ നി
ങ്ങളുടെ യാത്രയ്ക്കുള്ള കർമ്മകുശലർ മനുഷ്യഹിതമായ രഥത്തെ
ഇങ്ങോട്ടു കൊണ്ടുവരട്ടെ! 1

ഞങ്ങൾ ഋഭുക്കളാൽ ഋഭുക്കളായും വിഭുക്കളാൽ വിഭുക്കളായും
തീൎന്ന, (ശത്രു) ബലങ്ങളെ നിങ്ങളുടെ ബലത്താൽ കീഴമത്തുമാറാ
കണം: ആജിയിൽ ഞങ്ങളെ വാജൻ രക്ഷിയ്ക്കട്ടെ; ഇന്ദ്രന്റെ തുണ
യാൽ ഞങ്ങൾ വൈരിയെ വധിയ്ക്കുമാറാകണം! 2

---

2. അത്—സോമരസം.

3. അബ്ദേവിമാർ=ജലദേവതമാർ. നിങ്ങൾ—അധ്വര്യുക്കൾ. ഹവ്യം—പുരോഡാശവും മററും.

4. ഇവ—അപ്പുകൾ. പരത്തുന്നു—രശ്മികൾകൊണ്ടു ജലമെടുത്തു വർഷിയ്ക്കുന്നു. അങ്ങനെയുള്ള എന്നതുമുതൽ പ്രത്യക്ഷോക്തി:

സൂക്തം 48.

1. യാത്രയ്ക്കുള്ള കർമ്മകുശലർ—വാഹനങ്ങളായ അശ്വങ്ങൾ. രഥത്തെ—നിങ്ങളുടെ തേരിനെ.

2. ഋഭുക്കളാൽ—ഋഭുക്കളായ ഭവാന്മാരെക്കൊണ്ടു്. ഋഭുക്കൾ=മഹാന്മാർ. ആജി=യുദ്ധം. വാജൻ—ഇളയ ഋഭു. ഇന്ദ്രന്റെ—പ്രായേണ ഋഭുക്കളും ഇന്ദ്രനോടു കൂടി സ്തുതിയ്ക്കപ്പെടുന്നു.

അവർ വളരെപ്പേരെ ആജ്ഞയാൽ കീഴടക്കും; യുദ്ധത്തിൽ വൈരികളെയെല്ലാം വധിയ്ക്കും. ഇന്ദ്രനും ഋഭു–വിഭ്വ–വാജന്മാരും നേത്തണഞ്ഞു ശത്രുവിൻെറ ബലത്തെ ചതച്ചുവിടും! 3

ദേവന്മാരേ, നിങ്ങൾ ഇന്നു ഞങ്ങൾക്കു ധനം തരുവിൻ; മുവ്വരും ഒരേമട്ടിൽ പ്രസാദിച്ചു ഞങ്ങളെ രക്ഷിയ്ക്കുവിൻ; സ്തുത്യരേ, ഞങ്ങൾക്കു് അന്നം തരണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 4

സൂക്തം 49.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപ്പുകൾ ദേവത.

ആഴിക്കീഴിലുള്ള യാവചില പാവനികൾ അന്തരിക്ഷമധ്യത്തിൽനിന്നു, നില്ക്കാതെ നടകൊള്ളുന്നുവോ; വൃഷാവായ ഇന്ദ്രൻ വജ്രംകൊണ്ടു് ഏവയ്ക്കു വഴി തോണ്ടിയോ; ആ അബ്ദേവിമാർ ഇവിടെ എന്നെ രക്ഷിയ്ക്കട്ടെ! 1

യാവചില അപ്പുകൾ ദിവ്യകളായി ഒഴുകുന്നുവോ; എവർ, കുഴിച്ചാൽ പുറപ്പെടുമോ; എവർ സ്വയംഭൂക്കളോ; എവർ സമുദ്രഗാമിനികളും ഭാസുരകളും പാവനികളുമോ; ആ അബ്ദേവികൾ ഇവിടെ എന്നെ രക്ഷിയ്ക്കട്ടെ! 2

വരുണൻ എവരുടെ രാജാവായി, ആളുകളുടെ നേരും കള്ളവും നോക്കിക്കൊണ്ടു മധ്യമലോകത്തിൽ നടക്കുന്നുവോ; തേൻ തൂകുന്നവരും ഭാസുരകളും പാവനികളും എവരോ; ആ അബ്ദേവികൾ ഇവിടെ എന്നെ രക്ഷിയ്ക്കട്ടെ! 3

---

3. അവർ—ഇന്ദ്രനും ഋഭുക്കളും. വളരെപ്പേരെ—നമ്മുടെ ശത്രുക്കളെ.

4. പ്രത്യക്ഷോക്തി: ദേവന്മാരേ—ഋഭുക്കളേ.

സൂക്തം 49.

1. പാവനികൾ=ശുദ്ധിപ്പെടുത്തുന്നവർ. നടകൊള്ളുന്നുവോ—വൃഷ്ടിരൂപേണ ഭൂമിയിലെയ്ക്കു പോരുന്നുവോ.

2. ദിവ്യകൾ—അന്തരിക്ഷജകൾ.

3. മധ്യമലോകം—അന്തരിക്ഷം. തേൻ—മധുരരസം.

രാജാവു വരുണൻ എവരിലോ; സോമം എവരിലോ; ദേവ
കൾക്കെല്ലാം സദ്യ എവരിലോ; വൈശ്വാനരാഗ്നി എവരിലിരി
ക്കുന്നുവോ; ആ അബ്ദേവികൾ ഇവിടെ എന്നെ രക്ഷിക്കട്ടെ! 4

സൂക്തം 50

വസിഷ്ഠൻ ഋഷി; ജഗതിയും അതിജഗതിയും ഛന്ദസ്സുകൾ;
മിത്രാവരുണാദികൾ ദേവത.

മിത്രാവരുണന്മാരേ, ഇവിടെ എന്നെ രക്ഷിക്കുവിൻ: കൂട്ടുകെ
ട്ടിപ്പെരുകുന്ന (വിഷം) ഞങ്ങളെ തീണ്ടരുത്; അജകപോലെ ദർദൃ
ശമായ വിഷം മറഞ്ഞുപോകട്ടെ. പാമ്പ് എന്നെ കാലൊച്ചകൊ
ണ്ട് അറിഞ്ഞുപോകരുത്! 1

പലതരം കമ്പുകളിലുണ്ടാകുന്നതും, കാൽമുട്ടുകളെയും ഞെരി
യാണികളെയും വീർപ്പിക്കുന്നതുമായ വന്ദനത്തെ ഉജ്ജ്വലനായ
അഗ്നി ഇയ്യുള്ളവരിൽനിന്നകററട്ടെ; പാമ്പ് എന്നെ കാലൊച്ചകൊ
ണ്ട് അറിഞ്ഞുപോകരുത്! 2

ഇലവ്, പുഴകൾ, ചെടികൾ എന്നിവയിലുണ്ടാകുന്ന വിഷ
ത്തെ ദേവകളെല്ലാം ഇയ്യുള്ളവരിൽനിന്നോടിക്കട്ടെ. പാമ്പ്
എന്നെ കാലൊച്ചകൊണ്ട് അറിഞ്ഞുപോകരുത്! 3

ചായ്വിലെയും, കീഴ്പ്പോട്ടും മേല്പോട്ടും ഒഴുകുന്നവ, വെള്ളമു
ള്ളവ, വെള്ളമില്ലാത്തവ—തണ്ണീർകൊണ്ടു തഴപ്പിക്കുന്ന ഇത്തരം
നദീദേവിമാരെല്ലാം നമുക്കു ശിപദം വരുത്താതെ ശിവം നല്കട്ടെ;
ഉപദ്രവിക്കാതിരിക്കട്ടെ! 4

സൂക്തം 50.

1. കൂട്ടുകെട്ടിപ്പെരുകുന്ന വിഷം— കടന്നലിൻെറയും മററും. അജക— ഒരു രോഗം. ദർദൃശം = കണ്ടുപിടിക്കാവതല്ലാത്ത. മറഞ്ഞുപോകട്ടെ—നശിക്കട്ടെ. അറിഞ്ഞുപോകരുത് —കണ്ടെത്തി കടിക്കരുത്.

2. വന്ദനം— ഒരു വിഷം.

4. തഴപ്പിക്കുന്ന—സസ്യാദികളെ. ശിപദം – ഒരു രോഗം. ശിവം = മംഗളം.

സൂക്തം 51.

വസിഷ്ഠൻ ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; ആദിത്യർ ദേവത.

ആദിത്യന്മാരുടെ പുതിയ രക്ഷയാൽ നമുക്ക് അതിസുഖദമായ ഗൃഹം കിട്ടുമാറാകണം: ആ ത്വരിതന്മാർ (സ്തോത്രങ്ങൾ) ചെവിക്കൊണ്ട്, ഈ യഷ്ടാവിനെ അനപരാധതയിലും അദീനതയിലും നിർത്തട്ടെ! 1

ആദിത്യന്മാരും അദിതിയും അതിസരളരായ മിത്രൻ, അര്യമാവ്, വരുണൻ എന്നിവരും സംതൃപ്തിയടയട്ടെ: ആ ഭുവനരക്ഷകന്മാർ നമ്മെ പരിപാലിയ്ക്കട്ടെ; ഇന്നു നമ്മെ രക്ഷിപ്പാൻ സോമം കുടിയ്ക്കട്ടെ! 2

എല്ലാ ആദിത്യന്മാരും, എല്ലാ മരുത്തുക്കളും, എല്ലാ ദേവന്മാരും, എല്ലാ ഋഭുക്കളും, ഇന്ദ്രനും, അഗ്നിയും, അശ്വികളും സ്തുതിയ്ക്കപ്പെട്ടു: നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 3

സൂക്തം 52.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ആദിത്യരേ, ഞങ്ങൾ മുറിവേല്ക്കാത്തവരാകണം: ദേവകളിലെ വസുക്കൾ മനുഷ്യരെ രക്ഷിയ്ക്കട്ടെ! മിത്രാവരുണന്മാരേ, ഭജിയ്ക്കുന്ന ഞങ്ങൾക്ക (ധനം) കിട്ടുമാറാകണം! ദ്യാവാപൃഥിവികളേ, ഞങ്ങൾ അഭിവൃദ്ധിപ്പെടുമാറാകണം! 1

രക്ഷിതാക്കളായ മിത്രാവരുണന്മാർ ഞങ്ങൾക്കും പുത്രന്നും പൌത്രന്നും ആ സുഖം തന്നരുളട്ടെ! വസുക്കളേ, അന്യന്റെ പാപം

സൂക്തം. 51.

1. ത്വരിതന്മാർ—യജ്ഞത്തിന്നു വെമ്പുന്നവർ. അദീനത—കഷ്ടപ്പാടില്ലായ്മ.

2. സംതൃപ്തി—സോമപാനത്താൽ.

3. നിങ്ങൾ എന്നുമുതൽ പ്രത്യക്ഷോക്തി.

സൂക്തം 52.

1. മുറിവ്—പരാജയമെന്നർത്ഥം.

നിങ്ങളുടെ ഞങ്ങാം അനുഭവിയ്ക്കേണ്ടിവരരുത്; യാതൊന്നിനാൽ
നിങ്ങാം നശിപ്പിച്ചേയ്ക്കുമോ, അതു ഞങ്ങാം ചെയ്യുപോകരുത്! 2

ത്വരിതരായ അംഗിരസ്സുകാം യാചിച്ച സവിതാവിങ്കൽ
നിന്നു യാതൊരു രത്നം നേടിയോ; അതു നമുക്കു, വലിയ യജനശീ
ലനായ പിതാവും, എല്ലാദ്ദേവകളും ഒരേമനസ്സോടേ കിട്ടിയ്ക്കട്ടെ! 3

സൂക്തം 53.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ദ്യാവാപൃഥിവികാം ദേവത.

യജനീയകളായ പെരിയ ദ്യാവാപൃഥിവികളെ ഞാൻ യജ്ഞം
കൊണ്ടും സ്തോത്രംകൊണ്ടും ഋത്വിക്കുകളിൽത്തിക്കിനിന്നു തുലോം
സ്തുതിയ്ക്കുന്നു: ആ മഹതികളായ ദേവമാതാക്കളെയും പണ്ടേത്തെ
കവികാം പുകഴ്ത്തിപ്പാടി, മുമ്പിൽ നിറുത്തിയല്ലോ! 1

പണ്ടേ ജനിച്ച, യാഗത്തിന്റെ ഇരിപ്പിടങ്ങളായ അച്ഛനമ്മ
മാരെ നിങ്ങാം പുതുസ്തോത്രങ്ങാംകൊണ്ടു പുരസ്കരിയ്ക്കുവിൻ. ദ്യാ
വാപൃഥിവികളേ, നിങ്ങാം ദേവകളോടൊപ്പം ഞങ്ങളുടെ അടു
ക്കൽ വന്നാലും: വലിയ സമ്പത്തുണ്ടല്ലോ, നിങ്ങാംക്ക്! 2

ദ്യാവാപൃഥിവികളേ, ഹവിസ്സു തരുന്നവന്നു കൊടുക്കാൻ വ
ളരെ രത്നങ്ങളുണ്ടല്ലോ, നിങ്ങാംക്ക്; അത് ഇത്തിരിയല്ലാതെ
ഞങ്ങാംക്കു തരുവിൻ. നിങ്ങാം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊ
ഴുമെങ്ങളെ!' 3

---

2. ആ—അവരുടേതായ. വസുക്കാള എന്നതുമുതൽ പ്രത്യക്ഷകഥനം: നിങ്ങളുടെ —ഭവദീയരായ.

3. ത്വരിതർ—യജ്ഞാദികളിൽ സത്വരർ. രത്നം—രമണീയധനം. പിതാവ്—വസിഷ്ഠന്റെ അച്ഛൻ, വരുണൻ.

സൂക്തം 53.

1. കവികാം—ഋഷിമാർ.

3. അതിൽ—രത്നഭാഗത്തിൽ.

സൂക്തം 54.

വസിഷ്ഠൻ ഋഷി; ത്രിഷ്ടപ്പ് ഛന്ദസ്സ്; വാസ്തോഷ്പതി ദേവത

വാസ്തോഷ്പതേ, അങ്ങ് ഞങ്ങളെ അറിയണം: ഞങ്ങളിൽ ശുഭമാംവണ്ണം നിവസിച്ച്, രോഗങ്ങളെ നീക്കുക; അങ്ങയോടു ഞങ്ങൾ യാചിയ്ക്കുന്നതു ഞങ്ങൾക്കു തരിക; ഞങ്ങളുടെ ഇരുകാലികൾക്കു സുഖം വരുത്തുക; നാല്ക്കാലികൾക്കും സുഖം വരുത്തുക! 1

വാസ്തോഷ്പതേ, ഭവാൻ ഞങ്ങൾക്കു സമ്പത്തുണ്ടാക്കി വർദ്ധിപ്പിച്ചാലും: ഇന്ദോ, അങ്ങയുടെ സഖ്യത്താൽ ഞങ്ങൾ ഗോവാജിസഹിതരായി ജരാരഹിതരായിബ്ഭവിയ്ക്കുമാറാകണം; അച്ഛൻ മക്കളിലെന്നപോലെ, അവിടുന്നു ഞങ്ങളിലിരുന്നാലും! 2

വാസ്തോഷ്പതേ, ഞങ്ങൾ അങ്ങയുടെ സുഖകരവും സുന്ദരവും സുസമ്പന്നവുമായ ഗൃഹത്തിൽ പാർക്കുമാറാകണം; അങ്ങ് ഞങ്ങളുടെ ധനം യോഗക്ഷേമങ്ങളാൽ രക്ഷിയ്ക്കുകയും ചെയ്യാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

സൂക്തം 55.

വസിഷ്ഠൻ ഋഷി; ഗായത്രിയും ഉപരിഷ്ടാൽ ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വാസ്തോഷ്പതിയും ഇന്ദ്രനും ദേവത.

('താമരക്കണ്ണൻ' പോലെ.)

ഹേ വാസ്തോഷ്പതേ, ഭൂരിരൂപങ്ങ-
ളാവഹിച്ചാ,മയഘ്നൻ നീ

സൂക്തം 54.

1. വാസ്തോഷ്പതി—ഒരു ദേവൻ. അറിയണം—സ്വന്തം സ്തോതാക്കളാണെന്ന്. ഇരുകാലികൾ—പുത്രാദിമനുഷ്യർ.

2. ഇന്ദോ—സോമംപോലെ ആഹ്ലാദിപ്പിയ്ക്കുന്നവനേ. ഇരുന്നാലും—രക്ഷിതാവായി വർത്തിച്ചാലും.

3 അങ്ങയുടെ— അങ്ങ് തരുന്ന.

ചങ്ങാതിയായിത്തന്നരുളേണ—
മെങ്ങരംക്ക നല്ല സൌഖ്യത്തെ! 1

തിന്നുമ്പോരംക്കിറിപ്പാട്ടിൽ വാരംപോലെ
മിന്നുമാറുള്ള പല്ലുകരം
കാട്ടുന്നൂ, വെള്ളമഞ്ഞനായേ നീ;—
യേററമുറങ്ങുകിന്നേരം! 2

കള്ളൻ, കവർച്ചക്കാരനിവരിൽ—
ച്ചെല്ലൂ, പേർത്തോട്ടം നായേ, നീ:
ഇന്ദ്രനെ വാഴ്ത്തുമെങ്ങളെ ദ്രോഹി—
യ്ക്കുന്നതെന്തിന്നു?—റങ്ങുക! 3

പന്നിയെക്കീറിക്കൊരംക നീ; നിന്നെ—
പ്പന്നിയോ കീറിക്കൊള്ളട്ടെ;
ഇന്ദ്രനെ വാഴ്ത്തുമെങ്ങളെ ദ്രോഹി—
യ്ക്കുന്നതെന്തിന്നു?—റങ്ങുക! 4

(അന്നനട)

ഉറങ്ങട്ടേ മാതാവു,റങ്ങട്ടേ താത,—
നുറങ്ങട്ടേ നായു,മുറങ്ങട്ടേ വരൻ,

സൂക്തം 55.

1. ആവഹിച്ച്=ധരിച്ച്. ആമയഘ്നൻ—രോഗങ്ങളെ ശമിപ്പിയ്ക്കുന്നവൻ. മൂന്നു ദിവസം യാതൊരാഹാരവും കിട്ടാതെ വലഞ്ഞ വസിഷ്ഠൻ നാലാം ദിവസം രാത്രി കക്കാൻ വരുണഗൃഹത്തിൽ ചെന്നു കേറി. അപ്പോരം, അവിടത്തെ കാവൽനായ കുരച്ചുകൊണ്ടു കടിയ്ക്കാൻ പാഞ്ഞണഞ്ഞു. ആ നായയെയും, അവിടെയുള്ള ആളുകളെയും ഉറക്കാനായി അദ്ദേഹം ചൊല്ലിയ ഋക്കുകളാണിവ. പ്രസ്വാപിന്യുപനിഷത്തത്രേ, ഇത്; പ്രസ്വാപിനി=ഉറക്കുന്നത്.

2. കിറിപ്പാട്—ഓഷ്ഠപ്രാന്തം. കാട്ടുന്നു—എന്നെ കടിപ്പാൻ. വെള്ളമഞ്ഞനായേ—ചില അവയവങ്ങളിൽ വെളുപ്പും, ചില അവയവങ്ങളിൽ മഞ്ഞനിറവും ചേർന്ന ശ്വാവേ.

3. പേർത്തോട്ടം—പോയേടത്തേയ്ക്കുതന്നെ വീണ്ടും ഓടിപ്പോകുന്ന. എങ്ങളെ— എന്നെ,

ഉറങ്ങട്ടേ ജ്ഞാതിജനങ്ങളുമെല്ലാ,—
മുറങ്ങട്ടേ നാലുവശത്തുള്ളവരും! 5

ഇരിയ്ക്കുന്നതെവൻ, നടക്കുന്നതെവൻ,
നിരീക്ഷിയ്ക്കുന്നതുമെവനിങ്ങെങ്ങളെ,
അവരുടെ കൺകളടയ്ക്കാവൂ ഞങ്ങ;—
ളവരിമ്മാളികപ്പുരപോലാകട്ടെ! 6

ഒരായിരം കതിരൊട്ടും വൃഷാവെവൻ
തിരകടലിൽനിന്നുദിച്ചുപൊങ്ങുമോ,
അരിന്ദമനാമത്തിരുവടിയെക്കൊ—
ണ്ടരമുറക്കാവൂ, ജനങ്ങളെ ഞങ്ങൾ! 7

കിടക്കുന്നു, മാതരെവരിറയത്തും
കിടപ്പറയിലും സ്വവാഹനത്തിലും;
പടത്തുന്നു, പുണ്യസുഗന്ധമേവ;—രാ
മടവാരെയൊട്ടുക്കുറക്കാവൂ, ഞങ്ങൾ! 8

സൂക്തം 56.

വസിഷ്ഠൻ ഋഷി; ദ്വിപദാവിരാട്ടും ത്രിഷ്ടുപ്പും
ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

(കാകളി.)

ആരിവർ, നേതാക്കൾ, ഭാസ്സുററ രുദ്രജ—
ന്മാരേ,കവാസർ, സദശ്വർ, നരഹിതർ! 1

5. മാതാവ്—നായയുടെ അമ്മ. വരൻ—ജാമാതാവ്.

6. ഇമ്മാളികപ്പുരപോലാകട്ടെ—ഇക്കാണുന്ന മാളികയും മററുംപോലെ നിശ്ചലരായി, ഉറങ്ങട്ടെ.

7. വൃഷാവ്—വൃഷ്ടിദാതാവായ സൂര്യൻ. തിരുവടിയെക്കൊണ്ട്—അദ്ദേഹത്തെ ധ്യാനിച്ചു, മന്ത്രം ജപിച്ച്. അരം=ഏററവും.

8. മാതർ=സ്ത്രീകൾ.

സൂക്തം 56.

1. മരുത്തുക്കളെ കണ്ട് ഋഷി ആശ്ചര്യപ്പെടുന്നു: ഏകവാസർ=ഒരേ പാർപ്പിടമുള്ളവർ; എല്ലാവരും ഒരു ഗൃഹത്തിൽ വസിയ്ക്കുന്നു.

ആരുമറിഞ്ഞിട്ടി,വർതൻ സമുല്പത്തി?
തേറുന്നു, തങ്ങളിൽമാത്രം പിറപ്പിവർ! 2

ഏറ്റുമുട്ടു,മിണക്കത്തോന്റു തമ്മിലാ—
ക്കാററൊച്ചയോടേ പറക്കും പരുന്തുകൾ! 3

പൃശ്നി മഹതി വയററിൽ വഹിച്ചവ—
രി,ശ്ശുഭ്രരെന്നതറിയും, മനീഷികൾ! 4

ആർ മരുദ്ഭക്തന,വൻ ചിരാൽക്കീഴമ—
ത്താ,പ്താർത്ഥനായി നേടട്ടേ, സുവീരരെ! 5

വേണ്ടുമിടത്തെത്തു പായുവോർ, പണ്ടങ്ങൾ
പൂണ്ടുജ്ജ്വലിപ്പോർ, ബലോഗ്രരാ, ശ്രീയുതർ! 6

കത്തട്ടെ, നിങ്ങൾതൻ തേജസ്സ;—റയ്ക്കട്ടെ
ശക്തി; വളർന്നുവാഴട്ടേ, മരുദ്ഗണം! 7

രുഷ്ടം, ഭവന്മനം; ശോഭമാനം, ബലം;
ധൃഷ്ടസംഘാകമ്പനപ്പോക്കൃഷിസമം! 8

ഞങ്ങളിൽച്ചാട്ടായ്വിന,ശ്ശാശ്വതായുധ;—
മിങ്ങാപതിയ്ക്കൊല്ല, നിങ്ങൾതൻ ക്രൌര്യവും! 9

---

2. തങ്ങളിൽമാത്രം തേറുന്നു—തങ്ങൾ രുദ്ര—പൃശ്നിപുത്രന്മാരാണെന്ന്, അവർക്കന്യോന്യം അറിയാം; മററാർക്കും അറിഞ്ഞുകൂടാ.

3. ഇണക്കത്ത്—സൌന്ദര്യാദികൾകൊണ്ടുള്ള കിടമത്സരം. കാററൊച്ച = കാററിന്റേതിന്നൊത്ത ഇരമ്പൽ. ആ പരുന്തുകൾ—അത്ര വേഗമുള്ള മരുത്തുക്കൾ.

4. ഇശ്ശുഭ്രർ = ശ്വേതവർണ്ണരായ മരുത്തുക്കൾ. മനീഷികൾ—ശാസ്ത്രജ്ഞർ.

5. കീഴമത്ത്—ശത്രുക്കളെ. ആപ്താർത്ഥൻ = ധനം കിട്ടിയവൻ. സുവീരരു നല്ല പുത്രന്മാർ.

7. പ്രത്യക്ഷോക്തി: ഒടുവിലെ വാക്യം പരോക്ഷം.

8. രുഷ്ടം—ശത്രുക്കളിൽ ക്രുദ്ധം. ധൃഷ്ടസംഘാകമ്പനപ്പോക്ക് = ധീരമായ സംഘത്തിന്റെ (മരുദ്ഗണത്തിന്റെ) ആകമ്പനമായ, വൃക്ഷാദികളെ ഇളക്കുന്ന, ഗമനം. ഋഷിസമം—സ്തോതാക്കൾപോലെ ബഹുവിധശബ്ദങ്ങളെ പുറപ്പെടുവിയ്ക്കുന്നത്.

9. അശ്ശാശ്വതായുധം—നിങ്ങളുടെ ആ സനാതനായുധം, ഇടിവാൾ. ഇങ്ങ്—ഈ കർമ്മത്തിൽ.

വെമ്പുന്ന തൽപരർ നിങ്ങൾ മരുത്തുക്ക-
ളിമ്പപ്പെടാൻ പ്രിയപ്പേരിൽ വിളിപ്പൂ, ഞാൻ! 10

നല്ലായുധങ്ങളും നല്ലോപ്പുമൊത്തെഴ-
ന്നുള്ള;–മുടൽമോടി കൂട്ടും, സ്വയമവർ! 11

ശുദ്ധം ഹവിസ്സു, വിശുദ്ധരാം നിങ്ങൾക്ക–
ശുദ്ധയജ്ഞം വിശുദ്ധർക്കയയ്ക്കുന്നു ഞാൻ:
സത്യേന സത്യം ഗമിപ്പോർ, ജലാർദ്രർ, ഭാ–
സ്സൊത്തോർ, സുജാതർ, മരുത്തുക്കൾ പാവനർ! 12

സാംഗദം, നിങ്ങൾതൻ തോൾ മരുത്തുക്കളേ;
തുങ്ങുന്നു, മാറിൽത്തിളങ്ങുന്ന മാലകൾ;
മാരിയോടൊത്ത വിദ്യുത്തുകൾപോലൊളി
ചേരുവോർ, നിങ്ങൾ ശസ്ത്രത്താൽജ്ജലപ്രദർ! 13

വാനിൽപ്പരക്കുന്നു, നിങ്ങൾതൻ വാരൊളി;
വാഴ്ത്തിസ്സുവിൻ, യജനീയർ നിങ്ങൾ ജലം!
ഹേ മരുത്തുക്കളേ, ഗൃഹ്യം ഗൃഹസ്ഥിത–
ർക്കേകേണ്ടുമിയ്യായിരംപങ്കെടുക്കുവിൻ! 14

കേൾപ്പുതുണ്ടല്ലോ, മരുത്തുക്കളേ, നിങ്ങൾ
കോപ്പുററ ധീമാൻെറയിസ്സാഹൂതിസ്തവം;

10, പ്രിയപ്പേരിൽ––പ്രിയമായ പേർ ചൊല്ലി.

11. നല്ലോപ്പ്=നല്ല ആഭരണം.

12. വിശുദ്ധർക്ക്—ശോഭമാനരായ നിങ്ങൾക്ക്. സത്യേന സത്യം ഗമിപ്പോർ—സത്യംകൊണ്ടു സത്യത്തിലെത്തു ഗമിക്കുന്നവർ, സർവഥാ സത്യപരർ.

13. സാംഗദം=അംഗദത്തോടു, തോൾവളയോടുകൂടിയത്. മാലകൾ—ഹാരങ്ങൾ. ശസ്ത്രത്താൽ ജലപ്രദർ––ആയുധംകൊണ്ടു മേഘത്തെ പിളർത്തു ജലം തരുന്നവർ, വൃഷ്ടികർത്താക്കൾ.

14. ഗൃഹ്യം=ഗൃഹസംബന്ധി. ഗൃഹസ്ഥിതർക്ക്=ഗൃഹമേധികളായ നിങ്ങൾക്ക്. ഇയ്യായിരംപങ്ക്—ഗൃഹത്തിലെ ഒരു വസ്തു നിങ്ങൾക്കു നിവേദിക്കപ്പെട്ടാൽ, അത് ഒരായിരമായിത്തീരുമെന്നു സാരം.

15. കോപ്പുററ—ഹവിസ്സാകുന്ന വിഭവത്തോടുകൂടിയ. ധീമാൻെറ—എൻെറ. സാഹൂതിസ്തവം=ആഹൂതിസഹിതമായ സ്തോത്രം. തെറെറന്ന്—വേകം

തെററെന്നു നല്കുവിൻ, നല്ല വീരരെയും,
മററാരാലും വൈരാലുടയ്ക്കാത്ത വിത്തവും! 15

അശ്വങ്ങൾപോലേ സുയാനർ, മരുത്തുക്ക-
ളു,ത്സവം കാണും മനുഷ്യർപോലുജ്ജ്വലർ,
ഉന്നതാഗാരക്കിടാങ്ങൾപോലുൽപ്രഭർ,
കന്നുകൾപോലേ കളിപ്പോർ, ജലപ്രദർ! 16

സുന്ദരക്ഷ്മാനഭഃപൂരകരാം നിങ്ങൾ
തന്നെങ്ങളെസ്സുഖിപ്പിപ്പിൻ, മരുത്തുകൾ:
നീക്കുവിൻ, നിങ്ങൾതൻ ഗോനരഘ്നായുധം:
സൌഖ്യങ്ങളെങ്ങൾക്കണപ്പിൻ, വസുക്കളേ! 17

ഹോതാവിരുന്നു വിളിയ്ക്കുന്നു നിങ്ങളെ,
സ്ഫീതമാം ദാനം പുകഴ്ത്തി വൃഷാക്കളേ;
നിർമ്മായനായ് മരുത്തുക്കളേ, വാഴ്ത്തുന്നു,
കർമ്മിയെക്കാപ്പോൻ സ്തവങ്ങളാൽ നിങ്ങളെ. 18

ഇമ്പമേകുന്നു, കർമ്മിയ്ക്കു മരുത്തുക്കൾ;
കമ്പിടുവിയ്ക്കുന്നു, കെല്പരെക്കെല്പിനാൽ;

വീരർ—പുത്രന്മാർ. മററാരാലും വൈരാലുടയ്ക്കാത്ത—ഒരു വൈരിയ്ക്കും നശിപ്പിയ്ക്കാവതല്ലാത്ത.

16. സുയാനർ=ശോഭനഗമനന്മാർ. ഉത്സവം—ഉത്സവം കാണാൻ, നല്ല മോടിയിലാണല്ലോ, ആളുകൾ ചെല്ലുക. ഉന്നതാഗാരക്കിടാങ്ങൾ=ഉയർന്ന തറവാട്ടിലെ കുട്ടികൾ. കന്നുകൾ=പൈക്കുട്ടികൾ.

17. സുന്ദരക്ഷ്മാനഭഃപൂരകർ—അഴകൊത്ത ഊഴിവാനങ്ങളെ സ്വമഹിമാവുകൊണ്ടു നിറയ്ക്കുന്നവർ. തന്ന്—ധനം. മരുത്തുകൾ—മരുത്തുക്കളായ നിങ്ങൾ; ഹേ മരുത്തുക്കൾ എന്നു സംബുദ്ധിയുമാക്കാം. ഗോനരഘ്നായുധം—മേഘസ്ഥജലങ്ങളെയും (ഗോശബ്ദത്തിന്ന്, ഇവിടെ ജലമെന്നാണർത്ഥം.) ശത്രുനരരെയും ഹനിയ്ക്കുന്ന നിങ്ങളുടെ ആയുധം. നീക്കുവിൻ—ഞങ്ങളിൽ പതിപ്പിയ്ക്കരുത്. വസുക്കൾ=വാസയിതാക്കൾ.

18. സ്ഫീതം=പ്രവൃദ്ധം. ദാനം—നിങ്ങളുടെ ദാനം. കർമ്മിയെക്കാപ്പോൻ—നിങ്ങളെ വിളിയ്ക്കുന്നതുകൊണ്ടു യഷ്ടാവിന്റെ രക്ഷകനായിത്തീർന്ന ഹോതാവ്,

വിദ്രോഹിയിൽനിന്നു കാക്കുന്ന വാശ്ശീയെ;
മെത്തുമൊരീറയുംക്കൊരംവൂ, പിശ്ശുക്കനിൽ! 19

ശ്രീമാനെയും നിസ്വനേയുമിളക്കവോ–
രീ, മരുത്തുക്കളെ,മത്ത്യരാലീപ്പിതർ;
പോക്കകിരുട്ടു; വൃഷാക്കരം നിങ്ങളള–
വാക്കകെ,ഞങ്ങാംക്ക പുരുപുത്രപൌത്രരെ! 20

പോകൊലാ, പിന്നിൽപ്പെടൊല്ലാ, ഭവദ്ദാന–
ഭാഗത്തിൽനിന്നെങ്ങാം വർഷിരഥികരേ:
പങ്കുകൊള്ളിപ്പിൻ, മരുത്തുക്കളേ, നിങ്ങാം,
തൻകാമ്യശോഭനസമ്പത്തിലെങ്ങളെ! 21

നാട്ടുകാർക്കോ, പെരുംസസ്യത്തിനോ ശ്ശുര–
ത്ത്വറമോടേററുമുട്ടുമ്പൊളപ്പോർകളിൽ,
മാററാങ്കൽനിന്നു രുദ്രാത്മജന്മാർ നിങ്ങാം
കാത്തരുളുംവിൻ, മരുത്തുക്കളേ, ഞങ്ങളെ! 22

നിങ്ങാം പണ്ടും പിതാക്കാംക്ക ചെയ്ത ബഹു–
മംഗളം ചെയ്‌വിൻ, മരുത്തുക്കളേ, സ്വയം:
പ്രൌഢനായ്പ്പോരിലമർത്തും, മരുൽപ്രിയൻ;
നേടു,മന്നം സമീപിച്ച മരുൽപ്രിയൻ! 23

---

19. വാശ്ശീ=സ്തോതാവ്. പിശ്ശുക്കൻ––ധനമുണ്ടെങ്കിലും യജിയ്ക്കാത്ത വൻ.

20. ഇളക്കവോർ––കർമ്മങ്ങാംക്ക പ്രേരിപ്പിയ്ക്കുന്നവർ. ഈപ്പിതർ=ഇച്ഛി യ്ക്കപ്പെട്ടവർ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

21. പോകൊലാ––ഭവദ്ദാനഭാഗത്തിൽനിന്നു, നിങ്ങളുടെ ദാനത്തിൻെറ പങ്കിൽനിന്നു, പുറത്താകരുത്. പിന്നിൽപ്പെടൊല്ലാ––ഞങ്ങാംക്ക മുമ്പേ തരണ മെന്നർത്ഥം. വർഷിരഥികരേ––വർഷിയ്ക്കുന്നവരും, തേരോട്ടുകൂടിയവരുമായിട്ടുള്ള വരേ.

22. നാട്ടുകാർക്കോ, പെരുംസസ്യത്തിനോ––നാട്ടുകാരെയോ വലിയ കൃഷിനിലത്തെയോ കീഴടക്കാൻവേണ്ടി. ഊററം=അഭിമാനം.

23 ഞങ്ങളുടെ പിതാക്കന്മാക്ക് നിങ്ങാം ബഹുമംഗളം (വളരെ നന്മ) ചെ യ്തിട്ടുണ്ടല്ലോ; അതുപോലെ ഞങ്ങാംക്കും ചെയ്യുവിൻ. മരുൽപ്രിയൻ––മരുത്തുക്ക ളായ നിങ്ങളുടെ പ്രസാദത്തിന്നു പാത്രീഭവിച്ചവൻ. പ്രൌഢനായ്, ഓജസ്വി യായി. പോരിൽ അമർത്തും––ശത്രുക്കളെ. സമീപിച്ച––സ്തുതികാംകൊണ്ടടുത്ത.

ഹേ മരുത്തുക്കളേ, ജാതനാകെ,ങ്ങടംക്ക
ധീമാനരിന്ദമനോജസ്വി നന്ദനൻ:
സുസ്ഥിതിയില്ലെ,ന്നാൽക്കടക്കാം, രിപുക്കളെ;
വത്തിയ്ക്കു, നിങ്ങടംതൻ ഞങ്ങടം നിജാസ്പദേ! 24

ഇസ്സവം കേടംക്കട്ടെ,യിന്ദ്രൻ വരുണനും,
മിത്ര,നഗ്നി, ജലം, സസ്യവും, വൃക്ഷവും:
വത്തിയ്ക്കുകെ,ങ്ങടം സുഖേന മരുൽപദേ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 25

സൂക്തം 57.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കടം ദേവത.
(കാകളി)

വാർമുഴിവാനം കുലുക്കുന്നു, ചുററുന്നു,
ഘോരരരാമേവർ വളർത്തുന്നു, കാറിനെ;
അബ്ഭവാന്മാരുടെ മാരുതപ്പേർ മഖേ
കെല്പിൽപ്പുകഴ്ത്തുന്നു, ഹർഷകർ യാജ്യരേ! 1

ആരായുമല്ലോ, മരുത്തുക്കടം വാഴ്ത്തിയെ;—
പ്പൂരിതമാക്കും, മഘവാന്നഭീഷ്ടവും;
ഇന്നൻപൊടേ നിങ്ങളെങ്ങടംതൻ യാഗത്തിൽ
വന്നമരേത്തിന്നിരിയ്ക്കുവിൻ, ദർഭയിൽ! 2

---

24. ജാതനാക = ജനിയ്ക്കട്ടെ. സുസ്ഥിതി = സ്വാസ്ഥ്യം. എന്നാൽ—നന്ദനൻ ജനിച്ചാൽ. നിങ്ങടംതൻ = ഭവദീയരായ. നിജാസ്പദേ വത്തിയ്ക്കു—സ്വസ്ഥാനത്തു വസിയ്ക്കുമാറാകട്ടെ.

25. ഇസ്സവം—ഞങ്ങളുടെ സ്തുതി. മരുൽപദേ = മരുത്തുക്കളുടെ ഇരിപ്പിടത്തിൽ.

സൂക്തം 57.

1. വാർമുഴിവാനം—വിശാലങ്ങളായ ഊഴിവാനങ്ങടംപോലും. ചുററുന്നു—എങ്ങും സഞ്ചരിയ്ക്കുന്നു. മാരുതപ്പേർ—മരുത്തുക്കളെന്ന നാമം. മഖേ = യജ്ഞത്തിൽ. ഹർഷകർ = ഹർഷിപ്പിയ്ക്കുന്നവർ, സ്തോതാക്കടം. കെല്പിൽ—പ്രകർഷേണ.

2. മഘവാൻ = യജമാനൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി;

ഇത്ര വരില്ലാ, മരുത്തുക്കരെംപോലന്യർ:
ശസ്ത്രം വിളങ്ങുന്നു; ഭാസുരം, ഗാത്രവും;
അപ്പുരുശോഭർ വാന്നുഴി മിന്നിച്ചുകൊ–
ണ്ടൊപ്പമണിയുന്നു, മോടിയ്ക്കുണികളെ! 3

നിങ്ങൾതന്നായുധം നീങ്ങട്ടെ, യാജ്യരേ,
ഞങ്ങൾ, മനുഷ്യർ പിഴ ചെയ്തുപോകിലും:
ഏല്ക്കൊല്ലതേ,തും മരുത്തുക്കളേ, ഞങ്ങൾ;
വാഴ്കട്ടെ, നിങ്ങൾക്ക നന്മനസ്സുകളിൽ! 4

ഇക്രതുവിങ്കലേ മോദിപ്പരുളട്ടെ,
ശുക്ലരദോഷർ പുനാനർ മരുത്തുകൾ:
ഞങ്ങളെപ്പാലിപ്പിന,ൻപിനാൽ യാജ്യരേ;
ഞങ്ങളെച്ചോർ തന്നു പോററിവളർത്തുവിൻ! 5

ഹവ്യങ്ങളാസ്വാദിയ്ക്കട്ടേ, നതരായ
സർവാംബുയുക്തർ നേതാക്കരെം മരുത്തുകൾ:
ഞങ്ങൾതൻ മക്കൾക്ക കിട്ടിയ്ക്കുവിൻ, ജലം;
മംഗളവിത്തം ഹവിഷ്പ്രദന്നേകുവിൻ! 6

നമ്മെ സ്വയമെവർ നൂറായ്പ്പെരുപ്പിയ്ക്കു,–
മമ്മരുത്തുക്കളെല്ലാരും സരക്ഷരായ്
എത്തട്ടെ, യജ്ഞത്തിൽ വാഴ്ത്തിയ വിജ്ഞരിൽ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

3. പരോക്ഷോക്തി: ഇത്ര വരില്ലാ—ധനം തരികയും മററും ചെയ്യില്ല. ശസ്ത്രം—മരുത്തുക്കളുടെ ആയുധങ്ങൾ. ഒപ്പം—എല്ലാവരും ഒന്നുപോലെ.

4. പ്രത്യക്ഷോക്തി: നീങ്ങട്ടെ—ഞങ്ങളിലേല്ക്കാതിരിയ്ക്കട്ടെ. മനുഷ്യർ—മനുഷ്യർക്ക പ്രമാദം സുലഭമാണല്ലോ. അതു്—ആയുധം.

5. ഇക്രതുവിങ്കലേ—നമ്മുടെ യാഗത്തിൽത്തന്നെ, ശുക്ലർ—ഉജ്ജ്വലർ, പുനാനർ=ശുദ്ധിപ്പെടുത്തുന്നവർ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

6. പൂർവാർദ്ധം പരോക്ഷോക്തി; സർവാംബുയുക്തർ=എല്ലാജ്ജലങ്ങളോടുംകൂടിയവർ. മംഗളവിത്തം=ശോഭനമായ ധനം. ഹവിഷ്പ്രദൻ—യജമാനൻ.

7. സരക്ഷരായ്—രക്ഷകരോടുകൂടി. വിജ്ഞരിൽ—സ്തോതാക്കളുടെ അടുക്കൽ. നാലാംപാദം പ്രത്യക്ഷോക്തി!

സൂക്തം 58.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി.)

വിണ്ണിനെക്കാളും വളൎന്നതായ്സ്സന്തതം
തണ്ണീർ പൊഴിയ്ക്കും ഗണത്തെപ്പുകഴ്ത്തുവിൻ:
ദ്യാവോർവികളെച്ചതയ്ക്കും, പെരുമയാൽ;
ദ്യോവിലെത്തും, നഭോഭൂക്കളിൽനിന്നിവർ! 1

ഉഗ്രരേ, പ്രാജ്ഞരേ, ഗന്താക്കളേ, മരു-
ത്തുക്കളേ, രുദ്രങ്കൽനിന്നാം, ഭവജ്ജനി:
പ്രൌഢതേജോബലർ നിങ്ങൾ നടക്കവേ
പേടിയ്ക്കു, മക്കിനെക്കാണ്മവോരൊക്കയും! 2

ഹവ്യപ്രദൎക്ക പെരുതന്നമേകുവിൻ;
ഭവ്യമാമെങ്ങൾതൻ സ്തോത്രം ശ്രവിയ്ക്കുവിൻ!
വാട്ടാ, മരുത്തുക്കൾ പോം വഴി ജീവരെ;
വാഴ്ത്തിയ്ക്കു, മാശാസ്യരക്ഷയാൽ നമ്മെയും. 3

നിങ്ങൾ കാത്ത കവി നൂറു നേടും ധനം;
നിങ്ങൾ കാത്തോൻ ചെന്നമർത്തു സഹസ്രിയാം;
നിങ്ങൾ കാത്തോൻ പെരുമാളാം, രിപുഘ്നനാം;
നിങ്ങൾതൻ സമ്പത്തു വായ്ക്കട്ടെ, ധൂനനരേ! 4

സൂക്തം 58

1. ഗണം—മരുത്സംഘം. ദ്യാവോർവികൾ = ദ്യാവാപൃഥിവികൾ. പെരുമ = മഹത്ത്വം. ദ്യോവ് = സ്വർഗ്ഗം. നഭോഭൂക്കൾ = അന്തരിക്ഷവും ഭൂമിയും.

2. ഉഗ്രർ = ഘോരർ. ഗന്താക്കൾ = ഗമനശീലർ, ഭവജ്ജനി = നിങ്ങളുടെ ജനനം. അക്കിനെക്കാണ്മവോർ—ജീവികൾ.

3. ഭവ്യം = ശോഭനം. മരുത്തുക്കൾ പോം (സഞ്ചരിയ്ക്കുന്ന) വഴി ജീവിയെ (പ്രാണിവർഗ്ഗത്തെ) വാട്ടാ; നേരേമറിച്ച്, വൃഷ്ടിജലംകൊണ്ടു തഴപ്പിയ്ക്കും.

4. നിങ്ങൾ കാത്ത = ഭവദ്രക്ഷിതനായ. കവി—സ്തോതാവ്. അമർത്തു—ശത്രുക്കളെ കീഴമർത്ത്. സഹസ്രിയാം—സഹസ്രധനവാനായിത്തീരും. ധൂനനർ—വൃക്ഷാദികളെ കുലുക്കുന്നവർ.

ആസ്ഥ വെപ്പൻ, വൃഷരുദ്രാത്മജരിൽ ഞാൻ:
പേർത്തുപേർത്തീക്ഷിയ്ക്കു, നമ്മെ മരുത്തുകൾ;
ക്ഷിപ്രർക്ക രോഷം വരുമാറനുഷ്ഠിച്ച
വിസ്പഷ്ടഗൂഢപ്പിഴകൾ കെടുക്ക, നാം! 5

കീർത്തിച്ചുവല്ലോ, വിശിഷ്ടമാം സ്തോത്ര:—മി—
സ്സൂക്തി കേൾക്കട്ടേ, ധനാഢ്യർ മരുത്തുകൾ;
ശത്രുവെപ്പോക്കുവിൻ, നിങ്ങൾ വൃഷാക്കളേ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ.' 6

സൂക്തം 59.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ത്രിഷ്ടുപ്പും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; മരുത്തുക്കളും രുദ്രനും ദേവത.

ദേവന്മാരേ, നിങ്ങൾ ആരെ ഇതിൽനിന്നിതിൽനിന്നു രക്ഷിയ്ക്കുമോ, ആരെ കൊണ്ടുനടക്കുകയും ചെയ്യുമോ; അവന്ന്, അഗ്നേ, വരുണ, മിത്ര, അര്യമാവേ, മരുത്തുക്കളേ, നിങ്ങൾ സുഖം നൽകുവിൻ! 1

ദേവന്മാരേ, നിങ്ങളുടെ രക്ഷയാൽ, പ്രിയദിനത്തിൽ യജിയ്ക്കുന്നവൻ ക്ലടലരെ കടക്കും; യാവനൊരുത്തൻ നിങ്ങളെ നിർത്താൻ മികച്ച ഹവിസ്സു തരുമോ, അവൻ ഗൃഹത്തെ അഭിവൃദ്ധിപ്പെടുത്തും! 2

---

5. വൃഷരുദ്രാത്മജരിൽ,വൃഷാക്കളായ (അഭീഷ്ടവർഷികളായ) രുദ്രപുത്രരിൽ (മരുത്തുക്കളിൽ)ഞാൻ ആസ്ഥ(ആദരം,ഭക്തി) വെപ്പൻ; പരിചരിയ്ക്കാമെന്നർത്ഥം. നമ്മെ ഈക്ഷിയ്ക്കു—നമ്മളിൽ അഭിമുഖരായിത്തീരട്ടെ. ക്ഷിപ്രർ—വേഗവാന്മാർ, മരുത്തുക്കൾ. അനുഷ്ഠിച്ച=ചെയ്തുപോയ. വിസ്പഷ്ടഗൂഢപ്പിഴകൾ=വെളിവിലും ഒളിവിലുമുള്ള അപരാധം. കെടുക്ക—മരുൽസ്തുതിയാൽ പരിഹരിയ്ക്കുക.

6. കീർത്തിച്ചു—ഞങ്ങൾ ചൊല്ലി. സൂക്തി—സ്തുതി. ഉത്തരാർദ്ധം പ്രത്യക്ഷകഥനം: ശത്രുവെ—ഞങ്ങളുടെ വൈരികളെ.

സൂക്തം 59.

1. ഇതിൽനിന്നിതിൽനിന്ന്—ഓരോ ഭയത്തിൽനിന്നും. കൊണ്ടുനടക്കുക—സന്മാർഗ്ഗത്തിലെയ്ക്കു്.

2. പ്രിയദിനം—നിങ്ങൾക്ക പ്രിയമായ ദിവസം. നിങ്ങളെ നിർത്താൻ—നിങ്ങൾ മറ്റാരുടേടത്തും പോയ്ക്കളയാതിരിപ്പാൻ.

നിങ്ങളിൽ താഴയുള്ളവനെപ്പോലും വിട്ടിട്ടല്ല, വസിഷ്ഠൻ സ്തു
തിയ്ക്കുന്നതു്: മരുത്തുക്കളേ, ഇന്നു ഞങ്ങടെ പിഴിഞ്ഞതു തൽപരരായ
നിങ്ങളെല്ലാവരും ഒന്നിച്ചു പാനംചെയ്താലും! 3

നേതാക്കളേ, നിങ്ങൾ ആർക്കു നൽകിയോ, അവന്നു നിങ്ങ
ളുടെ രക്ഷമൂലം പടയിൽ ഇടിവു വരില്ല. നിങ്ങളുടെ പുതിയ നന്മ
നസ്സു വന്നെത്തട്ടേ; പിപാസുക്കളായ നിങ്ങളും വെക്കം വരുവിൻ! 4

തമ്മിലുരുമ്മുന്ന ധനമുള്ള നിങ്ങൾ ഹവിസ്സുണ്ണാൻ വരുവിൻ:
മരുത്തുക്കളേ, ഇതാ, നിങ്ങൾക്കു ഞാൻ തരുന്നുണ്ടല്ലോ, ഹവ്യ
ങ്ങൾ; നിങ്ങൾ മററെങ്ങാനും പോയ്ക്കളയരുതു്! 5

മരുത്തുക്കളേ, നിങ്ങൾ ഞങ്ങളുടെ ദർഭയിലിരിയ്ക്കുവിൻ: ഞ
ങ്ങൾക്കു സ്പൃഹണീയങ്ങളായ ധനങ്ങൾ തരുവാൻ വരികയും
ചെയ്വിൻ; കനിവുററ നിങ്ങൾ ഇവിടെ സോമമധുവിനാൽ
മത്തുകൊണ്ടാലും, സ്വാഹാ! 6

മറവിലിരിയ്ക്കുന്ന അവർ തിരുമെയ്യിന്നു മോടി കൂട്ടി, നീല
ഹംസങ്ങൾപോലെ പറന്നെത്തട്ടെ: ആ വിശാലമായ ഗണം
എന്റെ ചുററും, യജ്ഞത്തിൽ ഇമ്പംകൊള്ളുന്ന സുന്ദരമനുഷ്യർപോ
ലെ ഉപവേശിയ്ക്കട്ടെ! 7

വസുക്കളായ മരുത്തുക്കളേ, തിരസ്കൃതനായ യാതൊരുവൻ
കെട്ടകോപം പൂണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ മുറിപ്പെടുത്തുകയും വരു
ണപാശങ്ങളിൽ കുടുക്കുകയും ചെയ്യുമോ; അവനെ നിങ്ങൾ പൊ
ള്ളിയ്ക്കുന്ന ആയുധംകൊണ്ടു കൊല്ലണം! 8

പൊള്ളിയ്ക്കുന്ന, ദ്രോഹികളെ പോക്കുന്ന മരുത്തുക്കളേ, ഇതാ,
ഹവിസ്സു്: സ്വന്തം രക്ഷയോടേ ഇതു നിങ്ങൾ സ്വീകരിച്ചാലും! 9

---

3. വസിഷ്ഠൻ നിങ്ങളെല്ലാവരെയും നിർവിശേഷം സ്തുതിയ്ക്കുന്നു. തൽപ
രർ—സോമകാമർ.

4. നൽകിയോ—അഭീഷ്ടങ്ങൾ കൊടുത്തുവോ. വന്നെത്തട്ടെ—ഞങ്ങ
ളിൽ. പിപാസുക്കൾ—സോമപാനേച്ഛുക്കൾ.

5. തമ്മിലുരുമ്മുന്ന—ഇടതിങ്ങിയ.

7. പരോക്ഷകഥനം: ഗണം—മരുത്സംഘം. സുന്ദരമനുഷ്യർ—വസ്ത്രാഭര
ണഭൂഷിതരായിട്ടാണ്, ആളുകൾ യാഗത്തിന്നു വരിക. ഉപവേശിയ്ക്കുക=ഇരി
യ്ക്കുക.

ഗൃഹമേധികളും ശോഭനദാനരുമായ മരുത്തുക്കളേ, നിങ്ങൾ സ്വന്തം രക്ഷയോടേ വന്നാലും; പോയ്ക്കളയരുത്! 10

സ്വാധീനബലരായി കവികളായി സൂര്യവർണ്ണരായിരിയ്ക്കുന്ന മരുത്തുക്കളേ, നിങ്ങൾക്കു ഞാൻ ഇവിടെത്തന്നേ യജ്ഞമനുഷ്ഠിയ്ക്കുന്നു. 11

സുമണം വീശുന്ന പുഷ്ടിവർദ്ധനനായ ത്ര്യംബകനെ നാം യജിയ്ക്കുക: ഞെട്ടിൽനിന്നു വെള്ളരിയ്ക്കയെയെന്നപോലെ, എന്നെ മുക്തിപര്യന്തം നിന്തിരുവടി മരണത്തിൽനിന്നു മോചിപ്പിച്ചാലും! 12

നാലാമധ്യായം സമാപ്തം.

അഞ്ചാമധ്യായം

സൂക്തം 60.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂര്യനും മിത്രാവരുണന്മാരും ദേവതകൾ.

സൂര്യ, ഉദിച്ചുയരുന്ന ഭവാൻ ഇപ്പോൾ ദേവന്മാരുടെ ഇടയിൽ അരുളിച്ചെയ്യുമെങ്കിൽ, ഞങ്ങൾ സത്യമായും മിത്രവരുണർക്ക് അനപരാധികളായിത്തീരും; അദീന, അര്യമാവേ, സ്തുതിച്ചു ഭവാനു പ്രിയരുമാകും! 1

മിത്രവരുണന്മാരേ, ഇതാ, മനുഷ്യരെ നോക്കുന്നവനും — മർത്ത്യരുടെ നന്മതിന്മകൾ വീക്ഷിയ്ക്കുന്നവനും — ചരാചരങ്ങളുടെയെല്ലാം കാവല്ക്കാരനുമായ ആ സൂര്യൻ ദ്യാവാപൃഥിവികളുടെ നേരെ ഉദിച്ചു, നടകൊള്ളുന്നു. 2

---

10. ഗൃഹമേധികൾ — മനുഷ്യഗൃഹങ്ങളിൽ ചെയ്യപ്പെടുന്ന മേധ(യാഗ)ത്തോടുകൂടിയവർ.

11. കവികൾ = ക്രാന്തദർശികൾ.

12. സുമണം — പുണ്യയശസ്സ്. ത്ര്യംബകൻ = രുദ്രൻ. രണ്ടാംവാക്യം പ്രത്യക്ഷോക്തി: ദീർഘായുഷ്കരമത്രേ, ഈ മന്ത്രം.

സൂക്തം 60.

1. അരുളിച്ചെയ്യുമെങ്കിൽ — 'ഇവർ അപരാധികളല്ല' എന്ന്. അര്യമാവ് = ദാതാവ്.

2. നടകൊള്ളുന്നു — അന്തരിക്ഷത്തിൽ ചരിയ്ക്കുന്നു.

മിത്രാവരുണന്മാരേ, അന്തരിക്ഷത്തിൽ, സൂര്യനെ വഹിയ്ക്കുന്ന ജലപ്രദങ്ങളായ ഏഴു പച്ചക്കുതിരകൾ പൂട്ടപ്പെട്ടിരിയ്ക്കുന്നു: ജഗത്തുക്കളെയും ജീവികളെയും, ഗോഗണങ്ങളെ എന്നപോലെ നോക്കുന്നവ നാണല്ലോ, ആ ഭവൽക്കാമൻ! 3

നിങ്ങളിരുവർക്കും മധുരാന്നങ്ങൾ തയ്യാറായി; മിത്രനും അര്യമാവും വരുണനുമാകുന്ന അദിതിപുത്രന്മാർ തുല്യപ്രീതിയോടേ ആർക്കു വഴിവെട്ടുന്നുവോ, ആ സൂര്യൻ തെളിഞ്ഞ അന്തരിക്ഷത്തിൽ കേറുകയും ചെയ്യും. 4

ഈ മിത്രനും അര്യമാവും വരുണനും പാരിച്ച പാപം നശിപ്പിയ്ക്കുന്നവരാണല്ലോ; ഈ അപീഡിതരും സുഖപ്രദരുമായ അദിതി പുത്രന്മാർ യജ്ഞസദനത്തിൽ വർദ്ധിയ്ക്കും! 5

ഈ ദുർദ്ധർഷരായ മിത്രാര്യമവരുണന്മാർ അജ്ഞനെപ്പോലും കുശലനാക്കും; വിജ്ഞനായ കർമ്മിയെ പ്രാപിച്ച്, ദുഷ്കൃതം നീക്കി, നല്ല വഴിയിലൂടേ കൊണ്ടുപോകയും ചെയ്യും! 6

ഇവർ എന്നെന്നും ദ്യോവിന്റെയും ഭൂവിന്റെയും അജ്ഞാനം അറിഞ്ഞു, നേരേ നടത്തുന്നു; കുണ്ടുള്ളേടത്തും പുഴയുടെ ആഴം കുറയ്ക്കുന്നു. അവർ നമ്മുടെ ഈ കർമ്മത്തെ മറുകരയിലണയ്ക്കട്ടെ! 7

അദിതിയും മിത്രനും വരുണനും രക്ഷയുള്ള യാതൊരു നല്ല ഗൃഹം ശോഭനദാനനു നല്കുമോ; വെമ്പൽക്കൊള്ളുന്നവരേ, അതിങ്കൽ പുത്രപൌത്രരെ പുലർത്തുന്ന നമ്മൾ ദേവകളെ കോപിപ്പിയ്ക്കുന്നതൊന്നും ചെയ്യുപോകരുത്! 8

ആർ യാഗസാധനത്തെ സ്തുതികളോടു ചേർക്കുന്നില്ലയോ, അവൻ വരുണനാൽ ഉപദ്രവിയ്ക്കപ്പെട്ടു ചില യാതനകൾ (അനുഭവിയ്ക്കും).

---

3. ഗോഗണങ്ങളെ എന്നപോലെ—ഒരിടയൻ മാടുകളെ നോക്കുന്നതുപോലെ. ഭവൽകാമൻ—ഭവാന്മാരിൽ താൽപര്യമുള്ളവൻ.

4. മിത്രനും എന്നതുമുതൽ പരോക്ഷകഥനം.

5. വർദ്ധിയ്ക്കും—സ്തുതികൊണ്ടും ഹവിസ്സുകൊണ്ടും.

6. കുശലൻ—കർമ്മനിപുണൻ.

8. സ്വന്തം ആളുകളോട്: ശോഭനദാനന്—ശോഭനദാനനായ എനിയ്ക്ക്. വെമ്പൽക്കൊള്ളുന്നവരേ—ഇങ്ങോട്ടു പോകാൻ വെമ്പുന്ന ആളുകളേ.

അര്യമാവു വിദ്വേഷികളെ അകററട്ടെ. വൃഷാക്കളേ, നിങ്ങളിരു
വരും ശോഭനദാനന്നു മഹത്തായ ലോകം നൽകുവിൻ! 9

ഒളിഞ്ഞും തെളിഞ്ഞുമിരിയ്ക്കും, ഇവരുടെ ചേർച്ച: ഇവർ നി
ഗൂഢമായ ബലംകൊണ്ടു കീഴമർത്തും. വൃഷാക്കളേ, (വിരോധി
കൾ) നിങ്ങളെപ്പേടിച്ചു വിറയ്ക്കുന്നു. നിങ്ങൾ കരുത്തിൻെറ കന
ത്താൽ ഞങ്ങളിൽക്കനിഞ്ഞാലും! 10

യാവനൊരുത്തൻ അന്നവും മികച്ച ധനവും ലഭിപ്പാൻ സ്തുതി
കർമ്മത്തിൽ നന്നായി മനസ്സുവെയ്ക്കുമോ, ആ സ്തോതാവിൻെറ
സ്തവത്തെ മഘവാക്കൾ മാനിയ്ക്കും; വലിയ ഗൃഹത്തിന്നു നല്ല നില
വും കല്പിച്ചുകൊടുക്കും! 11

മിത്രാവരുണദേവന്മാരേ, ഇതാ, നിങ്ങൾ യജ്ഞത്തിൽ പുര
സ്കരിയ്ക്കപ്പെട്ടു: ആപത്തെല്ലാം തട്ടിനീക്കി ഞങ്ങളെ മറുകരയിലെ
ത്തിയ്ക്കുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെ
ങ്ങളെ!' 12

സൂക്തം 61.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണർ ദേവത.

മിത്രാവരുണദേവന്മാരേ, നിങ്ങളുടെ അഴകൊത്ത തേജസ്സി
ന്നെ പരത്തിക്കൊണ്ടാണ്, സൂര്യൻ ഉദിയ്ക്കുന്നത്: ഉലകെല്ലാം
തൃക്കൺപാർക്കുന്ന തന്തിരുവടി മനുഷ്യരുടെ കർമ്മം മനസ്സി
ലാക്കും! 1

മിത്രാവരുണന്മാരേ, സുകർമ്മാക്കളേ, നിങ്ങൾ ആരുടെ
സ്തോത്രങ്ങൾ രക്ഷിയ്ക്കുന്നുവോ, ആരുടെ കർമ്മം ആണ്ടുകളായി

---

9. കർമ്മങ്ങളിൽ ദേവന്മാരെ സ്തുതിയ്ക്കാഞ്ഞാൽ വരുണൻ കോപിയ്ക്കും. വിദ്വേഷികളെ—നമ്മെ ഉപദ്രവിയ്ക്കുന്ന രാക്ഷസാദികളെ. ശോഭനദാനന്ന്—എനിയ്ക്ക്.

10. കീഴമർത്തും—നമ്മുടെ ശത്രുക്കളെ.

11. മഘവാക്കൾ—അര്യമാദികൾ. വലിയ ഗൃഹത്തിന്ന്—അവന്നു വലിയ ഗൃഹം നിർമ്മിപ്പാൻ.

12. പുരസ്കരിയ്ക്കുക—സ്തുതികൊണ്ടു പൂജിയ്ക്കുക.

നിറവേററിപ്പോരുന്നുവോ, ആ നെടുനാരം കേട്ട യജ്ഞവാനായ മേധാവി നിങ്ങരംക്കു സ്തവങ്ങരം അയയ്ക്കുന്നു. 2

ശോഭനദാനരായ മിത്രാവരുണന്മാരേ, പരന്ന പാരിനെയും, പെരുത്തും വലുതുമായ വിണ്ണിനെയും കവിച്ചവരാണു്, നിങ്ങരം. നേർവഴിയിൽ നടക്കുന്നവരെ സദാ രക്ഷിച്ചുകൊണ്ടു, നിങ്ങരം ഓഷധികളിലും പ്രജകളിലും രൂപം നിർത്തുന്നു! 3

എവരുടെ ബലം മഹത്ത്വത്താൽ വാന്നൂഴികളെ വേർതിരിച്ചുവോ, ആ മിത്രവരുണന്മാരുടെ തേജസ്സിനെ ഭവാൻ സ്തുതിയ്ക്കുക: അയജ്വാവിന്നു മാസങ്ങരം പുത്രനില്ലാതെ കഴിഞ്ഞുപോകട്ടെ; യജ്ഞനിരതനോ, കെൽപു വർദ്ധിപ്പിയ്ക്കട്ടെ! 4

വിജ്ഞരേ, വിഭുക്കളേ, വൃഷാക്കളേ, ഇതാ, നിങ്ങരംക്കു്; ഇതിൽ ആശ്ചര്യമൊന്നും കാണില്ല, മേന്മയും കാണില്ല. ആളുകളുടെ നുണകരം ദൃഷ്ടരേ കേരംക്കൂ. നിങ്ങരംക്കുള്ളവ നിഗൂഢങ്ങളായാലും അറിയപ്പെടാതിരിയ്ക്കില്ല! 5

മിത്രാവരുണന്മാരേ, ഞാൻ നിങ്ങരംക്കുള്ള യജ്ഞത്തെ നമസ്കാരങ്ങരംകൊണ്ടു പൂജിയ്ക്കുന്നു—പീഡിതനായ ഞാൻ നിങ്ങളെ വിളിയ്ക്കുന്നു. നിങ്ങളെ സേവിപ്പാൻ പുതിയ സ്തോത്രങ്ങരംക്കു കഴിവുണ്ടാകട്ടെ—ഈ നിർമ്മിയ്ക്കപ്പെട്ട മേത്തരം സ്തവങ്ങരം (നിങ്ങളെ) പ്രീതിപ്പെടുത്തട്ടെ! 6

മിത്രാവരുണദേവന്മാരേ, ഇതാ, നിങ്ങരം യജ്ഞത്തിൽ പുരസ്കരിയ്ക്കപ്പെട്ടു: ആപത്തെല്ലാം തട്ടിനീക്കി ഞങ്ങളെ മറുകരയിലെത്തിയ്ക്കുവിൻ; നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ! 7

സൂക്തം 61.

2. കേട്ട—പഠിച്ച എന്നർത്ഥം. മേധാവി—വസിഷ്ഠൻ.

3. പെരുത്ത്—ഗുണങ്ങരംകൊണ്ടു് മഹത്ത്. രൂപം നിർത്തുന്നു—ഓരോ രൂപവും നിലനിർത്തുന്നതു നിങ്ങളാണു്.

4. സ്തോതാവിനോടു്:

5. ഇതാ—സ്തോത്രം. ഇതിൽ—ഞങ്ങളുടെ സ്തോത്രത്തിൽ. നുണകരം—അസ്തുത്യരെക്കുറിച്ചുള്ള സ്തുതികരം. കേരംക്കൂ—ശിഷ്ടർ കേരംക്കില്ല. നിങ്ങരംക്കുള്ളവ—നിങ്ങളെപ്പററിയുള്ള സ്തോത്രങ്ങരം.

സൂക്തം 62.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂര്യനും മിത്രാവരുണന്മാരും ദേവതകൾ.

സൂര്യൻ എല്ലാ മനുഷ്യജാതികൾക്കുംവേണ്ടി, മുകളിൽ വളരെ വളരെക്കിരണങ്ങളോടു ചേരുന്നു; പകൽസ്സമയത്തു പരിദീപ്തനായി, ഏകരൂപനായി കാണപ്പെടുന്നു. നിയമിക്കപ്പെട്ട ഈ വിധാതാവു കർമ്മികളാൽ ഉത്തേജിപ്പിക്കപ്പെടുന്നു. 1

സൂര്യ, ആ നിന്തിരുവടി ഈ സ്തുത്യങ്ങളായ നാനാവർണ്ണാശ്വങ്ങളിലൂടേ ഞങ്ങൾക്കായി കിഴക്കുദിച്ചാലും; ഞങ്ങൾ അനപരാധികളാണെന്നു, മിത്രനോടും വരുണനോടും അര്യമാവിനോടും അഗ്നിയോടും പറയുകയും ചെയ്താലും! 2

ദുഃഖത്തെത്തടയുന്ന സത്യവാന്മാരായ വരുണനും മിത്രനും അഗ്നിയും ഞങ്ങൾക്കു് ആയിരം തരട്ടെ—ആ ആഹ്ലാദകന്മാർ ഞങ്ങൾക്കു സ്തുത്യവും പൂജനീയവുമായിട്ടുള്ളതു നൽകട്ടെ; സ്തുതിക്കുന്ന ഞങ്ങളുടെ അഭീഷ്ടം നിറവേററട്ടെ! 3

ദ്യാവാപൃഥിവികളേ, അദിതികളേ, മഹതികളേ, നിങ്ങൾ ഞങ്ങളെ രക്ഷിക്കണം: ജന്മഗുണത്താൽ ഞങ്ങൾ നിങ്ങളെ അറിഞ്ഞിരിക്കുന്നു. ഞങ്ങൾ വരുണൻെറയോ, വായുവിൻെറയോ, നേതാക്കൾക്കു് അത്യന്തം പ്രിയപ്പെട്ട മിത്രൻെറയോ അരിശത്തിൽ പെടരുതു്! 4

മിത്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളെ ജീവിപ്പിപ്പാൻ തൃക്കൈകൾ നീട്ടിയാലും: ഞങ്ങളുടെ മാടുമേച്ചിൽനിലം വെള്ളംകൊണ്ടു നനയ്ക്കുവിൻ. ഞങ്ങളെ ജനങ്ങളുടെയിടയിൽ വിശ്രുതരാക്കുവിൻ. യുവാക്കളേ, എൻെറ ഈ വിളി കേട്ടാലും! 5

സൂക്തം 62.

1. നിയമിക്കപ്പെട്ട—പ്രജാപതിയാൽ. വിധാതാവു്—സർവകർത്താവു്. ഉത്തേജിപ്പിക്കപ്പെടുന്നു—സ്തുതികൊണ്ടു്.

3. ആയിരം—ധനം.

4. അദിതികൾ = അഖണ്ഡനീയകൾ.

5. ജീവിപ്പിപ്പാൻ—ധനം തന്നു്, അഥവാ ഹവിസ്സു സ്വീകരിച്ചു്.

മിത്രനും വരുണനും അര്യമാവും ഇന്നു ഞങ്ങൾക്കും ഞങ്ങളുടെ
പുത്രന്നും ധനം തന്നരുളട്ടെ; ഞങ്ങൾക്കു മാർഗ്ഗങ്ങളെല്ലാം സുഗമങ്ങ
ളാകട്ടെ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 63.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മിത്രൻെറയും വരുണൻെറയും കണ്ണായ യാതൊരു ദേവൻ ഇത
ട്ടിനെ, തോലിനെയെന്നപോലെ ചുരുട്ടുന്നുവോ; ആ മനുഷ്യസാധാ
രണനായ, വിശ്വദ്രഷ്ടാവായ, സുഭഗനായ സൂര്യൻ ഉദിച്ചുയരുന്നു! 1

ജനങ്ങൾക്കു് അനുജ്ഞ നല്കുന്നവനും, മഹാനും, കൊടിമര
വും മഴ പെയ്യിക്കുന്നവനുമായ സൂര്യൻ മുമ്പിൽ പൂട്ടപ്പെട്ട പച്ചക്കു
തിരയാൽ വലിക്കപ്പെടുന്ന സമാനമായ രഥം തിരിച്ചുകൊണ്ടു്
ഉദിച്ചുയരുന്നു! 2

ഏകരൂപമായ തേജസ്സിനെ മങ്ങിക്കാതെ മിന്നിത്തിളങ്ങുന്ന
സവിതാവു് സ്തോതാക്കളാൽ തോഷിപ്പിക്കപ്പെട്ടുകൊണ്ടു്, ഉഷോ
മധ്യത്തിൽ ഉദിക്കുന്നു; ഈ ദേവൻ എനിക്കനുകൂലനാകട്ടെ! 3

വളർന്ന തേജസ്സോടേ വിളങ്ങുന്ന ദൂരഗാമിയായ തരണി അ
ന്തരിക്ഷത്തിന്നു് ഒരാഭരണമായി ഉദിക്കുന്നു: തീർച്ചയായും, സൂര്യ
നാൽ അനുജ്ഞാതരായിട്ടാണു്, പ്രാണികൾ കർത്തവ്യകർമ്മ
ങ്ങൾ ചെയ്തുപോരുന്നതു്. 4

തന്തിരുവടി അമർത്ത്യരാൽ വഴി നിർമ്മിക്കപ്പെട്ട അന്തരി
ക്ഷത്തിൽ, ഒരു പറക്കുന്ന പരുന്തുപോലെ വന്നെത്തുന്നു! മിത്രാവ
രുണന്മാരേ, സൂര്യനുദിക്കുമ്പോൾ, ഞങ്ങൾ നമസ്സുകൾകൊണ്ടും
ഹവിസ്സുകൾകൊണ്ടും നിങ്ങളെ പരിചരിക്കാം. 5

സൂക്തം 63.

1. തോലിനെയെന്നപോലെ—പരത്തിയിട്ടിരുന്ന തോൽ ചുരുട്ടിവെയ്ക്കു ന്നതുപോലെ. മനുഷ്യസാധാരണൻ—മനുഷ്യർക്കെല്ലാം ഒന്നുപോലെയുള്ള വൻ.

2. അനുജ്ഞ—കർമ്മാനുമതി. കൊടിമരം—എല്ലാററിൻെറയും അടയാ ളം. സമാനം—സർവസാധാരണം.

4. തരണി = സൂര്യൻ.

5. നമസ്സുകൾ—സ്തുതികൾ.

മിത്രനും വരുണനും അര്യമാവും ഇന്നു ഞങ്ങൾക്കും ഞങ്ങളുടെ പുത്രന്നും ധനം തന്നരുളട്ടെ; ഞങ്ങൾക്ക മാർഗ്ഗങ്ങളെല്ലാം സുഗമങ്ങളാകട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 64.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മിത്രാവരുണന്മാർ ദേവത.

അന്തരിക്ഷത്തിലും ഭൂമിയിലുമുള്ള ജലങ്ങളുടെ അധിപതികളേ, നിങ്ങളിരുവരുമാണല്ലോ, തണ്ണീർ തന്നരുളുന്നത്; മിത്രനും, സുജാതനായ അര്യമാവും, നല്ല കെല്പുള്ള രാജാവായ വരുണനും ഞങ്ങളുടെ ഹവിസ്സു കൈക്കൊള്ളട്ടെ! 1

രാജാക്കന്മാരേ, മഹത്തായ യജ്ഞം രക്ഷിയ്ക്കുന്നവരേ, നദീപാലകരേ, ബലവാന്മാരേ, നിങ്ങൾ ഇങ്ങോട്ടു വന്നാലും; മിത്രാവരുണന്മാരേ, ക്ഷിപ്രദാനരായ നിങ്ങൾ അന്തരിക്ഷത്തിൽനിന്നു ഞങ്ങൾക്ക് അന്നവും മഴയും കല്പിച്ചയച്ചാലും! 2

മിത്രൻ, വരുണൻ, അര്യമാവ് എന്നീദ്ദേവന്മാർ ഞങ്ങളെ ഏററവും നല്ല വഴികളിലൂടേ കൊണ്ടുപോകട്ടെ: അര്യമാവ് ഞങ്ങളെപ്പററി ശോഭനദാനന്മാരോടരുളിച്ചെയ്യണം. ദേവശരണരായ ഞങ്ങൾ അന്നം കിട്ടി, ആഹ്ലാദിയ്ക്കുമാറാകണം! 3

മിത്രാവരുണന്മാരേ, ആർ നിങ്ങളുടെ ഈ രഥം മനസ്സുകൊണ്ടു നിർമ്മിച്ചു, സ്തുതി ഉയർത്തുകയും നിർത്തുകയും ചെയ്യുമോ; രാജാക്കന്മാരേ, അവന്നു നിങ്ങൾ മഴ കിട്ടിയ്ക്കണം; നല്ല നിലങ്ങളും മതിയാവോളം കൊടുക്കണം! 4

വരുണ, മിത്ര, നിങ്ങൾക്കും അര്യമാവിന്നും ഇതാ, ഒരു സ്തോത്രം, തെളിസോമംപോലെ ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു: കർമ്മം രക്ഷി

സൂക്തം 64.

3. ശോഭനദാനരോട്——ദേവന്മാരോട്. അരുളിച്ചെയ്യണം, 'ഇവർ ദയാർഹരാണെ'ന്ന്.

4. നിർത്തുക——യാഗത്തിൽ.

പ്പിൻ; സ്തവം കേരംക്കുവിൻ. നിങ്ങരം 'സ്വസ്തിയാൽപ്പാലിപ്പി
നെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 65.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

എവരുടെ തളരാത്ത മികച്ച കരുത്തു നിറപടയിൽ എല്ലാരെ
യും വെല്ലുമോ; ആ വിശുദ്ധബലനായ വരുണനും മിത്രനുമാകുന്ന
നിങ്ങളെ ഞാൻ സൂര്യോദയത്തിൽ സൂക്തങ്ങരംകൊണ്ടു വിളിയ്ക്കുന്നു. 1

അവർ ദേവന്മാരിൽവെച്ചു കരുത്തരാണല്ലോ: അവർ ഈശ്വ
രന്മാരാണല്ലോ: ആ നിങ്ങരം ഞങ്ങളുടെ പ്രജകളെ വർദ്ധിപ്പിച്ചാ
ലും. മിത്രാവരുണന്മാരേ, ഞങ്ങരം നിങ്ങളെ പ്രാപിയ്ക്കുമാറാക
ണം: എന്നാൽ, ദ്യാവാപൃഥിവികളും അഹോരാത്രങ്ങളും (ഞങ്ങ
ളെ) തടിപ്പിയ്ക്കുമല്ലോ! 2

അവർ വളരെപ്പാശങ്ങളുള്ളവരും, അയജ്വാവിന്നു ചിറക്കെട്ടു
കളും, ശത്രുജനത്തിന്നു ദുർദ്ധർഷരുമാകുന്നു; മിത്രാവരുണന്മാരേ,
ഞങ്ങരം നിങ്ങരംക്കുള്ള യജ്ഞത്തിൻെറ വഴിയിലൂടേ, തോണി
കൊണ്ടു പുഴയെന്നപോലെ, ദുരിതങ്ങരം കടക്കുമാറാകണം! 3

മിത്രാവരുണന്മാരേ, നിങ്ങരം ഞങ്ങളുടെ യാഗത്തിൽ വന്നെ
ത്തുവിൻ: അന്നംകൊണ്ടും വെള്ളംകൊണ്ടും നിലം നനയ്ക്കുവിൻ;
ആരുള്ളു, നിങ്ങരംക്കു മികച്ചതർപ്പിയ്ക്കുവാൻ? നിങ്ങരം ആളുകരംക്കു
നല്ല ദിവ്യജലം നല്കിയാലും! 4

---

5. തെളിസോമം——അരിച്ചു വെടുപ്പുവരുത്തിയ സോമനീർ. കർമ്മം——ഞങ്ങളുടെ യജ്ഞം.

സൂക്തം 65.

1. നിറപട——ശൂരന്മാർ നിറഞ്ഞ യുദ്ധം.

2. ആദ്യവാക്യദ്വയം പരോക്ഷം: എന്നാൽ——പ്രാപിച്ചാൽ.

3. പാശങ്ങരം——ബന്ധനസാധനങ്ങരം. ചിറക്കെട്ടുകരം——ബന്ധകർ എന്നർത്ഥം.

4. ആരുള്ളു——നിങ്ങരംക്കു മികച്ചതു (മുന്തിയ ഹവിസ്സോ, സ്തോത്രമോ) അർപ്പിപ്പാൻ ആരും ആളാവില്ല.

വരുണ, മിത്ര, നിങ്ങാംക്കും അര്യമാവിന്നും ഇതാ, ഒരു സ്തോത്രം, തെളിസോമംപോലെ ഉണ്ടാക്കപ്പെട്ടിരിയ്ക്കുന്നു: കർമ്മം രക്ഷിപ്പിൻ; സ്തവം കേൾക്കുവിൻ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 5

സൂക്തം 66.

വസിഷ്ഠൻ ഋഷി; ഗായത്രിയും, ബൃഹതിയും, സതോബൃഹതിയും, പുരഉഷ്ണിക്കും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും അദിതിയും സൂര്യനും ദേവതകൾ.

('ദ്വാരകാമന്ദിരം'പോലെ)

ആവിർഭാവപ്രചുരരാ–
മാ വരുണമിത്രന്മാരിൽ
എത്തട്ടേ, നമ്മുടെ ഹവി–
സ്സൊത്ത സുഖദമാം സ്തോത്രം! 1

നൽബ്ബലതേജസ്സുകള–
ളിബ്ബലദന്മാരെയല്ലോ,
കെല്പുപയോഗിയ്ക്കുവാനായ്–
ക്കല്പിച്ചനിറുത്തീ, വാനോർ! 2

അംഗഗൃഹപാലകരാ
നിങ്ങൾ മിത്രാവരുണരേ,
ചെമ്മേ വാഴ്ത്തും ഞങ്ങളുടെ
കർമ്മം നിറവേററണമേ! 3

മിത്രൻ, സവിതാവു, ഭഗൻ,
ധ്വസ്തപാപനര്യമാവും

സൂക്തം 66.

1. ആവിർഭാവപ്രചുരർ=വളരെ പ്രാവശ്യം പ്രാദുർഭവിച്ചവർ.

2. ഇബ്ബലദർ––ബലം നൽകുന്ന വരുണമിത്രന്മാർ. കെല്പുപയോഗിപ്പാൻ––അസുരയുദ്ധത്തിൽ.

3. അംഗഗൃഹപാലകർ––മനുഷ്യൻെറ ദേഹവും ഗൃഹവും രക്ഷിയ്ക്കുന്നവർ.

കല്പിച്ചയസ്തേണ,മതി—
ങ്ങിപ്പോഠംസ്സ്, ര്യോദയത്തിങ്കൽ! 4

വന്നെങ്ങഠംതൻ പാപമക-
റ്റുന്ന നിങ്ങഠം പോകുംനേരം
നന്നായ് ക്ഷിപ്രം രക്ഷിതമാ
കി,ന്നിവാസം സുദാനരേ! 5

അത്രയുമല്ല,ധീശരാ—
മപ്പരാന്മാര,ദിതിയും
നിർമ്മഥിതമാകാത്ത വൻ—
കർമ്മത്തിന്നു ശക്തരല്ലോ! 6

മിത്രാവരുണരേ, സൂര്യ—
പ്രത്യുദയേ നിങ്ങളെ ഞാൻ
പ്രത്യേകം വാഴ്ത്തുന്നേൻ, ശത്രു-
ഭിത്താമര്യമാവിനെയും. 7

ഒത്ത നല്ല ധനത്തെയും
ദുർദ്ധർഷമാം ബലത്തെയും
എത്തിയ്ക്കട്ടേ, ധീമാന്മാരേ,
ഇസ്തുതി യജ്ഞാപ്തിയെയും! 8

നിങ്ങളുടെയായ് വരേണം,
ഞങ്ങളുമിസ്തോതാക്കളും:
എത്തുകെ,ങ്ങഠംക്കന്നാംബുക്കഠം
മിത്രദേവവരുണരേ! 9

---

4. ധ്വസ്തപാപൻ=പാപനാശനൻ. ഈ പദം മിത്രാദികളുടെയും വിശേഷണമാകുന്നു. അതു്—ഞങ്ങഠം അപേക്ഷിച്ച ധനം.

5. പോകുംനേരം ഇന്നിവാസം (ഞങ്ങളുടെ പാർപ്പിടം) നന്നായ് രക്ഷിതമാകട്ടെ; ഗൃഹരക്ഷയേർപ്പെടുത്തിയിട്ടേ, നിങ്ങഠം തിരിച്ചുപോകാവൂ.

6. അപ്പരാന്മാർ—മിത്രവരുണാര്യമാക്കഠം. നിർമ്മഥിതം—പീഡിതം.

7. ശത്രുഭിത്ത്=ശത്രുക്കളെ പിളർത്തുന്നവൻ.

8. ഒത്ത—ഹിതമായ. എത്തിയ്ക്കട്ടേ—ഞങ്ങഠംക്കു കിട്ടിയ്ക്കട്ടെ.

9. അന്നാംബുക്കഠം=അന്നവും വെള്ളവും.

കെല്പിലമത്തലാൽപ്പെരും—
മുപ്പാരെവരടക്കിയോ;
അമ്മഹാന്മാരഗ്നിജിഹ്വർ,
കർമ്മം വാഴ്ത്തിപ്പോര,ക്കാഭർ! 10

ഏവർ തീർത്തു, കൊല്ലം, മാസം,
രാവു, പകൽ, യജ്ഞ,മൃക്കും;
മിത്രാര്യമവരുണരാ—
മദ്ദീപ്തരപ്രാപ്യബലർ! 11

മിത്രാര്യമവരുണരേ,
നിത്യായത്തോദകർ നിങ്ങൾ
ഉദ്വഹിപ്പതുഷസ്സിലി—
ന്നർത്ഥിപ്പോം, സൂക്തത്താലെങ്ങൾ. 12

യജ്ഞവാന്മാർ യജ്ഞജാതർ
യജ്ഞസംവർദ്ധകർ, ഘോരർ,
നേതാക്കന്മാരയജ്ഞഘ്നർ—
ഈദൃശരാം നിങ്ങളുടെ
തുംഗസൗഖ്യധനം കിട്ട—
കെ,ങ്ങൾക്കുമിസ്തോതാക്കൾക്കും! 13

അന്തരിക്ഷാന്തികത്തിലാ—
ച്ചന്തമേറും മെയ്യുദിപ്പൂ:
ആക്കം കാഷ്ഠ നൽകുമതു
ശീഘ്രവിചിത്രാശ്വധൃതം. 14

---

10. അമ്മഹാന്മാർ—മിത്രവരുണാര്യമാക്കൾ. കർമ്മം—യജ്ഞം.

11. ഋക്ക്—മന്ത്രങ്ങൾ. അദ്ദീപ്തർ=ആ തേജസ്വികൾ. അപ്രാപ്യബലർ—അന്യർക്കു കിട്ടാവുന്നതല്ലാത്ത ബലമുള്ളവർ.

12. നിത്യായത്തോദകർ=എന്നെന്നും വെള്ളം കൈവശമുള്ളവർ. ഉദ്വഹിപ്പത്—വഹിച്ചുപോരുന്ന ധനം. അർത്ഥിപ്പോം=യാചിക്കുന്നു.

13. യജ്ഞജാതർ=യജ്ഞത്തിന്നായി ജനിച്ചവർ. അയജ്ഞഘ്നർ=അയഷ്ടാക്കളെ ഹനിക്കുന്നവർ. തുംഗസൌഖ്യധനം—വലിയ സുഖമുളവാക്കുന്ന സമ്പത്ത്.

14. മെയ്യ്—സൂര്യമണ്ഡലം. ശീഘ്രവിചിത്രാശ്വധൃതം—ഗതിവേഗമുള്ള നാനാവർണ്ണാശ്വത്താൽ വഹിക്കപ്പെട്ടതാകുന്നു. അതു—മണ്ഡലം. സൂര്യന്നു നാനാവർണ്ണാശ്വങ്ങളുമുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

സ്ഥാവരചരേശൻ സൂര്യൻ
മേവിന തേർ തോളാൽത്തോളാൽ,
എല്ലാപ്പാരിന്റെയും ചാരേ
നല്ലതിന്നായ് വലിയ്ക്കുന്നു,
സ്വച്ഛന്ദഗാമികളേഴ്
പച്ചവണ്ണക്കുതിരകൾ! 15

ആ വെണ്മയോടുദിയ്ക്കുന്ന
ദേവഹിതചക്ഷുസ്സിനെ
നൂററാണ്ടു കാണുക, ഞങ്ങൾ—
നൂററാണ്ടു ജീവിയ്ക്കു, ഞങ്ങൾ! 16

ഹേ വരുണ, മിത്രനും, ശ്രീ
കൈവളർന്ന ഭവാനുമേ
സ്തോമം കേട്ടു വന്നെത്തുവിൻ,
സോമമുണ്ണാനധൃഷ്യരേ! 17

മിത്രാവരുണരേ, കനി—
വൊത്ത നിങ്ങൾ സമ്പത്തുമായ്
വിണ്ണിൽനിന്നു വന്നു സോമ—
മുണ്ണുകെ,തിർസ്വത്തടക്കി! 18

മിത്രാവരുണരേ, ഹവ്യ—
ശ്രദ്ധ പൂണ്ടു വന്നെത്തുവിൻ:
യാഗവർദ്ധകരേ, സോമ—
നീർ കുടിപ്പിൻ, നേതാക്കളേ! 19

---

15. നല്ലത്=നന്മ.

16. ദേവഹിതചക്ഷുസ്സിനെ—ദേവകൾക്കു ഹിതനും, ലോകത്തിന്നു കണ്ണുമായിരിയ്ക്കുന്ന സൂര്യനെ.

17. ശ്രീ കൈവളർന്ന എന്നതു രണ്ടുപേരുടേയും വിശേഷണം. സ്തോമം=സ്തോത്രം.

18. എതിർസ്വത്ത്—ശത്രുക്കളുടെ ധനം.

19. ഹവ്യശ്രദ്ധ=ഹവിസ്സുകളിൽ താൽപര്യം.

സൂക്തം 67.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

സ്തുത്യരായ തമ്പുരാന്മാരേ, യാതൊന്ന നിങ്ങളെ ഒരു ദൂതനെ ന്നപോലെ—മകൻ അച്ഛനമ്മമാരെയെന്നപോലെ—ഉണൎത്തുമോ, നിങ്ങളുടെ ആ രഥത്തോടു ഞാൻ ഹവിര്യുക്തമായ യജ്ഞാർഹ സ്തോത്രംകൊണ്ടു സ്തുതിച്ചു നേരേ പറയുന്നു. 1

ഞങ്ങളാൽ വളർത്തപ്പെട്ട അഗ്നി കത്തുകയായി: ഇരുട്ടിൻെറ അററങ്ങൾ കണ്ടുതുടങ്ങി: ശരി, കൊടിമരമായ കതിരവൻ വിണ്മ കളുടെ മുന്നിൽ അഴകിന്നായി ആവിർഭവിക്കുന്നു! 2

നാസത്യരായ അശ്വികളേ, നിങ്ങളെ ഇപ്പോൾ നന്നായി ച്ചൊല്ലുന്ന സ്തോതാവു സ്തോത്രങ്ങൾകൊണ്ടു സേവിയ്ക്കുന്നു: നിങ്ങൾ ധനസമേതമായ തേരോടിച്ചു, പതിവുവഴികളിലൂടേ ഇങ്ങോട്ടു വന്നാലും! 3

അശ്വികളേ, മധുവിദ്യാകുശലരേ, രക്ഷിതാക്കളായ നിങ്ങളു ടെയാണ്, ഞാൻ; ഭേൽക്കാമനായ ഞാനിപ്പോൾ ധനേച്ഛയാൽ (സോമം) പിഴിഞ്ഞു, നിങ്ങളെ സ്തുതിയ്ക്കുന്നു. തടിച്ച കുതിരകൾ നിങ്ങളെ കൊണ്ടുവരട്ടെ: നിങ്ങളിരുവരും ഞങ്ങളുടെ വെട്ടപ്പിൽ പ്പിഴിഞ്ഞ തേൻ നുകരുവിൻ! 4

അശ്വിദേവന്മാരേ, എൻെറ ധനകാമമായ ഋജുസ്തോത്രത്തെ നിങ്ങൾ പീഡപററാതെ നേട്ടത്തിലെത്തിയ്ക്കുവിൻ; യുദ്ധത്തിലും ബുദ്ധികളെല്ലാം രക്ഷിയ്ക്കുവിൻ; കർമ്മപാലകരേ, കർമ്മംചെ യ്യുന്ന ഞങ്ങൾക്കു (ധനം) തന്നരുളുവിൻ! 5

സൂക്തം 67.

1. ഉണർത്തുമോ—ഞങ്ങളുടെ അടുക്കലെയ്ക്കു പോരാൻ. പറയുന്നു—നി ങ്ങളെ കൊണ്ടുവരുവാൻ.

2. വിണ്മകൾ—ഉഷസ്സ്.

3 സ്തോതാവ്—ഞാൻ.

4. അശ്വികളുടെ മധുവിദ്യാകുശലത്വം മുൻപു പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്. തേൻ—മധുരസോമം.

5. നേട്ടത്തിലെത്തിയ്ക്കുക—സാഫല്യപ്പെടുത്തുക. ബുദ്ധികൾ—വിജയ ചിന്തകൾ.

അശ്വികളേ, നിങ്ങരം ഈ കർമ്മങ്ങളിൽ ഞങ്ങളെ രക്ഷിയ്ക്കു വിൻ: ഞങ്ങരംക്ക പ്രജോൽപാദനത്തിന്നു വററാത്ത രേതസ്സുണ്ടാകട്ടെ: ഞങ്ങരം, നിങ്ങരം തന്ന പുത്രപൌത്രന്മാരെ പുലർത്തിക്കൊണ്ടു, ശോഭനധനരായിത്തീർന്നു, യാഗം കഴിയ്ക്കുമാറാകണം! 6

മധുപ്രിയന്മാരേ, ഇതാ, നിങ്ങരംക്കായി ഞങ്ങരം വെച്ച ആ നിധി, സഖ്യത്തിന്നുള്ള ഒരു ദൂതനെന്നപോലെ, സ്ഥിതിചെയ്യുന്നു: നിങ്ങരം മനംതെളിഞ്ഞു, മനുഷ്യപ്രജകളുടെ ഹവിസ്സശിപ്പാൻ ഇങ്ങോട്ടു വന്നാലും! 7

ഭരണകർത്താക്കളേ, ഇരുവരും ഒപ്പം ചേർന്നാൽ നിങ്ങളുടെ രഥം ഏഴുനദികളിലും നടകൊള്ളും: കുതിരകളാൽ മുന്നിൽ പൂട്ടപ്പെട്ടു നിങ്ങളെ വഹിയ്ക്കുന്ന പള്ളിക്കുതിരകരം മന്ദിയ്ക്കാറില്ലല്ലോ! 8

യാവചില ധനവാന്മാർ ഹവിസ്സയയ്ക്കുന്നുവോ; യാവചിലർ ഗവാശ്വസമ്പത്തു നൽകി, സൂനൃതോക്തികരംകൊണ്ടു ബന്ധുവിനെ വർദ്ധിപ്പിയ്ക്കുന്നുവോ; എങ്ങും തങ്ങാത്ത നിങ്ങരം ആ ഹവിർദ്ധനന്മാർക്കുവേണ്ടി നിലക്കൊള്ളണം! 9

യുവാക്കളേ, അശ്വികളേ, നിങ്ങരം ഇപ്പോരം എൻെറ വിളി കേരംക്കുവിൻ: അന്നസഹിതമായ ഗൃഹത്തിൽ വരുവിൻ; രത്നങ്ങരം തരുവിൻ; സ്തോതാക്കളെ തഴപ്പിയ്ക്കുവിൻ: 'സ്വസ്തിയാൽ പ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 10

സൂക്തം 68.

വസിഷ്ഠൻ ഋഷി; വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകരം; അശ്വികരം ദേവത.

നല്ല കുതിരകളുള്ള തേജസ്വികളായ അശ്വികളേ, വരുവിൻ: ദസ്രരേ, ഭവൽക്കാമൻെറ സ്തുതികരം കേരംക്കുവിൻ; ഞങ്ങരം ഒരുക്കിയ ഹവിസ്സും ഭുജിയ്ക്കുവിൻ. 1

---

7. ആ നിധി——സോമം. മനുഷ്യപ്രജകരം——ഞങ്ങരം.

8. മുന്നിൽ——തേരിൻെറ മുമ്പിൽ.

9. അയയ്ക്കുന്നുവോ——നിങ്ങരംക്ക്. ഹവിർദ്ധനന്മാർ——യജമാനന്മാർ.

10. അന്നസഹിതം——ഹവിസ്സമേതം.

നിങ്ങഠംക്ക, മത്തുണ്ടാക്കുന്ന അന്നം തയ്യാറായി: വെക്കം വരുവിൻ, എൻെറ ഹവിസ്സു നുകരാൻ. നിങ്ങഠം ശത്രുവിൻെറ ഹവ്യം തിരസ്കരിച്ച്, ഞങ്ങളുടെ (വിളി) കേഠംക്കുവിൻ! 2

സൂര്യയോടൊന്നിച്ചിരിയ്ക്കുന്ന അശ്വികളേ, ഒരുനൂറുരക്ഷകളും ചേർന്ന മനോവേഗിയായ നിങ്ങളുടെ രഥം ഞങ്ങളുടെ അപേക്ഷയാൽ, ലോകങ്ങളെ പിന്നിട്ടു് ഇങ്ങോട്ടു പോരും! 3

ഇതാ, ഭവൽക്കാമമായ അമ്മിക്കുഴ നിങ്ങഠംക്കായി സോമം ചതച്ചുകൊണ്ടു, മേല്പോട്ടു നോക്കി ശബ്ദിയ്ക്കുന്നു; സുന്ദരന്മാരായ നിങ്ങളെ മേധാവി ഹവിസ്സുകൊണ്ടു് ഇങ്ങോട്ടു തിരിയിക്കുകയും ചെയ്യുന്നു! 4

പൂജനീയമായ ധനമുണ്ടല്ലോ, നിങ്ങളുടെ പക്കൽ! നിങ്ങഠം അത്രിയെ ഉമിത്തീയ്യിൽനിന്നു മോചിപ്പിച്ചു: അദ്ദേഹം നിങ്ങഠംക്കു പ്രിയനായിത്തീർന്നു രക്ഷണസുഖമനുഭവിയ്ക്കുന്നു! 5

അശ്വികളേ, നിങ്ങഠംക്കു ഹവിസ്സർപ്പിച്ചതിനാൽ, കിഴവനായിരുന്ന ച്യവനന്നു് അങ്ങനെ തിരിച്ചുകിട്ടി: അദ്ദേഹത്തിൻെറ രൂപം നിങ്ങഠം വീണ്ടെടുത്തുവല്ലോ! 6

അശ്വികളേ, ചങ്ങാതികളായിനിന്ന ദ്രോഹപ്രകാരാൽ കടൽനടുവിൽത്തള്ളപ്പെട്ട ഭുജ്യുവിനെ—അദ്ദേഹം ഭവൽക്കാമനായി ശരണംപ്രാപിച്ചതിനാൽ—നിങ്ങഠം കരയേററി! 7

അശ്വികളേ, മെലിഞ്ഞുപോയ വൃകന്നു നിങ്ങഠം (ധനം) നല്കി. വിളി കേട്ടു നിങ്ങഠം ശയുവിൻെറ പേറുനിന്ന പയ്യിനെ കർമ്മംകൊണ്ടു ശക്തിപ്പെടുത്തി, (നദിയെ) വെള്ളംകൊണ്ടെന്നപോലെ (പാൽകൊണ്ടു) നിറച്ചു! 8

സൂക്തം. 68.

2. അന്നം—സോമം. ശത്രു — ഞങ്ങളുടെ വൈരി.

3. സൂര്യ—സൂര്യപുത്രി.

4. ശബ്ദിയ്ക്കുന്നു—സ്തുതിയ്ക്കുകയാണെന്നു തോന്നും!

5. രക്ഷണസുഖം—നിങ്ങളുടെ രക്ഷയാലുള്ള സുഖം.

6. തിരിച്ചുകിട്ടി—യൌവനം.

8. മെലിഞ്ഞുപോയ —കർമ്മാനുഷ്ഠാനങ്ങഠംമൂലം. വൃകൻ—ഒരൃഷി. ഈ കഥകളൊക്കെ ഒന്നാംമണ്ഡലത്തിൽത്തന്നെയുണ്ടു്.

ഇതാ, ആ സ്തോതാവ് ഉഷസ്സുദിപ്പിൽ ഉണൎന്നു, തെളിഞ്ഞ ബുദ്ധിയോടേ സൂക്തങ്ങൾകൊണ്ടു സ്തുതിയ്ക്കുന്നു: അവനെ പയ്യു ക്ഷീരാന്നങ്ങൾകൊണ്ടു തഴപ്പിയ്ക്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 9

സൂക്തം 69.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

വഴിയിൽ നെയ് ത്തൂകുന്നതും, മധുപാത്രങ്ങൾകൊണ്ടു ഭാസുരവും, ഹവിർവാഹിയും, മനുഷ്യരുടെ സ്വാമിയും, അന്നയുക്തവും, ദ്യാവാപൃഥിവികളിൽ ചുററിനടക്കുന്നതുമായ നിങ്ങളുടെ പൊന്നിൻതേർ യുവാശ്വങ്ങളെപ്പൂട്ടി വന്നെത്തട്ടെ! 1

അശ്വികളേ, എങ്ങോട്ടെങ്കിലും എഴുന്നള്ളാനൊരുങ്ങിയ നിങ്ങൾ യാതൊന്നിലൂടെയാണോ, ദേവകാമന്മാരിൽ ചെല്ലുന്നതു്; പഞ്ചഭൂതങ്ങളെ തഴപ്പിയ്ക്കുന്നതും മൂന്നു നുകത്തണ്ടുള്ളതുമായ അതു സ്തുതിയാൽ പൂട്ടപ്പെട്ടു വന്നെത്തട്ടെ! 2

ഭദ്രരേ, നിങ്ങൾ നല്ല കുതിരകളോടും അന്നത്തോടും കൂടി ഇങ്ങോട്ടു വരുവിൻ: മധുരമായ നിധി നുകരുവിൻ. വധുവോടുകൂടി സഞ്ചരിച്ചു്, ആകാശപ്രാന്തങ്ങളെ വട്ടുകൾകൊണ്ടു ചതയ്ക്കാറുള്ളതാണല്ലോ, നിങ്ങളുടെ രഥം! 3

യുവതിയായ സൂര്യപുത്രി രാത്രിയിൽ നിങ്ങളുടെ തേരിൽ കേറി. നിങ്ങൾ ദേവകാമനെ കർമ്മംകൊണ്ടു കാത്തരുളുന്നു: അപ്പോൾ, തിളങ്ങുന്ന അന്നം രക്ഷയ്ക്കു നിങ്ങളിലണയുന്നു! 4

---

9. ആ സ്തോതാവ്——ഞാൻ, വസിഷ്ഠൻ. ക്ഷീരാന്നങ്ങൾ=പാലാകുന്ന അന്നങ്ങൾ, നെയ്യും മററും.

സൂക്തം 69.

1. മധുപാത്രങ്ങൾ——മധുയുക്തമാണ്, അശ്വികളുടെ രഥമെന്ന് ഒന്നാം മണ്ഡലത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ടു്. വന്നെത്തട്ടെ-ഞങ്ങളുടെ യാഗത്തിൽ.

2. ദേവകാമന്മാർ——യജമാനന്മാർ. അതു——നിങ്ങളുടെ രഥം. സ്തുതി——ഞങ്ങളുടെ സ്തോത്രം.

3. നിധി——സോമം. വധു——സൂര്യ. വട്ടുകൾ = ചക്രങ്ങൾ.

4. അന്നം——സോമവും മററും.

തേരാളികളായ അശ്വികളേ, നിങ്ങളുടെ ആ രഥം തേജസ്സുടക്കുന്നു; പുട്ടപ്പെട്ട വഴിയിലെത്തുന്നു. നിങ്ങൾ അതിലൂടേ ഞങ്ങളുടെ ശാന്തിയ്ക്കും സുഖത്തിന്നുമായി, പുലർകാലത്തു് ഈ യജ്ഞത്തിൽ എഴുന്നള്ളിയാലും! 5

നേതാക്കളേ, നിങ്ങൾ ഒരു ഗൌരപ്പേടപോലെ, തിളങ്ങുന്ന സോമത്തെക്കുറിച്ചു ദാഹത്തോടേ ഇന്നു ഞങ്ങളുടെ സവനത്തിൽ വന്നുചേർന്നാലും: നിങ്ങളെ വളരെയിടങ്ങളിൽ സ്തുതിച്ചുപോരുന്നുണ്ടല്ലോ; എന്നാൽ മാറു ദേവകാമന്മാർ നിങ്ങളെ പിടിച്ചുനിർത്തരുതു്! 6

അശ്വികളേ, നിങ്ങൾ സമുദ്രത്തിലെറിയപ്പെട്ട ഭുജ്യുവിനെ വെള്ളത്തിൽനിന്നു കേററി—ഇളപ്പവും തളർച്ചയും ഇടർച്ചയുമില്ലാത്ത കുതിരകളെക്കൊണ്ടും, വേലകൾകൊണ്ടും മറുകരയണച്ചു! 7

യുവാക്കളേ, അശ്വികളേ, നിങ്ങൾ ഇപ്പോൾ എന്റെ വിളി കേൾക്കുവിൻ: അന്നസഹിതമായ ഗൃഹത്തിൽ വരുവിൻ; രത്നങ്ങൾ തരുവിൻ; സ്തോതാക്കളെ തഴപ്പിയ്ക്കുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

സൂക്തം 70.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വിശ്വവരേണ്യരായ അശ്വികളേ, വരുവിൻ: നിങ്ങളുടെ ഇരിപ്പു വേദിയിലാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു. സുഖകരമായ മുതുകും വേഗവുമുള്ള കുതിര, നിങ്ങൾ ഇരിയ്ക്കുന്നേടത്തു, വാസസ്ഥാനത്തെന്നപോലെ നില്ക്കട്ടെ! 1

---

5. അതു്—രഥം.

6. ഗൌരം—ഒരുതരം മാൻ. പിടിച്ചുനിർത്തരുതു്—അവരെ വിട്ട, ഞങ്ങളുടെ അടുക്കൽത്തന്നെ വരണം.

7. വേലകൾ—ദേഹപ്രയത്നങ്ങൾ.

സൂക്തം 70.

1. വാസസ്ഥാനം—സ്വന്തം കുതിരലായം. സോമപാനം കഴിഞ്ഞാൽ, നിങ്ങൾക്കു തിരിച്ചുപോകാം; അതിന്നു കുതിര അടുക്കൽത്തന്നെ നിന്നുകൊള്ളട്ടെ.

അതികമനീയമായ നല്ല സ്തോത്രം നിങ്ങളെ സേവിയ്ക്കുന്നു. മനുഷ്യഗൃഹത്തിൽ കലവും പഴപ്പിയ്ക്കപ്പെട്ടുകഴിഞ്ഞു: അതു നിങ്ങളെ, രണ്ടു കുതിരകളെ നന്നായി പൂട്ടുന്നതുപോലെ പൂട്ടി, നദീസമുദ്രങ്ങളെ നിറയ്ക്കുമല്ലോ! 2

അശ്വികളേ, നിങ്ങൾ സ്വർഗ്ഗത്തിൽനിന്നു പോന്നു, വലിയ ഓഷധികളിലും മനുഷ്യരിലും സ്ഥിതിചെയ്യാറുണ്ടല്ലോ; ആ നിങ്ങൾ മേഘത്തിന്റെ മുകളിലിരുന്നു, ഹവിർദ്ദാതാവിന്നു് അന്നം അയച്ചുകൊടുത്താലും! 3

ദേവന്മാരേ, നിങ്ങൾ ഓഷധികളിലും ജലങ്ങളിലുംവെച്ചു് അതികമനീയമായിട്ടുള്ളതും, ഋഷിമാരുടെ സ്തുതികളും കൈക്കൊള്ളും: ഞങ്ങൾക്കായി വളരെ രത്നങ്ങൾ കയ്യിൽ വെയ്ക്കും. മുമ്പേത്തെ ഇണകളെ പുകൾപ്പെടുത്തും. 4

അശ്വികളേ, നിങ്ങൾ കേട്ടുകൊണ്ടു്, ഋഷിമാരുടെ വളരെ ശ്രേഷ്ഠകർമ്മങ്ങൾ തൃക്കൺപാർക്കാറുണ്ടു്; അതിനാൽ മനുഷ്യന്റെ യജ്ഞത്തിൽ വരുവിൻ. നിങ്ങൾക്ക ഞങ്ങളിൽ അതികമനീയമായ നന്മനസ്സുണ്ടാകട്ടെ! 5

നാസത്യരേ, നിങ്ങളെ യാതൊരു യജ്ഞവാൻ ആളുകളോടു കൂടി, ഹവിസ്സർപ്പിച്ചു സ്തുതിയ്ക്കുന്നുവോ, നിങ്ങൾ ആ വരിഷ്ഠനായ വസിഷ്ഠങ്കൽ വന്നെത്തുവിൻ: ഇതാ, നിങ്ങൾക്കായി മന്ത്രങ്ങൾ ചൊല്ലപ്പെടുന്നു! 6

---

2. സ്തോത്രം—ഞങ്ങളുടെ. മനുഷ്യഗൃഹം—യജമാനന്റെ ഗൃഹം. കലം—പ്രവർഗ്ഗ്യമെന്ന മൺപാത്രം. പൂട്ടി—യജ്ഞത്തിൽ ബന്ധിച്ചു്. നിറയ്ക്കുമല്ലോ—മഴകൊണ്ടു്.

3. മനുഷ്യർ—യജമാനന്മാർ.

4. ഓഷധികളിൽവെച്ചു് അതികമനീയം—ചരുപുരോഡാശാദി. ജലങ്ങളിൽവെച്ചു് അതികമനീയം—സോമരസം. ഋഷികളുടെ—ഋഷിയായ എന്റെ. മുമ്പേത്തെ ഇണകളെ—പൂർവദമ്പതികളെ.

5. കേട്ടുകൊണ്ടു്—സ്തോത്രങ്ങൾ.

6. ആളുകൾ—ഋത്വിക്കുകൾ.

അശ്വികളേ, ഇതാ, സ്തോത്രം—ഇതാ, സ്തുതി: വൃഷാക്കളേ, ഈ ശോഭനസ്തവം നിങ്ങൾ കേൾക്കുവിൻ. നിങ്ങളെക്കുറിച്ചുള്ള ഈ കർമ്മങ്ങൾ നിങ്ങളിലണയട്ടെ! നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 71.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

രാത്രി സോദരിയായ ഉഷസ്സിനെ വിട്ടുപോവുകയായി: ആ കറുമ്പി പകലിന്നു വഴിയൊഴിയ്ക്കുന്നു. അതിനാൽ ഞങ്ങൾ അശ്വധനരും ഗോധനരുമായ നിങ്ങളെ വിളിയ്ക്കുന്നു. നിങ്ങൾ പകലിരവു പകയനെ ഞങ്ങളിൽനിന്നകററുവിൻ! 1

അശ്വികളേ, നിങ്ങൾ തേരിൽ ഹവിർദ്ദാതാവിന്നു ധനവും കൊണ്ടു വന്നെത്തുവിൻ; പട്ടിണിയും രോഗവും ഞങ്ങളിൽനിന്നു നീക്കുവിൻ; മധുമാന്മാരേ, പകലിരവു ഞങ്ങളെ പരിപാലിയ്ക്കുവിൻ! 2

സമീപിച്ചിരിയ്ക്കുന്ന പുലർകാലത്തു നിങ്ങളുടെ രഥത്തെ സുഖേന പൂട്ടപ്പെട്ട വൃഷാക്കൾ ഇങ്ങോട്ടു തിരിയ്ക്കട്ടെ—അശ്വികളേ, തുന്നിയ കടിഞ്ഞാണും ധനവുമുള്ള രഥത്തെ നിങ്ങൾ തണ്ണീരിയന്ന കതിരുകളെക്കൊണ്ടു വലിപ്പിയ്ക്കുവിൻ! 3

നൃപാലകരേ, മൂന്നു നകത്തണ്ടോടും ധനത്തോടും കൂടിയ, പകലിലെയ്ക്കു പോകുന്ന പള്ളിത്തേരുണ്ടല്ലോ, നിങ്ങൾക്കു്; നാസത്യന്മാരേ, അതിലൂടേ ഞങ്ങളിൽ വന്നെത്തുവിൻ: വസിഷ്ഠൻ നിങ്ങളെ സ്തുതിയ്ക്കുന്നു! 4

സൂക്തം 71.

1. കറുമ്പി—രാത്രി. അശ്വധനർ, ഗോധനർ—അശ്വങ്ങളെയും ഗോക്കളെയും നൽകുന്നവർ എന്നർത്ഥം. പകയൻ—പകയുള്ളവൻ, ദ്രോഹി.

3. വൃഷാക്കൾ—വർഷകങ്ങളായ അശ്വങ്ങൾ. തണ്ണീരിയന്ന—ജലപ്രദങ്ങളായ എന്നർത്ഥം

4. നൃപാലകർ—യജമാനരക്ഷകർ.

നിങ്ങൾ ച്യവനനെ വാർദ്ധക്യത്തിൽനിന്നു മോചിപ്പിച്ചു; പേദുവിന്നു് ഒരു ശീഘ്രാശ്വത്തെ കല്പിച്ചുകൊടുത്തു; അത്രിയെ ഉമിത്തീയ്യിൽനിന്നും ഇരുട്ടിൽനിന്നും കരയേററി; ജാഹുഷനെ കൈവിട്ടുപോയ രാജ്യത്തു വീണ്ടും വാഴിച്ചു! 5

അശ്വികളേ, ഇതാ, സ്തോത്രം—ഇതാ, സ്തുതി: വൃഷാക്കളേ, ഈ ശോഭനസ്തവം നിങ്ങൾ കേൾക്കുവിൻ. നിങ്ങളെക്കുറിച്ചുള്ള ഈ കർമ്മങ്ങൾ നിങ്ങളിലണയട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 72.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കമനീയമായ കാന്തികൊണ്ടും തിരുവുടൽകൊണ്ടും ശോഭിക്കുന്ന നാസത്യരേ, നിങ്ങൾ സമ്പത്തേറിയ കാള-കുതിരത്തേരിലൂടേ വന്നാലും: വളരെ സ്തുതികൾ നിങ്ങളെ സേവിക്കുന്നു! 1

നാസത്യരേ, നിങ്ങൾ ഒരേപ്രീതി പൂണ്ടു, ദേവന്മാരോടുകൂടി, തേരിൽ ഞങ്ങളുടെ അടുക്കലെയ്ക്കു വരുവിൻ. നിങ്ങളും ഞങ്ങളും തമ്മിലെസ്സഖ്യം അച്ഛൻവഴിക്കുള്ളതാണു്: ഒരാളാണു്, (നമ്മുടെ) പിതാമഹൻ; അതു നിങ്ങൾ ഓർക്കേണമേ! 2

സ്തോത്രങ്ങൾ അശ്വികളെയും, ബന്ധുക്കളായ പ്രൌഢകർമ്മങ്ങൾ ഉഷോദേവികളെയും ഉണർത്തുന്നു. മേധാവി ഈ സ്തുത്യകളായ ദ്യാവാപൃഥിവികളെ പരിചരിച്ചു, നാസത്യരെ നേരിട്ടു സ്തുതിക്കുന്നു. 3

---

5. പേദു—ഒരു രാജാവു്: ഒന്നാംമണ്ഡലത്തിലുണ്ടു്.

സൂക്തം 72.

1. കാള-കുതിരത്തേർ—കാളകളെയും കുതിരകളെയും പൂട്ടിയ രഥം.

2. അച്ഛൻ—അശ്വികളുടെ അച്ഛൻ, സൂര്യനും വസിഷ്ഠന്റെ അച്ഛൻ, വരുണനുമാകുന്നു. ഒരാൾ—കശ്യപൻ: കശ്യപന്റെ പുത്രന്മാരാണു്. സൂര്യവരുണന്മാർ; അതിനാൽ അശ്വികളുടെയും വസിഷ്ഠന്റെയും പിതാമഹൻ, കശ്യപൻതന്നെ.

3. ബന്ധുക്കൾ—പ്രിയതരങ്ങൾ. മേധാവി—വസിഷ്ഠൻ.

അശ്വികളേ, ഉഷസ്സു പുലരുന്നു; നിങ്ങൾക്കായി സ്തോതാക്കൾ സ്തോത്രങ്ങൾ സംഭരിയ്ക്കുന്നു; ദേവൻ സവിതാവു തേജസ്സുയർത്തുന്നു; അഗ്നികളും ജ്വലിപ്പിയ്ക്കപ്പെട്ടു, ത്തുലോം സ്തുതിയ്ക്കപ്പെടുന്നു. 4

നാസത്യരേ, അശ്വികളേ, നിങ്ങൾ പടിഞ്ഞാറുനിന്നും, കിഴക്കുനിന്നും, തെക്കുനിന്നും, വടക്കുനിന്നും——എല്ലാടത്തുനിന്നും——പഞ്ചജനഹിതമായ സമ്പത്തോടേ വന്നെത്തുവിൻ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 73.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ദേവകാമരായി സ്തോത്രം ചൊല്ലുന്ന ഞങ്ങൾ ഈ തമസ്സിന്റെ അപ്പുറത്തെത്തിച്ചേർന്നു: ബഹുകർമ്മാക്കളായി, പ്രവൃദ്ധരായി, പണ്ടേ ജനിച്ചവരായി, അമർത്ത്യരായിരിയ്ക്കുന്ന അശ്വികളെ സ്തോതാവു വിളിയ്ക്കുന്നു. 1

ഇതാ, പ്രിയഹോതാവായ മനുഷ്യൻ ഉപവിഷ്ടനായി: നാസത്യരേ, അശ്വികളേ, യജിയ്ക്കുകയും സ്തുതിയ്ക്കുകയും ചെയ്യുന്നവന്റെ മധു നിങ്ങൾ അരികത്തിരുന്നു നുകരുവിൻ! ഞാൻ അന്നമെടുത്തു നിങ്ങളെ യാഗത്തിലെയ്ക്കു വിളിയ്ക്കുന്നു. 2

വളരെച്ചൊല്ലുന്ന നമ്മൾ വരുന്നവർക്കു ഹവിസ്സു കൂട്ടുക. വൃഷാക്കളേ, നിങ്ങളിരുവരും ഈ നല്ല സ്തോത്രം കേൾക്കുവിൻ: സ്തുതികൾ പാടുന്ന വസിഷ്ഠൻ, അയയ്ക്കപ്പെട്ട ഒരു ദൂതനെന്നപോലെ നിങ്ങളെ അറിയിയ്ക്കുന്നു. 3

സൂക്തം 73.

1. തമസ്സിന്റെ അപ്പുറത്തു്——പ്രഭാതവെളിച്ചത്തിൽ. സ്തോതാവ്——വസിഷ്ഠൻ.

2. മധു——മധുരസോമം. അന്നം——ഹവിസ്സ്.

3. ഋത്വിക്കുകളോട്: ചൊല്ലുന്ന——സ്തോത്രം. വരുന്നവർക്ക്——ദേവന്മാർക്ക്. അനന്തരവാക്യങ്ങൾ പ്രത്യക്ഷോക്തി: അറിയിയ്ക്കുന്നു——വേഗം വരാൻ ക്ഷണിയ്ക്കുന്നു.

തടിച്ച, കൈക്കരുത്തുള്ള, രാക്ഷസഘ്നരായ ആ ഹവിർവാഹികാം ഞങ്ങളുടെ ആളുടെ അടുക്കൽ വന്നെത്തട്ടെ: നിങ്ങളിരുവരും മത്തുണ്ടാക്കുന്ന അന്നങ്ങളിലെത്തുവിൻ; ഞങ്ങളെ വലയ്ക്കരുത്; മംഗളത്തോടേ വരുവിൻ! 4

നാസത്യരേ, അശ്വികളേ, നിങ്ങാം പടിഞ്ഞാറുനിന്നും, കിഴക്കുനിന്നും, തെക്കുനിന്നും, വടക്കുനിന്നും——എല്ലാടത്തുനിന്നും——പഞ്ചജനഹിതമായ സമ്പത്തോടേ വന്നെത്തുവിൻ. നിങ്ങാം 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 74.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകാം; അശ്വികാം ദേവത.

(പാന)

അശ്വികളേ, വിളിയ്ക്കുന്നു, വിൺവാഴ്ച——
യ്ക്കിച്ഛയാളുമീയാളുകാം നിങ്ങളെ.
ഞാനുമുണ്ടിതാ, കർമ്മസമ്പന്നരേ,
ത്രാണനാർത്ഥം വിളിയ്ക്കുന്നു, നിങ്ങളെ:
വന്ദ്യരാം നിങ്ങാം മർത്ത്യകൽ മർത്ത്യകൽ
വന്നണയുവോരല്ലോ, വസുക്കളേ! 1

ചിത്രമാം ധനം നിങ്ങളിലുള്ളതി—
സ്സുസ്സുവന്നു കൊടുപ്പിൻ, പുരോഗരേ;

---

4. ഹവിർവാഹികാം——അശ്വികാം. ആളുടെ——ഋത്വിക്കിന്റെ. അടുത്ത വാക്യങ്ങാം പ്രത്യക്ഷോക്തി: അന്നങ്ങാം——സോമങ്ങാം. മംഗളം=നല്ലത്; ധനമെന്നർത്ഥം.

സൂക്തം 74.

1. വിൺവാഴ്ച (സ്വർഗ്ഗവാസം) ആഗ്രഹിയ്ക്കുന്ന ഈ ആളുകാം——ഋത്വിക്കുകാം. കർമ്മസമ്പന്നർ——കർമ്മമാകുന്ന ധനത്തോടുകൂടിയവർ. ത്രാണനാർത്ഥം=രക്ഷയ്ക്കുവേണ്ടി.

തേർ തെളിപ്പിനിങ്ങോട്ടൊരേഹൃത്തൊടേ;
മാധുരിയാർന്ന സോമം കുടിയ്ക്കുവിൻ! 2

വന്നരികത്തിരിപ്പിന,ശ്വികളേ;
ഇന്നറുംനീർ കുടിപ്പിൻ, ജിതാർത്ഥരേ:
നിങ്ങൾ വർഷകർ തണ്ണീർ കറക്കുവിൻ;
ഞങ്ങളെ വലയ്ക്കൊല്ല, വന്നെത്തുവിൻ! 3

അഗ്ര്യർ നിങ്ങൾക്ക ഹവ്യദന്റെ ഗൃഹ—
ത്തെത്ത്ക്കൊണ്ടുപോമശ്വങ്ങളുണ്ടല്ലോ;
ആ ഹയങ്ങളെപ്പായിച്ചു, ഞങ്ങളി—
ലീഹയോടശ്വിദേവരേ, വന്നാലും! 4

അന്നമുണ്ടൊരുക്കുന്നു, നാസത്യരാ—
മശ്വികളേ, പ്രപന്നരാം സൂരികൾ;
ഹവ്യവിത്തരാമെങ്ങൾക്ക നല്കുവി,—
നവ്യയമാം യശസ്സും ഭവനവും! 5

ആൾകളിൽവെച്ചു കർമ്മിപാലരെവർ
തേർകൾപോലെത്തു,മന്യസ്വനിസ്പൃഹർ;
തൻകരുത്താൽത്തഴയ്ക്കു,മാ നേതാക്കൾ;
തക്ക സദ്മത്തിൽ വാഴ്കയും ചെയ്യിടും! 6

---

2. സുസ്തവൻ—നന്നായി സ്തുതിയ്ക്കുന്നവൻ. പുരോഗർ—നേതാക്കൾ. ഒരേ ഹൃത്തൊടേ—ഏകമനസ്സോടേ. മാധുരി=മാധുര്യം.

3. ജിതാർത്ഥർ=അർത്ഥം (ശത്രുധനം) അടക്കിയവർ. തണ്ണീർ കറക്കവിൻ—മഴ പെയ്യിയ്ക്കുവിൻ.

4. അഗ്ര്യർ—നേതാക്കളായ. ഈഹ=ഇച്ഛ.

5. പ്രപന്നർ—സ്തുതികൾകൊണ്ടു നിങ്ങളെ പ്രാപിച്ചവർ. സൂരികൾ—സ്തോതാക്കൾ. ഹവ്യവിത്തർ=ഹവിർദ്ധനന്മാർ. അവ്യയം=അനശ്വരം.

6. കർമ്മിപാലർ—ഋത്വിക്കുകളെ രക്ഷിയ്ക്കുന്നവർ. തേർകൾപോലെത്തും—സാമാനങ്ങൾ കേററിയ വണ്ടികൾ ഉടമസ്ഥരുടെ അടുക്കലെന്നപോലെ, നിങ്ങളിൽ ഹവിസ്സുകളുമായി എത്തും. അന്യസ്വനിസ്പൃഹർ=പരധനത്തിൽ കാംക്ഷയില്ലാത്തവർ. നേതാക്കൾ—യജമാനന്മാർ. സദ്മം=ഗൃഹം.

സൂക്തം 75.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഉഷസ്സ് ദേവത.

(കാകളി)

വാനിലുദിച്ചു പുലർന്നുഷസ്സു, കതിർ-
ച്ചേണിനാൽ പ്രാഭവം കാട്ടി വന്നെത്തിനാൾ;
മാററാരെയും പാഴിരുട്ടിനേയും മുടി-
ച്ചേററം നന്ന തുറന്നാൾ, വഴികളെ! 1

ഞങ്ങൾക്കുഷസ്സേ, മഹാസുഖം നല്ക, നീ;
തുംഗസൌഭാഗ്യത്തിലാക്കുകി,ന്നെങ്ങളെ;
ചിത്രം യശോധനം ചേക്ക, നരഹിതേ,
മർത്ത്യരാമെങ്ങളിൽദ്ദേവി, സാന്നനെയും! 2

കാണപ്പെടേണ്ടുമുഷസ്സിന്റെ ചിത്രമാം
ഹാനിയില്ലാത്തൊക്കതിർച്ചാർത്തു വന്നിതാ,
ദേവകൾക്കുള്ള കർമ്മങ്ങൾ തുടങ്ങിച്ചു,
മൂവാനിടത്തിൽ നിറഞ്ഞു പരക്കയായ്! 3

പാരിനെപ്പാലിപ്പുമാ വിൺമകളിതാ,
ദൂരത്തുനിന്നുമൊരുങ്ങി,പ്പൊട്ടുന്നനെ,
ചുററിനടക്കുന്നു, ഭൂതങ്ങൾതൻ വെളി-
പുററുനോക്കിക്കൊണ്ടു പഞ്ചജനങ്ങളിൽ! 4

സൂക്തം 75.

1. പ്രാഭവം---മഹത്ത്വം. മാററാർ---നമ്മെ ദ്രോഹിയ്ക്കുന്നവർ. തുറന്നാൾ ---പ്രാണികളുടെ ജോലികൾക്ക്.

2. യശോധനം=യശസ്സോടുകൂടിയ ധനം. സാന്നനെയും ചേക്ക---അന്ന വാനായ പുത്രനെയും കിട്ടിയ്ക്കുക.

3. ഹാനിയില്ലാത്ത---അനശ്വരമായ. ആ---പ്രസിദ്ധമായ. തുടങ്ങിച്ചു ---പ്രഭാതത്തിലാണല്ലോ, ദേവകർമ്മങ്ങൾ ആരംഭിയ്ക്കുക. മൂവാനിടത്തിൽ---അന്തരിക്ഷത്തിന്റെ വായു—മേഘ—പക്ഷികൾക്കാലംബങ്ങളായ മൂന്നിടങ്ങളിൽ.

4. വിൺമകൾ---ഉഷസ്സ്. ഭൂതങ്ങൾ=പ്രാണികൾ. നോക്കിക്കൊണ്ടു--- സാക്ഷിത്വേന.

ഭൂര്യന്നയുക്ത, മഘോനി, ചിത്രധന,
സൂര്യന്റെ മങ്ക, വസുദ്രവിണേശ്വരി,
വാർദ്ധക്യകർത്ത്രി, യൃഷിസ്തുത, യഷ്ടാക്കൾ
വാഴ്ത്തുമുഷസ്സു വെളിച്ചം വിതയ്ക്കയായ്! 5

ആവിർഭവിച്ചു, വിളങ്ങുമുഷസ്സിനെ—
യാവഹിയ്ക്കും വിചിത്രോജ്ജ്വലവാജികൾ;
വൈവിധ്യമാർന്ന തേരേറിഗ്ഗമിയ്ക്കുന്നു,
സേവകർക്കായ് രത്നമേന്തി പ്രഭാവതി! 6

സത്യരും യാജ്യരുമായ വൻദേവരോ—
ടൊത്തീജ്യയാമുഷോദേവി സത്യവതി
സുസ്ഥിരവും പിളർത്തേകുന്നു, പൈക്കൾക്കു
വൃത്തി, പശുക്കൾ കൊതിയ്ക്കും പെരിയവൾ! 7

ഞങ്ങൾക്കുഷസ്സേ, തരിക, വീരാശ്വഗോ—
സംഗതമാം ധനം, ധാരാളമന്നവും;
മർത്ത്യരിൽ നിന്ദ്യമാകായ്കെ, ഞങ്ങൾതൻ മഖം;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

5. മഘോനി—ഉഷസ്സിന്റെ ഒരു പേർ. ഇത്തരം ഋക്കുകൾ മുമ്പ് വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുണ്ട്. വസുദ്രവിണേശ്വരി—സാധാരണധനങ്ങളുടെയും ഉൽക്കൃഷ്ടസമ്പത്തിന്റെയും സ്വാമിനി.

6. ആവഹിയ്ക്കും—ഉഷസ്സിന്റെ തേർ വലിയ്ക്കുന്ന. സേവകർക്കായ്—പരിചരിയ്ക്കുന്നവർക്കു കൊടുക്കാൻ.

7. വൻദേവർ=മഹാന്മാരായ ദേവന്മാർ. ഈജ്യ=യജനീയ. സുസ്ഥിരവും—ഉറപ്പേറിയ ഇരുട്ടുപോലും. വൃത്തി=ജീവനം, മേച്ചിൽപ്പുറം; രാവിലെയാണല്ലോ, പൈക്കൾ മേഞ്ഞുതുടങ്ങുക. പശുക്കൾ—മാടുകളും, ഇരുട്ടിലകപ്പെട്ട മററു പ്രാണികളും.

8. വീരാശ്വഗോസംഗതം=പുത്രരോടും അശ്വങ്ങളോടും ഗോക്കളോടും കൂടിയതു്. പാലിപ്പിൻ—ഉഷസ്സുകളായ നിങ്ങൾ.

സൂക്തം 76.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

വിശ്വനേതാവായ ദേവൻ സവിതാവു
വിശ്വമിത്രാമൃതജ്യോതിസ്സയത്തിനാൻ;
ദേവകൾ കണ്ണാമൊളി പൊങ്ങി, കർമ്മത്തി;—
നാവിഷ്കരിച്ചാളുഷസ്സുലകൊക്കയും! 1

കാണായിവന്നു, കതിർച്ചാർത്തണിയുന്ന,
വാനോരിലെത്തും വിബാധമാർഗ്ഗങ്ങൾ മേ:
പൊങ്ങീ, കിഴക്കുഷസ്സിൻെറ കൊടിമര;
മിങ്ങോട്ടിറങ്ങിനാൾ, മേടകൾ വിട്ടവൾ! 2

അക്കന്നു നേർകിഴക്കാവിർഭവിച്ച നിൻ—
തൃക്കതിർമണ്ഡലംതാനുഷസ്സേ, പകൽ:
ജാരങ്കൽ, വിട്ടുപോകാതെ വീണ്ടും പെരു—
മാറുമൊരുത്തിപോലല്ലോ, ലസിപ്പു നീ! 3

ഗ്രസ്തമാം ജ്യോതിസ്സു കണ്ടുപിടിച്ചവർ
സിദ്ധമന്ത്രത്താലുഷസ്സിനെക്കാട്ടിയോ;

സൂക്തം 76.

1 വിശ്വമിത്രാമൃതജ്യോതിസ്സ്=ഏവർക്കും മിത്ര(ഹിത)വും അനശ്വരവുമായ തേജസ്സ്. ഒളി—ഉഷസ്സിൻെറ പ്രഭ. ആവിഷ്കരിച്ചാൾ—വെളിപ്പെടുത്തി.

2 വാനോരിലെത്തും വിബാധമാർഗ്ഗങ്ങൾ—ദേവന്മാരുടെ അടുക്കലെത്തുള്ള നിർബാധമാർഗ്ഗങ്ങൾ. കൊടിമരം—അടയാളമായ വെളിച്ചം. മേടകൾ—മാളികയും മററുമായ ഉന്നതപ്രദേശങ്ങൾ.

3. ജാരങ്കൽ—ചാരിത്രമില്ലാത്ത ഭർത്താവിനെയും സതിയായ സ്ത്രീ ഉപേക്ഷിയ്ക്കില്ല; അതുപോലെ രാത്രിയുടെ ജാരനായ (രാത്രിയ്ക്കു വാർദ്ധക്യം വരുത്തുന്ന) സൂര്യങ്കൽത്തന്നെ നീ പെരുമാറുന്നു. ലസിപ്പൂ=ശോഭിയ്ക്കുന്നു, കാണപ്പെടുന്നു.

4. ഗ്രസ്തം—ഇരുട്ടിൽ മറഞ്ഞത്. ജ്യോതിസ്സ—സൂര്യതേജസ്സ്. സത്യർ—സത്യശീലർ. കവികൾ അന്തപാനന്മാർ, വേദവേദാംഗജ്ഞന്മാർ. അപ്പൂർവപിതാക്കൾ—അംഗിരസ്സുകൾ; ഇവർ സൂര്യനെ കണ്ടുപിടിച്ചത് അഞ്ചാംമണ്ഡല

സത്യർ കവികളപ്പൂർവപിതാക്കൾതാൻ,
മർത്ത്യേതരന്മാരൊടൊത്തു മത്താടിയോർ! 4

എല്ലാരുടേയുമാം ഗോക്കളിൽ മേളിച്ചു,
തുല്യബുദ്ധ്യാ വേർപെടാതെനിന്നാരവർ;
ദേവകർമ്മങ്ങൾക്കു ഹാനിവരുത്തീല,
തൂവെളിച്ചത്തിൽ നടക്കുമഹിംസകർ! 5

കാലത്തുണർന്നു പുകഴ്ത്തും വസിഷ്ഠരാ—
ശ്രീലയാം നിന്നെ സ്തുതിപ്പൂ, സ്തവങ്ങളാൽ:
ഞങ്ങൾക്കുഷസ്സേ, സുജാതേ, പുലർന്നരുൾ—
കി;—ങ്ങഗ്ര്യയായ് വാഴ്ക, നുഗോദാത്രി നീ! 6

സ്തോത്രസ്തവത്തെ നയിപ്പോൾ, വസിഷ്ഠോപ—
ഗീത, വെളിച്ചം വിരിപ്പോളു, ഷസ്സിവൾ
വിത്തം സുവിശ്രുതം ഞങ്ങളിൽ വെയ്ക്കുവോൾ:
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 77.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ

(കാകളി)

ജന്തുവർഗ്ഗത്തെത്തൊഴിലിന്നയച്ചുകൊ—
ണ്ടു,ന്തികേ തൈമങ്കപോലെ വിളങ്ങിനാൾ:

ത്തിലുണ്ട്. മർത്ത്യേതരന്മാർ = അമർത്ത്യന്മാർ. മത്താടിയോർ——സോമപാനത്താൽ, അഥവാ ആഹ്ലാദത്താൽ.

5. ഗോക്കളിൽ——പണികളിൽനിന്നു വീണ്ടെടുത്ത ഗോക്കളിൽ. അവർ——അംഗിരസ്സുകൾ. തുല്യബുദ്ധ്യാ = ഒരേമനസ്സോടേ. തൂവെളിച്ചം——തങ്ങൾ ആവിഷ്ക്കരിച്ച ഉഷസ്സിന്റെ പ്രകാശം.

6. വസിഷ്ഠർ = വസിഷ്ഠനും തദ്ഗോത്രന്മാരും. ശ്രീല = ശ്രീമതി. അഗ്ര്യ——മററു ദേവന്മാരെക്കാൾ മുഖ്യ.

7. വസിഷ്ഠോപഗീത = വസിഷ്ഠന്മാരാൽ വാഴ്ത്തപ്പെട്ടവൾ. വെയ്ക്കുവോൾ——തരുന്നവൾ.

ആളുകളഗ്നിയെസ്സംജ്വലിപ്പിയ്ക്കയാ;—
യാളിന തേജസ്സകററീ തമസ്സിനെ! 1

പാരിനനേരേ പരന്നുദിച്ചൌ,ജ്ജ്വല്യ—
മേറിയ വെൺപട്ടുടുത്തു തടിച്ചിയായ്,
പൊന്നാളിദർശനീയാംഗി, ഗോമാതാവു
മിന്നീ, പകലിനെക്കൊണ്ടുവരുന്നവരം! 2

ദേവദൃക്കേന്തുമുഷസ്സ്,ഴകേറിയ
ത്തുവെൺകുതിരയെക്കൊണ്ടുവരുന്നവരം
രശ്മിയാൽ സ്പഷ്ടമേ കാണായ്, വിചിത്രാർത്ഥ,
വിശ്വത്തിനായിത്തടിച്ച സുഭഗയാരം! 3

സ്വത്തണച്ച, സ്ഥവിദ്രാവിട്ടായ്പ്പുലർന്നരുാം—
ക;—ത്രാസമാക്കുകെ,ഞങ്ങരംക്കു വൻഗോനിലം;
ശത്രുവെപ്പായിയ്ക്കുകാ, ഹരിയ്ക്കു, ധനം;
സസ്തവന്നെത്തിയ്ക്കു, വിത്തം മഘോനി, നീ! 4

ത്തുംഗഭാസ്സോടേ പുലരുകെ,ഞങ്ങരംക്കു നീ:—
യെങ്ങരംക്കുഷോദേവി, വായ്ക്കിയ്ക്കു, ജീവിതം:

സൂക്തം 77.

1. അന്തികേ—സൂര്യസമീപത്ത്. തൈമങ്ക=ചെറുപ്പക്കാരി, യുവതി. വിളങ്ങിനാരം—ഉഷസ്സ്. തേജസ്സ്—അഗ്നിയുടെയോ, ഉഷസ്സിൻേറയോ.

2. വെൺപട്ട്—സ്വച്ഛതേജസ്സ്. തടിച്ചിയായ്—ദേഹപുഷ്ടി കൂടുമല്ലോ, വസ്ത്രമുടുത്താൽ. ഗോമാതാവു—ഗോക്കളെ മേയാനയയ്ക്കുന്നതുകൊണ്ട്; ഗോക്കളുടെ (വാക്കുകളുടെ) ജനയിത്രി എന്നും അർത്ഥമെടുക്കാം. പുലർകാലത്താണല്ലോ, പക്ഷികളും മററും ശബ്ദം പുറപ്പെടുവിച്ചുതുടങ്ങുക.

3. ദേവദൃക്ക്—ദേവന്മാരുടെ കണ്ണായ തേജസ്സ്. ത്തുവെൺകുതിര—ഗമനശീലനായ സൂര്യൻ. വിചിത്രാർത്ഥ=വിചിത്രമായ ധനത്തോടുകൂടിയവരം. വിശ്വത്തിനായി—ലോകവ്യവഹാരങ്ങരംക്കായി. തടിച്ച—വിശാലയായി ച്ചമഞ്ഞ.

4. സ്വത്തണച്ച്—ധനം ഞങ്ങളുടെ അടുക്കലെത്തിച്ച്. അസ്ഥവിദ്രാവിട്ടായ്—ഞങ്ങളുടെ ശത്രുവിനെ അകററി. വൻഗോനിലം—വലിയ മാടുമേച്ചിൽപ്പുറം. അത്രാസം=ഭയരഹിതം. ശത്രുവെ—ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെ. ആഹരിയ്ക്കു, ധനം—ശത്രുവിൻെറ ധനം ഞങ്ങരംക്കു കൊണ്ടുവന്നാലും. സസ്തവന്ന്—സ്തുതിയ്ക്കുന്ന എനിയ്ക്ക്.

ഞങ്ങൾക്കു വിശ്വവരേണ്യ, രഥാശ്വഗോ-
സംഗതസമ്പത്തുമന്നവും നല്കു, നീ! 5

വിണ്ണിന്മകളാമുഷസ്സേ, സുജാതയാം
നിന്നെ വളർപ്പൂ, വസിഷ്ഠർ നുതികളാൽ.
ഉദ്യന്മഹാധനം ചേർക്ക, നീ ഞങ്ങളിൽ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

സൂക്തം 78.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി.)

മുന്നടയാളങ്ങൾ കാണപ്പെടുന്നുണ്ടു:
ചിന്നുന്നു, മേല്പോട്ടുഷസ്സിന്റെ രശ്മികൾ;
ഇങ്ങോട്ടു പോരും തിളങ്ങുന്ന വൻതേരി-
ലെങ്ങൾക്കു കൊണ്ടുവരുന്നു, സമ്പത്തിവൾ! 1

ദീപ്തിപൂണ്ടഗ്നി പടരുന്നു, ചുററുമേ;
സ്തോത്രങ്ങൾ പാടുന്നു, മേധാവിയാം ജനം;
യാത്രചെയ്വൂ, മഹസ്സാലിരുട്ടമഘ-
ച്ഛാത്തുമശേഷം മുടിച്ചുഷോദേവിയാൾ! 2

കാണപ്പെടുന്നൂ, കിഴക്കുഭാഗത്തിതാ,
കാന്തി പരത്തിപ്പുലരുമുഷസ്സിവൾ:
പെററാൾ, പകലോനെ, യജ്ഞത്തെ,യഗ്നിയെ;-
യററുപോയ്, ദ്രോഹിയും നീചവുമാമിരുൾ! 3

---

5. ജീവിതം വാഴ്ത്തിയ്ക്കു—ആയുസ്സു വർദ്ധിപ്പിച്ചാലും.
6. ഉദ്യന്മഹാധനം = വിളങ്ങുന്ന വലിയ സമ്പത്ത്.

സൂക്തം 78.

2. യാത്രചെയ്വൂ—മേല്പോട്ടു പോകുന്നു. അഘച്ഛാത്തും—നമ്മുടെ ദുരിതസമൂഹവും. അശേഷം = മുഴുവൻ.

3. പെററാൾ—പകലോനും യജ്ഞവും അഗ്നിയും ഉഷസ്സുദിപ്പിന്നുശേഷമാണല്ലോ, വെളിപ്പെടുന്നത്. ദ്രോഹി = ദ്രോഹിയ്ക്കുന്നത്. നീചം = നികൃഷ്ടം.

ആവിർഭവിച്ചു, മഘോനി, വിണ്ണിന്മകൾ;—
ളേവരും കാണ്മു, പുലരുമുഷസ്സിനെ;
സാധുയുക്തങ്ങളശ്വങ്ങൾ വലിയ്ക്കുന്ന
തേർതന്നിലന്നവും വെച്ചു കരേറിനാൾ! 4

അങ്ങയെയിന്നൊരു തെളിഞ്ഞു പുകഴ്ത്തുന്നു,
ഞങ്ങൾതൻ കൂട്ടരും, ഹവ്യാഢ്യർ ഞങ്ങളും:
ഉദ്യദുഷസ്സുകളെണ്ണ തേപ്പിയ്ക്കുവിൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 79.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി)

ഭംഗ്യാ പുലർന്നു ജഗൽപഥ്യയാമുഷ-
സ്സിങ്ങഞ്ചു ജാതിയ്ക്കുണർച്ചവരുത്തിനാൾ;
ഭാനുവിൽച്ചെന്നാളൊ,ളി വായ്ച ഗോക്കളാൽ;
വാനൂഴികളെത്തെളിയിച്ചു, സൂര്യനും! 1

വാനിനുചുററും പ്രഭ ചേർത്തുഷസ്സുകൾ,
സേനകൾപോലേ തുടങ്ങുന്നു, വിക്രമം:
നീക്കുന്നു, നിൻകതിരല്ലിനെ; ദീപ്തിയെ
നീട്ടുന്നു, ഭാസ്കരൻ കൈകളെപ്പോലവേ! 2

---

4. സാധുയുക്തങ്ങൾ=വഴിപോലെ പൂട്ടപ്പെട്ട. അന്നം—ഞങ്ങൾക്ക തരാൻ.

5. കൂട്ടർ—ഋത്വിക്കുകൾ. ഹവ്യാഢ്യർ—ഹവിസ്സമ്പന്നർ. ഉദ്യദുഷസ്സുകൾ=പുലരുന്ന ഉഷസ്സുകളായ നിങ്ങൾ. എണ്ണ തേപ്പിയ്ക്കുവിൻ—ലോകത്തെ, എണ്ണ തേപ്പിച്ചതുപോലെ മിന്നിയ്ക്കുവിൻ.

സൂക്തം 79.

1. ജഗൽപഥ്യ—പ്രാണികൾക്കെല്ലാം പന്ഥാവിൽ (വഴിയിൽ) ഉപകരിയ്ക്കുന്നവൾ, സഞ്ചാരാനുകൂല. ഗോക്കളാൽ—ചെമന്ന ഗോക്കളാണ്, ഉഷസ്സിന്റെ വാഹനങ്ങൾ എന്ന് അനേകത്ര പ്രസ്താവിച്ചിട്ടുണ്ട്.

2. വിക്രമം തുടങ്ങുന്നു—തമസ്സിനെ ജയിപ്പാൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

വിണ്ണിന്മകളാമുഷസ്സു മഹേശ്വരി—
യന്നം ചമച്ചാരം, പുലർന്നു ശുഭത്തിനായ്;
ചെമ്മേ ചരിയ്ക്കും മഘോനിയാം ദേവി സൽ—
ക്കർമ്മശീലന്നരുളുന്തു, ധനങ്ങളെ! 3

എത്ര നീയേകി,യുഷസ്സേ, പുകഴ്ത്തുവോ—
ർക്ക,ത്ര ധനം നൽക, വാഴ്ത്തുമെങ്ങൾക്കുമേ:
സ്തോത്രഘോഷംകൊണ്ടറിയപ്പെടുന്ന നീ
പോയ്ത്തുറന്നല്ലോ, ദൃഢാദ്രിതൻ വാതിലും! 4

സൂരിയെസ്സൂരിയെ സ്വത്തിന്നിറക്കിയും,
സൂക്തികളെങ്ങൾക്കയച്ചും പുലർന്ന നീ
ശ്രദ്ധവെയ്ക്കേണമേ, ഞങ്ങൾക്ക നൽകുവാൻ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 5

സൂക്തം 80.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

സ്തോത്രവാക്യങ്ങൾകൊണ്ടോ,ന്നാമരായ്നിന്നു
പേർത്തുണർത്തുന്തു, വസിഷ്ഠർ, മേധാവികൾ,
അററങ്ങളൊന്നായ വാനുഴികൾ വിടുർ—
ത്തിട്ടു,ലകൊട്ടുക്ക കാട്ടുമുഷസ്സിനെ! 1

സ്വീയതേജസ്സാൽ നിഗൂഢതമസ്സറു—
ത്താ യൌവനസ്ഥയുഷസ്സിതാ, വ്യക്തയായ്:

---

3. ശുഭത്തിനായ് അന്നം ചമച്ചാരം—വെളിപ്പെടുത്തി.

4. ദൃഢാദ്രി—പണികൾ ഗോക്കളെ ഒളിപ്പിച്ച ഉറപ്പുള്ള പർവതഗുഹ.

5. സൂരി—സ്തോതാവ്. സ്വത്തിന്ന്—ധനം നേടാൻ. നൽകുവാൻ—ധനം തരുവാൻ.

സൂക്തം 80.

1. ഒന്നാമരായ്നിന്നു—മററു യജമാനരെക്കാരം മുമ്പെ. അററങ്ങളൊന്നായ—അററങ്ങളിൽ ഒട്ടിപ്പിടിച്ചിരുന്ന. വിടുർത്തിട്ട്—വേർപെടുത്തി.

ലാത്തുന്നു, മുന്നിൽ നിർല്ലജ്ജയുവതിയായ്;—
പ്പേർത്തറിയിയ്ക്കുന്നു, യജ്ഞാഗ്നിസൂര്യരെ! 2

ഗോവാജിവീരരെ നൽകിയുമംഭസ്സു
ളുവിയു,മെങ്ങും തഴച്ചും, ശുഭകളായ്
നിത്യം പുലരട്ടെ, ഞങ്ങൾക്കുഷസ്സുകൾ;
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 3

അഞ്ചാമധ്യായം സമാപ്തം.

===

ആറാമധ്യായം

സൂക്തം 81.

വസിഷ്ഠൻ ഋഷി; ബ ഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ;
ഉഷസ്സ് ദേവത.

(പാന)

പേർത്തെഴുന്നള്ളിവന്നു, വെളിച്ചവും
ചേർത്തുകാണായി, വിണ്ണുലകിൻമകൾ:
കൂരിരുട്ടിനെപ്പോക്കുന്നു, കാഴ്ചയ്ക്കായ്;
വാരൊളി പരത്തുന്നു, സുനേത്രിയാൾ! 1

സൂരനൊപ്പമയയ്ക്കുന്നു രശ്മികൾ;
താരകങ്ങൾക്കു ശോഭയരുളുന്നു.
അർക്കനെമിവിടുന്നും പുലരുമ്പോ—
ളുന്നമെങ്ങൾക്കുഷസ്സേ, ലഭിയ്ക്കാവൂ! 2

---

2. യൌവനസ്ഥ = യുവതി. മുന്നിൽ——സൂര്യൻെറ. നിർല്ലജ്ജയുവതിയായ്——ഒരു ലജ്ജയില്ലാത്ത യുവതി ഭർത്താവിൻെറ മുമ്പിൽ ലാത്തുന്നതുപോലെ. യജ്ഞാഗ്നിസൂര്യരെ അറിയിയ്ക്കുന്നു——കർമ്മാരംഭം.

സൂക്തം 81.

1. സുനേത്രി=വഴിപോലെ നയിയ്ക്കുന്നവൾ.
2. ഒപ്പം——ഒന്നിച്ചുതന്നെ. താരകങ്ങൾ = നക്ഷത്രങ്ങൾ.

ഭൂരികാമ്യങ്ങൾ കൊണ്ടുവന്ന,ധ്വരി–
ക്കാരരുളമോ, രത്നവും സൌഖ്യവും;
അമ്മഘോനിയാം നിന്നെയുണർത്താവൂ,
വിണ്മകളാമുഷസ്സേ, ദ്രുതരെങ്ങൾ! 3

ക്രൂരിരുൾ മായ്ച്ചു,ണർച്ചയും കാഴ്ചയും
പാരിനേകമുദാരയാം നിന്നൊടായ്
സ്വത്തിരക്കന്നു, ഞങ്ങൾ മഹാദേവി;
പുത്രരമ്മയ്ക്കുപോലാക, ഞങ്ങൾ തേ! 4

ചിത്രവും ദീർഗ്ഘകീർത്തികരവുമാം
സ്വത്തുഷസ്സേ, തരിക, വിൺപുത്രി, നീ:
മൎത്ത്യഭോഗ്യങ്ങൾ നിൻപക്കലുള്ളവ–
യത്രയും നല്ക—ഞങ്ങൾ ഭുജിയ്ക്കാവൂ! 5

വാഴ്ത്തുമെങ്ങൾക്ക നല്ക; നീയക്ഷയ–
കീൎത്തിയും, പാർപ്പിനന്നഗോക്കളെയും;
മേധികൾക്കണർവേകുന്ന സൂനൃതോ–
പേതയാമുഷസ്സോടിയ്ക്ക, മാററരെ! 6

സൂക്തം 82.

വസിഷ്ഠൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ ഞങ്ങളുടെ ആളുകൾക്ക യാഗത്തിന്നു വലിയ ഗൃഹം കല്പിച്ചുകൊടുക്കണം; ദീർഗ്ഘയജ്ഞത്തി

---

3. ഭൂരികാമ്യങ്ങൾ——സ്പൃഹണീയങ്ങളായ ബഹുധനങ്ങൾ. അധ്വരി= യജമാനൻ. ദ്രുതർ——ക്ഷിപ്രകാരികൾ.

4. ഉദാര=ദാനശീല. ഞങ്ങൾ തേ (ഭവതിയ്ക്കു), പുത്രർ അമ്മയ്ക്കെന്നപോലെ അരുമപ്പെട്ടവരായിത്തീരട്ടെ.

6. പാർപ്പിന്ന്=വാസത്തിന്ന്, പൊറുപ്പിന്ന്. ഉത്തരാർദ്ധം പരോക്ഷോക്തി: മേധികൾ=യഷ്ടാക്കൾ. സൂനൃതോപേത=പ്രിയസത്യവാക്കുകളോടുകൂടിയവൾ.

ലേർപ്പെട്ടവനെ യാവചിലർ ഉപദ്രവിയ്ക്കുമോ, ആ ദുർമ്മതികളെ ഞങ്ങൾ പൊരുതിത്തോല്പിയ്ക്കുമാറാകണം! 1

നിങ്ങളിൽ ഒരാൾ സമ്രാട്ടെന്നും, മററാൾ സ്വരാട്ടെന്നും പറയപ്പെടുന്നു: ഇന്ദ്രാവരുണന്മാരേ, മഹാന്മാരും മഹാധനന്മാരുമാണു്, നിങ്ങൾ. വൃഷാക്കളേ, വലിയ വാനത്തുവെച്ച ദേവകളെല്ലാവരും ഓജസ്സും ബലവും നിങ്ങളിൽ ചേർത്തിരിയ്ക്കുന്നുവല്ലോ! 2

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ വെള്ളത്തിന്റെ പഴുതുകൾ തുറന്നു; കതിരോനെ കഴിവുള്ളവനാക്കി വാനത്തേയ്ക്കയച്ചു. വെളിവുണ്ടാക്കുന്ന ഇതിന്റെ മത്തിൽ നിങ്ങൾ നിർജ്ജലനദികളെ നിറയ്ക്കുവിൻ; കർമ്മങ്ങളെ നനയ്ക്കുവിൻ! 3

ഇന്ദ്രാവരുണന്മാരേ, നിങ്ങളെത്തന്നെയാണല്ലോ, ചുമതലക്കാർ പോരുകളിലും പററലർപ്പടകളിലും വിളിയ്ക്കാറുള്ളതു്; നിങ്ങളെത്തന്നെയാണല്ലോ, ക്ഷേമലബ്ധിയ്ക്കും മുട്ടുമടക്കി വിളിയ്ക്കാറുള്ളതു്. സ്തോതാക്കളായ ഞങ്ങളും ദിവ്യഭൌമസമ്പത്തുകളുടെ അധീശ്വരരായ, സുഖാഹ്വാതവ്യരായ നിങ്ങളെത്തന്നെ വിളിയ്ക്കുന്നു. 4

ഇന്ദ്രാവരുണന്മാരേ, നിങ്ങളാണല്ലോ, ലോകത്തിലെ ഈ ജീവജാലത്തെയെല്ലാം ബലംകൊണ്ടു നിർമ്മിച്ചതു്: വരുണനെ മിത്രൻ ക്ഷേമാർത്ഥം സേവിയ്ക്കുന്നു; ഓജസ്വിയായ മററാൾ മരുത്തുക്കളോടൊന്നിച്ചു, ജലം പൊഴിയ്ക്കുന്നു! 5

മഹത്തായ ധനത്തിന്നുവേണ്ടി ഇരുവരും ഈ ഇന്ദ്രവരുണക്കുള്ള തനതായ ശാശ്വതബലത്തെ ഉദ്ദീപിപ്പിയ്ക്കുന്നു: ഒരാൾ സ്തുതിയ്ക്കാത്ത ഹിംസകനെ ഹനിയ്ക്കും; മററാൾ അല്പംകൊണ്ടു് അനേകരെ അമർത്തും! 6

സൂക്തം 82

1. ആളുകൾ——പുത്രപൌത്രാദികൾ.

2. ഒരാൾ——വരുണൻ. ബലം——ശേഷി.

3. കതിരോനെ——രാഹുഗ്രസ്തനായ സൂര്യനെ. കഴിവു് = ത്രാണി. ഇതു്——സോമം. നനയ്ക്കുവിൻ——സഫലീകരിയ്ക്കുവിൻ എന്നർത്ഥം.

4. സുഖാഹ്വാതവ്യർ = സുഖേന വിളിയ്ക്കപ്പെടാവുന്നവർ.

5. മററാൾ——ഇന്ദ്രൻ.

6. ഇരുവരും——യജമാനനും പത്നിയും. ഒരാൾ——വരുണൻ. മററാൾ——ഇന്ദ്രൻ. അനേകരെ—— വളരെ വൈരികളെ.

ഇന്ദ്രാവരുണദേവന്മാരേ, നിങ്ങറം ആരുടെ യാഗത്തിൽ കാംക്ഷയോടേ എഴുന്നള്ളുമോ, ആ മനുഷ്യന്നു പാപം പററില്ല; ദോഷം വരില്ല; എന്തുകൊണ്ടും സന്താപമുണ്ടാകില്ല. ആ മനുഷ്യനെ ഒരുപദ്രവവും തീണ്ടില്ല! 7

നേതാക്കളായ ഇന്ദ്രാവരുണന്മാരേ, നിങ്ങറംക്ക് എങ്കൽ പ്രീതിയുണ്ടെങ്കിൽ, ദിവ്യമായ രക്ഷയുംകൊണ്ടു ഇങ്ങോട്ടു വരുവിൻ; സ്തുതി കേറംക്കുവിൻ. യാതൊരു സഖ്യവും ബന്ധുത്വവും നിങ്ങളുടെപക്കലുണ്ടോ, ആ സുഖസാധനം കല്പിച്ചുതരുവിൻ! 8

ആകർഷകബലന്മാരായ ഇന്ദ്രാവരുണന്മാരേ, യുദ്ധത്തിൽ യുദ്ധത്തിൽ നിങ്ങറം ഞങ്ങളുടെ മുന്നണിപ്പോരാളികളാകണം: നിങ്ങളാണല്ലോ, യുദ്ധത്തിൽ അനുദിനം നേതാക്കളാൽ വിളിയ്ക്കപ്പെടുന്നത്; അങ്ങനെതന്നെ, പുത്രപൌത്രലാഭത്തിന്നും! 9

ഇന്ദ്രനും വരുണനും മിത്രനും അര്യമാവും ഞങ്ങറംക്കു തിളങ്ങുന്ന ധനവും വലിയ വിശാലഗൃഹവും തന്നരുളട്ടെ; യജ്ഞത്തെ വളർത്തുന്ന അദിതിയുടെ തേജസ്സു ദയചെയ്യട്ടെ; ഞങ്ങറം സവിതാവായ ദേവന്നു സ്തോത്രം ചൊല്ലുന്നു! 10

സൂക്തം 83.

ഋഷിച്ഛന്ദോദേവതകറം മുമ്പേത്തവ.

നേതാക്കളായ ഇന്ദ്രാവരുണന്മാരേ, നിങ്ങളുടെ ബന്ധുത്വവും ഗോലാഭവുമിച്ഛിയ്ക്കുന്നവർ വീതിയുള്ള അശ്വപരശുവുമെടുത്തു കിഴക്കോട്ടു പോകുന്നു. മുടിയ്ക്കുന്നവരും കർമ്മം നടത്തുന്നവരുമായ ഇരുശത്രുക്കളെയും നിങ്ങറം ഹനിയ്ക്കണം; സുദാസ്സിനെ രക്ഷിയ്ക്കണം! 1

---

7. കാംക്ഷ—ഹവിസ്സിച്ഛ.

9. ആകർഷകബലന്മാർ—എതിരാളികളെ വലിച്ചിഴയ്ക്കുന്ന ബലത്തോടുകൂടിയവർ.

10. ദയചെയ്യട്ടെ—ഞങ്ങളെ ദ്രോഹിയ്ക്കാതിരിയ്ക്കട്ടെ.

സൂക്തം 83.

1. ഇച്ഛിയ്ക്കുന്നവർ—യജമാനന്മാർ. അശ്വപരശു—കുതിരയെല്ലുകൊണ്ടുള്ള ഒരുതരം അരിവാറം. പോകുന്നു—യാഗത്തിന്നു ദർഭ കൊയ്യുകൊണ്ടുവരാൻ. സുദാസ്സിനെ—ഈ രാജാവിന്റെ പുരോഹിതനത്രേ, വസിഷ്ഠൻ.

യാതൊന്നിൽ ആളുകരം കൊടി പൊങ്ങിച്ച് ഒത്തുകൂടുമോ, യാതൊന്നിൽ പ്രിയപ്പെട്ടതൊന്നും ഉണ്ടാകില്ലയോ, യാതൊന്നിൽ പ്രാണികളും സ്വർഗ്ഗം കാണുന്നവരും ഭയപ്പെടുമോ; ആ യുദ്ധത്തിൽ, ഇന്ദ്രാവരുണന്മാരേ, നിങ്ങരം ഞങ്ങളെ പ്രശംസിയ്ക്കണം! 2

ഇന്ദ്രാവരുണന്മാരേ, ഭൂമിയുടെ അററങ്ങരം ഉടയ്ക്കപ്പെട്ടുകാണുകയും, ആപ്പ് ആകാശത്തു കേറുകയും, ആരംക്കാരുടെ എതിരാളികരം എന്നോടടുക്കുകയും ചെയ്യുമ്പോരം, നിങ്ങരം വിളി കേട്ടു രക്ഷയുമായി ഇങ്ങോട്ടെഴുന്നള്ളണം! 3

ഇന്ദ്രാവരുണന്മാരേ, നിങ്ങരം എതിരില്ലാത്ത ഭേദനെ കൊലയായുധംകൊണ്ടു വധിച്ചു, സുദാസ്സിനെ രക്ഷിച്ചു. വെല്ലുവിളിയിൽ ഈ തൃത്സുക്കളുടെ സ്തോത്രവും കേട്ടു. അതിനാൽ, എൻെറ പൌരോഹിത്യം ഫലിച്ചു! 4

ഇന്ദ്രാവരുണന്മാരേ, അരാതിയുടെ ആയുധങ്ങളും, എതിക്കുന്ന ദ്രോഹികളും എന്നെ കഷ്ടപ്പെടുത്തുമ്പോരം, ആ ദിവസം കടക്കാൻ ഞങ്ങളെ നിങ്ങരം കാത്തരുളണം: രണ്ടു സമ്പത്തിൻെറയും തമ്പുരാന്മാരാണല്ലോ, നിങ്ങരം! 5

എവയിൽ പത്തരചന്മാരാൽ പരിപീഡിതനായ സുദാസ്സിനെയും തൃത്സുക്കളെയും നിങ്ങരം സംരക്ഷിച്ചുവോ; ആ യുദ്ധങ്ങളിൽ ഇരുകൂട്ടരും ധനലബ്ധിയ്ക്ക് ഇന്ദ്രവരുണന്മാരായ നിങ്ങളെയാണ് വിളിച്ചത്. 6

ഇന്ദ്രാവരുണന്മാരേ, യജ്ഞവിഹീനരായ പത്തു രാജാക്കന്മാർ ഒത്തൊരുമിച്ചിട്ടും സുദാസ്സിനോടു പൊരുതിയില്ലല്ലോ: നേതാക്കളായ ഋത്വിക്കുകളുടെ സ്തുതി സഫലമായി; അവരുടെ യാഗങ്ങളിൽ ദേവകരം സംബന്ധിച്ചുപോന്നു! 7

---

2. സ്വർഗ്ഗം കാണുന്നവർ—യുദ്ധത്തിൽ ഹതരായി സ്വർഗ്ഗം പ്രാപിയ്ക്കുന്നവർ, വീരന്മാർ. പ്രശംസിയ്ക്കണം—വീര്യം കൂടുവാൻ.

3. ഉടയ്ക്കപ്പെട്ടു—സൈനികരാൽ ആരംക്കാർ—എൻെറ ഭടന്മാർ.

4. ഭേദൻ—സുദാസ്സിൻെറ ഒരു ശത്രു. വെല്ലുവിളി—യുദ്ധം. തൃത്സുക്കളും വസിഷ്ഠശിഷ്യരത്രേ.

5. അരാതി = ശത്രു രണ്ടു—ദിവ്യവും ഭൌമവുമായ.

6. ഇരുകൂട്ടരും—സുദാസ്സും, കൂട്ടുകാരായ തൃത്സുക്കളും.

7. പൊരുതിയില്ലല്ലോ—പൊരുതാൻ ശക്തരായില്ലല്ലോ.

ഇന്ദ്രാവരുണന്മാരേ, പത്തരചന്മാരാൽ എമ്പാടും പരിവൃതനായ സുദാസ്സിനെ നിങ്ങൾ പ്രബലനാക്കി: അവിടെ, നിർമ്മലരും ജടാധാരികളും കർമ്മികളുമായ തൃത്സുക്കൾ ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും പരിചരിച്ചിരുന്നുവല്ലോ! 8

ഇന്ദ്രാവരുണന്മാരേ, ഒരാൾ ശത്രുക്കളെ യുദ്ധങ്ങളിൽ കൊല്ലും; മററാൾ സദാ കർമ്മങ്ങളെ സംരക്ഷിയ്ക്കും. വൃഷാക്കളേ, ആ നിങ്ങളെ ഞങ്ങൾ വഴിപോലെ സ്തുതിച്ചു വിളിയ്ക്കുന്നു; നിങ്ങൾ ഞങ്ങൾക്കു സുഖം വരുത്തിയാലും! 9

ഇന്ദ്രനും വരുണനും മിത്രനും അര്യമാവും ഞങ്ങൾക്കു തിളങ്ങുന്ന ധനവും വലിയ വിശാലഗൃഹവും തന്നരുളട്ടെ; യജ്ഞത്തെ വളർത്തുന്ന അദിതിയുടെ തേജസ്സ് ദയചെയ്യട്ടെ; ഞങ്ങൾ സവിതാവായ ദേവന്നു സ്തോത്രം ചൊല്ലുന്നു! 10

സൂക്തം 84.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാവരുണന്മാർ ദേവത.

തമ്പുരാന്മാരേ, ഇന്ദ്രാവരുണന്മാരേ, നിങ്ങളെ ഞാൻ ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും യാഗത്തിൽ കൊണ്ടുവരാം: കയ്യിലെടുത്ത ജൂഹു വിവിധരൂപരായ നിങ്ങളുടെ അടുക്കലെയ്ക്കു സ്വയം നടകൊള്ളുന്നു! 1

നിങ്ങളുടെ വലിയ രാജ്യമായ സ്വർഗ്ഗം പ്രീതികരമാകുന്നു. കയറില്ലാക്കെട്ടിൽ കുടുക്കുന്നവരാണല്ലോ, നിങ്ങൾ: വരുണന്റെ അരിശം ഞങ്ങളിലേശരുത്; ഇന്ദ്രനും ഞങ്ങൾക്കു വിശാലമായ ലോകം കല്പിയ്ക്കട്ടെ! 2

നിങ്ങൾ ഞങ്ങളുടെ ഗൃഹങ്ങളിലെ യജ്ഞം ശോഭനമാക്കുവിൻ; സൂരികളുടെ സ്തോത്രങ്ങൾക്കു മേന്മ വരുത്തുവിൻ. ദേവന്മാർ

---

9. ഒരാൾ—ഇന്ദ്രൻ. മററാൾ—വരുണൻ.

സൂക്തം 84.

2. പ്രീതികരം—മഴകൊണ്ട് എല്ലാവരെയും പ്രീണിപ്പിയ്ക്കുന്നത്. കയറില്ലാക്കെട്ട്—രോഗവും മററും. കുടുക്കുന്നവർ—പാപികളെ.

അയച്ച സമ്പത്തു ഞങ്ങളിലെത്തട്ടെ. നിങ്ങൾ സ്പൃഹണീയങ്ങളായ രക്ഷകൾകൊണ്ടു ഞങ്ങളെ തഴപ്പിയ്ക്കണം! 3

ഇന്ദ്രാവരുണന്മാരേ നിങ്ങൾ ഞങ്ങൾക്കു സർവവരേണ്യമായ സമ്പത്തും, പാർപ്പിടവും, ധാരാളം അന്നവും തരുമാറാകണം: അദിതിപുത്രനായ ശൂരൻ അസത്യശീലരെ ഹനിയ്ക്കും; (സ്തോതാക്കൾക്കോ,) വളരെ ധനം നല്കും! 4

ഞാൻ അയയ്ക്കുന്ന ഈ സ്തുതി ഇന്ദ്രങ്കലും വരുണങ്കലുമെത്തട്ടെ; പുത്രപൌത്രന്മാരെ പുലർത്തട്ടെ ഞങ്ങൾ നല്ല രത്നങ്ങൾ നേടി, യാഗം കഴിയ്ക്കുമാറാകണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 5

സൂക്തം 85.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്രാവരുണന്മാരേ, ഞാൻ നിങ്ങൾക്കു സോമം ഹോമിച്ച്, ഉഷോദേവിയെപ്പോലെ ഉജ്ജ്വലിയ്ക്കുന്നതും, രക്ഷസ്സുകൾ തീണ്ടിയിട്ടില്ലാത്തതുമായ സ്തുതി വെട്ടപ്പിൽ ചൊല്ലുന്നു: അവരിരുവരും യുദ്ധയാത്രയിൽ ഞങ്ങളെ രക്ഷിയ്ക്കട്ടെ! 1

ഇന്ദ്രാവരുണന്മാരേ, ഈ വെല്ലുവിളിയിൽ ശത്രുക്കൾ മത്സരിയ്ക്കുമല്ലോ: കൊടിക്കൂറകളിൽ ആയുധങ്ങൾ വന്നുവീഴുമ്പോൾ, നിങ്ങൾ അവരെ, പിന്തിരിയ്ക്കുകയും അങ്ങിങ്ങു പായുകയും ചെയ്യുമാറു, കൊലയായുധംകൊണ്ടു പരിക്കേല്പിയ്ക്കണം! 2

സ്വയം പുകഴ്ന്ന, തിളങ്ങുന്ന തണ്ണീരുകൾ ഇന്ദ്രനും വരുണനുമാകുന്ന ദേവതകളെ യാഗശാലകളിലിരുത്തുന്നു: ഒരാൾ മനുഷ്യരെ വേറുതിരിച്ചുനിർത്തും; മററാൾ എതിരില്ലാത്ത വൈരികളെ വധിയ്ക്കും! 3

---

3. ദേവന്മാർ—നിങ്ങളിരുവരും.

4. ശൂരൻ—വരുണൻ.

സൂക്തം 85.

1. ഒടുവിലെ വാക്യം പരോക്ഷം: അവർ—ഇന്ദ്രവരുണർ.

3. തണ്ണീരുകൾ—സോമരസങ്ങൾ. ഒരാൾ—വരുണൻ. മനുഷ്യരെ—പുണ്യവാന്മാരെയും പാപികളെയും. . മററാൾ—ഇന്ദ്രൻ.

അദിതിപുത്രന്മാരേ, ആർ ബലവാന്മാരായ നിങ്ങളെ വണങ്ങുമോ, ആ സുകർമ്മാവായ ഹോതാവിന്നു തണ്ണീർ കിട്ടും; യാതൊരു ഹവിഷ്മാൻ നിങ്ങളെ തർപ്പണത്തിന്നു വരുത്തുമോ, അവൻ അന്നയുക്തനായി സൽഫലം നേടും! 4

ഞാൻ അയയ്ക്കുന്ന ഈ സ്തുതി ഇന്ദ്രങ്കലും വരുണങ്കലുമെത്തട്ടെ; പുത്രപൌത്രന്മാരെ പുലർത്തട്ടെ. ഞങ്ങൾ നല്ല രത്നങ്ങൾ നേടി, യാഗം കഴിയ്ക്കുമാറാകണം. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 5

സൂക്തം 86.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്: വരുണൻ ദേവത.

മഹത്ത്വംകൊണ്ടു ചിക്കെന്നു ധീരങ്ങളാകും, ഇദ്ദേഹത്തിന്റെ ജനനങ്ങൾ: ഇദ്ദേഹം വാരുററ വാന്നുഴികൾ ഉറപ്പിച്ചു; വലിയ സൂര്യനെയും നക്ഷത്രത്തെയും രണ്ടായി കാണുമാറേർപ്പെടുത്തി; പാരിനെ പരത്തി! 1

ഞാൻ സ്വശരീരംകൊണ്ടു സംബന്ധിയ്ക്കുമോ? എന്നു ഞാൻ വരുണന്റെ മനസ്സിൽ പതിയും? എന്റെ ഹവിസ്സ് അരിശപ്പെടാതെ കൈക്കൊള്ളുമോ? സുഖപ്രദനെ എന്നു ഞാൻ മനംതെളിഞ്ഞു കണ്ടെത്തും? 2

വരുണ, കാണാൻ കൊതിയ്ക്കുന്ന ഞാൻ ആ പാപം (എന്തെന്നു) ചോദിയ്ക്കുന്നു. ചോദിപ്പാനായി ഞാൻ വിദ്വാന്മാരുടെ അടുക്കൽ പോവുകയുണ്ടായി; ആ ക്രാന്തദർശികൾ ഒരേമട്ടിലാണ്, എന്നോടു പറഞ്ഞത്:—'ഈ വരുണൻ ഭവാനിൽ ക്രുദ്ധനായിരിക്കുന്നു!' 3

സൂക്തം 86.

1. ഇദ്ദേഹം—വരുണൻ.

2. സംബന്ധിയ്ക്കുമോ—വരുണനോടു്. സുഖപ്രദനെ—സുഖം തരുന്ന വരുണനെ.

3. ആ പാപം—ഭവാന്നു ക്രോധം തോന്നത്തക്കവണ്ണം ഞാൻ ചെയ്ത പാപം.

വരുണ, ഏതൊന്നൊരു മഹാപരാധം ഞാൻ ചെയ്തുപോയി,
സ്തോതാവായ സഖാവിനെ ഹനിപ്പാൻ അവിടെയ്ക്കു തോന്നത്തക്ക
വിധം? ദുർദ്ധർഷ, തേജസ്വിൻ, അതെന്നോടരുളിച്ചെയ്യാലും: ഞാൻ
സത്വരം പാപം പോക്കി, നമസ്സോടേ അങ്ങയെ സമീപിയ്ക്കാം. 4

തമ്പുരാനേ, അങ്ങ് പൈതൃകങ്ങളായ ദ്രോഹങ്ങൾ മോചി
പ്പിച്ചാലും; ഞങ്ങൾ ദേഹംകൊണ്ടു ചെയ്തുപോയവയും മോചിപ്പി
ച്ചാലും; മാടുകളെ തീററാൻതുടങ്ങിയ കള്ളനെയെന്നപോലെയും,
കയറിൽനിന്നു കന്നിനെയെന്നപോലെയും, വസിഷ്ഠനെ മോചി
പ്പിച്ചാലും! 5

വരുണ, അതു സ്വന്തം ബലമല്ല, ദൈവഗതിയത്രേ: അതു
മദ്യമാണ്, ക്രോധമാണ്, ചൂതുകളിയാണ്, അജ്ഞാനമാണ്.
അനുജൻെറ അടുക്കൽ ഒരു ജ്യേഷ്ഠനുണ്ട്. സ്വപ്നംപോലും പാപജന
കമായേയ്ക്കും! 6

ഞാൻ അനപരാധനായിട്ടു, വൃഷാവും ഭരിയ്ക്കുന്നവനുമായ ദേ
വനെ, ഒരു ദാസൻപോലെ തികച്ചും പരിചരിയ്ക്കുമാറാകണം:
സ്വാമിയായ ദേവൻ അജ്ഞരെ വിജ്ഞരാക്കട്ടെ; മികച്ച കവി
സ്തോതാവിനെ ധനപ്രാപ്തിയ്ക്കിറക്കട്ടെ! 7

അന്നയുക്തനായ വരുണ, അങ്ങയ്ക്കുള്ള ഈ സ്തോത്രം തിരുവു
ള്ളത്തിൽ വഴിപോലെ പതിയട്ടെ: ഞങ്ങൾക്കു ക്ഷേമത്തിൽ ശാ
ന്തിവരട്ടെ; ഞങ്ങൾക്കു യോഗത്തിലും ശാന്തി വരട്ടെ. നിങ്ങൾ
'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

---

4. സഖാവിനെ—എന്നെ.

5. പൈതൃകങ്ങളായ—പിതാക്കന്മാർ ചെയ്തുപോയവയായ. മാടുകളെ തീററാൻ തുടങ്ങിയ കള്ളൻ—കട്ടതിന്നു പ്രായശ്ചിത്തം ചെയ്തിട്ടു, പശുക്കളെ രക്ഷിപ്പാൻ മുതിന്ന ചോരൻ.

6. ദൈവഗതിയാലാണ്, മനുഷ്യൻ ചെയ്യുന്നതു്, സ്വന്തം ബലത്താലല്ല: അതു — ദൈവഗതി. അനുജൻെറ (അല്പനായ മനുഷ്യൻെറ) അടുക്കൽ ഒരു ജ്യേഷ്ഠൻ, ഈശ്വരൻ ഉണ്ടു്. സ്വപ്നത്തിൽ ചെയ്യുന്നതും പാപമായിത്തീന്നേയ്ക്കും; അപ്പോൾ, ജാഗ്രത്തിൽ ചെയ്യുന്നതു പറയാനുണ്ടോ?

7. ദേവനെ—വരുണനെ. അജ്ഞരെ—ഞങ്ങളെ. കവി—പ്രകൃഷ്ടജ്ഞനായ വരുണൻ.

8. ക്ഷേമം—ലബ്ധരക്ഷണം. ശാന്തി—ഉപദ്രവമില്ലായ്മ. യോഗം—അലബ്ധലാഭം. നിങ്ങൾ—വരുണാദികളായ ദേവന്മാർ.

സൂക്തം 87.

ഋഷിച്ഛന്ദോദേവതകാം മുമ്പേത്തവ.

വരുണൻ സൂര്യന്നു വഴി വെട്ടി; അന്തരിക്ഷത്തിലെ അംഭസ്സുകാം നദികാംക്കയെച്ചു; വിമുക്തമായ ഒരു കുതിര ബഡബകളിലെയ്ക്കെന്നപോലെ പാഞ്ഞുപോകാനൊരുങ്ങിയിട്ടു, വലിയ രാത്രികളെ പകലുകളിൽനിന്നു വേർതിരിച്ചു! 1

വരുണ, അങ്ങയുടെയായ വായു പ്രാണനാകുന്നു; വൃഷ്ടികർത്താവാകുന്നു; തീററ കിട്ടിയ മാടുപോലെ, ചേന്ന ഭാരം വഹിയ്ക്കുന്നവനാകുന്നു. ഈ വലിയ, മികച്ച വാന്നൂഴികാംക്കിടയിൽ അങ്ങയുടെ എല്ലാ സ്ഥാനങ്ങളും പ്രീതികരങ്ങാംതന്നെ! 2

വരുണൻെറ പ്രേഷിതരായ പ്രശസ്തചാരന്മാർ വടിവൊത്ത വാന്നൂഴികളെ നോക്കിപ്പോരുന്നു; കർമ്മയുക്തരും യജ്ഞസക്തരും പ്രകൃഷ്ടജ്ഞാനരും കവികളുമായ യാവചിലർ സ്തോത്രമയയ്ക്കുന്നുവോ, അവരെയും! 3

വരുണൻ ബുദ്ധിമാനായ എന്നോടരുളിച്ചെയ്തു:—'ഇരുപത്തൊന്നു പേരുകളുണ്ടു്, ഗോവിന്നു്.' സ്ഥാനത്തിൻെറ രഹസ്യങ്ങളും അറിവുററ ആ മേധാവി തക്ക അന്തേവാസിയായ എനിയ്ക്കുപദേശിച്ചുതന്നു! 4

മൂന്നു വിണ്ണുകാം വരുണനിൽ വെച്ചിരിയ്ക്കുന്നു; ആറവസ്ഥകളോടുകൂടിയ മൂന്നു ഭൂമികളും പാകിയിരിയ്ക്കുന്നു. ആ സ്തുത്യനായ തമ്പു

സൂക്തം. 87.

1. ഒടുവിലെ വാക്യത്തിൽ, അസ്തമിയ്ക്കുന്ന സൂര്യനെത്തന്നെയാണു്, വരുണനെന്നു പ്രതിപാദിച്ചിരിയ്ക്കുന്നതു്: അസ്തമയസൂര്യനാണല്ലോ, രാത്രികളെ ജനിപ്പിയ്ക്കുന്നതു്. പാഞ്ഞുപോകാൻ—അസ്തംഗമിപ്പാൻ.

3. വാന്നൂഴികളെ—വാന്നൂഴികളിലെ സുകൃതി—പാപികളെ.

4. ഗോശബ്ദത്തിന്നു പശു് എന്നും, വാക്കു് എന്നും, ഭൂമി എന്നും അർത്ഥമെടുക്കാം; മൂന്നിന്നുമുണ്ടത്രേ, ഇരുപത്തൊന്നു പര്യായപദങ്ങാം. സ്ഥാനം—ബ്രഹ്മലോകം.

രാനാണ്, അന്തരിക്ഷത്തിൽ ശോഭയ്ക്കായി ഈയൊരു പൊന്നൂഴിഞ്ഞാലുമിട്ടത്! 5

സൂര്യന്നൊത്ത വരുണനാണ്, സമുദ്രത്തെ നിയന്ത്രിച്ചത്: നീർത്തുള്ളിപോലെ ധവളവർണ്ണനും, ഗൌരമൃഗംപോലെ ബലവാനും, ഗഭീരസ്തോത്രനും, ഉദകനിർമ്മാതാവും, മറുകരയണയ്ക്കുന്ന സമ്പത്തുള്ളവനും, ഇക്കാണുന്നതിൻെറ അരചനുമാകുന്നു, തന്തിരുവടി! 6

അപരാധം ചെയ്യുവങ്കലും അവിടുന്നു കനിഞ്ഞരുളും: ഞങ്ങൾ വരുണങ്കൽ അനപരാധരായി, ആ അദീനന്നുള്ള കർമ്മങ്ങൾ കൈവളർത്തുമാറാകണം; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 7

സൂക്തം 88.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

യജനീയനും സഹസ്രധനനും വർഷകനുമായ ഈ മഹാനെ ആർ നമുക്കഭിമുഖനാക്കുന്നുവോ; ആ വൃഷാവായ വരുണന്നു പ്രിയതരമായ ഒരു പരിശുദ്ധസ്തോത്രം വസിഷ്ഠ, നീ അയച്ചാലും! 1

ഇപ്പോൾ ഈ വരുണൻെറ ദർശനം ലഭിപ്പാൻ ഞാൻ അഗ്നിയുടെ സൈന്യത്തെ സ്തുതിയ്ക്കാം: അവിടുന്ന് അമ്മിമേലുള്ള സുഖകരമായ അന്നം പെരികെ പാനംചെയ്യുമ്പോൾ, തിരുവുടൽ എനിയ്ക്കു കാണുമാറാക്കുമല്ലോ! 2

---

5. മൂന്നു വിണ്ണുകൾ—ഉത്തമം, മധ്യമം, അധമം. ആറവസ്ഥകൾ—വസന്താദിഷഡൃതുജന്യങ്ങൾ. പാകിയിരിയ്ക്കുന്നു—വരുണനിൽ. പൊന്നൂഴിഞ്ഞാൽ—ഇരുദിക്കുകളെ സ്പർശിയ്ക്കുന്ന സൂര്യൻ.

6. ഗഭീരസ്തോത്രൻ—ആളുകളാൽ കേമമായി സ്തുതിയ്ക്കപ്പെടുന്നവൻ. മറുകര—ദുഃഖത്തിൻെറ. ഇക്കാണുന്നതിൻെറ—ജഗത്തിൻെറ.

സൂക്തം 88.

1. ഋഷി തന്നോടുതന്നെ പറയുന്നു: ഈ മഹാനെ—സൂര്യനെ.

2. സൈന്യം—ജ്വാലാസംഘം. അവിടുന്ന്—വരുണൻ. അന്നം—സോമരസം. കാണുമാറാക്കുമല്ലോ—അഗ്നിജ്വാലകളുടെ വെളിച്ചത്തിൽ.

വരുണനും ഞാനും ഒരു തോണിയിൽ കേറും; സമുദ്രമധ്യത്തിലെയ്ക്കു തുഴയും; വെള്ളത്തിന്നുമീതേ വള്ളങ്ങളിൽ സഞ്ചരിയ്ക്കും. അപ്പോൾ ഞങ്ങൾ അഴകിന്നായി ഊഞ്ഞാലാട്ടുകയാവും! 3

വരുണൻ വസിഷ്ഠനെ തോണിയിൽ കേററി; ഋഷിയെ തേജസ്സുകൊണ്ടു സുകർമ്മാവാക്കി; പോകുന്ന പകലുകളെയും പോകുന്ന രാത്രികളെയും പരത്തുന്ന മേധാവി സുദിനലബ്ധിയ്ക്കു സ്തോതാവുമാക്കി! 4

വരുണ, നമ്മുടെ ആ സഖ്യം എവിടെപ്പോയി? നാം പണ്ടേത്തെ അഹിംസ്യമായ അതിനോടു ചേരുക. അന്നയുക്ത, ഞാൻ വലുതും കണക്കുവെച്ചിട്ടുള്ളതും ഒരായിരം വാതിലുള്ളതുമായ അങ്ങയുടെ ഗൃഹമണയട്ടെ! 5

വരുണ, എന്നെന്നും ബന്ധുവായ യാവനൊരുത്തൻ പ്രിയനായിരിയ്ക്കേ, അങ്ങയ്ക്കു് അപരാധം ചെയ്തുപോയോ, അവൻ സഖാവായിത്തീരട്ടെ: യജനീയ, അങ്ങയുടെ ഞങ്ങൾ പാപസഹിതരായി (ഭോഗം) ഭുജിയ്ക്കരുത്. മേധാവിയായ സ്തോതാവിന്നു നല്ല ഗൃഹം തന്നാലും! 6

ഈ സ്ഥിരഭൂമികളിൽ നിവസിയ്ക്കുന്ന ഞങ്ങൾ അങ്ങയെ (സ്തുതിയ്ക്കുന്നു): വരുണൻ ഞങ്ങളിൽനിന്നു കയർ അഴിച്ചുകളയും; അങ്ങനെ ഞങ്ങൾ ഭൂമിയുടെ മടിയിൽനിന്നു രക്ഷണം നേടട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

3. വരുണൻ പ്രസാദിച്ചാൽ: ഊഞ്ഞാലാട്ടുകയാവും––നിമ്നോന്നതങ്ങളായ തിരകളാൽ.

4. വരുണൻ പ്രസാദിച്ചു: പരത്തുന്ന മേധാവി––സൂര്യരൂപനായ വരുണൻ. സ്തോതാവുമാക്കി––വരുണനെ സ്തുതിയ്ക്കുന്നവന്നു ദിവസങ്ങൾ സുദിനങ്ങളാവും.

5. അതിനോടു––സഖ്യത്തോടു്. കണക്കു––പ്രാണികളുടെയെല്ലാം.

6. ബന്ധു––ഔരസപുത്രൻ. അവൻ––വസിഷ്ഠൻ. സഖാവായിത്തീരട്ടെ––എന്റെ അപരാധം അങ്ങു് ക്ഷമിച്ചാലുമെന്നു ധ്വനി. സ്തോതാവിന്നു––എനിയ്ക്കു്.

7. ഈ ഋക്കു് ബന്ധമുക്തികരമത്രേ; ഇതു രാത്രിയിൽ ജപിയ്ക്കുന്നവന്നു പിശാചുബാധയുണ്ടാകില്ല.

സൂക്തം 89.

വസിഷ്ഠൻ ഋഷി; ഗായത്രിയും ജഗതിയും ഛന്ദസ്സുകൾ; വരുണൻ ദേവത.
('ദ്വാരകാമന്ദിരം' പോലെ.)

മൺപുരയിലല്ല,ർജ്ജസ്വിൻ,
പൊമ്പുരയിൽപ്പൂകേണം, ഞാൻ:
അൻപുകൊൾക, സുഖം നൽക,
തമ്പുരാനേ, വരുണ, നീ! 1

കാററാൽ വീർത്ത തോൽക്കുടംപോ–
ലേററം വിറച്ചെത്തുമെങ്കൽ
അൻപുകൊൾക, സുഖം നൽക,
ശുംഭദ്ബല, സായുധ, നീ! 2

പൂതാത്മാവേ, ശേഷികേടാൽ-
ച്ചെയ്തുപോയേന,കൃത്യം ഞാൻ;
അൻപുകൊൾക, സുഖം നൽക,
സമ്പദ്യുത, സുബല, നീ! 3

പാഥോധിമധ്യത്തിൽ മേവും
സ്തോതാവിന്നു ദാഹം വായ്പൂ:
അൻപുകൊൾക, സുഖം നൽക,
ശുംഭദ്ബല, തിരുവടി! 4

ഏതോ കുററമമർത്ത്യരിൽ–
ച്ചെയ്തിരിയ്ക്കാം, മർത്ത്യരെങ്ങൾ;
വമ്പൌഢ്യത്താൽ വരുണ, നിൻ
ധർമ്മമുപേക്ഷിച്ചിരിയ്ക്കാം.
അത്തെററിനാലെങ്ങളെ നീ–
യത്തൽപ്പെടുത്തൊല്ലേ, ദേവ! 5

സൂക്തം 89.

1. ഊർജ്ജസ്വിൻ = ബലവാനേ.

2. വിറച്ച്—വരുണഭയത്താൽ. ശുംഭദ്ബല—ശോഭിയ്ക്കുന്ന ബലമുള്ളവനേ.

4. സ്തോതാവിന്നു—ഭവാനെ സ്തുതിയ്ക്കുന്ന എനിയ്ക്ക്.

സൂക്തം 90.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വായു ദേവത.

വായോ, വീരനായ ഭവാന്നു വിശുദ്ധവും മധുരവുമായ നീർ
അധ്വര്യക്കൾ നല്കുന്നു: ഭവാൻ നിയുത്തുക്കളെ പൂട്ടുക, ഇങ്ങോട്ടു
വരിക; പിഴിയപ്പെട്ട സോമം മത്തിന്നായി കുടിയ്ക്കുക! 1

വായോ, ഈശ്വരനായ നിന്തിരുവടിയ്ക്കു മികച്ച ആഹുതിയും,
വിശുദ്ധപായിൻ, നിന്തിരുവടിയ്ക്കു വിശുദ്ധമായ സോമവും ആർ
അർപ്പിയ്ക്കുമോ, അവനെ നിന്തിരുവടി മനുഷ്യരിൽ മീതെയാക്കും;
അവൻ ചെന്നേടത്തൊക്കെ വേണ്ടതു നേടും! 2

ഈ ദ്യാവാപൃഥിവികൾ ധനത്തിന്നായി ആരെ ജനിപ്പിച്ചു
വോ, ആ ദേവനെ ദേവിയായ സ്തുതി ധനത്തിന്നായി പ്രേരിപ്പി
ക്കും. അപ്പോൾ തന്റെ നിയുത്തുക്കൾ വറുതിയിൽ വിത്തം കൊ
ടുക്കുന്ന ശ്വേതവർണ്ണനായ വായുവിന്റെ അടുക്കലെത്തും! 3

അവൎക്കു പരിശുദ്ധകളായ ഉഷസ്സുകൾ സുദിനങ്ങളായി പുലർ
ന്നു; അവർ തേജസ്വികളായിത്തീൎന്നു, മഹത്തായ ജ്യോതിസ്സിനെ
കണ്ടെത്തി; ആ കാമയമാനന്മാർ ഗോധനത്തെ നേടി; പണ്ടേത്തെ
പാഥസ്സുകൾ അവരെ അനുഗമിച്ചു! 4

സൂക്തം 90.

1. നീർ—സോമരസം.

2. വേണ്ടതു—ധനം.

3. ആ ദേവനെ—വായുവിനെ. ദേവി—ഉജ്ജ്വല. അടുക്കലെത്തും—അദ്ദേഹത്തെ നമ്മുടെ യാഗത്തിന്നു കൊണ്ടുപോരാൻ.

4. അവർ—വായുവിനെ സ്തുതിച്ച അംഗിരസ്സുകൾ. സുദിനങ്ങളായി—സുദിനഹേതുക്കളായി. ജ്യോതിസ്സിനെ—സൂര്യനെ. ഗോധനത്തെ—പണികളാൽ അപഹൃതകളായ ഗോക്കളെ. പാഥസ്സുകൾ=ജലങ്ങൾ. അനുഗമിച്ചു—അവൎക്കധീനങ്ങളായി. മറച്ചുനിന്ന അസുരനെ വായു ഹനിച്ചതിനാൽ, അംഗിരസ്സുകൾക്ക് ഉഷസ്സ്, വെളിച്ചം, വെള്ളം എന്നിവ വീണ്ടുകിട്ടി.

ഇന്ദ്രവായുക്കളേ, യഥാൎത്ഥസ്തോത്രത്തോടും സ്വകൎമ്മത്തോടും കൂടിയ തേജസ്വികരം ഈശ്വരന്മാരായ നിങ്ങളുടെ വീരവാഹ്യമായ പള്ളിത്തേർ വലിയ്ക്കുന്നു; അന്നങ്ങളും അപ്പിയ്ക്കുന്നു! 5

ഇന്ദ്രവായുക്കളേ, യാവചില പ്രഭുക്കന്മാർ ഞങ്ങൾക്ക ഗവാശ്വധനങ്ങളും കനകങ്ങളും തരുമോ, ആ സൂരികൾ യുദ്ധങ്ങളിൽ കുതിരകളോടും വീരന്മാരോടുമൊന്നിച്ച്, വിപുലമായ അന്നം കീഴടക്കമാറാകണം. 6

അന്നമിരക്കുന്ന, ബലേച്ഛരുക്കളായ, കുതിരകൾപോലെയുള്ള ഞങ്ങൾ, വസിഷ്ഠർ, നല്ല രക്ഷയ്ക്കുവേണ്ടി, ഇന്ദ്രവായുക്കളെ ശോഭനസ്തുതികൾകൊണ്ടു വിളിയ്ക്കാം: നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 91.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പണ്ടു യാവചില സ്തോതൃവൃദ്ധന്മാർ പലവുരു പെട്ടെന്നു ചെയ്ത നമസ്സുകൊണ്ടു നിരവദ്യരായിത്തീൎന്നുവോ, അവർ ആളുകളുടെ ആ പന്നിവൃത്തിയ്ക്കു വായുവിനെ (യജിപ്പാൻ) ഉഷസ്സിനെയും സൂൎയ്യനെയും ഉദിപ്പിച്ചു! 1

ഇന്ദ്രവായുക്കളേ, കാമയമാനരും ഗമനശീലരും രക്ഷിതാക്കളെമായ നിങ്ങൾ ഉപദ്രവിയ്ക്കരുത്; മാസങ്ങളിലും വളരെ സംവത്സ

---

5. തേജസ്വികൾ—യജമാനർ. വീരവാഹ്യം—വീൎയ്യമുള്ള അശ്വങ്ങളാൽ വഹിയ്ക്കപ്പെടേണ്ടുന്നതു്. വലിയ്ക്കുന്നു—സ്വസ്വയജ്ഞത്തിലെയ്ക്കു കൊണ്ടുപോരുന്നു. അന്നങ്ങളും അപ്പിയ്ക്കുന്നു—യജ്ഞത്തിൽ ഹവിസ്സുകൾ നിങ്ങൾക്ക നിവേദിയ്ക്കുകയും ചെയ്യുന്നു.

6. അന്നം—ശത്രുക്കളുടെ.

7. കുതിരകൾപോലെയുള്ള—ഹവിസ്സു ചുമക്കുന്നവരായ. നിങ്ങൾ—വായുപ്രഭൃതികളായ ദേവന്മാർ.

സൂക്തം 91.

1. നമസ്സ്=നമസ്കാരമോ, സ്തോത്രമോ. ഉദിപ്പിച്ചു—പ്രഭാതത്തിലാണല്ലോ, വായുയജനം.

രങ്ങളിലും രക്ഷിച്ചരുളണം. ശോഭനമായ സ്തുതി നിങ്ങളിലണഞ്ഞു, സുഖവും പുതിയ സമ്പാദ്യവും യാചിയ്ക്കുന്നു! 2

നിയുത്സോമ്യനായ, ധവളവർണ്ണനായ മേധാവി ധാരാളം അന്നമുള്ള ധനവൃദ്ധന്മാരിൽ സംബന്ധിയ്ക്കുന്നു; ആ നേതാക്കരം ഒരേ മനസ്സോടേ വായുവിനെ (യജിപ്പാൻ) നിലകൊള്ളുന്നു—ഉന്നതിയ്ക്കുതകുന്നതൊക്കെ ചെയ്യുന്നു. 3

ഇന്ദ്രവായുക്കളേ, തിരുവുടലിന്നു വേഗം എത്രയുണ്ടോ, ബലം എത്രയുണ്ടോ, ജ്ഞാനംകൊണ്ടുജ്ജ്വലിയ്ക്കുന്ന നേതാക്കരം എത്രയുണ്ടോ; അത്രയ്ക്കു വിശുദ്ധസോമം വിശുദ്ധപായികളായ നിങ്ങരം പാനംചെയ്യുവിൻ, ഞങ്ങളുടെ ഈ ദർഭയിലിരിയ്ക്കുവിൻ! 4

ഇന്ദ്രവായുക്കളേ, സ്പൃഹണീയമാംവണ്ണം സ്തുതിയ്ക്കപ്പെടുന്ന നിയുത്തുക്കളെ ഒരേതേരിനു പൂട്ടി, നിങ്ങരം ഇങ്ങോട്ടു വന്നാലും: ഇതാ, നിങ്ങരംക്കു മധുവിന്റെ അഗ്രഭാഗം കൊണ്ടുവന്നിരിയ്ക്കുന്നു; ഇതിനാൽ പ്രീതിപൂണ്ടു, ഞങ്ങളെ മോചിപ്പിയ്ക്കുവിൻ! 5

ഇന്ദ്രവായുക്കളേ, വിശ്വവരേണ്യകളായ നിയുത്തുക്കരം നൂറുമായിരവുമുണ്ടല്ലോ, നിങ്ങളുടെ അടുക്കൽ; നല്ല ധനം നല്കുന്ന അവയിലൂടേ നിങ്ങരം ഇങ്ങോട്ടെഴുന്നള്ളുവിൻ. നേതാക്കളേ, കൊണ്ടുവരപ്പെട്ട മധു നുകരുവിൻ! 6

അന്നമിരക്കുന്ന, ബലേച്ഛുക്കളായ, കുതിരകരംപോലെയുള്ള ഞങ്ങരം, വസിഷ്ഠർ, നല്ല രക്ഷയ്ക്കുവേണ്ടി, ഇന്ദ്രവായുക്കളെ ശോഭനസ്തുതികരംകൊണ്ടു വിളിയ്ക്കും. നിങ്ങരം 'സ്വസ്തിയാൽ പ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

---

2. സ്തുതി—ഞങ്ങളുടെ. സമ്പാദ്യം = സമ്പാദിയ്ക്കേണ്ടതു്. ധനം.

3. മേധാവി—വായു. ധനവൃദ്ധന്മാർ—വലിയ പണക്കാർ.

4. വിശുദ്ധപായികരം—വിശുദ്ധമായ സോമം കുടിയ്ക്കുന്നവർ.

5. മധു—മധുരസോമം. അഗ്രഭാഗം—ഒന്നാമത്തെപ്പാത്രം. മോചിപ്പിയ്ക്കുവിൻ—പാപത്തിൽനിന്നു്.

സൂക്തം 92.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വിശുദ്ധപായിയായ വായോ, അങ്ങ് ഞങ്ങളുടെ അടുക്കൽ വന്നാലും: വിശ്വവരേണ്യ, ഒരായിരമുണ്ടല്ലോ, അങ്ങയ്ക്കു നിയുത്തുക്കൾ. മദകരമായ അന്നം അങ്ങയ്ക്കു പകൎന്നുവെച്ചിരിയ്ക്കുന്നു: ദേവ, അവിടുന്നാണല്ലോ, ആദ്യം കുടിപ്പാൻ! 1

യജ്ഞങ്ങളിൽ വെമ്പലോടേ പിഴിയുന്നവൻ സോമം ഇന്ദ്രന്നും വായുവിന്നും കുടിപ്പാൻ കൊണ്ടുവെച്ചിരിയ്ക്കുന്നു: നിങ്ങളിരുവൎക്കുമാണല്ലോ, മധുവിന്റെ പ്രഥമഭാഗം ദേവകാമരായ അധ്വര്യുക്കൾ ചമച്ചൊരുക്കാറുള്ളത്. 2

വായോ, അവിടുന്നു നിയുത്തുകളിലൂടേ, ശാലയിലിരിയ്ക്കുന്ന ഹവിർദ്ദാതാവിന്റെ അടുക്കൽ യാഗത്തിന്നെഴുന്നള്ളാറുണ്ടല്ലോ: നല്ല അന്നത്തോടുകൂടിയ ധനം ഞങ്ങൾക്കു തരിക; പുത്രൻ, ഗവാശ്വസമ്പത്ത് എന്നിവയും തരിക! 3

യാവചിലർ വായുവിനെയും ഇന്ദ്രനെയും സംതൃപ്തിപ്പെടുത്തുന്നുവോ, ജാഗതം ചൊല്ലി ശത്രുവിനെ സംഹരിയ്ക്കുന്നുവോ; ആ സ്തോതാക്കളോടുകൂടി ഞങ്ങൾ യുദ്ധത്തിൽ ശത്രുഭടരെ ആൾക്കാരെക്കൊണ്ടു കീഴമൎത്തിച്ചു വൈരികളെ വധിയ്ക്കുമാറാകണം! 4

വായോ, അങ്ങ് നൂറുമായിരവും നിയുത്തുക്കളിലൂടേ, ഞങ്ങളുടെ ഹിംസാരഹിതമായ യാഗത്തിൽ വന്നുചേൎന്നാലും; ഈ സവനത്തിൽ മത്തു പൂണ്ടാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 5

സൂക്തം 92.

1. അന്നം—സോമം.
2. മധു—മധുരസോമം.
4. ജാഗതം—ജഗതീച്ഛന്ദസ്സിലുള്ള സാമസൂക്തം.

സൂക്തം 93.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രാഗ്നികൾ ദേവത.

ശത്രുഹന്താക്കളായ ഇന്ദ്രാഗ്നികളേ, ഒരു പരിശുദ്ധമായ പുത്തൻസ്തോത്രം നിങ്ങൾ ഇപ്പോൾ വെക്കം കേൾക്കണം: സുഖാഹ്വാതവ്യരായ നിങ്ങളിരുവരെയും ഞാൻ പേർത്തുപേർത്തു വിളിക്കുന്നുണ്ടല്ലോ. ആ നിങ്ങൾ കാമയമാനന്ന് അപ്പോൾത്തന്നെ ബലം നൽകുവിൻ. 1

ഒപ്പം വളർന്ന, കെൽപുകൊണ്ടു തഴയ്ക്കുന്ന, സേവനീയരായ നിങ്ങൾ ഒരു ബലംതന്നെയായിരുന്നുവല്ലോ; ധനത്തിന്റെയും വളരെ ഭോജ്യത്തിന്റെയും ഉടമസ്ഥരായ നിങ്ങൾ ധർഷകമായ അന്നം ധാരാളം തന്നരുളുവിൻ! 2

യാവചില ഹവിഷ്മാന്മാരായ മേധാവികൾ തിരുവുള്ളമിച്ഛിച്ച്, ബുദ്ധിയാൽ യാഗത്തിലേർപ്പെടുന്നുവോ; ആ നേതാക്കന്മാർ, കുതിരകൾ പോർക്കളത്തിലെന്നപോലെ പെരുമാറി, ഇന്ദ്രാഗ്നികളെ പേർത്തുപേർത്തു വിളിക്കുന്നു. 3

ഇന്ദ്രാഗ്നികളേ, തിരുവുള്ളമിച്ഛിക്കുന്ന മേധാവി, മുമ്പുതന്നേ നേടേണ്ടിയിരുന്ന പുകഴ്ന്ന സമ്പത്തിന്നായി സ്തുതികൾ പാടുന്നു: വൃത്രഘ്നരേ, വജ്രികളേ, നിങ്ങൾ പുതിയ ധനങ്ങൾകൊണ്ടു ഞങ്ങളെ തഴപ്പിച്ചാലും! 4

തമ്മിൽ ആർത്തലറി, ദേഹബലത്താൽ മത്സരിച്ചുപൊരുതുന്ന പെരിയ ഇരുകൂട്ടരെന്നപോലെ, നിങ്ങൾ അദേവകാമന്മാരെ ദേവകാമന്മാരെക്കൊണ്ടും, സോമം പിഴിയാത്തവരെ പിഴിഞ്ഞവരെക്കൊണ്ടും യുദ്ധത്തിൽ കൊല്ലിക്കണം! 5

സൂക്തം 93.

1. കാമയമാനൻ—യജമാനൻ.

2. ഒരു ബലം—ശത്രുനാശനമായ ശക്തി. ധർഷകം—ശത്രുക്കളെ ആക്രമിക്കുന്നത്.

3. തിരുവുള്ളം—ഇന്ദ്രാഗ്നിപ്രസാദം.

4. മേധാവി—വസിഷ്ഠൻ, ഞാൻ.

5. ഇരുകൂട്ടരെന്നപോലെ—രണ്ടു സൈന്യങ്ങളിൽ അശക്തരെ ശക്തർ പോലെ.

ഇന്ദ്രാഗ്നികളേ, ഞങ്ങളുടെ ഈ പിഴിഞ്ഞ സോമത്തിന്നുതന്നേ നിങ്ങൾ മനം തെളിയുമാറു വന്നെത്തിയാലും; ഞങ്ങളെ വെടിയരുതേ! നിങ്ങളെ ഞാൻ വളരെ അന്നങ്ങൾകൊണ്ടു് ഇങ്ങോട്ടു വരുത്തുന്നു. 6

അഗ്നേ, അങ്ങു് ഈ ഹവിസ്സുകൊണ്ടുജ്ജ്വലിച്ചിട്ടു, മിത്രനോടും വരുണനോടും ഇന്ദ്രനോടും പറയണം: ഞങ്ങൾ എന്താനും പിഴ ചെയ്തുപോയിട്ടുണ്ടെങ്കിൽ, അതിൽനിന്നു ഭവാൻ വഴിപോലെ രക്ഷിക്കണം; അതു് അര്യമാവു്, അദിതി എന്നിവരും വിടുർത്തട്ടെ! 7

അഗ്നേ, ഈ യജ്ഞങ്ങൾ ശീഘ്രം അനുഷ്ഠിക്കുന്ന ഞങ്ങൾ നിങ്ങളിൽനിന്നു് അന്നങ്ങൾ ഒപ്പം നേടുമാറാകണം: ഇന്ദ്രനും വിഷ്ണുവും മരുത്തുക്കളും ഞങ്ങളെ ത്യജിച്ചേയ്ക്കരുതു്. നിങ്ങൾ 'സ്വസ്തിയിൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 8

സൂക്തം 94.

വസിഷ്ഠൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രാഗ്നികൾ ദേവത.
('താമരക്കണ്ണൻ' പോലെ.)

ഇന്ദ്രാഗ്നികളേ, നിങ്ങളെക്കുറി–
ച്ചുന്നതസ്തോത്രമൊന്നിതാ,
ഇന്നുതിമാങ്കൽനിന്നുണ്ടായു്, കാറിൽ–
നിന്നൊരു മഴപോലവേ. 1

നാഥന്മാർ നിങ്ങളിന്ദ്രാഗ്നികളേ,
സ്തോതാവിൻ വിളി കേൾക്കുവിൻ;
ആദരിക്കുവിൻ സ്തോത്രവും; ഫലോ–
പേതമാക്കുവിൻ, കർമ്മത്തെ! 2

---

6. അന്നങ്ങൾ––ഹവിസ്സുകൾ.

7. പറയണം––'ഇയ്യാൾ നമ്മുടെ ആളാണു്, രക്ഷണീയനാണെ'ന്നു്. അതു്––പിഴ.

സൂക്തം 94.

1. ഇന്നുതിമാൻ = ഈ സ്തോതാവു്, വസിഷ്ഠൻ.

2. ഫലോപേതം = ഫലത്തോടു ചേർന്നതു്.

ഇന്ദ്രാഗ്നികളേ, നേതാക്കന്മാരേ,
നിന്ദയ്ക്കോ, നീചവൃത്തിയ്ക്കോ,
പൊല്ലാപ്പുപേശലിന്നോ കീഴ്പെട്ട-
ത്തൊല്ലേ, ഭവാന്മാരെങ്ങളെ! 3

ഇന്ദ്രന്നുമെങ്ങളഗ്നിയ്ക്കുമയ-
യ്ക്കുന്നു, വമ്പിച്ച ഹവ്യവും,
സുഷ്ടുസ്തോത്രവും, കർമ്മവും, ദോഷാ-
സ്പൃഷ്ടമാം വാക്കും രക്ഷയ്ക്കായ്. 4

ആ രണ്ടുപേരെയേവം പുകഴ്ത്തി-
പ്പോരുന്നുണ്ടല്ലോ, ധീമാന്മാർ
അന്യോന്യം തിക്കിനിന്നനേകംപേ-
രന്നലബ്ധിയ്ക്കും രക്ഷയ്ക്കും! 5

അബ്ഭവാന്മാരെയാഹ്വാനംചെയ്വൂ,
കല്പിതാന്നരായ് സ്തോത്രത്താൽ,
അധ്വരാപ്തിയ്ക്കുമർത്ഥലബ്ധിയ്ക്കും
സ്തുത്യഭിരതന്മാരെങ്ങൾ. 6

ഇന്ദ്രാഗ്നികളേ, മാററാരെയമ-
ർത്തുന്നവർ നിങ്ങളെങ്ങൾക്കായ്
അന്നവും കൊണ്ടുവന്നാലും; ദുഷ്ടേർ
ത്തുന്നവോനേശൊല്ലെ,ങ്ങളിൽ! 7

ഏതൊരു ശത്രുമാനുഷൻെറയും
ബാധ ഞങ്ങളെത്തീണ്ടൊല്ലേ:
ഇന്ദ്രാഗ്നികളേ, നിങ്ങൾ ഞങ്ങൾക്ക
തന്നരുളേണം, സൌഖ്യത്തെ! 8

---

3. നീചവൃത്തി = നികൃഷ്ടത.

4. വാക്ക്—സ്തുതി.

6. കല്പിതാന്നരായ്—ഹവിസ്സൊരുക്കി. അധ്വരാപ്തി = യജ്ഞസിദ്ധി. അർത്ഥലബ്ധി = ധനലാഭം. സ്തുത്യഭിരതന്മാർ = സ്തുതിതൽപരന്മാർ.

7. ദുഷ്ടേർത്തുന്നവോൻ—ദോഷം ചുമത്തുന്നവൻ. ഏശൊല്ല—കീഴടക്കാൻ ശക്തനാകരുത്.

പൊൻനിറ, തുരംഗങ്ങരം, ഗോവുക—
ളെന്നിവ ചേരും സ്വത്തങ്ങരം
ഇന്ദ്രാഗ്നികളേ, നിങ്ങളോടൎത്ഥി—
ക്കുന്നതെങ്ങരംക്കു കിട്ടാവൂ! 9

സോമം പിഴിഞ്ഞുവെച്ച്, സപര്യാ—
കാമരാകിയ നേതാക്കരം
ആഹ്വാനംചെയ്യുന്നുണ്ടല്ലോ, പ്രശ—
സ്താശ്വരാമിന്ദ്രാഗ്നികളെ. 10

ഉക്ഥങ്ങളാലും സ്തോത്രങ്ങളാലു—
മുദ്ഘോഷവിശേഷത്താലും
സേവിക്കപ്പെടുന്നുണ്ടല്ലോ, വർഷം
താവുമീ വൃത്രഹന്താക്കരം. 11

ദുർവാദി, കെല്പൻ, കയ്യേറിത്തിന്മോൻ,
ദുർവിജ്ഞ—നിമ്മട്ടുള്ളോനെ
തച്ചുടയ്ക്കുവിന,സ്ത്രത്താൽ നിങ്ങരം—
തച്ചുടയ്ക്കുവിൻ, കുംഭത്തെ! 12

സൂക്തം 95.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സരസ്വതി ദേവത.

ഒരിരിമ്പുപുരിപോലെ ധാരയിത്രിയായ ഈ സരസ്വതീനദി ധാരകമായ തണ്ണീരോടേ പ്രവഹിക്കുന്നു—മഹിമാവുകൊണ്ടു മററാപഗകളെയെല്ലാം അടിപെടുത്തി, ഒരു തേർവീഥിപോലെ നടകൊള്ളുന്നു! 1

---

9. തുരംഗങ്ങരം=കതിരകരം.

10. സപര്യാകാമർ=പരിചരണതൽപരന്മാർ. നേതാക്കരം—ഋത്വിക്കുകരം. പ്രശസ്താശ്വർ—നല്ല കതിരകളുള്ളവർ.

11. ഉദ്ഘോഷവിശേഷം—മററു സ്തോത്രഘോഷം. വൃത്രഹന്താക്കരം—ശത്രുക്കളെ കൊല്ലുന്ന ഇന്ദ്രാഗ്നികരം.

12. ദുർവാദി—ദോഷം ചൊല്ലുന്നവൻ. കെല്പൻ—കെൽപുമൂലം ഉപദ്രവിക്കുന്നവൻ. ദുർവിജ്ഞൻ—ദുർവിനീതൻ. അസ്ത്രം—ആയുധം. കുംഭത്തെ തച്ചുടക്കുവിൻ—കുടം തച്ചുടക്കുന്നതുപോലെ, ദുഷ്ടനെ നശിപ്പിക്കുവിൻ.

സൂക്തം 95.

1. ധാരയിത്രി=ധരിക്കുന്നവരം, ഭാരവാഹിനി. ആപഗകരം=നദികരം. തേർവീഥിപോലെ—വിശാലയായി.

നദികളിൽവെച്ച വിശുദ്ധയായി, മലകളിൽനിന്ന സമുദ്രം വരെ ഗമിയ്ക്കുന്ന, അനേകജീവജാലത്തിന്ന സമ്പത്തരുളുന്ന, ഏകയായ സരസ്വതി ശരിയ്ക്കറിഞ്ഞു, നാഹുഷന്ന പാലും നെയ്യും ചുരത്തിക്കൊടുത്തു! 2

മനുഷ്യഹിതനായി വൃഷാവായി വർഷിതാവായ യാതൊരു ശിശു യജനീയകളായ യോഷിത്തുകളുടെ ഇടയിൽ വളരുന്നുവോ, അവൻ ഹവിർദ്ധനന്മാർക്ക ബലവാനെ കൊടുക്കുന്നു; നേട്ടത്തിന്നായി ശരീരം തോർത്തിത്തുടങ്ങുന്നു! 3

നമസ്കരണീയർ മുട്ടുമടക്കി ചെല്ലുന്ന, നിത്യധനനായ, സഖികളെക്കാരം മീതെയായ, ആ സുഭഗയായ സരസ്വതി ഈ യജ്ഞത്തിൽ നമ്മുടെ (സ്തോത്രം) പ്രീതിയോടേ കേട്ടരുളട്ടെ! 4

സരസ്വതി, ഞങ്ങരം ഇവ ഹോമിച്ച ഭവതിയെ നമസ്കരിയ്ക്കുന്നു: ഭവതി സ്തോത്രം കേട്ടാലും. ഞങ്ങരം ഭവതിയുടെ പ്രിയതരമായ സുഖത്തിലിരുത്തപ്പെട്ട്, ഒരാശ്രയവൃക്ഷത്തെയെന്നപോലെ (ഭവതിയെ) സേവിയ്ക്കുമാറാകണം! 5

സുഭഗേ, സരസ്വതി, ഇതാ, വസിഷ്ഠൻ ഭവതിയുടെ യജ്ഞത്തിൻെറ ഇരുവാതില്പകരം തുറക്കുന്നു: ശുഭ്രവർണ്ണേ, വദ്ധിച്ചാലും;

---

2. ആയിരംകൊല്ലത്തെയ്ക്ക് ഒരു യാഗം തുടങ്ങിയ നാഹുഷനെന്ന രാജാവിനാൽ പ്രാർത്ഥിതയായ സരസ്വതീനദി അദ്ദേഹത്തിന്ന് ആ കാലത്തെയ്ക്കു വേണ്ടുവോളം പാലും നെയ്യും കൊടുത്തു. ഇതാണ്, ഈ ഋക്കിൽ പറയുന്നത്; അറിഞ്ഞ്——പ്രാർത്ഥനയറിഞ്ഞ്.

3. സരസ്വാൻ എന്ന മധ്യസ്ഥാനവായുവിനെപ്പററി: വർഷിതാവ്——അഭീഷ്ടവർഷി. ശിശു——ജനനസമയത്തു കൃശനായി കാണപ്പെടുന്ന സരസ്വാൻ. യോഷിത്തുകരം——സ്വപത്നിമാരായ തണ്ണീരുകരം. ബലവാനെ——ബലവാനായ പുത്രനെ. നേട്ടം——ധനാർജ്ജനം. ശരീരം——ഹവിർദ്ധനന്മാരുടെ, യജമാനരുടെ ദേഹം. തോർത്തിത്തുടങ്ങുന്നു——വെടുപ്പും കെല്പുമുള്ളതാക്കുന്നു എന്നു സാരം; എന്നാലല്ലേ, ധനാർജ്ജനത്തിന്നു ശേഷിയുണ്ടാകൂ?

4. നമസ്കരണീയർ——ദേവന്മാർ. മുട്ടുമടക്കി ചെല്ലുന്ന——ദേവന്മാർപോലും വണങ്ങിക്കൊണ്ടു സമീപിയ്ക്കുന്ന; വന്ദ്യർക്കും വന്ദനീയ എന്നർത്ഥം. സഖികരം——മററു നദികരം.

5. ഇവ——ഹവിസ്സുകരം. ഒരാശ്രയവൃക്ഷത്തെ——പക്ഷികളെന്നപോലെ.

സ്തോതാവിന്ന് അന്നം തന്നാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലി
പ്പിനെ, പ്പൊഴുമെങ്ങളെ!' 6

സൂക്തം 96.

വസിഷ്ഠൻ ഋഷി; ബൃഹതിയും സതോബൃഹതീയും പ്രസ്താരപംക്തിയും ഗായത്രിയും ഛന്ദസ്സുകൾ; സരസ്വതിയും സരസ്വാനും ദേവത.

വസിഷ്ഠ, നദികളിൽവെച്ച് ബലവതിയെക്കുറിച്ച് നീ വലി
യ സ്തോത്രം പാടുന്നുണ്ടല്ലോ: വാനൂഴികളിൽ വാഴുന്ന സരസ്വതി
യെത്തന്നേ നീ നല്ല സ്തുതികൾകൊണ്ടു പൂജിച്ചുകൊള്ളുക! 1

ശുഭ്രവർണ്ണേ, നിന്തിരുവടിയുടെ മഹിമാവിനാലാണല്ലോ,
മനുഷ്യർക്ക് ഇരുതരം അന്നങ്ങൾ കിട്ടുന്നത്. ആ മരുത്സഖയായ
നിന്തിരുവടി ഞങ്ങളെ രക്ഷിച്ചാലും; ഹവിഷ്മാന്മാർക്കു ധനം
തന്നാലും! 2

മംഗളയായ സരസ്വതി മംഗളംതന്നേ വരുത്തട്ടെ: നന്ദിത
ഗമനയായ അന്നവതി സ്തോത്രം കേട്ടരുളട്ടെ; ജമദഗ്നിയാലെന്ന
പോലെ പുകഴ്ത്തപ്പെടുന്ന തന്തിരുവടി വസിഷ്ഠന്നനുരൂപമാംവ
ണ്ണം സ്തുതിയ്ക്കപ്പെടുകയും ചെയ്യട്ടെ! 3

പത്നിയെയും പുത്രന്മാരെയും ഇച്ഛിയ്ക്കുന്ന ഞങ്ങൾ ഇന്നു ശോ
ഭനേദാനരായി സമീപിച്ചു സരസ്വാനെ വിളിച്ചുകൊള്ളുന്നു. 4

സരസ്വാനേ, മഴ പെയ്യുന്നവയാണല്ലോ, അങ്ങയുടെ മധുര
ജലങ്ങൾ; അവകൊണ്ടു ഭവാൻ ഞങ്ങളെ രക്ഷിച്ചാലും! 5

---

6. തുറക്കുന്നു—യജ്ഞം ആവിഷ്കരിയ്ക്കുന്നു എന്നർത്ഥം. സ്തോതാവിന്ന്—എനിയ്ക്ക്. നിങ്ങൾ—സരസ്വതിയും മററു നദികളും.

സൂക്തം 96.

1 വസിഷ്ഠൻ തന്നോടുതന്നെ പറയുന്നു:

2. ഇരുതരം—ദിവ്യവും ഭൌമവുമായ. മരുത്സഖ—മരുത്തുകൾ (മധ്യമസ്ഥാനദേവകൾ) ആകുന്ന സഖാക്കളോടുകൂടിയവൾ.

3. പുകഴ്ത്തപ്പെടുന്ന—വസിഷ്ഠനാൽ.

സരസ്വാൻെറ സർവ്വദൎശനീയമായ തടിച്ച സ്തനത്തെ ഞങ്ങരം ആസ്വദിയ്ക്കുമാറാകണം; സന്തതി, അന്നം എന്നിവയെയും! 6

സൂക്തം 97.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ഇന്ദ്രാബ്രഹ്മണസ്പതികളും ഇന്ദ്രാബൃഹസ്പതികളും ബൃഹസ്പതിയും ദേവത.

യാതൊന്നിൽ ദേവകാമന്മാരായ നേതാക്കരം ഇമ്പംകൊള്ളുന്നുവോ; യാതൊന്നിൽ സോമം ഇന്ദ്രന്നായി പിഴിയുന്നുവോ; ഭൂമിയുടെ നേതൃസദനമായ ആ യജ്ഞത്തിൽ മത്തുപിടിപ്പാൻ (ഇന്ദ്രൻ) സ്വർഗ്ഗത്തിൽനിന്നു മുമ്പേ വന്നെത്തട്ടെ, പള്ളിക്കുതിരകളും! 1

സഖാക്കളേ, നമുക്കു ദിവ്യങ്ങളായ രക്ഷകരം വരിയ്ക്കാം: ബൃഹസ്പതി നമ്മുടെ (ഹവിസ്സു) കൈക്കൊള്ളും. ദൂരത്തുനിന്നു (കൊണ്ടുവന്ന്) അച്ഛൻപോലെ നമുക്കു തരുന്ന ആ വൃഷാവിന്ന് അനപരാധരായിത്തീരണം, നമ്മരം! 2

ആ മികച്ച, ശോഭനസുഖനായ ബ്രഹ്മണസ്പതിയെത്തന്നെ നമസ്സോടും ഹവിസ്സോടുംകൂടി ഞാൻ സ്തുതിയ്ക്കുന്നു. ദേവാർഹമായ സ്തോത്രം മഹാനായ ഇന്ദ്രനെത്തട്ടെ: സ്തോതാക്കന്മാരുടെ മന്ത്രത്തിൻെറ അരചനാണല്ലോ, അവിടുന്ന്! 3

വിശ്വവരേണ്യനായ, ഏററവും പ്രിയപ്പെട്ട ബൃഹസ്പതി നമ്മുടെ വേദിമേൽ വന്നിരിയ്ക്കട്ടെ: അവിടുന്നു ധനത്തിലും നല്ല വീര്യത്തിലുമുള്ള അഭിലാഷം നിറവേററട്ടെ; ഉപദ്രവമിയന്ന നമ്മെ നിർബാധരാക്കി മറുകരയണയ്ക്കട്ടെ! 4

---

6. സ്തനം——മേഘം. മഴ, സന്തതി, അന്നം എന്നിവയെ സരസ്വാൻ തന്നരുളട്ടെ.

സൂക്തം 97.

1. നേതൃസദനം——നേതാക്കളുടെ മേളനസ്ഥലം; നേതാക്കരം——ഋത്വിക്കുകരം.

2. സ്തോതാക്കളോട്: തരുന്ന——ധനം.

3. അവിടുന്ന്——ഇന്ദ്രനോ ബ്രഹ്മണസ്പതിയോ.

4. അഭിലാഷം——നമ്മുടെ മറുകര——ശത്രുക്കളുടെ അപ്പുറം.

ആ ജീവനപര്യാപ്തമായ അന്നം നമുക്ക് ഈ പുരാതനരായ ദേവന്മാർ തരുമാറാകണം: പരിശുദ്ധസ്തോത്രനും, ഗൃഹികൾക്കു യജനീയനും, നിസ്സപത്നനുമായ ബൃഹസ്പതിയെ, നാം വിളിയ്ക്കുക! 5

ആ പാർപ്പിടവും തറവാട്ടുമുള്ള ബലവാനായ ബൃഹസ്പതിയെ, കരുത്തും കാന്തിയും—സൂര്യനൊപ്പം വിളങ്ങുന്ന വടിവും—പൂണ്ട് ഒപ്പം വലിയ്ക്കുന്ന കുതിരകൾ കൊണ്ടുവരട്ടെ! 6

ആ ബൃഹസ്പതി പവിത്രനും പാവനനുമാകുന്നു; അവിടുന്നു കനകായുധനും, ഗമനശീലനും സ്വർഗ്ഗസ്ഥനുമാകുന്നു; നല്ല പാർപ്പിടമുള്ള ആ ദർശനീയൻ സഖാക്കൾക്കു വളരെ അന്നം കല്പിച്ചുകൊടുക്കും! 7

അമ്മമാരായ ദ്യാവാപൃഥിവീദേവികളാൽ വളർത്തപ്പെട്ടവനാകുന്നു, മഹാനായ ബൃഹസ്പതി: സഖാക്കളേ, നിങ്ങളും ഈ വർദ്ധനീയനായ ദേവനെ വർദ്ധിപ്പിച്ചാലും; മികച്ച അന്നത്തിന്നായി, സുഖേന ഇറങ്ങാവുന്നവയും സുഖേന കടക്കാവുന്നവയുമായ ജലങ്ങൾ അദ്ദേഹം തരും! 8

ബ്രഹ്മണസ്പതേ, ഇതാ, നിങ്ങൾക്ക്—അങ്ങയ്ക്കും വജ്രപാണിയായ ഇന്ദ്രന്നും—ഒരു ശോഭനമായ മന്ത്രസ്തോത്രം രചിയ്ക്കപ്പെട്ടു: നിങ്ങൾ കർമ്മങ്ങൾ രക്ഷിയ്ക്കുവിൻ; വളരെ സ്തവങ്ങൾ ചെവിക്കൊള്ളുവിൻ; സേവകരോടേററുടുക്കുന്ന വൈരികളെ നശിപ്പിയ്ക്കുവിൻ! 9

ബൃഹസ്പതേ, നിങ്ങൾ—അങ്ങും ഇന്ദ്രനും—വിണ്ണിലും മന്നിലുമുള്ള സമ്പത്തിന്റെ ഉടമസ്ഥരാണല്ലോ: പുകഴ്ത്തുന്ന സ്തോതാവിന്നു ധനം തരുവിൻ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 10

സൂക്തം 98.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും ഇന്ദ്രാബൃഹസ്പതികളും ദേവത.

അധ്വര്യുക്കളേ, ഇനങ്ങളിൽവെച്ചു ശ്രേഷ്ഠനായ ഇന്ദ്രന്നു നിങ്ങൾ തിളങ്ങുന്ന സോമനീർ ഹോമിയ്ക്കുവിൻ: ദൂരസ്ഥമായ പേയവും

---

5. ആ—പുകഴുന്ന

8. വർദ്ധിപ്പിച്ചാലും—സ്തുതികൾകൊണ്ടു വളർത്തിയാലും.

9. കർമ്മങ്ങൾ—ഞങ്ങളുടെ. സേവകരോട്—ഞങ്ങളോട്.

ഗൌരമൃഗത്തെക്കാളേറെ അറിയുന്ന തന്തിരുവടി എപ്പോഴും സോമംപിഴിയുന്നവനെ തേടി ചെല്ലും! 1

ഇന്ദ്ര, ഭവാൻ മുമ്പു യാതൊരു ശോഭനാന്നം തിരുവയററിലാക്കിപ്പോന്നുവോ, അതു നാളിൽ നാളിൽ കടിപ്പാൻ അങ്ങ് കാംക്ഷിക്കുന്നുണ്ടല്ലോ; കാമയമാനനായ ഭവാൻ ഹൃദയംകൊണ്ടും മനസ്സുകൊണ്ടും സ്വീകരിച്ചു, കൊണ്ടുവന്നുവെയ്ക്കപ്പെട്ടിട്ടുള്ള സോമം കുടിച്ചാലും! 2

ഇന്ദ്ര, അവിടുന്നു ജനിച്ചപ്പോഠത്തന്നെ കെല്പിന്നായി സോമം നുകർന്നു: അമ്മ പറകയുണ്ടായി, അങ്ങയുടെ മഹത്ത്വം. അങ്ങ് വിശാലമായ അന്തരിക്ഷം നിറച്ചു; യുദ്ധംകൊണ്ടു ദേവന്മാർക്കു ധനമുണ്ടാക്കി! 3

ഇന്ദ്ര, അവിടുന്നു വലിയ ഊററക്കാരോടു പൊരുതിയ്ക്കുകയാണെങ്കിൽ, ഞങ്ങഠം കൈകൊണ്ടുതന്നെ ആ ഹിംസകരെ അമർത്തും; അതല്ലാ, നേതാക്കളിൽ പരിവൃതനായി ഭവാൻതന്നെ പൊരുതുകയാണെങ്കിൽ, നല്ല യശസ്സുളവാക്കുന്ന ആ യുദ്ധത്തിൽ ഞങ്ങഠം ഭവാനാൽ വിജയം നേടും! 4

ഇന്ദ്രൻ പണ്ടു ചെയ്തവയും, മഘവാവിൻെറ നൂതനകർമ്മങ്ങളും ഞാൻ വർണ്ണിച്ചു. അദ്ദേഹം അസുരമായകളെ അമർത്തി; അതോടേ സോമം അവിടെയ്ക്കു കൂട്ടതലായി! 5

ഇന്ദ്ര, അങ്ങയുടെതന്നെയാണ്, പ്രാണിഹിതമായ ഈ ലോകമെല്ലാം: അവിടുന്നു സൂര്യതേജസ്സുകൊണ്ടു നോക്കിപ്പോരുന്നു. അവിടുന്നൊരാളാണ്, ഗോപതി—സർവഗോക്കളുടെയും പതി; അവിടുന്നു ഞങ്ങഠംക്കു ധനം തരുമാറാകണം! 6

ബൃഹസ്പതേ, നിങ്ങഠം—അങ്ങും ഇന്ദ്രനും—വിണ്ണിലും മന്നിലുമുള്ള സമ്പത്തിൻെറ ഉടമസ്ഥരാണല്ലോ: പുകഴ്ത്തുന്ന സ്തോതാവിന്നു ധനം തരുവിൻ; നിങ്ങഠം 'സ്വസ്തിയാൽപ്പാലിപ്പിനെ, പ്പൊഴുമെങ്ങളെ!' 7

സൂക്തം 98.

3. അമ്മ പറയുകയുണ്ടായി—മുൻമണ്ഡലങ്ങളിലുണ്ട്. നിറച്ചു—സ്വതേജസ്സുകൊണ്ട്. യുദ്ധംകൊണ്ട്—ശത്രുക്കളെ ജയിച്ച്.

4. നേതാക്കഠം—മരുത്തുക്കഠം. ഭവാനാൽ—ഭവാൻെറ സാഹായ്യത്താൽ.

5. കൂട്ടതലായി—സോമത്തോട് അസാധാരണസംബന്ധമുളവായി.

6. നോക്കിപ്പോരുന്നു—ലോകത്തെ.

സൂക്തം 99.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിഷ്ണുവും ഇന്ദ്രാവിഷ്ണുക്കളും ദേവത.

കണക്കിൽക്കവിഞ്ഞ തിരുമെയ്വളച്ച് പൂണ്ടവനേ, വിഷ്ണോ, അങ്ങയുടെ മഹിമാവ് അളക്കാവുന്നതല്ല: അങ്ങയുടെ രണ്ടു ലോകമേ—പൃഥിവിയും അന്തരിക്ഷവുമേ—ഞങ്ങൾ അറിഞ്ഞിട്ടുള്ളു; ദേവ, അപ്പുറം അങ്ങയ്ക്കേ അറിഞ്ഞുകൂടു! 1

ദേവ, വിഷ്ണോ, നിന്തിരുവടിയുടെ മഹിമാവിന്റെ അകന്ന അററം ജനിക്കുന്നവനോ ജനിച്ചവനോ കണ്ടെത്തില്ല: നിന്തിരുവടി ദർശനീയമായ വലിയ വിണ്ണുലകം ഉയർത്തിയുറപ്പിച്ചു; ഭൂമിയുടെ കിഴക്കേദിക്കും താങ്ങിനിർത്തി! 2

മനുഷ്യന്നു കൊടുപ്പാൻ അന്നങ്ങളെയും ഗോക്കളെയും നല്ല പുല്ലുകളെയും വഹിച്ചുപോന്ന ഈ വാന്തുഴികളെ വിഷ്ണോ അവിടുന്ന് ഇരുമട്ടിൽ താങ്ങിനിർത്തി; മന്നിനെ എമ്പാടും മലകൾകൊണ്ടുറപ്പിച്ചു! 3

നേതാക്കളേ, നിങ്ങൾ സൂര്യനെയും ഉഷസ്സിനെയും അഗ്നിയെയും വെളിപ്പെടുത്തി, യഷ്ടാവിന്നു മഹത്തായ ലോകം കല്പിച്ചു; വൃഷശിപ്രനെന്ന വിധ്വംസകന്റെ മായകളെ യുദ്ധത്തിൽ നശിപ്പിച്ചു! 4

ഇന്ദ്രാവിഷ്ണുക്കളേ, നിങ്ങൾ ശംബരന്റെ ഉറപ്പുററ തൊണ്ണൂററൊമ്പതു പുരികൾ തകർത്തു; വർച്ചി എന്ന അസുരന്റെ എതിരററ നൂറായിരംവീരന്മാരെയും കൂട്ടത്തോടേ കൊന്നു! 5

ഈ മഹത്തായ സ്തുതി ആ വിശാലവിക്രമരും ബലവാന്മാരുമായ മഹാന്മാരെ വർദ്ധിപ്പിക്കുട്ടെ: വിഷ്ണോ, ഇന്ദ്ര, നിങ്ങൾക്കു ഞാൻ യജ്ഞങ്ങളിൽ സ്തോത്രം അർപ്പിക്കുന്നു; നിങ്ങൾ യുദ്ധങ്ങളിൽ അന്നം പെരുപ്പിച്ചാലും! 6

സൂക്തം 99.

1. മഹിമാവ്—മൂന്നടികൊണ്ടു മുപ്പാരളന്നത്.
3. ഇരുമട്ടിൽ—ദ്യോവു കീഴ്പോട്ടും, ഭൂവു മേല്പോട്ടും നോക്കമാറ്.
4. ലോകം—സ്വർഗ്ഗം. വൃഷശിപ്രൻ—ഒരസുരൻ.
5. വീരന്മാർ—ഭടന്മാർ.
6. പെരുപ്പിച്ചാലും—ഞങ്ങൾക്ക്.

വിഷ്ണോ, അങ്ങയ്ക്കു ഞാൻ വഷട്കാരം ഉച്ചരിയ്ക്കുന്നു: ശിപിവിഷ്ട, അങ്ങ് എൻെറ ഈ ഹവിസ്സു കൈക്കൊണ്ടാലും. എൻെറ നല്ല സ്തുതിവാക്യങ്ങൾ അങ്ങയെ വളർത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

സൂക്തം 100.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിഷ്ണു ദേവത.

ആർ ഉരുഗേയനായ വിഷ്ണുവിന്നു (ഹവിസ്സ്) നൽകുമോ; ആർ ഇത്രയുംപോന്ന മനുഷ്യഹിതനെ കൂടെച്ചെല്ലുന്ന സ്തോത്രംകൊണ്ടു പൂജിയ്ക്കുകയും പരിചരിയ്ക്കുകയും ചെയ്യുമോ; ആ മനുഷ്യൻ ഇച്ഛിച്ച ധനം നേടും! 1

വിഷ്ണോ, കിട്ടേണ്ടതു കിട്ടിയ്ക്കുന്നവനേ, അങ്ങ് വിശ്വജനീനവും നിരവദ്യവുമായ നന്മനസ്സരുളിയാലും: ഞങ്ങൾ വഴിപോലെ നേടേണ്ടുന്ന, വളരെപ്പേരെ ആഹ്ലാദിപ്പിയ്ക്കുന്ന, അശ്വയുക്തമായ ഭൂരിസമ്പത്തോടു ചേരട്ടെ! 2

ഈ ദേവൻ ഒരുനൂറുരശ്മികളുള്ള ലോകങ്ങളെ മഹിമാവിനാൽ മൂന്നടികൊണ്ടളന്നുവല്ലോ. വളർന്നവനെക്കാൾ വളർന്നവനായ വിഷ്ണു നമ്മുടെ സ്വാമിയായി വരട്ടെ; തിളങ്ങുന്ന ഒന്നാണല്ലോ, ഈ പ്രവൃദ്ധൻെറ തിരുനാമം! 3

ദേവകൾക്കു പാർക്കാൻ കൊടുക്കാനത്രേ, വിഷ്ണു ഈ ലോകമെല്ലാം അളന്നത്. തന്തിരുവടിയെ സ്തുതിയ്ക്കുന്നവർക്ക് ഇളക്കം വരില്ല: സുജന്മാവായ അവിടുന്നു വലിയ പാർപ്പിടം കല്പിച്ചുകൊടുക്കും! 4

ശിപിവിഷ്ട, അങ്ങയുടെ ആ തിരുനാമത്തെ, ജ്ഞാതവ്യങ്ങളറിഞ്ഞ ഉടമസ്ഥനായ ഞാൻ ഇപ്പോൾ കീർത്തിച്ചുകൊള്ളുന്നു: ഈ

---

7. ശിപിവിഷ്ട—രശ്മികൾ ചേർന്നവനേ, തേജസ്വിൻ.

സൂക്തം 100.

2. കിട്ടിയ്ക്കുന്നവനേ—സ്തോതാക്കൾക്ക്. അരുളിയാലും—ഞങ്ങളിൽ.
3. നാമത്തിന്നു രൂപമെന്നും അർത്ഥമുണ്ട്.

ഉലകിന്റെ അകലത്തു വസിയ്ക്കുന്ന ആ വലിയവനായ നിന്തിരുവടിയെ എളിയവനായ ഞാൻ പുകഴ്ത്തിപ്പാടുന്നു. 5

വിഷ്ണോ, 'ഞാൻ ശിപിവിഷ്ടനാണെ,ന്നല്ലേ ഭവാൻ അരുളിച്ചെയ്തതു്; ആ പേരു് പറയാൻ കൊള്ളാമോ? ആ തിരുവുരു ഞങ്ങളിൽനിന്നു മറയ്ക്കരുതു്: മറെറാരു രൂപം പൂണ്ടാണല്ലോ, അങ്ങു് യുദ്ധത്തിൽ വന്നതു്! 6

വിഷ്ണോ, അങ്ങയ്ക്കു ഞാൻ വഷട്കാരം ഉച്ചരിയ്ക്കുന്നു: ശിപിവിഷ്ട, അങ്ങു് എന്റെ ഈ ഹവിസ്സു കൈക്കൊണ്ടാലും. എന്റെ നല്ല സ്തുതിവാക്യങ്ങൾ അങ്ങയെ വളർത്തട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 7

ആറാമധ്യായം സമാപ്തം.

ഏഴാമധ്യായം

സൂക്തം 101.

അഗ്നിപുത്രൻ കുമാരനോ വസിഷ്ഠനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പർജ്ജന്യൻ ദേവത.

ഈ മധു ചുരത്തുന്ന അകിടിനെ എവ കറക്കുമോ, ആ അഗ്രം തിളങ്ങുന്ന മൂന്നു വാക്കുകൾ നീ ഉച്ചരിയ്ക്കുക: ആ വൃഷഭൻ വത്സനെ ഓഷധികളുടെ ഗർഭമാക്കിക്കൊണ്ടു, ജനിച്ചപ്പോൾത്തന്നെ മുക്രയിടുന്നു! 1

---

5. ഉടമസ്ഥൻ—ഹവിസ്സുകളുടെ.

6. പണ്ടൊരിയ്ക്കൽ, വിഷ്ണു വേഷപ്രച്ഛന്നനായി വസിഷ്ഠനെ യുദ്ധത്തിൽ സഹായിച്ചു. ഇതറിഞ്ഞു വസിഷ്ഠൻ വിഷ്ണുവിനോടു പറയുന്നു: ആ പേരു് പറയാൻ കൊള്ളാമോ?—ശിപിവിഷ്ടൻ എന്നതിന്നു് അശ്ലീലമായ ഒരർത്ഥമുണ്ടു്. ആ തിരുവുരു—വൈഷ്ണവരൂപം.

സൂക്തം 101.

1. ഋഷി, തന്നോടുതന്നെ പറയുന്നു: മധു—ജലം. അകിടു്—മേഘം. അഗ്രം തിളങ്ങുന്ന—പ്രണവപൂർവകങ്ങളായ. മൂന്നു വാക്കുകൾ—ഋഗ്യജുസ്സാമസൂക്തങ്ങൾ; ഇവയാൽ പ്രസാദിച്ച പർജ്ജന്യൻ മേഘത്തെക്കൊണ്ടു മഴ പെയ്യിയ്ക്കുമെന്നർത്ഥം. ആ വൃഷഭൻ—വർഷിതാവായ പർജ്ജന്യൻ. വത്സനെ—വൈദ്യുതാഗ്നിയെ. ഓഷധികളുടെ ഗർഭമാക്കിക്കൊണ്ടു—സസ്യങ്ങളിൽ പ്രവേശിപ്പിച്ചുകൊണ്ടു—മുക്രയിടുന്നു—ഇടിവെട്ടുന്നു; വൃഷഭം (കാള) മുക്രയിടുമല്ലോ.

ആർ ഓഷധികളെ, ആർ ജലങ്ങളെ തഴപ്പിയ്ക്കുമോ, ആർ ഉലകിന്നെല്ലാം ഉടയവനോ; ആ ദേവൻ നമുക്കു മൂന്നുനിലയുള്ള ഗൃഹവും, തേടേണ്ടുന്ന തേജസ്സും തന്നരുളട്ടെ! 2

തന്തിരുവടിയുടെ ഒരു രൂപം പേറു മാറിയ പയ്യാണു്; മറെറാരു രൂപം പെററ പയ്യും. ശരീരം യഥേഷ്ടമാക്കും, അവിടുന്നു്: അമ്മ അച്ഛങ്കൽനിന്നു തണ്ണീർ വാങ്ങുന്നു; അതുകൊണ്ടു് അച്ഛനും, അതുകൊണ്ടുതന്നെ മക്കളും വളരുന്നു! 3

എല്ലാബ്ഭുവനവും മൂന്നു വിണ്ണുലകും ആരിൽ നില്ക്കുന്നുവോ; ആരിൽനിന്നു ജലം മൂന്നായി പുറപ്പെടുന്നുവോ; ആ മഹാനു ചുററും സേക്താക്കളായ മൂന്നുതരം മേഘങ്ങൾ തണ്ണീർ പൊഴിയ്ക്കുന്നു! 4

ഈ സ്തോത്രം സ്വയംപ്രകാശനായ പജ്ജന്യന്നു് ഉള്ളിൽത്തട്ടട്ടെ; അവിടുന്നു സ്വീകരിയ്ക്കട്ടെ. നമുക്കു സുഖകരമായ മഴയുണ്ടാകട്ടെ; ദേവൻ രക്ഷിച്ചുപോരുന്ന സസ്യങ്ങൾ ഫലസമൃദ്ധങ്ങളാകട്ടെ! 5

ആ വൃഷഭൻ വളരെപ്പേരിൽ രേതസ്സു ചൊരിയുന്നു. അവങ്കലാണു്, ചരാചരങ്ങളുടെ ശരീരം. ആ ജലം എന്നെ നൂററാണ്ടു ജീവിപ്പാൻ രക്ഷിയ്ക്കട്ടെ. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,പ്പൊഴുമെങ്ങളെ!' 6

---

2. ആ ദേവൻ—പർജ്ജന്യൻ.

3. പേറു മാറിയ പയ്യു് പാൽ കൊടുക്കില്ലല്ലോ; അതുപോലെ, വെള്ളമില്ലാത്തതാണു്, പർജ്ജന്യന്റെ ഒരു രൂപം. പെററ പയ്യും—വെള്ളമുള്ളതു്. യഥേഷ്ടമാക്കും—നിർജ്ജലവുമാക്കും, സജലവുമാക്കും. അമ്മ—ഭൂവു്. അച്ഛൻ—ദ്യോവു്. അതു ഹവിസ്സായി കിട്ടി അച്ഛൻ (ദ്യോവു) വളരുന്നു. അതുകൊണ്ടുതന്നെ—ആ തണ്ണീരിനാൽത്തന്നെ. മക്കൾ—ഭൂവിലെ പ്രാണികൾ.

4. മൂന്നായി—കിഴക്കോട്ടും, പടിഞ്ഞാറോട്ടും, കീഴ്പോട്ടുമായി. സേക്താക്കൾ—വെള്ളം പാററുന്നവ. മൂന്നുതരം—പൌരസ്ത്യ–പാശ്ചാത്യ–ദീച്യങ്ങൾ.

5. ദേവൻ—പർജ്ജന്യൻ.

6. ഒരു കാള പൈക്കളിൽ രേതസ്സു (ശുക്ലം) ചൊരിയുന്നതുപോലെ പർജ്ജന്യൻ വളരെപ്പേരിൽ (ഓഷധികളിൽ) ജലം പൊഴിയ്ക്കുന്നു. ആ—പർജ്ജന്യൻ തന്നെ.

സൂക്തം 102.

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പർജ്ജന്യൻ ദേവത.

മഴ പെയ്യിക്കുന്ന അന്തരിക്ഷപുത്രനായ പർജ്ജന്യനെപ്പററി പാടുവിൻ: അദ്ദേഹം നമുക്ക ഭക്ഷ്യം നല്കാൻ കനിയട്ടെ! 1

ഓഷധികാംക്കും പൈക്കാംക്കും ബഡബകാംക്കും മനുഷ്യസ്ത്രീകാംക്കും ഗർഭമുല്പാദിപ്പിക്കുന്നവനാണല്ലോ, പർജ്ജന്യൻ! 2

അദ്ദേഹത്തിന്നായി, സ്വാദേറിയ ഹവിസ്സു വായിൽ ഹോമിക്കുവിൻ: നമുക്ക പതിവായി അന്നം കല്പിച്ചുതരട്ടെ! 3

സൂക്തം 103.

വസിഷ്ഠൻ ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകാം;
മണ്ഡൂകങ്ങാം ദേവത.

വ്രതമനുഷ്ഠിക്കുന്ന ബ്രാഹ്മണർപോലെ, ഒരാണ്ട് ഉറങ്ങിക്കിടന്ന തവളകാം പർജ്ജന്യനെ പ്രീതിപ്പെടുത്തുന്ന വാക്കുകാം ഉച്ചരിക്കുന്നു! 1

തോൽത്തുരുത്തികാംപോലെ ചുങ്ങി, പൊയ്കയിൽ കിടക്കുന്ന ഈ തവളകാം, മഴവെള്ളം ദേഹത്തിൽ വീഴുന്നതോടേ, കന്നുകളോടു ചേൻന്ന പൈക്കളുടെ ഉമ്പവിളിയ്യൊത്ത ശബ്ദം പുറപ്പെടുവിച്ചുതുടങ്ങും. 2

വർഷാരംഭത്തിൽ മഴ പെയ്താൽ, ദാഹിച്ചു കൊതിക്കുന്ന ഈ തവളകാം 'അക്ഖല' എന്നു കരയുകയായി—ഒന്നു ശബ്ദിക്കുന്ന മററൊന്നിന്റെ അടുക്കൽ, മകൻ അച്ഛനുകലെന്നപോലെ ചെല്ലും. 3

സൂക്തം 102.

1. സ്തോതാക്കളോട്:

2 പർജ്ജന്യദത്തമായ ജലത്താലാണല്ലോ, ഓഷധികാംക്കും മററും സന്താനമുണ്ടാകുന്നതു്!

3. വായിൽ—ദേവന്മാരുടെ മുഖമായ അഗ്നിയിൽ.

സൂക്തം 103.

1. ഈ സൂക്തം ജപിച്ചാൽ മഴ കിട്ടും. വ്രതം—സംവത്സരസത്രം. ഒരാണ്ട്—ശരത്തുമുതൽ വർഷർത്തുവരെ. തവളകളുടെ ശബ്ദം പർജ്ജന്യസ്തുതിയാക്കി കല്പിക്കപ്പെട്ടിരിക്കുന്നു.

2. പൊയ്ക—വേനലിൽ വെള്ളം വററിയ സരസ്സ്.

3. കൊതിക്കുന്ന—വെള്ളം കിട്ടാൻ. 'അക്ഖല'—ശബ്ദാനുകരണം. ഒന്നു—ഒരു തവള.

വർഷത്താൽ ഹർഷം പൂണ്ട ഇരുവരിൽ, ഒന്നു മറ്റൊന്നിനെ പിന്തുടൎന്നു പിടിയ്ക്കുന്നു; മഴയേററു കുതിച്ചുചാടുന്ന ഒരു തവിട്ടുതവള ഒരു പച്ചത്തവളയോടു സല്ലപിയ്ക്കുന്നു! 4

ഈ നിങ്ങളിൽ ഒന്നു മററതിന്റെ വാക്കിനെ, ശിഷ്യൻ ഗുരുവിന്റേതിനെയെന്നപോലെ ചൊല്ലുന്നു. വെള്ളത്തിൻമീതെ ചാടുന്ന ശോഭനവചനരായ നിങ്ങളുടെ മുഴച്ചിരുന്ന ദേഹമെല്ലാം തഴച്ചു കഴിഞ്ഞു! 5

ഇവയിൽ ഒന്നിന്റെ ഒച്ച പയ്യിന്റേതുപോലെ; മറ്റൊന്നിന്റെ ഒച്ച ആടിന്റേതുപോലെ. ഒന്നു തവിട്ടുനിറത്തിൽ, മറ്റൊന്നു പച്ചനിറത്തിൽ––ഇങ്ങനെ നാനാരൂപരെങ്കിലും ഒരേപേർ വഹിയ്ക്കുന്ന ഇവ പലേടങ്ങളിലും ഒലികൂട്ടിക്കൊണ്ടു വെളിപ്പെടുന്നു! 6

തവളകളേ, അതിരാത്രമെന്ന സോമയാഗത്തിൽ ബ്രാഹ്മണരെന്നപോലെ, നിറപൊയ്കയ്ക്കു ചുററും നിലവിളി കൂട്ടുന്ന നിങ്ങൾ ഒരാണ്ടിൽ വർഷാകാലദിവസങ്ങളിൽ പരക്കെ കാണായിവരുന്നു. 7

സാംവത്സരികസ്തോത്രം ചൊല്ലുന്ന സോമയുക്തരായ ബ്രാഹ്മണർപോലെ, ഇവ ശബ്ദം മുതിർക്കുന്നു; ചിലവ, പ്രവർഗ്ഗ്യമനുഷ്ഠിയ്ക്കുന്ന അധ്വര്യുക്കൾപോലെ വിയൎത്തുകൊണ്ട്, ഇപ്പോൾ മറവിൽനിന്നു വെളിയിൽ വരുന്നു. 8

ഈ നേതാക്കൾ ദേവകളുടെ ഏർപ്പാടിനെ രക്ഷിച്ചുപോരുന്നു ––ഒരാണ്ടിലെ ഋതുക്കളെ തട്ടിനീക്കുന്നില്ല; ഒരാണ്ടു തികഞ്ഞു മഴക്കാലം വന്നാൽ, വേനൽച്ചൂടിൽ വലഞ്ഞ ഇവ വിടുതി നേടും. 9

---

4. ഇരുവരിൽ––രണ്ടു തവളകളിൽ. തവിട്ടുതവള=തവിടിൻനിറത്തിലുള്ള തവള. പച്ച––പച്ചനിറം. സല്ലപിയ്ക്കുന്നു––രണ്ടിന്റെയും ഒച്ച ഒന്നുപോലെയാകയാൽ, അതിന്നു സല്ലാപത്വം കല്പിച്ചിരിയ്ക്കുയാണ്.

5. ഋഷി തവളകളോടായി പറയുന്നു: വാക്ക്––ഒച്ച.

8. ഇവ––തവളകൾ. പ്രവർഗ്ഗ്യം––മഹാവീരമെന്ന കലം പഴുപ്പിയ്ക്കൽ, മയക്കൽ. ഇപ്പോൾ––മഴ പെയ്യുമ്പോൾ. മറവിൽനിന്ന്––നനയാതെ കിടക്കുകയായിരുന്ന മടയിൽനിന്ന്.

9. ഈ നേതാക്കൾ––മണ്ഡൂകങ്ങൾ. ഏർപ്പാടിനെ––ഇന്ന ഋതുവിൽ ഇന്ന മാതിരി എന്ന നിശ്ചയത്തെ. തട്ടിനീക്കുന്നില്ല––ഓരോ ഋതുവിന്നും വഴങ്ങുന്നു. വിടുതി നേടും––മടയിൽനിന്നു പുറത്തിറങ്ങും.

പയ്യൊച്ചക്കാരനും, ആടൊച്ചക്കാരനും, തവിട്ടനിറക്കാരനും, പച്ചനിറക്കാരനും നമുക്കു ധനങ്ങൾ നല്കട്ടെ; മഴക്കാലത്തു മണ്ഡൂകങ്ങൾ നൂറുനൂറു ഗോക്കളെ തരട്ടെ; ആയുസ്സും വർദ്ധിപ്പിയ്ക്കട്ടെ! 10

സൂക്തം 104.

വസിഷ്ഠൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രാസോമാദികൾ ദേവത.

വൃഷാക്കളായ ഇന്ദ്രാസോമന്മാരേ, നിങ്ങൾ ഇരുട്ടിൽ വളരുന്ന രാക്ഷസരെ തപിപ്പിയ്ക്കണം, ഹിംസിയ്ക്കണം, അടിച്ചമർത്തണം—മൂഢരെ പിന്തിരിപ്പിയ്ക്കണം; ചുട്ടെരിയ്ക്കണം; കൊല്ലണം; ആട്ടിപ്പായിയ്ക്കണം; തിന്മന്മാരെ ചടപ്പിയ്ക്കണം! 1

ഇന്ദ്രാസോമന്മാരേ, കുററം പറഞ്ഞു തട്ടിക്കേറുന്നവനെ നിങ്ങൾ കീഴമർത്തണം: അവൻ, തീയ്യിൽ വെച്ച ചരുപോലെ തിളച്ചുകുറുകട്ടെ. 'ഇനിയെന്ത്' എന്നിങ്ങനെ നടക്കുന്ന ഘോരാകാരനെ, ബ്രാഹ്മണദ്വേഷിയായ ഇറച്ചിതീനിയെ നിങ്ങൾ നിരന്തരമായ അരിശത്തിന്നു ലക്ഷ്യമാക്കുവിൻ! 2

ഇന്ദ്രാസോമന്മാരേ, നിങ്ങൾ ദുഷ്കർമ്മികളെ നിരാലംബമായ ഇരുട്ടിൽപ്പെടുത്തി പ്രഹരിയ്ക്കുവിൻ: അതിൽനിന്ന് ഒരുത്തനും പുറത്തുപോരരുത്. കീഴമർത്തുന്നതായിത്തീരട്ടെ, നിങ്ങളുടെ ക്രോധം കലർന്ന ബലം! 3

ഇന്ദ്രാസോമന്മാരേ, നിങ്ങൾ വിണ്ണിൽനിന്നു കൊലയായുധം ഉണ്ടാക്കുവിൻ: കുററം പുലമ്പുന്നവനെ കൊല്ലാൻ മന്നിൽനിന്നും ഉണ്ടാക്കുവിൻ. രാക്ഷസത്തടിയനെ വധിയ്ക്കാൻ മേഘങ്ങളിൽനിന്ന് ഇടിവാളെടുക്കുവിൻ! 4

സൂക്തം 104.

1. തപിപ്പിയ്ക്കണം = പൊള്ളിയ്ക്കണം. മൂഢർ, തിന്മന്മാർ എന്നിവ രാക്ഷസവിശേഷണങ്ങൾതന്നെ.

2. ചരു—ഒരുതരം പായസം. 'ഇനിയെന്ത്' എന്നിങ്ങനെ—ഒന്നിനും കൂസലില്ലാതെ.

3. അത്—ഇരുട്ട്.

ഇന്ദ്രാസോമന്മാരേ, നിങ്ങൾ വാനത്തുനിന്നു് എമ്പാടും ചാട്ടുവിൻ: ഏററാൽപ്പൊള്ളമാറു തീയ്യിൽപ്പഴുപ്പിച്ച, തുരുമ്പുപിടിയ്ക്കാത്ത ഇരിമ്പായുധങ്ങൾകൊണ്ടു തീന്മന്റെ വാരിഭാഗം തുളയ്ക്കുവിൻ; അവർ ഒച്ചയിടാതെ ഓടിപ്പോകട്ടെ! 5

ഇന്ദ്രാസോമന്മാരേ, ഞാൻ ബുദ്ധിയാൽ നിങ്ങൾക്കയയ്ക്കുന്ന ഈ സ്തോത്രം ബലവാന്മാരായ നിങ്ങളെ വാറു കുതിരയെയെന്നപോലെ എമ്പാടും ചുററട്ടെ: നിങ്ങൾ ഈ സ്തവങ്ങളെ, രണ്ടു രാജാക്കന്മാരെന്നപോലെ നിറയ്ക്കുവിൻ! 6

ഇന്ദ്രാസോമന്മാരേ, നിങ്ങൾ കുതിച്ചോടുന്ന കുതിരകളിലൂടേ ഇങ്ങോട്ടു വരുവിൻ: മുടിച്ചു ദ്രോഹിക്കുന്ന രാക്ഷസരെ വധിയ്ക്കുവിൻ. ഞങ്ങളെ യാതൊരു ദ്രോഹി വല്ലപ്പോഴും ഉപദ്രവിയ്ക്കുമോ, ആ പാപിയ്ക്കു സുഖമുണ്ടാക്കരുതു്! 7

ഇന്ദ്ര, മനശ്ശുദ്ധിയോടേ പെരുമാറുന്ന എങ്കൽ അസത്യവാദിത്വം ചുമത്തുന്നതെവനോ; ആ നുണയൻ, മുഷ്ടിയിലെടുത്ത വെള്ളംപോലെ ഉതിർന്നുപോകട്ടെ! 8

പരിപക്വവചനനെ എവർ സ്വാത്മപരതയാൽ പഴിയ്ക്കുമോ, നല്ലവനെ പ്രബലരായ എവർ ദുഷിയ്ക്കുമോ, അവരെ സോമൻ പാമ്പിന്നു കൊടുക്കട്ടെ; അല്ലെങ്കിൽ നിരൃതിയുടെ മടിയിലിരുത്തട്ടെ! 9

അഗ്നേ, ആർ നമ്മുടെ അന്നത്തിന്റെ, ആർ കുതിരകളുടെ, ആർ ഗോക്കളുടെ, ആർ ശരീരത്തിന്റെ സത്തു കെടുത്താൻ നോക്കുമോ, ആ കക്കുന്ന കള്ളനായ ദ്രോഹി കൊല്ലപ്പെടട്ടെ; അവന്റെ ദേഹവും മകനും നശിച്ചുപോകട്ടെ! 10

ആർ ഞങ്ങളെ അഹസ്സിൽ, ആർ രാത്രിയിൽ കൊല്ലാൻ നോക്കുമോ, അവൻ ദേഹത്തോടും പുത്രനോടും വേർപെടട്ടെ; ദേവന്മാരേ, അവന്റെ യശസ്സു് ഉണങ്ങിപ്പോകട്ടെ! 11

---

5. ചാട്ടുവിൻ——ആയുധങ്ങൾ. അവർ——തീന്മന്മാർ, രാക്ഷസർ.

6. വാറു്——ബന്ധനരജ്ജു. നിറയ്ക്കുവിൻ——ഫലങ്ങൾകൊണ്ടു്.

9. പരിപക്വവചനൻ——സത്യഭാഷി. പാമ്പിന്നു കൊടുക്കട്ടെ——പാമ്പിനെക്കൊണ്ടു കടിപ്പിയ്ക്കട്ടെ. നിരൃതി——പാപദേവത.

11. വേർപെടട്ടെ——ചാകട്ടെ. യശസ്സു്——കീർത്തിയോ, അന്നമോ.

ഇതു് അഭിജ്ഞയ്ക്കു് എളുപ്പത്തിൽ അറിയാം: നേരും നുണയും തമ്മിൽ മത്സരിയ്ക്കുയാണു്; അവയിൽ സത്യവും സരളവുമായിട്ടുള്ള വാക്കിനെ സോമൻ രക്ഷിയ്ക്കും; അസത്യത്തെ തള്ളും! 12

പാപിയെയും, ഭോഷ്ക്കു പറയുന്ന ബലവാനെയും സോമൻ വിട്ടയയ്ക്കില്ല; അരക്കനെ ഹനിയ്ക്കും, നുണയനെയും ഹനിയ്ക്കും. ഇരുവരും ഇന്ദ്രന്റെ തടവിൽ കിടക്കും! 13

അഗ്നേ, ഞാൻ അസത്യവാദിയാണെങ്കിൽ, ദേവന്മാരെ ഉപഗമിയ്ക്കുന്നതു വെറുതെയാകുമല്ലോ; ജാതവേദസ്സേ, അവിടുന്നു ഞങ്ങളിൽ അരിശപ്പെടുന്നതെന്തിനു്? നുണയന്മാരെ വേണം, ഭവാൻ കൊല്ലുക! 14

ഞാൻ ഒരരക്കനാണെങ്കിൽ—മനുഷ്യന്റെ ആയുസ്സു കെടുത്തവനാണെങ്കിൽ—ഇന്നു മരിച്ചുകൊള്ളാം! എന്നെ ആർ വെറുതേ അരക്കനെന്നു വിളിച്ചുവോ, അവൻ ഒരു പത്തുപുത്രന്മാരോടു വേർപെടണം! 15

ആർ അരാക്ഷസനായ എന്നെ രാക്ഷസനെന്നു വിളിയ്ക്കുമോ, ഏതു രാക്ഷസൻ, 'ഞാൻ പരിശുദ്ധനാണെ'ന്നു പുലമ്പുമോ, അവനെ ഇന്ദ്രൻ വലിയ വജ്രംകൊണ്ടു വധിയ്ക്കട്ടെ; അവൻ എല്ലാ പ്രാണികളിലുംവെച്ചു് അധമനായി കീഴ്പതിയ്ക്കട്ടെ! 16

യാതൊരുവൾ രാത്രിയിൽ ദ്രോഹിപ്പാൻ കോലം വെളിപ്പെടുത്തിക്കൊണ്ടു്, ഒരു മൂങ്ങപ്പിടപോലെ നടക്കുമോ, അവൾ അററമില്ലാക്കുഴികളിൽ കമിഴ്ന്നുവീഴട്ടെ! അമ്മിക്കുഴകളും ശബ്ദംകൊണ്ടു് അരക്കരെ ഹനിയ്ക്കട്ടെ! 17

മരുത്തുക്കളേ, നിങ്ങൾ പ്രജകളിൽ സ്ഥിതിചെയ്യുവിൻ: യാവചിലർ രാത്രികളിൽ പക്ഷികളായി പറന്നുവരുമോ, യാവചി

---

12. ഒരു രാക്ഷസൻ വസിഷ്ഠന്റെ നൂറുപുത്രന്മാരെ വധിച്ചിട്ടു, വസിഷ്ഠന്റെ രൂപം ധരിച്ചു, 'നീ രാക്ഷസനാകുന്നു, ഞാനാണു്, വസിഷ്ഠൻ' എന്നും പറഞ്ഞു. വസിഷ്ഠനെ കൊല്ലാനൊരുങ്ങി. അപ്പോൾ അവനോടു വസിഷ്ഠൻ ചെയ്ത ശപഥമാണു്, ഈ ഋക്കു് മുതൽ: നേരു്—സത്യവചനം.

15. പുത്രന്മാരോടു—ബന്ധുക്കളോടൊക്കെ എന്നു ഹൃദയം.

17. അവൾ—ആ രാക്ഷസി. അമ്മിക്കുഴകൾ—സോമലത ചതയ്ക്കുന്ന.

ലർ ഉജ്ജ്വലമായ യാഗത്തിൽ ഉപദ്രവിയ്ക്കുമോ, ആ രാക്ഷസരെ നിങ്ങാം ഒരുങ്ങിപ്പിടിച്ചരയ്ക്കുവിൻ! 18

ഇന്ദ്ര, അങ്ങ് അന്തരിക്ഷത്തിൽനിന്നു് ഇടിവാാം ചാട്ടുക: മഘവാവേ, സോമോത്തേജിതനെ വിശുദ്ധിപ്പെടുത്തുക; രാക്ഷസരെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും വജ്രമെയ്യു് ആട്ടിപ്പായിയ്ക്കുക! 19

ഇതാ, അവർ നായ്ക്കളുമായി വന്നടുക്കുന്നു: യാവചില ഹിംസാശീലർ അഹിംസ്യനായ ഇന്ദ്രനെ ഹിംസിപ്പാൻ നോക്കുമോ, ആ കള്ളന്മാർക്കു ശക്രൻ ആയുധമണയ്ക്കും,—തീർച്ചയായും, ഇടിവാാം കൊലയാളികളിൽ വീഴ്ത്തും! 20

ഹവിസ്സു നശിപ്പിയ്ക്കാൻ നേരിട്ടണഞ്ഞ രാക്ഷസരെ ഇന്ദ്രൻ കൊലപ്പെടുത്തി: വന്ന രക്ഷസ്സുകളെ ശക്രൻ, മഴു മരങ്ങളെയെന്ന പോലെ, മൺപാത്രങ്ങളെയെന്നപോലെ, പിളുത്തുകൊണ്ടേതിക്കും! 21

മൂങ്ങയുടെ, ചെറുമൂങ്ങയുടെ, ശ്വാവിൻെറ, ചക്രവാകത്തിൻെറ, പരുന്തിൻെറ, കഴുകിൻെറരൂപം ധരിച്ച രക്ഷസ്സിനെ ഇന്ദ്ര, അങ്ങ് ഹനിച്ചാലും—കല്ലുകൊണ്ടെന്നപോലെ ചതച്ചാലും! 22

രക്ഷസ്സു ഞങ്ങളോടടുക്കരുത്: 'ഇതെന്ത്', ഇതെന്തെ'ന്നു നോക്കുന്ന രാക്ഷസമിഥുനങ്ങളെ (ഉഷസ്സ്) അകററട്ടെ! ഞങ്ങളെ ഭൂമി ഭൂമിയിലെ പാപത്തിൽനിന്നു പാലിയ്ക്കട്ടെ; ഞങ്ങളെ അന്തരിക്ഷം വാനിലെ പാപത്തിൽനിന്നു പാലിയ്ക്കട്ടെ! 23

ഇന്ദ്ര, ആണായ അരക്കനെയും മായകൊണ്ടു വലയ്ക്കുന്ന പെണ്ണിനെയും അവിടുന്നു കൊല്ലണം: കൊലക്കളിക്കാർ കഴുത്തു മുറിഞ്ഞു നിലവിളിയ്ക്കട്ടെ; ഉദിയ്ക്കുന്ന സൂര്യനെ അവർ കാണരുത്! 24

---

19. സോമോത്തേജിതൻ=സോമത്താൽ മൂർച്ചകൂട്ടപ്പെട്ടവൻ, യജമാനൻ.

20. അവർ—രാക്ഷസർ. കള്ളന്മാർക്കു—കള്ളന്മാരെ കൊല്ലാൻ. അണയ്ക്കും=മൂർച്ചകൂട്ടും.

23. മിഥുനങ്ങാം—സ്ത്രീപുരുഷർ.

24. കൊലക്കളിക്കാർ—കൊല്ലുക എന്ന കളി കളിയ്ക്കുന്നവർ.

സോമ, അങ്ങും ഇന്ദ്രനും വെവ്വേറെ നോക്കണം, പലതരത്തിൽ നോക്കണം, ഉണർന്നിരിയ്ക്കണം: കൊലയാളികളായ രാക്ഷസരുടെ നേർക്കു നിങ്ങൾ ഇടിവാളാകുന്ന ആയുധം ചാട്ടണം! 25

ഏഴാംമണ്ഡലം സമാപ്തം.

===

എട്ടാം മണ്ഡലം.

അനുവാകം 1

സൂക്തം 1.

കണ്വഗോത്രർ മേധാതിഥിയും, മേധ്യാതിഥിയും ഋഷിമാർ; ബൃഹതിയും സതോബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(പാന)

അന്യനെ സ്തുതിയ്ക്കായ്വിൻ, സഖാക്കളേ—
ഖിന്നരാകൊലാ: നീരു പിഴിഞ്ഞൊപ്പം
വാഴ്ത്തുവിൻ, പെയ്യുമിന്ദ്രനെത്താൻ നിങ്ങൾ;
പേർത്തുപേർത്തുച്ചരിയ്ക്കുവിനു,ക്ഥവും! 1

കാളപോലേ വലിയ്ക്കുവോനെ, വൃഷം—
പോലിടർചേർത്തു കീഴമർത്തുന്നോനെ,
രണ്ടുമാചരിപ്പോനെ,യജരനെ,
രണ്ടുമുള്ള വദാന്യനെ,സ്സേവ്യനെ! 2

---

25. നോക്കണം—രാക്ഷസരെ.

സൂക്തം 1.

1. സ്തോതാക്കളോട്: ഖിന്നരാകൊലാ—മററാരെയെങ്കിലും സ്തുതിച്ചു വെറുതേ ക്ഷീണിയ്ക്കേണ്ടാ. പെയ്യും—അഭീഷ്ടവർഷിയായ.

2. വലിയ്ക്കുവോനെ—കാളവണ്ടി വലിയ്ക്കുന്നതുപോലെ, ശത്രുക്കളെ വലിച്ചിഴയ്ക്കുന്നവനെ. ഇതിന്റെ ഒരു പ്രകാരാന്തരമാണ്, അടുത്ത പാദം. രണ്ടും—നിഗ്രഹവും, അനുഗ്രഹവും. രണ്ടുമുള്ള—ദിവ്യ–ഭൌമധനോപേതനായ. വദാന്യൻ=ദാനശീലൻ. ഈ ദ്വിതീയാന്തപദങ്ങളെല്ലാം മുൻഋക്കിലെ ഇന്ദ്രന്റെ വിശേഷണങ്ങളാകുന്നു.

ഇന്നരരവനത്തിനായ് വെവ്വേറെ
നിന്നു നിന്നെസ്സുതിപ്പതുണ്ടെങ്കിലും,
എന്നുമെന്നുമീ ഞങ്ങൾതൻ സ്തോത്രംതാ–
നിന്ദ്ര, നിന്നെ വളർപ്പതായ്ത്തീരട്ടെ! 3

അപ്പുറം പൂകുമല്ലോ, ചെറുത്തെതിർ–
നില്പവരെ വിറപ്പിച്ച സൂരികൾ;
അബ്ഭവാൻ വരികി,ങ്ങു മഘവാവേ;
തർപ്പണത്തിന്നണയ്ക്ക, വിചിത്രാന്നം! 4

വില്ക്കുകില്ല, ഞാൻ വൻവിലയ്ക്കും നിന്നെ,–
ത്തൃക്കരേ വജ്രമേന്തും ബഹുധന,
ആയിരത്തിനും, പത്തായിരത്തിനു,–
മാഹിതവജ്ര, നൂറായിരത്തിനും! 5

അച്ഛനെക്കാൾ വിലപ്പെട്ടവനെ,നി–
ച്ഛിച്ചുവെയ്ക്കാത്തൊരണ്ണനെക്കാളും നീ;
ഇന്ദ്ര, മാതാവുമങ്ങുമൊപ്പം വസോ;
തന്നരുൾക, മേ സമ്പത്തും മഹത്ത്വവും! 6

എങ്ങു നീ?–യെങ്ങു പോയി നീ? നിന്മന–
സ്സിങ്ങനേകരിലല്ലോ, പുരന്ദര;
വന്നണക, നീ പോരാട്ടം യോദ്ധാവേ;
വൻനുതിയുണ്ടു, പാടുന്ന പാട്ടുകാർ! 7

---

3. അവനം = രക്ഷണം.

4 സൂരികൾ—ഭവാനെ സ്തുതിക്കുന്നവർ. തർപ്പണത്തിന്ന്—ഭവാനെ തൃപ്തിപ്പെടുത്താൻ.

5. അപരിമിതമായ ധനത്തെക്കാളും എനിക്കു പ്രിയപ്പെട്ടവനാണ്, ഭവാൻ. ആഹിതവജ്ര—വജ്രം ധരിച്ചവനേ. വജ്രിപദമിതുക്തി ശൗര്യദ്യോതകമാകുന്നു.

6. ഇച്ഛിച്ചുവെയ്ക്കാത്ത—എന്റെ കാര്യത്തിൽ ശ്രദ്ധയില്ലാത്ത. മാതാവ്—എന്റെ അമ്മ.

7. അനേകരിൽ—വളരെ യഷ്ടാക്കളിൽ. യോദ്ധാവ്—യുദ്ധകുശലൻ. വൻനുതി = വലിയ സ്തുതി. പാട്ടുകാർ—ഞങ്ങളുടെ സ്തോതാക്കൾ.

നല്ലോടേ നിങ്ങൾ പാടുവിൻ, സേവ്യനാ—
മിപ്പുരന്ദരന്നായിട്ടു ഗായത്രം:
വജ്രവാൻ കണ്വപുത്രർതൻ യാഗത്തിൽ
വന്നുചേരാൻ, പുരങ്ങൾ പിളർത്തുവാൻ! 8

പത്തുപത്തും സഹസ്രവുമുണ്ടല്ലോ,
പത്തുയോജന പോകും ഹയങ്ങൾ തേ:
വിദ്രുതയാനരാമാ വൃഷാക്കളാ—
ലെത്തുകെ,ങ്ങളിൽ വെക്കും തിരുവടി! 9

ഇന്നു ഞാൻ വിളിക്കുന്നേൻ, സുദുഘയായ്
നന്ദ്യവേഗയാം പാലുററ ധേനുവും,
തോയമേറിയ കാമ്യമാം മറെറാന്നു—
മായ പര്യാപ്തകാരിയാമിന്ദ്രനെ. 10

അർക്കനേതശന്നത്തൽ പെടുത്തവേ,
വക്രഗാമിവാതാശ്വദ്വയവുമായ്,
ആർജ്ജുനേയനാം കുത്സനൊത്തണ്ടർകോ—
നാഞ്ഞണഞ്ഞാന,ഹിംസ്യനാം സൂര്യനിൽ. 11

കേവലം മരുന്നില്ലാതെ, ശോണിതം
ഗ്രീവയിൽനിന്നൊലിപ്പതിൻമുന്നമേ

---

8. സ്തോതാക്കളോട്: ഗായത്രം——സാമം. കണ്വപുത്രർ——മേധാതിഥിയും, മേധ്യാതിഥിയും. പുരങ്ങൾ——ശത്രുനഗരങ്ങൾ.

9. പത്തുപത്ത്——നൂറ്. പത്തുയോജന പോകും——ഒരേപോക്കിൽ പത്തു യോജന വഴി പിന്നിടുന്ന. വിദ്രുതയാനർ=ശീഘ്രഗാമികൾ. വൃഷാക്കൾ——രേതസ്സേചനസമർത്ഥർ, യുവാക്കൾ.

10. ഇന്ദ്രനെ ധേനുരൂപത്തിലും വൃഷ്ടിരൂപത്തിലും സങ്കല്പിച്ചു സ്തുതിക്കുന്നു: മറെറാന്ന്——വൃഷ്ടി. പര്യാപ്തകാരി=തികച്ചും ചെയ്യുന്നവൻ.

11. ഇക്കഥ ഒന്നാം മണ്ഡലത്തിൽത്തന്നെയുണ്ട്: വക്രഗാമിവാതാശ്വദ്വയവുമായ്——വളഞ്ഞുതിരിഞ്ഞോടുന്ന വായുവേഗികളായ രണ്ടശ്വങ്ങളെ, ഹരികളെ, പൂട്ടിയ തേരിൽ. ആർജ്ജുനേയൻ=അർജ്ജുനി എന്നവളുടെ പുത്രൻ. ആഞ്ഞണഞ്ഞാൻ——യുദ്ധത്തിന്ന്. ഏതശൻ——ഒരു രാജാവ്; കുത്സൻ——അദ്ദേഹത്തിന്റെ പുരോഹിതനായ ഋഷി.

ചേർത്തിണക്കും, മഘവാവു സന്ധികൾ;
പേർത്തു കൂട്ടും, മുറിപ്പാടുരുധനൻ! 12

എങ്ങൾ നീചർപോലാകൊലാ, നിന്നൻപാ;—
ലെങ്ങളിന്ദ്ര, വിഷണ്ണർപോലാകൊലാ;
നേർത്ത കാടുകൾപോലാകൊലാ, വജ്രിൻ;
സ്തോത്രമോതാവു, ഗേഹത്തിൽ വാണെങ്ങൾ! 13

വൃത്രസൂദന, വെമ്പലും തള്ളലു—
മെത്തിടാതെങ്ങൾ ശൂര, പുകഴ്ത്താവൂ -
സ്തോത്രമങ്ങയ്ക്കൊരിക്കലെന്നാകിലും
പേർത്തു ചൊല്ലാവു, വന്മുതലൊത്തെങ്ങൾ! 14

എൻമതി കേൾക്കമെങ്കിൽ മത്തേകട്ടെ,—
യിന്ദ്രനു ശീഘ്രമെ,ങ്ങൾതൻ സോമങ്ങൾ,
നൂലരിപ്പിൽനിന്നിററിററു വീണവ,
മേലെ വെള്ളം പകർന്നു വളർത്തവ! 15

സേവകനാം സഖാവിൻ സഹസ്തുതി—
ക്കായ് വിരഞ്ഞെഴുന്നള്ളുകി,പ്പോൾബ്ഭവാൻ:
നിങ്കലെത്തട്ടെ, യഷ്ടൃസ്തുതികളും;
നിന്നെ ഞാനും സ്തുതിക്കാവു, ഭംഗിയിൽ! 16

സോമമമ്മിക്കുഴയാൽപ്പിഴിയുവിൻ—
ളുമ കൂട്ടാൻ പകരുവിനംഭസ്സിൽ:

---

12. കേവലം മരുന്നില്ലാതെ—മുറിമരുന്നില്ലാതെതന്നെ. ശോണിതം = രക്തം. ഗ്രീവ = കഴുത്ത്. സന്ധികൾ ചേർക്കാനും, മുറി കൂട്ടാനും അവിടെയ്ക്കു മരുന്നു വേണ്ടാ!

13. നേർത്ത—കൊമ്പും മററുമില്ലാതായി ക്ഷയിച്ച. കാടുകൾ—വൃക്ഷഗണങ്ങൾ. ഞങ്ങൾ പുത്രാദികളോടു വേർപെട്ടു, ക്ഷയിച്ച വൃക്ഷങ്ങൾപോലാകരുത്.

14. തള്ളൽ—ഗർവ്. വന്മുതലൊത്ത്—ഭവൽപ്രസാദത്താൽ വളരെ ധനം നേടി.

15. ഉത്തരാർദ്ധം സോമവിശേഷണങ്ങൾ. വെള്ളം—മന്ത്രം ജപിച്ച വസതീവരി എന്ന ജലം.

16. സഖാവ്—സ്തോതാവ്. സഹസ്തുതി—മററൃത്വിക്കുകളോടുകൂടി ചൊല്ലുന്ന സ്തുതി: വിരഞ്ഞ്—വെക്കം. യഷ്ടൃസ്തുതികൾ—യജമാനരുടെ സ്തുതികൾ.

പൈത്തുകിലിനെപ്പോലുടുത്തു ജലം
ചോർത്തിടുന്നു, നേതാക്കാരം നദികാംക്കായ്! 17

മന്നിൽനിന്നോ, നഭസ്സിൽനിന്നോ, പെരും—
വിണ്ണിൽനിന്നോ ശുഭവ്രത, വന്നു നീ
കൈവളരുകീ,യെൻപൃഥുസ്തോത്രത്താൽ;—
ബ്ഭാവസംതൃപ്തി ചേർക്ക, ജനങ്ങളിൽ! 18

ഇന്ദ്രനു നിങ്ങാം നന്നായ്പ്പിഴിയുവിൻ,
നന്ദനീയമാം മാദകസോമത്തെ:
പ്രേമദാഖിലകർമ്മാവാമീയന്ന—
കാമനെത്തഴപ്പിയ്ക്കുമല്ലോ, ഹരി! 19

സോമനീർ പേർത്തരിച്ചും സ്തുതിച്ചും ഞാ—
നീ മഖങ്ങളിൽ നിത്യമർത്ഥിപ്പതിൽ
ക്രോധിയായ്ക. സിംഹാഭനാം സ്വാമി നീ:—
യേതൊരാളിരക്കില്ല, ധിനാഥങ്കൽ? 20

സ്വാദിയന്നതായ് സ്തോതാവയച്ചതാം
മാദകം (നുകരട്ടെ),യുഗ്രബലൻ:
ആ ലഹരിയിലേകുമല്ലോ നമു—
ക്കാ,രെയുമുങ്കടക്കിജ്ജയിപ്പോനെ! 21

---

17. അധ്വര്യുക്കളോട്: ത്വമ—വെട്ടപ്പ്. അംഭസ്സിൽ—വസതീവരീജലത്തിൽ. ഉടുത്തു—മേഘത്തെ, പൈത്തുകിലിനെ (ഗോചർമ്മത്തെ) എന്ന പോലെ ഉടുത്ത്. നേതാക്കാരം—മരുത്തുക്കാരം. നദികാംക്ക വെള്ളം പെയ്തുകൊടുക്കുന്ന മരുത്തുക്കാരം ഇന്ദ്രൻെറ അനുചരന്മാരാണല്ലോ; അതിനാൽ അദ്ദേഹത്തിന്നു സോമം പിഴിയുവിൻ.

18. നഭസ്സ്—അന്തരിക്ഷം. ശുഭവ്രത—ശോഭനകർമ്മാവേ. പൃഥു=വിശാലം. ഭാവസന്തൃപ്തി—അഭീഷ്ടപൂർത്തി. ജനങ്ങാം—ഞങ്ങളുടെ ആളുകാം.

19. അധ്വര്യുക്കളോട്: പ്രേമദാഖിലകർമ്മാവ്—എല്ലാക്കർമ്മങ്ങാംകൊണ്ടും പ്രീതിപ്പെടുത്തുന്നവൻ. ഈയന്നകാമൻ—യജമാനൻ. ഹരി=ഇന്ദ്രൻ.

20, സിംഹാഭൻ—സിംഹതുല്യൻ. എല്ലാവരും ഇരക്കും, സ്വാമിയുടെ അടുക്കൽ; ഞാനും സ്വാമിയായ ഭവാനോട് അർത്ഥിയ്ക്കുന്നു.

21. മാദകം—മത്തുണ്ടാക്കുന്ന സോമം. ആരെയും—ശത്രുക്കളെയെല്ലാം. ജയിപ്പോനെ—ജയിപ്പാൻ ശക്തനായ പുത്രനെ.

അധ്വരേ ഹവിസ്സേകുന്ന മർത്ത്യന്നും,
നൽസ്തവം ചൊല്ലുവോന്നും, പിഴിവോന്നും
ഭൂരികാമ്യം കൊടുപ്പതുണ്ട, ദ്ദേവൻ
സൂരികീർത്തിതൻ സർവകാര്യോദ്യതൻ! 22

വന്നുചേരുക, മത്തുപിടിയ്ക്കുക,
സുന്ദരധനംകൊണ്ടിന്ദ്രദേവ, നീ:
ഒപ്പമുണ്ട സോമത്താൽ നിറച്ചാലും,
തുപ്പെരുംകുമ്പ, പൊയ്കപോലേ ഭവാൻ! 23

ഇന്ദ്ര, പൊൻതേർക്കു പൂട്ടിയ കേസര-
ത്തുന്ദിലങ്ങളാം നൂറായിരമശ്വങ്ങളാം,
സ്തോമയുക്തങ്ങളാം കൊണ്ടുവരേണമേ,
സോമനീർ നുകരുന്നതിന്നങ്ങയെ! 24

വെൺമുതുകും, മയിൽനിറലിംഗവു-
മിമ്മട്ടാമിരുപൊൽത്തേർക്കുതിരകളാം
ആവഹിയ്ക്കട്ടെ,യിങ്ങോട്ടി, നിപ്പുററ
ഭാവനീയാന്നമുണ്ണുവാനങ്ങയെ! 25

സാധുരീത്യാ പിഴിഞ്ഞരിച്ചുള്ളതാം
സ്വാദുനീരിതു വായുപോലാശു നീ
സ്തുത്യഭിഗമ്യ, മുമ്പേ നുകർന്നാലും:
മത്തിയററുവൊന്നി, സ്സുഭഗാസവം! 26

---

22. ഭൂരികാമ്യം—വളരെധനം.

23. സുന്ദരധനംകൊണ്ട്—അഴകൊത്ത സോമം കടിച്ച്. ഒപ്പം—മരുത്തുക്കളോടുകൂടി. പൊയ്കപോലെ—സരസ്സു വെള്ളംകൊണ്ടു നിറയ്ക്കുന്നതുപോലെ.

24. കേസരത്തുന്ദിലങ്ങളാം—ധാരാളം സ്കന്ധരോമങ്ങളുള്ളവ. സ്തോമയുക്തങ്ങളാം—ഞങ്ങളുടെ സ്തോത്രങ്ങളോടുകൂടിയവ, ഞങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവ.

25. വെളുത്ത മുതുക്, മയിൽനിറത്തിലുള്ള ലിംഗം—ഇങ്ങനെയുള്ള, കനകത്തേരിനു പൂട്ടുന്ന രണ്ടു കുതിരകളാം, ഹരികളാം. ആവഹിയ്ക്കട്ടെ—കൊണ്ടുപോരട്ടെ. ഇനിപ്പുററ=മാധുര്യമുള്ള. ഭാവനീയാന്നം—വരണീയമായ സോമം.

26. സാധുരീത്യാ=വഴിപോലെ. സ്വാദുനീർ—രസവത്തായ സോമനീർ. വായുപോലെ—വായുവിന്നത്രേ, യാഗത്തിൽ ഒന്നാമത്തു സോമപാനം. സ്തുത്യഭിഗമ്യ=സ്തുതികളാംകൊണ്ടു പ്രാപിയ്ക്കപ്പെടേണ്ടവനേ. ആസവം=മധു, സോമം.

ആർ തനിച്ചടരാടിയടക്കിടും,
ചെയ്തിയാൽ മഹാൻ, നൽത്തൊപ്പിയിട്ടവൻ;
അത്തരസ്വി വരട്ടേ, പിരിഞ്ഞിടൊ-
ല്ലി:–സ്തവം ശ്രവിയ്ക്കട്ടേ, ത്യജിയ്ക്കൊല്ലാ! 27

ആയുധത്താലരച്ചകളഞ്ഞല്ലോ,
നീയുഴറിനടന്ന ശുഷ്ണപുരം:
ഇന്ദ്ര, രണ്ടുകൂട്ടർക്കും വിളിയ്ക്കുവേ-
ണ്ടുന്നവനായി, പിൻപാട പൂണ്ട നീ! 28

എൻ്റന്തികം സൂര്യോദയത്തിങ്കലു,–
മെൻ്റന്തികം നട്ടുച്ചനേരത്തിലും,
എൻ്റന്തികം സായാഹ്നത്തി,ലല്ലിലു–
മിങ്ങു കൊണ്ടുവരട്ടെ, നിന്നെ വസോ! 29

'വാഴ്ത്തുക, വാഴ്ത്തുകീ:–യെങ്ങൾ തേ ധനം
സാരഥരിൽവെച്ചു കൂടുതൽ തന്നല്ലോ;
അല്പിതാശ്വരായ് വമ്പരെക്കൊന്നവർ,
സൽപ്പഥസ്ഥിതരെ,ങ്ങൾ മേധ്യാതിഥേ! 30

പാട്ടിൽ നില്ക്കും ഹയങ്ങളെ ശ്രദ്ധയാ
പൂട്ടിയല്ലോ, ഭവാൻ്റെ രഥത്തിൽ ഞാൻ:

---

27. അടക്കിടും––ശത്രുക്കളെ കീഴമർത്തും. ചെയ്തിയാ=കർമ്മംകൊണ്ട്. മഹാൻ––മുന്തിയവൻ. തരസ്വി=ബലിഷ്ഠൻ.

28 രണ്ടുകൂട്ടർക്കും––സ്തോതാക്കൾക്കും. യഷ്ടാക്കൾക്കും. പിൻപാട പൂണ്ട––ശുഷ്ണപുരദാരണാനന്തരം ഉജ്ജ്വലനായിത്തീർന്ന. ശുഷ്ണാസുരൻ്റെ നഗരം അവിടവിടെ മാറാപ്പെട്ടിരുന്നതുകൊണ്ടാവാം, ഉഴറിനടന്ന എന്ന വിശേഷണം.

30 ആസംഗൻ എന്ന രാജാവു മേധ്യാതിഥിയ്ക്കു വളരെധനം കൊടുത്തിട്ട്, തന്നെ സ്തുതിപ്പാൻ പ്രേരിപ്പിയ്ക്കുന്നു: വാഴ്ത്തുക––എന്നെ സ്തുതിയ്ക്കുക. സാരഥരിൽവെച്ചു––മററ് അർത്ഥ(ധന)വാന്മാരെക്കാൾ. അല്പിതാശ്വരായ്––ശത്രുക്കളുടെ കുതിരകളെ തുച്ഛീകരിച്ച്. വമ്പരെ––വലിയ വൈരികളെ. മേധ്യാതിഥേ, ഞാൻ ശത്രുജേതാവാണ്, സന്മാർഗ്ഗവർത്തിയാണു്; ഇതൊക്കെപ്പിടിച്ച്, ഭവാൻ എന്നെ സ്തുതിച്ചാലും.

31. പാട്ടിൽ നില്ക്കും––നല്ല മെരുക്കമുള്ള. ഞാൻ ഭവാനു തേർ തന്നു; കുതിരകളെയും പൂട്ടിത്തന്നു. ആദരാർഹാർത്ഥദാനമറിഞ്ഞവൻ––ആദരണീയമായ

ആദരാർഹാത്ഥദാനമറിഞ്ഞവൻ,
യാദവ നൊരു സൂക്ഷ്മസന്ദർശി ഞാൻ,' 31

'ജംഗമങ്ങളാം സ്വത്തുക്കളാരെനി-
ക്കിങ്ങു നൽകിയോ, പൊൻതോൽവിരിപ്പൊടും;
തേരിരമ്പുമാസംഗനാമദ്ദേഹം
സ്ഫാരസമ്പത്തടക്കിയരുളട്ടെ!' 32

'അന്യരെക്കവിച്ചേകി, പത്തായിരം
തന്നെയഗ്നേ, പ്രയോഗജനാസംഗൻ:
പൊങ്ങി, മിന്നുമെൻകൂററർ പത്തായിരം,
പൊയ്കയിൽനിന്നു വേഴൽകരംപോലവ!' 33

പേർത്തു കാണായി,വന്റെ മുൻഭാഗത്തു
ചീർത്തു ഞാന്നൊരെല്ലില്ലാത്ത വൻചിഹ്നം!
പാർത്തുകണ്ടോതി പത്നിയാം ശശ്വതി:—
'ചാർത്തി, നീ നാഥ, നൽബ്ഭോഗസാധനം!' 34

———

അർത്ഥം (ധനം) കൊടുക്കുന്നതിൽ കുശലൻ യാദവൻ—യദുവംശജാതൻ. ഇങ്ങനെ എന്നെ സ്തുതിക്കുക.

32. മേധ്യാതിഥി ആസംഗനെ സ്തുതിക്കുന്നു: ജംഗമങ്ങളാം സ്വത്തുക്കൾ—ഗോക്കൾ. പൊൻതോൽവിരിപ്പൊടും—അവയുടെ മുതുകുകളിൽ സ്വർണ്ണത്തോൽ വിരിപ്പുമുണ്ട്. തേരിരമ്പും—മഹാരഥൻ എന്നർത്ഥം. സ്ഫാരസമ്പത്ത്—ശത്രുക്കളുടെ ബഹുധനം.

33. ആസംഗകൻ പ്രസാദിപ്പാൻ അഗ്നിയോടു പ്രാർത്ഥിക്കുന്നു: പത്തായിരംതന്നെ — തികച്ചും പതിനായിരം ഗവാദികളെ പ്രയോഗജൻ—പ്രയോഗനെന്ന രാജാവിന്റെ പുത്രൻ എൻകൂററർ—എനിക്കു് ആസംഗൻ തന്ന വിത്തുകാളകൾ. വേഴൽകൾ—പൊയ്കയിലുണ്ടാകുന്ന വേഴൽപ്പുല്ലുകൾ; ഇവ പൊയ്കയിൽനിന്നു കൂട്ടംകൂട്ടമായി പൊങ്ങിവരുന്നതുപോലെ, കൂററന്മാർ ആസംഗകൽ നിന്നാവിർഭവിച്ചു.

34. ഈ ആസംഗൻ ഒരു ക്കൽ ദേവശാപംമൂലം നപുംസകമായിപ്പോയി. അതിൽ ഖിന്നയായ പത്നി, ശശ്വതി വമ്പിച്ച തപസ്സനുഷ്ഠിച്ചു; അവളുടെ തപസ്സാൽ ഭർത്താവിന്നു പുരുഷത്വവും വീണ്ടുകിട്ടി. രാത്രിയിൽ അതറിഞ്ഞു സന്തുഷ്ടിപൂണ്ടു ശശ്വതി ഭർത്താവിനെ കൊണ്ടാടി: നാലാംപാകംമാത്രമാണ്, ശശ്വതീവാക്യം. ഇവൻ—ആസംഗൻ. വൻചിഹ്നം—വലിയ ലിംഗം. നാഥ, ഭർത്താവേ, നീ നൽബ്ഭോഗസാധനം ചാർത്തി, അണിഞ്ഞു—അങ്ങയ്ക്കു പുരുഷലിംഗം കിട്ടി. അംഗിരസ്സിന്റെ മകളത്രേ, ശശ്വതി.

സൂക്തം 2.

മേധാതിഥിയും പ്രിയമേധനും ഋഷികൾ: ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത

('ദ്വാരകാമന്ദിരം'പോലെ.)

ഇപ്പിഴിഞ്ഞൊരന്നം വസോ,
കല്പിച്ചു നുകർന്നു ഭവാൻ
നിർഭരം നിറച്ചു വയർ:
നിർഭയ, തരുന്നു ഞങ്ങൾ. 1

നേതാക്കളെടുത്തമ്മിതൻ
മീതേ കുത്തിപ്പിഴിഞ്ഞതായ്,
മേഷരോമഗാളിതമായ്,
മൈ നനച്ചോരശ്വംപോലായ്, 2

സ്വാദുവായ സോമം ഗവ്യോ—
പേതമാക്കി യവംപോലെ
നിർമ്മിച്ചിരിയ്ക്കുന്നു, ഞങ്ങ—
ളിമ്മഖത്തിലങ്ങയ്ക്കിന്ദ്ര. 3

ഇന്ദ്രനേകൻ സോമമുണ്ണോൻ—
ഇന്ദ്രൻതന്നേ നീർ കുടിപ്പോൻ;
സർവാന്നവാന,വിടുന്നു
ദിവ്യരിലും മർത്ത്യരിലും! 4

സൂക്തം 2.

1. അന്നം—സോമം. നിർഭയ=ഭയമില്ലാത്തവനേ. തരുന്നു—സോമം.

2. മേഷരോമഗാളിതം—കമ്പിളിയരിപ്പയിൽ അരിയ്ക്കപ്പെട്ടത്. മൈ നനച്ചോരശ്വംപോലായ്—നനച്ചു തുടച്ച കുതിരപോലെ ശുചിയും ദീപ്തവുമായി.

3. ഗവ്യോപേതമാക്കി—പാലും മററും ചേർത്ത്. യവം—പുരോഡാശമെന്നർത്ഥം.

4. നീർ—സോമരസം. സർവാന്നവാൻ=എല്ലാ അന്നങ്ങ (ഹവിസ്സുക)ളോടുംകൂടിയവൻ; ദിവ്യരിലും (ദേവകളിലും) മർത്ത്യരിലുംവെച്ചു, സോമപായിയും, സർവാന്നവാനും, ഇന്ദ്രൻതന്നെ.

ളുമ പൂണ്ട ധൃഷ്ട്പ്രാപമാം
സോമവും മററന്നങ്ങളും
പ്രീതനാക്കാതിരിയ്ക്കില്ലീ,
സ്ഫീതനായ സുചിത്തനെ! 5

വേറേചിലരിദ്ദേഹത്തെ,
വേടർ മൃഗത്തിനെപ്പോലെ,
ഗവ്യം കൈക്കൊണ്ടോരായുന്നു,
ചൊവ്വില്ലാതേ സ്തുതിയ്ക്കുന്നു! 6

നന്നായ്പ്പിഴിഞ്ഞതു നുക-
രുന്ന ദേവനാമിന്ദ്രന്നായ്
സോമം പിഴിയട്ടേ, നിജ-
ധാമത്തിങ്കൽ മൂന്നുവട്ടം! 7

മുപ്പാത്രത്തിൽപ്പകർന്നു, നീ;-
രപ്പടി മുച്ചമസങ്ങൾ
സംപൂർണ്ണങ്ങളാക്കപ്പെട്ടു,
സംഭൃതമാം യജ്ഞമൊന്നിൽ! 8

പേർത്തരിയ്ക്കപ്പെട്ട, നേക-
പാത്രസ്ഥമാം നിങ്കൽ മധ്യേ
ക്ഷീരം ചേർക്കപ്പെട്ടു, തൈരും:
ശൂരനെ മത്താടിയ്ക്കു, നീ! 9

5. സ്ഫീതൻ=പ്രവൃദ്ധൻ, എങ്ങും വ്യാപിച്ചവൻ. സുചിത്തൻ=ശോഭനഹൃദയൻ

6. ചൊവ്വില്ലാതേ—ചീത്തയായി.

7. നന്നായ്പ്പിഴിഞ്ഞതു—ശുചിയായ സോമമേ ഇന്ദ്രൻ നുകരുകയുള്ളു. നിജധാമത്തിങ്കൽ—സ്വന്തം യജ്ഞഗൃഹത്തിൽ. മൂന്നുവട്ടം——സവനത്രയത്തിൽ.

8. മുപ്പാത്രം—മൂന്നു പാത്രങ്ങൾ: ദ്രോണകലശം, പൂതഭൃത്ത്, ആധവനീയം. നീർ—സോമരസം. മുച്ചമസങ്ങൾ—സവനത്രയത്തിലെ ചമസങ്ങൾ. സമ്പൂർണ്ണങ്ങളാക്കപ്പെട്ടു—സോമരസംകൊണ്ടു നിറയ്ക്കപ്പെട്ടു. സംഭൃതം—ഋത്വിക്കുകൾ വഴിപോലെ ശേഖരിച്ചത്.

9. സോമത്തോടു പറയുന്നു: മധ്യേ—ഇടയിൽ. മിത്രാവരുണന്മാർക്കുള്ള ചമസങ്ങളിൽ; തൈരും ചേർക്കപ്പെട്ടു—മൂന്നാംസവനത്തിൽ. ശൂരനെ—ശൂരനായ ഇന്ദ്രനെ.

അത്ര ഞങ്ങൾ പിഴിഞ്ഞ, വ–
ന്മത്തേകുമിത്തെളിസോമം
നിന്നോടിന്ദ്ര, യാചിയ്ക്കുന്നു,
തന്നിൽച്ചേർക്കും പദാർത്ഥത്തെ. 10

ചേർത്താലു,മതിസ്സോമത്തിൽ–
പ്പേർത്തു പുരോഡാശങ്ങളും:
നിൻപക്കലുണ്ടിന്ദ്ര, ഭൂരി–
സമ്പത്തെന്നു കേൾപ്പുണ്ടു മേ! 11

നിന്മനസ്സിൽ നിപീതങ്ങൾ,
ദുർമ്മധുമത്തുകൾപോലേ
പോർ ചെയ്കയാണ;–കിടിനെ–
പ്പോലേ പുകഴ്ത്തുന്നു, പ്രാജ്ഞർ! 12

സ്വത്തുണ്ടാമേ, ഹര്യശ്വ, സ്വ–
ത്തൊത്ത നിന്നെ സ്തുതിയ്ക്കുകിൽ:
നിന്നെപ്പോലാം ഖ്യാതാഢ്യങ്കൽ–
നിന്നുപോലും കിട്ടും, മെച്ചം! 13

ഉക്ഥസ്തവം ചൊല്ലുന്നതു–
മിഗ്ഗായത്രം പാടുന്നതും

---

10 തന്നിൽ, സോമത്തിൽ, ചേർക്കും പദാർത്ഥത്തെ––ക്ഷീരാദിയെ.

11. അത്––ക്ഷീരാദി. പുരോഡാശങ്ങളും സോമത്തിൽ ചേർത്താലും ––പുരോഡാശങ്ങൾ ഭക്ഷിച്ചിട്ടു, മീതേ സോമം കുടിച്ചാലുമെന്നർത്ഥം. കേൾപ്പുണ്ടുമേ––ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ്, ഭവാനോടു ഞാൻ യാചിയ്ക്കുന്നത്.

12. നിപീതങ്ങൾ––കുടിയ്ക്കപ്പെട്ട സോമങ്ങൾ. നിന്മനസ്സിൽ––അങ്ങയുടെ ഉള്ളിൽ. ദുർമ്മധുമത്തുകൾ=ചീത്ത മദ്യലഹരികൾ. പോർ ചെയ്യയാണ്––'ഇന്ദ്രനെ ഞാൻ മത്തുപിടിപ്പിയ്ക്കും, ഞാൻ മത്തുപിടിപ്പിയ്ക്കും' എന്നിങ്ങനെ തമ്മിൽത്തല്ലുകയാണ്. അത്ര്യയ്ക്കു സോമം വയററിലാക്കിയ ഭവാനെ, പയ്യിന്റെ ക്ഷീരപൂർണ്ണമായ അകിടിനെയെന്നപോലെ പ്രാജ്ഞർ (സ്തോതാക്കൾ) സ്തുതിയ്ക്കുന്നു.

13. ഖ്യാതാഢ്യൻ––പ്രസിദ്ധനായ ധനികൻ. മററു ധനികങ്കൽനിന്നു പോലും സ്തോതാവിന്നു മെച്ചം (വലിയ നേട്ടം) കിട്ടും; അപ്പോൾ, അങ്ങയെ സ്തുതിച്ചാൽ തീർച്ചയായും സ്വത്തുണ്ടാവുമെന്നു പറയേണ്ടതില്ലല്ലോ!

പാർത്തറിഞ്ഞീടുവോനല്ലോ,
സ്തോത്രവിഹീനന്റെ വൈരി! 14

ഇന്ദ്ര, ശക്ത, ഹിംസകന്നോ,
വെന്നമർത്ത്യമൊരുത്തന്നോ,
വിട്ടുകൊടുക്കൊല്ലെങ്ങളെ;—
പുഷ്ടി ചേർക്ക, ചെയ്തിയാൽ നീ! 15

ത്വൽക്കാമർ സഖാക്കളെങ്ങ-
ളുംകാമ്പിതിൽത്തന്നെയൂന്നി
ഉക്ഥങ്ങളാൽ സ്തുതിയ്ക്കുന്നു,
ശക്ര, നിന്നെക്കണ്വന്മാരും. 16

കൃത്യവാനാമങ്ങയ്ക്കൊരു
പുത്തൻയാഗം ചെയ്യുന്ന ഞാൻ
അന്യസ്തവം ചൊല്ലാ, വജ്രിൻ:
നിന്നെയേ ഞാനറിയൂ ള്ള! 17

തുഷ്ടികരം, പിഴിയലാ—
ണി;—ഷ്ടമല്ല,മ്പക്കുറക്കം;
എന്നതിനാലാ നിസ്തന്ദ്രർ
വന്നെത്തുമേ, വന്മത്തിന്നായ്! 18

അന്നവുമായ് വെക്കം വരി—
ക,ഞെങ്ങളിൽ—നാണിയ്ക്കേണ്ടാ—

---

14. സ്തോത്രവിഹീനന്റെ വൈരി——സ്തുതിയ്ക്കാത്തവന്റെ ശത്രുവായ ഇന്ദ്രൻ. അതുകൊണ്ട് നാമും സ്തുതിയ്ക്കുക.

15. പുഷ്ടി ചേർക്ക——ഞങ്ങൾക്കു ധാരാളം ധനം തരിക. ചെയ്തി = കർമ്മം.

16. ഇത്——ത്വൽസ്തുതി. കണ്വന്മാരും——ഞങ്ങളുടെ പുത്രാദികളായ കണ്വഗോത്രക്കാരും.

17. കൃത്യവാൻ = കർമ്മവാൻ. നിന്നെയേ ഞാനറിയൂള്ള——എനിയ്ക്കു മറ്റൊരു സ്തുത്യനില്ല

18. ഉറക്കം——മനുഷ്യന്റെ കർമ്മമാന്ദ്യം ഉമ്പർക്കിഷ്ടമല്ല. ആ നിസ്തന്ദ്രർ——ആലസ്യരഹിതരായ ദേവന്മാർ. വന്മത്തിന്നായ്——സോമം കുടിച്ചു മത്തടിപ്പാൻ.

19. അന്നവുമായ്——ഞങ്ങൾക്കു തരാൻ. നാണിയ്ക്കേണ്ടാ——'വലിയവനായ ഞാൻ ഈ എളിയവരിൽ എങ്ങനെ ചെല്ലും' എന്നു സങ്കോചപ്പെടേണ്ടാ.

താരുണ്യോദ്യൽപത്നിയുടെ
ചാരത്തൊരു മഹാൻപോലെ! 19

ദുസ്സഹപ്രഹാരൻ ഭവാ—
നസ്മൽ പാർശ്വേ വരികിപ്പോഠം;
വൈകുന്നേരത്തെയ്ക്കാക്കൊല്ലേ,
വക്ത്തററ വരൻപോലേ! 20

മൂവുലകിന്നുദ്ഭൂതനാ—
മീ വീരൻെറ ഹൃദയവും,
ഭൂരിദമാം നന്മനസ്സും
തേറുന്നവരല്ലോ, ഞങ്ങഠം! 21

ഹോമിയ്ക്കു, സകണ്വന്നാശു:
നാമറിയുന്നതില്ലല്ലോ,
അല്ലേതരരക്ഷനാമീ—
ക്കെല്പനെക്കാഠം കീർത്തിമാനെ! 22

മർത്ത്യഹിതനാകുമിന്ദ്ര—
ന്നുത്തമമാം ചഷകത്തിൽ
വെയ്ക്കു, സോമം പിഴിഞ്ഞവനേ:
ശക്രവീരൻ നുകരട്ടേ! 23

സൌഖ്യദരാം സ്തോതാക്കളെ
നേക്ററിഞ്ഞിത്തിരുവടി

യുവതിയായ പത്നിയുടെ അടുക്കലെയ്ക്കു പോകാൻ മഹാനും (മേലേക്കിടയിലുള്ള ഭർത്താവും) ലജ്ജിയ്ക്കാറില്ലല്ലോ.

20. ദുസ്സഹപ്രഹാരൻ—എതിരാളികഠംക്കു സഹിയ്ക്കാവതല്ലാത്ത പ്രഹാര (ആയുധപ്രയോഗ)ത്തോടുകൂടിയവൻ. അസ്മൽപാർശ്വേ=ഞങ്ങളുടെ അടുക്കൽ. വക്ത്തററ (ഗുണഹീനനായ) വരൻ (ജാമാതാവ്) വീണ്ടും വീണ്ടും വിളിയ്ക്കപ്പെട്ടാലും സായംകാലത്തേ ഗൃഹത്തിൽ ചെല്ലൂ; അങ്ങ് അങ്ങനെയാകരുതേ!

21. മൂവുലകിന്നുദ്ഭൂതനാം—മൂപ്പാരിന്നുവേണ്ടി ജനിച്ചു. ഭൂരിദം=ബഹുപ്രദം. നന്മനസ്സ്—അനുഗ്രഹബുദ്ധി.

22. അധ്വര്യുവിനോട്: സകണ്വന്ന്—കണ്വസഹിതനായ ഇന്ദ്രന്നായി.

വാജിഗോസമ്പന്നമന്നം
വാഴ്ത്തികൾക്കു (കൊടുക്കുമേ)! 24

സ്തുത്യസ്തുത്യമായ സോമ–
മെത്തിസ്സുവിൻ, പിഴിവോരേ,
പാരമിമ്പപ്പെടുത്തേണ്ടും
വീരശ്ശൂരനാമിന്ദ്രന്നായ്! 25

നീരശിപ്പാൻ വന്നെത്തട്ടേ,
ദൂരേ നിന്നീടാതെങ്ങളിൽ;
(വൈരികളെ)യടക്കട്ടേ,
ഭൂരിത്രാണൻ വൃത്രാന്തകൻ! 26

കൊണ്ടുവരികിങ്ങു, മന്ത്രം–
കൊണ്ടു പൂട്ടും സുഖാശ്വങ്ങൾ
സ്തോത്രവിശ്രുതനും ധൃത–
സ്തോത്രനുമാം സഖാവിനെ! 27

വന്നാലും: സ്വാദുവായ്, സോമം;
വന്നാലും: ചേർന്നതായ്, സോമം;
ഒപ്പം മത്തിച്ചിപ്പോനി,വൻ
തൊപ്പിവെച്ച കർമ്മിൻ, സർഷേ! 28

കർമ്മിയെ വളർത്തും സ്തോത്ര–
കർത്താക്കളും സ്തുതികളും

---

24 സൌഖ്യദർ—തനിസ്സു സുഖം നൽകുന്നവർ.

25. സ്തുത്യസ്തുത്യം—അതിസ്തുത്യം.

26. നീരശിപ്പാൻ—സോമരസം കുടിപ്പാൻ. ഭൂരിത്രാണൻ—വളരെ രക്ഷകളുള്ളവൻ.

27. സുഖാശ്വങ്ങൾ—സുഖകരങ്ങളായ രണ്ടു ഹരികൾ. സ്തോത്രവിശ്രുതൻ=സ്തുതികൾകൊണ്ടു പുകഴ്ന്നവൻ. ധൃതസ്തോത്രൻ=സ്തോത്രങ്ങളെ എടുക്കു (സ്വീകരിസ്സു)ന്നവൻ. സഖാവിനെ — ഇന്ദ്രനെ.

28. സോമം സ്വാദുവായ്—ആസ്വാദ്യമായിക്കഴിഞ്ഞു. ചേന്നതായ്—പാലും മററും ചേർക്കപ്പെട്ടതായിക്കഴിഞ്ഞു. ഇവൻ (സ്തോതാവ്) ഒപ്പം (ഭവാനോടുകൂടി) മത്തുകൊള്ളാൻ ആഗ്രഹിസ്സുന്നു. സർഷേ—ഋഷിമാരോടു(സ്തോതാക്കളോടു)കൂടിയവനേ.

വർദ്ധിപ്പിപ്പൂ, കെല്പിന്നും വൻ-
സ്വത്തിന്നുമായ് നിന്നെയിന്ദ്ര! 29

അങ്ങയ്ക്കുള്ള നതികളു,-
മങ്ങയ്ക്കുള്ള ശസ്ത്രങ്ങളും
ഒപ്പമുൽപാദിപ്പിയ്ക്കുന്നു,
കെല്പങ്ങയ്ക്കു സൂക്തിവാഹ്യ! 30

ഭൂരികർമ്മാവഗ്ര്യൻ വജ്ര-
ധാരിയാമിദ്ദേഹംതന്നേ
അന്നം കല്പിച്ചരുളുന്നു,
മുന്നേമുതൽക്കധർഷിതൻ! 31

നന്നായ് വലംത്രൈക്കൈകൊണ്ടേ
കൊന്നാനി,ന്ദ്രനാ വൃത്രനെ
വാരുററ ചെയ്കിയാൽ മഹാൻ,
ഭൂരിദിക്കിൽപ്പുരുഹൂതൻ! 32

ആരിൽ നിൽപൂ, പ്രജകളെ-
പ്പേരും, കെൽപു,മമർത്തലും;
അദ്ദേഹം കൊണ്ടോട്ടമല്ലോ,
വിത്തമർപ്പിയ്ക്കുന്നവരെ! 33

ചെയ്തുകൊണ്ടാനിതെല്ലാമേ,
മീതെയെന്നു കേ‌ൾവിപ്പെട്ടോൻ;

---

29. കെല്പിന്നും വൻസ്വത്തിന്നുമായ്---ബലവും, വലിയ ധനവും ലഭിപ്പാൻ.

30. ശസ്ത്രങ്ങൾ---ഉക്ഥങ്ങൾ. സൂക്തിവാഹ്യ = സ്തുതികൾകൊണ്ടു വഹിയ്ക്കപ്പെടേണ്ടവനേ.

31. അഗ്ര്യൻ---ദേവന്മാരിൽവെച്ചു മുഖ്യൻ. കല്പിച്ചരുളുന്നു---സ്തോതാക്കൾക്ക നൽകിപ്പോരുന്നു.

32. ഭൂരിദിക്കിൽപ്പുരുഹൂതൻ---വളരെയിടങ്ങളിൽ വളരെയാളുകളാൽ വിളിയ്ക്കപ്പെട്ടവൻ.

33 അമർത്തൽ---ശത്രുക്കളെ. ആരിൽ നിൽപൂ---ആർക്കധീനമോ. വിത്തം---ഹവിസ്സ്.

മേധാനുഷ്ഠായികൾക്കന്ന—
ദാതാവുമാണി,ന്ദ്രനിവൻ! 34

ഉൾപ്പാകഹീനങ്കൽനിന്നു-
മിപ്രഹർത്താവാരെക്കാക്കും,
ക്ഷിപ്രനശ്ലോകാംക്ഷി ധനം
സുപ്രഭുവായ് നേടുമല്ലോ! 35

അശ്വഗാമി, നേതാക്കളൊ-
ത്തുൾശ്ശൌര്യാൽ വൃത്രനെക്കൊന്നോൻ
സത്യശീലൻ, സേവിപ്പോനെ—
സ്സംരക്ഷിപ്പോനി,മ്മേധാവി! 36

അധ്വരം ചെയ്താലും, സക്ത—
ചിത്തനായ് നീ പ്രിയമേധ,
ദത്തസോമംകൊണ്ടു നേരാം
മത്തുകൊള്ളുമീയിന്ദ്രനായ്! 37

വർണ്ണ്യയശസ്കനായ്,പ്പുരു—
തനവാഢ്യനായ്,ത്തരസ്വിയ്ക്കായ്
അന്നൈഷിയ്ക്കായ്,സ്സൽപതിയ്ക്കായ്-
ക്കണ്വസൂനോ, പാടുക, നീ! 38

---

34. ഇതെല്ലാമേ—വൃത്രവധാദികൾ. മീതെ—ബലംകൊണ്ടു മികച്ചവൻ. മേധാനുഷ്ഠായികൾ—യാഗംചെയ്യുന്നവർ.

35 ഉൾപ്പാകഹീനൻ—മനഃപക്വതയില്ലാത്ത ശത്രു. ഇപ്രഹർത്താവ്—രണകുശലനായ ഇന്ദ്രൻ. ക്ഷിപ്രൻ—ശീഘ്രകാരി, ഇന്ദ്രരക്ഷിതൻ ഗോധനങ്ങളെ നേടും; നല്ല പ്രഭുവുമാകും.

36. അശ്വഗാമി = അശ്വങ്ങളിലൂടെ ഗമിച്ച്. നേതാക്കളൊത്ത്—മരുത്സമേതനായി. ഇമ്മേധാവി—ഇന്ദ്രൻ.

37. ഋഷി, തന്നോടുതന്നെ പറയുന്നു: സക്തചിത്തനായ്—മനസ്സ് ഇന്ദ്രങ്കലുറപ്പിച്ച്. നേരാം = യഥാർത്ഥമായ.

38. വർണ്ണ്യയശസ്കൻ = വർണ്ണിയ്ക്കേണ്ടുന്ന യശസ്സുള്ളവൻ. പുരുതനവാഢ്യൻ = വളരെ ശരീരങ്ങളുള്ളവൻ. തരസ്വി = വേഗവാൻ. അന്നൈഷി—ഹവിഃകാംക്ഷി. സൽപതിയ്ക്കായ്—സൽപതിയായ ഇന്ദ്രനെക്കുറിച്ച്. കണ്വസൂനോ—ഹേ മേധാതിഥേ.

തേടാൻ തരമില്ലാതെയും
മാട്ടകളെ നല്ലിയല്ലോ,
ആശ തങ്കൽ വെച്ച മുമ്പ–
ക്കാര്യവ്രതൻ സഖാവിവൻ! 39

ഇത്ഥം സ്തുതിക്കുന്ന കണ്വ–
പുത്രനാം മേധ്യാതിഥിയെ
ആടായ്ച്ചെന്നു വജ്രിൻ, ഭവാൻ
കൂടെക്കൊണ്ടുപോന്നുവല്ലോ! 40

തന്നു, നാല്പതിനായിരം
സന്ദാതാവാം നീ വിഭിന്ദോ;
പില്പാടൊരെണ്ണായിരവും
കല്പിച്ചിവന്നേകിയല്ലോ! 41

തോയങ്ങളെ വളർത്തുന്നോർ,
ഗായകരെപ്പുലർത്തുന്നോർ–
ആയിരുതായാരെസ്സിദ്ധി–
ക്കായിപ്പുകഴ്ത്തുന്നേനി,വൻ! 42

സൂക്തം 3.

മേധ്യാതിഥി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഞങ്ങളുടെ ഗോരസം ചേർത്തു സ്വാദേറിയ നീർ നുകർന്നു ഭവാൻ മത്തുകൊണ്ടാലും. ഒത്തൊരുമിച്ചു മത്തുപിടിപ്പിക്കുണ്ടുന്ന

---

39. മാട്ടകളെ—പണികളാൽ അപഹരിക്കപ്പെട്ട ഗോക്കളെ. തേടാൻ തരമില്ലാതെയും—അവയുടെ കാൽപ്പാടുപോലും വഴിയിലില്ലായിരുന്നു, എന്നിട്ടും. നല്ലി—വീണ്ടുകൊടുത്തു. ആർക്ക്? ആശ തങ്കൽ (ഇന്ദ്രങ്കൽ) വെച്ച മുമ്പക്ക്—നേതാക്കളായ ദേവന്മാർക്ക്. ആര്യവ്രതൻ—പ്രശസ്തകർമ്മാവ്. സഖാവിവൻ—സഖാവായ ഇന്ദ്രൻ.

40. ഇന്ദ്രൻ മേഷരൂപം ധരിച്ചു ചെന്നു മേധ്യാതിഥിയെ കൊണ്ടുപോന്നു എന്നൊരിതിഹാസമുണ്ട്.

41. ഋഷി വിഭിന്ദുരാജാവിന്റെ ദാനത്തെ പ്രശംസിക്കുന്നു: നാല്പതിനായിരം—ധനം. സന്ദാതാവ്=ദാനശീലൻ.

42. ഗായകർ—സ്തോതാക്കൾ. ഇരുതായാരെ—ദ്യാവാപൃഥിവികളെ. സിദ്ധി—ധനലാഭം.

ഭവാൻ ബന്ധുവായിനിന്നു ഞങ്ങളെ തഴപ്പിച്ചാലും: അങ്ങയുടെ തിരുവുള്ളം ഞങ്ങളെ രക്ഷിയ്ക്കട്ടെ! 1

ഹവിഷ്മാന്മാരായ ഞങ്ങളിൽ അങ്ങയ്ക്കു നന്മനസ്സുണ്ടാകണം: എതിരാളിയ്ക്കുവേണ്ടി അങ്ങ് ഞങ്ങളെ ദ്രോഹിയ്ക്കരുത്: പ്രാർത്ഥനീയങ്ങളായ വിചിത്രരക്ഷകൾകൊണ്ടു ഞങ്ങളെ പാലിച്ചാലും; ഞങ്ങളെ നീണ്ട സുഖത്തിലാക്കിയാലും! 2

മഘധന, എന്റെ ഈ സ്തുതികൾ അങ്ങയെ വർദ്ധിപ്പിയ്ക്കട്ടെ; അഗ്നിയ്ക്കൊത്ത തേജസ്സുള്ള വിശുദ്ധരായ വിപശ്ചിത്തുക്കളും സ്തോത്രങ്ങൾ പാടുന്നു. 3

ആയിരം ഋഷിമാരാൽ പ്രബലനാക്കപ്പെട്ട തന്തിരുവടി സമുദ്രംപോലെ പരന്നു: തന്റെ യഥാർത്ഥമായ മഹിമാവും കെല്പും യാഗങ്ങളിൽ സ്തോത്രരാജ്യത്തു പുകഴ്ത്തപ്പെടുന്നു! 4

ജേതിയ്ക്കുന്ന ഞങ്ങൾ യാഗത്തിന്ന് ഇന്ദ്രനെത്തന്നെ, യജ്ഞം തുടങ്ങിയാൽ ഇന്ദ്രനെത്തന്നെ, യുദ്ധത്തിൽ ഇന്ദ്രനെത്തന്നെ, ധനം കിട്ടാൻ ഇന്ദ്രനെത്തന്നെ വിളിച്ചുകൊള്ളുന്നു. 5

ഇന്ദ്രൻ ബലപ്പെരുമയാൽ വാനൂഴികളെ പരത്തി; ഇന്ദ്രൻ സൂര്യനെ പ്രകാശിപ്പിച്ചു. ഇന്ദ്രങ്കൽ ഒതുങ്ങിനില്ക്കുന്നു, ഉലകെല്ലാം; ഇന്ദ്രങ്കൽത്തന്നേ, പിഴിയുന്ന സോമവും! 6

ഇന്ദ്ര, മുമ്പേ കുടിപ്പാൻ അങ്ങയെ മനുഷ്യർ സ്തുതിച്ചുപോരുന്നു; സമ്മിളിതരായ ഋഭുക്കളും പുകഴ്ത്തുന്നു; മരുത്തുക്കളും പുരാതനനായ ഭവാനെ വാഴ്ത്തിപ്പാടുന്നു! 7

സൂക്തം 3.

1. നീർ—സോമരസം.

3. വിപശ്ചിത്തുക്കൾ=വിദ്വാന്മാർ, ഉദ്ഗാതാക്കൾ.

4. ഋഷിമാർ—അതീന്ദ്രിയജ്ഞരായ സ്തോതാക്കൾ. പ്രബലനാക്കപ്പെട്ട—സ്തുതികൾകൊണ്ടാണല്ലോ, ദേവതകൾക്കു ബലം വർദ്ധിയ്ക്കുന്നത്. തന്റെ—ഇന്ദ്രന്റെ. സ്തോത്രരാജ്യത്ത്—സ്തോത്രസംഘത്തിൽ, സ്തോതാക്കളുടെ ഇടയിൽ.

6. സോമവും ഇന്ദ്രങ്കൽത്തന്നേ, ഇന്ദ്രന്റെ വയററിൽത്തന്നേ ഒതുങ്ങിനില്ക്കുന്നു.

7. സമ്മിളിതർ—ഒത്തുചേർന്നവർ.

സോമത്തിന്റെ ലഹരി വ്യാപിച്ചാൽ, ഇന്ദ്രൻ ഇദ്ദേഹത്തിന്നു വീര്യവും ബലവും വളർത്തും: തന്റെ ആ മഹിമാവിനെ ആളുകരം ഇപ്പോഴും മുമ്പേത്തെപ്പോലെ മുററും പുകഴ്ത്തുന്നു! 8

അങ്ങു് യാതൊന്നുകൊണ്ടു യജ്ഞഹീനരിൽനിന്നു ധനം ഭൃഗുവിന്നു നല്കിയോ, യാതൊന്നുകൊണ്ടു കണ്വപുത്രനെ രക്ഷിച്ചുവോ; ആ സുവീര്യവും, ആ അന്നവും മുമ്പേ കിട്ടാൻ ഞാൻ അങ്ങയോടു യാചിയ്ക്കുന്നു. 9

ഇന്ദ്ര, ഭവാൻ പെരുവെള്ളം കടലിലെയ്ക്കുയച്ചുവല്ലോ; ഭവാന്റെ ആ ബലം വർഷകമാകുന്നു. ഭൂമി യാതൊന്നിന്നധീനമോ, ഇദ്ദേഹത്തിന്റെ ആ മഹിമാവു് ഉടനടി നേടാവുന്നതല്ല! 10

ഇന്ദ്ര, പുരാതന, ഞാൻ അങ്ങയോടു യാചിയ്ക്കുന്ന സുവീര്യോപേതമായ ധനം ഞങ്ങരംക്കു തന്നാലും: സേവനേച്ഛുവായ ഹവിഷ്മാന്നു മുമ്പേ കൊടുക്കുക; സ്തോതാവിന്നും കൊടുക്കുക! 11

ഇന്ദ്ര, യാതൊന്നിനാൽ അങ്ങു് പുരുപുത്രനെ രക്ഷിച്ചുവോ, അതു ഞങ്ങളുടെ ഈ കർമ്മനിരതന്നു കൊടുത്താലും; ഇന്ദ്ര, രുശമൻ, ശ്യാവകൻ, കൃപൻ എന്നിവരെ ഭവാൻ രക്ഷിച്ചുവല്ലോ, അപ്രകാരം ഈ സ്വർഗ്ഗപ്രാപണീയനെ ശക്തനാക്കിയാലും! 12

ഇന്നേത്തെ വായാടിമനുഷ്യനുണ്ടോ, (ഇന്ദ്രനെ) വാഴ്ത്തുന്നു? പണ്ടേത്തെ സ്തോതാക്കരംതന്നെ ഇന്ദ്രന്റേതായ ഇദ്ദേഹത്തിന്റെ മഹത്ത്വത്തിൽ ചെന്നെത്തിയിട്ടില്ലല്ലോ! 13

---

8. ഇദ്ദേഹത്തിന്നു്––യജമാനന്നു്.

9. യജ്ഞഹീനരിൽനിന്നു്––യജ്ഞമനുഷ്ഠിയ്ക്കാത്തവരിൽനിന്നു പിടിച്ചടക്കി.

10. വർഷകം––അഭീഷ്ടവർഷി. അന്തിമവാക്യം പരോക്ഷം:

11. ഹവിഷ്മാൻ––യജമാനൻ.

12. പുരു––ഒരു രാജാവു്. കർമ്മനിരതന്നു്––യജമാനന്നു്. രുശമനും, ശ്യാവകനും, കൃപനും രാജർഷിമാർതന്നെ. സ്വർഗ്ഗപ്രാപണീയനെ––സ്വർഗ്ഗത്തിലെയ്ക്കു കൊണ്ടുപോകപ്പെടേണ്ടവനെ, യജമാനനെ. ശക്തനാക്കിയാലും––ധനസമൃദ്ധികൊണ്ടു യാഗാനുഷ്ഠാനത്തിന്നു കഴിവുള്ളവനാക്കിയാലും.

13. വാഴ്ത്തുന്നു––വാഴ്ത്താനാളാകുന്നു? അല്പബുദ്ധികരംക്കു പുകഴ്ത്താവുന്നവനല്ല, ഇന്ദ്രൻ! ഇന്ദ്രന്റേതായ––മററാർക്കുമില്ലാത്ത. ചെന്നെത്തിയിട്ടില്ലല്ലോ––മഹത്ത്വമറിഞ്ഞു സ്തുതിപ്പാൻ ശക്തരായിട്ടില്ലല്ലോ.

ഇന്ദ്ര, ഏതു സ്തോതാക്കളെങ്ങ്, ദേവയജനമിച്ഛിയ്ക്കുന്നു? ഏതൊരു മേധാവിയായ ഋഷി അങ്ങെത്തിയ്ക്കും? മഘവാവേ, ഭവാൻ എപ്പോഴം പിഴിയുന്നവൻെറ വിളിയിൽ, എപ്പോഴം പുകഴ്ത്തുന്നവൻെറ വിളിയിൽ, വന്നെത്തും? 14

ആ മധുരതരങ്ങളായ ശസ്ത്രങ്ങളും സ്തോത്രങ്ങളും, ഒപ്പം ജയിച്ചു ധനം നേടിയ, രക്ഷയ്ക്കിടിവില്ലാത്ത, അന്നം തേടുന്ന തേരുകൾ പോലേ മേല്പോട്ടു പോകുന്നു! 15

കണ്വർപോലെ ഭൃഗുക്കൾ ആ ധ്യാനിയ്ക്കപ്പെട്ട വിഭുവിനെത്തന്നേ, സൂര്യരശ്മികൾപോലെ, പ്രാപിച്ചു; പ്രിയമേധരായ മനുഷ്യരും ഇന്ദ്രനെത്തന്നെ പൂജിച്ചു സ്തോത്രങ്ങൾ പാടി. 16

ഇന്ദ്ര, വൃത്രനെ അമ്പെക്കൊന്നവനേ, ഭവാൻ ഹരികളെ പൂട്ടുക: മഘവാവേ, മഹാബലനായ അങ്ങ് മരുത്തുക്കളോടുകൂടി, സോമം കടിപ്പാൻ, ദൂരത്തുനിന്ന് ഇങ്ങോട്ടെഴുന്നള്ളുക! 17

ഇതാ, കർമ്മികളായ മേധാവികൾ അങ്ങയെ, യജ്ഞത്തിൽ സംബന്ധിപ്പാൻ, വീണ്ടും വീണ്ടും സ്തുതിയ്ക്കുന്നു: മഘവാവേ, ഇന്ദ്ര, സ്തോത്രവാഹ്യ, ആ ഭവാൻ, ഒരഭിലാഷിയെന്നപോലെ, ഞങ്ങളുടെ വിളി കേട്ടാലും! 18

ഇന്ദ്ര, അവിടുന്നു വൃത്രനെ വലിയ പള്ളിവില്ലുകൾകൊണ്ടു നിശ്ശേഷം നിഹനിച്ചു; മായാവിയായ അർബുദൻ, മൃഗയൻ എന്നിവരെയും നിഹനിച്ചു; മലയിൽനിന്നു ഗോക്കളെ പുറത്തിറക്കി! 19

ഇന്ദ്ര, അവിടുന്നു വൃത്രക്കുററനെ അന്തരിക്ഷത്തിൽനിന്നു നിർഗ്ഗമിപ്പിച്ച്, ആ കരുത്തു കാണിച്ചപ്പോൾ, അഗ്നികളും, സൂര്യനും, ഇന്ദ്രനുള്ളതായ സോമാമൃതവും ആകെത്തിളങ്ങി! 20

---

14. ഇച്ഛിയ്ക്കുന്നവർതന്നെയില്ല; പിന്നെയല്ലേ, അനുഷ്ഠിയ്ക്കുന്നവർ? അങ്ങെത്തിയ്ക്കും—സ്തുതി ഭവാങ്കലണയ്ക്കും.

15. ഒപ്പം—ശത്രുക്കളെ ഒന്നിച്ച്. മേല്പോട്ടു—ഭവാൻെറ അടുക്കലേയ്ക്ക്.

16. സൂര്യരശ്മികൾപോലെ—സൂര്യരശ്മികൾ ഭുവനത്തെ പ്രാപിയ്ക്കുന്നതുപോലെ. പ്രിയമേധർ=യജ്ഞതൽപരർ.

18. അഭിലാഷി=അഭിലാഷമുള്ളവൻ, വിളിയ്ക്കപ്പെടാനിച്ഛിയ്ക്കുന്നവൻ.

19. അർബുദൻ, മൃഗയൻ—രണ്ടസുരന്മാർ.

20. നിർഗ്ഗമിപ്പിച്ച്—പുറത്തേയ്ക്കിറക്കി. ആ കരുത്ത്—വൃത്രവധവീര്യം. സോമാമൃതം=അമൃതുപോലുള്ള സോമനീർ.

എനിയ്ക്കു് ഇന്ദ്രനും മരുത്തുക്കളെയെന്നപോലെ, കുരയാണപുത്രനായ പാകസ്ഥാമാവും, എല്ലാററിലുംവെച്ച്, വാനിലോട്ടുന്ന സൂര്യൻപോലെ സ്വയം തിളങ്ങുന്നതു ദാനംചെയ്തു! 21

എനിയ്ക്കു പാകസ്ഥാമാവു നല്ല ചുമലുള്ള, തടിച്ച, ധനാജ്ജനത്തിന്നുതകുന്ന ഒരു ചെങ്കുതിരയെ തന്നു! 22

അതിന്നുപകരം, പത്തു ധുരന്ധരങ്ങൾ, തുഗ്രപുത്രനെ ഗൃഹത്തിലെയ്ക്കു കുതിരകളെന്നപോലെ, (എന്നെ) വഹിച്ചുപോരുന്നു! 23

വിപുലമായ അന്നവും, വീതിയുള്ള വസ്ത്രവും, എണ്ണയും, കെൽപും ആർ തന്നുവോ; ആ നാലാമനായ, ചെങ്കുതിരയെത്തന്ന, രക്ഷിതാവായ പാകസ്ഥാമാവിനെ ഞാൻ സ്തുതിച്ചു. 24

സൂക്തം 4.

കണ്വഗോത്രൻ ദേവാതിഥി ഋഷി; ബൃഹതിയും സതോബൃഹതിയും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, കിഴക്കും പടിഞ്ഞാറും വടക്കും തെക്കും ആളുകൾ അങ്ങയെ വിളിയ്ക്കുന്നുണ്ടു്; ശ്രേഷ്ഠ, അത്യന്തം കീഴമത്തുന്നവനേ, എന്നാലും, ഭവാൻ ആൾക്കാരാൽ തുലോം സ്തുതിയ്ക്കപ്പെട്ടിട്ടു്, അനുപുത്രകലും തുർവശങ്കലും എഴുന്നള്ളി! 1

---

21. കുരയാണപുത്രനായ പാകസ്ഥാമാവ്——കുരയാണന്റെ മകൻ, പാകസ്ഥാമാവെന്ന രാജാവ്. എല്ലാററിലും——സർവധനങ്ങളിലും. തിളങ്ങുന്നതു——ഉജ്ജ്വലമായ ധനം.

23. ആ ഒരശ്വത്താൽ വഹിയ്ക്കപ്പെടുന്നതിനെ വഹിപ്പാൻ പത്തു കുതിരകൾ വേണം! ധുരന്ധരങ്ങൾ——ഭാരം ചുമക്കുന്ന അശ്വങ്ങൾ. തുഗ്രപുത്രനെ——സമുദ്രത്തിൽ എറിയപ്പെട്ട ഭുജ്യുവിനെ.

24. നാലാമനായ——തന്റെ മുത്തുമുത്തച്ഛൻ, മുത്തച്ഛൻ, അച്ഛൻ എന്നീ മൂന്നുപേർതന്നെ സുചരിതനായ.

സൂക്തം 4.

1. കീഴമത്തുന്നവനേ——ശത്രുക്കളെ. ആൾക്കാരാൽ——അനുവന്റെ പുത്രൻ, തുർവശൻ എന്നീ രാജാക്കന്മാരുടെ സ്തോതാക്കളാൽ.

ഇന്ദ്ര, അവിടുന്ന് രുമൻ, രുശമൻ, ശ്യാവകൻ, കൃപൻ എന്നിവരുടെ അടുക്കൽ മത്തടിയ്ക്കുയായിരിയ്ക്കാം; എന്നാലും, അങ്ങയെ സ്തോത്രം ചൊല്ലുന്ന കണ്വന്മാർ മന്ത്രംകൊണ്ടു വരുത്തുന്നു. ഇന്ദ്ര, വന്നെത്തിയാലും! 2

ഒരു ദാഹംപൂണ്ട ഗൌരമൃഗം വെള്ളം നിറഞ്ഞ തടാകത്തിലെയ്ക്കു പോകുന്നതെപ്രകാരമോ, അപ്രകാരം അവിടുന്നു, ബന്ധുത്വം പൂണ്ടു, ഞങ്ങളുടെ അടുക്കലെയ്ക്കു വെക്കം വന്നാലും: കണ്വരിൽ, ഒന്നിച്ചു വഴിപോലെ പാനംചെയ്താലും! 3

ഇന്ദ്ര, മഘവാവേ, സോമം അങ്ങയെ, പിഴിഞ്ഞവന്നു ധനം കൊടുക്കാൻ ഇമ്പപ്പെടുത്തട്ടെ: ഇരുപലകകൾകൊണ്ടു പിഴിഞ്ഞതു കട്ടുകുടിച്ചവനല്ലോ, ഭവാൻ; അതുനിമിത്തം, മികച്ച ബലം അവിടുന്നു വഹിയ്ക്കുന്നു! 4

അദ്ദേഹം വീരകർമ്മത്താൽ കീഴമർത്തു; കരുത്തുകൊണ്ട് അരിശം കെടുത്തു. മഹാനായ ഇന്ദ്ര, പടയ്ക്കേററവരെയെല്ലാം അവിടുന്നു വൃക്ഷങ്ങളെപ്പോലെ അടക്കിനിർത്തി! 5

ആർ സ്തുതി ഭവാന്നയയ്ക്കുമോ, അവൻ, ഒരായിരം പോരാളികളോടു ചേർന്നവനെപ്പോലെയാവും; ആർ സ്തോത്രം ചൊല്ലിക്കൊണ്ടു ഹവിസ്സർപ്പിയ്ക്കുമോ, അവന്നു യുദ്ധത്തിൽ ശത്രുക്കളെപ്പോക്കുന്നവൻ പിറക്കും! 6

ബലിഷ്ഠനായ ഭവാന്റെ സഖ്യമുണ്ടായാൽ, ഞങ്ങൾക്കു പിന്നെ ഭയം വേണ്ടാ, തളച്ചു വേണ്ടാ; പ്രശംസനീയമാണ്, വൃഷാ

---

2. രുമൻ മുതലായ നാലുപേരും രാജാക്കന്മാരത്രേ. മത്തടിയ്ക്കുകയായിരിയ്ക്കാം—സോമം കടിച്ച്.

3. കണ്വരിൽ—കണ്വപുത്രന്മാരുടെ ഇടയിൽ.

4. കട്ടു: ഇക്കഥ മുമ്പുണ്ട്.

5. ആദ്യഭാഗം പരോക്ഷകഥനം: കീഴമർത്തു—ശത്രുക്കളെ. അരിശം—ശത്രുക്കളുടെ വൃക്ഷങ്ങളെപ്പോലെ—നിശ്ചലരാക്കി.

6. പോക്കുന്നവൻ—ആട്ടിപ്പായിയ്ക്കുന്ന പുത്രൻ.

7. ഭയം വേണ്ടാ—ഭയപ്പെടേണ്ടിവരില്ല. തുർവശനും യദുവും ഭവൽപ്രസാദംമൂലം എത്ര സുഖത്തിലിരിയ്ക്കുന്നു!

വായ ഭവാന്റെ മഹാകർമ്മം; തുർവശനെയും യദുവിനെയും ഞ
ങ്ങൾ കണ്ടിട്ടുണ്ട്! 7

വൃഷാവ് ഇടത്തേ ആസനംകൊണ്ടു (ഭുവനത്തെ) മറയ്ക്കുന്നു.
മുറിവുപെടുത്തുന്നവൻ ഇദ്ദേഹത്തെ പീഡിപ്പിയ്ക്കില്ല. തേൻപോ
ലെയുള്ള മധുരദ്രവ്യം ചേർത്തിരിയ്ക്കുന്നു, സോമത്തിൽ: അങ്ങ് വെ
ക്കം വരിക; ഒന്നോടുക; കുടിയ്ക്കുക! 8

ഇന്ദ്ര, അങ്ങയുടെ സഖാവ് എന്നെന്നും അശ്വ—രഥ—ഗോക്ക
ളോടുകൂടിയവനും സുന്ദരാംഗനുമായിത്തീരും; ധനത്തോടും അന്ന
ത്തോടും ചേരും; ആഹ്ലാദകനായി സഭയിൽ ചെല്ലും! 9

മഘവാവേ, അങ്ങ്, ദാഹമുള്ള ഒരു മരമാൻപോലെ, പാത്ര
ങ്ങളിൽ കൊണ്ടുവന്നിട്ടുള്ള സോമത്തിന്റെ അടുക്കൽ വന്നാലും: വേ
ണ്ടുവോളം കുടിച്ചാലും. ഇതുകൊണ്ടാണല്ലോ, അവിടുന്നു നാളിൽ
നാളിൽ മഴപെയ്യിയ്ക്കുന്നതും, മഹത്തരമായ ബലം നേടുന്നതും! 10

അധ്വര്യോ, ഭവാൻ സോമം പിഴിയുക, ഇന്ദ്രന്നു കുടിപ്പാൻ:
വൃഷാക്കളായ ഹരികളെ പൂട്ടിയിരിയ്ക്കും; വൃത്രഘ്നൻ വരികയു
മായി! 11

നിന്തിരുവടി ആരിൽ സോമംകൊണ്ടു സംതൃപ്തനാകുമോ, ആ
ഹവിർദ്ദാതാവ് സ്വയം അറിയും. ഇതാ, അങ്ങയ്ക്കു യോഗ്യമായ
അന്നം പകർന്നുവെച്ചിരിയ്ക്കുന്നു: അതിങ്കൽ വരിക, ഓടുക; കുടി
യ്ക്കുക! 12

അധ്വര്യുക്കളേ, നിങ്ങൾ തേരിലിരിയ്ക്കുന്ന ഇന്ദ്രന്ന്, അമ്മി
മേൽ വെച്ച അമ്മിക്കുഴകൾകൊണ്ടു സോമം പിഴിയുവിൻ: യജ്ഞ
സാധനം പിഴിയുന്ന ഇവ വിശേഷേണ വിളങ്ങുന്നു! 13

---

8. മുറിവുപെടുത്തുന്നവൻ—യുദ്ധവിദഗ്ദ്ധൻ; ഒരു പോരാളിയും ആളാകി
ല്ല, ഇന്ദ്രനെ പീഡിപ്പിയ്ക്കാൻ. മധുരദ്രവ്യം—കുറുക്കിയ പാലും മററും.

9. സഖാവ്—സഖ്യം ലഭിച്ചവൻ.

10. ദാഹമുള്ള മരമാൻപോലെ—മരമാൻ തടാകത്തിൽ ചെല്ലുന്നതുപോലെ.
ഇതു—സോമപാനം.

12. സ്വയം അറിയും—പരാപേക്ഷകൂടാതെ എല്ലാം മനസ്സിലാക്കും.
അന്നം—സോമം.

13. ഇവ—അമ്മിയും അമ്മിക്കുഴയും.

അന്തരിക്ഷത്തിൽ നടക്കുന്ന വൃഷാക്കളായ ഹരികൾ ഇന്ദ്രനെ കർമ്മങ്ങളിൽ കൊണ്ടുവരട്ടെ— (മററു) യജ്ഞസേവികളായ കുതിരകളും അങ്ങയെ സവനങ്ങൾക്ക് ഇങ്ങോട്ടു കൊണ്ടുവരട്ടെ! 14

പുരുവിത്തനായ പൂഷാവിനെ ഞങ്ങൾ സഖ്യത്തിന്നായി ഭജിയ്ക്കുന്നു: ശക്ര. പുരുഹൂത, വിമോചക, ആ നിന്തിരുവടി ഞങ്ങളെ ബുദ്ധികൊണ്ടു ധനത്തിന്നും (ശത്രു) നിഗ്രഹത്തിന്നും ശക്തരാക്കിയാലും! 15

വിമോചക, അങ്ങ് ഞങ്ങൾക്ക, ക്ഷൌരക്കത്തിയ്ക്കെന്നപോലെ മൂർച്ച വരുത്തിയാലും; സമ്പത്തും തന്നാലും. അങ്ങയുടെ പക്കലാണ്, ഞങ്ങൾക്ക് എളുപ്പത്തിൽക്കിട്ടാവുന്ന ഗോധനം: ഇതു ഭവാൻ മനുഷ്യന യയ്ക്കാറുണ്ടല്ലോ! 16

തേജസ്സുപൂണ്ട പൂഷാവേ, ഞാൻ അങ്ങയെ ചമയിയ്ക്കാനാഗ്രഹിയ്ക്കുന്നു, സ്തുതിയ്ക്കാനാഗ്രഹിയ്ക്കുന്നു. വസോ, സ്തോത്രങ്ങൾ സംഭരിച്ചു സ്തുതിയ്ക്കുന്ന സാമവാനു സുഖം നല്ലാത്തവനെ സ്തുതിപ്പാൻ ഞാനാഗ്രഹിയ്ക്കുന്നില്ല! 17

തേജസ്സു പൂണ്ട പൂഷാവേ, ദേവ, പൈക്കൾ വല്ലപ്പോഴും പുല്ലു തേടി പോയേയ്ക്കും; ആ ധനം നിലനില്ക്കേണമേ! അവിടുന്നു ഞങ്ങളെ രക്ഷിച്ചു, സുഖപ്പെടുത്തണം; അന്നം ധാരാളം തരണം! 18

വിളങ്ങുന്ന സുഭഗനായ കുരുംഗരാജാവിന്റെ യാഗദാനാവസരത്തിൽ, ഞങ്ങൾക്ക് ആളുകളിൽവെച്ച്, ഒരുനൂറശ്വങ്ങളോടുകൂടിയ വളരെദ്ധനം കിട്ടി. 19

---

14. **കർമ്മങ്ങളിൽ**—നമ്മുടെ. **അടുത്ത** വാക്യം പ്രത്യക്ഷം: **യജ്ഞസേവികൾ** = യജ്ഞത്തിൽ ചെല്ലുന്ന വ

15. ഇതുമുതൽ നാലൃക്കുകൾ പൂഷാവിനെയും ഇന്ദ്രനെയും പരാമർശിയ്ക്കുന്നവയത്രേ: **പൂഷാവ്** = പൂഷാവെന്ന ദേവൻ; ഇന്ദ്രപക്ഷത്തിൽ പോഷകൻ. **ശക്ര**—ശക്ത. **പുരുഹൂത** = വളരെ ആളുകളാൽ വിളിയ്ക്കപ്പെട്ടവനേ. **വിമോചക**—പാപത്തിൽനിന്നു മോചിപ്പിയ്ക്കുന്നവനേ

16 **ഇതു**—ഗോധനം. **മനുഷ്യന്നു**—സ്തുതിയ്ക്കുന്ന മനുഷ്യന്ന്.

17 സ്തുതിയ്ക്കുന്ന സാമജ്ഞന്നു സുഖം നല്ലാൻ ഭവാനേ ഉള്ളു; അതിനാൽ, ഞാൻ മററൊരു ദേവനെ സ്തുതിപ്പാനാഗ്രഹിയ്ക്കുന്നില്ല.

18. **പൈക്കൾ**—ഞങ്ങളുടെ. **ആ ധനം നിലനില്ക്കേണമേ**—പൈക്കളെ പുലികൾ പിടിയ്ക്കുകയും മററും ചെയ്യാതെ നോക്കണമേ.

19. ഋഷി മൂന്നൃക്കുകൾകൊണ്ടു കുരുംഗരാജാവിന്റെ ദാനത്തെ സ്തുതിയ്ക്കുന്നു: **യാഗദാനം**—ദക്ഷിണ.

ഹവിഷ്ഠാനായ കണ്വപുത്രൻെറ സ്തോതാക്കളെ, തേജസ്വിയന്ന പ്രിയമേധരും വാങ്ങിയപോലെ, ഋഷിയായ ഞാനും അറുപതിനായിരം പരിശുദ്ധഗോക്കളെ മുഴുവൻ പ്രതിഗ്രഹിച്ചു. 20

എനിയ്ക്കു കിട്ടിയപ്പോഠം വൃക്ഷങ്ങളും പിറുപിറുത്തു:— 'ഇവർക്കു മികച്ച ഗോക്കളെ കിട്ടി; ഇവർക്കു മികച്ച കുതിരകളെ കിട്ടി!' 21

ഏഴാമധ്യായം സമാപ്തം.

എട്ടാമധ്യായം

സൂക്തം 5.

കണ്വഗോത്രൻ ബ്രഹ്മാതിഥി ഋഷി; ഗായത്രിയും ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

ദൂരത്തുനിന്നു്, ഇവിടെയുള്ളവരംപോലെ, യാതൊരു ഭാസുരാംഗി വെണ്മ വരുത്തിയോ—വെളിച്ചം വിവിധമായി പരത്തിയോ; 1

ആ ഉഷസ്സിനെ, ദസ്രരായ അശ്വികളേ, നിങ്ങൾ നേതാക്കളെന്നപോലെ, മനസ്സുകൊണ്ടു പൂട്ടുന്ന തേജസ്സേറിയ തേരിലൂടേ വഴിപോലെ പ്രാപിയ്ക്കുന്നു! 2

അന്നധനാന്വിതന്മാരേ, നോക്കുവിൻ, നിങ്ങൾക്കുള്ള സ്തോത്രങ്ങൾ: ഞാൻ സ്തുതി, ഒരു ദൂതൻപോലെ കൊണ്ടുവരുന്നു! 3

---

20 കണ്വപുത്രൻ—മേധാതിഥി. പ്രിയമേധർ—പ്രിയമേധനും, കൂട്ടരും. ഇവർക്കും കുറ ഗൻ കൊടുക്കുകയുണ്ടായി. പ്രതിഗ്രഹിച്ചു—സ്വീകരിച്ചു.

21 ഇവർ—ദേവാതിഥി മുതലായ ഋഷികൾ. 'നമുക്കൊന്നും കിട്ടിയില്ല' എന്നു വൃക്ഷങ്ങൾപോലും പിറുപിറുത്തു—ഇലകളുടെ മർമ്മരശബ്ദമാണു്, ഈ പിറുപിറുക്കൽ.

സൂക്തം 5.

2. ആ ഉഷസ്സിനെ പ്രാപിയ്ക്കുന്നു—ഉഷസ്സുദിച്ചിന്നുശേഷമാണല്ലോ, അശ്വികളെ സ്തുതിയ്ക്കുക.

3. അന്നധനാന്വിതന്മാരേ—സ്തോതാക്കൾക്കു കൊടുപ്പാൻ അന്നവും ധനവുമെടുത്തവരേ. ദൂതൻപോലെ—ദൂതൻ സ്വാമിയുടെ ആജ്ഞ കൊണ്ടുവരുന്നതുപോലെ.

വളരെപ്പേൎക്ക പ്രിയപ്പെട്ട, വളരെ മത്തടിയ്ക്കുന്ന, വളരെധന
മുള്ള അശ്വികളേ, ഞങ്ങളുടെ രക്ഷണത്തിന്നു കണ്വന്മാർ സ്തുതി
യ്ക്കുന്നു. 4

പൂജനീയരേ, ബലം തുലോം നൽകുന്നവരേ, അന്നദാതാ
ക്കളേ, ധനത്തിന്റെ ഉടമസ്ഥരേ, ഹവിർദ്ദാതാവിന്റെ ഗൃഹ
ത്തിൽ ഗമിയ്ക്കുന്നവരേ, 5

ആ നിങ്ങൾ ദേവകളെ യജിയ്ക്കുന്ന ഹവിഷ്പ്രദന്നുവേണ്ടി, നല്ല
യജ്ഞത്തോടുകൂടിയതും നിരപായവുമായ പൈമേച്ചിൽനിലം
വെള്ളംകൊണ്ടു നനച്ചാലും! 6

അശ്വികളേ, നിങ്ങൾ പരുന്തുകൾക്കൊപ്പം പറക്കുന്ന കുതിര
കളിലൂടേ ഞങ്ങളുടെ സ്തോത്രത്തിൽ ശീഘ്രം വന്നെത്തുവിൻ: 7

ഇവയിലൂടെയാണല്ലോ, നിങ്ങൾ ദൂരത്തുനിന്ന് എല്ലാ നക്ഷ
ത്രങ്ങളിലും മൂന്നു പകലും മൂന്നു രാവും മുഴവൻ ചുററിനടക്കാറുള്ളത്! 8

പ്രാതഃസ്തുത്യരേ, നിങ്ങൾ ഞങ്ങൾക്ക ഗോക്കളെയും അന്നവും
സമ്പത്തും തരുവിൻ: ലാഭമാർഗ്ഗങ്ങൾ തുറന്നിടുവിൻ! 9

അശ്വികളേ, നിങ്ങൾ ഞങ്ങൾക്ക ഗോക്കൾ, അശ്വങ്ങൾ,
നല്ല തേരുകൾ, നല്ല പുത്രന്മാർ എന്നിവയോടുകൂടിയ സമ്പത്തും
അന്നവും കൊണ്ടുവരുവിൻ! 10

മോടിയുടെ ഉടമസ്ഥരായ ദസ്രരേ, പൊന്നിൻതേരുള്ള പ്രവൃ
ദ്ധരായ നിങ്ങൾ സോമമധു നുകൎന്നാലും! 11

അന്നധനാന്വിതന്മാരേ, നിങ്ങൾ ഹവിസ്സമ്പന്നരായ ഞ
ങ്ങൾക്ക് എമ്പാടും വിശാലമായി അധൃഷ്യമായ ഗൃഹം തന്നാലും! 12

ആളുകളുടെ സ്തോത്രത്തിൽ ചെല്ലാറുള്ളവരാണല്ലോ, നിങ്ങൾ:
വെക്കം വരുവിൻ; അന്യരുടെ അടുക്കലെയ്ക്കു പോകരുത്! 13

സ്തുത്യർഹരായ അശ്വികളേ, ഈ തന്ന മദകരവും മനോജ്ഞ
വുമായ മധു നുകൎന്നാലും! 14

---

4. കണ്വൻ––കണ്വഗോത്രന്മാർ. സ്തുതിയ്ക്കുന്നു––നിങ്ങളെ.

6. നല്ല യജ്ഞത്തോടുകൂടിയതും––പൈക്കളുടെ പുഷ്ടിയാലാണല്ലോ, യാഗം നടക്കുന്നത്.

7. പറക്കുന്ന––പായുന്ന.

8. ഇവ––മുകളിൽപ്പറഞ്ഞ കുതിരകൾ.

14. തന്ന––ഞങ്ങൾ തന്ന. മധു––മധുരസോമം.

എല്ലാരെയും പുലർത്തത്തക്ക, ബഹുസ്തുത്യമായ, നൂറുമായിരവും ധനം നിങ്ങൾ ഞങ്ങൾക്ക കൊണ്ടുവരുവിൻ! 15

നേതാക്കളേ, അശ്വികളേ, നിങ്ങളെ വളരെയിടങ്ങളിൽ മനീഷികൾ വിളിയ്ക്കുന്നുണ്ടാവും; എന്നാലും, നിങ്ങൾ കുതിരകളിലൂടെ വരുവിൻ! 16

അശ്വികളേ, ആളുകൾ ദർഭ മുറിച്ച്, ഹവിസ്സൊരുക്കി, വട്ടമെല്ലാം കൂട്ടി നിങ്ങളെ വിളിയ്ക്കുന്നു! 17

അശ്വികളേ, ഇപ്പോൾ ഞങ്ങളുടെ ഈ സ്തോത്രം നിങ്ങളെ കൊണ്ടുവരാൻ നിങ്ങളുടെ തൊട്ടടുക്കലെത്തട്ടെ! 18

അശ്വികളേ, നിങ്ങളുടെ തേരിൽ വെച്ചിട്ടുണ്ടല്ലോ, ഒരു മധുത്തോൽത്തുരുത്തി; അതിൽനിന്നു കുടിയ്ക്കുവിൻ! 19

അന്നധനാന്വിതന്മാരേ, ഞങ്ങളുടെ നാല്ക്കാലികൾക്കും മക്കൾക്കും പൈക്കൾക്കും സുഖമുളവാകുമാറു, നിങ്ങൾ ഒരുപാടന്നം അതിൽ കൊണ്ടുവന്നാലും! 20

പ്രാതഃസ്തുത്യരേ, നിങ്ങൾ ഞങ്ങൾക്ക വാനിലെ അന്നം ഒരു തുളയിലൂടെയെന്നപോലെ പൊഴിയ്ക്കുവിൻ; നദികൾ നിർമ്മിയ്ക്കുവിൻ! 21

നേതാക്കളേ, നിങ്ങളെ കടലിലെറിയപ്പെട്ട തുഗ്രപുത്രൻ എപ്പോൾ സ്തുതിച്ചു? നിങ്ങളുടെ കുതിരത്തേർ ചെന്നപ്പോൾ! 22

നാസത്യരേ, നിങ്ങൾ മേടയിൽ പീഡിതനായ കണ്വന്നു വളരെ രക്ഷകൾ കൊടുക്കുകയുണ്ടായല്ലോ; 23

വർഷണധനന്മാരേ, ആ സുപ്രശസ്തങ്ങളായ നവീനരക്ഷകളോടേ വന്നെത്തുവിൻ: ഞാൻ നിങ്ങളെ വിളിയ്ക്കുന്നുണ്ടല്ലോ; 24

---

19 മധുത്തോൽത്തുരുത്തി—ഞങ്ങൾ തന്ന സോമനീർ നിറച്ച തോൽത്തുരുത്തി.

20. അതിൽ—തേരിൽ.

21. വാനിലെ അന്നം—മഴവെള്ളം.

22. എപ്പോൾ സ്തുതിച്ചു എന്ന ചോദ്യത്തിന്റെ മറുപടിയാണ്, അടുത്ത വാക്യം.

23. ഈ കഥ ഒന്നാംമണ്ഡലത്തിലുണ്ട്; പീഡിതൻ—അസുരന്മാരാൽ. കണ്വൻ—ഋഷി.

അശ്വികളേ, നിങ്ങൾ കണ്വനെയും, പ്രിയമേധനെയും, ഉപസ്തുതനെയും, സ്തുതിച്ച അത്രിയെയും രക്ഷിച്ചുവല്ലോ; 25

ധനമിച്ഛിച്ച അംശുവിനെയും ഗോകാംക്ഷിയായ അഗസ്ത്യനെയും, അന്നൈഷിയായ സോഭരിയെയും നിങ്ങൾ രക്ഷിച്ചുവല്ലോ; 26

വർഷണധനന്മാരേ, അശ്വികളേ, അത്രയ്ക്കോ അതിലുമധികമോ സുഖം നിങ്ങളോടു ഞങ്ങൾ സ്തുതിച്ചു യാചിക്കുന്നു. 27

അശ്വികളേ, പൊന്നിൻതട്ടുകത്തണ്ടും പൊന്നിൽകടിഞ്ഞാണുമുള്ള, വാനിലുയരുന്ന തേരിലാണല്ലോ, നിങ്ങൾ ഇരിക്കാറുള്ളത്! 28

നിങ്ങളുടെ ഇരുപ്പടി പൊന്നുകൊണ്ട്, അച്ചുതണ്ട് പൊന്നുകൊണ്ട്, ഇരുചക്രങ്ങൾ പൊന്നുകൊണ്ട്— 29

അതിലൂടെ, അകലത്തുനിന്നായാലും നിങ്ങൾ ഞങ്ങളിൽ വന്നെത്തുവിൻ; വർഷണധനന്മാരേ, എന്റെ ഈ നല്ല സ്തുതിയെ സമീപിക്കുവിൻ! 30

അശ്വികളേ, അമൃതരേ, നിങ്ങൾ അസുരപുരികളുടച്ച്, അന്നങ്ങൾ ദൂരത്തുനിന്നു കൊണ്ടുവരണം! 31

വളരെപ്പൊന്നുള്ള നാസത്യരായ അശ്വികളേ, നിങ്ങൾ തിളങ്ങുന്ന അന്നങ്ങളോടും യശസ്സുകളോടുംകൂടി ഞങ്ങളിൽ വന്നെത്തിയാലും! 32

നിങ്ങളെ മെഴക്കൊലിമെയ്യരായ, പക്ഷികൾക്കൊത്ത കുതിരകൾ ഇവിടെ യജ്ഞം ശരിക്കനുഷ്ഠിക്കുന്നവങ്കലേയ്ക്കു കൊണ്ടുവരുമാറാകട്ടെ! 33

യാതൊന്നിൽ അന്നം വെച്ചിരിക്കുന്നുവോ, നിങ്ങളുടെ ആ സ്തുത്യമായ രഥത്തെ സൈന്യം എതിർത്തുപദ്രവിക്കില്ല! 34

---

25. ഉപസ്തുതൻ—ഋഷിതന്നെ.

27. അത്രയ്ക്ക്—അവകൾ നിങ്ങളിൽനിന്നു കിട്ടിയേടത്തോളം.

28. വാനിലുയരുന്ന—അത്യുന്നതമായ,

30. അതിലൂടെ—അത്തേരിൽക്കേറി.

31 അമൃതർ=മരണരഹിതർ.

33. മെഴക്കൊലിമെയ്യർ—മെഴക്കൊലിക്കുന്നതായി തോന്നുന്ന, അത്ര സ്നിഗ്ദ്ധമായ ഉടലോടുകൂടിയവ.

34. സൈന്യം—ഏതൊരു ശത്രുസേനയും.

നാസത്യരേ, കുതിച്ചോടുന്ന കുതിരകളെപ്പൂട്ടിയ പൊന്നിൻ തേരിലൂടേ നിങ്ങൾ മനോവേഗേന വന്നാലും! 35

വർഷണധനന്മാരേ, നിങ്ങൾ ഉണർവുററ മൃഗനെ നിഹനിച്ചുവല്ലോ; ആ നിങ്ങൾ ഞങ്ങൾക്ക് അന്നവും ധനവും കിട്ടിയ്ക്കുവിൻ! 36

അശ്വികളേ, ആ നിങ്ങൾ എനിയ്ക്കു പുതിയ ധനം തരുവിയ്ക്കുവിൻ: ചേദിപുത്രൻ കശു നൂറൊട്ടകങ്ങളെയും പതിനായിരം പൈക്കളെയും തരികയുണ്ടായല്ലോ! 37

ഇദ്ദേഹം എനിയ്ക്കു പൊന്നൊളിതിരണ്ട പത്തരചന്മാരെ ദാസരാക്കിത്തന്നു: ചൈദ്യൻെറ കാല്ക്കീഴിലാണ്, പ്രജകൾ; ആളുകൾ പരക്കെ പയററുള്ളവരുമാണ്! 38

ആരും ആളാവില്ല, ഈ ചേദികൾ പോകുന്ന വഴിയിലൂടേ നടക്കാൻ: മറെറാരാളില്ല, ഇത്ര വളരെ അറിഞ്ഞു കൊടുക്കാൻ! 39

സൂക്തം 6.

കണ്വപുത്രൻ വത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ആർ ഓജസ്സുകൊണ്ടു, മഴ പെയ്യുന്ന പർജ്ജന്യൻപോലെ മുന്തിനില്ക്കുന്നുവോ, ആ ഇന്ദ്രൻ വത്സൻെറ സ്തോത്രങ്ങൾകൊണ്ടു വദ്ധിയ്ക്കുന്നു! 1

സത്യത്തിൻെറ സന്താനത്തെ വാനം നിറയ്ക്കുന്ന വാജികൾ എപ്പോൾ വഹിയ്ക്കുമോ, അപ്പോൾ മേധാവികൾ യജ്ഞത്തിൽ വരുത്താൻ (സ്തുതിയ്ക്കുന്നു). 2

---

36. ഉണർവുററ—കൃത്യങ്ങളിൽ അമാന്തിയ്ക്കാത്ത. മൃഗൻ—ഒരസുരൻ.

37. ചേദിയുടെ മകൻ കശു എന്ന രാജാവു തന്നതു, നിങ്ങളുടെ പ്രേരണയാലാണല്ലോ; വീണ്ടും പുതിയ ധനങ്ങൾ മററു ധനവാന്മാരെക്കൊണ്ടു തരുവിയ്ക്കുവിൻ.

38. ഇദ്ദേഹം—കശു. ചൈദ്യൻ=ചേദിപുത്രൻ.

39. ചേദികൾ—കശുവിൻെറ അച്ഛൻ മുതലായവർ.

സൂക്തം 6.

1. വത്സൻെറ—എൻെറ.

2 സത്യത്തിൻെറ സന്താനം—ഇന്ദ്രൻ. വാനം നിറയ്ക്കുന്ന—വാനിലെങ്ങും ചെല്ലുന്ന.

കണ്വന്മാർ സ്തോത്രങ്ങൾകൊണ്ട് ഇന്ദ്രനെ യജ്ഞസാധകനാക്കിയാൽ, ആയുധം ഇരട്ടിപ്പാണെന്നു പറയുന്നു! 3

ചെല്ലുന്ന പ്രജകളൊക്കെ ഇദ്ദേഹത്തിന്റെ ക്രോധത്തിന്നു, സമുദ്രത്തിന്നു നദികൾപോലെ വഴങ്ങുന്നു! 4

ഇന്ദ്രന്റെ ആ ബലം തിളങ്ങുന്നു: അവിടുന്നു വാനൂഴികൾ രണ്ടിനെയും തോലിനെപ്പോലെ പരത്തും, ചുരുട്ടും! 5

വിറപ്പിച്ച വൃത്രന്റെയും തല അദ്ദേഹം നൂറുമൊട്ടുള്ള വീര്യവത്തായ വജ്രംകൊണ്ടു കൊയ്യുവല്ലോ! 6

ഞങ്ങൾ സ്തോതാക്കളുടെ മുമ്പിൽവെച്ച്, അഗ്നിജ്വാലപോലെ തിളങ്ങുന്ന ഈ സ്തുതികൾ വീണ്ടും വീണ്ടും ചൊല്ലുന്നു! 7

ഗുഹയിലെ യാവചില സ്തുതികൾ സ്വയം ചെന്ന് ഉജ്ജ്വലിച്ചുവോ, അവ ചൊല്ലി കണ്വന്മാർ സോമം ദുഹിക്കുന്നു. 8

ഇന്ദ്ര, ആ ഗവാശ്വയുക്തമായ സമ്പത്തും മികച്ച അന്നവും മുമ്പേ ഞങ്ങൾക്കു കിട്ടുമാറാകണം! 9

സംരക്ഷകനായ സത്യരൂപന്റെ നന്മനസ്സ് എനിക്കുതന്നെ കൈവന്നിരിക്കുന്നുവല്ലോ; അതിനാൽ ഞാൻ, സൂര്യൻപോലെ ആവിർഭവിച്ചു! 10

യാതൊന്നുകൊണ്ട് ഇന്ദ്രൻ ബലവാനാകുമോ; ആ സനാതന സ്തോത്രത്താൽ കണ്വനെന്നപോലെ, ഞാൻ വാക്കുകളെ അലംകരിക്കുന്നു! 11

ഇന്ദ്ര, അങ്ങയെ സ്തുതിക്കാത്തവരിലും, സ്തുതിച്ച ഋഷിമാരിലും വെച്ച് എന്റെ നല്ല സ്തുതിയാൽത്തന്നെ അവിടുന്നു വർദ്ധിച്ചാലും! 12

---

3. ആയുധം ഇരട്ടിപ്പാണ്—ആയുധകാര്യമെല്ലാം ഇന്ദ്രൻതന്നെ ചെയ്തുകൊള്ളും!

4. ചെല്ലുന്ന—സമീപിക്കുന്ന.

6. വിറപ്പിച്ച—ലോകത്തെ.

8. ഗുഹയിലെ—ഗുഹയിൽവെച്ചു ചൊല്ലപ്പെട്ട. ചെന്ന്—ഇന്ദ്രങ്കൽ.

9. മുമ്പേ—മററുള്ളവൎക്കു കിട്ടുന്നതിന്നുമുമ്പ്.

10. സൂര്യൻപോലെ—സൂര്യനൊത്ത ശോഭയോടേ.

11. കണ്വൻ—എന്റെ അച്ഛൻ. അലംകരിക്കുന്നു—ഇന്ദ്രവിഷയത്തിൽ പ്രയോഗിക്കപ്പെട്ടാൽ, വാക്കുകൾ അലംകൃതങ്ങളായി.

തന്തിരുവടിയുടെ അരിശം വൃത്രനെ സന്ധിതോറും ചതച്ച്
അട്ടഹാസമിട്ടതോടേ, തണ്ണീരുകരം കടലിലെയ്ക്കൊഴുക്കപ്പെട്ടു! 13

ഇന്ദ്ര, അവിടുന്നു ശുഷ്ണാസുരങ്കൽ തൃക്കയ്യിലെ വജ്രം ചാട്ടി:
ഓജസ്വിൻ, അങ്ങ് വൃഷാവാണെന്നാണല്ലോ, കേരംവി! 14

വിണ്ണുകളോ, അന്തരിക്ഷങ്ങളോ, മന്നുകളോ ബലംകൊണ്ടു
വജ്രപാണിയായ ഇന്ദ്രനോടടുക്കില്ല! 15

ഇന്ദ്ര, ആർ ഭവാന്റെ തഴച്ച തണ്ണീരിനെ സ്തംഭിപ്പിച്ചുകിടന്നു
വോ, അവനെ അങ്ങ് കൊന്നു വെള്ളത്തിലിട്ടു! 16

ഈ തമ്മിൽച്ചേർന്ന വലിയ വാനൃഴികളെ ആർ മൂടിക്കളഞ്ഞു
വോ, ഇന്ദ്ര, അവനെ അങ്ങ് ഇരുട്ടിൽപ്പൂഴ്ത്തി! 17

ഇന്ദ്ര, ഓജസ്വിൻ, അങ്ങയെ യതികളും ഭൃഗുക്കളും സ്തുതിച്ചു
വല്ലോ; എന്നാൽ, എന്റെ സ്തുതിതന്നെ അവിടുന്നു കേട്ടാലും! 18

ഇന്ദ്ര, ഭവാന്റെ ഈ പൈക്കരം യജ്ഞത്തെ വളർത്തിക്കൊണ്ടു
കാച്ചുപാൽ ചുരത്തുന്നു: 19

ഈ പെററ പൈക്കരം അങ്ങയുടെ വീര്യം ഭക്ഷിച്ചിട്ടാണല്ലോ,
സൂര്യരശ്മികരം ജലമേററപോലെ ഗർഭം ധരിച്ചത്! 20

കെല്പിന്റെ ഉടമസ്ഥ, അങ്ങയെത്തന്നെ കണ്വർ ഉക്ഥം
കൊണ്ടു വർദ്ധിപ്പിയ്ക്കുന്നു; പിഴിഞ്ഞ സോമവും അങ്ങയെത്തന്നെ
വർദ്ധിപ്പിയ്ക്കുന്നു! 21

ഇന്ദ്ര വജ്രപാണേ, ധനദാനങ്ങളിൽ അങ്ങയ്ക്കുതന്നെയാണ്,
മികച്ച സ്തുതിയും വിസ്തരിച്ച യജ്ഞവും! 22

---

13. അട്ടഹാസം—ഇടിയൊച്ച. തണ്ണീരുകരം—മഴവെള്ളങ്ങരം, അയയ്ക്കപ്പെട്ടു—തന്തിരുവടിയാൽ

14. വൃഷാവ്—അഭീഷ്ടങ്ങരം വർഷിച്ചുകൊടുക്കുന്നവൻ എനിയ്ക്കും തരിക എന്നു ഹൃദയം.

16. അവനെ—വൃത്രനെ.

17. ഇരുട്ട്—മരണം.

18. യതികരം—അംഗിരസ്സുകരം.

19. കാച്ചുപാൽ—കറക്കി സോമത്തിൽ പകരാനുള്ള പാൽ. പൈക്കരം പാൽ തരുന്നതിനാലാണ്, യജ്ഞം വളരുന്നത്.

20. വീര്യം—വൃത്രവധാനന്തരം ഓഷധ്യാദികളായിപ്പരിണമിച്ച വീര്യം, പുല്ലും മററും.

22. ദാനാവസരങ്ങളിൽ അങ്ങയെത്തന്നെ സ്തുതിയ്ക്കുന്നു, യജിയ്ക്കുന്നു.

ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു ഗോക്കളെയും, വലിയ അന്നവും, രക്ഷയും, സന്തതിയും, നല്ല വീര്യവും തരാൻ കനിഞ്ഞാലും! 23

ഇന്ദ്ര, നാഹുഷൻെറ പ്രജകളിൽ, മുൻവശത്തു യാതൊരു ശീഘ്രാശ്വഗണം പ്രകാശിപ്പിയ്ക്കപ്പെട്ടുവോ, അതിനെയും (തന്നരുളുക). 24

ഇന്ദ്ര, പ്രാജ്ഞനായ ഭവാൻ ഇപ്പോൾ അരികേ കാണാവുന്ന ഒരു പൈത്തൊഴുത്തു പരത്തിയാൽ, ഞങ്ങളെ സുഖിപ്പിച്ചു കഴിഞ്ഞു! 25

അല്ലയോ ഇന്ദ്ര, ഒരു ബലംതന്നെയാണു്, ഭവാൻ; മനുഷ്യൎക്കു മഹാരാജാവാണു്, ഓജസ്സുകൊണ്ടു സർവാതീതനാണു്, അപാരനാണു്! 26

സോമങ്ങൾകൊണ്ടു വിസ്തീൎണ്ണജവനായ ആ നിന്തിരുവടിയെ ആളുകൾ ഹവിസ്സൊരുക്കി രക്ഷയ്ക്കായി സ്തുതിയ്ക്കുന്നു! 27

പർവതപ്രാന്തത്തിലും നദീസംഗമത്തിലും കൎമ്മമനുഷ്ഠിച്ചാൽ, മേധാവി പ്രത്യക്ഷനാകും! 28

നന്നായി നകരുന്നവൻ എവിടെ പെരുമാറുന്നുവോ, ആ ഉയരത്തിൽനിന്നറിഞ്ഞു സോമത്തെ മുഖം കുനിച്ചു തൃക്കൺപാൎക്കും! 29

വിണ്ണിൻമുകളിൽ വിളങ്ങുന്നതോടേ ചിരന്തനനായ ഗന്താവിൻെറ തേജസ്സു പകൽമുഴുവൻ കാണപ്പെടുന്നു! 30

ഇന്ദ്ര, ബലവത്തര, അങ്ങയുടെ ബുദ്ധിയെയും പൌരുഷത്തെയും വീൎയ്യത്തെയും കണ്വരെല്ലാം വളൎത്തുകതന്നെചെയ്യുന്നു! 31

---

24. നാഹുഷരാജാവിനെ യുദ്ധത്തിൽ സഹായിപ്പാൻ, ഒരുകൂട്ടം ശീഘ്രാശ്വങ്ങളെ ഭവാൻ അയച്ചുകൊടുത്തുവല്ലോ; അത്തരം കുതിരകളെയും ഞങ്ങൾക്കു തന്നാലും.

25. പൈത്തൊഴുത്തു പരത്തിയാൽ—പൈക്കൾ നിറഞ്ഞ ഒരു വിശാലമായ തൊഴുത്തു തന്നാൽ.

26. സർവാതീതൻ — എല്ലാവരെക്കാളും മീതെയായവൻ.

27. സോമങ്ങൾകൊണ്ടു—സോമപാനങ്ങൾമൂലം, വിസ്തീൎണ്ണജവനായ—എങ്ങും വ്യാപിയ്ക്കുന്ന.

28. മേധാവി—ഇന്ദ്രൻ. അതിനാൽ നാമും ആ പ്രദേശങ്ങളിൽ യജിയ്ക്കുക.

29. നന്നായി നകരുന്നവൻ—ഇന്ദ്രൻ. ആ ഉയരം—സ്വർഗ്ഗലോകം. അറിഞ്ഞു്—യഷ്ടാക്കൾ സോമമൊരുക്കിയതറിഞ്ഞു്.

30. ഗന്താവിൻെറ—ഗമനശീലൻെറ, സൂര്യാത്മനാ ചരിയ്ക്കുന്ന ഇന്ദ്രൻെറ.

ഇന്ദ്ര, നിന്തിരുവടി എന്റെ ഈ നല്ല സ്തുതി കേൾക്കുക; എന്നെ പ്രകർഷേണ സംരക്ഷിയ്ക്കുക; ബുദ്ധി ഏറ്റവും വർദ്ധിപ്പിയ്ക്കുക! 32

ഏറ്റവും വളൎന്ന വജ്രപാണേ, മേധാവികളായ ഞങ്ങൾ ജീവനത്തിന്നുവേണ്ടി, അങ്ങയ്ക്കു സ്തോത്രങ്ങൾ നിർമ്മിച്ചിരിയ്ക്കുന്നു 33

കണ്വർ നേരേ സ്തുതിയ്ക്കുന്നു: ഈ സ്തുതി, കീഴ്പോട്ടൊഴുകുന്ന വെള്ളംപോലെ ഇന്ദ്രനെ പ്രാപിയ്ക്കുന്നു! 34

അധർഷിതക്രോധനും അജരനുമായ ഇന്ദ്രനെ ഉക്ഥങ്ങൾ, നദികൾ സമുദ്രത്തെയെന്നപോലെ വർദ്ധിപ്പിയ്ക്കുന്നു! 35

ഇന്ദ്ര, അങ്ങ് അകലത്തുനിന്ന്, അഴകുററ ഹരികളിലൂടേ വന്നാലും: ഈ സോമനീർ നുകൎന്നാലും! 36

മികച്ച ശത്രുഹന്താവേ, അങ്ങയെത്തന്നെയാണല്ലോ, ദർഭ മുറിച്ച ആളുകൾ ബലം കിട്ടാൻ വിളിച്ചുപോരുന്നതു്! 37

വാനൂഴികൾ രണ്ടും അങ്ങയെ, തേർവട്ടു കുതിരയെയെന്നപോലെ അനുസരിയ്ക്കുന്നു; പിഴിഞ്ഞ സോമവും! 38

ഇന്ദ്ര, അവിടുന്നു ശര്യണാവത്തിലെ യാഗത്തിൽ മത്തടിച്ചാലും; സേവകന്റെ സ്തുതികൊണ്ടും മത്തുകൊണ്ടാലും! 39

സോമം വളരെക്കുടിച്ചു വളൎന്നു, വജ്രംകൊണ്ടു വൃത്രനെ വധിച്ച വൃഷാവു വാനത്തു വലിയ ഗർജ്ജനം കൂട്ടി! 40

ഇന്ദ്ര, ഋഷിയാണല്ലോ, മുമ്പേ ജനിച്ച ഭവാൻ: അവിടുന്ന് ഓജസ്സുകൊണ്ടു തനിയേ പെരുമാളായി; അങ്ങു് ധനം വീണ്ടും വീണ്ടും നല്കിപ്പോരുന്നു! 41

ഞങ്ങളുടെ സോമനീരും അന്നവും ഭുജിപ്പാൻ അങ്ങയെ നല്ല മുതുകുള്ള നൂറശ്വങ്ങൾ കൊണ്ടുവരട്ടെ! 42

---

32. ബുദ്ധി—എന്റെ.

33. വളൎന്ന—സ്തുതികൾകൊണ്ടു വർദ്ധിച്ച.

37 ദർഭ മുറിച്ച ആളുകൾ—ഋത്വിക്കുകൾ.

39. ശര്യണാവത്ത്—കുരുക്ഷേത്രത്തിലെ ഒരു സരസ്സ്.

40. ഗർജ്ജനം=ഇടിയൊച്ച.

41. മുമ്പേ—എല്ലാദ്ദേവന്മാരെക്കാളും. നൽകിപ്പോരുന്നു—സ്തോതാക്കൾക്കു്.

പഠണ്ടത്തേവരുടെ ഈ മധുരോദകപ്രവർദ്ധകമായ കർമ്മത്തെ കണ്വർ ഉൽകർഷംകൊണ്ടു കൈവളർത്തുന്നു. 43

മികച്ച മഹാന്മാരിൽവെച്ച് ഇന്ദ്രനെത്തന്നെയാണ്, മനുഷ്യൻ യാഗത്തിൽ ഭജിയ്ക്കുന്നത്; ധനകാമനും രക്ഷയ്ക്ക് ഇന്ദ്രനെത്തന്നെ ഭജിയ്ക്കുന്നു! 44

പുരുസ്തുത, പ്രിയമേധരാൽ പുകഴ്ത്തപ്പെട്ട ഹരികൾ അങ്ങയെ സോമം കുടിപ്പാൻ ഇങ്ങോട്ടു കൊണ്ടുപോരട്ടെ! 45

ആളുകളുടെയിടയിൽ വെച്ച്, പരശുപുത്രനായ തിരിന്ദിര രാജാവിങ്കൽനിന്നു ഞാൻ നൂറുമായിരവും ധനം വാങ്ങിയിരിയ്ക്കുന്നു. 46

മുന്നൂറു കുതിരകളെയും, പതിനായിരം പൈക്കളെയും അവർ സാമജ്ഞനായ വജ്രന്നു നല്കി! 47

ഈ മഹാൻ നാലുഭാരം സ്വർണ്ണമേന്തിയ ഒട്ടകങ്ങളെയും, യാദവജനങ്ങളെയും കൊടുത്തു. യശസ്സു സ്വർഗ്ഗത്തിൽ പരത്തിയിരിയ്ക്കുന്നു! 48

സൂക്തം 7.

കണ്വഗോത്രൻ പുനർവത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; മരുത്തുക്കൾ ദേവത.
('ദാരകാമന്ദിരം' പോലെ)

ത്രിപ്രശസ്തമന്നം നിങ്ങൾ—
ക്കപ്പിച്ചല്ലോ, പുരുപ്രജ്ഞൻ;

---

43. പണ്ടേത്തവരുടെ——പിതാക്കന്മാരുടെ. മധുരോദകപ്രവർദ്ധകം — മധുരമായ ജലത്തെ വർദ്ധിപ്പിയ്ക്കുന്നത്, വൃഷ്ട്യുൽപാദകം.

44. മികച്ച മഹാന്മാർ —ദേവന്മാർ.

45. പ്രിയമേധർ——യജ്ഞപ്രിയർ, ഋഷിമാർ.

46 പരശു——തിരിന്ദിരന്റെ അച്ഛൻ.

47 എനിയ്ക്കുമാത്രമല്ല, തിരിന്ദിരൻ തന്നത്. അവർ——തിരിന്ദിരൻ; ബഹുമാനത്താൽ ബഹുവചനം. വജ്രൻ——കക്ഷീവാൻ.

48 യാദവജനങ്ങളെയും——ദാസന്മാരെ കൊടുത്തു——കക്ഷീവാന്ന് (?)

സൂക്തം 7.

1. ത്രിപ്രശസ്തം——മൂന്നു സവനങ്ങളിലും പ്രശസ്തമായ, അന്നം——സോമം.

വിഭ്രാജിപ്പിൻ, ഗിരികളിൽ
നിർഭരം മരുത്തുക്കളേ! 1

കെല്പന്മാരാകിയ നിങ്ങ—
ളെപ്പോഴുത്തേരൊരുക്കമോ,
അപ്പോളേററമുലഞ്ഞുപോം,
സുപ്രഭരേ, ഗിരികളും! 2

കാററുകളെക്കൊണ്ടി, രമ്പി—
ച്ചീററും പൃശ്നിതനുജന്മാർ
മേല്പോട്ടു തള്ളീടും; ദേഹ—
വാസ്ഥ്യുണ്ടാക്കമെന്നും ഋകം! 3

തേരിൽക്കാററുകളോടൊത്തു
കേറിക്കൊണ്ടാൽ മരുത്തുക്കരം
ചാററം, മഴ; ശൈലങ്ങരംക്ക
പാരം വിറയുളവാക്കം! 4

നിങ്ങളുടെ ധാരകമാം
തുംഗബലത്തിന്നും തേർക്കം
കീഴടങ്ങിനില്ക്കും, സ്വയ—
മാഴികളുമദ്രികളും! 5

നിങ്ങളെ വിളിയ്ക്കും, രാവിൽ;
നിങ്ങളെ വിളിയ്ക്കും, പകൽ;
നിങ്ങളെ വിളിയ്ക്കും, രക്ഷ—
യ്ക്കങ്ങരം യാഗം നടക്കവേ! 6

പുരുപ്രജ്ഞൻ—സ്തോതാവ്. അതു നകന്ത നിങ്ങരം ഗിരികളിൽ നിർഭരം (ഏററവും) വിഭ്രാജിപ്പിൻ—വിളങ്ങുവിൻ.

3. കാററുകരം—തങ്ങളുടെ അവയവങ്ങളായ വായുക്കരം. പൃശ്നിതനുജന്മാർ—മരുത്തുക്കരം. തള്ളീടും—മേഘത്തെയും മററും. ദേഹവാസ്ഥ്യ്—ശരീരപുഷ്ടി. ഋകം—സ്തോതാക്കരംക്ക്.

5. പ്രത്യക്ഷോക്തി: ധാരകമാം—വിശ്വത്തെ താങ്ങുന്ന. നില്ക്കും—നിന്നനില്പിൽ നില്ക്കും, അതിർ കവിയ്ക്കില്ല.

6. പകൽ—പകൽനേരത്ത്. ഇരവുപകൽ നിങ്ങരംതന്നേ ഞങ്ങരംക്ക യജ്ഞരക്ഷകന്മാർ.

വർണ്ണനീയരപ്പാടല-
വർണ്ണർ ചീററിക്കൊണ്ടു തേരിൽ
തിണ്ണം പാററിനടക്കുമേ,
വിണ്ണിൻമുകൾത്തട്ടിലൂടേ! 7

സൂരന്നു നടപ്പാൻ പര-
ന്നപ്പുറം മാർഗ്ഗമോജസ്സിനാൽ
നിർമ്മിപ്പോരാമവരെങ്ങും
തന്മഹസ്സു പരത്തുന്നു! 8

ഈയെൻസ്തവം മഹാന്മാരേ,
ഇസ്തോമം മരുത്തുക്കളേ,
നേർക്കെന്നുടെ വിളിയിതും
കേൾക്കുകവേണമേ, നിങ്ങൾ! 9

ഇന്ദ്രന്നായി മുപ്പൊയ്കക-
ളിന്ദുനീരാൽ നിറയ്ക്കുവാൻ
കാറിൽനിന്നു കറക്കുന്നു,
ചോരും വെള്ളം പൃശ്നിസുതർ. 10

ഹേ മരുത്തുക്കളേ, സുഖ-
കാമരെങ്ങൾ ഭവാന്മാരെ
വിണ്ണിൽനിന്നു വിളിക്കുന്നു;
തിണ്ണമിങ്ങു വന്നെത്തുവിൻ! 11

സദ്ദാനരേ, മഹാന്മാരേ,
രുദ്രജരേ, ശാലയിങ്കൽ
സോമമുണ്ടിട്ടല്ലോ, ജ്ഞാന-
ഭൂമാവുൾക്കൊള്ളുന്നു, നിങ്ങൾ! 12

---

7. പരോക്ഷകഥനം: പാടലവർണ്ണർ = ചെമന്നവർ.

8. നിർമ്മിപ്പോർ നിർബാധമാക്കുന്നവർ. തന്മഹസ്സ് = സ്വതേജസ്സ്.

9. സ്തോമം = സ്തോത്രം.

10. ഇന്ദു = സോമം. മുപ്പൊയ്കകൾ—ദ്രോണകലശം, ആധവനീയം, പൂതഭൃത്ത് എന്നീ മൂന്നു പാത്രങ്ങൾ.

12. സദ്ദാനർ = ശോഭനദാനന്മാർ. രുദ്രജർ = രുദ്രപുത്രന്മാർ. ശാല—യജ്ഞഗൃഹം. ജ്ഞാനഭൂമാവ് = ജ്ഞാനാധിക്യം, ഉൽകൃഷ്ടജ്ഞാനം.

വിണ്ണിൽനിന്നെത്തിപ്പിൻ, മദ—
ഖണ്ഡന,മനേകാവാസം,
എല്ലാരെയും പോററും ധന—
മെങ്ങൾക്ക മരുത്തുക്കളേ! 13

പർവതങ്ങളുടെ മീതേ
പള്ളിത്തേർകളൊരുക്കവേ
സോമനീരാൽ മദം കൊൾവൂ,
ശ്രീമാന്മാരാകിയ നിങ്ങൾ! 14

ഇത്രയും പോന്നവരാക—
മദ്ദുർദ്ധർഷന്മാരോടത്രേ
അർത്ഥിയ്ക്കുണ്ടു, സുഖം മർത്ത്യൻ
സ്തുത്യുച്ചാരത്തൊടുംകൂടി. 15

വാരിശീകരങ്ങൾപോലേ
വാനിനെയും മന്നിനെയും
വീർപ്പിയ്ക്കുന്നു, കാറിൽനിന്നു
വായ്പ്പററ നീർ കറന്നിവർ! 16

ആരവംകൊണ്ടുയരുന്നു;
തേരുകൊണ്ടും കാററുകൊണ്ടും,
സ്തോമംകൊണ്ടുമുയരുന്നു,
ഗോമാതാവിൻ പുത്രരിവർ! 17

---

13. മദഖണ്ഡനം——ശത്രുക്കളുടെ ഗർവറുക്കുന്നത്. അനേകാവാസം——വളരെ പാർപ്പിടങ്ങളോടുകൂടിയത്: എല്ലാവരേയും പോററും——ഞങ്ങളുടെ ആളുകൾക്കെല്ലാം കഴിച്ചിലിന്നു മതിയാവുന്ന. ഇങ്ങനെയുള്ള ധനം നിങ്ങൾ എങ്ങൾക്ക വിണ്ണിൽനിന്ന് എത്തിപ്പിൻ——കൊണ്ടുവരുവിൻ.

14. ശ്രീമാന്മാർ——ശോഭയേറിയവർ.

15. പരോക്ഷകഥനം: സ്തുത്യുച്ചാരത്തൊടുംകൂടി——സ്തോത്രം ചൊല്ലിക്കൊണ്ട്.

16 വാരിശീകരങ്ങൾ=നീർത്തുള്ളികൾ. ഇവർ (മരുത്തുക്കൾ) വാനിലും മന്നിലും വർഷജലം നിറയ്ക്കുന്നു: വായ്പ്പററ——അക്ഷീണമായ.

17. സ്തോമം——നമ്മുടെ സ്തോത്രം. ഈ പൃശ്നിപുത്രന്മാർക്ക വലിയ ശബ്ദമുണ്ട്, വലിയ തേരുണ്ട് വലിയ കാററുണ്ട്; ഇവർ നമ്മുടെ സ്തോത്രത്താലും മഹത്ത്വപ്പെടുന്നു.

തുർവശനെ, യദുവിനെ,
ദ്രവ്യേച്ഛുവാം കണ്വനെയും
നിങ്ങൾ പാലിച്ചതു ഭൂതി-
യ്ക്കെങ്ങൾ നന്നായ് ധ്യാനിയ്ക്കാവൂ! 18

നെയ്യുപോലേ പുഷ്ടിദമാ-
മിയ്യന്നവും സുദാനരേ,
കണ്വജന്റെ നുതികളും
കൈവളർക്ക, ഭവാന്മാരെ! 19

എങ്ങു, ദർഭ കൊയ്യിയ്ക്കുന്ന
നിങ്ങളിപ്പോൾ മത്താടുന്നു?
ആർ നിങ്ങളെ സ്തുതികളാ-
ലാരാധിപ്പൂ, സുദാനരേ? 20

അന്യർക്കധീനമായ്പ്പോകാ:
മുന്നേ ദർഭ കൊയ്തു നിങ്ങൾ
വാഴ്ത്തി പ്രീണിപ്പതുണ്ടല്ലോ,
മേധ്യമാം മരുദ്ബലത്തെ! 21

മെത്തിയ ജലത്തെ,ദ്യാവാ-
പൃഥ്വികളെ,പ്പകലോനെ
നിർത്തിപ്പോരുവോരാമവ-
രസ്ത്രമെയ്താരേപ്പുതോറും: 22

---

18. പ്രത്യക്ഷകഥനം: ദ്രവ്യേച്ഛു = ധനകാംക്ഷി. ഭൂതിയ്ക്ക്——സമ്പല്ലാഭത്തിന്ന്.

19. ഇയ്യന്നം——സോമം. കണ്വജന്റെ——എന്റെ. കൈവളർക്ക = വളർത്തുമാറാകട്ടെ.

20. മരുത്തുക്കൾ വരാഞ്ഞതിനാൽ ഋഷി സന്ദേഹിയ്ക്കുന്നു: ദർഭ കൊയ്യിയ്ക്കുന്ന——ആളുകളെ യജ്ഞോദ്യുക്തരാക്കുന്ന. നിങ്ങൾ എവിടെയാണ്, ആരുടെ സ്തുതികൾ കൈക്കൊള്ളുന്നു? ഇങ്ങോട്ടു വരാത്തതെന്താണ്?

21. ഋത്വിക്കുകളോട്: നിങ്ങൾ മുമ്പുതന്നേ സ്തുതിയ്ക്കുന്നതിനാൽ, മേധ്യമായ (യാഗാർഹമായ) മരുദ്ബലം (മരുദ്ഗണം) അന്യർക്കധീനമാകില്ല——അന്യസ്തുതികളിൽ തങ്ങിനില്ക്കില്ല; ഇങ്ങോട്ടുതന്നെ വരും.

22. മെത്തിയ ജലത്തെ——സൂര്യരശ്മികളാൽ മുകളിലെയ്ക്കു വലിയ്ക്കപ്പെട്ടു തഴച്ച ജലത്തെയും, ദ്യാവാപൃഥിവികളെയും, പകലോനെയും. അസ്ത്രം = ആയുധം. ഏപ്പുതോറും——വൃത്രന്റെ ഓരോ അംഗസന്ധിയിലും.

നിർത്താതെല്ലാ,രേപ്പതോറും
വൃത്രനെ,ശ്ശൈലങ്ങളെയും;
തൻബലവീര്യങ്ങദം കാട്ടി–
ത്തമ്പുരാനില്ലാത്തോരവർ! 23

യുദ്ധംവെട്ടും ത്രിതനുടെ
ശക്തിയെയും മഖത്തെയും
ഒത്തുനിന്നു കാത്താര,വർ
വൃത്രപ്പോരിലിന്ദ്രനെയും! 24

മിന്നലുകദം കൈക്കൊണ്ടൊ,ളി
ചിന്നി വിളങ്ങിടുമവർ
മിന്നിയ്ക്കുന്നു, ശിരസ്സിങ്കൽ–
പ്പൊന്നിൻതൊപ്പിയഴകിന്നായ്! 25

കാമിപ്പവർ നിങ്ങദം ദൂരാൽ–
ത്തേർമധ്യത്തിൽക്കേറിയാറേ,
പേടിമൂലമുമ്പരുടെ
നാടും നിലവിളിച്ചുപോയ്! 26

ദേവന്മാരേ, കാല്ക്കളിൽപ്പൊൻ
താവുമശ്വങ്ങളിലൂടേ
ആഗമിപ്പി,നെങ്ങളുടെ
യാഗം നിറവേററാൻ നിങ്ങദം! 27

പെൺപുള്ളിമാൻചാർത്തൊത്താശ്രു
ചെമ്പന്മാൻ വലിയ്ക്കും തേരിൽ

---

23. തമ്പുരാനില്ലാത്തോർ––ആരുടെയും കീഴിലല്ലാത്ത സ്വതന്ത്രന്മാർ.

24. ശത്രുക്കളോടു പൊരുതുന്ന ത്രിതനെന്ന രാജർഷിയുടെ ബലത്തെയും യജ്ഞത്തെയും അവർ രക്ഷിച്ചു; വൃത്രനോടുള്ള യുദ്ധത്തിൽ ഇന്ദ്രനെയും രക്ഷിച്ചു, സഹായിച്ചു.

25. മിന്നലുകദം––ഉജ്ജ്വലായുധങ്ങദം. പൊന്നിൻതൊപ്പി മിന്നിയ്ക്കുന്നു ––അണിയുന്നു.

26. പ്രത്യക്ഷോക്തി: കാമിപ്പവർ––സ്തോതൃകാമന്മാർ. ഉമ്പരുടെ നാടും ––സ്വർഗ്ഗംപോലും (സ്വർഗ്ഗികദംപോലും); പിന്നെ, ഭൂവാസികളുടെ കഥ യെന്ത്!

27. പൊൻതാവും––സ്വർണ്ണാഭരണമിട്ടു.

ശ്രുംഭ്രേ പരവർ ഗമി-
ക്കുമ്പോഠം മഴ പെയ്യും, നീളെ! 28

മുഖ്യരവരൃജീകാഖ്യ-
ദിക്കിലെശ്ശര്യണാവത്തിൽ
അഗ്ര്യസോമം ചേൎന്ന ഗൃഹ-
ത്തെയ്ക്കിറങ്ങിച്ചെല്ലുമല്ലോ! 29

എന്നുവാൻ മരുത്തുക്കളേ,
വന്നുചേരും, ധനവുമായ്,
നിന്നേവം സ്തുതിച്ചു വിളി-
ക്കുന്ന മേധാവാങ്കൽ നിങ്ങഠം? 30

ഇന്ദ്രനെ ത്യജിച്ചു, നിങ്ങ-
ളെന്നതെന്നുണ്ടായി, നേരിൽ?
ആർ നിങ്ങഠംതൻ സഖ്യം നേടും,
ഹേ നവനപ്രീതന്മാരേ? 31

പൊന്നുളി-വജ്രങ്ങഠം കയ്യിൽ
മിന്നും മരുത്തുക്കളെയും
അഗ്നിയെയും സ്തുതിക്കുവി,-
നസ്മൽകണ്വന്മാരേ, നിങ്ങഠം. 32

ചിത്രമായ സമ്പത്തുള്ളാ
ക്രതുവഹരാം വൃഷാക്കളെ

---

28. പരോക്ഷോക്തി: ചെമ്പന്മാൻ--ചെമന്ന മാൻ. ശ്രുംഭ്രേ പർ=ശോഭമോനാകാരന്മാർ.

29. മുഖ്യർ---നേതാക്കഠം. ഋജീകം---ഒരു പ്രദേശം. ശര്യണാവത്തിൻ തീരത്തു യാഗം തുടങ്ങിയാൽ, മരുത്തുക്കഠം മികച്ച സോമം കടിപ്പാൻ യാഗശാലയിലെയ്ക്കു്, ആകാശത്തു നിന്നിറങ്ങിച്ചെല്ലും.

30. മേധാവാങ്കൽ---മേധയുള്ളവങ്കൽ, എങ്കൽ.

31. നേരിൽ, വാസ്തവത്തിൽ, നിങ്ങഠം ഇന്ദ്രനെ ത്യജിച്ചു എന്നതു് എന്നുണ്ടായി? ഒരിക്കലും ഉണ്ടായിട്ടില്ല; നിങ്ങഠം സദാ ഇന്ദ്രൻെറ സഖാക്കഠംതന്നെ. നിങ്ങളുടെ സഖ്യം എളുപ്പത്തിൽ നേടാവുന്നതല്ല. നവനപ്രീതന്മാരേ=സ്തുതികൊണ്ടു പ്രസാദിക്കുന്നവരേ.

32. അസ്മൽകണ്വന്മാർ---ഞങ്ങളുടെ കണ്വഗോത്രന്മാർ.

ഇങ്ങോട്ടു തിരിപ്പിസ്സുവൻ,
മംഗളധനത്തിന്നായ് ഞാൻ! 33

ആയവർതൻ സ്പർശനത്തി—
ലാകുലരായ്ത്തുന്നുകളും
സ്വസ്ഥാനത്തുനിന്നിളകു;—
മദ്രികളുമടങ്ങുമേ! 34

നേത്രത്തെക്കാൾ വേഗത്തോടേ
യാത്രചെയ്യും പറവകൾ
വാനിൽനിന്നു കൊണ്ടുവരും,
വാഴ്ത്തുന്നവന്നന്നം നല്ലാൻ! 35

അഗ്ര്യനല്ലോ, തേജസ്സിനാ—
ലഗ്നി, സേവ്യൻ രവി പോലേ;
പില്ലാടവർ നിലകൊൾവൂ,
സുപ്രഭരായ്പ്പലമട്ടിൽ! 36

സൂക്തം 8.

കണ്വഗോത്രൻ സധ്വംസൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.
('താമരക്കണ്ണൻ' പോലെ.)

വിശ്വരക്ഷയുമായ് വന്നെത്തുവി—
നശ്വികൾ നിങ്ങളെങ്ങളിൽ:

---

33. ക്രത്വർഹർ—യജ്ഞാർഹന്മാർ വൃഷാക്കളെ—വർഷകരായ മരുത്തുക്കളെ മംഗളധനം—പ്രശസ്തധനം. ഞാൻ—പുനർവത്സൻ.

34. അദ്രികൾ—വലിയ മലകൾ. അടങ്ങും—മരുത്തുക്കളുടെ ഗതിവേഗത്തിന്നധീനങ്ങളായിത്തീരും.

35. നേത്രത്തെക്കാൾ—കണ്ണുകൾ അതിവേഗത്തിൽ ദൂരത്തെത്തുമല്ലോ. പറവകൾ—പക്ഷിസദൃശങ്ങളായ അശ്വങ്ങൾ. കൊണ്ടുവരും—മരുത്തുക്കളെ.

36. അഗ്ര്യൻ—ദേവകളിൽവെച്ചു മുമ്പൻ. പില്ലാട്—അഗ്നിസ്തുതിശേഷം. അവർ—മരുത്തുക്കൾ. യാഗത്തിൽ അഗ്നിയെ സ്തുതിച്ചുകഴിഞ്ഞാൽപിന്നെ മരുത്തുക്കളെയത്രേ, സ്തുതി

ഹേമത്തേരികളേറും ദസ്രരേ,
സോമത്തേൻ നുകർന്നീടുവിൻ!　　1

തീർച്ചയായ് വരിക,ശ്വികളേ, സൂ-
ര്യാർച്ചിസ്സാം തേരിലാ നിങ്ങൾ
ഉണ്മോരേ, പൊന്നിൻകോപ്പണിഞ്ഞോരേ,
സമ്യഗ്ജ്ഞാനരേ, സ്തുത്യരേ!　　2

വാനിങ്കൽനിന്നോ മന്നിങ്കൽനിന്നോ
വന്നാലും, നിങ്ങൾ വാഴ്ത്തലാൽ:
ഉണ്ണുവിൻ, സോമത്തേനശ്വികളേ,
കണ്വഃഗോത്രർതൻ യജ്ഞത്തിൽ!　　3

വിൺനാട്ടിൽനിന്നോ വാനിങ്കൽനിന്നോ
വന്നാലും നിങ്ങൾ നുതിപ്രിയർ:
ഇങ്ങു പിഴിയുന്നുണ്ടു, കണ്വജൻ
നിങ്ങൾക്കായ് നറുംസോമനീർ.　　4

ആഗമിപ്പുവിൻ, സ്വാഹാ, ഞങ്ങൾതൻ
യാഗത്തിൽസ്സോമമുണ്ണുവാൻ,
സ്തോതൃകർമ്മവർദ്ധകർ, വിജ്ഞർ,
നേതാക്കൾ നിങ്ങൾ ദസ്രരേ!　　5

മുമ്പൊക്കെയൃഷിമാരവനാർത്ഥം
മുമ്പരേ, വിളിച്ചാലപ്പോൾ

സൂക്തം 8.

1. വിശ്വരക്ഷയുമായ്—എല്ലാ രക്ഷകളോടുംകൂടി. ഹേമത്തേർ=സ്വർണ്ണരഥം. സോമത്തേൻ—മധുരമായ സോമം.

2. സൂര്യാർച്ചിസ്സ്=സൂര്യനൊത്ത തേജസ്സുള്ളത്. ഉണ്മോരേ—ഹവിസ്സശിയ്ക്കുന്നവരേ.

3. വാഴ്ത്തലാൽ—ഞങ്ങളുടെ സ്തുതിയാൽ.

4. വാന്—അന്തരിക്ഷം. നുതിപ്രിയർ=സ്തുതിപ്രിയർ.

5. ആഗമിപ്പുവിൻ=വരുവിൻ. സ്തോതൃകർമ്മവർദ്ധകർ—സ്തോതാക്കളെയും, കർമ്മവാന്മാരെയും (യഷ്ടാക്കളെയും) വളർത്തുന്നവർ.

വന്നിരുന്നല്ലോ, നിങ്ങൾ ദസ്രരേ;
വന്നാലും, മൽസ്തോത്രത്തിലും! 6

സ്വർവ്യോമങ്ങളിൽനിന്നാഗമിപ്പി, —
നിവ്വിളിനുതി കേട്ടടൻ,
വിൺകിട്ടിപ്പവർ കാമ്യവിജ്ഞാനർ
നിങ്ങളെങ്ങളിൽധീയോടും! 7

ഞങ്ങളല്ലാതെയാരശ്വികളിൽ-
സ്സംഗതരാകും സ്തോത്രത്താൽ?
വർദ്ധിച്ചു വാഴ്ത്തിച്ചല്ലോ, നിങ്ങളെ—
ക്കണ്വന്റെ പുത്രൻ വത്സർഷി. 8

ഇങ്ങു രക്ഷസ്സായ്ധീമാൻ വിളിച്ചു,
നിങ്ങളെ സ്തുത്യാ ദസ്രരേ:
വൃത്രഘ്നതമർ നിഷ്പാപർ നിങ്ങ—
ളെത്തിപ്പിൻ, സുഖമെങ്ങളിൽ! 9

കേറിയിരുന്നാളല്ലോ, നിങ്ങൾതൻ
തേരിൽപ്പെൺതയ്യാൾ ദസ്രരേ;
എത്തിച്ചുതരികീ, പ്സിതമെല്ലാം
ക്രത്വംശധനരാ നിങ്ങൾ! 10

അങ്ങുനിന്നശ്വിമാരേ, വന്നാലും,
ഭംഗിയേറിയ ത്തേരിൽ:

---

6. അവനാർത്ഥം = രക്ഷസ്സായി. മുമ്പർ——നേതാക്കൾ. മൽസ്തോത്രം = എന്റെ സ്തുതി.

7. സ്വർവ്യോമങ്ങളിൽനിന്ന് = സ്വർഗ്ഗത്തിൽനിന്നും അന്തരിക്ഷത്തിൽ നിന്നും. ഇവ്വിളിനുതി——ഈ വിളിയും സ്തുതിയും. ധീയോടും ഞങ്ങൾക്ക തരാൻ ബുദ്ധിയുമെടുത്ത്.

8. ഞങ്ങൾ——കണ്വഗോത്രക്കാരല്ലാതെ, അന്യർ അശ്വികളെ സ്തുതിപ്പാൻ ശക്തരാകില്ല. വർദ്ധിച്ചു വാഴ്ത്തിച്ചല്ലോ = സ്തുതിച്ചു വളർത്തിയല്ലോ.

9. ധീമാൻ——സ്തോതാവ്. വൃത്രഘ്നതമർ = ഏററവും ശത്രുഹന്താക്കൾ.

10. പെൺതയ്യാൾ——സൂര്യ. ക്രത്വംശധനർ = യാഗഭാഗമാകുന്ന ധനത്തോടുകൂടിയവർ.

11. അങ്ങുനിന്ന്——നിങ്ങൾ എവിടെ വസിക്കുന്നുവോ. അവിടെനി

നിങ്ങൾക്കായ്ച്ചൊന്നാൻ, തേന്മൊഴി വത്സൻ,
തുംഗധീ, കവിനന്ദനൻ! 11

സ്വത്തേറിയവർ, മത്തേറിയവർ,
വിത്തങ്ങൾ കൊടുക്കുന്നവർ,
ധർത്താക്കളാകുമശ്വികളെൻ്റെ-
യിസ്തുതി വന്നു കേൾക്കട്ടേ! 12

ഏകുവിൻ, നാണിയ്ക്കേണ്ടാത്ത സമ്പ-
ത്താകെ ഞങ്ങൾക്കശ്വികളേ;
ഋത്വർഹക്രിയരാക്കുവിൻ; നിന്ദാ-
കൃത്തിൻ കീഴാക്കൊല്ലേങ്ങളെ! 13

ദൂരത്തായേയ്ക്കാം, നാസത്യർ നിങ്ങൾ;
ചാരത്തുതന്നെയായേയ്ക്കാം;
അങ്ങുനിന്നശ്വിമാരേ, വന്നാലും,
ഭംഗിയേറിയ തൃത്തേരിൽ! 14

വത്സനീയൃഷി നിങ്ങളെ സ്തുത്യാ
വർദ്ധിപ്പിച്ചല്ലോ, ദസ്രരേ;
ഏകുവിൻ, നിങ്ങളായാൾക്കു ദുനൈ
തൂകുന്ന നാനാത്രപാന്നം! 15

സൌഖ്യവും സ്വത്തുമോർത്തശ്വികളേ,
നേർക്കെവൻ വാഴ്ത്തീ, നിങ്ങളെ,
ആയാൾക്കു നിങ്ങൾ ദാനാധീശരേ,
നെയ്യോലുമന്നം നൽകുവിൻ! 16

ന്നു്. തേൻമൊഴി——മധുരസ്തോത്രം. തുംഗധീ=ഉയർന്ന ബുദ്ധിയുള്ളവൻ. കവിനന്ദനൻ——കവി എന്ന ഋഷിയുടെ പുത്രൻ.

12. മത്ത്——സോമലഹരി. ധർത്താക്കൾ——ഉലകെല്ലാം താങ്ങുന്നവർ.

13. നാണിയ്ക്കേണ്ടാത്ത——അന്യായാർജ്ജിതം ലജ്ജാകരമാണല്ലോ. ഋത്വർഹക്രിയർ——ഋതുകാലത്തു വേണ്ടുന്ന ക്രിയയോടു, പ്രജോൽപാദനത്തോടു, കൂടിയവർ. നിന്ദാകൃത്ത്——നിന്ദകൻ.

15. സ്തുത്യാ=സ്തുതികൊണ്ടു്.

16. ഓർത്ത്——ഇച്ഛിച്ച്.

ധ്വസ്തഹിംസ്രർ വൻഭോക്താക്കരം നിങ്ങ–
ളെത്തുകീ,യസ്സൽസ്തോത്രത്തിൽ:
പുഷ്ടാൎത്ഥരാക്കകെങ്ങളെ;–യിവ
കിട്ടിപ്പിൻ, നിങ്ങരം മുമ്പരേ! 17

യാഗത്തിൻ പുരാന്മാരാം, രക്ഷക–
ളാകവേ ചേൎന്ന നിങ്ങളെ
മേധത്തിൽ വിളിച്ചാരല്ലോ, പ്രിയ–
മേധന്മാരശ്വിദേവരേ! 18

വൎദ്ധിപ്പിച്ചല്ലോ, സ്തുത്യർ നിങ്ങളെ
വത്സൻ കൎമ്മത്താൽ സ്തോത്രത്താൽ:
വന്നാലു,മെങ്ങരംക്കാരോഗ്യസൌഖ്യം
തന്നീടാൻ നിങ്ങരം ദസ്രരേ! 19

കണ്വന്നും, ശയുവിന്നു,മാ വശ–
നെന്ന ദശവ്രജന്നുമേ
മേധാതിഥിയ്ക്കുംപോലെ, ഞങ്ങരംക്ക–
മേകുവിൻ, രക്ഷ മുമ്പരേ! 20

സ്വത്തോൎക്കും ത്രസദസ്യുവെ ത്രാണ–
യുക്തനാക്കിയപോലവേ
പാലിപ്പിന,ന്നത്തിന്നെങ്ങളെയും
മേലാളർ നിങ്ങരം ദസ്രരേ! 21

നിങ്ങളെ വളർത്തട്ടേ, മന്ത്രവും
മംഗളോക്തിയും ദസ്രരേ:
ഭൂരികാമ്യരാകെ,ങ്ങരംക്ക നിങ്ങരം,
ഭൂരിപാലകർ, വൈരിഘ്നർ! 22

---

17. ധ്വസ്തഹിംസ്രർ—ഹിംസകരെ നശിപ്പിയ്ക്കുന്നവർ. വൻഭോക്താക്കരം—ഹവിസ്സ വളരെ ഭുജിയ്ക്കുന്നവർ. പുഷ്ടാൎത്ഥർ—അൎത്ഥം (ധനം) വൎദ്ധിച്ചവർ. ഇവ—ഈ ഭൌമധനങ്ങരം. മുമ്പരേ—നേതാക്കളേ.

18. മേധം=യാഗം. പ്രിയമേധന്മാർ—പ്രിയമേധരെന്ന ഋഷിമാർ.

19. സ്തുത്യർ നിങ്ങളെ—സ്തുത്യരായ നിങ്ങളെ.

20. ദശവ്രജൻ—ദശവ്രജദേശക്കാരൻ (?)

21. സ്വത്തോൎക്കും—ധനകാംക്ഷിയായ; ത്രാണയുക്തനാക്കിയപോലവേ—രക്ഷിച്ചതുപോലെ. അന്നത്തിന്ന്—അന്നലബ്ധിയ്ക്ക്.

22. മംഗളോക്തി—നല്ല സ്തോത്രം. ഭൂരികാമ്യരാക—ഏററവും സ്പൃഹണീയരാകുവിൻ. ഭൂരിപാലകർ—ബഹുജനരക്ഷകർ.

പാടേ കാണായി, തശ്വികളുടെ
ഗൂഢമായ്‌ നിന്ന മൂവുരുൾ:
അത്തോയദത്താൽ, ദ്രഷ്ടാക്കരം നിങ്ങ—
ളെഴുന്നെള്ളുവിനി, ങ്ങിജ്ജീവരിൽ! 23

സൂക്തം 9.

ശശകർണ്ണൻ ഋഷി; ബൃഹതിയും ഗായത്രിയും കകുപ്പും ത്രിഷ്ടുപ്പും വിരാട്ടും ജഗതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങൾ തീർച്ചയായും വത്സനെ രക്ഷിപ്പാൻ വന്നെത്തുവിൻ; ഇവനുക്കു നിർബാധമായ വലിയ ഗൃഹം നല്കുവിൻ; ശത്രുക്കളെ ഓട്ടിപ്പാക്കുവിൻ! 1

അന്തരിക്ഷത്തിലും സ്വർഗ്ഗത്തിലും പഞ്ചജനങ്ങളിലും യാതൊന്നു യാതൊന്നുണ്ടോ, അശ്വികളേ, ആ ധനം തന്നരുളുവിൻ! 2

അശ്വികളേ, മേധാവികൾ നിങ്ങളെ പരിചരിച്ചുപോരുന്നുണ്ടല്ലോ; അതുപോലെ ഗണിയ്ക്കുവിൻ, കണ്വപുത്രന്റെ കർമ്മവും! 3

അശ്വികളേ, ഇതാ, നിങ്ങൾക്കായി കലത്തിൽ ഒന്നാംതരം പാൽ പകരുന്നു. അന്നധനന്മാരേ, ഇതാ, മധുരമായ സോമവും: ഇതുകൊണ്ടാണല്ലോ, നിങ്ങൾ വൃത്രനെ അറിഞ്ഞതു്! 4

ബഹുകർമ്മാക്കളായ അശ്വികളേ, വെള്ളത്തിലും വൃക്ഷങ്ങളിലും സസ്യങ്ങളിലും നിങ്ങൾ എന്തൊന്നു നിർമ്മിച്ചിരിയ്ക്കുന്നുവോ, അതുകൊണ്ടു് എന്നെ രക്ഷിയ്ക്കുവിൻ! 5

---

23. മൂവുരുൾ——തേരിന്റെ മൂന്നു ചക്രം. അശ്വിരഥം ത്രിചക്രോപേതമാണെന്നു, നാലാംമണ്ഡലത്തിലും മററും പറഞ്ഞിട്ടുണ്ടു്. അത്തോയദത്താൽ——ആ ജലപ്രദമായ തേരിലൂടേ. ദ്രഷ്ടാക്കരം——ക്രാന്തദർശികൾ. ഇജ്ജീവരിൽ——ഞങ്ങളുടെ അടുക്കൽ.

സൂക്തം 9.

1. വത്സൻ——സ്തോതാവു്, ഞാൻ.
3. കണ്വപുത്രന്റെ——എന്റെ.
4. കലം——മഹാവീരമെന്ന പാത്രം. അറിഞ്ഞതു്——ഹന്തവ്യനാണെന്നു്.
5. എന്തൊന്നു്——മരുന്നു്.

നാസത്യന്മാരേ, നിങ്ങഠം പുലർത്തിപ്പോരുന്നു; ദേവന്മാരേ, നിങ്ങഠം രോഗം ശമിപ്പിയ്ക്കുന്നു. ആ നിങ്ങളെ ഈ വത്സൻ സ്തുതികഠംകൊണ്ടു കണ്ടെത്തില്ല: ഹവിഷ്മാന്മാർ ചെല്ലുന്നവരാണല്ലോ, നിങ്ങഠം! 6

തീർച്ചയായും, ഋഷി അശ്വികഠംക്കു ക്ഷേമമായി ചിന്തിച്ചു, സ്തോത്രം ചമയ്ക്കും; മാധുര്യമേറിയ സോമവും കാച്ചുപാലും അഗ്നിയിൽ ഹുതമാക്കുകയും ചെയ്യും! 7

അശ്വികളേ, നിങ്ങഠം തീർച്ചയായും ഗതിവേഗമിയന്ന തേരിൽ കേറുവിൻ: ഇതാ, എന്റെ സ്തോത്രങ്ങഠം സൂര്യനൊത്ത നിങ്ങളെ സമീപിയ്ക്കുന്നു! 8

നാസത്യരേ, ഞങ്ങളിപ്പോഠം നിങ്ങളെ ഉക്ഥങ്ങഠംകൊണ്ടും മററു സ്തുതികഠംകൊണ്ടും വരുത്തുകയാണ്; അശ്വികളേ, കണ്വപുത്രന്റെ ഈ കർമ്മം നിങ്ങളറിയണം! 9

അശ്വികളേ, നിങ്ങളെ എപ്രകാരം കക്ഷീവാൻ, എപ്രകാരം വ്യശ്വൻ, എപ്രകാരം ദീർഘതമസ്സെന്ന ഋഷി, എപ്രകാരം യാഗശാലയിൽ വേനപുത്രൻ പൃഥി വിളിച്ചുവോ; അപ്രകാരംതന്നെ ഇതും നിങ്ങഠം അറിയണം! 10

നിങ്ങഠം ഞങ്ങളുടെ ഗൃഹം രക്ഷിപ്പാൻ വന്നുചേരുവിൻ; ഞങ്ങളുടെ ജംഗമങ്ങളെയും ദേഹങ്ങളെയും രക്ഷിപ്പിൻ; പുത്രന്റെയും പൌത്രന്റെയും ഗൃഹത്തിൽ വരുവിൻ! 11

അശ്വികളേ, നിങ്ങഠം ഇന്ദ്രനോടൊരുമിച്ച് ഒരേ തേരിൽ സഞ്ചരിയ്ക്കുകയായിരിയ്ക്കാം; വായുവോടൊന്നിച്ച് ഒരേസ്ഥലത്തു വസിയ്ക്കുകയായിരിയ്ക്കാം; ആദിത്യരോടും ഋഭുക്കളോടുംകൂടി രസിയ്ക്കുകയായിരിയ്ക്കാം; വിഷ്ണുവിനാൽ അളക്കപ്പെട്ടേടങ്ങളിലിരിയ്ക്കുകയായിരിയ്ക്കാം! 12

---

6. പുലർത്തിപ്പോരുന്നു—ജഗത്തിനെ. സ്തുതി മാത്രം പോരാ, ഹവിസ്സും വേണം, നിങ്ങളെ കണ്ടെത്താൻ.

7. കാച്ചുപാൽ—മഹാവീരത്തിലെ പാൽ. ഹുതമാക്കുക—ഹോമിയ്ക്കുക.

8. സൂര്യനൊത്ത—തേജസ്വികളായ.

10. പൃഥി—പൃഥു എന്ന രാജാവ്. ഇതും—എന്റെ വിളിയും.

11. ജംഗമങ്ങഠം—ഗോക്കളും മററും.

12. എവിടെനിന്നായാലും വരുവിൻ.

ഇന്നു, ഞാൻ യുദ്ധത്തിന്നുവേണ്ടി, അശ്വികളെ വിളിയ്ക്കും: ശ്രേഷ്ഠമാണല്ലോ, പടകളിൽ കൊല്ലാൻ ത്രാണിയുള്ള അശ്വികളുടെ രക്ഷണം! 13

അശ്വികളേ, നിങ്ങൾ തീർച്ചയായും വരുവിൻ: ഇതാ, നിങ്ങൾക്കു ഹവിസ്സുകൾ വെച്ചിരിയ്ക്കുന്നു—ഇതാ, നിങ്ങൾക്കു തുർവശന്റെയും യദുവിന്റെയും സോമങ്ങൾ; ഇതാ, കണ്വപുത്രരുടെയും. 14

പ്രകൃഷ്ടജ്ഞാനരായ നാസത്യരേ, ദൂരത്തും ചാരത്തുമുണ്ടല്ലോ, നിങ്ങളുടെ മരുന്നുകൾ; അവയോടുകൂടിയ ഒരു ഗൃഹം നിങ്ങൾ വിമദന്നെന്നപോലെ വരദന്നും തീർച്ചയായി നൽകണം! 15

ഞാൻ അശ്വികളെക്കുറിച്ചുള്ള ഉജ്ജ്വലവാക്കോടുംകൂടി ഉണർന്നു: ദേവി, അവിടുന്നു സ്തുതിയ്ക്കായി പുലർന്നാലും; മനുഷ്യർക്കു ധനം കാട്ടിത്തന്നാലും! 16

ഉഷസ്സേ, ദേവി, സൂനൃതേ, മഹതി, അവിടുന്ന് അശ്വികളെ പള്ളിയുണർത്തുക! യജ്ഞഹോതാവേ, ഭവാൻ ഇടവിടാതെ (സ്തുതിയ്ക്കുക): മത്തിന്നു പെരിയ അന്നം (ഒരുക്കിക്കഴിഞ്ഞു). 17

ഉഷസ്സേ, അവിടുന്നു ശോഭയോടേ നടക്കുന്നു, സൂര്യനാൽ വിളങ്ങിയ്ക്കപ്പെടുന്നു; അപ്പോൾ അശ്വികളുടെ രഥം നേതൃപാല്യമായ ഗൃഹത്തിലെത്തുമല്ലോ! 18

അശ്വികളേ, മഞ്ഞച്ച സോമലതകൾ, പൈക്കൾ അകിടുകൊണ്ടെന്നപോലെ (രസം) ചുരത്തുന്നു; ദേവകാമന്മാർ സ്തോത്രവും പാടുന്നു! 19

---

13. യുദ്ധത്തിന്നുവേണ്ടി—യുദ്ധത്തിൽ ജയിപ്പാൻ. കൊല്ലാൻ—ശത്രുക്കളെ.

14. കണ്വപുത്രർ—ഞങ്ങൾ.

15. വിമദൻ—ഒരു ഋഷി.

16. ഉജ്ജ്വലവാക്ക്—സ്തുതി. ദേവി—ഉഷസ്സേ. സ്തുതിയ്ക്കായി—എന്റെ സ്തുതി കേൾപ്പാൻ. മനുഷ്യർക്കു—സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്.

17. സൂനൃതേ—വഴിപോലെ നയിയ്ക്കുന്നവളേ, സുനേത്രി. യജ്ഞഹോതാവ്—അഗ്നി. മത്തിന്നു—അശ്വികൾക്കു ലഹരിപിടിയ്ക്കാൻ. അന്നം—സോമം.

18. നേതൃപാല്യം—ഋത്വിക്കുകളാൽ പാലിയ്ക്കപ്പെടേണ്ടത്. ഗൃഹം—യജ്ഞസദനം.

19. അകിടുകൊണ്ട്—പാലെന്നപോലെ. ദേവകാമന്മാർ—ഋത്വിക്കുകൾ.

പ്രകൃഷ്ടജ്ഞാനരേ, യശസ്സിന്ന്, ബലത്തിന്ന്, മനുഷ്യോചിതമായ സുഖത്തിന്ന്, വളർച്ചയ്ക്കു, ഞങ്ങളെ കാത്തരുളുവിൻ! 20

സ്തുത്യരേ, അശ്വികളേ, നിങ്ങൾ അച്ഛന്റെ വസതിയിൽ ജോലിയെടുക്കുകയായിരിയ്ക്കാം; അല്ലെങ്കിൽ സുഖിയ്ക്കുകയായിരിയ്ക്കാം! 21

സൂക്തം 10.

കണ്വപുത്രൻ പ്രഗാഥൻ ഋഷി; ബൃഹതിയും ജ്യോതിസ്സും അനുഷ്ടുപ്പും ആസ്താരപംക്തിയും, സതോബൃഹതിയും ഛന്ദസ്സുകൾ; അശ്വികൾ ദേവത.

അശ്വികളേ, നിങ്ങൾ നെടിയ യാഗശാലകളിലായിരിയ്ക്കാം; സ്വർഗ്ഗത്തിലെ ആ രോചനത്തിലായിരിയ്ക്കാം; അഥവാ, അന്തരിക്ഷാലയത്തിലായിരിയ്ക്കാം. അവിടെനിന്നു വന്നെത്തുവിൻ! 1

മനുവിന്റെ യാഗം നിങ്ങൾ നടത്തിയല്ലോ; അതുപോലെ, കണ്വഗോത്രന്റേതും അറിയുവിൻ. ബൃഹസ്പതിയെയും വിശ്വേദേവകളെയും ഇന്ദ്രാവിഷ്ണുക്കളെയും ശീഘ്രാശ്വരായ അശ്വികളെയും ഞാൻ വിളിയ്ക്കുന്നു. 2

സ്വീകരണത്തിന്നാവിർഭവിച്ച സുകർമ്മാക്കളായ അശ്വികളെ ഞാൻ വിളിച്ചുകൊള്ളുന്നു: ദേവകളിൽവെച്ച്, ഇവരുടെ നേട്ടേണ്ടുന്ന സഖ്യം തുലോമുണ്ടല്ലോ, നമുക്ക്! 3

എവരിലാണോ, യജ്ഞങ്ങൾ കുടികൊള്ളുന്നത്; സ്തോതാവില്ലാത്തേടത്തും എവർ വാഴ്ത്തപ്പെടുന്നുവോ; എവർ സോമത്തേൻ നുകർ

---

21. അച്ഛൻ——ദ്യോവ്. എന്നാലും വരുവിൻ.

സൂക്തം 10.

1. രോചനം——ഒരിടത്തിന്റെ പേര്.

2. അറിയുവിൻ——അറിഞ്ഞു നടത്തുവിൻ. ബൃഹസ്പതിയെയും എന്നു തുടങ്ങുന്ന വാക്യം പരോക്ഷം:

3. സ്വീകരണത്തിന്നായി——നമ്മുടെ ഹവിസ്സുകൾ സ്വീകരിപ്പാൻ.

4. കുടികൊള്ളുന്നത്——മുറിയ്ക്കപ്പെട്ട യജ്ഞശിരസ്സു ചേർത്തുവെച്ചത്,

ന്നു പോരുന്നവോ, ആ അഹിംസായജ്ഞാഭിജ്ഞരിരുവരെയും
ഞാൻ സ്തുതിക്കുന്നു. 4

അശ്വികളേ, അന്നധനന്മാരേ, നിങ്ങൾ ഇപ്പോൾ പടിഞ്ഞാ
റേട്ടിക്കിലാവാം; കിഴക്കേട്ടിക്കിലാവാം; ദ്രുഹ്യുവിന്റെയോ, അനു
പുത്രന്റെയോ, തുർവശന്റെയോ, യദുവിന്റെയോ അടുക്കലാണെ
ന്നുംവരാം—ഞാൻ നിങ്ങളെ വിളിയ്ക്കുന്നു; ഉടനേ എങ്കൽ വരുവിൻ! 5

ധാരാളമുണ്ണുന്നവരേ, നിങ്ങൾ അന്തരിക്ഷത്തിൽ പറക്കുകയാ
യിരിയ്ക്കാം; ഈ ദ്യാവാപൃഥിവികളിലായിരിയ്ക്കാം; അല്ലെങ്കിൽ
തേജസ്സോടേ തേരിലിരിയ്ക്കുയാവാം—അശ്വികളേ, അവിടെനിന്നു
വരുവിൻ! 6

സൂക്തം 11.

കണ്വഗോത്രൻ വത്സൻ ഋഷി; പ്രതിഷ്ഠയും വർദ്ധമാനയും ഗായത്രിയും
ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

മർത്ത്യാമർത്ത്യരിൽവെച്ചഗ്നേ, കർമ്മരക്ഷകനാണു, നീ:
അതിനാൽദ്ദേവ, യജ്ഞത്തിൽ സ്തുതിയോഗ്യനുമാണു, നീ! 1

നത്യർഹൻ, കീഴമർപ്പോനാമഗ്നേ, നീയധ്വരങ്ങളിൽ;
യജ്ഞങ്ങളെക്കൊണ്ടു നടകുന്നോനു,മവിടുന്നുതാൻ! 2

അതിനാൽ,ജ്ജാതവേദസ്സേ, പായിയ്ക്കു, പകയോരെയും
അദേവസൈന്യങ്ങളെയുമഗ്നേ, ഞങ്ങളിൽനിന്നു നീ! 3

അശ്വികളത്രേ. അഹിംസയജ്ഞാഭിജ്ഞർ—ഹിംസാരഹിതമായ യജ്ഞമറി
യുന്ന അശ്വികളെ.

6. ഉണ്ണുന്നവരേ—ഹവിസ്സുകൾ ഭുജിയ്ക്കുന്നവരേ.

സൂക്തം 11.

2. കീഴമർപ്പോനാം—ശത്രുക്കളെ കീഴമർത്തുന്ന അഗ്നേ, നീ അധ്വരങ്ങളിൽ
നത്യർഹ (സ്തുത്യ) നാകുന്നു.

3. പകയോർ=ശത്രുക്കൾ. അദേവസൈന്യങ്ങൾ=അസുരപ്പടകൾ.

അരികിൽത്തന്നെയായാലുമരിമർത്ത്യൻെറയാധാരം
തിരിഞ്ഞുനോക്കിടാ, ജാതവേദസ്സേ, നിയതം ഭവാൻ! 4

അമർത്ത്യനാകുമങ്ങയ്ക്കായ് മർത്ത്യരെങ്ങൾ മനീഷികൾ
രചിപ്പൂ, ജാതവേദസ്സേ, വളരെ സ്തുതിഗാഥകൾ. 5

ധീമാന്മാർ മർത്ത്യരാം ഞങ്ങൾ ധീമാനാമഗ്നിദേവനെ
സ്തോത്രം ചൊല്ലി വിളിയ്ക്കുന്നു, രക്ഷയ്ക്കും തർപ്പണത്തിനും. 6

മികച്ച പാർപ്പിടത്തിങ്കൽനിന്നുപോലും ഭവന്മനം
അഗ്നേ, സമാകർഷിയ്ക്കുന്നു, വത്സൻ തൽപരവാക്കിനാൽ! 7

ബഹുത്ര സമദൃക്കാം നീ പ്രജകൾക്കൊക്കെയീശ്വരൻ;
യുദ്ധങ്ങളിൽ വിളിയ്ക്കുന്നു, ഞങ്ങളത്തിരുമേനിയെ. 8

പോരിൽബ്ബലം തേടുമെങ്ങൾ വിളിപ്പൂ, രക്ഷണത്തിനായ്,
സംഗരങ്ങളിലാരാധ്യസമ്പത്തിയലുമഗ്നിയെ. 9

നീയീഡ്യനല്ലോ, സവനത്തിൽ മുന്നേ;
ഹോതാവുമായ് വാഴ്‌വിതു, പണ്ടുമിന്നും;
അഗ്നേ, തടിപ്പിയ്ക്കു, നിജാംഗവും നീ;—
യെങ്ങൾക്ക സൌഭാഗ്യവുമേകിയാലും! 10

എട്ടാമധ്യായം സമാപ്തം.

അഞ്ചാമഷ്ടകം സമാപ്തം.

---

4. അരിമർത്ത്യൻെറ—ഞങ്ങളുടെ ശത്രുവായ മനുഷ്യൻെറ. നിയതം=തീർച്ചയായും.

6. രക്ഷയ്ക്കും—ഞങ്ങളെ രക്ഷിപ്പാനും. തർപ്പണത്തിനും—ഞങ്ങൾക്ക് അഗ്നിദേവനെ തൃപ്തിപ്പെടുത്താനും.

7. മികച്ച പാർപ്പിടം—സ്വർഗ്ഗം. സമാകർഷിയ്ക്കുന്നു—ഇങ്ങോട്ടു വലിയ്ക്കുന്നു. വത്സൻ—ഞാൻ. തൽപരവാക്കിനാൽ—ഭവാനെ ഇച്ഛിയ്ക്കുന്ന സ്തുതികൊണ്ട്.

8. ബഹുത്ര—വളരെയിടങ്ങളിൽ. സമദൃക്ക്=സമദർശി. അത്തിരുമേനിയെ=അങ്ങനെയുള്ള അങ്ങയെ.

9. സംഗരങ്ങളിലാരാധ്യസമ്പത്തിയലും—യുദ്ധങ്ങളിൽ ശത്രുക്കളെ ജയിച്ചടക്കിയ ആരാധ്യസമ്പത്തോടുകൂടിയ.

10. ഈഡ്യൻ=സ്തുത്യൻ. സവനം=യാഗം. തടിപ്പിയ്ക്കു—ഹവിർഭക്ഷതിയാൽ.

ആറാം അഷ്ടകം.

ഒന്നാമധ്യായം

സൂക്തം 12.

കണ്വഗോത്രൻ പർവതൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(പാഠ)

സോമമേററം നുകരുന്ന നിൻ മദം
ഹേ മഹാബല, കർമ്മവിശാരദം:
കൊന്നിടുന്നു, നീ തിന്മനെയേതിനാ—
ലിന്ദ്ര, ഞങ്ങളതിനോടിരക്കുന്നു! 1

അങ്ങു യാതൊന്നിനാലോ ദശഗ്വനാ—
മധ്രിഗുവെയു,മംബുരാശിയെയും
ആത്തകാന്തിയാംമാറു രവിയെയും
കാത്തു; ഞങ്ങളതിനോടിരക്കുന്നു! 2

തേർകളെപ്പോലെ, യാതൊന്നിനാൽപ്പെരും—
നീർകളെക്കടലിങ്കലെയ്തു ഭവാൻ
നേർക്കയച്ചുവോ; യജ്ഞാധ്വസംപ്രാപ്തി
നോക്കി ഞങ്ങളതിനോടിരക്കുന്നു! 3

പ്രാർത്ഥിതസിദ്ധികാംക്ഷതകുന്നതാം
സ്തോത്രമൊന്നിതാ, നെയ്പോലെ സംശുദ്ധം:

സൂക്തം 12.

1. കർമ്മവിശാരദം—വൃത്രവധാദികളിൽ സമർത്ഥമാകുന്ന. തിന്മനെ—രാക്ഷസാദിയെ. അതിനോട്—ആ മദത്തോട്. ഇരക്കുന്നു—ഞങ്ങളെ രക്ഷിപ്പാൻ.

2. ദശഗ്വപദം മുൻപു വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അധ്രിഗു—അംഗിരസ്സുകളിലൊരാൾ. അംബുരാശി=സമുദ്രം; സമുദ്രത്തെ രക്ഷിച്ചതു്, അടുത്ത ഋക്കിൽ വിവരിക്കും. ആത്തകാന്തിയാംമാറു—നഷ്ടമായ പ്രകാശം വീണ്ടുകിട്ടത്തക്കവണ്ണം. അതിനോടു്—ആ മദത്തോട്.

3. പെരുംനീർകളെ—വമ്പിച്ച വർഷോദകങ്ങളെ. യജ്ഞാധ്വസംപ്രാപ്തി നോക്കി—യജ്ഞമാർഗ്ഗപ്രാപ്തിയുദ്ദേശിച്ച്.

അപ്പൊഴേ കൊണ്ടുചെന്നിടുമല്ലോ, തൻ–
കെല്പിനാലാശു വജ്രപാണേ, ഭവാൻ! 4

തൽപ്പരനാവുകിന്ദ്ര, നീ വാരിധി–
യ്യൊപ്പമേ വേലിയേറുമിസ്തോത്രത്തിൽ:
സ്തുത്യഭിഗമ്യ, സർവരക്ഷയൊടു–
മൊത്തുതാൻ കൊണ്ടുവന്നിടുമല്ലോ, നീ! 5

ഏതുദേവൻ വിദൂരത്തുനിന്നു വ–
ന്നേകിനാനോ, സുഹൃത്ത്വത്തിനെങ്ങൾക്കായ്;
അബ്ഭവാനിച്ഛവെയ്ക്കുമല്ലോ, മഴ–
യ്യൊപ്പമായ്പ്പെരുപ്പിച്ചു ഭരിക്കുവാൻ! 6

ലഭ്യമെത്തിച്ചു ഞങ്ങൾക്കിവനുടെ
തൃപ്പതാകയും തൃക്കൈക്കുലിശവും;
ഭാനുപോലേ വരുത്തിയല്ലോ, ഇവൻ
വാന, മൂഴിയിവയ്ക്കു വലുപ്പവും! 7

ആയിരം പെരുംക്രൂരരെ നിഷ്പ്രാണ–
രാക്കിയല്ലോ, മുതിർന്ന നീ സൽപതേ:
ആയതോടേ മഹത്തായ്ച്ചമഞ്ഞേററ–
മായതമായി, നിന്നുടെ പൌരുഷം! 8

---

4. അപ്പൊഴേ––ഈ സ്തോത്രംകൊണ്ടു സ്തുതിയ്ക്കപ്പെടുമ്പോൾത്തന്നെ. കൊണ്ടുചെന്നിടും––ഞങ്ങളെ പ്രാർത്ഥിതസിദ്ധിയിലെത്തിയ്ക്കും.

5. ചന്ദ്രോദയത്തിൽ വാരിധിപോലെ വേലിയേറും––അങ്ങയുടെ ഗുണാധിക്യത്താൽ ക്രമേണ വിശാലമായിത്തീരുന്ന. കൊണ്ടുവന്നിടും––ഞങ്ങൾക്ക ശ്രേയസ്സുകളെ കൊണ്ടുവരും.

6. വിദൂരത്തുനിന്നു––സ്വർഗ്ഗത്തിൽനിന്ന്. ഏകിനാനോ––ധനങ്ങൾ തന്നുവോ. സുഹൃത്ത്വം=സഖ്യം. മഴയ്യൊപ്പമായ്പ്പെരുപ്പിച്ചു––ഞങ്ങളുടെ ധനം, മഴപോലെ വർദ്ധിപ്പിച്ച്.

7. പരോക്ഷവാക്യം; ലഭ്യമെത്തിച്ചു––കിട്ടേണ്ടുന്ന നന്മ കിട്ടിച്ചു. ഇവൻ––ഇന്ദ്രൻ. കുലിശം=വജ്രം. ഭാനു=സൂര്യൻ.

8. ക്രൂരരെ––അസുരന്മാരെ. നിഷ്പ്രാണരാക്കി––കൊന്നു. ആയതമായി––നീണ്ടു, പെരുകി.

കാടിനങ്ങളെയഗ്നിയെന്നവിധം,
കൂടലർകളെസ്സൂര്യരശ്മികളാൽ
ചുട്ടെരിച്ചുകളയുന്നു, പേർത്തിന്ദ്ര:-
നിട്ടുകീഴമർപ്പോനായ് വരുന്നു! 9

നിങ്കലെത്തുന്നു, കാലയോഗ്യക്രതു-
വിങ്കലെത്തുലോം പുത്തനാമിസ്തവം:
സംഭൃതാർച്ചനമാമിതു നിർഭര-
മൻപിയററു,മളക്കയുംചെയ്യുമേ! 10

ദേവകാമനാമധ്വരദീക്ഷിതൻ
നീർ വെട്ടപ്പാക്കിടുന്നു, ക്രമത്താലേ;
ഇന്ദ്രനെ സ്തുതിഗാഥകളാൽ വള-
ർത്തുന്നു; നോക്കിയളക്കയുംചെയ്യുമേ! 11

ഇന്ദ്രനിഷ്ടന്നു നല്ലവോൻ, നീർ പിഴി-
യുന്നവൻെറയഭിമുഖച്ചൊൽപോലേ
മൈത്തടി പൂണ്ടു, സോമം നുകരുവാൻ:
സ്തോത്രമോ, നേർക്കളക്കയുംചെയ്യുമേ! 12

ഉക്ഥമോതുന്ന മേധാവികൾ നര-
രിത്തിരുവടിയ്ക്കിമ്പം വളർത്തുന്നു;

---

9. ഇന്ദ്രൻ——സൂര്യാത്മാവായ ഇന്ദ്രൻ. ഇട്ടുകീഴമർപ്പോൻ——ശത്രുക്കളെ

10 പ്രത്യക്ഷവാക്യം. കാലയോഗ്യക്രതു = തക്കകാലത്തനുഷ്ഠിയ്ക്കുന്ന യജ്ഞം. സംഭൃതാർച്ചനമാമിതു——സപര്യയോടുക്കൂടിയ സ്തവം. അൻപിയററു——അങ്ങയ്ക്കു പ്രീതിയുളവാക്കും. അളക്കുക——അങ്ങയുടെ ഗുണങ്ങളെ പരിച്ഛേദിക്കുക.

11. അധ്വരദീക്ഷിതൻ = യാഗദീക്ഷകൊണ്ടവൻ. നീർ——സോമരസം. അളക്ക——ഇന്ദ്രൻെറ ഗുണഗണത്തെ പരിച്ഛേദിയ്ക്കുക.

12. ഇഷ്ടൻ——സ്തോതാവ്. നല്ലവോൻ——ധനം. നീർ പിഴിയുന്നവൻെറയഭിമുഖച്ചൊൽപോലെ——യഷ്ടാവിൻെറ അഭിമുഖസ്തുതി ഇന്ദ്രൻെറ ഗുണബാഹുല്യത്താൽ വിശാലമായിത്തീരുന്നതുപോലെ. ഇന്ദ്രൻ സോമം നുകരുവാൻ, ധാരാളം കുടിപ്പാൻ, മൈത്തടി (വണ്ണം) പൂണ്ടു. അളക്ക——ഇന്ദ്രൻെറ മഹത്ത്വത്തെ പരിച്ഛേദിയ്ക്കുക

അത്തിരുവായിൽ വീഴ്ത്തിടുന്നേ,നിവൻ
ശുദ്ധനെയ്യുപോലുള്ള മഖദ്രവ്യം! 13

ദീപ്തി താൻതാൻ വഹിച്ചിടുമിന്ദ്രന്നായ്—
ത്തീർത്തുകൊണ്ടാ,ളദിതിയവനാത്ഥം,
പേർത്തുപേർത്തു പുകഴ്ത്തപ്പെടേണ്ടതാം
സ്തോത്രരൂപമായോരു മഖദ്രവ്യം! 14

പാലനത്തിനും നന്മസ്സുമായ് വഴി—
പോലെ വാഴ്ത്തിനാര,ധ്വരനേതാക്കരം:
ദേവ, നിന്നെയിന്നിമ്മഖദ്രവ്യത്തി—
ന്നാവഹിയ്ക്കു, ഹരികരം ബഹുവ്രതർ! 15

ഇന്ദ്ര, നീ വിഷ്ണു ചെന്നിടത്തോ, ജല—
നന്ദനനാം ത്രിതൻെറയടുക്കലോ,
ആ മരുത്തുക്കളൊത്തോ കുടിയ്ക്കയാം
സോമ;—മെങ്കിലും, മത്താടുകി,ന്നീരാൽ! 16

അല്ലയെങ്കിലവിടുന്നു ദൂരത്തി—
ലുല്ലസിയ്ക്കുകയായ്വരാം, സോമത്താൽ;
എന്നിരിയ്ക്കിലും——ഞങ്ങരം പിഴിഞ്ഞിരി—
യ്ക്കുന്നു——ശക്ര, രമിച്ചരുളുകി,ന്നീരാൽ! 17

---

13. അത്തിരുവായിൽ——ഇന്ദ്രൻെറ വായിൽ. വീഴ്ത്തുക=പകരുക. മഖദ്രവ്യം=യജ്ഞപദാത്ഥം, ഹവിസ്സ്.

14 ദീപ്തി=കാന്തി. താൻതാൻ——പരാപേക്ഷകൂടാതെ. തീർത്തുകൊണ്ടാരം=നിർമ്മിച്ചാരം. അദിതി——ഇന്ദ്രമാതാവ്. അവനാത്ഥം=രക്ഷയ്ക്കു്.

15. പ്രത്യക്ഷോക്തി: വാഴ്ത്തിനാർ——അങ്ങയെ. ആവഹിയ്ക്കു=കൊണ്ടുവരട്ടെ. ബഹുവ്രതർ——ബഹുവിധകർമ്മാക്കളായ രണ്ടു ഹരികരം.

16. വിഷ്ണു ചെന്നിടത്തോ——സോമപാനത്തിന്നു വിഷ്ണുചെന്നിട്ടുള്ള അന്യയാഗത്തിലോ. ജലനന്ദനൻ——ജലത്തിൽനിന്നു ജനിച്ചവൻ. ത്രിതൻ——ഒരു രാജർഷി. ആ മരുത്തുക്കളൊത്തോ——മരുത്തുക്കരം എത്തിച്ചേർന്ന മററൊരു യാഗത്തിലോ. സോമം കുടിയ്ക്കുകയായിരിയ്ക്കാം. എങ്കിലും, ഇന്നീരാൽ——ഞങ്ങളുടെ സോമരസത്താൽ——മത്താടുക.

17. ദൂരത്തിൽ——അകലത്തെങ്ങാനും. ഉല്ലസിയ്ക്കുക=ആഹ്ലാദിയ്ക്കുക.

സൽപതേ, പിഴിയുന്ന യഷ്ടാവിനെ—
യഭ്യുദയപ്പെടുത്തുവോനാം ഭവാൻ
നന്ദികൊള്ളുകയാകാം, തദ്ദുക്ഥത്തി;—
ലെന്നിരിയ്ക്കിലും, മത്തേല്ക്കുകി,ന്നീരാൽ! 18

യുഷ്മദ്രക്ഷയ്ക്കു ദേവനെദ്ദേവനെ—
യുൽസ്തുതിപ്പു, ഞാനിന്ദ്രനെയിന്ദ്രനെ:
മന്ദിയാതിങ്ങെഴുന്നള്ളുമാറവ
ചെന്നണയുന്നുമുണ്ടു, മഖാർഹങ്കൽ! 19

ത്തുമഖങ്ങളാലാ മഖപ്രാപ്യനെ,—
സ്സോമനീർകളാൽസ്സോമാതിപായിയെ
ഉന്നതിപ്പെടുത്തുന്നു, സ്തുതികളാൽ;—
ച്ചെന്നണയുന്നുമുണ്ട,വയിന്ദ്രങ്കൽ! 20

അത്യുദാര,മവന്റെ കൊണ്ടുവര;—
ലെത്രയെന്നതില്ലാത്തൊന്നു, കീർത്തിയും;
ഒന്നുപോലിവ ഹവ്യദാതാവിനായ്—
ച്ചെന്നണയുന്നു, സർവസമ്പത്തിലും! 21

ഇന്ദ്രനെ വൃത്രനിഗ്രഹത്തിന്നായി
മുന്നിറുത്തിനാർ, ദേവപ്പരിഷകൾ;

---

18. നന്ദി——പ്രീതി. തദ്ദുക്ഥത്തിൽ——ആ യഷ്ടാവിന്റെ ശസ്ത്രസ്തോത്രം കേട്ട്.

19. ഋത്വിഗ്യജമാനരോട്: യുഷ്മദ്രക്ഷയ്ക്കു——നിങ്ങളുടെ രക്ഷയ്ക്കു. ദേവൻ——ഇന്ദ്രൻ. ഇന്ദ്രൻ നാനാരൂപനായി ഒരേസമയത്ത് അനേകയജ്ഞങ്ങളിൽ സന്നിഹിതനാകും; അതുകൊണ്ടാണ്, ദേവശബ്ദത്തെയും, ഇന്ദ്രശബ്ദത്തെയും ഇരട്ടിപ്പിച്ചിരിയ്ക്കുന്നത്. ഉൽസ്തുതിപ്പു——ഉറക്കെ സ്തുതിയ്ക്കുന്നു. മന്ദിയാതെ——ശീഘ്രം. അവ—എന്റെ സ്തുതികൾ. മഖാർഹൻ——യഷ്ടവ്യനായ ഇന്ദ്രൻ.

20. ത്തുമഖങ്ങൾ——സ്വച്ഛഹവിസ്സുകൾ. മഖപ്രാപ്യൻ=യജ്ഞങ്ങൾകൊണ്ടു പ്രാപിയ്ക്കപ്പെടേണ്ടവൻ. സോമാതിപായി=സോമം അതീവ കുടിയ്ക്കുന്നവൻ. ഉന്നതിപ്പെടുത്തുന്നു——സ്തോതാക്കൾ വളർത്തുന്നു. അവ—സ്തുതികൾ.

21. അവന്റെ (ഇന്ദ്രന്റെ) കൊണ്ടുവരൽ, ധനാനയനം, അത്യുദാരം, മഹത്താകുന്നു. കീർത്തിയും എത്രയെന്നതില്ലാത്തൊന്നാണ്, അതിവിശാലമാണ്. അവ——കൊണ്ടുവരലും, കീർത്തിയും. ഹവ്യദാതാവിന്നായ്——യജമാനന്നു നല്കാൻ, യജമാനന്നു സർവസമ്പത്തും നല്കുന്നു എന്നർത്ഥം.

ഇന്ദ്രനെ സ്തുതിയ്ക്കുന്നു, മൊഴികള—
മുന്നതമാം കരുത്തു വരുത്തുവാൻ! 22

ഞങ്ങ,ളാ വിളി കല്പിച്ചുകേറംപ്പോനെ,—
ത്തുംഗതകൊണ്ടു സർവാതിശായിയെ,
സ്തോത്രശസ്ത്രങ്ങരം ചൊല്ലി സ്തുതിയ്ക്കുന്നു,
മേത്തരമാം കരുത്തു വരുത്തുവാൻ! 23

തന്തിരുവടിയോടു പിരിയുകി—
ല്ല,ന്തരിക്ഷവുമൂഴിവാനങ്ങളും:
വജ്രഭൃത്താമിവൻെറ ബലത്താൽത്താ—
നുജ്ജ്വലിപ്പൂ, കരുത്തു വരുത്തുവാൻ! 24

മുന്നിറുത്തിനാരല്ലോ, രണത്തിങ്ക—
ലിന്ദ്ര, ദേവപ്പരിഷകളങ്ങയെ;
എന്നതോടേ വഹിയ്ക്കുയായ,ങ്ങയെ-
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങരം! 25

കൊന്നുവല്ലോ, ജലങ്ങളെ രോധിച്ചു—
നിന്ന വൃത്രനെ വജ്രിൻ, ബലേന നീ;
എന്നതോടേ വഹിയ്ക്കുയായ,ങ്ങയെ—
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങരം! 26

താവകനായ വിഷ്ണു ബലത്താലേ
മൂവിടങ്ങളളന്നുവല്ലോ, സമം;
എന്നതോടേ വഹിയ്ക്കുയാ,യങ്ങയെ—
സ്സുന്ദരങ്ങളാം രണ്ടു തുരംഗങ്ങരം! 27

എന്നുമെന്നും വളന്നുവല്ലോ, തവ
സുന്ദരങ്ങളാം രണ്ടു തുരംഗങ്ങരം;

---

22. മൊഴികരം— സ്തോത്രരൂപവാക്കുകരം. ഉന്നതം — വൃത്രവധത്തിന്നു പര്യാപ്തം.

23 കേറംപ്പോനെ—ഇന്ദ്രനെ. തുംഗത—മഹത്ത്വം.

24. ഉജ്ജ്വലിപ്പൂ—ജഗത്തൊക്കയും.

25. രണ്ടു തുരംഗങ്ങരം—ഹരികരം.

27. താവകൻ = വേദീയൻ, ഭവാൻെറ ഭ്രാതാവ്. മൂവിടങ്ങരം—മൂന്നു സ്ഥാനങ്ങരം, ലോകങ്ങരം. സമം = ഒപ്പം.

എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ ത്തീർന്നിത,ങ്ങയാൽ! 28

ഇന്ദ്ര, നിന്നുടെയാംക്കാർ മരുത്തുക്കരം
സന്നിയന്ത്രിച്ചവല്ലോ, ഭവാന്നായി;
എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ്ത്തീർന്നിത,ങ്ങയാൽ! 29

നിർമ്മലനായ് വിളങ്ങുമസ്സൂര്യനെ-
യംബരത്തിൽ നിറുത്തിയല്ലോ, ഭവാൻ;
എന്നതോടേ സമസ്തഭുവനവും
സന്നിയന്ത്രിതമായ്ത്തീർന്നിത,ങ്ങയാൽ! 30

അധ്വരത്തിങ്കലിന്ദ്ര, ഭവാന്നിതാ,
മുത്തുതകുന്ന ശോഭനസ്തോത്രത്തെ
ഭക്തിപൂർവമയയ്ക്കുന്നു, മേധാവി,
നൽസ്ഥലത്തെയ്ക്കു ബന്ധുവെപ്പോലവേ! 31

അധ്വരത്തിൽദ്ധരണിമധ്യേ മഖ-
വസ്തുവെക്കറക്കുന്നിടത്താളുകരം
ഒത്തുകൂടിപ്പുകഴ്ത്തുന്നതുണ്ടല്ലോ,
തദ്ദ്യുതിയെ പ്രഹർഷപ്പെടുത്തുവാൻ: 32

നല്ല വീര്യത്തെ, നല്ല ഹയങ്ങളെ,
നല്ല ഗോക്കളെ നല്കുകെ,ങ്ങരംക്ക നീ;
അത്ര മുല്പാടറിയിയ്ക്കയാണു ഞാ,-
നധ്വരത്തിലെ ഹോതാവുപോലിന്ദ്ര! 33

---

28. സന്നിയന്ത്രിതം — അടക്കിനിർത്തപ്പെട്ടത്.

31. മുത്തുതകുന്ന—തുഷ്ടിപ്രദമായ. ഭക്തിപൂർവം—പരിചരണങ്ങളോടേ. ഒരു ബന്ധുവിനെ നല്ല പ്രദേശത്തെയ്ക്കയയ്ക്കുന്നതുപോലെ.

32. ധരണിമധ്യേ—വേദിയിൽ. മഖവസ്തുവെ കറക്കുന്നിടത്ത്—സോമം പിഴിയുന്നേടത്ത്. തദ്ദ്യുതിയെ—ഇന്ദ്രന്റെ തേജസ്സിനെ.

33. മുല്പാടറിയിയ്ക്കയാണ്—അന്യരുടെ സ്തോത്രത്തെക്കാരം മുമ്പേ ഞങ്ങളുടെ സ്തോത്രം കേരംപ്പിയ്ക്കയാണ്. പൂർവാർദ്ധവാക്യത്തിന്റെ ആദിയിൽ, അതിനാൽ എന്നധ്യാഹരിയ്ക്കണം.

സൂക്തം 13.

കണ്വഗോത്രൻ നാരദൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം'പോലെ)

സോമം പിഴിഞ്ഞാലു,ക്ഥേഷ്ടി
ശുദ്ധമപ്പെടുത്തിടു,മിന്ദ്രൻ,
വർദ്ധകമാം ബലം കിട്ടാൻ:
അത്ര മഹാനാണല്ലോ, താൻ! 1

വാനവർതൻ പൃഥുവ്യോമ–
സ്ഥാനേ വാണു വളർത്തുവോൻ,
സൽപ്പേരുറ്റോ,നവസാനി–
പ്പിപ്പോൻ, തണ്ണീർ വെന്നോന,വൻ! 2

പോരിൽ നേടാൻ വിളിപ്പു,നാ
സ്സാരവാനാമിന്ദ്രനെ ഞാൻ:
ചാരേ സുഖം നല്ലേ,ങ്ങൾക്കു;
പാരിപ്പിക്കു, സഖാവായ് നീ! 3

ഇന്ദ്ര, ഭവാന്നിതാ, പിഴി–
യുന്നവന്റെ ദാനം ചെൽവ:

സൂക്തം 13.

1. ഉക്ഥേഷ്ടി—ഉക്ഥമെന്ന യജ്ഞം. ശുദ്ധമപ്പെടുത്തിടും—യഷ്ടാവിനെക്കൊണ്ടു പരിശുദ്ധമാക്കിടും. എന്തിന്? വർദ്ധകമായ ബലം കിട്ടാൻ. താൻ—ഇന്ദ്രൻ.

2. പൃഥുവ്യോമസ്ഥാനേ—വിശാലമായ ആകാശസ്ഥാനത്ത്, സ്വർഗ്ഗത്തിൽ. വളർത്തുവോൻ—യഷ്ടാക്കളെ. അവസാനിപ്പിപ്പോൻ—തുടങ്ങിയ കർമ്മത്തെ വഴിപോലെ മുഴമിപ്പിക്കുന്നവൻ. തണ്ണീർ വെന്നോൻ—വൃത്രാദികളെ വധിച്ചു, ജലം സ്വായത്തമാക്കിയവൻ.

3. നേടാൻ—ശത്രുസംഹാരബലം ലഭിപ്പാൻ. സാരവാൻ=ബലവാൻ. ഉത്തരാർദ്ധം പ്രത്യക്ഷകഥനം: ചാരേ—സമീപസ്ഥനായി. പാരിപ്പിക്കു—ഞങ്ങളെ വളർത്തുക.

ഇമ്മഖത്തിൻ പുരാനാം നീ
സമ്മോദിയ്ക്കുക, സ്തുതിസേവ്യ! 4

ഇന്ദ്ര, ഞങ്ങൾ പിഴിഞ്ഞർത്ഥി—
ക്കുന്നതെങ്ങൾക്കേകേണമേ:
ചിത്രം, സർവസംസാധകം
സ്വത്തെങ്ങൾക്കാനയിക്കു, നീ! 5

കണ്ട സൂരി കെല്പേറുമാ—
റുണ്ടാക്കിയ നുതി നിന്നെ
സംപ്രാപിച്ചാൽ മുളയ്ക്കുമേ,
കൊമ്പുകൾപോലവേ നിങ്കൽ! 6

ചൊൽ തോന്നിയ്ക്കുക, മുന്നെപ്പോലേ;
സ്തോതാവിൻെറ വിളി കേൾക്കുക;
മത്തിൽ മത്തിൽക്കൊണ്ടുവരും,
ശസ്തകർമ്മാവിനു ഭവാൻ! 7

ഇന്നുതിയാൽച്ചൊല്ലപ്പെടും
സ്വന്നാഥൻെറ സൂനൃതങ്ങൾ
തത്തിക്കളിയ്ക്കുമേ, താന്നേ—
ടത്തുടേ പോം നീർകൾ പോലേ! 8

---

4. മദനം—സോമാഹുതി. ചെൽവു—ആഹവനീയസ്ഥാനത്തേയ്ക്കു ചെല്ലുന്നു. സമ്മോദിയ്ക്കുക—സോമം കുടിച്ചു തൃപ്തിപൂണ്ടാലും.

5. പൂർവാർദ്ധത്തിൻെറ വിവരണമാണ്, ഉത്തരാർദ്ധം: ചിത്രം=പൂജനീയം.

6. കണ്ട—ശരിയ്ക്കു സങ്കല്പിച്ച. സൂരി—സ്തോതാവ്. കെല്പേറുമാറ്—ഭവാന്നു ബലം വർദ്ധിയ്ക്കത്തക്കവണ്ണം. സ്തുത്യങ്ങളായ ഗുണങ്ങളെല്ലാം, ഒരു വൃക്ഷത്തിന്മേൽ വളരെ കൊമ്പുകൾപോലെ, നിങ്കൽ മുളയ്ക്കും; സ്തുതിമൂലം ഭവാന്നു ഗുണങ്ങൾ പൊന്തിപ്പൊന്തി വരും.

7. ചൊൽ—സ്തുതി; സ്തുതിപ്പാൻ വേണ്ടുന്ന പദങ്ങൾ. മത്തിൽ മത്തിൽ—സോമപാനത്താൽ ലഹരി പിടിയ്ക്കുമ്പോളൊക്കെ, ഭവാൻ ശസ്തകർമ്മാവിന്നു, ശോഭനകർമ്മാവായ യജമാനന്നു്, അപേക്ഷിതഫലം കൊണ്ടുവരും.

8. ചൊല്ലപ്പെടും—പ്രതിപാദിയ്ക്കപ്പെടുന്ന. സ്വന്നാഥൻെറ—ഇന്ദ്രനെക്കുറിച്ചുള്ള. സൂനൃതങ്ങൾ=പ്രിയസത്യവചനങ്ങൾ. താന്നേടത്തുടേ (നിമ്നോന്നതമാർഗ്ഗത്തിലൂടേ) പോകുന്ന വെള്ളം പൊന്തിയും താണും നൃത്തംവെയ്ക്കുമല്ലോ; അതുപോലെ തത്തിക്കളിയ്ക്കും, ഇന്ദ്രസ്തുതികൾ.

ഏകൻ, വശി, നരക്ഷീശ—
നെന്നേവനെ രക്ഷൈഷികൾ
പാടിവാഴ്ത്തുന്നുവോ; വിള—
യാടുകാ, നീ സോമനീരാൽ! 9

ഹവ്യദന്റെ ഗൃഹത്തിൽപ്പോ—
മവ്യഥങ്ങൾ രണ്ടശ്വങ്ങൾ
ഏവനുള്ള, വിളിപ്പെട്ടു—
ള്ളാ വിജ്ഞനെ സ്തുതിക്കു, നീ! 10

നൈമെയ്യുമായ്പ്പായുമശ്വ—
സ്തോമത്താൽ നീയധ്വരത്തിൽ
വെമ്പി വരിക;—ഞങ്ങൾക്കു
വൻഫലോൽക്ക, സുഖമല്ലോ! 11

സൽപതേ, കെല്പാളുമിന്ദ്ര,
സസ്തവരിൽച്ചേർക്ക, ധനം,
സൂരികളിലക്ഷയമാം
ദൂരവ്യാപിയശസ്സുമേ! 12

നിന്നെ വിളിക്കുന്നേന,ക്കൻ—
തന്നുദിപ്പിലു,ച്ചയ്ക്കും ഞാൻ:
നന്ദിച്ചു,ശ്വങ്ങളിലൂടേ
വന്നെത്തുകെ,ങ്ങളിലിന്ദ്ര! 13

എത്തുകൂട,നോട്ടുകൂടൻ:
മത്തേകു, പാൽ ചേർത്ത നീരാൽ,

---

9. ഏകൻ=മുഖ്യൻ. വശി=വശത്താക്കുന്നവൻ. രക്ഷൈഷികൾ=രക്ഷ തേടുന്നവർ.

10 സ്തോതാവിനോട്: അവ്യഥങ്ങൾ——ശത്രുക്കളുടെ കേററത്തിൽ ക്ഷീണിക്കാത്തവ. രണ്ടശ്വങ്ങൾ——ഹരികൾ. ആ വിജ്ഞനെ——ഇന്ദ്രനെ.

11. പ്രത്യക്ഷോക്തി: നൈമെയ്യ്——സ്നിഗ്ദ്ധശരീരം. അശ്വസ്തോമം=കുതിരക്കൂട്ടം. അത്——അധ്വരം. വൻഫലോൽക്ക=വലിയ ഫലത്തിൽ താൽപര്യമുള്ളവനേ. സുഖം——സുഖകരം.

12. സസ്തവർ=സ്തവസഹിതർ, സ്തുതിക്കുന്നവർ. സൂരികൾ——സ്തോതാക്കൾ.

പൂർവതന്തു പരത്തുക,
പൂർത്തിയെനിയ്ക്കുണ്ടാകാൻ നീ! 14

ദൂരത്താകാം, ശക്ര, ഭവാൻ;
ചാരത്താകാം, വൃത്രവൈരിൻ;
അംബുധിയിലാകാ;—മെന്നാ—
ലന്നഭുക്കായ്ക്കാപ്പാൻ, നീതാൻ! 15

ഇന്ദ്രനെ വാഴ്ത്തിയ്ക്കു,സ്മദ്വാ—
ക്കി,ന്ദ്രനെസ്സ്തോമത്തിൻനീരും;
ഇന്ദ്രങ്കലേ, ഹവിസ്സേറു—
കുന്ന നാട്ടാർ വിളയാടി! 16

ആയിന്ദ്രനെത്തന്നെ,രക്ഷ—
യ്ക്കായിപ്പൂർണ്ണാഹുതികളാൽ
കൈവളർപ്പൂ, മേധാവികൾ;
ഭുവുമെല്ലാം കൊമ്പുപോലെ! 17

ജീവനാകുമാരെസ്സുരർ
മൂവഹസ്സിൽ യാജ്യനാക്കീ;
വർദ്ധിപ്പിയ്ക്കുക,സ്മദ്വാക്കാ
നിത്യവർദ്ധകനെത്തന്നേ! 18

സ്തോതാവങ്ങയ്ക്കുക്ഥം യോജി—
ച്ചോതുന്നുണ്ടല്ലോ, കാലേ;

---

14. നീർ—സോമരസം. പൂർവതന്തു—പൂർവന്മാരാൽ വിരചിതമായ തന്തു, യജ്ഞം. തന്തുവിന്നു നൂലെന്നും അർത്ഥമുണ്ട്; അതു പരത്തുക—നെയ്യുക.

15. അംബുധി = സമുദ്രം. അല്ലെങ്കിൽ അന്തരിക്ഷം. എന്നാൽ—എവിടെയായാലും. അന്നഭുക്കായ്—സോമം ഭുജിച്ച്.

16. അസ്മദ്വാക്ക്—നമ്മുടെ സ്തുതി.

17. ഒരു വൃക്ഷത്തെ കൊമ്പുകളെപ്രകാരമോ, അപ്രകാരം ഭുവുമെല്ലാം (സർവലോകങ്ങളും) അധീനങ്ങളായി വർത്തിച്ച്, ഇന്ദ്രനെ കൈവളർത്തുന്നു

18. ജീവൻ—പ്രാണൻപോലെ പ്രിയതരൻ. മൂവഹസ്സ്—മൂന്നാഭിപ്ലവികദിനങ്ങൾ. അസ്മദ്വാക്ക്—നമ്മുടെ സ്തുതി. ആ നിത്യവർദ്ധകനെ—സ്തോതാക്കളെ സദാ വളർത്തുന്ന ഇന്ദ്രനെ.

19. പ്രത്യക്ഷോക്തി: യോജിച്ച്—അനുകൂലകർമ്മാവായി. കാലേ—ഓ

അദ്ഭുതൻ, പാവനൻ, ശുദ്ധ,—
നദ്ദേഹമെന്നുരചെയ്വൂ! 19

ആ മരുദ്ബലമേ, പ്രത്ന—
ധാമങ്ങളിൽപ്പുലരുന്നു:
അത്ര പുകഴ്ത്തുന്നുണ്ടല്ലോ,
ശസ്തജ്ഞാനന്മാരിതിനെ! 20

കൈക്കൊള്ളാമെൻസഖ്യമെങ്കിൽ,
നേർക്കുണ്ണുകീ,യന്നം ഭവാൻ:
എന്നാൽക്കടന്നിടുമല്ലോ,
ദുർന്നയരെയെല്ലാമെങ്ങൾ! 21

എന്നതീവ സുഖിതനാ,—
മിന്ദ്ര, നിന്നെ സ്തുതിപ്പവൻ?
എന്നു,ശ്വഗോസ്വത്തെങ്ങൾക്കു
തന്നീടും, നീ നുതിസേവിൻ! 22

വാഞ്ഛപ്പെട്ട വൃഷാശ്വങ്ങൾ
വാർദ്ധകം വരാത്ത നിൻ തേർ
എത്തിയ്ക്കുമേ: ഞങ്ങൾ തുലോം
മത്താളും നിന്നോടർത്ഥിപ്പൂ. 23

പ്രത്നപൂർണ്ണാഹുതിചെയ്തു,—
പ്രഷ്ടനോടർത്ഥിപ്പൂ ഞങ്ങൾ:

രോ ഋത്വിലും. ഉത്തരാർദ്ധം പരോക്ഷം: അദ്ദേഹം——ഇന്ദ്രൻ. ഉരചെയ്വൂ——സ്തോതാക്കൾ.

20. പ്രത്നധാമങ്ങൾ——ചിരന്തനങ്ങളായ പൃഥിവ്യാദിസ്ഥാനങ്ങൾ. പുലരുന്നു——വസിയ്ക്കുന്നു. ശസ്തജ്ഞാനന്മാർ=വിശിഷ്ടവിജ്ഞാനന്മാർ. ഇതിനെ——മരുദ്ബലത്തെ.

21. പ്രത്യക്ഷോക്തി: ഈയന്നം——സോമം. എന്നാൽ——ഭവാൻ സോമമുണ്ടാൽ, ഭവാന്റെ പ്രസാദത്താൽ. കടന്നിടും——പുഴ കടക്കുന്നതുപോലെ. ദുർന്നയർ——ദ്രോഹികൾ.

22. നുതിസേവിൻ——സ്തുതികൾ സ്വീകരിയ്ക്കുന്നവനേ.

23. വൃഷാശ്വങ്ങൾ——അഭീഷ്ടവർഷികളായ ഹരികൾ. വാർദ്ധകം വരാത്ത——നിർജ്ജരനായ. എത്തിയ്ക്കുമേ——ഞങ്ങളുടെ അടുക്കൽ. അർത്ഥിപ്പൂ——ധനം.

കൊണ്ടാട്ടം ദർഭയിൽ വാണു
രണ്ടുമുൺക പുരുസ്തുതൻ! 24

വർദ്ധിയ്ക്കു, നീയൃഷികൃത—
സ്തുത്യുക്തിയാൽപ്പുരുസ്തുത;
ഇങ്ങോട്ടുതിർക്കയും ചെയ്യു—
കെ,ങ്ങൾക്കു ധാരാളമന്നം! 25

ഏവം സ്തുതിപ്പോനു രക്ഷി—
താവു, നീതാനിന്ദ്ര, വജ്രിൻ:
അധ്വരാൽ നേടുവൻ, ഞാനും
സ്തുത്യവാപ്യം ത്വൽപ്രസാദം! 26

കൂടെത്തേർപ്പിയ്ക്കേണ്ടും ധന—
പ്രൌഢരാമാ ഹരികളെ
നന്നായ്പ്പൂട്ടി വരികി,ങ്ങോ—
ട്ടിന്ദ്ര, സോമം കുടിപ്പാൻ നീ! 27

നേരേ പോരുന്ന സവനത്തിൽ—
ച്ചേരട്ടേ, നിൻ മരുത്തുക്കൾ:
രുദ്രപുത്രസമേതരാ—
മട്ടിവ്യരുമന്നത്തിന്നായ്! 28

ഇന്ദ്രന്റെയാളുകളാമി—
സ്വർന്നിവാസർ നിഹന്താക്കൾ
യജ്ഞവേദിയണയുന്നു,
വിജ്ഞാനം മേ വരുമാറായ്! 29

---

24. പ്രത്നം——പണ്ടേ ഉള്ളതു്. പ്രഷ്ഠൻ=ശ്രേഷ്ഠൻ. രണ്ടും——സോമവും, പുരോഡാശാദിയും.

25. ഋഷികൃതസ്തുത്യുക്തി=ഋഷിമാരാൽ രചിക്കപ്പെട്ട സ്തുതി.

26. അധ്വരാൽ=യജ്ഞത്താൽ. സ്തുത്യവാപ്യം=സ്തുതികൊണ്ടു നേടേണ്ടതു്.

27. കൂടെ——ഭവാനോടൊന്നിച്ചു്. ധനപ്രൌഢർ——ധാരാളം ധനമുള്ളവ പൂട്ടി——തേർമുന്നിൽ ബന്ധിച്ചു്.

28. നിൻ——ഭവാന്റെ ആൾക്കാരായ. ദിവ്യർ——ദേവകൾ. അന്നത്തിന്നായ്——ഹവിസ്സുണ്ണാൻ.

29. സ്വർന്നിവാസർ=സ്വർഗ്ഗത്തിൽ വസിക്കുന്നവർ. നിഹന്താക്കൾ——ശത്രുക്കളെ കൊല്ലുന്നവർ.

ശാലയിങ്കൽ യാഗം തുട–
ന്നാല,വിടുന്നാ യജ്ഞത്തെ
നോക്കിനടത്തുമേ, ക്രമാൽ
ദീർഗ്ഘമായ ഫലത്തിന്നായ്! 30

വർഷി,യീ നിൻതൃത്തേരിന്ദ്ര;
വർഷികളാ, നിൻഹരികൾ;
വർഷി,ഭവാൻ; ശതക്രതോ,
വർഷിതന്നേ, വിളിയ്ക്കലും! 31

വർഷി,യമ്മി! വർഷി, മദം;
വർഷി,യീപ്പിഴിഞ്ഞ സോമം;
വർഷി, ഭവാനെത്തും യജ്ഞം;
വർഷിതന്നെ, വിളിയ്ക്കലും! 32

വർഷി നിന്നെ വിളിയ്ക്കുന്നേൻ,
വർഷിയാം ഞാൻ ബഹുസ്തുത്യാ:
വജ്രിൻ, സ്തുതി, കേൾക്കമല്ലോ,
വർഷി,യാഹ്വാതവ്യൻ ഭവാൻ! 33

സൂക്തം 14.

കണ്വഗോത്രരായ ഗോസൂക്തിയും അശ്വസൂക്തിയും ഋഷികൾ; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്ര, ഭവാൻ പോലേ, ധന–
വൃന്ദത്തിന്നു ഞാനൊററയ്ക്കു

---

30. അവിടുന്നു്––ഇന്ദ്രൻ.

31. വർഷി––അഭീഷ്ടങ്ങളെ വർഷിയ്ക്കുന്നതു്. വിളിയ്ക്കലും വർഷിതന്നെ––അങ്ങയെ വിളിച്ചവർക്കു് അഭീഷ്ടങ്ങൾ പെയ്യുകിട്ടും.

32. അമ്മി––സോമലത ചതയ്ക്കുന്ന.

33. വർഷി നിന്നെ––അഭീഷ്ടങ്ങളെ വർഷിക്കുന്നവനായ നിന്നെ. വർഷിയാം––ഹവിസ്സുകളെ വർഷിയ്ക്കുന്ന. ബഹുസ്തുത്യാ––ബഹുവിധസ്തുതികൊണ്ടു്.

നാഥനാകുമെങ്കിൽ, മമ
സ്തോതാവു ഗോക്കളെ നേടും! 1
ഇദ്ധീമാനു നല്കുന്നതിൽ
ശ്രദ്ധവെയ്ക്കും, കൊടുത്തീടും,
ഗോകുലത്തിന്നുടമസ്ഥ–
നാകുകിൽ ഞാൻ ശചീപതേ! 2
നിങ്കൽച്ചെയ്യും നുതിയിന്ദ്ര,
നീർ പിഴിഞ്ഞ യഷ്ടാവിനെ
കൈവളർത്തും പര്യായ്ത്തീന്നു
ഗോവാജിയെച്ചുരത്തുമേ! 3
സന്നുതനാം ഭവാൻ സ്വത്തെ-
ന്തൊന്നു നല്കാനൊരുങ്ങുമോ,
ആ വിത്തം വിലക്കാനിന്ദ്ര,
ദേവനില്ല, മർത്ത്യനില്ല! 4
ഇന്ദ്രനെ വളർത്തീ യജ്ഞം;-
മെന്നതിനാലത്രേ, ഇവൻ
സ്വന്തം വീര്യം വാനിൽപ്പാകി,
സ്വസ്ഥയാക്കീ, ധരിത്രിയെ! 5
വിത്തമെല്ലാം വെന്നടക്കി
വർദ്ധിയ്ക്കും നിന്തിരുവടി
കാത്തുരക്ഷിയ്ക്കണമെന്നായ്
പ്രാർത്ഥിയ്ക്കുന്നു, ഞങ്ങളിന്ദ്ര! 6

സൂക്തം 14.

1. എനിയ്ക്കു പണം ധാരാളമുണ്ടാകുമെങ്കിൽ, എന്നെ സ്തുതിയ്ക്കുന്നവർക്കു ഞാൻ ഗോക്കളെ കൊടുക്കും.

2. മുൻ ഋക്കിലേതുതന്നെ, വിഷയം: ധീമാൻ—സ്തോതാവ്.

3. ഗോവാജിയെ—ഗോക്കളെയും വാജിക (അശ്വങ്ങ)ളെയും. അങ്ങയെ സ്തുതിച്ചാൽ, ഗവാശ്വാദികളെ കിട്ടും.

4. സന്നുതൻ=വഴിപോലെ സ്തുതിയ്ക്കപ്പെട്ടവൻ. അങ്ങയുടെ ദാനം ആരും തടയില്ല.

5. യജ്ഞം ഇന്ദ്രനെ വളർത്തുന്നു; അതിനാലാണ്, ഇവൻ (ഇന്ദ്രൻ) സ്വവീര്യം വാനിൽപ്പരത്തിയതും, വൃഷ്ട്യാദിയാൽ ഭൂമിയെ സ്വാസ്ഥ്യപ്പെടുത്തിയതും.

6. വിത്തം—ശത്രുക്കളുടെ ധനം.

സോമത്തിന്റെ ലഹരിയിൽ,
ശ്രീമത്താമന്തരിക്ഷത്തെ
ആവതോളം പരത്തിനാ,—
നാ വലനെപ്പിളത്തിന്ദ്രൻ! 7

വൻഗുഹയിലടച്ച ഗോ—
സംഘത്തെ വെളിപ്പെടുത്തി
അംഗിരസ്സുകൾക്കരുളീ;
മൺകപ്പിച്ചു, വലനെയും! 8

വിൺനാടിൻ തിളക്കങ്ങളെ—
യൊന്നാകെബ്ബലപ്പെടുത്തി,
കെട്ടുറപ്പാലിളകാത്ത
മട്ടിൽ നിറുത്തിനാനിന്ദ്രൻ! 9

തണ്ണീരല തത്തിപ്പൊങ്ങും
വണ്ണം തുളുമ്പുന്നു, നുതി;
നിന്നുടെയ മത്തുകളും
മിന്നിത്തിളങ്ങുന്നുണ്ടി,ന്ദ്ര! 10

സ്തുത്യുച്ചാരാൽ വർദ്ധനീയ,—
നുക്ഥംകൊണ്ടും വർദ്ധനീയൻ,
സ്തോതാക്കന്മാക്കിന്ദ്ര, ശുഭ—
ധാതാവുമാണല്ലോ, ഭവാൻ! 11

സദ്വിത്തനാമീയിന്ദ്രനെ—
യധ്വരത്തിൽസ്സോമമുണ്ണാൻ
എത്തിയ്ക്കട്ടേ, സടത്തഴ—
പ്പൊത്ത രണ്ടു കുതിരകൾ! 12

---

7. വലൻ——പണികളെന്ന അസുരന്മാരുടെ സ്വാമി.

8. മൺകപ്പിച്ചു——കമിഴ്ത്തിവീഴിച്ചു കൊന്നു.

9. വിൺനാടിൻ തിളക്കങ്ങൾ——നക്ഷത്രങ്ങൾ.

10. നുതി——അങ്ങയെക്കുറിച്ചുള്ള സ്തോത്രം.

11. സ്തുത്യുച്ചാരാൽ = സ്തോത്രോച്ചാരണത്താൽ. ശുഭധാതാവ് = മംഗളകരൻ.

12. സദ്വിത്തൻ = ശോഭനധനൻ. സടത്തഴപ്പ്——തഴച്ച കഞ്ചിരോമങ്ങൾ. രണ്ടു കുതിരകൾ——ഹരികൾ.

ഇന്ദ്ര, കടൽനുരയൊന്നാ–
ലന്നമുചിയുടെ തല
വെട്ടിത്തെറിപ്പിച്ചു; പക
പെട്ടവരെ വെന്നു, ഭവാൻ! 13

മായകൾകൊണ്ടുന്മദന്മാ–
രായിത്തീൎന്ന വിണ്ണിൽക്കേറാൻ
വന്ന ദസ്യുക്കളെബ്ഭവാ–
നിന്ദ്ര, മണ്ണുകപ്പിച്ചല്ലോ! 14

സോമപാനംകൊണ്ടുൽക്കൃഷ്ട–
ധാമാവായിച്ചമഞ്ഞു നീ
ഒന്നൊന്നായോടിച്ചോട്ടുകള,–
മിന്ദ്ര, പിഴിയാത്തവരെ! 15

സൂക്തം 15.

ഋഷിദേവതകൾ മുമ്പേത്തവ; ഉഷ്ണിക്ക് ഛന്ദസ്സ്.
('ഭാരകാമന്ദിരം' പോലെ)

പാടുവിൻ, നാപ്പുരുസ്തുത–
നായ പുരുഹൂതന്നായ്ത്താൻ—
ഇന്ദ്രനായ പെരിയോനെ–
സ്സന്നതിയാൽസ്സേവിപ്പുവിൻ! 1

---

13. പണ്ടു യുദ്ധത്തിൽവെച്ച് ഇന്ദ്രൻ നമുചി എന്ന അസുരത്തലവന്റെ പിടിയിൽപ്പെട്ടുപോയി. അവൻ ഇന്ദ്രനോടു പറഞ്ഞു:—'രാത്രിയിലും പകലിലും, ഉണങ്ങിയ ആയുധംകൊണ്ടും, നനവുള്ള ആയുധംകൊണ്ടും ഭവാൻ എന്നെ കൊല്ലില്ലെങ്കിൽ, ഞാൻ വിട്ടയയ്ക്കാം' ഇന്ദ്രൻ അതു സമ്മതിച്ചു വിടുതി നേടിയിട്ട്, അഹോരാത്രസന്ധിയിൽ (സന്ധ്യാസമയത്ത്) ശുഷ്കവും ആർദ്രവുമല്ലാത്ത ഒരു കടൽനുരകൊണ്ടു നമുചിയുടെ തലയറുത്തു. പക പെട്ടവരെ—ശത്രുക്കളെ, അസുരന്മാരെ.

14. ദസ്യുക്കൾ—അസുരന്മാർ.

15. ഉൽക്കൃഷ്ടധാമാവ് = ഉൽക്കൃഷ്ടമായ തേജസ്സുള്ളവൻ. പിഴിയാത്തവരെ—സോമം പിഴിയാത്തവരെ, യജ്ഞരഹിതരെ.

സൂക്തം 15.

1. സ്തോതാക്കളോട്: പാടുവിൻ—സ്തോത്രം. സേവിപ്പുവിൻ—പരിചരിപ്പുവിൻ.

രണ്ടിൻ മേലാളാമിവൻറെ
വൻകെല്ലല്ലോ, വാന്മഴിയെ
നിൎത്തീ, പായും മലയെയും,
നീർകളെയും വീര്യത്തിനാൽ! 2

ആ നീ പുരുസ്തുത, പുരാ—
നാണിന്ദ്ര: നീയൊററസ്സുതാൻ
ശത്രുക്കളെക്കൊന്നൊടുക്കും,
സ്വത്തും പേരും കയ്യടക്കാൻ! 3

വജ്രിൻ, പോരിൽ കീഴമത്ത്രും;
വർഷിച്ചീടു;—മിടം തീർക്കും—
ഇത്ഥം ഹരിസേവ്യമാം നിൻ
മത്തിനെ വാഴ്ത്തുന്നു, ഞങ്ങൾ: 4

ഈയാഹ്ലാദത്താലല്ലോ, നീ—
യായുവിന്നും മനുവിന്നും
ളുവെളിച്ചം കിട്ടിച്ചതും,
യാഗേ കോപ്പു വഹിപ്പതും! 5

ഇന്നുമുണ്ടതിനെപ്പുക—
ഴ്ത്തുന്നു, മുന്നെപ്പോലുക്ഥികൾ;
വെല്ലു നിത്യം, വൃഷപത്നി—
മാർകളാം തണ്ണീർകളെ നീ! 6

നിൻറയാ വൻവീര്യത്തെയും,
നിൻകെല്പിനെ,കർമ്മത്തെയും,
മൂർച്ചപ്പെടുത്തുന്നു, മേന്മ
വായ്ച്ച വജ്രത്തെയും സ്തുതി! 7

---

2. രണ്ടിൻ—സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും. ഇവൻ—ഇന്ദ്രൻ. പായും മല—പറന്നിരുന്ന പർവതങ്ങൾ.

3. സ്വത്തും പേരും—ശത്രുക്കളുടെ ധനവും യശസ്സും.

4. കീഴമത്ത്രും—ശത്രുക്കളെ. വർഷിച്ചീടും—അഭീഷ്ടങ്ങളെ. ഇടം തീർക്കും =സ്ഥാനം നിർമ്മിയ്ക്കും. ഇത്ഥം—ഇങ്ങനെയുള്ള. ഹരിസേവ്യം=ഹരികളാൽ, ഇരു കുതിരകളാൽ സേവ്യം.

5. ആഹ്ലാദം—മത്ത്. ആയു—ഉർവശീപുത്രനായ രാജാവ്. യാഗേ=യജ്ഞത്തിൽ.

6. ഉക്ഥികൾ—ഉക്ഥം ചൊല്ലുന്നവർ. വൃഷപത്നിമാർകൾ=പർജ്ജന്യൻെറ പത്നിമാർ. വെല്ലു—സ്വായത്തങ്ങളാക്കുക.

ദ്യോവു നിൻകെല്പുയർത്തുന്നു,
ഭൂവു നിൻകീർത്തിയുമിന്ദ്ര;
നിന്നെ പ്രീതിപ്പെടുത്തുന്നു,
തണ്ണീർകളും മലകളും! 8

നിന്നെ മഹാൻ, വസു വിഷ്ണു,
നിന്നെ മിത്രൻ വരുണനും
വർണ്ണിയ്ക്കുന്നു; മത്താടുന്നു,
നിന്നോടൊപ്പം മരുദ്ബലം! 9

ഇന്ദ്ര, നീ വിണ്ണോരിൽവെച്ചു
വൻദാതാവായ് വെളിപ്പെടും;
സംവഹിയ്ക്കും, വൃഷാവു നീ
സത്സന്താനധനമെല്ലാം! 10

ഒററയ്ക്കു നീയമിത്രരെ-
യൊപ്പം കൊല്ലും, പുരുസ്തുത:
ഇതുയേറെത്തൊഴിൽ ചെയ്‌വാ-
നിന്ദ്രനല്ലാതില്ലൊ,രുത്തൻ! 11

എങ്ങു നിന്നെ രക്ഷയ്ക്കോരോ
ഭംഗ്യാ വാഞ്ഛി വിളിയ്ക്കുമോ;
അങ്ങിന്ദ്ര, വെല്ലേപ്പേരെയു-
മെങ്ങൾതൻ നേതാക്കൾക്കായ് നീ! 12

---

8. ഉയർത്തുന്നു—വളർത്തുന്നു.

9. വസു=വാസയിതാവ്, ലോകത്തെ വസിപ്പിയ്ക്കുന്നവൻ. വർണ്ണിയ്ക്കുന്നു—സ്തുതിയ്ക്കുന്നു.

10. സത്സന്താനധനമെല്ലാം—നല്ല സന്താനങ്ങളെയും സമ്പത്തുകളെയുമെല്ലാം. സംവഹിയ്ക്കും—സ്തോതാക്കൾക്കു കൊടുക്കാൻ കയ്യിൽ വെയ്ക്കും.

11. തൊഴിൽ—വൃത്രവധാദികർമ്മം.

12. ഓരോ ഭംഗ്യാ—ബഹുവിധമായി. അങ്ങ്—ആ യുദ്ധത്തിൽ. എപ്പേരെയും—ശത്രുക്കളെയെല്ലാം. നേതാക്കൾ—സ്തോതാക്കൾ.

നമ്മറാക്കു വൻഗ്രഹത്തിന്നായ്,
നന്മയെല്ലാം വർണ്ണിച്ചേററം
മോദിപ്പിയ്ക്ക, വെൽവാൻ, ശചീ—
നാഥനാകുമിന്ദ്രനെ നീ! 13

സൂക്തം 16.

കണ്വഗോത്രൻ ഇരിംബിററി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വാഴ്ത്തപ്പെടേണ്ടും മനുജപ്പെരുമാളാകുമിന്ദ്രനെ
സ്തുതിപ്പിൻ, കീഴമർപ്പോനെ, നേതാവിനെ, വദാന്യനെ! 1
ഇവങ്കലല്ലോ വിളയാടുന്നു, ശസ്ത്രങ്ങളൊക്കയും,
അന്നങ്ങളും, സമുദ്രത്തിൽത്തണ്ണീരലകറാപോലവേ. 2
ചെമ്മേ വാഴ്ത്തിബ്ഭജിയ്ക്കുന്നേനാ ശ്രേഷ്ഠത്തമ്പുരാനെ ഞാൻ
പോരിൽ വൻതൊഴിൽചെയ്‌വോനെ,ബ്ബലവാനെ
ധനത്തിനായ്. 3
ഗഭീരവും, താരകവും, വിശാലവു,മന്ദനവും
യുദ്ധത്തിലിമ്പമുള്ളൊന്നുമല്ലോ, തൻെറ മദോദയം! 4
സ്വത്തടക്കപ്പെടേണ്ടുമ്പോളിവനെത്തന്നെയാളുകറാ
വിളിച്ചു, കൂട്ടിപ്പറയാ;—നാരിലിന്ദ്ര,നവൻ ജയി! 5
ഇന്ദ്രനെത്തന്നെ സേവിച്ചുമിന്ദ്രനെത്തന്നെ വാഴ്ത്തിയും
മേലാളാകുന്നു, മനുജ;—രവിടുന്നേകുമേ ധനം! 6

---

13. സ്തോതാവിനോട്: നന്മ—ഇന്ദ്രൻെറ ഗുണഗണം. വെൽവാൻ—ശത്രുധനമടക്കാൻ.

സൂക്തം 16.

1. സ്തോതാക്കളോട്: കീഴമർപ്പോനെ—ശത്രുക്കളെ.

2. ശസ്ത്രങ്ങറാ—ഉക്ഥങ്ങറാ.

3. വൻതൊഴിൽ—വൃത്രവധവും മററും. ധനത്തിനായ്—ധനം കിട്ടാൻ.

4. താരകം—ശത്രുക്കളെ പിന്നിടുവിയ്ക്കുന്നത്. തൻെറ—ഇന്ദ്രൻെറ. മദോദയം—സോമപാനലഹരി.

5. സ്വത്ത്—ശത്രുധനം. കൂട്ടിപ്പറയാൻ—കവിഞ്ഞ പ്രശംസയ്ക്ക്. ആരിൽ—ആരുടെ പക്കിൽ, ജയി—ജയവാനാകും, ജയിയ്ക്കും.

6. ഏകുമേ—സ്തോതാക്കറാക്ക്.

മികച്ചനിൽക്കവോനി,ന്ദ്ര;–നൃഷി,യിന്ദ്ര;–നനേകരാൽ
തുലോം വിളിയ്ക്കപ്പെട്ടവോൻ; മഹാകർമ്മങ്ങളാൽ മഹാൻ! 7

അവൻ സ്തുത്യന,വൻ സത്യൻ, വിളിയ്ക്കപ്പെട്ടിടേണ്ടവൻ,
തളർത്തുവോൻ, ഭൂരികർമ്മാ,–വൊററയ്ക്കേ കീഴമർപ്പവൻ! 8

ആയിന്ദ്രനെ യജുർഗ്ഗീരാല,വനെസ്സാമസൂക്തിയാൽ,
അവനെപ്പല ഗായത്രത്താലുയർത്തുന്നു, സൂരികൾ! 9

നേരേ ധനം കൊണ്ടുവരും; വെളിച്ചമരുളും, രണേ;
പോരാടിപ്പററലർകളെക്കീഴടക്കം ശരിയ്ക്കവൻ. 10

പൂർത്തിപ്പെട്ടത്തുമായിന്ദ്രൻ പുരുഹൂതൻ യഥാസുഖം
തോണികൊണ്ടു കടത്തട്ടേ, നമ്മെ മാററാരെയൊക്കയും! 11

അബ്ഭവാനിന്ദ്ര, കല്പിച്ചതരികെഞങ്ങൾക്ക കെല്പിനാൽ;
കാംക്ഷിയ്ക്ക, വഴി കാട്ടാനു;–മെത്തിയ്ക്ക, സുഖമെങ്ങളിൽ! 12

സൂക്തം 17.

ഋഷിദേവതകൾ മുമ്പേത്തവ; ഗായത്രിയും ബൃഹതിയും
സതോബൃഹതിയും ഛന്ദസ്സുകൾ.
('ദ്വാരകാമന്ദിരം'പോലെ)

ഇന്ദ്ര, വരികെ:—ഞങ്ങൾ പിഴി–
യുന്നുണ്ടല്ലോ, ഭവാന്നായി;
ഇസ്സോമം കുടിയ്ക്കുകെ,ൻെറ–
യിദ്ദർഭയിലിരുന്നാലും! 1

---

7. ഋഷി—വിശ്വദർശി. അനേകർ—വളരെയാളുകൾ.

8. തളർത്തുവോൻ, കീഴമർപ്പവൻ—ശത്രുക്കളെ.

9. യജുർഗ്ഗീരാൽ—യജുർമ്മന്ത്രംകൊണ്ട്. ഗായത്രം—ഗായത്രീച്ഛന്ദസ്സിലുള്ള മന്ത്രം.

10. വെളിച്ചം—ജയമെന്നർത്ഥം.

11. തോണി—തുണ.

12. കല്പിച്ചതരിക—ധനം.

മന്ത്രംകൊണ്ടു പൂട്ടും, സട
മുന്തിയ രണ്ടശ്വം നിന്നെ
കൊണ്ടുപോന്നീടട്ടേ: ചെവി—
ക്കൊണ്ടാലും, വന്നസ്മൽസ്തോത്രം! 2

സോമികരാം ബ്രാഹ്മണരെങ്ങൾ
സോമം കുടിപ്പോനാം നിന്നെ,
ചേരുംവണ്ണം വിളിയ്ക്കുന്നു,
നീരു പിഴിഞ്ഞുവെച്ചിന്ദ്ര! 3

നന്നായ്പ്പിഴിഞ്ഞ ഞങ്ങളിൽ
വന്നെ,ങ്ങൾതൻ നൽസ്തുതികൾ
കേട്ടു, സോമം നുകർന്നാലും,
ശ്രേഷ്ഠത്തൊപ്പിവെച്ച ഭവാൻ! 4

നീളെപ്പകരുന്നേൻ, മധു
നിന്നിരുതൃക്ഷികളിൽ:
അംഗങ്ങളിലോടട്ടെ,യി—
തംഗീകരിയ്ക്കു, നീ നാക്കാൽ! 5

രമ്യമാവുക,വിടെയ്ക്കും
നിന്മെയ്യിന്നും നറുംസോമം;
സന്ദാതാവാം നിൻനെഞ്ചിന്നും
സഞ്ജനിപ്പിയ്ക്കട്ടേ, സൌഖ്യം! 6

പാൽമുതലായവ ചേർന്ന
സോമമിതു സുദ്രഷ്ടാവേ,

സൂക്തം 17.

2. സട മുന്തിയ—മികച്ച കുഞ്ചിരോമമുള്ള. രണ്ടശ്വം—ഹരികൾ. അസ്മൽസ്തോത്രം=ഞങ്ങളുടെ സ്തുതി.

3. സോമികരാം=സോമസഹിതർ.

5. മധു—സോമനീർ ഇരുതൃക്ഷികൾ—വാർത്ത്ഘ്നം, മാഘോനം എന്ന രണ്ടു വയറുണ്ടത്രേ, ഇന്ദ്രന്ന്; അഥവാ, മേൽവയറും. അടിവയറും. ഇതു് (സോമനീർ) നാക്കാൽ അംഗീകരിയ്ക്കു—നുകരുക.

6. സഞ്ജനിപ്പിയ്ക്കു=ഉളവാക്കുക.

ഇന്ദ്ര, നിങ്കൽദ്ദയിതമാ—
രെന്നപോലെയണയട്ടെ! 7

ശ്രും ഭദ്ഭുജൻ, പൃഥുകണ്ഠൻ,
കമ്പയുമുള്ളവനിന്ദ്രൻ
സോമമത്തിലത്രേ, ശത്രു—
സ്തോമത്തെക്കൊന്നൊടുക്കുന്നു! 8

കെല്പാൽ വിശപ്പെരുമാളായ്—
നില്പോനാം നീയിന്ദ്ര, മുന്നിൽ
വന്നെത്തുക: വൃത്രവൈരിൻ,
കൊന്നൊടുക്ക, രിപുക്കളെ! 9

നീളട്ടേ, നിൻപള്ളിത്തോട്ടി:
നീയിതൊന്നുകൊണ്ടാണല്ലോ,
നീരു പിഴിയുന്ന യജ്ഞ—
കാരന്നേകുന്നതു, ധനം! 10

ഇന്ദ്ര, ഭവാന്നിതാ, സോമം
നന്നാക്കിദ്ദർഭയിൽ വെച്ചു:
വന്നെത്തുകൊ, ന്നോടുകി, പ്പോ—
ളിന്നീർ കുടിയ്ക്കുക, ഭവാൻ! 11

ഖ്യാതദ്യുതേ, ഖ്യാതാർച്ചന,
നീർ തവ സൌഖ്യത്തിന്നിതാ:
എന്നതിനാൽ വിളിയ്ക്കുന്നു,
നന്നായ് നിന്നെയാഖണ്ഡല! 12

---

7. സുദ്രഷ്ടാവ്—വഴിപോലെ കാണുന്നവൻ. ദയിതമാർ—വെള്ളവസ്ത്രം ധരിച്ച ഭാര്യമാർ എന്നർത്ഥം: ഉപമേയമായ സോമം പാലും മററും ചേർന്നതാണല്ലോ.

8. കമ്പ—വളരെസ്സോമമൊതുങ്ങുന്ന വലിയ വയർ. ശത്രുസ്തോമം=വൈരിവൃന്ദം.

9. മുന്നിൽ—ഞങ്ങളുടെ മുമ്പിൽ.

10. തോട്ടി=അങ്കുശമെന്ന ആയുധം. യജ്ഞകാരൻ=യജമാനൻ.

11. നന്നാക്കി—അരിച്ചു വെടുപ്പുവരുത്തി.

12. ഖ്യാതം=പ്രസിദ്ധം. ഇതാ—പിഴിഞ്ഞുവെച്ചിരിയ്ക്കുന്നു.

നിന്നുടെ രക്ഷകമായ
കുണ്ഡപായ്യക്രതുവിങ്കൽ
ഭംഗ്യാ മനംവെച്ചിരുന്നു,
ശൃംഗവൃഷാവിൻെറ സൂനോ. 13

വാസ്തോഷ്പതേ, തൂണുറയ്ക്കു;
മൈത്രാണം നേടുക, ധ്വരി;
നൈകപുരഭേദി സഖാ—
വാകൃ,ഷിമാർക്കിന്ദ്രൻ, സോമി! 14

സർപ്പംപോലേ തല പൊക്കി—
നില്പോൻ, യാജ്യൻ, ഗോലംഭകൻ,
ഒററയ്ക്കുതാനനേകരെ—
യിട്ടമർപ്പോൻ, ഭരിപ്പവൻ—
ആയിന്ദ്രനെസ്തോമമുണ്മാ—
നായിട്ടോ,രശ്വത്തെപ്പോലെ
കൊണ്ടുവരുന്നിതു, മുന്നിൽ
മണ്ടിച്ചെല്ലും പിടുത്തത്താൽ! 15

സൂക്തം 18.

ഇരിംബിഠി ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; ആദിത്യരും അശ്വികളും അഗ്നിയും സൂര്യനും വായുവും ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

ഇപ്പോഴുംതന്നേ തീർച്ചയായു—
മഭ്യർത്ഥിയ്ക്കുവേണം, മർത്ത്യൻ,

---

13. നിന്നുടെ——ഭവാനുള്ള. കുണ്ഡപായ്യം——ഒരു യാഗം. ഭംഗ്യാ——വഴിപോലെ. വെച്ചിരുന്നു——കുണ്ഡപായികളെന്ന ഋഷിമാർ. ശൃംഗവൃഷാവ്——ഒരു ഋഷി; ഇന്ദ്രൻ ഇദ്ദേഹത്തിൻെറ പുത്രനായി അവതരിച്ചുപോൽ.

14. വാസ്തോഷ്പതി=ഗൃഹപതി,ഇന്ദ്രൻ. തൂണുറയ്ക്കു——അധ്വരിയുടെ, യജമാനൻെറ, ഗൃഹസ്തംഭം ഉറപ്പിൽ നില്ക്കട്ടെ, ഗൃഹം വീഴാതിരിയ്ക്കട്ടെ. മൈത്രാണം=അംഗരക്ഷ. ഉത്തരാർദ്ധം പരോക്ഷോക്തി: നൈകപുരഭേദി=അനേകശത്രുനഗരങ്ങൾ പിളർത്തവൻ, ഇന്ദ്രൻ. ഋഷിമാർക്ക്——ഞങ്ങൾക്ക്. സോമി=സോമവാൻ.

15. ഗോലംഭകൻ——അംഗിരസ്സുകൾക്ക ഗോക്കളെ കിട്ടിച്ചവൻ. അനേകരെ——വളരെശ്ശത്രുക്കളെ. ഭരിപ്പവൻ——ലോകത്തെ. മണ്ടിച്ചെല്ലും പിടുത്തം——ക്ഷിപ്രഗാമിയായ സ്തോത്രം. സ്തോതാവ് ഇന്ദ്രനെ, ഒരശ്വത്തെയെന്നപോലെ, സ്തോത്രത്താൽ വലിച്ചു മുമ്പിൽ കൊണ്ടുവരുന്നു.

പുത്രൻ സുഖമീയാദിത്യർ
ചിത്തം തെളിഞ്ഞരുളുവാൻ! 1

ഇയ്യാദിത്യർതൻ മാർഗ്ഗങ്ങാം-
ക്കില്ലെതിർപ്പു,മില്ലിടിവും;
ആകയാലപ്പാലകങ്ങാം
സൌഗമ്യത്തെ വളർത്തട്ടേ! 2

മിത്രൻ, സവിതാവു, ഭഗ,-
നര്യമാവു, വരുണനും
തന്നരുളുകെ,ങ്ങാം യാചി-
ച്ചുന്ന വിശാലമാം ഗൃഹം! 3

ഭൂരിപ്രിയേ, സുസുഖരാം,
സൂരിവാനോരുമായ്ച്ചെമ്മേ
വന്നാലു,മദിതേ, ദേവി,
നിർന്നിരോധഭരണേ, നീ! 4

അധ്വംസകരദിതിതൻ
പുത്രരുരുക്രിയരവർ
പോക്കാൻ പൊന്നോരല്ലോ, വിദേ-
ഷ്ടാക്കളെയും ദുഷ്ടരെയും. 5

അല്ലിലദിതിമാടിനെ-
യഹ്നി നേരുറ്റോളദിതി
പാർത്തുരക്ഷിയ്ക്കട്ടെ, നിത്യം
പാപത്തിൽനിന്നു നമ്മെയും! 6

സൂക്തം 18.

2. എതിർപ്പും ഇടിവും––ശത്രുകൃതമായ നിരോധവും ഉപദ്രവവും. അപ്പാലകങ്ങാം––രക്ഷകങ്ങളായ മാർഗ്ഗങ്ങാം. സൌഗമ്യം = സുഗമത.

4. സൂരിവാനോരുമായ്––പ്രാജ്ഞരായ, സ്വപുത്രരായ ദേവന്മാരോടുകൂടി. നിർന്നിരോധഭരണേ––നിർബ്ബാധമായി ഭരണം നടത്തുന്നവളേ.

5. അധ്വംസകർ––രക്ഷകന്മാർ. ഉരുക്രിയർ = വിശാലകർമ്മാക്കാം. വിദ്വേഷ്ടാക്കാം––ദ്രോഹികാം.

6. അദിതി മാടിനെ, നമ്മുടെ നാൽക്കാലികളെ, അല്ലിലും അഹസ്സിലും പാർത്തുരക്ഷിയ്ക്കട്ടെ. നേരുറ്റോാം––നിഷ്കപട.

ആദ്ധ്യേയയദിതി കാപ്പാ—
നാഗമിയ്ക്കു, പകൽ നമ്മിൽ:
ചേക്കുക, ശാന്തിദസൌഖ്യം;
പോക്കുക, വിദ്വേഷികളെ! 7

അദ്ദേവവൈദ്യന്മാർ നമു—
ക്കശ്വികരം നല്ലട്ടേ, സുഖം;
പാപമകലത്താക്കട്ടേ;
പായിയ്ക്കട്ടേ, പററലരെ! 8

അഗ്നി, സാഗ്നി നല്ല ശമ,—
മർക്കൻ നമുക്കിളംചൂടും;
വായു സുഖമായ് വീശ്ശുക;
പായിയ്ക്കു, മാററാരെ സ്വച്ഛൻ! 9

പോക്കുവിൻ, രോഗത്തെ,പ്പീഡ
ചേക്കുവോനെ,ദ്ദുഷ്ടനെയും;
ആദിത്യരേ, പാപത്തിൽനി—
ന്നാമോചിപ്പിപ്പിനെ,ങ്ങളെ! 10

പായിപ്പിനെ,ങ്ങളിൽനിന്നു
പാപനെ,ദ്ദുർമ്മതിയെയും;
വിദ്വേഷിയെയകററുവിൻ,
വിശ്വജ്ഞരാമാദിത്യരേ! 11

പാപങ്ങളിൽനിന്നേതൊന്നോ
പാപിയെയും വേർപെടുത്തും
അസ്സുഖമേകുവിനെ,ങ്ങൾ—
ക്കാദിത്യരേ, സുദാനരേ! 12

---

7. ധ്യേയ=ധ്യാനിയ്ക്കപ്പെടേണ്ടുന്നവൾ.

8. സുഖം——രോഗശമനം.

9. സാഗ്നി——സ്വവിഭൂതികളായ അഗ്നികളോടുകൂടിയവൻ. ശമം——രോഗശാന്തി. സ്വച്ഛൻ——പാപരഹിതൻ.

10. പീഡ ചേക്കുവോൻ—ദ്രോഹി. ആമോചിപ്പിപ്പിൻ=വിടുവിയ്ക്കുവിൻ.

11. പാപൻ——ഹിംസകൻ. വിശ്വജ്ഞർ=എല്ലാമറിഞ്ഞവർ.

12. പാപിയെയും——സ്തുതിച്ചാൽ പാപിയെപ്പോലും.

ആരെങ്ങളെയരക്കനാ
യാടൽപ്പെടുത്തുവാൻ നോക്കും
അന്നരൻ നശിച്ചുപോട്ടേ,
തൻനടപ്പാൽത്തന്നേ മാഴ്കി! 13

ആരെങ്ങൾക്ക ദുഷ്ടീഡക,—
നാരിരട്ടത്തരക്കാരൻ;
ചേരട്ടെ,യാപ്പുകൾ കെട്ട
വൈരിമനുഷ്യങ്കൽപ്പാപം! 14

ഉള്ളം രണ്ടുള്ളവനെയു,—
മല്ലാത്ത മനുഷ്യനെയും
പാർത്തറിയും, പകർ നിങ്ങൾ
പാർപ്പിപ്പോരാം ദേവന്മാരേ! 15

അദ്രിജലങ്ങൾതൻ സുഖ—
വൃത്തി വരിയ്ക്കുന്നു, ഞങ്ങൾ
വാനേ, മന്നേ, ഞങ്ങളിൽനി—
ന്നേനസ്സകററുവിൻ, നിങ്ങൾ! 16

നിങ്ങളുടെ തോണിയാലാ
നിങ്ങളയി വസുക്കളേ,
ശോഭനേസുഖമെങ്ങളെ—
പ്പാപമെല്ലാം കടത്തുവിൻ! 17

ഞങ്ങളുടെ പുത്രപൌത്ര—
ക്കിങ്ങുയിർക്കൊള്ളുവാൻ ചെമ്മേ

---

13. അരക്കനായ്—രാക്ഷസരൂപിയായി.

14. ദുഷ്ടീഡകൻ=കെട്ട ദ്രോഹി. ഇരട്ടത്തരക്കാരൻ—ഹിതം പറയും, അഹിതംചെയ്യും, ഇങ്ങനെയുള്ളവൻ. ആ വൈരിമനുഷ്യൻ പാപമനുഭവിയ്ക്കട്ടെ.

15. ഉള്ളം രണ്ടുള്ളവൻ—കപടശീലൻ. പകർ—പരിപക്വജ്ഞാനന്മാർ. പാർപ്പിപ്പോർ—ലോകത്തെ വസിപ്പിയ്ക്കുന്നവർ.

16. ദ്യാവാപൃഥിവികളോട്: ഏനസ്സ്=പാപം

17. ആദിത്യരോടുതന്നെ: ശോഭനസുഖം=നല്ല സുഖത്തോടുകൂടുംവണ്ണം.

ദീർഗ്ഘായുസ്സു വരുത്തുവിൻ,
ദീപ്താഭരാമാദിത്യരേ! 18

നിങ്ങരംക്കിഷ്ടിയടപ്പിച്ച
നിങ്ങളെസ്സുഖിപ്പിയ്ക്കുവിൻ:
നിങ്ങളിൽച്ചാർച്ചക്കാരാവു—
കെ,ഞങ്ങളെന്നുമാദിത്യരേ! 19

വാർവീടെങ്ങരം വാനോർകോനാം
ദേവനോടും ദസ്രരോടും
മിത്രവരുണന്മാരോടു—
മർത്ഥിയ്ക്കുന്നു, പൊറുതിയ്ക്കായ്! 20
മിത്രമരുദ്വരുണരേ,
നിങ്ങളെങ്ങരംക്കര്യമാവേ,
നവ്യം, ശാന്ത,മാരംക്കാരൊത്ത
നമ്മുന്നിലവീടേകുവിൻ! 21

മൃത്യുവിൻ ചാർച്ചക്കാരല്ലോ,
മർത്ത്യരെങ്ങളാദിത്യരേ:
ഞങ്ങരംക്ക നീട്ടുവി,നായു—
സ്സിങ്ങിരിപ്പാൻ വഴിപോലെ! 22

സൂക്തം 19.

കണ്വഗോത്രൻ സോഭരി ഋഷി; കകുപ്പും സതോബൃഹതിയും ദ്വിപദാവിരാട്ടും ഉഷ്ണിക്കും പംക്തിയും ഛന്ദസ്സുകരം; അഗ്നിയും ആദിത്യരും ദേവത.

ഭവാൻ ആ സർവനേതാവിനെ സ്തുതിയ്ക്കുക: ഋത്വിക്കുകരം സ്വാമിയായ ദേവങ്കൽ ചെല്ലുന്നു; ഹവിസ്സു ദേവകളിലെത്തിയ്ക്കുന്നു. 1

---

19. ഇഷ്ടി = യാഗം.

20. വാർവീട് = വിശാലഗൃഹം.

21. നവ്യം = സ്തുത്യം. ശാന്തം — നിരുപദ്രവം. നമ്മുന്നിലവീട് = നല്ല, മൂന്നു നിലയുള്ള ഗൃഹം.

22. മൃത്യുവിൻ ചാർച്ചക്കാർ — മരണശീലർ.

സൂക്തം 19.

1. സ്തോതാവിനോട്: ആ സർവനേതാവ് — അഗ്നി.

വിപുലധനനായി, വിചിത്രപ്രഭനായി, ഈ സോമയാഗത്തിൻെറ നിയന്താവായി, പുരാതനനായിരിയ്ക്കുന്ന ഈ അഗ്നിയെ, മേധാവിൻ, സോഭരേ, നീ യജ്ഞത്തിന്നായി സ്തുതിച്ചാലും. 2

മികച്ച യഷ്ടാവും, ദേവകളിൽവെച്ചു ദേവനും, ഹോതാവും, മരണരഹിതനും, ഈ യജ്ഞം ശരിയ്ക്കു നടത്തുന്നവനുമായ ഭവാനെ ഞങ്ങൾ ഭജിയ്ക്കുന്നു. 3

അന്നരക്ഷകൻ, സുഭഗൻ, നല്ല വെളിച്ചം നല്കുന്നവൻ, പ്രശസ്തതേജസ്സൻ——ഇങ്ങനെയുള്ള ആ അഗ്നി നമുക്കുവേണ്ടി, ദ്യോവിങ്കൽ മിത്രൻെറയും വരുണൻെറയും ജലങ്ങളുടെ സുഖത്തെ ലാക്കാക്കി യജിച്ചരുളട്ടെ! 4

ആർ ചമതകൊണ്ടു്, ആർ ആഹുതികൊണ്ടു്, ആർ വേദംകൊണ്ടു്, ആർ വഴിപോലെ യജിച്ചു ഹവിസ്സുകൊണ്ടു് അഗ്നിയെ പരിചരിയ്ക്കുമോ; 5

ആ മനുഷ്യന്നു്, എങ്ങും ചെല്ലുന്ന കുതിരകൾ ഊക്കണ്ടാകും; വളരെദ്ധനവും അന്നവും കിട്ടും. അവനെ ഒന്നുകൊണ്ടും ദേവകൃതമോ മനുഷ്യകൃതമോ ആയ ദ്രോഹം ബാധിയ്ക്കില്ല. 6

ബലത്തിൻെറ മകനേ, അന്നാധിപതേ, ഞങ്ങൾ അഗ്നികളാൽ ശോഭനാഗ്നികളായിത്തീരണം: സുവീരനായ ഭവാൻ ഞങ്ങളിൽ കനിഞ്ഞാലും! 7

സ്തൂയമാനനായ അഗ്നി, അതിഥിപോലെ സഖാക്കൾക്കു ഹിതനും തേർപോലെ ലഭിയ്ക്കപ്പെടേണ്ടവനുമാകുന്നു. നല്ല ക്ഷേമങ്ങൾ അങ്ങയുടെ പക്കലുണ്ടു്: സമ്പത്തുകളുടെ തമ്പുരാനാണ്,വിടുന്നു്! 8

അഗ്നേ, യാതൊരു മനുഷ്യൻ യജ്ഞമനുഷ്ഠിയ്ക്കുന്നുവോ, അവന്നു ഫലം ശരിയ്ക്കു കിട്ടട്ടെ; അവൻ സുഭഗനും ശ്ലാഘ്യനുമായിത്തീരട്ടെ; അവൻ സ്തുതിച്ചു സേവിയ്ക്കട്ടെ! 9

---

2. തന്നോടുതന്നെ പറയുന്നു:

3. പ്രത്യക്ഷോക്തി:

6. ഊക്കു് = ഗതിവേഗം.

7. പ്രത്യക്ഷോക്തി: അഗ്നികളാൽ——ഭവാൻെറ അവയവങ്ങളായ ഗാർഹപത്യാദികളെക്കൊണ്ടു്. ശോഭനാഗ്നികൾ = നല്ല അഗ്നിയോടുകൂടിയവർ. സുവീരൻ——ശോഭനവീരോപേതൻ.

8. ആദ്യവാക്യം പരോക്ഷം;

നിന്തിരുവടി ആരുടെ യജ്ഞത്തിന്നു മുതിർന്നുനില്ക്കുമോ, അവൻ കുററററ വീരന്മാരാൽ എന്തും സാധിയ്ക്കും—അവൻ കുതിരകളെക്കൊണ്ട്, അവൻ സ്തോതാക്കളെക്കൊണ്ട്, അവൻ ശൂരന്മാരെക്കൊണ്ടു നേടും! 10

അവന്റെ ഗൃഹത്തിൽ, വിശ്വവരേണ്യനായി വിളങ്ങുന്ന അഗ്നി സ്തോത്രവും അന്നവും സ്വീകരിയ്ക്കും; ഹവിസ്സുകൾ ദേവകളിലെത്തിയ്ക്കുകയുംചെയ്യും! 11

വസോ, ബലപുത്ര. മേധാവിയായ സ്തോതാവോ, തെരുതെരെ ദാനംചെയ്യുന്നവനോ ആയ വിജ്ഞന്റെ വചനത്തെ അവിടുന്നു ദേവകൾക്കുതാഴേ, മനുഷ്യർക്കുമീതെ, വ്യാപിപ്പിച്ചാലും! 12

ശോഭനബലനായി ജവനതേജസ്സനായിരിയ്ക്കുന്ന അഗ്നിയെ ഹവിസ്സർപ്പിച്ചും പ്രണമിച്ചും സ്തുതിച്ചും പരിചരിയ്ക്കുന്നവൻ (സമൃദ്ധനായിവരും). 13

മൂർത്ത്യന്തരങ്ങളോടുകൂടിയ അഖണ്ഡ്യനായ അഗ്നിയെ യാതൊരു മനുഷ്യൻ ചമതകൊണ്ടു പരിചരിയ്ക്കുമോ; അവൻ കർമ്മങ്ങളാൽ സുഭഗനായിച്ചമഞ്ഞു, യശസ്സുകൊണ്ടു സർവജനങ്ങളെയും, സലിലങ്ങളെയെന്നപോലെ പിന്നിടും! 14

അഗ്നേ, യാതൊന്നു ഗൃഹത്തിലെ വല്ല തിന്മനെയും, ദുർജ്ജനത്തിന്റെ അമർഷത്തെയും തീരെയമർത്തുമോ, ആ ത്രാണി ഭവാൻ കൊണ്ടുവന്നാലും! 15

യാതൊന്നുകൊണ്ടു വരുണനും മിത്രനും അര്യമാവും, യാതൊന്നുകൊണ്ട് അശ്വികളും ഭഗനും വെളിച്ചം വീശുന്നുവോ; അങ്ങയുടേതായ അതിനെ ഞങ്ങൾ ബലേന തുലോം സ്തുതിജ്ഞരും, ഈശ്വരനായ ഭവാനാൽ രക്ഷിതരുമായിത്തീർന്നു പരിചരിയ്ക്കുമാറാകണം! 16

---

10. നേടും—വിജയം.

12. ദേവകൾക്കുതാഴേ, മനുഷ്യർക്കുമീതേ—അന്തരിക്ഷത്തിലെങ്ങും.

13. ജവനതേജസ്സൻ—വേഗത്തിൽ കത്തിപ്പടരുന്നവൻ.

14. മൂർത്ത്യന്തരങ്ങൾ—മററു (ഗാർഹപത്യാദി)രൂപങ്ങൾ. സലിലങ്ങളെയെന്നപോലെ—പുഴ കടക്കുന്നതുപോലെ.

15. തിന്മൻ—രക്ഷസ്സും മററും.

16. അതിനെ—തേജസ്സിനെ.

അഗ്നേ, മേധാവിൻ, ദേവ, മനുഷ്യരെ നോക്കുന്ന സുകൎമ്മാവായ നിന്തിരുവടിയെ യാവചില മേധാവികൾ പ്രതിഷ്ഠിയ്ക്കുമോ; അവർതന്നേ, ശോഭനധ്യാനന്മാർ! 17

സുഭഗേ, എവർ അങ്ങയെ തുലോം അഭിലഷിയ്ക്കുമോ, അവർ വേദി തീൎക്കുന്നു; അവർ ഹോമിയ്ക്കുന്നു; അവർ നല്ല നാളിൽ പിഴിയാനൊരുങ്ങുന്നു; അവർ ബലംകൊണ്ടു വമ്പിച്ച സമ്പത്തടക്കുന്നു! 18

ആഹൂതനായ അഗ്നി ഞങ്ങൾക്കു നന്മ തരട്ടെ; സുഭഗേ, ദാനം നന്മ തരട്ടെ; യജ്ഞം നന്മ തരട്ടെ; സ്തുതികൾ നന്മ തരട്ടെ! 19

ഭവാൻ യുദ്ധത്തിൽ നല്ല മനസ്സു വെച്ചാലും: ഇതുകൊണ്ടാണല്ലോ, അവിടുന്നു പോരുകളിൽ കീഴമൎത്തുന്നതു്. ഉറപ്പുള്ളവയെങ്കിലും വളരെശ്ശത്രുപുരങ്ങൾ ഭവാൻ നിലംപൊത്തിച്ചാലും. ഞങ്ങൾ ഭവാങ്കൽനിന്നു് ഇഷ്ടഫലം നേടുമാറാകണം! 20

മികച്ച യഷ്ടാവും ഹവ്യവാഹനമായ യാതൊരധീശനെ ദേവന്മാർ ദൂതിന്നയയ്ക്കുന്നുവോ, ആ മനുനിഹിതനെ ഞാൻ സ്തുതിയ്ക്കുന്നു. 21

യാതൊരഗ്നി പ്രിയവും സത്യവുമാംവണ്ണം സ്തുതിയ്ക്കപ്പെട്ടാൽ, നെയ്കൊണ്ടു ഹോമിയ്ക്കപ്പെട്ടാൽ, നല്ല വീര്യം കിട്ടിയ്ക്കുമോ; ആ അഗ്നിയ്ക്കു—മൂൎത്ത പല്ലുകളോടെ വിളങ്ങുന്ന യുവാവിന്നു—ഭവാൻ അന്നം സമൎപ്പിയ്ക്കുക! 22

നെയ്കൊണ്ടു ഹോമിയ്ക്കപ്പെട്ടാൽ അഗ്നി ചീററുന്ന ജ്വാലയെ, സൂര്യൻ വെളിച്ചത്തെയെന്നപോലെ, ഉയൎത്തുകയും താഴ്ത്തുകയും ചെയ്യും! 23

യാതൊരു മനുനിഹിതനായ ദേവൻ സുരണമിയന്ന തിരുവായകൊണ്ടു ഹവിസ്സുകൾ അയയ്ക്കുന്നുവോ; ആ സുയജ്ഞനായ, ഹോ

---

18. അഭിലഷിയ്ക്കുക—ആദരിച്ചു സ്തുതിയ്ക്കുക എന്നൎത്ഥം. സമ്പത്തു്—ശത്രുക്കളുടെ.

19. ഒന്നാംവാക്യം പരോക്ഷം.

20. കീഴമൎത്തുന്നതു്—ശത്രുക്കളെ.

21. പരോക്ഷോക്തി: മനുനിഹിതനെ—മനുവിനാൽ പ്രതിഷ്ഠിയ്ക്കപ്പെട്ടവനെ, അഗ്നിയെ.

22. സ്തോതാവിനോടു്: മൂൎത്ത—മൂൎച്ചയുള്ള. പല്ലുകൾ—ജ്വാലകൾ. അന്നം—ഹവിസ്സു്.

താവായ, മരണരഹിതനായ ദേവൻ സേവകന്നു വരണീയങ്ങളാം (കല്പിച്ചുകൊടുക്കും)! 24

അഗ്നേ, അനുകൂലപ്രകാശ, ബലപുത്ര, ഹോമിയ്ക്കപ്പെട്ടവനേ, മർത്ത്യനായ ഞാൻ അമർത്ത്യനായ നിന്തിരുവടിയായിത്തീരുമെങ്കിൽ! 25

വസോ, ഞാൻ അങ്ങയോടു മിഥ്യാപവാദത്തിന്നു നിലവിളിയ്ക്കരുത്. സംസേവ്യ, ദുഷ്ടതയ്ക്കുമരുത്. അഗ്നേ, എനിയ്ക്കു ബുദ്ധികെട്ട സ്തോതാവുണ്ടാകരുത്! ശത്രുവുണ്ടാകരുത്, ദ്രോഹിയ്ക്കരുത്! 26

അച്ഛനാൽ മകനെന്നപോലെ വളർത്തപ്പെട്ടവൻ യാഗശാലയിൽ ഞങ്ങളുടെ ഹവിസ്സു ദേവകൾക്കയയ്ക്കട്ടെ! 27

അഗ്നേ, വസോ, നിന്തിരുവടിയുടെ രക്ഷകൾ തൊട്ടടുത്തുനില്ക്കയാൽ, മനുഷ്യനായ ഞാൻ സദാ ദേവനായ നിന്തിരുവടിയുടെ പ്രീതി നേടുമാറാകണം! 28

അഗ്നേ, ഞാൻ അങ്ങയ്ക്കു ഹവിസ്സർപ്പിച്ചും, അങ്ങയെ സ്തുതിച്ചും അങ്ങയെ പരിചരിയ്ക്കുമാറാകണം: അങ്ങുതന്നെയാണ്, ഉൽക്കൃഷ്ടാശയനെന്നു പറഞ്ഞുവരുന്നു; അങ്ങ് എനിയ്ക്കു തരുന്നതിൽ ഇമ്പം പൂണ്ടാലും! 29

അഗ്നേ, അങ്ങ് ആർക്കു സഖ്യം ആചരിയ്ക്കുമോ, അവൻ ഭവാന്റെ സുവീരകളും ബലവതികളുമായ രക്ഷകൾകൊണ്ടു വർദ്ധിയ്ക്കും! 30

സേചിയ്ക്കപ്പെടുന്നവനേ, അങ്ങയ്ക്കായി വണ്ടിയിൽ കൊണ്ടുവെന്ന, ഒലികൊള്ളുന്ന, വിളങ്ങുന്ന, ഋതുജന്യമായ സോമം എടുക്കപ്പെ

---

24. അയയ്ക്കുന്നവോ—ദേവന്മാരുടെ അടുക്കലേയ്ക്ക്. വരണീയങ്ങൾ—ധനങ്ങൾ.

25. തീരുമെങ്കിൽ—വലിയ ഭാഗ്യമായി!

26. മിഥ്യാപവാദവും മററും എനിയ്ക്കുണ്ടാകരുത്. ദ്രോഹിയ്ക്കരുത്—ശത്രു എന്നെ ഉപദ്രവിയ്ക്കരുത്.

27. വളർത്തപ്പെട്ടവൻ—ഞങ്ങളാൽ ഹവിസ്സുകൊണ്ടു പോഷിതനായ അഗ്നി.

29. തരുന്നതിൽ—ധനം.

30. സുവീരകൾ—ശോഭനപുത്രോപേതകൾ, നല്ല പുത്രന്മാരെ നല്കുന്നവ.

ട്ടന്നു. അങ്ങ് മഹതികളായ ഉഷസ്സുകൾക്കു പ്രിയപ്പെട്ടവനാകുന്നു; അങ്ങ് രാത്രിയിൽ വെളിച്ചം കൊടുക്കുന്നു! 31

ഒരായിരം പ്രകാശമുള്ളവനും ശോഭനാന്വേഷണനും ത്രസദസ്യുവിൻെറ ചാർച്ചക്കാരനുമായ ആ സമ്രാട്ടിനെ രക്ഷയ്ക്കുവേണ്ടി പ്രാപിച്ചവരാണ്, ഞങ്ങൾ, സോഭരികൾ. 32

അഗ്നേ, മററഗ്നികൾ അങ്ങയുടെ അടുക്കൽ കൊമ്പുകൾപോലെ നില്ക്കുന്നു: ആ അങ്ങയുടെ ബലം വളർത്തിക്കൊണ്ടു, മനുഷ്യരിൽവെച്ചു ഞാൻ സ്തോതാക്കളെന്നപോലെ യശസ്സു നേടുമാറാകണം! 33

ദ്രോഹിയ്ക്കാത്ത ശോഭനദാനന്മാരായ ആദിത്യരേ, എല്ലാ ഹവിഷ്മാന്മാരിലുംവെച്ചു യാതൊരു മനുഷ്യനെ നിങ്ങൾ മറുകരയണയ്ക്കുമോ; (അവൻ ഫലം നേടും!) 34

അമിത്രരെ അമർത്തുന്ന തമ്പുരാക്കന്മാരേ, നിങ്ങൾ മനുഷ്യൎക്കുവേണ്ടി, ഏതൊരു ക്ഷയകാരിയെയും (ആക്രമിയ്ക്കാറുണ്ട്). അതിനാൽ, വരുണ, മിത്ര, അര്യമാവേ, ഞങ്ങൾ നിങ്ങൾക്കുള്ള യാഗത്തിന്നു തേരാളികളായിത്തീരണം! 35

മികച്ച ദാതാവും സ്വാമിയും സൽപതിയുമായ പുരുകുത്സപുത്രൻ ത്രസദസ്യു എനിയ്ക്ക് ഐമ്പതു പെണ്ണുങ്ങളെ തന്നിരിയ്ക്കുന്നു! 36

അത്രമാത്രമല്ല, അന്നവും രക്ഷയും തേടിയ എനിയ്ക്കു, സുവാസ്തുതീരത്തുവെച്ചു ധനവാനും ഗോപതിയുമായ ശ്യാവൻ ഇരുന്നൂററിപ്പത്തു പൈക്കളെ തന്നു! 37

---

31. സേചിയ്ക്കു—സോമനീരാടിയ്ക്കു. ഋതുജന്യം—ഋതുവിൽ (യഥാകാലം) ജനിച്ചത്. ഏടുക്കപ്പെടുന്നു—ഹോതാവിനാൽ. ഉഷസ്സുകൾക്ക്—പുലർകാലത്താണല്ലോ, ഹോമാഗ്നിയെ ജ്വലിപ്പിയ്ക്കുക.

32. ശോഭനാന്വേഷണൻ—അഗ്നിയെ തേടുന്നതു ശ്രേയസ്കരമാണല്ലോ. ആ സമ്രാട്ട്—അഗ്നി.

33. കൊമ്പുകൾ—വൃക്ഷത്തിൻെറ ശാഖകൾ. സ്തോതാക്കൾ—മററു സ്തുതികാരന്മാർ. ബലം വളർത്തുക എന്നതിന്നു സ്തുതിയ്ക്കുക എന്നൎത്ഥം.

34. ദ്രോഹിയ്ക്കാത്ത—ദയാശീലരായ. മറുകര—കർമ്മസമാപ്തി.

35. ക്ഷയകാരി—ശത്രു. തേരാളികൾ—ശരിയ്ക്കു നടത്തുന്നവർ.

37. സുവാസ്തു—ഒരു നദി. ശ്യാവൻ—ഒരു രാജാവ്.

സൂക്തം 20.

സോഭരി ഋഷി; കകുപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; മരുത്തുക്കൾ ദേവത.

പ്രകൃഷ്ടഗമനന്മാരേ, നിങ്ങൾ വരുവിൻ; കഷ്ടപ്പെടുത്തരുത്; സമാനതേജസ്സന്മാരേ, ഉറപ്പുള്ളവയെപ്പോലും കുനിയിക്കുന്നവരേ, വിട്ടുനിൽക്കരുതേ! 1

മഹാന്മാരായ മരുത്തുക്കളേ, രുദ്രപുത്രന്മാരേ, ഉരുൾച്ചുററിന്നുറപ്പുള്ള സുപ്രഭങ്ങളായ (തേരുകളിലൂടേ) വന്നെത്തുവിൻ—പുരുകാമ്യരേ, സോഭരിയിൽ കനിവുള്ള നിങ്ങൾ ഇപ്പോൾ ഞങ്ങളുടെ യജ്ഞത്തിൽ, അന്നവുമായി വന്നെത്തുവിൻ! 2

ഞങ്ങൾക്കറിയാം: മഴയെമ്പാടും പൊഴിക്കുന്ന കർമ്മവാന്മാരും രുദ്രപുത്രന്മാരുമായ മരുത്തുക്കളുടെ കരുത്ത് ഉഗ്രമാണ്! 3

ശോഭനായുധന്മാരേ, സ്വയംപ്രഭന്മാരേ, നിങ്ങൾ നടകൊള്ളുമ്പോൾ തുരുത്തുകൾ താഴും; സ്ഥാവരങ്ങളും വാനൂഴികൾ രണ്ടും ചാഞ്ചാടും. വെള്ളം കുതിച്ചോടും. 4

നിങ്ങൾ നടകൊള്ളുമ്പോൾ, വേരുറച്ചവപോലും—മലകൾ, മരങ്ങൾ എന്നിവപോലും—നിലവിളിക്കും; യാത്രകളിൽ പാർത്തലം കുലുങ്ങും! 5

മരുത്തുക്കളേ, നിങ്ങളുടെ ബലവും ഗമനവും കരുതി, ദ്യോവ് അന്തരിക്ഷം വിട്ടു മേല്പോട്ടു പോയ്ക്കളയും: ഇവിടെവെച്ചാണല്ലോ, കൈക്കരുത്തുള്ള നേതാക്കൾ തിരുവുരു തിളങ്ങിക്കുന്നത്! 6

തേജസ്സും ഓജസ്സുമുള്ള, മഴപൊഴിക്കുന്ന, സരളരൂപരായ നേതാക്കൾ ഹവിസ്സിന്നുവേണ്ടി, വലിയ മോടി കൂട്ടും! 7

സൂക്തം 20.

1. സമാനതേജസ്സന്മാർ—ഒരേതരം തേജസ്സുള്ളവർ. ഉറപ്പുള്ളവ—പർവതാദികൾ. വിട്ടുനില്ക്കരുതേ—ഞങ്ങളെ വിട്ടു, മറെറങ്ങാനും നിൽക്കരുതേ.

2. സോഭരിയിൽ—എന്റെ പേരിൽ. അന്നവുമായി—ഞങ്ങൾക്കു തരാൻ അന്നമെടുത്ത്.

5. യാത്രകളിൽ—നിങ്ങളുടെ ഗമനങ്ങളിൽ.

6. കരുതി—പേടിച്ച്. ഉത്തരാർദ്ധം പരോക്ഷോക്തി: നേതാക്കൾ—മരുത്തുക്കൾ. തിരുവുരു—തിരുവുടൽ. തിളങ്ങിക്കുന്നത്—മോടിപ്പെടുത്തുന്നത്.

പൊൻപള്ളിത്തേരിന്റെ നടുവിൽ ബാണത്തിന്മേൽ സോഭരികളുടെ ശബ്ദം പുരളുന്നു: ഗോവു പെററ സുജാതരായ മഹാന്മാർ ഞങ്ങൾക്ക് അന്നവും ഭോഗവും പ്രീതിയും നൽകട്ടെ! 8

സോമം പകരുന്നവരേ, നിങ്ങൾ യാത്രയിൽ മഴ പൊഴിക്കുന്ന—വർഷകമായ—മരുദ്ബലത്തിന്നു ഹവിസ്സുകൾ കൊണ്ടുവരുവിൻ! 9

നേതാക്കളായ മരുത്തുക്കളേ, നിങ്ങൾ വർഷകമായ ചക്രത്തുളയുള്ള വർഷകരൂപമായ വൃഷാശ്വത്തേരിലൂടേ, പരുന്തുപക്ഷികൾപോലെ, നിഷ്പ്രയാസം ഞങ്ങളുടെ ഹവിസ്സുണ്ണുവാൻ വന്നെത്തുവിൻ! 10

ഒരേമട്ടിലാണ്, ഇവരുടെ ആഭരണം: മാറത്തു പൊന്നാരം മിന്നുന്നു; തോളത്തു ചുരിക തിളങ്ങുന്നു! 11

ഒരുങ്ങി മഴ പൊഴിക്കുന്ന ആ മഹാഭുജന്മാർ തിരുവുടൽ രക്ഷിക്കുന്നതിൽ പണിപ്പെടാറില്ല: നിങ്ങളുടെ തേരുകളിലുണ്ടല്ലോ, ഉറപ്പുള്ള വില്ലുകളും ആയുധങ്ങളും; അതിനാൽ മുന്നണിയിൽ ജയം നേടുന്നു! 12

വെള്ളംപോലെ പരന്നതും വിളങ്ങുന്നതുമായ ഈ ബഹുക്കളുടെ പേരൊന്നുതന്നെ, പോന്ന പൈതൃകസ്വത്തുപോലെ ഭോഗപ്രദമാകുന്നു! 13

നീ ആ മരുത്തുക്കളെ വന്ദിക്കുക, അടുത്തു സ്തുതിക്കുക: ഉടമകൾക്ക് അടിമകളെന്നപോലെ, ആ വിറപ്പിക്കുന്നവർക്കുള്ളവരാണല്ലോ, നമ്മൾ; അതിനാൽ, ഇവരുടെ, അതിനാൽ ഇവരുടെ, ദാനങ്ങൾ വലിയവയായിരിക്കും! 14

---

8 ബാണം——മരുത്തുക്കളുടെ വീണ.

9. അധ്വര്യുക്കളോട്:

11. പരോക്ഷവചനം: ഇവർ——മരുത്തുക്കൾ. പൊന്നാരം=സ്വർണ്ണഹാരം.

12 പണിപ്പെടാറില്ല——ആരുമെതിർക്കില്ല. മരുത്തുക്കളോടെന്നു താല്പര്യം അടുത്ത വാക്യം പ്രത്യക്ഷം:

13 ഈ ബഹുക്കൾ——വളരെ പ്പേരായ മരുത്തുക്കൾ. പോന്ന——ത്രാണിയുള്ള. ഭോഗപ്രദം——സ്തോതാക്കൾക്ക് അനുഭവിക്കാവുന്നത്.

14. ഋഷി, തന്നോടുതന്നെ പറയുന്നു: ആ വിറപ്പിക്കുന്നവർ——മരുത്തുക്കൾ. അതിനാൽ ഇവരുടെ എന്ന ദ്വിരുക്തി ആദരവാലാകുന്നു; പദപൂരണത്തിന്നാണെന്നും പറയാം.

മരുത്തുക്കളേ, കഴിഞ്ഞ ദിവസങ്ങളിൽ യാവനൊരുത്തൻ തീർച്ചയായും നിങ്ങളുടെയായിരുന്നുവോ, അവൻ നിങ്ങളുടെ രക്ഷകളിൽ സുഭഗനായി വർത്തിയ്ക്കുന്നു! 15

വിറപ്പിയ്ക്കുന്ന നേതാക്കളേ, നിങ്ങൾ യാതൊരന്നവാൻെറ ഹവിസ്സുണ്ണാൻ വന്നെത്തുമോ, അവൻ യശസ്സുകൊണ്ടും അന്നലാഭംകൊണ്ടും നിങ്ങളുടെ സുഖം നേടും! 16

വഷ്ജലമുളവാക്കുന്ന യുവാക്കളായ രുദ്രപുത്രന്മാർ അന്തരിക്ഷത്തിൽനിന്നു (വന്നു) കാംക്ഷിയ്ക്കുത്തക്കവണ്ണമായിത്തീരട്ടെ, ഇതു്! 17

ശോഭനദാനരായ യാവചിലർ ദേവന്മാരെ പൂജിയ്ക്കുന്നുവോ, യാവചിലർ വർഷകർത്താക്കളെ വഴിപോലെ യജിയ്ക്കുന്നുവോ; ആ ഞങ്ങളെ ഉദ്ദേശിച്ചു, യുവാക്കളായ നിങ്ങൾ ധനവത്തായ ഹൃദയത്തോടേ വന്നണയുവിൻ! 18

സോഭരേ, നീ യുവാക്കന്മാരും പരിപാവനരുമായ വൃഷാക്കളെ അതിനൂതനമായ സ്തോത്രംകൊണ്ടു, കൃഷിക്കാരൻ കാളകളെയെന്നപോലെ നന്നായി സ്തുതിച്ചുപാടുക! 19

യാവചിലർ എല്ലാ യുദ്ധങ്ങളിലും, പോരിനു വിളിയ്ക്കുന്നവരിലും, ഒരാഹ്വാതവ്യനായ മല്ലൻപോലെ കീഴമർത്തുമോ; ആ വൃഷാക്കളും ആഹ്ലാദകരും മികച്ച യശസ്വികളുമായ മരുത്തുക്കളെത്തന്നെ നീ സ്തുതിച്ചു വന്ദിയ്ക്കുക! 20

ഒരേതേജസ്സിയന്ന മരുത്തുക്കളേ, പൈക്കളും ഒരേജാതിയാൽ ഒരേബന്ധുവോടുകൂടി, ദിക്കുകളിൽച്ചെന്നു പരസ്പരം നക്കുന്നു! 21

മാററുറ്റ പൊന്നണിഞ്ഞു നൃത്തംവെയ്ക്കുന്ന മരുത്തുക്കളേ, മനുഷ്യനും നിങ്ങളുടെ ഭ്രാതാവായിത്തീരാറുണ്ടു്. അതിനാൽ, ഞങ്ങളെ

---

16. അന്നവാൻ—ഹവിഷ്മാൻ, യജമാനൻ.

17. ഇതു്—സ്തോത്രം. കാംക്ഷിയ്ക്കു—സശ്രദ്ധം കേൾക്കുക എന്നു സാരം.

18. വർഷകർത്താക്കൾ—മരുത്തുക്കൾ. ധനവത്തായ ഹൃദയത്തോടേ—ധനം തരാൻ നിശ്ചയിച്ചു്.

19. തന്നോടുതന്നേ: വൃഷാക്കൾ—മരുത്തുക്കൾ.

21. പൈക്കൾ—നിങ്ങളുടെ അമ്മമാർ. ഒരേജാതിയാൽ—സജാതീയതാമൂലം.

പുകഴ്ത്തിപ്പാടുവിൻ: എന്നെന്നുമുണ്ടല്ലോ, സ്തോത്രത്തിൽ നിങ്ങളുടെ ബന്ധുത്വം! 22

ശോഭനദാനന്മാരും സഖാക്കളും സഞ്ചരിഷ്ണുക്കളുമായ മരുത്തുക്കളേ, നിങ്ങൾ മാരുതൗഷധം ഞങ്ങൾക്കു കൊണ്ടുവന്നാലും! 23

സുഖമുളവാക്കുന്ന നിസ്സപത്നന്മാരേ, നിങ്ങൾ ഏവകൊണ്ടു സമുദ്രത്തെ രക്ഷിയ്ക്കുന്നുവോ, ഏവകൊണ്ടു ഹനിയ്ക്കുന്നുവോ, ഏവകൊണ്ടു കിണർ കൊടുക്കുന്നുവോ; ആ നല്ല രക്ഷകൾകൊണ്ടു ഞങ്ങൾക്കു സുഖം വരുത്തുവിൻ! 24

ശോഭനയജ്ഞന്മാരായ മരുത്തുക്കളേ, സിന്ധുവിലും, അസിക്നിയിലും, സമുദ്രങ്ങളിലും പർവതങ്ങളിലും ഏതെന്തു മരുന്നുണ്ടോ, 25

അതെല്ലാം കണ്ടറിഞ്ഞവരായ നിങ്ങൾ ഞങ്ങൾക്കായി കൊണ്ടുവരുവിൻ; അതുകൊണ്ടു ഞങ്ങളെ ചികിത്സിക്കുവിൻ, മരുത്തുക്കളേ, ഞങ്ങളിലെ ആതുരന്നു രോഗം ശമിയ്ക്കത്തക്കവണ്ണം, രുഗ്ണാംഗത്തെ വീണ്ടും സ്വാസ്ഥ്യപ്പെടുത്തുവിൻ! 26

ഒന്നാമധ്യായം സമാപ്തം.

രണ്ടാമധ്യായം

സൂക്തം 21

നേമഭരി ഋഷി; കകുപ്പും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

അഭിനവനായുള്ളോവേ, പോററിപ്പോരുന്ന ഞങ്ങൾ പോരിൽ രക്ഷയ്ക്കു, വിചിത്രരൂപനായ നിന്തിരുവടിയെത്തന്നെ, ഒരു വമ്പനെ എന്നപോലെ വിളിച്ചുകൊള്ളുന്നു. 1

---

22. ഭ്രാതാവ്——ഉററ സഖാവെന്നർത്ഥം. ഞങ്ങളെ——സ്തുതിയ്ക്കുന്ന മനുഷ്യരായ ഞങ്ങളെ.

23. മാരുതൗഷധം = മരുത്തുക്കളുടേതായ മരുന്ന്.

24 ഹനിയ്ക്കുന്നു——സ്തോതാക്കളുടെ ശത്രുക്കളെ. കിണർ——ഗോതമനെന്ന ഋഷിയ്ക്കു കിണറു കൊണ്ടുകൊടുത്തുവല്ലോ.

25. സിന്ധു——ഒരു നദം. അസിക്നി——ഒരു നദി.

26 ആതുരൻ = രോഗി. രുഗ്ണാംഗം = രോഗബാധിതമായ ശരീരം.

സൂക്തം 21.

1. പോററിപ്പോരുന്ന——അങ്ങയെ സോമംകൊണ്ടു പോഷിപ്പിയ്ക്കുന്ന.

ഞങ്ങൾ കർമ്മരക്ഷസ്സ് അങ്ങയെ പ്രാപിയ്ക്കുന്നു: ആ ധർഷകനും ഉഗ്രനുമായ യുവാവു ഞങ്ങളിലണയട്ടെ. ഇന്ദ്ര, സേവ്യനായ ഭവാനെത്തന്നെയാണല്ലോ, സഖാക്കളായ ഞങ്ങൾ രക്ഷിതാവാക്കി വരിയ്ക്കുന്നത്. 2

നിന്തിരുവടി വന്നാലും: ഇതാ, സോമനീർ; അശ്വപതേ, ഗോപതേ, ഉർവരാപതേ, സോമപതേ, സോമം നുകർന്നാലും! 3

ഇന്ദ്ര, ബന്ധുവില്ലാത്ത മേധാവികളായ ഞങ്ങൾ ബന്ധുയുക്തനായ ഭവാനെത്തന്നേ നിർത്തുമാറാകണം: വൃഷാവേ, ഭവാൻ, ഭവാന്റെ എല്ലാ രൂപങ്ങളോടുംകൂടി, സോമം കുടിപ്പാൻ വന്നാലും! 4

ഇന്ദ്ര, ഗോരസം ചേർത്തതും മത്തുണ്ടാക്കുന്നതും സമർത്ഥവുമായ ഭവാന്റെ സോമത്തിന്നടുക്കൽ പക്ഷികൾപോലെ ഇരിയ്ക്കുന്ന ഞങ്ങൾ ഭവാനെ പേർത്തും പേർത്തും സ്തുതിയ്ക്കുന്നു; 5

ഈ സ്തോത്രംകൊണ്ടു ഞങ്ങൾ നേരിട്ടു പറയുകയും ചെയ്യുന്നു. എന്തുകൊണ്ടാണ്, അവിടുന്നു കൂടെക്കൂടെ ചിന്തിയ്ക്കുന്നത്? ഹര്യശ്വ, ഞങ്ങൾക്ക് അഭിലാഷങ്ങളുണ്ട്: അങ്ങ് ദാതാവാണല്ലോ. അതിനാൽ ഞങ്ങൾ വരുന്നു; ഞങ്ങളുടെ കർമ്മങ്ങളും സമീപിയ്ക്കുന്നു. 6

ഇന്ദ്ര, അങ്ങ് രക്ഷിച്ചതിനാൽ ഞങ്ങൾ പുതിയവരായിത്തീർന്നിരിയ്ക്കുന്നു: വജ്രിൻ, അവിടുന്ന് ഇത്ര മഹാനാണെന്നു, ഞങ്ങൾ മുമ്പറിഞ്ഞിരുന്നില്ല! 7

ശൂര, അങ്ങയുടെ സഖ്യവും സമ്പത്തും ഞങ്ങൾക്കറിയാം: വജ്രിൻ, അതു രണ്ടും ഞങ്ങൾ യാചിയ്ക്കുന്നു. വസോ, നല്ല തൊപ്പി വെച്ചവനേ, അവിടുന്നു ഞങ്ങളെ ഗോസമേതമായ എല്ലാ അന്നവുംകൊണ്ട് ഉശിരുപിടിപ്പിച്ചാലും! 8

സഖാക്കളേ, മുമ്പ് ആർ നമുക്ക് ഈ ഈ പ്രശസ്തധനം കൊണ്ടുവന്നുവോ, ആ ഇന്ദ്രനെത്തന്നേ നിങ്ങളുടെ രക്ഷയ്ക്കായി ഞാൻ സ്തുതിയ്ക്കുന്നു. 9

---

2. ദ്വിതീയവാക്യം പരോക്ഷം: യുവാവ്——നിത്യതരുണനായ ഇന്ദ്രൻ.

3. ഉർവര = സസ്യസമ്പന്നമായ നിലം.

4. നിർത്തുമാറാകണം——ബന്ധുസ്ഥാനത്ത്.

5. സമർത്ഥം——സ്വർഗ്ഗപ്രാപണസമർത്ഥം.

9. ഋത്വിഗ്യജമാനരോട്: ഈ ഈ എന്ന ദ്വിരുക്തി ആദരാധിക്യത്താലാകുന്നു.

ആർ തൃപ്തിയടഞ്ഞുവോ, അവൻ സൽപതിയും ശത്രുധർഷകനുമായ ഹര്യശ്വനെ സ്തുതിയ്ക്കുന്നുണ്ടല്ലോ; ആ മഘവാവു സ്തോതാക്കളായ നമുക്കു് ഒരുനൂറു ഗോക്കളെയും അശ്വങ്ങളെയും ക്ഷിപ്രം കൊണ്ടുവരട്ടെ! 10

വൃഷാവേ, ഒരു ഗോസമേതന്റെ എതിർപ്പിൽ, കിതയ്ക്കുന്ന അവനോടു ഞങ്ങൾ അങ്ങയുടെ തുണയാൽത്തന്നെ മറുപടി പറയുമാറാകണം! 11

പുരുഹൂത, ദ്രോഹിയ്ക്കുന്നവരെ ഞങ്ങൾ യുദ്ധത്തിൽ ജയിയ്ക്കണം; ദുരാത്മാക്കളെയും എതിർക്കണം; ശത്രുവിനെ നേതാക്കളോടൊന്നിച്ചു ഹനിയ്ക്കണം. എന്നിട്ടു് (അങ്ങയെ) വർദ്ധിപ്പിച്ചുകൊള്ളാം; ഇന്ദ്ര, നിന്തിരുവടി ഞങ്ങളുടെ കർമ്മങ്ങൾ രക്ഷിച്ചാലും! 12

ഇന്ദ്ര, അങ്ങയ്ക്കു ജന്മനാതന്നെ ഭ്രാതാവില്ല, നേതാവില്ല; പണ്ടേ ബന്ധുരഹിതനാണു്, ഭവാൻ; സഖ്യം വേണമെന്നു തോന്നിയാൽ, പൊരുതും! 13

അങ്ങു് ഒരു പണക്കാരങ്കൽ ചങ്ങാതിത്തത്തിന്നു ചെല്ലില്ല; കള്ളുകുടിയന്മാർ അങ്ങയെ നിരസിയ്ക്കുന്നു. കർമ്മാനുഷ്ഠാനത്തിൽ അങ്ങു് പിശുക്കിനെ ആട്ടിപ്പായിയ്ക്കും; അതിനാൽ അങ്ങു് ഒരച്ഛൻ പോലെ വിളിയ്ക്കപ്പെടുന്നു. 14

ഇന്ദ്ര, അങ്ങയുടെ ഞങ്ങൾ ഭവാദൃശന്റെ സഖ്യമറിയാത്തവരെന്നപോലെ, പിഴിയാത്തവരാകരുത്; ഞങ്ങൾ ഒപ്പം സോമത്തിൽ വർത്തിയ്ക്കുമാറാകണം! 15

---

10. ആർ തൃപ്തിയടഞ്ഞുവോ—ഇന്ദ്രങ്കൽനിന്നു ലഭിച്ച ധനത്താൽ.

11. ഗോസമേതൻ—ധനവാൻ എന്നർത്ഥം. കിതയ്ക്കുന്ന—ഞങ്ങളെക്കുറിച്ചുള്ള ക്രോധത്താൽ. മറുപടി പറയുക—നിരാകരിയ്ക്കുക.

12. നേതാക്കൾ—മരുത്തുക്കൾ. വർദ്ധിപ്പിച്ചുകൊള്ളാം—ഹവിസ്സുകൾ കൊണ്ടു്.

13. പൊരുതും—സ്തോതാക്കൾക്കുവേണ്ടി.

14. പണക്കാരൻ—യജ്ഞമനുഷ്ഠിയ്ക്കാത്ത ധനികൻ. കള്ളുകുടിയന്മാർ—നാസ്തികത്വലഹരിപിടിച്ചവർ. അച്ഛൻ—രക്ഷിതാവു്.

15. സോമത്തിൽ വർത്തിയ്ക്കുമാറാകണം—സോമദാനത്താൽ ഭവാന്റെ സഖാക്കളായിത്തീരണം.

ഗോദാതാവായ ഇന്ദ്ര, അങ്ങയുടെ ഞങ്ങരം ധനത്തിൽനിന്നു പുറത്താകരുത്; അങ്ങയുടെ ഞങ്ങരം വാങ്ങരുത്. സ്വാമിയായ ഭവാൻ ഉറച്ച മുതൽ തന്നു, പോററിയാലും: അമർത്തപ്പെടാവുന്നവ യല്ലല്ലോ, ഭവാൻെറ ദാനങ്ങരം! 16

ഹവിസ്സു നൽകിയവന്ന് ഇത്ര മഹനീയധനം തന്നത്, ഇന്ദ്രൻ തന്നെയോ? സുഭഗയായ സരസ്വതിയോ? ചിത്ര, ഭവാനോ? 17

മഴ പെയ്യുന്ന പർജ്ജന്യൻപോലെ, ആയിരവും പതിനായിര വും കൊടുക്കുന്ന ചിത്രരാജാവ് ഈ സരസ്വതീതീരത്തിലെ മററു രാജാക്കന്മാരെ അല്പന്മാരാക്കിയിരിയ്ക്കുന്നു! 18

സൂക്തം 22.

സോഭരി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും കകുപ്പും ഛന്ദസ്സുകരം; അശ്വികരം ദേവത.

ഓ അശ്വികളേ, ശോഭനാഹ്വാനരേ, സ്തൂയമാനമാർഗ്ഗരേ, നിങ്ങളിരുവരും സൂര്യപുത്രിയെ വരിപ്പാൻ യാതൊന്നിൽ കേറി യോ, ആ അതിദർശനീയമായ പള്ളിത്തേരിനെ ഞാൻ ഇന്നു രക്ഷ യ്ക്കായി വിളിയ്ക്കുന്നു. 1

പൂർവന്മാരെ പുലർത്തിയ, ശോഭനാഹ്വാനമായ, പുരുസ്പൃ ഹണീയമായ, രക്ഷകമായ, യുദ്ധങ്ങളിൽ മുന്നണിയിൽ ചെല്ലുന്ന, സർവസേവ്യമായ, വിദ്വേഷിയായ, പാപരഹിതമായ (പള്ളി ത്തേരിനെ) സോഭരേ, നീ നന്നായി സ്തുതിയ്ക്കുക! 2

---

16. വാങ്ങരുത്——ത്വദന്യകൽനിന്നു ധനം വാങ്ങരുത്.

17. സരസ്വതീതീരത്തുവെച്ച് ഇന്ദ്രന്നു യാഗം ചെയ്ത ചിത്രനെന്ന രാജാവിങ്കൽനിന്നു വളരെധനം കിട്ടിയ ഋഷി, സോഭരി, ഇതാർ തന്നു എന്നു സന്ദേഹിയ്ക്കുന്നു: ഹവിസ്സു നൽകിയവന്ന്——ഇന്ദ്രന്നു ഹവിസ്സു ഹോമിച്ച എനിയ്ക്ക്.

സൂക്തം 22.

2. തന്നോടുതന്നെ പറയുന്നു: പൂർവ്വന്മാർ——പണ്ടേത്തെ സ്തോതാക്കരം. വിദ്വേഷി——ശത്രുദ്വേഷി.

ത്തുലോം കീഴമർത്തും, ഹവിർദ്ദാതാവിൻെറ ഗൃഹത്തിലെഴുന്നുള്ളും—ഇങ്ങനെയുള്ള അശ്വിദേവന്മാരെ ഞങ്ങൾ ഇതിൽ രക്ഷയ്ക്കായി സ്തുതികൾകൊണ്ട് ഇങ്ങോട്ടു വരുത്തിക്കൊള്ളുന്നു. 3

നിങ്ങളുടെ തേരിൻെറ ഒരു ചക്രം ചുററിനടക്കും; മറേറതു പ്രേരകരായ നിങ്ങളിലെത്തും. ഉദകപാലന്മാരേ, നിങ്ങളുടെ തിരുവുള്ളം ഞങ്ങളുടെ അടുക്കലെയ്ക്ക്, ഒരു കറവപ്പയ്യുപോലെ പാഞ്ഞുവരട്ടെ! 4

അശ്വികളേ, മൂന്നിരുപ്പടികളും പൊന്നിൻകടിഞാണുകളുമുള്ളതായ നിങ്ങളുടെ വിളിപ്പെട്ട പള്ളിത്തേർ വാനൂഴികളെ ചുററും അലങ്കരിയ്ക്കുന്നു: നാസത്യരേ, അതിലൂടേ വരുവിൻ! 5

അശ്വികളേ, നിങ്ങൾ വാനിലെ പുരാതനജലം മനുവിന്നു നല്കി, കലപ്പകൊണ്ടുഴുതു യവം വിതച്ചുവല്ലോ; ഉദകപാലകന്മാരേ, ആ നിങ്ങളെ ഞങ്ങൾ ഇന്നു നല്ല സ്തോത്രങ്ങൾകൊണ്ടു തുലോം സ്തുതിയ്ക്കുന്നു. 6

വൃഷാക്കളേ, നിങ്ങൾ എവയിലൂടേ ത്രസദസ്യുപുത്രനായ തൃക്ഷിയെ വമ്പിച്ച സമ്പത്താൽ പ്രീതിപ്പെടുത്തിയോ; അന്നധനന്മാരേ, ആ യജ്ഞമാർഗ്ഗങ്ങളിലൂടേ ഞങ്ങളുടെ അടുക്കൽ വന്നാലും! 7

നേതാക്കളേ, വർഷണധനന്മാരേ, ഇതാ, നിങ്ങൾക്ക് അമ്മിയാൽ പിഴിഞ്ഞ സോമം: വരുവിൻ, സോമം കുടിപ്പാൻ; ഹവിർദ്ദാതാവിൻെറ ഗൃഹത്തിൽ കുടിയ്ക്കുവിൻ! 8

വർഷണധനന്മാരായ അശ്വികളേ, നിങ്ങൾതന്നെ പൊൻതേരറയിൽ കേറുവിൻ; അന്നം വളരെ ചേർക്കുവിൻ! 9

അശ്വികളേ, നിങ്ങൾ എവകൊണ്ടു പക്ഥനെ, എവകൊണ്ട് അധ്രിഗുവിനെ, എവകൊണ്ടു പ്രീതിപ്പെടുത്തിയ ബഭ്രുവിനെ

---

3. കീഴമർത്തും—ശത്രുക്കളെ. ഇതിൽ—ഈ യജ്ഞത്തിൽ.

4. മറേറതു—മറേറച്ചക്രം. പ്രേരകർ—വൃഷ്ടികർത്താക്കൾ. നിങ്ങളിലെത്തും—നിങ്ങളുടെ അടുക്കൽ വന്നുനില്ക്കും. കറവപ്പയ്യുപോലെ—നവപ്രസൂതയായ പയ്യു കുട്ടിയ്ക്കു പാൽ കൊടുപ്പാനെന്നപോലെ, നിങ്ങളുടെ തിരുവുള്ളം (അനുഗ്രഹബുദ്ധി) ഞങ്ങൾക്കു ധനം തരാൻ പാഞ്ഞുവരട്ടെ.

5. അലംകരിയ്ക്കുന്നു—ശോഭിപ്പിയ്ക്കുന്നു. അതിലൂടേ—ആ തേരിൽ കേറി.

8. വർഷണധനന്മാർ = വർഷിയ്ക്കുന്ന ധനത്തോടുകൂടിയവർ.

9. അറ—വിഹാരസ്ഥാനം. ചേർക്കുവിൻ—ഞങ്ങളിലണയ്ക്കുവിൻ.

രക്ഷിച്ചുവോ; അവയോടുകൂടി ഞങ്ങളുടെ അടുക്കൽ ശീഘ്രം—വെ
ക്കം—വരുവിൻ; രോഗിയെ ചികിത്സിയ്ക്കുവിൻ: 10

വെമ്പൽക്കൊള്ളുന്ന മേധാവികളായ ഞങ്ങൾ വെമ്പൽക്കൊ
ള്ളുന്ന അശ്വികളെ ഈ പകൽപ്പിറപ്പിൽ സ്തോത്രങ്ങൾകൊണ്ടു വി
ളിയ്ക്കുന്നുണ്ടല്ലോ! 11

വൃഷാക്കളേ, നിങ്ങൾ വിവിധരൂപവും വിശ്വവരേണ്യവു
മായ എന്റെ വിളിയിൽ അവയുമായി വന്നെത്തിയാലും—ഇച്ഛി
യ്ക്കുന്നവരും, മികച്ച ദാതാക്കളും, തുലോം കീഴമർത്തുന്നവരും, നേതാ
ക്കളുമായ നിങ്ങൾ എവകൊണ്ടു കിണർ നിറച്ചുവോ, അവയുമായി
വന്നെത്തിയാലും! 12

ആ അശ്വികളെ ഞാൻ ഈ പകൽപ്പിറപ്പിൽ വന്ദിച്ചുകൊണ്ടു
ചെന്നു സ്തുതിയ്ക്കുന്നു; അവരോടുതന്നെ ഞങ്ങൾ സ്തോത്രങ്ങൾകൊണ്ടു
യാചിയ്ക്കുന്നു. 13

ഉദകപാലന്മാരായ സ്തൂയമാനമാർഗ്ഗന്മാരായ അവരെ രാത്രി
യിൽ, അവരെ ഉഷസ്സിൽ, അവരെത്തന്നേ അഹസ്സിൽ (ഞങ്ങൾ
വിളിയ്ക്കുന്നു). അന്നധനന്മാരേ, രുദ്രന്മാരേ, നിങ്ങൾ ഞങ്ങളെ ശത്രു
വായ മനുഷ്യന്നു വിട്ടേയ്ക്കരുതേ! 14

സേവ്യശീലരായ അശ്വികളേ, നിങ്ങൾ പ്രാതഃകാലത്തു
പള്ളിത്തേരിൽ സുഖാർഹന്നു സുഖം കൊണ്ടുവന്നാലും: അതി
ന്നായി സോഭരി, അച്ഛനെന്നപോലെ വിളിയ്ക്കുന്നു! 15

---

10. പക്ഥനം, അധ്രിഗുവും, ബഭ്രുവും രാജാക്കന്മാരത്രേ. പ്രീതിപ്പെടു ത്തിയ—സോമം നല്കി പ്രസാദിപ്പിച്ച. അവ—ആ രക്ഷകൾ. രോഗിയെ—ഞങ്ങളുടെയിടയിലുള്ള രോഗിയെ.

11. വെമ്പൽക്കൊള്ളുന്ന—കർമ്മങ്ങളിൽ സത്വരരായ. വെമ്പൽക്കൊള്ളുന്ന—ശത്രുവധത്തിൽ സത്വരരായ. അശ്വികളെ—നിങ്ങളെ. പകൽപ്പിറപ്പ്—പ്രാതഃകാലം.

12. വിശ്വവരേണ്യം—എല്ലാദ്ദേവന്മാരാലും വരിയ്ക്കപ്പെടേണ്ടതു്. അവയുമായി—ആ രക്ഷകളോടുകൂടി. ഇച്ഛിയ്ക്കുന്നവർ—ഹവിസ്സാഗ്രഹിയ്ക്കുന്നവർ. കിണർ നിറച്ചതു, വന്ദനനെ ഉദ്ധരിപ്പാനാണു്.

14. രുദ്രന്മാർ—രോഗം മാററുന്നവർ.

15. സുഖാർഹന്നു്—സുഖമർഹിയ്ക്കുന്ന എനിയ്ക്കു്. അച്ഛനെന്നപോലെ—എന്റെ അച്ഛൻ നിങ്ങളെ വിളിച്ചതുപോലെ.

മനോവേഗികളേ, വൃഷാക്കളേ, വിരോധികളെ വീഴ്ത്തുന്നവരേ, ബഹുത്രാതാക്കളേ, നിങ്ങൾ ക്ഷിപ്രകാരിണികളായ അനേക രക്ഷകളോടേ, ഞങ്ങളെ രക്ഷിപ്പാൻ അരികിൽത്തന്നെ നില്ക്കുവിൻ! 16

സോമം വളരെക്കുടിയ്ക്കുന്ന നേതാക്കളായ അശ്വികളേ, ദസ്രന്മാരേ, നിങ്ങൾ ഞങ്ങളുടെ ഗൃഹത്തെ അശ്വ–ഗോ–കനകസമേതമാക്കി വന്നെത്തുവിൻ! 17

അന്നധനന്മാരേ, യാചിയ്ക്കേണമെന്നില്ലാത്ത, നല്ല വീര്യമുള്ള, വഴിപോലെ വരിയ്ക്കേണ്ടുന്ന, അരക്കനാക്രമിയ്ക്കാത്ത എല്ലാസ്സമ്പത്തും നിങ്ങളുടെ ഈ വരവിൽ ഞങ്ങൾക്കു കിട്ടുമാറാകണം! 18

സൂക്തം 23.

വ്യശ്വപുത്രൻ വിശ്വമനസ്സ് ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം' പോലെ)

നീ പുകഴ്ത്തുകെ, തിർപ്പോനെ,
നീളെപ്പുക പാറിപ്പോനെ;
ദുർഗ്രഹഭാസ്സിനെസ്സംപൂ–
ജിയ്ക്കു, ജാതവേദസ്സിനെ! 1

കൊണ്ടാടി സ്തുതിയ്ക്കൂ, വിശ്വം
കണ്ട വിശ്വമനസ്സേ, നീ
വൈരമെന്നതില്ലാത്തോന്നു
തേരുകൾ നൽകുമഗ്നിയെ! 2

---

16. ബഹുത്രാതാക്കൾ––അനേകജനരക്ഷകർ.

18. യാചിയ്ക്കേണമെന്നില്ലാത്ത––സ്വയം തരുന്ന.

സൂക്തം 23.

1. ഋഷി അന്തരാത്മാവിനോടു പറയുന്നു: എതിർപ്പോൻ––ശത്രുക്കളെ. ദുർഗ്രഹഭാസ്സ്––പിടിയ്ക്കാവതല്ലാത്ത പ്രകാശത്തോടുകൂടിയവൻ.

2. വൈരമെന്നതില്ലാത്തോന്നു––ജഗൽസ്നേഹിയായ യജമാനന്ന്. തേരുകൾ രഥാദിവിഭവങ്ങൾ.

അന്നരസങ്ങൾ ധർഷകൻ
വഹ്നി പിടിച്ചടക്കീടും:
നേരറിഞ്ഞു മന്ത്രപൂജ്യൻ
നേടിവെയ്ക്കും, ധനങ്ങളും! 3

ഇല്ലത്തെഴുന്നള്ളുവോന്റെ,
പൊള്ളിയ്ക്കും പല്ലുള്ളവന്റെ,
ഉജ്ജ്വാലിതനാമിവന്റെ
നൽജ്ജ്യോതിസ്സു പൊങ്ങീ നവ്യം! 4

നേരേ പാറും വളരൊളി
ചേരും ഭവാൻ ശുഭക്രതോ,
സ്തോത്രങ്ങൾ കേട്ടുയർന്നാലും,
ചീർത്തു കത്തും ജ്വാലയോടേ! 5

ഹവ്യമിടവിടാതേന്തി–
ബ്ഭവ്യസ്തുത്യാ ഗമിച്ചാലും:
ഹവ്യങ്ങളെ വഹിയ്ക്കുന്ന
ദിവ്യദൂതനല്ലോ, ഭവാൻ! 6

മർത്ത്യഹോതാവായ ഭവ–
ദഗ്നിയെ ഞാൻ വിളിച്ചീടാം;
വാഴ്ത്തിപ്പാടാ,മപ്പൂർവനെ;–
ക്കീർത്തിയ്ക്കാം, നിങ്ങൾക്കായേവം. 7

---

3. അന്നരസങ്ങൾ––യജ്ഞവിഹീനരുടെ അന്നങ്ങളും പേയങ്ങളും. നേരറിഞ്ഞു––'ഇവർ ദേവകൾക്കു ഹവിസ്സർപ്പിയ്ക്കുന്നില്ല' എന്നു മനസ്സിലാക്കി. ധനങ്ങളും,––അവരുടെ സമ്പത്തും നേടിവെയ്ക്കും, പിടിച്ചടക്കും.

4. ഇല്ലം––യജമാനഗൃഹം. പല്ല്––ജ്വാല. ഉജ്ജ്വാലിതൻ=ഉജ്ജ്വലിപ്പിയ്ക്കപ്പെട്ടവൻ. നവ്യം––ഹവിസ്സുകൾകൊണ്ടു വീണ്ടും വീണ്ടും വളർത്തപ്പെടുന്നതിനാൽ നൂതനമായിട്ടുള്ളത്:

5. പ്രത്യക്ഷോക്തി:

6. ഭവ്യസ്തുത്യാ=നല്ല സ്തോത്രത്തോടുകൂടി. ഗമിച്ചാലും––ഹവിസ്സു ദേവന്മാർക്കു കൊടുക്കാൻ.

7. യുഷ്മാക്കളോട്: ഭവദഗ്നി––നിങ്ങളുടെ, നിങ്ങൾ യജിയ്ക്കുന്ന, അഗ്നി. പൂർവൻ=പുരാതനൻ. നിങ്ങൾക്കായി––നിങ്ങൾക്കുവേണ്ടി. ഏവം=ഇങ്ങനെ, ഈ സൂക്തംകൊണ്ട്. കീർത്തിയ്ക്കാം=സ്തുതിയ്ക്കാം.

മിത്രംപോലുള്ളീ വിചിത്ര—
വൃത്തനെസ്സമഭേ്ഥഷ്ടിയാൽ
തൃപ്തനാക്കിത്തീർത്തിട്ടല്ലോ,
സത്രവാങ്കലുതിർപ്പിപ്പൂ! 8

യജ്ഞത്തിൻ സാധനമാമീ
യജ്ഞസംയുതനെ നിങ്ങൾ
ഹവ്യസ്ഥാനേ പുകഴ്ത്തുവിൻ,
ചൊവ്വിൽ ക്രതുകാമന്മാരേ! 9

അംഗിരശ്ശ്രേഷ്ഠങ്കൽച്ചെല്ലു—
ക,സ്വദ്ധ്യജ്ഞം, വ്യവസ്ഥിതം:
മർത്ത്യഹോതാവാമിദ്ദേഹ—
മുത്തമയശസ്വിയല്ലോ! 10

അഗ്നേ, ജരാഹീന, നിന്റെ—
യദ്ദീപ്തോരുകിരണങ്ങൾ
ഇഷ്ടം പൊഴിച്ചു,ശ്വാങ്ങൾതൻ—
മട്ടിൽബ്ബലം കാണിയ്ക്കുന്നു! 11

ഞങ്ങൾക്കേകുക,ന്നപതേ,
തുംഗവീര്യം ധനമാ നീ;
യുദ്ധത്തിലും കാക്കുക,സ്വൽ—
പുത്രപൌത്രന്മാരിലും നീ! 12

---

8. വിചിത്രവൃത്തൻ——അദ്ഭുതകർമ്മാവ്. സമഭേ്ഥഷ്ടിയാൽ——ഫലോൽപാദനസമർത്ഥമായ യജ്ഞംകൊണ്ട്. സത്രവാൻ——യഷ്ടാവ്. ഉതിർപ്പിപ്പൂ——അഭീഷ്ടങ്ങളെ വർഷിപ്പിയ്ക്കുന്നു. അധ്വര്യുക്കൾ എന്നു കർത്തൃപദം അധ്യാഹരിയ്ക്കണം.

9. യഷ്ടാക്കളോട്: ഹവ്യസ്ഥാനേ=ഹവിസ്സു വെച്ചേടത്ത്. ക്രതുകാമന്മാർ——യജമാനന്മാർ.

10. വ്യവസ്ഥിതമായ അസ്മദ്ധ്യജ്ഞം, നമ്മുടെ യാഗം, അംഗിരശ്ശ്രേഷ്ഠങ്കൽ, അഗ്നിയിങ്കൽ, ചെല്ലട്ടെ. മർത്ത്യഹോതാവ്=മർത്ത്യരിൽ ഹോമനിഷ്പാദകൻ.

11. അദ്ദീപ്തോരുകിരണങ്ങൾ=ആ തിളങ്ങുന്ന വലിയ രശ്മികൾ. അശ്വങ്ങൾതൻമട്ടിൽ ബലം കാണിയ്ക്കുന്നു——കുതിരകൾപോലെ പായുന്നു.

12. തുംഗവീര്യം——മികച്ച വീര്യത്തോടുകൂടിയത്. കാക്കുക—ധനം രക്ഷിച്ചാലും.

മർത്ത്യഗൃഹത്തിങ്കൽ പ്രീത്യാ
വർത്തിയ്ക്കുന്ന വിശാംപതി
തീക്ഷ്ണനഗ്നി തുരത്തുമേ,
രാക്ഷസന്മാരെപ്പേരെയും! 13

അഭ്യഗ്രം മേ സ്തവം ശ്രവി-
ച്ചഗ്നേ, വീര, വിശാംപതേ,
പൊള്ളിച്ചു നീറാക്കേണമേ,
കള്ളരാക്ഷസരെബ്ഭവാൻ! 14

അധ്വര്യുക്കളോടൊത്തെവ-
നഗ്നിയ്ക്കർപ്പിയ്ക്കുമോ, ഹവ്യം;
ആയവങ്കലാളാകില്ല,
മായകൊണ്ടും വൈരിമർത്ത്യൻ! 15

വ്യശ്വനൃഷി, വൃഷകാമൻ
സ്വത്തേകുമങ്ങേയ്ക്കുൻപേററീ;
ഉജ്ജ്വലിപ്പിയ്ക്കാവൂ, ഞങ്ങ-
ളുച്ചസമ്പത്തിനാ നിന്നെ! 16

ഹോതാവാക്കിയല്ലോ, കവി-
ജാതനുശനസ്സു നിന്നെ—
മേധം മനുവിന്നായ്ച്ചെയ്യും
ജാതവേദസ്സായ നിന്നെ! 17

ദൂതനാക്കിയല്ലോ, സമു-
പേതരുമ്പർ നിന്നെത്തന്നെ;

---

13. വിശാംപതി = പ്രജാപാലകൻ. തീക്ഷ്ണൻ—ഉജ്ജ്വലൻ.

14. അഭ്യഗ്രം = നൂതനം. കള്ളരാക്ഷസർ = മായാവികളായ രക്ഷസ്സുകൾ.

15 ആയവങ്കൽ—അവനെ കീഴടക്കാൻ.

16. പ്രത്യക്ഷകഥനം: വൃഷകാമൻ—വൃഷ്ടികർത്താവിനെ ഇച്ഛിച്ച്. അൻ പേററീ—ഹവിസ്സുകളാൽ പ്രീതി വരുത്തി. വ്യശ്വനെന്നപോലെ ഞങ്ങളും അങ്ങയെ ഉജ്ജ്വലിപ്പിയ്ക്കാവൂ.

17. കവിജാതൻ = കവിയുടെ പുത്രൻ. മേധം = യാഗം. മനുവിന്നായ്—മനുവിൻെറ ഗൃഹത്തിൽ.

മുഖ്യനാമമ്പ്ഭവാൻ ദേവ,
വെക്കം യജ്ഞാർഹനാകേണം! 18

ഇമ്മഹാനെദ്ദൂതനാക്കീ,
കർമ്മപടു മനുഷ്യനും
കൃഷ്ണവർത്മാവിനെ,ശ്ശ്രുദ്ധി
കൃത്തിനെ, നിർമ്മരണനെ! 19

സ്രുക്കെട്ടെത്താപ്പുരാണനാ-
മഗ്നിയെ വിളിപ്പൂ, ഞങ്ങൾ
കത്തിയാളും സുപ്രഭനെ,
മർത്ത്യേഡ്യനെ, നിജ്ജരനെ. 20

ഋത്വിക്കുകളോടൊത്തേതു
മർത്ത്യനിവന്നേകും, ഹവ്യം;
ഭൂരിപുഷ്ടി നേടു,മവൻ
വീരയുക്തയശസ്സുമേ! 21

മുഖ്യൻ പൂർവൻ ജാതവേദ-
സ്സഗ്നിയിങ്കലണയുന്നു,
സുക്രതുവിലവിസ്സേന്തും
സ്രുക്കു നമസ്കാരത്തോടേ! 22

അത്യുജ്ജ്വലതേജസ്സനാ-
മഗ്നിയെ നാം, വൃശൻപോലേ
സേവിയ്ക്കാവൂ, മാന്യങ്ങളാ-
മീ വരിഷ്ഠസ്തവങ്ങളാൽ! 23

ഉൽകൃഷ്ടനും ഗൃഹ്യനുമാ-
മഗ്നിയെ സ്തവത്താലിപ്പോൾ

---

18. സമുപേതർ = ഒന്നിച്ചുകൂടിയവർ. യജ്ഞാർഹനാകേണം——ദേവകൾ ക്കു ഹവിസ്സു കൊണ്ടുകൊടുക്കണമെന്നു താൽപര്യം.

19. പരോക്ഷവചനം: ശ്രുദ്ധികൃത്ത് = ശ്രുദ്ധിയുണ്ടാക്കുന്നവൻ. നിർമ്മരണൻ = മരണരഹിതൻ.

20. പുരാണൻ = പുരാതനൻ. മർത്ത്യേഡ്യൻ = മനുഷ്യരാൽ സ്തുതിയ്ക്കപ്പെടേണ്ടവൻ.

22. അവിസ്സ് = ഹവിസ്സ്.

വൈയശ്വർഷേ, പൂജിച്ചാലും,
നീയാസ്ഥൂരയൂപൻപോലേ! 24

മാനുഷർക്കതിഥി, വൃക്ഷ—
സൂനു, പുരാതനൻ, നഗ്നി;
അദ്ദേഹത്തെ സ്തുതിയ്ക്കുന്നു,
ബുദ്ധിമാന്മാരവനാർത്ഥം. 25

സുസ്ഥമഹാന്മാർക്കെല്ലാർക്കും,
മർത്ത്യഹവ്യങ്ങൾക്കുമായി
വർത്തിച്ചാലും, ദർഭപ്പുല്ലിൽ
സ്തുത്യതയാലഗ്നേ, ഭവാൻ! 26

നല്ല, പുരുവരേണ്യങ്ങൾ—
നല്ലെ,ങ്ങൾക്കു പുരുകാമ്യം,
സന്തതിസദ്വീര്യയശ—
സ്സംയുതമാം ധനം ഭവാൻ! 27

നീ വരേണ്യനഗ്നേ, വസോ,
യൌവനസ്ഥതമ, സദാ
ചേലിൽസ്സാമം ചൊല്ലും പെത—
താളുകൾക്കയയ്ക്കു, ധനം! 28

നീയേ, നല്ല ദാതാവഗ്നേ:
നീയെങ്ങൾക്കു തുറന്നാലും,

---

24. യജമാനവാക്യം: ഗൃഹ്യൻ——ഗൃഹത്തിൽ അരണിമഥനത്താൽ ജാതൻ. വൈയശ്വർഷേ=ഹേ വ്യശ്വപുത്രനായ ഋഷേ, വിശ്വമനസ്സേ. സ്ഥൂരയൂപൻ——ഒരൃഷി.

25. വൃക്ഷസൂനു——അരണിജാതൻ. അവനാർത്ഥം=രക്ഷയ്ക്കുവേണ്ടി.

26. സുസ്ഥമഹാന്മാർ——സ്തുതിപ്പാൻ നില്ക്കുന്ന മഹാന്മാർ. വർത്തിച്ചാലും =ഇരുന്നാലും. മഹാന്മാരുടെയെല്ലാം സ്തോത്രം കേൾപ്പാനും, മനുഷ്യരുടെ ഹവിസ്സു ഭുജിപ്പാനുമായി ഭവാൻ ദർഭവേദിയിൽ ഇരുന്നാലും.

27. പുരുവരേണ്യങ്ങൾ——ഗോക്കൾ മുതലായ വളരെസ്സമ്പത്തുകൾ.

28. യൌവനസ്ഥതമ=അതിയുവാവേ.

ഉത്തമസ്വത്തിലെദ്ദേയ—
വസ്തുവും ഗോവന്നങ്ങളും 29

ശ്രദ്ധമാം കെല്പാർന്ന യജ്ഞ—
യുക്തരാം രണ്ടരചരെ—
മിത്രാവരുണരെ—പ്പകറം
മെത്തുമഗ്നേ, വിളിയ്ക്കു, നീ! 30

സൂക്തം 24.

വിശ്വാമനസ്സ് ഋഷി; ഉഷ്ണിക്കം അനുഷ്ടുപ്പും ഛന്ദസ്സുകറം; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ)

തോഴന്മാരേ, സ്തവം ചൊല്ലു,
കീഴമർത്തുമിന്ദ്രന്നായ് നാം:
വാഴ്ത്താം നിങ്ങറംക്കായ് ഞാൻതന്നേ
വൻനേതാവാം വജ്രവാനെ. 1

വൃത്രവധാൽ ഖ്യാതനല്ലോ,
വൃത്രഘ്നനെന്നോജസ്വി നീ;
ശൂര, ധനവാനെക്കാള—
മേറെദ്ധനം നല്കുന്നു, നീ! 2

ചിത്രാന്നാഢ്യം ധനമെങ്ങറം—
ക്കെത്തിപ്പാലും, സ്തുതൻ ഭവാൻ:

---

29. ഉത്തമസ്വത്തിലെദ്ദേയവസ്തു—മഹത്തായ സമ്പത്തിൽ, കൊടുക്കാവുന്നതേതോ ആ വസ്തു.

30. പ്രായേണ കർമ്മത്തിൽ മിത്രവരുണന്മാരോടുകൂടിയത്രേ, അഗ്നി വർത്തിയ്ക്കുക.

സൂക്തം 24.

1. ഋത്വിക്കുകളോട്: കീഴമർത്തും—ശത്രുക്കളെ.

2. വൃത്രഘ്നനെന്നു ഖ്യാതനാണല്ലോ. ഒരു ധനികൻ കൊടുക്കുന്നതിലുമധികം ധനം ഭവാൻ സ്തോതാക്കറംക്കു നല്കാറുണ്ട്.

പ്രസ്ഥാനത്തിൽത്താനോടിപ്പോൻ,
സ്വത്തേകുവോൻ, ഹര്യശ്വ, നീ! 3
ഓമന്മുതൽ തുറന്നാലും,
നീ മനുഷ്യർക്കിന്ദ്ര, ധൃഷ്ണോ;
തന്നാലും, ക്രുസാതെങ്ങൾക്ക
നന്നായ് വാഴ്ത്തപ്പെട്ടും ഭവാൻ! 4
നിന്നിടംകൈ തടുക്കില്ല,
മുന്നണിക്കാർ വലംകയ്യും;
ഇല്ല, ഗോമാർഗ്ഗണങ്ങളിൽ–
സ്സൊല്ലക്കാരും ഹരിഹയ! 5
വാക്കോടെത്തുന്നേൻ, ഞാൻ നിങ്കൽ,–
ഗ്ഗോക്കളൊത്താലയിൽപ്പോലെ:
പൂരിപ്പിയ്ക്കു, വജ്രിൻ, ഭവാൻ
സൂരിതന്നാശയം ഹൃത്തും! 6
വിശ്വമനസ്സാമെൻേറതിൽ–
സ്സുശ്രദ്ധനാകെ,ല്ലാററിലും
വൃത്രഘ്നാതിതമ, ഭവാൻ
ശക്ത വസോ, വൻനേതാവേ! 7

---

3. ചിത്രാന്നാഢ്യം=വിവിധാന്നസമൃദ്ധം. സ്തുതൻ––ഞങ്ങളാൽ സ്തുതിയ്ക്കപ്പെട്ടവൻ. പ്രസ്ഥാനത്തിൽത്താൻ––യുദ്ധത്തിന്നു പുറപ്പെടുമ്പോൾത്തന്നെ. ഓടിപ്പോൻ––ശത്രുക്കളെ ആട്ടിപ്പായിയ്ക്കുന്നവൻ.

4. ഓമന്മുതൽ=പ്രിയപ്പെട്ട ധനം. മനുഷ്യർക്ക്––സ്തുതിയ്ക്കുന്ന ഞങ്ങൾക്ക്. തന്നാലും––തുറക്കപ്പെട്ട, പ്രകാശിതമായ, ധനം.

5. മുന്നണിക്കാർ, യുദ്ധത്തിൽ മുമ്പിൽ നില്ക്കുന്ന എതിരാളികൾ, അങ്ങയുടെ ഇടംകയ്യും തടുക്കില്ല; വലംകയ്യും തടുക്കില്ല. ഗോമാർഗ്ഗണങ്ങളിൽ––പണികളാൽ അപഹരിയ്ക്കപ്പെട്ട ഗോക്കളെ തിരഞ്ഞുപിടിയ്ക്കുന്നതിൽ. സൊല്ലക്കാരും, ഉപദ്രവിയ്ക്കുന്നവരും, ഇല്ല. അങ്ങയെ തടയാനോ ഉപദ്രവിപ്പാനോ ശത്രുക്കൾ ശക്തരാകില്ല.

6. വാക്ക്––സ്തുതികൾ, ഒരിടയൻ ഗോക്കളോടുകൂടി ആലയിൽ (തൊഴുത്തിൽ) എത്തുന്നതുപോലെ, ഞാൻ സ്തുതികളോടുകൂടി നിങ്കലെത്തുന്നു. ഭവാൻ സൂരിയുടെ (സ്തുതിയ്ക്കുന്ന എൻെറ) ആശയം ഹൃത്തും ധനാദിദാനത്താൽ പൂരിപ്പിച്ചാലും.

7. എൻേറതിലെല്ലാററിലും––എൻെറ സ്തുതിയിലെല്ലാം ഭവാൻ സശ്രദ്ധനായാലും. വൃത്രഘ്നാതിതമ=ഏററവും ശത്രുഹന്താവായുള്ളോവേ. ശക്ത=ബലിഷ്ഠ.

വൃത്രഘ്നാതിൻ, പുരുഹൂത,
ലബ്ധമാകെ,ഞങ്ങൾക്ക ശൂര,
സിദ്ധികരം, കാമ്യം, പുത്ര—
പുത്തനാമിബ്ഭേദനം! 8

ദുന്നിവാരമല്ലോ, നിൻകൈ—
ക്കിന്ദ്ര, നൃത്തംവെപ്പിപ്പോനേ;
ഹവ്യദന്നു കൊടുപ്പതു—
മവ്യഥമേ, പുരുഹൂത! 9

ഉന്നതാത്മൻ, കുടിക്കു, നീ
വൻനേതാവേ, സംസിദ്ധിക്കായ്:
കെല്പുററതും പിളക്ക്,നീ
സ്വപ്രാപ്തിക്കു മഘവാവേ! 10

അന്യന്മാരിലായിരുന്നു,
മുന്നമെങ്ങൾക്കാശ വജ്രിൻ:
കാത്തുരക്ഷിച്ചേകുകെ,ഞങ്ങൾ—
ക്കാത്തദീയം മഘവൻ, നീ! 11

നൃത്തമാടിപ്പവനേ,ക—
ണ്ടെത്തുന്നില്ലാ, ത്വദന്യനെ
സ്തുത്യാരാധ്യ,പുകൾ, ബലം,
വിത്ത,മന്നമിവക്കു ഞാൻ! 12

8. പുതുപുത്തനാം, അതിനൂതനമായ ഈ ഭേദനം ഞങ്ങൾക്ക ലബ്ധ മാക——കിട്ടുമാറാകട്ടെ.

9. നൃത്തം വെപ്പിപ്പോനേ——ലോകത്തെ ചേഷ്ടിപ്പിക്കുന്നവനേ. ഭവാൻ ഹവ്യദന്നു (യജമാനന്നു) കൊടുപ്പതും, നൽകുന്ന ധനവും അവ്യഥം (ശത്രുബാധാരഹിതം)തന്നെയാകുന്നു.

10. സംസിദ്ധിക്കായ്——ശത്രുസമ്പത്തടക്കാൻ കഴിവുണ്ടാകാൻ. സോമം കുടിച്ചാലും. കെല്പുററതും——ഉറപ്പേറിയ ശത്രുനഗരംപോലും. സ്വപ്രാപ്തി——ധനലബ്ധി.

11. അന്യദേവന്മാരിൽനിന്നു ഫലം കിട്ടില്ലെന്നു ഞങ്ങൾക്കിപ്പോൾ മനസ്സിലായി. അതിനാൽ, ആ ത്വദീയം, ശത്രുപുരവിദാരണലബ്ധമായ ഭവാന്റെ ധനം, എങ്ങൾക്ക് ഏകുക.

12. സ്തുത്യാരാധ്യ=സ്തുതികൊണ്ട് ആരാധിക്കപ്പെടേണ്ടവനേ. ഇവക്കു്——ഇവ തരാൻ.

ഇന്ദ്രന്നിന്ദു പിഴിയുവിൻ:—
നിസ്സോമത്തേൻ നകർന്നവൻ
അന്നാദികളയയ്ക്കുമേ,
തന്നുടെ മഹത്ത്വത്താലേ! 13

വാഴ്ത്തുന്നേൻ ഞാൻ, കരുത്തിട—
ച്ചേർത്തരുളും ഹരീശനെ:
വൃശപുത്രൻ സ്തുതിപ്പതു
തുച്ചെവിക്കൊൾകിഹ ഭവാൻ! 14

മുന്നം പിറന്നിട്ടില്ലല്ലോ,
നിന്നെക്കാളൊരതിവീരൻ:
സ്വത്താലില്ലി, ല്ലടർപ്പോക്കാൽ,
സ്തുത്യതയാലില്ലൊരുത്തൻ! 15

അധ്വര്യോ, നീ പിഴിഞ്ഞാലും,
മത്തേററമുണ്ടാക്കും സോമം:
സംസ്തുതനാകുന്നുണ്ടല്ലോ,
നിത്യവർദ്ധകനാം വീരൻ! 16

ഇന്ദ്ര, ഹര്യാരൂഢ, പൂർവ—
രുന്നയിച്ച നിൻനുതിയെ
ഒന്നതിക്രമിയ്ക്കില്ലാ,രും
നന്ദ്യത്താലോ, ബലത്താലോ! 17

ശ്രദ്ധായുക്തക്രതുക്കളാൽ
വർദ്ധനീയനന്നപതി—
നിങ്ങളുടെയദ്ദേഹത്തെ
ഞങ്ങൾ കൊററിന്നായ് വിളിയ്ക്കാം! 18

---

13. ഋത്വിക്കുകളോട്: ഇന്ദു = സോമം.

14. ഇടചേർത്തരുളും——മരുത്തുക്കളിൽ ചേർക്കുന്ന. ഹരീശൻ——പച്ചക്കുതിരകളുടെ ഉടമസ്ഥൻ. ഉത്തരാർദ്ധം പ്രത്യക്ഷോക്തി.

15. അടർപ്പോക്ക് = യുദ്ധഗമനം.

16. സംസ്തുതൻ = വഴിപോലെ സ്തുതിയ്ക്കപ്പെട്ടവൻ. വീരൻ——ഇന്ദ്രൻ.

17. പൂർവ്വർ——പണ്ടത്തെ ഋഷിമാർ; ഇന്നത്തെ ഋഷിമാരും എന്നു ചേർക്കണം. നന്ദ്യം = നന്ദനീയം, ധനം.

18. നിങ്ങളുടെ——ഭവദീയനായ. അദ്ദേഹത്തെ——ഇന്ദ്രനെ. കൊററിന്ന്——അന്നം കിട്ടാൻ.

മിത്രരേ, വരുവിൻ, വെക്കം:
സ്തുത്യൻ നേതാവിന്ദ്രനെ നാം
വാഴ്ത്തുക; മാററാരെയെല്ലാം
താഴ്ത്തുമല്ലോ, തനിച്ചിവൻ! 19

സ്തോത്രം വിലക്കാത്തവനായ്
സ്തോത്രേച്ഛുവാം തേജസ്വിയ്ക്കായ്
ഓതുവിൻ, തേൻനൈകളെക്കാരം
സ്വാദുവായ സാധുവാക്യം! 20

ഇല്ല, ളവു വീര്യങ്ങരംക്ക;
ദുർല്ലഭമിവൻെറ ധനം;
എല്ലാരെയുമാകെ മൂട—
മല്ലോ ദാനം, വാനംപോലെ! 21

വ്യശ്വൻപോലേ സ്തുതിയ്ക്കു, നീ
വശ്യനാം കെൽപുള്ളിന്ദ്രനെ:
സത്രവാന്നേകമേ, നൽസ്വ—
ത്തദ്ദുർദ്ധർഷൻ തിരുവടി! 22

മർത്ത്യരുടെ പത്താം പ്രാണ,—
നത്യഭിജ്ഞ, നനമ്യൻ——
സ്തുത്യനാമദ്ദേഹത്തെത്താ—
നദ്യ വാഴ്ത്തു, വൈയശ്വ, നീ! 23

വജ്രവൻ, നീ ദ്രോഹികളെ
വർജ്ജിപ്പാനറിവോനല്ലോ,

---

19. ദ്രുതവിക്കകളോട്: താഴ്ത്തും——കീഴമർത്തും.

20. തേജസ്വി——ഇന്ദ്രൻ. സാധുവാക്യം——നല്ല സ്തോത്രം.

21. ദുർല്ലഭം——അന്യർക്ക കിട്ടാവുന്നതല്ലാത്തത്. ഇവൻെറ ദാനം സ്തോതാക്കളെല്ലാരെയും മൂടും. വാനംപോലെ——സർവാച്ഛാദകമാണല്ലോ, ആകാശം.

22. തന്നോടുതന്നേ: വ്യശ്വൻ——എൻെറ അച്ഛൻ. വശ്യൻ സ്തോതാക്കരംക്കധീനൻ. സത്രവാൻ=യജമാനൻ

23. പത്താംപ്രാണൻ——മനുഷ്യദേഹങ്ങളിൽ ഒമ്പതു പ്രാണങ്ങളുണ്ട്; പത്താംപ്രാണനാകുന്നു, ഇന്ദ്രൻ; മനുഷ്യർക്ക പ്രാണഭൃത്തൻ എന്നർത്ഥം. അനനമ്യൻ=നമസ്കരണീയൻ. വൈയശ്വ——വ്യശ്വപുത്ര.

പക്ഷികളെപ്പകൽതോറും
പാറിയ്ക്കുവാൻ രവിപോലെ! 24

എത്തിയ്ക്കുകാ,രക്ഷയിന്ദ്ര—
കർത്താവായ കുത്സന്നായ് നീ
കൊന്നുവല്ലോ, രണ്ടുവട്ടം;
തന്നാലു,മതരിന്ദമ! 25

സ്തുത്യനാം നിന്നൊടുതാനി—
ന്നർത്ഥിപ്പൂ, സന്ന്യാസമെങ്ങൾ:
അസ്മദ്വൈരികളെയൊട്ടു—
ക്കർദ്ദിപ്പോൻ, നീയരിന്ദമ! 26

ആരിലേശാ, രക്ഷോബാധ;—
യാരയസ്സു,മേഴാർകളിൽ;
ആ നീ ദാസവധായുധ—
മാനമിപ്പിച്ചാലും, ശ്രീമൻ! 27

അർത്ഥികൾക്ക വരോ, നീ സ്വ—
ത്തർപ്പിച്ചല്ലോ, സുഷാമാർത്ഥം:
അന്നവതി, നീയും വൃശ്ചൻ—
തന്നുണ്ണിയ്ക്കു ശുഭധനേ! 28

---

24. പ്രത്യക്ഷോക്തി: സൂര്യനുദിച്ചാൽ പക്ഷികൾ കൂടു വിട്ടു പറന്നു തുടങ്ങുമല്ലോ; അതുപോലെ, ഭവാൻ നേരിട്ടാൽ ദ്രോഹികൾ അങ്ങിങ്ങു പായും.

25. ആ രക്ഷ എന്നതിനെ വിവരിയ്ക്കുന്നു: കർത്താവായ—യാഗമനുഷ്ഠിച്ച. രണ്ടുവട്ടം = രണ്ടുതവണ. അത്—ആ രക്ഷ.

26. സന്ന്യാസം—ശത്രുനിരസനം, അർദ്ദിപ്പോൻ—പീഡിപ്പിയ്ക്കുന്നവൻ, കീഴമർത്തുന്നവൻ.

27. ഏഴാർകൾ = സപ്തനദികൾ. അയസ്സും—വെള്ളം. ദാസവധായുധം—ആസുരവധത്തിന്നുള്ള ആയുധം. ആനമിപ്പിയ്ക്കുക—താഴ്ത്തുക; ചാട്ടുക എന്നർത്ഥം. ശ്രീമൻ = ശ്രീ, സമ്പത്ത്, ഏറിയവനേ.

28. വരു എന്ന രാജാവിൻെറ ദാനത്തെ സ്തുതിയ്ക്കുന്നവയാണ്, ഇതുമുതൽ മൂന്നൃക്കുകൾ. വരോ—വരുരാജാവേ. സുഷാമാർത്ഥം—അച്ഛനായ സുഷാമാവിന്നു പുണ്യലോകം കിട്ടാൻ. അന്നവതി—ഹേ ഉഷസ്സേ. വൃശ്ചൻതന്നുണ്ണിയ്ക്കു—വൃശ്ചമനസ്സിന്ന്. സ്വത്തർപ്പിച്ചാലും എന്ന് എടുത്തു ചേർക്കണം.

വന്നെത്തട്ടേ, സോമവാനാ—
മന്ന്യപാത്മഭ്രുവിൻ ദാനം,
നൂറുമായിരവുമായി—
സ്ഫാരാന്നവും വൈയശ്വങ്കൽ! 29

കൌതുകാൽ, 'യഷ്ടാവെങ്ങെ'ന്നു
ചോദിപ്പോനോടുഷസ്സേ, നീ,
'സേവിതനാ നിരോധകൻ
വാഴ്വൂ, ഗോമതിയി'ലെന്നാം! 30

സൂക്തം 25.

വിശ്വമനസ്സ് ഋഷി; ഉഷ്ണിക്കും ഉഷ്ണിഗ്ഗർഭയും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും വിശ്വേദേവകളും ദേവത.

('ഭാരകാമന്ദിരം' പോലെ.)

പാരു കാപ്പോർ നിങ്ങളാം ദേവ—
ന്മാരിൽ യജ്ഞാർഹരാം ദേവർ:
ശുദ്ധബലന്മാരാമിരു—
സത്യസ്ഥരെ യജിപ്പൂ, നീ! 1

സ്വധരനാം വരുണനും
മിത്രനും തേജടയവർ,

---

29. സോമവാൻ—യജമാനൻ. അന്ന്യപാത്മഭ്രുവ്—സുഷാമപുത്രൻ വരു. സ്ഫാരാന്നം—വളരെയന്നം. വൈയശ്വങ്കൽ—വ്യശ്വപുത്രനായ എങ്കൽ.

30. കൌതുകാൽ—അറിയാൻവേണ്ടി. യഷ്ടാവ് എങ്ങെന്നു—യഷ്ടാവായ വരു എവിടെയാണെന്ന് ആരാനും ചോദിച്ചാൽ, 'ആ നിരോധകൻ (ശത്രുരോധി) ഗോമതീതീരത്തു വാഴുന്നു' എന്നാവും, നിന്റെ മറുപടി; വരുവിന്റെ വാസം ഗോമതിയുടെ തീരത്താണെന്നർത്ഥം. സേവിതൻ—ജനങ്ങളാൽ സേവിയ്ക്കപ്പെട്ടവൻ.

സൂക്തം 25.

1. ദേവന്മാരിൽ—ദേവന്മാരിൽവെച്ച്. ശുദ്ധബലന്മാർ=യഥാർത്ഥമായ കെല്പുള്ളവർ. ഉത്തരാർദ്ധം പരോക്ഷോക്തി: ഇരുസത്യസ്ഥരെ—സത്യശീലരായ മിത്രാവരുണന്മാരെ. നീ—വിശ്വമനസ്സ്.

പുത്രർ, പണ്ടേ സുജാതന്മാർ,
വിത്തദന്മാർ, ധൃതവ്രതർ! 2

അത്തേജസ്വിവിശ്വജ്ഞരെ-
ദ്ദിത്യാത്മജഹതിസ്ഥക്ന്മേ,
ഉത്തമയാമമ്മ പെററു,
സത്യവതിയാമദിതി! 3

ഉത്തമന്മാരീ വരുണ-
മിത്രദേവർ, പെരുമാക്കരം,
സത്യവാന്മാർ, കരുത്തർ, വാ-
യ്പൊത്ത യജ്ഞം വിളങ്ങിപ്പൂ! 4

സ്വധ്വരന്മാർ, പെരുംകെല്പിൻ
പുത്രർ, വേഗതനൂജന്മാർ,
അവ്യാഹതപ്രദാനന്മാ-
രന്നനിലയത്തിൽ വാഴ്വൂ! 5

ദിവ്യപാർത്ഥിവാന്നങ്ങളും
ദ്രവ്യങ്ങളും വഴിപോലേ
തന്നരുളുമാ നിങ്ങളിൽ
നിന്നീടട്ടേ, നീർമഴകരം! 6

സത്യവാന്മാർ, മഖാന്നത്തിൽ-
സ്സക്തന്മാരിപ്പെരുമാക്കരം
നോക്കുന്നു, വൻദേവകളെ,-
പ്പൈക്കൂട്ടത്തെയെന്നപോലെ! 7

---

2. സ്വധ്വരൻ = ശോഭനയജ്ഞൻ. പുത്രർ---അദിതിയുടെ. ധൃതവ്രതർ = കർമ്മകരന്മാർ.

3. വിശ്വജ്ഞർ = സർവജ്ഞർ. ദിത്യാത്മജഹതി = ദൈത്യവധം.

5. പെരുംകെല്പിൻ പുത്രർ---മഹാബലത്താൽ ഉല്പാദിതർ. വേഗതനൂജന്മാർ---ബലത്തിന്റെ വേഗത്താൽ ഉല്പാദിതർ. രണ്ടിന്റെയും അർത്ഥം ഒന്നു തന്നെ. അന്നനിലയം---ഹവിസ്ഥാനം.

6. പ്രത്യക്ഷോക്തി: ദിവ്യപാർത്ഥിവാന്നങ്ങരം = വിണ്ണിലും മന്നിലുമുള്ള അന്നങ്ങരം. ദ്രവ്യങ്ങരം = ധനങ്ങരം. നിന്നീടട്ടേ---വേണ്ടുന്ന സമയത്തു മഴ പെയ്യുവിൻ.

7. മഖാന്നത്തിൽസ്സക്തർ---ഹവിഃപ്രിയന്മാർ. പൈക്കൂട്ടത്തെ---കാളഎന്നപോലെ, വൻദേവകളെ നോക്കുന്നു---അസുരവധാനന്തരം നോക്കി സന്തോഷിപ്പിക്കുന്നു.

ധീമാന്മാരിസ്സത്യശീലർ
കോയ്മസ്ഥരായി നിലകൊണ്ടോർ:
ക്ഷത്രിയന്മാർ ധൃതവ്രത-
രുദ്ഗ്രഹിച്ചോർ, കരുത്തിനെ! 8

കണ്ണിനെക്കാളുമുള്ളോം വഴി
കണ്ടവര,ത്യന്മേഷദർ
തേജസ്സൌമ്യതയാൽത്തുള്ളോം
പൂജിതരായ്, തുള്ളോം പൂർവർ! 9

നമ്മെദ്ദേവിയദിതിയും
നാസത്യരും പാലിയ്ക്കട്ടേ!
പാലിയ്ക്കട്ടേ, മഹാവേഗ-
ശാലികളാം മരുത്തുക്കൾ! 10

കാത്തരുൾവിൻ, നിങ്ങളഹോ-
രാത്രമെങ്ങളുടെ തോണി:
സത്രാണരാകാവൂ, ഞങ്ങൾ
സദ്ദാനരേ, നിർബാധരേ! 11

നിർബാധരായ് (സ്തുതിയ്ക്ക) നാം
സുപ്രദാനൻ വിഷ്ണുവിനെ:
താനേ പോം നീ കേൾക്ക, പൊഴി-
പ്പോനേ, സൌമ്യ, കമ്മവാന്നായ്! 12

സ്വത്തേതൊന്നു കാത്തിടുമോ,
മിത്രവരുണാര്യമാക്കൾ;

---

8. ക്ഷത്രിയന്മാർ = ബലവാന്മാർ.

9. കണ്ണിനെക്കാൾ—കണ്ണിനുള്ളതിലേറെ കാഴ്ചയുണ്ട്,വക്ക്, പൂർവർ = പുരാതനർ.

11. മരുത്തുക്കളോട്; തോണി—പാപതരണോപകരണമായ യജ്ഞം. സത്രാണർ = രക്ഷാസമേതർ. നിർബാധർ—ആരാലും ഉപദ്രവിയ്ക്കപ്പെടാത്തവർ.

12. ഉത്തരാർദ്ധം പ്രത്യക്ഷോക്തി; താനേ പോം—യുദ്ധത്തിന്ന് ഏകനായി പോകുന്ന. പൊഴിപ്പോനേ—സ്തോതാക്കൾക്ക ധനം വർഷിയ്ക്കുന്നവനേ. കമ്മവാന്നായ്—യഷ്ടാവിന്നുവേണ്ടി. കേൾക്ക—ഞങ്ങളുടെ സ്തുതി കേട്ടാലും.

ഞങ്ങൾക്കതു കൈവരാവൂ,
തുംഗം, സേവ്യം, സുരക്ഷകം! 13

പജ്ജന്യൻ കാത്തരുളുക,—
തശ്വികൾ, മരുത്തുക്കളും,
ഒന്നിച്ചുചേൎന്നിഷ്ടം പെയ്യു—
മിന്ദ്രൻ, വിഷ്ണുവെന്നിവരും! 14

ആരാധ്യരാമന്നേതാക്ക—
ളാരുടെയുമഹന്തയെ
ഊക്കിൽച്ചെന്നുടയ്ക്കുമല്ലോ,
ശീഘ്രനീർക്കത്തുകൾപോലേ! 15

ഉത്തമമാം ബഹുദ്രവ്യ—
മിത്ഥം നോക്കു,മതിലൊരാൾ;
അമ്മനുഷ്യപതിയ്ക്കെങ്ങൾ
കമ്മം ചെയ്യാം, നിങ്ങൾക്കായി. 16

ആ വരുണപ്പെരുമാളിൻ
പൂർവഗൃഹ്യകർമ്മങ്ങളും,
ഉദ്യശസ്സാം മിത്രനുടെ
കൃത്യങ്ങളും ഭജിയ്ക്കു, നാം! 17

ഊഴി—നഭസ്സുതിരിവൻ
ചൂഴെബ്ഭാസ്സാലളക്കുന്നു;
പാരാ,കാശം, രണ്ടിനെയും
പൂരിപ്പിപ്പൂ, പെരുമയാൽ; 18

---

13. അത്—ആ സ്വത്ത്. സുരക്ഷകം—എല്ലാവരെയും നന്നായി രക്ഷിയ്ക്കുന്നതു്.

14. അതു—ഞങ്ങൾക്കു കിട്ടിയ ധനം.

15. ഇന്നേതാക്കൾ—ദേവന്മാർ. അഹന്ത=ഗർവ്. ശീഘ്രനീർക്കത്തുകൾ പ്രതിബന്ധത്തെ തകൎക്കുന്നതുപോലെ.

16. ദേവന്മാരോട്: അതിലൊരാൾ—മിത്രവരുണരിൽവെച്ചു മിത്രൻ. നിങ്ങൾക്കായി=നിങ്ങൾക്കുവേണ്ടി.

17. പൂർവഗൃഹ്യകമ്മങ്ങൾ=പുരാതനഗൃഹ്യകമ്മങ്ങൾ. ഉദ്യശസ്സ്—ഉയൎന്ന കീർത്തിയോടുകൂടിയവൻ.

18. ഊഴിനഭസ്സുതിര്=ഭൂവിന്റെയും ദ്യോവിന്റെയും അതിര്. ഇവൻ—മിത്രൻ. പാര്=ഭൂമി. പെരുമ=മഹിമാവ്.

അസ്സുവീര്യൻ കതിരുക—
ളക്ക്മൊഗ്ഗേ വിരിയ്ക്കുന്നു;
അഗ്നിപോലേ വളർത്തപ്പെ—
ട്ടാ,ഹുതനായ്ത്തിളങ്ങുന്നു! 19

വാഴ്ത്തുക, വാർനെടുംഗൃഹേ
ഗോത്രായുതാന്നേശനെ നീ!
നിർദ്ദോഷാന്നം തരുവാനും
ശക്തനല്ലോ, തിരുവടി! 20

രാപകൽ ഞാനാ വീരനെ,
ദ്യോവൃഥ്വികളെയും വാഴ്ത്താം:
ദാതാക്കൾതൻ മുന്നിൽസ്സദാ
നീതാനയയ്ക്കുകെ,ഞങ്ങളെ! 21

ഉക്ഷഗോത്രജനായ് പ്രതി—
പക്ഷഹൃത്താം, സൌഷാമ്ണനാൽ
നേരേ പോകും യുക്തവെള്ളി—
ത്തേരെങ്ങൾക്ക നൽകപ്പെട്ടു: 22

ഇണ്ടലേകു,മെന്നുടെയാ
രണ്ടു പച്ചക്കുതിരകൾ;
ഉണ്ട,വയ്ക്കു പടുത്വവും;
കൊണ്ടുമണ്ടും, പോരാളരെ. 23

---

19. വളർത്തപ്പെട്ട്—ഹവിസ്സുകൾകൊണ്ട്.

20. വാർനെടുംഗൃഹേ—വിശാലദീർഘമായ ഗൃഹത്തിൽ, യാഗശാലയിൽ. ഗോത്രായുതാന്നേശൻ—ഗോസമൂഹസമേതമായ അന്നത്തിന്റെ, പശുക്കളുടെയും അന്നത്തിന്റെയും, അധിപതിയായ വരുണനെ.

21. ആ വീരനെ—വരുണനെയും. ഉത്തരാർദ്ധം പ്രത്യക്ഷവചനം: ഞങ്ങളെ സദാ ദാതാക്കളുടെ അടുക്കലെയ്ക്കു നീതന്നെ അയച്ചാലും, ഞങ്ങൾക്ക ധനം കിട്ടാൻ.

22. വരുവിന്റെ ദാനം വിവരിയ്ക്കുന്നു: ഉക്ഷഗോത്രജൻ=ഉക്ഷാവ് എന്നവന്റെ ഗോത്രത്തിൽ ജനിച്ചവൻ. പ്രതിപക്ഷഹൃത്ത്—ശത്രുക്കളുടെ ജീവിതവും ധനവും കവരുന്നവൻ, സൌഷാമ്ണൻ=സുഷാമപുത്രൻ, വരുരാജാവ്. യുക്തം—കുതിരകളെ പൂട്ടിയത്.

23. ആ—തേരിനു പൂട്ടിയ. ഇണ്ടലേകും—ശത്രുക്കൾക്ക ദുഃഖം വരുത്തും. പടുത്വം—യുദ്ധസാമർത്ഥ്യം.

നൽക്കടിഞ്ഞാൺ ചമ്മട്ടിയും,
വെക്കവും, ധീവിശേഷവും
ഒത്ത മഹാദശ്വങ്ങളെ—
പ്പുത്തൻസ്തുത്യാ വാങ്ങിനേൻ, ഞാൻ! 24

സൂക്തം 26.

അംഗിരോഗോത്രൻ വ്യശ്വനോ, വിശ്വമനസ്സോ ഋഷി: ഉഷ്ണിക്കും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ: അശ്വികളും വായുവും ദേവത.

അബാധിതബലന്മാരേ, വൃഷാക്കളേ, വർഷകധനന്മാരേ, നിങ്ങളിരുവരുടെ രഥത്തെ ഞാൻ, സൂരികളുടെയിടയിൽ ഒപ്പം സ്തുതിപ്പാൻവേണ്ടി വഴിപോലെ വിളിച്ചുകൊള്ളുന്നു. 1

വരോ, (പറയു):—'വൃഷാക്കളേ, വർഷകധനന്മാരേ, നാസത്യരേ, നിങ്ങൾ സുഷാമാവിന്നു വമ്പിച്ച സമ്പത്തു നൽകാൻ രക്ഷകളുമായി വരികയുണ്ടായല്ലോ!' 2

അന്നയുക്തധനവാന്മാരേ, വളരെയന്നം തേടുന്ന ആ നിങ്ങളെ, ഞങ്ങൾ ഇന്നു പുലർകാലത്തു, ഹവിസ്സൊരുക്കി വിളിച്ചുകൊള്ളുന്നു. 3

നേതാക്കളായ അശ്വികളേ, വൻഭാരം വഹിക്കുന്നതായ നിങ്ങളുടെ പുകഴ്ന്ന രഥം വന്നെത്തട്ടെ: നിങ്ങൾ വെമ്പുന്നവന്റെ സ്തോത്രങ്ങൾ സമ്പദ്ദാനത്തിന്നായി മനസ്സിലാക്കുവിൻ! 4

---

24. ധീവിശേഷം——സ്വാമിയെ സന്തോഷിപ്പിക്കുന്ന ബുദ്ധിഗുണം. മഹാദശ്വങ്ങൾ——മഹാനായ വരുവിന്റെ രണ്ടു കുതിരകൾ. പുത്തൻസ്തുത്യാ——മിത്രാദിദേവന്മാരെക്കുറിച്ചു പുതിയ സ്തോത്രം ചൊല്ലി. ഇതിന്നു പ്രതിഫലമായിട്ടാണു്, രാജാവു് ഋഷിക്കു പച്ചക്കുതിരത്തേർ കൊടുത്തതു്.

സൂക്തം 26.

2. പറയു——അശ്വികളോടു്. സുഷാമാവു്——എന്റെ അച്ഛൻ. വരികയുണ്ടായല്ലോ——അതുപോലെ എനിക്കും ധനം തരാൻ വരുവിൻ.

4. വെമ്പുന്നവൻ——സത്വരനായ സ്തോതാവു്. സമ്പദ്ദാനത്തിന്നായി——അവന്നു ധനം നൽകാൻ.

വർഷകധനന്മാരായ അശ്വികളേ, വഞ്ചകന്മാരെയും നി
ങ്ങൾ നോക്കിയറിയണം: കരയിക്കുന്നവരേ, ആ ദ്രോഹികളെ
അങ്ങേഅററത്തോളം വലയ്ക്കുകയും ചെയ്യുവിൻ! 5

ദസ്രന്മാരേ, കർമ്മങ്ങളെ പ്രീതിപ്പെടുത്തുന്ന, മയക്കുന്ന മെ
യ്യൊളിയുള്ള, ഉദകപാലകരായ നിങ്ങൾ ജവനാശ്വങ്ങളിലൂടേ,
നിരന്തരം (ഞങ്ങളുടെ) യജ്ഞത്തിൽത്തന്നെ വന്നെത്തുവിൻ! 6

അശ്വികളേ, വിശ്വപോഷകമായ വിത്തത്തോടുകൂടി ഞങ്ങ
ളുടെ അടുക്കൽ എഴുന്നള്ളുവിൻ: നിങ്ങൾക്കു മുന്തിയ മുതലുണ്ട്;
നല്ല മിടുക്കുണ്ട്; ഇടിച്ചിൽ വരില്ലതാനും! 7

ഇന്ദ്രാശ്വിദേവന്മാരേ, തുലോം സേവ്യമാനരായ നിങ്ങൾ ദേ
വകളോടുകൂടി, ഇന്ന് ഈ എന്റെ യാഗത്തിൽ എഴുന്നള്ളുവിൻ! 8

വൃഷാക്കളെ തേടുന്ന ഞങ്ങൾ, വ്യശ്വനെന്നപോലെ നിങ്ങ
ളെത്തന്നേ വിളിക്കുന്നു: മേധാവികളേ, നിങ്ങൾ അനുഗ്രഹബുദ്ധി
യോടേ ഇങ്ങെഴുന്നള്ളുവിൻ! 9

ഋഷേ, അശ്വികളെ നന്നായി സ്തുതിക്കുക: അവർ നിന്റെ
വിളി പലവുരു കേൾക്കട്ടെ; അയല്ക്കാരെയും പണികളെയും ഹനി
ക്കട്ടെ! 10

നേതാക്കളേ, വ്യശ്വപുത്രനായ എന്റെ (വിളി) കേൾക്കു
വിൻ, സ്വീകരിക്കുവിൻ; വരുണൻ, മിത്രൻ, അര്യമാവ് എന്നി
വരും ഒന്നിച്ചു (കേൾക്കട്ടെ!) 11

സ്തുത്യർഹരായ വൃഷാക്കളേ, നിങ്ങൾ സ്തോതാക്കൾക്കു കൊടു
ക്കാറുള്ളതും, നിങ്ങൾ കൊണ്ടുവരുന്നതും, യാതൊന്നോ: അതു
നാളിൽ നാളിൽ എനിക്കു കല്പിച്ചുതരുവിൻ! 12

ആർ നിങ്ങൾക്കുള്ള യാഗം, ഒരു സ്ത്രീ മേലാടപോലെ ധരി
ക്കുമോ; അവനെ പൂജിച്ച്, അശ്വികൾ നല്ലതിൽ കൊണ്ടാക്കും! 13

---

5. കരയിക്കുന്നവരേ—യുദ്ധത്തിൽ ശത്രുക്കളെ.

6. മയക്കുന്ന=മാദകമായ.

9. വൃഷാക്കളെ—ധനാദികൾ വർഷിക്കുന്ന നിങ്ങളിരുവരെ.

10. തന്നോടുതന്നെ: അയല്ക്കാർ—അടുത്തുള്ള ശത്രുക്കൾ. പണികൾ—അസുരന്മാർ.

12. അത്—ആ ധനം.

13. രണ്ടാംവാക്യം പരോക്ഷം: പൂജിച്ച്—അഭീഷ്ടം നൽകി. നല്ലതിൽ—സമ്പത്തിൽ.

അശ്വികളേ, പാത്രങ്ങളിൽ ധാരാളം പകൎന്ന നേതൃപേയം നല്ലാൻ ആൎക്കറിയാമോ; ഞങ്ങളിൽ കനിവുള്ള നിങ്ങൾ അവന്റെ ഗൃഹത്തിൽ എഴുന്നള്ളുവിൻ! 14

വർഷകധനന്മാരേ, നിങ്ങൾ നേതൃപേയത്തിന്നു ഞങ്ങളുടെ ഗൃഹത്തിൽ വഴിപോലെ എഴുന്നള്ളുവിൻ: ഒരു ശരംപോലെ, യജ്ഞത്തെ എത്തിയ്ക്കുന്നവരാണല്ലോ, നിങ്ങൾ! 15

നേതാക്കളായ അശ്വികളേ, സ്തുതികളിൽവെച്ച് (എന്റെ) സ്തോത്രം, ഒരു ദൂതനായി തുലോം സമീപിച്ചു, നിങ്ങളെ വിളിയ്ക്കട്ടെ; നിങ്ങളെ പ്രീതിപ്പെടുത്തട്ടെ! 16

അമൎത്ത്യന്മാരേ, നിങ്ങൾ വിണ്ണിന്റെ തണ്ണീരിടത്തിലോ, കാമയമാനന്റെ ഗൃഹത്തിലോ തിമൎക്കുകയായിരിയ്ക്കാം; എന്നാൽ, എന്റെ (സ്തോത്രം) കേൾക്കുകതന്നെ വേണം! 17

ഇതാ, കരകളിൽ കനകമുള്ള ശ്വേതയാവരീസരിത്തു നദികളിൽവെച്ചു നിങ്ങളെ തുലോം സമീപിയ്ക്കുന്നു; 18

ശോഭനഗമനന്മാരായ അശ്വികളേ, ഈ പോററിപ്പോരുന്ന വെൺനദി നിങ്ങളെ വഴിപോലെ പാടിപ്പുകഴ്ത്തുന്നു! 19

വായോ, തേർക്കുതിരകളെ ഭവാൻതന്നെ പൂട്ടുക—വസോ, തിരുമ്മി ചേൎക്കുക. എന്നിട്ടു ഞങ്ങളുടെ മധു കുടിയ്ക്കുക: ഞങ്ങളുടെ സവനങ്ങളിൽ വരിക! 20

---

14. നേതൃപേയം—നേതാക്കളായ നിങ്ങൾ പാനം ചെയ്യേണ്ടുന്ന സോമം. ഞങ്ങളിൽ—എങ്കൽ.

15. ഒരു ശരംപോലെ—വേടന്റെ അമ്പു മൃഗത്തെ ഉദ്ദിഷ്ടസ്ഥാനത്തണയ്ക്കുന്നതുപോലെ, യജ്ഞത്തെ സമാപ്തിയിലെത്തിയ്ക്കുന്നവരാണല്ലോ, നിങ്ങൾ.

17. കാമയമാനൻ—വേൽക്കാമൻ, യജമാനൻ.

18. ശ്വേതയാവരീസരിത്ത്=ശ്വേതയാവരി എന്ന നദി. ഈ നദി നിങ്ങൾക്കു പ്രിയപ്പെട്ടതാകയാലാണ്, ഇതിന്റെ തീരത്തുവെച്ചു ഞാൻ നിങ്ങളെ സ്മരിച്ചത്.

19. അലയൊലിയെ സ്തുതിഗാനമാക്കിയിരിയ്ക്കയാണ്.

20. തിരുമ്മി—കുതിരകളുടെ കഴുത്തിൽ. ചേൎക്കുക—ഞങ്ങളുടെ യജ്ഞത്തിലണച്ചാലും. മധു—സോമം. സവനങ്ങളിൽ—മൂന്നുസവനത്തിലും.

യജ്ഞപതേ, ബ്രഹ്മാവിൻെറ ജാമാതാവേ, വിചിത്രകൎമ്മാവേ, വായോ, അങ്ങയുടെ രക്ഷകളെ ഞങ്ങരം വരിയ്ക്കുന്നു! 21

ബ്രഹ്മാവിൻെറ ജാമാതാവായ, ഈശ്വരനായ വായുവിനോടു, ഞങ്ങരം സോമം പിഴിഞ്ഞു, ധനം യാചിയ്ക്കുന്നു: ഇയ്യുള്ളവൎക്കു സമ്പത്തുണ്ടാകട്ടെ! 22

വായോ, നിന്തിരുവടി വിണ്ണുലകിന്നു നന്മ വരുത്തുക. നല്ല കുതിരക്കൂട്ടത്തെ നടത്തുക; മഹാനായ അവിടുന്നു വാരിഭാഗങ്ങരം തടിച്ച രണ്ടെണ്ണത്തെ തേരിനു പൂട്ടുക! 23

ഏററവും അഴകുള്ള മഹത്ത്വത്താൽ വ്യാപ്തദേഹനായ നിന്തിരുവടിയെത്തന്നേ, ഞങ്ങരം യാഗങ്ങളിൽ അമ്മിയെയെന്നപോലെ വിളിച്ചുകൊള്ളുന്നു! 24

വായുദേവ, പുരോഗനായ നിന്തിരുവടി മനംകനിഞ്ഞു ഞങ്ങരംക്കു മഴയും അന്നവും കർമ്മങ്ങളും കല്പിച്ചുതരിക! 25

സൂക്തം 27.

വൈവസ്വതമനു ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകരം;
വിശ്വദേവകരം ദേവത.

ഉക്ഥമയമായ അധ്വരത്തിൽ അഗ്നിയും അമ്മിയും ദർഭയും മുമ്പിൽ വെയ്ക്കപ്പെട്ടുകഴിഞ്ഞു. ഞാൻ ഋക്കുകൊണ്ടു മരുത്തുക്കളോടും ബ്രഹ്മണസ്പതിയോടും ദേവകളോടും വരണീയമായ രക്ഷ യാചിയ്ക്കുന്നു. 1

---

21. ബ്രഹ്മാവിൻെറ പുത്രിയുടെ ഭർത്താവത്രേ, വായു.

23. രണ്ടെണ്ണത്തെ—രണ്ടശ്വങ്ങളെ.

24. സോമലത ചതയ്ക്കാനുള്ള അമ്മിയെ സ്തുതിച്ചു വിളിയ്ക്കുക ചടങ്ങുകളിലൊന്നാണു്.

25. പുരോഗൻ—ദേവകളിൽ മുമ്പൻ.

സൂക്തം 27.

1. ഉക്ഥമയം—സ്തോത്രശസ്ത്രാത്മകം.

പശ്വ, പൃഥിവി, വൃക്ഷങ്ങരം, ലതകരം, ഉഷസ്സ്, രാത്രി എന്നിവയെ ഭവാൻ സ്തുതിയ്ക്കുക. വസുക്കളേ, വിശ്വവേദസ്സുകളേ, നിങ്ങളെല്ലാവരും ഞങ്ങളുടെ കർമ്മങ്ങളെ സംരക്ഷിച്ചാലും! 2

ഞങ്ങളുടെ മുഖ്യമായ യജ്ഞം അഗ്നിയിങ്കലും, ദേവന്മാരിലും—ആദിത്യർ, സകർമ്മാവായ വരുണൻ, വ്യാപ്തതേജസ്സരായ മരുത്തുക്കരം എന്നിവരിലും—വഴിപോലെ ചെന്നെത്തട്ടെ! 3

വിശ്വവേദസ്സുകളായ, രിപുകർശനരായ വിശ്വേദേവകരം മനുവിനെ കൈവളർത്തട്ടെ: വിശ്വവേദസ്സുകളേ, നിങ്ങരം അഭംഗങ്ങളായ രക്ഷകളോടേ, ഞങ്ങരംക്ക് ഉപദ്രവരഹിതമായ ഗൃഹം കല്പിച്ചുതന്നാലും! 4

സമചിത്തന്മാരേ, നിങ്ങളെല്ലാവരും ഒത്തൊരുമിച്ച്, ഋക്ക കേരംപ്പാൻ ഇന്നു ഞങ്ങളുടെ അടുക്കൽ വന്നാലും! മരുത്തുക്കളേ, മഹതി, അദിതിദേവി, നിങ്ങരം ഞങ്ങളുടെ ഗൃഹത്തിലിരുന്നാലും! 5

മരുത്തുക്കളേ, നിങ്ങളുടെ അരുമക്കുതിരകളെ ഇങ്ങോട്ടു തെളിയ്ക്കുവിൻ; മിത്ര, ഹവിസ്സു കൈക്കൊള്ളുക; ഇന്ദ്രനും, വരുണനും, വെമ്പൽക്കൊള്ളുന്ന നേതാക്കളായ ആദിത്യന്മാരും ഞങ്ങളുടെ ദർഭയിൽ വന്നണയട്ടെ! 6

വരുണ, ഞങ്ങരം ദർഭ മുറിച്ച്, അന്നങ്ങരം പകൻവെച്ചു, സോമംപിഴിഞ്ഞ്, അഗ്നിയെ ജ്വലിപ്പിച്ചു, നിങ്ങളെ മനുവെന്നപോലെ വിളിച്ചുകൊള്ളുന്നു. 7

മരുത്തുക്കളേ, വിഷ്ണോ, അശ്വികളേ, പൂഷാവേ, നിങ്ങരം എൻെറ സ്തുതിയാൽ വന്നുചേരുവിൻ; യാതൊരു വൃഷാവിനെ സേവനേച്ഛുക്കരം വൃത്രഹന്താവെന്നു വാഴ്ത്തുന്നുവോ, ആ ഒന്നാമനായ ഇന്ദ്രനും വന്നെത്തട്ടെ! 8

---

2. സ്തോതാവിനോട്: വസുക്കളേ എന്നു തുടങ്ങുന്ന വാക്യം വിശ്വേദേവകളോട്: വിശ്വവേദസ്സുകരം—എല്ലാധനവും, അഥവാ എല്ലാ ജ്ഞാനവുമുള്ളവർ.

4. രിപുകർശനർ=ശത്രുക്കളെ ക്ഷയിപ്പിയ്ക്കുന്നവർ. മനുവിനെ—എന്നെ. അടുത്ത വാക്യം പ്രത്യക്ഷം:

5. ഋക്ക്—മന്ത്രസ്തുതി.

6. വെമ്പൽക്കൊള്ളുന്ന—ശത്രുക്കളെ വധിപ്പാൻ.

7. ഋത്വിഗ്വാക്യം: അന്നങ്ങരം—ഹവിസ്സുകരം.

8. ഒന്നാമൻ—ദേവന്മാരിൽ മുഖ്യൻ.

ദ്രോഹിയ്ക്കാത്ത, വസുക്കളായ ദേവന്മാരേ, നിങ്ങൾ ഞങ്ങൾക്ക നിർബ്ബാധമായ—ദൂരത്തുനിന്നോ ചാരത്തുനിന്നോ ആരും ആക്രമിയ്ക്കാത്ത—വരണീയമായ ഗൃഹം തന്നരുളുവിൻ! 9

രിപുകർശനന്മാരായ ദേവന്മാരേ, സജാതീയത്വമുണ്ടല്ലോ, നിങ്ങൾക്കു്; ചാർച്ചയുമുണ്ടു്. ഞങ്ങൾക്കു് ഒന്നാമതഭ്യുദയവും, നൂതനതരമായ ധനവുമുണ്ടാകാൻ വെക്കം അരുളിച്ചെയ്യുവിൻ! 10

വിശ്വവേദസ്സുകളേ, അന്നകാമനായ ഞാൻ നിങ്ങളെക്കുറിച്ചു് ഇപ്പോൾത്തന്നെ, അന്യാദൃശമായ ഒരു സ്തോത്രം, ഇപ്പോൾത്തന്നെ ധനം ലഭിപ്പാനായി നിർമ്മിയ്ക്കുന്നു. 11

ശോഭനസ്തോത്രന്മാരേ, നിങ്ങളിൽവെച്ചു് ഉപരിഗന്താവായ, വരേണ്യനായ ആ സവിതാവു് എപ്പോൾ ഉദിയ്ക്കുമോ; അപ്പോൾ, ഇരുകാലികളും നാല്ക്കാലികളും പറവകളും സ്വസ്വകർമ്മങ്ങളിൽ ഏർപ്പെട്ടുകയായി! 12

ഞങ്ങൾ ഉജ്ജ്വലസ്തവം പാടിക്കൊണ്ടു, നിങ്ങളിൽ ദേവനെ ദേവനെ രക്ഷയ്ക്കു, ദേവനെ ദേവനെ അഭീഷ്ടസിദ്ധിയ്ക്കു, ദേവനെ ദേവനെ അന്നലബ്ധിയ്ക്കു വിളിച്ചുകൊള്ളുന്നു. 13

ഒരേമനസ്സുകാരായ ദേവകളെല്ലാം ഒന്നിച്ചുതന്നെ മനുവിന്നു തന്നരുളട്ടെ: അവർ ഞങ്ങൾക്കു് ഇന്നും, അവർ നാളെയും, അവർ ഞങ്ങളുടെ മകന്നും ധനം കിട്ടിയ്ക്കട്ടെ! 14

അദ്രോഹികളേ, നിങ്ങളെ ഞങ്ങൾ സ്തോത്രസ്ഥാനത്തു സ്തുതിച്ചുകൊള്ളുന്നു: മിത്ര, വരുണ, ആർ നിങ്ങളുടെ തേജസ്സുകളെ പരിചരിയ്ക്കുമോ, ആ മനുഷ്യന്നു ശത്രുബാധയുണ്ടാകില്ല! 15

---

9. ദ്രോഹിയ്ക്കാത്ത—നേരേമറിച്ചു, സ്തോതാക്കളെ സ്നേഹിയ്ക്കുന്ന.

10. സജാതീയത്വം = ഒരേ ജാതി എന്ന നില. ചാർച്ച—സ്തോതാവും സ്തുത്യരുംതമ്മിലെസ്സംബന്ധം; ഞാൻ സ്തോതാവു്, നിങ്ങൾ സ്തുത്യർ. അരുളിച്ചെയ്യുവിൻ—അഭ്യുദയവും ധനവും തരുവിൻ എന്നർത്ഥം.

12. ഉപരിഗന്താവു് = മുകളിൽ ഗമിയ്ക്കുന്നവൻ. ഇരുകാലികൾ—മനുഷ്യർ.

13. ഓരോ ദേവനെയും വിളിയ്ക്കുന്നു എന്നർത്ഥം.

14. തന്നരുളട്ടെ—ധനവും മററും.

15. സ്തോത്രസ്ഥാനത്തു്—യാഗശാലയിൽ ദേവസ്തുതിയ്ക്കുള്ള സ്ഥലത്തു്.

ആർ ധനത്തിന്നായി നിങ്ങൾക്ക നല്കുമോ, അവൻ ഗൃഹവും വലിയ അന്നങ്ങളും വർദ്ധിപ്പിക്കും; കർമ്മംമൂലം സന്താനങ്ങളാൽ പരിവൃതനായിത്തീരും. എല്ലാവരും നിർബാധം വളരും! 16

അര്യമാവ്, മിത്രൻ, വരുണൻ എന്നീ സമാനദാനന്മാർ ഒന്നിച്ച് ആരെ രക്ഷിക്കുമോ, അവൻ യുദ്ധം കൂടാതെ നേടും; നല്ല കുതിരകളാൽ യാത്ര ചെയ്യും! 17

നിങ്ങൾ ഇവന്ന് അധൃഷ്യത്തിലും പ്രവേശവും, ദുർഗ്ഗത്തിലും സുഖഗമനവും ഉളവാക്കുവിൻ: ഈ ഇടിവാൾ ഇവങ്കൽനിന്ന വെക്കം പിന്തിരിയട്ടെ; അതു പരിക്കേല്പിക്കാതെ പൊലിഞ്ഞുപോകട്ടെ! 18

പ്രീതിപ്പെടുത്തുന്ന ബലമുള്ളവരേ, വിശ്വവേദസ്സുകളേ, ഇന്ന സൂര്യൻ ഉണരുമ്പോഴോ, ഉദിക്കുമ്പോഴോ, അകലെപ്പോകുമ്പോഴോ, പകലിന്റെ നടുവിലോ നിങ്ങൾ ഗൃഹം കൊടുക്കുമല്ലോ; 19

വസുക്കളേ, വിശ്വവേദസ്സുകളേ, അഥവാ നിങ്ങൾ സന്നിഹിതരാകുമ്പോൾ, ഹവിസ്സർപ്പിക്കുന്ന യഷ്ടാവിന്ന ഭവനം നല്കുമല്ലോ. ഞങ്ങൾ അതിന്നകത്ത് ഉപാസിക്കുമാറാകണം! 20

വിശ്വവേദസ്സുകളേ, ഇന്ന സൂര്യൻ ഉദിക്കുമ്പോഴോ, മറയുമ്പോഴോ, ഉച്ചനേരത്തോ, ഹോമിക്കുന്ന മഹത്തരജ്ഞാനനായ മനുവിന്ന നിങ്ങൾ ധനം നല്കുമല്ലോ; 21

അതു ഞങ്ങൾ വരിച്ചുകൊള്ളുന്നു. പെരുമാക്കന്മാരേ, മക്കളെപ്പോലുള്ള ഞങ്ങൾ വളരെപ്പേർക്കനുഭവിക്കാവുന്ന ധനം നിങ്ങളിൽനിന്ന നേടുമാറാകണം: ഹവിസ്സ ഹോമിക്കുന്ന ഞങ്ങൾ ധനികന്മാരായിത്തീരണം! 22

———

16. നല്കുമോ—ഹവിസ്സ്. നിങ്ങൾക്ക ഹവിസ്സർപ്പിച്ചാൽ എല്ലാവരും വളരും.

17. നേടും—ധനം. യാത്രയ്ക്കു നല്ല കുതിരകളുണ്ടാവും.

18. ഇവന്ന്—എനിക്ക്. അധൃഷ്യത്തിലും—ആക്രമിക്കാവതല്ലാത്ത ശത്രുനഗരത്തിൽപ്പോലും. ഇടിവാൾ—ശത്രു ചാട്ടുന്ന ആയുധം.

19. അകലെപ്പോകുമ്പോഴോ—സായംകാലത്തോ.

20. ഉപാസിക്കുമാറാകണം—ഹവിസ്സ നല്കി നിങ്ങളെ സേവിക്കുമാറാകണം.

സൂക്തം 28.

മനു ഋഷി; ഗായത്രിയും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

മുപ്പത്തിമൂന്നു ദേവന്മാരും ദർഭയിലിരിയ്ക്കട്ടെ; അവർ അറിഞ്ഞ്, ഇരുവട്ടം തന്നരുളട്ടെ! 1

ശോഭനദാനന്മാരോടിണങ്ങുന്ന വരുണ–മിത്രാ–ര്യമാക്കളും പത്നിമാരും അഗ്നികളും വഷട്കൃതരായല്ലോ; 2

അവർ എല്ലാ അനുചരന്മാരോടുംകൂടി നമ്മെ പടിഞ്ഞാറും, അവർ വടക്കും, തെക്കും, കിഴക്കും, മുകളിലും ചുവട്ടിലും നമ്മെ കാത്തരുളട്ടെ! 3

ദേവന്മാർ എപ്രകാരം ഇച്ഛിയ്ക്കുമോ, അപ്രകാരംതന്നെ വരും: അത് ആരും മാററിമറിയ്ക്കില്ല; പിശുക്കനും ഉദാരനായിത്തീരും! 4

ഏഴുകൂട്ടർക്ക് ഏഴു ചുരികകളുണ്ട്; ഏഴാഭരണങ്ങളുമുണ്ട്; അവർ ഏഴു തേജസ്സുകളെ വഹിച്ചു! 5

സൂക്തം 29.

മരീചിപുത്രൻ കശ്യപനോ, മനുവോ ഋഷി; ദ്വിപദാവിരാട്ട് ഛന്ദസ്സ്;
വിശ്വേദേവകൾ ദേവത
(മാകന്ദമഞ്ജരി)

പോഷകനെ,ങ്ങും ചരിപ്പോൻ യുവാവു പൊൻ–
ഭൂഷ ചാർത്തുന്നു, സുനേതാവൊരാൾ! 1

സൂക്തം 28.

1. ഇരുവട്ടം––പലവുരു എന്നർത്ഥം. തന്നരുളട്ടെ––ധനം.

2. ശോഭനദാനന്മാർ––യജമാനന്മാർ. വഷട്കൃതർ––സ്വാഹാകൃതർ; സ്തുതർ എന്നർത്ഥം.

4. ദേവന്മാരിച്ഛിച്ചാൽ, പിശുക്കൻപോലും ഉദാരനായി (ദാതാവായി) തീരും.

5. ഏഴു കൂട്ടർക്ക്––സപ്തമരുദ്ഗണങ്ങൾക്ക്. മരുത്തുക്കളെല്ലാവരും സമാനരൂപരാണ്.

സൂക്തം 29.

1. [illegible]––സോമൻ.

വാനോരിൽവെച്ചു തിളങ്ങുമൊരാശം നിജ—
സ്ഥാനത്തിരിയ്ക്കുന്നു, മേധായുക്തൻ! 2

വാനോരിൽവെച്ചുറപ്പേറുമൊരാളുടെ
പാണിയിലുണ്ടൊ,രിരിമ്പാമുളി! 3

തൃക്കരംതന്നിൽ വഹിയ്ക്കുന്നതുണ്ടൊ,രാശം
മുഷ്കരന്മാരെ മുടിയ്ക്കും വജ്രം! 4

ക്രൂരമൊരായുധം കൈക്കൊണ്ടോ,നുജ്ജ്വല—
നാരോഗ്യദൌഷധനു,ഗ്രനൊരാശം! 5

കാക്കുന്നു മാർഗ്ഗങ്ങൾ; തസ്കരൻപോലവേ
നോക്കിവെയ്ക്കുന്നു, നിധികളൊരാശം! 6

എണ്ണിയളന്നാനൊ,രാളുരുഗാതവ്യൻ,
വിണ്ണവർ മത്താടും മുപ്പാരുകശം! 7

രണ്ടുപേർ സാശ്വരായ്ച്ചുററിനടക്കുന്നു,
തെണ്ടുവോർപോലൊരു പെണ്ണോടൊപ്പം! 8

---

2. ഒരാശം—അഗ്നി. മേധായുക്തൻ—സ്തോതാക്കൾക്കു മേധ കൊടുക്കുന്നവൻ എന്നർത്ഥം.

3. ഉറപ്പു —യുദ്ധസ്ഥൈര്യം. ഒരാളുടെ—ത്വഷ്ടാവിന്റെ.

4. ഒരാശം—ഇന്ദ്രൻ. മുഷ്കരന്മാർ—ദ്രോഹികശം.

5. ഒരായുധം—പിനാകം. ആരോഗ്യദൌഷധൻ—ആരോഗ്യത്തെ കൊടുക്കുന്ന ഔഷധത്തോടുകൂടിയവൻ. ഉഗ്രൻ—ബലിഷ്ഠൻ. ഒരാശം—രുദ്രൻ. രുദ്രന്റെ ഭിഷക്തമത്വം പ്രസിദ്ധം.

6. ഒരാശം—പൂഷാവു്. തസ്കരൻ തട്ടിപ്പറിപ്പാൻ വഴികളിൽ കാവൽ നിൽക്കുകയും, നിധികശം (നിക്ഷേപസ്ഥലങ്ങൾ) നോക്കിയറിഞ്ഞു മോഷ്ടിച്ചു കൂട്ടുകാർക്കു കൊടുക്കുകയും ചെയ്യുമല്ലോ; അതുപോലെ പുണ്യപാപമാർഗ്ഗപാലകനും, നിധികളെടുത്തു സ്തോതാക്കൾക്കു നൽകുന്നവനുമാകുന്നു, പൂഷാവു്.

7. ഒരാശം—വിഷ്ണു. ഉരുഗാതവ്യൻ=ബഹുസ്തുത്യൻ. മത്താടും—യജമാനദത്തമായ സോമം കുടിച്ചു മത്തടിയ്ക്കുന്ന.

8. രണ്ടുപേർ—അശ്വികശം. സാശ്വരായ്=അശ്വസഹിതരായി. ഒരു പെണ്ണ്—സൂര്യപുത്രി.

രണ്ടുപേരൊററമട്ടാന്ന പെരുമാക്ക—
ളുണ്ടു, നെയ്യു ണ്ടമായ് വാഴ്വു വിണ്ണിൽ! 9

ഉൽകൃഷ്ടസാമം ചമച്ചഭിപൂജിച്ചാ;—
രഗ്നിസ്സംശോഭിപ്പിച്ചാർ, ചിലർ! 10

സൂക്തം 30.

മനു ഋഷി; ഗായത്രിയും പുരഉഷ്ണിക്കും ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ;

വിശ്വദേവകൾ ദേവത.

ദേവന്മാരേ, നിങ്ങളുടെയിടയിൽ കുട്ടിയില്ല, കുമാരനുമില്ല:
ഉള്ളതിൽവെച്ചു മഹാന്മാരാണല്ലോ, നിങ്ങളെല്ലാവരും! 1

രിപുകർശനന്മാരായ ദേവന്മാരേ, മനുവിന്നു യജനീയരായ
നിങ്ങൾ മുപ്പത്തിമൂന്നുപേരും ഇപ്രകാരം സ്തുതിയ്ക്കപ്പെടുന്നു! 2

ആ നിങ്ങൾ ഞങ്ങളെ കാത്തരുളുവിൻ; ആ നിങ്ങൾ രക്ഷി
യ്ക്കുവിൻ; ആ നിങ്ങൾ ഞങ്ങളെ കേററിപ്പറയുവിൻ. മനുവിൻേറ
തായ—അച്ഛൻേറതായ—വഴിയിൽനിന്നു ഞങ്ങളെ മാററരുത്:
അകലത്തെയ്ക്കു നീക്കരുത്! 3

ദേവന്മാരേ, അഗ്നിമുഖരായ നിങ്ങളെല്ലാവരും ഇതിൽ വരു
മല്ലോ; ആ നിങ്ങൾ ഞങ്ങൾക്കും ഗോക്കൾക്കും അശ്വങ്ങൾക്കും
വിപുലമായ സുഖം കല്പിച്ചു തരുവിൻ! 4

---

9. രണ്ടുപേർ—മിത്രനും വരുണനും. നെയ്യു ണ്ടമായ്—നെയ്യാകുന്ന ഹവിസ്സു ഉജിച്ചുകൊണ്ടു്.

10. ചിലർ—അത്രികൾ.

സൂക്തം 30.

3. കാത്തരുളുവിൻ—ഉപദ്രവങ്ങളിൽനിന്നു്. രക്ഷിയ്ക്കുവിൻ—സമ്പത്തു് തന്നു്.

4. ഇതിൽ—ഞങ്ങളുടെ യാഗത്തിൽ.

സൂക്തം 31.

മനു ഋഷി; ഗായത്രിയും അനുഷ്ടുപ്പും പംക്തിയും പാദനിചൃത്തും ഛന്ദസ്സുകൾ; യജ്ഞവും യഷ്ടാവും ദമ്പതിമാരും ദേവത.

യജിച്ചവൻ വീണ്ടും യജിയ്ക്കും: പിഴിയും, പചിയ്ക്കും; ഇന്ദ്ര സ്തുതിയിൽത്തന്നെ ഇച്ഛവെയ്ക്കും! 1

പുരോഡാശവും പാൽ പകർന്ന സോമവും ശക്രന്ന് ആർ ന ല്കുമോ, അവനെ തന്തിരുവടി പാപത്തിൽനിന്നു രക്ഷിയ്ക്കുകതന്നെ ചെയ്യും! 2

അവന്നു തിളങ്ങുന്ന തേർ ദേവന്മാരയച്ചുകൊടുക്കും: അവൻ ശത്രുബാധയെല്ലാം ശമിപ്പിച്ച്, അഭിവൃദ്ധിയടയും! 3

അവന്റെ ഗൃഹത്തിൽ, സന്താനങ്ങളോടും കറവപ്പൈക്കളോ ടുംകൂടിയ ഇള വിടാതെനിന്നു നാളിൽനാളിൽ ചുരത്തും! 4

ദേവന്മാരെ, ഏതു ദംപതിമാർ ഒരേമനസ്സോടെ പിഴിയുകയും അരിയ്ക്കുകയും, പതിവായി പാൽ പകന്നു (നല്കുകയും ചെയ്യുമോ), 5

അവരിരുവരും ഭക്ഷ്യങ്ങൾ നേടും; ഒന്നിച്ചു യാഗം ചെയ്യും; അവർ അന്നങ്ങളിൽനിന്നകലുകയില്ല; 6

അവർ ദേവന്മാരിൽ വാക്കുമാറില്ല! തിരുവുള്ളം മറയ്ക്കില്ല; മഹത്തായ അന്നം നിവേദിയ്ക്കും! 7

അവരിരുവരും പുത്രന്മാരോടു—കുമാരന്മാരോടു—കൂടി, പൊന്ന ണിഞ്ഞു, പൂർണ്ണായുസ്സു നേടും! 8

അവർ പ്രീതികരമായ യജ്ഞംകൊണ്ടു ദേവകളെ സുഖിപ്പി യ്ക്കും, പരിചരിയ്ക്കും, ധനം നല്കും; നിലനില്പിന്നായി ലിംഗം യോനിയോടു ചേർക്കും! 9

സൂക്തം 31.

1. വീണ്ടും യജിയ്ക്കും——ദേവന്മാരിൽനിന്നു ധനം കിട്ടുകയാൽ. പിഴി യും——സോമം. പചിയ്ക്കും——പശുപുരോഡാശാദി.

4. ഇള——ഗോദേവത. ചുരത്തും——സന്താനങ്ങളെയും കറവപ്പൈക്കളെയും കൊടുക്കും.

7. വാക്കു മാറില്ല——ഹവിസ്സു നൽകാമെന്നു നേർന്നിട്ടു, നൽകാതിരിയ്ക്കില്ല. തിരുവുള്ളം (നിങ്ങളുടെ പ്രസാദം) മറയ്ക്കില്ല; നേരേമറിച്ചു, വെളിവിൽ സ്തുതിയ്ക്കും.

8. കുമാരന്മാർ——പതിനാറോളം വയസ്സു ചെന്ന ഉണ്ണികൾ.

9. ധനം നൽകും——ദാനയോഗ്യർക്ക്. നിലനില്പ്——വംശസ്ഥിതി, സ ന്താനാഭിവൃദ്ധി.

ഞങ്ങരം പർവതങ്ങളുടെയും, നദികളുടെയും, (ദേവ)സഹിതനായ വിഷ്ണുവിൻെറയും സുഖം വരിച്ചുകൊള്ളുന്നു. 10

ധനം നൽകി തുലോം പോററിപ്പോരുന്ന സേവനീയനായ പൂഷാവു സുഖേന വന്നെത്തട്ടെ: മഹത്തായ മാർഗ്ഗം ക്ഷേമം വരുത്തട്ടെ! 11

എതിരില്ലാത്ത പൂഷദേവനെ എല്ലാവരും ശ്രദ്ധവെച്ചു മതിയാംവരെ സ്തുതിയ്ക്കും: ആദിതേയന്മാരുടെ (ദാനം) അനഘമാണല്ലോ! 12

മിത്രൻ, അര്യമാവ്, വരുണൻ എന്നിവർ നമ്മെ കാത്തരുളമാറു, യജ്ഞമാർഗ്ഗം സുഗമമായിത്തീരട്ടെ! 13

നിങ്ങളിൽ മുമ്പനും, പുരുപ്രിയനും, ഒരു സുഹൃത്തെന്നപോലെ കർമ്മസാധകനുമായ അഗ്നിദേവനെ ഞങ്ങരം ധനലബ്ധിയ്ക്കായി പരിചരിച്ചു സ്തുതിയ്ക്കുന്നു. 14

ദേവകേതൻെറ രഥം, ഒരു ശൂരൻ വല്ല പടയിലുമെന്നപോലെ പായും. യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമർത്തും! 15

യഷ്ടാവേ, ഭവാനും, പിഴിയുന്നവനേ, ഭവാനും, ദേവകാമ, ഭവാനും ക്ഷയം വരില്ല: യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമർത്തും! 16

യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിയ്ക്കാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമർത്തും; അവനോടു കർമ്മംകൊണ്ട് ആരും അടുക്കില്ല; അവനു വേറുപാടോ വീതംവെപ്പോ സംഭവിയ്ക്കില്ല! 17

അവനു നല്ല വീര്യവും കുതിച്ചോടുന്ന കുതിരക്കൂട്ടവും കൈവരും; യാതൊരു യഷ്ടാവു ദേവന്മാരെ പ്രസാദിപ്പിപ്പാൻ നോക്കുമോ, അവൻ അയഷ്ടാക്കളെ കീഴമർത്തും! 18

രണ്ടാമധ്യായം സമാപ്തം.

---

10. പർവതങ്ങളുടെ സുഖം സ്ഥിരത; നദികളുടെ സുഖം തീരത്തു മുനികളുടെയും മററും ജപാനുഷ്ഠാനം; വിഷ്ണുവിൻെറ സുഖം ശത്രുവധം.

11. മാർഗ്ഗം—പൂഷാവു വന്നാൽ, മാർഗ്ഗം ക്ഷേമകരമായി!

14. ദേവന്മാരോടു പ്രത്യക്ഷോക്തി:

15. അയഷ്ടാക്കരം—യജ്ഞംചെയ്യാത്തവർ.

16. പിഴിയുന്നവൻ—സോമം.

17. വേറുപാട്—സ്വസ്ഥാനവിയോഗം. വീതംവെപ്പ്—പുത്രാദികളുമായി സ്വത്തു ഭാഗിയ്ക്കൽ.

മൂന്നാമധ്യായം.

സൂക്തം 32.

കണ്വഗോത്രൻ മേധാതിഥി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഋജീഷയുതനാമിന്ദ്രൻ സോമത്താൽ മത്തുടിയ്ക്കുവേ
ചെയ്തുവെച്ചവയെപ്പാടിവാഴ്ത്തുവിൻ, നിങ്ങൾ കണ്വരേ: 1
സൃബിന്ദൻ, പിപ്രുവും, ദാസ,നനർശനി, മഹീശ്രുവൻ
ഇവരെക്കൊന്നുവല്ലോ, നീരൊഴുക്കാനുഗ്രനാമിവൻ! 2
തടക്കന്നേ പെരുംകാർതന്നിടം കുത്തിപ്പൊളിയ്ക്കു, നീ:
കല്പിച്ചുകാണിയ്ക്കുണ,മൊന്നിന്ദ്ര, നീയപ്പരാക്രമം! 3
കേൾപ്പാൻ, നിങ്ങളെ രക്ഷിപ്പാൻ, തണ്ണീർക്കഭ്രത്തെയാംവിധം
വിളിയ്ക്കുവൻ, നല്ലണകളുള്ള വിക്രമവാനെ ഞാൻ! 4
ഒരൻപു തോന്നിയാൽശ്ശൂര, ഗോത്തുരംഗത്തൊഴുത്തു നീ
തുറന്നരുളമേ, സോമയോഗ്യർക്കു പുരിപോലവേ! 5
എൻവാഴ്ത്തലിൽത്താൻ നീരിൽത്താനിമ്പംകൊൾവവനെങ്കിൽ,നീ
ഭക്ഷ്യവും തരുവോനെങ്കിൽ,ദൂരാൽ വരിക, സാന്നനായ്! 6
നിന്നെ സ്തുതിപ്പതുണ്ടല്ലോ, ഞങ്ങളിന്ദ്ര, നുതിപ്രിയ:
സോമം നുകരുവോനേ, നീയാമോദിപ്പിയ്ക്കുകെ,ഞങ്ങളെ! 7
ഞങ്ങൾക്കു കൊണ്ടുവന്നാലു,മക്ഷയാന്നം രസേന നീ:
മഘവാവേ, തിരുവടിയ്ക്കുണ്ടല്ലോ, വളരെദ്ധനം! 8

സൂക്തം 32.

1. കണ്വർ—കണ്വഗോത്രർ.

2. സൃബിന്ദൻമുതൽ അഞ്ചുപേരും അസുരന്മാരാകുന്നു. നീരൊഴുക്കാൻ—മഴപെയ്യാൻ. ഉഗ്രൻ—തേജസ്വി.

3. തടക്കന്ന—വെള്ളം പുറത്തെയ്യു വിടാത്ത.

4. സ്തോതാക്കളോട്: കേൾക്കാൻ—സ്തുതികൾ. തണ്ണീർക്കഭ്രത്തെയാംവിധം—വെള്ളം കിട്ടാൻ മേഘത്തെ എന്നപോലെ. അണകൾ=അണക്കെട്ടുകൾ.

5. ഇന്ദ്രനോടു നേരിട്ട്: സോമയോഗ്യർ—യജമാനന്മാർ.

6. എന്റെ സ്തുതിയിലോ, നീരിലോ (സോമരസത്തിലോ). ദൂരാൽ=അകലത്തുനിന്ന്. സാന്നനായ്—അന്നത്തോടുകൂടി.

8. രസേന—പ്രീതിയോടേ.

അശ്വത്തെയും ഗോവിനെയും പൊന്നുമെങ്ങൾക്ക നല്ക, നീ:
സമൃദ്ധരായ്പ്പ്രഭവിയ്ക്കുവൂ, ഞങ്ങളന്നങ്ങളാലുമേ! 9

താങ്ങാൻ തൃക്കൈകൾ നീട്ടുന്ന വിപുലസ്തവനാർഹനെ,
കാക്കാൻ തക്കതെന്നഷ്ഠിയ്ക്കുന്നോനെ ഞങ്ങൾ വിളിയ്ക്കുവോം! 10

അവിടുന്നടരിൽപ്പ്രഭൂരികർമ്മാവ,തത്തു ചെയ്യുവോൻ,
വൃത്രാന്തകൻ, സ്തുതിയ്ക്കുന്നോക്കരുസമ്പത്തു വെച്ചവൻ! 11

അശ്ശക്രനിന്ദ്രൻ ദാതാവു ശക്തരാക്കട്ടെ, നമ്മെയും;
അടയ്ക്കട്ടേ, പഴുതുകളെല്ലാരക്ഷകളാലുമേ! 12

ആർ സമ്പത്തു ഭരിയ്ക്കുന്നോൻ, മഹാൻ ശുഭസമാപനൻ,
പിഴിവോനു സഖാവാരാ,യിന്ദ്രന്നായ് നിങ്ങൾ പാടുവിൻ: 13

നിയന്താവു, മഹാൻ, പോരിൽ സ്ഥിര, നന്നമടക്കുവോൻ,
ബലത്താൽത്തന്തിരുവടി ബഹുസ്വത്തിന്നധീശ്വരൻ! 14

അവൻെറ ശുഭകർമ്മങ്ങൾക്കില്ല, മേലാളിയായൊരാൾ;
അവന്നൌദാര്യമില്ലെന്നു മിണ്ടിപ്പോകില്ലൊരുത്തനും! 15

ഭുജിയ്ക്കുവാനായ്പ്പിഴിയും ബ്രാഹ്മണക്കില്ലതാൻ, കടം;
വിത്തം വളരെയില്ലാത്ത മർത്ത്യൻ സോമം കുടിച്ചിടാ! 16

സ്തുത്യന്നേ പാടുവിൻ,ചാരേ; സ്തുത്യന്നേ ചൊൽവിനുക്ഥവും;
സ്തുത്യന്നുതന്നെയർപ്പിപ്പിൻ നിങ്ങളാഹുതിവസ്തുവും! 17

---

10. പരോക്ഷോക്തി: താങ്ങാൻ---ലോകത്തെ. വിപുലസ്തവനാർഹൻ---വലിയ സ്തുതിയ്ക്കർഹൻ. വിളിയ്ക്കുവോം = വിളിയ്ക്കുന്നു.

11. അതത്---ശത്രുവധാദി. സ്തുതിയ്ക്കുന്നോക്ക്---സ്തോതാക്കൾക്ക കൊടുപ്പാൻ.

12. പഴുതുകൾ---ആപൽപ്രവേശദ്വാരങ്ങൾ.

13. ശുഭസമാപനൻ---കർമ്മത്തെ ശുഭമാംവണ്ണം അവസാനിപ്പിയ്ക്കുന്നവൻ. ഇന്ദ്രന്നായ്---ഇന്ദ്രനെക്കുറിച്ച്.

14. അടക്കുവോൻ---അധീനമാക്കുന്നവൻ.

16. കടം---ദേവകൾക്ക വീട്ടേണ്ടുന്ന ഋണം. സോമം കുടിച്ചിടാ---ബഹുധനവ്യയംകൊണ്ടേ സോമയാഗം സാദ്ധ്യമാകൂ.

17. സ്തോതാക്കളോട്: സ്തുത്യന്നേ---സ്തുത്യനായ ഇന്ദ്രനെക്കുറിച്ചുതന്നെ. പാടുവിൻ---സാമം. ഉത്തരാദ്ധം അദ്ധ്വര്യുക്കളോട്; ആഹുതിവസ്തു---ഹവിസ്സ്.

നൂറുമായിരവുംപേരെ സ്തുത്യനിന്ദ്രൻ പിളൎത്തുമേ;
എതിരില്ലാത്ത ബലവാൻ യജ്വാക്കളെ വളൎത്തുമേ! 18

ഇന്ദ്ര, മൎത്ത്യൻെറയന്നത്താലമരേത്തു കഴിയ്ക്ക, നീ;
സോമം കുടിയ്ക്കയുംചെയ്ക, സമാഹ്വാതവ്യനാം ഭവാൻ! 19

കറവപ്പയ്യിനാൽ മേടിച്ചതും, തണ്ണീർ പകൎന്നതും,
നിൻേറതുമാമിസ്സോമത്തെ നുകൎന്നരുളുകി,ന്ദ്ര, നീ! 20

ചൊടിച്ചു പിഴിയുന്നോനെ,യദേശേ പിഴിവോനെയും
കടന്നുപോരുക: നുകൎന്നരുളുകീ,ത്തന്ന നീർ ഭവാൻ! 21

മൂന്നിടത്തും വരണമേ, ദൂരാൽ: പഞ്ചജനങ്ങളെ
കടന്നു പോന്നുകൊണ്ടാലും, സ്തവനം കേട്ടറിഞ്ഞ നീ! 22

പൊഴിയ്ക്ക, സൂര്യൻ കതിർപോ;ലെൻെറ ചൊല്ലുകളൊപ്പമേ
നിങ്കലെത്തട്ടെ, തണ്ണീർകൾ നിമ്നസ്ഥാനത്തുപോലവേ! 23

അധ്വര്യോ, നീ സുഹനുവാം വീരന്നായ്പ്പകൎത്രു, ദ്രുതം:
കൊണ്ടുവന്നീടുക, പിഴിഞ്ഞുള്ള സോമം കുടിയ്ക്കുവാൻ. 24

ഇവൻ നീർക്കായ് മുകിൽ പിളൎത്തംഭസ്സിങ്ങോട്ടൊഴുക്കിനാൻ;
പൈക്കളിൽപ്പക്വമായുള്ള പാലും നിൎത്തീടിനാനിവൻ! 25

---

18. പേരെ——ശത്രുക്കളെ.

19. സമാഹ്വാതവ്യൻ=വഴിപോലെ വിളിയ്ക്കപ്പെടേണ്ടവൻ.

20. കറവപ്പയ്യിനാൽ — ഒരു കറവപ്പയ്യിനെ വിലയായിക്കൊടുത്ത്. നിൻേറത്——ദവാന്നായി വെയ്ക്കപ്പെട്ടത്.

21. ചൊടിച്ചു——ക്രോധത്തോടേ. അദേശേ——കൊള്ളരുതാത്തേടത്ത്. കടന്നുപോരുക——അവരുടെ അടുക്കൽ നിൽക്കരുത്. ഈത്തന്ന നീർ——ഞങ്ങൾ തക്ക സ്ഥലത്തുവെച്ചു പിഴിഞ്ഞുതന്ന ഈ സോമരസം.

22. മൂന്നിടത്തും——മുമ്പിലും പിമ്പിലും പാർശ്വത്തിലും. സ്തവനം——ഞങ്ങളുടെ സ്തുതി.

23. സൂര്യൻ രശ്മി പൊഴിയ്ക്കുന്നതുപോലെ, ഭവാൻ എനിയ്ക്കു ധനം പൊഴിച്ചാലും. ചൊല്ലുകൾ——സ്തുതികൾ. നിമ്നസ്ഥാനം=താന്നേടം.

24. സുഹനു=നല്ല അണക്കടകളുള്ളവൻ. പകൎത്രു——പാത്രത്തിൽ. കുടിയ്ക്കുവാൻ——ഇന്ദ്രന്ന്.

25. നീർക്കായ്——വെള്ളത്തിന്നുവേണ്ടി. അംഭസ്സ്——ജലം.

തേജോയുതൻ വൃത്രനെയുമൌർണ്ണവാഭനെയും സ്വയം
അഹീശ്രുവനെയും കൊന്നാൻ; മേഘം മഞ്ഞാൽപ്പിളർത്തിനാൻ! 26
ചെറുത്തുനിന്നുഗ്രനെവൻ കീഴമർത്തു കടന്നുപോം;
പാടുവിൻ, നിങ്ങളവനെപ്പറ്റിദ്ദേവാപ്തമാം സ്തവം! 27
ഈയിന്ദ്രൻ, സോമപാനത്താലൊരു മത്തു പിടിയ്ക്കവേ
വെളിപ്പെടുത്തിനാനല്ലോ, കർമ്മമെല്ലാമമർത്ത്യരിൽ! 28
ഒപ്പമേ മത്തുകൊള്ളുന്നാപ്പൊൻകേസരഹരിദ്വയം
ഇങ്ങോട്ടു കൊണ്ടുപോരട്ടേ, ഹിതമാമന്നമുണ്ണുവാൻ! 29
യജ്ഞപ്രിയർ പുകഴ്ത്തിപ്പോരുന്നാ ഹരികളങ്ങയെ
ഇങ്ങോട്ടു കൊണ്ടുവരുമേ, സോമമുണ്ണാൻ പുരുസ്തുത! 30

സൂക്തം 33.

കണ്വഗോത്രൻ മേധ്യാതിഥി ഋഷി; ബൃഹതിയും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

വൃത്രഹന്താവേ, പിഴിഞ്ഞ ഞങ്ങൾ ഭവാങ്കൽ, തണ്ണീരുകൾ പോലെ (അണയുന്നു); സ്തോതാക്കളും ദർഭ മുറിച്ചു, സോമനീരരിച്ചു ഭവാനെ പര്യുപാസിയ്ക്കുന്നു. 1

വസോ, നേതാക്കൾ സോമം പിഴിഞ്ഞ്, അങ്ങയെ പുറപ്പെടുവിയ്ക്കാൻ ഉക്ഥങ്ങൾ ഉച്ചരിയ്ക്കുന്നു: ഇന്ദ്ര, അവിടുന്നു നീരിന്നു ദാഹി

---

26. തോജോയുതൻ—തേജസ്വിയായ ഇന്ദ്രൻ. ഔർണ്ണവാഭനും അഹീശ്രുവനും അസുരന്മാരത്രേ.

27. ഉദ്ഗാതാക്കളോട്: കീഴമർത്തുക—ശത്രുക്കളെ. അവനെ—ആ ഇന്ദ്രനെ. ദേവാപ്തം—ദേവപ്രസാദത്താൽ കിട്ടിയത്.

29. പൊൻകേസരഹരിദ്വയം = കനകക്കഞ്ചിരോമങ്ങളുള്ള രണ്ടു ഹരികൾ. കൊണ്ടുപോരട്ടെ—ഇന്ദ്രനെ. അന്നം—സോമരസം.

30. യജ്ഞപ്രിയർ—യഷ്ടാക്കൾ.

സൂക്തം 33.

1. തണ്ണീരുകൾ താന്നേടത്തെന്നപോലെ. പര്യുപാസിയ്ക്കുന്നു = സമീപിയ്ക്കുന്നു.

ച്ചുകൊണ്ട്, ഒരു മുക്രയിടുന്ന കാളപോലെ എപ്പോഠം സ്ഥാനത്തു
വന്നെത്തും? 2

ധൃഷ്ണോ, ഒരായിരം ക്രൂസലില്ലാത്ത അന്നം കണ്വന്മാർക്കു
തരിക: കാഴ്ച തെളിഞ്ഞ മഘവാവേ, മഞ്ഞച്ച അന്നവും ഗോക്ക
ളെയും ഞങ്ങഠം ഭവാനോടു ശീഘ്രം യാചിയ്ക്കുന്നു! 3

മേധ്യാതിഥേ, നീ സോമം കുടിയ്ക്കുക, അതിന്റെ മത്തിൽ
ഇന്ദ്രനെപ്പററി പാടുക: പൊന്നിൻതേരിൽ ഇരുഹരികളെ പൂട്ടുന്ന
വനും, പിഴിഞ്ഞാൽ തുണയ്ക്കുന്നവനുമാണല്ലോ, ഈ വജ്രീ! 4

നല്ല ഇടംവലംകൈകളുള്ളവൻ, ഈശ്വരൻ, ശോഭനേപ്ര
ജ്ഞൻ, ആയിരം ചെയ്യുവൻ, ബഹുധനൻ, പുരികഠം പിളർത്ത
വൻ, സുസ്ഥിരൻ—ഇപ്രകാരമുള്ള ഇന്ദ്രനെ ഞങ്ങഠം സ്തുതിയ്ക്കുന്നു. 5

ധർഷകൻ, എതിർക്കപ്പെടാത്തവൻ, പടകളിൽ പയററിയ
വൻ, സമ്പത്തേറിയവൻ, പിഴിയിയ്ക്കുന്നവൻ—ഇപ്രകാരമുള്ള പു
രുസ്തുതൻ കർമ്മശക്തന്ന് ഒരു പയ്യുപോലെയാണ്! 6

പിഴിഞ്ഞാൽ ഒപ്പം കുടിയ്ക്കുന്ന തന്തിരുവടിയെ ആരറിയും?
എന്തൊരന്നം തിരുവയററിലാക്കും? നല്ല അണക്കടയുള്ള അവിടു
ന്നു സോമത്തിന്റെ മത്തിൽ പുരികഠം ബലേന പിളർത്തും! 7

മാററാനെത്തേടുന്ന മതംഗജം മദനീരെന്നപോലെ, താൻ വള
രെയിടങ്ങളിൽ മത്തുകൊള്ളും. അങ്ങയെ ആരും പിടിച്ചുനിർ
ത്തില്ല: സോമത്തിന്നു വരിക; കെല്പോടേ ചുററിനടക്കുന്ന മഹാ
നാണല്ലോ, അവിടുന്ന്! 8

---

2. നീരിന്നു ദാഹിച്ചുകൊണ്ട്—സോമനീരിൽ തൃഷ്ണയോടേ. സ്ഥാനത്തു—യജ്ഞസദനത്തിൽ.

3. ക്രൂസലില്ലാത്ത— നിർഭയമായ.

4. തന്നോടുതന്നേ പറയുന്നു:

5. ആയിരം—അസംഖ്യകർമ്മങ്ങഠം. സുസ്ഥിരൻ—കർമ്മങ്ങളിൽ.

6. പയ്യു പാൽ കൊടുക്കുന്നതുപോലെ, ഇന്ദ്രൻ കർമ്മശക്തന്ന് (യഷ്ടാവിന്ന്) അഭീഷ്ടങ്ങഠം നല്കും.

7. ഒപ്പം—ഋത്വിക്കോടുകൂടി. എന്തൊരന്നം തിരുവയററിലാക്കും—എന്തൊരന്നമായിരിയ്ക്കും, അവിടെയ്ക്കു പ്രിയം? പുരികഠം—അസുരനഗരികഠം.

8. മതംഗജം = ആന. താൻ—ഇന്ദ്രൻ. അടുത്ത വാക്യം പ്രത്യക്ഷോക്തി:

യാതൊരുഗ്രൻ ദുസ്തരനായി, ഉറപ്പോടേ, പോരിന്നു കോപ്പു ണിയുമോ; ആ മഘവാവായ ഇന്ദ്രൻ സ്തോതാവിന്റെ വിളി കേട്ടാൽ വിട്ടുപോകില്ല, വരും! 9

ഉഗ്ര, തീർച്ചയായും ഭവാൻ ഇങ്ങനെ വർഷിയ്ക്കും; വൃഷാക്കളാൽ ഞങ്ങളിൽ എത്തിയ്ക്കപ്പെട്ടും. ദൂരത്തു വൃഷാവെന്നു കേൾവിപ്പെട്ടവനാണല്ലോ, ഭവാൻ; ചാരത്തും വൃഷാവെന്നു വിശ്രുതൻതന്നെ! 10

മഘവാവേ, ഭവാന്റെ കടിഞ്ഞാണുകൾ വൃഷാക്കളാണ്; പൊന്നിൻചമ്മട്ടി വൃഷാവാണ്; പള്ളിത്തേർ വൃഷാവാണ്; ഹരികൾ വൃഷാക്കളാണ്; ശതക്രതോ, ഭവാനും വൃഷാവാണ്! 11

വൃഷാവേ, അങ്ങയ്ക്കായി പിഴിയുന്നവൻ വൃഷാവായി പിഴിയട്ടെ: ഋജീഷിൻ, കൊണ്ടുവന്നാലും. ഹരികളുടെ മുന്നിൽ നില്ക്കുന്നവനേ, അങ്ങയ്ക്കായി വൃഷാവു വൃഷാവിനെ വെള്ളത്തിലിട്ടിരിയ്ക്കുന്നു! 12

ഇന്ദ്ര, മഹാബല, അങ്ങ് സോമമധു നുകരാൻ വന്നാലും: (വരാഞ്ഞാൽ) സുകർമ്മാവായ മഘവാവു സ്തുതികളും സ്തോത്രങ്ങളും ശസ്ത്രങ്ങളും നേരേ കേൾക്കില്ലല്ലോ! 13

വൃത്രഘ്ന, ശതക്രതോ, തേരിലിരിയ്ക്കുന്ന സ്വാമിയായ ഭവാനെ തേർക്കുതിരകൾ അന്യസവനങ്ങളെത്തള്ളി, ഇങ്ങോട്ടു കൊണ്ടുപോരട്ടെ! 14

മഹാമഹ, അവിടുന്നു ഞങ്ങളുടെ തുലോം അടുത്ത സ്തോത്രം ഉൾക്കൊണ്ടാലും: തിളങ്ങുന്നവനേ, സോമപായിൻ, അങ്ങയുടെ മത്തിന്നായി ഞങ്ങൾ പിഴിഞ്ഞത് ഏററവും സുഖമുളവാക്കട്ടെ! 15

ആർ നമ്മെ നയിച്ചുപോന്നുവോ, ആ വീരന്നു നിന്നെയോ എന്നെയോ അന്യനെയോ ശാസിയ്ക്കുന്നതു പ്രിയമല്ല! 16

---

9. പരോക്ഷോക്തി:

10. പ്രത്യക്ഷോക്തി: വർഷിയ്ക്കും—അഭീഷ്ടങ്ങളെ. വൃഷാക്കൾ—യുവാശ്വങ്ങൾ.

11. എല്ലാ വൃഷശബ്ദത്തിന്നും, വർഷി എന്നുതന്നെയാണർത്ഥം.

12. കൊണ്ടുവന്നാലും—ഞങ്ങൾക്കു ധനം. വൃഷാവ്—പിഴിയുന്നവൻ. വൃഷാവിനെ—സോമത്തെ.

13. രണ്ടാംവാക്യം പരോക്ഷം: ശസ്ത്രങ്ങൾ—ഉക്ഥങ്ങൾ.

15. മഹാമഹ—മഹാന്മാരിൽവെച്ചു മഹാനേ.

16. പരോക്ഷോക്തി: ശാസിയ്ക്കുന്നതു പ്രിയമല്ല—രക്ഷിയ്ക്കുന്നതേ പ്രിയമാകൂ.

ഇന്ദ്രൻതന്നെ അരുളിച്ചെയ്തിരിയ്ക്കുന്നു: —'സ്ത്രീയുടെ മനസ്സ്' അട ക്കിനിർത്താവുന്നതല്ല.' ബുദ്ധിയ്ക്കു കനമില്ലെന്നും പറയുകയുണ്ടായി! 17

അശ്വങ്ങളും മത്തിന്നായി നടകൊള്ളുമ്പോൾ രണ്ടെണ്ണം ചേ ന്നാണ്', വൃഷാവിന്റെ തേർ വലിയ്ക്കുന്നതു'; ഇത്രമേലുണ്ട്', കനം! 18

'നീ കീഴ്'പോട്ടു നോക്കു, മേല്പോട്ടരുത്'. കാലടികൾ ചേ ർത്തുവെയ്ക്കുക. നിന്റെ കണങ്കാലുകൾ കാണപ്പെടരുത്': ഒരു ബ്രാ ഹ്മണനായിരുന്ന നീ പെണ്ണായിപ്പോയല്ലോ!' 19

സൂക്തം 34.

കണ്വഗോത്രൻ നീപാതിഥി ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ' പോലെ)

ഇന്ദ്ര, കണ്വന്റെ നൽസ്തുതി കേൾപ്പാൻ
വന്നാലും, ഹരിയുക്തനായ്';
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്ക്കെഴുന്നള്ളുക! 1

ഉച്ചത്തിൽ വിളിച്ചെത്തിയ്ക്കു, നിന്നെ—
യിച്ചതകല്ല സോമിയായ്';

---

17. മേധ്യാതിഥിയ്ക്കു ധനം കൊടുത്തുപോന്ന പ്രയോഗപുത്രൻ ആസംഗൻ പുരുഷത്വം വിട്ടു സ്ത്രീയായിപ്പോയി. അപ്പോൾ ഇന്ദ്രൻ പറഞ്ഞതാണ്', ഈ ഋക്കിലെ വിഷയം.

18. മത്തിന്നായി—സോമം കുടിപ്പാൻ.

19. സ്ത്രീയായിത്തീർന്ന പ്രയോഗപുത്രനോട്' ഇന്ദ്രൻ പറഞ്ഞത്'. ചേർ ത്തുവെയ്ക്കുക—പുരുഷനെപ്പോലെ അകത്തി വെയ്ക്കരുത്'. കാണപ്പെടരുത്'— കണങ്കാലുകൾ മറയത്തക്കവണ്ണംവേണം, വസ്ത്രമുടുക്കുക.

സൂക്തം 34.

1. ദീപ്തഹവ്യ—തിളങ്ങുന്ന ഹവിസ്സോടുകൂടിയവനേ. എഴുന്നള്ളുക— ഹവിസ്സു ഭക്ഷിച്ചിട്ടു, തിരിയേ പോയ്ക്കൊൾക.

വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 2

ആകമ്പിപ്പിപ്പതുണ്ടി,തിൻെറ ചു–
ററാ,ടിനെച്ചെന്നായ്പോലവേ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 3

അങ്ങയെ വിളിയ്ക്കുന്നു, കണ്വന്മാ–
രിങ്ങന്നാപ്തിയ്ക്കും, രക്ഷയ്ക്കും;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 4

വായുവിന്നെന്നപോലേ, മുന്പുണ്മാ–
നായങ്ങയ്ക്കേകാം, സോമം ഞാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 5

എങ്ങളിൽ വരികൊ,ക്കെത്താങ്ങുന്ന
വിൺകുടുംബി നീ രക്ഷിപ്പാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 6

എങ്ങളിൽ വരികെ,ണ്ണാസ്വത്തുള്ള
തുംഗധീ ലക്ഷരക്ഷൻ നീ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യെഴുന്നള്ളുക! 7

---

2. ചതകല്ല്—അമ്മിക്കുഴ. ചതയ്ക്കുമ്പോഴത്തെ ഒച്ചതന്നെ, വിളി. സോമി = സോമത്തോടുകൂടിയത്.

3. ഇതിൻെറ, (അമ്മിക്കുഴയുടെ) ചുററ് (ചതയ്ക്കുന്ന ഭാഗം) ആകമ്പിപ്പിപ്പതുണ്ട്—സോമലതയെ ഇളക്കുന്നുണ്ട്. ആടിനെ—ചെന്നായിനെ കണ്ടാൽ ആട് ആകമ്പിയ്ക്കു(പേടിച്ചു വിറയ്ക്കു)മല്ലോ.

4. ഇങ്ങ്—യജ്ഞത്തിൽ.

5. വായുവിന്നത്രേ, യാഗത്തിൽ ആദ്യം സോമം.

6. ഒക്കെ—ജഗത്തെല്ലാം. വിൺകുടുംബി—സ്വർഗ്ഗത്തിലെ ഗൃഹസ്ഥൻ.

7. എണ്ണാസ്വത്ത് = അസംഖ്യധനം. തുംഗധീ = മഹാമതി. ലക്ഷരക്ഷൻ—വളരെ വളരെ രക്ഷകളുള്ളവൻ.

മത്ത്യസ്ഥാപിതൻ ഹോതാവു,മ്പരിൽ
സ്തുത്യൻ വരുത്തുകങ്ങടയെ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 8

എത്തിയ്ക്കു, നിന്നെദ്ദർപ്പഘ്നാശ്വങ്ങൾ,
പത്രം പരുന്തിനെപ്പോലേ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 9

സ്വാമിൻ, സർവത്ര വന്നാലും, സ്വാഹാ
സോമം കുടിപ്പാനായ്ബ്ഭവാൻ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 10

ഞങ്ങൾക്കുക്ഥം കേൾപ്പാൻ വന്നാലും, ഭവാ—
നെങ്ങളെത്തോഷിപ്പിച്ചാലും;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 11

ഒററമട്ടൊക്കമെശ്വങ്ങളുമായ്—
പൃഷ്ഠാശ്വ, വരികെങ്ങളിൽ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 12

വന്നാലും, ഭവാൻ പർവതങ്ങളിൽ
നിന്നും വാനിങ്കൽനിന്നുമേ;

---

8. മത്ത്യസ്ഥാപിതൻ——മനുഷ്യരാൽ ഗൃഹത്തിൽ പ്രതിഷ്ഠിയ്ക്കപ്പെട്ടവൻ. ഉമ്പരിൽ——ദേവന്മാരിൽവെച്ച് സ്തുത്യനായ ഹോതാവ് (ദേവഹോതാവായ അഗ്നി) അങ്ങയെ ഇവിടെ വരുത്തട്ടെ.

9. ദർപ്പഘ്നാശ്വങ്ങൾ——ശത്രുഗർവു നശിപ്പിയ്ക്കുന്ന ഹരികൾ. പത്രം=ചിറക്. ചിറകുകൾ പരുന്തിനെയെന്നപോലെ, രണ്ടു ഹരികൾ നിന്നെ എത്തിയ്ക്കു—കൊണ്ടുവരട്ടെ.

12. ഒററമട്ടൊക്കം——ഏകരൂപങ്ങളായ. പൃഷ്ഠാശ്വ——അശ്വങ്ങളെ പോററുന്നവനേ.

വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 13

ആയിരമശ്വഗോക്കളെ ഞങ്ങൾ—
ക്കായരുളുക, ശൂര, നീ;
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 14

ആയിരം, പതിനായിരം, നൂറു—
മായാനയിക്കു, ഞങ്ങൾക്കായ്
വിൺഭരിപ്പോനേ, ദീപ്തഹവ്യ, നീ
വിണ്ണിലെയ്യേഴുന്നള്ളുക! 15

ആയിരം വസുരോചിസ്സുകളാ—
മീയുള്ളവരുമിന്ദ്രനും
കൈക്കൊണ്ടുവല്ലോ, നാല്ക്കാലികളെ—
യൂക്കാളും തുരഗങ്ങളെ; 16

നേരേ നടന്നു പാഞ്ഞൊഴുകുമാ
മാരുതോപമവേഗികൾ
സൂരനെപ്പോലെ സംശോഭിക്കുന്നു,
പാരം പടർന്ന തേജസ്സാൽ! 17

തേരുരുളിനെശ്ശീഘ്രം വലിച്ചു—
പോരുമത്തുരഗങ്ങളെ
ആരണ്യഭൂവിൽവെച്ചല്ലോ വാങ്ങീ,
പാരാവതങ്കൽനിന്നു ഞാൻ! 18

---

14. അരുളുക—കല്പിച്ചുതന്നാലും.

15. ആനയിക്കു—അഭീഷ്ടവസ്തുക്കൾ കൊണ്ടുവന്നാലും.

16. വസുരോചിസ്സുകളായ, അംഗിരോഗോത്രരായ, ഈയുള്ളവർ (ഞങ്ങൾ) ആയിരംപേരും, ഞങ്ങളുടെ നേതാവായ ഇന്ദ്രനും പാരാവതങ്കൽനിന്നു തുരഗങ്ങളെ സ്വീകരിച്ചു.

17. പാഞ്ഞൊഴുകും—ജലപ്രവാഹസാദൃശ്യം ധ്വനിക്കുന്നു. ആ മാരുതോപമവേഗികൾ—കാററിന്നൊത്ത വേഗമുള്ള തുരഗങ്ങൾ. സൂരൻ=സൂര്യൻ.

18. ആരണ്യഭൂവ്=വനപ്രദേശം. പാരാവതൻ—ഒരു രാജാവ്. ഞാൻ—ഞങ്ങൾ ആയിരം പേർ.

സൂക്തം 35

അത്രിഗോത്രൻ ശ്യാവാശ്വൻ ഋഷി; ഉപരിഷ്ടാജ്ജ്യോതിസ്സും പംക്തിയും മഹാബൃഹതിയും ഛന്ദസ്സുകരം; അശ്വികരം ദേവത.

അശ്വികളേ, അഗ്നി, ഇന്ദ്രൻ, വരുണൻ, വിഷ്ണു, ആദിത്യർ, രുദ്രർ, വസുക്കരം എന്നിവരോടൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം സോമം കുടിയ്ക്കുവിൻ! 1

ബലവാന്മാരായ അശ്വികളേ, എല്ലാ പ്രജകളോടും ഭുവനത്തോടും വിണ്ണിനോടും മന്നിനോടും മലകളോടുമൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം സോമം കുടിയ്ക്കുവിൻ! 2

അശ്വികളേ, മുപ്പത്തിമൂന്നു ദേവകളെല്ലാവരോടും തണ്ണീരുകളോടും മരുത്തുക്കളോടും ഭൃഗുക്കളോടുമൊന്നിച്ച്, ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ഇവിടെ സോമം കുടിയ്ക്കുവിൻ! 3

അശ്വിദേവന്മാരേ, യജ്ഞത്തിൽ വരുവിൻ: എന്റെ വിളി കേരംക്കുവിൻ: ഇവിടെ എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ. ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ഞങ്ങരംക്ക് അന്നം കൊണ്ടുവരുവിൻ! 4

അശ്വിദേവന്മാരേ, നിങ്ങരം, രണ്ടു യുവാക്കന്മാർ കന്യകമാരുടെ വിളിയെന്നപോലെ, ഇവിടെ സ്തോത്രം കേരംക്കുവിൻ: എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ഞങ്ങരംക്ക് അന്നം കൊണ്ടുവരുവിൻ! 5

അശ്വിദേവന്മാരേ, സ്തുതി കേരംക്കുവിൻ, യജ്ഞത്തിൽ വരുവിൻ. ഇവിടെ എല്ലാസ്സവനങ്ങളിലും സന്നിഹിതരാകുവിൻ: ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ഞങ്ങരംക്ക് അന്നം കൊണ്ടുവരുവിൻ! 6

അശ്വികളേ, നിങ്ങരം വെള്ളത്തിൽ രണ്ടു ഹാരിദ്രവങ്ങരം പോലെയും രണ്ടു പോത്തുകരംപോലെയും സോമനീരിൽ അണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം മൂന്നു വഴിയ്ക്കു വരുവിൻ! 7

സൂക്തം 35.

7. ഹാരിദ്രവം—ഒരുതരം പക്ഷി. മൂന്നു വഴിയ്ക്ക്—ദ്യോവ്, അന്തരിക്ഷം, ഭൂവ് എന്നീ മൂന്നുവഴികളിലൂടേ.

അശ്വികളേ, നിങ്ങരം, രണ്ടു ഹംസങ്ങരംപോലെയും രണ്ടു വഴിപോക്കർപോലെയും രണ്ടു പോത്തുകരംപോലെയും സോമനീരിൽ പറന്നണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം മൂന്നു വഴിയ്ക്കു വരുവിൻ! 8

അശ്വികളേ, നിങ്ങരം ഹവിർദ്ദാതാവിന്നുവേണ്ടി, രണ്ടു പരുന്തുകരംപോലെയും രണ്ടു പോത്തുകരംപോലെയും സോമനീരിൽ പറന്നണയാറുണ്ടല്ലോ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം മൂന്നു വഴിയ്ക്കു വരുവിൻ! 9

അശ്വികളേ, കുടിയ്ക്കുവിൻ, തൃപ്തിപ്പെടുവിൻ, വരുവിൻ. ഞങ്ങളിൽ സന്തതി നിലനിർത്തുവിൻ, സമ്പത്തും നിലനിർത്തുവിൻ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ബലവും നിലനിർത്തുവിൻ! 10

അശ്വികളേ, ജയിയ്ക്കുവിൻ; സ്തോതാക്കളെ രക്ഷിയ്ക്കുവിൻ. ഞങ്ങളിൽ സന്തതി നിലനിർത്തുവിൻ, സമ്പത്തും നിലനിർത്തുവിൻ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ബലവും നിലനിർത്തുവിൻ! 11

അശ്വികളേ, ശത്രുക്കളെ കൊല്ലുവിൻ, മിത്രങ്ങളിൽ ചെല്ലുവിൻ. ഞങ്ങളിൽ സന്തതി നിലനിർത്തുവിൻ, സമ്പത്തും നിലനിർത്തുവിൻ; ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങരം ബലവും നിലനിർത്തുവിൻ! 12

അശ്വികളേ, നിങ്ങരം മിത്രാവരുണന്മാരോടും ധർമ്മത്തോടും മരുത്തുക്കളോടുമൊന്നിച്ച് സ്തോതാവിന്റെ വിളിയിൽ വരുവിൻ; ഉഷസ്സിനോടും സൂര്യനോടും ആദിത്യരോടുംകൂടി വന്നെത്തുവിൻ! 13

അശ്വികളേ, നിങ്ങരം അംഗിരസ്സുകളോടും വിഷ്ണുവിനോടും മരുത്തുക്കളോടുമൊന്നിച്ച് സ്തോതാവിന്റെ വിളിയിൽ വരുവിൻ; ഉഷസ്സിനോടും സൂര്യനോടും ആദിത്യരോടുംകൂടി വന്നെത്തുവിൻ! 14

വൃഷാക്കളായ അശ്വികളേ, നിങ്ങരം ഋഭുക്കളോടും അന്നത്തോടും മരുത്തുക്കളോടുമൊന്നിച്ച് സ്തോതാവിന്റെ വിളിയിൽ വരു

8. ഹംസങ്ങളും വഴിപോക്കരും പോത്തുകളും വെള്ളത്തിൽ ചെല്ലുന്നതുപോലെ.

9. വെള്ളത്തിൽ എന്ന പദം ഇവിടെയും അധ്യാഹരിയ്ക്കണം.

11. ജയിയ്ക്കുവിൻ—ശത്രുക്കളെ.

വിൻ; ഉഷസ്സിനോടും സൂര്യനോടും ആദിത്യരോടുംകൂടി വന്നെത്തു
വിൻ! 15

അശ്വികളേ, ബ്രാഹ്മണനെ പ്രീതിപ്പെടുത്തുവിൻ; കർമ്മ
ങ്ങടം പൂർത്തിപ്പെടുത്തുവിൻ; അരക്കരെ ഹനിയ്ക്കുവിൻ; രോഗങ്ങടം
പോക്കുവിൻ. ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങടം പിഴിയു
ന്നവന്റെ സോമം (കുടിയ്ക്കുവിൻ)! 16

അശ്വികളേ, ക്ഷത്രിയനെ പ്രീതിപ്പെടുത്തുവിൻ; ആളുകളെ
യും പ്രീതിപ്പെടുത്തുവിൻ. അരക്കരെ ഹനിയ്ക്കുവിൻ; രോഗങ്ങടം
പോക്കുവിൻ. ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങടം പിഴിയു
ന്നവന്റെ സോമം (കുടിയ്ക്കുവിൻ)! 17

അശ്വികളേ, കറവപ്പൈക്കളെ പ്രീതിപ്പെടുത്തുവിൻ; വൈശ്യ
രെയും പ്രീതിപ്പെടുത്തുവിൻ. അരക്കരെ ഹനിയ്ക്കുവിൻ; രോഗ
ങ്ങടം പോക്കുവിൻ. ഉഷസ്സിനോടും സൂര്യനോടുംകൂടി നിങ്ങടം
പിഴിയുന്നവന്റെ സോമം (കുടിയ്ക്കുവിൻ)! 18

അശ്വികളേ, ഗർവുപോക്കുന്ന നിങ്ങടം അത്രിയുടെയെന്ന
പോലെ, പിഴിയുന്ന ശ്യാവാശ്വന്റെ മികച്ച സ്തുതി കേടംക്കുവിൻ;
ഉഷസ്സിനോടും സൂര്യനോടുംകൂടി, പ്രഭാതത്തിലെ (സോമം കുടിയ്ക്കു
വിൻ)! 19

അശ്വികളേ, ഗർവു പോക്കുന്ന നിങ്ങടം പിഴിയുന്ന ശ്യാവാ
ശ്വന്റെ ശോഭനസ്തുതി, ആഭരണംപോലെ അണിയുവിൻ; ഉഷ
സ്സിനോടും സൂര്യനോടുംകൂടി പ്രഭാതത്തിലെ (സോമം കുടിയ്ക്കു
വിൻ)! 20

അശ്വികളേ, ഗർവു പോക്കുന്ന നിങ്ങടം പിഴിയുന്ന ശ്യാവാ
ശ്വന്റെ യജ്ഞം, കടിഞാണപോലെ പിടിയ്ക്കുവിൻ; ഉഷസ്സിനോ
ടും സൂര്യനോടുംകൂടി പ്രഭാതത്തിലെ (സോമം കുടിയ്ക്കുവിൻ)! 21

അശ്വികളേ, നിങ്ങടം പള്ളിത്തേർ ഇങ്ങോട്ടു തെളിയ്ക്കുവിൻ;
സോമമധു നുകരുവിൻ. ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷ
യ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു; ഹവിർദ്ദാതാവിന്നു രത്നങ്ങളെടു
ക്കുവിൻ! 22

---

17. ആളുകടം—യോദ്ധാക്കടം.

19. ഗർവ്—ശത്രുക്കളുടെ. അത്രി—ശ്യാവാശ്വന്റെ മുത്തച്ഛൻ.

21. പിടിയ്ക്കുവിൻ—നിയന്ത്രിയ്ക്കുവിൻ എന്നർത്ഥം.

22. ഹവിർദ്ദാതാവിന്നു—ഹവിസ്സർപ്പിയ്ക്കുന്ന എനിയ്ക്കു തരാൻ.

അശ്വികളേ, നേതാക്കളായ നിങ്ങൾ ഹോമനിരതനായ എന്റെ നമസ്കാരം ചൊല്ലുന്ന യാഗത്തിൽ (സോമം) കുടിപ്പാൻ ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷയ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു; ഹവിർദ്ദാതാവിന്നു രത്നങ്ങളെടുക്കുവിൻ! 23

അശ്വിദേവന്മാരേ, നിങ്ങൾ സ്വാഹാകൃതമായ സോമനീർ മതിയാവോളം കുടിയ്ക്കുവിൻ. ആഗമിയ്ക്കുവിൻ—വരുവിൻ: ഞാൻ രക്ഷയ്ക്കുവേണ്ടി നിങ്ങളെ വിളിയ്ക്കുന്നു: ഹവിർദ്ദാതാവിന്നു രത്നങ്ങളെടുക്കുവിൻ! 24

സൂക്തം 36.

ശ്യാവാശ്വൻ ഋഷി; ശക്വരിയും മഹാപംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

പിഴിഞ്ഞു ദർഭ വിരിച്ചവന്റെ രക്ഷിതാവാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാന്നു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ച കുടിച്ചാലും! 1

മഘവാവേ, അവിടുന്നു സ്തോതാവിനെ രക്ഷിയ്ക്കുക, അങ്ങയെയും രക്ഷിയ്ക്കുക; ശതക്രതോ, മത്തിന്നായി, ഭവാന്നു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ച കുടിച്ചാലും! 2

അന്നംകൊണ്ടു ദേവകളെയും, ഓജസ്സുകൊണ്ട് അങ്ങയെയും രക്ഷിയ്ക്കുന്നവനാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാന്നു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ച കുടിച്ചാലും! 3

സൂക്തം 36.

1. പടകൾ—ശത്രുസേനകൾ. ഊക്ക്—അവയുടെ തള്ളിക്കേററം. അടക്കി—സ്വായത്തമാക്കി.

2. അങ്ങയെയും രക്ഷിയ്ക്കുക—സോമപാനംകൊണ്ട്

വിണ്ണുണ്ടാക്കിയവനും, മണ്ണുണ്ടാക്കിയവനുമാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 4

അശ്വങ്ങളെ ഉണ്ടാക്കിയവനും, ഗോക്കളെ ഉണ്ടാക്കിയവനുമാണല്ലോ, ഭവാൻ: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും— ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 5

വജ്രപാണേ, നിന്തിരുവടി അത്രികളുടെ സ്തോത്രത്തിന്നു മഹത്വം വരുത്തുക: ശതക്രതോ, മത്തിന്നായി, ഭവാനു നിശ്ചയിയ്ക്കപ്പെട്ട സോമാംശം കുടിച്ചാലും—ഇന്ദ്ര, സൽപതേ, എല്ലാപ്പടകളെയും തഴച്ച ഊക്കും കീഴമർത്തു, തണ്ണീരടക്കി, മരുത്തുക്കളൊന്നിച്ചു കുടിച്ചാലും! 6

ഇന്ദ്ര അവിടുന്നു കർമ്മനിരതനായ അത്രിയുടെ (സ്തുതി)കേൾക്കുകയുണ്ടായല്ലോ; അപ്രകാരം, പിഴിയുന്ന ശ്യാവാശ്വന്റേതും കേൾക്കുക. അവിടുന്ന് ഒററയ്ക്കുതന്നെ യുദ്ധത്തിൽ ത്രസദസ്യുവിനെ, സ്തോത്രങ്ങൾ വളർത്തി, സംരക്ഷിച്ചുവല്ലോ! 7

സൂക്തം 37.

ശ്യാവാശ്വൻ ഋഷി; അതിജഗതിയും മഹാപംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ശചീപതേ, ഇന്ദ്ര, നിന്തിരുവടി യുദ്ധങ്ങളിൽ എല്ലാ രക്ഷകൾകൊണ്ടും ഈ ബ്രാഹ്മണരെയും പിഴിയുന്നവരെയും സംരക്ഷിയ്ക്കുക; അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 1

ഉഗ്ര, ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകൾകൊണ്ടും ദ്രോഹിപ്പടകളെ കീഴമർത്തുക; അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 2

---

6. അത്രികളുടെ—ഞങ്ങളുടെ.

7. വളർത്തി—അഭീഷ്ടദാനംകൊണ്ട്.

ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകരാംകൊണ്ടും ഈ ഉലകിന്ന് ഒററപ്പെരുമാളായി വിളങ്ങുന്നു. അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിന്റെ സോമം കുടിച്ചാലും! 3

ശചീപതേ, ഇന്ദ്ര, നിന്തിരുവടി ഒററയ്ക്കാണല്ലോ, എല്ലാ രക്ഷകരാംകൊണ്ടും, ചേൎന്നുനിന്ന് ഇരുലോകങ്ങളെ വെവ്വേറെയാക്കിയത്. അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്ന സവനത്തിലെ സോമം കുടിച്ചാലും! 4

ശചീപതേ, ഇന്ദ്ര, നിന്തിരുവടിയാണല്ലോ, എല്ലാ രക്ഷകരാംകൊണ്ടും യോഗക്ഷേമങ്ങളുടെ അധിപതി. അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 5

ശചീപതേ, ഇന്ദ്ര, നിന്തിരുവടി എല്ലാ രക്ഷകരാംകൊണ്ടും ബലം പുലൎത്തുന്നു; രക്ഷിയ്ക്കുന്നു; രക്ഷിയ്ക്കപ്പെടുന്നില്ല. അനിന്ദ്യ, വൃത്രഘ്ന, വജ്രപാണേ, അവിടുന്നു മധ്യാഹ്നസവനത്തിലെ സോമം കുടിച്ചാലും! 6

ഇന്ദ്ര, അവിടുന്നു കൎമ്മനിരതനായ അത്രിയുടെ (സ്തുതി) കേരംക്കുകയുണ്ടായല്ലോ; അപ്രകാരം, പിഴിയുന്ന ശ്യാവാശ്വൻേറതും കേരംക്കുക. അവിടുന്ന് ഒററയ്ക്കുതന്നെ യുദ്ധത്തിൽ ത്രസദസ്യുവിനെ, ബലം വളൎത്തി, സംരക്ഷിച്ചുവല്ലോ! 7

സൂക്തം 38.

ശ്യാവാശ്വൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രാഗ്നികരം ദേവത.

ഇന്ദ്രാഗ്നികളേ, യജ്ഞത്തിന്റെ ഋത്വിക്കുകളാണല്ലോ, പരിശുദ്ധരായ നിങ്ങരം: യുദ്ധങ്ങളിലും കൎമ്മങ്ങളിലും (സംബന്ധിക്കുന്ന) നിങ്ങരം ഇവനെ അറിയുവിൻ! 1

സൂക്തം 37.

4. ഇരുലോകങ്ങളെ—വാന്നൂഴികളെ.

6. ബലം പുലൎത്തുന്നു—ജഗത്തിന്ന്. രക്ഷിയ്ക്കപ്പെടുന്നില്ല—ആരുടെയും രക്ഷയിലല്ല, അവിടുന്ന്.

സൂക്തം 38.

1. ഇവനെ—എന്നെ.

ഇന്ദ്രാഗ്നികളേ, നിഹന്താക്കളും തേരിലെഴുന്നള്ളുന്നവരും വൃത്രസൂദനരും തോൽമ പററാത്തവരുമായ നിങ്ങൾ ഇവനെ അറിയുവിൻ! 2

ഇന്ദ്രാഗ്നികളേ, ഇതാ, നേതാക്കൾ നിങ്ങൾക്കായി, മത്തുണ്ടാക്കുന്ന മധു അമ്മികൊണ്ടു പിഴിഞ്ഞിരിയ്ക്കുന്നു: നിങ്ങൾ ഇവനെ അറിയുവിൻ! 3

ഇന്ദ്രാഗ്നികളേ, ഒപ്പം സ്തുതിയ്ക്കപ്പെടുന്ന നേതാക്കളായ നിങ്ങൾ യജ്ഞത്തിലെഴുന്നള്ളുവിൻ—യാഗത്തിന്നായി പിഴിഞ്ഞ സോമത്തിന്നു വരുവിൻ! 4

ഇന്ദ്രാഗ്നികളേ, നേതാക്കളായ നിങ്ങൾ ഹവിസ്സു സ്വീകരിച്ചുപോരുന്ന ഈ സവനങ്ങളിൽ സംബന്ധിയ്ക്കുവിൻ—വരുവിൻ! 5

ഇന്ദ്രാഗ്നികളേ, നേതാക്കളായ നിങ്ങൾ എന്റെ ഈ നല്ല ഗായത്രസ്തുതി കേൾക്കുവിൻ: വരുവിൻ! 6

സമ്പത്തടക്കുന്ന ഇന്ദ്രാഗ്നികളേ, നിങ്ങൾ പുലർകാലത്തുപോരുന്ന ദേവന്മാരോടുകൂടി, സോമം കുടിപ്പാൻ വരുവിൻ! 7

ഇന്ദ്രാഗ്നികളേ, നിങ്ങൾ പിഴിയുന്ന ശ്യാവാശ്വന്റെ ഋത്വിക്കുകളുടെ വിളി കേൾക്കുവിൻ, സോമം കുടിപ്പാൻ! 8

ഇന്ദ്രാഗ്നികളേ, രക്ഷിപ്പാനും സോമം കുടിപ്പാനുമായി നിങ്ങളെ ഞാൻ, പ്രാജ്ഞന്മാർ വിളിച്ചുപോന്നതിൻവണ്ണം വിളിച്ചുകൊള്ളുന്നു! 9

എവർക്കായി ഗായത്രം ഉച്ചരിയ്ക്കപ്പെടുന്നുവോ, ആ സ്തുതിയുക്തരായ ഇന്ദ്രാഗ്നികളോടു ഞാൻ രക്ഷ യാചിയ്ക്കുന്നു! 10

സൂക്തം 39.

കണ്വഗോത്രൻ നാഭാകൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; അഗ്നി ദേവത.
('താമരക്കണ്ണൻ'പോലെ)

അഗ്നിയെപ്പുകഴ്ത്തുന്നേൻ—സ്തുത്യനാ—
മഗ്നിയെ യജ്ഞേ വാഴ്ത്തുന്നേൻ:

---

2. നിഹന്താക്കൾ—ശത്രുക്കളെ കൊല്ലുന്നവർ.
3. മധു—സോമനീർ.
6. ഗായത്രസ്തുതി—ഗായത്രീച്ഛന്ദസ്സിലുള്ള സ്തുതി.
7. സമ്പത്ത്—ശത്രുക്കളുടെ.
10. പരോക്ഷോക്തി:

അഗ്നിയുമ്പർക്കേകട്ടേ, യാഗാന്ന:-
മപ്പുറം കാണുമദ്ദേഹം
അന്തരിക്ഷത്തിൽ ദൂതനുഷ്ഠിപ്പൂ;
വെന്തുപോകെ, തിരാളെല്ലാം! 1

പുത്തൻസ്തോത്രത്താലഗ്നേ, നീ ചുട്ടു-
കി, ത്തരക്കാർതൻ ദുർവാദം.
ദാതൃവൈരികളേയും പൊള്ളിയ്ക്കു:
ബോധമറ്റേല്ലും ശത്രുക്കൾ
പിന്തിരിയട്ടെയൊട്ടൊഴിയാതെ:
വെന്തുപോകെ, തിരാളെല്ലാം! 2

അഗ്നേ, നിൻവായിൽ, നൈപോലേ സുഖി-
പ്പിയ്ക്കും സ്തോത്രം ഞാൻ ഹോമിയ്ക്കാം.
ഗീർവാണമധ്യേ തേറുകബ്ഭവാൻ:
പൂർവനും, സൂര്യദൂതനും,
സന്തുഷ്ടി തരുന്നോനുമല്ലോ, നീ;
വെന്തുപോകെ, തിരാളെല്ലാം! 3

അഭ്യർത്ഥിപ്പതെന്തെന്തന്ന, മത-
തഗ്നി കല്പിച്ചുനല്കുമേ—
ദത്തഹവ്യന്മാർക്കേകുമേ, ശാന്തി-
കൃത്താമിഷ്ടാപ്തിസൌഖ്യത്തെ:
സ്വന്തമേ, സർവദേവാഹ്വാനവും;
വെന്തുപോകെ, തിരാളെല്ലാം! 4

സൂക്തം 39.

1. യാഗാന്നം—നമ്മുടെ യാഗത്തിലെ ഹവിസ്സ്. അപ്പുറം കാണും = ക്രാന്തദർശിയായ. ദൂത്—ഹവിർവഹനാദിദൂതകർമ്മം. എതിരാൾ—നമ്മുടെ ശത്രുക്കളെല്ലാം വെന്തു(നശിച്ചു) പോകട്ടെ.

2. ഇത്തരക്കാർതൻ—ശത്രുക്കളുടെ. ദാതൃവൈരികൾ—യഷ്ടാക്കളുടെ ശത്രുക്കൾ. ബോധമററ്—അറിവില്ലാതെ.

3. ഗീർവാണമധ്യേ = ദേവന്മാരുടെയിടയിൽ. പൂർവൻ = പുരാതനൻ.

4. ദത്തഹവ്യന്മാർ—യജമാനന്മാർ. ശാന്തികൃത്ത് = ശാന്തിയെ ഉളവാക്കുന്നത്, സർവദേവാഹ്വാനവും സ്വന്തമേ—ഏതൊരു ദേവനെ വിളിയ്ക്കലും അഗ്നിയ്ക്കുള്ളതുതന്നെ.

കീഴമർത്തുന്ന നാനാകർമ്മത്താൽ–
ക്കീർത്തിപ്പെട്ടവനീ,യഗ്നി;
ഏറെപ്പേർക്കൊരു ഹോതാവാം പശ്വ–
വാരപരീതനദ്ദേഹം
വെല്ലേണ്ടുന്നോനെച്ചെന്നെതിർക്കമേ;
വെന്തുപോകെ,തിരാളെല്ലാം! 5

അഗ്നി വാനോർതൻ ജന്മമറിഞ്ഞോ;–
നഗ്നി മാനുഷഗുഹ്യജ്ഞൻ.
അഗ്നിയദ്ദേഹം സമ്പത്തു നല്കു–
മഗ്നി നൂതനഹവ്യത്താൽ
സന്തർപ്പിപ്പോർക്ക വാതിൽ തുറക്കും;
വെന്തുപോകെ,തിരാളെല്ലാം! 6

അഗ്നി വാനോരിൽ മേവുന്നു, യജ്ഞ–
വ്യഗ്രരാം മർത്ത്യന്മാരിലും:
ഭൂരികർമ്മത്തെ പ്രീത്യാ പോററുന്നു,
ഭൂമി വിശ്വത്തെപ്പോലവൻ.
തന്തിരുവടി യാജ്യനു,മ്പരിൽ:
വെന്തുപോകെ,തിരാളെല്ലാം! 7

സപ്തമാനുഷനഗ്നി വാഴുന്നു,
സർവസരിത്തുക്കളിലും.
ത്രിസ്ഥാനൻ, ക്രതുമുഖ്യൻ, മാന്ധാതൃ–
വിദ്വേഷിഹന്താവഗ്നിയെ
ചിന്തയാ സമീപിയ്ക്കാവൂ, നമ്മൾ;
വെന്തുപോകെ,തിരാളെല്ലാം! 8

5. ഏറെപ്പേർക്ക്––വളരെദ്ദേവന്മാർക്ക്. പശ്വവാരപരീതൻ=പശു(ബലിമൃഗ)ക്കൂട്ടത്താൽ ചുററപ്പെട്ടവൻ. വെല്ലേണ്ടുന്നോനെ––ശത്രുവിനെ.

6. മാനുഷഗുഹ്യജ്ഞൻ=മനുഷ്യരഹസ്യമറിഞ്ഞവൻ. സന്തർപ്പിപ്പോർക്ക––തുഷ്ടിപ്പെടുത്തുന്നവർക്ക്, ഹോമിയ്ക്കുന്നവർക്ക്. വാതിൽ––ധനാഗമമാർഗ്ഗം.

7. വിശ്വത്തെ, പ്രാണികളെയെല്ലാം. യാജ്യൻ=യജിയ്ക്കപ്പെടേണ്ടവൻ.

8. സപ്തമാനുഷൻ––ഏഴ് ഹോതാക്കളോടുകൂടിയവൻ. സരിത്തുക്കൾ=നദികൾ. ത്രിസ്ഥാനൻ––മൂന്നുലോകത്തും വസിയ്ക്കുന്നവൻ. മാന്ധാതൃവിദ്വേഷിഹന്താവ്––മാന്ധാതാവെന്ന രാജാവിൻെറ ശത്രുക്കളെ കൊന്നവൻ.

അക്കവിയഗ്നി മേവുന്നു, മുക്കെ—
ട്ടൊക്കുന്ന മൂന്നിടങ്ങളിൽ.
മുപ്പത്തിമൂവ്വർക്കിഷ്ടിചെയ്കി, ഞ്ങ
നൽപ്പണ്ടം ചാർത്തുമദ്ദൃതൻ;
സംതൃപ്തി ചേർക്ക, നമ്മൾക്കും ധീമാൻ:
വെന്തുപോകെ, തിരാളെല്ലാം! 9

മർത്ത്യാമർത്ത്യരിലഗ്നേ, ഞങ്ങൾതൻ
വിത്തത്തിന്നീശൻ, നീയേകൻ:
തൻചാലുകളിലൂടെയൊഴുകും
തണ്ണീർകൾ മുമ്പനാമഗ്നേ,
നിന്തിരുവടിതന്നെച്ചൂഴുന്നു;
വെന്തുപോകെ, തിരാളെല്ലാം! 10

—————

സൂക്തം 40.

നാഭാകൻ ഋഷി; മഹാപംക്തിയും ശക്വരിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രാഗ്നികൾ ദേവത.

('താമരക്കണ്ണൻ' പോലെ.)

ഇന്ദ്രാഗ്നികളേ, ഞങ്ങൾക്കു ധനം
തന്നാലും, നിങ്ങൾ, ധർഷകർ:
എന്നാലെങ്ങൾ വൻകെല്പുകളെയും
വെന്നിടുമല്ലോ, പോർകളിൽ,
ചെന്തീ കാററിനാൽക്കാടിനെപ്പോലേ;
വെന്തുപോകെ, തിരാളെല്ലാം! 1

---

9. മുക്കെട്ട്—പൃഥിവ്യാദികളാകുന്ന മൂന്നു നിലകൾ. മുപ്പത്തിമൂവ്വർക്ക്—മുപ്പത്തിമൂന്നു ദേവന്മാർക്ക്. ഇഷ്ടിചെയ്കി—യജ്ഞം ചെയ്യട്ടെ. സംതൃപ്തി—അഭീഷ്ടലാഭത്താലുള്ള തൃപ്തി.

10. മുമ്പൻ = പൂർവൻ.

സൂക്തം 40.

1. വൻകെല്പുകളെയും—വലിയ ശത്രുബലങ്ങളെപ്പോലും. ചെന്തീ കാടിനെയെന്നപോലെ വെന്നിടുമല്ലോ—ദഹിപ്പിയ്ക്കുമല്ലോ.

നിങ്ങളോടൎത്ഥിപ്പീലെങ്ങൾ, നേതൃ–
പുംഗവനാകമിന്ദ്രനേ
അച്ഛനം ചെയ്‌വൂ: കൂടെക്കൂടെയി–
ങ്ങശ്വിയക്കെല്പൻ വന്നെത്തും,
അന്ധസ്സിദ്ധിയ്ക്കോ, യജ്ഞോപാസ്തിയ്ക്കോ;
വെന്തുപോകെ,തിരാളെല്ലാം! 2

ആയിന്ദ്രാഗ്നികൾ പോർകളിൽ നട–
ക്കായി നില്ക്കുന്നോരാണല്ലോ.
നേതാക്കന്മാരേ, ക്രാന്തകൎമ്മാക്കൾ,
ബോധിതരായാലാ നിങ്ങൾ
ബന്ധുതേച്ഛുവിൻ യജ്ഞമുണ്ണുമേ;
വെന്തുപോകെ,തിരാളെല്ലാം! 3

ഇന്ദ്രാഗ്നികളെ യജ്ഞസ്തോത്രത്താ–
ലന്നഭാകൻപോലച്ചിയ്ക്കൂ:
ഈ വിശ്വത്തിന്നു താങ്ങി,വരല്ലോ;
ദ്യോവിതും മഹാഭൂമിയും
തൻധനമിവർപക്കൽ വെയ്ക്കുന്നു;
വെന്തുപോകെ,തിരാളെല്ലാം! 4

ഇന്ദ്രാഗ്നികൾക്കായ് സ്തോത്രങ്ങളയ–
യ്ക്കുന്നു, നഭാകൻപോലിവൻ:
ദ്വാരമടച്ച സപ്തമൂലമാം
വാരിധി മൂടുന്നോരി,വർ;

---

2. അർത്ഥിപ്പീല––ധനം യാചിയ്ക്കുന്നില്ല. നേതൃപുംഗവൻ––നേതാക്കളിൽ ശ്രേഷ്ഠൻ. അച്ഛനം––യജ്ഞം. ഇങ്ങ്––ഞങ്ങളിൽ. അശ്വി=അശ്വസഹിതൻ. അന്ധസ്സിദ്ധിയ്ക്കോ––ഹവിസ്സു കിട്ടാനോ; യജ്ഞോപാസ്തിയ്ക്കോ=യജ്ഞസേവനത്തിന്നോ. വന്നേയ്ക്കാം.

3. ഉത്തരാർദ്ധം പ്രത്യക്ഷസ്തുതിതന്നെ: ബോധിതരായാൽ––അറിയിയ്ക്കപ്പെട്ടാൽ. ബന്ധുതേച്ഛുവിൻ––സഖ്യകാമനായ യജമാനന്റെ. യജ്ഞം––ഹവിസ്സ്.

4. തന്നോടുതന്നെ: യജ്ഞസ്തോത്രത്താൽ=യാഗംകൊണ്ടും സ്തുതികൊണ്ടും. അന്നഭാകൻ––ഒരു ഋഷി എന്റെ അച്ഛൻ. തൻധനം=തങ്ങളുടെ സമ്പത്ത്.

മുന്തിയ കൊല്ലാൽത്തമ്പുരാനി,ന്ദ്രൻ;
വെന്തുപോകെ,തിരാളെല്ലാം! 5

വൃദ്ധൻ ചെടിതൻ നീ൪ക്കൊമ്പുപോലേ
വെട്ടു, ദാസൻെറ കെല്ല നീ;
ഇന്ദ്രനാൽത്തൽസ്വത്തെങ്ങ൪ വീതിയ്ക്കും:
വെന്തുപോകെ,തിരാളെല്ലാം! 6

ഇന്ദ്രാഗ്നികളെ സ്വത്താൽ സ്തോത്രത്താ–
ലിങ്ങു വിളിപ്പിതാ,ളുകൾ:
ഞങ്ങളെങ്ങ൪തന്നാ൪ക്കാരെക്കൊണ്ടു
സംഗരോൽക്കരെത്താഷ്ടാവൂ;
സന്തോഷം സ്തുതികാമർക്കേകൊവൂ;
വെന്തുപോകെ,തിരാളെല്ലാം! 7

വെൺനിറരെവർ ഭാസ്സോടേ വാനിൽ–
നിന്നു കീഴ്പോട്ടിറങ്ങുമോ,
ആയിന്ദ്രാഗ്നിക൪ക്കായിക്കർമ്മങ്ങ–
ളാചരിയ്ക്കുന്നു, ഹവ്യവാൻ;
സിന്ധുബന്ധനമോചക,രിവർ;
വെന്തുപോകെ,തിരാളെല്ലാം! 8

---

5. ഇവൻ—നാകനായ ഞാൻ. സപ്തമൂലം—ഏഴുപാതാളലോകങ്ങളോടു കൂടിയത്. മുടന്നോർ—തേജസ്സുകൊണ്ടു മറയ്ക്കുന്നവർ. ഇവരിൽവെച്ചു, മുന്തിയ കെല്ല കൊണ്ട് ഇന്ദ്രനത്രേ, തമ്പുരാൻ.

6. പൂർവാർദ്ധം ഇന്ദ്രനോട്: വൃദ്ധൻ—പഴക്കംവന്ന തോട്ടക്കാരൻ. നീ൪ക്കൊമ്പ്—അധികം നീണ്ട കൊമ്പ്. ദാസൻ—അസുരൻ. ഇന്ദ്രനാൽ—ഇന്ദ്രസാഹായ്യത്താൽ. തൽസ്വത്ത്—ദാസൻെറ ധനം. വീതിയ്ക്കും—പങ്കിട്ടെടുക്കും.

7. സ്വത്താൽ സ്തോത്രത്താൽ—സ്വത്തു(ഹവിസ്സ്)കൊണ്ടും, സ്തോത്രംകൊണ്ടും. സംഗരോൽക്കരെത്താഷ്ടാവൂ—യുദ്ധതല്പരന്മാരായ ശത്രുക്കളെ അമർത്തുമാറാകണം. സന്തോഷം സ്തുതികാമർക്കേകൊവൂ—സ്തുതിയിച്ചു്യ്ക്കുന്ന ശത്രുക്കളെ സ്തുതിച്ചു പാട്ടിലാക്കകയുംചെയ്യാവൂ.

8. വെൺനിറർ—സത്ത്വഗുണവാന്മാരെന്നർത്ഥം; സത്ത്വഗുണത്തിൻെറ നിറം വെളുപ്പാത്രേ. ഹവ്യവാൻ—യജമാനൻ. സിന്ധുബന്ധനമോചകർ—വർഷജലംകൊണ്ടു നദികളെ ഒഴുകിച്ചവർ.

ഇന്ദ്ര, വജ്രവൻ, പ്രേരക, കൃതാ–
നന്ദ, ഭാസുര, വിത്തദ,
ഒട്ടല്ല, വീരനായ നിൻ മിക;
വൊട്ടല്ല, നിൻപ്രശസ്തിയും;
യന്ത്രിത,മസ്മച്ചേതസ്സിവയാൽ;
വെന്തുപോകെ,തിരാളെല്ലാം! 9

ഉത്തേജിപ്പിപ്പിൻ, സ്തോത്രത്താൽ നിങ്ങൾ
സ്തുത്യനാം മഘവാവിനെ:
തട്ടിയുടച്ചാനല്ലോ, ശുഷ്ണന്റെ
മുട്ടയെക്കെല്ലാലിദ്ദീപ്തൻ;
സ്വന്തമാക്കട്ടെ, ദിവ്യാംഭസ്സവൻ;
വെന്തുപോകെ,തിരാളെല്ലാം! 10

ഉത്തേജിപ്പിപ്പിൻ, സുഷ്ഠുയജ്ഞനായ്
നിത്യനാം മഘവാവിനെ:
തട്ടിയുടച്ചാനല്ലോ, ശുഷ്ണന്റെ
മുട്ടയെഗ്ഗന്താവീ യാജ്യൻ;
സ്വന്തവുമാക്കീ ദിവ്യാംഭസ്സു നീ;
വെന്തുപോകെ,തിരാളെല്ലാം! 11

അച്ഛനെപ്പോലേ, മാന്ധാതാവുപോ-
ല,ംഗിരസ്സുകൾപോലെയും
ഇന്ദ്രാഗ്നികൾക്കായ്ച്ചൊന്നേൻ, ഞാൻ പുതു–
തൊന്നേവം: നിങ്ങളെങ്ങളെ

---

9. പ്രേരക—ജഗത്തിനെ വ്യാപിപ്പിയ്ക്കുന്നവനേ. കൃതാനന്ദ—സ്തോതാക്കൾക്ക് ആനന്ദമുളവാക്കുന്നവനേ. മികവ്=ഉൽക്കർഷം. ഇവയാൽ, നിന്റെ ഉൽക്കർഷ–പ്രശസ്തികളാൽ, അസ്മച്ചേതസ്സ്, ഞങ്ങളുടെ ഹൃദയം, യന്ത്രിത(വശീകൃത)മായിരിയ്ക്കുന്നു.

10. സ്തോതാക്കളോട്: ശുഷ്ണന്റെ മുട്ടയെ—ശുഷ്ണാസുരന്റെ സന്താനങ്ങളെ. തട്ടിയുടച്ചാൻ—നശിപ്പിച്ചു. ദിവ്യാംഭസ്സ്—വർഷജലം. സ്വന്തമാക്കട്ടേ—സ്വാധീനമാക്കട്ടെ.

11. നിത്യൻ=നാശരഹിതൻ: ഗന്താവ്—യജ്ഞങ്ങളിൽ ഗമിയ്ക്കുന്നവൻ.

മുന്നിലവീടാൽക്കാക്കവിൻ; ധന-
വൃന്ദത്തിൻ നാഥരാകെങ്ങൾ! 12

സൂക്തം 41.

നാഭാകൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; വരുണൻ ദേവത.
('ഭാരകാമന്ദിരം'പോലെ)

ആ വരുണനെയും, ജ്ഞാനം
താവും മരുത്തുക്കളെയും
മാനിക്കൂ, നീ—യിദ്ധനാഢ്യൻ
മാനുഷർതൻ മാട്ടുകളെ
പാലിപ്പൂ, പൈക്കളെപ്പോലേ;
വെന്തുപോകെതിരാളെല്ലാം! 1

ഒത്ത വാക്കാൽ—പിതാക്കൾതൻ
നുത്യാ, നാഭാകോക്തിയാലും—
വർണ്ണിക്കാം, ഞാനാററിൻവക്കിൽ
വന്നുദിക്കുന്നോനെത്തന്നേ:
സപ്തസ്വസാവീ, മധ്യമൻ;
വെന്തുപോകെ,തിരാളെല്ലാം! 2

---

12. അപ്പൻ——നഭാകൻ. പുതുതൊന്നേവം——ഇങ്ങനെ ഒരു നൂതനസ്തോത്രം. മുന്നിലവീടാൽ——മൂന്നുനിലയുള്ള ഗൃഹം തന്ന്. ധനവൃന്ദത്തിൻ നാഥരാകെങ്ങൾ——ഞങ്ങൾ വളരെ സ്വത്തിൻെറ ഉടമസ്ഥരായിത്തീരട്ടെ.

സൂക്തം 41.

1. സ്തോതാവിനോട്: മാനിക്കൂ=പൂജിക്കുക, സ്തുതിക്കുക. ഈ ധനാഢ്യൻ——സമ്പത്തേറിയ വരുണൻ. പൈക്കളെപ്പോലേ——സ്വന്തം ഗോക്കളെ മേയ്ക്കുന്നതുപോലെ.

2. ഒത്ത വാക്കാൽ——സമാനസ്തുതികൊണ്ട്. അതിൻെറ വിവരണമാണ്, പിതാക്കൾതൻ സ്തുത്യാ (സ്തുതികൊണ്ടും) നാഭാകോക്തി (നാഭാകൻെറ സ്തോത്രം) കൊണ്ടും എന്നിവ; പിതൃസ്തുതിയും നാഭാകസ്തുതിയും ഒരുപോലെയാണ് എന്നർത്ഥം. വന്നുദിക്കുന്നോനെ——വരുണനെ. സപ്തസ്വസാവ്——നദികളാകുന്ന ഏഴു സോദരിമാരുള്ളവൻ. മധ്യമൻ——അവയുടെ നടുവിൽ നില്ക്കുന്നവൻ.

ആരല്ലിനെപ്പുണരുന്നു,
പാരെവൻ നിർത്തുന്നു ധീയാൽ;
കാണേണ്ടുമാ വൃഷാവിന്നു
കർമ്മങ്ങളെത്തൽക്കാംക്ഷികരം
പൊന്തിയ്ക്കുന്നു, മൂന്നുവട്ടം;
വെന്തുപോകെ,തിരാളെല്ലാം ! 3

പൃത്ഥ്വിയ്ക്കുമേൽ പ്രത്യക്ഷനായ്—
ക്കർത്താവവൻ ദിക്കുകളെ
നിർത്തീടുന്നു: പ്രത്നം പ്രാപ്യം
തൽസ്ഥാനം വരുണന്റെതാൻ.
ത്രാതാവിവൻ, ഗോപൻപോലേ;
വെന്തുപോകെതിരാളെല്ലാം ! 4

പാർ വഹിപ്പോൻ, ഗൂഢഗുഹ്യ—
ദേവരശ്മിനാമാഭിജ്ഞൻ,
ഭൂരികാവ്യങ്ങളെ, വാന—
മോരോ വടിവിനെപ്പോലെ
ബന്ധിയ്ക്കുന്നു, കവിയവൻ;
വെന്തുപോകെ,തിരാളെല്ലാം ! 5

വട്ടിൽക്കൂടംപോലേ കാവ്യ—
മൊട്ടുക്കിത്ത്രിതങ്കൽ നില്പൂ ;

---

3. അല്ലിനെ—രാത്രിയുടെ അധിദേവതയാണല്ലോ, വരുണൻ. ധീയാൽ—ബുദ്ധിസാമർത്ഥ്യത്താൽ. കാണേണ്ടും—ദർശനീയനായ. തൽക്കാംക്ഷികരം—തദ്ഭക്തരായ ആളുകരം. മൂന്നുവട്ടം—കാലത്തും, ഉച്ചയ്ക്കും, സന്ധ്യയ്ക്കും. പൊന്തിയ്ക്കുന്നു—വളർത്തുന്നു.

4. കർത്താവ്—സ്രഷ്ടാവ്. തൽസ്ഥാനം=ആ സ്ഥാനം, സ്വർഗ്ഗം. ഗോപൻപോലെ—ഇടയൻ മാടുകരക്കെന്നപോലെ, ഇവൻ നമുക്കു ത്രാതാ(രക്ഷിതാ) വാകുന്നു.

5. ഗൂഢഗുഹ്യദേവരശ്മിനാമാഭിജ്ഞൻ=ഗൂഢരഹസ്യങ്ങളായ ദേവാധിഷ്ഠാനരശ്മികളുടെ പേരുകരം അറിഞ്ഞവൻ. ആകാശം നാനാരൂപങ്ങളെ എന്നപോലെ, കവിയായ അവൻ (വരുണൻ) ഭൂരികാവ്യങ്ങളെ ബന്ധിയ്ക്കുന്നു—നിർമ്മിയ്ക്കുന്നു.

6. സ്വന്തം ആളുകളോട്: വട്ട്—തേരുരുരം. കൂടം—ചക്രക്കൂടം. ഇത്ത്രിതങ്കൽ—മൂന്നു സ്ഥാനങ്ങളുള്ള വരുണങ്കൽ, സന്ധിയ്ക്കുന്നതുണ്ടശങ്ങരം—നമ്മോടു

സേവിപ്പിനവനെ ക്ഷിപ്രം:
ഗോവുകൾ തൊഴുത്തിൽപ്പോലേ
സന്ധിയ്ക്കുന്നുണ്ട,ശങ്ങൾ;
വെന്തുപോകെ,തിരാളെല്ലാം! 6

ഭൂതങ്ങൾതൻ പിറപ്പെല്ലാം
ചേതസ്സിൽവെച്ചിട്ടുണ്ടി,വൻ:
ജ്യോതിസ്സേന്തും വരുണന്റെ
ചെയ്തികളെസ്സുരരെല്ലാം
തൻതേർമുന്നിലേററുചെയ്യും;
വെന്തുപോകെ,തിരാളെല്ലാം! 7

ആ വാരിധി, ഗൂഢൻ, ശീഘ്രൻ,
ദ്യോവിൽപ്പോലേ വിണ്ണിൽക്കേറും;
ദാനങ്ങളിങ്ങേർപ്പെടുത്തും;
നൂനമവൻ മായകളെ
തൻതേജസ്സാൽ നശിപ്പിയ്ക്കും;
വെന്തുപോകെ,തിരാളെല്ലാം! 8

മീതേ മേവും വരുണന്റെ
ശ്വേതകാന്തി മേലും കീഴും
മൂടുന്നു, മുമ്മൂന്നൂഴിയെ;—
യീടുള്ളൊന്നി,വന്റെയിടം.
സിന്ധുവേഴിന്നീശന,വൻ;
വെന്തുപോകെ,തിരാളെല്ലാം! 9

പൊരുതാൻവരുന്ന ശത്രുക്കളുടെ കുതിരകൾ ഒത്തുകൂടുന്നുണ്ട്; ഈ ഉപദ്രവം പോക്കാൻ നിങ്ങൾ വേഗം വരുണനെ സേവിയ്ക്കുവിൻ.

7. ചേതസ്സിൽ വെച്ചിട്ടുണ്ട്—അറിഞ്ഞിരിയ്ക്കുന്നു. ജ്യോതിസ്സ്—തേജസ്സ്. ചെയ്തികൾ=കർമ്മങ്ങൾ. തൻതേർമുന്നിൽ—അദ്ദേഹത്തിന്റെ തേരിന്റെ മുൻവശത്ത്. ഏററുചെയ്യും—അനുസരിച്ചു ചെയ്യും.

8. ആ വാരിധി—വരുണൻ, ദ്യോവിൽപ്പോലേ—സൂര്യൻ വാനിൽ കേറുന്നതുപോലെ.

9. മീതേ—അന്തരിക്ഷത്തിൽ. ഊഴി—ലോകം. ഈടുള്ളൊന്ന്—സുസ്ഥിരമാകുന്നു. ഇടം—വാസസ്ഥാനം. സിന്ധുവേഴിന്നീശൻ—സപ്തനദീനാഥനാകുന്നു.

വെള്ളയാക്കീ, കറുപ്പാക്കീ,
നല്ല രശ്മികളെയവൻ;
കർമ്മത്തിന്നായ്പ്പൂർവസ്ഥാനം
നിർമ്മിച്ചു, നാൽ വാന്തുഴിയെ
നിർത്തി, സൂര്യൻ ദ്യോവെപ്പോലേ;
വെന്തുപോകെ, തിരാളെല്ലാം! 10

സൂക്തം 42.

അർച്ചനാനസ്സോ, നാഭാകനോ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വരുണനും അശ്വികളും ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

വിണ്ണു നിർത്തീ, വിശ്വധനൻ;
മന്നളന്നു, മഹാബലൻ;
പാരിന്നെല്ലാം പുരാനമായ്—
തീരാ, വരുണൻെറ ചെയ്തി! 1

ഇത്ഥം വാഴ്ത്തി വന്ദിയ്ക്കു, നീ—
യുത്തമനാം വരുണനെ:
നീർ കാക്കമെദ്ധീരൻ നമു—
ക്കേകട്ടേ, മൂന്നിലഗൃഹം!
പാരേ, വിണ്ണേ, പാലിയ്ക്കുവിൻ,
ചാരേ മേവുമീയെങ്ങളെ! 2

---

10. വെള്ളയാക്കീ—പകലാക്കി. കറുപ്പാക്കീ—രാത്രിയാക്കി. വരുണൻെറ വെളുത്ത രശ്മികൾ പകലും, കറുത്ത രശ്മികൾ രാത്രിയുമാകുന്നു. പൂർവസ്ഥാനം—അന്തരിക്ഷം. ഊന്നാൽ, ഊന്നുകൊണ്ടു, വാന്തുഴികളെ, സൂര്യൻ ദ്യോവിനെയെന്നപോലെ നിർത്തീ—ഉറപ്പിച്ചു.

സൂക്തം 42.

1. വിശ്വധനൻ=എല്ലാദ്ധനങ്ങളോടുംകൂടിയവൻ. തീരാ—പറഞ്ഞാൽ അവസാനിയ്ക്കില്ല; വർണ്ണിയ്ക്കാവതല്ല.

2. സ്തോതാവിനോട്; ഉത്തമൻ—മഹാൻ. നീർ കാക്കം=ജലപാലകനായ.

ഇപ്രവൃത്തി ചെയ്യുമെൻെറ
കെല്പും ധീയും വരുണ, നീ
ചെമ്മേ മൂർച്ഛപ്പെടുത്തേണം:
തിന്മയെല്ലാം പിന്നിടാനായ്,
നേരേ കടത്തുമത്തോണി
കേറുമാറാകെ,ഞങ്ങൾ ദേവ! 3

അശ്വിനാസത്യരേ, പ്രാജ്ഞ—
രമ്മിയുമായ് സ്തോമമൂട്ടാൻ
നിങ്ങളിലുണ്ടേ,ണയുന്നു;
വെന്നുപോകെ,തിരാളെല്ലാം! 4

അശ്വിനാസത്യരേ, ധീമാ-
നത്രി നത്യാ സോമമൂട്ടാൻ
നിങ്ങളെ വിളിച്ചുവല്ലോ;
വെന്നുപോകെ,തിരാളെല്ലാം! 5

സോമമൂട്ടാൻ, രക്ഷ നേടാൻ,
ധീമാന്മാർപോലശ്വികളേ,
നിങ്ങളെ വിളിപ്പൂ, ഞാനും;
വെന്നുപോകെ,തിരാളെല്ലാം! 6

സൂക്തം 43.

അംഗിരോഗോത്രൻ വിരൂപൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നി മേധാവി, ധാതാവു, യജ്വാവെ ദ്രോഹിയാത്തവൻ;
അവിടത്തെസ്സുതിതാ, സ്തോത്രമയയ്ക്കുന്നു, മനീഷികൾ! 1

---

3. പ്രവൃത്തി—കർമ്മം. ധീ=ബുദ്ധി, ജ്ഞാനം. അത്തോണി—യജ്ഞമാകുന്ന തോണി.

4. അശ്വിനാസത്യരേ=അശ്വികളായ നാസത്യന്മാരേ. പ്രാജ്ഞർ—ഋത്വിക്കുകൾ.

5. നത്യാ=സ്തുതി കൊണ്ട്. അത്രിപോലെ ഞാനും വിളിയ്ക്കുന്നു.

സൂക്തം 43.

1. ദ്രോഹിയാത്തവൻ—അയജ്വാക്കളെ ദ്രോഹിയ്ക്കും. മനീഷികൾ—ഞങ്ങളുടെ സ്തോതാക്കൾ.

അല്പയോ ജാതവേദസ്സാമഗ്നേ, നിപുണദർശന,
ദാതാവാമിവിടത്തെസ്സായ്ത്തീർക്കുന്നേൻ, നൽസ്തവത്തെ ഞാൻ. 2
അഗ്നേ, തിഗ്മങ്ങളായുള്ള നിൻജ്വാലകൾ വനങ്ങളെ
കടിച്ചുതിന്നുന്നു, നിറംപൂണ്ട മാട്ടുകൾപോലവേ! 3
കാററാൽപ്പടർന്നു കയ്യേറും ധൂമകേതനരഗ്നികൾ
വാനിടത്തു നടന്നീടുന്നുണ്ടല്ലോ, വേറെവേറെയായ്; 4
ആയഗ്നികളിതാ, വേറെവേറെയുജ്ജ്വലിതങ്ങളായ്
കാണാകുന്നു, പുലരിതൻ കൊടിക്കാലുകൾപോലവേ! 5
ചുഴന്നുകൊണ്ടഗ്നി മഹീതലത്തിൽ നടകൊള്ളവേ
കറുത്തുയരുമേ, ജാതവേദസ്സിനുടെ കാല്പൊടി! 6
അഗ്നിയിങ്ങോഷധികളെയിരയാക്കിയശിപ്പതിൽ
അടങ്ങുകില്ല: വീണ്ടും ചെന്നെത്തും, തരുണിമാരിലും! 7
നാക്കാൽത്താൻ കുനിയിച്ചും, തൻതേജസ്സാൽക്കത്തിയാളിയും
വിശേഷേണ വിളങ്ങീടുമഗ്നി കാട്ടുപുറങ്ങളിൽ! 8
അഗ്നേ, തണ്ണീർകളിൽപ്പുകും ഭവാനോഷധിപംക്തിയെ
ചുഴലുന്നു; പിറക്കുന്നു, ഗർഭമായ്ത്തീർന്നു പിന്നെയും! 9
അഗ്നേ, നിന്നുടെയത്തേജസ്സാജ്യാഹുതിദശാന്തരേ
സ്രുക്കിൻ മുഖത്തെ നക്കിക്കൊണ്ടുയർന്നു വിലസീടുമേ! 10
സോമം പൃഷ്ഠത്തൊലിപ്പോനായ്, വൃഷഭുക്കായ്, വസാന്നനായ്,
വേധസ്സാമഗ്നിയെ സ്തോത്രം പാടിപ്പരിചരിക്കു, നാം! 11

---

2. നിപുണദർശന—സമർത്ഥമായ കാഴ്ചയുള്ളവനേ.

3. നിറം—ശോഭ.

4. കയ്യേറും—ഓരോന്നിനെയും കടന്നുപിടിക്കുന്ന.

6. ചുഴന്നുകൊണ്ട്—ഉണക്കമരങ്ങളെ. കാല്പൊടി—പുക.

7. തരുണിമാർ—തഴച്ച ഓഷധികൾ.

8. നാക്കാൽത്താൻ—ജ്വാലകൊണ്ടുതന്നെ കുനിയിച്ചും—വൃക്ഷങ്ങളെ.

9. ഗർഭമായ്ത്തീർന്നു—ഓഷധികളുടെ. ഉള്ളിൽക്കടന്ന്. പിന്നെയും, പിറക്കുന്നു—വെളിപ്പെടുന്നു.

10. ആജ്യാഹുതിദശാന്തരേ=നെയ്യു ഹോമിക്കുന്ന സമയത്ത്.

11. പൃഷ്ഠത്ത്=മുതുകിൽ. വൃഷഭുക്ക്=ഹോമിക്കപ്പെട്ട കാളയെ തിന്നുന്നവൻ. വസാന്നൻ—പശുവിന്റെ വസ (കൊഴുപ്പ്) തിന്നുന്നവൻ. വേധസ്സ്—അഭീഷ്ടകർത്താവ്.

അത്രിയല്ല, വിളിപ്പോനേ, വരേണ്യമതിവൈഭവേ,
അഗ്നേ, സമിത്താലന്നത്താൽച്ചെയ്ക്ക, ഞങ്ങളപേക്ഷയും. 12

അഗ്നേ, വിളിസ്സുയുംചെയ്ക്ക , ഞങ്ങൾ നിന്നെശ്ശുചേ,ഹുത,
ഭൃഗുവും മനുവും പോലെയംഗിരസ്സുകൾപോലെയും! 13

ജ്വലിപ്പിയ്ക്കപ്പെട്ടവനുണ്ടല്ലോ, വേണ്ടതുപോലവേ
ധീമാൻ തോഴൻ ഭവാനഗ്നേ, ധീമാനാം തോഴനഗ്നിയാൽ! 14

ധീമാനാം ഹവ്യദന്നാ നീയായിരം ദ്രവിണത്തെയും,
അന്നത്തെയും കൊടുത്താലു,മഗ്നേ, വീരജനത്തെയും! 15

രോഹിതാശ്വ, ഭവാനഗ്നേ, ബലോദിത, ശുചിവ്രത,
ഭ്രാതാവേ, കേട്ടുകൊണ്ടാലു,മെൻറയീ സ്തവനങ്ങളെ! 16

എന്നല്ല, നിങ്കലെത്തുന്നുണ്ടഗ്നേ, ഞാൻ ചൊല്ലുമിസ്തുതി,
കൊതിച്ചമ്പയിടും കുട്ടിസ്സായ്പ്പയ്യാലയിലാംവിധം! 17

അംഗിരശ്ശ്രേഷ്ഠ, നിങ്കൽത്താനസ്സുപ്രജകളൊക്കയും
ഒതുങ്ങിനില്പൂ, വെവ്വേറെയഗ്നേ, കാമാർജ്ജനത്തിനായ്! 18

മനസ്സിനെ നിയന്ത്രിച്ച മതിശാലികൾ സൂരികൾ
അഗ്നിയെക്കനിയിസ്സുന്നു, കർമ്മത്താൽക്കൊററു കിട്ടുവാൻ! 19

അഗ്നേ, പ്രകൃഷ്ടിപ്പോരുന്നു, യജ്ഞമിഴ്പ്പത്തു ചെയ്യുവോർ
ഹോതാവായ്, വഹ്നിയായ് വൻകെല്പുടയോനാകുമങ്ങയെ. 20

പ്രായേണ സമമായ്ക്കാണ്മോനല്ലോ, നാട്ടാരെയൊക്കെ നീ;
അതിനാൽ, പ്രഭുവാം നിന്നെ വിളിപ്പൂ, ഞങ്ങൾ പോർകളിൽ. 21

---

12. വിളിപ്പോനേ—ദേവന്മാരെ. സമിത്താലന്നത്താൽ—ചമതയും ഹവിസ്സും അർപ്പിച്ച്: അപേക്ഷ = യാചനം.

13. ഹുത = ഹോമിയ്ക്കപ്പെട്ടവനേ.

14. അഗ്നിയാൽ—ഭൌമാഗ്നിയാൽ.

15. വീരജനത്തെയും—പുത്രാദികളെയും.

16. ബലോദിത—അരണിമഥനബലത്തിൽനിന്നുണ്ടായവനേ.

17. കുട്ടിസ്സായ്—കുട്ടിയ്ക്കു മുലകൊടുപ്പാൻ.

18. സുപ്രജകൾ = നല്ല ആളുകൾ. കാമാർജ്ജനം = അഭീഷ്ടസമ്പാദനം.

21. നാട്ടാർ = പ്രജകൾ. പോർകളിൽ—യുദ്ധങ്ങളിൽ സഹായിപ്പാൻ.

നൈ കലർത്തിയ ഹോമത്തിലാർ വിശേഷാൽ വിളങ്ങിടും,
നാമീ വിളിപ്പതാർ കേൾക്കും, വാഴ്ത്തുകാ,യഗ്നിയെബ്ഭവാൻ! 22
ഞങ്ങളഗ്നേ, വിളിയ്ക്കുന്നു, തൃച്ചെവിക്കൊള്ളുമങ്ങയെ,
ജാതവേദസ്സിനെ, ദ്വേഷകാരിവർഗ്ഗവിമർദ്ദിയെ. 23

മഹാൻ, നാട്ടാർക്കു പെരുമാള,ധ്യക്ഷൻ ക്രിയകൾക്കവൻ,
ആയഗ്നിയെ സ്തുതിയ്ക്കുന്നേൻ: കേൾക്കട്ടെ,യവിടുന്നതാൻ! 24
എങ്ങും കെല്പാർന്ന ബലവാൻ, മർത്ത്യൻപോലിഷ്ടനഗ്നിയെ
ഞങ്ങൾ ശക്തിപ്പെടുത്തുന്നു, തുരഗത്തെക്കണക്കിനേ! 25
ദ്രോഹിയ്ക്കും മാററരെക്കൊന്നു,മനാരതമരക്കരെ
ചുട്ടെരിച്ചും ഭവാനഗ്നേ, കത്തിയാളുക തീവ്രമായ്! 26
മനുപോലുജ്ജ്വലിപ്പിയ്ക്കുന്നുണ്ടല്ലോ, നിന്നെയാളുകൾ;
ആ നീയഗ്നേ, ധരിച്ചാലു,മംഗിരശ്രേഷ്ഠ, മൽസ്തവം! 27
അഗ്നേ, വാനിൽപ്പിറന്നോനും, ജലത്തിലുപജാതനും,
ബലോദിതനുമാം നിന്നെ വിളിപ്പു, ഞങ്ങൾ ഗാഥയാൽ! 28
അവിടെയ്ക്കീപ്രജകളു,മജ്ജനങ്ങളുമൊക്കവേ
അമരേത്തിന്നയയ്ക്കുന്നു, വേറെവേറേ ഹവിസ്സുകൾ! 29
അഗ്നേ, തിരുവടിയ്ക്കായ്ത്താൻ സൽക്കർമ്മങ്ങൾ ദിനേ ദിനേ
ചെയ്തു, കാമ്യം ലഭിച്ചെങ്ങൾ കടക്കാവൂ, സുദുർഗ്ഗമം! 30
ഇമ്പപ്പെടുത്തുന്ന പുരുപ്രിയനായ്,പ്പാവനാഭനായ്
ശയിയ്ക്കുമഗ്നിയോടെങ്ങളർത്ഥിപ്പൂ, ഹൃദ്യഗാഥയാൽ! 31

---

22. സ്തോതാവിനോട്:

23. ദ്വേഷകാരിവർഗ്ഗവിമർദ്ദി=വിദ്വേഷിവർഗ്ഗത്തെ മർദ്ദിയ്ക്കുന്നവൻ.

25. എങ്ങും കെല്പാർന്ന ബലവാൻ—കെല്പു, സർവത്ര വ്യാപിച്ച ബലവാൻ.

27. ധരിച്ചാലും—അറിഞ്ഞാലും, സശ്രദ്ധം കേട്ടാലും. മൽസ്തവം=എന്റെ സ്തുതി

28. ഉപജാതൻ=ജനിച്ചവൻ. ഗാഥ—സ്തുതിഗീതി.

29. അജ്ജനങ്ങളും—മററാളുകളും.

30. സുദുർഗ്ഗമം—ദുർഗ്ഗമപ്രദേശങ്ങൾ

31. ശയിയ്ക്കും—യജ്ഞങ്ങളിൽ പള്ളികൊള്ളുന്ന. അർത്ഥിപ്പൂ—ധനം യാചിയ്ക്കുന്നു

ആ വിഭാവസു നീയഗ്നേ, പകലോൻപോലുദിതനായ്,
കരുത്തേന്തി മുട സ്സുന്നു കതിർച്ചാർത്താലിരുട്ടിനെ! 32

അഗ്നേ, ക്ഷയിയ്ക്കാത്ത ധനമുണ്ടല്ലോ, നിങ്കലൂർജ്ജിത;
ഭവാങ്കൽനിന്നപേക്ഷിപ്പൂ, ഞങ്ങളക്കാമ്യദാനമേ! 33

സൂക്തം 44.

ഋഷിച്ഛന്ദോദേവതകൾ മുമ്പത്തേവ.

ശുശ്രൂഷിപ്പിൻ, ചമതയാൽ; നിങ്ങൾ നെയ്യാലുണർത്തുവിൻ;
ഹോമിപ്പിനീ,യതിഥിയാമഗ്നിയിങ്കലവിസ്സുകൾ! 1

അഗ്നേ, ശ്രവിയ്ക്കുകെ,ൻസ്തോത്രം: വാഴ്ത്തുകീ, സ്തുതിയാൽബ്ഭവാൻ;
താൽപര്യംകൊൾകയുംചെയ്ക, ഞങ്ങൾതൻ സൂനൃതങ്ങളിൽ! 2

പുരസ്കരിപ്പൂ, ഞാൻ ഹവ്യവാഹനാമഗ്നിദൂതനെ;
ചൊല്ലുന്നേൻ, സ്തോത്രവു;—മവനിങ്ങെത്തിയ്ക്കട്ടെ,യുമ്പരെ! 3

കൈവളർത്തപ്പെട്ടംനേരത്തഗ്നേ, സുരുചിരാകൃതേ,
കത്തിജ്ജ്വലിച്ചു പൊങ്ങുന്നു, ഭവാൻെറയുരുരശ്മികൾ! 4

അഗ്നേ, നെയ്യോലുമെൻസ്രുക്ക, കാമിയ്ക്കുന്ന ഭവാനുടെ
ചാരത്തെത്തട്ടെ; കൈക്കൊള്ളുക,സ്മദീയഹവിസ്സു നീ! 5

ഹോതാ,വൃത്വിക്കി,മ്പമേകം ചിത്രഭാനു, വിഭാവസു—
ഈയഗ്നിയെ സ്തുതിയ്ക്കുന്നേൻ: കേൾക്കട്ടെ,യവിടുന്നുതാൻ! 6

---

32. ഉദിതനായ് = ഉദിച്ച്.

33. ഊർജ്ജിത = ബലവാനേ. അക്കാമ്യദാനമേ = ആ സ്പൃഹണീയദാനം തന്നെ.

സൂക്തം 44.

1. ഋത്വിക്കുകളോട്:
2. സൂനൃതങ്ങൾ = സൂക്തങ്ങൾ.
3. പുരസ്കരിപ്പൂ—പൂജിയ്ക്കുന്നു. അഗ്നിദൂതനെ = അഗ്നിയാകുന്ന ദൂതനെ.
5. സ്രുക്ക്—സ്രുക്കാകുന്ന യുവതി.
6. ഈ—ഇപ്രകാരമുള്ള.

ക്രാന്തകർമ്മാവു, ഹോതാവു, നുതിയോഗ്യൻ, പ്രസാദവാൻ,
യജ്ഞങ്ങളിലെഴുന്നള്ളിനില്പ്പോന,ഗ്നി പുരാതനൻ! 7

അംഗിരശ്ശ്രേഷ്ഠ, കൈക്കൊള്ളുകീ, ഹവ്യങ്ങൾ നിരന്തരം:
അഗ്നേ, നടത്തിയ്ക്കു, ഭവാനദ്ധ്വരത്തെയൃതുക്കളിൽ! 8

കൈവളർത്തപ്പെട്ടപ്പോഴാത്താനെഴുന്നള്ളുന്നവൻ ഭവാൻ
അറിഞ്ഞു കൊണ്ടുവരികി,ങ്ങമർത്ത്യരെയുരുദ്യുതേ! 9

ഹോതാവ,ഹിംസകൻ,ധൂമധ്വജൻ, ധീമാൻ, വിഭാവസു—
ആ യജ്ഞക്കൊടിയോടത്രേ, ഞങ്ങൾ ചെയ്യുന്ന യാചനം! 10

ദ്രോഹിപ്പവനിൽനിന്നഗ്നേ, ദേവ, രക്ഷിയ്ക്കുകെ,ങ്ങളെ:
പിളക്ക്, വിദ്വേഷികളെബ്ബലോൽപാദിതനാം ഭവാൻ! 11

പുരാതനസ്തവംകൊണ്ടു, തിരുമെയ് വിലസുംവിധം
വളർത്തപ്പെട്ടു, കവിയാമഗ്നിമേധാസമേതനാൽ! 12

വിളിയ്ക്കുന്നേൻ, ബലജനാം പാവനപ്രഭനഗ്നിയെ,
ദംഗപ്പെടുത്താനാവാത്തതാമീ യജ്ഞത്തിൽവെച്ചു ഞാൻ. 13

ആ നീയഗ്നേ, സുഹൃൽപൂജ്യ, സമുജ്ജ്വലമരീചിയായ്
ദേവന്മാരൊത്തിരുന്നാലു,—മീയെങ്ങളുടെ ദർഭയിൽ! 14

ആരില്ലത്തഗ്നിയെസ്സമ്പത്തിന്നായ്പ്പരിചരിയ്ക്കുമോ,
ആ മാനുഷന്നേ കല്പിച്ചുനല്ക്കൂ ദേവൻ ധനങ്ങളെ! 15

വിണ്ണിൻകൊടിമരം മൂർദ്ധാവീയഗ്നി,ധരണീശ്വരൻ
പ്രീതിപ്പെടുത്തിപ്പോരുന്തു, തണ്ണീരിന്റെ കിടാങ്ങളെ! 16

അഗ്നേ, ഭവാന്റെ ശുഭ്രവെണ്മ പൂണ്ടു കത്തുന്ന കാന്തികൾ
ഉയരത്തെയ്ക്കുയയ്ക്കുന്നു, ഭവാനുടെ മഹസ്സിനെ! 17

---

7. നുതിയോഗ്യൻ=സ്തുത്യർഹൻ.

8. ഋതുക്കളിൽ—യഥാകാലം.

9. എഴുന്നള്ളുന്നവൻ—യജ്ഞങ്ങളിൽ വരുന്നവൻ.

10. ആ യജ്ഞക്കൊടിയോട് അപ്രകാരമുള്ള അഗ്നിയോട്.

12. മേധാസമേതനാൽ—മേധയുള്ള സ്തോതാവിനാൽ.

14. സമുജ്ജ്വലമരീചിയായ്—കത്തുന്ന തേജസ്സോടേ.

16. മൂർദ്ധാവ്—ദേവന്മാരിൽ തലവൻ. തണ്ണീരിന്റെ കിടാങ്ങൾ—സ്ഥാവരജംഗമങ്ങൾ.

17. മഹസ്സ്=തേജസ്സ്.

കാമ്യമാം സ്വത്തിന്നുടമയല്ലോ, വിൺപെരുമാറം ഭവാൻ;
അഗ്നേ, പുകഴ്ത്തുമാറാക, സുഖാപ്തിയ്ക്കു ഭവാനെ ഞാൻ! 18
നിന്നെ സ്തുതിപ്പൂ, കർമ്മത്താൽത്തോഷിപ്പിപ്പൂ, മനീഷികരം;
അഗ്നേ, നിന്നെ വളർത്തട്ടേ, ഞങ്ങരംതൻ നുതിഗാഥകരം! 19
അഹിംസിതൻ, ബലയുതൻ, ദൂതനഗ്നി പുകഴ്ത്തുവോൻ;
അദ്ദേഹത്തിൻെറ സഖ്യത്തെ വരിപ്പൂ, ഞങ്ങളെപ്പൊഴും. 20
ശുചി ധീമാൻ, ശുചി കവി, യതിമാത്രശുചിവ്രതൻ;
ശുചിയായ്ത്തന്നെ വിലസു,—മഗ്നിയാഹുതിവേളയിൽ! 21
നിന്നെസ്സദാ വളർത്തട്ടേ, സ്തുതിയും മമ കർമ്മവും;
അഗ്നേ, ഭവാനെങ്ങളുടെ സഖ്യത്തെയറിയേണമേ! 22
നീയായ്വരേണമഗ്നേ, ഞാൻ; നീയോ ഞാനായ്
ബ്ഭവിയ്ക്കണം;
എങ്കിലേ ശരിയായ്ത്തീരൂ. ഭവാൻെറ നിനവൊക്കയും! 23
വസുവും, വസുരാജാവും, വിഭാവസുവുമാണു നീ;
അഗ്നേ, നിൻനന്മനസ്സിങ്കലെത്തിച്ചേരണ, മെങ്ങളും! 24
അഗ്നേ, നദികരം വാരാശിയിങ്കലെയ്യുന്നപോലവേ,
കർമ്മിയാം നിങ്കലെയ്ക്കാർത്തുംകൊണ്ടു പായുന്നു, ഗാഥകരം! 25
യുവാവായൊക്കെയുമുണ്ണോനായ്ക്കവിയായ്പ്പുരുചര്യനായ്
പ്രജേശനാമഗ്നിയെ ഞാനണിയിപ്പൻ, സ്തവങ്ങളാൽ. 26
യജ്ഞങ്ങളുടെ നേതാവായ്, ക്കൂർത്ത പല്ലുടയോനുമായ്
കെല്പനാമഗ്നിയെപ്പററി സ്തോത്രം ചൊൽവാൻ
കൊതിയ്ക്കു, നാം! 27

---

20. പുകഴ്ത്തുവോൻ—ദേവന്മാരെ സ്തുതിക്കുന്നവൻ.

21. ആഹുതിവേള=ഹോമാവസരം.

22. അറിയേണമേ—ഞങ്ങരം സഖാക്കളാണെന്നു്, സ്തോതാക്കളാണെന്നു്.

23. നീയായ്വരേണം—ഭവാനെപ്പോലെ ധനാഢ്യനാകണം. ഞാനായ്ബ്ഭവിയ്ക്കണം—എന്നെപ്പോലെ ദരിദ്രനായിത്തീരണം. നിനവ്—ഞാൻ ധനതൃപ്തനാകണമെന്ന ആശംസ. ഭവാൻെറ സകലസമ്പത്തും എനിയ്ക്കു തരമാറാകണം!

24. വസുരാജാവ്=ധനപതി. നിൻനന്മനസ്സിങ്കലെത്തിച്ചേരണം—ഭവാൻെറ പ്രസാദത്തിനു വിഷയമാകണം.

25. ആർത്തുംകൊണ്ടു്—ഉച്ചശബ്ദത്തോടേ. ഗാഥകരം—സ്തുതിഗീതികരം.

26. ഒക്കെ—ഹവിസ്സെല്ലാം. പുരുചര്യൻ=ബഹുകർമ്മാവ്,

27. പല്ല്—ജ്വാലകരം.

അഗ്നേ, ഭവാങ്കലിവരും സ്തുതി ചൊല്ലട്ടെ, പാവക;
സേവ്യനാം നിന്തിരുവടിയവർക്കേകേണമേ, സുഖം! 28

ധീരനും, ഹവ്യവാൻ പ്രാജ്ഞൻപോലവേ ജാഗരൂകനും,
അഗ്നേ, വാനത്തു വിലസുന്നോനുമല്ലോ, സദാ ഭവാൻ! 29

പാപം പെടുന്നതിൻമുന്നേ, ശത്രുപീഡയ്ക്കുമുന്നമേ
അഗ്നേ, വസോ, കവേ, ഞങ്ങൾക്കായുസ്സേററം വളക്ക, നീ! 30

സൂക്തം 45.

കണ്വഗോത്രൻ ത്രിശോകൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

യുവാവിന്ദ്രൻ സഖാവേവക്ക്,വരാസ്ഥയൊടഗ്നിയെ
ജ്വലിപ്പിക്കും; പതിവുവെച്ചവർ ദർഭ വിരിക്കുമേ! 1

യുവാവിന്ദ്രൻ സഖാവേവക്ക്,വക്കേററം, സമിത്തുകൾ;
സ്തോത്രങ്ങൾ വാക്കും; പെരുതായ്ത്തീരും, മരനുറുങ്ങുമേ! 2

യുവാവിന്ദ്രൻ സഖാവേവക്ക്,ക്കൂട്ടരിലയോധനും
ചുണച്ചു പൊരുതിക്കെല്പോൽക്കനിയിക്കും, പരീതനെ! 3

പിറന്നപോതേ ശരമൊന്നെടുത്തീ വൃത്രസൂദനൻ
ചോദിച്ചാനമ്മയോടേ,വരുഗ്രന്മാരേവർ വിശ്രുതർ? 4

---

28. ഇവരും—ഞങ്ങളുടെ ആളുകളും.

29. ഹവ്യവാൻ പ്രാജ്ഞൻ—യജമാനനായ പ്രാജ്ഞൻ സദാ ജാഗരൂകനായിരിക്കുമല്ലോ.

സൂക്തം 45.

1. ഇന്ദ്രന്റെ സഖ്യം ലഭിച്ചവരും, അഗ്നിയെ ജ്വലിപ്പിക്കുന്നവരും ദർഭ വിരിക്കുമേ—യാഗം കഴിപ്പാൻ അർഹരാകും. ഈ ഋക്കിന്നു് അഗ്നിയും ദേവതയാണു്.

2. ഏററം—ധാരാളം കിട്ടും. മരനുറുങ്ങു്—യൂപം നിർമ്മിപ്പാൻ വെട്ടുന്ന മരത്തിന്മേൽനിന്നു് ആദ്യം തെറിച്ച കഷ്ണം: അവർ വീണ്ടും വീണ്ടും യൂപം നിർമ്മിപ്പിക്കും; പലവുരു യാഗംചെയ്യും.

3. അയോധനും—മുമ്പു യുദ്ധം ചെയ്തിട്ടില്ലാത്തവൻപോലും. ചുണച്ചു്—ഉശിരോടേ. പരീതനെ—സേനാപരിവൃതനായ ശത്രുവിനെ.

4. അമ്മ—അദിതി.

ബലിഷ്ഠയുത്തരം നിന്നോടുരച്ചാളാ, 'നപോലവേ
മലയ്ക്കുമേൽ മല്ലിടുമേ, നിൻവൈരിത്വം കൊതിപ്പവൻ!' 5

കേൾക്ക, നീ: നിങ്കൽനിന്നിച്ഛിപ്പതു കൊണ്ടുവരും ഭവാൻ;
മഘവൻ, നീയുറപ്പേതിന്നുണ്ടാക്കു, മതുറപ്പിലാം! 6

യോദ്ധാവാമിന്ദ്രനൊരു നല്ലശ്വത്തിന്നടർ പൂകിയാൽ,
തേരാളികളിൽവെച്ചു് ററപ്പെട്ട തേരാളിയായ്വരും! 7

വജ്രിൻ, ചിന്നിയ്ക്കു, വഴിപോലെതിരാളരെയൊക്കെ നീ;
കല്പിച്ചതരികെ,ഞങ്ങൾക്കു വളരെശ്ശോഭനോന്നവും! 8

ദ്രോഹിവ്രജത്താൽ ദ്രോഹിയ്ക്കപ്പെടാത്തുള്ളോരു നല്ല തേർ
ഇന്ദ്രൻ മുന്നിലണയ്ക്കുട്ടേ, നമുക്കിഷ്ടങ്ങൾ നേടുവാൻ! 9

ഇന്ദ്ര, ത്വദ്ദ്വേഷികളിൽനിന്നൊഴിയും, ഞങ്ങൾ കേവലം;
ഗോയുക്തനാം ഭവാന്നേകാൻ പോന്നോനിൽശ്ശക്ര, ചെല്ലുമേ! 10

മെല്ലേ നടക്കുന്നവരും, സാശ്വരും, പുരുവിത്തരും,
നിർബാധരും, ചുമതലക്കാരുമാകെ,ഞങ്ങൾ വജ്രവൻ! 11

നൂറുമായിരവും ശ്രേഷ്ഠസാധനങ്ങൾ ദിനേ ദിനേ
നൽകപ്പെടുന്നതുണ്ടല്ലോ, നിന്നെ വാഴ്ത്തുന്നവർക്കിഹ! 12

കെൽപുററവയെയും തല്ലിപ്പൊളിയ്ക്കുന്ന ധനഞ്ജയൻ,
ഇന്ദ്ര, നീ വീടുപോലുള്ളോനെന്നെഞങ്ങൾക്കറിയാം ദൃഢം! 13

---

5. പ്രത്യക്ഷോക്തി: ബലിഷ്ഠ——ബലവതിയായ അമ്മ. കൊതിപ്പവൻ——ശുഷ്ണാസുരൻ: അവനാണു്, ഉഗ്രനും, വിശ്രുതനും.

6. കേൾക്ക——എന്റെ സ്തോത്രം. ഇച്ഛിപ്പതു——സ്തോതാവു കാംക്ഷിയ്ക്കുന്നതു്.

7. അശ്വത്തിന്നു്——കുതിരയെ കിട്ടാൻ. തേരാളിമാരെയെല്ലാം ജയിയ്ക്കുമെന്നു്, ഉത്തരാർദ്ധത്തിന്റെ താൽപര്യം.

10. അങ്ങയെ ദ്വേഷിയ്ക്കുന്നവരുടെ അടുക്കൽ ഞങ്ങൾ യാചിപ്പാൻ ചെല്ലില്ല; ഭവാന്നേകാൻ, (ഹവിസ്സു തരാൻ) കഴിവുള്ളവങ്കലേ ചെല്ലൂ.

11. സാശ്വർ=അശ്വയുക്തർ.

12. നൽകപ്പെടുന്നതുണ്ടല്ലോ——യജമാനനാൽ.

13. കെൽപുററവയെയും——ഉറപ്പേറിയ ശത്രുനഗരങ്ങളെപ്പോലും. ധനഞ്ജയൻ——സമ്പത്തടക്കുന്നവൻ. വീടുപോലുള്ളോൻ——ഉപദ്രവങ്ങളിൽനിന്നു രക്ഷിയ്ക്കുന്നവൻ.

കൈമാററക്കാരനാം നിന്നോടെങ്ങളർത്ഥനചെയ്യവേ,
കവേ, ധൃഷ്ണോ, പോന്ന നിന്നെ മത്തനാക്കട്ടെ സോമവും! 14
ലുബ്ധാൽ, നിന് ധനദാനത്തിൽക്കശ്രൂമ്പേവന തോന്നുമോ;
ഞങ്ങൾക്കു കൊണ്ടുവന്നാലു, മപ്പണപ്പുള്ളിതൻ മുതൽ! 15
ഇതാ, സോമം പിഴിഞ്ഞിന്ദ്ര, നിന്നെ നോക്കുന്നു, നിർഭരം,
തീൻ കൂട്ടിയോർ പശുവിനെയെന്നപോലെ സുഹൃത്തുകൾ! 16
ചെവി കേൾക്കുന്ന—ചെകിടനല്ലാത്ത—തിരുമേനിയെ
ദൂരാൽ വിളിച്ചുകൊള്ളുന്നു, ഞങ്ങളിങ്ങവനത്തിനായ്! 17
കേൾക്ക,മീ വിളി നീയെങ്കിൽത്തരണം, തീവ്രമാം ബലം;
ഞങ്ങൾക്കുട്ടപ്പമുള്ളോരു ചാർച്ചക്കാരനുമാകണം! 18
നിന്നെ സ്തുതിപ്പതുണ്ടല്ലോ, ഞങ്ങൾ നൊന്തു നടക്കവേ;
ഇന്ദ്ര, ഗോക്കളെ ഞങ്ങൾക്കു തരാൻ തന്നെയുററസ്സു, നീ! 19
വൃദ്ധന്മാർ വടിപോലൂന്നിപ്പിടിപ്പു, ഞങ്ങളങ്ങയെ;
വന്നാൽക്കൊള്ളാം, ക്രതുവിൽ നീയെന്നുമുണ്ടു, ബലാധിപ! 20
ആരെത്തടുക്കില്ല,ടരിലാരു;മപ്പുരുവിത്തനെ,
ഇന്ദ്രനെ,ദ്ദാനപരനെപ്പററി സ്തോത്രങ്ങൾ പാടുവിൻ! 21
സോമം പിഴിഞ്ഞയയ്ക്കുന്നേ,നവിടെയ്ക്കു കുടിക്കുവാൻ:
ഭുജിക്കു, മതിയാവോളം വൃഷാവേ, മാദകം ഭവാൻ! 22

---

14 കൈമാററക്കാരൻ—ഹവിസ്സു വാങ്ങി, അഭീഷ്ടം കൊടുക്കുന്നവൻ. പോന്ന—ഉന്നതനായ.

15. ഭവാൻ സ്തോതാക്കൾക്കു ധനം കൊടുക്കുമ്പോൾ, തൻെറ പിശുക്കു മൂലം അസൂയ തോന്നുന്ന പണപ്പുള്ളിയുടെ (മുതൽക്കാരൻെറ) ധനം കൊണ്ടുവന്നു ഞങ്ങൾക്കു തന്നാലും.

16. സുഹൃത്തുകൾ = സഖാക്കൾ, സ്തോതാക്കൾ, നിന്നെ നിർഭരം നോക്കുന്നു. തീൻ (പുല്ലും മററും) കൂട്ടിയവർ പശുവിനെ (മാടെവിടെ എന്നു) നോക്കുന്നതുപോലെ.

17. ചെകിടൻ = ബധിരൻ. അവനം = രക്ഷണം.

18. തീവ്രമാം—ശത്രുക്കൾക്കു ദുസ്സഹമായ.

19. നൊന്തു—ദാരിദ്ര്യവേദനയോടേ.

20. എന്നുമുണ്ടു—എന്ന ആഗ്രഹവുമുണ്ട്. ബലാധിപ = ബലപതേ.

21. സ്തോതാക്കളോട്.

22. മാദകം—ലഹരിപിടിപ്പിക്കുന്ന സോമം.

മൂഢരങ്ങയെ രക്ഷാൎത്ഥം ദ്രോഹിയ്ക്കൊല്ല, ഹസിയ്ക്കൊലാ:
ബ്രഹ്മദ്വേഷിപ്പരിഷയിലെഴുന്നള്ളരുതേ, ഭവാൻ! 23

മഹത്താം സ്വത്തിനായ് മത്തുപിടിപ്പിയ്ക്കട്ടെ,യങ്ങയെ:
ഗൌരമാൻ പൊയ്കനീർപോലെ,ഗ്ഗവ്യസോമം കടിയ്ക്ക, നീ! 24

വൃത്രഹന്താവു പുത്തും സനാതനവുമാം ധനം
ദൂരാലയൎക്കുന്നതിനെപ്പുകഴ്ത്തുന്നു, സദസ്സുകൾ! 25

നുകൎന്നരുളിനാ,നിന്ദ്രൻ കദ്രുതന്നുടെ സോമനീർ;
സഹസ്രബാഹുവിന്നായി പ്രകാശിപ്പിച്ചു, വീൎയ്യവും! 26

യദ്വതുൎവ്വശൎതൻ കൎമ്മമത്തു നേരെന്നു കാൺകയാൽ
അടരികലെഴുന്നള്ളിച്ചേറുത്താ,നഹ്നവായ്യനെ! 27

തരും, ഗോക്കളെയും കൊററും; കടത്തും,യുഷ്മദീയരെ—
അശ്ശത്രുമൎദ്ദനനെ ഞാൻ പതിവായി സ്തുതിയ്ക്കുവൻ! 28

തണ്ണീർ തഴപ്പിച്ച മഹാനാകുമിന്ദ്രന്നു സാമ്പ്രതം
സോമം പിഴിഞ്ഞുവെച്ചു,ക്ഷ്ടം ചൊല്ലുന്നേൻ,
ധനകാംക്ഷിഞാൻ! 29

ത്രിശോകന്നായ്ജ്ജലം ചോൎക്കാൻ വന്മേഘത്തെപ്പിളൎത്തിനാൻ;
വഴിയും വെട്ടിനാനല്ലോ; വെള്ളങ്ങൾക്കൊഴുകാനിവൻ! 30

---

23. രക്ഷാൎത്ഥം—അവരുടെ രക്ഷയ്ക്കു്.

24. സ്വത്തിനായ്—സ്വത്തു കിട്ടാൻ. ആളുകൾ അങ്ങയെ സോമംകൊണ്ടു മത്തുപിടിപ്പിയ്ക്കട്ടെ. ഗവ്യസോമം—ഗോരസങ്ങൾ ചേൎത്ത സോമനീർ.

25 സദസ്സുകൾ—യജ്ഞസഭകളിലെ ആളുകൾ.

26. കദ്രു—ഒരൃഷി. സഹസ്രബാഹുവിന്നായി—സഹസ്രബാഹു എന്ന രാജാവിനെ രക്ഷിപ്പാൻ. വീൎയ്യവും പ്രകാശിപ്പിച്ചു —അദ്ദേഹത്തിന്റെ ശത്രുക്കളെ കൊല്ലുകയും ചെയ്തു.

27. കൎമ്മമത്തു=ആ കൎമ്മം. നേരു്—നിൎവ്യാജം. അഹ്നവായ്യൻ—അവരുടെ ഒരു ശത്രു.

28. സ്വന്തം ആളുകളോടു്: യുഷ്മദീയരെ (നിങ്ങളുടെ പുത്രാദികളെ) കടത്തും—ആപത്തിന്റെ മറുകരയിലെത്തിയ്ക്കും. അശ്ശത്രുമൎദ്ദനനെ—അപ്രകാരമുള്ള ശത്രുമൎദ്ദനനെ, ഇന്ദ്രനെ.

29. തണ്ണീർ—മഴവെള്ളം.

30. ത്രിശോകന്നായ്—ത്രിശോകനെന്ന ഋഷിയ്ക്കുവേണ്ടി. ചോൎക്കാൻ —ഭൂമിയിലെയ്ക്കു വീഴ്ത്താൻ. ഇവൻ—ഇന്ദ്രൻ.

മോദിച്ചാലേതു കൈക്കൊള്ളമാദരിയ്ക്കും, കൊടുത്തിടും;
അതിലെന്തൊന്നു നീ ചെയ്യീലി?–ന്ദ്ര, നല്ലുക, സൌഖ്യവും! 31

ഇന്ദ്ര, നിന്മട്ടിലുള്ളോന്റെ ചെറുതാം ചെയ്തിതന്നെയും
പാരിൽ പ്രസിദ്ധമാമല്ലോ: വന്നെത്തട്ടെ, ഭവന്മനം! 32

അവിടുന്നിന്ദ്ര, ഞങ്ങൾക്കു സുഖം കല്പിച്ചു നല്കിയാൽ,
അതിൻപ്രശസ്തിയും നല്ല യശസ്സുമവിടെയ്ക്കുതാൻ! 33

കുററമൊന്നോ, പരം രണ്ടോ മൂന്നോ, വളരെയെണ്ണമോ
ഞങ്ങൾ ചെയ്യുകിലും, ശിക്ഷ കല്പിയ്ക്കരുതു,ശൂര, നീ! 34

നേരേ കേറിയടിപ്പോനാ,യുഗ്രനായ്,പ്പാപഹാരിയായ്,
സഹിഷ്ണുവാം ഭവാനെപ്പോലുള്ളോനിൽപ്പേടിയുണ്ടു, മേ! 35

തോഴന്നുതാൻ, മകന്നുതാനഭിവൃദ്ധി മഹാവസോ,
ഉണർത്തിപ്പീല ഞാൻ: പേർത്തും പേർത്തും പതിക, നിന്മനം! 36

'ആർ മർത്ത്യരേ, നിലവിളിയ്ക്കുന്നു? ഞങ്ങളിൽനിന്നെവൻ
പായുന്നു? കൊന്നു, ഞാനാരെ?' ത്തോഴൻ തോഴനൊടോതിനാൻ! 37

പിഴിഞ്ഞോരേവാരനിൽ നീ വൃഷാവേ, പെയ്യവേളയിൽ
തലചായ്ച്ചേവരും പോയാരൊ,രു ചൂതാടിപോലവേ! 38

---

31. അതിൽ––ആ നന്മയിൽ. എന്തൊന്നു ചെയ്യീല––എല്ലാം ഞങ്ങൾക്കു ചെയ്യിരിയ്ക്കുന്നു. ഇനി, സൌഖ്യവും നല്കുക.

32. ഭവന്മനം = ഭവാന്റെ മനസ്സ്. വന്നെത്തട്ടെ––എങ്കൽ പതിയട്ടെ.

35. അടിപ്പോനായ്––ശത്രുക്കളെ. സഹിഷ്ണു––ശത്രുപീഡയെ ക്ഷമിയ്ക്കാത്തവൻ.

36. തോഴന്നുതാൻ മകന്നുതാൻ = സഖാവിന്നോ, പുത്രന്നോ. മഹാവസോ = മഹത്തായ ധനമുള്ളവനേ. ഉണർത്തിപ്പീല— കൊടുക്കേണമെന്നറിയിയ്ക്കുന്നില്ല; നിന്മനം ഞങ്ങളിൽ പതിഞ്ഞാൽമതി.

37. ഞങ്ങളിൽനിന്ന്—ഞങ്ങളെ പേടിച്ച്. ഞാൻ ആരെ കൊന്നു— ഒരപരാധരഹിതനെയും ഞാൻ കൊന്നിട്ടില്ല ഇതൊക്കെ പറയാൻ ഇന്ദ്രൻമാത്രമേ ഉള്ളു. ഇന്ദ്രൻ ഇവിടെ വന്നുചേർന്നിരിയ്ക്കും എന്നു തോഴൻ തോഴനോടു പറഞ്ഞു.

38. സോമം പിഴിഞ്ഞ ഏവാരനെന്ന ആൾക്കു ഭവാൻ ധനം പെയ്തുകൊടുത്തുവല്ലോ; അപ്പോൾ ഏവരും (ദേവന്മാരെല്ലാം) ഒരു ചൂതാടി (ചൂതുകളിയിൽ പണമൊക്കെപ്പോയവൻ)പോലെ തല താഴ്ത്തി നടകൊണ്ടു. ഇന്ദ്രന്റെ ഈ ധനവർഷണത്താൽ സ്വർഗ്ഗത്തിലെ സമ്പത്താകെ തീർന്നുപോയി എന്ന വിചാരത്താലായിരിയ്ക്കാം, ദേവന്മാർ തല ചായ്ച്ചു മിണ്ടാതെ പോയത്!

നിൻനൽത്തേരശ്വയുഗ്മത്തെ മന്ത്രത്താൽപ്പൂട്ടി ഞാനിതാ,
വലിയ്ക്കുന്നേൻ: ധനം നല്കുന്നോനല്ലോ, ബ്രാഹ്മണൎക്ക നീ! 39

വിദ്വേഷികളെ മുച്ചൂടും പിളൎക്ക; രണബാധകൾ
നിൎത്തിയ്ക്കുക; ഭവാൻ കൊണ്ടുവരികാ,ക്കാമ്യമാം ധനം! 40

യാതൊന്നുറപ്പിലും, ശൈലത്തിലു,മിന്ദ്ര, ജലസ്സിലും
വെച്ചിരിയ്ക്കുന്നു നീ, കൊണ്ടുവരികാ,ക്കാമ്യമാം ധനം! 41

പെരുത്ത യാതൊന്നു ഭവദ്ദത്തമെന്നേതുമൎത്ത്യനും
അറിഞ്ഞീടുന്നുവോ; കൊണ്ടുവരികാ,ക്കാമ്യമാം ധനം! 42

മൂന്നാമദ്ധ്യായം സമാപ്തം.

നാലാമദ്ധ്യായം.

സൂക്തം 46.

അശ്വപുത്രൻ വശൻ ഋഷി; പാദനിചൃത്തും ഗായത്രിയും കകുപ്പും ബൃഹതിയും അനുഷ്ടുപ്പും സതോബൃഹതിയും ദ്വിപദാജഗതിയും പിപീലികമദ്ധ്യാബൃഹതിയും കകുമ്ന്യങ്കുശിരയും വിരാട്ടും ജഗതിയും ഉപരിഷ്ടാദ്ബൃഹതിയും പംക്തിയും ഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രനും വായുവും ദേവത.

ബഹുധന, മികച്ച നേതാവേ, ഹരിസ്ഥിത, ഇന്ദ്ര, നിന്തിരുവടിയുടെയാകുന്നു, ഞങ്ങൾ! 1

വജ്രിൻ, നിന്തിരുവടി തീൎച്ചയായും അന്നദാതാവാണെന്നു ഞങ്ങൾക്കറിയാം; ധനദാതാവാണെന്നും ഞങ്ങൾക്കറിയാം! 2

---

39. നൽത്തേരശ്വയുഗ്മത്തെ—നല്ല തേരിന്റെ രണ്ടു കുതിരകളെ, ഹരികളെ. വലിയ്ക്കുന്നേൻ—ഞങ്ങളുടെ അടുക്കലെയ്ക്കു്.

40. രണബാധകൾ=യുദ്ധോപദ്രവങ്ങൾ.

42. വളരെദ്ധനം ഒരാളിൽ കണ്ടാൽ, അതു ഭവാൻ കൊടുത്തതാണെന്നു് എല്ലാ മനുഷ്യരും അറിയും.

സൂക്തം 46.

1. ഹരിസ്ഥിത—ഹരികളെന്ന അശ്വങ്ങളിലിരിയ്ക്കുന്നവനേ.

ശതരക്ഷ, ശതക്രതോ, നിന്തിരുവടിയുടെ മഹിമാവിനെ പാ
ടിപ്പുകഴ്ത്തുന്നുണ്ടല്ലോ, സ്തോതാക്കഠം! 3

ആരെ അദ്രോഹികളായ മരുത്തുക്കഠം, ആരെ അര്യമാവ്,
ആരെ മിത്രൻ രക്ഷിയ്ക്കുമോ, ആ മനുഷ്യൻ സുയജ്ഞനാകുമല്ലോ! 4

ആദിത്യരാൽ അനുഗ്രഹിയ്ക്കപ്പെട്ടവനു ഗോക്കളും അശ്വങ്ങളും
സുവീര്യരും ഉണ്ടായിവരും; അവൻ ബഹുകാമ്യമായ സമ്പത്തി
നാൽ സദാ വർദ്ധിയ്ക്കും! 5

ഭയമെന്നിയേ ബലം പ്രയോഗിയ്ക്കുന്ന ആ ഇന്ദ്രനോടു ഞങ്ങഠം
ധനം യാചിയ്ക്കുന്നു—സ്വാമിയോടു സമ്പത്തു യാചിയ്ക്കുന്നു. 6

തന്റെ കൂടെയുണ്ടല്ലോ, നിർഭയകളായ രക്ഷകളെല്ലാം: ആ
ബഹുധനനെ മത്തുപിടിപ്പിയ്ക്കാൻ, ഹരികളെന്ന കുതിരകഠം സോ
മത്തിലെയ്ക്കു കൊണ്ടുവരട്ടെ! 7

ഇന്ദ്ര, വരണീയവും, ശത്രുക്കളെ തുലോം ഹനിയ്ക്കുന്നതും, അ
വരിൽനിന്നു സ്വത്തടക്കുന്നതും, യുദ്ധങ്ങളിൽ ദുസ്തരവുമാണല്ലോ,
അങ്ങയുടെ മത്ത്! 8

വിശ്വവരണീയ, മഹാബല, വസോ, യുദ്ധങ്ങളിൽ ദുസ്തര
നും, മറുകരയണയ്ക്കുന്നവനും, സ്തുത്യനുമായ നിന്തിരുവടി ഞങ്ങളുടെ
സവനങ്ങളിൽ എഴുന്നള്ളിയാലും: ഞങ്ങഠംക്ക് ഒരു പൈത്തൊ
ഴുത്തു കിട്ടുമാറാകട്ടെ! 9

മഹാധന, അങ്ങ് മുമ്പേത്തെപ്പോലെ ഞങ്ങഠംക്കു ഗോക്കളെ
യും അശ്വങ്ങളെയും തേരുകളും തരാൻ വന്നുചേന്നാലും! 10

ശൂര, അങ്ങയുടെ ധനത്തിന്റെ അററം സത്യമായും ഞാൻ
കണ്ടെത്തിയിട്ടില്ല: മഘവാവേ, വജ്രിൻ, അവിടുന്ന് ഇപ്പോഠം
ത്തന്നെ തരിക; ഞങ്ങളുടെ കമ്മങ്ങഠം അന്നംകൊണ്ടു രക്ഷിച്ചാലും! 11

സഖാക്കളാൽ കേഠംപ്പിയ്ക്കപ്പെടുന്ന, പുരുസ്തുതനായ യാതൊരു
ദശ്നീയൻ എല്ലാപ്പിറവികളും അറിയുന്നുവോ; ആ ബലവാനായ
ഇന്ദ്രനെ മനുഷ്യയുഗങ്ങളിൽ എല്ലാവരും സ്രു കൈയ്യേന്തി വിളി
യ്ക്കുന്നു! 12

---

3. ശതരക്ഷ — വളരെ രക്ഷകളുള്ളവനേ.

5. സുവീര്യർ—നല്ല വീര്യമുള്ള പുത്രന്മാർ.

11. തരിക—ധനം.

12. സഖാക്കഠം—ഋത്വിക്കുകഠം, കേഠംപ്പിയ്ക്കു—കീത്തിയ്ക്കു. എല്ലാപ്പിറ
വികളും—പ്രാണികളുടെയെല്ലാം ഉൽപത്തി. മനുഷ്യയുഗങ്ങളിൽ—എല്ലാ
ക്കാലത്തും. സ്രു കൈയ്യേന്തി....ഹവിസ്സു ഹോമിപ്പാൻ.

ആ ബഹ്വധനനായ, മഘവാവായ വൃത്രഹന്താവു യുദ്ധങ്ങളിൽ നമ്മെ രക്ഷിപ്പാൻ മുമ്പിൽ നില്ക്കട്ടെ! 13

സോമലഹരിയിൽ വീരനായി കമ്പിടുവിയ്ക്കുന്ന, വിശിഷ്ടപ്രജ്ഞനായ, സ്തോതവ്യനായ, ശക്തനായ ഇന്ദ്രനെക്കുറിച്ചു നിങ്ങൾ തോഴരിനൊത്തു വലിയ സ്തുതി പാടുവിൻ! 14

പുരുഹൂത, അവിടുന്നു് ഇപ്പോൾത്തന്നേ പൊറുപ്പാൻ മുതൽ തരിക; സ്വത്തു തരിക; യുദ്ധങ്ങളിൽ അന്നവും തരിക! 15

സർവസമ്പത്തുകളുടെയും സ്വാമിയാണു്, ഭവാൻ: ഈ തടുത്തു പൊരുതുന്നവനെ കീഴമർത്തുക. ഇനിയും (സ്വത്തു തരിക)! 16

മഹാനായ നിന്തിരുവടിയുടെ ആഗമനം ഞാനിച്ഛിയ്ക്കുന്നു: ഗമനശീലനായ പൂർണ്ണഗമനനായ വൃഷാവിനെ ഞങ്ങൾ യജിച്ചു സ്തുതിയ്ക്കുന്നു സർവമനുഷ്യരാലും യജിയ്ക്കപ്പെടുന്നവനാണല്ലോ, മരുത്വാനായ ഭവാൻ; അങ്ങയെ ഞാൻ വണങ്ങി വാഴ്ത്തിപ്പാടുന്നു. 17

യാവചിലർ ബലകരമായ മേഘജലത്തോടുകൂടി പറക്കുന്നുവോ, ആ ഗഭീരനിനദന്മാരെ ഞങ്ങൾ യജിയ്ക്കുന്നു—ആ ചീററിയിരമ്പുന്നവൎക്കു ഞങ്ങൾ യജ്ഞത്തിൽ ഹവിസ്സൊരുക്കുന്നു. 18

ധൃഷ്ടമർദ്ദന, ബലവാനേ, ഇന്ദ്ര, നിന്തിരുവടി ഞങ്ങൾക്കു തക്കതു കൊണ്ടുവന്നാലും: ഉദാരമതേ, ഉദാരമതേ, മികച്ച ധനം! 19

വീതിയ്ക്കുന്നവനേ, വഴിപോലെ വീതിയ്ക്കുന്നവനേ, ഉഗ്ര, പൂജനീയ, മികച്ച ജ്ഞാനദാതാവേ, സത്യാത്മൻ, കീഴമർത്തുന്നവനേ, ചക്രവർത്തിൻ, അവിടുന്നു യുദ്ധങ്ങളിൽ ചെറുക്കാനും പൊറുക്കാനും പോന്ന പ്രധാനധനം (കൊണ്ടുവന്നാലും)! 20

'ഒരു ദേവനല്ലാത്ത വശൻ തികഞ്ഞ ജംഗമസ്വത്തു വാങ്ങിയല്ലോ—കനീതപുത്രനായ പൃഥുശ്രവസ്സിങ്കൽനിന്നു് ഇന്നു കാലത്തു വാങ്ങിയല്ലോ; ആ അശ്വപുത്രൻ വന്നെത്തട്ടെ! 21

---

14. ഉദ്ഗാതാക്കളോട്:

18 ഗഭീരനിനദന്മാരെ—മരുത്തുക്കളെ.

19. തക്കതു് എന്താണ്? മികച്ച ധനം. ഉദാരമതേ എന്ന ആവൃത്തി ആദരാധിക്യത്താലാകുന്നു.

20. പൊറുക്കാനും—നാൾ കഴിപ്പാനും. പോന്ന—മതിയാവുന്ന.

21. കനീതപുത്രനായ—പൃഥുശ്രവസ്സെന്ന രാജാവിങ്കൽനിന്നു ജംഗമ (ഗോക്കളും മററുമാകുന്ന) സ്വത്തു കിട്ടിയ അശ്വപുത്രൻ വശൻ വന്നെത്തട്ടെ എന്നു ബന്ധുക്കൾ ആശംസിയ്ക്കുന്നു; ദേവനല്ലാത്തതുകൊണ്ടു പ്രത്യക്ഷനായിത്തന്നേ വാഴ്ത്തുന്നു.

'എഴുപതിനായിരം കുതിരകളും, രണ്ടായിരം ഒട്ടകങ്ങളും, ആയിരം കറുത്ത പെൺകുതിരകളും, ഒരുലക്ഷം മൂന്നിടം മിന്നുന്ന പൈക്കളും എന്നിവ എനിയ്ക്കു കിട്ടി! 22

ഊക്കിൽപ്പായുന്ന, കരുത്തുള്ള, മെതിയ്ക്കുന്ന പത്തു കരിം കുതിരകളും തേർവട്ടുരുട്ടുന്നു! 23

ശോഭനധനനായ കനീതപുത്രൻ പൃഥുശ്രവസ്സിന്റെ ദാനമാണിതൊക്കെ: ഒരു കനകത്തേരും തന്നു്, ആ പെരിയ ദാതാവായ പ്രാജ്ഞൻ വളരെക്കീർത്തി നേടിയിരിയ്ക്കുന്നു! 24

വായോ, അങ്ങു് മഹത്തായ സ്വത്തും മഹനീയമായ കരുത്തും തരാൻ ഞങ്ങളിൽ വന്നാലും: വളരെക്കൊടുക്കുന്ന, വലുതു കൊടുക്കുന്ന ഭവാനെ ഞങ്ങൾ ഉടനടി പൂജിയ്ക്കുമല്ലോ! 25

ആർ കുതിരകളാലും ആയിരത്തിനാന്ററെഴുപതു ഗോക്കളാലും വഹിയ്ക്കപ്പെടുന്നുവോ; അദ്ദേഹം ഇതാ, സോമം പിഴിയുന്നവരോടു കൂടി, സോമം കുടിയ്ക്കുന്നവനേ,––അരിച്ചുതിളങ്ങുന്ന സോമം കുടിയ്ക്കുന്നവനേ, സോമം തരാൻ തുടങ്ങുന്നു! 26

ആർ എനിയ്ക്കു് ഈ വിവിധദാനം പെയ്യുന്നതിൽ സ്വയം ഇമ്പപ്പെട്ടുവോ; ആ സുയജ്ഞൻ സുകൃതത്തിനായി അരടനോടും അക്ഷനോടും നഹുഷനോടും കല്പിച്ചു! 27

വായോ, ഉചത്ഥ്യനെക്കാളും വപുസ്സിനെക്കാളും മീതെയാണു്, ഈ നെയ്യുപോലെ പരിശുദ്ധനായ രാജാവു്. ഇതാ, കുതിരകളും ഒട്ടകങ്ങളും നായ്ക്കളും ചുമന്നു കൊണ്ടുവന്ന ആ അന്നം! 28

---

22. ആ വശൻ തിരിച്ചുവന്നു പറയുന്നു: മൂന്നിടം––പൂഞ്ഞ, പുറം, വാരി ഭാഗം.

23. മെതിയ്ക്കുന്ന––എതിരാളികളെ മർദ്ദിയ്ക്കുന്ന. തേർവട്ടുരുട്ടുന്നു––തേർ വലിയ്ക്കുന്നു.

25. ഉടനടി––വന്നാലപ്പോൾ.

26. അദ്ദേഹം––പൃഥുശ്രവസ്സു്. സോമം കുടിയ്ക്കുന്നവനേ––സോമപായിയായ വായോ. തരാൻ––അങ്ങയ്ക്കു്.

27. ആ സുയജ്ഞൻ––പൃഥുശ്രവസ്സു്. അരടൻ, അക്ഷൻ, നഹുഷൻ എന്നിവർ സചിവന്മാരാകുന്നു. കല്പിച്ചു––'വശർഷിയ്ക്കു കൊടുക്കാൻ ഗോക്കളെയും മററും വരുത്തുവിൻ' എന്നു്.

28. ഉചത്ഥ്യനും, വപുസ്സും രണ്ടു രാജാക്കന്മാരത്രേ. ആ––പൃഥുശ്രവസ്സു തന്നെ.

ആ പ്രദാതാവിന്നു പ്രിയപ്പെട്ട അറുപതിനായിരം കുതിരകളെപ്പോലെ, വിത്തുകാളകളെയും എനിയ്ക്കു കിട്ടി! 29

ഗോക്കരം കൂട്ടത്തിലെന്നപോലെ, ഉഴത്തുമൂരികളും എങ്കലെത്തി––ഉഴത്തുമൂരികളും എങ്കലെത്തി! 30

മേച്ചിൽക്കൂട്ടത്തിലെ നൂറൊട്ടകങ്ങരം, രണ്ടായിരം വെള്ളപ്പൈക്കരം എന്നിവയും വരുത്തപ്പെട്ടു! 31

വളരെയെണ്ണത്തെ പ്രാജ്ഞനായ ഞാൻ അധികൃതനായ ബല്ബൂഥനെന്ന ദാസങ്കൽനിന്നു വാങ്ങി. വായോ, അങ്ങയുടെ ആ ആളുകരം ഇതാ, ഇന്ദ്രരക്ഷിതരായി ഇമ്പംകൊള്ളുന്നു––ദേവരക്ഷിതനായി ഇമ്പംകൊള്ളുന്നു! 32

ആ മഹതിയായ മങ്കയെയും പൊൻപണ്ടങ്ങളണിയിച്ച്, അശ്വപുത്രനായ വശന്റെ മുമ്പിലെയ്ക്കു കൊണ്ടുവരുന്നുണ്ട്! 33

സൂക്തം 47.

ആപ്ത്യൻ ത്രിതൻ ഋഷി; മഹാപംക്തി ഛന്ദസ്സ്; ആദിത്യരും ഉഷസ്സും ദേവത.

വരുണ, മിത്ര, വലിയവരായ നിങ്ങരം ഹവിർദ്ദാതാവിന്നു ചെയ്യുന്ന രക്ഷ വലുതാണ്: ആദിത്യരേ, നിങ്ങരം ആരെ ദ്രോഹിയിങ്കൽനിന്നു രക്ഷപ്പെടുത്തുമോ, അവനെ പാപം തീണ്ടില്ല. നിങ്ങളുടെ രക്ഷകരം നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകരം നല്ല രക്ഷകളാകുന്നു! 1

---

30. പൃഥുശ്രവസ്സ് ഉഴത്തുമൂരികളെയും വശന്നു കൊടുത്തു എന്ന്:

31. വരുത്തപ്പെട്ടു––എനിയ്ക്കു തരാൻ.

32. അധികൃതൻ––മാടുവകപ്പിന്റെ മേലാരം. ദാസൻ––എനിയ്ക്കു തരാൻ രാജാവിനാൽ ആജ്ഞാപിയ്ക്കപ്പെട്ടവൻ. ഈ സമ്പത്തൊക്കെ കിട്ടിയതു വായുവിന്റെ അനുഗ്രഹത്താലാണെന്ന്: അങ്ങയുടെ ആ ആളുകരം––അങ്ങയെ സ്തുതിച്ച ഞങ്ങരം.

33. പൃഥുശ്രവസ്സ് ഒരുത്തമസ്ത്രീയെയും വശന്നു കൊടുത്തു എന്ന്: വശന്റെ ––എന്റെ.

സൂക്തം 47.

1. വരുണ, മിത്ര എന്നിവരിൽ അര്യമാവും ഉരംപ്പെട്ടിരിയ്ക്കുന്നു.

ആദിത്യദേവന്മാരേ, നിങ്ങൾക്കറിയാം, ദുഃഖപരിഹാരം: പക്ഷികൾ ചിറകെന്നപോലെ, നിങ്ങൾ സുഖം ഞങ്ങളുടെ മീതേ വെയ്ക്കുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 2

പക്ഷികൾ ചിറകെന്നപോലെ, നിങ്ങൾ ആ സുഖം ഞങ്ങളിൽ ഉറപ്പിയ്ക്കുവിൻ. സർവധനന്മാരേ, ഞങ്ങൾ ഗൃഹത്തിന്നു വേണ്ടതൊക്കെ യാചിയ്ക്കുന്നു. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു. 3

പ്രകൃഷ്ടമതികളായ ആദിത്യന്മാർ ആൎക്ക ഗൃഹവും അന്നവും നല്കുമോ, അവന്നുവേണ്ടി ഇവർ എല്ലാ മനുഷ്യരുടെയും സ്വത്തടക്കും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 4

ഞങ്ങളെ ദുരിതങ്ങൾ, ദുൎഗ്ഗങ്ങളെ തേരാളികളെന്നപോലെ ഒഴിഞ്ഞുവെയ്ക്കട്ടെ. ഞങ്ങൾ ഇന്ദ്രന്റെ രക്ഷയിലാകണം; ആദിത്യരുടെയും രക്ഷയിലാകണം. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 5

കഷ്ടപ്പെട്ടാലേ, ജീവനുള്ള മനുഷ്യൎക്ക നിങ്ങളിൽനിന്നു (ധനം) കിട്ടൂ; ആദിത്യദേവന്മാരേ, ശീഘ്രഗമനരായ നിങ്ങൾ ആരിൽ ചെല്ലുമോ, അവന്നു ധാരാളം കിട്ടും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 6

ആദിത്യരേ, ഒരേ പ്രസിദ്ധിയുള്ള നിങ്ങൾ യാതൊരുവന്നു സുഖം നല്കിയോ, തീക്ഷ്ണനായിച്ചമഞ്ഞ അവനെ ആയുധം തീണ്ടില്ല; അവന്നു കനത്ത (ദുഃഖം) വരില്ല. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു––നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 7

ദേവന്മാരേ, പോരാളികൾ ചട്ടകളിലെന്നപോലെ, ഞങ്ങൾ നിങ്ങളിൽ ഉൾപ്പൂകട്ടെയോ! നിങ്ങൾ ഞങ്ങളെ വലിയ പാപ

---

2. പക്ഷികൾ കുഞ്ഞുങ്ങളെ രക്ഷിയ്ക്കായി ചിറകുകൾകൊണ്ടു മൂടുമല്ലോ.
3. വേണ്ടതൊക്കെ––ധനം.
5. ദുൎഗ്ഗങ്ങൾ––ദുർഗ്ഗമമാർഗ്ഗങ്ങൾ.
6. കഷ്ടപ്പെട്ടാലേ––തപോനിയമാദിയാൽ.
7. ആയുധം––ശത്രുവിന്റെ.

ത്തിൽനിന്നും, നിങ്ങൾ ചെറിയ പാപത്തിൽനിന്നും രക്ഷിയ്ക്കുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 8

മിത്രൻെറയും, ധനവാനായ അര്യമാവിൻെറയും, വരുണൻെറയും അമ്മയായ അദിതി ഞങ്ങളെ രക്ഷിയ്ക്കട്ടെ; അദിതി സുഖം തരട്ടെ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു – നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 9

ദേവന്മാരേ, ശരണീയം, ഭജനീയം, രോഗരഹിതം, ഈ മൂന്നു ഗുണമുള്ളതും ഗൃഹത്തിന്നു വേണ്ടതുമായ സുഖം ഞങ്ങൾക്കു തരുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 10

ആദിത്യന്മാരേ, ഒരു തീരസ്ഥിതനെന്നപോലെ, നിങ്ങൾ കീഴ്പോട്ടു നോക്കുവിൻ: അവൻ കുതിരകളെ നല്ല കടവിലെയ്ക്കെന്നപോലെ, നിങ്ങൾ ഞങ്ങളെ സന്മാർഗ്ഗത്തിലെയ്ക്കു നടത്തുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 11

ഇവിടെ അരക്കന്നു നന്മയുണ്ടാകരുത്, ദ്രോഹിയ്ക്കുണ്ടാകരുത്, എതിർക്കുന്നവന്നുണ്ടാകരുത്; മാടിന്നും, കറവപ്പയ്യിന്നും, അന്നേഷ്ടാവായ വീരന്നും നന്മ വരട്ടെ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 12

ദേവന്മാരേ, വെളിവിലും ഒളിവിലുമുണ്ടല്ലോ, ദുഷ്കൃതം; അതു രണ്ടും ആപ്ത്യനായ ത്രിതന്നു പററരുത്——ഞങ്ങളിൽനിന്നകററുവിൻ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 13

വിണ്ണിന്മകളേ, വിഭാവരി, കന്നുകാലികൾക്കും ഞങ്ങൾക്കും ആപത്തു സൂചിപ്പിയ്ക്കുന്ന ദുസ്സ്വപ്നം യാതൊന്നോ, അത് ആപ്ത്യ

11. ഒരു തീരസ്ഥിതനെന്നപോലെ——പുഴയുടെ കരയിൽ നിൽക്കുന്നവൻ വെള്ളം എവിടെ എന്നറിയാൻ കീഴ്പോട്ടു നോക്കുന്നതുപോലെ.

12. വീരൻ——ഞങ്ങളുടെ പുത്രൻ.

13. ആപ്ത്യൻ = ജലജാതൻ. ത്രിതന്ന്——എനിയ്ക്ക്.

നായ ത്രിതന്നുണ്ടാകാതാക്കിയാലും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 14

വിണ്ണീന്മകളേ, പൊൻപണിക്കാരന്നും മാലാകാരന്നും യാതൊരു ദുസ്സ്വപ്നം ഉണ്ടാകുമോ, അതു രണ്ടും ആപ്ത്യനായ ത്രിതനെ ബാധിയ്ക്കരുത്. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 15

ഉഷസ്സേ, അതേ ഭോജനം, അതേ കർമ്മം——അങ്ങനെ ആ ഭാഗമനുഭവിയ്ക്കുന്ന ത്രിതങ്കൽനിന്നും ദ്വിതങ്കൽനിന്നും ദുസ്സ്വപ്നം ഭവതി പോക്കിയാലും. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 16

കരളും കുളമ്പും കടവും ഞങ്ങൾ നീക്കിവെയ്ക്കാറുണ്ടല്ലോ; അതിൻവണ്ണം ത്രിതങ്കലെ ദുസ്സ്വപ്നമെല്ലാം ഞങ്ങൾ നീക്കമാറാകണം. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 17

ഉഷസ്സേ,—ഞങ്ങൾ ജയിയ്ക്കണം; നേടണം, അനപരാധരാകണം. ഞങ്ങൾ യാതൊന്നിനെ പേടിയ്ക്കുന്നുവോ, ആ ദുസ്സ്വപ്നം നീങ്ങിപ്പോകട്ടെ. നിങ്ങളുടെ രക്ഷകൾ നിഷ്പാപങ്ങളാകുന്നു——നിങ്ങളുടെ രക്ഷകൾ നല്ല രക്ഷകളാകുന്നു! 18

സൂക്തം 48.

കണ്വഗോത്രൻ പ്രഗാഥൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; സോമം ദേവത.

(കാകളി)

തേനിതെന്നേതിനെ ശ്ലാഘിച്ചുണ്ണുന്നു,
വാനവന്മാരും മനുഷ്യരുമൊക്കവേ;

---

14. ഉഷസ്സിനോട്: ഇതുമുതൽ അഞ്ചു ഋക്കുകൾ ദുസ്സ്വപ്നഹരങ്ങളത്രേ.
16. അതേ——ജാഗ്രദവസ്ഥയിലേതായ. ദ്വിതൻ——ത്രിതന്റെ ജ്യേഷ്ഠൻ.
17. കരളും, കുളമ്പും——കൊല്ലപ്പെട്ട പശുവിന്റെ. കടം=ഋണം.

അപ്പുരുപൂജിതസ്വാദ്വന്നമുണ്ണാവൂ
സുപ്രജ്ഞനും ശുഭകർമ്മാവുമായ ഞാൻ! 1

ഉള്ളിൽക്കടക്കുന്നു, സോമമേ, നീ;—യഴൽ—
ക്കൊള്ളാതെ പോക്കുന്നു, ദേവകോപത്തെയും;
ഇന്ദ്രന്നു തോഴനാം നീ,യൊരശ്വം ചുമ—
ടെന്നവിധം കൊണ്ടുപോകും, ധനത്തിനായ്! 2

സോമം കുടിച്ചു മൃതിഹീനരാകെങ്ങൾ;
ധാമം ഗമിച്ചറിയാവൂ, നിലിമ്പരെ!
എന്തിഹ ചെയ്യു,മെതിരാളി ഞങ്ങളി;—
ലെന്തൊന്നു ചെയ്യു,മമൃതേ, നൃഹിംസകൻ? 3

താതൻ സുതന്നും, സഖാവു സഖാവിന്നും
പ്രീതി ചേർക്കുംവിധം, ചൊല്ലേറ്റുണ്ട സോമമേ,
സേവിച്ചു ഞങ്ങൾക്കു നൽക, നീയുംസ്സുഖം;
കൈവളർക്കാ,യുസ്സുമിന്ദോ, മനീഷി നീ! 4

ആണി തേരേപ്പിനെപ്പോലേ മുറുക്കുകീ,
ത്രാണകീർത്തിപ്രദം പാനമെന്നേപ്പിനെ;
കാക്കട്ടെ,യെന്നെത്തൊഴിലഴവേല്ലാതെ;
നീക്കട്ടെ, രോഗത്തിൽനിന്നുമസ്സോമനീർ! 5

സൂക്തം 48.

1. തേൻ—തേൻപോലെ മധുരം. അപ്പുരുപൂജിതസ്വാദ്വന്നം—ആ പുരുപൂജിതവും സ്വാദു(ആസ്വാദ്യ)വുമായ അന്നം, സോമം.

2. ഉള്ളിൽ—ഹൃദയത്തിൽ, അഥവാ യാഗശാലയിൽ. അഴൽക്കൊള്ളാതെ—അക്ലേശമായി. ധനത്തിനായ്—ഞങ്ങൾക്കു ധനം കിട്ടാൻ. കൊണ്ടുപോകും—ഞങ്ങളെ.

3. മൃതിഹീനർ=മരണരഹിതർ. ധാമ,—തേജോമയമായ സ്വർഗ്ഗം. ഇഹ=ഇപ്പോൾ. അമൃതേ—അമൃതുപോലുള്ള സോമമേ. നൃഹിംസകൻ—മനുഷ്യനായ എന്നെ ദ്രോഹിക്കുന്നവൻ. എന്തൊന്നു ചെയ്യും—ഞാൻ ദേവത്വമടയുമല്ലോ.

4. ഇന്ദോ—സോമമേ. മനീഷി=ബുദ്ധിശാലി.

5. ത്രാണകീർത്തിപ്രദം=രക്ഷയെയും കീർത്തിയെയും നല്കുന്നത്. പാനം—സോമപാനം. എന്നേപ്പിനെ മുറുക്കുക—എന്റെ അംഗസന്ധിക്കുറപ്പു വരുത്തട്ടെ. തൊഴിലഴവ്=കർമ്മശൈഥില്യം.

കത്തിയ്ക്കുകെന്നെ, മഥിതാഗ്നിയെപ്പോലെ;
വിത്തവും കാഴ്ചയും കൂട്ടുകെ,ഞങ്ങൾക്ക നീ;
മത്തിനായ് നിന്നെ സ്തുതിയ്ക്കുന്നു, സോമ, ഞാൻ:
സ്വത്തുകാരൻപോലെ പോററിവളൎക്ക, നീ 6

ശ്രദ്ധയുൾക്കൊണ്ടു പിഴിഞ്ഞ നിന്നെ,പ്പിതൃ-
സ്വത്തിനെപ്പോലെങ്ങളുണ്ണാവു, സോമമേ!
മിത്രൻ പുരാനേ, പൊറുക്കാൻ പകൽപോലെ-
യത്രയും നീട്ടുകാ,യുസ്സു ഞങ്ങൾക്ക നീ! 7

നിത്യതയ്ക്കിന്ദോ, സുഖിപ്പിയ്ക്ക, ഞങ്ങളെ:-
സ്സദ്വ്രതരെങ്ങൾ നിൻസ്വന്തമെന്നോൎക്ക, നീ.
എത്തുന്നു, ക്രൂരൻ പുരാനേ, രുഷാ, സോമ:
ശത്രുവിന്നിച്ഛപോലേകൊലാ ഞങ്ങളെ! 8

ഞങ്ങൾതൻമെയ് കാത്തുവാഴ്വിതല്ലോ; ഭവാ-
നംഗത്തിലംഗത്തിലിന്ദോ, നൃദൎശിയായ്:
ദേവ, നിൻകൎമ്മമുടയ്ക്കിലും, സന്മിത്ര-
ഭാവാൽസ്സുഖിപ്പിയ്ക്ക, മുഖ്യരാമെങ്ങളെ! 9

ചെല്ലാവൂ, ഞാൻ വയൎക്കിഷ്ടനാം തോഴങ്ക:-
ലല്ലൽ വരില്ലി,തു സേവിയ്ക്കിലിന്ദ്ര, മേ;

---

6. കത്തിയ്ക്കുക—ഉജ്ജ്വലനാക്കുക. മഥിതാഗ്നി—കടഞ്ഞുണ്ടാക്കിയ അഗ്നി. കൂട്ടുക=വൎദ്ധിപ്പിയ്ക്കുക. സ്വത്തുകാരൻപോലെ—ഒരു ധനികൻ കുടുംബത്തെ എന്നപോലെ, നീ ഞങ്ങളെ പോററിവളൎക്കുക.

7. ഉണ്ണാവു—അനുഭവിയ്ക്കാവൂ. പുരാനേ—തമ്പുരാനായ സോമമേ. മിത്രൻ=സൂൎയ്യൻ. പൊറുക്കാൻ—ലോകത്തിന്നു ജീവിപ്പാൻ. പകൽപോലെ—പകൽ നീട്ടുന്നതുപോലെ.

8. നിത്യത=അനശ്വരത്വം. ക്രൂരൻ—തടിയനായ ശത്രു. എത്തുന്നു—എതിരിടുന്നു. ഏകൊലാ—വിട്ടുകൊടുക്കരുത്.

9. അംഗത്തിലംഗത്തിൽ—ഓരോ അവയവത്തിലും. വാഴ്വിതല്ലോ=വസിയ്ക്കുന്നുണ്ടല്ലോ. നൃദൎശിയായ്—കൎമ്മനേതാക്കളെ നോക്കിക്കൊണ്ട്. ഉടയ്ക്കിലും—ഞങ്ങൾ നശിപ്പിച്ചാലും. സന്മിത്രഭാവാൽ—നല്ല സഖാവായിനിന്ന്.

10. ഇഷ്ടനാം—പ്രിയപ്പെട്ട. തോഴൻ—സോമം. എങ്ങളിലാക്കിവെ

ഈയെങ്ങളിലാക്കിവെച്ച സോമത്തിനു-
ച്ചായുസ്സിരക്കുന്നു, ഹര്യശ്വനോടു ഞാൻ! 10

ഓടട്ടെ, നീക്കാവതല്ലാത്ത, കെല്പിനാൽ—
പ്പേടിപ്പെടുത്തി വിറപ്പിച്ച പീഡകരം:
കേറിയല്ലോ, പെരും സോമനീർ നമ്മളിൽ;—
ച്ചേരുകാ,യുസ്സു വളർത്തുമതിങ്കൽ നാം! 11

ഉൾപ്പുക്കുവല്ലോ, പിതാക്കളേ, നിത്യമാ-
മിപ്പീതസോമനീർ മർത്ത്യരാം നമ്മളിൽ;
ആയിന്ദുവിനെ ഹവിസ്സാൽബ്ഭജിക്കു, നാ;-
മാളട്ടെ, നമ്മളിൽത്തത്സുഖാനുഗ്രഹം! 12

ഇന്ദോ, പിതാക്കളായ്ച്ചേർന്നു ഭവാൻ പര-
ത്തുന്നതുണ്ടു, മുറയ്ക്കുഴിവാനങ്ങളെ;
ഞങ്ങളാ നിന്നെ ഹവിസ്സാൽബ്ഭജിക്കാവൂ;
ഞങ്ങൾ ധനാധിപരാകാവൂ, സോമമേ! 13

ഞങ്ങളെക്കൂട്ടിക്കഥിപ്പിന,മർത്ത്യരേ;
ഞങ്ങളിൽക്കേറൊല്ല,റക്കവും നിന്ദയും;
ഞങ്ങൾ സോമപ്രിയരാകാവൂ, സർവദാ;
ഞങ്ങൾ സുവീരരായ് വാഴ്ത്താവൂ, നാഥരേ! 14

അന്നദനെ,ങ്ങുമെങ്ങൾക്കു നീ സോമമേ;
വിണ്ണേറുവോൻ, നീ; കടക്ക, സുദർശി നീ;

ച്ച——ഞങ്ങളുടെ വയററിൽ പകന്ന. ഉച്ചായുസ്സു——ദീർഘായുസ്സ. ഈ സോമം ഞങ്ങളുടെ വയററിൽ നീണാൾ വാഴട്ടെ!

11. ഓടട്ടെ——പാഞ്ഞുപോകട്ടെ. നമ്മളിൽ——നമ്മുടെ വയററിൽ. അതിങ്കൽ——സോമനീരിൽ.

12. പിതാക്കളോട്: നിത്യം=അനശ്വരം. പീതം=കുടിക്കപ്പെട്ടതു്. തത്സുഖാനുഗ്രഹം——സോമത്തിന്റെ സുഖവും അനുഗ്രഹവും നമ്മളിൽ ആളട്ടെ, സ്ഥിതിചെയ്യട്ടെ.

13. മുറയ്ക്കു്——ക്രമേണ.

14. ദേവന്മാരോട്: കൂട്ടിക്കഥിപ്പിൻ——ശ്ലാഘിക്കുവിൻ. ഉറക്കവും, ശത്രുവിന്റെ നിന്ദയും ഞങ്ങളിൽക്കേറൊല്ല——ഞങ്ങളെ അടിപെടുത്തരുത് സുവീരരായ്——നല്ല പുത്രന്മാരോടുകൂടി നിങ്ങളെ വാഴ്ത്താവൂ. നാഥരേ——രക്ഷിതാക്കളേ.

ഇന്ദ്രാ, ഭവാൻ മരുത്തുക്കളൊത്തെങ്ങളെ
നന്ദിച്ചു രക്ഷിയ്ക്കു, പിന്നിലും മുന്നിലും! 15

സൂക്തം 49.

ബാലഖില്യസൂക്തം 1.

കണ്വപുത്രൻ പ്രസ്കണ്വൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നീ ശോഭനധനനായ നിങ്ങളുടെ ഇന്ദ്രനെ, ഒരു ഗുരുവിനെയെന്നപോലെ പൂജിയ്ക്കുക: ഈ പുരുവസുവായ മഘവാവ് ആയിരക്കണക്കിലാണല്ലോ, സ്തോതാക്കൾക്കു കൊടുക്കുന്നത്! 1

ഈ ധർഷകൻ നൂറുപടകളിൽ കേറും; ഹവിർദ്ദാതാവിന്റെ പാപം പോക്കും. ഈ ബഹുരക്ഷകന്റെ ധനങ്ങൾ, മേഘത്തിന്റെ തണ്ണീരുകൾപോലെ തുലോം പ്രീതികരങ്ങളാകുന്നു! 2

ഇന്ദ്ര, സ്തുതിസേവ്യ, വജ്രിൻ, ശൂര, പിഴിഞ്ഞ മദകരമായ സോമം ധനത്തിന്നായി, ചേരേണ്ടുന്നവനായ അങ്ങയെ, ജലം സരസ്സിനെയെന്നപോലെ നിറയ്ക്കുന്നു! 3

പാപരഹിതവും വർദ്ധകവും അതിസ്തുത്യവും മധുവിനെക്കാൾ മധുരവുമായ ഇതു ഭവാൻ കടിച്ചാലും: മത്തുപിടിച്ചാൽ, പ്രധർഷക

---

15. അന്നദൻ—അന്നദാതാവാകുന്നു. വിണ്ണേററുവോൻ—സ്വർഗ്ഗപ്രാപകൻ. കടക്ക—ഞങ്ങളുടെ വയററിൽ പ്രവേശിച്ചാലും. നൃദർശി=മനുഷ്യദ്രഷ്ടാവ്.

സൂക്തം 49.

ബാലഖില്യസൂക്തം 1.

ഈ ബാലഖില്യസൂക്തം ഇടക്കാലത്ത് ആരോ എഴുതിച്ചേർത്തതാണെന്നേ ഊഹിച്ചുകൂടൂ: സായണാചാര്യർ ഇതിന്നു ഭാഷ്യം ചമച്ചിട്ടില്ലപോൽ. മൂലപുസ്തകത്തിൽ ചേർക്കപ്പെട്ടവ എന്ന ഗൌരവത്താൽമാത്രമാണ്, മുക്കാലും ശുഷ്കങ്ങളായ ഈ സൂക്തങ്ങൾ തർജ്ജമചെയ്തത്.

1. ഋഷി, തന്നോടുതന്നേ പറയുന്നു: നിങ്ങളുടെ—നിന്റെയും പുത്രാദികളുടെയും. പുരുവസു=വളരെധനമുള്ളവൻ. കൊടുക്കുന്നത്—ധനാദി.

3. ധനത്തിന്നായി—യഷ്ടാവിന്നു ധനം കിട്ടാൻ.

നായ അവിടുന്നു സ്വയം പാവങ്ങൾക്കെന്നപോലെ, ഞങ്ങൾക്കു
ഫലം വിതറുമല്ലോ! 4

അന്നവാനായ ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ സോതാക്കളുടെ
സ്തോത്രത്തിലെയ്ക്കു്, ഒരു തെളിയ്ക്കപ്പെടുന്ന കുതിരപോലെ വന്നാ
ലും: കണ്വരുടെ തൃപ്തിജനകങ്ങളായ ദാനങ്ങളെ ഭവാൻ ആസ്വദി
യ്ക്കാറുണ്ടല്ലോ! 5

വിവിധൈശ്വര്യനായ, അക്ഷയധനനായ വീരനെ ഞങ്ങൾ,
ഒരു മഹാബലനെയെന്നപോലെ വണങ്ങിക്കൊണ്ടു സമീപിയ്ക്കു
ന്നു: വജ്രിൻ, ഇന്ദ്ര, വൃഷാവായ അവിടെയ്ക്കായി കൈവിരലുകൾ
കിണർവെള്ളമെന്നപോലെ, (സോമനീർ) ഒഴുക്കുന്നു! 6

പൂജാപര, പുരുബലനായ അവിടുന്നു് ഇപ്പോൾ എവിടെ
യോ ഏതു യജ്ഞത്തിലോ ഏതു മന്നിടത്തിലോ ആയിരിയ്ക്കുമോ,
അവിടെനിന്നു കരുത്തേറിയ കുതിരകളിലൂടേ ഞങ്ങളുടെ യാഗ
ത്തിൽ എഴുന്നള്ളിയാലും! 7

തട്ടിനീക്കുന്നവയും, തമ്മിലിണങ്ങുന്നവയും, കാററുപോലെ
പായുന്നവയുമാണല്ലോ, അങ്ങയുടെ കുതിരകൾ: അവയിലൂടെയാ
ണല്ലോ, ഭവാൻ മനുഷ്യരിലണയുന്നതു്; അവയിലൂടെയാണല്ലോ,
സ്വർഗ്ഗമെല്ലാം തൃക്കൺപാർക്കുന്നതു്! 8

ഇന്ദ്ര, മഘവാവേ, അങ്ങു് മേധാതിഥിയെയും നീപാതിഥി
യെയും ധനംകൊണ്ടു രക്ഷിച്ചുവല്ലോ; അത്രത്തോളമേ, ഭവാന്റെ
ഗോസമേതമായ സുഖം ഞങ്ങൾ യാചിയ്ക്കുന്നുള്ളു! 9

ഇന്ദ്ര, മഘവാവേ, നിന്തിരുവടി കണ്വനും, ത്രസദസ്യുവി
നും പക്ഥനും, ദശവ്രജനും, ഗോശര്യനും, ഋജിശ്വാവിനും മാടു
കളെയും പൊന്നു നൽകുകയുണ്ടായല്ലോ! 10

---

4. ഇന്ദു—സോമം.

5. സോതാക്കൾ—സോമം പിഴിയുന്നവർ. ദാനങ്ങൾ—ഹവിസ്സുകൾ.

6. വീരനെ—ഇന്ദ്രനെ. മഹാബലനെയെന്നപോലെ—വലഞ്ഞവർ ഒരു വലിയ ആളുടെ അടുക്കൽ ചെല്ലുന്നതുപോലെ. കൈവിരലുകൾ—ഞങ്ങളുടെ.

8. തട്ടിനീക്കുന്ന—ശത്രുക്കളെ. തൃക്കൺപാർക്കുന്നതു്—തൃക്കൺപാർക്കാൻ സഞ്ചരിയ്ക്കുന്നതു്.

10. കണ്വൻ—എന്റെ അച്ഛൻ. ത്രസദസ്യു, പക്ഥൻ, ദശവ്രജൻ, ഗോശര്യൻ, ഋജിശ്വാവു് എന്നിവർ രാജാക്കന്മാരാകുന്നു.

സൂക്തം 50.

ബാലഖില്യസൂക്തം 2.

കണ്വപുത്രൻ പുഷ്ടിഗു ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നീ അഭീഷ്ടസിദ്ധിയ്ക്കു, വിളിപ്പെട്ട വിശിഷ്ടധനനായ ശക്രനെ പൂജിയ്ക്കുക: പിഴിയുന്നവന്നും പുകഴ്ത്തുന്നവന്നും സ്പൃഹണീയമായ സമ്പത്ത് ആയിരക്കണക്കിൽ നൽകുന്നവനാണല്ലോ, അവിടുന്ന്! 1

സോമരസം ലഹരിപിടിപ്പിച്ചാൽ, ഈ ഇന്ദ്രന്റെ ദുസ്തരങ്ങളായ മഹായുധങ്ങൾ—നൂറു വായ്ത്തലകളോടും നല്ല അന്നത്തോടും കൂടിയവ—പാലകമായ മേഘംപോലെ ഹവിർദ്ധനന്മാരെ പ്രീതിപ്പെടുത്തും! 2

വസോ, പിഴിഞ്ഞ സോമം ഈ അരുമപ്പെട്ട ഭവാനെ ലഹരിപിടിപ്പിയ്ക്കുന്നതെപ്പോഴോ; അപ്പോൾ ഹവിർദ്ദാതാവിന്നു യജ്ഞം, തണ്ണീരുകൾപോലെയും, കറവപ്പൈക്കൾപോലെയും, സഫലീകരിയ്ക്കപ്പെടും! 3

നിങ്ങളുടെ കൈവിരലുകൾ രക്ഷാർത്ഥം ആ സ്തൂയമാനനായ അധൃഷ്യന്നായിട്ടാണല്ലോ, മധു പിഴിയുന്നത്. വസോ, പുകഴ്ത്തപ്പെടുന്ന സോമം സ്തുതിപ്പാൻവേണ്ടി ഭവാനെ ചാരേ മുമ്പിൽ ഇരുത്തിയിരിയ്ക്കുന്നു! 4

നമ്മുടെ ശോഭനയജ്ഞത്തിൽ സോമം കുടിപ്പാൻ ഒരു ശ്വാവ്പോലെ വരുന്ന തന്തിരുവടി (ശത്രുക്കളെ) നിഹനിയ്ക്കും. ഹേ ആസ്വാദനകുശല, സ്തോത്രങ്ങളെ ഭവാൻ ആസ്വദിയ്ക്കും. പൌരസ്തുതികളെ ഇച്ഛിയ്ക്കുന്നവനാണല്ലോ, അവിടുന്ന്! 5

സൂക്തം 50.

ബാലഖില്യസൂക്തം 2.

1. തന്നോടുതന്നെ പറയുന്നു:

2. നല്ല അന്നത്തോടും കൂടിയവ––ശോഭനാന്നപ്രദങ്ങളെന്നർത്ഥം. പ്രീതിപ്പെടുത്തും––ശത്രുക്കളെക്കൊന്ന്, അവരുടെ ധനം, മേഘം മഴപോലെ ചൊരിഞ്ഞുകൊടുത്തു സന്തോഷിപ്പിയ്ക്കും.

3. സഫലീകരിയ്ക്കപ്പെടും––ഭവാനാൽ.

4. പൂർവാർദ്ധം ഋത്വിക്കുകളോട്:

5. ഉത്തരാർദ്ധം ഇന്ദ്രനോട്;

ഉഗ്രനും വേർതിരിയ്ക്കുന്നവനും ധനദാതാവും വിവിധൈശ്വര്യ
നുമായ വീരനോടു ഞാൻ വലിയ മുതൽ യാചിയ്ക്കുന്നു: വജ്രിൻ,
വെള്ളമുള്ള കിണർപോലെ, ഹവിർദ്ദാതാവിനെ സദാ സമ്പത്തു
നല്കി സമൃദ്ധിപ്പെടുത്തുമല്ലോ, അവിടുന്ന്! 6

പൂജാപര, ഇന്ദ്ര, ഭവാൻ ഇപ്പോൾ ഏതു ദൂരത്തോ, ഏതു
മന്നിലോ, വിണ്ണിലോ ആയിരിയ്ക്കുമോ; അവിടെനിന്നു, പെ
രിയ ഭവാൻ പെരിയ ഹരികളെ പൂട്ടി വന്നുചേർന്നാലും! 7

ഭവാൻ ഏവയാൽ മനുഷ്യദ്രോഹിയെ നിലവിളിപ്പിയ്ക്കുമോ,
ഏവയാൽ സ്വർഗ്ഗത്തിലെങ്ങും സഞ്ചരിയ്ക്കുമോ; അങ്ങയുടെ ആ
നിസ്സപത്നങ്ങളായ രഥാശ്വങ്ങൾ കാററിൻെറ കരുത്തു നേടിയവ
യാണല്ലോ! 8

വസോ, ശൂര, അവിടുന്നു കർത്തവ്യധനത്തിന്നായി ഏതശ
നെയും, പതിററണിയിൽ വശനെയും പരിരക്ഷിച്ചുവല്ലോ; ഇപ്ര
കാരമുള്ള നിന്തിരുവടി സ്തുത്യനാണെന്നു ഞങ്ങൾക്കറിയാം! 9

മഘവാവേ, അവിടുന്ന് അഹിംസമായ യജ്ഞത്തിൽ ദീർ
ഘപ്രാപണനും ദാനപരനുമായ കണ്വനും ഗോശര്യനും കുളിർ
വിഭവമുള്ള മേഘത്തെ കൊടുത്തുവല്ലോ; വജ്രിൻ, അപ്രകാരം
എനിയ്ക്കും തരിക! 10

സൂക്തം 51.

ബാലഖില്യസൂക്തം 3.

കണ്വപുത്രൻ ശ്രുഷ്ടിഗു ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, സംവരണപുത്രനായ മനുവിൻെറ പിഴിഞ്ഞ സോമം ഭ
വാൻ നുകന്നുവല്ലോ; മഘവാവേ, അപ്രകാരം നീപാതിഥിയുടെയും

---

6. പൂർവാർദ്ധം പരോക്ഷം: വേർതിരിയ്ക്കുന്നവരും—പുണ്യപാപങ്ങളെ. വീരൻ—ഇന്ദ്രൻ.

9. ഏതശൻ—ഋഷി. പതിററണി—പത്തു ശത്രുക്കളെമായുള്ള യുദ്ധം. വശൻ—ഋഷി

10. ദീർഘപ്രാപണൻ—നീണ്ട (സ്വർഗ്ഗംവരെ) പ്രാപണത്തോടു(ഹവിസ്സെത്തിയ്ക്കലോടു) കൂടിയവൻ. ഹവിസ്സു സ്വർഗ്ഗത്തിലെത്തിയ്ക്കുന്നവൻ. കുളിർവിഭവം—തണുപ്പിയ്ക്കുന്ന സമ്പത്ത്, വെള്ളം.

മേധ്യാതിഥിയുടെയും പുഷ്ടിഗുവിൻെറയും ശ്രുഷ്ടിഗുവിൻെറയും സോമം ഒന്നിച്ചു (നുകർന്നാലും)! 1

മുകളിൽ കിടന്നുറങ്ങിയിരുന്ന കിഴവനായ പ്രസ്കണ്വനെ പാർഷ്ദ്വാണൻ ഉപദ്രവിച്ചു; അപ്പോഠം അങ്ങു രക്ഷിച്ചതിനാൽ, ആ ഋഷി ദ്രോഹിയെ അറിഞ്ഞ് ആയിരമായിരം ഗോക്കളെ കൈക്കലാക്കിയല്ലോ! 2

ഇപ്പോഠം ഉക്ഥമോതുന്നവൻെറ ജ്ഞാനം ആർ അഭിനന്ദിയ്ക്കുന്നുവോ, ആർ ഋഷികളെ പ്രവർത്തിപ്പിയ്ക്കുന്നുവോ; ആ ഇന്ദ്രനെക്കുറിച്ചു നീ, രക്ഷസ്സായി ഒരു പ്രഭുവിനെക്കുറിച്ചെന്നപോലെ, ഒരതിനൂതനസ്തവം ചൊല്ലുക! 3

സപ്തകിരണനായി, ത്രിലോകപോഷകനായി, അത്യുൽക്കൃഷ്ടസ്ഥാനത്തു വർത്തിക്കുന്ന സൂര്യനെ (ആളുകഠം) ആർക്കായി പൂജിച്ചുപോരുന്നുവോ, അദ്ദേഹം ജഗത്തുകളോടെല്ലാം ഗർജ്ജിയ്ക്കും; ഉടൻതന്നെ കരുത്തും കാട്ടും! 4

നമുക്കു ധനം തരാൻ ഇന്ദ്രനെ നാം വിളിയ്ക്കുക: നമുക്കറിയാമല്ലോ, തൻെറ അതിനൂതനമായ നന്മനസ്സ്. നാം പൈത്തൊഴുത്തു നേടുമാറാകട്ടെ! 5

വസോ, ഇന്ദ്ര, ആരോടു ധനദാനം അവിടുന്നു കല്പിയ്ക്കുമോ, അവന്നു സമ്പത്തു വർദ്ധിച്ചുവരും. അതിനാൽ, സ്തുതിസേവ്യനായ മഘവാവേ, ഞങ്ങഠം സോമം പിഴിഞ്ഞു്, അങ്ങയെ വിളിയ്ക്കുന്നു. 6

സൂക്തം 51.

ബാലഖില്യസൂക്തം 3.

2. പാർഷദ്വാണൻ—ശത്രുവിൻെറ പേർ. അറിഞ്ഞ്—ഹനിച്ചു്.

3. തന്നോടുതന്നെ: പ്രഭുവിനെക്കുറിച്ചെന്നപോലെ—ഒരു ദരിദ്രൻ ധനികനെക്കുറിച്ചെന്നപോലെ.

4. അദ്ദേഹം—ഇന്ദ്രൻ. ഗർജ്ജിയ്ക്കും—ഇടിമുഴക്കും, ഹിതമുപദേശിയ്ക്കും; കേഠക്കാഞ്ഞാൽ കരുത്തും കാട്ടും—ആളുകളെ ദാരിദ്ര്യാദിയാൽ ശിക്ഷിയ്ക്കുകയും ചെയ്യും.

5. തൻെറ—അദ്ദേഹത്തിൻെറ. അതിനൂതനം—അസാധാരണമെന്നൎത്ഥം.

6. അങ്ങ് ആരെക്കൊണ്ടു ധനദാനം ചെയ്യിയ്ക്കുമോ, അവന്ന് ആ ദാനത്താൽ സമ്പത്തു വർദ്ധിച്ചുവരും.

ഇന്ദ്ര, മഘവാവേ, ദാനം തീർച്ചയായും വെക്കം വർദ്ധിച്ചു, ദേവനായ ഭവാൻെറ സന്നിധിയിൽ വന്നുചേരും. ഹവിർദ്ദാതാവിനോട്ട ഭവാൻ ഒരിയ്ക്കലും പിണങ്ങില്ല; ഇണങ്ങുകയേ ചെയ്യൂ! 7

ശുഷ്ണൻ വലുപ്പംവെച്ച് ആ വിണ്ണിനെ വീർപ്പുമുട്ടിയ്ക്കുകയും, അതിനാൽ തീ പുറപ്പെടുകയും ചെയ്തതെപ്പോഴോ, അപ്പോൾ അവിടുന്ന് അവനെ ബലേന ആയുധങ്ങൾകൊണ്ടെറിഞ്ഞു നിലവിളിപ്പിച്ചു, നീളെ വിളിപ്പെട്ടു! 8

ഈ മൂടിയ്ക്കുന്ന, നിധികൾ കാക്കുന്ന അസുരക്കൂട്ടം തൻെറ ശത്രുവാകുന്നു: ആ കെട്ടവർഗ്ഗത്തിന്നുനേരേ, അവിടുന്നു മറഞ്ഞുനിന്നു ചക്രമെറിയും. അങ്ങയ്ക്കുതന്നെ, ആ ധനം! 9

മഴ പൊഴിയ്ക്കുന്ന മധുമാനായ പൂജനീയനെ മേധാവികൾ തെരുതെരെ പൂജിയ്ക്കുന്നു: 'ഞങ്ങൾക്കു സമ്പത്തു വർദ്ധിയ്ക്കട്ടെ; സന്താനോല്പാദനശക്തിയുണ്ടാകട്ടെ; ഞങ്ങൾ സോമം പിഴിയുമാറാകട്ടെ!' 10

സൂക്തം 52.

ബാലഖില്യസൂക്തം 4.

കണ്വപുത്രൻ ആയു ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ശക്ര, നിന്തിരുവടി എപ്രകാരം വൈവസ്വതമനുവിങ്കൽ സോമനീർ നുകർന്നുവോ, എപ്രകാരം ത്രിതങ്കൽ അരുമറ കൈക്കൊള്ളുന്നുവോ; അപ്രകാരം ആയുവിങ്കലും ഒപ്പം ഇമ്പപ്പെടുത്തുന്നു! 1

---

7. ദാനം—ഹവിരർപ്പണം.

8. അതിനാൽ—വീർപ്പുമുട്ടിച്ചതിനാൽ.

9. അന്തിമവാക്യം പ്രത്യക്ഷം: ആ ധനം—അസുരന്മാർ കാത്ത നിധികൾ. അവരൊക്കെ ചക്രത്താൽ വധിയ്ക്കപ്പെട്ടുമല്ലോ.

10. മധുമാൻ—അമൃതോടുകൂടിയവൻ. ഞങ്ങൾക്ക് എന്നു തുടങ്ങിയ വാക്യങ്ങൾ മേധാവികളുടെ പ്രാർത്ഥനകളാകുന്നു.

സൂക്തം 52.

ബാലഖില്യസൂക്തം 4.

1. മനുവിങ്കൽ—മനുവിൻെറ അടുക്കൽ. അരുമറ=വേദം. ആയുവിങ്കലും—എൻെറ അടുക്കലും, സോമനീർ നുകർന്നും, അരുമറ കൈക്കൊണ്ടും, എന്നെയും അങ്ങയെയും ഒപ്പം ഇമ്പപ്പെടുത്തുന്നു.

ഇന്ദ്ര, നിന്തിരുവടി സോമം പിഴിഞ്ഞ പൃഷധ്രകലും, മേധ്യകലും, മാതരിശ്വാവികലും, ദശശിപ്രകലും, ദശോണ്യകലും, സ്യൂമരശ്മിയികലും, ഋജൂനസ്സികലും ഇമ്പപ്പെടുകയുണ്ടായല്ലോ! 2

സ്വകീയങ്ങളായ ഉക്ഥങ്ങൾ കേൾക്കുകയും, കീഴമർത്തു സോമം കുടിയ്ക്കുകയും ചെയ്യുമല്ലോ, അവിടുന്ന്; അവിടെയ്ക്കുവേണ്ടിയാണല്ലോ, വിഷ്ണു മിത്രധർമ്മോപേതനായിട്ടു മൂന്നടികൊണ്ടളന്നത്! 3

ഇന്ദ്ര, ബലവാനേ, ശതക്രതോ, അവിടുന്നു യഷ്ടാവിന്റെ സ്തോത്രത്താലും അന്നത്താലും സംതൃപ്തനാകുമല്ലോ; ആ അങ്ങയ്ക്കു് അന്നേച്ഛുക്കളായ ഞങ്ങൾ, ഒരു പയ്യിന്നു കറവുകാർപോലെ, ഹവിസ്സർപ്പിയ്ക്കുന്നു. 4

കർത്താവും ഐശ്വര്യകരനും മഹാനുമായ മഘവാവു നമുക്കു സ്വത്തു തരുന്ന ഒരച്ഛനാണ്; ദുഷ്ടുകൽ ഉഗ്രനായ ഒരു പുരുധനൻ നമുക്കു ഗോക്കളെയും അശ്വങ്ങളെയും തന്നരുളട്ടെ! 5

വസോ, ഭവാൻ ആർക്കു ദാതവ്യം നല്കുമോ, അവന്നു സമ്പത്തു വർദ്ധിച്ചുവരും. അതിനാൽ, ധനകാമരായ ഞങ്ങൾ ധനപാലകനായ ശതക്രതുവിനെ, ഇന്ദ്രനെ, സ്തോത്രങ്ങൾകൊണ്ടു വിളിയ്ക്കുന്നു! 6

അങ്ങയ്ക്കു പ്രമാദം പററാറില്ല; രണ്ടു ജന്മം അവിടുന്നു പാലിയ്ക്കുന്നു. ആദിത്യ, തുരീയ, നിന്തിരുവടിയുടെ ഐന്ദ്രമണ്ഡലം അനശ്വരമായി വാനത്തു വർത്തിയ്ക്കുന്നു! 7

ഇന്ദ്ര, മഘവാവേ, സ്തുതിസേവ്യ, ശാസിതാവേ, വസോ, നിന്തിരുവടി യാതൊരു ഹവിർദ്ദാതാവിന്നു കല്പിച്ചുകൊടുക്കുമോ, അദ്ദേഹത്തിന്റെ ഞങ്ങളുടെ നല്ല സ്തുതി, അവിടുന്നു കണ്വന്റെ വിളി കേട്ടതുപോലെ കേട്ടാലും! 8

---

2. പൃഷധ്രാദികൾ ഋഷിമാരത്രേ.

3. കീഴമർത്തു—ശത്രുക്കളെ. മിത്രധർമ്മോപേതനായിട്ട്—മിത്രന്റെ, സൂര്യന്റെ, ധർമ്മങ്ങളോടെ, ഉദയാസ്തമയവ്യാപാരങ്ങളോടെ. അളന്നതു്—മൂവുലകം.

4. പയ്യിന്നു കറവുകാർ തീററ കൊടുക്കുന്നതുപോലെ, അങ്ങയ്ക്കു ഞങ്ങൾ ഹവിസ്സർപ്പിക്കുന്നു.

6. ദാതവ്യം = ദേയം, ധനാദി. ഉത്തരാർദ്ധം പരോക്ഷം:

7. ഇന്ദ്രന്റെ സൂര്യരൂപത്വം: രണ്ടു ജന്മം—അദിതിയിൽനിന്ന് ഇന്ദ്രനായും, ബ്രഹ്മവിദ്യയിൽനിന്നു ജഗദാത്മാവായുമുള്ള ജനനങ്ങൾ, തുരീയ—മൂന്നവസ്ഥകളുടെയും മീതെ മേവുന്ന പ്രത്യഗാത്മാവേ.

8. കൊടുക്കുമോ—അഭീഷ്ടം. അദ്ദേഹത്തിന്റെ—തദീയരായ.

മുമ്പു ചൊല്ലപ്പെട്ടിരുന്ന മനനീയമായ സ്തോത്രം നിങ്ങൾ ഇന്ദ്രന്നായി പാടുവിൻ: ഇന്ദ്രന്റെ വളരെ മഹാരൂപങ്ങളെ സ്തുതിച്ചവരും, സ്തോതാവിന്നു മേധയുണ്ടാക്കിയവരുമാണല്ലോ, നിങ്ങൾ. 9

ഇന്ദ്രൻ വമ്പിച്ച സമ്പത്തുളവാക്കി; ദ്യാവാപൃഥിവികളെ ശരിയ്ക്കു നിർമ്മിച്ചു; സൂര്യനെ പ്രകാശിപ്പിച്ചു. തന്തിരുവടിയെ വിളങ്ങുന്ന തെളിതണ്ണീരുകൾ മത്തുപിടിപ്പിച്ചു—പാൽ പകന്ന സോമനീർ മത്തുപിടിപ്പിച്ചു! 10

സൂക്തം 53.

ബാലഖില്യസൂക്തം 5.

കണ്വപുത്രൻ മേധ്യൻ ഋഷി, ഛന്ദോദേവതകൾ മുമ്പേത്തവ.

ധനവാന്മാർക്കുപമാനഭൂതൻ, വൃഷാക്കളിൽ ശ്രേഷ്ഠൻ, പുരികൾ പെരികെപ്പിളത്തു ഗോക്കളെ കിട്ടിച്ചവൻ—ഇങ്ങനെയുള്ള ഈശ്വരനായ ഭവാനോടു മഘവാവേ, ഇന്ദ്ര, ഞങ്ങൾ സ്വത്തു യാചിയ്ക്കുന്നു. 1

നാളിൽ നാളിൽ വളരുന്ന നിന്തിരുവടി ആയുവിനെയും കുത്സനെയും അതിഥിഗ്വനെയും വലയ്ക്കുകയാണല്ലോ; ആ ഹര്യശ്വനായ, ശതക്രതുവായ നിന്തിരുവടിയെ അന്നകാമരായ ഞങ്ങൾ വിളിച്ചുകൊള്ളുന്നു. 2

ദൂരത്തുള്ളവയും ചാരത്തുള്ളവയും ആളുകളുടെ ഇടയിൽ പിഴിയപ്പെട്ടുവല്ലോ; ആ മാമലയിൽപ്പിറന്നവയായ നമ്മുടെയെല്ലാം സോമങ്ങൾ മധുർരസം ഒഴുക്കട്ടെ! 3

---

9. ഋത്വിക്കുകളോട്°: മഹാരൂപങ്ങൾ——ഗുണാവതാരങ്ങൾ. സ്തോതാവിന്ന്°——എനിയ്ക്ക്°.

10. തണ്ണീരുകൾ——സോമത്തിൽ ചേർക്കുന്ന ഇരുതരം ജലങ്ങൾ; വസതീവരി, ഏകധനം, എന്നത്രേ അവയുടെ പേരുകൾ.

സൂക്തം 53.

ബാലഖില്യസൂക്തം 5.

2. വളരുന്ന——സ്തുതികൊണ്ട്°. വലയ്ക്കുക—അവർ 'മതി, മതി' എന്നു വിലക്കിയാലും, വീണ്ടും അഭീഷ്ടങ്ങൾ നല്കി നല്കി ക്ലേശിപ്പിയ്ക്കുക.

3. പരോക്ഷം; ആളുകൾ——യജമാനർ. ഒഴുക്കട്ടെ—ഇന്ദ്രന്നായി.

നിന്തിരുവടി ദ്രോഹികളെയെല്ലാം ആട്ടിപ്പായിയ്ക്കുക; രക്ഷി
യ്ക്കുക; പുകഴ്പ്പെടുത്തുക. എല്ലാവരും തരട്ടേ, പണം! ആരുടെ
സോമത്താൽ അങ്ങ് സംതൃപ്തിയടയുന്നുവോ, ആ സജ്ജനങ്ങളുടെ
സോമരസം അങ്ങയെത്തന്നെ മത്തുപിടിപ്പിയ്ക്കട്ടെ! 4

ഇന്ദ്ര, ശോഭനബന്ധോ, സുഖപ്രദാതാവേ, ശോഭനബന്ധുക്ക
ളായ, സുഖപ്രദങ്ങളായ, അനുഗ്രഹാന്വിതങ്ങളായ പ്രീയരക്ഷക
ളോടേ നിന്തിരുവടി ത്തുലോമരികിൽ എഴുന്നള്ളിയാലും! 5

പോരിൽജ്ജയിയ്ക്കുന്ന, ആളുകളെയെല്ലാം കീഴിൽ നിർത്തുന്ന,
ശിഷ്ടരെ പാലിയ്ക്കുന്ന ധനം നിന്തിരുവടി കിടാങ്ങൾക്കരുളിയാ
ലും: യാവചിലർ അങ്ങയ്ക്കായി സ്തുതിച്ചുകൊണ്ടു കർമ്മം ഇടവിടാ
തെ അനുഷ്ഠിയ്ക്കുന്നുവോ, അവരെ കല്പിച്ചുവളർത്തിയാലും! 6

അങ്ങ് കാത്തരുളുമെന്നുറപ്പുള്ള ഞങ്ങൾ യുദ്ധങ്ങളിൽ ഭേദീ
യരായിത്തീരണം! ഹവിഷ്മാന്മാരായ ഞങ്ങൾ ദേവന്മാരെ വിളി
യ്ക്കുന്ന സ്തോത്രങ്ങൾകൊണ്ടു വിളിച്ചുകൊള്ളുന്നു. 7

ഹര്യശ്വ, എന്നും അങ്ങയുടെ രക്ഷകളോടുകൂടിയാണല്ലോ,
അന്നകാമനായ ഞാൻ അന്നത്തിന്നായി യുദ്ധത്തിലിറങ്ങാറുള്ളത്;
ഗോക്കളെയും അശ്വങ്ങളെയും കൊതിയ്ക്കുന്ന ഞാൻ മർദ്ദകരുടെ
മുമ്പിൽ അങ്ങയോടുതന്നേ ചേർന്നുനില്ക്കും! 8

സൂക്തം 54.

ബാലഖില്യസൂക്തം 6.

കണ്വപുത്രൻ മാതരിശ്വാവ് ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, അങ്ങയുടെ വീര്യം യാവചില സ്തുതികാരന്മാർ പുകഴ്ത്തി
പ്പാടുമോ, ആ സ്തോതാക്കൾക്ക് അന്നം കിട്ടും; ആ പൗരന്മാർ കൈ
വിരലുകൾകൊണ്ടു പൈക്കളെയും മററും കറക്കും! 1

---

4. ദ്രോഹികളെ—ഞങ്ങളെ ദ്രോഹിക്കുന്നവരെ. തരട്ടേ—ഞങ്ങൾക്ക്.
5. ശോഭനബന്ധുക്കൾ—നല്ല ബന്ധുക്കളോടുകൂടിയവ.
6. കിടാങ്ങൾ—ഞങ്ങളുടെ കുഞ്ഞുങ്ങൾ. അവരെ—ഞങ്ങളെ.
7. വിളിച്ചുകൊള്ളുന്നു—അങ്ങയെ.
8. മർദ്ദകരുടെ മുമ്പിൽ—ശത്രുക്കൾ പീഡിപ്പിയ്ക്കുമ്പോൾ എന്നർത്ഥം.

സൂക്തം 54.

ബാലഖില്യസൂക്തം 6.

1. ആ പൌരന്മാർക്ക കറവുപൈക്കളെയും മററും കിട്ടും.

അവിടുന്നു യാവചിലരുടെ സോമനീരിനാൽ ലഹരിക്കൊള്ളുന്നുവോ, ആ സൽക്കർമ്മികാം രക്ഷസ്സു് ഇന്ദ്രനായ ഭവാങ്കലണയുന്നു. ഇന്ദ്ര, സംവർത്തങ്കലും കൃശങ്കലും ഭവാൻ ലഹരിക്കൊണ്ടു വല്ലോ; അതുപോലെ ഞങ്ങളിലും ലഹരിക്കൊള്ളുക! 2

ദേവകളെല്ലാം ഒന്നിച്ചു ഞങ്ങളുടെ അടുക്കൽ എഴുന്നള്ളട്ടെ; വസുക്കളും രുദ്രന്മാരും ഞങ്ങളെ രക്ഷിപ്പാൻ വന്നെത്തട്ടെ; മരുത്തുക്കരം വിളി കേരംക്കട്ടെ! 3

പൂഷാവും വിഷ്ണുവും സരസ്വതിയും എന്റെ വിളി ചെവിക്കൊള്ളട്ടെ; ഏഴു നദികരം, ജലദേവതകരം, വായു, ഗിരികരം, വനസ്പതികരം, പൃഥിവി എന്നിവരും വിളി കേരംക്കട്ടെ! 4

ഇന്ദ്ര, മഘവത്തമ, അങ്ങയ്ക്കുണ്ടല്ലോ, മഘവാവിന്റേതായ ധനം; വൃത്രഹന്താവേ, അതു ഞങ്ങരംക്കു തന്നു സമൃദ്ധി വരുത്തുവാൻ, ഒപ്പം മത്തുപിടിപ്പിയ്ക്കേണ്ടുന്ന ഭജനീയനായ ഭവാൻ മനസ്സു വെച്ചാലും! 5

യുദ്ധപതേ, നേതൃപതേ, സുകർമ്മാവേ, സ്തുതിയോടൊപ്പം അമരേത്തു കഴിയ്ക്കുന്ന തിരുമേനിതന്നെയാണല്ലോ, ഞങ്ങളെ പടയ്ക്കിറക്കുന്നതു്. ദേവന്മാരെ ഊട്ടുന്നതിനാലാണു്, ഹവിഷ്മാന്മാർ കേരംവിപ്പെടുന്നതു്! 6

സ്വാമിയായ ഇന്ദ്രങ്കലാണല്ലോ, ആളുകരം ഹവിസ്സർപ്പിയ്ക്കുന്നതു്: മഘവാവേ, ഞങ്ങളുടെ അരികിൽ വരിക; രക്ഷയ്ക്കായി ധാരാളം അന്നം തരിക! 7

ഇന്ദ്ര, ഞങ്ങരം അങ്ങയുടെയും അങ്ങു് ഞങ്ങളുടെയുമാകുന്നു: ശതക്രതോ, ഞങ്ങരം സ്തോത്രങ്ങരംകൊണ്ടു പരിചരിയ്ക്കാം. നിന്തിരുവടി കണ്വപുത്രന്നു മഹത്തും ബൃഹത്തും ഉപഭോഗ്യവും ലജ്ജിയ്ക്കേണ്ടാത്തതുമായ ധനം തന്നുകൊണ്ടിരുന്നാലും! 8

---

2. സംവർത്തനം, കൃശനം, രണ്ടു് ഋഷിമാർ. ലഹരിക്കൊണ്ടു—സോമം കുടിച്ചു്.

5. മഘവത്തമ=അതിധനവാനേ.

6. നേതൃപതേ—സൈനികപാലക. അമരേത്തു്—ഹവിർഭോജനം.

7. ഒന്നാംവാക്യം പരോക്ഷം:

8. കണ്വപുത്രന്നു്—എനിയ്ക്കു്. ലജ്ജിയ്ക്കേണ്ടാത്തതു്—ന്യായലബ്ധം.

സൂക്തം 55.

ബാലഖില്യസൂക്തം 7.

കണ്വപുത്രൻ കൃശൻ ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകരം; പ്രസ്കണ്വദാനം ദേവത.

ശക്തന്റെ വീര്യം വളർന്നുതന്നെ ചുററും വ്യാപിയ്ക്കുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരിയ്ക്കുന്നു. ശത്രുകർത്തന, ഭവാന്റെ ധനം ദസ്യുനിധനത്തിന്നുതകട്ടെ! 1

നൂറു വെള്ളക്കാളകരം വാനത്തു നക്ഷത്രങ്ങരംപോലേ തിളങ്ങുന്നു; മഹത്ത്വത്താൽ ദ്യോവിങ്കലെന്നപോലെ വ്യാപിയ്ക്കുന്നു! 2

നൂറോടമുള, നൂറു നായ്ക്കരം, നൂറു മിനുസത്തോലുകരം, നൂറാററു ദർഭക്കെററുകരം, നാനൂറു പൈക്കരം എന്നിവ എനിയ്ക്കു (നല്കപ്പെട്ടു). 3

കണ്വഗോത്രക്കാരേ, നിങ്ങരം പക്ഷികരംപോലെ പറന്നു നല്ല ദേവന്മാരായിരിയ്ക്കുന്നു; അശ്വങ്ങരംപോലെ ചുററിനടക്കുവിൻ! 4

ഉടൻതന്നേ, അത്യുന്നതനായ സാഹ്വന്റെ പെരിയ യശസ്സ് അപ്രാപ്യമായിച്ചമഞ്ഞു: മാർഗ്ഗഭ്രഷ്ടൻ കറുമ്പിപ്പൈക്കളെ ഒന്നു നോക്കാൻപോലും ആളാകില്ല! 5

സൂക്തം 55.

ബാലഖില്യസൂക്തം 7.

1. ശക്തന്റെ—പ്രസ്കണ്വന്റെ. രണ്ടാംവാക്യം പ്രത്യക്ഷം: ശത്രുകർത്തന—ശത്രുക്കളെ അരിയുന്ന പ്രസ്കണ്വ.

2. കാളകരം—ഭവാൻ എനിയ്ക്കു തന്നവ. ദ്യോവിങ്കലെന്നപോലെ—നക്ഷത്രങ്ങരം ആകാശത്തെന്നപോലെ, ഇവ ഭൂമിയിൽ വ്യാപിയ്ക്കുന്നു.

3. മിനുസത്തോലുകരം—ഊറയ്ക്കിട്ട ആട്ടിൻതോലും മററും. ആററുദർഭ—ഒരുതരം പുല്ല്. നൽകപ്പെട്ടു—പ്രസ്കണ്വനാൽ.

5. സാഹ്വൻ—കണ്വഗോത്രത്തിലെ ഒരൃഷി. അപ്രാപ്യം—മററാക്കും കിട്ടാത്തത്. മാർഗ്ഗഭ്രഷ്ടൻ—ധർമ്മത്തിൽനിന്നധഃപതിച്ചവൻ. ധർമ്മനിരതന്നേ കറുമ്പിപ്പൈക്കളെ കിട്ടൂ.

സൂക്തം 56.

ബാലഖില്യസൂക്തം 8.

കണ്വപുത്രൻ പൃഷധ്രൻ ഋഷി; ഗായത്രിയും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രനും അഗ്നിസൂര്യന്മാരും ദേവതകൾ.

അരികളെ അരിയുന്നവനേ, ഭവാന്റെ പ്രഗല്ഭമായ ധനം കൊള്ളക്കാരന്നിണങ്ങാത്തതായിട്ടേ കണ്ടിട്ടുള്ളു: വിണ്ണുപോലെ വിശാലമാണ്, ഭവാന്റെ ബലം! 1

അദിതിപുത്ര, അനശ്വരനായ അവിടുന്ന് എനിയ്ക്കുവേണ്ടി പതിനായിരം കൊള്ളക്കാരെ അരിഞ്ഞുവല്ലോ; അവർ ധനം (എനിയ്ക്കു) വിട്ടുതന്നു— 2

നൂറു കഴുതകൾ; നൂറു ചെമ്മരിയാടുകൾ; നൂറു ദാസന്മാർ; മികച്ച മാലകൾ. 3

ഒരശ്വക്കൂട്ടത്തെ വിവിധഗമനൻ അവിടെ അദിതിയ്ക്കും കൊണ്ടുകൊടുത്തു. 4

സ്വയം സഞ്ചരിയ്ക്കുന്ന ഹവ്യവാഹനായ അഗ്നി യഷ്ടാവിനെ അറിയുന്നു: ആ മഹാൻ തെളിഞ്ഞ തേജസ്സോടേ പ്രേരകനായി (രാത്രിയിൽ ഭുവിൽ) വിളങ്ങുന്നു; (പകൽ) സൂര്യൻ ദ്യോവിൽ വിളങ്ങുന്നു. 5

സൂക്തം 56.

ബാലഖില്യസൂക്തം 8.

1. പ്രഗല്ഭം—ശത്രുവധത്തിൽ പ്രഗല്ഭം. ഇണങ്ങാത്തത്—തട്ടിയെടുത്താലും, ഉപകാരപ്പെടാത്തത്.

2. വിട്ടുതന്നു—അങ്ങയെപ്പേടിച്ച്.

3. എന്തൊക്കെ വിട്ടുതന്നു എന്ന്:

4. വിവിധഗമനൻ—നാനാദേശസഞ്ചാരിയായ ഇന്ദ്രൻ. അവിടെ—സ്വർഗ്ഗത്തിൽ.

5. പ്രേരകനായി—ലോകത്തെ വ്യാപരിപ്പിച്ചുകൊണ്ട്.

സൂക്തം 57.

ബാലഖില്യസൂക്തം 9.

കണ്വപുത്രൻ മേധ്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

യജനീയരായ ദേവന്മാരേ, മുമ്പു കനിഞ്ഞ നിങ്ങൾക്കുണ്ട
ല്ലോ, കരുത്തുള്ള തേർക്കുതിരകൾ: നാസത്യരേ, നിങ്ങൾ അനുഗ്ര
ഹിപ്പാൻ ഈ മൂന്നാം സവനത്തിൽ വരുവിൻ, കുടിപ്പിൻ! 1

അശ്വികളേ, സത്യരായ നിങ്ങളെയും, മുപ്പത്തിമൂന്നു ദേവന്മാ
രെയും ശരിയ്ക്കു യജ്ഞത്തിൻെറ മുമ്പിൽ കാണാം. അതിനാൽ,
ജരാഗ്നി കത്തുന്ന നിങ്ങൾ ഞങ്ങളുടെ സവനത്തിലെഴുന്നള്ളി,
സോമം കുടിച്ചാലും! 2

അശ്വികളേ, സത്യംതന്നെ, നിങ്ങൾ ചെയ്തുവെച്ചത്: വാ
നിൽനിന്നു മന്നിലെയ്ക്കു വെള്ളം വർഷിയ്ക്കപ്പെടുന്നുണ്ടല്ലോ. ഗോക്ക
ളെ തിരയാൻ ഒരായിരം യജ്ഞങ്ങൾ (ആരംഭിച്ചു); അവയിലെ
ല്ലാററിലും നിങ്ങൾ വന്നിരുന്നു, പാനത്തിന്ന്! 3

യജനീയരേ, നാസത്യരേ, ഇതാ നിങ്ങൾക്കുള്ള ഭാഗം വെ
ച്ചിരിയ്ക്കുന്നു: ഈ സ്തോത്രങ്ങളിൽ വന്നുചേരുവിൻ; മധുരമായ
സോമം നുകരുവിൻ; ഞങ്ങളുടെ ഹവിർദ്ദാതാവിനെ ഇഷ്ടദാന
ങ്ങൾകൊണ്ടു രക്ഷിയ്ക്കുവിൻ! 4

സൂക്തം 57.

ബാലഖില്യസൂക്തം 9.

1. കുടിയ്ക്കുവിൻ—സോമം.

2. സത്യർ = യഥാർത്ഥഭൂതർ.

3. വർഷിയ്ക്കപ്പെടുന്നുണ്ടല്ലോ—നിങ്ങളുടെ അച്ഛനായ സൂര്യനാൽ. ആരംഭിച്ചു—അംഗിരസ്സുകൾ. പാനത്തിന്ന്—സോമം കുടിപ്പാൻ.

4. ഭാഗം—സോമാംശം. ഹവിർദ്ദാതാവിനെ—യജമാനനെ.

സൂക്തം 58.

ബാലഖില്യസൂക്തം 10.

ഋഷിച്ഛന്ദസ്സുകരം മുമ്പേത്തവ; വിശ്വേദേവകരം ദേവത.

സമാനപ്രജ്ഞരായ ഋത്വിക്കുകളാണല്ലോ, ഈ യജ്ഞം പല പ്രകാരത്തിലേർപ്പെടുത്തി നടത്തുന്നതു്: അനൂചാനനായ ബ്രാഹ്മണൻ മനസ്സിരുത്തുമ്പോരം, യഷ്ടാവിന്നെന്തുള്ളൂ, നിരൂപിപ്പാൻ? 1

ഒരഗ്നി ബഹുപ്രകാരേണ സമുജ്ജ്വലിയ്ക്കുന്നു; ഒരു സൂര്യൻ ഉലകിലെങ്ങും ഉരംപ്പുക്കഢിയ്ക്കുന്നു; ഒരുഷസ്സു് ഇതിനെയൊക്കെ പ്രകാശിപ്പിയ്ക്കുന്നു. ഒന്നുതന്നെയാണു്, ഇതൊക്കെയുമായിച്ചമഞ്ഞതു്! 2

തേജസ്വിയും, പ്രജ്ഞായുക്തനും, ത്രിലോകസഞ്ചാരിയും, ഗമനശീലനും, സുഖാത്മകനും, സ്വരൂപസ്ഥിതനുമായി, നിങ്ങളെക്കാരം മീതെയായ ആ സർവവരേണ്യനെ പാനത്തിന്നു ഞാൻ വിളിയ്ക്കുന്നു: തന്തിരുവടിയുമായിച്ചേർന്നാലാണല്ലോ, വിചിത്രധനയായ (ലക്ഷ്മി) വെളിപ്പെടുക! 3

സൂക്തം 59.

ബാലഖില്യസൂക്തം 11.

കണ്വഗോത്രൻ സുപർണ്ണൻ ഋഷി; ജഗതി ഛന്ദസ്സു്; ഇന്ദ്രാവരുണന്മാർ ദേവത.

ഇന്ദ്രാവരുണന്മാരേ, ഈ പങ്കുകരം നിങ്ങളിലെത്താൻ കൊതിയ്ക്കുന്നു. അതിനാൽ ഞാൻ സോമം പിഴിഞ്ഞു നിങ്ങളെ പൂജിയ്ക്കുന്നു:

സൂക്തം 58.

ബാലഖില്യസൂക്തം 10.

1. അനൂചാനൻ——വേദ—വേദാംഗങ്ങരം പഠിച്ചവൻ. എന്തുള്ളൂ——ബ്രാഹ്മണൻ (ഋത്വിക്കു്) എല്ലാം ശരിയ്ക്കു നടത്തിക്കൊള്ളും.

2. ഒന്നു——ബ്രഹ്മം.

3. പ്രത്യക്ഷോക്തി: നിങ്ങരം——വിശ്വേദേവകരം. ആ സർവവരേണ്യനെ——പരമാത്മാവിനെ. പാനത്തിന്നു——സോമം കടിപ്പാൻ.

നിങ്ങഠം യജ്ഞത്തിൽ യജ്ഞത്തിൽ സവനങ്ങഠംക്കു വരാറുണ്ട
ല്ലോ; പിഴിഞ്ഞ യഷ്ടാവിന്നു നല്ലാറുമുണ്ടല്ലോ! 1

ഇന്ദ്രാവരുണന്മാരേ, നിങ്ങളുടെ ഏർപ്പാടാലാണ്, അതിശോ
ഭനങ്ങളായ സസ്യങ്ങളും ജലങ്ങളും പെരുമ നേടുന്നത്. നിങ്ങഠം
അന്തരിക്ഷപഥത്തിന്റെ അപ്പുറത്തു സഞ്ചരിയ്ക്കുന്നു; ഒരസുരന്നു
ണ്ടെന്നു തോന്നുന്നില്ല, നിങ്ങളെ എതിർക്കാൻ! 2

ഇന്ദ്രാവരുണന്മാരേ, നിങ്ങളെ സപ്തവാണികഠം കൃശന്റെ മധു
രരസത്താൽ സംതൃപ്തരാക്കി എന്നതു സത്യമാണല്ലോ. അവകൊ
ണ്ടുതന്നേ, ഉദകപാലകരായ നിങ്ങഠം ഹവിർദ്ദാതാവിനെ രക്ഷി
യ്ക്കുവിൻ: ഇദ്ദേഹം അഹിംസിതനായിട്ടു, നിങ്ങളെ സശ്രദ്ധം ശു
ശ്രൂഷിയ്ക്കുന്നുണ്ടല്ലോ! 3

ഇന്ദ്രാവരുണന്മാരേ, സോമരസമൊഴുക്കുന്ന സോമാർഹകളാ
യ, ക്ഷിപ്രപ്രദാനകളായ ഏഴുവാണികളുണ്ടല്ലോ, യാഗശാല
യിൽ: ഇവ നിങ്ങഠംക്കു നൈ ദുകുന്നു; അതിനാൽ, നിങ്ങഠം
യഷ്ടാവിനെ പുലർത്തുവിൻ, കൊടുക്കുവിൻ! 4

ഇന്ദ്രാവരുണന്മാരേ, തേജസ്വികളായ നിങ്ങളുടെ സത്യവും
ഈശ്വരത്വദ്യോതകവുമായ മഹിമാവിനെ ഞങ്ങഠം വലിയ സൌ
ഭാഗ്യത്തിന്നായി വർണ്ണിയ്ക്കാം: സോമനീരൊഴുക്കുന്ന ഞങ്ങളെ
ഉദകപാലകരായ നിങ്ങഠം മൂന്നു കുതിരക്കൂട്ടത്തെക്കൊണ്ടു സംര
ക്ഷിച്ചാലും! 5

ഇന്ദ്രാവരുണന്മാരേ, യാവചിലർ യജ്ഞമനുഷ്ഠിച്ചു മനശ്ശു
ദ്ധിനേടി, മുമ്പേത്തെ ഗൃഹാദികഠം ത്യജിച്ചുവോ, ആ ഋഷിമാർ
ക്കു നിങ്ങഠം മനീഷയും വാക്കുകളും മനനവും ശാസ്ത്രവും കല്പിച്ചു
കൊടുത്തതു ഞാൻ തപസ്സാൽ കണ്ടിരിയ്ക്കുന്നു! 6

സൂക്തം 59.

ബാലഖില്യസൂക്തം 11.

1. പങ്കുകഠം—സോമാംശങ്ങഠം. നല്ലാറുമുണ്ടല്ലോ—അഭീഷ്ടം.

3. സപ്തവാണികഠം—ഏഴു സ്തുതികഠം. കൃശൻ—ഋഷി. മധുരരസം—സോമനീർ. അവകൊണ്ടു—സപ്തവാണികഠം കേട്ടു, കനിഞ്ഞ്.

4. കൊടുക്കുവിൻ—അഭീഷ്ടം.

6. ത്യജിച്ചു—സന്ന്യസിച്ചു എന്നർത്ഥം. മനീഷ—ജഡാജഡവിവേചനബുദ്ധി. വാക്കുകഠം—ഉപനിഷത്തുകഠം. തപസ്സാൽ—ജ്ഞാനദൃഷ്ടിയാൽ.

ഇന്ദ്രാവരുണന്മാരേ, നിങ്ങൾ യജമാനർക്ക മനഃപ്രസാദവും, ഊററം തോന്നാത്ത ധനസമൃദ്ധിയും കല്പിച്ചുകൊടുക്കുവിൻ; ഞങ്ങൾക്ക സന്തതി–സമ്പൽ–പുഷ്ടികൾ തരുവിൻ; ഞങ്ങൾക്ക വളരെ ക്കാലം ജീവിച്ചിരിപ്പാൻ ആയുസ്സു വർദ്ധിപ്പിയ്ക്കുവിൻ! 7

ബാലഖില്യസൂക്തം സമാപ്തം

സൂക്തം 60.

പ്രഗാഥപുത്രൻ ഭർഗ്ഗൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, അഗ്നികളോടൊന്നിച്ചു വരിക: ഹോതാവായ ഭവാനെ ഞങ്ങൾ വരിയ്ക്കുന്നു. പിടിയ്ക്കപ്പെട്ട സ്രുക്ക് മികച്ച യജ്വാവായ ഭവാനെ ദർഭയിലിരുത്തി നെയ്യു തേപ്പിയ്ക്കട്ടെ! 1

ബലപുത്ര, അംഗിരസ്സേ, യാഗത്തിൽ സ്രുക്കുകൾ അങ്ങയുടെ മുമ്പിലെയ്ക്കു വരുന്നുണ്ടല്ലോ: മിന്നുന്ന തലമുടിയുള്ള അന്നപാലകനെ— പുരാതനനായ അഗ്നിയെ––ഞാൻ യജ്ഞങ്ങളിൽ സ്തുതിയ്ക്കുന്നു. 2

അഗ്നേ, കവിയായ ഭവാൻ വിധാതാവാകുന്നു; പാവക, ഹോതാവായ ഭവാൻ യജനീയനാകുന്നു? ഉജ്ജ്വല, മത്തുപിടിപ്പിയ്ക്കുന്ന മഹായഷ്ടാവായ ഭവാൻ യാഗങ്ങളിൽ മേധാവികൾക്ക മന്ത്രങ്ങൾകൊണ്ടു സ്തുതിയ്ക്കപ്പെടേണ്ടവനാകുന്നു! 3

അതിയുവാവേ, അനശ്വര, അവിടുന്ന് അദ്രോഹിയുടെ അടുക്കലെയ്ക്കു, കൊതിയുള്ള ദേവകളെ അമരേത്തിന്നു കൊണ്ടുവന്നാലും. വസോ, ഭവാൻ നേരേ വെയ്ക്കപ്പെട്ടിട്ടുള്ള അന്നങ്ങളിലേയ്ക്കു വരിക; ഇരുത്തപ്പെട്ട സ്തുതികളാൽ മത്തുകൊള്ളുക! 4

സൂക്തം 60.

1. തേപ്പിയ്ക്കട്ടെ––ധാരാളം ഹോമിയ്ക്കട്ടെ എന്നർത്ഥം.
2. ഉത്തരാർദ്ധം പരോക്ഷം: തലമുടി—ജ്വാല.
3. വിധാതാവ്––ഫലകർത്താവ്.
4. അദ്രോഹിയുടെ—ദ്രോഹിയല്ലാത്ത എന്റെ. ഇരുത്തപ്പെട്ട––ഞങ്ങളാൽ.

അഗ്നേ, രക്ഷക, സത്യരൂപനെന്നും കവിയെന്നും സർവത്ര പ്രഥിതനാണ് ഭവാൻ. കത്തിജ്ജ്വലിയ്ക്കുന്നവനേ, അങ്ങയെ മേധാവികരം സ്തുതിച്ചുകൊണ്ടു പരിചരിയ്ക്കുന്നു! 5

ദ്യുലോകംപ്രകാശിപ്പിയ്ക്കുന്നവനേ, അങ്ങ് കത്തുക, ജ്വലിയ്ക്കുക. സ്തുതിയ്ക്കുന്ന മനുഷ്യന്നു സുഖം നൽകുക. എന്റെ സ്തോതാക്കരം ദേവന്മാരുടെ സുഖത്തിലെത്തട്ടെ: ശത്രുക്കളെ കീഴമർത്തട്ടെ; അഗ്നിയെ പരിചരിയ്ക്കട്ടെ! 6

അനുകൂലതേജസ്സനായ അവിടുന്നു ഭൂമിയിൽ ഉണക്കുവിറകു് എരിയ്ക്കാറുണ്ടല്ലോ; അതുപോലെ, ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെയും ദ്രോഹിപ്പാൻ നോക്കുന്ന ദുരാത്മാവിനെയും ചുട്ടെരിച്ചാലും! 7

ഹേ യുവതമ, അവിടുന്നു ഞങ്ങളെ ശത്രുമർത്ത്യന്നും, കരുത്തന്നും കുററം പറയുന്നവന്നും കീഴ്പെടുത്തരുത്: വലയ്ക്കാതെ മറുകരയണയ്ക്കുന്ന സുഖകരങ്ങളായ രക്ഷകരംകൊണ്ടു കാത്തരുളിയാലും! 8

അഗ്നേ, നിന്തിരുവടി ഞങ്ങളെ ഒരു ഋക്കുകൊണ്ടു രക്ഷിച്ചാലും; രണ്ടുകൊണ്ടു രക്ഷിച്ചാലും; അന്നാധിപതേ, മൂന്നുകൊണ്ടു രക്ഷിച്ചാലും; വസോ, നാലുകൊണ്ടു രക്ഷിച്ചാലും! 9

പിശുക്കനായ അരക്കനിൽനിന്നെല്ലാം രക്ഷിച്ചാലും; ഞങ്ങളെ യുദ്ധങ്ങളിൽ കാത്തരുളിയാലും. യജ്ഞസിദ്ധിയ്ക്കും അഭിവൃദ്ധിയ്ക്കും ഞങ്ങരം അങ്ങയെത്തന്നെയാണല്ലോ, അടുത്ത ബന്ധുവാക്കിയിരിയ്ക്കുന്നത്! 10

അഗ്നേ, പാവക, അവിടുന്നു ഞങ്ങൾക്ക് അന്നവർദ്ധകമായ ശ്ലാഘ്യസമ്പത്തു കൊണ്ടുവരിക. അരികിൽവെച്ചെണ്ണുന്നവനേ, വഴിപോലെ കൊണ്ടുനടക്കുന്നതിനാൽ പുരുകാമ്യവും പുകളേറിയതുമായ (ധനം) ഞങ്ങരംക്കു തരികയും ചെയ്യുക: 11

എന്നാൽ, ഞങ്ങരംക്കു, യുദ്ധങ്ങളിൽ പാഞ്ഞണഞ്ഞെയ്യുന്ന പററലരെ പിന്നിട്ടു വധിയ്ക്കാമല്ലോ! കർമ്മധന, ആ നിന്തിരുവടി ഞ

---

11. അരികിൽവെച്ചെണ്ണുന്നവനേ—ഞങ്ങളുടെ അടുക്കൽവെച്ച് എണ്ണിനോക്കിയിട്ട് എന്നർത്ഥം.

ങ്ങളെ വർദ്ധിപ്പിച്ചാലും; ഹവിസ്സുകൊണ്ടു ധനം കൈവരുത്തുന്ന കർമ്മങ്ങരം നിറവേററിയാലും! 12

അഗ്നി, കൊമ്പണസ്സുന്ന ഒരു കാളപോലെ തല കുടയുന്നു: നല്ല പല്ലുകളുള്ള ഈ ബലപുത്രൻെറ അണക്കടകരംക്കൊത്ത ജ്വാലകരം അധൃഷ്യങ്ങളാകുന്നു! 13

അഗ്നേ, വൃഷാവേ, അധൃഷ്യങ്ങളാണല്ലോ, അങ്ങയുടെ പല്ലുകരം; അങ്ങു കത്തിപ്പടരുന്നു. ഹോതാവേ, ആ നിന്തിരുവടി ഞങ്ങളുടെ ഹവിസ്സിന്നു നന്മ വരുത്തിയാലും; ഞങ്ങരംക്കു വേണ്ടതു ധാരാളം തന്നാലും! 14

അവിടുന്നു കാട്ടിൽ ഇരുമാതാക്കളിലിരിയ്ക്കുന്നു; അങ്ങയെ മനുഷ്യർ വളർത്തുന്നു. ഭവാൻ മടിയ്ക്കാതേ ഹവ്യകാരൻെറ ഹവിസ്സുകരം വഹിയ്ക്കുന്നു; ഉടൻതന്നേ ദേവന്മാരുടെ ഇടയിൽ വിളങ്ങുന്നു! 15

അഗ്നേ, നല്ല ദാതാവും അക്ഷീണനുമായ ഭവാനെ ഏഴു ഹോതാക്കരം സ്തുതിയ്ക്കുന്നു. അങ്ങ് ചുടുതേജസ്സുകൊണ്ടു മേഘത്തെ പിളർത്തുന്നു. അഗ്നേ, അവിടുന്ന് ആളുകളെ പിന്നിട്ടു നടകൊണ്ടാലും! 16

വിട്ടുപോകാത്ത അഗ്നിയെ,അഗ്നിയെ, ദർഭമുറിച്ച ഞങ്ങരം നിങ്ങരംക്കുവേണ്ടി വിളിയ്ക്കാം—വളരെയിടങ്ങളിൽ വാഴുന്ന ഹോതാവായ അഗ്നിയെ ഹവിസ്സൊരുക്കിയ ഞങ്ങരം മനുഷ്യൎക്കുവേണ്ടി വിളിയ്ക്കാം. 17

അഗ്നേ, സാമം പാടുന്ന ധാമത്തിൽ എഴുന്നള്ളിയ നിന്തിരുവടിയെ വിദ്വജ്ജനങ്ങരം സ്തുതിയ്ക്കുന്നു: അവിടുന്നു ഞങ്ങരംക്ക്, അരികേ വൎത്തിയ്ക്കുന്ന വിവിധാന്നം രക്ഷയ്ക്കായി കനിഞ്ഞു കൊണ്ടുവന്നാലും! 18

---

12. ഏയ്ക്കുന്ന——ആയുധം പ്രയോഗിയ്ക്കുന്ന.

14. നന്മ——അവിടുന്നു സ്വീകരിച്ചാലേ ഹവിസ്സു നന്നാകൂ. വേണ്ടതു——ധനം.

15. ഇരുമാതാക്കളിൽ——രണ്ടരണികളിൽ. ഹവ്യകാരൻ——യജമാനൻ.

16. അക്ഷീണൻ——പ്രവൃദ്ധൻ. നടകൊണ്ടാലും——ഹവിസ്സെടുത്തു, ദേവന്മാരുടെ അടുക്കലെയ്ക്കു്.

17. വിട്ടുപോകാത്ത——സദാ നമ്മുടെ ഗൃഹത്തിൽ വസിയ്ക്കുന്ന. അഗ്നിപദാവൃത്തി ആദരാതിശയത്താലാകുന്നു.

18. ധാമം——യജ്ഞസദനം.

സ്തുത്യനായ അഗ്നേ, ദേവ, പ്രജാപാലകനും, അരക്കരെ എരി
ക്കുന്നവനും, വിട്ടുപോകാത്ത ഗൃഹപതിയും സ്വഗൃഹരക്ഷകനും, യാഗ
ശാലയിലെഴുന്നള്ളുന്നവനും, മഹാനുമാണ്, വിടുന്ന്! 19

ദീപ്തിധന, അഗ്നേ, അരക്കനും രാക്ഷസപീഡയും ഞങ്ങളിൽ
കടക്കരുത്. വറുതി, വിശപ്പ്, കരുത്തേറിയ രക്ഷസ്സുകൾ എന്നി
വയെ അങ്ങ് രണ്ടുനാഴികയപ്പുറത്തെയ്ക്കു നീക്കിയാലും! 20

സൂക്തം 61.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; ഇന്ദ്രൻ ദേവത.

നമ്മുടെ ഈ മൊഴി രണ്ടും ഇന്ദ്രൻ അഭിമുഖനായി കേട്ടരുളട്ടെ;
ഒരേ നിനവോടേ, മഹാബലനായ മഘവാവു സോമം കുടിപ്പാൻ
വരികയുംചെയ്യട്ടെ! 1

ആ സ്വയംപ്രഭനെയാണല്ലോ, വാനൂഴികൾ വർഷകനും ഓജ
സ്സുരനുമാക്കിയിരിയ്ക്കുന്നത്. അതിനാൽ അവിടുന്ന് ഉപമാനഭൂത
രിൽ ഒന്നാമനായി ഇരുന്നരുളുന്നു: സോമേച്ഛുവാണല്ലോ, അങ്ങ
യുടെ മനസ്സ്. 2

ബഹുധന, ഇന്ദ്ര, അവിടുന്നു സോമനീർ (തിരുവയററിൽ) പ
കന്നാലും: ഹരിയുക്ത, ഞങ്ങൾക്കറിയാം, അവിടുന്നു പടകളിൽ
കീഴമർത്തുന്നവനും, അധൃഷ്യനായ ധർഷകനുമാണ്! 3

അഭഗ്നസത്യനായ മഘവാവേ അങ്ങനെതന്നെയാണ്: ഇന്ദ്ര,
അവിടുന്നു കർമ്മംകൊണ്ടു തല്പരനായിത്തീരും. നല്ല അണക്കെട്ടുകളു

---

20. ദീപ്തിധന—ദീപ്തി (പ്രകാശം) യാകുന്ന ധനത്തോടുകൂടിയവനേ. രണ്ടു നാഴികയപ്പുറത്തെയ്ക്ക്—അതിദൂരത്തെയ്ക്ക് എന്നു ഹൃദയം.

സൂക്തം 61.

1. ഈ മൊഴി രണ്ടും—സ്തോത്രവും ശസ്ത്രവും. ഒരേ—നമ്മുടെ നിനവി നൊത്ത.

2 ആദ്യഭാഗം പരോക്ഷോക്തി: ഉപമാനഭൂതരിൽ—മററു ദേവന്മാരിൽ. അന്ത്യവാക്യം പ്രത്യക്ഷം:

ള്ളാവേ, വജ്രധര, ചീക്കെന്നു ചെല്ലുന്ന ഞങ്ങൾ ഭവദ്രക്ഷണത്താൽ അന്നം നേടുമാറാകണം! 4

ശചീപതേ, ഇന്ദ്ര, ഭവാൻ മരുത്തുക്കളോടെല്ലാമൊന്നിച്ചു ത ന്നാലും: ശൂര, ഞങ്ങൾ ഭാഗ്യമെന്നപോലെ പുകഴ്ന്ന, ധനം കി ട്ടിയ്ക്കുന്ന ഭവാനെ ഭജിയ്ക്കുമാറാകണം! 5

ദേവ, അവിടുന്ന് അശ്വങ്ങളെ നിറയ്ക്കും; ഗോക്കളെ വളരെ കൊടുക്കും. ഒരു പൊന്നിൻനീരുറവാണ,വിടുന്ന്: അങ്ങയുടെ ദാനം ആരും ഭഞ്ജിയ്ക്കില്ല; ഞാൻ യാചിയ്ക്കുന്നതൊക്കെ കൊണ്ടുവന്നാലും! 6

ഇന്ദ്ര, ഭവാൻ വന്നാലും. ആരാധകന്നു കൊടുപ്പാൻ ധനമെടു ത്താലും: മഘവാവേ, ഗോവിനെ തേടുന്നവന്നു ഗോവിനെയും, അശ്വത്തെ തേടുന്നവന്ന് അശ്വത്തെയും കല്പിച്ചുനല്കുക! 7

നിന്തിരുവടി വളരെ ആയിരവും നൂറും ഗോഗണത്തെ ഹവിർ ദ്ദാതാവിന്നു നല്കാറുണ്ട്: പുരന്ദരനായ ഇന്ദ്രനെ ഞങ്ങൾ രക്ഷയ്ക്കാ യി പലതരത്തിൽ പുകഴ്ത്തിപ്പാടി, ഇങ്ങോട്ടു വരുത്തുന്നു! 8

ഇന്ദ്ര, ശതക്രതോ, ക്രോധത്തിന്നു തടവില്ലാത്തവനേ, തന്റെ മഹത്ത്വം കാട്ടുന്നവനേ, ബുദ്ധിഹീനനോ ബുദ്ധിമാനോ ആയ യാ വനൊരുത്തൻ ഭവാനെ സ്തുതിയ്ക്കുമോ, അവൻ ഭവദ്ഭക്തിയാൽ ത്തുലോം ആനന്ദിയ്ക്കും! 9

കൈകൾ തടിച്ചുരുണ്ട നിഹന്താവായ പുരന്ദരൻ എന്റെ വിളി കേൾക്കുമെങ്കിൽ, ധനകാമരായ ഞങ്ങൾ ധനപതിയും ശത ക്രതുവുമായ ഇന്ദ്രനെ സ്തോത്രങ്ങൾകൊണ്ടു വിളിച്ചുകൊള്ളുന്നു! 10

പുണ്യം ചെയ്യാതെയല്ല, വട്ടം കൂട്ടാതെയല്ല, അഗ്നിയെക്കൂടാ തെയല്ല, ഞങ്ങൾ സ്തുതിയ്ക്കുന്നത്. ഇപ്പോൾ ഒത്തൊരുമിച്ചു സോമം പിഴിഞ്ഞുവെച്ചാണ്, ഞങ്ങൾ വൃഷാവായ ഇന്ദ്രനെ സഖാവാ ക്കുന്നത്! 11

---

4. കീഴമർത്തുന്നവനം—ശത്രുക്കളെ. ചെല്ലുന്ന—യുദ്ധത്തിന്ന്. അന്നം— തോല്പിയ്ക്കപ്പെട്ട ശത്രുക്കളുടെ.

6 നിറയ്ക്കും—സ്തോതാക്കൾക്ക്.

7. തേടുന്നവന്നു – ഇച്ഛിക്കുന്ന എനിയ്ക്കു്.

8. ഒടുവിലെ വാക്യം പരോക്ഷം:

10. നിഹന്താവ്—ശത്രുക്കളെ കൊല്ലുന്നവൻ.

11. വട്ടം—ഹവിസ്സും മററും

നടമിടുക്കുള്ള കുതിരയെ കണ്ടറിഞ്ഞ് ഒരു മികച്ച തേരാളി സമീപിയ്ക്കുന്നതുപോലെ, ആർ ഹവിഷ്മാങ്കലണയുമോ; ആ ബലിഷ്ഠനെ, പടകളിൽ കീഴമൎത്തുന്നവനെ, സ്തുതിപ്പാൻ കടപ്പെട്ടുത്തിയവനെ, അധൃഷ്യനെ നാം കൂട്ടിയിണക്കുക! 12

ഇന്ദ്ര, ഞങ്ങൾ ആരെപ്പേടിയ്ക്കുന്നുവോ, അവനിൽനിന്നു ഞങ്ങൾക്ക് അഭയം തന്നാലും: മഘവാവേ, ശേഷിയുണ്ടല്ലോ, അങ്ങയ്ക്ക്. അങ്ങ് രക്ഷകരെക്കൊണ്ടു, ഞങ്ങളെ ദ്രോഹിയ്ക്കുന്നവരെ—പീഡിപ്പിയ്ക്കുന്നവരെ—ആട്ടിപ്പായിച്ചാലും! 13

ധനപതേ, ആരാധകന്നു ധനവും ഗൃഹവും വൎദ്ധിപ്പിയ്ക്കുന്നവനാണല്ലോ, അങ്ങ്. ഇന്ദ്ര, മഘവാവേ, സ്തുതിസേവ്യ, ആ അങ്ങയെ ഞങ്ങൾ സോമം പിഴിഞ്ഞുവെച്ചു വിളിയ്ക്കുന്നു. 14

ജ്ഞാതാവും പരത്രാതാവും വൃത്രജേതാവുമായ ഇന്ദ്രൻ നമുക്കു വരേണ്യനാകുന്നു. തന്തിരുവടി നമ്മുടെ ആദിയിലും നടുവിലും ഒടുവിലുമുള്ളവനെ രക്ഷിയ്ക്കട്ടെ; തന്തിരുവടി നമ്മെ പിന്നിൽ കാത്തരുളട്ടെ; തന്തിരുവടി മുന്നിൽ കാത്തരുളട്ടെ! 15

ഇന്ദ്ര, നിന്തിരുവടി ഞങ്ങളെ പടിഞ്ഞാറുനിന്നും കിഴക്കുനിന്നും ചുവട്ടിൽനിന്നും മുകളിൽനിന്നും—എല്ലാടത്തുനിന്നും—രക്ഷിച്ചാലും: ഞങ്ങളിൽനിന്നു ദേവഭയം അകററുക; അസുരായുധങ്ങളും അകററുക! 16

ഇന്ദ്ര, അവിടുന്ന് ഇന്നുമിന്നും, നാളെയും നാളെയും മററന്നാളും ഞങ്ങളെ കാത്തരുളണം: സൽപതേ, സ്തുതിയ്ക്കുന്ന ഞങ്ങളെ എല്ലാ നാളിലും പകലിരവു പാലിച്ചാലും! 17

തച്ചുടയ്ക്കുന്ന ശൂരനും, ബഹുധനനും, വീൎയ്യത്തിന്നായി വഴിപോലെ കൂട്ടിച്ചേൎക്കുന്നവനുമാകുന്നു, മഘവാവ്. ശതക്രതോ, ഭവാന്റെ വജ്രം വഹിച്ച തൃക്കൈരണ്ടും (അഭീഷ്ടങ്ങളെ) വൎഷിയ്ക്കും! 18

---

12. കീഴമൎത്തുന്നവനെ—ശത്രുക്കളെ. സ്തുതിപ്പാൻ കടപ്പെട്ടുത്തിയവനെ—മനുഷ്യരുടെ കടമയാണ്, ഇന്ദ്രനെ സ്തുതിയ്ക്കൽ. അധൃഷ്യനെ—ഇന്ദ്രനെ.

13. രക്ഷകർ—സ്വന്തം ആൾക്കാർ.

15. പരത്രാതാവ്=മററുള്ളവരെ രക്ഷിയ്ക്കുന്നവൻ. ഉള്ളവനെ—പുത്രനെ.

16. ദേവഭയം—ദേവന്മാരിൽനിന്നുള്ള ആപത്ത്.

18. തച്ചുടയ്ക്കുന്ന—വൈരിനഗരങ്ങളെ. വീൎയ്യത്തിന്നായി—യുദ്ധത്തിൽ വിക്രമിപ്പാൻ.

സൂക്തം 62.

കണ്വപുത്രൻ പ്രഗാഥൻ ഋഷി; പഞ്ചപദാപംക്തിയും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്രൻ കേൾക്കുമെങ്കിൽ, നിങ്ങൾ ചെന്നു കേമമായി സ്തുതി
യ്ക്കുവിൻ. സോമവാന്മാർ തന്തിരുവടിയ്ക്കുള്ള മഹത്തായ അന്നം
ഉക്ഥങ്ങൾകൊണ്ടു വർദ്ധിപ്പിയ്ക്കുന്നു: സ്തുത്യങ്ങളാണല്ലോ, ഇന്ദ്ര
ന്റെ ദാനങ്ങൾ! 1

നേതാക്കളിൽ മുഖ്യനും നിസ്തുല്യനും അക്ഷയ്യനുമായ തന്തിരു
വടി ഒററയ്ക്കു, പണ്ടും ഇന്നുമുള്ള പ്രജകളെയെല്ലാം ബലത്താൽ അതി
ലംഘിച്ചു വളൎന്നിരിയ്ക്കുന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാന
ങ്ങൾ! 2

ഈ ക്ഷിപ്രപ്രദാനൻ, കുതിരയെത്തെളിയ്ക്കാതെയാണ്, യാത്ര
ചെയ്യുക: ഇന്ദ്ര, അതിനാൽ വൎണ്ണനീയംതന്നെ, ഭവാന്റെ ആ വീ
ര്യപ്രകടനം. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 3

ഇന്ദ്ര, വന്നാലും. അങ്ങയെക്കുറിച്ചു ഞങ്ങൾ ഉന്മേഷകരങ്ങ
ളായ സ്തോത്രങ്ങൾ ചൊല്ലാം: ബലിഷ്ഠ, അവയാലാണല്ലോ,
ഭവാൻ ഇവിടെ അന്നകാമനു നന്മ വരുത്താനൊരുങ്ങുന്നത്. സ്തുത്യ
ങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 4

ഇന്ദ്ര, ഭവാൻ മനസ്സിനെ ധൃഷ്ടാൽധൃഷ്ടമാക്കും, കടുംസോമം
കൊണ്ടു പൂജിയ്ക്കുകയും, നമസ്കാരം ചാൎത്തിയ്ക്കുകയും ചെയ്യുന്നവന്റെ
യാണ്, ഭവാൻ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രന്റെ ദാനങ്ങൾ! 5

സ്തുതിയ്ക്കപ്പെട്ടാൽ അവിടുന്നു, മനുഷ്യൻ കിണറുകളെയെന്ന
പോലെ, തൃക്കൺപാൎക്കും; പ്രസാദിച്ചാൽ പ്രവൃദ്ധനായ സോമ

സൂക്തം 62.

1. ഋത്വിക്കുകളോട്: സോമവാന്മാർ—യജമാനന്മാർ. അന്നം—ഹവിസ്സ്.

2. നേതാക്കൾ—ദേവന്മാർ.

3. ക്ഷിപ്രപ്രദാനൻ—അഭീഷ്ടം വേഗത്തിൽ കൊടുക്കുന്നവൻ, ഇന്ദ്രൻ തെളിയ്ക്കാതെ—കുതിര ഉദ്ദിഷ്ടസ്ഥലത്തേയ്ക്കു സ്വയം നടന്നുകൊള്ളും.

5. ചെയ്യുന്നവന്റെ—യജമാനന്റെ.

വാൻെറ സഖാവായിച്ചേരുകയുംചെയ്യും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 6

ഇന്ദ്ര, അങ്ങയെ അനുസരിയ്ക്കയാലാണ്, ദേവന്മാർക്കെല്ലാം വീര്യവും പ്രജ്ഞയുമുണ്ടായത്: ബഹുസ്തുത, അവിടുന്നാണ്, സർവഗോക്കളുടെയും ഉടമ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 7

ഇന്ദ്ര, ഞാൻ അങ്ങയുടെ ആ ബലം അരികേ കണ്ടു, യജ്ഞത്തിന്നായി പാടിപ്പുകഴ്ത്തുന്നു: ശചീപതേ, അങ്ങ് വൃത്രനെ കൈല്ലാൽ കൊന്നുവല്ലോ. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 8

ഒരു വേശ്യ ആലിംഗനേച്ഛുക്കൾക്കെന്നപോലെ, ഇന്ദ്രൻ മനുഷ്യക്ക് കാലഘട്ടങ്ങൾ കിട്ടിച്ചിരിയ്ക്കുന്നു: ഈ അടയാളത്താൽ അവിടുന്നു വിശ്രുതനായിത്തീർന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 9

ഇന്ദ്ര, പശുക്കൾ ധാരാളമുള്ള മഘവാവേ, ഭവാൻെറ സുഖത്തിലിരിയ്ക്കുന്നവർ ഭവാൻെറ ബലത്തെയും, ഭവാനെയും, ഭവാൻെറ തിരുവുള്ളത്തെയും തുലോം വളർത്തിപ്പോരുന്നു. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 10

വൃത്രഹന്താവേ, ഞാനും അവിടുന്നും കൂടിച്ചേരുക, നേട്ടമുണ്ടാകുംവരെ: വജ്രിൻ, ശൂര, നാമിരുവരും ഒന്നിച്ചാൽ, അറുപിശുക്കന്മാരും കൊണ്ടാടിക്കൊള്ളും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 11

സത്യമായിത്തന്നെയാണ്, അസത്യമായിട്ടല്ല, ആ ഇന്ദ്രനെ ഞങ്ങൾ സ്തുതിയ്ക്കുന്നത്: സോമം പിഴിയാത്തവനെ നിഗ്രഹിയ്ക്കും; ധാരാളം പിഴിയുന്നവനെ അനുഗ്രഹിയ്ക്കും; രണ്ടും മഹത്തായിരിയ്ക്കും. സ്തുത്യങ്ങളാണല്ലോ, ഇന്ദ്രൻെറ ദാനങ്ങൾ! 12

---

6. മനുഷ്യൻ—ദാഹം പൂണ്ട ആൾ. തൃക്കൺപാർക്കും—സോമത്തെ. പ്രസാദിച്ചാൽ—സോമപാനത്താൽ.

9. വേശ്യ ഓരോ പുരുഷനും സമയം കുറിച്ചുകൊടുക്കുമല്ലോ.

11. നേട്ടം—ധനലാഭം. കൊണ്ടാടിക്കൊള്ളും—അങ്ങയുടെ ധനദാനത്തെ.

12. നിഗ്രഹിയ്ക്കും—ഇന്ദ്രൻ. രണ്ടും—നിഗ്രഹവും, അനുഗ്രഹവും.

സൂക്തം 63.

പ്രഗാഥൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രനും ദേവന്മാരും ദേവത.

('ഭാരകമന്ദിരം' പോലെ.)

ആരിൽച്ചെല്ലാൻ മനു ദേവ–
ന്മാരിലച്ഛൻ ചെയ്തു, യജ്ഞം;
അമ്മഹാനിങ്ങാര്യരുടെ
കർമ്മം കാംക്ഷിച്ചെഴുന്നള്ളും! 1

സ്വർല്ലോകം തീർത്തോനെ, സ്സോമ–
വല്ലി ചതച്ചർമ്മികൾ
തള്ളിക്കൂടാ: സ്തോത്രങ്ങളും
ചൊല്ലിടേണം, മുക്ഥങ്ങളും! 2

ഇന്ദ്രനംഗിരസ്സുകൾക്കായ്,–
ത്തൻനയത്താൽഗ്ഗോയൂഥത്തെ
പേർത്തും വെളിസ്സാക്കിയല്ലോ!
വാഴ്ത്തുന്നേ,നത്തദ്വീര്യം ഞാൻ. 3

സൂരിപ്രവർദ്ധകൻ, സ്തുതി–
കാരർക്ക താങ്ങിന്ദ്രൻ, ശിവൻ
മുന്മട്ടിൽത്താൻ വന്നെത്തട്ടേ,
നമ്മെക്കാക്കാനന്നഹോമേ! 4

സൂക്തം 63.

1. ദേവന്മാരിൽ—ദേവന്മാരുടെയിടയിൽ. അച്ഛൻ—രക്ഷിതാവ്; മനുവിന്റെ വിശേഷണം. അമ്മഹാൻ—ഇന്ദ്രൻ. ആര്യർ—യഷ്ടാക്കൾ.

2. സ്വർല്ലോകം നിർമ്മിച്ച ഇന്ദ്രന്നായി സോമം പിഴിയുകയും സ്തുതിക്കുകയും ചെയ്യുക അത്യാവശ്യം.

3. തദ്വീര്യം=അവന്റെ വീര്യം.

4. സൂരിപ്രവദ്ധകൻ=സ്തോതാക്കളെ വദ്ധിപ്പിക്കുന്നവൻ. ശിവൻ=സുഖകരൻ. മുന്മട്ടിൽത്താൻ—പതിവുപോലെ. അന്നഹോമേ—സോമം ഹോമിക്കുന്ന അവസരത്തിൽ.

ഇന്ദ്ര, നിൻകർമ്മത്തെ ക്രമാ—
ലിന്നു ശീഘ്രം പുകഴ്ത്തുന്നു,
സ്വാഹാധീശാർച്ചകർ നതി—
വ്യൂഹകാരർ ധനാപ്തിയ്ക്കായ്! 5

ആരെയഹിംസകനെന്നു
തേറുന്നുവോ, സ്തോതാക്കന്മാർ;
ആയിന്ദ്രങ്കലുണ്ടു, കരു—
ത്താകമാനം, കർമ്മങ്ങളും! 6

പഞ്ചജനസ്തുതിഘോഷം
തഞ്ചുമ്പോളാർ കൊല്ലും, താനേ;
ആയിന്ദ്രനാണു,ൽപ്രജ്ഞനാ—
മീയെൻപൂജയ്ക്കിരിപ്പിടം! 7

പ്രീതിദമിസ്സവം ഭവാ—
ന്റേതാണു:–പ്പൌരുഷങ്ങളെ
കാട്ടിയല്ലോ, തിരുമേനി;
കാത്തുവല്ലോ, രഥമാർഗ്ഗം! 8

ഈ വൃഷാവിൻ വിവിധാന്നം
കൈവന്നവർ ജീവിതത്തിൽ
കാലു വെയ്ക്കും; യവം ഗോക്കരം—
പോലെ ഭുജിയ്ക്കയും ചെയ്യും! 9

നിങ്ങളൊത്തു, രക്ഷാകാമ—
രെങ്ങളിതു ചൊല്ലിക്കൊണ്ടേ
അന്നാധീശരായ്ത്തീരാവൂ,
വിണ്ണോർകോനെ യജിയ്ക്കുവാൻ! 10

---

5. സ്വാഹാധീശാർച്ചകർ = സ്വാഹാഭർത്താവിനെ, അഗ്നിയെ, യജിയ്ക്കുന്നവർ. നതിവ്യൂഹകാരർ = സ്തോത്രഗണം നിർമ്മിയ്ക്കുന്നവർ, സ്തോതാക്കരം.

6. കരുത്ത്— ത്രാണി.

7. കൊല്ലും— ശത്രുക്കളെ. താനേ— പരസാഹായ്യം കൂടാതെ.

8. കാത്തുവല്ലോ— ഞങ്ങളുടെ യജ്ഞത്തിൽ വരാൻ, തേർവഴിയിൽ രാക്ഷസബാധയില്ലാതാക്കിയല്ലോ.

10. ഋത്വിക്കുകളോട്: ഇതു— സ്തോത്രം.

കാലേ വെളിപ്പെട്ട തേജ–
സ്സാളും നിന്നെയൃക്കാൽശ്ശൂര,
നേരായ് വാഴ്ത്തുമെങ്ങൾ ജയം
നേടുകിന്ദ്ര, നിൻതുണയാൽ! 11

ശസ്ത്രസ്തോത്രകാരക്കേവൻ
സത്വരനാ;മായിന്ദ്രനും,
വൃത്രവധപ്പോർവിളിയി–
ലൊത്തുചേന്ന ദേവന്മാരും,
രുദ്രർ, മഴക്കാറുകള–
മത്ര രക്ഷിയ്ക്കട്ടെ, നമ്മെ! 12

സൂക്തം 64.

പ്രഗാഥൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സ്തോത്രങ്ങളവിടത്തെയ്ക്കു മത്തുയത്തട്ടെ, വജ്രിവൻ:
അന്നം തരൂ; നശിപ്പിയ്ക്കു, ബ്രഹ്മദ്വേഷികളെബ്ഭവാൻ! 1

തൃക്കാൽകൊണ്ടു മെതിച്ചാലും, യജ്ഞം ചെയ്യാത്ത ലുബ്ധരെ:
മഹാനല്ലോ, തിരുവടിയില്ല,ങ്ങയ്ക്കെതിരായൊരാൾ! 2

പിഴിഞ്ഞതിന്നധീശൻ നീ; പിഴിയാത്തതിനും, ഭവാൻ;
ഒരുററ തമ്പുരാനല്ലോ, ജനങ്ങൾക്കൊക്കയും ഭവാൻ! 3

നരക്കായ് വരികാ;പ്പിട്ടു വിൺകൊട്ടാരത്തിലെയ്ക്കു താൻ
പോയ്ക്കൊൾക, വാന്മഴികളെ നിറയ്ക്കുന്നവനാം ഭവാൻ! 4

---

11. കാലേ—യാഗകാലത്ത്. ഋക്ക്—മന്ത്രം. നേടുക—നേടാവൂ.

12. സത്വരനാം—അഭീഷ്ടം കൊടുപ്പാൻ വെമ്പൽക്കൊള്ളും.

സൂക്തം 64.

3. പിഴിയാത്തതിനും—ലതാരൂപേണ നില്ക്കുന്ന സോമത്തിന്നും.

4. നരക്കായ്—ഹവിസ്സു സ്വീകരിച്ചു, മനുഷ്യരെ അനുഗ്രഹിപ്പാൻ. ആപ്പിട്ടു—ഹവിസ്സിനെ ഉച്ചത്തിൽ ശ്ലാഘിച്ചുകൊണ്ട്. നിറയ്ക്കുന്നവൻ—തന്റെ തേജസ്സുകൊണ്ടോ, മഴകൊണ്ടോ.

നൂറുമായിരവും പെയ്യുക്കൂട്ടം കാർമുകിലട്ടിയെ,
പുകഴ്ത്തുന്ന ജനങ്ങൾക്കായ്പ്പിളർത്തരുളണം, ഭവാൻ! 5

പിഴിഞ്ഞു പകൽനേരത്തു വിളിപ്പൂ, ഞങ്ങളങ്ങയെ;
വിളിപ്പൂ, ഞങ്ങളിരവി,ലെങ്ങൾക്കിഷ്ടം പൊഴിയ്ക്കു, നീ! 6

എങ്ങാ,ത്തലകുനിയ്ക്കാത്ത യുവാവു, പൃഥുകന്ധരൻ?
ആ വൃഷാവിനെയാരുള്ളൂ, സ്തുതിച്ചർച്ചിച്ചുകൊള്ളുവാൻ? 7

ആർതൻ യാഗത്തിനാണാവോ, പോയിരിപ്പതു സാമ്പ്രതം?
നേക്കറിഞ്ഞവനാരുള്ളൂ, മഴപെയ്യിയ്ക്കുമിന്ദ്രനെ? 8

ആരിലെത്തുന്നു ദാനങ്ങൾ: കെല്ലേറും ശസ്ത്രസൂക്തികൾ
ആരിലെത്തുന്നു, വൃത്രഘ്ന? പോരിലാർ കൂടെനിന്നിടും? 9

ഇസ്സോമമവിടെയ്ക്കല്ലോ പിഴിവൂ, പെരുതാളുകൾ:
അതിങ്കലെയ്ക്കെഴുന്നള്ളുകൊ,ണ്ടോടുക കുടിയ്ക്കു, നീ! 10

നല്ലമല്ലോ, ഭവാന്നിമ്പ,മാർജ്ജീകീയ സുഷോമയിൽ
ശര്യണാവത്തിലുണ്ടാകും പ്രിയമാമിതു നിർഭരം! 11

ഇന്നു, ധഷ്കമാം മത്തിന്ന,ഭിരാമമിതിന്ദ്ര, നീ
കുടിയ്ക്കു, വരികൊ,ണ്ടോടുകി,ങ്ങനല്പധനം തരാൻ! 12

സൂക്തം 65.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മുമ്പോ പിമ്പോ വിളിയ്ക്കുന്നുണ്ടല്ലോ, നേതാക്കളങ്ങയെ;
വിരവോടിന്ദ്ര വന്നാലും, തുരഗങ്ങളിലൂടെ നീ! 1

---

5. കാർമുകിലട്ടിയെ—കരിമേഘക്കൂമ്പാരത്തെ.

7. പൃഥുകന്ധരൻ=കഴുത്തു തടിച്ചവൻ ആരുള്ളൂ—ആരും ആളാകില്ല.

9. യജമാനന്മാരുടെ ദാനങ്ങളും (ഹവിസ്സുകളും) ശസ്ത്രസൂക്തി (സ്തുതി)കളും ഭവാങ്കലല്ലാതെ ആരിൽ എത്തിച്ചേരുന്നു? ഭവാങ്കൽത്തന്നെ എത്തുന്നു. ഭവാൻ മാത്രമേ, പോരിൽ സഹായിപ്പാൻ ഒരുമിച്ചുനില്ക്കൂ.

11. ആർജ്ജീകീയമെന്ന പ്രദേശത്തിലെ സുഷോമാനദിയുടെ സമീപത്തു ശര്യണാവത്തെന്ന സരസ്സിലുണ്ടാകുന്ന ഇതു (സോമം) ഭവാന്നു നിർഭരം (തുലോം) ഇമ്പം നല്ലമല്ലോ.

12. ഇത്—സോമം.

രമിയ്ക്കയാവാം, വിണ്ണിങ്കലമ്മതോലുമിടത്തിൽ നീ
ഒരു യജ്ഞത്തിലോ തണ്ണീരീട്ടംകൂട്ടം പരപ്പിലോ; 2

ആ വളർന്ന മഹാനായ നിന്നെസ്സോമം കടിയ്ക്കുവാൻ
സ്തുതിച്ചിന്ദ്ര, വിളിയ്ക്കുന്നേൻ, തിന്നാൻ പയ്യിനെയാംവിധം! 3

ഇന്ദ്ര, നിന്റെ മഹത്വത്തെ, നിൻതേജസ്സിനെയും രഥേ
വഹിച്ചുകൊണ്ടു ഹരികളിങ്ങു വന്നണയേണമേ! 4

ഇന്ദ്ര, ചൊല്ലുന്നു, വാഴ്ത്തുന്നു, മഹാനാം നിന്നെയാളുകൾ:
വന്നുണ്ണുകെ,ങ്ങൾതൻ സോമമുഗ്രനൈശ്വര്യകാരി നീ! 5

വിളിയ്ക്കുന്നു, പിഴിഞ്ഞന്നയുതരായ് ഞങ്ങളങ്ങയെ;
എഴുന്നള്ളിയിരുന്നാലു,മീ ഞങ്ങളുടെ ദർഭയിൽ! 6

ഒട്ടേറെയാളുകൾക്കൊന്നുപോലല്ലോ, നിയതം ഭവാൻ;
അതിനാലിന്ദ്ര, മുല്പാടു വിളിപ്പൂ, ഞങ്ങളങ്ങയെ. 7

ഇതാ, പിഴിഞ്ഞു, സോമത്തേനങ്ങയ്ക്കാളുകളമ്മീയാൽ;
ഇതാസ്വദിച്ചുകൊണ്ടാലു,മിന്ദ്ര സംപ്രീതനായ്ബ്ഭവാൻ! 8

കവിച്ചുകാൺക, നാഥൻ നീ വിബുധന്മാരെയൊക്കയും:
വെക്കം വരിക; വമ്പിച്ച കെല്പണയ്ക്കുക ഞങ്ങളിൽ! 9

തമ്പുരാൻ തന്നരുൾക, മേ പൊന്നണിത്തുരഗങ്ങളെ:
കഷ്ടപ്പാടുളവാകൊല്ലാ, മഘവാവിന്നമർത്ത്യരേ! 10

സൂക്തം 65.

1. നേതാക്കൾ—ഞങ്ങളുടെ അധ്വര്യുപ്രഭൃതികൾ.

2. പരപ്പിലോ—അന്തരീക്ഷത്തിലോ.

5. ചൊല്ലുന്നു—ഇന്നതു തരിക, ഇന്നതു ചെയ്യുക എന്ന് ഉദ്ബോധിപ്പിയ്ക്കുന്നു. ആളുകൾ—കർമ്മികൾ. ഉഗ്രൻ—ബലിഷ്ഠൻ.

6. പിഴിഞ്ഞ്—സോമം. അന്നയുതരായ്—പുരോഡാശാദികളും ഒരുക്കി.

7. മുല്പാടു—മുൻകൂട്ടി.

8. ആളുകൾ—ഞങ്ങളുടെ അധ്വര്യുപ്രഭൃതികൾ.

9. കവിച്ചുകാൺക—കൂടുതൽ ഗണിച്ചാലും. വിബുധന്മാർ—സ്തോതാക്കൾ.

10. കഷ്ടപ്പാടുളവാകൊല്ലാ—മഘവാവിന്നു മംഗളം!

ഇമ്പമേകുന്ന മാറേററും വൻപെരുംകനകത്തെയും,
രണ്ടായിരം പൈക്കളെയും മമ തന്നരുളേണമേ! 11

അനാഥനായ് വലഞ്ഞോനാമെൻെറയാളുകൾ നേടിനാർ,
ഒരായിരം നന്മുതലുമന്നവും ദേവതുഷ്ടിയാൽ! 12

സൂക്തം 66.

പ്രഗാഥപുത്രൻ കലി ഋഷി; ബൃഹതിയും സതോബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(കാകളി)

ഓടിവന്നു ധനം കാട്ടുമിന്ദ്രന്ന,ഴൽ—
പ്പാടാർന്ന നിങ്ങൾ ബൃഹത്തു രക്ഷാർത്ഥമായ്
പാടുവിൻ, സോമയാഗത്തിൽ: വിളിയ്ക്കുവൻ,
വീട്ടു പുലർത്തും ഹിതനെയെന്നവിധം! 1

നൽത്തൊപ്പി ചൂട്ടമെവനെത്തടുത്തിടാ,
മർത്ത്യരോ, ദേവരോ, മായാനിഗൂഢരോ;
ഉക്ഥകാരനും പുകഴ്ത്തിപ്പിഴിവോന്നു—
മർത്ഥം കൊടുക്കുന്നു, സോമമത്തിന്നെവൻ; 2

കെല്പൻ, നനച്ച തുരംഗമംപോലെവ;—
നദ്ഭുതജന്മാവു, വൃത്രഹന്താവെവൻ;

---

11. വൻപെരും——വലുതും വിശാലവുമായ.

12. ദേവതുഷ്ടിയാൽ——ഇന്ദ്രൻെറ പ്രീതിയാൽ.

സൂക്തം 66.

1. ഋത്വിക്കുകളോട്: കാട്ടും——തരുന്ന എന്നർത്ഥം. ബൃഹത്ത്——സാമം. വീട്ടു പുലർത്തുന്ന ഹിതകാരിയെ ആവശ്യത്തിന്നു വിളിയ്ക്കുന്നതുപോലെ, ആ ഇന്ദ്രനെ ഞാൻ വിളിയ്ക്കാം.

2. മായാനിഗൂഢർ——അസുരാദികൾ. ഉക്ഥകാരൻ——ഉക്ഥം ചൊല്ലുന്നവൻ. അർത്ഥം=ധനം. സോമമത്തിന്നു്——സോമം കുടിച്ചു ലഹരിക്കൊള്ളാൻവേണ്ടി.

ഭൂരിഗോശാലക്കതകഃ വിറപ്പിച്ചു–
പോരുന്നു, പൊന്നൊളിഗാത്രനിന്ദ്രനവൻ! 3

നേടിനേടിക്കഴിച്ചിട്ട ധനോച്ചയം–
കൂടിയെട്ടത്തെവൻ യഷ്ടാവിനേകുമോ;
ആ വജ്രി, ഹര്യശ്വനിന്ദ്രൻ സുഹനുതാ–
നീവക ചെയ്വു, മഖത്താൽ യഥേഷ്ടമേ! 4

ഇന്ദ്ര, വിക്രാന്ത, നീ മുമ്പു നേതാക്കളിൽ–
നിന്നു യാതൊന്നിനെക്കാംക്ഷിച്ചുപോന്നുവോ,
ഞങ്ങളാ ഹവ്യവുമുക്ഥമാം സ്തോത്രവു–
മങ്ങയ്ക്കൊരുക്കന്നു, വെക്കം പുരുസ്തുത! 5

മത്തിന്നണയുക, സോമത്തിൽ വജ്രി നീ–
യുദ്യദ്ഭൃതേ, പുരുഹൂത, സോമാശന:
വാഴ്ത്തുവോന്നും പിഴിയുന്നവന്നും ഭവാൻ
പ്രാർത്ഥനീയം ധനം നല്കുമല്ലോ, തുലോം! 6

ഇന്നലത്തെപ്പോലെയിന്നുമിവിടെ നാം
നന്നായ്സുഖിപ്പിയ്ക്കുകീ വജ്രപാണിയെ:
ഒത്തൊരുമിച്ചവിടെയ്ക്കേ പിഴിഞ്ഞതി–
ങ്ങെത്തിയ്ക്കുവിൻ; വിളി കേട്ടാലുടൻ വരും! 7

ചെന്നധ്വഗരെത്തടുത്തു തട്ടിപ്പറി–
യ്ക്കുന്നോനുമാർതൻ വഴിയിൽ വഴങ്ങുമോ;
അബ്ഭവാനിസ്തവത്തിങ്കലെഴുന്നള്ള–
കഃ,പ്രീതിപൂണ്ടിന്ദ്ര, ചിത്രകർമ്മത്തിനാൽ! 8

---

3. നനച്ച—നനയ്ക്കപ്പെട്ടാൽ കതിരയ്ക്കു കെല്പു കൂടുമല്ലോ. ഭൂരിഗോശാലക്കതക്—വളരെപ്പൈക്കളുള്ള തൊഴുത്തിന്റെ വാതിൽ. വിറപ്പിച്ചുപോരുന്നു—തുറപ്പിയ്ക്കുമെന്നർത്ഥം.

5. വിക്രാന്ത=ശൂര. നേതാക്കൾ—യജ്ഞപ്രവർത്തകർ.

6. ഉദ്യദ്ഭൃതേ=ശോഭയുള്ളവനേ. സോമാശന=സോമം അശി (കുടി)യ്ക്കുന്നവനേ.

7. അധ്വര്യുക്കളോട്: സുഖിപ്പിയ്ക്കുക—സോമംകൊണ്ടു സന്തൃപ്തനാക്കുക. അവിടെയ്ക്കേ=അദ്ദേഹത്തിന്നായിത്തന്നേ. വരും—അദ്ദേഹം.

8. അധ്വഗർ=വഴിപോക്കർ. ചിത്രകർമ്മം—വിവിധസ്തുതി.

ഏതൊരു പൌരുഷമുള്ളു, വെളിപ്പെട-
ത്താതെ വൃത്രാന്തകനിന്ദ്രൻതിരുവടി?
സുശ്രവമാകുമേതൊന്നാലവിടുന്നു
വിശ്രുതനായീല, ജന്മം മുതല്ക്കുതാൻ! 9

എന്നാക്രമിച്ചീലിവന്റെ മഹാബലി?-
മെന്നുവാൻ കൊല്ലാതിരുന്നു, വൃത്രാന്തകൻ;
ഇന്ദ്രനടിച്ചമർത്തീടുന്നു, മുച്ചുട-
മൊന്നിനെ രണ്ടാക്കുമന്ധരാം ലുബ്ധരെ! 10

ഇന്ദ്ര, പെരുത്തുപേരീ ഞങ്ങൾ വൃത്രനെ-
ക്കൊന്നവനേ, പുരുഹൂത, വജ്രധര,
വൻനവസ്തോത്രങ്ങളങ്ങയ്ക്കൊരുക്കിവെ-
യ്ക്കുന്നു, തൊഴിൽക്കൂലിയെന്നപോലേ തരാൻ! 11

ഇന്ദ്ര, വളരെ വരങ്ങളും, രക്ഷയും
നിന്നിലുണ്ടല്ലോ: വിളിയ്ക്കപ്പെടുന്നു, നീ.
ശത്രുക്കളെത്തള്ളി യജ്ഞേ വരിക, നീ;
ശക്ത, ശതക്രതോ, കേൾക്കെൻവിളി വസോ! 12

ഇന്ദ്ര, ഭവാൻെറയാണെങ്ങൾ മേധാവികൾ:
നിന്നുകൊള്ളാവൂ, ഭവാൻെറ വശത്തുതാൻ;
ഇല്ലയല്ലോ, പുരുഹൂത, തിരുമേനി-
യല്ലാതൊരാളും മഘവൻ, സുഖം തരാൻ! 13

ഇപ്പഞ്ഞവും പശിപ്പാടും പഴികളു-
മപ്പുറത്താക്കുക, ഞങ്ങളിൽനിന്നുടൻ;

---

9. എല്ലാപ്പൌരുഷവും ഇന്ദ്രൻ കാട്ടിയിരിയ്ക്കുന്നു. സുശ്രവം=സുഖേന കേൾക്കാവുന്നത്. എല്ലാംകൊണ്ടും, ജനനംമുതല്ക്കേ വിശ്രുതനായിരിയ്ക്കുന്നു.

10. ആക്രമിച്ചീല—ശത്രുക്കളെ. കൊല്ലാതിരുന്നു—വധ്യരെ. ഒന്നിനെ രണ്ടാക്കും—ഒരു പണം കടമായി കൊടുക്കുക, രണ്ടു പണം തിരിച്ചു വാങ്ങുക എന്ന പതിവുകാരായ. അന്ധരാം—പാരലൌകികദൃഷ്ടിയില്ലാത്ത. ലുബ്ധർ — ധനലോഭികൾ.

12. അവ കിട്ടണമെന്നിച്ഛിയ്ക്കുന്ന ആളുകളാൽ നീ വിളിയ്ക്കപ്പെടുന്നു. യജ്ഞേ — ഞങ്ങളുടെ യാഗത്തിൽ. ശക്ത=ബലിഷ്ഠ.

കല്പിച്ചുനൽക, വിചിത്രമാം രക്ഷയാൽ—
ക്കെല്പനേ, ഞങ്ങൾക്കു മാൎഗ്ഗജ്ഞനാം ഭവാൻ! 14

നിങ്ങൾ സോമത്തെപ്പിഴികയേചെയ്യുവിൻ—
നിങ്ങൾക്കു പേടി തോന്നേണ്ടാ, കലികളേ:
ഇദ്ധ്വംസകാരികൾ വിട്ടുപോയ്ക്കൊള്ളുമേ—
ഇത്തരക്കാർ സ്വയം വിട്ടുപോയ്ക്കൊള്ളുമേ! 15

സൂക്തം 67.

സമ്മദപുത്രനായ മത്സ്യമോ, മിത്രാവരുണപുത്രൻ മാന്യനോ ഋഷി; ഗായത്രി ഛന്ദസ്സ്; ആദിത്യന്മാർ ദേവത.

ഞങ്ങളാ ക്ഷത്രിയന്മാരാമാദിത്യരൊടു രക്ഷണം
യാചിയ്ക്കുന്നൂ, സുഖകരന്മാരോടിഷ്ടാഗമത്തിനായ്. 1

അൎയ്യമാ, വരുണൻ, മിത്രനെന്നീയാദിത്യർ നമ്മളെ
ദുഃഖം കടത്തട്ടെ,യവരറിയുന്നതുപോലവേ! 2

ആയാദിത്യരിലുണ്ടല്ലോ, വിചിത്രം സ്തുത്യമാം ധനം,
വേണ്ടോളം ചെയ്യുവോനായ ഹവ്യദന്നു കൊടുക്കുവാൻ! 3

മഹത്തല്ലോ, മഹാന്മാരാം ഭവാന്മാരുടെ രക്ഷണം:
അൎയ്യമൻ, മിത്ര, വരുണ, ഞങ്ങളൎത്ഥിപ്പൂ, രക്ഷകൾ! 4

---

14. ഞങ്ങൾക്കു കല്പിച്ചുനൽക—അഭീഷ്ടം. മാൎഗ്ഗജ്ഞൻ—ഉപായജ്ഞൻ.

15. സ്വഗോത്രക്കാരോട്: കാലികളേ—എന്റെ ജ്ഞാതികളേ. ധ്വംസകാരികൾ=നാശം വരുത്തുന്നവർ, രാക്ഷസാദികൾ. വിട്ടുപോയ്ക്കൊള്ളുമേ—ഇന്ദ്രപ്രഭാവത്താൽ.

സൂക്തം 67.

1. സമ്മദമെന്ന പെരുമീനിന്റെ മകനായ മത്സ്യവും കൂട്ടുകാരും മീൻപിടുത്തക്കാരുടെ വലയിൽക്കുടുങ്ങിപ്പോയി. അവർ മോചനത്തിന്നായി ആദിത്യന്മാരെ സ്തുതിയ്ക്കുന്നു. അഥവാ മിത്രാവരുണപുത്രൻ മാന്യൻ ദുഃഖമുക്തിയ്ക്കായി സ്തുതിയ്ക്കുന്നു. ക്ഷത്രിയജാതിക്കാരത്രേ, ആദിത്യന്മാർ. ഇഷ്ടാഗമത്തിനായ്—ഇഷ്ടപ്രാപ്തിയ്ക്ക്.

2. അവരറിയുന്നതുപോലവേ—അവൎക്കറിയാം, ദുഃഖം കടത്തിവിടാൻ.

3. ഹവ്യദൻ—യജമാനൻ.

പാഞ്ഞെത്തുവിൻ, ചാകുവതിന്മുമ്പുയിക്കൊള്ളുമെങ്ങളിൽ:
വിളികേൾപ്പവരേ, നിങ്ങളെങ്ങുവാനാദിതേയരേ? 5

തളർന്ന പിഴിവോന്നേകാനില്ലം, സ്വത്തിവ നിങ്ങളിൽ
ഉണ്ടല്ലോ: നിങ്ങളവയാൽക്കേററിപ്പറവിനെ,ങ്ങളെ! 6

ഹിംസകനു മഹാപാപം, നിഷ്പാതകനു രത്നവും,
കുററമിന്നേവരെപ്പററാത്തവരാമാദിതേയരേ! 7

കുടുങ്ങൊല്ലെങ്ങൾ വലയിൽ:—പ്പെരുംവേലയ്ക്കു ഞങ്ങളെ,
വിളിപ്പെട്ട വശീകർത്താവിന്ദ്രൻതാൻ വേർപെടുത്തണം! 8

വലയ്ക്കും വൈരികളുടെ കൊല ഞങ്ങളിലേശൊലാ:
രക്ഷാനിരതരാം ദേവന്മാരേ, നിങ്ങൾ വിടുർത്തുവിൻ! 9

അദിതേ, ദേവി, മഹതി, സവിധേ വാഴ്ത്തിടുന്നു, ഞാൻ
വഴിപോലെ സുഖം നല്കും നിന്നെയിഷ്ടാഗമത്തിനായ് 10

ദീനരക്ഷിണി, നീ:—യുഗ്രമക്കളുള്ളലയാഴിയിൽ
കൊലചെയ്യുന്നവൻ കൊന്നീടൊല്ലെങ്ങളുടെ കുട്ടിയെ! 11

വിശാലഗമനേ, നീതാൻ കുററമില്ലാത്ത ഞങ്ങളെ
ദൂരത്തെത്തു നടത്തിയ്ക്കുക,ഞ്ഞിയെക്കാത്തുകൊള്ളുവാൻ! 12

മനുഷ്യരെ വലയ്ക്കാത്തോർ തലയാളർ യശസ്വികൾ
കർമ്മങ്ങൾ കാത്തുരക്ഷിപ്പൂ, ദ്രോഹമാചരിയാതെവർ; 13

---

6. തളർന്ന——കർമ്മാനുഷ്ഠാനത്താൽ ക്ഷീണിച്ച. പിഴിവോന്ന്——സോമം പിഴിയുന്നവനു്. അവയാൽ——ഇല്ലവും സ്വത്തും തന്നു്. കേററിപ്പറവിൻ——ശ്ലാഘിപ്പിൻ.

7. നിഷ്പാതകൻ = പാപരഹിതൻ. ഞങ്ങളെ നിഷ്പാപരാക്കി രത്നം, ശ്രേയസ്സ്, തരുവിൻ എന്നു ഹൃദയം.

8. പെരുംവേലയ്ക്കു——മഹത്തായ കർമ്മമനുഷ്ഠിപ്പാൻ. വശീകർത്താവ്——ഭുവനത്തെയെല്ലാം വശത്താക്കുന്നവൻ. വേർപെടുത്തണം——വലക്കുടുക്കിൽനിന്നു്.

9. വലയ്ക്കും = ഉപദ്രവിയ്ക്കുന്ന. വിടുർത്തുവിൻ——വലയിൽനിന്നു മോചിപ്പിയ്ക്കുവിൻ.

10. സവിധേ——അരികിൽ വന്നു്.

11. നീ ദീനരക്ഷിണിയാണല്ലോ: ഉഗ്രമക്കൾ——ഘോരയാദസ്സുകൾ.

12. വിശാലഗമനേ——ഭൂമിതന്നെയത്രേ, അദിതി.

ആ നിങ്ങഠം ചെന്നായ്‌വക്ത്രത്തിൽനിന്നെങ്ങളെ വിടൂത്തുവിൻ,
ബദ്ധനാം ചോരനെപ്പോലെയദിതേ, ആദിതേയരേ! 14

ആദിത്യരേ, കെണിയിതു ഞങ്ങളെക്കൊന്നിടാതെതാൻ
അകന്നുപോകട്ടെ, ദുരാശയുമെങ്ങളിൽനിന്നുടൻ! 15

ആദിത്യരേ, ഞങ്ങഠം ഭവദ്രക്ഷകൊണ്ടു സുദാനരേ,
മുമ്മട്ടനുഭവിയ്ക്കുന്നുണ്ടല്ലോ, വളരെയിപ്പൊഴും! 16

വളരെപ്പാപികഠം കടന്നെതിർത്താലുമകററുവിൻ,
ഞങ്ങളെക്കാക്കുവാൻ തുംഗചിത്തർ നിങ്ങളമർത്ത്യരേ! 17

ബദ്ധനെക്കെട്ടിൽനിന്നെന്നപോലെങ്ങളെ വിടുർക്കയാൽ
സ്തോതവ്യമായ്ത്തീരുകി,തിങ്ങദിതേ, ആദിതേയരേ! 18

അത്രയ്ക്കൊത്തുക്ക ഞങ്ങഠംക്കില്ലല്ലോ, വിടുതി നേടുവാൻ:
അതു തന്നരുഠംകെ,ങ്ങഠംക്ക ഭവാന്മാരാദിതേയരേ! 19

ഉണ്ടാക്കപ്പെട്ട കെണിയാമന്തകായുധമെങ്ങളെ
വധിയ്ക്കൊലാ, ജര പെടുന്നതിന്മുമ്പാദിതേയരേ! 20

ആദിത്യരേ, ദ്രോഹിയെയും, ബന്ധത്തെയു,മംഹത്തെയും,
ദുരിതത്തെയുമെമ്പാടും മുരടോടേ മുടിയ്ക്കുവിൻ! 21

നാലാമധ്യായം സമാപ്തം.

---

14. ചെന്നായ്ക്കഠം—ഹിംസകർ. ബദ്ധനാം ചോരനെപ്പോലെ—കുററം തെളിയാഞ്ഞാൽ, ചോരനെ തടവിൽനിന്നു വിടുന്നതുപോലെ, ഏങ്ങളെ വിടുത്തുവിൻ.

16. വളരെ—വളരെസ്സുഖം.

17. തുംഗചിത്തർ = ഉൽക്കൃഷ്ടമനസ്സർ.

18. ഇത്—ബന്ധനം. ഇങ്ങ്—ഞങ്ങഠംക്ക്. ഭവദനുഗ്രഹത്താൽ വിടുതി കിട്ടിയാൽ ഈ ബന്ധനം ഞങ്ങഠംക്ക സ്തുത്യമായിത്തീരുമല്ലോ.

20. ഉണ്ടാക്കപ്പെട്ട—കൃത്രിമമായ. അന്തകായുധം—യമന്റെ ഒരായുധം തന്നെയാണ്, ഈ വില! ജര പെടുന്നതിന്മുമ്പ്—വാർദ്ധക്യത്തിൽ, വധിയ്ക്കപ്പെടുക അത്ര ദുഃഖകരമല്ലല്ലോ.

21. ബന്ധം—വലയിൽപ്പെടൽ. അംഹം = പാപം.

അഞ്ചാമദ്ധ്യായം.

സൂക്തം 68.

അംഗിരോഗോത്രൻ പ്രിയമേധൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

ഇന്ദ്ര, ബഹുകർമ്മവാനേ,
വെന്നമർത്തുവോനാം നിന്നെ
സാരവാനേ, സതാംപതേ,
തേരിനെയെന്നതുപോലേ
നേർക്കു തിരിയ്ക്കുാവൂ, ഞങ്ങൾ
സൌഖ്യത്തിന്നും രക്ഷയ്ക്കുമായ്! 1

ആരാധ്യനേ, കരുത്തനേ,
ഭൂരിപ്രജ്ഞ, കർമ്മവാനേ,
നീളേ നിറഞ്ഞിരിയ്ക്കുന്നു,
നീളമാർന്ന നിന്മഹത്ത്വം! 2

ഉൽക്കൃഷ്ടനാം ഭവാനുടെ
തൃക്കയ്യുകൾ മഹത്ത്വത്താൽ
ചേലിൽ വഹിയ്ക്കുന്നുണ്ടല്ലോ,
നീളെച്ചെല്ലും പൊൻവജ്രത്തെ! 3

എമ്പാടും ചെന്നെതിർക്കുന്ന
കമ്പിടാത്ത കരുത്തിന്റെ
നാഥനായോനെയും, സേനാ—
ഭൃതരായ നിങ്ങളുടെ

സൂക്തം 68.

1. സാരവാൻ—ബലവാൻ. നേർക്കു തിരിയ്ക്കുാവൂ—തേരിനെ വേണ്ടേടത്തെയ്ക്കു തിരിയ്ക്കുന്നതുപോലെ, നിന്നെ ഇങ്ങോട്ടു തിരിയ്ക്കുാവൂ, കൊണ്ടുവരാവൂ.

3. നീളെ—ജഗത്തിലെങ്ങും.

ത്തരോട്ടത്തെയും, രക്ഷാ–
കൃത്യത്തെയും വിളിപ്പൂന്നേൻ: 4

യുദ്ധങ്ങളിൽ നേതാക്കളീ
നിത്യപ്രവൃദ്ധനെയല്ലോ,
നാനാമട്ടിൽ വിളിപ്പൂന്നു,
ത്രാണത്തിന്നുമിഷ്ടാപ്തിയ്ക്കും! 5

അപ്പുറത്തിരിപ്പോൻ, സ്തുതി–
യ്യൊപ്പം വെളിപ്പെടുന്നവൻ,
അത്യോജസ്വി, ശുഭധനൻ,
സ്വത്തിന്നുടയവനി,ന്ദ്രൻ! 6

ആയിന്ദ്രന്നേ സ്തവം ചൊല്ലു–
നായതസ്വത്തേകാനുണ്മാൻ:
നേതാവിവൻ പ്രജകൾതൻ
സാധുസ്തുതിയ്ക്കീശനല്ലോ! 7

പൃഷ്ടബല, മനുഷ്യന്നു
കിട്ടില്ലല്ലോ, തവ സഖ്യം;
ഇങ്ങൊരുവൻ നേടിയിട്ടി–
ല്ല,ങ്ങയുടെ ബലത്തെയും! 8

നിന്നാൽപ്പാലിതരായെങ്ങൾ
നിൻതുണയാൽപ്പോരിൽ വജ്രിൻ,
ഭൂരിസമ്പത്തടക്കാവൂ,
നീരിന്നും സൂര്യന്നുംവേണ്ടി! 9

---

4. മരുത്തുക്കളോട്: നാഥൻ—ഇന്ദ്രൻ. സേനാഭൃതർ—ഇന്ദ്രന്റെ സൈനികർ.

5. ഈ നിത്യപ്രവൃദ്ധൻ—ഇന്ദ്രൻ.

6. അപ്പുറത്തിരിപ്പോൻ—അതിദൂരസ്ഥിതൻ, അജ്ഞേയൻ. സ്തുതിയ്യൊപ്പം—എത്ര സ്തുതിച്ചുവോ, അത്രയ്ക്ക്.

7. ആയിന്ദ്രന്നേ—ആ ഇന്ദ്രനെക്കുറിച്ചുതന്നെ. ആയതസ്വത്ത്—നീണ്ട, വലിയ, ധനം. ഉണ്മാൻ—സോമം കുടിപ്പാൻ. സാധുസ്തുതി=വഴിപോലെയുള്ള സ്തുതി. ഈശൻ—ഉടമസ്ഥൻ.

9. നീരിന്നും—സ്നാനാദികൾക്ക വെള്ളം കിട്ടാനും. സൂര്യന്നും—സൂര്യനുദിച്ചാൽ വേലകൾ ചെയ്യാനും. ഭൂരിസമ്പത്തടക്കാവൂ—ശത്രുക്കളുടെ ബഹുധനം കൈവശപ്പെടുത്തുമാറാകണം.

ആ നിന്നോടർത്ഥിപ്പൂ, യജി,—
ച്ചാ നിന്നോടേ സ്തുതിച്ചെങ്ങൾ:
ഇന്ദ്ര, ഭവാനടർകളി—
ലുന്നതപ്രജ്ഞനാമെന്നെ
കാത്തരുളിയല്ലോ, പാരം
സ്തോത്രസേവ്യനായുള്ളോവേ! 10

ആസ്വാദ്യ,മാ നിന്റെ സഖ്യ;—
മാസ്വാദ്യം, നിൻകൊണ്ടുവരൽ;
വിസ്തരിയ്ക്കപ്പെടേണ്ടുവൊ—
ന്നധ്വരം തേ തുലോം വജ്രിൻ! 11

ഏററം നൽകെ,ങ്ങൾതൻ പുത്ര—
ന്നേററം പൌത്രനി,ലൃത്തിന്നും;
ഞങ്ങൾക്കേററം തന്നരുളു—
കി,ങ്ങു ജീവിച്ചിരിയ്ക്കുവാൻ! 12

ഏററമാൾക്കാക്കേ,ററം ഗോക്കൾ—
ക്കേ,ററം രഥമാർഗ്ഗങ്ങൾക്കും,
ദേവന്മാർതന്നമരേത്തും
കേവലമർത്ഥിപ്പൂ, ഞങ്ങൾ! 13

സോമം കുടിച്ചിമ്പമുൾക്കൊ—
ണ്ടാ മന്നവന്മാരാറുപേർ
രണ്ടുരണ്ടായ് വന്നു ദാനം—
കൊണ്ടു സുഖിപ്പിച്ചാരെന്നെ: 14

---

10. അർത്ഥിപ്പൂ = (യാചിയ്ക്കുന്നു) എന്ന ക്രിയാപദം രണ്ടാംപാദത്തിലും ചേർക്കണം. ഉന്നതപ്രജ്ഞൻ—വളരെ സ്തുതിച്ചവൻ എന്നർത്ഥം.

11. കൊണ്ടുവരൽ—ധനാദ്യാനയനം. തേ അധ്വരം = അങ്ങയ്ക്കുള്ള യാഗം. തുലോം വിസ്തരിയ്ക്കപ്പെടേണ്ടുന്നതാകുന്നു.

12. ഏററം—വളരെധനം.

13. ഏററം—വളരെ നന്മയും. ദേവന്മാർതന്നമരേത്തും—യാഗവും.

14. ഇതുമുതൽ ആറു പദ്യങ്ങൾ ആറു രാജാക്കന്മാരുടെ ദാനത്തെ സ്തുതിയ്ക്കുന്നവയാകുന്നു: രണ്ടുരണ്ടായ്—അച്ഛൻ, മകൻ, എന്ന് ഈരണ്ടുപേരായി.

തന്നാനി,രുത്തുരംഗത്തെ—
യിന്ദ്രോത;—നൃക്ഷാത്മജനോ,
രണ്ടുഹരികളെ; രണ്ടു
ശോണാശ്വത്തെയാശ്വമേധൻ. 15

ഒന്നാംതരം രഥ്യങ്ങളെ—
യിന്ദ്രോത;നൃക്ഷാത്മജനോ,
നല്ലുടിഞാണിട്ടവയെ;—
ബ്ഭ്രുഷ്ടിതരെയാശ്വമേധൻ. 16

പൂതകർമ്മാവിന്ദ്രോതനാ—
മാതിഥിഗ്വനതോടൊപ്പം
തന്നൂ മമ ബഡബക—
ളൊന്നിച്ചാറുഹയങ്ങളെ. 17

ഇക്കുതിരകളിൽവെച്ചു
വിഖ്യാത,യൊരശ്വപ്പേട—
നല്ലുടിഞാണിട്ടൊളി പൂ—
ണ്ടൂഗ്ഗർവാന്ന വൃഷണ്വതി! 18

നിന്ദനത്തിലുത്സുകനാ—
കുന്നവനുമൊരു ദോഷം
ആരോപിയ്ക്കുകില്ല, ഭവാ—
ന്മാരിലന്നദാതാക്കളേ! 19

---

15. ഓരോ രാജാവിന്റെയും ദാനം വിവരിയ്ക്കുന്നു: ഇന്ദ്രോതൻ——അതിഥിഗ്വപുത്രൻ. ഋക്ഷാത്മജൻ = ഋക്ഷരാജാവിന്റെ പുത്രൻ. ഹരികൾ = പച്ചക്കുതിരകൾ. ആശ്വമേധൻ = അശ്വമേധന്റെ പുത്രൻ.

16. രഥ്യങ്ങൾ——തേരിന്നു പൂട്ടിയ കുതിരകൾ. ഭ്രുഷ്ടിതർ——കോപ്പണിയിച്ച കുതിരകൾ. തന്നാൻ എന്ന പദം അധ്യാഹരിയ്ക്കുക.

17. ആതിഥിഗ്വൻ = അതിഥിഗ്വന്റെ പുത്രൻ. ബഡബകൾ = പെൺകുതിരകൾ.

18. ഇവയിൽവെച്ചു വിഖ്യാത (വിളിപ്പെട്ടവൾ), ഒരശ്വപ്പേട (പെൺകുതിര)യാകുന്നു. ഊഗ്ഗർവ്——ചുണ. വൃഷണ്വതി——യുവാശ്വോപേത; ഇത് ആ ബഡബയുടെ പേരായിരിയ്ക്കാം.

19. ആ രാജാക്കന്മാരോട്; നിന്ദനത്തിൽ——പരനിന്ദയിൽ.

സൂക്തം 69.

പ്രിയമേധൻ ഋഷി; അനുഷ്ടുപ്പും ഉഷ്ണിക്കും ഗായത്രിയും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രനും വിശ്വേദേവകളും വരുണനും ദേവത.

വീരന്മാരെ ഇമ്പപ്പെടുത്തുന്ന ഇന്ദ്രന്നു നിങ്ങൾ മൂന്നുതരത്തിൽ സ്തുതിച്ചുകൊണ്ടു് അന്നം ഒരുക്കുവിൻ: അവിടുന്നു നിങ്ങളെ യജ്ഞസിദ്ധിയ്ക്കു തുലോം മനസ്സുവെച്ചു കൊണ്ടാടും! 1

ഞാൻ നിങ്ങൾക്കായി, ഉഷസ്സുകളെ ഉല്പാദിപ്പിച്ചവനെ, നദികളെ ഇരമ്പിച്ചവനെ, നിങ്ങൾക്കായി ഗോപതിയെ (വിളിയ്ക്കാം): കറവപ്പൈക്കൾക്കു തീററ തേടുകയാണല്ലോ, ഭവാൻ. 2

ദേവകൾ പിറന്നേടത്തു—വിളങ്ങുന്ന വിണ്ണിൽ—വസിയ്ക്കുന്ന, കിണറുപോലെ ചുരത്തുന്ന ആ വിചിത്രധേനുക്കൾ തന്തിരുവടിയ്ക്കു മൂന്നു സവനങ്ങളിലും സോമം കൂട്ടുന്നു! 3

സത്യത്തിൻെറ മകനും, സല്പതിയും, ഗോപതിയുമായ ഇന്ദ്രനെ നീ കല്പിച്ചറിയുമാറു സ്തുതിയ്ക്കുക! 4

തിളങ്ങുന്ന പച്ചക്കുതിരകൾ, നാം സ്തുതിയ്ക്കുന്നേടത്തു, ദർഭയിൽ വന്നെത്തട്ടെ! 5

വജ്രപാണിയായ ഇന്ദ്രന്നു പൈക്കൾ, അവിടുന്നു് അരികേ സോമം കൈക്കൊള്ളുമ്പോൾ, കൂട്ടുപാൽ ചുരത്തുന്നു! 6

സൂക്തം 69.

1. അധ്വര്യുക്കളോടു്: മൂന്നുതരത്തിൽ—ഋഗ്യജുസ്സാമങ്ങളാൽ.

2. ഒടുവിലെ വാക്യം യജമാനനോടു്:

3. വിണ്ണിൽ—യജ്ഞത്തിന്നുപയോഗിയ്ക്കപ്പെട്ട ഗോക്കൾക്കു സ്വർഗ്ഗം കിട്ടുമല്ലോ. സോമം കൂട്ടുന്നു—സോമത്തിൽ പാൽ ചേർക്കുന്നു.

4. തന്നോടുതന്നെ: സത്യത്തിൻെറ മകൻ—സത്യസ്നേഹി എന്നു സാരം. കല്പിച്ചറിയുമാറു്—അവിടുന്നു നിന്നെ അറിയത്തക്കവണ്ണം.

5. നാം സ്തുതിയ്ക്കുന്നേടത്തു്—ഇന്ദ്രനെ.

6. കൂട്ടുപാൽ—സോമനീരിൽ പകരാനുള്ള പാൽ.

ഇന്ദ്രനും ഞാനും സൂര്യന്റെ പാർപ്പിടത്തിൽ ചെന്നാൽ, ഞ
ങ്ങൾ ഒപ്പം മധു കുടിച്ചു, സഖാവിന്റെ ഇരുപത്തൊന്നാം സ്ഥാ
നത്തു നിവസിയ്ക്കും! 7

നിങ്ങൾ അർച്ചിയ്ക്കുവിൻ—മികവിൽ അർച്ചിയ്ക്കുവിൻ! പ്രി
യമേധഗോത്രരേ, നിങ്ങൾ അർച്ചിയ്ക്കുവിൻ: പുത്രന്മാരും അർച്ചി
യ്ക്കട്ടെ—ഒരു ധൃഷ്കമായ പുരത്തെ എന്നപോലെ അർച്ചിയ്ക്കുവിൻ! 8

ഇതാ, ചെല്ലരിപ്പറ മുഴങ്ങുന്നു; ചുററും കയ്യുറ മുരളുന്നു; വിൽ
ഞാൺ അലയടിയ്ക്കുന്നു. അതിനാൽ ഇന്ദ്രന്നു മികച്ച സ്തോത്രം ഉച്ച
രിയ്ക്കുവിൻ! 9

വെളുത്തു തടിച്ച കറവപ്പൈക്കൾ വരുന്നതെപ്പോഴോ, അ
പ്പോൾ നിങ്ങൾ ഇന്ദ്രന്നു കുടിപ്പാൻ ധാരാളം സോമമൊരുക്കു
വിൻ! 10

ഇന്ദ്രൻ കുടിച്ചു; അഗ്നി കുടിച്ചു; ദേവകൾക്കെല്ലാം വയർ നി
റഞ്ഞു. വരുണനും ഇവിടെ വസിയ്ക്കട്ടെ: തന്തിരുവടിയെക്കുറിച്ചു
തണ്ണീരുകൾ, കുട്ടിയോടു ചേർന്ന പൈക്കൾപോലെ, ഇരമ്പു
മല്ലോ! 11

വരുണ, ഒരു നല്ല ദേവനാണ, വിടുന്നു്: അങ്ങയുടെ അണ്ണാ
ക്കിലെയ്ക്കു്, ഒരു ലോഹപ്രതിമയുടെ പഴുതിലെയ്ക്കെന്നപോലെ
ഒഴുകുന്നുണ്ടല്ലോ, സപ്തനദികൾ! 12

ആർ ഹവിർദ്ദാതാവിന്നു വിചിത്രഗതികളായ തേർക്കുതിര
കളെ അയയ്ക്കുമോ, ആ ഗമനശീലനായ, ഉപമാനഭൂതനായ നേ
താവു് അപ്പോൾത്തന്നെ തടവു വിട്ടു മഴ പൊഴിയ്ക്കുന്നു! 13

ശക്രനായ ഇന്ദ്രൻ പിന്നിട്ടെഴുന്നള്ളും—പററലരെയെല്ലാം
പിന്നിടും. മീതേ മേവുന്ന ആ കമനീയൻ മിന്നൽപ്പിണരിന്റെ
തല്ലേല്ക്കുന്ന മേഘത്തെ പിളർത്തും! 14

---

7. മധു—മധുരസോമം. സഖാവിന്റെ—സൂര്യന്റെ. ഇരുപത്തൊന്നാം—ദേവലോകത്തിൽ ഇരുപത്തൊന്നാമത്തതത്രേ, സൂര്യന്റെ ഇരിപ്പിടം.

8. സ്വജനങ്ങളോടു്: അർച്ചിയ്ക്കുവിൻ—ഇന്ദ്രനെ സ്തുതിയ്ക്കുവിൻ.

9. ചെല്ലരിപ്പറ—ഒരുതരം പടഹം. അതിനാൽ—യുദ്ധം സമീപിച്ചിരിയ്ക്കയാൽ.

12. അണ്ണാക്കു്—സമുദ്രം.

13. ഗമനശീലൻ—യാഗങ്ങളിലൊക്കെ ചെല്ലുന്നവൻ. നേതാവു്—ഇന്ദ്രൻ. തടവു വിട്ടു—വൃഷ്ടിനിവാരകരിൽനിന്നു വിമുക്തനായിട്ടു്.

14. മീതേ—മേഘോപരി.

തന്തിരുവടി, ഒരു കൊച്ചുകുട്ടിയെപ്പോലെ, സ്തുത്യമായ രഥത്തിലിരിയ്ക്കും; അച്ഛനമ്മമാൎക്കുവേണ്ടി, പാഞ്ഞുനടക്കുന്ന പുരുകർമ്മാവായ പെരുംകാറിനെ വഴിപ്പെടുത്തും! 15

നല്ല അണക്കടകളുള്ള സ്വാമിൻ, അവിടുന്ന് ആയിരം വട്ടും നടമിടുക്കും ചേൎന്ന, നിരഘമായ, മിന്നിത്തിളങ്ങുന്ന പൊന്നിൻതേരിൽ കേറുക; എന്നിട്ടു, നമുക്കിരുവർക്കും ഒരുമിയ്ക്കാം! 16

ആ സ്വയം വിളങ്ങുന്നവനെ (ആളുകൾ) ഇങ്ങനെ സ്തുതിച്ചു സേവിയ്ക്കുന്നു; ഹവിസ്സിന്നായി കുതിരകൾ കൊണ്ടുവരുമ്പോൾ, തന്തിരുവടിയുടെ ഈട്ടുവെപ്പിൽനിന്നു ധനവും (നേടുന്നു)! 17

മികച്ച പ്രദാനത്തിന്നായി ദർഭ വിരിച്ചു ഹവിസ്സൊരുക്കിയ പ്രിയമേധന്മാർ ഇവരുടെ പുരാതനസ്ഥാനം പ്രാപിച്ചിരിയ്ക്കുന്നു! 18

സൂക്തം 70.

അംഗിരോഗോത്രൻ പുരുഹന്മാവ് ഋഷി; ബൃഹതിയും സതോബൃഹതിയും ഉഷ്ണിക്കും അനുഷ്ടുപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

മനുഷ്യൎക്കു തമ്പുരാൻ, തേരിലെഴുന്നള്ളുന്നവൻ, അജ്ഞാതഗമനൻ, പടകളെയെല്ലാം മറുകരയണയ്ക്കുന്നവൻ, വൃത്രനെ കൊന്നവൻ—ഇങ്ങനെയുള്ള ഉന്നതനെ ഞാൻ സ്തുതിയ്ക്കുന്നു. 1

രണ്ടു ഭാവം ആർക്കുണ്ടോ; ആരുടെ കയ്യിൽ മഹത്തായ വജ്രം, അഹസ്സിൽ സൂര്യനെന്നപോലെ കാണപ്പെടുമോ; നിനക്കു താങ്ങായ ആ ഇന്ദ്രനെ പുരുഹന്മാവേ, നീ രക്ഷയ്ക്കായി ചമയിയ്ക്കുക! 2

---

15. അച്ഛനമ്മമാർ—ദ്യാവാപൃഥിവികൾ. വഴിപ്പെടുത്തും—മഴ പെയ്യാൻ.

16. വട്ട്—ചക്രം. കേറുക—ഹവിസ്സു സ്വീകരിച്ചിട്ടു, തിരിയേ പോകാൻ. ഒരുമിയ്ക്കാം—അവിടുന്നു കേറിയതിന്നുശേഷം ഞാനും കേറാം.

17. കൊണ്ടുവരുമ്പോൾ—തന്തിരുവടിയെ.

18. പ്രദാനം—ഹവിരർപ്പണം. ഇവരുടെ—ഇന്ദ്രാദിദേവന്മാരുടെ.

സൂക്തം 70.

1. ഉന്നതൻ—ഗുണാധികൻ, ഇന്ദ്രൻ.

2. തന്നോടുതന്നെ: രണ്ടുഭാവം—നിന്റെ ശത്രുക്കളെ നിഗ്രഹിയ്ക്കുന്നതിൽ ക്രൂരത; നിന്നെ അനുഗ്രഹിയ്ക്കുന്നതിൽ സൌമ്യത. ചമയിയ്ക്കുക—ഹവിർദ്ദാനാദിയാലണിയിയ്ക്കുക.

നിത്യവർദ്ധകനും, വിശ്വസ്തുത്യനും, മഹാനും, അധൃഷ്യനും, ധർഷകബലനുമായ ഇന്ദ്രനെ ആർ യജിയ്ക്കുമോ, അവനെ ആരും എതിർക്കില്ല! 3

ആർ ജനിച്ചപ്പോഴ് വലിയ പൈക്കൾ പാഞ്ഞണഞ്ഞു വഴിപോലെ സ്തുതിച്ചുവോ, വിൺമന്നുകളും സ്തുതിച്ചുവോ, ആ അവിഷഹ്യനെ—പടകളിൽ അടിപെടുത്തുന്ന ഉദഗ്രബലനെ—(ഞാൻ സ്തുതിയ്ക്കുന്നു). 4

ഇന്ദ്ര, അവിടെയ്ക്കു പകരംനില്പാൻ നൂറു വിണ്ണുകളോ നൂറു മന്നുകളോ പോരാ. വജ്രിൻ, ആയിരം സൂര്യന്മാരും അങ്ങയെ വെളിപ്പെടുത്തില്ല. ജനിച്ചതൊന്നും—വാനൂഴികളും—കിടനില്ക്കില്ല! 5

ബലിഷ്ഠനായ വൃഷാവേ, അങ്ങ് അനല്പമായ കെല്പുകൊണ്ടു് എല്ലാ ബലങ്ങളെയും നിറയ്ക്കാറുണ്ടല്ലോ. വജ്രിൻ, മഘവാവേ, നിന്തിരുവടി ഞങ്ങളെ പൈത്തൊഴുത്തിന്നായി, വിവിധരക്ഷകളാൽ പാലിച്ചാലും! 6

ആർ എഴുന്നള്ളാൻ നാനാവർണ്ണാശ്വങ്ങളെ പൂട്ടുമോ, രണ്ടു ഹരികളെ പൂട്ടുമോ, ആ ദീർഘായുസ്സായ ഇന്ദ്രനെ സേവിയ്ക്കാത്ത മനുഷ്യന്നു യാതൊരന്നവും കിട്ടില്ല! 7

ആരെ വെള്ളത്തിൽ, ആരെ കരയിൽ വിളിയ്ക്കേണമോ; ആരെ യുദ്ധത്തിൽ വിളിയ്ക്കേണമോ; ആ പൂജനീയനായ ഇന്ദ്രനെ മഹാന്മാരായ നിങ്ങൾ നേട്ടത്തിന്നായി സേവിയ്ക്കുവിൻ! 8

---

3. എതിർക്കില്ല—പീഡിപ്പിയ്ക്കാൻ ശക്തനാകില്ല.

4. അടിപെടുത്തുന്ന—എതിരാളികളെ.

6. ബലങ്ങൾ—ശത്രുബലങ്ങൾ. കെല്പുകൊണ്ടു നിറയ്ക്കുക—സ്വബലം ശത്രുബലങ്ങളിലെങ്ങും വ്യാപിപ്പിച്ച്, അവയെ അടിപെടുത്തുക എന്നർത്ഥം. പൈത്തൊഴുത്തിന്നായി—ശത്രുക്കളുടെ ഗോശാല പിടിച്ചടക്കാൻ.

7. എഴുന്നള്ളാൻ—യാഗങ്ങളിൽ പോകാൻ. ദീർഘായുസ്സ്—മരണരഹിതൻ.

8. ഋത്വിക്കുകളോട്: നേട്ടം—ധനലാഭം.

വസോ, ശൂര, അവിടുന്നു ഞങ്ങളെ വലിയ അന്നത്തിന്നായി ഉയൎത്തിയാലും; മഘവാവേ, വലിയ ധനദാനത്തിന്നായി ഉയ ൎത്തിയാലും; ഇന്ദ്ര, വലിയ യശസ്സിന്നായി ഉയൎത്തിയാലും! 9

ഇന്ദ്ര, യജ്ഞകാമനായ ഭവാൻ ഞങ്ങളെ അയഷ്ടാവിന്റെ ധ നംകൊണ്ടു സംതൃപ്തരാക്കണം; ബഹുധന, തുത്തുടകളുടെ ഇടയിൽ നിൎത്തണം; ദ്രോഹിയെ ആയുധംകൊണ്ടു കൊല്ലണം! 10

അന്യകൎമ്മാവിനെ, മനുഷ്യക്കപ്രിയനെ, അയഷ്ടാവിനെ, അദേവകാമനെ, സഖാവായ പൎവതൻ സ്വൎഗ്ഗത്തിൽനിന്നു വീ ഴ്ത്തും; പൎവതൻ പാപിയെ മൃത്യുവിന്നയയ്ക്കും! 11

ഇന്ദ്ര, ബലവാനേ, അസ്മൽകാമനായ അവിടുന്നു ഞങ്ങൾക്കു തരാൻ പൈക്കളെ, പൊരിയവിൽപോലെ കയ്യിൽ പിടിച്ചാലും; അസ്മൽക്കാമനായിട്ടു രണ്ടാമത്തും പിടിച്ചാലും! 12

സഖാക്കളേ, യജ്ഞത്തിന്നൊരുങ്ങുവിൻ: നിഹന്താവിനെ നാം എങ്ങനെ സ്തുതിയ്ക്കേണ്ടു? ഊട്ടുന്നവനും, പുറപ്പെടുവിയ്ക്കുന്നവനും, തലകുനിയ്ക്കാത്തവനുമാണല്ലോ, അദ്ദേഹം! 13

സൎവാരാധ്യ, യജമാനരായ വളരെ ഋഷിമാർ അങ്ങയെ സ്തു തിയ്ക്കുന്നുണ്ട്. നിഹന്താവേ, അവിടുന്ന് ഇങ്ങനെ ഒന്നൊന്നായി പൈക്കിടാങ്ങളെ കല്പിച്ചുകൊടുക്കുന്നു! 14

---

10. സന്തൃപ്തരാക്കണം——യജ്ഞരഹിതന്റെ സമ്പത്തു കൈക്കലാക്കി, ഞങ്ങൾക്കു തരണം; എന്നാൽ ഞങ്ങൾ യജ്ഞംചെയ്യുകൊണ്ടിരിയ്ക്കുമെന്നു ധ്വനി. നിൎത്തണം——അപായം വരാതിരിപ്പാൻ.

11. സഖാവായ പൎവതൻ——ഇന്ദ്രന്റെ സഖാവായിബ്ഭവിച്ച പൎവത നെന്ന ഋഷി. മററു ദേവനെ യജിച്ചു സ്വൎഗ്ഗത്തിൽച്ചെന്നവനെയും പൎവതൻ പിടിച്ചുതള്ളും!

13. ഋത്വിക്കുകളോട്: നിഹന്താവ്——ശത്രുക്കളെ കൊല്ലുന്നവൻ, ഇന്ദ്രൻ. ഊട്ടുന്നവൻ——അന്നദാതാവ്. പുറപ്പെടുവിയ്ക്കുന്നവൻ——പ്രാണികളെ വ്യാപരി പ്പിയ്ക്കുന്നവൻ.

14. നിഹന്താവേ——രിപുഘ്ന. പൈക്കിടാങ്ങളെ എന്നതിൽ പൈക്കളും ഉൾപ്പെട്ടിരിയ്ക്കുന്നു. കൊടുക്കുന്നു——സ്തോതാക്കൾക്ക്.

മംഘവാവു മൂന്നു ശൂരയോദ്ധാക്കളുടെ പൈക്കളെയും കിടാവിനെയും, ഇടയൻ കറക്കാൻ പെണ്ണാടിനെയെന്നപോലെ, ചെവി മേൽ പിടിച്ചു നമുക്കായി കൊണ്ടുവരട്ടെ! 15

സൂക്തം 71.

സുദീതിയോ പുരുമീള്ഹനോ ഋഷി; ഗായത്രിയും ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, തേജോയുക്തനായ നിന്തിരുവടി ഞങ്ങളെ എല്ലാപ്പിശുക്കന്മാരിൽനിന്നും, ദ്രോഹിയ്ക്കുന്ന മനുഷ്യരിൽനിന്നും രക്ഷിയ്ക്കണം! 1

പ്രിയജന്മാവേ, ആണിന്റേതായ അങ്ങയുടെ അരിശം കുറയില്ല; ഭവാന്റേതന്നെയാണല്ലോ, രാത്രി! 2

ബലപുത്ര, സ്തുത്യപ്രകാശ, ആ നിന്തിരുവടി എല്ലാദ്ദേവന്മാരോടുംകൂടി, ഞങ്ങൾക്കു വിശ്വവരേണ്യമായ ധനം കല്പിച്ചുതന്നാലും! 3

അഗ്നേ, യാതൊരു ഹവിർദ്ദാതാവിനെ അങ്ങു രക്ഷിയ്ക്കുമോ, ആ മനുഷ്യനെ പിശുക്കന്മാർ സമ്പത്തിൽനിന്നു വേർപെടുത്തില്ല! 4

മേധാവിൻ, അഗ്നേ, നിന്തിരുവടി യാതൊരുവനെ യജ്ഞാനുഷ്ഠാനത്തിലിറക്കുമോ, അവൻ ധനലബ്ധിയ്ക്കു്, അങ്ങയുടെ രക്ഷയാൽ ഗോസമേതനായിത്തീരും! 5

അഗ്നേ, ഹവിസ്സർപ്പിയ്ക്കുന്ന മനുഷ്യന്നു വളരെ വീരന്മാരെയും സമ്പത്തും നിന്തിരുവടി നല്കാറുണ്ടല്ലോ; ഞങ്ങൾക്കും ധനം കൊണ്ടുവരിക! 6

---

15. മൂന്നു — ഒരു ശൂരയോദ്ധാവിന്റേതു പോരാ.

സൂക്തം 71.

2. അരിശം — ഔജ്ജ്വല്യം. കുറയില്ല — ഞങ്ങൾ രക്ഷിയ്ക്കുന്നതിനാൽ, പകൽനേരത്തും മങ്ങില്ല. രാത്രിയാകട്ടെ, ഭവാന്റേതന്നെയാണല്ലോ: രാത്രിയിൽ ഏറെ ജ്വലിയ്ക്കും.

4. പിശുക്കന്മാർ — ലുബ്ധരായ ശത്രുക്കൾ.

6. വീരന്മാർ — പുത്രാദികൾ.

ജാതവേദസ്സേ, അവിടുന്നു ഞങ്ങളെ രക്ഷിയ്ക്കണം: ദ്രോഹി
യ്ക്കാൻ നോക്കുന്ന ദുരാശനായ മനുഷ്യന്നു വിട്ടുകൊടുക്കരുതു്! 7

അഗ്നേ, ദേവനായ ഭവാന്റെ ദാനം ഒരദേവൻ വേർപെടുത്ത
രുതു്; ധനങ്ങളുടെ അധിപതിയാണല്ലോ, അവിടുന്നു്! 8

സഖേ, ബലപുത്ര, വസോ, ആ നിന്തിരുവടി സ്തോതാക്ക
ളായ ഞങ്ങൾക്കു വമ്പിച്ച ധനം കിട്ടിയ്ക്കാറുണ്ടല്ലോ! 9

കിടക്കുന്ന ജ്വാലകളുള്ള ദർശനീയങ്ങൾ, പുരുധനങ്ങൾ, പുരു
സ്തുതങ്ങൾ ചെന്നെത്തട്ടേ, നമ്മുടെ സ്തുതികളും യജ്ഞങ്ങളും ഹവി
സ്സുകളും രക്ഷസ്സു്— 10

ബലപുത്രങ്ങൾ, ജാതവേദസ്സിങ്ങൾ, അഗ്നിയിങ്ങൾ ചെന്നെ
ത്തട്ടേ, വേണ്ടതൊക്കെ കിട്ടാൻ: അമർത്ത്യൻ, മർത്ത്യരിൽ ചേർ
ന്നവൻ, എന്നീ രണ്ടവസ്ഥയുണ്ട,വിടെയ്ക്കു്: അവിടുന്നു പ്രജക
ളിൽ ഹോതാവായിട്ടു്, അത്യന്തം ആഹ്ലാദിപ്പിയ്ക്കുന്നുണ്ടല്ലോ! 11

നിങ്ങളുടെ ദേവയജനത്തിന്നു ഞാൻ അഗ്നിയെ, യാഗം തുട
ങ്ങുമ്പോൾ അഗ്നിയെ, കർമ്മങ്ങളിൽ മുമ്പേ അഗ്നിയെ, വിഘ്നം
വന്നാൽ അഗ്നിയെ, വയൽ കിട്ടാൻ അഗ്നിയെ (സ്തുതിയ്ക്കാം). 12

അഗ്നി സഖാവായ എനിയ്ക്കു് അന്നം തരട്ടെ: സ്വത്തുകളുടെ
അധിപതിയാണല്ലോ, അവിടുന്നു്. ഞങ്ങൾ അഗ്നിയോടു—വ
സുവായി വർത്തിയ്ക്കുന്ന തനൂനപാത്തിനോടു—പുത്രന്നും പൌത്ര
ന്നുംവേണ്ടി വളരെ (ധനം) യാചിയ്ക്കുന്നു. 13

പുരുമീഌ്ഹ, നീ രക്ഷസ്സു, കിടക്കുന്ന ജ്വാലകളുള്ള അഗ്നി
യെ, നീ ധനത്തിന്നു് അഗ്നിയെ, പാടിസ്തുതിയ്ക്കുക; നേതാക്കളാൽ
പുകഴ്ത്തപ്പെടുന്ന അഗ്നിയോടു സുദീതിയ്ക്കായി ഗൃഹം യാചിയ്ക്കുക. 14

---

8. അദേവൻ—ദേവനല്ലാത്തവൻ, മനുഷ്യനും മററും.

11. പ്രജകളിൽ—യാഗംചെയ്യുന്ന ആളുകളിൽ.

12. യജമാനരോടു്:

13. തനൂനപാത്തു്=ദേഹരക്ഷകൻ; അഗ്നിയുടെ ഒരു പര്യായമാണിതു്.

14. പുരുമീഌ്ഹനും, സുദീതിയും, ഈ സൂക്തത്തിന്റെ ഋഷിമാർ.

നാം, നമ്മുടെ ശത്രുക്കളെ അകററാൻ അഗ്നിയെ, സുഖം തരാനം അഗ്നിയെ സ്തുതിയ്ക്കുക: പ്രജകൾക്കെല്ലാം രാജാവെന്നപോലെ, ഋഷികൾക്കു വാസയിതാവും ആഹ്വാതവ്യനമായിബ്ഭവിയ്ക്കുട്ടേ, അവിടുന്ന്! 15

സൂക്തം 72.

പ്രഗാഥപുത്രൻ ഹര്യതൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

ഇങ്ങെഴുന്നള്ളിനാനല്ലോ—ഹവിസ്സുണ്ടാക്കിവെയ്ക്കുവിൻ:
ഇതേകാൻ പോരുമധ്വര്യു പേർത്തും പരിചരിയ്ക്കുയായ്! 1
ഹോതാവിരുത്തുന്നു, കടുംതേജസ്സ്വിയലുമഗ്നിയെ,
ഇദ്ദേഹത്തിൻെറ ചങ്ങാതം മനുഷ്യന്നു വരുത്തുവാൻ. 2
നരന്നുവേണ്ടി മുൻഭാഗത്തിരുത്താനായ് മനീഷികൾ
ചെന്നെടുക്കുന്നു, നാക്കാലാപ്പള്ളികൊള്ളുന്ന രുദ്രനെ. 3
സർവോപരിസ്ഥമാം വാനം ചുടുവിയ്ക്കുന്നു, നിർഭരം;
നാക്കാൽക്കല്ലുമുടയ്ക്കുന്നു, വനത്തിൽക്കേറിയന്നദൻ! 4
നിൽപ്പെടില്ലി,ങ്ങാരാലുമോട്ടം കാളക്കിടാവിവൻ;
സ്തുതിയ്ക്കുവോനെയോ, വാഴ്ത്താൻ കൊതിയ്ക്കുന്നു,
സിതപ്രഭൻ! 5

---

15. ഋഷികൾക്ക്—നമുക്ക്.

സൂക്തം 72.

1. ഹവിഷ്കർത്താക്കളോട്: എഴുന്നള്ളിനാൻ—അഗ്നി. പോരും—ത്രാണിയുള്ള.

2. മനുഷ്യന്ന്—യജമാനന്ന്.

3. നരൻ—യജമാനൻ. നാക്കാൽ—ജിഹ്വാജനിതമായ സ്തുതിയാൽ; ഇവിടെ സ്തുതികളെ കൈവിരലുകളാക്കിക്കല്പിച്ചിരിയ്ക്കുന്നു. പള്ളികൊള്ളുന്ന—ഉറങ്ങി(കത്താതെ)ക്കിടക്കുന്നു. രുദ്രനെ—ദുഃഖനാശനനായ അഗ്നിയെ.

4. നാക്കാൽ—ജ്വാലകൾകൊണ്ട്. അന്നദൻ—അന്നദാതാവ്, അഗ്നി.

5. ഓട്ടം—അങ്ങിങ്ങു പായുന്ന. കാളക്കിടാവ്—തത്തുല്യൻ. ഇവൻ—അഗ്നി. എന്നാൽ, സ്തുതിയ്ക്കുന്നവനെ വാഴ്ത്താൻ (കൊണ്ടാടാൻ) കൊതിയ്ക്കുന്നു—സ്തോതാവിൻെറ പിടിയിൽനില്ക്കും എന്നർത്ഥം. സിതപ്രഭൻ=ധവളവർണ്ണൻ.

ചിക്കെന്നിവന്റെ തേരിന്നു ചീർത്ത വൻതുരഗങ്ങളെ
പൂട്ടുന്നതും, തൃക്കടിഞ്ഞാൺചാർത്തും കാണായ്‌വരുംവിധൌ 6
കറക്കമൊന്നിനെ മുറയ്ക്കേഴുപേ;—രഞ്ചു രണ്ടുപേർ
ഐവരെശ്ശപ്പെത്തേർപ്പെടുത്തുമൊലിക്കൊണ്ട നദീതടേ! 7
പരിചര്യാപരനുടെ പത്തെണ്ണംമൂലമുമ്പർകോൻ
വാനിൻപെട്ടി തുറക്കുന്നു, മുമ്മട്ടാകിയ രശ്മിയാൽ! 8
നവീനമാം ജ്വാലയുമായ്, മുന്നിറം പൂണ്ട വേഗവാൻ
യാഗത്തിലെത്തവേ തൂണൈ തേപ്പിപ്പൂ, ഹോമകാരികൾ! 9
വായ് മീതെ, വട്ടു മുകളിലുമിമ്മട്ടാക്കിത്തിരിച്ചിവർ
സശേഷമീടുററ കലം കനിയിയ്ക്കുന്നു തൂകുവാൻ. 10
നേരേ ചെന്നാസ്ഥയോടവരേറെയുള്ള ഹവിസ്സിനെ
പുഷ്കരത്തിലൊഴിയ്ക്കുന്നു, മൺകലം താഴെ വെയ്ക്കുവാൻ. 11
യജ്ഞേ മന്ത്രത്തൊടു കറക്കേണ്ടും നല്ലിരുപാലിനായ്
പൊൻകാതു രണ്ടുള്ള കലം പ്രാപിപ്പിൻ, നിങ്ങൾ
പൈക്കളേ! 12

---

6. പ്രവർഗ്ഗ്യയജ്ഞത്തെപ്പററി: ചീർത്ത=തടിച്ച.

7. ഒന്നിനെ—ഒരു പയ്യിനെ. ഏഴുപേർ—ഏഴ് ഋത്വിക്കുകൾ. അഞ്ചു—അവരിൽവെച്ച്. രണ്ടുപേർ—അധ്വര്യുവും പ്രസ്ഥാതാവും. ഐവരെ—യജമാനൻ, ബ്രഹ്മാവ്, ഹോതാവ്, ആഗ്നീധ്രൻ, പ്രസ്തോതാവ് എന്നിവരെ. ഏർപ്പെടുത്തും—അതതുകർമ്മത്തിന്ന്. ഒലിക്കൊണ്ട—ജനഘോഷമുയർന്ന. നദീതടേ—യജ്ഞയോഗ്യമായ നദീതീരത്ത്.

8. പരിചര്യാപരനുടെ പത്തെണ്ണംമൂലം—യജമാനൻ പത്തുവിരലുകൾ കൊണ്ടു തൊഴുതു യാചിച്ചതിനാൽ. ഉമ്പർകോൻ—ഇന്ദ്രനോ, അഗ്നിയോ, സൂര്യനോ. വാനിൻപെട്ടി—മേഘം. തുറക്കുന്നു—മഴപെയ്യിയ്ക്കുന്നു. മുമ്മട്ടാകിയ—തുടുപ്പും വെളുപ്പും, കറുപ്പും ചേർന്ന.

10. വായ് (ദ്വാരം) ചുവട്ടിലും, വട്ടു മുകളിലുമാക്കിത്തിരിച്ച്—വട്ടം ചുററിച്ച്. ഇവർ—ഹോതാക്കൾ. സശേഷം—ഹവ്യാവശിഷ്ടത്തോടുകൂടിയത്. കലം—മഹാവീരം. തൂകുവാൻ—അഗ്നിയിൽ പകരാൻ. മഹാവീരം കൊണ്ടത്രേ, ആഹവനീയാഗ്നിയിൽ ഹോമം.

11. പുഷ്കരം—ഉപയമനീപാത്രം. മൺകലം—മഹാവീരം.

12. പൈക്കളെയും പെണ്ണാടുകളെയും കറക്കാൻ വിളിയ്ക്കുന്നു: മന്ത്രത്തൊടു—മന്ത്രംചൊല്ലിക്കൊണ്ട്. പൊൻകാതു രണ്ടുള്ള—എന്നാൽ ഒരു കാതു സ്വർണ്ണവും, മററതു വെള്ളിയുമത്രേ. കലം പ്രാപിപ്പിൻ—മഹാവീരത്തിന്നടുക്കൽ വരുവിൻ.

കറന്നതിൽപ്പകരുവി,—നൂഴിവാനിൽത്തഴച്ച പാൽ;
എന്നിട്ട നിങ്ങളസ്സത്തിൽ വൃഷാവിനെയിരുത്തുവിൻ. 13
സ്വാവാസമറിയും ബന്ധുയുതമാരായ ഗോവുകരം
വെവ്വേറെ ചേർന്നിട്ടകയായ്, കന്നു തള്ളയൊടാംവിധം. 14
വാനത്തതിൻകിറികളിൽത്തുകീ, ജീവനമൂട്ടവാൻ—
അന്നമൊക്കയുമിന്ദ്രന്നുമഗ്നിയ്ക്കും തുകിനാരവർ. 15
ചുററിമേയുന്ന ഗോവിങ്കൽനിന്നേഴരവിരശ്മിയാൽ
കറന്നരുളിനാൻ, വായു പോഷകാന്നരസങ്ങളെ. 16
സോമം കൈക്കൊണ്ടുപോരുന്നത,ർക്കൻെറയുദയത്തിലാം;
അത്തു മിത്രാവരുണരേ, രോഗിയ്ക്കോരു മരുന്നുതാൻ! 17
യാതൊന്നോ, ദാനപരനാമിവൻ വെയ്ക്കുന്നതാമിടം;
അതിങ്കൽ വാണു വാനത്തെ നക്കിനാനഗ്നി നാക്കിനാൽ! 18

സൂക്തം 73.

അത്രിഗോത്രൻ ഗോപവനനോ, സപ്തവധ്രിയോ ഋഷി; ഗായത്രി ഛന്ദസ്സ്; അശ്വികരം ദേവത.

('ദ്വാരകാമന്ദിരം' പോലെ)

യജ്ഞോൽക്കന്നുവേണ്ടിയെഴ—
ന്നേററീട്ടവിനശ്വികളേ;

---

13. അധ്വര്യുക്കളോട്: കറന്നതിൽ—കറന്ന പശുവിൻപാലിൽ. ഊഴിവാനിൽത്തഴച്ച പാൽ—അത്രസ്ഥ തിളച്ചുപൊങ്ങിയ ആട്ടിൻപാൽ. അസ്സത്തിൽ—ആട്ടിൽപാലിൽ. വൃഷാവിനെ—അഗ്നിയെ.

14. സ്വാവാസമറിയും—തങ്ങരം മഹാവീരത്തിന്നടുക്കൽ നില്ക്കണമെന്നറിയുന്ന. ബന്ധുയുതമാർ—രക്ഷകരോടുകൂടിയവർ. ചേർന്നിട്ടകയാൽ—മഹാവീരത്തിന്നടുക്കൽ.

15. അതിൽ—മഹാവീരത്തിൻെറ. കിറികരം=കടവായ്കരം. ജീവനം—അന്നം, പാൽ. ഊട്ടവാൻ—അഗ്നിയെയും ഇന്ദ്രനെയും. ഇത് ഉത്തരാർദ്ധത്തിൽ എടുത്തു പറയുന്നു: അന്നമൊക്കയും—പശുവിൻപാലും ആട്ടിൻപാലും മുഴുവൻ. അവർ—അധ്വര്യുക്കരം.

16. ഗോവ്—മാധ്യമികവാക്ക് (ഇടിയൊച്ച) ആകുന്ന പയ്യ്. മഴപെയ്യിച്ചു എന്നു സാരം.

17. മിത്രാവരുണരോട്: സോമയാഗം രോഗശാന്തി വരുത്തും.

18. ഇവൻ—ഞാൻ, വെയ്ക്കുന്നതാം—ഹവിസ്സുകരം വെയ്ക്കുന്നതായ. വാനത്തെ നക്കിനാൻ—ഉജ്ജ്വലിച്ചുയർന്നു. നാക്ക്—ജ്വാല.

നിങ്ങൾ പൂട്ടീടുവിൻ, തേരും.
നില്ക്കു, ഭവദ്രക്ഷ ചാരേ! 1

ഏകനിമിഷത്തെക്കാളും
വേഗമുള്ള തേരിലൂടേ
നിങ്ങൾ വരിക,ശ്വികളേ.
നില്ക്കു, ഭവദ്രക്ഷ ചാരേ! 2

അത്രിയ്ക്കായിട്ടശ്വികളേ,
നൽത്തണ്ണീരുകൊണ്ടു നിങ്ങൾ
അക്കടുംതീ കെടുത്തല്ലോ.
നില്ക്കു, ഭവദ്രക്ഷ ചാരേ! 3

എങ്ങിരിപ്പൂ, പോവതെങ്ങോ-
ട്ടെ,ങ്ങു പതൃത്തുകൾപോലേ
വെക്കം പറക്കുന്നു, നിങ്ങൾ?
നില്ക്കു, ഭവദ്രക്ഷ ചാരേ! 4

ഇപ്പൊഴതിലെങ്ങായാലു,—
മെപ്പൊഴതായാലും നിങ്ങൾ
കേൾക്കുകീ,യെങ്ങൾതൻ വിളി
നില്ക്കു, ഭവദ്രക്ഷ ചാരേ! 5

നേരത്താഹ്വാതവ്യരശ്വി—
മാരെയും തന്മൈത്രിയെയും
ഉൾക്കൊണ്ടണയുന്നേനിവൻ.
നില്ക്കു, ഭവദ്രക്ഷ ചാരേ! 6

സൂക്തം 73.

1. യജ്ഞേതാൽക്കുന്നു——യാഗേച്ഛുവായ എനിയ്ക്കു്. ഭവദ്രക്ഷ=നിങ്ങളുടെ രക്ഷ. ചാരേ നില്ക്കു——ഞങ്ങളുടെ അരികിൽ നില്ക്കുമാറാകട്ടെ.

3. അത്രിയ്ക്കായിട്ടു്——അസുരന്മാരാൽ തീയ്യിലിടപ്പെട്ട അത്രിമഹർഷിയെ രക്ഷിപ്പാൻ.

4. നിങ്ങൾ എവിടെയാണെന്നു് എനിയ്ക്കറിഞ്ഞുകൂടാ; സദയം ഇങ്ങോട്ടു വരുവിൻ.

6. തന്മൈത്രി=അവരുടെ ബന്ധുത്വം.

അത്രിയെസ്സംരക്ഷിയ്ക്കുവാ–
നൊത്തൊരില്ലമശ്വികളേ,
നിർമ്മിച്ചേകിയല്ലോ, നിങ്ങൾ;
നില്ക്ക, ഭവദ്രക്ഷ ചാരേ! 7

നല്ലമട്ടിൽ സ്തവങ്ങളെ–
ച്ചൊല്ലുമത്രിയ്ക്കുടൻ നിങ്ങൾ
അഗ്നിച്ചൂടു നീക്കിയല്ലോ.
നില്ക്ക, ഭവദ്രക്ഷ ചാരേ! 8

ക്ലിപ്തമായ നതിമൂലം
സപ്തവധ്രി തീമഴയെ
ഉൾക്കൊള്ളിച്ചുറക്കിയല്ലോ.
നില്ക്ക, ഭവദ്രക്ഷ ചാരേ! 9

നന്നായ്ധനം പൊഴിപ്പോരേ,
വന്നെത്തുവിനി,ങ്ങു നിങ്ങൾ;
കേൾക്കുവിനീ,യെന്റെ വിളി.
നില്ക്ക, ഭവദ്രക്ഷ ചാരേ! 10

എന്തിതു: വൃദ്ധരായ്ച്ചെര
പൊന്തിയ രണ്ടാൾപോലല്ലോ,
നിങ്ങൾ വിളിയ്ക്കപ്പെടുന്നു?
നില്ക്ക, ഭവദ്രക്ഷ ചാരേ! 11

ഒന്നേ, നിങ്ങളുടെ ജാതി;–
യൊന്നുതന്നെ,യിണങ്ങനും;
ഇക്കണക്കുള്ളശ്വികളേ,
നില്ക്ക,ഭവദ്രക്ഷ ചാരേ! 12

ലോകത്തും വാനൂഴിയില്യ–
മാകെച്ചരിയ്ക്കുവൊന്നല്ലോ,

---

9. ക്ലിപ്തം=ചെയ്യപ്പെട്ട. നതി––അശ്വിസ്തുതി. ഉൾക്കൊള്ളിച്ചുറക്കി––പെട്ടിയിലാക്കി, കെട്ടത്തു. ഇക്കഥ അഞ്ചാംമണ്ഡലത്തിലുണ്ട്.

11. ചെര=ജര. എത്ര വിളിച്ചാലും വരില്ലല്ലോ, കിഴവന്മാർ.

12. ഇണങ്ങനും, ചാർച്ചക്കാരനും, ഒന്നു(ഞാൻ) തന്നെ!

നിങ്ങൾതൻ തേരശ്വികളേ.
നില്ക്കു, ഭവദ്രക്ഷ ചാരേ! 13

നൂറുനൂറശ്വങ്ങളോടും,
നൂറുനൂറുഗോക്കളോടും
നിങ്ങൾ വന്നെത്തുകെ,ങ്ങളിൽ.
നില്ക്കു, ഭവദ്രക്ഷ ചാരേ! 14

നൂറുനൂറശ്വങ്ങളെയും
നൂറുനൂറുഗോക്കളെയും
നിങ്ങൾ വിലക്കൊല്ലെ,ങ്ങൾക്ക;
നില്ക്കു, ഭവദ്രക്ഷ ചാരേ! 15

ശുദ്ധമായ നിറം പൂണ്ട
സത്യവതിയുഷസ്സിതാ,
നൽക്കാന്തിയെപ്പരത്തുന്നു.
നില്ക്കു, ഭവദ്രക്ഷ ചാരേ! 16

അശ്വികളേ, മഴക്കാരൻ
വൃക്ഷത്തെപ്പോല,ത്യുജ്ജ്വലൻ
ഒക്കെ വെട്ടിമുറിക്കുന്നു.
നില്ക്കു, ഭവദ്രക്ഷ ചാരേ! 17

ധൃഷ്ണു, കരിംപെട്ടിക്കുള്ളിൽ–
പ്പെട്ട ഭവാൻ, പുരിപോലെ
ഒക്കെത്തല്ലിപ്പൊളിച്ചാലും.
നില്ക്കു, ഭവദ്രക്ഷ ചാരേ! 18

———

13. ആ തേരിലൂടേ വെക്കം വരുവിൻ.

15. വിലക്കൊല്ല––തരാതിരിക്കരുത്.

16. ശുദ്ധം=സ്വച്ഛം. പുലർകാലത്താണല്ലോ, അശ്വികളെ യജിക്കുക.

17. അത്യുജ്ജ്വലൻ––സൂര്യനോ, അഗ്നിയോ. ഒക്കെ––ഇരുട്ടിനെയെല്ലാം.

18. ഋഷി, തന്നോടുതന്നെ പറയുന്നു: ധൃഷ്ണു––ധർഷകനായ സപ്തവധ്രേ, ഒരു ശത്രുപുരി തല്ലിപ്പൊളിക്കുന്നതുപോലെ, നീ കരിംപെട്ടിയിൽനിന്നു പുറത്തുപോന്ന്, അതൊക്കെത്തല്ലിപ്പൊളിച്ചാലും.

സൂക്തം 74.

ഗോപവനൻ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

അന്നം കാംക്ഷിക്കുന്ന നിങ്ങൾ മനുഷ്യനു മനുഷ്യന്ന് അതിഥിയും ബഹുപ്രിയനുമായ അഗ്നിയെ (പരിചരിക്കുവിൻ); ഞാനും നിങ്ങൾക്കുവേണ്ടി സുഖത്തിന്നു രഹസ്യമന്ത്രങ്ങൾകൊണ്ടു സ്തുതിക്കാം. 1

നെയ്യു ഹോമിക്കപ്പെടുന്ന തന്തിരുവടിയെ, ആളുകൾ ഹവിസ്സൊരുക്കി, ഒരു മിത്രത്തെയെന്നപോലെ വാഴ്ത്തി സ്തുതിക്കുന്നു. 2

കൊണ്ടാടുന്ന ജാതവേദസ്സിനെ (ഞാൻ സ്തുതിക്കുന്നു): അവിടുന്നാണല്ലോ, യജ്ഞത്തിലെ ഹവിസ്സുകൾ സ്വർഗ്ഗത്തിലെക്കുയക്കുന്നത്! 3

ഞങ്ങൾ പാപങ്ങളെ പെരികെ നശിപ്പിക്കുന്നവനും, മികച്ചവനും, മനുഷ്യഹിതനുമായ അഗ്നിയെ പ്രാപിക്കുന്നു: തന്റെ ജ്വാലാഗണത്തിലാണല്ലോ, മഹാനായ ഋക്ഷപുത്രൻ ശ്രുതർവാവു വളരുന്നത്! 4

മരണരഹിതനും, തമോനാശനനും, നെയ്യു ഹോമിക്കപ്പെടുന്നവനും, സ്തുത്യനുമാണല്ലോ, ജാതവേദസ്സ്! 5

ആ അഗ്നിയെ ഇതാ, യാഗത്തിന്നു സ്രുവമെടുത്ത ആളുകൾ ഹവിസ്സോടേ ഊന്നിയൂന്നി സ്തുതിക്കുന്നു! 6

അഗ്നേ, മോദിക്കുന്നവനേ, സുജന്മാവേ, സുകർമ്മാവേ, വിദ്വൻ, ശംസനീയ, അതിഥേ, ഇതാ, അങ്ങയ്ക്ക് ഒരതിനൂതനസ്തവം ഞങ്ങൾ എടുത്തിരിക്കുന്നു. 7

അഗ്നേ, അത് അവിടേയ്ക്കു തുലോം സുഖകരവും അന്നസമൃദ്ധവും പ്രിയവുമായി ഭവിക്കട്ടെ: ഭവാൻ അതുകൊണ്ടു വഴിപോലെ സ്തുതിക്കപ്പെട്ടു വളർന്നാലും! 8

സൂക്തം 74.

1. ഋത്വിഗ്യജമാനരോട്: സുഖത്തിന്ന്—സുഖം കിട്ടാൻ.

3. കൊണ്ടാടുന്ന——യജമാനന്റെ സ്തുതിയെ ശ്ലാഘിക്കുന്ന.

4. ശ്രുതർവാവ് എന്ന രാജാവിന്റെ അടുക്കൽ ഭിക്ഷയ്ക്കു ചെന്ന ഋഷി, ഗോപവനൻ അഗ്നിയെ സ്തുതിക്കുന്നു: തന്റെ——അഗ്നിയുടെ. വളരുന്നത്—കർമ്മമനുഷ്ഠിക്കുന്നതെന്നർത്ഥം.

7. എടുത്തിരിക്കുന്നു—ചൊല്ലാൻ തുടങ്ങുന്നു.

അത്തു തിളങ്ങുന്ന അന്നങ്ങളോടുകൂടി, യുദ്ധത്തിൽവെച്ച്, അ
ന്നത്തിന്മേൽ വലിയ അന്നം ചാർത്തിയ്ക്കട്ടെ! 9

ഒരശ്വമെന്നപോലെ നടക്കുന്ന, തേരുകളെ നിറയ്ക്കുന്ന ഉജ്ജ്വ
ലനെ നിങ്ങൾ സൽപതിയായ ഇന്ദ്രനെയെന്നപോലെ (പരിച
രിയ്ക്കുവിൻ): ആളുകളേ, അവിടത്തെക്കൊണ്ടാണല്ലോ, നിങ്ങൾ
(ശത്രുക്കളുടെ)അന്നങ്ങളും മററു ശ്ലാഘ്യവസ്തുക്കളും നശിപ്പിയ്ക്കുന്നത്! 10

അഗ്നേ, അങ്ങയെ ഗോപവനൻ സ്തുതികൊണ്ടു തുലോം അന്ന
ദാതാവാക്കിയല്ലോ; അംഗിരസ്സേ, പാവക, അതിനാൽ അവിടുന്നു
വിളി കേട്ടാലും! 11

അങ്ങയെ ആളുകൾ അന്നലബ്ധിയ്ക്കായി ഊന്നിയൂന്നി സ്തുതി
യ്ക്കുന്നുണ്ടല്ലോ; അതിനാൽ അങ്ങ് യുദ്ധത്തിന്നുണർന്നാലും! 12

കുറുമ്പകററുന്ന ഋക്ഷപുത്രനായ ശ്രുതർവാവിനാൽ ക്ഷണിയ്ക്ക
പ്പെട്ട ഞാൻ കുറിയാട്ടിൻരോമങ്ങൾപോലെ, നാലെണ്ണത്തിന്റെ
തലകൾ കൈകൊണ്ടു തലോടുകയായി: 13

അന്നസമൃദ്ധന്റെ നടമിടുക്കുള്ള നാലു ശോഭനരഥാശ്വങ്ങൾ
എന്നെ അന്നത്തിലെയ്ക്കു, തോണികൾ ഭുജ്യുവിനെയെന്നപോലെ
കൊണ്ടുനടക്കുകയായി! 14

ഹേ മഹാനദിയായ പരുഷ്ണി, നിന്നോടു നേരുതന്നെ ഞാൻ
പറയാം: ജലമേ, ഈ ബലിഷ്ഠനെക്കാൾ മീതെ, അശ്വദാതാവാ
യ ഒരു മനുഷ്യനില്ല! 15

---

9. അത്തു—സ്തുതി. അന്നത്തിന്മേൽ—മുമ്പുള്ളതിന്മേൽ വീണ്ടും.

10. കൂട്ടുകാരോട്: തേരുകളെ നിറയ്ക്കുന്ന—നമ്മുടെ രഥങ്ങളെ ധനങ്ങൾകൊ
ണ്ടു നിറയ്ക്കുന്ന. ഉജ്ജ്വലൻ—അഗ്നി.

12. യുദ്ധത്തിന്ന്—പോരുതി ശത്രുക്കളുടെ അന്നം കൈക്കലാക്കാൻ.

13. കുറുമ്പ്—ശത്രുക്കളുടെ ഗർവ്. ക്ഷണിയ്ക്കപ്പെട്ട—യാഗത്തിന്ന്. നാലെ
ണ്ണത്തിന്റെ—ശ്രുതർവാവു തന്ന നാലു കുതിരകളുടെ. തലകൾ—കുഞ്ചിരോമങ്ങ
ളെന്നർത്ഥം.

14. അന്നസമൃദ്ധന്റെ—വലിയ ധനവാനായ ശ്രുതർവാവിനാൽ നൽകപ്പെ
ട്ട. ശോഭനരഥാശ്വങ്ങൾ—നല്ല തേരിന്നു പൂട്ടിയ കുതിരകൾ. തോണികൾ—
അശ്വികളയച്ച നാലു തോണികൾ.

15. പരുഷ്ണീനദിയുടെ തീരത്തായിരുന്നു, ശ്രുതർവാവിന്റെ യാഗം. ജല
മേ—ഹേ നദി. ഈ ബലിഷ്ഠൻ—ശ്രുതർവാവ്.

സൂക്തം 75.

അംഗിരോഗോത്രൻ വിരൂപൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം'പോലെ)

അഗ്നേ, ദേവാഹ്വാതാക്കളാ–
മശ്വങ്ങളെ രഥിപോലേ
പൂട്ടി, ഹോതാവായ ഭവാൻ
ശ്രേഷ്ഠസ്ഥാനത്തിരുന്നാലും! 1

ദേവ, വിദ്വദ്വരൻ ഭവാൻ
ദേവന്മാരിൽച്ചൊല്ലേ,ഞങ്ങളെ;
സത്യമാക്കകയുംചെയ്യു,–
കർത്ഥനീയമഖിലവും! 2

സർവത്ര ഹോമിയ്ക്കപ്പെട്ടും
സദ്യവാവേ, ബലസൂനോ,
സത്യസമ്പന്നനും യജ്ഞ–
കൃത്യാർഹനുമല്ലോ, ഭവാൻ! 3

നൂറുമായിരവുമന്ന–
പൂരത്തിന്നും ധനങ്ങൾക്കും
നാഥനും, ശിരസ്സായോനും,
മേധാവിയുമാണീ, യഗ്നി! 4

അംഗിരസ്സേ, സഹാഹ്വാന–
സംഘമോടൊത്തധ്വരത്തെ

സൂക്തം 75.

1. ദേവാഹ്വാതാക്കൾ=ദേവന്മാരെ വിളിയ്ക്കുന്നവ. രഥി=തേരാളി.

2. എങ്ങളെ ദേവന്മാരിൽച്ചൊല്ല––ഞങ്ങളുടെ യാഗം നന്നായി എന്ന ദേവന്മാരുടെഅടുക്കൽ പറഞ്ഞാലും. അർത്ഥനീയമഖിലവും––ദേവകളുടേതായ ധനമെല്ലാം. സത്യമാക്കകയും ചെയ്യുക––ഞങ്ങൾക്ക തരുവിയ്ക്കുക എന്നു താൽപര്യം.

3. യജ്ഞകൃത്യാർഹൻ=യജനീയൻ.

4. പൂരം––സമൂഹം. ശിരസ്സായോൻ––ഉന്നതൻ, ശ്രേഷ്ഠൻ.

ചാരത്തേയ്ക്കടുപ്പിയ്ക്കു, നീ,
തേരിനെയൃഭുക്കൾപോലെ! 5

ഹേ വിരൂപ, ഭവാനിപ്പോ-
ളാ വൃഷാവാം തേജസ്വിയെ
ഹൃദ്യമായി സ്തുതിച്ചാലും,
കൃത്രിമമല്ലാത്ത വാക്കാൽ! 6

അസ്തോകപ്രകാശനാമീ-
യഗ്നിയുടെ തൃപ്പടയാൽ,
ഏതൊരു പിശുക്കനെ നാം
ഗോതതിയ്ക്കായ് വധിയ്ക്കേണ്ടു! 7

ദേവർതന്നാൾക്കാരാം നമ്മെ,—
പ്പാൽ വർഷിയ്ക്കും ഗോവെപ്പോലെ
കൈവിടായ്ക,ത്തിരുവടി,
ഗോവുകൾ കുഞ്ഞിനെപ്പോലെ! 8

വിദ്വേഷിയാമേതു ദുഷ്ട—
ചിത്തന്റെയുമുപദ്രവം
തഞ്ചിയ്ക്കൊല്ലാ, മാലെങ്ങൾക്ക,
വഞ്ചിയ്ക്കാഴിത്തിരപോലെ! 9

അഗ്നേ, ദേവ, നരർ കെല്പി—
ന്നങ്ങയ്ക്കായി നമസ്കാരം
പാടുന്നുണ്ടു: ഭവാൻ ബലാൽ—
പ്പീഡിപ്പിയ്ക്കു, കുടിലരെ! 10

---

5. സഹാഹ്വാനസംഘം——ഒപ്പം വിളിയ്ക്കപ്പെടുന്നവരുടെ, ദേവന്മാരുടെ, ഗണം. തേരിനെ——ഋഭുക്കളുടെ രഥകാരത്വം ഓർക്കുക.

6. തന്നോടുതന്നെ: കൃത്രിമമല്ലാത്ത വാക്കാൽ——മന്ത്രംകൊണ്ടു്.

7. തൃപ്പട——ജ്വാലാവലി. ഗോതതിയ്ക്കായ്——അവന്റെ ഗോവൃന്ദത്തെ കൈക്കലാക്കാൻ.

8. ഗോവെപ്പോലേ——പാൽ ധാരാളമുള്ള പൈക്കളെ ആരും കൈവിടില്ലല്ലോ ; പൈക്കൾ കുട്ടിയെയും ത്യജിയ്ക്കാറില്ല.

10. കെല്പിന്നു്——ബലം കിട്ടാൻ.

അഗ്നേ, ഗോകാമരാമെങ്ങറം—
ക്കൎത്ഥം തുലോമെത്തിയ്ക്കു, നീ:
ഏറെച്ചെയ്യുരുറംകെ,ങ്ങളി,—
ലേറെച്ചെയ്യുവോനാം ഭവാൻ! 11

യുദ്ധമിതി,ലൊരു ഭാര—
ഭൃത്തു ചുമടിനെപ്പോലേ
ഇട്ടെറിയൊല്ലേ,ങ്ങളെ നീ;
വെട്ടിപ്പിടിയ്ക്കുക, ധനം! 12

നിന്നർദ്ദനം ഞങ്ങളിൽനി—
ന്നന്യനെച്ചെന്നഞ്ചിയ്ക്കട്ടേ;
വർദ്ധിപ്പിയ്ക്കു, ഞങ്ങറംക്ക നീ
ശക്തിയുമൊത്രക്കമഗ്നേ! 13

യാതൊരു സന്നതൻെറയോ
പൂതയജ്ഞൻെറയോ കർമ്മം
കൊണ്ടാടിനാ,നവങ്കലേ
മണ്ടിച്ചെല്ലും, ശരിയ്ക്കഗ്നി! 14

അപ്പരാനീകത്തിൽനിന്നു
ദുർബ്ബലരെക്കരേററുക—
പാലിച്ചുരുറംകെ,ന്നടെ കീ—
ഴാളുകളെത്തിരുമേനി! 15

---

11. അർത്ഥം—ധനം.

12. ഒരു ഭാരഭൃത്ത് (ചുമട്ടുകാരൻ) ചുമടിനെ ഇട്ടെറിയുന്നതുപോലെ, യുദ്ധമിതിൽ (ഈ യുദ്ധത്തിൽ) എങ്ങളെ ത്യജിയ്ക്കരുത്; നേരേമറിച്ച്, ധനം (ശത്രുസമ്പത്തു) വെട്ടിപ്പിടിയ്ക്കുക, ഞങ്ങറംക്ക തരാൻ.

13. അർദ്ദനം=പീഡനം. അഞ്ചിയ്ക്കട്ടെ—നടുങ്ങിയ്ക്കട്ടെ; ഞങ്ങളെ നടുങ്ങിയ്ക്കരുത്.

14. സന്നതൻ=നമസ്കരിച്ചവൻ. നമ്മറം നമസ്കാരശീലരും പൂതയജ്ഞന്മാരുമാകണമെന്നു ധ്വനി.

15. പരാനീകം—ശത്രുസൈന്യം, ദുർബ്ബലരെ—ബലഹീനരായ എൻെറ ആറംക്കാരെ. എടുത്തുപറയുകയാണ്, ഉത്തരാർദ്ധത്തിൽ.

അച്ഛൻപോലെയല്ലോ മുമ്പു
രക്ഷിച്ചു, ഞങ്ങളെ ബ്ഭവാൻ;
ഇന്നുമമ്മട്ടെങ്ങളം യാചി-
യ്ക്കുന്നു, ഭവത്സ ഖമഗ്നേ! 16

സൂക്തം 76.

കണ്വഗോത്രൻ കുരുസുതി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

കൊന്നൊടുക്കാൻ വിളിയ്ക്കുന്നേ-
നിന്നേരം ഞാൻ മരുത്വാനെ,
കെല്പാൽപ്പെരുമാളാകിയ
സുപ്രജ്ഞനാമീയിന്ദ്രനെ. 1

വൃത്രനുടെ തല മരു-
ന്മിത്രനാമീയിന്ദ്രൻ ചെമ്മേ
വെട്ടിയിട്ടാനല്ലോ, നൂറു
മൊട്ടിണങ്ങും വജ്രത്തിനാൽ! 2

എത്രയും വളർന്ന മരു-
ന്മിത്രനിന്ദ്രൻ മുകിലിനെ
കുത്തിക്കീറിയല്ലോ, വിയ-
ദ്വാത്തിയായ ജലം തൂകാൻ! 3

ആ മരുത്തുക്കളോടൊത്തു,
സോമനീരു നുകരാനായ്

---

16. ഭവത്സ്ഖം——ഭവാന്റെ പക്കലുള്ള സുഖം.

സൂക്തം 76.

1. കൊന്നൊടുക്കാൻ——ശത്രുക്കളെ.
2. മരുന്മിത്രൻ = മരുത്തുക്കളൊകുന്ന സഖാക്കളോടുകൂടിയവൻ.
3. വിയദ്വാത്തി = അന്തരിക്ഷസ്ഥം. തൂകാൻ——വർഷിപ്പാൻ.

ഇന്നാകമണ്ഡലമെല്ലാം
വെന്നടക്കിയോനാണി,ന്ദ്രൻ! 4

ഉന്നതനം, മരുത്തുക്ക—
ളൊന്നിച്ചോനു,മൃജീഷിയും,
അത്യോജസ്സമാമിന്ദ്രനെ
സ്തുത്യാ വിളിയ്ക്കുന്നു, ഞങ്ങൾ. 5

ആ മരുത്വാനാമിന്ദ്രനെ—
സ്സോമമിതു കുടിപ്പാനായ്,
പണ്ടേത്തതാമൊരു സൂക്തം—
കൊണ്ടു വിളിയ്ക്കുന്നു, ഞങ്ങൾ. 6

ഇന്ദ്ര, പുരുസ്തുത, വൃഷ്ടി—
സന്ദായക, ശതക്രതോ,
നീ മരുത്തുക്കളോടൊത്തു
സോമമുണ്ണുകീ, യജ്ഞത്തിൽ! 7

സോമം പിഴിഞ്ഞതു മരുൽ—
സ്തോമവാനാം ഭവാന്നുതാൻ
ഉക്ഥം ചൊല്ലി ഹോമിയ്ക്കുന്നു,
ഭക്തജനമിന്ദ്ര, വജ്രിൻ. 8

ഇന്ദ്ര, ഭവാൻ മരുത്തുക്ക—
ളൊന്നിച്ചുഷഃകാലങ്ങളിൽ
കല്പിച്ചശിയ്ക്കുക, സോമം;
കെല്പാലണയ്ക്കുക, വജ്രം! 9

രണ്ടുപലകയാൽ വാററി—
ക്കൊണ്ട സോമം കുടിച്ചിന്ദ്ര,

4. നാകമണ്ഡലം = സ്വർഗ്ഗരാജ്യം.
5. ഉന്നതൻ — മഹാൻ. സ്തുത്യാ = സ്തുതികൊണ്ട്.
6. സൂക്തം — സ്തോത്രം.
7. വൃഷ്ടിസന്ദായക — മഴ തരുന്നവനേ.
8. മരുൽസ്തോമവാൻ = മരുദ്ഗണോപേതൻ.
9. അണയ്ക്കുക — ശത്രുവധത്തിന്നു മൂർച്ചപ്പെടുത്തുക.

കെല്പോടെണീററ,ണക്കട—
യൊപ്പം കലുക്കുക, ഭവാൻ! 10

ദുഷ്ടന്മാരെക്കൊന്നു കഴി
വെട്ടുംസമയത്തു നിന്നെ
ഇന്ദ്ര, ചമയിയ്ക്കുമല്ലോ,
നന്നായ് വാനൂഴികൾ രണ്ടും. 11

ദിക്കെട്ടിലുമൊമ്പതിലും
തിക്കും യജ്ഞസ്തുതിയ്ക്കു ഞാൻ
ഇന്ദ്രനുടെ പൂർണ്ണതയിൽ—
നിന്നിത്തിരിയെടുക്കുന്നേൻ! 12

സൂക്തം 77.

കുരുസുതി ഋഷി; ഗായത്രിയും ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ജനിച്ചപ്പോൾത്തന്നെ ശതക്രതു അമ്മയോട് ഇങ്ങനെ ചോദിച്ചു:—'എവർക്കുള്ളൂ, വലിയ ബലം? വിളിപ്പെട്ടവർ എവർ?' 1

ഉടനേ അമ്മ പറഞ്ഞു:—'ഔർണ്ണവാഭൻ, അഹീശുവൻ—മകനേ, നിനക്കു പിന്നിടാവുന്നവരായിത്തീരട്ടെ!' 2

വൃത്രഘ്നൻ അവരെ ഒപ്പം, ചക്രക്കൂടത്തിൽ ഏർക്കാലുകളെ കയർകൊണ്ടെന്നപോലെ വലിച്ചുമുറുക്കി; ദസ്യുക്കളെ വധിച്ചു, വളർച്ചയും പൂണ്ടു! 3

---

10. കലുക്കുക—വക്ത്രശുദ്ധിയ്ക്ക്.

11. ചമയിയ്ക്കും—കൊണ്ടാടുമെന്നു സാരം.

12. ഒമ്പതിലും—മീതെ സൂര്യപദത്തിലും. തിക്കും—ചെന്നുരുമ്മുന്ന. ഇത്തിരി—ഇന്ദ്രന്റെ സംപൂർണ്ണത മുഴുവൻ വർണ്ണിയ്ക്കാവതല്ലെന്നർത്ഥം.

സൂക്തം 77.

2. മററുള്ളവരും പിന്നിടാവു(ജയിയ്ക്കാവു)ന്നവരായിത്തീരട്ടെ. ഔർണ്ണവാഭാദികളെയെല്ലാം നീ ജയിയ്ക്കണം.

അഴകററ മുപ്പതു സോമനീർപ്പൊയ്കകഠം ഒപ്പം ഇന്ദ്രൻ ഒരു മോന്തൽകൊണ്ടു കുടിച്ചുതീർത്തു! 4

കാൽവെപ്പാനിടമില്ലാത്ത പ്രദേശത്തു നീർമുകിലിനെ ഇന്ദ്രൻ ബ്രാഹ്മണാഭിവൃദ്ധിയ്ക്കായി പിളർത്തി: 5

ഇന്ദ്രൻ അന്നം വിളയിപ്പാൻ, ശരം വിരിയെത്തൊടുത്തു, മേഘങ്ങളെ ആഞ്ഞെയ്തു! 6

ഇന്ദ്ര, ഭവാൻ യാതൊന്നിനെ കൂട്ടുകാരനാക്കിയോ, ഭവാൻെറ ആ ഒററശ്ശരത്തിന്നു നൂറു മുനയുണ്ട്; ആയിരം ചിറകുണ്ട്! 7

ജനിച്ചപ്പോഠംത്തന്നെ വളന്ന് ഉറപ്പു നേടിയ ഭവാൻ ആ ശരം കൊണ്ടു, സ്തോതാക്കഠംക്കും മക്കഠംക്കും സ്ത്രീകഠംക്കും ആഹാരത്തിന്നു മതിയാകുന്ന ധനം കൊണ്ടുവന്നാലും! 8

അങ്ങ് നിനച്ചുറച്ചതിൻവണ്ണം, അങ്ങയാൽ നിർമ്മിയ്ക്കപ്പെട്ട പാരിച്ചവയും പരിണതങ്ങളുമായ ബലങ്ങളാണിവ! 9

അങ്ങയാൽ അയയ്ക്കപ്പെട്ട ഉരുക്രമനായ വിഷ്ണു അവയെല്ലാം —നൂറുപോത്തുകളെയും പാൽപായസവും—കൊണ്ടുപോന്നു; ഇന്ദ്രൻ മോഷ്ടാവായ വരാഹനെ (പിളർത്തി)! 10

ഭവാൻെറ വില്ലു പലതരത്തിലെയ്യുന്നതും ഭംഗിയിൽ നിർമ്മിയ്ക്കപ്പെട്ടതും സുഖഭരിതവുമാകുന്നു; സ്വർണ്ണമയമാണ്, സാധകമായ സായകം. ഭവാൻെറ ഇരുകൈകഠം രമണീയങ്ങളാണ്, സുഭൂഷിതങ്ങളാണ്, അടിച്ചുനോവിയ്ക്കുന്നവയാണ്, മർമ്മത്തെയ്യുന്നവയാണ്! 11

——

5. പ്രദേശത്ത്—അന്തരിക്ഷത്തിൽ.

6. ആഞ്ഞെയ്തു—അങ്ങനെ മഴ പെയ്യിച്ചു.

8. വളന്ന്—ഞങ്ങളുടെ സോമംകൊണ്ട്. ഉറപ്പ് യുദ്ധസ്ഥൈര്യം.

9. ഇവ—ഭൂമിയെത്താങ്ങുന്ന പർവതങ്ങളും മററും.

10. അയയ്ക്കപ്പെട്ട—വരാഹാസുരൻ കട്ടുവെച്ച ധനങ്ങഠം എടുത്തുകൊണ്ടു വരാൻ. അവയെല്ലാം—ധനങ്ങളൊക്കെ. വരാഹവധേതിഹാസത്തിൻെറ ചുരുക്കമാണിത്.

11. സാധകം—കാര്യം സാധിയ്ക്കുന്നത്. അടിച്ചുനോവിയ്ക്കുന്നവ—ശത്രുക്കളെ.

സൂക്തം 78.

കുരുസുതി ഋഷി; ഗായത്രിയും ബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ശൂര, അവിടുന്നു ഞങ്ങളുടെ പുരോഡാശം ഭക്ഷിച്ച്, ആയിരവും നൂറും ഗോക്കളെ കൊണ്ടുവന്നാലും! 1

അവിടുന്നു ഞങ്ങൾക്കു കറിയും എണ്ണയും ഗോവിനെയും അശ്വത്തെയും കൊണ്ടുവന്നാലും; ഒപ്പം കാമ്യങ്ങളായ കനകോപകരണങ്ങളും! 2

ധർഷക, ഞങ്ങൾക്കു വളരെ കർണ്ണാഭരണങ്ങളും കൊണ്ടുവരിക: വസോ, പുകൾപ്പെട്ടവനാണല്ലോ, അവിടുന്ന്! 3

ഇന്ദ്ര, ശൂര, അവിടുന്നല്ലാതെ ഒരു വർദ്ധകനില്ല, ഒരു സുസ്ഥിതനില്ല, ഒരു ശോഭനദാനനില്ല, ഒരു തൃപ്തിക്കില്ല! 4

ഇന്ദ്രങ്കൽ മുഷ്കു പററില്ല; ശക്രനെ തോല്പിയ്ക്കവയ്യാ; താൻ എല്ലാം കേൾക്കുന്നു, കാണുന്നു! 5

അദ്ദേഹം മനുഷ്യന്റെ അരിശത്തിന്ന്, അഹിംസിതനായിട്ടു പകരം ചെയ്യും; നിന്ദനത്തിന്നു മുമ്പുതന്നെ പകരം ചെയ്യും! 6

വെമ്പലോടേ സോമം കുടിയ്ക്കുന്ന വൃത്രഹന്താവിന്റെ തിരുവയർ പരിചാരകന്റെ കർമ്മംകൊണ്ടേ നിറയുകയുള്ളു! 7

സോമവാനേ, ഭവാങ്കൽ ചേർന്നനില്ക്കുന്നു, സമ്പത്തുകളും സർവസൌഭാഗ്യങ്ങളും, നിർവ്യാജങ്ങളായ ശോഭനദാനങ്ങളും! 8

എന്റെ അഭിലാഷം യവത്തിന്നും ഗോവിന്നും പൊന്നിന്നും അങ്ങയെ തേടുന്നു; അശ്വത്തിന്നും അങ്ങയെത്തന്നെ! 9

സൂക്തം 78.

1. കൊണ്ടുവന്നാലും—ഞങ്ങൾക്ക്.

3. പുകൾപ്പെട്ടവൻ—ദാനശീലനെന്ന്.

4. സുസ്ഥിതൻ—യുദ്ധത്തിലും മററും വഴിപോലെ വർത്തിയ്ക്കുന്നവൻ.

7. സോമംകൊണ്ടുമാത്രം ഇന്ദ്രൻ തൃപ്തനാകില്ല; യഥാവിധി പരിചരണവും വേണം.

8. സോമവാനേ—ഇന്ദ്ര.

9. എന്റെ അഭിലാഷം നിറവേററാൻ അവിടുന്നേ ഉള്ളു.

ഇന്ദ്ര, അങ്ങയോടുതന്നേ നേർന്നുകൊണ്ടു ഞാൻ അരിവാളും കയ്യിലെടുക്കുന്നു; മഘവാവേ, കൊയ്തതോ കൂട്ടിയതോ ആയ യവത്തിൻെറ ഒരു മുടികൊണ്ടു പൂർത്തിപ്പെടുത്തിയാലും! 10

സൂക്തം 79.

ഭൃഗുഗോത്രൻ കൃത്നു ഋഷി; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; സോമം ദേവത.

കർത്താവും, പിടിയിൽപ്പെടാത്തതും, വിശ്വജിത്തും, ഉദ്ഭിത്തും, ജ്ഞാനിയും, മേധാവിയും, സ്തുത്യവുമാണ്, ഈ സോമം! 1

ഇതു നഗ്നനെ പുതപ്പിയ്ക്കും; എല്ലാ രോഗിയെയും ചികിത്സിയ്ക്കും. കണ്ണില്ലെങ്കിലും കാണും; കാലില്ലെങ്കിലും നടക്കും! 2

സോമമേ, നീ മാററാൻെറ മെലിയിയ്ക്കുന്ന മാട്ടുകളിൽനിന്നു മഹത്തായ രക്ഷ നല്കും! 3

ഋജീഷിൻ, നീ നിൻെറ ബുദ്ധികൊണ്ടും ശക്തികൊണ്ടും ദ്രോഹിയുടെ മാട്ടിനെ വാനിൽനിന്നും മന്നിൽനിന്നും തട്ടിനീക്കിയാലും! 4

അർത്ഥികൾ ധനത്തിന്നായി ചെല്ലും; ദാതാവിൻെറ ദാനവും നേടും; (നീ അനുഗ്രഹിച്ചാൽ) യാചകൻെറ അഭിലാഷം നിറവേറും! 5

മുമ്പു പോയതു കിട്ടിയാൽ, അതവനെ യജ്ഞത്തിന്നു പ്രേരിപ്പിയ്ക്കും; യജ്ഞം തുടങ്ങിയവന്ന് ആയുസ്സും വർദ്ധിയ്ക്കും! 6

സോമമേ, സുസുഖമായ—സുഖകരമായ—നീ ഞങ്ങളുടെ ഹൃദയത്തിൽ ബുദ്ധിപ്രമാദമെന്നിയേ ഇളകാതെനിന്നു സുഖം കിട്ടിച്ചാലും! 7

---

10. മുടി—ഒരു കൈപ്പിടിയിലൊതുങ്ങുന്ന കററ. പൂർത്തിപ്പെടുത്തിയാലും—നേർച്ച.

സൂക്തം 79.

1. വിശ്വജിത്തും, ഉദ്ഭിത്തും—ഇവ സോമയാഗങ്ങളാകുന്നു; ഇവയെ നിഷ്പാദിപ്പിയ്ക്കുന്നത്.

3. മാട്ടുകൾ—ആഭിചാരപ്രയോഗങ്ങൾ.

4. ഋജീഷിൻ—സോമമേ.

6. പോയതു—പോയ ധനം.

സോമമേ, അവിടുന്നു ഞങ്ങൾക്കു മൈവിറയുണ്ടാക്കരുത്; രാജാവേ, ഭീതി വരുത്തരുത്; കത്തൽകൊണ്ടു ഞങ്ങളുടെ കരൾ വേവിയ്ക്കരുത്! 8

രാജാവേ, ഞാൻ സ്വന്തം പാർപ്പിടത്തിൽ ദേവകളുടെ ദുർബ്ബുദ്ധി കാണുന്നതെപ്പോഴോ, അപ്പോൾ അവിടുന്നു ദ്രോഹികളെ തട്ടിനീക്കണം—വർഷക, ഹിംസകരെ തട്ടിനീക്കണം! 9

സൂക്തം 80.

നോധസ്സിന്റെ പുത്രൻ ഏകദ്യൂവ് ഋഷി; ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രനും ദേവന്മാരും ദേവത.

ശതക്രതോ, സത്യം: മറ്റൊരു സുഖപ്രദനെ ഞാൻ കണ്ടിട്ടില്ല; ഇന്ദ്ര, അങ്ങ് ഞങ്ങളെ സുഖിപ്പിയ്ക്കുക! 1

ഭവാൻ മുമ്പു ഞങ്ങളെ കഷ്ടപ്പെടുത്താതെ അന്നം തന്നു രക്ഷിച്ചുപോന്നുവല്ലോ; ഇന്ദ്ര, അതുപോലെ എന്നും ഞങ്ങളെ സുഖിപ്പിയ്ക്കുക! 2

ഹേ ഇന്ദ്ര, ആരാധകനെ പ്രേരിപ്പിയ്ക്കുന്ന നിന്തിരുവടിതന്നെയാണ്, പിഴിയുന്നവന്നു രക്ഷിതാവ്; അതിനാൽ ഞങ്ങളിൽ തുലോം ത്രാണി കാണിച്ചാലും! 3

ഇന്ദ്ര, വജ്രിൻ, ഞങ്ങളുടെ രഥം അവിടുന്നു രക്ഷിയ്ക്കണം: എന്റെ തേർ പിന്നിലായിപ്പോയാലും, അവിടുന്നു മുന്നിലാക്കണം! 4

ഹേ, അവിടുന്നു മിണ്ടാതിരിയ്ക്കുന്നതെന്താണ്? ഞങ്ങളുടെ രഥം ഒന്നാമത്തതാക്കുക: ഇതാ, ആഹാരകാംക്ഷിയായ അന്നം (അങ്ങയുടെ) അരികിൽ! 5

---

8. ചന്ദ്രപര്യായമായ രാജശബ്ദം സോമത്തിന്റെയും പര്യായംതന്നെ.

9. ദുർബ്ബുദ്ധി—ദ്വേഷപ്രസക്തി.

സൂക്തം 80.

3. പിഴിയുന്നവന്ന്—സോമം. ത്രാണി—രക്ഷണശക്തി.

4. രക്ഷിയ്ക്കണം—യുദ്ധത്തിൽ.

5. ആഹാരകാംക്ഷിയായ അന്നം—ഞങ്ങൾക്കാഹാരം കിട്ടണമെന്നു കാംക്ഷിയ്ക്കുന്ന ഞങ്ങളുടെ ഹവിസ്സ്.

ഞങ്ങളുടെ ആഹാരകാംക്ഷിയായ രഥം നിന്തിരുവടി രക്ഷിക്കണം: എങ്ങും എന്തും, സുകരമാണല്ലോ, അവിടെയ്ക്കു്; ഞങ്ങളെ നന്നായി ജയിപ്പിച്ചാലും! 6

ഇന്ദ്ര, ഭവാൻ ഉറച്ചുനില്ക്കുക: ഒരു പുരിയാണ,വിടുന്നു്. പകരം, ഇതാ, നല്ല യഥാകാലകർമ്മം ഭവാങ്കലണയുന്നു! 7

(ഞങ്ങൾക്കു്) ഒരേടത്തും തിന്മ പററരുതു്. അപ്പുറത്തു പരപ്പിൽ വെയ്ക്കപ്പെട്ടിട്ടുണ്ടു്, ധനം; ശത്രുക്കൾ തിരിഞ്ഞോടട്ടെ! 8

അവിടുന്നു യജ്ഞസംബന്ധിയായ നാലാമത്തെപ്പേർ വഹിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നതെപ്പൊഴോ, അപ്പോൾത്തന്നേ, രക്ഷിതാവായ നിന്തിരുവടി ഞങ്ങൾക്കു കിട്ടിയ്ക്കാറുണ്ടു്! 9

മരണമില്ലാത്ത ദേവന്മാരേ, നിങ്ങളെയും ദേവിമാരെയും ഏകദ്യൂവു് വർദ്ധിപ്പിക്കുന്നു, തൃപ്തിപ്പെടുത്തുന്നു; അവന്നു നിങ്ങൾ സമ്പത്തു പെരുപ്പിക്കുവിൻ! കർമ്മധനൻ പ്രഭാതത്തിൽ വെക്കം വന്നെത്തട്ടെ! 10

സൂക്തം 81.

കണ്വപുത്രൻ കുസീദി ഋഷി; ഗായത്രി ഛന്ദസ്സു്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, നിന്തിരുവടി ഉടൻതന്നെ ഞങ്ങൾക്കായി. സ്തുത്യവും മഹനീയവുമായ ഗ്രാഹ്യം വലിയ വലത്തുകയ്യിലെടുത്താലും! 1

---

7. നില്ക്കുക—യുദ്ധത്തിൽ. പുരി—പുരിപോലേ നിശ്ചലൻ. കർമ്മം—ഞങ്ങളുടെ.

8. ധനം—ശത്രുക്കളുടെ; അവരെ ഓടിച്ചു്, അതു ഞങ്ങൾക്കു തന്നാലും.

9. നാലാമത്തെപ്പേരു്—സോമയാജി എന്നതു്. കിട്ടിയ്ക്കാറുണ്ടു്—സോമയാജിത്വം.

10. ഏകദ്യൂവു്—ഞാൻ. വർദ്ധിപ്പിക്കുന്നു—സ്തുതികൊണ്ടു്. തൃപ്തിപ്പെടുത്തുന്നു—സോമംകൊണ്ടു്. കർമ്മധനൻ—ഇന്ദ്രൻ.

സൂക്തം 81.

1. ഗ്രാഹ്യം—ധനമെന്നർത്ഥം.

ഞങ്ങൾക്കറിയാം: അവിടെയ്ക്കു വളരെ കർമ്മമുണ്ട്, വളരെ പ്രദേയമുണ്ട്, വളരെ ധനമുണ്ട്, വളരെ വലുപ്പമുണ്ട്, രക്ഷകളുണ്ട്! 2

ശൂര, ദാനോദ്യതനായ അങ്ങയെ, ഒരു ഭയംകരവൃഷഭത്തെയെന്നപോലെ, ദേവന്മാരോ മനുഷ്യരോ തടുക്കുകയില്ല! 3

നിങ്ങൾ വെക്കം വരുവിൻ: നാം ധനാധിപതിയായി വിണ്ണിൽ വിളങ്ങുന്ന ഇന്ദ്രനെ സ്തുതിയ്ക്കുക; ഒരു ധനവാൻ നമ്മെ എതിക്കരുത്! 4

കൊണ്ടാടട്ടെ, ഏററു പാടട്ടെ; സാമഗാനം ശ്രവിയ്ക്കട്ടെ. ധനയുക്തനായി (നമ്മെ) സ്വീകരിയ്ക്കട്ടെ! 5

ഇന്ദ്ര, ഭവാൻ ഞങ്ങൾക്കു കൊണ്ടുവരിക; വലംകൈകൊണ്ടും ഇടംകൈകൊണ്ടും തരിക. ഞങ്ങൾക്കു സമ്പത്തിൽ ഇടിവു വരുത്തരുത്! 6

ധർഷക, ഭവാൻ ഒരുങ്ങുക: ആളുകളിൽ അറുപിശുക്കൻ ആരോ, അവൻെറ മുതൽ ക്ലേശിക്കാതെ കൊണ്ടുവരിക! 7

ഇന്ദ്ര, മേധാവികളാൽ സേവനീയമായ അന്നമുണ്ടല്ലോ, ഭവാൻെറ പക്കൽ; അതു ഞങ്ങൾക്കു തന്നരുളുക! 8

അങ്ങയുടെ സർവാഹ്ലാദകങ്ങളായ അന്നങ്ങൾ ഇപ്പോൾത്തന്നെ ഞങ്ങളിലെത്തട്ടെ: ഇച്ഛയേറിയവർ വെക്കം സ്തുതിയ്ക്കുന്നുണ്ട്! 9

അഞ്ചാമധ്യായം സമാപ്തം.

---

2. പ്രദേയം——വിഭവം.

3. ഒരു കൂററൻകാള തീററയ്ക്കിറങ്ങിയാൽ, അതിനെ ആർ തടുക്കും?

4. സ്വജനങ്ങളോട് എതിക്കരുത്——ധനവാന്മാരിൽ മീതെയാകണം, നാം.

5. ഇന്ദ്രൻ എന്നധ്യാഹരിയ്ക്കണം. കൊണ്ടാടട്ടെ——നമ്മുടെ സ്തുതിയെ. ധനയുക്തനായി——നമുക്കു തരാൻ ധനം കയ്യിലെടുത്ത്.

6. കൊണ്ടുവരിക——ധനം.

7. ഒരുങ്ങുക——ധനം കൈവശപ്പെടുത്താൻ.

9. ഇച്ഛയേറിയവർ——ഞങ്ങളുടെ ആളുകൾ.

ആറാമധ്യായം.

സൂക്തം 82.

കുസീദി ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

വൃത്രഹന്താവേ, അവിടുന്നു യജ്ഞത്തിലെ സോമത്തിന്നു, ദൂരത്തുനിന്നോ ചാരത്തുനിന്നോ പാഞ്ഞുവന്നാലും! 1

വരിക: മത്തുപിടിപ്പിയ്ക്കുന്ന കടുംസോമം പിഴിഞ്ഞിരിയ്ക്കുന്നു; കല്പിച്ചു നുകർന്നാലും. മിടുക്കോടേ എടുക്കാറുണ്ടല്ലോ, അവിടുന്ന്! 2

ഇന്ദ്ര, ഭവാൻ അന്നംകൊണ്ടാഹ്ലാദിച്ചാലും: അപ്പോളുടഞ്ഞും, അങ്ങയുടെ മികച്ച അരിശം; തിരുമനസ്സിൽ സുഖവും ഉളവാകട്ടേ! 3

നിസ്സപത്ന, ഭവാൻ സ്വർഗ്ഗത്തിൽനിന്നു വെക്കം വന്നാലും: അങ്ങയെ തിളങ്ങുന്ന യജ്ഞത്തിലെ ഉക്ഥങ്ങൾ വിളിയ്ക്കുന്നുണ്ട്! 4

ഇന്ദ്ര, ഇതാ അമ്മികൊണ്ടു പിഴിഞ്ഞു ഗവ്യം പകർന്ന സോമം അങ്ങയുടെ മത്തിന്നായി സുഖേന ഹോമിയ്ക്കപ്പെടുന്നു. 5

ഇന്ദ്ര, അവിടുന്ന് എന്റെ വിളി നന്നായി കേൾക്കുക: ഞങ്ങൾ പിഴിഞ്ഞു ഗവ്യം ചേർത്തതു മതിയാവോളം കുടിച്ചാലും! 6

ഇന്ദ്ര, ഇതാ അങ്ങയ്ക്കായി ചമസങ്ങളിലും ചമൂക്കളിലുമെല്ലാം പിഴിഞ്ഞുവെച്ചിരിയ്ക്കുന്നു: ഈ സോമം കുടിച്ചാലും; അവിടുന്നാണല്ലോ, ഇതിന്റെ ഉടമസ്ഥൻ! 7

യാതൊന്നു, ചന്ദ്രൻ വെള്ളത്തിലെന്നപോലെ ചമൂവിൽ കാണപ്പെടുന്നുവോ; ആ സോമം കുടിച്ചാലും: അവിടുന്നാണല്ലോ, ഇതിന്റെ ഉടമസ്ഥൻ! 8

സൂക്തം 82.

2. എടുക്കാറുണ്ടല്ലോ—സോമം.

3. അന്നം—സോമം. ഉളവാകട്ടേ—സോമപാനത്താൽ.

4. ഉക്ഥങ്ങൾ—ശസ്ത്രസ്തോത്രങ്ങൾ കേൾപ്പാൻ വിളിയ്ക്കുന്നുണ്ട്—സ്തോതാക്കൾ.

6. ചേർത്തതു—ചേർത്ത സോമം.

7. ചമൂക്കൾ—പാത്രവിശേഷങ്ങൾ.

ശത്രുക്കരം തീണ്ടിയിട്ടില്ലാത്ത യാതൊന്നിനെ, പരുന്ത് അ
ങ്ങേയ്ക്കായി ആരംക്കാരെ തട്ടിനീക്കി റാഞ്ചി കൊണ്ടുപോന്നുവോ;
അതു കുടിച്ചാലും. അവിടുന്നാണല്ലോ, ഇതിൻെറ ഉടമസ്ഥൻ! 9

സൂക്തം 83.

കുസീദി ഋഷി; ഗായത്രി ഛന്ദസ്സ്; വിശ്വദേവകരം ദേവത.

വൃഷാക്കളായ ദേവന്മാരുടെ മഹത്തായ രക്ഷ യാതൊന്നോ,
അതിനെത്തന്നെ ഞങ്ങരം, ഞങ്ങളെ കാത്തരുളാൻ വരിച്ചുകൊ
ള്ളുന്നു. 1

ആ പ്രകൃഷ്ടജ്ഞാനന്മാരായ വരുണനും മിത്രനും അര്യമാവും
ഞങ്ങളെ സദാ തുണയ്ക്കട്ടെ; വളർത്തുകയുംചെയ്യട്ടെ! 2

യജ്ഞത്തിൻെറ തേരാളികളേ, നിങ്ങരം ഞങ്ങളെ, തോണി
കൊണ്ടു വെള്ളത്തിൻെറയെന്നപോലെ, ബഹുകർമ്മങ്ങളുടെ മറു
കരയിലണയ്ക്കുവിൻ! 3

അര്യമാവേ, ഞങ്ങരംക്കു ധനം കൈവരട്ടെ: വരുണ, സ്തുത്യ
മായ ധനം കൈവരട്ടെ: ധനം യാചിയ്ക്കുന്നുണ്ടല്ലോ ഞങ്ങരം! 4

പ്രകൃഷ്ടജ്ഞാനന്മാരേ, വിദ്വേഷികളെ തട്ടിനീക്കുന്ന നിങ്ങരം
തന്നെയാണല്ലോ, ധനത്തിൻെറ അധിപതികരം; ആദിതേയരേ,
പാപത്തിൻെറ പണം ഇവന്നു വേണ്ടാ! 5

ശോഭനദാനരായ ദേവന്മാരേ, ഗൃഹസ്ഥരായ ഞങ്ങരം, വഴി
യിൽ നടക്കുമ്പോഴും, നിങ്ങളെത്തന്നെ, അഭിവൃദ്ധിയ്ക്കായി വിളി
യ്ക്കുന്നു! 6

ഹേ ഇന്ദ്ര, വിഷ്ണോ, മരുത്തുക്കളേ, അശ്വികളേ, നിങ്ങരം
ഞങ്ങളെ, ഈ സജാതീയരിൽവെച്ചു, സമീപിച്ചാലും! 7

---

9. ആരംക്കാരെ—കാവല്ക്കാരായ ഗന്ധർവന്മാരെ. പരുന്തിൻെറ സോമാഹരണം മുമ്പു പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ട്. പക്ഷിരൂപംധരിച്ച ഗായത്രിയത്രേ, ഈ പരുന്ത്.

സൂക്തം 83.

5. പാപത്തിൻെറ പണം—ദുഷ്ടമാർജ്ജിതമായ ധനം. ഇവന്നു—എനിയ്ക്ക്.

7. സജാതീയർ—ഭ്രാതൃമിത്രാദികരം.

ശോഭനദാനന്മാരേ, സാമാന്യമായും ഈരണ്ടായും മാതൃഗർഭ
ത്തിൽ ഭവിച്ച (നിങ്ങളുടെ) ഭ്രാതൃത്വത്തെ ഞങ്ങൾ വെളിപ്പെട
ുത്തുന്നു! 8

ശോഭനദാനന്മാരേ, തേജസ്സു പൂണ്ട നിങ്ങൾ ഇന്ദ്രനെപ്പിൻതു
ടർന്നു വന്നെത്താറുണ്ടല്ലോ; ഉടനേ ഞാൻ പേർത്തുപേർത്തു സ്തുതിയ്ക്കും! 9

സൂക്തം 84.

കവിപുത്രൻ ഉശനസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

('താരകാമന്ദിരം'പോലെ)

വാഴ്ത്തുന്നേൻ, ഭവാന്മാർക്കായ് ഞാൻ–
പ്രേഷ്ഠാതിഥിയാമഗ്നിയെ,
മിത്രംപോലൻപണപ്പോനെ,
നൽത്തേർപോലെ ലാഭദനെ. 1

വിദ്യോദാരകവിയെപ്പോ–
ലി, ദ്ദേഹത്തെയമരന്മാർ
രണ്ടുമട്ടിൽ നിയമിച്ചു–
കൊണ്ടാർ, മർത്ത്യപ്പരിഷയിൽ: 2

സത്താരുണ്യ, രക്ഷിയ്ക്കു, നീ
ദത്താന്നരാം നേതാക്കളെ;

---

3. സാമാന്യമായും ഈരണ്ടാലും—ആദ്യം സാമാന്യമായിട്ട്, പിന്നെ ഈ രണ്ടായിട്ട്. ദേവന്മാർ ഇരട്ടയിരട്ടയായിട്ടത്രേ, മാതൃ (അദിതി)ഗർഭത്തിൽനിന്നു ജനിച്ചത്.

സൂക്തം 84.

1. യജമാനരോട്: പ്രേഷ്ഠാതിഥി=ഏററവും പ്രിയനായ അതിഥി. നൽത്തേർപോലെ—തേർ ധനലാഭമുണ്ടാക്കുമല്ലോ.

2. വിദ്യോദാരകവിയെ—ഉൽക്കൃഷ്ടജ്ഞാനനായ ഒരു ക്രാന്തകർമ്മാവിനെ ഇരുകാര്യങ്ങളിൽ ഏൎപ്പെടുത്താറുണ്ടല്ലോ. അതുപോലെ അഗ്നിയെ രണ്ടുമട്ടിൽ—ഗാർഹപത്യൻ, ആഹവനീയൻ എന്ന നിലകളിൽ—നിയമിച്ചു.

ശ്രദ്ധയാ കേരം, നതി; താൻതാൻ
പുത്രനെയും പാലിയ്ക്കു, നീ! 3

എങ്ങനെ പുകഴ്ത്തേണ്ടൂ, ഞാ—
നംഗിരസ്സാമഗ്നേ, ദേവ,
അന്നപുത്ര, വരേണ്യനം
പിന്നിടുന്നോനമാം നിന്നെ? 4

ഏതൊരു യഷ്ടാവിനുടെ
ചേതസ്സോടേ തരേണ്ടൂ ഞാൻ?
എന്നാളിൽ ഞാനി,താ, നമ—
സ്സേന്നോതേണ്ടൂ, ബലസൂനോ? 5

അങ്ങുനുതാനരുളേണം,
ഞങ്ങരംതൻസ്തവത്തിന്നെല്ലാം
ധന്യമായ ഗൃഹത്തെയു,—
മന്നത്തെയും ധനത്തെയും 6

ആർതൻ പുരുകർമ്മങ്ങരംക്കാം
പ്രീതി ചേർപ്പതി,പ്പോരംബ്ഭവാൻ?
ഗോതതിയുണ്ടാമല്ലോ, നിൻ
സ്തോതാവിന്നു ഗൃഹപതേ! 7

---

3. സത്താരുണ്യ = നല്ല യൌവനത്തോടുകൂടിയവനേ. മത്താന്നരാം നേതാക്കളെ—ഹവിസ്സർപ്പിച്ച യജമാനരെ. പുത്രൻ—ഞങ്ങളുടെ മകൻ.

4. അന്നപുത്ര—അന്നം (ഹവിസ്സ്)കൊണ്ടു വളരുന്നവനാകയാലാണ്, അന്നപുത്രത്വം കല്പിച്ചിരിയ്ക്കുന്നത്. പിന്നിടുന്നോനം—ശത്രുക്കളെ.

5. തരേണ്ടൂ—ഹവിസ്സ്. ഞാൻ എങ്ങനെ യജിയ്ക്കും, എന്നു വണങ്ങി സ്തുതിയ്ക്കും?

6. സ്തുതിയ്ക്കുന്ന ഞങ്ങരംക്ക നല്ല ഗൃഹവും അന്നവും ധനവും അരുളണം (തരണം) എന്നർത്ഥം.

7. പ്രീതി ചേർപ്പത്—അഗ്നി സന്നിഹിതനായാൽ, കർമ്മങ്ങരംക്ക പ്രീതിയായി. ഭവാൻ ഇപ്പോരം ഏതൊരു കർമ്മവാന്റെ അടുക്കലായിരിയ്ക്കും? നിന്നെ സ്തുതിച്ചാൽ ഗോക്കളെ കിട്ടുമല്ലോ; ഞങ്ങളും സ്തുതിയ്ക്കുന്നു. ഗൃഹപതേ—ഗാർഹപത്യരൂപിൻ.

പോരിൽ മുന്നിൽച്ചെല്ലും ബലോ–
ദാരനാമസ്സുപ്രജ്ഞനെ
പാരം മോടിപ്പെടുത്തുന്നു,
(ധീരർ) നിജഗൃഹങ്ങളിൽ! 8

സാരക്ഷേമം വാഴു,മവ;–
നാരും കൊല്ലില്ല,വൻ കൊല്ലും;
പാരം വളരുമേ, നല്ല
വീരന്മാരൊത്തവനഗ്നേ! 9

സൂക്തം 85.

അംഗിരോഗോത്രൻ കൃഷ്ണൻ ഋഷി; ഗായത്രി ഛന്ദസ്സ്; അശ്വികൾ ദേവത.

('ദ്വാരകാമന്ദിരം'പോലെ)

അശ്വികളേ, മമ വിളി
(ത്തുച്ചെവിക്കൊണ്ടി)രുവരും
ആഗമിപ്പിൻ, നാസത്യരേ,
സോമമധു കുടിപ്പുവാൻ. 1

എന്നുടെയിസ്തുതിയെയു,–
മെന്നുടെയീ വിളിയെയും
ആകർണ്ണിപ്പിന,ശ്വികളേ,
സോമമധു കുടിപ്പുവാൻ. 2

അന്നധനസമേതരാ–
മശ്വികളേ, കൃഷ്ണനിതാ,
നിങ്ങളെ വിളിച്ചീടുന്നു,
സോമമധു കുടിപ്പുവാൻ. 3

---

8. സുപ്രജ്ഞനെ—അഗ്നിയെ. മോടിപ്പെടുത്തുന്നു—പരിചരിപ്പുന്നു. ധീരർ—ധീമാന്മാർ, യജമാനന്മാർ.

9. അവൻ—ആർ അങ്ങയെ സ്തുതിപ്പുമോ, അവൻ. സാരക്ഷേമം—പ്രബലമായ ക്ഷേമത്തോടേ. കൊല്ലും—ശത്രുക്കളെ. വീരന്മാർ—പുത്രാദികൾ.

സൂക്തം 85.

3. അന്നധനസമേതർ=അന്നത്തോടും ധനത്തോടുംകൂടിയവർ കൃഷ്ണൻ—ഞാൻ.

നേതാക്കളേ, നതി ചൊല്ലും
സ്തോതാവായ കൃഷ്ണനുടെ
ആഹ്വാനം കേൾക്കുവിൻ, നിങ്ങൾ
സോമമധു കുടിയ്ക്കുവാൻ! 4

മേധാവിയാം സ്തോതാവിന്നു,
ബാധയേശാത്തൊരു ഗൃഹം
നേതാക്കളേ, തന്നരുൾവിൻ,
സോമമധു കുടിയ്ക്കുവാൻ! 5

ഇപ്രകാരം സ്തുതിപ്പോനാ-
മപ്പ്കന്റെ ഗൃഹത്തിങ്കൽ
ആഗമിപ്പി,നശ്വികളേ,
സോമമധു കുടിയ്ക്കുവാൻ! 6

വിത്തവർഷികളേ, നിങ്ങ-
ളുത്ത്യുറപ്പൊത്ത തേരിൽ
രാസഭത്തെപ്പൂട്ടിയാലും,
സോമമധു കുടിയ്ക്കുവാൻ! 7

മുമ്മറകൾ, മുന്നുകത്ത-
ണ്ടി——മൊട്ടൊത്ത തേരിലൂടേ
ആഗമിപ്പിന,ശ്വികളേ,
സോമമധു കുടിയ്ക്കുവാൻ! 8

അശ്വികളേ, നാസത്യരേ,
തൽക്ഷണമെൻ നതികളെ
ക്ഷേമപ്പെടുത്തുവിൻ, നിങ്ങൾ
സോമമധു കുടിയ്ക്കുവാൻ! 9

——

4. ആഹ്വാനം——വിളി.

5. സോമമധു കുടിയ്ക്കുവാൻ——എനിയ്ക്കു ഗൃഹം തന്നാൽ, ഞാൻ നിങ്ങൾക്കു സോമം നിവേദിയ്ക്കും.

6. അപ്പ്കൻ——ഹവിർദ്ദാതാവ്.

7. രാസഭം——അശ്വത്തിന്റെ പേര്.

8. മൂന്നു മറകളും, മൂന്നു നുകത്തണ്ടുകളുമുള്ള.

9. ക്ഷേമപ്പെടുത്തുവിൻ——സ്വീകരിയ്ക്കുവിൻ എന്നു സാരം.

സൂക്തം 86.

കൃഷ്ണപുത്രൻ വിശ്വകനോ, കൃഷ്ണൻതന്നെയോ ഋഷി; ജഗതി ഛന്ദസ്സ്; അശ്വികൾ ദേവത.

ദസ്രരേ, സുഖമുളവാക്കുന്ന വൈദ്യന്മാരായ നിങ്ങളിരുവരും ദക്ഷന്റെ സ്തുതിയിൽ സംബന്ധിച്ചുവല്ലോ; ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്. (കടിഞ്ഞാണ)ഴയ്ക്കുവിൻ! 1

എങ്ങനെയായിരിയ്ക്കാം, നിങ്ങളെ പണ്ടു വിമനസ്സു സ്തുതിച്ചത്? മികച്ച ധനം നേടാൻ ബുദ്ധികൊടുത്തുവല്ലോ, നിങ്ങൾ. ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 2

വളരെയാളുകളെ ഊട്ടുന്നവരേ, നിങ്ങൾതന്നെയാണല്ലോ, വിഷ്ണാപൂവിന്നു മികച്ച ധനം നേടാൻ ഈ വളച്ച്യുണ്ടാക്കിയത്; ആ നിങ്ങളെ വിശ്വകൻ പുത്രലാഭത്തിന്നായി വിളിയ്ക്കുന്നു. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 3

ആ ദൂരത്തുതന്നെ മേവുന്ന വീരനെ, സമാർജ്ജിതധനനെ, ഋജീഷിയെ ഞങ്ങൾ രക്ഷയ്ക്കായി വിളിയ്ക്കുന്നു: അവന്റെ നല്ല സ്തുതി, അച്ഛന്റേതുപോലെ മധുരതരമാണല്ലോ. നമ്മുടെ സഖ്യം നിങ്ങൾ വിടുത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 4

സവിതാവായ ദേവൻ സത്യംകൊണ്ടടങ്ങുന്നു; സത്യത്തിന്റെ കൊടുമുടിയെ വിശാലമാംവണ്ണം പരത്തുന്നു. യുദ്ധോദ്യതന്റെ

സൂക്തം 86.

1. ദക്ഷൻ—ദക്ഷപ്രജാപതി. സഖ്യം—സേവ്യസേവകത്വജനിതമായ മൈത്രി. കടിഞ്ഞാണഴയ്ക്കുവിൻ—ഇങ്ങോട്ടു പോരാൻ തേരിൽക്കേറി, കുതിരകളുടെ കടിഞ്ഞാൺ (അവ വേഗത്തിലോടാൻ) അഴച്ചുപിടിയ്ക്കുവിൻ.

2. വിമനസ്സ്—ഒരൃഷി. കൊടുത്തുവല്ലോ—വിമനസ്സിന്ന്.

3. വിഷ്ണാപൂവ്—വിശ്വകന്റെ പുത്രൻ.

4. വീരനെ—വിഷ്ണാപൂവിനെ.

കനത്ത ബലത്തെയും സത്യം കീഴമത്തുന്നു. നമ്മുടെ സഖ്യം നി
ങ്ങറം വിട്ടത്തരുത്; കടിഞ്ഞാണഴയ്ക്കുവിൻ! 5

സൂക്തം 87.

വസിഷ്ഠപുത്രൻ ദ്യമ്നീകനോ, അംഗിരോഗോത്രൻ പ്രിയമേധനോ, കൃഷ്ണൻ തന്നെയോ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകറം; അശ്വികറം ദേവത.

അശ്വികളേ, നിങ്ങളെ സ്തുതിയ്ക്കുന്നതിനാൽ ദ്യമ്നീകൻ, മഴ
യാൽ കിണറുപോലെ (വളരും). നിങ്ങറം സോമനീരിന്നെഴുന്നള്ളു
വിൻ: അവൻ യജ്ഞത്തിൽ അരിമപ്പെട്ടും. നേതാക്കളേ, നി
ങ്ങറം, ജലാശയത്തിൽ രണ്ടു ഗൌരമൃഗങ്ങറംപോലെ പാനംചെയ്യു
വിൻ! 1

അശ്വികളേ, മഹാവീരത്തിലെ മധു കുടിയ്ക്കുവിൻ; നേതാക്ക
ളേ, ദർഭയിലിരിയ്ക്കുവിൻ. ആ നിങ്ങറം മനുഷ്യന്റെ ഗൃഹത്തിൽ
മത്തുപൂണ്ടു, ധനവും ആയുസ്സും രക്ഷിച്ചരുളുവിൻ! 2

നിങ്ങളെയും എല്ലാ രക്ഷകളെയും പ്രിയമേധൻ വിളിച്ചു
വല്ലോ; അതിനാൽ നിങ്ങറം ദർഭ മുറിച്ചവന്റെ തികഞ്ഞ ഹവി
സ്സിന്നായി പുലർകാലത്തു ഗൃഹത്തിലെഴുന്നള്ളുവിൻ! 3

അശ്വികളേ, നിങ്ങറം സോമമധു നുകരുവിൻ; അഴകോടേ
ദർഭയിലിരിയ്ക്കുവിൻ. അങ്ങനെ വളർച്ചകൊള്ളുന്ന നിങ്ങറം സ്വർഗ്ഗ
ത്തിൽനിന്നു ശോഭനസ്തുതിയിലെയ്ക്കു, രണ്ടു ഗൌരമൃഗങ്ങറം ജലാശ
യത്തിലെയ്ക്കെന്നപോലെ വരുവിൻ! 4

---

5. അടങ്ങുന്നു——സായംകാലത്തു ശാന്തകിരണനായിത്തീരുന്നു. പരത്തുന്നു——പ്രാതഃകാലത്ത്. ഇത്ര മഹത്തായ സത്യത്തെ നിങ്ങളും അനുവത്തിയ്ക്കണം——സേവ്യൻ സേവകന്റെ സഖാവായിനില്ക്കണം.

സൂക്തം 87.

1. അവൻ (ദ്യമ്നീകൻ) അരിമപ്പെട്ടും——സ്തോതൃത്വത്താൽ നിങ്ങറംക്കു പ്രിയനായിവരും. പാനംചെയ്യുവിൻ——സോമം.

2. മധു——പാലും സോമവും. ധനവും ആയുസ്സും——അവന്റെ.

3. ദർഭ മുറിച്ചവന്റെ——യജമാനന്റെ.

അശ്വികളേ, നിങ്ങൾ ഉടനേ ദേഹത്തിൽ എണ്ണയിഴകിയ കുതിര കളിലൂടേ വന്നെത്തുവിൻ: ദസ്രരേ, പൊന്നിൻതേരുള്ളവരേ, ഉദ കരക്ഷികളേ, സത്യവർദ്ധകരേ, സോമം കടിയ്ക്കുവിൻ! 5

അശ്വികളേ, സ്തുതിയ്ക്കുന്ന മേധാവികളായ ഞങ്ങൾ അന്നം കിട്ടാൻ നിങ്ങളെത്തന്നെ വിളിച്ചുകൊള്ളുന്നു: ദസ്രരേ, മിടുക്കോടേ നടക്കുന്നവരും ബഹുകർമ്മാക്കളുമായ നിങ്ങൾ സ്തുതി കേട്ടു വേഗം വന്നെത്തുവിൻ! 6

സൂക്തം 88.

ഗോതമഗോത്രൻ നോധസ്സ് ഋഷി; പ്രഗാഥം ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

പാത്രത്തിലെ സോമംകൊണ്ടു മത്തുപിടിയ്ക്കുന്നവനും, അമി ത്രരെ അമർത്തുന്നവനും, ദർശനീയനുമായ നിങ്ങളുടെ ആ ഇന്ദ്ര നെ ഞങ്ങൾ അഹസ്സുകളിൽ, പൈക്കൾ കുട്ടിയെയെന്നപോലെ, നോക്കി സ്തുതിച്ചുകൊള്ളുന്നു. 1

ബലങ്ങളാൽച്ചുററപ്പെട്ട മലപോലിരിയ്ക്കുന്നവനും, വളരെ യാളുകളാൽ ഊട്ടപ്പെടേണ്ടവനും, വിണ്ണിൽ വാഴുന്നവനുമായ ശോ ഭനദാനനോടു ഞങ്ങൾ ചെല്ലപ്പെട്ടു, നൂറായിരം ധനത്തോടും ഗോ ക്കളോടുംകൂടിയ അന്നം ചിക്കെന്നു യാചിയ്ക്കുന്നു. 2

ഇന്ദ്ര, നിന്തിരുവടിയെ ഉറപ്പുററ പെരുമലകൾപോലും തടു ക്കുകയില്ല—അങ്ങ് എന്നെപ്പോലെയുള്ള ഒരു സ്തോതാവിന്നു കൊ ടുക്കാൻ നിശ്ചയിച്ചാൽ, ആ ധനം ആരും തട്ടിക്കളയില്ല! 3

ഭവാൻ പഠിപ്പും കെല്പുമുള്ള ഒരു പടയാളിയാണ്: നിലവി ളിപ്പിയ്ക്കുന്ന വിക്രമംകൊണ്ടു സകലരെയും കീഴമത്തും. ഗോതമരാൽ

---

5. ദേഹത്തിൽ എണ്ണയിഴകിയ—സ്നിഗ്ദ്ധവപുസ്സുകളായ.

സൂക്തം 88.

1. ഋത്വിഗ്യജമാനരോട്: പൈക്കൾ കുട്ടിയെ എന്നപോലെ—പെററ പൈക്കൾ തൊഴുത്തിൽ കുട്ടിയെനോക്കി ഉമ്പയിടുന്നതുപോലെ.

2. ഊട്ടപ്പെടേണ്ടവൻ—ഹവിസ്സർപ്പിയ്ക്കപ്പെടേണ്ടവൻ.

ആവിഷ്കൃതനായ ആ നിന്തിരുവടിയെ ഈ സ്തോതാവ് രക്ഷ
സ്സായി ഇങ്ങോട്ടു തിരിയിയ്ക്കുന്നു! 4

ഇന്ദ്ര, അവിടുന്ന് ഓജസ്സുകൊണ്ടു സ്വർഗ്ഗത്തിന്റെ ചുററളവി
നെക്കാരം കവിഞ്ഞിരിയ്ക്കുന്നു; ഭൂലോകവും അങ്ങയോടൊക്കില്ല.
ആ നിന്തിരുവടി അന്നം തരാനുറച്ചാലും! 5

മഘവാവേ, അവിടുന്നു ഹവിർദ്ദാതാവിന്നു കല്പിച്ചുകൊടുക്കു
മ്പോരം, അങ്ങയുടെ ആ ധനത്തെ ആരും വിലക്കില്ല. അയച്ചു
കൊടുക്കുന്ന അത്യുദാരനായ ഭവാൻ, ഞങ്ങളുടെ സ്തുതി അന്നം കി
ട്ടാനാണെന്നറിഞ്ഞാലും! 6

സൂക്തം 89.

അംഗിരോഗോത്രരായ നൃമേധനും പുരുമേധനും ഋഷികരം; പ്രഗാഥവും
അനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.

മിതസ്വരന്മാരേ, തുലോം പാപനാശനമായ ബൃഹത്സാമം
നിങ്ങരം ഇന്ദ്രന്നായി പാടുവിൻ: ഇതുകൊണ്ടാണല്ലോ, യജ്ഞവർ
ദ്ധകന്മാർ ദേവന്നുവേണ്ടി, ഉണർവേകി വിളങ്ങുന്ന ജ്യോതിസ്സി
നെ ആവിർഭവിപ്പിച്ചത്! 1

അസ്തോതാക്കളെ ഹനിയ്ക്കുന്ന ഇന്ദ്രൻ ശത്രുബാധകരം പേുക്കി
തിളങ്ങുന്ന പുകരം നേടിയിരിയ്ക്കുന്നു. ഇന്ദ്ര, തേജസ്സേറിയവനേ,
മരുത്പാനേ, ദേവന്മാർ സഖ്യത്തിന്ന് അങ്ങയെ പിടിച്ചുനിർ
ത്തുന്നു! 2

---

4. ഗോതമർ—ഗോതമഗോത്രക്കാർ ആവിഷ്കൃതനായ—യജ്ഞത്തിൽ
പ്രത്യക്ഷനാക്കപ്പെട്ട. ഈ സ്തോതാവ്—ഞാൻ.

6. അയച്ചുകൊടുക്കുന്ന—സ്തോതാക്കരംക്കു ധനം.

സൂക്തം 89.

1. സ്തോതാക്കളോട്; യജ്ഞവർദ്ധകന്മാർ—ദേവന്മാർ. ദേവൻ—ഇന്ദ്രൻ.
ജ്യോതിസ്സിനെ—സൂര്യനെ.

2. ഉത്തരാർദ്ധം പ്രത്യക്ഷം:

മിതസ്വരന്മാരേ, നിങ്ങളുടെ മഹാനായ ഇന്ദ്രന്നു നിങ്ങൾ ബൃഹത്തു ചൊല്ലുവിൻ: ആ പാപനാശനനായ ശതക്രതു നൂറുമൊട്ടുള്ള വജ്രംകൊണ്ടു വൃത്രനെ വധിയ്ക്കട്ടെ! 3

കീഴമർത്തലിൽ മനസ്സുപതിഞ്ഞവനേ, വളരെ അന്നമുണ്ടല്ലോ, ഭവാൻെറപക്കൽ; അതു ക്ലേശമാതെ കൊണ്ടുവന്നാലും. അമ്മമാരായ തണ്ണീരുകൾ വേഗത്തിൽ ഇറങ്ങിവരട്ടെ: ഭവാൻ മേഘത്തെ പിളർത്തുക; സകലത്തെയും ജയിയ്ക്കുക! 4

ഒന്നാമനായ മഘവാവേ, വൃത്രവധത്തിന്നാണല്ലോ, ഭവാൻ പിറന്നത്; അതോടേ, മന്നിനെ ഉറപ്പിച്ചു; വിണ്ണിന്നു താങ്ങു കൊടുത്തു! 5

അതോടെ യജ്ഞം പിറന്നു; മന്ത്രവും പുഞ്ചിരിയിട്ടു. ജനിച്ചതും, ജനിപ്പാനിരിയ്ക്കുന്നതുമായ ജഗത്തെല്ലാം അവിടുന്നു കീഴടക്കി! 6

നിന്തിരുവടി ഇളംപൈക്കളിൽ കൊഴുത്ത പാൽ വെച്ചു. സൂര്യനെ വാനിൽ കേററി. നിങ്ങൾ (ഇന്ദ്രനെ) നല്ല സ്തുതികൾകൊണ്ടു, സാമങ്ങൾകൊണ്ടു മഹാവീരത്തെയെന്നപോലെ ചൂടുപിടിപ്പിയ്ക്കുവിൻ—സ്തുതിസേവ്യന്നായി ബൃഹത്തു (പാടുവിൻ)! 7

സൂക്തം 90.

നൃമേധനും പുരുമേധനും ഋഷികൾ; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

അറാത്ത വിൽഞാണുള്ളവൻ, സ്തുതികൊണ്ട് അഭിമുഖനാക്കപ്പെടേണ്ടവൻ, ആഹവങ്ങളിലെല്ലാം ആഹ്വാതവ്യൻ—ഇങ്ങനെ

---

3. സ്തോതാക്കളോട്: ബൃഹത്ത്—ബൃഹത്സാമം.

4. കീഴമർത്തലിൽ—ശത്രുക്കളെ കീഴമർത്തുന്നതിൽ. അമ്മമാർ—പോററി വളർത്തുന്നവ.

6. പുഞ്ചിരിയിട്ടു—സന്തോഷിച്ചു.

7. സൂര്യനെ വാനിൽ കേററി—അസുരന്മാർ ഗോക്കളെ ഒളിപ്പിച്ച, ഇരുളടഞ്ഞ സ്ഥലം കണ്ടുപിടിപ്പാൻ. ഉത്തരാർദ്ധം സ്തോതാക്കളോട്: ചൂടുപിടിപ്പിയ്ക്കുവിൻ—ഉശിർപിടിപ്പിയ്ക്കുവിൻ.

യുള്ള വൃത്രഘ്നനായ ഇന്ദ്രൻ നമ്മുടെ സ്തോത്രങ്ങളെയും സവനങ്ങളെയും സമാസ്വദിയ്ക്കട്ടെ! 1

ഒന്നാമനായ ധനദാതാവാണ്, നിന്തിരുവടി; ഐശ്വര്യം നല്കുന്ന സത്യകർമ്മാവുമാണ്. അതിനാൽ, ബഹുധനനും ബലസുതനുമായ മഹാനോടു ഞങ്ങൾ തക്കവ യാചിച്ചുകൊള്ളുന്നു. 2

ഇന്ദ്ര, സ്തുതികൊണ്ടു വശീകരിയ്ക്കപ്പെടേണ്ടവനേ, അങ്ങയെക്കുറിച്ച് അത്യുക്തിയില്ലാത്ത സ്തോത്രം ചമയ്ക്കപ്പെട്ടിരിയ്ക്കുന്നു: ഇന്ദ്ര, അങ്ങയ്ക്കു യോഗ്യമായ അന്നു ഞങ്ങൾ ചൊല്ലാം; ഹര്യശ്വ, കേട്ടാലും! 3

മഘവാവേ, തലകുനിയ്ക്കാത്ത സത്യകർമ്മാവായ ഭവാൻ വളരെ രക്ഷസ്സുകളെ കമ്പിടുവിച്ചിരിയ്ക്കുന്നുവല്ലോ; ബലിഷ്ഠ, വജ്രപാണേ, ആ നിന്തിരുവടി ഹവിർദ്ദാതാവിന്നു ധനം ഇങ്ങോട്ടയച്ചാലും! 4

ഇന്ദ്ര, ബലപാലക, ഋജീഷവാനായ ഭവാൻ പുകഴ്ത്തപ്പെട്ടിരിയ്ക്കുന്നു: അകററാൻ വയ്യാത്ത, എതിരില്ലാത്ത രക്ഷസ്സുകളെ അവിടുന്നു തനിയേ മനുഷ്യരക്ഷിയായ (വജ്രംകൊണ്ടു)വധിച്ചുവല്ലോ! 5

ബലവാനേ, പ്രകൃഷ്ടജ്ഞാനനായ നിന്തിരുവടിയോടു ഞങ്ങൾ, ഭാഗമെന്നപോലെ ധനം യാചിയ്ക്കുന്നു. ഇന്ദ്ര, വലിയ യശസ്സുപോലെ ഗൃഹവുമുണ്ടല്ലോ, അങ്ങയ്ക്ക്; അങ്ങയുടെ ആ സുഖങ്ങളും ഞങ്ങളിലെത്തട്ടെ! 6

സൂക്തം 91.

അത്രിപുത്രി അപാല ഋഷി; പംക്തിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

വെള്ളത്തിന്നുപോയ സ്ത്രീയ്ക്കു വഴിയിൽവെച്ച് ഒരു സോമലത കിട്ടി; അതു ഗൃഹത്തിലെയ്ക്കു കൊണ്ടുപോരുമ്പോൾ അവൾ

സൂക്തം 90.

2. പ്രത്യക്ഷോക്തി: തക്കവ——ധനങ്ങൾ.

6. ഭാഗമെന്നപോലെ——മക്കൾ അച്ഛന്റെ സ്വത്തിൽ തങ്ങൾക്കുള്ള പങ്ക് അപേക്ഷിയ്ക്കുന്നതുപോലെ.

പറഞ്ഞു:—'നിന്നെ ഞാൻ ഇന്ദ്രന്നായി പിഴിയാം— നിന്നെ ഞാൻ ശക്രന്നായി പിഴിയാം!' 1

വീരനായി വിളങ്ങുന്ന ഭവാൻ ഗൃഹത്തിൽ ഗൃഹത്തിൽ ചെല്ലാറുണ്ടല്ലോ; ആ ഭവാൻ, പല്ലുകൾകൊണ്ടു പിഴിഞ്ഞു സ്തോത്രം ചൊല്ലപ്പെട്ട ഇതു പൊരിയവിലിനോടും മലർപ്പൊടിയോടും അപ്പങ്ങളോടുംകൂടി കടിച്ചാലും! 2

ഞങ്ങൾക്കു് അങ്ങയെ അറിയണമെന്നുണ്ടു്; അങ്ങു് ആരാണെന്നു മനസ്സിലായില്ല. 'സോമമേ, നീ ഇന്ദ്രന്നായി പതുക്കെയും വേഗത്തിലും നീരൊഴുക്കുക!' 3

ഇന്ദ്രൻ ഞങ്ങളെ വളരെയുരു ശക്തിപ്പെടുത്തട്ടെ—വളരെ ചെയ്യട്ടെ; വളരെയുരു ധനികരാക്കട്ടെ. വളരെയുരു,ഭർത്താവു ദ്വേഷിച്ചതിനാൽ വിട്ടുപോന്ന ഞങ്ങൾ ഇന്ദ്രനോടു ചേരുമാറാകണം! 4

സൂക്തം 91.

1. ഒരു ത്വഗ്രോഗം ബാധിച്ചതിനാൽ ഭർത്തൃപരിത്യക്തയായ അപാല അച്ഛന്റെ (അത്രിയുടെ) ആശ്രമത്തിൽ വസിച്ചു് ഇന്ദ്രനെ തപസ്സുചെയ്യുകയായി. അന്നൊരിക്കൽ പുഴയിൽ കുളിപ്പാൻ പോന്ന അവൾക്കു് ഒരു സോമലത കിട്ടി: അതു് അവൾ വഴിയിൽവെച്ചുതന്നെ കടിച്ചുതിന്നാൻ തുടങ്ങി. കടിക്കുമ്പോഴത്തെ പല്ലൊച്ച കേട്ടിട്ടു്, അമ്മിമേൽ സോമലത ചതക്കുയാണെന്നു വിചാരിച്ചു് ഇന്ദ്രൻ വന്നെത്തി, 'ഇവിടെ സോമം പിഴിയുന്നുണ്ടോ' എന്നു ചോദിച്ചു. അപാല പറഞ്ഞു:—ഇല്ല: ഒരു സ്ത്രീ സോമലത തിന്നുന്നുണ്ടു്; അതിന്റെ ശബ്ദമാണിതു്.' ഇതു കേട്ടു് ഇന്ദ്രൻ മടങ്ങി. അതു കണ്ടു് അവൾ വീണ്ടും പറഞ്ഞു:—'പോകേണ്ടാ: എന്റെ ഗൃഹത്തിലെയ്ക്കുപോന്നാൽ ഞാൻ സൽക്കരിക്കാം.' ഇന്ദ്രനാകട്ടേ, കൊതിമൂലം അപാലയുടെ വായിൽനിന്നുതന്നേ സോമനീർ കടിച്ചു; സംതൃപ്തിയടഞ്ഞു! എന്നിട്ടദ്ദേഹം, 'നിനക്കെന്തുവരം വേണം?' എന്നു ചോദിച്ചു. അവൾ സ്വാഭീഷ്ടം അറിയിച്ചു; ഇന്ദ്രൻ അവളെ ദുഃഖവിമുക്തയുമാക്കി.

2. പല്ലൊച്ച കേട്ടു വന്നണഞ്ഞ ഇന്ദ്രനോടു് അപാല പറയുന്നു: ചെല്ലാറുണ്ടല്ലോ—സോമം കുടിപ്പാൻ. ഇതു സോമനീർ. അവൾ സോമനീരോടുകൂടി പൊരിയവിൽ മുതലായവയും നിവേദിച്ചു, സ്തുതിച്ചു എന്നർത്ഥം.

3. പതുക്കെയും വേഗത്തിലും—യാഗത്തിൽ അമ്മിക്കുഴകൊണ്ടു ചതക്കുമ്പോളെന്നപോലെ.

4. ഞങ്ങളെ—എന്നെ. വളരെ ചെയ്യട്ടെ—വളരെ ഗുണം വരുത്തട്ടെ. ഞങ്ങൾ—ഞാൻ.

ഇന്ദ്ര, ഇതാ, മൂന്നു സ്ഥാനങ്ങൾ: അച്ഛന്റെ തല, തരിശു
നിലം, എന്റെ ഗുഹ്യാംഗം; അവയിൽ ഭവാൻ മുളപ്പിച്ചാലും— 5

ഞങ്ങളുടെ ഈ തരിശുനിലം, എന്റെ ഈ അവയവം, അച്ഛ
ന്റെ തല ഇവയിലെല്ലാം രോമം മുളപ്പിച്ചാലും! 6

ഇന്ദ്ര, ശതക്രതോ, അവിടുന്ന് അപാലയെ തേരിന്റെ തുള
യിലും അച്ചുതണ്ടിന്റെ തുളയിലും, നുകത്തിന്റെ തുളയിലും മൂന്നു
പ്രാവശ്യം ഇട്ടു വലിച്ചു, സൂര്യവർണ്ണയാക്കിത്തീർത്തു! 7

സൂക്തം 92.

അംഗിരോഗോത്രൻ ശ്രുതകക്ഷനോ, സുകക്ഷനോ, ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നിങ്ങളുടെ സോമം കുടിയ്ക്കുന്ന ഇന്ദ്രനെക്കുറിച്ചു—സകലരെ
യും കീഴമർത്തുന്നവനും, മനുഷ്യർക്കു ധാരാളം കൊടുക്കുന്നവനുമായ
ശതക്രതുവിനെക്കുറിച്ചു—നിങ്ങൾ കേമമായി പാടുവിൻ! 1

പുരുഹൂതൻ, പുരുസ്തുതൻ, പാടിവാഴ്ത്തപ്പെടേണ്ടവൻ, പണ്ടേ
പുകൾപ്പെട്ടവൻ—ഇങ്ങനെയുള്ള ആൾ, ഇന്ദ്രനാണെന്നു നിങ്ങൾ
കീർത്തിയ്ക്കുവിൻ! 2

മുന്തിയ അന്നങ്ങൾ നല്കുന്ന, നൃത്തംചവിട്ടിയ്ക്കുന്ന, മഹാനായ
ഇന്ദ്രൻതന്നേ നമുക്കു മുട്ടിന്നുനേരേ നിന്നു തന്നരുളട്ടെ! 3

തൊപ്പിയണിഞ്ഞ ഇന്ദ്രൻ കേമമായി ഹോമിയ്ക്കുന്ന സുദക്ഷ
ന്റെ യവമാട്ടു കുറുക്കിയ സോമരസം കുടിച്ചുവല്ലോ; 4

---

5. 'നിനക്കെന്തു വരംവേണ?'മെന്നു ചോദിച്ച ഇന്ദ്രനോട്: തല—കഷണ്ടിത്തല.

6. ത്വഗ്രോഗംമൂലമാണ്, ഗുഹ്യാംഗം രോമവർജ്ജിതമായത്.

7. ത്വഗ്ദോഷശമനമത്രേ, ഈ സൂക്തം.

സൂക്തം 92.

1. ഋത്വിക്കുകളോട്:

3. നൃത്തംചവിട്ടിയ്ക്കുന്ന—പ്രാണികളെ ചേഷ്ടിപ്പിയ്ക്കുന്ന. മുട്ടിന്നുനേരേ നിന്ന്—മുൻഭാഗത്തു വർത്തിച്ച്. തന്നരുളട്ടെ—ധനം.

4. സുദക്ഷൻ—ഒരു ഋഷി.

ആ ഇന്ദ്രനെത്തന്നേ സോമപാനത്തിന്നു നിങ്ങരം സ്തുതിപ്പു
വിൻ: അതു തന്തിരുവടിയെ തടിപ്പിയ്ക്കുമല്ലോ! 5

ഈ തിളങ്ങുന്ന മധു കുടിച്ചിട്ടാണല്ലോ, ദേവൻ കെൽപു
കൊണ്ടു് ഉലകൊക്കെ കീഴടക്കിയതു്! 6

ചെന്നു കീഴമൎത്തുന്നവനും, നിങ്ങളുടെ എല്ലാ സ്തുതികളിലും
വ്യാപിച്ചവനുമായ തന്തിരുവടിയെത്തന്നേ ഭവാൻ രക്ഷയ്ക്കായി
ഇങ്ങോട്ടിറക്കുക— 7

എതിരററ അഹിംസിതനായ പടയാളിയെ, സോമപായി
യെ, അനിവാൎയ്യകൎമ്മാവിനെ, നേതാവിനെ! 8

ഇന്ദ്ര, സൎവസംപ്രാപ്യ, വിദ്വാനായ നിന്തിരുവടി ഞ
ങ്ങരംക്കു വളരെദ്ധനം തന്നാലും——ശത്രുസമ്പത്തുകൊണ്ടു ഞങ്ങളെ
രക്ഷിച്ചാലും! 9

ഇന്ദ്ര, ഭവാൻ അവിടെനിന്നുതന്നേ, നൂറുമായിരവും കരുത്തി
യന്ന അന്നരസത്തോടുകൂടി ഞങ്ങളിൽ എഴുന്നള്ളിയാലും! 10

ശക്ര, പൎവതങ്ങളെപ്പിളൎത്തവനേ, വജ്രിൻ, കൎമ്മികളായ
ഞങ്ങരം കൎമ്മമനുഷ്ഠിയ്ക്കുകയും, യുദ്ധങ്ങളിൽ അശ്വങ്ങളെക്കൊണ്ടു
ജയിയ്ക്കുകയുംചെയ്യുമാറാകണം! 11

ശതക്രതോ, ഞങ്ങരം അങ്ങയെത്തന്നേ, മാടുകളെ പുല്ലുകൊ
ണ്ടെന്നപോലെ, സ്തോത്രംകൊണ്ടു രമിപ്പിയ്ക്കുന്നു. 12

ശതക്രതോ, എല്ലാ മനുഷ്യരുടെയും സ്വഭാവമാണല്ലോ, ആ
ഗ്രഹിയ്ക്കുൽ; വജ്രിൻ, ഞങ്ങളും ആശകളുരംക്കൊള്ളുന്നു! 13

ബലപുത്ര, ഭവാങ്കലാണു്, അഭിലാഷശംസികരം നില്ക്കു
ന്നതു്: ഇന്ദ്ര, അങ്ങയ്ക്കുമീതേ ആരുമില്ല! 14

---

5. അതു—സോമപാനം.

6. മധു—മദകരമായ സോമം. ദേവൻ—ഇന്ദ്രൻ.

7. സ്തോതാവിനോടു്:

8. മുൻ ഋക്കിലെ തന്തിരുവടിയെ എന്നതിൻെറ വിശേഷണങ്ങരം.

10. അവിടെനിന്നു—സ്വൎഗ്ഗത്തിൽനിന്നു.

14. അഭിലാഷശംസികരം=അഭിലാഷങ്ങരം പറഞ്ഞുകൊണ്ടിരിയ്ക്കുന്നവർ. മററാരെ അറിയിയ്ക്കും, ഞങ്ങളുടെ അഭിലാഷങ്ങരം?

വൃഷാവേ, ആ നിന്തിരുവടി അത്യുദാരവും, പോഷകവും, ഘോരവും, പായിയ്ക്കുന്നതുമായ കർമ്മംകൊണ്ടു ഞങ്ങളെ കാത്തരുളണം! 15

ഇന്ദ്ര, ശതക്രതോ, ഇതാ, മുമ്പേത്തേപ്പോലെ, ഭവാനു മിന്നിത്തിളങ്ങുന്ന മധു; ഇപ്പോഴും ഭവാൻ ഇതുകൊണ്ട് ഇമ്പംപൂണ്ടു (ഞങ്ങളെ) ഇമ്പപ്പെടുത്തുക: 16

ഇന്ദ്ര, ഏററവും വിചിത്രകീർത്തിയുള്ളതും, ഏററവും പാപനാശനവും, ഏററവും ബലകരവുമാണല്ലോ, ഈ മധു! 17

വജ്രിവൻ, സത്യകർമ്മാവേ, സോമപായിൻ, ദർശനീയ, ഞങ്ങൾക്കറിയാം, അവിടുന്ന് ആളുകൾക്കെല്ലാം കല്പിച്ചുകൊടുത്തിട്ടുള്ളത്! 18

മത്തടിച്ചുപോരുന്ന ഇന്ദ്രന്നായി പിഴിഞ്ഞതിനെ നമ്മുടെ സ്തുതികൾ ചുഴലട്ടെ; പൂജനീയത്തെ സ്തോതാക്കൾ പൂജിയ്ക്കട്ടെ! 19

എല്ലാശ്ശോഭയും ആരിലോ ഏറെ; സപ്തഹോതാക്കൾ ആരെ സ്തുതിയ്ക്കുന്നുവോ; ആ ഇന്ദ്രനെ ഞങ്ങൾ പിഴിഞ്ഞുവെച്ചു വിളിയ്ക്കുന്നു. 20

ദേവന്മാർ യാതൊരു ജ്ഞാനസാധനത്തെ ത്രികദ്രുകങ്ങളിൽ വിപുലീകരിച്ചുവോ; ആ യജ്ഞത്തെത്തന്നേ നമ്മുടെ സ്തുതികൾ വർദ്ധിപ്പിയ്ക്കട്ടെ! 21

ഇന്ദ്ര, നദികൾ സമുദ്രത്തിലെന്നപോലെ, സോമരസങ്ങൾ ഭവാനിൽ കടക്കട്ടെ: ആരുമില്ല, അങ്ങയ്ക്കു മീതെ! 22

ഇന്ദ്ര, വൃഷാവേ, ഉണർവുററവനേ, അങ്ങയുടെ വയററിൽ യാതൊന്നോ, ആ സോമം കുടിപ്പാൻ അവിടുന്നു മഹത്ത്വത്താൽ എങ്ങും വ്യാപിപിരിയ്ക്കുന്നു! 23

ഇന്ദ്ര, വൃത്രഹന്താവേ, സോമം തിരുവയററിന്നു തികയട്ടെ—സോമനീർ അങ്ങയുടെ ശരീരങ്ങൾക്കു തികയട്ടെ! 24

---

15. പായിയ്ക്കുന്നതും—ശത്രുക്കളെ. ധാരാളം ധനം തന്നും, ശത്രുക്കളെ പേടിപ്പിച്ചോടിച്ചും ഞങ്ങളെ രക്ഷിയ്ക്കണം.

18. ആളുകൾ—യഷ്ടാക്കൾ. കൊടുത്തിട്ടുള്ളത്—ധനം.

19. പിഴിഞ്ഞിട്ടുള്ളതിനെ—സോമത്തെ.

21. ത്രികദ്രുകങ്ങൾ—കർമ്മവിശേഷങ്ങൾ.

24. സോമം—ഞങ്ങളുടെ. ശരീരങ്ങൾക്ക്—ബഹുരൂപനാണല്ലോ, ഇന്ദ്രൻ.

ശ്രുതകക്ഷൻ അശ്വലാഭത്തിന്നു മതിയാവോളം, ഗോലാഭത്തിന്നു മതിയാവോളം, ഗൃഹലാഭത്തിന്നു മതിയാവോളം ഇന്ദ്രനെപ്പററി പാടുന്നു. 25

ഇന്ദ്ര, ഞങ്ങരം പിഴിഞ്ഞ സോമങ്ങരംക്ക് അവിടുന്നുതന്നെ, പോന്നവൻ; ശക്ര, ദാതാവായ ഭവാന്നു തികയട്ടെ! 26

വജ്രിൻ, ഞങ്ങളുടെ സ്തുതികരം അതിദൂരത്തുനിന്നുതന്നെയും ഭവാങ്കലെത്തട്ടെ: അപ്പോരം, ഭവാങ്കൽനിന്നു മതിയാവോളം കിട്ടുമല്ലോ, ഞങ്ങരംക്ക്! 27

വീരന്മാരെ തേടുന്നവനും, ശൂരനും, സ്ഥിരനുമാണല്ലോ, അവിടുന്ന്; അങ്ങയുടെ മനസ്സ് ആരാധനീയംതന്നെ! 28

ബഹുധന, ഇന്ദ്ര, എല്ലാക്കർമ്മികരംക്കും അവിടുന്നു കൊടുത്തുപോരുന്നുണ്ടല്ലോ; എന്നെയും സഹായിയ്ക്കുക! 29

ബലപതേ, അവിടുന്ന് ഒരു മടിയനായ ബ്രാഹ്മണനെപ്പോലെയാകരുത്; ഗവ്യമിശ്രിതമായ സോമംകൊണ്ടു മത്തുപൂണ്ടാലും! 30

ഇന്ദ്ര, രാത്രികളിൽ രക്ഷസ്സുകരം ആയുധം ചാട്ടിക്കൊണ്ടു ഞങ്ങളെ എതിർക്കരുത്; അവരെ അങ്ങയുടെ തുണയാൽ ഞങ്ങരം ഹനിയ്ക്കുമാറാകണം! 31

ഇന്ദ്ര, അങ്ങയുടെ തുണയാൽത്തന്നെ, ഞങ്ങരം മാററലരോടു മറുപടി പറയുമാറാകണം: അങ്ങ് ഞങ്ങളുടെയാണ്; ഞങ്ങരം അങ്ങയുടെയാണ്! 32

ഇന്ദ്ര, ഭവൽക്കാമന്മാരായി പേർത്തും പേർത്തും സ്തുതിയ്ക്കുന്ന സഖാക്കളായ സ്തോതാക്കരം അങ്ങയെത്തന്നേ പരിചരിയ്ക്കുമാറാകട്ടെ! 33

---

26. സോമങ്ങരംക്ക്——സോമം മുഴുവൻ കുടിപ്പാൻ.

27. കിട്ടുമല്ലോ——ധനം.

28. തേടുന്നവനും——പൊരുതിജ്ജയിപ്പാൻ. സ്ഥിരൻ——യുദ്ധത്തിൽ ഉറച്ചുനില്ക്കുന്നവൻ. മനസ്സ്——ശത്രുവധോത്സാഹവും ധീരതയും മററും.

30. മടിയനായ——യാതൊരു വേലയും ചെയ്യാത്ത.

സൂക്തം 93.

സുകക്ഷൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

സൂര്യനായുള്ളോവേ, നിന്തിരുവടിതന്നെയാണല്ലോ, വിശ്രുതധനനും വൃഷാവും മനുഷ്യഹിതകർമ്മാവും, അത്യുദാരനുമായി ഉദിയ്ക്കുന്നത്! 1

യാതൊരുവൻ കൈക്കരുത്തുകൊണ്ടു തൊണ്ണൂററൊമ്പതു പുരികൾ പൊളിച്ചുവോ, ആ വൃത്രഘ്നൻ മേഘത്തെയും പിളർത്തി! 2

ആ സുമംഗളനും സഖാവുമായ ഇന്ദ്രൻ നമുക്കു കുതിരകളെയും മാടുകളെയും യവത്തെയും, ഒരു പാലൊഴുക്കുന്ന പയ്യുപോലെ ചുരത്തിത്തരട്ടെ! 3

വൃത്രഹന്താവായ സൂര്യ, ഭവാൻ ഇന്ന് എന്തെന്തിന്നായി ഉദിച്ചുവോ; ഇന്ദ്ര, അതൊക്കെ അങ്ങയുടെ വരുതിയിൽത്തന്നെ! 4

വർദ്ധിച്ചിയങ്ങുന്നവനേ, സൽപതേ, നിന്തിരുവടി, 'ഞാൻ മരിയ്ക്കില്ലെ'ന്നു വിചാരിച്ചാൽ, അതും യഥാർത്ഥംതന്നെ! 5

ഇന്ദ്ര, ദൂരത്തും, ദൂരത്തും അകലത്തും, ദൂരത്തും അരികത്തും യാവചില സോമങ്ങൾ പിഴിയപ്പെടുമോ, അവയിലെല്ലാം അവിടുന്നു ചെന്നെത്തും! 6

ക്രൂരനായ വൃത്രനെക്കൊല്ലാൻ ആ ഇന്ദ്രനെ നാം ബലപ്പെടുത്തുക: ആ വൃഷാവു ചൊരിഞ്ഞുതരട്ടെ! 7

ആ ഇന്ദ്രൻ ദാനത്തിന്നു സൃഷ്ടിയ്ക്കപ്പെട്ടവനാണ്; ആ ബലിഷ്ഠൻ മധുവിന്നു നിയമിയ്ക്കപ്പെട്ടവനാണ്; യശസ്വിയും സ്തുതനും സോമാർഹനുമാണ,വിടുന്ന്! 8

സൂക്തം 93.

1. ഉദിയ്ക്കുന്നത്—യജ്ഞത്തിൽ ആവിർഭവിയ്ക്കുന്നത്.

3. പയ്യുപോലെ—പയ്യു കുട്ടിയ്ക്കു പാലെന്നപോലെ.

4. അതൊക്കെ—ജഗത്തെല്ലാം.

5. സൽപതേ = നക്ഷത്രാധിപ. യഥാർത്ഥംതന്നെ—അവിടെയ്ക്കു മരണമില്ലല്ലോ.

7. ചൊരിഞ്ഞുതരട്ടെ—ധനം.

8. സൃഷ്ടിയ്ക്കപ്പെട്ടവനാണ്—പ്രജാപതിയാൽ. മധു—മാദകമായ സോമം.

വജ്രമെന്നപോലെ സ്തുതികൊണ്ടു മൂർച്ചക്കൂട്ടപ്പെട്ട ബലവാനും, അധർഷിതനും, അഹിംസിതനും, കൊണ്ടുവരാനിച്ഛിയ്ക്കുന്നവനുമാണ്, ആ മഹാൻ! 9

ഇന്ദ്ര, സ്തോത്രസേവ്യ, സ്തുതിയ്ക്കപ്പെടുന്ന ഭവാൻ ഞങ്ങൾക്ക ദുർഗ്ഗമവും സുഗമമാക്കുക; മഘവാവേ, മനസ്സുംവെയ്ക്കുക! 10

നിന്തിരുവടിയുടെ ആജ്ഞയെയും സ്വാരാജ്യത്തെയും ഒരു ദേവനോ, അജ്ഞാതഗമനനോ, മനുഷ്യനോ അന്നും ഇന്നും ലംഘിച്ചിട്ടില്ല! 11

നല്ല തൊപ്പിയിട്ടവനേ, ദ്യാവാപൃഥിവികളാകുന്ന ഇരുദേവിമാരും അങ്ങയുടെ അനിരോധ്യമായ ബലത്തെ ആരാധിച്ചുപോരുന്നു! 12

അവിടുന്നാണല്ലോ, കറുത്ത പൈക്കളിലും ചെമന്ന പൈക്കളിലും ഈ വെളുത്ത പാൽ വെച്ചത്! 13

വൃത്രന്റെ ചെന്തീക്കൂർക്കത്താൽ ദേവകളെല്ലാം അലഞ്ഞുനടക്കുകയുണ്ടായല്ലോ: ആ മൃഗരൂപന്റെ ബലം അവരെ ആക്രമിച്ചിരുന്നു. 14

അനന്തരം എന്റെ (ഇന്ദ്രൻ) വൃത്രനെ തടുത്തു കൊന്നു; ബലം ഉറപ്പിച്ചു; നിസ്സപത്നനും അഹിംസിതനുമായിത്തീർന്നു! 15

ത്തുലോം വൃത്രഹന്താവായ പുകഴ്പ്പെട്ട ബലവാനെക്കൊണ്ടു ഞാൻ മനുഷ്യരായ നിങ്ങൾക്ക വമ്പിച്ച സമ്പത്തു തരുവിയ്ക്കാം! 16

ബഹുനാമാവേ, ബഹുസ്തുത, അവിടുന്നു സോമത്തിൽ സോമത്തിൽ സംബന്ധിയ്ക്കുമല്ലോ; അപ്പോൾ ഞങ്ങൾക്ക ഗോകാംക്ഷ നിറവേറുമാറാകട്ടെ! 17

വളരെയെണ്ണം ഹോമിയ്ക്കപ്പെടുന്ന വൃത്രഘ്നൻ നമ്മുടെ മനസ്സറിയട്ടെ; ശക്രൻ സ്തോത്രം ശ്രവിയ്ക്കട്ടെ! 18

---

9. കൊണ്ടുവരാൻ—സ്തോതാക്കൾക്ക ധനവും മററും.

10. മനസ്സുംവെയ്ക്കുക—ഞങ്ങളിൽ താല്പര്യവും കൊള്ളുക.

11. അജ്ഞാതഗമനൻ—യുദ്ധത്തിൽ സത്വരനായ വീരൻ എന്നു നിഷ്കൃഷ്ടാർത്ഥം.

14. ചെന്തീക്കൂർക്കം—തീ പാറുന്ന കൂർക്കംവലി. ആ മൃഗരൂപന്റെ—ദേവന്മാരെ പേടിപ്പിയ്ക്കാൻ മൃഗരൂപം ധരിച്ച വൃത്രന്റെ.

16. ഋത്വിഗ്യജമാനരോട്:

18. ഋത്വിക്കുകളോട്:

വൃഷാവേ, അവിടുന്ന് ഏതൊരാഗമനംകൊണ്ടു ഞങ്ങളെ ആ
ഹ്ലാദിപ്പിയ്ക്കും? എപ്പോഴാണു സ്തോതാക്കൾക്കു കൊണ്ടുവരും! 19

വർഷകനായ വൃഷാവ്, നിയുത്തുക്കളോടുകൂടിയ വൃത്രഹന്താ
വ്, ആരുടെ യജ്ഞത്തിലായിരിയ്ക്കാം, സോമപാനത്തിന്നു വിള
യാടുന്നത്? 20

നിന്തിരുവടി ഇമ്പം പൂണ്ടു ഞങ്ങൾക്ക് ഒരായിരം ധനംകൊ
ണ്ടുവന്നാലും: അവിടുന്നു യഷ്ടാവിന്നു ദാതാവാണെന്നോർത്താലും! 21

ഇതാ, വെള്ളം കൂട്ടിപ്പിഴിഞ്ഞത് അമരേത്താശിച്ചു ചെല്ലുന്നു;
ചണ്ടി ജലത്തിലെയ്ക്കും പോകുന്നു. 22

അധ്വരത്തിൽ വളർത്തിക്കൊണ്ടു യജിയ്ക്കുന്ന ഹോതൃകന്മാർ
തേജസ്സു പൂണ്ട്, ഇന്ദ്രനെ അവഭൃഥത്തിൽ തിരിച്ചയയ്ക്കുന്നു. 23

ഒപ്പം മത്താടുന്ന ആ പൊൻകുഞ്ചിരോമങ്ങളുള്ള ഹരികൾ
ഇവിടെ വെയ്ക്കപ്പെട്ടിട്ടുള്ള അന്നത്തിന്റെ അടുക്കലെയ്ക്കു കൊണ്ടു
വരട്ടെ! 24

വിഭാവസോ, ഇതാ, അങ്ങയ്ക്കായി സോമം പിഴിഞ്ഞിരി
യ്ക്കുന്നു; ദർഭയും വിരിച്ചിരിക്കുന്നു. ഭവാൻ സ്തോതാക്കൾക്കായി
ഇന്ദ്രനെ കൊണ്ടുവന്നാലും! 25

ഹവിസ്സു നല്കുന്ന ഭവാന്ന് ഇന്ദ്രൻ തിളങ്ങുന്ന ബലവും രത്ന
ങ്ങളും കല്പിച്ചുതരും; സ്തോതാക്കളേ, പൂജിച്ചുകൊള്ളുവിൻ! 26

---

19. സ്തോതാക്കൾക്കു—സ്തുതിക്കുന്ന ഞങ്ങൾക്കു ധനം കൊണ്ടുവരും.

20. വൃഷാവ് = ഇന്ദ്രൻ. നിയുത്തുക്കളോടുകൂടിയ—വായു, തന്റെ കുതിരകളായ നിയുത്തുക്കളെ ഒരു യുദ്ധത്തിൽ സഹായിപ്പാൻ ഇന്ദ്രന്നു കൊടുക്കുകയുണ്ടായി.

21. ഇമ്പം പൂണ്ട്—ഞങ്ങളുടെ സോമം കുടിച്ച്.

22. പിഴിഞ്ഞത്—സോമം. അമരേത്താശിച്ച്—ഇന്ദ്രൻ കുടിയ്ക്കട്ടേ എന്നിച്ഛിച്ച്. ചെല്ലുന്നു—ഇന്ദ്രന്റെ അടുക്കൽ. ചണ്ടി—ഋജീഷം; ഇതു വെള്ളത്തിലെറികയാണത്രേ, പതിവ്.

23. അവഭൃഥം (യാഗാന്തസ്നാനം) വരെ ഇന്ദ്രനെ യജിയ്ക്കുമെന്നർത്ഥം. തേജസ്സ്—യജ്ഞാനുഷ്ഠാനജനിതമായ തേജസ്സ്.

24. ഒപ്പം—ഇന്ദ്രനോടുകൂടി. അന്നം—ഹവിസ്സ്. കൊണ്ടുവരട്ടെ—ഇന്ദ്രനെ.

25. വിഭാവസോ—അഗ്നേ.

26. യഷ്ടാവിനോടും മറ്റും; സ്തോതാക്കളേ—നിങ്ങൾക്കും തരുമെന്നർത്ഥം.

ശതക്രതോ, ഞാൻ നിന്തിരുവടിയ്ക്കു വീര്യവത്തായ (സോമ
വും), എല്ലാ സ്തോത്രങ്ങളും ഒരുക്കുന്നു; ഇന്ദ്ര, സ്തോതാക്കളെ സുഖി
പ്പിയ്ക്കുക! 27

ശതക്രതോ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പിയ്ക്കുമെങ്കിൽ,
ഞങ്ങൾക്കു നല്ല നല്ല (ധനവും) ബലവത്തായ അന്നവും കൊണ്ടുവ
ന്നാലും! 28

ശതക്രതോ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പിയ്ക്കുമെങ്കിൽ,
ഞങ്ങൾക്ക് എല്ലാ അഭ്യുദയങ്ങളും കൊണ്ടുവന്നാലും! 29

മികച്ച വൃത്രഹന്താവേ, ഇന്ദ്ര, അവിടുന്നു ഞങ്ങളെ സുഖിപ്പി
യ്ക്കുമെങ്കിൽ, ഞങ്ങൾ സോമം പിഴിഞ്ഞ് അങ്ങയെത്തന്നെ വി
ളിയ്ക്കാം. 30

സോമങ്ങളുടെ രാജാവേ, അവിടുന്നു ഹരികളോടുകൂടി ഞങ്ങ
ളുടെ സോമത്തിന്നു—ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു—
വന്നാലും! 31

രണ്ടുതരത്തിൽ അറിയപ്പെട്ടവനാണല്ലോ, മികച്ച വൃത്രഹന്താ
വും ശതക്രതുവുമായ ഇന്ദ്രൻ; ആ നിന്തിരുവടി ഹരികളോടുകൂടി
ഞങ്ങളുടെ സോമത്തിന്നു വന്നാലും! 32

വൃത്രഹന്താവേ, ഈ സോമങ്ങൾ നുകരുന്നവനാണല്ലോ,
അങ്ങ്; ഹരികളോടുകൂടി ഞങ്ങളുടെ സോമത്തിന്നു വന്നാലും! 33

മഹാനും ദാതാവുമായ ഋഭുവിനെ ഇന്ദ്രൻ നമുക്ക് അന്നത്തി
ന്നായി തരട്ടെ; വാജനെയും ബലവാൻ തരട്ടെ! 34

സൂക്തം 94.

അംഗിരോഗോത്രൻ ബിന്ദുവോ, പൂതദക്ഷനോ ഋഷി; ഗായത്രി ഛന്ദസ്സ്;
മരുത്തുക്കൾ ദേവത.

('താമരക്കണ്ണൻ' പോലെ.)

ശ്രീ തഴച്ച മരുത്തുക്കളുടെ
മാതാവാം ഗോവന്നത്തിന്നായ്

---

32. പൂർവാർദ്ധം പരോക്ഷം: രണ്ടുതരത്തിൽ—വൃത്രവധാദിയിൽ ഉഗ്രനാ
യും, വിശ്വരക്ഷണത്തിൽ സൌമ്യനായും.

34. ഋഭുക്കൾ മൂന്നുപേരിൽ ജ്യേഷ്ഠൻെറയും ഇളയവൻെറയും പേരുകളേ
ഇതിലുള്ളു; എന്നാൽ മധ്യമനായ വിഭ്വാവിനെയും ഗ്രഹിച്ചുകൊള്ളണം. അന്ന
ത്തിന്നായി—അന്നം കിട്ടാൻ.

പാൽ കടിപ്പിച്ചീടുന്നു; സംപൂജ്യ
തേർകളും നടത്തിസ്സുന്നു. 1

തത്സമീപത്തനുഷ്ഠിച്ചീടുന്നു,
വിശ്വദേവന്മാർ കർമ്മങ്ങൾ;
സത്സുഖത്തോടേ മേവുന്നു, കാഴ്ച–
സ്സിസ്സൂര്യചന്ദ്രന്മാർകളും. 2

ഞങ്ങൾതൻ സ്തോത്രകാരരെപ്പേരു–
മങ്ങിങ്ങു നടന്നെപ്പോഴും
പാടിവാഴ്ത്തുന്നുണ്ടി,ന്ദുനീർ നക–
ന്നീടാനാ മരുത്തുക്കളെ. 3

സോമം പിഴിഞ്ഞിട്ടുണ്ടിതാ: നിജ–
ശ്രീ മിന്നും മരുത്തുക്കളും,
ആവിധംതന്നെയശ്വികളുമി–
താസ്വദിച്ചരുൾവോരല്ലോ! 4

മിത്രവരുണരര്യമാവുമേ,
സ്തുത്യർഹജനയുക്തമായ്
നേർക്കരിച്ചഥ മൂന്നു പാത്രത്തി–
ലാക്കിയതാസ്വദിസ്സുമേ! 5

സൂക്തം 94.

1. ശ്രീ=സമ്പത്ത്. പാൽ കടിപ്പിച്ചീടുന്നു—സ്വപുത്രരായ മരുത്തുക്കളെ. സംപൂജ്യ=പൂജനീയ; ഗോവിൻെറ വിശേഷണം. തേർകളും—മരുത്തുക്കളുടെ രഥങ്ങളും.

2. തത്സമീപത്ത്—ഗോവിൻെറ അടുക്കൽ. വിശ്വദേവന്മാർ—എല്ലാദ്ദേവന്മാരും. കാഴ്ചസ്സ്—ജഗൽപ്രകാശനത്തിന്ന്.

3. ഇന്ദുനീർ=സോമരസം.

4. നിജശ്രീ മിന്നും—സ്വയം വിളങ്ങുന്ന.

5. സ്തുത്യർഹജനയുക്തം=സ്തുത്യരായ ആളുകളോടു, കർമ്മികളോടു, കൂടിയത്. മൂന്നുപാത്രം—ദ്രോണകലശം, ആധാവനീയം, പൂതഭൃത്ത്. ആക്കിയത്—പകൻവെച്ച സോമം.

അത്രതന്നെയല്ലി,ന്ദ്രനും ഗവ്യ-
യുക്തമിസ്സോമമഞ്ജസാ
പ്രാതഃകാലത്തു പാനംചെയ്യുവാൻ
ഹോതാവുപോലേ കാംക്ഷിപ്പൂ! 6

തണ്ണീർപോലേ വിലങ്ങത്തിൽപ്പാഞ്ഞാ,-
പ്പണ്ഡിതന്മാരാം ശോഷകർ
എന്നുദ്ഭാസിപ്പൂം, വാനികു?-ലെന്നു
വന്നെത്തും, ശുദ്ധൌജസ്സുകരം? 7

ജാത്യൈവ ദർശനീയതേജസ്സു
ചാർത്തിയ ദേവന്മാരായി,
ഉന്നതരായ നിങ്ങൾതൻ ത്രാണ-
മെന്നെനിയ്ക്കിഹ കൈവരും? 8

മന്നിൻേറതെല്ലാമാർ പരത്തിയോ
വിണ്ണിലെ ജോതിർവ്വന്ദവും;
ആ മരുത്തുക്കൾ (വന്നെത്തേണമേ,)
സോമനീരാസ്വദിയ്ക്കുവാൻ! 9

പുണ്യമാകിയൊരോജസ്സു പൂണ്ട
വിണ്ണോരാം മരുത്തുക്കളേ,
തിണ്ണമബ്ഭോന്മാരെയിസ്സോമ-
മുണ്ണാനായ് വിളിയ്ക്കുന്നേൻ ഞാൻ. 10

ഏവരംബരമേദിനികളെ-
ക്കേവലമുറപ്പിച്ചവോ,

---

6. ഹോതാവുപോലേ—ഹോതാവു പ്രാതഃകാലത്തു ദേവന്മാരെ സ്തുതിപ്പാൻ കാംക്ഷിയ്ക്കുന്നതുപോലെ.

7. ശോഷകർ—ശത്രുക്കളെ ശോഷിപ്പിയ്ക്കുന്ന(നശിപ്പിയ്ക്കുന്ന) മരുത്തുക്കൾ. ഉദ്ഭാസിയ്ക്കും—കാണായിവരും എന്നർത്ഥം. വന്നെത്തും—നമ്മുടെ യജ്ഞത്തിൽ. ശുദ്ധൌജസ്സുകരം=വിശുദ്ധബലന്മാർ.

8. ജാത്യൈവ=പ്രകൃത്യാതന്നെ, മോടികൂട്ടാതെതന്നെ. ഉന്നതർ—മഹാന്മാർ. ത്രാണം=രക്ഷ.

9. മന്നിൻേറത്—ഭൂമിയിലെ ഭൂതജാലം.

10. പുണ്യം=പരിശുദ്ധം. തിണ്ണം=ശീഘ്രം.

അമ്മാരുതരെത്തിണ്ണമിസ്സോമ–
മുണ്മാനായ് വിളിയ്ക്കുന്നേൻ, ഞാൻ. 11

വന്മലകളിൽ വാണരുളുവോ,–
രംബുവർഷകന്മാരെ,വർ;
അമ്മാരുതരെത്തിണ്ണമിസ്സോമ–
മുണ്മാനായ് വിളിയ്ക്കുന്നേൻ, ഞാൻ. 12

സൂക്തം 95.

അംഗിരോഗോത്രൻ നിരശ്ചീ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

(പാന.)

നീരൊരുക്കിയപോതിന്ദ്ര, ഗാഥകൾ
തേരുകാർപോലെ നിങ്കലെയ്ക്കോടുന്നു;
സന്നുതിസേവ്യ, നിൻനേർക്കൊലിക്കൊൾവൂ,
കന്നിനെപ്പാർത്തു തള്ളകൾപോലവേ! 1

ഇന്ദ്ര, നിന്നുടെ ചാരത്തണയട്ടേ,
സന്നുതിസേവ്യ, സോമം പിഴിഞ്ഞ നീർ:
സ്വച്ഛമീയന്നമിന്ദ്ര, ഭുജിയ്ക്കു, നീ;
വെച്ചിരിയ്ക്കും, നിനക്കിതെല്ലാടവും! 2

---

11. അംബരമേദിനികളെ––വാനൂഴികളെ. കേവലം=ഏററവും. മാരുതർ=മരുത്തുക്കൾ.

12. അംബുവർഷകർ––മഴപെയ്യുന്നവർ.

സൂക്തം 95.

1. നീരൊരുക്കിയപോത്––സോമം പിഴിഞ്ഞപ്പോൾ. ഗാഥകൾ––സ്തുതികൾ. തേരുകാർപോലെ––തേരിൽക്കേറിയവർ സ്വാഭീഷ്ടപ്രദേശത്തെയ്ക്കുന്നപോലെ. കന്ന്=പൈക്കുട്ടി. ഒലിക്കൊൾവൂ––ശബ്ദിയ്ക്കുന്നു, സ്തുതിയ്ക്കുന്നു.

2. അന്നം––സോമം. വെച്ചിരിയ്ക്കും––വെച്ചിട്ടുണ്ടാവും; എന്നാലും, അങ്ങ് ഞങ്ങളുടെ സോമംതന്നെ ഭുജിയ്ക്കുക.

ഉണ്ണുകി,ന്ദ്ര മദത്തിനായ്‌സ്സോമനീർ,
വിണ്ണിൽനിന്നു പരുന്തിനാലാഹൃതം:
നിന്തിരുവടിയല്ലോ, ബഹുജന-
സന്തതിക്കധിനാഥനാം തമ്പുരാൻ! 3

ഇന്ദ്ര, കേൾക്ക നീ, നിന്നെപ്പരിചരി-
ക്കുന്നവനാം തിരശ്ചീയുടെ വിളി:
ഉത്തമവീര്യഗോയുക്തസമ്പത്താൽ-
ത്തൃപ്തി നല്കുക; മീതെയല്ലോ ഭവാൻ! 4

മത്തവിടെക്കിയററുവാനെ,ത്രയും
പുത്തനാം സ്തവം നിർമ്മിച്ചവന്നിന്ദ്ര,
സിദ്ധമാക്കുക,തീന്ദ്രിയദർശകം
സത്യപുഷ്ടം സനാതനജ്ഞാനം നീ! 5

സ്തോത്രശസ്ത്രങ്ങളാരെ വളർത്തിയോ,
വാഴ്ത്തുക, നമ്മളായിന്ദ്രനെത്തന്നെ;
ആയവൻെറയനേകമാം വിക്രമ-
മാസ്വദിപ്പാൻ ഭജിക്കുകയുംചെയ്ക, നാം. 6

വിദ്രുതമാഗമിപ്പിൻ: സ്തുതിക്ക, നാം
ശുദ്ധസാമവിശുദ്ധനാമിന്ദ്രനെ;
ശുദ്ധശസ്ത്രങ്ങൾകൊണ്ടും വളർന്നോനു
ശുദ്ധമാം കൂട്ടുനീരിമ്പമേകട്ടേ! 7

---

3. ആഹൃതം=കൊണ്ടുവരപ്പെട്ടതു്; ആഹൃതമായ സോമനീർ. സന്തതി=സമൂഹം.

4. തിരശ്ചീയുടെ—എൻെറ. നല്കുക—ഞങ്ങൾക്കു്. മീതെ—ദേവകളിൽവെച്ചു ശ്രേഷ്ഠൻ.

5. അതീന്ദ്രിയദർശകം=ഇന്ദ്രിയവിഷയമല്ലാത്തതിനെയും ദർശിക്കുന്നതു്. സത്യപുഷ്ടം=സത്യംകൊണ്ടു വർദ്ധിച്ചതു്.

6. ഋഷിമാർ തമ്മിൽ പറയുന്നു:

7. ഇന്ദ്രനെ വൃത്രാദിവധംമൂലം ബ്രഹ്മഹത്യ ബാധിച്ചു; അതിൽനിന്നദ്ദേഹം വിമുക്തനായതും, യജ്ഞാർഹനായിത്തീർന്നതും ഋഷിമാരുടെ പരിപാവനസാമ-ശസ്ത്രങ്ങൾകൊണ്ടത്രേ. ഈ ഇതിഹാസാംശമാണു്, ശുദ്ധസാമവിശുദ്ധനെന്ന വിശേഷണത്താൽ സൂചിപ്പിക്കുന്നതു്. വളർന്നോനു—പാപം തീർന്ന ഇന്ദ്രന്നു്. കൂട്ടുനീർ—പാലുംമററുംകൂട്ടിയ സോമം.

ശുദ്ധിയാൽശ്ശുദ്ധനായ നീ വന്നാലും,
ശുദ്ധരാം മരുത്തുക്കളൊത്തെങ്ങളിൽ:
ശുദ്ധനാം ഭവാൻ നല്കിന്ദ്ര, വിത്തവും;
ശുദ്ധനാം ഭവാൻ മോദിയ്ക്ക, സോമത്താൽ! 8
ശുദ്ധനാം ഭവാൻ സ്വത്തു നല്ലേണ്ടതാംകൾ,
ശുദ്ധനാം ഭവാൻ രത്നങ്ങൾ കർമ്മിയ്ക്കും;
ശുദ്ധനാം ഭവാൻ മാററരെക്കൊല്ലുമേ;
ശുദ്ധനാം ഭവാൻ കിട്ടിയ്ക്കുമന്നവും! 9

സൂക്തം 96.

മരുൽപുത്രൻ ദ്യുതാനനോ, തിരശ്ചീയോ ഋഷി; ത്രിഷ്ടുപ്പും വിരാട്ടും ഛന്ദസ്സുകൾ; ഇന്ദ്രനും മരുത്തുക്കളും ബൃഹസ്പതിയും ദേവത.

ഈ ഇന്ദ്രന്നുവേണ്ടി ഉഷസ്സുകൾ നിത്യം വന്നുതുടങ്ങി; രാത്രികൾ ഒടുവിൽ നല്ല ശബ്ദം പുറപ്പെടുവിച്ചു; അവിടെയ്ക്കുവേണ്ടി, വിശാലകളായ ഏഴു നദീമാതാക്കൾ മനുഷ്യർക്കു സുഖേന കടക്കാവുന്നവയായിനിന്നു! 1

കൂടിച്ചേർന്ന ഇരുപത്തൊന്നു പർവതസാനുക്കളെ തനിയെ വജ്രംകൊണ്ട് അങ്ങോളം പിളർത്തി: ആ വളർന്ന വൃഷഭൻ ചെയ്തുവ ഒരു ദേവനോ മനുഷ്യനോ സാധിയ്ക്കില്ല! 2

ഇന്ദ്രന്റെ മുറുകെപ്പിടിച്ച വജ്രം ഇരിമ്പാണ്; ഇന്ദ്രന്റെ കൈകൾക്കു വളരെയുണ്ട്, ബലം. ഇന്ദ്രൻ പുറപ്പെടുമ്പോൾ തലയും വായും ജോലി ചെയ്യും; കേൾപ്പാൻ (ആൾക്കാർ) അരികത്തു നില്ക്കും! 3

---

8. പ്രത്യക്ഷോക്തി: ശുദ്ധിയാൽ—ഞങ്ങളുടെ ശുദ്ധികർമ്മംമൂലം.

സൂക്തം 96.

1. ഒടുവിൽ—അന്തിമയാമത്തിൽ. നല്ല ശബ്ദം—മനുഷ്യാദികളുടെ. ഇതൊക്കെ ഇന്ദ്രശാസനത്താലാണെന്നർത്ഥം.

2. വൃഷഭൻ=വൃഷാവ്.

3. പുറപ്പെടുമ്പോൾ—യുദ്ധത്തിന്ന്. തലയുടെ ജോലി—തൊപ്പിവെയ്ക്കലും മററും. വായയുടെ ജോലി—ആജ്ഞ നല്കൽ. കേൾപ്പാൻ—ആജ്ഞ കേട്ടനുഷ്ഠിപ്പാൻ.

എനിയ്ക്കറിയാം: യജ്ഞാർഹരിൽവെച്ച് യജ്ഞാർഹനാണ, വിടുന്ന്; എനിയ്ക്കറിയാം: വീഴാത്തവരെയും വീഴിയ്ക്കുന്നവനാണ, വിടുന്ന്; എനിയ്ക്കറിയാം: ഇന്ദ്ര, സേവകർക്ക് ഒരു കൊടിമരമാണ,വിടുന്ന്; എനിയ്ക്കറിയാം: മനുഷ്യർക്ക് അഭീഷ്ടവർഷിയാണ, വിടുന്ന്; 4

ഇന്ദ്ര, നിന്തിരുവടി അഹിയെ ഹനിപ്പാൻ, കുറുമ്പകറുന്ന വജ്രം തൃക്കയ്യിലെടുത്തപ്പോൾ, മേഘങ്ങളും ജലങ്ങളും ഇരമ്പി; ബ്രാഹ്മണർ ഇന്ദ്രന്റെ ചുററും കൂടി. 5

ഇവയെ ഉൽപാദിപ്പിച്ച ഇന്ദ്രനെത്തന്നെ നാം സ്തുതിയ്ക്കുക ജഗത്തെല്ലാം, തനിയ്ക്കു താഴെയാണ്. നമുക്കു സ്തുതികളാൽ അവിടുത്തോടു സഖ്യം ചെയ്യാം; നമസ്സുകളാൽ വൃഷാവിനെ ആഭിമുഖ്യപ്പെടുത്താം! 6

ഇന്ദ്ര സഖാക്കളായിരുന്ന ദേവന്മാരെല്ലാം വൃത്രന്റെ ക്രൂർക്കം മൂലം പാഞ്ഞ്, അങ്ങയെ വെടിഞ്ഞുവല്ലോ; എന്നാൽ, അങ്ങയ്ക്കു മരുത്തുക്കളോടു സഖ്യമുണ്ടാകട്ടെ. അതോടേ, ഈ സൈന്യത്തെ മുഴുവൻ അവിടുന്നു ജയിയ്ക്കും! 7

അറുപത്തിമൂന്നു മരുത്തുക്കൾ അങ്ങയെ കൂട്ടമിട്ട ഗോക്കൾപോലെ ശക്തിപ്പെടുത്തിയതിനാൽ യജ്ഞാർഹരായിത്തീർന്നു; ഞങ്ങൾ ആ ഭവാങ്കലണയുന്നു. ഞങ്ങൾക്കു ധനം തരിക: ഞങ്ങളും ഈ ഹവിസ്സുകൊണ്ടു ഭവാനു ബലമുണ്ടാക്കാം! 8

ഇന്ദ്ര, ഭവാന്റെ തിളങ്ങുന്ന വില്ലിനെയും മരുത്സംഘത്തെയും വജ്രത്തെയും ആരെതിർക്കും? ഋജീഷിൻ, ആയുധമില്ലാത്ത ദേവദ്വേഷികളായ അസുരന്മാരെ നിന്തിരുവടി ചക്രംകൊണ്ട് ആട്ടിപ്പായിച്ചാലും! 9

---

4. വീഴാത്തവരെയും—സ്ഥിരപ്രതിഷ്ഠരായ വീരന്മാരെപ്പോലും. സേവകർക്ക്—ഭടന്മാർക്ക്.

5. അഹി—അസുരൻ. കുറുമ്പകറുന്ന—ശത്രുക്കളുടെ. ഒടുവിലെ വാക്യം പരോക്ഷം: ചുററും കൂടി—പരിചരിച്ചു.

6. സ്തോതാക്കൾ തമ്മിൽ: ഇവ—ചരാചരങ്ങൾ. നമസ്സുകൾ=നമസ്കാരങ്ങൾ, ഹവിസ്സുകൾ.

7. പാഞ്ഞ്—പേടിച്ചോടി. ഈ സൈന്യത്തെ—ശത്രുസേനയെ.

9. ചക്രം—ചക്രരൂപമായ വജ്രം.

മഹാനും ഉഗ്രനും പ്രവൃദ്ധനുമായ സുമംഗളനെപ്പററി ഭവാൻ ഗോവിന്നുവേണ്ടി നല്ല സ്തുതി ചൊല്ലുക—സ്തോത്രവാഹ്യനായ ഇന്ദ്രന്നു വളരെ സ്തവങ്ങരം രചിയ്ക്കുക: വെക്കം പുത്രന്നു ധാരാളം കിട്ടിയ്ക്കട്ടെ! 10

ഉക്ഥവാഹ്യനായ വിഭുവിന്നു ഭവാൻ, തോണികൊണ്ടു പുഴ കടത്തുന്നതുപോലെ, സ്തുതിയയച്ചാലും; ത്രിലോകം പ്രീതിപ്പെടുത്തുന്ന വിശ്രുതന്റെ (ധനം) കർമ്മത്താൽ പുത്രന്നായി കൈവരുത്തിയാലും. വെക്കം ധാരാളം കിട്ടിയ്ക്കട്ടെ! 11

ഇന്ദ്രൻ സ്വീകരിയ്ക്കുന്നതു ഭവാൻ ഒരുക്കിവെയ്ക്കുക: ശോഭനസ്തോത്രനെ ഹവിസ്സുകൊണ്ടു പരിചരിയ്ക്കുക. സ്തോതാവേ, ഭവാൻ അണിഞ്ഞുകൊരംക—കരയേണ്ടാ: സ്തുതി കേരംപ്പിയ്ക്കു; വെക്കം ധാരാളം കിട്ടിയ്ക്കട്ടെ! 12

ദ്രുതസഞ്ചാരിയായ കൃഷ്ണൻ പതിനായിരമാളുകളോടുകൂടി അംശുമതീതീരത്തു പാർത്തിരുന്നു: അതറിഞ്ഞു മനുഷ്യസ്നേഹിയായ ഇന്ദ്രൻ അട്ടഹാസമിടുന്ന അവങ്കൽ ചെന്നെത്തി, കൊലപാതകളെ കൊന്നൊടുക്കി! 13

'അംശുമതീനദിയുടെ ഒരു വിപുലമായ നിഗൂഢസ്ഥലത്ത്, ആകാശത്തെന്നപോലെ, നിവസിയ്ക്കുന്ന ദ്രുതസഞ്ചാരിയായ കൃഷ്ണനെ ഞാൻ കണ്ടെത്തി: വൃഷാക്കളേ, ഞാൻ നിങ്ങളെ തേടുകയായിരുന്നു; നിങ്ങരം പോരിൽ പൊരുതുവിൻ.' 14

---

10. സ്തോതാവിനോട്: സുമംഗളൻ—ഇന്ദ്രൻ. ഗോവിന്നുവേണ്ടി—ഇരുകാൽ-നാൽക്കാലിനന്മയ്ക്കായി. വളരെ—ബഹുധനം. കിട്ടിയ്ക്കട്ടെ—ഇന്ദ്രൻ.

11. കടത്തുന്നതുപോലെ—നാവികൻ പഥികനെ കടത്തിയയയ്ക്കുന്നതുപോലെ. കർമ്മം—സ്തുതി.

12. ഋത്വിക്കിനോട്: അണിഞ്ഞുകൊരംക—ആഭരണങ്ങരം. കരയേണ്ടാ—സ്വന്തം ദാരിദ്ര്യമോർത്തു ദുഃഖിയ്ക്കേണ്ടാ. കേരംപ്പിയ്ക്കു—ഇന്ദ്രനെ.

13. കൃഷ്ണൻ—ഒരസുരൻ. അംശുമതി—ഒരു നദി. കൊലപാതകരം—കൃഷ്ണന്റെ ഹിംസകസൈന്യങ്ങരം.

14. ഇന്ദ്രൻ മരുത്തുക്കളോട്: വൃഷാക്കളേ—മരുത്തുക്കളേ. പൊരുതുവിൻ—കൃഷ്ണനോട്.

ദ്രുതസഞ്ചാരി അംശുമതീസമീപത്തു മിന്നിത്തിളങ്ങിക്കൊണ്ടു ദേഹം തടിപ്പിച്ചുപോന്നു. ഇന്ദ്രനാകട്ടേ, ബൃഹസ്പതിയോടൊന്നിച്ച്, എതിരെത്തിയ അസുരപ്പടകളെ നിഹനിച്ചു! 15

അതേ: നിന്തിരുവടി ജനിച്ചപ്പോഠംത്തന്നേ, ശത്രുവില്ലാത്ത ഏഴു ശത്രുക്കഠംക്കു ശത്രുവായിത്തീർന്നുവല്ലോ! ഇന്ദ്ര, ഇരുളടഞ്ഞ വാന്മഴികളെ അവിടുന്നു കണ്ടുപിടിച്ചു; വലിയ ലോകങ്ങളെ ആഹ്ലാദിപ്പിച്ചു! 16

അതേ: വജ്രിൻ, അവിടുന്നു വജ്രംകൊണ്ടു ശുഷ്ണന്റെ നിസ്തുല്യമായ ബലം കൂസാതെ നശിപ്പിച്ചുവല്ലോ! അവിടുന്ന് ആയുധങ്ങഠംകൊണ്ടു കൊന്നു. ഇന്ദ്ര, അവിടുന്നു ബുദ്ധികൊണ്ടു ഗോക്കളെ നേടി! 17

അതേ: വൃഷാവേ, അവിടുന്നു മനുഷ്യക്കു് ഉപദ്രവം പോക്കി, വളർന്നുവല്ലോ: അവിടുന്നു നിരോധിക്കപ്പെട്ട നദികളെ ഒഴുക്കി; അവിടുന്നു ശത്രുക്കളുടെ കയ്യിലായിരുന്ന തണ്ണീരുകളെ വെന്നടക്കി! 18

സോമം പിഴിഞ്ഞാൽ വിളയാടുന്ന ശോഭനപ്രജ്ഞൻ, ആരോ; അനിവാര്യക്രോധനും, അഹസ്സുപോലെ ധനവാനും, ആരോ; ആർ ഒററയ്ക്കു നേതാവിങ്കൽ കർമ്മം നടത്തുമോ; ആ വൃത്രഘ്നനെ പരാസ്സന്ദി എന്നു പറഞ്ഞുവരുന്നു! 19

ആ വൃത്രഘ്നനായ ഇന്ദ്രൻ മനുഷ്യരെ പോററിപ്പോരുന്നു. ആ ആഹ്വാതവ്യനെ നാം വഴിപോലെ സ്തുതിച്ചു വിളിക്കുക: ആ മഘവാവു നമ്മെ സംരക്ഷിക്കും; കൂട്ടിപ്പറയും; അദ്ദേഹം യശോജനകമായ അന്നം തരും! 20

ഋഭുക്കളോടുകൂടി മേവുന്ന ആ വൃത്രഘ്നനായ ഇന്ദ്രൻ, പിറന്നപ്പോഠംത്തന്നേ ആഹ്വാതവ്യനായിത്തീർന്നു — മനുഷ്യഹിതങ്ങളായ വളരെക്കർമ്മങ്ങഠം ചെയ്യുന്നതിനാൽ, കുടിക്കപ്പെട്ട സോമംപോലെ, സഖാക്കഠംക്കു് ആഹ്വാതവ്യനായിത്തീർന്നു! 21

---

15. ദ്രുതസഞ്ചാരി — കൃഷ്ണാസുരൻ. തടിപ്പിച്ചുപോന്നു — പോഷകാഹാരങ്ങളാൽ.

16. ശത്രുവില്ലാത്ത — അത്ര പ്രബലന്മാരായ. ഏഴുശത്രുക്കഠം — കൃഷ്ണൻ, വൃത്രൻ മുതലായവർ.

17. കൊന്നു — ശുഷ്ണനെ.

19. പരോക്ഷം: അഹസ്സുപോലെ — പകൽസ്സമയത്താണല്ലോ, ആളുകഠം ധനമാർജ്ജിക്കുക. പരാസ്സന്ദി — ശത്രുക്കളെ ആക്രമിക്കുന്നവൻ.

21. സോമംപോലെ — ദേവന്മാർക്കു് ആഹ്വാതവ്യമാണല്ലോ, സോമം. സഖാക്കഠംക്കു് — ഋത്വിക്കുകഠംക്കു്.

സൂക്തം 97.

കശ്യപപുത്രൻ രേഭൻ ഋഷി; ബൃഹതിയും അതിജഗതിയും ഉപരിഷ്ടാൽ ബൃഹതിയും ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഇന്ദ്ര, വിണ്ണിൽ വാഴുന്ന ഭവാൻ അസുരന്മാരിൽനിന്നു ഭോഗ്യങ്ങൾ കൊണ്ടുപോന്നിട്ടുണ്ടല്ലോ; മഘവാവേ, അവകൊണ്ടു സ്തോതാവിനെയും, അങ്ങയ്ക്കു ദർഭ വിരിച്ചവരെയും അഭിവൃദ്ധിപ്പെടുത്തിയാലും! 1

ഇന്ദ്ര, അശ്വങ്ങളും പൈക്കളുമാകുന്ന അനശ്വരസമ്പത്ത് അങ്ങയുടെ പക്കലുണ്ടല്ലോ; അതു്, ആ പിഴിഞ്ഞു ദക്ഷിണകൊടുക്കുന്ന യഷ്ടാവിങ്കൽ വെച്ചാലും—ലുബ്ധന്മാർക്കരുതു്! 2

ഇന്ദ്ര, യാതൊരുവൻ ദേവന്മാരിൽ ഭക്തിയില്ലാതെയും കർമ്മം ചെയ്യാതെയും സ്വപ്നം കണ്ടുകൊണ്ടുറങ്ങുന്നുവോ, അവന്റെ പോഷണീയമായ ധനം അവന്റെ നടപ്പുകൊണ്ടുതന്നേ നശിച്ചുപോകട്ടെ; പിന്നീടു് അവനെ നിന്തിരുവടിമറയത്തെങ്ങാനും ഇരുത്തിയാലും! 3

ശക്ര, ഭവാൻ അകലത്തായിരിയ്ക്കാം; വൃത്രഹന്താവേ, അരികത്തായിരിയ്ക്കാം; ഇന്ദ്ര, അവിടെനിന്നു ഭവാനെ, സോമം പിഴിഞ്ഞവൻ വിണ്ണിലെയ്ക്കു പോകുന്ന, ഹരികൾപോലുള്ള സ്തോത്രങ്ങളാൽ ഇങ്ങോട്ടു കൊണ്ടുപോരുന്നു! 4

വൃത്രഹന്താവേ, നിന്തിരുവടി സ്വർഗ്ഗത്തിലെ രോചനത്തിലായിരിയ്ക്കാം; സമുദ്രത്തിലൊരേടത്തായിരിയ്ക്കാം; ഭൂമിയിലെങ്ങാനുമായിരിയ്ക്കാം; അന്തരിക്ഷത്തിലായിരിയ്ക്കാം. അവിടെനിന്നു് ഇങ്ങെഴുന്നള്ളിയാലും! 5

ബലരക്ഷക, സോമം കടിയ്ക്കുന്നവനേ, ഇന്ദ്ര, സോമം പിഴിഞ്ഞ ഞങ്ങളെ ആ നിന്തിരുവടി നിഷ്കപടമായ അന്നംകൊണ്ടും, വിപുലമായ ധനംകൊണ്ടും ഇമ്പപ്പെടുത്തിയാലും! 6

സൂക്തം 97.

1. ദർഭ വിരിച്ചവർ—യജമാനർ.
3. നടപ്പ്—അമാർഗ്ഗസഞ്ചാരം.
4. സോമവാൻ സ്തോത്രം സ്വർഗ്ഗത്തിലെയ്ക്കയയ്ക്കുന്നു. നിന്തിരുവടി വന്നെത്താൻ.

ഇന്ദ്ര, അവിടുന്നു ഞങ്ങളെ കൈവിടരുതേ: ഞങ്ങളുടെ ഇടയിൽ ഒപ്പം മത്തടിയ്ക്കുക. ഇന്ദ്ര, അവിടുന്നാണ്, ഞങ്ങൾക്കു രക്ഷിതാവ്; ബന്ധുവും അവിടുന്നുതന്നെ. ഇന്ദ്ര, ഞങ്ങളെ കൈവിടരുതേ! 7

ഇന്ദ്ര, ഞങ്ങൾ ഒന്നിച്ചു പിഴിഞ്ഞതിനാൽ, അവിടുന്നു മധുനുകരാനിരുന്നാലും; മഘവാവേ, ഇന്ദ്ര, ഞങ്ങൾ ഒന്നിച്ചു പിഴിഞ്ഞതിനാൽ, അവിടുന്നു സ്തോതാവിന്നു വലിയ രക്ഷ നല്കിയാലും! 8

വജ്രിൻ, അവിടുത്തോടടുക്കില്ല, ദേവകൾ — മനുഷ്യരുമില്ല: എല്ലാജ്ജീവികളെയും അവിടുന്നു കെല്പാൽ കീഴടക്കിയിരിയ്ക്കുന്നു; അവിടുത്തോടടുക്കില്ല, ദേവകൾ! 9

പടകളെയെല്ലാം കീഴമർത്തുന്ന നേതാവിനെ — കർമ്മത്തിന്റെ മികവും, കനത്ത കെല്പും, ഓജസ്സും, വളർച്ചയും, വെമ്പലുമിയന്ന നിഹന്താവായ ഇന്ദ്രനെ — (ആളുകൾ) ധനത്തിന്ന് ഉത്തേജിപ്പിച്ചു; വെളിച്ചത്തിന്നുദിപ്പിച്ചു. 10

ഇന്ദ്രനെ രേഭന്മാർ സോമപാനത്തിന്നു വഴിപോലെ സ്തുതിച്ചു; വർദ്ധിപ്പിയ്ക്കപ്പെട്ടപ്പോൾ, കർമ്മവാനായ ഈ സ്വർഗ്ഗപ്പെരുമാൾ കരുത്തോടും മരുത്തുക്കളോടും ചേരുന്നു. 11

ഉരുൾച്ചുററിനെ കണ്ടാൽ നമസ്കരിയ്ക്കുന്നു: ആടിനെ മേധാവികൾ പുകഴ്ത്തുന്നു. ദ്രോഹിയ്ക്കാത്ത ശോഭനതേജസ്കരായ നിങ്ങൾ സത്വരം തുച്ഛെവിയിൽ മന്ത്രം ചൊല്ലുവിൻ! 12

ആ ഇന്ദ്രനെ — ഉഗ്രനും, യഥാത്ഥബലനും അനിവാര്യനുമായ മഘവാവിനെ — ഞാൻ വീണ്ടും വീണ്ടും വിളിയ്ക്കുന്നു: പരമപൂജ്യനായ

---

10. വെമ്പൽ — ശത്രുവധത്വര. നിഹന്താവ് — വൈരിഘ്നൻ. വെളിച്ചത്തിന്നുദിപ്പിച്ചു എന്നത് ഇന്ദ്രന്റെ സൂര്യാത്മകത്വത്തെ വ്യഞ്ജിപ്പിയ്ക്കുന്നു.

11. രേഭന്മാർ — കശ്യപപുത്രന്മാർ. കരുത്തോടും — സ്തുതിയാൽ ബലവും മരുത്തുക്കളാൽ രക്ഷയും നേടുന്നു എന്നു സാരം.

12. ഉരുൾച്ചുററിനെ — തേരിന്റെ ഉരുൾച്ചുററു് ഏവർക്കാലുകളിലെല്ലാം വ്യാപിച്ചിരിയ്ക്കുമല്ലോ; അതുപോലെ സർവ്വവ്യാപ്തനായിരിയ്ക്കുന്ന ഇന്ദ്രനെ. ആടിനെ — മേധാതിഥിയെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകാൻ ആടിന്റെ രൂപം ധരിച്ച ഇന്ദ്രനെ. ബാക്കി സ്തോതാക്കളോടു യജമാനവാക്യം: ദ്രോഹിയ്ക്കാത്ത — ഉപകാരപരരായ. തുച്ഛെവിയിൽ — ഇന്ദ്രന്റെ കർണ്ണത്തിൽ.

യജ്ഞാർഹൻ സ്തുതികളാൽ ഇങ്ങോട്ടു തിരിയട്ടെ; വജ്രി നമുക്കു ധനത്തിന്നു നല്ല വഴിയെല്ലാം വെട്ടട്ടെ! 13

ഇന്ദ്ര, കെല്പും കഴിവുമേറിയവനേ, അങ്ങേയ്ക്കറിയാം, ഈ പുരികരം ബലംകൊണ്ടു മുടിയ്ക്കാൻ. വജ്രിൻ, സർവഭുവനങ്ങളും വാനൂഴികളും ഭവാനെപ്പേടിച്ചു വിറക്കൊള്ളുന്നു! 14

ഇന്ദ്ര, ശൂര, നാനാരൂപ, ഭവാന്റെ ആ സത്യം എന്നെ രക്ഷിയ്ക്കട്ടെ: വജ്രിൻ, അവിടുന്നു ബഹുപാപങ്ങരം, പുഴപോലെ കടത്തിയാലും. ഇന്ദ്ര, തമ്പുരാനേ, അവിടുന്നു ഞങ്ങരംക്കു സ്പൃഹണീയമായ വിവിധ സമ്പത്ത് എന്നു തന്നരുളും! 15

ആറാമധ്യായം സമാപ്തം.

ഏഴാമധ്യായം

സൂക്തം 98.

അംഗിരോഗോത്രൻ നൃമേധൻ ഋഷി; ഉഷ്ണിക്കും കകുപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.

മേധാവിയും, മഹാനും, ധർമ്മകർത്താവും, വിദ്വാനും, സ്തോത്രതല്പരനുമായ ഇന്ദ്രന്നു നിങ്ങരം ബൃഹത്സാമം പാടുവിൻ! 1

ഇന്ദ്ര, അവിടുന്നു കീഴമർത്തുന്നവനാണ്; അവിടുന്നു സൂര്യനെ ഉദ്ഭാസിപ്പിച്ചു. വിശ്വകർമ്മാവും, വിശ്വദേവനും മഹാനുമാണ,വിടുന്ന്! 2

ഇന്ദ്ര, അവിടുന്നു തേജസ്സിനാൽ, സൂര്യപ്രകാശകമായ സ്വർഗ്ഗത്തെ വിളങ്ങിച്ചുംകൊണ്ടെഴുന്നള്ളി; ദേവന്മാർ ഭവാന്റെ സഖ്യത്തിന്നുഴറി. 3

---

13. സ്തുതികളാൽ––നമ്മുടെ.
14. പുരികരം––ശംബരന്റെ നഗരികരം.

സൂക്തം 98.

1. ഉദ്ഗാതാക്കളോട :
3. സൂര്യപ്രകാശകം=സൂര്യനെ വെളിപ്പെടുത്തുന്നത്.

ഇന്ദ്ര, പ്രിയനും, മഹാന്മാരെ ജയിയ്ക്കുന്നവനും, പിടിയിൽ പ്പെടാത്തവനും, ഒരു പർവതംപോലെ എമ്പാടും വിശാലനും, വിൺപെരുമാളുമായ നിന്തിരുവടി ഞങ്ങളിൽ വന്നാലും! 4

സത്യസ്വരൂപ, സോമപായിൻ, അവിടുന്നു വാന്ഭൂഴികൾ രണ്ടിനെയും കീഴടക്കിയിരിയ്ക്കുന്നുവല്ലോ; ഇന്ദ്ര, ആ നിന്തിരുവടി പിഴിയുന്നവനെ തഴപ്പിയ്ക്കുന്നവനും, വിൺപെരുമാളുമാകുന്നു! 5

ഇന്ദ്ര, അങ്ങ് വളരെപ്പുരികൾ പിളത്തിരിയ്ക്കുന്നുവല്ലോ; ദസ്യുഹന്താവും, മനുഷ്യവദ്ധകനും, വിൺപെരുമാളുമാണ, വിടുന്ന്! 6

ഇന്ദ്ര, സ്തുതിസേവ്യ, ഞങ്ങൾ വലിയ സ്തോത്രങ്ങൾ ഭവാങ്കൽ വീഴ്ത്തുന്നു: വെള്ളത്തിലൂടേ പോകുന്നവർ വെള്ളം കോരിയുക്കുന്നതുപോലെ. 7

വജ്രിൻ, ശൂര, വെള്ളം വേണ്ടുന്ന നിലത്തെ നദികളെന്നപോലെ, വളൎന്നവൻതന്നെയായ ഭവാനെ സ്തോത്രങ്ങൾ നാളിൽ നാളിൽ വളൎത്തുന്നു! 8

ഗമനശീലനായ ഇന്ദ്രന്റെ പെരുംനുകമുള്ള പെരുംതേരിൽ, കേവലം വാക്കുകൊണ്ടു പൂട്ടാവുന്ന രണ്ടു പള്ളിക്കുതിരകളെ (സ്തോതാക്കൾ) സ്തുതിയാൽ പൂട്ടുന്നു! 9

ഇന്ദ്ര, ശതക്രതോ, ശരിയ്ക്കു കാണുന്നവനേ, പടകളെ കീഴമൎത്തുന്ന വീരനായ നിന്തിരുവടി ഞങ്ങൾക്കു ബലവും ധനവും കൊണ്ടു വന്നാലും! 10

വസോ, അങ്ങ് ഞങ്ങൾക്കച്ഛനാണ്; ശതക്രതോ, അങ്ങ് അമ്മയുമാണ്. അതിനാൽ ഞങ്ങൾ അങ്ങയുടെ സുഖം യാചിയ്ക്കുന്നു. 11

ബലവാനേ, പുരുഹൂത, ശതക്രതോ, കെല്പിച്ചിയ്ക്കുന്ന ഭവാനെ ഞാൻ പുകഴ്ത്തുന്നു; ഭവാൻ ഞങ്ങൾക്കു നല്ല വീൎയ്യമുള്ള (ധനം) കല്പിച്ചു തന്നാലും! 12

---

5. പിഴിയുന്നവനെ––സോമം പിഴിയുന്ന യജമാനനെ.

7. കോരിയുക്കുന്നതുപോലെ––കളിയായി സമീപസ്ഥരിൽ.

12. കെല്പ്––സ്തുതിജന്യമായ ബലം.

സൂക്തം 99.

നൃമേധൻ ഋഷി; ബൃഹതിയും സതോബൃഹതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(പാന)

തന്നുവല്ലോ, കടിപ്പാൻ നിനക്കിന്നു–
മിന്നലെയുമൊരുക്കിയ നേതാക്കൾ:
ഇന്ദ്ര, കേളി,ഹ സ്തോത്രങ്ങളുബ്ഭവാൻ;
വന്നുചേരുക, വജ്രവൻ, ഗേഹത്തിൽ! 1

ഇന്ദ്ര, ഹര്യശ്വ, സേവകർ നിങ്കലെ–
ത്തുന്നു; നീ മദം കൊൾകെ,ങ്ങളൎത്ഥിപ്പൂ:
സ്തുത്യമാമുപമാനാന്നമാക, തേ
നത്യവാപ്യ, സുഹനോ, പിഴിഞ്ഞ നീർ! 2

അൎക്കനെക്കിരണങ്ങൾപോലേ നിഷേ–
വിപ്പൂവി,നിന്ദ്രവിത്തത്തെയൊക്കയും:
ശക്തിമാൻ ജനിച്ചോൎക്കും ജനിപ്പോൎക്കും
വെപ്പൂ,മൎത്ഥം; ലഭിപ്പൂ, നാം തദ്ഭാഗം. 3

വാഴ്ത്തുക, പൂതദാനനാം ശ്രീദനെ:–
ച്ചാൎത്തു,മിന്ദ്രന്റെ ദാനങ്ങൾ നമ്മയെ;
തട്ടകില്ലി,സ്സപര്യാകരനടെ–
യിഷ്ടമദ്ദാനചോദിതമാനസൻ! 4

സൂക്തം 99.

1. കടിപ്പാൻ––സോമം. സ്തോത്രങ്ങൾ––ഞങ്ങളുടെ.

2. ഉപമാനാന്നമാക=ഉപമാനഭൂതമായ ആഹാരമായിബ്ഭവിപ്പൂട്ടെ. നത്യവാപ്യ=സ്തുതിപ്രാപ്യ.

3. സ്വജനങ്ങളോട്: നിഷേവിപ്പൂവിൻ=ഭജിപ്പുവിൻ. ശക്തിമാൻ––ഇന്ദ്രൻ. അൎത്ഥം=ധനം. വെപ്പൂ––വിഭജിച്ചുകൊടുക്കാൻ. തദ്ഭാഗ.=അതിന്റെ പങ്ക്. നാം ലഭിപ്പൂ––നേടുമാറാകണം; നമുക്കു കിട്ടട്ടെ.

4. സ്തോതാവിനോട്: ശ്രീദനെ––ധനപ്രദനായ ഇന്ദ്രനെ. നമ്മയെ ചാൎത്തും––ശ്രേയസ്സുളവാക്കും. തട്ടകില്ല=തള്ളില്ല. സപര്യാകരൻ––പരിചരിപ്പു ന്നവൻ. ദാനചോദിതമാനസൻ=മനസ്സിനെ ദാനത്തിന്നു പ്രേരിപ്പിപ്പുന്നവൻ, ദാനശീലൻ. സേവകന്നു് അഭീഷ്ടം നല്കുകതന്നെ ചെയ്യും.

പോർക്കളങ്ങളിലിന്ദ്ര, രിപുഘ്ന, നീ
ബാക്കിവെയ്ക്കാതമത്ത്വം, പടകളെ;
നീക്ക,മുണ്ടാക്കിവെയ്ക്കു,മമംഗളം;
തീക്ക,മാരെയും; ദ്രോഹിയെ ദ്രോഹിയ്ക്കും! 5

നിൻതരസ്സിടിപ്പോനെ വാനൂഴികരം
പിന്തുടരുമേ, കുഞ്ഞിനെത്തായ്പോലെ;
ഇന്ദ്ര, വൃത്രനെക്കൊന്ന നിൻ ക്രോധത്തി–
ലൊന്നൊഴിയാതുഴന്നുപോം, മാററലർ! 6

നിർജ്ജരനന,ധീന,നോടിയ്ക്കുവോ,–
നുജ്ജവഗതൻ, ജേതാ,വഹിംസിതൻ–
അജ്ജലവർദ്ധനനാം രഥീന്ദ്രനെ–
സ്സജ്ജനാക്കുവിൻ. രക്ഷയ്ക്കിഹ നിങ്ങരം! 7

സംസ്കൃതാഹിതൻ, സാധാരണൻ, സ്വയം
സംസ്കൃതൻ, ശതരക്ഷൻ, ശതക്രതു,
വന്നിധി വെച്ച വിത്തദൻ, ശക്തിജ–
നിന്ദ്രനെ ത്രാണനാത്ഥം വിളിയ്ക്കു, നാം! 8

---

5. ദേവകരംക്ക് അമംഗളം നീക്കും; അസുരക്ക് അമംഗളം ഉണ്ടാക്കിവെയ്ക്കും, ആരെയും, ഏതൊരു ശത്രുപ്രിനെയും തീക്കും=നശിപ്പിയ്ക്കും.

6. തരസ്സ്=ബലം. ഇടിപ്പോനെ––എതിരാളിയെ. പിന്തുടരും––പിന്നാലെ ചെന്നു ശിക്ഷിയ്ക്കും; ഉപമ പിന്തുടരലിന്നു മാത്രമാണു്.

7. സ്വജനങ്ങളോട്: അനധീനൻ––ആരുടെയും വരുതിയിലല്ലാത്തവൻ. ഓടിയ്ക്കുവോൻ––ശത്രുക്കളെ ആട്ടിപ്പായിയ്ക്കുന്നവൻ. ഉജ്ജവഗതൻ=സവേഗഗമനൻ. രഥീന്ദ്രനെ––മഹാരഥനായ ഇന്ദ്രനെ. നമ്മുടെ രക്ഷയ്ക്കു സജ്ജനാക്കുവിൻ––ഒരുങ്ങിയ്ക്കുവിൻ.

8. സംസ്കൃതാഹിതൻ=അഹിതരെ (ശത്രുക്കളെ) സംസ്കരിച്ചവൻ, കഴിച്ചിട്ടവൻ; ശത്രുമാരകൻ. സാധാരണൻ=സർവസമാനൻ. സംസ്കൃതൻ––ലബ്ധസംസ്കാരൻ. വെച്ച––മറവിൽ സൂക്ഷിച്ച. ശക്തിജൻ=ബലോല്പന്നൻ. ത്രാണനാത്ഥം=രക്ഷയ്ക്കു്.

സൂക്തം 100.

ഭൃഗുഗോത്രൻ നേമൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും അനുഷ്ടുപ്പും
ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.

ഇന്ദ്ര, ഞാനിതാ, പുത്രനോടുകൂടി ഭവാന്റെ മുമ്പിൽ നടകൊള്ളുന്നു: ദേവകളൊക്കെ എന്റെ പിന്നാലെ വരും: അവിടുന്നു് എനിയ്ക്കു പങ്കു കരുതുന്നുണ്ടെങ്കിൽ, എന്നോടുകൂടി പൌരുഷം കാണിച്ചാലും! 1

അവിടേയ്ക്കുമറേത്തിന്നു മധു ഞാൻ മുമ്പേ വെയ്ക്കുന്നു: സേവ്യമായ പിഴിഞ്ഞ സോമം ഭവാനിൽ വെയ്ക്കപ്പെടട്ടെ, അവിടുന്നു സഖാവായി എന്റെ വലത്തു നില്ക്കുക: എന്നാൽ, നമുക്കു വളരെശ്ശത്രുക്കളെ വധിയ്ക്കാം! 2

പടയ്ക്കു പുറപ്പെടുന്ന നിങ്ങരം ഇന്ദ്രന്നു–സത്യമാണെങ്കിൽ–സത്യമായ സ്തോത്രം സംഭരിയ്ക്കുവിൻ! ഇന്ദ്രനെന്നൊരാളില്ലെന്നു നേമൻതന്നെ വാദിയ്ക്കുന്നു; ആർ കണ്ടു, അദ്ദേഹത്തെ? ആരെ നാം സ്തുതിയ്ക്കും? 3

'ഇതാ, ഞാനുണ്ടു്': സ്തോതാവേ, ഇവിടെ എന്നെ നോക്കു. ഞാൻ മഹത്ത്വംകൊണ്ടു ഭുവനമെല്ലാം കീഴടക്കിയിരിയ്ക്കുന്നു: യജ്ഞോപദേഷ്ടാക്കരം എന്നെ വളർത്തുന്നു. ആദരവുള്ള ഞാൻ അരാതികളെ പിളർത്തിപ്പോരുന്നു. 4

സൂക്തം 100.

1. നടകൊള്ളുന്നു––ശത്രുക്കളെ ആക്രമിപ്പാൻ പോകുന്നു. പങ്കു കരുതുന്നുണ്ടെങ്കിൽ––ശത്രുധനത്തിൽ ഒരംശം തരാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ.

2. മധു––മത്തുണ്ടാക്കുന്ന സോമം. ഭവാനിൽ––ഭവാന്റെ ഉള്ളിൽ.

3. സ്വന്തം ആളുകളോടു്: സത്യമാണെങ്കിൽ––ഇന്ദ്രൻ ഉണ്ടെന്നതു നേരാണെങ്കിൽ. നേമൻ––ഞാൻ.

4. നേമന്റെ വാദം കേട്ടിട്ടു് ഇന്ദ്രൻ തത്സമീപത്തിൽ വന്നെത്തി, പറയുന്നു: വളർത്തുന്നു––സ്തുതികളാൽ. ആദരവു്––ജഗദ്രക്ഷണത്തിൽ. അരാതികരം =ശത്രുക്കരം.

യജ്ഞകാമന്മാർ അന്തരിക്ഷത്തിന്റെ മുകളിൽ തനിയേ ഇരിക്കുന്ന എങ്കൽ കേറിയാൽ, എന്റെ മനസ്സ് ഹൃദയത്തോടു പറയും:—'കുഞ്ഞുങ്ങളോടുകൂടിയ സഖാക്കൾ നിലവിളിക്കുന്നു!'' 5

മഘവാവേ, ഇന്ദ്ര, സവനങ്ങളിൽ പിഴിഞ്ഞവന്നു നിന്തിരുവടി ചെയ്തിട്ടുള്ളതെല്ലാം വർണ്ണനീയമാകുന്നു: പരാവാന്റെ പെരികെക്കൂട്ടിവെച്ചിരുന്ന ധനം ഭവാൻ ശരഭനെന്ന ഋഷിക്കു തുറന്നുകൊടുത്തുവല്ലോ! 6

യാവനൊരുത്തൻ കിടന്നോടിയിരുന്നുവോ, യാവനൊരുത്തൻ വിടാതെ നിങ്ങളെ വളഞ്ഞിരുന്നുവോ, ആ വൃത്രന്റെ മർമ്മത്ത് ഇന്ദ്രൻ വജ്രം ആഞ്ഞെറിഞ്ഞു! 7

ഗരുഡൻ മനോവേഗത്തിൽ നടകൊണ്ട്, ഇരിമ്പുപുരി കടന്ന്, സ്വർഗ്ഗത്തിൽ ചെന്ന്, വജ്രധരന്നു സോമം കൊണ്ടുവന്നു! 8

യാതൊന്നു സമുദ്രത്തിന്റെ അടിയിൽ ജലാവൃതമായിരുന്നുവോ, ആ വജ്രത്തിന്നു യുദ്ധത്തിലെ മുന്നണിക്കാർ ബലിയർപ്പിക്കുന്നു! 9

ദേവന്മാരെ ഇമ്പപ്പെടുത്തുന്ന ദേവിയായ വാക്ക് എന്തൊക്കെയോ പേശിക്കൊണ്ടിരുന്നു, നാലിടത്തും അന്നജനകങ്ങളായ തണ്ണീരുകൾ ചുരന്നു; എവിടെപ്പോയി, അവളുടെ മേന്മ! 10

യാതൊരു ദേവിയായ വാക്കിനെ ദേവകൾ ഉൽപ്പാദിപ്പിച്ചുവോ, അതിനെ എല്ലാ പ്രാണികളും ചൊല്ലിപ്പോരുന്നു; ആ വാക്ക ഞങ്ങളെ ആഹ്ലാദിപ്പിച്ചുകൊണ്ട്, അന്നവും രസവും ചുരത്തുന്ന ഒരു പയ്യായി, വഴിപോലെ സ്തുതിക്കപ്പെട്ടു, ഞങ്ങളിലെത്തട്ടെ! 11

---

5. എങ്കൽ കേറിയാൽ—എന്നെ പ്രാപിച്ചാൽ. കുഞ്ഞുങ്ങളോടുകൂടിയ സഖാക്കൾ നിലവിളിക്കുന്നതു, കേണപേക്ഷിക്കുന്നതു, ഞാനറിയും—അവരുടെ ദുഃഖം ഞാൻ തീർക്കും.

6. ഇന്ദ്രനെ അരികത്തു കണ്ടിട്ടു സന്തുഷ്ടനായ ഋഷി ഇന്ദ്രനെ സ്തുതിക്കുന്നു: പരാവാൻ—ഒരു ശത്രു.

7. നിങ്ങളെ—ദേവന്മാരെ.

9. ബലിയർപ്പിക്കുന്നു—ഇരയായിത്തീരുന്നു.

10. ദേവിയായ = വിളങ്ങുന്ന. വാക്ക്—മാധ്യമികവാക്ക്. ഇടിവെട്ടും മഴയുമാണ്, ഈ ഋക്കിലെ പ്രതിപാദ്യം. എവിടെപ്പോയി—വർഷാനന്തരം അവളുടെ മേന്മ കാണപ്പെടുന്നില്ല.

സഖേ, വിഷ്ണോ, ഭവാൻ അത്യന്തം വിക്രമിച്ചാലും; ദ്യോ
വേ, നീ വജ്രത്തിന്നു പായുവാൻ ഇടം കൊടുക്കുക. നമുക്കിരു
വർക്കുംകൂടി വൃത്രനെക്കൊല്ലാം, നദികളെ വിട്ടുവിടുക്കാം; വിട്ടയ
യ്ക്കപ്പെട്ട ഇവ വരുതിയിൽ നടകൊള്ളട്ടെ! 12

സൂക്തം 101.

ഭൃഗുഗോത്രൻ ജമദഗ്നി ഋഷി; ബൃഹതിയും സതോബൃഹതിയും ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മിത്രാവരുണന്മാരും ആദിത്യരും അശ്വികളും വായുവും സൂര്യനും ഉഷസ്സും പവമാനനും ഗോവും ദേവതകൾ.

ആർ ഹവിർദ്ദാതാവിന്നു ചിക്കെന്ന് അഭീഷ്ടം സാധിപ്പാൻ
മിത്രാവരുണന്മാരെ അഭിമുഖീകരിയ്ക്കുമോ, ആ മനുഷ്യൻ സത്യമാ
യും, യജ്ഞത്തിന്ന് ഇപ്രകാരം (ഹവിസ്സ്) ഒരുക്കിവെയ്ക്കും. 1

വളർന്ന കെല്പും, പരന്ന കാഴ്ചയും, ഉയർന്ന വിജ്ഞാനവു
മുള്ള, നേതാക്കളായ ആ ഇരുതമ്പുരാന്മാർ, ഇരുകൈകളെന്നപോ
ലെ, സൂര്യരശ്മികളോടുകൂടി കർമ്മങ്ങളിലേർപ്പെടുന്നു! 2

മിത്രാവരുണന്മാരേ, നിങ്ങളെ അഭിഗമിയ്ക്കുന്ന യാത്ര
ക്കാരൻ (ദേവ)ദൂതനും, ശിരസ്സിൽപ്പൊന്നണിഞ്ഞവനും, സമ്പ
ത്തിലെത്തുന്നവനുമായിത്തീരും! 3

ചോദിപ്പാനോ, സംസാരിപ്പാനോ, വീണ്ടും വീണ്ടും ഹോ
മിപ്പാനോ ആരൊരുത്തൻ ഇല്ലയോ, അവന്റെ യുദ്ധത്തിൽനിന്നു ഞങ്ങ
ളെ ഇന്നു നിങ്ങൾ രക്ഷിയ്ക്കണം—ഇരുകൈകളിൽനിന്നും ഞങ്ങളെ
നിങ്ങൾ രക്ഷിയ്ക്കണം! 4

---

12. നമുക്കിരുവർക്കുംകൂടി——വിഷ്ണുവിന്നും ഇന്ദ്രന്നുംകൂടി.

സൂക്തം 101.

2. ഇരുതമ്പുരാന്മാർ——മിത്രാവരുണന്മാർ. ഇരുകൈകളെന്നപോലെ——കൈകൾ രണ്ടും ഒരുമിച്ചാണല്ലോ, പണിയെടുക്കുക.

3. യാത്രക്കാരൻ——യജമാനൻ.

4. യജ്ഞത്തിൽ യാതൊരു ശ്രദ്ധയുമില്ലാത്തവനിൽനിന്നു ഞങ്ങൾക്കുപദ്രവമുണ്ടാകരുത്. ഇരുകൈകളിൽനിന്നും——അവന്റെ.

ഹേ യജ്ഞധന, മിത്രവരുണാര്യമാക്കളാകുന്ന തമ്പുരാക്കന്മാരെക്കുറിച്ച് ഭവാൻ സേവനോചിതവും പ്രീതിജനകവുമായ സ്തോത്രം പെരികെപ്പാടുക! 5

അവർ മൂവരുടെ ഏകപുത്രനെ——അരുണവർണ്ണനായ വസുവിനെ——ജയത്തിന്നയയ്ക്കുന്നു; ആ അഹിംസിതരായ അമൃതന്മാർ മർത്ത്യരുടെ ഇരിപ്പിടങ്ങൾ നോക്കിക്കാണുന്നു! 6

നാസത്യന്മാരേ, നിങ്ങളിരുവരുമൊന്നിച്ച്, എന്റെ ഉജ്ജ്വലസ്തോത്രങ്ങളിലും കർമ്മങ്ങളിലും വന്നെത്തുവിൻ; ഹവിസ്സുകളുണ്മാനും വന്നെത്തുവിൻ! 7

അന്നധനന്മാരേ, ഞങ്ങൾ നിങ്ങളുടെ രക്ഷോബാധയില്ലാത്ത ദാനത്തെ——നിങ്ങളാൽ ചെയ്യപ്പെടുന്ന ദാനത്തെ——യാചിയ്ക്കുന്നു. ജമദഗ്നിയാൽ പാടിപ്പുകഴ്ത്തപ്പെടുന്ന നേതാക്കളായ നിങ്ങൾ, കിഴക്കോട്ടു നോക്കുന്ന സ്തുതിയെ തഴപ്പിച്ചുകൊണ്ടു വന്നുചേർന്നാലും! 8

വായോ, ഭവാൻ ഞങ്ങളുടെ സ്വർഗ്ഗസ്പർശിയായ യജ്ഞത്തിൽ വന്നാലും: നല്ല സ്തുതികളോടേ അരിപ്പയിൽ പകർന്നരിച്ച, സ്വച്ഛമായ ഇത് അങ്ങയ്ക്കുള്ളതാണ്! 9

നിയുത്ത്വാനേ, അധ്വര്യു നേർവഴിയിലൂടേ നടന്ന്, അമരേത്തിന്നു ഹവിസ്സുകൾ കൊണ്ടുവരുന്നു: അവിടുന്നു ഞങ്ങളുടെ രണ്ടുതരം——അരിച്ചതും, ഗവ്യം പകർന്നതുമായ——സോമം നുകർന്നുകൊണ്ടാലും! 10

സൂര്യ, സത്യം, അവിടുന്നു മഹാനാണ്; ആദിത്യ, സത്യം, അവിടുന്നു മഹാനാണ്; മഹാനായ ഭവാന്റെ മഹിമ സ്തുതിയ്ക്കപ്പെട്ടുപോരുന്നു; ദേവ, അവിടുന്നു മഹാൻതന്നെ! 11

സൂര്യ, സത്യം, കേൾവികൊണ്ടു മഹാനാണ്, ഭവാൻ; ദേവ, സത്യം, ദേവന്മാരിൽവെച്ചു മഹത്ത്വമേറിയവനാണ്, അസുരഹ

---

6. അവർ——ദേവന്മാർ. മൂവരുടെ——മൂപ്പാരുകളുടെ. അരുണവർണ്ണനായ വസുവിനെ——സൂര്യനെ. ജയത്തിന്ന്——ഇരുട്ടുകളെ ജയിപ്പാൻ, നശിപ്പിയ്ക്കാൻ.

8. ജമദഗ്നി——ഞാൻ. കിഴക്കോട്ടു നോക്കുന്ന——പുലർകാലത്തു ചെയ്യുന്ന എന്നർത്ഥം: ഉഷസ്സിലാണല്ലോ, അശ്വിയജനം.

9. ഇത്——സോമം.

ന്താവാണ്, ഹിതോപദേഷ്ടാവുമാണ്, ഭവാൻ വലുതും അഹിംസ്യവുമാകുന്നു, (ഭവാൻെറ) തേജസ്സ്! 12

ഇതാ, പ്രകാശവതിയായി സൃഷ്ടിയ്ക്കപ്പെട്ട, താഴത്തെയ്ക്കു നോക്കുന്ന, സ്തുതിയുക്തയായ സുന്ദരി ബ്രഹ്മാണ്ഡത്തിൻെറ പത്തുകൈകളിലും വന്നെത്തി, ഒരു ചിത്രപ്പട്ടുപോലെ കാണപ്പെടുന്നു! 13

മൂന്നുപ്രജകൾ അറുതിയടഞ്ഞു; മററവ അഗ്നിയുടെ ചുററും കൂടി. മഹാൻ ഭുവനങ്ങളുടെ നടുവിൽ വാണരുളി; വായു ദിക്കുകളിൽ ഉലംപ്പുകി. 14

മരുത്തുക്കളുടെ അമ്മ, വസുക്കളുടെ മകൾ, ആദിത്യരുടെ സോദരി, പാലിൻെറ ഇരിപ്പിടം——ഇങ്ങനെയുള്ള അപാപയും അദീനയുമായ ഗോവിനെ വധിയ്ക്കരുതേ എന്ന് അഭിജ്ഞജനങ്ങളോടു ഞാൻ പറയുന്നു. 15

വാക്കു കിട്ടിയ്ക്കുന്ന, വാക്കു പുറപ്പെടുവിയ്ക്കുന്ന, സർവവാക്കുകളാലും ഉപാസിയ്ക്കപ്പെടുന്ന, ദേവകൾക്കുവേണ്ടി എങ്കലണയുന്ന ഗോദേവിയെ അല്പബുദ്ധിയായ മനുഷ്യൻ തള്ളിക്കളയുന്നു! 16

സൂക്തം 102.

ഭൃഗുഗോത്രൻ പ്രയോഗൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.
('ദാരകാമന്ദിരം' പോലെ.)

ദേവ, കവി, ഗൃഹപതി,
യൌവനവാൻ ഭവാനഗ്നേ,
കൈവരുത്തുമല്ലോ, സന്ദാ-
താവിന്നനല്പമാമന്നം! 1

13.. സുന്ദരി——ഉഷസ്സ്, പത്തുകൈകൾ——പത്തു ദിക്കുകൾ.

14. മൂന്നുപ്രജകൾ——പ്രജാപതിയാൽ സൃഷ്ടിയ്ക്കപ്പെട്ട പക്ഷികളും ഇഴജന്തുക്കളും പാമ്പുകളും. അറുതിയടഞ്ഞു——ആഹാരമില്ലായ്കയാൽ. മററവ——നാലാമതു സൃഷ്ടിയ്ക്കപ്പെട്ടവ. ചുററുംകൂടി——അതിനാൽ അറുതിയടഞ്ഞില്ലെന്നർത്ഥം. ഇങ്ങനെ ഒരിതിഹാസമുണ്ടത്രേ.

16. ദേവകൾക്കുവേണ്ടി——ദേവന്മാർക്കു ഹവിസ്സു നിർമ്മിയ്ക്കാൻ.

സൂക്തം 102.

1. യൌവനവാൻ——നിത്യയുവാവ്. സന്ദാതാവ്——ഹവിസ്സു നല്കുന്നവൻ, യജമാനൻ.

അബ്ഭവാനറിഞ്ഞെങ്ങടംത-
ന്നഭ്യർച്ചനസ്തുതികളാൽ
ഒപ്പം കൊണ്ടുവരിക,ഗ്നേ,
സുപ്രകാശ, സുദമ്നാരെ! 2

അത്യുദാരനായ നിന്റെ
തുത്തുണയൊന്നിനാൽത്തന്നേ
സദ്യുവാവേ, ഞങ്ങളന്ന-
ലബ്ധിയ്ക്കായ്ക്കീഴമർത്താവു! 3

ഔർവഭൃഗുവെന്നപോലെ,-
യപ്നവാനൻപോലെയും ഞാൻ
ആഴിയിങ്കൽ വാഴം ശുചി-
യാമഗ്നിയെ വിളിയ്ക്കുന്നേൻ. 4

കാററിൻചീററം, കാറിരമ്പ-
മേററം കരുത്തിവയോടേ
ആഴിയിങ്കൽ വാഴം കവി-
യാമഗ്നിയെ വിളിയ്ക്കുന്നേൻ. 5

സാവിത്രമാം വീര്യം, ഭഗ-
ദേവഭോഗമിവപോലെ
ആഴിയിങ്കൽ വാണരുള്ള-
മഗ്നിയെ ഞാൻ വിളിയ്ക്കുന്നേൻ. 6

അഗ്നിയിങ്കൽച്ചെൽവിൻ, നിങ്ങ-
ളധ്വരത്തിൻ ബന്ധുവിങ്കൽ,
അത്യന്തം പടർന്നവങ്കൽ,-
ക്കത്തുവോങ്കൽ,ക്കരുത്തങ്കൽ: 7

---

3. സദ്യുവാവേ—നിത്യതരുണ. കീഴമർത്താവൂ—ശത്രുക്കളെ.

4. ഔർവഭൃഗുവും അപ്നവാനനും ഋഷിമാർ. അഗ്നിയെ—ബഡബാഗ്നിയെ.

6. സാവിത്രം=സവിതാവിന്റേതു്. ഭഗദേവഭോഗം=ഭഗനെന്ന ദേവന്റെ സുഖോപഭോഗം. ഇവ രണ്ടുംപോലെ. അർത്ഥം ചിന്ത്യം.

7. ഋത്വിക്കുകളോടു്:

തച്ചൻപോലേ രൂപംകൊത്തി–
വെച്ചീടട്ടെ,യിവൻ നമ്മെ;
ഇദ്ദേഹത്തിൻ പ്രജ്ഞാനത്തോ–
ടൊത്തു കീർത്തിപ്പെടാവൂ, നാം! 8

ഉമ്പരിൽവെച്ചഗ്നിയല്ലോ,
സമ്പത്തെല്ലാം ഭരിപ്പൂന്നു:
അദ്ദേഹം നമ്മളിലന്ന–
യുക്തനായ് വന്നണയട്ടെ! 9

ഹോതാക്കളിലെല്ലാമേറെ
ഖ്യാതിമാനും,ക്രതുക്കളിൽ
ഒന്നാമനുമാമഗ്നിയെ
നന്നായ് സ്തുതിപ്പൂകി,ങ്ങു നീ: 10

മുമ്പനും, പാവനജ്വാലാ–
സമ്പന്നനും, ശാലകളിൽ
പള്ളികൊണ്ടുജ്ജ്വലിപ്പോനു–
മല്ലോ, മഹാപ്രാജ്ഞനിവൻ! 11

അശ്വംപോലേ നിഷേവ്യനും,
മിത്രംപോലേ ഹതാരിയും,
ശക്തനുമാമീയഗ്നിയെ–
ബ്ബുദ്ധിമൻ, സ്തുതിപ്പൂ, ഭവാൻ. 12

സാധിതഹവ്യൻെറ നതി–
ഗാഥകൾ, പെണ്ണുങ്ങൾപോലേ
നിന്നെ നിർദ്ദേശിച്ചുംകൊണ്ടു
നിന്നിടുന്നു, വായുപാർശ്വേ! 13

---

8. ആശാരി പാവയെയുംമററുമെന്നപോലെ, അഗ്നി നമ്മെ രൂപപ്പെടുത്തട്ടെ.

10. സ്തോതാവിനോട്: ഖ്യാതിമാൻ=കീർത്തിമാൻ.

11. ശാലകൾ—യജ്ഞസദനങ്ങൾ.

12. ഹതാരി=ശത്രുക്കളെ കൊന്നവൻ.

13. പ്രത്യക്ഷകഥനം: സാധിതഹവ്യൻ—ഹവിസ്സൊരുക്കിവെച്ചവൻ. നിന്നെ—അങ്ങയുടെ ഗുണങ്ങളെ. വായുപാർശ്വേ=വായുവിൻെറ അരികിൽ.

അട്ടിമൂന്നാക്കിയ ദർഭ
കെട്ടും പൂട്ടുമില്ലാതെതാൻ
വർത്തിയ്ക്കുന്നിത, വിടെയ്ക്കായ്;
ത്തത്തണ്ണീരും നിലക്കൊാംവു! 14

ദുർദ്ധർഷരക്ഷകളെല്ലൊ-
ന്നി.ദ്ദേവൻെറയിരിപ്പിടം;
ഭദ്രം, രവിപോലേ വർഷ-
കർത്താവിൻെറ തൃക്കാഴ്ചയും! 15

ദേവ, നെയ്ഹോമത്താൽച്ചൂട
കൈവളർന്ന ഭവാനഗ്നേ,
ദേവന്മാരെജ്ജ്വാലകാംകൊ-
ണ്ടാവാഹിച്ചു യജിച്ചാലും! 16

അവ്യയനായ്ക്കവിയായി
ഹവ്യവാഹനായ നിന്നെ
അംഗിരസ്സേ, ജനിപ്പിച്ചാ-
ര,മ്മമാർപോലമരന്മാർ: 17

അഗ്നേ, കവേ, വരേണ്യന,·
മഗ്ര്യധീയും, ഹവിർഭൃത്തും,
ദൂതനമാം നിങ്കൽ സ്ഥിതി-
ചെയ്യുപോരുന്നിതു, സുരർ! 18

ഇല്ല, മേ പയ്യൊ;രു മഴ-
വില്ല, ചമതകാം വെട്ടാൻ;
എന്നാലിതൊക്കയുമൊരു-
ക്കുന്നതുണ്ടു, ഭവാന്നായ് ഞാൻ! 19

---

14. അട്ടിമൂന്നാക്കിയ—മൂന്നട്ടിയായി വെച്ച. കെട്ടും പൂട്ടമില്ലാതെ താൻ—വിരിയ്ക്കുമ്പോാം കെട്ടഴിയ്ക്കുമല്ലോ. അവിടെയ്ക്കായ്—ഭവാന്നിരിപ്പാൻ. ത്തത്തണ്ണീരും (വിശുദ്ധജലവും) അവിടെയ്ക്കായി അന്തരിക്ഷത്തിൽ നിൽക്കുന്നു.

15. ഭദ്രം—രവിപോലെ ഭജനീയമാകുന്നു.

18. ഏതാണ്ട് മുൻ ഋക്കിൻെറ ഒരു വിവരണം:

19. മേ—എനിയ്ക്ക്. പയ്യില്ല— അങ്ങയ്ക്കു ഹവിസ്സുണ്ടാക്കാൻ.

നല്ല യുവാവാകുമഗ്നേ,
വല്ല വല്ല മരത്തുണ്ടും
അങ്ങേയ്ക്കായ്‌ ഞാനെടുക്കുമ്പോ—
ളങ്ങുന്നതിലിരിക്കേണം ! 20

യാതൊന്നിനെച്ചിതൽ തിന്നും;
യാതൊന്നിലെറുമ്പു കേറും;
ആയതെല്ലാമവിടുത്തെ—
ക്കാജ്യമായിബ്‌ഭവിക്കട്ടേ! 21
സശ്രദ്ധമഗ്നിയെജ്ജ്വലി—
പ്പിച്ചു കർമ്മം ചെയ്‌ക, മർത്ത്യൻ:
ഋത്വിക്കുകളോടുകൂടി—
യത്രേ കത്തിപ്പത,ഗ്നിയെ. 22

സൂക്തം 103.

കണ്വപുത്രൻ സോഭരി ഋഷി; ബൃഹതിയും സതോബൃഹതിയും കകുപ്പും ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നിയും മരുത്തുക്കളും ദേവത.

കർമ്മങ്ങൾ ആരിൽ വെക്കപ്പെട്ടിരിക്കുന്നുവോ, ആ മുന്തിയ മാർഗ്ഗജ്ഞൻ കാണായിവന്നിരിക്കുന്നു; വഴിപോലെ വെളിപ്പെട്ട ശ്രേഷ്ഠവർണ്ണവർദ്ധനനായ അഗ്നിയെ പ്രാപിക്കും, നമ്മുടെ സ്തുതികൾ! 1

ദിവോദാസന്റെ അഗ്നി ദേവന്മാർക്കുവേണ്ടി, അമ്മയായ ഭൂമിയിലെയ്ക്കു, ബലംമൂലം ഇറങ്ങിയില്ല; സ്വർഗ്ഗത്തിന്റെ മുകളിലിരുന്നതേ ഉള്ളൂ. 2

---

20. മരത്തുണ്ടും—ചമതക്ക്‌.

21. ചിതൽ തിന്നതും എറുമ്പു കേറിയതുമായ വസ്തുപോലും അവിടുത്തെയ്ക്കു് ആജ്യം (നെയ്യ്)പോലെ പ്രിയമായിച്ചമയട്ടെ!

22. ചെയ്‌ക—ചെയ്യണം. ഋത്വിക്കുകളോടുകൂടിവേണം, അഗ്നിയെ കത്തിക്കുക.

സൂക്തം 103.

1. ശ്രേഷ്ഠവർണ്ണവർദ്ധനൻ—ഉത്തമജാതികളെ വളർത്തുന്നവൻ.

2. ദേവന്മാർക്കുവേണ്ടി—ഹവിസ്സുകൊണ്ടുപോകാൻ. ബലംമൂലം—ദിവോദാസൻ ബലാൽക്കാരേണ വിളിച്ചതിനാൽ. സ്വർഗ്ഗത്തിന്റെ മുകളിൽ—സ്വന്തം ഇരിപ്പിടത്തിൽ.

കർത്തവ്യമനുഷ്ഠിയ്ക്കുന്നവനെ ആളുകറം പേടിയ്ക്കുമല്ലോ; അതി
നാൽ നിങ്ങറം ആയിരം നല്കുന്ന അഗ്നിയെ സ്വയം യജ്ഞത്തിൽ
കർമ്മങ്ങറംകൊണ്ടു പരിചരിയ്ക്കുവിൻ! 3

അഗ്നേ, വസോ, ഭവാൻ ആരെ ധനത്തിന്നു കൊണ്ടുപോകു
മോ, യാതൊരു മനുഷ്യൻ ഭവാനു (ഹവിസ്സു) നല്കുമോ; അവന്നു്
ഉക്ഥം ചൊല്ലുന്നവനും, സ്വയം ആയിരം പേരെ പോററുന്നവനു
മായ പുത്രൻ പിറക്കും! 4

സമ്പത്തേറിയവനേ, അവൻ ഉറപ്പുള്ളേടത്തിലെ അന്നവും
അശ്വത്താൽ നശിപ്പിയ്ക്കും; അക്ഷീണമായ ഭോജ്യം കൈക്കലാക്കും.
ദേവനായ ഭവാങ്കൽനിന്നു ഞങ്ങറംക്കു വരണീയമെല്ലാം സദാ
കിട്ടുമാറാകണം! 5

യാതൊരു ഹോതാവു പ്രീതി തോന്നിയാൽ ധനമെല്ലാം ആള
കറംക്കു നല്കുമോ; ആ അഗ്നിയിൽച്ചെല്ലുന്നു, പ്രധാനമധുപാത്ര
ങ്ങറംപോലെ സ്തോത്രങ്ങറം! 6

ദർശനീയ, പ്രജാപതേ, ശോഭനദാനന്മാരായ ദേവകാമന്മാർ
(അങ്ങയെ), ഒരു തേർക്കുതിരയെയെന്നപോലെ പുകഴ്ത്തി പരി
ചരിയ്ക്കുന്നുണ്ടല്ലോ; ആ നിന്തിരുവടി പുത്രന്നും പൌത്രന്നും—രണ്ടു
പേർക്കും—ധനവാന്മാരുടെ സമ്പത്തു കല്പിച്ചുതന്നാലും! 7

സ്തോതാക്കന്മാരേ, നിങ്ങറം അതിദാതാവും, യജ്ഞവാനും,
മഹാനും, ദീപ്തതേജസ്സുമായ അഗ്നിയെപ്പററി പാടുവിൻ! 8

ജ്വലിപ്പിച്ചു ഹോമിച്ചാൽ, പുകറംപ്പെട്ട മഘവാവു വീരസമേ
തമായ അന്നം നല്കുമല്ലോ; അദ്ദേഹത്തിൻെറ അതിനൂതനമായ
നന്മനസ്സു് അന്നങ്ങളുമായി പലവുരു നമ്മളിൽ വന്നെത്തട്ടെ! 9

---

3. ആളുകളോടു്:

5. അവൻ——യജമാനൻ. ഉറപ്പുള്ളേടത്തിലെ——ശത്രുപുരത്തിലെ. അശ്വ
ത്താൽ——കുതിരപ്പോരുകൊണ്ടു്. വരണീയം——ധനം.

6. ഹോതാവു്——ദേവാഹ്വാതാവു്.

7. പ്രത്യക്ഷോക്തി:

9. മഘവാവു് = ധനവാൻ, അഗ്നി.

സ്തോതാവേ, ഭവാൻ പ്രിയരിൽവെച്ച പ്രിയതമനും, അതിഥിയും, തേർ തെളിയ്ക്കുന്നവനുമായ അഗ്നിയെ സ്തുതിച്ചാലും: 10

ഉന്നതങ്ങളും വിശ്രുതങ്ങളുമായ വിത്തങ്ങളെ കൊണ്ടുവരുന്നവനാണല്ലോ, ഈ വിപശ്ചിത്തായ യജ്ഞാർഹൻ; യുദ്ധോദ്യതനായ തന്റെ (ജ്വാലകൾ), കീഴ്പോട്ടു പായുന്ന തിരമാലകൾപോലെ ദുസ്തരങ്ങളുമാണല്ലോ! 11

അതിഥി, വസു, ബഹുജനസ്തുതൻ, നല്ല ഹോതാവ്, സുയജ്ഞൻ—ഇങ്ങനെയുള്ള അഗ്നി നമുക്ക തടയപ്പെടാതിരിയ്ക്കട്ടെ! 12

വസോ, അഗ്നേ, യാവചിലർ നേരേ സ്തുതിയ്ക്കുകയും നേരേ സുഖകരമാംവണ്ണം വരികയും ചെയ്യുന്നുവോ, അവർ ദ്രോഹിയ്ക്കപ്പെടരുത്; ഹവിസ്സർപ്പിച്ച സുയജ്ഞനായ സ്തോതാവും ദൂതിന്നായി ഭവാനെ പുകഴ്ത്തുന്നു. 13

അഗ്നേ, മരുത്തുക്കളുടെ സഖാവായ ഭവാൻ യജ്ഞത്തിൽ സോമം കുടിപ്പാൻ രുദ്രപുത്രന്മാരോടൊന്നിച്ചു വന്നാലും; സോഭരിയുടെ ശോഭനസ്തുതി കേട്ടു മത്തടിച്ചാലും! 14

എട്ടാം മണ്ഡലം സമാപ്തം.

---

11. വിപശ്ചിത്ത =വിദ്വാൻ.

12. തടയപ്പെടാതിരിയ്ക്കട്ടെ—ആരാലും നിവാരിതനാകാതെ നമുക്ക് അഭീഷ്ടം നല്കട്ടെ.

13 ദൂതിന്നായി —ദേവകൾക്ക ഹവിസ്സുകൊണ്ടു പോകാനും മററും.

ഒമ്പതാം മണ്ഡലം.

ഏഴാമധ്യായം.

അനുവാകം 1.

സൂക്തം 1.

വിശ്വാമിത്രപുത്രൻ മധുച്ഛന്ദസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

സോമമേ, ഇന്ദ്രന്നു കുടിപ്പാൻ പിഴിയപ്പെട്ട ഭവാൻ ഇനിപ്പേ
റിയ, മത്തുണ്ടാക്കുന്ന ധാരയായി ഒഴുകിയാലും! 1

എല്ലാം ദർശിയ്ക്കുന്ന രക്ഷോഹന്താവു കനകത്താൽ കുഴിയ്ക്കപ്പെട്ട
കലശസമേതമായ സ്വസ്ഥാനത്തെയ്ക്കു ചെല്ലുന്നു. 2

സൂക്തം 1.

1. ഈ 9–ാംമണ്ഡലത്തിൽ മുഴുവൻ പവമാനസോമസ്തുതിയാണ്. ദേവ ന്മാരുടെ––വിശേഷിച്ചും ഇന്ദ്രന്റെ––ഗുണങ്ങളെല്ലാം സോമത്തിൽ ഉപചരിയ്ക്ക പ്പെട്ടിരിയ്ക്കുന്നു. പിഴിയപ്പെട്ടതെന്നോ അരിയ്ക്കപ്പെട്ടതെന്നോ ആണ്, പവമാ നപദത്തിനർത്ഥം.

2; രക്ഷോഹന്താവ്––സോമം. കനകത്താൽ––പരന്ന പൊന്മോതിര മിട്ട കരത്താൽ; പൊന്നണിഞ്ഞ കൈകൊണ്ടു വേണമത്രേ, കുഴിയ്ക്കുക. സ്വ സ്ഥാനം––പിഴിയുന്ന സ്ഥലം.

അങ്ങ് വളരെദ്ധനം തരിക—വലിയ ദാതാവാവുക; ശത്രുക്കളെ തുലോം ഹനിയ്ക്കുക; ആ ധനവാന്മാരുടെ ധനം (ഞങ്ങാക്ക) നല്കുക! 3

അങ്ങ് ഭക്ഷ്യങ്ങളോടേ മഹാന്മാരായ ദേവന്മാരുടെ അമീത്തിൽ വരിക; ബലവും അന്നവും കൊണ്ടുവരിക! 4

ഇന്ദോ, ഞങ്ങൾ ഭവാങ്കലെയ്ക്കു നടക്കാം. നാളിൽ നാളിൽ അതൊന്നേ വേണ്ടു; ഭവാങ്കൽത്തന്നെയാണ്, ഞങ്ങളുടെ ആശകൾ! 5

സോമമേ, അങ്ങയുടെ നീർ സൂര്യപുത്രി നിവൃർത്തിയ ഈട്ടററ രോമംകൊണ്ടരിയ്ക്കും. 6

ഇദ്ദേഹത്തെ യാഗത്തിൽ അഭിഷവദിനത്തിൽ, സോദരിമാരായ പത്തു പെണ്ണുങ്ങൾ—കരാംഗുലികൾ—എടുക്കും. 7

വിരലുകൾ ഇദ്ദേഹത്തെ—ഒരു ഭാസുരമായ തോൽത്തുരുത്തിയെ—കൊണ്ടുചെന്നു പിഴിയും; (ശത്രു) നിവാരകമായ നീർ മൂന്നു പാത്രങ്ങളിലാക്കും. 8

ഈ കിടാവായ സോമത്തിൽ, അവധ്യകളായ പൈക്കൾ, ഇന്ദ്രന്നു കുടിപ്പാൻ, പാൽ കൂട്ടും. 9

ഇതിന്റെ ലഹരിയിലത്രേ, ശൂരനായ ഇന്ദ്രൻ വൈരികളെയെല്ലാം വധിയ്ക്കുന്നതും (യജമാനർക്ക) ധനങ്ങൾ കല്പിച്ചുകൊടുക്കുന്നതും! 10

സൂക്തം 2.

കണ്വപുത്രൻ മേധാതിഥി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

സോമമേ, ദേവകാമനായ ഭവാൻ വേഗത്തിൽ വിശുദ്ധമാംവണ്ണം ഒഴുകുക; ഇന്ദോ, വൃഷാവായ ഭവാൻ ഇന്ദ്രങ്കൽ ചെല്ലുക! 1

---

3. ആ ധനവാന്മാർ—ശത്രുക്കൾ.

4. ദേവന്മാരുടെ അമീത്ത്—യാഗം; അമീത്തും അമരേത്തും ഒന്നുതന്നെ.

5. അത്—ഭവത്സേവനം.

6. സൂര്യപുത്രി—ശ്രദ്ധ എന്നവൾ. രോമംകൊണ്ട്—ആട്ടിൻരോമംകൊണ്ടുള്ള അരിപ്പയാൽ.

7. ഇദ്ദേഹം—സോമം. അഭിഷവദിനം=പിഴിയുന്ന ദിവസം.

8. സോമത്തെ വെള്ളം നിറച്ച തോൽത്തുരുത്തിയാക്കിയിരിയ്ക്കുയാണ്.

9. കിടാവായ—തള്ള കുട്ടിയ്ക്കു പാൽ കൊടുക്കുന്നതുപോലെ.

ഇന്ദോ, മഹാനായ, വൃഷാവായ, യശസ്സേറിയ, ധർത്താവായ നിന്തിരുവടി പാനീയം കൊണ്ടുവന്നാലും; സ്വസ്ഥാനത്തിരുന്നാലും! 2

പിഴിയപ്പെട്ട യാതൊരഭീഷ്ടദായിയുടെ ധാര അരിമപ്പെട്ട മധുവിനെ ചുരത്തിയോ, ആ സുകർമ്മാവു തണ്ണീരുകളുടടുത്തു! 3

അങ്ങ് ഗോരസമുടപ്പിയ്ക്കപ്പെടുന്നതെപ്പോഴോ, അപ്പോൾ പെരിയ തണ്ണീരുകൾ പെരിയ ഭവാങ്കലെയ്ക്ക് ഒഴുകിവരും! 4

രസഭരിതനും, വിണ്ണിനെ താങ്ങുന്ന ഊന്നും, നമ്മെ സ്നേഹിയ്ക്കുന്നവനുമായ സോമം അരിപ്പയിൽ വെള്ളത്തിലെയ്ക്കരിയ്ക്കപ്പെടുന്നു. 5

ഒലികൊള്ളുന്ന, പച്ചനിറമിയന്ന, ഒരു മിത്രമെന്നപോലെ ദർശനീയനായ, മഹാനായ വൃഷാവ് സൂര്യനോടുകൂടി വാനിൽ വിളങ്ങുന്നു! 6

ഇന്ദോ, കർമ്മേച്ഛയുടെ കഥനങ്ങൾ അങ്ങയുടെ ഓജസ്സിനാൽ ശുദ്ധീകരിയ്ക്കപ്പെടുന്നു: ഇവയാണല്ലോ, മത്തുപിടിപ്പിയ്ക്കുന്ന ഭവാനെ അണിയിയ്ക്കുന്നത്! 7

നിന്തിരുവടിയുടെ പെരിയ പ്രശസ്തികൾ ധർഷകന്നുതന്നെയാണല്ലോ; ആ ലോകകർത്താവായ നിന്തിരുവടിയോടു ഞങ്ങൾ മത്തിന്നായി യാചിയ്ക്കുന്നു. 8

ഇന്ദോ, ഇന്ദ്രനെ കാംക്ഷിയ്ക്കുന്ന ഭവാൻ, പർജ്ജന്യൻ മഴയെന്നപോലെ, ഞങ്ങൾക്കു മധുധാര പൊഴിച്ചാലും! 9

സൂക്തം 2.

2. ധർത്താവ് = ധാരകൻ, ലോകത്തെ താങ്ങുന്നവൻ. പാനീയം—പേയവസ്തു.

3. മധു—മധുരരസം. തണ്ണീരുകളുടടുത്തു—വെള്ളത്തിലൊഴിയ്ക്കപ്പെട്ടു എന്നു സാരം.

4. സോമരസത്തിൽ പാലും വെള്ളവും ചേർക്കുന്നു.

6. വൃഷാവ്—അഭീഷ്ടവർഷിയായ സോമം.

7. കർമ്മേച്ഛയുടെ കഥനങ്ങൾ—സ്തുതികൾ.

8. ധർഷകൻ—തൽപ്രസാദത്താൽ ശത്രുക്കളെ ആക്രമിയ്ക്കുന്നവൻ, യജമാനൻ.

ഇന്ദോ, പണ്ടേ യാഗത്തിന്റെ ആത്മാവായ നിന്തിരുവടി ഗോക്കളെ തരും, ആരാംക്കാരെ തരും, അശ്വങ്ങളെ തരും, അന്നങ്ങളെ തരും! 10

സൂക്തം 3.

അജിഗർത്തപുത്രൻ ശുനശ്ശേപൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഈ മരണമില്ലാത്ത ദേവൻ ദ്രോണകലശത്തിലിരിപ്പാൻ, ഒരു പക്ഷിപോലെ പോകുന്നു! 1

വിരലുകളാൽ ഉല്ലാദിപ്പിയ്ക്കപ്പെട്ട ഈ പവമാനദേവൻ അഹിംസ്യനായിട്ട്, അരാതികളുടെ നേരേ പായുന്നു! 2

ഈ പവമാനദേവനെ യജ്ഞകാമന്മാർ, യുദ്ധത്തിന്ന് ഒരശ്വത്തെയെന്നപോലെ, സ്തുതികൾകൊണ്ടു ചമയിയ്ക്കുന്നു! 3

ഈ പവമാനശ്ശൂരൻ ബലത്താൽ നടന്നുകൊണ്ടെന്നപോലെ, എല്ലാധനങ്ങളും നേടിവെപ്പാൻ നോക്കുന്നു! 4

ഈ പവമാനദേവൻ തേർ തേടുന്നു; തരുന്നു; ശബ്ദം പുറപ്പെടുവിയ്ക്കുന്നു! 5

മേധാവികളാൽ ചുററും സ്തുതിയ്ക്കപ്പെട്ട ഈ ദേവൻ ഹവിർദ്ദാതാവിന്നു രത്നങ്ങൾ നല്കിക്കൊണ്ടു വെള്ളത്തിലിറങ്ങുന്നു! 6

ധാരയോടുകൂടിയ ഈ പവമാനൻ ഒച്ചയിട്ടുകൊണ്ടു, ലോകങ്ങളെ തിരസ്കരിച്ചു നാകത്തിലെയ്ക്കോടുന്നു! 7

ഈ ശോഭനയജ്ഞനായ പവമാനൻ അഹിംസിതനായിട്ടു, ലോകങ്ങളെ തിരസ്കരിച്ചു, നാകത്തിലെയ്ക്കു നടകൊള്ളുന്നു! 8

പണ്ടേ പിറന്ന ഈ പച്ചനിറം പൂണ്ട ദേവൻ ദേവന്മാർക്കായി പിഴിയപ്പെട്ട്, അരിപ്പയിലണയുന്നു. 9

സൂക്തം 3.

1. ദേവൻ—സോമം.

2. ഉല്ലാദിപ്പിയ്ക്കപ്പെട്ട—പിഴിയപ്പെട്ട.

5. തേർ തേടുന്നു—നമ്മുടെ യജ്ഞത്തിൽ വരാൻ. തരുന്നു—വന്നിട്ടു നമുക്ക് അഭീഷ്ടം നല്കുന്നു. ശബ്ദം—പിഴിയുമ്പോൾ.

ഈ ബഹുകർമ്മാവു, പിറന്നപ്പോഠംത്തന്നേ അന്നങ്ങളുളവാക്കിക്കൊണ്ടു, പിഴിയപ്പെട്ടു നീരൊഴുക്കുന്നു! 10

സൂക്തം 4.

അംഗിരോഗോത്രൻ ഹിരണ്യസ്തൂപൻ ഋഷി; ഛന്ദോദേവതകഠം മുമ്പേത്തവ.

പവമാനസോമമേ, മഹത്തായ അന്നമേ, ഭവാൻ ചെല്ലുക; വെല്ലുക; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 1

സോമമേ, അങ്ങ് തേജസ്സു തരിക; സ്വർഗ്ഗവും സർവസൌഭാഗ്യങ്ങളും തരിക; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 2

സോമമേ, ഭവാൻ ബലവും ജ്ഞാനവും തരിക; ദ്രോഹികളെ കൊല്ലുക; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 3

പിഴിയുന്നവരേ, നിങ്ങഠം ഇന്ദ്രന്നു കുടിപ്പാൻ സോമം അരിച്ചുവിൻ. അങ്ങനെ ഭവാൻ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 4

ഭവാൻ ഭവാന്റെ കർമ്മംകൊണ്ടും ഭവാന്റെ രക്ഷകഠംകൊണ്ടും ഞങ്ങളെ സൂര്യങ്കലണച്ചാലും; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 5

ഭവാന്റെ ജ്ഞാനംകൊണ്ടും ഭവാന്റെ രക്ഷകഠംകൊണ്ടും ഞങ്ങഠം സൂര്യനെ നീണാഠം കാണുമാറാകണം; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 6

നല്ല ആയുധങ്ങളുള്ള സോമമേ, അങ്ങ് രണ്ടിടങ്ങളിലെയും മുന്തിയ സമ്പത്തു കിട്ടിച്ചാലും; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 7

യുദ്ധങ്ങളിൽ പരിക്കുപററാതെ കീഴമർത്തുന്ന നിന്തിരുവടി ധനം കിട്ടിച്ചാലും; അങ്ങനെ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 8

പവമാനമേ, അങ്ങയെ (ആളുകഠം) നിലനില്പിന്നായി യജ്ഞങ്ങഠംകൊണ്ടു വളർത്തുന്നു; അങ്ങനെ ഭവാൻ ഞങ്ങഠംക്കു ശ്രേയസ്സു വരുത്തുക! 9

സൂക്തം 4.

1. ചെല്ലുക—ദേവന്മാരുടെ അടുക്കൽ. വെല്ലുക—യാഗം മുടക്കുന്ന രാക്ഷസരെ.

9. ആളുകഠം—യജമാനർ.

ഇന്ദോ, അവിടുന്നു ഞങ്ങൾക്കു നാനാരൂപവും അശ്വസമേതവും വിശ്വവ്യാപിയുമായ ധനം കൊണ്ടുവന്നാലും; അങ്ങനെ ഞങ്ങൾക്കു ശ്രേയസ്സു വരുത്തുക! 10

സൂക്തം 5.

കശ്യപഗോത്രൻ അസിതനോ, ദേവലനോ ഋഷി; ഗായത്രിയും, അനുഷ്ടുപ്പും ഛന്ദസ്സുകൾ; പവമാനസോമം ദേവത.

സർവത്ര അധിപതിയും വൃഷാവുമായ സമിദ്ധപവമാനം പ്രീണിപ്പിച്ചുകൊണ്ടും ഒച്ച പുറപ്പെടുവിച്ചുകൊണ്ടും വിളങ്ങുന്നു! 1

തനൂനപാൽപവമാനം ഇരുകൊമ്പുകളെ മൂർച്ചക്കൂട്ടിക്കൊണ്ടു്, അന്തരിക്ഷത്തിലൂടേ ഒളി വീശി നടകൊള്ളുന്നു! 2

ഈഡ്യപവമാനം അഭീഷ്ടദാതാവും ദീപ്തവുമായിത്തീർന്നു, ജലധാരകളോടേ ബലത്താൽ വിളങ്ങുന്നു! 3

പച്ചനിറം പൂണ്ട പവമാനദേവൻ യാഗങ്ങളിൽ ദർഭ തുമ്പു കിഴക്കോട്ടാക്കി വിരിപ്പിച്ചുകൊണ്ടു, ബലത്തോടേ നടക്കുന്നു! 4

കനകമയികളായ പെരിയ ദ്വാരദേവിമാർ പവമാനത്തോടു കൂടി, സ്തുതിക്കപ്പെട്ടു, ദിക്കുകളിൽനിന്നുയരുന്നു! 5

സുരൂപകളായ, മുന്തിയ മഹതികളായ, ഇരുപ്പാൾ ദർശനീയകളായ രാത്ര്യുഷസ്സുകളെ പവമാനം കാമിക്കുന്നു! 6

മനുഷ്യരെ നോക്കുന്ന രണ്ടു ദേവഹോതാക്കളായ ദേവന്മാരെ ഞാൻ വിളിക്കുന്നു. ഉജ്ജ്വലവും വൃഷാവുമാകുന്നു, പവമാനം! 7

സൂക്തം 5.

1 ഈ സൂക്തത്തിൽ, പവമാനസോമത്തെ നരാശംസനൊഴിച്ചുള്ള അഗ്നികളാക്കിയിരിക്കുന്നു. സമിദ്ധൻ—ഒരഗ്നിയുടെ പേർ. പ്രീണിപ്പിച്ചുകൊണ്ടും—ദേവന്മാരെ.

2. തനൂനപാത്തു്—പേർ. ഇരുകൊമ്പുകൾ—രണ്ടായി ഒഴുകിക്കപ്പെടുന്ന നീരു്. നടകൊള്ളുന്നു—ദ്രോണകലശത്തിലെയ്ക്കു്.

3. ഈഡ്യൻ—പേർ.

ഭാരതി, സരസ്വതി, മഹതിയായ ഇള എന്നീ മൂന്നു സുരൂപമാരായ ദേവിമാർ നമ്മുടെ പവമാനത്തിന്റെ ഈ യജ്ഞത്തിൽ എഴുന്നള്ളട്ടെ! 8

മുമ്പേ ജനിച്ച, ജഗദ്രക്ഷകനായ, മുന്നിൽ നടക്കുന്ന ത്വഷ്ടാവിനെ ഞാൻ വിളിയ്ക്കുന്നു. പച്ചനിറം പൂണ്ട പവമാനസോമം ഇന്ദ്രനാണ്, വൃഷാവാണ്, പ്രജാപതിയാണ്! 9

പവമാനമേ, പച്ചനിറത്തിലും സ്വർണ്ണവർണ്ണത്തിലും വിളങ്ങുന്ന, ആയിരം കൊമ്പുകളുള്ള വനസ്പതിയെ അങ്ങ് മധുധാരയാടിച്ചാലും! 10

വായു, ബൃഹസ്പതി, സൂര്യൻ, അഗ്നി, ഇന്ദ്രൻ എന്നീ ദേവന്മാരേ, നിങ്ങളെല്ലാവരും ഒന്നിച്ചു പവമാനത്തിന്റെ സ്വാഹാകാരത്തിന്നു വന്നെത്തുവിൻ! 11

സൂക്തം 6

അസിതനോ, ദേവലനോ ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

സോമമേ, ദേവന്മാരിലും ഞങ്ങളിലും കുറ്റററ വൃഷാവായ ഭവാൻ മത്തുണ്ടാക്കുന്ന നീർ ആട്ടിൻരോമങ്ങളിൽ ഒഴുക്കിയാലും! 1

ഇന്ദോ, അങ്ങ് ഇന്ദ്രനാകകൊണ്ട്, ആ മദകരമായ മധുവിനെയും, കരുത്തുള്ള കുതിരകളെയും നേരെ ഒഴുക്കിയാലും! 2

പിഴിയപ്പെടുന്ന ഭവാൻ ആ പുരാതനമായ മധു അരിപ്പയിൽ വീഴ്ത്തുക; ബലം, അന്നം എന്നിവയെയും ഒഴുക്കുക! 3

---

9. മുന്നിൽ—ദേവന്മാരുടെ.
10. വനസ്പതി—ഒരു ദേവൻ. മധുധാര—മധുരരസപ്രവാഹം.
11. സ്വാഹാകാരം—യജ്ഞകർമ്മം.

സൂക്തം 6.

1. ആട്ടിൻരോമങ്ങൾ—കമ്പിളിയരിപ്പ.
2. ഒഴുക്കിയാലും—ഞങ്ങൾക്കായി.

തെരുതെരെ വീഴുന്ന സോമരസങ്ങൾ, തണ്ണീരുകൾ താന്നേട
ത്തുടെയെന്നപോലെ പാഞ്ഞ്, ഇന്ദ്രങ്കലണയുന്നു! 4

ആട്ടിൻരോമത്തിൽപ്പെടാതെ കാട്ടിൽ വിളയാടുന്ന യാതൊ
ന്നിനെ പത്തു മങ്കമാർ, ഒരു കെല്പററ കുതിരയെയെന്നപോലെ തുട
യ്ക്കുന്നുവോ; 5

ദേവന്മാർക്കു കുടിച്ചു മത്താടാൻ പിഴിയപ്പെട്ട ആ വൃഷാവായ
നീരിൽ ഭവാൻ യുദ്ധത്തിന്നായി ഗോരസങ്ങൾ പകരുക. 6

ഇന്ദ്രദേവന്നായി പിഴിയപ്പെട്ട തെളിസോമം, തന്തിരുവടി
യെ സംതൃപ്തനാക്കുന്ന പയസ്സിനെ ധാരയായൊഴുക്കുന്നു. 7

യജ്ഞത്തിന്റെ ആത്മാവു പിഴിയപ്പെട്ട്, (അഭീഷ്ടങ്ങളെ)
അയച്ചുകൊണ്ടു, വിരഞ്ഞൊഴുകുന്നു; പുരാതനമായ കവിത്വത്തെ
പുലത്തുകയും ചെയ്യുന്നു! 8

അതിമാദകമേ, അങ്ങ് ഇന്ദ്രന്നു കുടിപ്പാൻ ഇപ്രകാരം മധു
പൊഴിയ്ക്കുന്നു; മറവിൽ ഒലികളും കൂട്ടുന്നു! 9

സൂക്തം 7.

അസിതനോ, ദേവലനോ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

നല്ല കൂട്ടുകളോടുകൂടിയ, തന്തിരുവടിയുടെ ചാർച്ചയറിയുന്ന
സോമങ്ങൾ കർമ്മത്തിൽ യജ്ഞമാർഗ്ഗത്തിലൂടേ കൊണ്ടുപോകപ്പെ
ടുന്നു. 1

---

5. പ്രത്യക്ഷോക്തി: പത്തു മങ്കമാർ—പത്തു കൈവിരലുകൾ. തുടയ്ക്കുന്നു—പരിചരിയ്ക്കുന്നു എന്നർത്ഥം.

7. പയസ്സ്—പാൽ, നീര്.

8. യജ്ഞത്തിന്റെ ആത്മാവ്—സോമം. അയച്ചുകൊണ്ട്—യഷ്ടാക്കൾക്ക്. കവിത്വം—ഋഷിത്വം

9. പ്രത്യക്ഷോക്തി; മറവിൽ—യാഗശാലയിൽ.

സൂക്തം 7.

1. കൂട്ടുകൾ—പാലും മററും. തന്തിരുവടി—ഇന്ദ്രൻ. അറിയുന്ന—അനുഭവിയ്ക്കുന്ന എന്നർത്ഥം.

ഹവിസ്സുകളിൽ സ്തുത്യമായ യാതൊരു ഹവിസ്സ് പെരിയ ത
ണ്ണീരുകളിലിറങ്ങുമോ, ആ മധുവിൻെറ ധാരകൾ മുഖ്യങ്ങളാകുന്നു. 2

സത്യഭൃതവും അഹിംസവും മുഖ്യവുമായ വൃഷാവ് യജ്ഞ
ത്തെ നോക്കി വെള്ളത്തിൽ തക്ക ശബ്ദം പുറപ്പെടുവിയ്ക്കുന്നു! 3

സമ്പത്തുടുക്കുന്ന കവി കാവ്യങ്ങളിൽ ചുററിനടക്കുന്നതെപ്പൊ
ഴോ, അപ്പോൾ വിണ്ണിലെക്കുതിര യാത്രയ്ക്കൊരുങ്ങും! 4

കർമ്മികളാൽ പ്രേരിപ്പിയ്ക്കപ്പെട്ടാലപ്പോൾ, ഈ പവമാനം
ഒരു രാജാവെന്നപോലെ മുടക്കികളെ മുടിയ്ക്കും! 5

അരുമപ്പെട്ട പച്ചനിറക്കാരൻ തണ്ണീരോടു ചേർന്നിട്ടു, കമ്പി
ളിയിലിരിയ്ക്കുന്നു; ഒലി കൂട്ടിക്കൊണ്ടു സ്തുതിയ്ക്കപ്പെടുകയും ചെയ്യുന്നു. 6

ഇതിൻെറ കർമ്മങ്ങളിൽ ആർ രമിയ്ക്കുമോ, അവൻ വായുവി
ൻെറയും ഇന്ദ്രൻെറയും അശ്വികളുടെയും അടുക്കൽ ലഹരിയോടേ
ചെന്നെത്തും! 7

എവരുടെ മധുവീചികൾ മിത്രവരുണഭഗന്മാരെ നീരാടിയ്ക്കു
മോ, അവർ ഇതിനെ അറിഞ്ഞു, സുഖയുക്തരായിത്തീരും! 8

ദ്യാവാപൃഥിവികളേ, നിങ്ങൾ ഞങ്ങൾക്കു, മത്തുപിടിപ്പി
യ്ക്കുന്ന സോമം കിട്ടാൻ ധനവും അന്നവും ജംഗമസ്വത്തുക്കളും ഉളവാ
ക്കുവിൻ! 9

---

2. ആ മധു——സോമം.

3. അഹിംസം=ഹിംസാരഹിതം. വൃഷാവ്——സോമം.

4. സമ്പത്തുടുക്കുന്ന——യജമാനർക്കു കൊടുക്കാൻ ധനമെടുക്കുന്ന. കവി——
സോമം. കാവ്യങ്ങൾ——സ്തോതാക്കളുടെ സ്തുതികൾ. വിണ്ണിലെ കുതിര——
ഇന്ദ്രാശ്വം. യാത്രയ്ക്കു——യാഗത്തിന്നു പോരാൻ.

5. മുടക്കികൾ——യജ്ഞവിഘ്നകാരികളായ കൂട്ടർ.

6. അരുമപ്പെട്ട——ദേവകൾക്കു പ്രിയനായ. പച്ചനിറക്കാരൻ——സോമം.
കമ്പിളി——കമ്പിളിയരിപ്പ.

7. കർമ്മങ്ങൾ——പിഴിയുകയും മററും.

8. എവരുടെ മധുവീചികൾ——എവർ പിഴിഞ്ഞ സോമത്തിൻെറ നീരല
കൾ. അവർ——ആ യജമാനർ. ഇതിനെ അറിഞ്ഞു——സോമത്തിൻെറ പ്രഭാ
വം അറിഞ്ഞ്.

9. ജംഗമസ്വത്തുക്കൾ——ഗവാശ്വാദികൾ.

സൂക്തം 8.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഈ സോമങ്ങൾ ഇന്ദ്രന്നു വീര്യം വളർത്താൻ, അവിടെയ്ക്കു കാമ്യവും പ്രിയവുമായ (നീർ) പൊഴിയ്ക്കുന്നു. 1

പിഴിയപ്പെട്ടു ചമസങ്ങളിലിരുന്നു വായുവിങ്കലും അശ്വികളിലും ചെല്ലുന്ന അവുകൾ നല്ല വീര്യത്തെ ഉളവാക്കട്ടെ! 2

സോമമേ, കൊതിച്ചു പിഴിയപ്പെട്ട ഭവാൻ ഇന്ദ്രനെ ആരാധിപ്പാൻ യജ്ഞസ്ഥാനത്തു വിളിച്ചിരുത്തിയാലും! 3

അങ്ങയെ പത്തുവിരലുകൾ തുടയ്ക്കുന്നു; ഏഴുധീമാന്മാർ പ്രീണിപ്പിയ്ക്കുന്നു; മേധാവികൾ മത്തും പിടിപ്പിയ്ക്കുന്നു! 4

ദേവന്മാരുടെ മത്തിന്നു, വെള്ളത്തിലും കമ്പിളിയിലുമിട്ടു ഭവാങ്കൽ ഞങ്ങൾ ഗോരസങ്ങൾ പകരുന്നു. 5

പച്ചനിറം പൂണ്ട സുപ്രഭൻ അരിച്ചു കുടങ്ങളിലാക്കപ്പെട്ടിട്ടു, ഗോരസങ്ങളുടുക്കുന്നു! 6

ഇന്ദോ, അവിടുന്നു ധനവാന്മാരായ ഞങ്ങൾക്കായി നീരൊഴുക്കിയാലും; വിദ്വേഷികളെയെല്ലാം ആട്ടിപ്പായിച്ചാലും; സഖാവിങ്കൽ ചെന്നാലും! 7

സോമമേ, ഭവാൻ വാനിൽനിന്നു മഴ പൊഴിയ്ക്കുക; ഭൂമിയിൽ അന്നമുണ്ടാക്കുക; ഞങ്ങൾക്കു യുദ്ധങ്ങളിൽ കെല്പ ം ഉളവാക്കുക! 8

മനുഷ്യരെ നോക്കുന്നേ, ഇന്ദ്രൻ നുകരുന്ന, എല്ലാമറിയുന്ന ഭവാനെക്കൊണ്ടു ഞങ്ങൾ സന്തതിയും അന്നവും നേടുമാറാകണം! 9

സൂക്തം 8.

2. അവുകൾ—സോമങ്ങൾ.

4. ഏഴു ധീമാന്മാർ—ഹോതൃകന്മാർ. മത്തും പിടിപ്പിയ്ക്കുന്നു—സ്തുതിച്ച് ഇമ്പപ്പെടുത്തുന്നു.

6. സുപ്രഭൻ—സോമം.

7. ധനവാന്മാർ—ഹവിസ്സാകുന്ന ധനമുള്ളവർ. സഖാവ്—ഇന്ദ്രൻ.

സൂക്തം 9.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ക്രാന്തകർമ്മാവായ കവി, പിഴിയാൻ ഇരുപലകകളിൽ വെയ്ക്കപ്പെട്ട, വിണ്ണിന്നാരോമലായ അമ്മിമേൽ ചെല്ലുന്നു. 1

ത്രാണിയുള്ള ഭവാൻ, ഭവാന്റെ ഇരിപ്പിടമായിത്തീൎന്ന, അദ്രോഹിയായ സ്തോതാവിന്നു ഭക്ഷിപ്പാൻ ധാരാളം അന്നവുമായി വന്നാലും! 2

പിറന്ന പരിശുദ്ധി പൂണ്ട ആ മഹാനായ മകൻ മഹതികളും യജ്ഞത്തെ വളൎത്തുന്നവരും ജനയിത്രികളുമായ ഇരുതായകളെ വിളങ്ങിയ്ക്കുന്നു! 3

മുഖ്യമായ അതു് അംഗുലികളാൽ പിടിയ്ക്കപ്പെട്ടിട്ടു്, ഏഴുനദികളെ——അതിനെ ചടവുപററാതെ വളർത്തിപ്പോന്ന ദ്രോഹവൎജ്ജിതകളെ——പ്രീണിപ്പിയ്ക്കുന്നു! 4

ഇന്ദ്ര, അങ്ങയ്ക്കുള്ള വലിയ കർമ്മത്തിന്നാണു്, ആ അംഗുലികൾ ഹിംസിയ്ക്കപ്പെടാത്ത, യുവാവായ ഇന്ദുവിനെ എടുത്തതു്. 5

ഏററവും മതി വരുത്തുന്ന, മരണമില്ലാത്ത ഭാരവാഹി ഏഴു ദേവിമാരെ നോക്കുന്നു, ഒരു കിണററായിത്തീൎന്നു സംതൃപ്തകളാക്കുന്നു! 6

ഒരു പുരുഷനായ പവമാനസോമമേ, യജ്ഞദിവസങ്ങളിൽ ഭവാൻ ഞങ്ങളെ രക്ഷിച്ചാലും; ആ പൊരുതപ്പെടേണ്ടുന്ന തമസ്സുകളെ തകൎത്താലും! 7

സൂക്തം 9.

1. കവി——സോമം. വിണ്ണിന്നാരോമലായ——സോമം പിഴിയാനുള്ള ഉപകരണം വിണ്ണിന്നു (ദേവന്മാൎക്കു) പ്രിയപ്പെട്ടതായിരിയ്ക്കുമല്ലോ,

3. മകൻ——സോമം. ജനയിത്രികൾ——ഭൂതജാതത്തെ ജനിപ്പിച്ചവർ. ഇരുതായകളെ——ദ്യാവാപൃഥിവികളെ.

4. അതു്——സോമം. ദ്രോഹവർജ്ജിതകൾ——സ്നേഹശാലിനികൾ.

6. മതി——ദേവന്മാൎക്കു്. ഭാരവാഹി——യജ്ഞത്തിന്റെ ഭാരം വഹിയ്ക്കുന്ന സോമം. ഏഴുദേവിമാർ——സപ്തനദികൾ. കിണററായിത്തീൎന്നു——വലിയ കുട്ടകത്തിൽ നിറഞ്ഞുനിന്നു, ദേവന്മാരാൽ കുടിയ്ക്കപ്പെട്ടു്. സംതൃപ്തകളാക്കുന്നു——മഴ പെയ്യിച്ചു്.

7. തമസ്സുകൾ——രക്ഷസ്സുകൾ.

ശ്ലാഘ്യമായ പുത്രൻസൂക്തത്തിന്നു നിന്തിരുവടി വെക്കം വഴിയിലിറങ്ങിയാലും; മുമ്പേത്തെപ്പോലെ വെളിച്ചവും വീശിയാലും! 8

പവമാനമേ, മഹത്തായ അന്നത്തെയും ഗോവിനെയും അശ്വത്തെയും പുത്രനെയും നിന്തിരുവടി നൽകാറുണ്ടല്ലോ; ആ നിന്തിരുവടി മേധ തരിക—എല്ലാം തരിക! 9

സൂക്തം 10.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

തേരുകൾപോലെയും കുതിരകൾപോലെയും ഒലിയിടുന്ന സോമങ്ങൾ അന്നത്തിന്നും സ്വത്തിന്നും വന്നെത്തുന്നു! 1

തേരുകൾപോലെ വരുന്ന സോമങ്ങൾ, ചുമട്ടുകാരുടെ ചുമട്ടുകൾപോലെ ഇരുകൈകളിൽ എടുക്കപ്പെടുന്നു. 2

രാജാവിനെ സ്തുതിപോലെയും, യജ്ഞത്തെ സപ്തഹോത്രുകൾ പോലെയും, സോമത്തെ ഗോരസം പൂശിയ്ക്കുന്നു. 3

പിഴിയപ്പെടുന്ന സോമം മഹത്തായ സ്തുതിയോടേ പിഴിയപ്പെട്ടു, മത്തിന്നായി ധാരാത്രപേണ ചുററും നടക്കുന്നു. 4

ഇന്ദ്രന്നു കുടിപ്പാനുള്ളതും, ഉഷസ്സിന്നു ശോഭയുണ്ടാക്കുന്നതുമായ സോമം ഒഴുകിക്കൊണ്ട് ഒച്ച പുറപ്പെടുവിയ്ക്കുന്നു! 5

---

8. സൂക്തത്തിന്നു—സ്തോത്രം കേൾപ്പാൻ. വഴിയിലിറങ്ങിയാലും—ഇങ്ങോട്ടു പുറപ്പെട്ടാലും.

9. നല്കാറുണ്ടല്ലോ—ഞങ്ങൾക്ക്.

സൂക്തം 10.

1. അന്നത്തിന്നും സ്വത്തിന്നും—ശത്രുക്കളിൽനിന്ന് അന്നവും സ്വത്തും കവർന്നു യജമാനക്കു കൊടുക്കാൻ.

2. വരുന്ന—യാഗശാലയിലേയ്ക്ക്. ഇരുകൈകളിൽ—ഋത്വിക്കുകളുടെ.

3. പൂശിയ്ക്കുന്നു—കർമ്മികൾ.

4. മത്തിന്നായി—ദേവന്മാരെ മത്തു പിടിപ്പിയ്ക്കാൻ. ചുററും നടക്കുന്നു—യാഗശാലയിലെങ്ങും കൊണ്ടുപോകപ്പെടുന്നു.

പഴയ സ്തുതികാരന്മാരും, വൃഷാവിനെ കൊണ്ടുവരുന്ന മനുഷ്യരും (യജ്ഞത്തിന്റെ) കതകുകഠം തുറക്കുന്നു! 6

നല്ലവരായ, ചാർച്ചക്കാരായ ഏഴു ഹോത്രുകർ ഒന്നിന്റെ അടുക്കൽ തിക്കിക്കൊണ്ടിരിയ്ക്കുന്നു! 7

നാഭിയെ ഞാൻ നാഭിയിലാക്കുന്നു; കണ്ണു സൂര്യങ്കലും ചേരുന്നു. കവിയുടെ കുഞ്ഞിനെ ഞാൻ വളർത്തുന്നു! 8

വിണ്ണിന്റെ അരിയ ഇരിപ്പിടം അധ്വര്യുക്കളാൽ ഗുഹയിലടയ്ക്കപ്പെട്ടതും ഇന്ദ്രൻ തൃക്കണ്ണുകൊണ്ടു നോക്കുന്നു! 9

സൂക്തം 11.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

ദേവന്മാരെ യജിപ്പാൻതുടങ്ങുന്ന ഈ പവമാനസോമത്തെപ്പററി, നേതാക്കളേ, നിങ്ങഠം ഗാനംചെയ്യുവിൻ! 1

ദേവ, ഭവാന്റെ ദേവകാമമായ (നീരിൽ)ദേവന്നായി അഥർവാക്കഠം ഗോക്ഷീരം പകരുന്നു. 2

രാജാവേ, ആ തിരുമേനി ഗോവിന്നു സുഖമാംവണ്ണവും, ആളുകഠംക്കു സുഖമാംവണ്ണവും, അശ്വത്തിന്നു സുഖമാംവണ്ണവും, സസ്യങ്ങഠംക്കു സുഖമാംവണ്ണവും നീരൊഴുക്കിയാലും! 3

---

6. വൃഷാവ്—സോമം. കതകുകഠം—ദ്വാരങ്ങഠം.

7. ചാർച്ചക്കാർ—പരസ്പരസ്നേഹികഠം. ഒന്നു്—സോമം.

8. നാഭിയെ—യജ്ഞത്തിന്റെ പൊക്കിളായ സോമത്തെ. നാഭിയിലാക്കുന്നു—കുടിയ്ക്കുന്നു എന്നർത്ഥം; സോമം കുടിച്ചാൽ സൂര്യനെ നോക്കാൻ കെൽപുണ്ടാകും. കവിയുടെ കുഞ്ഞു്—സോമവല്ലിത്തയ്യ്.

9. വിണ്ണിന്റെ അരിയ ഇരിപ്പിടം—സോമം. ഗുഹയിലടയ്ക്കുക—വയററിലാക്കുക, കുടിയ്ക്കുക.

സൂക്തം 11.

1. ഋത്വിക്കുകളോടു്:

2. ദേവന്നായി—ഇന്ദ്രാർത്ഥം. അഥർവാക്കഠം—ഋഷിമാർ.

തവിട്ടനിറം തടവുന്ന, തുടപ്പിയന്ന, സ്വർഗ്ഗത്തെ തലോടുന്ന, സ്വതവേ ബലവത്തായ സോമത്തിന്നു നിങ്ങരം സ്തോത്രം ചൊല്ലു വിൻ. 4

അമ്മിക്കഴകൊണ്ടു ചതച്ചു പിഴിഞ്ഞ സോമം നിങ്ങരം അരി യ്ക്കുവിൻ; ഈ മധുവിൽ പശുവിൻപാലും പകരുവിൻ. 5

ഇന്ദുവിനെ നിങ്ങരം വണങ്ങി സമീപിയ്ക്കുവിൻ; തയിർ തന്നേ ചേർക്കുവിൻ; ഇന്ദ്രന്നു വെയ്ക്കുവിൻ. 6

സോമമേ, വഴിപോലെ കാണുന്ന, വൈരികളെ വധിയ്ക്കുന്ന, ദേവന്മാർക്കഭിമതം നല്കുന്ന നിന്തിരുവടി ഗോവിന്നു സുഖമാം വണ്ണം നീരൊഴുക്കിയാലും! 7

സോമമേ, മനസ്സറിയുന്ന മനസ്പതിയായ ഭവാൻ ഇന്ദ്രന്നു കുടിച്ചു ലഹരിക്കൊള്ളാനായി പകന്നുവെയ്ക്കപ്പെടുന്നു. 8

ഇന്ദോ, പവമാനസോമമേ, അങ്ങ് ഞങ്ങരംക്കു, ഞങ്ങളുടെ ഇന്ദ്രന്റെ തുണയാൽ നല്ല വീര്യവും ധനവും തന്നാലും! 9

സൂക്തം 12.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ഇനിപ്പേറിയ ഇന്ദുക്കളായ സോമങ്ങരം യാഗശാലയിൽ ഇന്ദ്ര ന്നായി പിഴിഞ്ഞുവെയ്ക്കപ്പെടുന്നു. 1

സോമം കുടിപ്പാൻ ഇന്ദ്രനെ മേധാവികരം, കന്നിനെ തള്ള പ്പൈക്കരംപോലെ വിളിയ്ക്കുന്നു. 2

മനീഷിയായ, മത്തൊഴുക്കുന്ന സോമം സ്ഥാനത്തു വസിയ്ക്കു ന്നു—നദീതരംഗത്തിൽ, വാക്കിൽ മേവുന്നു. 3

---

4. സ്തോതാക്കളോട്.

5. ചിലപ്പോരം തവിട്ടനിറം, ചിലപ്പോരം തുടപ്പ്. സ്വർഗ്ഗത്തെ തലോടുന്ന—സ്വർഗ്ഗത്തിൽ പെരുമാറുന്ന എന്നർത്ഥം.

6. ഋത്വിക്കുകളോട്:

സൂക്തം 12.

3. നദീതരംഗം—വസതീവരീജലം. വാക്കിൽ മേവുന്നു—ശബ്ദം പുറപ്പെടുവിയ്ക്കുന്നു.

വഴിപോലെ കാണുന്ന, ശോഭനയജ്ഞനായ, കവിയായ സോമം അന്തരിക്ഷത്തിന്റെ നാഭിയായ കമ്പിളിയരിപ്പയിൽ ആരാധിയ്ക്കപ്പെടുന്നു! 4

യാതൊന്നിനെ അരിപ്പയിലും കുടങ്ങളിലും പകർന്നുവോ, ആ സോമത്തെ ഇന്ദു പുണരുന്നു! 5

ഇന്ദു മഴ പൊഴിയ്ക്കുന്ന മേഘത്തെ രസിപ്പിച്ചുകൊണ്ട്, അന്തരിക്ഷപദത്തിൽ ഒലിക്കൊള്ളുന്നു! 6

സദാ സ്തുതിയ്ക്കപ്പെടുന്ന, അമൃതു ചുരത്തുന്ന വനസ്പതി മാനുഷദിനങ്ങളെ പ്രീണിപ്പിച്ചുകൊണ്ടു കർമ്മങ്ങളിൽ പെരുമാറുന്നു! 7

കവിയായ സോമം അന്തരിക്ഷത്തിൽനിന്നയയ്ക്കപ്പെട്ടിട്ടു മേധാവിയുടെ പ്രിയസ്ഥാനങ്ങളിലെയ്ക്കു് ഒഴുകിച്ചെല്ലുന്നു! 8

പവമാനസോമമേ, അങ്ങ് അത്യുജ്ജ്വലമായ നല്ല ഭവനവും ധനവും ഞങ്ങളിൽ പകർന്നാലും! 9

ഏഴാമധ്യായം സമാപ്തം.

എട്ടാമധ്യായം.

സൂക്തം 13.

അസിതനോ ദേവലനോ ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

ആയിരം ധാരകളോടുകൂടിയ പവമാനസോമം വായുവിന്നും ഇന്ദ്രന്നുമായി, കമ്പിളിയിൽനിന്നു പാത്രത്തിലെയ്ക്കിറങ്ങുന്നു. 1

---

4. നാഭിയായ— മധ്യസ്ഥിതമായ എന്നർത്ഥം.

5. സോമത്തെ—തന്റെ ഒരംശമായ നീരിനെ.

7. വനസ്പതി—സോമം.

8. മേധാവിയുടെ (യഷ്ടാവിന്റെ) പ്രിയസ്ഥാനങ്ങൾ—യജ്ഞസദനങ്ങൾ.

സൂക്തം 13.

1. കമ്പിളി—അരിപ്പ.

രക്ഷാകാംക്ഷികളേ, നിങ്ങൾ ദേവന്മാർക്കു കുടിപ്പാൻ പിഴിയപ്പെടുന്ന മേധാവിയായ പവമാനത്തെപ്പററി ഉറക്കെപ്പാടുവിൻ! 2

ഒരായിരം കരുത്തുള്ള, സ്തുതിയ്ക്കപ്പെടുന്ന സോമങ്ങൾ യജ്ഞസിദ്ധിയ്ക്കും അന്നസിദ്ധിയ്ക്കുമായി നീരൊഴുക്കുന്നു. 3

ഇന്ദോ, നിന്തിരുവടി ഞങ്ങൾക്കു് അന്നം കിട്ടാൻ, വളരെ നീരും തിളങ്ങുന്ന സുവീര്യവും ഒഴുക്കിയാലും! 4

ആ പിഴിയപ്പെടുന്ന ഇന്ദുദേവന്മാർ നമുക്കു് ഒരായിരം ധനവും നല്ല വീര്യവും ഒഴുക്കട്ടെ! 5

യുദ്ധത്തിന്നു തെളിയിയ്ക്കപ്പെടുന്ന കുതിരകൾപോലെ ശീഘ്രഗാമികളായ (സോമങ്ങൾ) ആളുകളാൽ കമ്പിളിയിലിറക്കപ്പെടുന്നു! 6

കൈകളിലെടുക്കപ്പെട്ട സോമങ്ങൾ, ഉമ്പയിടുന്ന പൈക്കൾ കന്നിൻെറ അടുക്കലെയ്ക്കെന്നപോലെ, പാത്രത്തിലെയ്ക്കു പോകുന്നു! 7

ഇന്ദ്രന്നു് അറിയപ്പെട്ടതാണല്ലോ, സോമം: പവമാനമേ, ഭവാൻ, ഒച്ചയിട്ടു ദ്രോഹികളെയെല്ലാം ഓടിച്ചാലും! 8

പവമാനങ്ങളേ, അദാതാക്കളെ ഹനിയ്ക്കുന്ന അഖിലദർശികളായ നിങ്ങൾ യജ്ഞസ്ഥാനത്തിരുന്നാലും! 9

സൂക്തം 14.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കവി നദീവീചിയിൽ നീന്തി, ബഹുകാമ്യമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു, നാലിടത്തും നീരൊഴുക്കുന്നു. 1

---

2. ഉദ്ഗാതാക്കളോടു്:

5. ഇന്ദുദേവന്മാർ—സോമങ്ങൾ.

9 അദാതാക്കൾ—യജ്ഞമനുഷ്ഠിയ്ക്കാത്തവർ. അഖിലദർശികൾ=എല്ലാം കാണുന്നവർ.

സൂക്തം 14.

1. കവി—സോമം. നദീവീചി—വസതീവരി.

ഒരേനിയന്ത്രണം പൂണ്ട പഞ്ചജനങ്ങൾ കർമ്മത്തിന്നായി ഈ ധർത്താവിനെ സ്തുതിയണിയിയ്ക്കുകയും, 2

ഗോരസമുടപ്പിയ്ക്കുകയും ചെയ്യുന്നതോടേ, ദേവന്മാരെല്ലാം ഈ കരുത്തന്റെ നീരിൽ മത്തടിയ്ക്കുകയായി! 3

ഇത് അരിപ്പത്തുളകളിലൂടേ കീഴ്പോട്ടോടുന്നു; ഇവിടെവെച്ച് സഖാവിനോടു ചേരുന്നു! 4

ഈ യുവാവ്, ഒരുജ്ജ്വലാശ്വംപോലെ, പരിചാരകന്റെ പൌത്രിമാരാൽ തുടയ്ക്കപ്പെടുന്നു; രൂപം തെളിഞ്ഞു, ഗോരസങ്ങളോടിണങ്ങുന്നു! 5

ഇതു വിരലുകളാൽ (പിഴിയപ്പെട്ടു), ഗവ്യങ്ങൾ ചേർക്കപ്പെട്ടു, വിലങ്ങനെ നടകൊള്ളുന്നു; അറിയാവുന്ന ഒരു ശബ്ദം പുറപ്പെടുവിയ്ക്കുന്നു! 6

വിരലുകൾ അന്നപതിയെ തലോടാൻ സമീപിയ്ക്കുന്നു; ബലവാന്റെ മുതുകത്തു പിടിയ്ക്കുന്നു. 7

സോമമേ, അവിടുന്നു ഞങ്ങൾക്കുവേണ്ടി, വിണ്ണിലും മന്നിലുമുള്ള സകലധനങ്ങളും എടുത്തു വന്നുചേർന്നാലും! 8

സൂക്തം 15.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഈ ശൂരൻ വിരലുകളാൽ പിഴിയപ്പെട്ടിട്ട്, ഓടുന്ന തേരുകളിലൂടേ ഇന്ദ്രന്റെ ഇരിപ്പിടത്തിലെയ്ക്കു പോകാൻ, കർമ്മത്താൽ പുറപ്പെടുന്നു! 1

---

2. ഈ ധർത്താവിനെ——ലോകത്തെ താങ്ങുന്ന സോമത്തെ.

3. ഈ കരുത്തൻ——സോമം.

4. ഇവിടെ——യജ്ഞത്തിൽ. സഖാവ്——ഇന്ദ്രൻ.

5. ഈ യുവാവ്——സോമം. പൌത്രിമാർ——പുത്രരായ കരങ്ങളുടെ പുത്രിമാർ, വിരലുകൾ.

6. അറിയാവുന്ന——യജമാനന്നു മനസ്സിലാവുന്ന.

7. അന്നപതി——സോമം. ബലവാന്റെ——സോമത്തിന്റെ.

സൂക്തം 15.

1. ഈ ശൂരൻ——സോമം. തേരുകൾ——ഇന്ദ്രൻതന്നെ അയച്ച രഥങ്ങൾ. കർമ്മം——ഹോമം.

ഇതു്, അമരന്മാരിരിയ്ക്കുന്ന മഹത്തായ യജ്ഞത്തിന്നായി വളരെ കർമ്മം കാംക്ഷിയ്ക്കുന്നു. 2

ഒരുക്കിവെയ്ക്കപ്പെട്ട ഇതിനെ ഭാരവാഹികൾ ഇടയിലെ ശുചിയായ മാർഗ്ഗത്തിലൂടേ, കൊടുപ്പാനായി കൊണ്ടുപോകുന്നു. 3

ബലത്താൽ ധനങ്ങളെടുത്തിട്ടുള്ള ഇതു്, ഒരു കൂട്ടത്തലവനായ കാള കൊമ്പണയ്ക്കുന്നതുപോലെ, തുമ്പുകൾ കുലുക്കുന്നു. 4

ഈ വേഗവാനായ നീരരചൻ തിളങ്ങുന്ന പൊൻകതിരുകളോടേ എഴുന്നള്ളുന്നു! 5

ഇതു കമ്പുകൊണ്ടു്, ഒളിച്ച പീഡിതരെ കടന്നുപോന്നു, പീഡിപ്പിയ്ക്കേണ്ടുന്നവററിൽ ചെല്ലുന്നു! 6

വളരെയന്നമുള്ളവാക്കുന്ന ഇതിനെ ആളുകൾ ദ്രോണകലശങ്ങളിൽ ഞെക്കിപ്പിഴിയുന്നു. 7

നല്ല ആയുധങ്ങളുള്ള ഈ മികച്ച മദകാരിയെ ഏഴു് സ്തുതിക്കുകൾ പത്തു കൈവിരലുകൾകൊണ്ടു പരിചരിയ്ക്കുന്നു! 8

---

2. ഇതു്—സോമം.

3. ഇതിനെ—സോമരസത്തെ. ഇട—ഹവിർദ്ധാനത്തിന്റെയും ആഹവനീയത്തിന്റെയും മധ്യം. കൊടുപ്പാനായി—ദേവന്മാൎക്കു ഹോമിപ്പാൻ.

4. എടുത്തിട്ടുള്ള —നമുക്കു തരാൻ. ഇതു്—സോമം. അണയ്ക്കുക = മൂർച്ചകൂട്ടുക.

5. നീരരചൻ—രസങ്ങളുടെ രാജാവു്, സോമം.

6. ഇതു്—സോമം. ഒളിച്ച പീഡിതരെ—സോമത്താൽ പീഡിപ്പിയ്ക്കപ്പെട്ടു് ഒളിച്ച രാക്ഷസരെ. പീഡിപ്പിയ്ക്കേണ്ടുന്നവററിൽ—ബാക്കിയുള്ള പീഡനീയരിൽ.

7. അന്നം—ആസ്വാദ്യമായ നീരു്. ഇതിനെ—സോമത്തെ.

8. മദകാരി—സോമം.

സൂക്തം 16.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അങ്ങയുടെ നീർ, വാന്തൃഴികളുടേതുപോലെ, ധർഷകമായ മദ
ത്തിന്നായി പിഴിയപ്പെടുന്നു; അതു, നനയ്ക്കപ്പെട്ട കുതിരപോലെ
നടകൊള്ളുന്നു. 1

തണ്ണീരുടുത്ത, അന്നസഹിതമായ ഗോക്കളെ ഒഴുക്കുന്ന ബല
നേതാവിനെ നാം കർമ്മംകൊണ്ടു കൈവിരലുകളിൽ ചേർക്കുക! 2

അധഷിതമായ, അധൃഷ്യമായ സോമനീർ ഇന്ദ്രന്നു കുടിപ്പാ
നായി ഭവാൻ അരിപ്പയിൽ പകൎന്ന് അരിച്ചാലും! 3

സ്തുതിച്ചുകൊണ്ട് അരിക്കപ്പെടുന്ന സോമനീർ അരിപ്പയില
ണയുന്നു; പിന്നീടു കർമ്മത്താൽ ഇരിപ്പിടം പൂകുന്നു. 4

ഇന്ദ്ര, സ്തുതിക്കപ്പെട്ട ഇന്ദുക്കൾ—സോമങ്ങൾ—പെരുംപോരി
ന്നു കരുത്തുണ്ടാക്കാൻ ഭവാങ്കലണയുന്നു! 5

കമ്പിളിത്തുണിയിൽ അരിക്കപ്പെട്ടു ശോഭയെല്ലാം നേടിയ
(സോമം), ഒരു ശൂരൻ ഗോക്കൾക്കായിട്ടെന്നപോലെ സ്ഥിതി
ചെയ്യുന്നു! 6

പിഴിയപ്പെട്ട വിധാതാവിന്റെ പോഷകമായ ധാര, വാനിൽ
നിന്നു മഴയെന്നപോലെ നിഷ്പ്രയാസം അരിപ്പയിൽ വീഴുന്നു. 7

സോമമേ, മനുഷ്യരിൽവെച്ചു മനീഷിയാൽ തുണികൊണ്ടരി
ക്കപ്പെടുന്ന ഭവാൻ കമ്പിളിയരിപ്പയിലെയ്ക്കു കുതിച്ചുപായുന്നു! 8

സൂക്തം 16.

1. പ്രത്യക്ഷോക്തി: വാന്തൃഴികളുടേതു—വാന്തൃഴികളിലെ വെള്ളം. മദ
ത്തിന്നായി—ഇന്ദ്രന്റെ മദത്തിന്നായി. നടകൊള്ളുന്നു—പാത്രത്തിലെയ്ക്കു്.

2. അന്നം—കൂട്ടുദ്രവ്യം. ഒഴുക്കുന്ന—നൽകുന്ന. ബലനേതാവ്—സോമം.

3. അധ്വര്യുവിനോട്;

4. ഇരിപ്പിടം—ദ്രോണകലശം.

6. ഗോക്കൾക്കായിട്ടെന്നപോലെ—ജയിച്ചു ശത്രുക്കളുടെ ഗോക്കളെ നേടാ
നെന്നപോലെ.

7. വിധാതാവ്—ബലകരമായ സോമം.

8. മനീഷി—അധ്വര്യു.

സൂക്തം 17.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

വൈരികളെ വധിയ്ക്കുന്നവയും, ശീഘ്രഗാമികളും, വ്യാപ്തങ്ങളുമായ സോമങ്ങൾ, താന്നേടത്തുടേ പുഴകൾപോലെ പായുന്നു! 1

പിഴിയപ്പെടുന്ന സോമങ്ങളുടെ നീര്, മഴ ഭൂമിയിലെയ്ക്കെന്നപോലെ, ഇന്ദ്രങ്കലെയ്ക്കൊഴുകുന്നു! 2

മത്തുണ്ടാക്കുന്ന സോമമധു ഓളംവെട്ടിക്കൊണ്ടു, രക്ഷസ്സുകളെ ഹനിപ്പാൻ, ദേവന്മാരെ കാംക്ഷിച്ച് അരിപ്പയിൽ വീഴുന്നു: 3

അരിപ്പയിൽ ഒഴിയ്ക്കപ്പെടുന്നു; കലശങ്ങളിലെയ്ക്കോടുന്നു; യജ്ഞങ്ങളിൽ സ്തോത്രങ്ങളാൽ വർദ്ധിയ്ക്കുന്നു! 4

സോമമേ, അങ്ങ് മൂവുലകം കടന്നു കേറിച്ചെന്നു വിണ്ടലത്തെ വിളങ്ങിയ്ക്കുന്നു; പോയി സൂര്യനെയും പ്രേരിപ്പിയ്ക്കുന്നു! 5

മേധാവികളായ കർമ്മികൾ യജ്ഞശിരസ്സിൽ, ദ്രഷ്ടാവിനെ പ്രീതിപൂർവ്വം സ്തുതിച്ചുപോരുന്നു. 6

ആ വേഗശാലിയായ ഭവാനെ, മേധാവികളായ നേതാക്കന്മാർ അന്നത്തിന്നും യജ്ഞത്തിന്നുമായി, അരിച്ചു വെടുപ്പുവരുത്തുന്നു. 7

അങ്ങ് മധുധാര ചുരക്കുക: കൊടുമയോടേ നടന്നു, യജ്ഞത്തിന്നു, കുടിപ്പാൻ സ്വസ്ഥാനത്തണയുക. 8

സൂക്തം 18.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അമ്മിയിൽ പിഴിയപ്പെടുന്ന സോമം അരിപ്പയിലെയ്ക്കൊഴുകുന്നു: പിഴിയുന്നവർക്കു ഭവാൻ സമസ്തവും നല്കും! 1

സൂക്തം 17.

1. പായുന്നു—ദ്രോണകലശത്തിലെയ്ക്ക്.
6. യജ്ഞശിരസ്സ്—അഭിഷവദിനം. ദ്രഷ്ടാവ്—സോമം.
7. പ്രത്യക്ഷോക്തി:
8. കുടിപ്പാൻ—ദേവന്മാർക്ക്.

സൂക്തം 18.

1. രണ്ടാംവാക്യം പ്രത്യക്ഷോക്തി.

ഭവാൻ വിപ്രനാണ്; ഭവാൻ കവിയാണ്; ഭവാൻ അന്നത്താൽ മധുവുളവാക്കുന്നു. പിഴിയുന്നവക്കു ഭവാൻ സമസ്തവും നല്കും! 2

ഭവാനെ കുടിപ്പാൻ, ദേവന്മാരെല്ലാം ഒരേ പ്രീതിയോടേ വന്നെത്തുന്നു. പിഴിയുന്നവക്കു ഭവാൻ സമസ്തവും നല്കും! 3

വരണീയമായ ധനമെല്ലാം ഭവാൻ ഇരുകൈകളിലും വെച്ചു കൊടുക്കാറുണ്ടല്ലോ; പിഴിയുന്നവക്കു ഭവാൻ സമസ്തവും നൽകും! 4

ഈ പെരിയ വാന്നൂഴികളെ ഭവാൻ, ഇരുതള്ളകളെയെന്നപോലെ കറക്കാറുണ്ടല്ലോ; പിഴിയുന്നവക്കു ഭവാൻ സമസ്തവും നൽകും! 5

വാന്നൂഴികൾ രണ്ടിനെയും ഭവാൻ ഉടനടി അന്നംകൊണ്ടു നിറയ്ക്കാറുണ്ടല്ലോ; പിഴിയുന്നവക്കു ഭവാൻ സമസ്തവും നൽകും! 6

ആ ബലവാൻ അരിക്കപ്പെട്ടു കലശങ്ങളിൽ ഒലികൊള്ളുന്നു. പിഴിയുന്നവക്കു ഭവാൻ സമസ്തവും നൽകും! 7

സൂക്തം 19.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സോമമേ, വിണ്ണിലും മണ്ണിലും വിചിത്രവും സ്തുത്യവുമായ യാതൊരു ധനമുണ്ടോ, അത് അരിക്കപ്പെടുന്ന ഭവാൻ ഞങ്ങൾക്കു കൊണ്ടുവന്നാലും! 1

സോമമേ, നിങ്ങൾ—അങ്ങും ഇന്ദ്രനും—വിണ്ണിന്റെ പെരുമാക്കളും ഗോപതികളുമാണല്ലോ! ഈശ്വരന്മാരായ നിങ്ങൾ കർമ്മങ്ങളെ തഴപ്പിച്ചാലും! 2

---

2. വിപ്രൻ—വിവിധം പ്രീണിപ്പിക്കുന്നവൻ. അന്നം—സ്വന്തം. മധു—മധുരമായ പേയം.

4. ഇരുകൈകളിലും—സ്തോതാവിന്റെ.

5. ഇരുതള്ളകളെയെന്നപോലെ—ഒരു പൈക്കുട്ടി രണ്ടു പൈക്കളുടെ പാൽ കുടിക്കുന്നതുപോലെ. കറക്കുക—സാരാംശമെടുക്കുക എന്നത്ഥം.

6. അന്നംകൊണ്ടു നിറയ്ക്കുക—ധാരാളം അന്നം കൊടുക്കുക.

7. ആദ്യവാക്യം പരോക്ഷം.

സൂക്തം 19.

2. കർമ്മങ്ങളെ—ഞങ്ങളുടെ.

പച്ചനിറമിയന്ന വൃഷാവു മനുഷ്യരുടെ ഇടയിൽ അരിയ്ക്കപ്പെട്ട്, ഒലികൊണ്ടു, ദർഭവിരിയിൽ സ്വസ്ഥാനത്തിരിയ്ക്കുന്നു. 3

കുടിയ്ക്കപ്പെടുന്ന തണ്ണീരുകൾ——മകനായ കന്നിന്റെ തള്ളമാർ——വൃഷഭനെ സ്വകീയമായ സത്തുകൊണ്ടു വീണ്ടും വീണ്ടും വളർത്താൻ നോക്കുന്നു! 4

അരിയ്ക്കപ്പെടുന്ന സോമം, വൃഷഭനെ ഇച്ഛിച്ച വെൺപാൽ ചുരത്തുന്നവയെ പലവുരു ഗർഭം ധരിപ്പിയ്ക്കുന്നു! 5

പവമാനമേ, അങ്ങ് ദൂരസ്ഥങ്ങളെ അടുപ്പിച്ചാലും: കൂടലരെ പേടിപ്പിച്ചാലും; ധനം നേടിയാലും! 6

സോമമേ, അങ്ങ് ദൂരത്തോ ചാരത്തോ വർത്തിയ്ക്കുന്ന വൈരിയുടെ കെല്പൊടുക്കുക, പ്രതാപമൊടുക്കുക, കൊററും ഒടുക്കുക! 7

സൂക്തം 20.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അമിത്രരെയെല്ലാം ചെറുത്തു കീഴമർത്തുന്ന കവി ദേവന്മാർക്കു കുടിപ്പാൻ കമ്പിളിയരിപ്പയിൽ കടക്കുന്നു. 1

---

3. പരോക്ഷം: വൃഷാവ്——സോമം.

4. വസതീവരികളെന്ന തണ്ണീരുകൾ സ്വപുത്രനായ വൃഷഭനെ (സോമത്തെ), തള്ളപ്പൈക്കൾ കന്നിനെയെന്നപോലെ വളർത്താനിച്ഛിയ്ക്കുന്നു. സത്ത്——സാരാംശം, പാൽ.

5. വൃഷഭശബ്ദത്തിന്നു വർഷകനായ സോമം എന്നും വൃഷമെന്നും രണ്ടർത്ഥം. ചുരത്തുന്നവയെ—തണ്ണീരുകളെ, പൈക്കളെ. കാളയാൽ പൈക്കളെന്നപോലെ, സോമത്താൽ ഗർഭിണികളാക്കപ്പെട്ട തണ്ണീരുകൾ സസ്യങ്ങളെ പ്രസവിയ്ക്കുന്നു എന്നു വ്യംഗ്യം.

6. ദൂരസ്ഥങ്ങൾ——ദൂരസ്ഥിതങ്ങളായ ഞങ്ങളുടെ അഭീഷ്ടങ്ങൾ. ധനം——ശത്രുക്കളുടെ. നേടിയാലും——ഞങ്ങൾക്കു തരാൻ.

7. വൈരി——ഞങ്ങളുടെ ശത്രു.

സൂക്തം 20.

1. കവി——സോ

ആ പവമാനം സ്തോതാക്കൾക്കു കിട്ടിയ്ക്കുമല്ലോ, വളരെഗ്ഗോക്ക ളെയും ആയിരമന്നവും! 2

സോമമേ, അവിടുന്നു മനസ്സോടേ എല്ലാം കിട്ടിയ്ക്കുന്നു; സ്തുതി യാൽ നീരൊഴുക്കുന്നു. ആ ഭവാൻ ഞങ്ങൾക്കു് അന്നം തന്നാലും! 3

നിന്തിരുവടി ഹവിർദ്ധനന്മാക്കു് അനല്പമായ യശസ്സും അക്ഷ യമായ ധനവും കിട്ടിച്ചാലും; സ്തോതാക്കൾക്കു് അന്നവും കൊണ്ടു വന്നാലും! 4

വോഢാവും മഹാനുമായ സോമമേ, അരിയ്ക്കപ്പെട്ട സുകർമ്മാ വായ ഭവാൻ ഒരു രാജാവിനെപ്പോലെ സ്തുതികളിൽ പൂകുന്നു! 5

ആ വോഢാവും അന്തരിക്ഷസ്ഥവും ദുസ്തരവുമായ സോമം കൈകളാൽ വെടുപ്പുവരുത്തപ്പെട്ടിട്ടു, പാത്രങ്ങളിൽ ഇരിയ്ക്കുന്നു. 6

സോമമേ, യജ്ഞംപോലെ ദാനേച്ഛുവായി വിളയാടുന്ന ഭവാൻ സ്തോതാവിന്നു നല്ല വീര്യം നൽകിക്കൊണ്ടു്, അരിപ്പയിൽ ചെല്ലുന്നു! 7

സൂക്തം 21.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

കീഴമത്തുന്ന, മത്തുപിടിപ്പിയ്ക്കുന്ന, സ്വർഗ്ഗം കിട്ടിയ്ക്കുന്ന ഈ ഇന്ദുക്കളായ സോമങ്ങൾ ഇന്ദ്രങ്കലെയ്ക്കു പായുന്നു: 1

ചെല്ലുന്നു, ചേർക്കുന്നു, പിഴിയുന്നവന്നു ധനം കിട്ടിയ്ക്കുന്നു, സ്തോതാവിന്നു സ്വയം അന്നമുള്ളവാക്കുന്നു! 2

അനായാസേന കളിയാടുന്ന ഇന്ദുക്കൾ ഒരേസ്ഥലത്തു നീരൊ ഴുക്കുന്നു; പുഴയലയിൽ നീരൊഴുക്കുന്നു. 3

---

4. സ്തോതാക്കൾക്കു്——സ്തുതിയ്ക്കുന്ന ഞങ്ങൾക്കു്.

5. സ്തുതികളിൽ പൂകുന്നു——ചുററും സ്തുതിയ്ക്കപ്പെടുന്നു.

സൂക്തം 21.

2. ചെല്ലുന്നു——പിഴിയുന്നവൻെറ അടുക്കൽ. ചേക്കുന്നു——ഹവ്യാദികളെ.

3. ഒരേസ്ഥലത്തു——ദ്രോണകലശത്തിൽ. പുഴയലയിൽ——വെള്ളത്തിൽ.

ഈ പവമാനങ്ങൾ, തേരിന്നു പൂട്ടിയ കുതിരകൾപോലെ എല്ലാധനവും കൊണ്ടുവരുന്നു! 4

ഇന്ദുക്കളേ, നിങ്ങൾ പലതരം സ്പൃഹണീയം ഇദ്ദേഹത്തെ കല്പിച്ചേല്പിയ്ക്കുവിൻ: ഇല്ലെങ്കിൽ ഇദ്ദേഹം ഞങ്ങൾക്കു തരില്ലല്ലോ! 5

ഒരു മഹാൻ മിടുക്കനായ സാരഥിയെയെന്നപോലെ, നിങ്ങൾ ഈ നാഥന്മാർ പ്രജ്ഞാനത്തെ പ്രതിഷ്ഠിയ്ക്കുവിൻ; ജലത്താലൊളിതിരണ്ടു നീരൊഴുക്കുവിൻ! 6

ഇതാ, ആ ബലിഷ്ഠർ കാമിച്ച പാർപ്പിടം നിർമ്മിച്ചു; നല്ലവന്റെ സ്തുതിയും തുടങ്ങിച്ചു! 7

സൂക്തം 22.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഈ സോമങ്ങൾ, തെളിയ്ക്കപ്പെട്ട തേരുകൾപോലെയും, അഴിച്ചുവിടപ്പെട്ട കുതിരകൾപോലെയും പാഞ്ഞു, ശബ്ദം മുതിക്കുന്നു! 1

ഇവ വൻകാററുകൾപോലെയും, പർജ്ജന്യന്റെ മഴകൾപോലെയും, തിയ്യിന്റെ പടച്ചകൾപോലെയും അനായാസേന (ഒഴുകുന്നു)! 2

അരിച്ചു തയിർ ചേർക്കപ്പെട്ട ഈ വിജ്ഞരായ സോമങ്ങൾ വിജ്ഞാനത്താൽ കർമ്മങ്ങളിൽ പെരുമാറുന്നു! 3

---

4 കൊണ്ടുവരുന്നു — ഞങ്ങൾക്ക്.

5. സ്പൃഹണീയം—ധനം. കല്പിച്ച്—'ഇവക്കും കൊടുക്കണ'മെന്നു നിർദ്ദേശിച്ച് തരില്ലല്ലോ—യജമാനന്നു മതിയാവോളം കിട്ടിയാലേ, അദ്ദേഹം ഋത്വിക്കുകൾക്കു കൊടുക്കൂ.

6. സാരഥിയെയെന്നപോലെ—സാരഥിയെ തേരിൽ മുമ്പിലിരുത്തുന്നതുപോലെ ഈ നാഥന്മാർ (ഞങ്ങൾക്കു തരുന്നവനായ യജമാനന്മാർ) പ്രജ്ഞാനത്തെ പ്രതിഷ്ഠിയ്ക്കുവിൻ—പ്രജ്ഞാനം നൽകുവിൻ എന്നർത്ഥം.

7. ബലിഷ്ഠർ—സോമങ്ങൾ. കാമിച്ച—യജ്ഞത്തെ; പാർപ്പിടം നിർമ്മിച്ചു—പാത്രങ്ങളിൽ പൂകി. നല്ലവൻ—യഷ്ടാവോ, സ്തോതാവോ.

സൂക്തം 22.

3. കർമ്മങ്ങളിൽ—നമ്മുടെ.

ഈ അരിഷ്ടപ്പെട്ട അമർത്ത്യർ പുറപ്പെട്ട, വഴികളിലും ഉലക
ങ്ങളിലും തളരാതെ നടക്കുന്നു! 4

ഇവ നാനാമട്ടിൽ നടന്നുകൊണ്ട്, അന്തരിക്ഷത്തിൻെറ മുക
ളിലും ഈ ഉത്തമലോകത്തിലും ചെല്ലുന്നു! 5

യജ്ഞത്തെ പരത്തുന്ന ഉത്തമനെ നദികൾ പുണർന്നു; ഇത്
ഉത്തമവുമാക്കപ്പെട്ടു! 6

സോമമേ, അവിടുന്ന പിശുക്കന്മാരിൽനിന്ന ധനത്തെയും
ഗോഗണത്തെയും കയ്യടക്കുന്നു; യാഗത്തിൽ പരക്കെ ഒച്ചയുമിടുന്നു! 7

സൂക്തം 23.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ശീഘ്രഗാമികളായ സോമങ്ങൾ എല്ലാസ്തോത്രങ്ങളുടെയും നേ
ക്ക്, മത്തുണ്ടാക്കുന്ന മധുധാര തൂകുന്നു! 1

പഴയ കുതിരകൾ പുതിയ നട നടക്കുന്നു; വെളിച്ചത്തിന്ന
സൂര്യനെ ഉദിപ്പിയ്ക്കുന്നു! 2

പവമാനമേ, അങ്ങ് പിശുക്കനായ ശത്രുവിൻെറ ധനം ഞ
ങ്ങൾക്ക കൊണ്ടുവന്നാലും; സന്തതി, അന്നം എന്നിവയും ത
ന്നാലും! 3

ആശുഗാമികളായ സോമങ്ങൾ മത്തുണ്ടാക്കുന്ന നീർ മധുസ്രാ
വിയായ കലശത്തിലെയ്യൊഴുക്കുന്നു. 4

---

4. അമർത്ത്യർ—അനശ്വരസോമങ്ങൾ. പുറപ്പെട്ട—ഹവിർദ്ധാനത്തിൽ
നിന്ന്.

5. ഉത്തമലോകം—സ്വർഗ്ഗം.

6. ഉത്തമൻ—ശ്രേഷ്ഠസോമം. നദികൾ—ജലങ്ങൾ. ഇത്—കർമ്മം.

സൂക്തം 23.

1. സ്തുത്യവസരത്തിൽ മധു(മധുര)നീർ തൂകുന്നു.

2. പഴയ കുതിരകൾ—സോമങ്ങൾ.

4. മധുസ്രാവി=തേനൊഴുക്കുന്നത്; ഈ ഗുണം കലശത്തിന്ന സിദ്ധി
ച്ചതു, സോമരസസമ്പർക്കത്താലാണെന്ന ഹൃദയം.

നല്ല വീര്യമുള്ള, അഭിശാപം പോക്കുന്ന, ഇന്ദ്രിയപോഷകമായ നീർ വഹിയ്ക്കുന്ന, ഒരുന്നായ സോമം (കലശത്തിലെയ്ക്കു) പോകുന്നു! 5

ഇന്ദോ, സോമമേ, യജ്ഞാർഹനായ ഭവാൻ ഇന്ദ്രന്നും ദേവന്മാൎക്കുമായി നീരൊഴുക്കുന്നു; അന്നം തരാനും തുടങ്ങുന്നു! 6

ഋശ്ലോം മദകരമായ ഇതു കുടിച്ചിട്ടാണല്ലോ, ഇന്ദ്രൻ എതിരില്ലാതെ വൈരികളെ വധിച്ചതു്; ഇനിയും വെക്കം വധിയ്ക്കട്ടെ! 7

സൂക്തം 24.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അരിയ്ക്കപ്പെട്ട ഇന്ദുക്കളായ സോമങ്ങൾ പാഞ്ഞു, ഗോരസത്തോടു ചേർന്നു, വെള്ളത്തിൽ കഴുകപ്പെട്ടു. 1

ഗന്താക്കൾ, കീഴ്പോട്ടൊഴുകുന്ന വെള്ളംപോലെ ഇറങ്ങി; അരിയ്ക്കപ്പെട്ടിട്ടു്, ഇന്ദ്രനുകലണഞ്ഞു! 2

പവമാനസോമമേ, ഇവിടുന്നു്, ഇന്ദ്രന്നു കുടിപ്പാൻ നടകൊള്ളുന്നു—നേതാക്കളാൽ എടുത്തു കൊണ്ടുപോകപ്പെടുന്നു. 3

സോമമേ, ആളുകളെ മത്തുപിടിപ്പിയ്ക്കുന്ന ഭവാൻ അരിന്ദമന്നായി നീരൊഴുക്കിയാലും: വിശുദ്ധനും സ്തുത്യനുമാണല്ലോ, ഇവിടുന്നു്! 4

ഇന്ദോ, അമ്മിക്കുഴകൊണ്ടു പിഴിയപ്പെട്ട ഭവാൻ അരിപ്പയിലെയ്ക്കോടിയാൽ, ഇന്ദ്രന്നു തിരുവയർ നിറയുകയായി! 5

വലിയ ശത്രുഹന്താവേ, ഉക്ഥങ്ങൾകൊണ്ടു സ്തുത്യനും, വിശുദ്ധനും, പരിപാവനനും മഹാനുമായ, നിന്തിരുവടി നീരൊഴുക്കിയാലും! 6

മധുരനീരിയന്ന സോമം വിശുദ്ധനും, പരിപാവനനും, അമരതർപ്പകനും, അസുരമർദ്ദകനുമാണെന്നു പറയപ്പെടുന്നു! 7

5. അഭിശാപം—അപവാദം. ഒരുന്നായ—ലോകത്തെ നിലനിർത്തുന്ന.
6. തരാൻ—ഞങ്ങൾക്കു്.

സൂക്തം 24.

3. നേതാക്കൾ—ഋത്വിക്കുകൾ.
4. അരിന്ദമൻ—ഇന്ദ്രൻ.
7. അമരതർപ്പകൻ—ദേവന്മാർക്കു തൃപ്തി വരുത്തുന്നവൻ.

സൂക്തം 25.

അഗസ്ത്യപുത്രൻ ദൃള്ഹച്യുതൻ ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

നീരൊഴുക്കു, കെൽപും മത്തു—
മാരചിക്കും ശ്യാമളൻ നീ
വാനോർക്കും, മരുത്തുക്കൾക്കും
വായുവിന്നും കുടിക്കുവാൻ! 1

കൈവിരലിലുറച്ചേന്റൊലി
താവിന നീ പൂകുകി,ടം—
പൂവുക, പവമാനമേ,
നീ വായുവിൻ ഭാജനത്തിൽ! 2

സ്വസ്ഥാനത്തു ദേവന്മാരോ—
ടൊത്തു വിളങ്ങുന്നു പ്രിയൻ,
വൃത്രമാഥി, ഉലോം ദേവ—
സക്തൻ, കവി, സുവർഷകൻ. 3

നില്ക്കാതെല്ലാരൂപത്തിലും
പുക്കരിക്കപ്പെട്ട രമ്യൻ,
വാനവന്മാരുടെ വാസ—
സ്ഥാനത്തെത്തുവായ്ഗ്ഗമിക്കുന്നു. 4

ഉന്മാദമായൊഴുകുന്നു
തൻനീർ നിരന്തരം സോമം,

സൂക്തം 25.

1. ആരചിക്കും = ഉണ്ടാക്കുന്ന. ശ്യാമളൻ = പച്ചനിറൻ.

2. ഇടം—പാത്രം. വായുവിൻ—വായുവിന്നായി വെച്ച

3. പ്രഥമാന്തപദങ്ങളെല്ലാം സോമവിശേഷണങ്ങൾ. ദേവസക്തൻ—ദേവകാമൻ.

4. എല്ലാരൂപത്തിലും പുക്ക്—സർവരൂപവ്യാപിയായി. രമ്യൻ—രമണീയസോമം.

ഇന്ദ്രങ്കൽച്ചെന്നണയുവാ—
ന,ന്നിദ്രാണനേ,ഝപ്രജ്ഞൻ
നീരരിപ്പയിങ്കൽനിന്നു
ധാരയായൊഴുക്കുക നീ, 5

ഇന്ദ്രന്നുടെ പദം പൂകാൻ,
നന്നായ്‌ മത്തുണ്ടാക്കും കവേ! 6

സൂക്തം 26.

ദൃള്‌ഹച്യുതപുത്രൻ ഇധ്‌മവാഹൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ദ്വാരകാമന്ദിരം'പോലെ)

ഭുവിൻമടിത്തടത്തിൽവെ—
ച്ചാ വാജിയെത്തിരുമ്മിനാർ,
ധീവിലാസവിശിഷ്ടന്മാർ
കൈവിരലാൽ,സ്തവനത്താൽ. 1

ആയിരം ധാരകളോലു—
മാ വിൺതാങ്ങാമിന്ദുവിനെ
വാഴ്ത്തുകയായ്‌, വചനങ്ങൾ
വാട്ടം പിണയാത്തവനെ. 2

അപ്പവമാനനെ,ത്താങ്ങായ്‌—
നില്പവനെ,ഝാതാവിനെ

---

5. ഉന്നാദമായ്‌—ശബ്ദത്തോടേ.

6. പദം=പാർപ്പിടം.

സൂക്തം 26.

1. വാജിയെ—സോമമാകുന്ന കുതിരയെ. ധീവിലാസവിശിഷ്ടന്മാർ—മേധാവികളായ അധ്വര്യുക്കൾ. കൈവിരലുകൾകൊണ്ടും സ്തുതികൊണ്ടും തിരുമ്മിനാർ—സംസ്കാരപ്പെടുത്തി.

2. വിൺതാങ്ങാം=സ്വർഗ്ഗത്തിന്നാധാരമായ. വചനങ്ങൾ—സ്തുതികൾ; സ്തോതാക്കൾ എന്നർത്ഥം.

നാകത്തിലെഴുന്നള്ളുന്നു,
നൈകകർമ്മാവിനെ പ്രാജ്ഞർ. 3

ഹസ്താംഗുലികളാൽസ്സേവാ-
കർത്താക്കന്മാരയയ്ക്കുന്നു,
സുസ്ഥിതനായ്, സ്തുതീശനായ്-
ദുർദ്ധർഷനാമദ്ദേഹത്തെ! 4

പച്ചനിറം പൂണ്ട പുരു-
ദൃശാവാമസ്സുരമ്യനെ
വെച്ചമ്മിയാൽപ്പിഴിയുന്നു-
ണ്ടു,ച്ച സ്ഥാനേ വിരലുകൾ. 5

ഇന്ദോ, പവമാന, കർത്താ-
വിന്ദ്രന്നായിട്ടയയ്ക്കുന്നു,
മത്തുടിപ്പിപ്പോനും സ്തുതി-
വർദ്ധിതനുമായ നിന്നെ. 6

സൂക്തം 27.

അംഗിരോഗോത്രൻ നൃമേധൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇതാ, മാററാരെ മണ്ടിയ്ക്കും പവമാനമഭീഷ്ടദം
അരിപ്പയിലമർക്കപ്പെട്ടരുളുന്നു, മഹാമതി, 1

---

3. താങ്ങാനായ്നില്പവനെ—ജഗദാധാരഭൂതനെ. ധാതാവ്—ഫലകർത്താവ്. നൈകകർമ്മാവ്=അനേകകർമ്മകാരി.

4. മൻഋക്കിലെ പ്രതിപാദ്യംതന്നെ. സേവാകർത്താക്കന്മാർ—ഋത്വിക്കുകൾ. സുസ്ഥിതൻ—പാത്രസ്ഥൻ. സ്തുതീശൻ=സ്തുതികളുടെ ഉടമ. അദ്ദേഹത്തെ—പവമാനസോമത്തെ.

5. പുരുദൃശാവ്=ബഹുദർശി. ഉച്ചസ്ഥാനേ=ഉയർന്ന സ്ഥലത്തു്. അമ്മിമേൽവെച്ച പിഴിയുന്നുണ്ട്.

6. കർത്താവ്—ഋത്വിക്ക്.

സൂക്തം 27.

1. അമർക്കുക=ഞെക്കുക.

ഇതാ, വിണ്ണുലകത്തെക്കീഴണച്ച ബലകാരിയെ
അരിപ്പയിലൊഴിയ്ക്കുന്നു; ശക്രന്നും വായുവിന്നുമായ്. 2

ഇതാ, വിൺതലയും വിശ്വവിത്തുമായ വൃഷേന്ദുവെ
പിഴിഞ്ഞു, വേണ്ടിടത്തെയ്ക്കു കൊണ്ടുപോകുന്നു, കർമ്മികരം. 3

ഇതാ, വമ്പരെ വെല്ലുന്ന പവമാനേന്ദു ദുർദ്ദമൻ
ഒരു ശബ്ദം മുതിക്കുന്നു, പൊന്നും പൈക്കളെയും തരാൻ! 4

ഇതാ മത്തുപിടിപ്പിയ്ക്കും പവമാനേന്ദുനീരിനെ
അരിപ്പയാം വിഹായസ്സിൽപ്പകരുന്നു, പകൽപ്പുരാൻ! 5

ഇതാ, പച്ചനിറം പൂണ്ട കെല്പാളുംപവമാനനീർ
വാനിടത്തിലൊലിയ്ക്കുന്നു; ചെൽവു വർഷകമിന്ദ്രനിൽ 6

സൂക്തം 28.

പ്രിയമേധൻ ഋഷി; ഛന്ദോദേവതകരം മുമ്പേത്തവ.

ഇതാ, നേതാക്കരം സൃക്ഷിച്ച വാജി, സർവവിചക്ഷണൻ
തൃക്കമ്പിളിയരിപ്പിൻനേർക്കോടുന്നു, കരളിൻ പുരാൻ! 1
ഇതാ, ദേവഗണത്തിന്നായ്പ്പിഴിയപ്പെട്ട സോമനീർ
അരിപ്പയിങ്കലൊഴുകീ, മെയ്യിലെല്ലാം കടക്കുവാൻ! 2

---

2. ബലകാരിയെ ബലമുണ്ടാക്കുന്ന സോമത്തെ. ഒഴിയ്ക്കുക=പകരുക.

3. വിൺതല—സ്വർഗ്ഗപ്രധാനഭൂതൻ. വിശ്വവിത്ത് = സർവജ്ഞൻ, വൃഷേന്ദു=അഭീഷ്ടവർഷിയായ സോമം. കർമ്മികരം—ഋത്വിക്കുകരം.

4. വമ്പരെ—വലിയ ശത്രുക്കളെയും. തരാൻ—നമുക്ക്.

5. പകൽപ്പുരാൻ=ദിനാധിപൻ, സൂര്യൻ. അരിപ്പയെ വിഹായസ്സും (അന്തരിക്ഷവും), അധ്വര്യുവെ സൂര്യനമാക്കിയതു വീര്യാതിശയത്തിന്നാകുന്നു.

6. വർഷകം—അഭീഷ്ടങ്ങളെ വർഷിയ്ക്കുന്നതു്; നീരിൻെറ വിശേഷണം.

സൂക്തം 28.

1. സൃക്ഷിച്ച—പാത്രത്തിൽ പകർന്നുവെച്ച. വാജി—വേഗവാനായ സോമം. കരളിൻപുരാൻ=മനസ്സിൻെറ സ്വാമി: സോമ(ചന്ദ്ര)ൻെറ മനോധിപത്വം പ്രസിദ്ധം.

2. മെയ്യ്—ദേവന്മാരുടെ ശരീരം. കടക്കുവാൻ—അവരാൽ കുടിയ്ക്കപ്പെടാൻ.

ഇതാ, വിളങ്ങുന്നു നിജസ്ഥാനത്തു മൃതിവർജ്ജിതൻ,
അതീവ ദേവപരനാം ദേവൻ, വിമതസൂദനൻ! 3

ഇതാ, പത്തംഗുലികളാലെടുക്കപ്പെട്ട വർഷകൻ
ഒലിയും കൂട്ടിയോടുന്നു, മരപ്പാത്രങ്ങളിൽ പൂകുവാൻ. 4

ഇതാ, വിളങ്ങിയ്ക്കുകയായ്, പവമാനം ദിനേശനെ;
സർവതേജസ്സുകളെയും സർവജ്ഞൻ, സാധുദർശനൻ! 5

ഇതാ, ബലിഷ്ഠനാം സോമമസുരഘ്ന,നധർഷിതൻ
അരിയ്ക്കപ്പെട്ടൊലിക്കുന്നു, വാനോരെത്തൃപ്തരാക്കുവാൻ! 6

സൂക്തം 29.

അംഗിരോഗോത്രൻ നൃമേധൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം' പോലെ.)

ഇപ്പിഴിഞ്ഞ വൃഷാവിൻനീർ
കെല്പിനോടേ ദേവന്മാർക്കായ്
സ്വാദ്ധ്വേതരമൊഴുകുന്നു,
സുപ്രഭാവം ലഭിയ്ക്കുവാൻ! 1

മേധകർമ്മകരർ നുതി—
ഗാഥകൊണ്ടു തുടയ്ക്കുന്നു,
ജ്യോതിസ്സോടേ തഴയ്ക്കുമീ
സ്തോതവ്യമാം തുരഗത്തെ! 2

---

3. മൃതിവർജ്ജിതൻ=മരണരഹിതൻ. ദേവപരൻ=ദേവകാമൻ. ദേവൻ—സോമം. വിമതസൂദനൻ=ശത്രുനാശനൻ.

4. വർഷകൻ—സോമം.

5. സൂര്യനെമാത്രമല്ല, സർവതേജസ്സുകളെയും വിളങ്ങിയ്ക്കുകയായ്. സാധുദർശനൻ=വഴിപോലെ കാണുന്നവൻ.

സൂക്തം 29.

1. സുപ്രഭാവം ലഭിയ്ക്കുവാൻ—ദേവന്മാരുടെയിടയിൽ മേന്മ നേടാൻ.

2. മേധകർമ്മകരർ—അധ്വര്യുപ്രഭൃതികൾ. നുതിഗാഥ=സ്തുതിഗാനം. തുടയ്ക്കുന്നു—ശുദ്ധീകരിയ്ക്കുന്നു. തുരഗത്തെ—സോമത്തെ.

ശ്രീ മുഴുത്ത പവമാന-
സോമമേ, നിൻതേജോഭരം
എത്രയും ധർഷകമല്ലോ:
സ്തുത്യമാഴി നിറയ്ക്കു, നീ! 3

സോമമേ, സ്വത്തെല്ലാം നേടി,
നീർ മികവിൽപ്പൊഴിച്ചാലും;
ആട്ടിപ്പായിച്ചാലും ഭവാൻ
ദ്വേഷ്ടാക്കളെയൊപ്പംതന്നേ. 4

എല്ലാലുബ്ധന്റെയും കെട്ട-
ചൊല്ലു,മേതൊരുത്തന്റെയും
പൊല്ലാപ്പും വിട്ടകത്ത്,ഞങ്ങളെ
നല്ലവണ്ണം രക്ഷിയ്ക്കു, നീ! 5

ഒന്നായൊഴുക്കീടുക, നീ-
രി;-ന്ദോ, കൊണ്ടുവരിക, നീ
ഭൌമദിവ്യധനത്തെയും,
ശ്രീമത്തായ ബലത്തെയും! 6

സൂക്തം 30.

അംഗിരോഗോത്രൻ ബിന്ദു ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ദ്വാരകാമന്ദിരം'പോലെ.)

ഇപ്പവമാനത്തിന്റെ നീർ
നിൽപുപെടാതരിപ്പയിൽ

---

3. ശ്രീ=സമ്പത്തു്. സ്തുത്യമാഴി—സ്തുത്യമായ ദ്രോണകലശം. കലശം നിറയുമാറു നീരൊഴുക്കുക.

4. നേടി—ഞങ്ങൾക്കു തരാൻ. ദ്വേഷ്ടാക്കൾ—ദ്രോഹികൾ.

5. കെട്ടചൊല്ലു്=ദുർഭാഷണം. പൊല്ലാപ്പു്=വൃഥാ പഴിയ്ക്കൽ.

6. ഒന്നായ്—ധാരമുറിയാതെ. ശ്രീമത്ത്=ശോഭയേറിയതു്.

നിഷ്പ്രയാസം പൊഴിയുന്നു;
കെല്പനെന്തോ മൊഴിയുന്നു! 1

സോതാക്കളെ കൈക്കൊണ്ടരിയ്ക്കും—
പോതൊലിക്കൊണ്ടരുളുന്നു—
ഇന്ദ്രന്റേതാം നിനാദത്തെ—
യുന്നമിപ്പിയ്ക്കുന്നു, സോമം. 2

വൈരികളെക്കീഴമർത്തും
ഭൂരികാമ്യബലത്തെയും
ധാരയായ്ത്തൂകുകെ,ങ്ങൾക്ക
വീരരെയും സോമമേ, നീ! 3

നിന്നിടാതെയരിപ്പയിൽ—
നിന്നു പവമാനസോമം
ധാരയായിട്ടൊഴുകുന്നു,
ദാരുപാത്രങ്ങളിൽപ്പുകാൻ. 4

പച്ചനിറ,മിനിപ്പിന്റെ
മെച്ചമിവ ചേർന്ന നിന്നെ
വെൺനീരിലിടുന്നു, ചത—
ച്ചിന്ദ്രന്നു കുടിപ്പാനിന്ദോ. 5

മത്തുണ്ടാക്കും മാധുര്യവാ—
യ്യൊത്ത മഞ്ജുസോമം നിങ്ങൾ
കെല്പ കിട്ടാൻ പിഴിയുവിൻ,
വജ്രഭൃത്താമിന്ദ്രന്നായി! 6

സൂക്തം 30.

1. നില്പു്പെടാതെ—ധാരയായി. കെല്പൻ—സോമം. എന്തോ മൊഴിയുന്നു—ഒരൊച്ച പുറപ്പെടുവിയ്ക്കുന്നു.

2. ഉത്തരാർദ്ധത്തിൽ എടുത്തുപറയുന്നു: ഇന്ദ്രന്റേതാം—ഇന്ദ്രന്റെ രബ്ദം പോലെ ലോഭനീയമായ.

3. വീരർ—പുത്രന്മാർ.

4. ദാരുപാത്രങ്ങൾ=മരപ്പാത്രങ്ങൾ.

5. ചതച്ച്—അമ്മിമേൽ.

സൂക്തം 31.

രഹൂഗണപുത്രൻ ഗോതമൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ.)

പോവുകയായ് നേരേ സുക-
ർമ്മാവിപ്പവമാനസോമം:
കൈവരുത്തും, (നമുക്കി)ത്തു,
കേൾവിപ്പെട്ടതക്ക ധനം! 1

മന്നിലും വിണ്ണിലുമിന്ദോ,
പൊന്നുവെള്ളി വളർത്താലും,—
അന്യൂനമായ് വളർത്താലു,—
മന്നപ്പെരുമാളാം ഭവാൻ! 2

അങ്ങയെസ്സുഖിപ്പിപ്പൂ, കാ;—
ററങ്ങേയ്ക്കായൊലിപ്പൂ, നദി;
സോമമേ, വളർത്തുന്നു, നിൻ
ഭൂമാവിനെയവരണ്ടും! 3

വർദ്ധിയ്ക്കുക, സോമമേ, നീ:—
യെത്തട്ടേ, കെല്പെല്ലാം നിങ്കൽ;
സംഗരത്തിലന്നങ്ങളെ—
സ്സംഘടിപ്പിച്ചരുൾക, നീ! 4

തുംഗവളർനിലത്താള—
മങ്ങേയ്ക്കായിബഭ്രുദൃതേ,
ധാരാളമായ്ച്ചുരത്തുന്നു,
ക്ഷീരവും തൂനെയ്യും പൈക്കൾ! 5

---

6. ഋത്വിക്കുകളോട്: കെല്പു കിട്ടാൻ—നമുക്ക്.

സൂക്തം 31.

2. വളർത്താലും—ഞങ്ങൾക്കായി.

3. നദി—ജാത്യേകവചനം: നദികൾ. ഭൂമാവ് = മഹത്ത്വം. അവ രണ്ടും—കാററും നദിയും.

4. സംഘടിപ്പിച്ചരുൾക—ഞങ്ങൾക്ക കിട്ടിച്ചാലും.

5. തുംഗവളർനിലത്താളം = ഉയർന്ന പ്രവൃദ്ധപ്രദേശത്തു വസിയ്ക്കുന്ന. ബഭ്രുദൃതേ = തവിട്ടുനിറമൊത്തവനേ.

മംഗളായുധനായ് മേവു-
മങ്ങയുടെ ചങ്ങാതിത്തം
കാമിച്ചുപോരുന്നു, ഞങ്ങൾ
സോമമേ, വിശ്വാധിപതേ! 6

സൂക്തം 32.

അത്രിപുത്രൻ ശ്യാവാശ്വൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ.)

സത്രത്തിൽപ്പിഴിയപ്പെട്ട,
മത്തു പൊഴിക്കുന്ന സോമം
അത്യന്തമൊലിപ്പൂ, ഹവി-
സ്സ്തോത്ത നമുക്കന്നത്തിന്നായ്! 1
അങ്ങനെതാൻ, ത്രിതനുടെ-
യംഗുലികൾ ചതയ്ക്കുന്നു,
പച്ചയാമിസ്സോമത്തെ ഹ-
ര്യശ്വനുണ്ണാനരക്കല്ലാൽ. 2
ചെൽവൂ, ഹംസം പരിഷയിൽ-
പ്പോലി, തേവൻെറയുമുള്ളിൽ;
അശ്വത്തിനെപ്പോലിതിനെ-
യംഭസ്സിനാൽ നനയ്ക്കുന്നു. 3
രണ്ടിനെയുമുററുനോക്കി-
ക്കൊണ്ടൊ,രു മാൻപോലിന്ദോ, നീ
തേപ്പിയ്ക്കപ്പെട്ട, ധ്വരത്തിൻ
പാർപ്പിടത്തെയ്ക്കാഗമിപ്പൂ! 4

സൂക്തം 32.

1. സത്രം = യാഗം.

2. ത്രിതൻ—ഋഷി. ഹര്യശ്വനുണ്ണാൻ = ഇന്ദ്രന്നു കുടിപ്പാൻ.

3. ഇത്—സോമം. ഏവൻെറയുമുള്ളിൽ ചെൽവൂ—എല്ലാവക്കും പ്രിയ മായിത്തീരുന്നു.

4. രണ്ടിനെയും—വാന്നഴികളെ. തേപ്പിയ്ക്കപ്പെട്ട്—ഗോരസങ്ങൾ പുരട്ടി യ്ക്കപ്പെട്ട്. ഒരു മാൻപോലെ—വളത്തുമാനിനെ എണ്ണയോ മറേറാ തേപ്പിയ്ക്ക മല്ലോ. അധ്വരത്തിൻ പാർപ്പിടം—യാഗശാല.

നല്ലാർ പൊന്നുജാരനെപ്പോ–
ലല്ലോ വാഴ്ത്തീ, ചൊല്ലുകൾ (നിന്നെ;)
ചെല്ലുകയാ(യവിടുന്നു,)
നല്ല പോരിൽശ്ശൂരൻപോലേ! 5

തന്നാലും നീ, ഹവിസ്സർപ്പി–
ക്കുന്ന ഞങ്ങൾക്കീ,യെനിക്കും
ദ്യോതമാനമന്നം, ധനം,
മേധ, യശസ്സെന്നിവയെ! 6

സൂക്തം 33.

ത്രിതൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ.)

സൂരികളാമിസ്സോമങ്ങൾ
നീരലകൾപോലോടുന്നു,
ആരണ്യപ്രദേശത്തെക്കു
സൈരിഭങ്ങൾപോലെയുമേ! 1

ഋമ പൂണ്ട കരാൽനിറ–
(സ്സോമം) കുടങ്ങളിലെയ്ക്കായ്
ധാരയായിട്ടൊഴുകുന്നു,
ചോറും ഗോക്കളെയും തരാൻ! 2

സോമം പിഴിഞ്ഞതിന്ദ്രന്നു,–
മാ മാരുതവരുണക്കും,

---

5. പൊന്നുജാരൻ––പ്രിയപ്പെട്ട ജാരൻ. ചൊൽകൾ––സ്തുതികൾ. ഉത്തരാർദ്ധം പരോക്ഷകഥനം: നല്ല––ധനം കിട്ടിക്കുന്ന എന്നു താൽപര്യം. ചെല്ലുകയായ്––പാത്രത്തിൽ.

6. പ്രത്യക്ഷോക്തി: ദ്യോതമാനം = ഉജ്ജ്വലം.

സൂക്തം 33.

1. ഓടുന്നു––പാത്രങ്ങളിലെയ്ക്കോടുന്നു. സൈരിഭങ്ങൾ = പോത്തുകൾ.

2. തരാൻ––നമുക്കു്.

വായുവിന്നും, വിഷ്ണുവിന്നു-
മായൊഴുകിഗ്ഗമിയ്ക്കുന്നു! 3

മുച്ചൊല്ലുയരുന്നു; മോദി-
പ്പിച്ചു പൈക്കളമ്പ കൊാംവൂ;
ഒച്ചയിട്ടാംപ്പുകീടുന്നു,
പച്ചനിറമാന്ന (സോമം). 4

ബ്രഹ്മേരിതമാർ, മഖത്തി-
ന്നമ്മമാരാം മഹതികാം
എമ്പാടും പുകഴ്ത്തുകയായ്;
വിൺപൈതലെത്തുടസ്സുയായ്! 5

സോമ, തിരുമേനി സമ്പൽ-
സ്തോമത്തിൻ നാലാഴിയെയും,
ആയിരങ്ങളെയും ഞങ്ങാം-
ക്കായൊഴുക്കുകെ,മ്പാടുമേ! 6

സൂക്തം 34.

ഋഷിച്ഛന്ദോദേവതകാം മുമ്പേത്തവ.
('ഭാരകാമന്ദിരം'പോലെ.)

പുഷ്ടമായ്പ്പിഴിഞ്ഞൊഴുക്ക-
പ്പെട്ട,രിപ്പു വൃകം സോമം
കെട്ടുറപ്പുള്ളവയെയും
തട്ടിയുടസ്സുമേ, കെല്പാൽ! 1

---

3. മാരുതർ—മരുത്തുക്കാം.

4. മുച്ചൊല്ല്—ഋഗ്യജുസ്സാമസ്തുതികാം. ഉാംപ്പുകിടുന്നു—കലശങ്ങളിൽ.

5. ബ്രഹ്മേരിതമാർ=ബ്രാഹ്മണരാൽ ഉച്ചരിയ്ക്കപ്പെട്ട. മഖത്തിന്നമ്മമാരാം മഹതികാം—സ്തുതികാം. വിൺപൈതൽ—സോമം. അമ്മമാർ കുട്ടിയെ സ്തുതിയ്ക്കും, ശുശ്രൂഷിയ്ക്കും.

6. സമ്പൽസ്തോമം=ധനസമൂഹം. നാലാഴി എന്ന പദം ചതുസ്സമുദ്രാന്തേ ഭൂമിയെക്കുറിയ്ക്കുന്നു; ഭൂസ്വാമിത്വമെന്നർത്ഥം. ആയിരങ്ങാം—അനേകാഭിമതങ്ങാം.

സൂക്തം 34.

1. കെട്ടുറപ്പുള്ളവയെയും—സുദൃഢങ്ങളായ ശത്രുപുരങ്ങളെപ്പോലും.

ഇന്ദ്രന്നും, മരുത്തുക്കൾക്കും,
വായുവിന്നും, വരുണന്നും,
വിഷ്ണുവിന്നുമായ് ച്ചെല്ലുന്നി—
തി,പ്പിഴിയപ്പെട്ട സോമം! 2

നീരൊഴുക്കമിന്ദുവിനെ
നീരൊഴുക്കമമ്മികളിൽ
നേരേ കുത്തിപ്പിഴിയുന്നു;
ക്ഷീരം കറന്നെടുക്കുന്നു; 3

ശോധിതമായ് ത്രിതർഷിയാൽ,-
പ്പീതമായീ മഘവാവാൽ,
പാൽ-തയിർ തേപ്പിയ്ക്കപ്പെട്ടും
മാദകം, ശ്യാമളവർണ്ണം. 4

യാഗത്തിന്നൊരാസ്പദമീ—
യാകമ്രമാം പ്രിയഹവ്യം
ആകെക്കറന്നെടുക്കുന്നു,
നാകപ്പൃശ്നിൻ തനൂജന്മാർ. 5

ചെന്നവിടുത്തോടു ചേൎന്നീ—
ടുന്നു, സത്യപ്രിയോക്തികൾ:
കാമമൊലിക്കൊണ്ടി,വയെ—
ക്കാമിയ്ക്കുന്നുമുണ്ട,ദ്ദേഹം! 6

---

3. ക്ഷീരം—രസം. അധ്വര്യുപ്രഭൃതികൾ എന്നധ്യാഹരിയ്ക്കണം.

4. ശോധിതം=ശുദ്ധീകൃതം. പീതം—കുടിയ്ക്കപ്പെട്ടത്. മാദകം—സോമം.

5. പ്രിയഹവ്യം—സോമം. നാകപ്പൃശ്നിൻ തനൂജന്മാർ—പൃശ്നിപുത്രന്മാരായ മരുത്തുക്കൾ.

6. അവിടുത്തോടു—സോമത്തോടു്. സത്യപ്രിയോക്തികൾ—നമ്മുടെ സ്തുതികൾ. കാമം=ഏററവും.

സൂക്തം 35.

അംഗിരോഗോത്രൻ പ്രഭൂവസു ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ഭാരകാമന്ദിരം' പോലെ)

ധാരയായിട്ടൊഴുക്കുക,
വാരാളം സ്വത്തെങ്ങൾക്കു നീ,
ഹേ പവമാനമേ, യജ്ഞ—
ലാഭമെങ്ങൾക്കുണ്ടാകാനായ്! 1

ആരെയും വിറപ്പിപ്പോനേ,
മാരിപെയ്യിപ്പോനാമിന്ദോ,
നീരൊഴുക്കുകെ,ങ്ങൾക്കർത്ഥ—
പൂരം കെല്പാലെടുത്തു നീ! 2

വീരനാം ഭവാനെക്കൊണ്ടു
വൈരികളെ വെല്ലുകെ,ങ്ങൾ:
നേരേ പൊഴിയ്ക്കുക ധനം,
വീരവാനേ, ഞങ്ങൾക്കു നീ! 3

അന്നദാതാവൃഷി സോമ—
(മധ്വരിയെ) പ്രാപിപ്പാനായ്
കല്പിച്ചയയ്ക്കുമേ, ഭോജ്യം
കർമ്മായുധവിചക്ഷണൻ! 4

ഉൽപ്പാദിതവചനനാ-
മപ്പവമാനേന്ദുവിനെ—
ആൾകളുടെ ഗോപതിയെ—
ച്ചൊല്ലു,ളുടപ്പിപ്പൂ, ഞങ്ങൾ. 5

സൂക്തം 35

1. യജ്ഞലാഭം=യാഗസിദ്ധി.

2. ആരെയും—ഏതൊരു ശത്രുവിനെയും. അർത്ഥപൂരം—ധനസമൂഹം.

3. വെല്ലുക—ജയിയ്ക്കുമാറാകട്ടെ. വീരവാനേ=വീരസമേത.

4. അധ്വരി=യജമാനൻ. കർമ്മായുധവിചക്ഷണൻ=കർമ്മങ്ങളും ആയുധങ്ങളും അറിയുന്നവൻ.

5. ഉല്പാദിതവചനൻ—വചനങ്ങളെ (സ്തുതികളെ) ഉളവാക്കുന്നവൻ, സ്തുതിപ്പിയ്ക്കുന്നവൻ. ചൊല്ലുകൾ—സ്തോത്രങ്ങൾ; സ്തോത്രങ്ങൾകൊണ്ടു മൂടുന്നു.

ഇദ്ധധനൻ, ധർമ്മത്രാതാ–
വി,പ്പവമാനത്തിന്റെ
കർമ്മത്തിങ്കലല്ലോ വെപ്പൂ,
തന്മനസ്സാളുകളെല്ലാം! 6

സൂക്തം 36.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ)

തേരശ്വംപോലി,രുദാരു–
നീരരിപ്പിൽ വിടപ്പെട്ടു:
പാറുകയായ,ത്തുരഗം
വീരാകർഷകത്തിലെങ്ങും! 1

ദേവകാമൻ, ജാഗരൂക–
നാവഹിപ്പോനാ നീയിന്ദോ,
മട്ടതിക്രമരിപ്പയെ
വിട്ടൊഴുകീടുക, നേരേ! 2

ജ്യേഷ്ഠ, പവമാന, കതിർ–
ക്കോട്ടുകളാ നീയെങ്ങളെ
കാട്ടുകി;-റക്കുകെ,ങ്ങളെ
വാട്ടം പോക്കും ക്രതുവിങ്കൽ! 3

---

6. ഇദ്ധധനൻ––സമ്പത്തേറിയവൻ. ആളുകൾ––യജമാനർ

സൂക്തം 36.

1. ഇരുദാരുനീര്––രണ്ടു പലകകൾക്കിടയിലെ സോമരസം. അരിപ്പയിൽ, ഒരു തേർക്കുതിരപോലെ അഴിച്ചുവിടപ്പെട്ടു; അപ്പോൾ അത്തുരഗം–സോമം––വീരാകർഷകത്തിലെങ്ങും പാറുകയായി. വീരാകർഷകത്തിന്നു രണ്ടർത്ഥം: വീരന്മാരെ ആകർഷിക്കുന്ന യുദ്ധം; ദേവന്മാരെ ആകർഷിക്കുന്ന യജ്ഞം.

2. ആവഹിപ്പോൻ––ചുമതലയേല്ക്കുന്നവൻ. മട്ട് = തേൻ; അരിപ്പയിൽ നിന്നു ചോരുന്ന സോമരസംതന്നെ, തേൻ. നേരേ––കലശത്തിലേയ്ക്കു്.

3. ജ്യേഷ്ഠ––പുരാതന. കതിർക്കോട്ടുകൾ––ജ്യോതിർഗ്ഗോളങ്ങൾ;വെളിച്ചം. വാട്ടം പോക്കും––ബലകരമായ. ക്രതുവിങ്കൽ ഇറക്കുക––യജ്ഞം ചെയ്യിച്ചാലും.

കൈകളാലേ ശ്രുചിയാക്കി-
ശ്ശ്രീ കലത്തിക്കൊണ്ടിതിനെ
കർമ്മപരരരിയ്ക്കുന്നു,
കമ്പിളിയരിപ്പതന്നിൽ. 4

അസ്സോമം താനൊഴുക്കട്ടെ,-
യധ്വരകാരന്നു ധനം,
മന്നിലും വിണ്ണിലും വാനം-
തന്നിലുമുള്ളതെല്ലാമേ! 5

അന്നപാല, സോമമേ, നീ
വിണ്ണുലകിൽക്കേറീടുന്നു,
അശ്വത്തെയും ഗോവിനെയും
പുത്രനെയും കൊടുക്കുവാൻ! 6

സൂക്തം 37.

രഹൂഗണൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ദ്വാരകാമന്ദിരം' പോലെ.)

ദേവകാമൻ, പിഴിയപ്പെ-
ട്ടാ, വൃഷാവാം പേയസോമം
പൂവുകയായ്, രക്കർതൻ
ജീവൻ കവന്നരിപ്പയിൽ! 1

സ്വച്ഛദ്രഷ്ടാവു, ററതാങ്ങാ-
പ്പച്ചനിറമാർന്ന സോമം

---

4. ശ്രീ കലത്തിക്കൊണ്ട്---മോടിപ്പെട്ടുത്തിക്കൊണ്ട്. ഇതിനെ---സോമത്തെ. കർമ്മപരർ---ഋത്വിക്കുകൾ.

5. അധ്വരകാരൻ---യജമാനൻ. വാനം---അന്തരിക്ഷം.

6. കൊടുക്കുവാൻ---സ്തോതാക്കൾക്ക്.

സൂക്തം 37.

1. പേയം---ദേവന്മാർക്കു കുടിപ്പാനുള്ള.

ഉറച്ചേരുന്നിതരിപ്പയി,—
ലൊച്ചയിട്ടു കുടത്തിലും! 2

സ്വർപ്പദത്തെശ്ശോഭിപ്പിയ്ക്കു—
മപ്പവമാനമാമംശു
കമ്പിളിയരിപ്പിലെയ്ക്കു
വെമ്പിച്ചെല്‌വു, രക്ഷോഹരൻ! 3

പാഥസ്സുതനുടെ പെരും—
മേധത്തിലപ്പവമാനം
ജാതപ്രഭനോക്കീയല്ലോ,
ജ്ഞാതികളോടൊത്തക്കനെ! 4

വൃത്രഘ്നാതി, പിഴിയപ്പെ—
ട്ട,ത്ഥം കിട്ടിയ്ക്കുമസ്സോമം
യുദ്ധത്തിൽപ്പോലിറങ്ങിനാൻ,
ദക്ഷൻ, വർഷണശീലൻ! 5

ബുദ്ധിമാനാലയയ്ക്കപ്പെ—
ട്ടുത്തമനീസ്സോമദേവൻ
ഇന്ദ്രന്നായി മരപ്പാത്ര—
വൃന്ദത്തിലെയ്ക്കോടീടുന്നു! 6

സൂക്തം 38.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
('ഭാരകാമന്ദിരം' പോലെ.)

തേർക്കൊപ്പമാ വൃഷാവിതാ
നൂൽക്കമ്പിളിയരിപ്പയിൽ

---

2. സ്വച്ഛദ്രഷ്ടാവ്——സ്പഷ്ടമായി കാണുന്നവൻ.

3. സ്വർപ്പദം——സ്വർഗ്ഗം. വെമ്പിച്ചെൽവൂ——പായുന്നു. രക്ഷോഹരൻ=രാക്ഷസഘ്നൻ.

4. പാഥസ്സുതൻ——ത്രിതനെന്ന ഋഷി, ജാതപ്രഭനോക്കി——പ്രകാശിപ്പിച്ചു. ജ്ഞാതികൾ——സ്വന്തം തേജസ്സുകൾ എന്നർത്ഥം.

5. അത്ഥം = ധനം. ഇറങ്ങിനാൻ——കലശത്തിൽ.

6. ബുദ്ധിമാൻ——അധ്വര്യു.

കേറി നടകൊണ്ടീടുന്നു,
ന്നൂറുന്നൂറന്നങ്ങളാം നേടാൻ! 1

പച്ചയാകുമിസ്സോമത്തെ
വജ്രവാനു കുടിപ്പാനായ്,
അമ്മികളാൽ ത്രിതന്റടെ-
യംഗുലികളാം ചതയ്ക്കുന്നു! 2

ആയതിനെയിതാ, ക്രിയ-
യ്ക്കായിത്തുമപ്പെടുത്തുന്നു,
മത്തുണ്ടാക്കാനരിയ്ക്കുന്ന
പത്തു കരവിരലുകൾ! 3

ആയതിതാ, പെൺപക്കലെ-
യ്ക്കായിപ്പോകും ജാരൻപോലേ
ചെന്നു വസിയ്ക്കുന്നു, പരു-
ന്തെന്നവണ്ണമാളുകളിൽ 4

നന്മാദകരസമോലും
വിൺമകനസ്സോമമിതാ,
കമ്പിളിയരിപ്പയുടെപ്പു-
ക്കെമ്പൊടും കൺ നടത്തുന്നു! 5

ആസ്വാദിപ്പാൻ പിഴിയപ്പെ-
ട്ടാ, ശ്യാമനാം ധർത്താവിതാ,
ഇഷ്ടസ്ഥാനത്തിലെയ്ക്കൊലി-
യിട്ടുകൊണ്ടു ഗമിയ്ക്കുന്നു! 6

സൂക്തം 38.

1. നേടാൻ—യജമാനന്നായി.

2. പച്ചയാകും—പച്ചനിറമിയന്ന. വജ്രവാൻ=ഇന്ദ്രൻ.

3. ക്രിയ—ഹോമം. മത്തുണ്ടാക്കാൻ—ഇന്ദ്രന്ന്.

4. പെൺപക്കലെയ്ക്കായി—സങ്കേതം കുറിച്ച കാമിനിയുടെ അടുക്കലെയ്ക്ക്. പരുന്തെന്നവണ്ണം—ഒരു പരുന്തു പക്ഷിക്കൂട്ടത്തിലിരിയ്ക്കുന്നതുപോലെ. ആളുകളിൽ—യഷ്ടാക്കളുടെ ഇടയിൽ.

6. ആസ്വാദിപ്പാൻ—ദേവന്മാർക്കു കുടിപ്പാൻ. ശ്യാമൻ=ഹരിദവർണ്ണൻ. ധർത്താവ്—ഭുവനധാരകൻ.

സൂക്തം 39.

അംഗിരോഗോത്രൻ ബൃഹന്മതി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ദോരകാമന്ദിരം' പോലെ.)

നീ വേഗത്തിൽബ്ബ്ബൃഹന്മതേ,
പോവുകോമലുടലോടേ,
'ദേവന്മാർതൻ ചാരത്തെയ്ക്കു'—
ന്നേവമുരിയാടിക്കൊണ്ടേ! 1

ശുദ്ധി വന്നിട്ടില്ലാത്തേടം
ശുദ്ധമാക്കിക്കൊണ്ടു ഭവാൻ
വാനിൽനിന്നു മഴ പെയ്ക,
മാനുഷർക്കു കൊററു കിട്ടാൻ! 2

ഉരംപ്പുകുന്നു, പിഴിയപ്പെ—
ട്ടൽപ്രഭനോയ് വിചക്ഷണൻ
കെല്പിനോടേ വിളക്കമൊ—
ന്നർപ്പിച്ചുംകൊണ്ടരിപ്പയിൽ. 3

വിണ്ണിൻമുകരംവശത്തെയ്ക്കു
തിണ്ണം പോകുമവനിതാ,
ചോരുമരിപ്പയിൽപ്പുകി
നീരലയിലെയ്ക്കൊഴുകി! 4

ദൂരത്തും ചാരത്തുമിരി—
പ്പോരെപ്പരിചരിയ്ക്കുവാൻ

സൂക്തം 39.

1. ബൃഹന്മതേ——ബുദ്ധിയേറിയ സോമമേ. ഋഷിയുടെ പേരും വരുത്തിയിരിയ്ക്കുന്നു. ഓമലുടൽ——ദേവന്മാർക്കു പ്രിയപ്പെട്ട രസധാര. 'ഞാൻ ദേവന്മാരുടെ അടുക്കലെയ്ക്കു പോവുകയാണെ'ന്നു പറഞ്ഞുംകൊണ്ടു പോയ്ക്കൊൾക.

3. പരോക്ഷകഥനം: ഉൽപ്രഭൻ=പ്രഭയുയർന്നവൻ. വിളക്കമൊന്നർപ്പിച്ചുംകൊണ്ട്——ഒരു പ്രകാശം വിരിച്ചുംകൊണ്ട്. അരിപ്പയിൽ ഉരംപ്പുകുന്നു.

4. തിണ്ണം=വെക്കം. അവൻ——സോമം. നീരല——ജലസംഘാതം.

സ്ഥാനേ പിഴിഞ്ഞൊരു സോമ—
ത്തേനിന്ദ്രന്നായ്പ്പകരുന്നു! 5

അർച്ചിയ്ക്കുന്നു, സമേതന്മാർ;
പച്ചവർണ്ണമാർന്നതിനെ
അമ്മികളാൽച്ചതയ്ക്കുന്നു——
സമ്മേളിപ്പിൻ, മഖസ്ഥാനേ! 6

സൂക്തം 40.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ.)

തേർച്ചക്കാരെയെല്ലാം വെന്നാൻ,
കാഴ്ചയേറും പവമാനം;
ആ വിപ്രനെ സ്തുതികളാ—
ലാഡംബരപ്പെടുത്തുന്നു. 1

ആരക്താഭൻ, പിഴിയപ്പെ—
ട്ടാസ്പദം പുക്കാ വർഷകൻ
ഇന്ദ്രങ്കൽച്ചെന്ന, നശ്വര—
മന്ദിരത്തിൽ മരുവുന്നു. 2

---

5. ഇരിപ്പോരെ——വസിയ്ക്കുന്ന ദേവന്മാരെ. സ്ഥാനേ——നിശ്ചിതസ്ഥലത്തുവെച്ച്. പകരുന്നു——ഋത്വിക്കുകൾ.

6. ദേവന്മാരോട്: അർച്ചിയ്ക്കുന്നു——സ്തുതിയ്ക്കുന്നു. സമേതന്മാർ——ഒത്തൊരുമിച്ച സ്തോതാക്കന്മാർ. മഖസ്ഥാനേ സമ്മേളിപ്പിൻ——നിങ്ങൾ യജ്ഞസദനത്തിൽ ഒന്നിച്ചിരിയ്ക്കുവിൻ.

സൂക്തം 40.

1. തേർച്ചക്കാർ——എതിരാളികൾ. കാഴ്ചയേറും=സമ്യഗ്ദ്രഷ്ടാവായ. ആ വിപ്രനെ——മേധാവിയായ സോമത്തെ. ആഡംബരപ്പെടുത്തുന്നു——സ്തോതാക്കൾ അലങ്കരിയ്ക്കുന്നു.

2. ആരക്താഭൻ——അരുണവർണ്ണൻ. ആസ്പദം——കലശം. ആ വർഷകൻ——സോമം. അനശ്വരമന്ദിരം——സ്വർഗ്ഗം.

ഇന്ദോ, സോമ, തിരുവടി
മന്ദിയാതേ ഞങ്ങൾക്കായി
ഒന്നിച്ചൊഴുക്കുകെ,പാട്ട—
മുന്നതസ്വത്തോരായിരം! 3

ഇന്ദോ, പവമാന, കൊണ്ടു—
വന്നാലും നീ നാനാധനം;
അഷ്ടിക്കോപ്പുമോരായിരം
കിട്ടിയ്ക്കുക, സോമമേ, നീ! 4

ആനയിയ്ക്കു, വാഴ്ത്തുമെങ്ങൾ—
ക്കായ് നീ സുവീര്യമാം ധനം;
വായ്പിച്ചാലും, സ്തുതിപ്പോൻെറ
വാക്യം പവമാനമേ, നീ! 5

ഇന്ദോ, പവമാനസോമ,
സന്നുത്യർഹം ധനം—വർഷിൻ,
രണ്ടിടത്തുള്ളതും—ഭവാൻ,
കൊണ്ടുവരി,കെങ്ങൾക്കിന്ദോ! 6

സൂക്തം 41.

കണ്വഗോത്രൻ മേധ്യാതിഥി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ.)

ക്ഷിപ്രഗതിശീലരാമി—
സ്സുപ്രകാശർ, ഗോക്കൾപോലെ
വെക്കം വന്നുചേർന്നുവല്ലോ
ദുഷ്കരിംതോലിനെപ്പോക്കി! 1

---

3. ഉന്നതസ്വത്ത്=ഉത്തമധനം.

4. അഷ്ടിക്കോപ്പ്—അന്നങ്ങൾ.

6. സന്നുത്യർഹം—സ്തുത്യം. രണ്ടിടം—ദ്യോവും ഭൂവും. ഇന്ദുപദത്തെ ആവർത്തിച്ചത് ആദരാതിശയത്തെ ദ്യോതിപ്പിയ്ക്കുന്നു.

സൂക്തം 41.

1. സുപ്രകാശർ—സോമങ്ങൾ. ദുഷ്കരിംതോലിനെ—കെട്ട രാക്ഷസവർഗ്ഗത്തെ.

ശിഷ്ടന്റെ തുറുങ്കിനെയും,
ദുഷ്ടഹതിരതിയെയും
വാച്ഛിന്നു, നിഷ്കർമ്മാവായ
ശാത്രവനെയമർത്തങ്ങൾ 2

ശക്തപവമാനത്തിന്റെ
ശബ്ദം, മഴയുടെപോലെ
ഉണ്ടു കേൾക്കാകുന്നു; മേയു–
ന്നുണ്ടു, വാനിൽ വാർമിന്നലും! 3

ഇന്ദോ, പിഴിയപ്പെട്ട നീ–
യൊന്നായൊഴുക്കുക, പൊന്നും
അസ്തോകാന്നങ്ങളും കെൽപു–
മശ്വത്തെയും ഗോവിനെയും! 4

നീരുതിക്ക്: കാണ്മോനേ, നീ
പാരിച്ച വാന്നുഴികളെ
പൂരിപ്പിസ്സു, കതിർകളാൽ–
സ്സൂരൻ ദിനങ്ങളെപ്പോലെ! 5

സോമമേ, നീയെങ്ങൾക്കേററം
ക്ഷേമമേകം നീരൊഴുക്കാൽ
പായുകെ,മ്പാട്ടുമേ താന്ന
പാരിലെസ്സു പുഴപോലെ! 6

---

2. ശിഷ്ടൻ––ശോഭനമായ സോമം. തുറുങ്ക്––രാക്ഷസബന്ധനമെന്നത്ഥം. ദുഷ്ടഹതിരതി = ദുഷ്ടവധതാൽപര്യം. നിഷ്കർമ്മാവ് = കർമ്മരഹിതൻ. ശാത്രവൻ = ശത്രു.

3. ശക്തപവമാനത്തിന്റെ––ബലവാനായ പവമാനസോമത്തിന്റെ. മേയുന്നുണ്ട്––ചുററിനടക്കുന്നുണ്ട്. വാർമിന്നൽ––സോമത്തിന്റെതന്നെ തിളക്കങ്ങൾ.

4. അസ്തോകം = അനല്പം.

5. കാണ്മോനേ––വിശ്വദ്രഷ്ടാവേ. പൂരിപ്പിസ്സു––നീരുകൊണ്ടു നിറച്ചാലും. ദിനങ്ങൾ = പകലുകൾ.

6. പാരിലെസ്സു––നിലത്തെസ്സ്.

സൂക്തം 42.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.
('ദ്വാരകാമന്ദിരം'പോലെ)

തീർത്തു വിണ്ണിൽത്തിളക്കങ്ങളം;
തീർത്തു വാനിൽപ്പകലോനെ,
പായും ജലച്ഛാത്തുടുത്തു,
പച്ചനിറം താവുമെവൻ; 1

അദ്ദേവൻ പുരാണസ്തവ—
മൊത്തു പിഴിയപ്പെട്ടിതാ,
നീരൊഴുക്കീടുന്നു, ദേവ—
ന്മാരെയുദ്ദേശിച്ചെമ്പാടും! 2

ധാരാളമായന്നം തെല്ലും
പാരാതേ കൈവരുത്താനായ്
നീരൊഴുക്കീടുന്നു, കരു—
ത്തോരായിരമുള്ള സോമം! 3

പണ്ടേത്തെ നീർതാൻ ചുരത്തി—
ക്കൊണ്ടേ,രിപ്പയുരംപ്പുകന്നു;
നാദംകൊണ്ടു ദേവന്മാരെ—
പ്രാദുഭ്ഭൂരിപ്പിയുംചെയ്വൂ! 4

സോമം പവമാനമിതു
കാമയോഗ്യങ്ങളിലെല്ലാം

സൂക്തം 42.

1. തീർത്തു—നിർമ്മിച്ചു. തിളക്കങ്ങളം—നക്ഷത്രങ്ങളം. പായും—കീഴ്പോട്ടൊലിയ്ക്കുന്ന. അവൻ—സോമം.

2. പുരാണസ്തവം = പണ്ടേത്തെ സ്തോത്രം.

3. തെല്ലും പാരാതേ = ഒട്ടും വൈകാതെ, അതിവേഗത്തിൽ. കരുത്ത്—ഗതിവേഗം.

4. പ്രാദുഭ്ഭൂരിപ്പി—പ്രത്യക്ഷരാക്കുക. സോമം പിഴിയുന്നേടത്തു തീർച്ചയായും ആവിർഭവിയ്ക്കുമല്ലോ, ദേവന്മാർ.

നേരേ ചെൽവു, സവനത്തെ–
പ്പാരിപ്പിയ്ക്കും സുരരിലും! 5
സോമമേ, പിഴിയപ്പെട്ട
നീ മഹത്താം കൊററും കെല്പ
നേർക്കൊഴുക്കുകെ,ഞങ്ങൾക്കശ്വ-
ഗോക്കളെയും വീരരെയും! 6

സൂക്തം 43.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

('ദ്വാരകാമന്ദിരം' പോലെ)

ആരെ മത്തിന്ന,ശ്വത്തെപ്പോ–
ലാജ്യാദികൾ തേപ്പിപ്പിതോ;
ആ രമ്യനെ സ്തുതികളാ–
ലാട ചാർത്തിയ്ക്കുന്നു, ഞങ്ങൾ. 1

ആയിന്ദുവെപ്പുരന്ദര–
ന്നാസ്വദിപ്പാൻ മുന്നെപ്പോലെ
മോടിപ്പെടുത്തുമേ, രക്ഷ
തേടുമസ്മൽസ്തുതിയെല്ലാം! 2

ശ്രീമാനായ പവമാന–
സോമമെഴുന്നള്ളീടുന്നു,
ധീ മെത്തും മേധ്യാതിഥിതൻ
സ്തോമങ്ങളാലണി ചാർത്തി! 3

---

5. കാമയോഗ്യങ്ങൾ—കാമ്യങ്ങൾ, ധനങ്ങൾ. സവനം=യാഗം. പാരിപ്പിയ്ക്കും=വളർത്തുന്ന.

സൂക്തം 43.

1. മത്തിന്ന്—ദേവന്മാരുടെ മത്തിന്ന്. ആ രമ്യനെ—സോമത്തെ. സ്തുതികളാലാട ചാർത്തിയ്ക്കുന്നു—സ്തോത്രവസ്ത്രമുടുപ്പിയ്ക്കുന്നു.

3. ശ്രീമാൻ=സുന്ദരൻ. എഴുന്നള്ളീടുന്നു—കലശത്തിലെയ്ക്ക്. ധീ മെത്തും—മേധാവിയായ. സ്തോമങ്ങളാലണി ചാർത്തി—സ്തോത്രമാകുന്ന ആഭരണമണിഞ്ഞ്.

ഇന്ദോ, പവമാനസോമ,
തന്നരുളുകെ,ഞങ്ങൾക്ക ഭവാൻ,
ഓരായിരം തിളക്കവും
ചാരുശ്രീയും ചേർന്ന ധനം! 4

നീരരിപ്പിലെല്ലൊഴുകും—
നേരം, ദേവേച്ഛുവാം സോമം
പാരമൊലി കൂട്ടീടുന്നു,
പോരിൽച്ചെന്നൊരശ്വംപോലെ. 5

പാടിവാഴ്ത്തും പ്രാജ്ഞന്നന്നം
നേടുവാനും വളരാനും
നീരൊഴുക്കുു; തരൂ, നല്ല
വീരനെയും സോമമേ, നീ! 6

എട്ടാമധ്യായം സമാപ്തം.

ആറാമഷ്ടകം സമാപ്തം.

ഏഴാം അഷ്ടകം.

ഒന്നാമധ്യായം.

സൂക്തം 44.

അംഗിരോഗോത്രൻ അയാസ്യൻ ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

(കേക.)

നീയ്യിന്ദോ, ഗമിക്കുന്നു, ഞങ്ങൾക്ക വൻസ്വത്തിന്നായ്;
നിന്നലയെടുത്തിന്നുമ്പരിലെയ്ക്കയാസ്യനും. 1

---

5. ദേവേച്ഛു=ദേവകാമം.
6. പ്രാജ്ഞന്ന്—എനിക്കു.

സൂക്തം 44.

1. അല—നീര്. അയാസ്യനും, ഞാനും.

സൂരിയാൽ സ്തുത്യാ വെയ്ക്കപ്പെട്ടിട്ടു, ദൂരത്തെയ്ക്കു
പ്രേരിതനാകുന്നു, നീർ ത്തുകിന കവി, സോമം. 2

ഉമ്പക്കായ്പ്പിഴിയപ്പെട്ടെങ്ങും വാന്ന,രിപ്പിലെ—
യ്ക്കിമ്പമോടിതാ, ചെൽവൂ കാഴ്ച കൂടിയ സോമം. 3

ഋത്വിക്സേവിതനാ നീയന്നമെങ്ങൾക്കു തരാ—
ന, ധാരം ശുഭമാക്കിക്കൊണ്ടു നീർ പൊഴിച്ചാലും! 4

മേധാഢ്യർ ഭഗവായുക്കൾക്കയച്ചോരസ്സോമം
നാൾതോറും വളന്നെങ്ങൾക്കേകട്ടെ, ദേവദ്രവ്യം! 5

കർമ്മദൻ, വന്മാഗ്ഗജ്ഞനമ്പ്ഭവാനിന്നെങ്ങൾക്കു
നന്മുതൽ കിട്ടാൻ നേടുകേ,റിയ കൊററും കെല്പും! 6

സൂക്തം 45.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കേക.)

ഇന്ദോ, നീരൊഴുക്കുക, സുഖമായ് മഖത്തിങ്ക—
ലിന്ദ്രന്നു കുടിച്ചു മത്താടുവാൻ നൃദർശി, നീ! 1
ദൂതനാകെ,ങ്ങൾക്കാ നീ;-യിന്ദ്രന്നായ് നിഷേവ്യൻ നീ;—
യാദിത്യരോടത്ഥിയ്ക്കു, നീ വരം സഖാക്കൾക്കായ്! 2

---

2. സ്തുത്യാ=സ്തുതിയോടുകൂടി. ദൂരത്തെയ്ക്കു പ്രേരിതനാകുന്നു—അരിപ്പയിൽനിന്നു് അകലത്തെയ്ക്കുതന്നെ അയയ്ക്കപ്പെടുന്നു.

3. ഇമ്പം—ഉന്മേഷം.

5. മേധാഢ്യർ—ഋത്വിക്കുകൾ ദേവദ്രവ്യം—ദേവന്മാരിലിരിയ്ക്കുന്ന സമ്പത്തു്.

6. കർമ്മദൻ—കർമ്മം നിറവേററുന്നവൻ വന്മാഗ്ഗജ്ഞൻ—വലിയ, മികച്ച മാഗ്ഗജ്ഞൻ.

സൂക്തം 45.

1. നൃദർശി—നേതാക്കന്മാരെ നോക്കുന്നവൻ.

2. ഇന്ദ്രന്നായ് നിഷേവ്യനാണു്, കുടിയ്ക്കപ്പെടേണ്ടവനാണു്, നീ. ആദിത്യർ=ദേവന്മാർ. വരം=ശ്രേഷ്ഠവസ്തു, ധനം. സഖാക്കൾക്കായ്—ഞങ്ങൾക്കു വേണ്ടി.

തുടുത്ത നിങ്കൽഗ്ഗവ്യം കൂട്ടുന്നു, മത്തിന്നെങ്ങൾ:
തുറക്കുകെ,ങ്ങൾക്കർത്ഥലബ്ധിയ്ക്കുബ്ഭവാൻ വാതിൽ! 3

വഴിയിൽബ്ഭരമൊഴിഞ്ഞശ്വംപോല,രിപ്പു വി–
ട്ടൊഴുകീടുന്നൂ, സോമം ദേവപംക്തിയിലെയ്ക്കായ്! 4

കമ്പിളി വിട്ടംഭസ്സിൽക്കളിയ്ക്കുമിസ്സോമത്തെ–
ത്തൻപ്രിയർ വാഴ്ത്തിക്കൊണ്ടാർ; പുകഴ്ത്തീ, മൊഴികളും! 5

യാതൊന്നു കുടിയ്ക്കുകിൽസ്സുവീര്യം വിദഗ്ദ്ധനാം
സ്തോതാവിനുണ്ടാം,മാ നീർ തൂകുക, ഭവാനിന്ദോ! 6

സൂക്തം 46.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

യാഗത്തിൽപ്പിഴിയുവാനയപ്പൂ, കർമ്മപ്രൌഢ–
മാകിയ ഹയത്തെപ്പോല, ചലപ്രഭൃതത്തെ. 1

അണിഞ്ഞ കുളിർസോമ,മച്ഛനള്ളൊരു മങ്ക–
കണക്കേ നടകൊൾവൂ, വായുവിൻചാരത്തെയ്ക്കായ്! 2

ഇയ്യിരുപലകയാൽപ്പിഴിഞ്ഞ കുളിർസോമ–
മിന്ദ്രനെ വളർത്തുന്നൂ, ക്രതുവാലന്നോപേതം! 3

പാഞ്ഞുവന്നെടുക്കവി,നിന്ദുവും കുടകോലും:
പാൽ പകരുവിൻ, ശുഭഹസ്തരേ, മധുവിങ്കൽ. 4

---

3. ആ ഭവാൻ അർത്ഥ (ധന) ലബ്ധിക്കു വാതിൽ തുറന്നാലും.

4. ഭരമൊഴിഞ്ഞ––അഴിച്ചുവിടപ്പെട്ട.

5. തൻപ്രിയർ––സ്തോതാക്കൾ. മൊഴികളും––സ്തോത്രങ്ങളും. ഭക്തന്മാർ സ്തുതിച്ചു; സ്തോത്രങ്ങളും ചൊല്ലി.

സൂക്തം 46.

1. അചലപ്രഭൃതം––മലയിൽ വളർന്ന സോമം.

2. മങ്കകണക്കേ––അച്ഛൻ വരന്റെ അടുക്കലെയ്ക്കു് അയച്ച കന്യകപോലെ.

3. അന്നോപേതം=അന്നത്തോടുകൂടിയത്; സോമവിശേഷണം.

4. ഋത്വിക്കുകളോട്: മധു––മദകരമായ സോമനീര്.

സോമമേ, ധനഞ്ജയ, നീരൊഴുക്കുകെ,ഞങ്ങൾക്കു
വാർമുതലരുളുവോൻ, വഴികാണിപ്പോൻ ഭവാൻ! 5

അരിച്ചു നന്നാക്കുന്നു പത്തുകൈവിരൽ, മത്തു
പെറുമിപ്പവമാനസോമത്തെയിന്ദ്രന്നായി. 6

സൂക്തം 47.

ഭൃഗുപുത്രൻ കവി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

വമ്പരെയുദ്ദേശിച്ചിശ്ശുഭകർമ്മത്താൽ വള-
ന്നിമ്പമാണ്ടൊരു കൂററൻകാളപോലായീ, സോമം! 1

ദസ്യുനാശകമെന്നു വിളങ്ങാത, മാർത്തൻകർമ്മ,-
മസ്സുധൃഷ്ടാത്മാവിവൻ വീട്ടുന്നു, കടങ്ങളും! 2

ഇന്ദ്രനെസ്തുതിപ്പതോടൊത്തു തൽപ്രിയം, വജ്ര-
സന്നിഭം, ബലി സോമമായിരം തരുമല്ലോ! 3

വിരൽകൊണ്ടരിയ്ക്കുന്ന വിപ്രന്നിക്കവി താൻതാൻ
വരധാരിയെക്കൊണ്ടേകിയ്ക്കുവാൻനോക്കും, രത്നം! 4

---

5. ധനഞ്ജയ—ശത്രുസമ്പത്തടക്കുന്നവനേ. വാർമുതൽ=വിപുലമായ ധനം.

സൂക്തം 47.

1. വമ്പർ—വലിയവർ, ദേവന്മാർ. ശുഭകർമ്മം—പിഴിയലും മററും. കൂററൻകാളപോലായീ—കാള മുക്രയിടുന്നതുപോലെ, ശബ്ദം പുറപ്പെടുവിച്ചു.

2. കടങ്ങളും വീട്ടുന്നു—യജമാനക്കു ഫലം നല്കുക എന്ന കടം കൊടുത്തു തീക്കുന്നു. സുധൃഷ്ടാത്മാവു്—തെല്ലും കൂസലില്ലാത്ത ഹൃദയത്തോടുകൂടിയവൻ.

3. തൽപ്രിയം—ഇന്ദ്രന്നു പ്രിയപ്പെട്ട. വജ്രസന്നിഭം—അജേയം എന്നത്ഥം. ബലി=ബലവാൻ. ആയിരം—വളരെധനം.

4. വിപ്രൻ=മേധാവി. ഇക്കവി—സോമം. വരധാരി—ഇന്ദ്രൻ. രത്നം—രമ്യധനം.

പോരിങ്കൽക്കതിരകൾക്കെന്നപോല, ടർവെൽവോ–
ക്കേറിയ വിത്തം വീതിച്ചരുളാനിച്ഛിപ്പോൻ, നീ! 5

സൂക്തം 48.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക.)

പെരുവിൺപ്രദേശത്തു, ഭദ്രനായ്ധനം കൈക്കൊ–
ണ്ടരുളും നിന്നോടൎത്ഥിയ്ക്കുന്നു, സുവ്രതരെങ്ങൾ: 1
എതിൎക്കുന്നോരെക്കൊയ്‌വോൻ, മഹിതബഹുവ്രതൻ
മദദൻ, സ്തുത്യൻ, നൂറുപുരികൾ തകൎപ്പോൻ, നീ! 2
കൊണ്ടുവന്നാനാ വിണ്ണിൽനിന്നു സുക്രതോ, പരു–
ന്തിണ്ടലേശാതേ സമ്പൽത്തമ്പുരാനാകും നിന്നെ— 3
സൎവവിണ്ണോൎക്കും സാധാരണനെ, നീർ പെയ്‌വോനെ,–
സ്സത്രപാലനെക്കൊണ്ടുവന്നാനി, ഞ്ഞൊരു പക്ഷി! 4
പില്പാട്ട, പുകഴ്ത്തേണ്ടും പെരുമയാജ്ജിഷ്ണുവായ്,
കെൽപു കാണിച്ചീ, ക്കാഴ്ചയേറിയ ഫലപ്രദൻ! 5

---

5. പ്രത്യക്ഷോക്തി: കതിരകൾക്ക തീററ കൊടുക്കുന്നതുപോലെ, ഭവാൻ യുദ്ധവിജയികൾക്ക ധാരാളം ധനം വീതിച്ചുകൊടുക്കും.

സൂക്തം 48.

1. പ്രത്യക്ഷോക്തി: ഭദ്രൻ = മംഗളരൂപൻ. അർത്ഥിയ്ക്കുന്നു—ധനം യാചിയ്ക്കുന്നു. സുവ്രതർ = ശോഭനകർമ്മാക്കൾ.

2. സോമത്തിന്റെ ധനപ്രദാനസാമർത്ഥ്യം പ്രതിപാദിയ്ക്കുന്നു: കൊയ്‌വോൻ—തലവീശിക്കൊല്ലുന്നവൻ. പുരികൾ—ശത്രുനഗരങ്ങൾ.

3. സുക്രതോ = ശോഭനകർമ്മൻ. ഇണ്ടലേശാതേ—നിരപായം. സമ്പൽത്തമ്പുരാൻ = ധനങ്ങളുടെ രാജാവ്.

4. സാധാരണൻ = പൊതുവിലുള്ള ആൾ. സത്രപാലൻ = യജ്ഞരക്ഷകൻ.

5. പരോക്ഷോക്തി: ഈ ഫലപ്രദൻ—സോമം.

സൂക്തം 49.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക.)

ഊക്കുക, മഴ—വാനിൽനിന്നു നീരല—നീളേ,
രോഗഹീനമാമന്നൽപാന്നവുമെങ്ങൾക്കു നീ! 1
എതിർനാട്ടിലെഗ്ഗോക്കളിങ്ങെങ്ങളുടെയില്ല—
ത്തെതിനാലെത്തിച്ചേരു;—മാ നീരു പൊഴിക്കു, നീ! 2
യാഗത്തിൽത്തുലോം ദേവകാമനാം നീയെങ്ങൾക്കു
ഊക്കുക, ജലധാര—പെയ്യുക, മഴയെങ്ങും! 3
ഞങ്ങൾക്കു കൊററിന്നാ നീ കമ്പിളിയരിപ്പയിൽ-
ബ്ഭംഗമററോടിച്ചെല്ലൂ: കേൾക്കട്ടെ, ഗാനം വാനോർ! 4
അരക്കന്മാരെ വധിച്ചൊ,ളിയും മുന്നേപ്പോലെ
പരത്തി,പ്പവമാനം നീരൊഴുക്കുകയായി! 5

സൂക്തം 50.

അംഗിരോഗോത്രൻ ഉചത്ഥ്യൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക.)

പൊങ്ങുന്ന നിന്നൂക്കാ,ഴിത്തിരതന്നിരമ്പംപോ-
ലെ;—ങ്ങുന്ന പുറപ്പെടുവിക്കുകൊ,രമ്പിൻ ചീററം! 1

സൂക്തം 49.

1 പ്രത്യക്ഷോക്തി: രോഗഹീനം—രോഗജനകമല്ലാത്ത, ആരോഗ്യകരമായ.

2. ഏതിനാൽ (യാതൊന്നുകൊണ്ടു) ശത്രുക്കളുടെ ഗോക്കളെ പിടിച്ചുകൊണ്ടുപോരാമോ, ആ നീര്.

4. ഭംഗമററ്—മുറിയാതെ, ധാരയായി. ഗാനം—ഭവാന്റെ ശബ്ദം.

5. പരോക്ഷോക്തി: ഒളി—സ്വന്തം തേജസ്സ്.

സൂക്തം 50.

1. പ്രത്യക്ഷോക്തി: ഊക്ക് = വേഗം. അമ്പിൻചീററം—ഒഴുകുമ്പോഴത്തെ ശബ്ദം. വേഗേന പ്രവഹിക്കുക എന്നർത്ഥം.

ഉയർകമ്പിളിയിങ്കൽപ്പുക്ക നീ നീർ ഋകുമ്പോറം-
സ്സുയജ്ഞനുടെ മൂന്നു ചൊല്ലുകറം മുതിരുന്നു! 2

ഓമലാം പച്ചപ്പവമാനത്തെച്ചതകല്ലാൽ-
ത്തുമധു ഋകിച്ചാ,ട്ടിൻരോമത്തിൽപ്പുകരുന്നു. 3

നീരരിപ്പയിൽനിന്നു ധാരയായ്പ്പൊഴിയ്ക്കു, നീ-
യേറെ മത്തേകും കവേ, പൂജ്യന്റെ പദം പൂകാൻ! 4

നന്നെ മത്തേകുന്നോനേ, ഗവ്യങ്ങറം പൂശിയ്ക്കപ്പെ-
ട്ടി,ന്ദ്രന്നു കുടിപ്പാനായ് നീരൊഴുക്കുകി,ന്ദോ, നീ! 5

സൂക്തം 51.

ഋഷിച്ഛന്ദോദേവതകറം മുമ്പേത്തവ.

(കേക.)

അമ്മിയാൽപ്പിഴിഞ്ഞ സോമത്തെ നേർക്കരിപ്പയി-
ലധ്വര്യോ, പകർന്നരിയ്ക്കുക, നീയിന്ദ്രന്നുണ്മാൻ! 1

ഏറ്റവുമിനിപ്പൊത്ത, വിണ്ണമൃതാകും സോമ-
മുത്തമം പിഴിയുവിൻ, വജ്രിയാമിന്ദ്രന്നായി! 2

സോമമേ, പവമാനമായ നിൻ മധുനീരി-
ലാ മരുത്തുക്കളൊട്ടും വന്നുചേരുന്നു, വാനോർ! 3

---

2. ഉയർകമ്പിളി—ഉയർന്ന കമ്പിളിയരിപ്പ സുയജ്ഞൻ = യജമാനൻ. മൂന്നു ചൊല്ലുകറം—ഋഗ്യജുസ്സാമസ്തുതികറം.

3. പരോക്ഷം: ഓമലാം പച്ചപ്പവമാനത്തെ—ദേവന്മാർക്കരുമപ്പെട്ട പച്ച നിറസ്സോമത്തെ. ഋമധു ഋകിച്ച്—പിഴിഞ്ഞ്. ആട്ടിൻരോമത്തിൽ—കമ്പിളിയരിപ്പയിൽ. പകരുന്നു—ഋത്വിക്കുകറം.

4. പ്രത്യക്ഷം: പൂജ്യൻ—ഇന്ദ്രൻ. പദം—വാസസ്ഥാനം

5. നന്നെ = ഏററവും.

സൂക്തം 51.

2. അധ്വര്യക്കളോട്:

3. മധുനീർ = മദകരമായ രസം.

പിഴിയപ്പെട്ട വളർത്തിന്ദ്രോ, നീ സ്തുതിപ്പോനിൽ—
പ്പൊഴിപ്പൂ, രക്ഷിയ്ക്കുന്നു, ക്ഷിപ്രമാം മത്തേററുന്നു! 4

പിഴിയപ്പെട്ട ഭവാൻ നീർദ്ധാരയരിപ്പയിൽ—
പ്പൊഴിയ്ക്കു, പൃകളന്നമിവയും കണ്ണുള്ളോനേ. 5

സൂക്തം 52.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

(കേക)

കെൽപുകൊററെങ്ങരംക്കേകെ,ദ്ദീപ്തൻ ദ്രവിണദൻ;
ഉറംപ്പുകക,രിപ്പയിൽപ്പിഴിയപ്പെട്ട ഭവാൻ! 1

അൻപേകിപ്പരന്നു നിന്നനേകരസധാര
കമ്പിളിയരിപ്പ പൂകുന്നു, മുൻമാർഗ്ഗത്തൂടേ. 2

ചരുപോലുള്ളൊന്നെത്തിയ്ക്കു,ത്തിയ്ക്കുകിന്ദ്രോ, ദാനം—
ചതയ്ക്കപ്പെട്ടെത്തിയ്ക്കു, ചതച്ചാലൊലിപ്പോനേ! 3

ഞങ്ങളെ വലയ്ക്കുവാൻ വിളിയ്ക്കുമെതിർകെൽപി—
ന്നിങ്ങിടിവരുത്തേണ,മിന്ദ്രോ, നീ പുരുഹൂത! 4

---

4. വളർത്ത്—ദേവന്മാരെ തൃപ്തരാക്കി. പൊഴിപ്പൂ—അഭീഷ്ടം വർഷിയ്ക്കുന്നു. ക്ഷിപ്രം—സദ്യഃഫലം.

5. ഇവയും പൊഴിയ്ക്കു. കണ്ണുള്ളോനേ—സമ്യഗ്ദ്രഷ്ടാവേ.

സൂക്തം 52.

1. കെൽപുകൊററ് = ബലവും അന്നവും. ദ്രവിണദൻ—ധനദാതാവായ സോമം. ഉത്തരാർദ്ധം പ്രത്യക്ഷോക്തി:

2. അൻപേകി—ദേവന്മാരെ പ്രീതരാക്കിക്കൊണ്ട്. മുൻമാർഗ്ഗം—പതിവുവഴി.

3. ചരുപോലുള്ളൊന്ന്—അന്നപൂർണ്ണപാത്രം. ദാനം—ദേയവസ്തു.

4. ഞങ്ങളെ വെല്ലുവിളിയ്ക്കുന്ന ശത്രുക്കളുടെ ബലത്തിന്ന് ഇവിടെ ഇടിവ് (നാശം) വരുത്തണം. പുരുഹൂത = വളരെയാളുകളാൽ വിളിയ്ക്കപ്പെടുന്നവനേ.

നൂറുമായിരവും ദ്രുനീരൊഴുക്കുകെ, സമ്പൽ—
പൂരകനവിടുന്നു ഞങ്ങൾക്കു രക്ഷസ്സിന്ദോ! 5

സൂക്തം 53.

കശ്യപഗോത്രൻ അവത്സാരൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
(കേക.)

പൊങ്ങിനില്ക്കുന്നു, രക്ഷോഭേദികൾ നിൻവേഗങ്ങ;—
ളങ്ങാട്ടിയോടിച്ചാലു,മശ്മവൻ, വിപക്ഷരെ! 1

ഇബ്ബലാൽക്കൊല്ലുന്നോനാമങ്ങയെപ്പുകഴ്ത്തുന്നേൻ
നിർഭയനായ് ഞാൻ, തേർ പൂട്ടാനും സ്വത്തടക്കാനും! 2

ദുദ്ധർഷമല്ലോ, പവമാനവിക്രമം ദുഷ്ട—
ക്ക്;—ത്തിരുവടി തുലച്ചരുളുകെ,തിർപ്പോനെ! 3

ആ മധുസ്രവാൽ മത്തേകുന്ന കെൽപാളും പച്ച—
സ്സോമത്തെയിന്ദ്രന്നായിത്തണ്ണീരിൽപ്പകരുന്നു. 4

സൂക്തം 54.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കേക.)

കറന്നാരി,തിൻ പൂർവദീപ്തമേനിയിൽനിന്നു
പെരികെത്തരുമൃഷിത്തെളിനീരനൂചാനർ! 1

---

5. സമ്പൽപൂരകൻ——സ്തോതാക്കളെ സമ്പത്തുകൊണ്ടു നിറയ്ക്കുന്നവൻ.

സൂക്തം 53.

1. രക്ഷോഭേദികൾ = രാക്ഷസരെ പിളർത്തുന്നവ. അശ്മവൻ——കല്ലിനോടു, അമ്മിയോടു, കൂടിയവനേ; അമ്മിമേൽ ചതയ്ക്കപ്പെടുന്നവനേ. വിപക്ഷരെ = ശത്രുക്കളെ.

2. കൊല്ലുന്നോനാം——ശത്രുക്കളെ. തേർ പൂട്ടാനും——ഞങ്ങൾ തേർ പൂട്ടി യുദ്ധത്തിലിറങ്ങാനും. സ്വത്ത്——ശത്രുധനം.

4. മധുസ്രവാൽ——മധുരനീരൊഴുക്കിനാൽ. പച്ച——പച്ചനിറം പൂണ്ട. പകരുന്നു——ഋത്വിക്കുകൾ.

സൂക്തം 54.

1. ഇതിൻ——സോമത്തിന്റെ. പൂർവദീപ്തമേനി = പുരാതനവും ഉജ്ജ്വലവുമായ ദേഹം, പെരികെത്തരുമൃഷിത്തെളിനീർ = ഭൂരിദാതാവും ഋഷിയും (അതീന്ദ്രിയദ്രഷ്ടാവും) ആയ വിശുദ്ധരസം. അനൂചാനർ = വേദവേദാംഗജ്ഞർ.

ഇവനീക്ഷിപ്പോന,ക്കൻപോ;—ലിവൻ സരോഗാമി;
നിവസിപ്പവൻ, വിണ്ണിന്നായേഴനദികളിൽ! 2

മേവുന്നു,പവമാനമിസ്സോമം,പകലോനാം
ദേവനെപ്പോലെ സർവവിഷ്ടപങ്ങൾക്കും മീതേ. 3

ഇന്ദ്രേച്ഛു, പവമാനം നീ മഖത്തിനായ് ഞങ്ങൾ–
ക്കിന്ദുവേ, ചുററും ത്തകക,ന്നവും ഗോക്കളെയും! 4

സൂക്തം 55.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

ത്തകക, ബഹ്വബഹ്വ ചേൎന്നചേൎന്നന്നം ഞങ്ങൾ–
ക്കാകമാനമാം സ്വത്തും സോമമേ, തിരുവടി! 1

നിന്നെ വാഴ്ത്തുന്നുണ്ടല്ലോ, ഭോജ്യവുമുണ്ടായല്ലോ,
നിന്നിൽനിന്നി—ന്ദോ, വാഴ്കീ,യരുമക്രതുവിൽ നീ! 2

ഞങ്ങൾക്കു ഗോദാതാവു വാജിദാതാവു ഭവാ–
നിങ്ങന്നം പൊഴിയ്ക്കി,ന്ദോ: പാഞ്ഞുപോമല്ലോ, പകൽ! 3

---

2. ഇവൻ——സോമം. അക്കൻപോലേ (ലോകത്തെ) ഈക്ഷിയ്ക്കുന്നവനാണ്; കൎമ്മസാക്ഷിയാണ്. സരോഗാമി——സരസ്സുകളിൽ, ജലങ്ങളിൽ, ചെല്ലുന്നവൻ. വിണ്ണിന്നായി——സ്വൎഗ്ഗത്തെ (ദേവന്മാരെ) ഊട്ടാൻ. ഏഴനദികളിൽ നിവസിയ്ക്കുന്നവനാണ്: നദീതീരങ്ങളിലാണല്ലോ, സോമം തഴച്ചുനിൽക്കുക.

3. വിഷ്ടപങ്ങൾ = ലോകങ്ങൾ.

4. ഇന്ദുവേ = സോമമേ.

സൂക്തം 55.

1. ബഹ്വ എന്നും ചേൎന്ന എന്നും ആവൎത്തിച്ചതു സ്തോതാവിന്റെ തൃഷ്ണാധിക്യത്താലത്രേ. ചേൎന്ന——ഭോക്കൽ വന്നണഞ്ഞ. ആകമാനമാം സ്വത്തും = സമസ്തസമ്പത്തും ത്തകക.

2. നീ വാഴ്ത്തപ്പെടുന്നവനാണ്, അന്നോൽപാദകനുമാണ്. അതിനാൽ, നീ ഈ അരുമക്രതുവിൽ (പ്രിയയജ്ഞത്തിൽ) വാഴ്ക, ഇരുന്നാലും.

3. പാഞ്ഞുപോമല്ലോ, പകൽ——സമയം കളഞ്ഞുകൂടാ.

കൊല്ലും—ചെന്നരാതിയെജ്ജയിയ്ക്കും—തോൽമപ്പെട്ട—
കില്ലൊ;-ഴകുകി,ത്രുയ്ക്കു സഹസ്രജിത്താം ഭവാൻ! 4

സൂക്തം 56.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

ദേവേച്ഛു, വെക്കംചെയ്‌വോനിസ്സോമമരിപ്പയിൽ
മേവി, രാക്ഷസരെക്കൊന്നൊ,ഴുക്കും, പെരുതന്നം! 1

നൂറുധാരകൾ കർമ്മത്തിന്നിന്ദ്രസഖികളായ്—
ത്തീരുമ്പൊളന്നം പുറപ്പെട്ടവിയ്ക്കുമേ, സോമം! 2

ഈരഞ്ചുവിരൽ നിന്നെക്കൊഞ്ചിക്കൊണ്ടരിയ്ക്കുന്നു,
ജാരനെപ്പെൺതൈപോലെ സോമമേ, നേട്ടത്തിന്നായ്! 3

ഉതിക്ക, നൽത്തേനിന്ദോ, വിഷ്ണുവിന്നിന്ദ്രന്നും നീ;
സ്തുതിയ്ക്കും നേതാക്കളെപ്പാലിയ്ക്കു, പാപം പോക്കി; 4

സൂക്തം 57.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

നിന്നുടെ തടവില്ലാദ്ധാരകളൊരായിര—
മന്നമിങ്ങുണ്ടാക്കുന്നു, വാനിൻ വൃഷ്ടികൾപോലെ! 1

---

4. സഹസ്രജിത്ത്—ഒരായിരം ശത്രുക്കളെ ജയിച്ചവൻ.

സൂക്തം 56.

1. വെക്കംചെയ്‌വോൻ = ക്ഷിപ്രകാരി.
2. പുറപ്പെട്ടവിയ്ക്കുമേ—നമുക്ക്.
3. പെൺതൈ (കന്യക) കൊഞ്ചിക്കൊണ്ടു ജാരനെ ശുശ്രൂഷിയ്ക്കുന്നതുപോലെ, പത്തുകൈവിരൽ നിന്നെ ശുദ്ധീകരിയ്ക്കുന്നു. കൊഞ്ചുക—ശബ്ദം പുറപ്പെടുവിയ്ക്കുക. നേട്ടം—ഞങ്ങൾക്കു ധനം കിട്ടാൻ.
4. നൽത്തേൻ—തേൻപോലെ മധുരമായ നീർ.

പ്രേയസ്സാകിയ കർമ്മമൊക്കവേ നോക്കിക്കൊണ്ടു,—
മായുധം ചാട്ടിക്കൊണ്ടുമെത്തുന്നു, ഹരിവർണ്ണൻ! 2

നരരാലരിയ്ക്കപ്പെട്ട,രചൻപോലംഭസ്സിൽ—
ച്ചരിപ്പൂ, പരുന്തെന്നപോലെയുമസ്സദൃത്തൻ! 3

വാനൂഴികളിലുള്ള സർവസമ്പത്തും പവ—
മാനമാമാ നീ കൊണ്ടുവന്നാലു,മെങ്ങാംക്കിന്ദോ! 4

സൂക്തം 58.

ഋഷിച്ഛന്ദോദേവതകാം മുമ്പേത്തവ.

(കേക)

ത്രുകുന്നൂ, കടത്താനാ മാദകനഭിഷുതൻ—
ത്രുകുന്നൂ, കടത്താനാ മാദകനിരയേററം. 1

സ്വത്തുറവാമദ്ദേവി മര്ത്ത്യരക്ഷാഭിജ്ഞതാൻ—
ത്രുകുന്നൂ, കടത്താനാ മാദകനിരയേററം! 2

നൂറുന്നൂറെങ്ങാംക്കേകീ, സധ്വസ്രൻ പുരുഷന്തി—
ത്രുകുന്നൂ, കടത്താനാ മാദകനിരയേററം! 3

സൂക്തം 57.

2. പ്രേയസ്സ്=പ്രിയം. ചാട്ടിക്കൊണ്ടും—രക്ഷസ്സുകളുടെനേരെ. ഹരിവർണ്ണൻ—സോമം.

3. നരർ—ഋത്വിക്കുകാം.

സൂക്തം 58.

1. മാദകനഭിഷുതൻ—പിഴിയപ്പെട്ട സോമം. കടത്താൻ—സ്തോതാക്കളെ പാപം കടത്തിയയപ്പാൻ. ഇര (അന്നം) ഏററം ത്രുകുന്നു.

2. സ്വത്തുറവാമദ്ദേവി—സമ്പത്തിൻെറ ഉറവായ സോമരസധാര. മര്ത്ത്യരക്ഷാഭിജ്ഞതാൻ—മനുഷ്യരെ രക്ഷിപ്പാൻ അറിയുന്നവാംതന്നെ; ആ ദേവിയ്ക്കറിയാം, മനുഷ്യരെ രക്ഷിപ്പാൻ.

3. സധ്വസ്രൻ പുരുഷന്തി—ധ്വസ്രനോടുകൂടിയ പുരുഷന്തി; ഇവരിരുവരും സ്നേഹിതന്മാരായ രാജാക്കന്മാരാണ്. രണ്ടുപേരും വളരെ വളരെ ധനം ഞങ്ങാംക്കു തന്നു.

മുപ്പതായിരം തന്നു, വസ്ത്രവുമെങ്ങൾക്കവർ—
ളുകന്നു, കടത്താനാ മാദകനിരയേററം! 4

സൂക്തം 59.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കേക)

ഋവുക, ഗവാശ്വത്തെ, വിത്തത്തെ, വിശ്വത്തെയും
കീഴ്വെച്ച നീ;—യെത്തിയ്ക്കു, രത്നപുത്രരെയിന്ദോ! 1

ഒഴുക്കു ജലത്തിൽനിന്ന,ങ്ങു നാർകളിൽനിന്നു,—
മൊഴുക്കു സസ്യത്തിൽനിന്നൊ,ഴുക്കു കൽമേൽനിന്നും! 2

കവി നീ പവമാനസോമമേ, ദുരിതങ്ങൾ
കടത്തിവിടുകെല്ലാ;—മിരിയ്ക്കു, ദർഭപ്പുല്ലിൽ! 3

പവമാനേന്ദോ, നൽകുകൊക്കയും, പിറപ്പിലേ
ഭുവനങ്ങളെക്കീഴിലാക്കിയ മഹാനാം നീ! 4

സൂക്തം 60.

അവത്സാരൻ ഋഷി; ഗായത്രിയും പുരഉഷ്ണിക്കും ഛന്ദസ്സുകൾ;
പവമാനസോമം ദേവത.
(കേക)

ആയിരം കണ്ണാൽക്കാണമപ്പവമാനേന്ദുവി—
ന്നായിട്ടു ഗാനംചെയ്‌വിൻ, ഗായത്രസാമം നിങ്ങൾ! 1

സൂക്തം 59.

1. ഋവുക——നീരൊഴുക്കിയാലും. ശത്രുക്കളുടെ ഗോക്കളെയും അശ്വങ്ങളെയും ധനത്തെയും, വിശ്വത്തെയും കീഴ്വെച്ച, കീഴടക്കിയ, നീ ഞങ്ങൾക്ക രത്നപുത്രരെ (രമ്യധനത്തെയും പുത്രനെയും) എത്തിയ്ക്കു, കൊണ്ടുവന്നാലും.

2. അങ്ങു——ഭവാൻ. നാർകൾ——ലതയുടെ സൂക്ഷ്മതന്തുക്കൾ. കൽമേൽനിന്നും——അമ്മിമേൽനിന്നും.

4. ഒക്കയും നൽകുക—— യജമാനന്നു് എല്ലാ അഭീഷ്ടവും കൊടുത്താലും.

സൂക്തം 60.

1. സ്തോതാക്കളോടു്:

ആയിരം ഭരണവുമായിരം കണ്ണും ചേൎന്നോ—
നായ നീയരിപ്പയിലരിയ്ക്കപ്പെട്ടീടുന്നു. 2

അപ്പവമാനമരിപ്പയിൽനിന്നൊഴകി,പ്പാ
ഞ്ഞുകൂപ്പുകിടുന്നൂ ദ്രോണ,മിന്ദ്രന്റെയുള്ളിൽച്ചെല്ലാൻ! 3

ഇന്ദ്രനെക്കിട്ടാനിന്ദോ, ത്രുകുക, സുഖം; കൊണ്ടു—
വന്നാലും, പ്രജയെയുമന്നവും കണ്ണുള്ളോനേ! 4

സൂക്തം 61.

അംഗിരോഗോത്രൻ അമഹീയു ഋഷി; ഗായത്രി ഛന്ദസ്സ്:
പവമാനസോമം ദേവത.

(കേക.)

തൊണ്ണൂറ്ററൊമ്പതുപുരി തകൎത്തുവല്ലോ, പോരിൽ;
നിന്നുടെയാ നീർ ത്രുകുകിന്ദോ, നീയമീത്തിന്നായ്! 1

സത്യകൎമ്മാവാം ദിവോദാസന്നായ്പ്പുരികളും
ശംബരനെയുമൊപ്പം യദുതുൎവശരെയും! 2

അശ്വത്തെ,പ്പശുവിനെപ്പൊഴിയ്ക്ക, പൊന്നും ഞങ്ങൾ—
ക്കശ്വദൻ ഭവാനിന്ദോ, നൂറുനൂറന്നങ്ങളും! 3

അരിപ്പ കതിക്കുന്ന പവമാനമാം നിന്റെ—
യരികിലപേക്ഷിപ്പീടുന്നു, ചങ്ങാതം ഞങ്ങൾ! 4

ധാരയായരിപ്പതന്നുള്ളിലെയ്യൊഴുകും നിൻ—
നീരലകളാൽസ്സോമ, നല്കുകെ,ങ്ങൾക്ക സുഖം! 5

---

2. ആയിരം ഭരണം—വളരെയാളുകളെ ഭരിയ്ക്കൽ.

3. ദ്രോണം—കലശം. ഉള്ളിൽ—വയററിൽ.

4. കിട്ടാൻ—വശത്താക്കാൻ. സുഖം—സുഖകരമായ നീര്. കൊണ്ടുവന്നാലും—ഞങ്ങൾക്ക്. പ്രജ=സന്തതി.

സൂക്തം 61.

1. ഇന്ദ്രൻ ചെയ്ത പുരഭഞ്ജനം നീരിൽ ഉപചരിച്ചിരിയ്ക്കയാണ്. അമീത്തിന്നായ്—ഇന്ദ്രനു കുടിപ്പാൻ.

2. മുൻപദ്യത്തിലെ തകൎത്തു എന്ന ക്രിയാപദം ഇതിലും ചേൎക്കണം.

4. ചങ്ങാതം=സഖ്യം.

അപ്പവമാനം, പാരിൻതമ്പുരാൻ ഭവാൻ സോമ,
സൽപുത്രനെയുമെങ്ങൾക്കേത്തിടുക, കൊററും സ്വത്തും! 6

പത്തുകൈവിരലിനാലരിക്കപ്പെട്ടും നദീ–
പുത്രനാമിവൻ ചെന്നുചേരുന്നു, ദേവന്മാരിൽ: 7

ചേരുന്നു, പിഴിയപ്പെട്ടരിപ്പിലിന്ദ്രനൊടും,
സൂരരശ്മികളൊടും, വായുവിനൊടും ചെമ്മേ; 8

അഴകൊത്തിനിയ നീ എങ്ങൾതന്നനിലന്നാ–
യൊഴുകു, ഭഗപൂഷവരുണമിത്രർക്കായും! 9

നിൻനീർതന്നുയർജന്മം, വിണ്ണിലെപ്പെരുംശർമ്മം,
കുന്നിച്ചൊരന്നമിവ കൈക്കലാക്കുന്നു, ഭൂമി! 10

ഇവനാൽ മനുഷ്യർതൻ സർവാന്നങ്ങളിലും ചെ–
ന്ന,വ കൈവരുത്തുവാൻ ഭജിച്ചീടുന്നു, ഞങ്ങൾ. 11

പരക്കെയൊഴുകുക,ങ്ങൾക്കീജ്യനാമിന്ദ്രന്നും,
മരുത്തുക്കൾക്കും, വരുണന്നുമായ്ധനദ, നീ! 12

സൃഷ്ടജാതമായ്ത്തണ്ണീർ വിട്ടതായ്ദ്രവ്യം ചേക്ക–
പ്പെട്ടതായ്, പ്രഹർത്താവാം സോമത്തിലെത്തും, വാനോർ! 13

ഇന്ദ്രൻെറയുള്ളിൽച്ചെല്ലുമതിനെ വളർത്തട്ടേ,
കന്നിനെക്കറക്കാപ്പെപ്പോലെ, നമ്മുടെ ഗീതി! 14

---

7. പരോക്ഷോക്തി: ഇവൻ—സോമം.

9. പ്രത്യക്ഷോക്തി: ഞങ്ങൾതൻ—ഞങ്ങളുടെയാണ്. അനിലനും (= വായുവും) മററും.

10. ഉയർജന്മം = ഉൽകൃഷ്ടജനനം. വിണ്ണിലെ—ഇതൊക്കെ സ്വർഗ്ഗത്തിലാണിരിക്കുന്നതെങ്കിലും, ഭൂമി കൈക്കലാക്കുന്നു.

11. ഇവനാൽ—സോമത്തെക്കൊണ്ടു ഞങ്ങൾ മനുഷ്യഭോജ്യങ്ങളെല്ലാം നേടുമാറാകണം.

12. എങ്ങൾക്കീജ്യൻ—ഞങ്ങളാൽ യജിക്കപ്പെടേണ്ടവൻ.

13. തണ്ണീർ വിട്ടത്—വെള്ളത്തിൽനിന്നെടുക്കപ്പെട്ടത്. പ്രഹർത്താവ്—ശത്രുക്കളെ പ്രഹരിക്കുന്നത്. സോമത്തിലെത്തും—സോമത്തിൻെറ അടുക്കൽ വന്നുചേരും.

14. അതിനെ—സോമത്തെ. കറക്കാപ്പെ—കറക്കാഞ്ഞതിനാൽ അകിട്ടിൽ പാൽ കെട്ടിനില്ക്കുന്ന പശു. ഗീതി—സ്തുതി.

ഒഴുക്കു സുഖം സോമ, ഞങ്ങൾതൻ ഗോവിന്നു നീ;
പൊഴിയ്ക്കു, പെരുതന്നം; വാഴ്ത്തിയ്ക്കു, വിണ്ണിലം തണ്ണീർ; 15

പവമാനത്താലത്രേ, വൻവൈശ്വാനരജ്യോതി–
സ്സുവക്തിപ്തമായ്, വാനിൻ വിചിത്രാശനിപോലെ! 16

പവമാനമാം നിന്റെ മധുനീരരക്കരെ–
ക്കവിച്ചു പെരുമാളേ, കമ്പിളിയുഴപ്പുകുന്നു! 17

പവമാനമേ, വളന്നോളിമിന്നുന്നു, നിൻനീർ;
പരന്ന തേജസ്സിനെയൊക്കയും തെളിയിപ്പൂ! 18

ദേവകാമവും രക്ഷോഘ്നാതിയുമല്ലോ, നിൻനീ;–
രാ വരേണ്യമാമന്നമിങ്ങൊഴുക്കുക, ഭവാൻ! 19

നീ കൊല്ലു,മമിത്രനാം വൃത്രനെ;–ദ്ദിനേദിനേ
പോർകളിൽച്ചെല്ലും; ഗോവെത്തരു,മശ്വത്തെത്തരും! 20

അദ്യ ശോഭനങ്ങളാം ഗവ്യങ്ങൾ ചേന്ന ഭവാൻ
സ്വസ്ഥാനേ പരുന്തുപോലണഞ്ഞു ശോഭിച്ചാലും! 21

ഒഴുക്കു: ഭവാനല്ലോ വജ്രിയെസ്സഹായിച്ചു,
മുഴതണ്ണീർകൾ നിരോധിച്ച വൃത്രനെക്കൊൽവാൻ! 22

സ്വത്തടക്കാവൂ, വർഷിൻ, സോമ, സത്സുതരെങ്ങൾ:
മെത്തിയ്ക്കു, പവമാനമായ നീയസ്മൽസ്തോത്രം! 23

ചെന്നു കൊല്ലാവൂ, നിന്നാൽ ത്രാതർ, നിൻത്രാണാലെങ്ങൾ;
നനിദ്രനാക, ഭവാൻ സോമമേ, കർമ്മങ്ങളിൽ! 24

---

15. വിണ്ണിലം = വിണ്ണിലുള്ളതു.

16. അവക്തിപ്തമായ് = ഉണ്ടാക്കപ്പെട്ടു. അശനി = ഇടിവാൾ.

17. കവിച്ചു — പിന്നിട്ട്.

18. തെളിയിപ്പൂ — കാണുമാറാക്കുന്നു.

20. അമിത്രനാം വൃത്രനെ — ദ്രോഹിയ്ക്കുന്ന ശത്രുവിനെ.

21. അദ്യ = ഇപ്പോൾ, പരുന്തുപോലെ — പരുന്ത്, അതിന്റെ കൂട്ടിലെന്ന പോലെ.

23. സത്സുതർ — നല്ല പുത്രരോടുകൂടിയവരായ എങ്ങൾ സ്വത്ത് (ശത്രുധനം) അടക്കാവൂ. മെത്തിയ്ക്കു — വർദ്ധിപ്പിച്ചാലും.

24. ചെന്നു കൊല്ലാവൂ — ശത്രുക്കളെ ചെറുത്തു വധിയ്ക്കുമാറാകണം. നിർന്നിദ്രൻ — ഉണർവുററവൻ. കർമ്മങ്ങളിൽ — ഞങ്ങളുടെ.

അഴൽ ചേർപ്പോരെക്കൊന്നും, പിശുക്കന്മാരെക്കൊന്നു–
മൊഴുകീടുന്നു, സോമമിന്ദ്രന്റെ പദം പൂകാൻ! 25

പവമാനേന്ദോ, ഞങ്ങൾക്കെത്തിയ്ക്കൂ, പെരുംമുതൽ;
പരരെക്കൊല്ലൂ; നൽകൂ, വീരവദ്യശസ്സും നീ! 26

ദാനതൽപരനായ് സ്വത്തേടുക്കാൻനോക്കും പവ–
മാനമാം നിന്നെത്തടുക്കില്ല, നൂറെതിരാളും! 27

നീർ പൊഴിയ്ക്കുക വർഷിൻ, പിഴിയപ്പെട്ടിന്ദോ, നീ:
പേർ പാകുകെ,ഞങ്ങൾക്കൂരിൽ;–ക്കൊല്ലൂ, മാററരെയെല്ലാം! 28

ഇന്നിന്റെ സഖ്യംമൂലം നിന്നുത്തമാന്നം നേടി
വെന്നമർത്താവൂ, ഞങ്ങളെതിരാളരെയിന്ദോ! 29

വീക്കവാൻ നിനക്കുള്ള തീക്ഷ്ണോഗ്രായുധങ്ങളാൽ–
കാക്കുകെ,ഞങ്ങളെ നീയേവന്റെയും പഴി പോക്കി! 30

സൂക്തം 62.

ഭൃഗുപുത്രൻ ജമദഗ്നി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക.)

ശീഘ്രമാം പവമാനനീരിതാ, ധനമെല്ലാം
നോക്കിക്കൊണ്ടരിപ്പയിൽ നിറയെത്തുകപ്പെട്ടൂ: 1

---

25. അഴൽ ചേർപ്പോർ––ഉപദ്രവിയ്ക്കുന്നവർ.

26. പരർ=ശത്രുക്കൾ. വീരവദ്യശസ്സ്=വീരരോടുകൂടിയ യശസ്സ്; പുത്രരെയും യശസ്സും.

27. ദാനതൽപരനായ്––ഞങ്ങൾക്കു തരാൻവേണ്ടി. നൂറെതിരാളും––അനേകവിരോധികളും.

28. എങ്ങൾക്ക് ഊരിൽ(നാട്ടിൽ) പേർ പാകുക––യശസ്സുണ്ടാക്കിയാലും.

29. ഇന്നിന്റെ=ഈ നിന്റെ.

30. വീക്കവാൻ––ശത്രുക്കളെ പ്രഹരിപ്പാൻ, കൊല്ലാൻ. ഏവന്റെയും പഴി പോക്കി––ഏതൊരുത്തന്റെയും നിന്ദനത്തിൽനിന്നു കാക്കുകെ, രക്ഷിച്ചാലും.

സൂക്തം 62.

1. ധനമെല്ലാം നോക്കിക്കൊണ്ട്––സർവധനേച്ഛയോടേ. ഋത്വിക്കുകളാൽ എന്നു, കർത്തൃപദം അധ്യാഹരിയ്ക്കണം.

വിസ്തീർണ്ണദ്ദരിതഘ്നം, കുഞ്ഞിന്നും കുതിരയ്ക്കും
വിത്തവും സുഖങ്ങളും നൽകുവൊന്നോ,ജോയുക്തം! 2

ഗോവിന്നും നമുക്കും കീഴ്നിർത്തുന്ന കൊററും സ്വത്തും
കൈവരുത്താനായ് വന്നുചേരുന്നു, നൽസ്തോത്രത്തിൽ! 3

മത്തിനായ്പ്പിഴിയപ്പെട്ടും, ഭസ്സാൽത്തഴപ്പിയ-
ന്ന,ദ്രിജം സോമം, പരുന്തെന്നപോലെത്തീ, സ്ഥാനേ! 4

ഗോവുകരം പാലാലിനിപ്പിപ്പതാം ശുഭമായ
ദേവാന്നം നരർ പിഴിഞ്ഞും ഭസ്സിലരിയ്ക്കുന്നു; 5

പിന്നീടൊരശ്വത്തെപ്പോലണിയിയ്ക്കുന്നു, യജ്ഞം-
തന്നിലീ മധുവിനെ ഹോതാക്കളമൃതാർത്ഥം! 6

ഇന്ദോ, തേനൊഴുക്കുന്ന, രക്ഷയ്ക്കായ്പ്പിഴിയുന്ന
നിൻനീർദ്ധാരകളാൽ നീ പുക്കാലുമരിപ്പയിൽ! 7

കമ്പിളിയരിപ്പവിട്ടാ,സ്സദേ പാത്രങ്ങളിൽ-
സ്സമ്പതിച്ചരുളേണ,മിന്ദ്രന്നു കുടിപ്പാൻ നീ! 8

മുഴുമാധുരിയുള്ളോൻ മുതൽ കിട്ടിപ്പോൻ ഭവാൻ
പൊഴിയ്ക്കു, പാലും നെയ്യുമംഗിരസ്സുകരംക്കിന്ദോ! 9

ശരിയായ്ക്കാണ്മോനാമീ നിഹിതം പവമാന-
മറിയപ്പെടുന്നുണ്ടു, പുരുനീർ പൊഴിയ്ക്കയാൽ! 10

---

2. നീരിന്റെ വിശേഷണങ്ങരം: കുഞ്ഞ്—നമ്മുടെ മകൻ.

3. കീഴ്നിർത്തുന്ന—നമ്മെ അടക്കിബ്ഭരിക്കുന്ന. നൽസ്തോത്രത്തിൽ—നമ്മുടെ നല്ല സ്തുതിയിൽ. കർത്തൃപദം, പവമാനനീർതന്നെ.

4. തഴപ്പിയന്ന്=വർദ്ധിച്ച്. അദ്രിജം=മലയിലുണ്ടായത്.

5. ഇനിപ്പിപ്പതാം=മധുരിപ്പിയ്ക്കുന്നതായ. ദേവാന്നം=സോമം. നരർ—ഋത്വിക്കുകരം.

6. അമൃതാർത്ഥം=മരണമില്ലായ്മയ്ക്കുവേണ്ടി, അമർത്ത്യത്വം ലഭിപ്പാൻ.

7. പിഴിയുന്ന—ഋത്വിക്കുകരം.

8. ആസ്സദേ=സ്വസ്ഥാനത്ത്. പാത്രങ്ങളിൽ സമ്പതിച്ചരുളേണം—പാത്രങ്ങളിലെയ്ക്ക് ഒഴുകിയാലും.

9. മുഴുമാധുരി=പൂർണ്ണമാധുര്യം.

10. നിഹിതം—പാത്രങ്ങളിൽ വെയ്ക്കപ്പെട്ട. അറിയപ്പെടുന്നുണ്ടു—സർവ്വരാലും: മററാർ ഇത്ര നീർ പൊഴിയ്ക്കും?

വൃഷകർമ്മാവാം വൃഷാവിപ്പവമാനം സമ്പ-
ത്ത,ശ്രുഭന്മാരെക്കൊന്നു ഹവ്യദന്നരുളുന്നു! 11

നീയൊഴുക്കുക, ഗോക്കളൊടുമശ്വങ്ങളൊടു-
മായിരം വിത്തം, പുരുഹർഷകം, പുരുകാമ്യം! 12

ആളുകളിതാ, ശരിയ്ക്കുരിച്ചു പകരുന്നു,
നീളമുള്ളറിവാളുമപ്പുരുഗാതവ്യനെ! 13

ന്നൂർ ധന,മൊരായിരം രക്ഷയുമിയന്നോനാം
പാർ തീർത്ത കവി സോമമിന്ദ്രന്നായൊഴുകുന്നു! 14

ദൃഷ്ടമായ് സ്തുതം സോമമിവിടെ സ്ഥാനേ വെയ്ക്ക-
പ്പെട്ടിരിയ്ക്കുന്നു, കൂട്ടിൽപ്പക്ഷിപോലിന്ദ്രന്നായി! 15

നരന്മാർ പിഴിഞ്ഞോരു പവമാനമാം സോമ-
മിറങ്ങീ,പോരിൽപ്പോലേ, പാത്രത്തിൽബ്ബലാൽ
വാഴ്വാൻ. 16

അതിനെച്ചന്ദസ്സേഴാൽക്കേറുന്നു പോകാൻ,മൂന്നു
മുതുകും മൂന്നു നകത്തണ്ടുമുള്ളൃഷിത്തേരിൽ! 17

കരുത്തു, ഗതിവേഗം, സമ്പത്തെന്നിവയുള്ളാ
ഹരിയെപ്പോരിൽച്ചെല്ലാൻ തെളിപ്പിൻ, പിഴിവോരേ! 18

പിഴിയപ്പെട്ടു കടമുറംപ്പുക്ക, ധനമൊട്ടു-
ക്കൊഴുക്കി നിലക്കൊറംവൂ, ഗോക്കളിൽശ്ശൂരൻപോലെ! 19

---

11. വൃഷകർമ്മാവ്——വർഷണശീലൻ. അശ്രുഭന്മാർ——അരക്കന്മാർ. ഹവ്യദന്ന്——യജമാനന്ന്. അരുളുന്നു——കല്പിച്ചുകൊടുക്കുന്നു.

13. പരോക്ഷോക്തി: പകരുന്നു——പാത്രങ്ങളിൽ. അപ്പുരുഗാതവ്യനെ——ബഹുസ്തുത്യനായ സോമത്തെ.

14. പാർ തീർത്ത = വിശ്വവിധാതാവായ.

15. ദൃഷ്ടം——ആവിർഭൂതം. ഇവിടെ——യജ്ഞത്തിൽ.

17. പോകാൻ——ദേവന്മാരുടെ അടുക്കലേയ്ക്ക്. മൂന്നു മുതുക——സവനത്രയം. മൂന്നു നകത്തണ്ട്——വേദത്രയം. ഋഷിത്തേരിൽ——യജ്ഞമാകുന്ന തേരിൽ കേറുന്നു.

18. ഹരി——സോമമാകുന്ന അശ്വം. പോരിൽ——യജ്ഞമാകുന്ന യുദ്ധത്തിൽ.

19. ഒഴുക്കി——നമുക്കായി. ഗോക്കളിൽ——ശത്രുക്കളുടെ ഗോക്കളെ പിടിച്ചടക്കാൻ, അവയുടെയിടയിൽ.

സോമമേ, നറുതേനാം നിൻനീരു കറക്കുന്തു,
സ്തോമകാരികാം നരർ വാനോർക്കു മത്തിന്നായി! 20
അരിപ്പിൽപ്പകരുവിനമരർക്ക,മരരാൽ—
പ്പെരികെക്കേറക്കപ്പെട്ടും നമ്മുടെ നൽത്തേൻസോമം! 21
ഏറെ മത്തുളവാക്കും സ്തുതമാം സോമമിതാ,
ധാരയായ്പ്പകരുന്തു, പെരുതാമന്നത്തിന്നായ്! 22
ഭുക്തിയ്ക്കു ഗോസമ്പത്തിൽച്ചെന്നെത്തിയല്ലോ, ഭവാൻ:
സ്വത്തേകാനൊഴുകീടുക,പ്പവമാനം ഭവാൻ! 23
ജമദഗ്നിയാൽ സ്തുയമാനൻ നീ സുശ്രാഘ്യമാം
സമസ്താന്നവുമെങ്ങാക്കേകുക, ഗോക്കളെയും! 24
വാക്കിലെയ്ക്കു—ള്ളാക്കാവ്യത്തിലെയ്ക്കും—മുമ്പൻ ഭവാൻ
നേർക്കൊഴുകേണം, സോമ, ചിത്രരക്ഷകളോടും! 25
വാക്കുകൾ പുറപ്പെടുവിച്ചു, വാനിലെ വെള്ളം
നേർക്കൊഴുക്കുക, വിശ്വം കുലുക്കും മുമ്പൻ ഭവാൻ! 26
നിന്മഹിമയ്ക്കേ നില്പൂ, ലോകമിതിന്ദോ; ക്രാന്ത—
കർമ്മാവേ, സരിത്തുകളങ്ങയ്ക്കായൊഴുകുന്നു! 27
നിൻനീർദ്ധാരകൾ, വാനിൽനിന്നു മാരികൾപോലേ
നിന്നിടാതൊഴുകുന്നു, ശുഭ്രമാമരിപ്പയിൽ! 28
ഇന്ദ്രന്നായരിയ്ക്കുവിൻ നിങ്ങൾ, കെൽപ്പുളവാക്കു—
മിന്ദുവെ,സ്സുതീവ്രനെ, സ്വത്തേകും പെരുമാളെ! 29

---

20. സ്തോമകാരികൾ = സ്തോതാക്കൾ.

21. ഋത്വിക്കുകളോട്: നൽത്തേൻസോമം—അതിമധുരമായ സോമരസം.

22. പകരുന്തു—ഋത്വിക്കുകൾ.

23. ഗോസമ്പത്ത്—ക്ഷീരാദി.

24. ജമദഗ്നിയാൽ—എന്നാൽ.

25. വാക്കിലെയ്ക്ക്—ഞങ്ങളുടെ സ്തുതിയിലെയ്ക്ക്; കാവ്യവും സ്തുതിതന്നെ. ഞങ്ങളുടെ സ്തുതികളിൽ സന്നിഹിതനാവുക എന്നർത്ഥം.

26. വാക്കുകൾ—ശബ്ദം.

27. നിന്മഹിമയ്ക്കേ നിൽപൂ—അങ്ങയെത്തന്നെ പുരസ്കരിയ്ക്കുന്നു.

28. നിന്നിടാതെ—തടവു പെടാതെ.

29. ഋത്വിക്കുകളോട്:

സദ്വീര്യം സ്തുതികൃത്തിന്നേകിക്കൊണ്ടരിപ്പയിൽ
വർത്തിപ്പൂ, യഥാർത്ഥനാം പവമാനേന്ദു, കവി! 30

സൂക്തം 63.

കശ്യപഗോത്രൻ നിധ്രുവി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക.)

ആയിരമൊഴുക്കുക, സദ്വീര്യമായ ധനം;
നീയരുളേണം, സോമ, ഞങ്ങളിലന്നങ്ങളും! 1

ഇന്ദ്രന്നായൊഴുകുന്നു, രസവുമന്നങ്ങളും;
ചെന്നു മേവുന്നു ചമസങ്ങളിൽ, മത്തേററം നീ!. 2

ഇന്ദ്രവിഷ്ണുക്കളിലർക്കായ്പ്പിഴിയപ്പെട്ടു കുടം
ചെന്നു പൂകിയ സോമനീരേററമിനിയ്ക്കട്ടേ! 3

ഇക്കരാൽസ്സോമം രസധാരകളുതിർക്കുന്നു;
വെക്കം ചെന്നെതിർക്കുന്നു, രാക്ഷസപ്പരിഷയെ! 4

ഇന്ദ്രനെ വളർത്തുന്നു; ഋക്കുന്നു, തണ്ണീരെ;—ല്ലാം
നന്നാക്കിവെച്ചീടുന്നു; കൊല്ലുന്നു, ലുബ്ധന്മാരെ! 5

പിഴിയപ്പെട്ടു കരാൽസ്സോമങ്ങളിന്ദ്രങ്കൽച്ചെ—
ന്നെ,ഴുനള്ളുന്നു, പിന്നെ സ്വന്തമാം സ്ഥാനത്തെയ്ക്കായ്! 6

മർത്ത്യർക്കായ് മഴ പെയ്യു, യാതൊന്നാൽക്കതിരോനെ
പ്രത്യക്ഷനാക്കീ ഭവാ,നാ നീരു പൊഴിച്ചാലും! 7

ഭാനുവിൻ കുതിരയെപ്പൂട്ടുന്നു, പവമാനം
മാനുഷർക്കായിട്ടന്തരിക്ഷത്തിലൂടേ പോകാൻ— 8

---

30. സ്തുതികൃത്ത്=സ്തോതാവ്. യഥാർത്ഥൻ=സത്യഭൂതൻ.

സൂക്തം 63.

1. സദ്വീര്യം=നല്ല വീര്യത്തോടുകൂടിയത്.
3. ഇനിയ്ക്കട്ടേ—മധുരീഭവിയ്ക്കട്ടേ.
5. എല്ലാം—കർമ്മത്തിന്നുള്ളത്.
8. ഭാനു=സൂര്യൻ.

'ഇന്ദ്ര'നെന്നുരചെയ്തുംകൊണ്ടു പൂട്ടുന്നു, പത്താ
കുന്ന ദിക്കിലും പോകാൻവേണ്ടിയക്കിനെ സോമം! 9

വായുവിന്നിന്ദ്രന്നുമായ്പ്പിഴിഞ്ഞ മധുവെട്ട—
ത്തീയാട്ടുരോമച്ചാർത്തിലൊഴിപ്പിൻ, സ്തോതാക്കളേ. 10

തരിക, പവമാനസോമമേ, ഞങ്ങൾക്കു നീ
പരന്നു പോക്കാവതല്ലാത്ത ദുസ്തരവിത്തം! 11

നീയിങ്ങു കിട്ടിച്ചാലും, ഗോക്കളൊത്തശ്വങ്ങളൊ—
ത്തായിരം ധനത്തെയും, കെല്പു,ന്നമിവയെയും! 12

അമ്മിയാൽപ്പിഴിയപ്പെട്ടമരപ്രഭം സോമം,
തൻമധുവൊരു കുടത്തിങ്കലെയ്യോഴുക്കുന്നു. 13

നല്ലൊളിപെറുമിതു നീർദ്ധാരകൊണ്ടാര്യൻെറ—
യില്ലത്തെയ്യൊ ഴുക്കുന്നു, ഗോസമേതമാമന്നം! 14

വജ്രിയാമിന്ദ്രന്നായിപ്പിഴിഞ്ഞു, തയിർ ചേർത്തു—
വെച്ചതാം സോമമരിപ്പയിൽനിന്നൊഴുകുന്നു. 15

സോമമേ, സ്വത്തിന്നായ് നീ പൊഴിയ്ക്കു, തുലോം ദേവ—
കാമവും മധുരവുമായ നീരരിപ്പയിൽ! 16

മത്തേററും കരുത്തുള്ളാപ്പച്ചയിന്ദുവെയിതാ,
മർത്ത്യരിന്ദ്രനുവേണ്ടി വെള്ളത്തിൽക്കഴുകുന്നു 17

സോമമേ, പൊഴിയ്ക്കുക,ശ്വത്തെ, വീരനെ,പ്പൊന്നും;
ഗോമണ്ഡലാന്നങ്ങളും കൊണ്ടുവന്നാലും, ഭവാൻ! 18

---

9 ആവർത്തനമാണ്: അക്കിനെ പൂട്ടുന്നു—സൂര്യരഥത്തിൽ കുതിരയെ പൂട്ടുന്നു. ഇന്ദ്രനെന്നുരചെയ്തുംകൊണ്ട്—'ഇന്ദ്രൻ ആജ്ഞാപിക്കുന്നു: പുറപ്പെടുക' എന്നു പറഞ്ഞുംകൊണ്ട്.

10 ആട്ടുരോമച്ചാർത്തിൽ—കമ്പിളിയരിപ്പയിൽ. ഒഴിപ്പിൻ=പകരുവിൻ.

13 അമരപ്രഭം=ഒരു ദേവനെന്നൊത്ത ശോഭയുള്ളത്. മധു—മധുരനീർ.

14. ആര്യൻെറ—യജമാനൻെറ. ഗോസമേതമാമന്നം — ഗോക്കളെയും അന്നവും.

16. സ്വത്തിന്നായ്—ഞങ്ങൾക്കു സമ്പത്തുണ്ടാകാൻ.

18. ഗോമണ്ഡലാന്നങ്ങളും—ഗോവൃന്ദം, അന്നം എന്നിവയും.

ഇന്ദ്രന്നായ്പ്പകരുവിൻ കമ്പിളിയിങ്കൽ,പ്പോരി–
ലെന്നപോലി,നിപ്പേറ്റും പോർക്കൊതിയനെ നിങ്ങൾ! 19

അവനൈഷികൾ വിപ്രർ വിരലാൽ വെടുപ്പേറ്റും
കവിയാം വൃഷാവൊച്ചയിട്ടുകൊണ്ടൊഴുകുന്നു! 20

നീർ ഋക്കും വൃഷാവായ സോമത്തെജ്ജലധാരാ–
ധൌതമാക്കുന്നു, ധീരർ വിരലാൽ സ്തുതിപൂർവം. 21

നീയൊഴുകുകി:–ന്ദ്രങ്കൽച്ചെല്ലട്ടെ, മേന്മേൽ നിൻനീർ;
വായുവിങ്കലും ദേവ, കേറുക, ധർമ്മത്താൽ നീ! 22

പേർ കേട്ട ധനത്തെ നോവിപ്പോനാം ഭവാൻ പ്രീത്യാ
പൂകുക, പവമാനസോമമേ സമുദ്രത്തിൽ! 23

മാറ്റരെക്കൊന്നുംകൊണ്ടു ബുദ്ധി തന്നൊഴുകുന്ന
മാദകൻ ഭവാൻ സോമ, മണ്ടിയ്ക്കുക,രക്കരെ! 24

എല്ലാ സ്തോത്രങ്ങളിലുമിണക്കപ്പെടുന്നുണ്ടു,
നല്ലൊളിയോടേ മിന്നും പവമാനമാം സോമം 25

ദ്രുതഗാമിയായ് മിന്നും പവമാനമാം സോമം
പ്രതിപക്ഷരെയെല്ലാം കൊന്നുകൊണ്ടൊഴുകുന്നു! 26

ഉന്നതസ്ഥാനത്തെങ്ങുമൊലിപ്പൂ, പവമാനം
വിൺനാട്ടിൽനിന്നും, വാനിൽനിന്നു,മൂഴിയിൽനിന്നും! 27

---

19. ഋത്വിക്കുകളോട്: പോർക്കൊതിയനെ––യുദ്ധമിച്ഛിയ്ക്കുന്ന സോമത്തെ.

20. അവനൈഷികൾ=രക്ഷ തേടുന്നവർ. വിപ്രർ––ഋത്വിക്കുകൾ. വെടുപ്പേറ്റും=ശുദ്ധീകരിക്കുന്ന.

21. ജലധാരാധൌതമാക്കുന്നു––വെള്ളം പകർന്നു കഴുകുന്നു. ധീരർ=ബുദ്ധിമാന്മാർ.ഋത്വിക്കുകൾ.

22. ധർമ്മത്താൽ––ധാരകമായ നീർകൊണ്ടു്. വായുവിങ്കലും ചെല്ലട്ടെ, നിൻനീരെന്നർത്ഥം.

23. ധനത്തെ നോവിപ്പോനാം––ശത്രുധനത്തെ പീഡിപ്പിയ്ക്കുന്ന(പിടിച്ചെടുക്കുന്ന വനായ. സമുദ്രം––കുണ്ടേറിയ കലശം.

25. ഇണക്കപ്പെടുന്നുണ്ടു്––ഋത്വിക്കുകളാൽ.

26. പ്രതിപക്ഷർ=ശത്രുക്കൾ

27. വാന്––അന്തരിക്ഷം.

നീർ പൊഴിച്ചുരിയ്ക്കപ്പെട്ടിന്ദോ, നീ സുകർമ്മാവേ,
പാപരെയെല്ലാം കൊൽക, രാക്ഷസരെയും സോമ! 28
അരക്കന്മാരെത്തുലച്ചൊലിക്കൊണ്ടൊഴുകക,
പെരികെത്തിളങ്ങുന്ന നൽബ്ബലം ഭവാൻ സോമ! 29
ഏത്തിച്ചുതരികിന്ദോ, സോമമേ, നീയെങ്ങൾക്ക
പൃഥ്വി, വിണ്ണിവയിലെക്കാമ്യമാം ധനമെല്ലാം! 30

സൂക്തം 64

മരീചിപുത്രൻ കശ്യപൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
(കേക)

ധാമവാൻ, വൃഷാവാം നീ; വർഷണൻ, വൃഷാവാം നീ;
സോമമേ, വൃഷാവാം നീ ധർമ്മധാരകൻ, ദേവ! 1
വർഷണം, വൃഷാവാം നിൻകെൽപ്പു; വർഷണം, സേവ;
വർഷണം, നീരും—നേർതാൻ: വർഷണൻ, വൃഷാവേ, നീ! 2
അശ്വംപോലൊലിയിടും, വർഷി നീ;-യിന്ദോ, ഗോമ—
നശ്വദൻ തുറക്കകെങ്ങൾക്ക നീ സ്വത്തിൻവാതിൽ! 3
വെക്കവും കെൽപ്പും പൂണ്ട സോമത്തെത്തിളങ്ങിച്ചു—
വെയ്ക്കുന്നു, ഗോകാമാശ്വകാമസത്സുതകാമർ. 4
ഇഷ്ടികാമർതൻകയ്യാൽ നന്നാക്കിച്ചമയിയ്ക്ക—
പ്പെട്ടു, കമ്പിളിയരിപ്പയിലെയ്ക്കൊഴുകുന്നു. 5

---

28. പാപർ—ദ്രോഹികൾ.
29. ഒഴുകക—ഞങ്ങൾക്ക്.

സൂക്തം 64.

1. ധാമവാൻ—തേജസ്വിയാകുന്നു. ധർമ്മധാരകൻ—ദേവ—മനുഷ്യഹിതങ്ങളായ കർമ്മങ്ങളെ താങ്ങുന്നവനാകുന്നു.

2. നേർതാൻ വർഷണൻ—വാസ്തവത്തിൽ വർഷണൻതന്നെ.

4. ഗോകാമരും അശ്വകാമരും സൽപുത്രകാമരും സോമത്തെ ശുദ്ധീകരിച്ചുവെയ്ക്കുന്നു.

5. ഇഷ്ടികാമർ—യജ്ഞതൽപരർ. നന്നാക്കി—വെടുപ്പു വരുത്തി. സോമം എന്ന പദം അധ്യാഹരിയ്ക്കണം.

അസ്സോമം ഹവിർദ്ദാതാവിന്നൊഴുക്കട്ടേ, ദ്യോവി-
ല,ന്തരിക്ഷത്തിൽ, ബ്ഭൂവിങ്കലുമുള്ളെല്ലാസ്വത്തും! 6

സർവജ്ഞ, പവമാനമായ നിൻ നീർദ്ധാരകൾ
സമ്പ്രതി പൊഴിയുന്നു സൂര്യരശ്മികൾപോലെ. 7

കൊടി കാട്ടിക്കൊണ്ടാകാശത്തിൽനിന്നു നീ നാനാ-
വടിവിലൊഴുകുന്നു; നൽകുന്നു, പയോധി നീ! 8

ഉന്നദിസ്സുന്നു, പവമാനമേ, രവിദേവ-
നെന്നപോലവേ, നിൻനീരരിപ്പിൽപ്പൂകുമ്പോൾ നീ. 9

സൂരീന്ദ്രസ്തുതികളാൽ,ജ്ഞാപകനോമൽസ്സോമം
തേരിനെ രഥിപോലെ, നീരിനെയൊഴുക്കുന്നു: 10

വാനോരെക്കൊതിസ്സുമീത്തവ നീരല യജ്ഞ-
സ്ഥാനത്തിലണഞ്ഞരിപ്പയിലെയ്യൊഴുകുന്നു. 11

അങ്ങിന്ദോ, മദകൃത്താണെ,ത്രയും ദേവേച്ഛുവാ-
ണെ;-ങ്ങൾതന്നരിപ്പയിലൊഴുകുകി,ന്ദ്രന്നുണ്മാൻ! 12

സൂരികളരിസ്സും നീയൊഴുക്കുകെങ്ങൾക്കന്നം;
ധാരയാൽപ്പുശ്ശുക്കൾക്കും സോമമേ, നൽകാ,ഹാരം! 13

ആളിനു കൊററും സ്വത്തും നൽകുക, നതിസേവ്യ,
പാലിലെയ്യരിസ്സപ്പെട്ടിടും നീ ഹരിദ്വർണ്ണ! 14

അധ്വരത്തിനായ്ക്കെല്പന്മാരെട്ടത്തരിസ്സുന്ന
സുദ്യുതിയായ ഭവാൻ ചെന്നെത്തുകിന്ദ്രോപാന്തേ! 15

---

8. കൊടി—നീർദ്ധാരയെ കൊടിയാക്കിയിരിസ്സുയാണ്. പയോധി=പയസ്സിൻെറ (നീരിൻെറ) ഇരിപ്പിടം. നൽകുന്നു—ഞങ്ങൾക്കു നാനാധനങ്ങൾ തരുന്നു.

9. രവിദേവൻ അന്തരിക്ഷത്തിലെന്നപോലെ, നിൻെറ നീർ അരിപ്പയിൽ കടക്കുമ്പോൾ, നീ ഉന്നദിസ്സുന്നു, ഒച്ച പുറപ്പെടുവിസ്സുന്നു.

10 സൂരീന്ദ്രർ=മികച്ച സ്തോതാക്കൾ. തേരിനെ രഥിപോലെ—ഒരു തേരാളി തേരിനെ ഓടിസ്സുന്നതുപോലെ.

11. പ്രത്യക്ഷോക്തി:

12. മദകൃത്ത്=മത്തുണ്ടാക്കുന്നവൻ.

13. സൂരികൾ—ഋത്വിക്കുകൾ.

14. ആളിനു—യജമാനന്ന്.

15. കെല്പന്മാർ—യജമാനന്മാർ. സുദ്യുതി—ശോഭനപ്രഭൻ.

വിരലാൽ ഞെക്കിപ്പിടിച്ചൊഴുകിയ്ക്കുന്നു, വേഗം
തിരളുമിസ്സോമത്തെ വാനിലെയ്ക്കയയ്ക്കുവാൻ. 16

അരിയ്ക്കപ്പെട്ടും സോമം ചെന്നുചേരുന്നു, നട—
ന്നരിപ്പം കൂടാതന്തരിക്ഷത്തിൽ,ജ്ജലസ്ഥാനേ! 17

ഞങ്ങൾതൻ സ്വത്തിൻചുററും ചാത്തുകെ;—ങ്ങളിൽക്കുറ—
ള്ളങ്ങു കാക്കകെ,ങ്ങൾതൻ പുത്രവദ്ഗേഹം ചെല്ലാൽ! 18

ച്ചെയിട്ടൃ,ത്വിക്സ്തോത്രത്തിന്നെത്തും ധുരീണമാ—
മശ്വമങ്ങിറക്കപ്പെട്ടീടുന്നു, തണ്ണീരിങ്കൽ! 19

യാഗത്തിൻ ഹിരണ്മയസ്ഥാനത്തിലെഴുന്നള്ളും;
വേഗവാൻ വെടിയുമേ, വിജ്ഞാനഹീനന്മാരെ! 20

വേണ്ടുവോർ പുകഴ്ത്തീടും; യജിപ്പാൻ നോക്കും, ശിഷ്ട;—
രാണ്ടുമുങ്ങിപ്പോമല്ലോ, സദ്ബുദ്ധിരഹിതന്മാർ! 21

സോമമേ, മരുത്ത്വാനാമിന്ദ്രന്നായൊഴുകുക,
ഊമധു തഴച്ച നീ യജ്ഞത്തിൻപദേ വാഴ്വാൻ! 22

ആ നിന്നെ സ്തുതികൾകൊണ്ടണിയിയ്ക്കുന്നു, പ്രാജ്ഞ—
രായ കർമ്മികൾ; നിന്നെയാളുകളരിയ്ക്കുന്നു. 23

ക്രാന്തകർമ്മാവേ, പവമാനമാകിയ നിൻ നീർ
മോന്തുന്നു, വരുണമിത്രാര്യമമരുത്തുക്കൾ! 24

---

16. കർത്തൃപദം, ഋത്വിക്കുകൾ; അധ്യാഹരിയ്ക്കണം.

17. അരിപ്പം = പ്രയാസം.

18. പ്രത്യക്ഷോക്തി: സ്വത്തിൻചുററും ചാത്തുക——തദ്രക്ഷയ്ക്കു്. അങ്ങ് = ഭവാൻ. പുത്രവദ്ഗേഹം = പുത്രനോടുകൂടിയ ഗൃഹം.

19. ഋത്വിക്സ്തോത്രത്തിന്ന്——ഋത്വിക്കുകളുടെ സ്തുതി കേൾപ്പാൻ. ധുരീണം = ഭാരവാഹി. അശ്വം——അശ്വസദൃശമായ സോമം.

20. ഹിരണ്മയസ്ഥാനത്തിൽ——പൊന്മോതിരമിട്ട കൈകൊണ്ടു കഴിച്ച സ്ഥലത്ത്. വിജ്ഞാനഹീനന്മാരെ വെടിയുമേ——കഥയില്ലാത്തവരുടെ യാഗത്തിൽ പോകില്ല.

21. വേണ്ടുവോർ——വേണമെന്നുള്ള സ്തോതാക്കൾ. ശിഷ്ടർ = സജ്ജനങ്ങൾ. ആണ്ടുമുങ്ങിപ്പോം——നരകത്തിൽ

24. മോന്തുന്നു = കുടിയ്ക്കുന്നു.

നീയിന്ദോ, പവമാനസോമമേ. കിളിത്താറു-
ണ്ടോ,യിരംപേരെബ്ഭരിയ്ക്കുന്നൊരാര്യമാം ശബ്ദം; 25
ആയിരംപേരെബ്ഭരിയ്ക്കുന്നൊരമൈഥഷിവച-
സ്സാനയിച്ചാലും, സോമ, പവമാനേന്ദോ, ഭവാൻ! 26
ഈയാളുകൾക്കാരോമലായ്ത്തീൎന്ന, പവമാന-
മായ നീ പുരുഹൂത, പൂകുക, കലശത്തിൽ! 27
വാരൊളി മിന്നി,ച്ചുററുമൊലികൊണ്ടൊലിയ്ക്കുന്ന
നീരുമായ് ക്ഷീരത്തോടു ചേരുന്നു, തെളിസോമം! 28
വാഴ്ത്തുമാളുകൾ വശപ്പെടുത്തിത്തെളിയ്ക്കുന്ന
വാജി യുദ്ധത്തിൽക്കേറീ, ടേർ ചെൽവതുപോലേ! 29
വാഴ്ത്തിപ്പാനണഞ്ഞു സദ്വീര്യൻ നീ കവേ, സോമ,
വാനിൽനിന്നൊഴുകുക, നമ്മൾക്കു, കാഴ്ചയ്ക്കായും! 30

ഒന്നാമധ്യായം സമാപ്തം.

രണ്ടാമധ്യായം.

സൂക്തം 65.

വരുണപുത്രൻ ഭൃഗുവോ, ജമദഗ്നിയോ ഋഷി; ഗായത്രി ഛന്ദസ്സ്;
പവമാനസോമം ദേവത.

പണിയെടുക്കുന്ന ചാൎച്ചക്കാരായ വിരലുകൾ അഭിലാഷം
പൂണ്ടു സുവീര്യനും മഹാനും സ്വാമിയുമായ സോമത്തെ പിഴിയുന്നു. 1

---

25. ഭരിയ്ക്കുന്ന—പോററുന്ന ആര്യം—പരിശുദ്ധം. ശബ്ദം കിളിത്താറുണ്ട്—ഒച്ച പുറപ്പെടുവിയ്ക്കാറുണ്ട്.

26. അമൈഥഷിവചസ്സ്=ധനകാമമായ ശബ്ദം. ആനയിച്ചാലും—ഞങ്ങൾക്കു കൊണ്ടുവരിക. അങ്ങയുടെ ശബ്ദം അനേകമാളുകളെപ്പുലത്താനുള്ള ധനം തരുമെന്നർത്ഥം

27. ഈയാളുകൾക്ക്—യജ്ഞപ്രവൃത്തക്ക്.

29. വാജി—സോമമാകുന്ന അശ്വം. യുദ്ധം—യാഗമാകുന്ന യുദ്ധം.

30. വാഴ്ത്തിപ്പാൻ— ഞങ്ങളെ വളത്താൻ.

സൂക്തം 65.

1. ചാർച്ചക്കാർ—ഒരേകയ്യിന്മേൽ ജനിച്ചവർ.

പവമാനമേ, ഓരോ പ്രജകൊണ്ടും തിളങ്ങുന്ന ഭവാൻ ദേവ
കൾക്കായി പാത്രങ്ങളിലെല്ലാം പ്രവേശിച്ചാലും! 2

പവമാനമേ, ദേവകളെ പരിചരിപ്പാൻ നല്ല സ്തുതിയും, അ
ന്നത്തിന്ന് അച്ചടക്കമുള്ള മഴയും ഭവാൻ പൊഴിച്ചാലും! 3

പവമാനമേ, വൃഷാവാണല്ലോ, അവിടുന്ന്: തേജസ്സാൽ
തിളങ്ങുന്ന നിന്തിരുവടിയെ ഞങ്ങൾ വഴിപോലെ ധ്യാനിച്ചു വി
ളിയ്ക്കുന്നു. 4

ശോഭനായുധ, ഭവാൻ സന്തുഷ്ടനായി നല്ല വീര്യത്തെ ഒഴുക്കി
യാലും; ഇന്ദോ, ഇങ്ങോട്ടുതന്നെ എഴുന്നള്ളിയാലും! 5

കൈകൾ അങ്ങയെ മേൽത്തേപ്പിച്ചു വെള്ളം പകരുന്നു; ഉട
നേ അങ്ങ് മരപ്പാത്രത്തിലൂടേ സ്വസ്ഥാനം പ്രാപിയ്ക്കും. 6

ആയിരം കണ്ണുകളുള്ള മഹാനായ പവമാനസോമത്തെക്കുറിച്ചു
നിങ്ങൾ വ്യശ്വനെപ്പോലെ പാടുവിൻ: 7

ഇതാ, നിവാരകനായ, മധു ഉതിരുന്ന, പച്ചനിറം പൂണ്ട സോ
മത്തെ, ഇന്ദ്രന്നു കുടിപ്പാൻ, അമ്മിക്കുഴകൊണ്ടു ചതയ്ക്കുന്നു, 8

അന്നവാന്മാരായ ഞങ്ങൾ ആ സമ്പത്തെല്ലാം കീഴടക്കുന്ന
നിന്തിരുവടിയുടെ സഖ്യം വരിച്ചുകൊള്ളുന്നു! 9

എല്ലാം ബലത്താൽ നല്കിപ്പോരുന്ന വൃഷാവായ ഭവാൻ നീ
രൊഴുക്കുക; മരുത്ത്വാനെ മത്തും പിടിപ്പിയ്ക്കുക! 10

പവമാനമേ, സർവദ്രഷ്ടാവായി, വാന്തുഴികളെത്താങ്ങുന്ന,
ബലവാനായ ഭവാനെ ഞാൻ അന്നത്തിന്നു പ്രേരിപ്പിയ്ക്കുന്നു! 11

ഈ നടക്കുന്ന വിരലുകളാൽ പിഴിയപ്പെട്ട ഭവാൻ നീർ ധാര
യായി ഒഴുക്കുക; സഖാവിനെ സമരത്തിന്നിറക്കുക! 12

---

3. അച്ചടക്കം—ഒതുങ്ങിനില്ക്കൽ

6. മേൽത്തേപ്പിച്ചു—വെടുപ്പു വരുത്താൻ

7. സ്തോതാക്കളോട്: വ്യശ്വൻ—ഋഷി.

8. നിവാരകൻ—ശത്രുക്കളെ തടുക്കുന്നവൻ.

9. അന്നവാന്മാർ—ഹവിസ്സമേതർ. സമ്പത്ത്—ശത്രുധനം.

10. എല്ലാം—സമസ്തസമ്പത്തും. നല്കിപ്പോരുന്ന—സ്തോതാക്കൾക്ക്. മരുത്ത്വാൻ = ഇന്ദ്രൻ.

11. അന്നത്തിന്നു പ്രേരിപ്പിയ്ക്കുന്നു—എനിയ്ക്കന്നം തന്നാലും.

12. നടക്കുന്ന—കർമ്മങ്ങളിൽ പെരുമാറുന്ന. സഖാവ്—ഇന്ദ്രൻ.

ഇന്ദോ, ഏവക്കും ദർശനീയനായ ഭവാൻ ഞങ്ങൾക്കു ധാരാളം അന്നമൊഴുക്കുക; സോമമേ, അങ്ങ് ഞങ്ങൾക്കു വഴി കാട്ടിത്തരിക! 13

ഇന്ദോ, ബലവാനായ ഭവാന്റെ നീർ നിറച്ച കലശം സ്തുതിയ്ക്കപ്പെടുന്നു: ഭവാൻ ഇന്ദ്രനു കുടിപ്പാൻ ചെന്നാലും! 14

അങ്ങയുടെ മത്തുപിടിപ്പിയ്ക്കുന്ന കടുംനീർ അമ്മികൾകൊണ്ടു കറക്കപ്പെടുന്നുണ്ടല്ലോ; ആ ഭവാൻ ശത്രുക്കളെ ഹനിപ്പാൻ ഒഴുകിയാലും! 15

പവമാനസോമം യജ്ഞത്തിൽ, അന്തരിക്ഷത്തിലൂടേ പോകാൻ, സ്തുതികളോടുകൂടി നടക്കുന്നു. 16

ഇന്ദോ, അവിടുന്നു നൂറുഗോക്കളെയും തീററയും, നല്ല അശ്വങ്ങളെയും, ധനവും ഞങ്ങൾക്കു രക്ഷയ്ക്കായി കൊണ്ടുവന്നാലും! 17

സോമമേ, ദേവകൾക്കു കുടിപ്പാൻ പിഴിയപ്പെടുന്ന ഭവാൻ ഞങ്ങൾക്കു തടവില്ലാത്ത ബലവും ഒളിവീശുന്ന വടിവും കൊണ്ടുവന്നാലും! 18

സോമമേ, മിന്നിത്തിളങ്ങുന്ന ഭവാൻ, ഒരു പരുന്തു കൂട്ടിലേയ്ക്കു പോകുന്നതുപോലെ, ഒച്ച പുറപ്പെടുവിച്ചുകൊണ്ടു കലശത്തിലേയ്ക്കൊഴുകിയാലും! 19

വെള്ളമുൾപ്പുക്ക സോമം ഇന്ദ്രന്നും വായുവിന്നും വരുണന്നും മരുത്തുക്കൾക്കും വിഷ്ണുവിന്നുമായി ഒഴുകുന്നു. 20

സോമമേ, അവിടുന്നു ഞങ്ങളുടെ മകന്ന് അന്നം തന്നുകൊണ്ടു, ഞങ്ങൾക്കും നീളെ ആയിരമൊഴുക്കുക! 21

യാതൊരു സോമം അകലത്തും, യാതൊന്നരികത്തും, യാതൊന്ന് ആ ശര്യണാവത്തിലും പിഴിയപ്പെടുന്നുവോ; 22

യാതൊന്ന് ആർജ്ജീകത്തും, കൃത്വാവിലും, യാതൊന്നു നദികൾക്കിടയിലും, യാതൊന്നു പഞ്ചജനങ്ങളിലും പിഴിയപ്പെടുന്നുവോ; 23

---

14. ചെന്നാലും—ചമസങ്ങളിൽ.

16. പോകാൻ—കലശത്തിലെയ്ക്ക്. സ്തുതികളോടുകൂടി—സ്തുതിയ്ക്കപ്പെട്ടുകൊണ്ട്.

18. ഒളിവീശുന്ന വടിവ്—ഉജ്ജ്വലമായ ആകൃതി.

21. ആയിരം—വളരെദ്ധനം.

23. ആർജ്ജീകവും കൃത്വാവും ദേശനാമങ്ങളത്രേ.

ആ പിഴിയപ്പെടുന്ന സമുജ്ജ്വലമായ ഇന്ദു നമുക്ക് അന്തരിക്ഷത്തിൽനിന്നു മഴയും സുവീര്യവും ഒഴുക്കട്ടെ! 24

കാമിയ്ക്കുന്ന ഹരിതവർണ്ണൻ കാളത്തോലിലാക്കപ്പെട്ടു, ജമദഗ്നിയാൽ സ്തുതിയ്ക്കപ്പെട്ട്, ഒഴുകുന്നു. 25

അന്നമയയ്ക്കുന്ന ഇന്ദുക്കൾ (ക്ഷീരാദികളോടു)ചേർന്നു, തെളിയ്ക്കപ്പെടുന്ന കുതിരകൾപോലെ വെള്ളത്തിൽ കഴുകപ്പെടുന്നു. 26

അങ്ങയെ സവനത്തിൽ ഋത്വിക്കുകൾ ദേവന്മാർക്കായി പിഴിയുന്നു; ആ ഭവാൻ ഈ ശോഭയോടേ ഒഴുകിയാലും! 27

സുഖകരവും, കൊണ്ടുവരുന്നതും, രക്ഷകവും, പുരുകാമ്യവുമായ അങ്ങയുടെ ബലത്തെ ഇന്നു ഞങ്ങൾ വരിയ്ക്കുന്നു— 28

മദകരനെ, വരണീയനെ, മേധാവിയെ, മനീഷിയെ, രക്ഷകനെ, പുരുകാമ്യനെ (ഞങ്ങൾ വരിയ്ക്കുന്നു). 29

സുകർമ്മാവേ, പുത്രന്മാർക്കായി ധനത്തെയും നല്ല ജ്ഞാനത്തെയും (ഞങ്ങൾ വരിയ്ക്കുന്നു); രക്ഷകനെ, പുരുകാമ്യനെ (ഞങ്ങൾ വരിയ്ക്കുന്നു). 30

സൂക്തം 66.

നൂറുവൈഖാനസന്മാർ ഋഷികൾ; ഗായത്രിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പവമാനസോമവും പവമാനാഗ്നിയും ദേവതകൾ.

എല്ലാം കാണുന്നവനേ, സഖാവായ ഭവാൻ സ്തുത്യനായിട്ടു, സഖാക്കളായ ഞങ്ങൾക്കായി സർവസ്തോത്രങ്ങളിലും സമാഗമിച്ചാലും! 1

പവമാനസോമമേ, ഇരുപേരുകളുണ്ടല്ലോ, തിരുമുമ്പിൽ വന്നു നില്ക്കുന്നു; അവമൂലം ഉലകിന്നൊക്കെ അരചനാണ്, നിന്തിരുവടി! 2

---

25. കാമിയ്ക്കുന്ന—ദേവന്മാരെ. ജമദഗ്നി—ഞാൻ.

27. പ്രത്യക്ഷോക്തി: സവനം—സോമയാഗം. ഒഴുകിയാലും—കലശത്തിലെയ്ക്ക്.

28. കൊണ്ടുവരുന്നതും—ധനാദികളെ.

സൂക്തം 66.

2. ഇരുപേരുകൾ—അംശു(ലത), സോമൻ; അങ്ങ് ലതയായി ഭൂമിയെയും, സോമ(ചന്ദ്ര)നായി ആകാശത്തെയും ഭരിയ്ക്കുന്നു.

കവേ, പവമാനസോമമേ, എങ്ങുമുണ്ടല്ലോ, ഭവാന്റെ തേജസ്സുകൾ; അതിനാൽ ഭവാൻ ഋത്വിക്കുകളോടുകൂടി എല്ലാടത്തും വർത്തിക്കുന്നു. 3

സഖാവായ ഭവാൻ സഖാക്കൾക്കു ജീവിപ്പാൻ അന്നമുളവാക്കിക്കൊണ്ട്, എല്ലാ സ്തുതികളിലും സമാഗമിച്ചാലും! 4

സോമമേ, തേജസ്വിയായ ഭവാന്റെ തെളിരശ്മികൾ ദ്യോവിന്നുതാഴെ തണ്ണീർ പരത്തുന്നു! 5

സോമമേ, ഈ സപ്തനദികൾ അങ്ങയുടെ ശാസനം അനുസരിച്ചുപോരുന്നു; കറവപ്പൈക്കൾ അങ്ങേയ്ക്കായി പാഞ്ഞണയുന്നു! 6

സോമമേ, പിഴിയപ്പെട്ട ഭവാൻ ഇന്ദ്രന്നു മത്തുളവാക്കാനും, (ഞങ്ങൾക്ക്) അക്ഷയമായ അന്നം തരാനും ധാരയായൊഴുകുക! 7

മേധാവിയായ അങ്ങയെത്തന്നെയാണല്ലോ, സേവകന്റെ യജ്ഞത്തിൽ ഏഴുചാർച്ചക്കാർ സ്തോത്രങ്ങൾ ചൊല്ലി സ്തുതിയ്ക്കുന്നത്! 8

അങ്ങ് ഒച്ചയിട്ടു വെള്ളത്തിൽ നനയുന്നതോടേ, ഭവാനെ വിരലുകൾ ത്തുലോം ഒലിക്കൊള്ളുന്ന, കല്മഷഘ്നമായ കമ്പിളിയിൽ വഴിപോലെ അരിയ്ക്കുന്നു. 9

കവേ, അന്നവാനേ, അരിയ്ക്കപ്പെടുന്ന ഭവാന്റെ നീരുകൾ അന്നം നല്കാനായി, കുതിരകൾപോലെ പുറപ്പെടുന്നു! 10

തേൻ തൂകുന്ന (സോമത്തെ) കലശത്തിലാക്കാൻ കമ്പിളിയിൽ പകരുന്നു; കൈവിരലുകൾ കൊതിയ്ക്കുന്നു! 11

സോമനീരുകൾ കലശത്തിലെയ്ക്കു, കറവപ്പൈക്കൾ തൊഴുത്തിലെയ്ക്കെന്നപോലെ ഗമിയ്ക്കുന്നു; യജ്ഞസ്ഥാനത്തുമെത്തുന്നു. 12

ഇന്ദോ, ഭവാനെ ഗോരസങ്ങളുടപ്പിയ്ക്കുമ്പോഴെയ്ക്കും, ഞങ്ങളുടെ പെരിയ യജ്ഞത്തിന്ന്, ഒഴുകുന്ന തണ്ണീരുകൾ വരികയായി! 13

---

4. സഖാക്കൾക്കു—ഞങ്ങൾക്ക്.

5. തണ്ണീർ പരത്തുന്നു—മഴ പെയ്യിയ്ക്കുന്നു.

6. അങ്ങേയ്ക്കായി—അങ്ങയുടെ നീരിൽ പാൽ പകരാൻ.

8. സേവകൻ—യജമാനൻ. ഏഴുചാർച്ചക്കാർ—സപ്തഹോത്രകന്മാർ.

10. നല്കാനായി—യഷ്ടാക്കൾക്ക്, കുതിരകൾപോലെ—കുതിരകൾ ലായത്തിൽനിന്നെന്നപോലെ.

11. കൊതിയ്ക്കുന്നു—വീണ്ടും വീണ്ടും ശുദ്ധീകരിപ്പാൻ.

ഇന്ദോ, യജിപ്പാൻവേണ്ടി ഈ ഭവാന്റെ സഖ്യത്തിൽ നില്ക്കുന്ന ഞങ്ങൾ ഭവാന്റെ രക്ഷണത്താൽ സഖ്യം കാംക്ഷിക്കുന്നു. 14

സോമമേ, ഭവാൻ ഗോക്കളെ തിരഞ്ഞുപിടിച്ച മനുഷ്യശ്രേഷ്ഠാവായ മഹാനായി ഒഴുകിയാലും; എന്നിട്ട് ഇന്ദ്രന്റെ തിരുവയററിൽ പ്രവേശിച്ചാലും! 15

സോമമേ, ഇന്ദോ, അവിടുന്നു മഹാനാണ്: മുതിർന്നവനാണ്, ബലിഷ്ഠരിൽവെച്ചു ബലിഷ്ഠനാണ്: അവിടുന്നു യുദ്ധം ചെയ്ത് എന്നും ജയിച്ചിരിക്കുന്നു! 16

കരുത്തരെക്കാൾ പെരുംകരുത്തനും, ശൂരരെക്കാൾ ശൂരേശൂരനും, വളരെക്കൊടുക്കുന്നവരെക്കാൾ അത്യുദാരനുമത്രേ, അവിടുന്ന്! 17

സോമമേ, സുവീര്യനായ ഭവാൻ അന്നങ്ങൾ കൊണ്ടുവന്നാലും; പുത്രപൌത്രന്മാർക്കും തന്നാലും: ഞങ്ങൾ (അങ്ങയെ) സഖ്യത്തിന്നു വരിക്കുന്നു; സാഹായ്യത്തിന്നു വരിക്കുന്നു! 18

അഗ്നേ, അവിടുന്നു ഞങ്ങൾക്കു ജീവനെ രക്ഷിപ്പാൻ അന്നരസങ്ങൾ അയച്ചാലും; രക്ഷസ്സുകളെ ദൂരത്തുവെച്ചുതന്നേ പീഡിപ്പിച്ചാലും! 19

ഋഷിയും, പഞ്ചജനഹിതനും പുരോഹിതനുമാണ്, പവമാനാഗ്നി: ആ മഹൽസ്തുത്യനോടു ഞങ്ങൾ യാചിക്കുന്നു! 20

അഗ്നേ, സുകർമ്മാവായ ഭവാൻ ഞങ്ങൾക്കു നല്ല വീര്യമുള്ള തേജസ്സു കിട്ടിച്ചാലും; എനിക്കു ധനവും പുഷ്ടിയും തന്നാലും! 21

പവമാനം പരിപന്ഥികളെ പിൻതള്ളുന്നു; നല്ല സ്തുതിയിലെയ്ക്കെഴുന്നള്ളുന്നു. സൂര്യൻപോലെ എല്ലാം കാണുന്നു! 22

മനുഷ്യരാൽ വെട്ടപ്പവരുത്തപ്പെടുന്ന, അന്നവാനായ, ഹവിസ്സിന്നു ഹിതനായ, വിചക്ഷണനായ ആ ഇന്ദു പോയിക്കൊണ്ടിരിക്കും! 23

---

16. മഹാൻ—ഇന്ദ്രൻ.

18. തന്നാലും—അന്നാദികൾ.

20. മഹൽസ്തുത്യൻ—മഹാന്മാരായ ദേവന്മാരാൽപ്പോലും സ്തുതിക്കപ്പെടേണ്ടവൻ. യാചിക്കുന്നു—ധനവും മററും.

23. പോയിക്കൊണ്ടിരിക്കും—ദേവന്മാരുടെ അടുക്കലെയ്ക്കു്.

പവമാനം കറുത്ത ഇരുട്ടിനെ അറുത്തു, യഥാർത്ഥവും മഹത്തു
മായ വെളുത്ത തേജസ്സിനെ ഉൽപാദിപ്പിച്ചു! 24

അറുത്തുവിടുന്ന, ഒളി വിതറുന്ന പച്ചപ്പവമാനത്തിന്റെ ഇമ്പ
പ്പെടുത്തുന്ന നീരുകൾ തെരുതെരെ ഒഴുകുന്നു! 25

മുന്തിയ തേരാളിയും, നിർമ്മലങ്ങളെക്കാൾ നിർമ്മലതരവും,
പച്ചനിറം തിളങ്ങുന്നതും, മരുത്തുക്കളുടെ മിത്രവുമാണ്, പവ
മാനം; 26

ആ മികച്ച അന്നദാതാവായ പവമാനം സ്തോതാവിന്നു സുവീ
ര്യം നല്കിക്കൊണ്ടു, രശ്മികൾ പരത്തട്ടെ! 27

പിഴിയപ്പെട്ട സോമം കമ്പിളിയരിപ്പയിൽനിന്നു നിർഗ്ഗളി
ക്കുന്നു; അരിക്കപ്പെട്ട സോമം ഇന്ദ്രങ്കലണയുന്നു! 28

ഇതാ, സോമം ഇന്ദ്രനെ മത്തിന്നു വിളിച്ചുകൊണ്ടു, കാളത്തോ
ലിൽ അമ്മികക്കുഴയുമായി കളിയാടുന്നു! 29

പവമാനമേ, അങ്ങയുടേതാണല്ലോ, സ്വർഗ്ഗത്തിൽനിന്ന്
ആഹൃതമായ കീർത്തിപ്പെട്ട പാൽ; അതു ദീർഗ്ഘായുസ്സിന്നായി
ത്തന്നെ ഞങ്ങളെ സുഖിപ്പിച്ചാലും! 30

സൂക്തം 67.

ഭരദ്വാജൻ, കശ്യപൻ, ഗോതമൻ, അത്രി, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ, അംഗിരഃപുത്രൻ പവിത്രൻ എന്നിവർ ഋഷികൾ; ഗായത്രിയും ദ്വിപദാഗായത്രിയും അനുഷ്ടുപ്പും പുരഉഷ്ണിക്കും ഛന്ദസ്സുകൾ; പവമാനസോമവും പവമാനാഗ്നിയും പവമാനസവിതാവും വിശ്വേദേവകളും പവമാനമണ്ഡലാദ്ധ്യേതൃസ്തുതിയും ദേവതകൾ.

സോമമേ, തുലോം മത്തുപിടിപ്പിക്കുന്നവനും, തുലോം ബലി
ഷ്ഠനും, അധ്വരത്തിൽ ഒഴുകാനിച്ഛിക്കുന്നവനുമാണല്ലോ, ഭവാൻ;
അവിടുന്നു ധനം നൽകിക്കൊണ്ട് അരിക്കപ്പെട്ടാലും! 1

---

25. അറുത്തുവിടുന്ന—ഇരുട്ടിനെ നശിപ്പിക്കുന്ന. പച്ച—പച്ചനിറം. ഇമ്പപ്പെടുത്തുന്ന—ദേവന്മാരെ.

30. ആഹൃതമായ—പരുന്തിനാൽ കൊണ്ടുവരപ്പെട്ട. പാൽ—സോമരസം.

നേതാക്കളെ ഇമ്പപ്പെടുത്തുന്ന, ദാതാവായ, പ്രാജ്ഞനായ ഭവാൻ പിഴിയപ്പെട്ട്, ഇന്ദ്രനെ അന്നംകൊണ്ട് അത്യന്തം മത്തുപിടിപ്പിച്ചാലും! 2

അമ്മിക്കുഴകൊണ്ടു പിഴിയപ്പെടുന്ന ഭവാൻ ഒച്ചമുഴക്കിക്കൊണ്ടു, തിളങ്ങുന്ന മികച്ച കെല്പെടുത്താലും! 3

പിഴിയപ്പെടുന്ന പച്ചസ്സോമം കമ്പിളിയിൽനിന്നു നീർഗ്ഗളിയ്ക്കുന്നു; അന്നത്തെ ശബ്ദിപ്പിയ്ക്കുന്നു! 4

ഇന്ദോ, സോമമേ, ഭവാൻ കമ്പിളിയിലണയുന്നു; അന്നങ്ങളിലണയുന്നു; ധനങ്ങളിലണയുന്നു; പശുക്കളിലും ബലങ്ങളിലുമണയുന്നു! 5

ഇന്ദുവേ, സോമമേ, അവിടുന്നു ഞങ്ങൾക്കു നൂറുഗോക്കളോടും മാടുകളോടും അശ്വങ്ങളോടുംകൂടിയ ആയിരം ധനം കൊണ്ടുവന്നാലും! 6

പവമാനസോമം അരിപ്പയിൽനിന്നു ചിക്കെന്നൊഴുകി, ഇന്ദ്രങ്കൽ ചെന്നെത്തുന്നു! 7

സർവോൽക്കൃഷ്ടമായ ഇന്ദു—പണ്ടേ ഉള്ള സോമരസം—സഞ്ചരിഷ്ണുവായ ഇന്ദ്രങ്കൽ ചെല്ലാൻ അരിയ്ക്കപ്പെടുന്നു! 8

മധു ളുകുന്ന സുവീര്യമായ പവമാനത്തെ വീരലുകൾ പിഴിയുന്നു; സ്തോതാക്കൾ വഴിപോലെ സ്തുതിയ്ക്കുന്നു. 9

മേഷവാഹനനായ പൂഷാവു യാത്രയിൽ യാത്രയിൽ ഞങ്ങളെ രക്ഷിയ്ക്കട്ടെ; കന്യകമാർ ഞങ്ങളോടു ചേരുമാറാകട്ടെ! 10

ഇതാ, സോമം കപർദ്ദിയ്ക്കായി, മത്തുണ്ടാക്കുന്ന നെയ്യുപോലെ ഒഴുകുന്നു. കന്യകമാർ ഞങ്ങളോടു ചേരുമാറാകട്ടെ! 11

ഏറ്റും വിളങ്ങുന്നവനേ, ഇതാ, അങ്ങയ്ക്കായി പിഴിഞ്ഞതു, പരിശുദ്ധമായ നെയ്യുപോലെ ഒഴുകുന്നു. കന്യകമാർ ഞങ്ങളോടു ചേരുമാറാകട്ടെ! 12

സൂക്തം 67.

2. അന്നം—നീരാകുന്ന ഹവിസ്സ്.
4. അന്നത്തെ—തന്റെ നീരിനെ.
5. അന്നാദികൾ ഞങ്ങൾക്കു കിട്ടിച്ചാലുമെന്നു ഹൃദയം.
10. ചേരുമാറാകട്ടെ — ഞങ്ങൾക്കു നല്ല കന്യകമാരെയും തരിക എന്നർത്ഥം.
11. കപർദ്ദി—പൂഷാവ്.
12. പൂഷാവിനോട്: പിഴിഞ്ഞതു—സോമരസം.

സോമമേ, കവികാംക്ക വാക്കളവാകുന്ന ഭവാൻ ധാരയായൊ
ഴകിയാലും: ദേവന്മാർക്ക രത്നം കൊടുക്കുന്നവനാണല്ലോ, അവി
ടുന്ന്! 13

കലശങ്ങളിലെയ്ക്കു പായുന്നു: പരുന്തുകൂട്ടിൽ കടക്കുന്നു—ഒച്ച
മുഴക്കിക്കൊണ്ടു ദ്രോണത്തിൽ പൂകുന്നു! 14

സോമമേ, കലശത്തിൽ പിഴിഞ്ഞ ഭവാന്റെ നീരു് പകർ
ന്നുവെയ്ക്കപ്പെട്ടിരിയ്ക്കുന്നു; ഇതു പരുന്തുപോലെ പറന്നുചെല്ലട്ടെ! 15

സോമമേ, ഇനിപ്പേറിയ ഭവാൻ ഇന്ദ്രന്നായി, ഇമ്പപ്പെടുത്തി
ക്കൊണ്ടൊഴകിയാലും! 16

അന്നദാനപരം ദേവകാംക്ക കുടിപ്പാൻ, തേർപോലെ അയ
യ്ക്കപ്പെടുന്നു. 17

ആ പിഴിയപ്പെട്ടു തിളങ്ങുന്ന അതിമാദകം ഒച്ച പുറപ്പെടുവി
യ്ക്കുന്നു! 18

സോമമേ, അമ്മിക്കുഴകൊണ്ടു ചതയ്ക്കപ്പെട്ട ഭവാൻ സ്തുതനായി,
സ്തോതാവിന്നു സുവീര്യം നല്ലാൻ, അരിപ്പയിലെയ്ക്കു പോകുന്നു 19

ഇതാ, ചതച്ചു സ്തുതിയ്ക്കപ്പെട്ട രക്ഷോഹന്താവു കമ്പിളിയരിപ്പ
വിട്ടു് ഉംപ്പുകുന്നു. 20

ഇവിടെ അരികത്തോ, അകലത്തോ യാതൊരു ഭയം എന്നെ
ബാധിയ്ക്കുമോ; പവമാനമേ, അതിനെ ഭവാൻ നശിപ്പിയ്ക്കണം! 21

സർവദ്രഷ്ടാവായ നമ്മുടെ പവമാനൻ തേജസ്സുകൊണ്ടു നമ്മെ
ഇപ്പോംത്തന്നെ വിശുദ്ധിപ്പെടുത്തട്ടെ; പരിശുദ്ധനാണല്ലോ,
താൻ! 22

അഗ്നേ, അങ്ങയുടെ യാതൊരു തേജസ്സു ജ്യോതിസ്സുകളുടെ ഇട
യിൽ പരന്നിരിയ്ക്കുന്നുവോ; അതുകൊണ്ടു ഭവാൻ ഞങ്ങളുടെ ദേഹം
വിശുദ്ധിപ്പെടുത്തിയാലും! 23

---

13. കവികാം—സ്തോത്രകാരർ. ദേവന്മാർ—കർമ്മികാം.

14. സോമം കലശങ്ങളിലെയ്ക്കു പായുന്നതു, പരുന്തു കൂട്ടിൽക്കടക്കുന്നതു പോലെയാണെന്നു, ലുപ്തോപമ. ദ്രോണം—മൂന്നു പാത്രങ്ങളിലൊന്നു്.

15. വെയ്ക്കപ്പെട്ടിരിയ്ക്കുന്നു—ചമസങ്ങളിൽ. പറന്നുചെല്ലട്ടെ—ദേവന്മാരുടെ അടുക്കൽ.

17. അന്നദാനപരം—സോമം. അയയ്ക്കപ്പെടുന്നു—ഋത്വിക്കുകളാൽ.

18. അതിമാദകം—സോമം.

20. രക്ഷോഹന്താവ്—സോമം. ഉംപ്പുകുന്നു—കലശത്തിൽ.

23. പവമാനാഗ്നിയോടു്;

അഗ്നേ, അങ്ങയുടെ യാതൊരു തേജസ്സു ജ്യോതിസ്സുകളിൽ വ ർത്തിയ്ക്കുന്നുവോ; അതുകൊണ്ടു ഭവാൻ ഞങ്ങളെ വിശുദ്ധിപ്പെടുത്തി യാലും—സോമാഭിഷവങ്ങൾകൊണ്ടു ഞങ്ങളെ വിശുദ്ധിപ്പെടുത്തി യാലും! 24

സവിതാവേ, ദേവ, നിന്തിരുവടി തേജസ്സുകൊണ്ടും സവനം കൊണ്ടും—രണ്ടുകൊണ്ടും—എന്നെ എങ്ങും വിശുദ്ധിപ്പെടുത്തി യാലും! 25

ദേവ, സവിതാവേ, സോമമേ, അഗ്നേ, അവിടുന്നു ത്രാണി യുള്ള തടിച്ച, മൂന്നു ശരീരങ്ങൾകൊണ്ടു ഞങ്ങളെ വിശുദ്ധിപ്പെടുത്തി യാലും! 26

ദേവന്മാർ എന്നെ വിശുദ്ധനാക്കട്ടെ; വസുക്കൾ കർമ്മത്താൽ വിശുദ്ധനാക്കട്ടെ; വിശ്വേദേവകളേ, നിങ്ങൾ എന്നെ വിശുദ്ധനാ ക്കുവിൻ; ജാതവേദസ്സേ, ഭവാൻ എന്നെ വിശുദ്ധനാക്കുക! 27

സോമമേ, അവിടുന്നു തുലോം വർദ്ധിപ്പിച്ചാലും—എല്ലാ ലത കൾകൊണ്ടും ദേവന്മാർക്ക് ഉത്തമഹവിസ്സ് ഒഴുക്കിയാലും! 28

ഒച്ചമുഴക്കുന്ന, ആഹുതിവർദ്ധനീയനായ പ്രിയയുവാവിനെ നാം നമസ്സോടേ സമീപിയ്ക്കുക! 29

ദേവ, സോമമേ, എതിരിടുന്നവന്ന് ഒരു കോടാലിയായ ഭവാൻ അവനെത്തന്നെ—ദേവ, സോമമേ, ആ ദ്രോഹിയെത്തന്നെ —നശിപ്പിച്ചാലും; ഇങ്ങോട്ടെഴുന്നള്ളിയാലും! 30

ഋഷിമാർ സംഭരിച്ച സത്തായ പാവമാനസൂക്തം യാവചി ലർ ജപിയ്ക്കുമോ, അവർക്കെല്ലാം വായുവിനാൽ മധുരിതമായ പരി ശുദ്ധന്നം കിട്ടും! 31

ഋഷിമാർ സംഭരിച്ച സത്തായ പാവമാനസൂക്തം ആർ ജപി യ്ക്കുമോ, അവന്നു പാലും നെയ്യും മധുരസവും സരസ്വതി കറന്നുകൊ ടുക്കും! 32

---

25. സവിതാവേ, ദേവ—സർവപ്രേരകനായ സോമമേ.

28. വർദ്ധിപ്പിച്ചാലും—ഞങ്ങളെ. ഹവിസ്സ്—നീര്.

29. പ്രിയയുവാവ്—സോമം.

30. കോടാലിയായ—കോടാലിപോലെ ശത്രുവിനെ വെട്ടിവീഴ്ത്തുന്ന. അവനെത്തന്നെ—അനപരാധരായ ഞങ്ങളെയല്ല.

31. സത്ത്—വേദങ്ങളുടെ സാരം. വായു—അരിപ്പ മധുരിതം = സ്വാ ദുകൃതം.

32. മധുരസം—മദകരമായ സോമനീർ.

സൂക്തം 68.

ഭലന്ദനപുത്രൻ വത്സപ്രി ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; പവമാനസോമം ദേവത.

സോമങ്ങൾ ഇന്ദ്രന്നായി, മത്തുപിടിപ്പിയ്ക്കുന്ന നീർ, കറവ
പ്പൈക്കൾപോലെ ഒഴുക്കുന്നു; ദർഭയിൽ നില്ക്കുന്ന ഗോക്കൾ ഉമ്പയി
ട്ടുകൊണ്ട്, അകിടുകളിൽ പരിശുദ്ധമായ രസം വഹിയ്ക്കുന്നു. 1

ആ ഒച്ചമുഴക്കുന്ന, പച്ചനിറം പൂണ്ട ദേവൻ മുഖ്യസ്തുതികളെ
ക്കുറിച്ചു ശബ്ദം പുറപ്പെടുവിയ്ക്കുന്നു; മുളച്ചുപൊന്തിയവയെ വിടർത്തി
സ്വാദുപിടിപ്പിയ്ക്കുന്നു; അരിപ്പ വിട്ട്, അതിവേഗത്തിൽ ഒഴുകുന്നു;
ഹന്തവ്യരെ തട്ടിനീക്കുന്നു; വരം നൽകുന്നു. 2

ഈ സോമം തമ്മിൽച്ചേർന്ന ഇരുവരെ വിനിർമ്മിച്ചു; ഒപ്പം വ
ളർന്ന അവരെ, ശക്തകളാക്കാൻ പാൽകൊണ്ടു നനച്ചു; അററമില്ലാ
ത്ത വലുപ്പമുള്ള ഈ ദ്യാവാപൃഥിവികളെ വേർതിരിച്ചു, ചുററും
നടന്ന്, അക്ഷയമായ ബലം കൈക്കൊണ്ടു! 3

ആ മേധാവിയായ സോമം ഇരുമാതാക്കളിൽ സഞ്ചരിച്ചു,
ജലം പൊഴിച്ച്, അന്നത്തോടുകൂടി സ്വസ്ഥാനം തടിപ്പിയ്ക്കുന്നു;
നേതാക്കളാൽ എടുത്തു യവത്തോടു ചേർക്കപ്പെടുന്നു; വിരലുക
ളോടു ചേരുന്നു; ശിഥിലങ്ങളെ രക്ഷിയ്ക്കുന്നു! 4

വളർന്ന മനസ്സോടേ പിറന്ന കവി, തണ്ണീരിൻെറ ഗർഭമായി
മുകളിൽ നിയമപൂർവ്വം നിൎത്തപ്പെട്ടു. യുവാക്കളായ രണ്ടുപേരും മമ്പു

സൂക്തം 68.

1. കറവപ്പൈക്കൾപോലെ—പൈക്കൾ കുട്ടിയ്ക്കു പാൽ ഒഴുക്കുന്നതുപോലെ. രസം—പാലായിത്തീർന്ന സോമരസം. വഹിയ്ക്കുന്നു—ഇന്ദ്രന്നായി.

2. ശബ്ദം പുറപ്പെടുവിയ്ക്കുന്നു—സ്തുതി നന്നായി എന്നു പറകയാണെന്നു തോന്നും. മുളച്ചുപൊന്തിയവയെ—സസ്യങ്ങളെ. ഹന്തവ്യർ—രാക്ഷസർ. വരം—ധനം. നല്കുന്നു—യജമാനന്മാൎക്ക്.

3. ഇരുവർ—ദ്യാവാപൃഥിവികൾ. വിനിൎമ്മിയ്ക്കുക—വിശേഷേണ നിർമ്മിയ്ക്കുക. ശക്തകൾ=ത്രാണിയുള്ളവർ. പാൽ—സ്വന്തം നീര്.

4 ഇരുമാതാക്കൾ—ദ്യാവാപൃഥിവികൾ. യവം—യവമലർപ്പൊടി. ശിഥിലങ്ങളെ രക്ഷിയ്ക്കുന്നു—തളർച്ച പെട്ടവയ്ക്കു സ്വന്തം നീരുകൊണ്ടു വളർച്ച വരുത്തുന്നു.

തന്നെ അറിയപ്പെട്ടിരിയ്ക്കുന്നു: പകുതി ജനനം ഒളിവിലും പകുതി
വെളിയിലുമാകുന്നു. 5

മനീഷികൾക്കറിയാം, മാദകമായ സോമത്തിന്റെ രൂപം:
പരുന്തു ദൂരത്തുനിന്നു യാതൊരന്നം കൊണ്ടുവന്നുവോ, അതിനെ––
വഴിപോലെ വളർന്ന, ദേവകാമമായ, ചുററും നടക്കുന്ന, സ്തുത്യ
മായ സോമത്തെ––തണ്ണീരുകളിൽ കഴുകുന്നു. 6

സോമമേ, ഋഷിമാർ പിഴിഞ്ഞുവെച്ച അങ്ങയെ സ്തുതിയോ
ടും കർമ്മത്തോടുംകൂടി പത്തുവിരലുകൾ കമ്പിളിയിൽ അരിയ്ക്കുന്നു;
ദേവന്മാരെ വിളിയ്ക്കുന്ന നേതാക്കന്മാരാൽ എടുക്കപ്പെട്ട ഭവാൻ ദാന
ത്തിന്ന് അന്നം ഉറക്കുകയും ചെയ്യുന്നു! 7

ചുററും നടക്കുന്ന, കാമ്യമാനമായ, ശോഭനോദകമായ സോമ
ത്തെ മനീഷികൾ സ്തുതിയ്ക്കുന്നു: ഈ മധുമാൻ തണ്ണീരലയോടുകൂടി
വാനിൽനിന്നു പൊഴിയുന്നു; സമ്പത്തടക്കുന്ന ഈ അമർത്ത്യൻ
ശബ്ദം പുറപ്പെടുവിയ്ക്കുന്നു! 8

ഈ സോമം വാനിൽനിന്നു വെള്ളമെല്ലാം ഇങ്ങോട്ടയയ്ക്കുന്നു;
അരിയ്ക്കപ്പെട്ട കലശങ്ങളിൻ കടക്കുന്നു. അമ്മികളിൽ പിഴിഞ്ഞ്
അരിയ്ക്കപ്പെട്ട ഇന്ദു തണ്ണീരുകൾകൊണ്ടും ഗോരസങ്ങൾകൊണ്ടും
ചമയിയ്ക്കപ്പെടുന്നു; അരിയ ധനം കിട്ടിയ്ക്കുന്നു! 9

സോമമേ, കയ്യിലെടുത്തിട്ടുള്ള ഭവാൻ, സേചിയ്ക്കപ്പെടു
മ്പോൾത്തന്നെ, ഞങ്ങൾക്കു വിചിത്രമായ ധനം ഒഴുക്കിയാലും!
ഞങ്ങൾ ദ്വേഷമില്ലാത്ത ദ്യാവാപൃഥിവികളെ വിളിയ്ക്കാം. ദേവ
ന്മാരേ, നിങ്ങളും ഞങ്ങൾക്കു ധനവും നല്ല വീരരെയും തരുവിൻ! 10

———

5. മുകളിൽ––അന്തരിക്ഷത്തിൽ. നിർത്തപ്പെട്ടു––ദേവന്മാരാൽ. രണ്ടു പേരും––സോമസൂര്യന്മാർ. ഒളിവിലും––രാത്രിയിലും. വെളിവിലും––പകലിലും. സോമൻ രാത്രിയിൽ; സൂര്യൻ പകലിൽ.

8. കാമ്യമാനം––ദേവന്മാരാൽ കാംക്ഷിയ്ക്കപ്പെട്ടത്. പൊഴിയുന്നു––കലശത്തിലെയ്ക്ക്. സമ്പത്ത്––ശത്രുധനം.

10. കയ്യിലെടുത്തിട്ടുള്ള––ധനം.

സൂക്തം 69.

അംഗിരോഗോത്രൻ ഹിരണ്യസ്തൂപൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

സ്തുതി, വില്ലിന്മേൽ അമ്പുപോലെ വെയ്ക്കപ്പെടുന്നു; തള്ളയുടെ അകിട്ടിലെയ്ക്കു കന്നെന്നപോലെ അയയ്ക്കപ്പെടുന്നു. തന്തിരുവടി, ഒരു പയസ്വിനിപോലെ, മുമ്പിൽച്ചെന്നു ചുരത്തും. തനിയ്ക്കുള്ള കർമ്മങ്ങളിലും വേണമല്ലോ, സോമം. 1

സ്തുതി ചേർക്കപ്പെടുന്നു; മധു സേചിയ്ക്കപ്പെടുന്നു. മത്തുപിടിപ്പിയ്ക്കുന്ന നീര് തിരുവായിൽ വീഴ്ത്തപ്പെടുന്നു. മത്തുണ്ടാക്കുന്ന പവമാനം, യോദ്ധാക്കളുടെ ശരംപോലെ, പാഞ്ഞു കമ്പിളിയിലണയുന്നു. 2

പച്ചനിറം പൂണ്ട യഷ്ടവ്യനായ സോമം വധൂക്കളോടുകൂടി കമ്പിളിയിൽ ചുററി നടക്കുന്നു; പൃഥിവിയിൽ പിറന്ന മക്കളെ യഷ്ടാവിന്നായി വിടർത്തുന്നു; എടുക്കപ്പെട്ടു കേറുന്നു; കെല്പു മൂർച്ചപ്പെടുത്തി, ഒരു മഹാൻപോലെ ശോഭിയ്ക്കുന്നു! 3

കൂററൻ മുക്രയിടുന്നു, പൈക്കൾ പിറകേ ചെല്ലുന്നു—അതുപോലെ ദേവിമാർ ദേവനെ സമീപിയ്ക്കുന്നു ആ സോമം വെള്ളക്കമ്പിളി വിട്ടിറങ്ങി, ഒരു കവചമെന്നപോലെ കൂട്ടുപദാർത്ഥം ധരിയ്ക്കുന്നു! 4

പച്ചവർണ്ണമിയന്ന അമർത്ത്യൻ നീരാടിയ്ക്കപ്പെട്ടിട്ട്, അലക്കാഞ്ഞാലും നിറപ്പൊലിമയുള്ള പുടവകൊണ്ടു പുതയ്ക്കുന്നു. പാപങ്ങളെ

സൂക്തം 69.

1. വെയ്ക്കപ്പെടുന്നു—പവമാനരൂപനായ ഇന്ദ്രങ്കൽ. അയയ്ക്കപ്പെടുന്നു—ഇന്ദ്രങ്കലെയ്ക്ക്. പയസ്വിനിപോലെ—പാലേറിയ പയ്യ് കുട്ടിയ്ക്കു പാൽ ചുരത്തിക്കൊടുക്കുന്നതുപോലെ, തന്തിരുവടി (ഇന്ദ്രൻ) സ്തോതാക്കളുടെ മുമ്പിൽ ചെന്ന് അഭീഷ്ടങ്ങൾ നല്കും. തനിയ്ക്ക്—ഇന്ദ്രന്ന്.

2. ചേർക്കപ്പെടുന്നു—പവമാനരൂപനായ ഇന്ദ്രങ്കൽ. മധു—മദകരമായ സോമം. തിരുവായിൽ—ഇന്ദ്രന്റെ.

3. വധൂക്കൾ—തണ്ണീരുകൾ. മക്കളെ—ഓഷധികളെ. വിടർത്തുന്നു—ഫലവതികളാക്കാൻ തുമ്പത്ത് വിടർത്തുന്നു. കേറുന്നു—പാത്രങ്ങളിൽ.

4. ദേവിമാർ—സ്തുതികൾ. ദേവനെ—സോമത്തെ. കൂട്ടുപദാർത്ഥം—ക്ഷീരാദി.

കഴുകാൻ ആദിത്യനെയും, ദ്യാവാപൃഥിവികൾക്കടക്കാൻ തത്തേജ
സ്സിനെയും താൻ നിർമ്മിച്ചു! 5

സൂര്യരശ്മികൾപോലെ ഒഴുകുന്ന, മത്തുണ്ടാക്കുന്ന, ഉറക്കുന്ന,
വ്യാപിയ്ക്കുന്ന സോമനീരുകൾ വസ്ത്രം ഒപ്പുമുടക്കുന്നു: ഇന്ദ്രനൊഴിച്ചു
മറെറാരു ശരീരത്തിലെയ്ക്കും അവ പോകാറില്ല! 6

സ്തുതിക്കുകളാൽ ഒഴുക്കപ്പെട്ട മദകരങ്ങൾ, നദീജലങ്ങൾ നിമ്ന
സ്ഥലത്തെയ്ക്കെന്നപോലെ നടകൊള്ളുന്നു; സോമമേ, അങ്ങ് ഞങ്ങ
ളിൽ എഴുന്നള്ളി, ഇരുകാലികൾക്കും നാല്ക്കാലികൾക്കും സുഖം വരു
ത്തുക; ധനങ്ങളും ആളുകളും ഞങ്ങളുടെ അടുക്കൽ സ്ഥിതിചെ
യ്യട്ടെ! 7

അങ്ങ് ഞങ്ങൾക്കു സ്വർണ്ണവും, അശ്വവും, ഗോവും, യവവു
മാകുന്ന സുവീര്യമായ ധനം ഒഴുക്കിയാലും: സോമമേ, സ്വർഗ്ഗ
ത്തിന്റെ തലകളും കർമ്മൈകതാനരും ഹവിസ്സുണ്ടാക്കുന്നവരുമായ
എന്റെ അച്ഛന്മാരാണല്ലോ, നിങ്ങൾ! 8

ഈ പവമാനസോമങ്ങൾ ഇന്ദ്രങ്കലെയ്ക്കു, തേരുകൾ പോരിലെ
യ്ക്കെന്നപോലെ പായുന്നു; പിഴിയപ്പെട്ടു, കമ്പിളിയരിപ്പയിൽ
കേറിയിറങ്ങുന്നു; ജര വെടിഞ്ഞു, പച്ചക്കുതിരകളായിച്ചമഞ്ഞു
മഴയ്ക്കു ചെല്ലുന്നു! 9

ഇന്ദോ, അതീവ സുഖകരനും അനവദ്യനും അരിന്ദമനുമായ
ഭവാൻ പെരിയ ഇന്ദ്രന്നായി ഒഴുകിയാലും; സ്തോതാവിന്ന് ഇമ്പ
പ്പെടുത്തുന്ന സമ്പത്തു കൊണ്ടുവന്നാലും. ദ്യാവാപൃഥിവികളേ, നി
ങ്ങളും ഞങ്ങളെ ധനംകൊണ്ടു കാത്തരുളുവിൻ! 10

---

5. നീരാടിയ്ക്കു——കഴുകുക. പുടവ——പാൽ. താൻ——സോമം.

6. ഉറക്കുന്ന——ശത്രുക്കളെ ദീർഘനിദ്രയിൽ കിടത്തുന്ന, കൊല്ലുന്ന. വസ്ത്രം——അരിപ്പ.

7. ആളുകൾ——പുത്രാദികൾ. സ്ഥിതിചെയ്യട്ടെ——ഉണ്ടായിവരട്ടെ എന്നർത്ഥം.

8. തലകൾ——പ്രധാനഭൂതർ. എന്റെ അച്ഛന്മാർ——അംഗിരസ്സുകൾ. നിങ്ങൾ——അങ്ങും അങ്ങയുടെ വർഗ്ഗക്കാരും.

9. തേരുകൾ——ഇന്ദ്രന്റെതന്നെ. ജര വെടിഞ്ഞു——യുവാക്കളായി (കരുത്തരായി)ത്തീർന്ന്. മഴയ്ക്കു——മഴപെയ്യിയ്ക്കാൻ. പച്ചക്കുതിരകൾ——നിറംകൊണ്ടും, വേഗംകൊണ്ടും.

സൂക്തം 70

വിശ്വാമിത്രപുത്രൻ രേണു ഋഷി; ഛന്ദോദേവതകഠം മുമ്പേത്തവ.

പുരാതനമായ അന്തരിക്ഷത്തിൽ വത്തിയ്ക്കുന്ന ഇദ്ദേഹത്തി ന്നായി ഇരുപത്തൊന്നു കറവപ്പൈക്കഠം യഥാത്ഥമായ കൂട്ടുപദാത്ഥം ചുരത്തുന്നു; യജ്ഞത്താൽ വദ്ധിയ്ക്കുമ്പോഠം ഇദ്ദേഹം വേറേ നാലു മനോജ്ഞജലങ്ങളെ ശുദ്ധീകരണത്തിന്നായി നിർമ്മിയ്ക്കുന്നു. 1

മനോജ്ഞമായ ജലം യാചിയ്ക്കപ്പെട്ടാൽ ദേവൻ വാന്നുഴികഠം രണ്ടിനെയും മേധാവ്യാപാരംകൊണ്ടു തുറക്കും; തന്റെ ഇരിപ്പിടം അന്നയുക്തന്മാർ കണ്ടെത്തുന്നതോടേ, അവിടുന്നു തിളങ്ങുന്ന തണ്ണീരുകളെ മഹത്ത്വംകൊണ്ടു മൂടും! 2

തന്തിരുവടിയുടെ അനശ്വരങ്ങളും അഹിംസ്യങ്ങളുമായ രശ്മികഠം ഇരുജഗത്തുകളെയും രക്ഷിയ്ക്കട്ടെ: അവകൊണ്ടാണല്ലോ, താൻ ബലങ്ങളെയും ദേവാന്നങ്ങളെയും പുറപ്പെടുവിയ്ക്കുന്നത്. ഉടൻ തന്നെ സ്തുതികഠം ഈ രാജാവിനെ സമീപിയ്ക്കും! 3

നല്ലതു ചെയ്യുന്ന പത്തിനാൽ ശുദ്ധീകരിയ്ക്കപ്പെടുന്ന ആ മനുഷ്യദർശി സഹായഭൃതനായി അളക്കാൻ നടുവിലെ അമ്മമാരിൽ സ്ഥിതിചെയ്യുന്നു; മനോജ്ഞമായ ജലത്തിന്നായി കർമ്മങ്ങളെ രക്ഷിച്ചുകൊണ്ട്, ഇരുപ്രജകളെയും ഭരിച്ചുപോരുന്നു! 4

അറിയ്ക്കപ്പെടുന്ന ആ വൃഷാവു (ലോകത്തെ) താങ്ങുന്ന ഇന്ദ്രബലത്തിന്നായി വാന്നുഴികളുടെ ഇടയിൽ വത്തിച്ച്, എങ്ങും നടക്കുന്നു;

സൂക്തം 70.

1. ഇദ്ദേഹം—പവമാനസോമം. കൂട്ടുപദാർത്ഥം—പാൽ. നാലു മനോജ്ഞജലങ്ങഠം—മൂന്നു വസതീവരികളും ഒരു ഏകധനയും.

2. ദേവൻ—സോമം. മേധാവ്യാപാരം—ബുദ്ധിയെ വ്യാപരിപ്പിയ്ക്കൽ, വിചിന്തനം. അന്നയുക്തന്മാർ—ഋത്വിക്കുകഠം. തുറക്കും—വെള്ളംകൊണ്ടു നിറയ്ക്കുമെന്നത്ഥം.

3. ഇരുജഗത്തുകഠം—ചരങ്ങളും അചരങ്ങളും. അവ—രശ്മികഠം. ഉടൻ തന്നെ—പിഴിഞ്ഞുകഴിഞ്ഞതോടേ. രാജാവ്—സോമം.

4. പത്തിനാൽ—പത്തുവിരലുകളാൽ. അളക്കാൻ—ലോകങ്ങളെ. നടുവിലെ അമ്മമാർ—തണ്ണീരുകഠം. ഇരുപ്രജകഠം—ദേവന്മാരും മനുഷ്യരും.

കെല്പിനാൽ ദുഃഖകാരികളായ ദുരാത്മാക്കളെ വിളിച്ചു വിളിച്ച്,
ഒരെയ്ത്തുകാരൻപോലെ പീഡിപ്പിയ്ക്കുന്നു! 5

അവിടുന്ന് ഇരുമാതാക്കളെ നോക്കി നോക്കി, ഒരു കന്നെന്ന
പോലെ ത്തുലോം ഒച്ചയിടുന്നു—മരുദ്ഗണംപോലെ ഇരമ്പുന്നു.
വെള്ളം സർവഹിതവും പ്രധാനവുമാണെന്നറിയുന്ന ആ സുകർമ്മാ
വ് പ്രശസ്തിയ്ക്കായി ആരിൽ ചെല്ലും? 6

പേടിപ്പെടുത്തുന്ന വൃഷഭം—സുസ്പഷ്ടദർശിയായ സോമം—കെ
ല്പിന്നായി, പച്ചനിറമാന്ന ഇരുകൊമ്പുകളെ മൂർച്ചകൂട്ടിക്കൊണ്ടു മുക്ര
യിടും; വഴിപോലെ നിർമ്മിയ്ക്കപ്പെട്ട സ്ഥാനത്തു വാണരുളും. തന്തി
രുവടിയ്ക്കു കാളത്തോലിലും കമ്പിളിയിലുമത്രേ, ശുചീകരണം. 7

അനഘമായ ദേഹത്തെ ശുചീകരിച്ചു തിളക്കം പൂണ്ട ശ്യാമളവ
ർണ്ണൻ ഉയർന്ന കമ്പിളിയിൽ ഒഴിയ്ക്കപ്പെടുന്നു. പിന്നീട്, സുകർമ്മാ
ക്കൾ മിത്രവരുണവായുക്കൾക്ക മതിയാവോളം മധു മൂന്നുംകൂട്ടി
വെയ്ക്കുന്നു. 8

സോമമേ, വൃഷാവായ ഭവാൻ ദേവകൾക്കു കുടിപ്പാനായി
ഒഴുകുക; ഇന്ദ്രന്നു പ്രിയപ്പെട്ട സോമപാത്രം പൂകുക. ഉപദ്രവം വരു
ന്നതിന്നുമുമ്പു ഞങ്ങളെ അരക്കരുടെ അപ്പുറത്താക്കുക: മാർഗ്ഗജ്ഞൻ
ചോദിയ്ക്കുന്നവന്നു വഴികൾ പറഞ്ഞുകൊടുക്കുമല്ലോ! 9

ഇന്ദോ, തെളിയ്ക്കപ്പെട്ട കുതിരപോലെ ഭവാൻ കലശത്തിലെ
യ്ക്കു നടക്കുക; ഇന്ദ്രന്റെ വയറ്റിൽ കടക്കുക. അറിവുള്ള ഭവാൻ ഞങ്ങ
ളെ തോണികൊണ്ടു പുഴയെന്നപോലെ കടത്തണം—ഒരു ശൂര
നെന്നപോലെ പൊരുതി, ഞങ്ങളെ നിന്ദകർക്കപ്പുറത്താക്കണം! 10

---

5. വൃഷാവ്—സോമം. ഇന്ദ്രബലത്തിന്നായി—ഇന്ദ്രന്നു ബലമുണ്ടാക്കാൻ. ദുരാത്മാക്കൾ—അസുരന്മാർ. വിളിച്ച്—യുദ്ധത്തിന്ന്. എയ്ത്തുകാരൻ—ശരപ്രയോഗകുശലനായ ശൂരൻ.

6. ആ സുകർമ്മാവ്—സോമം. പ്രശസ്തിയ്ക്കായി—സ്തുതി കേൾപ്പാൻ. ആരിൽച്ചെല്ലും?—നമ്മളിലല്ലാതെ അന്യരിൽ പോകില്ല!

7. പേടിപ്പെടുത്തുന്ന—ശത്രുക്കളെ. വൃഷഭം—അഭീഷ്ടവർഷിയായ സോമം; കാളയെന്നും. ഇരുകൊമ്പുകൾ—രണ്ടു നീർധാരകൾ. സ്ഥാനത്തു—കലശത്തിൽ.

8. ഒഴിയ്ക്കപ്പെടുന്നു—ഋത്വിക്കുകൾ പകരുന്നു. സുകർമ്മാക്കൾ—ഋത്വിക്കുകൾ. മധു—മദകരമായ സോമരസം. മൂന്നുംകൂട്ടി—വെള്ളവും തയിരും പാലും ചേർത്ത്.

10. കുതിരപോലെ—അശ്വം യുദ്ധത്തിലെയ്ക്കെന്നപോലെ. കടത്തണം എന്നതിന്റെ വിവരണമാണ്, അനന്തരവാക്യം.

സൂക്തം 71.

വിശ്വാമിത്രപുത്രൻ ഋഷഭൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ദക്ഷിണ കെട്ടക്കപ്പെടുന്നു: പച്ചനിറമിയന്ന ബലവാൻ കലശം പൂകുന്നു; ദ്രോഹിയായ രക്ഷസ്സിൽനിന്നു് ഉണർവോടേ രക്ഷിയ്ക്കുന്നു; അന്തരിക്ഷത്തിൽ ജലം നിർത്തുന്നു; വാനൃഴികൾക്കു് ആച്ഛാദനത്തിന്നും, ശുചീകരണത്തിന്നും മേലാളെ വെയ്ക്കുന്നു! 1

ശത്രുകർശനൻ, ഒരു പടയാളിപോലെ അലറിക്കൊണ്ടു പായുന്നു; തന്റെ ആ അസുരപീഡകമായ പച്ചനിറം പുറപ്പെടുവിയ്ക്കുന്നു. ജര വെടിയുന്നു: അന്നഭൃതൻ ദ്രോണകലശം പ്രാപിയ്ക്കുന്നു; ദേഹം അരിപ്പയിലണയ്ക്കുന്നു! 2

താൻ അമ്മികൾകൊണ്ടും കൈകൾകൊണ്ടും പിഴിയപ്പെട്ടു്, ഒരു കാളപോലെയായിച്ചമയുന്നു; സ്തുതിയ്ക്കപ്പെട്ടു് അന്തരിക്ഷത്തിലൂടേ ലാത്തുന്നു; മോദിയ്ക്കുന്നു; ചേരുന്നു; സ്തോതാവിന്നു കിട്ടിയ്ക്കുന്നു; വെള്ളംകൊണ്ടു ശുദ്ധിപ്പെടുന്നു; യജ്ഞത്തിൽ പൂജിയ്ക്കപ്പെടുന്നു! 3

കെല്പുററ മദകരങ്ങൾ സ്വർഗ്ഗത്തിൽ വാഴുന്ന മേഘവർദ്ധകനായ പുരന്ദരനെ സേചിയ്ക്കുന്നു; ഹവിസ്സു ഭുജിയ്ക്കുന്ന പൈക്കളാൽ മന്തിയ അകിട്ടിലെ മുഖ്യവസ്തു മഹത്ത്വംമൂലം ഇന്ദ്രനുകൽ കലർത്തപ്പെടുന്നു! 4

തന്തിരുവടിയെ ഇരുകൈകളിലെ പത്തുസോദരിമാർ പൃഥിവീസമീപത്തെയ്ക്കു് ഒരു തേരിനെയെന്നപോലെ തെളിയ്ക്കുന്നു. ഗാഥാകാരന്മാർ അവിടെയ്ക്കു് ഇരിപ്പിടം നിർമ്മിച്ചുകഴിഞ്ഞാൽ, താൻ (പാത്രങ്ങളിൽ) പൂകുന്നു; പയ്യിന്റെ പാലോട്ടു ചേരുന്നു! 5

സൂക്തം 71.

1. ദക്ഷിണ—ഋത്വിക്കുകൾക്കു ഞങ്ങൾ ദക്ഷിണ കൊടുക്കുന്നു. ബലവാൻ—സോമം. മേലാളെ—സൂര്യനെ.

2. ശത്രുകർശനൻ, അന്നഭൃതൻ എന്നിവ സോമവിശേഷണങ്ങൾ.

3. ചേരുന്നു—പാത്രങ്ങളോടു്. കിട്ടിയ്ക്കുന്നു—ധനാദി.

4. മദകരങ്ങൾ—സോമങ്ങൾ. മുഖ്യവസ്തു—പാൽ. ഇന്ദ്രൻ—പവമാനേന്ദ്രൻ.

5. സോദരിമാർ—വിരലുകൾ. പൃഥിവീസമീപം—യജനസ്ഥലം. ഗാഥാകാരന്മാർ—സ്തോതാക്കൾ.

ദേവൻ സ്വകർമ്മലബ്ധമായ സ്വർണ്ണാസനത്തിലെയ്ക്കു്, ഒരു
പരുന്തു പാക്കുന്ന കൂട്ടിലെയ്ക്കെന്നപോലെ ചെല്ലുന്നു. അപ്പോഴാം യ
ജ്ഞത്തിൽ ഈ അരിയ യഷ്ടവ്യൻ സ്തുതിയ്ക്കപ്പെടുന്നു; ഒരു കുതിര
പോലെ, ദേവന്മാരുടെ അടുക്കലെയ്ക്കു പായുകയുംചെയ്യുന്നു! 6

വെളിപ്പെട്ടു വിളങ്ങിയ കവി അന്തരിക്ഷത്തിൽനിന്നിറങ്ങു
ന്നു: മൂന്നു മുതുകുള്ള കാള സ്തുതികരം കേട്ടു മൂളുന്നു. ഒരായിരം കൊണ്ടു
പോകലുള്ളവൻ ചെന്നു് ഉരംപ്പുകുന്നു. വളരെ ഉഷസ്സുകളിൽ ഒരു
സ്തോതാവുപോലെ വിളങ്ങുന്നു! 7

തന്തിരുവടിയുടെ വർണ്ണം തിരുമെയ്യിനെ തിളങ്ങിയ്ക്കുന്നു!
അതു, ചെന്ന യുദ്ധത്തിൽ പററലരെ തട്ടിനീക്കും. ആ ജലപ്രദൻ
ഹവിസ്സുമായി ദേവന്മാരുടെ ഇടയിലെയ്ക്കു പോകുന്നു! നല്ല സ്തുതി
യോടും ഗോപ്രാർത്ഥനയോടും ചേരുന്നു! 8

സോമം, ഒരു കാള പൈക്കൂട്ടത്തിലെന്നപോലെ ചുററിനടന്നു്
ച്ചേയിടുന്നു; സൂര്യൻെറ തേജസ്സിനെ വഹിയ്ക്കുന്നു. ഈ ദിവ്യനായ
സുപർണ്ണൻ ഭൂമിയെ തൃക്കൺപാക്കുന്നു; പ്രജകളെ അറിഞ്ഞുനോ
ക്കുന്നു! 9

സൂക്തം 72.

അംഗിരോഗോത്രൻ ഹരിമന്തൻ ഋഷി; ജഗതി ഛന്ദസ്സു്;
പവമാനസോമം ദേവത

അരിയ്ക്കപ്പെടുന്ന പച്ചസ്സോമം, ഒരശ്വംപോലെ ചെന്നുചേ
രുന്നു; കലശത്തിൽ ഗോരസങ്ങരം തേപ്പിയ്ക്കപ്പെടുന്നു. അവിടുന്നു്

---

6. ദേവൻ—സോമം.

7. കവി—സോമം: അന്തരിക്ഷത്തിൽനിന്നിറങ്ങുന്നു—അരിപ്പയിൽനി
ന്നു കലശത്തിലെയ്ക്കൊഴുകുന്നു. മൂന്നു മുതുകു്—സവനത്രയം. കാള—സോമം.
മൂളുന്നു—ശബ്ദം പുറപ്പെടുവിയ്ക്കുന്നു. ഒരായിരം—വളരെ ചമസങ്ങളിലെയ്ക്കും
മററും. ഉരംപ്പുകുന്നു—പാത്രങ്ങളിൽ. സ്തോതാവുപോലെ—സശബ്ദനായി.

8. ഗോപ്രാർത്ഥന—'ഞങ്ങരംക്കു ഗോക്കളെയും മററും തരേണമേ' എന്ന
സ്തോതൃയാചനം.

9. ചുററിനടന്നു്—സ്തുതികളിൽ. വഹിയ്ക്കുന്നു—ആകാശത്തു സൂര്യാത്മനാ
സ്ഥിതിചെയ്യുന്നു. സുപർണ്ണൻ—ശോഭനഗമനനായ സോമം.

ഒലിയുതിക്കുമ്പോഠം, സ്തോത്രങ്ങളും മുഴങ്ങുന്നു; വളരെ സ്തോത്രം
ചൊല്ലുന്നവന്ന് അദ്ദേഹം അരിമപ്പെട്ട ചിലതു കൊടുക്കും! 1
സോമത്തെ ഇന്ദ്രന്റെ വയററിൽ പകരുമ്പോഴും, ശോഭനഭുജ
രായ നേതാക്കഠം ആ സ്പൃഹണീയമായ മാദകത്തെ ഒരിടത്തിലെ
പ്പത്തുകൊണ്ട് അരിയ്ക്കുമ്പോഴും, പ്രാജ്ഞരായ വളരെപ്പേർ ഒപ്പം
ഉരുവിടും! 2
അവിടുന്ന് ഇളവില്ലാതെ ഗവ്യങ്ങളിലെയ്ക്കു കേറും. സൂര്യ
പുത്രിയുടെ ഓമനസ്വനം മറയ്ക്കും: പുണ്യവചനനാൽ പുകഴ്ത്തപ്പെടും;
രണ്ടിടത്തിലെ ചാർച്ചക്കാരായ സോദരിമാരോടിടചേരും! 3
ഋതുവിൽ ജനിച്ച, നേതാക്കളാൽ അമ്മിമേൽ പിഴിഞ്ഞരി
യ്ക്കപ്പെട്ട വിശുദ്ധമായ, ഗോപതിയായ, പുരാതനമായ ഇന്ദു—മനു
ഷ്യന്നു യജ്ഞസാധനവും ബഹുകർമ്മയുക്തവുമായ അരുമസ്സോമം—
ഇന്ദ്ര, യജ്ഞത്തിൽ അങ്ങേയ്ക്കായി ഊറിയാതെ ഒഴുകുന്നു! 4
ഇന്ദ്ര, നേതാക്കളാൽ കൈകൊണ്ടു പിഴിയപ്പെട്ട സോമം അ
ങ്ങേയ്ക്കു നുകരാനായി ഒഴുകുന്നു: അങ്ങ് യാഗം മുഴമിപ്പിയ്ക്കുന്നതും,
യജ്ഞത്തിൽ ഊററക്കാരെ തോല്പിയ്ക്കുന്നതും ആരെക്കൊണ്ടോ, ആ
ശ്യാമളവർണ്ണൻ, ഒരു പക്ഷി മരത്തിന്മേലെന്നപോലെ ഇരുപല
കകളിൽ ഇരിയ്ക്കുന്നു! 5
ശബ്ദിയ്ക്കുന്ന, വാട്ടമില്ലാത്ത, കവിയായ സോമത്തെ കവിക
ളും ബുദ്ധിമാന്മാരുമായ കർമ്മികഠം കറക്കുന്നു: പുനർഭൂക്കളായ
പശുക്കളും സ്തുതികളും ഒത്തൊരുമിച്ച്, യജ്ഞത്തിന്റെ ഉൽപത്തി
സ്ഥാനത്ത് ഇതിനോടു ചേരുന്നു. 6

സൂക്തം 72.

1. ചെന്നുചേരുന്ന—ഇന്ദ്രാദികളോട്. കലശത്തിൽ—കലശമുറപ്പുക്കാൽ. ചിലതു—ധനങ്ങഠം.

2. ഇന്ദ്രന്റെ വയർ—ദ്രോണകലശം. മാദകം—സോമം. ഒരിടത്തിലെ പ്പത്തുകൊണ്ട്—ഒരേകുലത്തിൽ (കൈകളിൽ) പിറന്ന പത്തു വിരലുകഠം. ഉരുവിടും—മന്ത്രങ്ങഠം ജപിയ്ക്കും.

3. സൂര്യപുത്രി—ഉഷസ്സ്. മറയ്ക്കും—പിഴിയുമ്പോഴത്തെ ശബ്ദാധിക്യം കൊണ്ട്. പുണ്യവചനനാൽ—സ്തോതാവിനാൽ. രണ്ടിടത്തിലെ (ഇരുകൈകളിലെ) സോദരിമാർ—വിരലുകഠം.

5. ഊററക്കാർ—ഗർവിഷ്ഠരായ ശത്രുക്കഠം.

6. പുനർഭൂക്കഠം—വീണ്ടും ജനിച്ചവപോലെ ചൈതന്യം പൂണ്ടവ. യജ്ഞത്തിന്റെ ഉൽപ്പത്തിസ്ഥാനം ഉത്തരവേദി.

വലിയ വിണ്ണിന്നു താങ്ങായ യാതൊന്നു ഭൂമിയുടെ നാഭി
യിൽ, നദീജലൌഘത്തിൽ നനയ്ക്കപ്പെട്ടുവോ; ഇന്ദ്രന്നു വജ്രവും,
വൃഷാവും, സമ്പത്തേറിയതുമായ ആ സോമം തിരുവുള്ളത്തിൽ
മത്തുണ്ടാക്കാൻ അഴകിൽ ഒഴുകുന്നു! 7

സുകർമ്മാവേ, ആ ഭവാൻ സ്തോതാവിന്നും പകരുന്നവന്നും
(ധനം) നല്കാനായി, ഭൂമിയിലെയ്ക്കുമ്പാടും ചിക്കെന്നൊഴുകുക;
അങ്ങ് ഞങ്ങളെ തറവാടു പുലർത്തുന്ന ധനത്തിൽനിന്നു വേർപെടു
ത്തരുത്; മഞ്ഞച്ച വളരെ ദ്രവ്യം ഞങ്ങൾ ഉടക്കമൊറാകണം! 8

ഇന്ദുവേ, അങ്ങ് ഞങ്ങൾക്കു ഒരുനൂറശ്വങ്ങളെയും ഒരായിരം
പശുക്കളെയും പൊന്നും ക്ഷിപ്രം തന്നരുളുക; വളരെ അന്നവും സ്വ
ത്തും ഉളവാക്കുക. പവമാനമേ, ഞങ്ങളുടെ സ്തോത്രത്തിന്നു
വന്നാലും! 9

സൂക്തം 73.

അംഗിരോഗോത്രൻ പവിത്രൻ ഋഷി. ഛന്ദോദേവതകൾ മുമ്പേത്തവ.

കിറിയിൽ പിഴിയുന്ന സോമലതകൾ ശബ്ദം പുറപ്പെടുവി
ച്ചു; നീരുകൾ യജ്ഞത്തിൻെറ ഉൽപത്തിസ്ഥാനത്ത് ഒത്തുചേൎന്നു!
പ്രാണദാതാവായ അവിടുന്നു മൂന്നുതലകളെ സഞ്ചാരത്തിന്നുണ്ടാ
ക്കി. സത്യഭൃതൻെറ തോണികൾ സുകർമ്മാവിനെ പൂരിപ്പിച്ചു! 1

---

7. ഭൂമിയുടെ നാഭി—ഉത്തരവേദി. വജ്രം—വജ്രംപോലെ വിജയസാധ
നം. തിരുവുള്ളത്തിൽ—ഇന്ദ്രൻെറ മനസ്സിൽ.

8. സോമത്തോട്: പകരുക—നീർ പാത്രത്തിലെയ്ക്കൊഴിയ്ക്കുക. മഞ്ഞ
ച്ച—സ്വർണ്ണമയമായ. ഉടക്കമൊറാകണം—ലഭിയ്ക്കണമെന്നു സാരം.

സൂക്തം 73.

1. കിറി—യജ്ഞത്തിൻെറ ഓഷ്ഠപ്രാന്തം, പലക. അവിടുന്നു—സോമം.
മൂന്നുതലകൾ—മൂവുലകങ്ങൾ. സഞ്ചാരത്തിന്ന്—മനുഷ്യദേവാദികൾക്കു സഞ്ച
രിപ്പാൻ. സത്യഭൃതൻെറ തോണികൾ—നാലു തളികകൾ. സുകർമ്മാവിനെ
പൂരിപ്പിച്ചു—യജമാനന്നു സർവാഭീഷ്ടങ്ങളും നൽകി.

കാമയമാനന്മാരായ മഹാന്മാർ ഒത്തൊരുമിച്ച വഴിപോലെ പിഴിഞ്ഞു; തണ്ണീരുകളിൽ പകൎന്നിളക്കി. ആ മധുധാരകളാൽ, സ്തോത്രം ചൊല്ലീക്കൊണ്ട് ഇന്ദ്രന്റെ അരുമത്തിരുവുടൽ തടിപ്പിച്ചു! 2

വാക്കിങ്കൽ വൎത്തിയ്ക്കുന്ന പാവനരശ്മികളുടെ നാഥനായ പുരാതനൻ കർമ്മത്തെ രക്ഷിയ്ക്കുന്നു: മഹത്തായ അന്തരിക്ഷത്തെ മറച്ച ആ വരുണനെ നിഷ്പ്രയാസം വെള്ളത്തിൽ പകരുവാൻ പ്രാജ്ഞന്മാർ ശക്തരായിത്തീരുന്നു! 3

തന്തിരുവടിയുടെ ആ കാതൽക്കതിരുകൾ വൃഷ്ടിപദത്തിൽ കനിഞ്ഞുനിന്ന് ഒച്ച മുഴക്കുന്നു. സ്വർഗ്ഗത്തിന്റെ മുകളിൽ, തുമ്പത്തു മധുവുമായി വെവ്വേറെ പാഞ്ഞുനടക്കുന്ന അവ ഇമവെട്ടാറില്ല: ഓരോ സ്ഥലത്തും ചെന്നെത്തി, വലയെറിയും! 4

അച്ഛനമ്മമാരിൽനിന്നു പുറപ്പെട്ട ആ രശ്മികൾ ഋക്കുകളാൽ തിളങ്ങി, കർമ്മഹീനരെ ചുട്ടെരിയ്ക്കും; ഇന്ദ്രനെ ദ്വേഷിച്ച രാത്തൊലിയെ ബുദ്ധികൌശലംകൊണ്ടു മന്നിൽനിന്നും വിണ്ണിൽനിന്നും ആട്ടിപ്പായിയ്ക്കും! 5

സ്തുതിയ്ക്കു വഴങ്ങുന്നവയും, വേഗമേറിയവയുമായി അന്തരിക്ഷത്തിൽനിന്ന് ഒപ്പം പുറപ്പെട്ട ഇവയെ കരുടരും ചെകിടരുമേ കൈവെടിയൂ: സത്യമാൎഗ്ഗത്തിൽ കേറില്ലല്ലോ, പാപികൾ! 6

---

2. കാമയമാനന്മാർ—സ്വർഗ്ഗാദിഫലകാംക്ഷികൾ. മഹാന്മാർ—ഋത്വിക്കുകൾ.

3. വാക്ക്—അന്തരിക്ഷശബ്ദം. പുരാതനൻ—സോമം. കർമ്മം—വെളിച്ചം പരത്തുകയാകുന്ന കർമ്മം. രക്ഷിയ്ക്കുന്നു—അനുഷ്ഠിച്ചുപോരുന്നു. മറച്ച—രശ്മികൾകൊണ്ടു മൂടിയ. വരുണൻ—മറയ്ക്കുന്ന സോമം.

4. കാതൽക്കതിരുകൾ—സാരഭൂതങ്ങളായ രശ്മികൾ. വൃഷ്ടിപദം—അന്തരിക്ഷം. ഒച്ച മുഴക്കുന്നു—മഴ പെയ്യിയ്ക്കുന്ന എന്നുസാരം. തുമ്പത്തു മധുവുമായി—സോമരശ്മികളുടെ അഗ്രഭാഗത്തുനിന്നാണല്ലോ, മധുവുണ്ടാകുന്നത്. ഇമവെട്ടാറില്ല—സദാ പാപികളെയും സുകൃതികളെയും ഉററുനോക്കും. വലയെറിയും—പാപികളെ കുടുക്കാൻ.

5. അച്ഛനമ്മമാർ—ദ്യാവാപൃഥിവികൾ. ഋക്കുകൾ—ഋത്വിക്കുകളുടെ സ്തുതികൾ. രാത്തൊലിയെ—കറുത്ത രക്ഷസ്സിനെ, രാക്ഷസരെ.

6. ഇവയെ—സോമരശ്മികളെ കണ്ണും ചെവിയുമുള്ളവർ കൈവെടിയില്ല, സ്തുതിയ്ക്കുയേ ചെയ്യൂ.

ആയിരം ജലധാരകളുള്ള പരന്ന പരിപാവനത്തിന്റെ വാക്കിനെ മനീഷികളായ കവികൾ പുകഴ്ത്തിപ്പോരുന്നു; അവർക്കു വശരായിത്തീരുന്നു, ശോഭനമാംവണ്ണം സഞ്ചരിയ്ക്കുന്ന ഗമനശീലരും, അഹിംസ്യരും, നല്ല കാഴ്ചയുള്ളവരും, നേതാക്കളെ നോക്കുന്നവരുമായ രുദ്രപുത്രന്മാർ. 7

അടക്കിനിർത്താവുന്നവനല്ല, യാഗത്തിന്റെ കാവല്ക്കാരനായ സുകർമ്മാവ്; താൻ മൂന്നു പരിശുദ്ധരെ നെഞ്ചിൽ ചേർത്തിരിയ്ക്കുന്നു. അദ്ദേഹം ലോകത്തെയെല്ലാം അറിഞ്ഞുകൊണ്ടു നോക്കുന്നു; കർമ്മിയ്ക്കുവേണ്ടി, അപ്രിയരായ കർമ്മരഹിതരെ മണ്ണുകപ്പിയ്ക്കുന്നു! 8

അരിപ്പയിൽ പരത്തപ്പെട്ട യജ്ഞനൂല് നീണ്ടു വരുണന്റെ നാവിൻതുമ്പത്തെത്തി. ധീമാന്മാർമാത്രം അതിനെ ചെന്നു പുഴുന്നു. കർമ്മത്തിന്നാളല്ലാത്തവൻ ഇവിടെത്തന്നേ വീണടിയും! 9

സൂക്തം 74.

ദീർഘതമഃപുത്രൻ കക്ഷീവാൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; പവമാനസോമം ദേവത.

ഒരു പെററുവീണ പൈതൽപോലെ, ആർ ജലത്തിൽ ഒലിയിടുമോ; ഒരു കുതിരപോലെ പായുന്ന ആർ സ്വർഗ്ഗത്തിലെയ്ക്കു നടകൊള്ളുമോ; ആർ പാൽ വളർത്തുന്ന വെള്ളവുമായി വാനിൽനിന്നു വന്നെത്തുമോ; അവനോടു ഞങ്ങൾ നല്ല സ്തുതിയാൽ വമ്പിച്ച ഗൃഹം യാചിയ്ക്കുന്നു. 1

---

7. പരിപാവനത്തിന്റെ——ശുദ്ധികരമായ സോമത്തിൽ വർത്തിയ്ക്കുന്ന.

8. സുകർമ്മാവ്——സോമം. മൂന്നു പരിശുദ്ധർ——അഗ്നിവായുസൂര്യന്മാർ.

9. യജ്ഞനൂല്——യാഗവസ്ത്രം നെയ്യാനുള്ള നൂലായ സോമം. വരുണന്റെ നാവിൻതുമ്പത്തു——വെള്ളത്തിൽ. അതിനെ——വെള്ളത്തെ. വീണടിയും——ഉദ്ഗതി നേടില്ല.

സൂക്തം 74.

1. പൈതൽപോലെ——കുട്ടി കരയുന്നതുപോലെ. ജലത്തിൽ——വെള്ളത്തിൽ പതിയ്ക്കുമ്പോൾ.

വിണ്ണിന്നും (മന്നിന്നു) താങ്ങുമായി, പാരം പരന്നു നിറ
ഞ്ഞ ആർ സർവത്ര ചുററിനടക്കുന്നുവോ; ആർ ഈ വലിയ വാന്തു
ഴികളെ വഴിപോലെ യജിച്ചു, കൂട്ടിയിണക്കിനിർത്തിയോ; ആ
കവി അന്നങ്ങൾ കല്പിച്ചുനല്കട്ടെ! 2

വെട്ടപ്പുവരുത്തപ്പെട്ട വളരെസ്സോമമധു, ഭൂമിയുടെ വിശാലമാ
ർഗ്ഗത്തിലൂടേ യജ്ഞത്തിലെഴുന്നള്ളുന്ന നേതാവിന്നു കുടിപ്പാനുള്ള
താണ്: ഈ മഴയുടെ ഉടയോനും, ജലവർഷിയും, ഗോഹിതനുമാ
ണല്ലോ, അവിടുന്ന്; ഇങ്ങാഗമിയ്ക്കുന്ന സ്തുത്യനുമാണല്ലോ, അ
വിടുന്ന്! 3

സാരവത്തായ പാലും നെയ്യും വാനികൾനിന്നു കറന്നെടുക്കു
ന്നു. യജ്ഞത്തിന്റെ നാഭിയായ ജലവും ഉണ്ടാകുന്നു. ആ (സോ
മത്തെ) ശോഭനദാനന്മാർ ഒത്തൊരുമിച്ചു പ്രീതിപ്പെടുത്തുന്നു. നേ
താക്കളായ, രക്ഷിതാക്കളായ അതിന്റെ രശ്മികൾ സംഭൃതമായ
ജലം കീഴ്പോട്ടു പൊഴിയ്ക്കുന്നു! 4

സോമം ജലത്തോടു ചേരുമ്പോൾ ശബ്ദിയ്ക്കുന്നു; ദേവരക്ഷക
മായ ദേഹത്തെ മനുഷ്യനുവേണ്ടി ഒഴുക്കുന്നു ഭൂമിയുടെ സമീപ
ത്തു ഗർഭം ധരിപ്പിയ്ക്കുന്നു: ഇതിൽനിന്നാണല്ലോ, നമുക്കു പുത്ര
പൌത്രന്മാരെ കിട്ടുന്നത്! 5

ആയിരം ജലധാരകളുള്ള മൂന്നാംലോകത്തിൽ വെവ്വേറെ
സ്ഥിതിചെയ്യുന്ന പ്രജാവതികളായ നാലു കലകൾ താഴത്തെയ്ക്കു
വരട്ടെ: ഇവയാണല്ലോ, ദ്യോവിന്നു താഴേ നിർത്തപ്പെട്ട വെള്ളം
പൊഴിച്ചു, ഹവിസ്സും പയസ്സും ഉളവാക്കുന്നത്! 6

സ്വർഗ്ഗത്തിലെയ്ക്കു പോകുമ്പോൾ ധവളരൂപം ധരിയ്ക്കുന്നവനും,
(അഭീഷ്ട)വർഷിയും ബലവാനുമായ സോമത്തിന്നറിയാം, വളരെ

---

2. ആ കവി——സോമരസം. നല്കട്ടെ——സ്തോതാക്കൾക്ക്.

3. വിശാലമാർഗ്ഗം——നൂറും ആയിരവും അശ്വങ്ങളോടുകൂടിയ ഇന്ദ്രന്നെഴു
ന്നള്ളാൻ വഴി വിസ്തീർണ്ണമായിത്തീരുന്നു എന്നർത്ഥം. നേതാവ്——ഇന്ദ്രൻ.
ഇങ്ങാഗമിയ്ക്കുന്ന——നമ്മുടെ യജ്ഞത്തിൽ വരുന്ന.

4. നാഭി——പ്രധാനാംഗം. ശോഭനദാനന്മാർ——ഹവിസ്സു നല്കുന്ന യജമാ
നന്മാർ. കീഴ്പോട്ടു——ഭൂമിയിലെയ്ക്ക്.

5. ഒഴുക്കുന്നു——പാത്രങ്ങളിലെയ്ക്ക്. ഗർഭം ധരിപ്പിയ്ക്കുന്നു——ഓഷധികളെ.

6. മൂന്നാംലോകം——സ്വർഗ്ഗം. പ്രജാവതികൾ——സന്താനദായിനികൾ
എന്നർത്ഥം. കലകൾ——തേജോംശങ്ങൾ. പയസ്സും——പാലും.

ധനം കൊടുപ്പാൻ. തന്തിരുവടി പ്രജ്ഞാനത്താൽ, മികച്ച കർമ്മ
മനുഷ്ഠിയ്ക്കുന്നു; വാനിൽനിന്നു നീർമുകിലിനെ തുറക്കുന്നു! 7

പിള്ളാട്, ആ വാജി വെളുത്ത ജലകലശം പൂകാൻ താവ
ളത്തിൽ കേറുന്നു; ദേവകാമന്മാർ മനംകൊണ്ടു സ്തുതികൾ അയ
യ്ക്കുന്നു; താൻ നൂറുഹേമന്തം കണ്ട കക്ഷീവാന്നു ഗോക്കളെയും! 8

പവമാനസോമമേ, വെള്ളത്തോടു ചേർന്ന ഭവാന്റെ നീര്
കമ്പിളിയരിപ്പയിലെയ്ക്കോടുന്നു: ഏററവും മത്തുപിടിപ്പിയ്ക്കുന്ന പ
വമാനമേ, അങ്ങനെ കവികളാൽ അരിയ്ക്കപ്പെടുന്ന ഭവാൻ ഇന്ദ്രന്നു
കുടിപ്പാൻ രുചികരമായിത്തീർന്നാലും! 9

സൂക്തം 75.

ഭൃഗുപുത്രൻ കവി ഋഷി; ജഗതി ഛന്ദസ്സ്; പവമാനസോമം ദേവത.

അന്നഹിതനായ മഹാൻ, തന്നെ വളർത്തിയ അരുമത്തണ്ണീ
രിലെയ്ക്കൊഴുകുന്നു; ശരിയ്ക്കു നോക്കിക്കാണാനായി, പെരിയ പക
ലോന്റെ ചുററിനടക്കുന്ന പെരുംതേരിൽ കേറുന്നു! 1

യാഗത്തിന്റെ നാവും ഈ കർമ്മത്തിന്റെ പാലകനുമായ
അഹിംസ്യൻ മൂളിക്കൊണ്ട് അരുമമധു ഒഴുക്കുന്നു: സ്വർഗ്ഗത്തിന്റെ
തിളക്കത്തിലത്രേ, അച്ഛനമ്മമാർ അറിഞ്ഞിട്ടില്ലാത്ത മൂന്നാം
പേര് മകന്നുണ്ടാകുന്നത്! 2

---

8. ആ വാജി—സോമമാകുന്ന അശ്വം. ദേവകാമന്മാർ—ഋത്വിക്കുകൾ. താൻ—സോമം. നൂറുഹേമന്തം കണ്ട—ശതവയസ്സനായ. കക്ഷീവാൻ—ഞാൻ.

സൂക്തം 75.

1. അന്നഹിതൻ—അന്നവർദ്ധകൻ. മഹാൻ—സോമം. നോക്കിക്കാണാൻ—ലോകത്തെ.

2. നാവ്—പ്രധാനാംഗം. അഹിംസ്യൻ—സോമം. മൂളിക്കൊണ്ട്—സ്തോതാക്കളുടെ സ്തുതികളെ അഭിനന്ദിയ്ക്കുകയാണെന്നു തോന്നുമാറു ശബ്ദിച്ചുകൊണ്ട്. മധു—മത്തുണ്ടാക്കുന്ന നീർ. സ്വർഗ്ഗത്തിന്റെ തിളക്കത്തിൽ—സോമം പിഴിയുമ്പോൾ. മൂന്നാംപേർ—ഇട്ട പേരിന്നും വിളിയ്ക്കുന്ന പേരിന്നും പുറമേ, സോമയാജി എന്ന പേർ. മകന്ന്—യജമാനന്ന്. മകൻ സോമയാജിയാകുമെന്ന് അച്ഛനമ്മമാർ നാമകരണാവസരത്തിൽ അറിയില്ലല്ലോ.

നേതാക്കളാൽ പൊന്നണിത്തോലിലാക്കപ്പെട്ട ദീപ്തിമാൻ കലശത്തെക്കുറിച്ച് ഒലികൊള്ളുന്നു: തന്തിരുവടിയെ യജ്ഞക്കാറവുകാർ പുകഴ്ത്തുന്നു. മൂന്നു മുതുകുകളുള്ള അവിടുന്ന് ഉഷസ്സുകളിൽ വിശേഷേണ വിളങ്ങുന്നു! 3

സ്തുതിപൂർവം അമ്മിയിൽ പിഴിയപ്പെട്ട വിശുദ്ധനായ അന്നഹിതൻ ഇരുതായമാരായ വാനൂഴികളെ പ്രശോഭിപ്പിച്ചുകൊണ്ടു, കമ്പിളിയിലെയ്യൊഴുകുന്നു: തഴച്ച മധുധാരകൾ നാളിൽ നാളിൽ ഒഴുകുന്നു. 4

സോമമേ, അവിടുന്നു സ്വസ്തിയ്ക്കായി ചുററും നടന്നാലും: നേതാക്കളാൽ അരിയ്ക്കപ്പെട്ട, കൂട്ടദ്രവ്യം ഉടുത്താലും. കേറിത്തല്ലുന്ന പെരിയ മധുക്കളുണ്ടല്ലോ, അങ്ങയ്ക്കു്; അവകൊണ്ട് ഇന്ദ്രനെ ധനം തരാൻ പ്രേരിപ്പിച്ചാലും! 5

രണ്ടാമധ്യായം സമാപ്തം.

മൂന്നാമധ്യായം

സൂക്തം 76.

ഭൃഗുപുത്രൻ കവി ഋഷി; ജഗതി ഛന്ദസ്സ്; പവമാനസോമം ദേവത.

താങ്ങായ, ദേവകൾക്കു ബലകരനായ, നേതാക്കളാൽ അഭിനന്ദ്യനായ ഹരിദ്വർണ്ണൻ വാനിൽനിന്ന്, അരിയ്ക്കപ്പെടേണ്ടുന്ന നീരൊ

---

3. പൊന്നണിത്തോൽ—പൊന്മോതിരമിട്ട കയ്യിലെടുത്ത കാളത്തോൽ. ദീപ്തിമാൻ—തിളങ്ങുന്ന സോമം. കലശത്തെക്കുറിച്ച്—കലശത്തിലെയ്യിറങ്ങുമ്പോൾ. യജ്ഞക്കാറവുകാർ—യജ്ഞം കറന്നെടുക്കുന്നവർ, ഋത്വിക്കുകൾ. ഉഷസ്സുകൾ—യാഗദിവസങ്ങൾ.

4. അന്നഹിതൻ—സോമം. തഴച്ച—വെള്ളം കൂട്ടിയതിനാൽ. നാളിൽ നാളിൽ—ദീർഘസത്രങ്ങളിൽ.

5. നടന്നാലും—പാത്രങ്ങളിലെയ്യു്. കൂട്ടദ്രവ്യം—ക്ഷീരാദി. കേറിത്തല്ലുന്ന—ശത്രുക്കളെ ചെറുത്തു ഹനിയ്ക്കുന്ന. മധുക്കൾ—മദകരനീരുകൾ. തരാൻ—ഞങ്ങൾക്കു്.

ഴക്കുന്നു; സലിലസിക്തനായിട്ട്, ആളുകളാൽ തെളിയ്ക്കപ്പെടുന്ന ഒരു കുതിരപോലെ നിഷ്പ്രയാസം കെല്പെടുക്കുന്നു! 1

ഇന്ദു, ഒരു ശൂരൻപോലെ ഇരുകൈകളിലും ആയുധമെടുക്കുന്നു; ഗോക്കളെത്തിരയുമ്പോഠം, സ്വർഗ്ഗത്തിലെയ്ക്കു പോകാൻ തേരിൽ കേറുന്നു; ഇന്ദ്രന്നു ബലം കൂട്ടുന്നു. കർമ്മകാംക്ഷികളായ മനീഷികളാൽ പിഴിയപ്പെടുന്നു, തേപ്പിയ്ക്കപ്പെടുന്നു. 2

പവമാനസോമമേ, അങ്ങ് ഇന്ദ്രന്റെ വയററിലെയ്ക്കു, തടിപ്പിയ്ക്കാൻ ഓളംവെട്ടി കടന്നാലും! ഞങ്ങഠംക്കായി, മിന്നൽമേഘങ്ങളെയെന്നപോലെ വാനൂഴികളെ കറന്നാലും: ഇപ്പോഠം വളരെയന്നം അവിടുന്നു കല്പിച്ചുണ്ടാക്കാറുണ്ട്! 3

അതുല്യകർമ്മാവായ യാതൊരു സ്തുതിപാലകൻ സൂര്യരശ്മിയാൽ തുടയ്ക്കപ്പെടുന്നുവോ, ആ ഋഷിശ്രേഷ്ഠനായ വിശ്വപ്പെരുമാഠം വിണ്ണു തൃക്കൺപാർക്കുന്ന സത്യശ്രുപനെ ആരാധിപ്പാനായി നീരൊഴുക്കുന്നു! 4

അന്തരിക്ഷത്തിൽ ഒച്ചയിടുന്ന വൃഷഭനായ ഭവാൻ, ഒരു വൃഷഭം കൂട്ടത്തിലെയ്ക്കെന്നപോലെ, കലശത്തിലെയ്ക്കിറങ്ങുന്നു: ഏററവും മത്തുപിടിപ്പിയ്ക്കുന്ന ആ ഭവാൻ ഇന്ദ്രന്നായിട്ടാണല്ലോ, നീരൊഴുക്കുന്നതു്; അങ്ങയുടെ രക്ഷയാൽ ഞങ്ങഠം യുദ്ധത്തിൽ ജയിയ്ക്കുമാറാകണം! 5

സൂക്തം 77.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

ഇതാ, ഇന്ദ്രന്ന് ഒരു വജ്രവും, വപ്സാവെക്കാഠം മുന്തിയ വപ്സാവുമായ മധുമാൻ കലശത്തിൽ ഒലിമുഴക്കുന്നു: ഈ സത്യശ്രുപന്റെ

സൂക്തം 76.

1. താങ്ങ്—എല്ലാററിന്നും. ഹരിദ്വർണ്ണൻ—സോമം. വാന്—അരിപ്പ. ആളുകഠം—സാദികഠം.

2. ഗോക്കളെ—യജമാനന്നു കൊടുക്കാൻ. തേപ്പിയ്ക്കപ്പെടുന്നു—ഗോരസങ്ങഠംകൊണ്ട്.

3. വാനൂഴികളെ കറന്നാലും—വേണ്ടതൊക്കെ കറന്നുതന്നാലും.

4. വിശ്വപ്പെരുമാഠം—സോമം. സത്യശ്രുപൻ—ഇന്ദ്രൻ.

5. കൂട്ടം—പൈക്കൂട്ടം.

നന്നായി ചുരത്തുന്ന, തണ്ണീരുതിക്കുന്ന (ധാരകൾ), ഉമ്പയിടുന്ന
കറവപ്പൈക്കൾപോലേ നേരിട്ടുചെല്ലുന്നു. 1

അയയ്ക്കപ്പെട്ട പരുന്തു (മൂന്നാം)ലോകത്തെ വകവെയ്ക്കാതെ യാ
തൊരുവനെ കവൎന്നുവോ, ആ പുരാതനൻ വാനിൽനിന്നൊഴുകുന്നു:
കീഴ്പോട്ടിറങ്ങിയ അവിടുന്നുതന്നെയാണ്, കൃശാനുവിന്റെ
എയ്ത്തു പേടിച്ച മധുരനീർ വേർപെടുത്തിയതു്! 2

മന്ത്രത്തെ മന്ത്രത്തെ, ഹവിസ്സിനെ ഹവിസ്സിനെ ആർ കൈ
ക്കൊള്ളുന്നുവോ, പണ്ടും ഇന്നുമുള്ള ആ ദർശനീയൻ——ഒരു സ്ത്രീ
പോലെ അഴകുററ ഇന്ദു——നമുക്കു വളരെ അന്നത്തിന്നും ഗോക്കൾക്കു
മായി വന്നെത്തട്ടെ! 3

ഈ പുരസ്കൃതനായ ഇന്ദു നമ്മെ ദ്രോഹിയ്ക്കാൻ നോക്കുന്നവരെ,
കൂടെ നടക്കുന്ന മനസ്സുകൊണ്ടറിഞ്ഞു നിഹനിയ്ക്കട്ടെ. അവിടുന്നാ
ണല്ലോ, അഗ്നിസദനത്തിൽ വൎത്തിച്ചു ഗർഭം ധരിപ്പിയ്ക്കുന്നതും,
വളരെപ്പാലുള്ള പൈക്കൂട്ടത്തിൽ ചെല്ലുന്നതും! 4

കൎത്താവും, കർമ്മപടുവും, മഹാനും, അഹിംസ്യനുമായ വരു
ണൻ പരിചാരകന്നായി നീർ വാനിൽനിന്നൊഴുക്കുന്നു: ഒരശ്വം
കാമത്താൽ കൂട്ടത്തിലെന്നപോലെ ഒച്ചയിടുന്ന ഈ സുഹൃത്തായ
യജ്ഞാർഹനെ പിഴിഞ്ഞതു്, അരിഷ്ടശാന്തിയ്ക്കാണല്ലോ! 5

സൂക്തം 78.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അരചൻ അരുളപ്പാടോടേ ഒഴുകുന്നു; തണ്ണീരുടുത്തു സ്തുതികളിലെ
യ്ക്കെഴുന്നള്ളുന്നു. ഇദ്ദേഹത്തിന്റെ കരടുകളെ കമ്പിളിത്തുണിയിലെട്ട

സൂക്തം 77.

1. വപ്താവ്——ബീജാവാപംചെയ്യുന്നവൻ. മധുമാൻ——സോമം. ഈ സത്യ രൂപൻ——സോമം.

2. അയയ്ക്കപ്പെട്ട—തന്റെ അമ്മയാൽ. മൂന്നാംലോകം——സ്വർഗ്ഗം. ആ പുരാതനൻ——സോമം. കൃശാനു—സോമക്കാവല്ക്കാരനായ വില്ലാളി. വേർപെട ത്തിയതു്——സ്വർഗ്ഗത്തോട്; സ്വർഗ്ഗത്തിൽനിന്നു കൊണ്ടുപോന്നതു്.

4. അഗ്നിസദനം——വേദി. ധരിപ്പിയ്ക്കുന്നതും——ഓഷധികളെ. പൈക്കൂ ട്ടത്തിൽ——ശത്രുക്കളാൽ അപഹൃതമായ നമ്മുടെ ഗോവൃന്ദത്തെ വീണ്ടെടുക്കാൻ.

5. വരുണൻ——ശത്രുനിവാരകനായ സോമം. വാന്——അരിപ്പ കൂട്ട ത്തിൽ——പെൺകുതിരകളുടെ ഇടയിൽ. സുഹൃത്ത്——സർവാനുകൂലൻ.

ക്കുന്നു; അദ്ദേഹം ശുചിയായിട്ടു ദേവന്മാരുടെ വിശുദ്ധസ്ഥാനത്തണയുന്നു! 1

സോമമേ, മനുഷ്യരെ നോക്കുന്ന മഹാനും കവിയുമായ ഭവാനെ നേതാക്കരം ഇന്ദ്രന്നായി പിഴിയുന്നു, വെള്ളത്തിൽ പകരുന്നു: ഇരുപലകകളിൽ മേവുന്ന ഭവാനു വളരെ വഴികളും, ഒരായിരം പച്ചക്കതിരകളുമുണ്ടല്ലോ, യാത്രയ്ക്കു്! 2

അന്തരിക്ഷത്തിലെ അപ്സരസ്സുകരം അകത്തിരുന്നു, മനീഷിയായ സോമത്തിന്റെ നേക്കൊഴുകുന്നു; അവർ ഈ ഹർമ്മ്യസേക്താവിനെ——പവമാനത്തെ——പോഷിപ്പിയ്ക്കുന്നു; അക്ഷീണമായ സുഖവും അർത്ഥിയ്ക്കുന്നു! 3

നമുക്കായി ഗോക്കളെ അടക്കുന്ന, തേരുകളടക്കുന്ന, പൊന്നടക്കുന്ന, വിണ്ണടക്കുന്ന, വെള്ളമടക്കുന്ന——ഒരായിരമടക്കുന്ന——സോമം അരിയ്ക്കപ്പെടുന്നു: മത്തുപിടിപ്പിയ്ക്കുന്ന, മധുരതരമായ, സുഖകരമായ ഈ തുടനീരിനെയാണല്ലോ, ദേവന്മാർ കുടിപ്പാൻ വെച്ചിരിയ്ക്കുന്നതു്! 4

പവമാനസോമമേ, ഞങ്ങളിൽ കൂറുള്ള ഭവാൻ ഈ ധനങ്ങളെ തന്നരുളാനാണല്ലോ, ഒഴുകുന്നതു്: അങ്ങു് അരികത്തും അകലത്തുമുള്ള ശത്രുവിനെ ആട്ടിപ്പായിയ്ക്കുക; ഞങ്ങരംക്കു വാരുററ വഴിയും അഭയവും ഉളവാക്കുക! 5

സൂക്തം 79.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

യജ്ഞങ്ങളിൽ പിഴിയപ്പെടുന്ന പച്ചസ്സോമങ്ങരം സ്വയം നമ്മളിൽ വന്നെത്തട്ടെ: നമുക്കു ചോറു തരാത്തവർ നശിച്ചുപോകട്ടെ;

സൂക്തം 78.

1. അരചൻ——സോമം. അരുളപ്പാടോടേ——ശബ്ദിച്ചുകൊണ്ടു്. അരിച്ചു കരടു നീക്കുന്നു എന്നു, മൂന്നാംവാക്യത്തിന്റെ അർത്ഥം.

2. വഴികരം——അരിപ്പയുടെ സുഷിരങ്ങരം. പച്ചക്കതിരകരം——ശ്യാമളരസധാരകരം. യാത്രയ്ക്കു്——ഇന്ദ്രങ്കലെയ്ക്കു പോകാൻ.

3. അപ്സരസ്സുകരം——തണ്ണീരുകരം. അകത്തു്——യാഗശാലയിൽ. അവർ——അപ്സരസ്സുകരം. ഹർമ്മ്യസേക്താവു്——മാളികപോലെ സുഖകരമായ യജ്ഞഗൃഹത്തെ തുത്തുതളിയ്ക്കുന്നവൻ, യാഗശാലയിൽ അഭീഷ്ടങ്ങളെ ഉതിർക്കുന്നവൻ.

5. ഈ ധനങ്ങളെ——മുൻഋക്കിൽ പറഞ്ഞവയെ.

ശത്രുക്കളും ഒടുങ്ങട്ടെ; നമ്മുടെ കർമ്മങ്ങളിൽ (ദേവന്മാർ) സംബന്ധിയ്ക്കട്ടെ! 1

മദം പൊഴിയ്ക്കുന്ന സോമവും ധനവും നമ്മളിൽ വന്നണയട്ടെ: എന്നാൽ, നമുക്ക കരുത്തരെ ചെറുക്കാമല്ലോ. നാം ഏതൊരു മനുഷ്യന്റെയും ദ്രോഹം തട്ടിനീക്കി, സദാ സമ്പത്തു സംഭരിയ്ക്കുമാറാകണം! 2

തന്റെ വൈരിയെ നേരിടുന്നവനാണല്ലോ, അവിടുന്ന്; മററു വൈരിയെയും മർദ്ദിയ്ക്കുമല്ലോ, അവിടുന്ന്. പവമാനസോമമേ, മരുഭൂമിസ്ഥരെ ദാഹമെന്നപോലെ, ഭവാൻ ആ ദുരാത്മാക്കളെ ആക്രമിച്ച് ഓടിച്ചാലും! 3

സ്വർഗ്ഗത്തിലെ പ്രധാനസ്ഥാനത്രേ, (ഹവിസ്സു) കൈക്കൊള്ളുന്ന ഭവാന്റെ മുഖ്യാംശങ്ങൾ; അവ ഭൂമിയുടെ ഉന്നതപ്രദേശത്തു വിതറപ്പെട്ടിട്ടു മുളയ്ക്കുന്നു. അമ്മികൾ അങ്ങയെ കാളത്തോലിൽ ഉണ്ണുന്നു; മനീഷികൾ അങ്ങയെ കൈകൾകൊണ്ടു വെള്ളത്തിൽ കറക്കുന്നു. 4

ഇന്ദോ, ഇപ്രകാരം, സുഭവനവും സുരൂപവുമായ അങ്ങയുടെ നീരിനെ പ്രധാനർ വന്നുചേൎന്നു നിർഗ്ഗളിപ്പിയ്ക്കുന്നു. പവമാനമേ, നിന്ദകനെ നിന്ദകനെ അവിടുന്നു നശിപ്പിയ്ക്കണം. ഭവാന്റെ ബലകരവും പ്രിയവുമായ മധു വെളിപ്പെടുമാറാകട്ടെ! 5

സൂക്തം 80

ഭരദ്വാജപുത്രൻ വസു ഋഷി; ജഗതി ഛന്ദസ്സ്; പവമാനസോമം ദേവത.

നേതാക്കളെ നോക്കുന്ന സോമത്തിന്റെ നീരുകൾ ഒഴുകുന്നു; സമുദ്രങ്ങൾപോലെ സവനങ്ങളിൽ പരക്കുന്നു. അദ്ദേഹം യജ്ഞം

സൂക്തം 79.

1. സ്വയം—പരപ്രേരണയെന്നിയേ.
2. കരുത്തർ—ബലവാന്മാരായ ശത്രുക്കൾ.
3. മററുവൈരിയെയും—ഞങ്ങളുടെ ശത്രുവിനെയും.
4. ഉന്നതപ്രദേശത്തു—മലയിലും മററും. വെള്ളത്തിൽ—മുക്കിയിട്ട്.
5. പ്രധാനർ—അമ്മികളോ, അധ്വര്യുക്കളോ. നിന്ദകൻ—ഞങ്ങളെ നിന്ദിയ്ക്കുന്നവൻ. മധു—മത്തുപിടിപ്പിയ്ക്കുന്ന നീര്.

കൊണ്ടു സ്വർഗ്ഗത്തിലെ ദേവന്മാരെ വിളിയ്ക്കുന്നു; മന്ത്രരക്ഷകൻെറ സ്തോത്രത്താൽ ഉജ്ജ്വലിയ്ക്കുന്നു! 1

അന്നവാനേ, പൈക്കറം അങ്ങയെ പുകഴ്ത്തുന്നു. അങ്ങ് സ്വർണ്ണസംസ്കൃതമായ സ്ഥാനത്തു കേറി വിളങ്ങുന്നു. സോമമേ, വൃഷാവായ, മദകരനായ ഭവാൻ ഹവിഷ്മാന്മാൎക്ക് ആയുസ്സും വലിയ യശസ്സും വളർത്തിക്കൊണ്ട്, ഇന്ദ്രന്നായി അരിയ്ക്കപ്പെടുന്നു! 2

ദ്യുലോകം മത്തുപിടിപ്പിയ്ക്കുന്ന, നീരുടക്കുന്ന സുമംഗളനെ അന്നത്തിന്നായി ഇന്ദ്രൻെറ വയററിൽ പകരുന്നു. ആ പച്ചനിറമിയന്ന വൃഷാവു ലോകത്തെയെല്ലാം തഴപ്പിയ്ക്കുന്നു; കളിച്ചുനടന്നൊഴുകുന്നു! 3

അതിമാധുരിയും ഒരായിരം നീർദ്ധാരകളുമുള്ള ആ അങ്ങയെ ദേവന്മാൎക്കായി നേതാക്കളുടെ പത്തുവിരലുകറം കറക്കുന്നു: സോമമേ, ആളുകറം അമ്മിമേലിട്ടു പിഴിഞ്ഞ ഭവാൻ ആയിരമടക്കാനായി, എല്ലാ ദേവന്മാരിലെയ്ക്കും ഒഴുകിയാലും! 4

ആ മാധുര്യമാൎന്ന വൃഷാവായ അങ്ങയെ ശോഭനഹസ്തൻെറ പത്തുവിരലുകറം അമ്മികൊണ്ടു വെള്ളത്തിൽ കറക്കുന്നു; പവമാന സോമമേ, അവിടുന്ന് ഇന്ദ്രനെയും ദേവന്മാരെയും മത്തുപിടിപ്പിയ്ക്കാൻ, കടൽത്തിരപോലെ പോകുന്നു! 5

സൂക്തം 81.

ഋഷിദേവതകറം മുമ്പേത്തവ; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകറം.

പവമാനസോമത്തിൻെറ അഴകൊത്ത നീരലകറം ഇന്ദ്രൻെറ തിരുവയററിലെയ്ക്കോടുന്നു: പൈക്കളുടെ ബലകരമായ തയിരിനാൽ ഉയൎത്തപ്പെട്ട ഈ നീരുകറം ദാനത്തിന്നു ശൂരനെ മത്തുപിടിപ്പിയ്ക്കുന്നു! 1

സൂക്തം 80.

1. മന്ത്രപാലകൻ——സ്തോതാവ്.

2. പൈക്കറം——നീരിലെയ്ക്കു പാൽ തരാൻ നില്ക്കുന്ന പൈക്കറം. സ്തുതിയ്ക്കുന്നു——ഉമ്പയിടുന്നു. സ്വർണ്ണസംസ്കൃതം——പൊന്മോതിരമിട്ട കൈകൊണ്ടു ശുചീകൃതം. ഹവിഷ്മാന്മാർ——യജമാനന്മാർ.

3. സുമംഗളൻ——സോമം. പകരുന്നു——കർമ്മികറം.

4. ആയിരം——ധനം.

സൂക്തം 81.

1. ഉയൎത്തപ്പെട്ട——വളൎത്തപ്പെട്ട. ദാനത്തിന്നു——യജമാനന്ന് അഭീഷ്ടങ്ങറം കൊടുപ്പാൻ. ശൂരനെ——ഇന്ദ്രനെ.

തേർ വലിയ്ക്കുന്ന കുതിരപോലെ പായുന്ന വൃഷാവായ സോമം കലശത്തിലെയ്ക്കു് ഒഴുകുന്നു. അങ്ങുനിന്നും ഇങ്ങുനിന്നും (യജ്ഞത്തിൽ) വന്നുചേരുന്ന ദേവന്മാരുടെ രണ്ടുതരം പിറവിയും അവിടെയ്ക്കറിയാം! 2

പവമാനസോമമേ, അങ്ങ് ഞങ്ങൾക്കു സമ്പത്തെമ്പാടും വിതറുക; ഇന്ദോ, മംഗലവാവായ ഭവാൻ മഹത്തായ ധനം തരിക. അന്നകർത്താവേ, അവിടുന്നു പരിചാരകന്നു് അറിഞ്ഞു സുഖം വരുത്തിയാലും; ഞങ്ങൾക്കു തരേണ്ടുന്നതു ഞങ്ങളിൽനിന്നു ദൂരത്തെയ്ക്കു യയ്ക്കരുതേ! 3

സുദാനരായ പൂഷാവും, മിത്രനും, വരുണനും, ബൃഹസ്പതിയും, മരുത്തുക്കളും, വായുവും, അശ്വികളും, ത്വഷ്ടാവും, സവിതാവും, സുന്ദരിയായ സരസ്വതിയും ഒപ്പം നമ്മുടെ പവമാനത്തിൽ വന്നെത്തട്ടെ: 4

എങ്ങും വ്യാപിച്ച ഇരുവാനൂഴികളും, ദേവൻ അര്യമാവും, അദിതിയും, വിധാതാവും, നേതൃസ്തുത്യനായ ഭഗനും, പരന്ന അന്തരിക്ഷവും—ദേവന്മാരെല്ലാവരും പവമാനത്തിൽ സംബന്ധിയ്ക്കും! 5

സൂക്തം 82.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

പച്ചനിറം പൂണ്ടു പരിലസിയ്ക്കുന്ന സോമം പിഴിയപ്പെട്ടു: ഈ വൃഷാവു്, ഒരു രാജാവിനെപ്പോലെ ദർശനീയനായിട്ടു, വെള്ളത്തിന്നു നേരേ ശബ്ദിയ്ക്കുന്നു; അരിയ്ക്കപ്പെടുമ്പോൾ കമ്പിളിയിൽ ചുററിനടക്കുന്നു; ഒരു പരുന്തുപോലെ, സജലമായ സ്വസ്ഥാനത്തണയുന്നു. 1

സോമമേ, കവിയായ ഭവാൻ കർമ്മേച്ഛയാൽ പൂജനീയമായ അരിപ്പയിൽ കേറുന്നു; വെള്ളമുടുത്തു ചുററിനടക്കുന്നു. പിന്നെ, ഒരു നനയ്ക്കപ്പെട്ട കുതിരപോലെ, യുദ്ധത്തിന്നു പോകുന്നു. അവിടുന്നു ദുരിതം നീക്കി സുഖിപ്പിച്ചാലും! 2

---

2. അങ്ങുനിന്നും ഇങ്ങുനിന്നും—വിണ്ണിൽനിന്നും മന്നിൽനിന്നും.

3. പരിചാരകന്നു്—പരിചരിയ്ക്കുന്ന എനിയ്ക്കു്.

4. പവമാനം—അരിയ്ക്കപ്പെട്ട സോമനീർ.

സൂക്തം 82.

2. യുദ്ധത്തിന്നു—യുദ്ധത്തിൽ ശത്രുക്കളെ ജയിച്ചു്, അവരുടെ ധനം ഞങ്ങൾക്കു തരാൻ. ദുരിതം—ഞങ്ങളുടെ.

ഇല പടൎന്ന ആരുടെ അച്ഛനാണോ പർജ്ജന്യൻ, ആ മഹാൻ ഭൂമിയുടെ നാഭിയിലും മലകളിലും കുടികൊള്ളുന്നു; കൈവിരലുകളാലും, തണ്ണീരുകളാലും അഭിസരിയ്ക്കപ്പെടുന്നു; മനോജ്ഞമായ മഖത്തിൽ കല്ലുകളോടും ചേരുന്നു! 3

സോമമേ, ഭാൎയ്യ ഭൎത്താവിനെന്നപോലെ, ഭവാൻ സുഖം വരുത്തുന്നു. മന്നിന്റെ കുഞ്ഞേ, ഞാൻ ചൊല്ലുന്നതു കേട്ടാലും: അവിടുന്നു ജീവനം തരാൻ സ്തുതികൾക്കിടയിൽ ലാത്തുക; സ്തുത്യനായ നിന്തിരുവടി ആപത്തിൽ ഉണർവുകൊള്ളേണമേ! 4

ഇന്ദുവേ, അഹിംസ്യനായ നിന്തിരുവടി പണ്ടുള്ളവൎക്കു നൂറും ആയിരവും നൽകിക്കൊണ്ടു, യുദ്ധത്തിൽ ചുററിനടന്നുവല്ലോ; അതുപോലെ, അതിനൂതനമായ അഭ്യുദയത്തിന്നായി ഒഴുകിയാലും! തണ്ണീരുകൾ അങ്ങയുടെ കർമ്മത്തെ സേവിയ്ക്കുന്നു. 5

സൂക്തം 83.

അംഗിരോഗോത്രൻ പവിത്രൻ ഋഷി; ജഗതി ഛന്ദസ്സ്; പവമാനസോമം ദേവത.

ബ്രഹ്മണസ്പതേ, അങ്ങയ്ക്കു് അരിപ്പ നിവൃത്തപ്പെട്ടിരിയ്ക്കുന്നു. പ്രഭുവായ ഭവാൻ അവയവങ്ങളിലെല്ലാം ചുററിനടക്കും. അതു ചൂടേല്ക്കാത്ത അപക്വന്നു കിട്ടില്ല; പാകം വന്ന നിർവാഹകർക്കേ അതു കൈവരൂ! 1

---

3. അച്ഛൻ — പർജ്ജന്യന്റെ വൃഷ്ടിയാണല്ലോ, സോമത്തെ ഉൽപാദിപ്പിയ്ക്കുന്നതു്. ആ മഹാൻ — സോമം. ഭൂമിയുടെ നാഭി — പ്രധാനദേശം. കല്ലുകൾ — അമ്മികൾ.

4. സുഖം വരുത്തുന്നു — യജമാനന്നു്. ചൊല്ലുന്നതു — സ്തുതികൾ. ആപത്തിൽ — ഞങ്ങൾക്കു ശത്രുബാധ വരുമ്പോൾ, അതു നീക്കാൻ.

സൂക്തം 83.

1. ബ്രഹ്മണസ്പതേ — ഹേ മന്ത്രനാഥ അവയവങ്ങൾ — കുടിയ്ക്കുന്നവന്റെ. അതു — അരിപ്പ. ചൂടേല്ക്കാത്ത — തപോവ്രതങ്ങളാൽ തപ്തനല്ലാത്ത. നിർവാഹകർ — യജ്ഞം നടത്തുന്നവർ. തപശ്ശക്തിയുള്ളവൎക്കേ അങ്ങയെ അരിപ്പാൻ ഭാഗ്യമുണ്ടാകൂ.

പരന്തപന്റെ അരിപ്പ സ്വർഗ്ഗപദത്തിൽ നിവൃത്തപ്പെട്ടിരിയ്ക്കുന്നു; അതിന്റെ മിന്നുന്ന നാരുകൾ പലമട്ടിൽ കിടക്കുന്നു. തന്തിരുവടിയുടെ നീരൊഴുക്ക് അരിച്ചവനെ രക്ഷിയ്ക്കും; ഇച്ഛയോടേ സ്വർഗ്ഗത്തിൻമുകളിൽ ചെന്നെത്തും. 2

ഉഷസ്സിന്റെ സൂര്യനായ മുഖ്യൻ ഒളി വീശുന്നു; അന്നത്തിന്നായി വെള്ളം പൊഴിച്ച് ഭുവനത്തെ ഭരിയ്ക്കുന്നു. ഇദ്ദേഹത്തിന്റെ പ്രജ്ഞയാലത്രേ, പ്രജ്ഞാശാലികൾ സൃഷ്ടിയ്ക്കുന്നതും, മനുഷ്യദർശികളായ പിതാക്കൾ ഗർഭം ധരിപ്പിയ്ക്കുന്നതും! 3

സത്യം: ഇദ്ദേഹത്തിന്റെ ഇരിപ്പിടത്തെ ഗന്ധർവൻ കാക്കുന്നു. ഈ മഹാൻ ദേവവർഗ്ഗത്തെ പാലിയ്ക്കുന്നു. ഈ പാശാധിപതി പരിപന്ഥിയെ പാശത്തിൽ കുടുക്കുന്നു. ഇദ്ദേഹത്തിന്റെ മധു അതിസുകൃതികൾക്കേ കുടിയ്ക്കാൻ കിട്ടൂ! 4

ഉദകവൻ, അങ്ങ് ഹവിസ്സായ ഉദകമുടുത്തു, വലിയ ദേവസദനമായ അധ്വരത്തിൽ ചുററിനടക്കുന്നു; അരചനായി അരിപ്പത്തേരിലൂടേ അടരിൽക്കേറുന്നു; ഒരായിരം ആയുധങ്ങൾകൊണ്ടു പെരിയ അന്നം കീഴടക്കുന്നു! 5

സൂക്തം 84

വാക്കിന്റെ പുത്രൻ പ്രജാപതി ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

ദേവന്മാരെ മത്തുപിടിപ്പിയ്ക്കുന്ന, നല്ല കാഴ്ചയുള്ള, ജലദാതാവായ ഭവാൻ ഇന്ദ്രന്നും വരുണന്നും വായുവിന്നുമായി നീരൊഴുക്കി

---

2. അരിച്ചവനെ—യജമാനനെ. ഇച്ഛയോടേ—ദേവന്മാരുടെ അടുക്കൽ പോകാനിച്ഛിച്ച്. ചെന്നെത്തും—ഹോമദ്വാരാ.

3. സൂര്യാത്മാവായ സോമത്തെ സ്തുതിയ്ക്കുന്നു: മുഖ്യൻ—സോമം. അന്നത്തിന്നായി—ഭുവനത്തിന്നു ഭക്ഷണം കിട്ടാൻ. വെള്ളം പൊഴിച്ച്—മഴ പെയ്ത്. പ്രജ്ഞാശാലികൾ—ദേവന്മാർ; ഇവക്കു ബലമുണ്ടാകുന്നതു സോമപാനത്താലാണല്ലോ. പിതാക്കൾ—രക്ഷകങ്ങളായ രശ്മികൾ. ഗർഭം ധരിപ്പിയ്ക്കുന്നതും—ഓഷധികളെ.

4. ഗന്ധർവൻ—ഗന്ധർവനത്രേ, സോമത്തിന്റെ കാവല്ക്കാരൻ. പരിപന്ഥിയെ—നമ്മുടെ ശത്രുവിനെ.

5 അന്നം—ഞങ്ങൾക്കു തരാൻ.

യാലും; ഇന്നു ഞങ്ങൾക്കു് അനശ്വരമായ ധനം ഉളവാക്കിയാലും;
പരന്ന നിലത്തു, ദേവന്മാരെക്കുറിച്ചു പാടിയാലും! 1

അമർത്ത്യനായ യാതൊരു സോമം ഭുവനങ്ങളിലെല്ലാം ചെല്ലു
കയും, അവിടങ്ങളിൽ ചുററിനടക്കുകയുംചെയ്യുന്നുവോ; ആ ഇന്ദു
ചേർത്തുകൊണ്ടും വിടുർത്തുകൊണ്ടും, സൂര്യൻ ഉഷസ്സിനെയെന്ന
പോലെ, യജ്ഞത്തെ പ്രാപിയ്ക്കുന്നു! 2

ഇച്ഛയാൽ സമ്പന്നതടക്കിയ യാതൊരുവൻ ദേവന്മാരെ സുഖി
പ്പിയ്ക്കാൻ ഓഷധികളുടെയിടയിൽ രശ്മികളാൽ സ്രഷ്ടിയ്ക്കപ്പെടുന്നു
വോ: ആ സോമം പിഴിയപ്പെട്ടു്, ഇന്ദ്രനെയും ദേവന്മാരെയും
മത്തുപിടിപ്പിച്ചുകൊണ്ടു, മീന്നുന്ന നീരൊഴുക്കുന്നു! 3

ഇതാ, ആയിരത്തെ വെന്ന ആ ഇന്ദുവായ സോമം, ഉഷസ്സിലു
ണർന്നണയുന്ന സ്തുതി ചോല്ലിച്ചുംകൊണ്ടു നീരൊഴുക്കുന്നു—കാററെ
ററു നീർ പുറപ്പെടുവിയ്ക്കുന്നു; ഇന്ദ്രന്നു സുഖം തോന്നുമാറു കലശങ്ങളി
ലിരിയ്ക്കുന്നു! 4

സ്തോതാവിന്നെന്നും കിട്ടിയ്ക്കുന്ന, തണ്ണീരിനെ തഴപ്പിയ്ക്കുന്ന
ആ സോമനീരിൽ പൈക്കൾ പാൽ കൂട്ടുന്നു; ധനഞ്ജയനും, കർമ്മ
പടുവും, മേധാവിയും, സർവാന്നസഹിതനുമായ കവിയുടെ നീർ
കർമ്മികളാൽ അരിയ്ക്കപ്പെടുന്നു. 5

സൂക്തം 85.

ഭൃഗുഗോത്രൻ വേനൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
പവമാനസോമം ദേവത.

സോമമേ, അങ്ങു് വഴിപോലെ സ്തുതിയ്ക്കപ്പെട്ടു്, ഇന്ദ്രന്നായി
നീരൊഴുക്കിയാലും: രോഗവും രക്ഷസ്സും വിട്ടുപോകട്ടെ. ഇരുതര

സൂക്തം 84.

1. പ്രത്യക്ഷോക്തി: പരന്ന നിലത്തു—യാഗശാലയിൽ. പാടിയാലും—
ഒച്ച പുറപ്പെടുവിച്ചാലും: അതു കേട്ടു ദേവന്മാർ വന്നെത്തട്ടെ.

2. ചേർക്കുക—യജമാനനെ ഫലങ്ങളോടു്. വിടുർത്തുക—ദുഃഖങ്ങളിൽ
നിന്നു്.

3 ഇച്ഛയാൽ—ദേവപ്രാപ്തികാംക്ഷയാൽ.

4. ആയിരത്തെ—വളരെ വൈരികളെ ചൊല്ലിച്ചുംകൊണ്ടു്—ഋത്വി
ക്കുകളെക്കൊണ്ടു്.

ക്കാർ അങ്ങയുടെ നീരാൽ മത്തടിച്ചുകൂടാ; ഇന്ദുക്കരം ഇവിടെ ധനം വളർത്തട്ടെ! 1

പവമാനമേ, അങ്ങ് ഞങ്ങളെ പടയിലിറക്കുക: ദേവന്മാർക്കരിമപ്പെട്ട മദകാരിയാണല്ലോ, കഴിവുററ ഭവാൻ. അങ്ങ് കൂടലരെ ഓടിച്ചാലും; സ്തുതികാമരിൽ വന്നുചേന്നാലും. ഇന്ദ്ര, നിന്തിരുവടി സോമം കുടിയ്ക്കുക. ഞങ്ങളെ രക്ഷിയ്ക്കുക; ദ്രോഹികളെ പോക്കുക! 2

ഇന്ദുവേ, ദ്യുലോകം മഞ്ഞുപിടിപ്പിയ്ക്കുന്ന അഹിംസിതനായ ഭവാൻ അരിയ്ക്കപ്പെടുന്നു: ഇന്ദ്രൻെറ ആഹാരമാണല്ലോ, സ്വതവേ ശ്രേഷ്ഠനായ ഭവാൻ! ഈ ഭുവനത്തിൻെറ രാജാവിനെ വളരെ മനീഷികരം സ്തുതിയ്ക്കുന്നു, ഭജിയ്ക്കുന്നു 3

ആയിരംമട്ടിൽ നയിയ്ക്കുന്ന, നൂറുധാരകളുള്ള, അത്ഭുതകരനായ ഇന്ദു ഇന്ദ്രന്നായി കാമ്യമായ മധു പൊഴിയ്ക്കുന്നു. സോമമേ, നന്നയ്ക്കുന്നവനേ, അവിടുന്നു നിലമടക്കി, ജലമടക്കി, കേറിയാലും; ഞങ്ങരംക്കു വിശാലമായ മാർഗ്ഗം അരുളിയാലും! 4

സോമമേ, ഒച്ചയിടുന്ന ഭവാൻ കലശത്തിൽ ഗവ്യം തേപ്പിയ്ക്കപ്പെടുന്നു; അരികേ കമ്പിളിയിൽ പൂകുന്നു. അരിയ്ക്കപ്പെടുന്ന ഭവാൻ, ഒരു കുതിരപോലെ ചെന്ന്, ഇന്ദ്രൻെറ വയററിലെയ്ക്കൊഴുകുന്നു! 5

മധുവോലുന്ന അഹിംസ്യനായ ഭവാൻ ദേവഗണത്തിന്നു മധുരിയ്ക്കുമാറ്, ശോഭനാഹ്വാനനാമാവായ ഇന്ദ്രന്നു മധുരിയ്ക്കുമാറ്, മിത്രന്നും വരുണന്നും വായുവിന്നും ബൃഹസ്പതിയ്ക്കും മധുരിയ്ക്കുമാറ് നീരൊഴുക്കിയാലും! 6

സൂക്തം 85.

1. ഇരുതരക്കാർ—പുറത്തു സത്യം, അകത്തു കപടം എന്ന മട്ടുകാർ, വഞ്ചകർ; ഇവർക്കു കുടിപ്പാൻ കിട്ടരുത്, അങ്ങയുടെ നീർ. ബാക്കി പരോക്ഷം:

2. സ്തുതികാമരിൽ—സ്തുതിപ്പാനിച്ഛിയ്ക്കുന്ന ഞങ്ങളുടെ അടുക്കൽ.

3. ഒടുവിലെ വാക്യം പരോക്ഷം: രാജാവിനെ— സോമത്തെ.

4. നയിയ്ക്കുന്ന—യജമാനരെ കൊണ്ടുനടക്കുന്ന. നിലം—വയൽ. അടക്കി—ഞങ്ങരംക്കുവേണ്ടി കീഴ്പെടുത്തി. കേറിയാലും—അരിപ്പയിൽ.

6. ശോഭനാഹ്വാനനാമാവായ—ഇന്ദ്രനെ വിളിയ്ക്കുന്നതും, പേരുച്ചരിയ്ക്കുന്നതും ശ്രേയസ്കരമാണല്ലോ.

അശ്വത്തെ കലശത്തിൽ പത്തുവീരലുകൾ തിരുമ്മുന്നു; മേധാവികൾ സ്തുതി മുഴക്കുന്നു. മത്തുപിടിപ്പിയ്ക്കുന്ന പവമാനസോമം ശോഭനസ്തവത്തിലണയുന്നു; ഇന്ദ്രങ്കൽ പൂകുന്നു! 7

പവമാനസോമമേ, അങ്ങ് നല്ല വീര്യവും പരന്ന മേച്ചിൽപ്പുറവും, വിശാലമായ വലിയ ഗൃഹവും കിട്ടിച്ചാലും. ഞങ്ങളുടെ ഈ (കർമ്മം) മുടക്കാൻ ആരും ആളാകരുത്. ഞങ്ങൾ അങ്ങയെക്കൊണ്ട് ഓരോ ധനവും വെന്നടക്കുമാറാകണം! 8

വിശേഷേണ വീക്ഷിയ്ക്കുന്ന വൃഷാവു വിണ്ണിൽ വാണരുളി; വിണ്ണിന്റെ വിളക്കുകളെ വിവിധമായി പ്രകാശിപ്പിച്ചു. കവിയായ രാജാവു ശബ്ദിച്ചുകൊണ്ട് അരിപ്പ വിടുന്നു; മനുഷ്യരെ തൃക്കൺപാർത്തു, വിണ്ണിലെ അമൃതൊഴുക്കുന്നു! 9

മലയിൽ വാണ വർഷകനെ യജ്ഞത്തിന്റെ സ്വർഗ്ഗത്തിൽ മധുരഭാഷികളായ വേനന്മാർ വെവ്വേറെ പിഴിയുന്നു: വെള്ളത്തിൽ വളർന്ന ആ ഇനിയ നീരിനെ അരിപ്പയിലും, കലശത്തിൽ തണ്ണീരലയിലും പകരുന്നു. 10

സ്വർഗ്ഗത്തിലെയ്ക്കു പറക്കുന്ന സുപർണ്ണനെ വേനന്മാരുടെ വളരെ വാണികൾ മോടിപ്പെടുത്തുന്നു—ഒലിയിട്ടുകൊണ്ടു നിലത്തിരിയ്ക്കുന്ന പൊൻപറവക്കുഞ്ഞിനെ സ്തുതികൾ നക്കുന്നു! 11

ഉയർന്ന ഗന്ധർവൻ ആദിത്യന്റെ രൂപമെല്ലാം നോക്കിക്കൊണ്ട്, അദ്ദേഹത്തിൽ കുടികൊള്ളുന്നു; മിന്നിത്തിളങ്ങുന്ന സൂര്യൻ തെളിഞ്ഞ തേജസ്സുകൊണ്ട്, അമ്മമാരായ വാനൂഴികളെ വിളങ്ങിയ്ക്കുന്നു! 12

---

7. അശ്വത്തെ——സോമത്തെ.

9. വീക്ഷിയ്ക്കുന്ന——ലോകത്തെ. വിളക്കുകൾ——നക്ഷത്രാദികൾ. അമൃത്——തന്റെ അതിമധുരമായ നീര്.

10. യജ്ഞത്തിന്റെ സ്വർഗ്ഗത്തിൽ——ഹവിർദ്ധാനസ്ഥലത്ത്. മധുരഭാഷികളായ——മധുരമായി സ്തുതിയ്ക്കുന്ന. വേനന്മാർ——എന്റെ കൂട്ടർ.

11. സുപർണ്ണനെ——സോമത്തെ: പർണ്ണത്തിന്നു് ഇല എന്നും ചിറകെന്നും അർത്ഥമുണ്ട്. വാണികൾ——സ്തുതികൾ. നിലത്ത്——ഹവിർദ്ധാനസ്ഥലത്ത്. നക്കുന്നു——സുഖിപ്പിയ്ക്കുന്നു.

12. ഗന്ധർവൻ——സോമം.

സൂക്തം 86.

ആകൃഷ്ട—മാഷർ, സികത—നീവാവരികൾ, പൃശ്നി—അജർ, എന്നീ ഗണങ്ങളും, ഭൂമിപുത്രൻ അത്രിയും, ഗൃത്സമദനും ഋഷികൾ; ജഗതി ഛന്ദസ്സ്; പവമാനസോമം ദേവത.

പവമാനസോമമേ, അങ്ങയുടെ പരന്ന മനോവേഗികളായ നീരുകൾ, കുതിരക്കുട്ടികൾപോലെ നിഷ്പ്രയാസം ചാടിയോടുന്നു, വാനിൽനിന്നു് അഴകിലൊഴുകുന്ന, തുലോം മത്തുപിടിപ്പിയ്ക്കുന്ന മധുരനീരുകൾ കലശത്തിൽ കടക്കുന്നു. 1

അങ്ങയുടെ പരന്ന മദകരങ്ങളായ രസങ്ങൾ, തേർക്കുതിരകൾ പോലെ അഴിച്ചുവിടപ്പെടുന്നു: ആ ഇനിയ സോമനീരുകൾ, കറവപ്പൈക്കൾ കന്നിങ്കലെയ്ക്കുന്നപോലെ, വജ്രിയായ ഇന്ദ്രങ്കലെയ്ക്കു പായുന്നു. 2

ഒരു തെളിയ്ക്കപ്പെടുന്ന കുതിര യുദ്ധത്തിലെന്നപോലെ, സർവജ്ഞനായ ഭവാൻ വാനിൽനിന്നു ജലജനകമായ കലശത്തിലിറങ്ങിയാലും! വൃഷാവായ സോമം താങ്ങായ ഇന്ദ്രന്നുവേണ്ടി, ഉയർന്ന കമ്പിളിയരിപ്പയിൽ അരിയ്ക്കപ്പെടുന്നു. 3

പവമാനമേ, ഭവാന്റെ പരന്ന, മനോവേഗമിയന്ന ദിവ്യ (ധാരകൾ) പാലോടു ചേർന്നു കലശത്തിലെയ്ക്കിറങ്ങുന്നു: ഋഷിസേവിത, അങ്ങയെ പിഴിഞ്ഞ കർമ്മികളായ ഋഷിമാർ സ്ഥൂലങ്ങളായ അവയെ പാത്രങ്ങളിൽ പകരുന്നു. 4

സൂക്തം 86.

ആകൃഷ്ടർ എന്നും മാഷർ എന്നും രണ്ടു പേരുകളുള്ള ഒരു ഗണവും, സികതർ എന്നും നീവാരികൾ എന്നും രണ്ടു പേരുകളുള്ള മറെറാരു ഗണവും, പൃശ്നികൾ എന്നും അനജർ എന്നും രണ്ടു പേരുകളുള്ള വേറേ ഒരു ഗണവുമാണു്, ഈ സൂക്തത്തിൽ ആദ്യംമുതൽ പതിപ്പത്തു് ഋക്കുകൾക്കു യഥാക്രമം ഋഷികൾ. 31 മുതൽ 10 ഋക്കുകൾക്കു, ആകൃഷ്ട—മാഷർതന്നെ ഋഷികൾ. 41 മുതൽ 5 ഋക്കുകൾക്കു് അത്രി; ബാക്കി മൂന്നിന്നു ഗൃത്സമദൻ.

1. വാനിൽനിന്നു്—അരിപ്പയിൽനിന്നു്.
2. രണ്ടാംവാക്യം പരോക്ഷം:
3. ദ്വിതീയവാക്യം പരോക്ഷം:
4. അവ—ധാരകൾ.

വിശ്വദർശിൻ, പ്രഭുവായ അങ്ങയുടെ പെരിയ അടയാളം എല്ലാത്തേജസ്സുകളിലും ചുററിനടക്കുന്നു. സോമമേ, വ്യാപിയായ ഭവാൻ ധർമ്മമൊഴുക്കുന്നു. ഉലകിന്നൊക്കെ ഉടമയായ പെരുമാളാണ്, ഭവാൻ! 5

സുസ്ഥിരമായി വർത്തിയ്ക്കുന്ന സോമത്തിൻെറ അടയാളമായ രശ്മികൾ ഇങ്ങും അങ്ങും ചുററിനടക്കുന്നു. അരിപ്പയിൽ അരിയ്ക്കപ്പെട്ടുകഴിഞ്ഞാൽ, ഈ ശ്യാമളവർണ്ണൻ, തൻെറ ഇരിപ്പിടത്തിൽ––കലശങ്ങളിൽ––അടങ്ങിയിരിയ്ക്കും. 6

യാഗത്തിൻെറ അടയാളമായ, സുയജ്ഞമായ സോമം പിഴിയപ്പെടുന്നു; ദേവന്മാരുടെ വെട്ടപ്പാർന്ന സ്ഥലത്തെയ്ക്കു പോകുന്നു. ആയിരംധാരകളോടുകൂടിയ വൃഷാവ് ഒലിയിട്ടുകൊണ്ട് അരിപ്പ വിട്ടിറങ്ങുന്നു, കലശം പൂകുന്നു. 7

രാജാവ് അന്തരിക്ഷത്തിൽ അംഭസ്സുകളിലിറങ്ങുന്നു: വെള്ളത്തിൽ വർത്തിച്ചു നീരലയൊഴുക്കുന്നു; സ്വർഗ്ഗത്തിൻെറ വലിയ താങ്ങായ പവമാനൻ ഭൂമിയുടെ നാഭിയിൽ, ഉയർന്ന കമ്പിളിയിൽ കേറുന്നു. 8

സോമം സ്വർഗ്ഗത്തിൻെറ മേൽവശത്തെ ഒലിക്കൊള്ളിപ്പാനെന്നപോലെ ഒച്ചയിടുന്നു, താനാണല്ലോ, വിണ്ണിന്നും മന്നിന്നും താങ്ങ്! താൻ ഇന്ദ്രൻെറ സഖ്യം നണ്ണി, നീരൊഴുക്കുന്നു; അരിയ്ക്കപ്പെട്ടിട്ടു കലശങ്ങളിലിരിയ്ക്കുന്നു. 9

യാഗത്തിൻെറ വെളിച്ചവും, ദേവന്മാരുടെ രക്ഷിതാവും, ഉൽപാദകനും, ബഹുധനനുമായ സോമം അരിയ മധുവൊഴുക്കുന്നു; തുലോം മത്തുപിടിപ്പിയ്ക്കുന്ന, ഇന്ദ്രനെ തടിപ്പിയ്ക്കുന്ന ആ നീർ വാനൂഴികളിൽ മറഞ്ഞുകിടക്കുന്ന രത്നം (സ്തോതാക്കളിൽ) നിക്ഷേപിയ്ക്കുന്നു! 10

നൂറുധാരകളുള്ള, വിണ്ണുടമയായ, വിചക്ഷണനായ വാജി ശബ്ദിച്ചുകൊണ്ടു കലശത്തിലെയ്ക്കിറങ്ങുന്നു; കമ്പിളിയരിപ്പയിൽ അരിയ്ക്കപ്പെട്ടു, പച്ചനിറം പൂണ്ട വൃഷാവു മിത്രസദനങ്ങളിലിരിയ്ക്കുന്നു. 11

അഗ്ര്യനായ പവമാനൻ തണ്ണീരുകളുടെ മുകളിൽ ചെല്ലുന്നു, വാക്കിൻെറ മുകളിൽ ചെല്ലുന്നു, രശ്മികളുടെ മുകളിൽ ചെല്ലുന്നു;

---

5. അടയാളം––രശ്മികൾ.
6. ഇങ്ങും അങ്ങും––ഭൂമിയിലും, ആകാശത്തും.
8. രാജാവ്––സോമം. ഭൂമിയുടെ നാഭി––ഹവിർദ്ധാനസ്ഥലം.
10. ഉൽപാദകൻ––സർവസ്രഷ്ടാവ്. നിക്ഷേപിയ്ക്കുന്നു––കൊടുക്കുന്നു.
11. മിത്രസദനങ്ങൾ––യജ്ഞഗൃഹങ്ങൾ.

അന്നത്തിന്ന് അടരിലണയുന്നു. ആ ശോഭനായുധനായ വൃഷാവു പിഴിഞ്ഞവരാൽ അറിയപ്പെടുന്നു. 12

ഇതാ, കൊണ്ടാടപ്പെട്ട പവമാനസോമം, ഒരു വിമുക്തപക്ഷി പോലെ, നീരൊഴുക്കിക്കൊണ്ടു കമ്പിളിയിലെയ്തു പോകുന്നു. കവേ, ഇന്ദ്ര, നിന്തിരുവടിയുടെ കർമ്മത്താലും, നിന്തിരുവടിയുടെ ബുദ്ധിയാലും വാനൂഴികളുടെ ഇടയിൽ പരിശുദ്ധം അറിയപ്പെടുന്നു! 13

വാനിലുരുമ്മുന്ന കവചം ധരിച്ച, യജനീയനായ അന്തരിക്ഷപൂരകൻ അംഭസ്സിൽ അർപ്പിയ്ക്കപ്പെടുന്നു; സ്വർഗ്ഗത്തെ വെളിപ്പെടുത്തിക്കൊണ്ടു, വെള്ളത്തിലൂടേ നീന്തിച്ചെന്ന്, ഇതിന്റെ പുരാതനരക്ഷിതാവിനെ പരിചരിയ്ക്കുന്നു! 14

യാതൊന്ന് അദ്ദേഹത്തെ മുല്പാടു പ്രാപിച്ചുവോ, യാതൊന്ന് അത്യുന്നതമായ ആകാശത്തു കുടികൊള്ളുന്നുവോ, യാതൊന്നിനാൽ അദ്ദേഹം എല്ലാ യുദ്ധങ്ങളിലും ചെന്നണയുന്നുവോ, അത് അദ്ദേഹത്തിന്നു പ്രവേശിപ്പാൻ വലിയ സുഖം ഉളവാക്കുന്നു! 15

ഇന്ദു ഇന്ദ്രന്റെ ഉള്ളറയിൽ കേറുന്നു: സഖാവു സഖാവിന്റെ തിരുവയറിനെ നോവിയ്ക്കാറില്ല. പുരുഷൻ യുവതികളോടെന്നപോലെ, സോമം ഒരു നൂറു തുളകളുള്ള വഴിയിലൂടേ കലശത്തിൽ (തണ്ണീരുകളോടു) ചേരുന്നു! 16

അങ്ങയെ ധ്യാനിയ്ക്കുന്ന സ്തോതാക്കൾ മത്തുണ്ടാക്കുന്ന ശബ്ദത്തിന്നും സ്തുതിയ്ക്കുംവേണ്ടി യാഗശാലകളിൽ പെരുമാറുന്നു—മനസ്സടക്കിയ സ്തോതാക്കൾ സോമത്തെ സ്തുതിയ്ക്കുന്നു; പൈക്കൾ ഇതിൽ പാൽ ചേർക്കുന്നു. 17

---

12. വാക്ക്——അന്തരീക്ഷശബ്ദം. വൃഷാവ്——സോമം.

13. വിമുക്തപക്ഷിപോലെ——വിട്ടയയ്ക്കപ്പെട്ട പക്ഷി വേഗം പറന്നുപോകുന്നതുപോലെ. പരിശുദ്ധം——സ്വതശ്ശുദ്ധമായ സോമം.

14. കവചം——തേജസ്സ് എന്നർത്ഥം. അന്തരിക്ഷപൂരകൻ——അന്തരിക്ഷത്തെ വെള്ളംകൊണ്ടു നിറയ്ക്കുന്ന സോമം. ഇതിന്റെ——വെള്ളത്തിന്റെ. പുരാതനരക്ഷിതാവിനെ——ഇന്ദ്രനെ.

15. അദ്ദേഹത്തെ——ഇന്ദ്രനെ. മുല്പാടു——മററു ദേവന്മാരെ പ്രാപിയ്ക്കുന്നതിന്നുമുമ്പ്. അത്——ആ സോമം.

16. ഉള്ളറ——ഉദരമെന്നർത്ഥം. സഖാവിന്റെ——ഇന്ദ്രന്റെ.

17. പ്രത്യക്ഷോക്തി: ഇതിൽ——സോമനീരിൽ.

ഇന്ദുവേ, പവമാനസോമമേ, യാതൊന്നു ഞങ്ങൾക്ക്, ഒരു നാളിൽ മൂന്നുരു തടവില്ലാതെ, യശസ്സും ഓജസ്സും മാധുര്യവുമുള്ള സുവീര്യത്തെ ചുരത്തുമോ, ആ സൂക്ഷിയ്ക്കപ്പെട്ട അന്നം ഭവാൻ ഞങ്ങൾക്ക ധാരാളം അക്ഷീണം ഒഴുക്കിയാലും! 18

സ്തോതാക്കൾക്ക് അഭീഷ്ടം വർഷിയ്ക്കുന്ന, നല്ല കാഴ്ചയുള്ള, പകലിനെയും ഉഷസ്സിനെയും ദ്യോവിനെയും കൈവളർത്തുന്ന സോമം മനീഷികളാൽ അരിയ്ക്കപ്പെടുന്നു; ഈ ഉദകോല്ലാദകൻ ഇന്ദ്രന്റെ ഉള്ളിൽ കടക്കാൻ കലശം പൂകുകയുമായി— 19

പുരാതനനായ കവി മനീഷികളാൽ അരിയ്ക്കപ്പെടുന്നു; നേതാക്കളാൽ പിടിയ്ക്കപ്പെട്ട കലശത്തിലെയ്ക്കു ശബ്ദിയ്ക്കുന്നു; യഷ്ടാവിന്നു ജലമുളവാക്കിക്കൊണ്ട്, ഇന്ദ്രനോടും വായുവിനോടും സഖ്യം ചെയ്യാൻ മധുവൊഴുക്കുന്നു! 20

ഈ സോമം അരിയ്ക്കപ്പെട്ടിട്ട് ഉഷസ്സുകളെ ഉദ്ഭാസിപ്പിയ്ക്കുന്നു. ഈ ജഗൽകർത്താവു തണ്ണീരുകളാൽ തഴയ്ക്കുന്നു. ഈ മദകരൻ മുവ്വേഴുരു കൂട്ടുദ്രവ്യം കറന്നെടുത്തു, മനം പൂകാൻ അഴകിൽ ഒഴുകുന്നു. 21

സോമമേ, ഇന്ദുവേ, അരിപ്പയിലും കലശത്തിലും വീഴ്ത്തപ്പെട്ട ഭവാൻ ദിവ്യപദങ്ങളിലെയ്ക്കൊഴുകിയാലും: ശബ്ദിച്ചുകൊണ്ട് ഇന്ദ്രന്റെ വയററിലെയ്ക്കു പോകുന്ന ഭവാനാണല്ലോ, നേതാക്കളാൽ എടുക്കപ്പെട്ടിട്ടു, സൂര്യനെ നഭസ്സിൽ കേററിയതു്! 22

ഇന്ദോ, അമ്മികൊണ്ടു പിഴിയപ്പെട്ട ഭവാൻ, ഇന്ദ്രന്റെ കുമ്പയിൽ കടക്കാൻ, അരിപ്പയിൽ അരിയ്ക്കപ്പെടുന്നു. വിചക്ഷണ, സോമമേ, അങ്ങ് മനുഷ്യരെ നോക്കുന്നു: അതാണല്ലോ, അംഗിരസ്സുകൾക്ക മല തുറന്നുകൊടുത്തതു്! 23

---

18. സുവീര്യത്തെ—സത്സന്താനത്തെ.

20. കലശത്തിലെയ്ക്കു—കലശം പൂകാൻ.

21. മുവ്വേഴുരു—ഇരുപത്തൊന്നു പൈക്കളിൽനിന്നു്. കൂട്ടുദ്രവ്യം—പാൽ. കറന്നെടുത്തു—ഋത്വിക്കുകളുടെ കറക്കൽ സോമത്തിന്റേതാക്കി ഉപചരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മനം—ഇന്ദ്രഹൃദയം.

22. വീഴ്ത്തുക=പകരുക. ദിവ്യപദങ്ങളിലെയ്ക്കു്—ദേവന്മാരുടെ ഇടയിലേയ്ക്കു്. എടുക്കപ്പെട്ടിട്ടു—ഹോമിയ്ക്കപ്പെട്ടിട്ടു് എന്നർത്ഥം.

23. മല—പൈക്കളെ ഒളിപ്പിച്ച പർവതഗുഹ.

പവമാനസോമമേ, സുകർമ്മാക്കളായ മേധാവികരം രക്ഷയ്ക്കാ
യി അങ്ങയെ സ്തുതിയ്ക്കുന്നു: ഇന്ദുവേ, സ്വർഗ്ഗത്തിൽനിന്നു പരുന്തു
കൊണ്ടുവന്നവനാണല്ലോ, എല്ലാ സ്തോത്രവുമണിഞ്ഞ ഭവാൻ! 24

നീർ കമ്പിളിയിൽ അരിയ്ക്കപ്പെട്ട ഹരിതവർണ്ണനെ ഏഴു ധേനു
ക്കരം സമീപിയ്ക്കുന്നു; ആ കവിയെ മഹാന്മാരായ മനുഷ്യർ അന്ത
രിക്ഷത്തിൻെറ മടിയിൽ, വെള്ളത്തിലിടുന്നു. 25

സോമം അരിയ്ക്കപ്പെട്ടു യഷ്ടാവിന്നു വഴിയെല്ലാം നന്നാക്കാൻ
ശത്രുക്കളെ പിന്നിട്ടെഴുന്നള്ളുന്നു: തൻെറ രൂപത്തെ പാലാക്കുന്ന,
കമനീയനായ കവി, ഒരശ്വംപോലെ കളിയാടിക്കൊണ്ടു കമ്പിളി
യിലിറങ്ങുന്നു. 26

വെവ്വേറെ ചുഴന്നു് ആ ശതധാരകരം വെള്ളത്തിന്നായി ഹരി
തവർണ്ണങ്കലണയുന്നു. ദ്യോവിൻെറ രോചനത്തിൽ, മൂന്നാം മുക
ളിൽ, വസിയ്ക്കുന്ന ഗോപരീതനെ വിരലുകരം ശുചീകരിയ്ക്കുന്നു. 27

പവമാനേന്ദുവേ, ഭവാൻെറ ദിവ്യരേതസ്സിൽനിന്നത്രേ, ഈ
പ്രജകരം (ജനിച്ചതു്). പാരിന്നെല്ലാം പെരുമാളാണു്, ഭവാൻ.
ഈയുലകം ഭവാൻെറ കീഴിലാകുന്നു. മുഖ്യനായ ഭവാനാണു്,
ഓരോ ഇടത്തിന്നും താങ്ങു്! 28

കവേ, ഒരു സമുദ്രമാകുന്നു, സർവജ്ഞനായ ഭവാൻ. ഈ
അഞ്ചു പ്രദിക്കുകരംക്കും ഭവാനാണു്, താങ്ങു്: വിണ്ണിനെയും
മന്നിനെയും ഭവാൻ ഭരിയ്ക്കുന്നു. ഭവാൻെറ തേജസ്സുകളെയത്രേ,
സൂര്യൻ തഴപ്പിയ്ക്കുന്നതു്! 29

പവമാനസോമമേ, അങ്ങു് ദേവന്മാർക്കുവേണ്ടി, പാരിന്നു താ
ങ്ങായ അരിപ്പയിൽ അരിയ്ക്കപ്പെടുന്നു. അങ്ങയെ കാമയമാനരായ

25. ധേനുക്കരം—കറവപ്പൈക്കരം; അല്ലെങ്കിൽ നദികരം.

26. പാലാക്കുന്ന—സ്വാദുകരിയ്ക്കുന്ന.

27. ശതധാരകരം—സൂര്യരശ്മികരം. മൂന്നാം മുകളിൽ—സ്വർഗ്ഗത്തിൽ. ഗോപരീതനെ—പൈക്കളാൽ പരിവൃതനായ സോമത്തെ.

29. സമുദ്രം—വൃഷ്ടിഹേതു എന്നർത്ഥം. അഞ്ചുപ്രദിക്കുകരം—നാലു ദിക്കു കളും, ആകാശവും. സൂര്യൻ തഴപ്പിച്ചുപോരുന്ന തേജസ്സു് ഭവാൻേറതാകുന്നു.

പ്രധാനർ കൈക്കൊള്ളുന്നു. അങ്ങയ്ക്കായിട്ടത്രേ, ഈ ജഗത്തെല്ലാം അടങ്ങിനില്ക്കുന്നത്! 30

പല്പനിറം പൂണ്ട വൃഷാവു ശബ്ദിച്ചുകൊണ്ടു കമ്പിളിയിൽ കേറുന്നു; വെള്ളത്തിൽ ഒലികൊള്ളുന്നു. ധ്യാതാക്കൾ കാംക്ഷിച്ചു സ്തുതിയ്ക്കുന്നു: നിലവിളിയ്ക്കുന്ന കുഞ്ഞിനെ സ്തുതികൾ നക്കുന്നു! 31

ആ പ്രജാപാലകൻ സൂര്യരശ്മികൊണ്ടു പുതയ്ക്കുന്നു. മൂവിഴന്തലിനെ മുഴമിപ്പിയ്ക്കാൻ പരത്തുന്നു. സത്യകർമ്മാവിന്നു് അതിന്തന്നാഭീഷ്ടങ്ങൾ കിട്ടിയ്ക്കാൻ, വെട്ടപ്പാന്ന പാത്രത്തിൽ ചെല്ലുന്നു! 32

അംഭസ്സുകളുടെ അരചൻ നീരൊഴുക്കുന്നു; വിണ്ണിന്റെ ഉടയവൻ ഒലിയിട്ടുകൊണ്ടു യജ്ഞമാർഗ്ഗങ്ങളിലൂടേ നടക്കുന്നു; അരിയ്ക്കപ്പെട്ട, ആയിരംധാരകളോടുകൂടിയ, ധനസമേതനായ ഹരിതവർണ്ണൻ ശബ്ദിച്ചുകൊണ്ടു പകന്നു വെയ്ക്കപ്പെടുന്നു. 33

പവമാനമേ, അങ്ങ്, പൂജനീയനായ സൂര്യൻപോലെ വളരെ വെള്ളം പൊഴിയ്ക്കുന്നു; കമ്പിളിയരിപ്പയിൽ പൂകുന്നു; നേതാക്കളാൽ അമ്മികൊണ്ടും കൈകൾകൊണ്ടും പിഴിഞ്ഞരിയ്ക്കപ്പെട്ടിട്ടു, ധനം നേടാൻ പെരുംപോരിന്നെഴുന്നള്ളുന്നു! 34

പവമാനമേ, അങ്ങ് അന്നവും ബലവും വഹിയ്ക്കുന്നു; ഒരു പരുന്തു കൂട്ടിലെന്നപോലെ, കലശത്തിലിരിയ്ക്കുന്നു. ഇന്ദ്രനെ മത്തുപിടിപ്പിയ്ക്കുന്നതും, സ്വർഗ്ഗത്തിന്നു് ഒരു മികച്ച തൂണും, വിചക്ഷണവുമാകുന്നു, പിഴിയപ്പെട്ട മാദകരസം! 35

വിദ്വാൻ, ജലോൽപാദകൻ, ഗന്ധർവൻ, ദിവ്യൻ, മനുഷ്യദർശി— ഇങ്ങനെ പുതുതായിപ്പിറന്ന ഒരു പൈതലായ സോമ

---

30. പാരിന്നു താങ്ങായ——സോമനീരരിയ്ക്കുക എന്നതില്ലെങ്കിൽ, ലോകം നിരാധാരമായിപ്പോകും! പ്രധാനർ——ഋത്വിക്കുകൾ.

31. കാംക്ഷിച്ചു——യജ്ഞകാമരായി. നക്കുന്നു——പൈക്കൾപോലെ എന്ന് ഉപമ വ്യഞ്ജിയ്ക്കുന്നു.

32. പ്രജാപാലകൻ——സോമം. മൂവിഴന്തൽ——സവനത്രയോപേതമായ യജ്ഞം. പരത്തുന്നു——നെയ്യുന്നു. സത്യകർമ്മാവ്——യജമാനൻ.

35. ഇന്ദ്രനെ എന്നാദിയായ വാക്യം പരോക്ഷം: വിചക്ഷണം——നന്നായി കാണുന്നത്.

ത്തെ, അമ്മമാരായ ഏഴു സഹോദരിമാർ, ഭുവനത്തിന്നെല്ലാം ശോഭ വരുത്താൻ (പരിചരിയ്ക്കുന്നു). 36

ഇന്ദോ, ഈശനായ നിന്തിരുവടി പച്ചപ്പെൺകുതിരകളെ പൂട്ടി ഈ ഭുവനങ്ങളിൽ സഞ്ചരിയ്ക്കുന്നു: അവ അങ്ങയുടെ മധുരമായ തെളിനീർ പൊഴിയ്ക്കട്ടെ; സോമമേ, മനുഷ്യർ ഭവാന്റെ കർമ്മത്തിൽ നില്ക്കട്ടെ! 37

പവമാനസോമമേ, ഭവാൻ സർവത്ര മനുഷ്യരെ നോക്കുന്നു; ജലം വഷിച്ച്, അതിൽ നീന്തുന്നു. ആ നിന്തിരുവടി ഞങ്ങൾക്കു സ്വത്തും സ്വർണ്ണവും ഒഴുക്കുക: ഞങ്ങൾ ലോകത്തിൽ ജീവിച്ചുകൊള്ളട്ടെ! 38

ഇന്ദോ, അംശ്വസ്സിലപ്പിയ്ക്കപ്പെട്ട ഭവാൻ ഗോക്കളെ കിട്ടിച്ച്, സ്വത്തു കിട്ടിച്ച്, സ്വർണ്ണം കിട്ടിച്ച്, രേതസ്സു കിട്ടിച്ച് ഒഴുകിയാലും. സോമമേ, സുവീര്യനും സർവജ്ഞനുമാണല്ലോ, അവിടുന്ന്; ആ നിന്തിരുവടിയെ ഇതാ, മേധാവികൾ സ്തുതിച്ചുപാസിയ്ക്കുന്നു! 39

മധുരനീര് സ്തുതികളെ പൊങ്ങിയ്ക്കുന്നു; മഹാൻ തണ്ണീരുടുത്ത് ഇറങ്ങുന്നു. അരിപ്പത്തേരിൽ കേറിയ രാജാവു പോരിലെഴുന്നള്ളുന്നു; വളരെ വളരെ ചുററിനടന്നു വലിയ അന്നം കീഴടക്കുന്നു! 40

ആ സർവഗന്താവു സുഭൃതങ്ങളും സന്താനദായകങ്ങളുമായ സ്തവങ്ങളെയെല്ലാം ഇരവുപകൽ മുഴങ്ങിയ്ക്കുന്നു. ഇന്ദുവേ, കുടിയ്ക്കപ്പെട്ട ഭവാൻ ഇന്ദ്രനോടു ഞങ്ങൾക്കുവേണ്ടി പ്രജാസമേതമായ അന്നവും, വിശാലഗൃഹസഹിതമായ ധനവും യാചിച്ചാലും! 41

ആ പച്ചനിറമിയന്ന മദകരനായ മനോജ്ഞൻ പകൽപ്പിറപ്പിൽ പണ്ഡിതന്മാരുടെ സ്തുതികളാൽ പള്ളിയുണരുന്നു; രണ്ടുപേരെയും കൊണ്ടുനടന്ന്, മാനുഷവും ദൈവ്യവും നിർവാഹകന്നരുളി, നടുവിലെയ്ക്കു ഗമിയ്ക്കുന്നു! 42

---

36. ഗന്ധർവൻ=ഉദകധരൻ. ഏഴു സഹോദരിമാർ––സപ്തനദികൾ.

37. പച്ചപ്പെൺകുതിരകൾ––തന്റെ ചെടികൾ.

40. പരോക്ഷോക്തി: മഹാൻ––സോമം. ഇറങ്ങുന്നു––കലശത്തിൽ.

41. ആ സർവഗന്താവ്––എല്ലാവരിലും ചെല്ലുന്ന സോമം. രണ്ടാംവാക്യം പ്രത്യക്ഷം.

42. രണ്ടുപേരെയും––സ്തോതാവിനെയും യഷ്ടാവിനെയും. മാനുഷവും ദൈവ്യവും––മനുഷ്യരുടെ ധനവും, ദേവന്മാരുടെ ധനവും. നിർവാഹകന്നരുളി ––യജമാനന്നു കൊടുത്ത്; നടുവിലെയ്ക്കു––വാന്നടുമധ്യത്തിലെയ്ക്ക്.

ബലകരനെ തേപ്പിയ്ക്കുന്നു, പലമട്ടിൽ തേപ്പിയ്ക്കുന്നു, വഴി പോലെ തേപ്പിയ്ക്കുന്നു, ഗവ്യംകൊണ്ടു തേപ്പിയ്ക്കുന്നു. വെള്ളത്തിൻ മുകളിൽ നീന്തുന്ന ഉക്ഷാവായ പശുവിനെ, അതിൽ സ്വർണ്ണം കൊണ്ടു ശുചീകരിച്ചെടുക്കുന്നു. 43

നിങ്ങൾ പണ്ഡിതനായ പവമാനന്നായി പാടുവിൻ: അദ്ദേഹം, മഹത്തായ മഴപോലെ അന്നം വളർത്തുന്നു. പച്ചനിറം പൂണ്ട വൃഷാവ്, ഒരു പാമ്പുപോലെ ഉറയൂരുന്നു; ഒരു കുതിരപോലെ കളിയാടിക്കൊണ്ടു നടകൊള്ളുന്നു! 44

മുമ്പേ നടക്കുന്ന രാജാവ്, വെള്ളത്തിൽ ശുചീകരിയ്ക്കപ്പെട്ട സോമം, ദിവസങ്ങളെ സൃഷ്ടിയ്ക്കുന്നവൻ സ്തുതിയ്ക്കപ്പെടുന്നു: ഹരിതവർണ്ണനും, ജലമുതിക്കുന്ന ഉദകവാനും, ശുഭദർശനനും, നിവാസഹിതനുമായ ആ ജ്യോതീരഥൻ ധനം കിട്ടിപ്പാൻ ഒഴുകുന്നു! 45

വിണ്ണിന്നു നാട്ടിയ ഒരുന്നായ മദകരൻ പിഴിയപ്പെടുന്നു; മൂന്നിടങ്ങളുള്ള താൻ വെള്ളത്തിലിറങ്ങുന്നു. സ്തോതാക്കളാൽ സ്തുതിയ്ക്കപ്പെടുമ്പോൾ ഒലിക്കൊള്ളുന്ന സുരൂപനായ സോമത്തെ പൂജകന്മാർ നുകരുന്നു! 46

ഇന്ദോ, ഭവാന്റെ അരിയ്ക്കുമ്പോൾ നിർത്തപ്പെട്ട ധാരകൾ കമ്പിളിയിൽനിന്നു പാഞ്ഞൊഴുകുന്നു. സോമമേ, ഇരുപലകകളിൽ വെള്ളം തളിച്ചു പിഴിയപ്പെട്ട ഭവാൻ കലശങ്ങളിൽ ഇരിയ്ക്കുന്നു. 47

സോമമേ, സ്തുത്യനും സ്തുതിജ്ഞനുമായ ഭവാൻ ഒഴുക്കിയാലും ––കമ്പിളിയിൽ അരുമത്തേൻ ഒഴുക്കിയാലും, ഇന്ദോ, അങ്ങ് തിന്മന്മാരായ രാക്ഷസരെയെല്ലാം പായിയ്ക്കുക. ഞങ്ങൾ സൽപ്പുത്രസമേതരായി യാഗത്തിൽ വളരെച്ചൊല്ലുമാറാകണം! 48

---

43. ഉക്ഷാവ്––സേക്താവ് എന്നും, കാള എന്നും രണ്ടർത്ഥം. പശു––ദ്രഷ്ടാവ്, സോമം.

44. സ്തുതിക്കുകളോട്: ഉറ––തൊലി. നടകൊള്ളുന്നു––കലശത്തിലെയ്ക്കു്.

45. ദിവസങ്ങളെ സൃഷ്ടിയ്ക്കുന്നവൻ––സോമ (ചന്ദ്ര) ക്ഷയവൃദ്ധികൾക്കധീനങ്ങളാണല്ലോ, ദിവസങ്ങൾ. ജ്യോതീരഥൻ = ജ്യോതിസ്സാകുന്ന രഥത്തോടുകൂടിയവൻ.

48. ചൊല്ലുമാറാകണം––സ്തോത്രങ്ങൾ.

സൂക്തം 87.

കവിപുത്രൻ ഉശനസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പവമാനസോമം ദേവത.

അങ്ങ് വെക്കം പായുക: കലശത്തിലിരിക്കുക. നേതാക്കന്മാരാൽ അരിയ്ക്കപ്പെട്ട നിന്തിരുവടി അന്നമൊഴുക്കിയാലും ബലവാനായ ഭവാനെ, ഒരശ്വത്തെയെന്നപോലെ തുടച്ച്, കടിഞ്ഞാണുകൾകൊണ്ടു യജ്ഞത്തിലെയ്ക്കു കൊണ്ടുപോകുന്നു! 1

ശോഭനായുധനായി, രക്ഷോഹന്താവായി, ഉപദ്രവശമനനായി, ദേവന്മാക്കു പാലകനും ജനകനുമായി, സുബലനായി, ദ്യോവിന്നൂന്നും ഭുവിന്നു താങ്ങുമായ ഇന്ദുദേവൻ നീരൊഴുക്കുന്നു! 2

മേധാവിയും, ആളുകൾക്ക് ഒരു പുരോഗാമിയും, അതിമേസുരനും, ധീരനുമായ ഉശനസ്സ് എന്ന ഋഷി ഈ പൈക്കളിൽ മറച്ചുവെയ്ക്കപ്പെട്ടിരിയ്ക്കുന്ന ഗോപ്യമായ ജലം കാവ്യംകൊണ്ടു കൈവരുത്തുന്നു! 3

ഇന്ദ്ര, ഇതാ, വൃഷാവായ നിന്തിരുവടിയ്ക്കു വൃഷാവും മധുരവുമായ സോമം അരിപ്പയിൽ ഒഴുകുന്നു: നൂറും ആയിരവും അധികവും നല്കുന്ന ഈ ബലവാൻ എന്നെന്നും യജ്ഞത്തിൽ സ്ഥിതിചെയ്യും! 4

ഇതാ, അനേകഗവ്യങ്ങൾ ചേക്കാൻ അരിപ്പയിൽ അരിച്ച സോമങ്ങളെ വലിയ അന്നത്തിന്നും അമൃതിന്നുമായി, തീററ തേടുന്ന യുദ്ധവിജയികളായ അശ്വങ്ങളെയെന്നപോലെ അയയ്ക്കുന്നു. 5

ഈ അരിയ്ക്കപ്പെട്ട പുരുഹൂതൻ ആളുകൾക്ക് എല്ലാ ഭോജനവും പരത്തുന്നു. പരുന്തു കൊണ്ടുവന്നവനേ, അങ്ങ് അന്നങ്ങൾ കൊണ്ടുവന്നാലും: ധനദാതാവായ ഭവാൻ അന്നമൊഴുക്കിയാലും! 6

ഇതാ, പിഴിയപ്പെട്ട, നടമിടുക്കും നിലയുറപ്പുമുള്ള സോമം, ഒരു വിടപ്പെട്ട കുതിരപോലെയും, മൂച്ചയുള്ള കൊമ്പുകൾ അണയ്ക്കുന്ന

സൂക്തം 87.

1. തുടച്ച് —ശുദ്ധീകരിച്ച്. കടിഞ്ഞാണുകൾ—കൈവിരലുകൾ. കൊണ്ടുപോകുന്നു—അധ്വര്യുപ്രഭൃതികൾ.

3. ഋഷി—ഞാൻ ജലം—പാൽ. കാവ്യം—സ്തോത്രം

6. രണ്ടും മൂന്നും വാക്യം പ്രത്യക്ഷം:

ഒരു പോത്തുപോലെയും, ഗോക്കളെത്തേടുന്ന ഒരു ശൂരൻപോലെയും അരിപ്പയിലെയ്ക്കു പായുന്നു! 7

സോമനീര് മുകളിൽനിന്നു പോന്നു, മലയുടെ ഏതോ സ്ഥലത്തുനിന്നിരുന്ന ഗോക്കളെ കണ്ടുപിടിച്ചു. ഇന്ദ്ര,ഇതു,വാനിൽനിന്നു കാർമിന്നൽപോലെ ശബ്ദിച്ചുകൊണ്ട്, അങ്ങയ്ക്കായി ഒഴുകുന്നു! 8

സോമമേ, അരിയ്ക്കപ്പെട്ട ഭവാൻ ഇന്ദ്രനോടൊന്നിച്ച് ഒരേ തേരിൽ ഗോഗണത്തിലെയ്ക്കു പോവുകയുംചെയ്യുന്നു. ക്ഷിപ്രദാതാവേ, അന്നയുക്ത, സ്തുതിയ്ക്കപ്പെടുന്ന നിന്തിരുവടി, നിന്തിരുവടിയുടെ ആ പെരിയ അന്നങ്ങൾ ധാരാളം തന്നാലും! 9

സൂക്തം 88.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

ഇന്ദ്ര, ഇതാ, സോമം അങ്ങയ്ക്കായി പിഴിയുന്നു, അങ്ങയ്ക്കായി അരിയ്ക്കുന്നു: ഇതു ഭവാൻ കുടിച്ചാലും. അങ്ങാണല്ലോ, ഈ ഇന്ദുവിനെ നിർമ്മിച്ചത്; അങ്ങാണല്ലോ, സോമത്തെ മത്തിന്നും തുണയ്ക്കുമായി വരിച്ചതും! 1

ഇതാ, ഒരു തേരുപോലെ വളരെച്ചുമക്കുന്ന ആ മഹത്തായ സോമം പെരുത്തു ധനം തരാൻ പൂട്ടപ്പെടുന്നു: പൊരുതേണ്ടുന്ന പോരിൽ മനുഷ്യജാതിയെല്ലാം ഉന്മുഖമായി ഇതിനെ പ്രാപിയ്ക്കട്ടെ! 2

സോമമേ, ഭവാൻ നിയുത്വാനായ വായുപോലെ യഥേഷ്ടം നടകൊള്ളുന്നു; വിളിയ്ക്കപ്പെട്ടാൽ, അശ്വികൾപോലെ സുഖമുളവാക്കുന്നു; ദ്രവിണോദസ്സുപോലെ സകലരാലും വരിയ്ക്കപ്പെടുന്നു; സവിതാവുപോലെ കർമ്മങ്ങൾ നടത്തിയ്ക്കുന്നു! 3

---

7. അണയ്ക്കുന്ന—മൂർച്ചകൂട്ടുന്ന.

8. ഗോക്കളെ—അസുരന്മാരാൽ അപഹരിയ്ക്കപ്പെട്ടവയെ.

9. ഗോഗണം—അസുരാപഹൃതമായ ഗോവൃന്ദം.

സൂക്തം 88.

2. വളരെ—ബഹുഭാരം. പ്രാപിയ്ക്കട്ടെ—സോമത്തേര്, അതിൽ കേറിയവൎക്കു യുദ്ധത്തിൽ വിജയം വരുത്തും.

സോമമേ, അങ്ങ് ഇന്ദ്രൻപോലെ വലിയ കമ്മങ്ങരം ചെയ്യും: വൃത്രരെ കൊല്ലും; പുരികരം പിളത്തും. സോമമേ, അങ്ങ് അശ്വം പോലെ അഹികളെയും, എല്ലാദ്ദസ്യുക്കളെയും നിഹനിയ്ക്കും! 4

കാട്ടിൽ കൊളുത്തപ്പെട്ട തിയ്യെന്നപോലെ, പവമാനസോമം നദികളിൽ നിഷ്പ്രയാസം കെല്ലെടുക്കും; ഒരു പടയാളിപോലെ കേമനെ നിലവിളിപ്പിച്ചുകൊണ്ടു നീർ ചൊരിയും! 5

ഈ സോമനീരുകരം, വാനിൽനിന്നു മേഘം പെയ്യുന്ന ജലങ്ങരംപോലെ അരിപ്പയിൽനിന്നു പൊഴിയുന്നു; അനായാസേന നദികരം സമുദ്രത്തിലെയ്ക്കെന്നപോലെ, കീഴ്പോട്ടായി കലശത്തിലെയ്ക്കു പോകുന്നു; 6

ബലവാനായ ഭവാൻ, നിന്ദിയ്ക്കപ്പെടാത്ത സ്വർഗ്ഗപ്രജയായ മരുദ്ബലംപോലെ നീരൊഴുക്കിയാലും; വെള്ളംപോലെ, വെക്കം ഞങ്ങളിൽ പ്രസാദിച്ചാലും! സൈന്യത്തെ അമത്തുന്നവൻ പോലെ യജനീയനാണല്ലോ, ബഹുരൂപനായ ഭവാൻ. 7

സോമമേ, വരുണരാജാവായ ഭവാന്നു ഞാൻ കർമ്മങ്ങരം വെക്കം (ചെയ്യാം). മഹത്തും ഗഭീരവുമാണ്, അങ്ങയുടെ തേജസ്സ്. അങ്ങ് പ്രിയനായ മിത്രൻപോലെ പരിശുദ്ധനാകുന്നു; അര്യമാവു പോലെ ഔദാര്യവാനുമാകുന്നു! 8

സൂക്തം 89.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

ആ വോഢാവായ പവമാനസോമം വഴികളിലൂടേ ഒഴുകുന്നു; വാനിൽനിന്നുള്ള മഴപോലെ പരക്കുന്നു; ആയിരംധാരകളോടേ നമ്മളിലും, അമ്മയുടെ മടിയിലും, വെള്ളത്തിലും ഇരിയ്ക്കുന്നു! 1

---

4. വൃത്രർ——വൈരികരം. അഹികരം——ഒരുകൂട്ടം അസുരന്മാർ.

5. നദികളിൽ——വെള്ളത്തിൽ. കേമനെ——വമ്പിച്ച വൈരിയെപ്പോലും.

7. പ്രത്യക്ഷോക്തി: സൈന്യത്തെ അമത്തുന്നവൻ——ഇന്ദ്രൻ.

8. വരുണൻ——ശത്രുനിവാരകൻ.

സൂക്തം 89.

1. വഴികരം——യജ്ഞമാര്ഗ്ഗങ്ങരം അമ്മയുടെ മടി——ഭൂമിയുടെ മടി, വേദി.

രാജാവു തണ്ണീരാടയുടുത്തു, നേരേ പോകുന്ന യജ്ഞത്തോണിയിൽ കേറുന്നു: പരുന്തു കൊണ്ടുവന്ന നീരു് വെള്ളത്തിൽ വളരുന്നു. ഈ സ്വർഗ്ഗജാതനെ ഉടമസ്ഥൻ കറക്കുന്നു—കറക്കുന്നു! 2

പച്ചനിറത്തിൽ വിളങ്ങുന്ന സിംഹത്തെ—മധുവൊഴുക്കുന്ന വിണ്ണരചനെ—(കർമ്മികൾ) ഭജിയ്ക്കുന്നു: ഈ ഒന്നാമനായ രണശൂരൻ ഗോക്കളെ ചോദിയ്ക്കുകയായി; ഇദ്ദേഹത്തിന്റെ പടുത്വത്താലത്രേ, വൃഷാവു രക്ഷിച്ചുപോരുന്നതു്! 3

മുതുകിൽ മധുവോലുന്ന, ഘോരമായ, ഗന്താവായ, അഴകുററ കുതിരയെ വലിയ ചക്രങ്ങളുള്ള തേരിൽ പൂട്ടുന്നു: ഈ വാജിയെ ചാർച്ചക്കാരായ, സജാതീയകളായ സഹോദരിമാർ തിരുമ്മുന്നു; കെല്പു പിടിപ്പിയ്ക്കുന്നു. 4

ഒരേതൊഴുത്തിന്നുള്ളിൽ പാർക്കുന്ന നാലു പയസ്വിനികൾ ഇദ്ദേഹത്തെ സേവിയ്ക്കുന്നു: അവ ശുചീകരിയ്ക്കപ്പെട്ടു് അന്നവുമായി ഇദ്ദേഹത്തെ പ്രാപിയ്ക്കുന്നു. വേറേ വളരെപ്പൈക്കളും ഇദ്ദേഹത്തെ എമ്പാടും ചുഴലുന്നു! 5

വിണ്ണിന്നൂന്നും, മന്നിന്നു താങ്ങുമാണു്, സോമം: തന്റെ കയ്യിലത്രേ, പ്രജകളെല്ലാം. ഇന്ദ്രന്നായി മധുവൊഴുക്കുന്ന ഈ ഉറവു് സ്തുതിയ്ക്കുന്ന ഭവാന്നു കുതിരകളെ തരട്ടെ! 6

സോമമേ, അരാതികളാൽ അമർത്തപ്പെടാത്ത ഭവാൻ യജ്ഞത്തിൽ വന്നാലും; ശത്രുക്കളെ വധിച്ചു് ഇന്ദ്രന്നായി നീരൊഴുക്കിയാലും. അങ്ങു് ശക്തനാണു്, മഹാനാണു്: ഏററവും ആഹ്ലാദിപ്പിയ്ക്കുന്ന, സുവീര്യമായ ധനത്തിന്റെ ഉടമകളാകണം, ഞങ്ങൾ! 7

---

2. രാജാവു്—സോമം. സ്വർഗ്ഗജാതൻ—സോമം ഉടമസ്ഥൻ—യഷ്ടാവു്

3. സിംഹം—സോമം. ഗോക്കളെ ചോദിയ്ക്കുകയായി—അസുരന്മാർ കൊണ്ടുപോയ ഗോക്കൾ എവിടെ എന്നന്വേഷിയ്ക്കുയായി. വൃഷാവു്=ഇന്ദ്രൻ. രക്ഷിച്ചുപോരുന്നതു്—ഭുവനത്തെ.

4. കുതിര—സോമം തേർ—യജ്ഞം. സഹോദരിമാർ—വിരലുകൾ. തിരുമ്മുന്നു—ശുചീകരിയ്ക്കുന്നു.

5. ഒരേതൊഴുത്തു്—അന്തരിക്ഷം. പയസ്വിനികൾ—കറവപ്പൈക്കൾ, രസധാരകൾ.

6. ഋഷി, തന്നോടുതന്നെ പറയുന്നു.

സൂക്തം 90

വസിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പവമാനസോമം ദേവത.

വാന്ഭൂഴികളുടെ ജനിതാവ്, ഒരു തെളിയ്ക്കപ്പെടുന്ന തേർ പോലെ അന്നം തരാൻ വന്നെത്തി: ഇന്ദ്രങ്കൽ പോകാൻ ആയുധങ്ങൾ നന്നായി മൂർച്ചകൂട്ടിയിരിയ്ക്കുന്നു; ധനമെല്ലാം കയ്യിലെടുത്തിട്ടുമുണ്ട്! 1

മൂന്നു മുതുകുള്ള വൃഷാവായ അന്നദാതാവിനെ സ്തോതാക്കളുടെ സ്തുതിഘോഷം ഇരമ്പിയ്ക്കുന്നു. വരുണൻ സമുദ്രങ്ങളെന്നപോലെ തണ്ണീരുകളുടുത്ത രത്നപ്രദൻ വേണ്ടുന്നവ കല്പിച്ചുകൊടുക്കും! 2

ശൂരരോടും എല്ലാ വീരരോടും കൂടിയവനും, സഹിഷ്ണുവും, ധനദാതാവും, തീക്ഷ്ണായുധനും, ക്ഷിപ്രധന്വാവും, യുദ്ധങ്ങളിൽ ചെറുക്കപ്പെടാത്തവനും, പടകളിൽ പററലരെ അമർത്തുന്ന വിജയിയുമായ നിന്തിരുവടി നീരൊഴുക്കിയാലും! 3

വിശാലമാർഗ്ഗനായ, അഭയപ്രദനായ, വാന്ഭൂഴികളെ ചേർത്തു വെച്ച നിന്തിരുവടി നീരൊഴുക്കിയാലും: ഉദകത്തെയും ഉഷസ്സുകളെയും രവിയെയും രശ്മികളെയും പ്രാപിയ്ക്കുന്ന ഭവാൻ ഞങ്ങൾക്കു വളരെ അന്നം (തരാൻ) ഒലികൂട്ടുന്നു! 4

ഇന്ദോ, പവമാനസോമമേ, അങ്ങ് വരുണനെ മത്തിന്നായി തർപ്പിച്ചാലും; മിത്രനെ തർപ്പിച്ചാലും; ഇന്ദ്രനെയും വിഷ്ണുവിനെയും തർപ്പിച്ചാലും; മരുദ്ബലത്തെ തർപ്പിച്ചാലും; ദേവന്മാരെ തർപ്പിച്ചാലും; ഇന്ദോ, മഹാനായ ഇന്ദ്രനെ തർപ്പിച്ചാലും! 5

ഇങ്ങനെ, സയജ്ഞനായ ഭവാൻ, ഒരു രാജാവുപോലെ ബലം കൊണ്ടു സകലദുരിതങ്ങളെയും നശിപ്പിച്ചു നീരൊഴുക്കിയാലും; ഇന്ദോ, നല്ല സ്തോത്രം ചൊല്ലിയതിന്ന് അന്നം തന്നാലും! നിങ്ങൾ 'സ്വസ്തിയാൽ പാലിപ്പിനെപ്പൊഴുമെങ്ങളെ!' 6

മൂന്നാമധ്യായം സമാപ്തം.

സൂക്തം 90.

1. ജനിതാവ്—ഉൽപാദകൻ, രക്ഷിതാവ്, സോമം. ഇന്ദ്രങ്കൽ പോകാൻ—ഇന്ദ്രന്നു സഹായമായി പോകാൻ. കയ്യിലെടുത്തിട്ടുണ്ട്—നമുക്കു തരാൻ.

2. അന്നദാതാവിനെ—സോമത്തെ.

3. പ്രത്യക്ഷോക്തി; ക്ഷിപ്രധന്വാവ്—തെരുതെരെ അമ്പെയ്യുന്നവൻ.

5. തർപ്പിയ്ക്കുക—തൃപ്തിപ്പെടുത്തുക. ഇന്ദ്രനെ രണ്ടുപ്രാവശ്യം പറഞ്ഞതു, പ്രാധാന്യത്താലാകുന്നു. വരുണാദികൾ മതിയാവോളം കടിയ്ക്കട്ടെ, അങ്ങയുടെ നീർ.

നാലാമധ്യായം.

സൂക്തം 91.

കശ്യപൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പവമാനസോമം ദേവത.
(കാകളി)

പോർത്തേരിലാംമട്ടണപ്പൂ, മനം തയ്ച്ചു
ചേർത്ത ധീമാനെ, സ്സുശബ്ദനെ, ധുര്യനെ;
പത്തുസഹോദരിമാരുയർകമ്പിളി–
ക്കത്തിൽപ്പകരുന്നു, യജ്ഞാത്മമഗ്ര്യനെ. 1

ഋമയിൽ വാഴ്ത്തും മനുഷ്യർ പിഴിയുന്ന
സോമമണയുന്നു, വാനവർക്കുണ്ണുവാൻ:
മർത്ത്യനേതാക്കളീ മൃത്യുവിഹീനനെ–
ശ്ശുദ്ധിപ്പെടുത്തുന്നു, നീർപാലരിപ്പയാൽ! 2

ആ വൃഷാവിന്നായ്, വൃഷാവാം പവമാന–
മാർത്തു പുല്കുന്നു, പയ്യിന്റെ വെൺപാലിനെ;
മാലററ നൂറോട്ടം പൂകിയരിപ്പ വി–
ട്ടോലുന്നു, ചോദകൻ, ചൊല്ലറിവോൻ, നുതൻ. 3

കെല്പനരക്കപ്പുരയും പൊളിക്കു: കൊ–
ററഭ്യാഹരിക്കു, പവമാനസോമ, നീ;

സൂക്തം 91.

1. അണപ്പൂ––യുദ്ധരഥത്തിൽക്കേറുന്നതുപോലെ, പാത്രങ്ങളിലൊഴിക്കുന്നു. മനം തയ്ച്ചു ചേർത്ത––ദേവന്മാർ സ്വമനസ്സിനെ സോമത്തിൽ തുന്നിച്ചേർത്തിരിക്കുന്നു! ധുര്യൻ = ധുരന്ധരൻ. സഹോദരിമാർ––വിരലുകരം. ഉയർകമ്പിളിക്കത്തിൽ––ഉയർന്ന അരിപ്പയ്ക്കുള്ളിൽ. അഗ്ര്യനെ––മുഖ്യനെ, സോമത്തെ.

2. അണയുന്നു––യജ്ഞത്തിൽ. മർത്ത്യനേതാക്കരം––മനുഷ്യരായ ഋത്വിക്കുകരം. നീർപാലരിപ്പയാൽ––വെള്ളം, പാൽ, അരിപ്പ എന്നിവകൊണ്ട്.

3. വൃഷാവിന്നായ് = ഇന്ദ്രന്നായ്. ആർത്തു––ഉച്ചശബ്ദത്തോടേ. പാലിനെ പുല്കുന്നു––പാലോടു ചേരുന്നു. മാലററ––നിർബാധമായ. ചോദകൻ––എല്ലാരെയും കർമ്മങ്ങളിൽ പ്രേരിപ്പിയ്ക്കുന്നവൻ. ചൊല്ലറിവോൻ––സ്തുതിജ്ഞൻ.

മേലെയും ദൂരത്തുമിങ്ങുമുള്ളോരുടെ
മേലാളെ മൂരുക, നിൻകൊലയായുധം! 4

കല്പിയ്ക്കു,മുൻമട്ടിൽ വിശ്വവരേണ്യ, നീ
നൽപ്പുത്രസ്തോത്രകാരന്നു തക്ക വഴി;
താവകദ്ദസ്യുഹഹിംസ്രമഹാംശങ്ങൾ
കൈവരികെങ്ങൾക്കി,രമ്പും പുരുക്രതോ! 5

ഏവം പവമാനസോമ, നല്ലെ,ങ്ങൾക്ക
നീ വിൺനഭോഭൂമിഭൂരിപ്രജകളെ:
നന്നാക്കക്കുഴി, വിരിയ്ക്കു, താരങ്ങളെ;—
ത്തന്നരുൾകേ,റെനാൾ കാഴ്ചയ്ക്കു സൂര്യനെ! 6

സൂക്തം 92.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

തേരുപോലേ, ധനാപ്തിയ്ക്കു ഹരിതസോമ—
നീരിറക്കുന്നു, കർത്താക്കളരിപ്പയിൽ:
ഇന്ദ്രാർഹമാം ഗാഥ കേട്ടു, ഹവിസ്സുമായ്—
ച്ചെന്നണയുന്നു, പവമാനമുമ്പരിൽ! 1

---

4. കല്പനരക്കപ്പുരയും.——അരക്കരുടെ ഉറപ്പുററ പുരപോലും. അഭ്യാഹരിയ്ക്കു——കൊണ്ടുവന്നാലും. ഉള്ളോരുടെ——ഉള്ള അരക്കരുടെ. മൂരുക——മുറിയ്ക്കട്ടെ, കൊല്ലട്ടെ.

5. നല്പുത്രസ്തോത്രകാരന്ന്— എനിയ്ക്ക്. താവകദ്ദസ്യുഹഹിംസ്രമഹാംശങ്ങൾ——രാക്ഷസക്ഷ ദ്ദസ്യുഹങ്ങളും അവരെ ഹിംസിയ്ക്കുന്നവയുമായ അങ്ങയുടെ വലിയ അംശങ്ങൾ, ഭാഗങ്ങൾ. പുരുക്രതോ = ബഹുകർമ്മാവേ.

6. നഭസ്സ്— അന്തരിക്ഷം. പ്രജകൾ = മക്കൾ. ഊഴി——കൃഷിനിലം. വിരിയ്ക്കു——പരത്തിയാലും. തന്നരുൾക——സൂര്യനെ വളരെക്കാലം കാണുമാറാക്കുക. വെളിച്ചവും ദീർഘായുസ്സും തരിക.

സൂക്തം 92.

1. ഇറക്കുന്നു——പകരുന്നു. കർത്താക്കൾ——ഋത്വിക്കുകൾ. ഗാഥ——സ്തോത്രം.

സ്വസ്ഥാനമാകുമരിപ്പിൽച്ചരിയ്ക്കുന്നു,
മർത്ത്യരെ നോക്കും മനീഷി ധൃതാംബുവായ്;
അധ്വരേ ഹോതാവുപോലിവൻ പാത്രത്തിൽ
വർത്തിയ്ക്കെ, വിപ്രർ ഭജിപ്പൂ, സപ്തർഷിമാർ! 2

നേർക്കരിയ്ക്കപ്പെട്ടണവൂ ധ്രുവാസ്പദം,
മാർഗ്ഗജ്ഞനിന്ദു സുമേധസ്സുരുപ്രഭൻ;
സ്തോത്രത്തിലെല്ലാം രസിയ്ക്കുന്നു, പണ്ഡിതൻ;
പേർത്തിണങ്ങീടുന്നു, പഞ്ചജനങ്ങളിൽ! 3

നിന്നുമ്പർ മുപ്പത്തിമൂവ്വരവരൊക്കെ
വിണ്ണിലുണ്ടല്ലോ, പവമാനസോമമേ;
പത്താളുയർകമ്പിളിയിൽപ്പയസ്സിനാൽ-
ശ്ശുദ്ധി ചേർപ്പൂ, നിനക്കേഴവാരാർകളും! 4

സ്തുത്യർക്കരേവരുമെങ്ങെത്തുമോ; ദ്രുതം
ലബ്ധമാക,പ്പവമാനസത്യാസ്പദം.
കാത്തു, പകല്ക്കു വെളിച്ചമേകും ദ്യുതി-
ച്ചാർത്താ മനുവെ;ച്ചെറുത്തു, മൃടിയനെ! 5

ഗോമൽഗൃഹത്തെയ്ക്കു ഹോതാവുപോലെയും,
പോർമന്നിലെയ്ക്കൃജുരാജാവുപോലെയും
കുംഭത്തിലെയ്ക്കു ഗമിയ്ക്കുന്നു, പോത്തുപോ-
ലംഭസ്സിലാണ്ട പവമാനസോമനീർ! 6

—

2. മനീഷി—സോമം. ധൃതാംബുവായ്—ജലത്തെ ധരിച്ച്, ജലത്തോടു ചേർന്ന്. വിപ്രർ—മേധാവികൾ. സപ്തർഷിമാർ—ഭരദ്വാജൻ, കശ്യപൻ, ഗോതമൻ, അത്രി, വിശ്വാമിത്രൻ, ജമദഗ്നി, വസിഷ്ഠൻ.

3. ധ്രുവാസ്പദം=അനശ്വരസ്ഥാനം, ദ്രോണകലശം.

4. അവർ—പ്രസിദ്ധർ. പത്താൾ—പത്തുപേർ, കൈവിരലുകൾ. പയസ്സ്=വെള്ളം. വാരാർകൾ=മഹാനദികൾ.

5. സ്തുത്യർക്കർ—സ്തോതാക്കൾ. ലബ്ധമാക—നമുക്കു കിട്ടട്ടെ. ദ്യുതിച്ചാർത്തു(സോമത്തിൻെറ തേജസ്സു) മനുവിനെ കാത്തു; മൃടിയനെ (ധ്വംസകനായ അസുരനെ) ചെറുത്തു—നശിപ്പിച്ചു.

6. ഗോമൽഗൃഹം=ഗോക്കളോടുകൂടിയ ഗൃഹം; ഹോതാവിന്നു ഗോക്കളും ഗൃഹവും ഉണ്ടായിവരുമെന്നാശയം. ഋജു—സത്യകർമ്മാവ്. കുംഭം=കലശം.

സൂക്തം 93.

ഗോതമപുത്രൻ നോധസ്സ് ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഒത്തു നനച്ചു തുടച്ചു, സഗർഭ്യമാർ—
പത്തംഗുലികൾ പിഴിഞ്ഞു, വിദഗ്ധനെ;
എത്തി, ചുററും ഹരിദ്വർണ്ണൻ ദിശകളിൽ;-
സ്സപ്തിതുല്യനകം പൂകി, കുടങ്ങളിൽ! 1

തായ് കുഞ്ഞിനെപ്പോലെടുത്തു, തണ്ണീർ ശരി—
ക്കാകാംക്ഷി ഭൂരിവരേണ്യൻ വൃഷാവിനെ;
നാരിയെപ്പൂരുഷൻപോലിടം പുക്കവൻ
ഗോരസത്തോടു ചേരുന്നു ഘടാന്തരേ! 2

വീർപ്പിപ്പൂ പൈതന്നകിടിനെ;—സ്സുമ്മതി—
വാക്കാൻ സോമം പൊഴിക്കുന്ന ധാരകൾ;
പാത്രസ്ഥനാമീയുദഗ്രനെപ്പൈക്കൾ പാൽ
ചാർത്തിച്ചിടുന്നു, ധൌതാംബരംപോലവേ! 3

ഇന്ദോ, പവമാന, ദേവരൊത്തങ്ങൾക്കു
തന്നരുൾകി, ച്ഛ്രിയാ സാശ്വമാം സ്വത്തു നീ:
തേരാളിപോലുള്ള വിത്തമേകാൻ കൊതി
ചേരുന്ന നിൻമനസ്സെത്തട്ടെ ഞങ്ങളിൽ! 4

സൂക്തം 93.

1. വിദഗ്ധനെ——ത്രാണിയുള്ള സോമത്തെ. സപ്തിതുല്യൻ=അശ്വസദൃശൻ.

2. ആകാംക്ഷി——ജലസമ്പർക്കം, കുഞ്ഞിന്റെ പക്ഷത്തിൽ മുലപ്പാൽ, ഇച്ഛിക്കുന്നവൻ. വൃഷാവിനെ——സോമത്തെ. ഇടം——ഹവിർദ്ധാനസ്ഥലം. ഘടാന്തരേ=കലശത്തിന്നുള്ളിൽ.

3. വീർപ്പിപ്പൂ——തീററകൊടുത്ത്. ഉദഗ്രൻ——ഉന്നതൻ, മഹാൻ, ധൌതാംബരം=അലക്കിയ വസ്ത്രം.

4. സാശ്വം=അശ്വസഹിതം. തേരാളിപോലുള്ള——ബലവത്തായ എന്നർത്ഥം.

ആരാംക്കാരെയും സ്വത്തുമേകുകെ,ഞങ്ങാംക്കട–
നാർക്കമിമ്പം പെറും വെള്ളവും സോമ, നീ;
നീളുകായുസ്സു, ഭക്തന്നു പവമാന:—
കാലേ വരട്ടെ, കർമ്മാഹ്വവിത്തൻ ദ്രുതം! 5

സൂക്തം 94.

അംഗിരോഗോത്രൻ കണ്വൻ ഋഷി; ഛന്ദോദേവതകാം മുമ്പേത്തവ.

(കാകളി)

താനൊരശ്വംപോലണിഞ്ഞാലി,നൻപോലെ
ഭാനു പൂണ്ടാലി,ണക്കത്തായ്, വിരൽകളിൽ!
തണ്ണീരുടുത്തു ഗമിയ്ക്കും കവിപ്രിയൻ,
ഗണ്യമാമാലയിൽഗ്ഗോരക്ഷിപോലവേ. 1

ദിവ്യാസ്പദം രണ്ടുപാടും മറയ്ക്കുന്ന
സർവവിജ്ഞന്നായ്പ്പരക്കുന്നു, പാരുകാം;
പൈക്കാം തൊഴുത്തു പാർത്തെന്നപോലിന്ദുവിൻ–
നേർക്കൊലിക്കൊാംവൂ, മഖത്തിനായ്സ്സൂക്തികാം! 2

ശൂരൻെറ തേർ പടയിങ്കലൊട്ടുകപോ–
ലേറിച്ചുഴലുന്നു, കാവ്യങ്ങളിൽക്കവി;

---

5. ഭക്തന്നു—അങ്ങയെ സ്തുതിയ്ക്കുന്നവന്ന്. കാലേ—പ്രഭാതത്തിൽ.

സൂക്തം 94.

1. താൻ—സോമം. ഇനൻ=സൂര്യൻ. ഭാനു=രശ്മി. വിരൽകളിൽ ഇണക്കത്തായ്—ശുദ്ധീകരിപ്പാൻ, 'ഞാൻ മുമ്പേ, ഞാൻ മുമ്പേ' എന്നു വിരലുകാം സ്പർദ്ധിച്ചുതുടങ്ങും. ഗമിയ്ക്കും—പാത്രങ്ങളിൽ പൂകും. കവിപ്രിയൻ—സ്തോതൃതൽപരൻ. ഗണ്യം—ശ്രദ്ധവെയ്ക്കപ്പെടേണ്ടത്. ഗോരക്ഷി=ഇടയൻ.

2. ദിവ്യാസ്പദം—അന്തരിക്ഷം. മറയ്ക്കുന്ന—സ്വതേജസ്സുകൊണ്ടു മൂടുന്ന. പരക്കുന്നു—ആ തേജസ്സിന്നു സഞ്ചരിപ്പാൻ വിശാലങ്ങളായിത്തീരുന്നു. സൂക്തികാം—സ്തുതികാം.

ദേവവിത്തം നരർക്കേകാൻ മുതിർന്നവൻ
ശ്രീ വളർക്കുന്നു, ബഹുത്ര നത്യർഹനായ്! 3

ശ്രീയ്ക്കായ്പ്പിറന്നവൻ, ശ്രീയ്ക്കായിറങ്ങിയോൻ
ശ്രീയുമായുസ്സും സ്തുതിപ്പോർക്കിയററുമേ:
ശ്രീയുടുത്തോർ മുതിഹീനരായാർ; മിത-
യായിയ്ക്കു നിഷ്ഫലമാകില്ല, സംഗരം! 4

കിട്ടിയ്ക്കു ഭോജ്യപേയാശ്വധേനുക്കളെ,—
പ്പുഷ്ടവെളിച്ചവും; തർപ്പിയ്ക്കുക,മ്പരെ.
ആരെയും കീഴാക്കുമല്ലോ, സുഖേന നീ:
വൈരിയെപ്പോക്കുക, പവമാനസോമമേ! 5

സൂക്തം 95.

പ്രസ്കണ്വൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ശബ്ദം മുതിർപ്പൂ, പിഴിയപ്പെട്ടും ഹരി,
ശുദ്ധീകൃതനായ്ക്കുടത്തിൽ മേവുമ്പൊഴും.
നേതാക്കൾ കൈക്കൊണ്ടു പാലുടപ്പിയ്ക്കുന്നു—
ഗാഥകൾ തീർക്കുവിൻ, നിങ്ങളന്നങ്ങളും! 1

---

3. പട—സൈന്യം. ഏറി—കേറി. കാവ്യങ്ങൾ—സ്തോത്രങ്ങൾ. ദേവവിത്തം—ദേവന്മാരുടെ ധനം. ശ്രീ—സ്വദത്തമായ സമ്പത്ത്. ബഹുത്ര—വളരെ യാഗശാലകളിൽ.

4. ഇറങ്ങിയോൻ—പുറപ്പെട്ട സോമം. ശ്രീയുടുത്തോർ—സോമംകൊടുത്ത സമ്പത്തു ധരിച്ചവർ. മിതയായി=മിതമാകുംവണ്ണം യാനംചെയ്യുന്നവൻ, മിതഗമനൻ. സംഗരം നിഷ്ഫലമാകില്ല—യുദ്ധത്തിൽ ജയംതന്നെ കിട്ടും.

5. ആരെയും—സർവരക്ഷസ്സുകളെയും.

സൂക്തം 95.

1. സ്തോതാക്കളോട്: ഹരി—പച്ചനിറം പൂണ്ട സോമം. നേതാക്കൾ—ഋത്വിക്കുകൾ. പാൽ—ക്ഷീരാദിഗോരസം. നിങ്ങൾ ഗാഥ(സ്തുതി)കളും, അന്നങ്ങളും (ഹവിസ്സുകളും) തീർക്കുവിൻ, നിർമ്മിയ്ക്കുവിൻ.

തോണി കടത്തുകാരൻപോലെ, യജ്ഞാധ്വ-
വാണിയിറക്കുന്നു, നീരൊഴുക്കും ഹരി;
ദേവൻ വെളിപ്പെടുത്തുന്നു, ഗുഹ്യങ്ങളാം
ദേവനാമങ്ങളും സ്തോതാവിന്നധ്വരേ. 2

അംഭസ്സിലെത്തിരമാലപോലെത്രയും
വെമ്പിപ്പുറപ്പെട്ടും സൂക്തികൾ സാദരം
സോമത്തെ നോക്കിഗ്ഗമിയ്ക്കുന്നു, ചേരുന്നു—
കാമേന പൂകുന്നു, കാമയമാനനിൽ! 3

പോത്തുപോലുച്ചത്തിൽ മേവും വൃഷേന്ദുവെ-
പ്പേർത്താദരിച്ചു കറക്കുന്നു, കല്ലിനാൽ;
സൂക്തികൾ ചെൽവൂ, സകാമകൾ; വാനത്തു
ശാത്രവരോധിയെക്കൈക്കൊൾവൂ, മുപ്പുരാൻ! 4

ഹോതാവിനേറേറാതുവോൻപോലെ ചൊൽ പെറും
നീ തിരിയൊല്ലാ, പവമാനസോമമേ:
ഇന്ദ്രനും നീയുമിരിയ്ക്കെ,സ്സുവീര്യത്തി-
നിന്ദ്രരാകേണ്ടൾ; നേടാവൂ, സൌഭാഗ്യവും! 5

---

2. കടത്തുകാരൻ തോണിയിറക്കുന്നതുപോലെ, ഹരി യജ്ഞാധ്വവാണി (=യജ്ഞമാർഗ്ഗവാക്ക്, സ്തുതി) പുറപ്പെടുവിയ്ക്കുന്നു. ദേവൻ —സോമം. ദേവനാമങ്ങൾ—ഇന്ദ്രാദികളുടെ നാമങ്ങൾ, ശരീരങ്ങൾ.

3. സോമത്തെ നോക്കി—സോമസന്നിധിയിലെയ്ക്കു്. കാമേന (കാമത്തോടേ) കാമയമാനനിൽ പൂകുന്നു —കാമിയ്ക്കുന്ന സോമത്തെ പ്രാപിയ്ക്കുന്നു.

4. ഉച്ചത്തിൽ—ഉന്നതസ്ഥലത്ത്. വൃഷേന്ദു =വൃഷാവായ സോമം. കറക്കുന്നു—പിഴിയുന്നു. കല്ല്——അമ്മി. ശാത്രവരോധി =ശത്രുക്കളെ തടുക്കുന്നവൻ, ഇന്ദ്രൻ. മുപ്പുരാൻ—മൂന്നു കലശങ്ങളിൽ വാഴുന്ന സോമം.

5. ഏററുചൊല്ലുന്നവൻപോലെ, ഹോതാവിനു ചൊൽ പെറുന്ന (സ്തുതി പുറപ്പെടുവിയ്ക്കുന്ന) നീ തിരിയൊല്ലാ——ഞങ്ങൾക്കഭീഷ്ടം തരുന്നതിൽ പരാങ്മുഖനാകരുത്. ഇന്ദ്രന്റെയും നിന്റെയും സാഹായ്യത്താൽ ഞങ്ങൾ സുവീര്യത്തിന്നു് ഇന്ദ്ര(അധിപ)രാകണം; സൌഭാഗ്യവും നേടുമാറാകണം.

സൂക്തം 96.

ദിവോദാസപുത്രൻ പ്രതർദ്ദനൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി)

തേർമുന്നിലായ് നടക്കുന്നു, ഗോലബ്ധിയ്ക്കു
സാമോദസൈന്യനായ്ശ്ശൂരൻ ചമൂപതി;
ഇന്ദ്രഹവത്തെസ്സഖാക്കൾക്ക സത്യമാ–
ക്കുന്നു; സോമം തുകിൽ ചുററുന്നു, സത്വരം! 1

ഹസ്താംഗുലികൾ പിഴിഞ്ഞ ഹരിൽപ്രഭൻ
വിദ്രുതശ്ശുരാശ്വഹീനമാം തേരതിൽ
കേറിയിരുന്ന,തിലൂടെ പോകും, സ്തുതി–
കാരങ്കലെയ്ക്കുറിവാളുമിന്ദ്രസഖൻ! 2

ദേവ, പവമാനസോമ; വൻഭുക്തിയ്ക്കു
നീർ വീഴ്ത്തുകി,ന്ദ്രന്റെ പേയമാം നീ മഖേ;
ദ്യോവിതിൽത്തണ്ണീർ ചമച്ചു പെയ്യിയ്ക്കുമാ
നീ വാനിൽനിന്നെത്തി മാനിയ്ക്കുകെ,ങ്ങളെ! 3

തോൽവി പററായ്വാൻ, കൊലപ്പെടായ്വാൻ, നശി–
യ്ക്കായ്വാൻ, മഖം വലുതാവാൻ വരിക, നീ:
വാഞ്ഛരിപ്പുതുണ്ട,തിക്കുററുകാരേവരും;
വാഞ്ഛരിപ്പു, ഞാനും പവമാനസോമമേ! 4

സൂക്തം 96.

1. ചമൂപതി, സേനാപതിയായ സോമം, ഗോലബ്ധിയ്ക്കു, ശത്രുക്കളുടെ ഗോക്കളെ കീഴടക്കാൻ, സാമോദസൈന്യനായ്, സഹർഷരായ സൈനികരോടുകൂടി, തേർമുന്നിലായ് നടക്കുന്നു––യുദ്ധത്തിലെയ്ക്കു്. സഖാക്കൾക്ക, യജമാനർക്കു്, ഇന്ദ്രഹവത്തെ, ഇന്ദ്രാഹ്വാനത്തെ, സത്യമാക്കുന്നു––സഫലീകരിയ്ക്കുന്നു; ഇന്ദ്രനെ യജ്ഞത്തിൽ കൊണ്ടുവരുന്നു. തുകിൽ––പാലും മററും.

2. വിദ്രുതശ്ശുരാശ്വഹീനമാം തേരതിൽ––വേഗികളായ ശ്ശുരാശ്വങ്ങളെ പൂട്ടിയിട്ടില്ലാത്ത ആ തേരിൽ, അരിപ്പയിൽ.

3 വൻഭുക്തിയ്ക്കു––ഇന്ദ്രന്റെ അമരേത്തിന്നു്. വീഴ്ത്തുക––ഒഴുക്കിയാലും. ദ്യോവിതിൽ––ഇക്കാണുന്ന ആകാശത്തു്. എത്തി––വന്നുചേർന്നു്. എങ്ങളെ മാനിയ്ക്കുക––ഞങ്ങൾക്ക ധനാദികൾ തന്നാലും.

4. അങ്ങു് വന്നാലേ, ഞങ്ങൾക്ക ശത്രുക്കളിൽനിന്നു തോൽവിയോ വധമോ നാശമോ പററാതെ, ഞങ്ങളുടെ യാഗം മഹത്താകൂ. അതു്––വേദീയമായ രക്ഷണം. കുററുകാർ––സ്തോതാക്കൾ.

സോമമൊഴുകുന്നു, സൂക്തിയെത്തീർത്തവൻ,
ഭൂമിയെത്തീർത്തവൻ, ദ്യോവിനെത്തീർത്തവൻ,
അഗ്നിയെത്തീർത്തവന,ക്കനെത്തീർത്തവൻ,
ശക്രനെത്തീർത്തവൻ, വിഷ്ണുവെത്തീർത്തവൻ! 5

ഉമ്പർക്കരചൻ, മൃഗങ്ങൾക്കു പോത്തു, ധീ–
മുമ്പർക്ക്യഷി, കവികൾക്കു തിരുത്തുവോൻ,
ഗൃധ്രരിൽത്താർക്ഷ്യൻ, മുറിപ്പോർക്കു വെണ്മഴ–
ശബ്ദിച്ചണയുന്നു, സോമമരിപ്പയിൽ! 6

സിന്ധുവിമമ്പൽപോലു,ൾ കവരും സ്തുതി
പൊന്തിയ്ക്കുമേ, പവമാനസോമം തുലോം;
ഇട്ടുന്നിവാരപ്പടകളിൽച്ചെന്നേറ,–
മുൾത്തട്ടു നോക്കി വൃഷാവു ഗോകാംക്ഷയാൽ! 7

പോരിലെതിക്കപ്പെടാതെ കൊല്ലും ശത–
ധാരൻ മദകരൻ നീ ചെല്ലു, സേനയിൽ;
നീരുകൾ പെയ്യു, കൂററിട്ടുകൊണ്ടിരുന്നു,
സൂരിയാകും നീ പവമാനസോമമേ! 8

സുന്ദരൻ ദേവോപയാതൻ മഹാബല–
നിന്ദുസോമം പ്രിയനിന്ദ്രന്റെ മത്തിനായ്
ധാരാശതത്തോടിറങ്ങുന്നു കുംഭത്തി,–
ലാരോഗ്യവാനശ്വമാജിയിൽപ്പോലവേ. 9

വെള്ളത്തിൽ മുന്നേ കഴുകിപ്പുരാണനെ–
ക്കല്ലിൽപ്പിഴിഞ്ഞു കർമ്മത്തിന്നരിയ്ക്കുവേ

---

5. സ്തുതികളുടെയും മററും ഉല്പാദകൻ, സോമമാണെന്നു്.

6. ധീമുമ്പർ––മേധാവികൾ. താർക്ഷ്യൻ=ഗരുഡൻ.

7. സിന്ധു=നദി. പൊന്തിയ്ക്കുമേ––ആളുകളാൽ സ്തുതിയ്ക്കപ്പെടും. ഉൾത്തട്ട്=ഉള്ള്, മറവിലിരിയ്ക്കുന്നതു്. ഗോകാംക്ഷയാൽ––ശത്രുക്കളുടെ ഗോക്കളെ അടക്കാൻ.

8. കൊല്ലും––ശത്രുക്കളെ വധിയ്ക്കുന്ന. ശതധാരൻ=വളരെ നീർദ്ധാരകളുള്ളവൻ. സേന––ശത്രുബലം. പെയ്യു––പൊഴിച്ചാലും. കൂററിടുക––ശബ്ദിയ്ക്കുക.

9. ദേവോപയാതൻ––ദേവന്മാരാൽ സമീപിയ്ക്കപ്പെട്ടവൻ

നേർവഴി കാട്ടുന്നു, മാററാരിൽനിന്നു കാ–
ത്താ വിഷ്ണുപേശ്വരൻ, സ്വത്തു കിട്ടിയ്ക്കുവോൻ! 10

അങ്ങയാലല്ലോ സയജ്ഞരായ്, ധീരർ പ–
ണ്ടെങ്ങടംതൻതാതർ പവമാനസോമമേ:
പായിയ്ക്കു,രക്കരെ;–ക്കൊൽവോനവാരിതൻ
നീയേകുകെ,ങ്ങടംക്കു സാശ്വവീരം ധനം! 11

വന്നുവല്ലോ, നീ മനുവിന്നമിത്രരെ–
ക്കൊന്നന്നവും സ്വത്തുമേകാൻ, ഹവിസ്സുമായ്;
വന്നാലുമമ്മട്ടിൽ വിത്തമെടുത്തുകൊ–
ണ്ടി;–ന്ദ്രങ്കൽ നില്ക്കുക, കാണിയ്ക്കുകാ,യുധം! 12

ഊറുക, നീരുയർകമ്പിളിയിൽ,ജ്ജല–
മാകുമുട്ടപ്പിട്ടി,നിപ്പാറ്റ യജ്ഞി നീ;
ചെന്നു വസിയ്ക്കുക തണ്ണീർക്കുടത്തില്,–
മിന്ദ്രൻ കുടിയ്ക്കും മദാഹ്ലാദകാരി നീ! 13

വാനിൽനിന്നു മഴ പെയ്ക, ധാരാശത–
വാനായ്, മഖത്തിൽസ്സഹസ്രാന്നദായി നീ;
തോയഗവ്യോപേതനാക കലശത്തി–
ലാ,യുസ്സു ഞങ്ങടംക്കയത്താൻ കനിഞ്ഞു നീ! 14

സ്തോതാക്കളാലീയരിയ്ക്കപ്പെട്ടമിന്ദു
വാതാശ്വരീത്യാ കടക്കും, സപത്നരെ;
ഗോവിന്റെ കാമ്യമാം പാലുപോലാ,മിവൻ
വാർവഴിപോലാം, ഹയംപോലെ വശ്യനാം! 15

---

10 പുരാണനെ––പുരാതനനായ സോമത്തെ കല്ല്––അമ്മി. കാട്ടുന്നു–– യജമാനന്ന്. വിഷ്ണുപേശ്വരൻ––ലോകനാഥൻ.

11. സയജ്ഞരായ്––യജ്ഞമനുഷ്ഠിച്ച്. എങ്ങടംതൻതാതർ––അംഗിരസ്സുകടം. കൊൽവോൻ––ശത്രുഹന്താവ്.

13. യജ്ഞി=യജ്ഞവാൻ.

14. തോയഗവ്യോപേതനാക––ജലത്തോടും ഗോരസങ്ങളോടും ചേന്നാലും.

15. വാതാശ്വരീത്യാ––കാററിന്നൊത്ത വേഗമുള്ള കുതിരപോലെ. സപത്നരെ കടക്കും=ശത്രുക്കളെ പിന്നിടും, തോല്പിയ്ക്കും. പാലുപോലാം––ക്ഷീരംപോലെ പരിശുദ്ധനാണ്. വാർവഴിപോലാം––വിശാലമാർഗ്ഗംപോലെ ആശ്രയണീയനാണ്. വശ്യനാം––പാട്ടിൽ നിൽത്താവുന്നവനാണ്.

സോമമേ, ശുദ്ധ പിഴിഞ്ഞരിയ്ക്കപ്പെട്ടം
ശ്രീമദസ്ത്രൻ നീ നിഗൂഢമാം രമ്യനീർ;
അശ്വതുല്യൻ ഭവാൻ കിട്ടിയ്ക്ക, വേണ്ടപ്പൊ—
ഴന്നവും, പ്രാണനും, ദേവ, ഗോക്കളെയും! 16

സുന്ദരക്ഷണത്തായ വഹ്നിയാം സോമത്തെ
നന്നയ്ത്തുടച്ചണിയിപ്പൂ, മരുദ്ഗണം;
എന്നിട്ടൊലികൊണ്ടരിപ്പയിൽനിന്നൊഴ—
കുന്നു, കാവ്യത്താൽപ്പുകഴ്ത്തേണ്ടുമക്കവി! 17

സൂരഗനാ,ർഷസ്വഭാവൻ, സുദർശനൻ,
ഭൂരിസ്സവൻ, കവികൾക്ക തിരുത്തുവോൻ
സോമം, മഹാൻ സ്തുതനായി മൂന്നാമതാം
ധാമം ഗമിപ്പാൻ വരുത്തുന്നു ശക്രനെ! 18

സ്തുത്യൻ, സമർത്ഥൻ, ചമൂപാത്രസംസ്ഥിതൻ
ശസ്ത്രവാൻ, ഗോപ്രദാതാവു,സോമം മഹാൻ,
ദത്താംബുവാമന്തരിക്ഷത്തിൽ മേവുവോ;—
നെത്തിവാഴ,മവൻ നാലാമതാം പദേ! 19

കോപ്പണിഞ്ഞ നരൻപോലുടച്ചുത
ചേർപ്പോൻ,ധനാപ്തിയ്ക്ക വാജിപോലോട്ടവോൻ,
ആർപ്പിട്ട കാള പൈക്കൂട്ടംകണക്കിനേ
തോല്പറ പൂകാൻ കരേറി, ചമൂക്കളിൽ! 20

അർച്ചകന്മാർ പിഴിയുന്ന നീ നീർ ശുക—
കൊ;ച്ചയിട്ടിന്ദോ, കരേറുക,രിപ്പയിൽ;

---

16 ശ്രീമദസ്ത്രൻ=ശോഭനായുധൻ. നിഗൂഢം=മറഞ്ഞിരിയ്ക്കുന്നത്. കിട്ടിയ്ക്ക—ഞങ്ങൾക്ക്. പ്രാണൻ—ആയുസ്സ്.

17. വഹ്നി—ഭാരവാഹി. തുടച്ച്—ശുദ്ധീകരിച്ച്. അക്കവി—സോമം.

18. സൂരഗൻ—സൂര്യസേവി. ആർഷസ്വഭാവൻ—അതീന്ദ്രിയജ്ഞൻ. സുദർശനൻ=നല്ല കാഴ്ചയുള്ളവൻ. മൂന്നാമതാം ധാമം—സ്വർഗ്ഗം. വരുത്തുന്നു—യജ്ഞത്തിൽ ആവിർഭവിപ്പിയ്ക്കുന്നു.

19. ചമൂ=ചമസം. ശസ്ത്രവാൻ—ആയുധധാരി. ദത്താംബു—മഴ പെയ്യുന്നത്. നാലാമതാം പദേ—ചന്ദ്രലോകത്ത്.

20. അച്ചുത—വെട്ടപ്പ്. ആർപ്പിട്ട—മുക്രയിട്ട്. തോല്പറ—തോലുകൊണ്ടുണ്ടാക്കിയ പറ, കുട്ടകം. ചമൂക്കളിൽ—ഇരുപലകകളിൽ.

ഇച്ചമൂയുഗ്മേ കളിച്ചു ചെല്ലേ;—കട്ടെ—
യച്ഛമാം നിന്മധുവിന്ദ്രന്നു തുഷ്ടിയെ! 21

നീരു ധാരാളമൊഴുക്കിയിപ്പണ്ഡിതൻ
ഗോരസാഭ്യക്തനായ്പ്പൂക്കാൻ, കുടങ്ങളിൽ;
കല്യതരൻ പാട്ടു പാടി വിളിച്ചഥ
ചെല്ലുന്നു, തോഴന്റെ ജായയിൽപ്പോലവേ! 22

വൈരിയെപ്പോക്കിപ്പവമാനസോമമേ,
ജാരൻ ദയിതയിൽപ്പോലണയുന്നു, നീ;
പാറുന്ന പക്ഷി തരുക്കളിൽപ്പോലവേ
പാർക്കുന്നു, പാവിതനിന്ദു കുടങ്ങളിൽ! 23

ഇന്ദോ, വരുന്നു, പവമാന, പെൺപോലെ,
നന്നായ്ച്ചുരത്തുന്ന നിൻദീപ്തധാരകൾ;
ഭൂരിവരേണ്യനാനീതൻ ഹരിൽപ്രഭൻ
നീരിലൊലിക്കൊാംവു, യഷ്ടൃഘടത്തിലും! 24

സൂക്തം 97.

വസിഷ്ഠനും, വസിഷ്ഠഗോത്രരായ ഇന്ദ്രപ്രമതിയും, വൃഷഗണനും, മന്യുവും, ഉപമന്യുവും, വ്യാഘ്രപാത്തും, ശക്തിയും, കർണ്ണശ്രുത്തും, മൃളീകനും, വസുക്രനും, പരാശരനും, അംഗിരോഗോത്രൻ കുത്സനും ഋഷിമാർ; ഛന്ദോദേവതകൾ മുമ്പേത്തവ.

ഇട്ടിളക്കുന്ന സ്വർണ്ണത്താൽ ശുചീകരിയ്ക്കപ്പെടുന്ന ഈ ദേവൻ നീര് ദേവന്മാരിൽ ചേക്കുന്നു: പിഴിയപ്പെട്ട താൻ, ഹോതാവു

---

21. അർച്ചകന്മാർ——ഋത്വിക്കുകൾ. ചമൂയുഗ്മേ——ഇരുപലകകളിൽ. അച്ഛം——നിർമ്മലം, അരിയ്ക്കപ്പെട്ടത്. മധു——മദകരമായ നീര്.

22. ഇപ്പണ്ഡിതൻ——സോമം. കല്യതരൻ——ഗാനത്തിൽ അതികുശലൻ. വിളിച്ച്——ദേവന്മാരെ. ചെല്ലുന്നു——പാത്രങ്ങളിൽ.

23. ദയിത——പ്രേമഭാജനമായ സ്ത്രീ. അണയുന്നു——പാത്രങ്ങളിൽ. ഉത്തരാർദ്ധം പരോക്ഷം; പാവിതൻ=അരിയ്ക്കപ്പെട്ടവൻ.

24. പൂർവാർദ്ധം പ്രത്യക്ഷം: ചുരത്തുന്ന——യജമാനൻക്കു ധനാദിയെ നല്കുന്ന. ആനീതൻ=കൊണ്ടുവരപ്പെട്ടവൻ. യഷ്ടൃഘടം——യജമാനന്റെ കലശം.

ശാലയിലെ പശ്ശബന്ധനസ്ഥലത്തെന്നപോലെ, ഒലിയിട്ടുകൊ
ണ്ടു് അരിപ്പയിൽ ചുററിനടക്കുന്നു. 1

മഹാനും കവിയും വിചക്ഷണനും ജാഗരൂകനുമായ ഭവാൻ
പതിചൊത്ത പടയുടപ്പിട്ടു്, സ്തവങ്ങളെ പ്രശംസിച്ചുകൊണ്ടു, യ
ജ്ഞത്തിൽ പിഴിയപ്പെടാൻ ഇരുപലകകളിൽ പ്രവേശിച്ചാലും! 2

പുകഴപ്പെട്ടവരിൽവെച്ചു പുകളേറിയവനും, ഭൂമിയിൽവെച്ചു
പ്രിയനുമായ ഭവാൻ ഞങ്ങൾക്കായി ഉയർകമ്പിളിയിൽ അരിക്കു
പ്പെടുന്നു; അരിക്കപ്പെട്ട ഭവാൻ അന്തരിക്ഷത്തിലെങ്ങും ഇരമ്പിയാ
ലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 3

നിങ്ങൾ ഉറക്കെപ്പാടുവിൻ: നാം ദേവന്മാരെ പൂജിക്കുക. ധാ
രാളം ധനം കിട്ടാൻ സോമം കൊണ്ടുവരുവിൻ. ആ രുചികരനാ
യ നമ്മുടെ ദേവകാമൻ കമ്പിളിയിൽനിന്നൊഴുകി, കലശത്തിൽ
കടക്കുകയായി! 4

ദേവന്മാരുടെ സഖ്യം നേടിയ സോമം മത്തുപിടിപ്പിക്കാൻ
ആയിരംധാരകളോടേ ഒഴുകുന്നു; നേതാക്കളാൽ സ്തുതിക്കപ്പെട്ടുകൊ
ണ്ടു പുരാതനസ്ഥാനത്തെക്കു——വലിയ സൌഭാഗ്യത്തിന്നു് ഇന്ദ്രങ്ക
ലെക്കു——പോകുന്നു! 5

സ്തുതിച്ചരിക്കപ്പെടുന്ന ഹരിതവർണ്ണനായ ഭവാൻ ധനത്തിന്നാ
യി ഗമിച്ചാലും: അങ്ങയുടെ നീരു് ഇന്ദ്രനെ യുദ്ധത്തിന്നു മത്തുപി
ടിപ്പിക്കട്ടെ; പിന്നീടു ഭവാൻ ദേവന്മാരോടുകൂടി ഒരേ തേരിൽ
സമ്പത്തു കൊണ്ടുവരിക. നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെ,
പ്പൊഴുമെങ്ങളെ!' 6

ഉശനസ്സുപോലെ കവിത പാടുന്ന (ഈ) സ്തോതാവു ദേവന്മാ
രുടെ ജനനങ്ങൾ വർണ്ണിക്കും: മഹാകർമ്മാവും ദീപ്തതേജസ്സുമായ
പാവകൻ, ഒരു പന്നിപോലെ മുരണ്ടുംകൊണ്ടു പാത്രങ്ങളിൽ
പൂകുന്നു! 7

സൂക്തം 97.

2. പടയുടപ്പിട്ടു്——സ്വതേജസ്സാൽ ആച്ഛാദിതനായി.
4. സ്തോതാക്കളോടു്:
5. സൌഭാഗ്യത്തിന്നു്——യഷ്ടാക്കൾക്കു സൌഭാഗ്യം വരുത്താൻ.
6. ഗമിച്ചാലും——ഇന്ദ്രന്റെ അടുക്കലെയ്ക്കു്.
7. ഈ സ്തോതാവു്——വൃഷഗണൻ. പാവകൻ——പാപം നീക്കുന്ന സോമം.

ഹംസരായ വൃഷഗണന്മാർ ബലം (പേടിച്ച്) ക്ഷിപ്രപ്രഹാരിയായ പ്രധഷകനെ നോക്കി, ശാലയിലെയ്ക്കു പോകുന്നു; സ്തോതവ്യനും ദുസ്സഹനുമായ പവമാനത്തെപ്പററി സഖാക്കരം ഒപ്പം വാണവും മീട്ടുന്നു. 8

ആ പുരുഗേയൻ, തന്റെ ഗതിസ്സ്വൊത്തു പായുന്നു: അനായാസേന വിളയാടുന്ന അദ്ദേഹത്തെ ആരും അനുഗമിയ്ക്കില്ല. തീക്ഷ്ണതേജസ്സൻ പലതരത്തിൽ വിളങ്ങുന്നു: പകൽനേരത്തു പച്ചയാണ്, തന്റെ നിറം! രാത്രിയിൽ നേരേ തെളിഞ്ഞുകാണാം! 9

ഇന്ദുവായ കെൽപ്പററ സോമം ഇന്ദ്രന്നു കരുത്തുണ്ടാക്കാൻ, മത്തുപിടിപ്പിയ്ക്കാൻ നീർദ്ധാരകരം കീഴ്പ്പോട്ടൊഴുക്കന്നു. ഈ ധനദനായ ബലപ്പെരുമാരം രക്ഷസ്സിനെ ഹിംസിയ്ക്കും, മാററലരെ എമ്പാടും മുടിയ്ക്കും! 10

അമ്മികൊണ്ടു പിഴിയപ്പെട്ട സോമം മധുധാര (ദേവന്മാരിൽ) ചേർപ്പാൻ കമ്പിളിയിൽനിന്ന് ഒഴുകുന്നു: മദകരനായ (ഈ) ദേവൻ ഇന്ദ്രദേവന്റെ സഖ്യം നേടി, മത്തുപിടിപ്പിയ്ക്കുന്നു. 11

കാലംതോറും അരുമത്തേജസ്സുട്കുന്ന ഇന്ദുദേവൻ, തന്റെ നീർ ദേവന്മാരിൽ ചേർപ്പാൻ, പത്തുവിരലുകളാൽ ഉയർന്ന കമ്പിളിയിൽ പകർന്നരിയ്ക്കപ്പെട്ടിട്ട് ഒഴുകുന്നു. 12

ഒരു ചെങ്കാള പൈക്കളുടെ നേർക്കു മുക്രയിടുന്നതുപോലെ, താൻ ഒലി പുറപ്പെടുവിച്ചുകൊണ്ടു മന്നിലും വിണ്ണിലും ഗമിയ്ക്കുന്നു: തന്റെ ഒച്ച യുദ്ധത്തിൽ, ഇന്ദ്രന്റേതുപോലെ കേരംക്കാം; ഒരടയാളമായി, ആ ശബ്ദത്തെ പരത്തുന്നു. 13

സോമമേ, ആസ്വാദ്യനായ അവിടുന്നു പാൽകൊണ്ടു തഴച്ചു ശബ്ദിച്ചുകൊണ്ട്, ഒരു മധുരരസമായ് ത്തീരുന്നു; കഴകിയരിയ്ക്കപ്പെട്ടിട്ടു, മുറിയാതൊഴുകി, ഇന്ദ്രങ്കലെയ്ക്കു പോകുന്നു. 14

---

8. ഹംസർ—ഹംസതുല്യർ. ബലം—ശത്രുക്കളുടെ ആക്രമണം. പ്രധഷകൻ—സോമം. ദുസ്സഹൻ—ശത്രുക്കരംക്ക്. സഖാക്കരം—സ്തോതാക്കരം. വാണം—ഒരുതരം വീണ. മീട്ടുന്നു—മീട്ടിക്കൊണ്ടു പാടുന്നു.

9. ആരും അനുഗമിയ്ക്കില്ല—ഒപ്പം നടക്കാൻ ആരും ആളാവില്ല. പച്ചയാണ്—മന്ദപ്രഭമാണ്.

10. ബലപ്പെരുമാരം—ബലത്തിന്റെ രാജാവായ സോമം.

11. ഒഴുകുന്നു—കലശത്തിലെയ്ക്ക്.

13. പരത്തുന്നു—വ്യാപിപ്പിയ്ക്കുന്നു.

സോമമേ, മദകരനായ നിന്തിരുവടി മഴക്കാറിനെ കൊലയായുധംകൊണ്ടു കമ്പിടുവിച്ച്, മത്തിന്നായി ഇങ്ങനെ ഒഴുകിയാലും; തെളിവെണ്മ പൂണ്ട, അരിപ്പയിലൊഴിയ്ക്കപ്പെട്ട നിന്തിരുവടി ഞങ്ങൾക്ക ഗോക്കളെത്തരാൻ ചുററിനടന്നാലും! 15

ഇന്ദുവേ, അങ്ങ് പ്രസാദിച്ച്, ഞങ്ങൾക്ക സന്മാർഗ്ഗവും സമ്പത്തും സുലഭമാക്കാൻ കലശത്തിലെയ്ക്കൊഴുകിയാലും; എമ്പാടും രക്ഷസ്സുകളെ മുട്ടത്തടികൊണ്ടെന്നപോലെ ചതയ്ക്കാൻ, ഉയർന്ന കമ്പിളിയിൽ പ്രവഹിച്ചാലും! 16

ഇന്ദുവേ, അവിടുന്ന ഞങ്ങൾക്ക് അന്നോദപതവും സുഖത്തിന്നിരിപ്പിടവും ക്ഷിപ്രം (ഫലം) നല്കുന്നതുമായ മഴ വാനിൽനിന്ന് എല്ലാടത്തും പൊഴിച്ചാലും; സമീപിയ്ക്കുന്ന ഈ എളിയ ബന്ധുക്കളെ, അരുമക്കിടാങ്ങളെയെന്നപോലെ തിരിഞ്ഞുവരികയും ചെയ്യാലും! 17

സോമമേ, അരിയ്ക്കപ്പെട്ട ഭവാൻ (എന്റെ) ബന്ധനം ഒരു കെട്ടുകപോലെ അഴിച്ചാലും; നേർവഴിയും ബലവും കിട്ടിച്ചാലു. പകന്നാവയ്ക്കുമ്പോൾ അങ്ങ്, ഒരു നടക്കുതിരപോലെ ശബ്ദിയ്ക്കുന്നു; ദേവ, ആ പച്ചനിറം പൂണ്ട മനുഷ്യഹിതനായ ഭവാൻ ഗൃഹത്തിൽ വന്നാലും! 18

ഇന്ദുവേ, മത്തിന്നു പോന്ന ഭവാൻ യജ്ഞത്തിൽ, ഉയർന്ന കമ്പിളിയിൽ എമ്പാടും ഒഴുകുക; ഒരായിരം ധാരകളുള്ള സുഗന്ധിയായ ഭവാൻ അഹിംസിതനായിട്ട്, അന്നലാഭത്തിന്നുള്ള യുദ്ധത്തിൽ ചുററിനടന്നാലും! 19

കടിഞ്ഞാണില്ലാതെ തേരില്ലാതെ പൂട്ടപ്പെടാതെ ആജിയിലിറക്കപ്പെടുന്ന അശ്വങ്ങൾപോലെ, ഇതാ, തെളിസോമങ്ങൾ ഉൾപ്പുകുന്നു; ദേവന്മാരേ, നിങ്ങൾ അവയെ പ്രാപിയ്ക്കുവിൻ, കുടിപ്പാൻ! 20

---

15. കമ്പിടുവിച്ച്—മഴ പെയ്യാൻ.

17. ഈ എളിയ ബന്ധുക്കളെ—ഞങ്ങളെ. തിരഞ്ഞ്—അഭീഷ്ടങ്ങൾ നൽകാൻ അന്വേഷിച്ച്.

18 ബന്ധനം—പാപബന്ധം. ഗൃഹത്തിൽ—എന്റെ.

19. മത്തിന്നു പോന്ന—ലഹരിപിടിപ്പിയ്ക്കാൻ ത്രാണിയുള്ള.

20. ഉൾപ്പുകുന്നു—കലശത്തിൽ,

ഇന്ദുവേ, അവിടുന്ന് ഇപ്രകാരം, യജ്ഞത്തിന്നു വാനത്തുനിന്ന് ഉദകം ചമസങ്ങളിലൊഴുക്കുക. സോമം നമുക്കു സ്പൃഹണീയവും മഹത്തും ബലിഷ്ഠവുമായ ധനവും വീരന്മാരെയും തരട്ടെ! 21

കാമയമാനനായ സ്തോതാവ്, ഒരു വിളിയ്ക്കുന്ന തൊഴിലാളി മേലാളിയെയെന്നപോലെ സ്തുതിച്ചുതുടങ്ങുന്നതോടേ, ഈ വരണീയനായ, പോന്നവനായ പാലകങ്കൽ—കലശസ്ഥനായ ഇന്ദുവിങ്കൽ—പൈക്കൾ കൊതിച്ചെത്തും! 22

ദാതാക്കൾക്കു നല്കുന്ന—ദാതാക്കൾക്കു പെയ്തുകൊടുക്കുന്ന—ദിവ്യനായ സുമേധസ്സ് സത്യശുഷ്മന്നായി സത്യം ഒഴുക്കുന്നു. നല്ല കെല്പുള്ള ഈ രാജാവു പത്തുവിരലുകളാൽ പെരികെ എടുക്കപ്പെടുന്നു! 23

നരരെ നോക്കുന്നവൻ, ദേവന്മാർക്കും മനുഷ്യർക്കും, രണ്ടുകൂട്ടർക്കും, രാജാവ്, സമ്പത്തിന്റെ, സമ്പത്തുക്കളുടെ, ഉടമസ്ഥൻ—ഇങ്ങനെയുള്ള ഇന്ദു അരിപ്പകളിൽ അരിയ്ക്കപ്പെടുന്നു; നല്ല വെള്ളം ശരിയ്ക്കു സംഭരിച്ചുവെച്ചിരിയ്ക്കുന്നു. 24

സോമമേ, അന്നത്തിന്നായി ഒരശ്വമെന്നപോലെ, നേട്ടത്തിന്നായി ചെന്നു ഭവാൻ ഇന്ദ്രവായുക്കളാൽ കുടിയ്ക്കപ്പെട്ടാലും. ആ ഭവാൻ ഞങ്ങൾക്ക് ഒരായിരം അന്നങ്ങൾ ധാരാളം തന്നാലും; അരിയ്ക്കപ്പെട്ട ഭവാൻ ധനം കിട്ടിച്ചാലും! 25

പകർന്നുവെയ്ക്കപ്പെട്ട ദേവതർപ്പകങ്ങളായ സോമങ്ങൾ നമുക്കു സൽപുത്രോപേതമായ ഗൃഹം അയച്ചുതരട്ടെ: യഷ്ടവ്യങ്ങളും, സർവവരണീയങ്ങളും, ഹോതാക്കൾപോലെ സ്വർഗ്ഗരെ യജിയ്ക്കുന്നവയുമായ ആ മാദകതമങ്ങൾക്കു നന്മനസ്സുണ്ടാകട്ടെ! 26

ദേവ, സോമമേ, ദേവപാനമായ ഭവാൻ ദേവയജനത്തിൽ പെരിയ അമരേത്തിന്ന് ഇപ്രകാരം ഒഴുകിയാലും: എന്നാൽ, യുദ്ധ

---

21. വാനം—അരിപ്പ. ഉദകം—നീര്.

22. കൊതിച്ചെത്തും—നീരിൽ പാൽ ചേർക്കാൻ.

23. ദാതാക്കൾക്കു നല്കുന്ന—യജമാനക്ക് അഭീഷ്ടങ്ങൾ നല്കുന്ന. സുമേധസ്സ്—സോമം. സത്യശുഷ്മൻ—ഇന്ദ്രൻ. സത്യം—തന്റെ നീര്.

26. സ്വർഗ്ഗരെ—ദേവന്മാരെ. മാദകതമങ്ങൾ=അതിമാദകങ്ങൾ, സോമങ്ങൾ.

ത്തിലിറക്കപ്പെട്ട ഞങ്ങൾ വമ്പന്മാരെയും കീഴമർത്തുമല്ലോ. അരിക്കു പ്പെട്ട നിന്തിരുവടി വാന്വഴികളെ സുഖവാസയോഗ്യങ്ങളാക്കി യാലും! 27

ഇന്ദോ, പിഴിയുന്നവരാൽ ചേർക്കപ്പെടുന്ന ഭവാൻ ഒരശ്വം പോലെ ശബ്ദിക്കുന്നു: സിംഹംപോലെ ഭയങ്കരനും, മനസ്സിനെ ക്കാൾ വേഗവാനുമായ നിന്തിരുവടി ഇങ്ങോട്ടുള്ള നേർവഴികളി ലൂടേ ഞങ്ങൾക്കു മനസ്സ്വാസ്ഥ്യം കൊണ്ടുവന്നാലും! 28

ദേവന്മാർക്കായി നുറുനീർദ്ധാരകൾ പിഴിഞ്ഞിട്ടു കവികൾ ഇവയ്ക്കു് ആയിരംമട്ടിൽ വെട്ടപ്പു വരുത്തുന്നു. ഇന്ദുവേ, അങ്ങ് സ്വർഗ്ഗത്തിൽനിന്നു ധനം കൊണ്ടുവന്നാലും: വമ്പിച്ച സമ്പത്തി ന്റെ മുമ്പിൽ നടക്കുന്നവനാണല്ലോ, അവിടുന്നു്. 29

പകൽസ്സമയത്തു സൂര്യന്റെ രശ്മികൾപോലെ, (നീർദ്ധാര കൾ) പ്രസരിക്കുന്നു. ഈ ധീരനായ രാജാവു് സഖാവിനെ ദ്രോ ഹിക്കില്ല. കർമ്മങ്ങളിൽ യതിക്കുന്ന മകൻ അച്ഛനെന്നപോലെ, അങ്ങ് ഈ മനുഷ്യന്നു വിജയം കിട്ടിച്ചാലും! 30

പവമാനമേ, അരിക്കപ്പെട്ട ഭവാൻ കമ്പിളി വിടുമ്പോൾ, ഭവാന്റെ തേൻധാരകൾ പ്രകർഷേണ പൊഴിയും; അങ്ങ് പൈ ക്കളുടെ പാലിലെയ്ക്കൊഴുകം. പിറപ്പിൽത്തന്നേ തേജസ്സുകൊണ്ടു സൂര്യനെ നിറയ്ക്കും! 31

താൻ യജ്ഞമാർഗ്ഗത്തെ നോക്കി ഒലിക്കൊള്ളും. അമൃതത്തി ന്റെ ഇരിപ്പിടമായ ഭവാൻ വെണ്മ പൂണ്ടു വിശേഷേണ ശോഭി ക്കുന്നു. ആ മാദകരസനായ അങ്ങ് സ്തോതാക്കളുടെ സ്തുതികളോടു കൂടി ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ഇന്ദ്രന്നായി ഒഴുകുന്നു! 32

സോമമേ, വാനിലെ സുപർണ്ണനായ ഭവാൻ യജ്ഞത്തിൽ നീ രൊഴുക്കാൻ കീഴ്പോട്ടു നോക്കിയാലും. ഇന്ദോ, അവിടുന്നു സോ മകലശം പൂകിയാലും. ശബ്ദിച്ചുകൊണ്ടു സൂര്യരശ്മിയിൽ ചെ ന്നാലും! 33

ഭാരവാഹി മൂന്നു സൂക്തികളും, ബ്രഹ്മത്തെപ്പററി യജ്ഞരക്ഷക മായ സ്തോത്രവും ഉച്ചരിക്കുന്നു; പൈക്കൾ കാളയെ പ്രാപിക്കുന്നതു

---

27. പെരിയ അമരേത്തിന്നു—ദേവകൾക്കു കടിപ്പാൻ. ഇറക്കപ്പെട്ട— അങ്ങയാൽ.

30. ഒന്നും രണ്ടും വാക്യങ്ങൾ പരോക്ഷങ്ങൾ: സഖാവ്—യജമാനൻ.

32. അമൃതത്തിന്റെ ഇരിപ്പിടം—മരണരഹിതൻ,

പോലെ, കാമയമാനകളായ സ്തുതികൾ സോമത്തെ തേടിക്കൊണ്ടു പ്രാപിയ്ക്കുന്നു. 34

കറവപ്പൈക്കൾ സോമത്തെ കാമിയ്ക്കുന്നു. മേധാവികൾ സ്തുതികളാൽ സോമത്തെ തേടുന്നു; സോമത്തെ പിഴിഞ്ഞു കലർത്തി അരിയ്ക്കുന്നു; ത്രിഷ്ടുപ്പ് മന്ത്രങ്ങൾ സോമത്തോടു ചേരുന്നു! 35

സോമമേ, അരിച്ചു പകർന്നുവെയ്ക്കപ്പെട്ട ഭവാൻ ഇങ്ങനെ ഞങ്ങൾക്കു സ്വസ്തി കിട്ടിച്ചാലും; ഒച്ച മുഴക്കി ഇന്ദ്രങ്കൽ ചെന്നാലും; സ്തുതി വളർത്തിയാലും; ബുദ്ധിയുണ്ടാക്കിത്തന്നാലും! 36

കാമയമാനരായ നേതാക്കൾ—ശോഭനഹസ്തരായ അധ്വര്യുക്കൾ—ഒത്തൊരുമിച്ച് ആരെ എടുക്കുന്നുവോ; ആ സത്യസ്തവജ്ഞനായ ഉണർവുററ സോമം അരിയ്ക്കപ്പെട്ടു ചമസങ്ങളിൽ ഇരിയ്ക്കുന്നു. 37

താൻ അരിയ്ക്കപ്പെട്ടു, സംവത്സരം സൂര്യങ്കലെന്നപോലെ (ഇന്ദ്രങ്കൽ) ചെല്ലുന്നു. വാനൂഴികൾ രണ്ടിനെയും നിറയ്ക്കുന്നു; ഇരുട്ടു കററുന്നു. പ്രിയനായ ആരുടെ അനുമനീരുകളോ, രക്ഷകങ്ങൾ; അദ്ദേഹം ഉടനേ, ഭൃത്യന്നു കൂലിപോലെ, ധനം തരുമാറാകട്ടെ! 38

വളർത്തുന്നവനും വളരുന്നവനും വൃഷാവുമായ പവമാനസോമം തേജസ്സുകൊണ്ടു നമ്മെ കാത്തരുളട്ടെ: ഇദ്ദേഹത്തെക്കൊണ്ടാണല്ലോ, നമ്മുടെ സർവജ്ഞരായ പൂർവപിതാക്കൾ സ്ഥലമറിഞ്ഞു ഗോക്കളെ മലയിൽനിന്നു കൊണ്ടുപോന്നതു്! 39

മഴ പെയ്യിയ്ക്കുന്ന രാജാവു വിശാലമായ ജലാസ്പദത്തിൽ പ്രജകളെ ഉല്ലാദിപ്പിച്ചുകൊണ്ടു വ്യാപിയ്ക്കുന്നു. പിഴിയപ്പെട്ടു വിളങ്ങുന്ന വൃഷാവായ സോമം ഉയർന്ന കമ്പിളിയരിപ്പയിൽ പെരികെ വളരുന്നു. 40

മഹാനായ സോമം ചെയ്തു മഹത്ത്വതന്നെ: താൻ തണ്ണീരുകളുടെ ഗർഭമായിട്ടു ദേവന്മാരെ പ്രാപിച്ചുവല്ലോ. പവമാനേന്ദു ഇന്ദ്രന്നു ബലം ഉളവാക്കി; സൂര്യന്നു പ്രകാശം വരുത്തി! 41

---

34. ഭാരവാഹി—യജമാനൻ. മൂന്നു സൂക്തികൾ—ഋഗ്യജുസ്സാമസ്തുതികൾ. ബ്രഹ്മം—സോമം.

35. കലർത്തി—ഗോരസങ്ങൾ.

36. സ്തുതി—ഞങ്ങളുടെ.

38. നിറയ്ക്കുന്നു—സ്വമഹിമാവിനാൽ. തരുമാറാകട്ടെ—നമുക്കു്.

39. പൂർവപിതാക്കൾ—അംഗിരസ്സുകൾ.

40. രാജാവു്—സോമം. ജലാസ്പദം—അന്തരിക്ഷം.

ദേവ, പവമാനസോമമേ, അങ്ങ് അന്നത്തിന്നും അൎത്ഥത്തി ന്നും വായുവിനെ മത്തുപിടിപ്പിയ്ക്കുക; മിത്രാവരുണന്മാരെ മത്തു പിടിപ്പിയ്ക്കുക; മരുദ്ഗണത്തെ മത്തുപിടിപ്പിയ്ക്കുക; ദേവന്മാരെ മത്തുപിടിപ്പിയ്ക്കുക; ദ്യാവാപൃഥിവികളെയും മത്തുപിടിപ്പിയ്ക്കുക! 42

നിന്തിരുവടി ഉപദ്രവം പോക്കി, രോഗത്തെയും ദ്രോഹികളെ യും നശിപ്പിച്ചു, നേരേ ഒഴുകിയാലും; നീര് പൈക്കളുടെ പാലോടു ചേർത്താലും. ഇന്ദ്രന്റെ സഖാവാണ്, നിന്തിരുവടി; ഞങ്ങൾ നിന്തിരുവടിയുടെയും! 43

ഇന്ദുവേ, അരിയ്ക്കപ്പെടുന്ന ഭവാൻ ധനത്തിന്റെ തേനോലുന്ന ഉറവു പൊഴിച്ചാലും: ഞങ്ങൾക്കു പുത്രനെയും വിത്തത്തെയും കിട്ടി ച്ചാലും; ഇന്ദ്രന്നു സ്വാദു തോന്നിച്ചാലും; അന്തരിക്ഷത്തിൽനിന്നു ഞങ്ങൾക്കു ഗോവിനെയും കൊണ്ടുവന്നാലും! 44

പിഴിയപ്പെട്ട ബലവാനായ സോമം ധാരയായി ഒരശ്വംപോ ലെ നടകൊണ്ടു, നദിപോലെ താഴത്തെയ്ക്കൊഴുകുന്നു: അരിയ്ക്കപ്പെട്ട ഇന്ദു മരപ്പാറയിൽ മേവുന്നു; ഗോരസങ്ങളോടും തണ്ണീരുകളോടും മേളിയ്ക്കുന്നു. 45

സർവദർശിയും സത്യബലനുമായ യാതൊരു രഥികൻ, യഷ്ടാ ക്കളുടെ അഭിലാഷമെന്നപോലെ നിവേദിയ്ക്കപ്പെട്ടുവോ; ഇന്ദ്ര, ആ ധീരനായ, വേഗവാനായ സോമം ഇതാ, കൊതിയ്ക്കുന്ന നിന്തിരു വടിയ്ക്കായി ചമസങ്ങളിലെയ്ക്കൊഴുകുന്നു! 46

പുരാതനമായ അന്നത്തോടേ ഒഴുകി, ഭൂമിയുടെ അംഗങ്ങൾ മറച്ചു, മൂന്നിനെയും തടുക്കുന്ന ഗൃഹമണഞ്ഞു, വെള്ളത്തിൽ വാണ നന്തിരുവടി യജ്ഞങ്ങളിൽ ഹോതാവുപോലെ ശബ്ദിച്ചുകൊണ്ടു ചെല്ലുന്നു! 47

---

42. അന്നത്തിന്നും അർത്ഥത്തിന്നുമായി—ഞങ്ങൾക്ക്.

44. ഉറവ്—നീര്.

45. താഴത്തെയ്ക്ക്—കലശത്തിലെയ്ക്ക്. മരപ്പാറ—ദ്രോണകലശം.

46. രഥികൻ—രഥവാൻ. നിവേദിയ്ക്കുക—അങ്ങയ്ക്കു നൽകുക.

47. മറച്ചു—സ്വതേജസ്സുകൊണ്ടു മൂടി. മൂന്നിനെയും—ശീതാതപവർഷ ങ്ങളെ. ഗൃഹം—യാഗശാല. ശബ്ദിച്ചുകൊണ്ട്—ഹോതാവു സ്തുതിയ്ക്കുന്നതുപോ ലെ ശബ്ദിച്ചുകൊണ്ട്.

ദേവ, സോമമേ, രഥവാനായ ഭവാൻ ഞങ്ങളുടെ ഇരുപലക കളിൽ പിഴിയപ്പെട്ടിട്ടു തണ്ണീരുകളിലെയ്ക്കു തിണ്ണം ഒഴുകിയാലും; മാധുര്യശാലിയും തുലോം ആസ്വാദ്യനും യജ്ഞവാനും സവിതൃദേ വൻപോലെ സത്യസ്തവനമാണല്ലോ, അങ്ങ്! 48

സ്തുതിയ്ക്കപ്പെട്ട പവമാനമായ ഭവാൻ വായുവിന്നും, മിത്രാവരു ണന്മാർക്കും, തേരിൽ മേവുന്ന മനോജവരായ ഇരുനേതാക്കൾക്കും, വൃഷാവും വജ്രപാണിയുമായ ഇന്ദ്രന്നും കുടിപ്പാനായി ചെന്നാലും! 49

ദേവ, പവമാനസോമമേ, നിന്തിരുവടി ഞങ്ങൾക്കു നന്നായി ച്ചററാവുന്ന വസ്ത്രങ്ങളും, സുദുഘകളായ പൈക്കളെയും, പൊററപ്പി ന്ന് ഇമ്പപ്പെടുത്തുന്ന പൊന്നുകളും, കുതിരകളെയും, തേരുകളും കൊണ്ടു വന്നാലും! 50

പവമാനമേ, അങ്ങ് ഞങ്ങൾക്കു വിണ്ണിലും മന്നിലുമുള്ള വി ത്തമെല്ലാം കൊണ്ടുവന്നാലും; ഞങ്ങൾക്കു ധനാർജ്ജനസാമർത്ഥ്യവും, ജമദഗ്നിയ്ക്കെന്നപോലെ ഋഷിയോഗ്യവും കൊണ്ടുവന്നാലും! 51

ഇന്ദോ, അങ്ങ് ഈ നീരുകൊണ്ട് ഈ ധനങ്ങൾ ഒഴുക്കുക; ധാ ടിക്കാരെ പീഡിപ്പിയ്ക്കുന്ന സരസ്സിൽ ചെല്ലുക. ആദിത്യനും, വായു പോലെ വേഗം പൂണ്ട ശതക്രതുവും പ്രപന്നനു നേതാവിനെ തന്ന രുളട്ടെ! 52

അങ്ങ് ഞങ്ങളുടെ ശബ്ദം മുഴങ്ങുന്നേടത്ത് ഈ നീരുതന്നെ ഒഴുക്കിയാലും. ആ പരിപന്ഥിഹന്താവു പടയ്ക്കായി അറുപതിനായി രം നാണ്യങ്ങൾ, മരത്തിന്റെ പഴങ്ങൾപോലെ കൊഴിച്ചുതന്നു വല്ലോ! 53

തന്തിരുവടിയുടെ വലിയ വഷിയ്ക്കലും വണങ്ങിയ്ക്കലും സുഖക രങ്ങളാകുന്നു; ഇവ കുതിരപ്പടയിലും കൈപ്പോരിലും കൊന്നുകളയും.

---

49. ഇരുനേതാക്കൾ—അശ്വികൾ.

50. പൊററപ്പ്—നിത്യവൃത്തി.

51. ഋഷിയോഗ്യം—മന്ത്രം. കുത്സന്റേതാണ്, ഈ പ്രാർത്ഥന.

52. ധാടിക്കാരെ പീഡിപ്പിയ്ക്കുന്ന—നാസ്തികർക്കു ദുഃഖകരമായ. സര സ്സിൽ—വെള്ളത്തിൽ. പ്രപന്നന്—എനിയ്ക്ക്. നേതാവിനെ—കർമ്മനേതാ വായ പുത്രനെ.

53. രണ്ടാം വാക്യം പരോക്ഷം: പരിപന്ഥിഹന്താവ്=വൈരിഘ്നൻ സോമം.

താൻ പററലരെ ഉറക്കി; ആട്ടിപ്പായിച്ചു. നിന്തിരുവടി രിപുക്കളെ
യും, അഗ്നിചയനം ചെയ്യാത്തവരെയും ഇവിടെനിന്നോടിച്ചാലും! 54

പരന്ന മൂന്നരിപ്പകളിൽ വഴിപോലെ ചെല്ലുന്ന നിന്തിരുവടി
അരിച്ചുപ്പെട്ടപ്പോരം ഒന്നിലേയ്ക്കോടുന്നു. നിന്തിരുവടി ജേനീയ
നാണ്, കൊടുക്കേണ്ടതു കൊടുക്കുന്നവനാണ്: ഇന്ദോ, ധനവാന്മാ
രെക്കാരം ധനവാനാണല്ലോ, നിന്തിരുവടി! 55

ഇതാ, എല്ലാമറിയുന്ന മനീഷിയായ, പാരിന്നെല്ലാമരചനാ
യ, ഇന്ദുവായ സോമം ഒഴുകുന്നു—യജ്ഞത്തിൽ നീർത്തുള്ളികളുതി
ർത്തുകൊണ്ടു, കമ്പിളി, രണ്ടുപാടും വെടിഞ്ഞു, നടകൊള്ളുന്നു! 56

അഹിംസിതരായ മഹാന്മാർ ഇന്ദുവിനെ നുകരുന്നു; ധനകാമ
രായ കവികരംപോലെ അരികിൽ ഒച്ചയും മുതിർക്കുന്നു. കർമ്മകു
ശലന്മാർ പത്തുവിരലുകളാൽ കൊണ്ടുപോകുന്നു; ചെടി വെള്ളം
കൊണ്ടു കഴുകുന്നു. 57

പവമാനസോമമേ, അങ്ങ് യുദ്ധത്തിൽ വളരെ ചെയ്തു
ഞങ്ങരം അനുഷ്ഠിച്ചുമാററാകണം:

(കേക)

അതിനെ മാനിച്ചരുട്ടേ, മിത്രനും വരുണനും
ക്ഷിതിയുമാകാശവും സിന്ധുവുമദിതിയും! 58

സൂക്തം 98.

വൃഷാഗീര് എന്ന രാജാവിന്റെ പുത്രൻ അംബരീഷനോ, ഭരദ്വാജപു
ത്രൻ ഋജിശ്വാവോ, ഇരുവരുമോ ഋഷികരം; അനുഷ്ടുപ്പും ബൃഹതിയും
ഛന്ദസ്സുകരം; പവമാനസോമം ദേവത.

(അന്നനട)

തിരുമേനി കൊണ്ടുവരികിന്ദോ, ഞങ്ങരം—
ക്കൊരായിരംപേരെപ്പുലത്താവും ധനം,

---

54. വർഷിച്ചാലും, വണങ്ങിച്ചാലും——ശരവൃഷ്ടിയും, ശത്രുക്കളെ കമ്പിടുവി
ച്ചാലും. കുതിരപ്പട = അശ്വയുദ്ധം. കൈപ്പോർ = ബാഹുയുദ്ധം. കൊന്നുകളയും——
എതിരാളികളെ. ഉറക്കി——മുതിപ്പെടുത്തി. അന്തിമവാക്യം പ്രത്യക്ഷം:

55. മൂന്നരിപ്പകളിൽ——അഗ്നിവായുസൂര്യരിൽ. ഒന്നിലെയ്ക്ക്——കമ്പിളി
യരിപ്പയിലെയ്ക്ക്.

57. മഹാന്മാർ——ദേവന്മാർ. കവികരം——സ്തോതാക്കരം. ചെടി——സോ
മലത.

പുരുസ്പൃഹണീയം, തുലോമോജസ്സരം,
പെരിയോരെയമർത്തുവൊന്ന, നല്ലൊന്നം! 1

അരിപ്പപൂകുന്നു പിഴിയപ്പെട്ടിന്ദു,—
വൊരു രഥി ചട്ടയിടുന്നതുപോലെ;
മുറിയാതെ കുടത്തിലെല്ലൊഴുകുന്നു
നിറയുമാറ,ഭിഷ്ടുതനാമദ്രേഹം. 2

പിഴിഞ്ഞോരാൽ മർത്തിന്നയയ്ക്കപ്പെട്ടവ—
നൊഴുകുന്നു, നല്ലമ്പിളിയിലെമ്പാടും;
ഏഴുന്നരുവൂ, ഗവ്യം കൊതിച്ചൊ,ളിപോലെ—
യെഴുന്ന നീർദ്ധാരയൊടും മഖോന്നതൻ! 3

ഹവിസ്സർപ്പിക്കുന്ന കുടുംബിയാം നര—
ന്നവിടുന്നു കല്പിച്ചയയ്ക്കാറുണ്ടല്ലോ,
ഒരുനൂറുമൊരായിരവുമായിട്ടു,
പൊറുക്കുവാൻ വേണ്ടും ധനമിന്ദോ, ദേവ! 4

ഇവണ്ണമുള്ള നിന്നുടെയല്ലോ, ഞങ്ങ—
ളവിദിതഗതേ, വസോ, വൃത്രഘ്നാതിൻ:
അവിരളകാമ്യം ധന,മന്നം, സുഖ—
മിവയുടെയതിസമീപത്താകേണ്ടാം! 5

ഇരുനാലും രണ്ടും വിരലുകളിന്ദ്ര—
ന്നരുമയായ്പ്പുകളിയന്ന കാമ്യനെ
തിരയടിക്കും നീർനിരയൊഴുകുമാ—
റരകല്ലാൽപ്പിഴിഞ്ഞമൃതമാടിപ്പൂ. 6

സൂക്തം 98.

1. പെരിയോരെ——വലിയ വൈരികളെ. ഉദ്ധരാദ്ധം മുഴുവൻ ധനവിശേഷണം.

2. അഭിഷ്ടുതൻ = സ്തുതിക്കപ്പെട്ടവൻ.

3. അയയ്ക്കപ്പെട്ട്——ദേവന്മാക്ക്. ഒളിപോലെയെഴുന്ന——ഒരു പ്രഭപോലിരിക്കുന്ന. മഖോന്നതൻ——യാഗത്തിൽ പ്രധാനഭൂതൻ.

5. അവിദിതഗതേ = ഹേ അജ്ഞാതഗമന. അവിരളകാമ്യം = ബഹുസ്പൃഹണീയം. ഞങ്ങൾ ധനാദികളോടു ചേരുമാറാകട്ടെ.

6. ഇരുനാലും രണ്ടും——പത്ത്. അമൃതം = ജലം.

കുരാൽ—പച്ചനിറം പെറുമാ രമ്യനെ—
യരിയ്ക്കുന്നു, നൂല്ക്കമ്പിളിയിലെമ്പാടും:
തിരുവടി പിന്നെ നടകൊള്ളുമല്ലോ,
സുരന്മാരെയെല്ലാം ലഹരിക്കൊള്ളിപ്പാൻ! 7

കരുത്തുളവാകാൻ നുകന്നുവല്ലോ, ത—
ന്തിരുവടിയുടെ സുരക്ഷയാൽ നിങ്ങൾ:
പെരുതാകുമന്നം സ്തുതികാരന്മാരി—
ലുറപ്പിപ്പോനല്ലോ, രവിരമ്യനിവൻ! 8

മനുവിന്റെ വിയന്മഹീദേവികളേ,
ജനിപ്പാനിദ്ദേവൻ ഭവദ്യജ്ഞങ്ങളിൽ;
അരകല്ലിലിരുന്നിട്ടമസ്സോമത്തെ
(നരർ) ചതയ്ക്കയായ്, ക്രുന്നിർഗ്ഘോഷത്തിൽ! 9

പകരുന്നൂ, വൃത്രരിപുവാമിന്ദ്രന്നു
നുകരുവാനായിബ്ഭവാനെയിന്ദുവേ,
ഹവിസ്സുദ്ദേവന്നു സമർപ്പിപ്പാൻ യജ്ഞ—
ഭവനത്തിൽ മേവും സദക്ഷിണന്നുമേ! 10

വെളിവില്ലാത്തോരാമൊളികള്ളന്മാരെ—
പ്പുലർകാലത്തെവയടിച്ചോടിയ്ക്കുമോ;
അഹപ്പിറപ്പിലപ്പുരാണസോമങ്ങ—
ളരിപ്പയിങ്കലെയ്യൊഴുകുകയായി; 11

---

7. കുരാൽ—പച്ചനിറം——തവിട്ടുനിറവും പച്ചനിറവും.

8. കമ്മികളോട്: നുകന്നു——സോമനീർ. രവിരമ്യൻ=സൂര്യൻപോലെ രമണീയൻ. ഇവൻ——സോമം.

9. മനുവിന്റെ——മനുവിന്റെ സ്വന്തമായ. വിയന്മഹീദേവികൾ——വാനൂഴികളാകുന്ന ദേവികൾ. ഇദ്ദേവൻ——സോമം. ഭവദ്യജ്ഞങ്ങൾ——നിങ്ങളുടെ യാഗങ്ങൾ.

10. അദ്ദേവൻ——ഇന്ദ്രൻ. സദക്ഷിണന്നുമേ——ദക്ഷിണ കൊടുക്കുന്ന യജമാനന്നു ഫലം നല്ലാനും. പാത്രങ്ങളിൽ പകരുന്നു.

11. വെളിവ്——അറിവ്. ഒളികള്ളന്മാർ——നിഗൂഢചോരന്മാർ. അഹപ്പിറപ്പ്——പ്രഭാതം. പുരാണം=പുരാതനം.

കരുത്തേകും നറുമണത്തൊടേ മുന്നിൽ—
പ്പരിലസിപ്പതാമതിനെ മിത്രരേ,
ഭജിപ്പൂ, വിജ്ഞർ നിങ്ങളുമെങ്ങളുമേ;
ഭജിപ്പൂ, ഭോജ്യവൽഭവനദായിയെ! 12

സൂക്തം 99.

കശ്യപഗോത്രർ രേഭനും സൂനുവും ഋഷികൾ; ബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; പവമാനസോമം ദേവത.
('താമരക്കണ്ണൻ'പോലെ)

ആണ്മ കാട്ടുന്ന വില്ലിൽ ഞാണിട്ടു,
കാമ്യനാം ധർഷകന്നായി—
വെള്ളരിപ്പു നിവൃത്തും, പൂജോൽക്കർ
കല്യന്നായ് വാനോർതൻ മുന്നിൽ! 1

സേവാപരൻെറ കൈവിരലുകൾ
പോവതിന്നയച്ചാലപ്പോൾ
അന്നങ്ങൾ പാർത്തിറങ്ങുമേ, ശ്യാമൻ
മണ്ഡിതൻ പുലർവേളയിൽ! 2

അത്യന്തമിന്ദ്രൻ സേവിപ്പുമിതിൻ—
മത്തുനീരരിപ്പൂാവൂ, നാം:
ഗോക്കളിതിനെപ്പണ്ടുമിപ്പോഴും
വായ്ക്കൊള്ളുമല്ലോ, വിജ്ഞരും! 3

---

12. സ്തോതാക്കളോട്: അതിനെ——സോമത്തെ. ഭോജ്യവൽഭവനദായിയെ——അന്നസമേതമായ ഗൃഹം തരുന്ന സോമത്തെ.

സൂക്തം 99.

1. ആണ്മ കാട്ടുന്ന=പൌരുഷത്തെ വെളിപ്പെടുത്തുന്ന. പൂജോൽക്കർ——ഋത്വിക്കുകൾ. കല്യന്നായ്——കരുത്തനായ സോമത്തിന്നായ്.

2. സേവാപരൻ——യജമാനൻ. പോവതിന്നയച്ചാൽ——പാത്രങ്ങളിൽ പകർന്നാൽ. ശ്യാമൻ——പച്ചനിറസ്സോമം. മണ്ഡിതൻ=അലംകൃതൻ.

3. മത്തുനീർ=മദകരമായ രസം. ഇതിനെ——ചെടിയായി നില്ക്കുന്ന സോമത്തെ. വിജ്ഞർ (സ്തോതാക്കൾ) ഇതിൻെറ നീർ വായ്ക്കൊള്ളും——ഭക്ഷിപ്പും.

പണ്ടത്തെപ്പാട്ടാലപ്പവമാന-
മുണ്ട, വാഴ്ത്തപ്പെട്ടീടുന്നു;
കൈവിരൽകളും കുമ്പിട്ടുകൊണ്ടു
ദേവന്മാർക്കായിട്ടർപ്പിപ്പൂ! 4

അംശസ്സു പകന്ന,ത്താങ്ങായോനെ-
ക്കമ്പിളികൊണ്ടരിയ്ക്കുന്നു;
മുമ്പറിയിപ്പും ദൂതങ്കൽപ്പോലേ
സംപ്രാർത്ഥിയ്ക്കുന്നു, ധീമാന്മാർ. 5

മത്തേററമേകുമപ്പൂതസോമം
വത്തിപ്പൂ, ചമസങ്ങളിൽ:
വാഴ്ത്തപ്പെടുന്നു, നീർ ഗോവിൽപോലേ
ചേർത്തിടും കർമ്മപാലകൻ. 6

നേക്കരിയ്ക്കുന്ന, സുവ്രതർ ദേവ-
ന്മാർക്കായ്പ്പിഴിഞ്ഞതദ്ദേവനെ;
സന്ദാതാവിവക്കെന്നു വിജ്ഞാതൻ
വൻതണ്ണീർകളിൽപ്പൂകുന്നു. 7

ഇന്ദോ, പിഴിഞ്ഞെടുത്തരിപ്പിൽത്തു-
കുന്നു, നേതാക്കളങ്ങയെ;
ഇന്ദ്രന്നായ്ച്ചമസങ്ങളിൽ വാഴ്‌വൂ,
നന്നെ മത്തേകുമവോനാം നീ. 8

---

4. പണ്ടത്തെപ്പാട്ട്——പുരാതനസ്തുതി. അർപ്പിപ്പൂ——സോമരസമാകുന്ന ഹവിസ്സ്.

5. അത്താങ്ങായോനെ——സർവാധാരമായ സോമത്തെ. മുമ്പറിയിപ്പും സംപ്രാർത്ഥിയ്ക്കുന്നു——ദേവന്മാരെ മുൻകൂട്ടി അറിയിയ്ക്കേണമേ എന്നു, ദൂതനോടെന്ന പോലെ സോമത്തോടപേക്ഷിയ്ക്കുകയുംചെയ്യുന്നു. ധീമാന്മാർ——യജമാനർ.

6. പൂതം=വിശുദ്ധം, അരിയ്ക്കപ്പെട്ടത്. ഗോവിൽപ്പോലെ—— ഒരു കാള ഗോക്കളിൽ രേതസ്സ് ആധാനംചെയ്യുന്നതുപോലെ. നീർ ചേർത്തിടും——നീർ ചമസങ്ങളിൽ പകരുന്ന. കർമ്മപാലകൻ——സോമം വാഴ്ത്തപ്പെടുന്നു.

7. സുവ്രതർ——ഋത്വിക്കുകൾ. അദ്ദേവനെ——സോമത്തെ. ഇവക്കു സന്ദാതാവ്, അഭീഷ്ടപ്രദൻ, എന്നു വിജ്ഞാതൻ, അറിയപ്പെട്ടസോമം. വൻതണ്ണീർകളിൽ (മഹാജലങ്ങളിൽ) പൂകുന്നു.

8. നന്നെ=ഏററവും.

സൂക്തം 100.

ഋഷിദേവതകരം മുമ്പേത്തവ; അനുഷ്ടപ്പ് ഛന്ദസ്സ്.

('താമരക്കണ്ണൻ'പോലെ.)

ചെന്നണയുന്നു, ക്കുററ തണ്ണീ–
രിന്ദ്രന്നിഷ്ടനാം കാമ്യങ്കൽ,
ഒന്നാംവയസ്സിൽപ്പെററ കന്നിനെ
നന്നായ് നക്കവാൻ തായ്പോലേ! 1

കൊണ്ടുവരിക,രിച്ചപ്പെട്ട നീ
രണ്ടിടസ്വത്തും സോമമേ:
ദാതാവിൻ ഗൃഹേ സർവാത്ഥപുഷ്ടി
സാധിപ്പോനല്ലോ, നീയിന്ദോ! 2

നീർ മനോജവമായുതിക്ക നീ,
കാർമുകിൽ മഴപോലിന്ദോ:
വിണ്ണുലകിലും മന്നിലുമുള്ള
പൊന്നു വളപ്പോനല്ലോ, നീ! 3

ഏവം പിഴിയപ്പെട്ട ഭവാൻെറ
സേവനാർഹമാം നീർ വെക്കം
കമ്പിളിയിലെയ്യോട്ടന്നു, വെന്ന
വമ്പൻെറ വാജിപോലവേ! 4

ഞങ്ങരംക്ക ബലത്തിന്നറിവിന്നു–
മിങ്ങൊഴുക്കുക നീർ കവേ,
ഇന്ദ്രവരുണമിത്രക്കുണ്ണുവാ–
നിന്ദോ, പിഴിയപ്പെട്ട നീ! 5

സൂക്തം 100.

1. കാമ്യൻ––സോമം. തായ്––തള്ളപ്പയ്യ്.

2. രണ്ടിടസ്വത്തും––ദിവ്യസമ്പത്തും, ഭൌമസമ്പത്തും. ദാതാവ്––ഹവിസ്സു നല്കുന്നവൻ, യജമാനൻ. അർത്ഥം = ധനം.

3 പൊന്നു––ധനം. വളപ്പോൻ––ഞങ്ങരംക്കായി വദ്ധിപ്പിയ്ക്കുന്നവൻ.

4. സേവനാർഹം = സേവ്യം വെന്ന വമ്പൻെറ–– യുദ്ധത്തിൽ ജയിച്ച വീരൻെറ.

നീരൊഴുക്കുക,രിപ്പിലന്നദ—
വീരൻ പിഴിയപ്പെട്ട നീ:
ഇന്ദ്രന്നും വിഷ്ണുവിന്നുമുമ്പർക്കും
നന്നായിനിസ്സു, സോമമേ! 6

പച്ചവർണ്ണനാം നിന്നെയരിപ്പിൽ,—
ക്കൊച്ചുകന്നിനെപ്പെപ്പോലേ
മാൽ തട്ടിസ്സാതേ, നക്കുന്നു, തായാർ
മേധത്തിൽപ്പവമാനമേ! 7

നാനാ ശ്രു പാകിച്ചുററുന്നു, പെരും—
വാനിൽ നീ പവമാനമേ;
അല്ലിനെയൊട്ടുക്കോടിപ്പു ശീഘ്ര്യ,—
മധ്വരിഗൃഹേ വാണു നീ! 8

വാന്നുഴികളെത്താങ്ങിപ്പോരുന്നു,
നാനാകർമ്മാവേ, നീ ത്തുലോം;
പേർത്തു മഹത്ത്വത്താലേ ത്തുച്ചട്ട
ചാർത്തുന്നു, പവമാനമേ! 9

നാലാമധ്യായം സമാപ്തം.

═══

---

6. അന്നദവീരൻ—മികച്ച അന്നദാതാവ്. ഇനിസ്സു = മധുരിച്ചാലും.

7. മാൽ തട്ടിസ്സാതേ—സുഖമാംവണ്ണം. തായാർ—തണ്ണീരുകരം.

8. നാനാംശ്രു = വിവിധരശ്മി. ചുററുന്നു—ചുററിനടക്കുന്നു. അല്ലിനെയൊട്ടുക്ക്—തമോരൂപരായ രാക്ഷസരെയെല്ലാം അധ്വരിഗൃഹേ = യജമാനൻെറ ഗൃഹത്തിൽ.

9. ത്തുച്ചട്ട—തണ്ണീരാകുന്ന കവചം.

അഞ്ചാമധ്യായം.

സൂക്തം 101.

ശ്യാവാശ്വപുത്രൻ അന്ധീഗുവും, നഹുഷപുത്രൻ യയാതിയും, മനുപുത്രൻ നഹുഷനും, സംവരണപുത്രൻ മനുവും, വാക്പുത്രനോ വിശ്വാമിത്രപുത്രനോ ആയ പ്രജാപതിയും ഋഷികരം; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകരം; പവമാനസോമം ദേവത.

('താമരക്കണ്ണൻ'പോലെ.)

വെററി മുൻനില്ലം മാദകമായ
കൊററിന്റെ നീരിൽനിന്നാരാൽ
പോക്കുവിൻ, നിങ്ങരം ചങ്ങാതിമാരേ,
നാക്കു നീട്ടിയ നായയെ! 1

ശുദ്ധിപ്പെടുത്തും നീർദ്ധാരകളോ-
ടൊത്തൊഴുകുന്ന ച്വററുമേ,
നേരേ പിഴിയപ്പെട്ടതാം സോമം,
പോരുന്നൊരശ്വംപോലവേ! 2

ആ യഷ്ടവ്യവും ദുർന്നിവാരവു-
മായ സോമത്തെ നേതാക്കരം
അമ്മിയാൽച്ചതയ്ക്കുന്നു, സർവാശാ-
സമ്മിളിതാന്തരംഗരായ്! 3

വാർമാധുരിയാൽ മത്തുളവാക്കും
സോമം പിഴിഞ്ഞരിയ്ക്കുവേ
ഇന്ദ്രന്നായൊഴുകുന്നു: നിൻനീർകരം
ചെന്നണയട്ടേ, വാനോരിൽ! 4

സൂക്തം 101.

1. സ്തോതാക്കളോട്: വെററി മുൻനില്ലം—പുരസ്ഥിതജയനായ, ഒരിയ്ക്കലും തോൽവി പററാത്ത. മാദകമായ കൊററ്——സോമം. ആരാൽ—അകലെ. സോമനീർ നായ നക്കരുതേ!

2. ശുദ്ധിപ്പെടുത്തും—പാപനാശികളായ. പോരുന്ന=ത്രാണിയുള്ള.

3. സർവാശാസമ്മിളിതാന്തരംഗർ—മനസ്സിൽ എല്ലാ ആശകളും ചേർന്നവർ.

4. നിൻനീർകരം എന്നാദിയായ വാക്യം പ്രത്യക്ഷം;

'ഇന്ദ്രന്നായൊഴുകുന്നു, സോമനീ'—
രെന്നു വാഴ്ത്തികൾ വർണ്ണിയ്ക്കെ,
ഉച്ഛുഷ്മൻ കെല്പാലൊക്കയ്ക്കും പുരാ—
നർച്ചിതനാകാനിച്ഛിപ്പൂ! 5

നൂറുനൂർദ്ധാരയൊത്തൊഴുകുമേ,
നീരാഴി, നുതി ചൊല്ലിപ്പോൻ,
വിത്തങ്ങളുടെ നാഥനി,ന്ദ്രന്റെ
മിത്രമാം സോമം നാൾതോറും! 6

ശ്രീമുരടായോൻ, പൂഷാവു, ഭഗൻ
സോമമരിയ്ക്കപ്പെട്ടിതാ,
പൂകുന്നു, സർവഭൂതേശനി,രു—
നാകോർവികളെ മിന്നിപ്പോൻ! 7

മത്തിന്നായ്ശുഭ്രം കൂട്ടുന്നു, തമ്മിൽ
സ്പർദ്ധയോടോമൽഗ്ഗോവുകൾ;
ക്ഷമ വരുത്തപ്പെട്ടൊ,ളികൊണ്ടു
സോമമാമാ, വഴി തീർക്കുന്നു! 8

യാതൊന്നോ പഞ്ചജാതിയിൽ വാഴ്വു,
യാതൊന്നോജിഷ്ഠം സുശ്രവം;
അന്നീർ പൊഴിയ്ക്കുകെ,ങ്ങൾക്കു ധനം
വന്നീടാൻ പവമാനമേ! 9

ഇന്ദുവാം സോമം സർവജ്ഞനൊഴു—
കുന്നു, പിഴിഞ്ഞ നമ്മൾക്കായ്,

---

5. ഉച്ഛുഷ്മൻ——ശുഷ്മമുയർന്നവൻ. കെല്പാലൊക്കയ്ക്കും പുരാൻ——ബലംമൂലം ജഗത്തിന്നെല്ലാം രാജാവായ സോമം.

6. നീരാഴി——നീരുകളുടെ ഇരിപ്പിടം.

7. ശ്രീമുരട്——സമ്പത്തിന്റെ മൂലഭൂതൻ. പൂഷാവ്=പോഷകൻ. ഭഗൻ=ഭജനീയൻ. പൂകുന്നു——കലശത്തിൽ. ഇരുനാകോർവികളെ——വാനൂഴികളെ രണ്ടിനെയും. മിന്നിപ്പോൻ——സ്വതേജസ്സുകൊണ്ട്.

8. സ്പർദ്ധ=ഞാൻ മുമ്പേ, ഞാൻമുമ്പേ എന്ന മത്സരം. ഗോവുകൾ എന്നതിന്നു, വാക്കുകൾ——സ്തുതികൾ——എന്നും അർത്ഥമെടുക്കാം. ക്ഷമ വരുത്തപ്പെട്ട്——അരിയ്ക്കപ്പെട്ട്. വഴി——ഒഴുകാൻ.

മിത്രം, നിഷ്പാപൻ, ശോണേധ്യാന,—
നെത്രയും വഴി കിട്ടിപ്പോൻ! 10

അമ്മികൾകൊണ്ടു മൂരിത്തോലിങ്കൽ—
ച്ചെമ്മേ പിഴിഞ്ഞുവീഴ്ത്തവേ,
നമ്മൾക്കന്നത്തിന്നായൊലിക്കൊൾവൂ,
സ്വമ്മു കിട്ടിപ്പൊന്നെമ്പാടും! 11

കെല്പോടംഭസ്സിൽപ്പൂക്ക ധീമാന്മാ—
രിപ്പവമാനസോമങ്ങൾ
തേരോടിണങ്ങിദ്ദർശനീയരായ്—
ത്തീരുന്നു, സൂര്യർപോലവേ! 12

കേൾക്കൊലാ, പിഴിയുന്ന സോമത്തിൻ
വാക്കിനെ, മുടക്കന്ന നായ്:
ഭാർഗ്ഗവർ മഖസംജ്ഞനെപ്പോലാ
മൂർഖനെത്തച്ചുപായിപ്പിൻ! 13

പുത്രൻ തായ്താതപാണിയിൽപ്പോലേ
പൂക്കാനരിപ്പിൽബ്ബാന്ധവൻ;
ജാര—വരന്മാർ പെണ്ണിങ്കൽപ്പോലേ,
സ്ഥാനത്തെത്തുവാനോടിനാൻ! 14

ഒപ്പം വാനൂഴികൾക്ക താങ്ങായോൻ
കെൽപുദിപ്പിപ്പോനാ വീരൻ
സൽക്കർമ്മിപോലേ സ്ഥാനത്തു ചെൽവാൻ
പൂക്കാന,രിപ്പിൽ ശ്യാമളൻ. 15

---

10. മിത്രം—ദേവന്മാരുടെ സഖാവ്.

11. സ്വമ്മു കിട്ടിപ്പോൻ—സ്വത്തു കിട്ടിയ്ക്കുന്ന സോമം.

12. കെല്പ്—സ്ഥൈര്യം.

13. സ്തോതാക്കളോട്: വാക്ക്—ശബ്ദം. മുടക്കന്നേ—കർമ്മവിഘ്നകാരി. ഭൃഗുഗോത്രക്കാർ പണ്ടു മഖൻ എന്നൊരപരാധിയെ ആട്ടിപ്പായിച്ചപോൽ. അതു പോലെ, ആ മൂർഖനെ—നായിനെ നിങ്ങൾ തച്ചുപായിപ്പിൻ.

14. ബാന്ധവൻ—ദേവബന്ധുവായ സോമം. ജാരവരന്മാർ = ജാരനും വരനും. സ്ഥാനത്ത്—തന്റെ ഇരിപ്പിടമായ കലശത്തിൽ.

15. ആ വീരൻ—സോമം. സൽക്കർമ്മി—യജമാനൻ,

പുംപശുത്തോലിൽശ്ശുബ്ധിച്ച സോമം
കമ്പിളി വിട്ടൊലിച്ചുടൻ
ഇന്ദ്രന്റെയിടത്തെത്തു പോകയാ–
ണി,ഷ്ടവർഷകൻ ശ്യാമളൻ! 16

സൂക്തം 102.

ത്രിതൻ ഋഷി; ഉഷ്ണിക്ക് ഛന്ദസ്സ്; പവമാനസോമം ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

കർത്താവായ തണ്ണീർക്കിടാ–
വധ്വരത്തിൻപ്രഭ തൂകി
എത്തുന്നൂ, പ്രിയത്തിലെല്ലാം;
വർത്തിപ്പൂ, രണ്ടിടത്തിലും! 1

ഇത്ത്രിതന്റെ ഹവിർദ്ധാന–
വർത്തിദാരുക്കളിൽച്ചെല്ലെ
മിത്രം പുകഴ്ത്തപ്പെടുന്നു,
സപ്തയജ്ഞധാമങ്ങളാൽ! 2

ഊന്നാകി,ത്ത്രിതന്റെ സവം
മൂന്നിനും നീ: സാമങ്ങളിൽ
എത്തിയ്ക്കു, സുവ്രതൻ ചേർച്ച–
യ്ക്കൊത്തു വാഴ്ത്തും വദാന്യനെ! 3

---

16. പുംപശുത്തോലിൽ = വൃഷചർമ്മത്തിൽ. ഒലിച്ച്—കലശത്തിലെയ്ക്കൊഴുകി. ഇടം—വാസസ്ഥാനം.

സൂക്തം 102.

1. തണ്ണീർക്കിടാവ് = ജലപുത്രൻ, സോമം. അധ്വരത്തിൻപ്രഭ—തന്റെ നീര്. പ്രിയം—ഹവിസ്സ്. രണ്ടിടത്തിലും—ദ്യോവിലും ഭൂവിലും.

2. ഇത്ത്രിതന്റെ—ഈ എന്റെ. ഹവിർദ്ധാനവർത്തിദാരുക്കളിൽ—ഹവിർദ്ധാനത്തിലിരിയ്ക്കുന്ന ഇരുപലകകളിൽ. മിത്രം—പ്രിയപ്പെട്ട സോമം. സപ്തയജ്ഞധാമങ്ങളാൽ—ഗായത്ര്യാദിസപ്തച്ഛന്ദസ്സുകളാൽ.

3. പ്രത്യക്ഷോക്തി: സവം = സവനം. സാമങ്ങൾ—സാമഗാനങ്ങൾ. സുവ്രതൻ—സ്തോതാവ്. വദാന്യനെ = ദാതാവിനെ, ഇന്ദ്രനെ.

കർത്താവിനെപ്പിറപ്പിൽത്താൻ
സപ്തസംഖ്യജനനിമാർ
ഋദ്ധിയ്ക്കായ്പ്പഠിപ്പിച്ചിട്ടു–
ണ്ടി:–സ്ഥിരൻ വിത്തജ്ഞനല്ലോ! 4

സമ്മിളിതരായിവന്റെ
കർമ്മത്തിങ്കൽ നുകർന്നാലേ
കാമ്യരാകൂ, കളിയാട്ടം
സൌമ്യർ ദേവന്മാരെപ്പേരും! 5

യാഗത്തിൽക്കാഴ്ചയ്ക്കായ് മഖ–
ത്തായ്കൾ പെറ്റ കിടാവല്ലോ,
ഭദ്രരൂപൻ, പുരുകാമ്യ,–
നത്തമദാതാവിക്കവി! 6

ഒത്തുനില്ക്കും പെരിയ ര–
ണ്ടധ്വരാംബമാരിൽ സ്വയം
ചെല്ലുമേ, യഷ്ടാക്കളിള–
വില്ലാതിടചേർക്കുമിവൻ! 7

ഇമ്മഹസ്സാലറിഞ്ഞുതാൻ
വ്യോമത്തിൽനിന്നിരുളിനെ
പായിച്ചാലും, മഖേ യജ്ഞ–
ശ്രീയൊഴുക്കിക്കൊണ്ടു ഭവാൻ! 8

——

4 കർത്താവിനെ—സോമത്തെ. സപ്തസംഖ്യജനനിമാർ=ഏഴുമാതാക്കൾ, ഗംഗാദിനദികൾ. പിറപ്പിൽത്തന്നേ ഋദ്ധിയ്ക്കായ്, യജമാനന്ന് ഐശ്വര്യം നല്കാൻ, പഠിപ്പിച്ചിട്ടുണ്ട്. ഇസ്ഥിരൻ—ശാശ്വതനായ സോമം.

5. ഇവന്റെ—സോമത്തിന്റെ. നുകർന്നാലേ—നീർ കുടിച്ചാലേ, ദേവന്മാർ സ്പൃഹണീയരായിത്തീരൂ.

6. മഖത്തായ്കൾ=യജ്ഞമാതാക്കൾ, തണ്ണീരുകൾ. ഭദ്രരൂപൻ—മംഗളാത്മാവ്. ഇക്കവി—സോമം.

7. ഒത്തുനില്ക്കും=ഇണങ്ങിനില്ക്കുന്ന. രണ്ടധ്വരാംബമാർ—ദ്യാവാപൃഥിവികൾ. ഇളവില്ലാതെ—തുടരെ, തുടർന്ന്. ഇടചേർക്കും—ജലത്തോടു ചേർക്കുന്നു. ഇവൻ—സോമം.

8. പ്രത്യക്ഷോക്തി; യജ്ഞശ്രീ=യാഗത്തിന്റെ ശോഭ, സ്വന്തം നീര്

സൂക്തം 103.

ദ്വിതൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ദ്വാരകാമന്ദിരം' പോലെ)

ഗാനപ്രസാദിയാം പവ–
മാനേന്ദുവെ, ധാതാവിനെ
പ്രൌഢമായ്പ്പുകഴ്ത്താൻ മൊഴി
നേടുക, നീ കൂലിപോലേ! 1

കേറുകയായ് കമ്പിളിയിൽ,–
ഗ്ഗോരസാഭ്യക്തനാം ശ്യാമൻ;
ആ രീതിയിലരിയ്ക്കപ്പെ–
ട്ടാരചിപ്പൂ, മൂന്നിടങ്ങൾ. 2

കമ്പിളിയിൽക്കേറി, ത്തേൻനീർ
കുംഭത്തിലെയ്ക്കുതിർപ്പോനെ
നേരേ പുകഴ്ത്തുന്നുണ്ടൃ,ഷി–
മാരുടെയേഴരുളുകൾ. 3

ശ്യാമവർണ്ണൻ പവമാന–
സോമം സർവദേവോപേതൻ
പൂക്കാന,ഹിംസിതൻ, നുതി–
മുഖ്യനിരുപലകയിൽ. 4

പോക, വാനോർപ്പടയിലെ–
സ്തേകത്തേരിലിന്ദ്രനമായ്,

സൂക്തം 103.

1. ഋഷി, തന്നോടുതന്നെ പറയുന്നു: ധാതാവ് = കർത്താവ്. കൂലിപോലെ—ഒരു തൊഴിലാളി കൂലി വാങ്ങിവെയ്ക്കുന്നതുപോലെ.

2. മൂന്നിടങ്ങൾ ആരചിപ്പൂ—ദ്രോണകലശം, ആധവനീയം, പൂതഭൃത്ത എന്നീ ഇരിപ്പിടങ്ങൾ നിർമ്മിയ്ക്കുന്നു, അവയിൽ പുകുന്നു.

3. ഉതിർപ്പോനെ—സോമത്തെ. ഏഴരുളുകൾ—സപ്തച്ഛന്ദസ്സുകൾ.

4. നുതിമുഖ്യൻ—സ്തോത്രനേതാവ്.

ഋത്വിക്കുകളരിച്ച നീ
സ്വത്തേകിക്കൊണ്ടനത്യയൻ! 5

വാനോർക്കായ്പ്പിഴിയപ്പെട്ട
വാനവനാം പവമാനം
പാടേ പരന്ന,ടർ തേടി,—
പ്പായുകയായ,ശ്വംപോലേ! 6

സൂക്തം 104.

കണ്വപുത്രർ പർവതനാരദന്മാരോ, കശ്യപപുത്രിമാരായ ശിഖണ്ഡിനികൾ
എന്ന രണ്ടപ്സരസ്ത്രീകളോ ഋഷിമാർ; ഛന്ദോദേവതകൾ മുമ്പേത്തവ.

('മാരകാമന്ദിരം' പോലെ.)

ഇങ്ങിരിപ്പിൻ: ഗാനംചെയ്‌വിൻ,
നിങ്ങൾ പവമാനത്തിന്നായ്;
കുഞ്ഞിനെപ്പോലണിയിപ്പിൻ,
മഞ്ജുഹവ്യം സഖാക്കളേ! 1

കന്നിനെപ്പോലമ്മയോടു
നന്നായ്ച്ചേർപ്പിനി,മ്മത്തിനെ,
ദേവരക്ഷകനെ, ഗൃഹോൽ—
ഭാവകനെ,ബ്ബലിഷ്ഠനെ! 2

---

5. പ്രത്യക്ഷോക്തി: ഏകത്തേരിൽ—ഒരേ രഥത്തിൽ. സ്വത്തേകിക്കൊണ്ട്—സ്തുതിയ്ക്കുന്ന യഷ്ടാക്കൾക്ക്. അനത്യയൻ=മരണരഹിതൻ.

6. പരന്ന്—പാത്രങ്ങളിൽ വ്യാപിച്ച്.

സൂക്തം 104.

1. സ്തോതാക്കളോട്: പവമാനത്തിന്നായ്—പവമാനസോമത്തെക്കുറിച്ച്. സോമത്തെ മഞ്ജു(മോടിപ്പെടുത്തുന്ന)ഹവ്യം (ക്ഷീരാദി) അണിയിയ്ക്കുകയും ചെയ്യിൻ.

2. അമ്മ—തണ്ണീർ; തള്ളപ്പയ്യ് എന്നും. ഇമ്മത്തിനെ—ഈ മദകരസോമത്തെ. ഗൃഹോൽഭാവകൻ=ഗൃഹത്തെ ഉണ്ടാക്കുന്നവൻ; ഗൃഹം നിലനില്ക്കുന്നതു സോമസാന്നിധ്യത്താലാണെന്നാശയം.

നേർക്കരിപ്പിനുഛിദനെ,—
യൂക്കിന്നുമമരേത്തിന്നും
മിത്രാവരുണർക്കു സുഖം
മെത്തുവാനുമായി നിങ്ങൾ! 3

ഞങ്ങൾ ധനദനാം നിന്നെ—
യിങ്ങു ചൊല്ലിപ്പുകഴ്ത്തുന്നു;
മൂടാവൂ, നിൻനീരിനെയെ—
മ്പാടും ഗവ്യങ്ങളാലെങ്ങൾ! 4

അങ്ങുജ്ജ്വലാംഗനാണിന്ദോ,
ഞങ്ങളുടെ മത്തിൻപതേ:
ചങ്ങാതി ചങ്ങാതിയ്ക്കുപോ—
ലിങ്ങു വഴി കാണിയ്ക്കു, നീ! 5

മുന്മട്ടിണങ്ങുകെങ്ങളിൽ:—
ത്തിന്മൻ കള്ളനരക്കനെ
പോക്കുക, നീയദേവനെ;
നീക്കുകെ,ങ്ങളുടെ പാപം! 6

സൂക്തം 105.

പർവതനും നാരദനും ഋഷികൾ; ഛന്ദോദേവതകൾ മുമ്പേത്തവ.
('ദ്വാരകാമന്ദിരം' പോലെ.)

മത്തിന്നപ്പവമാനത്തെ—
പ്പററിപ്പാടുകി,ഷ്ടന്മാരേ;

---

3. ഋഛിദനെ, സോമത്തെ, നിങ്ങൾ നേക്കരിയ്ക്കുവിൻ: എന്തിന്? ഊക്കിന്നും (വേഗത്തിന്നും), അമരേത്തിന്നും (ദേവപാനത്തിന്നും), മിത്രാവരുണക്കു സുഖം മെത്തുവാനുമായി.

4. പ്രത്യക്ഷോക്തി:

5. അങ്ങ് = അവിടുന്ന്. മത്തിൻപതേ—മാദകവസ്തുക്കളുടെ സ്വാമിയായുള്ളോവേ.

6. കള്ളൻ—കപടശീലൻ. അദേവനെ—ദേവകാമനല്ലാത്തവനെ. പോക്കുക—അകററിയാലും.

പൈതലെപ്പോലിനിയിപ്പിൻ,
ഗീതി—ഹവ്യങ്ങളാൽ നിങ്ങൾ! 1

കന്നിനെത്തായ്പോലേ മിനു—
ക്കന്നു, പിഴിഞ്ഞിന്ദുവിനെ,
ദേവരക്ഷകനെ, സ്തുതി—
ഭാവിതനെ, മാദകനെ! 2

ഇന്നീർ ബലമുളവാക്ക;—
മിന്നീരൂക്കിന്ന,മീത്തിന്നും;
ഇന്നീർ ദേവഗണത്തിന്നു
നന്നായ് മധുരിപ്പതാകും! 3

തന്നാലും, പിഴിഞ്ഞ ഞങ്ങൾ—
ക്കിന്ദോ, ഭവാൻ ഗവാശ്വത്തെ;
എന്നാൽ,ബ്ബലവാനേ, ഞാൻ നിൻ—
വെൺനീർ ഗവ്യത്തോടു ചേർക്കാം! 4

അങ്ങത്യുജ്ജ്വലനാണിന്ദോ,
ഞങ്ങളുടെ മാടിൻപതേ:
ചങ്ങാതി ചങ്ങാതിയ്ക്കുപോ—
ലിങ്ങാളുകൾക്കേകുകൊ,ളി! 5

സൂക്തം 105.

1. മത്തിന്നു്—ദേവകൾക്ക മത്തുളവാക്കാൻ. ഇഷ്ടന്മാരേ—സഖാക്കളായ ഋത്വിക്കുകളേ. പൈതലെപ്പോലെ—കുഞ്ഞിനെ ആഭരണങ്ങൾകൊണ്ടും ഭോജ്യങ്ങൾകൊണ്ടുമെന്നപോലെ, നിങ്ങൾ പവമാനസോമത്തെ ഗീതിഹവ്യങ്ങളാൽ (സ്തുതിച്ചും ക്ഷീരാദി ചേർത്തും) ഇനിയിപ്പിൻ, മധുരീകരിയ്ക്കുവിൻ.

2. തായ്, തള്ളപ്പയ്യ്, കുട്ടിയെ നക്കിമിനുക്കമല്ലോ; അതുപോലെ, തായ്—തണ്ണീർ—പിഴിഞ്ഞ ഇന്ദുവിനെ മിനുക്കുന്നു, മിന്നിയ്ക്കുന്നു. സ്തുതിഭാവിതൻ—സ്തോത്രഭൂഷിതൻ.

3. ഊക്കിന്നമീത്തിന്നും—വേഗത്തിന്നും ദേവപാനത്തിന്നുമുള്ളതാണു്.

4. വെൺനീർ—വിശുദ്ധമായ നീർ.

5. മാടിൻപതേ—മാടുകളുടെ സ്വാമിൻ. ഒളി—വെളിച്ചം.

മുമ്പട്ടിണങ്ങുകെങ്ങളിൽ:—
ത്തിമ്പൻ കള്ളനദേവനെ
പോക്കുക, കീഴമർത്തിന്ദോ;
നീക്കുക, നീ ദ്രോഹികളെ! 6

സൂക്തം 106.

ചക്ഷുഃപുത്രൻ അഗ്നിയും, മനുപുത്രൻ ചക്ഷുസ്സും, അപ്സുപുത്രൻ മനുവും ഋഷികൾ; ഛന്ദോദേവതകൾ മുമ്പേത്തവ.

('മാരകാമന്ദിരം'പോലെ)

ആ വൃഷാവാമിന്ദ്രങ്കലെ—
യ്ക്കായിട്ടെഴുന്നള്ളീടട്ടേ,
ഇപ്പിഴിഞ്ഞ പച്ചസ്സോമം,
ക്ഷിപ്രജാതമഖിലജ്ഞം! 1

ഇന്ദ്രന്നായിപ്പിഴിയപ്പെ—
ട്ടിന്ദുവിതാ, നീർ ഞുകുന്നു:
എല്ലാരുംപോലറിയുമേ,
വെല്ലുവോനെ രണസേവ്യം! 2

ഇന്ദ്രനിതിൻമത്തിലത്രേ,
സന്നിഷേവ്യം വില്ലേന്തുന്നു;
വ്യോമജേതാവെടുക്കുമേ,
കാമം പെയ്യും വജ്രത്തെയും! 3

ഇന്ദ്രന്നായുണർന്നൊഴുക—
കിന്ദോ, സോമ, നീയെമ്പാടും;

സൂക്തം 106.

1. ക്ഷിപ്രജാതം——പുതിയത് എന്നർത്ഥം.

2. രണസേവ്യം——യുദ്ധത്തിൽ സേവിക്കേണ്ടതായ സോമം, മററെല്ലാരുമെന്നപോലെ, വെല്ലുവോനെ (ഇന്ദ്രനെ) അറിയും.

3. സന്നിഷേവ്യ=സംസേവനീയം. വ്യോമജേതാവ്—അന്തരിക്ഷത്തിൽ അഹി എന്നവനെ ജയിച്ചവൻ, ഇന്ദ്രൻ. കാമം പെയ്യും=അഭീഷ്ടവർഷിയായ.

കൊണ്ടുവരികെ, ല്ലാമേകി—
ക്കൊണ്ടു വിളങ്ങുന്ന കെൽപ്പും ! 4

ഇന്ദ്രന്നായിട്ടി ,ഷ്ടം വർഷി—
ക്കുന്ന മധു പൊഴിക്കു നീ,
വിദ്വാൻ, വിശ്വദർശനീയ,—
നധ്വകാരൻ, ബഹുമാർഗ്ഗൻ! 5

ഞങ്ങൾക്കേററം വഴി തീർപ്പോ,—
നമ്പർക്കേററമിനിപ്പോൻ നീ
ആയിരംമാർഗ്ഗത്തിലൂടേ
പോയാലും, കുററിട്ടുകൊണ്ടേ! 6

തുകകിന്ദോ, സോമ, കെല്പാൽ
നീർകളമ്പർക്കമീത്തിന്നായ്;
വാഴ്കെ,ങ്ങൾതൻ കലശത്തി—
ലാ,കെ മധുവുംക്കൊണ്ടു നീ! 7

ഇന്ദ്രനെ മത്തിന്നായ് വള—
ർത്തുന്നു, നിന്റെ വൃഷാവാം നീർ;
മൃത്യു വിടാൻ കുടിക്കുന്നു,
ഹൃദ്യനായ നിന്നെ വിണ്ണോർ! 8

ഇന്ദോ, പിഴിഞ്ഞരിച്ച നീ
യിങ്ങെങ്ങൾക്കെത്തിക്കു ധനം,
തണ്ണീർ—വാനിൽനിന്നു മഴ—
മന്നിൽ വീഴ്ത്തുംസർവദായിൻ! 9

സമ്പൃതം പവമാനേന്ദു
കമ്പിളിയിലെയ്ക്കു നീർകൾ

4. എല്ലാമേകിക്കൊണ്ടു വിളങ്ങുന്ന = സർവസാധകവും ഉജ്ജ്വലവുമായ.

5. മധു—മദകരമായ നീര്. അധ്വകാരൻ—യഷ്ടാക്കൾക്കു സന്മാർഗ്ഗമുണ്ടാക്കുന്നവൻ.

6. പോയാലും—കലശത്തിലെയ്ക്കു്.

8. വൃഷാവ് = മഴ പെയ്യിക്കുന്നത്. മൃത്യു വിടാൻ—അമരണത്വത്തിന്ന്.

9. സർവദായിൻ = എല്ലാം നൽകുന്നവനേ.

വെമ്പിയൊഴുകുന്നു, വാക്കിൻ
മുമ്പിലൊലിയിട്ടുകൊണ്ടേ! 10
കമ്പിളി വെടിഞ്ഞു കെല്പ—
നംഭസ്സിങ്കൽക്കളിക്കുവേ,
ത്രിസ്ഥനെ വാഴ്ത്തിപ്പൂ, സ്തോത്രം—
സ്തുത്യൽഘോഷം ചുഴലുന്നു! 11
വൻപോരിലെയ്ക്കശ്വംപോലേ
കുംഭത്തിലെയ്ക്കിറങ്ങുന്നു;
പിമ്പൊലികൊണ്ടൊഴുകുന്നു,
സംഭോജ്യേഷി പവമാനം. 12
ദൃഷ്ടിപ്രിയനരിപ്പകറ്റം
വിട്ടു ചിക്കെന്നൊഴുകുന്നു,
സ്തോതാക്കൾക്കു സവീരമാം
ഖ്യാതി നല്കിക്കൊണ്ടശ്യാമൻ! 13
ഏവം മധുധാര തൂകി,—
ദേവകാമൻ തിരുമേനി
കല്പിച്ചരിപ്പയിലെങ്ങു—
മൊഴുക്കുന്നു, സശബ്ദനായ്. 14

സൂക്തം 107.

67-ാം സൂക്തത്തിന്റെ ഭരദ്വാജാദികൾതന്നെ ഋഷികൾ; ബൃഹതിയും സതോബൃഹതിയും ദ്വിപദാവിരാട്ടും ദ്വിപദാവിരാട്ടും പ്രഗാഥവും ഛന്ദസ്സുകൾ; പവമാനസോമം ദേവത.

ഒരു മികച്ച ഹവിസ്സാണല്ലോ, സോമം: മനുഷ്യഹിതമായ അതു വെള്ളത്തിൽ പൂകുന്നു; അമ്മികൊണ്ടു പിഴിഞ്ഞ ആ സോമത്തെ നിങ്ങൾ ഇനി എമ്പാടും പകരുവിൻ! 1

---

10. സംപൃതം=പരിശുദ്ധം. വാക്കിൻ—സ്തുതിയുടെ.

11. കെല്പൻ—സോമം. ത്രിസ്ഥനെ—മൂന്നു സവനങ്ങളിലും വർത്തിക്കുന്ന സോമത്തെ.

12. സംഭോജ്യേഷി—യജമാനർക്കു് അന്നമിച്ഛിക്കുന്നവൻ.

13. സവീരമാം ഖ്യാതി=വീര(പുത്ര)ന്മാരോടുകൂടിയ യശസ്സു്; വീരന്മാരെയും യശസ്സും.

14. പ്രത്യക്ഷോക്തി:

സൂക്തം 107.

1. ഋത്വിക്കുകളോടു്: പകരുവിൻ—തണ്ണീരിൽ.

അഹിംസിതനായ, അതിസുഗന്ധിയായ ഭവാൻ ഇപ്പോഠം അരിയ്ക്കപ്പെട്ടിട്ടു കമ്പിളിയിൽനിന്നൊഴുകിയാലും: പിഴിഞ്ഞു വെള്ളത്തിൽ പകർന്ന ഉന്നതനായ ഭവാനെ, ഞങ്ങഠം അന്നവും ഗവ്യവും ചേർത്തു സ്തുതിച്ചുകൊള്ളുന്നു. 2

ദേവകളെ മത്തുപിടിപ്പിയ്ക്കുന്ന, വിധാതാവായ വിചക്ഷണനായ ഇന്ദു കാണേണ്ടവെണ്ണം ഒഴുകുന്നു! 3

സോമമേ, അരിയ്ക്കപ്പെടുന്ന ഭവാൻ തണ്ണീരുടുത്തു ധാരയായൊഴുകുന്നു. രത്നദാതാവായ അവിടുന്നു യജ്ഞസ്ഥാനത്തിരിയ്ക്കുന്നു. ദേവ, ഒരു പൊന്നുറവാണല്ലോ, നിന്തിരുവടി! 4

വിചക്ഷണനൻ അരിയ ദിവ്യമധു അകിട്ടിൽനിന്നും കറന്നുകൊണ്ടു പഴയ സ്ഥാനത്തിരിയ്ക്കുന്നു; അന്നവാൻ നേതാക്കളാൽ എടുക്കപ്പെട്ടു, പ്രഷ്ടവ്യനായ കർമ്മിയുടെ അടുക്കലെയ്ക്കു പോകുന്നു. 5

സോമമേ, അരിയ ഭവാൻ അരിയ്ക്കപ്പെടാൻ ഉണർവോടേ കമ്പിളിയിലെയ്ക്കൊഴുകുന്നു. അംഗിരസ്സുകളിൽ മുമ്പനാണല്ലോ, മേധാവിയായ അവിടുന്ന്, അങ്ങ് ഞങ്ങളുടെ യജ്ഞത്തിൽ തേൻ തളിച്ചാലും! 6

വൃഷാവായ, തുലോം വഴി കിട്ടിയ്ക്കുന്ന, മേധാവിയായ, വിചക്ഷണനായ, ഋഷിയായ സോമം ഒഴുകുന്നു. നിന്തിരുവടി കവിയാണ് ഏററവും ദേവകാമനാണ്. അങ്ങാണല്ലോ, സൂര്യനെ വാനിൽക്കേററിയത്! 7

സോമമേ, ഋത്വിക്കുകഠം പിഴിഞ്ഞ നിന്തിരുവടി കമ്പിളിയിൽക്കേറുന്നു; പെൺകുതിരപോലുള്ള പച്ചനീരോടേ പോകുന്നു —മത്തുപിടിപ്പിയ്ക്കുന്ന നീരോടേ പോകുന്നു! 8

---

2. പ്രത്യക്ഷോക്തി: അന്നം——മലർപ്പൊടിയും മററും.

3. ഒഴുകുന്നു——പാത്രങ്ങളിൽ.

4 ഒഴുകുന്നു——അരിപ്പയിൽ.

5. വിചക്ഷണൻ——എല്ലാം വഴിപോലെ കാണുന്ന സോമം. അകിട്——സ്വന്തം ചെടി പഴയ സ്ഥാനത്ത ——അന്തരിക്ഷത്തിൽ. പ്രഷ്ടവ്യനായ—— 'എന്തുവേണ'മെന്നു ചോദിയ്ക്കപ്പെടേണ്ടവനായ. കർമ്മി——യജമാനൻ.

6 തേൻ——സ്വന്തം മധുരരസം.

8. പോകുന്നു——കലശത്തിലെയ്ക്ക്.

മത്തിന്നായി ചതയ്ക്കപ്പെടുന്ന മദകാരി, ഗോസമേതമായ സോമം, ഗവ്യങ്ങളോടുകൂടി ഒഴുകുന്നു—ക്ഷീരാദികളോടുകൂടി ഒഴുകുന്നു; നീരുകൾ സമുദ്രത്തിലെന്നപോലെ പൂകുന്നു. 9

സോമമേ, അമ്മികൊണ്ടു പിഴിയപ്പെട്ട അങ്ങ് കമ്പിളിയെ മൂടുന്നു. ആളുകൾ പുരിയിലെന്നപോലെ, പച്ചനിറൻ ഇരുപലകകളിൽ പ്രവേശിയ്ക്കുന്നു. നിന്തിരുവടി മരപ്പാത്രങ്ങളിൽ മരുവുന്നു! 10

കമ്പിളിയെ മൂടുന്ന അന്നകാമമായ സോമത്തെ, യുദ്ധത്തിൽ കുതിരയെയെന്നപോലെ മോടിപ്പെടുത്തുന്നു: ആ അഭിനന്ദനീയനെ മനീഷികൾ അറിയ്ക്കുന്നു; മേധാവികൾ സ്തുതിയ്ക്കുന്നു. 11

സോമമേ, അവിടുന്നു ദേവകൾക്കു കുടിപ്പാൻ, തണ്ണീർകൊണ്ടു, പുഴപോലെ തഴപ്പിയ്ക്കപ്പെടുന്നു. മദ്യംപോലെ ഉണർവുററ ഭവാൻ ലതയുടെ നീരോടേ മധുവൊഴുക്കിയ്ക്കുന്ന കുടത്തിലെയ്ക്കു പോകുന്നു! 12

മകൻപോലെ വൃത്തിപ്പെടുത്തേണ്ടുന്ന, അമിയ സ്പൃഹണീയൻ വെള്ളരിപ്പയിൽ പരന്നു; അദ്ദേഹത്തെ കൈവിരലുകൾ വെള്ളത്തിലെയ്ക്ക് ഒരു രഥത്തെപ്പോലെ കൊണ്ടുപോകുന്നു. 13

മനീഷിയായ, മദകാരിയായ, എന്തും കിട്ടിയ്ക്കുന്ന, ഗന്താവായ സോമം മത്തുണ്ടാക്കുന്ന നീരിനെ കലശത്തിന്റെ മുകളിൽ നേരേ ഒഴുക്കുന്നു. 14

ദ്യുലോകം സത്യഭൃതനായ ദേവൻ, പവമാനസോമം, കലശത്തെ നീരലകൊണ്ടു നിറയ്ക്കുന്നു. ദ്യുലോകം സത്യഭൃതൻ മിത്രവരുണന്മാർക്കായി കൊണ്ടുപോകപ്പെടുന്നു. 15

സ്പൃഹണീയനും, വിചക്ഷണനും, അന്തരിക്ഷജാതനുമായ സോമദേവൻ നേതാക്കളാൽ എടുക്കപ്പെടുന്നു! 16

പിഴിയപ്പെട്ട മദകാരി മരുത്വാനായ ഇന്ദ്രന്നായി ഒഴുകുന്നു; ആയിരംധാരകളോടേ കമ്പിളിയിൽക്കേറുന്നു; ആ സോമത്തെ ആളുകൾ അറിയ്ക്കുന്നു. 17

---

9. പൂകുന്നു—ദ്രോണകലശത്തിൽ.

10. ആളുകൾ എന്നാദിയായ വാക്യം പരോക്ഷം:

12. മധുവൊഴുക്കിയ്ക്കുന്ന—സോമരസത്തെ തന്നിലെയ്ക്കു വീഴിയ്ക്കുന്ന.

13. സ്പൃഹണീയൻ—സോമം.

ഇരുപലകകളിൽ പിഴിയപ്പെട്ട കവിയായ സോമം സ്തുതി ചൊല്ലിച്ചുകൊണ്ടു ദേവന്മാരിൽ വിളയാടുന്നു; ആ ഉൽകൃഷ്ടൻ തണ്ണീരുടുത്തു, മരപ്പാത്രങ്ങളിലിരുന്നു, ഗോരസങ്ങൾകൊണ്ടു പുത പ്പിയ്ക്കപ്പെടുന്നു! 18

ഇന്ദുവേ, ഭവാന്റെ സഖ്യത്തിൽ നാൾതോറും രമിയ്ക്കുന്നവ നാണു്, ഞാൻ: കരാൽസ്തോമമേ, എന്നെ വളരെ മറിമായക്കാർ ഉപദ്രവിയ്ക്കുന്നു; അവററിനെ അങ്ങു് ആട്ടിപ്പായിച്ചാലും! 19

കരാൽസ്തോമമേ, ഞാൻ രാവും പകലും അങ്ങയുടെ സഖ്യ ത്തെ സമീപിയ്ക്കുന്നു: ഉജ്ജ്വലപ്രഭനായി മീതേ വർത്തിയ്ക്കുന്ന സൂര്യങ്ക ലെയ്ക്കു ഞങ്ങൾ, പക്ഷികൾപോലെ പറക്കണേ! 20

നല്ല വിരലുകളോടുകൂടിയവനേ, കരടുനീക്കപ്പെടുന്ന ഭവാൻ കലശത്തിൽ ഒലികൂട്ടുന്നു; പവമാനമേ, അവിടുന്നു പുരുകാമ്യമായ മഞ്ഞച്ച ധനം ധാരാളമൊഴുക്കണേ! 21

സോമമേ, വൃത്തിവരുത്തപ്പെടുന്ന, കമ്പിളിയിലരിയ്ക്കപ്പെ ടുന്ന, വൃഷാവായ ഭവാൻ മരപ്പാത്രത്തിൽ ഒലികൂട്ടുന്നു; പവമാനമേ, ഗോരസം തേപ്പിയ്ക്കപ്പെട്ട അവിടുന്നു ദേവന്മാരുടെ ഇരിപ്പിടത്തി ലെയ്ക്കു നടകൊള്ളുന്നു! 22

സോമമേ, അങ്ങു് അന്നലബ്ധിയ്ക്കായി എല്ലാ സ്തോത്രങ്ങളി ലെയ്ക്കും ഒഴുകുക: ദേവന്മാരെ മത്തുപിടിപ്പിയ്ക്കാൻ കലശത്തെ കൈ ക്കൊള്ളുന്നവനാണല്ലോ, മുഖ്യനായ ഭവാൻ! 23

സോമമേ, ആ നിന്തിരുവടി മന്നിലെയ്ക്കും വിണ്ണിലെയ്ക്കും ഉട നേ നീരൊഴുക്കുക: വിചക്ഷണ, നിന്തിരുവടിയെ മേധാവികൾ വിരലുകൾകൊണ്ടും സ്തുതികൾകൊണ്ടും വെണ്മപ്പെടുത്തുന്നു. 24

മരുത്സമേതവും, മദകരവും, ഇന്ദ്രസേവിതവും, സ്തുതികളിലെ യ്ക്കും അന്നങ്ങളിലെയ്ക്കും ചെല്ലുന്നതുമായ പവമാനം അരിപ്പയിൽ നിന്നു നീരുകളൊഴുക്കുന്നു. 25

ആളുകൾ പിഴിഞ്ഞ സോമം തണ്ണീരുടുത്തു കലശത്തിലിറ ങ്ങുന്നു; വെളിച്ചം വീശി, ഗോരസങ്ങൾ പൂശി, സ്തുതികളിൽ ഇച്ഛ വെയ്ക്കുന്നു! 26

---

19. മറിമായക്കാർ—രക്ഷസ്സുകൾ.

20. സൂര്യങ്കലെയ്ക്കു—സൂര്യരൂപനായ ഭവാങ്കലെയ്ക്കു്.

21. മഞ്ഞച്ച—സ്വർണ്ണപ്രചുരമായ.

23. കലശത്തെ കൈക്കൊള്ളുക—കലശത്തിൽ പൂകുക.

സൂക്തം 108.

ശക്തിപുത്രൻ ഗൌരിവീതിയും, വസിഷ്ഠപുത്രൻ ശക്തിയും, അംഗിരോഗോത്രൻ ഊരുവും, ഭരദ്വാജപുത്രൻ ഋജിശ്വാവും, ഊർദ്ധ്വസദ്മാവും, കൃതയശസ്സും (രണ്ടുപേരും അംഗിരോഗോത്രർതന്നെ), ഋണംചയനെന്ന രാജാവും ഋഷികരം; കകുപ്പും സതോബൃഹതിയും യവമധ്യാഗായത്രിയും ഛന്ദസ്സുകരം; പവമാനസോമം ദേവത.

('താമരക്കണ്ണൻ' പോലെ.)

ഇന്ദ്രന്നായ് മത്തു ചേർത്തൊഴുക്കുക,
നിൻനറുംനീരു സോമമേ,
ധീ തുലോം കിട്ടിപ്പോന,തിദീപ്തൻ,
മാദകൻ, മഹനീയൻ നീ! 1

നിന്നെക്കുടിച്ചുയാലൊരു കൂററൻ—
തന്നെയാകുന്നു, വഷ്കൻ:
എല്ലാം കാണുമീ നിന്നെ നുകർന്നി
ട്ടല്ലോ, സുപ്രജ്ഞനദ്ദേഹം
അന്നവർഗ്ഗത്തിൽക്കേറിയത,ടർ—
ത്തന്നിലൊരശ്വംപോലവേ! 2

വിണ്ണിലുള്ളോരെയുദ്ദേശിച്ചു,ദ്യ
ദ്വർണ്ണനാമവിടുന്നുതാൻ
മൃത്യുരാഹിത്യമൽഘോഷിക്കുന്നു,
വിദ്രുതം പവമാനമേ! 3

തന്നാലല്ലോ, നവഗ്വൻ ദധ്യങ്ങ
തള്ളിത്തുറന്നാര്യർക്കേകീ;

സൂക്തം 108.

1. ധീ—ബുദ്ധി.

2. കൂററൻ—കാള. വർഷകൻ—ഇന്ദ്രൻ. അന്നവർഗ്ഗത്തിൽക്കേറിയത്—ശത്രുക്കളുടെ അന്നങ്ങളടക്കാൻ ചെന്നത്.

3. ഉദ്യദ്വർണ്ണൻ=തിളങ്ങുന്ന നിറമുള്ളവൻ. മൃത്യുരാഹിത്യം=മരണമില്ലായ്ക.

4. തന്നാൽ—സോമത്തെക്കൊണ്ട്. തള്ളിത്തുറന്ന്—അസുരന്മാർ ഗോക്കളെ ഒളിപ്പിച്ച ഗുഹയുടെ ദ്വാരം. ആര്യർക്ക്—അംഗിരസ്സുകൾക്ക്. ഏകീ—ഗോ

തന്നാലല്ലോ കൈവന്നൂ നൽത്തണ്ണീ–
രന്നങ്ങൾ ദേവസൌഖ്യത്തിൽ! 4

ചെമ്മേ പിഴിയപ്പെട്ടാ വന്മദ–
നിർമ്മാതാവിതാ, ധാരയായ്
കമ്പിളി വിട്ടോലുന്നു തത്തിക്കൊ–
ണ്ടംഭസ്സിൻതിരപോലവേ! 5

ആരംബരാംബുധാരയെക്കെല്പോൽ–
ക്കാറിങ്കൽനിന്നിറക്കിയോ,
ഗോവാജിവ്യാപ്തനാ നീ ധർഷക,
നോവിസ്സു, യോധൻപോലവേ! 6

വെച്ചുപിഴിവിൻ, സ്തുത്യനെ നിങ്ങ–
ളശ്വത്തെപ്പോലേ സേചിപ്പിൻ,
നീരിൽ നീന്തുന്ന വർഷിയെ, ദ്ദീപ്തി–
കാരിയെ, ജ്ജലഹാരിയെ! 7

ആയിരംധാര ചേർന്ന വർഷകൻ,
തോയവർദ്ധകൻ, വൻസത്യം,
തോയജൻ, നീരാൽ വാഴ്ത്തുവോൻ, ദേവ–
പ്രേയാനാം ദേവനി, സ്സോമം! 8

മുന്നിൽ വെളിപ്പെടുത്തുക, ജ്ജല–
മന്നം ധാരാളമന്നേശ:

ക്കളെ. ദേവസൌഖ്യത്തിൽ——ദേവന്മാർക്ക സുഖമുണ്ടായപ്പോൾ. നൽത്തണ്ണീരന്നങ്ങൾ——നല്ല ജലവും അന്നവും. കൈവന്നൂ——യജമാനർക്ക്.

5. വന്മദനിർമ്മാതാവ്=വലിയ മദകരൻ, സോമം. ഓലുന്നു——കലശത്തിലെയ്ക്ക് ഒഴുകുന്നു.

6. പ്രത്യക്ഷോക്തി: അംബരാംബുധാരയെ——അന്തരിക്ഷത്തിലെ ജലധാരയെ. ഇറക്കി——മഴ പെയ്യിച്ചു എന്നർത്ഥം. ഗോവാജിവ്യാപ്തൻ=ഗോക്കളിലും അശ്വങ്ങളിലും വ്യാപിച്ചവൻ. നോവിസ്സു——അസുരരെ പീഡിപ്പിച്ചാലും. യോധൻ=പോരാളി.

7. ഋത്വിക്കുകളോട്: സ്തുത്യനെ——സോമത്തെ. വർഷി=വൃഷ്ടികരൻ. ദീപ്തികാരി——പ്രഭ പരത്തുന്നവൻ. ജലഹാരി——ജലങ്ങളെ ആകർഷിയ്ക്കുന്നവൻ.

8. വൻസത്യം——മഹാസത്യഭൂതൻ. ദേവപ്രേയാൻ=ദേവന്മാർക്ക പ്രിയൻ.

ദ്യോവിലിരിയ്ക്കും പെട്ടി തുറക്ക,
ദേവകാമനാം നീ ദേവ! 9

തൂകുക, ദാരുദ്വന്ദ്വോത്ഥമാം നീ—
രാ,ടംകളെപ്പോററും ഭൂപൻ നീ;
നാകാൽ വരുത്തുകോജസ്വിൻ, വൃഷ്ടി,
ഗോകാംക്ഷിയ്ക്കിഷ്ടിപൂർത്തിയും! 10

ആ മാദകനെ, ബഭ്രുധാരനെ,
ക്കാമവർഷിയെത്താനിതാ,
ദോഹനം ചെയ്വൂ; നിശ്ശേഷസമ്പ—
ദാഹിയെദ്ദേവകാമന്മാർ. 11

ജ്ഞാതൻ, ശബ്ദംകൊണ്ടവ്യയൻ വർഷി;
ജ്യോതിസ്സാലിരുട്ടം നീററുന്നു;
ദ്രവ്യം ചാർത്തുന്നിത,ക്കവിസ്തുതൻ;
മുവ്വട്ടം നില്പൂ, തൻകർമ്മം! 12

ആർ ധനങ്ങളെ,യാർ ഗോവൃന്ദത്തെ,—
യാരനേകമാമന്നത്തെ,
ആർ നൽഗ്ഗേഹത്തെക്കൊണ്ടുവന്നീടു;—
മസ്സോമം പിഴിയപ്പെട്ടു! 13

നമ്മിൽനിന്നിതുണ്ണോനിന്ദ്രൻ, മിത്ര,—
നമ്മരുൽഭഗരര്യമാ;

---

9. പ്രത്യക്ഷോക്തി: വെളിപ്പെടുത്തുക——ഞങ്ങൾക്ക്. ദ്യോവിലിരിയ്ക്കും പെട്ടി——അന്തരിക്ഷസ്ഥമായ മേഘം. തുറക്ക——മഴയ്ക്കു്.

10. ദാരുദ്വന്ദ്വോത്ഥമാം——ഇരുപലകകളാൽ പിഴിഞ്ഞ തൂകുക——കലശത്തിൽ. ഭൂപൻ——രാജസദൃശൻ. നാകാൽ—സ്വർഗ്ഗത്തിൽനിന്നു വൃഷ്ടി വരുത്തുക. ഗോകാംക്ഷിയ്ക്കു്, യജമാനന്നു്, ഇഷ്ടി(യജ്ഞ)പൂർത്തിയും വരുത്തുക.

11. ദോഹനംചെയ്വൂ——പിഴിയുന്നു. ദേവകാമന്മാർ——ഋത്വിക്കുകൾ.

12. അവ്യയനായ (മരണമില്ലാത്ത) വർഷി (സോമം) ശബ്ദംകൊണ്ടറിയപ്പെടുന്നു. ഇരുട്ടം നീററുന്നു——ഇരുട്ടിനെ ദഹിപ്പിയ്ക്കുന്നു, നശിപ്പിയ്ക്കുന്നു. ദ്രവ്യം——ക്ഷീരാദി. മുവ്വട്ടം——സവനത്രയത്തിൽ.

14. ഇന്ദ്രൻ, മിത്രൻ, ആ മരുത്തുക്കൾ, ഭഗൻ, അര്യമാവ് എന്നിവർ നമ്മളിൽനിന്നു് ഇതു് (സോമം) ഉണ്ണുമാറാകണം. ഇതുണ്ണുമാറാകണം ഇന്ദ്രനും ന

സമ്മുഖനാകി, ത്തുണ്ണം വരുണൻ
ചെമ്മേ രക്ഷിപ്പാനിന്ദ്രനും! 14

ഇന്ദ്രന്നുണ്ണുവാൻ ത്തുകുക, മത്തേ-
റ്റുന്ന മാധുരിവായ്ച നീർ
ഇന്ദോ, നേതാക്കളെ കൈവശംവെച്ച
സുന്ദരായുധനായ നീ! 15

ആഴുകിന്ദ്രന്റെ ഹൃത്താം കുംഭത്തി-
ലാഴിയിൽപ്പുഴപോലവേ,
വായുവരുണമിത്രൎക്കു പോന്നോൻ,
വാനത്തിന്നുന്നതൻ, ശ്രേഷ്ഠൻ നീ. 16

സൂക്തം 109.

ഈശ്വരപുത്രർ അഗ്നികൾ ഋഷികൾ; ദ്വിപദാവിരാട്ട് ഛന്ദസ്സ്;
പവമാനസോമം ദേവത.

(മാകന്ദമഞ്ജരി.)

ഹൃദ്യമാം നീർ ത്തുകുകിന്ദ്രന്നു സോമമേ,
മിത്രഭഗൎക്കും നീ പൂഷാവിന്നും! 1

ഇന്ദ്രൻ കുടിയ്ക്കട്ടേ, വിദ്യയ്ക്കും കെല്പിന്നു-
മിന്ദോ, നിൻനീരുമ്പരെപ്പേരുമേ! 2

ഇത്ഥമൊലിച്ചാലും, ത്തുവിണ്ണമൃതാം നീ
മൃത്യവിടാനും, വൻഗേഹത്തിന്നും! 3

മെ രക്ഷിപ്പാൻ സമ്മുഖരാകട്ടെ, ആഭിമുഖ്യംകൊള്ളട്ടെ. ഇന്ദ്രനെ രണ്ടാമതും പറഞ്ഞതു പ്രാധാന്യത്താലാകുന്നു.

15. നേതാക്കളെ——ഋത്വിക്കുകളെ. കൈവശംവെച്ച——വശപ്പെടുത്തിയ.

16. പോന്നോൻ——പര്യാപ്തൻ.

സൂക്തം 109.

2. വിദ്യ=അറിവ്.

3. ത്തുവിണ്ണമൃതാം——വിണ്ണിലെ വിശുദ്ധപീയൂഷംപോലുള്ള. മൃത്യവിടാനും, വൻഗേഹത്തിന്നും——ഞങ്ങൾക്ക് അമൎത്ത്യത്വവും വലിയ ഗൃഹവും കിട്ടാൻ

വാനോർതൻ മൈകളിലെല്ലൊല്ലാമേല്ലുക,
വാരാഴി, രക്ഷകനാം നീ സോമമേ! 4

വാനോർക്കായ്ത്തൂകുക, തൂനീർ നീ സോമമേ:
വാന്നൂഴിലോകർക്കു നല്ല, സുഖം! 5

ദ്യോവിന്നൊരൂന്നല്ലോ, തൂവമൃതായ നീ:
തൂവുക, നീർ ബലിൻ, സത്യയജ്ഞേ! 6

മുമ്പൻ സുധാകരൻ യശസ്വി നീ വാരുററ
കമ്പിളി വിട്ടോലുകിന്നോ, ക്രമാൽ! 7

മുഖ്യർ പിഴിഞ്ഞരിച്ചേന്തിയ സർവജ്ഞ-
നൊക്കെയൊഴുക്കട്ടേ, സന്തുഷ്ടനായ്! 8

പുത്രരെ നല്കട്ടേ, നമ്മാംക്കു വൻസ്വത്തും
വർദ്ധകമാം പവമാനസോമം! 9

കെല്പറിവർത്ഥമൊഴുക്കുക, വാജിപോ-
ലഭ്യക്തൻ വേഗവാൻ നീ സോമമേ! 10

അത്തഭ്രസത്തെപ്പിഴിഞ്ഞവർ സോമമേ,
മത്തിന്നരിക്കുന്നു, വൻപേരിന്നും! 11

പച്ചക്കഞ്ഞായ്‌വന്ന മിന്നുന്ന സോമത്തെ-
സ്വച്ഛമാക്കുന്നു, സുരർക്കരിപ്പാൽ! 12

---

4. വാരാഴി——വൻകടൽപോലെ നീർ നിറഞ്ഞവൻ.

5. വാന്നൂഴിലോകർ——വാന്നൂഴികളും പ്രജകളും.

6. ബലിൻ = ബലവാനേ.

8 മുഖ്യർ——ഋത്വിക്കുകൾ. ഏന്തിയ = എടുത്ത. സർവജ്ഞൻ——സോമം. ഒക്കെയൊഴുക്കട്ടെ——നമുക്ക് എല്ലാധനവും നല്കട്ടെ.

9. വർദ്ധകം——ദേവന്മാരെ വളർത്തുന്നത.

10. കെല്പറിവർത്ഥം——കെൽപും അറിവും അർത്ഥ(ധന)വും. അഭ്യക്തൻ——സലിലസിക്തൻ.

11. അത്തഭ്രസം——അങ്ങയുടെ ആ നീര്. പിഴിഞ്ഞവർ——ഋത്വിക്കുകൾ. മത്തിന്ന്——ദേവന്മാരെ മത്തുപിടിപ്പിക്കാൻ. വൻപേരിന്നും——ഞങ്ങൾക്കു വലിയ കീർത്തിയുണ്ടാകാനും.

12. പച്ചക്കഞ്ഞായ്‌വന്ന——പച്ചനിറപ്പൈതലായിപ്പിറന്ന. സുരർക്ക്——ദേവന്മാർക്കുവേണ്ടി. അരിപ്പാൽ = അരിപ്പുകൊണ്ട്. സ്വച്ഛമാക്കുന്നു——ഋത്വിക്കുകൾ ശുചീകരിക്കുന്നു.

മത്തിന്നും സ്വത്തിന്നുമോലുന്നു, ചേലുററ
ബുദ്ധിമാൻ സോമമരിപ്പയിങ്കൽ! 13
ഇന്ദ്രൻെറ നന്മൈ തടിപ്പിപ്പൊന്നി, സ്സോമം:
കൊന്നല്ലോ, പാപത്തെയൊട്ടുക്കവൻ! 14
നേതാക്കന്മാർ പിഴിഞ്ഞതുഗ്ഗവ്യം കൂട്ടിയ
നീരിതു സേവിപ്പൂ, വാനോരെല്ലാം! 15
നന്നായരിയ്ക്കുന്ന കമ്പിളി വിട്ടൊഴു-
കുന്നു, പിഴിഞ്ഞതു,നേകധാരം! 16
വാരിയാൽ ക്ഷാളിച്ച ഗവ്യങ്ങളം ചേർത്തതു
ധാരാശതത്തോടൊലിപ്പൂ ശീഘ്രം! 17
കല്യർ കല്ലിന്മേൽപ്പിഴിഞ്ഞു കൈക്കൊണ്ട നീ
ചെല്ലുകി,ന്ദ്രൻെറ വയററിലിന്ദോ! 18
പാരാതരിപ്പ വിട്ടിന്ദ്രന്നായോലുന്നു,
നൂറുന്നുർദ്ധാരകളാർന്ന സോമം! 19
ഇഷ്ടപ്രീതവർഷിയാമിന്ദ്രൻെറ മത്തിനായ്-
ത്തേപ്പിപ്പൂ, തേൻകുഴമ്പിസ്സോമത്തെ! 20
വിണ്ണോർക്ക കെല്പിന്നയത്നമരിയ്ക്കുന്നു,
തണ്ണീരുട്ടത്ത ഹരിത്താം നിന്നെ! 21
ഇന്ദ്രന്നായ്ക്കത്തുന്നു, കത്തുന്നു, നീരൊഴു-
കുന്ന കൂട്ടാർന്ന ബലിഷ്ഠേന്ദുവെ! 22

---

13. ബുദ്ധിമാൻ—ക്രാന്തപ്രജ്ഞൻ.

14. അവൻ—ഇന്ദ്രൻ.

16. പിഴിഞ്ഞത്—സോമരസം.

17. ചേർത്തതു—ചേർത്ത സോമരസം.

18. പ്രത്യക്ഷകഥനം: കല്യർ—ഋത്വിക്കുകൾ.

19. പാരാതെ—വേഗേന.

20. തേപ്പിപ്പൂ—ഋത്വിക്കുകൾ. തേൻകുഴമ്പ്—മധുരസാന്ദ്രമായ ഗോരസം.

21. പ്രത്യക്ഷോക്തി: അരിയ്ക്കുന്നു—ഋത്വിക്കുകൾ. ഹരിത്ത്—പച്ചനിറൻ.

22. കത്തുന്നു—ചതയ്ക്കുന്നു. ദീപ്തി ഹർഷത്താലാകുന്നു. കൂട്ടാർന്ന—ഗവ്യം ചേർക്കപ്പെട്ട. ബലിഷ്ഠേന്ദുവെ = ബലമേറിയ സോമത്തെ.

സൂക്തം 110.

ത്ര്യരുണൻ, ത്രസദസ്യു എന്നീ രാജാക്കന്മാർ ഋഷികരം; പിപീലികമ
ധ്യാനുഷ്ടുപ്പും ഊർദ്ധ്വബൃഹതിയും വിരാട്ടും ഛന്ദസ്സുകരം;
പവമാനസോമം ദേവത.

('താമരക്കണ്ണൻ' പോലെ)

കൊററിന്നായ്ഗ്ഗുരിശ്ലോല്പുകഃ വാട്ട-
മററെതിക്കുക മാററാരെ—
ഞങ്ങരംക്ക കടം തീക്കാനായ്ശ്ശത്രു-
ഭംഗത്തിന്നാക്രമിയ്ക്കു, നീ! 1

ഞങ്ങരം പിഴിഞ്ഞരിച്ചു വാഴ്ത്തുന്നു—
ണ്ടങ്ങയെ ക്രമാൽ സോമമേ:
കെല്പിചെല്ലിറങ്ങാറുണ്ടല്ലോ, നീ
സപ്രജപ്പെരുംനാടിന്നായ്! 2

വെള്ളത്തിൻവാസസ്ഥാനത്തു നിത്തി-
യല്ലോ, മിടുക്കാൽസ്സൂര്യനെ
ഗോത്യാഗപ്പാറിപ്പുള്ളവൻ, ദ്രുത-
യാത്രൻ നീ പവമാനമേ— 3

നിത്തിയല്ലോ നീ മത്ത്യരെ നോക്കാൻ
സത്യശിവാമൃതാസ്പദേ;
യുദ്ധത്തിലെഴുന്നള്ളാറുണ്ട്, നീ
നിത്യം നേട്ടത്തിന്നവ്യയ! 4

സൂക്തം 110.

1. പ്രത്യക്ഷോക്തി: കൊററിന്നായ്—ഞങ്ങരംക്കന്നം തരാൻ. ഞങ്ങരംക്ക കടം തീക്കാനായ്—ഞങ്ങരംക്ക സേവനഫലം തന്നുതീക്കാൻ. ശത്രുഭംഗം—ശത്രുവധം.

2. കെല്പിലെല്ലു്—ശത്രുക്കളുടെ ബലത്തിൻെറ നേരേ. സപ്രജപ്പെരുംനാടിന്നായ്—പ്രജകളോടുകൂടിയ വലിയ സ്വരാജ്യം രക്ഷിപ്പാൻ.

3. വെള്ളത്തിൻവാസസ്ഥാനത്തു്—അന്തരിക്ഷത്തിൽ. ഗോത്യാഗപ്പാറിപ്പുള്ളവൻ—സ്തോതാക്കരംക്ക ഗോക്കളെ കൊടുക്കുന്നതിൽ പരിജ്ഞാനമുള്ളവൻ.

4. നിത്തിയല്ലോ—സൂര്യനെ. സത്യശിവാമൃതാസ്പദേ—സത്യവും ശുഭവുമായ ജലത്തിൻെറ ഇരിപ്പിടത്തിൽ, അന്തരിക്ഷത്തിൽ.

ആൾകൾക്ക കുടിപ്പാനൊരു വററി–
പ്പോകാത്തുറവുപോലവേ
കീറി കൊററിന്നരിപ്പ, നീർക്കാരൻ
കൈവിരൽകളാൽപ്പോലെ നീ! 5

സുരനാം ദേവനല്ലിൻെറ മറ
കിറുന്നതിനുമുന്നമേ
വാഴ്ത്തിനാർ, പാർത്തിബ്ബന്ധുവെച്ചിലർ—
വാനിലെ വസുതക്കൾ. 6

വൻബലാന്നാശ നിങ്കലേ വെച്ചാർ,
മുമ്പരാം ദർഭ കൊയ്തവർ:
വീറിന്നിറക്കുകെ,ങ്ങളെയുമാ
വീരനാം ഭവാൻ സോമമേ! 7

ദ്യോവിലെ പ്രത്നസ്തുത്യപീയൂഷം
വാർവിൺകോട്ടയിൽനിന്നുതാൻ
ഇന്ദ്രന്നായിക്കറന്നെടുത്തിട്ടു
നന്നായ് വാഴ്ത്തുന്നിതാ,ളുകൾ! 8

പില്ലാടിദ്ദ്യാവാപൃഥിവികളിലു,-
മിപ്പാരിലെങ്ങും കെല്പിനാൽ
മേലേ വാഴുന്നു, കൂട്ടത്തിൽക്കാള-
പ്പോലെ നീ പവമാനമേ! 9

---

5. നീർക്കാരൻ (വെള്ളം സംഭരിക്കുന്നവൻ) ആളുകൾക്ക കുടിപ്പാൻ വെള്ളത്തിന്ന് ഒരുറവു മാന്തുന്നതുപോലെ, നീ കൊററിന്ന് (മലർപ്പൊടിയോടു ചേരാൻ) അരിപ്പ കീറി, പിളർത്തി. നീർക്കാരൻ ഉറവു മാന്തുന്നതും കൊററിന്ന്—ജീവനാർത്ഥമാണല്ലോ.

6. അല്ലിൻെറ മറ—ഇരുട്ട്. വാനിലെ വസുതക്കൾ എന്ന ചിലർ ഇബ്ബന്ധുവെ (സോമത്തെ) പാർത്തു സ്തുതിച്ചു, പുലർകാലത്തിനുമുമ്പുതന്നെ.

7. വൻബലാന്നാശ—വലിയ ബലവും അന്നവും കിട്ടാനുള്ള ആശ. മുമ്പരാം ദർഭ കൊയ്തവർ—പണ്ടത്തെ യജമാനർ. വീറിന്ന്—യുദ്ധത്തിൽ വീര്യം കാട്ടാൻ.

8. ദ്യോവ് = സ്വർഗ്ഗം. പ്രത്നസ്തുത്യപീയൂഷം—പുരാതനവും സ്തുത്യവുമായ അമൃത്, സോമം. വാർവിൺകോട്ട—വിണ്ണിലെ മഹാദുർഗ്ഗം.

9. കൂട്ടത്തിൽ—ഗോവൃന്ദത്തിൽ.

ശ്രീമത്ത,നേകധാരം, ബഹുവന്നം
സോമ,മൊരുണ്ണിപോലവേ
കമ്പിളിയരിപ്പിങ്കൽ ക്രീഡിച്ചു,
വൻപ്രഭയോടൊഴുകുന്നു! 10

സ്വത്തുമന്നവുമായുസ്സും നല്കും
സത്ത്രവാൻ പവമാനേന്ദു
ഇന്ദ്രാർത്ഥമിതാ, തേനിനിപ്പിയ-
ലുന്ന നീർദ്ധാര തൂകുന്നു! 11

പോരിനേല്ക്കും മാററാരെയും, ദുർഗ്ഗ-
ന്മാരാമരക്കന്മാരെയും
കേറിക്കീഴമർത്തോടിച്ചൊലിയ്ക്കു-
കാ,രമ്യായുധനായ നീ! 12

സൂക്തം 111.

പരുച്ഛേപപുത്രൻ അനാനതൻ ഋഷി; അത്യഷ്ടി ഛന്ദസ്സ്;
പവമാനസോമം ദേവത.

പവമാനൻ ഈ പച്ചനീർകൊണ്ടു, സൂര്യൻ സ്വരശ്മീ
കൊണ്ട്—സ്വരശ്മികൊണ്ട്—എന്നപോലെ ദ്രോഹികളെയെ
ല്ലാം നശിപ്പിയ്ക്കുന്നു: പിഴിഞ്ഞ നീർ തിളങ്ങുന്നു; അരിയ്ക്കപ്പെട്ടു
വിളങ്ങുന്ന ഹരിതവർണ്ണൻ സ്തുത്യങ്ങളായ—സ്തുത്യങ്ങളായ—
സപ്താസ്യങ്ങൾകൊണ്ട് എല്ലാ നക്ഷത്രങ്ങളിലും വ്യാപിയ്ക്കുന്നു! 1

---

10. ഒഴുകുന്നു—നീർ.

11. സത്ത്രവാൻ = സയജ്ഞൻ. തേനിനിപ്പ്—തേനിനൊത്ത മാധുര്യം.

12. പ്രത്യക്ഷോക്തി: ദുർഗ്ഗന്മാർ = ദുരാസദർ.

സൂക്തം 111.

1. സ്വരശ്മികൊണ്ട് എന്നപോലെ—തന്റെ രശ്മികൊണ്ട് ഇരുട്ടിനെ എന്നപോലെ. ദ്വിരുക്തികൾ ആദരാധിക്യത്താലത്രേ. സപ്താസ്യങ്ങൾ—നീ രാവികളെ വിഴുങ്ങുന്ന തേജസ്സുകൾ.

അങ്ങ് പണികളുടെ ആ ധനം കണ്ടുപിടിച്ചു. അങ്ങ് സ്വഗൃഹമായ യജ്ഞഗൃഹത്തിൽ വളത്തമ്മമാരാൽ വഴിപോലെ കളിപ്പിയ്ക്കപ്പെടുന്നു. (അങ്ങയുടെ ശബ്ദം), ദൂരത്തുനിന്നുള്ള സാമഗാനംപോലെ കർമ്മികളെ ഇമ്പപ്പെടുത്തുന്നു. മുവ്വുലകത്തെ ഭരിയ്ക്കുന്ന തേജസ്സുകൊണ്ടു വിളങ്ങുന്നവൻ അന്നം നല്കുന്നു—അന്നം നല്കുന്നു! 2

താൻ അറിഞ്ഞുംകൊണ്ടു കിഴക്കേട്ടിക്കിൽ പോകുന്നു: ദർശനീയമായ ദേവരഥം—ദർശനീയമായ രഥം—രശ്മികളോടു ചേരുന്നു. ഉടനേ, പൌരുഷപ്രകാശകങ്ങളായ സ്തോത്രങ്ങൾ ഇന്ദ്രനെ പ്രാപിയ്ക്കുന്നു; വജ്രവും ഇമ്പംകൊള്ളിയ്ക്കുന്നു. നിങ്ങളിരുവൎക്കുമില്ലല്ലോ, യുദ്ധങ്ങളിൽ അപജയം—അപജയം! 3

സൂക്തം 112.

അംഗിരോഗോത്രൻ ശിശു ഋഷി; പങ്ക്തിപദാപംക്തി ഛന്ദസ്സ്;
പവമാനസോമം ദേവത.

('ദാരകാമന്ദിരം' പോലെ.)

ഭിന്നഭിന്നം, നിനവെങ്ങൾ—
ക്ക;—ന്യക്കമൊന്നൊന്നാം, കർമ്മം:
തച്ചൻ ചെത്തൽ, വൈദ്യൻ ഗദം,
തന്ത്രി യഷ്ടാവെയും തേടും.
ഇന്ദ്രന്നായൊഴുകീയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 1

---

2. പ്രത്യക്ഷോക്തി: പണികളുടെ—പണികളാൽ അപഹൃതമായ ആ ധനം—ഗോഗണം. വളത്തമ്മമാരാൽ—തണ്ണീരുകളാൽ. അന്തിമവാക്യം പരോക്ഷം:

സൂക്തം 112.

1. ഭിന്നഭിന്നം—നാനാപ്രകാരം. ഒന്നൊന്നാം—വേറെ വേറെയായിരിയ്ക്കും. ചെത്തൽ—മരപ്പണി. ഗദം=രോഗം. തന്ത്രി—യാജകൻ. ആശാരിയ്ക്കു മരപ്പണി കിട്ടണം; വൈദ്യന്നു രോഗിയെ കിട്ടണം; തന്ത്രിയ്ക്കു യഷ്ടാവിനെ കിട്ടണം—ഇങ്ങനെ ഓരോരുത്തന്നും ഓരോന്നായിരിയ്ക്കും, നിനവ്.

ശുഷ്കച്ചെടി, പക്ഷിച്ചിറ—
ക,ഗ്നി പാറും കല്ലിവയാൽ
അമ്പുണ്ടാക്കും കരുവാനോ,
വൻപണക്കാരനെത്തേടും.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ ഭവാനെമ്പാടുമേ! 2

ഗായകൻ ഞാന,ച്ഛൻ വൈദ്യൻ,
തായ നെല്ലു വറക്കുവോരം—
കാശിന്നെങ്ങരം നാനാതൊഴിൽ-
ക്കാരായ് വാഴ്വൂ, പൈക്കാരംപോലെ.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 3

വോഢാവശ്ചം നൽത്തേരിനെ,
ക്രീഡാമാത്യൻ കളിമ്പത്തെ,
മേഢ്രം രോമശച്ചാലിനെ—
ബ്ഭേകം വെള്ളത്തെയും തേടും.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 4

---

2. ശുഷ്കച്ചെടി—ഉണങ്ങിയ മരച്ചുള്ളി. അഗ്നി പാറും—തീ പറക്കുന്ന. കല്ല്—മൂർച്ചകൂട്ടുന്ന ചാണ. കരുവാൻ—കൊല്ലൻ.

3. ഗായകൻ ഞാൻ—യാഗത്തിൽ സ്തോത്രം ചൊല്ലുന്നവനാണ്. എന്റെ അച്ഛൻ വൈദ്യനാണ്. അമ്മ നെല്ലു വറക്കുന്ന (മലരും മററുമുണ്ടാക്കുന്ന) വളാണ് കാശിന്ന്—ധനലബ്ധിയ്ക്ക്. പൈക്കാരംപോലെ—പൈക്കരം തൊഴുത്തിൽ നിലകൊള്ളുന്നതുപോലെ.

4. വോഢാവ്—തേർ വലിയ്ക്കുന്ന. നൽത്തേർ—നിഷ്പ്രയാസം വലിയ്ക്കാവുന്ന തേർ. ക്രീഡാമാത്യൻ=നർമ്മസചിവൻ. കളിമ്പം—വിനോദം. മേഢ്രം=പുരുഷലിംഗം. രോമശച്ചാല്—സ്ത്രീയുടെ രോമവത്തായ ഗുഹ്യാംഗം. ഭേകം=തവള.

സൂക്തം 113.

മരീചിപുത്രൻ കശ്യപൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

('ഭാരകാമന്ദിരം'പോലെ.)

ശര്യണാവത്തിലെസ്സോമം
ശക്രൻ കുടിയ്ക്കു, വൃത്രഘ്നൻ,
ശക്തി തനിയ്ക്കുണ്ടാകാനും,
ശസ്തവീര്യം കാണിപ്പാനും.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 1

ഋദ്ധസത്യതപഃശ്രദ്ധാ—
യുക്തർ പിഴിഞ്ഞ നീ വർഷിൻ,
വന്നുചേരുകാ,ർജ്ജീകത്തിൽ—
നിന്നു സോമ, ദിശാംപതേ.
ഇന്ദ്രന്നായൊഴുകിയാലു,
മിന്ദോ, ഭവാനെമ്പാടുമേ! 2

മാരിയാൽ വായ്ച്ച സോമത്തെ—
സ്സൂരപുത്രി കൊണ്ടുപോന്നു;
ഗന്ധർവന്മാരെറ്റെടുത്ത—
ഗ്ഗംഭീരനിൽ നീർ നിറച്ചു.
ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ,ഭവാനെമ്പാടുമേ! 3

സത്യം ചൊല്ലും സത്യകീർത്തേ,
സത്യംചൊല്ലും സത്യകർമ്മൻ,
ശ്രദ്ധ ചൊല്ലും സോമ, രാജൻ,
കർത്തൃഭൃഷ്ടിതസോമമേ,

സൂക്തം 113.

2. ആർജ്ജീകമെന്ന നാട്ടിലെ സോമവും ശ്രേഷ്ഠമത്രേ.

3. സൂരപുത്രി—സൂര്യന്റെ മകൾ, ശ്രദ്ധ. അഗ്ഗംഭീരനിൽ—മഹാനായ സോമത്തിൽ.

ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ, ഭവാനെമ്പാടുമേ! 4

സത്യൌജസ്സേ, പെരിയ നിൻ-
സദ്രസങ്ങൾ പൊഴിയുന്നു-
മണയുന്നൂ, സ്വാദുവാം നിൻനീർ.
മന്ത്രപൂത, ഹരിദ്ദ്യുതേ,
ഇന്ദ്രന്നായൊഴുകിയാലു,
മിന്ദോ, ഭവാനെമ്പാടുമേ! 5

സോമം കല്ലാൽപ്പിഴിഞ്ഞരി-
ച്ചു,സ്തോമത്താൽ തുഷ്ടരാക്കി,
ഛന്ദഃസ്തുതി ചൊല്ലും വിപ്രൻ
വന്ദിയ്ക്കപ്പെടുന്ന ദിക്കിൽ
ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ, ഭവാനെമ്പാടുമേ! 6

ജ്യോതിസ്സെങ്ങുണ്ടെ,ന്നുമെന്നു,-
മേതുലോകത്തക്കൻ നിൽപ്പൂ,
അശ്ശാശ്വതാക്ഷയലോക-
ത്താക്കുകെ,ന്നെപ്പവമാന;
ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ, ഭവാനെമ്പാടുമേ! 7

എങ്ങരചൻ വൈവസ്വത,-
നെങ്ങക്കന്റെയന്തഃപുരം,
എങ്ങീ മഹാതടിനിക,-
ളങ്ങമൃതനാക്കുകെ,ന്നെ.

---

4. ശ്രദ്ധ ചൊല്ലും—യജമാനക്ക ശ്രദ്ധ ഉപദേശിയ്ക്കുന്നു. കർത്തൃഭൂഷിത സോമമേ—യജമാനനാൽ അലങ്കരിയ്ക്കപ്പെട്ട സോമമേ.

5. സദ്രസങ്ങൾ=നല്ല നീരുകൾ.

6. കല്ല്—അമ്മി. തുഷ്ടരാക്കി—ദേവന്മാരെസ്സന്തോഷിപ്പിച്ച്. ഛന്ദഃസ്തുതി—ഛന്ദോനിബദ്ധമായ സ്തോത്രം.

7. എന്നുമെന്നും—അനശ്വരമായി.

ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 8

എങ്ങു മൂന്നാം വിണ്ണിലക്ക്—
നിംഗിതംപോലുലാത്തുന്നു.
എങ്ങാളുകൾ വെളിച്ചത്തി,—
ലങ്ങമൃതനാക്കുകെ,ന്നെ.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 9

എങ്ങിച്ഛയും ശ്രദ്ധേച്ഛയു,—
മെങ്ങു സവിതാവിൻ വാസം,
എങ്ങന്നവും സംതൃപ്തിയു,—
മങ്ങമൃതനാക്കുകെ,ന്നെ.
ഇന്ദ്രന്നായൊഴുകിയാലു,—
മിന്ദോ, ഭവാനെമ്പാടുമേ! 10

എങ്ങാനന്ദമാമോദവു,—
മെങ്ങിമ്പവുമാഹ്ലാദവും,
എങ്ങഭീഷ്ടാഗമം ദേവ-
ന്ന,ങ്ങമൃതനാക്കുകെ,ന്നെ.
ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ, ഭവാനെമ്പാടുമേ! 11

---

8. വൈവസ്വതൻ=വിവസ്വാന്റെ പുത്രൻ, മനു. മഹാതടിനികൾ—ഗംഗാദിമഹാനദികൾ.

9. താഴെയും നടുവിലും മീതെയുമായി, മൂന്നു സ്വർഗ്ഗങ്ങളുണ്ട്; മൂന്നാമത്തതുത്തമം. ഇംഗിതംപോലുലാത്തുന്നു—യഥേഷ്ടം സഞ്ചരിയ്ക്കുന്നു.

10 ഇച്ഛയും ശ്രദ്ധേച്ഛയും—ഉന്നതിയ്ക്കുള്ള അഭിലാഷവും, അതു സാധിയ്ക്കണമെന്ന ശ്രദ്ധാഭിലാഷവും. സവിതാവ്=സൂര്യൻ. വാസം=പാർപ്പിടം.

11. ആനന്ദാമോദാദികൾക്ക് അല്പാല്പവ്യത്യാസം കണ്ടുകൊള്ളണം. ദേവന്നഭീഷ്ടാഗമം—ദേവനെ തൃപ്തനാക്കൽ, പൂജിയ്ക്കൽ.

സൂക്തം 114.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

('ഭാരകാമന്ദിരം' പോലെ.)

ഇപ്പവമാനേന്ദുവിൻെറ
സുപ്രഭയെബ്ഭജിപ്പോനും,
സോമ, നിന്നെദ്ധ്യാനിപ്പോനും
ശ്രീമൽപ്രജാവാനാമെന്നാർ.
ഇന്ദ്രന്നായൊഴുകിയാലു,–
മിന്ദോ, ഭവാനെമ്പാടുമേ! 1

മന്ത്രകാരസ്തവാൽ സ്തോത്ര–
തന്തു നീട്ടിക്കശ്യപർഷേ,
സംപൂജിയ്ക്കു, സസ്യങ്ങൾക്ക
തമ്പുരാനാം സോമത്തെ നീ.
ഇന്ദ്രന്നായൊഴുകിയാലു,-
മിന്ദോ, ഭവാനെമ്പാടുമേ! 2

നാനാസൂര്യരേഴാശകൾ,
ഹോതാക്കളേഴൃത്വിക്കുകൾ,
ഏഴാദിത്യദേവരിവ–
രൊത്തുരക്ഷിയ്ക്കു, നീ സോമ.
ഇന്ദ്രന്നായൊഴുകിയാലു,–
മിന്ദോ; ഭവാനെമ്പാടുമേ! 3

സൂക്തം 114.

1. സുപ്രഭ—തേജസ്സ്. ശ്രീമൽപ്രജാവാനാമെന്നാർ—നല്ല സന്താനങ്ങളോടുകൂടിയവനായിത്തീരുമെന്ന് അഭിജ്ഞർ പറഞ്ഞിരിയ്ക്കുന്നു.

2. ഋഷി, തന്നോടുതന്നെ പറയുന്നു: മന്ത്രകാരസ്തവാൽ സ്തോത്രതന്തു നീട്ടി—ഋഷിമാരുടെ സ്തവത്തിൽനിന്നു (സ്തവമവലംബിച്ച്) സ്തോത്രന്തൽ നീട്ടി, സ്തോത്രങ്ങൾ വർദ്ധിപ്പിച്ച്.

3. നാനാസൂര്യർ=വിവിധ സൂര്യരോടുകൂടിയവ. ഏഴാശകൾ—സോമം നില്ക്കുന്ന ദിക്കൊഴിച്ച് ഏഴു ദിക്കുകൾ. ഹോതാക്കളേഴൃത്വിക്കുകൾ—ഏഴു ഹോതാക്കളായ ഋത്വിക്കുകൾ. ഏഴാദിത്യദേവർ—മാർത്താണ്ഡനൊഴിച്ച്, ധാതൃപ്രഭൃതികളായ ഏഴദിതിപുത്രന്മാർ.

കാക്കകിന്ദ്രോ, നിൻപകവാന്നം
കൈക്കൊണ്ടു ഞങ്ങളെപ്പുരാൻ:
കൊല്ലാഷ്ലരി ഞങ്ങളെ;—പ്പോ—
ക്കൊല്ലെ,ങ്ങളുടേതൊന്നുമേ.
ഇന്ദ്രന്നായൊഴുകിയാലു—
മിന്ദോ, ഭവാനെമ്പാടുമേ! 4

ഒമ്പതാംമണ്ഡലം സമാപ്തം.

പത്താം മണ്ഡലം.

അനുവാകം 1

സൂക്തം 1.

ത്രിതൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്. അഗ്നി ദേവത.

(കാകളി)

അഗ്നിയെണീററുനിന്നാനുഷസ്സിന്നുമു—
മ്പ;—ല്ലികൾനിന്നു പോന്നെത്തിനാൻ, ദീപ്തിയിൽ;
കദ്രാംഗനായ്ത്തീർന്നു മൂടിനാൻ, കത്തുന്ന
തന്മഹസ്സാൽ ഗൃഹമൊക്കെയുമുന്നതൻ! 1

വാനുഴികരം തൻ വയററിൽപ്പിറന്നവ—
നാണോ,ഷധീധൃതനഗ്നേ, സുരുചി നീ;

---

4. നിൻപകവാന്നം——അങ്ങയ്ക്കായി പചിച്ച ഹവിസ്സ്. പുരാൻ——തമ്പുരാനായ അങ്ങ്. അരി (ശത്രു) ഞങ്ങളെ കൊല്ലരുത്, ഞങ്ങളുടേതൊന്നും നശിപ്പിയ്ക്കുകയുമരുത്.

സൂക്തം 1.

1. എണീററുനിന്നാൻ——ഉഷസ്സിന്നുമുമ്പു ജ്വലിപ്പിയ്ക്കുമല്ലോ. അല്ല് ഇരുട്ട്. ഗൃഹം——യജ്ഞസദനം. ഉന്നതൻ——മഹാൻ.

2. പിറന്നവൻ——സൂര്യനും അഗ്നിയും ഒന്നുതന്നെ എന്നു കാണിയ്ക്കുന്നു. ഔഷധീധൃതൻ——ഔഷധികളാൽ (സസ്യങ്ങളാൽ) ഗർഭത്തിൽ ധരിയ്ക്കപ്പെട്ടവൻ. അ

അത്തൂക്കിടാവു നീ പോക്ഷന്നു, രാവിരു-
ട്ടു;-ദ്രവമോട്ടന്നു, തായാരിൽനിന്നു നീ! 2

ഇത്ഥം പിറന്നതിവ്യാപ്തനായ മഹാ-
നിത്തൃതീയന്നരുളട്ടെ, സംരക്ഷണം:
ചിത്തസാമ്യത്തൊടംഭസ്സിരന്നീ, വിപ-
ശ്ചിത്തിനെയല്ലോ സ്തുതിപ്പതി,ങ്ങാളുകൾ! 3

അന്നം വളൎത്തും ഭോഗങ്ങളണയ്ക്കുന്നി-
തന്നദാനത്തിനായ്ക്കൊറേറകുമമ്മമാർ;
പേൎത്തുടൽ മാറുമവരിലും ചെൽവു, നീ;
പാൎത്തുപോരുന്നു, ഹോതാവായ് നരരിൽ നീ! 4

ചിത്രരഥൻ, ക്രതുഹോതാവു, ശുഭ്രാഭ-
ന,ധ്വരത്തിന്നധ്വരത്തിന്നൊരു കൊടി,
വന്മയാൽദ്ദേവന്നു ദേവന്നു നേർപാതി
നന്മ നല്കട്ടെ,യിങ്ങഗ്നി, നരാതിഥി! 5

പൊന്നാടകളുടുത്തഗ്നിത്തിരുവടി
മന്നിൻെറ നാഭിയാമുത്തരവേദിയിൽ
മിന്നിമേവുന്നു: പുരോഹിതനായിങ്ങു
വിണ്ണോരെയൎച്ചിക്ക, തമ്പുരാനേ, ഭവാൻ! 6

ത്തൂക്കിടാവ്---ഔഷധികളുടെ പൂജനീയനായ ശിശു, അഗ്നി. രാവിരുട്ട്---രാത്രിപോലെ കറുത്ത ശത്രുക്കളും, ഇരുട്ടും. ഉപദ്രവം—ഉയർന്ന ഒച്ചയോടുകൂടും വണ്ണം. തായർ---ഔഷധികൾ.

3. പരോക്ഷകഥനം: അതിവ്യാപ്തൻ=എങ്ങും വ്യാപിച്ചവൻ. തൃതീയന്ന്---മൂന്നാമനായ ത്രിതന്ന്, എനിക്ക്. ചിത്തസാമ്യം=ഒരേമനസ്സ്. അംഭസ്സ്---ജലം, മഴ. ഈ വിപശ്ചിത്ത്---വിദ്വാനായ അഗ്നി. ഇങ്ങ്---ഈ ലോകത്തിൽ.

4. പ്രത്യക്ഷോക്തി: കൊറേറകുമമ്മമാർ---ലോകത്തിന്ന് അന്നം നല്കുന്ന ഔഷധികൾ. ഉടൽ മാറും---ആകാരത്തിന്നു വ്യത്യാസം (ജീൎണ്ണത) വരുന്ന. ചെൽവു---കാട്ടുതീയ്യായിട്ട്.

5. ചിത്രരഥൻ=നാനാരൂപമായ രഥത്തോടുകൂടിയവൻ. ശുഭ്രാഭൻ=ധവളവൎണ്ണൻ. കൊടി=ധ്വജം. നേർപാതി---ഓരോ ദേവൻെറയും പാതിയായിനില്ക്കത്തക്ക വന്മ, മഹത്ത്വമുള്ളവൻ.

6. പൊന്നാടകൾ---സ്വൎണ്ണപ്രഭങ്ങളായ തേജസ്സുകൾ. മന്നിൻെറ നാഭി--ഇളാപദം, ഉത്തരവേദി. പുരോഹിതനായ് എന്നതുമുതൽ പ്രത്യക്ഷോക്തി.

വാന്തഴികളെ വാച്ചിപ്പു, ബലോത്ഥ, നീ,
സൂനതായ്താതരെപ്പോലെയഗ്നേ, സദാ
വന്നാലു,മാ നീ സകാമരി;ലെത്തിസ്ക്കു,
വൃന്ദാരകരെയുമിങ്ങു യുവോത്തമ! 7

സൂക്തം 2.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

(കാകളി)

സക്തരാം ദേവരെദ്ദിവ്യര്‍ത്വിക്കകെ–
ളൊത്തുത്തുജ്ഞൻ നീ യജിസ്ക്കി,ങ്ങൃതുപതേ:
അഗ്നേ, യുവോത്തമ, ഹോതാക്കളിൽവെച്ച
മുഖ്യനാം യജ്ഞകൃത്തല്ലോ, തിരുവടി! 1

മത്ത്യർതൻ ഹോത്രവും പോത്രവും തേ പ്രിയം:
സത്യവാൻ, മേധാവി, വിത്തപ്രദൻ, ഭവാൻ.
അന്നം ചമസ്ക്കു, നാം സ്വാഹാ: സമർഹനാ–
മഗ്നിദേവൻ യജിസ്ക്കട്ടേ, നിലിമ്പരെ! 2

ദേവകഠംതൻവഴിതന്നിലണക, നാ–
മാവുന്ന കർമ്മം ക്രമേണ സാധിസ്ക്കുവാൻ!
വിജ്ഞനഗ്നി യജിസ്ക്കട്ടെ: ഹോതാവവൻ;
യജ്ഞവും കാലവും നിശ്ചയിസ്ക്കട്ടെ, താൻ! 3

---

7. വാച്ചിപ്പു—വളർത്തുന്നു, വിസ്താരപ്പെടുത്തുന്നു. സകാമർ—അങ്ങയെ കാംക്ഷിസ്ക്കുന്നവർ, യജമാനാദികഠം. വൃന്ദാരകർ = ദേവന്മാർ. ഇങ്ങു— ഈ യജ്ഞത്തിൽ.

സൂക്തം 2.

1. സക്തർ—സ്തുതികാംക്ഷികഠം. ദിവ്യര്‍ത്വിക്കകഠം—ചന്ദ്രാദിത്യപ ജ്ജന്യന്മാർ. ഋതുശബ്ദത്തിന്നു യാഗകാലമെന്നർത്ഥം. യജ്ഞകൃത്ത് = യഷ്ടാ പ്.

2. ഉത്തരാർദ്ധം പരോക്ഷം: നിലിമ്പർ = ദേവന്മാർ.

3. ദേവകഠംതൻവഴി—സ്വർഗ്ഗത്തിൽ ചെല്ലാനുള്ള മാർഗ്ഗം, യജ്ഞകർമ്മം. വിജ്ഞൻ—ദേവന്മാരുടെ വഴിയറിയുന്നവൻ. താൻ—അദ്ദേഹം.

നിങ്ങളറിയവേ, കർമ്മലോപം ജഡ–
രെങ്ങാം വരുത്തിയിരിയ്ക്കാ,മമർത്ത്യരേ;
വിജ്ഞനഗ്നി നികത്തട്ടെയതൊക്കയും,
വിണ്ണോർക്കു വീതങ്ങൾ വെയ്ക്കുമൃതുക്കളാൽ. 4

ചേതസ്സിടിഞ്ഞു ചുണ കെട്ട മാനുഷ–
രേതൊരു യജ്ഞകർമ്മത്തെ നണ്ണാതെപോം;
ആയതറിഞ്ഞഗ്നി, ഹോതാവു, കർമ്മജ്ഞ–
നായജിയ്ക്കു,മ്പരെ യഷ്ടാവ്യതുക്കളിൽ! 5

ഇഷ്ടികൾക്കെല്ലാം മുഖവും കൊടിയുമായ്–
സ്സൃഷ്ടനല്ലോ, വിചിത്രൻ നീ പിതാവിനാൽ;
ആ നീ തരിക, ജനാഢ്യമാമൂഴിയു,–
മാർക്കും ഹിതമാം പുകഴ്ന്ന കാമ്യാന്നവും! 6

ആരെസ്സുജാതൻ പ്രജാപതി സൃഷ്ടിച്ചി–
താരെ വാനൂഴികളാ,രെയംഭസ്സുകൾ;
അഗ്നേ, പിതൃപഥാഭിജ്ഞനാമബ്ഭവാ–
നഗ്ര്യശോഭം വിളങ്ങുന്നു, സമിദ്ധനായ്! 7

സൂക്തം 3.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി.)

ഇദ്ധനീശൻ, നീ പുരാനേ: വെളിപ്പെട്ടു,
വൃദ്ധ്യർത്ഥമുഗ്രൻ, ഗമിപ്പോൻ, ശുഭോദയൻ;

---

4. ജഡർ––വിമൂഢർ. അത്––ലുപ്തമായിപ്പോയ കർമ്മം. വീതങ്ങൾ––ഹവിർഭാഗങ്ങൾ. ഋതുക്കൾ––യാഗകാലങ്ങൾ.

5. ചേതസ്സിടിഞ്ഞു ചുണകെട്ട മാനുഷർ––നിരന്തരമായ യജ്ഞപ്രയത്നം കൊണ്ടു ബുദ്ധിക്ഷയവും നിരുത്സാഹതയും വന്ന ഋത്വിക്കുകൾ. ആയജിയ്ക്കു––പൂജിയ്ക്കട്ടെ.

6. ഇഷ്ടികൾ=യാഗങ്ങൾ. മുഖം––പ്രധാനഭൂതൻ. വിചിത്രൻ––നാനാരൂപൻ. പിതാവ്––പ്രജാപതി.

7. പ്രജാപതിയാലും, വാനൂഴികളാലും, അംഭസ്സുകളാലും ഉൽപാദിതനായ ഭവാൻ. പിതൃപഥാഭിജ്ഞൻ––ഹവിർവഹനമാർഗ്ഗമറിയുന്നവൻ. സമിദ്ധനായ്––ജ്വലിപ്പിയ്ക്കപ്പെട്ട്. അഗ്ര്യശോഭം––മികച്ച ശോഭയോടുകൂടുംപണ്ണം.

മെത്തിയ ഭാസ്സാൽ വിളങ്ങും വിവേകവാ–
നെത്തുന്നു, രാത്രിയെക്കൈവിട്ടു വെണ്മയിൽ! 1

പോവും കറുമ്പിയെജ്ജ്വാലയാൽക്കീഴമ–
ർത്താവിഷ്കരിപ്പൂ, മഹേശതനൂജയെ;
വാനു മൂടും പ്രഭകൊണ്ടർക്കദീപ്തിയെ
സ്ഥാനേ നിറുത്തി ലസിപ്പൂ, ഗമിപ്പവൻ! 2

വന്നെത്തിനാൻ, ശുഭശ്രീയൊടൊപ്പം ശുഭൻ;
ചെന്നണഞ്ഞാന,ഥ ജാരൻ ഭഗിനിയിൽ;
ഉന്നിദ്രദീപ്തിയായ് വർത്തിപ്പൂമീയഗ്നി
വെൺനിറത്താൽക്കീഴമർത്താനി,രുട്ടിനെ! 3

ഭദ്രൻ സഖാവീ മഹാനഗ്നി വാഴ്ത്തികൾ-
ക്കെത്തൽ വരുത്തില്ല, കത്തും കതിർകളാൽ:
സ്തുത്യൻ വൃഷാവു സുവക്ത്രൻ മഹാന്റെ കെ–
ല്പൊത്ത തീക്ഷ്ണാംശു പുകഴ്ന്നു, മഖങ്ങളിൽ! 4

സുശ്രീകനായിജ്ജ്വലിപ്പൂമീ വമ്പന്റെ
രശ്മികൾ പായുന്നു, കാററിരമ്പത്തൊടേ:
വാനിൽപ്പരത്തുവോനല്ലോ, വിളയാടി
വായ്ച്ചു വിളങ്ങും വിശിഷ്ടതേജസ്സിവൻ! 5

സൂക്തം 3.

1. വെളിപ്പെട്ടു എന്നതുമുതൽ പരോക്ഷം; വൃദ്ധ്യർത്ഥം––യഷ്ടാക്കൾക്ക് **അഭിവൃദ്ധി വരുത്താൻ**. ഗമിപ്പോൻ––ഹവിസ്സു വാങ്ങി ദേവലോകത്തെയ്ക്കു പോകുന്നവൻ. വെണ്മയിൽ––ഉഷസ്സിൽ.

2. കറുമ്പി––രാത്രി. മഹേശതനൂജയെ––മഹാനായ ഈശന്റെ (രക്ഷകന്റെ) പുത്രിയായ ഉഷസ്സിനെ. സ്ഥാനേ – മുകളിൽ. നിറുത്തി––മുകളിൽ പരന്ന അഗ്നിജ്വാലതന്നെ, അർക്കദീപ്തി (സൂര്യരശ്മി). ഗമിപ്പവൻ––ദേവലോകത്തെയ്ക്കു്.

3. ശുഭൻ––മംഗളരൂപനായ അഗ്നി. ജാരൻ––ശത്രുക്കളെ കിഴവ (ദുർബല)രാക്കുന്നവൻ. ഭഗിനി––ഉഷസ്സ്.

4. വാഴ്ത്തികൾ––സ്തോതാക്കൾ. കെല്പ്––തമോനാശനശക്തി.

5. സുശ്രീകൻ––നല്ല ശോഭയോടുകൂടിയവൻ. കാററിരമ്പം––കാററിന്നൊത്ത ശബ്ദം.

വിസ്ഫുടജ്വാലനായ്പ്പോകമിവനുടെ
കെൽപുണ്ടിരമ്പുന്നു, മാരുതച്ചേർച്ചയാൽ;
ഉന്നാദമാം പ്രത്നവെണ്മയാലേ വിള-
ങ്ങുന്നിതി,ഗ്ഗന്താവു, ദേവവര്യൻ, മഹാൻ! 6

വമ്പരെയെത്തിയ്ക്കുകെങ്ങളിലബ്ഭവാൻ;
വിൺഭ്രുയുവതിഗൻ നീയുമിരിയ്ക്കണം.
സുപ്രാപനുജ്ജവനഗ്നേ, വരികിങ്ങു,
സുപ്രാപരാമുജ്ജവാശ്വങ്ങളൊത്തു നീ! 7

സൂക്തം 4.

ഋഷിച്ഛന്ദോദേവതകളം മുമ്പേത്തവ
(കാകളി.)

ഞങ്ങൾ വിളിച്ചാൽ വരുമാറു വന്ദ്യനാ-
മങ്ങയ്ക്കു നൽകുവന,ങ്ങയെ വാഴ്ത്തുവൻ:
അഗ്നേ, പുരാണ, പുരാനേ, മരുവിലെ-
ത്തണ്ണീർപ്പുരപോലെയല്ലോ, മഖിയ്ക്കു നീ! 1

ആൾക്കാർ ഭവാനെബ്ഭജിപ്പൂ, യുവോത്തമ,
ഗോക്കൾ ചൂടുള്ള തൊഴുത്തിനെപ്പോലവേ:

---

6. പോകം——ദേവലോകത്തെയ്ക്കു്. മാരുതച്ചേർച്ച = മരുത്സംഗമം. ഉന്നാദം = ശബ്ദമുയർന്നതു്. പ്രത്നം = പുരാതനം.

7. വമ്പർ——മഹാന്മാർ, ദേവന്മാർ. വിൺഭ്രുയുവതിഗൻ——ദ്യോവും ഭ്രുവുമാകുന്ന യുവതികളെ പ്രാപിയ്ക്കുന്നവൻ. സുപ്രാപൻ——സ്തോതാക്കൾക്കു സുഖേന പ്രാപ്യൻ. ഉജ്ജവൻ.=വേഗമേറിയവൻ. അശ്വങ്ങൾ—രോഹിത്തുകളെന്ന കുതിരകൾ.

സൂക്തം 4.

1. നല്കുവൻ——ഹവിസ്സു്. മരുവിലെ (നിർജ്ജലപ്രദേശത്തിലെ) തണ്ണീർപ്പുര ആളുകളെ തുലോം ആശ്വസിപ്പിയ്ക്കുമല്ലോ; അതുപോലെ ഭവാൻ മഖിയ്ക്കു (യഷ്ടാവിന്നു) സുഖമുളവാക്കുന്നു.

മൎത്ത്യൎക്കു മുമ്പക്കുമുററ ദ തൻ, ഭവാൻ;
മദ്ധ്യേ മഹസ്സിൽച്ചരിപ്പൂ. മഹാൻ ഭവാൻ. 2

ജൈത്രനാം നിന്നെ,യൊരുണ്ണിയെപ്പോലവേ
ധാത്രിയെടുത്തു വളൎത്തുന്നു, കൌതുകാൽ:
തുട്ടാൎന്നിറങ്ങും, നഭസ്സിൽനിന്നു; വിട-
പ്പെട്ടാൽ മടങ്ങും, പശുപോലെയബ്ഭവാൻ! 3

മൂഢരെങ്ങളുശിരാളുമമൂഢ, നിൻ
പ്രൌഢിയറിയുവോൻ, നീതാൻ വിശാംപതേ:
തിന്നുനടക്കും; കിടക്കും, കിഴവനായ്;
വൻനാക്കിനാലഗ്നി നക്കും, യുവതിയെ! 4

വന്ദ്യനെയെങ്ങോ പെറുന്നു, കിഴവികൾ;
ചെന്നുചേരും, സിതൻ ധൂമധ്വജൻ വനേ;
സ്നാനത്തിനല്ല, നീർ പൂകും, വൃഷംപോലെ;
സാനന്ദനാക്ക,മിവനെസ്സമം നരർ! 5

ചാകാനുറച്ചിരുകാട്ടുകള്ളർകണ-
ക്കാ,രെയെൻകൈകൾ നാർപത്താൽ വരിഞ്ഞുവോ;

---

2. മദ്ധ്യേ—വാന്നുഴികൾക്കിടയിൽ. മഹസ്സിൽ—തിളങ്ങുന്ന അന്തരിക്ഷ ലോകത്തിൽ.

3. ജൈത്രൻ=ജയശീലൻ, ധാത്രി=അമ്മ, ഭൂമി. കൌതുകാൽ—സംപ്രേക്ഷ്യയാൽ. തുട്ട്—ഹവിഃപിപാസ. ഇറങ്ങും—യജ്ഞത്തിന്നു ഭൂമിയിലെയ്ക്കു്. വിടപ്പെട്ടാൽ—ഹവിസ്സൎപ്പിച്ച യഷ്ടാക്കളാൽ. മടങ്ങും—ദേവസമീപത്തെയ്ക്കു തിരിയ്ക്കും. പശുപോലെ—മാടു തൊഴുത്തിലെയ്ക്കെന്നപോലെ.

4. മൂഢർ—നിൻപ്രൌഢി (മഹത്ത്വം) ഞങ്ങൾക്കറിഞ്ഞുകൂടാ; അങ്ങയ്ക്കു മാത്രമേ അറിഞ്ഞുകൂടൂ. അമൂഢ=ഹേ വിദ്വാൻ. ഉശിര്=ചൈതന്യം. തിന്നു—ഹവിസ്സു ഭക്ഷിച്ചു. കിഴവനായ്—മന്ദപ്രഭനായി. വൻനാക്കിനാൽ—നീണ്ട ജ്വാലകൊണ്ട്. യുവതി—ആഹുതി എന്നൎത്ഥം.

5. കിഴവികൾ—രണ്ടരണികൾ. സിതൻ=ശ്വേതവൎണ്ണൻ. വനേ=കാട്ടിൽ, അഥവാ മേഘജലത്തിൽ; ദാവാഗ്നിയോ വൈദ്യുതാഗ്നിയോ ആയിത്തീരും. വൃഷം (കാള) നീർ പൂകുന്നതു കുളിപ്പാനല്ല, കുടിപ്പാനാണല്ലോ. സാനന്ദനാക്കും=പ്രീതിപ്പെടുത്തും. സമം—ഒരേ മനസ്സോടേ. നരർ—ഋത്വിക്കുകൾ.

6. ചാകാനുറച്ച്—'ചത്താലും ഞങ്ങൾ തട്ടിപ്പറിയ്ക്കും' എന്നു നിശ്ചയിച്ചു രണ്ടു വനതസ്കരന്മാർ വഴിപോക്കനെ കെട്ടിയിഴയ്ക്കുന്നതുപോലെ, എന്റെ

അബ്ഭവാനഗ്നേ, നവീനസ്തവമിതാ—
കല്പിച്ചുടൽത്തേരു പൂട്ടുകൊളളികളാൽ! 6

ജാതവേദസ്സേ, ഹവിസ്സും നമസ്സുമി—
ഗ്ഗീതിയും നിന്നെ വളർത്തുക,ഗ്നേ, സദാ:
രക്ഷ നല്ലേ,ങ്ങളാംതൻ പുത്രപൌത്രർക്കു നീ;
രക്ഷ നല്ലേ,ങ്ങളാംതൻ മെയ്യിനും ശ്രദ്ധയാ! 7

സൂക്തം 5.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി)

ഏകൻ, ബഹുദ്ഭവനംഭോധി, നമ്മളാംത-
ന്നാകാംക്ഷ നേർക്കു കാണുന്നു, ധൃതധനൻ;
സേവിപ്പു, സന്ധ്യാദ്വയീതന്നകിടിനെ;-
പ്പോവുക, കാറിൻനടുക്കാമിടത്തിൽ നീ; 1

ഏകാസ്പദത്തെച്ചുഴന്നു, ഹവിസ്സുകൾ
തൂകി,സ്സമേതാശ്വരായാർ, പെരിയവർ;

കൈകൾ നാർപത്താൽ (പത്തുവിരൽകൊണ്ടു) ഭവാനെ വരിഞ്ഞു (ബന്ധിച്ച്); യാഗത്തിലെയ്ക്കു് എടുത്തുകൊണ്ടുപോന്നു. ഉടൽത്തേര് ഒളളികളാൽ, തേജസ്സുകളാകുന്ന അശ്വങ്ങളെക്കൊണ്ടു, പൂട്ടുക—എന്റെ യാഗത്തിൽ വരാൻ.

7. ഗീതി—സ്തുതി. ശ്രദ്ധയാ—പ്രമാദമെന്നിയേ.

സൂക്തം 5.

1. ബഹുദ്ഭവൻ—നാനായജ്ഞങ്ങളിൽ ആഹവനീയാദിഭാവേന ആവിർഭവിയ്ക്കുന്നവൻ. അംഭോധി—വർഷജലോപേതൻ. കാണുന്നു—അറിയുന്നു. സന്ധ്യാദ്വയി—പ്രാതസ്സായംസന്ധ്യകൾ. അകിടിനെ—രാത്രിയെ. കാറിൻനടുക്കാമിടം—മേഘമധ്യവർത്തിയായ വിദ്യുല്ലതം. നാലാംപാദം പ്രത്യക്ഷോക്തിയാകുന്നു.

2. ഏകാസ്പദം=ഒരേ സ്ഥാനം, അഗ്നിസമീപം. സമേതാശ്വരായാർ—അഗ്നിപ്രസാദത്താൽ ബഡബകളെ നേടി. പെരിയവർ—യഷ്ടാക്കൾ. പാഥഃപദത്തെ—വെള്ളത്തിന്റെ ഇരിപ്പിടത്തെ, അഗ്നിയെ. മുഖ്യനാമങ്ങൾ—

പാഥഃപദത്തെബ്ഭജിയ്ക്കുന്നു, മേധാഢ്യർ—
ചേതസ്സിൽ വെയ്ക്കുന്നു, മുഖ്യനാമങ്ങളെ. 2

കാലമളന്നു പെററു,ണ്ണിയെക്കൈക്കൊണ്ടു
പാലിപ്പു, രണ്ടുപേർ ബുദ്ധിസത്യാഢ്യമാർ:
ധീബലവാന്റെ ചരാചരവിഷ്ടപ–
നാഭിയാം നൂലിനെ ധ്യാനിപ്പവൻ സുഖി! 3

പണ്ടേ ഭജിപ്പതുണ്ടല്ലോ, ബലേച്ഛുയുക്കം–
കൊണ്ടസ്സുജാതനെ യജ്ഞപ്രവർത്തകർ;
പാഥോഭവാന്നഘൃതങ്ങളാൽപ്പോററുന്നു,
മീതെ വാഴ്വോനെപ്പരന്ന വാനൂഴികൾ! 4

പൊക്കം, സുഖേന കാണ്മാനായ് മഖത്തിൽനി–
ന്നൽക്കീർത്തിതൻ വീജ്ഞനേഴൊളിനാവുകൾ:
അന്തരിക്ഷേ വാണവയെ നിയന്ത്രിച്ച
ചന്തമേകും, ക്ഷിതിയ്ക്കിച്ഛയാ പൂർവകൻ! 5

വൈശ്വാനരൻ, ജാതവേദസ്സ് മുതലായ അഗ്നിയുടെ പ്രധാനപ്പേരുകൾ. ചേതസ്സിൽ വെയ്ക്കുന്നു—ധ്യാനിച്ചു സ്തുതിയ്ക്കുന്നു.

3. കാലമളന്നു—കാലം തെററാതെ. ഉണ്ണി—അഗ്നി. പാലിയ്ക്കുയായ്—പോററിവളർത്തുന്നു. രണ്ടുപേർ, ബുദ്ധിസത്യാഢ്യമാർ—ബുദ്ധിയും സത്യവുമുള്ള ദ്യാവാപൃഥിവികൾ, അഥവാ അരണികൾ. ധീബലവാന്റെ—മേധാവിയായ അഗ്നിയുടെ. നൂൽ—വൈശ്വാനരൻ എന്ന അംശം: ഇതു ചരാചരലോകത്തിന്റെ നാഭി (പൊക്കിൾ, മധ്യം) ആകുന്നു; അതിനെ ധ്യാനിയ്ക്കുന്നവൻ സുഖിയായിത്തീരും. ജഠരാഗ്നിയെപ്പററിയാണിത്.

4. അസ്സുജാതനെ—അഗ്നിയെ. പാഥോഭവാന്നഘൃതങ്ങൾ—വൃഷ്ടിജലോല്പന്നങ്ങളായ അന്നവും (പുരോഡാശാദിയും) നെയ്യും. മീതെ വാഴ്വോനെ—മൂന്നു ലോകത്തിന്റെയും മുകളിൽ വിദ്യുത്തായും സൂര്യനായും സ്ഥിതിചെയ്യുന്ന അഗ്നിയെ.

5. കാണ്മാനായ്—സർവവസ്തുദർശനത്തിന്ന്. ഉൽക്കീർത്തിതൻ=ഉറക്കെ സ്തുതിയ്ക്കപ്പെട്ടവൻ, അഗ്നി. ഏഴൊളിനാവുകൾ—കാളി, കരാളി മുതലായ ഏഴു തിളങ്ങുന്ന ജ്വാലകൾ. അവ—ജ്വാലകൾ. ക്ഷിതിയ്ക്കു ചന്തമേകും—ഭൂമിയ്ക്കു സസ്യോൽപാദനത്താൽ അഴകുളവാക്കും. ഇച്ഛയാ—യജ്ഞാഭിലാഷത്താൽ. പൂർവകൻ=പുരാതനൻ.

ഏഴതിർ വെച്ചിരിയ്ക്കുന്ന മേധാവികൾ;—
ളാഴ മതിലൊന്നിലാര,വൻ പാപിയാം;
അന്നരനെത്തട്ടത്താരാൽ,ക്കതിർ പൊഴി—
യ്ക്കുന്നിടത്തംഭസ്സിൽ മേവും, തിരുവടി! 6

സത്തുമസത്തും പിറന്നു ചിദാത്മാവി;—
ലുത്ഥിതനായ്, ക്ഷിതിയ്ക്കന്തികേ ദക്ഷനം.
ആദിമന,ഗ്നിതാൻ കർമ്മമുണ്ണും നമു—
ക്കാ;—ദികാലത്തവൻ കാളയായ്, പയ്യുമായ്! 7

അഞ്ചാമദ്ധ്യായം സമാപ്തം.

ആറാമദ്ധ്യായം.

സൂക്തം 6.

ത്രിതൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.
(കാകളി.)

വാഴ്ത്തുന്നവൻ യജിച്ചാ,രുടെ രക്ഷയാൽ
വാഴ്ക്കുന്ന സദ്മത്തില,ഗ്നിയവനിതാ:
മുററിയ സൂര്യാംശുദീപ്ത്യാ പരീതനായ്—
ച്ചുററിനടക്കവോനല്ലോ, സമുജ്ജ്വലൻ! 1

---

6. ഏഴതിർ—സുരാപാനം, ചൂതുകളി, സ്ത്രീസേവ, നായാട്ട്, ദണ്ഡം, പാരുഷ്യം, പരദൂഷണം എന്നീ ഏഴ വിലക്കുകം; വർജ്ജനീയങ്ങളാണ്, ഈ സപ്തവ്യസനങ്ങളെന്ന വ്യവസ്ഥ ചെയ്യിരിയ്ക്കുന്നു. ആരാൽ—ആ നരന്റെ സമീപത്ത്. കതിർ പൊഴിയ്ക്കുന്നിടം—അന്തരിക്ഷം. മേവും—വിദ്യുത്തായി വർത്തിയ്ക്കുന്നു. തിരുവടി—അഗ്നി.

7. സത്തും അസത്തും—സദസദാത്മകമായ ജഗത്ത്. ദക്ഷൻ—പ്രജാപതി. അവൻ കാളയായ് പയ്യുമായ്—പുരുഷനും, സ്ത്രീയും, ആദിമനായ അഗ്നിതന്നെയായിരുന്നു.

സൂക്തം 6.

1. വാഴ്ക്കുന്ന—അഭിവൃദ്ധി നേടുന്നു. സദ്മം=ഗൃഹം. ഇതാ—വിളിയ്ക്കപ്പെട്ടു. മുററിയ—മികച്ച. സൂര്യാംശുദീപ്ത്യാ—സൂര്യരശ്മിതേജസ്സിനാൽ. സമുജ്ജ്വലൻ—അഗ്നി.

കത്തും മഹസ്സാൽത്തിളങ്ങിവിളങ്ങുന്നു,
സത്യസ്വരൂപനാമീയഗ്നി സന്തതം;
സഖ്യം പുലർത്താൻ സഖാക്കളിൽച്ചെല്ലുന്നു,
നില്ക്കാതെ പോം ഹയം പോലെ വാടാതിവൻ! 2

തമ്പുരാനി, ദ്രോഹമേതധ്വരത്തിനും;
തമ്പുരാൻ, സർവതോഗാമിയുഷസ്സിലും;
കല്യാണഹവ്യമോരോന്നുമീയഗ്നിയി–
ലല്ലോ പൊഴിപ്പൂ, ബലാഹിംസിതരഥൻ! 3

കെല്പാൽ പ്രവൃദ്ധനായ്സ്സംകീർത്ത്യമാനനായ്
ക്ഷിപ്രം പറന്നുപോ, മുമ്പരിലെത്തുവാൻ:
അജ്ജ്വാലസംയുക്തനാമഗ്നി ഹോമകൃ–
ത്തർച്ച്യൻ സുയഷ്ടാവു പിന്പൂട്ടു, മുമ്പരെ! 4

പൊന്നുറവാം തത്തുമഗ്നിക്കു സൂക്തിയു–
മന്നവുമർപ്പിപ്പിനി, ന്ദ്രന്നുപോലവേ;
ധീരരാൽസ്സംസ്തുതനല്ലോ, പ്രധർഷക–
ന്മാരെ വിളിക്കുന്ന ജാതവേദസ്സിവൻ! 5

നിങ്കലേ വന്നെത്തിയല്ലോ ധനമൊക്കെ,–
യുങ്കൊടോടും ഹയം പോരികലാംവിധം:
അബ്ഭവോനെങ്ങളിലെല്ലു തിരിയിക്കു–
കഗ്നേ, പുരന്ദരൻ കൈക്കൊണ്ട രക്ഷയെ! 6

---

2. സഖാക്കൾ—യജമാനന്മാർ. വാടാതെ = അപരിശ്രാന്തനായി.

3. ഉഷസ്സിലും തമ്പുരാൻ—പ്രാതർഹോമത്തിലും യഷ്ടാക്കൾക്ക് അധിപതി. കല്യാണഹവ്യം = സുമംഗളമായ ഹവിസ്സ്. ബലാഹിംസിതരഥൻ—ബലങ്ങളാൽ, ശത്രുസേനകളാൽ, ഉപദ്രവിക്കപ്പെടാത്ത യജ്ഞരഥത്തോടുകൂടിയവൻ, യജമാനൻ.

4. കെല്പാൽ—ബലകരമായ ഹവിസ്സിനാൽ. അർച്ച്യൻ—സ്തുത്യൻ. പിന്പൂട്ടുമുമ്പരെ—ഉമ്പരുടെ അടുക്കലെത്തിയിട്ട്, അവർക്കു ഹവിസ്സു ഭക്ഷിപ്പാൻ കൊടുക്കും.

5. പൊന്നുറവ്—സമ്പത്തിനെ ഉദ്ഗമിപ്പിക്കുന്നവൻ, ധനദാതാവ്. തത്തും—ജ്വാലകൾകൊണ്ടു നൃത്തം വെയ്ക്കുന്ന. സൂക്തി—സ്തുതി. അന്നം—ഹവിസ്സ്. ധീരർ = മേധാവികൾ. പ്രധർഷകന്മാരെ—ശത്രുക്കളെ അമർത്തുന്ന ദേവന്മാരെ.

6. പ്രത്യക്ഷോക്തി: പുരന്ദരൻ കൈക്കൊണ്ട—ഇന്ദ്രന്റെ രക്ഷപോലുള്ള.

അഗ്നേ, പിറന്നിരുന്നിട്ടുടൻതന്നെ നീ-
യാഹുതിസ്സർഹനായല്ലോ, മഹിമയാൽ;
ആ നിൻെറ ചിഹ്നമണഞ്ഞു ഹവിസ്സേക-
മാര്യർ വളർച്ചയും നേടുന്നു, രക്ഷയാൽ! 7

സൂക്തം 7.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.
(കാകളി.)

ദ്യോവുഴികളിൽനിന്നി,ഷ്ടിസ്സു ഞങ്ങളിൽ-
ദ്ദേവ, നീ ചേർക്ക, സർവാന്നവും സ്വസ്തിയും;
സേവിസ്സുമെങ്ങളെക്കാക്കുക,ഗ്നേ, ഭവാൻ
ദേവ, സുരൂപ, നിൻശ്ലാഘ്യോരുബുദ്ധിയാൽ! 1

അശ്വഗോഭൃതിയെപ്പാടിവണ്ണിപ്പതു-
ണഗ്നേ, ഭവാന്നായ്പ്പിറന്നതാമിസ്തവം:
മത്ത്യൻ, സുജാത, നിൻഭോഗ്യങ്ങൾ നേടവേ,
വിത്തദൻ വാഴ്ത്തപ്പെടുന്നു, ഭവാൻ വസോ! 2

അഗ്നിയെനിസ്സുച്ചുന,ഗ്നി ബന്ധുവെനി-
സ്സു,ഗ്നി മേ സോദരൻ, സന്തതം തോഴനും:
അമ്മഹാഗ്നിവദനത്തെബ്ഭജിപ്പു, ഞാ-
നംബരേ മിന്നുന്ന യാജ്യനാമക്കനെ! 3

---

7. നിൻെറ ചിഹ്നമണഞ്ഞു—ഉജ്ജ്വലിസ്സുന്ന നിങ്കലണഞ്ഞ്. ആര്യർ—ശ്രേഷ്ഠന്മാർ, യജമാനന്മാർ. രക്ഷയാൽ—ഭവാനാൽ രക്ഷിതരായിട്ട്.

സൂക്തം 7.

1. ശ്ലാഘ്യോരുബുദ്ധി—ശ്ലാഘനീയവും വിപുലവുമായ രക്ഷോപായജ്ഞാനം.

2. പിറന്നതാം—ഉച്ചരിസ്സപ്പെടുന്ന. ഇസ്തവം—ഞങ്ങളുടെ സ്തുതി. അശ്വഗോഭൃതിയെ—ഞങ്ങൾക്കു ഭവാൻ തന്ന അശ്വഗോസമ്പത്തിനെ. നിൻ—അങ്ങ് നൽകുന്ന.

3. വദനത്തെ —ആഹവനീയാഗ്നിയാകുന്ന മുഖത്തെ. അംബരേ—ആകാശത്ത്. അക്കനെ—സൂര്യനെപ്പോലിരിസ്സുന്ന വദനത്തെ എന്നു ലുപ്തോപമ.

നൽസ്തവമഗ്നേ, ക്ഷമിച്ചു ഞങ്ങൾ: ഗൃഹേ
നിത്യഹോതാവു നീയാരെ രക്ഷിയ്ക്കുമോ,

അന്നാഢ്യന,ധ്വരി, രോഹിദശ്വനവൻ;
മിന്നും ദിനങ്ങളിലബ്ഭവോന്നാഹുതി! 1

മിത്രംകണക്കപ്പാസേവ്യന,ഗ്നി മഖ—
സിദ്ധി വരുത്തുമുത്വിക്ക, പുരാതനൻ—

അദ്ദീപ്തനെജ്ജനിപ്പിച്ചാർ, കരങ്ങളാൽ;
മർത്ത്യർക്ക ഹോതാവുമാക്കിനാരാളുകൾ! 5

വിണ്ണുമ്പരെദ്ദേവ, താൻതാൻ യജിയ്ക്ക, നീ:
പൊണ്ണച്ചെറുക്കനെന്തൊന്നു ചെയ്യും തവ?

കാലങ്ങളിൽ നീ സുരരെ യജിച്ചതു—
പോലേ സുജാത, യജിയ്ക്ക, നീ നിന്നെയും! 6

കാക്കക, രക്ഷിയ്ക്കുകെ,ങ്ങളെ—സ്സുപ്രഭ;
ചേർക്കക,ന്നങ്ങളുമായുസ്സുമെങ്ങളിൽ;

നേർക്കേകുകഗ്നേ, ഹവിർദ്ദാനമെങ്ങൾക്ക;
നോക്കുക,ഞ്ഞെങ്ങൾതൻ ദേഹവും ശ്രദ്ധയാ! 7

---

4. ഗൃഹേ——യാഗശാലയിൽ. നീ ആരെ രക്ഷിയ്ക്കുമോ, അവൻ അഗ്നി സായുജ്യം പ്രാപിയ്ക്കും——അഗ്നിയെപ്പോലെ അന്നസമൃദ്ധനും, അധ്വരിയും (യഷ്ടാവും) രോഹിദശ്വനുമായിത്തീരും. മിന്നും ദിനങ്ങളിൽ——സുദിനങ്ങളിൽ എന്നു താല്പര്യം. ആഹുതി——ആഹുതി ഭവിയ്ക്കട്ടെ.

5. മിത്രം=സ്നേഹിതൻ. മഖസിദ്ധി——യാഗപൂർത്തി. കരങ്ങളാൽ——കൈകൾകൊണ്ടു് അരണികടഞ്ഞു്. മർത്ത്യർക്ക——മനുഷ്യാകാരരായ ദേവന്മാർക്ക. ഹോതാവു്=വിളിയ്ക്കുന്നവൻ. ആളുകൾ——യജ്ഞകർത്താക്കൾ.

6. വിണ്ണുമ്പർ——സ്വർഗ്ഗത്തിലെ ഇന്ദ്രാദിദേവന്മാർ. പൊണ്ണച്ചെറുക്കൻ——ഉൾക്കാതലും അറിവുമില്ലാത്തവൻ.

7. കാക്കക——ദൃഷ്ടഭയങ്ങളിൽനിന്നു്. രക്ഷിയ്ക്കുക——അദൃഷ്ടഭയങ്ങളിൽനിന്നു്. ഹവിർദ്ദാനം നേർക്കേകുക——ഞങ്ങളെ ഹവിർദ്ദാന (യജ്ഞകർമ്മ) ശക്തരാക്കുക. നോക്കുക——പോററിപ്പുലർത്തുക.

സൂക്തം 8.

ത്വഷ്ടാവിന്റെ പുത്രൻ ത്രിശിരസ്സ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
അഗ്നിയും ഇന്ദ്രനും ദേവത.

(കാകളി.)

തൃക്കൊടിക്കാലുയർത്തഗ്നി, വൃഷംപോലെ
മുക്രയിട്ടോടുന്നു, ഭൂവിലും ദ്യോവിലും;
വിണ്ണിന്റെ ചാരത്തുമററത്തുമെത്തുന്നു;
തണ്ണീരിടത്തിൽത്തഴയ്ക്കുന്നു, വമ്പനായ്! 1

ഉറപ്പുകൾ തുഷ്ടനാം, പൂണ്ട ചീർത്ത വൃഷം;
നൽപ്പശുക്കുട്ടി കർമ്മാർത്ഥമൊലിയിടും;
വാനോർമഖത്തിൽ മുതിർന്നുകൊണ്ടു നിജ-
സ്ഥാനങ്ങളിലെഴുന്നള്ളു,മഗ്രിമൻ! 2

മേധത്തിൽ നീർത്തിവരുന്നൂ, സുവീര്യന്റെ
തായ്താതമൂർദ്ധ്നി പുരട്ടും മഹസ്സിനെ;
ഓത്തമരേത്തിനായ്പ്പാറിത്തിളങ്ങുന്ന
തത്തിരുമെകളെസ്സേവിപ്പൂ, യജ്ഞഗർ. 3

ചെല്ലു,മുഷസ്സുഷസ്സിന്റെ മുന്നിൽബ്ഭവാ;-
നല്ലസിയ്ക്കും, വസോ, രണ്ടുനേരത്തിലും;

സൂക്തം 8.

1. തൃക്കൊടിക്കാൽ—ധൂമമാകുന്ന ധ്വജം. തണ്ണീരിടം—അന്തരിക്ഷം. തഴയ്ക്കുന്നു—വൈദ്യുതാത്മനാ.

2. ഉറപ്പുകൾ തുഷ്ടനാം—വാനൂഴികളുടെ ഇടയിൽ പുകൾ മോദിയ്ക്കും. പൂണ്ട—തേജസ്സ്. വൃഷശബ്ദത്തിന്ന് അഭീഷ്ടവർഷി എന്നും അർത്ഥം. നൽപ്പശുക്കുട്ടി—തത്തുല്യനായ അഗ്നി. കർമ്മാർത്ഥം—ഹവിർവഹന-ദേവാഹ്വാനാദിയ്ക്കു വേണ്ടി. വാനോർമഖം=ദേവയജനം. നിജസ്ഥാനങ്ങൾ—ആഹവനീയാദിസ്ഥാനങ്ങൾ. അഗ്രിമൻ—ദേവന്മാരിൽവെച്ചു മുഖ്യനായ അഗ്നി.

3. മേധം—യാഗം. സുവീര്യന്റെ—അഗ്നിയുടെ. തായ്താതമൂർദ്ധ്നി പുരട്ടും—ദ്യാവാപൃഥിവികളുടെ മുകളിൽ എണ്ണ തേച്ചാലത്തെ മിനുസം വരുത്തുന്ന. അമരേത്ത്—ഹവിർഭുക്തി. തത്തിരുമെകളെ—അഗ്നിയുടെ ജ്വാലകളെ. യജ്ഞഗർ (യഷ്ടാക്കൾ) എന്ന പദം തന്നെ പൂർവാർദ്ധത്തിലും കർത്താവ്.

തന്മെയ്യിൽനിന്നംശുമാനെജ്ജനിപ്പിച്ചു,
കർമ്മത്തിനായിട്ടു കൈക്കൊള്ളു,മേഴിടം! 4

കണ്ണുനീ, കാവലാവും നീ, മാമഖത്തിന്നു;
തണ്ണീരിനായ്ച്ചെല്ലുമാദിത്യനും, ഭവാൻ;
ജാതവേദസ്സേ, ജലാത്മജസൂനു, നീ;
ദൂതനുമല്ലോ, ഹവിസ്സൂട്ടുവോനു നീ! 5

ഭദ്രനിയുദ്വാഹനോടു ചേരുമിട-
ത്തെത്തിക്കുവോൻ, നീയുദകവും യജ്ഞവും;
അഗ്ര്യനാമർക്കനെ ദ്യോവിൽ നിർത്തുന്നു, നീ;—
യഗ്നേ, ഹവിസ്സു വഹിക്കുന്നു, നാക്കിനാൽ! 6

സത്രാണനാം ത്രിതൻ വേലയ്ക്കു യജ്ഞാംശ-
മത്തുംഗരക്ഷിതാവോടു വരിച്ചുടൻ
പിത്രംബികാന്തികേ സംസേവ്യമാനനായ്,
നൽസ്തവമുച്ചരിച്ചായുധമേന്തിനാൻ. 7

---

4. പ്രത്യക്ഷോക്തി; ഉഷസ്സുഷസ്സിന്റെ മുന്നിൽ——ഓരോ പുലർകാലത്തിന്റെയും മുന്നിൽ——പ്രഭാതത്തിന്നുമുമ്പേ. ചെല്ലും——യജ്ഞസദനത്തിൽ. ഉല്ലസിക്കുക——ഉജ്ജ്വലിക്കുക. രണ്ടുനേരത്തിലും——പ്രഭാത–സായംകാലങ്ങളിൽ. അംശുമാൻ——സൂര്യൻ. ജനിപ്പിച്ചു——പ്രഭാതത്തിൽ അഗ്നി ജ്വലിച്ചതിന്നുശേഷമാണല്ലോ, സൂര്യോദയം. ഏഴിടം——യാഗശാലയിലെ ധിഷ്ണ്യവും മററും.

5. മാമഖം = മഹത്തായ യാഗം. തണ്ണീരിനായ്——സോമരസമാകുന്ന വെള്ളം കൈക്കൊൾവാൻ. ജലാത്മജസൂനു——ജലാത്മജത്തിന്റെ, മേഘത്തിന്റെ പുത്രൻ; വൈദ്യുതാഗ്നി. ഹവിസ്സൂട്ടുവോൻ——യജമാനൻ.

6. ഭദ്രനിയുദ്വാഹനോടു ചേരുമിടത്ത്——നല്ല നിയുത്തുക്കളാകുന്ന വാഹനങ്ങളുള്ളവനോടു, വായുവിനോടു, ചേരുന്ന ഇടത്ത്, അന്തരിക്ഷത്തിൽ. ഉദകം——വൃഷ്ടിജലം. യജ്ഞം——ഹവിസ്സ്. നാക്ക്——ജ്വാല.

7. ഈ സൂക്തത്തിന്റെ ഋഷിയായ ത്രിശിരസ്സിനെ വധിപ്പാൻ ഇന്ദ്രൻ ത്രിതനെന്ന ഋഷിയോടു സാഹായ്യം അപേക്ഷിച്ചു. ത്രിതനാകട്ടേ, വേലയ്ക്കു കൂലിയായി യജ്ഞത്തിൽ ഒരു പങ്കു തനിക്കു കിട്ടണമെന്നായി; ഇന്ദ്രൻ അതു സമ്മതിച്ചു. ത്രിശിരസ്സു സ്വപ്നത്തിൽ കണ്ട ഈ ഭാവികഥയാണ്, ഇതുമുതൽ മൂന്നൃക്കുകളിൽ: സത്രാണൻ——യജ്ഞാംശലാഭത്താൽ രക്ഷയുള്ളവനായിത്തീർന്നവൻ. അത്തുംഗരക്ഷിതാവോടു——ആ ഉൽക്കൃഷ്ടനായ രക്ഷകനോട്, ഇന്ദ്രനോട്. പിത്രംബികാന്തികേ——പിതാവിന്റെ (ദ്യോവിന്റെ)യും അംബിക (ഭൂമി)യുടെയും സമീപത്ത്, യജ്ഞത്തിൽ. സംസേവ്യമാനനായ്——ഋത്വിക്കുകളാൽ പരിചരിക്കപ്പെട്ടുകൊണ്ട്. നൽസ്തവമുച്ചരിച്ച്——ഇന്ദ്രനെ വഴിപോലെ സ്തുതിച്ച്. ആയുധമേന്തിനാൻ——എന്നോടു പൊരുതാൻ.

താതായുധജ്ഞനത്തണ്ണീർമകൻ ത്രിതൻ
പോർ തുടങ്ങീ ചെറുത്തി,ന്ദ്രനയയ്ക്കയാൽ;
രജ്ജുവേഴേന്തും ത്രിശീർഷനാം ത്വാഷ്ട്രനെ–
ത്തച്ചു വീഴിച്ചിട്ടടക്കി, ഗോക്കളെയും! 8

ഏററം കരുത്തേട്ടൂററം നടിയ്ക്കുമി–
ത്ത്വാഷ്ട്രനെക്കീറിനാനി,ന്ദ്രൻ സതാംപതി;
ആത്താത്തു പിന്മാററിയാഞ്ഞുകൊയ്താൻ, പശു–
ച്ചാത്തുള്ള വിശ്വരൂപൻെറ ശിരസ്ത്രയം! 9

സൂക്തം 9.

അംബരീഷനെന്ന രാജാവിൻെറ പുത്രൻ സിന്ധുദ്വീപനോ, ത്രിശിരസ്സു തന്നെയോ ഋഷി; ഗായത്രിയും വർദ്ധമാനയും പ്രതിഷ്ഠയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; തണ്ണീർ ദേവത.

തണ്ണീർകളേ, സുഖം കിട്ടിപ്പവരാം നിങ്ങളെങ്ങളെ
അന്നത്തിന്നും മഹത്താം നൽക്കാഴ്ചയ്ക്കും യോഗ്യരാക്കുവിൻ! 1

ഇങ്ങേററവും സുഖദമാം നിങ്ങൾതൻ മധു ഞങ്ങളെ
കുടിപ്പിപ്പിൻ, കുതുകമോടമ്മമാരെന്നപോലവേ! 2

തണ്ണീർകളേ, നിങ്ങൾ തഴപ്പിയ്ക്കും കൊററിന്നു നിങ്ങളെ
പ്രാപിയ്ക്കാവൂ, തുലോം ഞങ്ങൾ; നല്കുവിൻ,ങ്ങൾക്ക വളർച്ചയും! 3

---

8. താതായുധജ്ഞൻ––അച്ഛൻെറ പയററു ശീലിച്ചവൻ. തണ്ണീർമകൻ––ഏകത–ദ്വിത–ത്രിതന്മാരുടെ ഉൽപത്തി ഒന്നാംമണ്ഡലത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. രജ്ജു (കയർ) ഏഴേന്തും––എതിരാളികളെ പിടിച്ചുകെട്ടാൻ. ത്രിശീർഷൻ=ത്രിശിരസ്സ്. ത്വാഷ്ട്രനെ––ത്വഷ്ടൃപുത്രനായ എന്നെ. ഗോക്കളെയും––എൻെറ.

9. ഊററം––ശൌര്യവാനെന്ന ഗർവ്. പശുച്ചാത്തുള്ള––വളരെ മാടുകളുടെ ഉടമസ്ഥനായ. ത്രിശിരസ്സും വിശ്വരൂപനും ഒരാൾ (ഈ ഋഷി) തന്നെ.

സൂക്തം 9.

1. കാഴ്ച––അറിവ്.

2. മധു––രസം. കുതുകമോട്––പുത്രൻെറ വളർച്ച കാംക്ഷിച്ച് അമ്മമാർ മുല കൊടുക്കുന്നതുപോലെ.

3. കൊററിന്ന്––അന്നം കിട്ടാൻ. വളർച്ച––സന്താനസമൃദ്ധി.

സുഖവും, മഖവും, പാനം, ശാന്തിയും, പരിഹാരവും
തന്നുകൊണ്ടൊഴുകീടട്ടേ, തണ്ണീർദ്ദേവികളെങ്ങളിൽ! 4

ആർ മർത്ത്യരെപ്പൊറുപ്പിപ്പൂ, ധനങ്ങൾക്കധീശ്വരൻ,
അത്തണ്ണീരോടു കുശലമഭിയാചിച്ചിടുന്നു, ഞാൻ. 5

സോമൻ ചൊന്നാനെന്നൊടെ 'ല്ലാമരുന്നും ജലസംസ്ഥിതം,
അഗ്നിയാം വിശ്വശംഭുവും'; ജലം സകലഭേഷജം! 6

ജലമേ, മമ രോഗത്തെത്തടുക്കുന്ന മരുന്നിനെ
തികച്ചും തന്നരുൾക: ഞാൻ നോക്കാവൂ, സൂര്യനെച്ചിരം! 7

ജലമേ, നീയൊഴുക്കിപ്പോക്കുക, ഞാൻ ചെയ്ത പാപമോ,
കേറി ദ്രോഹിച്ചതോ, ശാപമിട്ടതോ, നുണ ചൊന്നതോ! 8

ജലത്തിൽ മുങ്ങിനേൻ ഞാനിന്നു;—തിൻസത്തോടിണങ്ങിനേൻ;
വരികഗ്നേ, സത്തോയൻ നീ; തേജസ്സേകലണയ്ക്കു, നീ! 9

സൂക്തം 10.

വൈവസ്വതരായ യമിയും യമനും ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
യമീയമന്മാർതന്നെ ദേവതകളും.

'ഞാൻ നിർജ്ജനവും വിശാലവുമായ ഒരു സമുദ്രദ്വീപിൽ പോയിട്ടു, സഖാവിനെ സഖ്യത്തിന്നു തിരിയിയ്ക്കാം: അച്ഛന്നുവേണ്ടി, ഒരു മികച്ച കുട്ടിയെ എൻ്റെ വയററിൽ വേധസ്സു ധ്യാനപൂർവം നിർത്തും!' 1

---

4. ശാന്തി——രോഗശമനം. പരിഹാരം——രോഗനിവാരണം. എങ്ങളിൽ——ഞങ്ങളുടെ അടുക്കൽ.

6. ഇതു മുതൽ നാലൃക്കുകളുടെ ടിപ്പണി ഒന്നാം മണ്ഡലത്തിലെ 20—ാം സൂക്തത്തിലുണ്ട്.

സൂക്തം 10.

1. യമി സോദരനായ യമനോടു പറയുന്നു: സഖാവിനെ——ഗർഭവാസം മുതല്ക്കു സഖാവായ ഭവാനെ. (ഇരട്ടപെറ്റുണ്ടായവരാണിവർ). സഖ്യത്തിന്ന്——സംഭോഗത്തിന്ന്. തിരിയിയ്ക്കാം——അഭിമുഖനാക്കാം. അച്ഛൻ——സംഗമത്താൽ നമുക്കു ജനിയ്ക്കാൻപോകുന്ന മകൻ്റെ അച്ഛനായ ഭവാൻ. വേധസ്സു——പ്രജാപതി. ധ്യാനപൂർവം——'അനുരൂപനായ പുത്രൻ ഈ സോദരരായ ദമ്പതികൾക്കു പിറക്കട്ടേ' എന്ന സങ്കല്പത്തോടേ.

'നിന്റെ സഖ്യം സഖാവിനു വേണ്ടാ: ഒരേവയററിൽ പിറന്നവളം അഗമ്യയാകുന്നു. വലിയ ബലവാന്റെ മക്കളായ വീരന്മാർ, വിണ്ണിനെ താങ്ങുന്ന വിപുലാതാക്കളം ചുററും നോക്കും!' 2

'ആ അമർത്ത്യന്മാരും–സർവോൽക്കൃഷ്ടനായ പുരുഷൻപോലും–ഈ വർഗ്ഗത്തെ കാമിയ്ക്കാറുണ്ട്: അങ്ങയുടെ മനസ്സു ഞങ്ങളുടെ മനസ്സിൽ പതിച്ചാലും; അച്ഛൻപോലെ, ഭവാൻ ഭർത്താവായിട്ട് എന്റെ ദേഹത്തിൽ കടന്നാലും!' 3

'പണ്ടേത്തതു നാം ചെയ്യുക്കൂടാ: സത്യവാദികളായ നാം വല്ലപ്പോഴും അസത്യം പറയുമോ? അന്തരിക്ഷത്തിലെ ആദിത്യനും, അന്തരിക്ഷത്തിലെ ആ സ്ത്രീയുമത്രേ, നാമിരുവരെ ഉൽപ്പാദിപ്പിച്ചത്; അതിനാൽ അത്യുൽക്കൃഷ്ടമാകുന്നു, നമ്മുടെ ചാർച്ച!' 4

'അച്ഛനായ ത്വഷ്ടാവ്, വിശ്വാത്മാവായ സവിതാവു, ഗർഭത്തിൽവെച്ചു തന്നെ നാമിരുവരെ ദമ്പതികളാക്കിയിരിയ്ക്കുന്നു. ആരും ലോപം വരുത്തില്ല, അദ്ദേഹം ചെയ്തുവെച്ചതിന്ന്. നമ്മുടെ ഇതു ഭൂവിന്നറിയാം; ദ്യോവിന്നുമറിയാം!' 5

ഒന്നാംദിവസത്തിന്റെ ഇത് ആരറിയും? ഇവിടെ ഇത് ആർ കാണും? ആർ വെളിപ്പെടുത്തും? മിത്രന്റെയും വരുണന്റെയും മഹത്തായ ധാമത്തിൽ മനുഷ്യരെ നരകത്താൽ തല്ലുന്നവനേ, അങ്ങെന്തുപറയുന്നു! 6

---

2. യമൻ പറയുന്നു: സഖാവിന്ന്——എനിയ്ക്കു. ബലവാൻ——പ്രജാപതി. വിപുലാതാക്കളം——ദേവന്മാർ. ചുററും നോക്കും——സർവത്ര കർമ്മസാക്ഷികളാണല്ലോ, ദേവന്മാർ.

3. യമി: ഈ വർഗ്ഗത്തെ——പെങ്ങളെയും മററും. ഞങ്ങളുടെ——എന്റെ. പതിച്ചാലും——ഞാൻ അങ്ങയെ കാമിയ്ക്കുന്നതുപോലെ, അങ്ങ് എന്നെയും കാമിച്ചാലും എന്നർത്ഥം. അച്ഛൻപോലെ——പ്രജാപതി മകളെ പുണർന്നുവല്ലോ; അതുപോലെ ഭവാൻ ഭഗിനിയെ പുണർന്നാലും.

4. യമൻ: പണ്ടേത്തതു——സർവശക്തനായ പ്രജാപതി ചെയ്യുതും മററും. ആ സ്ത്രീ——സൂര്യന്റെ ഭാര്യയായ സരണ്യു. അഭിജാതരായ നാം അകൃത്യം ചെയ്തുകൂടാഎന്നാണ്, അന്തിമവാക്യത്തിന്റെ ആശയം.

5. യമി: ഇതു——ദമ്പതിത്വം.

6. ഒന്നാംദിവസത്തിന്റെ ഇത്——നാം ഒരിയ്ക്കൽ സംഗമിയ്ക്കുന്നത്. ധാമം=സ്ഥാനം; അഹോരാത്രം. മനുഷ്യരെ——പാപികളെ. നരകത്താൽ തല്ലുക——നരകത്തിലിട്ടു പീഡിപ്പിയ്ക്കുക.

യമന്ന യമിയായ എന്നെക്കറിച്ച്, ഒരേടത്തു കൂടെക്കിടക്കാൻ, രതി തോന്നട്ടെ: ഞാൻ, ഭാര്യ ഭർത്താവിനെന്നപോലെ ദേഹം വെളിപ്പെടുത്താം; നാം, ഇരുചക്രങ്ങരം തേരിനെയെന്നപോലെ ഉയർത്തുക!' 7

'ദേവന്മാരുടെ ചാരന്മാർ ഇവിടെ നടക്കുന്നുണ്ട്; അവർ നില്ക്കില്ല, ഇമ വെട്ടില്ല. തല്ലുന്നവളേ, നീ എന്നെ വിട്ടു വെക്കം മറെറാരുത്തനോടു ചേരുക; അവനോടുകൂടി, ഇരുച'ക്രങ്ങരം തേരിനെയെന്നപോലെ ഉയർത്തിക്കൊള്ളുക!' 8

'ഇദ്ദേഹത്തിന്നു രാവിലും പകലിലും നല്കട്ടെ; സൂര്യന്റെ കണ്ണു കൂടെക്കൂടെ തുറക്കട്ടെ. സമാനബന്ധുക്കളായ ഇരുവരും വാനൂഴികളും യോജിയ്ക്കട്ടെ; യമി യമന്റെ ഭ്രാതൃത്വവിഹീനത ഭേസിക്കൊള്ളും!' 9

'പെണ്ണുങ്ങൾ ആണുങ്ങളെ വരിയ്ക്കാത്ത യുഗങ്ങരം മേലിൽ വരും. സുഭഗേ, നീ എന്നെ വിട്ടു മറെറാരുവനെ കാമിയ്ക്കുക; നിന്റെ കയ്യ് ആ സേക്താവിന്നു തലയണയാക്കുക!' 10

'രക്ഷിയ്ക്കാത്തവൻ ഭ്രാതാവാകുമോ? ദുഃഖം വരുത്തുന്നവരം സോദരിയാകുമോ? കാമമൂർച്ഛയാലാണ്, ഞാൻ ഇങ്ങനെ പലതും പുലമ്പുന്നത്. അങ്ങ് ദേഹം എന്റെ ദേഹത്തിൽ ഒട്ടിച്ചാലും!' 11

'ഞാൻ ദേഹം നിന്റെ ദേഹത്തിൽ ഒട്ടിയ്ക്കില്ല: പെണ്ണുങ്ങളെ പുണരുന്നവൻ പാപിയാണെന്നു പറയപ്പെട്ടിരിയ്ക്കുന്നു. നീ എന്നെ

---

7. ഉയർത്തുക——ധർമ്മാർത്ഥകാമങ്ങളെ.

8. യമൻ: ചാരന്മാർ——മനുഷ്യരുടെ ശുഭാശുഭകർമ്മങ്ങരം നോക്കിയറിയുന്നവർ. നില്ക്കില്ല——സദാ ചുററിനടക്കും. തല്ലുന്നവളേ——അരുതാത്തതു സംസാരിച്ച് എന്നെ വേദനിപ്പിയ്ക്കുന്നവളേ.

9. യമി: ഇദ്ദേഹം——യമൻ. നല്കട്ടെ——ഹവിസ്സു കൊടുക്കട്ടെ. തുറക്കട്ടെ——സൂര്യതേജസ്സ് ഇദ്ദേഹത്തിൽ പതിയട്ടെ. ഇരുവർ——അഹോരാത്രങ്ങരം. യോജിയ്ക്കട്ടെ——ഇദ്ദേഹത്തിന്ന് അനുകൂലകളാകട്ടെ. ഭ്രാതൃത്വവിഹീനത——സഹോദരസ്നേഹമില്ലായ്മ; തന്റെ അഭ്യർത്ഥന നിരസിയ്ക്കൽ. ഭേസിക്കൊള്ളും——പണിപ്പെട്ടു സഹിച്ചുകൊള്ളും.

10. യമൻ: യുഗങ്ങരം——കാലം. സേക്താവ്——രേതസ്സേചനം ചെയ്യുന്നവൻ.

11. യമി;

വിട്ടു മറെറാരുവനോടുകൂടി രസിച്ചുകൊള്ളുക: സുഭഗേ, ഇതിൽ നിൻെറ സോദരനു താല്പര്യമില്ല.' 12

'യമ, കഷ്ടം, ഒരു ദുർബലനാണ്, ഭവാൻ: അങ്ങയുടെ നിന വും നിശ്ചയവും ഞങ്ങൾക്കറിഞ്ഞുകൂടാ. അങ്ങയെ മറെറാരുത്തി, വാറ് കതിരയെയും വള്ളി വൃക്ഷത്തെയുമെന്നപോലെ കെട്ടിപ്പുല്കു ന്നുണ്ടാവാം!' 13

'യമി, നീ മറെറാരുവനെ, വള്ളി വൃക്ഷത്തെയെന്നപോലെ കെട്ടിപ്പുല്കുക, ആ മറെറാരുവൻ നിന്നെയും. നീ അവൻെറ മനസ്സി ച്ഛിയ്ക്കുക, അവൻ നിൻെറയും; എന്നിട്ടു നീ സുമംഗളമായ സുഖം അനുഭവിച്ചുകൊൾക!' 14

സൂക്തം 11.

അംഗപുത്രൻ ഹവിർദ്ധാനൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

മഴ പെയ്യിയ്ക്കുന്ന അഹിംസ്യനായ മഹാൻ വാട്ടമില്ലാത്ത വർ ഷിതാവിന്നായി ദ്യോവിങ്കൽനിന്നു പയസ്സു കറന്നെടുക്കുന്നു: ത ന്തിരുവടി, ബുദ്ധികൊണ്ടു സൂര്യനെന്നപോലെ എല്ലാം അറിയു ന്നു; ആ യജനീയൻ യജ്ഞാർഹങ്ങളായ ഋതുക്കളെ പൂജിയ്ക്കട്ടെ! 1

വർണ്ണിയ്ക്കുന്ന ഗന്ധർവിയും, സലിലസംസ്കൃതയായ സ്ത്രീയും സ്തോ താവായ എൻെറ ഹൃദയത്തെ സ്തോത്രത്തിൽ സംരക്ഷിയ്ക്കട്ടെ; അവ

---

12. യമൻ: ഇതിൽ——ഭഗിനീസംഗമത്തിൽ.

13. യമി: ഞങ്ങൾക്ക്——എനിയ്ക്ക്. പുല്കുന്നുണ്ടാവാം——തന്നിമിത്തമാ വാം, ഭവാൻ എന്നെ കാമിയ്ക്കാത്തത്.

14. യമൻ:

സൂക്തം 11.

1. മഹാൻ——അഗ്നി. വാട്ടമില്ലാത്ത—യജ്ഞകർമ്മങ്ങളിൽ ന്യൂനത വരു ത്താത്ത. വർഷിതാവ്——ഹവിസ്സു വർഷിയ്ക്കുന്നവൻ, യജമാനൻ. പയസ്സ്= പാൽ, വൃഷ്ടിജലം.

2. ഈ ഋക്കിൻെറ അർത്ഥം സന്ദിഗ്ദ്ധമാണ്: വർണ്ണിയ്ക്കുന്ന——അഗ്നിഗു ണങ്ങളെ സലിലസംസ്കൃതയായ സ്ത്രീ——ആഹുതി. രക്ഷിയ്ക്കട്ടെ——ചിതറാതെ നി

ണ്ഡനീയൻ നമ്മെ യജ്ഞമധ്യത്തിൽ നിർത്തട്ടെ! ഒന്നാമനായ ഞ
ങ്ങളുടെ ജ്യേഷ്ഠനമുണ്ട്, സ്തുതിയ്ക്കുന്നു. 2

കാമയമാനനും, കാമയമാനന്മാരുടെ ഹോതാവുമായ ഈ അ
ഗ്നിയെ യജ്ഞത്തിന്നു സ്തുതിച്ചുൽപ്പാദിപ്പിയ്ക്കുന്നതെപ്പോഴോ, അ
പ്പോളത്രേ, ആ ശബ്ദവതിയും യശസ്വിനിയും ഭദ്രയുമായ ഉഷസ്സ്
മനുഷ്യന്നുവേണ്ടി ആദിത്യാനവിതയായി ക്ഷിപ്രം ഉദിയ്ക്കുന്നത്! 3

ഉടനേ, കല്പിച്ചയയ്ക്കപ്പെട്ട പരുന്തുപക്ഷി ആ മഹത്തായ,
വിചക്ഷണമായ സോമം യാഗത്തിൽ കൊണ്ടുവരും; ആര്യന്മാ
രായ ആളുകൾ ഈ ദർശനീയനും ഹോതാവുമായ അഗ്നിയെ വ
രിയ്ക്കുന്നതോടേ കർമ്മവും തുടങ്ങും. 4

അഗ്നേ, പശുവിന്നു പുല്ലെന്നപോലെ, സദാ രമണീയനാണ്,
ഭവാൻ. മനുഷ്യന്റെ നല്ല നല്ല യജ്ഞങ്ങൾ സ്വീകരിച്ചാലും:
അവിടുന്നു പ്രാജ്ഞന്റെ സ്തോത്രത്തെ പ്രശംസിച്ച്, ഹവിസ്സു ഭുജി
പ്പാൻ അനേകരോടൊപ്പം വരുന്നതാറുണ്ട്! 5

നിന്തിരുവടി വാനൂഴികളിലെല്ലാ, സൂര്യൻപോലെ തേജസ്സു
യർത്തിയാലും: കാമയമാനരെ യജിപ്പാനിച്ഛിയ്ക്കുന്നു, മനസ്സുകൊണ്ടു
സമീപിയ്ക്കുന്നു; സ്തോത്രം ചൊല്ലുന്നു: ഭാരവാഹി ശോഭനകർമ്മത്തി
ന്നൊരുങ്ങുന്നു; അധ്വര്യു വളർത്താൻ നോക്കുന്നു; മനീഷിയ്ക്കു മനം
കിടുകിടുക്കുന്നു! 6

അഗ്നേ, ബലത്തിന്റെ മകനേ, അങ്ങയ്ക്കു നന്മനസ്സ് ആരി
ലോ ആ മനുഷ്യൻ തുലോം വിശ്രുതനായിത്തീരും: അവൻ നാൾ മുഴ

ത്തട്ടെ. ഞാൻ അഗ്നിയെ അവിഹിതഹൃദയനായി സ്തുതിയ്ക്കുമാറാകണമെന്നു സാരം. അഖണ്ഡനീയൻ—അഗ്നി. ജ്യേഷ്ഠനമുണ്ട്—ഞാൻ മാത്രമല്ല, എന്റെ കുലത്തിലുള്ളവരെല്ലാം യജ്ഞപ്രിയരാകുന്നു.

3. കാമയമാനന്മാർ—ഹവിഃകാംക്ഷികൾ, ദേവന്മാർ. ശബ്ദവതി—പക്ഷികളും മററും ശബ്ദിച്ചുതുടങ്ങുമല്ലോ, പുലർകാലത്ത്. മനുഷ്യൻ—യജമാനൻ.

4. കല്പിച്ചയയ്ക്കപ്പെട്ട—അഗ്നിയാൽ.

5. അനേകർ—വളരെദ്ദേവന്മാർ.

6. കാമയമാനർ—ദേവന്മാർ. ഇച്ഛിയ്ക്കുന്നു—യജമാനൻ. വളർത്താൻ—സ്തോത്രങ്ങളെ വർദ്ധിപ്പിപ്പാൻ. മനീഷി—ബ്രഹ്മൻ എന്ന ഋത്വിക്ക്. മനം കിടുകിടുക്കുന്നു—കർമ്മത്തിന്നു പിഴ പററിയാലോ എന്ന്.

വൻ അന്നദാതാവും, അശ്വങ്ങളാൽ വഹിയ്ക്കപ്പെടുന്നവനും, തേജ
സ്വിയും, ഓജസ്വിയുമായി വാഴും! 7

യജനീയനായ അഗ്നേ, ഈ സ്തോത്രസംഘം യഷ്ടവ്യരായ
ദേവന്മാരുടെ ഇടയിൽ എപ്പോഴാം ശോഭിയ്ക്കുമോ; അന്നവാനേ, അ
വിടുന്നു രത്നങ്ങൾ വീതിയ്ക്കുന്നതുമെപ്പൊഴോ; അപ്പോൾ ധനാംശം
ഞങ്ങൾക്കയച്ചാലും! 8

അഗ്നേ, അങ്ങ് യജ്ഞസദനത്തിൽ ഞങ്ങളുടെ വാക്കു കേട്ടാ
ലും: അമൃതൊഴുക്കുന്ന പള്ളിത്തേർ പൂട്ടുക; ദേവമാതാക്കളായ ദ്യാ
വാപൃഥിവികളെ ഞങ്ങളിൽ കൊണ്ടുവരിക. ദേവന്മാരിലാരും വ
രാതിരിയ്ക്കരുത്; അങ്ങും ഇവിടെ ഉണ്ടായിരിയ്ക്കണം! 9

സൂക്തം 12.

ഋഷിദേവതകൾ മുമ്പേത്തവ; ത്രിഷ്ടുപ്പ് ഛന്ദസ്സ്.

ദേവൻ എപ്പോൾ മനുഷ്യരെ യാഗത്തിന്നിറക്കി, പോകാൻ
സ്വന്തം ഉയിരെടുത്തു, ഹോതാവായി സ്ഥിതിചെയ്യുമോ; അ
പ്പോൾ സത്യഭാഷിണികളായ, മുഖ്യകളായ ദ്യാവാപൃഥിവികൾ
വിളിയ്ക്കപ്പെടട്ടെ! 1

മുഖ്യൻ, സർവജ്ഞൻ, ധൂമധ്വജൻ, ചമതയാൽ ഉയരെക്ക
ത്തുന്നവൻ, സ്തുത്യൻ, നിത്യൻ, ഹോതാവ്, മികച്ച യഷ്ടാവ്
—ഇങ്ങനെയുള്ള ദേവനായ നിന്തിരുവടി, ദേവന്മാരെ സ്വീകരി
ച്ച്, യജ്ഞത്തോടുകൂടി ഞങ്ങളുടെ ഹവിസ്സു കൊണ്ടുകൊടുത്താലും! 2

---

7. നാൾ—ജീവകാലം.

8. എപ്പോൾ ശോഭിയ്ക്കുമോ—ഞങ്ങൾ ദേവന്മാരെ സ്തുതിയ്ക്കുന്നതെപ്പൊഴോ. രത്നങ്ങൾ—രമ്യധനങ്ങൾ. വീതിയ്ക്കുക—സ്തോതാക്കൾക്കു പകുത്തുകൊടുക്കുക.

9. പൂട്ടുക—ദേവാഹ്വാനത്തിന്നു പോകാൻ. ഞങ്ങളിൽ—ഞങ്ങളുടെ യാഗത്തിൽ.

സൂക്തം 12.

1. ദേവൻ—അഗ്നി. പോകാൻ—ദേവന്മാരെ വിളിപ്പാൻവേണ്ടി. ഉയിർ—ജ്വാല. വിളിയ്ക്കപ്പെടട്ടേ—ദേവനാൽ.

3. ജനിച്ചവ—സസ്യങ്ങൾ. കറക്കുന്നതിനെ—മഴ പെയ്യിയ്ക്കലിനെ.

ദേവൻെറ സ്വാർജ്ജിതമായ ജലം യാതൊന്നോ, ആ വെള്ള ത്തിൽനിന്നു ജനിച്ചവയത്രേ, വാനൂഴികളെ നിലനിർത്തുന്നതു്. അങ്ങയുടെ ആ ദാനത്തെ— വെളുത്ത ജ്വാല ദിവ്യഘൃതമായ ഉദക ത്തെ കറക്കുന്നതിനെ—സ്തോതാക്കളെല്ലാം പാടിപ്പുകഴ്ത്തുന്നു! 3

നിന്തിരുവടി കർമ്മം വർദ്ധിപ്പിച്ചാലും, വെള്ളത്തെപ്പെറുന്ന വാനൂഴികളെ ഞാൻ വാഴ്ത്തുന്നു: ദ്യാവാപൃഥിവികളേ, എൻെറ (സ്തുതി) കേൾക്കുവിൻ. യാതൊരഹസ്സിൽ സ്തോതാക്കൾ ഗാഥ ചൊല്ലുമോ, അതിൽ അച്ഛനമ്മമാർ ഞങ്ങളെ സലിലംകൊണ്ടു സംസ്കാരപ്പെടുത്തട്ടെ! 4

തമ്പുരാൻ നമ്മുടേതു സ്വീകരിയ്ക്കുമോ? മേത്തരത്തിലാകുമോ, നാം ചെയ്യുന്നതു്? ആരറിഞ്ഞു? നമ്മുടെ സ്തോത്രം, ക്ഷണിയ്ക്കപ്പെട്ട ഒരു സ്നേഹിതൻപോലെ ദേവന്മാരിൽ ചെല്ലട്ടെ; ഹവിസ്സും ചെ ല്ലട്ടെ! 5

അമർത്ത്യനായ യമൻെറ പേർ ഇവിടെ പറയാൻ കൊള്ളില്ല: അദ്ദേഹം ഒരേ വയററിൽപ്പിറന്ന അഗമ്യയെ—ഇല്ല—പറയാൻ കൊള്ളുന്നതുതന്നെ എന്നു് ആർ സ്തുതിയ്ക്കുമോ അവനെ, മഹാനായ അഗ്നേ, നിന്തിരുവടി സശ്രദ്ധം രക്ഷിച്ചാലും! 6

തന്തിരുവടിമൂലമാണല്ലോ ദേവന്മാർ യാഗത്തിൽ മത്തടിയ്ക്കു ന്നതും, യഷ്ടാവിൻെറ വേദിമേലിരിയ്ക്കുന്നതും, സൂര്യകൻ തേജ സ്സിനെയും ചന്ദ്രകൻ രാത്രികളെയും നീർത്തിയതും, അവരിരുവ രും മങ്ങാതെ വിളങ്ങുന്നതും! 7

ഈ ജ്ഞാനരൂപനാലാണല്ലോ, ദേവന്മാർ ജോലി നടത്തുന്ന തു്. ഇദ്ദേഹത്തിൻെറ രഹസ്യം നമുക്കറിഞ്ഞുകൂടാ. ഇവിടെയുള്ള

---

4. അഹസ്സ്—ഒരു നാൾകൊണ്ടവസാനിയ്ക്കുന്ന കർമ്മം. സലിലം—വൃഷ്ട്യുദകം.

5. തമ്പുരാൻ—അഗ്നി. നമ്മുടേതു—ഹവിസ്സും സ്തുതിയും. നമ്മുടെ സ്തോത്രം—മുകളിലുന്നയിച്ച സംശയത്തെ നിരാകരിയ്ക്കുന്നു.

6. അഗമ്യയെ—ഭഗിനിയെ പുണർന്നു എന്നു പറയാൻതുടങ്ങിയിട്ടു്, ഇടയിൽ വിരമിയ്ക്കുന്നു. ഇല്ല—ഭഗിനിയെ പുണർന്നിട്ടില്ല.

7. തേജസ്സ്—പകൽ. അവരിരുവർ—സൂര്യചന്ദ്രന്മാർ.

മിത്രനും അദിതിയും സവിതൃദേവനും വരുണനോടു പറയട്ടെ, നാം
നിരപരാധരാണെന്ന്! 8

അഗ്നേ, അങ്ങ് യജ്ഞസദനത്തിൽ ഞങ്ങളുടെ വാക്കു കേട്ടാ
ലും: അമൃതൊഴുക്കുന്ന പള്ളിത്തേർ പൂട്ടുക; ദേവമാതാക്കളായ ദ്യാ
വാപൃഥിവികളെ ഞങ്ങളിൽ കൊണ്ടുവരിക. ദേവന്മാരിലാരും
വരാതിരിയ്ക്കരുത്; അങ്ങയും ഇവിടെ ഉണ്ടായിരിയ്ക്കണം! 9

സൂക്തം 13.

അദിതിപുത്രൻ വിവസ്വാൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ;
രണ്ടു ഹവിർദ്ധാനശകടങ്ങൾ ദേവത.

(കേക)

നിങ്ങളെപ്പുരാമന്ത്രാന്നങ്ങളാൽപ്പൂട്ടുന്നേൻ, ഞാ;—
നങ്ങണയട്ടേ, വിദ്വദാഹൂതിപോലേ ശബ്ദം:
വിണ്ണിില്ലങ്ങളിൽപ്പാർക്കുന്നവരാമമൃതന്റെ—
യുണ്ണികളെല്ലാവരും ശ്രവിയ്ക്കുമാറാകട്ടെ! 1

ഇരട്ടപെററുണ്ടായോർപോലെയേർപ്പെട്ടും നിങ്ങ—
ളിരുപേർ ചെല്ലെക്കൈക്കൊള്ളുന്നു, ദേവൈഷിനരർ;
ഇരിപ്പിന,റിഞ്ഞാത്മസ്ഥാനത്തുതന്നേ നിങ്ങൾ—
ഇരിപ്പിൻ, നൽസ്ഥാനത്തു ഞങ്ങൾതൻ സോമത്തിന്നായ്! 2

---

8. ജോലി—സ്വസ്വാധികാരം. ഇവിടെ—യജ്ഞത്തിൽ. വരുണൻ—
പാപനിവാരകനായ അഗ്നി.

സൂക്തം 13.

1. നിങ്ങൾ—രണ്ടു ഹവിർദ്ധാനശകടങ്ങൾ. പുരാമന്ത്രാന്നങ്ങൾ—പണ്ടേ
ഉള്ള മന്ത്രവും ഹവിസ്സും. പൂട്ടുന്നേൻ—ഹവിർദ്ധാനത്തിലെയ്ക്കു കൊണ്ടുപോകാൻ.
ശബ്ദം—നിങ്ങളുടെ ഉരുളൊച്ച. വിദ്വദാഹൂതിപോലെ—അഭിജ്ഞന്റെ ആഹൂതി
പോലെ. അങ്ങ്—ദേവന്മാരുടെ അടുക്കൽ. വിണ്ണില്ലങ്ങൾ=സ്വർഗ്ഗഗൃഹങ്ങൾ.
അമൃതന്റെയുണ്ണികൾ—പ്രജാപതിയുടെ പുത്രന്മാർ, ദേവന്മാർ.

2. ഏർപ്പെട്ടും—സ്വകർമ്മങ്ങളിൽ. ദേവൈഷിനരർ—യജമാനർ. ഇരി
പ്പിൻ—സ്ഥിതിചെയ്യുവിൻ.

ചേർക്കുവനഞ്ചിഷ്യംഗം; ചെയ്‌വൻ ഞാൻ ചതുഷ്പദി;
തീർക്കുവനതോംകാരാല;—രിപ്പൻ, മഖമധ്യേ. 3

എവനോടരുളംചെയ്യും, വാനോരെ മരിപ്പിപ്പാ?—
നെവനോടരുളംചെയ്യാ, മർത്ത്യരെ വധിയ്ക്കായ്‌വാൻ?
സുരപാലകർഷിയാം യജ്ഞമാചരിച്ചോർത—
ന്നരിയ ശരീരത്തെ മാററിനിർത്തുന്നു യമൻ! 4

ഏററവും വാഞ്ഛപ്പെട്ടം ശ്ലാഘ്യനാമച്ഛനായി—
ട്ടേഴെണ്ണമൊഴുകുന്നു; മക്കളും സ്തവം ചൊൽവൂ.
ഇരുപേരിവരീശരിരുകൂട്ടർക്കും; യതി—
ച്ചിരുപേരിവർ പുഷ്ടിയിരുകൂട്ടർക്കും ചേർപ്പൂ! 5

സൂക്തം 14.

വിവസ്വാൽപുത്രൻ യമൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ബൃഹതിയും ഛന്ദസ്സുകൾ; യമനും അംഗിരഃപിതൃക്കളും അഥർവഭൃഗുക്കളും പിതൃക്കളും, രണ്ടു ശ്വാക്കളും ദേവതകൾ.

(കാകളി.)

സക്തരെത്തക്കരാജ്യത്തണയ്ക്കുന്നവൻ,
സദ്‌വ്രതന്മാർക്കു വഴി മുടക്കാത്തവൻ,

---

3. ചേർക്കുവൻ—ഞാൻ നിങ്ങളിൽ വെയ്ക്കാം. അഞ്ചിഷ്യംഗം—പൊരിയവിൽ, സോമം, പശു, പുരോഡാശം, ഘൃതം. ചതുഷ്പദി—നാലു പാദങ്ങളുള്ള സ്തോത്രം. ചെയ്‌വൻ—ഉണ്ടാക്കാം. അതു് (സ്തോത്രം) ഓംകാരാൽ (പ്രണവം കൊണ്ടു) തീർക്കുവൻ—നിർമ്മിയ്ക്കാം. അരിപ്പൻ—സോമനീരരിയ്ക്കാം.

4. വാനോരെ മരിപ്പിയ്ക്കാനും, മർത്ത്യരെ വധിയ്ക്കാതിരിപ്പാനും യമൻ (തന്റെ ആൾക്കാരിൽ) ആരോടും പറയില്ല: ദേവന്മാർ മരണരഹിതരും, ഇതരർ മരണസഹിതരുമാണല്ലോ. സുരപാലകർഷിയാം = സുരന്മാരെ രക്ഷിയ്ക്കുന്നതും ഋഷിയുമായ; ഋഷി—സർവഫലദ്രഷ്ടാവു്. മാററിനിർത്തുന്നു—മരണത്തിൽനിന്നു്; യജ്ഞാനുഷ്ഠായികളെ യമൻ മരിപ്പിയ്ക്കില്ല.

5. അച്ഛനായി—ഋത്വിക്കുകൾക്കു് അച്ഛൻപോലുള്ള സോമത്തെക്കുറിച്ചു്. ഏഴെണ്ണം—സപ്തച്ഛന്ദോനിബദ്ധസ്തോത്രങ്ങൾ. മക്കൾ—ഋത്വിക്കുകൾ. ഇരുപേരിവർ, രണ്ടു ഹവിർദ്ധാനശകടങ്ങൾ, ഇരുകൂട്ടർക്കും (ദേവകൾക്കും മനുഷ്യർക്കും) ഈശരാകുന്നു. യതിച്ചു്—സ്വകർമ്മമനുഷ്ഠിച്ചു്.

മർത്ത്യർ ചെല്ലേണ്ടവൻ, വൈവസ്വതൻ യമ;—
നത്തമ്പുരാനെ ഹവിസ്സാൽ ബ്ഭജിയ്ക്കൂ, നീ! 1

നമ്മുടെ പോക്കറിയുന്നു, മുമ്പൻ യമ;—
നീമ്മേച്ചിലിൻനിലം നീക്കാവതല്ലതാൻ.
നമ്മുടെ പൂർവപിതാക്കരം നടന്നതെ—
ങ്ങ,ന്മാർഗ്ഗമാർക്കഃ സ്വഗതിയ്ക്കു തക്കതാം. 2

കവ്യമിന്ദ്രന്നു, യമന്നംഗിരസ്സുകരം,
മന്ത്രം ബൃഹസ്പതിയ്ക്കേകുന്നു, വായ്പിനെ:
വാനോർ വളർപ്പൂ, വളർപ്പു വാനോരെയും;
സ്വാഹയതിൽച്ചിലർക്കൂൺ, ചിലക്കോ സ്വധ. 3

അംഗിരസ്സംജ്ഞപിതൃക്കളോടൊത്തുചേ—
ന്നിങ്ങധ്വരത്തിലിരിയ ക്കു യമ, ഭവാൻ:
അങ്ങയെസ്സൂരിമന്ത്രങ്ങരം വരുത്തട്ടെ;
പൊങ്ങിയ്ക്കുക,ൻപീ ഹവിസ്സിനാൽത്തമ്പുരാൻ! 4

സൂക്തം 14.

1. തന്നോടുതന്നെ പറയുന്നു: സക്തർ——ആമുഷ്മികസുഖേച്ഛയാ പുണ്യം ചെയ്യുവർ. തക്കരാജ്യത്ത്——അവരുടെ പുണ്യത്തിനൊത്ത ഭോഗഭൂമിയിൽ. അണയ്ക്കുന്നവൻ——മരണാനന്തരം. വഴി——സ്വർഗ്ഗമാർഗ്ഗം. പാപികരംക്കേ സ്വർഗ്ഗമാർഗ്ഗം തടയൂ; അവരെ നരകത്തിൽ കൊണ്ടിടും. മർത്ത്യർ ചെല്ലേണ്ടവൻ——പാപികളായ മനുഷ്യർ യമനെ പ്രാപിച്ച്, ശിക്ഷയനുഭവിയ്ക്കുതന്നെ വേണം.

2. ഇമ്മേച്ചിലിൻനിലം——മനുഷ്യരുടെ ഭോഗസ്ഥാനം, ഇഹലോകം. നീക്കാവതല്ലതാൻ——മാററുക വയ്യുന്നെ: യമൻെറ വ്യവസ്ഥയ്ക്കു നീക്കപോക്കു വരുത്തുക സാധ്യമല്ല.

3. കവ്യം ഇന്ദ്രന്നു വായ്പിനെ നൽകുന്നു——ഇന്ദ്രൻ കവ്യഭോജികളോടു (പിതൃക്കളോടു) കൂടി വളരുന്നു; യമൻ അംഗിരസ്സുകളോടുകൂടിയും, ബൃഹസ്പതി മന്ത്രങ്ങളോടുകൂടിയും വളരുന്നു. വാനോർ (ഇന്ദ്രാദികരം) പിതൃക്കളെ വളർത്തുന്നു; പിതൃക്കരം വാനോരെയും വളർത്തുന്നു. അതിൽച്ചിലക്കു (ദേവന്മാർക്കു) സ്വാഹയാണ് (സ്വാഹാകൃതഹവിസ്സാണ്) ഊൺ——ആഹാരം; ചിലക്കോ (പിതൃക്കരംക്കാകട്ടെ) സ്വധയാണ്, ഊൺ; സ്വധ=കവ്യം.

4. സൂരിമന്ത്രങ്ങരം——വിദ്വാന്മാരായ ഋത്വിക്കുകരം ജപിച്ച മന്ത്രങ്ങരം. തമ്പുരാൻ (അവിടുന്ന്) ഈ ഹവിസ്സിനാൽ (ഈ ഹവിസ്സു ഭക്ഷിച്ച്) അൻപു പൊങ്ങിയ്ക്കുക——യജമാനനെ ഇമ്പപ്പെടുത്തിയാലും.

നാനാവിധേജ്യാംഗിരസ്സുകളൊത്തു വ–
ന്നാനന്ദമേകുകീ, യജ്ഞത്തിൽ നീ യമ;
നിന്നച്ഛനാം വിവസ്വാനെ വിളിപ്പു ഞാൻ:
വന്നവിടുന്നുമിരിയ്ക്കട്ടെ, ദർഭയിൽ! 5

സോമാർഹര,സ്സൽപ്പിതാക്കൾ നവാഗമ–
രംഗിരസ്സുംഞ്ഞര,ഥർവഭൃഗുക്കളും:
ആ യാജ്യർ നന്മനം വെയ്ക്കാവു, നമ്മളിൽ;
ശ്രേയസ്സിനാലുരംത്തെളിവു നേടാവു, നാം! 6

നമ്മുടെ പൂർവപിതാക്കൾ നടകൊണ്ട
മുന്മാർഗ്ഗമേ പൂക പോക, പോക, ഭവാൻ:
പാരാതെ കാൺക,മൃതുണ്ണുമിരുപുരാ–
ന്മാരെ—യമനെ വരുണദേവനെയും! 7

പ്രൌഢമാം വിണ്ണിൽപ്പിതാക്കളോടും യമ–
നോടുമിഷ്ടാപൂർത്തമോടുമൊന്നിയ്ക്കു, നീ;
കേടു പേർത്തും വെടിഞ്ഞുരംപ്പൂകുകാ,ലയം;
നേടുക, നന്നായ്ത്തിളങ്ങും ശരീരവും! 8

മാറുവിനി,ങ്ങുനിന്നോടുവിൻ, പായുവിൻ:
പാരിതിവന്നായ്പ്പിതാക്കളാൽക്കല്പിതം;

---

5. നാനാവിധേജ്യാംഗിരസ്സുകളൊത്തു—പല വടിവിലുള്ള ഈജ്യ (യജനീയ) രായ അംഗിരസ്സുകളെന്ന പിതൃക്കളോടുകൂടി.

6. സോമാർഹർ—സോമത്തെ അർഹിക്കുന്നവരാകുന്നു. നവാഗമർ—പുതിയ (സദാ പുതുതുപോലെ പ്രീതികരമായ) ആഗമനത്തോടുകൂടിയവർ. നന്മനം—അനുഗ്രഹബുദ്ധി. ശ്രേയസ്സിനാൽ—സൽഫലലബ്ധിയാൽ. ഉരംതെളിവ്—മനഃപ്രസാദം.

7. യാഗത്തിന്നിടയിൽ യജമാനൻ മരിച്ചുപോയാൽ, അദ്ദേഹത്തിന്നുവേണ്ടി ജപിയ്ക്കേണ്ടുന്നവയാണ്, ഇതുമുതൽ അഞ്ചു മന്ത്രങ്ങൾ: ഭവാൻ—മരിച്ച യജമാനൻ. കാൺക—യമ—വരുണന്മാരുടെ അടുക്കൽ ചെല്ലുക.

8. പ്രൌഢം = ഉൽകൃഷ്ടം. ഇഷ്ടാപൂർത്തം—യജ്ഞം, തടാകാദിനിർമ്മാണം എന്നിവയാലുള്ള പുണ്യം. കേടു—ദോഷം, പാപം. ആലയം—പ്രിയമാനം എന്ന ഗൃഹം.

9. മൃതനായ യജമാനനെ ദഹിപ്പിപ്പാൻ ശ്മശാനത്തിൽ പുണ്യാഹജലം തളിയ്ക്കുമ്പോൾ, അവിടെയുള്ള പിശാചാദികളെ ആട്ടിക്കളയുന്നു: ഇവൻ—മൃതനാ

രാവുമഹസ്സും പയസ്സുമിണങ്ങിയ
ഭ്രവിപ്പുമാന്നായ്ക്കൊടുത്തിരിപ്പൂ, യമൻ! 9

നാല്ക്കണ്ണർ, സാരമേയങ്ങൾ, ചിത്രരിരു–
നായ്ക്കളെത്തള്ളി, നന്മാർഗ്ഗേണ പോക, നീ;
എന്നിട്ടു ചെല്ലൂ, യമനൊത്തൊരേവിധം
നന്ദിച്ചപോരും സുവിജ്ഞപിതാക്കളിൽ! 10

നാല്ക്കണ്ണർ നിന്നിരുകാവൽനായ്ക്കൾ, വഴി
കാക്കുവോർ, മാനുഷാഖ്യാതരല്ലോ, യമ:
നോക്കിയ്ക്കുകിയ്യാളെയങ്ങവയാൽ; സ്സുഖാ–
രോഗ്യങ്ങളും നല്കുകി,യ്യാൾക്ക തമ്പുരാൻ! 11

മർത്ത്യരെ നോക്കി നടക്കും, യമന്റെ വൻ–
ശക്തരിരുദൂതർ, ജീവനെത്തിന്നുവോർ:
അദ്ദീർഗ്ഘനാസരിന്നിങ്ങേകുകെ,ഞങ്ങൾക്ക
സത്താമുയിർ പേർത്തു സൂര്യനെക്കാണുവാൻ! 12

സോമം പിഴിയുവിൻ, നിങ്ങൾ യമന്നായി;
ഹോമിയ്ക്കുവിൻ, യമന്നായി ഹവിസ്സുകൾ:
ചെല്ലുന്നതീ യമൻതങ്കലല്ലോ, ത്തുഷ്ടോം
നല്ല കോപ്പുള്ളതാമഗ്നിദൂതം മഖം! 13

യ യജമാനൻ. രാവുമഹസ്സും പയസ്സുമിണങ്ങിയ––കാലത്താലും ജലത്താലും ശുദ്ധീകൃതമായ. ഭ്രവ്––ദഹനസ്ഥലം. ഈ ഋക്കൊഴികെയാണ്, മുൻപറഞ്ഞ അഞ്ചു മന്ത്രങ്ങൾ.

10. മരിച്ചുചെല്ലുന്നവരെ ഉപദ്രവിയ്ക്കുന്ന രണ്ടു നായ്ക്കളുണ്ട്, യമന്ന്: നാല്ക്കണ്ണർ––നാലു കണ്ണുകളുള്ളവ. സാരമേയങ്ങൾ=സരമയുടെ പുത്രന്മാർ. ചിത്രർ=നാനാവർണ്ണർ. നന്ദിച്ചപോരും––സഹർഷം വസിയ്ക്കുന്ന.

11. യമനോട്: മാനുഷാഖ്യാതർ––മാനുഷരാൽ (ശ്രുതി–സ്മൃതി–പുരാണാഭിജ്ഞരാൽ) പ്രഖ്യാപിതർ. അവയാൽ ഇയ്യാളെ നോക്കിയ്ക്കുക–അവയെ ഇയ്യാളുടെ രക്ഷയ്ക്കു നിർത്തുക.

12. ഇരുദൂതർ––നായ്ക്കൾ. സത്ത്––ശോഭനം.

13. ഋത്വിക്കുകളോട്: കോപ്പ്––വിഭവങ്ങൾ. അഗ്നിദൂതം=അഗ്നിയാകുന്ന ദൂതനോടുകൂടിയത്. മഖ(യജ്ഞ)ത്തിന്റെ ദൂതനാണല്ലോ, അഗ്നി.

ആജ്യം കലൎന്ന ഹവിസ്സു ഹോമിയ്ക്കുവിൻ—
നാ, യമന്നായുപാസിയ്ക്കുയും ചെയ്യുവിൻ:
ദേവരിൽദ്ദേവനവിടുന്നരുളട്ടെ,
ജീവിയ്ക്കുവാൻ നമുക്കായതായുസ്സിനെ! 14

തമ്പുരാനാം യമന്നായി ഹോമിയ്ക്കുവിൻ,
സമ്പന്നമാധുര്യമായ ഹവിസ്സിനെ;
പൂർവപ്രജാതരായ് നേർവഴി വെട്ടിയ
പൂർവകരാമൃഷിമാൎക്കിതാ, വന്ദനം! 15

ഓരോ ത്രികദ്രുകത്തിങ്കലും ചെല്ലുന്നി—
താറു വസ്തുവിലും വാരാളമൊന്നിലും;
ത്രിഷ്ടുപ്പു, ഗായത്രി തൊട്ട ഛന്ദസ്സുക—
ളൊട്ടുകൾ വെച്ചിരിയ്ക്കുന്നു, യമങ്കലേ! 16

സൂക്തം 15.

യമപുത്രൻ ശംഖൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; പിതൃക്കൾ ദേവത.

താന്നതരത്തിലും ഇടത്തരത്തിലും മേത്തരത്തിലും പെട്ട പിതൃ
ക്കൾ കൈക്കൊണ്ടു കനിയട്ടെ: യാവചിലർ ചെന്നാശ്ശുളാകാതെ,
യജ്ഞമറിഞ്ഞു, (നമ്മുടെ) പ്രാണൻ രക്ഷിപ്പാൻ വന്നുവോ, ആ
പിതൃക്കൾ വിളിയ്ക്കപ്പെടുമ്പോൾ നമ്മെ രക്ഷിയ്ക്കട്ടെ! 1

---

14. ആയതായുസ്സ=ദീർഘായുസ്സ്.

15. സമ്പന്നമാധുര്യം—വളരെ മാധുര്യമുള്ളത്.

16. ത്രികദ്രുകം—ജ്യോതിസ്സ്, ഗോവ്, ആയു എന്നീ യാഗവിശേഷങ്ങൾ. ചെല്ലുന്നിതു—യമൻ. ആറു വസ്തു—സ്വർഗ്ഗം, ഭൂമി, ജലം, സസ്യങ്ങൾ, സൂര്യൻ, സത്യം. വാരാളമൊന്നിലും—ഒരു വലിയ ലോകത്തിലും.

സൂക്തം 15.

1. കൈക്കൊണ്ടു—ഹവിസ്സു സ്വീകരിച്ച്. ചെന്നാശ്ശുളാകാതെ—നമ്മെ ഉപദ്രവിയ്ക്കാതെ.

മൂത്തവരും, ഇളയവരുമായ പരേതർ, ഭൂമിയിലെ കർമ്മത്തിലും പണക്കാരായ ബന്ധുക്കളിലും വന്ന് ഇരുന്നവർ—ഇങ്ങനെയുള്ള പിതൃക്കൾക്ക് ഇവിടെ ഇതാ, നമസ്കാരം! 2

നന്നായറിയുന്ന പിതൃക്കളെയും, യജ്ഞത്തിന്റെ നില്പ്, നടപ്പ് എന്നിവയെയും ഞാൻ കണ്ടെത്തി: ബർഹിഷത്തുകൾ എവരോ, അവർ ഇവിടെ സാദരം വന്നു സ്വധയും സോമനീരും ഭുജിക്കാറുണ്ട്. 3

ബർഹിഷത്തുക്കളായ പിതൃക്കളേ, ഇളയവരെ രക്ഷിക്കുവിൻ: ഞങ്ങൾ ഇതാ, നിങ്ങൾക്കു ഹവിസ്സുണ്ടാക്കിയിരിക്കുന്നു; നിങ്ങൾ ഭുജിച്ചാലും. ആ നിങ്ങൾ അതിസുഖദമായ രക്ഷസ്സു വന്നെത്തുവിൻ: എന്നിട്ട്, ഞങ്ങൾക്കു സുഖവും ശാന്തിയും പാപരാഹിത്യവും ഉളവാക്കുവിൻ! 4

അരിയ യജ്ഞസമ്പത്തിന്നായി വിളിക്കപ്പെട്ട സൌമ്യരായ പിതൃക്കൾ വന്നെത്തട്ടെ: അവർ ഇവിടെ (സ്തുതികൾ) കേൾക്കട്ടെ; പ്രശംസിക്കട്ടെ; അവർ നമ്മെ രക്ഷിക്കട്ടെ! 5

പിതൃക്കളേ, നിങ്ങളെല്ലാവരും കാൽമുട്ടു കുത്തി, വലത്തുഭാഗത്തിരുന്ന് ഈ യജ്ഞത്തെ ശ്ലാഘിച്ചാലും. ഞങ്ങൾ വല്ല പിഴയും മനുഷ്യത്വത്താൽ ചെയ്തിട്ടുണ്ടാവാം; എന്നാൽ അതുമൂലം നിങ്ങൾ ഞങ്ങളെ ഉപദ്രവിക്കരുത്! 6

പിതൃക്കളേ, നിങ്ങൾ അഗ്നിജ്വാലകളുടെ സമീപത്തിരുന്നു, ഹവിർദ്ദാതാവായ മനുഷ്യന്നു സമ്പത്തു നൽകുവിൻ; അയാളുടെ മക്കൾക്കും ധനം കൊടുക്കുവിൻ. അങ്ങനെ നിങ്ങൾ ഇതിൽ സ്വത്തു നിക്ഷേപിച്ചാലും! 7

നമ്മുടെ സൌമ്യരായ, സമ്പത്തേറിയ യാവചില പൂർവപിതാക്കൾ സോമപാനം നല്കിയിരിക്കുന്നുവോ, ആ കാമയമാനന്മാ

---

2. ബന്ധുക്കൾ—ശ്രാദ്ധാദ്യനുഷ്ഠായികൾ.

3. അറിയുന്ന—എന്റെ ഭക്തിയെ. ബർഹിഷത്തുകൾ—യാഗം കഴിച്ചു, മരിച്ചു പിതൃലോകമടഞ്ഞവർ.

4. ശാന്തി—ദുഃഖശമനം.

5. അരിയ = പ്രിയപ്പെട്ട. യജ്ഞസമ്പത്ത്—ഹവിസ്സ്.

6. മനുഷ്യത്വത്താൽ—മനുഷ്യസാധാരണമായ പ്രമാദത്താൽ.

7. ഇതിൽ—ഞങ്ങളുടെ കർമ്മത്തിൽ.

രോടുകൂടി രസിച്ചുംകൊണ്ടു, കാമയമാനനായ യമൻ വേണ്ടുന്ന ഹവിസ്സോരോന്നും ഭക്ഷിയ്ക്കട്ടെ! 8

യാഗാഭിജ്ഞരും മികച്ച സ്തോത്രങ്ങൾ രചിച്ചവരുമായ യാവ ചിലർ ക്രമേണ ദേവത്വമടഞ്ഞു തൃപ്തി കൊള്ളുന്നുവോ; ആ സുവിജ്ഞാനരും സത്യവാന്മാരും കവ്യഭോജികളും ധർമ്മപ്രവർത്തകരുമായ പിതൃക്കളോടൊന്നിച്ച്, അഗ്നേ, നിന്തിരുവടി ഇങ്ങോട്ടെഴുന്നള്ളിയാലും! 9

ഹവിസ്സുണ്ണുകയും ഹവിസ്സു കുടിയ്ക്കുകയും ചെയ്യുന്ന യാവചില സത്യവാന്മാർ ഇന്ദ്രനോടും ദേവന്മാരോടുംകൂടി ഒരേ തേർ നിത്തിയിരിയ്ക്കുന്നുവോ; ആ ദേവസ്തോത്രയുക്തരായ, ധർമ്മപ്രവത്തകരായ, പണ്ടും മുമ്പുമുള്ള ഒരായിരം പിതൃക്കളോടൊന്നിച്ച് അഗ്നേ, നിന്തിരുവടി എഴുന്നള്ളിയാലും! 10

അഗ്നിഷ്വാത്തപിതൃക്കളേ, നിങ്ങൾ ഇവിടെ വരുവിൻ: ശരിയ്ക്കു കൊണ്ടുനടക്കുന്നവരേ, ഓരോ സ്ഥാനത്തിരിയ്ക്കുവിൻ; ദർഭയിലെ പരിശുദ്ധഹവിസ്സുകൾ ഭക്ഷിയ്ക്കുവിൻ: സർവവീരോപേതമായ സമ്പത്തു തരുവിൻ! 11

അഗ്നേ, ജാതവേദസ്സേ, ഈഡിതനായ നിന്തിരുവടി ഹവിസ്സുകളെ സുഗന്ധംപിടിപ്പിച്ചാണല്ലോ, പിതൃക്കൾക്കു കൊണ്ടുകൊടുത്തത്: അവർ സ്വധ ഭുജിയ്ക്കട്ടെ; ദേവ, അവിടുന്നും പരിശുദ്ധഹവിസ്സുകൾ ഭക്ഷിച്ചാലും! 12

ജാതവേദസ്സേ, ഇവിടെയുള്ളവരും ഇവിടെയില്ലാത്തവരും, ഞങ്ങൾ അറിയുന്നവരും ഞങ്ങളറിയാത്തവരുമായ പിതൃക്കളെയെല്ലാം അങ്ങയ്ക്കറിയാം; ഹവിസ്സുകൾ വഴിപോലെ ഒരുക്കിയ യജ്ഞം അവിടുന്നു സ്വീകരിച്ചാലും! 13

അഗ്നികൊണ്ടു ദഹിപ്പിയ്ക്കപ്പെട്ടവരും, അഗ്നികൊണ്ടു ദഹിപ്പിയ്ക്കപ്പെടാത്തവരും വിൺനടുവിൽ സ്വധ തിയാവോളം ഭുജിച്ചുപോരുന്നുണ്ടല്ലോ; അവരോടൊന്നിച്ചു, സ്വയം തിളങ്ങുന്ന നിന്തിരുവടി ഉയിർക്കൊള്ളിയ്ക്കേണ്ടുന്ന ഈ ശരീരത്തെ യഥേഷ്ടം ഉപയോഗിച്ചാലും! 14

---

8. നൽകിയിരിയ്ക്കുന്നുവോ—ദേവകൾക്കും, പിതൃക്കൾക്കും. കാമയമാനന്മാർ—യമനോടൊന്നിച്ചു ഹവിസ്സുണ്ണാൻ ഇച്ഛിയ്ക്കുന്നവർ. കാമയമാനൻ—പിതൃക്കളോടൊന്നിച്ചു ഹവിസ്സുണ്ണാൻ ഇച്ഛിയ്ക്കുന്നവൻ.

11. അഗ്നിഷ്വാത്തർ—പേര്. സർവ്വവീരോപേതം—പുത്രപൌത്രസഹിതം.

സൂക്തം 16.

യമപുത്രൻ ദമനൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
അഗ്നി ദേവത.

അഗ്നേ, അങ്ങ് ഇദ്ദേഹത്തെ കരിയ്ക്കരുത്; പൊള്ളിയ്ക്കരുത്; ഇദ്ദേഹത്തിന്റെ തൊലിയും ദേഹവും ചിതറിയ്ക്കരുത്. ജാതവേദസ്സേ, അവിടുന്ന് ഇദ്ദേഹത്തെ വേവിച്ചിട്ട് പിതൃക്കൾക്കയച്ചാലും! 1

ജാതവേദസ്സേ, വേവിച്ചിട്ട് ഇവനെ പിതൃക്കൾക്ക കൊടുത്തേയ്ക്കുക. ഇങ്ങനെ ഉയിർ കിട്ടുന്നതോടേ ഇദ്ദേഹം ദേവകൾക്കധീനനാകും! 2

ഭവാന്റെ കണ്ണ് സൂര്യങ്കലും, പ്രാണൻ വായുവിങ്കലും ചെന്നണയട്ടെ. ഭവാൻ ധർമ്മത്താൽ വിണ്ണിലോ മന്നിലോ ചെല്ലുക. അഥവാ, അന്തരിക്ഷത്തിൽ ചെല്ലുക: അവിടെയാണ്, ഭവാന്റേതു വെച്ചിരിയ്ക്കുന്നത്. ഭവാന്റെ അവയവങ്ങൾ സസ്യങ്ങളിൽ നില്ക്കട്ടെ! 3

ജാതവേദസ്സേ, ജനനമില്ലാത്ത ഒരു ഭാഗമുണ്ടല്ലോ; അതിനെ അങ്ങ് തേജസ്സുകൊണ്ടു തപിപ്പിച്ചാലും. അതിനെ അങ്ങയുടെ ശോചിസ്സും, അതിനെ അങ്ങയുടെ അർച്ചിസ്സും സംസ്കരിയ്ക്കട്ടെ. അങ്ങയ്ക്കുണ്ടല്ലോ, സുഖകരങ്ങളായ തിരുവുടലുകൾ; അവകൊണ്ട് ഇദ്ദേഹത്തെ പുണ്യലോകത്തു കൊണ്ടാക്കുക! 4

സൂക്തം 16.

1. മരിച്ച യജമാനനെ ദഹിപ്പിയ്ക്കുമ്പോൾ ചൊല്ലേണ്ടുന്ന—ആറു മന്ത്രങ്ങൾ:

2. ഉയിർ കിട്ടുന്നതോടേ—അഗ്നി പുതിയ ദേഹവും ജീവനും കൊടുത്തു കഴിഞ്ഞാൽ. ദേവകൾക്കധീനനാകും—ദേവകളാൽ, അവരുടെ കൂട്ടത്തിൽ ചേർക്കപ്പെടും.

3. മൃതനോട്: ധർമ്മത്താൽ—സ്വകർമ്മാനുസാരേണ. ഭവാന്റേതു—ഭവാന്റെ കർമ്മഫലം.

4. ജനനമില്ലാത്ത ഒരു ഭാഗം—ആന്തരപുരുഷൻ. അജോ ഭാഗഃ എന്നാണ് മൂലം: ഇതിന്ന് അങ്ങയുടെ അംശമായ ആട് എന്നർത്ഥമാണ്, അധികം യുക്തമെന്നു തോന്നുന്നു. ശോചിസ്സും അർച്ചിസ്സും ഒന്നു (ജ്വാല)തന്നെ. സുഖകരങ്ങളായ—പൊള്ളിയ്ക്കുകയും മററും ചെയ്യാത്ത.

അഗ്നേ, അങ്ങയ്ക്കൎപ്പിയ്ക്കപ്പെട്ട, സ്വധ ഭുജിച്ചു നടകൊള്ളുന്നവ
നെ അങ്ങ് തിരിയേ പിതൃക്കൾക്കയച്ചേയ്ക്കുക: അദ്ദേഹം ആയുസ്സുറ്റ
ത്ത് അവശേഷമടയട്ടെ; ശരീരത്തോടു ചേരട്ടെ! 5

ഭവാൻെറ യാതൊരവയവത്തിൽ കാക്ക കൊത്തിയോ, എറു
മ്പോ പാമ്പോ കുറുക്കനോ കടിച്ചുവോ; അതിനെ സർവഭോജി
യായ അഗ്നിയും, ബ്രാഹ്മണരെ പ്രാപിച്ച സോമവും ചികിത്സി
യ്ക്കട്ടെ! 6

ഭവാൻ അഗ്നിയുടെ കവചത്തെ കാളത്തോൽകൊണ്ടു മറച്ചാ
ലും; തടിച്ച മേദസ്സുകൊണ്ടു മൂടിയാലും: എന്നാൽ, തേജസ്സാൽ
ധർഷിയ്ക്കുന്ന, തുലോം ഹർഷിയ്ക്കുന്ന, ചുട്ടെരിയ്ക്കുന്ന ധൃഷ്ണൻ ഭവാനെ
അത്ര പൊതിയില്ല! 7

അഗ്നേ, അങ്ങ് ഈ ചമസം തട്ടിമറിയ്ക്കരുത്: ദേവന്മാൎക്കും
പിതൃക്കൾക്കും പ്രിയപ്പെട്ടതാണല്ലോ, ഇത്. ദേവന്മാരുടെ ചഷക
മാണ്, ചമസം; ഇതിൽ മരണരഹിതരായ ദേവന്മാർ ഇമ്പംകൊ
ള്ളുന്നു! 8

മാംസം തിന്നുന്ന അഗ്നിയെ ഞാൻ ദൂരത്തെയ്ക്കെറിയുന്നു: ആ
പാപി യമരാജ്യത്തെയ്ക്കു പോകട്ടെ. ഈ സുവിദിതനായ മറേറ
ജ്ജാതവേദസ്സ് ഇവിടെത്തന്നെ ദേവന്മാൎക്കു ഹവിസ്സു വഹിയ്ക്കട്ടെ! 9

മാംസം തിന്നുന്ന യാതൊരഗ്നി നിങ്ങളുടെ ഗൃഹത്തിൽ കടന്നു
കൂടിയിട്ടുണ്ടോ, ആ ദേവനെ ഞാൻ പിതൃയജ്ഞത്തിന്നായി പുറ
ത്തു കളയുന്നു. ഇതാ, മറേറജ്ജാതവേദസ്സ്; അദ്ദേഹം ഉൽക്കൃഷ്ട
സ്ഥാനത്തു യജ്ഞത്തിൽ വന്നെത്തട്ടെ! 10

---

5. അങ്ങയ്ക്കൎപ്പിയ്ക്കപ്പെട്ട—ഞങ്ങളാൽ മന്ത്രപൂൎവ്വം ചിതമേൽ വെയ്ക്കപ്പെട്ട് സ്വധ—സ്വധോച്ചാരണത്തോടേ പകൎന്ന വെള്ളവും മററും. ആയുസ്സുറ്റത്തു—ജീവിച്ച്. അവശേഷം—അസ്ഥി.

6. മൃതനോട്: ബ്രാഹ്മണർ—ഋത്വിഗാദികൾ. ചികിത്സിയ്ക്കട്ടേ—സ്വാസ്ഥ്യപ്പെടുത്തട്ടെ.

7. കവചം—ജ്വാല. കാളത്തോൽ—ശവത്തെ പുതപ്പിച്ചത്. ധൃഷ്ണൻ—അഗ്നി.

8. ചമസം—ചിതയ്ക്കരികിൽ വെയ്ക്കുന്ന, മന്ത്രപൂതമായ ജലം നിറച്ച പാത്രം.

9. മാംസം തിന്നുന്ന—ശവമെരിയ്ക്കുന്ന. മറേറജ്ജാതവേദസ്സ്—മാംസഭോജിയല്ലാത്ത അഗ്നി.

യാതൊരഗ്നി കവ്യം വഹിച്ചു, സത്യവൃദ്ധരായ പിതൃക്കളെ യജിയ്ക്കുന്നുവോ; അദ്ദേഹം ഹവിസ്സുകരം ദേവന്മാരെയും പിതൃക്കളെയും അറിയിയ്ക്കട്ടെ! 11

ഞങ്ങരം ഇച്ഛയാ അങ്ങയെ പ്രതിഷ്ഠിയ്ക്കാം, ഇച്ഛയാ ജ്വലിപ്പിയ്ക്കാം: ഇച്ഛിയ്ക്കുന്ന ഭവാൻ ഇച്ഛിയ്ക്കുന്ന പിതൃക്കളെ ഹവിസ്സുണ്ണാൻ കൊണ്ടുവന്നാലും! 12

അഗ്നേ, അങ്ങ് യാതൊരിടത്തെ എരിച്ചുവോ, അതിനെ വീണ്ടും തണുപ്പിച്ചാലും: അവിടെ ഇത്തിരി വെള്ളവും, പല ചിനച്ചുങ്ങളോടുകൂടിയ മൂത്ത കറുകയും ഉണ്ടായിവരട്ടെ! 13

കുളിരും, കുളിർവസ്തുക്കളും, ആഹ്ലാദവും ആഹ്ലാദകങ്ങളും ചേന്നവളേ, ഭവതി പെൺതവളയോടൊന്നിച്ച്, ഈ അഗ്നിയെ ഇമ്പപ്പെടുത്തിയാലും! 14

സൂക്തം 17.

യമപുത്രൻ ദേവശ്രവസ്സ് ഋഷി; ത്രിഷ്ടുപ്പും പുരസ്താൽബൃഹതിയും അനുഷ്ടുപ്പും ഛന്ദസ്സുകരം: സരണ്യുവും പൂഷാവും സരസ്വതിയും ജലവും സോമവും ദേവതകരം.

ത്വഷ്ടാവു മകളുടെ വേളി നടത്തുകയാണ്; അതിന്നു ഭുവനമെല്ലാം എത്തിച്ചേന്നിരുന്നു. എന്നാൽ മഹാനായ വിവസ്വാൻെറ നവോഢയായ പത്നി—യമൻെറ അമ്മ—എങ്ങോ മറഞ്ഞു. 1

ആ അമൃതയെ മനുഷ്യക്കായി ഒളിപ്പിച്ചിട്ടു (ദേവന്മാർ) ഒരു തുല്യരൂപയെ നിമ്മിച്ചു വിവസ്വാന്നു കൊടുത്തു. ആ സരണ്യുവിൽ

---

14. പൃഥിവിയോട്: ആഹ്ലാദകങ്ങരം—ആഹ്ലാദിപ്പിയ്ക്കുന്ന കായ്കളുള്ള വൃക്ഷങ്ങരം. പെൺതവള—വൃഷ്ടിപ്രിയയാണല്ലോ. ഇമ്പപ്പെടുത്തിയാലു—മഴകൊണ്ട്.

സൂക്തം 17.

1. ഇക്കഥ പുരാണങ്ങളിലുണ്ട്: മകരം—സരണ്യു. യമൻെറ—യമൻെറയും യമിയുടെയും. മറഞ്ഞു—ഇവരെ ഇരട്ടപെററതിന്നുശേഷം സരണ്യു ഒരു പെൺകുതിരയുടെ രൂപം ധരിച്ച് ഉത്തരകുരുരാജ്യത്തെയ്ക്കു പോയ്ക്കളഞ്ഞു.

അദ്ദേഹത്തിന്ന് അശ്വികരം പിറന്നു. അവരം രണ്ട് ആൺപെൺ കുട്ടികളെ പ്പെം പ്രസവിച്ചിരുന്നു. 2

ഭവാനെ വിദ്വാനും, എന്നെന്നും പശ്രൂയുക്തനും, ഭുവനം കാക്കുന്നവനുമായ പൂഷാവ് ഇവിടെനിന്നു കൊണ്ടുപോകട്ടെ: അദ്ദേഹം ഭവാനെ ഈ പിതൃക്കരംക്കും, അഗ്നി ശോഭനജ്ഞാനരായ ദേവന്മാക്കും കൊടുക്കട്ടെ! 3

എങ്ങും നടക്കുന്ന വായു ഭവാനെ നാലുപാടും പാലിയ്ക്കട്ടെ; ഉൽക്കൃഷ്ടമാർഗ്ഗത്തിൽ മുൻനില്ക്കുന്ന പൂഷാവു ഭവാനെ കാത്തരുളട്ടെ; സുകൃതികരം എവിടെ വസിയ്ക്കുന്നുവോ, അവർ എവിടെ ചെന്നുവോ, ഭവാനെ സവിതൃദേവൻ അവിടെ പാർപ്പിയ്ക്കട്ടെ! 4

പൂഷാവിന്ന് ഈ ദിക്കുകളെല്ലാം വേർതിരിച്ചറിയാം: അദ്ദേഹം ഞങ്ങളെ തെല്ലും ഭയമില്ലാത്തിടത്തിലൂടേ കൊണ്ടുപോകട്ടെ: നന്മ നൽകുന്ന സർവവീരോപേതനായ ആ തേജസ്വി ശരിയ്ക്കറിഞ്ഞു, കരുതലോടേ മുമ്പിൽ നടക്കട്ടെ! 5

അന്തരിക്ഷമാർഗ്ഗങ്ങളിൽ മികച്ചതിലാണ്, സ്വർഗ്ഗമാർഗ്ഗങ്ങളിൽ മികച്ചതിലാണ്, ഭൂമാർഗ്ഗങ്ങളിൽ മികച്ചതിലാണ്, പൂഷാവിൻെറ നില്പ്: അദ്ദേഹം ദ്യുലോക പ്രിയപ്പെട്ട സഹവാസിനികളായ ഇരുവരെയും നോക്കി, അറിഞ്ഞ്, അനുകൂലമായും പ്രതികൂലമായും നടക്കുന്നു! 6

ദേവകാമന്മാർ സരസ്വതിയെ വിളിയ്ക്കുന്നു; വിസ്തരിച്ച യജ്ഞത്തിൽ സരസ്വതിയെ (യജിയ്ക്കുന്നു); സുകൃതികരം സരസ്വതിയെ വിളിയ്ക്കുന്നു; സരസ്വതി ഹവിർദ്ദാതാവിന്നു വേണ്ടതു കൊടുക്കട്ടെ! 7

---

2. അമൃത——സരണ്യു. മനുഷ്യർക്കായി — മനുഷ്യോൽപത്തിയ്ക്കായി. ഒരു തുല്യരൂപയെ——സരണ്യുവിൻെറ ആകൃതിയിലുള്ള ഒരുവളെ; ഈ മായാസരണ്യുവിൽ വിവസ്വാനു ജനിച്ചവനാണ്, മനു. ആ സരണ്യുവിൽ——വിവരമറിഞ്ഞ് അശ്വരൂപം ധരിച്ചു ചെന്ന സൂര്യനാൽ രമിപ്പിയ്ക്കപ്പെട്ട പെൺകുതിരയായ സരണ്യുവിൽ. രണ്ട് ആൺപെൺകുട്ടികളെ——യമനെയും യമിയെയും. പ്രസവിച്ചിരുന്നു——മുമ്പേ.

3. മരിച്ച യഷ്ടാവിനോട്: കൊടുക്കട്ടെ——അവരുടെ ലോകത്തിൽ പാർപ്പിയ്ക്കട്ടെ.

4. ഉൽക്കൃഷ്ടമാർഗ്ഗം——സ്വർഗ്ഗമാർഗ്ഗം.

5. സർവവീരോപേതൻ——എല്ലാ കർമ്മവീരന്മാരോടും (ഋത്വിക്കുകളോടും) കൂടിയവൻ.

6. ഇരുവർ——ദ്യാവാപൃഥിവികരം.

7. വേണ്ടതു——കർമ്മഫലം.

ദേവി, സരസ്വതി അവിടുന്നു പിതൃക്കളോടൊന്നിച്ചു സ്വധയാൽ ഇമ്പം പൂണ്ടു്, ഒരേ തേരിൽ വന്നെത്തിയല്ലോ: അവിടുന്നു് ഈ ദർഭയിലിരുന്നു തൃപ്തിയടഞ്ഞാലും; ആരോഗ്യകരങ്ങളായ അന്നങ്ങൾ ഞങ്ങൾക്കു തന്നാലും! 8

സരസ്വതി, തെക്കുനിന്നു യജ്ഞത്തിൽ വന്നുചേർന്ന പിതൃക്കൾ നിന്തിരുവടിയെ വിളിയ്ക്കുന്നുണ്ടല്ലോ; നിന്തിരുവടി ഇവിടെ ഒരായിരംപേർക്കു മതിയാവുന്ന അന്നഭാഗവും, ധനാഭിവൃദ്ധിയും യജമാനരെ ഏല്പിച്ചാലും! 9

അമ്മമാരായ തണ്ണീരുകൾ നമ്മെ ശുദ്ധിപ്പെടുത്തട്ടെ—പാവനമായ ഘൃതംകൊണ്ടു നമ്മെ പരിപൂതരാക്കട്ടെ: പാപമെല്ലാം ഒഴുക്കിപ്പോക്കുന്നവരാണല്ലോ, ഈ ദേവിമാർ; ഇവരാൽ വിശുദ്ധനായിട്ടു ഞാൻ മേല്പോട്ടു പോകട്ടെ! 10

യാതൊരു നീർ ഒന്നാംലോകത്തിലെയ്ക്കും സ്വർഗ്ഗത്തിലെയ്ക്കും—ഈ ലോകത്തിലെയ്ക്കും, പൂർവലോകത്തിലെയ്ക്കും—തെറിച്ചുവോ; സാധാരണസ്ഥാനത്തു നടക്കുന്ന ആ നീർ സപ്തഹോത്രരായ ഞങ്ങൾ അനുക്രമം ഹോമിയ്ക്കുന്നു. 11

നിന്റെ യാതൊരു നീർ തെറിയ്ക്കുന്നുവോ; നിന്റെ യാതൊരു ചെടി അധ്വര്യുവിന്റെ കൈകളിൽനിന്നു വീഴുന്നുവോ, പലകകളുടെ വക്കിൽനിന്നു വഴുതിപ്പോകുന്നുവോ; നിന്റെ യാതൊരു നീർ അരിപ്പയിൽനിന്നു തെറിയ്ക്കുന്നുവോ; അതിനെയൊക്കെ ഞാൻ മനസ്സുകൊണ്ടു വഷട്കാരം ചൊല്ലി ഹോമിയ്ക്കുന്നു. 12

നിന്റെ യാതൊരു നീർ തെറിച്ചുവോ; നിന്റെ യാതൊരു ചെടി വേർപെട്ടുവോ; യാതൊരു നീർ സ്രുക്കിൽനിന്നു വിട്ടു താഴെവീണുവോ; അതിനെയൊക്കെ ഈ ബൃഹസ്പതിദേവൻ ധനാർത്ഥം വഴിപോലെ പൊഴിയ്ക്കട്ടെ! 13

---

8. വന്നെത്തിയല്ലോ—ഞങ്ങളുടെ യജ്ഞത്തിൽ.

10. ഘൃതം—നെയ്യ്, വെള്ളം. മേല്പോട്ടു്—ഊർദ്ധ്വലോകത്തെയ്ക്കു്.

11. നീർ—സോമരസം. സാധാരണസ്ഥാനം—വാന്തരീക്ഷം. സപ്തഹോത്രർ—ബിന്ദുഹോമകർത്താക്കൾ. അർത്ഥം ചിന്ത്യം.

12. സോമത്തോടു്:

13. ധനാർത്ഥം—ഞങ്ങൾക്കു ധനമുണ്ടാകാൻ. പൊഴിയ്ക്കട്ടെ—ഹോമിയ്ക്കട്ടെ; തെറിച്ചതിന്റെ ദോഷം നീക്കട്ടെ.

ഓഷധികളേ സാരവതികളേ; എന്റെ വചനം സാരവത്ത്; തണ്ണീരുകളുടെതെല്ലാം പാലുപോലെ സാരവത്തുതന്നെ. അതിനോടുകൂടി നിങ്ങൾ എന്നെ ശുദ്ധിപ്പെടുത്തുവിൻ! 14

സൂക്തം 18.

യമപുത്രൻ സംകസുകൻ ഋഷി; ത്രിഷ്ടുപ്പും പ്രസ്താരപംക്തിയും ജഗതിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; മൃത്യുവും ധാതാവും ത്വഷ്ടാവും പിതൃമേധവും പ്രജാപതിയും ദേവതകൾ.

മൃത്യോ, ദേവന്മാർ നടക്കുന്നതല്ലാത്ത സ്വന്തം മാർഗ്ഗമുണ്ടല്ലോ, അങ്ങയ്ക്ക്; അങ്ങ് അതിലെയ്ക്കു മടങ്ങിപ്പോയ്ക്കൊൾക. കണ്ണും ചെകിടുമുള്ള ഭവാനോടു ഞാൻ പറയുന്നു: ഞങ്ങളുടെ പെൺമക്കളെയും ആൺമക്കളെയും ഭവാൻ ദ്രോഹിയ്ക്കരുത്! 1

യഷ്ടാക്കളേ, നിങ്ങൾ മൃത്യുവിന്റെ വഴിയിൽ കേറാതെ നടന്നു, സുദീർഘമായ ആയുസ്സു തുലോം നേടുവിൻ; സന്തതികൊണ്ടും സമ്പത്തുകൊണ്ടും തഴച്ചു, വിശുദ്ധരും വിമലരുമായിത്തീരുവിൻ! 2

ഈ ജീവിച്ചിരിയ്ക്കുന്നവർ മരിച്ചവരിൽനിന്നു പിന്തിരിയട്ടെ: ഇന്നു നമ്മുടെ യജ്ഞം മംഗളമായിത്തീരട്ടെ. തിരിഞ്ഞുനടന്നു, സുദീർഘമായ ആയുസ്സു തുലോം നേടിയ നമ്മൾ ആടാനും ചിരിയ്ക്കാനും പോവുക! 3

ഞാൻ ഇതാ, ജീവത്തുകൾക്കുവേണ്ടി ഒരതിർത്തിക്കല്ലു നാട്ടുന്നു: ഇവരിലാരും ചിക്കെന്ന് ഈ വഴിയ്ക്കു പോകരുത്. ഇവർ വളരെ പുണ്യം ചെയ്തുകൊണ്ട് ഒരു നൂററാണ്ടു ജീവിച്ചിരിയ്ക്കട്ടെ; മൃത്യുവിനെ മലകൊണ്ടു മറയ്ക്കട്ടെ! 4

---

14. തണ്ണീരുകളോട്:

സൂക്തം 18.

1. മൃത്യു—മരിപ്പിയ്ക്കുന്ന ദേവൻ.

3. പിതൃമേധത്തിൽ ചൊല്ലേണ്ടത്: പിന്തിരിയട്ടെ—മരിയ്ക്കാതിരിയ്ക്കട്ടെ. ഇന്നു—പുല കഴിഞ്ഞ ദിവസത്തിൽ. യജ്ഞം—പിതൃമേധം, ശ്രാദ്ധകർമ്മം. ആടാനും, ചിരിയ്ക്കാനും—വിനോദങ്ങൾക്ക്.

4. ഈ വഴിയ്ക്കു—മൃത്യുമാർഗ്ഗേണ. മറയ്ക്കട്ടെ—കടന്നുവരാതാക്കട്ടെ.

ധാതാവേ, ദിവസങ്ങൾ മുൻദിവസത്തെ പിന്തുടരുന്നു; ഋതുക്കൾ ഋതുക്കളുടെ പിറകേ ശരിയ്ക്കു നടക്കുന്നു. മുമ്പനെ പിമ്പൻ വിട്ടുപോകാത്തവണ്ണം ഇവർക്കു ഭവാൻ ആയുസ്സു കല്പിച്ചാലും. 5

വാർദ്ധക്യമടഞ്ഞ നിങ്ങൾ എത്ര പേരുണ്ടായാലും, മൂപ്പനുസരിച്ചു പ്രയത്നം ചെയ്തുകൊണ്ടു ജീവിച്ചിരിയ്ക്കുവിൻ: സുജന്മാവായ ത്വഷ്ടാവ് വന്നുചേർന്ന് ഇവിടെ നിങ്ങൾക്കു ജീവിപ്പാൻ ദീർഘായുസ്സുണ്ടാക്കട്ടെ! 6

ഈ ശോഭനഭർത്തൃകമാരായ അവിധവമാർ നെയ്യുകൊണ്ടു കണ്ണെഴുതി ഗൃഹങ്ങൾ ഉൾപ്പുകട്ടെ; അഗ്നേ, ജായമാർ കണ്ണു നനയാതെ, കരൾ ചുടാതെ, നല്ല സമ്പത്തോടുകൂടി പാപ്പിടത്തിലെയ്ക്കു പോരട്ടെ! 7

മങ്കേ, നീ ജീവലോകത്തെയ്ക്കെഴുന്നേല്ക്കുക. മൃതിയടഞ്ഞ ഇദ്ദേഹത്തിന്റെ അരികിൽ കിടക്കണമെങ്കിൽ, വരിക: പാണിഗ്രഹണം ചെയ്തു ഗർഭം ധരിപ്പിച്ച ഈ ത്വൽഭർത്താവിന്റെ ജായ എന്ന നിലയിലാണല്ലോ, നീ നില്ക്കുന്നത്! 8

നമ്മുടെ ബലത്തിന്നും തേജസ്സിന്നും സൈന്യത്തിന്നുമായി ഞാൻ മൃതന്റെ കയ്യിൽനിന്നു വില്ലു വലിച്ചെടുക്കുന്നു: 'ഭവാൻ ഇവിടെത്തന്നേ ഉണ്ടായിരിയ്ക്കുക; ഞങ്ങൾ ഇവിടെ നല്ല പുത്രന്മാരോടുകൂടി, ഞെളിഞ്ഞെതിർക്കുന്നവരെയെല്ലാം ജയിച്ചുകൊള്ളാം! 9

ഭവാൻ പാടേ വ്യാപിച്ച പരപ്പും നല്ല സുഖവുമുള്ള ഈ അമ്മയായ ഭൂമിയുടെ അടുക്കൽ ചെല്ലുക: ദക്ഷിണ കൊടുത്തവന്നു

---

5. ധാതാവ്—ഒരു ദേവൻ. മുമ്പനെ പിമ്പൻ വിട്ടുപോകാത്തവണ്ണം—മൂത്തവൻ ഇരിയ്ക്കെ, ഇളയവൻ മരിയ്ക്കാത്തവണ്ണം.

6. മൃതന്റെ ബന്ധുക്കളോട്: ഇവിടെ—ഈ കർമ്മമനുഷ്ഠിയ്ക്കുന്ന.

7. നെയ്യുകൊണ്ടു കണ്ണെഴുതൽ ഒരാചാരവിശേഷമായിരിയ്ക്കാം.

8. പത്നിയെ മൃതസമീപത്തിൽനിന്നെഴുന്നേല്പിയ്ക്കുന്നു: ജീവലോകത്തെയ്ക്ക്—പുത്രപൗത്രാദികളുടെ ഇടയിലെയ്ക്ക്. വരിക—'ഉടൻതടിച്ചാട്ടം' ആഗ്രഹിയ്ക്കുന്നു എങ്കിൽ, അതിന്നു വന്നുകൊൾക: പതിവ്രതയ്ക്ക് അനുമരണം യുക്തം തന്നെ.

9. മരിച്ച ക്ഷത്രിയന്റെ കയ്യിൽനിന്നു വില്ലെടുക്കൽ, ഒരാചാരവിശേഷം. രണ്ടാംവാക്യംമുതല്ക്കുള്ള വാക്യങ്ങൾ മൃതനോടുള്ളവയാണ്: ഉണ്ടായിരിയ്ക്കുക—മരിച്ചാലും, അങ്ങയുടെ സന്നിധാനം ഇവിടെ വേണം.

കമ്പിളിപോലെ മൃദുലയാണ്, ഈ യുവതി. ഇവരം ഭവാനെ മൃത്യു
ദേവതയുടെ പക്കൽനിന്ന രക്ഷിയ്ക്കട്ടെ!' 10

പൃഥിവി, ഭവതി ഇദ്ദേഹത്തിൻെറ ശ്വാസം മുകളിലെയ്ക്കാ
ക്കുക. ഇദ്ദേഹത്തെ നോവിയ്ക്കരുത്; നന്നായി ഉപചരിയ്ക്കണം.
ഹേ ഭൂമി, ഉറച്ചുനില്ക്കുക. ഒരമ്മ മകനെ വസ്ത്രംകൊണ്ടെന്നപോ
ലെ, ഭവതി ഇദ്ദേഹത്തെ പുതപ്പിച്ചാലും! 11

മേല്പോട്ടു പൊന്തുന്ന ഭൂമി ഉറച്ചുനില്ക്കട്ടെ. ആയിരമായിരം
(മൺപൊടികരം) ഇദ്ദേഹത്തെ ഉപസേവിയ്ക്കട്ടെ: അവ നെയ്യൊഴു
കുന്ന ഗൃഹമായിത്തീരട്ടെ; എന്നെന്നും ഇദ്ദേഹത്തിന്ന പാർപ്പിട
മായിബ്ഭവിയ്ക്കട്ടെ! 12

ഞാൻ നിനക്കു മുകളിൽ മണ്ണമർത്താം; നിൻെറ മീതെ ഈ
മണ്ണുരുള വെച്ചു ഞാൻ ദ്രോഹിയ്ക്കയല്ല. നിൻെറ ഈ ഥൂൺ പിതൃക്കരം
ഉറപ്പിയ്ക്കട്ടെ; യമൻ നിൻെറ ഇരിപ്പിടത്തിൽ സദനങ്ങരം നിർമ്മി
യ്ക്കട്ടെ! 13

അർച്ചനീയമായ അഹസ്സിൽ ഞാൻ, അമ്പിൻെറ ചിറകുപോ
ലെ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു: (എൻെറ) മന്യമായ സ്തോത്രത്തെ നിന്തി
രുവടി, അശ്വത്തെ കടിഞാൺകൊണ്ടെന്നപോലെ ഗ്രഹിച്ചാലും. 14

ആറാമധ്യായം സമാപ്തം.

---

10. അസ്ഥിനിക്ഷേപമന്ത്രങ്ങരം: ദക്ഷിണ കൊടുത്തവന്ന—യാഗം കഴി ച്ച്, ഋത്വിക്കുകരംക്കു ദക്ഷിണ **നൽകിയ** ഭവാദൃശന്ന്. മൃദുലയാണ്—അസുഖം ഉളവാക്കില്ല. യുവതി—ഭൂമി.

11. ഇദ്ദേഹത്തെ—അസ്ഥിഗണത്തെ.

12. കുഴി മൂടിയിട്ട്: ഉപസേവിയ്ക്കട്ടെ—ചേർന്നുനിൽക്കട്ടെ.

13. അസ്ഥികുംഭത്തോട്: മണ്ണമർത്താം—നിന്നിൽ മണ്ണു വീഴാതാക്കാം, അടപ്പിടാം. ഈ മണ്ണുരുള—അടപ്പായ കപാലം. ഥൂൺ—കപാലം.

14. പ്രജാപതിയോട്: അർച്ചനീയമായ അഹസ്സ്—സുദിനം. അമ്പിൻെറ ചിറകുപോലെ—അമ്പിൻെറ കടയ്ക്കലാണല്ലോ, ചിറകുവെയ്ക്കുക; അതു പോലെ എന്നെ ദേവന്മാർ ഉലകിൻെറ കടയായ ഭവാങ്കൽ വെച്ചിരിയ്ക്കുന്നു. കടിഞാൺകൊണ്ടെന്നപോലെ—കർണ്ണംകൊണ്ടു ഗ്രഹിച്ചാലും.

ഏഴാമധ്യായം.

സൂക്തം 19.

യമപുത്രൻ മഥിതനോ, വരുണപുത്രൻ ഭൃഗുവോ, ഭൃഗുപുത്രൻ ച്യവനനോ ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; തണ്ണീരുകളും, അല്ലെങ്കിൽ പൈക്കളും, അഗ്നീഷോമന്മാരും ദേവതകൾ.

('താമരക്കണ്ണൻ' പോലെ)

ഇങ്ങു വരുവിൻ, പോകൊല്ലാ,ഢ്യമാർ
നീങ്ങൾ സേചിപ്പിനെ,ങ്ങളെ!
നിത്യം മൂട്ടവോരഗ്നീഷോമരേ,
നിർത്തുവിൻ, സമ്പത്തെങ്ങളിൽ! 1

പിന്തിരിയിയ്ക്കു, പേർത്തീവയെ നീ;
സ്വന്തം വശത്തു നിർത്തുക.
ഇന്ദ്രൻ നിയന്ത്രിയ്ക്കട്ടെ,യിവയെ;–
യിങ്ങിണക്കട്ടെയഗ്നിയും! 2

പേർത്തുപേർത്തുവന്നിഗ്ഗോനാഥങ്കൽ–
പ്പാർത്തീവ പുഷ്ടി കൊള്ളട്ടെ;
നീർത്തുകി,വയെയിങ്ങുതാനഗ്നേ;
സ്വത്തുമെങ്കൽത്താൻ നില്ക്കട്ടെ! 3

ആഗമം, തൊഴുത്തൊ,ന്നിച്ചുകൂടൽ,
പോകൽ, മടങ്ങല,ണ്മേയൽ

സൂക്തം 19.

1. പോകൊല്ലാ––മററു യജമാനങ്കൽ. ആഢ്യമാർ = ധനവതികൾ. നിങ്ങൾ––തണ്ണീരുകളോ, പൈക്കളോ. സേചിപ്പിൻ––വെള്ളംകൊണ്ടോ പാൽകൊണ്ടോ. നിത്യം മൂട്ടവോർ––എന്നെന്നും സ്തോതാക്കളെ ഭോഗ്യങ്ങൾകൊണ്ടു മൂട്ടുന്നവർ, നിറയ്ക്കുന്നവർ. അഗ്നീഷോമർ=രണ്ടു ദേവന്മാർ.

2 ഋഷി, തന്നോടുതന്നെ പറയുന്നു: ഇവയെ––മററൊരേടത്തെയ്ക്കു പോകുന്ന തണ്ണീരുകളെയോ, പൈക്കളെയോ. പേർത്തു പിന്തിരിയിയ്ക്കുക––ഇങ്ങോട്ടു വരുത്തുക.

3. ഇഗ്ഗോനാഥങ്കൽ––ഗോക്കളുടെ (തണ്ണീരുകളുടെയോ പൈക്കളുടെയോ) പാലകനായ എന്റെ അടുക്കൽ.

എന്നിവയെയും, മേയ്ക്കുന്നോനെയും
നന്നായഭ്യൎത്ഥിയ്ക്കുന്നേൻ ഞാൻ. 4

പോയവയെയാരന്വേഷിയ്ക്കു,മാർ
മേയ്പവാൻ വിട്ട,മാർ മേയ്ക്കും,
ആർ കൊണ്ടുപോരു,മായിടയന്നും
മാഴ്കാതേ തിരിച്ചെത്തട്ടെ! 5

ഇങ്ങെഴുന്നള്ളുകി,ന്ദ്ര: ഗോക്കളെ-
യിങ്ങോട്ടേ കൊണ്ടുപോന്നു നീ
ഞങ്ങൾക്കേകുക;—ഇജ്ജീവിനികളാ—
ലെങ്ങൾ വേണ്ടപോലൂട്ടാവൂ! 6

എമ്പാടും നിങ്ങൾക്കർപ്പിയ്ക്കുന്നേൻ, ഞാൻ
വെൺപാലും നെയ്യും തൈരുമേ:
ക്രതുവർഹരായ ദേവന്മാരെല്ലാം
സ്വത്തു ചേർക്കട്ടേ, ഞങ്ങളിൽ! 7

നീ മടക്കുക, ഹേ മടങ്ങുവിൻ—
നീ മടക്ക,മടങ്ങുവിൻ:
ഭൂമിതൻ നാലുദിക്കിങ്കൽനിന്നും
നീ മടക്കുക, ഗ്ഗോക്കളെ! 8

———

4. ആഗമം——ഗൃഹത്തിൽ വന്നെത്തൽ. പോകൽ——മേയാൻ. അഭ്യൎത്ഥിയ്ക്കുന്നേൻ——എല്ലാഗ്ഗുണവും തികഞ്ഞ പൈക്കൾ എനിയ്ക്കുണ്ടാകട്ടെ.

5. പോയവയെ——കാണാതായ പൈക്കളെ. കൊണ്ടുപോരും——മേച്ചിൽപ്പുറത്തുനിന്നു ഗൃഹത്തിലെയ്ക്കു്. മാഴ്കാതേ——ഉപദ്രവമൊന്നും നേരിടാതെ.

6. ഗോക്കളെ——മറ്റൊരേടത്തെയ്ക്കു പോകുന്ന പൈക്കളെ. ഇങ്ങോട്ടേ——ഇവിടെയ്ക്കുതന്നെ. അജ്ജീവിനികളാൽ——പൈക്കളുടെ പാൽകൊണ്ടു്. ഊട്ടാവൂ——ദേവന്മാരെയും പിതൃക്കളെയും.

7. ദേവന്മാരോടു്: എമ്പാടും——സർവത്രസ്ഥിതരായ. ഉത്തരാൎദ്ധം പരോക്ഷം: ക്രതുവർഹർ——യജനീയർ. സ്വത്തു——ഗോധനം.

8. തന്നോടും പൈക്കളോടുമായി പറയുന്നു:

സൂക്തം 20.

ഇന്ദ്രൻെറയോ പ്രജാപതിയുടെയോ പുത്രനായ വിമദനോ വസുക്രപുത്രൻ വസുകൃത്തോ ഋഷി; ഏകപദാവിരാട്ടും അനുഷ്ടുപ്പും ഗായത്രിയും വിരാട്ടും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

ഞങ്ങളുടെ മനസ്സിനെ നിന്തിരുവടി നന്മയിലേയ്ക്കുയച്ചാലും! 1

ആരുടെ ധർമ്മത്തിൽ (ആഹുതികളും സ്തുതികളും) ചെന്നു സ്വർഗ്ഗത്തെ, (കന്നു്) തള്ളയുടെ അകിടിനെയെന്നപോലെ സേവിയ്ക്കുമോ; ആ അഗ്നിയെ, ഹവിർഭോജികളിൽവെച്ചു് അതിയുവാവിനെ, ഉപദേഷ്ടാവായ മിത്രത്തെ, ദുന്നിവാരനെ ഞാൻ സ്തുതിയ്ക്കുന്നു. 2

കർമ്മാധാരമായ ആരെ ഉപാസകർ വർദ്ധിപ്പിച്ചുപോരുന്നുവോ, ആ ജ്വാലാധ്വജൻ കോരിക്കൊടുത്തുകൊണ്ടു ശോഭിയ്ക്കുന്നു! 3

മനുഷ്യർക്കു ഗന്തവ്യനും, ഗമനശീലനും, കവിയുമായ തേജസ്വി ചെല്ലുമ്പോൾ, സ്വർഗ്ഗത്തിൻെറ അററങ്ങളും അന്തരിക്ഷവും നിറയും! 4

താൻ മനുഷ്യൻെറ യാഗത്തിൽ ഹവിസ്സു ഭുജിച്ചിട്ടു, കത്തിപ്പടന്നു് ഉയർന്നുനില്ക്കും; വേദിയളന്നുകൊണ്ടു മുമ്പേ പോകും! 5

ആ അഗ്നിതന്നെയാണു്, ക്ഷേമവും ഹവിസ്സും യജ്ഞവും: ഇദ്ദേഹത്തിൻെറ ആത്മാവു പാഞ്ഞുപോകും; ദേവന്മാർ ഈ സ്തൂയമാനനോടൊന്നിച്ചു വരികയും ചെയ്യും! 6

ഗന്താവായ ആരെ കല്ലിൻെറ മകനെന്നു പറഞ്ഞിരിയ്ക്കുന്നുവോ, ആ യജ്ഞവാഹിയായ അഗ്നിയെ ഞാൻ മികച്ച സുഖത്തിന്നായി പരിചരിപ്പാനിച്ഛിയ്ക്കുന്നു. 7

സൂക്തം 20.

2. ധർമ്മം—അഗ്നിഹോത്രാദി. സ്വർഗ്ഗത്തെ—ദേവന്മാരെ.

3. ജ്വാലാധ്വജൻ—അഗ്നി. കോരിക്കൊടുത്തുകൊണ്ടു്—സ്തോതാക്കൾക്കു് അഭീഷ്ടങ്ങൾ.

4. മനുഷ്യർക്കു—യഷ്ടാക്കൾക്കു്. നിറയും—തേജസ്സുകൊണ്ടു്.

5. പോകും—അധ്വര്യുക്കളാൽ ഉത്തരവേദിയിലേയ്ക്കു കൊണ്ടുപോകപ്പെടും. അളന്നുകൊണ്ടു്—വലുപ്പം നോക്കിക്കൊണ്ടു നടക്കുകയാണെന്നു തോന്നും; ഗമ്യോൽപ്രേക്ഷ.

6. പാഞ്ഞുപോകും—ദേവന്മാരെ യാഗത്തിന്നു വിളിപ്പാൻ.

7. ഗന്താവു്—ദൂതഭാവേന ദേവന്മാരെ വിളിപ്പാൻ പോകുന്നവൻ. കല്ലിൻെറ മകൻ—കല്ലുകളുരസുമ്പോൾ ജനിയ്ക്കുന്നവൻ.

ചില ആളുകൾ നമുക്കുണ്ടല്ലോ: അവർ അഗ്നിയെ ഹവിസ്സു കൊണ്ടു വർദ്ധിപ്പിച്ച്, എല്ലാ വരേണ്യവും നേടുമാറാകണം! 8

കറുപ്പും വെളുപ്പും തുടുപ്പും വലുപ്പവും ഋജുഗതിയും പൂണ്ടു തിളങ്ങുന്നതായ ഇദ്ദേഹത്തിന്റെ പുകഴ്ന്ന പൊന്നിൻതേർ പ്രജാപതി നിർമ്മിച്ചതത്രേ! 9

അഗ്നേ, അന്നത്തിന്റെ പൌത്ര, ഹവിരുപേതനായ വിമദൻ മികച്ച ബുദ്ധിയുള്ളായി, ഇപ്രകാരം നിന്തിരുവടിയെ സ്തുതിച്ചു: നിന്തിരുവടി സദ്വിചാരങ്ങളിയററി, അന്നവും രസവും നല്ല പാർപ്പിടവും—ഒക്കെയും—കൊണ്ടുവന്നാലും! 10

സൂക്തം 21.

ഋഷിദേവതകൾ മുമ്പേത്തവ; ആസ്താരപംക്തി ഛന്ദസ്സ്.

(കേക.)

പള്ളികൊൾവോനും പരിപാവനരോചിസ്സുമാ—
യുള്ള ഹോതാവാം നിന്നെ സ്വസ്തവങ്ങളാലെങ്ങൾ
വിരിദർഭകളിട്ട യജ്ഞത്തിനിപ്പോളഗ്നേ,
വരിപ്പൂ, വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 1

അങ്ങയെത്തന്നേ സമുജ്ജ്വലിപ്പിയ്ക്കുന്നു, സമ്പ-
ത്തെങ്ങുമേ നിറഞ്ഞോരാമസ്സ്വയംപ്രഭരഗ്നേ;
സ്രുവുമാഹുതി നേരേ നിങ്കലെത്തുണയുന്നു,
കേവലം വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 2

അങ്ങയെത്തന്നെയുപാസിയ്ക്കുന്നു ശുദ്ധക്കളൊ,—
ലധ്വരധുരീണന്മാർ, വർഷാംഭസ്സുകൾപോലെ.

---

8. വരേണ്യം—ധനാദി.

സൂക്തം 21.

1. പള്ളികൊൾവോൻ—സസ്യാദികളിൽ ശയിയ്ക്കുന്നവൻ. സ്വസ്തവങ്ങളാൽ—സ്വകൃതസ്തോത്രങ്ങളാൽ. വിമദാർത്ഥം—അങ്ങയും ദേവകൾക്കും സോമപാനത്താൽ വിവിധമത്തുളവാകാൻ. വിമദൻ എന്ന ഋഷിനാമവും മുദ്രാലങ്കാരരീത്യാ വരുത്തിയിരിയ്ക്കുന്നു.

2. സ്വയംപ്രഭർ—യജമാനന്മാർ.

കറുപ്പും വെളുപ്പുമാർന്നഖിലപ്രഭയും നീ
ധരിപ്പൂ, വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 3
മൃത്യുവർജ്ജിത, ബലോപേത, യാതൊരു വിത്ത-
മുത്തമോത്തമമെന്നെണ്ണുന്നു നിന്തിരുവടി,
ചിത്രമാമതു കൊണ്ടുവരികെങ്ങൾക്കന്നൊപ്തി-
സ്സധ്വരേ വിമദാർത്ഥം—പെരിയോനല്ലോ, ഭവാൻ! 4
അഥർവാവുൽപ്പാദിപ്പിച്ചീടിന വരേണ്യനാ-
മവിടെയ്ക്കുറിയാമേ, സകലകാവ്യങ്ങളും;
ദൂതനുമല്ലോ, പ്രിയനഗ്നി ദാന്തനാം കർമ്മോ-
പേതനു, വിമദാത്ഥം—പെരിയോനല്ലോ ഭവാൻ! 5
അങ്ങയെ സ്തുതിക്കുന്നു, ഹവ്യങ്ങളൊരുക്കിവെ-
ച്ചു, ധ്വരം മികവോടേ നടത്തുന്നവരഗ്നേ:
അങ്ങയും ദാതാവിന്നു കാമ്യമാം ധനമെല്ലാ-
മർപ്പിപ്പൂ, വിമദാർത്ഥം—പെരിയോനല്ലോ, ഭവാൻ! 6
ഋത്വിക്കായ്, പ്രദീപ്തനായ്, ത്തേജസ്സാലുണർവേററ-
മൊത്തോനായ്, ത്തിരുവായ നെയ്കൊണ്ടു നിറഞ്ഞോനായ്,
ഹൃദ്യനാം നിന്നെ പ്രതിഷ്ഠിക്കുന്നിതഗ്നേ, നര-
രധ്വരേ വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 7
ജ്വലിക്കും തേജസ്സിനാലെമ്പാടും പുകഴുന്നു,
വലുപ്പമിയലുന്ന നിന്തിരുവടിയഗ്നേ;
ആർക്കുന്നു, കാളയ്ക്കൊപ്പം; സോദരിമാരിൽഗ്ഗർഭം
ചേർക്കുന്നു, വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 8

———

3. അധ്വരധുരീണന്മാർ—ഋത്വിക്കുകൾ. വർഷാംഭസ്സുകൾപോലെ—വൃഷ്ടിജലങ്ങളുടെ ജനയിതാവാണല്ലോ, അഗ്നി. വിമദാത്ഥം—തന്റെയും ദേവന്മാരുടെയും മദത്തിന്നായ്.

5. കാവ്യങ്ങൾ—സ്തോത്രങ്ങൾ. ദാന്തൻ—മനസ്സംയമമുള്ളവൻ. കർമ്മോപേതൻ—യജമാനൻ.

6. ദാതാവ്—ഹവിസ്സു നല്കുന്നവൻ, യജമാനൻ. അർപ്പിപ്പൂ=കൊടുക്കുന്നു.

7. ഹൃദ്യൻ—മനോജ്ഞൻ.

8. വലുപ്പം—മഹത്ത്വം. ആർക്കുന്നു—ദാവാഗ്നിയോ വൈദ്യുതാഗ്നിയോ ആയിട്ട് വമ്പിച്ച ഒച്ച പുറപ്പെടുവിക്കുന്നു. സോദരിമാർ—ഓഷധികൾ: ഓഷധികളുടെയും അഗ്നിയുടെയും ജനകൻ ഒരാൾ(പ്രജാപതി)തന്നെയാണല്ലോ. ഗർഭം—ബീജം.

സൂക്തം 22

വിമദനോ വസുകൃത്തോ ഋഷി; പുരസ്താൽബൃഹതിയും അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ആർ ഋഷിമാരുടെ ആശ്രമത്തിലെസ്സോ ഗുഹയിലെസ്സോ സ്തുതികൊണ്ട് ആകർഷിയ്ക്കപ്പെടുമോ, ആ ഇന്ദ്രൻ ഇന്ന് എവിടെ, ആരുടെ അടുക്കലായിരിയ്ക്കും, ഒരു സ്നേഹിതൻപോലെ വിളിപ്പെടുന്നത്? 1

ആർ, ഒരു സ്നേഹിതൻപോലെ ജനങ്ങളിൽ അസാമാന്യമായ യശസ്സുളവാക്കുമോ, ആ സ്തുത്യനുരൂപനും വജ്രീയുമായ ഇന്ദ്രൻ ഇന്ന് ഇവിടെ വിളിപ്പെട്ടു, നമ്മളാൽ സ്തുതിയ്ക്കപ്പെടുന്നു! 2

അങ്ങേഅററത്തോളം വലിയ ബലത്തിന്റെ ഉടമസ്ഥൻ, വലിയ ധനം അയയ്ക്കുന്നവൻ, കീഴമർത്തുന്ന വജ്രം കൈക്കൊണ്ടവൻ (നമ്മെ,) അച്ഛൻ ഓമനമകനെ എന്നപോലെ (രക്ഷിയ്ക്കട്ടെ!) 3

വജ്രപാണേ, ദേവനായ നിന്തിരുവടി തിളങ്ങുന്ന വഴിയിലൂടേ വായുദേവനെക്കാരം വേഗത്തിൽ പായുന്ന രണ്ടശ്വങ്ങളെ പൂട്ടി, മാർഗ്ഗങ്ങളുണ്ടാക്കി സ്തുതിയ്ക്കപ്പെടുന്നു. 4

എവയെ തടുക്കാനും അറിയാനും ഒരു ദേവനില്ല, ഒരു മനുഷ്യനില്ല; ആ വായുവേഗികളും ഋജുഗാമികളുമായ രണ്ടശ്വങ്ങളെ തെളിപ്പാൻ നിന്തിരുവടി താൻതന്നെ എഴുന്നള്ളും. 5

ഒടുവിൽ മടങ്ങിപ്പോകുന്ന നിങ്ങളിരുവരോട് ഉശനസ്സു ചോദിച്ചു;—'എന്തിനാണ്, നിങ്ങൾ ദൂരത്തുനിന്നു ഞങ്ങളുടെ ഗൃഹത്തിൽ—സ്വർഗ്ഗത്തിൽനിന്നോ, ഭൂമിയിൽനിന്നോ മനുഷ്യന്റെ അടുക്കൽ—വന്നത്?' 6

സൂക്തം 22.

1. ഗുഹ—വനം.

2. ജനങ്ങൾ—സ്തോതാക്കൾ. യശസ്സിന്ന് അന്നമെന്നും അർത്ഥമുണ്ട്. സ്തുത്യനുരൂപൻ—സ്തുതിയിൽ പ്രതിപാദിയ്ക്കുന്ന ഗുണങ്ങളെല്ലാമുള്ളവൻ എന്നു സാരം.

3. അയയ്ക്കുന്നവൻ—സ്തോതാക്കൾക്ക്.

4. രണ്ടശ്വങ്ങൾ—ഹരികൾ. മാർഗ്ഗങ്ങൾ—യുദ്ധഗമനമാർഗ്ഗങ്ങൾ.

5. അറിയാനും—ബലം

6. ഒടുവിൽ—യജ്ഞാവസാനത്തിൽ, നിങ്ങളിരുവരോട്—അങ്ങയോടും അഗ്നിയോടും. വന്നത്—നിങ്ങളുടെ സ്വന്തം കാര്യത്തിനല്ല, മനുഷ്യനായ എന്നെ അനുഗ്രഹിപ്പാൻതന്നെ എന്നു ധ്വനി.

ഇന്ദ്ര, അവിടുന്നു ഞങ്ങളുടെ—ഞങ്ങൾ അർപ്പിച്ച—ഹവിസ്സു മതിയാംവരെ ഭക്ഷിച്ചാലും. അങ്ങയോടു ഞങ്ങൾ ആ അന്നവും അരക്കരെ ഹനിയ്ക്കുന്ന ബലവും യാചിയ്ക്കുന്നു. 7

കർമ്മഹീനൻ, ദസ്യു, ഞങ്ങളെ അവമാനിയ്ക്കുന്നവൻ, അകൃത്യകാരി, മനുഷ്യത്വമില്ലാത്തവൻ—ഇങ്ങനെയുള്ള മൂഢിയനെ ശത്രുഹന്താവേ, അവിടുന്നു വധിയ്ക്കുകതന്നെ വേണം! 8

ശൂര, ഇന്ദ്ര, നിന്തിരുവടി ശൂരന്മാരോടുകൂടി ഞങ്ങളെ രക്ഷിച്ചാൽ, ഞങ്ങൾ വധശക്തരായിത്തീരും! നിന്തിരുവടിയുടെ അഭീഷ്ടദാനങ്ങൾ വളരെയാളുകളിൽ, മനുഷ്യർപോലെ ചെന്നണയുന്നുണ്ട്. 9

ശൂര, വജ്രപാണേ, കവികളാൽ അത്യുച്ചത്തിൽ സ്തുതിയ്ക്കപ്പെട്ടന്നതോടേ, അങ്ങ് ആ നേതാക്കന്മാരെ, വാൾപ്പോരിൽ വൈരികളെക്കൊല്ലാൻ കല്പിച്ചയയ്ക്കും! 10

ശൂര, വജ്രപാണേ, ഇന്ദ്ര, ദാനശീലനായ ഭവാന്റെ ആ യുദ്ധകർമ്മങ്ങൾക്കു വിളംബം പററാറില്ല: ഭവാൻ സഹചരരോടൊന്നിച്ചു, ശുഷ്ണന്റെ സർവസന്താനങ്ങളെയും സംഹരിച്ചുവല്ലോ! 11

ശൂര, വജ്രപാണേ, ഇന്ദ്ര, ഞങ്ങളുടെ വലിയ അഭീഷ്ടപ്രാർത്ഥനകൾ പാഴായിപ്പോകരുത്: ഞങ്ങൾ, ഞങ്ങൾ ഭവാന്റെ (പ്രസാദത്താൽ) അവയുടെ സുഖത്തിലെത്തുമാറാകണം! 12

വജ്രപാണേ, ഇന്ദ്ര, ഞങ്ങളുടെ ആ സ്തുതികൾ അങ്ങയെ അസുഖപ്പെടുത്താതെ സഫലങ്ങളായിബ്ഭവിയ്ക്കട്ടെ: അവയുടെ ഭോഗ്യങ്ങൾ, പൈക്കളുടേവപോലെ, ഞങ്ങൾക്കു കൈവരട്ടെ! 13

---

9. ശൂരന്മാർ—മരുത്തുക്കൾ. വധശക്തർ—ശത്രുഹനനസമർത്ഥർ. മനുഷ്യർപോലെ—സാധാരണർ സ്വന്തം സ്വാമിയെ സേവിപ്പാൻ ചെല്ലുന്നതുപോലെ.

10. അത്യുച്ചത്തിൽ—ശബ്ദം ദേവകളെ പ്രാപിയ്ക്കത്തക്കവണ്ണം. ആ നേതാക്കന്മാരെ—മരുത്തുക്കളെ.

11. സഹചരർ—മരുത്തുക്കൾ.

12. ഞങ്ങൾ, ഞങ്ങൾ എന്ന ആവൃത്തി വെമ്പൽമൂലമാണ്. അവയുടെ—പ്രാർത്ഥനകളുടെ. സുഖം—സാഫല്യമെന്നർത്ഥം.

13. പൈക്കളുടേവ—ക്ഷീരാദിഭോഗ്യങ്ങൾ.

കയ്യം കാലുമില്ലാത്ത ഭൂമി സ്തുത്യർഹന്മാരുടെ കർമ്മങ്ങളാൽ സമൃദ്ധയായിത്തീൎന്നപ്പോഠം, അതിനെ ചുഴന്നുനിന്ന ശുഷ്ണനെ നിന്തിരുവടി വിശപായുവിന്നുവേണ്ടി നിഹനിച്ചു! 14

ശൂര, ഇന്ദ്ര, അങ്ങ് സോമം കുടിയ്ക്കുക, കുടിയ്ക്കുക: പ്രശസ്തനായി ധനം കൊണ്ടുവന്നിരിയ്ക്കുന്ന ഭവാൻ ഞങ്ങളെ വലയ്ക്കരുത്; സ്തുതിച്ചുപാടുന്ന ഹവിൎദ്ധനന്മാരെ അവിടുന്നു രക്ഷിച്ചാലും. വലിയ മുതൽ തന്നു ഞങ്ങളെ പണക്കാരുമാക്കിയാലും! 15

സൂക്തം 23.

ഋഷിദേവതകഠം മുമ്പേത്തവ; ത്രിഷ്ടുപ്പും ജഗതിയും അഭിസാരിണിയും ഛന്ദസ്സുകഠം.

വിവിധചേഷ്ടിതരായ ഹരികളെ നടത്തുന്നവനും, വലത്തുകയ്യിൽ വജ്രമെടുത്തവനുമായ ഇന്ദ്രനെ ഞങ്ങഠം യജിയ്ക്കുന്നു: താൻ മീശ കുടഞ്ഞു മേല്പോട്ടെഴുന്നള്ളും; സൈന്യങ്ങളോടുകൂടി സംഹരിച്ചു, ധനം നല്കും! 1

വനത്തിൽ ചിക്കെന്നു തീററ നേടുന്ന രണ്ടു ഹരികളെക്കൊണ്ടു, മഘവാവായ ഇന്ദ്രൻ വൃത്രനെ വധിച്ചു: ബലത്തിൻെറ അധിപതിയാണല്ലോ, ആ തിളങ്ങുന്ന ബലവാനായ മഹാൻ; ഞാനും മുടിയൻെറ തല കൊയ്യും! 2

ഇന്ദ്രൻ ഹിതരമണീയമായ വജ്രമെടുത്താൽ, തൻെറ രണ്ടു ഹരികഠം പള്ളിത്തേർ വലിയ്ക്കുകയായി; പുകഠം നീണ്ട അന്ന

---

14. ഭൂമിയ്ക്കു കയ്യും കാലുമില്ലല്ലോ, വേല ചെയ്യാൻ; സ്തുത്യർഹന്മാരുടെ (ഭവാൻ മുതലായ ദേവന്മാരുടെ) കർമ്മങ്ങളാലാണ്, ഭൂമി അഭിവൃദ്ധിയടഞ്ഞത്. വിശപായു—ഉർവശീപുത്രനായ രാജാവ്.

15. വലയ്ക്കരുത്—കർമ്മവൈകല്യം പററിയവരാക്കരുത്. വെമ്പൽമൂലമാണ്, കുടിയ്ക്കുക എന്ന ദ്വിരുക്തി. ഹവിൎദ്ധനന്മാർ—യജമാനന്മാർ.

സൂക്തം 23.

1. മീശ കുടഞ്ഞു—സോമാംശം പററിയതു കളയാൻ. സൈന്യങ്ങഠം—മരുൽപ്രഭൃതികഠം. സംഹരിച്ചു—ശത്രുക്കളെ. നല്കും—സ്തോതാക്കഠംക്ക്.

2. വനത്തിന്നു യാഗമെന്നും അൎത്ഥമെടുക്കാം. മുടിയൻ—നാശകാരിയായ ശത്രു. കൊയ്യും—ഇന്ദ്രൻ പ്രസാദിച്ചാൽ.

ത്തിൻെറ അധിപതിയായ, പണ്ടേ വിളിപ്പെട്ട മഘവാവു സ്തോതാക്കളോടുകൂടി അതിൽ കേറും! 3

ഇന്ദ്രൻ, തൻെറ കൂട്ടുകാരെയും മീശകളെയും ഒപ്പം പച്ചനീർകൊണ്ടു, മഴപോലെ നനയ്ക്കും: യജ്ഞഗൃഹത്തിലെഴുന്നള്ളി, പിഴിഞ്ഞ മധു കുടിച്ചിട്ടു, കാററു കാടിനെയെന്നപോലെ, തിരുവുടൽ ഇട്ടുലയ്ക്കും! 4

പലതരത്തിൽ പുലമ്പുന്നവരെ അരുളപ്പാടിനാൽ മിണ്ടാതാക്കി, അനേകായിരം ദ്രോഹികളെ കൊന്നൊടുക്കുന്നവൻെറ, അച്ഛൻ ബലമെന്നപോലെ, കരുത്തു വളർത്തുന്നവൻെറ അതാതു പൌരുഷം ഞങ്ങൾ പുകഴ്ത്തിപ്പാടുന്നു. 5

ഇന്ദ്ര, അങ്ങയെക്കുറിച്ചു, നാനാപ്രകാരമായ ഒരു നവീന സ്തോത്രം നന്മയ്ക്കായി വിമദൻ നിർമ്മിച്ചിട്ടുണ്ട്: ഞങ്ങൾക്കറിയാം, നിന്തിരുവടിയുടെ പക്കലുണ്ടല്ലോ, ധനം; അതിനെ ഞങ്ങൾ, മാടിനെ ഇടയൻപോലെ ഇങ്ങോട്ടു വലിയ്ക്കുന്നു. 6

ഇന്ദ്ര, അങ്ങയുടെയും വിമദർഷിയുടെയും ഈ സഖ്യം ആരും അഴിയ്ക്കരുത്: ദേവ, സോദരന്നെന്നപോലെ ഞങ്ങൾക്കറിയാം, അങ്ങയുടെ മഹാമനസ്സത; അതിനാൽ, ഞങ്ങളും അങ്ങും തമ്മിലുള്ള സഖ്യം അക്ഷയമായിരിയ്ക്കട്ടെ! 7

സൂക്തം 24.

വിമദൻ ഋഷി; ആസ്താരപംക്തിയും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രനും അശ്വികളും ദേവതകൾ.

(കേക.)

ഈയിരുപലകയാൽപ്പിഴിഞ്ഞ സുമധുര—
മായുള്ള സോമം കല്പിച്ചുണ്ണുക, പുരുവസോ;

---

3. പുകൾ നീണ്ട——യശസ്സേറിയ. സ്തോതാക്കൾ——കുത്സാദികൾ.

4. കൂട്ടുകാർ——മരുദാദികൾ. പച്ചനീർ——സോമരസം. മഴപോലെ——മഴ ഭൂമിയെ നനയ്ക്കുന്നതുപോലെ. മധു——മധുരസോമം. ഇട്ടുലയ്ക്കും——ലഹരി കൊണ്ട്.

5. പുലമ്പുന്നവരെ——എതിരാളികളെ. ബലമെന്നപോലെ——മകന്റെ ബലം വർദ്ധിപ്പിയ്ക്കുന്നതുപോലെ. കരുത്തു വളർന്നവൻെറ——മഴകൊണ്ട് ഉലകിന്നെല്ലാം കെല്പു വളർത്തുന്ന ഇന്ദ്രൻെറ.

6. നന്മയ്ക്കായി——ഭവാങ്കൽനിന്നു നല്ല ദാനം കിട്ടാൻ. വിമദൻ——ഞാൻ.

7. സോദരന്നെന്നപോലെ——സോദരൻ സോദരിയുടെ സ്നേഹമറിയുന്നതുപോലെ. മഹാമനസ്സത——അനുഗ്രഹബുദ്ധി.

ആയിരം ധനം നിക്ഷേപിയ്ക്കുയുംചെയ്യെ,ങ്ങളിൽ
നീയിന്ദ്ര, വിമദാത്ഥം——പെരിയോനല്ലോ, ഭവാൻ! 1

യാഗവുമുക്ഥങ്ങളും ഹവ്യവുമർപ്പിച്ചെങ്ങൾ
യാചിപ്പൂ, ഭവാനോടു സർവകർമ്മാധിപതേ:
തുംഗമാം വരേണ്യത്തെ നിക്ഷേപിച്ചരുൾക, നീ—
യെങ്ങളിൽ വിമദാത്ഥം——പെരിയോനല്ലോ, ഭവാൻ! 2

സ്വത്തുകൾക്കീശൻ, സ്തോത്രകാരരെസ്സംരക്ഷിപ്പോൻ,
ഭക്തനെ പ്രേരിപ്പിപ്പോനിന്ദ്ര, നിന്തിരുവടി:
പാപവും പകയനുമേല്ക്കാതെങ്ങളെയാ നീ
പാലിയ്ക്കു, വിമദാത്ഥം——പെരിയോനല്ലോ, ഭവാൻ! 3

കടഞ്ഞൂ,ചേർന്നൊത്തുദ്യൽപ്രജ്ഞർ ശക്തന്മാർ നിങ്ങൾ——
കടഞ്ഞൂ, നാസത്യരേ, വിമദൻ സ്തുതിച്ചപ്പോൾ. 4

വാഴ്ത്തിനാർ, തീ പാറുമ്പോൾട്ടസ്രരെ വാനോരെല്ലാം——
'പേർത്തുമാവഹിയ്ക്കുട്ടെ'യെന്നു ചൊല്ലിനാർ, വാനോർ! 5

പോക്കിനിയ്ക്കു മേ; വരവിനിയ്ക്കു, ദേവന്മാരേ;
നേർക്കിനിപ്പിപ്പിൻ, നിങ്ങളെങ്ങളെദ്ദേവത്വത്താൽ! 6

സൂക്തം 24.

1. പുരുവസോ—ഹേ ബഹുധന. വിമദാത്ഥം—21–ാം സൂക്തത്തിലെ 1–ാം ഋക്കിന്റെ ടിപ്പണി നോക്കുക.

2. തുംഗം—ഉൽക്കൃഷ്ടം. വരേണ്യം—പശ്വാദിധനം.

3. പ്രേരിപ്പിപ്പോൻ—കർമ്മപ്രവൃത്തനാക്കുന്നവൻ. പകയൻ=വൈരി.

4. കടഞ്ഞൂ—അഗ്നിയെ: അശ്വികൾ അധ്വര്യുക്കളുമാണെന്നു പറയപ്പെട്ടിട്ടുണ്ട്.

5. പരോക്ഷം: തീ പാറുമ്പോൾ—അരണികളിൽനിന്നു തീപ്പൊരികൾ പുറപ്പെടുമ്പോൾ. പേർത്തും ആവഹിയ്ക്കുട്ടെ—നിങ്ങളുൽപ്പാദിപ്പിച്ച ഈ അഗ്നി വീണ്ടും ഞങ്ങൾക്കു ഹവിസ്സു കൊണ്ടുവരട്ടെ.

6. പ്രത്യക്ഷോക്തി: പോക്കിനിയ്ക്കു മേ—ഗൃഹത്തിൽനിന്നു പോകൽ എനിയ്ക്കു് ഇനിയ്ക്കുട്ടെ, മധുരിയ്ക്കുട്ടെ; നിങ്ങളുടെ പ്രസാദത്താൽ പ്രീതികരമായിത്തീരട്ടെ. വരവ്—ഗൃഹത്തിൽ തിരിച്ചുവരൽ. ദേവത്വത്താൽ ഞങ്ങളെ ഇനിപ്പിപ്പിൻ—ദേവത്വം (അണിമാദ്യൈശ്വര്യങ്ങൾ) തന്നു, ഞങ്ങളെ പ്രീതിയുക്തരാക്കുവിൻ.

സൂക്തം 25.

വിമദനോ വസുകൃത്തോ ഋഷി; ആസ്താരപംക്തി ഛന്ദസ്സ്;
സോമം ദേവത.

(കേക)

മംഗളങ്ങളിൽക്കൊണ്ടാക്കേണെ,മന്നമേ ഭവാ–
നെങ്ങടെതൻ ചിത്തത്തെ,യാത്മാവിനെ, ജ്ഞാനത്തെയും:
ഗോതതി പുല്ലിൽപ്പോലേ രമിയ്ക്കു, നിൻസഖ്യത്തിൽ
(സ്തോതാക്കൾ) വിമദാത്ഥം—പെരിയോനല്ലോ ഭവാൻ! 1

തൃൽക്കരളിനെ സ്പർശിയ്ക്കുന്നവരിടങ്ങളി–
ലൊക്കയും സ്ഥിതിചെയ്യുന്നുണ്ട്, സോമമേ ഭക്ത്യാ;
അക്കണെക്കിതാ, എന്റെ വിത്താശയെഴന്നേററു–
ന്നില്ലുന്നു, വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 2

സോമമേ, മുരട്ടറപ്പുള്ള കർമ്മങ്ങളെയും
കേമമായ്ച്ചെയ്യുന്നുണ്ട്, നിന്തിരുവടിയ്ക്കായ് ഞാൻ:
അങ്ങ,ച്ഛൻ മകനെപ്പോലബാധം സുഖിപ്പിയ്ക്കു–
കെ,ങ്ങളെ വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 3

വാക്കുകളൊപ്പം നിങ്കലെയ്ക്കുിറങ്ങുന്നു, സോമ,
തേക്കുകുട്ടകൾ കൂപത്തിങ്കലെയ്ക്കുന്നവിധം:
നിറയ്ക്കു,ചമസംപോലെങ്ങടെതൻകർമ്മം, ജീവി-
ച്ചിരിയ്ക്കാൻ വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 4

സൂക്തം 25.

1. അന്നമേ—ഹേ സോമമേ. വിമദാർത്ഥം—ദേവകൾക്ക മത്തുണ്ടാകാൻ: ഭവാൻ ഞങ്ങളെ സഖാക്കളാക്കിയാൽ, (ഞങ്ങളിൽ പ്രസാദിച്ചാൽ) ഞങ്ങൾ യാഗം ചെയ്തു ദേവന്മാരെ സോമപാനമത്തരാക്കിക്കൊണ്ടിരിയ്ക്കുമെന്നു ഹൃദയം.

2. തൃൽക്കരളിനെ സ്പർശിക്കുന്നവർ—സ്തുതികൾമൂലം അങ്ങയ്ക്കുള്ളിൽത്തട്ടിയ ആളുകൾ.

3. അങ്ങ്=ഭവാൻ. അബാധം—ബാധ(ശത്രുപീഡ)യെന്നിയേ; ശത്രുക്കളെ വധിച്ച് എന്നർത്ഥം.

4. വാക്കുകൾ—ഞങ്ങളുടെ സ്തുതികൾ. ചമസംപോലെ—ചമസത്തെ നീർകൊണ്ടു നിറയ്ക്കുന്നതുപോലെ.

സോമമേ, കരുത്താളും പ്രാജ്ഞനാം നിന്നെക്കർമ്മ—
സ്തോമത്താൽബ്ഭജിയ്ക്കുന്നു, ധീരരദൃഢകാമർ:
അങ്ങു തന്നരുളേണ,മശ്വഗോനിലയങ്ങ-
ളെങ്ങൾക്കു വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 5

ഞങ്ങൾതൻ പശുവിനെമാത്രമല്ല,ച്ചാവച—
ഭംഗിയാം വിശ്വത്തെയും സോമമേ, രക്ഷിപ്പൂ നീ;
പാരൊക്കെ നോക്കിക്കൊണ്ടു ജീവനം നന്നായ് നല്കി—
പ്പോരുന്നു, വിമദാത്ഥം—പെരിയോനല്ലോ, ഭവാൻ! 6

കാത്തരുൾകെ,ല്ലാടത്തുമെങ്ങളെ വിദ്രോഹമേ—
ല്ക്കാത്ത നിന്തിരുവടി സോമമേ, പെരുമാളേ:
ആരുമെങ്ങളെക്കേറിപ്പഴിയ്ക്കാഷ്യോ;—ടിച്ചാലും,
വൈരിയെ വിമദാർത്ഥം —പെരിയോനല്ലോ, ഭവാൻ! 7

അന്നമെങ്ങൾക്കു തരാനുണർവോടിരുന്നാലും,
പുണ്യകർമ്മാവേ, സോമ, പാടങ്ങൾ കിട്ടിപ്പോൻ നീ;
അങ്ങമിത്രനിൽനിന്നുമംഹസ്സിൽനിന്നും കാക്ക—
കെ,ങ്ങളെ വിമദാർത്ഥം—പെരിയോനല്ലോ, ഭവാൻ! 8

പൈതങ്ങളെയുമിറക്കേണ്ടുന്ന പോരിൽപ്പാടേ
യോധന്മാർ വിളിയ്ക്കുമ്പോള,രിഹന്താവാമിന്ദോ,
ഞങ്ങളെപ്പാലിയ്ക്കേണ,മിന്ദ്രനു നൽത്തോഴനാ—
മങ്ങുന്നു വിമദാത്ഥം—പെരിയോനല്ലോ,ഭവാൻ! 9

ഇന്ദ്രന്നോമനയായ മാദകമിതു തെല്ലും
മന്ദതപെടാതിങ്ങു വരുത്തീ, വളർച്ചയെ;

---

5. കർമ്മസ്തോമം = കർമ്മസമൂഹം. ധീരർ——മേധാവികൾ, ഋത്വിക്കുകൾ. ദൃഢകാമർ——ഉറച്ച സൽഫലകാംക്ഷയുള്ളവർ. അങ്ങു = ഭവാൻ. അശ്വഗോനിലയങ്ങൾ = കുതിരലായവും, പശുത്തൊഴുത്തും.

6. പശു = ബലിമൃഗം. ഉച്ചാവചഭംഗി = നാനാപ്രകാരങ്ങളോടുകൂടിയത്. ജീവനം——ദേവകൾക്കും മനുഷ്യർക്കും പൊറുതി.

7. വിദ്രോഹമേല്ക്കാത്ത——ആർക്കും അഹിംസ്യനായ.

8. അങ്ങ് = ഭവാൻ. അമിത്രൻ——ദ്രോഹി. അംഹസ്സ് = പാപം.

9. പൈതങ്ങളെയുമിറക്കേണ്ടുന്ന——അത്ര വമ്പിച്ച.

വലിയ മേധാവിയാം കക്ഷീവാന്നിതു ബുദ്ധി
വളർത്തീ, വിമദാർത്ഥം—പെരിയോനല്ലോ, ഭവാൻ! 10

യഷ്ടാവാം മനീഷിയ്ക്കിതന്നവും ഗോക്കളെയും
കിട്ടിച്ചുപോരുന്നുണ്ടി,തേഴ്വർക്കു വരത്തെയും;
പാലിച്ചു കുരുടനെ,പ്പംഗുവിനെയുമിതു
ചാലവേ വിമദാർത്ഥം—പെരിയോനല്ലോ, ഭവാൻ! 11

——

സൂക്തം 26.

വിമദനോ, വസുകൃത്തോ ഋഷി; ഉഷ്ണിക്കും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
പൂഷാവ് ദേവത.

('താമരക്കണ്ണൻ' പോലെ.)

ഭാഷിതങ്ങളാം ഭവ്യസ്തോത്രങ്ങ-
ളാശു നേരിട്ടു ചെല്ലുന്നു:
തേർ സദാ പൂട്ടിനിർത്തും ചേലുററ
പൂഷാവാം മഹാൻ കാക്കട്ടെ! 1

ആരുടെ മൂപ്പു ചെന്ന വർഷത്ത-
ണ്ണീരായ മഹിമാവിലോ
ചേരുന്നൂ, കർമ്മത്താലീ മേധാവി;
തേറട്ടെ,യവൻ നൽസ്തോത്രം! 2

---

10. പെരിയോൻ എന്നതുവരെ പരോക്ഷം: ഓമന—പ്രിയപ്പെട്ടത്. മദകം—സോമം. തെല്ലും മന്ദത പെടാതെ—സത്വരം. ഇങ്ങു—ഞങ്ങൾക്ക്.

11. ഇത്—സോമം. ഏഴ്വർ—സപ്തഹോതാക്കൾ. വരം—ശ്രേഷ്ഠവസ്തു, ധനം. കുരുടൻ—ദീർഘതമസ്സ് എന്ന ഋഷി; പംഗു—പരാവൃക്ക് എന്ന ഋഷി. ചാലവേ പാലിച്ചു—കണ്ണും, കാലും കൊടുത്തു വഴിപോലെ രക്ഷിച്ചു.

സൂക്തം 26.

1. ഭാഷിതങ്ങളാം—നമ്മാൽ ഉച്ചരിയ്ക്കപ്പെട്ട. നേരിട്ടു—പൂഷാവിൻെറ മുമ്പിലേയ്ക്കു്. തേർ സദാ പൂട്ടിനിർത്തും—യജ്ഞത്തിന്നു പോകാൻ.

2. മൂപ്പു ചെന്ന മഴവെള്ളംപോലെ ആസ്വാദ്യമാണ്, പൂഷാവിൻെറ മഹിമാവ്. ഈ മേധാവി—യജമാനൻ. അവൻ പൂഷാവ് തേറട്ടെ—മനസ്സിലാക്കട്ടെ.

തേറും നൽസ്തോത്ര,-മപ്പൂഷാവിഷ്ടം
ചാറുമേ, സോമംപോലവേ:
നീരുതിക്കുന്നുണ്ടാ, രമ്യൻ നമ്മിൽ;
നീരുതിക്കുന്നുണ്ടാ,ലയിൽ! 3

ഞങ്ങരം വാഴ്ത്തുന്നു, മേധാവികരംക്ക-
മംഗവേപഥു ചേർപ്പോനം
ഞങ്ങരംക്കഭീഷ്ടസാധകന്മമാ-
മങ്ങയെദ്ദേവ, പൂഷാവേ. 4

യാഗത്തിൽ നേർപാതിസ്സുർഹന,ശപ-
ത്തേർ കേറിസ്സഞ്ചരിപ്പവൻ,
മാനുഷഹിതൻ, മേധാവിസ്സഴൽ
മാറ്റുന്ന തോഴനീ,യൃഷി! 5

തന്നുടേതാക്കിനിർത്തുന്ന പെണ്ണാ-
ടിന്നീശ,നാണാടിന്നുമേ;
ആട്ടരോമത്താൽ വസ്ത്രം നെയ്യിപ്പോ-
നാ,ടകളലക്കിസ്സുന്നോൻ! 6

ഈശന,ന്നത്തിൻ നാഥന,ഹിംസ്യൻ
പോഷം വരുത്തും സ്നേഹിതൻ,
മീശ കടയു,മായാസമേശാ-
താശായുക്തങ്കലിപ്പൂരാൻ! 7

---

3. സോമംപോലവേ—സോമം നീർ തൂകുന്നതുപോലെ. ഇഷ്ടം ചാറും—സ്തോതാവിന്ന്. രമ്യൻ—സുരൂപൻ. ആല—തൊഴുത്ത്. നമുക്ക ധനവും പശുക്കളെയും തരുന്നുണ്ട് എന്ന സാരം.

4. മേധാവികരംക്കം അംഗവേപഥു ചേർപ്പോനം—വലിയ ബുദ്ധിമാന്മാർക്കുപോലും (അവരെ അത്യന്തം ആദരിച്ച്) മൈവിറ (സംഭ്രമം) ഉളവാക്കുന്നവനം: മഹാന്മാർ അത്ര ബഹുമാനിച്ചാൽ, സാധാരണർക്ക് ഒരു കിടുകിടുപ്പുണ്ടാകുമല്ലോ.

5. നേർപാതിസ്സുർഹൻ—ഹവിസ്സിൻെറയും മററും പകുതി പൂഷാവിന്നത്രേ. മേധാവി—സ്തോതാവ്. അഴൽ—ശത്രുബാധ. ഈ ഋഷി—പൂഷാവ്.

6. പൂഷാവിന്നത്രേ, ആടുകളുടെ ആധിപത്യം. അലക്കിസ്സുന്നോൻ—വെളിച്ചവും ചൂടും കൊടുത്തു ശുദ്ധി വരുത്തുന്നവൻ.

7. അന്നം—ഹവിസ്സും മററും. പോഷം - പുഷ്ടി. ആശായുക്തങ്കൽ—അഭിലാഷവാനായ യജമാനൻെറ അടുക്കൽ. ആയാസമേശാതെ—സലീലം. മീശ കടയും—സോമം കുടിച്ചിട്ട്. ഇപ്പൂരാൻ—പൂഷാവ്.

ഈട്ടററ നിൻതൃത്തേർ വലിയ്ക്കുന്ന-
താ,ടുകളല്ലോ പൂഷാവേ;
അൎത്ഥികൾക്കെല്ലാം തോഴന,ഗ്ര്യൻ, നീ
സ്വസ്ഥാനഭ്രംശവൎജ്ജിതൻ! 8

നമ്മുടെ രഥം കാത്തരുളട്ടെ,—
യമ്മഹാൻ പൂഷാവോജസ്സാൽ;
ഉണ്ടാനുള്ളതു വാഷ്ടിയ്ക്കട്ടെ;—യീ
നമ്മുടെ വിളി കേൾക്കട്ടെ! 9

സൂക്തം 27.

ഇന്ദ്രപുത്രൻ വസുക്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

'സ്തോതാവേ, എനിയ്ക്കൊരു തിടുക്കമുണ്ട്, പിഴിയുന്ന യജമാനന്നു കൊടുക്കാൻ. ഹവിസ്സു തരാത്തവനെ, സത്യഹിംസകനെ, പാപംചെയ്യാൻ നീളെ നടക്കുന്നവനെ ഞാൻകൊല്ലും!' 1

'ഞാൻതന്നേ തിന്നുതടിച്ച അദേവകാമന്മാരെ യുദ്ധത്തിന്നു വരുത്തുന്നതെപ്പോഴോ, അപ്പോൾ ഞാൻ ഒന്നിച്ച് അങ്ങയ്ക്ക് ഒരു കൂററൻ കാളയെ വേവിയ്ക്കും; കടുത്ത പതിനഞ്ചാംസോമവും പകൎന്നു വെയ്ക്കും.' 2

'ദേവദ്രോഹികളെ ഞാൻ യുദ്ധത്തിൽ കൊന്നു' എന്നു പറയുന്ന ഒരുത്തനെ ഞാനറിയില്ല: കൊലപ്പട നിൎത്തണമെന്ന് എനിയ്ക്കു

---

8. തോഴൻ—അഭീഷ്ടപൂരകൻ. അഗ്ര്യൻ—മുമ്പൻ, ചിരജാതൻ. സ്വസ്ഥാനഭ്രംശവൎജ്ജിതൻ—തന്റെ അധികാരത്തിൽനിന്നു മാറാത്തവൻ.

സൂക്തം 27.

1. ഇന്ദ്രൻ, തന്റെ വീൎയ്യം പുത്രനായ വസുക്രന്നു പറഞ്ഞുകൊടുക്കുന്നു: കൊടുക്കാൻ—അഭീഷ്ടം.

2. വസുക്രൻ പറയുന്നു: അദേവകാമന്മാർ—യജിയ്ക്കാത്തവർ. ഒന്നിച്ച്—ഋത്വിഗാദികളോടുകൂടി. കടുത്ത—മദകരമായ. പതിനഞ്ചാം—ശുക്ലപക്ഷത്തിലെ പതിനഞ്ചാംപക്കത്തിലേതായ.

3. ഇന്ദ്രൻ: അറിയില്ല—ദേവദ്രോഹിവധത്തിന്നു ഞാനല്ലാതെ മറെറാരുത്തൻ ആളാവില്ല എന്നൎത്ഥം. കൊലപ്പട—പരസ്പരം കൊല്ലുന്ന യുദ്ധം. 'കൂററൻ

തോന്നുന്നതെപ്പോഴോ, അപ്പോഴും എന്റെ 'ക്രൂറൻകുത്തൽ' വണ്ണി
ക്കപ്പെടും! 3

ഞാൻ അജ്ഞാതയുദ്ധങ്ങളിലിരുന്നാൽ, ഹവിർദ്ധനന്മാരെ
ല്ലാം എന്റെ അടുക്കൽ ഇരിയ്ക്കുകയായി: കീഴമർത്തുന്ന തടിയനെ
ഞാൻ ക്ഷേമത്തിന്നായി കൊല്ലുകതന്നെ ചെയ്യും–അവനെ കാലു
കളിൽ പിടിച്ചു, മലയിലെയ്ക്കു് ആഞ്ഞെറിയും! 4

യുദ്ധത്തിൽ എന്നെ ആരും തടുക്കില്ല; ഞാൻ ചെയ്യാനുറച്ചതു
മലകളും താങ്ങില്ല. ഞാനൊന്നലറിയാൽ ചെകിടനും നടുങ്ങി
പ്പോകും: സദാ കതിരോനും കിടുകിടെ വിറയ്ക്കും. 5

കുറുക്കിവെച്ചതു കുടിയ്ക്കുന്നവർ, ഇന്ദ്രനില്ലാത്തവർ, തല്ലിത്തക
ർക്കുന്നവർ, കൊല്ലാനെതിരിടുന്നവർ–ഇത്തരക്കാരെ ഞാൻ കണ്ടാൽ
ക്കഴിഞ്ഞു, അവരുടെമേൽ എന്റെ ആയുധങ്ങൾ വീഴുകയായി;
മഹാനും സഖാവുമായ എന്നെ നിന്ദിയ്ക്കുന്നവരിലും!' 6

'അങ്ങുതന്നെ പ്രത്യക്ഷനാകുന്നു, നനയ്ക്കുന്നു; ആയുസ്സു നേടുന്നു.
പുരാതനനായ ഭവാൻ പിളർത്തും; മററവൻ പിളർത്തില്ല. എങ്ങും
ചെല്ലുന്ന വാനൂഴികളും അങ്ങയെ കീഴമർക്കില്ല: ഈ ലോകത്തി
ന്നപ്പുറത്തിരിയ്ക്കുന്ന സർവവ്യാപിയാണല്ലോ, ഭവാൻ!' 7

'പൈക്കൾ കൂട്ടമിട്ടു പുല്ലു തിന്നുന്നു; ഇടയനോടുകൂടി മേയുന്ന
അവയെ അധിപതിയായ ഞാൻ നോക്കിക്കൊണ്ടിരിയ്ക്കും.

കുത്തൽ'––എതിരാളികളെ പായിയ്ക്കുന്ന വൃക്ഷഭേദിക്രമം. വണ്ണിയ്ക്കപ്പെടും–വിദ്വ
ജ്ജനങ്ങളാൽ.

4. ഇരിയ്ക്കുകയായി––എനിയ്ക്കു വീര്യം വളരാൻ സ്തുതിച്ചുകൊണ്ടു്. കീഴമ
ർത്തുന്ന––സർവധർഷകനായ.

6. കുറുക്കിവെച്ചതു കുടിയ്ക്കുന്നവർ––സോമാദിഹവിസ്സുകൾ കട്ടു കുടിയ്ക്കു
ന്നവർ. ഇന്ദ്രനില്ലാത്തവർ––ഇന്ദ്രനെ, എന്നെ, യജിയ്ക്കാത്തവർ. തല്ലിത്തക
ർക്കുന്നവർ––യഷ്ടാക്കളെ.

7. വസുക്രൻ: നനയ്ക്കുന്നു––മഴകൊണ്ടു ഭൂമിയെ. ആയുസ്സു നേടുന്നു––പ്രള
യംവരെ ജീവിച്ചിരിയ്ക്കുന്നു. പിളർത്തും––ശത്രുക്കളെ. മററവൻ പിളർത്തില്ല––ശത്രു
ശക്തനാവില്ല, അങ്ങയെ പിളർത്താൻ. എങ്ങും ചെല്ലുന്ന––മഹത്ത്വത്താൽ എന്തി
നെയും ആക്രമിയ്ക്കുന്ന.

വിളിച്ചാൽ അവ ഉടമസ്ഥന്റെ ചുററും ചെന്നെത്തും; അപ്പോഠം ഉടമസ്ഥൻ അവയെ തെല്ലു കറക്കാൻതുടങ്ങും.' 8

'ആളുകളുടെ ഇടയിൽ പുല്ലു തിന്നുന്നവരും', ചോററുണ്ണുന്നവരും ഞങ്ങഠംതന്നെ: ഞാനാണ്, വിശാലമായ ആകാശത്തിന്റെ ഉള്ള്. അതിൽ ചേർന്നരുളുന്ന ഭവാൻ സേവകനെ തേടുന്നു; യോഗഹീനനായ ഋഷിയിയെ തള്ളുന്നു! 9

ഞാൻ ഇതിൽ പറഞ്ഞതു പരമാത്ഥമാണെന്നും, ഇരുകാലി-നാല്ക്കാലികളെ സൃഷ്ടിയ്ക്കുന്നതു ഞാനാണെന്നും അവിടുന്നറിയണം. ഇവിടെ പെണ്ണുങ്ങളോടൊന്നിച്ച് ആർ വൃഷാവിനോടു യുദ്ധംചെയ്യാൻ നോക്കുമോ, അവന്റെ ധനം ഞാൻ പൊരുതാതെ പങ്കിടും! 10

എനിയ്ക്ക് ഒരിയ്ക്കൽ കുരുടിയായ ഒരു മകളുണ്ടായി: ആ അന്ധയെ ആരറിയും, ആർ കൊണ്ടാടും? ആർ അവന്റെ നേക്കു വജ്രമെറിയും? ആർ അവനെ ചെറുക്കും? ആർ അവനെ തടുക്കും? 11

എത്ര പെണ്ണുങ്ങളുണ്ട്, മനുഷ്യത്വമാന്ന മഹിളാകാമങ്കൽ, വരണീയസ്തോത്രത്താൽ, അനുരക്തകളായിട്ട്! നന്മയും അഴകും എവഠംക്കുണ്ടോ, അവഠം ജനമധ്യത്തിൽവെച്ചു പ്രിയനെ സ്വയം വരിയ്ക്കുന്നു.' 12

---

8. ഇന്ദ്രൻ: അധിപതി—സർവവശ്വരൻ. കറക്കാൻതുടങ്ങു—പാൽ എനിയ്ക്കായി ഹോമിപ്പാൻ.

൯. ഇന്ദ്രപ്രസാദത്താൽ, സർവവും താൻതന്നെ എന്ന ജ്ഞാനമുദിച്ച വസുക്രൻ അതു വെളിപ്പെടുത്തുന്നു: പശുവും മനുഷ്യനും ഞങ്ങഠം (ഞാൻ)തന്നെ. ഉള്ള്—അന്തര്യാമി, ബ്രഹ്മം. അതിൽ—ഹൃദയാകാശത്തിൽ. തേടുന്നു—ആത്മസാക്ഷാൽക്കാരത്തിന്ന്. യോഗഹീനൻ—ചിത്തവൃത്തിനിരോധമില്ലാത്തവൻ.

10. ഇതിൽ—സ്തോത്രത്തിൽ. പരമാത്ഥം—ഗുണാരോപണമല്ലാത്തത്. പെണ്ണുങ്ങളോടൊന്നിച്ച്—സ്ത്രീകളെപ്പോലെ അബലരായ ഭടന്മാരോടുകൂടി. വൃഷാവിനോടു—വൃഷാവായ എന്നോട്. പൊരുതാതെ—പൊരുതാതെ അവനെ ജയിച്ച്. പങ്കിടും—യഷ്ടാക്കഠംക്കും സ്തോതാക്കഠംക്കും വീതിച്ചുകൊടുക്കും.

11. മഹാപ്രളയത്തിൽ, കാരണാത്മാവായ ഇന്ദ്രങ്കൽ ലയിച്ച പ്രകൃതിയെപ്പററിയുള്ളതാണ്, പൂർവാദ്ധം: കുരുടി—അചേതന. മകഠം—പ്രകൃതി. ആർ അറിയും—ഞാൻമാത്രമേ അറിയൂ. അവൻ—വൃത്രൻ. വൃത്രനെ വധിപ്പാൻ ഞാനല്ലാതെ മററാരുമില്ലെന്ന്, ഉത്തരാദ്ധത്തിന്റെ സാരം.

12. മനുഷ്യത്വമാന്ന—ഭോഗങ്ങഠം ഭജിയ്ക്കുന്ന. വരിയ്ക്കുന്നു—ആ പ്രിയനായ വരൻ ഞാൻതന്നെ എന്നു ഹൃദയം.

താൻ വെള്ളം കാൽകൊണ്ടു വലിയ്ക്കുന്നു; വന്നുചേന്നാർ് വിഴ
ങ്ങുന്നു. ശിരസ്സുകൊണ്ടു തലയിലെയ്ക്കുതിക്കുന്നു. സമീപത്തി ന്നു
വെളിച്ചം വിതറുന്നു; താഴത്തെയ്ക്കിറങ്ങി പരന്ന ഭൂമിയിലെത്തുന്നു! 13

ഗമനശീലനായ മഹാൻ ഇലയും നിഴലുമില്ലാതെ വൎത്തിയ്ക്കു
ന്നു; സ്രഷ്ടാവായ ഇരിപ്പിടമില്ലാത്ത ഗർഭം ഭക്ഷിയ്ക്കുന്നു. ഒരു പയ്യു
മററൊരു പയ്യിന്റെ കുട്ടിയെ എന്തൊരു വികാരത്താലോ നക്കി
പ്രകാശിപ്പിയ്ക്കുന്നു; അകിടു ചുമക്കുന്നു! 4

ഏഴുപുത്രന്മാർ താഴേനിന്നു ജനിച്ചു; ആ എട്ടുപേർ മുകളിൽ
നിന്നുണ്ടായി; ഒമ്പതു സ്ഥാനവാന്മാർ പിന്നിൽനിന്നു പിറന്നു;
പത്തുപേർ മുന്നിൽനിന്നു സഞ്ജാതരായി വിണ്ണിന്റെ മേൽവശ
ത്തെ വളൎത്തുന്നു! 15

പത്തുപേരിൽവെച്ചു മുഖ്യനായ ആ ഒത്ത കപിലനെ (മററ
വർ) കൎത്തവ്യകർമ്മത്തിന്നു പ്രേരിപ്പിച്ചു. ജലത്തിൽ വെയ്ക്കപ്പെട്ട
മനസ്സില്ലാഗ്ഗർഭത്തെ അമ്മ സസന്തോഷം വഹിച്ചുപോന്നു. 16

---

13. ഇന്ദ്രന്റെ സൂര്യരൂപത്വം: താൻ—സൂര്യരൂപനായ ഇന്ദ്രൻ. കാൽ—രശ്മി. വലിയ്ക്കുന്നു—ആകർഷിയ്ക്കുന്നു. വിഴങ്ങുന്നു—മണ്ഡലത്തിൽ നിൎത്തുന്നു. ശിരസ്സ്—രശ്മിവൃന്ദം. തലയിലെയ്ക്ക്.—എല്ലാവരുടെയും ശിരസ്സിലെയ്ക്ക്, ഭൂമിയിലെയ്ക്ക്. ഉതിക്കുന്നു—മഴ പെയ്യുന്നു എന്നൎത്ഥം. സമീപത്ത്—മണ്ഡലത്തിൽ ഭൂമിയിലെത്തുന്നു—രശ്മിരൂപേണ.

14. മഹാൻ—സൂര്യരൂപനായ ഇന്ദ്രൻ. ഇല—കൊഴിയൽ, നാശം. നിഴൽ—തമസ്സ്. ഇരിപ്പിടമില്ലാത്ത—ആകാശസ്ഥമായ. ഗർഭം—മൂന്നു ലോകത്തിന്നും ഒരുദരശിശുവായ (അന്തൎഭ്ഭ് അരുമപ്പെട്ട) സൂര്യൻ. ഭക്ഷിയ്ക്കുന്നു—ഹവിസ്സുകളെ. ഒരു പയ്യ്—ദ്യോവ്. മററൊരു പയ്യിന്റെ കുട്ടിയെ—അദിതിയുടെ മകനായ സൂര്യനെ. അകിടും സൂര്യൻതന്നെ; അതിൽനിന്നു പാൽ (വൃഷ്ടിജലം ഒഴുകുമല്ലോ.

15. ഇന്ദ്രന്റെ പ്രജാപതിരൂപത്വം: ഏഴുപുത്രന്മാർ—വിശ്വാമിത്രാദികൾ. താഴേനിന്നു—പ്രജാപതിയുടെ കീഴുടലിൽനിന്ന്. എട്ടുപേർ—ബാലഖില്യാദികൾ. മുകളിൽനിന്ന്—മേലുടലിൽനിന്ന്. ഒമ്പതു സ്ഥാനവാന്മാർ—ഭൃഗുക്കൾ. പിന്ന്=പൃഷ്ഠം. പത്തുപേർ—അംഗിരസ്സുകൾ.

16. ഒത്ത—പ്രജാപതിയ്ക്കു സദൃശനായ. വെയ്ക്കപ്പെട്ട—പ്രജാപതിയാൽ. മനസ്സില്ലാഗ്ഗർഭത്തെ—അതിൽ താൽപര്യമില്ലാതിരുന്ന കപിലക്കുഞ്ഞിനെ. അമ്മ—പ്രകൃതി. സസന്തോഷം—ഇവൻ ജ്ഞാനമുപദേശിയ്ക്കുമെന്ന സന്തോഷത്തോടെ.

ചൂതുകളിയിൽ എറിയപ്പെട്ട ചൂക്കിണികരംപോലെ അനുസ
രിയ്ക്കുന്ന പുത്രന്മാർ ഒരു തടിച്ച ആടിനെ വേവിച്ചു; രണ്ടുപേർ
മന്ത്രംജപിച്ചു പരിശുദ്ധരായി പ്രകൃതിയുടെ ജലമദ്ധ്യത്തിൽ ധനു
സ്സുല്യനെ ആരാധിയ്ക്കുകയായി. 17

അവർ വിളിച്ചുകൊണ്ടു നാനാമാർഗ്ഗങ്ങളിൽ നടന്നു. പകുതി
പേർ (ഹവിസ്സ്) പചിച്ചുപോന്നു; പകുതിപ്പേർ പചിച്ചില്ല. അ
ഈ ദേവൻ സവിതാവാണ്, എന്നോടു പറഞ്ഞത്; വിറകും
നെയ്യുമുണ്ണുന്നവനും സേവിച്ചുപോരുന്നു. 18

ദൂരത്തുനിന്നു തേരില്ലാപ്പടയോടേ വന്നെത്തുന്ന ഭുവനസ്രഷ്ടാ
വിനെ ഞാൻ കണ്ടു; തല്ലുന്നവരെ തൽക്ഷണം കൊല്ലുന്ന നൂതന
തരനായ തമ്പുരാൻ ആളുകളുടെ യജ്ഞങ്ങളിലെഴുന്നള്ളും! 19

മികവിൽ മുതിപ്പെടുത്തുന്ന എന്റെ ഈ പൂട്ടിയ ഇരുമൃഗങ്ങ
ളെ നീ അകററിവിടരുത്; വീണ്ടും വീണ്ടും സ്തുതിയ്ക്കുക. ഇദ്ദേഹ
ത്തിന്റെ ഗമനത്തെ പിൻതുടരാൻ തണ്ണീരുകരംക്കുപോലും കഴി
വില്ല; മേഘമായിത്തീർന്ന പരിപാവനനായ സൂര്യനുമില്ല! 20

ഈ വജ്രം വലിയ സൂര്യമണ്ഡലത്തിൽനിന്നു പലവുരു, താഴ
ത്തെയ്ക്കു പോരുന്നു: മുകളിലുള്ള ഈ മററു ജലത്തെ സ്തോതാക്കരം
ക്ലേശംകൂടാതെ കീഴ്പോട്ടിറക്കുന്നു. 21

---

17. അനുസരിയ്ക്കുന്ന—ചൂക്കിണികരം കളിയ്ക്കുന്ന രണ്ടുപേരിൽ ഒരുവനെ അനുസരിയ്ക്കുമല്ലോ; അതുപോലെ പ്രജാപതിയെ അനുസരിയ്ക്കുന്ന. പുത്രന്മാർ—അംഗിരസ്സുകരം. വേവിച്ചു—പ്രജാപതിരൂപനായ ഇന്ദ്രന്ന്. രണ്ടുപേർ—അംഗിരസ്സുകളിൽ ഇരുവർ ധനുസ്സുല്യനെ—ധനുസ്സ ശത്രുവിനെയെന്നപോലെ അജ്ഞാനത്തെ ഹനിയ്ക്കുന്ന കപിലനെ.

18. വിളിച്ചുകൊണ്ടു—പ്രജാപതിയെ. നാനാമാർഗ്ഗങ്ങളിൽ നടന്നു—പലതരം കർമ്മങ്ങളിൽ വ്യാപരിച്ചു. വിറകുണ്ണുന്നവനും, നെയ്യുണ്ണുന്നവനും—അഗ്നി. സേവിച്ചുപോരുന്നു—പ്രജാപതിയെ.

19. തേരില്ലാപ്പടയോടേ—ആത്മാവിനെ സ്വയം വഹിയ്ക്കുന്ന എന്നർത്ഥം. തല്ലുന്നവരെ—ദ്രോഹികളെ. തമ്പുരാൻ—ഇന്ദ്രൻ.

20. വസുക്രൻ ഇന്ദ്രതാദാത്മ്യം പ്രാപിച്ചു, തന്നോടുതന്നെ പറയുന്നു: മുതിപ്പെടുത്തുന്ന—ശത്രുക്കളെ ഇരുമൃഗങ്ങരം—ഹരികരം. ഇദ്ദേഹം—ഇന്ദ്രൻ. മേഘമായിത്തീർന്ന—മേഘതുല്യവേഗനായ.

21. താഴത്തെയ്ക്കു പോരുന്നു—വൃഷ്ട്യർത്ഥം. മുകളിലുള്ള—അന്തരിക്ഷോപരി സൂര്യമണ്ഡലസ്ഥിതമായ. സ്തോതാക്കരം—മരുദാദികരം. കീഴ്പോട്ട്—അന്തരിക്ഷത്തിലെയ്ക്ക്.

മരത്തിൽ മരത്തിൽ കെട്ടിയ മാടിൻഞെരമ്പ് ഒലിടുന്നിട്ടും; ഉടനേ ആളുകളെ തിന്നുന്ന പക്ഷികൾ പറക്കുകയായി. അപ്പോൾ, ഇന്ദ്രന്നായി പിഴിഞ്ഞ് ഋഷിയ്ക്കു (ദക്ഷിണ) കൊടുക്കുന്ന ഈ ഭുവനംപോലും ആകെ നടുങ്ങിപ്പോകും! 22

ദേവസൃഷ്ടിയിൽ ഒന്നാമത്തു സൃഷ്ടിയ്ക്കപ്പെട്ടവർ പിളർന്നപ്പോൾ, വെള്ളം പുറപ്പെട്ടു; പാകുന്ന മൂന്നു പേർ ഭൂമിയ്ക്കു ചൂടുകൊടുത്തു. ഇരുവർ പുഷ്ടികരമായ തണ്ണീർ വലിച്ചെടുക്കുന്നു. 23

അദ്ദേഹമാണ്, നിന്നെ ജീവിപ്പിയ്ക്കുന്നത്. അദ്ദേഹത്തിന്റെ ഈദൃശമായ സ്വരൂപം, നോക്കൂ, നീ യജ്ഞത്തിൽ മറയ്ക്കരുത്. ആ പരിപാവനന്റെ കാൽനട എല്ലാററിനെയും പ്രകാശിപ്പിയ്ക്കുന്നു; വെള്ളമെടുക്കുന്നു. ഇതിന്നിളവില്ല! 24

സൂക്തം 28.

വസുക്രപത്നിയും ഇന്ദ്രനും വസുക്രനും ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രനും വസുക്രനും ദേവതകൾ.

'മററീശ്വരന്മാരെല്ലാം വന്നുകഴിഞ്ഞു; അയ്യോ, എന്റെ ശ്വശുരൻമാത്രം വന്നില്ല! അദ്ദേഹം പൊരി തിന്നും, സോമം കുടിയ്ക്കും: നന്നായി ഭക്ഷണം കഴിച്ചിട്ടേ സ്വഗൃഹത്തിലെയ്ക്കു തിരിച്ചുപോകൂ.' 1

---

22. മരം——വില്ല്. മാടിൻഞെരമ്പ്——ഞാൺ: മാടിന്റെ ഞെരമ്പു വില്ലിൻഞാണാക്കിയിരുന്നു. പക്ഷികൾ——ബാണങ്ങൾ. ഈ ഭുവനം——ഭൂലോകം.

23. സൃഷ്ടിയ്ക്കപ്പെട്ടവർ——മേഘങ്ങൾ. പാകുന്ന——വർഷാദികളെ ഉൽപാദിപ്പിയ്ക്കുന്ന എന്നർത്ഥം. മൂന്നുപേർ——പർജ്ജന്യൻ, വായു, ആദിത്യൻ. ഭൂമിയ്ക്കു——ഭൂമിയിലെ സസ്യങ്ങൾക്ക്. ചൂട്——മഴയും, ചൂടും, തണുപ്പും. ഇരുവർ——വായുവും ആദിത്യനും.

24. അന്തരാത്മാവിനോടുതന്നെ: അദ്ദേഹം——സൂര്യാത്മാവായ ഇന്ദ്രൻ. മറയ്ക്കരുത്——സ്തുതിയാൽ വെളിപ്പെടുത്തണം. കാൽനട——രശ്മിപ്രസരം. ഇതിന്ന്——ഈ രണ്ടു കർമ്മത്തിന്നും. ഇളവില്ല——എന്നെന്നും നടക്കുന്നു.

സൂക്തം 28.

1. വസുക്രൻ യാഗം ചെയ്യുമ്പോൾ, ഇന്ദ്രൻ പ്രച്ഛന്നരൂപനായിട്ടാണ്, വന്നത്; അതറിയാതെ, വസുക്രന്റെ പത്നി സങ്കടപ്പെടുന്നു: ശ്വശുരൻ——ഇന്ദ്രൻ.

'ഈ കൊമ്പു കൂർത്ത കാള അന്തരിക്ഷത്തിന്റെ മുകൾപ്പരപ്പിൽ മുക്രയിട്ടുകൊണ്ടു നില്ക്കുന്നുണ്ട്; സോമം പിഴിഞ്ഞു് എന്റെ വയറിന്റെ ഇരുവശവും നിറയ്ക്കുന്നവനെ ഞാൻ എല്ലാ യുദ്ധങ്ങളിലും രക്ഷിക്കും.' 2

'ഇന്ദ്ര, ചിക്കെന്നു മത്തുപിടിപ്പിക്കുന്ന സോമം അവർ അങ്ങയ്ക്കായി അമ്മികൊണ്ടു പിഴിയുന്നുണ്ട്; അതു് അവിടുന്നു കുടിക്കാറുണ്ടല്ലോ. മഘവാവേ, അന്നത്തിന്നായി വിളിക്കപ്പെടുമ്പോൾ, അവരുടെ കാളക്കറിയും അവിടുന്നു കഴിക്കാറുണ്ട്.' 3

(ശത്രുക്കൾക്കു) വാർദ്ധക്യം വരുത്തുന്നവനേ, എന്റെ ഈ മിടുക്കു് അവിടുന്നറിയണം: പുഴകൾ പിന്തിരിഞ്ഞൊഴുകും; മാൻ എതിരിടുന്ന സിംഹത്തെ നേരിടും; കുറുക്കൻ പന്നിയെ കുററിക്കാട്ടിൽ നിന്നു പുറത്തിറക്കും! 4

മഘവാവേ, മതിന്നു മേധാവിയായ അങ്ങയെ സ്തുതിപ്പാൻ, ഒരു ചെറുക്കനായ ഞാൻ അതു് എങ്ങനെ അറിയും? വിദ്വാനായ അവിടുന്നുതന്നേ വേണ്ടപ്പോൾ ഞങ്ങൾക്കു പറഞ്ഞുതരണം: എന്നാൽ അങ്ങയെ ഇത്തിരി സ്തുതിപ്പാൻ പണിപ്പെടേണ്ടിവരില്ല!' 5

'ഇപ്രകാരം വർദ്ധിപ്പിക്കപ്പെടുന്ന, മതിന്നു എന്നെക്കുറിച്ചുള്ള സ്തുതി വിരിവിണ്ണിനെക്കാളും വലുതായിരിക്കും: അനേകായിരത്തെ ഒപ്പം ഞാൻ പൊടിപെടുത്തും; എന്നെ ശത്രുരഹിതനാക്കിയിട്ടാണല്ലോ, അച്ഛൻ ജനിപ്പിച്ചിരിക്കുന്നതു്!' 6

'ഇന്ദ്ര, ഇപ്രകാരം തഴച്ച ഞാൻ കർമ്മത്തിൽ കർമ്മത്തിൽ ഉഗ്രനും വൃഷാവുമാണെന്നു ദേവന്മാർക്കറിയാം: അതുമൂലം ഇമ്പം പൂണ്ട ഞാൻ വജ്രംകൊണ്ടു വൃത്രനെ കൊന്നു; ഹവിർദ്ദാതാവിന്നു വേണ്ടി, മഹത്ത്വംകൊണ്ടു മേഘപടലത്തെ തുറന്നു.' 7

---

2. അവളെ പ്രീതിപ്പെടുത്താൻ, ഇന്ദ്രൻ വസുക്രനോടു, സംസാരിക്കുന്നു: കാള——ഇന്ദ്രനായ ഞാൻ. ഇരുവശം——വലവുമിടവും.

3. വസുക്രൻ പറയുന്നു: അവർ——യജമാനന്മാർ. അന്നം——ഹവിസ്സ്.

4. വാർദ്ധക്യം——ശേഷിയില്ലായ്മ. ഇതൊക്കെ സംഭവിപ്പിക്കാൻ എനിക്കു മിടുക്കുണ്ട്; അതു ഭവൽപ്രസാദംമൂലം കിട്ടിയതാണ്.

5. അതു്——ഭവാന്റെ പ്രഭാവം.

6. ഇന്ദ്രൻ: വർദ്ധിപ്പിക്കപ്പെടുന്ന——സ്തോതാക്കളാൽ. അനേകായിരത്തെ——ആയിരമായിരം ശത്രുക്കളെ. അച്ഛൻ——പ്രജാപതി.

7. വസുക്രൻ: ഞാൻ അങ്ങയ്ക്കു തുല്യനാണെന്നു ദേവന്മാർക്കറിയാം.

'ദേവന്മാർ കൂട്ടുകാരോടൊന്നിച്ചു, കോടാലികളെടുത്തു ചെന്നു പിളൎത്തപ്പോൾ വെള്ളം ഇങ്ങോട്ടൊഴുകി; ആ മഴവെള്ളം നദികളിൽ നിൎത്താൻ അവർ ജലമൊളിപ്പിച്ച കാർനിരയെ തിളപ്പിച്ചു പോരുന്നു!' 8

'മുയൽ എതിരിടുന്ന തീക്ഷ്ണനഖരെ വിഴുങ്ങും; ഞാൻ ഒരു മൺകട്ടകൊണ്ടു് അകലത്തും മല പിളൎത്തും; കൂററനെയും ഞാൻ കുറിയവനു കീഴ്പെടുത്താം; കന്നു കനത്ത വീൎയ്യം പൂണ്ട കാളകളെ നേരിടും!' 9

കൂട്ടിലടയ്ക്കപ്പെട്ട സിംഹം കാലിന്മേൽ കാൽ വെയ്ക്കുന്നതുപോലെ, പരുന്തു സ്വൎഗ്ഗത്തിൽ നഖമാഴ്ത്തി: കെട്ടിയിട്ട പോത്തിനെന്നപോലെ, തന്തിരുവടിയ്ക്കു ദാഹമുണ്ടായപ്പോൾ, ഗായത്രി ഇതു നിഷ്പ്രയാസം കൊണ്ടുവന്നു! 10

യാവചിലർ സ്വാമിയുടെ ചോറുണ്ടു (ശത്രു)വധം നടത്തുന്നുവോ, അവൎക്കായി ഗായത്രി ഇതു നിഷ്പ്രയാസം കൊണ്ടുവന്നു: അവർ അനുവദിയ്ക്കപ്പെട്ട സോമമെല്ലാം കുടിയ്ക്കും; സ്വയം പടകളെയും, തടികളെയും പൊളുക്കും! 11

എവർ സോമത്തിൽ ഉക്ഥങ്ങൾകൊണ്ടു ദേഹം തടിപ്പിയ്ക്കുന്നുവോ, അവർ വഴിപോലെ കൎമ്മങ്ങളനുഷ്ഠിച്ചുപോന്നു. വീരനായ നിന്തിരുവടി, ഒരു മനുഷ്യൻപോലെ പറഞ്ഞുകൊണ്ടു വന്നെത്തി, ഞങ്ങൾക്കു് അന്നം തന്നാലും: എന്നാൽ അങ്ങയ്ക്കു സ്വൎഗ്ഗത്തിൽ പുകഴ്ന്ന പേരുണ്ടാകും! 12

---

8. ഇന്ദ്രൻ: കോടാലികൾ—ഇടിവാളുകൾ. കൂട്ടുകാർ—മരുദാദികൾ. പിളൎത്തപ്പോൾ—മേഘങ്ങളെ. തിളപ്പിച്ചുപോരുന്നു—വെള്ളം പുറത്തുവരുത്താൻ.

9. വസുക്രൻ: തീക്ഷ്ണനഖർ—സിംഹവ്യാഘ്രാദികൾ. അകലത്തും—മല നില്ക്കുന്നതു ദൂരത്തായാലും.

10. നഖമാഴ്ത്തി—സോമം റാഞ്ചാൻ. തന്തിരുവടിയ്ക്കു്—ഇന്ദ്രന്നു്. ദാഹം—സോമതൃഷ്ണ. ഗായത്രി—പരുന്തിൻവടിവെടുത്ത ഗായത്രി. ഇതു—സോമം.

11. സ്വാമി—ഇന്ദ്രൻ. ചോറുണ്ടു—സോമം കുടിച്ചു്. അവർ—മരുദാദിദേവന്മാർ. അനുവദിയ്ക്കപ്പെട്ട—ഇന്ദ്രനാൽ. പടകൾ—ശത്രുസൈന്യങ്ങൾ. തടികൾ—ശത്രുശരീരങ്ങൾ.

12. സോമത്തിൽ—സോമയാഗത്തിൽ. അവർ—ദേവന്മാരും ഋഷികളും മററും. പറഞ്ഞുകൊണ്ടു—'ഇതു നിങ്ങൾക്കു ഞാൻ തന്നിരിയ്ക്കുന്നു' എന്നു വ്യക്തമായരുളിച്ചെയ്തുകൊണ്ടു്. പേർ—ദാനപതി എന്ന നാമം.

സൂക്തം 29.

പസുക്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

നാഥന്മാരേ, യാതൊന്നു, മരത്തിന്മേൽ ഒരു സാധു പറവക്കുഞ്ഞെന്നപോലെ ഞങ്ങളിൽ ഇരുന്നു നോക്കുന്നുവോ; യാതൊന്നിനെ മനുഷ്യഹിതനും നേതാക്കളിൽവെച്ചു നേതാവും രാത്രിസഹിതനുമായ ഇന്ദ്രൻ വളരെ നാളായി ക്ഷണിച്ചുപോരുന്നുവോ; ആ സ്തോത്രം നിങ്ങളിരുവരിലെയ്ക്കു വരുന്നു! 1

ഇന്നും നാളെയും പുലർകാലം വരുമ്പോൾ, ഞങ്ങൾ, നേതാക്കളിൽവെച്ചു നേതാവായ നിന്തിരുവടിയാൽ പൊന്നുമാറാകണം: ത്രിശോകന്നു വളരെ ആൾക്കാരെ കിട്ടിയല്ലോ; ഒപ്പം കേറിയ പള്ളിത്തേർ കുത്സന്നും! 2

ഇന്ദ്ര, ഏതൊരു മത്താണ്, നിന്തിരുവടിയ്ക്കു പ്രിയം? ഓജസ്വിയായ ഭവാൻ കതകുകളിലെയ്ക്കും സ്തുതികളിലെയ്ക്കും വന്നാലും! എപ്പോഴാണ്, സോമം ഇങ്ങോട്ടു വരിക? ബുദ്ധി എങ്കൽ എപ്പോളെത്തും? എപ്പോൾ, അങ്ങയെ ആരാധിച്ചു ഞാൻ അന്നവും സമ്പത്തും അരികിൽ വരുത്തും? 3

സൂക്തം 29.

1. ഈ ഋക്ക് അശുചിപരമായി വ്യാഖ്യാനിയ്ക്കപ്പെട്ടിട്ടുള്ളത് അസാധുവാണെന്ന് ആചാര്യസായണൻ സിദ്ധാന്തിയ്ക്കുന്നു; എന്നാൽ ഈ ഇരുവരാരാണെന്ന്, അദ്ദേഹത്തിന്റെ ഭാഷ്യംകൊണ്ടു മനസ്സിലാവുന്നില്ല. സാധു പറവക്കുഞ്ഞ്—പറക്കാൻ ചിറകുമുളച്ചിട്ടില്ലാത്ത പക്ഷിക്കുട്ടി, നോക്കുന്നു—ഇന്ദ്രനെത്തേടുന്നു, രാത്രിസഹിതൻ—രാത്രിയിലാണ്, ഇന്ദ്രന്നു സോമം. ക്ഷണിയ്ക്കുക—കേൾക്കാൻ കൊതിയ്ക്കുക എന്നു സാരം.

2. പ്രത്യക്ഷോക്തി; ഇന്നും നാളെയും—എല്ലാദിവസങ്ങളിലും എന്നു വിവക്ഷിതം. നിന്തിരുവടിയാൽ—അങ്ങയ്ക്കായി ചെയ്യുന്ന സ്തുതികൊണ്ടും യാഗംകൊണ്ടും. ത്രിശോകൻ—ഒരു ഋഷി. ഒപ്പം—അങ്ങയോടൊന്നിച്ച്, കുത്സന്ന് ഇന്ദ്രൻ രഥം കൊടുത്തതു മുന്മണ്ഡലങ്ങളിൽ പറഞ്ഞിട്ടുണ്ട്. കുത്സന്നും—കിട്ടി.

3. ഏതൊരു മത്താണ്—കറഞ്ഞതോ, ഇടത്തരമോ, മേത്തരമോ? അതിന്നൊത്ത സോമം ഞങ്ങൾ തരാം. കതകുകൾ—യാഗശാലയുടെ. വരിക—തവൽ പ്രസാദത്താൽ ഫലം തരാൻ. ബുദ്ധി—ജ്ഞാനം.

ഇന്ദ്ര, അവിടുന്നു് എപ്പോഴാം ഹവിസ്സുണ്ണും? എന്തൊരു കർമ്മം കൊണ്ടു നരരായ ഞങ്ങളെ അങ്ങയ്ക്കു തുല്യരാക്കും? എപ്പോഴാം ഇവിടെ വരും? ബഹുകീർത്തേ, എല്ലാവർക്കും അന്നത്തിൽ മനസ്സു ചെല്ലുമ്പോഴാം, അവിടുന്നാണു്, ഒരു നല്ല സ്നേഹിതൻപോലെ പോററിപ്പുലർത്തുന്നതു്! 4

ബഹുസ്വരൂപ, ഇന്ദ്ര, യാവചിലർ അങ്ങയ്ക്കു, ഭാര്യമാർക്കെന്നപോലെ മതി വരുത്തുന്നുവോ; യാവചിലർ പണ്ടുപണ്ടേയുള്ള സ്തോത്രങ്ങളും അന്നങ്ങളും അങ്ങയ്ക്കർപ്പിയ്ക്കുന്നുവോ; ആ നേതാക്കന്മാരെ അവിടുന്നു, സൂര്യൻ യാത്രക്കാരെ എന്നപോലെ മറുകരയിലണപ്പാലും! 5

ഇന്ദ്ര, അങ്ങയുടെ മുക്കിക്കളയുന്ന കർമ്മത്താലാണല്ലോ, പെരിയ മാതാക്കളായ ദ്യാവാപൃഥിവികരം ക്ഷിപ്രം നിർമ്മിയ്ക്കപ്പെട്ടതു്. ആ ശ്രേഷ്ഠനായ ഭവാൻ നെയ്യു വീഴ്ത്തിയ സോമനീർ നുകരുകയും, മധുരദ്രവ്യങ്ങരം ഭുജിയ്ക്കുകയും ചെയ്യുമാറാകണം! 6

ഇതാ, മധു നിറച്ച പാത്രം ഇന്ദ്രന്നായി ഹോമിയ്ക്കപ്പെട്ടു: താൻ സത്യധനനാണല്ലോ. പ്രജ്ഞാനിയും പൌരുഷശാലിയുമായ ആ മനുഷ്യഹിതൻ അന്തരിക്ഷപ്പരപ്പിൽ എഴുന്നള്ളി തഴച്ചരുളുന്നു! 7

ശോഭനബലനായ ഇന്ദ്രൻ (ശത്രു)സേനകളിലെങ്ങും കേറുന്നു; ആ കേമന്മാർ തന്തിരുവടിയുടെ സഖ്യത്തിന്നു യതിയ്ക്കുന്നു. അവിടുന്നു ശുഭമായ നന്മനസ്സോടേ തെളിയ്ക്കാറുള്ള ആ പള്ളിത്തേരിൽ, പടയ്ക്കെന്നപോലെ കേറിയാലും! 8

സൂക്തം 30.

ഇലൂഷപുത്രൻ കവഷൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; തണ്ണീരോ അപാംനപാത്തോ ദേവത.

സ്തുതിയ്ക്കപ്പെടുന്ന സോമം തിളങ്ങുന്ന തണ്ണീരുകളിലെയ്ക്കു, മനോവൃത്തിയെന്നപോലെ ഗമിയ്ക്കട്ടെ. ഭവാൻ മിത്രന്നും വരുണന്നും മഹാജവന്നുമായി ധാരാളം അന്നവും സ്തുതിയും ഒരുക്കിവെയ്ക്കുക. 1

---

5. അന്നങ്ങരം—പുരോഡാശാദികരം. സൂര്യൻ—യാത്രക്കാർക്കു് ഉദ്ദിഷ്ടപ്രദേശത്തെത്താൻ വെളിച്ചം നൽകുന്നതു സൂര്യനാണല്ലോ. മറുകരയിൽ—കർമ്മപൂർത്തിയിൽ; അഥവാ, സംസാരപാരത്തിൽ.

6. മുക്കിക്കളയുന്ന—ശത്രുക്കളെ മുടിയ്ക്കുന്ന. മധുരദ്രവ്യങ്ങരം—പുരോഡാശാദികരം.

8. കേറിയാലും—ഞങ്ങളുടെ യജ്ഞത്തിൽ വരാൻ.

സൂക്തം 30.

1. അധ്വര്യുവിനോടു്: മനോവൃത്തിയെന്നപോലെ—അതിവേഗത്തിൽ എന്നർത്ഥം. മഹാജവൻ—ഇന്ദ്രൻ.

ന ങ്ങൾ ഹവിസ്സെടുക്കുവിൻ; ഇച്ഛിയ്ക്കുന്ന നിങ്ങൾ, ഇച്ഛിയ്ക്കുന്ന തണ്ണീരുകളുടെ അടുക്കലെയ്ക്കു പോകുവിൻ. ശോഭനഹസ്തന്മാരേ, ഇതൊ സോമം താഴെ യാതൊന്നിനെ നോക്കുന്നുവോ, ആ വെള്ളത്തിൽ നിങ്ങൾ ഇപ്പോൾ നീർ പകരുവിൻ. 2

അധ്വര്യുക്കളേ, നിങ്ങൾ വെള്ളത്തിന്നു നീരാഴിയിലെയ്ക്കു പോകുവിൻ: അതു നിങ്ങൾക്കിപ്പോൾ വിശുദ്ധമായ ജലം തരട്ടെ. പിന്നിട്ടു നിങ്ങൾ അപാംനപാത്തിന്നായി മധുരസോമം പിഴിയുവിൻ; അദ്ദേഹത്തെ ഹവിസ്സുകൊണ്ടു പൂജിയ്ക്കുവിൻ. 3

അപാംനപാത്തേ, അങ്ങ് മേഘങ്ങളുടെ ഇടയിൽ വിറകില്ലാതെ കത്തുന്നു; അങ്ങയെ മേധാവികൾ യാഗങ്ങളിൽ സ്തുതിയ്ക്കുന്നു. ആ അങ്ങ് ഇനിപ്പുററ തണ്ണീരുകൾ തന്നാലും: അവകൊണ്ടാണല്ലോ, ഇന്ദ്രൻ വീരകർമ്മത്തിന്നു മുതിർന്നതു്! 4

അധ്വര്യോ, ഏവകൊണ്ടാണോ സോമം, നല്ല യുവതികളെക്കൊണ്ടു പുരുഷനെന്നപോലെ മോദിയ്ക്കുകയും ആഹ്ലാദിയ്ക്കുകയും ചെയ്യുന്നതു്; ഭവാൻ ആ തണ്ണീരുകൾക്കായി പോവുക; അവയിൽ സോമം പകർന്നരിയ്ക്കുക. 5

കാമിയ്ക്കുന്ന അവയ്ക്കായി കാമയമാനൻ ചെന്നാൽ, അവ, യുവതികൾ യുവാവിന്നെന്നപോലെ കീഴ്വഴങ്ങും: അധ്വര്യുക്കളും സ്തുതികളും തണ്ണീർദ്ദേവികളും ബുദ്ധികൊണ്ടു വഴിപോലെ അറിയുന്നു, വഴിപോലെ കാണുന്നു. 6

തണ്ണീരുകളേ, തടവിൽക്കിടന്ന നിങ്ങൾക്കു് ആർ വഴിയുണ്ടാക്കിയോ, ആർ നിങ്ങളെ വമ്പിച്ച ഞെരുക്കത്തിൽനിന്നു വിടുവിച്ചുവോ; ആ ഇന്ദ്രന്നായി നിങ്ങൾ ദേവന്മാരെ മത്തുപിടിപ്പിയ്ക്കുന്ന മധുരജലം അയച്ചുതന്നാലും! 7

തണ്ണീരുകളേ, ഒരു ഇനിപ്പുററ ഉറവുണ്ടല്ലോ, നിങ്ങളുടെ ഉള്ളിൽ; യാഗങ്ങളിൽ നെയ്യു പകർന്നു സ്തുതിയ്ക്കേണ്ടുന്ന ആ മധുരതരംഗം

---

2. അധ്വര്യുക്കളോടു്:

6. അവ—തണ്ണീരുകൾ. കാമയമാനൻ—അധ്വര്യു. അറിയുന്നു—സ്വസ്വകർമ്മം ഇന്നതിന്നതെന്നു്.

7. തടവിൽ—മേഘാന്തർഭാഗത്തു്. മത്തുപിടിപ്പിയ്ക്കുന്ന—സോമരസച്ചേർച്ചയാൽ.

തന്തിരുവടിയ്ക്കായി ഇങ്ങോട്ടുയൎത്തുവിൻ. തണ്ണീരുകളേ, ധന പതികളായ നിങ്ങരം എൻെറ വിളി കേരംക്കുവിൻ! 8

തണ്ണീരുകളേ, രണ്ടിനെയും നല്ലുന്നതും (കർമ്മാംഗത്വം) കൈക്കൊള്ളുന്നതും, മത്തും മതിയും വരുത്തുന്നതും, ഇച്ഛിയ്ക്കുന്നതും, അന്തരിക്ഷത്തിൽ ജനിയ്ക്കുന്നതും, മൂന്നിനെയും വിശാലമാക്കുന്നതു, ചരിയ്ക്കുന്നതും, മേല്പോട്ടു പോകുന്നതും, ഇന്ദ്രൻ നുകരുന്നതുമായ ഋതാംഗത്തെ നിങ്ങരം അയച്ചാലും! 9

ഗോയോദ്ധാവിന്നെന്നപോലെ ബഹുധാരകളോടേ ഒഴുകുന്ന, ചേച്ച് തേടുന്ന, ഭുവനത്തെ പാലിയ്ക്കുന്ന ജനനിമാരായ ഒന്നിച്ചു വളൎത്തുന്ന, ഒന്നിച്ചു വസിയ്ക്കുന്ന തണ്ണീരുകളെ, ഋഷേ, നീ വന്ദിച്ചാലും! 10

നിങ്ങരം ദേവപൂജനത്തിന്നു യാഗം നടത്തുവിൻ; ധനലബ്ധിയ്ക്കു സ്തോത്രം നടത്തുവിൻ; യജ്ഞശകടത്തിലെ അകിടും അഴയ്ക്കുവിൻ. തണ്ണീരുകളേ, നിങ്ങരം ഞങ്ങരംക്കു സുഖം തന്നാലും! 11

തണ്ണീരുകളേ, സ്വത്തിൻെറ ഉടമകളാണല്ലോ, ധനവതികളായ നിങ്ങരം; നല്ല യജ്ഞം, അമൃതം എന്നിവയും നിങ്ങളുടെ പക്കലുണ്ട്. സമ്പത്തിനെയും സത്സന്താനത്തെയും നിങ്ങരം രക്ഷിച്ചുപോരുന്നു. പുകഴ്ത്തിപ്പാടുന്ന എനിയ്ക്കു് ഈ അന്നം സരസ്വതി തരുമാറാകട്ടെ! 12

തണ്ണീരുകളേ, നെയ്യും മധുരജലവുമേന്തി, അധ്വര്യുക്കളാൽ മനസ്സുകൊണ്ടു സംഭാഷണം ചെയ്യപ്പെട്ടു്, ഇന്ദ്രന്നായി വഴിപോലെ

---

8. തരംഗം—ജലസമൂഹം. തന്തിരുവടി—ഇന്ദ്രൻ.

9 രണ്ടിനെയും—ദൃഷ്ടാദൃഷ്ടഫലങ്ങളെ. മത്തും മതിയും—ദേവന്മാൎക്കു്. ഇച്ഛിയ്ക്കുന്നതും—സോമനീരിനോടു ചേരുവാൻ. മൂന്നു്—ത്രിലോകം. ചരിയ്ക്കുന്നതും—യജ്ഞപാത്രങ്ങളാൽ. മേല്പോട്ടു—ദേവന്മാരുടെ അടുക്കലെയ്ക്കു്.

10. ആത്മാവിനോടു്: ഗോയോദ്ധാവു്—ഗോവിന്നു (വെള്ളത്തിന്നു) വേണ്ടി പൊരുതിയ ഇന്ദ്രൻ. ചേച്ച് തേടുന്ന—സോമസമ്പൎക്കം കാംക്ഷിയ്ക്കുന്ന. വളൎത്തുന്ന—സോമത്തെ.

11. ഋത്വിക്കുകളോടു്: സ്തോത്രം നടത്തുവിൻ—ചൊല്ലുവിൻ. അകിടു്—സോമം പിഴിഞ്ഞ തോൽസ്സഞ്ചി. അഴയ്ക്കുവിൻ—നീരു് പാത്രങ്ങളിൽ പകരുവിൻ എന്നൎത്ഥം; അപ്പോരം തോൽസ്സഞ്ചി, കറക്കുന്ന പയ്യിൻെറ അകിടുപോലെ അഴയുമല്ലോ.

12. അമൃതം—മരണരാഹിത്യമെന്ന ഫലം. ഈ അന്നം—എല്ലാസ്സമ്പത്തും.

പിഴിഞ്ഞ് സോമവുമെടുത്തു നിങ്ങരം ഇങ്ങോട്ടു വരുന്നതു ഞാൻ കാണുന്നുണ്ട്! 13

സോമം പിഴിയുന്ന അധ്വര്യക്കളേ, ഇതാ, ജീവജാലത്തെ പോററുന്ന ധനവതികരം വന്നുകഴിഞ്ഞു: സഖാക്കളേ, അപാംനപാത്തുമായി സല്ലപിക്കുന്ന ഇവരെ നിങ്ങരം ഇരുത്തുവിൻ—ദർഭയിൻ ഉപവേശിപ്പിയ്ക്കുവിൻ! 14

തണ്ണീരുകരം ഇച്ഛയോടേ വന്നുചേൎന്നു; യാഗത്തിൽ ദേവന്മാരെ പ്രീതിപ്പെടുത്താൻ ഈ ദർഭയിൽ ഇരുന്നുംകഴിഞ്ഞു. അധ്വര്യക്കളേ, നിങ്ങരം ഇന്ദ്രന്നു സോമം പിഴിഞ്ഞുകൊരംവിൻ: നിങ്ങരംക്കു ദേവയജനം സുസാധ്യമായിരിയ്ക്കുന്നു! 15

സൂക്തം 31.

കവഷൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകരം ദേവത.

സ്തോതാക്കളായ നമുക്കു സ്തോതവ്യനായ യജനീയൻ ഓട്ടക്കാരെല്ലാവരുമൊരുമിച്ച്, രക്ഷിപ്പാൻ ഇവിടെ എഴുന്നള്ളട്ടെ: അവരെക്കൊണ്ടു നാം നല്ല സഖാക്കളുള്ളവരായിത്തീരണം; ദുരിതമൊക്കെ കടക്കണം! 1

മനുഷ്യൻ സർവത്ര സമ്പത്തിച്ഛിയ്ക്കണം; യജ്ഞപഥം പൂക്കു ഹവിസ്സുകൊണ്ടു പരിചരിയ്ക്കണം. സ്വന്തം ഹൃദയംകൊണ്ടു ധ്യാനിയ്ക്കണം—അതിപ്രശസ്യനായ ആത്മാവിനെ അന്തഃകരണംകൊണ്ടു ഗ്രഹിയ്ക്കണം. 2

---

13. ഇങ്ങോട്ടു—ഞങ്ങളുടെ യാഗത്തിലേയ്ക്ക്.

14. ധനവതികരം—തണ്ണീരുകരം. ഇവരെ—തണ്ണീർദ്ദേവിമാരെ.

15. അധ്വര്യക്കളോട്: ഇച്ഛയോടേ—സോമരസത്തോടു ചേരാൻ കാംക്ഷിച്ച്.

സൂക്തം 31.

1. യജനീയൻ—ഇന്ദ്രൻ. ഓട്ടക്കാർ—മരുത്തുക്കരം.

2. പരിചരിയ്ക്കണം—ദേവന്മാരെ.

എപ്പെട്ടത്തിയ യാഗത്തിലെ തൃപ്തികരങ്ങളായ പങ്കുകൾ, തീർത്ഥത്തിലേവപോലെ, ഉൽകൃഷ്ടജന്മാക്കളായ ദർശനീയരിൽ ചെന്നെത്തും; അങ്ങനെ നാം സ്വർഗ്ഗാദിസുഖം നേടുമാറാകണം; അമൃതരെ ശരിയ്ക്കറിഞ്ഞവരുമാകണം! 3

ധനങ്ങളുടെ ഉടമസ്ഥനും ദാനശീലനുമായ നിത്യൻ കനിയുക : ഏവന്നു സവിതൃദേവൻ ഇഷ്ടം ഉല്പാദിപ്പിച്ചുവോ, സ്തുതിയ്ക്കപ്പെട്ട ഭഗനും അര്യമാവും വെളിപ്പെടുത്തുമോ; അവന്നു മററു മനോഹരരും തന്നരുളുമാറാകണം! 4

കീർത്തിമാന്മാർ കെല്ലോടേ വന്നണയുന്ന ഈ സ്തുതി, ഉഷസ്സുകൊണ്ടു ഭൂമിപോലെ പ്രാപ്യയായിബ്ഭവിയ്ക്കട്ടെ: ഈ സ്തോതാവിന്റെ സ്തോത്രം യാചിച്ചുകൊണ്ടു, സുഖകരരായ ഋഭുക്കൾ നമ്മുടെ അടുക്കൽ വന്നെത്തട്ടെ! 5

ഈ പഴയ നല്ല സ്തുതി പെരുകി, പരന്നാണ്, അവരുടെ അടുക്കലെയ്ക്കു നടക്കുന്നതു്. അവർ ഒപ്പം ഈ ബലവാന്റെ പുഷ്ടികരമായ സാധാരണസ്ഥാനത്തു (ഫലം) കയ്യിലെടുത്തു വന്നെത്തട്ടെ! 6

അവരുടെ രക്ഷയിൽ ശരിയ്ക്കു നില്ക്കുന്ന നിർജ്ജരകളായ ദ്യാവാപൃഥിവികളെ ചെത്തിയുണ്ടാക്കിയതു് ഏതിൽനിന്നോ, ആ മരം ഏതായിരിയ്ക്കും? കാടേതായിരിയ്ക്കും? വളരെ പുലരികൾ, പകലുകൾ എന്നിവയെയും എവർ ഉണ്ടാക്കിയോ, അവർ സ്തുതിയ്ക്കപ്പെടുന്നു! 7

---

3. പങ്കുകൾ——ഹവിർഭാഗങ്ങൾ. തീർത്ഥത്തിലേവപോലെ——ഗംഗാദികളിൽ തപ്പിയ്ക്കപ്പെട്ട ജലത്തിന്റെ അംശങ്ങൾപോലെ. ദർശനീയരിൽ——ദേവന്മാരിൽ. അമൃതർ——ദേവന്മാർ.

4. നിത്യൻ——പ്രജാപതി. ഇഷ്ടം——ദൃഷ്ടാദൃഷ്ടഫലം. അവന്നു——യജമാനന്നു്. മനോഹരർ——ദേവന്മാർ. തന്നരുളുമാറാകണം——ദൃഷ്ടാദൃഷ്ടഫലം.

5. കീർത്തിമാന്മാർ——ദേവന്മാർ. ഈ——നമ്മുടെ. ഉഷസ്സുകൊണ്ടു——നേരം പുലന്നാൽ, ഭൂമി എല്ലാവൎക്കും പ്രാപ്യയാകുമല്ലോ. പ്രാപ്യ——ദേവന്മാൎക്ക്. ഈ സ്തോതാവിന്റെ——എന്റെ. യാചിച്ചുകൊണ്ടു——ഇനിയും ചൊല്ലു എന്നപേക്ഷിച്ചുകൊണ്ടു്, കേൾക്കാൻ അതികൌതുകത്തോടേ.

6 സ്തുതിയ്ക്കു നദീത്വം വ്യഞ്ജിയ്ക്കുന്നു. അവർ——ദേവന്മാർ. ഈ ബലവാന്റെ——സന്താനബലമുള്ള എന്റെ. സ്ഥാനത്തു——യജ്ഞത്തിൽ. ഫലം——ഞങ്ങൾക്ക തരാൻ.

7. നിർജ്ജരകൾ——പഴക്കം പററാത്ത. അവർ——ദേവന്മാർ.

ഇവ ല്ല, ഇവരിലും മീതെ മററൊരാളുണ്ട്: ആ സ്രഷ്ടാവത്രേ, ദ്യാവാപൃഥിവികളെ നിർത്തുന്നത്. ഈ സൂര്യനെ പച്ചക്കതിരകൾ വഹിച്ചുതുടങ്ങുന്നതിന്നുമുമ്പുതന്നെ, ആ ബലവാൻ സ്വശരീരത്തെ ഉജ്ജ്വലിപ്പിച്ചിരിയ്ക്കുന്നു! 8

കതിരോൻ പരന്ന പാരിനെ, കവിയ്ക്കാറില്ല; വായു മഴ മുഴവൻ മന്നിൽ പെയ്യാറില്ല. മിത്രനും വരുണനും ആരാൽ ഉല്ലാദിപ്പിക്കപ്പെട്ടു, കാട്ടിൽ തീയ്യുപോലെ കത്തിജ്ജ്വലിയ്ക്കുന്നുവോ, (അവനെ ഞാൻ സ്തുതിയ്ക്കുന്നു). 9

പേറുനിന്ന പയ്യു പൊട്ടുന്നനെ രേതസ്സേകത്താൽ പെറുന്നു: ഇടയനെ വശത്താക്കിയ അവൾ നോവേററ്, നോവകററുന്നു. പഴയ മകൻ രണ്ടമ്മമാരിൽനിന്നു പിറക്കുമ്പോൾ, ഭൂമി അന്വേഷിയ്ക്കപ്പെടുന്ന ശമിയെ വെളിപ്പെടുത്തും. 10

കണ്വൻ നൃഷത്തിൻെറ പുത്രനത്രേ. ആ കൃഷ്ണവർണ്ണൻ അന്നംകൊണ്ടു ധനം വാങ്ങി: ആ കൃഷ്ണന്നു തിളങ്ങുന്ന അകിട് ഒഴുക്കിക്കൊടുത്തു; ഇതുപോലെ ആരും അദ്ദേഹത്തിൻെറ യാഗത്തെ തഴപ്പിച്ചിട്ടില്ല! 11

---

8. മററൊരാൾ—ഹിരണ്യഗർഭൻ. മുമ്പുതന്നെ—ജഗൽസൃഷ്ടിയ്ക്കുമുമ്പുതന്നെ എന്നർത്ഥം.

9. കവിയ്ക്കാറില്ല—അതിരിൽ നില്ക്കും. മുഴവൻ—വേണ്ടതിലധികം. അവനെ—പ്രജാപതിയെ.

10. ശമി (വന്നിമരം) അരയാലിനെ ഉല്ലാദിപ്പിയ്ക്കുന്നു; അരയാലിന്മേൽനിന്ന് അരണികൾ കൊണ്ടുവന്ന് ഋത്വിക്കുകൾ അഗ്നിയെ ഉണ്ടാക്കുന്നു. ഇതാണ്, ഈ ഋക്കിലെ പ്രതിപാദ്യം: പയ്യ്—ശമി. പെറുന്നു—അരയാലിനെ. ഇടയൻ—ത്വഷ്ടാവ്. നോവകററുന്നു—അരണിയന്വേഷിയ്ക്കുന്ന ഋത്വിക്കുകളെ സുഖിപ്പിയ്ക്കുന്നു. പഴയ മകൻ—പുരാതനനായ അഗ്നി. രണ്ടമ്മമാർ—അരണികൾ. അന്വേഷിയ്ക്കപ്പെടുന്ന – ഋത്വിക്കുകളാൽ.

11. കണ്വൻ—ഋഷി. നൃഷത്ത്—പേര്. അന്നംകൊണ്ടു—ഹവിസ്സു ഹോമിച്ച്. ധനം വാങ്ങി—അഗ്നിയുടെ പക്കൽനിന്ന്: ഇതിൻെറ വിവരണമാണ്, അടുത്ത വാക്യം: തിളങ്ങുന്ന അകിട്—ജ്വാലാജാലം. ഒഴുക്കിക്കൊടുത്തു—പയ്യിൻെറ അകിട് പാൽ കൊടുക്കുന്നതുപോലെ, അഗ്നി ആ കൃഷ്ണന്നു (കറുത്ത കണ്വന്നു) ധനം ധാരാളം നല്കി. ഇതുപോലെ—അഗ്നി ചെയ്യുതിൻവണ്ണം.

സൂക്തം 32.

ഋഷിദേവതകൾ മുമ്പേത്തവ; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ.

ഇന്ദ്രൻ ധ്യാനിയ്ക്കുന്നവന്റെ യാഗത്തിലെയ്ക്കു തെളിയ്ക്കട്ടെ—
സൽപഥത്തിലൂടേ സമീപിയ്ക്കുന്നവന്റെ സദസ്സുകളിലെയ്ക്കെഴുന്ന
ള്ളട്ടെ. നമ്മുടെ രണ്ടും താൻ സ്വീകരിയ്ക്കട്ടെ: സംസ്കൃതസോമന്റെ
അന്നത്തിന്റെ സ്വാദു് തനിയ്ക്കറിയാമല്ലോ! 1

ഇന്ദ്ര, ബഹുസ്തുത, അങ്ങു് ദിവ്യജ്യോതിസ്സുകളിലും ഭൂലോ
കങ്ങളിലും വ്യാപിച്ചരുളുന്നു. അങ്ങയെ കൂടെക്കൂടെ യജ്ഞങ്ങളി
ലെയ്ക്കു കൊണ്ടുവരുന്നതേവയോ, അവ നിർദ്ധനരായ സ്തോതാക്ക
ളിൽ വന്നെത്തട്ടെ! 2

മകന്നു് അച്ഛനമ്മമാരിൽനിന്നു ജനനസിദ്ധമായ യാതൊന്നു
കിട്ടുന്നുവോ, സുന്ദരത്തെക്കാൾ സുന്ദരമായ അതുതന്നെ എനിയ്ക്കു
കനിഞ്ഞരുളട്ടെ: ഭാര്യ ഭർത്താവിനെ വിളിച്ചു വരുത്തും; പുരു
ഷൻ നല്ലതും പരിഷ്കൃതവും തന്നെ കൊടുക്കും. 3

യാതൊന്നിൽ സ്തുതികൾ, ധേനുക്കൾ തൊഴുത്തിനെയെന്ന
പോലെ നേരുന്നുവോ, ആ യാഗത്തെത്തന്നേ നിന്തിരുവടി ഭംഗി
യിൽ ശോഭിപ്പിച്ചാലും: കൂട്ടത്തിൽ ഒന്നാമത്തതു്, അർച്ചകന്റെ
സ്തുതിയാണല്ലോ; ആളുകൾ ഏഴുഛന്ദസ്സിലും ശബ്ദം മുതിക്കുന്നുണ്ടു്! 4

സൂക്തം 32.

1. ധ്യാനിയ്ക്കുന്നവന്റെ—എന്റെ. തെളിയ്ക്കട്ടെ—ഹരികളെ. സദസ്സു
കൾ—ഹവിസ്സുകൾ. രണ്ടും—ഹവിസ്സും സ്തോത്രവും. സംസ്കൃതസോമന്റെ—
സോമമൊരുക്കിയ എന്റെ. അന്നം—സോമരസം.

2. അവ—അശ്വങ്ങൾ. സ്തോതാക്കളിൽ—ഞങ്ങളുടെ അടുക്കൽ.

3. അതു—ധനം. കനിഞ്ഞരുളട്ടെ—ഇന്ദ്രൻ. ഭാര്യ—അതുപോലെ,
ഞാൻ അങ്ങയെ വിളിച്ചു വരുത്തുന്നു; അങ്ങു് എനിയ്ക്കു നല്ലതും പരിഷ്കൃതവും
തന്നെ തരുമാറാകണം. പുരുഷൻ—ഭർത്താവു്.

4. നേരുന്നു—ഇന്ദ്രാഗമനത്തെ. കൂട്ടം—യഷ്ടൃസ്തോതൃഗണം. ശബ്ദം—
സ്തുതി. അതിനാൽ. വേഗൻ വേഗം വന്നാലും എന്നർത്ഥം.

ഒരു ദേവകാമൻ നിങ്ങളുടെ സ്ഥാനത്ത് എത്തിയിരിയ്ക്കുന്നു. ഒരാൾ രുദ്രപുത്രന്മാരോടുകൂടി സത്വരം വരും. സ്തുതിയും എവരെ ദാതാക്കളാക്കുമോ, ആ രക്ഷകരായ അമർത്ത്യന്മാർക്കു നിങ്ങൾ സോമം നനയ്ക്കുവിൻ! 5

അഗ്നേ, പ്രതിഷ്ഠിയ്ക്കപ്പെട്ടു. തണ്ണീരിൽ മറഞ്ഞ ഭവാനെ ദേവകർമരക്ഷകനായ ഇന്ദ്രൻ എനിയ്ക്കു പറഞ്ഞുതന്നിരിയ്ക്കുന്നു: ആ അഭിജ്ഞൻ പിന്തുർടന്നു കണ്ടെത്തിയല്ലോ. അദ്ദേഹത്തിന്റെ ഉപദേശത്താലാണ് ഞാൻ പോകുന്നത്. 6

വഴിയറിയാത്തവൻ വഴിയറിയുന്നവനോടു ചോദിയ്ക്കും; വഴിയറിയുന്നവനാൽ ഉപദേശിയ്ക്കപ്പെട്ടിട്ടു പോവുകയും ചെയ്യും. വളവില്ലാത്ത നേർവഴി കിട്ടുകതന്നെയാണ്, ഉപദേശത്തിന്റെ നന്മ! 7

വസു ഉയിർക്കൊണ്ടതോടേ ദിവസങ്ങളെ കൊണ്ടുവരാൻ തുടങ്ങി; തേജഃപരിവൃതനായിട്ട് അമ്മയുടെ മുല കുടിച്ചു. സ്തോത്രം ഈ യുവാവിനെ ചുഴന്നു; താൻ അരിശപ്പെടാതെ നന്മനസ്സു പൂണ്ടു! 8

കലശവംശ്യനായ കുരുശ്രവണ, ധനദാതാവായ ഭവാനുവേണ്ടി ഞങ്ങൾ ഇതാ, നല്ലവ ചെയ്യാം: ധനവാനേ, തന്തിരുവടിയും, ഞാൻ ഹൃദയത്തിൽ വഹിയ്ക്കുന്ന ഈ സോമവും ഭവാനു (സമ്പത്തു) നല്കട്ടെ! 9

ഏഴാമധ്യായം സമാപ്തം

---

5. യജമാനരോട്; ഒരു ദേവകാമൻ—ഹോതാവ്, അഗ്നി — ഒരാൾ—ഇന്ദ്രൻ. രുദ്രപുത്രന്മാർ—മരുത്തുക്കൾ സ്തുതിയും എവരെ ദാതാക്കളാക്കുമോ—എവർ സ്തോതാക്കൾക്ക് അഭീഷ്ടം നൽകുമോ.

6. പ്രതിഷ്ഠിയ്ക്കപ്പെട്ടു—കുരുശ്രവണന്റെ യജ്ഞത്തിൽ. കണ്ടെത്തി. മറഞ്ഞ ഭവാനെ. ഉപദേശത്താൽ—ഈ വഴിയ്ക്കു പോയാൽ സ്വർഗ്ഗത്തിലെത്താമെന്ന ഉപദേശത്താൽ.

8. വസു—അഗ്നി. ഉയിർക്കൊള്ളുക—അരണിമഥനത്താൽ ചേഷ്ടിയ്ക്കുക. ദിവസങ്ങൾ—സോമയാഗനാളുകൾ. അമ്മ—ഭൂമി. മുല—സോമാദിഹവിസ്സ്. ഈ യുവാവ്—അഗ്നി.

9. കുരുശ്രവണൻ—കലശകുലത്തിലെ ഒരു രാജാവ്, ത്രസദസ്യുവിന്റെ പുത്രൻ. നല്ലവ—ഹവിസ്സംഭരണവും സ്തോത്രവും. തന്തിരുവടി—ഇന്ദ്രൻ. കുരുശ്രവണന്റെ പുരോഹിതനാണ്, ഈ കവഷർഷി.

എട്ടാമധ്യായം

സൂക്തം 33.

കവഷൻ ഋഷി, ത്രിഷ്ടുപ്പും ബൃഹതിയും സതോബൃഹതിയും
ഗായത്രിയും ഛന്ദസ്സുകൾ; വിശ്വേദേവകളും ഇന്ദ്രനും
ദാനവും സാന്ത്വനവും ദേവതകൾ.

ആളുകളെ പ്രവർത്തിപ്പിയ്ക്കുന്ന വിശ്വേദേവന്മാർ എന്നെ അയ
ച്ചു; ഞാൻ ഇടയ്ക്കു പൂഷാവിനെ തുണയ്ക്കുകൂട്ടി. അവർ എന്നെ രക്ഷി
ച്ചു. 'ശാസിയ്ക്കാവല്ലാത്തവൻ വരുന്നു' എന്നൊരു ഘോഷം
പൊങ്ങി! 1

എന്നെ രണ്ടുവശത്തും വാരിയെല്ലുകൾ, സപത്നിമാർപോലെ
സങ്കടപ്പെടുത്തുന്നു; വല്ലായ്മയും, വസ്ത്രമില്ലായ്മയും, ചടപ്പും
വലയ്ക്കുന്നു; ഹൃദയം പക്ഷിയുടേതെന്നപോലെ കിടുകിടുക്കുന്നു! 2

ശതക്രതോ, മഘവാവേ, ഇന്ദ്ര, എലികൾ നനഞ്ഞ നൂലിനെ
പ്പോലെ, ആധികൾ എന്നെ കരണ്ടുതിന്നുന്നു: നിന്തിരുവടി ഞങ്ങ
ളെ ഒരിയ്ക്കൽ സുഖിപ്പിച്ചാലും; ഞങ്ങൾക്ക് അച്ഛനെപ്പോലാ
യാലും! 3

ഋഷിയായ ഞാൻ ഋത്വിക്കുകൾക്കുവേണ്ടി, അത്യുദാരനും ത്ര
സദസ്യുപുത്രനുമായ കുരുശ്രവണനെന്ന രാജാവിനോടു യാചിച്ചു. 4

അദ്ദേഹത്തിന്റെ മൂന്നു കുതിരകൾ തേരിൽക്കേറിയ എന്നെ
ശരിയ്ക്കു കൊണ്ടുപോരികയായി. ആ ആയിരം ദക്ഷിണകളെ ഞാൻ
പുകഴ്ത്തുന്നു. 5

സൂക്തം 33.

1. ആളുകളെ—യഷ്ടാക്കളെ. അയച്ചു—കുരുശ്രവണന്റെ അടുക്കലെയ്ക്കു്. ഇടയ്ക്കു—മാർഗ്ഗമധ്യേ. അവർ—വിശ്വേദേവന്മാർ. ശാസിയ്ക്കാവല്ലാത്തവൻ—ആരുടെയും ആജ്ഞയിൽ നില്ക്കാത്ത കവഷൻ.

2. വാരിയെല്ലുകൾ—പട്ടിണിയാൽ പൊന്തിയവ. ഇടത്തും വലത്തും ഭാര്യമാരുണ്ടായാൽ, ഒരുവന്റെ കഷ്ടപ്പാടെന്തായിരിയ്ക്കും! വല്ലായ്മ—പഞ്ഞപ്പാട്. പക്ഷിയുടേതെന്നപോലെ—വേടനെ പേടിയ്ക്കുന്ന പക്ഷിയുടെ ഹൃദയംപോലെ.

4. യാചിച്ചു—ധനം.

5. കുരുശ്രവണൻ എനിയ്ക്കു മൂന്നു കുതിരകളെ പൂട്ടിയ ഒരു തേരും വളരെ ധനങ്ങളും തന്നു.

'ഉപമശ്രവസ്സിൻെറ അച്ഛൻ സംസാരിയ്ക്കുന്നതു, ദരിദ്രന്നു വയൽപോലെ രമണീയവും ആസ്വാദ്യവുമായിരുന്നു! 6

ഉണ്ണി, ഉപമശ്രവസ്സേ, മിത്രാതിഥിയുടെ മകനേ, വരു: ഞാൻ അങ്ങയുടെ അച്ഛനെ സ്തുതിയ്ക്കാം! 7

അമരണത്തിന്നോ മരണത്തിന്നോ ഞാൻ ആളാകുമായിരുന്നു വെങ്കിൽ, എൻെറ ധനവാൻ ജീവിച്ചിരിയ്ക്കുമായിരുന്നു! 8

ദേവകല്പിതം ലംഘിച്ച് നൂറുവയസ്സുകാരനും ജീവിയ്ക്കില്ല; കൂട്ടുകാരോടു വേർപെടുകതന്നെ ചെയ്യും!' 9

സൂക്തം 34.

കവഷനോ, മുജവൽപുത്രൻ അക്ഷനോ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ചൂക്കിണികളും കൃഷിയും ദേവതകൾ.

(കാകളി.)

വെള്ളം പലകതൻ ചായ്വിലുരുളുന്ന
ചൂക്കിണിയെന്നെ മയക്കുന്നു, മേദുരം—
നിദ്രാഹരം താന്നി, മൌജവതേന്ദുനീർ—
ബ്ഭുക്തിപോലെത്രയും മത്തേകിടുന്നു, മേ! 1
ശുണ്ഠിയെടുക്കില്ല; ലജ്ജിയ്ക്കുകില്ലിവ;—
ളുണ്ടാക്കുമേ, സുഖം മിത്രയ്ക്കെ,നിയ്ക്കുമേ —

---

6. ഋഷി പിന്നീട്, അച്ഛൻ മരിച്ച ഉപമശ്രവസ്സിനെ സമാശ്വസിപ്പിയ്ക്കുന്നു: ഉപമശ്രവസ്സ്——ഒരു രാജാവ്. അച്ഛൻ——മിത്രാതിഥി.

8. ജീവിച്ചിരുത്താനും മരിപ്പിയ്ക്കാനും ഞാനാളല്ലല്ലോ; ആയിരുന്നുവെങ്കിൽ, എൻെറ ധനവാനെ——എനിയ്ക്കു ധനം നല്കുന്ന ഭവൽപിതാവായ മിത്രാതിഥിയെ——ഞാൻ ജീവിപ്പിയ്ക്കുമായിരുന്നു.

9. വ്യസനിയ്ക്കരുതെന്നു സാരം.

സൂക്തം 34.

1. മേദുരം ചൂക്കിണി——കനത്ത ചൂക്കിണികൾ, അക്ഷങ്ങൾ. താന്നി——താന്നിക്കുരുകൊണ്ടത്രേ, ചൂക്കിണി. മൌജവതേന്ദുനീർഭുക്തി——മുജവൽപർവതത്തിലെ ഇന്ദുവിൻെറ (സോമത്തിൻെറ) നീർ കുടിയ്ക്കൽ. ഈ സോമത്തിന്നു മദകരത്വം കൂടുമായിരിയ്ക്കാം. നിദ്രാഹരം——ചൂതുകളിക്കാരന്നു വിചാരംമൂലം ഉറക്കം ശരിയ്ക്കു വരില്ല.

ചൂതൊന്നിനായ്‌ ഞാൻ വെടിഞ്ഞുവല്ലോ. മതി -
ഭേദം ഭവിയ്ക്കാതെ മേവിന പത്നിയെ! 2

ശ്വശ്രു വെറുക്കുന്നു, പത്നി ചെറുക്കുന്നു;
പിച്ച ചോദിച്ചാൽക്കൊടുക്കില്ലൊ,രുത്തനും;
വിററഴിയ്ക്കേണ്ടും കിഴട്ടുകുതിരയ്ക്കു
കൊറെറങ്ങു കിട്ടും? കിതവന്നുമേവമാം! 3

കെല്പുററ ചൂക്കിണിയ്ക്കാർതൻ ധനം വേണ,—
മപ്പുമാൻതൻ പത്നിയന്യരാൽ സ്പൃഷ്ടയാം!
തായ്‌താതസോദരർ ചൊല്ലു:—'ഞെങ്ങളറിക്കിവ—
നേതോ നരൻ; കൊണ്ടുപോയ്ക്കൊൾക, ബദ്ധനെ!' 4

'ഇന്നിക്കളിയ്ക്കില്ലി,വകൊണ്ടു ഞാൻ: കൂട്ടർ
വന്നാലൊഴിഞ്ഞുതാൻ നില്ക്കു'മെന്നോർക്കവേ
അക്കരാൽച്ചൂക്കിണിയൊച്ച കേട്ടാൽ സ്ഥല—
ത്തെയ്ക്കു നടക്കയായ്, സ്വൈരിണിപോലെ ഞാൻ! 5

'വെല്ലുവനെ'ന്ന ചോദ്യത്തോടും കൊട്ടിലിൽ—
ച്ചെല്ലുന്നു, ചൂതാളി മിന്നുന്ന മെയ്യുമായ്‌;

---

2. ലജ്ജിയ്ക്കുകില്ല——നാണംകുണുങ്ങിനില്ക്കാതെ ഗൃഹകൃത്യങ്ങൾ നടത്തും. മിത്രർക്കു സുഖം ഉണ്ടാക്കും——എന്റെ സ്നേഹിതന്മാരെ യഥോചിതം സൽക്കരിയ്ക്കും. മതിഭേദം ഭവിയ്ക്കാതെ——ഭാവപ്പകർച്ച, പിണക്കം, വരാതെ.

3. ശ്വശ്രു——ഭാര്യയുടെ അമ്മ. വിററഴിയ്ക്കാൻ നിർത്തിയ മുത്തൻകുതിരയ്ക്കു് ആരാനും തീററ കൊടുക്കുമോ? കിതവനും (ചൂതുകളിക്കാരനും) ഏവമാം——ഇങ്ങനെതന്നെ; ആഹാരം എങ്ങും കിട്ടില്ല.

4. ചൂക്കിണിയാൽ അപഹൃതധനനായ പുരുഷന്റെ പത്നി പരന്മാരാൽ (എതിർകിതവന്മാരാൽ) അവമാനിയ്ക്കപ്പെട്ടേയ്ക്കും. ജയിച്ചവർ തോററവനെ (പണം കിട്ടാൻ) ബന്ധിച്ചുകൊണ്ടുചെന്നാൽ, അവന്റെ അമ്മയച്ഛന്മാരും സോദരരും, 'ഞങ്ങൾ ഇവനെ അറിയില്ല; കൊണ്ടുപോയ്ക്കൊൾക' എന്നു പറഞ്ഞൊഴിയും.

5. ഇവ——ചൂക്കിണികൾ. കുരാൽ——തവിട്ടുനിറമാർന്ന. സ്ഥലത്തെയ്ക്കു——ചൂതുകളിപ്പുരയിലെയ്ക്കു്. സ്വൈരിണിപോലെ——അഭിസാരിക ജാരസങ്കേതത്തിലെയ്ക്കു പോകുന്നതുപോലെ.

6. 'ഞാൻ ജയിയ്ക്കാം, ഇവിടെ പണക്കാരനാരുള്ളു' എന്നു ചോദിച്ചുകൊണ്ടു ചൂതാളി (കിതവൻ) കൊട്ടിലിൽ (കളിപ്പുരയിൽ) ചെല്ലുന്നു. മിന്നുന്ന മെയ്യുമായ്

അങ്ങെതിരാളിയ്ക്കു ചെയ്തതു കാണിച്ചു
തുംഗമാക്കുന്നു, തൽക്കാംക്ഷയെച്ചുക്കിണി! 6

തോട്ടി വെയ്ക്കും, തുലോം കുത്തു,മരിഞ്ഞിടും,
നീററു,മെരിയ്ക്കും—കരുക്കളിനിപ്പൊടേ
ഉണ്ണിയെ നല്കുന്നു, വെന്ന ചൂതാളിയ്ക്കു;
പിന്നെയും കൊല്ലുന്നു, തട്ടിപ്പറികളാൽ! 7

തത്തുന്നു, മൂന്നൊടൊത്തമ്പതുചുക്കിണി,
സത്യനാം ദേവൻ സവിതാവുപോലവേ:
കുമ്പിടില്ല,ഗ്രന്റെ കോപത്തിനുമിവ;
തമ്പുരാൻപോലുമിവയെ വണങ്ങുമേ! 8

താഴേ കിടക്കിലും മീതെയുരുണ്ടിടും;
കീഴമർത്തീടു,മഹസ്തർ സഹസ്തരെ;
ദാരുമേൽ വീണാ വിയൽക്കരിക്കട്ടകൾ
നീറിയ്ക്കുമേ മനം, ശീതങ്ങളെങ്കിലും! 9

എങ്ങോ നടക്കുന്ന ചൂതാളിതൻ പത്നി
മുങ്ങുന്നു മാലിൽ, മകനെയോർത്തമ്മയും!

യ്—കനകരത്നാഭരണങ്ങളണിഞ്ഞ്. ചെയ്തതു—വിജയം വരുത്തിയതു്. തൽക്കാംക്ഷയെ, ചൂതാളിയുടെ ധനാശയെ, തുംഗമാക്കുന്നു—പൊന്തിയ്ക്കുന്നു. വളർത്തുന്നു. എതിരാളി യജിച്ചതുപോലെ താനും ജയിയ്ക്കുമെന്ന്, ഇയ്യാൾ തുലോം കൊതിയ്ക്കുന്നു. അങ്ങനെ കളി തുടങ്ങുന്നു; പണ്ടങ്ങൾ ഓരോന്നായി പണയംവെയ്ക്കുന്നു.

7. തോൽവിയെയും വിജയത്തെയും പ്രതിപാദിയ്ക്കുന്നു: കരുക്കൾ (ചുക്കിണികൾ) തോററവനെ തോട്ടി വെച്ചാലത്തെ വേദനയും മററും അനുഭവിപ്പിയ്ക്കും. നേരേമറിച്ചു, ജയിച്ച ചൂതാളിയ്ക്ക് ഇനിപ്പൊടേ (മധുര്യത്തോടുകൂടി) ഉണ്ണിയെ നല്കുന്നു; അയാളെ സുഖിതനും ധനികനുമാക്കുന്നു. എന്നാൽ, വീണ്ടും പണമെല്ലാം തട്ടിപ്പറിച്ച്. അയാളെ മൃതപ്രായനാക്കുന്നു.

8. അമ്പത്തിമൂന്നു താന്നിക്കുരുച്ചുക്കിണികൾ എറിഞ്ഞുരുട്ടുന്ന ഒരുതരം കളിയാണിതു്. സവിതാവുപോലവേ—സൂര്യൻ ആകാശത്തു വിഹരിയ്ക്കുന്നതുപോലെ. ഇവ—ചുക്കിണികൾ.

9. മീതെ—പരാജയഭീതരായ ചൂതാടികളുടെ ഹൃദയത്തിന്മുകളിൽ. അഹസ്തർ—കയ്യില്ലാത്ത ചുക്കിണികൾ. സഹസ്തരെ—കയ്യുള്ള കളിക്കാരെ. ദാരു—പലക. ആ വിയൽക്കരിക്കട്ടകൾ—ആകാശത്തുനിന്നു വീണ കരിക്കട്ടകൾപോലുള്ള ചുക്കിണികൾ. ശീതങ്ങളെങ്കിലും, മനം (ചൂതാളികളുടെ ഹൃദയത്തെ പരാജയസന്താപത്താൽ) നീറിയ്ക്കും.

പേടിച്ചുകൊണ്ടു, കടം വീട്ടുവാൻ ധനം
തേടിപ്പരാലയം പൂക,മല്ലിലവൻ! 10

അന്യന്റെ പത്നിയെ, ച്ചാരുഗൃഹത്തെയും
കണ്ണിനാൽക്കണ്ടു ചൂതാളിയഴൽപ്പെട്ടും;
പൂട്ടും, കുരാൽത്തുരംഗങ്ങളെക്കാലത്തു;
ചേട്ടയേററോനഥ തീയ്ക്കൽ വീഴും നിശി! 1

നിങ്ങൾതൻ വൻഗണത്തിന്നെവൻ സേനാനി,
നിങ്ങൾതൻ വർഗ്ഗത്തിനാരൊരു തമ്പുരാൻ,
കൈതൊഴാ,മായാൾക്ക—കാശിറക്കില്ല, നേ-
രോതുവൻ, പത്തും കിഴക്കോട്ടു നീട്ടി ഞാൻ! 12

ചൂതാടൊലാ ധൂർത്ത, ചെയ്ക കൃഷിതന്നെ,-
യാദരം പൂണ്ടു,ധനത്താൽസ്സുഖിയ്ക്ക, നീ:
ഗോക്കളതി,ലതിൽപ്പത്നി—യെന്നോടിതു
നേർക്കോതിനാനി,സ്സവിതാവുടയവൻ! 13

അൻപുകൊൾവിൻ, സുഖിപ്പിയ്ക്കുവിനെങ്ങളെ,
വമ്പിച്ച മുഷ്കോടടുക്കായ്‌വിനെങ്ങളിൽ:
നിങ്ങൾതൻ ക്രോധമമിത്രനിൽച്ചെല്ലട്ടെ—
യിങ്ങവനെക്കുടുക്കട്ടേ, കുരാലുകൾ! 14

---

10. എങ്ങോ നടക്കുന്നു—ചൂതാളി മുതലൊക്കെ മുടിഞ്ഞ്, അലഞ്ഞുനടക്കുന്നു; അവന്റെ പത്നിയും, മകനോടു വേർപെട്ട അമ്മയും മാലിൽ മുങ്ങുന്നു. പരാലയം, അന്യഗൃഹം, പൂകും—കക്കാൻ.

11. അഴൽപ്പെടും—തനിയ്ക്കു ഭാര്യയുമില്ല, നല്ല ഗൃഹവുമില്ല എന്നു ദുഃഖിയ്ക്കും. കാലത്തു—നേരംപുലർന്നാൽ, കുരാൽത്തുരംഗങ്ങളെ (തവിട്ടുനിറച്ചുക്കിണികളെ) പൂട്ടും, എടുത്തു കളിപ്പാൻ പോകും. ചേട്ടയേററോൻ—അലക്ഷ്മി പിടിച്ചവൻ. നിശി=രാത്രിയിൽ തീയ്ക്കൽ വീഴും—പുതയ്ക്കാൻ ഒരു കഷ്ണം തുണിപോലുമില്ലായ്കയാൽ തണുത്തുവിറച്ചു, വല്ലേടത്തും തീയ്യിന്നരികിൽ കിടക്കും.

12. പശ്ചാത്താപം പൂണ്ടു കിതവൻ ശപഥം ചെയ്യുന്നു. കാശിറക്കില്ല—മേലിൽ ചൂതുകളിയ്ക്കു്. പത്തും (പത്തു കൈവിരലുകളും, രണ്ടു കൈപ്പടങ്ങളും) കിഴക്കോട്ടു നീട്ടി ഞാൻ നേരോതുവൻ—സത്യം പറയുന്നു.

13. ഗോക്കളതില,തിൽപ്പത്നി—കൃഷി ചെയ്താൽ ഗോക്കളെ കിട്ടും; പത്നിയെക്കിട്ടും: വേണ്ടതൊക്കെ കിട്ടും. ഉടയവൻ—ഈശ്വരൻ.

14. ചുക്കിണികളോട്: അമിത്രനിൽ—ഞങ്ങളുടെ വൈരിയിൽ. നാലാം പാദം പരോക്ഷം: കുരാലുകൾ—ചുക്കിണികൾ. അവനെ വൈരിയെ.

സൂക്തം 35.

പ നാകപുത്രൻ ലുശൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
വിശ്വേദേവകൾ ദേവത.

(കാകളി.)

ആയിന്ദ്രബന്ധുക്കളഗ്നികളുജ്ജ്വല-
ശ്രീയൊടും പള്ളിയുണൎന്നാർ, പുലൎച്ചയിൽ:
തുംഗവാന്നുഴികൾ കൎമ്മമറിയട്ടെ!-
യെങ്ങളിന്നമ്പരോടൎത്ഥിപ്പൂ, രക്ഷണം; 1

അൎത്ഥിപ്പൂ രക്ഷണം വാന്നുഴികളൊടു;-
മത്താൎയ്യുള്ളാറുകൾ, ശൎയ്യണാവൽഗിരി,
മിത്രനുഷസ്സിവർ കുററമകററട്ടെ;
ഭദ്രം തരട്ടേ, പിഴിഞ്ഞ സോമമിഹ! 2

കുററം വരാതെ രക്ഷിയ്ക്കട്ടെ, ഞങ്ങളെ-
ത്തുഷ്ടി ചേൎത്തിന്ന വൻതായ്യർ വാന്നുഴികൾ;
ഭംഗമംഹസ്സിനേകട്ടേ, തെളിയുഷ-
സ്സേ;-ങ്ങളൎത്ഥിപ്പൂ, ദീപ്താഗ്നിയോടക്ഷയം. 3

ധ്വസ്ത്രാഘയിപ്പരമാഢ്യ പുലരട്ടെ,
ഭക്തരാമെങ്ങൾക്ക വിണ്ണിലെ സ്വത്തിനായ്;
എങ്ങളകററാവൂ, ദുഷ്പ്രഭുവിൻ ക്രോധ;-
മെങ്ങളൎത്ഥിപ്പൂ, ദീപ്താഗ്നിയോടക്ഷയം. 4

സൂക്തം 35.

1. അഗ്നികൾ—ആഹവനീയാദികൾ. തുംഗകൾ—മഹതികൾ.

2. അത്തായ്യുള്ളാറുകൾ—ആ മാതാക്കളായ നദികൾ. ശൎയ്യണാവൽഗിരി—ശൎയ്യണാവത്തെന്ന സരസ്സിന്നരികത്തുള്ള പൎവ്വതങ്ങൾ. മിത്രൻ = സൂര്യൻ. കുററമകററട്ടെ—ഞങ്ങൾക്ക പിഴ പററാതെ രക്ഷിയ്ക്കട്ടെ. ഇഹ—ഇന്ന്.

3. അംഹസ്സിന്ന ഭംഗമേകട്ടെ—പാപം നശിപ്പിയ്ക്കട്ടെ. അക്ഷയം—നാശമില്ലായ്മ.

4. ധ്വസ്ത്രാഘ = പാപനാശിനി. ഇപ്പരമാഢ്യ—ഈ മികച്ച ധനവതിയായ ഉഷസ്സ്. വിണ്ണിലെ സ്വത്തിനായ്—യജ്ഞകാലം കിട്ടാൻ എന്ന പൎയ്യവസിതാൎത്ഥം.

പ്രത്യുഷസ്സുകളേ, സൂര്യാംശുവൊത്തൊളി
മെത്തിപ്പുലരുന്ന നിങ്ങൾ, നിഷേവ്യമാർ
എങ്ങൾക്കു നല്കി,ന്നു കൊററും വെളിച്ചവു!—
മെങ്ങളർത്ഥിപ്പു, ദീപ്താഗ്നിയോടക്ഷയം. 5

അസ്തരോഗമുദിയ്ക്കട്ടെ, ഞങ്ങൾക്കുഷ—
സ്സ്;—ത്ഥിതരാകട്ടെ,യുജ്ജ്വലിച്ചഗ്നികൾ;
തുംഗവേഗം രഥം പൂട്ടട്ടെ,യശ്വിക!—
ളെങ്ങളർത്ഥിപ്പു, ദീപ്താഗ്നിയോടക്ഷയം. 6

ത്തുവുകി,ന്നററ നൽപ്പങ്കെങ്ങളിൽസ്സവി—
താവേ, സരത്നവിഭാഗനല്ലോ, ഭവാൻ:
ഇങ്ങുച്ചരിപ്പൂ, ധനം പെറും ഗാഥ ഞാൻ.
എങ്ങളർത്ഥിപ്പു, ദീപ്താഗ്നിയോടക്ഷയം. 7

പാലിയ്ക്കുകെന്നെ, നരരെങ്ങൾ തേറിന—
പ്പോലധ്വരേ ഞാൻ സുരരെ വാഴ്ത്തും സ്തവം:
എന്നുമുഷസ്സിനെത്തൊട്ടുദിപ്പൂ, രവി;—
യെങ്ങളർത്ഥിപ്പൂ, ദീപ്താഗ്നിയോടക്ഷയം. 8

ഞങ്ങൾ ദർഭ വിരിച്ചു,മ്മിയെടുത്ത,ൻപു
തിങ്ങുമാദിത്യരോടർത്ഥിപ്പു, സിദ്ധിയെ:
അങ്ങിന്നു കർമ്മിയായ് നില്ക്കു, തത്സൌഖ്യത്തി;—
ലെങ്ങളർത്ഥിപ്പു, ദീപ്താഗ്നിയോടക്ഷയം. 9

മത്താടുമസ്മന്മഹോദ്യന്മഖേ മിത്ര—
സപ്തഹോതൃവരുണേന്ദ്രഭഗരെ നീ

---

5. നിഷേവ്യമാർ = സേവനീയമാർ.

6. അസ്തരോഗം—രോഗമെന്നിയേ. തുംഗവേഗം = വേഗമേറിയ. പൂട്ടട്ടെ—ഈ യജ്ഞത്തിൽ വരാൻ.

7. നൽപ്പങ്ക്—ധനം. സരത്നവിഭാഗൻ—രത്നങ്ങളെ വിഭജിയ്ക്കുന്നവൻ. ഗാഥ—സ്തുതി.

8. നരരെങ്ങൾ തേറിനപോലെ—മനുഷ്യരായ ഞങ്ങളുടെ അറിവിന്നൊത്തവണ്ണം. വാഴ്ത്തും—പുകഴ്ത്തുന്ന. സ്തവം എന്നെ പാലിയ്ക്കുക—രക്ഷിയ്ക്കട്ടെ.

9. സ്തോതാവിനോട്: അൻപു—ദയ. സിദ്ധി—ഫലപ്രാപ്തി. അങ്ങ് = ഭവാൻ. തത്സൌഖ്യത്തിൽ = അവരുടെ, ആദിത്യരുടെ, സൌഖ്യത്തിൽ നില്ക്കു; കർമ്മത്താൽ, അവരുടെ സുഖം നേടിയാലും.

ഏത്തിസ്സു: വാഴ്ത്തുവൻ, സ്വത്തിനാ വാനോരെ!—
ൎയങ്ങളത്ഥിപ്പൂ, ദീപ്താഗ്നിയോടക്ഷയം. 10

നിങ്ങൾ യജ്ഞാത്ഥം വരുവിനാ,ദിത്യരേ——
ഞങ്ങളെപ്പൊങ്ങിച്ചണയുകൊ,പ്പം മഖേ!
ഏങ്ങളത്ഥിപ്പൂ, ഭഗാശ്വിബൃഹസ്പതി.
പൂഷാക്കൾ ചേർന്ന ദീപ്താഗ്നിയോടക്ഷയം. 11

ആദിത്യദേവരേ, ഞങ്ങൾക്കു നൽകുവി,—
നാൾകളെപ്പോററും സമൃദ്ധമാം നൽഗൃഹം,
പുത്രപൌത്രക്ക ഗോക്കൾക്കം പൊറുക്കവാ!—
നത്ഥിപ്പൂ, ഞങ്ങൾ ദീപ്താഗ്നിയോടക്ഷയം. 12

ഒത്തു രക്ഷിസ്സു, മരുത്തുക്കളൊക്കയും;
കത്തിജ്ജ്വലിസ്സുകി,ന്നഗ്നികളൊക്കയും;
കാക്കാൻ വരിക,ന്ധരൊക്കയുമെങ്ങളെ;
നേർക്കെത്തുകെ,ങ്ങളിൽ സ്വത്തന്നമൊക്കയും! 13

ആരെ വ്രതം നിങ്ങൾ നോക്കം രണേ, കാക്ക—
മാരെ,യംഹസ്സററത്താരെ നിറസ്സുമോ,
ആരറിയാ ഭയം നിങ്ങൾതൻ ത്രാണത്തി;—
ലായവരാകെ,ങ്ങൾ യജ്ഞത്തിനന്ധരേ! 14

സൂക്തം 36.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കേക)

രാമകളാകം മഹാരാവൃഷസ്സുകൾ, നഭോ—
ഭൂമികൾ—വാന്നൃഴികൾ—, വരുണാര്യമമിത്രർ,

---

10. അഗ്നിയോട്; മത്താട്ടം—ദേവന്മാർ സോമം കടിച്ചു മത്തടിസ്സുന്ന അസ്മന്മഹോദ്യന്മഖേ=ഞങ്ങളുടെ മഹത്തായ ഉജ്ജ്വലയജ്ഞത്തിൽ. ആ വാനോരെ ഞാൻ സ്വത്തിന്, ധനലബ്ധിസ്സു വാഴ്ത്തുവൻ, സ്തുതിസ്സാം.

11. പൊങ്ങിച്ച്—അഭിവൃദ്ധിപ്പെടുത്തി. ഉത്തരാർദ്ധം പരോക്ഷം: ഭഗാദികൾ ചേർന്ന—ഭഗാദികളോടും അഗ്നിയോടും.

12. പൊറുക്കവാൻ=ജീവിപ്പാൻ.

13. ഒത്തു—ഒന്നിച്ചുകൂടി. സ്വത്തന്നം=ധനങ്ങളും അന്നങ്ങളും.

14. നിറസ്സുമോ—പൂർണ്ണകാമരാക്കുമോ. ത്രാണം=രക്ഷണം.

ഇന്ദ്രന,ദ്രികള,ന്തരിക്ഷ,മംഭസ്സു, മരു—
ദ്വൃന്ദ,മാദിത്യർ——വിളിയ്ക്കുന്നു, ഞാനെല്ലാരെയും. 1

ശത്രുവിൽനിന്നം,ഹസ്സിൽനിന്നമെങ്ങളെക്കാക്ക—
ക,ുത്തമധീയും നേരുമിയന്ന വാനൃഴികൾ:
ഞങ്ങളെക്കീഴ്വെയ്ക്കൊല്ലാ, കരുത്തംകെട്ട മൃതി!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 2

അദിതി, ധനികരാം വരുണമിത്രക്കിമ്മെ
ദുരിതമെല്ലാം പോക്കി ഞങ്ങളെപ്പാലിയ്ക്കട്ടേ;
ഞങ്ങൾ നേടാവൂ, ശീഘ്രം നിർബാധതേജസ്സെല്ലാം!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 3

അമ്മിക്കല്ലൊലികൊണ്ടു പോക്കട്ടെ,യരക്കനെ,—
ത്തിന്മനെ, നിരൃതിയെ,ദുസ്സ്വപ്നത്തെയുമെല്ലാം;
ഞങ്ങൾക്കു കിട്ടാവൂ, പിമ്പാദിത്യമരുത്സുഖം!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 4

ഇന്ദ്രൻ ദർഭയിൽ മേവുകി,ള പാററട്ടേ വെള്ളം,
നന്ദിയ്ക്കു, സാമംകൊണ്ടു നുതനാം ബൃഹസ്പതി.
ഞങ്ങൾ സുജ്ഞാനധനം നേടാവൂ, പൊറുക്കുവാൻ!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 5

ഞങ്ങൾതൻ ക്ഷിപ്രാഹിംസയജ്ഞമെത്തിപ്പിൻ, വിണ്ണി
ലിം;–ഗിതാപ്തിയ്ക്കായ്സ്സുഖം നൽകുവിൻ, നാസത്യരേ;

സൂക്തം 36.

1. രാമകൾ = സുന്ദരിമാർ. മഹാരാവുഷസ്സുകൾ = മഹതികളായ രാത്രിയും ഉഷസ്സും.

2. ഉത്തമധീ = ഉൽകൃഷ്ടബുദ്ധി. നേര്——സത്യം. കീഴ്വെയ്ക്കൊല്ലാ——കീഴ്പെടുത്തരുത്; ഞങ്ങൾ ചിരജീവികളാകണം.

4. തിന്മൻ——പിശാചാദി. നിരൃതി——മൃത്യുദേവത. ദുസ്സ്വപ്നം—ദുസ്സ്വപ്നജനിതമായ അനിഷ്ടം. ആദിത്യമരുത്സുഖം——ആദിത്യന്മാരുടെയും മരുത്തുക്കളുടെയും സുഖം.

5. ഇള——മാധ്യമികവാക്ക്, ഇടി; മേഘമെന്നർത്ഥം.

അങ്ങോട്ടു തിരിയിപ്പിനിഗ്ഘൃതാഹുതനെയും!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 6

ക്ഷേമവും സമ്പത്തും കൂട്ടും പാവനർ, ശുഭാഹ്വാന-
രാ, മരുത്തുകളെ ഞാൻ വിളിപ്പൂ, സഖ്യത്തിന്നായ്;
ഞങ്ങൾ സദ്യശസ്സിന്നിക്കമ്രരെദ്ധ്യാനിയ്ക്കാവൂ!
ഞങ്ങളിന്നാ വനോർതൻ ത്രാണനം വരിയ്ക്കുന്നു. 7

ജീവർക്കു ഭാഗ്യം നല്കും; ക്രതുവിൻ ശ്രീയാം സോമം
ദേവർക്കു മതി ചേർക്കും; നീർ കാക്കും, ശുഭാഹ്വാനം;
ഞങ്ങൾ കൈക്കൊണ്ടുദ്ദീപ്തത്തോടിരക്കാവൂ, വീര്യം!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 8

സംഗതന്മാരാം ജീവൽപുത്രരൊത്തുയിർക്കൊണ്ടു
ഞങ്ങൾ തെറ്റെന്ന്യേ ശരിയ്ക്കുവരെസ്സേവിയ്ക്കാവൂ:
എങ്ങുമേ ചുമക്കട്ടേ, ബ്രഹ്മദ്വേഷികൾ പാപം!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 9

നിങ്ങൾ മർത്ത്യരെ യാജ്യന്മാരല്ലി? കേൾപ്പിൻ: ഞങ്ങൾ
നിങ്ങളോടർത്ഥിപ്പതു തരുവിൻ ദേവന്മാരേ,
അംഗജർ, വെല്ലും ജ്ഞാനം, സമ്പത്തു, യശസ്സിവ!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു 10

വായ്പൊത്ത മഹാന്മാരുമെതിരില്ലാത്തോരുമാം
വാനോർതൻ മഹാത്രാണമിന്നെങ്ങൾ വരിയ്ക്കുന്നു:

---

6. ക്ഷിപ്രാഹിംസയജ്ഞം = ക്ഷിപ്രകാരിയും ഹിംസാരഹിതവുമായ യാഗം. ഇംഗിതാപ്തി = ഇഷ്ടസിദ്ധി. അങ്ങോട്ടു — വിണ്ണിലെയ്ക്കു്, ദേവന്മാരുടെ അടുക്കലെയ്ക്കു്. ഇഗ്ഘൃതാഹുതൻ — ഈ നെയ്യുകൊണ്ടു ഹോമിയ്ക്കപ്പെട്ടവൻ, അഗ്നി.

7. കമ്രർ — കമനീയർ.

8. ജീവർ — പ്രാണികൾ. സോമമാണു് ക്രതുവിന്റെ ശ്രീ. മതി = തൃപ്തി. നീർ കാക്കും — വെള്ളത്തെ രക്ഷിയ്ക്കും. ഉദ്ദീപ്തം — ഉജ്ജ്വലമായ സോമം.

9. സംഗതന്മാർ — ചേർന്നവർ. തെറ്റെന്ന്യേ — അനപരാധരായി. അവർ — ദേവന്മാർ.

10. യാജ്യന്മാരല്ലി — യജനീയരാണല്ലോ. കേൾപ്പിൻ — ഞങ്ങളുടെ സ്തുതി. അർത്ഥിപ്പതെന്താണെന്നു മൂന്നാംപാദത്തിൽ വിവരിച്ചിരിയ്ക്കുന്നു: അംഗജർ — പുത്രന്മാർ. വെല്ലും — ജയശീലമായ.

ഞങ്ങൾക്കു ലഭിയ്ക്കാവൂ, സന്തതിസമ്പത്തുകൾ!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 11

മുററിയ മഹാഗ്നിതൻ സുഖത്തിലണകെങ്ങൾ;
തൊററെറങ്ങളെ മിത്രവരുണസവിതാക്കൾ
തുംഗമാം വരുതിയിൽ സ്വസ്തിയ്ക്കായ് നിറുത്താവൂ!
ഞങ്ങളിന്നാ വാനോർതൻ ത്രാണനം വരിയ്ക്കുന്നു. 12

സത്യാനുജ്ഞനാം സവിതാവിന്നും വരുണന്നും
മിത്രന്നും വശപ്പെട്ട വിശ്വേദേവകൾ നിങ്ങൾ
പുത്രരെ, സ്സൌഭാഗ്യത്തെ, ഗ്ഗോക്കളെ, ക്കർമ്മത്തെയും,
ചിത്രമാം ധനത്തെയും ഞങ്ങൾക്കു തരേണമേ! 13

സവിതാ പിറകിലു-, സവിതാ മുൻഭാഗത്തും,
സവിതാവടിയിലും, സവിതാവുയരത്തും—
സവിതാവയയ്ക്കട്ടേ, ഞങ്ങൾക്കീപ്സിതമെല്ലാം;
സവിതാവരുളട്ടേ, ഞങ്ങൾക്കു ദീർഘായുസ്സും! 14

സൂക്തം 37.

സൂര്യപുത്രൻ അഭിതപസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ
സൂര്യൻ ദേവത.

(കേക.)

വരുണമിത്രന്മാരെ നോക്കുന്ന ദൂരക്കാഴ്ച
തിരളും മഹാനായ ദേവനെ നമിയ്ക്കുവിൻ:

---

11. വാജ്യ് = വളർച്ച, പുഷ്ടി.

12 മുററിയ—കത്തിപ്പടർന്ന. തൊററററ—നിരപരാധരായ ഞങ്ങളെ മിത്രനും വരുണനും സവിതാവും, അവരുടെ ശ്രേഷ്ഠമായ കീഴിൽ നിർത്തുമാറാകണം; എന്നാൽ ഞങ്ങൾക്കു സ്വസ്തി (നാശമില്ലായ്മ) സിദ്ധിയ്ക്കും.

13. ചിത്രം—മഹനീയം.

14 അടിയിലും—താഴത്തും. ഉയരത്തും—വാണരുളുന്നു എന്നു ചേർക്കാം.

വാനോരിൽപ്പിറന്നോരു ത്തക്കൊടിക്കാലായ് ദ്യോവിൻ
സൂനുവാം സൂര്യന്നിഷ്ടിചെയ്യുവിൻ; ചൊൽവിൻ, നിങ്ങൾ. 1

ഏതിനാൽ വെവ്വേറെയായ് രാപകൽവാനൂഴിക;-
ളേതിനാൽ,ത്തൊഴിലും, വിശ്രാന്തിയും പാരിന്നെല്ലാം;
ഏതിനാലെന്നും തണ്ണീരൊഴുക,മെന്നും മാർത്താ-
ണ്ഡോദയ;-മസ്സത്യോക്തി കാക്കട്ടെ,യെന്നെപ്പാടേ! 2

പറക്കമെശ്വങ്ങളാൽത്തേർ പൂട്ടാൻ മുതിന്ന നി-
ന്നരികത്തമരാറില്ല,രക്കരാരും പണ്ടേ!
ഇറങ്ങും, ജ്യോതിസ്സൊന്നു തണ്ണീരിൽക്കതിരോനേ;
മറുതേജസ്സാലുദിയ്ക്കുന്നു, നിന്തിരുവടി. 3

ഏതുതേജസ്സാൽസ്സൂര്യ, ക്കൂരിരുൾ നീക്കുന്നു നീ,-
യേതൊരച്ചിസ്സാൽജ്ജഗത്തൊക്കയുമുയർത്തുന്നു;
അതിനാലകറ്റുകെ,ങ്ങളിൽനിന്നങ്ങുന്നനാ-
ഹൂതി, പട്ടിണി, രോഗം, ദുസ്സ്വപ്നമിവയെല്ലാം! 4

ക്രോധിയാതെവൻെറയും ക്രതു രക്ഷിപ്പോനല്ലോ,
ബോധിതൻ ഭവാൻ; ഹോമാന്തത്തിൽ മേല്പോട്ടേ പോക;
ഇന്നെങ്ങൾ സൂര്യ, ഭവാനോടു ചൊല്ലയാൽ, വാനോർ
തന്നരുളുകെ,ങ്ങൾക്കെമ്മത്തിന്നനുവാദം! 5

ദ്യോവൂ,ഴി, തണ്ണീർ, മരുത്തുക്ക,ളിന്ദ്രനും, ഞങ്ങ-
ളീ വിളിപ്പതു കേൾക്ക,ഞങ്ങളിസ്തുതിപ്പതും:

സൂക്തം 37.

1. ഋത്വിക്കുകളോട്: കൊടിക്കാൽ=ധ്വജം. ചൊൽവിൻ—സ്തോത്രങ്ങൾ. നമസ്കരിച്ച്, സ്തോത്രം ചൊല്ലി, യജ്ഞം ചെയ്യുവിൻ.

2. രാപകൽവാനൂഴികൾ=അഹോരാത്രങ്ങളും ദ്യാവാപൃഥിവികളും. മാർത്താണ്ഡോദയം=സൂര്യോദയം.

3. ജ്യോതിസ്സൊന്നു—ഭവാൻെറ തേജസ്സിൽ ഒരംശം. തണ്ണീരിലിറങ്ങും—അസ്തമിയ്ക്കും; ഒരേടത്തസ്തമിയ്ക്കും, മറ്റൊരേടത്തുദിയ്ക്കും.

4. ഉയർത്തുന്നു—പ്രകാശിപ്പിയ്ക്കുന്നു എന്നർത്ഥം. അതിനാൽ—ആ തേജസ്സുകൊണ്ട്. അനാഹൂതി—ഹോമം ചെയ്യായ്ക എന്ന പാപം.

5. ബോധിതൻ—സ്തുതികൊണ്ടുണർത്തപ്പെട്ടവൻ. ഹോമാന്തത്തിൽ—യജ്ഞത്തിൽ പ്രാതഃകാലഹോമം കഴിഞ്ഞാൽ. തന്നരുളുക—തരട്ടെ.

മാൽ വളരൊല്ലെ,ങ്ങരംക്ക സൂര്യദർശനത്തിങ്കൽ—
ജ്ജീവിച്ച കിഴവരായ്‌ നന്മ നേടാവൂ, ഞങ്ങരം! 6

നിത്യമജ്ഞയെ പ്രീത്യാ കററമററർച്ചിയ്ക്കാവൂ,
പുത്രരൊത്തരോഗരായ്‌,ക്കാഴ്ചയും തെളിഞ്ഞെങ്ങരം:
പ്രത്യഹം ഭവാനുദിപ്പതു കാണാവൂ,നേരേ
മിത്രപൂജക, സൂര്യ, സുചിരം ജീവിച്ചെങ്ങരം! 7

പെരുത്ത തേജസ്സന്തി,ക്കണ്ണിന്നു കണ്ണിന്നിമ്പം
വരുത്തിസ്സംശോഭിയ്ക്കും നല്ക്കാഴ്ചയുള്ള ഭവാൻ
പരന്ന കരുത്തൊന്നിൻ മുകളിൽക്കേറുന്നതു
ചിരജീവികളെങ്ങരം കാണാവൂ, കതിരോനേ! 8

നിൻകൊടി കണ്ടാൽസ്സൂര്യ, വേലചെയ്യുയായ്‌, ലോക-
ത്തിങ്കലെപ്പേരും; രാവിൽ വിശ്രമിയ്ക്കുയുംചെയ്യും;
അനാഗസ്താവവും, സ്വത്തും സ്വത്തുമെങ്ങരംക്കേകൊനായ്‌
പ്രത്യുദിച്ചാലും, നാളിൽ നാളിൽ നീ ഹരികേശ! 9

അർച്ചിസ്സാൽസ്സുഖമെങ്ങരംക്ക,ഹസ്സാൽസ്സുഖമെങ്ങരം—
ക്കം,ശ്രുവാൽസ്സുഖം, തണുപ്പാൽസ്സുഖം, ചൂടാൽസ്സുഖം:
മാർഗ്ഗത്തിങ്കലും സുഖം മന്ദിരത്തിലും സുഖം
ചേക്കമച്ച്യമാം വിത്തം സൂര്യ, നല്കേണം, ഭവാൻ! 10

ചേക്കവിൻ, ദേവന്മാരേ, ഞങ്ങരംതന്നിരുകാലി—
നാല്ക്കാലികളാം രണ്ടുജാതിയ്ക്കും സുഖം നിങ്ങരം;

---

6. സൂര്യദർശനത്തിങ്കൽ മാൽ വളരൊല്ലാ—ഏറെ ക്ലേശിയ്ക്കാതെ സൂര്യനെ നോക്കാൻ കഴിവുണ്ടാകണം. ജീവിച്ച കിഴവരായ്‌—നെടുനാരം ജീവിച്ച്‌.

7. കററമററ്‌—അപരാധം പെടാതെ. മിത്രപൂജക—മിത്രങ്ങളെ (ആരാധകരെ) മാനിയ്ക്കുന്നവനേ.

8. കണ്ണിന്നു കണ്ണിന്നിമ്പം—എല്ലാക്കണ്ണുകരംക്കും ആഹ്ലാദം. പരന്ന കരുത്തൊന്നിൻ—ഒരു വിശാലബലത്തിൻെറ, സമുദ്രത്തിൻെറ മുകളിൽക്കേറുന്നതു—ഉദിയ്ക്കുന്നതു്.

9. കൊടി—കിരണോദ്ഗമം. അനാഗസ്താവം=നിരപരാധത. സ്വത്തും സ്വത്തും—നല്ല നല്ല ധനവും. ഹരികേശ=പച്ചനിറത്തലമുടിയുള്ളവനേ.

10. അർച്ചിസ്സ്‌=തേജസ്സ്‌. അംശു=രശ്മി. നല്കേണമെന്ന പദം പൂർവാർദ്ധത്തിലും ചേക്കണം.

തരുവിനെ,ഞങ്ങൾക്കന്നപാനതൃപ്തിയും കെൽപ്പും
ദുരിതരാഹിത്യവും സൌഖ്യവുമാരോഗ്യവും! 11

നാവിനാൽ മനസ്സിനാൽ ക്രിയയാൽക്കനെപ്പെട്ട
ദേവകോപനം നിങ്ങൾക്കെങ്ങൾ ചെയ്തിരിയ്ക്കുകിൽ,
അപ്പാപം ചുമത്തുവിനെ,ങ്ങളെയെതിർത്തല്ല-
ലുൾപ്പെട്ടുത്തീടുന്നോനിൽ വാനോരേ, വസുക്കളേ! 12

സൂക്തം 38.

മുഷ്കേന്ദ്രനോ ലുശനോ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രനോ
മുഷ്കേന്ദ്രനോ ദേവത.
(കേക.)

ഗോയൂഥലബ്ധിയ്ക്കുള്ള യാതൊരു സമ്മർദ്ദത്തി-
ലായുധം ചാട്ടും, പാടേ കടിച്ചുതിന്നും ധൃഷ്ടർ,
ആ യശസ്സ്യോക്കം പടതല്ലലിലലറുന്നു;
നീയിന്ദ്ര, നേട്ടത്തിന്നായ് ഞങ്ങളെപ്പാലിയ്ക്കുന്നു! 1

വെള്ളംപോലൊഴുകുന്ന മാടുകള,ന്നം, വിളി-
ക്കൊള്ളും സ്വത്തിവയാൽ നീ മൂടുകെ,ങ്ങൾതൻ ഗേഹം;
ഞങ്ങൾ ജിഷ്ണുവാം നിന്നാൽക്കെല്ലേരാകിന്ദ്ര, വസോ—
ഞങ്ങളിച്ഛിയ്ക്കുന്നതു ശക്ര, ചെയ്താലും, ഭവാൻ! 2

ഭൃത്യൻതാൻ കുലീനൻതാനസുരൻതാനാരിന്ദ്ര,
യുദ്ധത്തിന്നെതിർക്കുമോ ഞങ്ങളെപ്പുരുസ്തുത;

---

12. അല്ലലുൾപ്പെട്ടുത്തീടുന്നോനിൽ—ഉപദ്രവിയ്ക്കുന്ന ശത്രുവിൽ. വസുക്കൾ=വസിപ്പിയ്ക്കുന്നവർ, മനുഷ്യർക്ക് പാർപ്പിടം നല്കുന്നവർ.

സൂക്തം 38.

1. സമ്മർദ്ദം——ഏറ്റുമുട്ടൽ, സമരം. കടിച്ചുതിന്നും——തങ്ങളിൽ കടിച്ചു തിന്നുന്ന. ധൃഷ്ടർ——യോദ്ധാക്കൾ. ഞങ്ങളെ യുദ്ധത്തിൽ രക്ഷിച്ചു, ശത്രുധനം ഞങ്ങൾക്കു കിട്ടിയ്ക്കുന്നു.

2. വെള്ളംപോലൊഴുകുന്ന——തടിച്ചുകൊഴുത്ത എന്നർത്ഥം. മൂടുക—നിറച്ചാലും.

ശത്രുക്കളെവരെങ്ങൾക്കെമക്കാവുന്നോരാക-
മർദ്ദിയ്ക്കു, മല്ലിട്ടെങ്ങളുവരെത്ത്വത്സാഹായ്യാൽ! 3

ആൾകളെയമർത്തുന്ന വിഴങ്ങും പോരിൽ സ്വത്തി-
ന്നാരെയോ വിളിയ്ക്കേണ്ടു, സ്വല്പരുമനല്പരും;
ഇന്നാ വിശ്രുതി പൂണ്ട നേതാവും ശുചിയുമാ
മിന്ദ്രനെയിങ്ങോട്ടു നോക്കിയ്ക്കുന്നു, രക്ഷയ്ക്കെങ്ങൾ! 4

ഭക്തനെ പ്രേരിപ്പിപ്പോൻ, താൻതന്നെയറുക്കവോൻ
ശക്തി തേടേണ്ടാത്തോൻ, നീ കേട്ടിട്ടുണ്ടിവനിന്ദ്ര;
മുക്തനായ്ക്കുത്സങ്കൽനിന്നിങ്ങു വന്നാലും, വഷിൻ:
ത്വത്തുല്യനൊരാൾ ബദ്ധമുഷ്കനായ് മരുവുമോ? 5

സൂക്തം 39.

കക്ഷീവൽപുത്രി ഘോഷ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
അശ്വികൾ ദേവത.

(കേക.)

ചൊവ്വുററ നീളെച്ചുററും ഭവൽത്തേരശ്വികളേ,
ഹവ്യവാൻ ദിവാനിശം വിളിയ്ക്കേണ്ടുവതല്ലോ;
വിളിച്ചാൽശ്ശുഭം കിട്ടുമതിനെത്തന്നേ ഞങ്ങൾ
വിളിപ്പൂ. നേർക്കച്ഛന്റെ പേരിനെപ്പോലെന്നെന്നും! 1

---

3. ത്വത്സാഹായ്യാൽ——അങ്ങയുടെ തുണയാൽ.

4. വിഴങ്ങും——പരസ്പരം പിടിച്ചുതിന്നുന്ന. സ്വത്തിന്ന്——ശത്രുസമ്പത്തടക്കാൻ. സ്വല്പരുമനല്പരും——എളിയവരും വലിയവരും. ശുചി＝വിശുദ്ധൻ.

5. അറുക്കവോൻ—കെട്ടുകളെ മുറിച്ചുനീക്കുന്നവൻ. ശക്തി തേടേണ്ടാത്തോൻ——സ്വയം ബലവാൻ. ഇവൻ——ഞാൻ. മുക്തനായ്——കെട്ടിൽനിന്നൊഴിഞ്ഞ്. ഇന്ദ്രനെ കുത്സനും ശുഷ്ണനും യജ്ഞത്തിന്ന്, ഒപ്പം വിളിച്ചു: ഇന്ദ്രൻ സഖ്യംമൂലം കുത്സന്റെ അടുക്കലെയ്ക്കാണ് പോയത്. കുത്സനാകട്ടേ, ഇന്ദ്രനെ (അന്യത്ര പോകാതിരിപ്പാൻ) നൂറു തോൽവാറുകൊണ്ടു മുഷ്ക(അണ്ഡ)ങ്ങളിൽ ബന്ധിച്ചുകളഞ്ഞു. ആ കെട്ടറുത്തു, കുത്സന്റെ അടുക്കൽനിന്ന്, ഇങ്ങോട്ടു വന്നാലും എന്ന് ഋഷി പ്രാൎത്ഥിയ്ക്കുന്നു.

സൂക്തം 39.

1. ഭവൽത്തേർ——നിങ്ങളിരുവരുടെ രഥം. ഹവ്യവാൻ——യജമാനൻ.

ചൊല്ലിപ്പിൻ സ്തവം, കർമ്മം നിറവേററുവിൻ, ബുദ്ധി—
യുല്ലസിപ്പിപ്പിൻ: ഞങ്ങളിതല്ലോ, കാംക്ഷിയ്ക്കുന്നു.
ചൊല്ലാർന്ന വീതം വെപ്പിനെങ്ങൾക്കു: ധനികരിൽ
നല്ല സോമംപോലാക്കുകെ,ഞങ്ങളെയശ്വികളേ! 2

വൃദ്ധയ്ക്കുമേകീ ഭാഗ്യ;-മൂന്നില്ലാത്തവനെയു—
മത്ര താന്നവനെയും കൂടനെയും നിങ്ങൾ
കാത്തുരക്ഷിച്ചു മെലിഞ്ഞോനെയും; നാസത്യരേ,
വൈദ്യന്മാർ, മഖത്തിന്നും നിങ്ങൾതാനെന്നോതുന്നു! 3

ഒരു തേരിനെപ്പോലേ ജീർണ്ണനാം ച്യവനനെ—
ത്തരുണനാക്കിപ്പേർത്തും നടത്തിയല്ലോ, നിങ്ങൾ;
തുഗ്രപുത്രനെപ്പൊക്കിയെടുത്തു, വെള്ളത്തിൽനി—
ന്നൊ;—ക്കയും ക്രതുകളിൽ ശ്ലാഘ്യ,മബ്ഭപൽകർമ്മം! 4

നിങ്ങൾതൻ പ്രാഗവീര്യങ്ങൾ വർണ്ണിയ്ക്കാം, ജ്ഞലകിൽ ഞാൻ:
നിങ്ങൾ നാസത്യന്മാരേ, സുഖദർ ഭിഷക്കുകൾ;
അബ്ഭവാന്മാരെ ത്രാണത്തിന്നെങ്ങൾ പുകഴ്ത്തുന്നു,
ക്ഷിപ്രമിപ്രഭുവിന്നു വിശ്വാസമുണ്ടാംവണ്ണം! 5

ഞാനിതാ, വിളിയ്ക്കുന്നു നിങ്ങളെ;—ക്കേൾപ്പിൻ: നല്കിൻ,
സൂനുവിന്നംബാതാതർപോലെനിയ്ക്കശ്വികളേ!
തെല്ലുമൻപില്ലാതശ്രദ്ധേയമായ്ക്കൈത്തല്ലമാം
പൊല്ലാപ്പെത്തുവതിൻമുമ്പപ്പുറത്തണയ്ക്കുവിൻ! 6

---

2. ബുദ്ധിയുല്ലസിപ്പിപ്പിൻ—ഞങ്ങളുടെ ബുദ്ധിയ്ക്ക് ഉന്നതി വരുത്തുവിൻ ഇത്——ഇതുമൂന്നും. വീതം——പങ്ക്, ധനാംശം. സോമംപോലെ——സോമം സർവസസ്യശ്രേഷ്ഠമാണല്ലോ; അപ്രകാരം ഞങ്ങളെ ധനികരിൽവെച്ചു മികച്ചവരാക്കുവിൻ.

3. വൃദ്ധയ്ക്കുമേകീ ഭാഗ്യം——വേട്ടുകപ്പെടാതെ അച്ഛന്റെ ഗൃഹത്തിൽ പാത്തു നരച്ച എനിയ്ക്കും ഭർത്തൃഭാഗ്യം തന്നു; എന്നെ സൗന്ദര്യവതിയായ തരുണിയും പരിണീതയുമാക്കി. മഖത്തിന്നും വൈദ്യന്മാർ——രോഗികളെമാത്രമല്ല, യജ്ഞങ്ങളെയും സ്വാസ്ഥ്യപ്പെടുത്തുന്ന ഓതുന്നു——വിദ്വാന്മാർ പറയുന്നു.

4 തേരിനെപ്പോലേ——കേടു വന്ന രഥത്തെ എന്നപോലെ. ജീർണ്ണൻ = വൃദ്ധൻ. വെള്ളം——സമുദ്രജലം. ശ്ലാഘ്യം——വർണ്ണിയ്ക്കേണ്ടുന്നതാകുന്നു.

5. പ്രാഗവീര്യങ്ങൾ = പണ്ടത്തെ വീര്യങ്ങൾ ഇപ്രഭു—യഷ്ടാവ്.

6 സൂനു = പുത്രൻ അംബാതാതർ = അമ്മയച്ഛന്മാർ. നൽകിൻ ധനം. അപ്പുറത്തണയ്ക്കുവിൻ——പൊല്ലാപ്പിന്റെ മറുകരയിൽ കൊണ്ടാക്കുവിൻ.

അങ്ങനെ വിമദന്നായ്ക്കൊണ്ടുപോന്നല്ലോ, തേരിൽ
നിങ്ങളപ്പുരുമിത്രപുത്രിയാം ശുന്ധ്യുവിനെ!
നിങ്ങൾ ചെന്നെത്തി, വധ്രിമതിതന്നാഹ്വാനത്തിൽ:
നിങ്ങളവ്വധ്രിമതിയ്ക്കരുളീ; നൽസ്സമ്പത്തും! 7

വാർദ്ധക്യം പിടിപെട്ട കലിയാം മേധാവിയെ—
പ്പേർത്തുമേ യുവത്വത്തിലെത്തിച്ചവരല്ലോ, നിങ്ങൾ!
നിങ്ങൾ വന്ദനനെക്കൂപത്തിൽനിന്നെടുത്തേററി!
നിങ്ങൾ വിശ്പലയെത്തൽക്ഷണമേ നടത്തിച്ചു! 8

ചത്തുപോമെന്നായ്ത്തീർന്ന രേഭനെക്കയത്തിൽനി-
ന്നുദ്ധരിച്ചിതു, നിങ്ങൾ വർഷകരശ്വികളേ!
തപ്തമാമുമിച്ചെന്തീയത്രിയ്ക്കായ്ത്തണുപ്പിച്ചു!
സപ്തവധ്രിയ്ക്കായ്ത്തുറക്കുകയുംചെയ്തു, നിങ്ങൾ! 9

ഹ്വാതവ്യം, സുഖകരം, കൂട്ടരെപ്പായിയ്ക്കുന്ന
ജേതാവി—ങ്ങനെയുള്ളോരൂർജ്ജിതസിതാശ്വത്തെ
പേദുവിന്നേകി, തൊള്ളായിരമെണ്ണത്തോടൊപ്പം,
ഭൃതിയെ നരർക്കെന്നപോലശ്വിമാരേ, നിങ്ങൾ! 10

---

7. ഒന്നാംമണ്ഡലം 112–ാം സൂക്തത്തിലെ 19–ാം ഋക്കും, 116–ാം സൂക്തത്തിലെ 1–ാംഋക്കും നോക്കുക: ശുന്ധ്യു––പേർ. വധ്രിമതിതന്നാഹ്വാനത്തിൽ–1: 116: 18–ഋക്കു നോക്കുക: എന്നാൽ യുദ്ധത്തിൽ ശത്രുക്കളാൽ കൈ മുറിയ്ക്കപ്പെട്ട വധ്രിമതിയ്ക്കു (ഹിരണ്യഹസ്തം) പൊന്നിൻകൈ വെച്ചുകൊടുത്തുണ്, ഇവിടെ വിവരണം.

8. കലി––1: 112: 15–ാം ഋക്കു നോക്കുക: വന്ദനന്റെ കഥയും 1: 112: 5–ലുണ്ട്. വിശ്പലയെ––1–112–10–ാം ഋക്കു നോക്കുക:

9. രേഭനെ––1–116–24–ാം ഋക്കു നോക്കുക: തപ്തം––ടി. ടി. 8–ാം ഋക്കിലുണ്ട്, സപ്തവധ്രിയ്ക്കായ്––അശ്വമേധനെന്ന രാജാവിനാൽ എന്തോ കുററത്തിന്ന് ഒരു മരപ്പെട്ടിയിലടയ്ക്കപ്പെട്ട സപ്തവധ്രി എന്ന ഋഷിയെ മോചിപ്പിയ്ക്കാൻ. തുറക്കുക––പെട്ടി. ഇക്കഥ 5–ാംമണ്ഡലം 78–ാം സൂക്തത്തിലുണ്ട്.

10. ഹ്വാതവ്യം=വിളിയ്ക്കപ്പെടേണ്ടുന്നത്. കൂട്ടർ––ശത്രുക്കളുടെ കൂട്ടുകാർ. ഊർജ്ജിതസിതാശ്വം=ബലിഷ്ഠമായ വെള്ളക്കുതിര. പേദു––ഒരു രാജാവ്. തൊള്ളായിരമെണ്ണം–തൊള്ളായിരമശ്വങ്ങൾ. നരർക്കു ഭൃതിയെ എന്നപോലെ—നിങ്ങൾ മനുഷ്യർക്കു ധനം നല്കാറുള്ളതുപോലെ. 1-ാംമണ്ഡലത്തിലുണ്ട്, ഈ അശ്വപ്രദാനം.

സ്തുത്യമാൎഗ്ഗരേ, ശുഭാഹ്വാനരേ, നിങ്ങരം വധൂ—
യുക്തനാമാൾക്കായ് നിത്തും, തേരശ്വിമാരേ മുന്നിൽ;
ദുരിതമവന്നെങ്ങുനിന്നുമേ വരില്ലി, ല്ലാ
വറുതി, യില്ലാ ഭയം സുസ്ഥരാം പുരാന്മാരേ! 11

ഏതുമായ്ച്ചേരുമ്പൊഴോ വിണ്മകളുദിപ്പതും.
ജ്യോതിസ്സാലഹോരാത്രം ശോഭനമാകുന്നതും;
ചിത്താതിജവനമാമൃഭുനിർമ്മിതമാമ—
ത്തേരിലെഴുന്നള്ളുകി, ങ്ങശ്വിമാരേ നിങ്ങരം! 12

നിങ്ങളാ വെററിത്തേരാൽച്ചരിയ്ക്കും, ഗിരിമാൎഗ്ഗേ;
നിങ്ങരം പാലുളവാക്കീ, ശയുവിൻ മച്ചിപ്പയ്യിൽ;
ചെന്നായ പിടിച്ചോരു പെൺകാടയടിയാനെ—
ച്ചെന്നു വേർവിടുവിച്ചു, വായിൽനിന്നശ്വികളേ! 13

ഇങ്ങനെ നിങ്ങരംക്കായി സ്തോത്രമൊന്നശ്വികളേ,
ഭംഗിയിൽ വിരചിച്ചു, തച്ചർ തേർപോലേ ഞങ്ങരം;
എന്നെന്നും പരത്തുന്നൊരുണ്ണിയെപ്പോലെയെടു—
ത്തെങ്ങരം മൎത്ത്യരിലലംകരിച്ചു, സ്ത്രീയെപ്പോലെ. 14

സൂക്തം 40.

ഋഷിദേവതകരം മുമ്പേത്തവ; ജഗതി ഛന്ദസ്സ്.

നേതാക്കളേ, പുലർകാലത്തു പുറപ്പെടുന്നതും, വിശാലവും, അഹസ്സിലഹസ്സിൽ മനുഷ്യന്നു മനുഷ്യന്നു കൊണ്ടുചെല്ലുന്നതും, ഒളിമി

---

11. വധൂയുക്തൻ——സ്വയംവരത്തിൽ വധുവിനെ കിട്ടിയവൻ. തേർ മുന്നിൽ നിത്തും——യുദ്ധം വന്നാൽ സഹായിപ്പാൻ. ദുരിതം=പാപം. സുസ്ഥർ——സുഖിതർ, വാട്ടമില്ലാത്തവർ.

12. വിണ്മകരം——ഉഷസ്സ്. ജ്യോതിസ്സ്—സൂര്യതേജസ്സ്. ചിത്താതിജവനം=മനസ്സിനെക്കാളും വേഗമുള്ളത്.

13. പാലുളവാക്കീ——1—ാം മണ്ഡലത്തിൽ 118—ാം സൂക്തത്തിലെ 8—ാമൃക്കു നോക്കുക.

14. പരത്തുന്ന——യജ്ഞവിസ്താരകനായ. മൎത്ത്യരിൽ——ആളുകളുടെ ഇടയിൽ. സ്ത്രീയെപ്പോലെ——സ്ത്രീയെ പണ്ടങ്ങളണിയിയ്ക്കുന്നതുപോലെ. അലംകരിച്ചു——സ്തോത്രത്തെ സംസ്കാരപ്പെടുത്തുന്നു. ഈ സ്തോത്രം ഞങ്ങരംക്കു പുത്രൻപോലെയും, പതിപോലെയും സ്നേഹഭാജനമാകുന്നു.

ന്നന്നതുമായ നിങ്ങളുടെ രഥത്തെ എവിടെ ആരാവാം, അഭ്യുദയത്തിന്നായി, യജ്ഞത്തിൽ സ്തുതികൊണ്ടലംകരിയ്ക്കുന്നത്? 1

അശ്വികളേ, നിങ്ങൾ അല്ലിൽ എവിടെയാണ്, അഹസ്സിൽ എവിടെയാണ്—എവിടെ പോകുന്നു, എവിടെ താമസിയ്ക്കുന്നു? ആരാവാം നിങ്ങളെ, കിടപ്പറയിൽ വിധവ ദേവരനെയെന്നപോലെയും, ഒരു സ്ത്രീ പുരുഷനെ എന്നപോലെയും വേദിമേൽ വിളിച്ചിരുത്തുന്നത്? 2

നിങ്ങൾ പുലർകാലത്തു, രണ്ടു കിഴവന്മാർ വൈതാളികഗീതിയാലെന്നപോലെ സ്തുതിയ്ക്കപ്പെടുന്നു; യഷ്ടവ്യരായ നിങ്ങൾ അഹസ്സിലഹസ്സിൽ ശാലയിൽ പോകും. നേതാക്കളേ, ആരെയാവാം ആ നിങ്ങൾ നിർദ്ദോഷനാക്കുന്നത്? ആരുടെ യാഗത്തിന്നാവാം നിങ്ങൾ, രണ്ടു രാജകുമാരന്മാർപോലെ എഴുന്നള്ളുന്നത്? 3

ഞങ്ങൾ നിങ്ങളെ, വേട്ടക്കാർ രണ്ടു നരികളെയെന്നപോലെ, നക്തംദിവം ഹവിസ്സൊരുക്കി വിളിയ്ക്കുന്നു. നേതാക്കളേ, നിങ്ങൾക്ക് ഋതുതോറും ഹോമം അനുഷ്ഠിയ്ക്കുന്നു; മഴവെള്ളത്തിന്റെ ഉടമസ്ഥരായ നിങ്ങൾ ആളുകൾക്ക് അന്നം കൊണ്ടുവരുന്നു. 4

അശ്വികളേ, രാജപുത്രിയായ ഘോഷ ചുററിനടന്നു നിങ്ങളെപ്പററി പറയാറുണ്ട്; നേതാക്കളേ, നിങ്ങളെപ്പററി ചോദിയ്ക്കാറുണ്ട്. നിങ്ങൾ എനിയ്ക്ക് അഹസ്സിലും അല്ലിലും തുണനില്ക്കണം; കുതിരയും തേരുമുള്ള കൂടലരെ തട്ടിനീക്കണം! 5

അശ്വികളേ, കവികളായ നിങ്ങൾ തേരിനുചുററും നടക്കു സ്തുതിയ്ക്കുന്ന മനുഷ്യകുലെയ്ക്കു പോരാൻ, കുത്സൻപോലെ അതിൽക്കേ

സൂക്തം 40.

1. കൊണ്ടുചെല്ലുന്നതും—ധനത്തെ. ആരുടെ ആരാധനത്താലാണ്, നിങ്ങൾ ഇങ്ങോട്ടു വരാൻ വൈകിയ്ക്കുന്നത്?

2. ദേവരൻ—ഭർത്താവിന്റെ അനുജൻ.

3. കിഴവന്മാർ— വൃദ്ധരാജാക്കന്മാർ.

4. വേട്ടക്കാർ വ്യാഘ്രങ്ങളെ കണ്ടുകിട്ടാൻ വിളികൂട്ടുമല്ലോ ഋതു—യജ്ഞകാലം. അനുഷ്ഠിയ്ക്കുന്നു—യജമാനന്മാർ.

5. ഘോഷ—ഞാൻ. പറയാറുണ്ട്—വൃദ്ധജനങ്ങളോട്. ചോദിയ്ക്കാറുണ്ട്—അശ്വികൾ എങ്ങനെയുള്ളവരാണെന്ന്. കൂടലരെ—എന്റെ ശത്രുക്കളെ.

റം. അശ്വികളേ, നിങ്ങളുടെ തേനിനെ ഈച്ച, ഒരു മഹിള മദ്യ
ത്തെപ്പോലെ വായ്ക്കൊള്ളുന്നു! 6

അശ്വികളേ, സ്തുതിയ്ക്കപ്പെട്ട നിങ്ങറം ഭുജ്യുവിനെയും, നിങ്ങറം
വശനെയും, നിങ്ങറം അത്രിയെയും രക്ഷിപ്പാൻ ചെന്നു. ഹവിർ
ദ്ദാതാവു നിങ്ങളുടെ സഖ്യത്തിന്നു നില്ക്കുന്നു. നിങ്ങളുടെ രക്ഷകൊ
ണ്ടു ഞാൻ സുഖിയ്ക്കുമാറാകണം! 7

അശ്വികളേ, നിങ്ങറം കൃശനെയും, നിങ്ങറം ശയുവിനെയും,
നിങ്ങറം പരിചാരകനെയും, നിങ്ങറം അഭർത്തൃകയെയും രക്ഷിച്ചു;
അശ്വികളേ, നിങ്ങറം ഹവിർദ്ദാതാക്കറംക്കായി, ഇടിമുഴക്കുന്ന മേ
ഘത്തെ വെള്ളം പൊഴിയുമാറു തുറന്നു! 8

പെണ്ണായ്പ്പിറന്നവറംക്കു വരൻ വന്നെത്തട്ടെ: അവന്നായി
മഴയാൽ സസ്യങ്ങറം മുളയ്ക്കുകയും, വെള്ളം താന്നേടത്തുടെയെന്ന
പോലെ പ്രവഹിയ്ക്കുകയും ചെയ്യട്ടെ; അഹിംസ്യനായ അവന്ന്
ആ യൌവനം ഉണ്ടായിരിയ്ക്കട്ടെ! 9

യാവചില പുരുഷന്മാർ പത്നിയുടെ പ്രാണന്നായി കരയു
കയും, (അവളെ) യാഗത്തിലിരുത്തുകയും, നീണ്ട കൈക്കൂട്ടിലണ
യ്ക്കുകയും, പിതൃക്കറംക്കായി നല്ല സന്താനത്തെ ജനിപ്പിയ്ക്കുകയും
ചെയ്യുമോ; ആ കണവന്മാർക്കാണു്, പത്നിമാർ ആലിംഗനസുഖ
മുളവാക്കുക! 10

അശ്വികളേ, ഒരു യുവാവു യുവതിയുടെ ഗൃഹത്തിൽ വസിയ്ക്കു
ക—അതു ഞങ്ങറം അറിഞ്ഞിട്ടില്ല; അതു നിങ്ങറം ശരിയ്ക്കു പറ
ഞ്ഞുതരുവിൻ. ഞങ്ങറം തരുണിയെ ഓമനിയ്ക്കുന്ന രേതസ്സേക്താ
വിന്റെ ഭവനത്തിൽ പോകുമാറാകണം—ഇതാണു്, ഞങ്ങളുടെ
ആഗ്രഹം! 11

---

6 കുത്സൻപോലെ—കുത്സനും ഇന്ദ്രനും ഒരേ തേരിൽ കേറുന്നതുപോലെ. തേനിനെ—അശ്വികളുടെ രഥത്തിൽ തേനുണ്ടല്ലോ.

7. ഭുജ്യു—തുഗ്രപുത്രനായ രാജാവു്; വശൻ—ആനപ്പടയോടുകൂടിയ ശത്രുക്കളാൽ തോല്പിയ്ക്കപ്പെടുന്ന വശനെന്ന രാജാവു്.

8. കൃശൻ— ഒരാറം. അഭർത്തൃക— വധ്രിമതി.

9. പെണ്ണായ്പ്പിറന്നവറംക്കു—എനിയ്ക്കു്. അഹിംസ്യനായ—അവന്നു ശത്രുപീഡ പററരുതു്. ആ—സംഭോഗസമർത്ഥമായ.

10. നിങ്ങറം പ്രസാദിച്ചാലേ, സ്ത്രീകറംക്കു് ഈദൃശഭർത്താക്കളെ കിട്ടുകയുള്ളു.

11. യുവതിയുടെ—തരുണിയായ എന്റെ. ഞങ്ങറം—ഞാൻ. രേതസ്സേക്താവു്—ഭർത്താവു്.

അന്നധനന്മാരേ, അമൃതനാഥന്മാരേ, അശ്വികളേ, ഇണയായ നിങ്ങൾക്ക നന്മനസ്സുണ്ടാകട്ടെ: ആശകളെ അകത്തൊതുങ്ങിയ്ക്കുവിൻ. നിങ്ങൾ കാത്തരുളണം: ഞങ്ങൾ പ്രിയമാരായി ഭർത്തൃഗൃഹം പൂകുമാറാകണം! 12

അമൃതനാഥന്മാരേ, അതിനാൽ നിങ്ങൾ പ്രീതി പൂണ്ടു സ്തോത്രകാംക്ഷിണിയ്ക്കു് ഒരു പുരുഷന്റെ ഗൃഹത്തിൽ ധനവും പുത്രന്മാരെയും വെയ്ക്കുവിൻ; നല്ല തണ്ണീർപ്പന്തൽ നിർമ്മിയ്ക്കുവിൻ; വഴിയിലെ കുററിയും ദ്രോഹിയെയും പറിച്ചുകളയുവിൻ! 13

ദസ്രരായ, അമൃതനാഥരായ അശ്വികൾ ഇപ്പോൾ എവിടെയായിരിയ്ക്കും, ഏതാളുകളിലായിരിയ്ക്കും, ഇമ്പംകൊള്ളുന്നതു്? ആരാവാം, അവരെ പിടിച്ചുവെച്ചതു്? അവർ ഏതൊരു സ്തോതാവിന്റെയോ യഷ്ടാവിന്റെയോ ഗൃഹത്തിലായിരിയ്ക്കാം, എഴുന്നള്ളിയതു്? 14

സൂക്തം 41.

ഘോഷാപുത്രൻ സുഹസ്ത്യൻ ഋഷി; ജഗതി ഛന്ദസ്സു്; അശ്വികൾ ദേവത.

വളരെയാളുകളാൽ വിളിയ്ക്കപ്പെട്ടതും, സ്തുത്യവും, മൂന്നരുളുള്ളതും, ചുററിനടക്കുന്നതും, യാഗങ്ങളിൽ പോകുന്നതും, യജ്ഞഹിതവുമായ നിങ്ങളിരുവരുടെ ആ രഥത്തെ ഞങ്ങൾ ഉഷസ്സുദിപ്പിൽ സ്തുതിച്ചു വിളിയ്ക്കുന്നു. 1

നാസത്യരേ, നേതാക്കളേ, അശ്വികളേ, യജിയ്ക്കുന്ന ആളുകളുടെ അടുക്കലും, സ്തോതാവിന്റെ ഹോതൃയുക്തമായ യജ്ഞത്തിലും നിങ്ങൾ എഴുന്നള്ളുന്നതു യാതൊന്നിലൂടെയോ; യാതൊന്നു പുലർകാലത്തു പൂട്ടുമോ, പുലർകാലത്തു പുറപ്പെടുമോ; ആ മധുവാഹിയായ പള്ളിത്തേരിൽ കേറിയിരിയ്ക്കുവിൻ! 2

---

12. അമൃതം = ജലം.

13. സ്തോത്രകാംക്ഷിയ്ക്കു്—നിങ്ങളെ സ്തുതിപ്പാനിച്ഛിയ്ക്കുന്ന എനിയ്ക്കു്, ഒരു പുരുഷന്റെ—എന്നെ വേൾക്കുന്നവന്റെ. തണ്ണീർപ്പന്തൽ—ഭർത്തൃഗൃഹത്തിലെയ്ക്കു പോകുന്ന എനിയ്ക്കു വഴിമദ്ധ്യേ വെള്ളം കുടിപ്പാൻ.

14. അശ്വികൾ വന്നില്ലല്ലോ എന്ന വെമ്പൽ;

അശ്വികളേ, നിങ്ങൾ ഒരു മേധാവിയുടെ സവനത്തിൽ പോയിരിയ്ക്കാം; എന്നാലും, സോമം കയ്യിലെടുത്ത അധ്വര്യുവായ സുഹസ്ത്യൻെറയോ, ബലവാനും ദാനശീലനുമായ അഗ്നിത്തിൻെറയോ അടുക്കൽ സോമം കുടിപ്പാൻ വന്നാലും! 3

സൂക്തം 42.

അംഗിരോഗോത്രൻ കൃഷ്ണൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
ഇന്ദ്രൻ ദേവത

ഒരു വില്ലാളി തടിച്ച ക്രൂരമെയ്യുന്നതുപോലെയും, ഒരാൾ കോപ്പണിയിയ്ക്കുന്നതുപോലെയും, നീ ഇന്ദ്രന്നു സ്തോത്രമയയ്ക്കുക. മേധാവികളേ, നിങ്ങൾ ശത്രുവാക്യം സ്തുതികൊണ്ടു പിന്നിലിട്ടു കൊൾവിൻ. സ്തോതാവേ, ഭവാൻ തന്തിരുവടിയെ സോമയാഗത്തിൽ വിളയാടിച്ചാലും! 1

സ്തോതാവേ, ഭവാൻ ഗോവിനെ—സഖാവായ ഇന്ദ്രനെ—കറക്കാൻ പാട്ടിലാക്കുക; ജാരനെ ഉണർത്തുക. വെള്ളം നിറച്ച ഒരു പാത്രത്തെപ്പോലെ, സമ്പത്തുകൊണ്ടുമെന്ന ആ ശൂരനെ ധനം തരാൻ താഴത്തെയ്ക്കു വരുത്തുക! 2

അല്ലയോ മഘവാവേ, ശക്ര, ഇന്ദ്ര, അങ്ങ് ഊട്ടുന്നവനാണെന്ന് ആരാനും പറയുമോ? എന്നെ മൂർച്ചപ്പെടുത്തുക: മൂർച്ചകൂട്ടുന്നവനാണ്, അങ്ങെന്നു ഞാൻ കേട്ടിട്ടുണ്ട്. എനിയ്ക്കു കർമ്മശ്രദ്ധയുണ്ടാകട്ടെ. അങ്ങ് ഞങ്ങൾക്കു സമ്പൽഭാഗ്യം കൊണ്ടുവന്നാലും! 3

സൂക്തം 41.

3. സുഹസ്ത്യൻ—ഞാൻ. അഗ്നിത്ത്—ഒരു ഋത്വിക്ക്.

സൂക്തം 42.

1. ഋഷി അന്തരാത്മാവിനോടു പറയുന്നു: നിൻെറ സ്തോത്രം ഇന്ദ്രൻെറ ഹൃദയത്തെ സ്പർശിയ്ക്കട്ടെ; ഇന്ദ്രനെ മോടിപ്പെടുത്തട്ടെ. അടുത്ത വാക്യങ്ങൾ ഋത്വിക്കുകളോടും സ്തോതാവിനോടും: പിന്നിടുക—നിരാകരിയ്ക്കുക എന്നർത്ഥം.

2. ജാരനെ—പ്രാണികൾക്കു ജരയുളവാക്കുന്ന, കാലരൂപനായ, ഇന്ദ്രനെ.

3. ഊട്ടുന്നവൻ—സ്തോതാക്കൾക്ക് അന്നം നൽകാതിരുന്നാൽ, അവിടുന്ന് അന്നദാതാവാണെന്ന് ആരും പറയില്ലല്ലോ; അവിടുന്ന് അന്നദാതാവുതന്നെ. മൂർച്ചപ്പെടുത്തുക—ധനം തന്ന് ഉശിരനാക്കുക. മൂർച്ചകൂട്ടുന്നവൻ—സ്തോതാക്കളെ.

ഇന്ദ്ര, ഭവാനെ യുദ്ധങ്ങളിൽ ആളുകരം——പോരിൽ ഒത്തൊരുമിച്ചവർ— വിളിച്ചുപോരുന്നു. അതിൽ ശൂരൻ ഹവിഷ്മാനെ കൂട്ടുകാരനാക്കും; പിഴിയാത്തവൻെറ സഖ്യം കാംക്ഷിയ്ക്കില്ല! 4

യാതൊരു ഹവിഷ്മാൻ തന്തിരുവടിയ്ക്കു, വളരെ ജംഗമസ്വത്തുപോലെ, കടുംസോമം പിഴിഞ്ഞുവെയ്ക്കുമോ; അവനിൽനിന്നു തന്തിരുവടി പൂർവാഹ്നത്തിൽ, നല്ല പുത്രരും നല്ലായുധങ്ങളുമുള്ള ശത്രുക്കളെ വേറുപെടുത്തും——ഉപദ്രവം നീക്കും! 5

ഞങ്ങരം സ്തോത്രം ആരിൽ അർപ്പിയ്ക്കുന്നുവോ, ആർ ഞങ്ങളെ ഇച്ഛിയ്ക്കുന്നുവോ, ആ മഘവാവായ ഇന്ദ്രനെ ദൂരസ്ഥനായ ശത്രുപോലും പേടിയ്ക്കട്ടെ; നാട്ടിലെ അന്നങ്ങരം തന്തിരുവടിയ്ക്കടങ്ങട്ടെ! 6

പുരുഹൂത, ഇന്ദ്ര, അവിടുന്നു് ഉഗ്രമായ വജ്രംകൊണ്ടു ശത്രുവിനെ ചാരത്തുനിന്നു ദൂരത്തെയ്ക്കോടിച്ചാലും; ഞങ്ങരംക്കു യവവും ഗോക്കളെയും തന്നാലും. സ്തോതാവിന്നു രമണീയാന്നമായ കർമ്മം അരുളിയാലും! 7

അധ്വര്യുക്കരം പിഴിഞ്ഞ അന്നവർദ്ധകങ്ങളായ കടുംസോമങ്ങരം ആരുടെ വയററിൽ ചെല്ലുന്നുവോ, ആ മഘവാവായ ഇന്ദ്രൻ ഹവിർദ്ദാതാവിങ്കൽ പിശുക്കുപിടിയ്ക്കില്ല; പിഴിയുന്നവന്നു ധനം ധാരാളം കൊടുക്കുകതന്നെ ചെയ്യും! 8

ഒരു ചൂതുകളിക്കാരൻ എതിരാളിയെ തിരഞ്ഞെടുക്കുന്നതെപ്രകാരമോ, അപ്രകാരം ഈ ബലവാൻ സമയത്തു നിഹന്താവിനെ നോക്കിപ്പിടിച്ചു ജയിയ്ക്കും. ദേവകാമന്നു ധനം മൂടിവെയ്ക്കു , അവനെ വഴിപോലെ സമ്പത്തോടു ചേർക്കും! 9

---

4. രണ്ടും മൂന്നും വാക്യം പരോക്ഷം: ശൂരൻ——ഇന്ദ്രൻ. പിഴിയാത്തവൻ——അയഷ്ടാവു്.

5. ജംഗമസ്വത്തുപോലെ——ദരിദ്രന്നു കൊടുപ്പാൻ ഗവാശ്വാദിധനം കരുതിവെയ്ക്കുന്നതുപോലെ.

6. നാട്ടിലെ——ശത്രുരാജ്യത്തിലെ.

7. ശത്രുവിനെ——ഞങ്ങളുടെ. സ്തോതാവിന്നു്——എനിക്കു്. രമണീയാന്നം——രമ്യങ്ങളായ ഹവിസ്സുകളോടുകൂടിയതു്.

8. അന്നവർദ്ധകങ്ങരം——ഹോമത്താലാണല്ലോ, മഴ പെയ്തു ഭക്ഷ്യങ്ങരം വളരുന്നതു്.

9. ഈ ബലവാൻ——ഇന്ദ്രൻ. സമയത്തു——യുദ്ധാവസരത്തിൽ. നിഹന്താവിനെ——ദ്രോഹിയ്ക്കുന്ന ശത്രുവിനെ. ദേവകാമൻ——യജ്ഞതൽപരൻ.

പുരുഹൂത, വറുതിമൂലം വന്ന ദുർവിചാരം ഞങ്ങൾ ഗോക്കളെ ക്കൊണ്ടു കടക്കമാറാകണം, വിശപ്പൊക്കെ യവംകൊണ്ടും; ഞങ്ങൾ അരചന്മാരെക്കൊണ്ടു മികച്ച സമ്പത്തും, ഞങ്ങളുടെ ബലം കൊണ്ടു വിജയവും നേടുമാറാകണം! 10

ബൃഹസ്പതി ഞങ്ങളെ പിന്നിലും മുകളിലും ചുവട്ടിലും ദുഷ്ട ങ്കൽനിന്നു രക്ഷിയ്ക്കട്ടെ; ഇന്ദ്രൻ ഞങ്ങളെ മുന്നിലും നടുവിലും രക്ഷി യ്ക്കട്ടെ; സഖാവു സഖാക്കൾക്കു ധനം തരട്ടെ! 11

സൂക്തം 43.

കൃഷ്ണൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

എന്തും സാധിപ്പിയ്ക്കുന്നവയും അഭിലാഷിണികളുമായ എന്റെ സ്തുതികളെല്ലാം ഒത്തൊരുമിച്ച് ഇന്ദ്രനെ പ്രാപിയ്ക്കുന്നു—പത്നിമാർ ഭർത്താവിനെയെന്നപോലെയും, രക്ഷാർത്ഥികൾ ഒരു ധനവാനായ നല്ല മനുഷ്യനെയെന്നപോലെയും കെട്ടിപ്പുണരുന്നു! 1

പുരുഹൂത, ഭവദഭിമുഖമായ എന്റെ മനസ്സു പിന്മാറുന്നില്ല തന്നെ: ഞാൻ ആശ അങ്ങയിൽ ഉറപ്പിച്ചിരിയ്ക്കുന്നു. ദർശനീയ, അവിടുന്ന്, ഒരു രാജാവിനെപ്പോലെ, ദർഭയിലിരുന്നാലും; ഈ സോമം നുകന്നാലും! 2

ഇന്ദ്രൻ ദാഹത്തിന്റെയും വിശപ്പിന്റെയും ചുററും പെരുമാറ ട്ടെ: ആ മഘവാവുതന്നെയാണല്ലോ, ധനത്തിന്റെ അധിപതി; ആ ബലവാനായ വൃഷാവിന്റേതന്നെയാണ്, താണ നിലത്ത് അന്നം തഴപ്പിയ്ക്കുന്ന ഈ സപ്തനദികൾ! 3

പക്ഷികൾ നല്ല ഇലകളുള്ള വൃക്ഷത്തിന്മേലെന്നപോലെ, ചമസങ്ങളിലെ മദകരങ്ങളായ സോമങ്ങൾ ഇന്ദ്രങ്കൽ ചെന്നുകൂടുന്നു;

---

10. ഞങ്ങൾ ഗോക്കളെ കിട്ടി ദാരിദ്ര്യമുക്തരാകണം.

11. സഖാവ്—സഖാവായ ഇന്ദ്രൻ: സഖാക്കൾക്ക—ഞങ്ങൾക്ക്.

സൂക്തം 43.

3. ഇന്ദ്രൻ നമുക്കു ദാഹവും വിശപ്പും ശമിപ്പിയ്ക്കട്ടെ. അന്നം—സസ്യ ങ്ങൾ.

വേഗേന ഇവയുടെ മുകറംബ്ഭാഗം തുലോം വിളങ്ങുന്നു. തന്തിരുവടി, താനയയ്ക്കുണ്ടുന്ന പ്രകാശത്തെ മനുഷ്യർക്കു നല്കട്ടെ! 4

ഒരു ചൂതാളി കളിയിൽ എതിരാളിയെയെന്നപോലെ, മഘവാവു പിശുക്കപിടിയ്ക്കുന്ന സൂര്യനെ, ജയിപ്പാൻ അന്വേഷിയ്ക്കും. മഘവാവേ, ഭവാൻെറ ആ വീര്യം അനുകരിപ്പാൻ മുമ്പോ, ഇന്നോ, നാളെയോ ആരും ആളല്ല! 5

വൃഷാവായ മഘവാവു മനുഷ്യനിൽ മനുഷ്യനിൽ പള്ളികൊള്ളുന്നു; ആളുകളുടെ സ്തുതികറം ഉററുനോക്കുന്നു. ശക്രൻ ആരുടെ സവനത്തിൽ രമിയ്ക്കുമോ, അവൻ കടുംസോമങ്ങറംകൊണ്ടു പ്രതിപക്ഷരെ കീഴമർത്തും! 6

സലിലങ്ങറം സമുദ്രത്തിലെയ്ക്കുന്നപോലെയും, തോടുകറം ഹ്രദത്തിലെയ്ക്കുന്നപോലെയും സോമങ്ങറം ഇന്ദ്രങ്കലെയ്ക്കൊഴുകുന്നതെപ്പൊഴോ; അപ്പോറം ശാലയിൽ മേധാവികറം തന്തിരുവടിയുടെ മഹത്ത്വത്തെ, പർജ്ജന്യൻ ദിവ്യജലംകൊണ്ടു യവത്തെയെന്നപോലെ വളർത്തുന്നു! 7

ലോകത്തിൽ ഒരു കാള കോപിച്ചുചാടുന്നതുപോലെ, ആർ ഈ ഈശ്വരപത്നികളായ തണ്ണീരുകളെ ഇങ്ങോട്ടയച്ചുവോ; ആ മഘവാവത്രേ, പിഴിയുന്ന ക്ഷിപ്രപ്രദാനനും—ഹവിഷ്മാനായ മനുഷ്യന്നു—വെളിച്ചം കിട്ടിച്ചത്! 8

വജ്രം മിന്നി പൊങ്ങട്ടെ; സത്യത്തിൻെറ ശബ്ദം മുമ്പേത്തെപ്പോലെ മുഴങ്ങട്ടെ. സൽപതി സമുജ്ജ്വലപ്രഭനായി വിളങ്ങട്ടെ—സൂര്യനെപ്പോലെ ഒളിവീശിത്തിളങ്ങട്ടെ! 9

---

4. പ്രകാശത്തെ—സൂര്യതേജസ്സിനെ.

5. പിശുക്കപിടിയ്ക്കുന്ന—മഴ വേണ്ടുവോളം പെയ്യാത്ത. ജയിപ്പാൻ—നീരാവി കീഴടക്കാൻ. തിരഞ്ഞുപിടിച്ചു ജയിയ്ക്കുമെന്നർത്ഥം. അടുത്ത വാക്യം പ്രത്യക്ഷം:

6. പരോക്ഷം:

7. സലിലം=വെള്ളം. മേധാവികറം—സ്തോതാക്കരം. ദിവ്യജലം—മഴ.

8. ചാടുന്നതുപോലെ—മേഘത്തിനെ എതിർത്തു പിളർത്തി. ഈശ്വരപത്നികളായ—ഈശ്വരനായ ഇന്ദ്രൻെറ രക്ഷയിലിരിയ്ക്കുന്ന.

9. സൽപതി—ഇന്ദ്രൻ.

പുരുഹൂത, വറുതിമൂലം വന്ന ദുർവിചാരം ഞങ്ങൾ ഗോക്കളെക്കൊണ്ടു കടക്കമാറാകണം, വിശപ്പൊക്കെ യവംകൊണ്ടും; ഞങ്ങൾ അരചന്മാരെക്കൊണ്ടു മികച്ച സമ്പത്തും, ഞങ്ങളുടെ ബലംകൊണ്ടു വിജയവും നേടുമാറാകണം! 10

ബൃഹസ്പതി ഞങ്ങളെ പിന്നിലും മുകളിലും ചുവട്ടിലും ദുഷ്ടുകൽനിന്നു രക്ഷിയ്ക്കട്ടെ; ഇന്ദ്രൻ ഞങ്ങളെ മുന്നിലും നടുവിലും രക്ഷിയ്ക്കട്ടെ. സഖാവു സഖാക്കൾക്കു ധനം തരട്ടെ! 11

സൂക്തം 44.

കൃഷ്ണൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

യാതൊരു പ്രവൃദ്ധൻ അററമില്ലാത്ത പെരുംകെല്പിനാൽ മററുള്ളവരെയെല്ലാം വെമ്പലോടേ തുലോം മെലിയിച്ചു പിന്നിടുമോ, ആ ധനപതിയായ ഇന്ദ്രൻ മത്തിന്നു തേരിലൂടേ വന്നെത്തട്ടെ! 1

നരപാലക, നല്ല ഇരിപ്പിടമുള്ളതാണ്, അങ്ങയുടെ രഥം; രണ്ടു ഹരികളെ ശരിയ്ക്കു പൂട്ടിയിട്ടുമുണ്ട്; വജ്രം തൃക്കയ്യിൽ പററിനില്ക്കുന്നു. തമ്പുരാനേ, വെക്കം അവിടുന്നു നല്ല വഴിയിലൂടേ ഇങ്ങോട്ടെഴുന്നള്ളുക: നുകന്ന ഭവാന്റെ ബലം ഞങ്ങൾ വളർത്താം! 2

ഈ നരപാലകനെ, വജ്രപാണിയെ, ഉഗ്രനെ, തുലോം മെലിയിയ്ക്കുന്നവനെ, വൃഷാവിനെ, യഥാർത്ഥബലനെ, ഉഗ്രരും തടിച്ചവയും ഒപ്പം മത്തടിയ്ക്കുന്നവയുമായ ഇന്ദ്രവാഹങ്ങൾ ഞങ്ങളിൽ കൊണ്ടുവരട്ടെ! 3

ഇങ്ങനെ കലശത്തിലിരിയ്ക്കുന്ന, പ്രജ്ഞയുള്ള, ബലത്തിന്ന് ഒരുന്നായ രക്ഷിതാവിനെ അങ്ങ് തിരുവയററിലാക്കിപ്പോരുന്നു.

സൂക്തം 44.

1. മെലിയിച്ചു—ക്ഷീണിപ്പിച്ച്.

2. പ്രത്യക്ഷോക്തി: നുകർന്ന—സോമം കുടിച്ച.

3. പരോക്ഷം: ഇന്ദ്രവാഹങ്ങൾ=ഇന്ദ്രാശ്വങ്ങൾ. ഞങ്ങളിൽ—ഞങ്ങളുടെ അടുക്കൽ.

(ഞങ്ങൾക്കു) കെല്പു തരിക; (ഞങ്ങളെ) അങ്ങയിൽ ചേർക്കുക; അവിടുന്നാണല്ലോ, മേധാവികളെ വഴിപോലെ വളർത്തുന്ന സ്വാമി! 4

ധനങ്ങൾ എങ്കൽ വന്നണയട്ടെ: ഞാൻ സ്തുതിയ്ക്കുന്നുണ്ടല്ലോ. അവിടുന്നു സോമവാന്റെ ശോഭനാശംസമായ യജ്ഞത്തിൽ എഴുന്നള്ളിയാലും. അധീശനായ അവിടുന്നു് ഈ ദർഭയിൽ ഇരുന്നാലും: ആക്രമിയ്ക്കാവുന്നവയല്ല, അങ്ങയ്ക്കുള്ള പാത്രങ്ങൾ! 5

ദേവന്മാരെ വിളിച്ച പൂർവന്മാർ അസാധാരണമായ യശസ്സുളവാക്കി, വെവ്വേറെ കേറിപ്പോയി; യജ്ഞത്തോണിയിൽ കേറാൻ കഴിവില്ലാഞ്ഞവരോ, നാറുന്ന പണിയാൽ കടത്തോടേ കീഴ്പോട്ടടിഞ്ഞു! 6

കൂട്ടാക്കാത്ത കുതിരകളെ പൂട്ടുന്ന മററു ദുരാത്മാക്കളും ഇപ്രകാരം തന്നെ അധോഗതിയടയട്ടെ! ആർ മുൻകൂട്ടി യജിച്ചു നല്കുമോ, ആരിൽ കമനീയങ്ങളായ വളരെ ഭോഗ്യങ്ങളുണ്ടോ, അവർ (വിണ്ണടയും). 7

(ഇന്ദ്രൻ) പാറുനടന്ന പർവതങ്ങളെ നിർത്തി. സ്വർഗ്ഗം (ഇന്ദ്രനെക്കുറിച്ചു) നിലവിളിയ്ക്കുന്നു. (ഇന്ദ്രൻ) അന്തരിക്ഷത്തെ ക്ഷോഭിപ്പിയ്ക്കും. (ഇന്ദ്രൻ) വാനൂഴികളെ വേർപെടുത്തുറപ്പിച്ചു. സോമം കുടിച്ചു ലഹരിപിടിച്ചാൽ (ഇന്ദ്രൻ)സ്തുതികളെ പ്രശംസിയ്ക്കും. 8

മഘവാവേ, ഞാൻ അങ്ങയ്ക്കു് ഒരു നല്ല തോട്ടി ഉണ്ടാക്കി കയ്യിൽ വെച്ചിട്ടുണ്ടു്: ഭവാനു് ഇതുകൊണ്ടു വലിയ്ക്കാം, കത്തുന്നവയെ നോവിയ്ക്കാം; അങ്ങു് ഈ യജ്ഞത്തിൽ നോവിയ്ക്കുമാറാകണ സോമം പിഴിഞ്ഞ യജ്ഞത്തിൽ, ഭജനീയനായ ഭവാൻ (സ്തോത്രം) ചെവിക്കൊണ്ടാലും! 9

---

4 പ്രത്യക്ഷം: രക്ഷിതാവിനെ––സോമത്തെ.

5. സോമവാന്റെ––സോമം പിഴിഞ്ഞ എന്റെ അധീശൻ––ധനാധിപതി. ആക്രമിയ്ക്കാവുന്നവ––രാക്ഷസാദികൾക്കു്. പാത്രങ്ങൾ––സോമഭാജനങ്ങൾ.

6. കേറിപ്പോയി––തൽപ്രസാദത്താൽ ദേവലോകങ്ങളിൽ ചെന്നെത്തി. കടത്തോടേ––ദേവകൾക്കു കടം വീട്ടാതെ.

7, കൂട്ടാക്കാത്ത––മെരുങ്ങാത്ത. ദുരാത്മാക്കൾ – കഴിവുണ്ടായിരിയ്ക്കെ, യജിയ്ക്കാത്ത ദുഷ്ടന്മാർ. മുൻകൂട്ടി––മരിയ്ക്കുന്നതിന്നുമുമ്പ്. നല്കുമോ––ദേവകൾക്കു ഹവിസ്സു കൊടുക്കുമോ.

8. സ്വർഗ്ഗം––രാക്ഷസാദിഭീതരായ സ്വർഗ്ഗവാസികൾ. നിലവിളിയ്ക്കുന്നു––രക്ഷിയ്ക്കണേ, രക്ഷിയ്ക്കണേ എന്നു്.

9. തോട്ടി––സ്തുതി. കത്തുന്നവ––ഗജാദികൾ.

പുരുഹൂത, വറുതിയാൽ വന്ന ദുർവിചാരം ഞങ്ങൾ ഗോക്കളെക്കൊണ്ടു കടക്കുമാറാകണം, വിശപ്പൊക്കെ യവംകൊണ്ടും; ഞങ്ങൾ അരചന്മാരുടെ മികച്ച സമ്പത്തും, ഞങ്ങളുടെ ബലംകൊണ്ടു വിജയവും നേടുമാറാകണം! 10

ബൃഹസ്പതി ഞങ്ങളെ പിന്നിലും മുകളിലും ചുവട്ടിലും ദുഷ്ടങ്കൽനിന്നു രക്ഷിയ്ക്കട്ടെ; ഇന്ദ്രൻ ഞങ്ങളെ മുന്നിലും നടുവിലും രക്ഷിയ്ക്കട്ടെ സഖാവു സഖാക്കൾക്കു ധനം തരട്ടെ! 11

സൂക്തം 45.

ഭലന്ദനപുത്രൻ വത്സപ്രി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മനുഷ്യരെ സ്നേഹിയ്ക്കുന്ന ജാതവേദസ്സായ അഗ്നി ഒന്നാമതു ദ്യോവിന്മീതേ ജനിച്ചു; രണ്ടാമതു നമ്മുടെ മീതെയും, മൂന്നാമത് അന്തരിക്ഷത്തിലും ജനിച്ചു. തന്തിരുവടിയെ ശോഭനപ്രജ്ഞൻ സദാ ജ്വലിപ്പിച്ചു, സ്തുതിച്ചുപോരുന്നു. 1

അഗ്നേ, അങ്ങയുടെ ത്രിസ്ഥാനസ്ഥങ്ങളായ മൂന്നു രൂപങ്ങൾ ഞങ്ങൾക്കറിയാം; അങ്ങ് കൈക്കൊണ്ടിട്ടുള്ള വളരെ പാർപ്പിടങ്ങൾ ഞങ്ങൾക്കറിയാം; അങ്ങയുടെ ഉൽക്കൃഷ്ടവും നിഗൂഢവുമായ തിരുനാമം ഞങ്ങൾക്കറിയാം; അങ്ങ് ആരിൽനിന്നു ജനിച്ചുവോ, ആ കാരണാത്മാവിനെയും ഞങ്ങൾക്കറിയാം. 2

അഗ്നേ, സമുദ്രത്തിൽ വെള്ളത്തിന്നടിയിൽ അങ്ങയെ മനുഷ്യസ്നേഹിയും, വാനിന്മുകളിൽ മനുഷ്യദ്രഷ്ടാവും ഉജ്ജ്വലിപ്പിച്ചു; വെള്ളത്തിന്റെ ഇരിപ്പിടമായ മൂന്നാംലോകത്തിൽ മേവുന്ന ഭവാനെ മഹാന്മാർ വർദ്ധിപ്പിച്ചു. 3

സൂക്തം 45.

1. ദ്യോവിന്മീതേ ജനിച്ചു——സൂര്യാത്മനാ. രണ്ടാമതു——ഭൌമാഗ്നിയായിട്ട്. മൂന്നാമത്—— വൈദ്യുതാഗ്നിരൂപേണ.

2. മൂന്നു രൂപങ്ങൾ—— അഗ്നി, വായു, ആദിത്യൻ. പാർപ്പിടങ്ങൾ——ഗാർഹപത്യാദികൾ. തിരുനാമം—— ജാതവേദോവൈശ്വാനരാദികൾ.

3. അങ്ങയെ——ബഡബാഗ്നിയായ ഭവാനെ, മനുഷ്യസ്നേഹി——വരുണൻ. മനുഷ്യദ്രഷ്ടാവ്——ആദിത്യൻ. മൂന്നാംലോകത്തിൽ——മൂന്നു ലോകങ്ങളിലൊന്നായ അന്തരിക്ഷത്തിൽ. മഹാന്മാർ——മരുദാദികൾ. വർദ്ധിപ്പിച്ചു——സ്തുതികൾകൊണ്ട്.

അഗ്നി ഭൂമിയെ നക്കകയും, ലതകളെ ചുടുവിയ്ക്കുകയുംചെയ്തു കൊണ്ടു, പർജ്ജന്യൻ ഇടിവെട്ടുന്നതുപോലെ ആർത്തിരമ്പും; പിറവിയിലേ കത്തിപ്പടൎന്നു് അവയെ നോക്കും; പ്രഭകൊണ്ടു വാനൂഴികൾക്കിടയിൽ തിളങ്ങും! 4

സമ്പത്തിനെ പൊന്തിയ്ക്കുന്ന, ധനങ്ങളെ വഹിയ്ക്കുന്ന, അഭീഷ്ടങ്ങളെ കൊണ്ടുവരുന്ന, സോമം കാക്കുന്ന, വസുവായ, ബലപുത്രനായ, തണ്ണീരിൽ മേവുന്ന തമ്പുരാൻ ഉഷസ്സുദിപ്പിൽ ജ്വലിപ്പിയ്ക്കപ്പെട്ടു വിളങ്ങുന്നു! 5

എല്ലാററിൻെറയും കൊടിമരമായ തണ്ണീരിൻഗർഭം പിറക്കുമ്പോൾത്തന്നേ വാനൂഴികളെ നിറയ്ക്കും; പഞ്ചജനങ്ങൾ അഗ്നിയജനം തുടങ്ങുന്നതോടേ, താൻ തിരിമയപോന്നു്, ഉറപ്പുള്ള മേഘത്തെയും ഉടയ്ക്കും! 6

കാമയമാനനും, പാവകനും, ഗമനശീലനും, സുമേധസ്സും, അമൃതനുമായ അഗ്നി മനുഷ്യരുടെഇടയിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു. താൻ പുക പാറിയ്ക്കുന്നു; വെണ്മ പൂണ്ടു, തെളിഞ്ഞ തേജസ്സിനാൽ വാനിൽ വ്യാപിയ്ക്കുന്നു! 7

കാണപ്പെടുന്ന ഗന്താവായ തേജസ്വി അത്യന്തം ശോഭിയ്ക്കുന്നു--വിഭൂതിയ്ക്കായി, ദുസ്സഹമാംവണ്ണം വിളങ്ങുന്നു. അഗ്നി അന്നങ്ങൾകൊണ്ടു മരണരഹിതനായിരിയ്ക്കുന്നു. സുരേതസ്സായ സൂര്യനാണല്ലോ, ഇദ്ദേഹത്തെ ജനിപ്പിച്ചതു്! 8

അഗ്നേ, കല്യാണപ്രഭനായ ദേവ, അതിയുവാവേ, ആർ ഇന്നു് അങ്ങയ്ക്കു നെയ്യപ്പം ഉണ്ടാക്കുന്നുവോ, ആ അത്യുൽക്കൃഷ്ടനായ ദേവഭക്തനെ അവിടുന്നു സമ്പത്തിലെയ്ക്കും സുഖത്തിലെയ്ക്കും കൊണ്ടുപോയാലും! 9

അഗ്നേ, നല്ല ഹവിസ്സു ചമയ്ക്കുമ്പോൾ അദ്ദേഹത്തെ അവിടുന്നു് ഉപചരിച്ചാലും; സ്തോത്രം ചൊല്ലുമ്പോൾ ചൊല്ലുമ്പോൾ ഉപചരിച്ചാലും. അദ്ദേഹം സൂര്യനെ സ്നേഹിയ്ക്കട്ടെ, അഗ്നിയെ സ്നേഹിയ്ക്കട്ടെ; ജനിച്ച പുത്രനെക്കൊണ്ടും, മേലിൽ ജനിയ്ക്കുന്നവനെക്കൊണ്ടും (ശത്രുക്കളെ) പിളർത്തട്ടെ! 10

---

4. ദാവാഗ്നിയെ സ്തുതിയ്ക്കുന്നു: അവ--ലതകൾ.
6. തണ്ണീരിൻഗർഭം--അഗ്നി. നിറയ്ക്കും--തേജസ്സുകൊണ്ടു്.
7. കാമയമാനൻ--ഹവിസ്സിച്ഛിയ്ക്കുന്നവൻ.
8. അന്നങ്ങൾ--വിറകുകൾ.
10. അദ്ദേഹത്തെ--ദേവഭക്തനെ. ഉപചരിച്ചാലും--അഭീഷ്ടദാനത്താൽ.

അഗ്നേ, അവിടെയ്ക്കായിട്ടാണ്, യജമാനന്മാർ നാടോറും വരണീയങ്ങളായ വസുക്കളെ കരുതിവെയ്ക്കുന്നത്. അങ്ങയോടുകൂടിയാണ്, ധനകാംക്ഷികളായ മേധാവികൾ പൈത്തൊഴുത്തു തുറന്നത്! 11

മനുഷ്യർക്കു സുഖമയനും, വൈശ്വാനരനും, സോമപാലനുമായ അഗ്നി ഋഷികളാൽ സ്തുതിയ്ക്കപ്പെട്ടു; ദ്രോഹിയ്ക്കാത്ത വാന്ത്വഴികളെ ഞങ്ങൾ വിളിയ്ക്കുന്നു; ദേവന്മാരേ, നിങ്ങൾ ഞങ്ങൾക്കു സമ്പത്തും സൽപുത്രനെയും തരുവിൻ! 12

എട്ടാമധ്യായം സമാപ്തം

ഏഴാമഷ്ടകം സമാപ്തം.

എട്ടാമഷ്ടകം

ഒന്നാമധ്യായം.

സൂക്തം 46.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

അന്തരിക്ഷത്തിന്റെ മടിയിൽനിന്ന്, ആകാശജ്ഞനായ യാതൊരുവൻ ഹോതാവായി വെളിപ്പെട്ടു, മനുഷ്യരുടെയിടയിൽ ഇരിയ്ക്കുന്നുവോ; വിധാതാവായി വെയ്ക്കപ്പെട്ട ആ മഹാൻ സേവിയ്ക്കുന്ന നിനക്ക് അന്നവും ധനവും അരുളട്ടെ; ദേഹരക്ഷകനുമാവട്ടെ! 1

---

11. വസുക്കൾ=ധനങ്ങൾ. ധനകാംക്ഷികളായ മേധാവികൾ—അസുരാപഹൃതമായ ഗോധനത്തെ വീണ്ടെടുപ്പാനിച്ഛിച്ച ദേവന്മാർ.

12. ദ്രോഹിയ്ക്കാത്ത—കനിവുള്ളവരായ.

സൂക്തം 46.

1. തന്നോടുതന്നെ പറയുന്നു: അന്തരിക്ഷത്തിന്റെ മടിയിൽനിന്ന്—വൈദ്യുതാവസ്ഥയിൽനിന്ന്. വിധാതാവ് യജ്ഞനിർവാഹകൻ. ആ മഹാൻ—അഗ്നി.

വെള്ളത്തിലൊളിച്ച തന്തിരുവടിയെ, പരിചാരകർ ഒരു കാണാതായ മാടിനെയെന്നപോലെ, കാലടികരം നോക്കി പിന്തുടൎന്നു; കാമയമാനരായ——കാംക്ഷ പൂണ്ട——ധീരരായ ഭൃഗുക്കരം സ്തുതികളാൽ ആ ഗുഹാനിലീനനെ കണ്ടുപിടിച്ചു. 2

ഈ മഹാനെ വിഭ്രുവസ്സിൻെറ പുത്രൻ ത്രിതൻ തേടി ഭൂമിയിൽ കണ്ടെത്തി സുഖം വളർത്തുന്ന യുവാവായ തന്തിരുവടി മേടകളിൽ നീളെ വെളിപ്പെട്ടു, യജ്ഞത്തിൻെറ പൊക്കിളായി സ്ഥിതിചെയ്യുന്നു 3

മാദനീയനും, യജനീയനും, ഗന്താവും, യജ്ഞനിയന്താവും, പ്രജകളുടെ സ്വാമിയും, ഹോതാവും, ഹവ്യവാഹനുമായ പാവകനെ കാമയമാനന്മാർ മനുഷ്യരിൽ പ്രതിഷ്ഠിച്ചു സ്തുതിച്ചുപോരുന്നു. 4

മേധാവികളെ താങ്ങുന്ന ജേതാവായ മഹാനെ നീ സ്തുതിപ്പാൻ നോക്കുക: അഭിജ്ഞനും, പുരന്ദരനും, വരണീയനും, സ്തുതിപ്രീതനും അരണിക്കുഞ്ഞുമായ ഹരികേശനെ മൂഢന്മാർപോലും ഒരു കതിരായയെന്നപോലെ തടിപ്പിച്ചു, പുകഴ്ത്തുന്നു. 5

(ജ്വാലകരം) ചുഴന്ന ത്രിതൻ ഉറപ്പിയ്ക്കാനായി യാഗശാലകളിൽ അകത്തു സ്വസ്ഥാനത്തിരിയ്ക്കും; അവിടെനിന്നു പ്രജകളുടെ ഹവിസ്സു വാങ്ങി, നേതാക്കരംക്കു കൊടുക്കാൻ നാനാമട്ടിൽ തടവില്ലാതെ നടകൊള്ളും. 6

ഇദ്ദേഹത്തിൻെറപാവകരായഅഗ്നികരംജരയില്ലാത്തവരും നീയരെ പിന്നിടുവിയ്ക്കുന്നവരും, പൂജനീയമായ പുകയോടുകൂടിയവ

---

2. പരിചാരകർ——ഋഷിമാർ.

3. ത്രിതൻ — ഒരു ഋഷി. മേടകളിൽ——യജമാനഗൃഹങ്ങളിൽ. പൊക്കിരം——പ്രധാനാംഗം.

4. മാദനീയൻ=മത്തുപിടിപ്പിയ്ക്കപ്പെടേണ്ടുന്നവൻ. കാമയമാനന്മാർ——സൽഫലകാംക്ഷികരം, ഋത്വിക്കുകരം. മനുഷ്യർ——യഷ്ടാക്കരം.

5. അന്തരാത്മാവിനോട്: ഹരികേശൻ അഗ്നി. തടിപ്പിച്ചു--ഹവിസ്സുകൊണ്ടു വളർത്തി.

6. ത്രിതൻ——ഗാർഹപത്യാഹവനീയദക്ഷിണരൂപനായ അഗ്നി. ഉറപ്പിയ്ക്കാൻ——യജമാനഗൃഹത്തെ. നേതാക്കരം——ദേവന്മാർ.

7. ഇദ്ദേഹം——യജമാനൻ. അഗ്നികരം——അഗ്നി; പൂജാർത്ഥം, ബഹുവച

രും, വെണ്മ ചേൎന്നവരും, ഭരിയ്ക്കുന്നവരും, വനത്തിൽ വസിയ്ക്കുന്ന
വരും, നടക്കുന്ന സോമങ്ങൾപോലെ ക്ഷിപ്രകൎമ്മാക്കളുമാകുന്നു! 7

ആർ നാവുകൊണ്ടു കൎമ്മത്തെയും മനസ്സുകൊണ്ടു ഭൂമിയുടെ
സ്തോത്രങ്ങളെയും വഹിയ്ക്കുന്നുവോ; ആ ജ്വലിയ്ക്കുന്ന, മാദനീയനായ,
യജനീയനായ, പാവകനായ അഗ്നിയെ ആളുകൾ ഹോതാവാക്കി
വെച്ചിരിയ്ക്കുന്നു! 8

ആരെ ദ്യാവാപൃഥിവികളും, തണ്ണീരുകളും, ത്വഷ്ടാവും, ആരെ
ബലംകൊണ്ടു ഭൃഗുക്കളും ജനിപ്പിച്ചുവോ; ആ സ്തുത്യനും യഷ്ടവ്യനു
മായ അഗ്നിയെ മുമ്പേ വായുവും മനുവിന്നായി ദേവന്മാരും നിൎ
മ്മിച്ചുവെച്ചു. 9

അഗ്നേ, നിന്തിരുവടിയെ ദേവന്മാർ ഹവ്യവാഹനാക്കിവെ
ച്ചു; തുലോം സസ്പൃഹരായ മനുഷ്യർ യജനീയനുമാക്കി. ആ നി
ന്തിരുവടി യജ്ഞത്തിൽ സ്തുതിയ്ക്കുന്നവന്നു് അന്നം തന്നാലും: ദേവ
കാമന്നു വളരെ യശസ്സു് ഉണ്ടായിവരുമല്ലോ! 10

സൂക്തം 47.

അംഗിരോഗോത്രൻ സപ്തഗു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
വൈകുണ്ഠേന്ദ്രൻ ദേവത.

(കാകളി.)

ഞങ്ങൾ പിടിയ്ക്കുന്നു, നിൻവലംകയ്യിന്ദ്ര,
തുംഗവിത്തങ്ങൾക്കധീശ, വിത്താശയാൽ:

നം. ദമനീയരെ പിന്നിടുവിയ്ക്കുന്നവർ—ആരാധകരെ രക്ഷഃപ്രഭൃതികൾക്കപ്പുറ
ത്താക്കുന്നവർ. ക്ഷിപ്രകൎമ്മാക്കൾ—ഉടനടി ഫലം കൊടുക്കുന്നവർ.

8. നാവു്—ജ്വാല. കൎമ്മം—ആഹുതി. ഭൂമിയുടെ—ഭൂവാസിജനങ്ങളുടെ.

9. ബലം—സ്തുത്യാദിസാധനം.

10. സ്തുതിയ്ക്കുന്നവന്നു്—എനിയ്ക്കു്.

സൂക്തം 47.

1. വികുണ്ഠ എന്നൊരസുരസ്ത്രീ ഇന്ദ്രസദൃശനായ പുത്രനുണ്ടാകാൻ കടും
തപസ്സനുഷ്ഠിച്ചു. 'എന്നോടു തുല്യനായി മറ്റൊരുത്തൻ പിറന്നുകൂടാ' എന്നു കരു

ഞങ്ങൾക്കറിയാം, ഭവാൻ ശൂര, ഗോനാഥ;-
നെങ്ങൾക്ക നല്ക, വർഷിയ്ക്കുമർച്ച്യം ധനം! 1

സ്തുത്യൻ, സുശസ്ത്രൻ, സുരക്ഷൻ, സുനേതാവു,
വിത്തഭൃത്താ,ഴികൾനാലിലും ചെന്നവൻ,
അങ്ങുന്നനേകവരേണ്യൻ, പെരുതീജ്യ;—
നെങ്ങൾക്ക നല്ക, വർഷിയ്ക്കുമർച്ച്യം ധനം! 2

ഇന്ദ്ര, സുസ്തോത്രൻ, വിശാലൻ, പൃഥുമൂല—
ന,ന്നതൻ, ദേവൈഷി, കെല്പൻ, ശ്രുതശ്രുതൻ—
ഇങ്ങനെയുള്ളരിജിത്താം ഗഭീരനൊ—
ത്തെങ്ങൾക്ക നല്ക, വർഷിയ്ക്കുമർച്ച്യം ധനം! 3

ഇന്ദ്ര, മേധാവി, കടത്തുവോൻ, സൽബല—
നന്നഗ്രന,സ്താരി, സത്യൻ പുരന്ദരൻ—
ഇങ്ങനെയുള്ള വിത്താന്നവാൻ പുത്രനൊ—
ത്തെങ്ങൾക്ക നല്ക, വർഷിയ്ക്കുമർച്ച്യം ധനം! 4

നൂറായിരം തേർകള,ശ്വങ്ങൾ, യോദ്ധാക്കൾ,
കുറ്റററ സേവകർ, വീരർ, മേധാവികൾ
എന്നിവയൊത്തിന്ദ്ര, സാർവത്രികൌർജ്ജിത്യ—
മെങ്ങൾക്ക നല്ക, വർഷിയ്ക്കുമർച്ച്യം ധനം! 5

തി, ഇന്ദ്രൻതന്നേ അവളുടെ പുത്രനായി ജനിച്ചു. ആ വൈകുണ്ഠ (വികുണ്ഠാപുത്ര) നായ ഇന്ദ്രനെയാണു്, ഈ സൂക്തം സ്തുതിയ്ക്കുന്നതു്: തുംഗവിത്തങ്ങൾ—ഉൽകൃഷ്ടധനങ്ങൾ: വർഷിയ്ക്കും—അഭീഷ്ടങ്ങളെ വർഷിയ്ക്കുന്ന.

2. വിത്തഭൃത്തു്=ധനധാരി. ചെന്നവൻ—കീർത്തികൊണ്ടു വ്യാപിച്ചവൻ, എങ്ങും പുകൾപ്പെട്ടവൻ. ഈജ്യൻ—യജനീയൻ.

3. ഉന്നതൻ—മഹാൻ. ദേവൈഷി=ദേവകാമൻ. ശ്രുതശ്രുതൻ—വിശ്രുതജ്ഞാനൻ. ഗഭീരനൊത്തു്—ഗഭീരനായ പുത്രനോടുകൂടി; പുത്രനെയും ധനത്തെയും നല്ക.

4. എടുത്തുപറയുന്നു: കടത്തുവോൻ—ദുഃഖതാരകൻ. ഉന്നഗ്രൻ—വളർച്ച നേടുന്നവൻ. അസ്താരി=ശത്രുനാശനൻ. പുരന്ദരൻ—ശത്രുപുരികളെ പിളർത്തുന്നവൻ.

5. സാർവത്രികൌർജ്ജിത്യം=സർവവ്യാപിയായ ബലത്തോടുകൂടിയതു്; ധനത്തിന്റെ വിശേഷണം.

സത്യകർമ്മാവു, മന്ത്രാധിപൻ, മേധാവി
സപ്തഗുവുണ്ടൊരുങ്ങുന്തു, സ്തുതിയ്ക്കുവാൻ:
അങ്ങു ചെൽവൂ, നമിച്ചാംഗിരസനിവ;—
നെങ്ങാംക്ക നല്കൂ, വർഷിയ്ക്കുമച്ഛ്യം ധനം! 6

ചിത്തേരിതം, ഹൃദിസ്പർശി, വശീകാര—
യുക്തം സ്തവം തിരുവുള്ളമിരക്കവാൻ
എൻദൂതനായിട്ടു ചെൽവതുണ്ടിന്ദ്രങ്ക;-
ലെങ്ങാംക്ക നല്കൂ, വർഷിയ്ക്കുമച്ഛ്യം ധനം! 7

നിന്നോടു ഞാനിരക്കുന്നതു—വാരാള—
മന്യാദൃശാലയ—മേകുകെ,ങ്ങാംക്ക നീ:
ഇങ്ങതു, വാഴ്ത്തട്ടെ,യിന്ദ്ര, വാനൂഴിക;—
ളെങ്ങാംക്ക നല്കൂ, വർഷിയ്ക്കുമച്ഛ്യം ധനം! 8

സൂക്തം 48.

വൈകുണ്ഠേന്ദ്രൻ ഋഷി: ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
വൈകുണ്ഠേന്ദ്രൻതന്നെ ദേവത.

ഞാനാണ്, ധനത്തിൻെറ പ്രധാനാധിപതി: ഞാൻ വളരെയാ
ളിൽനിന്നു ധനം പിടിച്ചടക്കും. എന്നെ പ്രാണികൾ അച്ഛനെ
പ്പോലെ വിളിയ്ക്കും: ഞാൻ ഹവിർദ്ദാതാവിന്നു ഭക്ഷണം കൊടുക്കും. 1

---

6. സപ്തഗു—ഞാൻ. അങ്ങു—ദേവസന്നിധിയിൽ.

7. ചിത്തേരിതം—മനസ്സിനാൽ ചൊല്ലപ്പെട്ടത്. വശീകാരയുക്തം—വശീകരിയ്ക്കുന്നത്. തിരുവുള്ളം—ഇന്ദ്രൻെറ പ്രസാദം.

8. അതു—വേട്ടാനം.

സൂക്തം 48.

1. സപ്തഗുസ്തുതനായ വൈകുണ്ഠേന്ദ്രൻ സഹർഷനായി ആത്മസ്തുതി ചെയ്യുന്നു: ആളുകൾ—ശത്രുജനങ്ങൾ. പ്രാണികൾ—യജമാനന്മാർ. അച്ഛനെപ്പോലെ—മക്കൾ അച്ഛനെ വിളിയ്ക്കുന്നതുപോലെ.

ഇന്ദ്രനായ ഞാൻ അഥർവപുത്രന്റെ തല കൊയ്തു; ത്രിതന്നു വേണ്ടി മേഘത്തിന്മേൽ വെള്ളം പുറപ്പെടുവിച്ചു. ഞാൻ ദസ്യുക്കളിൽ നിന്നു ധനം പിടിച്ചടക്കും. ഞാൻ മാതരിശപുത്രനായ ദധീചിയ്ക്കായി മഴക്കാറിനെ വഴങ്ങിച്ചു. 2

എനിയ്ക്കായി ത്വഷ്ടാവ് ഒരിരിമ്പുവജ്രം ഉണ്ടാക്കി; ദേവന്മാർ കാര്യവും എങ്കൽ ചുമത്തി. എന്റെ സൈന്യം, സൂര്യന്റേതുപോലെ ദുസ്തരമാകുന്നു. ചെയ്തതുകൊണ്ടും ചെയ്യാൻപോകുന്നതുകൊണ്ടും എന്നെ അധിപതിയാക്കിയിരിയ്ക്കുന്നു. 3

ഗോവ്, അശ്വം, പാലുള്ള പശു, സ്വർണ്ണം എന്നിവയെ ഞാൻ ആയുധംകൊണ്ടു (വെന്നടക്കും). സ്തോത്രോപേതങ്ങളായ സോമങ്ങൾ എന്നെ മത്തുപിടിപ്പിച്ചാൽ, ഹവിർദ്ദാതാവിന്നുവേണ്ടി ഞാൻ അനേകായിരം (ആയുധങ്ങൾ) മൂർച്ചകൂട്ടും ! 4

ഇന്ദ്രനായ ഞാൻ ധനത്തിൽ പരാജയപ്പെടില്ല; ഞാൻ ഒരിയ്ക്കലും മൃത്യുവിന്നു വഴങ്ങില്ല. സോമം പിഴിയുന്നവരേ, നിങ്ങൾ എന്നോടുതന്നേ സമ്പത്തു യാചിച്ചുകൊള്ളുവിൻ; മനുഷ്യരേ, നിങ്ങൾ എന്റെ സഖ്യത്തിൽ വഴുതരുത്. 5

എവർ ഇന്ദ്രമായ വജ്രത്തെ പോരിന്നിറക്കിയോ, ആ ബലിഷ്ഠരെ ഈരണ്ടായി ഞാൻ ഹനിച്ചിരിയ്ക്കുന്നു — വെല്ലുവിളിച്ചവരെ കമ്പിടുവിച്ചു, കമ്പിടാത്ത ഞാൻ ഉറപ്പു പറഞ്ഞ് ആയുധംകൊണ്ടു ഹനിച്ചിരിയ്ക്കുന്നു.

---

2. അഥർവപുത്രന്റെ—ഇന്ദ്രശാസനം ഗണിയ്ക്കാതെ മധുവിദ്യ അശ്വികൾക്കുപദേശിച്ച ദധീചന്റെ. 1–116–12–ാം ഋക്ക് നോക്കുക. ത്രിതന്നുവേണ്ടി— കിണററിൽ വീണ ത്രിതനെന്ന ഋഷി ഇന്ദ്രനോടു കേററാൻ പ്രാർത്ഥിച്ചത് ഈ മണ്ഡലത്തിലെ 33–ാം സൂക്തത്തിൽ രണ്ടാംഋക്കിലുണ്ട്. വഴങ്ങിച്ചു—മഴ പെയ്യിച്ചു.

3. കാര്യം—ശത്രുവധാദി. ആക്കിയിരിയ്ക്കുന്നു—ദേവന്മാർ.

4. ഗോവ്—മാട്.

5. പരാജയപ്പെടില്ല—എന്റെ ധനം അജയ്യമാകുന്നു. വഴുതരുത്—ഉറച്ചു നില്ക്കണം.

6. ഇന്ദ്രം—വൈരികളെ പിളർത്തുന്നത്. പോരിന്നിറക്കിയോ—വജ്രവാനായ എന്നോടു പൊരുതിയോ. ഈരണ്ടായി—ഒരേസമയത്തു രണ്ടെതിരാളികളോടു യുദ്ധംചെയ്ത് എന്നർത്ഥം. ഉറപ്പു—'നിങ്ങളെ ഞാൻ കൊല്ലു'മെന്ന്.

അമർഷിയായ ഞാൻ ഇപ്പോൾ ഒരുവനെ ഒററയ്ക്കെതിക്കും; ഇരുവരെയും, മൂവ്വരുണ്ടെങ്കിൽ അവരെയും എതിക്കും. വളരെ നിഷ്ഠുരരെ ഞാൻ, കളത്തിലെന്നപോലെ കൊയ്ത് കൂട്ടിയിരിയ്ക്കുന്നു. എന്നെ നിന്ദിച്ചുകളയുമോ, ഇന്ദ്രനില്ലാത്ത ശത്രുക്കൾ? 7

പൎണ്ണയനെയും, കരഞ്ജനെയും ഹനിച്ച മഹായുദ്ധത്തിൽ വിളിപ്പെട്ട ഞാൻ ഗൃംഗൃവിന്നായി, ഹവിസ്സർപ്പിച്ച ശത്രുഹന്താവായ അതിഥിഗ്വനെ, പ്രജകളിൽ അന്നത്തെയെന്നപോലെ നിലനിർത്തി. 8

എന്റെ സ്തോതാവു സേവ്യനായി അന്നവും ഭോഗവും നേടും; അവങ്കൽ (ആളുകൾ) ഗോലബ്ധിയ്ക്കും സഖ്യത്തിന്നും—രണ്ടിന്നും—ചെല്ലും. എന്തുകൊണ്ടെന്നാൽ, അവന്നുവേണ്ടി ഞാൻ യുദ്ധങ്ങളിൽ ആയുധമെടുക്കും; അതോടേ, അവനെ സ്തുതിയ്ക്കും ഉക്ഥത്തിന്നും അൎഹനമാക്കും. 9

ഒരുവങ്കൽ ഇടയ്ക്കു സോമം കണ്ടാൽ, അവനെ (ഇന്ദ്രൻ) വജ്രം കൊണ്ടു കാത്തരുളും: ആ കൊമ്പു കൂൎത്ത വൃഷഭനോടു പൊരുതാനൊരുങ്ങിയ ദ്രോഹിയോ, കെട്ടു പെട്ടു കൂരിരുട്ടിൻനടുവിൽ കിടക്കും! 10

ആദിത്യർ, വസുക്കൾ, മരുത്തുക്കൾ എന്നീ ദേവന്മാരുടെ പാൎപ്പിടത്തെ ദേവനായ ഞാൻ ദ്രോഹിയ്ക്കില്ല: അവർ എന്നെ നല്ല ബലമുള്ളവനും അജിതനും അഹിംസിതനും അധർഷിതനുമാക്കിത്തീൎക്കട്ടെ! 11

---

7. കളം—കൊയ്ത നെല്ലും മററും കൂട്ടിവെയ്ക്കുന്ന സ്ഥലം. ഇന്ദ്രനില്ലാത്ത—ഇന്ദ്രനെ ഗണിയ്ക്കാത്ത. നിന്ദിച്ചുകളയുമോ—നിന്ദിപ്പാൻ ശക്തരാകില്ല.

8. വിളിപ്പെട്ട—വിജയിച്ചതിനാൽ. ഗൃംഗൃ—ഒരു രാജ്യം; അതിനെ രക്ഷിപ്പാൻ. അതിഥിഗ്വൻ—ദിവോദാസൻ.

10. ഒരു യഷ്ടാവും അയഷ്ടാവും തമ്മിൽ യുദ്ധം ചെയ്യുമ്പോൾ, ഇന്ദ്രൻ സോമാൎപ്പകനെയേ സഹായിയ്ക്കൂ. കൊമ്പ്—ആയുധം. വൃഷഭൻ—ശരവൎഷി; ഇന്ദ്രന്റെ അനുഗ്രഹത്താൽ ശരവൎഷണശക്തനായിത്തീൎന്ന യഷ്ടാവ് അയഷ്ടാവായ ദ്രോഹിയെ പിടിച്ചു തടവിലിടും.

സൂക്തം 49.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

സ്തുതിയ്ക്കുന്നവന്നു ഞാൻ മികച്ച സമ്പത്തു നല്കും: എന്നെത്തന്നെ വൎദ്ധിപ്പിപ്പാൻ, സ്തോത്രം ചൊല്ലിയ്ക്കും. യഷ്ടാവിന്നു ഞാൻ അയച്ചുകൊടുക്കും; അയഷ്ടാവിനെ യുദ്ധത്തിലെല്ലാം ആക്രമിയ്ക്കും! 1

ദേവകളിൽവെച്ച് ഇന്ദ്രനെന്ന എന്നെയാണ്, ദ്യാവാപൃഥിവ്യന്തരിക്ഷപ്രജകൾ പുലൎത്തിപ്പോരുന്നത്. എനിയ്ക്കു, വൃഷാക്കളും വിവിധകൎമ്മാക്കളും വിദ്രുതഗതികളുമായ രണ്ടു ഹരികളുണ്ട്; ഞാൻ ബലത്തിന്നു ധൎഷകമായ വജ്രവുമെടുക്കും. 2

ഞാൻ ഉശനസ്സിന്നുവേണ്ടി അൎക്കനെ അടിച്ചിടിച്ചുകൊന്നു. ഞാൻ കുത്സനെ ഇത്തരം രക്ഷകൾകൊണ്ടുതന്നെ രക്ഷിച്ചു: ഞാൻ ശുഷ്ണനെ വധിപ്പാൻ വജ്രം മുറുകെപ്പിടിച്ചു. ഞാൻ ദസ്യുവിന്ന് ആൎയ്യനാമം കൊടുക്കില്ല. 3

ഞാൻ, ഒരച്ഛൻപോലെ, വേതസു കുത്സന്നു കൊടുക്കാൻ തുഗ്രനെയും സ്മദിഭനെയും വഴങ്ങിച്ചു. ഞാൻ പുത്രന്നെന്നപോലെ, ശത്രുധൎഷണത്തിന്നു പ്രിയങ്ങൾ കൊണ്ടുവന്നു, യഷ്ടാവിനെ പ്രശോഭിപ്പിയ്ക്കും. 4

ഞാൻ ശ്രുതൎവാവിന്നുവേണ്ടി അദ്ദേഹം എങ്കൽ വന്നു, വിടാതെ നിന്നു സ്തുതിച്ചതിനാൽ—മൃഗയനെ വഴങ്ങിച്ചു. ഞാൻ ആയുവിന്നുവേണ്ടി വേശനെ കമ്പിടുവിച്ചു. ഞാൻ സവ്യന്നുവേണ്ടി ഷഡ്ഗൃഭിയെ വഴങ്ങിച്ചു. 5

സൂക്തം 49.

1. അയച്ചുകൊടുക്കും——ധനം.

2. പുലൎത്തിപ്പോരുന്നത്——ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും.

3. അൎക്കൻ——ഉശനസ്സിന്റെ ഒരു ശത്രു. ആൎയ്യനാമം——ആൎയ്യന്മാൎക്കു കൊടുക്കേണ്ടുന്ന വെള്ളം; അഥവാ, നല്ല പേര്, യശസ്സ്.

4. അച്ഛൻപോലെ——അച്ഛൻ മകന്നെന്നപോലെ. വേതസു——ഒരു നാട്. തുഗ്രനും സ്മദിഭനും രാജാക്കന്മാരത്രേ. പ്രിയങ്ങൾ——ഇഷ്ടവസ്തുക്കൾ.

5. മൃഗയൻ——ഒരസുരൻ. വേശൻ——ആയുവിന്റെ ഒരു ശത്രു. സവ്യൻ, ഷഡ്ഗൃഭി——പേരുകൾ.

വൃത്രഹന്താവായ ഞാനാണ്, വൃത്രനെപ്പോലേ നാശം വരുത്തിയിരുന്ന നവവാസ്ത്വനെയും ബൃഹദ്രഥനെയും ചതച്ചത്. വർദ്ധമാനൻ, പ്രഥമാനൻ എന്നിവരെ ഞാൻ വീടാതെനിന്നു, രോചനലോകത്തിന്റെ അങ്ങേഅററത്തെത്തുയച്ചു. 6

ഞാൻ പായുന്ന വിചിത്രസൂര്യാശ്വങ്ങളിൽ കേറി, പുറവും ഓജസ്സോടേ സഞ്ചരിയ്ക്കും. മനുഷ്യന്റെ പിഴിയൽ എന്നെ യജ്ഞസിദ്ധിയ്ക്കു വിളിച്ചാലപ്പോൾ, ഞാൻ വധ്യനായ ദാസനെ ആയുധങ്ങൾകൊണ്ടു നുറുക്കും. 7

ഏഴുപേരെ കൊന്നവനും, ബന്ധിയ്ക്കുന്നവനെപ്പോലും ഉലോം ബന്ധിയ്ക്കുന്നവനുമായ ഞാൻ കരുത്തുകൊണ്ടു തുർവശനെയും യദുവിനെയും വിശ്രുതരാക്കി. മററുള്ളവരെയും ഞാൻ ബലംകൊണ്ടു ബലവാന്മാരാക്കിയിരിയ്ക്കുന്നു. ഞാൻ തഴച്ച തൊണ്ണൂറെറാമ്പതെണ്ണത്തെ തകർത്തു. 8

വൃഷാവായ ഞാൻ നില്ക്കാതെ പായുന്ന ഏഴുനദികളെ ഭൂമിയിൽ നിർത്തിയിരിയ്ക്കുന്നു; ശോഭനകർമ്മാവായ ഞാൻ വെള്ളം നല്കിപ്പോരുന്നു. മനുഷ്യന്നു നടക്കാൻ നിരുപദ്രവമായ വഴിയും കിട്ടിച്ചിരിയ്ക്കുന്നു. 9

യാതൊന്നു നിർത്താൻ ത്വഷ്ടാവായ ദേവൻ ആളായില്ലയോ; ആ സ്പൃഹണീയവും, സുഖകരമായ സോമത്തിൽ ചേക്കാനുള്ളതുമായ വെൺപാൽ ഞാൻ ഈ ഗോക്കളുടെ അകിട്ടിലും, മഴ തുടങ്ങുന്നതുവരെയ്ക്കുള്ള വെള്ളം പുഴകളിലും നിർത്തിയിരിയ്ക്കുന്നു. 10

ഇങ്ങനെ, മഘവാവായ, സത്യധനനായ ഇന്ദ്രൻ ബലത്താൽ ദേവന്മാരെയും മനുഷ്യരെയും പ്രേരിപ്പിയ്ക്കുന്നു. ഹരിയുക്ത, കർമ്മവൻ, സ്വയം പുകഴ്ന്നവനേ, അവിടുന്നു ചെയ്യുതെല്ലാം വെമ്പൽക്കൊള്ളുന്നവർ വാഴ്ത്തിപ്പാടുന്നു. 11

---

6. നവവാസ്ത്വൻ, ബൃഹദ്രഥൻ, വർദ്ധമാനൻ, പ്രഥമാനൻ—നാലും പേരുകൾ. രോചനം—സ്വർഗ്ഗം.

7. സഞ്ചരിയ്ക്കും—സൂര്യാത്മനാ. മനുഷ്യന്റെ പിഴിയൽ—സോമം പിഴിയുന്ന മനുഷ്യൻ. ദാസനെ—നാശം വരുത്തുന്ന ശത്രുവിനെ.

8. ഏഴുപേർ—നമുചിപ്രഭൃതികൾ. മററുള്ളവർ മററു സ്തോതാക്കന്മാർ. തൊണ്ണൂറെറാമ്പതെണ്ണത്തെ—തൊണ്ണൂറെറാമ്പത് അസുരപുരികളെ.

9. നിർത്തുക—ഏർപ്പെടുത്തുക.

11. രണ്ടാംവാക്യം പ്രത്യക്ഷം: വെമ്പൽക്കൊള്ളുന്നവർ—കർമ്മസത്വരർ, ഋത്വിക്കുകൾ.

സൂക്തം 50.

ഋഷിദേവതകൾ മുമ്പേത്തവ; ജഗതിയും അഭിസാരിണിയും
ത്രിഷ്ടുപ്പും ഛന്ദസ്സുകൾ.

ആരുടെ മഹനീയമായ ബലത്തെയും, മഹത്തായ അന്നത്തെയും, സുഖത്തെയും ദ്യാവാപൃഥിവികൾ പൂജിച്ചുപോരുന്നുവോ; സോമത്താൽ ഇമ്പംകൊള്ളുന്നവനും, സർവനേതാവും, സർവഭാവയിതാവുമായ ആ ഇന്ദ്രനെ ഭവാൻ സ്തുതിച്ചാലും. 1

ആ ഇന്ദ്രൻ സഖാവാൽ സ്തുതിയ്ക്കപ്പെടുന്നവനും, മർത്ത്യഹിതനും, ഈശ്വരനും, എന്നെപ്പോലുള്ള മനുഷ്യനു സംസേവ്യനുമാകുന്നു. സല്പതേ, ശൂര, എല്ലാച്ചമതലകൾക്കും ബലകൃത്യങ്ങൾക്കും, മേഘത്തിലെ വെള്ളങ്ങൾക്കും നിന്തിരുവടിതന്നേ സ്തുതിയ്ക്കപ്പെടുന്നു! 2

ഇന്ദ്ര, അങ്ങയുടെ അന്നവും അങ്ങയുടെ സുഖധനങ്ങളും നേടിയ മനുഷ്യർ ആരാരുള്ളൂ? ആർ അങ്ങയുടെ അസുരവധബലത്തിന്നായി ഹവിസ്സുയയ്ക്കും? ആർ തന്റെ വെള്ളത്തിന്നും കൃഷിനിലത്തിന്നും പൌരുഷത്തിന്നുമായി ഹവിസ്സുയയ്ക്കും? 3

ഇന്ദ്ര, അങ്ങ് മികച്ച സ്തോത്രത്താൽ മഹാനായി; അങ്ങ് സവനങ്ങളിലെല്ലാം യജനീയനായി; അങ്ങ് എല്ലാപ്പോരിലും നേതാക്കളെ വീക്ഷിയ്ക്കുന്നവനായി. എല്ലാം കാണുന്നവനേ, അങ്ങ് മന്ത്രാർഹനായി, മൂത്തവനുമായി!

മൂത്തവനായ ഭവാൻ യജ്ഞസേവകരെ ക്ഷിപ്രം രക്ഷിച്ചാലും: മനുഷ്യർക്കറിയാം, അങ്ങയുടെ രക്ഷ മഹത്താണെന്ന്. അവിടുന്നു ജരാരഹിതനാവുക, ക്ഷിപ്രം തടിയ്ക്കുകയുംചെയ്യു: ഈ സവനങ്ങളെയൊക്കെ അവിടുന്നാണല്ലോ, ത്വരിപ്പിയ്ക്കുന്നത്! 5

സൂക്തം 50.

1. സ്തോതാവിനോട്: സർവഭാവയിതാവ്—എല്ലാവരെയും പുലർത്തുന്നവൻ.
2. ഉത്തരാർദ്ധം പ്രത്യക്ഷം: ബലകൃതങ്ങൾ—അസുരവധാദികൾ
3. ഇത്തരം മഹാന്മാർ ദുർല്ലഭരാണെന്നർത്ഥം.
4. നേതാക്കൾ—എതിർപടത്തലവന്മാർ. മൂത്തവൻ—വയസ്സേറിയവൻ.
5. തടിയ്ക്കുക—ഹവിർഭക്ഷണത്താൽ.

ബലവാനേ, അങ്ങ്, താൻതന്നേ നിലനിർത്തുന്ന ഈ സവ
നങ്ങളെയൊക്കെ സത്വരങ്ങളാക്കുന്നു. നിവാരകനായ നിന്തിരു
വടി രക്ഷിയ്ക്കുക;നിലനിർത്താൻ ധനം തരിക. മന്ത്രവും മികച്ച
സ്തോത്രവും ഉയരുന്നു. 6

മേധാവിൻ, ഭവാങ്കൽനിന്നു ധനങ്ങളും ധനവും കിട്ടാൻ,
സ്തോതാക്കൾ ഒത്തൊരുമിച്ചു പിഴിഞ്ഞിരിയ്ക്കുന്നു. അവർ മനോ
മാർഗ്ഗത്തിലൂടേ സുഖം നേടാൻ ശക്തരാകട്ടെ, പിഴിഞ്ഞ സോമ
ത്താൽ അവിടെയ്ക്കു മത്തുണ്ടാകുമ്പോൾ! 7

സൂക്തം 51.

ദേവകൾ ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്. അഗ്നി ദേവത.

'അഗ്നേ, ജാതവേദസ്സേ, യാതൊന്നിനാൽ ആവേഷ്ടിതനാ
യിട്ടാണോ, ഭവാൻ വെള്ളമുൾപ്പുക്കതു്, ആ ഉറ വലുതായിരുന്നു;
അതു തടിച്ചതായിരുന്നു! അങ്ങയുടെ ബഹുവിധങ്ങളായ അംഗ
ങ്ങളെല്ലാം ഒരു ദേവൻ കണ്ടെത്തി!' 1

'എന്നെ ആർ കണ്ടെത്തി? ഏതാണ്, എന്റെ ബഹുവിധങ്ങ
ളായ അംഗങ്ങൾ കണ്ട ദേവൻ? ഹേ മിത്രാവരുണന്മാരേ, അഗ്നി
യുടെ തിളങ്ങുന്ന ദേഹമെല്ലാം എവിടെയിരിയ്ക്കുന്നു?' 2

'ജാതവേദസ്സേ, അഗ്നേ, വെള്ളത്തിലും സസ്യങ്ങളിലും ബ
ഹുപ്രകാരേണ പ്രവേശിച്ച ഭവാനെ തിരയുകയാണ്, ഞങ്ങൾ: ചി

---

6. മന്ത്രവും— അങ്ങയെപ്പററിച്ച്.

7. ധനങ്ങളും ധനവും—ഐഹികഭോഗ്യങ്ങളും സ്വർഗ്ഗവും. മനോമാർഗ്ഗം—സ്തോത്രം.

സൂക്തം 51.

1. ജ്യേഷ്ഠന്മാർ വധിയ്ക്കപ്പെട്ടതിനാൽ പേടിപിടിച്ച സൌചീകൻ എന്ന അഗ്നി ദേവന്മാരിൽനിന്നു പോന്നു വെള്ളത്തിലൊളിച്ചു. തിരഞ്ഞുചെന്ന ദേവന്മാർ മത്സ്യങ്ങളാൽ കാട്ടിക്കൊടുക്കപ്പെട്ട അദ്ദേഹത്തോടു പറയുന്നു:—ഉറ—ഗർഭസ്ഥശിശുവിനെ പൊതിയുന്ന ഒരുതരം ചർമ്മം.

2. ഈ ഋക്കിന്റെ ഋഷി അഗ്നിയും ദേവത ദേവകളുമാകുന്നു: അഗ്നിയുടെ—എന്റെ.

ത്രുഭോനോ, പത്തു നിഗൂഢസ്ഥാനത്തുനിന്ന കവിഞ്ഞുജ്ജ്വലിയ്ക്കുന്ന ആ ഭവാനെ കണ്ടുപിടിച്ചതു, യമനാണ്.' 3

'വരുണ, ഹോത്രം പേടിച്ചാണ്, ഞാൻ പോന്നത്. എന്നെ മുമ്പേത്തെപ്പോലെ അതിൽ ദേവന്മാർ ഏർപ്പെടുത്തരുത്. അതിന്നാണ്, എൻെറ അംഗങ്ങളെ ബഹുപ്രകാരേണ വെച്ചിരിയ്ക്കുന്നത്. ഇക്കാര്യം അഗ്നിയായ ഞാൻ അറിയില്ല!' 4

'അഗ്നേ, വരൂ: ദേവകാമനായ മനു യജിപ്പാനിച്ഛിയ്ക്കുന്നു. ഭവാനോ, ചമഞ്ഞ് ഇരുട്ടിലിരിയ്ക്കുയാണ്! ദേവകളിലെയ്ക്കുള്ള വഴികാം ഭവാൻ സുഗമമാക്കണം: മനംതെളിഞ്ഞു ഹവിസ്സ വഹിച്ചാലും!' 5

'അഗ്നിയുടെ ജ്യേഷ്ഠന്മാർ, തേരാളി മാർഗ്ഗമെന്നപോലെ, ഇക്കാര്യം മുറയ്ക്കു സ്വീകരിച്ചുപോന്നു. വരുണ, അതിനാൽ പേടിച്ചാണ് ഞാൻ, അമ്പെയ്യുന്നവൻെറ വില്ഞാണിന്നടുക്കൽനിന്ന് ഒരു ഗൌരമൃഗംപോലെ വിറച്ചുംകൊണ്ടു ദൂരത്തെയ്ക്കു പോന്നത്!' 6

'അഗ്നേ, ജാതവേദസ്സേ, ഭവാൻ മരിച്ചുപോകാത്തവണ്ണം, ഞങ്ങാം ഭവാന്ന ജരാരഹിതമായ ആയുസ്സുണ്ടാക്കാം. സുജന്മാവേ, ഭവാൻ മനംതെളിഞ്ഞു, ദേവന്മാർക്ക ഹവിർഭാഗം വഹിയ്ക്കുക!' 7

'ദേവന്മാരേ, സാരവത്തായ ഹവിർഭാഗം—പ്രയാജവും അനുയാജവും—നിങ്ങാം എനിയ്ക്കുതന്നെ തരണം; വെള്ളത്തിൻെറ സത്തായ നെയ്യ്, സസ്യങ്ങളുടെ പുരുഷഭാഗം എന്നിവയും തരണം. അഗ്നിയ്ക്കു ദീർഘായുസ്സുമുണ്ടാകട്ടെ!' 8

---

3. പത്തു നിഗൂഢസ്ഥാനം—ഭൂമി, അന്തരിക്ഷം, ആകാശം, അഗ്നി, വായു, ആദിത്യൻ, വെള്ളം, സസ്യം, വൃക്ഷം, പ്രാണിശരീരം.

4. ഹോത്രം—ഹവിസ്സ ചുമക്കൽ. അതിന്ന്—ഏർപ്പെടുത്താതിരിപ്പാൻ. അറിയില്ല—ഏറ്റെടുക്കില്ല.

5. ദേവന്മാർ വീണ്ടും അഗ്നിയെ വിളിയ്ക്കുന്നു: ചമഞ്ഞ്—കോപ്പണിഞ്ഞ്.

6. അഗ്നി: അഗ്നിയുടെ—എൻെറ. ഇക്കാര്യം—ഹവിർവഹനം.

7. ദേവന്മാർ:

8. അഗ്നി: പ്രയാജവും അനുയാജവും—പേരുകാം. പുരുഷഭാഗം—ബലവത്തായ അംശം. അഗ്നിയ്ക്കു—എനിയ്ക്ക്.

'സാരവത്തായ ഹവിർഭാഗം——പ്രയാജവും അനുയാജവും——അങ്ങേയ്ക്കുതന്നെയായ്ക്കൊള്ളട്ടെ; അഗ്നേ, ഈ യജ്ഞമൊക്കെ അങ്ങേയ്ക്കായ്ക്കൊള്ളട്ടെ. നാലുദിക്കുകളും അങ്ങയെ നമസ്കരിയ്ക്കട്ടെ!' 9

—— ——

സൂക്തം 52.

സൌചീകാഗ്നി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

വിശ്വേദേവകളേ, ഇതിൽ ഹോതാവായി വരിയ്ക്കപ്പെട്ട ഞാൻ ഇരുന്നു സ്തുതിയ്ക്കേണ്ടതെങ്ങനെ എന്നു നിങ്ങൾ ഉപദേശിച്ചാലും; എനിയ്ക്കുള്ള ഭാഗം ഏതെന്നും, ഞാൻ നിങ്ങൾക്കു ഹവിസ്സു കൊണ്ടു വരേണ്ടുന്ന വഴി ഏതെന്നും പറയുകയുംചെയ്യുവിൻ. 1

മികച്ച യഷ്ടാവായ ഞാൻ ഹോതാവായുപവേശിച്ചു: വ്യാപികളായ മരുദ്ദേവന്മാർ എന്നെ പ്രേരിപ്പിയ്ക്കുന്നു. അശ്വികളേ, നിങ്ങൾ നടത്തണം, നാൾതോറും അധ്വര്യുകർമ്മം. ചന്ദ്രനാവട്ടേ, ബ്രഹ്മൻ. ആ ആഹുതി നിങ്ങൾക്കാണ്. 2

ആരാണ്, ഈ ഹോതാവ്? അയാൾ മരണഭയത്താൽ, ദേവകൾക്കുള്ള ഏതോ ഹവിസ്സു വഹിച്ചുപോരുന്നു; ഓരോ ദിവസത്തിലും ഓരോ മാസത്തിലും ജനിയ്ക്കുന്നു. അയാളെ ദേവന്മാർ ഹവ്യവാഹനാക്കിയിരിയ്ക്കുന്നു. 3

വിട്ടുപോയി തിരിയേവന്ന, വളരെ ദുർഗ്ഗമങ്ങളിൽ നടന്ന എന്നെ ദേവന്മാർ ഹവ്യവാഹനാക്കിയിരിയ്ക്കുന്നു: 'വിദ്വാനായ അഗ്നി

---

9. ദേവന്മാർ:

സൂക്തം 52.

1. ഇത്——യജ്ഞം.

2. ഉപവേശിയ്ക്കുക = ഇരിയ്ക്കുക. പ്രേരിപ്പിയ്ക്കുന്നു——ഹവിസ്സു വഹിപ്പാൻ. ചന്ദ്രൻ——സോമം. ബ്രഹ്മൻ – ബ്രഹ്മനെന്ന ഋത്വിക്ക്. ആ ആഹുതി നിങ്ങൾക്കാണ്——അധ്വര്യുകർമ്മം എന്നതിന്റെ വിവരണമാണിത്.

3. അഗ്നി ആത്മാവിനോടു പറയുന്നു: ആരാണ്, ഈ ഹോതാവ് എന്ന ചോദ്യത്തിന്റെ ഉത്തരമാണ്, അനന്തരഭാഗം. ഓരോ ദിവസത്തിലും——അഗ്നിഹോത്രത്തിന്ന്. ഓരോ മാസത്തിലും——പിതൃയജ്ഞത്തിന്ന്.

അഞ്ചുഗതിയും മൂന്നാവൃത്തിയും ഏഴുഴന്നുലുമുള്ള യജ്ഞത്തെ നമുക്ക് ഏർപ്പെടുത്തും!' 4

ദേവന്മാരേ, ഞാൻ നിങ്ങളോട് അമരത്വവും സൽപുത്രനെയും യാചിയ്ക്കുന്നു: ഞാൻ നിങ്ങളെ പരിചരിച്ചുകൊള്ളാം: ഞാൻ ഇന്ദ്രനെക്കൊണ്ടു വജ്രം കയ്യിലെടുപ്പിയ്ക്കാം: എന്നാൽ ഈ പടകളെയൊക്കെ ജയിച്ചുകൊള്ളുമല്ലോ. 5

മുവ്വായിരത്തിമുന്നൂററിമുപ്പത്തൊമ്പതു ദേവന്മാർ അഗ്നിയെ പരിചരിച്ചു: നെയ്യു തേപ്പിച്ചു; ദർഭ വിരിച്ചു; എന്നിട്ട് അദ്ദേഹത്തെ നിയമേന ഹോതാവാക്കിവെച്ചു. 6

സൂക്തം 53.

ദേവന്മാർ ഋഷികരം; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകരം;
സൌചീകാഗ്നി ദേവത.

നാം കൊതിച്ച് ആരെ അന്വേഷിച്ചുവോ, ആ യജ്ഞകോവിദൻ, ആ അംഗാഭിജ്ഞൻ ഇതാ, വന്നെത്തി: മധ്യേ പെരുമാറുന്ന, നമ്മെക്കാരം മുമ്പനായ ആ യഷ്ടൃതമൻ യജ്ഞത്തിലിരുന്നു നമ്മെ യജിയ്ക്കട്ടെ! 1

യഷ്ടൃതമൻ ഹോതാവായുപവേശിച്ചതിനാൽ ആഹുതിയ്ക്കർഹനായിക്കഴിഞ്ഞു. ശരിയ്ക്കു വെച്ചിട്ടുള്ള അന്നങ്ങളെ താൻ ഉററുനോക്കുന്നു: 'യജനീയരായ ദേവന്മാരെ നമുക്കു വെക്കം നെയ്യുകൊണ്ടു യജിയ്ക്കാം; സ്തുത്യരെ സ്തുതിയ്ക്കാം.' 2

---

4. മൂന്നാവൃത്തി—സവനത്രയം. ഏഴുഴന്നുൽ—സപ്തച്ഛന്ദസ്സുകരം. 'വിദ്വാനായ........ഏർപ്പെടുത്തും' എന്നു കരുതി, ഹവ്യവാഹനാക്കിയിരിയ്ക്കുന്നു.

5. എടുപ്പിയ്ക്കാം—ഹവിസ്സു ഭുജിപ്പിച്ചു ബലവാനാക്കാം. ഈ പടകളെ—ശത്രുസേനകളെ.

സൂക്തം 53.

1. നാം—ദേവന്മാർ. യജ്ഞകോവിദൻ—അഗ്നി. അംഗാഭിജ്ഞൻ—യജ്ഞാംഗജ്ഞൻ. മധ്യേ—ഋത്വിക്കുകളുടെയും ദേവന്മാരുടെയും ഇടയിൽ. മുമ്പനായ—അഗ്നിയെ ജ്വലിപ്പിച്ചതിന്നുശേഷമാണല്ലോ, ദേവന്മാരെ വിളിയ്ക്കുക.

2. യജനീയരായ............സ്തുതിയ്ക്കാം—എന്നു കരുതി, ഉററുനോക്കുന്നു.

അദ്ദേഹം ഇന്നു നമുക്കു സദ്യ നന്നാക്കി: നമുക്കു യാഗത്തിന്റെ നിഗൂഢനാവു കിട്ടി. അദ്ദേഹം സൌരഭ്യത്തോടേ ആയുസ്സുടുത്തു വന്നെത്തുന്നു; ഇന്നു നമുക്കു മഖം മംഗളമാക്കുന്നു! 3

'യാതൊന്നിനാൽ ഞാനും ദേവന്മാരും അസുരന്മാരെ കീഴമർത്തുമോ, ആ പ്രധാനവചനം——ഹേ ഹവിർഭോജികളായ യജ്ഞാർഹരേ, ഹേ പഞ്ചജനങ്ങളേ, എന്റെ വിളി കേൾക്കുവിൻ എന്നത്——ഞാനിപ്പോൾ ഉച്ചരിയ്ക്കും: 4

പഞ്ചജനങ്ങളും, ഭൂജാതരും, യജ്ഞാർഹരും എന്റെ വിളി കേൾക്കട്ടെ. ഭൂമി നമ്മളെ ഭൌമമായ പാപത്തിൽനിന്നു രക്ഷിയ്ക്കട്ടെ! അന്തരിക്ഷം നമ്മളെ ആന്തരിക്ഷപാപത്തിൽനിന്നു രക്ഷിയ്ക്കട്ടെ!' 5

ഭവാൻ യാഗത്തെ പരത്തിക്കൊണ്ടു ജഗൽപ്രകാശകങ്കൽ ചെന്നാലും: സ്വർഗ്ഗത്തിലേയ്ക്കു വെട്ടിയ വഴികൾ രക്ഷിച്ചാലും. സ്തോതാക്കളുടെ കർമ്മം കവിഞ്ഞുപോകരുത്. ഭവാൻ സ്തുതി കേൾക്കുക; ദേവകളെ പുറപ്പെടുവിയ്ക്കുക! 6

'സോമാർഹന്മാരേ, നിങ്ങൾ കുതിരകളെ കെട്ടുവിൻ; കടിഞ്ഞാണുകൾ തുടയ്ക്കുവിൻ; കോപ്പിടുവിയ്ക്കുവിൻ; ദേവന്മാർ പ്രിയത്തിലേയ്ക്കു നയിയ്ക്കുന്ന തേരുകൾ എട്ടിരുപ്പടിയുള്ള തേരിന്റെ ഇരുവശങ്ങളിലൂടേ തെളിയ്ക്കുവിൻ! 7

സഖാക്കളേ, അശ്മന്വതി ഒഴുകിപ്പോകുന്നു: നിങ്ങൾ ഒരുങ്ങിനേല്പിൻ; കടക്കുവിൻ. നമുക്കുള്ള അസുഖങ്ങൾ ഇതിലെയ്ക്കെറിയാം, സുഖകരങ്ങളായ അന്നങ്ങൾക്കായി നാം മറുകരയിലണയുക! 8

---

3. സദ്യ——ഹവിർഭക്തി. നാവ്——അഗ്നി. ആയുസ്സുടുത്തു——നാം കൊടുത്ത ദീർഗ്ഘായുസ്സുപൂണ്ട്.

4. ഈ ഋക്കിന്റെയും അടുത്തതിന്റെയും ഋഷി അഗ്നിയും ദേവത ദേവന്മാരുമാകുന്നു.

6. പ്രത്യക്ഷോക്തി: ജഗൽപ്രകാശകൻ——സൂര്യൻ.

7. ദേവന്മാർ തമ്മിൽ പറയുന്നു: സോമാർഹന്മാർ——ദേവന്മാർ. പ്രിയം——യജ്ഞസദനം. എട്ടിരുപ്പടിയുള്ള തേർ – സൂര്യരഥം.

8. അശ്മന്വതി——ഒരു നദി. കടക്കുവിൻ——പുഴ. ഇത്——പുഴ. അന്നങ്ങൾ——ഹവിസ്സുകൾ.

ഇതാ, ത്വഷ്ടാവ്, ശില്പജ്ഞൻ, ശോഭനകർമ്മാക്കളിൽവെ
ച്ച ശോഭനകർമ്മാവ്, വിചിത്രവർണ്ണൻ, മന്ത്രപാലകൻ ദേവകൾ
ക്കുള്ള സുഖകരങ്ങളായ പാനപാത്രങ്ങളെടുത്തിരിയ്ക്കുന്നു; ഇനി ഇ
ദ്ദേഹം വെട്ടുന്ന കാരിരിമ്പുമഴു അണയ്ക്കും! 9

'കവികളേ, ഇനി, നല്ലവരായ നിങ്ങൾ സോമപാനപാത്ര
ങ്ങളുണ്ടാക്കുന്ന ഉളികൾ നന്നായി അണച്ചുകൊൾവിൻ: വിജ്ഞ
ന്മാരേ, അമൃതത്വം നേടിയ ദേവന്മാരായ നിങ്ങൾ ഗോപ്യങ്ങളാ
യ പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊൾവിൻ.' 10

ഏവർ ദേവത്വമിച്ഛിച്ച്, ഉള്ളിൽ ഉളികൊണ്ട് ഒരു പയ്യി
നെയും, വായിൽ കന്നിനെയും വെച്ചുവോ, ആ സംസേവകർ
എന്നെന്നും തക്ക സ്തുതികൾ സ്വീകരിയ്ക്കും; ജയവും ഉളവാക്കും! 11

സൂക്തം 54.

വാമദേവഗോത്രൻ ബൃഹദുക്ഥൻ ഋഷി; ത്രിഷ്ടുപ്പ്
ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

മഘവാവേ, ഇന്ദ്ര, അങ്ങയുടെ ആ മഹത്ത്വകീർത്തി വഴി
പോലെ (ഞാൻ വർണ്ണിയ്ക്കാം): ഭയപ്പെട്ട വാനൂഴികൾ അങ്ങയെ
വിളിച്ചപ്പോൾ, അങ്ങ് ദേവന്മാരെ രക്ഷിച്ചു; ദാസനെ വധിച്ചു;
സ്വന്തം ആൾക്കു ബലവും നല്കി! 1

ഇന്ദ്ര, അവിടുന്നു തടിച്ച തിരുവുടലുമായി, ആളുകളിൽ ബല
കീർത്തിച്ചുകൊണ്ടു നടന്നുവല്ലോ; അത് ഒരു നുണതന്നെയത്രേ.

---

9. അണയ്ക്കും——പാനപാത്രങ്ങളുണ്ടാക്കാൻ മൂർച്ചകൂട്ടും.

10. ത്വഷ്ടാവു ശിഷ്യരോടു പറയുന്നു: കവികളേ——മേധാവികളായ ഋഭു
ക്കളേ.

11. ഉള്ളിൽ——ചത്ത പയ്യിന്റെ അകത്ത്. വായിൽ——ചത്ത പയ്യിന്റെ
തന്നെ. 1–ാം മണ്ഡലം 161–ാം സൂക്തം 7–ാം ഋക്കു നോക്കുക. ആ സംസേവ
കർ——ഋഭുക്കൾ. ജയവും——സ്തോതാവിന്നു ശത്രുജയവും.

സൂക്തം 54.

1. മഹത്ത്വകീർത്തി——മഹത്ത്വംകൊണ്ടുണ്ടായ യശസ്സ്. ദാസൻ——ഒര
സുരൻ. സ്വന്തംആൾക്കു——യജമാനന്ന്.

അങ്ങയുടെ യുദ്ധങ്ങൾ പറയപ്പെടുന്നുണ്ട്; എന്നാൽ അങ്ങയ്ക്കു് ഒരു ശത്രുവിനെ ഇന്നും പണ്ടും കിട്ടിയിട്ടില്ല! 2

അങ്ങയുടെ ഓരോ മഹിമാവിന്റെയും അററം ഞങ്ങൾക്കു മുമ്പുള്ള ഋഷിമാർ കണ്ടെത്തിയിട്ടുണ്ട്? അച്ഛനമ്മമാരെ ഒപ്പം സ്വശരീരത്തിൽനിന്നു ജനിപ്പിച്ചവനാണല്ലോ, അങ്ങ്! 3

അല്ലയോ മഘവാവേ, മഹാനായ അവിടെയ്ക്കു് അസുരഘ്നങ്ങളും അഹിംസ്യങ്ങളുമായ നാലു ശരീരങ്ങളുണ്ട്. അവയെല്ലാം അങ്ങയ്ക്കേ അറിഞ്ഞുകൂടൂ: അവകൊണ്ടാണല്ലോ, അങ്ങ് കർമ്മങ്ങൾ ചെയ്യുന്നതു്! 4

മഘവാവേ, വെളിവിലും ഒളിവിലുമുള്ള അസാധാരണധനങ്ങളൊക്കെ അങ്ങയുടെ പക്കലുണ്ട്. അതിനാൽ, എന്റെ അഭിലാഷം തള്ളരുതേ: ഇന്ദ്ര, കൊണ്ടുവരുന്നവനും കൊടുക്കുന്നവനുമാണല്ലോ, അങ്ങ്! 5

ആർ തേജസ്സിൽ തേജസ്സിനെ വെച്ചുവോ; ആർ മധുരങ്ങളെ മധുരത്തോടു ചേർത്തുവോ; ആ ഇന്ദ്രന്നു പ്രിയവും ബലകരവുമായ സ്തോത്രം മന്ത്രകാരനായ ബൃഹദുക്ഥനാൽ ചൊല്ലപ്പെട്ടു. 6

സൂക്തം 55.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

മഘവാവേ, അങ്ങയുടെ ആ ശരീരം അകലത്താണ്, പരാങ്മുഖർക്കു കാണാവുന്നതല്ല: ഭയപ്പെട്ട വാന്യഴികൾ അന്നമേറ്റപ്പെട്ടത്താൻ അങ്ങയെ വിളിച്ചപ്പോൾ, അങ്ങ് ഭ്രാതാവിന്റെ മക്കളെ

---

2. ബലം——വൃത്രവധാദിവീര്യം. കിട്ടിയിട്ടില്ല——ആരുമില്ല,അങ്ങയോടു പൊരുതാൻ.

3. അച്ഛനമ്മമാർ——ദ്യാവാപൃഥിവികൾ.

4. നാലു ശരീരങ്ങൾ——അടുത്ത സൂക്തത്തിൽ പറയും.

5. കൊണ്ടുവരുന്നവനും——ധനം.

6. തേജസ്സിൽ——സൂര്യാദികളിൽ. മധുരങ്ങൾ——സോമാദികൾ. മധുരം——മധുരരസം. ബൃഹദുക്ഥനാൽ——എന്നാൽ.

മിന്നിച്ചുകൊണ്ട്, അരികേ അവ രണ്ടിനെയും വേർപെടുത്തി ഉറപ്പിച്ചുവല്ലോ! 1

യാതൊന്നിനാൽ ഭൂതവും, യാതൊന്നിനാൽ ഭവ്യവും ഭവാൻ ഉൽപ്പാദിപ്പിച്ചുവോ, ആ ഗൂഢവും പുരുസ്പൃഹണീയവുമായ ശരീരം മഹത്താകുന്നു: അതിൽനിന്നു ജനിച്ച, തന്തിരുവടിയ്ക്കു പ്രിയമായ പുരാതനജ്യോതിസ്സിനെ പഞ്ചജാതികൾ പ്രീതിയോടെ സേവിച്ചുപോരുന്നു! 2

താൻ വാനൂഴികളെയും മധ്യത്തെയും നിറയ്ക്കുന്നു; പഞ്ചജാതികളെയും, ഏഴേഴിനേയും, മുപ്പത്തിനാലിനെയും ഋതുക്കൾതോറും വിവിധകർമ്മാവായ സമാനജ്യോതിസ്സുകൊണ്ടു ബഹുപ്രകാരേണ തൃക്കൺപാർക്കുന്നു! 3

ഉഷസ്സേ, ഭവതി ജ്യോതിസ്സുകൾക്കു മുമ്പേ പുലരും; പോഷിപ്പതിന്നു പോഷവും വരുത്തി. മുകളിലിരിയ്ക്കുന്ന ഭവതിയുടെ സ്നേഹം കീഴ്പോട്ടു നോക്കുന്നുണ്ടല്ലോ; അതു മഹതിയായ ഭവതിയുടെ ഒരു മഹത്തായ കരുത്തുതന്നെ! 4

യുദ്ധത്തിൽ അനേകരെ ആട്ടിപ്പായിയ്ക്കുന്ന കർമ്മകുശലനെ, യുവാവായിരിയ്ക്കെത്തന്നേ, നര വിഴുങ്ങുന്നു. നോക്കൂ, ദേവന്റെ മഹത്ത്വവും, പടുത്വവും: ആ മനുഷ്യൻ ഇന്നു മരിയ്ക്കുന്നു, നാളെ ജനിയ്ക്കുന്നു! 5

സൂക്തം 55.

1. പരാങ്മുഖർ—ഭക്തിരഹിതർ. ഭ്രാതാവിന്റെ മക്കളെ- പജ്ജന്യപുത്രരായ ജലങ്ങളെ. മിന്നിച്ചുകൊണ്ട്—വിദ്യുദ്രൂപത്താൽ. അവ— വാനൂഴികൾ. ഈ ഋക്കിൽ ഒന്നാമത്തെ ശരീരം പ്രതിപാദിയ്ക്കപ്പെട്ടു.

2. രണ്ടാമത്തെശ്ശരീരം: പുരാതനജ്യോതിസ്സ്—സൂര്യനോ, വെള്ളമോ. രണ്ടാംവാക്യം പരോക്ഷം:

3. മൂന്നാമത്തെശ്ശരീരം: മധ്യം—അന്തരിക്ഷം. ഏഴേഴ്—സപ്തമരുത്തുക്കൾ, സപ്തസൂര്യരശ്മികൾ. മുപ്പത്തിനാല്—ദേവഗണം. എട്ടുവസുക്കൾ, പതിനൊന്നു രുദ്രന്മാർ, പന്തിരണ്ടാദിത്യന്മാർ, പ്രജാപതി, വഷട്കാരം, വിരാട്ട്.

4. ഈ ഋക്കിൽ, സൂര്യാത്മാവായ ഇന്ദ്രനെസ്സംബന്ധിച്ച ഉഷസ്സിനെ സ്തുതിയ്ക്കുന്നു: പോഷം—സൂര്യോദയമെന്നർത്ഥം.

5. നാലാമത്തെശ്ശരീരം: കാലാത്മാവായ ഇന്ദ്രനെപ്പററി: അനേകരെ—വളരെശ്ശത്രുക്കളെ. വിഴുങ്ങുന്നു—കാലാത്മാവായ ഇന്ദ്രന്റെ ആജ്ഞയാൽ, ശൂരനും യൌവനത്തിൽത്തന്നേ വാർദ്ധക്യം വരുന്നു. ദേവൻ—ഇന്ദ്രൻ. ആ—വാർദ്ധക്യം പിടികൂടിയ.

കരുത്താൽ കഴിവുള്ള ഒരു തുടുത്ത പക്ഷി വരുന്നുണ്ട്: ഈ മഹാനായ ശൂരൻ പണ്ടേ കൂട്ട കെട്ടാറില്ല. താൻ കരുതുന്നതെന്നും യഥാർത്ഥംതന്നെയാകും, വ്യർത്ഥമാകില്ല. താൻ സ്പൃഹണീയമായ സമ്പത്തടക്കും, കൊടുക്കും! 6

വജ്രി ഏവരോടുകൂടി വർഷകമായ കെല്ലെടുത്തുവോ, ഏവരോടുകൂടി പീഡാശാന്തിയ്ക്കു മഴ പെയ്യുന്നുവോ; ആ ദേവന്മാർ മഹാനെ കർമ്മത്തിൽ സഹായിപ്പാൻ ജലപ്രദാനത്തെ ഉററുനോക്കിപ്പോരുന്നു. 7

തുണയാൽ കർമ്മങ്ങരം നടത്തുന്ന വിശാലബലനും, വിശാലഹൃദയനും, രക്ഷോഹന്താവും ശൂരനുമായ തുരാഷാട്ട്, സ്വർഗ്ഗത്തിൽനിന്നു വന്നു സോമം കുടിച്ചു തടിച്ചു, ദസ്യുക്കളെ പൊരുതി പറപ്പിയ്ക്കുന്നു! 8

സൂക്തം 56.

ബൃഹദുക്ഥൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകരം;
വിശ്വദേവകരം ദേവത.

നീ, നിന്റെ ഒരംശംകൊണ്ട് ഈ ഒരു ജ്യോതിസ്സിനോടും, ഒന്നുകൊണ്ടു മററതിനോടും, ഒന്നുകൊണ്ടു മൂന്നാമത്തതിനോടും ചേരുക; നീ ദേഹംകൊണ്ടു ദേവന്മാരുടെ ഉററജനകനിൽ പ്രീതനായിച്ചേർന്നു നന്മ നേടിയാലും! 1

---

6. പക്ഷി——ഇന്ദ്രൻ. കൂട്ട കെട്ടാറില്ല——അഗ്നിയെപ്പോലെ യജ്ഞങ്ങളിൽ സ്ഥിരവാസം ചെയ്യാറില്ല സമ്പത്ത്——ശത്രുധനം. കൊടുക്കും——സ്തോതാക്കരംക്ക്.

7. പീഡാശാന്തിയ്ക്കു——മനുഷ്യർക്ക് ഉപദ്രവം ശമിയ്ക്കാൻ. ആ ദേവന്മാർ——മരുത്തുക്കരം. ആ മഹാനെ——ഇന്ദ്രനെ. കർമ്മം——വർഷണം.

8. തുണ——മരുത്തുക്കളുടെ സാഹായ്യം. തുരാഷാട്ട് = ഇന്ദ്രൻ.

സൂക്തം 56.

1. ബൃഹദുക്ഥൻ മൃതനായ വാജി എന്ന സ്വപുത്രനോടു പറയുന്നു: ഈയൊരു ജ്യോതിസ്സ്——അഗ്നി. മററത്——വായു. മൂന്നാമത്തതു——സൂര്യൻ. മരിച്ച നിന്റെ ഒരംശം——ദേഹസ്ഥാഗ്ന്യംശം——ബാഹ്യാഗ്നിയിങ്കലും, പ്രാണനാകുന്ന ഒരംശം വായുവിലും, ചൈതന്യം സൂര്യങ്കലും ചേരുമാറാകട്ടേ. സൂര്യങ്കലും എന്നത് എടുത്തുപറയുന്നു: ദേവന്മാരുടെ ഉററജനകൻ——സൂര്യൻ. ദേവന്മാരുടെ ഉൽപത്തി സൂര്യങ്കൽനിന്നാണെന്നു ശ്രുതിവാക്യമുണ്ട്.

വാജിൻ, നിൻെറ ദേഹം കൊണ്ടുപോകുന്ന പൃഥിവി ഞങ്ങൾക്കു ധനവും, നിനക്കു സുഖവും നല്കട്ടെ. നീ കീഴ്പോട്ടുപോരാതെ, നിലനില്പിന്നു, മഹാന്മാരായ ദേവന്മാരിലും, ആകാശത്തു സൂര്യങ്കലും ചെന്നു ചേരുക! 2

നല്ലഴകുള്ള നിനക്കു ഭക്ഷണത്താൽ ബലമുണ്ടല്ലോ. വഴിപോലെ അയയ്ക്കപ്പെട്ട നീ സ്തുതങ്കൽ ചെല്ലുക; വഴിപോലെ അയയ്ക്കപ്പെട്ട നീ സ്വർഗ്ഗത്തിൽ ചെല്ലുക. വഴിപോലെ അയയ്ക്കപ്പെട്ട നീ യഥാർത്ഥഫലമായ മുഖ്യധർമ്മത്തിൽ ചെല്ലുക. വഴിപോലെ അയയ്ക്കപ്പെട്ട നീ ദേവന്മാരിൽ ചെല്ലുക. വഴിപോലെ അയയ്ക്കപ്പെട്ട നീ ജ്യോതിസ്സിൽ ചെല്ലുക! 3

ഇവരുടെ മഹിമാവ് അച്ഛന്മാക്കു കിട്ടിയിരിയ്ക്കുന്നു: അവർ ദേവന്മാരായിട്ടും ദേവന്മാരെ ധ്യാനിച്ചുപോരുന്നു; ജ്യോതിസ്സുകളോടു ചേൎന്നിട്ടും, അവർ വീണ്ടും ഇവരുടെ ദേഹങ്ങളിൽ പുകുന്നു! 4

ആ ബലവാന്മാർ, അളക്കപ്പെടാത്ത പൂർവസ്ഥാനങ്ങൾ അളന്നുകൊണ്ട് ഉലകിലെല്ലാം ചുററിനടന്നു; ജഗത്തിനെയൊക്കെ ദേഹങ്ങളിൽ ഒതുക്കി; മനുഷ്യർക്കു വെള്ളം ചലമട്ടിൽ ഒഴുക്കി! 5

പുത്രന്മാർ ബലവാനായ സർവജ്ഞന്നു മൂന്നാമത്തെക്കർമ്മം കൊണ്ടു രണ്ടവസ്ഥകൾ വെച്ചിരിയ്ക്കുന്നു. അച്ഛന്മാർ സ്വപ്രജയാൽ അച്ഛൻെറ ബലം താന്നവരിൽ സ്ഥാപിച്ചു; നൂലും പരത്തി! 6

---

2. കൊണ്ടുപോകുന്ന——തന്നിൽ ലയിപ്പിയ്ക്കുന്ന.

3. സ്തുതങ്കൽ——നീ സ്തുതിച്ചുപോന്ന ദേവങ്കൽ. ജ്യോതിസ്സ് —സൂര്യങ്കൽ.

4. ഇവർ——ദേവന്മാർ. അച്ഛന്മാർക്ക്——അംഗിരസ്സുകൾക്ക്. നീയും അപ്രകാരം ചെയ്യുക എന്നാശയം.

5. ആ ബലവാന്മാർ——അംഗിരസ്സുകൾ. അളക്കപ്പെടാത്ത——അളന്നു കണക്കാക്കാൻ മററാരും ശക്തരല്ലാത്ത. പൂർവസ്ഥാനങ്ങൾ——ഗ്രഹനക്ഷത്രാദികൾ. ഒഴുക്കി——മഴപെയ്യിച്ചു.

6. പുത്രന്മാർ——സൂര്യപുത്രന്മാരായ ദേവന്മാർ, അംഗിരസ്സുകൾ. സർവജ്ഞൻ——സൂര്യൻ. മൂന്നാമത്തെ കർമ്മം——ബ്രഹ്മചര്യംകൊണ്ട് ഋഷികൾക്കും, യജ്ഞംകൊണ്ടു ദേവകൾക്കും, പ്രജോല്പാദനംകൊണ്ടു പിതൃക്കൾക്കും കടം വീട്ടണമെന്ന വിധി പ്രസിദ്ധമാണല്ലോ; ഈ മൂന്നിൽ മൂന്നാമത്തതായ പ്രജോല്പാദനം. രണ്ടവസ്ഥകൾ——ഉദയാസ്തമയങ്ങൾ. അച്ഛന്മാർ——അംഗിരസ്സുകൾ. അച്ഛൻെറ——ദേവജനകനായ സൂര്യൻെറ. താന്നവരിൽ——സ്വസന്താനങ്ങളായ മനുഷ്യരിൽ. നൂലും പരത്തി——കുലം വിപുലമാക്കുകയും ചെയ്തു.

ഭൂവാസികരം തോണികൊണ്ടു വെള്ളവും, ക്ഷേമത്താൽ എല്ലാ
ദുഗ്ഗങ്ങളും കടക്കുന്നതുപോലെ, ബൃഹദ്രുക്ഥൻ, തൻെറ മകനെ മഹ
ത്വത്താൽ താഴത്തും മുകളിലും വെച്ചു! 7

സൂക്തം 57.

ബന്ധു, ശ്രുതബന്ധു, വിപ്രബന്ധു എന്നിവർ ഋഷിമാർ; ഗായത്രി
ഛന്ദസ്സ്; വിശേവദേവകരം ദേവത.
('ദാരകാമന്ദിരം'പോലെ.)

നേർമാഗ്ഗത്തിൽനിന്നമെങ്ങരം
സോമവന്മഖത്തിൽനിന്നും
മാറിപ്പോകായ്ക്ക;—ങ്ങരംക്കിന്ദ്ര,
ചേരൊല്ലീ,ടയ്ക്കടലാർകരം! 1

മേധം നെയ്യും നൂലാമാരെ
സ്തോതാക്കന്മാർ പരത്തിയോ,
ആകവേ ഹോമിയ്ക്കപ്പെട്ട—
മായവങ്കൽച്ചെല്ലുകെ,ങ്ങരം! 2

---

7. ഋഷി സ്വയം പറയുന്നു: ക്ഷേമത്താൽ—തക്ക ഉപായത്താൽ. താഴത്തും—തിയ്യിലും. മുകളിലും—സൂര്യങ്കലും ബൃഹദ്രുക്ഥനാൽ തിയ്യിൽയഥാവിധി ദഹിപ്പിയ്ക്കപ്പെട്ട പുത്രൻ വാജി സൂര്യാദികളിൽ ചെന്നെത്തി.

സൂക്തം 57.

1. ഇക്ഷ്വാകുവംശ്യനായ അസമാതി എന്ന രാജാവിന്നു ബന്ധു, സുബന്ധു, ശ്രുതബന്ധു, വിപ്രബന്ധു എന്നു നാലു പുരോഹിതന്മാരുണ്ടായിരുന്നു. രാജാവു ഗോപായനഗോത്രക്കാരായ അവരെ പിരിച്ചു, പകരം കള്ളന്മാരായ രണ്ടു് ഋഷിമാരെ പൌരോഹിത്യത്തിന്നു വെച്ചു. അതിൽ ക്രോധിച്ചു ബന്ധ്വാദികരം രാജാവിനെ മാട്ടി. ഇതറിഞ്ഞു്, ആ കള്ളന്മാരായ രണ്ടു് ഋഷിമാർ സുബന്ധുവിനെ കൊന്നുകളഞ്ഞു. അപ്പോരം സുബന്ധുവിൻെറ ഭ്രാതാക്കളായ ബന്ധു–ശ്രുതബന്ധു–വിപ്രബന്ധുക്കരം രക്ഷയ്ക്കായി ഈ സൂക്തം ദർശിച്ചു ജപിച്ചു. മറുനാട്ടിലെയ്ക്കു പോകുന്ന ഗൃഹസ്ഥൻ ജപിയ്ക്കേണ്ടതത്രേ, ഈ സൂക്തം: സോമവന്മഖം—സോമയാഗം. ഇടയ്ക്കു്—മാർഗ്ഗമദ്ധ്യത്തിൽ. അടലാർകരം=ശത്രുക്കരം.

2. ആയവങ്കൽ—അഗ്നിയിങ്കൽ; അഗ്നിയെ മേധ(യാഗ)വസ്ത്രത്തിന്നുള്ള നൂലാക്കി രൂപണംചെയ്തിരിയ്ക്കുന്നു.

ചിത്തത്തെ വിളിച്ചീടുന്നു,
ബദ്ധവേഗരായി ഞങ്ങൾ
പിതൃപാത്രസോമത്താലു–
മത്താതർതൻ സ്തവത്താലും! 3

പ്രത്യാഗമിയ്ക്കട്ടേ നിന്റെ
ചിത്തം, കരുത്തുണ്ടാകാനും,
കർമ്മത്തിന്നും, കതിരോനെ–
ക്കണ്ടു നീണാൾ ജീവിപ്പാനും! 4

അസ്മത്താതരമർത്ത്യരു–
മങ്ങയ്ക്കു തിരിച്ചേകട്ടേ,
ചിത്ത,മുയിരിന്ദ്രിയവും;
ലബ്ധമാകി,ത്തെങ്ങൾക്കമേ! 5

സോമ, നിന്റെ കർമ്മത്തിലും
ത്തുമെയ്യിലും മനസ്സൂന്നി,
പുത്രപൌത്രാദികളോടും
വർത്തിയ്ക്കുമാറാക, ഞങ്ങൾ! 6

സൂക്തം 58.

ബന്ധ്വാദികൾ ഋഷികൾ; അനുഷ്ടുപ്പ് ഛന്ദസ്സ്; മനസ്സു ദേ
('താമരക്കണ്ണൻ' പോലെ)

ദ്ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
സൌരിയാം യമദേവങ്കൽ;

---

3. ചിത്തത്തെ––വധിയ്ക്കപ്പെട്ട സുബന്ധുവിന്റെ മനസ്സിനെ. ജീവനെ. പിതൃപാത്രസോമം––പിതൃക്കൾക്കുള്ള ചമസങ്ങളിലെ സോമം. അത്താതർ–– അംഗിരസ്സുകൾ.

4. പ്രത്യാഗമിയ്ക്കട്ടേ=തിരിച്ചുവരട്ടെ.

5. അസ്മത്താതരമർത്ത്യരും––അംഗിരസ്സുകളും, ദേവന്മാരും. ഇത്––ഉയിരും ഇന്ദ്രിയഗണവും. ലബ്ധമാക––കിട്ടട്ടെ.

ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 1

ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
സ്വാരാജ്യത്തിൽത്താൻ ഭുവിൽത്താൻ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 2

ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
തീരം നാലുള്ള മന്നിങ്കൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 3

ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
വാരുററ നാലുദിക്കിലും;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 4

ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
വാരിപൂർണ്ണമാമാഴിയിൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 5

ദൂരേ പോയ്ക്കളഞ്ഞല്ലോ, നിന്മനം
പാറുന്ന രശ്മിച്ചാർത്തിങ്കൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 6

സൂക്തം 58.

1. സുബന്ധുവിൻെറ മനസ്സ് ഇന്ദ്രിയഗണത്തോടൊപ്പം തിരിച്ചു വന്നു. അതിനെ വീണ്ടും അദ്ദേഹത്തിൽ പ്രവേശിപ്പിയ്ക്കാൻ ഭ്രാതാക്കൾ ഈ സൂക്തം ദർശിച്ചു ജപിച്ചു: സൌരി=സൂര്യപുത്രൻ.

2. സ്വാരാജ്യത്തിൽത്താൻ ഭുവിൽത്താൻ——സ്വർഗ്ഗത്തിലോ, ഭൂമിയിലോ.

3. തീരം നാലുള്ള——നാലതിരുകളും ചേൎന്ന.

5. വാരിപൂർണ്ണം——വെള്ളം നിറഞ്ഞതു്.

6. രശ്മി——സൂര്യകിരണം.

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
നീരിലും, സസ്യൌഘത്തിലും;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 7

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
സൂരങ്കൽത്താനുഷസ്സിൽത്താൻ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 8

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
വാരുററ പർവതങ്ങളിൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 9

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
പാരിതിലെല്ലാടത്തുമേ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 10

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
വേറെയുമകലങ്ങളിൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 11

ദൂരേ പോയ്ക്കളഞ്ഞതല്ലോ, നിന്മനം
ഭൂതവർത്തമാനങ്ങളിൽ;
ഞങ്ങളതിനെപ്പിന്തിരിയിപ്പൂ,
ഇങ്ങു പാർക്കുവാൻ, ജീവിപ്പാൻ! 12

സൂക്തം 59.

ബന്ധ്വാദികൾതന്നെ ഋഷികൾ; ത്രിഷ്ടുപ്പും പംക്തിയും മഹാപംക്തിയും പംക്ത്യുത്തരയും ഛന്ദസ്സുകൾ; നിരൃതിയും സോമവും അസുനീതിയും ദ്യാവാപൃഥിവികളും ഇന്ദ്രനും ദേവതകൾ.

(കാകളി)

ഏറെ വായ്ക്കട്ടെയായുസ്സും യുവത്വവും,
സാരഥിയാലിരുതേരാളർപോലവേ:

കിട്ടട്ടെ, ജീവിതഭ്രഷ്ടന്നഭീപ്സിതം;
വിട്ടുപോകട്ടേ, നിരൃതി ദൂരാന്തരേ! 1

ഇങ്ങുയിർക്കായ് സ്തവാന്നങ്ങളം—നാനാന്നങ്ങളം—
ഞങ്ങളൊരുക്കുന്നു, സാമഗാനത്തൊടേ:
ഒട്ടുക്കിതുകളശിയ്ക്കട്ടെ, മുത്തശ്ശി;
വിട്ടുപോകട്ടേ, നിരൃതി ദൂരാന്തരേ! 2

കീഴമക്ക ബലാൽ,ക്കാറിനെ വജ്രവു,—
മൂഴിയെസ്സൂര്യനംപോലെങ്ങളം മാററരെ:
ഒട്ടുക്ക കേറംക്കകെ,സ്സൽസ്തവം മുത്തശ്ശി;
വിട്ടുപോകട്ടേ, നിരൃതി ദൂരാന്തരേ! 3

മൃത്യുവിന്നേകരുതെ,ങ്ങളെസ്സോമ, നീ:
മിത്രോദയം ഞങ്ങളം കാണാവു മേലിലും;
തുഷ്ടിദമാകിങ്ങു, കാലജം വാർദ്ധകം;
വിട്ടുപോകട്ടേ, നിരൃതി ദൂരാന്തരേ! 4

നീയസുനീതേ, മനംവെയ്ക്കു ഞങ്ങളി:—
ലായുസ്സുനീട്ടുകെ,ങ്ങളംക്കുയിർക്കൊള്ളുവാൻ;
നിർത്തുക, സൂര്യനെക്കാണുവാനെങ്ങളെ;—
ത്ത്വത്തിരുമെയ്യും തടിപ്പിയ്ക്കു, നെയ്യിനാൽ! 5

സൂക്തം 59.

1. സാരഥിയാലിരുതേരാളർപോലവേ——സാരഥിയുടെ സാമർത്ഥ്യത്താൽ രണ്ടു രഥികന്മാർ അഭിവൃദ്ധിപ്പെടുന്നതുപോലെ, ജീവിതഭ്രഷ്ടന്ന് (മൃതിയടഞ്ഞ സുബന്ധുവിന്നു) ആയുസ്സും യൌവനവും ഏറെ വായ്ക്കട്ടെ. നിരൃതി—സുബന്ധുവിന്റെ പ്രാണനെ അപഹരിച്ച പാപദേവത.

2. ഉയിർക്കായ്——സുബന്ധു പുനർജ്ജീവിപ്പാൻ. സ്തവാന്നങ്ങളം——സ്തുതിയും ഹവിസ്സും. ഒരുക്കുന്നു——നിരൃതിയ്ക്ക്. മുത്തശ്ശി——കിഴവിയായ നിരൃതി.

3 കീഴമർക്ക——മാററരെ കീഴമർക്കമാറാകട്ടെ.

4. മിത്രോദയം=സൂര്യോദയം. കാലജമായ (കാലക്രമേണ വന്നുകൂടുന്ന) വാർദ്ധകം ഇങ്ങു (ഞങ്ങളംക്ക) തുഷ്ടിദമാക——സുഖകരമായിബ്ഭവിയ്ക്കട്ടെ.

5. അസുനീതി——ഒരു ദേവി. ത്വത്തിരുമെയ്യും=നിന്റെ തിരുവുടലും. നെയ്യിനാൽ——ഞങ്ങളം തരുന്ന നെയ്യു ഭുജിച്ച്.

പേർത്തണമെങ്ങ,ങ്ങളിൽക്കാഴ്ചയും പ്രാണനും;
പേർത്തസുനീതേ, തരികി,ങ്ങു ഭോഗ്യവും;
കാണാവൂ, സൂര്യനുദിപ്പതെങ്ങൾ ചിരം;
മാനിതേ, നിത്യം സുഖിപ്പിയ്ക്കു, ഞങ്ങളെ! 6

പേർത്തേകുകെ,ങ്ങൾക്കു ജീവനെ ദ്യോദേവി,
പേർത്തു ധരിത്രിയും, പേർത്തന്തരിക്ഷവും;
പേർത്തേകുമാറാക, സോമമെങ്ങൾക്കുടൽ,
പേർത്തു പൂഷാവിഹ സ്വസ്തിശബ്ദത്തെയും! 7

നല്കുമാറാക, സുബന്ധുവിന്നു സുഖം
യാഗമാതാക്കൾ പെരിയ വാനൂഴികൾ:
ദ്യോവേ, മഹി, പൊറുത്തംഹസ്സുകററുവിൻ!
മാൽ വരുത്തൊല്ലാ, നിനക്കൊരു പാപവും! 8

വിണ്ണിങ്കൽനിന്നു പോന്നുണ്ടു, മരുന്നുകൾ
മന്നിൽച്ചരിയ്ക്കുന്നു, രണ്ടു മൂന്നൊന്നുമായ്.
ദ്യോവേ, മഹി, പൊറുത്തംഹസ്സുകററുവിൻ!
മാൽ വരുത്തൊല്ലാ, നിനക്കൊരു പാപവും! 9

നന്നായുശീനരാണ്യാഢ്യവണ്ടി വലി-
യ്ക്കുന്നൊരു കാളയെയിങ്ങയയ്ക്കിന്ദ്ര, നീ.
ദ്യോവേ, മഹി, പൊറുത്തംഹസ്സുകററുവിൻ!
മാൽ വരുത്തൊല്ലാ, നിനക്കൊരു പാപവും! 10

---

6. ഞങ്ങളിൽ—ഞങ്ങളുടെ സുബന്ധുവിങ്കൽ. ഇങ്ങു—ഞങ്ങൾക്ക്. മാനിതേ—പൂജിയ്ക്കപ്പെട്ടവളേ.

7. ദ്യോദേവി—ദേവിയായ ദ്യോവ്. സ്വസ്തിശബ്ദം—സ്വസ്തി (അവിനാശം) എന്നു പറയപ്പെടുന്നത്, നാശമില്ലായ്മ.

8. പൊറുത്തംഹസ്സുകററുവിൻ—നിങ്ങൾ ഞങ്ങളുടെ കുററം ക്ഷമിച്ചു പാപം നീക്കിയാലും. നാലാംപാദം സുബന്ധുവിനോടു പറയുന്നതാണ്: നിനക്കു ദുഃഖകരമായ പാപമൊന്നും പററരുത്.

9. രണ്ട്—അശ്വികൾ. മൂന്ന്—ഇള, സരസ്വതി, ഭാരതി: ഒന്ന്—രുദ്രൻ. അശ്വികളുടെയും മററും ഔഷധങ്ങൾ സുബന്ധുവിന്റെ പ്രാണനെ പരിരക്ഷിയ്ക്കട്ടെ എന്നു ഹൃദയം.

10. ഉശീനരാണ്യാഢ്യവണ്ടി—ഉശീനരാണി (?) എന്ന ലേപനൌഷധി കേററിയ വണ്ടി. ഉശീനരാണീലേപനംകൊണ്ടു സുബന്ധു പ്രത്യുജ്ജീവിയ്ക്കുമെന്നു ഭ്രാതാക്കൾ ആശിയ്ക്കുന്നു.

സൂക്തം 60.

ബന്ധ്വാദികളും, അവരുടെ അമ്മയും ഋഷികരം; ഗായത്രിയും പംക്തിയും അനുഷ്ടുപ്പും ഛന്ദസ്സുകരം; അസമാതിയും ഇന്ദ്രനും ആഹ്വാനവും സ്പർശനവും ദേവതകരം.

('ദ്വാരകാമന്ദിരം' പോലെ.)

ദീപ്തദൃക്കായ് മഹാന്മാരാൽ—
ക്കീർത്തിതനാമപ്പുമാങ്കൽ
നേരേ ചെന്നെത്താവൂ, നമ—
സ്സ്കാരം ചൊല്ലിക്കൊണ്ടു നമ്മരം: 1

ദീപ്തൻ, ഭജേരഥനെക്കീ—
ഴാക്കിവെച്ചോന, സമാതി
വൈരിനിഷൂദനനൊ, രു
തേരിനൊത്തോൻ, സതാംപതി! 2

പോത്തുകളെയെന്നപോലേ,
പോരടിച്ചിക്കൃപാണവാൻ
വാളെടുക്കാതെയുമെതി—
രാളികളെക്കീഴമർത്തും! 3

വിക്ഷതാരി ധനോപേത—
നിക്ഷ്വാകു ഭരിക്കും നാട്ടിൽ,
സ്വർഗ്ഗത്തിങ്കൽപ്പോലെയല്ലോ,
വർഗ്ഗമഞ്ചും വസിക്കുന്നു! 4

സൂക്തം 60.

1. അപ്പുമാങ്കൽ—അസമാതിരാജാവിന്റെ അടുക്കൽ.

2. അസമാതിയെ വർണ്ണിക്കുന്നു: ഭജേരഥൻ—അസമാതിയുടെ ഒരു ശത്രു. തേരിനൊത്തോൻ—തേരുപോലെ അഭിമതപ്രാപകൻ.

3. പോത്തുകളെ സിംഹമെന്നപോലെ, എതിരാളികളെ ഈ കൃപാണവാൻ (ഖഡ്ഗായുധനായ അസമാതി) കീഴമർത്തും.

4. വിക്ഷതാരി—വൈരിമർദ്ദനൻ. ഇക്ഷ്വാകു—ഇക്ഷ്വാകുവംശ്യനായ അസമാതി. വർഗ്ഗമഞ്ചും—പഞ്ചജാതികരം.

നീ കെല്പിനെ രാഥപ്രോഷ്ഠ—
നാകുമസമാതിതങ്കൽ
നിർത്തുകിന്നു, കാഴ്ച കിട്ടാൻ
മിത്രനെ നഭസ്സിൽപ്പോലേ! 5

രണ്ടരുണാശ്വത്തെപ്പൂട്ടി—
ക്കൊണ്ടഗസ്ത്യപ്രിയർക്കായ് നീ
ത്യാഗമില്ലാപ്പിശുക്കരെ—
യാകെക്കീഴമർക്ക, രാജൻ! 6

മാതാവിതാ, പിതാവിതാ,
ചൈതന്യദനിതാ, വന്നു:
നിർഗ്ഗമിച്ചീ, നിൻദേഹത്തി—
ലെയ്ക്കു വരൂ, സുബന്ധോ, നീ! 7

കൊണ്ടുപോകാൻ നുകം കയർ-
കൊണ്ടു കെട്ടുന്നതുപോലേ
നിർത്തീ നിൻനെഞ്ചു,യിർക്കൊള്ളുവാൻ—
മൃത്യുവിന്നല്ല,ടയായ്‌വാൻ! 8

മെത്തിയ മന്നിതു വൃക്ഷൗ—
ഘത്തെ നിർത്തുന്നതുപോലേ
നിർത്തീ നിൻനെഞ്ചു,യിർക്കൊള്ളുവാൻ
മൃത്യുവിന്നല്ല,ടയായ്‌വാൻ!

---

5. രാഥപ്രോഷ്ഠൻ—രഥപ്രോഷ്ഠന്റെ പുത്രൻ. മിത്രൻ—സൂര്യൻ.

6. ബന്ധ്വാദികളുടെ അമ്മയായ അഗസ്ത്യസോദരി അസമാതിയെ സ്തുതിയ്ക്കുന്നു: അരുണാശ്വം=ചെംകുതിര. അഗസ്ത്യപ്രിയർ—അഗസ്ത്യന്റെ ഭാഗിനേയരായ ബന്ധ്വാദികൾക്കുവേണ്ടി. ത്യാഗം=ദാനം.

7. മക്കളുടെയും അമ്മയുടെയും ഈ സ്തുതിയാൽ രാജാവു പ്രസന്നനായി. പിന്നീടവർ അഗ്നിയെ സ്തുതിച്ചു. സ്തുതനായ അഗ്നി വന്നെത്തി, സുബന്ധുവിനെ ജീവിപ്പിച്ചു. അപ്പോളവർ സുബന്ധുവിനെ ആഹ്വാനം ചെയ്യുന്നു: ഈ വന്ന അഗ്നിതന്നെയാണ്, നമുക്ക് അമ്മയും അച്ഛനും ജീവദാതാവും. നിർഗ്ഗമിച്ച്—പുറത്തുപോന്ന്. ഈ ഋക്കിന്റെ ദേവത, ആഹ്വാനമാകുന്നു.

8. കൊണ്ടുപോകാൻ—വണ്ടി. നിൻനെഞ്ച്—നിന്റെ മനസ്സിനെ അഗ്നി നിർത്തി. ഉടയായ്‌വാൻ—നശിയ്ക്കാതിരിപ്പാൻ.

9. മെത്തിയ—വിശാലമായ.

വൈവസ്വതയമങ്കൽനി—
ന്നാവാഹിച്ചേൻ, നിന്മനം ഞാൻ
ജീവിയ്ക്കുവാൻ—ഹേ സുബന്ധോ,
ചാവാനല്ല, നശിയ്ക്കായ്വാൻ! 10

താഴെ വീശുന്നു, മാരുതൻ;
താഴെ ച്ചൂടേകുന്നു, സൂര്യൻ;
താഴോട്ടു കറക്കുന്നേൻ പാൽ;
താഴേ പോക, തവ പാപം! 11

എൻകയ്യിതു ഭാഗ്യശാലി;—
യെൻകയ്യിതു വൻഭാഗ്യവാൻ;
എൻകയ്യിതു സർവൌഷധ;—
മെൻകയ്യിതു ശുഭസ്പർശം! 12

—

സൂക്തം 61.

മനുപുത്രൻ നാഭാനേദിഷ്ഠൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
വിശ്വേദേവകൾ ദേവത.

(നാഭാനേദിഷ്ഠൻ) ഇങ്ങനെ ഈ രുദ്രസ്തോത്രം അറിവാൽ നിർ
വ്വ. കർമ്മങ്ങൾക്കിടയിൽ സംഘത്തിൽ ഉറക്കെച്ചൊല്ലി:

---

11. താഴെ—സ്വർഗ്ഗത്തിൽനിന്ന്.

12. ലബ്ധജീവനായ സുബന്ധുവിനെ ബന്ധുപ്രഭൃതികൾ കൈകൊണ്ടു സ്പർശിയ്ക്കുന്നു.

സൂക്തം 61.

1. അച്ഛന്റെ മുതൽ ഭാഗിച്ചെടുത്ത ഭ്രാതാക്കൾ അന്നു ബ്രഹ്മചാരിയായ നാഭാനേദിഷ്ഠന്നു ഭാഗമൊന്നും വെച്ചില്ല. അയാൾ അച്ഛനോടു ചോദിച്ചു:—'എനിയ്ക്കുന്തേ' ഭാഗം വെയ്ക്കാഞ്ഞത്?' അച്ഛൻ പറഞ്ഞു:—'ഇത്രയും കൊണ്ടേ ന്തുള്ളു? നീ സത്രമിരിയ്ക്കുന്ന അംഗിരസ്സുകളുടെ അടുക്കൽച്ചെന്നു സൂക്തം ചൊല്ലിയാൽ, സ്വർഗ്ഗത്തിലെയ്ക്കു പോകാൻ തുടങ്ങുന്ന അവർ നിനക്ക് ഒരായിരം മാടുകളെ തരും!' നാഭാനേദിഷ്ഠൻ അതനുഷ്ഠിച്ചു; അംഗിരസ്സുകൾ സത്രമവസാനിപ്പിച്ചു, ഗോസഹസ്രത്തെ കൊടുക്കുകയും ചെയ്തു. അപ്പോൾ, രുദ്രൻ എന്ന ഒരാൾ എഴ

പങ്കുവെയ്ക്കുന്ന അച്ഛനമ്മമാരും മററു മാന്യന്മാരും ഇതു (കൊണ്ടോടി). അയാറാം പചനദിവസത്തിൽ സപ്തഹോതാക്കൾക്കു കർമ്മപൂർത്തി വരുത്തി. 1

അദ്ദേഹം ദാനത്തിന്നും ഹനനത്തിന്നുമായി സമീപിച്ച്, ആയുധങ്ങളാൽ (അരക്കരെ) വീഴിച്ചു, വേദിമേലിരിയ്ക്കുയായിരുന്നു; വെമ്പലോടേ ചെന്ന് ഉറക്കെസ്സംസാരിച്ചുകൊണ്ടു, തന്റെ മിടുക്കു, വെള്ളംപോലെ, അവിടെനിന്നുതിരുമാറു പാററി. 2

യാതൊരുവൻ, പ്രഭൃതധനനായിട്ടു കയ്യിലെടുത്തു നിർദ്ദേശിച്ച്, ഇവന്റെ വിരലുകൾകൊണ്ടു കൂട്ടുന്നുവോ; ആ സ്തോതാവു വിളിച്ചാൽ, നിങ്ങളിരുവരും അനുഗ്രഹിപ്പാൻ മനോവേഗേന മണ്ടിച്ചെല്ലുമല്ലോ; 3

സ്വർഗ്ഗം കാക്കുന്ന അശ്വികളേ, കറുമ്പി തുടുഗോക്കളിൽ കേറുമ്പോൾ ആ നിങ്ങളെ, ഞാൻ വിളിയ്ക്കുന്നു: നിങ്ങൾ ദ്രോഹിയ്ക്കാതെ എന്റെ ഹവിസ്സിച്ഛിച്ച്, എന്റെ യാഗത്തിൽ, തീററയ്ക്കുണ്ടശ്വങ്ങൾപോലെ വന്നുചേരുവിൻ! 4

നേററു ചെന്ന്, 'ഈ യജ്ഞാവശേഷം എനിയ്ക്കുള്ളതാണെ'ന്ന് എതിർവാദം പുറപ്പെടുവിച്ചു. ഉടനേ നാഭാനേദിഷ്ഠൻ പോന്ന് അച്ഛനോടു ചോദിച്ചു; 'രുദ്രന്റെതന്നെ'എന്നായിരുന്നു, അച്ഛന്റെ മറുപടി. ഇതു മറച്ചുവെയ്ക്കാതെ നാഭാനേദിഷ്ഠൻ രുദ്രനെ അറിയിച്ചു. ഈ സത്യകഥനത്താൽ സന്തുഷ്ടനായ രുദ്രൻ അക്കളെ നാഭാനേദിഷ്ഠന്നുതന്നേ വിട്ടുകൊടുത്തു. (ഐതരേയബ്രാഹ്മണം ...ംഘ ത്തിൽ——സത്രമനുഷ്ഠിയ്ക്കുന്ന അംഗിരോഗണത്തിൽ. മററു മാന്യന്മാരും——ഭ്രാതാക്കളും. കൊണ്ടോടി——ഈ സ്തോത്രം ഗോലാഭത്തിന്നുതകുമെന്ന്. പചനദിവസത്തിൽ——സത്രത്തിന്റെ ആറാംനാളിൽ. രുദ്രസ്തോത്രം——രുദ്രപുത്രരായ അശ്വികളെക്കുറിച്ചുള്ള സ്തോത്രം.

2. അദ്ദേഹം—മുകളിൽപ്പറഞ്ഞരുദ്രൻ. ദാനം——സ്തോതാക്കൾക്കു ധനംനല്കൽ. ഹനനം——ശത്രുവധം. വെള്ളംപോലെ——മഴക്കാറു വെള്ളം പാററുന്നതുപോലെ.

3. പ്രഭൃതധനൻ——വളരെ ഹവിസ്സാകുന്ന ധനം ഒരുക്കിയവൻ. നിർദ്ദേശിച്ച്——ഇത് അശ്വികൾക്കാണെന്ന്. ഇവന്റെ——എന്റെ. കൂട്ടുന്നു——സോമനീരിൽ പാലും മററും.

4. കറുമ്പി——രാത്രി. തുടുഗോക്കളിൽ കേറുമ്പോൾ——ഉഷസ്സ് ഉദിപ്പാൻ തുടങ്ങുമ്പോൾ.

തഴച്ചു തേടിക്കൊണ്ടിരുന്ന വീര്യം (പ്രജാപതിയാൽ) സേചി
ക്കപ്പെട്ടതു മനുഷ്യഹിതൻ പിൻവലിച്ചു. അതു വീണ്ടും പതിയുടെ
പുത്രിയിൽ ശുക്കപ്പെ പ്പോഴ് നിസ്സപതൻ ഉത്ഥിതനായി: 5

യഥേഷ്ടം പ്രവർത്തിക്കുന്ന അച്ഛൻ അരികേ നടുവിൽവെച്ചു
യുവതിയോടു ചേർന്നു; തമ്മിൽ ചേർന്ന ഇരുവരും, അല്പാല്പം രേത
സ്സൊഴുക്കി. അത് ഉയർന്ന യജ്ഞസ്ഥാനത്തു നിഷിക്തവുമായി! 6

അച്ഛൻ സ്വപുത്രിയെ പുണർന്ന അന്നുതന്നേ, ഭൂമിയെസ്സംഗിച്ചു
രേതസ്സൊഴുക്കി. അപ്പോൾ സുകർമ്മാക്കളായ ദേവന്മാർ ബ്രഹ്മത്തെ
ഉല്പാദിപ്പിച്ചു—കർമ്മപാലകനായ വാസ്തോഷ്പതിയെ സൃഷ്ടിച്ചു. 7

അദ്ദേഹം, ഇന്ദ്രനാൽ യുദ്ധത്തിൽ എയ്യപ്പെട്ട കടൽനാക്കുപോ
ലെ ഞങ്ങളെ വിട്ടോടി. ഒരല്പബുദ്ധി ദക്ഷിണകളെ വെടിഞ്ഞു നട
കൊള്ളില്ല; പാദസ്നേഹിയാകട്ടേ, എന്റെ അവയെ പിടികൂടി
യില്ല! 8

ആളുകളെ വലയ്ക്കുന്ന തിയ്യ പാഞ്ഞെത്തില്ല; രാത്രിയിലും,
നഗ്നൻ അഗ്നിയെ സമീപിക്കില്ല. താങ്ങായ തന്തിരുവടി വിറകു

---

5. രുദ്രപ്രജാപതി, തന്റെ ഒരംശംകൊണ്ടു വാസ്തോഷ്പതിരുദ്രനെ സൃഷ്ടിച്ചു എന്നതാണ്, ഇതുമുതൽ മൂന്നൃക്കുകളിലെ പ്രതിപാദ്യം: തേടിക്കൊണ്ടിരുന്ന—ആരിലുറപ്പുകേണ്ടു എന്നന്വേഷിച്ചിരുന്ന. വീര്യം—രേതസ്സ്. മനുഷ്യഹിതൻ—വാസ്തോഷ്പതിരുദ്രൻ. പിൻവലിച്ചു—പ്രജാപതിയുടെ പ്രഥമസേചനത്തിൽ ഉല്പാദിച്ചില്ല. പതിയുടെ പുത്രി—സ്വപുത്രി. മകളല്ല, ദ്യോവാണെന്നു. ഉഷസ്സ് ണെന്നും പക്ഷാന്തരങ്ങളുണ്ട്. നിസ്സപതൻ—രുദ്രൻ.

6 അച്ഛൻ—പ്രജാപതി. നടു—അന്തരിക്ഷം. യുവതി—മകൾ. നിഷിക്തവുമായി=സേചിക്കപ്പെടുകയും ചെയ്തു. ഇതിൽനിന്നു രുദ്രൻ ഉണ്ടായിവന്നു.

7. വാസ്തോഷ്പതി എന്നതിന്റെ അർത്ഥം യാഗശാലാധിപനെന്നാണ്; ഈ രുദ്രനെത്തന്നെയാണ്, ബ്രഹ്മമെന്നു പറഞ്ഞത്.

8. അദ്ദേഹം—രുദ്രൻ. എയ്യപ്പെട്ട—നമുചിവധത്തിന്ന്. ഞങ്ങളെ വിട്ടോടി=വാസ്തവം പറഞ്ഞ എങ്കൽനിന്ന്, (സ്വന്തം ഗോക്കളെ എനിക്കു തന്ന്) ഓടിപ്പോയി. ദക്ഷിണകൾ—ദക്ഷിണയായി കിട്ടിയ വസ്തുക്കൾ. പാദസ്നേഹി—രുദ്രൻ. എന്റെ അവയെ—എനിക്ക് അംഗിരസ്സുകൾ തന്ന ഗോക്കളെ. പിടികൂടിയില്ല—അദ്ദേഹം അല്പബുദ്ധിയല്ല, മഹാമനസ്സനാണ്.

9. വാസ്തോഷ്പതിരുദ്രന്റെ യജ്ഞരക്ഷാസാമർത്ഥ്യം വർണ്ണിക്കുന്നു: തിയ്യ്—

നേടാനും, ഹവിസ്സു നേടാനും, ബലേന പൊരുതാനുമാണല്ലോ, അവതരിച്ചതു്! 9

യജ്ഞോചിതസ്തോത്രം ചൊല്ലുന്ന നവഗ്വന്മാർ ചിക്കെന്നു കമനീയയുടെ സഖ്യം നേടി: രണ്ടിടത്തും പ്രധാനരായ അവർ രക്ഷകകങ്കലണഞ്ഞു, ദക്ഷിണ കൂടാതെ അക്ഷയം കറന്നെടുത്തു— 10

ചിക്കെന്നു കമനീയയുടെ സഖ്യം നേടിയിട്ടു്, ഒരതിന്നൂതന ധനംപോലെ, മഴവെള്ളം പുറപ്പെടുവിച്ചു: അമൃതു ചുരത്തുന്ന പയ്യിന്റെ വെൺപാലാകുന്ന ധനം അവർ അങ്ങയ്ക്കു നിവേദിച്ചുവല്ലോ! 11

മാട്ടുകൾ പോയതു പിന്നെയാണറിഞ്ഞതു്: സ്തോതാവു പറയുന്നു:—'സ്തുതിയിൽ രമിക്കുന്ന, വസുവെക്കാൾ വസുവായ പരിശുദ്ധൻ ധനത്തെയെല്ലാം ചിക്കെന്നു ചുഴന്നുകഴിഞ്ഞു!' 12

അവിടെത്തന്നേ ചിക്കെന്നു തന്തിരുവടിയുടെ പരിവാരങ്ങൾ വന്നെത്തി. ബഹുരൂപന്മാർ വൃഷൽപുത്രനെ പിളർത്താനൊരുങ്ങി. എന്നാൽ അനേകവടിവിൽ വെളിപ്പെട്ട ശുഷ്ണന്റെ ഗുപ്തമായ മർമ്മം നിസ്സപത്നൻ ശരിക്കറിഞ്ഞു! 13

യാതൊന്നിന്റേതായ ദർഭയിൽ ദേവന്മാർ സ്വർഗ്ഗത്തിലെന്നപോലെ ഇരിക്കുന്നുവോ, ആ തേജസ്സു പ്രസിദ്ധമാണല്ലോ; അഗ്നി, ജാതവേദസ്സു് എന്നിവയും അതിന്റെ പേരുകളാണു്. ഹോതാവേ,

---

രക്ഷസ്സും മററും. നഗ്നൻ–രാക്ഷസൻ. തന്തിരുവടി––അഗ്നി. പൊരുതു രാക്ഷസാദികളോടു്.

10. നവഗ്വന്മാർ––അംഗിരസ്സുകൾ. കമനീയ––പൃശ്നി. രണ്ടിടത്തും––ദ്യോവിലും ഭൂവിലും. രക്ഷകകങ്കൽ––ഇന്ദ്രങ്കൽ. ദക്ഷിണ കൂടാതെ––സത്രത്തിൽ ദക്ഷിണകൊടുക്കലില്ല. അക്ഷയം––അനശ്വരമായ ജലം.

11. രണ്ടാംവാക്യം ഇന്ദ്രനോടുള്ളതാണു്: നിവേദിച്ചതിനാലാണു്, അവർ മഴവെള്ളം പുറപ്പെടുവിപ്പാൻ ശക്തരായതു്,

12. മാട്ടുകൾ പോയതു് ഉടമസ്ഥന്മാരറിയുന്നതിന്നുമുമ്പുതന്നെ, പരിശുദ്ധൻ (ഇന്ദ്രൻ) ധനത്തെ (ഗോധനത്തെ) വീണ്ടെടുപ്പാൻ ചുഴന്നുകഴിഞ്ഞു വസുവെക്കാൾ വസു––മികച്ച വാസയിതാവു്.

13. പരിവാരങ്ങൾ––രശ്മികൾ. ബഹുരൂപന്മാർ––വേഷംമാറിമാറിദ്ധരിച്ച അസുരന്മാർ. വൃഷൽപുത്രനെ––ഇന്ദ്രനെ. നിസ്സപത്നൻ––എതിരില്ലാത്ത ഇന്ദ്രൻ.

യജ്ഞത്തിൽ വിളിയ്ക്കുന്ന അദ്രോഹിയായ ഭവാൻ ഞങ്ങളുടെ (വിളി)കേട്ടാലും! 14

ഇന്ദ്ര, ആ തേജസ്സിയന്ന രുദ്രപുത്രന്മാരായ നാസത്യന്മാർ എന്റെ സ്തുതിയും യജ്ഞവും സ്വീകരിയ്ക്കട്ടെ; മത്തടിച്ച വിളയാടി മൎത്ത്യൎക്ക് അന്നമയയ്ക്കുന്ന അവർ മനുവിന്നെന്നപോലെ, ദൎഭ വിരിച്ച എനിയ്ക്കു യജനീയരായിബ്ഭവിയ്ക്കട്ടെ! 15

ഈ സ്തുതിയ്ക്കപ്പെട്ട വിധാതാവായ രാജാവിനെ (ഞങ്ങൾ) വന്ദിയ്ക്കുന്നു: സ്വന്തം രശ്മികൾ ചേൎന്ന ഈ വിപ്രൻ അന്തരിക്ഷവും കടക്കുന്നു. ഇദ്ദേഹം കക്ഷീവാനെയും, ഇദ്ദേഹം അഗ്നിയെയും, കുതിരകൾ ഉരുണ്ടോടുന്ന ചക്രത്തെയെന്നപോലെ ഇളക്കിവിട്ടു! 16

ഇങ്ങും അങ്ങും ബന്ധുവായ, കടത്തിവിടുന്നവനായ ആ യഷ്ടാവു പേറുനിന്ന പയ്യിനെ (ശയുവിന്നു) കറക്കാൻ അമൃതു ചുരത്തുന്ന വളാക്കിത്തീൎത്തു: ശയു മിത്രാവരുണന്മാരെയും അൎയ്യമാവിനെയും വരണീയങ്ങളായ മികച്ച സ്തോത്രങ്ങൾകൊണ്ടു വഴിപോലെ സ്തുതിച്ചുവല്ലോ! 17

പൃഥിവിയാകുന്ന ബന്ധുവോടുകൂടിയ സ്തോതാവ്—ദ്യോവിൽ മേവുന്ന നിന്തിരുവടിയുടെ കൎമ്മിയായ നാഭാനേദിഷ്ഠൻ—കൊതിച്ച പുലമ്പുകയാണ്: തന്തിരുവടിയുടെ ആ ദ്യോവു ഞങ്ങൾക്ക് ഒരു മുന്തിയ പൊക്കിളാണ്; ഞാൻ തന്തിരുവടിയുടെ പിന്തുടൎച്ചയിൽ ഒരുവനുമാണ്! 18

---

14. ആ തേജസ്സ്—അഗ്നിയുടെ. ഒടുവിലെ വാക്യം പ്രത്യക്ഷം: വിളിയ്ക്കുന്ന—ദേവന്മാരെ

15. മത്തടിച്ച—സോമപാനത്താൽ. മനു—എന്റെ അച്ഛൻ.

16. രാജാവ്—സോമൻ. കക്ഷീവാനെയും—സോമത്തിന്നു മലയിൽ പോയ. അഗ്നിയെയും—വെള്ളത്തിലൊളിച്ച.

17. ഇങ്ങും അങ്ങും—ഇരുലോകങ്ങളിൽ. കടത്തിവിടുന്നവൻ—ആപത്താരകൻ. ആ യഷ്ടാവ്—അഗ്നി. അമൃതിന്നൊത്ത പാൽ.

18. ബന്ധു—അമ്മ. കൊതിച്ച—അംഗിരോദത്തമായ ഗോസഹസ്രത്തെ കാംക്ഷിച്ച്. തന്തിരുവടി—സൂൎയ്യൻ. പിന്തുടൎച്ചയിലൊരുവനുമാണ്—സൂൎയ്യന്റെ പുത്രൻ, മനു; മനുവിന്റെ പുത്രൻ, ഞാൻ.

ഇത്, എന്റെ പൊക്കിളാണ്; ഇതിലാണ്, എന്റെ ഇരിപ്പിടം; ഇവ എന്റെ രശ്മികളാകുന്നു. ഞാനാണ്, എല്ലാം. സത്യസ്വരൂപന്റെ ആദ്യസന്താനങ്ങളാണല്ലോ, ദ്വിജന്മാർ. വെളിപ്പെട്ട പയ്യാണ്, ഇതു ചുരത്തിയത്! 19

നാലുദിക്കിലും മത്തടിച്ചുനടക്കുന്ന, ഇരുലോകങ്ങളിലും സഞ്ചരിയ്ക്കുന്ന, കാടുകളെ കീഴടക്കുന്ന തേജസ്വി വന്നെത്തും: തന്റെ ഉയർനാളം, ഒരു ശ്ലാഘ്യസേനപോലെ ചിക്കെന്നമർത്തും. അങ്ങനെ സുഖവർദ്ധകനായ സുസ്ഥിരനെയാണ്, അമ്മ പ്രസവിച്ചത്! 20

ഇപ്പോഴം ഒരു പരിശ്രാന്തന്റെ കമനീയസ്തുതിയുണ്ട്, ഉപമാനഭൂതന്റെ അടുക്കലെയ്ക്കു പോകുന്നു. നല്ല സമ്പത്തുള്ളവനേ, അങ്ങ് ഞങ്ങളുടെ (വിളി) കേട്ടാലും; അങ്ങ് യജിച്ചാലും! അശ്വമേധിപുത്രൻ സ്തുതികളാൽ അങ്ങയെ വർദ്ധിപ്പിയ്ക്കുന്നു. 21

ഇന്ദ്ര, നൃപതേ, വജ്രപാണിയായ ഭവാൻ ഇപ്പോഴം ഞങ്ങൾക്കു മഹത്തായ ധനം അരുളിയാലും; ഹവിർദ്ധനരായ ഞങ്ങളെ രക്ഷിച്ചാലും; സ്തോതാക്കളെയും പാലിച്ചാലും. ഹരിയുക്ത, ഞങ്ങൾ അങ്ങയെ പ്രാപിപ്പാൻ പാപരഹിതരായിത്തീരട്ടെ! 22

ഇരുതമ്പുരാന്മാരേ, ഇപ്പോഴം ഗോക്കളെത്തേടി നടക്കുന്ന യാവനൊരുത്തൻ കർമ്മികളുടെ അടുക്കലെയ്ക്കു സ്തുതിപ്പാനായി പോകുന്നുവോ, ആ വിപ്രൻ അവർക്കു തുലോം പ്രിയപ്പെടട്ടെ: നിർവഹിയ്ക്കട്ടെ; അവരെ മറുകരയണയ്ക്കട്ടെ!

---

19. ഇത്––മാധ്യമികവാക്ക്, സൂര്യമണ്ഡലം. ഞാൻ––സൂര്യങ്കൽനിന്ന ഭിന്നനായ ഞാൻ. സത്യസ്വരൂപന്റെ––ബ്രഹ്മാവിന്റെ. പയ്യ്––മാധ്യമികവാക്ക്. ഇതു ജഗത്തെല്ലാം. ചുരത്തിയത്––ഉൽപാദിപ്പിച്ചത്.

20. തേജസ്വി––അഗ്നി. വന്നെത്തും––യാഗത്തിന്ന്. ഉയർനാളം=ഊർദ്ധ്വജ്വാല. കീഴമർത്തും––യജ്ഞവിരോധികളെ. അമ്മ––അരണി.

21. ഒരു പരിശ്രാന്തന്റെ––ക്ഷീണിച്ച എന്റെ. ഉപമാനഭൂതൻ––ഇന്ദ്രൻ. രണ്ടാംവാക്യംമുതൽ അഗ്നിയോടു പ്രത്യക്ഷം: അശ്വമേധിപുത്രൻ––മനുവിന്റെ പുത്രൻ, നാഭാനേദിഷ്ഠനെന്ന ഞാൻ.

23. മിത്രാവരുണന്മാരോട്: കർമ്മികൾ––അംഗിരസ്സുകൾ. ആ വിപ്രൻ––നാഭാനേദിഷ്ഠൻ, ഞാൻ. നിർവഹിയ്ക്കട്ടെ––അവിടെ ചെയ്യേണ്ടത്. മറുകര––കർമ്മാവസാനം.

ഇനി, ഞങ്ങരം പൊറുതിയ്ക്കായി, ആ ജയശീലൻെറ ധനം അനായാസേന സ്തുതിച്ചുംകൊണ്ടു യാചിയ്ക്കുന്നു: അദ്ദേഹത്തിൻെറ മകനാണല്ലോ, പായുന്ന കതിര. അങ്ങു് വിപ്രനാണു്, അന്നം കിട്ടിയ്ക്കുന്നവനുമാണു്! 24

നിങ്ങളിരുവരുടെ സഖ്യത്തിന്നും, ഞങ്ങളുടെ ബലത്തിന്നുമായി ഹവിഷ്മാൻ സ്തോത്രങ്ങരം ഉരുവിടുന്നു: ഇതു ചൊല്ലുകളെ എല്ലാടത്തും പരത്തും; കിഴക്കൻവഴിപോലെ, സൂനൃതോക്തിയ്ക്കു സുഖവും ഉളവാക്കും! 25

ഉദകദേവതകളോടുകൂടിയ ആ സൽബന്ധു ഇപ്രകാരം സപ്രണാമങ്ങളായ സൂക്തങ്ങരംകൊണ്ടു സ്തുതിയ്ക്കപ്പെട്ടു വളന്നരുളട്ടെ: സ്തോത്രവാക്യങ്ങളാൽ ഇപ്പോരം വന്നെത്തട്ടെ. പയ്യിൻെറ പാൽ പുറത്തെയ്ക്കു വരുന്നു! 26

യജനീയരായ ദേവന്മാരേ, നിങ്ങരം ഞങ്ങളുടെ മഹാരക്ഷയ്ക്കു് ഒത്തൊരുമിച്ചാലും: നാനാപ്രകാരേണ നടന്നു് അന്നം കൊണ്ടുവരുന്നവരും, പ്രയോഗജ്ഞരും, കണ്ടറിഞ്ഞവരുമാണല്ലോ, നിങ്ങരം! 27

ഒന്നാമധ്യായം സമാപ്തം.

---

24. വരുണനെപ്പററി: ആ ജയശീലൻെറ—വരുണൻെറ. അദ്ദേഹത്തിൻെറ – വരുണങ്കൽനിന്നത്രേ, അശോദൽപ്പത്തി. അവശിഷ്ടം പ്രത്യക്ഷം: വിപ്രൻ—പൂജ്യൻ, വിശുദ്ധൻ.

25. മിത്രാവരുണന്മാരോടു വീണ്ടും: ഹവിഷ്മാൻ—അധ്വര്യു: ഇതു—നിങ്ങളുടെ സഖ്യം. ചൊല്ലുകരം—യഷ്ടാക്കളുടെ സ്തുതികരം. സൂനൃതോക്തി—പ്രിയസത്യവാക്കു്, സ്തുതി. സുഖവും—കിഴക്കൻവഴിയായിരിയ്ക്കാം, യാത്രയ്ക്കു നല്ലതു്.

26. ആ സൽബന്ധു—വരുണൻ. പയ്യിൻെറ പാൽ—പൈക്കറവു തുടങ്ങിക്കഴിഞ്ഞു; വരുണൻ വരാൻ വൈകരുതു്.

27 അംഗിരസ്സുകളോടു്: കണ്ടറിഞ്ഞവർ—അസുരന്മാരപഹരിച്ച ഗോക്കളെ.

ഈ സൂക്തത്തിൻെറ ആദ്യഭാഗം അത്യന്തം ദുർജ്ഞേയമാകുന്നു. ഇംഗ്ലീഷ് വിവർത്തകരിലൊരാരം ഇതിലെ 5, 6, 7, 8, 9 ഋക്കുകളെ തർജ്ജമചെയ്യാതെ വിട്ടുകളുടിച്ചെയ്തിരിയ്ക്കുന്നു!

രണ്ടാമധ്യായം.

സൂക്തം 62.

നാഭാനേദിഷ്ഠൻ ഋഷി; ജഗതിയും അനുഷ്ടുപ്പും ബൃഹതിയും സതോബൃഹതിയും ഗായത്രിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അംഗിരസ്സുകളും വിശ്വേദേവകളും, സാവർണ്ണിമഹാരാജാവിന്റെ ദാനവും ദേവതകൾ.

(കേക)

ഉന്നീതഹവിസ്സുരായ്ദ്ദക്ഷിണ കൊടുത്തെവ—
രിന്ദ്രന്റെ സഖിത്വവുമമൃതത്വവും നേടീ,
മംഗളമാ നിങ്ങൾക്കുണ്ടാകട്ടെ! സുപ്രജ്ഞരാ—
മംഗിരസ്സുകളേ, കൈക്കൊള്ളുവിൻ, മനുജനെ! 1

ഗോധനങ്ങളെ വെളിയ്ക്കേററി,യച്ഛന്മാർ നിങ്ങൾ;
മേധത്താൽ വലനെയും വധിച്ചു,വർഷാന്തത്തിൽ;
നിങ്ങൾക്കു ദീർഘായുസ്സുണ്ടാകട്ടെ! സുപ്രജ്ഞരാ—
മംഗിരസ്സുകളേ, കൈക്കൊള്ളുവിൻ, മനുജനെ! 2

അംബരാന്തത്തിൽക്കേററീ സത്യത്താൽക്കതിരോനെ;—
യമ്മയാമവനിയ്ക്കു കീർത്തിയും ചേർത്തു,നിങ്ങൾ;
നിങ്ങൾക്കു പിറക്കട്ടേ, നന്മക്കൾ! സുപ്രജ്ഞരാ—
മംഗിരസ്സുകളേ, കൈക്കൊള്ളുവിൻ, മനുജനെ! 3

മംഗളമിതാ, ചൊൽവൂ, നേദിഷ്ഠനൃഷിമാരേ,
നിങ്ങൾതൻ നിലയത്തിൽ;—ദ്ദേവപുത്രരേ, കേൾപ്പിൻ:

സൂക്തം 62.

1. നാഭാനേദിഷ്ഠൻ അച്ഛനായ മനുവിന്റെ നിർദ്ദേശത്താൽ, സത്രമിരിയ്ക്കുന്ന അംഗിരസ്സുകളുടെ അടുക്കൽ ചെന്നു പറഞ്ഞതു്: ഉന്നീതഹവിസ്സുരായ്— *ഹവിസ്സു ഹോമിച്ചു്*. *മനുജനെ—മനുപുത്രനായ* എന്നെ.

2. വർഷാന്തത്തിൽ—ഒരാണ്ടാൽ സത്രമവസാനിച്ചപ്പോൾ.

3. അംബരാന്തത്തിൽ—ആകാശത്തു്.

നിങ്ങൾക്കു നൽബ്രഹ്മശ്രീ കിട്ടട്ടെ! സുപ്രജ്ഞരാ—
മംഗിരസ്സുകളേ, കൈക്കൊള്ളുവിൻ, മനുജനെ! 4

അഗ്രിമകർമ്മാക്കളീ യൃഷിമാർ നാനാരൂപ;—
രഗ്നിതൻ തനൂജന്മാരംഗിരസ്സുകളിവർ! 5

അഗ്നിജർ, നാനാരൂപരിദ്ദിവ്യർ: ദേവോപേത—
നംഗിരശ്ശ്രേഷ്ഠൻ നല്കും, നവഗ്വ-ദശഗ്വാഖ്യൻ! 6

അധ്വരധുര്യരെവരിന്ദ്രന്റെ സാഹായ്യത്താ-
ലശ്വിയാം ഗോവൃന്ദത്തെപ്പുറത്തെത്തിറക്കിയോ;
ആയിരം തടി പൂണ്ട പൈക്കളെയെനിക്കു ത—
ന്നാ,യവർ ദേവന്മാർക്കു ഹവ്യവുമൊരുക്കിനാർ! 7

ഇമ്മനു മുളയ്ക്കട്ടെ, വിത്തുപോലുയരട്ടെ;—
യിപ്പോഴേ തന്നാനല്ലോ, സാശ്വഗോസഹസ്രത്തെ! 8

കഴിവില്ലി,സ്സൂര്യാഭൻ ചെയ്തതു ചെയ്‌വാനാർക്കും:
പുഴയായ്പ്പരക്കുന്നു, സാവർണ്ണിയുടെ ദാനം! 9

ദാസർപോലയയ്ക്കാറുണ്ടല്ലോ, വിളമ്പുവാൻ
ഗോസമൃദ്ധരാം യദുതുർവശർ ശുഭം ചൊല്ലി! 10

---

4. നേദിഷ്ഠൻ—നാഭാനേദിഷ്ഠനായ ഞാൻ. ദേവപുത്രർ—അഗ്നിപുത്രർ. 'അംഗാരങ്ങൾ (കനലുകൾ) അംഗിരസ്സുകളായി' എന്ന് ഐതരേയബ്രാഹ്മണം.

5. പരോക്ഷകഥനം: നാനാരൂപർ—ഒന്നുപോലെയല്ലാത്ത ആകൃതിയോടു കൂടിയവർ.

6. നവഗ്വ–ദശഗ്വാഖ്യൻ—നവഗ്വൻ, ദശഗ്വൻ എന്നീ പേരുകളുള്ള ദേവോപേതനായ (ദേവകളോടുകൂടി സ്ഥിതിചെയ്യുന്ന) അംഗിരശ്ശ്രേഷ്ഠൻ, അഗ്നി നല്കും—എനിക്കു ധനം തരും. നവഗ്വരായ അംഗിരസ്സുകളുടെ അഗ്നി നവഗ്വൻ, ദശഗ്വരായ അംഗിരസ്സുകളുടെ അഗ്നി ദശഗ്വൻ.

7. അശ്വി—അശ്വസഹിതം. ആയവർ—അംഗിരസ്സുകൾ.

8. സാവർണ്ണിമനുവിന്റെ ദാനത്തെ സ്തുതിക്കുന്നു: ഇമ്മനു—സാവർണ്ണി. മുളയ്ക്കട്ടെ—സന്താനസമ്പത്സമേതനായി ആവിർഭവിക്കട്ടെ. തന്നാനല്ലോ—ഇദ്ദേഹം എനിക്കു തന്നുവല്ലോ. സാശ്വഗോസഹസ്രത്തെ—വളരെ അശ്വങ്ങളെയും ഗോക്കളെയും.

9. ഇസ്സൂര്യാഭൻ—സൂര്യതുല്യനായ മനു.

10. യദുവും തുർവശനുമാകുന്ന രാജാക്കന്മാർ, ദാസരെന്നപോലെ മനുവിന്നു വിളമ്പുവാൻ (ഭക്ഷണത്തിന്നു) പശുക്കളെ അയച്ചുകൊടുക്കാറുണ്ട്. ശുഭം ചൊല്ലി—മംഗളം നേർന്നുകൊണ്ട്.

മാഴ്കൊല്ലാ,യിരമേകം ഗ്രാമനേതാവാം മനു;
പൂകട്ടെ,യിദ്ദേഹത്തിൻ ദക്ഷിണ പോയക്കങ്കൽ;
ആയുസ്സു വളർത്തട്ടെ, സാവർണ്ണിയ്ക്കുമരന്മാ;—
രാലസ്യമേശാതന്നമിവനാൽ നേടാവൂ, നാം! 11

സൂക്തം 63.

പ്ലുതിയുടെ പുത്രൻ ഗയൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
വിശ്വേദേവകളും പഥ്യാസ്വസ്തിയും ദേവതകൾ.

യാവചിലർ ദൂരത്തുനിന്നു (വന്നു) ചാർച്ച—വൈവസ്വത
ജനനം—മനുഷ്യരെ പ്രീതരായി ധരിപ്പിയ്ക്കുന്നുവോ; യാവചിലർ
നഹുഷപുത്രനായ യയാതിയുടെ യജ്ഞത്തിൽ ഇരിയ്ക്കുമോ; ആ
ദേവന്മാർ ഞങ്ങളെപ്പററി കുട്ടിപ്പറയട്ടെ! 1

ദേവന്മാരേ, നിങ്ങളുടെ ദേഹങ്ങളെല്ലാം നമസ്കരണീയങ്ങളും,
സ്തുത്യങ്ങളും, യഷ്ടവ്യങ്ങളുമാണല്ലോ: ദ്യോവിൽനിന്നും, അന്തരി
ക്ഷത്തിൽനിന്നും, ഭൂവിൽനിന്നും ജനിച്ചവരായ നിങ്ങൾ ഇവിടെ
എൻെറ വിളി കേൾക്കുവിൻ! 2

അമ്മ മധുരപയസ്സും, വാർമുകിൽ നിറഞ്ഞ വാട്ടമില്ലാത്ത
ദ്യോവ് അമൃതും എവർക്കായി ഒഴുക്കുന്നുവോ; ആ സ്തുതിബലന്മാരും
വൃഷ്ടികർത്താക്കളും, സുകർമ്മാക്കളുമായ അദിതിപുത്രന്മാരെ
സ്വസ്തിയ്ക്കായി സ്തുതിച്ചാലും! 3

---

11. മനു മാഴ്കൊല്ല—മനുവിന്നു് ഒരു ദുഃഖവും വരരുതു്. അക്കങ്കൽ പൂക
ട്ടെ—സൂര്യലോകത്തും പുകൾപ്പെടട്ടെ. ആലസ്യമേശാതെ—നിരന്തരമായ കർമ്മാ
നുഷ്ഠാനത്താൽ.

സൂക്തം 63.

1. ചാർച്ച—വൈവസ്വതമനുവിൻെറ മക്കളാണല്ലോ, മനുഷ്യർ. കുട്ടിപ്പ
റയട്ടെ— കൊണ്ടാടട്ടെ.

3. തന്നോടുതന്നേ പറയുന്നു; അമ്മ—ഭൂമി. ഭൂവും ദ്യോവും ദേവകൾക്കാ
യി ഹവിസ്സുല്പാദിപ്പിയ്ക്കുന്നു. സ്തുതിബലന്മാർ—മനുഷ്യരുടെ സ്തുതിയാൽ ബല
വാന്മാരായിത്തീരുന്നവർ.

കണ്ണിമവെട്ടാതെ മനുഷ്യരെ നോക്കുന്ന ദേവന്മാർ പൂജിയ്ക്കപ്പെടാൻ വലിയ അമൃതത്വം നേടിയിരിയ്ക്കുന്നു: തിളങ്ങുന്ന തേരും, അധൃഷ്യമായ ബുദ്ധിയുമുള്ള ആ പാപരഹിതർ ദ്യോവിന്റെ മുകളിൽ സ്വസ്തിയ്ക്കായി വാണരുളുന്നു! 4

വഴിപോലെ വളർന്ന സമ്രാട്ടുകളായ എവർ യജ്ഞത്തിൽ വരുമോ, എവർ അഹിംസിതരായി സ്വർഗ്ഗത്തിൽ കുടികൊള്ളുന്നുവോ; ആ മഹാന്മാരായ ആദിത്യരെയും, അദിതിയെയും നീ സ്വസ്തിയ്ക്കായി ഹവിസ്സുകൊണ്ടും സ്തുതികൊണ്ടും സേവിയ്ക്കുക! 5

അഭിജ്ഞരായ വിശ്വദേവന്മാരേ, നിങ്ങൾ എത്രപേരുണ്ടോ അത്രയുംപേർ ആദരിയ്ക്കത്തക്കവണ്ണം, നിങ്ങളെ സ്തുതിപ്പാൻ ആരുണ്ട്? ബഹുജന്മാക്കളേ, ഞങ്ങളെ സ്വസ്തിയ്ക്കായി പാപം കടത്തിവിടുന്ന ഒരു യാഗം നിങ്ങൾക്കു പര്യാപ്തമാംവണ്ണം ചെയ്യുവാൻ ആരുണ്ട്? 6

മനു അഗ്നിയെ ജ്വലിപ്പിച്ച്, ഏഴു ഹോതാക്കളോടുകൂടി, ശ്രദ്ധാപൂർവ്വം ഒന്നാമതു യാഗംചെയ്തതെവർക്കോ; ആദിത്യരേ, ആ നിങ്ങൾ അഭയവും സുഖവും തരുവിൻ! ഞങ്ങൾക്കു സ്വസ്തിയ്ക്കായി സന്മാർഗ്ഗങ്ങൾ സുഗമങ്ങളാക്കുവിൻ! 7

മികച്ച അറിവുള്ള യാവചില വിജ്ഞാനികളാണോ, ചരാചരലോകത്തിന്നെല്ലാം അധിപതികൾ; ദേവന്മാരേ, ആ നിങ്ങൾ ഇന്നു ഞങ്ങളെ ചെയ്തതും ചെയ്തിട്ടില്ലാത്തതുമായ പാപത്തിൽനിന്നു സ്വസ്തിയ്ക്കായി മറുകരയണയ്ക്കുവിൻ! 8

പാപമോചകനും ശോഭനാഹ്വാനനുമായ ഇന്ദ്രനെ ഞങ്ങൾ യുദ്ധങ്ങളിൽ വിളിയ്ക്കുന്നു; സുകർമ്മാക്കളായ മററു ദേവന്മാരെയും—അഗ്നി, മിത്രൻ, വരുണൻ, ഭഗൻ, ദ്യാവാപൃഥിവികൾ, മരുത്തുക്കൾ എന്നിവരെയും—നേട്ടത്തിന്നും സ്വസ്തിയ്ക്കുമായി വിളിയ്ക്കുന്നു. 9

---

4. സ്വസ്തിയ്ക്കായി—ലോകത്തെ നിലനിർത്താൻ.

5. തന്നോടുതന്നേ പറയുന്നു: സ്വസ്തി = അവിനാശം.

6. എത്ര പേരുണ്ടോ അത്രയുംപേർ—എല്ലാവരും. ബഹുജന്മാക്കൾ—ധാതാവു മുതലായ വളരെ ജനനമുള്ളവർ. ആരുണ്ട്—ആരും ആളാകില്ല.

8. മറുകരയണയ്ക്കുവിൻ—പാപരഹിതരാക്കുവിൻ.

9. നേട്ടം—അന്നലബ്ധി.

നന്നായി രക്ഷിക്കുന്ന, പരപ്പുള്ള, പാപവും കുററവും വാട്ടവുമില്ലാത്ത, നല്ല സുഖത്തോടുകൂടിയ, നന്നായി കൊണ്ടുനടക്കുന്ന, നല്ല പുക്കാനുള്ള, ഈടററ ഒരു തോണിയായ സ്വർഗ്ഗത്തിൽ ഞങ്ങൾ സ്വസ്തിയ്ക്കായി കേറുമാറാകണം! 10

വിശ്വേദേവന്മാരേ, യജനീയരേ, നിങ്ങൾ ഞങ്ങളെ രക്ഷിപ്പാൻ കൂട്ടിപ്പറയുവിൻ; വലയ്ക്കുന്ന വറുതിയിൽനിന്നു പാലിയ്ക്കുവിൻ. ശ്രവിയ്ക്കുന്ന നിങ്ങളെ ഞങ്ങൾ യഥാർത്ഥമായ ദേവസ്തുതി കൊണ്ടു രക്ഷയ്ക്കും സ്വസ്തിയ്ക്കുമായി വിളിയ്ക്കുമാറാകണം! 11

ദേവന്മാരേ, നിങ്ങൾ എല്ലാ രോഗവും, വിളിയ്ക്കായ്കയും, പിശുക്കും, ദ്രോഹിപ്പാൻ നോക്കുന്നവന്റെ ദുർവിചാരവും പോക്കുവിൻ; ശത്രുക്കളെ ഞങ്ങളിൽനിന്നു ദൂരത്തേയ്ക്കോടിയ്ക്കുവിൻ; ഞങ്ങൾക്കു സ്വസ്തിയ്ക്കായി വിപുലമായ സുഖം തരുവിൻ! 12

ആദിത്യേയന്മാരേ, നിങ്ങൾ യാതൊരുത്തനെ വഴിപോലെ കൊണ്ടുനടന്നു, സ്വസ്തിയ്ക്കായി പാപമെല്ലാം കടത്തിവിടുമോ, ആ എല്ലാ മനുഷ്യനും അല്ലൽ പററാതെ അഭിവൃദ്ധി നേടും; കർമ്മാനന്തരം പ്രജകളാൽ പ്രകാശിയ്ക്കും! 13

ദേവന്മാരേ, നിങ്ങൾ അന്നലബ്ധിയ്ക്കു യാതൊന്നിനെ, മരുത്തുക്കളേ, നിങ്ങൾ ഈട്ടുവെപ്പിന്നു യുദ്ധത്തിൽ യാതൊന്നിനെ കാത്തുപോരുന്നുവോ; ഇന്ദ്ര, പുലരിയിൽ പുറപ്പെടുന്നതും, സേവനീയവും, അധൃഷ്യവുമായ ആ തേരിൽ ഞങ്ങൾ സ്വസ്തിയ്ക്കായി കേറുമാറാകണം! 1

മരുത്തുക്കളേ, നിങ്ങൾ ഞങ്ങൾക്കു സജലപ്രദേശങ്ങളിലും, നിർജ്ജലങ്ങളിലും, ജലങ്ങളിലും സ്വസ്തിയുളവാക്കുവിൻ; സർവായുധോപേതമായ സൈന്യത്തിൽ സ്വസ്തിയുളവാക്കുവിൻ; ഞങ്ങൾക്കു പുത്രരെ പെറുന്ന ഗുഹ്യാംഗങ്ങളിൽ സ്വസ്തിയുളവാക്കുവിൻ; ധനത്തിന്നു സ്വസ്തിയുളവാക്കുവിൻ! 15

---

10. ഈടററ——അനശ്വരമായ.

11. ശ്രവിയ്ക്കുന്ന——ഞങ്ങളുടെ സ്തോത്രം കേൾക്കുന്ന.

12. വിളിയ്ക്കായ്ക——യാഗത്തിന്ന്; യാഗമനുഷ്ഠിയ്ക്കായ്ക. പിശുക്ക്——ദാനം ചെയ്യായ്ക.

13. പ്രജകൾ——സന്താനങ്ങൾ.

15. ഗുഹ്യാംഗങ്ങളിൽ——സ്ത്രീകളുടെ.

യാതൊരുത്തമ മികച്ച മാർഗ്ഗത്തിന്നു സ്വസ്തിതന്നെയോ; യാതൊരു ധനവതി യജ്ഞത്തിലെഴുന്നുള്ളമോ; ആ ദേവരക്ഷിത നമ്മെ ഗൃഹത്തിലും ഗമനത്തിലും രക്ഷിയ്ക്കട്ടെ! നല്ല പാർപ്പിടം തരട്ടെ! 16

ആദിത്യന്മാരേ, അദിതേ, ഇങ്ങനെ മനീഷിയായ പ്ലതിപുത്രൻ നിങ്ങളെല്ലാവരെയും വർദ്ധിപ്പിച്ചു—മനുഷ്യർക്ക് ഐശ്വര്യമരുളുന്ന മരണരഹിതരായ ദിവ്യജനങ്ങളെ ഗയൻ സ്തുതിച്ചു. 17

സൂക്തം 64.

ഋഷിച്ഛന്ദസ്സുകൾ മുമ്പേത്തവ; വിശ്വേദേവതകൾ ദേവത.

ശ്രവിയ്ക്കുന്ന ദേവന്മാരിൽ ആരുടെ സ്തുത്യമായ നാമം എങ്ങനെ ഞങ്ങൾ യജ്ഞത്തിൽ ഉച്ചരിയ്ക്കേണ്ടു? ആർ കനിഞ്ഞരുളും? ആർ നമ്മെ സുഖിപ്പിയ്ക്കും? ആർ രക്ഷിപ്പാൻ വന്നെത്തും? 1

ഹൃദയത്തിൽ വെയ്ക്കപ്പെട്ട നിനവുകൾ കർമ്മം തേടുന്നു—ദേവന്മാരെ കാംക്ഷിയ്ക്കുന്നു; ആശകൾ നേരേ പറക്കുന്നു. ഇവരല്ലാതെ മററാരുമില്ല, സുഖം തരാൻ; എന്റെ അഭിലാഷങ്ങൾ അവരിലാണ്, അടങ്ങിനില്ക്കുന്നത്! 2

നരാശംസൻ, പൂഷാവ്, ഋഷിമാരാൽ ജ്വലിപ്പിയ്ക്കപ്പെട്ട അപ്രാപ്യനായ അഗ്നി, സൂര്യൻ, ചന്ദ്രൻ, വാനിൽ വാഴുന്ന യമൻ, വായു, ഉഷസ്സ്, രാത്രി, അശ്വികൾ എന്നിവരെ നീ സ്തുതിയ്ക്കുക. 3

---

16. സ്വസ്തിതന്നെയോ—യാത്രക്കാർക്കു ക്ഷേമകാരിണിയോ. എഴുന്നുള്ളമോ—ഉത്തരവേദിരൂപേണ. ആ ദേവരക്ഷിത—പൃഥിവി. ഗമനം—യാത്ര. ഈ ഋക്കും, അടുത്തതും പഥ്യാസ്വസ്തി(മാർഗ്ഗക്ഷേമ)പരമാകുന്നു.

17. ഗയൻ—ഞാൻ.

സൂക്തം 64.

1. ഏതു ദേവനെ, എങ്ങനെ സ്തുതിയ്ക്കണമെന്ന് ഋഷി സന്ദേഹിയ്ക്കുന്നു:

2. നേരേ—ദേവന്മാരുടെ മുമ്പിലെയ്ക്ക്.

3. ആത്മാവിനോട്:

എങ്ങനെ ഏതൊരു സ്തുതികൊണ്ട് അഗ്നി വളരും? എങ്ങനെ ശോഭനസ്തുതികൾകൊണ്ടു ബൃഹസ്പതി വർദ്ധിയ്ക്കും? എങ്ങനെ ശോഭനാഹ്വാനങ്ങളായ മന്ത്രസ്തോത്രങ്ങൾകൊണ്ട് ഏകപാത്തായ അജൻ വർദ്ധിയ്ക്കും? അഹിർബുധ്ന്യൻ വിളി കേൾക്കട്ടെ! 4

ഹേ അദിതേ, കതിരവൻ കല്പിച്ചുദിയ്ക്കുമ്പോൾ ഭവതി രാജാക്കന്മാരായ മിത്രാവരുണന്മാരെ പരിചരിയ്ക്കാറുണ്ടല്ലോ: വെമ്പാതെ നടക്കുന്ന ആ പുരുരഥനായ അര്യമാവ ഏഴുരശ്മികളോടേ വിവിധ കർമ്മങ്ങളിൽ പ്രവർത്തിയ്ക്കുന്നു! 5

വിളി കേട്ടുപോരുന്ന, വഴിയളന്നുവച്ച കരുത്തുററ കുതിരകളെല്ലാം ഞങ്ങളുടെ വിളി കേൾക്കട്ടെ: യാഗത്തിലെന്നപോലെ സ്വയം ആയിരം നല്കുന്നവയും, യുദ്ധങ്ങളിൽ മഹത്തായ ധനം അടക്കുന്നവയുമാണല്ലോ, അവ! 6

വായുവിനെയും, തേർ പൂട്ടുന്ന ശതക്രതുവിനെയും, പൂഷാവിനെയും നിങ്ങൾ സഖ്യത്തിന്നായി പ്രകർഷേണ സ്തുതിയ്ക്കുവിൻ: സൂര്യദേവൻ ഉദിച്ചുകഴിഞ്ഞാൽ, ഒരേ മനസ്സോടേ യാഗത്തിൽ സംബന്ധിയ്ക്കുന്നവരാണല്ലോ, അവർ. 7

ഇരുപത്തൊന്ന് ലിനദികളെയും, തഴച്ച തണ്ണീരുകളെയും, മരപ്പാത്രങ്ങളെയും, അമ്മികളെയും, അഗ്നിയെയും, കൃശാനുവിനെയും, എയ്ത്തുകാരെയും, പൂയനക്ഷത്രത്തെയും, രുദ്രസ്തോത്രാർഹനായ രുദ്രനെയും ഞങ്ങൾ യജ്ഞത്തിൽ രക്ഷയ്ക്കായി സ്തുതിപ്പാൻ വിളിയ്ക്കുന്നു. 8

വലുതിലും വലുതായി അലകൊള്ളുന്ന സരസ്വതി, സരയു, സിന്ധു എന്നീ നദികൾ രക്ഷിപ്പാൻ വന്നെത്തട്ടെ: വിളയാ താശ്ശുളായ തണ്ണീരുകൾ നെയ്യും തേനും ചേന്ന പാൽ നമുക്കൊഴുക്കിത്തരട്ടെ! 9

---

4. വിളി.... നമ്മുടെ ആഹ്വാനം.

5. അദിതി—പൃഥിവി, അല്ലെങ്കിൽ പ്രാതസ്സന്ധ്യ. അര്യമാവ്—സൂര്യൻ.

6. വഴിയളന്നുവെച്ച—ഓരോ മാർഗ്ഗവും ഇത്രയിത്രയെന്നറിഞ്ഞ; അതിവേഗികൾ എന്നർത്ഥം. കുതിരകൾ—ഇന്ദ്രാദികളുടെ. ധനം—ശത്രുസമ്പത്ത്.

7. സ്തോതാക്കളോട്:

8. മരപ്പാത്രങ്ങൾ—ചമസാദികൾ. കൃശാനു—സോമം കാക്കുന്ന ഒരു ഗന്ധർവൻ. എയ്ത്തുകാർ—കൃശാനുവിന്റെ ഭടന്മാർ.

9. നെയ്യും തേനും ചേർന്ന പാൽ—സ്വിശുദ്ധമധുരമായ ജലം.

അനല്പതേജസ്സായായ അമ്മയും, ദേവന്മാരോടും പത്നിമാരോടും കൂടിയ പിതാവായ ത്വഷ്ടാവും നമ്മുടെ മൊഴി കേൾക്കട്ടെ! ഇന്ദ്രൻ, തേർ കാക്കുന്ന വാജൻ, ഭഗൻ, രമണീയരായ സ്തോതവ്യർ എന്നിവരും സ്തുതിയ്ക്കുന്ന നമ്മെ രക്ഷിയ്ക്കട്ടെ! 10

കാഴ്ചയിൽ രമണീയരായ മരുത്തുക്കൾ, അന്നോപേതമായ ഒരു ഗൃഹംപോലെയാകുന്നു; ഭദ്രമാണ്, രുദ്രപുത്രന്മാരുടെ നന്മനസ്സ്. അതിനാൽ നാം ഗോക്കളെക്കൊണ്ടു ജനങ്ങളിൽവെച്ചു പുകഴമാററാകണം; ദേവന്മാരേ, ഞങ്ങൾ എന്നും ഹവിസ്സർപ്പിയ്ക്കുമാററാകണം! 11

മരുത്തുക്കളേ, ഇന്ദ്ര, ദേവന്മാരേ, വരുണ, മിത്ര, നിങ്ങൾ എനിയ്ക്കു യാതൊരു കർമ്മം തന്നിരിയ്ക്കുന്നുവോ; അതിനെ, പാൽ കൊണ്ടു പയ്യിനെയെന്നപോലെ തടിപ്പിയ്ക്കുവിൻ! സ്തുതികളെ പലവുരു പള്ളിത്തേരിൽ വെയ്ക്കുവിൻ! 12

അല്ലയോ മരുത്തുക്കളേ, നിങ്ങൾ പലവുരു ഞങ്ങളുടെ ഈ ബന്ധുത്വം കല്പിച്ചറിയുമാററാകണം: ഞങ്ങൾ എവിടെ വേദിമേൽ ഒന്നാമതൊത്തുകൂടുമോ, അവിടെ അദിതി ഞങ്ങളുടെ ചാർച്ചക്കാരിയായിത്തീരട്ടെ! 13

ആ പെരിയ അമ്മമാരായ, യജനീയമാരായ ദ്യാവാപൃഥിവീദേവിമാർ ജന്മനാതന്നേ സ്വയം ദേവന്മാരോടു ചേർന്നവരാണല്ലോ: അവരിരുവർ ഇരുകൂട്ടരെയും പോററിപ്പുലത്തിപ്പോരുന്നു; പാലകരോടു ചേർന്നു, വളരെ വെള്ളം വെളിപ്പെടുത്തുകയുംചെയ്യുന്നു. 14

മഹത്തുക്കളെ പാലിയ്ക്കുന്ന ആ അവിരതമായ സ്തുതിവചസ്സു വരണീയത്തെയെല്ലാം നേടുന്നു: യാതൊന്നിങ്കൽ തേനൊഴുക്കുന്ന

---

10. അമ്മ—അദിതി. ത്വഷ്ടാവ്—ത്വഷ്ടാവെന്ന ദേവൻ. മൊഴി—സ്തോത്രം. വാജൻ—ഋഭുക്കളിൽ ഇളയവൻ. സ്തോതവ്യർ—മരുത്തുക്കൾ.

11. അന്നോപേതമായ (ഉണ്ണാൻ വകയുള്ള) ഗൃഹം ആരെയും സന്തോഷിപ്പിയ്ക്കുമല്ലോ.

12. പാൽകൊണ്ടു പയ്യിനെയെന്നപോലെ—പുതുതായി പെററ പയ്യിനെ പാൽ കൊടുത്തു തടിപ്പിയ്ക്കുന്നതുപോലെ. സ്തുതികളെ—ഞങ്ങളുടെ സ്തോത്രങ്ങളെ; സ്തുതിയ്ക്കപ്പെട്ടപ്പോഴൊക്കെ, യാഗത്തിന്നു വരാൻ തേരിൽ കേറുവിൻ.

14. ഇരുകൂട്ടരെയും—ദേവകളെയും മനുഷ്യരെയും. പാലകർ—ദേവന്മാർ.

വലിയ അമ്മി വർണ്ണിയ്ക്കപ്പെടുന്നുവോ, ആ (യജ്ഞത്തെ) മനീഷികരം സ്തുതികരംകൊണ്ടു കാമ്യമാക്കുന്നു! 15

കവിയും, ബൃഹസ്സ്തുതിയുക്തനും, യജ്ഞകുശലനും, ധനകാമനും —സമ്പത്തിച്ഛിയ്ക്കുന്നവനും,—മേധാവിയുമായ ഗയൻ ഇങ്ങനെ ഇതിൽ ഉക്ഥങ്ങരംകൊണ്ടും സ്തോത്രങ്ങരംകൊണ്ടും ദേവകളെ വദ്ധിപ്പിച്ചു. 16

ആദിത്യന്മാരേ, അദിതേ, ഇങ്ങനെ മനീഷിയായ പ്ലതിപുത്രൻ നിങ്ങളെല്ലാവരെയും വർദ്ധിപ്പിച്ചു—മനുഷ്യക്കു് ഐശ്വര്യമരുളുന്ന മരണരഹിതരായ ദിവ്യജനങ്ങളെ ഗയൻ സ്തുതിച്ചു. 17

സൂക്തം 65.

വസുക്രപുത്രൻ വസുകർണ്ണൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകരം; വിശ്വദേവകരം ദേവത.

അഗ്നി, ഇന്ദ്രൻ, വരുണൻ, മിത്രൻ, അര്യമാവു്, വായു, പൂഷാവു്, സരസ്വതി, ആദിത്യർ, വിഷ്ണു, മരുത്തുക്കരം, വിരിവുററ വിണ്ണു്, സോമൻ, രുദ്രൻ, അദിതി, ബ്രഹ്മണസ്പതി, 1

യുദ്ധങ്ങളിൽ പരസ്പരം ദേഹബലത്താൽ ശത്രുക്കളെ ആട്ടിപ്പായിയ്ക്കുന്ന സൽപതികളും ഒരേസ്ഥലത്തു വസിയ്ക്കുന്നവരുമായ ഇന്ദ്രാഗ്നികരം, നെയ്യേ ടു ചേന്നു മഹിമാവിനെ വെളിപ്പെടുത്തുന്ന സോമം എന്നിവർ ഒത്തൊരുമിച്ചു മഹത്തായ അന്തരിക്ഷത്തെ ഒാജസ്സുകൊണ്ടു നിറയ്ക്കുന്നു! 2

മഹത്ത്വംകൊണ്ടുയന്ന അധൃഷ്യരായ ആ യജ്ഞവർദ്ധകരെപ്പററി, യജ്ഞാഭിജ്ഞനായ ഞാൻ സ്തോത്രങ്ങരം ചൊല്ലുന്നു; വിചിത്രധനരായ എവർ മേഘത്തെക്കൊണ്ടു മഴ പെയ്യിയ്ക്കുന്നുവോ, ആ ശോഭനസഖ്യർ നമുക്കു മേന്മയ്ക്കായി (സമ്പത്തു) തരട്ടെ! 3

---

15. തേൻ—മധുരമായ സോമനീരു്.
16. ഇതിൽ—ഈ സൂക്തത്തിൽ.

സൂക്തം 65.

3. ആ യജ്ഞവർദ്ധകർ—അഗ്ന്യാദികരം.

സൂര്യനെയും, നടുവിലെ ജ്യോതിസ്സുകളെയും, വാനൃഴികളെ
യും, അന്തരിക്ഷത്തെയും കെൽപുകൊണ്ടു താങ്ങുന്നവരാണല്ലോ,
ദേവന്മാർ: ദരിദ്രർക്കെന്നപോലെ സമ്മാനം കൊടുക്കുന്ന—മനുഷ്യ
ക്കു ധനമയയ്ക്കുന്ന—ആ ശോഭനദാനന്മാർ (ഇവിടെ) സ്തുതിയ്ക്കപ്പെ
ടുന്നു. 4

ദാതാവായ മിത്രന്നും വരുണന്നും ഹവിസ്സർപ്പിയ്ക്കുക; ഈ പെ
രുമാക്കൾക്കു മനസ്സിൽപ്പോലും വരില്ല, പ്രമാദം! ഇവരുടെ തടി
ച്ച ശരീരം കർമ്മത്താൽ മിന്നിത്തിളങ്ങുന്നു. ഇവരുടെ വരുതിയി
ലാണ്, സമൃദ്ധങ്ങളായ വാനൃഴികൾ രണ്ടും. 5

കർമ്മം നടത്തുന്ന യാതൊരു ഗോവു പാൽ ചുരത്തിക്കൊണ്ടു
സ്വയം ശുചീകൃതമായ പാർപ്പിടത്തിൽ ചുററിനടക്കുന്നുവോ,
ഞാൻ സ്തുതിയ്ക്കുന്ന അവൾ വരുണന്നും ദേവന്മാക്കും ഹവിസ്സർപ്പി
ച്ചു ഭജിയ്ക്കുന്നവന്നു തരട്ടെ! 6

വിണ്ണിനെ ഭരിയ്ക്കുന്ന അഗ്നിജിഹ്വന്മാരായ യജ്ഞവർദ്ധകന്മാർ
യാഗസ്ഥലം വിചാരിച്ചുകൊണ്ടിരിയ്ക്കയാണ്: അവർ കെല്പി
നാൽ വാനിനെ ഉറപ്പിച്ചു, തണ്ണീർ പൊഴിയ്ക്കുന്നു; യജ്ഞത്തെ ജനി
പ്പിച്ചു തിരുമെയ്യിനു മോടി വരുത്തുന്നു! 7

മുമ്പേ ജനിച്ചു, ചുററും വ്യാപിച്ച അച്ഛനമ്മമാർ—ഒരേ പാർ
പ്പിടക്കാരായ ദ്യാവാപൃഥിവികൾ—യാഗശാലയിൽ നിവസിയ്ക്കു
ന്നു: അവർ ഒരേമട്ടിൽ മഹാനായ വരുണന്നായി വെള്ളം പൊഴി
ക്കുന്നു! 8

ർജ്ജന്യാവായുക്കൾ, വൃഷാക്കളും ഉദകവാന്മാരുമായ ഇന്ദ്ര
വായുക്കൾ, വരുണൻ, മിത്രൻ, അര്യമാവ്, എന്നീ ആദിത്യന്മാ
രെയും, അദിതിയെയും ദ്യാവാപൃഥിവ്യന്തരിക്ഷങ്ങളിലെ ദേവന്മാ
രെയും ഞങ്ങൾ വിളിയ്ക്കുന്നു. 9

---

4. നടുവിലെ ജ്യോതിസ്സുകൾ—അന്തരിക്ഷത്തിലെ നക്ഷത്രാദികൾ. മനു
ഷ്യർക്കു—സ്തോതാക്കൾക്ക്.

5. സമൃദ്ധങ്ങളായ—ദേവകളും മനുഷ്യരും നിറഞ്ഞ.

6. ഭജിയ്ക്കുന്നവന്ന്—പരിചരിയ്ക്കുന്ന എനിയ്ക്ക്. തരട്ടെ—പാൽ.

7. യജ്ഞവർദ്ധകന്മാർ—ദേവന്മാർ. യജ്ഞത്തെ—ഹവിസ്സാധനങ്ങളെ.
മോടി വരുത്തുന്നു—ഹവിർഭക്ഷണത്താൽ.

8. വരുണന്നായി—വരുണന്നും മററുദേവന്മാക്കുമായി. വെള്ളം പൊഴി
യ്ക്കുന്നു—വെള്ളംകൊണ്ടാണല്ലോ, അന്നമുണ്ടാകുന്നത്.

ഋഭുക്കളേ, യാതൊന്നു ത്വഷ്ടാവിനെയും, വായുവിനെയും, രണ്ടു ദിവ്യഹോതാക്കളെയും, ഉഷസ്സിനെയും, ബൃഹസ്പതിയെയും, സുമേധസ്സായ വൃത്രസൂദനനെയും നമുക്കായി പ്രാപിയ്ക്കുന്നുവോ, ആ ഇന്ദ്രസവിതമായ സോമത്തോടു ഞങ്ങൾ ധനം യാചിയ്ക്കുന്നു: 10

അന്നം, ഗോവ്, അശ്വം, സസ്യങ്ങൾ, വൃക്ഷങ്ങൾ, ഭൂമി, പർവതങ്ങൾ, ജലങ്ങൾ എന്നിവയെ ഉൽപാദിപ്പിച്ചവരും, സൂര്യനെ വാനിൽക്കേറ്റിയവരുമായ ആ ശോഭനദാനന്മാരാണല്ലോ, മന്നിടത്തിൽ ശ്രേഷ്ഠകർമ്മങ്ങൾ നടത്തിച്ചുപോരുന്നത്! 11

അശ്വികളേ, നിങ്ങൾ ഭുജ്യുവിനെ കഷ്ടപ്പാടിൽനിന്നു കരയേററി; വധ്രിമതിയ്ക്കു ശ്യാവനായ പുത്രനെ നല്കി; കാമദീപനിയെ വിമദന്നു കിട്ടിച്ചു; വിശ്വകന്നു വിഷ്ണാപ്വനെ വീണ്ടുകൊടുത്തു! 12

ആയുധോപേതമായ ഇടിവാളും, ദ്യോവിനെത്താങ്ങുന്ന അജൈകപാത്തും സമുദ്രവും, അന്തരിക്ഷജലവും, വിശ്വേദേവന്മാരും, പ്രജ്ഞയേറിയ കർമ്മവതിയായ സരസ്വതിയും എന്റെ സ്തോത്രം ചെവിക്കൊള്ളട്ടെ! 13

കർമ്മവാന്മാരും ജ്ഞാനവാന്മാരും, മനുഷ്യന്നു യജനീയരും, എഴുന്നള്ളിവന്നു ഹവിസ്സുണ്ണുന്നവരും. അമർത്ത്യരും, സത്യജ്ഞരും, എന്തും കിട്ടിയ്ക്കുന്നവരുമായ ദേവന്മാരെല്ലാം സർവസ്തുതികളും സമന്ത്രാപ്പിതമായ അന്നവും ആസ്വദിയ്ക്കട്ടെ! 14

മരണമില്ലാത്ത ദേവന്മാരെ വാസിഷ്ഠൻ വന്ദിച്ചു: ലോകങ്ങളെങ്ങും വർത്തിയ്ക്കുന്ന അവൻ ഇന്നു, തുലോം പുകൾപ്പെട്ടതു തന്നരുളട്ടെ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 15

---

12. കഷ്ടപ്പാടിൽനിന്നു—കടലിൽനിന്ന്. ശ്യാവനായ=കറുത്ത. പുത്രനെ—ഹിരണ്യഹസ്തനെ. കാമദീപനിയെ—കാമത്തെ ഉദ്ദീപിപ്പിച്ച വേനപുത്രിയെ. വിഷ്ണാപ്വനെ—കാണാതായ മകനെ.

14 സമന്ത്രാപ്പിതം—മന്ത്രം ജപിച്ചുകൊണ്ടർപ്പിയ്ക്കപ്പെട്ട. അന്നം—ഹവിസ്സ്.

15. വാസിഷ്ഠൻ—വസിഷ്ഠകുലജാതനായ ഞാൻ. തുലോം പുകൾപ്പെട്ടത്—അന്നം.

സൂക്തം 66.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

അന്നസമൃദ്ധരായ, വെളിച്ചം വിരിച്ച, പ്രകൃഷ്ടജ്ഞാനമായ ദേവന്മാരെ ഞാൻ യജ്ഞത്തിന്റെ സ്വസ്തിയ്ക്കായി വിളിയ്ക്കുന്നു: യാഗംകൊണ്ടു വളൎന്നവരാണല്ലോ—ദ്യുലോകം വളൎന്നവരാണല്ലോ —,ഈ ധനപൂൎണ്ണരായ ഇന്ദ്രാദ്യമൎത്ത്യന്മാർ! 1

ഇന്ദ്രനയച്ചവരും, വരുണൻ കൊണ്ടാടിയവരുമായ യാവചിലർ തേജസ്വിയായ സൂര്യന്റെ ലോകത്തിൽ മേവുന്നുവോ, ആ നിഹന്താക്കളായ മഘവാവിന്റെ മരുത്തുക്കളെപ്പററി നാം സ്തോത്രം ചൊല്ലുക: ബുദ്ധിമാന്മാർ അധ്വരം തുടങ്ങിയിരിയ്ക്കുന്നു. 2

ഇന്ദ്രൻ വസുക്കളോടുകൂടി നമ്മുടെ ഗൃഹം കാത്തരുളട്ടെ; അദിതി ആദിത്യരോടുകൂടി നമുക്കു സുഖം നല്കട്ടെ; രുദ്രദേവൻ രുദ്രജരോടുകൂടി നമ്മളിൽ കനിയട്ടെ; ത്വഷ്ടാവു ദേവപത്നിമാരോടുകൂടി നമ്മെ അഭ്യുദയപ്രീതരാക്കട്ടെ! 3

അദിതി, ദ്യാവാപൃഥിവികരം, മഹത്തായ സത്യം, ഇന്ദ്രാവിഷ്ണുക്കരം, മരുത്തുക്കരം, പെരിയ സൂര്യൻ എന്നിവരെയും, ആദിത്യരായ ദേവന്മാരെയും, വസുക്കളെയും, രുദ്രന്മാരെയും, സുകൎമ്മാവായ സവിതാവിനെയും ഞങ്ങരം രക്ഷയ്ക്കായി വിളിയ്ക്കുന്നു. 4

ധീമാനായ സരസ്വാൻ, കൎമ്മവാനായ വരുണൻ, പൂഷാവ്, മഹിമശാലിയായ വിഷ്ണു, വായു, അശ്വികരം എന്നീ അന്നദാതാക്കളും സൎവധനരും സംഹൎത്താക്കളുമായ അമൎത്ത്യന്മാർ നമുക്കു മുന്നിലഗൃഹം തന്നരുളട്ടെ! 5

സൂക്തം 66.

2. നിഹന്താക്കരം—വൈരിഘ്നർ. മഘവാവിന്റെ—ഇന്ദ്രന്റെ ആളുകളായ.

3. രുദ്രജർ—മരുത്തുക്കരം. അഭ്യുദയപ്രീതർ—അഭിവൃദ്ധിയ്ക്കു പ്രീതർ, പരിശ്രമിയ്ക്കുന്നവർ.

4. സത്യം—അഗ്നി.

5 സരസ്വാൻ—ഒരു ദേവൻ. സംഹൎത്താക്കരം—ദുഷ്ടരെ വധിയ്ക്കുന്നവർ. മുന്നിലഗൃഹം—മൂന്നു നിലയുള്ള ഗൃഹം.

യജ്ഞം വർഷിയ്ക്കട്ടെ; യജനീയർ വർഷിയ്ക്കട്ടെ; സ്തോതാക്കളും ഹവിസ്സുണ്ടാക്കുന്നവരും വർഷിയ്ക്കട്ടെ; യജ്ഞപതികളായ ദ്യാവാപൃഥിവികൾ വർഷിയ്ക്കട്ടെ; ഇന്ദ്രൻ വർഷിയ്ക്കട്ടെ; ഋത്വിക്കുകൾ വർഷിയ്ക്കട്ടെ! 6

വൃഷാക്കളും——അഭീഷ്ടവർഷികളും——പുരുസ്തുതരുമായ അഗ്നീഷോമന്മാരെ ഞാൻ അന്നലബ്ധിയ്ക്കായി സ്തുതിയ്ക്കുന്നു: ഋത്വിക്കുകളാൽ യജ്ഞത്തിൽ പൂജിയ്ക്കപ്പെടുന്ന അവരിരുവർ നമുക്കു മൂന്നില ഗൃഹം തന്നരുളട്ടെ? 7

കർമ്മം ചെയ്യുന്ന, ക്ഷത്രിയരായ, യജ്ഞത്തിന്നു പുറപ്പെടുന്ന, യാഗത്തിൽ ചേരുന്ന, വലിയ തേജസ്സുള്ള, അഗ്നിയാൽ വിളിയ്ക്കപ്പെടുന്ന, ദ്രോഹിയ്ക്കാത്ത സത്യപരന്മാർ വൃത്രയുദ്ധത്തിൽ തണ്ണീരുകളൊഴുക്കി! 8

ദേവന്മാർ വാനൂഴികൾക്കായി സസ്യങ്ങളെയും യജ്ഞവൃക്ഷങ്ങളെയും കല്പിച്ചുണ്ടാക്കി; അന്തരിക്ഷം മുഴുവൻ രക്ഷയ്ക്കായി നിറച്ചു; യാഗം തിരുമെയ്യിലണിഞ്ഞു! 9

വിണ്ണിനെ താങ്ങുന്ന വിശിഷ്ടഹസ്തരായ ഋഭുക്കളും, വമ്പിച്ച ഇടി മുഴക്കുന്ന പർജ്ജന്യവായുക്കളും, തണ്ണീരുകളും, സസ്യങ്ങളും ഞങ്ങളുടെ സ്തോത്രങ്ങളെ വളർത്തട്ടെ; ഉദാരനും ഊർജ്ജിതനുമായ ഭഗൻ എന്റെ വിളിയിലണയട്ടെ! 10

ഒഴുകുന്ന സിന്ധുവും, അന്തരിക്ഷലോകവും, അജൈകപാത്തും ഇടിവെട്ടുന്ന മേഘവും, അഹിർബ്ബുധ്ന്യനും എന്റെ സ്തോത്രങ്ങൾ കേൾക്കട്ടെ; വിജ്ഞരായ വിശേദേവന്മാരും എന്റെ സ്തോത്രങ്ങൾ കേൾക്കട്ടെ! 11

ആദിത്യരേ, രുദ്രരേ, ശോഭനദാനരായ വസുക്കളേ, മനുഷ്യരായ ഞങ്ങൾ ദേവന്മാരായ നിങ്ങളെ ഊട്ടുമാറാകണം: നിങ്ങൾ

---

6. വർഷിയ്ക്കട്ടെ——അഭീഷ്ടങ്ങൾ. യജനീയർ——ദേവന്മാർ. സ്തോതാക്കളും ....വർഷിയ്ക്കട്ടെ——അഭീഷ്ടവർഷഹേതുക്കളായി ഭവിയ്ക്കട്ടെ; ഒടുവിലെ വർഷിയ്ക്കട്ടേ എന്നതിന്നും ഇതുതന്നെ, അർത്ഥം.

8. ക്ഷത്രിയർ——ദേവന്മാർ ജാതിയിൽ ക്ഷത്രിയരത്രേ സത്യപരന്മാർ——ദേവന്മാർ. വൃത്രയുദ്ധത്തിൽ——പൊരുതി വൃത്രനെക്കൊന്ന്.

9. യജ്ഞവൃക്ഷങ്ങൾ——പിലാശും മററും. നിറച്ചു——തേജസ്സുകൊണ്ട്.

ഞങ്ങളുടെ യജ്ഞം വഴിപോലെ മികവിൽ നടത്തിയ്ക്കുവിൻ; ഈ ചൊല്ലുന്ന സ്തോത്രങ്ങളെ പ്രീണിപ്പിയ്ക്കുവിൻ! 12

രണ്ടു പ്രധാന പുരോഹിതന്മാരായ ദിവ്യഹോതാക്കളെയും, യജ്ഞമാർഗ്ഗത്തെയും ഞാൻ വഴിപോലെ സമീപിയ്ക്കുന്നു. അയല്ക്കാരനായ ക്ഷേത്രപാലനോടും; മരണവും പ്രമാദവുമില്ലാത്ത സർവദേവന്മാരോടും ഞങ്ങൾ യാചിയ്ക്കുന്നു. 13

ഋഷിമാർപോലെ ദേവകളെ സ്തുതിയ്ക്കുന്ന വാസിഷ്ഠന്മാർ, അച്ഛനെപ്പോലെ സ്വസ്തിയ്ക്കായി സ്തോത്രം ചമച്ചിരിയ്ക്കുന്നു. ദേവന്മാരേ, നിങ്ങൾ അഭിലാഷമറിഞ്ഞു ഞങ്ങളിൽ, പ്രീതിയുള്ള ജ്ഞാനികൾപോലെ ധനമുതിർക്കുവിൻ! 14

മരണമില്ലാത്ത ദേവന്മാരെ വാസിഷ്ഠൻ വന്ദിച്ചു: ലോകത്തിലെങ്ങും വർത്തിയ്ക്കുന്ന അവർ ഇന്നു, ത്തുലോം പുകൾപ്പെട്ടതു തന്നരുളട്ടെ; നിങ്ങൾ 'സ്വസ്തിയാൽപ്പാലിപ്പിനെപ്പൊഴുമെങ്ങളെ!' 15

സൂക്തം 67.

അംഗിരോഗോത്രൻ അയാസ്യൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
ബൃഹസ്പതി ദേവത.

(കാകളി.)

നമ്മുടെയച്ഛനു കിട്ടീ, മഖോൽപന്ന-
മിമ്മഹാവിഗ്രഹം, സപ്തശീർഷാന്വിതം;

---

12. ഊട്ടുക—യജ്ഞമനുഷ്ഠിയ്ക്കുക എന്നർത്ഥം.

13. രണ്ടു ദിവ്യഹോതാക്കൾ—ഈ പേരിലുള്ള അഗ്നിയും ആദിത്യനും. യാചിയ്ക്കുന്നു—ധനം.

14. അച്ഛൻ—വസിഷ്ഠൻ.

സൂക്തം 67.

1. പണ്ട് അംഗിരസ്സെന്ന ഋഷി ബൃഹസ്പതിയാകുന്ന പുത്രനെ നേടി. ആ പുത്രൻ ദേവകൾക്കു ഹിതമുപദേശിപ്പാൻ ഇന്ദ്രന്റെ പുരോഹിതനായി. ഒരു നാൾ ബൃഹസ്പതിയുടെ ഗോക്കളെ പണികളെന്ന അസുരന്മാർ കട്ടുകൊണ്ടുപോയി,

പൌത്രനെയും ജനിപ്പിച്ചാന,യാസ്യനി–
സ്തോത്രമിന്ദ്രനുകൽക്കഥിച്ചു സർവഹിതൻ 1

ക്ഷേമമത്തെ നേരും സത്യോക്തിയാൽ,കത്തുന്ന
ധീമാൻെറ പുത്രരും വീരാംഗിരസ്സുകൾ
ആ മഖാലംബവും പ്രജ്ഞാപകവുമാം
ധാമത്തെയേന്തി മുല്ലാടേ പുകഴ്ത്തിനാർ. 2

ആരവം വായ്ച ഹംസാഭരാം ചങ്ങാതി–
മാരൊത്തു കല്ലെട്ടടച്ചു ബൃഹസ്പതി
വാരൊലി കൂട്ടിനാൻ, ഗോഹരണത്തിനായ്;–
പ്പാരം പുകഴ്ത്തിനാൻ, പാടിനാൻ, പണ്ഡിതൻ. 3

കുണ്ടിലിരുട്ടിൽ നില്ക്കുന്ന ധേനുക്കളെ
രണ്ടിടത്തിങ്കൽ നിന്നൊ,ന്നിൽനിന്നും ക്രമാൽ
കൊണ്ടുപോന്നാൻ, വെളിസ്സല്ലിൽ വെളിച്ചമൊ–
ന്നുണ്ടാക്കി മൂന്നും തുറന്നാൻ, ബൃഹസ്പതി! 4

വലൻെറ പുരിയിൽ ഇരുളടഞ്ഞ മൂന്നിടങ്ങളിൽ ഒളിപ്പിച്ചു. പിന്നീട് അവയെ തിരയാൻ ഇന്ദ്രനാലയയ്ക്കപ്പെട്ട ബൃഹസ്പതി മരുത്തുക്കളൊന്നിച്ച് അവിടെച്ചെന്നിട്ട്, സൂര്യനെ ഉദിപ്പിച്ചു, ഗുഹാസ്ഥിതകളായ അവയെ കണ്ടുപിടിച്ചു, വലനെയും, അവൻെറ ആരക്കാരായ പണികളെയും വധിച്ചു, ഗോക്കളെ കൊണ്ടുപോരികയുംചെയ്തു. അച്ഛൻ—അംഗിരസ്സ്. മഖോല്പന്നം—യജ്ഞത്തിന്നായ് പിറന്നതു്. ഇമ്മഹാവിഗ്രഹം—ബൃഹസ്പതി. സപ്തശീർഷാന്വിതം—കളോട്, ഏഴു മരുൽഗണങ്ങളോടുകൂടിയതു്; വിഗ്രഹത്തിൻെറ വി ശേഷണം. മരുത്സഖനായ ബൃഹസ്പതിയെ അംഗിരസ്സിന്നു മകനായിക്കിട്ടി. ആ അംഗിരസ്സിൻെറ കുലത്തിൽ ജനിച്ച അയാസ്യന്ന്, എന്നിട്ടു്, ഇന്ദ്രനെ സ്തുതിച്ചതിനാൽ പുത്രൻമാത്രമല്ല പൌത്രനും ഉണ്ടായി.

2. സത്യോക്തിയാൽ—യഥാർത്ഥസ്തുതികൊണ്ടു്. കത്തുന്ന ധീമാൻ—അഗ്നി. വീരൻ—ക്രാന്തപ്രജ്ഞന്മാർ. ധാമത്തെ—ബൃഹസ്പതിയെ. ഏന്തി—കൈക്കൊണ്ടു്.

3. ആരവം—ഇരമ്പം. ഹംസാഭരാം—ഹംസങ്ങൾപോലെ പറക്കുന്ന. ചങ്ങാതിമാർ—മരുത്തുക്കൾ. കല്ലെട്ട്—ഗോക്കളെ നിർത്തിയ ഗുഹകൾ. വാരൊലിയുടെ വിവരണം, നാലാംപാദത്തിൽ: പുകഴ്ത്തിനാൻ—ദേവന്മാരെ. പാടിനാൻ—സാമം.

4. മൂന്നിടങ്ങളിൽനിന്നും പുറത്തിറക്കി ധേനുക്കളെ (പൈക്കളെ) കൊണ്ടുപോന്നു. അല്ലിൽ—ഇരുട്ടിൽ. വെളിച്ചമൊന്നുണ്ടാക്കി—സൂര്യനെ ഉദിപ്പിച്ചു്.

പക്കൽക്കിടന്നീ,യൊഴിഞ്ഞ കോട്ട പിള–
ർത്ത,ക്കാറിൽനിന്നുഷസ്സൂര്യരെഗ്ഗോക്കളെ
കേററി, മൂന്നെണ്ണത്തെയൊപ്പം; നഭസ്സമം
ക്കുററിട്ടുണർത്തീ, രവിയെബ്ബൃഹസ്പതി! 5

പൈക്കളെക്കാക്കും വലനെ നുറുക്കിനാ,–
നാക്ലൊലിന്ദ്രൻ; കരത്തിനാൽപ്പോലവേ
മൈക്കോപ്പഴഞ്ഞോരിലെത്താൻ പണിയെയും
നേർക്കു കേഴിച്ചാൻ, കവന്നാൻ പശുക്കളെ! 6

കുത്തിപ്പിളർത്താൻ, തിളങ്ങും ധനദരാം
സത്യസുഹൃത്തുക്കളൊത്തു ഗോരോധിയെ–
ശസ്തവർഷികളാം നീർപൊഴിപ്പോരുമായ്
സ്വത്തിനെ നേടിനാ,നിബ്രഹ്മണസ്പതി. 7

ഗോക്കളിൽച്ചെന്നു, യഥാർത്ഥഹൃത്തോടവർ
ഗോക്കൾക്കുടയവനാക്കാനൊരുങ്ങിനാർ:
കാക്കുവാനായ് സ്വയമേപ്പെട്ടവരൊത്തു
പൈക്കളെ മേല്പോട്ടു കേററീ, ബൃഹസ്പതി! 8

വാനത്തു സിംഹംകണക്കലറും ജയ–
വാനാം ബൃഹസ്പതിയായ വൃഷാവിനെ,

---

5. പക്കൽ––സമീപത്ത്. ഒഴിഞ്ഞ––അസുരന്മാർ പിന്മാറിയ. അക്കാറിൽനു. ––കറുത്തിരുണ്ട വലങ്കൽനിന്ന്. കേററി––നിർഗ്ഗമിപ്പിച്ചു. നഭസ്സമം = ദ്യോവുപോലെ. ക്കുററിട്ട്––സ്തുതികളുച്ചരിച്ച്.

6. ഇന്ദ്രൻ––ഈശ്വരനായ ബൃഹസ്പതി. ആക്ലൽ(ശബ്ദം)കൊണ്ടുതന്നെ, കൈകൊണ്ടെന്നപോലെ വലനെ നുറുക്കി, കൊന്നു മൈക്കോപ്പഴഞ്ഞോരിൽ–– യുദ്ധത്താൽ സ്രസ്താഭരണരായ മരുത്തുക്കളിൽ. എത്താൻ––ചെന്നുചേരാൻ. പണി––വലൻെറ ഒരു കൂട്ടുകാരൻ. കേഴിച്ചാൻ––പീഡിപ്പിച്ചു, കൊന്നു. കവന്നാൻ––ബലേന വീണ്ടെടുത്തു.

7. സത്യസുഹൃത്തുക്കൾ––യഥാർത്ഥബലരായ മരുത്തുക്കൾ. ഗോരോധിയെ––ഗോക്കളെ ഗുഹകളിലടച്ച വശനെ. നീർപൊഴിച്ചോരുമായ്––മരുത്തുക്കളോടൊന്നിച്ച്. സ്വത്തിനെ––ഗോധനത്തെ. ഇബ്രഹ്മണസ്പതി––ബൃഹസ്പതി.

8. അവർ––മരുത്തുക്കൾ. ഉടയവനാക്കാൻ––ഗോക്കളെ വീണ്ടെടുത്തു ബൃഹസ്പതിയ്ക്കു കൊടുക്കാൻ. കാക്കുവാനായ് (പൈക്കളെ രക്ഷിപ്പാൻ) സ്വയം ഏല്പെട്ടവർ––മരുത്തുക്കൾ. കേററീ––ഗുഹകളിൽനിന്ന്.

ശൂരസംസേവ്യമാമാജിയിലാജിയിൽ—
ച്ചാരുസ്തവത്താൽ വളർത്തി സ്തുതിയ്ക്കു,നാം! 9

ഉച്ചാവചാന്നത്തെ നേടി ദ്യുലോകത്തി—
ലുച്ചധാമങ്ങളിൽക്കേറുന്നവേളയിൽ
ആ വൃഷാവായ ബൃഹസ്പതിയെത്തിരു—
നാവാൽ വളർത്താർ, വിവിധതേജസ്വികൾ! 10

അന്നത്തിനായ്സ്സത്യമാക്കുവിനീ,സ്തുതി:
തന്നാഗമംകൊണ്ടു കാക്കുവിൻ, വാഴ്ത്തിയെ;
ചാകട്ടെ, ഹിംസകരെല്ലാം; ജഗത്തിനൻ-
പേകുന്ന നിങ്ങൾ ഭദ്രദ്യാക്കളേ, കേൾക്കുവിൻ! 11

ഇന്ദ്രൻ മഹാൻ പെരുംനീർകൊണ്ടലിൻ തല
നന്നായ്പ്പിളർത്താന,റുത്താനഹിയെയും;
ഏഴാറൊഴുക്കിനാൻ, ഞങ്ങളെപ്പാലിപ്പി-
ന്ദ്യ,ഴിവാനങ്ങളേ, നിങ്ങളുമ്പരും! 12

സൂക്തം 68.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി.)

പക്ഷിയെയാട്ടുവാൻ തേക്കോർ കൂകുന്ന—
മട്ടിലും, കാറിടിവെട്ടുന്നമട്ടിലും

---

9. ആജി——യുദ്ധം.

10. ഉച്ചാവചാന്നത്തെ——ഗോക്കളാകുന്ന വിവിധാന്നത്തെ. ഉച്ചധാമങ്ങൾ=ഉയന്ന സ്ഥാനങ്ങൾ. തിരുനാവാൽ വളർത്താർ——പ്രശംസിച്ചാർ. വിവിധ തേജസ്വികൾ——നാനാദേവന്മാർ.

11. ദേവന്മാരോട്: ഈ സ്തുതി സത്യമാകുമാറു ഞങ്ങൾക്ക് അന്നം തരുവിൻ. തന്നാഗമം——തങ്ങളുടെ വരവ്. കേൾക്കുവിൻ——ഞങ്ങളുടെ സ്തുതി.

12. അഹി——വെള്ളം തടുത്ത അസുരൻ. ഏഴാറ്——സപ്തനദികൾ.

മാരിവെള്ളങ്ങളിരമ്പുന്നമട്ടിലും,
സൂരികൾ ചൊൽവൂ ബൃഹസ്പതിയ്ക്കായ് സ്തവം! 1

അംഗിരഃപുത്രൻ ഭഗാഭൻ സ്തുതിപ്പോനിൽ
വൻഗീരിയററുന്നു; ജായാപതികളെ
ഊരിലിനൻപോലെ ചേർപ്പൂ; ബൃഹസ്പതേ,
പോരിലശ്വങ്ങളെപ്പോലെയണയ്ക്കു, നീ! 2

കമ്രവർണ്ണാംഗമായ്, മൃഗ്യമായ്,രമ്യമായ്,
രമ്യമെത്തിച്ച മേയുന്ന പൈക്കൂട്ടത്തിനെ
കുന്നിൽനിന്നാരാലണച്ചു, കുസീദങ്കൽ—
നിന്നു നെൽപോലെ കൈക്കൊണ്ടു ബൃഹസ്പതി! 3

കാറിനെച്ചിന്നിച്ചു നീർ പാററുമച്ചിതൻ
വാനിൽനിന്നുല്ക്കയെപ്പോലേ, പശുക്കളെ
പാറയിൽനിന്നു കരേററി, മന്നിൻതൊലി
മാരിയാൽപ്പോലെ വിള്ളിച്ചാൻ, ബൃഹസ്പതി! 4
വാനിൽ വെളിച്ചമണച്ചിരുൾ പോക്കിനാൻ,
വായു നീർച്ചണ്ടിയെപ്പോലേ ബൃഹസ്പതി;

സൂക്തം 68.

1. ആട്ടുവാൻ—വിളയിൽനിന്ന് ആട്ടിക്കളയാൻ. തേക്കുകാർ—വെള്ളം കിനനയ്ക്കുന്ന കൃഷിക്കാർ. മാരി=മഴ. സൂരികൾ—സ്തോതാക്കൾ.

൨. അംഗിരഃപുത്രൻ—ബൃഹസ്പതി. ഭഗാഭൻ—ഭഗനോടു തുല്യൻ. വൻഗീര്—ശ്രേഷ്ഠവാക്ക്; സ്തോതാവിനെ വാഗ്മിയാക്കുന്നു. ഇനൻപോലെ—സൂര്യൻ ഊരുകളിൽ രശ്മികളെ ചേർക്കുന്നതുപോലെ, ബൃഹസ്പതി ജായാപതികളെ (ദമ്പതിമാരെ) കൂട്ടിച്ചേർക്കുന്നു: ബൃഹസ്പതേ എന്നാദിയായ വാക്യം പ്രത്യക്ഷം: യോദ്ധാക്കൾ യുദ്ധത്തിൽ അശ്വങ്ങളെ അണയ്ക്കുന്നതുപോലെ, നീ സ്തോതാവിങ്കൽ സ്വരശ്മികളെ അണച്ചാലും.

3 കമ്രവർണ്ണാംഗം—കമനീയമായ നിറത്തോടും ആകൃതിയോടുംകൂടിയത് മൃഗ്യം=അന്വേഷണീയം. രമ്യം—പാൽ. എത്തിച്ച—തന്ന്. കുന്നിൽനിന്ന്—വലൻെറ മലയിൽനിന്ന്. ആരാൽ—ദേവസമീപത്ത്. കുസീദൻ—പണവും മററും പലിശയ്ക്കു കൊടുക്കുന്നവൻ.

4 ഉല്ക്ക—കൊള്ളിമീനുകൾ. പാറയിൽനിന്നു—വലൻെറ ശൈലഗുഹയിൽനിന്ന്. മന്നിൻതൊലി—മണ്ണ്: മഴപെയ്താൽ മണ്ണു വിള്ളുമല്ലോ. അതുപോലെ, ബൃഹസ്പതിയാൽ ഉദ്ധരിയ്ക്കപ്പെട്ട പശുക്കളുടെ കുളമ്പുകൾ തട്ടി മണ്ണു പിളർന്നു.

പിന്നീടുറച്ചു, കാററഭ്രങ്ങളെപ്പോലെ
ചിന്നിച്ചുകൊണ്ടാൻ, വലൻ കാത്ത ഗോക്കളെ! 5

തീപോലെ പൊള്ളിയ്ക്കുമൃക്കാൽ വലനെന്ന
പാപിതന്നസ്ത്രം പിളൎത്തു ബൃഹസ്പതി
നാക്കു പല്ലാലെന്നപോലെ,യപ്പരീതനെ
നേർക്കശിച്ചു, വെളിയ്ക്കാക്കിനാൻ, ഗോനിധി! 6

പാക്കുന്ന ഗഹ്വരത്തിങ്കലുമ്പയിട്ടും
പൈക്കളാംതൻ പേരറിയുന്ന ബൃഹസ്പതി,
പക്ഷിമുട്ട പിളൎത്തുളംക്കുഞ്ഞിനെപ്പോലെ
പർവതാൽക്കേററിനാനൊ,ററയ്ക്കുവററിനെ! 7

കല്ലാലടപ്പിട്ട തേനിനെ, വററിയ
വെള്ളത്തിൽ മീനിനെപ്പോലെ കണ്ടൊ,ച്ചയാൽ
നന്നായരിഞ്ഞു, ചമസത്തെ വൃക്ഷത്തിൽ–
നിന്നുപോലാഞ്ഞങ്ങെടുത്താൻ, ബൃഹസ്പതി. 8

നേടി, യുഷസ്സിനെ,സ്സൂര്യനെ,യഗ്നിയെ;–
യോടിച്ചു, ഭാസ്സാലിരുട്ടുമ്പ്ബൃഹസ്പതി;

---

5. വായു––കാറേററാൽ വെള്ളത്തിലെ ചണ്ടി (പായൽ) ചിന്നുമല്ലോ. അതുപോലെ, വാനിൽ ബൃഹസ്പതിയണച്ച വെളിച്ചത്താൽ ഇരുളം അങ്ങിങ്ങ പാഞ്ഞു. ഉറച്ചു––'ഗോക്കളം ഇവിടെയുണ്ടെ'ന്നു നിശ്ചയിച്ച്. ചിന്നിണ്ടാൻ––വലങ്കൽനിന്നു വീണ്ടെടുത്തു, പലവഴിയ്ക്കു പായിച്ചു.

6. ഋക്കാൽ––മന്ത്രങ്ങളംകൊണ്ട്. അപ്പരീതനെ––അനുചരരാൽ ചുററപ്പെട്ട വലനെ. നേക്കശിച്ചു––നാവു പല്ലുകളാൽ പരിഗമായ ഭക്ഷ്യത്തെ ഭക്ഷിയ്ക്കുന്നതുപോലെ ശരിയ്ക്കു ഭക്ഷിച്ച്, വധിച്ച്. ഗോനിധി വെളിയ്ക്കാക്കിനാൻ––ഗോക്കളാകുന്ന നിധി ഗുഹയിൽനിന്നു മുകളിൽക്കേററി.

7. ഗഹ്വരം=ഗുഹ. ഉളംക്കുഞ്ഞ്––മുട്ടയുടെ അകത്തുള്ള ശിശു. പർവതാൽ––പർവതഗുഹയിൽനിന്ന്.

8. കല്ലാലടപ്പിട്ട––ഗുഹയിലാക്കി കല്ലുകൊണ്ടടച്ചു. തേനിനെ––ഗോവൃന്ദത്തെ. ഒച്ചയാൽ––മന്ത്രോച്ചാരണംകൊണ്ട്. അരിഞ്ഞു––വലനെ വധിച്ച്. മരത്തിൽനിന്നു ചമസം ചെത്തിയുണ്ടാക്കുന്നതുപോലെ, എടുത്താൻ––ഗോവൃന്ദമാകുന്ന തേൻ.

മാടായിനിന്ന വലങ്കൽനിന്നാഹരി–
ച്ചീടിനാ,നെല്ലിൽനിന്നാ മജ്ജപോലവേ! 9

മഞ്ഞേററില പോയ കാടുപോലേ വലൻ
മങ്ങീ, ബൃഹസ്പതി ഗോവെക്കവെന്നതിൽ:
ഇന്നിയും ചെയ്യേണ്ടതില്ലി,തസാധ്യമാ–
ണി:–ന്ദുദിനേശർ വെവ്വേറെയുദിസ്സുയായ്! 10

കുന്ന പിളർത്തബ്ബൃഹസ്പതി ഗോക്കളെ
വെന്നപോതുമ്പർ താരങ്ങളാൽ ദ്യോവിനെ,
കാർവാജിയെപ്പൊന്നിനാൽപ്പോലെ മിന്നിച്ചു:
രാവിൽവെച്ചാരിരുള,ഹ്നി വെളിച്ചവും! 11

നിർമ്മിച്ചു, ഭൂരിമന്ത്രങ്ങൾ ചൊല്ലിത്തരു–
മമ്മധ്യമന്നായ് സ്തവം ഞങ്ങളിങ്ങനെ:
അശ്വഗോവൃന്ദത്തെ,യാൾക്കാരെ, മക്കളെ–
യന്നവും നല്കുകെ,ങ്ങൾക്ക ബൃഹസ്പതി! 12

സൂക്തം 69.

വധ്ര്യശ്വപുത്രൻ സുമിത്രൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
അഗ്നി ദേവത.

അഗ്നിയുടെ തിരുനോട്ടങ്ങൾ വധ്ര്യശ്വന്നു നന്മ വരുത്തട്ടെ;
കൊ ക്കൽ മംഗളമുളവാക്കട്ടെ; യജ്ഞാഗമനങ്ങൾ നല്ല ഉല്ലാ

---

9. ഭാസ്സ്—തേജസ്സ്. മാടായിനിന്ന—ഗോരൂപം ധരിച്ച. ആഹരിച്ചീടിനാൻ—ഗോക്കളെ വീണ്ടെടുത്തു. ആ—എളുപ്പത്തിൽ എടുക്കാവതല്ലാത്ത.

10. ഇന്നിയും ചെയ്യേണ്ടതില്ല—ജോലി പൂർണ്ണമായിക്കഴിഞ്ഞു. ഇതസാധ്യമാണ്—മററാക്കും സാധ്യമല്ല. ചന്ദ്രസൂര്യന്മാർ അതുവരെ മുറയ്ക്കുദിച്ചിരുന്നില്ല; തമോമയമായിരുന്നു, ലോകം.

11. വെന്നപോത്—വീണ്ടെടുത്തപ്പോൾ. കാർവാജിയെ–കറുത്ത കുതിരയെ. പൊന്നിനാൽപ്പോലെ—പൊൻകോപ്പിനാലെന്നപോലെ. അഹ്നി = പകലിൽ.

12. അമ്മധ്യമന്നായ്—അന്തരിക്ഷസ്ഥിതനായ ബൃഹസ്പതിയെപ്പററി, ഞങ്ങൾ ഇങ്ങനെ സ്തവം നിർമ്മിച്ചു.

സം നല്കട്ടെ. തന്തിരുവടിയെ സുമിത്രരെന്ന മനുഷ്യർ മുമ്പേ ഉജ്ജ്വ
ലിപ്പിയ്ക്കുന്നു; നെയ്യു ഹോമിച്ചു തിളങ്ങിച്ചു സ്തുതിയ്ക്കുന്നു. 1
നെയ്യു വധ്ര്യശ്വൻെറ അഗ്നിയെ വർദ്ധിപ്പിയ്ക്കട്ടെ: നെയ്യു തന്തി
രുവടിയ്ക്കു് ആഹാരവും, നെയ്യു പുഷ്ടികരവുമായിത്തീരട്ടെ! നെയ്യു
ഹോമിച്ചതിനാൽ, തന്തിരുവടി ദ്യുലോകം കത്തിപ്പടരുന്നു—നെയ്യു
ഉരുകിയതിനാൽ, സൂര്യൻപോലെ വിളങ്ങുന്നു. 2
അഗ്നേ, അങ്ങയുടെ സൈന്യത്തെ മനുപോലെ സുമിത്രൻ
ജ്വലിപ്പിയ്ക്കുന്നു: ഇതു ദ്യുലോകം പുതുതായിത്തീരട്ടെ. ആ ഭവാൻ ധന
ത്തോടേ തിളങ്ങിയാലും; ആ ഭവാൻ സ്തുതികൾ ചെവിക്കൊണ്ടാ
ലും; ആ ഭവാൻ എതിർബലം പിളർത്താലും; ആ ഭവാൻ ഇവങ്കൽ
അന്നം വെച്ചാലും! 3
പണ്ടേ പിറന്ന ഭവാനെ വധ്ര്യശ്വൻ സ്തുതിച്ചു ജ്വലിപ്പിച്ചുവ
ല്ലോ; അഗ്നേ, ആ ഭവാൻ ഇതു ചെവിക്കൊണ്ടാലും. ആ ഭവാൻ
ഞങ്ങളുടെ ഗൃഹം രക്ഷിയ്ക്കുക; തിരുമെയ്യും രക്ഷിയ്ക്കുക; അങ്ങയുടെ
ഞങ്ങളിലുള്ള ഈ സ്വത്തും കാത്തരുളുക! 4
വധ്ര്യശ്വൻെറ കുലത്തിൽ ജനിച്ചവനേ, അങ്ങു് അന്നം തരി
ക; കാത്തരുളുകയും ചെയ്യുക! അങ്ങയെ ആരും ഉപദ്രവിയ്ക്കരുത്:
എതിരാളികളെ അമർത്തുമല്ലോ, അങ്ങ്—ഒരു ശൂരൻപോലെ ആക്ര
മിച്ചു് അടിപെടുത്തുമല്ലോ! സുമിത്രൻ ഇപ്പോൾത്തന്നെ വധ്ര്യശ്വ
ഗോത്രൻെറ തിരുനാമങ്ങൾ കീർത്തിയ്ക്കാം. 5
അഗ്നേ, അങ്ങ് ജനഹിതങ്ങളായ പർവതസ്വത്തുകളും, ക
ത്തരുടെയും അസുരന്മാരുടെയും ഉപദ്രവങ്ങളും അടക്കിയിരു[illegible]:

സൂക്തം 69.

1. അഗ്നിയുടെ എന്ന പദം അടുത്ത രണ്ടു വാക്യങ്ങളിലും ചേർക്കണം. വധ്ര്യശ്വന്നു—എൻെറ അച്ഛന്നു്. യജ്ഞാഗമനങ്ങൾ—യാഗത്തിലെയ്ക്കുള്ള വരവുകൾ. സുമിത്രരെന്ന മനുഷ്യർ—ഞാൻ.

3. സൈന്യം—ജ്വാലാഗണം. എതിർബലം—ശത്രുബലം. ഇവങ്കൽ അന്നം വെച്ചാലും—എനിയ്ക്കു് അന്നം തന്നാലും.

4. ഇതു്—എൻെറ സ്തുതി. അങ്ങയുടെ—അങ്ങയുടെ ആളുകളായ.

5. വധ്ര്യശ്വൻെറ കുലത്തിൽ ജനിച്ചവനേ—വധ്ര്യശ്വനാൽ ഉല്പാദിപ്പിയ്ക്കപ്പെട്ട അഗ്നേ. സുമിത്രൻ—ഞാൻ. വധ്ര്യശ്വഗോത്രൻെറ—അങ്ങയുടെ.

എതിരാളികളെ ഒരു ശൂരൻപോലെ ആക്രമിച്ച് അടിപെടുത്തുന്ന ഭവാൻ പോരിന്നൊരുമ്പെട്ടവരെ കീഴമർത്താലും! 6

പെരികെ സ്തുതിയ്ക്കപ്പെട്ട, വളരെ രശ്മികൾ ചൂഴന്ന, ആയിരം ഉട്പ്പുള്ള, നൂറുരു കൊണ്ടുനേടക്കപ്പെടുന്ന, ഉജ്ജ്വലരിൽവെച്ചുജ്ജ്വലനായ, മഹാനായ അഗ്നിയെ ഋതാ, നേതാക്കൾ മോടിപ്പെടുത്തുന്നു: ആ നിന്തിരുവടി ദേവകാമരായ സുമിത്രരിൽ ഉജ്ജ്വലിച്ചാലും! 7

ജാതവേദസ്സേ, അഗ്നേ, ഒരു സഞ്ചരിഷ്ണുവിനോടു ചേൎന്ന, നന്നായിച്ചുരത്തുന്ന — അമൃതു ചുരത്തുന്ന — ഒരു ഗോവുണ്ടല്ലോ, അങ്ങയുടെ പക്കൽ; ആ നിന്തിരുവടിയെ ദേവകാമന്മാരായി ദക്ഷിണ കൊടുക്കുന്ന നേതാക്കളായ സുമിത്രന്മാർ ഉജ്ജ്വലിപ്പിയ്ക്കുന്നു. 8

വധ്ര്യശ്വഗോത്രനായ ജാതവേദസ്സേ, അങ്ങയുടെ മഹിമാവിനെ അമൎത്ത്യരായ ദേവന്മാരും പ്രശംസിച്ചിരിയ്ക്കുന്നു: മനുഷ്യപ്രജകൾ ചോദിച്ചപ്പോഴെയ്ക്കും, അങ്ങ്, അങ്ങയാൽ വളൎത്തപ്പെട്ട നേതാക്കളോടൊന്നിച്ചു ജയിച്ചുകഴിഞ്ഞു! 9

അഗ്നേ, അങ്ങയെ എന്റെ അച്ഛൻ വധ്ര്യശ്വൻ ഒരു മകനെയെന്നപോലെ അരികിൽ പരിചരിച്ചു പുലൎത്തിപ്പോന്നു. യുവതമ, ആ അങ്ങ് ഇവന്റെ ചമതയുംപ്പുക്ക, പണ്ടേത്തെപ്പരിപന്ഥികളെപ്പോലും കൊന്നിരിയ്ക്കുന്നു! 10

അഗ്നി വധ്ര്യശ്വന്റെ സോമം പിഴിഞ്ഞ നേതാക്കളോടു ...പ്പോഴം ശത്രുക്കളെ ജയിച്ചിരിയ്ക്കുന്നു — യുദ്ധത്തെപ്പോലും ചുട്ടെരിച്ചിരിയ്ക്കുന്നു. ചിത്രഭാനോ, അവിടുന്നു വളൎന്നു, ദ്രോഹിയെ കു...വിടുവിച്ചു പിളൎത്തി! 11

---

6. പർവതസ്വത്തുകൾ — അസുരന്മാരാൽ മലയിലടയ്ക്കപ്പെട്ട ഗോക്കൾ. പോരിന്ന് — ഞങ്ങളോടു പൊരുതാൻ.

7. ഉട്പ്പ് — ഹവിസ്സ് എന്നൎത്ഥം. സുമിത്രരിൽ — എന്റെ അടുക്കൽ.

8. ഒരു സഞ്ചരിഷ്ണു — സൂര്യൻ. ഗോവ് — മാധ്യമികവാക്ക്. അങ്ങയുടെ പക്കൽ — വൈദ്യുതനായ ഭവാന്റെ അരികിൽ.

9. ചോദിച്ചപ്പോഴെയ്ക്കും — 'ആർ കൊല്ലും, അസുരന്മാരെ' എന്നന്വേഷിച്ചുതുടങ്ങിയപ്പോഴെയ്ക്കും. നേതാക്കൾ — ദേവന്മാർ. ജയിച്ചുകഴിഞ്ഞു — അസുരന്മാരെ.

11. നേതാക്കൾ — ഋത്വിക്കുകൾ. അന്തിമവാക്യം പ്രത്യക്ഷം:

ഈ അമിത്രഹന്താവായ അഗ്നി പണ്ടേമുതൽ വധ്ര്യശ്വന്റെ നമസ്സാൽ വളൎന്നവനും സ്തുതിയ്ക്കപ്പെട്ടവനുമാകുന്നു. ഹേ വധ്ര്യശ്വഗോത്ര, അതിനാൽ, ഞങ്ങളെ ഉപദ്രവിയ്ക്കുന്നവരെ അവർ അജ്ഞാതികളായാലും, ജ്ഞാതികളായാലും—നിന്തിരുവടി കീഴമൎത്തണം! 12

സൂക്തം 70.

സുമിത്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; നരാശംസാദികൾ ദേവതകൾ.

അഗ്നേ, അവിടുന്ന് ഇളാസ്ഥാനത്ത് എന്റെ ചമതയിൽ പൂകിയാലും; ഘൃതസ്രുക്കിനെ കാമിച്ചാലും. ഹേ ശോഭനപ്രജ്ഞ, ദിനങ്ങളെ സുദിനങ്ങളാക്കാൻ, ദേവയജനത്തിന്നു ഭൂമിയുടെ ഉന്നതസ്ഥലത്ത് ഉയൎന്നാലും! 1

ദേവന്മാരുടെ മുമ്പിൽ നടക്കുന്ന നരാശംസൻ നാനാരൂപങ്ങളായ അശ്വങ്ങളോടുകൂടി ഇവിടെ എഴുന്നള്ളട്ടെ: ആ യജ്ഞഹിതനായ ദേവശ്രേഷ്ഠൻ യജ്ഞമാൎഗ്ഗത്തിലൂടേ, സ്തോത്രത്തോടുകൂടി ദേവന്മാൎക്കു (ഹവിസ്സു) കൊണ്ടുപോകട്ടെ! 2

അതിശാശ്വതനായ അഗ്നിയെ, ആളുകൾ ഹവിസ്സൊരുക്കി, ദൂത്യത്തിന്നായി സ്തുതിയ്ക്കുന്നു. ആ നിന്തിരുവടി മിടുക്കുള്ള കുതിരകളാൽ വഴിപോലെ വലിയ്ക്കപ്പെടുന്ന തേരിൽ ദേവന്മാരെ കൊണ്ടുവന്നാലും; ഇവിടെ ഹോതാവായി ഇരുന്നാലും! 3

ദേവ, ബൎഹിസ്സേ, ദേവകാംക്ഷ വിലങ്ങത്തിൽ വിരിയ്ക്കപ്പെട്ട (ദൎഭ) വീണ്ടും വീതിവെയ്ക്കട്ടെ; നീണ്ട ഇത് അധികം നീളട്ടെ; സുഗന്ധിയായും തീരട്ടെ. അവിടുന്ന് അഭിശമൂലംകൊള്ളാതെ, കാമയമാനരായ ഇന്ദ്രാദിദേവന്മാരെ പൂജിച്ചാലും! 4

---

12. നമസ്സ്=ഹവിസ്സ്, നമസ്കാരം.

സൂക്തം 70.

1. ഇളാസ്ഥാനം—ഉത്തരവേദി; ഭൂമിയുടെ ഉന്നതസ്ഥലവും ഉത്തരവേദിതന്നെ.

4. ബൎഹിസ്സ്—ഒരഗ്നി.

കതകുകളേ, നിങ്ങൾ സ്വർഗ്ഗത്തെക്കാളും മഹത്തരമായ ഉന്നതസ്ഥാനത്തുരുമ്മുവിൻ; ഭൂമിയുടെ വലുപ്പത്തോളം വീതിവെയ്ക്കുവിൻ, കാമയമാനകളായ നിങ്ങൾ രഥം കാംക്ഷിച്ചു, മഹിമയേറിയവരുടെ ദേവരഥത്തെ താങ്ങിനില്ക്കുവിൻ! 5

ദ്യോവിൻെറ പുത്രിമാരായ, സുരൂപമാരായ അഹോരാത്രദേവിമാരേ, നിങ്ങൾ യജ്ഞപദത്തിൽ ഇരിയ്ക്കുവിൻ: കാമിയ്ക്കുന്ന സുഭഗമാരേ, കാമിയ്ക്കുന്ന ദേവന്മാർ നിങ്ങളുടെ വിശാലമായ സമീപത്തു് ഉപവേശിയ്ക്കട്ടെ! 6

അമ്മിക്കുഴ ഉയർന്നു; മഹാനായ അഗ്നി പടർന്നു; പ്രിയപാത്രങ്ങൾ യജ്ഞസദനത്തിൽ നിരന്നു. അതിനാൽ, ഋത്വിക്കുകളായ ഇരു പുരോഹിതന്മാരേ, വിദ്വത്തമരായ നിങ്ങൾ ഈ യാഗത്തിൽ ധനം കല്പിച്ചുതന്നാലും! 7

മൂന്നു ദേവിമാരേ, നിങ്ങൾ ഈ വീതിയേറിയ ദർഭയിൽ—ഞങ്ങൾ നിങ്ങൾക്കായി വിരിച്ചതിൽ—ഇരിയ്ക്കുവിൻ: ഇളയും സരസ്വതിയും ഭാരതിയും മനുവിൻെറ യജ്ഞത്തിലെന്നപോലെ, ശരിയ്ക്കു വെയ്ക്കപ്പെട്ട ഹവിസ്സുകൾ ഭുജിയ്ക്കട്ടെ! 8

ദേവ, ത്വഷ്ടാവേ, അവിടുന്നു് അഴകാർന്നവനും, അംഗിരസ്സുകളെ സഹായിയ്ക്കുന്നവനുമാണല്ലോ: ദ്രവിണോദസ്സേ, ആ സുരത്നനായ ഭവാൻ താൽപര്യം പൂണ്ടു, വകതിരിവോടേ, അന്നം ദേവന്മാർക്കു കൊടുത്താലും! 9

വനസ്പതേ, അറിവുള്ള ഭവാൻ കയർകൊണ്ടു കെട്ടി, അന്നം ദേവന്മാർക്കെത്തിച്ചാലും! ദേവൻ സ്വാദുനോക്കട്ടെ, ഹവിസ്സു കൊണ്ടുകൊടുക്കട്ടെ! ദ്യാവാപൃഥിവികൾ എൻെറ വിളി രക്ഷിയ്ക്കട്ടെ! 10

---

5. ദ്വാരദേവികളോടു്: കാമയമാനകൾ—ദേവന്മാരെ കാംക്ഷിയ്ക്കുന്നവർ. മഹിമയേറിയവരുടെ—ദേവന്മാരുടെ.

7. പ്രിയപാത്രങ്ങൾ—ദേവന്മാർക്കരുമപ്പെട്ട യജ്ഞപാത്രങ്ങൾ. ഇരു പുരോഹിതന്മാർ—അഗ്ന്യാദിത്യർ.

8. രണ്ടാംവാക്യം പരോക്ഷം:

9. അംഗിരസ്സുകളെ—അംഗിരോഗോത്രക്കാരായ ഞങ്ങളെ. സുരത്നൻ=നല്ല രത്നങ്ങളോടുകൂടിയവൻ. അന്നം—ഹവിസ്സ്.

10. യൂപത്തോടു്: വനസ്പതേ=മരമേ. ദേവൻ—വനസ്പതി. ഈ വാക്യം പരോക്ഷം:

അഗ്നേ, അവിടുന്നു ഞങ്ങളുടെ യാഗത്തിന്ന് ഇന്ദ്രനെയും വരുണനെയും മരുത്തുക്കളെയും സ്വർഗ്ഗത്തിൽനിന്നും അന്തരിക്ഷത്തിൽനിന്നും കൊണ്ടുവരിക: ആ യജനീയരായ, മരണമില്ലാത്ത ദേവന്മാരെല്ലാവരും ദർഭയിലിരിയ്ക്കട്ടെ; സ്വാഹാ, മത്തുകൊള്ളട്ടെ! 11

സൂക്തം 71.

അംഗിരഃപുത്രൻ ബൃഹസ്പതി ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; ബ്രഹ്മജ്ഞാനം ദേവത.

ബൃഹസ്പതേ, ഒന്നാമതായി, പേരു വിളിച്ചു സംസാരിയ്ക്കുക എന്നതു വാക്കിന്റെ തുമ്പാകുന്നു. ഇവരുടെ ശ്രേഷ്ഠവും അനഘവുമായ (ജ്ഞാനം) യാതൊന്നോ, ഗുഹയിൽ വെയ്ക്കപ്പെട്ട അതിനെ (സരസ്വതി) പ്രേമത്താൽ ഇവൎക്കു വെളിപ്പെടുത്തിക്കൊടുത്തു! 1

മലർപ്പൊടി മുറംകൊണ്ടു ചേറുന്നതുപോലെ, വിദ്വാന്മാർ വാക്കിനെ എവിടെ മനസ്സിരുത്തി ശുദ്ധീകരിയ്ക്കുന്നുവോ, അവിടെ സഖാക്കൾ സഖ്യമറിയുന്നു; അവരുടെ വാക്കിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്നു, ഭദ്രയായ ലക്ഷ്മി! 2

യജ്ഞത്താൽ വാക്കിന്റെ വഴി കിട്ടി: ഋഷിമാരിൽ ഉൾപ്പുക്ക അതു ലഭിച്ചവർ, അതെടുത്തു വളരെയിടങ്ങളിൽ പ്രചരിപ്പിച്ചു; അതിനെ പക്ഷികളായ ഏഴെണ്ണത്തോടു ചേർത്തു. 3

---

11. മത്തുകൊള്ളട്ടെ—ഞങ്ങളുടെ ഹവിസ്സുകൾ ഭുജിച്ച്.

സൂക്തം 71.

1. വേദാർത്ഥജ്ഞരായ കുട്ടികളെ കണ്ടിട്ടാശ്ചര്യപ്പെട്ട് ഋഷി, തന്നോടു തന്നേ പറയുന്നു: പേർ—അമ്മ, അച്ഛൻ മുതലായ പദങ്ങൾ. ഇവർ—കുട്ടികൾ. ഗുഹയിൽ വെയ്ക്കപ്പെട്ട—ഗുഹ്യമായ.

2. അവിടെ—വിദ്വത്സംഘത്തിൽ. സഖ്യം—വേഴ്ച; ജ്ഞാനമെന്നർത്ഥം. ഭദ്രയായ ലക്ഷ്മി—അർത്ഥസമ്പത്ത്.

3. അതു—വാക്ക്. പ്രചരിപ്പിച്ചു—സർവമനുഷ്യരെയും പഠിപ്പിച്ചു. പക്ഷികളായ ഏഴെണ്ണം—ഗായത്ര്യാദിസപ്തച്ഛന്ദസ്സുകൾ.

ഈ വാക്കിനെ ഒരുവൻ കണ്ടിട്ടും കണ്ടില്ല; ഒരുവൻ കേട്ടിട്ടും കേട്ടില്ല. നേരേമറിച്ച്, അവൾ ഇവന്നു, നല്ല വസ്ത്രമുടുത്ത കാമിനിയായ ഭാര്യ കണവന്നെന്നപോലെ രൂപം വെളിപ്പെടുത്തി! 4

ഒരുത്തനെ, മനസ്സിൽ മധു വററാത്തവനെന്നു സദസ്സിൽ പറയാറുണ്ട്: അവനെ അർത്ഥവിചാരത്തിൽ (ആരും) പുറംതള്ളില്ല. പൂവും കായുമില്ലാത്ത വാക്കിനെ കേട്ടവനാകട്ടേ ഒരു പെറാപ്പയ്യായ മായയുമായി നടക്കുന്നു! 5

അദ്ധ്യേതാവിനെ അറിയുന്ന ഉപദേഷ്ടാവിനെ ആർ ത്യജിയ്ക്കുമോ, അവന്നു വാക്കിൽ ഒരു പങ്കും കിട്ടില്ല: അവന്റെ കേൾക്കൽ ഒരു വെറുംകേൾക്കലാവും; സുകൃതത്തിന്റെ മാർഗ്ഗം മനസ്സിലാകില്ല. 6

കണ്ണും ചെവിയുമുള്ള സഖാക്കൾ പ്രജ്ഞാദികളിൽ ഒരേ നിലക്കാരാവില്ല: ചില ഹ്രദങ്ങളിൽ വായവരെയും, ചിലതിൽ കക്ഷംവരെയും വെള്ളമുണ്ടാകും; ചിലതിൽ മുങ്ങിപ്പോകത്തക്കവെണ്ണവും കാണാം! 7

സഖാക്കളായ ബ്രാഹ്മണർ ഹൃദയനിർമ്മിതങ്ങളായ വിജ്ഞേയങ്ങളിൽ ഒത്തുകൂടാറുണ്ടല്ലോ; അതിൽ, ഒരുത്തനെ വിദ്യകളാൽ ത്യജിയ്ക്കുന്നു; ബ്രഹ്മജ്ഞരാകട്ടേ, യഥേഷ്ടം വിചരിയ്ക്കുന്നു. 8

---

4. ഒരുവൻ——മൂഢൻ. അവൾ——വാക്ക്. ഇവന്നു——വിദ്വാന്ന്. വിദ്വാൻ വാക്കിന്റെ രൂപം അറിയുന്നു; മൂഢൻ അറിയുന്നില്ല.

5. മനസ്സിൽ മധുവററാത്തവൻ——സ്ഥിരജ്ഞാനൻ. അവനെ——സ്ഥിരജ്ഞാനനെ. പൂവും കായുമില്ലാത്ത——പൊരുളില്ലാത്ത. ഒരു തടിച്ച മച്ചിപ്പയ്യിനെ കണ്ടാൽ തോന്നുമല്ലോ, ധാരാളം പാൽ കിട്ടുമെന്ന്; അതുപോലെയാണ്, പൊരുളില്ലാത്ത വാക്ക്, അർത്ഥമറിയാതെ ചൊല്ലൽ.

6. ഒരു പങ്കും——ഒരർത്ഥവും. കേൾക്കൽ——പഠനം.

7. സഖാക്കൾ——സമാനേന്ദ്രിയന്മാർ. ഇതിന്റെ വിവരണമാണ്, അവശിഷ്ടവാക്യങ്ങൾ. വായവരെ വെള്ളമുള്ള ഹ്രദങ്ങൾ മധ്യമപ്രജ്ഞരെയും, കക്ഷംവരെ വെള്ളമുള്ളവ അല്പപ്രജ്ഞരെയും കുറിയ്ക്കുന്നു. ചിലതിൽ——ചിലർ മഹാപ്രജ്ഞരായിരിയ്ക്കുമെന്നർത്ഥം.

8. വിജ്ഞേയങ്ങളിൽ——വേദനിരൂപണത്തിന്ന് എന്നർത്ഥം. ഒരുത്തനെ—അനഭിജ്ഞനെ. വിചരിയ്ക്കുന്നു——വേദനിരൂപണത്തിൽ വ്യാപരിയ്ക്കുന്നു.

യാവചിലർ താഴത്തും മുകളിലും നടക്കില്ലയോ, അവർ ബ്രഹ്മ
ജ്ഞാനം നേടില്ല; സോമം പിഴിയുന്നവരുമാകില്ല; ആ മൂഢന്മാർ
പാപമുളവാക്കുന്ന പാറിപ്പാൽ കലപ്പയേന്തി വേലചെയ്യും! 9

സഖാക്കളെല്ലാം, സഭയെത്താങ്ങുന്ന യശസ്വിയായ സഖാവു
വന്നാൽ ഇമ്പംകൊള്ളുന്നു: ഇവരുടെ പാപത്തെ ക്ഷമിയ്ക്കാത്തതും,
അന്നം കിട്ടിയ്ക്കുന്നതും, പാത്രനിഹിതവുമായ അതു വീര്യമുളവാ
ക്കാൻ ത്രാണിയുള്ളതാകുന്നു. 10

ഒരാറം ഋക്കുകളെ തടിപ്പിച്ചുകൊണ്ടിരിയ്ക്കും; ഒരാറം ശക്വരി
കളിൽ ഗായത്രസാമം പാടും; ഒരാറം ബ്രഹ്മനായിട്ടു വേണ്ടതൊക്കെ
പറഞ്ഞുകൊടുക്കും; ഒരാറം യജ്ഞത്തിന്റെ അളവു നിശ്ചയിയ്ക്കും 11

രണ്ടാമധ്യായം സമാപ്തം.

മൂന്നാമധ്യായം.

സൂക്തം 72.

ലോകന്റെ പുത്രൻ ബൃഹസ്പതിയോ, അംഗിരഃപുത്രൻ ബൃഹസ്പതിതന്നെയോ,
ദക്ഷപുത്രി അദിതിയോ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ദേവന്മാർ ദേവത.

യാവചിലർ കീഴ്യുഗങ്ങളിലും ഉക്ഥം ചൊല്ലുന്നവനെ
നോക്കുന്നുവോ, ആ ദേവന്മാരുടെ ഉല്പത്തികറം ഞങ്ങറം വെളി
വായി പറയാം:

---

9. താഴത്തു—ബ്രാഹ്മണരുടെ ഇടയിലും. മുകളിലും—ദേവന്മാരുടെ ഇട
യിലും. കലപ്പയേന്തി—കൃഷീവലരായിത്തീന്ന്.

10. സഖാക്കറം—സമാനജ്ഞാനന്മാർ. സഖാവ്—സോമം. ഇവർ—
ജനങ്ങറം. അതു—സോമം.

11. ഋക്കുകളെ തടിപ്പിയ്ക്കൽ—വളരെ ഋക്കുകളെ ചൊല്ലുക. ശക്വരി
കറം—ഇന്ദ്രനെ വൃത്രവധത്തിന്നു ശക്തനാക്കിയ ഋക്കുകറം. ബ്രഹ്മൻ—ബ്രഹ്മാ
വെന്ന ഋത്വിക്ക്. അളവ്—ഇത്രയിത്ര വേണമെന്ന കണക്ക്. യജ്ഞപ്രവൃത്ത
രുടെ കർമ്മങ്ങളെ പ്രതിപാദിച്ചിരിയ്ക്കുയാണ്, ഈ ഋക്കിൽ.

സൂക്തം 72.

1. കീഴ്യുഗങ്ങളിലും—ഞങ്ങറം ജനിച്ചതിന്നുശേഷം വളരെ യുഗങ്ങറം
കഴിഞ്ഞിട്ടും, ഇപ്പോഴും. ഞങ്ങറം—ഞാൻ.

അദിതി അവയെ ഒരു കരുവാൻപോലെ ഊതിവീർപ്പിച്ചു:
ഒന്നാമത്തെ ദേവയുഗത്തിൽ അസത്തിൽനിന്നു സത്തുണ്ടായി. 2

ഒന്നാമത്തെ ദേവയുഗത്തിൽ അസത്തിൽനിന്നു സത്തുണ്ടാ
യി. തുടന്നു ദിക്കുകളും, പിന്നീടു വൃക്ഷങ്ങളുമുണ്ടായി. 3

വൃക്ഷത്തിൽനിന്നു ഭൂമിയുണ്ടായി; ഭൂമിയിൽനിന്നു ദിക്കുകളു
ണ്ടായി. അദിതിയിൽനിന്നു ദക്ഷനും, തുടന്നു ദക്ഷനിൽനിന്നു്
അദിതിയുമുണ്ടായി. 4

ദക്ഷ, അങ്ങയുടെ മകളായി അദിതി ജനിച്ചു; അവളെത്തുട
ന്നു, മരണക്കെട്ടില്ലാത്ത ഭജനീയരായ ദേവന്മാരുണ്ടായി. 5

ദേവന്മാരേ, ആ വെള്ളത്തിലാണല്ലോ, നിങ്ങൾ ജനിച്ചുനി
ന്നതു്; അതിൽ നിങ്ങൾ നൃത്തംവെച്ചതിനാലെന്നപോലെ, ഒരു
ചൂടുള്ള തുള്ളി മേല്പോട്ടു തെറിച്ചു! 6

ദേവന്മാരേ, നിങ്ങൾ, മഴക്കാറുകൾപോലെ ലോകം നിറച്ചു;
ആ വെള്ളത്തിൽ മറഞ്ഞ സൂര്യനെ കൊണ്ടുവന്നു. 7

എട്ടുപുത്രന്മാർ, അദിതിയുടെ ശരീരത്തിൽനിന്നു പിറന്നു. എ
ന്നാൽ ഏഴുപേരോടുകൂടിയാണു്, അവൾ ദേവന്മാരിൽ ചെന്നതു്:
മാർത്താണ്ഡനെ മേല്പോട്ടെറിഞ്ഞു. 8

ഏഴുപുത്രന്മാരോടുകൂടിയാണു്, അദിതി പൂർവയുഗം പ്രാപി
ച്ചതു്. പിന്നീടു, ലോകത്തിൽ ജനനമരണങ്ങൾക്കായി സൂര്യ
നെ തിരിയേ കൊണ്ടുപോന്നു. 9

അവയെ—ദേവോൽപത്തികളെ. ഊതിവീർപ്പിച്ചു—കരുവാൻ ഉല കൊണ്ടു് അഗ്നിയെ ജ്വലിപ്പിയ്ക്കുന്നതുപോലെ, വൎദ്ധിപ്പിച്ചു. അസത്തു്—ബ്രഹ്മം. സത്തു്—ദേവാദിജഗത്തു്.

4. അദിതിയിൽനിന്നു—അച്ഛനും മകളും പരസ്പരോൽപാദകരായി എന്നു താൽപര്യം.

5. മരണക്കെട്ടു്=മരണമാകുന്ന ബന്ധനം.

6. ആ വെള്ളം—പ്രഥമസൃഷ്ടമായ ജലം. ചൂടുള്ള തുള്ളി—സൂര്യൻ.

7. മഴക്കാറുകൾപോലെ—മേഘങ്ങൾ വെള്ളംകൊണ്ടെന്നപോലെ. നിറച്ചു—സ്വതേജസ്സുകൊണ്ടു്. കൊണ്ടുവന്നു—പ്രഭാതത്തിലുദിപ്പാൻ.

8. എട്ടുപുത്രന്മാർ—മിത്രൻ, വരുണൻ, ധാതാവു്, അര്യമാവു്, അംശൻ, ഭഗൻ, വിവസ്വാൻ, സൂര്യൻ. മേല്പോട്ടെറിഞ്ഞു—ആകാശത്തിലെയ്ക്കയച്ചു.

9. കാലകർത്താവായ സൂര്യന്നു് അധീനങ്ങളാണല്ലോ, ജനനമരണങ്ങൾ.

സൂക്തം 73.

ശക്തിപുത്രൻ ഗൌരിവീതി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; മരുത്തുക്കൾ ദേവത.

(കാകളി)

വൈരിസംഹാരത്തിനല്ലോ പിറന്നു, കെ–
ല്പേറുമോജസ്വി സ്വദൃപ്തനീഡ്യൻ ഭവാൻ:
കൈവളർത്തീ മരുത്തുക്കളെയന്നു,മ്മ
കൈക്കൊണ്ടു പോററിയ വീരനാമിന്ദ്രനെ! 1

പോരിന്നു സേനയുമായ്നില്ക്കുമിന്ദ്രനെ–
പ്പാരം പുകഴ്ത്തി വളർത്തി, സഞ്ചാരികൾ;
ആലയിലാണ്ടവപോലെ പൊങ്ങീ, സമീ–
പായാതമാമല്ലിൽനിന്നു തണ്ണീരുകൾ! 2

വാരുററ കാലാൽ നടന്നുപോമങ്ങയെ–
പ്പാരം വളർത്താരൃഭുക്കളെമന്യരും;
ആയിരമാരണ്യനാശ്ശ്വളെ വായ്ക്കൊണ്ടു
നീയിന്ദ്ര, ചാരത്തണച്ചു, ദസ്യുരെയും! 3

പോരിന്നു വെമ്പുന്നപോതും ക്രതുവിന്നു
പോകുമേ, ദസ്യുരെക്കൂട്ടിന്നു കൂട്ടി നീ.
സ്വത്തുകളായിരമുണ്ടിന്ദ്ര, നിൻകയ്യിൽ;
വിത്തങ്ങൾ ശൂര, തരട്ടെ, നാസത്യരും!

അധ്വരേ, സഞ്ചാരിമിത്രങ്ങളോടൊത്തു
മത്താടി, മർത്ത്യന്നു നല്കു,മിന്ദ്രൻ ധനം

സൂക്തം 73.

1. പൂർവാർദ്ധം ഇന്ദ്രനോടു പ്രത്യക്ഷോക്തി: സ്വദൃപ്തൻ=അത്യഭിമാനി. അന്ന്––വൃത്രയുദ്ധത്തിൽ. അമ്മ––അദിതി.

2. സഞ്ചാരികൾ––മരുത്തുക്കൾ. ആലയിലാണ്ടവ––തൊഴുത്തിലെപ്പൈക്കൾ. അല്ല്––വൃത്രനാകുന്ന ഇരുട്ട്.

3. അന്യരും––മററു ദേവന്മാരും. ആരണ്യനാശ്ശ്വൾ––ചെന്നായകൾ.

4. ഉണ്ട്––ഞങ്ങൾക്കു തരാൻ.

ആയവന്നായ്ത്താൻ, മഴ നിത്തി വാട്ടിയ
മായിയാം ദസ്യുവിൽച്ചെന്നറുത്താനിരുൾ! 5

രണ്ടു തുല്യാഖ്യരെച്ചേർത്തിട്ടു,ഷസ്സിന്റെ
വണ്ടിയെപ്പോലെയവനെപ്പിളർത്തിനാൻ—
ഇന്ദ്ര, കൊതിയ്ക്കുന്ന വൻകൂറുകാരുമായ്—
ച്ചെന്നു,ഴകററ ദേഹങ്ങളറുത്തു, നീ! 6

കൊന്നാനൃഷിയ്ക്കായ്, മുടിയ്ക്കും മഖഘ്നനാ—
കുന്ന നമുചിയെ മായ പോക്കിബ്ഭവാൻ;
വാനോരിൽവെച്ചു നീയല്ലോ, സുഭഗമാം
യാനാർഹനേർവഴി വെട്ടീ മനുവിനായ്! 7

ഇമ്മട്ടിൽ വെള്ളം നിറച്ചുപോരുന്നു, നീ;—
യിന്ദ്ര, കയ്യിലെടുത്തിട്ടുണ്ടു, പോററി നീ;
കെല്പാളുമങ്ങയെ വാഴ്ത്തുന്നു, വാനവ;—
രഭ്രങ്ങൾതൻ വേരു മേൽവശത്താക്കി, നീ!— 8

അന്തരിക്ഷത്തിൽക്കിടന്ന ചക്രായുധം
തന്തിരുമേനിയ്ക്കയപ്പൂ, മധുവിനെ!
ഭുവിൽ മഴക്കാറിൽനിന്നു പൊഴിഞ്ഞ നീർ
നീ വെച്ചരുളീ, ചെടിയിലും പയ്യിലും! 9

---

5. സഞ്ചാരിമിത്രങ്ങൾ——മരുത്തുക്കളാകുന്ന സഖാക്കൾ. മർത്ത്യന്നു—യജമാനന്. ആയവൻ——യജമാനൻ. മഴ നിത്തി വാട്ടിയ——വൃഷ്ടിപ്രതിബന്ധത്താൽ ലോകത്തെ ക്ഷീണിപ്പിച്ച. ഇരുൾ——വൃത്രന്റെ മായയാകുന്ന അന്ധകാരം.

6 രണ്ടു തുല്യാഖ്യരെ——ഒരേ പേരുള്ള രണ്ടശ്വങ്ങളെ, ഹരികളെ. ചേർത്തിട്ടു——തേരിനു പൂട്ടിയിട്ട്. ഉഷസ്സിന്റെ വണ്ടി ഒരിയ്ക്കൽ വൃത്രൻ തല്ലിപ്പൊളിച്ചപോൽ. അവനെ——വൃത്രനെ. കൊതിയ്ക്കുന്ന——വൃത്രവധകാംക്ഷികളായ. വൻകൂറുകാരുമായ്——മഹാന്മാരായ സഖാക്കളോടു, മരുത്തുക്കളോടു, കൂടി. ദേഹങ്ങൾ——ശത്രുശരീരങ്ങൾ.

7. ഋഷിയ്ക്കായ്——മനുവിന്നുവേണ്ടി. മുടിയ്ക്കും——നാശകാരിയായ.

8. എടുത്തിട്ടുണ്ട്——വജ്രം. പോററി——ഈശ്വരൻ. അഭ്രങ്ങളുടെ (മേഘങ്ങളുടെ) വേരു (ചുവടു) മേൽവശത്താക്കി——മഴ പെയ്യിച്ച.

9. പൂർവാർദ്ധം പരോക്ഷം: ചക്രായുധം——മേഘത്തെ പിളർത്താനെറിയപ്പെട്ട ചക്രമെന്ന ആയുധം. തന്തിരുമേനിയ്ക്ക്——ഇന്ദ്രന്ന്. മധു——മധുരജലം. പയ്യിലും——പയ്യിൽ പാലായി വെച്ചരുളി.

അക്ക്ജന്മാവി,ന്ദ്രനെന്നുണ്ടു ചൊല്ലുന്നു;
നൽക്കെല്ലിൽനിന്നാം, പിറന്നതെന്നെൻമതം:
മേവിനാനല്ലോ, ചൊടിച്ചു ഹർമ്മ്യങ്ങളിൽ;
സ്വാവതാരമറിഞ്ഞോന,വിടുന്നുതാൻ! 10

യാഗപ്രിയങ്ങളൃഷികരം സുപർണ്ണങ്ങരം
യാചിയ്ക്കുവാൻ പാറന്നെത്തിനാരിന്ദ്രനിൽ;
'നീക്കുകി,രുട്ടു, വെളിച്ചം നിറയ്ക്കു;–ഴി–
വാക്കുക, നീ കയർക്കെട്ടിൽനിന്നെങ്ങളെ!' 11

സൂക്തം 74.

ഋഷിച്ഛന്ദോദേവതകരം മുമ്പേത്തവ.

(കാകളി.)

സ്വത്തണപ്പോനെപ്പിടിച്ചുവലിയ്ക്കുന്നു,
കൃത്യത്തിനോ, മഖത്തിന്നോ, ധനാശയാ
പോരിനെത്തും പണക്കാരും, കടുംജയം
നേരും പ്രസിദ്ധരുമായ വിൺമന്നുകാർ! 1

പ്രേരകമാമിവർതൻവിളി വാനേറി:
പാരിടത്തെയ്ക്കുഴന്നള്ളി,യന്നൈഷികരം;

---

10. അക്ക്ജന്മാവ്——സൂര്യകൽനിന്നു ജനിച്ചവൻ. ചൊല്ലുന്നു——ഇ ന്ദ്രന്റെ വീര്യം കണ്ടാശ്ചര്യപ്പെട്ടു ചിലർ. ഹർമ്മ്യങ്ങളിൽ——കീഴടക്കിയ ശത്രുമാളികകളിൽ. സ്വാവതാരം (തന്റെ ജനനം) അവിടെയ്ക്കു അറിഞ്ഞുകൂട്ടു.

11. ഋഷികരം——ദ്രഷ്ടാക്കരം. സുപർണ്ണങ്ങരം = പക്ഷികരം, സൂര്യരശ്മികരം. ഉത്തരാർദ്ധം അവയുടെ യാചനമാകുന്നു: കയർക്കെട്ട്——തടസ്സമെന്നർത്ഥം.

സൂക്തം 74.

1. സ്വത്തണപ്പോനെ——ധനം കിട്ടിയ്ക്കുന്ന ഇന്ദ്രനെ. കൃത്യം——യുദ്ധാദി കർമ്മം. വിൺമന്നുകാർ——സ്വർഗ്ഗവാസികളും (ദേവന്മാരും) ഭൂവാസികളും (മനുഷ്യരും).

2. പ്രേരകം——ഇന്ദ്രനെ പ്രേരിപ്പിയ്ക്കുന്നത്. ഇവർ——അ ംഗിരസ്സുകരം. അന്നൈഷികരം—ഹവിഃകാംക്ഷികളായ ദേവന്മാർ. ആരാഞ്ഞുകൊണ്ട്—പണികരം

ആരാഞ്ഞുകൊണ്ടിങ്ങു തന്നൊളി വീശിനാർ,
സൂരനെപ്പോലഭ്യുദയത്തിനസ്സുരർ. 2

ഈയമരർക്കിതാ, സ്തോത്രം: സുരമ്യമാം
ശ്രീയധരത്തിൽക്കൊടുക്കവോരാമിവർ
കർമ്മവും സൂക്തവും നന്നായ് നടത്തിച്ച
നമ്മൾക്ക തന്നരുളട്ടേ, പെരുംമുതൽ! 3

വാഴ്ത്തപ്പെടുന്നതുണ്ടിന്ദ്ര, ഗോമോഷക-
ക്കാർത്തി പെടുത്താൻ മുതിർന്ന നിന്നാളുകൾ,
പേറൊന്നിലൊട്ടേറെ മക്കളൊത്തായിരം
മാരി പെയ്യും മഹാഭൂവെക്കറന്നവർ! 4

കർത്താക്കളേ, നിങ്ങൾ പാലകനാക്കുവിൻ
യുദ്ധോൽക്കരെക്കീഴടക്കമനമ്രനെ,
സുസ്തവനെ, മഹാനാം മഘവാവിനെ,
മർത്ത്യഹിതം വജ്രമാർത്തുമിന്ദ്രനെ! 5

ക്രൂരനെക്കൊന്നു പുരങ്ങളടക്കി നീ-
രേററം നിറച്ചു, വൃത്രഘ്നനരിന്ദമൻ;
ഖ്യാതി നേടീ, പുരാനിന്ദ്രൻ പുരുധനൻ;
ചെയ്യരുളും, നാം കൊതിപ്പതെന്തുമവൻ! 6

അപഹരിച്ച ഗോക്കളെ തിരഞ്ഞുകൊണ്ട്. സൂരനെപ്പോലെ ഒളിവീശിനാർ. അഭ്യുദയത്തിന്--ഗോപ്രദാനത്തിന്ന്.

3. ശ്രീ=സമ്പത്ത്. സൂക്തം--സ്തുതി.

4. ഗോമോഷകക്കാർത്തി പെടുത്താൻ--അസുരന്മാരെ ഹിംസിപ്പാൻ. നിന്നാളുകൾ--മേധാവിയരായ അംഗിരസ്സുകൾ. മക്കൾ--ചെടിയും മരവും മററും. ആയിരം മാരി--വളരെ അഭീഷ്ടവർഷം. മഹാഭൂവെ--വലിയ ഭൂമിയെ. കറന്നവർ--അംഗിരോവിശേഷണം.

5. യജമാനരോട്: യുദ്ധോൽക്കർ--പൊരുതാൻ വന്ന ശത്രുക്കൾ. അനമ്രൻ--ആരെയും കുമ്പിടാത്തവൻ. ആർത്ത്--അട്ടഹാസത്തോടേ.

6. ക്രൂരൻ--വല്ലപ്പമേറിയ വൃത്രൻ. നാം കൊതിപ്പതെന്തും അവൻ ചെയ്യരുളും--നമ്മുടെ അഭീഷ്ടമെല്ലാം അവിടുന്നു നിറവേററും.

സൂക്തം 75.

പ്രിയമേധപുത്രൻ സിന്ധുക്ഷിത്ത് ഋഷി; ജഗതി ഛന്ദസ്സ്; നദികൾ ദേവത.

(കേക.)

ഭംഗിയിൽച്ചൊല്ലാം, തണ്ണീരുകളേ, നിങ്ങളുടെ
തുംഗമാഹാത്മ്യം യഷ്ടൃഗൃഹത്തിൽ സ്തോതാവാം ഞാൻ:
അവയേഴേഴായ്പ്പിരിഞ്ഞൊഴുകീ, മുപ്പാരിങ്കൽ;
പ്രവഹിപ്പവയിൽവെച്ചോജസാ മുന്തീ, സിന്ധു! 1

വരുണൻ സിന്ധോ, നിനക്കൊഴുകാൻ കിഴക്കോട്ടായ്
വരച്ചു വഴി: നിൻപോക്കന്നനിർമ്മിതിയ്ക്കല്ലോ.
ധരമേലുയർന്ന മാർഗ്ഗത്തുടേ ഗമിപ്പു, നീ;
ശരിയ്ക്കീ, ലോകങ്ങൾക്കു നീയൊരീശ്വരിതന്നെ! 2

മന്നിൽ നീയിരമ്പുന്നതാകാശത്തണയുമേ:
മിന്നുമോളത്താൽപ്പൊക്കം, നിസ്സീമജവം സിന്ധു;
വാനിൽനിന്നുണ്ടാം മഴയ്ക്കൊത്തൊരാരവം വായ്ക്കും,
താനൊരു മുക്രയിടും കാളപോലൊഴുകുമ്പോൾ! 3

ആർകൾ നല്ലൊലിയിട്ടു നിങ്കലെത്തുന്നു, സിന്ധോ,
തായ്കൾ കുഞ്ഞിങ്കൽപ്പോലേ—കറവപ്പൈക്കളൊപ്പം:
പൊരുതും നൃപൻപോലേ നിറയ്ക്കും കര രണ്ടു,—
മൊരുമിച്ചൊഴുകീടുമിവതൻ മുന്നിൽപ്പോം നീ!

സൂക്തം 75.

1. ഉത്തരാർദ്ധം പരോക്ഷം: മുപ്പാരിങ്കൽ—ഭൂമിയിലും അന്തരിക്ഷത്തിലും ആകാശത്തിലും. പ്രവഹിപ്പവ—നദികൾ. ഓജസാ = ബലംകൊണ്ടു്. മുന്തീ—മികച്ചു. സിന്ധു—സിന്ധു എന്ന നദി.

2. കിഴക്കോട്ടത്രേ, സിന്ധുനദി ഒഴുകുന്നതു്. വരച്ചു—തോണ്ടി എന്നത്ഥം. അന്നനിർമ്മിതി—സസ്യോൽപാദനം.

3. രണ്ടാംപാദംമുതൽ പരോക്ഷോക്തി: താൻ—സിന്ധു. ഒഴുകുമ്പോൾ ആരവം (ശബ്ദം) വായ്ക്കും.

4. ആർകൾ—മററു നദികൾ. ഇവതൻ മുന്നിൽ പോം (ഈ നദികളെക്കാൾ വേഗത്തിൽ പ്രവഹിയ്ക്കുന്ന) നീ കര രണ്ടും (വെള്ളംകൊണ്ടു) നിറയ്ക്കും, പൊരുതുന്ന ഒരു രാജാവു സമ്പത്തുകൊണ്ടു് അരമന നിറയ്ക്കുന്നതുപോലെ.

ഇതു കൈക്കൊള്ളുവിൻ: ഗംഗേ, യമുനേ, സരസ്വതി,
ശുതുദ്രി, പരുഷ്ണി, സാസിക്നിയാം മരുദ്വൃധേ,
വിതസ്താസുഷോമകൾ ചേരുമാർജ്ജീകീയേ, മൽ-
കൃതമാം സ്തോത്രം ചെവിക്കൊണ്ടരുളുവിൻ, നിങ്ങൾ! 5

ഗോമതീനദി പൂകാൻ മുമ്പു തൃഷ്ടാമയോടും,
സുസർത്തുവൊടും, രസാ-ശ്വേതികളൊടും, സിന്ധോ,
ചേരുന്നു, കുഭയോടും മേഹത്നുവോടും നീ പി-
മ്പി;-വരൊത്തൊററത്തേരിലല്ലോ, നിന്നെഴുന്നള്ളൽ! 6

വെണ്മപൂണ്ടൊളിവീശുമീയഹിംസിത സിന്ധു,
തന്മഹിമാവാൽ നേരേ പായിപ്പൂ, ജലൌഘത്തെ:
കർമ്മിണികളിൽവെച്ചു കർമ്മിണിയിവളൊരു
കണ്മണി, ബഡബയും മാന്യതന്വിയുംപോലേ! 7

നല്ല തേർ, നല്ലശ്വങ്ങൾ, നല്ലാട, പൊൻപണ്ടങ്ങൾ,
നല്ലാകാരവുമുള്ള സൗഭാഗ്യവതി സിന്ധു,
കരിനാർച്ചെടി, നെല്ലും, കമ്പിളിയാടും ചേർന്ന
തരുണിയുടുക്കുന്നു, തേനൊലിനികുഞ്ജങ്ങൾ! 8

സുഖമാം തൃച്ചേരിന്നു തുരഗങ്ങളെച്ചേർത്തീ
മഖത്തിലതിലൂടെയെത്തിയ്ക്കു, ഭോജ്യം സിന്ധു:
ക്ഷതി പററാതേ സ്വയം പുകഴ്ന്ന വിപുലമാ-
മിതിന്റെ വന്മാഹാത്മ്യം സ്തുതിയ്ക്കപ്പെട്ടൊന്നല്ലോ! 9

---

5. സാസിക്നിയാം--അസിക്നീനദിയോടുകൂടിയ. വിതസ്ത, സുഷോമ, ആർജ്ജീകീയ എന്നിവയും നദികൾതന്നെ.

6. തൃഷ്ടാമ, സുസർത്തു, രസ, ശ്വേതി, കുഭ, മേഹത്നു എന്നീ നദികളിലൂടേ നീ ഗോമതീനദിയിൽ ചേരുന്നു.

7. പായിപ്പൂ--ഒഴുകിയ്ക്കുന്നു. ഇവൾ ഒരു പെൺകുതിരപോലെയും, ഒരു മാന്യയായ തന്വി(സുന്ദരി)പോലെയും കൺമണി(ദർശനീയ)യാകുന്നു.

8. കരിനാർച്ചെടി(കലപ്പ കെട്ടുന്ന ഒരുതരം ചെടി)യും മററുമുണ്ട്, സിന്ധുതീരങ്ങളിൽ. തരുണി--നിത്യയുവതി. തേനൊലിനികുഞ്ജങ്ങൾക്കു വസ്ത്രത്വം കല്പിച്ചിരിയ്ക്കുന്നു.

9. അതിലൂടെ--തേരിലൂടെ. ഭോജ്യം (അന്നം)എത്തിയ്ക്കു--കൊണ്ടുവരട്ടെ. സിന്ധു--ദേവതാരൂപിണിയായ സിന്ധുനദി. ക്ഷതി--ഉപദ്രവം. ഇതിന്റെ--സിന്ധുരഥത്തിന്റെ.

സൂക്തം 76.

ഇരാവാന്റെ പുത്രൻ ജരൽക്കൎണ്ണനെന്ന സൎപ്പം ഋഷി; ജഗതി ഛന്ദസ്സ്; അമ്മി ദേവത.

നിങ്ങളെ ഞാൻ ഉഷഃകാലത്തു ചമയിയ്ക്കാം: നിങ്ങൾ ഇന്ദ്രനെയും മരുത്തുക്കളെയും ദ്യാവാപൃഥിവികളെയും ചമയിയ്ക്കുവിൻ. ഒപ്പം പിറന്ന വാനൂഴികളിരുവരും ഞങ്ങളെ സദസ്സിൽ സദസ്സിൽ ഉൽപന്നംകൊണ്ടു് ഉപചരിയ്ക്കുമാറാകണം! 1

ആ ശ്രേഷ്ഠമായ സോമംതന്നെ നിങ്ങൾ പിഴിയുവിൻ: പിഴിയുന്നവൻ കൈകൾകൊണ്ടു പിടിച്ച അമ്മിക്കുഴ ഒരു കുതിരപോലെ നില്ക്കുന്നു. കീഴമൎത്തുന്ന കെല്പു്, കിട്ടുമല്ലോ, ഉടമസ്ഥന്നു്; ഇതു വമ്പിച്ച സമ്പത്തിന്നായി കുതിരകളെയും കൊടുക്കും! 2

ഇതിന്റെ ആ പിഴിയൽ കൎമ്മത്തിലണയട്ടെ, പണ്ടു മനുവിന്നായി ചെന്നതുപോലെ: ത്വഷ്ടാവിന്റെ പുത്രൻ ഗോക്കളാലും അശ്വങ്ങളാലും പരിവൃതനായിരിയ്ക്കെ, ഈ അഹിംസ്യങ്ങളാണല്ലോ, അധ്വരങ്ങളിൽ ആശ്രയിയ്ക്കപ്പെട്ടതു്! 3

അമ്മിക്കുഴകളേ, നിങ്ങൾ ദ്രോഹത്തൊഴില്ക്കാരായ അരക്കരെ അറുതിപ്പെടുത്തുവിൻ; നിരൃതിയെ നീക്കുവിൻ; ഹിംസയെ പോക്കുവിൻ; ഞങ്ങൾക്കു വളരെപ്പുത്രന്മാരെയും ധനവും ഒഴുക്കുവിൻ; ദേവകളെ രസിപ്പിയ്ക്കുന്ന ശ്ലോകം ചൊല്ലുവിൻ! 4

സൂക്തം 76.

1. അമ്മികളോടു്: ചമയിയ്ക്കുവിൻ—സോമനീർകൊണ്ടു സുഖിപ്പിയ്ക്കുവിൻ എന്നൎത്ഥം. സദസ്സ്—യജ്ഞസദനം. ഉൽപന്നംകൊണ്ടു് ഉപചരിയ്ക്കുമാറാകണം—ധാരാളം വിളവുകൾ തരട്ടെ.

2. രണ്ടാംവാക്യംമുതൽ പരോക്ഷം: കീഴടക്കന്നേ—ശത്രുക്കളെ. ഉടമസ്ഥൻ—യജമാനൻ. ഇതു്—അമ്മിക്കുഴ.

3. കൎമ്മം—സോമയാഗം. ത്വഷ്ടാവിന്റെ പുത്രൻ (വൃത്രൻ) ഗോക്കളാലും അശ്വങ്ങളാലും (താൻ അപഹരിച്ച ഗവാശ്വങ്ങളാൽ) പരിവൃതനായിരിയ്ക്കെ, അവനെ കൊല്ലാൻ. ഈ അഹിംസ്യങ്ങൾ—അമ്മികൾ. സോമയാഗത്താലാണു്, വൃത്രവധം സാധിച്ചതെന്നൎത്ഥം.

4. നിരൃതി—പാപദേവത. ശ്ലോകം ചൊല്ലുവിൻ—ശബ്ദം പുറപ്പെടുവിയ്ക്കുവിൻ; നിങ്ങളുടെ ശബ്ദം, ശ്ലോകം(സ്തോത്രം)പോലെ ദേവകളെ രസിപ്പിയ്ക്കും.

സൂര്യനെക്കാളും ബലിഷ്ഠങ്ങളെ, വിഭാവിനെക്കാളും ശീഘ്ര കർമ്മാക്കളെ, വായുവിനെക്കാളും സോമാഭിഷവവേഗികളെ, അഗ്നിയെക്കാളും അന്നസാധകങ്ങളെ നിങ്ങൾ സ്തുതിയ്ക്കുവിൻ! 5

പുകഴ്പ്പെട്ട അമ്മികൾ നമുക്ക സോമരസം ഒരുക്കട്ടെ: തിളങ്ങുന്ന വാക്കകൊണ്ടു തിളക്കത്തിൽ നിൎത്തട്ടെ; ഇതിങ്കലാണല്ലോ, സർവത്ര വെമ്പൽക്കൊള്ളുന്ന നേതാക്കന്മാർ ശബ്ദം മുഴക്കിക്കൊണ്ടു കമനീയമായ മധു കറന്നെടുക്കുന്നതു്! 6

വേഗികളായ അമ്മിക്കുഴകൾ സോമം പിഴിയുന്നു: അവ സ്തുതി കാംക്ഷിച്ചുകൊണ്ടു് ഇതിന്റെ നീർ മുഴുവൻ കറക്കുന്നു – ഹോമിപ്പാൻ നീർ കറക്കുന്നു; നേതാക്കൾ ഹവിസ്സുകളെ വായ്കൾകൊണ്ടു ശുദ്ധിപ്പെടുത്തുകയും ചെയ്യുന്നു. 7

നേതാക്കളേ, അമ്മിക്കുഴകളേ, ഈ നിങ്ങൾ നല്പതു ചെയ്യുവിൻ: ഇന്ദ്രന്നു സോമം പിഴിയുന്ന നിങ്ങൾ ഓരോ വരണീയവും സ്വൎഗ്ഗത്തിന്റെ തേജസ്സിന്നും, ഓരോ പൊറുപ്പുമുതലും പിഴിയുന്ന മനുഷ്യന്നും വെയ്ക്കുവിൻ! 8

സൂക്തം 77.

ഭൃഗുഗോത്രൻ സ്യൂമരശ്മി ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ;

മരുത്തുക്കൾ ദേവത.

സ്തുതിക്കപ്പെട്ടാൽ എവർ, മേഘങ്ങൾ നീർത്തുള്ളിപോലെ, ധനം ചൊററുമോ, ഹവിസ്സുള്ള യജ്ഞങ്ങൾപോലെ എവർ ഉൽപാദി

---

5. അധ്വര്യുപ്രഭൃതികളോടു് അമ്മികളെ സ്തുതിപ്പാൻ പറയുന്നു; അവയുടെ വിശേഷണങ്ങളാണിവ.

6. വാക്ക്––സ്തുതി. ഇതു തിളക്കം; സോമയാഗമെന്നു സാരം.

7. നേതാക്കൾ––ഋത്വിക്കുകൾ. വായ്കൾ––സ്തോത്രോച്ചാരണങ്ങൾ.

8. നല്പതു––സോമംപിഴിയൽ. വരണീയം––വിഭവം, സോമരസമെന്നൎത്ഥം. സ്വൎഗ്ഗത്തിന്റെ––സോമരസത്താലാണല്ലോ, സ്വൎഗ്ഗത്തിന്നു (ദേവന്മാൎക്കു) തേജസ്സുണ്ടാകുന്നതു്.

പ്പിയ്ക്കുമോ, ആ നല്ല മരുത്തുക്കളുടെ മഹത്തായ ഗണത്തെ ഞാൻ പൂ
ജനത്തിന്നായി സ്തുതിച്ചിട്ടില്ല; നമസ്കായിട്ടുമില്ല. 1

ആ മനുഷ്യർ അഴകിന്നു കോപ്പണിയും. മരുത്തുക്കളുടെ നല്ല
ഗണത്തെ വളരെപ്പടകളും കീഴമർത്തില്ല. ഗന്താക്കളായ ദ്യോവിൻ
പുത്രന്മാർ പുറത്തെയ്ക്കിറങ്ങുന്നില്ല; ആ ആക്രമണശീലരായ അദിതി
പുത്രന്മാർ വളരുന്നില്ല! 2

ഇവൎക്കു ദ്യോവിനെക്കാളും ഭൂവിനെക്കാളുമേറും, വലുപ്പം; അവ
രുടെ ദേഹം മേഘമുക്തനായ സൂര്യൻപോലെയാണ്. അവർ, ബ
ലിഷ്ഠരായ വീരന്മാർപോലെ സ്തുതി കാംക്ഷിയ്ക്കുന്നു; അവർ, ദ്രോ
ഹികളെ തട്ടിനീക്കുന്ന മനുഷ്യർപോലെ വിളങ്ങുന്നു! 3

നിങ്ങൾ ഒത്തൊരുമിയ്ക്കുമ്പോൾ, വെള്ളമൊഴുകുമ്പോളെന്ന
പോലെ ഭൂമിയ്ക്കു വേദനയോ തകർച്ചയോ ഉണ്ടാകാറില്ല. ഈ വി
വിധരൂപമായ ഹവിസ്സു നിങ്ങളെ വഴിപോലെ നോക്കുന്നു: നി
ങ്ങൾ, അന്നവാന്മാർപോലെ കൂട്ടമിട്ടു വന്നാലും! 4

നിങ്ങൾ, തേരിൻമുമ്പിൽ കടിഞ്ഞാണിട്ടു കെട്ടിയ (കുതിര
കൾ) പോലെ ചുററും നടകൊള്ളും; പുലർകാലങ്ങളിൽ, തേജസ്വി
കൾപോലെ ശോഭിയ്ക്കും; പരുന്തുകൾപോലെ ദ്രോഹികളെ തട്ടി
നീക്കി, സ്വയം പുകൾപ്പെടും; മറുനാട്ടിൽപ്പോയവർപോലെ മുറു
കെ നടക്കും! 5

മരുത്തുക്കളേ, അതിദൂരത്തുനിന്നു വീഴുന്ന നിങ്ങൾ വലുതും
വരണീയവും ആരാധ്യവുമായ ധനം കൊടുക്കാറുണ്ടല്ലോ; വ[illegible]
ളേ, ആ നിങ്ങൾ അകലത്തുനിന്നുതന്നേ, ഒളിവിലുള്ള ശത്രുക്കളെ
ആട്ടിപ്പായിച്ചാലും! 6

സൂക്തം 77.

1. ഉൽപാദിപ്പിയ്ക്കുമോ—ശ്രേയസ്സുളവാക്കുമോ. സ്തുതിച്ചിട്ടില്ല—ഇപ്പോൾ
സ്തുതിയ്ക്കാമെന്നു വ്യംഗ്യം.

2. ആ മനുഷ്യർ—സുകൃതത്താൽ, മൎത്ത്യത്വം വിട്ട് അമൎത്ത്യരായിത്തീൎന്ന
മരുത്തുക്കൾ. പടകൾ—ശത്രുസേനകൾ. നാം സ്തുതിയ്ക്കാത്തതുകൊണ്ടു ദ്യോവിൻ
പുത്രന്മാർ (മരുത്തുക്കൾ) പുറത്തെയ്ക്കിറങ്ങുന്നില്ല; വളരുന്നുമില്ല.

4. പ്രത്യക്ഷോക്തി: അന്നവാന്മാർ—സമ്പന്നന്മാർ.

5. തേജസ്വികൾ—സൂര്യാദികൾ.

അധ്വരത്തിൽ സ്തോത്രമുയരുമ്പോഠം, യാതൊരു യജ്ഞപ്രവൃ
ത്തനായ മനുഷ്യൻ മരുത്തുക്കഠംക്കെന്നപോലെ കൊടുക്കുമോ, അവ
ന്നു ധനവും അന്നവും നല്ല പുത്രന്മാരും ഉണ്ടായിവരും; അവൻ ദേ
വന്മാക്കും സോമപാനം നല്കട്ടെ! 7

യജ്ഞങ്ങളിൽ യജനീയരും, രക്ഷിതാക്കളും, ആദിത്യനോ
ടൊന്നിച്ചു സുഖം കൊള്ളുന്നവരുമാണല്ലോ, അവർ; യാഗഗമന
ത്തിൽ വലുതു വാഞ്ഛരിയ്ക്കുന്ന അവർ പള്ളിത്തേർ പായിച്ചു, നമ്മു
ടെ സ്തോത്രം രക്ഷിയ്ക്കട്ടെ! 8

സൂക്തം 78.

ഋഷിച്ഛന്ദോദേവതകഠം മുമ്പേത്തവ.

അവർ, സ്തോതാക്കളായ മേധാവികഠംപോലെ നന്മ നിനയ്ക്കു
ന്നവരാണു്; യാഗംകൊണ്ടു ദേവന്മാരെ തൃപ്തിപ്പെടുത്തുന്നവർപോ
ലെ ശോഭനകർമ്മാക്കളാണു്; പെരുമാക്കന്മാർപോലെ കോപ്പണി
ഞ്ഞവരും, ദർശനീയരുമാണു്; ഗൃഹസ്ഥരായ മനുഷ്യർപോലെ
പാപരഹിതരാണു്! 1

മാറത്തു പൊന്നണിഞ്ഞ അവർ തീപോലെ തിളങ്ങുന്നു;
കാററുകഠംപോലെ സ്വയം കൂടിച്ചേർന്നു്, ഉടനടി നടകൊള്ളുന്നു;
മികച്ച ജ്ഞാനികഠംപോലെ പൂജനീയരായി, വഴിപോലെ കൊ
ണ്ടുനടക്കുന്നു; സോമങ്ങഠംപോലെ യഷ്ടാവിനെ തുലോം സുഖിപ്പി
2

അവർ, കാററുകഠംപോലെ വിറപ്പിച്ചു വീഴ്ത്തും; തീനാളങ്ങഠം
പോലെ തിളങ്ങും; ചട്ടയിട്ട പോരാളികഠംപോലെ വേലചെയ്യും;
പിതൃവാക്കുകഠംപോലെ നല്ലതുകൊടുക്കും! 3

---

7. കൊടുക്കുമോ——ഇന്ദ്രന്നു ഹവിസ്സു നല്കുമോ.

8. വലുതു——മഹത്തായ ഹവിസ്സു്, ഓടിച്ചു——ഇവിടെ വന്നു്.

സൂക്തം 78.

1. നന്മ——യജമാനന്നു്. ഗൃഹസ്ഥർ——ദാനം വാങ്ങാൻ എങ്ങും പോകാ
തെ, സ്വഗൃഹത്തിൽത്തന്നെ വസിയ്ക്കുന്നവർ; ദാനം വാങ്ങുന്നതു പാപമാണു്.

2. കൊണ്ടുനടക്കുന്നു——കർമ്മികളുടെ നേതൃത്വം വഹിയ്ക്കുന്നു.

3. വിറപ്പിച്ചു——ശത്രുക്കളെ. വേല——വീരകർമ്മം. പിതൃവാക്കുകഠം (അച്ഛ
ൻെറ ഉപദേശങ്ങഠം) മക്കഠംക്കു ശ്രേയസ്സുളവാക്കുമല്ലോ.

അവർ, തേരിൻെറ ചക്രക്കാലുകരംപോലെ ഒരേ ആസ്പദത്തിൽ വത്തിയ്ക്കുന്നു; ജയശീലരായ ശൂരന്മാർപോലെ ഉജ്ജ്വലിയ്ക്കുന്നു; ധനദാനത്തിന്നൊരുങ്ങിയ മനുഷ്യർപോലെ വെള്ളം വീഴ്ത്തുന്നു; സ്തോത്രം ചൊല്ലുന്നവർപോലെ നല്ല ശബ്ദം പുറപ്പെടുവിയ്ക്കുന്നു! 4

അവർ ശ്രേഷ്ഠങ്ങളായ അശ്വങ്ങരംപോലെ പായും; ധനമെടുത്ത തേരാളികരംപോലെ നന്നായി ദാനംചെയ്യും; തണ്ണീരുകരംപോലെ താന്നേടത്തെയ്ക്കൊഴുകും; വിവിധരായ അംഗിരസ്സുകരംപോലെ സാമം പാടും! 5

അവർ, മഴപെയ്യുന്ന മേഘങ്ങരംപോലെ പുഴകളെ നിർമ്മിയ്ക്കും; പിളത്തുന്ന ആയുധങ്ങരംപോലെ എല്ലാരെയും കൊല്ലും; നല്ല അമ്മമാരുള്ള കുഞ്ഞുങ്ങരംപോലെ കളിയാടും; ഒരു വലിയ ആരംക്കൂട്ടംപോലെ യാത്രയിൽ തിളങ്ങും! 6

ചുരിക മിന്നുന്ന അവർ പുലരിക്കതിരുകരംപോലെ യാഗത്തിലണയും; കല്യാണക്കാർപോലെ കത്തുന്ന കോപ്പണിയും; പുഴകരംപോലെ പോകും; പെൺകുതിരകരംപോലെ വളരെ യോജന പിന്നിടും! 7

മരുദ്ദേവന്മാരേ, വളരുന്ന നിങ്ങരം സ്തുതിയ്ക്കുന്ന ഞങ്ങളെ സുഭഗരാക്കുവിൻ—ഞങ്ങളെ സുരത്നരാക്കുവിൻ; സഖാവായ സ്തോത്രത്തെ സമീപിയ്ക്കുവിൻ. പണ്ടേ ഉള്ളതാണല്ലോ; നിങ്ങളുടെ രത്നദാനം! 8

സൂക്തം 79.

സൌചീകാഗ്നിയോ വൈശ്വാനരാഗ്നിയോ, വാജംഭരപുത്രൻ സപ്തിയോ ഋഷി. ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

മർത്ത്യപ്രജകളിൽ അമർത്ത്യനായി മേവുന്ന ഈ മഹാൻെറ മഹിമാവു ഞാൻ കണ്ടിരിയ്ക്കുന്നു; ഇദ്ദേഹത്തിൻെറ അണകരം ഇടയ്ക്കു

---

4. ഒരേ ആസ്പദത്തിൽ—അന്തരീക്ഷത്തിൽ. വെള്ളം—ആദ്യം പ്രതിഗ്രഹീതാവിൻെറ കയ്യിൽ വെള്ളം വീഴ്ത്തുക എന്നതു ദാനവിധിയാകുന്നു.

6. എല്ലാരെയും—ശത്രുക്കളെയെല്ലാം.

8. സുരത്നർ=നല്ല രത്നങ്ങളോടുകൂടിയവർ. സഖാവായ—പ്രിയമായ.

വിടരും, ഇടയ്ക്ക് അമരും; കടിയ്ക്കില്ല. തിന്നാൻ തുടങ്ങിയാൽ വളരെത്തിന്നും! 1

തല ഗുഹയിലും കണ്ണുകൾ വെവ്വേറെയും വെയ്ക്കപ്പെട്ടിരിയ്ക്കുന്നു. കടിയ്ക്കാതെ, കാടുകൾ നാവുകൊണ്ടു തിന്നും. തന്തിരുവടിയ്ക്ക്, ആളുകൾ സമീപിച്ചു കയ്യുയർത്തി വണങ്ങി ഭക്ഷ്യമൊരുക്കിവെയ്ക്കുന്നു. 2

തന്തിരുവടി അമ്മയുടെ വളരെ ലതകളെയും, അവയുടെ അത്യുൽക്കൃഷ്ടമായ രഹസ്യത്തെയും തേടി, ഒരു കുട്ടിപോലെ നടക്കും; ഭൂമിയുടെ മടിയ്ക്കുള്ളിൽ, (ആകാശത്തെ) നക്കുന്ന വരാമരത്തെ, പക്വാന്നത്തെപ്പോലെ കണ്ടുപിടിയ്ക്കും! 3

ദ്യാവാപൃഥിവികളേ, ഒരു പരമാർത്ഥം ഞാൻ നിങ്ങളോടു പറയാം: പിറന്നാലപ്പോൾ, കുഞ്ഞ് ഇരുമാതാക്കളെ തിന്നുകളയും! ദേവന്റെ സ്ഥിതി മനുഷ്യനായ എനിയ്ക്കറിഞ്ഞുകൂടാ. ഹേ, വിവിധജ്ഞാനനാണ്, പ്രകൃഷ്ടജ്ഞാനനാണ്, ആ അഗ്നി. 4

ആർ തന്തിരുവടിയ്ക്ക് ഉടനടി അന്നം ചമയ്ക്കുമോ, ഒലിനെയ്യ് ഹോമിയ്ക്കുമോ, പുഷ്ടി വരുത്തുമോ; അവനെ തന്തിരുവടി ആയിരം തൃക്കണ്ണുകൾകൊണ്ടു നോക്കും. അഗ്നേ, അവിടുന്ന് എങ്ങും ഞങ്ങൾക്കനുകൂലനായി ചേഷ്ടിയ്ക്കുന്നു! 5

സൂക്തം 79.

1. അണകൾ വിടർന്നും, അമർന്നുമിരിയ്ക്കും. എന്നാൽ കടിയ്ക്കില്ല. വളരെ—കാട്ടിൽ മരത്തെയും മററും. ദാവാഗ്നിയെപ്പററിയാണ്, ഈ പ്രതിപാദനം.

2. ഗുഹ—മനുഷ്യരുടെ ഉദരം. അദ്ദേഹം മനുഷ്യരുടെ ഉദരത്തിൽ വൈശ്വാനരനായി വാഴുന്നു. വെവ്വേറെയും സൂര്യചന്ദ്രരൂപേണ; സൂര്യചന്ദ്രന്മാർ അഗ്നിയുടെ കണ്ണുകളാണെന്നർത്ഥം. തന്തിരുവടിയ്ക്ക് എന്നാദിയായ വാക്യം യജ്ഞാഗ്നിയെപ്പററിയാണ്. ആളുകൾ—ഋത്വിക്കുകൾ. കയ്യുയർത്തി—പാത്രമെടുത്ത് എന്നർത്ഥം. ഭക്ഷ്യം—ഹവിസ്സ്.

3. ദാവാഗ്നിയെ ഒരു കുട്ടിയാക്കി വർണ്ണിയ്ക്കുന്നു: അമ്മ—ഭൂമി. രഹസ്യം—മുരട് എന്നർത്ഥം. കുട്ടി—മുലകുടിക്കാൻ മുട്ടുകുത്തിച്ചെല്ലുന്ന കുഞ്ഞ്. പക്വാന്നം —പചിച്ച ആഹാരം

4. കുഞ്ഞ്—അഗ്നി. ഇരുമാതാക്കൾ—അരണികൾ. ദേവന്റെ—അഗ്നിയുടെ. ഹേ എന്നു തുടങ്ങുന്ന വാക്യം തന്നോടുതന്നെയുള്ളതാണ്.

5. പുഷ്ടി—കത്തിപ്പടരൽ. തൃക്കണ്ണുകൾ—ജ്വാലകൾ. ഒടുവിലെ വാക്യം പ്രത്യക്ഷോക്തി:

അഗ്നേ, അങ്ങ് എന്തുകൊണ്ടാണ്, ദേവകളിൽ പെട്ടെന്ന് അരിശം പൂണ്ട് അപരാധം ചെയ്തത്? അറിയാഞ്ഞു ചോദിയ്ക്കുയാണ്, ഞാൻ. അങ്ങു വിളയാടിയും വിളയാടാതെയും പച്ചനിറം പൂണ്ടു, ഭക്ഷ്യത്തെ ഭക്ഷിപ്പാൻ, സന്ധികൾതോറും, പശുവിനെ വാൾപോലെ നുറുക്കുന്നു! 6

കാട്ടിൽ പിറന്ന അഗ്നി നേരേ കേറുന്ന ലതകളാൽ ചുററപ്പെട്ട പന്തലിച്ച വൃക്ഷങ്ങളെ പിടികൂടും; കഷ്ണം കഷ്ണമാക്കും. ആ സഖാവു നുറുങ്ങുകളാൽ വളർന്നു, രശ്മികൾ പടർന്നു, വഴിപോലെ ജ്വലിയ്ക്കും. 7

സൂക്തം 80.

സൌചീകനോ വൈശ്വാനരനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അഗ്നി ദേവത.

അഗ്നി അന്നസമ്പാദകമായ അശ്വത്തെ നൽകും; അഗ്നി അച്ഛനൊത്ത കർമ്മനിഷ്ഠനായ വീരനെ നൽകും; അഗ്നി വാനൂഴികളിൽ വഴിപോലെയണഞ്ഞു നാനാപ്രകാരേണ നടക്കും; അഗ്നി സ്ത്രീയെ വീരപ്രസവയും ബുദ്ധിമതിയുമാക്കും! 1

കർമ്മവാനായ അഗ്നിയ്ക്കുള്ള ചമതയ്ക്കു മംഗളം: അഗ്നി വലിയ വാനൂഴികളിൽ പൂകുന്നു; അഗ്നി തനിയേ യുദ്ധങ്ങളിലിറക്കും; അഗ്നി വളരെശ്ശത്രുക്കളെ വധിയ്ക്കും!

---

6. അപരാധം—ദേവകളുടെ ഖാണ്ഡവവനം ദഹിപ്പിയ്ക്കുക എന്ന കുററം. വിളയാടിയും വിളയാടാതെയും—ചിലേടത്തു ജ്വലിച്ചും ചിലേടത്തു മങ്ങിയും. ഭക്ഷ്യം—മരവും മററും.

7. ആ സഖാവ്—അഗ്നി. നുറുങ്ങുകൾ—മരത്തുണ്ടുകൾ.

സൂക്തം 80.

1. അന്നസമ്പാദകമായ—യുദ്ധത്തിൽ ശത്രുക്കളെത്തോല്പിച്ച് അന്നം നേടിത്തരുന്ന. നൽകും—സ്തോതാക്കൾക്ക്. വീരനെ—പുത്രനെ. സ്ത്രീയെ —സ്തോതാവിന്റെ പത്നിയെ.

2. യുദ്ധങ്ങളിലിറക്കും—സ്തോതാവിനെ യുദ്ധങ്ങളിൽ ജയിപ്പിയ്ക്കും.

അഗ്നി ആ ജരൽകണ്ണനെ കാത്തരുളി; അഗ്നി തണ്ണീരിന്നായി ജരൂഥനെ എരിച്ചു; അഗ്നി അത്രിയെ ഉമിത്തീനടുവിൽനിന്നു രക്ഷിച്ചു; അഗ്നി നൃമേധനെ സന്താനസമേതനാക്കി! 3

ജ്വാലാരൂപനായ അഗ്നി ധനം നല്കും; അഗ്നി ആയിരം നേടുന്ന ഋഷിയെ നല്കും; അഗ്നി ഹവിസ്സു വിണ്ണിൽ വിളമ്പും; അഗ്നിയുടെ തിരുവുടൽ വളരെയിടങ്ങളിൽ വെച്ചിരിയ്ക്കുന്നു. 4

അഗ്നിയെ ഋഷിമാർ സ്തുതിച്ചു വിളിയ്ക്കുന്നു; അഗ്നിയെ യുദ്ധത്തിൽ പീഡിതരായ ആളുകളും വിളിയ്ക്കുന്നു. അഗ്നിയെ വാനിൽ പ്പറക്കുന്ന പക്ഷികൾ നോക്കുന്നു; അഗ്നി ആയിരമായിരം ഗോക്കളുടെ ചുററും നടക്കുന്നു! 5

അഗ്നിയെ മനുഷ്യപ്രജകൾ സ്തുതിയ്ക്കുന്നു. അഗ്നിയെ നഹുഷനിൽനിന്നു ജനിച്ച മനുഷ്യർ സ്തുതിയ്ക്കുന്നു. അഗ്നി യജ്ഞപഥാനുകൂലമായ ചൊല്ലു ചെവിക്കൊള്ളും. അഗ്നിയുടെ മാർഗ്ഗം നെയ്യിൽ ക്കിടക്കുന്നു! 6

അഗ്നിയ്ക്കു സ്തോത്രം ബുദ്ധിമാന്മാർ രചിച്ചിട്ടുണ്ട്; അഗ്നിയ്ക്കു ഞങ്ങളും മഹാനെക്കുറിച്ചു സ്തുതി ചൊല്ലി. അഗ്നേ, യുവതമ, അങ്ങ് സ്തോതാവിനെ കാത്തരുളിയാലും; അഗ്നേ, കനത്ത ധനം നല്കിയാലും! 7

---

3. ജരൽക്കണ്ണൻ---ഒരു ഋഷി. തണ്ണീരിന്നായി---മഴപെയ്യിയ്ക്കാൻ. ജരൂഥൻ---ഒരസുരൻ. നൃമേധൻ---ഒരു ഋഷി.

4. ആയിരം നേടുന്ന ഋഷിയെ---ദക്ഷിണയായി വളരെഗ്ഗോക്കളെ ലഭിയ്ക്കുന്ന ഋഷിയായ പുത്രനെ. വിണ്ണിൽ വിളമ്പും---കൊണ്ടുപോയി ദേവന്മാരെ ഊട്ടും. വളരെയിടങ്ങളിൽ---ഭൂമിയിലും മററും.

5. അഗ്നിയെ---കാട്ടിൽ പടർന്നുപിടിച്ച അഗ്നിയെ.

6. മനുഷ്യപ്രജകൾ---ഋത്വിഗാദികൾ. നഹുഷൻ---ഒരു രാജാവ്. ചൊല്ല്---സ്തുതി. കിടക്കുന്നു---നെയ്യുകൊണ്ടാണല്ലോ, അഗ്നി കത്തിപ്പടരുന്നത്.

7. മഹാനെക്കുറിച്ചു---മഹാനായ അഗ്നിയെപ്പററി.

സൂക്തം 81.

ഭുവനന്റെ പുത്രൻ വിശ്വകർമ്മാവ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
വിശ്വകർമ്മാവ് ദേവത.

നമ്മുടെ അച്ഛനായ ഋഷി ഹോതാവായിട്ട്, ഈ ഉലകങ്ങളെ ല്ലാം ഹോമിച്ച് ഉപവേശിച്ചു—അദ്ദേഹം ആശയാൽ ധനത്തി ന്നുവേണ്ടി മുമ്പേ മുമ്പേ മറച്ചിട്ടു, ചുവട്ടിലുള്ളവയിൽ ഉൾപ്പുകി 1

വിശ്വദർശിയായ വിശ്വകർമ്മാവു മഹത്ത്വത്താൽ ഭൂവിനെ നിർമ്മിച്ചു, ദ്യോവിനെയും സൃഷ്ടിച്ചുവല്ലോ; അതിന്നെന്താണടി സ്ഥാനം? എന്തൊരു വസ്തുകൊണ്ടുണ്ടാക്കി? എങ്ങനെ ഉണ്ടായി? 2

എല്ലാടത്തും കണ്ണും, എല്ലാടത്തും മുഖവും, എല്ലാടത്തും കയ്യും, എല്ലാടത്തും കാലുമുള്ള ഏകനായ ദേവൻ കൈകൾകൊണ്ടു (ദ്യോ വിനെ)പരത്തി; കാലുകൾകൊണ്ടു ഭൂവിനെ സൃഷ്ടിച്ചു! 3

വാന്തഴികളെ യാതൊന്നിൽനിന്നു പണിതുവോ, ആ കാടേതാ യിരിയ്ക്കും, ആ മരം എന്തായിരിയ്ക്കും? ബുദ്ധിമാന്മാരേ, ഇതു മനസ്സ

സൂക്തം 81.

1. ഋഷി—വിശ്വകർമ്മാവ്. ഉലകങ്ങളെല്ലാം ഹോമിച്ച്—'സർവമേധം' അനുഷ്ഠിച്ച്; ഉപവേശിച്ചു—അഗ്നിയിങ്കൽ ഇരുന്നു; തന്നെയും ഒടുവിൽ ഹോമിച്ചു. ഇതുതന്നെ എടുത്തുപറയുന്നു: ധനത്തിന്നുവേണ്ടി—സ്വർഗ്ഗം കിട്ടാൻ. മുമ്പേ മറച്ചിട്ടു—അഗ്നിയെ ഉലകങ്ങൾകൊണ്ടു മൂടിയിട്ട്. ചുവട്ടിലുള്ളവ' —അഗ്നിയിലടിഞ്ഞ, (താൻ ഹോമിച്ച) ഉലകങ്ങളിൽ. ഉൾപ്പുകി—തന്നെയും ഹോമിച്ചു.

ഈ ഋക്കിനെ ആധ്യാത്മികമായും വ്യാഖ്യാനിച്ചിട്ടുണ്ട്: നമ്മുടെ അച്ഛനായ ഋഷി—സ്രഷ്ടാവ്, ഈശ്വരൻ. ഹോതാവ്—സംഹർത്താവ്. ഹോമിച്ച്—പ്രളയകാലത്ത് ഉപസംഹരിച്ച്. ഉപവേശിച്ചു—വീണ്ടും സൃഷ്ടിച്ചു. ധനത്തിന്നുവേണ്ടി—ജഗൽഭോഗം അനുഭവിപ്പാൻ. മറച്ചിട്ടു—തന്റെ നിഷ്പ്രപഞ്ചസ്വരൂപത്തെ. ചുവട്ടിലുള്ളവയിൽ—സ്വസൃഷ്ടങ്ങളിൽ. ഉൾപ്പുകി—പ്രാണരൂപേണ പ്രവേശിച്ചു.

2. പുനസ്സൃഷ്ടിയെപ്പററി: ഒരു കലമോ ഘടം നിർമ്മിപ്പാൻ മണ്ണു വേണം, ചക്രാദികൾ വേണം. എന്നാൽ ഈശ്വരന്നു ജഗൽസൃഷ്ടിയ്ക്കു യാതൊരുപകരണവും വേണ്ടാ എന്നു താൽപര്യം.

3. ഈശ്വരന്റെ സൃഷ്ടിശക്തി:

4. ഒരു തച്ചൻ കാട്ടിൽ പോയി മരം മുറിച്ചാണല്ലോ, മാളിക പണിയുന്നത്. എന്നാൽ ഈശ്വരന്റെ ആൾക്കാർ വാന്തഴികളെ നിർമ്മിച്ചത്, ഉപകരണ

കൊണ്ടു ചോദിയ്ക്കുവിൻ; ഭുവനങ്ങളെ താങ്ങിക്കൊണ്ട്, എവിടെ വാണരുളുന്നു എന്നും! 4

വിശ്വകർമ്മാവേ, ഉത്തമങ്ങളും മധ്യമങ്ങളും അധമങ്ങളുമായ ശരീരങ്ങളുണ്ടല്ലോ, നിന്തിരുവടിയ്ക്കു്; അവ സഖാക്കൾക്കു യജിപ്പാൻ ഹവിസ്സികൾ അർപ്പിച്ചാലും. അന്നവാനേ, അങ്ങ് സ്വയം വളർന്നു തിരുവുടലുകളെ യജിച്ചാലും. 5

വിശ്വകർമ്മാവേ, അങ്ങ് ഹവിസ്സുകൊണ്ടു വളൎന്നു, താൻ തന്നേ ദ്യാവാപൃഥിവികളെ യജിച്ചാലും: മററാളുകൾ എങ്ങെങ്ങും മങ്ങിമയങ്ങട്ടെ. ഇവിടെ നമുക്കു ധനവാൻ ഫലം അയച്ചുതരട്ടെ! 6

വാചസ്പതിയായി മനോവേഗനായിരിയ്ക്കുന്ന വിശ്വകർമ്മാവിനെ നാം ഇന്നു യാഗത്തിൽ തർപ്പിപ്പാൻ വിളിയ്ക്കുക: ആ സർവസുഖോൽപാദകനായ സുകർമ്മാവു നമ്മെ രക്ഷിപ്പാൻ, എല്ലാ ഹവനങ്ങളിലും സംബന്ധിയ്ക്കട്ടെ! 7

സൂക്തം 82.

ഋഷിച്ഛന്ദോദേവതകൾ മുമ്പേത്തവ.

തേജസ്സിൻെറ അച്ഛൻ മനോധൈര്യത്താൽ ജലത്തെയും, അതിൽ അലിഞ്ഞിരുന്ന ദ്യാവാപൃഥിവികളെയും ഉല്പാദിപ്പിച്ചു: പണ്ടേത്തെ അററങ്ങൾ ഉറപ്പിയ്ക്കപ്പെട്ടതോടേ, ഇവയ്ക്കു പരപ്പു വന്നു. 1

മൊന്നുംകൂടാതെയാണ്. അദ്ദേഹം എവിടെ വാണരുളുന്നു എന്നും നമുക്കറിഞ്ഞുകൂടാ. ഈ ഋക്കുകളാവാം, ഉപനിഷത്തിൻെറ വിത്ത്.

5. വിശ്വകർമ്മാവേ—പരമേശ്വര. ഈശ്വരൻെറ ജഗന്മയത്വം: ഉത്തമങ്ങൾ—ദേവാദികൾ മധ്യമങ്ങൾ—മനുഷ്യാദികൾ. അധമങ്ങൾ—കൃമികീടാദികൾ. സഖാക്കൾക്കു—ഞങ്ങൾക്ക്. ഹവിസ്സികൾ—ഹവിർഭൃതനായ എങ്കൽ.

6. ഹവിസ്സുകൊണ്ടു—ഹവിർഭൃതനായ എന്നെക്കൊണ്ട്. മററാളുകൾ—യജ്ഞവിരോധികൾ. അടുത്ത വാക്യം പരോക്ഷം: ധനവാൻ—നാം കൊടുക്കുന്ന ഹവിസ്സാകുന്ന ധനത്തോടുകൂടിയ വിശ്വകർമ്മാവ്.

7. വാചസ്പതി—മന്ത്രാധിപതി.

സൂക്തം 82.

1. അച്ഛൻ—ഉൽപാദകൻ, വിശ്വകർമ്മാവ്. ജലത്തെയും—ജലമത്രേ, ഒന്നാമതു സൃഷ്ടിയ്ക്കപ്പെട്ടത്. ഇവ—ദ്യാവാപൃഥിവികൾ.

വിശ്വകർമ്മാവ് വിശാലഹൃദയനാണ്, മഹാനാണ്, ധാതാവാണ്, വിധാതാവാണ്, ഒരു മികച്ച നോട്ടക്കാരനാണ്; എവകൽ ശരീരങ്ങൾ വെള്ളംകൊണ്ട് ആഹ്ലാദിയ്ക്കുന്നുവോ, ആ ഏകനെ സപ്തർഷികളെക്കാളും മീതെയായി പറഞ്ഞുവരുന്നു! 2

തന്തിരുവടി നമ്മുടെ അച്ഛനാണ്, രക്ഷിതാവാണ്; വിധാതാവായ തന്തിരുവടിയ്ക്കറിയാം, തേജഃസ്ഥാനങ്ങളും സർവഭുവനങ്ങളും. തന്തിരുവടി ഏകനായിത്തന്നേ ദേവന്മാർക്ക പേരിട്ടു. തന്തിരുവടിയെ മററു ഭൂതങ്ങൾ ചോദിയ്ക്കുന്നു! 3

ചരാചരാത്മകമായി വർത്തിയ്ക്കുന്ന ലോകത്തിലെ ഈ ജീവജാലങ്ങളെ എവർ പ്രകാശിപ്പിച്ചുവോ; ആ പണ്ടത്തെ ഋഷിമാർ, സ്തോതാക്കൾ മഹാസ്തോത്രംപോലെ തന്തിരുവടിയ്ക്കു സമ്പത്തു സമർപ്പിയ്ക്കുന്നു! 4

ദ്യോവിന്നു മീതെ, ഈ ഭൂവിന്നു മീതെ, ദേവാസുരന്മാർക്കു മീതെ വർത്തിയ്ക്കുന്ന എന്തൊരു ഗർഭത്തെയാണ്, തണ്ണീരുകൾ ആദ്യം ധരിച്ചത്? അതിൽ, ദേവന്മാരെല്ലാം പരസ്പരം നോക്കുകയുണ്ടായല്ലോ. 5

ആ ഗർഭത്തെത്തന്നെയാണ്, തണ്ണീരുകൾ ആദ്യം ധരിച്ചത്; അതിലാണ് ദേവന്മാരെല്ലാം ഒത്തുകൂടിയത്. അജന്റെ നാഭിയിൽ ഒന്നു വെയ്ക്കപ്പെട്ടിരുന്നു: അതിലുണ്ടായിരുന്നു, ഭുവനങ്ങളൊക്കെ! 6

---

2. ധാതാവ്——വൃഷ്ട്യാദികർത്താവ്. വിധാതാവ്——ജഗൽസ്രഷ്ടാവ്. നോട്ടക്കാരൻ——ലോകദ്രഷ്ടാവ്. ആ ഏകനെ——സപ്തർഷിശരീരങ്ങളെ വെള്ളംകൊണ്ടു സുഖിപ്പിയ്ക്കുന്ന സൂര്യരൂപനായ വിശ്വകർമ്മാവിനെ. പറഞ്ഞുവരുന്നു——തത്ത്വജ്ഞന്മാർ.

3. പേരിട്ടു——ഇന്ദ്രാദികളെ, അതാതു പേരിൽ അതാതു സ്ഥാനത്തു നിയമിച്ചു. ഭൂതങ്ങൾ——പ്രാണികൾ. ചോദിയ്ക്കുന്നു——ആരാണ്, പരമേശ്വരനെന്ന്.

4. വിശ്വകർമ്മാവിന്റെ സൂര്യരൂപത്വം: ഋഷിശബ്ദത്തിന്നു രശ്മിയെന്നും, സമ്പത്തിന്നു തേജസ്സെന്നും അർത്ഥം.

5. ഗർഭം——ഗുഹ്യമായ ഈശ്വരതത്ത്വം. പരസ്പരം—'ഭവാന്നറിയാമോ, ഭവാന്നറിയാമോ' എന്ന്.

6. മുൻഋക്കിലെ ചോദ്യത്തിന്റെ ഉത്തരം: അജൻ——ബ്രഹ്മാവ്. ഒന്ന്——അണ്ഡം. ഇതിൽനിന്നാണ്, സർവജഗദുൽപത്തി.

ഇവയെ സൃഷ്ടിച്ചവനെ നിങ്ങളറിയില്ല: അത്രയ്ക്കന്തരമുണ്ട്, അവിടുന്നും നിങ്ങളും തമ്മിൽ. മഞ്ഞിനാൽ മൂടപ്പെട്ട നുണയന്മാർ പ്രാണതൃപ്പണത്തിന്നു സ്തോത്രവും ചൊല്ലി നടക്കുന്നു! 7

സൂക്തം 83.

തപസ്സിന്റെ പുത്രൻ മന്യു ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മന്യു ദേവത.

ഹേ മന്യോ, വജ്രമേ, ശരമേ, അങ്ങയെ ആർ പരിചരിയ്ക്കുമോ, അവന്നു കെല്പും കരുത്തും ഇടവിടാതെ തഴയ്ക്കും: ബലേന (ശത്രുക്കളെ) ചെറുക്കുന്ന കെല്പനായ ഭവാന്റെ തുണയാൽ ഞങ്ങൾ മുടിയനെയും മുന്തിയവനെയും കീഴമർത്തുമാറാകണം! 1

മന്യുവാണ്, ഇന്ദ്രൻ; മന്യുതന്നെ, ദേവൻ; മന്യുതന്നെ, അഗ്നിയും ബുദ്ധിമാനായ വരുണനും. മനുഷ്യപ്രജകൾ മന്യുവിനെ സ്തുതിയ്ക്കുന്നു, മന്യോ, അവിടുന്നു ഞങ്ങളെ, തപസ്സോടൊപ്പം സ്നേഹിച്ചു രക്ഷിച്ചാലും! 2

മന്യോ, ബലവാനെക്കാൾ ബലിഷ്ഠനായ ഭവാൻ വന്നാലും: തപസ്സിന്റെ സാഹായ്യത്തോടേ കൂടലരെ ഓടിച്ചാലും. അമിത്രരെയും ശത്രുക്കളെയും ദസ്യുക്കളെയും ഹനിയ്ക്കുന്ന ഭവാൻ ഞങ്ങൾക്കു സർവസമ്പത്തും കൊണ്ടുവന്നാലും! 3

---

7. ഇവയെ (ഭുവനങ്ങളെ) സൃഷ്ടിച്ചവനെ—വിശ്വകർമ്മാവിനെ. മഞ്ഞിനാൽ—അജ്ഞാനത്താൽ. നുണയന്മാർ—'ഞാൻ ദേവൻ, ഞാൻ മനുഷ്യൻ' എന്നൊക്കെ പറയുന്നവർ; സത്യവിരുദ്ധമാണല്ലോ, ഈ അഹംബുദ്ധി. പ്രാണതൃപ്പണത്തിന്ന്—വിഷയോപഭോഗങ്ങൾക്കു പണം കിട്ടാൻ എന്നു താൽപര്യം.

സൂക്തം 83.

1. ക്രോധാഭിമാനിദേവനാണ്, മന്യു. വജ്രമേ—സാരഭൃത. ശരമേ—ശത്രുഹിംസക. കെല്പ്—ബാഹ്യബലം. കരുത്ത്—ആന്തരബലം. മുടിയൻ—നാശകാരിയായ ശത്രു. മുന്തിയവൻ—ഞങ്ങളെക്കാൾ പോന്നവനായ ശത്രു.

2. തപസ്സോടൊപ്പം—ഞങ്ങളുടെ അച്ഛനായ തപസ്സെന്നപോലെ.

3. വന്നാലും—ഞങ്ങളുടെ യാഗത്തിൽ. തപസ്സ്—ഞങ്ങളുടെ അച്ഛൻ. അമിത്രർ—ദ്രോഹികൾ.

മന്യോ, അങ്ങ് സ്വയംഭൂവും, കീഴമർത്തുന്ന——ദ്രോഹികളെ അടക്കുന്ന——ഓജസ്സും അരിശവുമുള്ളവനും, സർവദ്രഷ്ടാവും, സഹിക്കുന്ന സഹിഷ്ണുവുമാണല്ലോ; യുദ്ധങ്ങളിൽ ഞങ്ങൾക്കു ബലമരുളിയാലും! 4

മികച്ച ജ്ഞാനമുള്ളോവേ, മന്യോ, മഹാനായ അവിടെയ്ക്കു യജ്ഞം ചെയ്യായ്കയാൽ ഞാൻ ദൂരത്തു പെട്ടിരിയ്ക്കുന്നു; കർമ്മരഹിതനായ ഞാൻ അങ്ങയെ കോപിപ്പിച്ചിരിയ്ക്കുന്നു. എന്റെ ശരീരമായ അവിടുന്നു ബലം തരാൻ എങ്കലണഞ്ഞാലും! 5

ചെറുക്കുന്നവനേ, വിശ്വം താങ്ങുന്നവനേ, ഇവൻ അങ്ങയുടെയാണ്: പിന്തിരിഞ്ഞ ഭവാൻ എന്റെ അടുക്കലെയ്ക്കുതന്നെ വന്നാലും. മന്യോ, വജ്രിൻ, അവിടുന്ന് എങ്കലെയ്ക്കു തിരിച്ചാലും: നമുക്കു ദസ്യുക്കളെ കൊല്ലാം. അവിടുന്നു ബന്ധുവിനെ ഓർക്കണേ! 6

ഭവാൻ വന്നാലും, എന്റെ വലത്തു നിന്നാലും: എന്നിട്ടു, നാം വൈരികളെ വളരെ വധിയ്ക്കുക. അവിടെയ്ക്കു ഞാൻ ധാരകമായ മികച്ച മധു ഹോമിയ്ക്കാം; നമുക്കിരുവർക്കുംകൂടി, ഒളിവിൽ ഒന്നാമതു കുടിയ്ക്കാം! 7

സൂക്തം 84.

ഋഷി—ദേവതകൾ മുമ്പേത്തവ; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ.

മന്യോ, മരുത്ത്വാനേ, തീപോലുള്ള ആൾക്കാർ ഇമ്പം പൂണ്ടു സലിൽല്ലാതെ, കൂരമ്പുകളും മൂർച്ചകൂട്ടിയ ആയുധങ്ങളുമേന്തി, അങ്ങയോടൊപ്പം ഒരേതേരിൽ പോന്ന് എത്തിച്ചേരട്ടെ! 1

---

4. സഹിയ്ക്കുന്ന——ശത്രുക്കളുടെ ആക്രമണം താങ്ങുന്ന.

5. ദൂരത്തു പെട്ടിരിയ്ക്കുന്നു——ശത്രുക്കളോടു തോററ്, അകലത്തെയ്ക്കു പോന്നിരിയ്ക്കുന്നു.

6. ഇവൻ——ഞാൻ. ബന്ധുവിനെ——ബന്ധുവായ എന്നെ.

7. ധാരകമായ——ദേഹത്തിന്ന് ഒരുന്നായ മധു——സോമരസം.

സൂക്തം 84.

1. മരുത്ത്വാൻ = മരുത്സമേതൻ. ആൾക്കാർ——അങ്ങയുടെ ആളുകൾ. എത്തിച്ചേരട്ടെ——യുദ്ധത്തിൽ സഹായിപ്പാൻ.

മന്യോ, അഗ്നിപോലെ ജ്വലിയ്ക്കുന്ന ഭവാൻ കീഴമൎത്തുക: സഹിഷ്ഠോ, വിളിയ്ക്കപ്പെട്ട ഭവാൻ ഞങ്ങളുടെ സേനാപതിയാവുക, അവിടുന്നു ശത്രുക്കളെക്കൊന്നു ധനം വീതിയ്ക്കുക; കെല്പു തന്നു, ദ്രോഹികളെ ഓടിപ്പിയ്ക്കുക! 2

മന്യോ, ഞങ്ങളുടെ എതിരാളിയെ കീഴമൎത്തുക: നോവിച്ചു ചതച്ചരച്ചുകൊണ്ടു വൈരികളെ നേരിടുക. അങ്ങയുടെ കടുംകരുത്തു് ആർ തടുക്കും? വശിയായ അങ്ങു് ഒററയ്ക്കു വശപ്പെടുത്തുമല്ലോ! 3

മന്യോ, സ്തുതിയ്ക്കപ്പെട്ട ഭവാനൊരാൾ മതി. വളരെപ്പേൎക്കു്: വിരോധിയെ വിരോധിയെ യുദ്ധത്തിന്നുത്തേജിപ്പിയ്ക്കുക. അച്ഛിന്നപ്രകാശ, അങ്ങയുടെ സാഹായ്യത്താൽ ഞങ്ങൾ വിജയത്തിന്നു ദീപ്തമായ സിംഹനാദം മുഴക്കമാറാകണം! 4

മന്യോ, ഇന്ദ്രൻപോലെ വിജയകരനും അനിന്ദിതവചനനുമായ ഭവാൻ ഇവിടെ ഞങ്ങളെ തുലോം രക്ഷിച്ചാലും. സഹിഷ്ഠോ, അങ്ങയ്ക്കു ഞങ്ങൾ അരുമസ്സ്തോത്രം പാടുന്നു: ഇതു് അങ്ങയെ വളൎത്തുന്ന ഒരു നീരുറവാണെന്നു ഞങ്ങൾക്കറിയാം! 5

വജ്രമേ, ശരമേ, കീഴമൎത്തുന്നവനേ, മന്യോ, അഭിഭവത്തോടൊപ്പം ജനിച്ച ഭവാന്നു് ഏററവും മികച്ച കെല്പുണ്ടു്: പുരുഹൂത, യുദ്ധമുണ്ടായാൽ, അവിടുന്നു വേല ചെയ്തു ഞങ്ങളെ സ്നേഹിച്ചാലും! 6

ഒന്നായടക്കപ്പെട്ട രണ്ടുതരം ധനങ്ങൾ വരുണനും മന്യുവും ഞങ്ങൾക്കു നല്കട്ടെ: ശത്രുക്കൾ തോററു പേടിച്ചു പാഞ്ഞൊളിയ്ക്കട്ടെ! 7

---

2. വീതിയ്ക്കുക—ഞങ്ങൾക്കു് പങ്കിട്ടുതരിക. ഓടിപ്പിയ്ക്കുക—ഞങ്ങളെക്കൊണ്ടു്.

3. വശപ്പെടുത്തുമല്ലോ—വൈരികളെ.

4. വളരെപ്പേൎക്കു്—വളരെശ്ശത്രുക്കളെ വധിപ്പാൻ.

5. ഇവിടെ—യജ്ഞത്തിൽ. ഇതു്—സ്തോത്രം. വളൎത്തുന്ന—സസ്യത്തെയെന്നപോലെ തഴപ്പിയ്ക്കുന്ന.

6. അഭിഭവം=പരാഭവം. വേല—സാഹായ്യകൎമ്മം. സ്നേഹിച്ചാലു്—ജയിപ്പിച്ചാലും എന്നു സാരം.

7. പരോക്ഷം: രണ്ടു തരം ധനം—സ്ഥാവരജംഗമസ്വത്തു്.

സൂക്തം 85.

സവിതൃപുത്രി സൂര്യ ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഉരോബൃഹതിയും
ജഗതിയും ഛന്ദസ്സുകൾ; സോമവും വിവാഹവും ദേവന്മാരും
സോമസൂര്യന്മാരും ചന്ദ്രനും ആശീസ്സുകളും വസ്ത്രസ്പർശ
നിന്ദയും രോഗശാന്തിയും ദേവതകൾ.

ഭൂവിനെ സത്യം താങ്ങുന്നു; ദ്യോവിനെ സൂര്യൻ താങ്ങുന്നു.
ദേവന്മാർ യജ്ഞംകൊണ്ടു പുലരുന്നു; സോമം വിണ്ണിൽ കുടികൊ
ള്ളുന്നു. 1

സോമത്താലാണ്, ദേവന്മാൎക്കു ബലം; സോമത്താലാണ്,
പൃഥിവിയ്ക്കു വലുപ്പം; സോമം ഈ നക്ഷത്രങ്ങളുടെ ഇടയിൽ വെയ്ക്ക
പ്പെട്ടിരിയ്ക്കുന്നു. 2

സോമമാണെന്നു കരുതുന്നു, കുടിയ്ക്കുന്നവൻ; (ചിലർ) വല്ലി
പിഴിയുന്നു. എന്നാൽ സോമത്തെ ബ്രാഹ്മണരേ അറിയൂ; മററാരും
അതു നുകരില്ല! 3

സോമ, മറയാൽ മറയ്ക്കപ്പെട്ടു, ബാർഹതർ കാവൽനില്ക്കുന്ന
ഭവാൻ അമ്മികളുടെ ഒച്ച കേട്ടുംകൊണ്ടിരിയ്ക്കുയാണ്; അങ്ങയെ
ഭൂവാസികൾ നുകരില്ല! 4

ദേവ, അങ്ങ് നിശ്ശേഷം കുടിയ്ക്കപ്പെടുന്നു; എന്നാൽ വീണ്ടും
തഴയ്ക്കും: കാററു സോമത്തെ രക്ഷിയ്ക്കുന്നു; സോമം സംവത്സരങ്ങ
വേർതിരിയ്ക്കുന്നു. 5

സൂക്തം 85.

2. സോമശബ്ദത്തിന്നു ചന്ദ്രനെന്നും അർത്ഥമെടുക്കാം.

3. കുടിയ്ക്കുന്നവൻ—ചികിത്സയ്ക്കു സേവിയ്ക്കുന്നവൻ. അതു സാക്ഷാൽ സോമമല്ല. മററാരും—അബ്രാഹ്മണൻ, അയജ്വാവ്; യജ്വാവേ നുകരൂ.

4. ബാർഹതർ—ഏഴു സോമപാലന്മാർ. നുകരില്ല—വിണ്ണിലിരിയ്ക്കുന്ന സോമത്തെ മന്നിലുള്ളവർ എങ്ങനെ നുകരും?

5. ഒടുവിലെ വാക്യങ്ങൾ രണ്ടും പരോക്ഷം: രക്ഷിയ്ക്കുന്നു—വാട്ടവും മററും പററാത്ത വിധത്തിൽ.

'രൈഭി' തുടന്തു നല്ലപ്പെട്ടു; മനുഷ്യരുടെ സ്തുതി ദാസിയുമായി. 'ഗാഥ'യാൽ സംസ്കരിയ്ക്കപ്പെട്ട ശോഭനവസ്ത്രം സൂര്യയുടെ അടുക്കലെത്തി. 6

സൂര്യ ഭർത്താവിൻെറ അടുക്കലെയ്ക്കു പോകുമ്പോഠം, ചിത്തി തലയിണയായി; കണ്ണു മഷിയായി. ദ്യോവും ഭൂവും പണപ്പെട്ടികളായി! 7

സൂര്യയ്ക്കു സ്തോമങ്ങഠം ഇരുപ്പടിയും മററുമായി. കുരീരമെന്ന ഛന്ദസ്സ് ചാരുമെത്തയായി. അശ്വികഠം വരന്മാരായി; അഗ്നി മുന്നാളുമായി! 8

സോമൻ വധുവിനെ കാമിച്ചു; അപ്പോഠംത്തന്നെയാണ്, അശ്വികളിരുവരും വരന്മാരായത്. സവിതാവാകട്ടേ, വിവാഹപ്രായമെത്തിയ സൂര്യയെ സോമന്നു കൊടുത്തു. 9

ഗൃഹത്തിലെയ്ക്കു പോകുന്ന സൂര്യയ്ക്കു, തൻെറ മനസ്സു വണ്ടിയായി; വാനം മേൽക്കൂടായി; സൂര്യചന്ദ്രന്മാർ ഇരുകാളകളായി! 10

ഋക്സാമങ്ങഠംകൊണ്ടു നുകം വെയ്ക്കപ്പെട്ട നിൻെറ ഇരുകാളകഠം ഒരേ മട്ടിൽ നടന്നു; ഭവതിയുടെ ചെവികഠം ചക്രങ്ങളായി; ആകാശമാർഗ്ഗം അത്യന്തം ഇളകിയിരുന്നു! 11

ഭർത്തൃസമീപത്തെയ്ക്കു പോകാൻ സൂര്യ മനോവണ്ടിയിൽ കേറി: പോകുന്ന ഭവതിയ്ക്കു ചെവികഠം ചക്രങ്ങളായി: വ്യാനവായു അച്ചുതണ്ടായി! 12

---

6. സ്വവിവാഹസ്തുതിയാണ്, ഇതുമുതൽ പതിനൊന്ന് ഋക്കുകളിൽ. രൈഭി—ഒരു തരം ഋക്ക്. നല്ലപ്പെട്ടു—കളിത്തോഴിയായി നല്ലപ്പെട്ടു. സ്തുതി ദാസിയുമായി—സ്തുതിയെ ദാസിയായി നല്കി. ഗാഥ—ബ്രാഹ്മണങ്ങളിൽ പ്രസ്താവിയ്ക്കപ്പെട്ടിട്ടുള്ള ഒരുതരം പാട്ട്; ഇവളാണ്, വസ്ത്രം വൃത്തിപ്പെടുത്തിയത്. സൂര്യയുടെ—വധുവായ എൻെറ.

7. ഭർത്താവ്—സോമൻ. ചിത്തി—ജ്ഞാനദേവത. കണ്ണു—വൃത്രൻെറ കൃഷ്ണമണി ത്രികകുത്തെന്ന പർവതത്തിൽ വീണു; അതിലുണ്ടായിവന്ന ഒരു തരം കണ്ണെഴുത്തുമഷി.

8. സ്തോമങ്ങഠം—ഒരു തരം സ്തോത്രങ്ങഠം. മുന്നാഠം—വേളി പറയാൻ മുമ്പേ പോകുന്ന ആഠം.

9. കൊടുത്തു—കൊടുക്കാൻ നിശ്ചയിച്ചു. എന്നാൽ അശ്വികഠം പന്തയത്തിൽ ജയിച്ച് അവളെ കൈക്കലാക്കി.

11. തന്നോടുതന്നേ പറയുന്നു: ഇളകിയിരുന്നു—വണ്ടി ഓടുമ്പോഠം.

സൂര്യയ്ക്കു സവിതാവു കൊടുത്ത സ്ത്രീധനം കൊണ്ടുപോയ്ക്കഴി ഞ്ഞിരുന്നു: ഗോക്കരം മകംനാളിൽ തെളിയ്ക്കപ്പെട്ടു; മററുള്ളവ ഉത്രം നാളിൽ കേററിയയയ്ക്കപ്പെട്ടു. 13

അശ്വികളേ, നിങ്ങരം സൂര്യയുടെ വേളി ചോദിപ്പാൻ മൂവു രുരംത്തേരിലൂടേ പോയല്ലോ; അതിന്നു ദേവന്മാരെല്ലാം നിങ്ങരംക്ക വിട തന്നു; പുത്രനായ പൂഷാവ് അച്ഛന്മാരെ വരിച്ചു. 14

വെള്ളത്തിന്റെ ഉടമസ്ഥന്മാരായ നിങ്ങരം സൂര്യയെ കിട്ടാൻ യാചിതവ്യന്റെ അടുക്കലെയ്ക്കു പോകയുണ്ടായല്ലോ; അന്നു നിങ്ങ ളുടെ ഒരു ചക്രം എവിടെയായിരുന്നു? എവിടെയാണ്, നിങ്ങരം ദാനത്തിന്നിരുന്നത്? 15

സൂര്യേ, നിന്റെ ആ ഋതുനിർദ്ദിഷ്ടങ്ങളായ രണ്ടു ചക്രങ്ങളെ ബ്രാഹ്മണരറിയും; എന്നാൽ ഗുഹയിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്ന ഒരു ചക്രം മേധാവികളേ അറിയൂ. 16

സൂര്യയെയും, ദേവന്മാരെയും, മിത്രനെയും വരുണനെയും, ജീ വജാലത്തെ സ്നേഹിയ്ക്കുന്ന എല്ലാവരെയും ഞാൻ ഇതാ, നമസ്കരി യ്ക്കുന്നു. 17

ഈ ഇരുവർ അറിഞ്ഞുംകൊണ്ടു മുമ്പുപിമ്പായി സഞ്ചരിയ്ക്കു ന്നു. ഈ കളിക്കുട്ടികരം യാഗത്തിന്നു പോകാറുണ്ട്. ഒരുവൻ ഉല കെല്ലാം നോക്കിക്കാണുന്നു; മററവൻ ഋതുക്കളെ ഉളവാക്കി, വീണ്ടും ജനിയ്ക്കുന്നു! 18

---

13. ഗോക്കളെ സോമഗൃഹത്തിലെയ്ക്കു മകംനാളിലും, മററുള്ളവ ഉത്രം നാളിലും അയച്ചു.

14. ചോദിപ്പാൻ—സവിതാവിനോട്. അച്ഛന്മാരെ വരിച്ചു—അശ്വി കളുടെ ഉദ്യമത്തെ കൈക്കൊണ്ടു.

15. യാചിതവ്യൻ—യാചിയ്ക്കപ്പെടേണ്ടുന്നവൻ, കന്യാപിതാവായ സ വിതാവ്.

16. രണ്ടു ചക്രങ്ങളെ—ചന്ദ്രസൂര്യന്മാരെ. ഗുഹയിൽ വെയ്ക്കപ്പെട്ടിരിയ്ക്കുന്ന —ഗുഹ്യമായ. ഒരു ചക്രം—സംവത്സരം.

17. ഈ ഋക്കിന്നു ദേവന്മാരാണ്, ദേവത: സൂര്യ—സൂര്യപതി.

18. സൂര്യചന്ദ്രസ്തുതി: ഇരുവർ—സൂര്യചന്ദ്രന്മാർ. ഒരുവൻ—സൂര്യൻ. മററവൻ—ചന്ദ്രൻ. ജനിയ്ക്കുന്നു—ചന്ദ്രന്നു ക്ഷയവും വൃദ്ധിയുമുണ്ടല്ലോ.

ചന്ദ്രൻ ജനിച്ചുകൊണ്ടു നവനവനായിത്തീരുന്നു; തിഥികളുടെ അടയാളമായിട്ട്, ഉഷസ്സുകളുടെ മുകളിൽ വരുന്നു; ചെന്നു ദേവന്മാൎക്കു വീതം കൊടുക്കുന്നു; ദീർഘായുസ്സു വളർത്തുന്നു! 19

പിലാശുകൊണ്ടും ഇലവുകൊണ്ടും നിർമ്മിയ്ക്കപ്പെട്ടതും, വിചിത്രരൂപവും, നന്നായുരുളുന്നതും, നല്ല ചക്രങ്ങളുള്ളതുമായ പൊന്നണിത്തേരിൽ സൂര്യേ, നീ കേറുക. ഭർത്താവിന്ന് അമൃതലോകപ്രാപണം സുഖകരമാക്കുക. 20

ഭവാൻ എഴുന്നേല്ക്കുക: ഇവൾ ഭർത്തൃമതിയായിരിയ്ക്കുന്നു. വിശ്വാവസുവിനെ ഞാൻ വണങ്ങി സ്തുതിയ്ക്കുന്നു. ഭവാൻ പിതൃഗൃഹസ്ഥയായ മറെറാരു കന്യകയെ വരിച്ചുകൊൾക: അതാണ്, ജനനാൽ ഭവാന്റെ വീതമെന്നറിഞ്ഞാലും! 21

വിശ്വാവസോ, ഇവിടെനിന്നെഴുന്നേററാലും. അങ്ങയെ വണങ്ങി സ്തുതിയ്ക്കുന്നു. അങ്ങ് മറെറാരു നിതംബിനിയെ വരിയ്ക്കുക; പതിയായ എന്നെ ഭർത്താവിനോടു ചേർത്താലും! 22

ദേവന്മാരേ, ഞങ്ങളുടെ സഖാക്കൾക്കു ശ്വശുരന്റെ അടുക്കലെയ്ക്കു പോകാനുള്ള വഴികൾ മുള്ളും വളവുമില്ലാത്തവയായിത്തീരട്ടെ. അര്യമാവും ഭഗനും ഞങ്ങളെ ശരിയ്ക്കു കൊണ്ടാക്കണം. ജായാപതികൾ നല്ല ഇണയായിവരട്ടെ! 23

സുസുഖനായ സവിതാവു നിന്നെ യാതൊന്നുകൊണ്ടു ബന്ധിച്ചുവോ, ആ വരുണപാശത്തിൽനിന്നു നിന്നെ ഞാൻ മോചിപ്പി

---

19. ചന്ദ്രസ്തുതി: ഉഷസ്സുകളുടെ മുകളിൽ വരുന്നു——കൃഷ്ണപക്ഷാവസാനത്തിൽ. ചെന്നു——പക്ഷാവസാനം പ്രാപിച്ച്; ഇരുപക്ഷങ്ങളുടെയും ഒടുവിൽ. വീതം——ഹവിർഭാഗം.

20. ഇതുമുതൽ ഒമ്പതുക്കുകൾ വിവാഹമന്ത്രങ്ങളായ ആശിസ്സുകളാകുന്നു: അമൃതലോകപ്രാപണം——നിന്നെ അമൃത(ചന്ദ്ര)ലോകത്തെത്തിയ്ക്കൽ.

21. ഭവാൻ——വിശ്വാവസു. ഭവാന്റെ വീതം——ഭവാനുള്ള പങ്ക്. വിശ്വാവസു എന്ന ഗന്ധർവൻ കന്യകമാരുടെ ഉടമയത്രേ; വിവാഹം കഴിഞ്ഞാൽ അവരെ വിട്ടുപോയ്ക്കൊള്ളണം.

22. വരിയ്ക്കുക——ഇച്ഛിച്ചാലും.

23. സഖാക്കൾ വരന്റെ ആൾക്കാർ. ശ്വശുരൻ——വരന്റെ അച്ഛൻ.

ശ്ശുന്നു. നിന്നെ ഞാൻ യജ്ഞസ്ഥാനമായ കർമ്മക്ഷേത്രത്തിൽ, പീഡയേശാത്തവണ്ണം പതിയോടുകൂടി പാർപ്പിയ്ക്കുന്നു. 24

നിന്നെ ഞാൻ ഇവിടെനിന്നു വിടുന്നു, അവിടെനിന്നു വിടില്ല: അവിടെ കെട്ടിയിടും. ഇന്ദ്ര, വൃഷാവേ, നിന്തിരുവടി ഇവളെ സൽപുത്രവതിയും സൌഭാഗ്യവതിയുമാക്കിയാലും! 25

പൂഷാവ് നിന്നെ ഇവിടെനിന്നു കൈപിടിച്ചു നടത്തട്ടെ; അശ്വികൾ നിന്നെ തേരിലൂടേ കൊണ്ടുപോകട്ടെ. നീ ഗൃഹത്തിലെയ്ക്കു പോയ്ക്കൊൾക: നീ ഗൃഹരക്ഷിണിയാവുക; നീ വശത്താക്കി ഭർത്തൃഗൃഹത്തെ ഭരിയ്ക്കുക! 26

ഈ ഗൃഹത്തിൽ നിനക്കു സന്താനവും സന്തുഷ്ടിയും വളരട്ടെ; നീ ഗൃഹഭരണത്തിൽ ഉണർന്നിരിയ്ക്കണം. നീ ശരീരം ഈ കണവങ്കൽ ഒട്ടിച്ചാലും. ഇരുവരും വൃദ്ധരായി ഗൃഹം ഭരിയ്ക്കുവിൻ! 27

കറുത്തു തുടുത്ത കൃത്യ കേറിയാൽ ഒഴിപ്പിയ്ക്കണം: എന്നാലേ, ഇവളുടെ ജ്ഞാതികൾ അഭിവൃദ്ധിപ്പെടുകയും, ഭർത്താവു കെട്ടുകളിൽ കുടുങ്ങുകയും ചെയ്യൂ. 28

നീ വിഴപ്പുവസ്ത്രം ദൂരത്തു കളയുക: ബ്രാഹ്മണർക്കു ധനം കൊടുക്കു. ഈ കൃത്യ നടന്നുചെന്നു, പത്നിയായിച്ചമഞ്ഞു ഭർത്താവിനെ പ്രാപിച്ചേയ്ക്കും! 29

ഭർത്താവു പത്നിയുടെ വസ്ത്രംകൊണ്ടു സ്വദേഹം മറയ്ക്കാനൊരുങ്ങിയാൽ, ഈ ദുഷ്ടത്തിമൂലം, നിറമിയന്ന ശരീരത്തിന്ന് അലക്ഷ്മി പററിപ്പോവും! 30

---

24. വധുവിനോട്: പിറവിയിൽ ഓരോ പ്രാണിയെയും സവിതൃപ്രേരിതനായ വരുണൻ സ്വപാശംകൊണ്ടു ബന്ധിയ്ക്കും.

25. ഇവിടെനിന്നു—പിതൃഗൃഹത്തിൽനിന്ന്. അവിടെനിന്നു—ഭർത്തൃഗൃഹത്തിൽനിന്ന്. കെട്ടിയിടും—എന്നെന്നേയ്ക്കുമായി പാർപ്പിയ്ക്കും.

26. ഭർത്തൃഗൃഹത്തിലെയ്ക്കു പോകുന്ന വധുവിനെ വാഹനത്തിൽ കേററുന്ന മന്ത്രം: നടത്തട്ടെ—രഥസമീപത്തെയ്ക്ക്. ഗൃഹം—ഭർത്തൃഗൃഹം.

27. വധുവിൻെറ ഭർത്തൃഗൃഹപ്രവേശനം: വൃദ്ധരായി—നീണാൾ ജീവിച്ച്.

28. കൃത്യ—അഭിചാരപിശാചി. കെട്ടുകൾ—സംസാരബന്ധങ്ങൾ.

29. വധൂവസ്ത്രസ്പർശനിന്ദനം: വിഴപ്പുവസ്ത്രം കളയാഞ്ഞാൽ, കൃത്യ പത്നീരൂപം ധരിച്ചു ഭർത്താവിനോടു ചേർന്നേയ്ക്കും; അതിന്നിട വരുത്തരുത്. വിഴപ്പുടുത്തതിന്നു പ്രായശ്ചിത്തമായിട്ടാണ്, ബ്രാഹ്മണർക്കു ധനദാനം.

30. ഈ ദുഷ്ടത്തി—കൃത്യ.

സ്വർണ്ണമയമായ സ്ത്രീധനത്തിന്റെ പിന്നാലെ ആളുകളിൽ നിന്നു രോഗങ്ങൾ വന്നുകൂടിയേക്കും; അവയെ യജനീയരായ ദേവന്മാർ, അവ വന്നേടത്തേക്കുതന്നെ തിരിച്ചയയ്ക്കട്ടെ! 31

ദംപതികളെ നേരിടുന്ന ശത്രുക്കൾ വരാതിരിക്കട്ടെ; ഇവരിരുവരും ദുർഗ്ഗമത്തെ സുഗമമാർഗ്ഗത്തിലൂടേ കടക്കട്ടെ; പരിപന്ഥികൾ പാഞ്ഞുപോകട്ടെ! 32

ഇതാ, സുമംഗലിയായ വധു: നിങ്ങൾ വന്നുചേർന്ന് ഇവളെ നോക്കുവിൻ; ഇവൾക്കു സൌഭാഗ്യം കൊടുത്തിട്ട്, ഗൃഹങ്ങളിലേയ്ക്കു തിരിച്ചുകൊൾവിൻ! 33

ഇതു നീറലും എരിവും ഉണ്ടാക്കും; ചീഞ്ഞ സോമച്ചണ്ടിപോലെയാണ്, വിഷംപോലെയാണ്; ഉപയോഗിച്ചുകൂടാ. സൂര്യയെ ശരിക്കറിയുന്ന ബ്രാഹ്മണനേ വധൂവസ്ത്രത്തിന്നർഹനാകൂ. 34

സൂര്യയുടെ അവയവങ്ങൾ നോക്കു: ചായംപിടിപ്പിച്ചത്, തലയിലിട്ടത്, മൂന്നായി വെട്ടിയത് എന്നിവയെ ബ്രാഹ്മണൻ നീക്കുന്നു. 35

ഞാൻ സൌഭാഗ്യത്തിന്നായി നിന്റെ കൈ പിടിക്കുന്നു: നീ ഭർത്താവിനോടൊന്നിച്ചു വേണം, വാർദ്ധക്യമടയുക. ഭഗൻ, അര്യമാവ്, സവിതാവ്, പൂഷാവ് എന്നീ ദേവന്മാർ നിന്നെ എനിക്കു ഗൃഹസ്ഥത്വത്തിന്നായി കല്പിച്ചുതന്നിരിക്കുന്നു. 36

യാതൊന്നു ഞങ്ങളുടെ തുടകളിൽ കാമത്തോടേ ചേരുമോ, യാതൊന്നിൽ കാമികളായ ഞങ്ങൾ ലിംഗം വെച്ചുമയ്ക്കുമോ, യാതൊ

---

31. ക്ഷയരോഗശാന്തി:

32. പരിപന്ഥികൾ = വൈരികൾ.

33. ആശീർവദിക്കുന്നവരോട്:

34. വീണ്ടും വധൂവസ്ത്രപരിത്യാഗം: ഇതു—വിഴുപ്പുവസ്ത്രം. മററു ബ്രാഹ്മണർ വധൂവസ്ത്രം പ്രതിഗ്രഹമായി വാങ്ങരുത്.

35. എന്നിവയെ—ഇങ്ങനെയുള്ള അമംഗളവസ്ത്രങ്ങളെ. നീക്കുന്നു—സൂര്യയുടെ ദേഹത്തിൽനിന്നെടുത്തുകളയുന്നു. ഈ ഋക്കിന്റെ അർത്ഥം സുഗ്രഹമല്ല; വാദവിഷയവുമായിരിക്കുന്നു.

36. പാണിഗ്രഹണമന്ത്രം—വരൻ വധുവിനോടു പറയുന്നു; ഭർത്താവിനോടു (എന്നോടു)കൂടി നീ നീണാൾ ജീവിച്ചിരിക്കുക എന്നു, ദ്വിതീയവാക്യത്തിന്റെ അർത്ഥം.

ന്നിൽ പുരുഷന്മാർ ശുക്ലം വിതസ്സുമോ; പൂഷാവേ, സുമംഗളമായ അതിനെ ഭവാൻ ആകെ പ്രവർത്തിപ്പിച്ചാലും! 37

അഗ്നേ, (ഗന്ധർവന്മാർ) സൂര്യയെ സ്ത്രീധനത്തോടൊപ്പം മുമ്പേ അങ്ങയ്ക്കു നല്കി; അങ്ങു വീണ്ടും കൊടുത്തു. അപ്രകാരം, ഭവാൻ ഭാര്യയെ ഭർത്താക്കന്മാർക്കു സന്താനത്തോടുകൂടി തന്നാലും! 38

അഗ്നി വീണ്ടും പത്നിയെ ആയുസ്സോടും തേജസ്സോടുംകൂടി പ്രദാനംചെയ്തു; ഇവളുടെ കണവൻ ദീർഘായുസ്സായി നൂറുവർഷം ജീവിച്ചിരിയ്ക്കട്ടെ! 39

ആദ്യം സോമന്നു കിട്ടി; രണ്ടാമതു ഗന്ധർവന്നു കിട്ടി. അഗ്നി നിനക്കു മൂന്നാമത്തെ ഭർത്താവായി; നിനക്കു നാലാമതു മനുഷ്യനും. 40

സോമൻ ഇവളെ ഗന്ധർവന്നു കൊടുത്തു; ഗന്ധർവൻ അഗ്നിയ്ക്കു കൊടുത്തു. അഗ്നി പിന്നെ സമ്പത്തോടും പുത്രന്മാരോടുംകൂടി എനിയ്ക്കു തന്നു! 41

നിങ്ങളിരുവരും ഇവിടെത്തന്നെ വസിയ്ക്കുവിൻ; വേർപെടരുത്. പൂർണ്ണായുസ്സു നേടുവിൻ. സ്വഗൃഹത്തിൽ, പുത്രന്മാരോടും പൌത്രന്മാരോടുംകൂടി വിളയാടിക്കൊണ്ടു സന്തോഷിയ്ക്കുവിൻ! 42

പ്രജാപതി നമുക്കു പ്രജയെ ജനിപ്പിയ്ക്കട്ടെ; അര്യമാവു വാർദ്ധക്യംവരെ ഒന്നിച്ചിരുത്തട്ടെ. നീ സുമംഗലിയായി ഭർത്തൃസമീപം പ്രാപിയ്ക്കുക: നമ്മുടെ ഇരുകാലികളെ സുഖിപ്പിയ്ക്കുക; നാല്ക്കാലികളെയും സുഖിപ്പിയ്ക്കുക! 43

നിന്റെ കണ്ണു ഭയംകരമാകരുത്; നീ ഭർത്താവിനെ ഉപദ്രവിയ്ക്കരുത്: നീ മാടുകൾക്കു വേണ്ടതു ചെയ്യുക. നല്ല മനസ്സും നല്ല തേജസ്സുമുള്ളവളാകുക. ആൺകുട്ടികളെ പെറുറു, ദേവഭക്തയായി

---

37. ഞങ്ങളുടെ പുരുഷന്മാരുടെ. അതിനെ––യോനിയെ.

38. ഗന്ധർവന്മാർ––കന്യകയുടെ ഉടമസ്ഥന്മാർ. വീണ്ടും കൊടുത്തു––സോമന്ന്. ഭർത്താക്കന്മാർക്കു––ഞങ്ങൾക്ക്.

40. വധുവിനോട്: സോമനും ഗന്ധർവനും അഗ്നിയും ഭുജിച്ചതിന്നുശേഷമത്രേ, വധു വരനോടു ചേരുന്നത്. അതിനാൽ, വേട്ടവൻ നാലാമത്തെ ഭർത്താവാകുന്നു.

42. വധൂവരന്മാരോട്:

43. വരൻ വധുവിനോട്: ഒന്നിച്ചിരുത്തട്ടെ––നമ്മെ.

ക്ഷേമമുളവാക്കുക; നമ്മുടെ ഇരുകാലികളെ സുഖിപ്പിയ്ക്കുക; നാല്ക്കാലികളെയും സുഖിപ്പിയ്ക്കുക! 44

ഇന്ദ്ര, വൃഷാവേ, നിന്തിരുവടി ഇവളെ സൽപുത്രവതിയും സൌഭാഗ്യവതിയുമാക്കുക: ഇവളിൽ പത്തുപുത്രന്മാരെ ആധാനം ചെയ്യുക; ഭർത്താവിനെ പതിനൊന്നാമനാക്കുക! 45

നീ ശ്വശുരങ്കൽ പെരുമാട്ടിയാവുക; ശ്വശ്രുവിങ്കൽ പെരുമാട്ടിയാവുക; നനാന്ദാവിൽ പെരുമാട്ടിയാവുക; ദേവരന്മാരിൽ പെരുമാട്ടിയാവുക! 46

നമ്മളിരുവരുടെ ഹൃദയത്തിൽ ദേവന്മാരെല്ലാവരും തണ്ണീരുകളും മഷിയെഴുതിയ്ക്കട്ടെ; വായുവും വിധാതാവും ദാനപരയും നമ്മെ ചേർത്തൊട്ടിയ്ക്കട്ടെ! 47

മൂന്നാമധ്യായം സമാപ്തം.

നാലാമധ്യായം.

സൂക്തം 86.

ഇന്ദ്രപുത്രൻ വൃഷാകപിയും ഇന്ദ്രാണിയും ഇന്ദ്രനും ഋഷികൾ; പഞ്ചപദാപംക്തി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('ദാരകാമന്ദിരം'പോലെ.)

'ചൊന്നയച്ചേൻ, പിഴിയുവാൻ;
നണ്ണീലിന്ദ്രത്തമ്പുരാനെ,

---

44. ഭയംകരമാകരുത്—കോപിയ്ക്കരുത് എന്നർത്ഥം.

46. വധുവിനോട്: നീ ശ്വശുരനെയും മററും ഒരു ചക്രവർത്തിനിപോലെ ഭരിയ്ക്കുക. നനാന്ദാവ് = ഭർത്തൃസോദരി. ദേവരന്മാർ—ഭർത്താവിന്റെ അനുജന്മാർ.

47. നമ്മുടെ ഹൃദയത്തെ, മഷിയെഴുതിയ കണ്ണുപോലാക്കട്ടെ, പ്രകാശിപ്പിയ്ക്കട്ടെ. ചേർത്തൊട്ടിയ്ക്കട്ടെ—ഏകചിത്തരാക്കട്ടെ.

സൂക്തം 86.

1 ഇന്ദ്രവാക്യം: ഞാൻ സോമം പിഴിയാൻ സ്തോതാക്കളെ അയച്ചു. എന്നാൽ, അവർ ഇന്ദ്രത്തമ്പുരാനെ' വകവെയ്ക്കാതെ, എന്റെ മകനായ വൃഷാകപി

എന്നിഷ്ടനാം വൃഷാകപി
തന്നെയല്ലോ, യാഗങ്ങളിൽ
നേതാവായി മത്തടിച്ചു;
മീതെ,യിന്ദ്രനെല്ലാററിലും!' 1

'വെക്കം വൃഷാകപിയുടെ
പക്കലെയ്ക്കു പായുന്ന നീ:
ഇന്ദ്ര, ഭവാൻ സോമം കുടി–
യ്ക്കുന്നതിന്നു മറെറങ്ങുമേ
യാതനാകുന്നില്ലയല്ലോ;
മീതെ,യിന്ദ്രനെല്ലാററിലും! 2

പഥ്യം ചെയ്യതെന്തങ്ങയ്ക്കി,–
പ്പച്ചമൃഗം വൃഷാകപി?
ഏററിവരും സമ്പത്തിവ–
ന്നേകുന്നതുണ്ടല്ലോ, ക്ഷിപ്രം
ദാതാവുപോലിവിടുന്നു;
മീതെ,യിന്ദ്രനെല്ലാററിലും! 3

കാത്തുപോരുന്നുണ്ടീ, പ്രിയം
മൂത്ത വൃഷാകപിയെ നീ:
പന്നിയെത്തേടുന്ന പട്ടി
തിന്നേയ്ക്കാം, മിയ്യാളെ ക്ഷിപ്രം;
കാതിൽപ്പിടിച്ചേയ്ക്കാമിന്ദ്ര!
മീതെ,യിന്ദ്രനെല്ലാററിലും! 4

യെയാണ്, സോമംകൊണ്ടു പൂജിച്ചത്. എങ്കിലും, എല്ലാററിലും (എല്ലാ ലോകത്തിലുംവെച്ച്) മീതെ, ഇന്ദ്രൻ(ഞാൻ)തന്നെ.

2. ഇന്ദ്രാണി ഇന്ദ്രനോട്: യാതനാകുക––പോകുക.

3. പച്ചമൃഗം––പച്ചനിറത്തിലുള്ള മൃഗം. ഈ മൃഗത്തിന്ന് ഇത്ര ധനം, ഒരു ദാതാവുപോലെ ഇവിടുന്നു കൊടുത്തുപോരുന്നുണ്ടല്ലോ; അതിന്നു തക്ക എന്തൊരു ഹിതമാണ്, ഇവൻ അങ്ങയ്ക്കു ചെയ്തിട്ടുള്ളത്?

4. ഇവിടുന്നു വൃഷാകപിയെ കാത്തുരക്ഷിയ്ക്കുന്നതു കണ്ടാൽ തോന്നും, ഈ മൊച്ചയെ വല്ല പട്ടിയും പിടിച്ചുതിന്നേയ്ക്കുമെന്ന്;

തീർത്തെനിയ്ക്കു വെച്ച രുച്യം
ചീത്തയാക്കി,യൊരു കപി:
ആകയാൽ, ഞാൻ ദുഷ്ടകർമ്മാ-
വാകുമിവന്റെ തല
കൊയ്തെടുക്കും; നൽകാ സുഖം!
മീതെ,യിന്ദ്രനെല്ലാററിലും! 5

ഇല്ലെ,ന്നെക്കാളസ്സുഭഗയാ;-
ളില്ലെ,ന്നെക്കാളസ്സുഖവതി;
ഇല്ലെ,ന്നെക്കാൾ മൈ വീഴ്ത്തുവോ;
ളില്ലെ,ന്നെക്കാൾത്തുടരണ്ടും
തോതിൽപ്പൊക്കുമൊരു നാരി!
മീതെ,യിന്ദ്രനെല്ലാററിലും!' 6

'അമ്മേ, സുലാഭയാമമ്മേ,
അമ്മട്ടു വരട്ടേ, വെക്കം:
നിൻഭഗവും, നിൻതുടയും,
നിൻതലയുമെന്നച്ഛനെ
മോദിപ്പിയ്ക്കു, കിളിപോലേ!
മീതെ,യിന്ദ്രനെല്ലാററിലും!' 7

'സുഷ്ഠുഭുജേ, സുഷ്ഠ്വംഗുലി,
പൃഷ്ടകേശേ, പൃഥുശ്രോണി,
നമ്മുടെ വൃഷാകപിയോ-
ടിമ്മട്ടിലെന്തിന്നാണു നീ

---

5. രുച്യം---രുചികരമായ ഹവിസ്സ്. ഒരു കപി---വൃഷാകപിയുടെ നാട്ടിലെ ഒരു കുരങ്ങൻ. നൽകാ സുഖം---ഇവനെ ഞാൻ വെറുതേ വിടില്ല!

6. മൈ വീഴ്ത്തുവോൾ---പുരുഷങ്കൽ ശരീരമിടുന്നവൾ. തുട രണ്ടും തോതിൽപ്പൊക്കും---സംഭോഗത്തിൽ യഥാവിധി തുടകളുയർത്തുന്ന; എന്നെക്കാൾ സുരതകുശലയായ ഒരു സ്ത്രീയില്ല.

7. ശകാരിയ്ക്കപ്പെട്ട വൃഷാകപി ഇന്ദ്രാണിയോടു പറയുന്നു: അമ്മട്ടു വരട്ടേ---ഇവിടുന്നു പറഞ്ഞുവല്ലോ, 'എന്നെക്കാൾ ഒരു സംഭോഗവിദഗ്ദ്ധയില്ലെ'ന്ന്; ഈ വിദഗ്ദ്ധത, ഒരു കിളിപോലെ എന്റെ അച്ഛനെ മോദിപ്പിയ്ക്കു, രസിപ്പിയ്ക്കട്ടെ!

ക്രോധിപ്പതു, ശൂരഭാര്യേ?
മീതെ,യിന്ദ്രനെല്ലാററിലും!' 8

'എന്നെ നിസ്സാരയെപ്പോലാ-
ണെണ്ണുന്നതി,ക്കൊലമൃഗം:
ഇന്ദ്രനുടെ പത്നി, മരു-
ദ്വൃന്ദത്തോടു സമേത, ഞാൻ
ജാതകുമാരയുമല്ലോ.
മീതെ,യിന്ദ്രനെല്ലാററിലും! 9

സത്യത്തെപ്പെറുന്ന പെണ്ണാം
പുത്രവതിയിന്ദ്രപത്നി
പുണ്യയജ്ഞത്തിന്നോ യുദ്ധ-
ത്തിന്നോ മുമ്പേ പോകുവോളും
സ്തോതൃപൂജിതയുമല്ലോ;
മീതെ,യിന്ദ്രനെല്ലാററിലും!' 10

'ഇന്നല്ലാരിൽസ്സൌഭാഗ്യവാ-
യ്പി,ന്ദ്രാണിസ്സ്ന്നിവൻ കേട്ടേൻ:
അത്രഭവതിതൻ കാന്തൻ
വൃദ്ധത പെട്ടു,ന്യർപോലേ
വീതപ്രാണനാകില്ലല്ലോ;
മീതെ,യിന്ദ്രനെല്ലാററിലും! 11

ഇന്ദ്രാണി, വൃഷാകപിയാ-
കുന്ന തോഴനില്ലാതേ ഞാൻ
പ്രീതിപ്പെടില്ലി:-വരുടെ
നീർ താവുമിപ്രിയഹവ്യം

8. ഇന്ദ്രൻ ഇന്ദ്രാണിയുടെ കോപം ശമിപ്പിയ്ക്കുന്നു:

9. ഇന്ദ്രാണിയുടെ മറുപടി. കൊലമൃഗം—കൊല്ലുന്ന മൃഗം, വൃഷാകപി. ജാതകുമാര—പുത്രവതി.

10. സത്യത്തെപ്പെറുന്ന—സത്യവിധാത്രിയായ.

11. ഇന്ദ്രൻ ഇന്ദ്രാണിയെ പ്രശംസിയ്ക്കുന്നു: ഇന്നല്ലാരിൽ—ഈ സ്ത്രീകളിൽ വെച്ച്. വീതപ്രാണൻ—മൃതൻ. സാധാരണർപോലെ, വാൎദ്ധക്യം പിടിപെട്ടു ചാകുന്നവനല്ല, അത്രഭവതിയുടെ കാന്തൻ, ഞാൻ.

ആദിതേയർക്കെത്തുമല്ലോ.
മീതെ,യിന്ദ്രനെല്ലാററിലും!' 12

'ക്ഷിപ്രം വൃഷാകപിതായേ,
സൽപുത്രേ, സൽസ്നുഷായുക്തേ,
വിത്തവതി, വൃഷങ്ങളാം
ദത്തസുഖം പ്രിയഹവ്യം
ഓ, തിന്നട്ടേ, നിൻെറയിന്ദ്രൻ:
മീതെ,യിന്ദ്രനെല്ലാററിലും!' 13

'വേവിയ്ക്കാറുണ്ടെരുതിനെ
മൂവഞ്ചി–രുപതൊപ്പം മേ:
തിന്നുമത്തു, തടിയ്ക്കും ഞാ:–
നെന്നുടെ രണ്ടുദരവും
(മേധി) നിറച്ചുപോരുന്നു.
മീതെ,യിന്ദ്രനെല്ലാററിലും!' 14

'മുറംക്കൊമ്പുമായ്പ്പൈക്കൂട്ടത്തിൽ
മുക്രയിടും കാളപോലെ,
തൈർ കടയുമൊലിയും, തേ
കൂർ കരുതിപ്പിഴിഞ്ഞതും
ചേതസ്സുഖമിയററട്ടേ:
മീതെ,യിന്ദ്രനെല്ലാററിലും! 15

---

12. വൃഷാകപി ദേവന്മാരെ ഹവിസ്സുകൊണ്ടു പൂജിയ്ക്കുന്നവനാകയാൽ, എൻെറ സഖാവാണ്; അവനില്ലാഞ്ഞാൽ എനിയ്ക്കു സുഖമുണ്ടാകില്ല. നീർതാവും—വെള്ളംകൊണ്ടു വെട്ടപ്പവരുത്തിയ എന്നർത്ഥം.

13. വൃഷാകപി പറയുന്നു: വൃഷാകപിതായേ — വൃഷാകപിയുടെ, എൻെറ, അമ്മേ. വൃഷങ്ങളം — കാളമാംസം. ദത്തസുഖം — സുഖകരം. നിൻെറ — ഭവതിയുടെ ഭർത്താവായ ഇന്ദ്രൻ.

14. ഇന്ദ്രൻ: മൂവഞ്ചി — രുപത്, പതിനഞ്ചും ഇരുപതും എരുതിനെ മേ (എനിയ്ക്കായി) വേവിയ്ക്കാറുണ്ട്; മേധി (യഷ്ടാവ്) എന്നു കർത്തൃപദം. രണ്ടുദരവും — വയററിൻെറ ഇരുവശവും. നിറച്ചുപോരുന്നു — ഹവിസ്സുകൊണ്ട്.

15. ഇന്ദ്രാണി: മുറംക്കൊമ്പുമായ് — മുള്ളുപോലെ കൂർത്ത കൊമ്പുകളോടുകൂടി. തൈർ — സോമനീരിൽ ചേർപ്പാൻ. തേ = അങ്ങയ്ക്കു്, കൂർ കരുതി, സ്നേഹത്തിന്ന്, ഞാൻ പിഴിഞ്ഞതും — സോമരസവും.

ലിംഗം തുടകൾക്കിടയിൽ–
ത്തങ്ങിച്ചാഞ്ഞോനാളാകില്ലാ;
പള്ളികൊൾകെ, രോമം ചുഴ–
ന്നുള്ള ശേഫം പൊങ്ങുന്നോനേ
മൈഥുനത്തിന്നാളായ്‌വരൂ.
മീതെ,യിന്ദ്രനെല്ലാററിലും!' 16

'ലിംഗം തുടകൾക്കിടയിൽ–
ത്തങ്ങിച്ചാഞ്ഞോനാളായ്‌വരും;
പള്ളികൊൾകെ രോമം ചുഴ–
ന്നുള്ള ശേഫം പൊങ്ങുന്നോനോ,
മൈഥുനത്തിന്നാളായ്‌വരാ.
മീതെയിന്ദ്രനെല്ലാററിലും!' 17

'തൻനാട്ടിലില്ലാത്തൊന്നിനെ–
ക്കൊന്നെടുത്തീ വൃഷാകപി
വെട്ടുകത്തി, പുതുചട്ടി,
പുഷ്ടേന്ധനശകടവും
സാധിതമാക്കട്ടെ,യിന്ദ്ര;
മീതെ,യിന്ദ്രനെല്ലാററിലും!' 18

'മേധിയെയും ദാസനെയും
വേർതിരിച്ചു ചെല്ലുമീ ഞാൻ:
പകപഹൃത്തായ്പ്പിഴിവോന്റെ
പക്കൽക്കുടിക്കുകയും ചെയ്യും;

16. ആളാകില്ലാ—മൈഥുനത്തിന്ന്. പള്ളികൊൾകെ = കിടക്കുമ്പോൾ.

17. ഇന്ദ്രൻ: തൽക്കാലം വികാരം തോന്നാഞ്ഞതിനാലാണ്, ഇന്ദ്രൻ വിപരീതം പറഞ്ഞത്.

18. ഇന്ദ്രാണി: ഒന്നിനെ—ഒരു മൃഗത്തെ. വെട്ടുകത്തി—നറുക്കുന്ന കത്തി. പുഷ്ടേന്ധനശകടം—നിറയെ വിറകു കേററിയ വണ്ടി. സാധിതമാക്കട്ടെ—സമ്പാദിക്കട്ടെ. ഒരന്യദേശമൃഗത്തെ കൊന്നു, കറിവെയ്ക്കട്ടെ.

19. ഇന്ദ്രൻ: മേധിയെയും ദാസനെയും വേർതിരിച്ചു—യഷ്ടാവിനെയും അസുരനെയും തിരിച്ചറിഞ്ഞ്. ചെല്ലും—യഷ്ടാവിങ്കൽ. പക്കൽ—സമീപത്ത്.

മേധാവിയെപ്പാടേ നോക്കം.
മീതെ,യിന്ദ്രനെല്ലാററിലും! 19

കററിക്കാട്ടം മരുവുമാ—
യൊട്ടേ സ്ഥലമുള്ളവല്ലോ;
ചാരേനിന്ന ഗൃഹത്തെയ്ക്കു
പോരിക നീ വൃഷാകപേ;
മേധത്തിലും വരിക, നീ.
മീതെ,യിന്ദ്രനെല്ലാററിലും!' 20

'പേത്തുവരികെ:—ഞങ്ങൾ തുഷ്ടി
ചേത്തുവെയ്ക്കാം, വൃഷാകപേ;
സ്വപ്നങ്ങളെ നശിപ്പിയ്ക്ക-
മിമ്പ്ഭവാന വീണ്ടും ഗൃഹേ
സാധുമാർഗ്ഗത്തുടേ പോകാം.
മീതെ,യിന്ദ്രനെല്ലാററിലും!' 21

'ഇന്ദ്ര, വാനിലൂടേ ഗൃഹേ
വന്നാലും, നീ വൃഷാകപേ.
എങ്ങാ,ത്തീററയേറും മൃഗ?—
മെങ്ങോട്ടു ഗമിച്ചാനാവോ,
മോദം ലോകക്കേകുമവൻ?
മീതെ,യിന്ദ്രനെല്ലാററിലും!' 22

കുടിയ്ക്കുയും ചെയ്യും——സോമം. മേധാവിയെപ്പാടേ നോക്കം——അസുരനെ ഓടിച്ചു, യഷ്ടാവിനെ കാത്തുരക്ഷിയ്ക്കും.

20. ശത്രുഗൃഹത്തിന്റെയും, നമ്മുടെ ഗൃഹത്തിന്റെയും ഇടയിൽ കററിക്കാട്ടം മരുനിലവുമായി കുറച്ചിടമേ ഉള്ളവല്ലോ; ശത്രുഗൃഹം ഏറെ അകലത്തല്ല എന്നത്ഥം. ചാരേനിന്ന്——ആ ശത്രുഗൃഹത്തിന്റെ അരികിൽനിന്ന്.

21. വന്നു തിരിയേപോകുന്ന വൃഷാകപിയോടു വീണ്ടും ഇന്ദ്രൻ പറയുന്നു: ഞങ്ങൾ——ഞാനും ഇന്ദ്രാണിയും. തുഷ്ടി ചേത്തുവെയ്ക്കാം——നിനക്ക പ്രീതി വരുത്താം. സ്വപ്നങ്ങളെ നശിപ്പിയ്ക്കും——ഉറക്കം പോക്കുന്നേ; സൂര്യന്റെ മൂത്തിഭേദമത്രേ, വൃഷാകപി.

22. പോയി മടങ്ങിവന്ന വൃഷാകപിയോട് ഇന്ദ്രാണി ചോദിയ്ക്കുന്നു: ഇന്ദ്ര——മികച്ച ഐശ്വര്യമുള്ളവനേ. ആ മൃഗം——വൃഷാകപി, നീ. ലോകക്ക് മോദം ഏകുന്ന അവൻ (വൃഷാകപി) എങ്ങോട്ടു പോയി, ആവോ?

അപ്പർശ്ശു മാനവി പെററാ,-
ളൊപ്പമെനാങ്കുണ്ണികളെ:
അസ്ത്രമേ, വരിക,വാംക്ക
ഭദ്ര;- മവളുടെ വയർ
മേദുരമായ്ച്ചമഞ്ഞല്ലോ!
മീതെ,യിന്ദ്രനെല്ലാററിലും! 23

സൂക്തം 87.

ഭരദ്വാജഗോത്രൻ പായു ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകരം: രക്ഷോഹാഗ്നി ദേവത.

(കേക)

നെയ്കൊണ്ടു രക്ഷോഹാവാമഗ്നിയെ ഹോമിയ്ക്കുന്നേൻ,
കൂർകൊണ്ട കരുത്തനെശ്ശരണം പ്രാപിയ്ക്കുന്നേൻ:
കർമ്മികരം കത്തിയ്ക്കയാൽപ്പടന്നത്തീക്ഷ്ണജ്വാലൻ
നമ്മെ ഹിംസ്രനിൽനിന്നു കാക്കട്ടേ, ദിവാനിശം! 1

ജാതവേദസ്സേ, കത്തിക്കാരിരിമ്പേകിർ പൂണ്ടു
യാതുധാനരെജ്ജ്വാലകൊണ്ടൊന്നു തൊടുക നീ—
നക്കുക, തിരുനാക്കാലിറച്ചിതീനികളെ;-
യക്കൊലയാളികളെ നുറുക്കി വായ്ക്കൊണ്ടാലും! 2

---

23. ആ മാനവി(മനുപുത്രി)യായ പർശ്ശു ഏനാങ്കുണ്ണികളെ (ഇരുപതു പുത്രന്മാരെ) ഒപ്പം പെററു. അസ്ത്രമേ—ഇന്ദ്രൻ എയ്ത ശരമേ. അവാംക്ക ഭദ്രം വരിക—പർശ്ശുവിന്നു നന്മ വരട്ടെ. മേദുരമായ്ച്ചമഞ്ഞുവല്ലോ—ഉള്ളിൽ ഇരുപതു കുട്ടികളെ വഹിച്ചതിനാൽ വീത്തുതടിച്ചുവല്ലോ.

സൂക്തം 87.

1. രക്ഷോഹാവ്=രക്ഷസ്സുകളെ ഹനിയ്ക്കുന്നവൻ. കൂർകൊണ്ട—സഖാവായ. ഹിംസ്രൻ—രാക്ഷസൻ.

2. കാരിരിമ്പേകിർ—ഇരിമ്പിന്നൊത്ത മൂച്ചയുള്ള ദംഷ്ട്ര. തിരുനാക്ക്—ജ്വാല. ഇറച്ചിതീനികരം=മാംസാശനർ, രക്ഷസ്സുകരം.

രണ്ടെകിറുള്ളോനേ, നീ മൂർച്ച ചേർത്തരക്കരിൽ
ക്കൊണ്ടുവെയ്ക്കുക, രണ്ടും; രക്ഷിയ്ക്കു, മേലും കീഴും.
അന്തരിക്ഷത്തിൽച്ചുററിക്കൊണ്ടു തമ്പുരാനേ, നീ
ദന്തങ്ങരം പതിപ്പാലു,മക്കൊലയാളികളിൽ! 3

കണകരം സസ്തോത്രമാം യജ്ഞത്താൽ വളച്ചു. ത—
ന്മുനകളിടിത്തിയ്യിൽപ്പഴപ്പിച്ചഗ്നേ, ഭവാൻ
അരക്കരുടെ നെഞ്ഞത്തവ കൊണ്ടാഞ്ഞെയ്യാലു;—
മറുക്കുക,വററിൻെറ നേരിടും ഭുജങ്ങളും! 4

അവിടുന്നഗ്നേ, പൊളിച്ചരുരംക, രക്ഷസ്സിൻ തോ;-
ലവനെപ്പൊള്ളിച്ചു കൊല്ലട്ടെ, നിൻകൊലവജ്രം;
നുറുക്കുകേ,പ്പുകളും ജാതവേദസ്സേ, ഭവാ;-
നിറച്ചി തേടും ഹിംസ്രർ തിന്നട്ടേ, നികൃത്തനെ! 5

എങ്ങാനുമിരിപ്പതോ, സാമ്പ്രതം ചരിപ്പതോ,
പൊങ്ങിയന്തരിക്ഷത്തിൽപ്പറക്കുന്നതോ കണ്ടാൽ
എയ്യാലു,മവൻെറ നേക്കെയ്ത്തുകാരനാം ഭവാൻ
ജാതവേദസ്സാമഗ്നേ, മൂർച്ചകൂട്ടിയ ബാണം! 6

മുൻനടത്തുക, കൊല്ലും രക്ഷസ്സിൻ പിടുത്തത്തിൽ-
നിന്നെന്നെച്ചുരികയാലഗ്രിമൻ ഭവാനഗ്നേ:
വിജ്വലിച്ചു,വനെ നീ ജാതവേദസ്സേ, വീഴ്ത്തു—
ക;-ച്ചിച്ചശിയ്ക്കട്ടേ, പച്ചതീനികരം ഗൃധ്രർ! 7

ഇന്നവനരക്ക,നിതിന്നവനി,ത്തു ചെയ്വ.
തിന്നവനെന്നെന്നോടു ചൊൽകിങ്ങു, യുവാഗ്ര്യ, നീ:

---

3. രണ്ടും—രണ്ടെകിറും മേലും കീഴും—ഉപരിലോകവും അധോലോകവും. ദന്തങ്ങരം—ജ്വാലകരം.

4. കണകരം=ശരങ്ങരം. സസ്തോത്രമാം യജ്ഞത്താൽ—ഞങ്ങളുടെ സ്തോത്രംകൊണ്ടും യജ്ഞംകൊണ്ടും. തന്മുനകരം=അവയുടെ (കണകളുടെ) അഗ്രങ്ങരം. നേരിടും—പൊരുതാൻ അങ്ങയുടെ നേക്കു നീട്ടുന്ന.

5. ഇറച്ചി തേടും ഹിംസ്രൻ—മാംസഭോജിയായ ചെന്നായയും മററും. നികൃത്തനെ—നുറുക്കപ്പെട്ട രാക്ഷസനെ.

6. സാമ്പ്രതം—ഇപ്പോരം. അവൻെറ നേക്ക്—രാക്ഷസൻെറ നേരേ.

7. മുൻനടത്തുക—പിടുത്തം വിടുവിച്ചു മുമ്പോട്ടു കൊണ്ടുപോയാലും. ഉച്ചലിച്ച്—പറന്നെത്തി. പച്ചതീനികരം—പച്ചമാംസം തിന്നുന്ന. ഗൃധ്രർ=കഴുകന്മാർ.

അവനെക്കൊല്ലാനോങ്ങുകച്ചിസ്സാ— ലിരയാക്ക—
കവനെ നൃദർശിയാം നിന്നുടെ തേജസ്സഗ്നേ! 8

അധ്വരം പ്രചേതസ്സു, കാക്കുക, തീക്ഷ്ണാർച്ചിസ്സാൽ-
സ്വത്തിനായ് നേരേ കൊണ്ടുപോക, നീയഗ്നേ, യജ്ഞം:
മർത്ത്യരെ നോക്കുന്നോനേ, ദ്രോഹിയാസ്സുരക്കന്മാർ,
കത്തിയാളീടും രക്ഷോഹന്താവാകിയ നിന്നെ; 9

നരരിൽച്ചുററും നോക്കി രക്ഷസ്സിൻ തല മൂന്നായ്
നുറുക്കീടണമഗ്നേ, മാനുഷദ്രഷ്ടാവാം നീ;
എരിയ്ക്കുക,വന്നുടെ ക്കൂട്ടുകാരെയും ചൂടാ;—
ലരക്കന്നുടെ കാല്യം മൂന്നായി മുറിച്ചാലും! 10

ബദ്ധനാകട്ടേ, രക്ഷസ്സഗ്നേ, മൂന്നരു നിന്നാൽ:—
സ്സത്യത്തെയസത്യത്താൽക്കെടുത്തുമവനെ നീ
ജാതവേദസ്സേ, തേജസ്സാലിട്ടു ചതച്ചാലും;
സ്തോതാവിന്നുടെ മുന്നിൽവെച്ചരിഞ്ഞെറിഞ്ഞാലും! 11

കുളമ്പാൽ മാന്തും യാതുധാനനെ നോക്കും തൃക്ക—
ണ്ണുഗ്രമവന്റെ നേക്ക്റെിക, ഭവാനഗ്നേ—
സത്യത്തെക്കെടുത്തുന്ന മൂഢനെയഥർവാവിൻ
പുത്രൻപോലെരിച്ചാലും, ദിവ്യമാമർച്ചിസ്സിനാൽ! 12

ഇന്നാളിലാണും പെണ്ണും തങ്ങളിൽ മുറയിട്ടാൽ,
നിന്നു തീക്ഷ്ണമാം വാക്യം സ്തോതാക്കൾ ചൊന്നാലഗ്നേ
ക്രുദ്ധമായ്ത്തീരും നിന്നുൾക്കാമ്പിൽനിന്നുണ്ടാകുന്നൊ—
രസ്ത്രമാഞ്ഞെയ്താലും, നീയരക്കരുടെ നെഞ്ചിൽ! 13

---

8. ഇതു—യജ്ഞദൂഷണം. ഇങ്ങു—യജ്ഞത്തിൽ. ഓങ്ങുക—ഒരുങ്ങുക. ഇരയാക്കുക—ചുട്ടെരിക്കട്ടെ നൃദർശിയാം—മനുഷ്യരെ നോക്കിക്കാണുന്ന.

11. സ്തോതാവിന്നുടെ—സ്തുതിയ്ക്കുന്ന എന്റെ.

12. കുളമ്പാൽ മാന്തും—കുളമ്പുകൾപോലുള്ള നഖങ്ങൾകൊണ്ടു സജ്ജനങ്ങളെ മാന്തുന്ന, ദ്രോഹിയ്ക്കുന്ന. തൃക്കണ്ണ്—തേജസ്സ്. അഥർവാവിൻ പുത്രൻ—ദധീചൻ.

13. അഗ്നേ, സ്ത്രീപുരുഷന്മാർ തങ്ങളിൽ ശകാരിയ്ക്കുകയോ സ്തോതാക്കൾ നിന്നു തീക്ഷ്ണമായി സംസാരിയ്ക്കുകയോ ചെയ്താൽ, ഭവാന്റെ ഹൃദയത്തിൽനിന്ന് അരിശംമൂലം ഒരസ്ത്രം പുറപ്പെടുമല്ലോ; അത് അരക്കരുടെ നെഞ്ഞത്ത് ആഞ്ഞെയ്താലും, അവരെ കൊന്നാലും.

യാതുധാനരെയഗ്നേ, പൊള്ളിച്ചു കൊന്നാലും, നീ;
കൈതുടന്നരക്കരെച്ചൂടിനാൽക്കൊന്നാലും, നീ;
കൊലയാളരെയർച്ചിസ്സാലിട്ടുകൊന്നാലും, നീ;
ജ്വലിച്ചു കൊന്നാലും, നീയുതിരം മോന്തുന്നോരെ! 14

കൊല്ലപ്പെട്ടെ, ദേവന്മാരിന്നുയിർ പോക്കീടുന്നോനെ;—
ച്ചെല്ലട്ടെ,യവന്റെ നേർക്കെരിയും ശപഥങ്ങൾ;
ശരങ്ങൾ പതിയ്ക്കട്ടേ, നുണ ചൊൽവോൻതൻ മർമ്മ;—
ത്തരക്കർ വിഭുവിന്റെ വലയിൽക്കുടുങ്ങട്ടേ! 15

ഏവനോ നരമാംസമേവനോ ഹയമാംസ,—
മേവനോ മാടിൻമാംസം വയററിൽച്ചെലുത്തുന്നു;
പയ്യിൻ പാൽ കവരുന്നതേവനോ; തേജസ്സിനാൽ—
ക്കൊയ്യേണ,മവരുടെ തലകൾ ഭവാനഗ്നേ! 16

ഓരാണ്ടാലൊരു പയ്യിന്നുണ്ടാം പാലരക്കന്മാർ
കേറി മോന്തരുതഗ്നേ, മർത്ത്യരെ നോക്കുന്നോനേ:
ആരമൃതിനാൽക്കമ്പ വീർപ്പിപ്പാനൊരുങ്ങുമോ,
നേരിട്ടുമവനെ നീ മർമ്മത്തെയ്യുക, ഭാസ്സാൽ! 17

ഗോക്കൾതൻ വിഷം മോന്തിക്കൊള്ളട്ടേ നക്തഞ്ചരർ
നേക്കെഴിതിയ്ക്കായയ്ക്കൊയ്യപ്പെട്ടട്ടേ, ദുരാധർഷർ;
ഇവരെസ്സവിതാവാം ദേവനേകട്ടേ, തിന്നാ;—
നിവർക്കു കിടയ്ക്കൊല്ലാ, സസ്യങ്ങളുടെ ഭാഗം! 18

---

14. ഉതിരം മോന്തുന്നോരെ——ചോര കടിയ്ക്കുന്നവരെ, രാക്ഷസരെ.

15. ഉയിർ പോക്കീടുന്നോനെ——പ്രാണികളെ കൊല്ലുന്ന രാക്ഷസനെ. എരിയും ശപഥങ്ങൾ——നമ്മുടെ കടുശാപങ്ങൾ, ശരങ്ങൾപോലെ അവന്റെ നേർക്കു ചെല്ലട്ടെ നുണ ചൊല്ലവോൻ——രാക്ഷസൻ. വിഭുവിന്റെ——സർവവ്യാപിയായ അഗ്നിയുടെ.

17. അമൃതിനാൽ——ഞങ്ങളുടെ പയ്യിന്റെ സുധാസദൃശമായ പാൽ കുടിച്ചു. ഭാസ്സാൽ——തേജസ്സാകുന്ന ശരംകൊണ്ട്.

18 ഗോക്കൾതൻ വിഷം മോന്തിക്കൊള്ളട്ടെ——പാലിന്നു പകരം പൈക്കളെത്തീണ്ടുന്ന വിഷം കുടിച്ചുകൊള്ളട്ടെ. കൊയ്യപ്പെടട്ടേ——ഭവാന്റെ ആയുധങ്ങളാൽ. തിന്നാനേകട്ടേ——ശവഭോജികൾക്ക്; കൊന്നു വീഴിയ്ക്കട്ടേ എന്നർത്ഥം.

നീണാളായ്ച്ചുതച്ചുപോരുന്നു, നീയരക്കരെ;—
ക്കൌണപർ തോല്പിച്ചിട്ടില്ല,ഞങ്ങളെപ്പടകളിൽ.
നീ വേരോടെരിച്ചാലും, മാംസാശികളെ ക്രമാൽ;
വേർവിടൊല്ലഗ്നേ, നിൻദിവ്യാസ്ത്രത്തിൽനിന്നക്കൂട്ടർ! 19

ഞങ്ങളെസ്സംരക്ഷിയ്ക്ക, വടക്കും തെക്കും ഭവാ;—
നങ്ങനെ പടഞ്ഞാറും കിഴക്കും ഭവാനഗ്നേ:
നിന്നുടെ പൊള്ളിയ്ക്കുന്ന നിർജ്ജരജ്വാലാമാല—
തന്നിൽ വെന്തടിയട്ടേ, പൊല്ലാപ്പു പുലമ്പുന്നോൻ! 20

കിഴക്കും മേക്കും തെക്കും വടക്കും കവിയ്ക്കൊത്ത
തൊഴിലാൽപ്പാലിച്ചാലും, പുരാനേ, കവിയാം നീ
അജരൻ ഭവാൻ തോഴ, ജര ചേർക്കുക, തോഴ—
ന്ന,മരൻ ഭവാൻ മൃത്യുവശ്യരാമെങ്ങൾക്കഗ്നേ! 21

ശക്തിജാതനാമഗ്നേ, പൂരകൻ, ധീമാൻ, ധൃഷ്ണു,
നിത്യഹിംസ്രഘ്നൻ നിന്നെദ്ധ്യാനിയ്ക്കുമാറാകെങ്ങൾ! 22

വാരുററ തീവ്രാർച്ചിസ്സാൽ പ്പൊള്ളിയ്ക്കും ചുരികയാൽ
നീറാക്കുക,ങ്ങുന്നഗ്നേ, ഹിംസ്രരാമരക്കരെ! 23

'എന്തിനി'യെന്നാം രക്ഷോദ്വന്ദ്വത്തെച്ചുട്ടക,ഗ്നേ:
വൻധീമൻ, സ്തുതിച്ചു, ഞാ;നുണരൂ, ദുർദ്ധർഷൻ നീ! 24

---

19. കൌണപർ = രാക്ഷസന്മാർ: നിൻദിവ്യാസ്ത്രത്തിൽനിന്ന്——അങ്ങ ടെ ദിവ്യായുധത്തിൽനിന്ന്. വേർവിടൊല്ല——ഒഴിഞ്ഞുപോകരുത്.

20. നിർജ്ജരജ്വാലാമാല——അക്ഷീണമായ ജ്വാലാസമൂഹം. പൊല്ലാപ്പു പുലമ്പുന്നോൻ——രാക്ഷസൻ.

21. മേക്ക്——പടിഞ്ഞാറ്. കവിയ്ക്കൊത്ത——ക്രാന്തദർശിയ്ക്കനുരൂപമായ. തോഴന്ന്——സ്തോതാവായ എനിയ്ക്ക് ജര ചേർക്കുക——ദീർഘായുസ്സു തന്നാലും. മൃത്യുവശ്യരായ——മരണധർമ്മാക്കളായ. എങ്ങൾക്ക ജര ചേർക്കുക; മൂന്നാംപാദത്തിൻെറ വിവരണമാണ്, നാലാംപാദം.

22. ശക്തിജാതൻ——അരണിമഥനബലത്തിൽനിന്നു ജനിച്ചവൻ. പൂരകൻ——സ്തോതാക്കൾക്ക് അഭീഷ്ടം നിറവേററുന്നവൻ: നിത്യഹിംസ്രഘ്നൻ——എന്നെന്നും ഹിംസകരെ (രാക്ഷസരെ) ഹനിയ്ക്കുന്നവൻ.

24. എന്തിനിയെന്നാം——ഇനിയെന്ത് എന്നു ഞെളിയുന്ന രക്ഷോദ്വന്ദ്വത്തെ = രാക്ഷസസ്ത്രീപുരുഷന്മാരെ. വൻധീമൻ——വലിയ ബുദ്ധിമാനേ. ഉണരൂ——രക്ഷോഹനനത്തിൽ ജാഗരൂകനായാലും.

മുടിയ്ക്കു, ഭാസ്സാലരക്കന്റെ കയ്യേറ്റം കരു–
ത്തോ;–ടിയ്ക്കു, ഭവാനഗ്നേ, യാതുവിൻ വീറും നീളേ! 2

സൂക്തം 88.

അംഗിരോഗോത്രനോ വാമദേവഗോത്രനോ ആയ മൂർദ്ധന്വാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സൂര്യവൈശ്വാനരാഗ്നി ദേവത.

നിജ്ജരവും പ്രിയവുമായ യാതൊരു പാനീയഹവിസ്സു സ്വ
ർഗ്ഗത്തിൽപ്പെരുമാറുന്ന സൂര്യജ്ഞനായ അഗ്നിയിൽ ഹോമിയ്ക്കപ്പെട്ട
മോ; അത് ഉണ്ടാക്കാനും സംഭരിപ്പാനും സൂക്ഷിപ്പാനുമായി സുഖ
കരനെ ദേവന്മാർ അന്നംകൊണ്ടു തടിപ്പിച്ചുപോരുന്നു. 1

ഇരുട്ടിനാൽ വിഴുങ്ങപ്പെട്ടു മറഞ്ഞുകിടന്നിരുന്ന ജഗത്തെല്ലാം,
യാതൊരഗ്നി ജനിച്ചപ്പോളാണോ, വെളിപ്പെട്ടത്, ആ ഇദ്ദേഹ
ത്തിന്റെ സഖ്യത്തിൽ ദേവന്മാരും ദ്യോവും ഭൂവും അന്തരിക്ഷവും
തണ്ണീരുകളും സസ്യങ്ങളും സന്തുഷ്ടിയടഞ്ഞു! 2

ആർ തേജസ്സുകൊണ്ട് ഈ ഭൂവിനെയും ദ്യോവിനെയും––വാ
നുഴികളെയും––അന്തരിക്ഷത്തെയും വിസ്താരപ്പെടുത്തുന്നുവോ, ആ
അജരനും മഹാനുമായ അഗ്നിയെ യജ്ഞാർഹരായ ദേവന്മാരാൽ
ചിക്കെന്നെയയ്ക്കപ്പെട്ട ഞാൻ സ്തുതിയ്ക്കുന്നു. 3

ആർ ദേവസേവിതനായ മുഖ്യഹോതാവായോ; ആരെ യഷ്ടാ
ക്കരും നെയ്യു തേപ്പിയ്ക്കുമോ; ആ ജാതവേദസ്സായ അഗ്നിയത്രേ, പറ
ക്കുന്നതിനെയും ഇഴയുന്നതിനെയും നിൽക്കുന്നതിനെയും നടക്കുന്ന
തിനെയും ചിക്കെന്നു സൃഷ്ടിച്ചത്! 4

---

25. യാതുവിൻ=രക്ഷസ്സിന്റെ. വീറും=വീര്യവും. ടിയ്ക്കു––നശിപ്പിച്ചാലും എന്നു താൽപര്യം.

സൂക്തം 88.

1. പാനീയഹവിസ്സ്––സോമരസം. സുഖകരനെ––അഗ്നിയെ

4. പറക്കുന്നത്––പക്ഷിവർഗ്ഗം. ഇഴയുന്നത്––സർപ്പാദി. നിൽക്കുന്നത്––വൃക്ഷാദി. നടക്കുന്നത്––ഗവാദി.

അഗ്നേ, ജാതവേദസ്സേ, കതിരവനോടൊന്നിച്ച് ഉലകിന്റെ മുകളിലിരിയ്ക്കുന്നവനാണല്ലോ, നിന്തിരുവടി; ആ നിന്തിരുവടിയെ ഞങ്ങൾ സ്തോത്രങ്ങൾകൊണ്ടും ഉക്ഥങ്ങൾകൊണ്ടും ഭജിയ്ക്കുന്നു. നിന്തിരുവടി വാനൂഴികളെ നിറയ്ക്കുന്നവനും യജ്ഞാർഹനുമാകുന്നു. 5

അഗ്നി രാത്രിയിൽ ഭുവനത്തിന്നു മൂർദ്ധാവായി മേവുന്നു; പിന്നെ പ്രഭാതത്തിൽ സൂര്യനായി ഉദിച്ചുപൊങ്ങുന്നു. താൻ അറിഞ്ഞുംകൊണ്ട് അന്തരിക്ഷത്തിൽ സത്വരം സഞ്ചരിയ്ക്കുന്നുണ്ടല്ലോ: അതു യജ്ഞാർഹന്മാരുടെ ഒരു ബുദ്ധികൌശലം തന്നെ! 6

ആർ മഹിമാവുകൊണ്ടു ദർശനീയനായി കത്തിജ്ജ്വലിച്ചു വാനിങ്കൽ വിളങ്ങുന്നുവോ; ആ അഗ്നിയിങ്കൽ ദേവന്മാരെല്ലാം ദേഹരക്ഷയ്ക്കായി സൂക്തം ചൊല്ലി ഹവിസ്സു ഹോമിച്ചു 7

ദേവന്മാർ ഒന്നാമതു സൂക്തവും, പിന്നെ അഗ്നിയെയും, പിന്നെ ഹവിസ്സും ഉൽപാദിപ്പിച്ചു: തന്തിരുവടി അവർക്കു യജനീയനും ദേഹരക്ഷകനുമാകുന്നു; തന്തിരുവടിയെ ദ്യോവിന്നും, തന്തിരുവടിയെ ഭൂവിന്നും, തന്തിരുവടിയെ തണ്ണീരിന്നും അറിയാം! 8

ആരെ ദേവന്മാർ ഉൽപാദിപ്പിച്ചുവോ, ആരിൽ ഭുവനമെല്ലാം ഹോമിച്ചുവോ; ആ ഋജുഗമനനായ അഗ്നി തേജസ്സുകൊണ്ട്, മഹിമാവുകൊണ്ട്, അന്തരിക്ഷത്തിന്നും ദ്യോവിന്നും ഭൂവിന്നും ചൂടളവാക്കുന്നു! 9

കർമ്മങ്ങളാൽ വാനൂഴികളെ നിറയ്ക്കുന്ന അഗ്നിയെ ദേവന്മാർ സ്വർഗ്ഗത്തിൽ സ്തുതിച്ചുൽപാദിപ്പിച്ചുവല്ലോ: ആ സുഖകരനെത്തന്നേ മൂന്നാകാനും ഏർപ്പെടുത്തി. തന്തിരുവടിയത്രേ, സർവസസ്യങ്ങളെയും പചിയ്ക്കുന്നത്! 10

അദിതിപുത്രനായ സൂര്യനെയും ഇദ്ദേഹത്തെയും യജ്ഞാർഹരായ ദേവന്മാർ ആകാശത്തേർപ്പെടുത്തി; ഈ സഞ്ചാരികൾ ഇണയായി വെളിപ്പെടുകയും ചെയ്തു. അപ്പോളത്രേ, (ഇവരെ) ഭുവനങ്ങളെല്ലാം കണ്ടതു്! 11

---

6. മൂർദ്ധാവ — പ്രധാനഭൂതൻ; വെളിച്ചം കൊടുക്കുന്നവൻ എന്നർത്ഥം. യജ്ഞാർഹന്മാർ—ദേവന്മാർ; ദേവന്മാരാണല്ലോ, ഈ ഏർപ്പാടു ചെയ്തതു്.

9. ഭുവനമെല്ലാം ഹോമിയ്ക്കൽ—സർവമേധം.

10. മൂന്നാകാനും—യജ്ഞത്തിൽ ഗാർഹപത്യാഹവനീയദക്ഷിണരൂപേണ.

11. ഇദ്ദേഹം—അഗ്നി. സഞ്ചാരികൾ—സൂര്യനും വൈശ്വാനരനും.

എല്ലാ ഭുവനത്തിന്നും വേണ്ടി ദേവന്മാർ വൈശ്വാനരാഗ്നിയെ പകലിന്റെ അടയാളമാക്കിവെച്ചു: അദ്ദേഹം ഉഷസ്സുകളുടെ പ്രഭ പരത്തുന്നു; ചെന്നു് ഇരുട്ടിനെ തേജസ്സുകൊണ്ടു് ആട്ടപ്പായിക്കുന്നു 12

ബുദ്ധിയേറിയ യജ്ഞാർഹരായ ദേവന്മാർ നിർജ്ജരനായ വൈശ്വാനരാഗ്നിയെ ജനിപ്പിച്ചു: അദ്ദേഹം സഞ്ചരിഷ്ണുവും പ്രവൃദ്ധവും മഹത്തും പുരാതനവുമായ നക്ഷത്രത്തെ ദേവസമക്ഷം മായ്ച്ചുകളഞ്ഞു! 13

എപ്പോഴും തിളങ്ങുന്ന കവിയായ വൈശ്വാനരാഗ്നിയെ ഞങ്ങൾ മന്ത്രംകൊണ്ടു നേരിട്ടു സ്തുതിക്കുന്നു: ഈ ദേവൻ മഹത്ത്വംകൊണ്ടു വാനൂഴികളെ കീഴ്പെടുത്തിയവനും താഴത്തും മുകളിലു(ചൂടുണ്ടാക്കുന്നവനു)മാണല്ലോ! 14

പിതൃക്കൾക്കും ദേവന്മാർക്കും മനുഷ്യർക്കും രണ്ടു വഴികളുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടു്: അച്ഛനമ്മമാരുടെ ഇടയിലുള്ള ഈ ലോകം യാത്രയിൽ അവയിലൂടേ നടകൊള്ളുന്നു. 15

തലയിൽനിന്നു പിറന്ന സ്തുതികൊണ്ടു തുടയ്ക്കപ്പെട്ട യാതൊരു സഞ്ചരിഷ്ണുവിനെ വാനൂഴികൾ വഹിക്കുന്നുവോ, ആ ക്ഷിപ്രകാരിയായ ദീപ്തിമാൻ വീഴ്ചപററാതെ ഭുവനത്തിന്നെല്ലാം അഭിമുഖനായി നില്ക്കുന്നു! 16

'യജ്ഞനേതാക്കളായ നമ്മളിരുവരിൽ ആർക്കേറും അറിവ ?' എന്നിങ്ങനെ താഴത്തുള്ളവനും മുകളിലുള്ളവനും തമ്മിൽ വാദിക്കുന്നതെപ്പോഴോ; അപ്പോൾ സഖാക്കൾ യാഗം നടത്താൻ ത്രാണിയുള്ള

---

12. പകലിന്റെ അടയാളം——സൂര്യൻ.

13. അഗ്നിയുടെ സൂര്യാത്മകത്വം: നക്ഷത്രം (നക്ഷത്രങ്ങൾ) സൂര്യതേജസ്സാൽ മായുമല്ലോ.

15. രണ്ടുവഴികൾ——വെളുത്ത ഗതിയും കറുത്ത ഗതിയും: വെളുത്തതിലൂടേ പോയവൻ ബ്രഹ്മത്തോടു ചേരും; കറുത്തതിലൂടേ പോയവന്നാകട്ടേ, പുനരാവൃത്തിയുണ്ടാവും. ഇതു ഭഗവദ്ഗീതയിൽ പ്രതിപാദിച്ചിട്ടുണ്ടു്. അച്ഛനമ്മമാർ——ദ്യാവാപൃഥിവികൾ. യാത്ര——പരലോകഗമനം.

16. തല——എല്ലാററിന്നും ശിരസ്സുപോലുള്ളവൻ, സൂര്യൻ. തുടയ്ക്കപ്പെട്ട——പെററുവീണ കുട്ടിയെ തോർത്തിക്കുമല്ലോ. ദീപ്തിമാൻ = അഗ്നി. വീഴ്ച——പ്രമാദം.

17. അറിവ്——യജ്ഞജ്ഞാനം. താഴത്തുള്ളവൻ——ഭൌമാഗ്നി; മുകളിലുള്ളവൻ——വായു. സഖാക്കൾ——ഋത്വിക്കുകൾ. അനുവേിക്കുന്നു——അനുഷ്ഠിക്കുന്നു.

വരായിത്തീന്ന്, അധ്വരം അനുഭവിയ്ക്കുന്നു. ഇതിൽ ആർ തീർച്ച
പറയും? 17

അഗ്നികളെത്ര? സൂര്യന്മാരെത്ര? ഉഷസ്സുകളെത്ര? തണ്ണീരുക
ളെത്ര? പിതാക്കന്മാരേ, ഇതു ഞാൻ നിങ്ങളോടു മത്സരംമൂലം പറ
കയല്ല; മേധാവികളേ, എളുപ്പത്തിലറിയാൻവേണ്ടി, നിങ്ങളോടു
ചോദിയ്ക്കുയാണ്. 18

മാതരിശ്വാവേ, രാത്രികാം ഉഷസ്സിൻെറ മുഖം മറയ്ക്കുന്നതെ
പ്പൊഴോ, അപ്പോഠം ബ്രാഹ്മണൻ യജ്ഞത്തിൽ ചെന്നു ഹോതാവി
ൻെറ താഴേ ഇരുന്നു, സങ്കല്പിയ്ക്കും. 19

സൂക്തം 89.

വിശ്വാമിത്രപുത്രൻ രേണു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(കാകളി.)

ഭൂവതിത്തികളെ, ത്തേജസ്സുകളെയും
കീഴ്പ്പെ‌ച്ചവൻ, നരക്കററതാണ്ടു, ന്നതൻ,
ആർ വിസ്തൃതപ്രദനാ, ഴിയെക്കാഠം മഹാൻ;
നീ വാഴ്ത്തുകാ, നേതൃമുഖ്യനാമീന്ദ്രനെ! 1

സാരഥി വട്ടിനെപ്പോലെയും, വേലയ്ക്കു
പോരുമമന്ദമാം വാജിയെപ്പോലെയും

ഇതിൽ——വാദത്തിൽ. അഗ്നിയും വായുവും ഒരേമട്ടിൽ യജ്ഞവിചക്ഷണർതന്നെ
എന്നു ഹൃദയം.

18. ഒന്നിലധികമില്ല, അഗ്ന്യാദികാം എന്നാണ്, ഈ ചോദ്യത്തിൻെറ
ഉത്തരം.

19. മുഖം——പ്രകാശം. അപ്പോഠം——പുലർകാലത്ത്. ബ്രാഹ്മണൻ——യജ
മാനൻ. ഹോതാവിൻെറ——ദേവഹോതാവായ അഗ്നിയുടെ. സങ്കല്പിയ്ക്കും——ഹവ
നകർമ്മം.

സൂക്തം 89.

1. സ്തോതാവിനോട്: തേജസ്സുകാം——ഇതരതേജസ്സുകാം. ഉന്നതൻ——
മഹാൻ; ഇതിൻെറ വിവരണമാണ്, ആഴിയെക്കാഠം മഹാൻ എന്നത്. വിസ്
തൃതപ്രദൻ——വാനൂഴികളിൽ സ്വന്തം പ്രഭ പരത്തിയവൻ.

ഭൂരിതേജസ്സിനെ വട്ടംതിരിയ്ക്കുന്നു;
കാരിരുൾ പോക്കുന്നു, സൂര്യനിന്ദ്രൻ ത്വിഷാ. 2

ഒപ്പമേ നിൎത്താതെ ചൊല്ലുകി,ന്ദ്രന്നു നീ-
യഭ്രോർവികളിൽക്കവിഞ്ഞ നവസ്തവം:
കൂടലരെ, ക്രതുപൃഷ്ഠങ്ങളെപ്പോലെ
തേടുവോനല്ലോ, സഖാവെ നോക്കാതവൻ! 3

തെല്ലും ചുരുക്കാതെയിന്ദ്രനെക്കീൎത്തിച്ച
വെള്ളമിറക്കാവൂ, വാനിങ്കൽനിന്നു ഞാൻ:
അച്ചുതണ്ടാലുരുൾപോലെ വാന്മന്നുറ-
പ്പിച്ചവനല്ലോ, സ്വകർമ്മങ്ങളാലിവൻ! 4

ശ്രുണ്ണി വന്നാലുടൻ കല്ലെറിയും, തൊഴിൽ-
കൊണ്ടു തുള്ളിയ്ക്കു,മൃജീഷി ധൃതായുധം,
വദ്ധിതസർവാതസീവനമാം സോമ;-
മിത്തുക്കകട്ടികൾ തുച്ഛങ്ങളിന്ദ്രനിൽ 5

പോരാ ഇവന്നന്തരിക്ഷഭൂദ്യോക്കളോ,
വാരിശൈലങ്ങളോ; സോമമിവന്നുതാൻ
നീരൊഴുക്കുന്നു; പൊടിച്ചുപോയാലിവൻ
കീറും സ്ഥിരത്തെ,യുടസ്സും ദൃഢത്തെയും! 6

---

2. വട്ട്—തേർച്ചക്രങ്ങൾ. വേലയ്ക്കു പോരും—കർമ്മകുശലമായ. അമ ശ—ശീഘ്രഗാമി. കാരിരുൾ—കറുത്ത ഇരുട്ട്. സൂര്യൻ—സൂര്യരൂപൻ. ത്വിഷാ—തേജസ്സുകൊണ്ട്.

3. സ്തോതാവിനോട്: ഒപ്പമേ—എന്നോടുകൂടി. അഭ്രോർവികളിൽക്കവിഞ്ഞ—അത്രയ്ക്കു വിപുലമായ. നവസ്തവം—അപൂർവസ്തോത്രം. ക്രതുപൃഷ്ഠങ്ങൾ—യാഗത്തിലെ പൃഷ്ഠങ്ങളെന്ന സ്തോത്രങ്ങൾ. സഖാവെ നോക്കാതെ—സഹായാപേക്ഷ കൂടാതെ.

4. വെള്ളമിറക്കാവൂ—മഴപെയ്യിയ്ക്കുമാറാകണം. വാന്മന്ന്—വാനും മന്നും.
5. തുള്ളിയ്ക്കും—ശത്രുക്കളെ വിറപ്പിയ്ക്കും. ഋജീഷി, ധൃതായുധം എന്നിവ സോമവിശേഷണങ്ങൾ. വദ്ധിതസർവാസീവനം—കായാവിൻതോപ്പിനെയെല്ലാം തഴപ്പിയ്ക്കുന്നത്. മൂന്നുപാദം സോമപരവും, നാലാംപാദം ഇന്ദ്രപരവുമാകുന്നു. ഇത്തുക്കകട്ടികൾ തുച്ഛങ്ങളിന്ദ്രനിൽ—ഒരു തൂക്കകട്ടിയും ഇന്ദ്രന്നു മതിയാകില്ല; സർവാതിശായിയാണ്, ഇന്ദ്രന്റെ കനം, മഹത്ത്വം; തൂക്കിക്കാണാവുന്നതല്ല. ഈ ഋക്കിന്റെ അൎത്ഥം അസ്പഷ്ടമാണ്

6. ഏതാണ്ട്, 5-ാം ഋക്കിന്റെ വിവരണമാണ്, വാരിശൈലങ്ങളോ എന്നതുവരെ: അന്തരിക്ഷാദികൾ ഇന്ദ്രനെ തൂക്കാൻ പോരാ. കീറും—പിളൎത്തും.

വൃത്രനെക്കൊന്നു; വനത്തെ മഴപോലെ
പത്തനം വെട്ടീ; കുഴിച്ചു പുഴകളെ;
പുത്തൻകുടംപോലുടച്ചു, ഘനത്തെയി–
ങ്ങെത്തിച്ചു തണ്ണീരുമിന്ദ്രൻ, സ്വാമിത്രവാൻ! 7

തീർപ്പൂ കടങ്ങളിങ്ങിന്ദ്ര, ധീരൻ ഭവാ;–
നേപ്പിനെ വാളംപോലറുക്കുന്നു പീഡയെ,
മിത്രാവരുണകർമ്മത്തിന്നുപദ്രവം
മിത്രത്തിനെന്നപോലുണ്ടാക്കുവോരെയും! 8

മിത്രന്നുമര്യമാവിന്നും വരുണന്നു–
മുൽസ്തവർക്കുമഴലേ,തു ദുശ്ചേഷ്ടരാൽ;
അപ്പററലർക്കായണസ്സുകിന്ദ്ര, വൃഷൻ,
സുപ്രഭം പായുന്ന വർഷിവജ്രത്തെ നീ! 9

ഇന്ദ്രൻ ദ്യുലോകത്തി,നിന്ദ്രൻ ക്ഷിതിയ്ക്കു, നീ–
ർക്കിന്ദ്രൻ, മുകിലിന്ദ്ര,നിന്ദ്രൻ ബുധക്കുമേ,
ഇന്ദ്രൻ പുരാൻ കിഴവർക്കു;–മാഹ്വാതവ്യ–
നിന്ദ്രനേ ക്ഷേമത്തിൽ, യോഗത്തിലിന്ദ്രനേ! 10

അല്ലിനെക്കാളം,ദ്ദിനത്തെക്കാളം മഹാ,നിന്ദ്ര–
നംബരത്തെക്കാളം,കടലിനെക്കാളുമേ;
കാററിനെക്കാളം, മുഴമന്നിനെക്കാളംത്തുലോ–
മാററിനെക്കാളം, നരരെക്കാളം വളർന്നവൻ! 11

---

7. പത്തനം––ശത്രുപുരികൾ. ഘനം=മേഘം. സ്വാമിത്രവാൻ––മരുത്സമേതൻ.

8. കടങ്ങൾ––സ്തോതാക്കളുടെ. തീർപ്പൂ––വീട്ടുന്നു. ഏപ്പിനെ––പശുക്കളുടെ അവയവസന്ധികളെ, പീഡയെ––സ്തോതാക്കളുടെ സങ്കടങ്ങളെ. മിത്രം––സഹായിച്ച സുഹൃത്ത്. ഉണ്ടാക്കുവോരെയും അറുക്കുന്നു––നശിപ്പിയ്ക്കുന്നു.

9. ഉൽസ്തവർക്കും (സ്തുതിയ്ക്കുന്നവക്കും) അഴൽ യാവചില ദുഷ്ടപ്രകാരാലോ; അപ്പററലക്ക്––ആ ശത്രുക്കളിൽ ചാട്ടാൻ. വർഷി (അഭീഷ്ടപ്രഷകമായ) വജ്രത്തെ നീ അണസ്സുക––മൂർച്ചകൂട്ടിയാലും! വൃഷൻ––ഹേ വൃഷാവേ.

10. ഇന്ദ്രൻതന്നേ വിണ്ണിന്നും മണ്ണിന്നും മററു, ഈശ്വരൻ. ബുധർ––പ്രാജ്ഞർ. ക്ഷേമ(ലബ്ധരക്ഷണ)ത്തിലും, യോഗ(അലബ്ധലാഭ)ത്തിലും ഇന്ദ്രൻതന്നേ ആഹ്വാതവ്യൻ, വിളിയ്ക്കപ്പെടേണ്ടുന്നവൻ.

11. ദിനം=പകൽ. അംബരം––അന്തരിക്ഷം മുഴമന്ന്––സമഗ്രഭൂമി.

നിന്നഭേദ്യായുധമിന്ദ്ര, ചലിയ്ക്കട്ടെ,
മിന്നുമുഷസ്സിൻ കൊടിക്കൂറപോലവേ:
പൊള്ളിപ്പിരമ്പുമതാഞ്ഞെയ്ക, വാനിൽനി–
ന്നുള്ളിടിത്തീപോലെ മിത്രവിദ്രോഹിയിൽ! 12

പ്രത്യക്ഷനായ് വരുമിന്ദ്രനെപ്പേർത്തനു–
വർത്തിച്ചിടുന്നു, മാസങ്ങളും വനങ്ങളും,
അദ്രികളുംസ്സൂ, സസ്യഗണങ്ങളു–
മുദ്യതകാമരാം ദ്യോമേദിനികളും! 13

മിത്രഘ്നരേതിനാലിമ്മന്നിലട്ടിയായ്–
ച്ചത്തുകിടക്കും, കശാപ്പിൽ മാടിൻപടി;
വന്ന പാപാശരന്മാരെപ്പീളത്തതേ–
തെ;–ന്നത്ഭുദായുധമിന്ദ്ര, ചാട്ടാതെയാം? 14

ഉരംപ്പകയാലിന്ദ്ര, കൂട്ടമിട്ടെങ്ങളെ
നിർഭരം ദ്രോഹിച്ചു തട്ടിനീക്കുമെവർ,
ആ മററന്ധതമസ്സിൽപ്പതിയ്ക്കട്ടെ:
തോൽമവരേണ,മവക്കു നക്തംദിവം! 15

മുത്തിയററുന്നതുണ്ടല്ലോ, ഇവിടെയ്ക്കു
മർത്ത്യർതൻ ഭൂരിയാം സോമവും സ്തോത്രവും;
സർവാർച്ചകരെയും വിട്ടീ,യൃഷിഗീത–
സന്നുതി വാഴ്ത്തി, രക്ഷയ്ക്കിങ്ങണക, നീ! 16

---

12. ആയുധം––വജ്രം

13. ഉദ്യതകാമർ––കാമമിയന്നവർ. മാസാദ്യധിഷ്ഠാതൃദേവതകൾ ഇന്ദ്രന്റെ വരുതിയിൽ നില്ക്കുന്നു.

14. മിത്രഘ്നർ––മിത്രദ്രോഹികൾ. കശാപ്പിൽ––വധസ്ഥലത്ത്. മാടിൻപടി––പശുക്കളെപ്പോലെ. വന്ന––പൊരുതാൻ നേരിട്ട. പാപാശരന്മാർ––ദുഷ്ടരാക്ഷസർ. അത്ഭുദായുധം––ഭവാന്റെ ആ ആയുധം. എന്നു ചാട്ടാതെയാം––വേണ്ടപ്പോളൊക്കെ ചാട്ടും.

15 നിർഭരം=അത്യന്തം. നക്തംദിവം––അല്ലിലും അഹസ്സിലും.

16. മുത്ത്=സന്തോഷം. സർവാർച്ചകരെയും വിട്ട്––മററു സ്തോതാക്കളെയെല്ലാം വെടിഞ്ഞ്. ഋഷിഗീതസന്നുതി––ഋഷിമാർ പാടുന്ന സ്തുതി. വാഴ്ത്തി=പ്രശംസിച്ച്. രക്ഷയ്ക്ക്––ഞങ്ങളെ രക്ഷിപ്പാൻ.

ഇന്ദ്ര, ഭവാന്റെതാൻ പുണ്യനാം നന്മന—
സ്സൊന്നാസ്വദിയ്ക്കുവാനെങ്ങാം നേടേണമേ—
അങ്ങയെ രക്ഷയ്ക്കുഹസ്സിൽ സ്തുതിച്ചതാ—
നെങ്ങാം വിശ്വാമിത്രരിന്ദ്ര, നേടേണമേ! 17

കാക്കാനുമന്നം തരാനും വിളിയ്ക്കു നാം,
കേൾക്കും മഘവാവെ,യിന്ദ്രനെ,ക്കെല്പനെ,
പോരിതിൽ വായ്പ്പോനെ, വൈരിഘ്നനായ് രണം—
തോറും ധനം വെല്ലുമഗ്ര്യനേതാവിനെ! 18

സൂക്തം 90.

നാരായണൻ ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; പുരുഷൻ ദേവത.

ആയിരം തലയും ആയിരം കണ്ണും ആയിരം കാലുമുള്ള ആ പുരുഷൻ ബ്രഹ്മാണ്ഡമാകെച്ചൂഴന്നു, പത്തുവിരൽ കവിഞ്ഞു നില്ക്കുന്നു! 1

ആ പുരുഷൻതന്നെയാണ്, ഉള്ളതും ഉണ്ടാകാൻ പോകുന്നതുമായ ഈ ജഗത്തൊക്കെ. അമൃതത്വത്തിന്റെ ഉടയവനുമാകുന്നു, അന്നത്തിന്നായി വെളിപ്പെടുന്ന അദ്ദേഹം! 2

ഇത്രയ്ക്കുണ്ട്, പുരുഷന്റെ മഹത്ത്വം. എന്നാൽ, അതിലും മീതെയാണ്, അദ്ദേഹം: ഈ ഭുവനമെല്ലാം അദ്ദേഹത്തിന്റെ കാലംശംമാത്രമാണ്; അദ്ദേഹത്തിന്റെ മുക്കാലംശം ദ്യോവിങ്കലാകുന്നു! 3

---

17. എങ്ങാം വിശ്വാമിത്രർ——വിശ്വാമിത്രപുത്രരായ ഞങ്ങാം. നേടേണമേ——ഭവാന്റെ തന്നെ നന്മനസ്സ്.

18. കേൾക്കും——വിളി കേൾക്കുന്നവനായ. ധനം വെല്ലും——വൈരികളുടെ സമ്പത്തടക്കുന്ന.

സൂക്തം 90.

1. പുരുഷൻ——വിരാട്പുരുഷൻ. പത്തുവിരൽ കവിഞ്ഞുനില്ക്കുന്നു——ബ്രഹ്മാണ്ഡത്തിന്നു പുറത്തും സർവത്ര വ്യാപിച്ചു വർത്തിയ്ക്കുന്നു എന്നു താല്പര്യം.

2. ഉള്ളതും, ഉണ്ടാകാൻ പോകുന്നതും——വർത്തമാനവും ഭാവിയും. അന്നത്തിന്നായി വെളിപ്പെടുന്ന—ജീവജാലത്തെ കർമ്മഫലം ഭുജിപ്പിപ്പാൻ, കാരണാവസ്ഥ വിട്ടു ജഗദവസ്ഥയെ സ്വീകരിയ്ക്കുന്ന.

പുരുഷൻെറ മുക്കാലംശം മുകളിൽ നിൽക്കുന്നു. കാലംശം ഇവിടെ വീണ്ടും വീണ്ടും വരുന്നു; എന്നിട്ട ചേതനാചേതനരൂപേണ വിവിധമായി വ്യാപിയ്ക്കുന്നു! 4

അദ്ദേഹത്തിൽനിന്നു വിരാട്ട് ജനിച്ചു. വിരാട്ടിൽനിന്ന് ഒരു പുരുഷൻ ജനിച്ചു: ആ ജനിച്ചവൻ നാനാരൂപനായി വളർന്നു; അനന്തരം ഭൂമിയെയും, പിന്നീട ശരീരങ്ങളെയും സൃഷ്ടിച്ചു! 5

ദേവന്മാർ പുരുഷനെത്തന്നേ ഹവിസ്സാക്കി യജ്ഞമനുഷ്ഠിച്ചു: അതിന്നു വസന്തം നെയ്യും, ഗ്രീഷ്മം ചമതയും, ശരത്ത് ഹവിസ്സുമായി! 6

ആ മുമ്പേ ജനിച്ച പുരുഷനെ യജ്ഞസാധനമാക്കി, സാധ്യന്മാരായ ദേവന്മാരും ഋഷിമാരും യജ്ഞത്തിൽ പ്രോക്ഷിച്ചു—അവനെക്കൊണ്ടു യാഗം സാധിച്ചു. 7

സർവാത്മാവിനെ ഹോമിച്ച ആ യജ്ഞത്തിൽനിന്നു, തയിരും നെയ്യും സംഭരിച്ചു; ആ വായുദേവതാകങ്ങളായ ഗ്രാമ്യാരണ്യപശുക്കളെയും സൃഷ്ടിച്ചു. 8

ആ സർവാത്മാവിനെ ഹോമിച്ച യജ്ഞത്തിൽനിന്നത്രേ, ഋക്കും സാമവും ഛന്ദസ്സുകളും യജുസ്സും ഉണ്ടായത്. 9

---

4 മുകളിൽ നില്ക്കുന്നു—ഈ സംസാരത്താൽ സ്പർശിയ്ക്കപ്പെടാതെ, സർവോൽക്കർഷേണ വർത്തിയ്ക്കുന്നു. വരുന്നു—സൃഷ്ടിസംഹാരങ്ങളാൽ വെളിപ്പെടുന്നു.

5. മുൻഋക്കിൻെറ വിവരണം: അദ്ദേഹം—ആദിപുരുഷൻ. ഒരു പുരുഷൻ—തദ്ദേഹാഭിമാനി.

6 പുരുഷനെത്തന്നേ ഹവിസ്സാക്കി—അന്നു മററു പദാർത്ഥമൊന്നുമില്ലാതിരുന്നതിനാൽ, പുരുഷസ്വരൂപംതന്നേ ഹവിസ്സെന്നു മനസാ സങ്കല്പിച്ച്. വസന്തത്തെ നെയ്യായും ഗ്രീഷ്മത്തെ ചമതയായും ശരത്തിനെ ഹവിസ്സായും (പുരോഡാശാദിയായും) സങ്കല്പിച്ചു.

7. മുമ്പേ—എല്ലാസ്സൃഷ്ടികൾക്കുംമുമ്പേ. യജ്ഞസാധനമാക്കി—പശുവെന്നു സങ്കല്പിച്ചു, യൂപത്തിൽ ബന്ധിച്ച്. പ്രോക്ഷിച്ചു—വെള്ളം തളിച്ചു. സാധ്യന്മാർ—സൃഷ്ടി സാധിയ്ക്കാൻ അർഹരായ പ്രജാപതിപ്രഭൃതികൾ. യാഗം—മാനസയജ്ഞം.

8. ഗ്രാമ്യാരണ്യപശുക്കൾ—ഗ്രാമ്യപശുക്കളും (ഗവാശ്വാദികളും) ആരണ്യപശുക്കളും (മാൻ മുതലായവയും).

അതിൽനിന്നുതന്നെയാണ്, അശ്വങ്ങളും മററ് ഇരുവരിപ്പല്ലു ള്ളവയും ജനിച്ചത്. അതിൽനിന്നുതന്നെ ഗോക്കളും ആട്ട—കുറി യാടുകളും ജനിച്ചു 10

'പുരുഷനെ ഉല്പാദിപ്പിച്ചിട്ട് എത്ര തരത്തിൽ വേർതിരിച്ചു? അവൻെറ മുഖമെന്താണ്? കയ്യെന്താണ്? തുടയെന്താണ് കാലെ ന്താണ്?' 11

'അവൻെറ മുഖം ബ്രാഹ്മണനാണ്; കൈകരം ക്ഷത്രിയൻ; അവൻെറ തുട വൈശ്യൻ; കാൽകളിൽനിന്നു ശൂദ്രൻ ജനിച്ചു' 12

മനസ്സിൽനിന്നു ചന്ദ്രൻ ജനിച്ചു; കണ്ണിൽനിന്നു സൂര്യൻ ജ നിച്ചു. മുഖത്തുനിന്ന് ഇന്ദ്രാഗ്നികളും, പ്രാണനിൽനിന്നു വായുവും ജനിച്ചു. 13

നാഭിയിൽനിന്ന് അന്തരിക്ഷം ഉളവായി; ശിരസ്സിൽനിന്നു സ്വർഗ്ഗം പിറന്നു; കാൽകളിൽനിന്നു ഭൂമിയും, ചെവികളിൽനിന്നു ദിക്കുകളും ജനിച്ചു. അങ്ങനെ ലോകങ്ങൾ ഉൽപാദിതങ്ങളായി 14

ഏഴെണ്ണം പരിധികളായി; ഇരുപത്തൊന്നെണ്ണം ചമതകളാ യി. അങ്ങനെ യാഗം ചെയ്യുന്ന ദേവന്മാർ പുരുഷനെ പശുവാക്കി കെട്ടി! 15

ദേവന്മാർ യജ്ഞരൂപനെ യജ്ഞംകൊണ്ടു പൂജിച്ചു; അതിൽ നിന്ന് ആ പ്രധാനങ്ങളായ ധർമ്മങ്ങൾ ഉണ്ടായിവന്നു പണ്ടത്തെ സാധ്യദേവന്മാർ എവിടെ വസിക്കുന്നുവോ, ആ സ്വർഗ്ഗം ക , മഹാത്മാക്കൾ ക്ക്! 16

---

10. ഇരുവരിപ്പല്ലുള്ളവ——കഴുതകളും മററും.

11. ബ്രഹ്മവാദികൾ ചോദിക്കുന്നു: പുരുഷൻ——വിരാട്ട്.

12. ചോദ്യത്തിൻെറ മറുപടി: ശൂദ്രനാണ്, കാൽ

15. ഏഴെണ്ണം——സപ്തച്ഛന്ദസ്സുകൾ. പരിധികൾ——ഹോമകുണ്ഡത്തിനു ചുററും വെക്കുന്ന ചുള്ളിവിറകുകൾ. ഇരുപത്തൊന്നെണ്ണം——പന്തിരണ്ടു മാസ ങ്ങൾ, അഞ്ച് ഋതുക്കൾ, മൂന്നു ലോകങ്ങൾ, സൂര്യൻ, പശുവാക്കി കെട്ടി—— സങ്കല്പത്താൽ യൂപത്തിൽ ബന്ധിച്ചു.

16. സൃഷ്ടിക്രമം പ്രതിപാദിച്ചിട്ട്, ഉപാസനഫലം ഉപന്യസിക്കുന്നു:

സൂക്തം 91.

വീതഹവ്യപുത്രൻ അരുണൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പു ഛന്ദസ്സുകൾ; അഗ്നി ദേവത.

സ്തൂയമാനനായി, ദാനപരനായി, അന്നകാമനായി, എല്ലാ ഹവിസ്സും ഹോമിയ്ക്കുന്നവനായി വരേണ്യനായി, വിഭുവായി, തേജസ്വിയായിരിയ്ക്കുന്ന സഖാവിനെ സഖാവിന്നുവേണ്ടി, ഉണർവുററവർ ശാലയിൽ ഉത്തരവേദിമേൽ ഉജ്ജ്വലിപ്പിയ്ക്കുന്നു 1

ആ ദർശനീയവിഭൂതിയായ അതിഥി ഗൃഹത്തിൽ ഗൃഹത്തിൽ, വനത്തിൽ വനത്തിൽ ചെല്ലുന്നു. ആ ജനഹിതൻ ജനത്തെ ജനത്തെ, ഒരു സഞ്ചാരിപോലെ വിട്ടുപോകില്ല: ആ മനുഷ്യഹിതൻ മനുഷ്യരിൽ മർത്ത്യങ്കൽ മർത്ത്യങ്കൽ—വാണരുളുന്നു! 2

അഗ്നേ, നിന്തിരുവടി ബലത്താൽ സുബലനാകുന്നു; കർമ്മത്താൽ സുകർമ്മാവാകുന്നു; കാവ്യത്താൽ കവിയാകുന്നു; സർവജ്ഞനാകുന്നു. വാനൂഴികൾ വളർത്തിപ്പോരുന്ന സമ്പത്തുകളെ നിലനിർത്തിക്കൊണ്ടു, നിന്തിരുവടി ഏകനായിത്തന്നേ വാണരുളുന്നു! 3

അഗ്നേ, നിന്തിരുവടിയുടെ നെയ്യൊഴുകുന്ന കാലികമായ ഇരിപ്പിടം അറിഞ്ഞു, നിന്തിരുവടി ഉത്തരവേദിയിൽ ചെല്ലുന്നു. നിന്തിരുവടിയുടെ രശ്മികൾ ഉഷസ്സിന്റെ വരവുപോലെയും, സൂര്യന്റെ നിർമ്മലരശ്മികൾപോലെയും പ്രകാശിയ്ക്കുന്നു. 4

സസ്യങ്ങളിലെല്ലാം കാടുകളിലെല്ലാം തന്നാൽത്തന്നെ അയയ്ക്കപ്പെട്ട ഭവാൻ ഭോജ്യം തിരുവായിലാക്കുന്നതെപ്പോഴോ, അപ്പോൾ

സൂക്തം 91.

1 സഖാവിനെ—അഗ്നിയെ. സഖാവിന്നുവേണ്ടി—യജമാനാർത്ഥം. ഉണർവുററവർ സ്തോതാക്കൾ

2. അതിഥി—അഗ്നി. ഗൃഹത്തിൽ ഗൃഹത്തിൽ—യജമാനഗൃഹങ്ങൾതോറും. ജനഹിതൻ—അഗ്നി. സഞ്ചാരി ഒരിടത്തിൽ സ്ഥിരമായി വസിയ്ക്കില്ലല്ലോ; അതുപോലെയല്ല അഗ്നി.

3 കാവ്യം—മേധാവികർമ്മം. കവി—മേധാവി.

4. കാലികം—യജ്ഞകാലത്തിലേതു്.

അങ്ങയുടെ കിരണങ്ങൾ, കാർമുകിലിൻെറ മിന്നലുകൾപോലെയും, ഉഷസ്സിൻെറ കൊടിക്കൂറകൾപോലെയും വിചിത്രമായി കാണപ്പെടും! 5

ആ അഗ്നി ഋതുപ്രാപ്തമായ ഗർഭമായി ഓഷധികളാൽ ധരിയ്ക്കപ്പെടുന്നു. തന്തിരുവടിയെ തണ്ണീരുകളും അമ്മമാരായി ഉല്പാദിപ്പിയ്ക്കുന്നു. സ്വതുല്യനായ അദ്ദേഹത്തെത്തന്നെ വനസ്പതികളും, ഗർഭിണികളായ ലതകളും സർവദാ പ്രസവിയ്ക്കുന്നു. 6

അഗ്നേ, ഭവാൻ കാററത്തുലഞ്ഞു, ചിക്കെന്നു വനസ്പതികളിലണഞ്ഞു പടന്നു പാളുന്നതെപ്പൊഴോ; അപ്പോൾ, ചുട്ടെരിയ്ക്കുന്ന ഭവാൻെറ തേമാനമില്ലാത്ത തേജസ്സുകൾ, തേരാളികളെപ്പോലെ വെവ്വേറെ നടകൊള്ളുന്നു! 7

അഗ്നേ, മേധയുളവാക്കുന്ന, യജ്ഞസാധകനായ, ഹോതാവായ, ത്രിലോകം കീഴമർത്തുന്ന, മനനശീലനായ അങ്ങയെത്തന്നെയാണ്, (ഋത്വിക്കുകൾ) ചെറുതും വലുതുമായ ഹവിസ്സിൽ ഒപ്പം വരിച്ചുപോരുന്നത്; അങ്ങൊഴിഞ്ഞു മററാരെയുമില്ല! 8

അഗ്നേ, ഭവൽഭക്തരായ കർമ്മികൾ ഇവിടെ യജ്ഞങ്ങളിൽ ഹോതാവായ ഭവാനെത്തന്നേ വരിച്ചുപോരുന്നു: ദേവകാമന്മാരായ മനുഷ്യർ ദർഭ മുറിച്ചു, ഹവിസ്സൊരുക്കി, അന്നങ്ങൾ അങ്ങയ്ക്കായി വെയ്ക്കുന്നു. 9

അഗ്നേ, ഹോത്രം അങ്ങയുടെയാണ്; ഋതുവിലെ പോത്രം അങ്ങയുടെയാണ്; നേഷ്ടം അങ്ങയുടെയാണ്. അങ്ങുതന്നെ, യജ്ഞകാംക്ഷിയ്ക്ക് അഗ്നിത്ത്; പ്രശാസ്ത്രം അങ്ങയുടെയാണ്. അങ്ങ് യജ്ഞകാമനാകുന്നു; അങ്ങ്തന്നെ, ബ്രഹ്മൻ; ഞങ്ങളുടെ ഭവത്തിൽ ഗൃഹപതിയും, അങ്ങ്തന്നെ! 10

അഗ്നേ, അമർത്ത്യനായ ഭവാന്നു യാതൊരു മർത്ത്യൻ ചമതയോ ഹവിസ്സോ അർപ്പിയ്ക്കുമോ, അവന്നു ഭവാൻ ഹോതാവാകും; ദൂതനായിച്ചെന്നു പറയും; യജിയ്ക്കും; അധ്വര്യുവാകും! 11

---

5. ദാവാഗ്നിയെപ്പററി:

7. ചുട്ടെരിയ്ക്കുന്ന—മരംമുതലായവയെ.

9. അന്നങ്ങൾ—പുരോഡാശാദികൾ.

10. ബ്രഹ്മൻ—ബ്രഹ്മാവെന്ന ഋത്വിക്ക്.

11. പറയും—'ദേവന്മാരേ, ഇതാ, നിങ്ങൾക്കു യഷ്ടാവയച്ച ഹവിസ്സ്' എന്ന്.

ഈ ധനകാമകളായ അർച്ചകോക്തികൾ—നല്ല സ്തുതികളായ ഋക്കുകൾ—നമ്മളിൽനിന്ന് ആ വസുവായ ജാതവേദസ്സിങ്കൽ ചെന്നെത്തട്ടെ: ഇവ പ്രവൃദ്ധകളാണെങ്കിലും, വീണ്ടും വർദ്ധിപ്പിയ്ക്കുമല്ലോ, ആ സ്തോതൃപരൻ! 12

ഇതാ, ഇച്ഛിയ്ക്കുന്ന ആ പുരാതനന്നു പുതുപുത്തനായ ഒരു നല്ല സ്തുതി ഞാൻ ചൊല്ലാം; നമ്മുടെ സ്തുതി കേട്ടരുളട്ടെ. നല്ല വസ്ത്രം ധരിച്ച കാമിനിയായ ഭാര്യ ഭർത്താവിന്റെ നെഞ്ചിലെന്നപോലെ, ഞാൻ തന്തിരുവടിയുടെ ഹൃദയത്തിൽ പതിയുമാറാകണം! 13

സേചനശക്തിയുള്ള അശ്വങ്ങളും കാളകളും മച്ചിപ്പൈക്കളും ആടുകളും 'ഉഴിഞ്ഞിട'പ്പെട്ട് ആരിൽ ഹോമിയ്ക്കപ്പെടുന്നുവോ; ആ സുരാപായിയും സോമപൃഷ്ഠനും വിധാതാവുമായ അഗ്നിയ്ക്കു ഞാൻ ഒരഴകൊത്ത സ്തോത്രം ആലോചിച്ചുണ്ടാക്കാം. 14

അഗ്നേ, സ്രുക്കിങ്കൽ നെയ്യുപോലെയും, ചമസത്തിൽ സോമംപോലെയും, അങ്ങയുടെ വായിൽ ഹവിസ്സു പൊഴിയ്ക്കപ്പെടുന്നു: അങ്ങ് ഞങ്ങൾക്ക് അന്നദായകവും വിലയേറിയതും പുകൾപ്പെട്ടതും വലുതുമായ ധനത്തെയും നല്ല പുത്രന്മാരെയും തന്നരുളുക! 15

സൂക്തം 92.

മനുപുത്രൻ ശാര്യാതൻ ഋഷി; ജഗതി ഛന്ദസ്സ്; പലർ ദേവതകൾ.

നിങ്ങളുടെ യജ്ഞത്തിന്റെ തേരാളിയും, മനുഷ്യരക്ഷകനും, ദേ ഹോതാവും, രാത്രിയുടെ അതിഥിയുമാണല്ലോ, വിഭാവസു: ഉണങ്ങിയതിലും പച്ചയിലും കത്തിപ്പിടിച്ചു ഭക്ഷിയ്ക്കുന്ന ആ യജനീയനായ വൃഷാവ് ഒരു കൊടിമരമായി സ്വർഗ്ഗത്തിൽ പള്ളികൊള്ളുന്നു! 1

---

12. അർച്ചകോക്തികൾ—പൂജിയ്ക്കുന്ന വാക്കുകൾ. ആ സ്തോതൃപരൻ—അഗ്നി.

13. ഇച്ഛിയ്ക്കുന്ന—സ്തുതികാമനായ. പുതുപുത്തൻ = അതിനൂതനം.

14. സേചനശക്തിയുള്ള—ചിനപിടിപ്പിയ്ക്കാൻ കെല്പുള്ള. സുരാപായി—സൌത്രാമണീയജ്ഞത്തിൽ മദ്യം കുടിയ്ക്കുന്നവൻ.

സൂക്തം 92.

1. ദേവന്മാരോട്: തേരാളി—നേതാവ്. വിഭാവസു—അഗ്നി. പച്ചയിലും—പച്ചനിറമാന്ന (ഉണങ്ങാത്ത) സസ്യത്തിലും.

പൊട്ടന്നനെ രക്ഷിയ്ക്കുന്ന താങ്ങായ അഗ്നിയെ ഇരുകൂട്ടരും യജ്ഞനിർവാഹകനാക്കിവെച്ചിരിയ്ക്കുന്നു; ഈ പെരിയ വായുപ്പുത്രനായ പുരോഹിതനെ ഉഷസ്സുകരം, കതിരവനെയെന്നപോലെ ചുംബിയ്ക്കുന്നു! 2

ഈ വിവിധസ്തുത്യന്നു ഞങ്ങളുടെ ജ്ഞാനം യഥാർത്ഥമായിത്തോന്നുമെന്നും, ഹോമിച്ച അന്നം അവിടുന്നു ഭക്ഷിയ്ക്കുമെന്നും ഞങ്ങരം ആശിയ്ക്കുന്നു: ഘോരങ്ങളായ (ജ്വാലകരം) അക്ഷയങ്ങളായിത്തീരുന്നതോടേ, ദേവന്നു പൊഴിയ്ക്കപ്പെടുകയായി! 3

ഈ യജ്ഞബന്ധുവിനെ വിശാലമായ ആകാശവും, പരന്ന അന്തരിക്ഷവും, അററമില്ലാത്ത അതിസ്തുത്യയായ പൃഥിവിയും വണങ്ങിപ്പോരുന്നു; ഇന്ദ്രൻ, മിത്രൻ, വരുണൻ, ഭഗൻ, സവിതാവ് എന്നീ വിശുദ്ധബലന്മാരും വകവെച്ചിരിയ്ക്കുന്നു! 4

ഏവരോടുകൂടിയാണോ, പരിതോഗന്താവ് അതിവേഗേന ചുററിനടക്കുന്നതും, അന്തരിക്ഷത്തിൽ ഇടിവെട്ടുന്നവൻ ഉലകത്തെ നനയ്ക്കുന്നതും, ആ രുദ്രപുത്രന്മാരുടെ യാത്രയിൽ തണ്ണീരുകരം തള്ളിയൊഴുകുന്നു; അററമില്ലാത്ത ഭൂമിയെ മൂടുന്നു! 5

കോടക്കാററിൻെറ കൂട്ടുകളും, അന്തരിക്ഷത്തിൻെറ പരുന്തുകളും, മനുഷ്യവ്യാപികളും, രുദ്രപുത്രരുമായ മരുത്തുക്കരം സ്വകർമ്മം നടത്തിപ്പോരുന്നു; ആ സോമവാന്മാരായ ദേവന്മാരോടുകൂടിയാണ് അശ്വവാനായ ഇന്ദ്രനും അര്യമാവും മിത്രനും വരുണനും തൃക്കൺ പാർക്കുന്നത്! 6

---

2. ഇരുകൂട്ടരും——ദേവകളും മനുഷ്യരും. വായുപുത്രൻ——കാററിനാൽ വളർത്തപ്പെടുന്നവൻ. പുരോഹിതനെ——അഗ്നിയെ. ചുംബിയ്ക്കുന്നു——പ്രാപിയ്ക്കുന്നു എന്നു സാരം. പുലർകാലത്താണല്ലോ, അഗ്നിയെ ജ്വലിപ്പിയ്ക്കുൽ.

3. ദേവന്നു പൊഴിയ്ക്കപ്പെടുകയായി——അഗ്നിയ്ക്കു ഹവിസ്സു ഹോമിച്ചുതുടങ്ങും.

4. വകവെച്ചിരിയ്ക്കുന്നു——മാനിച്ചിരിയ്ക്കുന്നു.

5. പരിതോഗന്താവ്——എങ്ങും ഗമിയ്ക്കുന്ന ഇന്ദ്രൻ. ഇടിവെട്ടുന്നവൻ——പർജ്ജന്യൻ.

6. കൂട്ടുകരം——പാർപ്പിടങ്ങരം. ആ ദേവന്മാർ——മരുത്തുക്കരം. തൃക്കൺ പാർക്കുന്നത്——ലോകത്തെ വീക്ഷിയ്ക്കുന്നത്.

സ്തുതിയ്ക്കുന്നവൎക്കു വൃഷാവായ ഇന്ദ്രങ്കൽനിന്നു ബലവും, രക്ഷയും, സൂൎയ്യങ്കൽനിന്നു കാഴ്ചയും കിട്ടും; അദ്ദേഹത്തെ ക്ഷിപ്രം പൂജിയ്ക്കുന്ന സ്തോതാക്കളെ യജ്ഞങ്ങളിൽ വജ്രം സഹായിയ്ക്കും! 7

സൂൎയ്യനും കുതിരകളെ ഇമ്പപ്പെടുത്തുന്നു: ഈ പ്രവൃദ്ധനായ ഇന്ദ്രനെ ആരും പേടിയ്ക്കും; നാളിൽ നാളിൽ ചീററുന്ന ഭയംകരനായ വൃഷാവിന്റെ തിരുവയററിൽനിന്നത്രേ, സഹനശീലൻ നിർബാധം ഇടിവെട്ടുന്നത്! 8

കുതിരകളിലൂടേ വന്നുചേരുന്ന ഏവരൊന്നിച്ചാണോ, സ്വയം പുകഴ്ന്ന സ്വജനോപേതനായ ശിവൻ സ്വർഗ്ഗത്തിൽനിന്നെഴുന്നള്ളുന്നത്; ആ നിയതാഭിലാഷരോടുകൂടിയ, ശത്രുക്കളെ നശിപ്പിയ്ക്കുന്ന, ശക്തനായ രുദ്രന്ന് ഇവിടെ നിങ്ങൾ നമസ്കരിച്ചു സ്തോത്രം ചൊല്ലുവിൻ! 9

വൃഷാവായ ബൃഹസ്പതിയും ആ സോമബന്ധുക്കളും പ്രജകൾക്കായി അന്നം തഴപ്പിച്ചുപോരുന്നുണ്ടല്ലോ. അതിനാൽ അഥർവാവ് ഒന്നാമതായി യജ്ഞമാർഗ്ഗം പരത്തി: ബലവാന്മാരായ ദേവന്മാരും ഭൃഗുക്കളും വിശസനം നടത്തി. 10

വളരെ വെള്ളമുള്ള വാനൂഴികളും, യമനും, അദിതിയും, ത്വഷ്ടാവെന്ന ദേവനും, ദ്രവിണോദസ്സും, ഋഭുക്കളും, രോദസിയും, മരുത്തുക്കളും, വിഷ്ണുവും നാലംഗങ്ങളുള്ള നരാശംസത്തിൽ പ്രകർഷേണ പൂജിയ്ക്കപ്പെടുന്നു. 11

ആ കവിയായ അഹിർബുധ്ന്യൻ യജ്ഞത്തിൽ, കാമയമാനന്മാരായ നമ്മുടെ വിശാലസ്തുതി ചെവിക്കൊള്ളട്ടെ; വാനത്തു വാ

7. അദ്ദേഹത്തെ——ഇന്ദ്രനെ.

8. ഇന്ദ്രന്റെ ആജ്ഞയാലാണ്, സൂൎയ്യൻതന്നെയും കുതിരകളെ ഇമ്പപ്പെടുത്തുന്നത്——കുതിരകളെ തെളിച്ചു സഞ്ചരിയ്ക്കുന്നത്. സഹനശീലൻ——പർജ്ജന്യൻ.

9. സ്തോതാക്കളോട്: എഴുന്നള്ളുന്നത്——യജ്ഞങ്ങളിലെയ്ക്കു വരുന്നത്. നിയതാഭിലാഷർ——നിയമേന യജ്ഞത്തെ ഇച്ഛിയ്ക്കുന്ന മരുത്തുക്കൾ.

10. സോമബന്ധുക്കൾ——ദേവന്മാർ. വിശസനം = പശുവധം.

11. രോദസി——രുദ്രപത്നി. നാലംഗങ്ങൾ——നാലഗ്നികൾ. നരാശംസം——ഒരു യജ്ഞത്തിന്റെ പേര്.

ഴന്ന സഞ്ചരിഷ്ണുക്കളായ സൂര്യചന്ദ്രന്മാരും, കർമ്മവതിയും ദ്യോവും ബുദ്ധിയാൽ ഇതറിയട്ടെ! 12

പൂഷാവും, വിശ്വദേവഹിതനായ ഉദകപുത്രൻ വായുവും നമ്മുടെ ജംഗമത്തെ യജ്ഞകർമ്മത്തിന്നായി പ്രകർഷേണ രക്ഷിയ്ക്കട്ടെ. നിങ്ങൾ ജീവനായ വായുവിനെ പ്രശസ്താന്നലബ്ധിയ്ക്കായി സ്തുതിയ്ക്കുവിൻ: ശോഭനാഹ്വാനരായ അശ്വികളേ, എഴുന്നള്ളുന്ന നിങ്ങൾ ഇതു കേട്ടരുളുവിൻ! 13

ഈ നിർഭയരായ മനുഷ്യരുടെ ഉള്ളിലിരിയ്ക്കുന്ന സ്വയംപ്രഖ്യാതനെയും, എല്ലാദ്ദേവപത്നിമാരോടുംകൂടിയ ഇടിവില്ലാത്ത അദിതിയെയും, രാത്രിയുടെ യുവാവിനെയും, നരസ്നേഹിയെയും, തമ്പുരാനെയും നാം സ്തുതിച്ചുപാടുക! 14

ഇവിടെ, ജനനത്താൽ കാരണവനായ അംഗിരസ്സു സ്തുതിയ്ക്കുന്നു: ഉയർത്തപ്പെട്ട അമ്മികളുഴകൾ യജ്ഞത്തെ നോക്കിക്കാണുന്നു. ഇവയാലാണല്ലോ, വിചക്ഷണൻ വിപുലനായിച്ചമഞ്ഞതു്; തന്റെ വജ്രമത്രേ, തണ്ണീർവഴിയിൽ അഴകൊത്ത അന്നസാധനം പുറപ്പെടുവിച്ചതു്! 15

സൂക്തം 93.

പൃഥുപുത്രൻ താന്വൻ ഋഷി; പ്രസ്താരപംക്തിയും അനുഷ്ടുപ്പും പംക്തിയും ന്യങ്കുസാരിണിയും പുരസ്താൽബൃഹതിയും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

വാനൂഴികളേ, നിങ്ങൾ തുലോം വിസ്താരപ്പെടുവിൻ. വലിയ ദ്യാവാപൃഥിവികളേ, നിങ്ങൾ ഞങ്ങൾക്കു സദാ രണ്ടു വനിതമാരാ

---

12. കർമ്മവതി—ഭൂമി. ഇതു്—സ്തുതി.

13. സ്തോതാക്കളോടു്: ജംഗമത്തെ—ഗവാശ്വാദികളെ. എഴുന്നള്ളുന്ന—യജ്ഞത്തിലെയ്ക്കു വരുന്ന. ഇതു—സ്തുതി.

14. നിർഭയർ—സംസാരഭയം വിട്ടവർ. സ്വയംപ്രഖ്യാതൻ—അഗ്നി. രാത്രിയുടെ യുവാവു്—ചന്ദ്രൻ. നരസ്നേഹി—സൂര്യൻ. തമ്പുരാൻ—ഇന്ദ്രൻ.

15. സ്തുതിയ്ക്കുന്നു—ദേവന്മാരെ. യജ്ഞത്തെ—യജ്ഞസാധനമായ സോമത്തെ. വിചക്ഷണൻ—ഇന്ദ്രൻ. വിപുലൻ—ഹർഷത്താൽ തടിച്ചവൻ. തന്റെ—ഇന്ദ്രന്റെ. തണ്ണീർവഴിയിൽ—അന്തരിക്ഷത്തിൽ. അന്നസാധനം—വെള്ളം.

കവിൻ. എതിർപ്പിൽ ഞങ്ങളെ നിങ്ങൾ ഇവകൊണ്ടു രക്ഷിയ്ക്കുവിൻ—വല്ലാതെ കീഴമർത്തുന്നവരിൽനിന്നുപോലും ഞങ്ങളെ നിങ്ങൾ ഇവകൊണ്ടു രക്ഷിയ്ക്കുവിൻ! 1

നീണ്ട പഠിപ്പുള്ള യാതൊരുവൻ സുഖകരങ്ങൾകൊണ്ടു ദേവന്മാരെ പരിചരിയ്ക്കുമോ, ആ മനുഷ്യൻ യജ്ഞത്തിൽ യജ്ഞത്തിൽ അവരെ പൂജിയ്ക്കും! 2

ദേവന്മാരേ, ഏവർക്കും ഉടയവരായ നിങ്ങളുടെ പക്കൽ വളരെയുണ്ട്, വരണീയം! നിങ്ങളെല്ലാവരും വിശാലതേജസ്സരാണ്; നിങ്ങളെല്ലാവരും യജ്ഞങ്ങളിൽ യജനീയരാണ്. 3

അര്യമാവ്, മിത്രൻ, നീളെ നടക്കുന്ന വരുണൻ, പുകഴ്ത്തപ്പെട്ട രുദ്രൻ, പോഷകരായ മരുത്തുക്കൾ, ഭഗൻ, എന്നീ സ്തുത്യന്മാർ മനുഷ്യർക്കു സുഖമരുളട്ടെ: അമൃതിന്റെ അരചന്മാരാണല്ലോ, അവർ! 4

വർഷണധനന്മാരേ, ജലപതികളായ നിങ്ങളിരുവരും, ഒരേമട്ടിൽ പൊറുപ്പുമുതലുള്ളവരായ സൂര്യാചന്ദ്രമസ്സുകളോടും, അന്തരിക്ഷസ്ഥനായ അഹിർബുധ്ന്യനോടുംകൂടി, ഞങ്ങളെ രക്ഷിച്ചാലും! 5

അംഹഃപതികളായ അശ്വിദേവന്മാരും മിത്രാവരുണന്മാരും ഞങ്ങളെ തിരുവുടൽകൊണ്ടു രക്ഷിയ്ക്കുമാറാകണം: (ഇവരാൽ രക്ഷിയ്ക്കപ്പെട്ടവൻ) വമ്പിച്ച സമ്പത്തു നേടും; ദുരിതങ്ങൾ, മരുഭൂമികൾ പോലെ കടക്കും! 6

രുദ്രപുത്രരായ അശ്വികൾ, രഥപതി, ഭഗൻ, ഋഭു, വാജൻ, സദാഗതി എന്നീ വിശ്വവേദസ്സുകളായ വലിയ ദേവന്മാരെല്ലാം നമ്മെ സുഖിപ്പിയ്ക്കട്ടെ! 7

സൂക്തം 93.

1. വനിതമർ—പ്രിയമാരെന്നർത്ഥം. ഇവ—ഈ രക്ഷകൾ.

2. പഠിപ്പ്—ശാസ്ത്രാധ്യയനം. സുഖകരങ്ങൾ—സുഖമുളവാക്കുന്ന ഹവിസ്സുകൾ. യജ്ഞത്തിൽ യജ്ഞത്തിൽ പൂജിയ്ക്കും—സുഖകരങ്ങളായ ഹവിസ്സുകൾകൊണ്ടേ ഓരോ യജ്ഞവും സഫലമാകൂ എന്നു സാരം.

3. വരണീയം—ധനം.

4. നീളെ നടക്കുന്ന—ഗതിയ്ക്ക് ഒരേടത്തും തടവില്ലാത്ത. അമൃതിന്റെ—സുധാസദൃശമായ ഹവിസ്സിന്റെ.

5. അശ്വികളോട്:

7. രഥപതി—പൂഷാവ്. സദാഗതി=വായു.

ഋഭുക്ഷാവു ശോഭിയ്ക്കുന്നു; പരിചരിയ്ക്കുന്നവൻെറ ഇമ്പവും ശോ
ഭിയ്ക്കുന്നു. ഇങ്ങോട്ടു വെക്കമെഴുന്നള്ളുന്ന നിന്തിരുവടിയുടെ ഇരുഹ
രികൾ ബലിഷ്ഠങ്ങളാണല്ലോ. തനിയ്ക്കുള്ള സാമവും ദുഷ്പ്രാപമാ
കുന്നു. വേറെയൊന്നാണ്, മനുഷ്യസാധാരണമല്ല, ഈ യജ്ഞം! 8

ദേവ, സവിതാവേ, ഹവിർദ്ധനന്മാരാൽ സ്തുതിയ്ക്കപ്പെടുന്ന നി
ന്തിരുവടി ഞങ്ങളെ മുഖം കുനിയ്ക്കേണ്ടാത്തവരാക്കിയാലും. മരു
ത്സമേതനായ ഇന്ദ്രൻ ഈ മനുഷ്യരായ ഞങ്ങളിൽ, ചക്രം കടി
ഞാണെന്നപോലെ ബലം തുലോം ചേർക്കട്ടെ! 9

ദ്യാവാപൃഥിവികളേ, നിങ്ങൾ ഞങ്ങളുടെ ഈ മക്കൾക്ക്
എല്ലാ ആൾക്കാരെയും, വലിയ യശസ്സും കൊടുക്കുവിൻ; ബലമു
ണ്ടാകാൻ അന്നവും—ശത്രുക്കളെ പിന്നിടാൻ ധനസമേതമായ അ
ന്നവും—കൊടുക്കുവിൻ! 10

വസോ, ബലവാനേ, ഇന്ദ്ര, ഞങ്ങളിൽ താൽപര്യമുള്ള
ഭവാൻ എങ്ങാനുമിരിയ്ക്കുന്ന ഈ സ്തോതാവിനെ ഇഷ്ടസിദ്ധിയ്ക്കു—
യാഗത്തിന്നു—സദാ രക്ഷിച്ചാലും; ജ്ഞാനംകൊണ്ട് അറിയുകയും
ചെയ്താലും! 11

തലവന്മാൎക്കു കൊലപോലെയുള്ളതായ എൻെറ ഈ സ്തോത്ര
ത്തെ (ഋത്വിക്കുകൾ), ദീപ്തഗമനം സൂര്യങ്കൽ രശ്മിയെയെന്ന
പോലെ വളൎത്തട്ടെ; ഉറപ്പു വരുത്തിയ രഥത്തെ തച്ചൻപോലെ
പുറത്തിറക്കട്ടെ! 12

ധനം കിട്ടിയ്ക്കുന്ന ഈ സ്തുതി ദേവന്മാൎക്കു് ഒരു പൊൻപണ്ടമാ
യി, യുദ്ധത്തിൽ ബലംപോലെയും മുഴമിച്ച തേകൽപോലെയും
ആവൎത്തിയ്ക്കുന്നു! 13

---

8. ഋഭുക്ഷാവ് = ഇന്ദ്രൻ. പരിചരിയ്ക്കുന്നവൻ—യഷ്ടാവ്. തനിയ്ക്കു്—ഇ
ന്ദ്രന്ന്. ദുഷ്പ്രാപമാകുന്നു—രക്ഷസ്സുകൾക്കടുക്കാവുന്നതല്ല. മനുഷ്യസാധാരണമല്ല—
ദിവ്യമാണ്.

9. ഹവിർദ്ധനന്മാർ—ഋത്വിക്കുകൾ. മുഖം കുനിയ്ക്കേണ്ടാത്തവർ—ലജ്ജാ
കരമായ കൎമ്മം ചെയ്യാത്തവർ.

12. തലവന്മാർ—ദേവശത്രുക്കൾ. ഉറപ്പു വരുത്തിയ (കേടു തീൎത്ത) രഥ
ത്തെ, ഉടമസ്ഥന്മാർ വന്നാൽ, ആശാരി പുറത്തിറക്കുമല്ലോ; അതുപോലെ, ഈ
സ്തോത്രത്തെ ഋത്വിക്കുകൾ വെളിപ്പെടുത്തട്ടെ.

13. മുഴമിച്ച—കോരിയെടുത്ത വെള്ളം ഒഴിച്ചുകഴിഞ്ഞാൽ, തേകൽ വീ
ണ്ടും ആവൎത്തിയ്ക്കുമല്ലോ.

യാവചിലർ അഞ്ഞൂറുതേരുകൾ പൂട്ടി ഞങ്ങളുടെ അടുക്കലെയ്ക്കു വരുമോ, ആ ദേവന്മാരെ കേൾപ്പിയ്ക്കുന്ന ഈ സ്തോത്രം ഞാൻ ദുശ്ശീമങ്കലും പൃഥിയിങ്കലും വേനങ്കലും ബലവാനായ രാമങ്കലും, മററു ധനികന്മാരിലും ചൊല്ലും. 14

ഇവരുടെ അടുക്കൽ താന്വൻ എഴുപത്തേഴ (ഗോക്കളെ) അപ്പോൾത്തന്നേ യാചിച്ചു: അപ്പോൾത്തന്നേ പൃഥുപുത്രൻ തന്നു; അപ്പോൾത്തന്നേ മായുക്കളും തന്നു! 15

സൂക്തം 94.

കദ്രുവിന്റെ പുത്രൻ അർബ്ബുദൻ എന്ന സർപ്പം ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അമ്മിക്കുഴകൾ ദേവത.

ഇവ ശബ്ദിയ്ക്കട്ടെ; നാം സ്തുതി ചൊല്ലുക. നിങ്ങൾ ശബ്ദിയ്ക്കുന്ന അമ്മിക്കുഴകളെ സ്തുതിയ്ക്കുവിൻ. ആദരണീയങ്ങളും ആശുകാരികളുമായ കല്ലുകളേ, നിങ്ങൾ ഇന്ദ്രനെപ്പററി ശ്രോതവ്യമായ ഘോഷം മുഴക്കി, സോമലിപ്തങ്ങളാകുവിൻ! 1

ഈ അമ്മിക്കുഴകൾ, നൂറുമായിരവും ആളുകൾപോലെ ശബ്ദിയ്ക്കുന്നു; പച്ചനിറം പൂണ്ട വായകൾകൊണ്ടു വിളിയ്ക്കുന്നു. ഈ സുകർമ്മാക്കൾ (യാഗത്തിൽ) വന്നു, സൽക്കർമ്മംമൂലം, ഹോതാവിനെക്കാൾ മുമ്പുതന്നേ ഹവിസ്സുണ്ണുന്നു! 2

---

14. ദുശ്ശീമൻ, പൃഥി, വേനൻ, രാമൻ എന്നിവർ രാജാക്കന്മാരത്രേ.

15. ഇവർ—രാജാക്കന്മാർ. പൃഥുപുത്രൻ—പൃഥുവിന്റെ മകനായ ഒരു രാജാവ്. മായുക്കൾ— (?)

സൂക്തം 94.

1. ഇവ—അമ്മിക്കുഴകൾ. നിങ്ങൾ—സ്തോതാക്കൾ. സോമലിപ്തങ്ങൾ=സോമം പുരണ്ടവ.

2. പച്ചനിറം—സോമത്തിന്റെ. വിളിയ്ക്കുന്നു—ദേവന്മാരെ. ഈ സുകർമ്മാക്കൾ—അമ്മിക്കുഴകൾ. ഹോതാവ്—അഗ്നി. ഹവിസ്സ്—സോമം.

ഇതാ, തുടുത്ത മരക്കൊമ്പു തിന്ന, നല്ല തീററ കിട്ടിയ, കാളകഠം ഉറക്കെ മുക്രയിടുന്നു: പചിച്ച മാംസത്തിന്നായി (മാംസാശികഠം) മുരളുന്നതുപോലെ, ഇവ ശബ്ദിയ്ക്കുന്നു; മധു വായിലാക്കുകയും ചെയ്യുന്നു! 3

ഇവ മത്തുണ്ടാക്കുന്ന സോമംകൊണ്ടു് ഇന്ദ്രനെ വിളിച്ച്, പെരികെശ്ശബ്ദിയ്ക്കുന്നു; മധു വായിലാക്കുന്നു; ചുണപൂണ്ടു, കുസലില്ലാതെ, ഒച്ചകളാൽ ഭൂമിയെ മാറെറാലിക്കൊള്ളിച്ച്, കൈവിരലുകളോടുകൂടി നൃത്തംചവുട്ടുന്നു! 4

ഇവ അഴകിൽ നിപതിച്ച്, അരികെ അന്തരിക്ഷത്തിൽ ശബ്ദമുണ്ടാക്കുന്നു. സൂര്യന്നൊപ്പം വെളുത്ത (നീർത്തുള്ളികഠം), മാൻകൂട്ടത്തിൽ നടക്കുന്ന കൃഷ്ണമൃഗങ്ങഠംപോലെ തുള്ളിക്കളിയ്ക്കുന്നു; ചതയ്ക്കുമ്പോഠം അമ്മിയുടെ ചുവട്ടിലെയ്ക്കു പോകുന്ന നീരിനെ ഒഴുക്കുന്നു; വളരെ നീരിനെ വഹിയ്ക്കുന്നു! 5

ഈ യജ്ഞഭാരവാഹികഠം (സോമത്തോടു)കൂടി, പൂട്ടപ്പെട്ടു വലിയ്ക്കുന്ന ബലിഷ്ഠങ്ങഠംപോലെ നീളുന്നു. ഇവ കിതച്ചുംകൊണ്ടു കുടിച്ചൊലിക്കുട്ടുന്നതു, കുതിരകളുടെ ചിനപോലെ കേഠംക്കുന്നു! 6

പത്തുജോലിക്കാർ, പത്തുപ്രകാശകർ, പത്തുകയറുകഠം, പത്തുയോജകർ, പത്തു ചുഴെപ്പണിക്കാർ, പത്തുചതക്കാർ എന്നിവരോടുകൂടി തളച്ച്യെന്നിയേ പെരുമാറുന്നവയെ നിങ്ങഠം സ്തുതിയ്ക്കുവിൻ! 7

പത്തുപിടുത്തങ്ങഠം ചേൎന്ന ഈ ആദരണീയങ്ങളായ ആശുകാരികളുടെ സ്പൃഹണീയമായ പ്രവൎത്തനം ചുഴെ നടക്കുന്നു: അവക്ക്

---

3. മരക്കൊമ്പ്—സോമശാഖ. കാളകഠം—അമ്മിക്കുഴകഠം. മധു—മത്തുണ്ടാക്കുന്ന സോമം.

4. കൈവിരലുകഠം—പിഴിയുന്നവന്റെ.

5. നിപതിച്ച്—അമ്മിമേൽ. നീരിനെ—സോമരസത്തെ.

6. യജ്ഞഭാരവാഹികഠം—അമ്മിക്കുഴകഠം. ബലിഷ്ഠങ്ങഠം—കരുത്തുററ കുതിരകഠം. കിതച്ചുകൊണ്ടു—പതനോൽപതനങ്ങളിലെ കാററിനെ കിതപ്പാക്കിയിരിയ്ക്കുന്നു. കുടിച്ച്—സോമനീര്.

7. ഋത്വിക്കുകളോട്: പത്തുജോലിക്കാരും മററും, സോമം പിഴിയുന്നവരുടെ പത്തുകൈവിരലുകഠംതന്നെ. പ്രകാശകർ=വെളിപ്പെടുത്തുന്നവർ. യോജകർ—ചേൎക്കുന്നവർ. ചതക്കാർ—ചതയ്ക്കുന്നവർ. പെരുമാറുന്നവയെ—അമ്മിക്കുഴകളെ.

തന്നെയാണ്, പിഴിഞ്ഞ സോമലതയാകുന്ന അന്നത്തിന്റെ അമൃത് ആദ്യം കിട്ടിയത്! 8

ആ സോമഭോജികൾ ഇന്ദ്രന്റെ ഹരികളെ ചുംബിയ്ക്കുന്നു; മൂരിത്തോലിലെയ്ക്കു സോമം കറക്കുന്നു. അവ കറന്ന സോമമധു കുടിച്ചിട്ട് ഇന്ദ്രൻ തഴയ്ക്കുന്നു, തടിയ്ക്കുന്നു, 'കൂററൻകുത്തു'ന്നു! 9

അമ്മിക്കുഴകളേ, നിങ്ങൾ ചെന്നുചേൎന്ന യാഗത്തിൽ സോമം നിങ്ങൾക്ക് അഭീഷ്ടം വർഷിയ്ക്കുന്നു. നിങ്ങൾക്ക് ഉടവു വരില്ല. നിങ്ങൾ, അന്നവാന്മാർപോലെ നിത്യം ഊൺ കഴിയ്ക്കുന്നു; ധനവാന്മാർപോലെ തേജസ്സും ശ്രേയസ്സും നേടുന്നു. 10

പൊങ്ങുകയും താഴുകയും ചെയ്യുന്ന അമ്മിക്കുഴകളേ, ബലിഷ്ഠരേ, നിങ്ങൾ പിളർത്തും, പിളർത്തപ്പെടില്ല. നിങ്ങൾക്കു തളർച്ചയില്ല, തളൎത്തപ്പെടലില്ല; രോഗമില്ല, വാർദ്ധക്യമില്ല, മരണമില്ല; തൃഷ്ണയില്ല, കൊതിയില്ല! 11

നിങ്ങളുടെ അച്ഛന്മാർക്കു് ഒരു യുഗത്തിലുമില്ല, ഇളക്കം: ക്ഷേമകാംക്ഷികളായ അവർ സദസ്സുകളിൽ ചേരാറില്ല. നിർജ്ജരരായ നിങ്ങളോ സോമസമ്പൎക്കത്താൽ പച്ചനിറം പൂണ്ടു ദ്യോവിലും ഭൂവിലും ഒച്ചകേൾപ്പിയ്ക്കുന്നു. 12

നീർ നിർഗ്ഗളിയ്ക്കുമ്പോൾ അമ്മിക്കുഴകൾ, വഴിയിൽ പായുന്ന രഥങ്ങൾക്കൊത്ത ശബ്ദങ്ങൾകൊണ്ടു് അതുതന്നെ വിളിച്ചുപറയുന്നു; ഭക്ഷിയ്ക്കുന്ന അവ, വിതയ്ക്കുന്ന കൃഷിക്കാർ വിത്തിനെയെന്നപോലെ, സോമത്തെ ഒന്നിച്ചുകൂട്ടുന്നു; ക്ഷയിപ്പിയ്ക്കുന്നില്ല. 13

---

8. പത്തുപിടുത്തങ്ങൾ—വിരലുകളുടെ. ആശുകാരികൾ—അമ്മിക്കുഴകൾ. പ്രവർത്തനം—സോമലത ചതയ്ക്കൽ. അമൃത്—മാധുര്യാനുഭൂതി.

9. ആ സോമഭോജികൾ—അമ്മിക്കല്ലുകൾ. തഴയ്ക്കുന്നു—നീണ്ടുയരുന്നു.

10. ഊൺകഴിയ്ക്കുന്നു—സോമമാകുന്ന അന്നം ഭക്ഷിയ്ക്കുന്നു.

12. അമ്മിക്കുഴകളുടെ അച്ഛന്മാർ (മലകൾ) എന്നെന്നും അനങ്ങാറില്ല: അവർ സദസ്സുകളിൽ (യാഗശാലകളിൽ) പോകാതെ ക്ഷേമം (വിശ്രമം)കൊള്ളുന്നു. നിർജ്ജരരായ (തളർച്ചയില്ലാത്ത) അമ്മിക്കുഴകളുടെ മട്ടു നേരേ മറിച്ചാണ്.

13. അതുതന്നേ—നീർ നിർഗ്ഗളിച്ചു എന്നതുതന്നെ. ഭക്ഷിയ്ക്കുന്ന—സോമഭോജികളായ.

പൂജിയ്ക്കപ്പെടുന്ന അമ്മിക്കുഴകരം യാഗത്തിൽ പിഴിഞ്ഞിട്ട്, അമ്മയെ പിച്ചുന്ന കളിക്കിടാങ്ങരംപോലെ ച്ചെകൂട്ടുന്നു. വഴിപോലെ പിഴിഞ്ഞ അവയെക്കുറിച്ചു ഭവാൻ സ്തോത്രം ചൊല്ലുക; അവ ഒലി മുഴക്കട്ടെ! 14

നാലാമധ്യായം സമാപ്തം.

===

അഞ്ചാമധ്യായം.

സൂക്തം 95.

പുരൂരവസ്സും ഉർവശിയും ഋഷികരം; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അപേക്ഷയും നിഷേധവും ദേവതകരം

'ഹേ കടുംകൈ ചെയ്ത ഭാര്യേ, ഭവതി കനിഞ്ഞു നിന്നാലും: ഇപ്പോരം നമുക്കു തമ്മിൽ കുറെ സംസാരിയ്ക്കാം; നമ്മുടെ ഈ ഗൂഢ കാര്യങ്ങരം പറയാതിരുന്നാൽ, ചരമദിവസത്തിൽപ്പോലും സുഖ മുണ്ടാകില്ല!' 1

'ഈ സംഭാഷണംകൊണ്ടു നാം എന്തു ചെയ്യും? ഞാൻ ഭവാങ്കൽനിന്ന്, ഉഷസ്സുകളിൽവെച്ചു മുമ്പേത്തതെന്നപോലെ പോന്നു കഴിഞ്ഞു. പുരൂരവസ്സേ, അങ്ങ് ഗൃഹത്തിലെയ്ക്കു മടങ്ങിപ്പോയ്ക്കൊരംക: കാററുപോലെ പിടിയിൽപ്പെടാത്തവളാണ്, ഞാൻ!' 2

---

14. സ്തോതാവിനോട്:

സൂക്തം 95.

1. ഉർവശിയാൽ ത്യക്തനായ പുരൂരവസ്സുരാജാവ് പ്രിയാവിരഹത്താൽ ഒരു ഭ്രാന്തനെപ്പോലായിത്തീർന്ന് അവളെ തിരഞ്ഞു നടന്ന്, ഒടുവിൽ മാനസസരസ്സീരത്തു കണ്ടെത്തി: അവരം സഖിമാരായ അപ്സരസ്ത്രീകളോടൊന്നിച്ചു വിഹരിയ്ക്കുകയായിരുന്നു. അപ്പോരം രാജാവ് അവളോടപേക്ഷിച്ചതും അവരം നിഷേധിച്ചതുമാണ്, ഈ സൂക്തത്തിലെ വിഷയം. നിന്നാലും––ഇത്തിരി നേരം നിൽക്കുക. കടുംകൈ––പ്രേമഭരിതനായ ഭർത്താവിനെ (എന്നെ) പരിത്യജിയ്ക്കൽ.

2. ഉർവശിയുടെ മറുപടി: പോയ ഉഷസ്സു തിരിയേ വരാറില്ലല്ലോ.

'ഞാൻ വിജയത്തിന്ന് ആവനാഴിയിൽനിന്ന് അമ്പെടുത്ത് എയ്യാറില്ല; പാഞ്ഞണഞ്ഞു ഗോക്കളെയും നൂറുകണക്കിൽ ധനവും നേടാറില്ല, വീരരില്ലാത്ത ജോലിയിൽ ശോഭിയ്ക്കാറില്ല. ഭടന്മാർ പെരുംപടയിൽ അലറാറില്ല!' 3

'ഉഷസ്സേ, ഈ ഉർവശി ശ്വശുരന്നുണ്ണാൻ ചോറു കൊണ്ടുകൊടുക്കും; വേണമെന്നു തോന്നിയാലപ്പോൾ, ഊൺമുറിയിൽനിന്നു കിടപ്പറയിലെയ്ക്കു പോരും. അവിടെ ആ കാമിനി ഇരവുപകൽ മേഢ്റത്തിന്റെ മേട്ടമേററിരുന്നു! 4

പുരൂരവസ്സേ, അങ്ങ് എന്നെ നാളൊന്നിൽ മൂന്നുപ്രാവശ്യം മേഢ്റംകൊണ്ടു മേടിയിരുന്നുവല്ലോ: എന്നെ ഊഴക്കാരിയാക്കാതെ പൂർണ്ണയാക്കുമെന്നു കരുതിയാണ്, ഞാൻ അങ്ങയുടെ അരമനയിലെയ്ക്കുപോന്നത്; വീര, രാജാവായ ഭവാൻ അന്നെനിയ്ക്കു ദേഹസുഖം വരുത്തുകയും ചെയ്തിരുന്നു.' 5

'സുജൂർണ്ണി, ശ്രേണി, സുമ്നആപി, ഹ്രദേചക്ഷുസ്സ്, ഗ്രന്ഥിനി എന്നിവരോടൊത്തു ലാത്തുകയായിരുന്നു, തത്രഭവതി: ആ പണ്ടു മണിഞ്ഞ പാടലാംഗികൾ വിട്ടുപോയില്ല; തൊഴുത്തിൽക്കേറാൻ, പുതുതായിപ്പെററ പൈക്കളെന്നപോലെ നിലവിളിച്ചിരുന്നില്ല!' 6

'ഇദ്ദേഹം പിറക്കുമ്പോൾ ദേവവേശ്യമാർ ഒത്തുകൂടിയിരുന്നു: സ്വയമൊഴുകുന്ന നദികൾ ഇദ്ദേഹത്തെ വളർത്തി. പുരൂരവസ്സേ, വ

3. പുരൂരവസ്സ്: എയ്യാറില്ല––ഭവതിയോടു വേർപെട്ടതിനാൽ ശത്രുക്കളോടു പൊരുതുകയോ, അവരുടെ ധനം കീഴടക്കുകയോ ചെയ്യാറില്ല. വീരരില്ലാത്ത––മററു വീരർക്കസാധ്യമായ കാര്യം ഞാൻ സാധിയ്ക്കാറുണ്ടായിരുന്നു; ഇപ്പോൾ ഞാൻ അതിന്നു ശക്തനല്ല. ഭടന്മാർ––എന്റെ പടയാളികൾ.

4. ഉർവശി, താൻ രാജധാനിയിൽ ചെയ്തിരുന്നത് ഉഷസ്സിനോടായി പറയുന്നു: ഊൺമുറി––ശ്വശുരന്റെ ഭക്ഷണമുറി. കിടപ്പറ––ഭർത്താവിന്റെ. മേഢ്റത്തിന്റെ മേട്ടം––ഭർത്തൃസംഭോഗം.

5. ഊഴക്കാരിയാക്കാതെ––സാധാരണപത്നിമാരിലൊരുത്തി എന്നെണ്ണാതെ.

6. പുരൂരവസ്സ്: സുജൂർണ്ണിമുതൽ അഞ്ചുപേർ സഖിമാരായ അപ്സരസ്സുകളത്രേ. പൈക്കൾ നിലവിളിയ്ക്കുമല്ലോ; അതുപോലെ, ആ സഖിമാർ ചെച്ചുകൂട്ടിയിരുന്നില്ല.

ലിയ യുദ്ധത്തിന്നും ദസ്യുക്കളെ കൊല്ലാനമാണല്ലോ, അങ്ങയെ ദേവന്മാർ വളർത്തിയത്.' 7

'സ്വന്തം രൂപമുപേക്ഷിച്ച അമാനുഷികളെ സഹായിപ്പാൻ ഒരു മനുഷ്യൻ ചെന്നപ്പോഠം, അവർ എങ്കൽനിന്നു തരസൽപ്പേടകഠം പോലെയും തേരിന്നു പൂട്ടിയ കുതിരകഠംപോലെയും, ഓടിപ്പോവുകയാണുണ്ടായത്. 8

ഒരു മർത്ത്യൻ ഈ അമർത്ത്യസ്ത്രീകളിൽ തൊട്ടും പിടിച്ചും സംസാരിച്ചും പെരുമാറാൻ തുടങ്ങി. അപ്പോഠം അവർ പൊന്മകളായിത്തീൻ, നാക്കാൽ കീറി നക്കിക്കളിയാടുന്ന കുതിരകഠംപോലെ, ദേഹം വെളിപ്പെടുത്താതായി! 9

ഉർവശി, ഒരു മിന്നൽക്കൊടി വീഴുന്നതുപോലെ വിളങ്ങി; എനിക്കു അന്തരിക്ഷത്തിലെ കാമ്യവസ്തുക്കളും ഒരുക്കിത്തന്നു. എന്നാൽ, കർമ്മവാനും മനുഷ്യഹിതനുമായ ഒരു സുജാതൻ പിറന്നാലേ, അവഠം (എനിക്കു) ദീർഘായുസ്സു വളർത്തു!' 10

'ഇങ്ങനെ ഭൂപാലനത്തിന്നു ഭവാൻ ജനിച്ചിരിക്കുന്നുവല്ലോ—പുരൂരവസ്സേ, അങ്ങു എന്നിൽ വീര്യാധാനം ചെയ്തിരിക്കുന്നു; അതങ്ങനെയാകട്ടെ. വിദുഷിയായ ഞാൻ നിത്യം ഉപദേശിച്ചിരുന്നു; അതു ഭവാൻ കേട്ടില്ല. എന്തിനാണ്, ചെയ്യാത്ത ഭവാൻ പുലമ്പുന്നത്?' 11

---

7. ആ സഖിമാരെ പുരൂരവസ്സു പുണർന്നിരുന്നു എന്ന്, ഉർവശി സൂചിപ്പിക്കുന്നു:

8. പുരൂരവസ്സ്: അമാനുഷികഠം—ദേവസ്ത്രീകഠം. മനുഷ്യൻ—ഞാൻ. തരസൽപ്പേടകഠം—തരസത്ത് എന്ന മാൻവർഗ്ഗത്തിലെ സ്ത്രീകഠം. അവ വേടനെപ്പേടിച്ചു പായുന്നപോലെയും. ഓടിപ്പോകയാണുണ്ടായത്—ആ അപ്സരസ്സുകളെ ഞാൻ പുണർന്നില്ല.

9. അതുതന്നേ എടുത്തുപറയുന്നു: പൊന്മ—ഒരുതരം പക്ഷി. ചാടിക്കളിച്ചോടുന്ന കുതിരകളുടെ ദേഹം തേരാളി ശരിക്കു കാണില്ലല്ലോ.

10. സുജാതൻ നല്ല മകൻ. വളർത്തു—ഞാൻ ചിരംജീവിയാകണമെങ്കിൽ. എനിക്കു ഇവളിൽ പുത്രൻ ജനിക്കണം; 'ആത്മാ വൈ പുത്രനാമാ.'

11. 'അങ്ങേക്കു എന്നിൽ പുത്രൻ പിറന്നിരിക്കുന്നു' എന്ന് ഉർവശി അറിയിക്കുന്നു: വിദുഷി—ഭാവികാര്യജ്ഞ. ചെയ്യാത്ത—പ്രതിജ്ഞ രക്ഷിക്കാത്ത. 'ഒരു കുട്ടിയുണ്ടാകുന്നതുവരെയേ ഞാൻ അങ്ങയുടെ ഭാര്യയാകയുള്ളു' എന്നും മററും കരാറുപറഞ്ഞാണ്, ഉർവശി പുരൂരവസ്സിനെ സ്വീകരിച്ചത്.

'പിറന്ന മകൻ എപ്പോൾ അച്ഛനെ തേടും? എപ്പോൾ കണ്ടെത്തി, കരഞ്ഞു കണ്ണീരുവാക്കുകയും ചെയ്യും? ആർ മനസ്സിണങ്ങിയ ദമ്പതിമാരെ വേർപെടുത്തും? എന്നായിരിയ്ക്കും, അഗ്നി ശ്വശുരന്മാരുടെ അടുക്കൽ വിളങ്ങുക?' 12

'ഞാൻ മറുപടി പറയാം: ഉദ്ദേശിച്ച നന്മ വരുമ്പോൾ കരയും, കണ്ണീരും വാക്കും; ഭവാൻ എന്നിൽ വെച്ചിട്ടുള്ളതിനെ ഞാൻ ഭവാന്നയച്ചുതരാം. തിരിയേ പോയ്ക്കൊൾക: വിഡ്ഢി, ഭവാന്ന് എന്നെ കിട്ടില്ല!' 13

'നന്നായി കളിയാടിയവൻ ഇവിടെത്തന്നെ വീഴട്ടെ; അല്ലെങ്കിൽ, മടങ്ങാത്ത അതിദൂരത്തെയ്ക്കു നടകൊള്ളട്ടെ; അല്ലെങ്കിൽ മണ്ണിൽ കിടക്കട്ടെ; അതുമല്ലെങ്കിൽ, ഇവനെ ചെന്നായ്ക്കൾ പാഞ്ഞെത്തി തിന്നുകൊള്ളട്ടെ!' 14

'പുരൂരവസ്സേ, അങ്ങ് മരിയ്ക്കേണ്ടാ, വീഴേണ്ടാ, അങ്ങയെ കെട്ടചെന്നായ്ക്കൾ തിന്നേണ്ടാ. പെണ്ണുങ്ങൾക്ക സ്നേഹിയ്ക്കലില്ല: ചെന്നായ്ക്കളുടേതാണ്, അവരുടെ ഹൃദയം! 15

ഞാൻ പലവടിവോടേ മനുഷ്യരിൽ പെരുമാറി: നാലുവഷം മുഴുവൻ വിളയാടിപ്പാർത്തു. അന്നു ഞാൻ ദിവസത്തിലൊരിയ്ക്കൽ ഒരിത്തിരി നെയ്യു കഴിച്ചിരുന്നു; അതുകൊണ്ടുതന്നേ ഇന്നും വിശപ്പില്ലാതെ നടക്കുന്നു!' 16

---

12. പുരൂരവസ്സ്, പുത്രനെ എപ്പോൾ കിട്ടുമെന്നു ചോദിയ്ക്കുന്നു: ദമ്പതിമാരെ—ഭവതിയെയും എന്നെയും. അഗ്നി—ഭവതിയുടെ വയററിലിരിയ്ക്കുന്ന തേജസ്സ്, ശിശു. ശ്വശുരന്മാർ—ഭവതിയുടെ ശ്വശുരന്മാർ; എന്റെ അമ്മയച്ഛന്മാർ.

13. ഉർവശിയുടെ മറുപടി: നന്മ വരുമ്പോൾ—ഭാഗ്യം വരുമ്പോൾ. കരയും—ഭവാന്റെ അടുക്കൽ വരും എന്നർത്ഥം. വെച്ചിട്ടുള്ളതിനെ—സന്താനത്തെ.

14. പുരൂരവസ്സ് സങ്കടപ്പെടുന്നു: കളിയാടിയവൻ—ഭവതിയുമായി രമിച്ച ഞാൻ. വീഴട്ടെ—മരിച്ചുവീഴട്ടെ. നടകൊള്ളട്ടെ—'മഹാപ്രസ്ഥാന'മനുഷ്ഠിയ്ക്കട്ടെ.

15. ഉർവശി.

16. പലവടിവോടേ—ഭർത്താവായ ഭവാന്റെ ആനുകൂല്യത്താൽ നാനാരൂപയായി. ഒരിത്തിരിനെയ്യ്—ഭൂമിയിലെ സുഖമെന്നർത്ഥം. വിശപ്പില്ലാതെ—സംതൃപ്തയായി.

'അന്തരിക്ഷത്തെ നിറയ്ക്കുന്ന, അംഭസ്സിനെ നിർമ്മിയ്ക്കുന്ന ഉർവശിയെ വലിയ വാസയിതാവായ ഞാൻ വശത്താക്കുന്നു: സുകർമ്മപ്രദൻ ഭവതിയെ ഉപാസിയ്ക്കട്ടെ; ഭവതി മടങ്ങിപ്പോന്നാലും. എന്റെ ഹൃദയം വേവുന്നു!' 17

'ഇളാത്മജ, ഭവാനോടു ദേവന്മാർ ഇങ്ങനെ പറയുന്നു: 'ഇതിന്നു ഭവാൻ മൃത്യുവശനാകാതിരിയ്ക്കണം: അങ്ങയുടെ മകൻ ദേവന്മാരെ ഹവിസ്സുകൊണ്ടു പൂജിയ്ക്കും; അങ്ങും സ്വർഗ്ഗത്തിൽ മത്താടും!' 18

സൂക്തം 96.

അംഗിരോഗോത്രൻ വരുവോ ഇന്ദ്രപുത്രൻ സർവഹരിയോ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഹരികൾ ദേവത.

(കേക.)

വാഴ്ത്തിനേൻ, വൻയജ്ഞത്തിൽ നിന്നിരുഹരികളെ;
പ്രാർത്ഥിപ്പൂ, ഹന്താവാം നിൻ കാമ്യമാം മത്തോടു ഞാൻ.
ഹരിമാനെവൻ ഗ്രുകം, സ്വാദ്ദനെപ്പോലുള്ളൊന്നാ,
ഹരിദംഗനാം നിങ്കലെത്തട്ടേ, സ്തവനങ്ങൾ! 1

സ്തുതിച്ചാരല്ലോ, യാനഹരിയെദ്ദേവന്മാർതൻ
സദസ്സിലെയ്ക്കു തെളിച്ചാ ഹരികളെപ്പൂർവർ;

---

17. പുരൂരവസ്സ്: നിറയ്ക്കുന്ന—തന്റെ തേജസ്സുകൊണ്ട്. വാസയിതാവ് = വസിപ്പിയ്ക്കുന്നവൻ; ആളുകളെ രക്ഷിയ്ക്കുന്നവൻ. ഉപാസിയ്ക്കുക—സേവിയ്ക്കുക.

18. ഉർവശി: ഇളാത്മജ—പുരൂരവസ്സിന്റെ അച്ഛന്റെ പേർ ഇളനെന്നാകുന്നു.

സൂക്തം 96.

1. ഇന്ദ്രനോട്: പ്രാർത്ഥിപ്പൂ—അഭിമതം യാചിയ്ക്കുന്നു. ഹന്താവ്—വൈരിഘ്നൻ. ഹരിമാൻ=ഹരികളോടു (രണ്ടശ്വങ്ങളോടു) കൂടിയവൻ; ഹരികളെ പൂട്ടിയ തേരിൽ എന്റെ യാഗത്തിൽ വന്ന് എന്നർത്ഥം. സ്വാദ്ദനെപ്പോലുള്ളൊന്ന്—വർഷജലം. ഹരിദംഗൻ—പച്ചനിറശ്ശരീരൻ. സ്തവനങ്ങൾ—ഞങ്ങളുടെ സ്തുതികൾ.

സ്തോതാക്കളോട്: യാനഹരിയെ—ഇന്ദ്രന്റെ വാഹനമായ രണ്ടശ്വത്തെ. ദേവന്മാർതൻസദസ്സ്—യാഗശാല. തെളിച്ച്—സ്തുതിയ്ക്കപ്പെട്ടാല

പച്ചയാൽപ്പൈപ്പോലേകി, തൃപ്തിയുമിന്ദ്ര;–നമ്മ–
ട്ടർച്ചനംചെയ്‌വിൻ, പച്ചക്കുതിരക്കരുത്തിനെ! 2

ഹരിത,മിന്ദ്രനുടെയിരിമ്പുവജ്രം, കമ്രം:
ഹരിസ്സും ഹരിയതു തൃക്കയ്യിലിരിയ്ക്കുന്നു.
അമ്പാലും ക്രുധയാലുമെതിക്കും സുഹനുവാം
സമ്പന്നനവങ്കലേ പൊഴിച്ചു, പച്ചദ്രവ്യം! 3

അരുണൻപോലേ വാനത്തരുളുമവനുടെ–
യഹിയെപ്പിളർത്താമിരിമ്പുവജ്രം, കാമ്യം
പച്ചവാജികൾപോലെ പാഞ്ഞെത്തുമെങ്ങു;–മണ
പച്ചച്ചാ ഹരീശ്വരനായിരം കതിർ വീശും! 4

ഇച്ഛിച്ചുപോന്നു, പച്ചത്തുരഗേശനാമിന്ദ്ര,
യജ്വാക്കൾ പുരാതനർ വാഞ്ഛിയ നീതാൻ, നീതാൻ:
പച്ചവർണ്ണത്തിൽ വെളിപ്പെട്ടോനേ, ഭവാനിന്നു–
മിച്ഛിപ്പൂ, കാമ്യം സ്തുത്യം നിൻനാനാഹവിസ്സെല്ലാം! 5

സപ്രമോദനാം സ്തുത്യനിന്ദ്രനെത്തേരിൽച്ചേലു–
ററപ്പച്ചക്കുതിരകൾ മത്തിനിങ്ങെത്തിയ്ക്കട്ടേ:
ഈ മനോജ്ഞനാം വജ്രമേന്തുമിന്ദ്രനു പച്ച–
സ്സോമങ്ങൾ വെച്ചിട്ടുണ്ടു, വളരെസ്സവനത്തെ! 6

പ്പോൾ ഇന്ദ്രൻ ഹരികളെ തേരിനു പൂട്ടി യാഗശാലയിലെയ്ക്കു പുറപ്പെട്ടമെന്നു താല്പര്യം. പൂർവർ—പണ്ടേത്തെ ഋഷിമാർ. പച്ച—സോമരസം. പൈപോലെ—പൈക്കൾ പാലുകൊണ്ടെന്നപോലെ. അമ്മട്ട്—പൂർവന്മാർ ചെയ്തപോലെ. അർച്ചനം ചെയ്‌വിൻ—പൂജിയ്ക്കുവിൻ, സ്തുതിയ്ക്കുവിൻ.

3. ഹരിതം—പച്ചനിറത്തിലുള്ളതാകുന്നു. ഹരിസ്സും—ശത്രുക്കളെ കൊല്ലുന്ന. ഹരിയതു—ആ ഹരിതവജ്രം. ക്രുധ=ക്രോധം. എതിക്കും—ശത്രുക്കളെ നേരിടുന്ന. സുഹനു=നല്ല അണക്കടകളുള്ളവൻ. സമ്പന്നൻ=ധനവാൻ. അവങ്കലേ—ഇന്ദ്രങ്കൽത്തന്നെ. പച്ചദ്രവ്യം—സോമനീര്. പൊഴിച്ചു—യഷ്ടാക്കൾ.

4. അരുണൻ=സൂര്യൻ. പച്ചവാജികൾ—സൂര്യാശ്വങ്ങൾ. അണ പച്ചച്ച—സോമപാനത്താൽ അണക്കടകൾക്ക പച്ചനിറം വന്നു. ഹരീശ്വരൻ—ഇന്ദ്രൻ.

5. ഇച്ഛിച്ചുപോന്നു—സ്തോത്രത്തെയോ, ഹവിസ്സിനെയോ.

6. പച്ചസ്സോമങ്ങൾ വളരെസ്സവനത്തെ വെച്ചിട്ടുണ്ട്—ഇന്ദ്രനു വളരെ സവനങ്ങളിൽ സോമം കുടിയ്ക്കാം.

പച്ച വേണ്ടോളം വെച്ചിട്ടുണ്ടല്ലോ, കൊതിപ്പിയ്ക്കാൻ:
പച്ചയിതക്ഷോഭ്യന്നായ്പ്പായിയ്ക്കും, ഹരികളെ;
കല്യവാജികളുമായ്പ്പോർ പൂകും രഥമിവ–
ന്നുള്ളതാം കമനീയപ്പച്ചയുള്ളേടത്തെത്തും! 7

ഇരിമ്പൻ പച്ചക്കേശമീശയുള്ളവൻ പൊന്തി,
വിരവിൽക്കുടിയ്ക്കേണ്ടും പച്ചനീർ കുടിച്ചെവൻ;
ചരിയ്ക്കും പച്ചച്ചാറാം ഹവിസ്സുണ്ടോനാമവൻ
ദുരിതമെല്ലാം കടത്തീടട്ടേ, ഹരികളാൽ! 8

അവന്റെ പച്ചത്തൂക്കൺ പതിയും, സ്രുക്കിന്നൊപ്പ;–
മവന്റെ പച്ചയണ ചലിയ്ക്കും, ഹവിസ്സിന്നായ്;
മോറിയ ചമസത്തിൽ വെച്ച മത്തേകും നല്ല
നീരശിച്ചവിടുന്നു തലോടും, ഹരികളെ! 9

ദ്യോവൃഴികളിൽക്കൂടികൊള്ളുമക്കമനീയൻ
പോവുമേ പോരിന്നശ്വയുക്തനായ്, ശ്വാപോലെ;
കാമിപ്പ, മഹതിയാം സ്തുതിയുമക്കെല്ലനെ;–
ക്കാമയമാനന്നേകുമല്ലോ, നീ പെരുതന്നം! 10

കാമിപ്പോൻ, മഹത്ത്വത്താൽ വാനൂഴി നിറപ്പോൻ നീ
കാമിപ്പൂ, നവനവമരിമപ്പെട്ടും സ്തോത്രം:
പ്രാണവൻ, ഭവാൻ വെള്ളം കവരും കതിരോനെ–
ക്കാണിയ്ക്കു, കമനീയം തണ്ണീർതന്നിരിപ്പിടം! 11

---

7. എടുത്തുപറയുന്നു: പച്ച—സോമനീര്. അക്ഷോഭ്യന്നായ്—യുദ്ധങ്ങളിൽ സുസ്ഥിരനായ ഇന്ദ്രനെ കൊണ്ടുവരാൻ. കല്യവാജികൾ—നടമിടുക്കുള്ള കുതിരകൾ. പച്ചയുള്ളേടത്ത്—സോമയാഗത്തിൽ.

8. ഇരിമ്പൻ—ഇരിമ്പിനൊത്ത കരൾക്കട്ടിയുള്ളവൻ. വിരവിൽ—വേഗേന. പച്ചനീർ—സോമരസം. പൊന്തീ—വളന്നു. ചരിയ്ക്കും—ദേഹത്തിലെങ്ങും വ്യാപിയ്ക്കുന്ന. ഹരികളാൽ—സ്വന്തം കുതിരകളെക്കൊണ്ടു, നമ്മെ എല്ലാദ്ദുരിതവും കടത്തട്ടെ.

9. പതിയും—സ്രുക്കുപോലെ സോമരസത്തിൽ പതിയും, ഇന്ദ്രൻ സോമത്തെ ഉററുനോക്കും. ചലിയ്ക്കും—കൊതികൊണ്ട്. നീര്—സോമരസം.

10. നാലാംപാദം പ്രത്യക്ഷോക്തി:

11. പ്രാണവൻ=ബലവാനേ.

അണകരം പച്ചച്ച തൽപരനാകിയ നിന്നെ–
യണഞ്ഞു, ജനങ്ങളിൽത്തേർക്കതിരകളിന്ദ്ര:
പത്തുകൈവിരലിനാൽ ബ്ഭൃതമാം യജ്ഞമധു
യുദ്ധത്തിനായിബ്ഭവോൻ കുടിയ്ക്കു, കൊതിയോടേ! 12

മുല്ലാട്ട പിഴിഞ്ഞതു കുടിച്ചുവല്ലോ, ഭവാ;–
നിപ്പിഴിഞ്ഞതു ഹരിയുക്തനാമങ്ങയ്ക്കുതാൻ.
ഇനിപ്പേറിയ സോമമിന്ദ്ര, നീ നുകർന്നാലും–
കനക്കെ വർഷിപ്പോനേ, വയററിൽപ്പകർന്നാലും! 13

സൂക്തം 97.

അഥർവപുത്രൻ ഭിഷക്ക് ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഓഷധികൾ ദേവത

പണ്ടു മൂന്നു യുഗങ്ങളിൽ ദേവകളിൽനിന്നുണ്ടായ പുരാതനൌ
ഷധികൾ ഏവയോ, തവിട്ടുനിറമിയന്ന അവയുടെ ഒരുനൂറേറഴപ്ര
യോഗങ്ങളെ ഞാനിപ്പോൾ മതിയ്ക്കുന്നു. 1

അമ്മമാരേ, നിങ്ങൾക്കു നൂറിരിപ്പിടമുണ്ട്; നിങ്ങൾക്ക്
ആയിരം മുളയുണ്ട്. ഒരുനൂറു ജോലികളുള്ള നിങ്ങൾ എൻെറ ഈ
ആളെ രോഗമുക്തനാക്കിയാലും! 2

---

12. തൽപരൻ––യജ്ഞകാമൻ. ജനങ്ങളിൽ––യഷ്ടാക്കളുടെ അടുക്കൽ. ഭൃതം––പകർന്നുവെയ്ക്കപ്പെട്ടത്. യജ്ഞമധു––സോമം. യുദ്ധത്തിന്നായി–യുദ്ധത്തിൽ ശത്രുക്കളെ ജയിപ്പാൻ.

13. മുല്ലാട്ട––പ്രഭാതത്തിൽ. ഇപ്പിഴിഞ്ഞതു––ഉച്ചയ്ക്കു പിഴിഞ്ഞ സോമം. ഇന്ദ്രന്നുമാത്രമത്രേ, മദ്ധ്യാഹ്നസോമം. ഇനിപ്പ്––മാധുര്യം. വർഷിപ്പോനേ––അഭീഷ്ടവർഷിൻ.

സൂക്തം 97.

2. അമ്മമാരേ––ഓഷധികളേ. നൂറ്, ആയിരം എന്നിവ ബഹുത്വത്തെ കാണിയ്ക്കുന്നവയാണ്,

പൂവും കായും തഴച്ച, കുതിരകരംപോലെ ഒപ്പം ജയിയ്ക്കുന്ന, മറുകരയിലണയ്ക്കുന്ന, മുളച്ചുപൊന്തുന്ന ഓഷധികളേ, നിങ്ങരം പ്രസാദിച്ചാലും! 3

ഓഷധികളേ, മാതാക്കളേ, ദേവിമാരേ, നിങ്ങളുടെ ആളോടു ഞാൻ ഇപ്രകാരം പറയുന്നു:—'വൈദ്യരേ, ഞാൻ താങ്കരംക്ക് അശ്വം, ഗോവ്, വസ്ത്രം എന്നിവയെ മാത്രമല്ല, എന്നെത്തന്നെയും തരാം!' 4

നിങ്ങരം പേരാലിന്മേൽ കുടികൊള്ളുന്നു; നിങ്ങരം പിലാശിന്മേൽ വസിയ്ക്കുന്നു. നിങ്ങരം വൈദ്യനോടു ചേർന്നാൽ ഗോക്കളെ നേടുമല്ലോ! 5

രാജാക്കന്മാർ യുദ്ധത്തിലെന്നപോലെ ഓഷധികരം എവിടെ ഒത്തുക്കൂടുമോ, അവിടെ മേധാവി ഭിഷക്കെന്നു പറയപ്പെടുന്നു: അദ്ദേഹം അരക്കരെ അറുക്കും, ആമയങ്ങളെ അകററും! 6

അശ്വാവതി, സോമാവതി, ഊർജ്ജയന്തി, ഉദോജസ്സ് എന്നീ ഓഷധികളെയെല്ലാം ഞാൻ ഈ രോഗം മാററാനായി സ്തുതിയ്ക്കുന്നു. 7

വൈദ്യരേ, താങ്കളുടെ ആത്മാവിന്നു ധനം തരാനായി ഓഷധികളുടെ കരുത്തുകരം, തൊഴുത്തിൽനിന്നു ഗോക്കളെന്നപോലെ പുറപ്പെടുന്നു! 8

നിഷ്കൃതിയെന്നവളാണല്ലോ, നിങ്ങളുടെ അമ്മ. അതിനാൽ നിങ്ങരം നിഷ്കൃതികളാകുന്നു—നിങ്ങരം നടക്കും, പറക്കും; രോഗത്തിൽപ്പെട്ടവനെ നിഷ്കരിയ്ക്കും! 9

---

3. കുതിരകരംപോലെ—കുതിരകരം എതിരാളികളെ ജയിയ്ക്കുന്നതുപോലെ ഒപ്പം ജയിയ്ക്കുന്ന—രോഗങ്ങളെ ശമിപ്പിയ്ക്കുന്ന. മറുകരയിലണയ്ക്കുന്ന—രോഗിയെ രോഗത്തിന്നപ്പുറത്താക്കുന്ന, രോഗമുക്തനാക്കുന്ന. പ്രസാദിച്ചാലും—ഈ ആതുരങ്കൽ ദയചെയ്യാലും.

4. നിങ്ങളുടെ ആളോടു—വൈദ്യനോട്. തരാം—ഈ ആളുകളുടെ രോഗം മാററിയാൽ.

5. നിങ്ങരം—ഓഷധിദേവതകരം.

6. ഭിഷക്ക് = വൈദ്യൻ. ആമയങ്ങരം = രോഗങ്ങരം.

7. അശ്വാവതിമുതലായ നാലെണ്ണമത്രേ, പ്രധാനൌഷധികരം.

8. ആത്മാവിന്നു—പുഷ്ടിയ്ക്ക്. കരുത്തുകരം—വീര്യങ്ങരം. പുറപ്പെടുന്നു—പുറത്തേയ്ക്കു വരുന്നു. മുളച്ചുപൊന്തുന്ന ഓഷധികളെക്കണ്ടിട്ടു പറയുന്നതാണിത്.

9. പറക്കും, നടക്കും—വേഗത്തിലും പതുക്കെയും ഫലം കിട്ടും. നിഷ്കരിയ്ക്കും—സംസ്കാരപ്പെടുത്തും, ആരോഗ്യവാനാക്കും. നിഷ്കൃതിശബ്ദത്തിന്നു സംസ്കരണമെന്നത്രേ, അർത്ഥം.

എങ്ങും ചുഴന്നുനില്ക്കുന്ന ഓഷധികൾ, കള്ളൻ തൊഴുത്തിലെ
ന്നപോലെ കേറും; ഏതു പാപത്തെയും ദേഹത്തിൽനിന്നിറക്കും! 10

ഈ ഓഷധികളെ ഞാൻ കെല്പുണ്ടാക്കാനായി കയ്യിൽ വെ
യ്ക്കുന്നു: എന്നാൽ രോഗത്തിന്റെ ആത്മാവു, വേടനാലെന്നപോ
ലെ ചത്തുപോയ്ക്കൊള്ളും! 11

ഓഷധികളേ, നിങ്ങൾ അംഗത്തിലംഗത്തിൽ, ഏപ്പിലേ
പ്പിൽ ചെന്നാൽ, ഒരു കരുത്തനായ നടുനാട്ടുവാഴിപോലെ രോഗ
ത്തെ വലയ്ക്കും! 12

രോഗമേ, നീ കല്ലുകാക്കയോടൊപ്പമോ, കാട്ടുകാക്കയോടൊ
പ്പമോ, വീശുന്ന കാററിനോടൊപ്പമോ ഉടുമ്പോടൊപ്പമോ പറന്നു
തുലഞ്ഞുപോവുക! 13

നിങ്ങളിൽ ഒന്നു മററൊന്നിൽ ചെല്ലട്ടെ: അങ്ങനെ നിങ്ങൾ
അന്യോന്യം ചേരുവിൻ; എല്ലാവരും ഒത്തൊരുമിച്ചിട്ട് എന്റെ
ഈ പ്രാർത്ഥന രക്ഷിയ്ക്കുവിൻ! 14

കായുള്ളവയും കായില്ലാത്തവയും, പൂവുള്ളവയും പൂവില്ലാത്ത
വയുമായ ഓഷധികൾ ബൃഹസ്പതിയുടെ അനുജ്ഞയാൽ നമ്മെ
പാപനിർമ്മുക്തരാക്കട്ടെ! 15

അവ എന്നെ ശപഥപാപത്തിൽനിന്നും, വരുണപാശത്തിൽ
നിന്നും, യമന്റെ കാൽച്ചങ്ങലയിൽനിന്നും — ദേവന്മാരുടെ എല്ലാ
ഉപദ്രവത്തിൽനിന്നും — മോചിപ്പിയ്ക്കട്ടെ! 16

സ്വർഗ്ഗത്തിൽനിന്നിറങ്ങുമ്പോൾ ഓഷധികൾ പറകയുണ്ടാ
യി: 'ജീവിച്ചിരിയ്ക്കുന്ന ആരിൽ ഞങ്ങൾ ചെല്ലുമോ, ആ ആൾ
ക്ക് അപായം വരികയില്ല!' 17

---

10. കേറും — രോഗങ്ങളെ ആക്രമിയ്ക്കും. പാപം — രോഗം.

11. കെല്പുണ്ടാക്കാനായി — വ്യാധിതന്നു ബലം വരുത്താൻ. വേടനാലെന്നപോലെ — വേടനാൽ ജീവജാലമെന്നപോലെ.

12. നടുനാട്ടുവാഴിപോലെ — രണ്ടു രാജ്യങ്ങളുടെ ഇടയിൽ വാഴുന്ന പ്രഭു അടുത്തുള്ള ശത്രുക്കളെയെന്നപോലെ. വലയ്ക്കും — പീഡിപ്പിയ്ക്കും, ശമിപ്പിയ്ക്കുമെന്നർത്ഥം.

13. പറന്നു — എന്റെ ആളുടെ ദേഹത്തിൽനിന്നു പറന്നു.

14. രക്ഷിയ്ക്കുവിൻ — സഫലമാക്കുവിൻ.

ബഹുദർശനകളായ വളരെ ഓഷധികളുണ്ടല്ലോ, സോമന്റെ ഉടമയിൽ: അവയിൽവെച്ച് ശ്രേഷ്ഠയായ ഭവതി തുലോം നല്ലതായ ഹൃദയത്തിന്നു സുഖം വരുത്തിയാലും! 18

സോമന്റെ ഉടമയിൽ ഭൂമിയിൽ മേവുന്ന വിവിധൌഷധികളേ, നിങ്ങൾ ബൃഹസ്പതിയുടെ അനുമതിയാൽ ഇയ്യാൾക്കു കെല്പുണ്ടാക്കുവിൻ! 19

കിളയാൽ നിങ്ങൾക്ക് ഉപദ്രവം വരരുത്: ഇയ്യാൾക്കു വേണ്ടിയാണ് ഞാൻ നിങ്ങളെ കിളയ്ക്കുന്നത്. ഞങ്ങളുടെ ഇരുകാലി–നാല്ക്കാലികളെല്ലാം അരോഗരായിരിയ്ക്കട്ടെ! 20

ലതകളേ, ഇതു കേൾക്കുന്നവരും ദൂരസ്ഥിതകളുമായ നിങ്ങളെല്ലാവരും ഒത്തുകൂടി, ഇയ്യാൾക്കു കെല്പുണ്ടാക്കുവിൻ! 21

ഓഷധികൾ സോമൻതമ്പുരാനോടു സംസാരിയ്ക്കാറുണ്ട്: 'തമ്പുരാനേ, അഭിജ്ഞൻ ആരെ ചികിത്സിയ്ക്കുമോ അവനെ ഞങ്ങൾ കടത്തുമാറാകണം!' 22

ഓഷധേ, ഭവതി ശ്രേഷ്ഠയാകുന്നു: ഭവതിയുടെ കീഴിൽ നില്ക്കുന്നവയാണല്ലോ, വൃക്ഷങ്ങൾ; അവയുടെ ചുവട്ടിൽ കിടക്കട്ടെ, ഞങ്ങളെ ദ്രോഹിയ്ക്കുന്നവൻ! 23

സൂക്തം 98.

ഋഷ്ടിഷേണപുത്രൻ ദേവാപി ഋഷി: ത്രിഷ്ടുപ്പ് ഛന്ദസ്സ്; ബൃഹസ്പതി–മിത്രാദിദേവന്മാരെല്ലാം ദേവത.

ബൃഹസ്പതേ, അവിടുന്ന് എനിയ്ക്കുവേണ്ടി ദേവതകളിൽ ചെന്നാലും: മിത്രനോ, വരുണനോ, പൂഷാവോ, ആദിത്യരോടും വസു

---

18. സോമലതയോട്: തുലോം നല്ലതായ ഹൃദയത്തിന്നു—ഏററവും നല്ലവനായ മനുഷ്യന്ന്.

19. ഇയ്യാൾക്ക്—ഈ രോഗിയ്ക്ക്.

20. കിളയാൽ—പറിച്ചെടുക്കാൻ കിളയ്ക്കുമ്പോൾ.

21. ഇതു—ഈ സ്തോത്രം.

22. കടത്തുക—രോഗത്തിന്നപ്പുറത്താക്കുക.

23. സോമലതയോട്: കിടക്കട്ടെ—ചത്തുവീഴട്ടെ.

ക്കളോടുംകൂടിയ മരുത്വാനോ ആണല്ലോ, അങ്ങ്; ആ ഭവാൻ ശന്ത
നുവിന്നായി പജ്ജന്യനെക്കൊണ്ടു മഴ പെയ്യിച്ചാലും! 1

'ദേവാപേ, നടത്തക്കാരായ ജീവസ്സുള്ള ഒരു ദേവൻ നിന്റെ
അടുക്കൽനിന്നു ദൂതനായി എന്റെ അടുക്കൽ വരട്ടെ. 'നിന്തിരു
വടി നേരേ എങ്കലെയ്ക്കു വരിക: ഞാൻ ഒരു തിളങ്ങുന്ന സ്തോത്രം
വായിൽ വെച്ചിരിയ്ക്കുന്നു. 2

ബൃഹസ്പതേ, ഇടറാതെ നടക്കുന്ന ഒരു തിളങ്ങുന്ന സ്തോത്രം
ഭവാൻ ഞങ്ങളുടെ വായിൽവെച്ചാലും: എന്നാൽ, നമുക്കിരുവരും
കൂടി, വാനത്തുനിന്നു ശന്തനുവിന്നായി മഴ പെയ്യിയ്ക്കാം; ആ നീർ
ത്തുള്ളി മാധുര്യത്തോടേ ഉൾപ്പുകുമല്ലോ! 3

നീർത്തുള്ളികൾ മാധുര്യത്തോടേ ഞങ്ങളിൽ ഉൾപ്പുകട്ടെ! ഇന്ദ്ര,
അവിടുന്നു തേരിൽ ഒരായിരം തന്നാലും! ദേവാപേ, നീ ഹോത്ര
ത്തിനിരിയ്ക്കുക: കാലംതോറും യജിയ്ക്കുക—ദേവന്മാരെ ഹവിസ്സു
കൊണ്ടു പൂജിയ്ക്കുക. 4

ഋഷിയായ ഋഷ്ടിഷേണപുത്രൻ ദേവാപി ദേവന്മാരെ
നന്നായി സ്തുതിച്ചുകൊണ്ടു ഹോത്രത്തിനിരുന്നു: അവൻ മുകളിലെ
സമുദ്രത്തിൽനിന്നു താഴത്തേതിലെയ്ക്കു ദിവ്യമായ വർഷജലം
വീഴ്ത്തട്ടെ! 5

ഈ സമുദ്രത്തിലെയ്ക്കുള്ള വെള്ളങ്ങൾ മുകളിലേതിൽ ദേവക
ളാൽ തടയപ്പെട്ടു നില്ക്കുകയായിരുന്നു; കാംക്ഷിതങ്ങളായ അവ

സൂക്തം 98.

1. ആദിത്യർ—അരുണാദികളായ പന്തിരണ്ടുപേർ. വസുക്കൾ—ധരാദി കളായ എട്ടുപേർ. മരുത്വാൻ=മരുത്സഹിതൻ. ശന്തനു—ശന്തനു എന്ന രാജാവ്.

2. ആദ്യവാക്യം തന്നോട്: ഒരു ദേവൻ—ബൃഹസ്പതി. രണ്ടുമുതൽ വാ ക്യങ്ങൾ ബൃഹസ്പതിയോട്: വായിൽവെച്ചിരിയ്ക്കുന്നു—ചൊല്ലാൻതുടങ്ങുന്നു.

3. ആ നീർത്തുള്ളി—അങ്ങയാൽ അയയ്ക്കപ്പെട്ട ജലശീകരം മധുരവും ഹൃദ യംഗമവുമായിരിയ്ക്കുമല്ലോ.

4. ഇന്ദ്ര—ഹേ ബൃഹസ്പതേ. ഒരായിരം—ധനം. ദേവാപേ എന്നാദിയായ വാക്യം തന്നോടുതന്നേ പറയുന്നതാണ്.

5. മുകളിലെസ്സമുദ്രം—അന്തരിക്ഷം. താഴത്തേതിലെയ്ക്കു—ഭൂമിയിലെ സമുദ്രത്തിലെയ്ക്ക്.

ഋഷ്ടിഷേണപുത്രനായ ദേവാസിയാൽ വിട്ടവിയ്ക്കപ്പെട്ട, വെട്ടപ്പു
ള്ളേടങ്ങളിൽ ഒഴുകി. 6

ദേവാപി ശന്തനുവിന്നു പുരോഹിതനായി, ഹോത്രത്തിന്നു
വരിയ്ക്കപ്പെട്ടിട്ട, ദേവന്മാരോട മഴ യാചിയ്ക്കുന്ന ബൃഹസ്പതിയെ
പ്രാർത്ഥിച്ചു ധ്യാനിച്ചു; തന്തിരുവടി പ്രസാദിച്ച്, അവന്ന് ഒരു
ശബ്ദം നല്കി. 7

അഗ്നേ, തിളങ്ങുന്ന ഋഷ്ടിഷേണപുത്രൻ ദേവാപി എന്ന മനു
ഷ്യൻ അങ്ങയെ ഉജ്ജ്വലിപ്പിച്ചുവല്ലോ; അതിനാൽ അങ്ങ് എല്ലാ
ദേവന്മാരാലും അനുമോദിയ്ക്കപ്പെട്ട പർജ്ജന്യനെക്കൊണ്ടു മഴ പെ
യ്യിച്ചാലും! 8

പുരുഹൂത, പണ്ടത്തെ ഋഷിമാർ അങ്ങയെ സ്തുതിച്ചു സമീ
പിച്ചു; (ഇന്നും) എല്ലാവരും അധ്വരങ്ങളിൽ അങ്ങയെ സമീപിയ്ക്കു
ന്നു. ആയിരമായിരവും തേരുകളും ഞങ്ങൾക്കു കിട്ടട്ടെ: രോഹി
ദശ്വ, അങ്ങ് ഞങ്ങളുടെ യാഗത്തിൽ എഴുന്നള്ളിയാലും! 9

അഗ്നേ, ഇതാ, തൊണ്ണൂറൊറാമ്പതിനായിരം ഗോക്കളെയും
തേരുകളും ഭവാന്നു സമർപ്പിച്ചു: ശൂര, അവകൊണ്ടു ഭവാൻ വളരെ
ത്തിരുമെയ്യുകൾ തടിപ്പിച്ചാലും; പ്രാർത്ഥിയ്ക്കുന്ന ഞങ്ങൾക്കു വാ
നിൽനിന്നു മഴ മതിയാവോളം പെയ്യലും! 10

അഗ്നേ, ഈ തൊണ്ണൂറായിരം വൃഷാവായ ഇന്ദ്രന്നു ഭാഗമായി
കൊടുത്താലും; ദേവന്മാർ നടക്കുന്ന വഴികളറിയുന്ന ഭവാൻ കാല
തോറും ശന്തനുപുത്രനെയും ദേവന്മാരിലിരുത്തിയാലും! 11

---

6. മുകളിലേതിൽ---മുകളിലെ സമുദ്രത്തിൽ, അന്തരിക്ഷത്തിൽ. കാം
ക്ഷിതങ്ങൾ---ആളുകളാൽ ആഗ്രഹിയ്ക്കപ്പെട്ടവ.

7. ദേവാപി---ഞാൻ. അവന്ന്---ദേവാപിയ്ക്ക്. ഒരു ശബ്ദം നല്കി---
അഗ്നിസ്തോത്രം ഉപദേശിച്ചു. ആ സ്തോത്രമാണ്, അടുത്ത ഋക്കുകൾ.

8. തിളങ്ങുന്ന---സ്തോത്രംകൊണ്ടു ജ്വലിയ്ക്കുന്ന.

9. പുരുഹൂത---ബഹുസ്തുത. ആയിരമായിരവും---വളരെഗ്ഗോക്കളും. കിട്ട
ട്ടെ---ശന്തനുവിങ്കൽനിന്നു ദക്ഷിണയായി ലഭിയ്ക്കട്ടെ.

10. ഗോക്കളും തേരുകളും---ശന്തനുവിങ്കൽനിന്നു ദക്ഷിണയായികിട്ടിയവ.

11. തൊണ്ണൂറായിരം---ഗോക്കളെ.

അഗ്നേ, അങ്ങ് ശത്രുക്കളെയും ദൃഷ്പ്രാപങ്ങളെയും ഉടച്ചാലും; രോഗത്തെയും രക്ഷസ്സുകളെയും തട്ടിനീക്കിയാലും; ഈ വലിയ സമുദ്രമായ അന്തരിക്ഷത്തിൽനിന്ന, ഞങ്ങൾക്ക—ഞങ്ങൾക്ക—ധാരാളം വെള്ളം ഇവിടെ പൊഴിച്ചാലും! 12

സൂക്തം 99.

വൈഖാനസൻ വമ്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.
(കാകളി.)

ഞങ്ങൾക്ക മേന്മസ്സുറിഞ്ഞു തരാറുണ്ട,
തിങ്ങിവരും സ്തുത്യചിത്രസമ്പത്തു നീ.
വൃത്രഹത്യയ്ക്കു നിർമ്മിച്ചു കഴകിയ
ശക്തവജ്രത്തിന്നു ക്കുലിയെന്തേകിടാം! 1

ചെല്ക,മൊളിമിന്നൽ പൂണ്ടവൻ സാമത്തിൽ;
നല്ല കെല്പാന്നുരുയാഗത്തിലെത്തിടും;
കീഴമർത്തുമവൻ, കൂട്ടരോടൊപ്പ;—മീ—
യേഴാം സഗർഭ്യന്നു യജ്ഞേ പെടാ, ചതി! 2

പോക,മടരിനദുഷ്ടവഴിസ്സുവൻ:
പോരിൽ നേട്ടത്തിനായ്ച്ചുററിനടന്നിടും;
ശിശ്നദേവന്മാരെ മർദ്ദിച്ചു,തിർപെടാ—
തശ്ശതദ്വാരസമ്പത്തടക്കം, ബലാൽ! 3

---

12. ദൃഷ്പ്രാപങ്ങൾ—കടക്കാൻവയ്യാത്ത ശത്രുപുരങ്ങൾ.

സൂക്തം 99.

1. ക്കുലി മതിസ്സുവയ്യാത്തവേലയാണ്, വൃത്രവധത്തിന്നായി ത്വഷ്ടാവിനാൽ നിർമ്മിയ്ക്കപ്പെട്ട ബലവത്തായ വജ്രം ചെയ്യത് എന്നർത്ഥം.

2. ഒളിമിന്നൽ—തിളങ്ങുന്ന മിന്നലെന്ന ആയുധം. സാമത്തിൽ—സാമം പാടുന്നേടത്ത്. ഉരുയാഗം=വിശാലമായ യജ്ഞം. കീഴമർത്തും—ശത്രുക്കളെ. കൂട്ടർ—മരുത്തുക്കൾ ഏഴാം സഗർഭ്യന്നു—പന്തിരണ്ടാദിത്യന്മാരിൽ ഏഴാമത്തെ ഭ്രാതാവായ ഇന്ദ്രന്ന്. ചതി—രക്ഷോബാധ എന്നർത്ഥം.

3. അദുഷ്ടവഴിസ്സ്=സന്മാർഗ്ഗേണ. ശിശ്നദേവന്മാർ—ചാരിത്രഹീനർ, അസുരന്മാർ. അശ്ശതദ്വാരസമ്പത്ത്—അവരുടെ ശതദ്വാര(പുര)ങ്ങളിലെ ധനം.

ചെന്നെതിർത്തുത്തമസമ്പത്തുകൾക്കത-
കന്ന വമ്പിച്ച തണ്ണീരതിക്രമവൻ,
കാല്ലുളം തേരുമില്ലാതേ പരന്നോട്ട-
മാർകൾ ജലംകൊണ്ടു മൂടമിടങ്ങളിൽ! 4

രുദ്രജോപേതൻ വരട്ടേ ഗൃഹത്തിൽനി-
ന്ന്,സ്തദോഷൻ സ്വയം നല്ലവോനമ്മഹാൻ:
വമ്രന്റെ ദമ്പതിമാർക്കാറി,യല്ലലെ-
ന്നെന്മതം; കേഴിയ്ക്കു,മന്നം കവന്നിവൻ! 5

ഇദ്ദേഹമല്ലോ നിറുത്തിക്കൊലചെയ്തു,
മുത്തലയാറുകണ്ണൊത്തൊത്ത ദാസനെ;
ഇപ്പുരാന്റെ ബലംകൊണ്ടു പൊങ്ങി ത്രിത-
നഭ്രം പിളർത്താനി,രിമ്പുനഖങ്ങളാൽ! 6

വധ്യനാം ദ്രോഹിമർത്ത്യന്റെ നേർക്കപ്പൂജ്യ-
നത്തിഷ്ഠമാനനായ്ശസ്ത്രമയയ്ക്കുമേ:
മർത്ത്യകനാഥൻ നമുക്കായ് വെളിപ്പെട്ടു
ശത്രുവധത്തിൽപ്പിളർത്താൻ, പുരങ്ങളെ! 7

പുല്ലിനായ്ക്കാർപോലെ നീരതിർക്കമവ:-
നില്ലത്തു പോകാൻ നമുക്ക വഴി തരും!

---

4. ചെന്നെതിർത്ത്——മേഘങ്ങളെ ആക്രമിച്ച്. ആർകൾ ജലംകൊണ്ടു മൂടമിടങ്ങളിൽ——നദീപ്രദേശങ്ങളിൽ.

5. രുദ്രജോപേതൻ——മരുത്തുക്കളോടുകൂടി. അസ്തദോഷൻ——നിർദ്ദോഷൻ. സ്വയം——അയാചിതനായിത്തന്നേ. നല്ലവോൻ——സ്തോതാക്കൾക്ക ധനം കൊടുക്കന്നവൻ. അമ്മഹാൻ——ഇന്ദ്രൻ. വമ്രന്റെ ദമ്പതിമാർക്ക്——വമ്രനെന്ന ഏന്റെ അമ്മയച്ഛന്മാർക്ക്. അല്ലൽ ആറി (ശമിച്ചു) എന്നെന്മതം——എനിയ്ക്കറിയാം. ഇവൻ (വമ്രൻ) അന്നം കവർന്നു, ശത്രുക്കളെ കരയിയ്ക്കും; അത്ര ബലവാനായിരിയ്ക്കുന്നു.

6. നിറുത്തി——നിയന്ത്രിച്ച്. മുത്തലയാറുകണ്ണ്——മൂന്നു തലയും ആറു കണ്ണും. ദാസനെ——നാശകാരിയായ വൃത്രനെ. പൊങ്ങി——വളർന്ന്. ത്രിതൻ——ത്രിതനെന്ന ഋഷി. ഇരിമ്പു (തീക്ഷ്ണ)നഖങ്ങളാൽ അഭ്രം (മേഘത്തെ) പിളർത്താൻ.

7. അപ്പൂജ്യൻ——ഇന്ദ്രൻ. ഉത്തിഷ്ഠമാനനായ്——ശൌര്യോന്നതനായി. ശസ്ത്രം——കൊലയായുധം. മർത്ത്യകനാഥൻ——മനുഷ്യർക്ക് ഉററനേതാവ്, ഇന്ദ്രൻ. ശത്രുവധത്തിൽ——ശത്രുവധപ്പോരിൽ. പുരങ്ങളെ——ശത്രുപുരികളെ.

ചെല്ലുമേ, സോമത്തി;—ലീയിരിമ്പുമട—
മ്പുള്ള പരുന്തു പൊതുക്കും, രിപുക്കളെ! 8

സത്സാരഹേതി ചാട്ടട്ടെ ക്രൂററങ്കലും,
കത്സൻ സ്തുതിയ്ക്കയാൽശ്ശുഷ്ണനെക്കൊന്നവൻ;
തന്നെയും നേതൃഗണത്തെയും സേവിച്ച
ധന്യനാം കാവ്യനെ സ്വീകരിച്ചാനിവൻ. 9

മർത്ത്യാനുകൂലരോടൊത്തുലാത്തും, രവി—
യ്യൊത്ത സന്ദൃശ്യതേജസ്സു ദാതാവിവൻ;
കാലേ കുടിയ്ക്കുമീക്കുഗ്രനാം ബുദ്ധിമാൻ
കാലു നാലൊക്കുമരരുവെ വീഴ്ത്തിനാൻ! 10

തൽപ്രീണനത്താലൃജിശ്വാവുശികസ്സുന
പിപ്രുവിൻ കാളത്തൊഴുത്തു പിളർത്തിനാൻ:
സ്തോത്രങ്ങൾ ചൊല്ലിപ്പിഴിഞ്ഞു ചെന്നേററു കീഴ്—
ചേർത്തുവല്ലോ, പുരം യഷ്ടാവിവൻ ബലാൽ! 11

ഇത്ഥം ഭവാങ്കലണഞ്ഞു, ബലിഷ്ഠ, നീ—
യുത്തമമേന്തുവാൻ വമ്രൻ പദങ്ങളാൽ:
സ്വസ്തി തരികി, ശ്ശ്രിതനു നീ; നല്ല വീ—
ടെത്തിയ്ക്കുകിന്ദ്ര, പേയാന്നവുമൊക്കയും! 12

—

8. പുല്ലിനായ്—ഗോക്കൾക്കും മററും തീററയായ പുല്ലു മുളയ്ക്കാൻ. ഈയിരിമ്പടമ്പുള്ള പരുന്തു—പരുന്തിനൊത്ത ഇന്ദ്രൻ.

9. സത്സാരഹേതി: നല്ല കെല്പുള്ള ആയുധം. ക്രൂററങ്കലും—വമ്പിച്ച ശത്രുവിങ്കൽപ്പോലും. ശുഷ്ണൻ—ശുഷ്ണനെന്ന അസുരൻ. നേതൃഗണം—മരുദ്ഗണം. കാവ്യൻ—ഉശനസ്സ്.

10. മർത്ത്യാനുകൂലർ—മരുത്തുക്കൾ. സന്ദൃശ്യതേജസ്സു—ദർശനീയമായ തേജസ്സോടുകൂടിയവൻ. കുടിയ്ക്കും—സോമപാനം ചെയ്യുന്ന. അരരുവെ—അരരു എന്ന അസുരനെ. വീഴ്ത്തിനാൻ—കൊന്നു.

11. തൽപ്രീണനത്താൽ—അവനെ(ഇന്ദ്രനെ)പ്രീതിപ്പെടുത്തിയതിനാൽ. പിപ്രുവിൻ കാളത്തൊഴുത്ത് —പിപ്രു എന്ന അസുരൻ അപഹരിച്ച ഗോക്കളെ നിർത്തിയ, കാളകളോടുംകൂടിയ തൊഴുത്ത്. പിഴിഞ്ഞു—സോമം. പുരം—ശത്രുപുരികൾ. ഇവൻ—ഋജിശ്വാവ്. ബലാൽ—ഇന്ദ്രാനുഗ്രഹബലത്താൽ.

12. ഉത്തമം—ശ്രേഷ്ഠമായ ഹവിസ്സ്. പദങ്ങളാൽ ഭവാങ്കലണഞ്ഞു—ഭവാനെ സ്തുതിച്ച്. ഇശ്ശ്രിതനു—ആശ്രയിച്ച എനിയ്ക്ക്.

സൂക്തം 100.

വന്ദനപുത്രൻ ദുവസ്യു ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വദേവകൾ ദേവത.

ഇന്ദ്ര, മഘവാവേ, അവിടുന്ന്, അവിടെയ്ക്കൊത്തവനെ നേട്ടത്തിന്നായി കൊന്നാലും; ഇവിടെ സ്തുതിയ്ക്കപ്പെട്ടു സോമം കുടിച്ചിട്ടു ഞങ്ങളെ വളർത്തിയാലും! സവിതാവു ദേവന്മാരോടുകൂടി ഞങ്ങളുടെ യാഗം രക്ഷിയ്ക്കട്ടെ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിയ്ക്കുന്നു. 1

പോററുന്ന ഇന്ദ്രന്നും, ചീററിവീഴുന്ന സോമപായിയായ വായുവിന്നും നിങ്ങൾ ഋതുവിലെപ്പങ്ക് ഒരുക്കുവിൻ: വെൺപയ്യിൻ പാൽ നുകരുന്നവനാണല്ലോ, ഇദ്ദേഹം. ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിയ്ക്കുന്നു. 2

സരളസങ്കല്പനായി പിഴിയുന്ന ഞങ്ങളുടെ യഷ്ടാവിന്നു സവിതൃദേവൻ പരിപക്വമായ അന്നം ഉളവാക്കട്ടെ: എന്നാൽ, ഞങ്ങൾക്കു ദേവന്മാരെ ചമയിയ്ക്കാമല്ലോ. ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിയ്ക്കുന്നു. 3

ഇന്ദ്രന്നു ഞങ്ങളിൽ സദാ തിരുവുള്ളമുണ്ടാകട്ടെ! രാജാവായ സോമൻ ഞങ്ങളുടെ സ്തോത്രം അറിയട്ടെ: എന്നാൽ ഞങ്ങൾക്കു സുഹൃത്തുക്കളുടെ നിധികം കിട്ടുമല്ലോ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിയ്ക്കുന്നു. 4

ഇന്ദ്രൻ സ്തുത്യമായ ബലംകൊണ്ടു യാഗത്തെ ഏച്ചുകൂട്ടുന്നു. ബൃഹസ്പതേ, ഭവാൻ ആയുസ്സു വർദ്ധിപ്പിയ്ക്കുന്നു മികച്ച ബുദ്ധിയുള്ള

സൂക്തം 100.

1. അവിടെയ്ക്കൊത്തവനെ—സ്വതുല്യനായ ബലവാനെ. നേട്ടത്തിന്നായി—ഞങ്ങൾക്കു ധനം കിട്ടാൻ.

2. ഋത്വിക്കുകളോട്: ഋതുവിലെപ്പങ്ക്—കാലപ്രാപ്തമായ ഹവിസ്സ്. ഇദ്ദേഹം—വായു.

3. സരളസങ്കല്പൻ—നിഷ്കപടസ്വഭാവൻ. സവിതൃദേവൻ = സൂര്യദേവൻ. ചമയിയ്ക്കുക = അണിയിയ്ക്കുക.

4. അറിയട്ടെ—ചെവിക്കൊള്ളട്ടെ.

മനനശീലമായ യജ്ഞം ഞങ്ങൾക്കു രക്ഷിതാവായി സുഖം നല്കട്ടെ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 5

ഇന്ദ്രനുണ്ടാക്കിയതാണ്, ദേവന്മാരുടെ ബലം. അഗ്നി ഗൃഹത്തിൽ മേവുന്നു: സ്തോതാവും, ഹവിർവാഹിയും, കവിയും, യാഗത്തിൽ യജനീയനും, കമനീയനും, ഞങ്ങൾക്കു തുലോം അടുത്തവനുമാണദ്ദേഹം! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 6

ദേവന്മാരേ, നിങ്ങൾക്കു വളരെ ദ്രോഹം ഞങ്ങൾ ഒളിവിൽ ചെയ്തിട്ടില്ല; വസുക്കളേ, വെളിവിലും ദേവകോപനം ചെയ്തിട്ടില്ല. ഞങ്ങൾക്ക് അസത്യരൂപം ഉണ്ടാകരുത്! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 7

എവിടെ മധു പിഴിയുന്ന അമ്മിക്കുഴ സ്തുതിക്കപ്പെടുന്നുവോ, അവിടെ സവിതാവു രോഗത്തെ അകററട്ടെ; വമ്പിച്ച പാപത്തെയും പർവതങ്ങൾ തട്ടിനീക്കട്ടെ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 8

വസുക്കളേ, പിഴിയുന്നവന്റെ അമ്മിക്കുഴ ഉയരട്ടെ: ഒളിവിലെ ദ്രോഹികളെയെല്ലാം നിങ്ങൾ അകററുവിൻ! ആ സ്തുത്യനായ സവിതൃദേവൻ ഞങ്ങളെ രക്ഷിക്കട്ടെ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 9

യാഗശാലയിലും ആലയിലും വന്നുചേരുന്ന പൈക്കളേ, നിങ്ങൾ പുല്പുറമ്പിൽ ധാരാളം തീററ തിന്നുകൊൾവിൻ: പാൽതന്നെ ദേഹത്തിന്നു മരുന്നായിത്തീരട്ടെ! ഞങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിക്കുന്നു. 10

കർമ്മം പൂർത്തിപ്പെടുത്തുന്ന, ശ്ലാഘിക്കുന്ന, സ്തുതിയാൽ പ്രസാദിക്കുന്ന ഇന്ദ്രൻതന്നെ, പിഴിയുന്നവർക്കെല്ലാം രക്ഷിതാവ്: അവി

---

6. ഗൃഹത്തിൽ——ഞങ്ങളുടെ. സ്തോതാവ്——ദേവന്മാരെ സ്തുതിക്കുന്നവൻ.

7. അസത്യരൂപം ഉണ്ടാകരുത്——ഇനിമേൽ ഞങ്ങൾ അനശ്വരരായിത്തീരണം.

8. മധു——സോമം. പർവതങ്ങൾ——പർവതാഭിമാനിദേവകൾ.

10. ദേഹത്തിന്നു——ഞങ്ങളുടെ ശരീരത്തിന്ന്.

ടെയ്യു കുടിപ്പാനാണല്ലോ, ദിവ്യകലശത്തിൽ നിറയ്ക്കുന്നത്! ഞ
ങ്ങൾ അഖിലവർദ്ധിനിയായ അദിതിയെ വരിയ്ക്കുന്നു 11

അദ്ഭുതകരമാണ്, അങ്ങയുടെ കർമ്മപൂരകവും കാമ്യവുമായ
തേജസ്സ്; പോരുകൾ ധനം നിറയ്ക്കുന്നവയും അധൃഷ്യങ്ങളുമാകുന്നു.
അതിനാൽ ദവസ്യ കയർ വലിച്ചുപിടിച്ചു, ഗോവാകുന്ന പശു
വിന്റെ മുമ്പിൽ വെമ്പി നടക്കുന്നു. 12

സൂക്തം 101.

സോമപുത്രൻ ബുധൻ ഋഷി; ത്രിഷ്ടുപ്പും ഗായത്രിയും ബൃഹതിയും ജഗതിയും
ഛന്ദസ്സുകൾ: വിശ്വേദേവകൾ ദേവത.

സഖാക്കളേ, നിങ്ങൾ ഒരേമനസ്സോടേ ഉണർന്നെഴുന്നേല്ക്കുവിൻ:
ഏകത്ര വസിയ്ക്കുന്ന അനേകരായ നിങ്ങൾ അഗ്നിയെ ജ്വലിപ്പിയ്ക്കു
വിൻ. ഞാൻ ദധിക്രയെയും, അഗ്നിയെയും, ഉഷോദേവിയെയും,
ഇന്ദ്രാദികളെയും നിങ്ങളുടെ രക്ഷയ്ക്കു വിളിയ്ക്കാം. 1

സഖാക്കളേ, ഇമ്പപ്പെടുത്തുന്ന (സ്തോത്രം) ചമയ്ക്കുവിൻ: പണി
പരക്കെ തുടങ്ങുവിൻ; കടക്കാൻ ചങ്ങാടവും തോണിയും ഏർപ്പെടു
ത്തുവിൻ; ആയുധങ്ങൾ വേണ്ടുവോളം ഉണ്ടാക്കുവിൻ; വെട്ടപ്പു വരു
ത്തുവിൻ. മുമ്പേ പൂജിയ്ക്കേണ്ടുന്ന യജനീയനെ കൊണ്ടുവരുവിൻ. 2

കരിയ്ക്കു കെട്ടാൻ നുകം വെയ്ക്കുവിൻ; ഇവിടെ ചാലുണ്ടാക്കി
വിത്തു വിതയ്ക്കുവിൻ. നമുക്ക് അന്നവും പുകളും വളരട്ടെ: പ
ത്തുതന്നേ അരിവാൾ വിളയിലണയട്ടെ! 3

---

11. ശ്രാഘിയ്ക്കുന്ന—'നല്ല സോമം' എന്നു യഷ്ടാവിനെ പ്രശംസിയ്ക്കുന്നു. നിറയ്ക്കുന്നത്—സോമനീർ.

12. പോരുകൾ—അസുരരോടുള്ള യുദ്ധങ്ങൾ. ദവസ്യ—ഞാൻ. പശു= ബലിമൃഗം.

സൂക്തം 101.

1. ഋത്വിക്കുകൾ സഹപ്രവർത്തകരോടു പറയുന്നു: ഏകത്ര—ഒരേ യാഗശാലയിൽ. ദധിക്ര—ഒരു ദേവത.

2. യജനീയൻ—അഗ്നി.

3. കെട്ടാൻ—മൂരികളെ.

ക്രാന്തദർശികളായ ബുദ്ധിമാന്മാർ സുഖാൎത്ഥം വയലുകളിൽ
കരിയിറക്കുന്നു; നുകങ്ങൾ വേർതിരിയ്ക്കുന്നു. 4

നിങ്ങൾ വെള്ളത്തൊട്ടികൾ വൃത്തിപ്പെടുത്തുവിൻ, തോൽ
വാറുകളെടുക്കുവിൻ: നാം ഉറവുള്ളതും സുഖേന പകരാവുന്നതും വ
റ്റാത്തതുമായ കുഴിയിൽ വെള്ളം പകരുക. 5

വൃത്തിവരുത്തിയ തൊട്ടിയോടും നല്ല തോൽവാറുകളോടും
കൂടിയ, സുഖേന പകരാവുന്ന, ഉറവുള്ള, വറ്റാത്ത കുഴിയിൽ
ഞാൻ വെള്ളം പകരാം. 6

നിങ്ങൾ കുതിരകളെ ഇമ്പപ്പെടുത്തുവിൻ; ഹിതം നേടുവിൻ;
സുഖകരമായ തേരും നിർമ്മിയ്ക്കുവിൻ. നേതാക്കൾക്കു കുടിപ്പാൻ,
മരത്തൊട്ടിയും കൽച്ചക്രങ്ങളും അടുക്കൽ പാനപാത്രവുമുള്ള കുഴി
യിൽ വെള്ളം പകരുവിൻ! 7

നിങ്ങൾ തൊഴുത്തുണ്ടാക്കുവിൻ: അതാണല്ലോ, നിങ്ങളുടെ
നേതാക്കൾക്കു കുടിപ്പാൻ. വിശാലങ്ങളായ കവചങ്ങൾ വളരെ
യെണ്ണം തുന്നുവിൻ. ഉടയ്ക്കാൻ വയ്യാത്ത ഇരിമ്പുപാത്രങ്ങൾ നിർമ്മി
യ്ക്കുവിൻ; നിങ്ങളുടെ ചമസങ്ങൾ, ചോർച്ചവരാത്തവിധത്തിൽ
ഉറപ്പിയ്ക്കുവിൻ. 8

ദേവന്മാരേ, യജ്ഞാർഹയും ഉജ്ജ്വലയും പൂജനീയയുമായ
നിങ്ങളുടെ ബുദ്ധിയെ ഞാൻ രക്ഷയ്ക്കായി ഇങ്ങോട്ടാകർഷിയ്ക്കുന്നു:
അതു ഞങ്ങൾക്കു, പുല്ലു തിന്നു തിരിച്ചെത്തിയ ധാരാളം പാലുള്ള
ഒരു വലിയ പയ്യുപോലെ ചുരത്തുമാറാകണം! 9

---

4. സുഖാൎത്ഥം = സുഖത്തിന്നു (ആഹാരത്തിന്നു) വേണ്ടി.

5. കൂട്ടുകാരോട്: തോൽവാറുകൾ—നുകം കെട്ടാൻ.

6. അത് ഒരാൾ അനുസരിയ്ക്കുന്നു:

7. ഇമ്പപ്പെടുത്തുവിൻ—ഉഴവാൻ. ഹിതം—ഉഴുതൽ. ഈ ഋക്കിന്നു യുദ്ധപരമായ വ്യാഖ്യാനവുമുണ്ട്.

8. അത്—പൈത്തൊഴുത്തിൽനിന്നു കിട്ടുന്ന പാൽ. നേതാക്കൾ—തല വന്മാർ, ദേവന്മാർ.

9. അതു—ബുദ്ധി, മനസ്സ്. പയ്യുപോലെ—പയ്യു പാൽ ചുരത്തുന്നതു പോലെ. ചുരത്തുമാറാകണം—അഭീഷ്ടങ്ങളെ തരുമാറാകണം.

വോൻ പച്ചനീര് മരപ്പാത്രങ്ങളിൽ പകരുക: നിങ്ങൾ ഇരിമ്പുളികൾകൊണ്ടു ചെത്തിയുണ്ടാക്കുവിൻ. അവ പത്തു കയർകൊണ്ടു കെട്ടുവിൻ; വലിപ്പാൻ, രണ്ടുകാളകളെയും പൂട്ടുവിൻ. 10

രണ്ടു ഭാര്യമാരുള്ള ഒരുവൻ ഗൃഹാന്തർഭാഗത്തെന്നപോലെ, കാളനുകത്തിന്റെ രണ്ടററങ്ങൾക്കിടയിൽ മുറുമുറുത്തുകൊണ്ടു നടക്കുന്നു. നിങ്ങൾ മരം വയലിൽ വെച്ചുകൊൾവിൻ—നനഞ്ഞേടം കുഴിക്കാതെ, സൂക്ഷിച്ചുവെച്ചുകൊൾവിൻ. 11

നേതാക്കളേ, സുഖം നിറയ്ക്കുന്നവനാണ്, ഇന്ദ്രൻ: ആ സുഖപൂരകനെ നിങ്ങൾ (സോമം) പകർന്നുവെച്ചു പുറപ്പെടുവിയ്ക്കുവിൻ; അന്നം കിട്ടാൻ ഇമ്പപ്പെടുത്തുവിൻ. പരിക്ലാന്തരേ, നിങ്ങൾ അദിതിപുത്രനെ രക്ഷയ്ക്കും സോമപാനത്തിന്നും ഇങ്ങോട്ടു വരുത്തുവിൻ! 12

സൂക്തം 102.

ഭർമ്മ്യശ്വപുത്രൻ മുദ്ഗലൻ ഋഷി; ബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നിന്റെ തേർ നിസ്സഹായമാക്കപ്പെട്ടിരിയ്ക്കുന്നു; ധർഷകനായ ഇന്ദ്രൻ കാത്തരുളട്ടെ. പുരുഹൂത, ഗോഭക്ഷകരോടുള്ള ഈ കേൾവിപ്പെട്ട യുദ്ധത്തിൽ ഞങ്ങളെ അവിടുന്നു രക്ഷിയ്ക്കണം! 1

---

10. അധ്വര്യുവിനോട്; പച്ചനീര്—സോമരസം. രണ്ടാംവാക്യംമുതൽ പാത്രനിർമ്മാതാക്കളോട്: ഉണ്ടാക്കുവിൻ—പാത്രങ്ങൾ. കെട്ടുവിൻ—ഹവിർധാനശകടത്തിൽ എടുത്തുവെച്ച്. വലിപ്പാൻ—വണ്ടി.

11. മരം—കലപ്പ.

12. ഋത്വിക്കുകളോട്: സുഖം നിറയ്ക്കുന്നവൻ—സ്തോതാക്കളെ സുഖപൂർണ്ണരാക്കുന്നവൻ. പുറപ്പെടുവിയ്ക്കുവിൻ—ഇങ്ങോട്ട്. പരിക്ലാന്തരേ—കർമ്മങ്ങൾകൊണ്ടു ക്ഷീണിച്ചവരേ. എടുത്തുപറയലാണ് ഈ വാക്യം: അദിതിപുത്രൻ—ഇന്ദ്രൻ. രക്ഷയ്ക്കും—നമ്മെ രക്ഷിപ്പാനും.

സൂക്തം 102.

1. തന്നോടുതന്നെ പറയുന്നു: നിന്റെ—മുദ്ഗലന്റെ, എന്റെ. പുരുഹൂത എന്നാദിയായ വാക്യം പ്രത്യക്ഷോക്തി: ഗോഭക്ഷകർ—ഗോക്കളെ കട്ടുതിന്നുന്നവർ, ചോരന്മാർ.

ഗോക്കളെത്തിരയാൻ മുദ്ഗലന്റെ ഭാര്യയായ ഇന്ദ്രസേനയാണ്, തേർ തെളിച്ചത്: അവൾ തേരിൽക്കേറി പൊരുതി, ആയിരമെണ്ണത്തെ വീണ്ടെടുത്തു വേർപെടുത്തി; അവളുടെ വസ്ത്രം കാററിൽ പ്പാറന്നു! 2

ഇന്ദ്ര, കൊല്ലാൻ ദ്രോഹിയ്ക്കുന്നവന്റെ നേർക്ക ഭവാൻ വജ്രം ഒളിവിൽ വിട്ടാലും—മഘവാവേ, എളിയവന്റെയോ വലിയവന്റെയോ നേർക്ക കുലിശം മറവിൽ പ്രയോഗിച്ചാലും! 3

കാള കയത്തിൽ വെള്ളം കുടിച്ച് ഇമ്പം പൂണ്ടു, കൊടുമുടി കുത്തിയുടച്ച്, എതിരാളിയെ സമീപിച്ചു: വീർത്ത വൃഷണത്തോടേ അവൻ യശസ്സിച്ഛിച്ചു, ചിക്കെന്നു ചവുട്ടാൻ മുൻകാൽ നീട്ടി 4

അടരിന്നിടയിൽ ഈ വൃഷഭത്തെ സമീപസ്ഥർ മുക്രയിടുവിച്ചു; മൂത്രം വീഴ്ത്തിച്ചു; നല്ലവണ്ണം തീററുകയും ചെയ്തു എന്നിട്ടു അവനെക്കൊണ്ടു മുദ്ഗലൻ യുദ്ധത്തിൽ ആയിരത്തൊരുനൂറു ഗോക്കളെ വീണ്ടെടുത്തു. 5

പൊരുതാൻ പൂട്ടിയ കാളയെ കടിഞ്ഞാൺപിടിച്ച സാരഥി മുക്രയിടുവിച്ചു: പൂട്ടപ്പെട്ട ദുർദ്ധരൻ വണ്ടി വലിച്ചോട തുടങ്ങിയപ്പോൾ, യോദ്ധാക്കൾ മുദ്ഗലപത്നിയോടടുത്തു. 6

അഭിജ്ഞൻ അതിന്റെ അച്ചുതണ്ടുകോൽ പൊക്കിവെച്ചു, വൃഷഭത്തെ മുമ്പിൽ നിർത്തി കെട്ടി. അപ്പോൾ ഇന്ദ്രൻ ഗോക്കളുടെ ഉടമസ്ഥനെ കാത്തരുളി. കാള വഴികളിലൂടേ പാഞ്ഞു 7

---

2. ആയിരമെണ്ണത്തെ—ഗോസഹസ്രത്തെ. വേർപെടുത്തി—ശത്രുക്കളിൽ നിന്ന്.

3. എളിയവന്റെയോ, വലിയവന്റെയോ—അവൻ അല്പനായാലും ശരി, മഹാനായാലും ശരി.

4. പൊരുതിയ ഒരു വൃഷഭത്തെ വർണ്ണിയ്ക്കുന്നു: കൊടുമുടി—ചോരന്മാർ ഗോക്കളെ മറയ്ക്കാൻ വെച്ചിരുന്ന ഗിരിശൃംഗം.

5. അവൻ—വൃഷഭം.

6. പൂട്ടിയ—തേരിൽ കെട്ടിയ. സാരഥി—ഇന്ദ്രസേന. യോദ്ധാക്കൾ—ശത്രുഭടന്മാർ.

7. അഭിജ്ഞൻ—മുദ്ഗലൻ. അതിന്റെ—വണ്ടിയുടെ. പൊക്കിവെച്ചു—രഥത്തെ സജ്ജമാക്കി എന്നർത്ഥം. ഗോക്കളുടെ ഉടമസ്ഥനെ—മുദ്ഗലനെ.

കപർദ്ദി ഇരുപ്പടിമേൽ തോൽവാറു മുറുകെക്കെട്ടി, ചമ്മട്ടിയുമായി സുഖേന സഞ്ചരിച്ചു; വളരെയാളുകൾക്കു ധനമുണ്ടാക്കാൻ ഗോക്കളെ പിടിച്ചു, കെല്പെടുത്തു. 8

'നോക്കു, ഇതാ കാളയ്ക്കു തുണനിന്ന മുട്ടത്തടി പടക്കളത്തിൽ കിടക്കുന്നു: ഇതുകൊണ്ടാണ്, മുദ്ഗലൻ യുദ്ധത്തിൽ ആയിരത്തൊരുന്നൂറു ഗോക്കളെ വീണ്ടെടുത്തത്. 9

അരികിൽത്തന്നേ അഴൽപെടുത്തുന്നവനെ ആർ ഇങ്ങനെ കാണും? ഇതു തേരിന്നു വെയ്ക്കാം, ആയുധവുമാക്കാം. ഇതിന്നു പുല്ലു കൊണ്ടുവരേണ്ടാ, വെള്ളം കൊണ്ടുവരേണ്ടാ; ക്കൂട്ടതലായി ജയം വരുത്തിക്കൊണ്ടു രഥഭാരം വഹിച്ചുകൊള്ളും! 10

ഇവൾ, ത്യജിയ്ക്കപ്പെട്ടവൾ ഭർത്താവിനെ കിട്ടാനെന്നപോലെ, വന്നുചേർന്നു; മഴക്കാറുപോലെ വളർന്നു. ഈ ഗോകാംക്ഷിണിയായ സാരഥിയെക്കൊണ്ടാണ്, ഞാൻ ജയിച്ചത്. ഇവൾക്കു സുമംഗളവും അന്നവും കൈവരട്ടെ!' 11

ഇന്ദ്ര, ജഗത്തിന്റെയെല്ലാം കണ്ണിന്നും കണ്ണാണ്, നിന്തിരുവടി: വൃഷാവായ ഭവാൻ രണ്ടു വൃഷാക്കളെ തോൽവാറുകൊണ്ടു കെട്ടി തെളിച്ചു യുദ്ധത്തിലെഴുന്നള്ളിയല്ലോ! 12

---

8. കപർദ്ദി = ജടായുക്തൻ, മുദ്ഗലൻ. വളരെയാളുകൾക്കു---പുത്രാദികൾക്ക്. കെല്പെടുത്തു---ജയം നേടി എന്നർത്ഥം.

9. 'സേനയും മററുമില്ലാതെയോ, വിജയം?' എന്നപഹസിച്ച ഒരു സഖാവിനോടു പറയുന്നു:

10. ആർ ഇങ്ങനെ കാണും---ഉപദ്രവകാരിയെ കണ്ടു നീക്കം ചെയ്‌വാൻ ഈ മുട്ടത്തടിയേ ഉതകൂ(?). കാളയ്ക്കു പുല്ലും വെള്ളവും കൊടുക്കണമല്ലോ; എന്നാൽ മുട്ടത്തടിയ്ക്ക് അതൊന്നും വേണ്ടാ.

11. തേർ തെളിച്ച പത്നിയെ പ്രശംസിയ്ക്കുന്നു: ഇവൾ---എന്റെ പത്നി. വന്നുചേർന്നു---എന്റെ അടുക്കൽ.

12. രണ്ടു വൃഷാക്കളെ---രണ്ടു ഹരികളെ. കെട്ടി---തേരിന്നു പൂട്ടി. യുദ്ധത്തിൽ---പൊരുതുന്ന എന്നെ സഹായിപ്പാൻ.

സൂക്തം 103.

ഇന്ദ്രപുത്രൻ അപ്രതിരഥൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ;
ഇന്ദ്രനും ബൃഹസ്പതിയും അപ്വയും മരുത്തുക്കളും ദേവതകൾ.

ശീഘ്രകാരി, ഒരു കൊട്ടുംകാളപോലെ തീക്ഷ്ണൻ, നിഹന്താവ്, വിദ്വേഷികളെ വിറപ്പിയ്ക്കുന്നവൻ, സംക്രന്ദനൻ, കണ്ണിമവെട്ടാത്തവൻ—ഇങ്ങനെയുള്ള ഏകവീരനായ ഇന്ദ്രൻ ഒരുനൂറുപടകളെ ഒപ്പം ജയിയ്ക്കും! 1

സംക്രന്ദനനും, കണ്ണിമവെട്ടാത്തവനും, ജിഷ്ണുവും, പോരാളിയും, ദുശ്ച്യവനനും, ധർഷകനും, അമ്പെടുത്തവനും, വൃഷാവുമായ ഇന്ദ്രനെക്കൊണ്ടു നിങ്ങൾ അതിൽ ജയിയ്ക്കുവിൻ: പൊരുതുന്ന നേതാക്കളേ, അതിനെ അമർത്തുവിൻ! 2

ആ ഇന്ദ്രന്ന് അമ്പുകാരുണ്ട്, വാൾക്കാരുണ്ട്, കീഴിൽ; അവിടുന്നു പൊരുതിക്കൊണ്ടു കൂട്ടത്തിൽ ചെന്നുചേരും; ഒത്തുകൂടിയവരെ ജയിയ്ക്കും; സോമം കുടിയ്ക്കും. കൈക്കരുത്തിനാൽ വില്ലയത്തി ശരിയ്ക്കെയ്തു കൊല്ലും! 3

ബൃഹസ്പതേ, ഭവാൻ തേരിൽ വന്നു, രക്ഷസ്സുകളെ ഹനിച്ച്, അമിത്രരെ അമർത്താലും; പടകളെ ഉടച്ചോടുക്കി, അടരിൽ ജയിച്ചു, ഞങ്ങളുടെ തേരുകൾ കാത്താലും! 4

ഇന്ദ്ര, കെല്പെന്നു ഗണിയ്ക്കപ്പെടുന്നവനും, തടിച്ചവനും, അതിവീരനും, പരാക്രമിയും, കീഴമർത്തുന്ന കരുത്തനും അന്നവാനും, വീരാനുചരനും, സത്വശാലിയും, ബലജാതനും, ഗോക്കളെ നേടുന്നവനുമായ നിന്തിരുവടി വെററിത്തേരിൽ കേറിയാലും! 5

സൂക്തം 103.

1. നിഹന്താവ്——ശത്രുഘാതി. കണ്ണിമവെട്ടാത്തവൻ——സദാ യജ്ഞഗമന——യുദ്ധാദികളിൽ ജാഗരൂകൻ.

2. അതിൽ——യുദ്ധത്തിൽ. അതിനെ——ശത്രുബലത്തെ.

3. ഒത്തുകൂടിയവരെ——പൊരുതാനെത്തിയവരെ.

5. കെല്പെന്നു ഗണിയ്ക്കപ്പെടുന്നവനും——ഓരോരുത്തരും കരുതുന്നു, ഇന്ദ്രനാണ് തനിയ്ക്കു ബലമെന്ന്. വീരാനുചരൻ——വീരരായ അനുചരന്മാരോടുകൂടിയവൻ. ഗോക്കൾ = ജലങ്ങൾ; അല്ലെങ്കിൽ വാക്കുകൾ, സ്തുതികൾ.

ഒത്തുകൂടിയവരേ, നിങ്ങൾ ഗോത്രത്തെപ്പിളർത്ത, ഗോക്കളെ നേടിയ, വജ്രപാണിയായ, ബലത്താൽ യുദ്ധത്തിൽ ജയിച്ചുടയ്ക്കുന്ന ഈ ഇന്ദ്രനെ മുൻനിർത്തിപ്പോരാടുവിൻ–സഖാക്കളേ, നിങ്ങൾ പിന്നിൽനിന്നു പൊരുതുവിൻ! 6

കരുത്താൽ മേഘങ്ങളിൽ കടന്ന, കനിവററ വീരനായ, ശതമന്യുവായ, ദുശ്ച്യവനനായ, സൈന്യങ്ങളെ കീഴമർത്തുന്ന, പൊരുതാവല്ലാത്ത ഇന്ദ്രൻ യുദ്ധങ്ങളിൽ നമ്മുടെ പടകളെ കാത്തരുളട്ടെ! 7

ഇന്ദ്രൻ ഈ ദേവസേനകളെ നയിയ്ക്കട്ടെ; ബൃഹസ്പതിയും ദക്ഷിണയും യജ്ഞവും സോമവും മുന്നിൽ നടക്കട്ടെ; മരുത്തുക്കൾ എതിർത്തുടച്ചു ജയിയ്ക്കുന്ന ഇവയുടെ മുന്നണിയിലണയട്ടെ! 8

വൃഷാവായ ഇന്ദ്രൻെറയും, വരുണരാജാവിൻെറയും ആദിത്യന്മാരുടെയും, മരുത്തുക്കളുടെയും കടുത്ത ബലം (നമുക്കു കിട്ടട്ടെ;) മഴ പൊഴിയ്ക്കുന്ന മഹാമനസ്സരായ ദേവന്മാരുടെ ജയഘോഷം ഉയരുന്നു! 9

മഘവാവേ, അങ്ങ് ആയുധങ്ങളെയും എൻെറ ആളുകളുടെ ഹൃദയങ്ങളെയും ഇമ്പപ്പെടുത്തിയാലും; വൃത്രഹന്താവേ, കുതിരകളുടെ ഓട്ടം മുതിരട്ടെ; തേരുകളുടെ ജയഘോഷം ഉയരട്ടെ! 10

ഞങ്ങളുടെ പൊരുതുന്ന പടയാളികളെ ഇന്ദ്രൻ (കാക്കട്ടെ;) ഞങ്ങളുടെ ശരങ്ങൾ ജയിയ്ക്കട്ടെ; ഞങ്ങളുടെ വീരന്മാർ മീതെയാകട്ടെ; ദേവന്മാരേ, നിങ്ങൾതന്നെ യുദ്ധങ്ങളിൽ ഞങ്ങളെ രക്ഷിയ്ക്കുവിൻ! 11

അപ്വേ, വരിക: നീ ഇവരുടെ മനം മയക്കി, അവയവങ്ങളെ എടുക്കുക. നീ ഇങ്ങോട്ടു വരിക: ഇവരുടെ ഹൃദയങ്ങളെ ദുഃഖം കൊണ്ടു നീററുക. ഈ ശത്രുക്കൾ കൂരിരുട്ടിൽ പെടട്ടെ! 12

---

6. ഒത്തുകൂടിയവരേ––യോദ്ധാക്കളേ. ഗോത്രം = മേഘം, അഥവാ പർവതം. ഗോക്കൾ = ജലങ്ങൾ. ഉടയ്ക്കുന്ന––പററലർപ്പടയെ. പിന്നിൽ––ഇന്ദ്രൻെറ പിൻവശത്ത .

7. കനിവററ––ശത്രുക്കളിൽ ദയയില്ലാത്ത. സൈന്യങ്ങൾ––ശത്രുസേനകൾ.

8. ഈ––ഞങ്ങളെ സഹായിപ്പാൻ വന്ന. മുന്നിൽ––ഇന്ദ്രൻെറ. ഇവ––ദേവസേനകൾ.

12. അപ്വ––പാപാഭിമാനിദേവത. ഇവരുടെ––പൊരുതുന്ന ശത്രുക്കളുടെ. അവയവങ്ങൾ എടുക്കുക––അംഗങ്ങളെ പാപമയങ്ങളാക്കുക എന്നായിരിയ്ക്കാം, അർത്ഥം.

നേതാക്കളേ, നിങ്ങൾ കേറിച്ചെന്നു ജയിയ്ക്കുവിൻ: ഇന്ദ്രൻ നിങ്ങൾക്കു സുഖമരുളട്ടെ; അധൃഷ്യരായിത്തീരുമാറു നിങ്ങളുടെ കൈകൾക്കു കരുത്തു കൂടട്ടെ! 13

സൂക്തം 104.

വിശ്വാമിത്രപുത്രൻ അഷ്ടകൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

പുരുഹൂത, അങ്ങയ്ക്കു സോമം പിഴിഞ്ഞിരിക്കുന്നു: ഹരികളി
ലൂടേ വെക്കം യാഗത്തിലെഴുന്നള്ളിയാലും. അങ്ങയെപ്പററി മേ
ധാവികൾ ചൊല്ലി നടപ്പിൽവന്ന സ്തോത്രങ്ങൾ (ഞങ്ങൾ) നേടി
യിട്ടുണ്ട്; ഇന്ദ്ര, അങ്ങു സോമം കുടിച്ചാലും! 1

ഹരിയുക്ത, വെള്ളത്തിലൊലുമ്പി നേതാക്കന്മാർ പിഴി
ഞ്ഞതു ഭവാൻ ഇവിടെ പാനംചെയ്താലും, തിരുവയർ നിറച്ചാ
ലും: ഇന്ദ്ര, ഉക്ഥങ്ങളാൽ വഹിയ്ക്കപ്പെടുന്നവനേ, അങ്ങയ്ക്കായി
അദ്രികഴകളാൽ ചതയ്ക്കപ്പെട്ടതു കുടിച്ചു മത്തടിച്ചാലും! 2

ഹര്യശ്വ, ഞാൻ വൃഷാവായ ഭവാന്നു പുറപ്പെടാൻ ഒരു യഥാ
ർത്ഥമായ കടുംപാനം പിഴിഞ്ഞയയ്ക്കുന്നു: ഇന്ദ്ര, സ്തുതിയ്ക്കപ്പെട്ട
ശക്തിമാനായ ഭവാൻ ഇവിടെ സ്തുതികൾകൊണ്ടും എല്ലാക്കർമ്മ
ങ്ങൾകൊണ്ടും സംതൃപ്തി പൂണ്ടാലും! 3

ശക്തിയുക്ത, ഇന്ദ്ര, ഭവാന്റെ രക്ഷയാലും വീര്യത്താലും അ
ന്നവും സന്തതിയും നേടിയ കാമയമാനരായ യജ്ഞാഭിജ്ഞന്മാർ
മനുഷ്യഗൃഹത്തിൽ സ്തുതിച്ചും ഒപ്പം ലഹരിപിടിച്ചും വസിച്ചു
വല്ലോ! 4

---

13. നേതാക്കൾ——മുന്നണിപ്പോരാളികൾ.

സൂക്തം 104.

1. ഹരികളിലൂടെ——ഇരുഹരികളെ പൂട്ടിയ തേരിലൂടേ. നേടിയിട്ടുണ്ട്——പഠിച്ചുവെച്ചിട്ടുണ്ട്.

2. പിഴിഞ്ഞതു——സോമം.

3. പാനം——സോമനീർ.

4. യജ്ഞാഭിജ്ഞന്മാർ——അംഗിരസ്സുകൾ. മനുഷ്യഗൃഹത്തിൽ——യജമാനന്റെ യാഗശാലയിൽ. സ്തുതിച്ചും——ഭവാനെ. ലഹരിപിടിച്ചും——സോമപാനത്താൽ. വസിച്ചുവല്ലോ——ഞങ്ങളും അങ്ങനെയാകണമെന്നു ഹൃദയം.

ഹര്യശ്വ, ഇന്ദ്ര, നന്നായി സ്തുതിയ്ക്കപ്പെടുന്നവനും, നല്ല ധനവും, വളരെക്കാന്തിയുമുള്ളവനുമായ ഭവാന്റെ കൊണ്ടുനടക്കൽകൊണ്ടും തങ്ങളുടെ സ്തുതികൾകൊണ്ടും, സ്തോതാക്കളായ ആളുകൾ ദാനത്തിന്നായി അങ്ങയുടെ മഹനീയരക്ഷയെ കൈവരുത്തുന്നു. 5

ഹരിയുക്ത, പിഴിഞ്ഞ സോമം കുടിപ്പാൻ അവിടുന്നു ഹരികളിലൂടേ സ്തോത്രങ്ങളിൽ വന്നുചേർന്നാലും: ഇന്ദ്ര, യജ്ഞം ത്രാണിയുള്ള ഭവാങ്കൽ അണയുന്നു; ഈ അധ്വരത്തെ ത്തുലോം അറിയുന്ന ഭവാൻ ദാതാവുമാണല്ലോ! 6

ഒരായിരം അന്നങ്ങളുള്ളവനും, എതിർക്കുന്നവരെ അമർക്കുന്നവനും, എതിരററവനും സോമനീരിൽ രസിയ്ക്കുന്നവനും, ശോഭനസ്തോത്രനും, മഘവാവുമായ ഇന്ദ്രനെ ചൊല്ലുകൾ അലംകരിയ്ക്കുന്നു—സ്തോതാവിന്റെ ഗാഥകൾ പുകഴ്ത്തുന്നു! 7

ഇന്ദ്ര, ഭംഗിയിൽ മൂളുന്ന അഹിംസിതകളായ സപ്തനദീദേവികളെക്കൊണ്ടു ഭവാൻ സമുദ്രത്തെ തഴപ്പിച്ചു; പുരന്ദരനായ അവിടുന്നു തൊണ്ണൂറെറാമ്പതു പുഴകളെ ദേവന്മാർക്കും മനുഷ്യർക്കും വേണ്ടി ഒഴുകിച്ചു; വഴിയും വെട്ടി! 8

ഇന്ദ്ര, ദേവനായ ഭവാൻ ഒററയ്ക്കു തണ്ണീരുകളെ തകരാറുകാരങ്കൽനിന്നു വേർവിടുവിച്ച്, അവയിൽ ശ്രദ്ധിച്ചുപോരുന്നു. അവിടുന്നു വൃത്രവധത്തിൽ എവയെ ഉളവാക്കിയോ, അവകൊണ്ടു ദീർഘായുസ്സായ ഭവാൻ തിരുവുടൽ പുഷ്ടിപ്പെടുത്തിയാലും! 9

അതിവീരനും, കർമ്മവാനും, ശോഭനസ്തോത്രനുമാണ്, ഇന്ദ്രൻ: ആ പുരുഹൂതനെ മൊഴികൾ പൂജിയ്ക്കുന്നു. ശക്രൻ വൃത്രനെ മർദ്ദിച്ചു; വെളിച്ചമുണ്ടാക്കി; നേരിട്ട പടകളെ കീഴമർത്തി! 10

യുദ്ധങ്ങളിൽ ശത്രുക്കളെ ഹനിച്ചു ധനമടക്കുന്ന ഉഗ്രനും പ്രവൃദ്ധനുമായ മഘവാവിനെ—(സ്തോത്രം) ശ്രവിയ്ക്കുന്ന മഹാനേതാവായ ഇന്ദ്രനെ—അന്നം കിട്ടിയ്ക്കുന്ന ഈ യുദ്ധത്തിൽ രക്ഷയ്ക്കായി നാം വിളിയ്ക്കുക! 11

———

7. ചൊല്ലുകൾ—സ്തുതികൾ.
8. മൂളുന്ന—ശബ്ദിയ്ക്കുന്ന. പുഴകൾ—ഉപനദികൾ.
9. തകരാറുകാരൻ—വൃത്രൻ. അവ—തണ്ണീരുകൾ.
10. മൊഴികൾ—സ്തുതികൾ. പടകൾ—ശത്രുസൈന്യങ്ങൾ.

സൂക്തം 105.

കുത്സപുത്രൻ ദുർമ്മിത്രൻ ഋഷി; ഗായത്രിയും ഉഷ്ണിക്കും പിപീലികമധ്യയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ' പോലെ.)

എന്നു തട്ടത്തുനിത്തും, ഹേ വസോ,
സന്നുതി, തോട്ടപോലവേ,
നേരേ കൊതിയ്ക്കുമങ്ങയെ നീണ്ട
നീരിന്നും തണ്ണീരിന്നുമായ്? 1

ശ്രേഷ്ഠകർമ്മാക്കളോ,ട്ടക്കാർ, ചെമ്മേ
പൂട്ടാവുന്നവർ, സന്മേഢ്റർ,
കഞ്ചിരോമങ്ങൾ വായ്ച്ചവരി,മ്പം
തഞ്ചിയ്ക്കുമിരുപേക്കൊത്തോർ—
ആയിരുഹരികൾക്കീശൻ ധന—
ദായി നീയിച്ഛവെച്ചാലും! 2

വാടിപ്പോയല്ലോ പാപജാതനെ—
പ്പേടിച്ച്, മർത്ത്യൻപോലിന്ദ്രൻ!
മോടിയ്ക്കു പിന്നെക്കെല്ലോടൊന്നിച്ചു—
കൂടിനാൻ, തള്ളിമാററിനാൻ! 3

സൂക്തം 105.

1. സന്നുതി—ഞങ്ങളുടെ സ്തുതി, നീണ്ട നീര്—മൂന്നു സവനങ്ങളിലെയും സോമരസം. സോമം കുടിപ്പിയ്ക്കാനും, ഞങ്ങൾക്കു ജലം കിട്ടാനുംവേണ്ടി അങ്ങയെ, ഞങ്ങളുടെ സ്തുതി, ഒരു തോട്ട വെള്ളത്തെയെന്നപോലെ തട്ടത്തുനിത്തുക എന്നായിരിയ്ക്കും— ആ കാലം എന്നു വരും?

2. ഇന്ദ്രന്റെ ഹരികളെ വർണ്ണിയ്ക്കുന്നതാണ്, ഈ ഋക്ക്. ഓട്ടക്കാർ—ദ്രുതഗാമികൾ. ചെമ്മേ പൂട്ടുന്നവർ—സുശിക്ഷിതർ എന്നർത്ഥം. സന്മേഢ്റർ=നല്ല ലിംഗമുള്ളവർ. ഇമ്പം തഞ്ചിയ്ക്കുമിരുപേർ—ആഹ്ലാദകരരായ സൂര്യചന്ദ്രന്മാർ. ആ—താദൃശരായ. ഇച്ഛവെച്ചാലും—ഞങ്ങളുടെ സ്തോത്രങ്ങളിൽ.

3. പാപജാതൻ—വൃത്രൻ. വൃത്രനോടുള്ള യുദ്ധത്തിൽ ഇന്ദ്രൻ ക്ഷീണിയ്ക്കുയുണ്ടായിപോൽ. മോടിയ്ക്കു—ജയശ്രീയ്ക്കായി. കെല്ലോട്—മരുൽബലത്തോട്. തള്ളിമാററിനാൻ—വൃത്രനെ.

വന്നെത്തു,മിന്ദ്രൻ–ശൂരനാമിന്ദ്ര–
നിന്നരന്നിഷ്ടമേകുവാൻ,
രണ്ടു സുവ്രതർ കൂററിട്ടോടിയ്ക്കും
വണ്ടിയിലർച്ച്യമാനനായ്! 4

ചാരുകേസരരായ രണ്ടോട്ട–
ക്കാരിലാർ കേറും, പുഷ്ടിയ്ക്കായ്;
നല്ലണക്കടയുള്ളോനാമവൻ
ചൊല്ലി വാങ്ങുമേ, (സോമനീർ)! 5

വാഴ്ത്തും, സുഭഗന്മാരൊത്തു വാനിൽ
വാഴുമസ്സുഭഗൌജസ്കൻ;
കല്പിച്ചുകാട്ടീ, ശൂരൻ ബുദ്ധിയും
കെല്പും ഋഭുക്കൾപോലവേ! 6

പച്ചയശ്വങ്ങള, ക്ഷതഹനു,
പച്ചമീശയുമുള്ളവൻ
വാനെതിർമഹാവജ്രം തീർത്തല്ലോ,
വധ്യനാം ദസ്യുവിന്നായി. 7

ചെത്തുകെങ്ങൾതൻ പാപം നീ: ഞങ്ങൾ
നത്യാ കൊല്ലാവൂ, ഹീനരെ!

---

4. ഇന്നരന്ന്––സ്തോതാവിന്ന്, രണ്ടു സുവ്രതർ––സുകർമ്മാക്കളായ ഹരികൾ. വണ്ടി––രഥം.

5. ചാരുകേസരർ––നല്ല കുഞ്ചിരോമങ്ങളുള്ളവ. രണ്ടോട്ടക്കാരിൽ––ഹരികളെപ്പൂട്ടിയ തേരിൽ. പുഷ്ടിയ്ക്കായ്––സോമം കുടിച്ചു തടിപ്പാൻ. അവൻ––ഇന്ദ്രൻ. ചൊല്ലി––യാചിച്ച്.

6. സുഭഗന്മാർ––അഴകുററവർ, മരുത്തുക്കൾ, വാഴ്ത്തും––സ്തോതാവിനെ പ്രശംസിയ്ക്കും. കല്പിച്ചുകാട്ടീ––വൃത്രവധാദിയാൽ. ഋഭുക്കൾപോലവേ––ഋഭുക്കൾ അസാധാരണമായ രഥചമസാദിനിർമ്മാണംകൊണ്ടു തങ്ങളുടെ ബുദ്ധിയും കെൽപും വെളിപ്പെടുത്തിയല്ലോ.

7. അക്ഷതഹനു––കേടുപററാത്ത അണക്കടകൾ. വാനെതിർമഹാവജ്രം––അന്തരിക്ഷംപോലെ വലുതായ വജ്രം. വധ്യനാം ദസ്യുവിന്നായി––ദസ്യുവിനെ കൊല്ലാൻ.

അസ്തവമായ മറെറാരു യജ്ഞം
മുത്തവിടെയ്ക്കേകില്ലല്ലോ. 8

നേതാക്കരം യാഗശാലയിങ്കൽ നിൻ-
ത്രേതാഗ്നികർമ്മം വായ്പിയ്ക്കേ,
മാനുഷനൊത്തു കേറും, പ്രീത്യാ നീ
താനേ പുകഴ്ന്ന തോണിയിൽ! 9

പാൽ ശ്രുകീടട്ടേ ചേർക്കാൻ പയ്യങ്ങ-
ള്ക്കേ;-തൊന്നാൽ നീ തൻപാത്രത്തിൽ
കോരിപ്പകരു, മക്കയിലുമേ
കോട്ടമില്ലാതിണങ്ങട്ടെ! 10

ഏവം സ്തുതിപ്പാൻ, നൂറുമേറെയും
കൈവരുത്താനദ്ദുർമ്മിത്രൻ-
ഏവം സ്തുതിപ്പാൽ, നിന്നെസ്സുമിത്രൻ:
നീ വൈരിപ്പോരിലൂർജ്ജസ്വിൻ,
കുത്സപുത്രനെക്കാത്തല്ലോ-കുത്സ-
വത്സനെത്തുലോം കാത്തല്ലോ! 11

അഞ്ചാമദ്ധ്യായം സമാപ്തം.

---

8. ചെത്തുക—നശിപ്പിയ്ക്കുക. നുത്യാ—അങ്ങയെക്കുറിച്ചുള്ള സ്തുതികൊണ്ട്. ഹീനരെ—സ്തുതിരഹിതരെ, സ്തുതിയ്ക്കാത്തവരെ. അസ്തവമായ—സ്തുതിയ്ക്കലില്ലാത്ത. മറെറാരു—സസ്തവയജ്ഞേതരമായ.

9. നേതാക്കരം—ഋത്വിക്കുകരം. മാനുഷൻ—യജമാനൻ. താനേ പുകഴ്ന്ന—പരാപേക്ഷയില്ലാതെ യശസ്സു നേടിയ. തോണി—തരണസാധനം, രഥം; യജമാനനെ തൻെറ തേരിൽ കേററും.

10. ചേർക്കാൻ—സോമനീരിൽ. തൻപാത്രത്തിൽ—വായിൽ. കോരിപ്പകരും—സോമനീർ. കയിൽ—കോരിയെടുക്കുന്ന കരണ്ടി. ഇണങ്ങട്ടേ—ഉപകരിയ്ക്കട്ടെ.

11. നൂറുമേറെയും—ധനം. ദുർമ്മിത്രന്നു സുമിത്രനെന്നും പേരുണ്ട്. കുത്സപുത്രനെ—എന്നെ.

ആറാമധ്യായം

സൂക്തം 106.

കശ്യപപുത്രൻ ഭൂതാംശൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

നിങ്ങളിരുവരും ഇപ്പോൾ അതുതന്നെ കാംക്ഷിച്ചു, നെയ്ത്തു കാർ വസ്ത്രങ്ങൾപോലെ കർമ്മങ്ങൾ പരത്തുന്നു. സഹചാരികളായ നിങ്ങളെ ഇദ്ദേഹം ഇഷ്ടപ്രാപ്തിയ്ക്കായി സ്തുതിയ്ക്കുന്നു. നിങ്ങൾ, സുദിനങ്ങൾപോലെ അന്നങ്ങളെ അലംകരിയ്ക്കുന്നു! 1

നിങ്ങൾ, പൂട്ടുമൂരികൾപോലെ ഊട്ടുന്നവരിൽ ചെല്ലുന്നു. പടക്കുതിരകൾപോലെ പാഞ്ഞു സ്തോത്രത്തിലെത്തുന്നു. ദൂതന്മാർ പോലെ ജനങ്ങളിൽ പുകൾപ്പെടുന്നു. പോത്തുകൾ കൊക്കരണി വിടാത്തതുപോലെ, നിങ്ങളും വിട്ടുപോകാതിരിയ്ക്കണം! 2

നിങ്ങൾ പക്ഷിച്ചിറകുകൾപോലെ ചേർന്നുമേവുന്നു. പശുക്കൾപോലെ പൂജ്യരായ നിങ്ങൾ യജ്ഞത്തിൽ വന്നെത്തുവിൻ! നിങ്ങൾ, ദേവകാമന്റെ അഗ്നിപോലെ ജ്വലിയ്ക്കുന്നു. നിങ്ങൾ അധ്വര്യുക്കൾപോലെ വളരെയിടങ്ങളിൽ യജിയ്ക്കുന്നു. 3

നിങ്ങൾ ഞങ്ങൾക്ക്, അച്ഛന്മാർ മക്കൾക്കെന്നപോലെ ബന്ധുക്കളാകുന്നു. നിങ്ങൾ, ഇരുതേജസ്വികൾപോലെ തിളങ്ങുന്നു. വെമ്പൽക്കൊള്ളുന്നവർക്കു തമ്പുരാക്കന്മാർപോലെയാണ്, നിങ്ങൾ. നിങ്ങൾ, അന്നവാന്മാർപോലെ പുഷ്ടി നല്കുന്നു. ഇരുരശ്മി

സൂക്തം 106.

1. അതു—ഞങ്ങൾ തരുന്ന ഹവിസ്സ്. ഇദ്ദേഹം—യജമാനൻ. സുദിനങ്ങൾപോലെ—നല്ല ദിവസങ്ങളിൽ സദ്യ ഒരുക്കുമല്ലോ.

2. പൂട്ടുമൂരികൾ (ഉഴവുകാളകൾ) തീററ കൊടുക്കുന്നവരുടെ അടുക്കൽ ചെല്ലുമല്ലോ; അതുപോലെ നിങ്ങൾ ഊട്ടുന്നവരിൽ (ഹവിർദ്ദാതാക്കളിൽ) ചെല്ലുന്നു. ദൂതന്മാർപോലെ—രാജാവിന്നു പ്രിയപ്പെട്ട ദൂതന്മാർ യശസ്വികളായിത്തീരുന്നതുപോലെ. വിട്ടുപോകാതിരിയ്ക്കണം—ഞങ്ങളുടെ ഹവിസ്സിനെയും സ്തുതിയെയും.

3. ദേവകാമൻ—യഷ്ടാവ്.

4. ഇരുതേജസ്വികൾ—അഗ്നിസൂര്യന്മാർ. വെമ്പൽക്കൊള്ളുന്നവർക്കു—കർമ്മവ്യഗ്രർക്ക്. തമ്പുരാക്കന്മാർപോലെയാണ്—യുദ്ധത്തിലുഴറുന്ന സൈന്യങ്ങ

കരംപോലെ ഉപഭോഗത്തിന്നുതകുന്നു. നിങ്ങരം, കളിമ്പക്കാർ പോലെ വിളിയിലെഴുന്നള്ളുവിൻ! 4

നിങ്ങരം കാളകരംപോലെ തടിച്ചുകൊഴുത്തവരും, സുഖകരരും, മിത്രാവരുണൻപോലെ സത്യഭൃതരും, ബഹുധനരും, നിശിതസ്തോത്രരും, കുതിരകരംപോലെ ആഹാരത്താൽ ഉയർന്നവരും, അന്തരിക്ഷസ്ഥരും, ആടുകരംപോലെ അന്നംകൊണ്ടു ശുശ്രൂഷിയ്ക്കപ്പെടേണ്ടവരും, പുഷ്ടിപ്രദരുമാകുന്നു. 5

മത്തഗജങ്ങരംപോലെ മൂരിനിവൃത്തും; കൊലപ്പെടുത്തും—നിഹന്താവിന്റെ മക്കരംപോലെ കുത്തും, പിളർത്തും; ജയിയ്ക്കും; മത്തടിയ്ക്കും—ഇങ്ങനെയുള്ള രത്നതുല്യരായ നിങ്ങരം എന്റെ ചുക്കിച്ചുളിഞ്ഞു ചത്തടിയുന്ന ശരീരത്തെ ജരാവർജ്ജിതമാക്കിയാലും! 6

തേജസ്സുയർന്നവരേ, വീരന്മാർപോലെയുള്ള നിങ്ങരം ചുക്കിച്ചുളിഞ്ഞലഞ്ഞു ചാകുന്ന ശരീരത്തെ, വെള്ളത്തിന്റെയെന്നപോലെ ആപത്തിന്റെ മറുകരയിലണയ്ക്കുന്നു. യാതൊന്നു വിശ്രുദ്ധബലരായ നിങ്ങരംക്ക്, ഋഭുക്കരംക്കെന്നപോലെ കൈവന്നുവോ, വായുപോലെ സർവവ്യാപിയും അതിവേഗിയുമായ (ആ രഥം) ധനങ്ങളുടെ ഉടമയാകുന്നു! 7

മഹാവീരങ്ങരംപോലെ നെയ്യ് ഉള്ളിൽ ചെലുത്തുന്നവരും, ധനപാലകരും, നിഹന്താക്കളും, ആയുധധാരികളും, പക്ഷികരം പോലെ പറക്കുന്നവരും, ചന്ദ്രസമാനരൂപരുമായ നിങ്ങരം മനസാ കോപ്പണിഞ്ഞു, മാന്യന്മാർപോലെ എഴുന്നള്ളും! 8

നിങ്ങരം, നെടിയവർപോലെ ആഴങ്ങളിൽ നില്ക്കും; നടക്കുന്നവന്റെ കാലുകരംപോലെ ആഴമില്ലാത്തേടം അറിയും; ചെവി

ളെ രാജാക്കന്മാർപോലെ, നിങ്ങരം കർമ്മവ്യഗ്രരെ കാത്തരുളുന്നു. ഇരുരശ്മികരം—അഗ്നിസൂര്യകിരണങ്ങരം. കളിമ്പക്കാർപോലെ—ക്രീഡാശീലർ കളിസ്ഥലത്തെത്തുന്നതുപോലെ. വിളിയിൽ—ഞങ്ങളുടെ ആഹ്വാനത്തിൽ.

5. നിശിതസ്തോത്രർ—നിശിതമാംവണ്ണം (ബുദ്ധികൂർമ്മയോടേ) സ്തുതിയ്ക്കപ്പെടുന്നവർ. അന്നം—തീററ, ഹവിസ്സ്.

6. കൊലപ്പെടുത്തും—ശത്രുക്കളെ. നിഹന്താവിന്റെ—ശത്രുഘാതിയായ ശൂരന്റെ.

8. നിഹന്താക്കരം—ശത്രുസൂദനർ.

കരംപോലെ സ്തോത്രം കേറക്കും. ആ നിങ്ങരം, നണ്ടവയവങ്ങരം
പോലെ ഞങ്ങളുടെ പൂജനീയകർമ്മത്തിൽ സംബന്ധിച്ചാലും! 9

നിങ്ങരം, മേഘങ്ങരംപോലെ, മധു പൊഴിയ്ക്കുന്നു; നിങ്ങരം
തേനീച്ചകരംപോലെ, ദ്വാരം കീഴ്പോട്ടായ പയ്യിന്റെ അകി
ട്ടിൽ പാൽ വെയ്ക്കുന്നു; നിങ്ങരം കെടുമനുഷ്യർപോലെ, വിയർ
പ്പിററിക്കുന്നു; മെലിഞ്ഞ പയ്യു നല്ല പുല്ലുതിന്നുന്നപോലെ,
ഹവിസ്സു ഭക്ഷിയ്ക്കുന്നു. 10

ഞങ്ങരം, വളരെ സ്തോത്രം ചൊല്ലാം; ഹവിസ്സു നല്കാം. നി
ങ്ങരം ഒരേതേരിലൂടേ ഇവിടെ ഞങ്ങളുടെ സ്തുതിയെയും, പൈക്ക
ളുടെ അകിട്ടിലെ പരിപക്വമായ മധുരാന്നത്തെയും ഉദ്ദേശിച്ചു വ
ന്നുചേർന്നാലും! ഇങ്ങനെ ഭൂതാംശൻ അശ്വികളിൽ അഭിലാഷ
പൂർത്തി വരുത്തി. 11

സൂക്തം 107.

അംഗിരോഗോത്രൻ ദിവ്യനോ പ്രജാപതിപുത്രി ദക്ഷിണയോ ഋഷി;
ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകരം; ദക്ഷിണ ദേവത.

മഘവാവിന്റെ മഹസ്സ് ഇവർക്കായി ഉദിച്ചു; ജഗത്തെല്ലാം
ഇരുട്ടിൽനിന്നൊഴിഞ്ഞു. ദേവകളാൽ നല്കപ്പെട്ട മഹാജ്യോതിസ്സ്
വന്നെത്തി; ദക്ഷിണയുടെ വിശാലമായ മാർഗ്ഗം കാണുമാറായി! 1

---

9. നെടിയവർ (ദീർഘകായന്മാർ) ആഴങ്ങളിൽ മുഴകില്ലല്ലോ.

10. മധു = തേൻ, ജലം. തേനീച്ചകരംപോലെ—തേനീച്ചകരം പൂവിൽ തേൻ വെയ്ക്കുന്നതുപോലെ. മെലിഞ്ഞ—തീററ കിട്ടാഞ്ഞു ചടച്ച.

11. മധുരാന്നം—പാൽ. ഭൂതാംശൻ—ഞാൻ.

സൂക്തം 107.

1. ദക്ഷിണ യാഗത്തിന്റെ ഒരംഗമാണ്; യാഗം പകൽസ്സമയത്തേ ഉള്ളു. അതിനാൽ ആദ്യം പകൽത്തുടക്കം (സൂര്യോദയം) പ്രതിപാദിയ്ക്കപ്പെടുന്നു! മഘവാവിന്റെ—സൂര്യാത്മകനായ ഇന്ദ്രന്റെ. മഹസ്സ് = തേജസ്സ്. ഇവർ—യഷ്ടാക്കരം. മഹാജ്യോതിസ്സ്—സൂര്യൻ, യജമാനക്കരം ദക്ഷിണ കൊടുപ്പാൻ തുടങ്ങി എന്നാണ്, ഒടുവിലെ വാക്യത്തിന്റെ താല്പര്യം.

ദക്ഷിണ കൊടുക്കുന്നവർ ഉയരത്തു സ്വർഗ്ഗത്തിൽ വസിയ്ക്കും: അശ്വത്തെ നല്കിയവർ സൂര്യനോടു ചേരും; സ്വർണ്ണം നല്കിയവർ ദേവത്വമടയും; സോമ, വസ്ത്രം നൽകിയവർ (ഭവാനോടുകൂടി വസിയ്ക്കും). ഇവരെല്ലാം ദീർഘായുസ്സുകളുമാകും! 2

ദേവന്മാരുടെ രക്ഷയും യാഗാംഗമായ ദക്ഷിണയും അവരെ പ്രീതിപ്പെടുത്താത്ത കെട്ടനടപ്പുകാർക്കില്ലതന്നെ; അതിനാൽ വളരെപ്പേർ പാപഭയത്താൽ കർമ്മം ചെയ്തു ദക്ഷിണ നൽകി (ദേവന്മാരെ) പ്രീതിപ്പെടുത്തുന്നു. 3

ശതധാരനെന്ന വായുവിന്നും, സർവജ്ഞനായ സൂര്യന്നും, മററു മനുഷ്യദ്രഷ്ടാക്കൾക്കും ഹവിസ്സർപ്പിയ്ക്കാൻ അവർക്കറിയാം: യജ്ഞത്തിൽ പ്രീതിപ്പെടുത്തുകയും അർപ്പിയ്ക്കുകയുംചെയ്യുന്നവർ ഏവരോ, അവർ ഏഴമ്മമാരുള്ള ദക്ഷിണയെ കറക്കും! 4

ദക്ഷിണാന്വിതൻ ക്ഷണിയ്ക്കപ്പെട്ട് ഒന്നാമനായി എങ്ങും ചെല്ലും; ദക്ഷിണാന്വിതൻ ഗ്രാമത്തലവനായി മുമ്പിൽ നടക്കും. ആർ ഒന്നാമനായി ദക്ഷിണ കൊടുക്കുമോ, എൻെറ അഭിപ്രായത്തിൽ, ആ ആൾതന്നെയാണ്, ജനങ്ങൾക്കരചൻ! 5

പറഞ്ഞിരിയ്ക്കുന്നു: ആർ ഒന്നാമനായി ദക്ഷിണകൊണ്ടാരാധിയ്ക്കുമോ, അവൻതന്നേ ഋഷി; അവൻതന്നേ ബ്രഹ്മാവ്; അവൻതന്നേ അധ്വര്യുവും സാമഗായകനും ഉക്ഥശംസിയും; അവൻ അഗ്നിയുടെ മൂന്നുരൂപവും അറിയും! 6

നമ്മുടെ ആത്മാവിന്നു് ഒരു കവചമാണെന്നറിഞ്ഞു ദക്ഷിണയനുഷ്ഠിച്ചാൽ, ദക്ഷിണ അശ്വത്തെ തരും; ദക്ഷിണ ഗോവിനെ തരും; ദക്ഷിണ പൊൻവെള്ളികളെ തരും. ദക്ഷിണ അന്നത്തെ തരും! 7

---

2. സോമ—സോമനത്രേ, വസ്ത്രദേവത.

3. ദക്ഷിണ കൊടുക്കാത്ത കുത്സിതചര്യന്മാരെ ദേവകൾ രക്ഷിയ്ക്കില്ല.

4. മററു മനുഷ്യദ്രഷ്ടാക്കൾ—ഇന്ദ്രാദികൾ. അവർക്കറിയാം — യഷ്ടാക്കൾ ശക്തരാകും. അർപ്പിയ്ക്കുക—ഹവിസ്സു നല്കുക. ഏഴമ്മമാർ—അഗ്നിഷ്ടോമാദികൾ: കറക്കുന്നു—ഋത്വിക്കുകൾക്കു കൊടുക്കുന്നു.

5. ദക്ഷിണാന്വിതൻ—ദക്ഷിണ കൊടുത്ത യജ്വാവ്.

6. പറഞ്ഞിരിയ്ക്കുന്നു—വിദ്വാന്മാർ. ആരാധിയ്ക്കുക—ഋത്വിക്കുകളെയും മററും സന്തോഷിപ്പിയ്ക്കുക. ഉക്ഥശംസി—ഉക്ഥങ്ങൾ ചൊല്ലുന്നവൻ. മൂന്നുരൂപം—ആഹവനീയൻ, ഗാർഹപത്യൻ, ദക്ഷിണൻ.

7. കവചം—പാപനിവാരകമെന്നു സാരം.

ദാതാക്കരം മരിയ്ക്കില്ല, നികൃഷ്ടഗതിയടയില്ല, ദ്രോഹിയ്ക്കപ്പെ
ടില്ല; ദാതാക്കരം ദുഃഖമനുഭവിയ്ക്കില്ല. ഈ എല്ലാ ലോകവും, സ്വർഗ്ഗ
വും—ഇതിനെയൊക്കെ ദക്ഷിണ അവക്കു കൊടുക്കും; 8

ദാതാക്കരം മുമ്പുതന്നേ പാൽ പെറുന്ന പയ്യിനെ നേടി; ദാതാ
ക്കരം നല്ല വസ്ത്രമുടുത്ത വധുവിനെ നേടി; ദാതാക്കരം മദ്യത്തിൻെറ
ഉരംസ്സുത്തു നേടി; ദാതാക്കരം വിളിയ്ക്കാവല്ലാത്ത എതിരാളികളെ
ജയിച്ചു! 9

ദാതാവിന്നു, കുതിച്ചോടുന്ന കുതിര തിരുമ്മപ്പെടും; ദാതാവിന്നു
കന്യക മിന്നിത്തിളങ്ങി നില്ക്കും; ദാതാവിന്നു താമരപ്പൊയ്കപോ
ലെയും ദേവയാനംപോലെയും മനോഹരമായി, അലംകൃതമായ
ഭവനം കിട്ടും! 10

ദാതാവിനെ നല്ല കുതിരകരം വഹിയ്ക്കും; ദക്ഷിണകൊടുത്ത
വന്നു് അഴകൊത്ത രഥം കിട്ടും. ദേവന്മാരേ, നിങ്ങരം ദാതാവിനെ
യുദ്ധങ്ങളിൽ രക്ഷിച്ചാലും: ദാതാവു പോരുകളിൽ വൈരികളെ
ജയിയ്ക്കുമാറാകണം! 11

സൂക്തം 108.

പണികളും സരമയും ഋഷികരം; ത്രിഷ്ടുപ്പ് ഛന്ദസ്സ്; പണികളും
സരമയും ദേവതകരം.

'സരമ എന്തിനാണിവിടെ വന്നതു്? പിന്തിരിയാതെ നട
ന്നാലും എത്താവതല്ലല്ലോ, ഈ ദൂരമാർഗ്ഗം. ഞങ്ങരം എന്തു മൈ ത്രീ
തരണം? രാത്രി എങ്ങനെയിരുന്നു? നീ എങ്ങനെ പുഴ കടന്നു?' 1

---

8. ദാതാക്കരം—ദക്ഷിണ കൊടുത്തവർ. മരിയ്ക്കില്ല—അമരത്വമടയും.

9. നേടി—ശത്രുക്കളിൽനിന്നു കീഴടക്കി. വിളിയ്ക്കാവല്ലാത്ത—ബലമേ
റിയ എന്നൎത്ഥം.

10. കുതിര തിരുമ്മപ്പെടും—കുതിരകളും കുതിരക്കാരുമുണ്ടായിവരും എന്നു
സാരം.

സൂക്തം 108.

1. വലൻെറ ആരംക്കാരായ പണികരം ബൃഹസ്പതിയുടെ ഗോക്കളെഅപ
ഹരിച്ചു; അവയെത്തിരയാൻ ബൃഹസ്പതിപ്രേരിതനായ ഇന്ദ്രൻ സരമ എന്ന
ദേവശുനിയെ അയച്ചു. അവരം വലിയ പുഴ കടന്നു, വലൻെറ പുരത്തിൽ
ചെന്നു്, അവിടെ ഗുഹയിലടയ്ക്കപ്പെട്ട ഗോക്കളെ കണ്ടുപിടിച്ചു. ഇതറിഞ്ഞു്,
അസുരന്മാർ അവളെ വശീകരിപ്പാൻ സംഭാഷണം തുടങ്ങി:

'പണികളേ, ഇന്ദ്രനയച്ച ദൂതിയായ ഞാൻ നിങ്ങളുടെ വമ്പിച്ച നിധികളെ തേടി നടക്കുകയാണ്. അതിക്രമണത്താൽ പേടിച്ച വെള്ളം എന്നെ രക്ഷിച്ചു; അങ്ങനെയാണ് ഞാൻ പുഴ കടന്നതു്.' 2

'സരമേ, എന്തുതരക്കാരനാണ്, ഇന്ദ്രൻ? എത്രയുണ്ടു്, സൈന്യം? അയാളുടെ ദൂതിയായിട്ടാണല്ലോ, നീ അകലത്തുനിന്നു് ഇവിടെ വന്നതു്.' വന്നുകൊള്ളട്ടെ: നമുക്ക് ഇവളെ സ്നേഹിതയാക്കാം; നമ്മുടെ ഗോപതി ഗോക്കളുടെ ഉടമസ്ഥനാകട്ടെ! 3

'ആരുടെ ദൂതിയായിട്ടാണോ, ഞാൻ ദൂരത്തുനിന്നു് ഇവിടെ വന്നത്, ആ ഇന്ദ്രൻ ഹിംസ്യനല്ലെന്നാണ്, എൻെറ അറിവ്; അദ്ദേഹം ഹിംസിയ്ക്കും. ഗംഭീരനദികൾ അദ്ദേഹത്തെ മറയ്ക്കില്ല; പണികളേ, നിങ്ങൾ അദ്ദേഹത്താൽ വധിയ്ക്കപ്പെട്ടുകിടക്കും!' 4

'സുഭഗേ, സരമേ, ഇതാ, സ്വർഗ്ഗത്തിൻെറ അതിരുകളിൽ ചുററിനടക്കുന്ന നീ തേടുന്ന ഗോക്കൾ: ഇവയെ ആർ പൊരുതാതെ പുറത്തയയ്ക്കും? മൂർച്ചയുള്ള ആയുധങ്ങളുണ്ടു്, ഞങ്ങൾക്ക്!' 5

'പണികളേ, ഒരു സേനയ്ക്കൊത്തതല്ല, നിങ്ങളുടെ സംസാരം. അമ്പെയ്യാവുന്നതല്ല, ശരീരം; പാപയുക്തവുമാണ്. നിങ്ങളുടെ വഴി നടക്കാൻകൊള്ളാത്തതാകുന്നു. നിങ്ങളുടെ ഇരുതരം ദേഹങ്ങളെ ബൃഹസ്പതി സുഖിപ്പിയ്ക്കില്ല!' 6

---

2. സരമയുടെ മറുപടി: നിങ്ങളുടെ നിധികളെ—നിങ്ങൾ ഗുഹയിലടച്ചിരിയ്ക്കുന്ന ഗോക്കളെ. അതിക്രമണത്താൽ പേടിച്ച—ഞാൻ തീർച്ചയായും കടക്കാനൊരുമ്പെട്ടതിൽ പേടിച്ച്. രക്ഷിച്ചു—മുക്കുകയും മററും ചെയ്തില്ല.

3 അസുരന്മാർ വന്നുകൊള്ളട്ടെ എന്നാദിയായ ഭാഗം പണികൾ പരസ്പരം പറയുന്നതാണ്. നമ്മുടെ ഗോപതി—വലൻ. ഈ ഗോക്കൾ വലൻെറ തന്നെയായി നില്ക്കട്ടെ.

4. സരമ: ഹിംസ്യൻ = ഹിംസിയ്ക്കപ്പെടാവുന്നവൻ. മറയ്ക്കില്ല—മുക്കില്ല.

5. പണികൾ: ഞങ്ങളെ പൊരുതിജ്ജയിച്ചാലേ, ഇവയെ പുറത്തേയ്ക്കു വിടുകയുള്ളു.

6. സരമ; നിങ്ങളുടെ വാക്കു വീരോചിതമല്ല; ശരീരം ദുർബലവും പാപയുക്തവുമാണ്; നിങ്ങൾ ദുർമ്മാർഗ്ഗചാരികളാണ്. ഇരുതരം—ദുർബലങ്ങളും പാപയുക്തങ്ങളുമായ. സുഖിപ്പിക്കില്ല—ദുഃഖിപ്പിക്കും.

'സരമേ, മലയുടെ അടിയിലാണ്, ഗോക്കളും അശ്വങ്ങളും ധനങ്ങളും ചേൎന്ന ഈ നിധി: അതിനെ നല്ല കാവല്ക്കാരായ പണികൾ കാത്തുപോരുന്നു; നീ ഒച്ചപ്പെട്ട ഈ സ്ഥലത്തു വന്നതു വെറുതെയാണ്!' 7

'പണികളേ, സോമത്താൽ മൂച്ച്വെച്ച നടൎടെ നടകൊണ്ട് അംഗിരസ്സുകളെന്ന ഋഷിമാരും അയാസ്യനും ഇവിടെ വന്നുചേരും; ഈ ഗോഗണത്തെ അവർ വീതിയ്ക്കുകയും ചെയ്യും. അപ്പോൾ, നിങ്ങളിപ്പറഞ്ഞതു തുപ്പിക്കളയേണ്ടിവരും!' 8

'സുഭഗയായ സരമേ, ദേവബലത്താൽ ഉപദ്രവിയ്ക്കപ്പെട്ടിട്ടാണ്, നീ ഇങ്ങനെ ഇങ്ങോട്ടു പോന്നതെങ്കിൽ, നിന്നെ ഞങ്ങൾ ഒരു പെങ്ങളാക്കാം: നീ മടങ്ങിപ്പോകേണ്ട; ഗോക്കളെ നമുക്കു വീതിച്ചെടുക്കാം!' 9

'പണികളേ, എനിയ്ക്കറിഞ്ഞുകൂടാ, ആങ്ങളെയും പെങ്ങളെയും: ഇന്ദ്രനും ഘോരരായ അംഗിരസ്സുകൾക്കും അറിയാം. ഞാൻ ചെന്നാൽ എന്റെ ഗോകാംക്ഷികൾ ഇവിടം മൂടിക്കളയും. നിങ്ങൾ ഇവിടെനിന്ന് അതിദൂരത്തെയ്ക്കോടിക്കൊൾവിൻ! 10

പണികളേ, നിങ്ങൾ അതിദൂരത്തെയ്ക്കോടിക്കൊൾവിൻ. ഗോക്കൾ സത്യംകൊണ്ടു വാതിൽ പൊളിച്ചു, മുകളിലെയ്ക്കു പോരട്ടെ: എന്നാൽ, മറയ്ക്കപ്പെട്ട ഇവയെ ബൃഹസ്പതിയ്ക്കും, സോമത്തിന്നും, അമ്മിക്കുഴകൾക്കും, മേധാവികളായ ഋഷിമാൎക്കും കിട്ടുമല്ലോ!' 11

---

7. പണികൾ; ഒച്ചപ്പെട്ട—ഗോക്കൾ നിലവിളിയ്ക്കുന്ന.

8. സരമ: സോമത്താൽ മൂച്ച്വെച്ച—സോമപാനത്താൽ ഉശിർപിടിച്ച. അയാസ്യൻ—അംഗിരസ്സുകളിൽ ഒന്നാമനായ ഋഷി. വീതിയ്ക്ക—ഉടമസ്ഥന്മാൎക്കു കൊടുക്കുക. ഇപ്പറഞ്ഞതു്—'നീ വന്നതു വെറുതെയാണെ'ന്നും മറ്റും നിങ്ങൾ പറഞ്ഞതു്. തുപ്പിക്കളയേണ്ടിവരും—ത്യജിയ്ക്കേണ്ടിവരും.

9. അസുരന്മാർ സ്നേഹം നടിച്ചു പറയുന്നു: നീ ദേവകളുടെ നിർബന്ധത്താലാണ് പോന്നതെങ്കിൽ, ഞങ്ങളുടെ ഒരു പെങ്ങളായി ഇവിടെ പാർത്തുകൊള്ളുക.

10. ഘോരർ—തപോവീര്യമേറിയവർ. എന്റെ—സ്വാമികളായ. ഗോകാംക്ഷികൾ—ഇന്ദ്രാദികൾ. ഇവിടം മൂടിക്കളയും—സ്വസൈന്യങ്ങളെക്കൊണ്ട്.

സൂക്തം 109.

ജുഹൂവ് എന്ന ബ്രഹ്മവാദിനിയോ ബ്രഹ്മപുത്രൻ ഊർദ്ധ്വനാഭാവോ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

അകൂപാരൻ, വരുണൻ, വായു, പെരുകിയ തേജസ്സുകൊണ്ടു പൊള്ളിയ്ക്കുന്ന ഉഗ്രൻ, സുഖമുളവാക്കുന്ന സോമൻ, സത്യഭൃതനാൽ ഒന്നാമതു സൃഷ്ടിക്കപ്പെട്ട തണ്ണീർദ്ദേവിമാർ എന്നീ പ്രധാനർ ബൃഹസ്പതിയുടെ പാപത്തിന്നു (പ്രായശ്ചിത്തം) പറഞ്ഞുകൊടുത്തു. 1

പ്രധാനനായ സോമരാജാവു ലജ്ജവിട്ടു ബ്രഹ്മജായയെ തിരിച്ചേല്പിച്ചു: വരുണനും മിത്രനും അനുമോദിച്ചു; ഹോതാവായ അഗ്നി കൈക്കു പിടിച്ചു കൊണ്ടുചെന്നു. 2

അവർ പറഞ്ഞു:—'ഇവളുടെ ദേഹം കൈകൊണ്ടു പിടിയ്ക്കുക തന്നെ വേണം: ഇവൾ ബ്രഹ്മജായയാണ്. അയയ്ക്കപ്പെട്ട ദൂതന്ന് ഇവൾ പ്രത്യക്ഷയായില്ല; ഒരു ക്ഷത്രിയന്റെ രാജ്യംപോലെ മറഞ്ഞുനിന്നതേ ഉള്ളു.' 3

അവളെപ്പററി ചിരന്തനരായ ദേവന്മാരും, തപസ്സിലിരുന്ന സപ്തർഷിമാരും സംസാരിച്ചു. ഘോരയായ പത്നിയെ ബ്രാഹ്മണന്റെ അടുക്കൽ കൊണ്ടാക്കി: ദുഷ്ടയെപ്പോലും ഉന്നതസ്ഥാനത്തിരുത്തുമല്ലോ, (തപഃപ്രഭാവം)! 4

സൂക്തം 109.

1. ബ്രഹ്മജായയായിരുന്ന ജുഹൂവ് ബൃഹസ്പതിയുടെ ഭാര്യയായി. അദ്ദേഹത്തിന്റെ പാപംമൂലം അവൾക്കു ദൌർഭാഗ്യം വന്നുകൂടി. അതിനാൽ അവളെ അദ്ദേഹം ത്യജിച്ചു. പിന്നീടു സൂര്യാദിദേവന്മാർ അന്യോന്യം ആലോചിച്ച്, അവളെ സുഭഗയാക്കി, ബൃഹസ്പതിയ്ക്കു തിരിയേകൊടുത്തു. ആ ഇതിഹാസമാണ്, ഈ സൂക്തത്തിൽ: അകൂപാരൻ—സൂര്യൻ. ഉഗ്രൻ—അഗ്നി, സത്യഭൃതൻ—ബ്രഹ്മാവ്. പാപത്തിന്നു—ബൃഹസ്പതിപത്നിയ്ക്കു പററിയ ദൌർഭാഗ്യത്തിന്ന്.

2. ലജ്ജ വിട്ടു—പാപം നീക്കപ്പെട്ടതിനാൽ സംകോചം കൂടാതെ. ബ്രഹ്മജായ—ജുഹൂവ്.

3. ക്ഷത്രിയന്റെ രാജ്യം ശത്രുവിന്നു ഗുപ്തമായിരിയ്ക്കുമല്ലോ.

4. ഘോര—പാപങ്ങളെ പേടിപ്പിച്ച, ദൌർഭാഗ്യമുക്തയായ. ബ്രാഹ്മണൻ—ബൃഹസ്പതി.

'ദേവന്മാരേ, ബൃഹസ്പതി ബ്രഹ്മചാരിയായി നടക്കുകയായി
രുന്നു: എല്ലാം ദേവന്മാരോടു ചേരും; അങ്ങനെ ഒരംഗമായിത്തീൎന്നു.
അതു നിമിത്തം അദ്ദേഹം, സോമാനീതയായ ജുഹുവിനെയെന്ന
പോലെ, ഭാൎയ്യയെ നേടി!' 5

ദേവന്മാർ തിരിച്ചേല്പിച്ചു; മനുഷ്യരും തിരിച്ചേല്പിച്ചു. അതി
നെ ശരിവെച്ചുകൊണ്ടു രാജാക്കന്മാരും ബ്രഹ്മജായയെ തിരി
ച്ചേല്പിച്ചു. 6

ദേവന്മാർ ബ്രഹ്മജായയെ, പാപം പോക്കി തിരിച്ചേല്പി
ച്ചിട്ട്, ഭൂമിയുടെ രസം പകുത്തെടുത്തു, പുകളേറിയ (ബാൎഹസ്പത്യ
യജ്ഞം) അനുഷ്ഠിക്കുകയായി. 7

സൂക്തം 110.

ഭൃഗുപുത്രൻ ജമദഗ്നിയോ തൽപുത്രൻ പരശുരാമനോ ഋഷി; ത്രിഷ്ടുപ്പ്
ഛന്ദസ്സ്; നരാശംസനൊഴിയെ സമിദ്ധാദ്യഗ്നികരം ദേവത.

ജാതവേദസ്സേ, ദേവനായ ഭവാൻ ഇപ്പോൾ മനുഷ്യഗൃഹത്തിൽ
സമിദ്ധനായിട്ടു ദേവന്മാരെ യജിച്ചാലും; സഖാക്കളെ മാനിക്കുന്നവ
നേ, അറിഞ്ഞു കൊണ്ടുവരികയും ചെയ്താലും. മികച്ച ജ്ഞാനമുള്ള
കവിയായ ഭവാൻ ദൂതനാണല്ലോ! 1

തനൂനപാത്തേ, ശോഭനജ്വാല അവിടുന്നു യജ്ഞത്തിന്റെ
ഫലപ്രദങ്ങളായ പന്ഥാക്കളെ മധുകൊണ്ടുദ്ദീപിപ്പിച്ചു മാധുൎയ്യപ്പെടു
ത്തിയാലും; ബുദ്ധിയാൽ സ്തോത്രങ്ങളും ഹവിസ്സും തഴപ്പിച്ചു, ഞങ്ങ
ളുടെ യജ്ഞത്തെ ദേവന്മാരിലെത്തിക്കുകയും ചെയ്താലും! 2

---

5. ചേരും––സ്തുതിക്കുകയും, ഹവിസ്സു നല്കുകയുംചെയ്യും. അംഗമായിത്തീൎന്നു––ദേവന്മാൎക്ക്. അതുനിമിത്തം––ദേവപൂജനത്താൽ. ഭാൎയ്യയെ––ജുഹുനാമികയായ എന്നെ. നേടി––തിരിച്ചെടുത്തു.

6. എങ്ങനെ നേടി എന്നു പറയുന്നു:

7. ഭൂമിയുടെ രസം––ഹവിസ്സ്.

സൂക്തം 110.

1. സമിദ്ധൻ––സംജ്വലിപ്പിക്കപ്പെട്ടവൻ; സമിദ്ധാഗ്നി. സഖാക്കൾ––സ്തോതാക്കൾ. അറിഞ്ഞു––സ്തുതികളെ മനസ്സിലാക്കി. കൊണ്ടുവരിക––ദേവന്മാരെ.

2. തനൂനപാത്ത്––ഒരഗ്നി. മധു––മാദകരസം.

അഗ്നേ, ആഹ്വാതാവും ഈഡ്യനും വന്ദ്യനുമായ അവിടുന്നു ദേവന്മാരോടൊപ്പം പ്രീതി പൂണ്ടു വന്നുചേർന്നാലും: മഹാനായുള്ളോവേ, ദേവന്മാരെ വിളിയ്ക്കുന്നവനാണല്ലോ, ഭവാൻ; ആ യഷ്ടൃതമനായ ഭവാൻ (ഞങ്ങളുടെ) പ്രാർത്ഥനയാൽ അവരെ പൂജിച്ചാലും! 3

ഇതാ, തുമ്പു കിഴക്കോട്ടായ ദർഭ: ഇതു് ഈ ഭൂമിയുടെ ഉടുപ്പിന്നു പൂർവ്വാഹ്നത്തിൽ മന്ത്രപൂർവം കൊണ്ടുവന്നതാണു്; വളരെ വീതിയിൽ വിരിച്ചിരിയ്ക്കുന്ന ഇതു ദേവന്മാരെയും അദിതിയെയും സുഖിപ്പിയ്ക്കും! 4

കാന്തിമതികളായ പത്നിമാർ കണവന്മാർക്കെന്നപോലെ, കതകുകൾ വിരിയെത്തുറക്കട്ടെ: എല്ലാരെയും പ്രീണിപ്പിയ്ക്കുന്ന മഹതികളായ ദ്വാരദേവതകളേ, നിങ്ങൾ ദേവന്മാർക്കു സുപ്രാപകളാകുവിൻ! 5

അഴകിൽ നടന്നു വന്നെത്തുന്ന അഹോരാത്രികളേ, യഷ്ടവ്യകളേ, ദിവ്യകളേ, തോഷയിത്രികളേ, മഹതികളേ, സുപ്രഭകളേ, തിളങ്ങുന്ന ശ്രീ പൂണ്ടവരേ, നിങ്ങൾ നിലച്ചും യജനസ്ഥാനത്തിരുന്നാലും! 6

മനുഷ്യനു യജിപ്പാൻ യജ്ഞത്തെ ഉല്ലാദിപ്പിച്ചവരും, ക്രതുവിൽ പ്രേരിപ്പിയ്ക്കുന്നവരും, സ്തോത്രകാരരും, കിഴക്കേജ്യോതിസ്സിനെ മന്ത്രപൂർവ്വം നിർവ്വഹിയ്ക്കുന്നവരും, ശോഭനേസ്ഥവനരും മുമ്പരുമായ രണ്ടു ദേവഹോതാക്കൾ (ഇരുന്നരുളട്ടെ!) 7

ഭാരതിയും, മനുഷ്യനൊപ്പം അറിവുള്ള ഇളയും, സരസ്വതിയും വെക്കം നമ്മുടെ യാഗത്തിൽ എഴുന്നള്ളട്ടെ: ആ ശോഭനചരിതകളായ മൂന്നുദേവിമാർ ഈ സുഖകരമായ ദർഭയിൽ ഇരുന്നരുളട്ടെ! 8

ഹോതാവേ, ആർ ഈ അമ്മമാരായ ദ്യാവാപൃഥിവികളെയും സർവഭുവനങ്ങളെയും രൂപപ്പെടുത്തിയോ ആ ത്വഷ്ടാവായ ദേവനെ

---

3. ആഹ്വാതാവ്——ദേവന്മാരെ വിളിയ്ക്കുന്നവൻ. ഈഡ്യൻ——സ്തുത്യൻ; ഈഡിതാഗ്നി.

4. ഈ ഭൂമി——വേദി.

5. സുപ്രാപകൾ=സുഖേന പ്രാപിയ്ക്കാവുന്നവ.

6. തോഷയിത്രികൾ=സന്തോഷിപ്പിയ്ക്കുന്നവർ.

7. കിഴക്കേജ്യോതിസ്സ്——ആഹവനീയാഗ്നി. രണ്ടു ദേവഹോതാക്കൾ——അഗ്ന്യാദിത്യർ.

അറിവുററ മികച്ച യഷ്ടാവായ ഭവാൻ (ഞങ്ങളുടെ) പ്രാൎത്ഥനയാൽ ഇന്നിവിടെ യജിച്ചാലും! 9

ഭവാൻ സ്വയം ഋതുതോറും ദേവന്മാൎക്കുണ്ണാൻ ഹവിസ്സുകൾ വെളിപ്പെടുത്തി കൊണ്ടുകൊടുത്താലും; വനസ്പതിയും, ശമിതാവെന്ന ദേവനും, അഗ്നിയും മധുരഘൃതംകൊണ്ടു ഹവ്യത്തിന്നു സ്വാദുണ്ടാക്കട്ടെ! 10

ജനിച്ചപ്പോൾത്തന്നെ യജ്ഞം നിൎമ്മിച്ചതിനാൽ അഗ്നി ദേവന്മാരിൽ മുമ്പനായി: കിഴക്കുവശത്തു വന്നെത്തിയ ഈ ഹോതാവിന്റെ വായിൽ സ്വാഹാചൊല്ലിയിട്ടുകിയ ഹവിസ്സു ദേവന്മാർ ഭക്ഷിയ്ക്കട്ടെ! 11

സൂക്തം 111.

വിരൂപപുത്രൻ അഷ്ടാദംഷ്ട്രൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
ഇന്ദ്രൻ ദേവത.

(കാകളി.)

വീരനാമീന്ദ്രന്നു തീക്കുവിൻ, സൂക്തികൾ
ധീരരേ, നേതാക്കൾ നിങ്ങൾ യഥാമതി.
നേരാം സ്തവത്താൽ വരുത്തുന്നതുണ്ടു ഞാൻ:
സൂരിജനോത്സകനല്ലോ, ബുധനവൻ! 1

ഒന്നു പെററൊരു പയ്യിൻ മകൻ കാള ഗോ–
വൃന്ദത്തിലെന്നപോലെത്തുമല്ലോ, മഖേ;

---

9. ഹോതാവേ—അഗ്നേ. രൂപപ്പെടുത്തുക—ദേവതിര്യങ്മനുഷ്യാദികളാക്കുക.

10 വനസ്പതി—യൂപം. അഗ്നി—ആഹവനീയാഗ്നി.

11. കിഴക്കുവശത്തു വന്നെത്തിയ—ആഹവനീയത്വം പൂണ്ടു. ഈ ഹോതാവ്—അഗ്നി.

സൂക്തം 111.

1. സ്തോതാക്കളോട്: സൂക്തികൾ—സ്തുതികൾ. ധീരരേ—ധീമാന്മാരേ. യഥാമതി—ബുദ്ധിയ്ക്കൊത്ത്, ആവതുപോലെ. വരുത്തുന്നതുണ്ടു—ഇന്ദ്രനെ. സൂരിജനോത്സുകൻ—സ്തോതാക്കളിൽ തൽപരൻ. ബുധൻ=വിദ്വാൻ.

അന്നഭോധർത്താവലറുമുരുസ്വനം
ചെന്നു തിങ്ങും, പരപ്പാന്ന പാരിങ്കലും! 2

അർഹതു,മിന്ദ്രന്നുതാനിതു കേൾക്കവോ;-
നജ്ജിഷ്ണുവല്ലോ, രവിയ്ക്കു വെട്ടി വഴി.
മേനയായ്ത്തീർന്നാന,ശത്രു ദ്രോസദൻ;
താനുററ തമ്പുരാൻ, ഗോവിനും ദ്യോവിനും! 3

അംഗിരസ്സന്നുതനിന്ദ്രൻ തിരുത്തിനാൻ,
പൊങ്ങിയ കാറിൻ പ്രവൃത്തി പെരുമയാൽ:
എത്രയോ തണ്ണീരു കീഴ്പോട്ടു വീഴ്ത്തിനാൻ;
സത്യലോകത്തിന്നു താങ്ങു നിറുത്തിനാൻ! 4

ഇന്ദ്രൻ പ്രതിനിധി, വിണ്ണിനും മന്നിനും:
കൊന്നു, സർവസവനജ്ഞനശ്ശുഷ്ണനെ;
വാരുററ വാനവും സൂര്യനാൽ മിന്നിച്ചു,
പാരമൂന്നായോനുറപ്പിച്ചിരുന്നിനാൽ! 5

വൃത്രനെക്കൊന്നു, നീ ധൃഷ്ണോ: വിവർണ്ണനാ-
മത്തടിയൻെറ മായങ്ങളാം വൃത്രഘ്ന, നീ
ശക്തവജ്രത്താൽ നറുക്കിയല്ലോ തദാ;
സിദ്ധം, മഘവൻ, ഭവാന്നതിൽദ്ദോർബലം! 6

---

2. മകൻ—മകനായ. മഖേ=യജ്ഞത്തിൽ. എത്തുമല്ലോ—ഇന്ദ്രൻ. അന്നഭോധർത്താവ്=ആ അന്തരിക്ഷധാരകൻ. ഉരുസ്വനം=വലിയ ഒച്ചയോടേ. ചെന്നുതിങ്ങും—വ്യാപിയ്ക്കും.

3. ഇതു—നമ്മുടെ സ്തോത്രം. ജിഷ്ണു=ജയശീലൻ, ഇന്ദ്രൻ മേനയായ്ത്തീർന്നാൻ—ഒന്നാം മണ്ഡലം 51-ാം സൂക്തം നോക്കുക. അശത്രു=ശത്രുവില്ലാത്തവൻ, ആരാലും ദ്രോഹിയ്ക്കപ്പെടാത്തവൻ. താൻ—അദ്ദേഹം. ഗോവ്=ജലം. ദ്യോവ്=സ്വർഗ്ഗം.

4. അംഗിരസ്സന്നുതൻ—അംഗിരസ്സുകളാൽ സ്തുതിയ്ക്കപ്പെട്ടവൻ. പ്രവൃത്തി (മഴ പെയ്യാഴ്ക) തിരുത്തിനാൻ—മഴ പെയ്യിച്ചു. എത്രയോ—വളരെ. സത്യലോകം—സ്വർഗ്ഗം.

5. സർവസവനജ്ഞൻ—എല്ലാസ്സവനങ്ങളും അറിയുന്നവൻ. പാരമൂന്നായോൻ—പരമാധാരഭൂതൻ. ഊന്നിനാൽ ഉറപ്പിച്ചിരു—സ്വർഗ്ഗത്തെ.

6. വിവർണ്ണനാം—യുദ്ധത്തിൽ നിറം കെട്ട, ക്ഷീണിച്ച. ശക്തവജ്രത്താൽ—ശേഷിയുള്ള വജ്രംകൊണ്ട്. നറുക്കി—നശിപ്പിച്ചു. ദോർബലം സിദ്ധം—കൈക്കെല്പു കിട്ടി; ഭവാൻ ബലവാനായിച്ചമഞ്ഞു.

എപ്പോളുഷസ്സുകൾ ചേരുമോ സൂര്യനോ-
ട,പ്പോളിവൻതൻ പ്രകാശം വിചിത്രമാം;
വാനിൽ നക്ഷത്രം മറയെച്ചരിപ്പോൻെറ
ഭാനുക്കളാരുമറിയില്ല, തീർച്ചതാൻ! 7

മുൻനടന്നു വിദൂരത്തെത്തു പോകുന്നി-
തി,ന്ദ്രൻെറ ചൊല്ലാലൊലിച്ച തണ്ണീരുകൾ:
എങ്ങു തണ്ണീർകളേ നിങ്ങൾതൻ വാൽ? തല-
യെങ്ങു? നടുവെങ്ങു?-റുതിയിന്നെങ്ങുവാൻ! 8

വൃത്രൻ വിഴുങ്ങിയ തണ്ണീർകളെപ്പുറ-
ത്തെത്തിച്ചു, നീ:-യവ പായുകയായു,ടൻ;
മുക്തിയിച്ഛിപ്പിതുവേ മോചനം സിദ്ധിച്ച
ശുദ്ധങ്ങളാമവ തങ്ങുകില്ലെങ്ങുമേ! 9

ചെല്ലും, സമം കാന്തമാർപോലെയാഴിയിൽ:—
ക്കൊല്ലുമിന്ദ്രൻതാനി,വറ്റുധീശൻ ചിരാൽ.
നിൻപക്കലെത്തട്ടെ,യസ്മൽപുരുസ്തവം;
നിൻഭ്രധനമിന്ദ്ര, ഞങ്ങൾതൻ വീട്ടിലും! 10

സൂക്തം 112.

വിരൂപഗോത്രൻ നഭഃപ്രഭേദനൻ ഋഷി; ഛന്ദോദേവതകൾ മുമ്പേത്തവ.

(കാകളി.)

ഇന്ദ്ര, യഥേഷ്ടം കുടിയ്ക്കുക:-ഷസ്സോമ-
മൊന്നാമത്തു ഭവാനല്ലോ, കുടിയ്ക്കുവാൻ.

---

7. ഇവൻതൻ——സൂര്യാത്മകനായ ഇന്ദ്രൻെറ. മറയെ——മറയുമാറ്. ചരിപ്പോൻെറ....ഇന്ദ്രൻെറ. ഭാനുക്കൾ = രശ്മികൾ.

8. തണ്ണീരുകളുടെ വാലും തലയും നടുവും അവസാനവും എവിടെയെവിടെയാണെന്ന് അറിയാവതല്ല.

9. ഇന്ദ്രനോടു നേരേ: തങ്ങുകില്ല——ഒഴുകുകതന്നെ ചെയ്യുന്നു.

10. കാന്തമാർ കണവരുകലെന്നപോലെ, തണ്ണീരുകൾ. സമം (ഒപ്പം) ആഴിയിൽ ചെല്ലുന്നു. കൊല്ലും——ശത്രുഹന്താവായ. ഇവ——തണ്ണീരുകൾ ഉത്തരാർദ്ധം പ്രത്യക്ഷോക്തി: അസ്മൽപുരുസ്തവം——ഞങ്ങളുടെ വളരെ സ്തോത്രം. നിൻഭ്രധനം = അങ്ങയുടെ ഭൗമസമ്പത്ത്.

വൈരിഹതിയ്ക്കിമ്പമുറംക്കൊറംക, ശൂര, നീ;
പാരം പുകഴ്ത്താവൂ, ഞങ്ങറം നിൻ വിക്രമം! 1

ഇന്ദ്ര, വന്നാലും, മനോതിഗവേഗമാം
സ്യന്ദനമേറി നീ സോമം കടിയ്ക്കുവാൻ:
ഏവയെക്കൊണ്ടോ ചരിപ്പൂ രസേന നീ,-
യാ വൃഷാശ്വങ്ങളോടട്ടെ,യിങ്ങോട്ടുടൻ! 2

ഭാനുവിൻ പച്ചവർണ്ണത്തൊടൊക്കും തിരു-
മേനികൊണ്ടെന്നുടലൊന്നു തൊടുക, നീ:
മിത്രങ്ങളാകിയ ഞങ്ങറം വിളിയ്ക്കയാ-
ലൊത്തിരുന്നിങ്ങു മത്താടുകിന്ദ്ര, ഭവാൻ! 3

കൈവിടില്ല,ങ്ങയ്ക്കു മത്തിലുണ്ടാം മഹി-
മാവിനെയിന്ദ്ര, വമ്പിച്ച വാന്തുഴികറം.
ഇസ്ഥലത്തെയ്ക്കെഴുന്നള്ളിയാലും, പ്രിയാ-
ന്നത്തിനായി പ്രിയാശ്വങ്ങളെപ്പൂട്ടി നീ! 4

നീർ കടിച്ചിന്ദ്ര, നീയാരുടെ മാററരെ-
യേകാസ്ത്രമുക്തിയാൽ നൂറുരു വെട്ടിയോ;
ഇന്ദ്ര, നിൻമത്തിന്നു സോമം പിഴിഞ്ഞേററ-
മുന്നതസ്തോത്രങ്ങറം ചൊല്ലും, ഭവാന്നവൻ! 5

ഇന്ദ്ര, നിനക്കായ്ച്ചിരാപ്തപാത്രമിതാ:
വന്നു കടിയ്ക്ക, നീ സോമം ശതക്രതോ,
കട്ടകത്തിൽ നിറച്ചിട്ടുണ്ടു, മാദക:—
മൊട്ടുക്കിതല്ലോ കൊതിയ്ക്കുന്നു, ദേവകറം! 6

സൂക്തം 112.

2. മനോതിഗവേഗം=മനസ്സിനെക്കാറം വേഗമുള്ളത്. സ്യന്ദനം=രഥം. വൃഷാശ്വങ്ങറം=വൃഷാക്കളായ (സേചനശക്തിയുള്ള) അശ്വങ്ങറം.

3 ഭാനു=സൂര്യൻ. ഒത്തിരുന്ന്——മരുത്തുകളോടുകൂടിയിരുന്ന്.

4. മഹിമാവിനെ കൈവിടില്ല——മഹിമാവിൽത്തന്നെ ഉറച്ചുനില്ക്കും. ഇസ്ഥലം——ഞങ്ങളുടെ യാഗശാല. പ്രിയാന്നത്തിനായി——സോമം കടിപ്പാൻ.

5. നീർ——സോമരസം. ഏകാസ്ത്രമുക്തിയാൽ——ഒരൊററ ആയുധപ്രയോഗത്താൽ. ഏററം——വളരെ. ഭവാന്ന്——അങ്ങയ്ക്കായി.

6. ചിരാപ്തപാത്രം——ഞങ്ങറം ചിരാൽ നേടിയ ചമസവും മററും. ദേവകറം ഒട്ടുക്ക്=ദേവന്മാരെല്ലാം.

ഇന്ദ്ര, വൃഷാവേ, ഭവാനെയല്ലോ വിളി–
ക്കുന്നു, പലമട്ടിലന്നമൊരുക്കിയോർ;
അങ്ങയ്ക്കിതാ, ത്തുലോം മാധുര്യമാർന്ന നീ–
രെങ്ങൾ പിഴിയുന്നു; കാംക്ഷവെയ്ക്കുകി,തിൽ! 7

ഇന്ദ്ര, ഞാനിപ്പോൾക്കഥിക്കാം, ഭവാനുടെ–
യൊന്നാമതായ്ച്ചെയ്ത പൂർവവീര്യങ്ങളെ:
നീർ വീഴ്ത്തുവാനായ്ത്തുറന്നു, മേഘത്തെ നീ;
ഗോവിനെ ബ്രഹ്മന്നു കാണുമാറാക്കി, നീ! 8

കല്പിച്ചിരിക്കു, ഗണത്തിൽഗ്ഗണേശ, നീ:
വിപ്രരിൽ വിപ്രനെന്നോതുന്നിതങ്ങയെ:
കൃത്യമൊന്നെങ്ങുമില്ല,ങ്ങയെക്കൂടാതെ;
ചിത്രം മഹോക്ഥം മഘവൻ, ഗ്രഹിക്കു, നീ! 9

നീ മഹസ്സേകുക, യാചിക്കുമെങ്ങൾക്ക:
ഹേ മഘവൻ, സഖേ, കാൺക, സഖാക്കളെ;
ചെയ്ക, പോർ പോരാളി സത്യബലൻ ഭവാൻ;
ചേർക്കെ,ങ്ങളിൽക്കൊടാസ്വത്തും വസുപതേ! 10

---

7. അന്നം––ഹവിസ്സ്.

8. നീർ വീഴ്ത്തുവാനായ്––മഴ പെയ്യാൻ. ഗോവിനെ––അസുരാപഹൃതകളായ ഗോക്കളെ. ബ്രഹ്മൻ––ബൃഹസ്പതി.

9. ഗണം––സ്തോതൃവൃന്ദം. വിപ്രർ=മേധാവികൾ. ഓതുന്നിതു––വിദ്വാന്മാർ പറയുന്നു. കൃത്യം=കർമ്മം. ചിത്രം=നാനാരൂപം. മഹോക്ഥം=വലിയ സ്തോത്രം. ഗ്രഹിക്കു=സ്വീകരിച്ചാലും.

10. മഹസ്സ്=തേജസ്സ്. സഖാക്കളെ കാൺക––സ്തുതിക്കുന്ന ഞങ്ങളെ കണ്ടറിഞ്ഞാലും. കൊടാസ്വത്തും എങ്ങളിൽ ചേർക്ക––സ്തോതാക്കൾക്കും മറ്റും കൊടുക്കുക പതിവില്ലാത്ത സമ്പത്തുകൂടിയും ഞങ്ങൾക്ക തന്നാലും.

സൂക്തം 113.

വിരൂപഗോത്രൻ ശതപ്രഭേദനൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

തന്തിരുവടിയുടെ ആ ബലത്തെത്തുടൎന്നു സഹജീവിനികളായ ദ്യാവാപൃഥിവികളും എല്ലാദ്ദേവന്മാരും രക്ഷിയ്ക്കട്ടെ: ആ കൎമ്മവാൻ സോമം കുടിച്ചു വളൎന്ന്, ഇന്ദ്രിയവും മഹത്ത്വവും നേടിയല്ലോ! 1

തന്തിരുവടിയുടെ ആ ബലോൽപന്നമായ മഹിമാവിനെ വിഷ്ണു സോമലത പിഴിഞ്ഞു പുകഴ്ത്തിപ്പോരുന്നു: മഘവാവായ ഇന്ദ്രൻ സഹചാരികളായ ദേവന്മാരോടൊന്നിച്ചു വൃത്രനെക്കൊന്നതിനാൽ വരണീയനായിച്ചമഞ്ഞു! 2

ഭവാൻ ആയുധങ്ങളെടുത്തു ഹന്തവ്യനായ വൃത്രനോടു പൊരുതാൻനിന്നുവല്ലോ; അതിനെ ഞാൻ സ്തുതിയ്ക്കുന്നു. ഉഗ്ര, അന്ന് അങ്ങയുടെ മഹത്ത്വവും ഇന്ദ്രിയവും മരുത്തുക്കളെല്ലാം ഉള്ളിൽക്കൊണ്ടു വൎദ്ധിപ്പിച്ചു! 3

ജനിച്ചപ്പോൾത്തന്നെ ആ വീരൻ മത്സരികളെ മൎദ്ദിപ്പാൻ തുടങ്ങി: താൻ തികച്ചും കണ്ടിരിക്കുന്നു, അടൎക്കരുത്ത്. അദ്ദേഹം മേഘത്തെ പിളൎത്തി; വെള്ളം കീഴ്പോട്ടയച്ചു; സുകൎമ്മേച്ഛയാൽ വിശാലമായ വിണ്ടലത്തിന്ന് ഊന്നു കൊടുത്തു! 4

പോരാ, ഇന്ദ്രൻ ഒരു വലിയ സൈന്യത്തിന്നധിപനുമായി. വലുപ്പത്താൽ വാന്നുഴികളിൽ വ്യാപിച്ചു. ക്ലേശമില്ലാതെ, മിത്രന്നും വരുണന്നും ഹവിൎദ്ദാതാവിന്നും സുഖം വരുത്താൻ ഇരിമ്പുവജ്രം കയ്യിലെടുത്തു! 5

സൂക്തം 113.

1. തന്തിരുവടി—ഇന്ദ്രൻ. ആ—നമ്മെ രക്ഷിച്ചുപോരുന്ന. സഹജീവിനികൾ=ഒന്നിച്ചു ജീവിയ്ക്കുന്നവർ. രക്ഷിയ്ക്കട്ടെ—നമ്മെ. വളൎന്ന്—വലുപ്പം പൂണ്ട്, ഇന്ദ്രിയം—ഇന്ദ്രന്നു വേണ്ടുന്ന വീൎയ്യം.

3. പ്രത്യക്ഷോക്തി:

4. പരോക്ഷോക്തി: മത്സരികളെ=ശത്രുക്കളെ. അടൎക്കരുത്തു കണ്ടിരിയ്ക്കുന്നു—തനിയ്ക്കു് യുദ്ധബലമുണ്ടെന്നറിഞ്ഞിരിയ്ക്കുന്നു.

5. വാന്നുഴികളിൽ വ്യാപിച്ചു—വാന്നുഴികളിലെ വൈരികളെ വധിച്ചു എന്നു നിഷ്കൃഷ്ടാൎത്ഥം.

അലറിക്കൊണ്ടു നിഹനിയ്ക്കുന്ന ഇന്ദ്രന്റെ ബലത്തെ പ്രഖ്യാപിപ്പാൻ അന്നു തണ്ണീരുകൾ പാഞ്ഞൊഴുകി: അവയെ കയ്യടക്കി ക്കുരിരുട്ടിൽ നിന്ന വൃത്രനെ ഉഗ്രൻ ഓജസ്സുകൊണ്ടെറിഞ്ഞുവല്ലോ! 6

ഇരുവരും ആദ്യം പെരുംപടകളോടേ ഒരുമ്പെട്ടു, വേണ്ടുന്ന വീര്യമെടുത്തു: എന്നാൽ (വൃത്രൻ) വധിയ്ക്കപ്പെട്ടപ്പോൾ ക്കുരിരുട്ടൊഴിഞ്ഞു; ഇന്ദ്രനോ, മഹത്ത്വത്താൽ ഒന്നാമനായി വിളിപ്പെട്ടു! 7

ഉടനേ ഋത്വിക്കുകളെല്ലാം സോമമൊരുക്കി സ്തുതിച്ച് അങ്ങയുടെ ബലം വളർത്തി. ഇന്ദ്രന്റെ കൊലയായുധം ഹന്തവ്യനായ വൃത്രനെ വധിച്ചതോടേ, അഗ്നി പല്ലുകൾകൊണ്ടെന്നപോലെ (ആളുകൾ) അന്നം ഭക്ഷിച്ചുതുടങ്ങി! 8

നിങ്ങൾ സഖ്യത്തിന്നായി, സഖാവർഹിയ്ക്കുന്ന സമർത്ഥങ്ങളായ മന്ത്രസ്തോത്രങ്ങൾ പലവുരു ചൊല്ലുവിൻ: ദഭീതിയ്ക്കുവേണ്ടി ധുനിയെയും ചുമുരിയെയും സംഹരിച്ച ഇന്ദ്രൻ സശ്രദ്ധം കേട്ടരുളും! 9

നിന്തിരുവടി നല്ല അശ്വങ്ങളോടുകൂടിയ വളരെദ്ധനങ്ങൾ കൊണ്ടുവന്നാലും: എന്നാൽ, എനിയ്ക്കു സ്തോത്രങ്ങൾ ചൊല്ലി പൂജിയ്ക്കാമല്ലോ; അവയാൽ ഞങ്ങൾ ദുരിതമെല്ലാം താണ്ടുമാറാകണം. അങ്ങ് ഇവിടെ ഞങ്ങളുടെ ഗാഥ മാനിച്ച് ഉൾക്കൊണ്ടാലും! 10

സൂക്തം 114.

വിരൂപഗോത്രൻ സധ്രിയോ തപഃപുത്രൻ ഘർമ്മനോ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; വിശ്വേദേവകൾ ദേവത.

അഗ്ന്യാദിത്യന്മാർ ഒപ്പം മുപ്പാരിലും വ്യാപിച്ചിരിക്കുന്നു: വായു അവരുടെ പ്രീതി നേടുന്നു. തേജസ്സുററ സൂര്യങ്കലണഞ്ഞ രശ്മികൾ ലോകധാരണത്തിന്നായി ദിവ്യജലം പൊഴിച്ചു! 1

---

6. നിഹനിയ്ക്കുന്ന—വൈരികളെ വധിയ്ക്കുന്ന. ഉഗ്രൻ—ബലിഷ്ഠനായ ഇന്ദ്രൻ.

7. ഇരുവരും—ഇന്ദ്രവൃത്രന്മാർ.

8. ആദ്യവാക്യം പ്രത്യക്ഷം: അന്നം—വൃത്രവധത്താൽ മഴയും, മഴയാൽ സസ്യങ്ങളും ഉണ്ടായിവന്നു. പല്ലുകൾ—ജ്വാലകൾ. അഗ്നിയ്ക്കു ഹവിസ്സും കിട്ടിത്തുടങ്ങി.

9. സ്തോതാക്കളോട്: സഖാവ്—ഇന്ദ്രൻ. ദഭീതി—ഒരു രാജർഷി. ധുനിയും ചുമുരിയും—അസുരന്മാർ.

10. പ്രത്യക്ഷോക്തി: പൂജിയ്ക്കാമല്ലോ—ദേവന്മാരെ. അവയാൽ—സ്തോത്രങ്ങൾകൊണ്ട്. ഗാഥ—സ്തുതി.

ആ ത്രിലോകസ്ഥരായ മൂവ്വരെയാണല്ലോ, പഠിപ്പേറിയവർ ഹവിസ്സൎപ്പിപ്പാൻ അറിഞ്ഞുപാസിയ്ക്കുന്നതു്: അവരുടെ മൂലകാരണത്തെ മികച്ച ഗോപ്യകർമ്മങ്ങളിൽ പ്രവൎത്തിയ്ക്കുന്ന കവികളേ അറിയൂ! 2

നല്ല പണ്ടവും നെയ്യുമണിഞ്ഞ, നാലുകോണുള്ള ഒരു യുവതി ജ്ഞേയങ്ങരം ഉടുക്കുന്നു: അവളിൽ ഇരുവൃഷാക്കരം അഴകോടേ ചെന്നുപവേശിയ്ക്കുന്നു; ഇവിടെയാണല്ലോ, ദേവന്മാർ പങ്കു വാങ്ങുന്നതു്! 3

ആ സുപൎണ്ണൻ ഒററയ്ക്കു് അന്തരിക്ഷം പുക്കു്, ഈ ലോകത്തെയെല്ലാം നോക്കുന്നു. തന്തിരുവടിയെ പരിപക്വമായ ഹൃദയംകൊണ്ടുഞാൻ അരികേ കണ്ടു: അദ്ദേഹത്തെ അമ്മ മുകരുന്നു; അമ്മയെ അദ്ദേഹവും മുകരുന്നു! 4

ഏകനായിരിയ്ക്കുന്ന സുപൎണ്ണനെ മേധാവികളായ കവികരം സ്തോത്രങ്ങളാൽ അനേകത്വം കല്പിയ്ക്കുന്നു; യാഗങ്ങളിൽ ഏഴു ഛന്ദസ്സുകളെടുത്തു, പന്തിരണ്ടു സോമപാത്രങ്ങരം നിർമ്മിയ്ക്കുകയുംചെയ്യുന്നു. 5

കവികരം ബുദ്ധികൊണ്ടു നാല്പതുപാത്രങ്ങളൊരുക്കി, പന്തിരണ്ടുവരെ ഏഴെണ്ണവുമെടുത്തു, യജ്ഞം സാധിച്ചു്, ഋക്സാമങ്ങരം കൊണ്ടു രഥം സമ്പാദിയ്ക്കുന്നു! 6

തന്തിരുവടിയ്ക്കു വേറേ പതിന്നാലു വിഭൂതികളുണ്ടു്: തന്തിരുവടിയെ ഏഴു ധീമാന്മാർ സ്തുതിച്ചു സേവിയ്ക്കുന്നു. ദേവന്മാർ സോമം

സൂക്തം 114.

2. മൂവ്വർ—അഗ്നി, ആദിത്യൻ, വായു. കവികരം—ക്രാന്തദൎശികരം.

3. യുവതി—വേദി. ജ്ഞേയങ്ങരം—കർമ്മങ്ങളോ, സ്തോത്രങ്ങളോ. ഇരുവൃഷാക്കരം—ദമ്പതിമാർ; അഥവാ, യജമാനനും ബ്രഹ്മനും. പങ്കു്—യജ്ഞത്തിൽ തങ്ങരംക്കുള്ള ഭാഗം.

4. സുപൎണ്ണൻ—അഗ്നിയോ, വായുവോ. അമ്മ—മഴയുടെ മാതാവായ ഇടിയൊച്ച.

6. മുൻഋക്കിലേതു് വിശേഷേണ വിവരിയ്ക്കുന്നു: പന്തിരണ്ടുവരെ—ശസ്ത്രസമാപ്തിവരെ. ഏഴെണ്ണം—ഏഴു ഛന്ദസ്സുകരം. രഥം—സ്വൎഗ്ഗത്തിലെയ്ക്കുള്ള വാഹനം; പുണ്യം. അഗ്നിഷ്ടോമത്തിൽ നാല്പതു സോമപാത്രങ്ങളും പന്തിരണ്ടു ഛന്ദസ്സുകളും ഉപയോഗിയ്ക്കപ്പെടുമത്രേ.

കടിയ്ക്കുന്നതു യാതൊരു വഴിയിലൂടെയോ, ആ വിശാലമായ തീ
ൎത്ഥംഇവിടെ ആർ പറഞ്ഞുതരും? 7

ആയിരമായിരം (ദേഹങ്ങളിൽ) പതിനഞ്ചു പ്രധാനാംഗങ്ങ
ളുണ്ട്: വാന്തുഴികൾ എത്രയ്ക്കോ, അത്രയ്ക്കുതന്നെ ദേഹങ്ങളും. ആ
യിരങ്ങളിൽ ആയിരമുണ്ട്, വ്യവഹാരവിശേഷങ്ങൾ: ബ്രഹ്മത്തി
ന്റെ രൂപങ്ങളെത്രയോ, അത്രയ്ക്കു വാക്കും! 8

ഏതൊരു ധീമാന്നറിയാം, ഛന്ദസ്സുകളുടെ ഉപയോഗം? ആർ
ധിഷ്ണ്യങ്ങളെ ശരിയ്ക്കു പ്രതിപാദിയ്ക്കും? ഋത്വിക്കുകളിൽ എട്ടാമനായ
ശൂരനെന്ന് ആരെ പറയും? ആരറിഞ്ഞിട്ടുണ്ട്, ഇന്ദ്രന്റെ ഹരികളെ? 9

സൂര്യൻ മാളികയിൽ കേറിയാൽ, തേരിൻനുകങ്ങളിൽ കെട്ടി
യ ചില അശ്വങ്ങൾ വാന്തുഴികളുടെ അററത്തോളം നടക്കും: ഇവയ്ക്കു
ദേവന്മാർ വിശ്രമം നല്കുന്നു. 10

സൂക്തം 115.

വൃഷ്ടിഹവ്യപുത്രൻ ഉപസ്തുതൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ശക്വരിയും
ഛന്ദസ്സുകൾ; അഗ്നി ദേവത.

ഒരിളംപൈതൽ ചുമക്കുന്നത് ആശ്ചര്യംതന്നെ: ഇവൻ മുല
കുടിയ്ക്കാൻതന്നെയും ഇരുതായാരിൽ ചെല്ലാറില്ല; അകിടില്ലാത്ത

---

7. വിഭൂതികൾ——ലോകങ്ങൾ(?). ഏഴു ധീമാന്മാർ——ഹോതൃപ്രഭൃതിക
ആർ പറഞ്ഞുതരും——പറഞ്ഞുതരാൻ ആരും ആളാകില്ല.

8. പതിനഞ്ച്——ചക്ഷുഃശ്രോത്രമനോവാക പ്രാണങ്ങൾ അഞ്ച്; അമ്മ
യിൽനിന്നും അച്ഛങ്കൽനിന്നും വെവ്വേറെ കിട്ടിയ പഞ്ചഭൂതങ്ങൾ പത്ത്. ആയി
രങ്ങളിൽ——ആയിരംദേഹങ്ങളിൽ. വാക്ക്——പേര്; ഓരോ രൂപത്തിന്നുമുണ്ട
ല്ലോ, ഓരോ പേര്.

9. ധിഷ്ണ്യങ്ങൾ——ഹോതൃപ്രഭൃതികളുടെ സ്ഥാനങ്ങൾ. ഋത്വിക്കുകൾ——
ഹോതൃപ്രഭൃതികളായ ഏഴുപേർ.

10. മാളിക——തേർ എന്നൎത്ഥം. ചില അശ്വങ്ങൾ——സൂര്യന്റെ ഏഴു കുതിര
കൾ. വിശ്രമം നല്കുന്നു——തീററകൊടുക്കുന്നു.

സൂക്തം 115.

1. ഒരിളംപൈതൽ——ജാതമാത്രനായ അഗ്നി. ചുമക്കുന്നത്=ചുമടെടുക്കു
ന്നത്, ഹവിസ്സു വഹിയ്ക്കുന്നത്. ഇരുതായാർ —അരണികൾ. അകിടില്ലാത്തവരാ

വരാണ്, പെററതെങ്കിൽ കൊള്ളാം. പോരാത്തതിന്നു, പിറന്ന
തോടേ ഇവൻ വലിയ ദൂത്യമനുഷ്ഠിച്ചു വഹിപ്പാനും തുടങ്ങി! 1

മികച്ച കർമ്മവാനായ അഗ്നിയെ വെച്ചുപോരുന്നതു ഹവി
സ്സാലാണല്ലോ. അദ്ദേഹം തേജസ്സും പല്ലുകളും കാടുകളിൽ ചേർ
ക്കും. ആ സുയജ്ഞൻ ഉയർത്തപ്പെട്ട ജുഹുവാൽ, ഒരു തടിച്ച മിടു
ക്കൻകാള പുൽനിലത്തെന്നപോലെ നടക്കും! 2

പക്ഷിപോലെ വൃക്ഷത്തിലിരിയ്ക്കുന്നവനും, അന്നം കൊണ്ടു
വരുന്നവനും, ഇരമ്പലോടേ ചുട്ടെരിയ്ക്കുന്നവനും, സലിലോപേത
നും, വായകൊണ്ടു കാളപോലെ വഹിയ്ക്കുന്നവനും, തേജസ്സുകൊണ്ടു
മഹാനും, ആദിത്യൻപോലെ വഴികൾ തെളിയിയ്ക്കുന്നവനുമായ
ആ ദേവനെ നിങ്ങൾ (സ്തുതിയ്ക്കുവിൻ). 3

നിജ്ജര, ചുട്ടെരിപ്പാൻ ചുററിനടക്കുന്ന ഭവാന്റെ ഇടിവുപ
ററാത്ത(പ്രഭാവം), കാററുപോലെ വ്യാപിയ്ക്കും. കെല്പുററ ത്രിസ്ഥാ
നസ്ഥനായ ഭവാങ്കൽ, യാഗത്തിന്നായി സേവിപ്പാൻ (ഋത്വിക്കു
കൾ), പടയാളികൾപോലെ ഒച്ചയിട്ടുംകൊണ്ടണയുന്നു. 4

മികച്ച സ്തോതാവും, സ്തോതാക്കൾക്കു സഖാവും, സ്വാമിയു
മായ ആ അഗ്നിതന്നെ അരികത്തും അകലത്തുമുള്ള (ശത്രുവിനെ)
നശിപ്പിയ്ക്കും: അഗ്നി ഗായകരെ രക്ഷിയ്ക്കട്ടെ; അഗ്നി അർപ്പകരെ
രക്ഷിയ്ക്കട്ടെ; അഗ്നി ഈ നമുക്കു് അന്നം തരട്ടെ! 5

ശോഭനധന, കീഴമത്തുന്ന പെരുംകരുത്തുള്ള ജാതവേദസ്സായ
ഭവാനെ സ്തുതിപ്പാൻ ഞാൻ പൊടുന്നനെ ഒരുങ്ങുന്നു: നിജ്ജലസ്ഥല

ണല്ലോ—ജനിപ്പിച്ചവക്ക് അകിടില്ലല്ലോ; അതിനാൽ, കുട്ടി മുല കുടിയ്ക്കാൻ ചെല്ലാത്തതിൽ അത്ഭുതമില്ല. വഹിപ്പാനും—ദേവന്മാൎക്കു ഹവിസ്സു കൊണ്ടുപോകാനും.

2. വെച്ചുപോരുന്നതു—യഷ്ടാക്കൾ. ചേർക്കും—ചുട്ടെരിയ്ക്കും. നടക്കും—ഹവിസ്സിൽ.

3. അന്നം—സ്തോതാക്കൾക്കു്. സലിലോപേതൻ—മഴയ്ക്കു കാരണഭൂതൻ എന്നൎത്ഥം. വഹിയ്ക്കുന്നവൻ—ഹവിസ്സിനെ. ആ ദേവൻ—അഗ്നി.

4. നിർജ്ജര—ജരാരഹിതനായ അഗ്നേ. ത്രിസ്ഥാനസ്ഥൻ—ആഹവനീയാദിസ്ഥാനസ്ഥിതൻ. ഒച്ചയിട്ടുംകൊണ്ടു്—സ്തോത്രഘോഷത്തോടേ. പടയാളികൾ അലറിക്കൊണ്ടാണല്ലോ, പോർക്കളത്തിലണയുക.

5. ഗായകർ—സ്തോത്രം പാടുന്നവർ. അർപ്പകർ—ഹവിസ്സർപ്പിയ്ക്കുന്നവർ.

ത്തുപോലും, ധർഷകമായ ധനുസ്സുകൊണ്ടുതന്നെ രക്ഷിച്ചരുളുന്ന
പൂജ്യതമനു ഹവിസ്സും നല്കുന്നു. 6

ഇങ്ങനെ, ബലപുത്രനായ അഗ്നിയെ, വിഭോന്മാർ നേതാ
ക്കളായ ആളുകളോടുകൂടി ധനാർത്ഥം സ്തുതിയ്ക്കുന്നു: ഈ യജ്ഞകാമ
ന്മാർ, മിത്രങ്ങൾപോലെ സംതൃപ്തരായിട്ടു, ദേവന്മാർപോലെ
എതിരാളികളെ കീഴമർത്തുമല്ലോ! 7

ബലവാനായ കെല്പിൻമകനേ, ഉപസ്തുതൻ നിന്തിരുവടിയ്ക്കാ
യി ഹവിസ്സൊരുക്കി ഇപ്രകാരം സ്തോത്രം ചൊല്ലുന്നു: ഞങ്ങൾ
അങ്ങയെ സ്തുതിയ്ക്കുമാറാകണം; ഞങ്ങൾ അങ്ങയെക്കൊണ്ടു സുവീ
രരും വളരെ വളരെ നീണ്ട ആയുസ്സു കിട്ടിയവരുമാകണം! 8

അഗ്നേ, ഇപ്രകാരം വൃഷ്ടിഹവ്യപുത്രരായ ഉപസ്തുതരെന്ന ഋ
ഷിമാർ അങ്ങയെ സ്തുതിച്ചു: അങ്ങ് അവരെ രക്ഷിച്ചാലും; പാടുന്ന
പണ്ഡിതന്മാരെയും രക്ഷിച്ചാലും; വഷട്, വഷട് എന്നു കൈ
പൊക്കിയണഞ്ഞവരെയും, നമസ്കാരം, നമസ്കാരമെന്ന് ഒതുങ്ങി
യണഞ്ഞവരെയും രക്ഷിച്ചാലും! 9

സൂക്തം 116.

സ്ഥൂരപുത്രൻ അഗ്നിയുതനോ അഗ്നിയൂപനോ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
ഇന്ദ്രൻ ദേവത.

ഇന്ദ്ര, അവിടുന്നു വീര്യം വർദ്ധിപ്പാൻ സോമം കുടിച്ചാലും;
തടിച്ചുനീണ്ടവനേ, അവിടുന്നു വൃത്രനെക്കൊല്ലാൻ കുടിച്ചാലും;
വിളിയ്ക്കപ്പെടുന്ന അവിടുന്നു ധനവും അന്നവും തരാൻ കുടിച്ചാലും;
അവിടുന്നു മധു മതിയാവോളം കുടിച്ചിട്ട് (അഭീഷ്ടങ്ങൾ) വർഷി
ച്ചാലും! 1

---

6. നിർജ്ജലസ്ഥലത്തുപോലും—വമ്പിച്ച ശത്രുപീഡയിൽപ്പോലും ഈ വാക്യം പരോക്ഷം: ധനുസ്സ് = വില്ല്. പൂജ്യതമൻ—അഗ്നി.

8. സുവീരർ—നല്ല പുത്രന്മാരോടുകൂടിയവർ.

9. വഷട്, വഷട് എന്നു—മന്ത്രം ചൊല്ലിക്കൊണ്ട്. കൈ പൊക്കി—ഹവിർദ്ദാനത്തിന്ന്.

ഇന്ദ്ര, ഈ കൊണ്ടുവന്ന അന്നസഹിതമായ സോമനീരിന്റെ നല്ല ഭാഗം അവിടുന്നു കുടിച്ചാലും; മംഗളകരനായ ഭവാൻ മനസ്സിൽ മത്തുകൊണ്ടാലും; ധനവും സൌഭാഗ്യവും തരാൻ ഇങ്ങോട്ടുവന്നാലും! 2

ഇന്ദ്ര, ദിവ്യമായ സോമം അങ്ങയ്ക്കു മത്തുണ്ടാക്കട്ടെ; ഭൂമിയിൽ പിഴിയപ്പെട്ടതും മത്തുണ്ടാക്കട്ടെ; അങ്ങ് യാതൊന്നിനാൽ ധനമുള വാക്കമോ, അതും മത്തുണ്ടാക്കട്ടെ; അങ്ങ് യാതൊന്നിനാൽ ശത്രുക്കളെ പുറത്തിറക്കമോ, അതും മത്തുണ്ടാക്കട്ടെ! 3

രണ്ടിടങ്ങളിലും മേലാളായ, സഞ്ചരിഷ്ണുവായ, വൃഷാവായ ഇന്ദ്രൻ കഴകപ്പെട്ട സോമത്തിന്നു ഹരികളിലൂടെ വന്നെത്തട്ടെ. ക്ഷുടലരെക്കൊല്ലുന്നവനേ, യജ്ഞത്തിൽ കാളത്തോലിൽപ്പിഴിഞ്ഞു പകർന്നുവെച്ചിരിയ്ക്കുന്ന മധുവിനാൽ അവിടുന്ന് എതിർപൊരുതുന്നവർക്ക് ഒരു കാളയായിച്ചമഞ്ഞാലും! 4

അവിടുന്ന മിന്നിയ്ക്കുണ്ടുന്ന തീക്ഷ്ണായുധങ്ങൾ മിന്നിച്ചു, കർബുരരുടെ കട്ടിമെയ്യുകളും ഉടച്ചാലും: ഉഗ്രനായ ഭവാന്നു കീഴമർത്തുന്ന ബലം ഞാൻ തരാം; ഭവാൻ യുദ്ധങ്ങളിൽ നേരിട്ട് അരികളെ അരിഞ്ഞാലും! 5

ഇന്ദ്ര, ഉടയവനായ ഭവാൻ അന്നം പെരുപ്പിയ്ക്കുക. ഊററക്കാരുടെ നേർക്ക്, ഉറപ്പുററ വില്ലുപോലെ വീര്യവും വിരുത്തുക. ഞങ്ങളുടെ അടുക്കലെയ്ക്കു വന്നു, കരുത്താൽ കനത്ത് അധൃഷ്യനായ ഭവാൻ തിരുവുടൽ തടിപ്പിച്ചാലും! 6

സൂക്തം 116.

2. അന്നസഹിതം——ഹവിസ്സമേതം.

3. ദിവ്യമായ സോമം——ദേവന്മാർ കറുത്ത പക്ഷത്തിൽ സോമ(ചന്ദ്ര)കല പാനംചെയ്യുമല്ലോ. ഭൂമിയിൽ——ഭൂമിയിലെ ദേവയജനങ്ങളിൽ അതും——ആ സോമവും. പുറത്തിറക്കമോ——യുദ്ധത്തിന്ന്.

4. രണ്ടിടങ്ങൾ——സ്വർഗ്ഗവും ഭൂമിയും. മധുവിനാൽ——മദകരമായ സോമം കുടിച്ച്. കാള——മർദ്ദകൻ എന്നർത്ഥം.

5. കർബുരർ = രാക്ഷസർ. ബലം——ബലജനകമായ ഹവിസ്സ്.

6. പെരുപ്പിയ്ക്കുക——ഞങ്ങൾക്ക്. ഊററക്കാർ——ഗർവിഷ്ഠരായ ശത്രുക്കൾ. വില്ലുപോലെ——വില്ലു വിരുത്തുന്നപോലെ. തടിപ്പിച്ചാലും——സോമപാനത്താൽ.

പെരുമാളായ മഘവാവേ, അങ്ങയ്ക്കു തന്ന ഈ ഹവിസ്സ് അരിശപ്പെടാതെ കൈക്കൊണ്ടാലും: മഘവാവേ, ഇതങ്ങയ്ക്കു പിഴിഞ്ഞതാണ്; ഇത് അങ്ങയ്ക്കു പചിച്ചതാണ്. ഭക്ഷിച്ചാലും; ഇന്ദ്ര, കൊണ്ടുവന്നതു കടിയ്ക്കുകയുംചെയ്താലും! 7

ഇന്ദ്ര, ഈ കൊണ്ടുവന്ന ഹവിസ്സുകൾ അവിടുന്നു ഭക്ഷിച്ചാലും—അന്നവും അപ്പവും സോമവും ചെലുത്തിയാലും. ഹവ്യവാന്മാരായ ഞങ്ങൾ അങ്ങയെ നോക്കി കാംക്ഷിയ്ക്കുന്നു; യജമാനന്റെ അഭിലാഷങ്ങൾ നിറവേറട്ടെ! 8

ഇന്ദ്രാഗ്നികൾക്കു ഞാൻ നല്ല മന്ത്രസ്തോത്രം അയയ്ക്കുന്നു—പുഴയിൽ തോണിപോലെ ഇറക്കുന്നു; യാവചില ദേവന്മാർ, വേലക്കാർ പോലെ പരിചരിയ്ക്കുമോ, യാവചിലർ ഞങ്ങൾക്കു ധനം തരികയും (ശത്രുക്കളെ) പിളർത്തുകയും ചെയ്യുമോ, അവർക്കും. 9

സൂക്തം 117.

അംഗിരോഗോത്രൻ ഭിക്ഷു ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ധനാന്നദാനം ദേവത.

ക്ഷുത്തല്ല, മൃത്യുവാണ്, ദേവന്മാർ തന്നിരിയ്ക്കുന്നത്: കൊടുക്കാതെ ഉണ്ണുന്നവങ്കൽ മരണം വന്നെത്തുന്നു. ദാതാവിന്റെ സമ്പത്തു ക്ഷയിയ്ക്കില്ല; അദാതാവാകട്ടേ, ഒരു സുഖകരനെ 1

---

7. അരിശപ്പെടാതെ—പ്രസാദിച്ച്. ഇത്—സോമം. ഇത്—പുരോഡാശം.

8. കാംക്ഷിയ്ക്കുന്നു—ധനാദിയെ.

9. പരിചരിയ്ക്കുമോ—ഞങ്ങളെ ധനാദികൾ തന്നു പൂജിയ്ക്കുമോ. അവർക്കും—മന്ത്രസ്തോത്രം അയയ്ക്കുന്നു.

സൂക്തം 117.

1. ക്ഷുത്തിനെ മൃത്യു എന്നുതന്നെ വിളിയ്ക്കണം. അതിനെ ദാനംകൊണ്ടു ശമിപ്പിയ്ക്കുന്നവനത്രേ, ദാതാവ്. ഉണ്ണാത്തവരും ഉണ്ണുന്നവരും ഒരേമട്ടിൽ മരിച്ചുപോകുമെന്നിരിയ്ക്കേ, ധനനാശഹേതുവായ ദാനമെന്തിന്? ധനം ദാനത്താൽ നശിയ്ക്കില്ല; വർദ്ധിയ്ക്കയേ ചെയ്യൂ. അദാനശീലന്നാകട്ടെ, സുഖം കിട്ടില്ല.

പശിയാൽ ശേഷികെട്ട വലഞ്ഞ്, ആഹാരം കിട്ടാൻ വന്ന വനെക്കുറിച്ച മനസ്സിളകാതെ, മുമ്പിൽവെച്ചുതന്നെ ഉണ്ണുന്ന അന്ന വാനാരോ, അവനും ഒരു സുഖകരനെ കണ്ടെത്തില്ല! 2

കൊററിന്നായി പിച്ചതെണ്ടുന്ന ദരിദ്രന്ന് ആർ കൊടുക്കുമോ, അവൻതന്നെയാണ്, ദാതാവ്: അവന്ന യജ്ഞത്തിൽ പൂർണ്ണഫലം ഉണ്ടാകും; മറുകക്ഷിയിലും സഖാവിനെ കിട്ടും! 3

കൂടെനിന്ന സേവിയ്ക്കുന്ന സഖാവിന്ന് ആർ ചോറുകൊടുക്കി ല്ലയോ, അവൻ സഖാവല്ല; അവനെ സഖാവു വിട്ടുപോയാൽ, അതു ഗൃഹവുമല്ല. അയാരം ദാതാവായ മറെറാരാളെ സേവിയ്ക്കാൻ തുടങ്ങും! 4

തടിച്ചവൻ ഇരക്കുന്നവന്ന കൊടുക്കുകതന്നെ വേണം. എ ന്നാൽ, സുദീർഗ്ഘമായ മാർഗ്ഗം കാണും. സമ്പത്തുകരം, രഥ ചക്രങ്ങരംപോലെ തിരിഞ്ഞ്, ഓരോരുത്തനിൽ ചെന്നുകൊണ്ടി രിയ്ക്കും! 5

ദാനത്തിൽ മനസ്സു ചെല്ലാത്തവന്ന് അന്നമുണ്ടാകുന്നതു വെറു തെയാണ്—ഞാൻ വാസ്തവം പറയാം, അത് അവന്ന് ഒരു കൊല യാണ്. അര്യമാവിന്നും സഖാവിന്നും കൊടുക്കാതെ, തനിയേ സാപ്പിടുന്നവൻ വെറും പാപിയായിത്തീരും! 6

കൊഴു കൃഷിക്കാരന്നു കൊററു നൽകും; മാർഗ്ഗഗാമി നടപ്പിനാൽ മുതലുണ്ടാക്കും; ശാസ്ത്രാർത്ഥം പറയുന്ന ബ്രാഹ്മണൻ, അതു പറയാൻ കഴിവില്ലാത്തവനെ വശത്താക്കും; ദാതാവ് അദാതാവിന്നു ബന്ധു വാകും! 7

ഒററക്കാലൻ വളരെസ്സമയംകൊണ്ടേ ഇരുകാലൻെറ അടുക്ക ലെത്തൂ; ഇരുകാലൻ പിന്നാലെയേ മുക്കാലങ്കൽ ചെല്ലൂ; നാല്ക്കാലൻ

---

2. മനസ്സിളകാത്ത—കനിവു തോന്നാത്ത. മുമ്പിൽ—ക്ഷുധാർത്തൻ കാൺകെ.

3. മറുകക്ഷി—ശത്രുപക്ഷം.

4. വിട്ടുപോയാൽ—ആഹാരം കിട്ടാഞ്ഞ് ഉപേക്ഷിച്ചുപോയാൽ. അയാരം—വിട്ടുപോയ സഖാവ്.

5. തടിച്ചവൻ—പണക്കാരൻ. മാർഗ്ഗം—പുണ്യപഥം. സമ്പത്തുക്കരം ആരിലും സ്ഥിരമായി നില്ക്കില്ല.

6. അര്യമാവ് എന്നതുപലക്ഷണമാണ്: അര്യമപ്രഭൃതികളായ ദേവന്മാർക്കും.

7. നടപ്പിനാൽ—ജോലികൊണ്ട് എന്നർത്ഥം. മുതലുണ്ടാക്കും—സ്വാമിയ്ക്ക്.

ഒററക്കാലൻേറയും മററും കാൽവെപ്പുകരം നോക്കി നിന്നുംകൊണ്ടാവും, മുന്നിൽ നടക്കുക! 8

കൈകരം രണ്ടും ഒരുപോലെയാണെങ്കിലും ഒരുപോലെയല്ല, ജോലിയെടുക്കുക; രണ്ടു പൈക്കരം ഒരുപോലെയല്ല, ചുരത്തുക; ഇരട്ടപെററുണ്ടായവക്ക് ഒരുപോലെയാവില്ല, വീര്യം; ഇരുവർ, ഒരു കുലത്തിൽ ജനിച്ചവരായാലും ഒരുപോലെയല്ല കൊടുക്കുക! 9

സൂക്തം 118.

അമഹീയുഗോത്രൻ ഉരുക്ഷയൻ ഋഷി; ഗായത്രി ഛന്ദസ്സ്;
രക്ഷോഹാഗ്നി ദേവത.
('ദ്വാരകാമന്ദിരം' പോലെ,)

അഗ്നേ, വൻതീനിയെപ്പാരം
ഭഗ്നനാക്കിയാലും, ഭവാൻ
മർത്ത്യരിൽത്തന്നിടത്തിങ്കൽ—
ക്കത്തിയാളിശ ശുചികർമ്മൻ! 1

ഉത്ഥാനം ചെയ്താലും, വിധി—
യ്യൊത്താഹൂതനായ ഭവാൻ:
മുത്തു കൊരംക, നൈഹവിസ്സി;—
ലെത്തിയല്ലോ സ്രുവം നിങ്കൽ! 2

സ്തുത്യനഗ്നിയാഹുതിയാൽ—
ക്കത്തിജ്ജ്വലിയ്ക്കയായ്, പാരം:

---

8. മുക്കാലൻ—മൂന്നു കാലുള്ളവൻ. പരസ്പരാപേക്ഷയാ മേന്മയും താഴ്മയും സർവസാധാരണമാണ്. അതിനാൽ, ആരും, ഞാൻമാത്രം ധനവാൻ എന്നു കരുതാതെ യാചകർക്കു ദാനംചെയ്തുകൊണ്ടിരിയ്ക്കണം.

9. ദാനം ഭ്രാതാവു ചെയ്തുകൊള്ളുമെന്നു സമാധാനിയ്ക്കരുത്:

സൂക്തം 118.

1. വൻതീനിയെ—രാക്ഷസനെ. ഭഗ്നനാക്കിയാലും—ചതച്ചാലും, കൊന്നാലും. മർത്ത്യരിൽ—യഷ്ടാക്കളുടെയിടയിൽ. തന്നിടം—ആഹവനീയാദിസ്ഥാനം.

2. ആഹൂതൻ—ഞങ്ങളാൽ വിളിയ്ക്കപ്പെട്ട. മുത്തു കൊരംക—പ്രീതിപ്പെടുക.

നെയ്യു തേപ്പിയ്ക്കുന്നു, തിരു–
മെയ്യിലെല്ലാടവും സ്രുവം! 3

മെയ്യിൽഗ്ഘൃതം പുരണ്ടഗ്നി
നെയ്യിൽക്കളിയ്ക്കുന്നു, ചെമ്മേ
ആഹുതികർമ്മത്താൽജ്ജ്വലി–
ച്ചാളിക്കൊണ്ടു വിഭാവസു! 4

ദിവ്യർക്കായ്ജ്ജ്വലിപ്പിപ്പൂ,
ഹവ്യവാഹ, നിന്നെ നരർ;
ആയതിന്നായ് വിളിയ്ക്കുന്നൂ,
സ്മയമാനനായ നിന്നെ. 5

ആയമർത്ത്യനാമഗ്നിയെ–
യാരാധിപ്പിൻ, തുനെയ്യിനാൽ
മർത്ത്യരേ, ഭവാന്മാരതി–
ദുർദ്ധർഷനെ,ഗ്ഗൃഹേശനെ! 6

ചുട്ടെരിയ്ക്കു, ദുർദ്ധർഷമാം
ത്വിട്ടാലരക്കരെബ്ഭവാൻ;
അധ്വരത്തിൻ കാവലാളായ്–
ക്കത്തുകയും ചെയ്യുക, ഗ്നേ! 7

നീറാക്കുക, തേജസ്സിനാൽ
നീ രാക്ഷസപ്പെണ്ണുങ്ങളെ,
മെത്തിയ പാപ്പിടങ്ങളിൽ–
ക്കത്തിജ്ജ്വലിച്ചുകൊണ്ടഗ്നേ! 8

ഭൂരിനിവാസന്മാർ നതി–
ഗീരാൽജ്ജ്വലിപ്പിച്ചാരല്ലോ,
ഹവ്യഭൃത്തും മനുഷ്യരിൽ–
ബ്ഭവ്യയഷ്ടാവുമാം നിന്നെ! 9

---

5. ദിവ്യർ––ദേവകൾ.
7. ദുർദ്ധർഷമാം ബാധ വിട്ട. ത്വിട്ടാൽ=തേജസ്സുകൊണ്ടു്.
8. പാപ്പിടങ്ങൾ––ആഹവനീയാദിസ്ഥാനങ്ങൾ.
9. ഭൂരിനിവാസന്മാർ=വളരെപ്പാർപ്പിടങ്ങളുള്ളവർ, യഷ്ടാക്കൾ. നതിഗീരാൽ––സ്തോത്രം ചൊല്ലി. ഭവ്യയഷ്ടാവ്––മികച്ച യജ്ഞകർത്താവ്.

സൂക്തം 119.

ലബരൂപം പൂണ്ട ഇന്ദ്രൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻതന്നെ ദേവത.
('ദാരകാമന്ദിരം' പോലെ.)

ഏവ,മേവ,മെൻനിനവു:
ഗോവശ്വത്തെ നല്കാവൂ ഞാൻ;
ഞാനനേകമുരു നന്നായ്-
പ്പാനംചെയ്തേനല്ലോ, സോമം! 1

പാറിയ്ക്കുന്ന കാററുപോലേ,
പാനമെന്നെപ്പൊങ്ങിയ്ക്കുന്നു;
ഞാനനേകമുരു നന്നായ്-
പ്പാനംചെയ്തേനല്ലോ, സോമം! 2

ചാടിയ്ക്കുന്നുണ്ടെ,ന്നെയാ നീ,-
രോട്ടമശ്വം തേർപോലവേ;
ഞാനനേകമുരു നന്നായ്-
പ്പാനംചെയ്തേനല്ലോ, സോമം! 3

വന്നെത്തുന്നു നുതി,യോമൽ-
ക്കന്നിക്കൽപ്പൈപ്പോലെയെങ്കൽ;
ഞാനനേകമുരു നന്നായ്-
പ്പാനംചെയ്തേനല്ലോ, സോമം! 4

തച്ചൻ തേർപോലുരംക്കാമ്പാൽ ഞാൻ
വെച്ചു നന്നാക്കുന്നേൻ, സ്തവം;
ഞാനനേകമുരു നന്നായ്-
പ്പാനംചെയ്തേനല്ലോ, സോമം! 5

സൂക്തം 119.

1. ഇന്ദ്രൻ ഒരു ചീവൽപ്പക്ഷിയുടെ രൂപം ധരിച്ചു സോമം കടിയ്ക്കുന്നതു് ഋഷിമാർ കണ്ടെത്തി. അപ്പോൾ അദ്ദേഹം തന്നെത്തന്നെ സ്തുതിച്ചുതുടങ്ങി: ഏവമേവം = ഇങ്ങനെയൊക്കെയാണു്. ഗോവശ്വത്തെ (ഗോക്കളെയും അശ്വങ്ങളെയും) സ്തോതാക്കൾക്കു നല്കുമാറാകണം. എന്തുകൊണ്ടെന്നു് ഉത്തരാർദ്ധത്തിൽ പറയുന്നു.

2. കാററുപോലെ—കാററു മരക്കൊമ്പിനെയും മററുമെന്നപോലെ.

3. ഓട്ടുന്ന കുതിര തേരിനെയെന്നപോലെ, ആ നീർ (കുടിച്ച സോമം) എന്നെ ചാടിയ്ക്കുന്നു!

എൻനോട്ടത്തെച്ചെററും മറ–
യ്ക്കുന്നില്ല,ഞ്ചജാതികളും;
ഞാനനേകമുരു നന്നായ്–
പ്പാനംചെയ്യുന്നല്ലോ, സോമം! 6

എൻപാതിയ്ക്കുമൊക്കില്ലല്ലോ,
വിൺപാരുകളാമിരുവർ;
ഞാനനേകമുരു നന്നായ്–
പ്പാനംചെയ്യുന്നല്ലോ, സോമം! 7

കീഴ്‌വെയ്ക്കുന്നേൻ, മഹത്ത്വത്താ–
ലീ വിരിമൺവിണ്ണുകളെ;
ഞാനനേകമുരു നന്നായ്–
പ്പാനംചെയ്യുന്നല്ലോ, സോമം! 8

ഹന്ത, ഞാനിപ്പൃഥിവിയെ–
പ്പൊന്തിച്ചിങ്ങോ, ഇങ്ങോ വെയ്ക്കാം;
ഞാനനേകമുരു നന്നായ്–
പ്പാനംചെയ്യുന്നല്ലോ, സോമം! 9

മാർത്താണ്ഡനെ മന്നിന്നായ് ഞാൻ
മാററിവെയ്ക്കാ,മിങ്ങോ, ഇങ്ങോ;
ഞാനനേകമുരു നന്നായ്–
പ്പാനംചെയ്യുന്നല്ലോ, സോമം! 10

വിൺനാട്ടിലാണെ,ൻപക്ഷമൊ-
ന്നൊ;—ന്ന താഴത്തെയ്ക്കും വെച്ചേൻ;

---

6. എൻെറ നോട്ടം ആരാലും മറയ്ക്കപ്പെടുന്നില്ല; തെളിഞ്ഞുതന്നെ ഇരിയ്ക്കുന്നു.

7. വിൺപാരുകൾ=സ്വർഗ്ഗവും ഭൂമിയും.

8. മുൻഋക്കിനെ വിവരിയ്ക്കുന്നു: ഈ വിശാലമായ മന്നും വിണ്ണും എൻെറ കീഴിലാണ്.

9. ഇങ്ങോ, ഇങ്ങോ—അന്തരിക്ഷത്തിലോ സ്വർഗ്ഗത്തിലോ: ചൂണ്ടിക്കാട്ടിപ്പറയുകയാണ്

ഞാനനേകമുരു നന്നായ്—
പ്പാനംചെയ്തേനല്ലോ, സോമം! 11

അന്തരിക്ഷത്തിങ്കൽപ്പൊന്തു-
മെൻതേജസ്സു ചെറുതല്ല;
ഞാനനേകമുരു നന്നായ്—
പ്പാനം ചെയ്തേനല്ലോ. സോമം! 12

ഹവ്യം വാങ്ങി നടകൊള്ളും,
ദിവ്യർക്കേകാൻ ഭൂഷിതൻ ഞാൻ;
ഞാനനേകമുരു നന്നായ്—
പ്പാനംചെയ്തേനല്ലോ, സോമം! 13

ആറാമധ്യായം സമാപ്തം.

ഏഴാമധ്യായം.

സൂക്തം 120.

അഥർവപുത്രൻ ബൃഹദ്ദിവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

യാതൊന്നോ ഉലകങ്ങളിൽ ഉൽക്കൃഷ്ടം, അതിൽനിന്നത്രേ, ഉജ്ജ്വലബലനായ ഉഗ്രൻ ജനിച്ചത്. ജനിച്ചതോടേ അദ്ദേഹം ശത്രുക്കളെ ഹനിയ്ക്കുകയായി; സകലപ്രാണികളും അദ്ദേഹത്തെ കൊണ്ടാടുന്നു! 1

---

11. എന്റെ ഒരു പക്ഷം (ഭാഗം) സ്വർഗ്ഗത്തിലാണ്; ഒരു പക്ഷം താഴത്തും (ഭൂമിയിലും).

12. തന്റെ സൂര്യരൂപത്വം പ്രതിപാദിയ്ക്കുന്നു:

13. താൻതന്നെ, അഗ്നിയുമെന്ന്: ഭൂഷിതൻ—യജമാനനാൽ ചമയിയ്ക്കപ്പെട്ടവൻ.

സൂക്തം 120.

1. അതിൽനിന്ന്—ബ്രഹ്മത്തിൽനിന്ന്. ഉഗ്രൻ—സൂര്യരൂപനായ ഇന്ദ്രൻ.

കരുത്താൽ കൈവളർന്ന് അതിബലവാനായ ആ കർശനൻ ദാസനെ പേടിപ്പിച്ചുപോന്നു. താൻ സ്ഥാവരജംഗമങ്ങളെ നന്നായി കളിപ്പിയ്ക്കും. അങ്ങയ്ക്കു മത്തുപിടിയ്ക്കുമ്പോഴാകട്ടെ, ജീവജാലം ഒത്തുകൂടുന്നു! 2

ഭവാങ്കലാണ്, എല്ലാവരും കർമ്മമവസാനിപ്പിയ്ക്കുന്നത്; ഈ ആരാധകർ ഇരുവരും മൂവരുമായിച്ചമയുന്നു. നിന്തിരുവടി മധുരത്തെക്കാൾ മധുരമായിട്ടുള്ളതിനെ മധുരത്തോടു ചേർത്താലും; ആ മധുവിനെ മധുവിനെക്കൊണ്ടു വഴിപോലെ കളിപ്പിച്ചാലും! 3

ഇങ്ങനെതന്നെ മത്തിൽ മത്തിൽ സമ്പത്തടക്കുന്ന നിന്തിരുവടിയെ മേധാവികൾ സ്തുതിച്ചുപോരുന്നു. കീഴമർത്തുന്നവനേ, അങ്ങ് കെല്പുറ്റം ഉറപ്പുമേറിയ (ധനം ഞങ്ങൾക്കായി) പരത്തിയാലും; ദുസ്സ്വപ്നകാരായ അരക്കർ അങ്ങയെ ഉപദ്രവിയ്ക്കരുത്! 4

ഞങ്ങൾ അങ്ങയെക്കൊണ്ടു, പോർപ്പയററു ധാരാളം പഠിച്ചു, യുദ്ധങ്ങളിൽ കൊത്തിനുറുക്കും: ഞാൻ സ്തുതികൊണ്ട് അങ്ങയുടെ ആയുധങ്ങൾ ചാട്ടും! അങ്ങയ്ക്കു ഞാൻ മന്ത്രങ്ങളോടേ അന്നങ്ങൾ വെടുപ്പിൽ വെയ്ക്കാം. 5

ആർ ബലത്താൽ ഏഴുദാനവന്മാരെ അറുത്തുവോ, വളരെപ്പടകളെയും ചെറുത്തുവോ; ആ ബഹുരൂപനായ പരമേശ്വരൻ സ്തുത്യനാണ്, അത്യുജ്ജ്വലനാണ്, പ്രാപ്തവ്യരിൽവെച്ചു പ്രാപ്തവ്യനമാണ്! 6

---

2. കർശനൻ—ശത്രുക്കളെ മെലിയിയ്ക്കു(നശിപ്പിയ്ക്കു)ന്നവൻ. ദാസൻ—ഒരസുരൻ, കളിപ്പിയ്ക്കും—മഴവെള്ളംകൊണ്ട്. അന്തിമവാക്യം പ്രത്യക്ഷോക്തി: ഒത്തുകൂടുന്നു—ആരാധിപ്പാൻ.

3 ഇരുവർ—പതീയജമാനന്മാർ. മൂവർ—പുത്രജനനത്താൽ മൂന്നുപേർ. മധുരത്തെക്കാൾ മധുരമായിട്ടുള്ളതിനെ —സന്താനത്തെ. മധുരത്തോടു—പതിയും പതിയുമാകുന്ന ഇണയോട്. ചേർത്താലും—ദംപതിമാർക്കു പുത്രനെ നല്കിയാലും എന്നർത്ഥം. ആ മധുവിനെ (സന്താനത്തെ) മധുകൊണ്ടു (സന്താനത്തെക്കൊണ്ടു) കളിപ്പിച്ചാലും—പുത്രനും പുത്രനെ നല്കി ആഹ്ലാദം വരുത്തിയാലും.

4. സമ്പത്ത്—ശത്രുധനം.

5. അങ്ങയെക്കൊണ്ട്—ത്വദനുഗ്രഹത്താൽ. കൊത്തിനുറുക്കും—ശത്രുക്കളെ.

6. ഏഴുദാനവന്മാരെ—വൃത്രാദികളെ. പരമേശ്വരൻ—ഇന്ദ്രൻ.

അങ്ങ് അന്നംകൊണ്ടു സന്തൃപ്തനാകുന്നതെവിടെയോ, ആ
ഗൃഹത്തിൽ താന്നതും മികച്ചതും നിക്ഷേപിയ്ക്കും. ഇളകിക്കൊണ്ടി
രുന്ന ഇരുമാതാക്കളെ ഭവാൻ ഉറപ്പിച്ചു. അതുകൊണ്ടാണല്ലോ,
ഭവാൻ വളരെക്കർമ്മം സാധിച്ചത്! 7

സ്വയം വിളങ്ങുന്ന വലിയ ഗോയൂഥത്തിന്ന് ഉടമസ്ഥൻ ആ
രോ, ആർ അതിൻെറ വാതിലൊക്കെ തുറന്നുവോ; ആ ഇന്ദ്രന്നു
സുഖകരമാംവണ്ണം ഇതാ, സ്വർഗ്ഗം നേടിയ മുമ്പനായ ബൃഹദ്ദി
വൻ സ്തോത്രം ചൊല്ലുന്നു! 8

ഇപ്രകാരം, മഹാനായ അഥർവപുത്രൻ ബൃഹദ്ദിവൻ ഇന്ദ്രനെ
ക്കുറിച്ചുതന്നെ സ്വന്തം മഹാസ്തോത്രം ഉച്ചരിച്ചു: (തന്തിരുവടിയെ
ത്തന്നെയാണ്), ഭൂമിയിലെ അനഘകളായ സോദരിമാർ പ്രീ
ണിപ്പിയ്ക്കുന്നതും, ബലത്താൽ വളർത്തുന്നതും! 9

സൂക്തം 121.

**പ്രജാപതിപുത്രൻ ഹിരണ്യഗർഭൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
പ്രജാപതി ദേവത.**

ഹിരണ്യഗർഭൻ മുമ്പേ ജനിച്ചു; ജനിച്ചപ്പോഴേത്തന്നെ മററുള്ള
ജഗത്തിൻെറ അധിപതിയുമായി. അവിടുന്ന് ഈ പൃഥിവിയെ
യും ദ്യോവിനെയും താങ്ങി. ആ കൻ എന്ന ദേവന്നു നാം ഹവി
സ്സർപ്പിയ്ക്കുക 1

ആർ ആത്മാക്കളെ ഉളവാക്കുന്നുവോ, ആർ ബലം നല്കുന്നുവോ,
ആരുടെ ശാസനത്തെ എല്ലാവരും—ദേവന്മാരും—തേടുന്നുവോ,

---

7. താന്നതും മികച്ചതും—ഭൌമവും ദിവ്യവുമായ ധനം. ഇരുമാതാക്കളെ
—ദ്യാവാപൃഥിവികളെ.

8. മുമ്പൻ—ഋഷികളിൽ ശ്രേഷ്ഠൻ. ബൃഹദ്ദിവൻ—ഞാൻ.

9. സോദരിമാർ—ഗംഗാനദികൾ.

സൂക്തം 121.

1. മുമ്പേ—പ്രപഞ്ചോൽപത്തിയ്ക്കു മുമ്പ്. കൻ—പ്രജാപതിയുടെ ഒരു
പേർ.

ആരുടെ നിഴലാണോ, മരണരാഹിത്യവും മൃത്യുവും; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 2

ജീവിയ്ക്കുന്ന, കണ്ണിമവെട്ടുന്ന ജംഗമങ്ങൾക്കു മഹത്വത്താൽ ആരൊരാളാണോ, അരചൻ; ആരാണോ, ഈ ഇരുകാലി-നാല്ക്കാലികൾക്കുടയവൻ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 3

ഈ ഹിമവാനും മററും ആരുടെ മഹത്ത്വമോ, സമുദ്രങ്ങളും സരിത്തുക്കളും ആരുടെ എന്നു പറഞ്ഞുവരുന്നുവോ, ഈ ദിക്കുകളും പ്രദിക്കുകളും ആരുടെ തൃക്കൈകളോ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 4

ആർ ദ്യോവിനെയും ബലിഷ്ഠയായ ഭൂമിയെയും ഇളകാതാക്കിയോ, ആർ സ്വൎഗ്ഗത്തെയും സൂര്യനെയും ഉറപ്പിച്ചുവോ, ആർ അന്തരിക്ഷത്തിൽ വെള്ളമുണ്ടാക്കുന്നുവോ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 5

രോചിസ്സാൎന്ന രോദസ്സുകൾ ഉറപ്പിയ്ക്കപ്പെട്ടു, രക്ഷയ്ക്കായി മനംകൊണ്ടു നോക്കുന്നതാരെയോ, ആരുടെ താങ്ങിനാൽ സൂര്യൻ ഉദിച്ചു വിളങ്ങുന്നുവോ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 6

അഗ്ന്യാദികളെ ജനിപ്പിയ്ക്കാൻ ആരെ ഗൎഭത്തിൽ ധരിച്ചാണോ, പെരിയ തണ്ണീരുകൾ എങ്ങും വ്യാപിച്ചതു്; അതിൽ യാതൊരേകൻ ദേവാദികൾക്കു പ്രാണനായി പിറന്നുവോ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 7

യജ്ഞത്തെ ജനിപ്പിയ്ക്കാൻ ദക്ഷനെ ധരിച്ച തണ്ണീരുകളെ ആർ മഹിമയാൽ നോക്കിക്കണ്ടുവോ, ആർ ഒററയ്ക്കു ദേവന്മാൎക്കും ദേവനായോ; ആ കൻ എന്ന ദേവന്നു നാം ഹവിസ്സൎപ്പിയ്ക്കുക! 8

---

2. ആത്മാക്കളെ—എല്ലാ ആത്മാക്കളും പരമാത്മാവിങ്കൽനിന്നാണല്ലോ, പിറക്കുന്നതു്.

4. ആരുടെ എന്നു—ആരുടെ മഹിമയെന്നു്.

6. രോചിസ്സ്=തിളക്കം. രോദസ്സുകൾ=വാനൂഴികൾ. ഉറപ്പിയ്ക്കപ്പെട്ടു—പ്രജാപതിയാൽ.

7. അതിൽ—ഗൎഭത്തിൽ.

8. ദക്ഷനെ—പ്രജാപതിയെ. ദേവൻ—അധീശ്വരൻ.

സത്യധർമ്മാവായ ആർ ഭൂവിനെയും, ആർ ദ്യോവിനെയും ജനിപ്പിച്ചുവോ; ആർ പെരിയ കുളിർത്തണ്ണീരുകളെയും ജനിപ്പിച്ചുവോ; അദ്ദേഹം നമ്മെ ദ്രോഹിയ്ക്കരുത് — ആ കൻ എന്ന ദേവന്നു നാം ഹവിസ്സർപ്പിയ്ക്കുക! 9

പ്രജാപതേ, നിന്തിരുവടിയല്ലാതെ മററാരുമില്ല, ഈ ജനിച്ചവയെയെല്ലാം കൈക്കൊൾവാൻ. എന്തിച്ഛിച്ചാണോ, ഞങ്ങൾ അങ്ങയ്ക്കു ഹോമിയ്ക്കുന്നത്, അതു ഞങ്ങൾക്കുണ്ടാകട്ടെ; ഞങ്ങൾ ധനങ്ങളുടെ ഉടമകളാകണം! 10

സൂക്തം 122.

വസിഷ്ഠപുത്രൻ ചിത്രമഹസ്സ് ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; അഗ്നി ദേവത.

വസുവും, വരേണ്യനും, സുഖകരനും അതിഥിയും അസപത്നനുമായ അഗ്നിയെ ഇപ്പോൾ ചിത്രമഹസ്സെന്ന ഞാൻ സ്തുതിയ്ക്കുന്നു: ആ ഹോതാവായ ഗൃഹപതി ദുഃഖനാശിനികളായ വിശ്വധാരിണികളെയും നല്ല വീര്യവും നല്കുമല്ലോ! 1

അഗ്നേ, അവിടുന്നു പ്രസാദിച്ച്, എന്റെ സ്തുതിയിൽ ഇച്ഛ വെയ്ക്കുക: സുകർമ്മാവേ, വിജ്ഞേയമെല്ലാം അങ്ങയ്ക്കറിയാമല്ലോ. നെയ്കൊണ്ടു തടിയ്ക്കുന്നവനേ, അങ്ങ് ബ്രാഹ്മണന്നു യജ്ഞം കിട്ടിച്ചാലും: അങ്ങയുടെ കർമ്മമനുസരിച്ചാണല്ലോ, ദേവന്മാർ (ഫലം) ഉളവാക്കുന്നത്! 2

അഗ്നേ, ഏഴിടങ്ങളിൽ ചുററിനടക്കുന്ന അമർത്ത്യനായ നിന്തിരുവടി ഹവിർദ്ദാതാവായ സുകർമ്മാവിന്നു നല്കിയാലും; ചമതയു

---

10. ഈ ജനിച്ചവയെയെല്ലാം കൈക്കൊൾവാൻ — പഞ്ചഭൂതങ്ങളെ എടുത്തു ജഗൽസൃഷ്ടി നടത്താൻ.

സൂക്തം 122.

1. ഗൃഹപതി — അഗ്നി. വിശ്വധാരിണികൾ — പാൽകൊണ്ടു ലോകത്തെ പോററുന്നവ, പൈക്കൾ. നല്കുമല്ലോ — യജമാനക്ക്.

2. ബ്രാഹ്മണൻ — യജ്ഞകർത്താവ്.

മായി ഭവാങ്കലണയുന്നവനെയും ഭവാൻ നല്ല പുത്രരെക്കൊണ്ടും
വർദ്ധിച്ചുവരുന്ന സമ്പത്തുകൊണ്ടും മാനിച്ചാലും! 3

യാഗത്തിന്റെ കൊടിമരവും, ഒന്നാമനും, പുരോഹിതനും, ബ
ലവാനും, കേശക്കന്നവനും, ഉജ്ജ്വലാംഗനും, വൃഷ്ടികർത്താവും,
പ്രീതിപ്പെടുത്തുന്നവനെ പ്രീതിപ്പെടുത്തുന്നവനും, ശോഭനവീര്യനു
മായ അഗ്നിദേവനെ ഏഴുപേർ ഹവിസ്സെടുത്തു സ്തുതിയ്ക്കുന്നു. 4

നിന്തിരുവടി ദൂതനും ഒന്നാമനും സേവ്യനുമാണല്ലോ: അമൃത
ത്വത്തിന്നായി വിളിയ്ക്കപ്പെടുന്ന ആ നിന്തിരുവടി സന്തൃപ്തി പൂ
ണ്ടാലും. അങ്ങയെ മരുത്തുക്കൾ മോടിപ്പെടുത്തുന്നു; ഹവിർദ്ദാതാ
വിന്റെ ഗൃഹത്തിൽ അങ്ങയെ ഭൃഗുക്കൾ സ്തോത്രങ്ങൾകൊണ്ടുജ്ജ്വ
ലിപ്പിച്ചു! 5

അഗ്നേ, സുകർമ്മാവേ, അങ്ങ് യജ്ഞത്താൽ പ്രീണിപ്പിയ്ക്കു
ന്ന യജമാനന്നുവേണ്ടി, വിശ്വധാരിണിയായ സുദുഘയിങ്കൽനി
ന്നു പാൽ കറന്നെടുക്കുന്നു; നെയ്യൽക്കളിച്ചു മൂവിടങ്ങളെ തിളങ്ങി
യ്ക്കുന്നു; ശാലയിലും യാഗത്തിലും ചുററിനടന്ന്, ഒരു യഷ്ടാവി
ന്റെ മട്ടെടുക്കുന്നു! 6

അഗ്നേ, ഈ ഉഷസ്സു പുലരുമ്പോൾ, മനുഷ്യർ അങ്ങയെത്ത
ന്നേ ദൂതനാക്കി യജിയ്ക്കുന്നു; ദേവന്മാരും അങ്ങയെ യാഗത്തിൽ
നെയ്യുതേപ്പിച്ചു, സ്വന്തം മേന്മയ്ക്കായി വളർത്തിപ്പോരുന്നു! 7

അഗ്നേ, കെല്പുററ ഭവാനെ യജ്ഞകർത്താക്കളായ വസിഷ്ഠ
പുത്രന്മാർ സ്തുതിച്ചു വിളിച്ചുവല്ലോ; ആ ഭവാൻ യഷ്ടാക്കളിൽ 'ധ
നപോഷം' നിക്ഷേപിച്ചാലും. നിങ്ങൾ 'സ്വസ്തിയാൽപ്പാലി
പ്പിനെപ്പോഴുമെങ്ങളെ!' 8

---

3. ഏഴിടങ്ങൾ——സപ്തലോകങ്ങൾ. നല്ലിയാലും——ധനം.

4. പ്രീതിപ്പെടുത്തുന്നവനെ പ്രീതിപ്പെടുത്തുന്നവനും——യഷ്ടാവിനെ ധനം നല്കിസ്സന്തോഷിപ്പിയ്ക്കുന്നവനും. ഏഴുപേർ——ഹോതൃപ്രഭൃതികൾ.

5. അമൃതത്വം——മരണമില്ലായ്മ. അങ്ങയെ——വൈദ്യുതാഗ്നിയായി വർത്തിയ്ക്കുന്ന ഭവാനെ.

6. സുദുഘ——സുഖേന കറക്കാവുന്ന യജ്ഞമാകുന്ന പയ്യ്. പാൽ——ഫലം. മൂവിടങ്ങൾ——ഗാർഹപത്യാദിസ്ഥാനങ്ങൾ.

8. യഷ്ടാക്കളിൽ——യാഗം ചെയ്യുന്ന ഞങ്ങളിൽ.

സൂക്തം 123.

ഭൃഗുഗോത്രൻ വേനൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വേനൻ ദേവത.

മേഘമാകുന്ന ജരായുവിനോടുകൂടിയ ഈ വേനൻ അന്തരിക്ഷത്തിലെ രശ്മിക്കിടാങ്ങളെ താഴത്തേയ്ക്കയയ്ക്കുന്നു: വെള്ളവും സൂര്യനും ഒത്തുകൂടുന്നേടത്തു മേവുന്ന ഇദ്ദേഹത്തെ മേധാവികൾ സ്തുതികൾകൊണ്ട്, ഒരു കുഞ്ഞിനെയെന്നപോലെ മുകരുന്നു! 1

വാനിൽപ്പിറന്ന വേനൻ അന്തരിക്ഷത്തിൽനിന്നു മഴ പൊഴിയ്ക്കുന്നു. അപ്പോൾ കമനീയന്റെ പുറം കാണാം. അദ്ദേഹം സ്വർഗ്ഗത്തിൽ വെള്ളത്തിന്മകളിൽ വിളങ്ങുന്നു; പരിവാരങ്ങൾ പൊതുപാർപ്പിടത്തെ പുകഴ്ത്തുന്നു! 2

ഉണ്ണിയുടെ അമ്മമാർ, ഒരേസ്ഥലത്തു മേവുന്ന വളരെപ്പേർ, പൊതുസ്ഥാനത്തു ചുററും ഒച്ചയിട്ടുകൊണ്ടു നില്ക്കുന്നു; വെള്ളത്തിന്റെ ഉയർന്ന ഇരിപ്പിടത്തിൽ പ്രസരിയ്ക്കുന്ന മധുരജലസ്വനങ്ങൾ (അദ്ദേഹത്തെ) മുകരുകയും ചെയ്യുന്നു! 3

മേധാവികൾ തിരുവുടൽ അറിഞ്ഞു പുകഴ്ത്തുന്നു: ആരായേണുന്ന മഹാന്റെ ഗർജ്ജിതം കേൾക്കാറുണ്ടല്ലോ. സ്തുതിച്ചു ചെല്ലുന്നവർക്കു വെള്ളം വേണ്ടുവോളം കിട്ടും: ഗന്ധർവന്റെ വരുതിയിലാണല്ലോ, അമൃതമായ ജലം! 4

സൂക്തം 123.

1. ജരായു—ഗർഭശിശുവിനെ പൊതിയുന്ന ഒരുതരം തൊലി, 'മറുപിള്ള'. മേഘമാകുന്ന ജരായുവോടുകൂടിയ—മേഘത്തിന്റെ ഉള്ളിലിരിയ്ക്കുന്ന. വേനൻ—ഒരു ദേവൻ. രശ്മിക്കിടാങ്ങളെ—സൂര്യരശ്മികളുടെ കുട്ടികളായ ജലങ്ങളെ. ഒത്തുകൂടുന്നേടത്ത്—അന്തരിക്ഷത്തിൽ. കുഞ്ഞിനെയെന്നപോലെ—കുട്ടിയെ അച്ഛനമ്മമാർ മുകരുന്നതുപോലെ.

2. കമനീയന്റെ പുറം—ആകാശം (?). പരിവാരങ്ങൾ—മേഘങ്ങൾ. പുകഴ്ത്തുന്നു—ഇടിമുഴക്കലിനെ സ്തുതിയ്ക്കലാക്കിയിരിയ്ക്കയാണ്.

3. ഉണ്ണിയുടെ അമ്മമാർ—വൈദ്യുതാഗ്നിയുടെ മാതാക്കളായ തണ്ണീരുകൾ. ഇരിപ്പിടത്തിൽ—അന്തരിക്ഷത്തിൽ.

4. തിരുവുടൽ (വേനന്റെ രൂപം) അറിയുന്നതു, ഇടിയൊച്ച കേട്ടിട്ടാണെന്നർത്ഥം. ഗന്ധർവന്റെ—ഉദകധാരിയായ വേനന്റെ.

ഇത്തിരിനേരം അരികിൽ പുഞ്ചിരിയിടുന്ന ഒരപ്സരസ്സ്ത്രീ ജാര
നായ വേനനെ ഉയർവാനത്തു പുലർത്തിപ്പോരുന്നു; പ്രിയന്റെ സ്ഥാ
നങ്ങളിൽ ചെല്ലുന്നു. അഭ്രഗൃഹവും അരുമപ്പെട്ട പൊന്നിൻചിറകി
ലിരിയ്ക്കുന്നു. 5

വൈദ്യുതാഗ്നിയുടെ ഇരിപ്പിടത്തിലെപ്പക്ഷിയും, പൊന്നിൻ
ചിറകുകളാൽ ഭംഗിയിൽപ്പാറിപ്പറക്കുന്നവനും, വരുണന്റെ ദൂത
നും, പോററുന്നവനുമായ ഭവാൻ, മനസ്സുകൊണ്ടിച്ഛിയ്ക്കുന്നവൎക്ക്
അരികേ അന്തരിക്ഷത്തിൽ കാണുമാറാകും! 6

ഗന്ധർവൻ സ്വന്തം വിചിത്രായുധങ്ങളെടുത്ത്, ഇങ്ങോട്ടു നോ
ക്കിക്കൊണ്ടു, മുകളിൽ അന്തരിക്ഷത്തിൽ സ്ഥിതിചെയ്യുന്നു: അഴ
കാററ രൂപ , സൂര്യൻപോലെ കാഴ്ചയ്ക്കായി പുതയ്ക്കുന്നു; അരുമപ്പെട്ട
വെള്ളം ഉല്പാദിപ്പിയ്ക്കുന്നു. 7

അന്തരിക്ഷത്തിൽ നീർത്തുള്ളികൾ പൂണ്ടു, കതിരവന്റെ
കണ്ണിനാൽ നോക്കുന്ന വേനൻ മേഘത്തിൽ ചെല്ലുമ്പോളത്രേ,
സൂര്യൻ തെളിതേജസ്സുകൊണ്ടു മൂന്നാംലോകത്തിൽ പ്രകാശിച്ചു
പ്രിയപ്പെട്ട വെള്ളം പൊഴിയ്ക്കുന്നത്! 8

സൂക്തം 124.

ഋഷിത്വം പൂണ്ട അഗ്നിയും അഗ്നിവരുണസോമന്മാരും ഋഷികൾ; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; അഗ്നിയും, ദേവന്മാരും, ഇന്ദ്രനും ദേവതകൾ.

'അഗ്നേ, ഭവാൻ അഞ്ചും മൂന്നും ഏഴും ചേൎന്ന ഈ ഞങ്ങളുടെ
യജ്ഞത്തിൽ വന്നാലും: ഞങ്ങളുടെ ഹവിസ്സു വഹിച്ചാലും;

---

5. ഒരപ്സരസ്സ്ത്രീ––മിന്നൽക്കൊടി. പൊന്നിൻചിറകിൽ––മേഘത്തിൽ. ഇരിയ്ക്കുന്നു––അവളോടുകൂടി.

6. പോററുന്നവൻ––മഴയാൽ ഭുവനത്തെയൊക്കെ പുലർത്തുന്നവൻ.

7. ഗന്ധൎവൻ––വേനൻ.

8. കതിരവന്റെ കണ്ണിനാൽ നോക്കുന്ന––സൂര്യതേജസ്സാൽ പ്രകാശിയ്ക്കുന്ന.

സൂക്തം 124.

1. ഭ്രാതാക്കൾ ഹവിസ്സു വഹിച്ചു മരിച്ചതിനാൽ പേടിച്ചോടി ഗുഹയി ലൊളിച്ച അഗ്നിയെ ഋഷിമാർ വിളിയ്ക്കുന്നു: അഞ്ചും––യജമാനനും നാലൃത്വിക്കു

മുമ്പേ നടന്നാലും. ഭവാൻ വളരെ നാളായല്ലോ, കൂരിരുട്ടിലാണ്ടുകിടക്കുന്നു!' 1

'ദേവത്വം വിട്ട ഗുഹയിൽ പാർത്ത ദേവനായ ഞാൻ യാചിയ്ക്കപ്പെട്ടതിനാൽ പുറത്തെയ്ക്കു പോന്നു നോക്കിയപ്പോഠം മരണരഹിതത്വം പ്രാപിച്ചു. ശോഭനത്തെ അശോഭനനായ ഞാൻ എപ്പോഠം പരിത്യജിയ്ക്കുമോ; അപ്പോഠം ഞാൻ, സ്വന്തംസഖ്യത്താൽ, ബന്ധുവായ അരണിയിൽ പൂകും. 2

മറേറപ്രദേശത്തിൻെറ അതിഥിയെ നോക്കി ഞാൻ യജ്ഞത്തിൻെറ അനേകാംശങ്ങഠം നിർമ്മിയ്ക്കാം; ബലിഷ്ഠന്മാരായ പിതാക്കന്മാക്കു സുഖത്തിന്നായി ഉക്ഥം ചൊല്ലാം. യജ്ഞാർഹമല്ലാത്തേടത്തുനിന്നു ഞാൻ യജ്ഞാർഹപ്രദേശത്തെയ്ക്കു പോകും. 3

ഞാൻ വളരെസ്സംവത്സരം ഇവിടെ അകത്തു പാർത്തു: ഇന്ദ്രനെ വരിച്ചു ഞാൻ അച്ഛനെ ത്യജിയ്ക്കുകയായി. അഗ്നി—വരുണ—സോമന്മാർ സ്ഥാനഭ്രഷ്ടരായിപ്പോയി. തിരിച്ചുവന്നിട്ടു ഞാൻ, എന്നെ നോക്കുന്ന രാഷ്ട്രം രക്ഷിച്ചുപോരുന്നു. 4

ആ അസുരന്മാക്കു മായകഠം നശിച്ചുപോയി. വരുണ, ഭവാന്ന് എങ്കൽ താൽപര്യമുണ്ടെങ്കിൽ, രാജാവേ, അങ്ങ് സത്യംകൊണ്ട് അസത്യത്തെ തട്ടിനീക്കി, എൻെറ രാജ്യത്തിന്നധീശനായാലും.' 5

'ഇതാ, സ്വർഗ്ഗം: ഇതുതന്നേ വരണീയം; ഇതാ, വെളിച്ചം വീശുന്ന വിശാലമായ അന്തരിക്ഷം. സോമ, പുറപ്പെടുക: നമുക്ക

കളും. മൂന്നു——പാകയജ്ഞം, ഹവിര്യജ്ഞം, സോമയജ്ഞം, ഏഴു——അഗ്നിഷ്ടോമവും, അത്യഗ്നിഷ്ടോമവും, ഉക്ഥ്യവും, ഷോഡശിയും, വാജപേയവും, അതിരാത്രവും, അപ്തോര്യാമവും. വന്നാലും——ഓടിക്കളയരുത്.

2. അഗ്നി പറയുന്നു: യാചിയ്ക്കപ്പെട്ടതിനാൽ——ദേവന്മാരപേക്ഷിച്ചതിനാൽ. ശോഭനത്തെ——യജ്ഞത്തെ. പരിത്യജിയ്ക്കുക——യജ്ഞാവസാനത്തിൽ വിടുക. യാഗം കഴിഞ്ഞാൽ ഞാൻ സ്വന്തംസഖ്യത്താൽ (ചിരനിവാസത്താൽ) ബന്ധുവായ അരണിയിലെയ്ക്കു പോകും.

3. മറേറപ്രദേശത്തിൻെറ അതിഥിയെ——സൂര്യനെ. നോക്കി——സൂര്യഗതിയനുസരിച്ചു യാഗകാലമറിഞ്ഞ്. പിതാക്കന്മാക്ക്——ദേവന്മാക്ക്.

4. ഇവിടെ——യജ്ഞവേദിയിൽ. അച്ഛനെ——അരണിയെ. സ്ഥാനഭ്രഷ്ടരായി——ഞാൻ പോന്നു ഗുഹയിലൊളിച്ചപ്പോഠം. എന്നെ നോക്കുന്ന രാഷ്ട്രം——യാഗഭൂമി. രക്ഷിച്ചുപോരുന്നു——അസുരന്മാരിൽനിന്ന്.

വൃത്രനെക്കൊല്ലാം. ഹവിസ്സായിരിയ്ക്കുന്ന ഭവാനെ ഞങ്ങൾ ഹവി
സ്സുകൊണ്ടു യജിയ്ക്കാം.' 6

കവി കവിത്വംകൊണ്ടു സ്വർഗ്ഗത്തിൽ തേജസ്സു ചേർക്കുന്നു.
വരുണൻ വലിയ പ്രയാസമില്ലാതെ തണ്ണീരുകളെ പുറപ്പെടുവി
ച്ചു; ആ വിശുദ്ധകൾ നദികളായിച്ചമഞ്ഞു, ജായമാർപോലെ
ക്ഷേമമുളവാക്കിക്കൊണ്ടു്, അദ്ദേഹത്തിന്റെ നിറം വഹിയ്ക്കുന്നു! 7

അവ അദ്ദേഹത്തിന്റെ മികച്ച വീര്യം ഉൾക്കൊള്ളുന്നു: അ
ന്നംകൊണ്ടാഹ്ലാദിപ്പിയ്ക്കുന്ന അവയെ അദ്ദേഹം അഭിഗമിയ്ക്കും. പ്ര
ജകൾ രാജാവിനെയെന്നപോലെ, അദ്ദേഹത്തെ സേവിച്ചുപോ
ന്ന അവ വൃത്രനാൽ നിരുദ്ധകളായിപ്പോയി; പിന്നെ വിടുതി
നേടി! 8

ആ നിരുദ്ധകളുടെ സഖാവാണു്, ദിവ്യജലങ്ങളുടെ സഖ്യ
ത്തിൽ വർത്തിയ്ക്കുന്ന സൂര്യനെന്നു പറഞ്ഞുവരുന്നു. യാഗത്തിന്നു
വീണ്ടുംവീണ്ടും എഴുന്നള്ളുന്ന ഇന്ദ്രനെ കവികൾ പ്രകൃഷ്ടീപ്പൂജിയ്ക്കുന്നു! 9

സൂക്തം 125.

അംഭൃണമഹർഷിയുടെ മകൾ വാക്കു് ഋഷി; ത്രിഷ്ടുപ്പും ജഗതിയും
ഛന്ദസ്സുകൾ; പരമാത്മാവു ദേവത.

ഞാൻ രുദ്രരായും വസുക്കളായും സഞ്ചരിയ്ക്കുന്നു; ഞാൻ ആദി
ത്യരായും വിശ്വേദേവകളായും സഞ്ചരിയ്ക്കുന്നു. മിത്രാവരുണരിരു
വരെ ഞാൻ വഹിയ്ക്കുന്നു; ഞാൻ ഇന്ദ്രാഗ്നികളെയും, ഞാൻ അശ്വി
കളിരുവരെയും വഹിയ്ക്കുന്നു! 1

---

6. വരുണൻ പറയുന്നു: ഹവിസ്സായിരിയ്ക്കുന്ന ഭവാനെ––ലതയായി നി
ല്ക്കുന്നദേവതാത്മാവായ അങ്ങയെ.

7. കവി––മിത്രൻ. ആ വിശുദ്ധകൾ––തണ്ണീരുകൾ. ജായമാർപോലെ
––ഭാര്യമാർ ഭർത്താവിന്നെന്നപോലെ, ലോകത്തിന്നു ക്ഷേമമുളവാക്കിക്കൊണ്ടു്.

8. അവ––തണ്ണീരുകൾ. അന്നംകൊണ്ടു്––നെല്ലും മററും ഉൽപാദിപ്പി
ച്ചു്. പിന്നെ––വൃത്രവധാനന്തരം.

9. ആ നിരുദ്ധകൾ––തണ്ണീരുകൾ. കവികൾ––ക്രാന്തദർശികളായ ഋ
ഷികൾ.

സൂക്തം 125.

1. ഋഷി, സർവവും താൻതന്നെ എന്നു, തന്നെത്തന്നെ സ്തുതിയ്ക്കുന്നു:
ഞാൻ––ബ്രഹ്മമായിച്ചമഞ്ഞ ഞാൻ.

സംഹർത്താവായ സോമനെ ഞാൻ വഹിയ്ക്കുന്നു; ത്വഷ്ടാവിനെയും പൂഷാവിനെയും ഭഗനെയും ഞാൻ വഹിയ്ക്കുന്നു. നല്ല ഹവിസ്സുയയ്ക്കുന്ന, പിഴിയുന്ന യഷ്ടാവിന്നു ധനം കൊടുക്കുന്നതു ഞാനാണ്! 2

ഞാൻ രാജ്ഞിയാണ്, ധനം കിട്ടിയ്ക്കുന്നവളാണ്, അറിഞ്ഞവളാണ്, യജ്ഞാർഹരിൽ മുഖ്യയുമാണ്; ബഹുരൂപയും ബഹുക്കളിൽ ഉൾപ്പുക്കവളുമായ ആ എന്നെത്തന്നെയാണ്, ബഹുപ്രദേശങ്ങളിൽ ദേവന്മാർ അനുഷ്ഠിച്ചുപോരുന്നത്! 3

ഭക്ഷിയ്ക്കുന്നതെന്നെക്കൊണ്ട്; കാണുന്നതെന്നെക്കൊണ്ട്; ശ്വസിയ്ക്കുന്നതെന്നെക്കൊണ്ട്; ശബ്ദം കേൾക്കുന്നതെന്നെക്കൊണ്ട്. ആ എന്നെ അറിയാത്തവർ നശിച്ചുപോകും. ഹേ കേൾവിപ്പെട്ടവനേ, കേൾക്ക: പ്രയത്നപ്രാപ്യം ഭവാന്നു ഞാൻ പറഞ്ഞുതരാം— 4

സ്വയമേ ഇതു ഞാൻ പറഞ്ഞുതരാം: ദേവകളാലും മനുഷ്യരാലും സേവിയ്ക്കപ്പെട്ട വസ്തുവായ ഞാൻ, എനിയ്ക്ക് ആരിലാരിൽ ഇച്ഛ തോന്നുമോ അവനെയവനെ ഉയർത്തും: അവനെ ബ്രഹ്മാവാക്കും, ഋഷിയാക്കും, സുപ്രജ്ഞനാക്കും! 5

ഞാനാണ്, രുദ്രന്നു ബ്രഹ്മദ്വേഷിയായ ഹിംസകനെ കൊല്ലാൻ വില്ലു കുലച്ചത്. ഞാനാണ്, ആളുകൾക്കുവേണ്ടി യുദ്ധം ചെയ്യുന്നത്. ഞാനാണ്, വാനൂഴികളുടെ ഉള്ളിലിരിയ്ക്കുന്നത്. 6

ഞാനാണ്, ഇതിന്റെ മുകളിൽ അച്ഛനെ പെററത്. സമുദ്രത്തിലെ വെള്ളങ്ങൾക്കുള്ളിലാകുന്നു, എന്റെ ഉല്പത്തി. അതിനാൽ

---

2. സംഹർത്താവ്——ശത്രുഹന്താവ്. അയയ്ക്കുന്ന——ദേവന്മാർക്ക്.

3. ധനം——സ്തോതാക്കൾക്ക്. അറിഞ്ഞവൾ——പരബ്രഹ്മത്തെ സാക്ഷാല്കരിച്ചവൾ. ബഹുക്കളിൽ——വളരെദ്ദേഹികളിൽ. ഉൾപ്പുക്കവൾ——ജീവഭാവേന പ്രവേശിച്ചവൾ. അനുഷ്ഠിച്ചുപോരുന്നത്——ദേവന്മാരുടെ കർമ്മവും, ഞാൻ തന്നെ.

4. പ്രയത്നപ്രാപ്യം——ബ്രഹ്മം.

5. വസ്തു——ബ്രഹ്മം.

6. ഹിംസകനെ——ത്രിപുരാസുരനെ. ആളുകൾ——സ്തോതാക്കൾ.

7. ഇതിന്റെ——ഭൂലോകത്തിന്റെ. അച്ഛനെ——ആകാശത്തെ സമുദ്രത്തിലെ (അന്തരിക്ഷത്തിലെ) വെള്ളം——ദേവശരീരങ്ങൾ; അവയുടെ ഉള്ളിലിരിയ്ക്കുന്ന

ഞാൻ എല്ലാ ഭുവനങ്ങളിലും കുടികൊള്ളുന്നു; ദ്യോവിനെ ഞാൻ ദേ
ഹംകൊണ്ടു തൊടുന്നു! 7

ഉലകെല്ലാം ഉല്ലാദിപ്പിയ്ക്കുന്ന ഞാൻ, കാററുപോലെ സ്വയം
വീശുന്നു ഇത്രയും പോന്ന ഞാൻ മഹത്ത്വത്താൽ ദ്യോവിൻെറ മീ
തെയും, ഈ ഭുവിൻെറ മീതെയും വൎത്തിയ്ക്കുന്നു! 8

സൂക്തം 126.

ശിലൂഷപുത്രൻ കല്മലബർഹിഷനോ വാമദേവപുത്രൻ അംഹോമുക്കോ ഋഷി; ഉപരിഷ്ടാൽബൃഹതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; വിശ്വദേവന്മാർ ദേവത.
(പാന.)

മിത്രനും വരുണാര്യമദേവരും
ശത്രുപംക്തിയെപ്പിന്നിലിട്ടാരെയോ
ഒത്ത മോദേന കൊണ്ടുനടക്കു,മാ
മൎത്ത്യനു വരാ, പാപവും തിന്മയും! 1

നിങ്ങൾ കാക്കും, നരനെയഘം നീക്കി;
നിങ്ങൾ മാററരെപ്പിന്നിട്ടു കൊണ്ടുപോം;
അങ്ങനെയുള്ളതല്ലോ, വരിയ്ക്കുന്നു
ഞങ്ങളൎയ്യമമിത്രവരുണരേ: 2

കേവലം കാത്തരുളട്ടെ, നമ്മളെ,—
യീ വരുണനൎയ്യമമിത്രരും:

ബ്രഹ്മചൈതന്യമാണ്, എന്നെ ഉല്ലാദിപ്പിച്ചത്. അച്ഛനായ അംഭൃണനും സമുദ്ര ജലാന്തർവൎത്തിയത്രെ. ദ്യോവിനെ—സ്വൎഗ്ഗാദിവികാരത്തെയൊക്കെ.

8. വീശുന്നു—സർവത്ര വ്യാപിയ്ക്കുന്നു. സർവോൽകൃഷ്ടയാണ്, ഞാൻ.

സൂക്തം 126.

1. ഒത്ത മോദേനേ—സമാനപ്രീതിയോടേ. കൊണ്ടുനടക്കും—വേണ്ടുന്നേടത്തെയ്ക്കു്.

2. അങ്ങനെയുള്ളത്—ആ രക്ഷ. വരിയ്ക്കുന്നു—അഭ്യൎത്ഥിയ്ക്കുന്നു.

ഞങ്ങളെക്കൊണ്ടുപോകുവിൻ, വേണ്ടപ്പോരം;
ഞങ്ങളെക്കൊണ്ടു മററരെത്താണ്ടിപ്പിൻ! 3
ആകെ രക്ഷിപ്പു, നിങ്ങരം സുനേതാക്ക-
ളാകുമര്യമമിത്രവരുണരെ:
നിങ്ങരംതൻ, പ്രിയമാകിയ സൌഖ്യത്തിൽ
നിന്നിടാവൂ, മാററാരെക്കടന്നെങ്ങരം! 4

ആധികാരികരംക്കപ്പുറത്താക്കട്ടെ-
യാദിതേയർ വരുണാര്യമമിത്രർ!
ഉത്തരംഗതേജസ്സാം മരുത്തുക്ക-
ളൊത്ത രുദ്രനെ,യിന്ദ്രനെ,യഗ്നിയെ
സുസ്ഥിതിയുളവാകാൻ വിളിയ്ക്കു, നാം:
ശത്രുവർഗ്ഗത്തിനപ്പുറത്താക്കട്ടേ! 5

നമ്മുടെ പാപമൊക്കയും മൂടട്ടേ
നന്മയിൽ വരുണാര്യമമിത്രന്മാർ;
മർത്ത്യരെ പെരുമാക്കളീ നേതാക്കരം
ശത്രുവർഗ്ഗത്തിനപ്പുറത്താക്കട്ടെ! 6

ആദിതേയർ വരുണാര്യമമിത്ര-
രായതമായ സദ്മവും സൌഖ്യവും
നിന്നിരക്കുന്ന നമ്മരംക്ക രക്ഷയ്ക്കായ്-
ത്തന്നിടട്ടെ; മാററാരെക്കടത്തട്ടെ! 7

ഹേ വസുക്കളേ, നിങ്ങരം കാൽ കെട്ടിയ
ഗോവിനെ വിടുവിച്ചപോലീജ്യരേ,
വേർവിടുത്തുകം,ഹസ്സിൽനിന്നെങ്ങളെ!-
കൈവെളക്കുകെ,ങ്ങരംക്കുയിരഗ്നേ, നീ! 8

---

3. വേണ്ടപ്പോരം—വേണ്ടിവരുമ്പോരം. താണ്ടിപ്പിൻ—കടത്തിയ്ക്കുവിൻ.

4. ആകെ—ഉലകെല്ലാം.

5. ആധികാരികരം—ദ്രോഹികരം. ഉത്തരംഗതേജസ്സ്—ഉയന്ന തേജസ്സോടുകൂടിയവൻ. സുസ്ഥിതി—ക്ഷേമം. അവർ നമ്മെ ശത്രുവഗ്ഗത്തിന്നപ്പുറത്താക്കട്ടെ.

6. നന്മയിൽ മൂടട്ടേ—വഴിപോലെ മറയ്ക്കട്ടെ, നശിപ്പിയ്ക്കട്ടെ.

7. ആയതം=വിശാലം. സദ്മം=ഗൃഹം.

8. കാൽ കെട്ടിയ—വിശ്വാവസു എന്ന ഗന്ധർവനാൽ കാലുകരം കെട്ടപ്പെട്ട. ഈജ്യർ=യജനീയർ. ഉയിർ കൈവളക്കുക—ദീർഘായുസ്സ തന്നാലും.

സൂക്തം 127.

സോഭരിപുത്രൻ കുശികനോ ഭാരദ്വാജപുത്രി രാത്രിയോ ഋഷി;
ഗായത്രി ഛന്ദസ്സ്; രാത്രി ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

ആറിടത്തു വിളയാടി-
പ്പോരും രാത്രി വന്നു ചെമ്മേ
കണ്ണുകളാൽ നോക്കീടുന്നു,
കമ്രതയൊട്ടുക്കടയോറം! 1

അക്ഷയയാം ദേവിയന്ത-
രിക്ഷവും കീഴിടങ്ങളും
മൂടുന്നു—പിമ്പിരുട്ടിനെ-
പ്പീഡിപ്പിപ്പൂ, മഹസ്സിനാൽ! 2

വന്നുചേർന്ന ദേവിയുഷ-
സ്സെന്ന സഹോദരിയാളെ
നന്നായ്ച്ചമയിസ്സൂ, തമ-
സ്സൊന്നൊഴിയാതോടുകയായ്! 3

ഇന്നു നമുക്കായിട്ടവരം
വന്നപൊഴുതല്ലോ നമ്മറം
വിശ്രമിച്ചു, വിഹഗങ്ങറം
വൃക്ഷക്കൂട്ടിലെന്നപോലെ! 4

സൂക്തം 127.

1. ആറിടത്തു—ബഹുപ്രദേശങ്ങളിൽ. കണ്ണുകറം—നക്ഷത്രങ്ങറം. കമ്രത—അഴക്.

2. ദേവി—രാത്രി. മൂടുന്നു—ആദ്യം ഇരുട്ടുകൊണ്ടു മറയ്ക്കുന്നു. പിന്നെ ഇരുട്ടിനെ പീഡിപ്പിപ്പൂ, നശിപ്പിക്കുന്നു.

3. ചമയിസ്സൂ—പ്രഭകൊണ്ടു മോടി പിടിപ്പിക്കുമ്പോറം.

4. നമുക്കായിട്ട്—നമ്മെ അനുഗ്രഹിപ്പാൻ. വൃക്ഷക്കൂട്—വൃക്ഷത്തിന്മേലുള്ള കൂട്.

വീശ്രമിച്ചു, ഗ്രാമങ്ങളും
പക്ഷികളും കാലികളും
മന്ദേതരമായിപ്പാറ—
ക്കുന്ന പരുന്തുകളുമേ! 5

ചെന്നായയെപ്പായിയ്ക്കു, പെൺ—
ചെന്നായയെയും രജനി, നീ;
ചോരനെയും പോക്കുകെ;—ഞങ്ങൾ
സ്വൈരം കടക്കാവൂ, നിന്നെ! 6

ഒട്ടിച്ചേർന്നു തേച്ച കൂരി—
രുട്ടുണ്ടെങ്കൽ വന്നുനില്പൂ :
പോക്കിയാലും, കടങ്ങളെ—
പ്പോലിതിനെയുഷസ്സേ, നീ! 7

ഞാനണഞ്ഞു വാഴ്ത്താം രാവേ,
ധേനുവിനെപ്പോലേ നിന്നെ:
വെല്ലുമെന്റെ ഹവിസ്സും കൈ—
ക്കൊള്ളുക, നീ സൂര്യസുതേ! 8

സൂക്തം 128.

അംഗിരോഗോത്രൻ വിഹവ്യൻ ഋഷി; ത്രിഷ്ടുപ്പും ജഗതിയും ഛന്ദസ്സുകൾ; വിശ്വദേവന്മാർ ദേവത.

അഗ്നേ, എനിയ്ക്കു യുദ്ധങ്ങളിൽ തേജസ്സുണ്ടാകട്ടെ: ഞങ്ങൾ അങ്ങയെ ജ്വലിപ്പിച്ചു തിരുവുടൽ തടിപ്പിയ്ക്കാം. ദിക്കു നാലും എന്നെ വണങ്ങട്ടെ: അങ്ങയുടെ കീഴിൽ ഞങ്ങൾ പടകളെ ജയിയ്ക്കുമാറാകണം! 1

---

5. മന്ദേതരമായി = വേഗേന. രാത്രി സർവരെയും തളർച്ച പോക്കി സുഖിപ്പിയ്ക്കുന്നു.

6. ചെന്നായയെ—ഞങ്ങളെ പിടിയ്ക്കാൻ വരുന്ന ചെന്നായയെ. സ്വൈരം—സുഖേന.

7. കടങ്ങളെപ്പോലെ—ഭവതി സ്തോതാക്കളുടെ കടങ്ങൾ ധനപ്രദാനംകൊണ്ടു തീർക്കാറുണ്ടല്ലോ; അതുപോലെ ഇതിനെ (കൂരിരുട്ടിനെ) പോക്കിയാലും.

8. ധേനു = കറവുപയ്യ്. വെല്ലും—ത്വൽപ്രസാദത്താൽ വൈരികളെ ജയിയ്ക്കുന്ന. ഹവിസ്സും കൈക്കൊള്ളുക—സ്തോത്രംപോലെ ഹവിസ്സും സ്വീകരിച്ചാലും.

സൂക്തം 128.

1. പടകളെ—ശത്രുസേനകളെ.

ഇന്ദ്രൻ, മരുത്തുക്കരം, വിഷ്ണു, അഗ്നി എന്നീ ദേവന്മാരെല്ലാം യുദ്ധത്തിൽ എന്റെറയാകട്ടെ: അന്തരിക്ഷം എനിയ്ക്കു വിശാലമായ വെളിച്ചം തരട്ടെ; കാററ് എന്റെ ഈ ആശയ്ക്കൊത്തു വീശട്ടെ! 2

ദേവന്മാർ എങ്കൽ ധനം എത്തിയ്ക്കട്ടെ; എനിയ്ക്കു ഫലം കിട്ടട്ടെ; എനിയ്ക്കു യജ്ഞം സിദ്ധിയ്ക്കട്ടെ; ഹോതാക്കരം ദേവന്മാരിൽ മുല്പാടണയട്ടെ; ഞങ്ങരംക്കു ദേഹസുഖവും നല്ല പുത്രന്മാരുമുണ്ടാകണം! 3

എനിയ്ക്കുവേണ്ടി, എന്റെ ഹവിസ്സുകരംകൊണ്ടു യജിയ്ക്കട്ടെ: എന്റെ മനോരഥം നിറവേറട്ടെ. ഞാൻ യാതൊരു പാപത്തിലും പെട്ടുപോകരുത്. ഞങ്ങളെ ദേവന്മാരെല്ലാം കുട്ടിപ്പറയട്ടെ! 4

ആറുർവീദേവിമാരേ, നിങ്ങരം ഞങ്ങരംക്കു (ധനം) പെരുപ്പിയ്ക്കുവിൻ: ദേവന്മാരേ, ഇതിൽ നിങ്ങളെല്ലാവരും വിക്രമിച്ചാലും. ഞങ്ങളെ സന്താനവും ദേഹവും സന്ത്യജിയ്ക്കരുത്; സോമരാജാവേ, ഞങ്ങരം ദ്രോഹിയ്ക്കടിപെടരുത്! 5

അഗ്നേ, പരിക്കു പററാതെ അരികളുടെ അരിശം അടക്കുന്നവനും, രക്ഷിതാവുമായ ഭവാൻ ഞങ്ങളെ പരിപാലിച്ചാലും: അവർ തിരെഞ്ഞിക്കൊണ്ടു മടങ്ങിപ്പോകട്ടെ; അവക്കു മനോബോധം നശിയ്ക്കട്ടെ! 6

വിധാതാക്കളുടെയും വിധാതാവും, വിശ്വത്തിന്റെ സ്വാമിയും, ത്രാതാവും, എതിരാളികളെ അമർത്തുന്നവനുമായ ദേവനെ (ഞാൻ സ്തുതിയ്ക്കുന്നു.) അശ്വികളിരുവരും ബൃഹസ്പതിയും ദേവന്മാരും ഈ യജ്ഞത്തെയും യഷ്ടാവിനെയും നികൃഷ്ടതയിൽനിന്നു രക്ഷിച്ചരുളട്ടെ! 7

എങ്ങും വ്യാപിച്ച മഹാനായ, പുരുസ്തുതനായ പുരുഹൂതൻ ഈ യജ്ഞത്തിൽ നമുക്കു സുഖം തന്നരുളട്ടെ: ഹര്യശ്വ, ഇന്ദ്ര, ആ നിന്തി

---

2. എന്റെറയാകട്ടെ—എന്നെ സഹായിയ്ക്കട്ടെ എന്നർത്ഥം.

3. ഹോതാക്കരം—എന്റെ ഋത്വിക്കുകരം. മുല്പാട്—മററ് ഋത്വിക്കുകളെക്കാരം മുമ്പെ.

4. യജിയ്ക്കട്ടെ—ഋത്വിക്കുകരം. കുട്ടിപ്പറയുക—പ്രശംസിയ്ക്കുക.

5. ആറുർവീദേവിമാർ—ദ്യോവും, ഭൂവും, പകലും, രാത്രിയും, ജലവും, ഓഷധിയും. ഇതിൽ—ഞങ്ങരംക്കു ധനം ലഭിപ്പാൻ. സന്താനവും ദേഹവും സന്ത്യജിയ്ക്കരുത്—ഞങ്ങരംക്കു പുത്രന്മാരും ദേഹബലവുമുണ്ടായിവരണം.

6. അവർ—അരികരം, ശത്രുക്കരം.

7. ദേവൻ—ഇന്ദ്രനോ, സവിതാവോ.

രുവടി ഞങ്ങളുടെ സന്തതിയെ സുഖിപ്പിച്ചാലും: ഞങ്ങളെ പീഡി
പ്പിയ്ക്കുരുത്; ത്യജിയ്ക്കുരുത്! 8

നമ്മുടെ ശത്രുക്കരം വിട്ടുപോകട്ടെ: ഇന്ദ്രാഗ്നികളെക്കൊണ്ടു നാം അവരെ ചതച്ചുവിടുക. വസുക്കളും രുദ്രന്മാരും ആദിത്യരും (എന്നെ) ഉയൻ നിലയിലാക്കട്ടെ—ബലിഷ്ഠനും അഭിജ്ഞനും അ
ധീശ്വരനുമാക്കട്ടെ; 9

സൂക്തം 129.

പരമേഷ്ഠി എന്ന പ്രജാപതി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
പരമാത്മാവു ദേവത.

അന്ന് അസത്തുണ്ടായിരുന്നില്ല; സത്തും ഉണ്ടായിരുന്നില്ല. ലോകങ്ങളില്ല, അന്തരിക്ഷമില്ല, അതിൻെറ മുകളംത്തട്ടുമില്ല. ആ വരണം എന്ത ? എവിടെ, ആർക്കു സുഖഭോഗം? എന്തായിരുന്നു,
ആഴമേറിയ ഗഹനമായ ജലം? 1

അന്നു മരണമില്ല, മരണരാഹിത്യവുമില്ല; അല്ലും അഹസ്സും അറിയപ്പെട്ടിരുന്നില്ല. മായയോടു ചേൻ അതൊന്നേ ജീവിച്ചിരു
ന്നുള്ളു: അതൊഴിഞ്ഞു മററൊന്നുമില്ലായിരുന്നു! 2

മുമ്പു തമസ്സുണ്ടായിരുന്നു: തമസ്സിനാൽ മൂടപ്പെട്ടതുകൊണ്ടാണ്, ഈ ലോകമെല്ലാം അറിയപ്പെടാതിരുന്നത്. ഒരു ലഘ്വവസ്തുവാൽ മറയ്ക്കപ്പെട്ടിരുന്നതു യാതൊന്നോ, അത് ഏകീഭവിച്ചിരുന്ന
വെങ്കിലും, തപസ്സിൻെറ മഹത്ത്വത്താൽ ഉല്പന്നമായി! 3

മുമ്പേ തിരുമനസ്സിൽ ഒരിച്ഛ തോന്നി: മുല്പാടുള്ളതു യാതൊന്നോ, അതു ബീജമായിത്തീൻ. സത്തിൻെറ ഹേതു അസത്താണെ

സൂക്തം 129.

1. അന്ന്—പ്രളയദശയിൽ അസത്ത്—മൂലകാരണം. സത്ത്—ജഗത്ത്. ആവരണം, സുഖഭോഗം, ജലം എന്നിവയും ഉണ്ടായിരുന്നില്ല എന്നർത്ഥം.
2. അത്—ബ്രഹ്മം.
3. ലഘ്വവസ്തു—തമസ്സ്. തപസ്സ്—സൃഷ്ടിപര്യാലോചനമാകുന്ന തപസ്സ്.
4. മുമ്പേ—സൃഷ്ടിയ്ക്കു മുമ്പ്. തിരുമനസ്സിൽ—ഈശ്വരൻെറ മനസ്സിൽ.

ന്നു, ക്രാന്തദർശികൾ നെഞ്ചിൽ നിർത്തപ്പെട്ട ബുദ്ധികൊണ്ടു ക
ണ്ടറിഞ്ഞിരിയ്ക്കുന്നു! 4

ഇവയുടെ രശ്മി എങ്ങും പരന്നു; അതു നടുവിലായിരുന്നുവോ?
താഴത്തായിരുന്നുവോ? മുകളിലായിരുന്നുവോ? ഇടയിൽ ബീജ
കർത്താക്കളുണ്ടായി; മഹത്തുക്കളുണ്ടായി. ഭോഗ്യം താഴെയും, ഭോ
ക്താവു മീതെയുമായി! 5

ആർ ശരിയ്ക്കറിയും? ഇവിടെ ആർ പറഞ്ഞുതരും! ഈ വിചി
ത്രസൃഷ്ടി എന്തിൽനിന്ന്, എന്തുകൊണ്ടുണ്ടായി? ഇതു സൃഷ്ടിയ്ക്ക
പ്പെട്ടതിൽപ്പിന്നെയാണ്, ദേവന്മാർ ജനിച്ചത്; ആരറിയും, ഇ
ന്നതിൽനിന്നുണ്ടായി എന്ന്? 6

ഈ വിചിത്രസൃഷ്ടി ആരിൽനിന്നോ, അദ്ദേഹം സൃഷ്ടിച്ചു
വോ, ഇല്ലയോ ആവോ! ആർ ഇതിന്റെ അധീശനായി പരമവ്യോ
മത്തിൽ വാഴുന്നുവോ, അദ്ദേഹം അറിയും; അഥവാ, അറിയില്ല! 7

സൂക്തം 130.

പ്രജാപതിപുത്രൻ യജ്ഞൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ;
പ്രജാപതി ദേവത.

തന്തുകൾകൊണ്ട് എമ്പാടും പരത്തിയും, ഒരുനൂറെറാന്നുചേർന്ന
ദേവകർമ്മങ്ങൾകൊണ്ടു നീട്ടിയും യാതൊരു യജ്ഞം സൃഷ്ടിയ്ക്കപ്പെ

മുല്ലാടുള്ളതു—പ്രാണികളുടെ പുണ്യാപുണ്യകർമ്മം. നെഞ്ചിൽ നിർത്തപ്പെട്ട—പ്രാണായാമംകൊണ്ടുറപ്പിച്ച.

5. ഇവ—അവിദ്യാ–കാമ–കർമ്മങ്ങൾ. അതു (രശ്മി, പ്രവൃത്തി) നടുവിലോ താഴത്തോ മുകളിലോ ആദ്യം പ്രസരിച്ചതെന്നറിഞ്ഞുകൂടാ; അത്ര വേഗത്തിലായിരുന്നു. ബീജകർത്താക്കൾ—കർത്താക്കളും ഭോക്താക്കളുമായ ജീവികൾ. മഹത്തുക്കൾ—ആകാശാദികൾ. ഈശ്വരനാൽ ജഗത്തു ഭോഗ്യ–ഭോക്തൃരൂപേണ വിഭജിയ്ക്കപ്പെട്ടു; അതിൽ ഭോഗ്യം താഴെയും, ഭോക്താവു മീതെയുമായി.

6. ദേവന്മാർക്കും അറിഞ്ഞുകൂടാ.

7. അദ്ദേഹം—പരമേശ്വരൻ; അവിടെയ്ക്കുതന്നെയും അറിഞ്ഞുകൂടാ എന്നു വരാം.

ട്ടവോ, അതിനെ ഈ വന്ന പിതാക്കന്മാർ നെയ്യുപോരുന്നു: 'ഭവാൻ പാവിടുക, ഭവാൻ ഊടിടുക' എന്നിങ്ങനെ, യജ്ഞത്തിൽ ഇരിയ്ക്കുന്നു. 1

പുരുഷൻ ഇതുണ്ടാക്കി ചുററി; പുരുഷൻ ഇവിടെയും സ്വർഗ്ഗത്തിലും വിരിച്ചു. ഈ രശ്മികരം സദനത്തിലിരുന്നു, നെയ്വാൻ സാമങ്ങളെ ഊടുകളാക്കി! 2

ദേവന്മാരെല്ലാവരുംകൂടി പ്രജാപതിദേവനെ യജിച്ചുവല്ലോ: അത് എത്ര കാലത്തേയ്ക്കായിരുന്നു? ആരായിരുന്നു, ദേവത? നിദാനം എന്തായിരുന്നു? എന്തായിരുന്നു, നെയ്യ്? വിറക് എന്തായിരുന്നു? ഛന്ദസ്സെന്തായിരുന്നു? പ്രഉഗവും ശസ്ത്രവും എന്തായിരുന്നു? 3

അഗ്നിയും കൂട്ടുകാരിയായ ഗായത്രിയും ജനിച്ചു. ഉഷ്ണിക്കോടുകൂടി സവിതാവും, അനുഷ്ടുപ്പോടും ഉക്ഥങ്ങളോടുംകൂടി തേജസ്വിയായ സോമനും പിറന്നു; ബൃഹതി ബൃഹസ്പതിയുടെ വാക്യത്തോടു ചേർന്നു. 4

സൂക്തം 130.

1. നൂലുകരം——ജ്യോതിഷ്ടോമാദികരം. ഒരുനൂറെറാന്നു——അഗ്നിചയനം. ദേവകർമ്മങ്ങരം——ഏകാഹാദിസത്രങ്ങരം. സൃഷ്ടിയ്ക്കപ്പെട്ടവോ——പ്രജാപതിയാൽ. അതിനെ——യജ്ഞമാകുന്ന വസ്തുത്തെ. പിതാക്കന്മാർ——അംഗിരസ്സുകരം. പാവിടുക——ശസ്ത്രങ്ങരം ചൊല്ലുക. ഊടിടുക——യജ്ജുസ്സുകരം ചൊല്ലുക. എന്നിങ്ങനെ——എന്നു തമ്മിൽ നിർദ്ദേശിച്ചുകൊണ്ട്.

2. പുരുഷൻ——പ്രജാപതി. ഇത്——യജ്ഞവസ്തും. ഇവിടെയും——ഭൂലോകത്തിലും. രശ്മികരം——പ്രജാപതിയുടെ കിരണങ്ങളായ ദേവന്മാർ. സദനത്തിലിരുന്നു——വിശ്വസൃഷ്ടിയ്ക്കു 'വിശ്വസൃജാമയന'മെന്ന യജ്ഞം ചെയ്വാൻ യജ്ഞസ്ഥലത്തുപവേശിച്ച്.

3. അന്നു ലോകമുണ്ടായിട്ടില്ലാതിരിയ്ക്കെ, യജ്ഞവസ്തുക്കരം എങ്ങനെ ഉണ്ടായി എന്നു ചോദിയ്ക്കുന്നു. നിദാനം——ആദികാരണം, ഫലം.

4. മൂന്നു ചോദ്യങ്ങളുടെ ഉത്തരം ഈ ഋക്കിലും അടുത്ത ഋക്കിലുമായി പറയുന്നു: ജനിച്ചു——യജനീയനായ പ്രജാപതിയുടെ മുഖത്തുനിന്ന്. ബൃഹസ്പതി ബൃഹസ്പതിയുടെ വാക്യത്തോടു ചേർന്നു——ബൃഹസ്പതിച്ഛന്ദസ്സോടുകൂടി ബൃഹസ്പതി ജനിച്ചു എന്നു സാരം.

വിരാട്ട് മിത്രാവരുണന്മാരിൽ നിന്നു. ഇതിൽ അഹസ്സിന്റെ
ഒരംശവും ത്രിഷ്ടുപ്പും ഇന്ദ്രങ്കൽ നിന്നു. ജഗതി ദേവന്മാരിലെ
ല്ലാം ഉൾപ്പുകി. അതിനാലത്രേ, ഋഷികളും മനുഷ്യരും സൃഷ്ടി
ക്കപ്പെട്ടത്— 5

പണ്ട് ആ യജ്ഞം നടന്നപ്പോളാണ്, ഋഷികളും മനുഷ്യരും
നമ്മുടെ പിതാക്കന്മാരും ജനിച്ചത്. ഈ യജ്ഞം എവർ
അനുഷ്ഠിച്ചുവോ, ആ പൂർവന്മാരെ ഞാൻ കാഴ്ചയുള്ള മനസ്സുകൊണ്ടു
കണ്ടു സ്തുതിക്കുന്നു! 6

സ്തോമങ്ങളോടും ഛന്ദസ്സുകളോടും ചേർന്നവരും, എത്ര കാല
ത്തെയ്ക്ക് എന്നറിഞ്ഞവരുമായ ഏഴു ദിവ്യർഷിമാർ പൂർവന്മാരുടെ
വഴി കണ്ടറിഞ്ഞു, ബുദ്ധിമാന്മാരായിത്തീൎന്നു, സൂതന്മാർ കടി
ഞാൺപോലെ മുറുകെപ്പിടിച്ചു! 7

സൂക്തം 131.

കക്ഷീവാന്റെ പുത്രൻ സുകീർത്തി ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രനും അശ്വികളും ദേവത.

ഇന്ദ്ര, കീഴമർത്തുന്നവനേ, ശൂര, മുന്നിലും പിന്നിലും മുകളി
ലും ചുവട്ടിലുമുള്ള പരിപന്ഥികളെയെല്ലാം നിന്തിരുവടി ആട്ടി
പ്പായിച്ചാലും: ഞങ്ങൾ അങ്ങയുടെ വിശാലമായ ഗൃഹത്തിൽ
ആഹ്ലാദിക്കുമാറാകണം! 1

---

5. വിരാട്ട് എന്ന ഛന്ദസ്സോടൊപ്പം മിത്രാവരുണന്മാർ പിറന്നു. ഇതിൽ ഈ യജ്ഞത്തിൽ. അഹസ്സിന്റെ ഒരംശത്തോടും (മധ്യാഹ്നസവനത്തോടും) ത്രിഷ്ടുപ് ഛന്ദസ്സോടും കൂടി ഇന്ദ്രൻ പിറന്നു. ജഗതിയോടുകൂടി ദേവന്മാരെല്ലാം പിറന്നു. ഇങ്ങനെ, ദേവതയും, ഛന്ദസ്സും പ്രഉഗ–ശസ്ത്രങ്ങളും ഇന്നിന്നതാണെന്നു പറഞ്ഞുകഴിഞ്ഞു. ബാക്കിച്ചോദ്യങ്ങളുടെ ഉത്തരം തൈത്തിരീയത്തിലും പുരുഷസൂക്തത്തിലും കാണാം: എത്ര കാലത്തെയ്ക്ക്? ആയിരം കൊല്ലത്തെയ്ക്ക്. നിദാനം എന്ത്? വിശ്വസൃഷ്ടി. നെയ്യ്, സർവരസോല്ലാദകമായ വസന്തം. വിറക്, ഗ്രീഷ്മം.

6. ആ പൂർവന്മാരെ––ദേവന്മാരെ.

7. എത്ര കാലത്തെയ്ക്ക്––യജ്ഞം. പൂർവന്മാർ––അംഗിരഃപ്രഭൃതികൾ. മുറുകെപ്പിടിച്ചു––യജ്ഞാനുഷ്ഠാനത്തെ; ശരിക്കു യജ്ഞംചെയ്തുപോന്നു.

സൂക്തം 131.

1. പരിപന്ഥികൾ = ശത്രുക്കൾ. അങ്ങയുടെ––ഭവാൻ തന്ന.

കൃഷിക്കാർ യവവും മററും മുമ്പുപിമ്പായി വേർതിരിച്ചു, ധാരാളം കൊയ്യുമല്ലോ; അപ്രകാരം നിന്തിരുവടി, യജ്ഞഹവിസ്സു ത്യജിച്ചിട്ടില്ലാത്തവക്ക് ഇവിടെയിവിടെ ധനങ്ങരം കല്പിച്ചരുളിയാലും! 2

ഒന്നിനെമാത്രം പൂട്ടിയ വണ്ടി സമയത്തെത്തില്ല; യുദ്ധങ്ങളിൽ കീർത്തിയും നേടില്ല. ഗോവിനെയും അശ്വത്തെയും അന്നത്തെയും ഇച്ഛിയ്ക്കുന്ന മേധാവികരം വൃഷാവായ ഇന്ദ്രനെ സഖ്യത്തിന്നു (വിളിയ്ക്കുന്നു) 3

അശ്വികളേ, നല്ല കോപ്പണിഞ്ഞവരും, രമണീയം വിശേഷേണ നകരുന്നവരുമായ നിങ്ങരം ഒത്തൊരുമിച്ച് അസുരരോടു പൊരുതുന്ന ഇന്ദ്രനെ പയററുകളിൽ സംരക്ഷിച്ചുവല്ലോ! 4

ഇന്ദ്ര, അശ്വികളിരുവരും അങ്ങയെ, അച്ഛനമ്മമാർ മകനെയെന്നപോലെ പ്രശസ്തകർമ്മങ്ങരംകൊണ്ടു രക്ഷിച്ചു; മഘവാവേ, അങ്ങ് ശക്തികളോടുകൂടി രമണീയം നകരുമ്പോരം, സരസ്വതി അങ്ങയെ ഉപാസിച്ചു! 5

സുത്രാമാവായി മഘവാവായി വിശ്വവേദസ്സായിരിയ്ക്കുന്ന ഇന്ദ്രൻ രക്ഷകരംകൊണ്ടു സുലോം സുഖിപ്പിയ്ക്കട്ടെ; ദ്രോഹികളെ നശിപ്പിയ്ക്കട്ടെ; അഭയം തന്നരുളട്ടെ. നമ്മരം ശോഭനവീര്യത്തിന്നുടമകളായിത്തീരണം! 6

ആ യജനീയന്നു നമ്മളിൽ നല്ല മനസ്സ്—ശുഭമായ സൌമനസ്യം—ഉളവാകണം. സുത്രാമാവായി മഘവാവായിരിയ്ക്കുന്ന ആ ഇന്ദ്രൻ ദൂരത്തുള്ള വൈരികളെയും കഴിച്ചുമൂടട്ടെ!

---

2. വേർതിരിച്ചു—വെവ്വേറെ വിതച്ച്. യജ്ഞഹവിസ്സു ത്യജിച്ചിട്ടില്ലാത്ത—അർപ്പിച്ചുപോരുന്ന. ഇവർക്ക്—യജമാനർക്ക്. ഇവിടെയിവിടെ—വേണ്ടുന്നിടത്തെല്ലാം.

3. ഒന്നിനെ—ഒരു മാടിനെയോ, ഒരു കുതിരയെയോ. ഇന്ദ്രനോ, സമയത്തെത്തിയ്ക്കും; കീർത്തിയുമുളവാക്കും. ആ വൃഷാവിനെ മേധാവികരം (ഞങ്ങരം) സഖ്യത്തിന്നു വിളിയ്ക്കുന്നു.

4. രമണീയം—ഹവിസ്സ്.

5. എടുത്തുപറയുന്നു:

6. സുഖിപ്പിയ്ക്കട്ടെ—നമ്മെ.

സൂക്തം 132.

ന്റമേധപുത്രൻ ശകപൂതൻ ഋഷി; ന്യങ്കുസാരിണിയും പ്രസ്താരപംക്തിയും വിരാഡ്രൂപയും മഹാസതോബൃഹതിയും ഛന്ദസ്സുകൾ; ദ്യാവാപൃഥിവികളും അശ്വികളും മിത്രാവരുണന്മാരും ദേവതകൾ.

(മഞ്ജരി.)

അധ്വരിയ്ക്കായ്ത്തന്നേ സ്വത്തേട്ടക്കുന്നു ദ്യോ;
വധ്വരിയ്ക്കേകുന്നു, മേന്മ ഭൂവും;
അധ്വരിയെത്തന്നേ ദേവന്മാരശ്വികൾ
വിത്തങ്ങൾകൊണ്ടു തഴപ്പിയ്ക്കുന്നു! 1

സ്വത്തുററ പാർ താങ്ങും നിങ്ങളെപ്പൂജിപ്പൂ
മിത്രാവരുണരേ, പ്രാപ്തിയ്ക്കുങ്ങൾ:
നിങ്ങൾതൻ വേഴ്ചയാൽക്കീഴമർത്തീടാവൂ,
ഞങ്ങൾ കർത്താവിന്നായ് രാക്ഷസരെ! 2

നിങ്ങളെ നോക്കി സ്തുതിയ്ക്കുന്ന ഞങ്ങളിൽ—
സ്സംഗതമാകോ, മൽസ്സ്വത്തിപ്പോഴേ:
സ്വത്തു ദാനത്താൽ വളർത്തുന്നതേവനോ,
വിത്തങ്ങളായാളെ വിട്ടുപോകാ! 3

ദ്യോവല്ലോ, പ്രാണദ പെററൂ, ഭവാനെയി—
ങ്ങേവക്കും തമ്പുരാൻ, നീ വരുണ.

സൂക്തം 132.

1. അധ്വരിയ്ക്കായ്——യജ്വാവിന്നു കൊടുപ്പാൻ.

2. സ്വത്തുററ——ധനവാന്മാരായ. പാർ താങ്ങും = ഭൂമിയെ നിലനിർത്തുന്ന. പ്രാപ്തിയ്ക്ക്——നിങ്ങളെ പ്രാപിപ്പാൻ. കർത്താവ്——യജമാനൻ.

3. സംഗതമാക——വന്നുചേരട്ടെ. ഇപ്പോഴേ——ഉടൻതന്നെ. ദാനംചെയ്യുന്ന മനുഷ്യന്റെ ധനം എന്നും നിലനില്ക്കും.

4. പ്രാണദ——മനുഷ്യക്ക് ഉയിർ കൊടുക്കുന്നവനേ; ഇതു മിത്രനോടുള്ളതാകുന്നു. ത്വത്തേരിൻ മൂർദ്ധാവ്——നിങ്ങളുടെ തേരിന്റെ മുകൾവശം ഉണ്ടിച്ചിപ്പൂ——ഞങ്ങളുടെ യജ്ഞത്തെ. മൃത്യുവിധ്വംസിയ്ക്ക്——ഹിംസകരെ നശിപ്പിയ്ക്കുന്ന

തൃത്തേരിൻ മൂർദ്ധാവുണ്ടിച്ഛിപ്പൂ: ദുഷ്കൃതം
മൃത്യുവിധ്വംസിയ്ക്കില്ലി,ത്തിരിയും! 4

പോയ്ക്കൊല്ലു,മിശ്ശുകപൂതൻെറയിപ്പാപം
നേർക്കേണ്ടും വീരരെ മിത്രപ്രീത്യാ:
തർപ്പകൻതൻ ക്രത്തുഗാത്രങ്ങൾതോറും ചെ–
ന്നർപ്പിയ്ക്കുമല്ലോ, സംരക്ഷയിവൻ! 5

അമ്മ,യദിതിതാനല്ലോ, ഭവാന്മാർക്കു:
വിണ്മട്ടിൽപ്പാവനി, പാലാൽബ്ഭൂമി.
ഇഷ്ടങ്ങളിങ്ങോട്ടയപ്പി,നക്കാംശ്രുവാൽ–
പ്പുഷ്ടിയും ചേർക്കുവിൻ, സുജ്ഞാനരേ! 6

കേറുവിൻ, കർമ്മേശർ നിങ്ങളീയാർപ്പോരെ–
ക്കീറാൻ വനസ്ഥമാമശ്വത്തേരിൽ:
ത്രാത,നംഘം പോക്കീ നിങ്ങളാൽ നാർമ്മേധൻ;
ത്രാത,നംഘം പോക്കിസ്സുഷ്ടുമേധൻ! 7

യജ്ഞത്തിന്ന്. ദുഷ്കൃതം ഇത്തിരിയും ഇല്ല നിങ്ങളുടെ ഇച്ഛയ്ക്കു വിഷയമായ യജ്ഞം പാപരഹിതമായിരിയ്ക്കും.

5. ഇശ്ശുകപൂതങ്കൽ (എങ്കൽ) വല്ല പാപവുമുണ്ടെങ്കിൽ, അതു മിത്രൻെറ പ്രസാദത്താൽ, ശത്രുക്കളെച്ചെന്നു കൊല്ലും: എന്തുകൊണ്ടെന്നാൽ, ഇവൻ (മിത്രൻ) തർപ്പകൻതൻ(യഷ്ടാവിൻെറ) കർമ്മാംഗങ്ങളിലെല്ലാം ചെന്നു സംരക്ഷയെ അർപ്പിയ്ക്കും––വഴിപോലെ രക്ഷിയ്ക്കും.

6. മിത്രാവരുണരോടിരുവരോടും: ഭൂമി (അദിതിതന്നെയത്രേ ഭൂമി) വിണ്മട്ടിൽ (ദ്യോവുപോലെ) പാലാൽ (പാലിനൊത്ത വെള്ളംകൊണ്ടു) പാവനിയാകുന്നു ജഗത്തിനെയെല്ലാം ശുദ്ധിപ്പെടുത്തുന്നു. ഇഷ്ടങ്ങൾ––ധനങ്ങൾ. ഇങ്ങോട്ട്––ഞങ്ങളുടെ അടുക്കലെയ്ക്കു്.

7. കർമ്മേശർ––കർമ്മങ്ങൾ. (മഴപെയ്യൽ, വെളിച്ചംകൊടുക്കൽ മുതലായവ) കൊണ്ട് അധീശരായിത്തീർന്നവർ. ആർപ്പോരെ––അലറുന്ന ശത്രുക്കളെ. കീറാൻ = പിളർത്താൻ, കൊല്ലാൻ. വനസ്ഥം––ഉദ്യാനത്തിൽ, അഥവാ സമുദ്രജലത്തിൽ സ്ഥിതിചെയ്യുന്നത്. നാർമ്മേധൻ––നൃമേധപുത്രനായ ഞാൻ. നിങ്ങളാൽ അംഘം (പാപം) പോക്കി ത്രാതനായി, രക്ഷിയ്ക്കപ്പെട്ടു: സുഷ്ടുമേധൻ––നല്ല യാഗത്തോടുകൂടിയ മററു യജമാനനും ത്രാതനായി.

സൂക്തം 133.

പൈജവനപുത്രൻ സുദാസ്സ് ഋഷി; ശക്വരിയും മഹാപംക്തിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

(കാകളി)

യുദ്ധേ രിപുക്കളെ പിടിയ്ക്കിലുമോടാഞ്ഞ
വൃത്രഘ്നനെത്തിച്ചറിയട്ടെ, നമ്മളെ:
സുഷ്ഠു പൂജിപ്പി,നീയിന്ദ്രന്റെ തേർബ്ബൽബലം;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണുകൾ! 1

വൃത്രനെക്കൊന്ന നീർ കീഴ്പോട്ടൊഴുക്കി നി–
ശ്ശത്രുവായ്,സ്സ്വത്തൊക്കെ വാഴ്ചിയ്ക്കുമങ്ങയെ
കെട്ടിപ്പിടിയ്ക്കുന്നു, ഞങ്ങളിന്ദ്ര, ദൃഢം;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണുകൾ! 2

ശസ്ത്രമയയ്ക്കു, നീയസ്മജ്ജിഘാംസുവാം
ശത്രുവിൻനേർക്കിന്ദ്ര; നൽക, തൃക്കൈ ധനം.
നഷ്ടരാകെ,ങ്ങൾക്കെതിരാളരൊക്കെയും;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണുകൾ! 3

ചെന്നായപോലെ വന്നെങ്ങളെയെമ്പാട്ട-
മിന്ദ്ര, ഹനിപ്പാനൊരുങ്ങുമിക്കൂട്ടരെ
ധൃഷ്ടൻ വിമർദ്ദി നീ കാല്ക്കീഴിലാക്കണം;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണുകൾ! 4

സൂക്തം 133.

1. സ്തോതാക്കളോട്: ഓടാഞ്ഞ വൃത്രഘ്നൻ––ഓടാതെനിന്നു വൃത്രനെ കൊന്ന ഇന്ദ്രൻ. എത്തിച്ച്––ധനങ്ങൾ അയച്ചുതന്ന്. നമ്മളെ അറിയട്ടെ–– നമ്മുടെ കർമ്മങ്ങളിൽ ശ്രദ്ധിയ്ക്കട്ടെ. സുഷ്ഠു=വഴിപോലെ. പൊട്ടട്ടെ––മാററാർ തോൽക്കട്ടെ എന്നു സാരം.

2. ദൃഢം=മുറുകെ. കെട്ടിപ്പിടിയ്ക്കുന്നു––സ്തുതികൊണ്ടും ഹവിസ്സുകൊണ്ടും വശത്താക്കുന്നു.

3. അസ്മജ്ജിഘാംസുവാം––ഞങ്ങളെ കൊല്ലാൻ നോക്കുന്ന. ശസ്ത്രം=ആയുധം. തൃക്കൈ ധനം നൽക––ഭോവന്റെ കയ്യ് ഞങ്ങൾക്കു ധനം നൽകട്ടെ. നഷ്ടരാക=നശിച്ചുപോകട്ടെ. എതിരാളർ––കർമ്മം മുടക്കി എതിരിടുന്ന ശത്രുക്കൾ.

4. വിമർദ്ദി––ശത്രുക്കളെ മർദ്ദിയ്ക്കുന്നവൻ.

ജ്ഞാതിയോ ഹീനനോ ഞങ്ങൾക്കുപക്ഷയം
ചെയ്യാല,യാളുടെ വാനെതിർവൻബലം
തട്ടിയുടയ്ക്കേണ,മിന്ദ്ര, ഭവാൻ സ്വയം;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണകം! 5

അന്നത്തെയെക്കാംക്ഷിച്ചു സഖ്യം തുടങ്ങുന്ന
ഞങ്ങളെദ്ദൃഗ്ഗതിയൊക്കെക്കടത്തി നീ
ഇഷ്ടിമാർഗ്ഗത്തുടെ കൊണ്ടുനടക്കി,ന്ദ്ര;
പൊട്ടട്ടെ, മാററാർക്കു പൊട്ടവിൽഞാണകം! 6

ഇന്ദ്ര, തന്നാലു,മെങ്ങൾക്കു നീ, സ്തോതാവി-
നെന്നുമേ പാൽ ചുരത്തുന്നൊരു പയ്യിനെ:
വാരകിടോടേ വളർന്ന,വളായിരം
ക്ഷീരസ്രവത്താൽത്തടിപ്പിയ്ക്കുകെങ്ങളെ? 7

സൂക്തം 134.

യുവനാശ്വപുത്രൻ മാന്ധാതാവും ഗോധ എന്ന ബ്രഹ്മവാദിനിയും ഋഷികൾ; മഹാപംക്തിയും പംക്തിയും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

('ദ്വാരകാമന്ദിരം'പോലെ)

മൂടി, നീ വാനൂഴികളെ-
മ്പാടുമുഷസ്സുപോലിന്ദ്ര:
ഉത്തമോത്തമനായ് മർത്ത്യ-
ക്കുററപെരുമാളാം നിന്നെ
ദിവ്യമാതാവല്ലോ, പെററൂ--
ഭവ്യമാതാവല്ലോ, പെററൂ! 1

---

5. ഹീനൻ=നികൃഷ്ടൻ. ഉപക്ഷയം ചെയ്യാൽ=നാശം വരുത്തിയാൽ. വാനെതിർവൻബലം=ആകാശംപോലെ വലുതായ ബലം.

6. ഇഷ്ടിമാർഗ്ഗത്തുടെ=യജ്ഞപഥത്തിലൂടെ.

7. വാരകിട്=തടിച്ച അകിട്. ക്ഷീരസ്രവം=ദുഗ്ദ്ധധാര.

സൂക്തം 134.

1. ഉഷസ്സുപോലെ--ഉഷസ്സ് ഉലകത്തെയെല്ലാം സ്വപ്രഭകൊണ്ടു മൂടുന്നതു പോലെ. ദിവ്യമാതാവ്--അദിതി. ഭവ്യ--നല്ലവളായ.

കഷ്ടപ്പെടുത്തുന്നവൻെറ
കട്ടിയൊട്ടുക്കിടിയ്ക്കു, നീ—
ഇട്ടരുൾക, കാൽച്ചവട്ടിൽ,—
ദുഃഷ്ടങ്ങളിൽച്ചെയ്യുന്നോനെ;
ദിവ്യമാതാവല്ലോ, പെററൂ—
ഭവ്യമാതാവല്ലോ, പെററൂ! 2

ആ മഹാന്നങ്ങളും, സർവ—
ഹേമവും, സർവാവനവും
ശക്തിയോടിങ്ങുതിർക്ക, നീ,
ശക്ര, ശത്രുഘ്നനാമിന്ദ്ര:
ദിവ്യമാതാവല്ലോ, പെററൂ—
ഭവ്യമാതാവല്ലോ, പെററൂ! 3

ഇന്ദ്ര, ശതക്രതോ, പിഴി—
യുന്നാൾക്കൊട്ടുക്കതിർക്കമ്പോൾ
നീയരുൾക, ധനത്തെയു—
മായിരം രക്ഷകളോടേ:
ദിവ്യമാതാവല്ലോ, പെററൂ—
ഭവ്യമാതാവല്ലോ, പെററൂ 4

വേർപ്പുപോലേ, കറുകപോ—
ലാ പ്രദീപ്തി നാലുപാടും
വന്നുവീണീടട്ടേ; നമ്മിൽ—
നിന്നു പിന്മാററട്ടേ, ദുഷ്ടൻ:
ദിവ്യമാതാവല്ലോ, പെററൂ—
ഭവ്യമാതാവല്ലോ, പെററൂ! 5

---

2. കട്ടി—കരുത്ത്. ദുഷ്ടങ്ങളിൽച്ചെയ്യുന്നോനെ—ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെ, ശത്രുവിനെ. പെററൂ—അങ്ങയെ.

3. ആ—പുകഴ്ന്ന. സർവഹേമവും = എല്ലാക്കനകവും. സർവാവനവും = എല്ലാ രക്ഷയും.

4. ഭവാൻ സോമം പിഴിയുന്ന ആൾക്ക് (യജമാനന്ന്) ഒട്ടുക്ക് (സർവസമ്പത്തും) ഉതിർത്തുകൊടുക്കാറുണ്ടല്ലോ; അപ്പോൾ നീ ഞങ്ങൾക്കും ധനത്തെയും അനേകരക്ഷകളെയും അരുൾക, തന്നാലും.

5. വിയർപ്പു ദേഹത്തിൽനിന്നിററിററുവീഴും; കറുകപ്പുല്ലു തെരുതെരെ മുളച്ചു പടരും. അതുപോലെ. ആ പ്രദീപ്തി—ഇന്ദ്രൻെറ തേജസ്സ്. ദുഷ്ടൻ—ശത്രു.

ജ്ഞാനവാനാം മഘവാവേ,
താനേന്ത്രും നീംഃത്തോട്ടിവേലാൽ,
ആട ചെടി മുൻകാലാൽപ്പോ-
ലാകർഷിച്ചടക്കമേ നീ:
ദിവ്യമാതാവല്ലോ, പെററു——
ഭവ്യമാതാവല്ലോ, പെററു! 6

മാച്ചാ, പോക്കാ, ദേവന്മാരേ,
മന്ത്രപ്രോക്തം ചെയ്യാ,മെങ്ങൾ;
ഉക്ഥത്താലും ഹവിസ്സാലു-
മത്ര ഞങ്ങൾ താങ്ങാക്കന്നു! 7

സൂക്തം 135.

യമഗോത്രൻ കുമാരൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; യമൻ ദേവത.

ഏവിടെ നല്ല ഇലകളുള്ള വൃക്ഷത്തിൻചുവട്ടിൽ യമൻ ദേവ
ന്മാരോടുകൂടി ഊൺകഴിയ്ക്കുന്നുവോ; അവിടെ പണ്ടേത്തവരെ അനു
വത്തിയ്ക്കണം ഞാനെന്ന്, ഞങ്ങളുടെ പ്രജാധിപനായ അച്ഛൻ
ഇച്ഛിച്ചു. 1

---

6. ഏന്ത്രും——കയ്യിലെടുക്കന്നേ. നീംഃത്തോട്ടിവേലാൽ——നീണ്ട തോട്ടു് കൊണ്ടും വേലുകൊണ്ടും. നീ ശത്രുക്കളെ ആകർഷിച്ചടക്കം; ആട തിന്നർ ചെടി മുൻകാൽകൊണ്ടു വലിച്ചുനിത്തുന്നതുപോലെ.

7. മന്ത്രപ്രോക്തം (വിഹിതകർമ്മം) ഞങ്ങൾ കൈവെടിയില്ല. താങ്ങാക്കന്നേ——നിങ്ങളെ അവലംബിയ്ക്കുന്നു.

സൂക്തം 135.

1. അച്ഛനായ വാജശ്രവസനാൽ യമലോകത്തെയ്ക്കയയ്ക്കപ്പെട്ട കുമാരൻ നചികേതസ്സ് യമനെക്കണ്ടു പ്രസാദിപ്പിച്ചു, ഭൂലോകത്തെയ്ക്കുതന്നേ തിരിച്ചുപോന്നു. ഇതാണ്, ഈ ഋക്കുകളിലെ വിഷയം. അവിടെ——യമാലയത്തിൽ. പണ്ടേത്തവരെ——പിതൃക്കളെ. അനുവത്തിക്കണം ഞാനെന്ന്——ഞാൻ (നചികേതസ്സ്) പിതൃക്കളോടൊന്നിച്ചു യമാലയത്തിൽ വസിയ്ക്കണമെന്ന്. ഞങ്ങളുടെ——എൻെറ. അച്ഛൻ——വാജശ്രവസൻ. ഉപനിഷത്തിലെ നചികേതസ്സുതന്നെയാണിത്.

ഞാൻ പണ്ടേത്തവരെ അനുവർത്തിയ്ക്കണമെന്നിച്ഛിച്ച, ഈ ദുർബ്ബുദ്ധിയോടേ പെരുമാറിയ അദ്ദേഹത്തെ ഞാൻ കശ്മലമ്പോടെയാണ്, നോക്കിയത്; എന്നാൽ പിന്നീട് എനിയ്ക്കു താല്പര്യം തോന്നി. 2

'കുമാര, നീ ഒററ ഇരുപ്പടിമാത്രമുള്ള, നീളെപ്പായുന്ന ഒരു പുതിയ വട്ടില്ലാത്തേർ മനസ്സുകൊണ്ടു നിർമ്മിച്ചു; ആലോചിയ്ക്കാതെ അതിൽ കേറുകയുംചെയ്തു. 3

കുമാര, ആ തേർ നീ മേധാവികളുടെ മീതെ ഇങ്ങോട്ടു തെളിച്ചു: അവിടെനിന്നു, തോണിയിൽ വെയ്ക്കപ്പെട്ട സാന്ത്വനം അതിന്റെ പിറകേ പോന്നു!' 4

ആരുൽപാദിപ്പിച്ചു, കുമാരനെ? തേർ ആരുണ്ടാക്കി? എങ്ങനെയാണ്, ഇവനെ തിരിച്ചുകൊടുത്തതെന്നു, നമ്മോടിപ്പോൾ ആർ പറയും? 5

തിരിച്ചുകൊടുത്തത്, അച്ഛന്റെ മുന്നുപദേശത്താലാണ്: മുമ്പേ വേർ പടന്നു; പിന്നെ നിർഗ്ഗമനം നല്കി. 6

ഇതത്രേ, ദേവനിർമ്മിതമെന്നു പറയപ്പെടുന്ന യമന്റെ പാർപ്പിടം: ഇതാ, അദ്ദേഹത്തിന്നായി ഓടക്കുഴലൂതുന്നു: അദ്ദേഹത്തെ സ്തുതികളാൽ ചമയിയ്ക്കുന്നു! 7

---

2. പെരുമാറിയ——എന്നോടു യമസമീപത്തെയ്ക്കു പോകാൻ പറഞ്ഞു. കശ്മലമ്പ്——സുഖേന ജീവിയ്ക്കുന്ന എന്നെ മൃത്യുലോകത്തെയ്ക്കയയ്ക്കയാണെന്ന അസൂയ. താല്പര്യം തോന്നി——യമസമീപത്തെയ്ക്കു പോകാൻ.

3. യമസമീപത്തു ചെന്ന നചികേതസ്സിനോടു യമൻ പറയുന്നു. വട്ടില്ലാത്തേർ——ഇങ്ങോട്ടു പോരാനുള്ള നിശ്ചയം.

4. മേധാവികളുടെ മീതെ——ഭൂലോകത്തിൽ മേവുന്ന സ്വബന്ധുക്കളുടെ മുകളിൽ, അന്തരിക്ഷത്തിൽ. സാന്ത്വനം പിറകേ പോന്നു——പുറപ്പെട്ട നിനക്കു പ്രത്യാഗമനോപായം അച്ഛൻ ഉപദേശിച്ചു; അതു നീ തോണി (ബുദ്ധി)യിൽവെച്ചു.

5. മകനെ യമസമീപത്തെയ്ക്കയയ്ക്കുന്ന അച്ഛൻ അച്ഛനല്ല; അതിന്നു തേരുണ്ടാക്കിയവനും——അനുകൂലിച്ചവനും——മൂർഖൻതന്നെ. കുമാരനെ യമൻ തിരിച്ചുകൊടുത്തത് എങ്ങനെയാണെന്ന് ആക്കറിയാം?

6. മുന്നുപദേശം——യമനോടു നീ ഇന്നിന്നതു പറയണമെന്ന താതോപദേശം. വേർ——'നീ യമാലയത്തിൽ പോക' എന്നാജ്ഞാപിച്ച ക്രോധം. പിന്നെ——ക്രോധം നിലച്ചപ്പോൾ. നിർഗ്ഗമനം നല്കി——യമങ്കൽനിന്നു പോരാനുള്ള വഴി അച്ഛൻ പറഞ്ഞുകൊടുത്തു.

സൂക്തം 136.

വാതരശനപുത്രന്മാർ ജൂതി——വാതജൂതിപ്രഭൃതികൾ ഋഷികൾ;
അനുഷ്ടുപ്പ് ഛന്ദസ്സ്; അഗ്നിസൂര്യവായുക്കൾ ദേവതകൾ.

കതിരവൻ അഗ്നിയെയും, കതിരവൻ ജലത്തെയും, കതിര
വൻ വാനൂഴികളെയും ഭരിയ്ക്കുന്നു; കതിരവൻ ജഗത്തെല്ലാം കാണമാ
റാക്കുന്നു. ഈ ജ്യോതിസ്സിനെയാണ്, കതിരവൻ എന്നു പറ
യുന്നത്. 1

കരാൽമരവുരിയുടുക്കുന്നവരാണ്, വാതരശനപുത്രന്മാരായ മു
നിമാർ: ഇവർ ദേവത്വം പ്രാപിച്ചിട്ടു, വായുവിന്റെ ഗതി പിന്തുട
രുന്നു! 2

മുനിത്വംമൂലം ഇമ്പം മുഴുത്തു, വായുവിങ്കൽ വാഴുന്നവരാണ്,
ഞങ്ങൾ: മനുഷ്യരേ, ഞങ്ങളുടെ ദേഹമേ നിങ്ങൾ കാണുന്നുള്ളു! 3

മുനി എല്ലാ വസ്തുക്കളെയും വെളിപ്പെടുത്തിക്കൊണ്ട്, അന്ത
രിക്ഷത്തിലൂടേ നടക്കുന്നു; ദേവന്റെ ദേവന്റെ സഖാവാകയാൽ,
യജ്ഞം വഴിപോലെ അനുഷ്ഠിപ്പാൻ വരിയ്ക്കപ്പെട്ടുമിരിയ്ക്കുന്നു. 4

കാററുണ്ണുന്നവനും, വായുവിന്റെ സഖാവുമായ മുനി ദേവനാ
യിത്തീൎന്നിട്ടു, കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങൾ രണ്ടിലും ചെ
ല്ലുന്നു! 5

അപ്സരസ്സുകളുടെയും ഗന്ധർവരുടെയും മൃഗങ്ങളുടെയും മാൎഗ്ഗ
ത്തിൽ സഞ്ചരിയ്ക്കുന്ന കതിരവൻ ജ്ഞാതവ്യന്റെ സഖാവാണ്,
വിദ്വാനാണ്, രസോല്ലാസകനാണ്, തുലോം ഇമ്പപ്പെടുത്തുന്നവനു
മാണ്! 6

സൂക്തം 136.

1. ഹോമകാലം സൂര്യഗതിയ്ക്കധീനമാണല്ലോ; അതിനാലത്രേ, കതിരവൻ അഗ്നിയെ ഭരിയ്ക്കുന്നു എന്നു പറഞ്ഞത്. ഈ——ഹസ്തനിർദ്ദേശം. ജോതിസ്സ്——മണ്ഡലസ്ഥമായ തേജസ്സ്.

2. വായുവിന്റെ ഗതി പിന്തുടരുന്നു——പ്രാണോപാസനയാൽ പ്രാണവായുക്കളായിത്തീൎന്നിരിയ്ക്കുന്നു.

3. കാണുന്നുള്ളു——ഞങ്ങളെ കാണുന്നില്ല.

4. മുനി——ഈ ഋക്ക നിർമ്മിച്ച വൃഷാണകനെന്ന ഋഷി. നടക്കുന്നു——സൂര്യോപാസനയാൽ സൂര്യരൂപനായിത്തീർന്നിട്ട്.

5. മുനി——കരിക്രതൻ എന്ന ഋഷി. ദേവൻ——വായുവോ, സൂര്യനോ.

6. അപ്സരസ്സുകളുടെയും ഗന്ധർവരുടെയും മാൎഗ്ഗം——അന്തരിക്ഷം. മൃഗങ്ങളുടെ മാൎഗ്ഗം——ഭൂമി. കതിരവൻ——അഗ്നിയോ, വായുവോ, സൂര്യനോ. ജ്ഞാതവ്യൻ——ഈ അറിയപ്പെടേണ്ടുന്ന ഋക്കിന്റെ ഋഷിയായ ഏതശൻ.

കതിരവൻ രുദ്രനോടുകൂടി വെള്ളം പാത്രംകൊണ്ടു കുടിയ്ക്കുമ
ല്ലോ; അതിനെ വായു കടയും; അന്തരിക്ഷവാണി പൊടിയ്ക്കും! 7

സൂക്തം 137.

ഭരദ്വാജൻ കശ്യപൻ ഗോതമൻ അത്രി വിശ്വാമിത്രൻ ജമദഗ്നി വസിഷ്ഠൻ എന്നിവർ യഥാക്രമം ഋഷിമാർ; അനുഷ്ടുപ്പ് ഛന്ദസ്സ്; വിശ്വദേവകൾ ദേവത.

ദേവന്മാരേ, ദേവന്മാരേ, നിങ്ങൾ താണവനെ പേർത്തുയ
ർത്തുവിൻ; ദേവന്മാരേ, അപരാധിയെ രക്ഷിയ്ക്കുവിൻ; ദേവന്മാരേ,
പേർത്തുയിർക്കൊള്ളിയ്ക്കുവിൻ! 1

ഈ ഇരുകാററുകൾ സമുദ്രത്തെക്കാളും വിദൂരത്തെത്തു വീശുന്നു
ണ്ടല്ലോ; ഇവയിലൊന്നു ഭവാന്നു ബലം കൊണ്ടുവരട്ടെ, മററത്,
പാപത്തെ പറപ്പിയ്ക്കട്ടെ! 2

കാററേ, മരുന്നു കൊണ്ടുവരിക; കാററേ, പാപത്തെ പറപ്പി
യ്ക്കുക. എല്ലാ മരുന്നുകളുമുള്ളവനും, ദേവന്മാരുടെ ദൂതനുമായി ന
ടക്കുന്നവനാണല്ലോ, നിന്തിരുവടി! 3

'സുഖം തരാനും ദുഃഖം നീക്കാനുമായി ഞാൻ ഭവാങ്കൽ വ
ന്നിരിയ്ക്കുന്നു: ഭവാന്നു നല്ല ബലം ഞാൻ കൊണ്ടുവന്നിട്ടുണ്ട്; ഭവാ
ൻെറ രോഗം ഞാൻ മാററാം. 4

---

7. രുദ്രൻ—വൈദ്യുതാഗ്നി. പാത്രം—രശ്മിജാലം. അന്തരിക്ഷവാണി—ഇടിയൊച്ച. പൊടിയ്ക്കും—കീഴ്പോട്ടുതിർക്കാൻ, മഴ പെയ്യാൻ.

സൂക്തം 137.

1. താണവനെ—താണവനായ എന്നെ. അപരാധിയെ—കുററം ചെയ്ത എന്നെ. പേർത്തുയിർക്കൊള്ളിയ്ക്കുവിൻ—ചിരജീവിയാക്കുവിൻ.

2. സ്തോതാവിനോട്: ഇരുകാററുകൾ—കിഴക്കൻകാററും, പടിഞ്ഞാറൻ കാററും.

4. സ്തോതാവിനോട്:

ഇവിടെ ഇയ്യാളുടെ പാപം നശിയ്ക്കുമാറു ദേവന്മാർ രക്ഷിയ്ക്കട്ടെ; മരുദ്ഗണം രക്ഷിയ്ക്കട്ടെ; എല്ലാ ഭൂതങ്ങളും രക്ഷിയ്ക്കട്ടെ! 5

വെള്ളംതന്നേ, മരുന്ന്: വെള്ളം രോഗങ്ങളെ ശമിപ്പിയ്ക്കും. വെള്ളംതന്നേ, എല്ലാവക്കും മരുന്ന്: അതു ഭവാനു മരുന്നു തരട്ടെ! 6

പത്തുവിരലുള്ള രണ്ടു തൃക്കൈകളാൽ സ്പർശിയ്ക്കപ്പെടുന്ന നാവ് വാക്കിന്റെ മുന്നിൽ നടക്കുന്നു; ആരോഗ്യമരുളുന്ന അവകൊണ്ടു ഞങ്ങൾ നിന്നെ തൊടാം!' 7

സൂക്തം 138.

ഉരുപുത്രൻ അംഗൻ ഋഷി; ജഗതി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, അങ്ങയുടെ സഖ്യത്താലാണല്ലോ, ആ സ്തോതാക്കളായ യജ്ഞകോവിദന്മാർ വലനെ വെട്ടിപ്പൊളിച്ചത്. അവിടുന്നു സ്തുതിച്ച കുത്സന്ന് ഉഷസ്സുകളെ കൊടുത്തു; വെള്ളം പുറപ്പെടുവിച്ചു; വൃത്രന്റെ വേല വ്യർത്ഥമാക്കി! 1

അങ്ങ് അമ്മമാരെ താഴത്തെയ്ക്കയച്ചു; മലകളെ ഉടച്ചു; ഗോക്കളെ കേററി; പ്രിയപ്പെട്ട മധു കുടിച്ചു; വൃക്ഷങ്ങളെ തഴപ്പിച്ചു. മന്ത്രസ്തുതനായ തന്തിരുവടിയുടെ പ്രവൃത്തിയാൽ സൂര്യനും പ്രകാശിച്ചു! 2

അഭിജ്ഞനായ ഇന്ദ്രൻ ദാസന്നു പക വീളുകയും, മായാവിയായ പിപ്രു എന്ന അസുരന്റെ ഉറപ്പുററ (പുരികൾ) ഋജിശ്വാ

---

6. അതു——വെള്ളം.

7. തൃക്കൈകളാൽ——പ്രജാപതിയുടെ. വാക്ക്——ശബ്ദം. അവകൊണ്ടു——തൃക്കൈകൾകൊണ്ട്. തൊടാം——മന്ത്രംകൊണ്ടു തൊടുവിയ്ക്കാം.

സൂക്തം 138.

1. യജ്ഞകോവിദന്മാർ——അംഗിരസ്സുകൾ. ഉഷസ്സുകളെ കൊടുത്തു——വൃത്രനാൽ മറയ്ക്കപ്പെട്ടിരുന്ന ഉഷസ്സുകളെ വെളിപ്പെടുത്തി. വേല——വൃഷ്ടിനിരോധം.

2. അമ്മമാർ——തണ്ണീരുകൾ. മലകൾ— വലൻ ഗോക്കളെ ഒളിപ്പിച്ച ഗുഹയടച്ച പാറകൾ. മധു —ഹവിസ്സ്, സോമം. ഒടുവിലെ വാക്യം പരോക്ഷം.

വിന്നവേണ്ടി തട്ടിയുടച്ചുകയുംചെയ്യുവല്ലോ; അപ്പോളാണ്, സൂ
ര്യൻ രഥം വാനിലേയ്ക്കു വിട്ടത്! 3

അയാസ്യനാൽ (സ്തുതിയ്ക്കപ്പെട്ട) ധർഷകൻ അധർഷിതങ്ങളാ
യ (പുരികൾ) തകർത്തു; അസുരന്മാരുടെ നിധികൾ മുടിച്ചു; പുരി
കളിലെ സ്വത്തു, സൂര്യൻ മാസംകൊണ്ടെന്നപോലെ എടുത്തു;
സ്തൂയമാനനായി ശത്രുക്കളെ ഒളിവീശുന്ന (വജ്രം) കൊണ്ടു കൊന്നു! 4

പടച്ചു പരിക്കേല്ക്കാതെ വജ്രംകൊണ്ടു വൃത്രനെ കൊന്ന മഹാൻ
കൊടുക്കും; ആയുധങ്ങളണച്ചും. ഇന്ദ്രന്റെ സർവതസ്സംഹാരിയായ
വജ്രം (കൂടലരെ) പേടിപ്പിച്ചു അതിനാൽ പകലോൻ പുറപ്പെട്ടു;
ഉഷസ്സു വണ്ടി വിട്ടു! 5

അങ്ങയുടെ ഈ വീരകർമ്മങ്ങൾമാത്രമാണ്, കേൾക്കേണ്ടവ:
അങ്ങ് അയജ്ഞനായ തലവനെ ഒററയ്ക്കു കൊന്നു. മാസകർത്താ
വിനെ വാനത്തു നിർത്തി: പിളർത്തപ്പെട്ട തേർപ്പലകയെ അച്ഛൻ
താങ്ങുന്നത്, അങ്ങയെക്കൊണ്ടാകുന്നു! 6

സൂക്തം 138.

വിശ്വാവസു എന്ന ഗന്ധർവൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവും ഗന്ധർവനും ദേവതകൾ.

സൂര്യന്റെ രശ്മിയോടുകൂടിയ, പച്ചത്തലമുടിയുള്ള സവിതാവ്
എന്നെന്നും കിഴക്കു പ്രകാശമുയർത്തുന്നു; തന്തിരുവടിയുടെ അനുജ്ഞ

---

3. ദാസൻ––അസുരൻ.

4. അയാസ്യൻ—ഋഷി. ധർഷകൻ––ഇന്ദ്രൻ. അധർഷിതങ്ങളായ––ആരാലും ആക്രമിയ്ക്കപ്പെട്ടിട്ടില്ലാത്ത. മാസംകൊണ്ടെന്നപോലെ––യഥാകാലം ഭൂമിയിലെ വെള്ളമെടുക്കുന്നതുപോലെ.

5. കൊടുക്കും––സ്തോതാക്കൾക്കു ധനം നൽകും. അണച്ചും––മൂർച്ചകൂട്ടും. പുറപ്പെട്ടു––വെളിച്ചം വീശാൻ.

6. പ്രത്യക്ഷോക്തി: അയജ്ഞനായ തലവനെ––അസുരമുഖ്യനെ, വലനെയും മററും. മാസകർത്താവ്––സൂര്യൻ. തേർപ്പലക––തേരിന്റെ ഒരു വശത്തുള്ള പലക. അച്ഛൻ––ദ്യോവ്. അങ്ങയുടെ ഓരോ കർമ്മവും അസാധാരണമാകുന്നു.

യാൽ, അറിവുററ കാവല്ക്കാരനായ പൂഷാവ് ഉലകെല്ലാം നോ
ക്കിക്കൊണ്ടു സഞ്ചരിയ്ക്കുന്നു. 1

മനുഷ്യരെ നോക്കുന്ന തന്തിരുവടി വാനൂഴികളും അന്തരിക്ഷ
വും നിറച്ചുകൊണ്ടു വിൺനടുവിൽ വാണരുളുന്നു: ദിഗ്വിദിക്കുക
ളെയും മുൻപിൻഭാഗങ്ങളെയും മധ്യത്തെയും തൃക്കൺപാർക്കുന്നു! 2

സമ്പത്തിൻെറ അടിവേരും ധനം കിട്ടിയ്ക്കുന്നവനുമായ സവി
താവു പ്രഭകളാൽ ഉലകൊക്കെ തൃക്കൺപാർക്കുന്നു. അവിടുന്നു ദേ
വൻപോലെ സത്യധർമ്മാവാണ്; ഇന്ദ്രൻപോലെ വിത്തമെത്തി
യ്ക്കുന്നവനുമാണ്! 3

സോമമേ, ഗന്ധർവവിശ്വാവസുവിനെ കണ്ടതോടേ തണ്ണീരു
കറം യാഗത്തിന്നായി വന്നെത്തി. അതറിഞ്ഞിട്ട്, അവയെ അ
യച്ച ഇന്ദ്രൻ സൂര്യൻെറ അതിരുകളെ നോക്കിത്തുടങ്ങി! 4

വെള്ളമുണ്ടാക്കുന്ന ദിവ്യനായ വിശ്വാവസുഗന്ധർവൻ പരമാ
ർത്ഥമായിട്ടുള്ളതും നാമറിഞ്ഞിട്ടില്ലാത്തതും നമുക്കു പറഞ്ഞുതരട്ടെ.
ഭവാൻ കർമ്മം വളർത്തി, ഞങ്ങളുടെ ബുദ്ധിയെ രക്ഷിച്ചാലും! 5

ഗന്ധർവനായ ഇന്ദ്രൻ നദികളെ ഒഴുക്കാൻ മേഘത്തെ കണ്ടുപി
ടിച്ചു; തണ്ണീർത്തൊഴുത്തിൻെറ വാതിലുകറം തുറന്നു. അവയ്ക്കു് അമൃ
തു വഹിപ്പാൻ അനുമതി നൽകി. മഴക്കാറുകളിൽ മിടുക്കേതിന്നാ
ണെന്നും അവിടെയ്ക്കറിയാം! 6

സൂക്തം 139.

1. ഉഷസ്സുദിപ്പിന്നുശേഷം സൂര്യോദയത്തിന്നു മുമ്പുള്ള കാലത്തിൻെറ അ
ധിദേവതയത്രേ, സവിതാവ്. പൂഷാവ്––ആദിത്യൻ. നോക്കിക്കൊണ്ടു––പ്ര
കാശിപ്പിച്ചുകൊണ്ട്.

2. തന്തിരുവടി––സവിതാവ്. നിറച്ചുകൊണ്ടു––തേജസ്സിനാൽ.

4. തന്നെത്തന്നെ സ്തുതിയ്ക്കുന്നു: സൂര്യൻെറ അതിരുകളെ (കിഴക്കുമുതലായ
ദിക്കുകളെ) നോക്കിത്തുടങ്ങി––എവിടെയാണ് യജ്ഞം നടക്കുന്നതെന്നറിയാൻ.

5. രണ്ടാമത്തെ വാക്യം പ്രത്യക്ഷോക്തി:

6. ഗന്ധർവൻ––വജ്രധരൻ. തണ്ണീർത്തൊഴുത്തിൻെറ––ജലത്തിൻെറ നി
വാസസ്ഥാനമായ മേഘത്തിൻെറ. അവ–നദികറം. അമൃത്––ജലം. മിടുക്ക്––
വർഷണസാമർത്ഥ്യം.

സൂക്തം 140.

പാവകാഗ്നി ഋഷി; വിഷ്ടാരപംക്തിയും സതോബൃഹതിയും ഉപരിഷ്ടാജ്ജ്യോതിസ്സും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ശുദ്ധാഗ്നി ദേവത.

(മഞ്ജരി.)

നിന്നന്നമത്രേ, പ്രശസ്തം വിഭാവസോ;
മിന്നുന്നൂ, ജ്വാലകളേററമഗ്നേ.
നീ കവേ, കെല്പാളും സ്തുത്യാന്നം യഷ്ടാവി-
ന്നേകുമാറുണ്ടല്ലോ, പ്രൌഢദീപ്തേ! 1

അച്ഛിന്നാച്ഛിസ്സായ്, ശുഭ്രാച്ഛിസ്സായ്, ശുദ്ധികൃ-
ദച്ഛിസ്സായ്ക്കത്തിപ്പൊങ്ങുന്നൂ ഭവാൻ;
ബാലനായ് രണ്ടുതായാരിലുമുൾപ്പുക്ക നീ
പാലിപ്പൂ; മൂടുന്നു, വാന്വുഴികൾ! 2

മോദിക്ക, വാഴ്ത്തലാൽ; തൃപ്തികൊൾകൂ, ഊർജ്ജജ,
ജാതവേദസ്സേ, നീ കർമ്മങ്ങളാൽ:
നിന്നിലേ ഹോമിപ്പൂ, നാനാവിധാന്നങ്ങൾ
ധന്യജന്മാക്കൾ വിചിത്രരക്ഷർ! 3

ശത്രുക്കളോടെതിരിട്ടഗ്നേ, ശാശ്വത,
വിത്തം പരത്തുക, ഞങ്ങളിൽ നീ:

സൂക്തം 140.

1. നിന്നന്നം—അങ്ങേയ്ക്കുള്ള ഹവിസ്സ്. പ്രൌഢദീപ്തേ=തിളക്കമേറിയവനേ.

2. അച്ഛിസ്സ്—തേജസ്സ്. രണ്ടുതായാർ—അരണികൾ. ഉൾപ്പുക്ക—യാഗാവസാനത്തിൽ. പാലിപ്പൂ—യജമാനരെ രക്ഷിയ്ക്കുന്നു. വാന്വുഴികൾ മൂടുന്നു—ദ്യോവിനെ ഹവിസ്സുകൊണ്ടും, ഭുവിനെ മഴകൊണ്ടും, നിറയ്ക്കുന്നു.

3. വാഴ്ത്തലാൽ—ഞങ്ങളുടെ സ്തുതികൊണ്ട്. ഊർജ്ജജ—അന്നജാത, ഹവിസ്സുകൊണ്ടുജ്ജ്വലിയ്ക്കുന്നവനേ. കർമ്മങ്ങളാൽ—ഞങ്ങളുടെ കർമ്മങ്ങൾകൊണ്ട്. തൃപ്തികൊൾക—സന്തൃപ്തനായാലും. ധന്യജന്മാക്കൾ—ശോഭനജന്മാക്കൾ, യജമാനർ. വിചിത്രരക്ഷർ=വിചിത്രമായ രക്ഷയോടുകൂടിയവർ.

പേത്തും ലസിപ്പു നീ;കാണേണ്ടും മെയ്യോടേ
ചേത്തുവെയ്ക്കുന്നു, നിഷേവ്യകർമ്മം. 4

അധ്വരസംസ്കൎത്താവു,ൽപ്രജ്ഞൻ, കാമ്യദ-
നത്തമസമ്പത്തിൻ തമ്പുരാൻ നീ:
അത്യന്തമേകമാറുണ്ടല്ലോ, സൌഭാഗ്യ-
യുക്തമാമന്നവും, വേണ്ടും സ്വത്തും! 5

സത്യവാനനന്തൻ വിശ്വദ്രക്കഗ്നിയെ-
സ്സ്വാസ്ഥ്യതസ്സാളുകരം മുൻനിർത്തുന്നു;
എങ്ങും പുകഴ്ന്നോനായ്ക്കേരംപ്പോനായ്ദ്ദിവ്യനാം-
മങ്ങയെ വാഴ്ത്തുന്നു, മത്ത്യയുഗ്മം! 6

സൂക്തം 141.

താപസാഗ്നി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകരം ദേവത.

അഗ്നേ, അങ്ങ് ഇവിടെ ഞങ്ങളോടു സംസാരിയ്ക്കുക; ഞങ്ങ
ളുടെനേക്ക നന്മനസ്സു വെയ്ക്കുക. പ്രജാപാലക, ഞങ്ങരംക്ക തന്നാ
ലും: ഞങ്ങരംക്ക ധനം തരുന്നവനാണല്ലോ, അവിടുന്ന്! 1

അര്യമാവു നമുക്കു തരട്ടെ; ഭഗൻ തരട്ടെ; ബൃഹസ്പതി തരട്ടെ;
ദേവന്മാർ തരട്ടെ; സൂനൃതാദേവി നമുക്കു ധനം തരട്ടെ! 2

---

4. ശാശ്വത——മരണമില്ലാത്തവനേ. കാണേണ്ടും=ദർശനീയമായ. നിഷേവ്യ(സേവ്യ) കർമ്മം ചേത്തുവെയ്ക്കുന്നു——ഞങ്ങളിൽ; ഞങ്ങളെക്കൊണ്ടു വേണ്ടുന്നതു ചെയ്യിയ്ക്കുന്നു.

5. ഉൽപ്രജ്ഞൻ=പ്രജ്ഞ ഉയർന്നവൻ, പ്രകൃഷ്ടജ്ഞാനൻ. കാമ്യദൻ——കാമ്യം, ധനം, കൊടുക്കുന്നവൻ.

6. വിശ്വദ്രക്ക്=എല്ലാം കാണുന്നവൻ. സ്വാസ്ഥ്യത=സുഖം. ആളുകരം——യജമാനാദികരം. മുൻനിർത്തുന്നു——എല്ലാക്കർമ്മങ്ങളരംക്കും മുമ്പു പൂജിയ്ക്കുന്നു. ഉത്തരാർദ്ധം പ്രത്യക്ഷോക്തി: കേരംപ്പോൻ——സ്തുതികളെ, മത്ത്യയുഗ്മം——പത്നീയജമാനന്മാർ.

സൂക്തം 141.

2. സൂനൃതാദേവി——സരസ്വതി.

സോമരാജാവിനെയും, അഗ്നിയെയും, അദിതിപുത്രന്മാരെയും, വിഷ്ണുവിനെയും, സൂര്യനെയും, ബ്രഹ്മാവിനെയും, ബൃഹസ്പതിയെയും ഞങ്ങൾ രക്ഷയ്ക്കായി സ്തുതിച്ചു വിളിക്കുന്നു. 3

ശോഭനാഹ്വാനരായ ഇന്ദ്രവായുക്കളെയും ബൃഹസ്പതിയെയും ഞങ്ങൾ ഇങ്ങോട്ടു വിളിക്കുന്നു: ഞങ്ങളുടെ ആളുകൾക്കെല്ലാം ധനലാഭത്താൽ മനം തെളിയുമാറാകണം! 4

അര്യമാവിനെയും, ബൃഹസ്പതിയെയും, ഇന്ദ്രനെയും, വായുവിനെയും, വിഷ്ണുവിനെയും, സരസ്വതിയെയും, ബലവാനായ സവിതാവിനെയും ഭവാൻ ധനം തരാൻ പ്രേരിപ്പിക്കുക! 5

അഗ്നേ, അങ്ങ് അഗ്നികളോടുകൂടി, ഞങ്ങളുടെ സ്തോത്രവും യജ്ഞവും വളർത്തിയാലും; അങ്ങ് ഞങ്ങൾക്കു യാഗത്തിന്നു പണം തരുവിച്ചാലും! 6

സൂക്തം 142.

നാലു ശാർങ്ഗപക്ഷികൾ; ജഗതിയും ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നി ദേവത.

അഗ്നേ, ഇവൻ ഭവാനെത്തന്നേ സ്തുതിക്കുന്നു: ബലപുത്ര, മറ്റൊരു ശരണമില്ല. മൂന്നുനിലയുള്ള നല്ല ഗൃഹമുണ്ടല്ലോ, ഭവാന്റെ പക്കൽ. ജ്വാല കഷ്ടപ്പെടുന്ന ഞങ്ങളിൽനിന്ന് അകററിയാലും! 1

അഗ്നേ, അന്നകാമനായ അങ്ങയുടെ ആവിർഭാവം ഉൽകൃഷ്ടമാകുന്നു: അങ്ങ്, ഒരു സചിവൻപോലെ ഭുവനത്തെയെല്ലാം വശത്താക്കിയിരിക്കുന്നു. ഞങ്ങളുടെ സ്തോത്രങ്ങൾ, അശ്വങ്ങൾപോലെ അങ്ങയെ പ്രാപിക്കുന്നു; ഇടയർപോലെ സ്വയം മുമ്പിൽ നടക്കുന്നു. 2

---

3. അദിതിപുത്രന്മാർ——മിത്രാദികൾ.

5. സ്തോതാവിനോട്:

6. അഗ്നികൾ——അങ്ങയുടെ വിഭൂതികളായ മററഗ്നികൾ. തരുവിച്ചാലും——ദാതാക്കളെക്കൊണ്ട്.

സൂക്തം 142.

2. അശ്വങ്ങൾപോലെ——കുതിരകൾ യുദ്ധത്തിൽ പാഞ്ഞുചെല്ലുന്നതുപോലെ. ഇടയർപോലെ——ഇടയന്മാർ മാടുകളുടെ മുമ്പിലെന്നപോലെ. മുന്നിൽ——അങ്ങയുടെ മുമ്പിൽ.

തേജസ്വിൻ, അഗ്നേ, അവിടുന്നു വളരെ പുല്പടർപ്പ് ചുട്ടെരി
ക്കും. അതിനാൽ, കൃഷിനിലങ്ങളിൽ നടക്കാം. അങ്ങയുടെ വമ്പി
ച്ച ആയുധത്തെ ഞങ്ങൾ അരിശപ്പെടുത്താരുതേ! 3

ഉയൎന്നവയെയും താന്നവയെയും ചുട്ടെരിച്ചെത്തുന്ന ഭവാൻ,
കൊള്ളയിടുന്ന പടപോലെ പലവഴിയ്ക്കോടും. കാററ് അങ്ങയുടെ
കത്തലിന്നിണങ്ങിവീശുമ്പോൾ അങ്ങ്, ഒരു ക്ഷുരകൻപോലെ
ഭൂമിയുടെ രോമങ്ങൾ വടിച്ചുകളയും! 4

അഗ്നേ, അവിടുന്നു കൈകളാൽ തുടച്ചുനീക്കിക്കൊണ്ടു, കുനി
ഞ്ഞു മുകളിലെയ്ക്കു കേറുമ്പോൾ, അങ്ങയുടെ ജ്വാലാനിര, വളരെ
ത്തേരുകൾ ഒരേവരിയായിപ്പായുന്നതുപോലെ കാണപ്പെടും! 5

അഗ്നേ, അങ്ങയുടെ ജ്വാലകൾ ഉയരട്ടെ, തേജസ്സുയരട്ടെ, പാ
യുന്ന ഭവാന്റെ ഊക്കുകൾ ഉയരട്ടെ! ഭവാൻ വളൎന്നു, പൊങ്ങുകയും
താഴുകയും ചെയ്താലും; വസുക്കളെല്ലാം ഇപ്പോൾ ഭവാങ്കലണയട്ടെ! 6

ഇത് ഒരു നീരാഴിയാണ്; കടലിന്റെ ഇരിപ്പിടമാണ്.
അങ്ങ് ഇവിടെനിന്നു മറെറാരു വഴി തീൎത്ത്, അതിലൂടേ യഥേ
ഷ്ടം പോയ്ക്കൊള്ളുക! 7

അങ്ങയുടെ വരവിലോ പോക്കിലോ പൂക്കറുക മുളയ്ക്കട്ടെ; നീ
രാഴികളും താമരപ്പൂക്കളും ഉണ്ടാകട്ടെ; ഇവിടെ സമുദ്രം പാൎത്തുകൊ
ള്ളട്ടെ! 8

ഏഴാമധ്യായം സമാപ്തം.

==

3. ആയുധം——ജ്വാല; അതു ഞങ്ങളെ പീഡിപ്പിയ്ക്കാത്തക്കവണ്ണം ഞങ്ങൾ യാതൊന്നും ചെയ്യപോകരുത്.

4. ഉയൎന്നവ——വൃക്ഷാദികൾ. താന്നവ——ചെടികൾ. രോമങ്ങൾ——ചെടിപ്പടർപ്പും മററും.

5. കൈകളാൽ——ജ്വാലകൾകൊണ്ട്.

6. വസുക്കൾ—രശ്മികളോ, ദേവന്മാരോ.

7. ഇങ്ങനെ, ഖാണ്ഡവദാഹത്തിൽ, ജരിതാവു മുതലായ മൂന്നു പക്ഷികൾ രക്ഷയ്ക്കായി അഗ്നിയെ സ്തുതിച്ചു. നാലാമനായ സ്തംബമിത്രനെന്ന പക്ഷിയുടെ അഗ്നിസ്തുതിയാണ്, ഈ ഋക്കിലും അടുത്തതിലും: ഇത്——ഞങ്ങളുടെ വാസസ്ഥാനം. ഒരു നീരാഴിയാണ്——ചുട്ടെരിയ്ക്കാവുന്നതല്ല.

8. ഇവിടെ സമുദ്രം പാൎത്തുകൊള്ളട്ടെ——സമുദ്രത്തിന്റെ പാർപ്പിടം ദഹിപ്പിയ്ക്കാവുന്നതല്ലല്ലോ; അതുപോലെ, ഇവിടം ഭവാൻ ദഹിപ്പിയ്ക്കരുത്.

എട്ടാമധ്യായം

സൂക്തം 143.

സംഖ്യപുത്രൻ അത്രി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അശ്വികൾ ദേവത.

ആ കഷ്ടപ്പാടാൽ പനിപിടിച്ച അത്രിയെപ്പോലും നിങ്ങൾ ഒരശ്വത്തെപ്പോലെ വേണ്ടേടത്തെയ്ക്കു നടത്തി; കക്ഷീവാനെ നിങ്ങൾ ഒരു തേരിനെപ്പോലെ വീണ്ടും പുതുക്കി! 1

അധൃഷ്യന്മാർ ആരെ, ഒരു നടക്കുതിരയെപ്പോലെ കെട്ടിവലിച്ചുവോ, ആ അത്രിയെപ്പോലും നിങ്ങൾ, ഒരു മുറുകിയ കെട്ടുപോലെ അഴിച്ച്, അതിയുവാവാക്കി, ഈ ലോകത്തെയ്ക്കയച്ചു! 2

തുലോം ദർശനീയരായി വിളങ്ങുന്ന നേതാക്കളേ, നിങ്ങൾ അത്രിയ്ക്കു കർമ്മം തന്നരുളുവിൻ: എന്നാൽ സ്തോതാവിൻെറ സ്തോത്രവും നേതാക്കളായ നിങ്ങളിൽ വീണ്ടും വന്നെത്തും! 3

ശോഭനധനന്മാരായ അശ്വികളേ, ഞങ്ങളുടെ സ്തുതിയും അർപ്പണവും നിങ്ങൾക്കറിയാം: നേതാക്കളേ, വിശാലമായ യജ്ഞസദനത്തിലെങ്ങും ഞങ്ങളെ രക്ഷിയ്ക്കാറുണ്ടല്ലോ, നിങ്ങൾ! 4

നാസത്യന്മാരേ, ഉദധിയിൽ ഉഴിഞ്ഞാലാടിയ ഭുജ്യുവിനെ നിങ്ങൾ പായ്ത്തോണികൾകൊണ്ടു വെള്ളത്തിൽനിന്നു കരയ്ക്കണച്ചു; സേവനസമർത്ഥനുമാക്കി! 5

സൂക്തം 143.

1. പ്രത്യക്ഷോക്തി: കഷ്ടപ്പാടാൽ—അസുരന്മാർ യന്ത്രത്തിൽ പിടിച്ചിട്ടതിനാൽ. പനിപിടിച്ച—രോഗിയായിത്തീർന്ന. അത്രിയെ—എന്നെ. ഒരു മന്ദബുദ്ധിയായിരുന്ന കക്ഷീവാനെ നിങ്ങൾ മികച്ച ബുദ്ധിമാനാക്കി.

2. അധൃഷ്യന്മാർ—ബലിഷ്ഠരായ അസുരന്മാർ.

3. സ്തോതാവിൻെറ—എൻെറ.

4. അർപ്പണം—ഹവിർദ്ദാനം.

5. ഉഴിഞ്ഞാലാടിയ—തിരമാലയിലലഞ്ഞ. സേവനസമർത്ഥൻ—നിങ്ങളെ സേവിപ്പാൻ കഴിവുള്ളവൻ.

സർവ്വജ്ഞരായ നേതാക്കളേ, നിങ്ങരം രണ്ടു തിരുമേനിമാർ പോലെ സുഖങ്ങളോടേ വലിയ ദാനത്തിന്നു വന്നെത്തി, ധാരാളം പാൽ പയ്യിൻെറ അകിടിനെയെന്നപോലെ, ഞങ്ങളെ ചമയിപ്പുവിൻ! 6

സൂക്തം 144.

താർക്ഷ്യപുത്രൻ സുപർണ്ണനോ യമഗോത്രൻ ഊർദ്ധ്വകൃശനോ ഋഷി; ഗായത്രിയും ബൃഹതിയും സതോബൃഹതിയും വിഷ്ടാരപംക്തിയും ഛന്ദസ്സുകരം; ഇന്ദ്രൻ ദേവത.

ഇതാ, അമൃതത്വം കിട്ടിപ്പുന്നതും, സർവ്വജീവാത്മവും ബലപ്രദവുമായ സോമം വിധാതാവായ ഭവാന്നായി ഒരശ്വംപോലെ പുറപ്പെടുന്നു! 1

ഇതാ, ഞങ്ങരംക്കു കല്പിച്ചുതരുന്നവൻെറ സ്തുത്യമായ വജ്രം അത്യന്തം വിളങ്ങുന്നു: തന്തിരുവടി ഊർദ്ധ്വകൃശനനെന്ന സ്തോതാവിനെ പോററുന്നു; ഋഭുപോലെ, ഇമ്പപ്പെടുത്തുന്ന കർമ്മിയെയും പോററുന്നു! 2

ഈ സ്വകീയരിൽ അന്തസ്സോടേ ചെല്ലുന്ന ധർഷയിതാവു കമ്മവാനായ സുപർണ്ണന്ന് ഉൽക്കൃഷ്ടപ്രജ്ഞന്മാരെ ഉദ്ഭാസിപ്പിപ്പൂട്ടെ! 3

നൂറുകണക്കിൽ ധനമുളവാക്കുന്നതും, വൃത്രനെ ആട്ടിപ്പായിച്ചതുമായ യാതൊന്നിനെ താർക്ഷ്യപുത്രൻ സുപർണ്ണൻ ദ്യുമത്തുനിന്നു കൊണ്ടുവന്നുവോ— 4

---

6. തിരുമേനിമാർ—രാജാക്കന്മാർ. സുഖങ്ങളോടേ—ഞങ്ങരംക്കു തരാൻ സുഖങ്ങളുംകൊണ്ടു്. ചമയിപ്പുവിൻ—ധനങ്ങരംകൊണ്ടലംകരിപ്പുവിൻ, ധനസമൃദ്ധരാക്കുവിൻ.

സൂക്തം 144.

1. പ്രത്യക്ഷോക്തി:

2. പരോക്ഷം: തരുന്നവൻെറ—ഇന്ദ്രൻെറ. സ്തോതാവിനെ—എന്നെ. ഋഭു—മൂന്നു സുധന്വപുത്രന്മാരിൽ ഒന്നാമൻ. കർമ്മി—യജമാനൻ.

3. ഈ സ്വകീയർ—യജമാനർ. ധർഷയിതാവ്—ഇന്ദ്രൻ. സുപർണ്ണന്ന്—എനിക്കു്. ഉൽക്കൃഷ്ടപ്രജ്ഞന്മാരെ ഉദ്ഭാസിപ്പിപ്പൂട്ടെ—മികച്ച ബുദ്ധിയുള്ള പുത്രാദികളെ തരട്ടെ എന്നത്ഥം.

ബാധകരഹിതമായി, അന്നജനകമായി, അഴകിൽ വിളങ്ങു
ന്ന യാതൊന്നിനെ പരുന്ത് അങ്ങയ്ക്കായി റാഞ്ചി കൊണ്ടുവന്നുവോ
—ആ ഈ അന്നം ജീവിപ്പാൻ ആയുസ്സു വളർത്തി; ഇതു ബന്ധുവർഗ്ഗ
ത്തെ ഉണർത്തി! 5

ഇപ്രകാരം ആ സോമം കുടിച്ച ഇന്ദ്രൻ സ്തോതാക്കളിലും ഒരു
മഹാതേജസ്വിയററുന്നു. സുകർമ്മാവേ, കർമ്മംമൂലം അന്നവും ആയു
സ്സും വളർത്തപ്പെട്ടുവല്ലോ; ഇതാ, ഞങ്ങൾ അറിഞ്ഞു പിഴിഞ്ഞുവെ
ച്ചിരിയ്ക്കുന്നു! 6

സൂക്തം 145.

ഇന്ദ്രാണി ഋഷി; അനുഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; ഓഷധി ദേവത.

('ദ്വാരകാമന്ദിരം' പോലെ)

'വൻകെല്പാളുമിമ്മരുന്നു
വള്ളി പറിച്ചെടുപ്പൻ ഞാൻ,
[illegible] സപത്നിയ്ക്കിയററാൻ,
ഭർത്താവിനെക്കയ്യിലെടുക്കാൻ. 1

ഊർദ്ധ്വമുഖപത്രേ, ശക്തേ,
ധാത്രേരിതേ, സുഭഗേ, നീ

---

5. പരുന്ത്—സുപർണ്ണൻ

6. സുകർമ്മാവേ ഇത്യാദി പ്രത്യക്ഷോക്തി: അന്നവും ആയുസ്സും വളർത്തപ്പെട്ടുവല്ലോ—ഭവാനാൽ; ഭവാൻ ഞങ്ങളുടെ കർമ്മത്താൽ പ്രസാദിച്ചു, ഞങ്ങൾക്ക് അന്നവും ആയുസ്സും വർദ്ധിപ്പിച്ചുവല്ലോ. വെച്ചിരിയ്ക്കുന്നു —അങ്ങയ്ക്കു സോമം.

സൂക്തം 145.

1. സപത്നീപീഡനമാണ്, ഈ സൂക്തത്തിൽ: പാടവള്ളിയുടെ ചുവട്ടിൽ ഇരുപത്തൊന്നു യവമണി മന്ത്രജപത്തോടേ വിതറുക; പിറേറന്നു മന്ത്രപൂർവ്വം പറിച്ചെടുത്ത് ഇരുകൈകളിലും കെട്ടി, ഭർത്താവിനെ പുണരുക. എന്നാൽ ഭർത്താവു വശപ്പെടും; സപത്നി സങ്കടത്തിലും പെടും.

താഴ്ത്തു, സപത്നിയെ; യെൻെറ—
മാത്രമാക്കു, മണാളനെ! 2

മേലേക്കിടക്കാരെക്കാളും
മേലേയാകുക,ത്തമേ, ഞാൻ;
താന്ന പെണ്ണുങ്ങളെക്കാളും
താന്നോളമാകെ,ൻസപത്നി! 3

ചൊല്ലാ, ഞാനപ്പെണ്ണിൻ പേരു:—
മുല്ലസിപ്പോളാരവളിൽ?
ആവോളം ദൂരത്തെത്തുയ—
യ്ക്കാവൂ, ഞങ്ങൾ സപത്നിയെ! 4

കീഴമർപ്പോളാകാവൂ ഞാൻ:
കീഴമർക്കുന്നോളല്ലോ, നീ;
കീഴമർപ്പോരായ് നാമൊപ്പം
കീഴമർക്ക, സപത്നിയെ!' 5

മർദ്ദകം ഭവാന്നായ് വെച്ചേൻ
മർദ്ദകത്തിൽ വെച്ചേൻ നിന്നെ:
വിദ്രുതമെങ്കലെയ്ക്കോടി—
യെത്തട്ടേ, ഭവാൻെറ ചിത്തം,
കുഞ്ഞിൻനേർക്കു പയ്യുപോലേ,
കുണ്ടിലെയ്ക്കു വെള്ളംപോലേ! 6

---

2. ഊർദ്ധ്വമുഖപത്രേ—മേല്പോട്ടു നോക്കുന്ന (മലർന്ന) ഇലകളുള്ളവളേ. ശക്തേ—കീഴടക്കാൻ ത്രാണിയുള്ളവളേ. ധാത്രേരിതേ—സ്രഷ്ടാവിനാൽ അയയ്ക്കപ്പെട്ടവളേ.

4. അപ്പെണ്ണ്—സപത്നി. അവളിൽ ഉല്ലസിച്ചപ്പോൾ ആര്—ഒരുത്തിയ്ക്കും അവളിൽ പ്രീതിയുണ്ടായില്ല. ഞങ്ങൾ—ഞാൻ.

6. ഭർത്താവിനോട്: മർദ്ദകം—സപത്നീപീഡനൌഷധം.

സൂക്തം 146.

ഇരമ്മദപുത്രൻ ദേവമുനി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അരണ്യാനി ദേവത.

('ദ്വാരകാമന്ദിരം' പോലെ.)

കാണപ്പെടുന്നില്ലാ, നീ വൻ–
കാനനത്തിലരണ്യാനി:
തേടാത്തതെന്തു,രിനെ നീ?
പേടിയില്ല, നിനക്കെന്നോ! 1

സല്ലപിയ്ക്കും ചികിടികൾ
പ്പൊള്ളവീണ മീട്ടുംപോലായ്
ച്ചെല്ല,മൊരു ചീചിക്കാരൻ:
കല്യാണിതാന,രണ്യാനി! 2

മാടുപോലേ മേയും, മൃഗം;
വീടുപോലേ കാണാം, പൊന്ത;
വണ്ടികൾ തിരിച്ചുയയ്ക്കു,–
മന്തിനേരത്തരണ്യാനി! 3

ഇയ്യാൾ ഗോവെ വിളിയ്ക്കയാ–
ണി,–യ്യാൾ വിറകൊടിയ്ക്കുന്നു;

സൂക്തം 146.

1. അരണ്യാനി = വൻകാട്; അതിന്റെ അധിദേവതയാണ്, ഈ സൂക്തത്തിൽ സ്തുതിയ്ക്കപ്പെടുന്നതു്: ഹേ അരണ്യാനി. നീ വൻകാനനത്തിൽ കാണപ്പെടുന്നില്ല—മറഞ്ഞിരിയ്ക്കുകയാണ്. നീ ഊരിനെ തേടാത്തതെന്തുകൊണ്ട്—വല്ല ഗ്രാമത്തിലും പോയിപ്പാർക്കാത്തതെന്തുകൊണ്ട്?

2. ചികിട് സല്ലപിച്ചാൽ (ചിലച്ചാൽ, വിളിച്ചാൽ) ഒരു ചീചിക്കാരൻ (ചീചി എന്നു ശബ്ദിയ്ക്കുന്ന മറ്റൊരു ജന്തു) പൊള്ളവീണ (ഓടമുളകൊണ്ടോ മറ്റോ ഉണ്ടാക്കിയ വീണ) മീട്ടിക്കൊണ്ടെന്നപോലെ. ചെല്ലം—ചീകിടിന്റെ അടുക്കൽ വീണ വായിയ്ക്കാൽ! കല്യാണിതാൻ—നല്ലവൾതന്നെ; ഈ ജന്തുക്കളെയൊക്കെ പോററിപ്പോരുന്നുണ്ടല്ലോ.

3. മൃഗം—മാനുകൾ. പൊന്ത = ചെടിപ്പടർപ്പ്. വണ്ടികൾ— വിറകും മററും കേററാൻ കാട്ടിൽ വന്ന വണ്ടികൾ വൈകുന്നേരം മടങ്ങിപ്പോകുമല്ലോ.

രാവിലരണ്യാനിയിങ്കൽ
വാഴ്‌വോനൊച്ച കേട്ടുണരും! 4

പീഡിപ്പിയ്ക്കില്ലരണ്യാനി:
കാടർ നേരിട്ടണയായ്കിൽ,
രുച്യങ്ങളാം പഴങ്ങൾ തി–
ന്നിച്ഛപോലെ നിവസിയ്ക്കാം! 5

ഇല്ലുഴവു, ൺകോപ്പുണ്ടേററം;
സല്ലേപനേർസൌരഭ്യവും—
ഞാനീ മൃഗാംബയാമര–
ണ്യാനിയെ സ്തുതിച്ചേൻ ചെമ്മേ! 6

സൂക്തം 147.

ശിരീഷപുത്രൻ സുവേദസ്സ് ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

വജ്രപാണേ, തള്ളിനീക്കേണ്ടുന്ന വൃത്രനെ വധിച്ചു ഭവാൻ
വെള്ളം ഇങ്ങോട്ടയച്ചുവല്ലോ; ഭവാൻെറ ആ മുന്തിയ തേജസ്സിനെ
ഞാൻ ബഹുമാനിയ്ക്കുന്നു, വാനൂഴികൾ രണ്ടും അങ്ങയുടെ വരുതി
യിലായല്ലോ; അപ്പോൾ അന്തരിക്ഷവും അങ്ങയുടെ ബലത്താൽ
വിറകൊണ്ടു! 1

അനവദ്യ, അവിടുന്നു യശസ്സിച്ഛിച്ചു, മായാവിയായ വൃത്രനെ
ബുദ്ധികൌശലത്താൽ വലച്ചു. നേതാക്കൾ ഗോക്കളെ കണ്ടുപിടിയ്ക്കു

---

4. ഒരാൾ കാണാതായ പയ്യിനെ വിളിയ്ക്കുന്നു. മററൊരാൾ വിറകൊടിയ്ക്കുന്നു. ഒച്ച (പക്ഷിമൃഗാദിശബ്ദം) കേട്ടു പേടിച്ചുണർന്നുപോകും.

5. കാടർ (വ്യാഘ്ര-ചോരാദികൾ) നേരിട്ടു വന്നില്ലെങ്കിൽ. കാട്ടിൽ ഉപദ്രവമൊന്നുമില്ല. നേരേമറിച്ച്, രുച്യങ്ങ(രുചികരങ്ങ)ളായ പഴങ്ങൾ ഭക്ഷിച്ചു യഥേഷ്ടം പാക്കാം.

6. ഉഴവ് (കൃഷി) ഇല്ല; എന്നാൽ, എങ്ങും ഊൺകോപ്പുണ്ട്, സല്ലേപനേർസൌരഭ്യവും—കസ്തൂരി മുതലായവയുള്ളാത്ത സൌരഭ്യവുമുണ്ട്.

ന്നതിൽ അങ്ങയെത്തന്നെ വരിച്ചു; പ്രാർത്ഥനീയങ്ങളായ എല്ലാ
യാഗങ്ങളിലും അങ്ങയെ വരിച്ചു. 2

പുരുഹൂത, അങ്ങ് ഈ സ്തോതാക്കളിൽ താൽപര്യം പൂണ്ടാലും: മഘവാവേ, വളന്ന ധനം നേടുമല്ലോ, ഇവർ. പുത്രന്നും പൌത്രന്നും ലജ്ജാകരമല്ലാത്ത സമ്പത്തിന്നും മററു ഫലങ്ങൾക്കുംവേണ്ടി ഇവർ ബലവാനായ ഭവാനെത്തന്നേ യജ്ഞത്തിൽ പൂജിച്ചുപോരുന്നു! 3

ആർ നന്തിരുവടിയ്ക്കു് ഊക്കിന്നൊത്ത ലഹരി വരുത്തുമോ, അവന്നു പൊട്ടുന്നനെ സുഭൃതമായ സമ്പത്തു കിട്ടും; മഘവാവേ, അങ്ങയാൽ വളർത്തപ്പെട്ട ആ യഷ്ടാവു പെട്ടെന്നു് ആൾക്കാരെക്കൊണ്ടു് അന്നവും ധനവും സമ്പാദിയ്ക്കും! 4

മഘവാവേ, മികവിൽ പുകഴ്ത്തപ്പെടുന്ന നിന്തിരുവടി ബലം തഴപ്പിച്ചാലും; ധനം തന്നാലും. ഹേ ദർശനീയ, വീതിയ്ക്കുന്ന ഭവാൻ, മിത്രൻപോലെയും വരുണൻപോലെയും ബുദ്ധിയിരുത്തി, ഞങ്ങൾക്കിപ്പോൾ അന്നം തന്നരുളും! 5

സൂക്തം 148.

വേനപുത്രൻ പൃഥു ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, മഹാബല, ഞങ്ങൾ പിഴിഞ്ഞ്, അന്നമൊരുക്കി, നിന്തിരുവടിയെ സ്തുതിയ്ക്കുന്നു: അങ്ങയ്ക്കിഷ്ടം യാതൊന്നോ, ആ ശോഭനധനം ഞങ്ങൾക്കു കിട്ടിച്ചാലും; ഞങ്ങൾ അങ്ങയാൽ രക്ഷിതരായിട്ടു സമ്പത്തു സ്വയം നേടമാറാകണം! 1

സൂക്തം 147.

2. നേതാക്കൾ—അംഗിരസ്സുകൾ.

4. പരോക്ഷം: ഊക്കിന്നൊത്ത—വേഗത്തിന്നുതകുന്ന. ലഹരി—സോമപാനമദം. സുഭൃതം—വഴിപോലെ സമ്പാദിതം. അവശിഷ്ടം പ്രത്യക്ഷം:

5. വീതിയ്ക്കുന്ന—സ്തോതാക്കൾക്കു ധനം വിഭജിച്ചുകൊടുക്കുന്ന.

സൂക്തം 148.

1. പിഴിഞ്ഞ്—സോമം. അന്നം—പുരോഡാശാദി.

ശൂര, ഇന്ദ്ര, മഹാനായ ഭവാൻ ജനിച്ച ഉടൻതന്നേ അസുരന്മാരെ—മടയിൽക്കടന്നു മറഞ്ഞവനെയും, വെള്ളത്തിലൊളിച്ചവനെയും—സൂര്യരൂപങ്ങളാൽ കീഴമർത്തിയല്ലോ; മഴ കിട്ടുകയാൽ ഞങ്ങളും ഇപ്പോറം സോമം ഒരുക്കുന്നു. 2

മേധാവിയും, ഋഷിമാരുടെ സ്തോത്രത്തിൽ തത്പരനും, വിദ്വാനും, സ്വാമിയുമായ ഭവാൻ സ്തുതികളെ കൊണ്ടാടിയാലും: ഞങ്ങരം സോമങ്ങരംകൊണ്ടു പ്രീതിപ്പെടുത്തുമാറാകണം; തേരിലെഴുന്നള്ളുന്നവനേ, അങ്ങയ്ക്കിതാ, ഭക്ഷ്യങ്ങളും! 3

ഇന്ദ്ര, ഇതാ, നിന്തിരുവടിയ്ക്കായി മികച്ച സ്തോത്രങ്ങരം ചൊല്ലുന്നു: ശൂര, ഭവാൻ മനുഷ്യനേതാക്കരംക്കു ബലം നൽകിയാലും; അങ്ങ് ആരെ ഇച്ഛിയ്ക്കുന്നുവോ, അവരുടെ കർമ്മങ്ങളിൽ സംബന്ധിയ്ക്കുക; സ്തോതാക്കളെയും സംഘത്തെയും രക്ഷിച്ചാലും! 4

ശൂര, ഇന്ദ്ര, പൃഥുവിൻെറ വിളി കേരംക്കുക. അങ്ങയെ വേനപുത്രൻ മന്ത്രങ്ങരംകൊണ്ടു സ്തുതിയ്ക്കുന്നു: ഇവൻ അങ്ങയുടെ സജലമായ സദനത്തെ സ്തുതിച്ചുവല്ലോ. മററു സ്തോതാക്കളും, നിമ്നങ്ങളിലൂടേ നീർക്കുത്തെന്നപോലെ, പായുന്നു! 5

സൂക്തം 149.

ഹിരണ്യസ്തൂപപുത്രൻ അച്ചത് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; സവിതാവ് ദേവത.

സവിതാവ് പാശങ്ങരംകൊണ്ടു ഭൂമിയെ സുഖപ്പെടുത്തുന്നു: സവിതാവ് ഒരു പിടിപാടുമില്ലാത്തേടത്തു ദ്യോവിനെ ഉറപ്പിച്ചു; സവിതാവ് വെമ്പലില്ലാത്ത അന്തരിക്ഷത്തിൽ ബന്ധിയ്ക്കപ്പെട്ട മേഘത്തെ ഇളക്കിവിട്ട്, ഒരശ്വത്തെയെന്നപോലെ തല്ലി പ്പഠിപ്പിയ്ക്കുന്നു! 1

---

2. മറഞ്ഞവൻ—വലൻ. വെള്ളത്തിലൊളിച്ചവൻ—കുയവൻ.

3. പ്രീതിപ്പെടുത്തുമാറാകണം—അങ്ങയെ.

5. പൃഥുവിൻെറ—എൻെറ. വേനപുത്രൻ—പൃഥു. സജലം—വർഷജലത്തോടുകൂടിയത്. പായുന്നു—ഭവത്സമീപത്തെയ്ക്ക്.

സൂക്തം 149.

1. പാശങ്ങരംകൊണ്ടു—വായുപാശങ്ങരംകൊണ്ടു കെട്ടി. സുഖിപ്പിയ്ക്കുന്നു—ഉറപ്പിൽ നിർത്തുന്നു. വെമ്പലില്ലാത്ത— നിശ്ചലമായ എന്നർത്ഥം. പഠിപ്പിയ്ക്കുന്നു—മഴപെയ്യൽ ശീലിപ്പിയ്ക്കുന്നു.

അപാംനപാാത്ത, എവിടെ നിർത്തപ്പെട്ടാൽ മേഘം മഴ ചാറുമോ, അവിടം സവിതാവിന്നറിയാം: അദ്ദേഹത്തിൽനിന്നാണ്, ഭൂമിയുണ്ടായത്; അദ്ദേഹത്തിൽനിന്നാണ്, അന്തരിക്ഷമുണ്ടായത്; അദ്ദേഹത്തിൽനിന്നാണ്, വാന്നുഴികാംക്ക വീതി വന്നത്! 2

പിന്നീടത്രേ, ഈ മററ് അമർത്ത്യലോകസ്ഥർ പ്രായേണ യജനീയരായിത്തീർന്നത്. സുപർണ്ണനായ ഗരുഡൻ സവിതാവിനെക്കാം മുമ്പു ജനിച്ചിരിയ്ക്കുന്നു. അതിനാൽ അദ്ദേഹം ഇദ്ദേഹത്തിൻെറ ധർമ്മം അനുസരിച്ചുപോരുന്നു! 3

മാടുകൾ ഗ്രാമത്തിലെയ്ക്കുന്നപോലെയും, യോദ്ധാവ് അശ്വസമീപത്തെയ്ക്കുന്നപോലെയും, മനംതെളിഞ്ഞ കാവപ്പയ്യ് ഉമ്പയിട്ടുകൊണ്ടു കിടാവികളെയ്ക്കുന്നപോലെയും, ഭർത്താവു ഭാര്യാന്തികത്തിലെയ്ക്കുന്നപോലെയും, സ്വർഗ്ഗമുറപ്പിച്ച, സർവവരേണ്യനായ സവിതാവു നമ്മുടെ അടുക്കലെയ്ക്കു വരുമാറാകട്ടെ! 4

സവിതാവേ, അംഗിരഃപുത്രൻ ഹിരണ്യസ്തൂപൻ ഈ അന്നത്തിന്നായി അങ്ങയെ വിളിച്ചുവല്ലോ. അപ്രകാരം അർച്ചത്തും രക്ഷയ്ക്കു് അങ്ങയെ സ്തുതിയ്ക്കുന്നു; സോമലതയെക്കുറിച്ചെന്നപോലെ, ഉണർവുകൊള്ളുകയുംചെയ്യുന്നു. 5

സൂക്തം 150.

വസിഷ്ഠപുത്രൻ മൃളീകൻ ഋഷി; ബൃഹതിയും ഉപരിഷ്ടാജ്ജ്യോതിസ്സും ഛന്ദസ്സുകൾ; അഗ്നി ദേവത.

ഹവ്യവാഹന, അവിടുന്ന് ഉജ്ജ്വലനെങ്കിലും, ദേവന്മാർക്കായി ജ്വലിപ്പിയ്ക്കപ്പെടുന്നു: ആ ഭവാൻ ആദിത്യ–വസു–രുദ്രന്മാരോടുകൂടി ഞങ്ങളിൽ വന്നാലും––മൃളീകനായ എനിയ്ക്കായി വന്നാലും! 1

---

2. അപാംനപാത്ത്––വൈദ്യുതാഗ്നി.

3. സ്തോതാവിനോട്: അമർത്ത്യലോകസ്ഥർ = സ്വർഗ്ഗവാസികൾ, ദേവന്മാർ ഇദ്ദേഹം––സവിതാവ്. ഗരുഡൻ സോമം കൊണ്ടുവന്നതും സവിതാവിൻെറ പ്രേരണത്താലാകുന്നു; അതിന്നുശേഷമാണ്, സോമയാഗം തുടങ്ങിയത്.

5. ഹിരണ്യസ്തൂപൻ––എൻെറ അച്ഛൻ. ഈ അന്നത്തിന്നായി––ഈ സോമം അങ്ങയ്ക്കു തരാൻ. അർച്ചത്തും––ഞാനും. സോമലതയെക്കുറിച്ചെന്നപോലെ––യജമാനൻ സോമലതയെ കണ്ണടയ്ക്കാതെ കാത്തുരക്ഷിയ്ക്കുമല്ലോ; അതുപോലെ ഞാൻ തൽപരിചര്യയിൽ ഉണർവുകൊള്ളുന്നു, ഉത്സുകനായിരിയ്ക്കുന്നു.

നിന്തിരുവടി ഈ യജ്ഞവും ഈ സ്തോത്രവും സ്വീകരിപ്പാൻ വന്നണഞ്ഞാലും: സമുജ്ജ്വല, മർത്ത്യരായ ഞങ്ങൾ അങ്ങയെ വിളിയ്ക്കുന്നു––മുളീകന്നായി വിളിയ്ക്കുന്നു! 2

വിശ്വവരേണ്യനായ, ജാതവേദസ്സായ ഭവാനെത്തന്നേ ഞാൻ സ്തോത്രംകൊണ്ടു സ്തുതിയ്ക്കുന്നു: അഗ്നേ, അവിടുന്നു പ്രിയവ്രതരായ ദേവന്മാരെ ഞങ്ങൾക്കായി കൊണ്ടുവന്നാലും––പ്രിയവ്രതന്മാരെ മുളീകന്നായി കൊണ്ടുവന്നാലും! 3

അഗ്നിദേവൻ ദേവന്മാർക്കു പുരോഹിതനായി; ആ അഗ്നിയെത്തന്നേ ഋഷിമാരായ മനുഷ്യർ ജ്വലിപ്പിച്ചുപോരുന്നു. ഞാൻ വമ്പിച്ച സമ്പത്തു കിട്ടാൻ അഗ്നിയെ വിളിയ്ക്കുന്നു; അദ്ദേഹം മുളീകന്നു സമ്പത്തു കിട്ടിയ്ക്കട്ടെ! 4

അത്രിയും, ഭരദ്വാജനും, ഗവിഷ്ഠിരനും, കണ്വനും, ത്രസദസ്യുവുമാകുന്ന ഞങ്ങളെ യുദ്ധത്തിൽ അഗ്നി രക്ഷിയ്ക്കട്ടെ: പുരോഹിതൻ വസിഷ്ഠൻ അഗ്നിയെ വിളിയ്ക്കുന്നു; മുളീകന്നായി മുമ്പിലിരുത്തട്ടെ! 5

സൂക്തം 151.

കാമഗോത്രക്കാരിയായ ശ്രദ്ധ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ശ്രദ്ധ ദേവത.

ശ്രദ്ധ അഗ്നിയെ ജ്വലിപ്പിയ്ക്കുന്നു; ശ്രദ്ധ ഹവിസ്സു ഹോമിയ്ക്കുന്നു; സമ്പത്തിന്റെ മുകളിലിരിയ്ക്കുന്ന ശ്രദ്ധയെ നാം പരക്കെ കേൾക്കുമാറു സ്തുതിയ്ക്കുക! 1

സൂക്തം 150.

3. പ്രിയവ്രതന്മാർ––കർമ്മതൽപരർ.

5. അഗ്നി മുളീകന്നായി ദേവന്മാരെ മുമ്പിലിരുത്തട്ടെ.

സൂക്തം 151.

1. ശ്രദ്ധ––മനുഷ്യന്ന് അഗ്നിയെക്കുറിച്ചു ഭക്തി വർദ്ധിയ്ക്കുമ്പോൾ, അവൻ അഗ്നിയെ ജ്വലിപ്പിക്കുന്നു. സമ്പത്തിന്റെ മുകളിലിരിയ്ക്കുന്ന––ദ്യുലോകധനപതിയായ, ധനദാത്രിയായ. ശ്രദ്ധയെ––ശ്രദ്ധാഭിമാനിദേവതയെ.

ശ്രദ്ധേ, ഭവതി ഹവിർദ്ദാതാവിന്നു പ്രിയം ചെയ്യുക. ശ്രദ്ധേ, ദാനേച്ഛുവിന്നും പ്രിയംചെയ്യുക; സുഖാനുഭവം തേടുന്ന യജമാനന്മാൎക്കു പ്രിയംചെയ്യുക——ഞാനിപ്പറഞ്ഞതു ചെയ്യുക! 2

ദേവന്മാർ ഉഗ്രന്മാരായ അസുരന്മാരിൽ ശ്രദ്ധ പതിച്ചതെപ്രകാരമോ, അപ്രകാരം ഭവതി സുഖാനുഭവം തേടുന്ന യജമാനന്മാരിൽ, ഞങ്ങളിപ്പറഞ്ഞതു ചെയ്യാലും! 3

ദേവന്മാരും മനുഷ്യരും വായുരക്ഷിതരായിട്ടു ശ്രദ്ധയെ ഉപാസിയ്ക്കുന്നു——മനസ്സങ്കല്പത്തോടേ ശ്രദ്ധയെ ഉപാസിക്കണം: ശ്രദ്ധയാൽ ധനം കൈവരുമല്ലോ! 4

പ്രാതഃകാലത്തു ഞങ്ങൾ ശ്രദ്ധയെ വിളിയ്ക്കുന്നു; മധ്യാഹ്നത്തിൽ ശ്രദ്ധയെ വിളിയ്ക്കുന്നു; സൂര്യാസ്തമയത്തിൽ ശ്രദ്ധയെ വിളിയ്ക്കുന്നു. ശ്രദ്ധേ, ഭവതി ഞങ്ങളെ ഇവിടെ ശ്രദ്ധയുക്തരാക്കിയാലും! 5

സൂക്തം 152.

ഭരദ്വാജപുത്രൻ ശാസൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

('താമരക്കണ്ണൻ' പോലെ)

ചൊൽവൂ, ശാസാഖ്യൻ: മാററാരെത്തിന്നും
നീ വലിയവനദ്ഭുതൻ:
മാൽ വരാ, നിൻതോഴന്നൊരിയ്ക്കലും;
തോൽവിയും പെടുകില്ലല്ലോ! 1

---

2. ദാനേച്ഛു——ഹവിസ്സു നല്കാനിച്ഛിയ്ക്കുന്നവൻ.

3. ശ്രദ്ധ——ഇവരെ തീർച്ചയായും കൊല്ലേണമെന്ന താല്പര്യം ഞങ്ങളിപ്പറഞ്ഞതു——പ്രിയം.

സൂക്തം 152.

1. പ്രത്യക്ഷോക്തി: ശാസാഖ്യൻ——ഞാൻ. ചൊൽവൂ——അങ്ങയെ സ്തുതിയ്ക്കുന്നു. തിന്നും——നശിപ്പിയ്ക്കുന്ന. അദ്ഭുതൻ——ആശ്ചര്യഭൂതൻ. നിൻതോഴന്നു——സ്തുതിച്ചു ഭവാന്റെ മിത്രമായിത്തീർന്നവന്നു. മാൽ——ശത്രുപീഡ,

സ്വസ്തിദൻ പ്രജാപാല, നഭയ—
കൃത്ത, ടർചെയ്‌വാൻ വൃത്രഘ്നൻ
വന്നെത്തുകെ, ഞങ്ങൾതൻമുന്നിൽ വശി—
യിന്ദ്രൻ, വൃഷാവു, സോമപൻ! 2

മർദ്ദിയ്ക്കു, കെതിരാളരക്കരെ;
വൃത്രന്റെയണ ചെത്തുക;
വൃത്രഘ്ന, പോക്കുകെ, ഞങ്ങളെക്കുത്തും
ശത്രുവിൻ ചുണയിന്ദ്ര, നീ! 3

വീഴ്ത്തുകെ, ഞങ്ങൾതൻ മാററാരെ; ത്തല-
താഴ്ത്തിച്ചോടിയ്ക്കുകേ, ല്ലോരെ;
ചീത്തയിരുട്ടിൽത്തള്ളുകെ, ഞങ്ങളി—
ലാർത്തി ചേർപ്പോനെയിന്ദ്ര, നീ! 4

ഇന്ദ്ര, പോക്കുക, ഹിംസ്രന്റെ മനം,
കൊന്നേയ്ക്കുവോന്റെ ശസ്ത്രവും;
ഈററ പററാതേ നല്ക, നൽസ്സുഖം;
വേറുപെടുത്തു, ഹിംസ നീ! 5

---

2. അഭയകൃത്ത്——അഭയമുളവാക്കുന്നവൻ. വശി——ലോകത്തെ വശത്താക്കുന്നവൻ.

3. എതിരാളരക്കരെ——എതിരാളരെയും (പൊരുതുന്ന ശത്രുക്കളെയും) രാക്ഷസരെയും. അണ=അണക്കെട. കുത്തും——പീഡിപ്പിക്കുന്ന.

4. വീഴ്ത്തുക——കൊന്നാലും. എല്ലോരെ——പൊരുതാൻ നേരിടുന്നവരെ. ഞങ്ങളിലാർത്തി ചേർപ്പോനെ——ഞങ്ങളെ ദ്രോഹിയ്ക്കുന്നവനെ. ചീത്തയിരുട്ടിൽത്തള്ളുക——മരണത്തിൽ പെടുത്തി.

5. മനം പോക്കുക——വിചാരം ഫലിയ്ക്കാതാക്കിയാലും. ശസ്ത്രം=ആയുധം. ഈററ പററാതേ നല്ക, നൽസ്സുഖം——ശത്രുവിന്റെ ക്രോധം ഞങ്ങളിൽ ഫലിയ്ക്കാതാക്കി, ഞങ്ങൾക്കു നല്ല സുഖം തന്നാലും. ഹിംസ വേറപെടുത്തു——ശത്രു ഞങ്ങളെ കൊന്നേയ്ക്കരുതെന്നർത്ഥം.

സൂക്തം 153.

ഇന്ദ്രമാതാക്കൾ ഋഷിമാർ; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ജാതനാമിന്ദ്രനെച്ചെന്നു കർമ്മതല്പരമാരവർ
സേവിച്ചീടുന്നു; നേടുന്നു; നല്ല വീറൊത്ത വിത്തവും: 1
കീഴമർത്തും കരുത്തിങ്കൽനിന്നു, മോജസ്സിൽനിന്നുമേ
ജനിച്ചോനാണു, നീയിന്ദ്ര; വർഷിയാണു, വൃഷാവു നീ! 2
വൃത്രനെക്കൊന്നു, നീയിന്ദ്ര; വീതിവെപ്പിച്ചു, വാനിനെ;
ഉറപ്പിയ്ക്കുകയുംചെയ്തു, കരുത്താൽ വിണ്ടലത്തെ നീ! 3
ഒപ്പം പ്രീതിപ്പെടും സ്തുത്യമായ വജ്രം കരുത്തിനാൽ
മൂച്ചുകൂട്ടി വഹിയ്ക്കുന്നു, തൃക്കരങ്ങളിലിന്ദ്ര, നീ! 4
കീഴടക്കിയിരിപ്പൂ, നീ സർവഭൂതത്തെയും ബലാൽ;
ഇന്ദ്ര, ചെന്നമിരിയ്ക്കുന്നു, സർവസ്ഥാനത്തിലും ഭവാൻ! 5

സൂക്തം 154.

വിവസ്വൽപുത്രി യമി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; മൃതാവസ്ഥ ദേവത.

ചിലർക്കു സോമം ഒഴുകുന്നു; ചിലർ നെയ്യുണ്ണുന്നു; ചിലർക്കായി
തേൻ പായുന്നു. ഭവാനും അവരിൽത്തന്നെ ചെന്നാലും! 1

യാവചിലർ തപസ്സുമൂലം അധൃഷ്യരായോ; യാവചിലർ സ്വ
ർഗ്ഗം പ്രാപിച്ചുവോ; യാവചിലർ വലിയ തപസ്സു ചെയ്തുവോ;
ഭവാനും അവരിൽത്തന്നേ ചെന്നാലും! 2

സൂക്തം 153.

1. ദേവന്മാരുടെ സോദരിമാരത്രേ, ഇന്ദ്രമാതാക്കൾ. അവർ—ഇന്ദ്രമാതാക്കൾ. വീറ്=വീര്യം.

2. വർഷി—അഭീഷ്ടവർഷകൻ.

5. ബലാൽ=കെല്പുകൊണ്ട്.

സൂക്തം 154.

1. മൃതനോട്: സോമം കുടിയ്ക്കുന്നവർ, നെയ്യുണ്ണുന്നവർ, തേൻ നുകരുന്നവർ—ഇങ്ങനെ പല തരത്തിലുണ്ട്, പിതൃക്കൾ.

യാവചിലർ പടകളിൽ പൊരുതുന്നുവോ; യാവചില ശൂരന്മാർ ദേഹം വെടിഞ്ഞുവോ; യാവചിലർ ആയിരം ദക്ഷിണ കൊടുത്തുവോ; ഭവാനും അവരിൽത്തന്നേ ചെന്നാലും! 3

പണ്ടു യാവചിലർ സത്യം വിടാതെ സത്യപരരായി സത്യം വളർത്തിയോ; ആ തപോയുക്തരായ പിതൃക്കളിൽത്തന്നേ യമ, ഭവാനും ചെന്നാലും! 4

ആയിരംപേരെ നയിയ്ക്കുന്ന യാവചില കവികൾ സൂര്യനു കാവൽനില്ക്കുന്നുവോ, ആ തപോജാതരും തപോയുക്തരുമായ ഋഷിമാരിൽത്തന്നേ യമ, ഭവാനും ചെന്നാലും! 5

സൂക്തം 155.

ഭരദ്വാജപുത്രൻ ശിരിംബിഠൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; അലക്ഷ്മിയും ബ്രഹ്മണസ്പതിയും വിശ്വേദേവകളും ദേവതകൾ.

('താമരക്കണ്ണൻ' പോലെ.)

പിച്ചേ, കണ്ടാലെറസ്സും വിരൂപേ,
പിച്ചൊലി നിത്താത്തീ നിന്നെ
അശ്ശിരിംബിഠകർമ്മത്താലെങ്ങൾ
തച്ചാട്ടും; പോയ്ക്കൊൾക,ദ്രിയിൽ! 1

---

3. ദേഹം വെടിയുക—പൊരുതി മരിയ്ക്കുക.

4. യമ—അടങ്ങിയവനേ, മരിച്ചവനേ.

5. ആയിരംപേരെ—വളരെയാളുകളെ.

സൂക്തം 155.

1. പിച്ചേ=ഹേ അറുപിശുക്കി. ആർക്കുമൊന്നും കൊടുക്കാത്ത കൂട്ടരെ പിച്ചകൾ എന്നു പറയും. പിച്ചൊലി നിത്താത്ത—സദാ നിരർത്ഥമായി ഒച്ചയിടുന്ന. അശ്ശിരിംബിഠകർമ്മത്താൽ—ഈ സൂക്തത്തിന്റെ ഋഷിയായ ശിരിംബിഠന്റെ ആ കർമ്മംകൊണ്ട്. നീ അദ്രിയിൽ (വല്ല മലയിലും) പോയ്ക്കൊൾക; ഞങ്ങളെ ഉപദ്രവിയ്ക്കേണ്ടാ.

ഇങ്ങുനിന്നു പോയ്പ്പോക,ങ്ങുനിന്നു–
മങ്കുരമൊക്കെത്തിന്നും നീ:
മീതേ പാറിയ ക്ക, ബ്രഹ്മണസ്പതേ
നീ തീവ്രാച്ചിസ്സേ, പിച്ചയെ! 2

ആളില്ലാത്തൊരു തോണിയുണ്ടതാ,
ആഴിക്കരെയ്ക്കൽ നീന്തുന്നു:
നീയതു പിടിച്ചു,പ്പുറത്തെയ്ക്കു–
പോയിക്കൊൾക,ണ കെട്ടോളേ! 3

മേക്കാച്ചികരഞ്ഞിക്കൊലക്കാരി–
യുക്കിൽച്ചെന്നേററതോടൊപ്പം
നീർക്കുമിളകൾപോലടങ്ങിപ്പോയ് ,
ബാക്കിയില്ലാതിന്ദ്രാരികൾ! 4

ഗോക്കളെക്കൊണ്ടു പോന്നാർ; പിമ്പിവർ
നേക്കു വാഴിച്ചാര,ഗ്നിയെ;
ആഹാരം വാനോർക്കേർപ്പെടുത്തിനാ;–
രാരുണ്ടി,വരെക്കീഴ്നിത്താൻ? 5

---

2. ഇങ്ങുനിന്നു പോയി, അങ്ങുനിന്നും പോക—എല്ലാടത്തുനിന്നും പോവുക. അങ്കുരം—മുളച്ച സസ്യം. പാറിയ്ക്ക—പറപ്പിച്ചാലും. തീവ്രാച്ചിസ്സ്= തീക്ഷ്ണതേജസ്സൻ. പിച്ചയെ—അറുപിശുക്കിയായ അലക്ഷ്മിയെ.

3. നീന്തുന്നു—അലകളിൽ അലയുന്നു. അപ്പുറത്തെയ്ക്കു=മറുകരയിലെയ്ക്കു്. അണ കെട്ടോളേ—ചീത്ത അണക്കടയുള്ളവളേ.

4. മേക്കാച്ചികരഞ്ഞ്=തവളയ്ക്കൊത്ത ഒച്ച പുറപ്പെടുവിച്ച് ഇക്കൊലക്കാരി—ഹിംസാശീലയായ അലക്ഷ്മി. ഇന്ദ്രാരികൾ (അസുരന്മാർ) ബാക്കിയില്ലാതെ (മുഴുവൻ) അടങ്ങിപ്പോയ്—ഹതരായി എന്നർത്ഥം.

5. വിശ്വേദേവന്മാരെപ്പററി: ഗോക്കളെ—പർണികളപഹരിച്ച പൈക്കളെ. ഇവർ—വിശ്വേദേവന്മാർ. അലക്ഷ്മീനാശനമത്രേ, ഈ സൂക്തം.

സൂക്തം 156.

അഗ്നിപുത്രൻ കേതു ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.

('ദ്വാരകാമന്ദിരം'പോലെ.)

അസ്മൽസ്തവം പോരിൽപ്പായു—
മശ്വത്തെപ്പോലീയഗ്നിയെ
പ്രേരിപ്പിയ്ക്കുകി:—ദ്ദേഹത്താ—
ലോരോ സ്വത്തും വെല്ലാവൂ, നാം! 1

ഏതു സേനയാലോ ഞങ്ങൾ
ഗോതതിയെ നേടുമഗ്നേ,
അത്ത്വദ്രക്ഷയിലാക്ക—
ക,ർത്ഥാപ്തിയ്ക്കായെങ്ങളെ നീ! 2

എത്തിച്ചാലും, ഗവാശ്വങ്ങ—
ളൊത്ത പൃഥു മഹാധനം:
വാനം നനയ്ക്കുക; കൊടാ—
ത്തോനെപ്പോക്കുക,ഗ്നേ ഭവാൻ! 3

താരകങ്ങളെയും ജര—
ചേരാസ്സൂര്യനെയുമഗ്നേ,
ആളുകൾക്ക വെളിച്ചത്തി—
ന്നായങ്ങല്ലോ, കേററീ വാനിൽ! 4

സൂക്തം 156.

1. അസ്മൽസ്തവം=നമ്മുടെ സ്തുതി. അശ്വത്തെപ്പോലെ——അശ്വത്തെ യോദ്ധാവുപോലെ. പ്രേരിപ്പിയ്ക്കുക——യാഗാർത്ഥം ഉദ്യുക്തനാക്കട്ടെ. ഇദ്ദേഹത്താൽ——അഗ്നിയുടെ തുണയാൽ. വെല്ലാവൂ——കീഴടക്കുമാററാകണം.

2. ഏതു സേനയാലോ——അഗ്നിയുടെ രക്ഷയെ ഒരു സേനയാക്കിക്കല്പിച്ചിരിയ്ക്കുന്നു. അർത്ഥാപ്തിയ്ക്കായ്=ധനം കിട്ടാൻ.

3. എത്തിച്ചാലും——ഞങ്ങൾക്ക കൊണ്ടുവന്നാലും. പൃഥു=വിശാലം. വാനം നനയ്ക്കുക——മഴ പെയ്യിച്ചാലും. കൊടാത്തോനെ=അദാതാവിനെ; പോക്കുക——ആട്ടിപ്പായിച്ചാലും.

4. താരകങ്ങൾ=നക്ഷത്രങ്ങൾ. ജരചേരാസ്സൂര്യൻ——നിർജ്ജരനായസൂര്യൻ.

അഗ്നേ, നരർക്കടയാള-
മഗ്ര്യ,നതിപ്രിയൻ ഭവാൻ,
തേറേണമേ സ്തോതാവിന്നു
ചോറേകുവാൻ യജ്ഞസ്ഥനായ്! 5

സൂക്തം 157.

അപ്ത്യപുത്രൻ ഭുവനനോ ഭുവനപുത്രൻ സാധനനോ ഋഷി; ദ്വിപദാത്രിഷ്ടപ്പ് ഛന്ദസ്സ്; വിശ്വേദേവകരം ദേവത.

ഇന്ദ്രനും ദേവന്മാരെല്ലാവരും ഈ ഭുവനങ്ങളെ നമുക്കു വശത്താക്കിത്തരട്ടെ! 1

നമ്മുടെ യജ്ഞത്തെയും ദേഹത്തെയും സന്താനത്തെയും ആദിത്യസമേതനായ ഇന്ദ്രൻ പോററട്ടെ! 2

ആദിതേയരോടും മരുദ്ഗണത്തോടുംകൂടിയ ഇന്ദ്രൻ നമ്മുടെ ശരീരങ്ങളെ രക്ഷിയ്ക്കട്ടെ! 3

ദേവന്മാർ അസുരന്മാരെക്കൊന്നു തിരിച്ചെത്തി; അതോടേ, ദേവന്മാർ ദേവത്വം നിലനിർത്തി! 4

കർമ്മികരം സ്തോത്രം നേരിട്ടയച്ചു; ഉടൻതന്നേ പരക്കെ മഴ പെയ്യുന്നതും കാണപ്പെട്ടു! 5

---

5. നരർ––യാഗം ചെയ്യുന്ന മനുഷ്യർ. അടയാളം––യാഗചിഹ്നം. അഗ്ര്യൻ––ശ്രേഷ്ഠൻ. തേറേണമേ––ഞങ്ങളുടെ സ്തുതി അറിഞ്ഞാലും.

സൂക്തം 157.

4. തിരിച്ചെത്തി––സ്വസ്ഥാനങ്ങളിൽ.
5. നേരിട്ടയച്ചു––ദേവന്മാർക്ക്.

സൂക്തം 158.

സൂര്യപുത്രൻ ചക്ഷുസ്സ് ഋഷി; ഗായത്രി ഛന്ദസ്സ്; സൂര്യൻ ദേവത.

സ്വർല്ലോകത്തിൽനിന്നു നമ്മെ സൂര്യനും, അന്തരിക്ഷത്തിൽ
നിന്നു വായുവും, ഭൂമിയിൽനിന്നു നമ്മെ അഗ്നിയും രക്ഷിയ്ക്കട്ടെ! 1

സവിതാവേ, കൈക്കൊള്ളുക: ഭവാന്റെ തേജസ്സു നൂറുനൂറു
യജ്ഞങ്ങളെ അർഹിയ്ക്കുന്നു. ആ ഭവാൻ ഞങ്ങളെ ഇടിവാളേൽക്കു
ന്നതിൽനിന്നു രക്ഷിച്ചാലും! 2

ദേവൻ സവിതാവു നമുക്കു കണ്ണു തരട്ടെ; പർവതൻ നമുക്കു
കണ്ണു തരട്ടെ; ധാതാവു നമുക്കു കണ്ണു തരട്ടെ! 3

ഞങ്ങൾക്കു കാണാൻ കണ്ണു തരിക; ദേഹങ്ങൾക്കു വെളിച്ച
ത്തിന്നു കണ്ണു തരിക. ഞങ്ങളും ഇതു ശരിയ്ക്കു കാണുമാറാകണം! 4

സൂര്യ, വഴിപോലെ കാണുന്ന ഭവാനെ ഞങ്ങളിൽ ഓരോരു
ത്തനും കാണുമാറാകണം—മനുഷ്യർ കാണേണ്ടുന്നവ ഞങ്ങൾ വി
ശേഷാൽ കാണുമാറാകണം! 5

സൂക്തം 159.

പുലോമപുത്രി ശചി ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ശചിതന്നെ ദേവത.
('ദാരകാമന്ദിരം' പോലെ).

മാർത്താണ്ഡനുദിച്ചുപൊങ്ങി,
മാമകമിസ്സൌഭാഗ്യവും:

സൂക്തം 158.

1. സ്വർല്ലോകം, അന്തരിക്ഷം, ഭൂമി എന്നിവയിൽനിന്നുള്ള ഉപദ്രവങ്ങ
ളിൽനിന്നു നമ്മെ യഥാക്രമം സൂര്യനും, വായുവും, അഗ്നിയും രക്ഷിയ്ക്കട്ടെ.

2. കൈക്കൊള്ളുക—ഞങ്ങളുടെ പരിചരണം സ്വീകരിച്ചാലും.

3. പർവതൻ—ഇന്ദ്രസഹചരനായ ഒരു ദേവൻ. ധാതാവ്—ആദിത്യരി
ലൊരുവൻ.

4. ഇത്—ജഗത്ത്,

കീഴിൽവെച്ചേൻ കണവനെ,—
ക്കീഴമത്തി വിദ്വേഷി ഞാൻ! 1

സർവജ്ഞ, ഞാൻ; ശിരസ്സ, ഞാൻ;
സമ്പൂർണ്ണ, ഞാൻ; കൊഞ്ചിപ്പോരാം, ഞാൻ;
മാനിയ്ക്കുന്തു, കീഴമത്ത
ഞാനാചരിപ്പതേ നാഥൻ! 2

എൻപുത്രന്മാരരിന്ദമ;—
രെൻപുത്രി നല്പഴകുറോരാം;—
വെന്നടക്കിവെച്ചേൻ ഞാനു;—
മുന്നത,മെൻപേരീശങ്കൽ! 3

ഏതവിസ്സാലിന്ദ്രൻ കർമ്മോ-
പേതനായ്പ്പേരാണ്ടുയർന്നു,
ആയതിതാ: നിസ്സപത്ന-
യായേനല്ലോ, വാനോരേ, ഞാൻ! 4

ഇല്ലെതിർ മേ; സപത്നിയെ-
ക്കൊല്ലും, വെല്ലു,മമത്തും ഞാൻ;
ശത്രുവിൻ തേജസ്സും സ്വത്തു-
മസ്ഥിരന്റെപോലറുത്തേൻ! 5

സൂക്തം 159.

1. എന്റെ ഈ സൌഭാഗ്യവും ഉദിച്ചുപൊങ്ങി. കീഴമത്തി——സപത്നിമാരെ.

2. ശിരസ്സ്——പ്രധാനഭൂത. സമ്പൂർണ്ണ——എല്ലാം തികഞ്ഞവരം, ഉൽക്കൃഷ്ട. കൊഞ്ചിപ്പോരാം——ഭർത്താവിനെക്കൊണ്ടു സദാ ഓമനവാക്കുകരം പറയിയ്ക്കുന്നവരം. ആചരിപ്പതേ——ചെയ്യുന്നതുതന്നെ; മററു സ്ത്രീകരം ചെയ്യുന്നതു നാഥൻ (ഭർത്താവ്) മാനിയ്ക്കാറില്ല.

3. വെന്നടക്കിവെച്ചേൻ——സപത്നികളെ. എൻപേർ (എന്റെ യശസ്സ്) ഈശങ്കൽ (ഭർത്താവിങ്കൽ) ഉന്നതമായിരിയ്ക്കുന്നു; ഭർത്താവിന്നു ഞാനാണ്, തുലോം പുകരംപ്പെട്ടവരം.

4. ആയതിതാ——ആ ഹവിസ്സ് ഇതാ, ഞാൻ ഉണ്ടാക്കിയിരിയ്ക്കുന്നു.

5. ശത്രു——സപത്നി. അസ്ഥിരന്റെപോലെ——പോരിലുറപ്പില്ലാത്തവന്റെ (പേടിച്ചോടുന്ന ശത്രുവിന്റെ) സമ്പത്തു നിഷ്പ്രയാസം നശിപ്പിയ്ക്കാമല്ലോ.

നന്നായ് വെന്നേൻ, കീഴമർത്തി–
നിന്നിസ്സപത്നിമാരെ ഞാൻ,
ഈ വീരന്നുമാളുകൾക്കും
ദേവിയായിച്ചമയുവാൻ! 9

———

സൂക്തം 160.

വിശ്വാമിത്രപുത്രൻ പൂരണൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, മത്തുപിടിപ്പിയ്ക്കുന്ന പുരോഡാശാദിസഹിതമായ ഇതു
നിന്തിരുവടി നുകർന്നാലും: തേർ വലിച്ച ഹരികളെ ഇവിടെ അഴി
ച്ചുവിടുക. മററു യഷ്ടാക്കൾ അങ്ങയെ അത്ര ഇമ്പപ്പെടുത്തരുത്;
ഇതാ, അങ്ങയ്ക്കായി പിഴിഞ്ഞതത്. 1

ഇന്ദ്രാ, അങ്ങയ്ക്കാണ്, പിഴിഞ്ഞതത്; പിഴിയാൻപോകുന്നതും
അങ്ങയ്ക്കുതന്നെ. തെരുതെരെ പുറപ്പെടുന്ന സ്തുതികളും അങ്ങയെത്ത
ന്നേ വിളിയ്ക്കുന്നു. സർവജ്ഞനായ ഭവാൻ ഇപ്പോൾ ഈ സവന
ത്തിൽ സംബന്ധിച്ച്, ഇവിടെ സോമം നുകർന്നാലും! 2

യാതൊരു ദേവകാമൻ സാഭിലാഷമായ പൂർണ്ണമനസ്സോടേ
ഇന്ദ്രന്നു സോമം പിഴിയുമോ, അവൻെറ ഗോക്കളെ അവിടുന്നു ക്ഷ
യിപ്പിയ്ക്കില്ല; അവന്നു ശോഭനവും പ്രശസ്തവുമായ (ധനം) കല്പിച്ചു
കൊടുക്കും! 3

യാതൊരു ധനികരിൽ മഘവാവിന്നു സോമം പിഴിയുമോ,
അവന്നു തന്തിരുവടി പ്രത്യക്ഷനാകും: അവനെ, അവിടുന്നു കൈ
പിടിച്ചു കാത്തരുളും; അപേക്ഷിയ്ക്കപ്പെടാതെതന്നേ ബ്രഹ്മദ്വേഷി
കളെ ഹനിയ്ക്കും! 4

---

6. ഈ വീരൻ––എൻെറ ഭർത്താവായ ഇന്ദ്രൻ. ദേവി––സ്വാമിനി.

സൂക്തം 160.

1. ഇതു––സോമം. ഞങ്ങൾതന്നേ വേണം, ഇമ്പപ്പെടുത്തുക.
3 ക്ഷയിപ്പിയ്ക്കില്ല––പെരുപ്പിയ്ക്കുകയേ ചെയ്യൂ.

ഇന്ദ്ര, അശ്വത്തെയും ഗോവിനെയും അന്നത്തെയും കാംക്ഷിക്കുന്ന ഞങ്ങൾ അങ്ങയെ പ്രാപിപ്പാൻവേണ്ടി വിളിക്കുന്നു: ഞങ്ങൾ അങ്ങയുടെ പുതിയ സന്മനസ്സിൽ വർത്തിച്ചു, സുഖകരനായ അങ്ങയെ വിളിക്കുമാറാകണം! 5

സൂക്തം 161.

പ്രജാപതിപുത്രൻ യക്ഷ്മനാശനൻ ഋഷി; ത്രിഷ്ടുപ്പും അനുഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

ഭവാനെ ജീവിച്ചിരിപ്പാൻ, അജ്ഞാതരോഗത്തിൽനിന്നും രാജയക്ഷ്മാവിൽനിന്നും ഞാൻ ഹവിസ്സുകൊണ്ടു മോചിപ്പിക്കാം. അഥവാ, ഇയ്യാളെ ഇപ്പോൾ പിശാചു പിടികൂടിയിരിക്കയാണെങ്കിൽ, ഇന്ദ്രാഗ്നികളേ, അതിൽനിന്ന് ഇയ്യാളെ നിങ്ങൾ മോചിപ്പിക്കുവിൻ! 1

ആയുസ്സറ്റു എന്നിരിക്കട്ടെ, മരിച്ചു എന്നിരിക്കട്ടെ, മൃത്യുവിന്റെ അടുക്കൽ കൊണ്ടുപോയിക്കഴിഞ്ഞു എന്നുതന്നെയിരിക്കട്ടെ: ഇയ്യാളെ ഞാൻ നിരൃതിയുടെ മടിയിൽനിന്നു കൊണ്ടുപോരും; ഒരു നൂറാണ്ടു ജീവിപ്പാൻ കരുത്തനുമാക്കും! 2

ആയിരം കണ്ണും, നൂറാണ്ടും, നൂറുവയസ്സുമുള്ള ഹവിസ്സുകൊണ്ടു ഞാൻ ഇയ്യാളെ വീണ്ടെടുക്കും: ഇന്ദ്രൻ ഇയ്യാളെ നൂറുകൊല്ലം നടത്തു, സർവദുരിതത്തിന്റെയും മറുകരയിലണയ്ക്കട്ടെ! 3

---

5. സന്മനസ്സിൽ വർത്തിച്ച്—അനുഗ്രഹപാത്രങ്ങളായിട്ട്.

സൂക്തം 161.

1. രോഗിയോട്: രാജയക്ഷ്മാവ്=ക്ഷയം.

2. നിരൃതി—ആയുസ്സു ക്ഷയിപ്പിക്കുന്ന പാപദേവത.

3. ആയിരം കണ്ണും, നൂറാണ്ടും, നൂറുവയസ്സുമുള്ള—ഫലതോന ആയിരം കണ്ണുകളെയും നൂറു വയസ്സിനെയും ഉളവാക്കുന്ന. നൂറാണ്ടും നൂറുവയസ്സും ഒന്നുതന്നെ.

ഭവാൻ നൂറുശരത്തു മുഴുവൻ, നൂറു ഹേമന്തം മുഴുവൻ, നൂറു വസന്തം മുഴുവൻ അഭിവൃദ്ധിയോടേ ജീവിച്ചിരിയ്ക്കുക: ശതായുസ്സായ ഹവിസ്സിനാൽ ഇന്ദ്രാഗ്നികളും സവിതാവും ബൃഹസ്പതിയും ഇയ്യാളെ തിരിച്ചുതന്നിരിയ്ക്കുന്നു! 4

ഭവാനെ ഞാൻ കൊണ്ടുപോന്നു - ഭവാനെ ഞാൻ കൈക്കലാക്കി: വീണ്ടും പിറന്നവനേ, തിരിച്ചുവരൂ. സർവാംഗസഹിത, ഭവാനു സർവേന്ദ്രിയവും, ഭവാനു സർവായുസ്സും ഞാൻ നേടിയിരിയ്ക്കുന്നു! 5

—— ——

സൂക്തം 162.

ബ്രഹ്മപുത്രൻ രക്ഷോഹാവ് ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; ഗർഭരക്ഷ ദേവത.

മന്ത്രത്തോടു ചേർന്ന രക്ഷോഹാഗ്നി നിന്റെ ഗർഭത്തിൽ രോഗമായും യോനിയിൽ അർശസ്സായും സ്ഥിതിചെയ്യുന്നവനെ ഇവിടെനിന്നു തുരത്തട്ടെ! 1

നിന്റെ ഗർഭത്തിൽ രോഗമായും, യോനിയിൽ അർശസ്സായും സ്ഥിതിചെയ്യുന്ന മാംസഭോജിയെ മന്ത്രസമേതനായ അഗ്നി മുച്ചൂടും മുടിയ്ക്കട്ടെ! 2

ആർ നിന്റെ (ഗർഭാശയത്തിൽ) നിപതിച്ച രേതസ്സിനെ, ആർ ഇളകിത്തുടങ്ങിയതിനെ, ആർ നിന്റെ പിറന്ന കുട്ടിയെ നശിപ്പിയ്ക്കാൻ നോക്കുമോ, അവനെ ഞങ്ങൾ ഇവിടെനിന്നോടിയ്ക്കും! 3

ആർ നിന്റെ തുടകളെ തമ്മിലകററുമോ, ആർ ദമ്പതികളുടെ നടുവിൽ കിടക്കുമോ, ആർ യോനിയിൽ കടന്നു നക്കുമോ, അവനെ ഞങ്ങൾ ഇവിടെനിന്നോടിയ്ക്കും! 4

---

4. ആദ്യവാക്യം രോഗിയോട്:

5. രോഗിയോട്: രോഗശാന്തികരങ്ങളത്രേ, ഈ മന്ത്രങ്ങൾ.

സൂക്തം 162.

1. ഗർഭിണിയോട്: സ്ഥിതിചെയ്യുന്നവനെ—രാക്ഷസനെ.

2. മാംസഭോജി=രാക്ഷസൻ.

4. അകററും—ഗർഭഹനനത്തിന്ന്. നക്കും—വീണ ശുക്ലത്തെ.

ആർ നിന്റെ അടുക്കൽ ഭ്രാതാവിന്റെയോ ഭർത്താവിന്റെയോ ജാരന്റെയോ വടിവെടുത്തു പറന്നെത്തി, നിന്റെ കുഞ്ഞിനെ കൊല്ലാൻ നോക്കുമോ, അവനെ ഞങ്ങൾ ഇവിടെനിന്നോടിയ്ക്കും! 5

ആർ നിന്നെ കിനാവിനാൽ മയക്കി, വന്നെത്തി, നിന്റെ കുഞ്ഞിനെ കൊല്ലാൻ നോക്കുമോ, അവനെ ഞങ്ങൾ ഇവിടെനിന്നോടിയ്ക്കും! 6

സൂക്തം 163.

കശ്യപഗോത്രൻ വിവൃഹാവ് ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; രോഗശാന്തി ദേവത.

നിന്റെ കണ്ണിൽനിന്നു, മൂക്കിൽനിന്നു, ചെവിയിൽനിന്നു, താടിയിൽനിന്നു, തലയിൽനിന്നു, തലച്ചോറിൽനിന്നു, നാവിന്മേൽനിന്നു, നിനക്കുള്ള രോഗം ഞാൻ പറിച്ചുനീക്കാം! 1

നിന്റെ കഴുത്തിലെ പെരുഞരമ്പുകളിൽനിന്നു്, എല്ലുകളിൽനിന്നു്, എല്ലേപ്പുകളിൽനിന്നു, കൈപ്പടങ്ങളിൽനിന്നു, ചുമലുകളിൽനിന്നു, കൈകളിൽനിന്നു, നിനക്കുള്ള രോഗം ഞാൻ പറിച്ചുനീക്കാം! 2

നിന്റെ കുടരിൽനിന്നു, കുഴലുകളിൽനിന്നു, പെരുംകുടരിൽനിന്നു, ഹൃദയത്തിൽനിന്നു, വൃക്കങ്ങളിൽനിന്നു, യകൃത്തിൽനിന്നു, മാംസങ്ങളിൽനിന്നു, നിനക്കുള്ള രോഗം ഞാൻ പറിച്ചുനീക്കാം! 3

നിന്റെ തുടമേൽനിന്നു, കാൽമുട്ടിന്മേൽനിന്നു, മടമ്പിൽനിന്നു, പുറവടിയിൽനിന്നു, ജഘനത്തിൽനിന്നു്, ഒളിതിരണ്ട പായുവിൽനിന്നു നിനക്കുള്ള രോഗം ഞാൻ പറിച്ചുനീക്കാം! 4

നിന്റെ മൂത്രം വീഴ്ത്തുന്ന മേഢ്രത്തിൽനിന്നു, രോമങ്ങളിൽനിന്നു, നഖങ്ങളിൽനിന്നു്––എല്ലാദ്ദേഹത്തിൽനിന്നും––നിനക്കുള്ള രോഗം ഞാൻ പറിച്ചുനീക്കാം! 5

സൂക്തം 163.

1. രോഗിയോടു്:

3. വൃക്കങ്ങൾ––ഇരുവശങ്ങളിലും തണ്ടെല്ലിന്നടുത്തുള്ള ഓരോ മുഴ.

അവയവത്തിൽനിന്ന് അവയവത്തിൽനിന്നു, രോമത്തിൽ
നിന്നു രോമത്തിൽനിന്നു്, ഏപ്പിൽനിന്നു്––നിന്റെ എല്ലാ
ദ്ദേഹത്തിൽനിന്നും––രോഗം ഞാൻ പറിച്ചുനീക്കാം! 6

സൂക്തം 164.

അംഗിരോഗോത്രൻ പ്രചേതസ്സ് ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും പംക്തിയും ഛന്ദസ്സുകൾ; ദുസ്സ്വപ്നശാന്തി ദേവത.

കിനാവിന്റെ ഉടമസ്ഥ, നീ വിട്ടുപോവുക: കാൽ നീട്ടി
നീട്ടിവെയ്ക്കുക. അകലത്തെങ്ങാനും പാർത്തുകൊള്ളുക. അവിടെ
നിരൃതിയോടു പറഞ്ഞേയ്ക്കണം; വളരെയുണ്ടു്, ജീവിച്ചിരിയ്ക്കുന്ന
വന്റെ മനസ്സിൽ! 1

(എല്ലാവരും) നല്ല വരം പ്രാർത്ഥിയ്ക്കുന്നു; നല്ലതു ധാരാളം
നേടുകയും ചെയ്യുന്നു. യമങ്കൽ, നല്ലതായിവരട്ടെ കാഴ്ച: വളരെ
യെണ്ണത്തിലാണ്, ജീവിച്ചിരിയ്ക്കുന്നവന്റെ മനസ്സ്! 2

ഞങ്ങൾ ജാഗ്രത്തിലോ സ്വപ്നത്തിലോ, വേണ്ടിയോ,
വേണ്ടാതെയോ ചെയ്തുപോയ എല്ലാക്കെട്ടപാപങ്ങളെയും അഗ്നി
ഞങ്ങളിൽനിന്ന് അകററിനിർത്തട്ടെ! 3

ഇന്ദ്ര, ബ്രഹ്മണസ്പതേ, ഞങ്ങൾ ദ്രോഹം ചെയ്തിരിയ്ക്കുന്നു:
അംഗിരോഗോത്രത്തിലെ പ്രചേതസ്സെന്ന എന്നെ ശത്രുപീഡയിൽ
നിന്ന് (ഇന്ദ്രൻ) രക്ഷിയ്ക്കട്ടെ! 4

ഞങ്ങൾ ഇപ്പോൾ ജയിയ്ക്കണം, നേടണം, നിരപരാധരാക
ണം: ഞങ്ങളുടെ ജാഗ്രൽസ്വപ്നപാപം, ഞങ്ങൾക്കു ദ്വേഷം ആരി
ലോ അവങ്കലണയട്ടെ—ഞങ്ങളെ ദ്വേഷിയ്ക്കുന്നവനാരോ, അവങ്കലണയട്ടെ! 5

സൂക്തം 164.

1\. കിനാവിന്റെ ഉടമസ്ഥ––ഹേ ദുഃസ്വപ്നാധിദേവ. പറഞ്ഞേയ്ക്കണം––ഞങ്ങളെ ഉപദ്രവിയ്ക്കരുത് എന്ന്. വളരെ––ആശകൾ.

2\. യമങ്കൽ (ദുഃസ്വപ്നാധിദേവങ്കൽ) നല്ലതായി വരട്ടെ കാഴ്ച––യമൻ നമ്മെ ദ്രോഹിപ്പാൻ തോന്നാതിരിയ്ക്കട്ടെ.

5\. ജയിയ്ക്കുമാറാകണം––ദുഃസ്വപ്നനാശത്താൽ.

സൂക്തം 165.

നിരൃതീപുത്രൻ കപോതൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

ദേവന്മാരേ, നിരൃതിയുടെ ദൂതനായ കപോതൻ ഇവിടെ വന്നുകേറിയതെന്തിനോ, അതിന്നു ഞങ്ങൾ പൂജിച്ചു പരിഹാരം ചെയ്യുമാറാകണം: ഞങ്ങളുടെ ഇരുകാലിയ്ക്കു സുഖം ഭവിയ്ക്കട്ടെ; നാൽക്കാലിയ്ക്കു സുഖം ഭവിയ്ക്കട്ടെ! 1

ദേവന്മാരേ, ഞങ്ങളുടെ ഗൃഹത്തിൽ വന്നിരിയ്ക്കുന്ന കപോതപക്ഷി പാപമുളവാക്കാതെ സുഖകരനായിത്തീരട്ടെ: മേധാവിയായ അഗ്നി ഞങ്ങളുടെ ഹവിസ്സു കൈക്കൊള്ളുന്നുണ്ടല്ലോ; അതിനാൽ, ചിറകുള്ള ആയുധം ഞങ്ങളിലേൽക്കാതിരിയ്ക്കട്ടെ! 2

ദേവന്മാരേ, ചിറകുള്ള ആയുധം ഞങ്ങളെ ഹിംസിയ്ക്കരുത്: അത് അടുക്കളയ്ക്കൽ അടുപ്പിൽ കടക്കുന്നു! ഞങ്ങളുടെ ഗോക്കൾക്കും ആളുകൾക്കും സുഖം ഭവിയ്ക്കട്ടെ; കപോതം ഇവിടെ ഞങ്ങളെ കഷ്ടപ്പെടുത്തരുത്! 3

മൂങ്ങ മൂളുന്നതും, പിറാവ് അടുപ്പിൽകടക്കുന്നതും നിഷ്ഫലമായിപ്പോകട്ടെ! ഇതാരയച്ച ദൂതനോ, ആ മരണകാരിയായ യമന്ന് ഇതാ, നമസ്കാരം! 4

പുറത്താക്കേണ്ടുന്ന പിറാവിനെ സ്തുതരായ നിങ്ങൾ ആട്ടിക്കളയുവിൻ; മത്തു പൂണ്ട്, ദുരിതമെല്ലാം മറയത്താക്കി, അന്നവും ഗോവിനെയും കൊണ്ടുവരുവിൻ. പക്ഷി ഞങ്ങളുടെ ചോറു തിന്നാതെ പറന്നുപോകട്ടെ! 5

സൂക്തം 165.

1. നിരൃതി—പാപദേവത. ഇവിടെ—ഞങ്ങളുടെ ഗൃഹത്തിൽ. അതിന്ന്—ആ ബാധയ്ക്ക്. ഇരുകാലി—പുത്രാദികൾ.

2. ചിറകുള്ള ആയുധം—കപോതപക്ഷി.

5. മത്തു പൂണ്ട്—സോമപാനത്താൽ.

സൂക്തം 166.

വിരാജപുത്രനോ ശകാരപുത്രനോ ആയ ഋഷഭൻ ഋഷി; അനുഷ്ടുപ്പും മഹാപംക്തിയും ഛന്ദസ്സുകൾ; സപത്നനാശനം ദേവത.

അങ്ങ് എന്നെ എൻെറ വംശക്കാരിൽവെച്ച് ഋഷഭനും, ശത്രുധർഷകനുമാക്കിയാലും; രിപുഹന്താവും വിരാജനും വളരെ ഗോക്കളുടെ ഉടമസ്ഥനുമാക്കിയാലും! 1

ഞാൻ ശത്രുഹന്താവാണ്, ഇന്ദ്രനെപ്പോലെ അഹിംസിതനാണ്, അക്ഷതനാണ്: ഈ ശത്രുക്കളൊക്കെ എൻെറ കാൽച്ചുവട്ടിലമരട്ടെ! 2

ഇവിടെവെച്ചുതന്നേ നിങ്ങളെ ഞാൻ ഞാണുകൊണ്ടു വിൽത്തലകളെയെന്നപോലെ കെട്ടും. വാചസ്പതേ, എന്നെ ഇടിച്ചുപറയുന്ന ഇവരെ അവിടുന്നു വിലക്കിയാലും! 3

കീഴമർത്തുന്ന ഞാൻ എന്തിനും പോന്ന കരുത്തോടേ വന്നിരിക്കുകയാണ്: നിങ്ങളുടെ മനസ്സും, നിങ്ങളുടെ കർമ്മവും, നിങ്ങളുടെ യുദ്ധവും ഞാൻ കവരും! 4

ഞാൻ നിങ്ങളുടെ യോഗക്ഷേമം കവർന്നു മീതെനില്ക്കും —നിങ്ങളുടെ തലയിൽ കാൽവെയ്ക്കും: നിങ്ങൾ എൻെറ കാൽച്ചുവട്ടിൽക്കിടന്നു, വെള്ളത്തിൽ തവളകളെന്നപോലെ—വെള്ളത്തിൽ തവളകളെന്നപോലെ—നിലവിളിക്കുവിൻ! 5

സൂക്തം 166.

1. ഋഷഭൻ—ശ്രേഷ്ഠൻ. വിരാജൻ—വിശേഷേണ ശോഭിക്കുന്നവൻ.

2 അക്ഷതൻ=പരിക്കേല്ക്കാത്തവൻ.

3. ആദ്യവാക്യം ശത്രുക്കളോട്:

4. ശത്രുക്കളോട്: മനസ്സ്—ധൈര്യമെന്നർത്ഥം.

സൂക്തം 167.

വിശ്വാമിത്രനും ജമദഗ്നിയും ഋഷികൾ; ജഗതി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

ഇന്ദ്ര, അങ്ങയ്ക്കിതാ, മധു ഊകുന്നു: അങ്ങാണല്ലോ; സോമകലശത്തിന്നുടയവൻ. അവിടുന്നു ഞങ്ങൾക്കു സമ്പത്തും വളരെപ്പുത്രന്മാരെയും തരിക: തപസ്സനുഷ്ഠിച്ചു സ്വർഗ്ഗം കീഴടക്കിയവനാണല്ലോ, ഭവാൻ! 1

സ്വർഗ്ഗം കീഴടക്കിയ, മഹാനായ, സോമത്താൽ ഇമ്പംകൊള്ളുന്ന ശക്രനെ ഞങ്ങൾ പിഴിഞ്ഞുവെച്ചതിലെയ്ക്കു വിളിയ്ക്കുന്നു: നിന്തിരുവടി ഞങ്ങളുടെ ഈ യജ്ഞമറിഞ്ഞ്, ഇവിടെ എഴുന്നള്ളിയാലും; മാറ്റലരെ വെല്ലുന്ന മഘവാവിനോടു ഞങ്ങൾ യാചിയ്ക്കുന്നു! 2

മഘവാവേ, സോമരാജാവിൻെറയും വരുണൻെറയും കർമ്മത്തിലും, ബൃഹസ്പതിയുടെയും അനുമതിയുടെയും ഗൃഹത്തിലും ഞാനിപ്പോൾ നിന്തിരുവടിയെ സ്തുതിയ്ക്കുന്നു; ധാതാവേ, വിധാതാവേ, ഞാൻ ബാക്കിസ്സോമം കുടിച്ചു! 3

പ്രേരിതനായ ഞാൻ യജ്ഞത്തിൽ അമീത്തിന്നു ചരുവുണ്ടാക്കിയിരിയ്ക്കുന്നു; മുന്തിയ സൂരിയായ ഞാൻ ഈ സ്തോത്രവും ചൊല്ലുന്നു. 'വിശ്വാമിത്ര, ജമദഗ്നേ, നിങ്ങളുടെ യാഗശാലയിിൽ പിഴിഞ്ഞുകഴിഞ്ഞാൽ, ഞാൻ ധനവുമെടുത്തു വരുമല്ലോ.' 4

സൂക്തം 167.

1. മധു—മധുരസോമം.

2. പിഴിഞ്ഞുവെച്ചതിലെയ്ക്കു്—സോമനീർ കുടിപ്പാൻ നിന്തിരുവടി എന്നാദിയായ വാക്യം പ്രത്യക്ഷോക്തി.

3. അനുമതി—ഒരു ദേവപത്നി. ധാതാവു്—ഒരു ദേവൻ. വിധാതാവു്—മറ്റൊരു ദേവൻ. ബാക്കി—ഹുതാവശിഷ്ടം. കുടിച്ചു—നിങ്ങളിരുവരുടെ അനുജ്ഞയാൽ.

4. ഇന്ദ്രനോടു്: പ്രേരിതൻ—ഭവാനാൽ. അമീത്തിന്നു്—അങ്ങയ്ക്കു ഭക്ഷിപ്പാൻ. ഒടുവിലെ വാക്യം, ഇന്ദ്രൻ അന്തരാത്മാവായിട്ടു പറയുന്നതാണു്: പിഴിഞ്ഞുകഴിഞ്ഞാൽ— സോമം.

സൂക്തം 168.

വാതഗോത്രൻ അനിലൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വായു ദേവത.

(കാകളി)

വായുവിൻ വീശലിൻ മേന്മ (ചൊൽവൻ,) ദ്രുതം:
പായു,മിരച്ചൊലി വാച്ചിച്ചൊടിച്ചവൻ;
വിണ്ണിൽപ്പരന്നു തുടുപ്പുളവാക്കിടും—
മന്നിൽപ്പൊടി പറപ്പിച്ചു പായുമവൻ! 1

സ്ഥാവരജംഗമത്തെ വഴങ്ങിയ്ക്കുമാ വായു—
ദേവങ്കലെത്തും, യുധിപോലെയശ്വകം:
തേരിന്നവയെ സ്വയമേവ ചേർത്ത,തിൽ—
ക്കേറിഗ്ഗമിയ്ക്കു,മിപ്പാരിനൊക്കെപ്പുരാൻ! 2

വാനിൻവഴികളിൽസ്സഞ്ചരിയ്ക്കും മഘ-
വാനിരിയ്ക്കാറില്ലി,ടയ്ക്കൊരുനാളിലും:
എങ്ങു പിറന്നു, പ്രഥമജാതനിവൻ?
എങ്ങുനിന്നെമ്പാടുമെത്തീ, പയസ്സഖൻ? 3

ദേവകൾക്കാത്മാവു,ലകിന്നുൾപ്രാണനി-
ദ്ദേവൻ ചരിച്ചുപോരുന്നു, യഥേഷ്ടമേ:
കേവലം കേൾക്കാമിരമ്പൽ; കാണില്ലട;-
ലാ വായുവിനെ ഹവിസ്സാൽ ബ്ഭജിയ്ക്കു, നാം! 4

സൂക്തം 168.

1. ഇരച്ച് = ഇരമ്പി. ഒടിച്ച്—വൃക്ഷാദിയെ. തുടുപ്പ്—പൊടി മേല്പോട്ടു പറപ്പിയ്ക്കുന്നതിനാൽ.

2. യുധിപോലെ—യുദ്ധത്തിൽ ചെല്ലുന്നതുപോലെ. അശ്വകം = പെൺകുതിരകൾ.

3. മഘവാൻ—യജ്ഞവാനായ വായു. പ്രഥമജാതൻ—എല്ലാ പ്രാണികളെക്കാളും മുമ്പേ ജനിച്ചവൻ. പയസ്സഖൻ = വെള്ളത്തിൻെറ കൂട്ടുകാരൻ. വായു എല്ലായ്പോഴും എല്ലാടത്തും വർത്തിയ്ക്കുന്നു; അതിനാൽ അദ്ദേഹത്തിൻെറ ജനനമെവിടെ എന്നും, എവിടെനിന്നു പുറപ്പെടുന്നു എന്നും അറികവയ്യ.

4. ഇരമ്പൽ കേവലം കേൾക്കാം—വായുവിൻെറ ശബ്ദംമാത്രം കേൾക്കാം.

സൂക്തം 169.

കക്ഷീവൽഗോത്രൻ ശബരൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഗോക്കൾ ദേവത.

(കാകളി.)

വായു ഗോക്കൾക്ക സുഖം നൽകി വീശട്ടെ;
മേയട്ടെ, ഓകൽപ്പററ പുല്ലുകൾ തിന്നവ;
തോയവും പാരം കുടിയ്ക്കട്ടെ; പാദവ-
ത്തായ ഭോജ്യത്തെസ്സുഖിപ്പിയ്ക്ക, രുദ്ര, നീ! 1

ഏവയ്ക്കൊരേവടി,വേവ വിഭിന്നക,-
ളേവതൻ പേർ മഖത്താലഗ്നി തേറുമോ,
അംഗിരസ്സാപസമേവയെ നിത്തിനാ;-
രിങ്ങവയ്ക്കുത്സുഖം നല്ല, പജ്ജന്യ, നീ! 2

ഏവ ശരീരമയയ്ക്കുന്ന ദേവകൾ-
ക്കേ,വതൻ ഭൂതിയെത്തേറുന്നു സോമനീർ,
പാൽകൊണ്ടു ഞങ്ങൾക്ക പുഷ്ടി വരുത്തുമ-
ത്തായ്കളെപ്പൂകിയ്ക്കുകിന്ദ്ര, തൊഴുത്തിൽ നീ! 3

വിശ്വദേവപിതൃസമ്മതിയോടെനി-
യ്ക്കിശ്ശുഭഗോക്കളെ നൽകി പ്രജാപതി
ഞങ്ങൾതന്നാലയിൽക്കല്പിച്ചുനിത്തട്ടെ;
ഞങ്ങൾ ചേരേണ,മിവതൻ കിടാവുമായ്! 4

സൂക്തം 169.

1. കെൽപ്പററ—ബലകരങ്ങളായ എന്നത്ഥം. പാദവത്തായ, കാലുള്ള ഭോജ്യത്തെ—ഗോവിനെ.

2. വടിവ്—ആകൃതിയും വണ്ണവും. വിഭിന്നകൾ—ഭിന്നഭിന്നരൂപകൾ. നിത്തിനാർ—ഈ ലോകത്തിൽ പാപ്പിച്ചു. ഉൽസുഖം=മികച്ച സുഖം.

3. വൈകുന്നേരം ഗൃഹത്തിലെയ്ക്കു തിരിച്ചുവരുന്ന പൈക്കളെപ്പററി: അയയ്ക്കുന്ന—ഹവിസ്സാക്കി. ഭൂതി=സമ്പത്ത്, ക്ഷീരാദി; പാലും മററും ചേക്കമല്ലോ, സോമനീരിൽ. തായ്കളെ—കുട്ടിയോടുകൂടിയ പൈക്കളെ.

4. ആല=തൊഴുത്ത്. ഞങ്ങൾ ഇവയുടെ കിടാവുമായ് ചേരേണം—ചേരുമാറാകണം: ഇവ പെററു കുട്ടികളുണ്ടാകട്ടെ.

സൂക്തം 170.

സൂര്യപുത്രൻ വിഭ്രാട്ട് ഋഷി; ജഗതിയും ആസ്താരപംക്തിയും ഛന്ദസ്സുകൾ;
സൂര്യൻ ദേവത.

(കാകളി)

വിഭ്രാട്ടു യഷ്ടാവിനവ്യാജമായുസ്സു
കല്പിച്ചു, പാരം കുടിയ്ക്കട്ടെ, സോമനീർ:
വാതേരിതനായ് സ്വയം നോക്കി രക്ഷിച്ചു
ഭൂതങ്ങളെപ്പോററുവോനി, പ്പുരുപ്രഭൻ! 1

വിഭ്രാട്ടുദിയ്ക്കുന്നു, ധാര്യമാം വിണ്ണുന്നി-
ലപ്പിതം സത്യതേജസ്സനല്പോൽക്കടം,
ശത്രുവെ, ജ്ജന്മാഹിതനെ, യസുരനെ,
വൃത്രനെ, ദസ്യുവെക്കൊല്ലുവൊ, നന്നദം! 2

ഇശ്രേഷ്ഠതേജസ്സു തേജോഗണോത്തമം,
വിശ്വജിത്ത, ത്ഥജിത്തെന്നുക്ത, മുന്നതം:
കാണാൻ വെളിച്ചം ജഗത്തിനേകം മഹാൻ
ഭാനു വീശുന്നു, ജൈത്രാക്ഷയോരുബലം! 3

സൂക്തം 170.

1. വിഭ്രാട്ട് — വിശേഷേണ ശോഭിയ്ക്കുന്നവൻ, സൂര്യൻ; ഋഷിയുടെ പേരും ചേർത്തിരിയ്ക്കുന്നു. കല്പിച്ചു—ഉണ്ടാക്കി. വാതേരിതൻ—വായുവിനാൽ ഇളക്കപ്പെട്ടവൻ; സൂര്യനുൾപ്പെട്ട രാശിചക്രത്തെ വായു ചലിപ്പിയ്ക്കുന്നു.

2. ധാര്യമാം—വായുവിനാൽ ധരിയ്ക്കപ്പെടേണ്ടുന്ന. വിണ്ണുന്നിൽ—സ്വർഗ്ഗത്തിന്ന് ഒരുന്നായ സൂര്യമണ്ഡലത്തിൽ. അപ്പിതം=വെയ്ക്കപ്പെട്ട. സത്യതേജസ്സ് ഉദിയ്ക്കുന്നു. വിഭ്രാട്ട്, അനല്പോൽക്കടം, കൊല്ലുവൊന്ന്, അന്നദം എന്നിവ തേജോവിശേഷണങ്ങൾ; വിഭ്രാട്ട്=വിശേഷേണ ശോഭമാനം. അനല്പോൽക്കടം=പുഷ്ടവും പ്രൗഢവുമായിട്ടുള്ളത്. ജന്മാഹിതൻ—സഹജശത്രു.

3. അത്ഥജിത്ത്=ധനമടക്കുന്നേതു്. എന്നുക്തം—എന്നു ജനങ്ങളാൽ കഥിയ്ക്കപ്പെട്ടതു്. ഭാനു=സൂര്യൻ. ജൈത്രാക്ഷയോരു ബലം—തമസ്സിനെ ജയിയ്ക്കുന്ന, അക്ഷയമായ, വിസ്തീർണ്ണമായ തേജസ്സാകുന്ന ബലം.

മേധസമന്വിതം സർവകർമ്മാസ്പദ-
മേതിജ്ജഗത്തിനെയെല്ലാം പുലത്തുമോ,

അക്കതിർച്ചാർത്തിനാലൊക്കെ വിളങ്ങിച്ച
പുക്കരുളീ, ഭവാൻ വിണ്ണിലെ രോചനം! 4

സൂക്തം 171.

ഭൃഗുപുത്രൻ ഇടൻ ഋഷി; ഗായത്രി ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

രക്ഷിച്ചുവല്ലോ, നീ നേക്കാസ്സോമവാനാമിടന്റെ തേർ:
പിഴിഞ്ഞവന്റെ വിളിയും ചെവിക്കൊണ്ടാലുമിന്ദ്ര, നീ! 1

വിറക്കൊള്ളുന്ന യജ്ഞത്തിൻ ശിരസ്സുടലിൽനിന്നു നീ
പറിച്ചുവല്ലോ; വന്നാലും, സോമവാന്റെ ഗൃഹത്തിൽ നീ: 2

ഇന്ദ്ര, സ്തവേച്ഛു വാമസ്ത്രുബുധ്നപുത്രനുവേണ്ടി നീ
മെരുക്കിയല്ലോ, നീണാളെത്ത വേനസൂതമർത്ത്യനെ! 3

ദേവകാംക്ഷം മറവിലായ്പ്പിന്നിൽപ്പോയ ദിനേശനെ
പുരോഭാഗത്തുദിപ്പിയ്ക്കുമല്ലോ, വടിവിലിന്ദ്ര, നീ! 4

---

4. പ്രത്യക്ഷോക്തി: മേധസമന്വിതം = യജ്ഞോപേതം. രോചനം——ഒരു സ്ഥാനം.

സൂക്തം 171.

1. സോമവാൻ——ഭവാനു സോമനീർ തന്നവൻ. ഇടന്റെ——എന്റെ. ആ——പ്രസിദ്ധമായ തേർ. പിഴിഞ്ഞവന്റെ——സോമം പിഴിഞ്ഞ എന്റെ.

2. ദേവന്മാരിൽനിന്നു പേടിച്ചു പാഞ്ഞ പുരുഷരൂപിയായ യജ്ഞത്തിന്റെ തല ഇന്ദ്രൻ പറിച്ചെടുത്തുപോൽ. ആ തലയത്രേ, പ്രവർഗ്യം. സോമവാന്റെ——എന്റെ.

3. അസ്ത്രുബുധ്നൻ——ഒരാളുടെ പേർ. ആ വേനസൂതമർത്ത്യനെ——പൃഥു എന്ന മനുഷ്യനെ.

4. മറവിലായ്——എവിടെപ്പോയെന്നറിയാൻ വയ്യാത്തവിധം. പിന്നിൽപ്പോയ——അസ്തമിച്ച. പുരോഭാഗം = മുൻവശം, കിഴക്ക്. വടിവിൽ——ഭംഗിയിൽ.

സൂക്തം 172.

അംഗിരോഗോത്രൻ സംവത്തൻ ഋഷി; ദ്വിപദാവിരാട്ട് ഛന്ദസ്സ്;
ഉഷസ്സ് ദേവത.

(മഞ്ജരി)

നീ രുചിരാംഗിയായ് വന്നാലും: തേരോടു
ചേരുന്നു, വാരകിടുള്ള പൈക്കൾ! 1

വന്നാലു, മൻപുകൊണ്ടു,ധാരം പൂർണ്ണമാ–
ക്കന്നോരാം, സുദാനരാൽ വൻദാത്രി നീ! 2

അന്നവാന്മാർപോലേ നൽദ്ദാനം ചെയ്യേണ്ട
ളന്യനയജ്ഞത്താൽപ്പൂജിയ്ക്കാവൂ! 3

ജ്യേഷ്ഠത്തി തന്നിരുൾ പോക്കും; നിജോൽപത്തി–
ശ്രൈഷ്ഠ്യമുഷസ്സു രഥത്തിൽക്കേറ്റും! 4

സൂക്തം 173.

അംഗിരോഗോത്രൻ ധ്രുവൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; രാജസ്തുതി ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

കൊണ്ടുവന്നേൻ നിന്നെ:-ക്കോയ്മ-
കൊണ്ടുറപ്പിൽ വാഴ്കിങ്ങെന്നും..

സൂക്തം 172.

1. പ്രത്യക്ഷോക്തി; വാരകിട്=തടിച്ച അകിട്. പൈക്കൾ തേരോടു ചേരുന്നു—ഉഷസ്സിന്റെ വാഹനങ്ങളായ പൈക്കൾ തേർ വലിപ്പാൻ പൂട്ടിനില്ക്കുന്നു; ആ തേരിൽ ഇങ്ങോട്ടു വന്നാലും.

2. സുദാനരാൽ വൻദാത്രി—ഉദാരരെക്കൊണ്ടു ധാരാളം കൊടുപ്പിയ്ക്കുന്നവൾ.

3. പൂജിയ്ക്കാവൂ—ഉഷസ്സിനെ.

4. ജ്യേഷ്ഠത്തി—രാത്രി. നിജോൽപത്തിശ്രൈഷ്ഠ്യം—തന്റെ സുജാതത്വം. തേരിൽക്കേറ്റും—തേർകൊണ്ടു വെളിപ്പെടുത്തും.

നാട്ടാർക്കെല്ലാം പ്രിയനാക;
രാഷ്ട്രം നിന്നെപ്പിരിയൊല്ലാ! 1

പററൊല്ലിടിവി;—ങ്ങേ വാഴ്ക,
പർവതംപോലുറപ്പിൽ നീ—
ഇന്ദ്രൻപോലങ്ങെന്നും വാഴ്ക:
നന്നായ്നിർത്തുകീ, രാഷ്ട്രത്തെ! 2

നിത്യഹവിസ്സശിച്ചിന്ദ്രൻ
സുസ്ഥിരനാക്കകി,യ്യാളെ;
ഈ മർത്ത്യനെപ്പുകഴ്ത്തട്ടെ,
സോമബ്രഹ്മണസ്പതികൾ! 3

നിത്യം വാന;-മൂഴി നിത്യം;
നിത്യങ്ങളീ പ്പൂർവതങ്ങൾ;
നിത്യ,മിപ്പാരൊട്ടുക്കേ;—വം
നിത്യനൃപൻ, നാട്ടാർക്കിയ്യാൾ! 4

നിർത്തട്ടേ, വരുണൻ പുരാൻ;
നിർത്തട്ടേ, ശ്രീബൃഹസ്പതി;
നിർത്തട്ടേ, സുസ്ഥിരമാക്കി—
ത്വദ്രാഷ്ട്രത്തെയഗ്നീന്ദ്രനും! 5

സൂക്തം 173.

1. പുരോഹിതൻ അഭിഷിക്തനായ രാജാവോടു പറയുന്നു: ഇങ്ങ്——ഞങ്ങളുടെ ഇടയിൽ.

2. ഇങ്ങേ——ഈ രാജ്യത്തുതന്നെ. നന്നായ് നിർത്തുക——ആളുകളെ സ്വസ്വകർമ്മങ്ങളിൽ വ്യാപരിപ്പിയ്ക്കുക.

3. ഇയ്യാളെ——രാജ്യാഭിഷിക്തനെ. സോമബ്രഹ്മണസ്പതികൾ——സോമവും ബ്രഹ്മണസ്പതിയും. ഈ മർത്ത്യനെപ്പുകഴ്ത്തട്ടേ——ഇയ്യാൾ 'എന്റെ ആളാണെ'ന്ന പക്ഷപാതം പറയട്ടെ.

4. ആകാശവും മററും നിത്യ(സ്ഥിര)മാണല്ലോ. ഏവം (അതുപോലെ) ഇയ്യാൾ സ്ഥിരനായ നൃപനായിത്തീരട്ടെ.

5. രാജാവിനോട്: സുസ്ഥിരമാക്കി എന്നതു പൂർവാർദ്ധത്തിലും ക്രിയാപദത്തോടു ചേർക്കണം. ത്വദ്രാഷ്ട്രം = ഭവാന്റെ രാഷ്ട്രം.

നിത്യഹവിസ്സോടേ ഞങ്ങൾ
നിത്യസോമമൊരുക്കന്നു:
കപ്പം നാട്ടാരങ്ങയ്ക്കുതാ-
നർപ്പിയ്ക്കുമാറാക്ക,മിന്ദ്രൻ! 6

സൂക്തം 174.

അംഗിരോഗോത്രൻ അഭീവർത്തൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്, രാജസ്തുതി ദേവത.
('താമരക്കണ്ണൻ' എന്നപോലെ)

ഏതഭീവർത്തഹവ്യത്തിന്നിന്ദ്ര-
നാദരിച്ചെഴുന്നള്ളിയോ;
ബ്രഹ്മണസ്പതേ, രാഷ്ട്രം പൂകിയ്ക്കു-
ക,ണ്മാനതേകുമെങ്ങളെ! 1

മാററരെപ്പായിച്ചെ,ങ്ങൾതൻ പിച്ച-
ക്കുട്ടരെക്കീഴമർക്ക, നീ
സംഗരോത്സുകന്മാരെയു,മീറ
ഞങ്ങളിലാളുന്നോനെയും! 2

ദേവൻ സവിതാവങ്ങയെ രാഷ്ട്ര-
സേവിയാക്കട്ടേ, സോമവും
അങ്ങയെയമ്മട്ടെല്ലാബ്ഭൂതവു,-
മങ്ങശേഷഗനാംവണ്ണം! 3

---

6. നിത്യം=സ്ഥിരം. കപ്പം=നികുതി.

സൂക്തം 174.

1. അഭീവർത്തഹവ്യം——നേരേ ചെല്ലുന്ന ഹവിസ്സ്; അഭീവർത്തന്റെ, എന്റെ ഹവിസ്സ്. അത് (ഹവിസ്സ്) ഉണ്മാൻ തരുന്ന ഞങ്ങളെ രാഷ്ട്രം പൂകിയ്ക്കുക——രാഷ്ട്രത്തെയ്ക്കുയച്ചാലും.

2. രാജാവിനോട്: പിച്ചക്കുട്ടരെ——അറുപിശുക്കരായ (ഞങ്ങൾക്കൊന്നും തരാത്ത) ആളുകളെ. കീഴമർക്ക എന്ന ക്രിയാപദം ഉത്തരാർദ്ധത്തിലും ചേർക്കുക.

3. രാഷ്ട്രസേവി——രാജ്യം ഭരിയ്ക്കുന്നവൻ. എല്ലാബ്ഭൂതവും (പൃഥിവ്യാദിഭൂതങ്ങളുമെല്ലാം) അങ്ങയെ രാഷ്ട്രസേവിയാക്കട്ടെ. അങ്ങ്=ഭവാൻ. അശേഷഗൻ——സർവത്ര ചെല്ലുന്നവൻ; എങ്ങും ആജ്ഞാകരൻ.

ഏതു ഹവിസ്സാൽക്കർമ്മവാനിന്ദ്രൻ
മീതെയായ്, നേടി കീർത്തിയും;
വെച്ചേന,ത്വിതാ, വാനവന്മാരേ—
നിശ്ശത്രുവായെനല്ലോ, ഞാൻ! 4

ഇവ ഭൂതങ്ങൾക്കമാളുകൾക്കമേ
പൊൽപ്പുരാനാകമാറീ ഞാൻ
മാററരെക്കൊന്നേൻ, നിശ്ശത്രുവായേൻ,
രാഷ്ട്രം നേടിനേൻ, ധൃഷ്ണുവായ്! 5

സൂക്തം 175.

അർബ്ബുദനെന്ന സർപ്പർഷിയുടെ പുത്രൻ ഊർദ്ധ്വഗ്രാവാവ് ഋഷി;
ഗായത്രി ഛന്ദസ്സ്; അമ്മി ദേവത.

അമ്മികളേ, സവിതൃദേവൻ നിങ്ങളെ വേലയ്ക്കിറക്കട്ടെ: നി
ങ്ങൾ സ്ഥാനങ്ങളിൽ ഒത്തുകൂടുവിൻ; പിഴിയുവിൻ! 1

അമ്മികളേ, നിങ്ങൾ ദുഃഖകാരിയെ അകററുവിൻ; ദുരാത്മാ
വിനെ അകററുവിൻ; പൈക്കളെ സുഖകാരിണികളാക്കുവിൻ! 2

ഒത്തുകൂടിയ അമ്മികൾ വൃഷാവിന്നു വീര്യം വരുത്തിക്കൊ
ണ്ട് അടിക്കല്ലിന്മേൽ വിലസുന്നു! 3

അമ്മികളേ, പിഴിയുന്ന യജമാനന്നുവേണ്ടി സവിതൃദേവൻ
നിങ്ങളെ വേലയ്ക്കിറക്കട്ടെ! 4

---

4. വെച്ചേൻ—നിങ്ങൾക്ക ഭുജിപ്പാൻ നിശ്ശത്രു = ശത്രുരഹിതൻ.

5. രാജാവു പറയുന്നു: ആളുകൾ — അമാത്യാദികൾ. പൊൽപ്പുരാൻ—നല്ല രാജാവ്. ധൃഷ്ണു—ശത്രുധർഷകൻ.

സൂക്തം 175.

1. പിഴിയുവിൻ—സോമം.

3. വൃഷാവ്—സോമം. അടിക്കല്ല്—ചുവട്ടിൽ വെച്ച കല്ല്.

സൂക്തം 176.

ഋഭുപുത്രൻ സൂനു ഋഷി; അനുഷ്ടുപ്പും ഗായത്രിയും ഛന്ദസ്സുകൾ; ഋഭുക്കളും അഗ്നിയും ദേവതകൾ.

('ദ്വാരകാമന്ദിരം' പോലെ)

ഏവർ വിശ്വംഭരർ പെററ
ഗോവെപ്പോലൂഴിയെ നേടീ,
ആയൃഭുക്കളുടെ സൂനു—
വാഞ്ഞുകേറും പെരുംപോരിൽ! 1
ആഹരിപ്പിൻ, ജ്വലൽപ്രജ്ഞ—
നായ ജാതവേദസ്സിനെ:
ചെമ്മേ കൊണ്ടുപോകുമല്ലോ,
നമ്മുടെ ഹവിസ്സുദ്ദേവൻ! 2
ഹോതാവമർത്ത്യച്ഛരുവിതാ
നീതനായീടുന്നു, യജ്ഞേ;
സൂരപ്രഭൻ വൃതൻ ചേർപ്പോൻ
തേറുന്നവനല്ലോ, താൻതാൻ! 3
ദേവനാമീയഗ്നി കാക്കും,
ദേവനരപീഡ നീക്കി
അധ്വരാർത്ഥം സൃഷ്ടനല്ലോ,
ശക്തിമാനെക്കാളും ശക്തൻ! 4

സൂക്തം 176.

1. ഋഷി, തന്നെപ്പററിത്തന്നേ പറയുന്നു: പെററ—ഗോവെപ്പോലെ—കറവപ്പയ്യിനെപ്പോലെ. ആഞ്ഞുകേറും—ശത്രുക്കളും തോല്ക്കുമാറു പൊരുതും.

2. ഋത്വിക്കുകളോട്: ആഹരിപ്പിൻ—വേദിയിലെയ്ക്കു കൊണ്ടുവരുവിൻ. ജ്വലൽപ്രജ്ഞൻ=ഉജ്ജ്വലിയ്ക്കുന്ന ബുദ്ധിയോടുകൂടിയവൻ. കൊണ്ടുപോകും—ദേവകൾക്കു കൊടുക്കാൻ.

3. അമർത്ത്യച്ഛരു—ദേവന്മാരെ യജിപ്പാനിച്ഛിയ്ക്കുന്നവൻ, അഗ്നി. നീതനായീടുന്നു—കൊണ്ടുവരപ്പെടുന്നു. വൃതൻ—ഋത്വിഗാദികളാൽ പരിവൃതൻ. ചേർപ്പോൻ—ഹവിസ്സു ദേവകളിൽ ചേർക്കുന്നവൻ, എത്തിയ്ക്കുന്നവൻ. തേറുന്നവൻ—യജിപ്പാനറിയുന്നവൻ.

സൂക്തം 177.

പ്രജാപതിപുത്രൻ പതംഗൻ ഋഷി; ജഗതിയും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; മായ ദേവത.

പരമാത്മാവിൻെറ മായയാൽ വെളിപ്പെട്ട പതംഗനെ പണ്ഡിതന്മാർ ഹൃദയസ്ഥമായ മനസ്സുകൊണ്ടു ദർശിക്കുന്നു; കവികൾ സമുദ്രമദ്ധ്യത്തിൽ കാണുന്നു; കർത്താക്കൾ കതിരുകളുടെ ഇരിപ്പിടത്തെ കാംക്ഷിയ്ക്കുന്നു! 1

പതംഗൻ വാക്കിനെ മനസ്സിൽ വെയ്ക്കുന്നു: അതിനെ ദേഹാന്തർഭാഗത്തിലെ ഗന്ധർവൻ പുറപ്പെടുവിയ്ക്കുന്നു; ആ സ്വർഗ്ഗം കിട്ടിയ്ക്കുന്ന ഉജ്ജ്വലമനീഷയെ കവികൾ യജ്ഞപദത്തിൽ രക്ഷിച്ചുപോരുന്നു! 2

ഉയരത്തിൽ നടക്കുന്ന——വഴികളിലൂടെ അഭിമുഖനായും പരാങ്മുഖനായും സഞ്ചരിയ്ക്കുന്ന കാവല്ക്കാരനെ ഞാൻ കണ്ടിരിയ്ക്കുന്നു: ദിക്കുകളെയും വിദിക്കുകളെയും പ്രകാശിപ്പിച്ചുകൊണ്ട് അദ്ദേഹം ജഗത്തുക്കളിൽ വാണരുളുന്നു! 3

സൂക്തം 178.

താർക്ഷ്യപുത്രൻ അരിഷ്ടനേമി ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; താർക്ഷ്യൻ ദേവത.

ബലവാനും, ദേവന്മാർ പ്രീതിപ്പെടുത്തുന്നവനും, ആക്രമിച്ചു തേരുകളെ ജയിയ്ക്കുന്നവനും, പടകളെ പായിയ്ക്കുന്നവനും, അമന്ദഗാ

സൂക്തം 177.

1. പതംഗൻ=സൂര്യൻ. ഋഷിയുടെ പേരും ഘടിപ്പിച്ചിരിയ്ക്കുന്നു. ഹൃദിസ്ഥമായ——ഹൃത്തിൽ നില്ക്കുന്ന, പ്രാണായാമംകൊണ്ടു ഹൃദയത്തിൽ നിർത്തപ്പെട്ട. സമുദ്രമധ്യം=സൂര്യമണ്ഡലത്തിൻെറ നടു. കർത്താക്കൾ——സൂര്യോപാസകർ. കതിരുകളുടെ ഇരിപ്പിടത്തെ——സൂര്യമണ്ഡലത്തെ. കാംക്ഷിയ്ക്കുന്നു——സൂര്യമണ്ഡലത്തിൽ ചെന്നെത്താൻ ആളുകൾ സൂര്യനെ ഉപാസിയ്ക്കുന്നു.

2. വാക്ക്——മൂന്നു വേദങ്ങൾ. ഗന്ധർവൻ——പ്രാണവായു. മനീഷ——വേദത്രയി.

3. കാണുക——അറിയുക. അഭിമുഖനായും പരാങ്മുഖനായും——നമ്മുടെ നേരെയും തിരിഞ്ഞും, ഉദിച്ചും അസ്തമിച്ചും. കാവല്ക്കാരനെ——സർവഭൂതരക്ഷകനായ സൂര്യനെ.

മിയും അരിഷ്ടനേമിയുമായ ആ താർക്ഷ്യനെത്തന്നേ നാം ഇതിൽ സ്വസ്തിയ്ക്കായി വിളിയ്ക്കുക! 1

വീണ്ടും വീണ്ടും വിളിയ്ക്കുന്ന നമ്മൾ ഇന്ദ്രന്റേതുപോലെയുള്ള ഇദ്ദേഹത്തിന്റെ ദാനത്തിൽ, ഒരു തോണിയിലെന്നപോലെ സ്വസ്തിയ്ക്കായി കേറുമാറാകണം. അററമില്ലാതെ പരന്ന പുകഴ്ന്ന ഗഭീരകളേ, ഇപ്പോൾ, നിങ്ങളിരുവരുടെയായ (ഇദ്ദേഹത്തിന്റെ) വരവിലും പോക്കിലും ഞങ്ങൾക്കുപദ്രവമുണ്ടാകരുത്! 2

ഇദ്ദേഹവും പൊടുന്നനെ ബലംകൊണ്ടു, സൂര്യൻ തേജസ്സുകൊണ്ടെന്നേപോലെ, പഞ്ചജാതികൾക്കു വെള്ളം പരത്തുന്നു. ഇദ്ദേഹത്തിന്റെ ഗമനം നൂറുമായിരവും നല്കും: അത്, ലക്ഷ്യത്തിലെയ്ക്കു പായുന്ന ശരംപോലെ അനിവാര്യമാകുന്നു! 3

സൂക്തം 179.

ഉശീനരപുത്രൻ ശിബിയും കാശിരാജാവ് പ്രതർദ്ദനനും, രോഹിദശ്വപുത്രൻ വസുമനസ്സും ഋഷികൾ; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; ഇന്ദ്രൻ ദേവത.

നിങ്ങൾ എഴുന്നേല്ക്കുവിൻ: ഇന്ദ്രന്നുള്ള ഋതുജാതമായ നോക്കുവിൻ. വെന്തുവെങ്കിൽ ഹോമിയ്ക്കുവിൻ; വെന്തിട്ടില്ലെങ്കിൽ, ഇമ്പപ്പെടുത്തുവിൻ! 1

സൂക്തം 178.

1. തേരുകളെ——ശത്രുരഥങ്ങളെ. അമന്ദഗാമി = ശീഘ്രഗമനൻ. അരിഷ്ടനേമി = അപീഡിതായുധൻ, ആയുധങ്ങൾക്ക് ഉടവു പററാത്തവൻ. അരിഷ്ടനേമി എന്ന ഋഷിനാമവും ഘടിപ്പിച്ചിരിയ്ക്കുന്നു. ഇതിൽ——യജ്ഞത്തിൽ.

2. ഒരു തോണിയിലെന്നപോലെ——തോണിപോലെ ദുഃഖങ്ങളുടെ മറുകരയിലണയ്ക്കും, താർക്ഷ്യന്റെ ദാനമെന്നർത്ഥം. ഗഭീരകളേ——ഹേ ദ്യാവാപൃഥിവികളേ.

3. നൂറുമായിരവും——ധനം.

സൂക്തം 179.

1. ഋത്വിക്കുകളോട്: ഭാഗം——ദധിഘർമ്മം, തയിർകാച്ചൽ (?). ഇമ്പപ്പെടുത്തുവിൻ——ഇന്ദ്രനെ സ്തുതികൾകൊണ്ടാഹ്ലാദിപ്പിയ്ക്കുവിൻ.

ഇന്ദ്ര, ഹവിസ്സു വെന്തുകഴിഞ്ഞു: ഭവാൻ വെക്കം വരിക; സൂര്യൻ ഏതാണ്ടു മാർഗ്ഗമധ്യത്തിലെത്തിയിരിയ്ക്കുന്നു. സഖാക്കൾ അങ്ങയെ, പുറത്തേയ്ക്കിറങ്ങിയ ഗൃഹനാഥനെ പുത്രന്മാരെന്നപോലെ, നിധികളുമായി കാത്തിരിയ്ക്കുയാണ്! 2

ഇത് അകിട്ടിൽ വെന്തതാണെന്ന് എനിയ്ക്കു തോന്നുന്നു; തിയ്യിലും വെന്തിരിയ്ക്കുന്നു—നന്നായി വെന്തിരിയ്ക്കുന്നു—എന്നെനിയ്ക്കു തോന്നുന്നു. ഈ സത്യവസ്തു തുലോം പുതുതാണ്: ഇന്ദ്ര, വജ്രിൻ, ബഹുകർമ്മാവായ ഭവാൻ പ്രസാദിച്ച്, മധ്യാഹ്നസവനത്തിലെ തയിർ നുകർന്നാലും! 3

സൂക്തം 180.

ഇന്ദ്രപുത്രൻ ജയൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ഇന്ദ്രൻ ദേവത.

പുരുഹൂത, ശത്രുക്കളെ കീഴമർത്തുന്ന ഭവാന്റെ ബലം മികച്ചതുതന്നെ: ദാനം ഇതിൽ നടക്കട്ടെ. ഇന്ദ്ര, വലംതൃക്കയ്യിൽ ധനം കൊണ്ടുവന്നാലും; സമ്പന്നദികളുടെ സ്വാമിയാണല്ലോ, ഭവാൻ! 1

ഇന്ദ്ര, കെടുകാലനായ ഗിരിമൃഗംപോലെ ഭയങ്കരനായ ഭവാൻ അതിദൂരത്തുനിന്നു വന്നുചേർന്നാലും: പായുന്ന തീക്ഷ്ണവജ്രം മൂർച്ചപ്പെടുത്തുക; മാററലരിൽ ചാട്ടുക; എതിരാളികളെ തുരത്തുക! 2

---

2. ഹവിസ്സ്—ദധിഘർമ്മം. മധ്യത്തിലെത്തിയിരിയ്ക്കുന്നു—നേരം ഉച്ചയായി. സഖാക്കൾ—ഋത്വിക്കുകൾ. നിധികൾ—സോമങ്ങൾ.

3. അകിട്ടിൽ—പയ്യിന്റെ അകിട്ടിൽവെച്ചുതന്നേ പാൽ വേവുമല്ലോ. ഈ സത്യവസ്തു—ദധിഘർമ്മഹവിസ്സ്.

സൂക്തം 180.

1. ദാനം—അങ്ങയുടെ. ഇതിൽ നടക്കട്ടെ—യജിയ്ക്കുന്ന ഞങ്ങൾക്കു ഭവാൻ ധനം തരിക.

2. കെടുകാലൻ—ചീത്തക്കാലുകളോടുകൂടിയവൻ. ഗിരിമൃഗം—സിംഹം. അതിദൂരത്തുനിന്നു—സ്വർഗ്ഗത്തിൽനിന്ന്.

ഇന്ദ്ര, വരണീയമായ ക്ഷത്രബലത്തിന്നായി പിറന്നവനാണ വിടുന്ന്: വൃഷാവേ, മനുഷ്യക്ക് ഉപദ്രവമുണ്ടാക്കുന്നവനെ തുരത്തുക. ഭവാനാണല്ലോ, ദേവകൾക്കു വലിയ ലോകം നിർമ്മിച്ചത്! 3

സൂക്തം 181.

വസിഷ്ഠഗോത്രൻ പ്രഥനും ഭരദ്വാജഗോത്രൻ സപ്രഥനും സൂര്യപുത്രൻ ഘർമ്മനും ഋഷികൾ; ത്രിഷ്ടുപ്പ് ഛന്ദസ്സ്; വിശ്വേദേവകൾ ദേവത.

പ്രഥൻ സപ്രഥൻ എന്നിവരിൽവെച്ച് വസിഷ്ഠൻ അനുഷ്ടുപ്പോടുകൂടിയ ഹവിസ്സിനെ ഹവിസ്സാക്കുന്ന രഥന്തരം ധാതാവികൽനിന്നും സമുജ്ജ്വലനായ സവിതാവികൽനിന്നും വിഷ്ണുവികൽനിന്നും കൊണ്ടുവന്നു. 1

യാതൊന്നു മറവിലായിരുന്നുവോ——യജ്ഞത്തിന്റെ മികച്ച ശരീരമായ യാതൊന്നു ഗുഹയിൽ വെയ്ക്കപ്പെട്ടിരുന്നുവോ——ആ ബൃഹത്സാമം അവർ കണ്ടെത്തിയിരുന്നു; അതു ധാതാവികൽനിന്നും സമുജ്ജ്വലനായ സവിതാവികൽനിന്നും വിഷ്ണുവികൽനിന്നും അഗ്നിയികൽനിന്നും ഭരദ്വാജൻ കൊണ്ടുവന്നു. 2

സേചനീയവും പ്രധാനവും ദേവന്മാരെ വരുത്തുന്നതുമായ യജ്ഞസാധനം ആ തേജസ്വികൾ ബുദ്ധികൊണ്ടു കണ്ടെത്തിയിരുന്നു; ആ ഘർമ്മം ധാതാവികൽനിന്നും സമുജ്ജ്വലനായ സവിതാവികൽനിന്നും വിഷ്ണുവികൽനിന്നും സൂര്യകൽനിന്നും ഇവർ കൊണ്ടുവന്നു. 3

---

3. ക്ഷത്രബലത്തിന്നായി——ക്ഷത(ഉപദ്രവ)ത്തിൽനിന്നു (ലോകത്തെ) രക്ഷിക്കുന്ന ബലം പ്രയോഗിപ്പാൻ. ലോകം——സ്വർഗ്ഗം.

സൂക്തം 181.

1. ഹവിസ്സിനെ——ദധിഘർമ്മത്തെ. രഥന്തരം——സാമം. ധാതാവ്——ധാതാവെന്ന ദേവൻ.

2. അവർ——ധാതൃപ്രഭൃതികൾ.

3. യജ്ഞസാധനം——ദധിഘർമ്മഹവിസ്സ്. ആ തേജസ്വികൾ——ധാതൃപ്രഭൃതികൾ. ഇവർ——ഋത്വിക്കുകൾ.

സൂക്തം 182.

ബൃഹസ്പതിപുത്രൻ തപുർമൂർദ്ധാവ് ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്;
ബൃഹസ്പതി ദേവത.

ദുർന്നടപ്പുകാരെ ഹനിയ്ക്കുന്ന ബൃഹസ്പതി തിന്മകാം നീക്കട്ടെ; അനർത്ഥം നേരുന്നവങ്കൽ മിന്നൽ ചാട്ടട്ടെ; ദ്വേഷിയ്ക്കുന്നവനെ തുരത്തട്ടെ; ദുർമ്മതിയെ കൊല്ലട്ടെ; യജമാനന്നു രോഗശമനവും ഭയശാന്തിയും വരുത്തട്ടെ! 1

പ്രയാജത്തിൽ നരാശംസൻ നമ്മെ രക്ഷിയ്ക്കട്ടെ; വിളിയ്ക്കുന്ന നമുക്ക് അനുയാജൻ സുഖമുളവാക്കട്ടെ; ദ്വേഷിയ്ക്കുന്നവനെ തുരത്തട്ടെ; ദുർമ്മതിയെ കൊല്ലട്ടെ; യജമാനന്നു രോഗശമനവും ഭയശാന്തിയും വരുത്തട്ടെ! 2

തപുർമ്മൂർദ്ധാവു ശരുവിനെ ഹനിപ്പാൻ, ബ്രഹ്മദ്വേഷികളായ രാക്ഷസരെ ചുട്ടുപൊട്ടിയ്ക്കട്ടെ; ദ്വേഷിയ്ക്കുന്നവനെ തുരത്തട്ടെ; ദുർമ്മതിയെ കൊല്ലട്ടെ; യജമാനന്നു രോഗശമനവും ഭയശാന്തിയും വരുത്തട്ടെ! 3

സൂക്തം 183.

പ്രജാപതിപുത്രൻ പ്രജാവാൻ ഋഷി; ത്രിഷ്ടുപ്പ് ഛന്ദസ്സ്; ആശിസ്സു ദേവത.

അഭിജ്ഞനും, തപസ്സാൽ പുനർജ്ജനിച്ചവനും, തപസ്സാൽ തഴപ്പുവനുമായ ഭവാനെ ഞാൻ മനംകൊണ്ടു കണ്ടിരിയ്ക്കുന്നു: പുത്രകാമ,

---

സൂക്തം 182.

1. അനർത്ഥം നേരുന്നവങ്കൽ—ഞങ്ങൾക്ക് ആപത്തു വരണമെന്നിച്ഛിയ്ക്കുന്നവങ്കൽ. മിന്നൽ—തിളങ്ങുന്ന ആയുധം.

2. പ്രയാജം—നരാശംസാഗ്നിയ്ക്കുള്ള ഒരു യജ്ഞം. അനുയാജൻ—അനുയാജത്തിന്റെയും ദേവതയായ നരാശംസൻ.

3. തപുർമ്മൂർദ്ധാവ്—തപിപ്പിയ്ക്കുന്ന ശിരസ്സോടുകൂടിയവൻ, ബൃഹസ്പതി. ശരു—രാക്ഷസന്മാരുടെ അധിപൻ. തപുർമ്മൂർദ്ധാവ എന്നത് ഋഷിനാമവുമാണല്ലോ

ഭവാൻ ഇവിടെ പ്രജയെയും, ഇവിടെ ധനത്തെയും വിളയാ
ടിച്ചുകൊണ്ടു, പ്രജയാൽ വളർന്നാലും! 1

സ്വശരീരത്തിൽ ഋതുകർമ്മം യാചിയ്ക്കുന്ന തേജസ്വിനിയായ
ഭവതിയെ ഞാൻ മനംകൊണ്ടു കണ്ടിരിയ്ക്കുന്നു: പുത്രകാമേ, ഭവതി
എന്റെ അടുക്കൽ വന്നിട്ടു, ഉലോം യുവതിയായിത്തീർന്നാലും;
പ്രജയാൽ വളർന്നാലും! 2

ഞാൻ സസ്യങ്ങളിലും, ഞാൻ സർവഭൂതങ്ങൾക്കുള്ളിലും ഗർ
ഭാധാനം ചെയ്യുന്നു; ഞാൻ പൃഥിവിയിൽ പ്രജകളെ ഉല്പാദിപ്പിയ്ക്കു
ന്നു; ഞാൻ ജായേതരമാരായ സ്ത്രീകളിലും പുത്രന്മാരെ ഉല്പാദിപ്പി
യ്ക്കുന്നു! 3

സൂക്തം 184.

ഗർഭകർത്താവായ ത്വഷ്ടാവോ പ്രജാപതിപുത്രൻ വിഷ്ണുവോ ഋഷി; അനുഷ്ടുപ്പ്
ഛന്ദസ്സ്; വിഷ്ണുവും ത്വഷ്ടാവും പ്രജാപതിയും സിനീവാലിയും
സരസ്വതിയും അശ്വികളും ദേവത.

വിഷ്ണു നിനക്കു യോനിയരുളട്ടെ; ത്വഷ്ടാവ് ചിഹ്നങ്ങൾ രൂപ
പ്പെടുത്തട്ടെ; പ്രജാപതി സേചിയ്ക്കട്ടെ; ധാതാവു ഗർഭം നിലനി
ർത്തട്ടെ! 1

സിനീവാലി, ഭവതി ഗർഭം നിലനിർത്തിയാലും; സര
സ്വതി ഭവതി ഗർഭം നിലനിർത്തിയാലും: പൊൽത്താമരയണി
ഞ്ഞ അശ്വിദേവകൾ നിനക്കു ഗർഭമുളവാക്കട്ടെ! 2

സൂക്തം 183.

1. യജമാനനെ ആശിർവദിയ്ക്കുന്നു: തപസ്സ്—യജ്ഞദീക്ഷ. കണ്ടിരി യ്ക്കുന്നു—ഭവാന്റെ അഭിമതം എനിയ്ക്കറിയാം. പ്രജയാൽ വളർന്നാലും—മക്കളെ ഉൽപാദിപ്പിച്ചാലും.

2. പത്നിയെ ആശിർവദിയ്ക്കുന്നു: ഋതുകർമ്മം—ഗർഭാധാനം.

3. ഹോതാവ് പറയുന്നു: ജായേതരമാർ—ഭാര്യയല്ലാത്തവർ.

സൂക്തം 184.

1. പത്നിയോട്: ചിഹ്നങ്ങൾ—സ്ത്രീ-പുരുഷ ചിഹ്നങ്ങൾ. സേചിയ്ക്കട്ടെ —ശുക്ലം. ധാതാവ്—ഒരു ദേവൻ.

2. സിനീവാലി—ഒരു ദേവി.

അശ്വികാം പൊന്നരണി കടഞ്ഞതു യാതൊന്നിനോ, നിനക്കു് ആ ഗർഭത്തെ, പത്താംമാസത്തിൽ പെറാൻ ഞങ്ങൾ വിളിയ്ക്കുന്നു! 3

— —

സൂക്തം 185.

വരുണപുത്രൻ സത്യധൃതി ഋഷി; ഗായത്രി ഛന്ദസ്സ്; ആദിത്യർ ദേവത.
('ദ്വാരകാമന്ദിരം'പോലെ.)

സിദ്ധിയ്ക്കു, വരുണാര്യമ–
മിത്രരായ മൂവരുടെ
ദുർദ്ധർഷമായ് പ്രദീപ്തമാ–
യുത്തമമാം സംരക്ഷണം! 1

മന്ദിരത്തിങ്കലോ, തട–
ക്കന്നിടത്തോ, വഴിയിലോ
ആളാവുകയില്ലിവരി–
ലാ,പത്തു നേരുന്ന വൈരി; 2

ഏതുമർത്ത്യന്നുയിർക്കൊൾവാൻ
ജ്യോതിസ്സിനെയനാരതം
ആദിതേയർ കല്പിച്ചേക,–
മാളാവുകില്ലവങ്കലും! 3

---

3. പൊന്നരണി കടഞ്ഞതു—(?)

സൂക്തം 185.

1. സിദ്ധിയ്ക്കു—നമുക്കു കൈവരട്ടെ.

2. തടക്കന്നിടം—ആളുകളെ തടുത്തുവെയ്ക്കുന്ന സ്ഥലം, നിവാരണസ്ഥാനങ്ങൾ. ഇവരിൽ—വരുണാര്യമമിത്രരോടെതിർപ്പാൻ.

3. അനാരതം—ഇടമുറിയാതെ. അവങ്കലും വൈരി ആളാവുകില്ല.

സൂക്തം 186.

വായുഗോത്രൻ ഉലൻ ഋഷി; ഗായത്രി ഛന്ദസ്സ്; വായു ദേവത.
('ഭാരകാമന്ദിരം' പോലെ.)

നമ്മുടെ കരാംക്ക സുഖം
നല്ലം രോഗഹരൌഷധം
വായു കിട്ടിയ്ക്കട്ടേ; നമു-
ക്കായുസ്സും കൈവളത്തട്ടേ! 1

എങ്ങരാംക്കച്ഛൻ, ഭ്രാതാവും, നീ;
ചങ്ങാതിയു,മെങ്ങരാംക്ക നീ:
അബ്ഭവാൻ ജീവനത്തിന്ന
കല്പിയ്ക്കുകെ,ങ്ങളെ വായോ! 2

നിൻപദേ വെച്ചിട്ടുണ്ടല്ലോ,
നിർമ്മരണത്വത്തിൻനിധി;
തന്നരുളുകെ,ങ്ങരാംക്കതിൽ-
നിന്നുയിർക്കൊള്ളുവാൻ വായോ! 3

സൂക്തം 187

അഗ്നിപുത്രൻ വത്സൻ ഋഷി; ഗായത്രി ഛന്ദസ്സ്; അഗ്നി ദേവത.
('ഭാരകാമന്ദിരം' പോലെ.)

മർത്ത്യക്കിഷ്ടം ചെയ്യുമഗ്നി-
യ്ക്കുത്രഭവാൻ ചൊല്ല, നതി:

സൂക്തം 186

2. ജീവനം—യാഗം കല്പിയ്ക്കുക. ഞങ്ങളെ യാഗത്തിലേർപ്പെടുത്തിയാലും.

3. പദേ=പാർപ്പിടത്തിൽ. അതിൽനിന്നും തന്നരുളുക—മരണമില്ലായ്മ കല്പിച്ചുതന്നാലും.

ശത്രുക്കൾതൻ മറുകര-
യ്ക്കെത്തിയ്ക്കട്ടെ,യവൻ നമ്മെ! 1

ദൂരദൂരമാൽ നഭസ്സേ പ്ര-
ക്കാരാളുമോ, വിലങ്ങത്തിൽ;
ശത്രുക്കൾതൻ മറുകര—
യ്ക്കെത്തിയ്ക്കട്ടെ,യവൻ നമ്മെ! 2

തൂവെൺമഹസ്സിനാൽ, വൃഷാ—
വേവൻ ചുട്ടമരക്കരെ;
ശത്രുക്കൾതൻ മറുകര—
യ്ക്കെത്തിയ്ക്കട്ടെ,യവൻ നമ്മെ! 3

പാരൊക്കയുമെവൻ തൃക്കൺ—
പാർക്കുന്നു, നേർക്കറിയുന്നു;
ശത്രുക്കൾതൻ മറുകര—
യ്ക്കെത്തിയ്ക്കട്ടെ,യവൻ നമ്മെ! 4

യാതൊരഗ്നിയീപ്പാരിന്റെ
മീതേ വെണ്മ പൂണ്ടുദിച്ചു;
ശത്രുക്കൾതൻ മറുകര-
യ്ക്കെത്തിയ്ക്കട്ടെ,യവൻ നമ്മെ! 5

സൂക്തം 188.

അഗ്നിപുത്രൻ ശ്യേനൻ ഋഷി; ഗായത്രി ഛന്ദസ്സ്; ജാതവേദോഗ്നി ദേവത.
('താരകാമന്ദിരം'പോലെ.)

സ്ഫീതാന്നനും വ്യാപ്തനുമാം
ജാതവേദസ്സിനെ നൂനം

സൂക്തം 187.

1. സ്തോതാവിനോട്: അത്രവോൻ—അങ്ങ്.
2. ആളുക—ഉജ്ജ്വലിയ്ക്കുക.
3. ചുട്ടു—എരിയ്ക്കും.
4. തൃക്കൺപാർക്കുന്നു—സൂര്യരൂപനായിട്ട്.
5. മീതേ—അന്തരിക്ഷോപരി. ഉദിച്ചു—വിദ്യുദ്രൂപനായി.

വർദ്ധിപ്പിപ്പിൻ, നമ്മളുടെ–
യിദ്ദുർഭയിൽ വരാൻ നിങ്ങാം! 1

യഷ്ടാക്കളാം പുത്രരുള്ളോൻ,
വൃഷ്ടിപ്രവർത്തകനെ,വൻ;
അജ്ജാതവേദസ്സിന്നു ഞാ–
നുച്ചരിയ്ക്കാം, വൻനൽസ്തുതി 2

ഹവ്യങ്ങളെ വഹിയ്ക്കുന്ന
ദിവ്യങ്ങളാം നാവുകളാൽ
ജാതവേദസ്സീ നമ്മുടെ
മേധം വിണ്ണോർക്കെത്തിയ്ക്കട്ടെ! 3

സൂക്തം 189.

സാർപ്പരാജ്ഞി ഋഷി; ഗായത്രി ഛന്ദസ്സ്; അവാംതന്നെയോ
സൂര്യനോ ദേവത

ഈ ഗമനശീലൻ തേജസ്സോടേ കേറി കിഴക്ക് അമ്മയെ
അടുക്കലെത്തുന്നു; നടന്നു, സ്വർഗ്ഗമാകുന്ന അച്ഛനുകലും ചെല്ലുന്നു! 1

തന്തിരുവടിയുടെ തിളക്കം ഉദിച്ചും അസ്തമിച്ചു ഇടയിൽ നട
ക്കുന്നു. മഹാൻ അന്തരിക്ഷത്തെ പ്രകാശിപ്പിയ്ക്കുന്നു! 2

സൂക്തം 188.

1. ഋത്വിഗ്യജമാനരോട്: സ്ഫീതാന്നൻ—ധാരാളം അന്നമുള്ളവൻ. നൂനം—തീർച്ചയായും. വർദ്ധിപ്പിപ്പിൻ—സ്തുതികൊണ്ടു വളർത്തുവിൻ.

2. വൻനൽസ്തുതി=വലിയ നല്ല സ്തുതി.

3. ദിവ്യങ്ങാം=ഉജ്ജ്വലങ്ങാം. നാവുകാം—ജ്വാലകാം. മേധം—യജ്ഞസാധനമായ ഹവിസ്സ്.

സൂക്തം 189.

1. ഗമനശീലൻ—സൂര്യൻ. കേറി—ഉദയാദ്രിമേൽ; ഉദിച്ച് എന്നർത്ഥം. അമ്മ—പൃഥിവി.

2. ഇടയിൽ—വാന്നാഴികളുടെ. മഹാൻ—സൂര്യൻ.

സൂര്യന്റെ തേജസ്സുകൊണ്ടുതന്നെയാണല്ലോ, ഓരോ പകലിന്റെയും മുപ്പതുനാഴിക വിളങ്ങുന്നതു്. തന്തിരുവടിയിൽ അർപ്പിയ്ക്കപ്പെടുന്നു, സ്തുതി!

സൂക്തം 190.

മധുച്ഛന്ദസ്സിന്റെ പുത്രൻ അഘമർഷണൻ ഋഷി; അനുഷ്ടുപ്പ് ഛന്ദസ്സ്; സൃഷ്ടി ദേവത.

അനുഷ്ഠിയ്ക്കപ്പെട്ട തപസ്സിൽനിന്നു് ഋതവും സത്യവും ഉളവായി. പിന്നെ രാത്രിയും, സലിലവത്തായ സമുദ്രവും ഉളവായി. 1

സലിലവത്തായ സമുദ്രത്തിന്നുശേഷം സംവത്സരം ഉളവായി: അതു രാപകലുകളെ സൃഷ്ടിച്ചു, സർവപ്രാണികൾക്കും സ്വാമിയായി. 2

സൂര്യചന്ദ്രന്മാരെയും, സുഖാത്മകമായ സ്വർഗ്ഗത്തെയും, ഭൂമിയെയും അന്തരിക്ഷത്തെയും വിധാതാവു മുൻപേത്തെപ്പോലെ സൃഷ്ടിച്ചു. 3

സൂക്തം 191.

സംവനനൻ ഋഷി; അനുഷ്ടുപ്പും ത്രിഷ്ടുപ്പും ഛന്ദസ്സുകൾ; അഗ്നിയും സംജ്ഞാനവും ദേവതകൾ

('താമരക്കണ്ണൻ'പോലെ.)

അഗ്നേ, സർവഗനല്ലോ, വർഷിൻ, നീ;–
യധ്വരസ്ഥാനത്തങ്ങയെ
സന്ദീപിപ്പിപ്പൂ; സ്വാമി നീ കൊണ്ടു–
വന്നാലു, മെങ്ങൾക്കർത്ഥങ്ങൾ! 1

---

3. അർപ്പിയ്ക്കപ്പെടുന്നു—ചെല്ലുന്നു എന്നർത്ഥം.

സൂക്തം 190.

1. തപസ്സ്—ബ്രഹ്മാവിന്റെ. ഋതം—മാനസമായ സത്യം. സത്യം—വാചികസത്യം.

2. സംവത്സരം—കാലം.

3. മുമ്പേത്തെപ്പോലെ—പൂർവകല്പത്തിലെന്നപോലെ.

സൂക്തം 191.

1. സർവഗൻ—എല്ലാശ്ശരീരികളിലും വൈശ്വാനരനായി വർത്തിയ്ക്കുന്നവൻ. അധ്വരസ്ഥാനം—ഉത്തരവേദി. സന്ദീപിപ്പിപ്പൂ—ഋത്വിക്കുകൾ ഉജ്ജ്വലിപ്പിയ്ക്കുന്നു. അർത്ഥങ്ങൾ=ധനങ്ങൾ.

ഒന്നിപ്പിനൊ,ന്നേ സംസാരിയ്ക്കുവി,–
നൊന്നാക, നിങ്ങൾക്കുദ്ദേശം:
ഐകമത്യത്തോടല്ലോ, കൈക്കൊൾവൂ,
ഭാഗങ്ങൾ പണ്ടേ ദേവന്മാർ! 2

ഒന്നാകിവർക്കു മന്ത്രം, നേട്ടവു-
മൊന്നാകൊ,ന്നാക വിജ്ഞാനം,
ഒന്നാക മനം: ഞാനൊരേമന്ത്രം
നന്നാക്കിവെയ്ക്കാം, നിങ്ങൾക്കായ്;
നിങ്ങളുടേതായുള്ളൊരേഹവ്യ–
മംഗീകരിച്ചു ഹോമിയ്ക്കാം. 3

ഒന്നായ്‌വരട്ടേ, സങ്കല്പം നിങ്ങൾ–
ക്കൊ;–ന്നായ്‌വരട്ടേ, മാനസം;
ഒന്നായ്‌വരട്ടേ, നിങ്ങൾക്കുൾക്കാമ്പും,
നന്നായ്‌ബ്ഭവാന്മാർ യോജിപ്പാൻ! 4

എട്ടാമധ്യായം സമാപ്തം.
പത്താം മണ്ഡലം സമാപ്തം

ഋഗ്വേദസംഹിത സമാപ്തം.

1

===

2. സ്തോതാക്കളോട്: ഒന്നേ സംസാരിയ്ക്കുവിൻ––പരസ്പരവിരോധം വിട്ട് ഒരേതരം വാക്കു പറയുവിൻ. ഭാഗങ്ങൾ––അവരവർക്കുള്ള ഹവിർഭാഗങ്ങൾ. ദേവന്മാരെന്നപോലെ നിങ്ങളും ഐകമത്യം കൊള്ളുവിൻ.

3. പൂർവാർദ്ധം പരോക്ഷം: ഇവർ––സ്തോതാക്കൾ. നന്നാക്കി = വെടുപ്പുവരുത്തി.

4. ഉൾക്കാമ്പ്––അന്തഃകരണം.

**മഹത്താമാർഷരാജ്യത്തിൻ
മർത്ത്യസ്നേഹാഗ്നിവേദികേ,
കർമ്മയോഗകലാശാലേ
കൈതൊഴാം വേദസംഹിതേ!**